കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2024

## വാല്യം 1

ജനുവരി 2025

കേരള സംസ്ഥാന ആസൂത്രണ ബോർഡ്



കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2024

കേരള സംസ്ഥാന ആസൂത്രണ ബോർഡ്,
തിരുവനന്തപുരം, കേരളം, ഇന്ത്യ
ജനുവരി 2025

**വാല്യം 1**

**സാമ്പത്തിക അവലോകനം 2024**
കേരള സംസ്ഥാന ആസൂത്രണ ബോർഡ് തിരുവനന്തപുരം, കേരളം, ഇന്ത്യ

ഡിസൈൻ & ലേഔട്ട്: സി-ഡിറ്റ്, www.cdit.org

# മുഖവുര

കേരളത്തിലെ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ (GSDP) വാർഷിക വളർച്ചാ നിരക്ക് 2023-24 ൽ, ത്വരിത കണക്കുകൾ പ്രകാരം, സ്ഥിരവിലയിൽ 6.5 ശതമാനമാണ്. ഇത് മുൻവർഷത്തിൽ 4.2 ശതമാനമായിരുന്നു. സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകളിലും പോസിറ്റീവ് വളർച്ചയാണ് സ്ഥിതിവിവര കണക്കുകൾ കാണിക്കുന്നത്. പ്രതിശീർഷ ജിഎസ്ഡിപി സ്ഥിരവിലയിൽ 2023-24 ൽ 5.5 ശതമാനം വളർന്ന് ഇപ്പോൾ 1,76,072 രൂപയായി (ദേശീയ ശരാശരി 1,24,600 രൂപയാണ്). മുൻവർഷത്തെ അപേക്ഷിച്ചുള്ള കേരളത്തിന്റെ വരുമാന വളർച്ചയിൽ സംസ്ഥാനം എടുത്ത നയസമീപനങ്ങൾക്ക് സുപ്രധാന പങ്കുണ്ട്.

സംസ്ഥാനത്തിന്റെ വികസനത്തിൽ സാമ്പത്തികാസൂത്രണത്തിന് പ്രധാന പങ്കാണുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തെ പൊതു ചെലവഴിക്കലിന്റെ വ്യാപ്തി വർദ്ധിപ്പിക്കലും വിശാലമാക്കലും തുടരുന്നു. കൂടാതെ മനുഷ്യ വിഭവശേഷിയുടെ നേട്ടങ്ങൾ സാമ്പത്തിക വളർച്ചയ്ക്കുള്ള ഒരു അടിസ്ഥാന ഘടകമായും ഉപയോഗിക്കുന്നു. ഉല്പാദന മേഖലകളിലും ഉന്നത നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങളിലും വരുമാനം നൽകുന്ന സേവന മേഖലകളിലും (ടൂറിസവും വിവര സാങ്കേതിക വിദ്യയും ഉൾപ്പെടെ) ചെറുകിട, ഇടത്തരം ബിസിനസ്സുകളിലും പ്രാദേശിക സർക്കാരുകളിലും നിക്ഷേപം വർദ്ധിച്ചിട്ടുണ്ട്. ആധുനിക തൊഴിലുകളിൽ നിക്ഷേപം നടത്തുന്നതിലും, അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും സഹായം ആവശ്യമുള്ളവർക്കും വേണ്ട സാമൂഹ്യ സേവനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും സംസ്ഥാനം പ്രത്യേകം ശ്രദ്ധിക്കുന്നു.

2023 ൽ നീതി ആയോഗിന്റെ 'മൾട്ടി ഡൈമൻഷണൽ പോവർട്ടി ഇൻഡക്സ്' (എംപിഐ) കേരളത്തെ ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി (സ്കോർ 0.002) റാങ്കുചെയ്തു. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഭൂരിഭാഗവും കേരളം കൈവരിച്ചിട്ടുണ്ട്. 'ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024 ൽ' പ്രതിഭകളായ സ്ത്രീകളും പുരുഷന്മാരും ജോലിചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമായി കേരളത്തെ കണ്ടെത്തിയിരിക്കുന്നു.

ഈ വർഷത്തെ സാമ്പത്തിക അവലോകനത്തിന്റെ പ്രമേയ അധ്യായം കേരളത്തിന്റെ വ്യാവസായിക മേഖലയിലെ സമീപകാല നേട്ടങ്ങളാണ്. 'കേരള വ്യവസായ നയം 2023' ഈ രംഗത്തെ നാഴികക്കല്ലാവുന്ന ഒരു ഉദ്യമമാണ്. ഈ അധ്യായത്തിൽ എംഎസ്എംഇ കളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായത്തിനും വിദ്യാസമ്പന്നരായ യുവാക്കൾക്കും പുതിയൊരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യാവസായിക നിക്ഷേപത്തിന് ഒരു പുതിയ അന്തരീക്ഷം ഒരുക്കുന്നതിനുമുള്ള മുൻനിര പരിപാടികൾ വിശദമായി ചർച്ചചെയ്തിട്ടുണ്ട്.

'സാമ്പത്തിക അവലോകനം 2024' ൽ കേരള സർക്കാരിന്റെ സാമ്പത്തികരംഗത്തെ പ്രകടനം, പദ്ധതി മുൻഗണനകൾ, നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രോഗ്രാമുകൾ, പരിപാടികൾ, പ്രോജക്ടുകൾ എന്നിവയെ സംബന്ധിച്ചുള്ള ഏറ്റവും പുതിയ ഡാറ്റ ഉൾപ്പെടുത്തിയിരിക്കുന്നു. വാല്യം ഒന്നിൽ സർക്കാർ വകുപ്പുകളുടെ നയങ്ങൾ, പരിപാടികൾ, നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. വാല്യം രണ്ടിൽ അനുബന്ധ സ്ഥിതിവിവര കണക്കുകൾ നൽകുന്നു. 'സാമ്പത്തിക അവലോകനം 2024' ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിക്കുന്നു. ഇതിന്റെ ഡിജിറ്റൽ പതിപ്പ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വെബ് സൈറ്റിൽ (www.spb.kerala.gov.in.) ലഭ്യമാണ്.

**വി കെ രാമചന്ദ്രൻ**



വൈസ് ചെയർപേഴ്സൺ
ജനുവരി, 2025

# ഉള്ളടക്കം


| | | |
|---|---|---|
| | കേരളം ഒറ്റനോട്ടത്തിൽ | vii |
| | കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക സൂചികകൾ – ദ്രുതവീക്ഷണം | xv |
| | ജില്ലകൾ – അവലോകനം | xix |
| | പട്ടികകൾ | xxi |
| | ചിത്രങ്ങൾ | xxxi |
| | ബോക്സുകൾ | xxxvii |
| അദ്ധ്യായം 1 | കേരള സമ്പദ് വ്യവസ്ഥ | 1 |
| 1.1 | സ്ഥൂല സാമ്പത്തിക രംഗത്തെ സമീപകാല പ്രവണതകൾ | 3 |
| 1.2 | ജനസംഖ്യ വിവരണം | 15 |
| 1.3 | ദാരിദ്ര്യത്തിന്റെ സൂചകങ്ങൾ | 23 |
| 1.4 | വികസന ഉദ്യമങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക് | 31 |
| 1.5 | സംസ്ഥാനത്തിന്റെ ധനസ്ഥിതി | 39 |
| 1.6 | വാർഷിക പദ്ധതി 2024-25 | 49 |
| അദ്ധ്യായം 2 | കേരളത്തിലെ പുതിയ വ്യാവസായിക അന്തരീക്ഷവും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലെ മുന്നേറ്റവും | 51 |
| അദ്ധ്യായം 3 | കൃഷിയും അനുബന്ധ മേഖലകളും | 83 |
| 3.1 | കാർഷികമേഖല | 85 |
| 3.2 | കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ | 109 |
| 3.3 | കന്നുകാലി വികസനം | 121 |
| 3.4 | മത്സ്യ വികസനം | 139 |
| 3.5 | ജലവിഭവങ്ങൾ | 149 |
| 3.6 | വനം - വന്യജീവി സംരക്ഷണം | 159 |
| 3.7 | പരിസ്ഥിതി | 169 |
| 3.8 | ഭക്ഷ്യ ഭദ്രതയും പൊതുവിതരണ സംവിധാനവും | 185 |
| അദ്ധ്യായം 4 | ഉല്പന്ന നിർമ്മാണ മേഖല | 197 |
| 4.1 | കേരളത്തിന്റെ വ്യാവസായിക മേഖല | 199 |
| 4.2 | ഉല്പന്ന നിർമ്മാണ മേഖല | 205 |
| 4.3 | പൊതുമേഖലാ സ്ഥാപനങ്ങൾ | 209 |
| 4.4 | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ | 221 |
| 4.5 | ഭക്ഷ്യ സംസ്കരണം | 233 |
| 4.6 | പരമ്പരാഗത വ്യവസായങ്ങൾ | 239 |

| | | |
|---|---|---|
| **അദ്ധ്യായം 5** | **സേവന മേഖല** | **267** |
| 5.1 | വിവരസാങ്കേതിക വിദ്യ | 269 |
| 5.2 | ശാസ്ത്ര സേവനങ്ങളും ഗവേഷണവും | 287 |
| 5.3 | വിനോദ സഞ്ചാരം | 305 |
| 5.4 | വിദേശ വ്യാപാരം | 319 |
| 5.5 | പൊതു സേവനങ്ങൾ | 329 |
| 5.6 | ജനങ്ങളിലേക്ക് | 345 |
| **അദ്ധ്യായം 6** | **മാനവ വികസനം** | **349** |
| 6.1 | വിദ്യാഭ്യാസം | 351 |
| 6.2 | വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും | 379 |
| 6.3 | ജനസംഖ്യ ഘടനയിലെ മാറ്റങ്ങൾ | 413 |
| **അദ്ധ്യായം 7** | **തൊഴിലും സാധ്യതകളും** | **419** |
| 7.1 | തൊഴിൽ | 421 |
| 7.2 | ആഗോള തൊഴിൽ വീക്ഷണം | 431 |
| 7.3 | നൈപുണ്യ വികസനം | 443 |
| **അദ്ധ്യായം 8** | **സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ** | **455** |
| 8.1 | ലിംഗ പദവിയും വികസനവും | 457 |
| 8.2 | സാമൂഹിക – സാമ്പത്തിക ദുർബലതകളെ അഭിമുഖീകരിക്കൽ | 477 |
| 8.3 | സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ | 509 |
| **അദ്ധ്യായം 9** | **കല, സംസ്കാരം, കായികരംഗം** | **521** |
| 9.1 | കലയും സംസ്കാരവും | 523 |
| 9.2 | കായികവും യുവജനകാര്യവും | 533 |
| **അദ്ധ്യായം 10** | **പ്രവാസി മലയാളികൾ** | **541** |
| **അദ്ധ്യായം 11** | **പശ്ചാത്തല സൗകര്യം** | **551** |
| 11.1 | ഗതാഗതം | 553 |
| 11.2 | ഊർജ്ജം | 585 |
| 11.3 | വാർത്താവിനിമയം | 595 |
| 11.4 | കുടിവെള്ളം | 601 |
| 11.5 | ഭവനനിർമാണം | 613 |
| 11.6 | നവകേരള നിർമ്മാണം | 621 |
| 11.7 | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) | 625 |
| 11.8 | പ്രത്യേക വികസന പാക്കേജുകൾ | 631 |
| **അദ്ധ്യായം 12** | **പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും** | **635** |
| | ശബ്ദാവലി | 679 |
| | ചുരുക്കെഴുത്തുകൾ | 681 |

# കേരളം ഒറ്റനോട്ടത്തിൽ

കേരളം ഉയർന്ന മൊത്ത ആഭ്യന്തര ഉല്പാദനവും (GSDP) പ്രതിശീർഷ വരുമാനവും ഉള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ്. നീതി ആയോഗിന്റെ '2023 ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ്' ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി (സ്കോർ 0.002) തുടർച്ചയായി രണ്ടാമതും കേരളം തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ ദാരിദ്ര്യം രേഖപ്പെടുത്തിയിട്ടുള്ളത് കേരളത്തിലാണ്. 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) ഇന്ത്യ ഇൻഡക്സ് 2023-24 ൽ' തുടർച്ചയായ നാലാം വർഷവും (സ്കോർ 79) കേരളം ഒന്നാമതാണ്. ലക്ഷ്യം 2 (വിശപ്പുരഹിതം, സ്കോർ 84) ലക്ഷ്യം 4 (ഗുണനിലവാരമുള്ള വിദ്യാഭ്യാസം, സ്കോർ 82) എന്നിവയിൽ കേരളമാണ് ഏറ്റവും മുന്നിലുള്ള സംസ്ഥാനം.. കേന്ദ്ര സർക്കാർ അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഭൂരിഭാഗവും കേരളം ഇതിനോടകംതന്നെ നേടിയിട്ടുണ്ട്. 'ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024ൽ' തൊഴിൽ ചെയ്യാൻ താൽപര്യമുള്ള സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമായി കേരളത്തെ കണ്ടെത്തിയിരിക്കുന്നു. 'സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) 2022' അനുസരിച്ച് കേരളം മുപ്പതിൽ ഒൻപത് പരിഷ്കരണ രംഗങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ചതായി അംഗീകരിക്കപ്പെട്ടു. ഏറ്റവും അധികം രംഗങ്ങളിൽ മുന്നിലെത്തിയതും കേരളമാണ്.

കേരളം 2023-24 ലും ശക്തമായ വളർച്ച കൈവരിക്കുന്നത് തുടർന്നു. 2023-24 ൽ സംസ്ഥാന സമ്പദ് വ്യവസ്ഥ ശക്തമായ വളർച്ച കൈവരിച്ചു. 2022-23 ലെ 4.2 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ജിസ്ഡിപി 6.5 ശതമാനം (ത്വരിത കണക്കുകൾ) വളർച്ച നേടി. 2011-12 ലെ സ്ഥിര വിലകൾ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ 2022-23 ൽ 5.3 ശതമാനമായിരുന്ന മൊത്ത സംസ്ഥാന മൂല്യ വർദ്ധന (ജിഎസ് വിഎ) 2023-24 ൽ 7.2 ശതമാനമായി വർദ്ധിച്ചു. കേരളം ഉയർന്ന പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനമുള്ള ഇന്ത്യയിലെ മികച്ച പത്ത് സംസ്ഥാനങ്ങളിൽ ഒന്നാണ്. 2023-24 ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജിഎസ്ഡിപി (സ്ഥിര വിലയിൽ) 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി (ദേശീയ ശരാശി 1,24,600 രൂപയാണ്). കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്.

ജിഎസ്ഡിപിയുടെ വിവിധ മേഖലകളിലുള്ള വാർഷിക വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 2023-24ൽ ശക്തമായിരുന്നു. പ്രാഥമിക മേഖലയിലെ വളർച്ചാനിരക്ക് 2022-23 ലെ 3.2 ശതമാനത്തിൽ നിന്നും 2023-24 ൽ 4.7 ശതമാനമായി വർദ്ധിച്ചു. ദ്വിതീയ മേഖലകളിലെ വളർച്ചാനിരക്ക് 2022-23 ലെ 3.2 ശതമാനത്തിൽ നിന്നും 4.1 ശതമാനമായി വർദ്ധിച്ചു. തൃതീയ മേഖലയിലെ വളർച്ചാനിരക്ക് 2022-23ലെ 7.0 ശതമാനത്തിൽ നിന്നും 2023-24 ൽ 8.9 ശതമാനമായി വർദ്ധിച്ചു. നയപരമായ ഇടപെടലുകളുടെ സ്വാധീനഫലമായി എല്ലാ മേഖലകളിലും വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്.

കേരളം വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെയും ചെലവ് യുക്തിസഹമാക്കുന്നതിലൂടെയും യുക്തിഭദ്രമായ സാമ്പത്തിക ദൃഢീകരണമാണ് പിന്തുടർന്നത്. ധനക്കമ്മി 2022-23 ൽ ജിഎസ്ഡിപിയുടെ 2.5 ശതമാനമായിരുന്നത് 2023-24 ൽ നേരിയതോതിൽ വർദ്ധിച്ച് 2.9 ശതമാനമായി, ഇത് 2024-25 ൽ 3.4 ശതമാനമാവുമെന്ന് കണക്കാക്കുന്നു. അതുപോലെ റവന്യൂക്കമ്മി 2023-24 ൽ ജിഎസ്ഡിപിയുടെ 1.6 ശതമാനമാണ്, ഇത് 2022-23 ൽ 0.9 ശതമാനമായിരുന്നു. 2023-24 ൽ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനം മുൻ വർഷങ്ങളെ അപേക്ഷിച്ച് 6.2 ശതമാനം കുറഞ്ഞു. ഇത് പ്രധാനമായും കേന്ദ്രത്തിന്റെ വിഭവക്കൈമാറ്റങ്ങളിലുണ്ടായ കുറവ് കാരണമാണ്. ഇത് 2022-23 നെ അപേക്ഷിച്ച് 2023-24 ൽ 26 ശതമാനം കുറഞ്ഞു. എന്നിരുന്നാലും 2020-21 ലെ കോവിഡ് 19 പകർച്ചവ്യാധിയുടെ അഭൂതപൂർവമായ വ്യാപനം കാരണം നെഗറ്റീവ് വളർച്ച രേഖപ്പെടുത്തിയതൊഴിച്ചാൽ സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനം വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2023-24 ൽ സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനം മുൻവർഷത്തെ അപേക്ഷിച്ച് 4 ശതമാനം വർദ്ധിച്ചു. ഇതേ കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 3.3 ശതമാനവും തനത് നികുതിയേതര വരുമാനം 8.1 ശതമാനവും വർദ്ധിച്ചു.

മൊത്തം ചെലവ് 2022-23 ലെ നെഗറ്റീവ് വളർച്ചയെ (-2.7 ശതമാനം) അപേക്ഷിച്ച് 2023-24 ൽ 0.5 ശതമാനം പോസിറ്റീവ് വളർച്ച രേഖപ്പെടുത്തി. മൂലധന അടങ്കലും മൂലധന ചെലവും യഥാക്രമം 2.9 ശതമാനവും 0.6 ശതമാനവും കുറഞ്ഞു.

നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (NSO) കണക്കുകൾ അനുസരിച്ച് 2024 സെപ്റ്റംബറിൽ ഇന്ത്യയിലെയും കേരളത്തിലെയും സിപിഐ-സംയോജിത പണപ്പെരുപ്പം (CPI-Combined inflation) യഥാക്രമം 5.49 ശതമാനവും 5.52 ശതമാനവുമായിരുന്നു. ഇന്ത്യയിലും കേരളത്തിലും ഗ്രാമീണ പണപ്പെരുപ്പം 2024 സെപ്റ്റംബറിൽ നഗര പണപ്പെരുപ്പത്തേക്കാൾ കൂടുതലാണ്.

പ്രാഥമിക മേഖലയിലെ എല്ലാ രംഗങ്ങളും 2023-24 ൽ പോസിറ്റീവ് വളർച്ച രേഖപ്പെടുത്തി. കാർഷിക, അനുബന്ധ മേഖല 2022-23 ലെ 0.5 ശതമാനം വളർച്ചയിൽ നിന്ന് 2023-24 ൽ 4.7 ശതമാനം വളർച്ച കൈവരിച്ചു. വനം, മരംമുറിക്കൽ മേഖലയും കന്നുകാലി മേഖലയും ത്വരിത കണക്കുകൾ പ്രകാരം 2023-24 ൽ യഥാക്രമം 8.5 ശതമാനവും 6.4 ശതമാനവും വളർച്ച നേടി. ത്വരിത കണക്കുകൾ പ്രകാരം 2023-24 ൽ കാർഷിക, അനുബന്ധ മേഖലകളുടെ മൊത്തം ജിഎസ് വിഎ യിലെ വിഹിതം 2022-23 ലെ 8.5 ശതമാനത്തിൽ നിന്ന് 2023-24 ൽ 8.3 ശതമാനമായി നേരിയ തോതിൽ കുറവ് രേഖപ്പെടുത്തി.

ഭൂവിനിയോഗ കണക്കുകൾ പ്രകാരം 2023-24 ൽ മൊത്തം ഭൂവിസ്തൃതിയായ 38.86 ലക്ഷം ഹെക്ടറിൽ, കൃഷിയോഗ്യമായ ഭൂമി 25.6 ലക്ഷം ഹെക്ടറും (65.3 ശതമാനം) കൃഷി ചെയ്ത ഭൂമി 19.7 ലക്ഷം (50.8 ശതമാനം) ഹെക്ടറുമായിരുന്നു. കാർഷികേതര ആവശ്യത്തിനായി ഉപയോഗിച്ച ഭൂമി 6.1 ലക്ഷം ഹെക്ടറും (15.7 ശതമാനം) വനപ്രദേശം 10.82 ലക്ഷം ഹെക്ടറും (27.8 ശതമാനം) ആയിരുന്നു.

പയറുവർഗ്ഗങ്ങൾ, റാഗി, ചെറുധാന്യങ്ങൾ, മധുരക്കിഴങ്ങ് തുടങ്ങിയ ഭക്ഷ്യവിളകളുടെ ഉല്പാദനം 2022-23 നെ അപേക്ഷിച്ച് 2023-24 ൽ വർധിച്ചു. കേരളത്തിലെ മൊത്തം കൃഷിഭൂമിയിൽ 9.8 ശതമാനം ഭക്ഷ്യവിളകളും 65.7 ശതമാനം നാണ്യവിളകളുമാണ് കൃഷിചെയ്യുന്നത്. നെല്ല്, തോട്ടവിളകൾ എന്നിവ യഥാക്രമം 7.1 ശതമാനവും 28 ശതമാനവും കൃഷിചെയ്യുന്നു. മൊത്തം കൃഷിഭൂമിയുടെ ഒരു പ്രധാന ഭാഗം നാളികേരമാണ് (30.2 ശതമാനം), തൊട്ടുപിന്നാലെ റബർ (21.6 ശതമാനം) വരുന്നു.

മൊത്തം ജലസേചിത ഭൂവിസ്തൃതി വർഷങ്ങളായി വർധിച്ചു. നെറ്റ് ഇറിഗേറ്റഡ് ഏരിയ 2022-23 ൽ 4.18 ലക്ഷം ഹെക്ടറായിരുന്നത് 2023-24 ൽ 4.19 ഹെക്ടറായി വർധിച്ചു. കിണറുകളാണ് (കുഴൽക്കിണറുകൾ ഉൾപ്പെടെ) ജലസേചനത്തിന്റെ പ്രധാന സ്രോതസ്സ്, ഇതിലൂടെ 2022-23 ൽ 1.77 ലക്ഷം ഹെക്ടറിൽ ജലസേചനം നടത്തുന്നു. ഇതിനു പിന്നാലെ 0.82 ലക്ഷം ഹെക്ടറിൽ ജലസേചനം നടത്തുന്നത് സർക്കാർ കനാലുകൾ മുഖേനയാണ്. വിളകളിൽ ജലസേചനത്തിൽ നിന്ന് ഏറ്റവും കൂടുതൽ പ്രയോജനം നേടുന്നത് നെല്ലും നാളികേരവുമാണ്. ജലസേചനം ലഭിക്കുന്ന നെൽക്കൃഷി വിസ്തൃതി 2022-23 ൽ 1.53 ലക്ഷം ഹെക്ടറായിരുന്നത് 2023-24 ൽ 1.60 ലക്ഷം ഹെക്ടറായി വർധിച്ചു. നാളികേര കൃഷി വിസ്തൃതി 2022-23 ലെ 1.56 ഹെക്ടറിൽ നിന്നും 1.63 ലക്ഷം ഹെക്ടറായി വർധിച്ചു.

2023-24 ലെ മൊത്തം മത്സ്യ ഉല്പാദനം 8.32 ലക്ഷം മെട്രിക് ടൺ ആയിരുന്നു, അതിൽ ഉൾനാടൻ മത്സ്യം 2.5 ലക്ഷം ടണ്ണും ബാക്കി 5.8 ലക്ഷം ടൺ സമുദ്ര മത്സ്യങ്ങളുമാണ്. കേരളം സമുദ്രോല്പന്ന കയറ്റുമതിയിൽ അളവിൽ മൂന്നാംസ്ഥാനത്തും കയറ്റുമതി മൂല്യത്തിൽ രണ്ടാംസ്ഥാനത്തുമുള്ള സംസ്ഥാനമാണ്. കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി 2015-16 മുതൽ വർധിച്ചുകൊണ്ടിരിക്കുകയാണ്. 2023-24 ൽ 7231.84 കോടി രൂപ വിലമതിക്കുന്ന 1.97 ലക്ഷം മെട്രിക് ടൺ സമുദ്രോല്പന്നം കയറ്റുമതി ചെയ്തു.

കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ ജനങ്ങളെ അണിനിരത്തുന്നതിലും അവരുടെ വിഭവങ്ങൾ ശേഖരിച്ച് അംഗങ്ങളുടെയും അതുവഴി പൊതുസമൂഹത്തിന്റെയും പൊതുവായിട്ടുള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. ഇത് പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലെ ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നു. 2024 മാർച്ച് 31 ലെ കണക്കനുസരിച്ച് കേരളത്തിൽ 16,393 സഹകരണ സംഘങ്ങളുണ്ട്, അതിൽ 12,246 എണ്ണം സക്രിയമാണ്. എണ്ണത്തിൽ ഏറ്റവും വലുത് ഉപഭോക്തൃ സഹകരണ സംഘങ്ങളാണ് (4,617), തുടർന്ന് വായ്പാ സഹകരണ സംഘങ്ങൾ (3,759), വനിതാ സഹകരണ സംഘങ്ങൾ (1,262) എന്നിവയാണ്. ഇവയ്ക്ക് പുറമേ, മാർക്കറ്റിംഗ്, ഭവന നിർമ്മാണം, സംസ്കരണം, ആരോഗ്യം, പട്ടികജാതി, പട്ടികവർഗ സഹകരണ സംഘങ്ങൾ എന്നിവയുമുണ്ട്. യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി യുവജന സഹകരണ സംഘങ്ങളുള്ള ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്.

വ്യവസായം കേരളത്തിലെ മൊത്തത്തിലുള്ള വളർച്ച നിർണ്ണയിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. ത്വരിത കണക്കുകൾ പ്രകാരം 2023-24 ൽ സ്ഥിരവിലയിൽ GSVA യുടെ 27.0 ശതമാനം സംഭാവനചെയ്യുന്നത് ദ്വിതീയ മേഖലയാണ്. മുൻ വർഷത്തെ അപേക്ഷിച്ച് 2023-24 ൽ ഈ മേഖലയുടെ പ്രകടനം മെച്ചപ്പെട്ടു. 2022-23 ലെ 3.2 ശതമാനത്തെ അപേക്ഷിച്ച് 2023-24 ൽ ഈ മേഖലയിലെ മൊത്ത സംസ്ഥാന മൂല്യവർദ്ധനവിന്റെ (GSVA) വളർച്ച (സ്ഥിര വിലയിൽ)4.1 ശതമാനമായി വർധിച്ചു. 2023-24 ൽ നിർമ്മാണവും മാനുഫാക്ചറിംഗും ഉൾപ്പെടെയുള്ള മേഖലകൾ യഥാക്രമം 4.6 ശതമാനവും 3.0 ശതമാനവും വളർച്ച കൈവരിച്ചു. 2023-24 ൽ മൊത്ത സംസ്ഥാന മൂല്യവർദ്ധനവിൽ (GSVA) (സ്ഥിര വിലയിൽ) നിർമ്മാണ, മാനുഫാക്ചറിംഗ് മേഖലകളുടെ പങ്ക് യഥാക്രമം 14.1 ശതമാനവും 11.5 ശതമാനവുമായിരുന്നു.

"എന്റെ സംരംഭം, രാഷ്ട്രത്തിന്റെ അഭിമാനം" എന്ന മുദ്രാവാക്യത്തോടെ കേരള സർക്കാർ 2022-23 "സംരംഭങ്ങളുടെ വർഷം" ആയി പ്രഖ്യാപിച്ചിരുന്നു. 2022-23 ൽ "ഒരു ലക്ഷം സംരംഭങ്ങൾ" സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. 2022-23 ലെ "സംരംഭങ്ങളുടെ വർഷം 1.0" ക്യാംപയിനു കീഴിൽ, ആകെ 1.39 ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിച്ചു, ഇത് 8,421.6 കോടി രൂപയുടെ നിക്ഷേപവും 3 ലക്ഷം പേർക്ക് പുതിയ തൊഴിലവസരങ്ങളും സൃഷ്ടിച്ചു. "സംരംഭങ്ങളുടെ വർഷം 2.0" എന്ന് പേരിട്ടിരിക്കുന്ന രണ്ടാം പതിപ്പ് 2023-24 ൽ ആരംഭിച്ചു. ഇതിന്റെ ഭാഗമായി, 7,048.66 കോടി രൂപയുടെ നിക്ഷേപത്തിലൂടെ 1.03 ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിച്ചു, 2.18 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. "സംരംഭങ്ങളുടെ വർഷം 3.0" 2024-25 ക്യാംപയിൻ നടന്നുവരുന്നു. നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപ വിറ്റുവരവുള്ള സംരംഭങ്ങളാക്കി 1000 എംഎസ്എംഇകളെ മാറ്റുന്നതിനായി "മിഷൻ 1000" എന്ന പേരിൽ ഒരു നൂതന പരിപാടി ആരംഭിച്ചു.

കേരള സമ്പദ്‌വ്യവസ്ഥയുടെ ഒരു ശ്രദ്ധേയമായ സവിശേഷത GSVA യിൽ സേവന മേഖലയ്ക്കുള്ള ഏറ്റവും വലിയ പങ്കാണ്. അത് ത്വരിത കണക്കുകൾ അനുസരിച്ച് 2023-24 ൽ 64.25 ശതമാനം വരുന്നു. റോഡ് ഗതാഗതം ഒഴികെയുള്ള വിവരസാങ്കേതികവിദ്യ, ടൂറിസം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, വാർത്താവിനിമയം, വ്യാപാരം, ഗതാഗതം തുടങ്ങിയ മേഖലകളിൽ പോസിറ്റീവ് വളർച്ച രേഖപ്പെടുത്തി.

വിവരസാങ്കേതികവിദ്യ സംസ്ഥാനത്തെ വളർന്നുവരുന്ന ഒരു മേഖലയാണ്. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക്, ടെക്നോസിറ്റി എന്നിവയുടെ ഒരു ശൃംഖല സംസ്ഥാനത്തുണ്ട്. കേരളം 768.63 ഏക്കർ ഭൂമിയും 12.72 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയുമുള്ള ഇന്ത്യയിലെ ആദ്യത്തെ ടെക്നോ പാർക്ക് സ്ഥാപിച്ചു, ഇത് ഇപ്പോൾ രാജ്യത്തെ ഏറ്റവും വലിയ ഐടി പാർക്കായി മാറിയിരിക്കുന്നു. കഴക്കൂട്ടത്തെ ടെക്നോസിറ്റി പദ്ധതി ഏറ്റവും വലിയ സംയോജിത ഐടി ടൗൺഷിപ്പാണ്, ഇത് 390 ഏക്കർ ഭൂമിയിൽ വ്യാപിച്ചുകിടക്കുന്നു. ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക് കേരളത്തിലാണ്. കഴക്കൂട്ടം-കോവളം (എൻഎച്ച് 66) കേരളത്തിലെ ആദ്യത്തെ ഐടി ഇടനാഴിയാണ്. 2020 ൽ സംസ്ഥാന സർക്കാർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് (ഐഐഐടിഎം-കെ) നെ കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ആയി അപ്ഗ്രേഡ് ചെയ്തു.

കേരളം പശ്ചാത്തലസൗകര്യ വികസനത്തിലും ഇ-സാക്ഷരതാ പരിപാടികളിലും കൃത്യമായ ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി ഇ-ഗവേണൻസിലും മൊബൈൽ ഗവേണൻസിലും മുൻപന്തിയിലാണ്. കേരള സർക്കാരിന്റെ സുപ്രധാന പ്രൊജക്ടായ "കെ-ഫോൺ" 30,000 സർക്കാർ ആഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അതിവേഗ കണക്ടിവിറ്റിയും സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന (ഇബിസി) 20ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റും നൽകുക എന്ന ലക്ഷ്യം മുന്നോട്ടുവെച്ചിട്ടുള്ളതാണ്. അതിന്റെ ഒന്നാംഘട്ടം പൂർത്തിയാകാറായി, 2024 ആഗസ്റ്റ് 31 ഓടെ 51,617 കണക്ഷനുകൾ നൽകിക്കഴിഞ്ഞു. കെ-ഫോൺ വഴി 2024 നവംബർ 30 നകം 5,989 ബിപിഎൽ കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭിച്ചു. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന്റെ (KSITM) കീഴിലുള്ള ഇ-ഗവേണൻസ് സംരംഭങ്ങളിൽ ഇ-ഓഫീസ്, സർവീസ് പ്ലസ്, ഫ്രണ്ട്സ്, അക്ഷയ, സെംറ്റ് (SeMT), സിറ്റിസൺ കാൾ സെന്റർ, സ്പാർക്ക്, ഇ-പ്രൊക്യൂർമെന്റ് എന്നിവ ഉൾപ്പെടുന്നു. സംസ്ഥാനത്തെ ഇ-ഗവേണൻസിനുള്ള പ്രധാനപ്പെട്ട പശ്ചാത്തലസൗകര്യങ്ങൾ കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (KSWAN), സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, സ്റ്റേറ്റ് ഡാറ്റ സെന്റർ, സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ എന്നിവയാണ്.

സംസ്ഥാനത്തുടനീളം വ്യാപിച്ചുകിടക്കുന്ന ന്യായവില കടകളുൾപ്പെടെ ശക്തമായൊരു പൊതുവിതരണ സംവിധാനം കേരളത്തിനുണ്ട്. 2024 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച്, സംസ്ഥാനത്ത് നിലവിൽ 94.31 ലക്ഷം റേഷൻ കാർഡുകളുണ്ട്. അതിൽ എൻഎഫ്എസ്എ (NFSA), എൻഎഫ്എസ്എ ഇതര (non-NFSA) വിഭാഗങ്ങൾ ഉൾപ്പെടുന്നു. എൻഎഫ്എസ്എ വിഭാഗത്തിൽ 5.92 ലക്ഷം AAY കാർഡുകളും 35.96 ലക്ഷം മുൻഗണനാ കാർഡുകളും ഉൾപ്പെടുന്നു. എൻഎഫ്എസ്എ ഇതര വിഭാഗത്തിൽ 22.72 ലക്ഷം മുൻഗണനാ ഇതര സബ്സിഡി കാർഡുകളും 29.42 ലക്ഷം മുൻഗണനാ ഇതര, സബ്സിഡിയിതര കാർഡുകളും ഉൾപ്പെടുന്നു. സംസ്ഥാനത്ത് 2024 ഒക്ടോബർ വരെ 14,157 ന്യായവില കടകളുണ്ട്. 2023-24 ലെ പൊതുവിതരണ സംവിധാനം വഴിയുള്ള ആകെ ഭക്ഷ്യധാന്യ വിതരണം 13,42,408 മെട്രിക് ടൺ ആണ്. അതിൽ AAY കാർഡുടമകൾക്ക് 2,19,770.02 മെട്രിക് ടൺ, PHH കാർഡുടമകൾക്ക് 7,23,107.92 മെട്രിക് ടൺ, മുൻഗണനേതര കാർഡുടമകൾക്ക് 3,99,530.4 മെട്രിക് ടൺ എന്നിവ ഉൾപ്പെടുന്നു. മുൻഗണനേതര കാർഡുമകൾക്ക് 2023-24 ൽ 9846.05 ലക്ഷം രൂപ സബ്സിഡിയായി ചെലവഴിച്ചു.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഗ്രാമ-നഗര വിത്യാസം ഏറ്റവും കുറവുള്ള സംസ്ഥാനമാണ്. കേരളത്തിലെ എല്ലാ ഗ്രാമങ്ങളേയും പ്രധാനപ്പെട്ട റോഡുകളുമായി ബന്ധിക്കപ്പെടുത്തിയിരിക്കുന്നു. 2024 ൽ, കേരളത്തിലെ ആകെയുള്ള റോഡിന്റെ നീളം ഏകദേശം 1,91, 292.39 കി. മീ ആണ്. ഇതിൽ ദേശീയ-സംസ്ഥാന പാതകൾ പ്രധാന ജില്ലാ റോഡുകൾ, ഗ്രാമീണ റോഡുകൾ, നഗര റോഡുകൾ, വിവിധ വകുപ്പുകൾ നിർമ്മിച്ച റോഡുകൾ എന്നിവ ഉൾപ്പെടുന്നു. 2023-24 ൽ, ആകെയുള്ള റോഡിന്റെ ഏകദേശം 29,573 കിലോമീറ്റർ (15.5 ശതമാനം) വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്തത് പി.ഡബ്ല്യു.ഡി ആണ്. ഇതിൽ, 4,128 കിലോമീറ്റർ (13.95 ശതമാനം) സംസ്ഥാന പാതകളും 25,445 കി.മീ. (86.04 ശതമാനം) പ്രധാന ജില്ലാ റോഡുകളും (എംഡിആർ) ഉൾപ്പെടുന്നു. ആകെയുള്ള സംസ്ഥാന പാതയുടെ 898 കിലോമീറ്റർ നാലുവരിപ്പാതയും, 3,193 കിലോമീറ്റർ രണ്ടുവരി പാതയും, ബാക്കി വരുന്ന 35 കിലോമീറ്റർ ഒറ്റവരി പാതയുമാണ്. പ്രധാന ജില്ലാ റോഡുകളുടെ ആകെ നീളം 25,445 കിലോമീറ്റർ ആണ്. ഇതിൽ, 52 കിലോമീറ്റർ നാലുവരിപ്പാതയും 10,593 കിലോമീറ്ററും രണ്ട് വരി പാതയും, 14,748 കിലോമീറ്റർ ഒറ്റവരി പാതയും ആണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ 1.52 ലക്ഷം കിലോമീറ്റർ (79.7 ശതമാനം) റോഡുകൾ ഉണ്ട്. കൂടാതെ, 11 ദേശീയ പാതകൾ (ആകെ 1,781 കി.മീ) കേരളത്തിലൂടെ കടന്നുപോകുന്നു. റോഡ് വികസന മേഖലയിലെ രണ്ട് പ്രധാന പദ്ധതികളാണ് മലയോര ഹൈവേയും തീരദേശ ഹൈവേയും. മലയോര ഹൈവേയുടെ നാലു സ്ട്രെറ്റ്ച്ചുകളുടെ പണി പൂർത്തീകരിച്ചു, മറ്റ് സ്ട്രെറ്റ്ച്ചുകളുടെ പണി പുരോഗമിക്കുകയാണ്. തീരദേശ ഹൈവേക്ക് വേണ്ടിയുള്ള സ്ട്രെറ്റ്ച്ചുകളുടെ സ്ഥലമെടുപ്പ് പുരോഗമിക്കുന്നു.

പശ്ചാത്തല സൗകര്യ വികസനത്തിൽ ദേശീയ പാതകൾക്കായി (NH-66) ഭൂമി ഏറ്റെടുക്കൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, വാട്ടർ മെട്രോ, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം എന്നിവ ശ്രദ്ധേയമായ നേട്ടങ്ങളാണ്.

സമ്പൂർണ വൈദ്യുതീകരണം പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തുടനീളം മുഴുവൻ സമയവും (24x7x365) പവർ കട്ടുകളോ ലോഡ് ഷെഡിംഗോ ഇല്ലാതെ വൈദ്യുതി നൽകുന്നു. 2024 മാർച്ച് 31 വരെ കേരളത്തിലെ മൊത്തം സ്ഥാപിത വൈദ്യുതി ശേഷി 3,818.8 മെഗാവാട്ട് ആണ്. ഇത് 2023 ലെ 3,514.8 മെഗാവാട്ടിനെക്കാൾ 8.6 ശതമാനം കൂടുതലാണ്. 2023-24ലെ മൊത്തം സ്ഥാപിത ശേഷിയുടെ 2,307.6 മെഗാവാട്ട് (60.4 ശതമാനം) സംസ്ഥാന മേഖലയും 359.58 മെഗാവാട്ട് (9.4 ശതമാനം) കേന്ദ്രമേഖലയും ബാക്കിവരുന്ന 1151.6 മെഗാവാട്ട് (30.1 ശതമാനം) സ്വകാര്യമേഖലയും ഉത്പാദിപ്പിച്ചു.. വാർഷിക വിൽപ്പന 2022-23 ലെ 25,384 മെഗാവാട്ടിൽ നിന്ന് 2023-24 ൽ 28,360 മെഗാവാട്ട് ആയി ഉയർന്നു 12 ശതമാനം വളർച്ച കൈവരിച്ചു. കൂടാതെ വൈദ്യുതി വിൽപ്പനയിൽ നിന്നുള്ള മൊത്തം വരുമാനം (സംസ്ഥാനത്തിന് പുറത്തുള്ള മറ്റ് യൂട്ടിലിറ്റികൾക്കുള്ള വിൽപ്പന ഉൾപ്പെടെ) 2022-23 ലെ 17,705.46 കോടി രൂപയിൽ നിന്ന് 2023-24-ൽ 20,065 കോടി രൂപ ആയി വർദ്ധിച്ചു, ഇത് മുൻ വർഷത്തേക്കാൾ 13 ശതമാനം കൂടുതൽ ആണ്. പ്രതിശീർഷ വൈദ്യുതി ഉപഭോഗം 2022-23 ലെ 682 kWh-ൽ നിന്ന് 2023-24 ൽ 756 kWh ആയി വർദ്ധിച്ചു. മൊത്തം ഉപഭോക്താക്കളുടെ എണ്ണം 2022-23 ൽ 136.5 ലക്ഷം ആയിരുന്നത് 2023-24 ൽ 136.5 ലക്ഷം ആയി വർദ്ധിച്ചു.

കേരളത്തിന്റെ വികസനത്തിന്റെ പ്രധാന സവിശേഷത ശക്തമായ വികേന്ദ്രീകരണമാണ്. കുടുംബശ്രീ പ്രാദേശിക വികസനത്തിൽ, പ്രത്യേകിച്ച് സ്ത്രീകളുടെ ശാക്തീകരത്തിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ജനകീയ ഹോട്ടലുകൾ, കേരള ചിക്കൻ ഔട്ട്ലെറ്റുകൾ, പോക്കറ്റ്മാർട്ട്, ലഞ്ച് ബെൽ,

കെ4കെയർ, ബാക്ക് ടു സ്കൂൾ കാമ്പെയ്ൻ എന്നിവ പ്രധാന സംരംഭങ്ങളിൽ ഉൾപ്പെടുന്നു. കുടുംബശ്രീയുടെ 'കൈത്താങ്ങ്' പിന്തുണയോടെ മൈക്രോ എന്റർപ്രൈസ് പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനായി 2023-24-ൽ 34,526 പുതിയ സംരംഭങ്ങൾ രൂപീകരിച്ചു ഇത് 39,064 സംരംഭകരെ സൃഷ്ടിച്ചു. കുടുംബശ്രീ 2024-25 ൽ 11,771 പുതിയ ചെറുകിട സംരംഭങ്ങൾക്ക് രൂപം നൽകുകയും അതു 14,040 സംരംഭകരെ സൃഷ്ടിക്കുകയും ചെയ്തു. ഷി സ്റ്റാർട്ട് പദ്ധതിയുടെ ഭാഗമായി 2024 സെപ്റ്റംബർ 30 വരെ 1,283 വനിതാ സംരംഭകരെ ഉൾപ്പെടുത്തി 858 സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിച്ചു. അഗതി രഹിത കേരളം പരിപാടിയുടെ ഭാഗമായി കുടുംബശ്രീ മുഖേന 1,033 അംഗീകൃത പൊതു പദ്ധതികളും 170 പട്ടികവർഗ്ഗ പദ്ധതികളും വഴി ഭക്ഷണം, മരുന്ന്, വിദ്യാഭ്യാസം എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾക്കായി ചലഞ്ച് ഫണ്ട് വിതരണം ചെയ്തു. ഇത് 1,57,381 പേർക്ക് പ്രയോജനം ചെയ്തു.

ലൈഫ് (ഉപജീവനം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം) ദൗത്യത്തിന് കീഴിൽ 2024 ഓഗസ്റ്റ് 31 വരെ 4.08 ലക്ഷം വീടുകൾ നിർമ്മിച്ചു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെ 2023-24 ൽ 26,89,283 തൊഴിൽ -ദിനങ്ങൾ വിവിധ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സൃഷ്ടിച്ചു. ആകെ 68,864 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചു, അതിൽ 54,384 കുടുംബങ്ങൾ പൊതുവിഭാഗത്തിലും, 13,650 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിലും 830 കുടുംബങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിലും പെടുന്നു.

2024ൽ കേരളത്തിൽ സംഘടിത മേഖലയിൽ ജോലി ചെയ്യുന്ന ആകെയുള്ള 12.6 ലക്ഷം പേരിൽ 5.6 ലക്ഷം (44.4 ശതമാനം) പേർ പൊതുമേഖലയിലും ബാക്കിയുള്ള 7 ലക്ഷം (55.6 ശതമാനം) പേർ സ്വകാര്യമേഖലയിലുമാണ്.

കേരള സർക്കാർ ജനങ്ങളുടെ, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും ദുർബലരുടേയും ,സാമൂഹിക സംരക്ഷണത്തിന് പ്രതിജ്ഞാബദ്ധമാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ തുക പദ്ധതി ഒരു ഗുണഭോക്താവിന് പ്രതിമാസം 600 രൂപയിൽ നിന്ന് 2021-ൽ 1,600 രൂപയായി വർദ്ധിപ്പിച്ചു. പദ്ധതിയുടെ മൊത്തം ഗുണഭോക്താക്കളുടെ എണ്ണം 2015-16 ലെ 34 ലക്ഷത്തിൽ നിന്ന് 2024 ഒക്ടോബർ ആയപ്പോൾ 50.4 ലക്ഷം ആയി വർദ്ധിച്ചു, ഇതിൽ 31.6 ലക്ഷം (63 ശതമാനം) പേർ സ്ത്രീകളാണ്. വെൽഫെയർ ബോർഡ് പെൻഷനുകൾ മുകളിൽ പറഞ്ഞവയിൽ ഉൾപ്പെടുത്തിയിട്ടില്ല. പകുതിയിലധികം ഗുണഭോക്താക്കൾക്കും (53.1 ശതമാനം) ബാങ്ക് ട്രാൻസ്ഫർ വഴി പെൻഷൻ ലഭിക്കുന്നു. പെൻഷൻ പദ്ധതിയുടെ ഏകദേശം 57 ശതമാനം വാർദ്ധക്യ പെൻഷൻ, 27 ശതമാനം വിധവാ പെൻഷൻ, 8 ശതമാനം വികലാംഗ പെൻഷൻ, 6.4 ശതമാനം കർഷക തൊഴിലാളി പെൻഷൻ എന്നിങ്ങനെ തരം തിരിക്കാം. അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 83,892 ഗുണഭോക്താക്കൾക്ക് നൽകി വരുന്നു.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കിവരുന്നു. 2023-24 ൽ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ 127.6 കോടി (71 ശതമാനം) ധനസഹായം കൊടുക്കുകയും അത് 3,340 കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ സഹായിക്കുകയും ചെയ്തു. 2023-24 ൽ പട്ടികജാതിയിൽപ്പെട്ട ഹൈസ്കൂൾ ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്ക് 5,252 പഠനമുറികൾ നിർമിച്ചു നൽകി. ലൈഫ് മിഷന്റെ ഭാഗമായി, 1,10,930 പട്ടികജാതി ഗുണഭോക്താക്കൾക്ക് വീട് നൽകി. സർക്കാർ, ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയിലൂടെ 2023-24 ൽ 364 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ വിദേശ സ്ഥാപനങ്ങളിൽ പഠിക്കാൻ പിന്തുണ നൽകി. ഈ സ്കീമിൽ 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകുന്നു. 2023-24 ൽ, "നൈപുണ്യ പരിശീലനവും തൊഴിലും" പദ്ധതിയിലൂടെ 151 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ സബ്സിഡി ലഭിച്ചു, കൂടാതെ 749 പേർക്ക് വിദേശത്ത് ജോലി തേടുന്നതിനു സഹായം ലഭിച്ചു. വിവിധ നൈപുണ്യ വികസന പരിപാടികളിലായി, 806 പട്ടികജാതി യുവാക്കൾക്ക് വൈദഗ്ധ്യം ലഭിച്ചു.

കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പരിപാടികൾ നടത്തിവരുന്നു. സംസ്ഥാനം തുടർച്ചയായി ട്രൈബൽ സബ് പ്ലാനിന് (ടിഎസ്പി) ഫണ്ട് അനുവദിക്കുന്നു. 2023-24 ൽ ട്രൈബൽ റീസെറ്റിൽമെന്റ് ആൻഡ് ഡെവലപ്മെന്റ് മിഷൻ (ടിആർഡിഎം) വഴി 1,986 ഗോത്രവർഗക്കാർക്ക് 2,194.81 ഏക്കർ ഭൂമി വിതരണം ചെയ്തു. 2024 ഓഗസ്റ്റ് 31 വരെ, ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 19 ഗോത്രവർഗക്കാർക്കായി 5.81 ഏക്കർ അനുവദിച്ചു. 2016-17 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ ഭവന പദ്ധതികളിലായി 6,998 വീടുകൾ അനുവദിച്ചു. ലൈഫ് മിഷനു കീഴിൽ 42,363 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വീടുകൾ നൽകി. ആകെയുള്ള 6,578 ഉന്നതികളിൽ 6,523 എണ്ണം വൈദ്യുതീകരിച്ചവയാണ്. 2023-24 ൽ മിടുക്കരായ 1,915 വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ നൽകി. കൂടാതെ 279 വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പും 26,478 വിദ്യാർത്ഥികൾക്ക് പോസ്റ്റ്

മെട്രിക് സ്കോളർഷിപ്പും ലഭിച്ചു. സമഗ്ര ആരോഗ്യ പരിചരണ പദ്ധതിയിലൂടെ 1,25,866 പേർക്ക് വൈദ്യസഹായം ലഭിച്ചു.

കേരളത്തിന് അഭിമാനകരമായ പാരമ്പര്യമുള്ള രണ്ട് മേഖലകളാണ് വിദ്യാഭ്യാസവും ആരോഗ്യവും. എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം ഉറപ്പാക്കാക്കുന്നതിനായി സൗജന്യ യൂണിഫോം, ഉച്ചഭക്ഷണം, യാത്രാ ചെലവിനുള്ള സാമ്പത്തിക സഹായം, ഹോസ്റ്റൽ സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ഉല്ലാസയാത്രകൾക്ക് വേണ്ടിയുള്ള സഹായം എന്നിവ നൽകുന്നു. ഇതുകൂടാതെ, കൈറ്റ് (KITE), കാഴ്ചവൈകല്യമുള്ളവർക്കായി ഓഡിയോ ബുക്കുകളും 10, 12 ക്ലാസുകളിലെ ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികൾക്കായി സൈൻ അഡാപ്റ്റഡ് ക്ലാസുകളും വികസിപ്പിച്ചെടുത്തു. കിഫ്ബി യഥാക്രമം 5 കോടി, 3 കോടി, 1 കോടി രൂപ വീതം യഥാക്രമം 141, 386, 446 സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ചിരുന്നു. ഇതും പ്രകാരം 5 കോടി രൂപ വകയിരുത്തിയ വിഭാഗത്തിൽ 138 സ്കൂളുകളുടെ കെട്ടിട നിർമാണം പൂർത്തിയായി. 3 കോടി രൂപ വകയിരുത്തിയ വിഭാഗത്തിൽ 178 സ്കൂളുകൾക്കും ഒരു കോടി രൂപയിൽ താഴെയുള്ള വിഭാഗത്തിൽ 192 സ്കൂളുകൾക്കും കെട്ടിടങ്ങൾ നിർമ്മിച്ചു. ഏകദേശം 99.8 ശതമാനം സർക്കാർ സ്കൂളുകളിലും കുടിവെള്ളം ലഭ്യമാണ്, എല്ലാ സർക്കാർ സ്കൂളുകളിലും മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങൾ ഉണ്ട്. വിദ്യാഭ്യാസരംഗത്ത് ഒരു വലിയ കുതിച്ചുചാട്ടമാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) സ്കൂൾ വിദ്യാഭ്യാസ തലത്തിൽ കൊണ്ടുവന്നത്. കെ.ഐ.റ്റി.ഇ 80,000 സെക്കൻഡറി അധ്യാപകർക്കായി AI പരിശീലനം ആരംഭിച്ചു, കൂടാതെ ഏഴാം ക്ലാസ്സിലെ ഐസിടി പാഠപുസ്തകത്തിൽ ഉൾപ്പെടുത്തി.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗം, ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനു ഊന്നൽ നൽകിക്കൊണ്ട്, നയപരമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഇതിനായി താഴെപ്പറയുന്ന ലക്ഷ്യങ്ങളോടെ സംസ്ഥാന തലത്തിൽ മൂന്ന് കമ്മീഷനുകൾ രൂപീകരിച്ചിരുന്നു i) സംസ്ഥാനത്ത് നിലവിലുള്ള ഉന്നതവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ വിവിധ വശങ്ങൾ പരിശോധിക്കുക, പ്രത്യേകിച്ച്, ഒരു വിജ്ഞാനസമൂഹമായും വിജ്ഞാന സമ്പദ്‌വ്യവസ്ഥയായും മാറുക എന്ന സംസ്ഥാനത്തിന്റെ വലിയ ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ ii) കേരളത്തിലെ സർവ്വകലാശാലകളിലെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും നിലവിലുള്ള പരീക്ഷാ സമ്പ്രദായത്തിന്റെ അവസ്ഥ അവലോകനം ചെയ്യുക, iii) സർവ്വകലാശാലകളുടെ നിയമങ്ങൾ, സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ എന്നിവ യു.ജി.സി., എ.ഐ.സി.ടി.ഇ., എൻ. സി. ടി. ഇ എന്നിവയുടെ ചട്ടങ്ങളുടെ പശ്ചാത്തലത്തിൽ പരിശോധിക്കുക. വിശപ്പ് രഹിത ക്യാമ്പസ്, കണക്റ്റ് കരിയർ ടു ക്യാമ്പസ്, മുഖ്യമന്ത്രിയുടെ പ്രതിഭ സ്കോളർഷിപ്പ് അവാർഡ്, മിനി ഇൻഡസ്ട്രിയൽ യൂണിറ്റ്, ജീവനി കോളേജ് മാനസിക ബോധവത്കരണ പരിപാടി എന്നിവ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രധാന പദ്ധതികളാണ്.. 2023-24 ൽ കേരളം 16 തരം കേന്ദ്ര, സംസ്ഥാന സ്കോളർഷിപ്പുകൾ കൊടുക്കുന്നു. ആകെ 3,358 വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാന സുവർണ ജൂബിലി സ്കോളർഷിപ്പ് ലഭിക്കുകയും 32,427 വിദ്യാർത്ഥികളെ ജില്ലാ മെറിറ്റ് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കുകയും ചെയ്തു.

കേരളത്തിന്റെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) ഉന്നതവിദ്യാഭ്യാസരംഗത്ത് 41.3 ആണ്. സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും ഇടയിൽ കേരളം ഏഴാം സ്ഥാനത്താണ് (AISHE-2021-2022). 2022 ൽ, കേരള സർവ്വകലാശാല NAAC- ന്റെ ഏറ്റവും ഉയർന്ന ഗ്രേഡിംഗ് ആയ A++ ക്യുമുലേറ്റീവ് ഗ്രേഡ് പോയിന്റ് ആവറേജ് ആയ 3.67 ഓടു കൂടി കരസ്ഥമാക്കി. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിംവർക്ക് (NIRF) 2024 ൽ കേരള സർവകലാശാലയ്ക്ക് 38-ാം ഓവറോൾ റാങ്ക് നൽകി, കൂടാതെ 2024 ൽ കേരള സർവകലാശാലയ്ക്ക് ഇന്ത്യയിലെ സർവ്വകലാശാലകളിൽ 24-ാം റാങ്ക് ലഭിച്ചു. കേരള സർവകലാശാല QS വേൾഡ് റാങ്കിംഗ് ഏഷ്യ 2025 ൽ 339-ാം റാങ്ക് കരസ്ഥമാക്കി, മുൻ വർഷത്തെ 451 ാം റാങ്കിൽ നിന്ന് മെച്ചപ്പെട്ടു. മഹാത്മാ ഗാന്ധി സർവ്വകലാശാലയ്ക്ക് (എംജിയു) നാക് എ++ ഗ്രേഡ് അംഗീകാരം 3.63 CGPA സ്കോറോടുകൂടെ നാലാമത്തെ സൈക്കിളിൽ വീണ്ടും ലഭിച്ചു. നാലാമത്തെ റീക്രഡിറ്റേഷൻ സൈക്കിളിൽ A++ നേടിയ കേരളത്തിലെ ആദ്യത്തെ സർവകലാശാലയാണ് എംജി സർവകലാശാല. 2024 ൽ എംജിയു ന് സർവകലാശാലാ തലത്തിൽ 67-ാം റാങ്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 37-ാം റാങ്കും (എൻഐആർഎഫ് പ്രകാരം ഇന്ത്യ മൊത്തത്തിൽ) ലഭിച്ചു. കൂടാതെ, കേരളത്തിലെ 16 കോളേജുകളെ രാജ്യത്തെ മികച്ച 100 കോളേജുകളുടെ പട്ടികയിൽ ഉൾപ്പെടുത്തി, അതോടൊപ്പം NIRF റാങ്കിംഗ് 2024 പ്രകാരം 5 കോളേജുകൾ രാജ്യത്തെ മികച്ച 50 കോളേജുകളുടെ പട്ടികയിൽ വന്നു.

എല്ലാവർക്കും ലഭ്യമാവുന്നതും തുല്യതയുള്ളതും താങ്ങാനാവുന്നതും ഉയർന്ന നിലവാരമുള്ളതുമായ പൊതുജനാരോഗ്യ സംരക്ഷണമാണ് കേരളം മുന്നോട്ടു വെക്കുന്നത്. കേരളത്തിലെ ശരാശരി ആയുർദൈർഘ്യം 75 വർഷമാണ്. ഇത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്നതും

ദേശീയ ശരാശരിയേക്കാൾ (70) കൂടുതലുമാണ്. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ മാതൃമരണ നിരക്കുള്ള (MMR) സംസ്ഥാനം കേരളമാണ് (19), ദേശീയ തലത്തിൽ ഇത് 97 ആണ്. ഒറ്റ അക്ക ശിശുമരണ നിരക്കായ (IMR) 6 ഉള്ള ഇന്ത്യയിലെ ഒരേയൊരു വലിയ സംസ്ഥാനം കേരളമാണ്, അതേസമയം അഖിലേന്ത്യാ തലത്തിൽ ഇത് 28 ആണ്. നവകേരള കർമ്മ പദ്ധതി-II ന്റെ ഭാഗമായി, ആർദ്രം മിഷൻ-2 2022 ൽ ആരംഭിച്ചു. ആർദ്രം മിഷന്റെ ഭാഗമായി ആരംഭിച്ച പുതിയ സംരംഭങ്ങളിൽ 'ആശ്വാസം' ഡിപ്രെഷൻ മാനേജ്മെന്റ് ക്ലിനിക്കുകൾ, 'SWAAS' എന്ന ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ് (COPD) കൺട്രോൾ പ്രോഗ്രാം, 4261 ഗ്രാമീണ ഉപകേന്ദ്രങ്ങളെ ആരോഗ്യ-ക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റൽ, എല്ലാ പ്രാഥമിക കുടുംബാരോഗ്യ കേന്ദ്രങ്ങളിലും എല്ലാ ദിവസവും വൈകുന്നേരം 6.00 വരെ ഔട്ട് പേഷ്യന്റ് സൗകര്യങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ, ജീവിതശൈലീ രോഗ ക്ലിനിക്ക്, സമ്പൂർണ മാനസിക ആരോഗ്യം പ്രോഗ്രാം (SMAP) എന്നിവ ഉൾപ്പെടുന്നു. ആകെയുള്ള 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 649 എണ്ണം (78 ശതമാനം) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി, അതുപോലെ 76 സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. 14 ജില്ലാ ആശുപത്രികളിലും, 17 -ൽ 11 താലൂക്ക് ആശുപത്രികളിലും, 43-ൽ 15 താലൂക്ക് ആശുപത്രികളിലും ഔട്ട് പേഷ്യന്റ് (ഒപി) വിഭാഗം, രോഗീസൗഹൃദമാക്കി മാറ്റി. 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ 8 മെഡിക്കൽ കോളേജുകളിലെയും ഒപികൾ രോഗീസൗഹൃദമാക്കി. സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്നു. 2,59,55,998 ആളുകളുടെ ഡാറ്റാബേസ് ശേഖരിച്ച് ഇലക്ട്രോണിക് റെക്കോർഡുകളായി സൂക്ഷിക്കുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം.

കേരള സർക്കാർ ലക്ഷ്യം വെക്കുന്നത് അന്തസ്സായി ജീവിക്കുന്നതിനും ബിസിനസ് സുഗമമാകുന്നതിനും സാമ്പത്തിക കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു നവകേരളം നിർമ്മിക്കാനാണ്. സാമൂഹിക പ്രതിബദ്ധതകളിൽ വിട്ടുവീഴ്ച ചെയ്യാതെ പൊതു ആസ്തികൾ സൃഷ്ടിക്കുക, വിശ്വാസാധിഷ്ഠിത ഭരണം സ്വീകരിക്കുക, വികസനത്തിനായി സ്വകാര്യമേഖലയുമായി പങ്കാളിത്തം സ്ഥാപിക്കുക, കാർഷിക, വ്യാവസായിക ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ എന്നിവയെല്ലാം ഇതിന്റെ പിന്നിലെ വിശാലമായ തത്വങ്ങളിൽ ഉൾപ്പെടുന്നു.

# കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സൂചികകൾ: ദ്രുതവീക്ഷണം

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2010-11 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഭ്രുവിസ്തൃതി | ചതുരശ്ര കി.മി | 38856.7 | 38864 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 |
| ഭരണ രംഗം | | | | | | | | | | | | | | |
| 2 | റവന്യൂ ഡിവിഷനുകൾ | എണ്ണം. | | | | | | 21 | 27 | 27 | 27 | 27 | 27 | 27 |
| 3 | ജില്ലകൾ | എണ്ണം. | 9 | 10 | 12 | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 |
| 4 | താലൂക്കുകൾ | എണ്ണം. | 55 | 56 | 58 | 61 | 63 | 63 | 75 | 77 | 77 | 77 | 77 | 78 |
| 5 | വില്ലേജുകൾ | എണ്ണം. | | 1326 | 1331 | 1364 | 1452 | 1532 | 1664 | 1664 | 1664 | 1664 | 1664 | 1666 |
| 6 | ടൗണുകൾ | എണ്ണം. | 92 | 88 | 106 | 197 | 159 | 520 | 520 | 520 | 520 | 520 | 520 | 520 |
| സെൻസസ് പ്രകാരമുള്ള ജനസംഖ്യ | | | 1951 | 1961 | 1971 | 1981 | 1991 | 2001 | 2011 | | | | | |
| 7 | ആകെ | (ആയിരത്തിൽ) | 13549 | 16904 | 21347 | 25454 | 29099 | 31844 | 33406 | | | | | |
| 8 | പുരുഷന്മാർ | | | 8362 | 10588 | 12609 | 14289 | 15469 | 16027 | | | | | |
| 9 | സ്ത്രീകൾ | | | 8542 | 10760 | 12885 | 14810 | 16373 | 17379 | | | | | |
| 10 | ഗ്രാമം | | | 14351 | 17880 | 20682 | 21618 | 23574 | 17471 | | | | | |
| 11 | നഗരം | | | 2552 | 3467 | 4771 | 7018 | 8267 | 15935 | | | | | |
| 12 | പട്ടിക ജാതിക്കാർ | | | 1422 | 2002 | 2549 | 2887 | 3124 | 3040 | | | | | |
| 13 | പട്ടികവർഗ്ഗക്കാർ | | | 208 | 193 | 261 | 321 | 364 | 485 | | | | | |
| 14 | ജനസാന്ദ്രത | "ആളുകളുടെ എണ്ണം സ്ക്വയർ കി.മി.ന് " | | 435 | 549 | 655 | 749 | 819 | 860 | | | | | |
| 15 | സാക്ഷരതാ നിരക്ക് | ശതമാനം | | 55 | 60 | 70 | 90 | 90 | 94 | | | | | |
| 16 | സ്ത്രീപുരുഷാ-നുപാതം | 1000 പുരുഷ-ന്മാർക്ക്/ സ്ത്രീകൾ | | 1022 | 1016 | 1032 | 1036 | 1058 | 1084 | | | | | |
| 17 | നഗര ജനസംഖ്യ | ശതമാനം | | 15 | 16 | 19 | 24 | 26 | 48 | | | | | |
| GSDP - സ്ഥിരമായ വിലയിൽ | | | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2009-10 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 (P) | 2023-24(Q) |
| 18 | ജില്ലാതല മൊത്തം ആഭ്യന്തര ഉൽപ്പന്നം (ജി എസ് ഡി പി) | രൂപ കോടിയിൽ | 462 | 1255 | 3,823 | 12,195 | 63,715 | 180,812 | 554,228 | 559,194 | 512,076 | 57,198,296 | 59,623,686 | 63,513,653 |
| 19 | പ്രാഥമിക മേഖല (ജി.എസ്. വി.എ) | രൂപ കോടിയിൽ | 241 | 653 | 1,682 | 4,756 | 14,017 | 15,966 | 46,114 | 44,306 | 44,658 | 4,702,155 | 4,746,368 | 4,968,569 |
| 20 | ദ്വിതീയ മേഖല (ജി.എസ്. വി.എ) | രൂപ കോടിയിൽ | 68 | 163 | 841 | 3,171 | 14,017 | 38,249 | 130,450 | 132,480 | 128,749 | 14,209,309 | 14,658,910 | 15,254,256 |
| 21 | തൃതീയ മേഖല (ജി.എസ്. വി.എ) | രൂപ കോടിയിൽ | 153 | 439 | 1,300 | 4,268 | 35,680 | 126,597 | 303,662 | 317,188 | 271,393 | 31,187,885 | 33,357,724 | 36,341,477 |
| 22 | പ്രതിശീർഷ വരുമാനം (ജി എസ് ഡി പി) | രൂപ | 276 | 594 | 1,508 | 4,207 | 19,951 | 47,360 | 159,878 | 160,506 | 146,246 | 160,791 | 166,938 | 176,072 |
| കൃഷി | | | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2009-10 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
| 23 | യഥാർത്ഥ കൃഷി വിസ്തൃതി | 1000 ഹെക്ടർ | 1923 | 2171 | 2180 | 2247 | 2206 | 2079 | 2033 | 2026 | 2035 | 2029 | 1991 | 1973 |
| 24 | മൊത്തം കൃഷി ഭൂമി | 1000 ഹെക്ടർ | 2349 | 2933 | 2885 | 3020 | 3022 | 2669 | 2571 | 2586 | 2568 | 2523 | 2516 | 2536 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 25 | മൊത്തം ജലസേചന മേഖല | 1000 ഹെക്ടർ | | | 381 | 385 | 460 | 458 | 515 | 518 | 521 | 561 | 514 | 532 |
| 26 | മൊത്തം വിളവിറക്കിയ ഭൂവിസ്തൃതി യിൽ മൊത്തം ജലസേചനം നടത്തിയ ഭൂവിസ്തൃതി | ശതമാനം | | | 13 | 13 | 15 | 18 | 20 | 20 | 20 | 22 | 20 | 21 |
| പ്രധാന വിളകളുടെ ഉത്പാദനം | | | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2012-13 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
| 27 | നെൽ വയൽ കൃഷി | 1000 ഹെക്ടർ | 779 | 875 | 802 | 559 | 347 | 197 | 198 | 191.05 | 201.87 | 193.95 | 190.17 | 179 |
| 28 | പയറുവർഗ്ഗ ങ്ങൾ | 1000 ഹെക്ടർ | 44 | 40 | 34 | 23 | | 3.0 | 2.5 | 2.06 | 2.006 | 1.44 | 1.547 | 1.6 |
| 29 | കരിമ്പ് (വിളവെടുത്ത പ്രദേശം) | 1000 ഹെക്ടർ | 9 | 8 | 8 | 8 | 3 | 2 | 1.01 | 0.95 | 0.92 | 0.92 | 0.93 | 0.7 |
| 30 | റബ്ബർ | 1000 ഹെക്ടർ | 133 | 188 | 238 | 384 | 474 | 545 | 551.2 | 551.03 | 550.65 | 550 | 549.78 | 548 |
| 31 | തേയില | 1000 ഹെക്ടർ | 40 | 37 | 36 | 35 | 37 | 30 | 36.47 | 35.87 | 35.87 | 35.87 | 35.65 | 36 |
| 32 | തെങ്ങ് | 1000 ഹെക്ടർ | 501 | 719 | 651 | 870 | 926 | 798 | 760.94 | 760.77 | 768.8 | 765.4 | 760.353 | 766 |
| 33 | കവുങ്ങ് | 1000 ഹെക്ടർ | 54 | 86 | 61 | 65 | | 102 | 95.73 | 96.9 | 96.57 | 93.97 | 94.553 | 96 |
| 34 | നിലക്കടല | 1000 ഹെക്ടർ | 16 | 15 | 9 | 13 | | 0.7 | 0.18 | 0.12 | 0.11 | 0.12 | 0.126 | 0.1 |
| 35 | കുരുമുളക് | 1000 ഹെക്ടർ | 100 | 12 | 108 | 169 | 202 | 85.0 | 82.76 | 83.76 | 82.12 | 76.35 | 73.731 | 72.7 |
| 36 | ഏലം | 1000 ഹെക്ടർ | 29 | 47 | 56 | 67 | 41 | 42.0 | 38.88 | 39.69 | 39.14 | 39.14 | 40.345 | 40.4 |
| 37 | ഇഞ്ചി | 1000 ഹെക്ടർ | 12 | 12 | 13 | 14 | 12 | 5.0 | 3.27 | 2.82 | 2.7 | 2.92 | 2.581 | 2.2 |
| പ്രധാന വിളകളുടെ ഉത്പാദനം | | | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2012-13 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
| 38 | നെല്ല് | 1000 ടണ്ണിൽ | 1068 | 1298 | 1272 | 1087 | 751 | 509 | 578.25 | 587.1 | 626.90 | 559.30 | 592.684 | 530 |
| 39 | പയറുവർഗ്ഗ ങ്ങൾ | 1000 ടണ്ണിൽ | 18 | 13 | 22 | 17 | | 3.0 | 2.3 | 2.18 | 1.92 | 1.47 | 1.606 | 1.9 |
| 40 | കരിമ്പ് | 1000 ടണ്ണിൽ | 38 | 38 | 48 | 52 | 28 | 17 | 10.63 | 12.08 | 10.70 | 10.40 | 10.123 | 8 |
| 41 | റബ്ബർ | 1000 ടണ്ണിൽ | 24 | 88 | 140 | 308 | 560 | 800 | 492.5 | 533.5 | 519.50 | 556.60 | 599.375 | 610 |
| 42 | തേയില | 1000 ടണ്ണിൽ | 39 | 43 | 48 | 63 | 69 | 63 | 60.76 | 59.26 | 66.85 | 60.36 | 65.98 | 65 |
| 43 | നാളികേരം | ദശലക്ഷം യൂണിറ്റ് | 3220 | 3981 | 3008 | 4232 | 5536 | 5799 | 5299 | 4814 | 4788.00 | 5535.00 | 5641 | 5523 |
| 44 | അടയ്ക്ക | 1000 ടണ്ണിൽ | 8 | 13 | 11 | 13 | | 118 | 99.92 | 92.75 | 103.20 | 103.50 | 98.527 | 104 |
| 45 | നിലക്കടല | 1000 ടണ്ണിൽ | 14 | 16 | 8 | 10 | 10 | 9 | 0.24 | 0.15 | 0.14 | 0.16 | 0.193 | 0.15 |
| 46 | കുരുമുളക് | 1000 ടണ്ണിൽ | 27 | 25 | 29 | 47 | 61 | 46 | 36.77 | 34.54 | 33.59 | 32.52 | 27.653 | 31 |
| 47 | ഏലം | 1000 ടണ്ണിൽ | 1 | 1 | 3 | 3 | | 10 | 11.53 | 10.07 | 20.57 | 21.27 | 22.165 | 23 |
| 48 | ഇഞ്ചി | 1000 ടണ്ണിൽ | 11 | 20 | 32 | 46 | 42 | 22 | 15.12 | 11.92 | 12.09 | 12.87 | 11.006 | 10 |
| കന്നുകാലി സെൻസസ് | | | 1977 | 1982 | 1987 | 1996 | 2003 | 2007 | 2012 | 2019 | | | | |
| 49 | ആകെ കന്നുകാലികൾ | ലക്ഷത്തിൽ | 53 | 56 | 55 | 56 | 35 | 36 | 39 | 29 | | | | |
| 50 | ആകെ പൗൾട്രി | ലക്ഷത്തിൽ | | 152 | 185 | 308 | 139 | 127 | 238 | 298 | | | | |
| വനം | | | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2009-10 | 2018-19 | 2019-20 | 2020-21 | | | |
| 51 | വനവിസ്തൃ | 1000 ഹെക്ടർ | 1056 | 1056 | 1123 | 1122 | 1115 | 1131 | 1152 | 1152 | 1152 | | | |
| ഫാക്ടറികൾ | | | 1971 | 1981 | 1991 | 2001 | 2011 | 2018 | 2019 | 2020 | 2021 | 2022 | 2023 | 2024 |
| 52 | പ്രവർത്തി ക്കുന്ന ഫാക്ടറികൾ | എണ്ണം | 3024 | 9106 | 13255 | 18554 | 19676 | 23335 | 24254 | 24468 | 24453 | 23609 | 23405 | 22668 |
| 53 | ജീവനക്കാർ | എണ്ണം | 206839 | 300515 | 368738 | 436410 | 644606 | 698679 | 726195 | 702901 | 652875 | 582419 | 661698 | 641701 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 54 | ലക്ഷം ജനസംഖ്യയിൽ ജീവനക്കാരുടെ നിരക്ക് | എണ്ണം | 969 | 1181 | 1267 | 1370 | 1930 | 2091 | 2174 | 2104 | 1954 | 2031 | 1981 | 1920 |
| വൈദ്യുതി | | | 1970-71 | 1980-81 | 1990-91 | 2000-01 | 2009-10 | 2011-12 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
| 55 | ആകെ ഉല്പാദനം | ദശലക്ഷം യൂണിറ്റ് | 2126 | 5242 | 5491 | 7656 | 6495 | 8351 | 7626.37 | 5781.23 | 7109.09 | 9858.27 | 8659.38 | 5716.40 |
| 56 | ആകെ ഉപഭോഗം | ദശലക്ഷം യൂണിറ്റ് | | 2869 | 5282 | 10319 | 12878 | 16182 | 22361.45 | 22948.82 | 22151.6 | 23499.54 | 25248.21 | 28105.07 |
| 57 | വ്യാവസായിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | | 2025 | 2697 | 3784 | 4002 | 4926 | 5820.49 | 5683.3 | 3826.99 | 4481.02 | 4920.33 | 3820.09 |
| 58 | കാർഷിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | | 125 | 288 | 350 | 225 | 286 | 337.65 | 348.48 | 412.22 | 382.73 | 391.52 | 459.2 |
| 59 | ഗാർഹിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | | 409 | 1621 | 4688 | 5931 | 7706 | 10864.34 | 11898.13 | 12716.47 | 12679.39 | 12400.1 | 13757.25 |
| വിദ്യാഭ്യാസം | | | 1970-71 | 1980-81 | 1990-91 | 2000-01 | 2009-10 | 2012-13 | 2018-19 | 2019-20 | 2020-21 | 2021-22# | 2022-23# | 2023-24 |
| 60 | പ്രൈമറി സ്കൂളുകൾ | എണ്ണം | 9437 | 9605 | 9682 | 9714 | 9828 | 9737 | 9841 | 9833 | 9858 | 9847 | 9834 | 9817 |
| 61 | പ്രൈമറി സ്കൂളിലെ എൻറോൾമെന്റ് | ആയിരത്തിൽ | 4156 | 4284 | 4402 | 3637 | 3015 | 2545 | 2428 | 2450 | 2491.9 | 2593.6 | 2559.1 | 2478 |
| 62 | ഹൈസ്കൂ ളുകൾ | എണ്ണം | 1199 | 1971 | 2451 | 2596 | 2814 | 2890 | 3120 | 3118 | 3128 | 3125 | 3125 | 3131 |
| 63 | ഹൈസ്കൂളിലെ എൻറോൾമെന്റ് | ആയിരത്തിൽ | | 1310 | 1498 | 1611 | 1443 | 1426 | 1276 | 1267 | 1265.83 | 1274.51 | 1273.3 | 1269 |
| ആരോഗ്യം | | | 1970-71 | 1980-81 | 1990-91 | 2000-01 | 2009-10 | 2011-12 | 2018-19# | 2019-20# | 2020-21# | 2021-22# | 2022-23# | 2023-24# |
| 64 | ആശുപത്രികൾ | എണ്ണം | 553 | 746 | 1199 | 1319 | 1254 | 1255 | 1470 | 1471+RCC | 1473+RCC | 1477+RCC | 1476+RCC | 1476+RCC |
| 65 | കിടക്കകളുടെ എണ്ണം | എണ്ണം | 21777 | 32447 | 38726 | 38242 | 37021 | 37388 | 56596 | 57713 | 58021 | 59684+RCC | 59692+RCC | 59847+RCC |
| സുപ്രധാന സ്ഥിതിവിവരക്കണക്കുകൾ (ജനസംഖ്യാസ്ഥിതി) | | | 1970-71 | 1980-81 | 1990-91 | 2001 | 2009 | 2010 | 2017## | 2018## | 2019## | 2020## | | 2021## |
| 66 | ജനനനിരക്ക് | ആയിരം ജനങ്ങളിൽ | 32 | 26 | 20 | 16 | 15 | 15 | 15 | 13.9 | 13.5 | 13.2 | | 13.2 |
| 67 | മരണനിരക്ക് | ആയിരം ജനങ്ങളിൽ | 9 | 6 | 6 | 7 | 7 | 7 | 7 | 6.9 | 7.1 | 7 | | 7 |
| 68 | ശിശുമരണനിരക്ക് | ആയിരം ജനങ്ങളിൽ | 61 | 37 | 21 | 11 | 12 | 14 | 10 | 7 | 6 | 6 | | 6 |
| ഗതാഗതം | | | 1970-71 | 1980-81 | 1990-91 | 2000-01 | 2010-11 | 2011-12 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2022-24 |
| 69 | റെയിൽപാതകളുടെ ദൈർഘ്യം | കി.മി | 892 | 921 | 988 | 1148 | 1257 | 1257 | 1257 | 1257 | 1745### | 1745### | 2106### | |
| 70 | ആകെ റോഡുകളുടെ ദൈ ർഘ്യം | കി.മി | 18037 | 94145 | 128403 | 125835 | 151652 | 244373 | 273113.3 | 331904.11 | 238773.02 | 230934.18 | 235634.36 | 191292 * |
| 71 | മോട്ടോർ വാഹനങ്ങൾ | എണ്ണം | 86234 | 195000 | 648000 | 2111885 | 6072019 | 8048673 | 13334984 | 14184184 | 14847163 | 15565149 | 16352224 | 17408542 |
| തദ്ദേശ സ്ഥാപനങ്ങൾ | | | 1990-91 | 2000-01 | 2006-07 | 2007-08 | 2008-09 | 2010-11 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
| 72 | ജില്ലാ പഞ്ചായത്ത് | എണ്ണം | | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 |
| 73 | ബ്ലോക്ക് പഞ്ചായത്ത് | എണ്ണം | | 152 | 152 | 152 | 152 | 152 | 152 | 152 | 152 | 152 | 152 | 152 |
| 74 | ഗ്രാമപഞ്ചായത്ത് | എണ്ണം | 983 | 990 | 999 | 999 | 999 | 978 | 941 | 941 | 941 | 941 | 941 | 941 |
| 75 | മുനിസിപ്പാലിറ്റികൾ | എണ്ണം | 58 | 53 | 53 | 53 | 53 | 60 | 87 | 87 | 87 | 87 | 87 | 87 |
| 76 | കോർപ്പറേഷനുകൾ | എണ്ണം | 3 | 5 | 5 | 5 | 5 | 5 | 6 | 6 | 6 | 6 | 6 | 6 |

3

# അലോപ്പതിയും ആയുഷും ഉൾപ്പെടെ

##സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടുകൾട

###റൂട്ടിന്റെ നീളവും റണ്ണിംഗ് ട്രാക്കും ഉൾപ്പെടെ

*പിഡബ്ല്യുഡി (റോഡ് എൻഎച്ച്, എൽഎസ്ജിഡി, മറ്റ് വകുപ്പുകൾ) ഉൾപ്പെടെയുള്ള റോഡുകളുടെ നീളം. മുൻ വർഷങ്ങളെ അപേക്ഷിച്ച് 2023-24ൽ മൊത്തം റോഡിന്റെ നീളം കുറഞ്ഞു. അസറ്റ് രജിസ്റ്ററിലെ നേരത്തെയുള്ള അപാകതകൾ ഇപ്പോൾ ജിഐഎസ് മാപ്പിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തിരുത്തിയതിനാൽ, റെക്കോർഡുകൾ അപ്ഡേറ്റ് ചെയ്യുന്നതാണ് ഈ മാറ്റത്തിന് കാരണം.

പി) പ്രൊവിഷണൽ എസ്റ്റിമേറ്റ്

(ക്യൂ) ക്വിക്ക് എസ്റ്റിമേറ്റ്

ha ഹെക്ടർ

Mu മില്യൺ യൂണിറ്റ്

# ജില്ലകൾ: അവലോകനം

| ക്രമ നമ്പർ | ഇനം | തിരുവനന്തപുരം | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | ഇടുക്കി | എറണാകുളം | തൃശ്ശൂർ | പാലക്കാട് | മലപ്പുറം | കോഴിക്കോട് | വയനാട് | കണ്ണൂർ | കാസറഗോഡ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഭൂവിസ്തൃതി (ചതുരശ്ര കിലോമീറ്ററിൽ) | 2192 | 2491 | 2637 | 1414 | 2208 | 4358 | 3068 | 3032 | 4480 | 3550 | 2344 | 2131 | 2966 | 1992 | 38863 |
| 2 | വനഭൂമി (ചതുരശ്ര കിലോമീറ്ററിൽ) * | 1317 | 1334 | 1949 | 80 | 1099 | 3155 | 1383 | 1166 | 2104 | 1984 | 1448 | 1581 | 1669 | 984 | 21253 |
| 3 | ജനസംഖ്യ 2011 (ലക്ഷത്തിൽ) | 33.01 | 26.35 | 11.97 | 21.28 | 19.75 | 11.1 | 32.82 | 31.21 | 28.11 | 41.13 | 30.86 | 8.17 | 25.23 | 13.07 | 334.06 |
| | ഗ്രാമം | 15.3 | 14.48 | 10.65 | 9.79 | 14.09 | 10.57 | 10.48 | 10.25 | 21.33 | 22.96 | 10.13 | 7.88 | 8.82 | 7.98 | 174.71 |
| | പുരുഷൻമാർ | 7.25 | 6.81 | 5.00 | 4.65 | 6.93 | 5.27 | 5.18 | 4.88 | 10.31 | 10.95 | 4.85 | 3.86 | 4.26 | 3.88 | 84.08 |
| | സ്ത്രീകൾ | 8.05 | 7.67 | 5.66 | 5.15 | 7.16 | 5.29 | 5.29 | 5.36 | 11.01 | 12 | 5.29 | 4 | 4.56 | 4.11 | 90.6 |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001-2011) | -28.60 | -31.70 | -4.00 | -34.2 | -14.8 | -1.4 | -35.7 | -52 | -5.7 | -29.8 | -43 | -4.6 | -26.3 | -17.7 | -25.9 |
| | നഗരം | 17.72 | 11.87 | 1.32 | 11.48 | 5.65 | 0.52 | 22.34 | 20.96 | 6.77 | 18.17 | 20.73 | 0.32 | 16.41 | 5.09 | 159.35 |
| | പുരുഷൻമാർ | 8.57 | 5.66 | 0.62 | 5.48 | 2.76 | 0.25 | 11.01 | 9.92 | 3.28 | 8.65 | 9.86 | 0.15 | 7.56 | 2.41 | 76.19 |
| | സ്ത്രീകൾ | 9.15 | 6.21 | 0.70 | 6 | 2.9 | 0.26 | 11.33 | 11.04 | 3.49 | 9.52 | 10.86 | 0.16 | 8.85 | 2.68 | 83.16 |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001-2011) | 62.30 | 154.80 | 6.30 | 84.80 | 88.60 | -9.60 | 51.30 | 149.70 | 89.80 | 410.20 | 88.20 | 6.60 | 35.30 | 117.80 | 92.80 |
| | ജനസാന്ദ്രത | 1508 | 1061 | 452 | 1504 | 895 | 255 | 1072 | 1031 | 627 | 1157 | 1316 | 384 | 852 | 657 | 860 |
| | മത്സ്യത്തൊഴിലാളികൾ (എണ്ണം) | 177022 | 132572 | 2206 | 198164 | 25947 | 732 | 141887 | 78833 | 2688 | 97935 | 115017 | 238 | 45978 | 46149 | 1065368 |
| | ആകെ ജനസംഖ്യയിൽ പട്ടികജാതിക്കാരുടെ ജനസംഖ്യ ശതമാനത്തിൽ | 11.30 | 12.46 | 13.74 | 9.46 | 7.79 | 13.12 | 8.18 | 10.39 | 14.37 | 7.50 | 6.45 | 3.99 | 3.30 | 4.08 | 9.10 |
| | ആകെ ജനസംഖ്യയിൽ പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ ശതമാനത്തിൽ | 0.81 | 0.41 | 0.68 | 0.31 | 1.11 | 5.03 | 0.50 | 0.30 | 1.74 | 0.56 | 0.49 | 18.53 | 1.64 | 3.74 | 1.45 |
| 4 | സാക്ഷരതാ നിരക്ക് | | | | | | | | | | | | | | | |
| | പുരുഷൻ | 95.06 | 96.09 | 97.36 | 97.36 | 97.97 | 94.56 | 97.36 | 96.78 | 93.1 | 95.76 | 97.42 | 92.51 | 97.19 | 94.05 | 96.11 |
| | സ്ത്രീ | 91.17 | 92.31 | 95.83 | 94.24 | 96.48 | 89.45 | 94.46 | 93.56 | 85.79 | 91.62 | 97.99 | 85.7 | 93.29 | 86.49 | 92.07 |
| 5 | കൊഴിഞ്ഞു പോയവരുടെ ശതമാനം 2022-23 | | | | | | | | | | | | | | | |
| | ലോവർ പ്രൈമറി | 0.02 | 0.02 | 0.05 | 0.05 | 0.12 | 0.38 | 0.38 | 0.05 | 0.06 | 0.05 | 0.07 | 0.20 | 0.04 | 0.04 | 0.09 |
| | അപ്പർ പ്രൈമറി | 0.01 | 0.01 | 0.03 | 0.03 | 0.06 | 0.15 | 0.21 | 0.04 | 0.02 | 0.02 | 0.02 | 0.21 | 0.02 | 0.05 | 0.05 |
| | ഹൈസ്കൂൾ | 0.02 | 0.02 | 0.05 | 0.03 | 0.15 | 0.31 | 0.15 | 0.11 | 0.06 | 0.03 | 0.03 | 0.86 | 0.07 | 0.13 | 0.09 |
| | ജി.ഡി.വി.എ (2023-24) (ത്വരിതം) (സ്ഥിര വിലയിൽ) | | | | | | | | | | | | | | | |

| ക്രമ നമ്പർ | ഇനം | തിരുവനന്തപുരം | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | ഇടുക്കി | എറണാകുളം | തൃശ്ശൂർ | പാലക്കാട് | മലപ്പുറം | കോഴിക്കോട് | വയനാട് | കണ്ണൂർ | കാസറഗോഡ് | കേരളം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 6 | ജി.ഡി.വി.എ (2023-24) (ത്വരിതം) (സ്ഥിര വിലയിൽ) | 5495068 | 5339577 | 1461422 | 4612284 | 3831685 | 1833073 | 7630108 | 5876192 | 3979321 | 4983653 | 4747953 | 933797 | 3988968 | 1851207 | 56564302 |
| | വിഹിതം (ശതമാനത്തിൽ) | | | | | | | | | | | | | | | |
| | പ്രാഥമികം | 6.84 | 7.87 | 21.07 | 4.11 | 12.29 | 28.45 | 6.47 | 5.24 | 10.38 | 9.10 | 6.46 | 18.16 | 7.18 | 13.57 | 8.78 |
| | ദ്വിതീയം | 18.32 | 27.47 | 15.19 | 39.18 | 23.86 | 19.33 | 28.63 | 27.62 | 31.05 | 19.87 | 30.92 | 9.58 | 33.42 | 30.18 | 26.97 |
| | തൃതീയം | 74.84 | 64.65 | 63.74 | 56.70 | 63.85 | 52.22 | 64.91 | 67.13 | 58.57 | 71.02 | 62.62 | 72.26 | 59.40 | 56.25 | 64.25 |
| | ജിവിഎ അടിസ്ഥാനമാക്കിയുള്ള ജില്ലാ പ്രതിശീർഷ വരുമാനം അടിസ്ഥാന വിലയിൽ (രൂപയിൽ) | 179231 | 220354 | 139995 | 236305 | 212921 | 186407 | 238986 | 195125 | 144010 | 115288 | 155738 | 119128 | 164601 | 141130 | 176072 |
| 7 | കേരളത്തിലെ നെൽ ഉത്പാദനം മെട്രിക് ടണ്ണിൽ (2023-24) | 3243.37 | 3726.77 | 9867.71 | 130956.51 | 51704.25 | 817.67 | 8973.55 | 72338.28 | 182332.52 | 30341.83 | 2421.00 | 19894.50 | 8646.86 | 5018.83 | 530283.64 |
| 8 | യഥാർത്ഥ ജലസേചിത ഭൂവിസ്തൃതി (ഹെക്ടറിൽ) 2023-24 | 6967.90 | 4879.66 | 6025.03 | 34490.70 | 19628.51 | 47849.27 | 24739.37 | 69474.99 | 85112.62 | 31932.42 | 4341.23 | 15169.94 | 12833.25 | 56445.94 | 419890.83 |
| 9 | വാണിജ്യ ബാങ്കുകളുടെ എണ്ണം (മാർച്ച് 2023) | 787 | 432 | 399 | 397 | 538 | 196 | 1054 | 782 | 516 | 525 | 494 | 154 | 412 | 231 | 6917 |
| 10 | CD അനുപാതം | 75.78 | 66.17 | 27.30 | 53.68 | 54.55 | 113.59 | 100.12 | 53.23 | 68.78 | 61.31 | 80.91 | 125.38 | 58.07 | 84.33 | 70.32 |
| 11 | രജിസ്റ്റർ ചെയ്ത എസ്എസ്ഐ/ എംഎസ്എംഇ 2023-24 | 10056 | 8330 | 3675 | 7582 | 6392 | 3403 | 10437 | 9737 | 9323 | 10142 | 9614 | 2782 | 7854 | 4269 | 103596 |
| 12 | PWD റോഡുകളുടെ നീളം (കി. മീ.) | 2377.04 | 1924.59 | 1479.71 | 1994.11 | 3040.15 | 2661.28 | 2964.56 | 1934.17 | 2084.18 | 2440.47 | 1999.29 | 913.97 | 2314.72 | 1444.92 | 29573.16 |
| 13 | മോട്ടോർ വാഹനങ്ങളുടെ എണ്ണം | 2078067 | 1364516 | 650600 | 1153406 | 1021707 | 448348 | 2280261 | 1737773 | 1285677 | 1865517 | 1671242 | 319634 | 1083517 | 492377 | 17408542 |
| 14 | എത്തിച്ചേരുന്ന വിനോദ സഞ്ചാരികൾ 2023 | | | | | | | | | | | | | | | |
| | വിദേശ സഞ്ചാരികൾ (എണ്ണത്തിൽ ) | 148462 | 4713 | 941 | 31403 | 28458 | 103644 | 279904 | 16204 | 1069 | 10398 | 14710 | 4429 | 2431 | 2291 | 649057 |
| | ആഭ്യന്തര സഞ്ചാരികൾ (എണ്ണത്തിൽ ) | 3589932 | 442231 | 431878 | 744352 | 508899 | 3633584 | 4487930 | 2478573 | 555593 | 775754 | 1324835 | 1750267 | 854838 | 292975 | 21871641 |

*തുറന്ന വനം ഉൾപ്പെടെ

# പട്ടികകൾ


| നമ്പർ | ഇനം | പേജ് |
|---|---|---|
| 1.1.1 | ജിഡിപിയുടെ വളർച്ച, ഏജൻസി തിരിച്ചുള്ള കണക്ക് | 03 |
| 1.1.2 | 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിലെ ദേശീയ വരുമാന കണക്കുകൾ | 05 |
| 1.1.3 | 2020-21 മുതൽ 2023-24 വരെയുള്ള കേരള സംസ്ഥാനത്തിന്റെ വരുമാന സ്ഥിതിവിവരക്കണക്കുകൾ | 06 |
| 1.1.4 | സമീപ വർഷങ്ങളിലെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിലെ മേഖലാ വിതരണം സ്ഥിര വിലയിൽ | 07 |
| 1.1.5 | 2023-24 വർഷത്തിൽ , ഇന്ത്യയിലും കേരളത്തിലുമുള്ള തൊഴിലിലും മൊത്ത സംയോജിത മൂല്യത്തിലുമുള്ള വിവിധ മേഖലകളുടെ വിഹിതം | 09 |
| 1.1.6 | കേരളത്തിലെ ജില്ലകളുടെ മൊത്തം ജില്ലാ സംയോജിത മൂല്യം (നടപ്പു വിലയിലും സ്ഥിര വിലയിലും) | 09 |
| 1.1.7 | പ്രതിശീർഷ മൊത്തം ജില്ല സംയോജിത മൂല്യം സ്ഥിര വിലയിൽ | 10 |
| 1.1.8 | 2024 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഇന്ത്യയുടെയും കേരളത്തിന്റെയും സിപിഐ(ജനറൽ) അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം, ശതമാനത്തിൽ | 11 |
| 1.2.1 | 2001-2011, കാലഘട്ടത്തിലെ കേരളത്തിലെ ഗ്രാമീണ നഗര ജനസംഖ്യയുടെ ഘടന | 16 |
| 1.2.3 | രോഗങ്ങൾ/ശീലങ്ങൾ മൂലമുള്ള മരണങ്ങളുടെ എണ്ണം | 17 |
| 1.2.3 A. | വിവിധ പ്രായ വിഭാഗങ്ങളിലെ ജനസംഖ്യയുടെ ജില്ല തിരിച്ചുള്ള വിതരണം_2011 | 18 |
| 1.2.4 | കേരളത്തിലെ തൊഴിലാളി വിഭാഗത്തിൻറെ ഇനം തിരിച്ചുള്ള ജനസംഖ്യ | 19 |
| 1.2.5 | കേരളത്തിലെ നഗരവൽക്കരണം 1901-2036 | 20 |
| 1.4.1 | 2024 ൽ കേരളത്തിലെ ബാങ്കുകളുടെ ഇനം തിരിച്ചുള്ള ബ്രാഞ്ച് ശൃംഖല | 32 |
| 1.4.2 | പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2024 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ബാങ്ക് ഇനം തിരിച്ച് | 35 |
| 1.4.3 | കേരളത്തിലെ സഹകരണ മേഖലയുടെ പ്രകടനം, മാർച്ച് 2024 | 37 |
| 1.4.4 | കെ.എസ്.എഫ്.ഇയുടെ 2023 - 24 വർഷത്തെ ബിസിനസ് | 38 |
| 1.5.1 | 2012-13 മുതൽ 2023-24 വരെയുള്ള പ്രധാന കമ്മി സൂചകങ്ങൾ | 41 |
| 1.5.2 | 13, 14, 15 ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകളിൽ കേന്ദ്രം സംസ്ഥാനങ്ങൾക്ക് നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡം ശതമാനത്തിൽ | 44 |
| 1.5.3 | കേന്ദ്ര വിഹിതത്തിന്റെ കൈമാറ്റം | 45 |
| 1.5.4 | റവന്യൂ ചെലവിലെ പ്രവണത | 46 |
| 1.5.5 | മൂലധന വിഹിതത്തിലെ പ്രവണത | 47 |
| 1.6.1 | 2023-24 & 2024-25 വാർഷിക പദ്ധതിയുടെ മേഖല തിരിച്ചുള്ള വിഹിതം കോടിയിൽ | 49 |
| 1.6.2 | 2022-23 വാർഷിക പദ്ധതിയിലെ മേഖല തിരിച്ചുള്ള ചെലവ് | 50 |

| | | |
|---|---|---|
| **2.1** | തിരഞ്ഞെടുത്ത അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളിലെ ഉൽപ്പന്ന നിർമ്മാണ മേഖലകളുടെ താരതമ്യം (2022-23) (സ്ഥിര വിലകളിൽ) | 55 |
| **2.2** | 2023-24 ലെ മൊത്ത മൂല്യവർദ്ധനവിലും (സ്ഥിര വിലയിൽ) തൊഴിലിലും, വ്യത്യസ്ത മേഖലകളുടെ വിഹിതം (കേരളത്തിലും - ഇന്ത്യയിലും). | 56 |
| **2.3** | പ്രധാന വ്യവസായ തരങ്ങളെ അടിസ്ഥാനമാക്കി ഇന്ത്യയിലെയും കേരളത്തിലെയും ഫാക്ടറി മേഖലയുടെ താരതമ്യം, 2019-20 | 57 |
| **2.4** | സംരംഭക വർഷം ക്യാമ്പയിനിലെ നേട്ടങ്ങൾ | 59 |
| **2.5** | സംരംഭക വർഷം ക്യാമ്പയിനിൽ രൂപീകരിക്കപ്പെട്ട യൂണിറ്റുകൾ | 60 |
| **2.6** | സംരംഭക വർഷം ക്യാമ്പയിനിലെ ചില പ്രധാന നിക്ഷേപങ്ങൾ | 61 |
| **2.7** | യൂണിറ്റുകളുടെ എണ്ണം അടിസ്ഥാനമാക്കി ഉപമേഖലകളുടെ റാങ്ക് | 63 |
| **2.8** | സംരംഭക വർഷം കാമ്പെയ്നിലെ ജില്ല തിരിച്ചുള്ള പ്രകടനം | 63 |
| **2.9** | 2015-16 മുതൽ 2024 വരെയുള്ള കാലയളവിൽ കേരളത്തിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങളെക്കുറിച്ചും എസ്ബിആർഎപിയിലെ റാങ്കിംഗും സംബന്ധിച്ച വിശദാംശങ്ങൾ | 66 |
| **2.10** | എസ് ബി ആർ എ പി 2022-ൽ സംഭാവന നൽകിയ വകുപ്പുകളും ഏജൻസികളും | 67 |
| **2.11** | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കുന്ന പ്രോത്സാഹനങ്ങളുടെയും അനുബന്ധ പദ്ധതികളുടെയും വിവരങ്ങൾ | 69 |
| **2.12** | വിവിധ ഏജൻസികൾക്ക് കീഴിലുള്ള വിവിധ തരം വ്യവസായ പ്രദേശങ്ങളുടെ എണ്ണം | 70 |
| **2.13** | വിവിധ ഏജൻസികൾക്ക് കീഴിലുള്ള വ്യാവസായിക പ്രദേശങ്ങളിലെ ഭൂമി ലഭ്യതയും അലോട്ട്മെന്റും | 71 |
| **2.14** | കിൻഫ്ര പാർക്കുകളിലെ മുൻനിര നിക്ഷേപകർ | 72 |
| **2.15** | കെ.എസ്.ഐ.ഡി.സി പാർക്കുകളിലെ പ്രധാന നിക്ഷേപകർ | 74 |
| **2.16** | എം.എസ്.ഇ-സി.ഡി.പി പദ്ധതിയുടെ ഫണ്ടിംഗ് പാറ്റേൺ | 74 |
| **2.17** | എംഎസ്ഇ-സിഡിപി-ക്ക് കീഴിൽ കമ്മീഷൻ ചെയ്ത സിഎഫ് സികൾ | 75 |
| **2.18** | എംഎസ്ഇ-സിഡിപി-ക്ക് കീഴിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സിഎഫ് സികൾ | 76 |
| **2.19** | ഡെവലപ്പർ പെർമിറ്റ് ലഭിച്ച സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ | 77 |
| **2.20** | വ്യവസായ മേഖലയിലെ പദ്ധതി വിഹിതവും ചെലവും | 79 |
| **2.21** | കേരളത്തിലെ വിവിധ മേഖലകളിൽ നിലനിൽക്കുന്ന വാണിജ്യ ബാങ്ക് വായ്പകൾ | 79 |
| **3.1.1** | മൊത്തം മൂല്യവർദ്ധനവിൽ ജി.വി.എ/ജി.എസ്.വി.എ, കാർഷിക അനുബന്ധ മേഖലകളുടെ പങ്ക്, ദേശീയ തലത്തിലും സംസ്ഥാന തലത്തിലും (സ്ഥിരവില, അടിസ്ഥാന വർഷം 2011-12) | 86 |
| **3.1.2** | കേരളത്തിലെ കാർഷിക അനുബന്ധ മേഖലയിലെ മൊത്തം മൂല്യവർദ്ധനവിലെ വാർഷിക വളർച്ചാ നിരക്ക്, 2014-15 മുതൽ 2023-24 വരെ | 86 |
| **3.1.3** | നാളികേര മിഷന്റെ ഭാഗമായി 2019-20 മുതൽ 2023-24 വരെ വിതരണം ചെയ്ത തെങ്ങിൻതൈകളുടെ എണ്ണം | 90 |
| **3.1.4** | ഉല്പന്നം തിരിച്ചും വിള തിരച്ചുമുള്ള രാസജൈവകീടനാശിനികളുടെ ഉപഭോഗം, 2021-22 മുതൽ 2023-24 വരെ, ടെക്നിക്കൽ ഗ്രേഡ്, മെട്രിക് ടണ്ണിൽ | 92 |
| **3.1.5** | സംസ്ഥാനത്തെ കീടനാശിനികളുടേയും വളങ്ങളുടേയും (എൻ പി കെ) ഉപഭോഗം 2018-19 മുതൽ 2023-24 വരെ, മെട്രിക് ടണ്ണിൽ | 93 |
| **3.1.6** | എം.ഐ.ഡി.എച്ച് പദ്ധതിയുടെ വിള വിസ്തൃതി വർദ്ധന പരിപാടിയ്ക്ക് കീഴിലുള്ള 2023-24 ലെ നേട്ടങ്ങൾ | 100 |

| | | |
|---|---|---|
| **3.2.1** | കാർഷിക വായ്പകളുടെ ജില്ല തിരിച്ചുള്ള വിതരണം | 112 |
| **3.2.2** | 2022-23 മുതൽ 2024-25 വരെയുള്ള സി.ഐ.റ്റി.എ പദ്ധതിയുടെ വിശദാംശങ്ങൾ (2024 ഒക്ടോബർ വരെ) | 116 |
| **3.3.1** | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ മൂന്ന് വർഷങ്ങളിലെ വകുപ്പ്/ഏജൻസി തിരിച്ചുള്ള അടങ്കലും ചെലവും | 124 |
| **3.3.2** | കേരളത്തിലെ തീറ്റപ്പുൽ ഫാമുകൾക്ക് കീഴിലുള്ള പ്രദേശം - 2017-18 മുതൽ 2023-24 വരെ | 128 |
| **3.3.3** | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ മൂന്ന് വർഷങ്ങളിലെ ക്ഷീരമേഖലയുടെ സാമ്പത്തിക പ്രകടനം | 136 |
| **3.5.1** | സംസ്ഥാനത്തെ ഐപിയു, ഐപിസി തമ്മിലുള്ള അനുപാതം ഇനം തിരിച്ച് | 154 |
| **3.6.1** | 2023-24ൽ റിപ്പോർട്ട് ചെയ്യപ്പെട്ട മനുഷ്യ വന്യജീവി സമ്പർക്കത്തിന്റെ പ്രതികൂല സംഭവങ്ങളുടെ വിശദാംശങ്ങളും നഷ്ടപരിഹാരവും | 162 |
| **3.7.1** | ജൈവവൈവിധ്യ പ്രൊഫൈൽ - കേരളം | 173 |
| **3.7.2** | കേരളത്തിലെ സംരക്ഷിത ഏരിയ നെറ്റ്‌വർക്കുകൾ | 173 |
| **3.8.1** | 2024 മാർച്ച് വരെ കേരളത്തിലെ കാറ്റഗറി തിരിച്ചുള്ള കാർഡ് ഉടമകൾ | 187 |
| **3.8.2** | വിവിധ വിഭാഗം കാർഡ് ഉടമകൾക്കായി കേരള സർക്കാർ ചെലവഴിച്ച സബ്സിഡി | 188 |
| **3.8.3** | ഒപ്പം പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ | 191 |
| **3.8.4** | 2024-ലെ സുജലം പദ്ധതിയിൽ നിന്നുള്ള വിൽപ്പന വരുമാനം | 193 |
| **3.8.5** | 2022-23, 2023-24 എന്നീ വർഷങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ വാതിൽ പടിയിൽ എത്തിക്കുന്നതിനുള്ള ഗതാഗത കൈകാര്യ ചെലവ് | 195 |
| **3.8.6** | റേഷൻ കട ഡീലർമാർക്കുള്ള കമ്മീഷൻ 2022-23, 2023-24 വർഷങ്ങളിൽ | 195 |
| **4.1.1** | ഇന്ത്യയിലെയും കേരളത്തിലെയും മുഖ്യ വ്യവസായങ്ങളെ അടിസ്ഥാനമാക്കി ഫാക്ടറി മേഖലയെപറ്റി ഒരു താരതമ്യം 2019-20 | 200 |
| **4.1.2** | തിരഞ്ഞെടുത്ത പ്രധാന വ്യവസായങ്ങളിലെ തൊഴിൽ, 2019-20, കേരളത്തിലെയും ഇന്ത്യയിലെയും | 202 |
| **4.2.1** | ധാതുക്കളിൽ നിന്നും ലഭിച്ച വരുമാനം | 207 |
| **4.2.2** | ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും | 207 |
| **4.3.1** | കെ.എസ്.ഐ.ഡി.സി യുടെ പ്രധാന സാമ്പത്തിക പരാമീറ്ററുകൾ | 213 |
| **4.3.2** | കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും 2016-17 മുതൽ 2024-25 വരെ | 213 |
| **4.3.3** | കിൻഫ്രയുടെ പ്രകടനം | 215 |
| **4.3.4** | കിൻഫ്രയുടെ പ്രധാന സാമ്പത്തിക സൂചകങ്ങൾ | 215 |
| **4.3.5** | കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും | 216 |
| **4.3.6** | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പുരോഗതി | 217 |
| **4.3.7** | മേഖല തിരിച്ചുള്ള വായ്പകളുടെയും മുൻകുറുകളുടെയും വർഗീകരണം | 218 |
| **4.4.1** | എം.എസ്.എം.ഇ കളുടെ വർഗ്ഗീകരണം | 221 |
| **4.4.2** | 2022-23 മുതൽ 2024-25 വരെ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സിന്റെ പദ്ധതി വിഹിതവും ചെലവും | 223 |

| | | |
|---|---|---|
| 4.4.3 | 2018-19 മുതൽ 2023-24 വരെയുള്ള MSME മേഖലയിലെ നേട്ടം | 224 |
| 4.4.4 | കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വിശദാംശങ്ങൾ | 225 |
| 4.4.5 | കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വിശദാംശങ്ങൾ | 226 |
| 4.4.6 | 2023 -24 വർഷത്തെ സംസ്ഥാന സർക്കാരിന്റെ നയ സംരംഭങ്ങളും സ്വീകരിച്ച നടപടികളും | 231 |
| 4.6.1 | സംസ്ഥാന പദ്ധതി വിഹിതവും ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ) | 244 |
| 4.6.2 | ഇന്ത്യയിലെ  ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിൽ (2018-19 - 2022-23) | 249 |
| 4.6.3 | 2022-23 & 2023-24 വർഷങ്ങളിൽ കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ  ഉത്പാദനം, വിൽപ്പന, തൊഴിൽ | 249 |
| 4.6.4 | കേരളത്തിലെ ഖാദി, ഗ്രാമവ്യവസായ മേഖലയുടെ പദ്ധതി വിഹിതവും ചെലവും | 250 |
| 4.6.5 | കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിഹിതവും അതിന്റെ ചെലവും | 251 |
| 4.6.6 | സംസ്ഥാന പദ്ധതി വിഹിതവും കയർ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ) | 253 |
| 4.6.7 | കശുവണ്ടിയുടെ മുൻനിര ഉത്പാദകർ-2023-24ൽ, മെട്രിക് ടണ്ണിൽ | 258 |
| 4.6.8 | കേരളത്തിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം - 2014-15 മുതൽ 2023-24 വരെ | 262 |
| 4.6.9 | കശുവണ്ടി മേഖലയിലെ സംസ്ഥാന സർക്കാർ ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും, 13-ാം പഞ്ചവത്സര പദ്ധതി, 2023-24, 2024-25 വാർഷിക പദ്ധതി | 263 |
| 4.6.10 | കെ.എസ്.സി.ഡി.സി യുടെ വിൽപ്പന വിറ്റുവരവ് | 263 |
| 4.6.11 | കാപെക്സിന്റെ വിൽപ്പന വിറ്റുവരവ് | 264 |
| 5.1.1 | പദ്ധതി വിഹിതവും ചെലവും | 271 |
| 5.1.2 | സംസ്ഥാന സമ്പദ് ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന | 274 |
| 5.1.3 | ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി | 274 |
| 5.1.4 | ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി(ഏക്കറിൽ) | 277 |
| 5.1.5 | ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക നേട്ടങ്ങളുടെ സൂചകങ്ങൾ | 277 |
| 5.1.6 | സൈബർപാർക്കിന്റെ  ഭൗതിക നേട്ടങ്ങൾ | 278 |
| 5.1.7 | സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം, കേരള പദ്ധതിയുടെ നിലവിലെ സ്ഥിതി (SDPK) | 279 |
| 5.1.8 | KFON പദ്ധതിയുടെ നിലവിലെ സ്ഥിതി | 280 |
| 5.1.9 | 2021-22 മുതലുള്ള കെഎസ്‌യുഎമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ | 284 |
| 5.2.1 | ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് കീഴിലുള്ള ഏജൻസികളുടെ 2020-21 മുതൽ 2024-25 വരെയുള്ള വിഹിതവും ചെലവും | 288 |
| 5.2.2 | 2022-23, 2023-24 ലെ കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾ | 302 |
| 5.3.1 | സംസ്ഥാന പദ്ധതി വിഹിതവും ചെലവും | 306 |
| 5.3.2 | 2022 ലും 2023 ലും ഇന്ത്യയിൽ എത്തിച്ചേർന്നതും കേരളത്തിൽ സന്ദർശിച്ചതുമായ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ | 308 |

| | | |
|---|---|---|
| **5.3.3** | കഴിഞ്ഞ മൂന്ന് വർഷത്തെ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ്- മാസം തിരിച്ച് | 310 |
| **5.3.4** | 2014 മുതൽ 2023 വരെയുള്ള കാലയളവിൽ കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്ന് ലഭിച്ച മൊത്തം വരുമാനം (പ്രത്യക്ഷവും പരോക്ഷവും) | 311 |
| **5.4.1** | ഇന്ത്യയുടെ മൊത്തത്തിലുള്ള കയറ്റുമതിയും ഇറക്കുമതിയും: 2017-18 മുതൽ 2023-24 വരെ, മൂല്യം യുഎസ് ബില്യൺ ഡോളറിൽ | 320 |
| **5.4.2** | കൊച്ചി തുറമുഖം വഴി കൈകാര്യം ചെയ്ത ചരക്കുകൾ, 2021-22 മുതൽ 2023-24 വരെ, (അളവ് ലക്ഷം മെട്രിക് ടൺ) | 321 |
| **5.4.3** | ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി, 2019-20 മുതൽ 2023-24 വരെ (അളവ് മെട്രിക് ടണ്ണിൽ, മൂല്യം രൂപ കോടിയിൽ) | 322 |
| **5.4.4** | കശുവണ്ടി പരിപ്പിന്റെ കയറ്റുമതി (2016-17 മുതൽ 2023-24 വരെ) | 324 |
| **5.4.5** | 2022-23, 2023-24 വർഷങ്ങളിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത കശുവണ്ടിയുടെ ഘടന അളവ് മെട്രിക് ടണ്ണിലും മൂല്യം ലക്ഷം രൂപയിലും. | 325 |
| **5.4.6** | 2022-23, 2023-24 വർഷങ്ങളിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത കശുവണ്ടി, അളവ് മെട്രിക് ടണ്ണിലും മൂല്യം ലക്ഷം രൂപയിലും. | 325 |
| **5.4.7** | ഇന്ത്യയിൽ നിന്നും കേരളത്തിലെ തുറമുഖങ്ങളിൽ നിന്നുമുള്ള തേയില കയറ്റുമതി, 2019 മുതൽ 2023 വരെ | 327 |
| **5.4.8** | ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി 2017-18 മുതൽ 2023-24 വരെ | 327 |
| **5.5.1** | 2016 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ തടവുകാരുടെ എണ്ണം | 341 |
| **5.5.2** | 2023-24 ൽ കേരളത്തിലെ ജുഡീഷ്യൽ, എക്സിക്യൂട്ടീവ് പ്രൊബേഷണർമാരുടെ എണ്ണം | 343 |
| **6.1.1** | 2023ലും 2024ലും പന്ത്രണ്ടാം തരത്തിലും, പത്താം തരത്തിലും തുല്യതാ കോഴ്സുകളിൽ നിന്ന് പ്രയോജനം നേടിയ ആളുകളുടെ എണ്ണം | 353 |
| **6.1.2** | 2019-20 മുതൽ 2024-25 വരെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ പുതിയ വിദ്യാർത്ഥികൾ | 356 |
| **6.1.3** | 2024-25 ൽ (താൽക്കാലികം) കേരളത്തിലെ സ്കൂളുകളിലെ പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം | 356 |
| **6.1.4** | സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക് | 356 |
| **6.1.5** | ജില്ല തിരിച്ചുള്ള കൊഴിഞ്ഞുപോകൽ നിരക്ക് 2023-24 | 357 |
| **6.1.6** | ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണവും ശതമാനവും | 364 |
| **6.1.7** | 2023-24 ൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ എസ്.സി, എസ്.ടി വിദ്യാർത്ഥികൾ | 365 |
| **6.1.8** | വിതരണം ചെയ്ത ഗവേഷണ അവാർഡുകളുടെ എണ്ണം | 370 |
| **6.1.9** | ബി.ടെക് ഫലം, 2024 | 374 |
| **6.1.10** | എസ്.സി, എസ്.ടി ബി.ടെക് വിദ്യാർത്ഥികളുടെ വിജയശതമാനം, 2024 | 374 |
| **6.1.11** | പോളിടെക്നിക്കുകളിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം | 374 |
| **6.2.1** | ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ സാമൂഹിക, ആരോഗ്യ, ജനസംഖ്യ സൂചകം | 380 |
| **6.2.2** | ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ | 381 |
| **6.2.3** | ഇന്ത്യയുമായി താരതമ്യം ചെയ്തുള്ള കേരളത്തിന്റെ പ്രധാന പ്രത്യുല്പാദന സൂചകങ്ങൾ | 382 |

| | | |
|---|---|---|
| **6.2.4** | ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി | 383 |
| **6.2.5** | ഇ-ഹെൽത്ത് പ്രോഗ്രാമിന് കീഴിൽ ജില്ല തിരിച്ചുള്ള ജനസംഖ്യാസർവേ വിവരങ്ങൾ | 385 |
| **6.2.6** | 2017-22ലെ 13-ാം പദ്ധതിയുടെ അവസാന രണ്ട് വർഷത്തെ വകുപ്പടിസ്ഥാനത്തിലുള്ള അടങ്കലും ചെലവും, 2024 ഒക്ടോബർ വരെയുള്ള 14-ാം പദ്ധതിയുടെ ആദ്യ മൂന്ന് വർഷങ്ങളിലെ മൊത്തം അടങ്കലും ചെലവും | 386 |
| **6.2.7** | ആരോഗ്യ കുടുംബക്ഷേമത്തിനുള്ള നിക്ഷേപം | 386 |
| **6.2.8** | ശ്വാസ് ക്ലിനിക്കുകളും സി.ഒ.പി.ഡി, ആസ്ത്മ എന്നിവയുടെ സ്ക്രീനിംഗും രോഗനിർണയ വിശദാംശങ്ങളും | 388 |
| **6.2.9** | ഇന്ത്യയുടെ ഹൈപ്പർടെൻസിവ് കൺട്രോൾ ഇനീഷ്യേറ്റീവിന്റെ വിശദാംശങ്ങൾ | 388 |
| **6.2.10** | 2024-25 കാലയളവിൽ (നവംബർ 30 വരെ) നയനാമൃതം- ഡയബറ്റിക് റെറ്റിനോപ്പതി പരിശോധനയുടെ വിശദാംശങ്ങൾ | 389 |
| **6.2.11** | ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗിന്റെ വിശദാംശങ്ങൾ | 390 |
| **6.2.12** | ഡയാലിസിസ് യൂണിറ്റുകൾ, രജിസ്റ്റർ ചെയ്ത രോഗികൾ, ഡയാലിസിസ് ചെയ്തവരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ | 391 |
| **6.2.13** | സി.എ.പി.ഡി. രോഗികളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ | 391 |
| **6.2.14** | വിവിധ ജില്ലകളിലെ സ്ട്രോക്ക് യൂണിറ്റുകളും 2024-25 കാലയളവിൽ ത്രോംബോസിസ് കേസുകളുടെ എണ്ണവും | 392 |
| **6.2.15** | ജില്ലാ കാൻസർ കെയർ റിപ്പോർട്ട് 2023-24 (നവംബർ 30 വരെ) | 393 |
| **6.2.16** | ആശ്വാസം പ്രോഗ്രാമിന്റെ 2017 ഏപ്രിൽ മുതൽ 2024 നവംബർ 15 വരെയുള്ള വിശദാംശങ്ങൾ | 394 |
| **6.2.17** | NFHS 4 മായി താരതമ്യം ചെയ്ത് NFHS 5 അനുസരിച്ച് കേരളത്തിൽ വിളർച്ച വ്യാപനത്തിന്റെ വിശദാംശങ്ങൾ | 396 |
| **6.2.18** | സെപ്റ്റംബർ 30-ലെ വിവ പദ്ധതിയുടെ സ്ഥിതി | 397 |
| **6.2.19** | കേരളത്തിലെ സാംക്രമിക രോഗങ്ങളുടെ വ്യാപനം | 398 |
| **6.2.20** | കേരളത്തിലെ ജലജന്യരോഗങ്ങളുടെ വ്യാപനം | 399 |
| **6.2.21** | 2012-13 മുതൽ കേരളത്തിലെ പൊതു സ്വകാര്യ ആശുപത്രികളിലെ പ്രസവങ്ങളുടെ വിശദാംശങ്ങൾ | 401 |
| **6.2.22** | 2021-22 മുതൽ 2024-25 (2024 ഓഗസ്റ്റ് 31 വരെ) വരെയുള്ള കാലയളവിൽ പി.എം-ജെ.എ.വൈ./ കെഎഎസ്പി യുടെ പുരോഗതി | 403 |
| **6.2.23** | 2018-19 മുതൽ 2024-25 വരെ (ഒക്ടോബർ 31 വരെ) എൻ.എച്ച്.എം-നുള്ള കേന്ദ്രസഹായം | 404 |
| **6.2.24** | 2023-2024-ലെ ഇ എസ് ഐ ഡിസ്പെൻസറികൾ, ആശുപത്രികൾ, കിടക്കകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള എണ്ണം | 405 |
| **6.2.25** | 2023-24-ലെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ | 406 |
| **6.2.26** | 2023-24 ലെയും 2024-25 ലെയും ഭക്ഷ്യ സുരക്ഷാ കമ്മിഷണറേറ്റിന്റെ പ്രധാന നേട്ടങ്ങൾ | 407 |
| **6.2.27** | വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ | 408 |
| **6.2.28** | ഓരോ പഠനശാഖയിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെ വിശദാംശങ്ങൾ, പുരുഷ/സ്ത്രീ വിദ്യാർത്ഥികളുടെ എണ്ണം, 2024 ഒക്ടോബർ | 409 |
| **6.2.29** | ദേശീയ ആയുഷ് മിഷൻ കേരളയുടെ വർഷം തിരിച്ചുള്ള വിഭവ വിഹിതം | 410 |
| **6.3.1** | പെൻഷൻ ഗുണഭോക്താക്കൾ (തദ്ദേശഭരണസ്ഥാപനം തിരിച്ച്) | 415 |

| | | |
|---|---|---|
| **6.3.2** | 2016-17 മുതൽ 2023-24 വരെയുള്ള കേരളത്തിലെ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം | 415 |
| **6.3.3** | 2019 മുതൽ 2024 വരെയുള്ള കേരളത്തിലെ വയോജനങ്ങൾക്കായുള്ള വിവിധ പദ്ധതികളുടെ ചെലവ് | 416 |
| **6.3.4** | 2017-18 മുതൽ 2023-24 വരെയുള്ള കാലയളവിൽ വയോമിത്രത്തിന്റെ ഗുണഭോക്താക്കൾ | 417 |
| **7.1.1** | സാധാരണ നില പ്രകാരം 2022-23, 2023-24 വർഷങ്ങളിൽ അഖിലേന്ത്യാ തലത്തിലും കേരളത്തിലുമുള്ള തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR, ps+ss) | 422 |
| **7.1.2** | തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) (ശതമാനത്തിൽ) സാധാരണ നില (ps+ss) അനുസരിച്ച് | 422 |
| **7.1.3 (എ)** | ഇന്ത്യയിലെ സംസ്ഥാനാടിസ്ഥാനത്തിലുള്ള (ഗ്രാമീണ മേഖല) ശരാശരി പ്രതിദിന വേതന നിരക്ക് (പുരുഷ - കാർഷികേതര തൊഴിലാളികൾ) | 424 |
| **7.1.3 (ബി)** | ഇന്ത്യയിലെ സംസ്ഥാനാടിസ്ഥാനത്തിലുള്ള (ഗ്രാമീണ മേഖല) ശരാശരി പ്രതിദിന വേതന നിരക്ക് (പുരുഷ - കാർഷിക തൊഴിലാളികൾ) | 424 |
| **7.1.4** | ODEPC നടത്തുന്ന റിക്രൂട്ട്മെന്റുകളുടെ വിശദാംശങ്ങൾ | 425 |
| **7.1.5** | ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം | 427 |
| **7.1.6** | കേരളത്തിലെ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിലുള്ള ഫാക്ടറികളിലെ വ്യാവസായിക അപകടങ്ങൾ - 2016 മുതൽ 2024 വരെ (എണ്ണത്തിൽ) | 428 |
| **7.1.7** | AAWAZ രജിസ്ട്രേഷൻ പ്രകാരം കേരളത്തിലെ ജില്ലകളിൽ (31.08.2023 വരെ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും / കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നും രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളുടെ കണക്ക് | 430 |
| **7.2.1** | SUIIT 2024-ലെ പൊതുമേഖലാ തൊഴിലിൽ സ്ത്രീകളുടെ പങ്കാളിത്തം | 436 |
| **7.3.1** | 24 മേഖലകളിലുടനീളമുള്ള മാനവവിഭവ ആവശ്യകതകൾ | 445 |
| **7.3.2** | പട്ടിക വർഗ്ഗ യുവാക്കൾക്കുള്ള നൈപുണ്യ പരിശീലനത്തിന്റെയും പ്ലേസ്മെന്റിന്റെയും വിശദാംശങ്ങൾ | 446 |
| **7.3.3** | 2022-23, 2023-24 കാലയളവിൽ സ്വയം തൊഴിൽ പദ്ധതിയിലെ പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം | 446 |
| **7.3.4** | കേരളത്തിലെ DDU GKY നില | 447 |
| **7.3.5** | കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം) നേട്ടങ്ങൾ | 448 |
| **7.3.6** | പരിശീലന പരിപാടികളുടെ 2023-24 വിശദാംശങ്ങൾ | 449 |
| **7.3.7** | കെയ്സ്-ന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പ്ലേസ്മെന്റ് വിശദാംശങ്ങൾ കാണിക്കുന്നു | 453 |
| **8.1.1** | ഇന്ത്യയിലും കേരളത്തിലും വിവിധ തലങ്ങളിലെ സാക്ഷരതയുടെ ശതമാനം (വയസ്സ് 15-49) | 458 |
| **8.1.2** | വിവിധ തലങ്ങളിലുള്ള പെൺകുട്ടികളുടെ പ്രവേശനം, കേരളം 2024-25 | 458 |
| **8.1.3** | ഉന്നത വിദ്യാഭ്യാസ മേഖലയിലെ പെൺകുട്ടികളുടെ വാർഷിക പ്രവേശനം (സർക്കാരും എയ്ഡഡും) 2023-24 | 459 |
| **8.1.4** | 2024 ആഗസ്റ്റ് പ്രകാരം 2023-24 ലെ മെഡിക്കൽ വിദ്യാഭ്യാസത്തിൽ പെൺകുട്ടികളുടെ വാർഷിക പ്രവേശനത്തിന്റെ അനുപാതം | 459 |
| **8.1.5** | ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീകളുടെ ആരോഗ്യസ്ഥിതി | 460 |
| **8.1.6** | മാതൃ പരിചരണത്തിന്റെ സൂചകങ്ങൾ | 460 |
| **8.1.7** | പൊതു ജോലികളല്ലാതെ കൂലിപ്പണിയിൽ നിന്നുള്ള ശരാശരി ദിവസ വേതനം/ശമ്പളം/ വരുമാനം എന്നിവയിലെ ലിംഗപദവി വ്യത്യാസം | 463 |
| **8.1.8** | കേരളത്തിലും ഇന്ത്യയിലുമുള്ള സ്ത്രീ തൊഴിലാളികൾ ശതമാനത്തിൽ (സിഡബ്ല്യൂഎസ്) | 464 |

| | | |
|---|---|---|
| **8.1.9** | സംഘടിത മേഖലയിലെ തൊഴിൽ എണ്ണത്തിലും ശതമാനത്തിലും | 465 |
| **8.1.10** | സർക്കാരിന്റെ വിവിധ തലങ്ങളിലെ വനിതാ ജീവനക്കാരുടെ വിന്യാസം | 465 |
| **8.1.11** | കേരളത്തിലെ വിവര സാങ്കേതിക (ഐറ്റി) മേഖലയിലെ തൊഴിൽ സൃഷ്ടിക്കൽ | 467 |
| **8.1.12** | അയൽക്കൂട്ടങ്ങളിലൂടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ | 467 |
| **8.1.13** | കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെ.എൽ.ജി) സൂക്ഷ്മ സംരംഭങ്ങളും | 468 |
| **8.1.14** | കേരളത്തിൽ നൽകിയിട്ടുള്ള എം.ജി. എൻ. ആർ. ഇ. ജി. എ തൊഴിൽ നില, 2018-19 മുതൽ 2023-24 വരെ | 469 |
| **8.1.15** | തീരുമാനമെടുക്കുന്നതിലെ വനിതാ പങ്കാളിത്തം-ഇന്ത്യയിലും കേരളത്തിലും | 469 |
| **8.2.1** | 2017-18 മുതൽ 2024-25 വരെ പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും വകയിരുത്തിയ വിഹിതം | 478 |
| **8.2.2** | ലൈഫ് മിഷന് കീഴിൽ പട്ടികജാതി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം | 480 |
| **8.2.3** | പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം-പിഎംജെവികെ പദ്ധതിയുടെ റിലീസും ചെലവും സംബന്ധിച്ച വിവരങ്ങൾ (2009-2022) | 506 |
| **8.2.4** | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന്റെ വായ്പാ വിതരണത്തിന്റെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ | 507 |
| **8.3.1** | സർക്കാർ ക്ഷേമ സ്ഥാപനങ്ങൾ | 510 |
| **8.3.2** | വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെയും വകുപ്പുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമ സ്ഥാപനങ്ങളിലെയും അന്തേവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം | 511 |
| **8.3.3** | സാമൂഹ്യനീതി വകുപ്പിന്റെ 2023-24 ലെ പ്രധാന പരിപാടികൾ | 514 |
| **8.3.4** | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻന്റെ കീഴിലുള്ള ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന ഇടപെടലിലെ വിവിധ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളുടെ എണ്ണം | 515 |
| **9.2.1** | ഉപയോഗവും ഇരിപ്പിടവും അനുസരിച്ച് കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങൾ | 535 |
| **9.2.2** | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ കായിക അവാർഡുകൾ | 537 |
| **9.2.3** | വിവിധ തരം ക്ലബ്ബുകളും അവയുടെ പ്രവർത്തനങ്ങളും | 538 |
| **10.1.1** | 2000, 2024 വർഷങ്ങളിലെ വേൾഡ് മൈഗ്രേഷൻ റിപ്പോർട്ടുകളിൽ നിന്നുള്ള പ്രധാന വസ്തുതകളും കണക്കുകളും | 543 |
| **10.1.2** | അന്താരാഷ്ട്ര പണമയയ്ക്കൽ സ്വീകരിക്കുന്ന മികച്ച 10 രാജ്യങ്ങൾ (2005–2020) (നിലവിലെ USD ബില്യൺ) | 544 |
| **10.1.3** | 2020-21 ലെ ഇൻവാർഡ് റെമിറ്റൻസിൽ സംസ്ഥാനം തിരിച്ചുള്ള വിഹിതം | 544 |
| **10.1.4** | അന്താരാഷ്ട്ര വിദ്യാർത്ഥി കുടിയേറ്റ നില | 546 |
| **10.1.5** | റിട്ടേൺ എമിഗ്രേഷൻ ട്രെൻഡുകൾ, 1998- 2023 | 547 |
| **10.1.6** | കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് (കെ.എൻ.ആർ. കെ.ഡബ്ല്യൂ.ബി) - 2021-22, 2022-23, 2023-24, 2024-25 വർഷങ്ങളിൽ അനുവദിച്ച പെൻഷന്റെ വിശദാംശങ്ങൾ (2023 ഒക്ടോബർ വരെ) | 548 |
| **11.1.1** | ഇന്ത്യയിലെ റോഡ് ശൃംഖല | 553 |
| **11.1.2** | വിവിധ തദ്ദേശ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകൾ, ദൈർഘ്യം | 555 |
| **11.1.3** | സംയോജിത ഘട്ടങ്ങളുടെ പുതുക്കിയ ഫണ്ടിംഗ് പാറ്റേണും ഘട്ടം I (ചെലവ് വർദ്ധനവ് ഉൾപ്പെടെ), ഘട്ടം IA, ഘട്ടം IB (പുതുക്കിയത്) എന്നിവയുടെ ഘടക അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ | 562 |
| **11.1.4** | സാഗർമാല പ്രോഗ്രാമിന് കീഴിലുള്ള പദ്ധതികളുടെ സംഗ്രഹം | 568 |

| | | |
|---|---|---|
| **11.1.5** | കെഐവി നടപ്പിലാക്കുന്നതിനായി നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ | 574 |
| **11.1.6** | കേരളത്തിൽ രജിസ്റ്റർ ചെയ്ത വെസ്സലുകളുടെ എണ്ണം (കെ.ഐ.വി നിയമപ്രകാരം) | 574 |
| **11.1.7** | കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങളിൽ 2019-20 മുതൽ 2023-24 വരെ കൈകാര്യം ചെയ്ത ചരക്കു ഗതാഗതം (അളവ് ടണ്ണിൽ) | 574 |
| **11.1.8** | കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങളിൽ 2019-20 മുതൽ 2023-24 വരെ ശേഖരിച്ച വരുമാനം | 575 |
| **11.1.9** | കൊച്ചി തുറമുഖത്ത് കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം | 575 |
| **11.1.10** | ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം നടത്തിയ സർവ്വേയുടെ വിശദാംശങ്ങൾ | 579 |
| **11.1.11** | കേരളത്തിലെ ദേശീയ ജലപാതകൾ | 580 |
| **11.1.12** | കഴിഞ്ഞ 5 വർഷത്തിനിടെ ദേശീയ ജലപാത-3 ലെ ചരക്ക് നീക്കം - മെട്രിക് മില്യൺ ടണ്ണിൽ | 581 |
| **11.2.1** | ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട്) 31.03.2024ൽ | 585 |
| **11.2.2** | ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട് ) 31.03.2024ൽ മേഖലതിരിച്ച് | 585 |
| **11.2.3** | 2023-24 കാലയളവിൽ സംഭരിച്ച ഊർജ്ജത്തിന്റെ അളവും സ്രോതസ്സും | 586 |
| **11.2.4** | കെ എസ് ബി എല്ലിന്റെ ആഭ്യന്തര ഉൽപാദന ശേഷി | 589 |
| **11.2.5** | 2023-24 ൽ വൈദ്യുത അപകടങ്ങൾ സംഭവിച്ച മനുഷ്യർ/മൃഗങ്ങളുടെ എണ്ണം | 590 |
| **11.2.6** | പദ്ധതി വിഹിതവും ചെലവുകളും - വാർഷിക പദ്ധതി 2023-24, 2024-25 | 593 |
| **11.3.1** | കേരള തപാൽ സർക്കിളിൽ പ്രവർത്തിക്കുന്ന തപാൽ ഓഫീസുകളുടെ ജില്ല/കേന്ദ്രഭരണ പ്രദേശം തിരിച്ചുള്ള എണ്ണം, 2024, ആഗസ്റ്റ് മാസം വരെയുള്ള കണക്കനുസരിച്ച് | 598 |
| **11.3.2** | കേരള തപാൽ സർക്കിളിന്റെ ഇ-അധിഷ്ഠിതവും മൂല്യവർദ്ധിതവുമായ സേവനങ്ങൾ. | 598 |
| **11.3.3** | കേരള തപാൽ സർക്കിളിലെ വിവിധ തപാൽ സേവനങ്ങളിൽ നിന്നുള്ള വരുമാനം | 599 |
| **11.4.1** | 2024 നവംബർ 11 വരെയുള്ള ജൽ ജീവൻ മിഷന്റെ (ജെ.ജെ.എം) സാമ്പത്തിക പുരോഗതി | 608 |
| **11.4.2** | 2024 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജല വിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ | 609 |
| **11.5.1** | ലൈഫ് മിഷൻ പൂർത്തീകരിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ | 615 |
| **11.6.1** | ആർ കെ ഐ യുടെ കീഴിലുള്ള പ്രോജക്ടുകളുടെ അടങ്കലും ചെലവും | 622 |
| **11.7.1** | 2024 മാർച്ച് 31 വരെ കിഫ്ബി അംഗീകരിച്ച ക്രോഡീകരിച്ചുള്ള പദ്ധതികൾ/വിഹിതം വിശദാംശങ്ങൾ | 626 |
| **11.7.2** | 2024 മാർച്ച് 31 വരെ റോഡ്, റോഡ് ഗതാഗത മേഖലയിൽ കിഫ്ബി അംഗീകാരം നല്കിയ പ്രൊജക്ടുകൾ | 626 |
| **11.7.3** | അടിസ്ഥാന സൗകര്യവികസനത്തിനും ലാൻഡ് അക്യുസിഷൻ പൂളിനും കീഴിലുമായി കിഫ്ബി അംഗീകരിച്ച പദ്ധതികൾക്ക് വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ | 628 |
| **11.8.1** | കാസറഗോഡ് വികസന പാക്കേജ് – സാമ്പത്തിക പുരോഗതി | 632 |
| **11.8.2** | കാസറഗോഡ് വികസന പാക്കേജ് – ഭൗതിക പുരോഗതി | 632 |
| **12.1.1** | 2023-24 ലെ പ്രത്യേക മേഖലാ പദ്ധതികൾക്കായുള്ള ചെലവുകളുടെ വിശദാംശങ്ങൾ | 650 |
| **12.1.2** | 15- ധനകാര്യ കമ്മീഷൻ ആരോഗ്യ മേഖലയിലെ കേരളത്തിനുള്ള ഗ്രാന്റുകളുടെ വിശദാംശങ്ങൾ | 651 |

| | | |
|---|---|---|
| **12.1.3** | 2024 ആഗസ്റ്റ് 31 വരെ അനുമതി ലഭിച്ചതും പൂർത്തീകരിച്ചതുമായ ഭവനങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ | 654 |
| **12.1.4** | 2023-24 കാലയളവിൽ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തനക്ഷമമായ ഖരമാലിന്യ സംസ്കരണ സൗകര്യങ്ങൾ (യൂണിറ്റുകളുടെ എണ്ണം) | 657 |
| **12.1.5** | 2023 ജനുവരി മുതൽ ഡിസംബർ വരെ സിമന്റ് പ്ലാന്റുകളിലേക്ക് മാറ്റിയ പുനരുപയോഗിക്കാനാവാത്ത മാലിന്യത്തിന്റെ അളവ് | 657 |
| **12.1.6** | 2016-2023 കാലയളവിൽ റോഡ് നിർമ്മാണത്തിനുപയോഗിച്ച പ്ലാസ്റ്റിക് മാലിന്യത്തിന്റെ വിശദാംശങ്ങൾ | 659 |
| **12.1.7** | സംസ്ഥാനത്ത് 2019-20മുതൽ 2023-24 വരെ ശേഖരിച്ച ഇ-മാലിന്യത്തിന്റെ അളവ് | 659 |
| **12.1.8** | സംസ്ഥാനത്തെ ഒ.ഡി.എഫ് പ്ലസ് നേട്ടത്തിന്റെ അവസ്ഥ | 660 |
| **12.1.9** | അമൃത് 2.0 പദ്ധതിയുടെ ഭൗതിക പുരോഗതി | 664 |
| **12.1.10** | പിഎംജിഎസ്‌വൈഐ യുടെ ഭൗതിക പുരോഗതി | 666 |
| **12.1.11** | എംജിഎൻആർഇജിഎസ് - 2023-24 ലെ ദേശീയ തലവുമായി താരതമ്യപ്പെടുത്തിയുള്ള കേരളത്തിന്റെ സ്ഥിതി | 668 |
| **12.1.12** | തൊഴിൽ സൃഷ്ടിക്കലിന്റെയും പ്രകടനത്തിന്റെയും  അവലോകനം | 668 |
| **12.1.13** | 2023-24, 2024 അഗസ്റ്റ് 31 വരെയുമുള്ള എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ സാമ്പത്തിക  പുരോഗതി | 669 |
| **12.1.14** | 2023-24 അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി കാലയളവിൽ ഏറ്റെടുത്ത പദ്ധതികൾ | 671 |

# ചിത്രങ്ങൾ


| ചിത്രം | തലക്കെട്ട് | നം. |
|---|---|---|
| 1.1.1 | ആഗോള ഉൽപ്പാദന വളർച്ച | 4 |
| 1.1.2 | പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉൽപ്പാദനവും പ്രതിശീർഷ അറ്റ ആഭ്യന്തര ഉൽപ്പാദനവും 2011-12 ലെ സ്ഥിര വിലയിൽ | 7 |
| 1.1.3 | 2020-21 മുതൽ സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ മൂന്ന് അടിസ്ഥാന മേഖലകളുടെ വളർച്ചാ നിരക്ക് (മൊത്ത സംസ്ഥാന സംയോജിത മൂല്യം സ്ഥിര വിലയിൽ) | 8 |
| 1.1.4 | ഇന്ത്യയിലെയും കേരളത്തിലേയും പണപ്പെരുപ്പ നിരക്ക്,കറന്റ് സീരീസ് (അടിസ്ഥനവർഷം 2012) 2024 ജനുവരി മുതൽ സെപ്റ്റംബർ വരെ,ജനറൽ ഇന്റക്സ് (എല്ലാ ഗ്രൂപ്പുകളും), ശതമാനത്തിൽ | 11 |
| 1.2.1 | 2001, 2011 കാലഘട്ടത്തിലെ കേരളത്തിലെ ജനസംഖ്യ | 15 |
| 1.2.2 | കേരളത്തിലെ ഗ്രാമീണ-നഗര ജനസംഖ്യ | 16 |
| 1.2.3 | 2001-ലും 2011-ലും ജില്ല തിരിച്ചുള്ള കേരളത്തിലെ ജനസംഖ്യ | 18 |
| 1.2.4 | ഇന്ത്യയിലെ നഗരവൽക്കരണ പ്രവണത | 20 |
| 1.3.1 | ബഹുമുഖ ദാരിദ്ര്യം കുറയ്ക്കുന്നതിൽ സംസ്ഥാനങ്ങളുടെ പ്രകടനം 2021 & 2023 | 24 |
| 1.3.2 | അതിദാരിദ്ര്യം തിരിച്ചറിയൽ പ്രക്രിയ- ഘട്ടങ്ങൾ | 25 |
| 1.3.3 | സംസ്ഥാനത്ത് കണ്ടെത്തിയ അതിദരിദ്ര കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് | 26 |
| 1.3.4 | അതിദരിദ്ര വിഭാഗങ്ങളുടെ തരംതിരിച്ച് ലിസ്റ്റ് | 26 |
| 1.4.1 | കേരളത്തിലെ ആഭ്യന്തര, പ്രവാസി ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച - 2014 മുതൽ 2024 വരെ | 33 |
| 1.4.2 | പ്രാഥമിക മേഖലയിലെ വായ്പ വിതരണത്തിന്റെ വിഹിതം, മാർച്ച് 2024 | 34 |
| 1.4.3 | 2024 മാർച്ച് വരെയുള്ള കാർഷിക വായ്പ വിഹിതം | 34 |
| 1.4.4 | കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും മാർച്ച് 2024 വരെയുള്ള ജില്ല തിരിച്ചുള്ള വിതരണം | 37 |
| 1.5.1 | കേരളത്തിലെ റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ച | 42 |
| 1.5.2 | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലെ വിവിധ സ്രോതസ്സുകളുടെ വിഹിതം (ശതമാനത്തിൽ) | 43 |
| 1.5.3 | സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ ഉറവിടം, ശതമാനത്തിൽ | 43 |
| 1.5.4 | കേരളത്തിന് വിവിധ ധനകാര്യ കമ്മീഷനുകൾ അനുവദിച്ച പങ്കുവയ്ക്കാൻ പറ്റുന്ന നികുതി വരുമാനത്തിന്റെ പ്രവണത | 44 |
| 2.1 | സംരംഭക വർഷം കാമ്പെയ്നിൽ രൂപീകരിക്കപ്പെട്ട ഉൽപ്പന്ന നിർമ്മാണ മേഖലയിലെ യൂണിറ്റുകൾ | 60 |
| 2.2 | സംരംഭക വർഷം കാമ്പെയ്നിൽ സേവന മേഖലയിൽ രൂപീകരിച്ച യൂണിറ്റുകൾ | 61 |
| 2.3 | സംരംഭക വർഷം കാമ്പെയ്നിൽ രൂപീകരിച്ച വ്യാപാര മേഖലയിലെ യൂണിറ്റുകൾ | 61 |

| | | |
|---|---|---|
| **2.4** | ആകെ യുള്ള യൂണിറ്റുകളിൽ സാമൂഹിക വിഭാഗങ്ങളുടെ വിഹിതം | 62 |
| **2.5** | ഉടൻ പൂർത്തിയാകുന്ന കിൻഫ്ര പദ്ധതികൾ | 64 |
| **3.1.1** | തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ 2024 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ | 87 |
| **3.1.2** | 2023-24 ൽ കേരളത്തിലെ ഭൂവിനിയോഗ രീതി | 87 |
| **3.1.3** | കാർഷിക വായ്പകൾ സഹകരണ ബാങ്കുകൾ ഒഴികെ | 104 |
| **3.1.4** | 2023-24 ലെ നിക്ഷേപ വായ്പയുടെ ഏജൻസി തിരിച്ചുള്ള നേട്ടം | 104 |
| **3.1.5** | 2015-16 മുതൽ 2023-24 വരെയുള്ള മൊത്തം കാർഷിക വായ്പയിൽ ഉല്പാദന നിക്ഷേപ വായ്പകളുടെ വിഹിതം | 105 |
| **3.2.1** | കേരളത്തിൽ 2017-18 മുതൽ 2023-24 വരെ സംഘടിപ്പിച്ച നിക്ഷേപ സമാഹരണ പ്രചാരണത്തിന്റെ പുരോഗതി | 118 |
| **3.3.1** | 2018-19 മുതൽ 2023-24 വരെ പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം | 123 |
| **3.3.2** | കേരളത്തിലെ ഇനം തിരിച്ചുള്ള പാൽ ഉല്പാദനം, 2023-24 | 125 |
| **3.3.3** | കേരളത്തിലെ ഇനം തിരിച്ചുള്ള മാംസ ഉല്പാദനം, 2023-24 | 127 |
| **3.3.4** | 2018-19 മുതൽ 2023-24 വരെ കന്നുകാലി ഉൽപ്പന്നങ്ങളുടെ ശരാശരി വിലയിലെ പ്രവണത | 131 |
| **3.3.5** | കേരളത്തിലെ ആപ്കോസിന്റേയും നോൺ ആപ്കോസിന്റേയും വിശദാംശങ്ങൾ | 137 |
| **3.4.1** | ഇന്ത്യയിലേയും കേരളത്തിലേയും മത്സ്യ ഉല്പാദനം – സമുദ്ര, ഉൾനാടൻ മത്സ്യബന്ധനത്തിന്റെ പങ്ക് | 140 |
| **3.4.2.** | കഴിഞ്ഞ പത്ത് വർഷങ്ങളിലെ കേരളത്തിലെ മത്സ്യോല്പാദനം | 141 |
| **3.4.3** | അക്വാകൾച്ചറിന്റേയും കാപ്ച്ചറിന്റേയും പങ്ക് (ലക്ഷം മെട്രിക് ടൺ) | 142 |
| **3.4.4** | 2016-17 മുതൽ 2023-24 വരെയുള്ള മത്സ്യവിത്ത് ഉല്പാദനം (ലക്ഷത്തിൽ) | 142 |
| **3.5.1** | ജലസേചന വകുപ്പിന് കീഴിലുള്ള ജലസംഭരണികളിലെ 2023, 2024 ലെ സംഭരണ നില | 150 |
| **3.5.2** | ജലാശയങ്ങളുടെ ഉപയോഗം അടിസ്ഥാനമാക്കിയുള്ള തരംതിരിവ് | 151 |
| **3.6.1** | കേരളത്തിലെ വനങ്ങളുടെ തരങ്ങൾ | 160 |
| **3.6.2** | കേരളത്തിലെ വനമേഖലയുടെ വളർച്ച | 160 |
| **3.6.3** | ജില്ല തിരിച്ചുള്ള വനവിസ്തൃതി | 161 |
| **3.6.4** | കഴിഞ്ഞ ദശകത്തിലെ വന വരുമാനം | 164 |
| **3.6.5** | വന വരുമാനത്തിലെ പ്രവണതകളും 2019-20 മുതൽ 2023-24 വരെയുള്ള തടി വരുമാനവും | 164 |
| **3.7.1** | കേരളത്തിലെ റെസിഡൻഷ്യൽ ഏരിയകളിലെ പ്രധാന നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2023 | 176 |
| **3.7.2** | കേരളത്തിലെ സെൻസിറ്റീവ് ഏരിയകളിലെ മൂന്ന് പ്രധാന നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ 2023 | 176 |
| **3.7.3** | കേരളത്തിലെ വ്യാവസായിക മേഖലകളിലെ പ്രധാന നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ 2023 | 176 |
| **3.7.4** | ബി.ഒ.ഡി ലെവലുകൾ 2022 ലും 2023 ലും തെരഞ്ഞെടുത്ത റിവർ സ്റ്റേഷനുകളിൽ | 177 |

| | | |
|---|---|---|
| **3.8.1** | 2024-ൽ എഎവൈ ഗുണഭോക്താക്കൾക്കുള്ള ഓണം ഭക്ഷ്യ  കിറ്റുകളുടെ ജില്ല തിരിച്ചുള്ള വിതരണം | 189 |
| **3.8.2** | ഉച്ചഭക്ഷണ പരിപാടി 2016-17 മുതൽ 2024-25 വരെ | 194 |
| **4.2.1** | ഇന്ത്യയിലെ ഉൽപന്ന നിർമ്മാണ മേഖലയുടെ  മൊത്ത മൂല്യ വർദ്ധനവിലെ വാർഷിക വളർച്ച, സ്ഥിര വിലയിൽ | 205 |
| **4.2.2** | കേരളത്തിലെ, ഉൽപ്പന്ന നിർമ്മാണ മേഖലയുടെ മൂല്യ വർദ്ധനവിലെ വാർഷിക വളർച്ചാ നിരക്ക് | 206 |
| **4.2.3** | കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള മൊത്തം സംസ്ഥാന മൂല്യ വർദ്ധനവിന്റെ (GSVA) വളർച്ചാ നിരക്ക്, | 206 |
| **4.3.1** | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപത്തിൽ കേരളത്തിന്റെ വിഹിതം | 210 |
| **4.4.1** | 2023-24 ൽ  നിർമ്മാണ, സേവന മേഖലകളിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം | 223 |
| **4.4.2** | 2022-23, 2023-24 വർഷങ്ങളിലെ പുതിയ എംഎസ്എംഇ യൂണിറ്റുകളും സൃഷ്ടിച്ച പുതിയ തൊഴിലവസരങ്ങളും | 224 |
| **4.4.3** | കേരളത്തിൽ  2022-23, 2023-24 വർഷങ്ങളിൽ ജില്ല തിരിച്ചുള്ള പുതിയ എംഎസ്എംഇ യൂണിറ്റുകൾ | 225 |
| **4.4.4** | 2022-23 ൽ  കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം ശതമാനത്തിൽ | 226 |
| **4.6.1** | 2023-24 വർഷത്തെ ജില്ലതിരിച്ചുള്ള വില്പന ലക്ഷ്യങ്ങളും നേട്ടങ്ങളും സംബന്ധിക്കുന്ന വിശദാംശങ്ങൾ | 251 |
| **4.6.2** | കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കയർഫെഡും ചേർന്ന്  നടത്തിയ കയർ, കയർ ഉൽപന്നങ്ങളുടെ കയറ്റുമതി | 253 |
| **4.6.3** | ഇന്ത്യയിലെ പ്രധാന ഉത്പാദക സംസ്ഥാനങ്ങളിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനവും വിസ്തൃതിയും | 259 |
| **4.6.4** | ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതി | 260 |
| **4.6.5** | ഇന്ത്യയിൽ നിന്ന് വറുത്തതും ഉപ്പിട്ടതുമായ കശുവണ്ടി കേർണലുകളുടെ കയറ്റുമതി | 260 |
| **4.6.6** | ഇന്ത്യയിലേക്കുള്ള കശുവണ്ടി പരിപ്പിന്റെ ഇറക്കുമതി | 261 |
| **5.1.1** | ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏരിയയുടെ വളർച്ച | 275 |
| **5.1.2** | ടെക്നോപാർക്കിലെ കമ്പനികളുടെ എണ്ണം | 275 |
| **5.1.3** | ടെക്നോപാർക്കിന്റെ കയറ്റുമതി വരുമാനം | 276 |
| **5.1.4** | ടെക്നോപാർക്കിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം | 276 |
| **5.2.1** | ആർസിസി-യിൽ 2014-15 മുതൽ 2023-24 വരെ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ | 300 |
| **5.2.2** | 2023-24ൽ ആർസിസിയിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം. ജില്ല തിരിച്ച് | 300 |
| **5.2.3** | 2023-24 ൽ രജിസ്റ്റർ ചെയ്ത സ്പെഷ്യാലിറ്റി ക്ലിനിക് തിരിച്ചുള്ള പുതിയ രോഗികളുടെ ശതമാനം | 301 |
| **5.2.4** | 2023-24 ൽ  ആർസിസി-യിൽ ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്ത പുതിയ കാൻസർ രോഗികളുടെ എണ്ണം പ്രായവും ലിംഗഭേദവും അനുസരിച്ച് | 301 |
| **5.3.1** | 2014 മുതൽ 2023 വരെ ഇന്ത്യയിലെയും കേരളത്തിലെയും വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ | 307 |

| | | |
|---|---|---|
| 5.3.2 | 2022-ലും 2023-ലും വിദേശ വിനോദസഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ലോകത്തിലെ പത്ത് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ വരവിന്റെ എണ്ണം | 308 |
| 5.3.3 | 2023–ൽ കേരളത്തിലെ പ്രാദേശികാടിസ്ഥാനത്തിലുള്ള വിദേശ ടൂറിസ്റ്റ് സന്ദർശനങ്ങൾ, ശതമാനത്തിൽ | 309 |
| 5.3.4 | 2014 മുതൽ 2023 വരെയുള്ള കാലയളവിൽ കേരളത്തിലേക്കുള്ള ആഭ്യന്തര ടൂറിസ്റ്റുകളുടെ സന്ദർശനത്തിന്റെ വാർഷിക വളർച്ചാ നിരക്ക് | 309 |
| 5.3.5 | 2022-ലും 2023-ലും ആദ്യ പത്ത് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ്, ശതമാനത്തിൽ | 310 |
| 5.3.6 | 2023-ൽ കേരളത്തിലെ പ്രാദേശികാടിസ്ഥാനത്തിലുള്ള ആഭ്യന്തര വിനോദ സഞ്ചാര സന്ദർശനങ്ങൾ, ശതമാനത്തിൽ | 311 |
| 5.3.7 | 2014 മുതൽ 2023 വരെ കേരളത്തിൽ വിനോദസഞ്ചാരത്തിൽ നിന്നുലഭിച്ച മൊത്ത വരുമാനം, രൂപ കോടിയിൽ | 311 |
| 5.4.1 | ഇന്ത്യയിലെയും കേരളത്തിലെയും സമുദ്രോത്പന്നങ്ങളുടെ കയറ്റുമതിയുടെ അളവിലുള്ള പ്രവണത, 2019-20 മുതൽ 2023-24 വരെ (ശതമാനത്തിൽ) | 322 |
| 5.4.2 | 2023-24 ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതിയുടെ വിപണി വിഹിതം, ശതമാനത്തിൽ | 323 |
| 5.4.3 | 2023-24 ൽ കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതി വിപണി യുടെ വിഹിതം ശതമാനത്തിൽ | 323 |
| 5.4.4 | 2023-24 ൽ ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതി വിപണി തിരിച്ച്, ശതമാനത്തിൽ | 323 |
| 5.4.5 | 2023-24 ലെ കേരളത്തിന്റെ വിപണി തിരിച്ചുള്ള സമുദ്രോത്പന്ന കയറ്റുമതി, ശതമാനത്തിൽ | 324 |
| 5.4.6 | ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള (കൊച്ചി തുറമുഖം വഴി) കയർ, കയറുൽപ്പന്നങ്ങളുടെ കയറ്റുമതി പ്രവണത, 2017-18 മുതൽ 2023-24 വർഷം | 326 |
| 5.4.7 | ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതിയിലെ വളർച്ചയുടെ പ്രവണത, 2017-18 മുതൽ 2023-24 വരെ, അളവ് ശതമാനത്തിൽ | 328 |
| 5.5.1 | 2023–ൽ ലഭിച്ചതും അന്തിമമാക്കിയതുമായ റീ-സർവ്വേ അപ്പീലുകളുടെ ജില്ല തിരിച്ചുള്ള എണ്ണം | 330 |
| 5.5.2 | 2018-19 മുതൽ 2023-24 വരെ സൈബർ സെല്ലിൽ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം | 337 |
| 6.1.1 | മാനേജ്മെന്റ് തിരിച്ച് വിദ്യാലയങ്ങളുടെ എണ്ണം 2023-24 | 354 |
| 6.1.2 | 2024-25ൽ കേരളത്തിലെ വിദ്യാർത്ഥികളുടെ മാനേജ്മെന്റ് അടിസ്ഥാനത്തിലും വിഭാഗം തിരിച്ചുമുള്ള പ്രവേശനം | 355 |
| 6.1.3 | 2023-24 ൽ ഡിഗ്രി കോഴ്സുകളിലെ വിദ്യാർത്ഥികളുടെ സ്ത്രീ പുരുഷ അനുപാതം | 364 |
| 6.1.4 | 2023-24 ലെ ബിരുദ ബിരുദാനന്തര ബിരുദ കോഴ്സിലെ പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾ ശതമാനത്തിൽ | 365 |
| 6.2.1 | കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം | 402 |
| 6.2.2 | കെയുഎച്ച്എസിന് കീഴിലുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകൾ ശതമാനം | 409 |
| 7.1.1 | ഇന്ത്യയിലെയും, കേരളത്തിലെയും തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) 2017-18, 2023-24 ലെസാധാരണ നില (ps+ss) അനുസരിച്ച് (ശതമാനത്തിൽ) | 423 |
| 7.2.1 | ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയും/ കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും 15 വയസും അതിൽ കൂടുതലുമുള്ളവരുടെ യൂഷ്വൽ സ്റ്റാറ്റസ് (ps+ss) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കുകൾ (ശതമാനത്തിൽ) | 432 |

| | | |
|---|---|---|
| **7.2.2** | കേരളത്തിലെ 15 വയസും അതിനുമുകളിലും പ്രായമുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് നിലവിലെ പ്രതിവാര സ്റ്റാറ്റസ് (CWS) പ്രകാരം (ശതമാനത്തിൽ) | 433 |
| **7.2.3** | യൂഷ്വൽ സ്റ്റാറ്റസ് (ps+ss) പ്രകാരം കേരളത്തിലും ഇന്ത്യയിലും യുവാക്കൾക്കിടയിലെ (15 മുതൽ 29 വയസ്സ് വരെ) തൊഴിലില്ലായ്മ നിരക്ക് (ശതമാനത്തിൽ) | 434 |
| **7.2.4** | കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ | 435 |
| **7.2.5** | പൊതുമേഖലയിലെ തൊഴിൽ വിതരണം | 436 |
| **7.2.6** | കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിലിന്റെ പ്രധാന മേഖലാ വിതരണം മാർച്ച് 2024, (ശതമാനത്തിൽ) | 437 |
| **7.2.7** | കേരളത്തിലെ തൊഴിൽ അന്വേഷകർ | 438 |
| **7.2.8** | വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകർ | 439 |
| **7.2.9** | കേരളത്തിലെ വനിതാ പുരുഷ തൊഴിലന്വേഷകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ (ലക്ഷത്തിൽ) | 439 |
| **7.2.10** | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം -കേരളം | 441 |
| **8.1.1** | കേരളത്തിലെയും ഇന്ത്യയിലെയും തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം | 462 |
| **8.1.2** | ഇന്ത്യയിലെയും കേരളത്തിലെയും തൊഴിലവസരങ്ങളുടെ തലത്തിലുള്ള ലിംഗ പദവി വ്യത്യാസം | 462 |
| **8.1.3** | ।2023-24 ലെ ഉൽപ്പാദനമേഖലയിലെ സ്ത്രീകളുടെ അനുപാതം | 464 |
| **8.1.4** | സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ | 465 |
| **8.2.1** | 2017-18 മുതൽ 2023-24 വരെ ഭൂമി ലഭ്യമാക്കിയ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം | 479 |
| **8.2.2** | വിവാഹ ധനസഹായ പദ്ധതിയുടെ ചെലവും പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണവും | 485 |
| **10.1.1** | കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാർ, 1998-2023 | 546 |
| **11.1.1** | വിവിധ വകുപ്പുകൾ പരിപാലിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ, ശതമാനത്തിൽ | 554 |
| **11.1.2** | 2013 മുതൽ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ് | 556 |
| **11.1.3** | 2023-24 ൽ രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങളുടെ തരം തിരിച്ചുള്ള എണ്ണം, ശതമാനത്തിൽ | 557 |
| **11.1.4** | 2024 ജനുവരി മുതൽ ഓഗസ്റ്റ് വരെ കേരളത്തിൽ ഉണ്ടായിട്ടുള്ള റോഡ് അപകടങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ, ശതമാനത്തിൽ | 558 |
| **11.1.5** | 2012 മുതൽ 2024 ആഗസ്റ്റ് വരെ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മോട്ടോർ വാഹന അപകടങ്ങൾ, പരിക്കുകൾ, മരണങ്ങൾ എന്നിവയുടെ പ്രവണത | 558 |
| **11.1.6** | കൊച്ചി മെട്രോ പദ്ധതിയുടെ വരുമാനവും ചെലവും, 2017 മുതൽ 2024 വരെ,(കോടി രൂപയിൽ) | 563 |
| **11.1.7** | കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരുടെ(ആഭ്യന്തരവും അന്താരഷ്ട്രവുമായ) എണ്ണം സംബന്ധിക്കുന്ന വിശദാംശങ്ങൾ, 2019 മുതൽ 2024വരെ | 564 |
| **11.1.8** | 2019 മുതൽ 2024 വരെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരുടെ (ആഭ്യന്തരവും അന്താരഷ്ട്രവുമായ)എണ്ണം,. | 565 |
| **11.1.9** | 2019 മുതൽ 2024 വരെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരുടെ(ആഭ്യന്തരവും അന്താരഷ്ട്രവുമായ)എണ്ണം,. | 566 |
| **11.1.10** | 2014-15 മുതൽ 2023-24 വരെയുള്ള കാലയളവിൽ വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വളർച്ചാ പ്രവണത | 569 |

| | | |
|---|---|---|
| 11.1.11 | 2023-24 ഏപ്രിൽ-മാർച്ച് കാലയളവിൽ വൻകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതങ്ങളുടെ തുറമുഖം തിരിച്ചുള്ള ശതമാന വിഹിതം | 569 |
| 11.1.12 | 2023-24 ഏപ്രിൽ-മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത വിദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം (ടണ്ണിൽ) | 570 |
| 11.1.13 | 2023-24 ഏപ്രിൽ -മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത തീരദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം (ടണ്ണിൽ) | 570 |
| 11.1.14 | 2014-15 മുതൽ 2023-24 വരെയുള്ള കാലയളവിൽ നോൺ- മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വളർച്ചാ പ്രവണത | 571 |
| 11.1.15 | നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതങ്ങളുടെ തുറമുഖം തിരിച്ചുള്ള ശതമാന വിഹിതം | 572 |
| 11.1.16 | 2023-24 ഏപ്രിൽ-മാർച്ച് കാലയളവിൽ നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം (ടണ്ണിൽ) | 572 |
| 11.1.17 | 2023-24 ഏപ്രിൽ -മാർച്ച് വരെയുള്ള കാലയളവിൽ നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം (ടണ്ണിൽ) | 573 |
| 11.2.1 | 2019-20 മുതൽ 2023-24 വരെ കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം | 587 |
| 11.2.2 | പ്രസരണ വിതരണ (റ്റി & ഡി )നഷ്ടം (2019-20 മുതൽ 2023-24 വരെ ), ശതമാനത്തിൽ | 588 |
| 11.2.3 | 2023-24 ൽ കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി (ശതമാനത്തിൽ) | 588 |
| 11.2.4 | കേരളത്തിലെ മൊത്തം സ്ഥാപിത ശേഷി 2023-24 ( മെഗാ വാട്ട്), മേഖല തിരിച്ചുള്ള സംഭാവന (ശതമാനത്തിൽ) | 589 |
| 11.3.1 | വയർലെസ് സേവന ദാതാക്കളുടെ(മുൻ നിരയിലുള്ള നാല് ) വിപണി വിഹിതം | 596 |
| 11.3.2 | വയർലൈൻ സേവന ദാതാക്കളുടെ വിപണി വിഹിതം | 596 |
| 11.4.1 | ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന കുടുംബങ്ങളുടെ (2024 ആഗസ്റ്റ് 31 വരെ) ജില്ലതിരിച്ചുള്ള അനുപാതം | 603 |
| 11.4.2 | 2024 ആഗസ്റ്റ് 31 ലെ ജില്ല തിരിച്ചുള്ള ആളോഹരി ജലലഭ്യത | 603 |
| 11.7.1 | മേഖല തിരിച്ചുള്ള അംഗീകൃത പ്രോജക്ടുകൾക്കുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ | 627 |
| 11.7.2 | മാർച്ച് വരെയുള്ള കിഫ്ബിയുടെ സാമ്പത്തിക പ്രകടനം, രൂപ കോടിയിൽ | 629 |
| 12.1.1 | വികസന ഫണ്ട്-2023-24 ലെ തദ്ദേശഭരണസ്ഥാപനാടിസ്ഥാത്തിലുള്ള ചെലവ് ശതമാനം | 646 |
| 12.1.2 | 2023-24 വാർഷിക പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഭാഗം തിരിച്ചുള്ള ചെലവ് ശതമാനം | 647 |
| 12.1.3 | പ്രാദേശിക സർക്കാരുകൾ കൈവരിച്ച 2023-24 മൊത്തം ചെലവിൽ വിവിധ മേഖലകളുടെ വിഹിതം (ശതമാനത്തിൽ) | 647 |
| 12.1.4 | 2023-24- ൽ പ്രാദേശിക സർക്കാരുകളുടെ ഉൽപ്പാദന മേഖലയിലെ ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് | 648 |
| 12.1.5 | 2023-24 ൽ പ്രാദേശിക സർക്കാരുകളുടെ സേവന ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് (ശതമാനത്തിൽ) | 649 |
| 12.1.6 | 2023-24 പ്രാദേശിക സർക്കാരുകളുടെ പശ്ചാത്തല മേഖലയിലെ ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് | 649 |
| 12.1.7 | പി.എം.എ.വൈ(ജി) പദ്ധതിയുടെ ഭൗതിക പുരോഗതി | 654 |
| 12.1.8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകടനം-ദക്ഷിണേന്ത്യയിലെ സംസ്ഥാനങ്ങളുടെ താരതമ്യം | 668 |

# ബോക്സുകൾ


| നം | ഇനം | പേജ് നം |
|---|---|---|
| 1.3.1 | അതി ദാരിദ്ര്യ നിർമാർജന പരിപാടിയുടെ നേട്ടം | 29 |
| 2.1 | മിഷൻ 1000 – സ്കെയിൽ അപ്പ് | 59 |
| 2.2 | കുടുംബശ്രീയും വനിതാ സംരംഭകത്വവും | 64 |
| 2.3 | എം.എസ്.എം.ഇ മേഖലയിലെ ജെൻഡർ ബജറ്റ് | 65 |
| 2.4 | മെറ്റാൽക്കോ: പ്രിസിഷൻ ലേസർ കട്ടിംഗിലെ ഒരു വിജയഗാഥ | 65 |
| 2.5 | ഉടൻ പൂർത്തിയാകുന്ന കിൻഫ്ര പദ്ധതികൾ | 73 |
| 2.6 | ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 | 80 |
| 3.1.1 | കുടുംബശ്രീ മുഖേനയുള്ള കാർഷിക പ്രവർത്തനങ്ങൾ | 93 |
| 3.1.2 | കേരള അഗ്രിക്കൾച്ചർ ടെക്നോളജി ഹബ്ബ് ആന്റ് ഇൻഫർമേഷൻ റെപ്പോസിറ്ററി (കതിർ) | 97 |
| 3.2.1 | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ. 10957 (യു.എൽ.സി.സി.എസ്) | 114 |
| 3.2.2 | കേരള ബാങ്ക് - മുന്നോട്ടുള്ള വഴി | 119 |
| 3.3.1 | ക്ഷീരശ്രീ പോർട്ടൽ | 129 |
| 3.3.2 | ഡിജിറ്റൽ ഹെർഡ് ബുക്ക് സിസ്റ്റം | 132 |
| 3.3.3 | മിൽമ പുന:സ്ഥാപിക്കൽ, 2023 | 138 |
| 3.4.1 | മത്സ്യമേഖലയിൽ വനിത ചെറുകിട സംരംഭങ്ങൾ കൈവരിച്ച നേട്ടങ്ങൾ | 146 |
| 3.5.1 | വെള്ളപ്പൊക്കസാധ്യതാ പ്രവചന മുന്നറിയിപ്പ് സംവിധാനങ്ങൾ (എഫ്.എഫ്.ഇ.ഡബ്ല്യൂ.എസ്) | 155 |
| 3.6.1 | സ്നേഹഹസ്തം പ്രോഗ്രാം | 167 |
| 3.7.1 | കാർബൺ ന്യൂട്രൽ കേരള 2050: സംസ്ഥാനത്തിന്റെ GHG ഇൻവെൻററിയും കാർബൺ ന്യൂട്രൽ പാതയുടെ വികസനവും | 171 |
| 3.7.2 | പ്രത്യേക ഉദ്യമങ്ങൾ | 174 |
| 3.7.3 | ഫീനിക്സ് | 177 |
| 3.7.4 | മലിനമായ നദികളുടെ പുനരുദ്ധാരണം | 178 |
| 3.7.5 | കാർഷിക സംരംഭങ്ങൾ | 181 |
| 3.7.6 | മണ്ണ്, ജല സംരക്ഷണത്തിലെ നേട്ടങ്ങൾ | 182 |
| 4.3.1 | കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും | 213 |
| 4.3.2 | കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ | 216 |
| 4.4.1 | ഇയർ ഓഫ് എന്റർപ്രൈസസ് 1.0,2.0 &3.0 | 222 |

| | | |
|---|---|---|
| **4.4.2** | ബിസിനസ് റിഫോംസ് ഇനിഷ്യേറ്റീവ്സ് | 227 |
| **4.4.3** | മേക്ക് ഇൻ കേരള ഉദ്യമം | 230 |
| **5.1.1** | വിവര സാങ്കേതിക വിദ്യാ മേഖലയിലെ പ്രധാന നേട്ടങ്ങൾ | 270 |
| **5.2.1** | 2023-24ലെ ആർസിസിയുടെ സ്ഥിതിവിവരക്കണക്കുകൾ | 299 |
| **5.3.1** | കേരള വിനോദസഞ്ചാരം ഒറ്റനോട്ടത്തിൽ | 306 |
| **5.3.2** | കേരള ട്രാവൽ മാർട്ട് 2024 | 313 |
| **5.5.1** | ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിലെ (ILIMS) പുരോഗതി | 331 |
| **5.5.2** | എക്സൈസ് വകുപ്പിന്റെ പുതിയ സംരംഭങ്ങൾ, വിജയഗാഥകൾ, നൂതന പദ്ധതികൾ എന്നിവയുടെ വിശദാംശങ്ങൾ | 335 |
| **6.1.1** | കൈറ്റ് നടപ്പിലാക്കുന്ന കേരള സ്കൂൾ വിദ്യാഭ്യാസത്തിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) | 359 |
| **6.1.2** | 2023-24 കാലയളവിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രധാന നേട്ടങ്ങൾ | 366 |
| **6.2.1** | ശൈലി ആപ്പ് | 389 |
| **6.2.2** | ഈറ്റ് റൈറ്റ് കേരള മൊബൈൽ ആപ്ലിക്കേഷൻ | 407 |
| **6.2.3** | ആരോഗ്യമേഖലയുടെ പ്രധാന നേട്ടങ്ങൾ | 411 |
| **8.1.1** | സ്ത്രീകളുടെ സ്റ്റെം മേഖലയിലെ ഇടപെടലുകൾ | 466 |
| **8.2.1** | പട്ടികജാതി വിദ്യാർത്ഥികൾക്ക് 2022-23-ൽ നൽകിയ പ്രധാന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ (പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം) | 481 |
| **8.2.2** | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ‘ഉന്നതി-ഓവർസീസ് സ്കോളർഷിപ്പ്’ | 482 |
| **8.2.3** | ദുർബല വിഭാഗങ്ങളുടെ വികസനത്തിനായി നൽകുന്ന ആനുകൂല്യങ്ങൾ | 485 |
| **8.2.4** | ഹോം സർവ്വേ | 486 |
| **8.2.5** | തിരുവനന്തപുരം ജില്ലയിലെ സാമൂഹ്യ പഠനമുറികൾ: ഒരു സ്റ്റാറ്റസ് സ്റ്റഡി റിപ്പോർട്ട് | 490 |
| **8.2.6** | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്രമായ കർമ്മ പദ്ധതി | 490 |
| **8.2.7** | 2023-24ൽ ആരോഗ്യമേഖലയിൽ ലഭ്യമാക്കിയ സഹായങ്ങൾ | 491 |
| **8.2.8** | സഹ്യകിരൺ & മറയൂർ മധുരം | 492 |
| **8.2.9** | 2023-24 കാലയളവിൽ കിർത്താഡ്സ് നടത്തിയ പ്രധാന പഠനങ്ങളും മറ്റ് പ്രവർത്തനങ്ങളും. | 497 |
| **8.2.10** | യുവജനോത്സവത്തിലെ ഗോത്രകലകൾ | 498 |
| **8.2.11** | കെടാവിളക്ക്- ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള മറ്റ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് | 501 |
| **8.2.12** | മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിധവകൾക്ക് സ്വയം തൊഴിൽ പദ്ധതി | 501 |
| **9.1.1** | സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള അനാവർത്തന ഗ്രാന്റുകൾ | 524 |
| **9.1.2** | പുരാവസ്തു വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട മ്യൂസിയങ്ങൾ | 530 |

| | | |
|---|---|---|
| **11.1.1** | വിഴിഞ്ഞം തുറമുഖം - കേരളത്തിലെ തുറമുഖ അടിസ്ഥാന സൗകര്യങ്ങളിലെ സുപ്രധാന നാഴികക്കല്ല് | 577 |
| **11.2.1** | "അംഗൻ ജ്യോതി" | 586 |
| **11.4.1** | കേരള വാട്ടർ അതോറിറ്റിയുടെ (കെ.ഡബ്ല്യൂ.എ) യുടെ പ്രധാന ഡിജിറ്റൽ സംരംഭങ്ങൾ | 606 |
| **11.4.2** | ഗ്രേ വാട്ടർ മാനേജ് മെന്റിൽ ജലനിധിയുടെ ഇടപെടലുകൾ | 610 |
| **11.5.1** | സ്പോൺസർഷിപ്പ് പ്രോജക്ടുകൾ- ലൈഫ് മിഷനിലെ മികച്ച മാതൃകകൾ | 616 |
| **11.5.2** | 3 ഡി പ്രിന്റിംഗ് സാങ്കേതികവിദ്യ | 618 |
| **12.1.1** | അമൃത് 1.0- നഗര ഗതാഗത മേഖലയ്ക്ക് കീഴിലുള്ള മികച്ച മാതൃക | 662 |

അദ്ധ്യായം

01

# കേരള സമ്പദ് വ്യവസ്ഥ

# കേരള സമ്പദ് വ്യവസ്ഥ

## 1.1 സ്ഥൂല സാമ്പത്തിക മേഖലയിലെ സമീപകാല പ്രവണതകളുടെ സംഗ്രഹം

**ആഗോള സാമ്പത്തിക സാഹചര്യവും ദേശീയ വീക്ഷണവും**

അന്താരാഷ്ട്ര നാണയ നിധിയുടെ (ഐ.എം.എഫ്) ഒക്ടോബർ 2024 ലെ വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക് (ഡബ്ലിയു ഇ ഒ) പ്രകാരം ആഗോള സമ്പദ്‌വ്യവസ്ഥ 2022 ലേതിനേക്കാൾ (3.5 ശതമാനം) അല്പം കുറഞ്ഞ് 2023-ൽ 3.2 ശതമാനമായതായി രേഖപ്പെടുത്തുന്നു. പണപ്പെരുപ്പ സമ്മർദങ്ങൾ, വർദ്ധിച്ചു വരുന്ന ഭൂമിപരമായും രാഷ്ട്രീയ പരമായുമുള്ള സംഘർഷങ്ങൾ, അതിർത്തി കടന്നുള്ള നിയന്ത്രണങ്ങൾ, വികസിത സമ്പദ്‌വ്യവസ്ഥകളിലെ (എഇ) മന്ദഗതിയിലുള്ള വളർച്ച എന്നിവയ്ക്കിടയിലാണ് 2023ൽ 3.2 ശതമാനം വളർച്ച കൈവരിക്കാനായത്.

വളർന്നുവരുന്ന വിപണി സമ്പദ്‌വ്യവസ്ഥകൾ (എമർജിംഗ് മാർക്കറ്റ് എക്കണോമികൾ)(ഇഎംഇ) 2022 ൽ പ്രവചിച്ചതിനേക്കാൾ ഉയർന്ന വളർച്ച 2023ൽ കൈവരിച്ചു. 2024 ഒക്ടോബർ മാസത്തെ വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക് (ഡബ്ലിയു ഇ ഒ) പ്രകാരം, വളർന്നുവരുന്ന വിപണി സമ്പദ്‌വ്യവസ്ഥകളുടെ വളർച്ച 2022-ൽ 4.1 ശതമാനത്തിൽ നിന്നും വർദ്ധിച്ച് 2023-ൽ 4.4 ശതമാനമായതായി റിപ്പോർട്ട് ചെയ്യുന്നു. പക്ഷേ, വികസിത സമ്പദ്‌വ്യവസ്ഥയുള്ള രാജ്യങ്ങളിലെ വളർച്ച 2022-ൽ 2.6 ശതമാനത്തിൽ നിന്ന് 2023-ൽ 1.7 ശതമാനമായി കുറഞ്ഞു. വളർന്നുവരുന്ന വിപണി സമ്പദ്‌വ്യവസ്ഥകൾ ഉള്ള രാജ്യങ്ങളും വികസിത സമ്പദ്‌വ്യവസ്ഥയുള്ള രാജ്യങ്ങളും 2024-ലും 2025-ലും യഥാക്രമം 4.2 ശതമാനവും 1.8 ശതമാനവും സ്ഥിരമായ വളർച്ച നിലനിർത്തുന്നു. 2023-ൽ എല്ലാ പ്രധാന സമ്പദ്‌വ്യവസ്ഥകളും മഹാമാരിക്ക് മുമ്പുള്ള യഥാർത്ഥ മൊത്ത ആഭ്യന്തര ഉൽപ്പാദന നിലവാരത്തിലേക്ക് കടന്നു. എന്നാൽ, ആഭ്യന്തരവും ഘടനാപരവുമായ പ്രശ്നങ്ങളിലെ വ്യത്യാസങ്ങൾ, രാഷ്ട്രീയ സംഘർഷങ്ങളിലെ സമാനതകളില്ലാത്ത ബാധ്യതകൾ എന്നിവ കൂടാതെ സാമ്പത്തിക നയം കർശനമാക്കുന്നതിന്റെ ആഘാതം എന്നിവ മൂലം രാജ്യങ്ങൾക്കിടയിൽ രജിസ്റ്റർ ചെയ്ത വളർച്ച വ്യത്യസ്തമായിരുന്നു.


ആഗോള ഉൽപ്പാദന വളർച്ച ദൃഢമായി നിലനിൽക്കുകയും പണപ്പെരുപ്പം മിതമായ നിലയിൽ തുടരുകയും ചെയ്തു. **പട്ടിക 1.1.1**, **ചിത്രം 1.1.1** എന്നിവയിൽ നൽകിയിരിക്കുന്നതുപോലെ ലോകബാങ്ക്, ഐഎംഎഫ്, ഒഇസിഡി റിപ്പോർട്ടുകളുടെ പ്രവചനങ്ങൾ അനുസരിച്ച് ആഗോള വളർച്ച സ്ഥിരതയുള്ള പ്രവണതയെ ചിത്രീകരിക്കുന്നു.

**പട്ടിക 1.1.1.** ജിഡിപിയുടെ വളർച്ച, ഏജൻസി തിരിച്ചുള്ള കണക്ക്

| ഏജൻസി/ വർഷം | 2023 | 2024* | 2025* |
|---|---|---|---|
| ലോകം | | | |
| ലോക ബാങ്ക് | 2.6 | 2.6 | 2.7 |
| ഐ.എം.എഫ് | 3.3 | 3.2 | 3.2 |
| ഒ.ഇ.സി.ഡി | 3.1 | 3.2 | 3.2 |
| ഇന്ത്യ | | | |
| ലോക ബാങ്ക് | 8.2 | 6.6 | 6.7 |
| ഐ.എം.എഫ് | 8.2 | 7.0 | 6.5 |
| ഒ.ഇ.സി.ഡി | 8.2 | 6.7 | 6.7 |

ഉറവിടം: ഇൻറർനാഷണൽ മോണിറ്ററി ഫണ്ടിന്റെ വേൾഡ് എക്കണോമിക് ഔട്ട്ലുക്ക്, ഒക്ടോബർ 2024, ലോക ബാങ്കിന്റെ ഗ്ലോബൽ ഇക്കണോമിക് പ്രോസ്പെക്ട്സ്,ജൂൺ 2024, ഒഇസിഡി ഇക്കണോമിക് ഔട്ട്ലുക്ക്, ഇടക്കാല റിപ്പോർട്ട്, സെപ്റ്റംബർ,2024.
*-പ്രൊജക്ഷനുകൾ

**ചിത്രം 1.1.1** ആഗോള ഉൽപ്പാദന വളർച്ച




*ഉറവിടം:* വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക് (ഡബ്ല്യുഇഒ), ഒക്ടോബർ, 2024, വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക് (ഡബ്ല്യു ഇ ഒ), ഏപ്രിൽ, 2022.

**ഇന്ത്യയുടെ സ്ഥൂല സാമ്പത്തിക അവലോകനം**

എൻഎസ്ഒയുടെ താല്ക്കാലിക കണക്കുകൾ അനുസരിച്ച് ഇന്ത്യയുടെ യഥാർത്ഥ മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജിഡിപി) 2022-23ൽ രേഖപ്പെടുത്തിയ 7.0 ശതമാനത്തിൽ നിന്ന് 8.2 ശതമാനം വളർച്ച രേഖപ്പെടുത്തി 2023-24ൽ 1,73,81,722 കോടി രൂപയായി. യഥാർത്ഥ മൊത്ത സംയോജിത മൂല്യം (ജിവിഎ) 2022-23 ലെ 6.7 ശതമാനത്തിൽ നിന്ന് 2023-24 ൽ 7.2 ശതമാനമായി വളർന്നു. എങ്കിലും, എൻഎസ്ഒയുടെ ആദ്യ മുൻ കൂട്ടിയുള്ള കണക്കുകൾ പ്രകാരം, ഇന്ത്യയുടെ യഥാർത്ഥ മൊത്ത ആഭ്യന്തര ഉൽപ്പാദനം 2024-25 ൽ 6.4 ശതമാനം വളരുമെന്ന് കണക്കാക്കപ്പെടുന്നു. 2023-24-ലെ വളർച്ചാ നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ 1.8 ശതമാനം കുത്തനെയുള്ള ഇടിവ് ഇത് കാണിക്കുന്നു. നാമമാത്രമായ മൊത്ത ആഭ്യന്തര ഉൽപ്പാദനം 2023-24 ലെ 9.6 ശതമാനത്തിൽ നിന്ന് 2024-25 ൽ 9.7 ശതമാനമായി വളർന്നു. 2023-24 ലെ 7.2 ശതമാനത്തിൽ നിന്ന് 0.8 ശതമാനം കുറഞ്ഞ് 2024-25-ൽ 6.4 ശതമാനമായി യഥാർത്ഥ മൊത്ത സംയോജിത മൂല്യം കുറഞ്ഞ വളർച്ച രേഖപ്പെടുത്തി. നിക്ഷേപത്തിലുണ്ടായ ഇടിവാണ് വളർച്ചാ നിരക്ക് കുറയുന്നതിനുള്ള പ്രധാന കാരണം.

2024-25 സാമ്പത്തിക വർഷത്തിലെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെയും മൊത്ത സംയോജിത മൂല്യത്തിന്റെയും ത്രൈമാസ വളർച്ച കുറയുന്ന പ്രവണത പ്രകടിപ്പിക്കുന്നു. യഥാർത്ഥ മൊത്ത ആഭ്യന്തര ഉൽപ്പാദനം 2024-25 ലെ ആദ്യ പാദത്തിൽ (ക്യൂ1) 6.7 ശതമാനമായി വളർന്നു, എന്നാൽ ഇത് രണ്ടാം പാദത്തിൽ ((ക്യൂ 2) 5.4 ശതമാനമായി കുറഞ്ഞു. അതുപോലെ, യഥാർത്ഥ മൊത്ത സംയോജിത മൂല്യം ഒന്നാം പാദത്തിൽ 6.8 ശതമാനം വളർച്ച രേഖപ്പെടുത്തി, എന്നാൽ ഇത് രണ്ടാം പാദത്തിൽ 1.2 ശതമാനം ഇടിഞ്ഞ് 5.6 ശതമാനമായി. സ്വകാര്യ വ്യക്തികളുടെ ഉപഭോഗത്തിലും മൊത്ത സ്ഥിര മൂലധനത്തിലുമുള്ള കുറവുമാണ് ത്രൈമാസ വളർച്ചയിൽ കുറയുന്ന പ്രവണതയ്ക്കുള്ള പ്രധാന കാരണം.

യഥാർത്ഥ പ്രതിശീർഷ മൊത്ത ആഭ്യന്തര ഉൽപ്പാദനം 2023-24ൽ 1,24,600 രൂപയാണ് അത് മുൻവർഷത്തേക്കാൾ 7.2 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. ദേശീയ വരുമാന കണക്കുകളുടെ വിശദാംശങ്ങൾ **പട്ടിക 1.1.2**ൽ അവതരിപ്പിച്ചിരിക്കുന്നു.

2013-14 മുതൽ 2023-24 വരെയുള്ള നടപ്പ് വിലയിലും സ്ഥിര വിലയിലും (2011-12) ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉൽപ്പാദനം, അറ്റ ആഭ്യന്തര ഉൽപ്പാദനം, മൊത്ത ദേശീയ വരുമാനം, അറ്റ ദേശീയ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 1.1.1, 1.1.2, 1.1.3, 1.1.4** എന്നിവയിൽ അവതരിപ്പിച്ചിരിക്കുന്നു. സ്ഥിര വിലയിലും നടപ്പ് വിലയിലും മൊത്ത സംയോജിത മൂല്യത്തിന്റെ മേഖലാ വിതരണത്തിന്റെ ഘടന **അനുബന്ധം 1.1.5, 1.1.6** എന്നിവയിൽ അവതരിപ്പിച്ചിരിക്കുന്നു

**പട്ടിക 1.1.2.** 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിലെ ദേശീയ വരുമാന കണക്കുകൾ. (രൂപ കോടിയിൽ)

| ഇനം | 2021-22 | 2022-23 (1st RE) | 2023-24 (PE) | മുൻ വർഷത്തേക്കാൾ ശതമാന മാറ്റം | |
|---|---|---|---|---|---|
| | | | | 2022-23 | 2023-24 |
| **ആഭ്യന്തര ഉൽപ്പാദനം** | | | | | |
| മൊത്ത സംയോജിത മൂല്യം സ്ഥിര വിലയിൽ | 13876840 | 14804901 | 15873751 | 6.7 | 7.2 |
| മൊത്ത സംയോജിത മൂല്യം നടപ്പു വിലയിൽ | 21635584 | 24659041 | 26762147 | 14.0 | 8.5 |
| മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജിഡിപി) സ്ഥിര വിലയിൽ | 15021846 | 16071429 | 17381722 | 7.0 | 8.2 |
| മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജിഡിപി) നടപ്പു വിലയിൽ | 23597399 | 26949646 | 29535667 | 14.2 | 9.6 |
| അറ്റ ആഭ്യന്തര ഉൽപ്പാദനം (എൻഡിപി) സ്ഥിര വിലയിൽ | 13066058 | 13986798 | 15146589 | 7.0 | 8.3 |
| അറ്റ ആഭ്യന്തര ഉൽപ്പാദനം (എൻഡിപി) നടപ്പു വിലയിൽ | 20930595 | 23809748 | 26127976 | 13.8 | 9.7 |
| **ദേശീയ ഉൽപ്പാദനം** | | | | | |
| മൊത്ത ദേശീയ വരുമാനം (ജിഎൻഐ) സ്ഥിര വിലയിൽ | 14827920 | 15831133 | 17125892 | 6.8 | 8.2 |
| മൊത്ത ദേശീയ വരുമാനം (ജിഎൻഐ) നടപ്പു വിലയിൽ | 23319590 | 26579339 | 29104354 | 14.0 | 9.5 |
| അറ്റ ദേശീയ വരുമാനം (എൻ.എൻ.ഐ) സ്ഥിര വിലയിൽ | 12872132 | 13746502 | 14890760 | 6.8 | 8.3 |
| അറ്റ ദേശീയ വരുമാനം (എൻ.എൻ.ഐ) നടപ്പു വിലയിൽ | 20652786 | 23439442 | 25696663 | 13.5 | 9.6 |
| **പ്രതി ശീർഷ വരുമാനം** | | | | | |
| പ്രതിശീർഷ മൊത്ത ആഭ്യന്തര ഉൽപ്പാദനം സ്ഥിര വിലയിൽ (രൂപ) | 109762 | 116216 | 124600 | 5.9 | 7.2 |
| പ്രതിശീർഷ മൊത്ത ആഭ്യന്തര ഉൽപ്പാദനം നടപ്പു വിലയിൽ (രൂപ) | 172422 | 194879 | 211725 | 13.0 | 8.6 |
| പ്രതിശീർഷ മൊത്ത ദേശീയ വരുമാനം സ്ഥിര വിലയിൽ (രൂപ) | 108345 | 114478 | 122766 | 5.7 | 7.2 |
| പ്രതിശീർഷ മൊത്ത ദേശീയ വരുമാനം നടപ്പു വിലയിൽ (രൂപ) | 170392 | 192201 | 208633 | 12.8 | 8.5 |
| പ്രതിശീർഷ അറ്റ ദേശീയ വരുമാനം സ്ഥിര വിലയിൽ (രൂപ) | 94054 | 99404 | 106744 | 5.7 | 7.4 |
| പ്രതിശീർഷ അറ്റ ദേശീയ വരുമാനം നടപ്പു വിലയിൽ (രൂപ) | 150906 | 169496 | 184205 | 12.3 | 8.7 |

*ഉറവിടം:* നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെൻറേഷൻ, ഇന്ത്യാ ഗവൺമെൻറ് RE: പുതുക്കിയ എസ്റ്റിമേറ്റ്, PE: പ്രൊവിഷണൽ എസ്റ്റിമേറ്റ്

### മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനവും സംസ്ഥാന വരുമാനവും

ഉയർന്ന പ്രതിശീർഷ വരുമാനവും മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനവും (ജിഎസ് ഡി പി) ഉള്ള ഇന്ത്യയിലെ ആദ്യ പത്ത് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2023-24ലും കേരള സമ്പദ്‌വ്യവസ്ഥ ശക്തമായ വളർച്ച രേഖപ്പെടുത്തി. 2022-23ലെ 4.2 ശതമാനത്തിൽ നിന്ന് 2023-24ൽ 6.5 വളർച്ച രേഖപ്പെടുത്തി യഥാർത്ഥ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം 2023-24ൽ 6,35,13,653 ലക്ഷം (ദ്രുത കണക്കാൽ) രൂപയായി. യഥാർത്ഥ മൊത്ത സംസ്ഥാന സംയോജിത മൂല്യം (2011-12 വിലയിൽ) 2022-23 ലെ 5.3 ശതമാനത്തിൽ നിന്ന് 2023-24 ൽ 7.2 ശതമാനമായി വർദ്ധിച്ചു. 2022-23ലെ 10.7 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2023-24ൽ 11.9 ശതമാനം വളർച്ച കൈവരിച്ച് 2023 -24 ലെ നടപ്പ് വിലയിൽ മൊത്ത സംസ്ഥാന ആഭ്യന്തര

**പട്ടിക 1.1.3** 2020-21 മുതൽ 2023-24 വരെയുള്ള കേരള സംസ്ഥാനത്തിന്റെ വരുമാന സ്ഥിതിവിവരക്കണക്കുകൾ (രൂപ ലക്ഷത്തിൽ )

| ഇനം | 2020-21 | 2021-22 | 2022-23 (P) | 2023-24 (Q) | മുൻ വർഷത്തേക്കാൾ ശതമാനം മാറ്റം | | |
|---|---|---|---|---|---|---|---|
| | | | | | 2021-22 | 2022-23 (P) | 2023-24 (Q) |
| **മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പാദനം** | | | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 51170292 | 57198296 | 59623686 | 63513653 | 11.78 | 4.24 | 6.52 |
| ബി) നടപ്പ് വിലയിൽ | 77172389 | 92446542 | 102360246 | 114610867 | 19.79 | 10.72 | 11.97 |
| **അറ്റ സംസ്ഥാന ആഭ്യന്തരോൽപ്പാദനം** | | | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 46405239 | 52425887 | 54598961 | 58422079 | 12.97 | 4.14 | 7.0 |
| ബി) നടപ്പ് വിലയിൽ | 68079798 | 81917594 | 90240846 | 101364139 | 20.32 | 10.16 | 12.32 |
| **മൊത്തം സംസ്ഥാന സംയോജിത മൂല്യം (ജി എസ് വി എ)** | | | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 44498213 | 50099348 | 52763002 | 56564302 | 12.59 | 5.32 | 7.20 |
| ബി) നടപ്പ് വിലയിൽ | 68579335 | 82303202 | 91614842 | 102604351 | 20.01 | 11.31 | 12.00 |
| **പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തരോൽപ്പാദനം** | | | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 146139 | 160791 | 166938 | 176072 | 10.03 | 3.82 | 5.47 |
| ബി) നടപ്പ് വിലയിൽ (2011-12) | 220400 | 259878 | 286595 | 317723 | 17.91 | 10.28 | 10.86 |
| **പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തരോൽപ്പാദനം** | | | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 132531 | 147376 | 152870 | 161957 | 11.20 | 3.73 | 5.94 |
| ബി) നടപ്പ് വിലയിൽ | 194432 | 230280 | 252662 | 281001 | 18.43 | 9.71 | 11.21 |

ഉറവിടം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കേരള സർക്കാർ
പി:താത്കാലികം,ക്യൂ: ത്വരിതം

മൂല്യം 11,46,10,867 ലക്ഷം രൂപയായി. കേരളത്തിന്റെ പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം ദേശീയ ശരാശരിയായ 1,24,600 രൂപയേക്കാൾ 2023-24 ൽ 5.5 ശതമാനം വർദ്ധിച്ച് 1,76,072 രൂപയായി. വിശദാംശങ്ങൾ **പട്ടിക 1.1.3** ൽ നൽകിയിരിക്കുന്നു

### പ്രതിശീർഷ സംസ്ഥാന വരുമാനം


ഉയർന്ന പ്രതിശീർഷ വരുമാനമുള്ള ഇന്ത്യയിലെ ആദ്യ പത്ത് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. അഖിലേന്ത്യാ ശരാശരി (പ്രതിശീർഷ മൊത്ത ആഭ്യന്തര ഉൽപ്പാദനം) 1,24,600 രൂപക്ക് തത്തുല്യമായ 2023-24 ലെ പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം സ്ഥിര വിലയിൽ 1,76,072 രൂപയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, 2023-24 ലെ ദേശീയ ശരാശരിയെക്കാൾ 1.4 മടങ്ങ് കൂടുതലാണ് കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം. 2023-24 ൽ കേരളത്തിന്റെ പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം സ്ഥിര വിലയിൽ 5.47 ശതമാനം വർദ്ധിച്ചു.

2023-24 ലെ (ദ്രുത കണക്കാൽ) കേരളത്തിന്റെ പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം സ്ഥിര വിലയിൽ 1,61,957 രൂപയും നടപ്പു വിലയിൽ 2,81,001 രൂപയുമാണ്. 2023-24ൽ പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉൽപന്നം സ്ഥിര വിലയിൽ 5.9 ശതമാനവും നടപ്പു വിലയിൽ 11.2 ശതമാനവും വളർന്നു. **ചിത്രം 1.1.2**- 2013-14 മുതൽ 2023-24 വരെയുള്ള കാലയളവിലെ പ്രതിശീർഷ അറ്റ ആഭ്യന്തര ഉൽപ്പാദനവും (ഇന്ത്യ) മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനവും (കേരളം) സ്ഥിര വിലയിൽ കാണിക്കുന്നു. കേരളത്തിന്റെ പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം പ്രതിശീർഷ അറ്റ ആഭ്യന്തര ഉൽപ്പാദനത്തെക്കാൾ കൂടുതലാണ്.

### മേഖലതല ഘടന

മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ 64.2 ശതമാനം വിഹിതമുള്ള സേവന മേഖല സമ്പദ്‌വ്യവസ്ഥയിൽ പ്രബലമായ സ്ഥാനം വഹിക്കുന്നുവെന്ന് മേഖലാ വിഹിതം വ്യക്തമാക്കുന്നു. മറുവശത്ത്, മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിൽ പ്രാഥമിക, ദ്വിതീയ മേഖലയുടെ വിഹിതം വർഷങ്ങളായി കുറഞ്ഞുവരികയാണ്. മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിലെ മേഖല വിഭജനത്തിൽ ദ്വിതീയ മേഖലയിലുടനീളം 2023-24 ൽ നിർമ്മാണ മേഖല (കൺസ്ട്രക്ഷൻ) ഏറ്റവും വലിയ വിഹിതം (14.07 ശതമാനം) ഉൾകൊള്ളുന്നതായും തുടർന്ന് (ഉൽപ്പന്ന നിർമ്മാണ മേഖല) മാനുഫാക്ചറിങ് (11.5 ശതമാനം) ഉൾപ്പെടുന്നതായും വ്യക്തമാകുന്നു. മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിലെ 20.02 ശതമാനവുമായി വ്യാപാരം, അറ്റകുറ്റപ്പണികൾ, ഹോട്ടലുകളും റസ്റ്റോറൻറ്കളും എന്നിവ തൃതീയ മേഖലയിൽ ഏറ്റവും വലിയ വിഹിതം ഉൾകൊള്ളുന്നു. 2023-24-ൽ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിൽ ഉയർന്ന പങ്കാളിത്തമുള്ള മറ്റ് പ്രധാന ഉപമേഖലകളിൽ

**ചിത്രം 1.1.2** പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉൽപ്പാദനവും പ്രതിശീർഷ അറ്റ ആഭ്യന്തര ഉൽപ്പാദനവും 2011-12 ലെ സ്ഥിര വിലയിൽ




ഉറവിടം : സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, ഇന്ത്യ ഗവൺമെൻറ് , ഡിപ്പാർട്ട്മെൻറ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, കേരള ഗവൺമെൻറ്

റിയൽ എസ്റ്റേറ്റ്, വാസസ്ഥലത്തിൻറെയും പ്രൊഫഷണൽ സേവനങ്ങളുടെയും ഉടമസ്ഥാവകാശം, ഉൽപ്പന്ന നിർമ്മാണ മേഖല എന്നിവ ഉൾപ്പെടുന്നു. മേഖല തിരിച്ചുള്ള മൊത്ത സംസ്ഥാന സംയോജിത മൂല്യ വിതരണത്തിന്റെ വിശദാംശങ്ങൾ **പട്ടിക 1.1.4**ൽ അവതരിപ്പിച്ചിരിക്കുന്നു.


മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിലെ മേഖലാ ഘടന മുൻവർഷത്തെ അപേക്ഷിച്ച് 2023-24ൽ മേഖലകളിലുടനീളം ശക്തമായ പോസിറ്റീവ് വളർച്ച രേഖപ്പെടുത്തുന്നു. പ്രാഥമിക മേഖല 2022-23ൽ രേഖപ്പെടുത്തിയ 0.94 ശതമാനത്തിൽ നിന്ന് 4.7 ശതമാനം ശക്തിമത്തായ വളർച്ചയാണ് 2023-24ൽ കൈവരിച്ചത്. ദ്വിതീയ മേഖല 2022-23ൽ 3.2 ശതമാനത്തിൽ നിന്നും 2023-24ൽ 4.1 ശതമാനമായി വളർന്നു. സേവന മേഖല 2022-23 ലെ 7 ശതമാനം വളർച്ചയെ അപേക്ഷിച്ച് 2023-24 ൽ 8.9 ശതമാനം ശക്തമായ വളർച്ച കൈവരിച്ചു. ഗവൺമെൻറിന്റെ

**പട്ടിക 1.1.4** സമീപ വർഷങ്ങളിലെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിലെ മേഖലാ വിതരണം സ്ഥിര വിലയിൽ (രൂപ ലക്ഷത്തിൽ)

| മേഖല | 2020-21 വിഹിതം % | 2021-22 വിഹിതം % | 2022-23 (പി) വിഹിതം % | 2023-24 (ക്യു) വിഹിതം % |
|---|---|---|---|---|
| കൃഷി, വനം, മത്സ്യബന്ധനം | 9.64 | 8.92 | 8.51 | 8.30 |
| ഖനനവും ക്വാറിയും | 0.47 | 0.47 | 0.49 | 0.48 |
| **പ്രാഥമിക മേഖല** | 10.11 | 9.39 | 9.00 | 8.78 |
| ഉൽപ്പന്ന നിർമ്മാണ മേഖല (മാനുഫാക്ചറിങ്) | 13.31 | 12.37 | 11.99 | 11.52 |
| വൈദ്യുതി, ഗ്യാസ്, ജലവിതരണം, മറ്റ് യൂട്ടിലിറ്റി സേവനങ്ങൾ | 1.48 | 1.55 | 1.38 | 1.39 |
| നിർമ്മാണം (കൺസ്ട്രക്ഷൻ) | 14.64 | 14.44 | 14.42 | 14.07 |
| **ദ്വിതീയ മേഖല** | 29.43 | 28.36 | 27.78 | 26.97 |
| കച്ചവടം, റിപ്പയർ, ഹോട്ടലുകളും റസ്റ്റോറൻറ്കളും | 15.47 | 16.67 | 18.74 | 20.02 |
| ഗതാഗതം, സംഭരണം, പ്രക്ഷേപണവുമായി ബന്ധപ്പെട്ടവ ആശയവിനിമയ സേവനങ്ങൾ | 6.59 | 7.53 | 7.26 | 6.93 |
| സാമ്പത്തിക സേവനങ്ങൾ | 6.18 | 5.69 | 5.57 | 5.50 |
| റിയൽ എസ്റ്റേറ്റ്, വാസസ്ഥലത്തിന്റെ ഉടമസ്ഥാവകാശം, പ്രൊഫഷണൽ സേവനങ്ങൾ | 18.46 | 17.63 | 17.67 | 17.80 |
| പൊതു ഭരണം | 3.21 | 4.31 | 3.63 | 3.44 |
| മറ്റ് സേവനങ്ങൾ | 10.55 | 10.43 | 10.36 | 10.56 |
| **തൃതീയ മേഖല** | 60.46 | 62.25 | 63.22 | 64.25 |
| **ആകെ മൊത്ത സംസ്ഥാന സംയോജിത മൂല്യം അടിസ്ഥാന വിലയിൽ** | 100 | 100 | 100 | 100 |

ഉറവിടം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കേരള സർക്കാർ: പി: താത്കാലികം,ക്യു:ത്വരിതം

**ചിത്രം 1.1.3** 2020-21 മുതൽ സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ മൂന്ന് അടിസ്ഥാന മേഖലകളുടെ വളർച്ചാ നിരക്ക് (മൊത്ത സംസ്ഥാന സംയോജിത മൂല്യം സ്ഥിര വിലയിൽ)




ഉറവിടം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കേരള ഗവൺമെന്റ്

തുടർച്ചയായ ക്രിയാത്മകമായ നയ ഇടപെടലുകളുടെ ഫലമായി വിവിധ മേഖലകളിലെ വളർച്ച വർദ്ധിക്കാൻ സഹായകമായി. മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിൽ 64.3 ശതമാനം സംഭാവന ചെയ്തുകൊണ്ട് സേവന മേഖല കേരള സമ്പദ്‌വ്യവസ്ഥയെ മുന്നോട്ട് നയിക്കുന്നത് തുടരുന്നുവെന്നും തുടർന്ന് ദ്വിതീയ മേഖല (27 ശതമാനം), പ്രാഥമിക മേഖല (9 ശതമാനം) എന്നിവ സംഭാവന ചെയ്യുന്നുവെന്നും 2023-24 ലെ ദ്രുത കണക്കുകൾ വ്യക്തമാക്കുന്നു. മേഖലാ ഘടനയുടെ വളർച്ച (മൊത്ത സംസ്ഥാന സംയോജിത മൂല്യം സ്ഥിര വിലയിൽ) **ചിത്രം 1.1.3** ൽ നൽകിയിരിക്കുന്നു.

2022-23 നെ അപേക്ഷിച്ച് 2023-24 ൽ മൂന്ന് മേഖലകളും ഉയർന്ന വളർച്ച രേഖപ്പെടുത്തി. മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ മേഖലാ വിതരണത്തിന്റെ വിശദാംശങ്ങൾ നടപ്പു വിലയിലും സ്ഥിര വിലയിലും **അനുബന്ധം 1.1.7, 1.1.8** എന്നിവയിൽ നൽകിയിരിക്കുന്നു. 2020-21 മുതലുള്ള മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം വാർഷിക വളർച്ചാ നിരക്ക് നടപ്പു വിലയിലും സ്ഥിര വിലയിലും **അനുബന്ധം 1.1.9**-ൽ നൽകിയിരിക്കുന്നു. 2013-14 മുതൽ 2023-24 വരെയുള്ള മൊത്ത സംസ്ഥാന സംയോജിത മൂല്യവും അറ്റ സംസ്ഥാന സംയോജിത മൂല്യവും നടപ്പു വിലയിലും സ്ഥിര വിലയിലും ഉള്ള വിശദാംശങ്ങൾ **അനുബന്ധം 1.1.10, 1.1.11, 1.1.12, 1.1.13** എന്നിവയിൽ നൽകിയിരിക്കുന്നു.

### മേഖലാ തിരിച്ചുള്ള മൂല്യവർദ്ധനവ്, തൊഴിൽ എന്നിവയുടെ വിതരണം

കേരളത്തിലെ സമ്പദ്ഘടനയുടെ ഘടനയും തൊഴിൽ പങ്കാളിത്തവും ഇന്ത്യയുടേതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. 2023-24ൽ ഇന്ത്യയിലെ തൊഴിലാളികളുടെ 46.3 ശതമാനവും പ്രാഥമികമേഖലയിൽ ജോലിചെയ്യുമ്പോൾ, കേരളത്തിൽ ഇത് 27.30 ശതമാനമാണ്. ഇന്ത്യയുടെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിലേക്ക് പ്രാഥമിക മേഖലയിൽ ജോലി ചെയ്യുന്ന 46.3 ശതമാനം തൊഴിലാളികൾ 16.6 ശതമാനം സംഭാവന ചെയ്യുന്നു. ദേശീയ-സംസ്ഥാന തലങ്ങളിൽ മൊത്ത സംയോജിത മൂല്യത്തിലേക്ക് ദ്വിതീയ മേഖലയുടെ വിഹിതം ഏകദേശം 27 മുതൽ 28 ശതമാനം വരെയാണ്. തൊഴിലിൽ ദ്വിതീയ മേഖലയുടെ വിഹിതവും ഏതാണ്ട് 24 ശതമാനമാണ്. തൃതീയ മേഖലയുടെ പങ്ക് മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിലും തൊഴിലിലും ഇന്ത്യയെ അപേക്ഷിച്ച് കേരളത്തിൽ വളരെ കൂടുതലാണ്. വിശദാംശങ്ങൾ **പട്ടിക 1.1.5** ൽ നൽകിയിരിക്കുന്നു.

### ജില്ല തിരിച്ചുള്ള മൊത്ത സംസ്ഥാന സംയോജിത മൂല്യം

ജില്ല തിരിച്ചുള്ള മൊത്ത സംസ്ഥാന സംയോജിത മൂല്യം നടപ്പു വിലയനുസരിച്ച് 2022-23 ലെ 1,22,97,834 ലക്ഷം രൂപയിൽ നിന്ന് 2023-24 ൽ 1,35,99,835 ലക്ഷം രൂപയായി 10.59 ശതമാനം വളർച്ച രേഖപ്പെടുത്തിയ എറണാകുളമാണ് ഏറ്റവും ഉയർന്ന വരുമാനം ഉള്ള ജില്ല. തൃശ്ശൂർ ജില്ലയും തിരുവനന്തപുരം ജില്ലയും തൊട്ടടുത്ത സ്ഥാനങ്ങളിൽ നില നിൽക്കുന്നു. മൊത്ത ആഭ്യന്തര സംയോജിത മൂല്യം നടപ്പു വിലയനുസരിച്ച് മലപ്പുറം ജില്ലയാണ് ഏറ്റവും ഉയർന്ന വളർച്ച (14.87 ശതമാനം) രേഖപ്പെടുത്തിയ ജില്ല. എല്ലാ ജില്ലകളുടെയും മൊത്തം ജില്ല സംയോജിത മൂല്യം **പട്ടിക 1.1.6** ൽ നൽകിയിരിക്കുന്നു.

### ജില്ല തിരിച്ചുള്ള പ്രതിശീർഷ വരുമാനം (മൊത്ത സംസ്ഥാന സംയോജിത മൂല്യം)

2022-23 ലെ 2,28,759 രൂപയിൽ നിന്ന് 2023-24 ൽ 2,38,986 രൂപ സ്ഥിര വിലയിൽ പ്രതിശീർഷ വരുമാനമുള്ള

**പട്ടിക 1.1.5.** 2023-24 വർഷത്തിൽ , ഇന്ത്യയിലും കേരളത്തിലുമുള്ള തൊഴിലിലും മൊത്ത സംയോജിത മൂല്യത്തിലുമുള്ള വിവിധ മേഖലകളുടെ വിഹിതം (സ്ഥിര വിലയിൽ)

| **മേഖലകൾ** | 2023-24 വർഷത്തിൽ മൊത്ത സംയോജിത മൂല്യത്തിലുള്ള വിഹിതം | | തൊഴിൽ വിഹിതം | |
|---|---|---|---|---|
| | കേരളം (മൊത്ത സംസ്ഥാന സംയോജിത മൂല്യം) | ഇന്ത്യ (മൊത്ത സംയോജിത മൂല്യം) | കേരളം | ഇന്ത്യ |
| കൃഷി, കന്നുകാലികൾ, വനം, മത്സ്യബന്ധനം | 8.30 | 14.52 | 26.97 | 46.07 |
| ഖനനവും ക്വാറിയും | 0.48 | 2.13 | 0.33 | 0.23 |
| **പ്രാഥമിക മേഖല** | **8.78** | **16.65** | **27.30** | **46.30** |
| ഉൽപ്പന്ന നിർമ്മാണ മേഖല (മാനുഫാക്ചറിങ്) | 11.52 | 17.33 | 9.94 | 11.44 |
| വൈദ്യുതി, ഗ്യാസ്, ജലവിതരണം, മറ്റ് യൂട്ടിലിറ്റി സേവനങ്ങൾ | 1.39 | 2.36 | 0.84 | 0.54 |
| നിർമ്മാണം (കൺസ്ട്രക്ഷൻ) | 14.07 | 9.05 | 13.39 | 11.98 |
| **ദ്വിതീയ മേഖല** | **26.97** | **28.74** | **24.17** | **23.96** |
| വ്യാപാരം, അറ്റകുറ്റപ്പണികൾ, ഹോട്ടലുകളും റസ്റ്റോറന്റുകളും | 20.02 | 18.62 | 19.46 | 12.2 |
| ഗതാഗതം, സംഭരണം, പ്രക്ഷേപണവുമായി ബന്ധപ്പെട്ടവ ആശയവിനിമയ സേവനങ്ങൾ | 6.93 | | 8.14 | 5.6 |
| സാമ്പത്തിക, റിയൽ എസ്റ്റേറ്റ്, പ്രൊഫഷണൽ സേവനങ്ങൾ | 23.30 | 23.26 | 4.4 | 11.9 |
| പബ്ലിക് അഡ്മിനിസ്ട്രേഷനും മറ്റ് സേവനങ്ങളും | 14.0 | 12.74 | 16.53 | |
| **തൃതീയ മേഖല** | **64.25** | **54.61** | **48.53** | **29.73** |
| **ആകെ** | **100** | **100** | **100** | **100** |

*ഉറവിടം:* സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് (കേരളത്തിന്റെ ജിഎസ്‌വിഎയ്ക്കായി), നാഷണൽ അക്കൗണ്ട് സ്റ്റാറ്റിസ്റ്റിക്സ് (ഇന്ത്യയുടെ ജിവിഎയ്ക്ക്) കൂടാതെ തൊഴിലിനെക്കുറിച്ചുള്ള ഡാറ്റയ്ക്കായി 2023-24 ലെ ഇന്ത്യയുടെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് നടത്തിയ ആനുകാലിക ലേബർ ഫോഴ്സ് സർവേ (PLFS)

**പട്ടിക 1.1.6** കേരളത്തിലെ ജില്ലകളുടെ മൊത്തം ജില്ലാ സംയോജിത മൂല്യം (നടപ്പു വിലയിലും സ്ഥിര വിലയിലും)

| ക്രമനമ്പർ | ജില്ല | **മൊത്തം ജില്ലാ മൂല്യവർദ്ധനവ് (ലക്ഷം രൂപയിൽ)** | | | | | |
|---|---|---|---|---|---|---|---|
| | | നടപ്പു വിലയിൽ | | | സ്ഥിര വിലയിൽ | | |
| | | 2022-23 (P) | 2023-24 (Q) | വളർച്ചാ നിരക്ക് (%) | 2022-23 (P) | 2023-24 (Q) | വളർച്ചാ നിരക്ക് (%) |
| 1 | തിരുവനന്തപുരം | 9031699 | 10069749 | 11.49 | 5150304 | 5495068 | 6.69 |
| 2 | കൊല്ലം | 8692114 | 9755665 | 12.24 | 4955504 | 5339577 | 7.75 |
| 3 | പത്തനംതിട്ട | 2445861 | 2691377 | 10.04 | 1376098 | 1461422 | 6.20 |
| 4 | ആലപ്പുഴ | 7392894 | 8269206 | 11.85 | 4319534 | 4612284 | 6.78 |
| 5 | കോട്ടയം | 6038994 | 6749916 | 11.77 | 3566346 | 3831685 | 7.44 |
| 6 | ഇടുക്കി | 3074806 | 3518906 | 14.44 | 1695349 | 1833073 | 8.12 |
| 7 | എറണാകുളം | 12297834 | 13599835 | 10.59 | 7180009 | 7630108 | 6.27 |
| 8 | തൃശ്ശൂർ | 9483410 | 10577828 | 11.54 | 5507513 | 5876192 | 6.69 |
| 9 | പാലക്കാട് | 6432101 | 7240400 | 12.57 | 3702198 | 3979321 | 7.49 |
| 10 | മലപ്പുറം | 8011996 | 9203449 | 14.87 | 4549120 | 4983653 | 9.55 |
| 11 | കോഴിക്കോട് | 7694879 | 8621938 | 12.05 | 4423378 | 4747953 | 7.34 |
| 12 | വയനാട് | 1629640 | 1836884 | 12.72 | 867918 | 933797 | 7.59 |
| 13 | കണ്ണൂർ | 6385578 | 7115136 | 11.43 | 3741260 | 3988963 | 6.62 |
| 14 | കാസർകോട് | 3003037 | 3354061 | 11.69 | 1728470 | 1851207 | 7.10 |
| | **ജി.എസ്.വി.എ** | 91614843 | 102604351 | 12.00 | 52763002 | 56564302 | 7.20 |

ഉറവിടം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, (പി: താൽക്കാലികം ക്യൂ: ത്വരിതം)
ജില്ല തിരിച്ചുള്ള പ്രതിശീർഷ വരുമാനം (GSVA)

**പട്ടിക 1.1.7** പ്രതിശീർഷ മൊത്തം ജില്ല സംയോജിത മൂല്യം സ്ഥിര വിലയിൽ

| ക്രമ നമ്പർ | ജില്ല | 2022-23 (P) (രൂപ) | റാങ്ക് | 2023-24 (Q) (രൂപ) | റാങ്ക് | വളർച്ച നിരക്ക് (ശതമാനത്തിൽ) |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 170216 | 7 | 179231 | 7 | 5.30 |
| 2 | കൊല്ലം | 207121 | 3 | 220354 | 3 | 6.39 |
| 3 | പത്തനംതിട്ട | 132884 | 12 | 139995 | 12 | 5.35 |
| 4 | ആലപ്പുഴ | 224041 | 2 | 236305 | 2 | 5.47 |
| 5 | കോട്ടയം | 200526 | 4 | 212921 | 4 | 6.18 |
| 6 | ഇടുക്കി | 174187 | 6 | 186407 | 6 | 7.02 |
| 7 | എറണാകുളം | 228759 | 1 | 238986 | 1 | 4.47 |
| 8 | തൃശ്ശൂർ | 185919 | 5 | 195125 | 5 | 4.95 |
| 9 | പാലക്കാട് | 136421 | 10 | 144010 | 10 | 5.56 |
| 10 | മലപ്പുറം | 107737 | 14 | 115288 | 14 | 7.01 |
| 11 | കോഴിക്കോട് | 147812 | 9 | 155738 | 9 | 5.36 |
| 12 | വയനാട് | 112489 | 13 | 119128 | 13 | 5.90 |
| 13 | കണ്ണൂർ | 156872 | 8 | 164601 | 8 | 4.93 |
| 14 | കാസർകോട് | 134370 | 11 | 141130 | 11 | 5.03 |
| | **സംസ്ഥാനം** | **166938** | | **176072** | | |

ഉറവിടം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കേരള ഗവൺമെന്റ് (പി: താൽക്കാലികം ക്യു: ത്വരിതം)

എറണാകുളം ജില്ലയാണ് ജില്ലകളിൽ ഏറ്റവും ഉയർന്ന വരുമാനമുള്ള ജില്ല. പ്രതിശീർഷ വരുമാനത്തിൽ ഏറ്റവും താഴെയുള്ള ജില്ലകൾ മലപ്പുറം ജില്ലയും വയനാട് ജില്ലയുമാണ്. 2022-23 ലെ പോലെ 2023-24 ലും ജില്ലകളുടെ പ്രതിശീർഷ വരുമാന റാങ്കുകൾ അതേപടി തുടരുന്നു. ഏഴ് ജില്ലകളിൽ പ്രതിശീർഷ വരുമാനം സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. പ്രതിശീർഷ മൊത്ത ജില്ലാ സംയോജിത മൂല്യവുമായി (സ്ഥിര വിലയിൽ) ബന്ധപ്പെട്ട അനുബന്ധ റാങ്കും വളർച്ചാ നിരക്കും **പട്ടിക 1.1.7** ൽ നൽകിയിരിക്കുന്നു.

2023-24ൽ പ്രതിശീർഷ മൊത്ത ആഭ്യന്തര സംയോജിത മൂല്യത്തിൽ ഏറ്റവും ഉയർന്ന വളർച്ച രേഖപ്പെടുത്തിയത് ഇടുക്കി (7.02 ശതമാനം) ജില്ലയാണ്. എന്നാൽ, എറണാകുളം ജില്ല (4.47 ശതമാനം) ഏറ്റവും താഴ്ന്ന വളർച്ച രേഖപ്പെടുത്തി. 2023-24ൽ പ്രതിശീർഷ മൊത്ത ആഭ്യന്തര സംയോജിത മൂല്യത്തിൽ ഏറ്റവും ഉയർന്ന വളർച്ച രേഖപ്പെടുത്തിയത് ഇടുക്കി (7.02 ശതമാനം) ജില്ലയാണ്. എന്നാൽ, എറണാകുളം ജില്ല (4.47 ശതമാനം) ഏറ്റവും താഴ്ന്ന വളർച്ച രേഖപ്പെടുത്തി. 2021-22 മുതൽ 2023-24 വരെയുള്ള നടപ്പ് വിലയിലും സ്ഥിര വിലയിലുമുള്ള ജില്ല തിരിച്ചുള്ളതും മേഖലാ വിതരണവുമായി ബന്ധപ്പെട്ട മൊത്ത സംസ്ഥാന സംയോജിത മൂല്യം **അനുബന്ധം 1.1.14, 1.1.15, 1.1.16, 1.1.17, 1.1.18, 1.1.19** എന്നിവയിൽ നൽകിയിരിക്കുന്നു.

### വിലക്കയറ്റം-സമീപകാല പ്രവണതകൾ

ആഗോള പണപ്പെരുപ്പനിരക്ക് 2023-ലെ 6.7 ശതമാനത്തിൽ നിന്ന് 2024-ൽ 5.8 ശതമാനമായും 2025-ൽ 4.3 ശതമാനമായും കുറയുമെന്ന് പ്രതീക്ഷിക്കുന്നതായി ഇന്റർനാഷണൽ മോണിട്ടറി ഫണ്ട് പ്രസിദ്ധീകരിക്കുന്ന വേൾഡ് ഇക്കണോമിക് ഔട്ട്‌ലുക്കിന്റെ ഒക്ടോബർ 2024 അപ്ഡേറ്റ് പറയുന്നു. വികസിത സമ്പദ് വ്യവസ്ഥകളിൽ പണപ്പെരുപ്പനിരക്ക് കുറയുന്ന പ്രക്രിയ വേഗത്തിലായിരിക്കുമെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഇന്ത്യയിൽ പണപ്പെരുപ്പം 2024-ൽ 4.4 ശതമാനവും 2025-ൽ 4.1 ശതമാനവുമായിരിക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു.

ഭാരതീയ റിസേർവ് ബാങ്കിന്റെ മോണിറ്ററി പോളിസി കമ്മിറ്റി (എംപിസി) 2024 ഒക്ടോബറിൽ നടന്ന ദ്വൈമാസ യോഗത്തിൽ ബെഞ്ച്മാർക്ക് റിപ്പോ നിരക്ക് 6.5 ശതമാനമായി തന്നെ നിലനിർത്താൻ തീരുമാനിച്ചു. 2023 ഫെബ്രുവരിയിൽ നടന്ന യോഗത്തിൽ റിസർവ് ബാങ്ക് റിപ്പോ നിരക്ക് 25 ബേസിസ് പോയിൻറ് ഉയർത്തി 6.50 ആക്കിയിരുന്നു. എന്നിരുന്നാലും, എംപിസി അതിന്റെ നയപരമായ നിലപാട് 'വിത്ത്ഡ്രാവൽ ഓഫ് അക്കൊമൊഡേഷൻ എന്നതിൽ നിന്ന് 'ന്യൂട്രൽ' എന്നതിലേക്ക് മാറ്റി.

ഭാരതീയ റിസേർവ് ബാങ്കിന്റെ 2024 ഒക്ടോബറിലെ മോണിറ്ററി പോളിസി റിപ്പോർട്ട് അനുസരിച്ച്, ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിലുള്ള (സിപിഐ) ഇന്ത്യയിലെ പണപ്പെരുപ്പം 2024-25-ൽ ശരാശരി 4.5 ശതമാനവും, സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ 4.1 ശതമാനവും മൂന്നാം പാദത്തിൽ 4.8 ശതമാനവും, നാലാം പാദത്തിൽ 4.2 ശതമാനവും ആയിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2025-26 കാലയളവിൽ, സാധാരണ ഗതിയിലുള്ള കാലവർഷമായിരിക്കുകയും ബാഹ്യമായോ നയപരമായോ കൂടുതൽ ആഘാതങ്ങൾ ഉണ്ടാകാതിരിക്കുകയുമാണെങ്കിൽ, ആർബിഐ എസ്റ്റിമേറ്റുകൾ പ്രകാരം ഇന്ത്യയിലെ പണപ്പെരുപ്പം

**പട്ടിക 1.1.8:** 2024 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഇന്ത്യയുടെയും കേരളത്തിന്റെയും സിപിഐ (ജനറൽ) അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം, ശതമാനത്തിൽ


| ഉപഭോക്തൃ വില സൂചിക | സെപ്റ്റംബർ 2024 | | | ആഗസ്റ്റ് 2024 | | |
|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | സംയോജിതം | ഗ്രാമം | നഗരം | സംയോജിതം |
| ഇന്ത്യ | 5.87 | 5.05 | 5.49 | 4.16 | 3.14 | 3.65 |
| കേരളം | 5.92 | 4.81 | 5.52 | 4.13 | 4.03 | 4.10 |

ഉറവിടം: നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ

ശരാശരി 4.3 ശതമാനവും, സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ 3.7 ശതമാനവും, മൂന്നാം പാദത്തിൽ 4.2 ശതമാനവും നാലാം പാദത്തിൽ 4.1 ശതമാനവും ആയിരിക്കും.

ഭാരത സർക്കാരിന്റെ സ്ഥിതി വിവര പദ്ധതി നിർവഹണ മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ (എൻഎസ്ഒ), കണക്കനുസരിച്ച് 2024 സെപ്റ്റംബറിൽ ഇന്ത്യയിൽ ഉപഭോക്തൃ വില സൂചിക 5.49 ശതമാനമായിരുന്നു. 2024 സെപ്തംബറിലെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ ഗ്രാമീണ മേഖലകളിലെ പണപ്പെരുപ്പ നിരക്ക് (5.87 ശതമാനം) നഗരപ്രദേശങ്ങളെ അപേക്ഷിച്ച് (5.05 ശതമാനം) കൂടുതലാണ്. കേരളത്തിൽ സിപിഐ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം 5.52 ശതമാനമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ കുറവാണ്. എന്നാൽ കേരളത്തിലെ ഗ്രാമീണ മേഖലകളിലെ പണപ്പെരുപ്പ നിരക്ക് 5.92 ശതമാനമാണ്. 2024-25 സാമ്പത്തിക വർഷത്തെ മൂന്നാം പാദത്തിലെ കേരളത്തിലെ ശരാശരി പണപ്പെരുപ്പ നിരക്ക് മോണിറ്ററി പോളിസി റിപ്പോർട്ടിൽ പ്രവചിച്ച 4.8 ശതമാനത്തിന്റെ പരിധിക്കുള്ളിലാണ്. 2024 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഇന്ത്യയുടെയും കേരളത്തിന്റെയും സിപിഐ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പ നിലവാരം **പട്ടിക 1.1.8**–ൽ നൽകിയിരിക്കുന്നു. 2024 ജനുവരി മുതൽ 2024 സെപ്റ്റംബർ വരെയുള്ള ഇന്ത്യയിലെയും കേരളത്തിലെയും പണപ്പെരുപ്പ നിരക്ക് **ചിത്രം 1.1.4**-ൽ നൽകിയിരിക്കുന്നു.

**ചിത്രം 1.1.4: :** ഇന്ത്യയിലെയും കേരളത്തിലേയും പണപ്പെരുപ്പ നിരക്ക്,കറന്റ് സീരീസ് (അടിസ്ഥനവർഷം 2012) 2024 ജനുവരി മുതൽ സെപ്റ്റംബർ വരെ,ജനറൽ ഇന്റക്സ് (എല്ലാ ഗ്രൂപ്പുകളും), ശതമാനത്തിൽ




ഉറവിടം: നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ

### കേരളത്തിലെ വിലനിലവാരം

**കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്തവില സൂചിക**
കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ മൊത്തവില സൂചിക (ഡബ്ല്യുപിഐ) പ്രകാരം , എല്ലാ വിളകളുടെയും സൂചിക 2023-ലെ 151.29-ൽ നിന്ന് 2024-ൽ (ഓഗസ്റ്റ് വരെ) 160.18 ആയി ഉയർന്നു, (അടിസ്ഥാന വർഷം: 2015-16). ഭക്ഷ്യേതര ഇനങ്ങളുടെ വിഭാഗത്തിലെ വിലക്കയറ്റമാണ് ഈ വർദ്ധനവിന്റെ പ്രധാന കാരണം. പയറുവർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ വിലയിലുണ്ടായ വർദ്ധനവ് ഈ കാലയളവിൽ ഭക്ഷ്യവിളകളുടെ വിലയിൽ 5.88 ശതമാനം വർദ്ധനവിന് കാരണമായി . ഭക്ഷ്യവിളകളിൽ ധാന്യവിലയിൽ നേരിയ വർദ്ധന മാത്രമേ ഉണ്ടായിട്ടുള്ളൂ. ഭക്ഷ്യേതര വിളകളുടെ വിലയിൽ ഈ കാലഘട്ടത്തിൽ 20.83 ശതമാനം വർദ്ധനയുണ്ടായി. ഭക്ഷ്യേതര വിളകളുടെ വിഭാഗത്തിൽ പാനീയങ്ങൾ, വാണിജ്യ വിളകൾ, എണ്ണക്കുരുക്കൾ, മറ്റ് ഭക്ഷ്യേതര വസ്തുക്കൾ എന്നിവയുടെ വിലയിലും വർദ്ധനയുണ്ടായിട്ടുണ്ട്. 2021 മുതൽ 2023 വരെയുള്ള കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ ഡബ്ല്യുപിഐയും 2024 ഓഗസ്റ്റ് വരെയുള്ള ശരാശരി പ്രതിമാസ സൂചികകളും (അടിസ്ഥാനം: 2015-16=100) **അനുബന്ധം 1.1.20**-ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ കാർഷിക ഉല്പന്നങ്ങളുടെ പ്രതിമാസ മൊത്തവില സൂചിക കാണിക്കുന്നത് എല്ലാ വിളകളുടെയും സൂചിക 2023 ജനുവരിയിലെ 141.10-ൽ നിന്ന് 2023 ഡിസംബറിൽ 147.88 ആയി ഉയർന്നു എന്നാണ്. ഈ കാലയളവിൽ ഭക്ഷ്യവിളകളുടെ സൂചിക 2023 ജനുവരിയിലെ 145.82-ൽ നിന്ന് 152.29 ആയി ഉയരുകയും ഭക്ഷ്യേതര വിളകളുടെ സൂചിക 129.65-ൽ നിന്ന് 2024-ൽ 137.33 ആയി ഉയരുകയും ചെയ്തു. എല്ലാ വിളകളുടെയും ഡബ്ല്യുപിഐ സൂചിക ജനുവരിയിലെ 151-ൽ നിന്ന് ഓഗസ്റ്റിൽ 176.22 ആയി ഉയർന്നു. ഈ കാലയളവിൽ, ഭക്ഷ്യവിളകളുടെ സൂചിക 2024 ജനുവരിയിലെ 153.05-ൽ നിന്ന് 2024 ഓഗസ്റ്റിൽ 172.54 ആയി ഉയരുകയും ഭക്ഷ്യേതര ഇനങ്ങളുടെ സൂചികയിൽ 146.10-ൽ നിന്ന് 185 ആയി വർദ്ധിക്കുകയും ചെയ്തു കേരളത്തിലെ കാർഷിക ഉല്പന്നങ്ങളുടെ 2023 ജനുവരി മുതൽ 2023 ഡിസംബർ വരെയുള്ള പ്രതിമാസ മൊത്തവില സൂചിക (അടിസ്ഥാനം 2015-16=100) അനുബന്ധം 1.1.21(i)-ലും, 2024 ജനുവരി മുതൽ 2024 ഓഗസ്റ്റ് വരെയുള്ള കേരളത്തിലെ കാർഷികോത്പന്നങ്ങളുടെ പ്രതിമാസ മൊത്തവില സൂചിക (അടിസ്ഥാനം 2015-16=100) **അനുബന്ധം 1.1.21–**ലും നൽകിയിരിക്കുന്നു.

**കേരളത്തിലെ ഉപഭോക്തൃ വില സൂചിക (സിപിഐ)**
കേരളത്തിലെ വാർഷിക ശരാശരി സിപിഐ (അടിസ്ഥാന വർഷം 2011-12) 2022-ലെ 192-ൽ നിന്ന് ഉയർന്ന് 2023-ൽ 199 ആയി. 2024 സെപ്റ്റംബർ വരെയുള്ള കാലയളവിൽ ഉപഭോക്തൃ വില സൂചിക 207 ആയി ഉയർന്നു. 2022-നെ അപേക്ഷിച്ച് 2023-ലെ വ്യതിയാനം 7.35 ശതമാനമാണ്. 2023-ൽ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഏറ്റവും ഉയർന്ന പണപ്പെരുപ്പ നിരക്ക് രേഖപ്പെടുത്തിയത് കോഴിക്കോടാണ്(5.73 ശതമാനം), കാസർകോട് (5.61 ശതമാനം), ചാലക്കുടി (5.45 ശതമാനം) എന്നിവിടങ്ങളിലാണ്. തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഏറ്റവും കുറഞ്ഞ പണപ്പെരുപ്പ നിരക്ക് പുനലൂരിൽ രേഖപ്പെടുത്തി. തിരഞ്ഞെടുത്ത കേന്ദ്രങ്ങളിലെ വാർഷിക ശരാശരി സിപിഐയും വ്യതിയാനശതമാനവും **അനുബന്ധം 1.1.22**-ൽ കാണിച്ചിരിക്കുന്നു. അവശ്യസാധനങ്ങളുടെ 2024 ജനുവരി മുതൽ 2024 സെപ്റ്റംബർ വരെയുള്ള പ്രതിമാസ ചില്ലറ വിലകൾ **അനുബന്ധം 1.1.23**-ൽ നൽകിയിരിക്കുന്നു.

**പാരിറ്റി സൂചിക**
2023-ലെ പാരിറ്റി സൂചികയായ 54, 2022-ലെ 55.75-നേക്കാൾ കുറവാണ്, 2024-ൽ (മെയ് വരെ) സൂചിക 54.40-ലേക്ക് നേരിയ വർദ്ധന രേഖപ്പെടുത്തി. 2022ൽ കർഷകർ നൽകിയ വില സൂചിക 17469.42 ഉം കർഷകർക്ക് ലഭിച്ച വില സൂചിക 9738.83 ഉം ആയിരുന്നു. 2023 ലെ ഇതേ സൂചികകൾ യഥാക്രമം 18135.1 ഉം 9794 ഉം ആണ്. വർദ്ധിച്ചുവരുന്ന കാർഷിക ഉത്പാദനച്ചെലവ്, ഗതാഗതച്ചെലവ്, കൂലിച്ചെലവ് എന്നിവയാണ് ഈ അവസ്ഥയുടെ പ്രധാന കാരണങ്ങൾ. 2010 മുതൽ 2024 വരെ (മെയ് വരെ) കർഷകർക്ക് ലഭിച്ചതും നൽകിയതുമായ വാർഷിക ശരാശരി വില സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 1.1.24** ൽ കാണിച്ചിരിക്കുന്നു .

**കൂലി**
കേരളത്തിലെ കാർഷിക മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതന നിരക്ക് വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മരപ്പണിക്കാരുടെ ദിവസ വേതന നിരക്ക് 2022-23-ലെ 1,015.73 രൂപയിൽ നിന്ന് 2023-24-ൽ 1,082.14 രൂപയായി ഉയർന്നു. കൽപ്പണിക്കാരുടെ ദിവസ വേതന നിരക്കും 2022-23-ലെ 1,018.46 രൂപയിൽ നിന്ന് 2023-24-ൽ 1,081.52 രൂപയായി ഉയർന്നു. ഇതേ കാലയളവിൽ മരപ്പണിക്കാരന്റെ ദിവസ വേതനം 6.54 ശതമാനവും കൽപ്പണിക്കാരുടെ ദിവസ വേതനം 6.19 ശതമാനവും വർദ്ധിച്ചു. കാർഷിക മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ 2010-11 മുതൽ 2023-24 വരെയുള്ള ശരാശരി ദിവസ വേതന നിരക്ക് **അനുബന്ധം 1.1.25**-ൽ നൽകിയിരിക്കുന്നു.

2022-23 ലെ കാർഷിക മേഖലയിലെ പുരുഷ അവിദഗ്ധ തൊഴിലാളികളുടെ (നെൽവയൽ തൊഴിലാളികൾ) ശരാശരി ദിവസ വേതന നിരക്ക് 792.20 രൂപയും, വനിതാ അവിദഗ്ധ തൊഴിലാളികളുടെ ശരാശരി ദിവസ വേതന നിരക്ക് 612.58 രൂപയുമാണ്. 2023-24-ൽ പുരുഷ തൊഴിലാളികളുടെ ദിവസ വേതന നിരക്ക് 4.67 ശതമാനം വർദ്ധിച്ച് 829.22 രൂപയിലെത്തി. വനിതാ തൊഴിലാളികളുടെ വേതന നിരക്കും 6.52 ശതമാനം ഉയർന്ന് 2023-24-ൽ 652.50 രൂപയിലെത്തി. 2010-11

മുതൽ 2023-24 വരെ കാർഷിക മേഖലയിലെ അവിദഗ്ധ തൊഴിലാളികളുടെ ശരാശരി ദിവസ വേതന നിരക്ക് **അനുബന്ധം 1.1.26** ൽ നൽകിയിരിക്കുന്നു.

ഗ്രാമീണ ഇന്ത്യയിലെ കാർഷികേതര തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള ശരാശരി ദിവസ വേതന നിരക്ക് സാമ്പത്തിക അവലോകനത്തിന്റെ ഏഴാം അധ്യായത്തിൽ **പട്ടിക 7.1.3(എ)**–ൽ വിവരിച്ചിരിക്കുന്നു.
സംസ്ഥാന ഇടപെടലുകൾ

ന്യായവില ഷോപ്പുകൾക്കായി സോഷ്യൽ ഓഡിറ്റിംഗ്, ഡിജിറ്റലൈസ്ഡ് റേഷൻ കാർഡുകൾക്കുള്ള അപേക്ഷാ സമർപ്പണത്തിനുള്ള ഓൺലൈൻ സൗകര്യം, എന്നിവയാണ് പൊതുവിതരണ മേഖലയിൽ സ്വീകരിച്ചിട്ടുള്ള പുതിയ സംരംഭങ്ങൾ. ഒറ്റപ്പെട്ട മലയോര മേഖലകളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളുടെ വീടുകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനും അവരെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുന്നതിനുമായി രൂപകൽപ്പന ചെയ്തിട്ടുള്ള മൊബൈൽ റേഷൻ ഷോപ്പ് പദ്ധതി ഇതുവരെ 10 ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി ലാസ്റ്റ്മൈൽ കണക്റ്റിവിറ്റി ഉറപ്പാക്കുകയും വിശപ്പ് രഹിത കേരളം എന്ന ലക്ഷ്യത്തിലേക്കെത്താൻ സഹായിക്കുകയും ചെയ്യുന്നു. ഈ വർഷം ആരംഭിച്ച മറ്റൊരു പ്രധാന സംരംഭം പരമ്പരാഗത ന്യായവില കടകളെ ആധുനിക സാങ്കേതിക വിദ്യയിലൂടെയും സേവനങ്ങളുടെ വൈവിധ്യവൽക്കരണത്തിലൂടെയും നവീകരിക്കാൻ ലക്ഷ്യമിടുന്ന കെ-സ്റ്റോർ ആണ്. ഇവയിലൂടെ സബ്സിഡിയുള്ള അവശ്യസാധനങ്ങൾ വിതരണം ചെയ്യുക, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ വിൽക്കുക, വിവരസാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങൾ നൽകുക എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

അവശ്യവസ്തുക്കളുടെ കേരളത്തിലെ വിലയിലെ ഏറ്റക്കുറച്ചിലുകൾ നിരീക്ഷിക്കുന്നതിനായി സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ സെന്റർ ഫോർ പ്രൈസ് റിസർച്ച്- കേരള സ്ഥാപിച്ചു. അവശ്യ വസ്തുക്കളുടെ വില നിരീക്ഷിക്കാനും വില നിയന്ത്രിക്കാനുമുള്ള നയപരമായ കാര്യങ്ങളിൽ സർക്കാരിനെ സഹായിക്കാനും ഇതുവഴി സാധിക്കും. പതിമൂന്ന് അവശ്യ വസ്തുക്കളുടെ മൊത്തവിലയും ചില്ലറ വിലയും ഉൾപ്പെടുത്തി പ്രതിവാര വില വിശകലന റിപ്പോർട്ട് 2023 ജനുവരി മുതൽ സെന്റർ ഫോർ പ്രൈസ് റിസർച്ച് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു.

സംസ്ഥാന സർക്കാർ പൊതുവിപണികളിൽ നേരിട്ടുള്ള ഇടപെടൽ നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അനിയന്ത്രിതമായ വില വർദ്ധനവ് കണ്ടെത്താൻ പരിശോധനകൾ നടത്തിവരുന്നു. ന്യായവിലഷോപ്പുകളുടെ പരിശോധനകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് മൊബൈൽ ആപ്പ് അവതരിപ്പിക്കുകവഴി, എല്ലാ പരിശോധനകളും വേഗത്തിലും സുതാര്യവുമാക്കിയ രാജ്യത്തെ തന്നെ ആദ്യ സംസ്ഥാനമായി മാറാൻ കേരളത്തിന് കഴിഞ്ഞു. ഫലപ്രദമായ വിപണി ഇടപെടലുകളിലൂടെ പണപ്പെരുപ്പ സമ്മർദങ്ങൾ ലഘൂകരിക്കാനുള്ള ശ്രമങ്ങൾ സംസ്ഥാനം തുടർച്ചയായി നടത്തിവരുന്നു

# 1.2 ജനസംഖ്യ വിവരണം

ഇന്ത്യൻ സെൻസസ് പ്രകാരം ഇന്ത്യയിലെ ആകെ ജനസംഖ്യ 2001-ൽ 102.86 കോടിയും 2011-ൽ 121.09 കോടിയുമാണ്. 2011ലെ സെൻസസ് പ്രകാരം 2011ൽ 62.32 കോടി പുരുഷന്മാരും 58.75 കോടി സ്ത്രീകളുമാണ് രാജ്യത്തുണ്ടായിരുന്നത്. ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിൽ 382 ആളുകളും ലിംഗാനുപാതം 1,000 പുരുഷന്മാർക്ക് 943 സ്ത്രീകളുമാണ്. ഗ്രാമങ്ങളിലേയും നഗരങ്ങളിലേയും ലിംഗാനുപാതം 1000 പുരുഷന്മാർക്ക് യഥാക്രമം 949, 929 സ്ത്രീകൾ എന്നിങ്ങനെയാണ്. 0-6 പ്രായത്തിലുള്ള കുട്ടികളുടെ ജനസംഖ്യ 16.45 കോടിയും 0-6 പ്രായത്തിലുള്ള കുട്ടികളുടെ ലിംഗാനുപാതം 1,000 ആൺകുട്ടികൾക്ക് 918 പെൺകുട്ടികളുമാണ്.

### സംസ്ഥാന ജനസംഖ്യയുടെ പ്രവണതകൾ

ഇന്ത്യൻ സെൻസസ് പ്രകാരം 2001-ൽ കേരളത്തിലെ മൊത്തം ജനസംഖ്യ 3.18 കോടിയും 2011-ൽ 3.34 കോടിയും ആയിരുന്നു, ദശാബ്ദത്തിലെ മാറ്റം 4.91 ശതമാനമാണ്.


### 2036 വരെയുള്ള ജനസംഖ്യ പ്രൊജക്ഷൻ

2011-ലെ മൊത്തം ജനസംഖ്യ, 121.09 കോടിയിൽ നിന്ന് 2036-ൽ 151.83 കോടിയായി ഉയരുമെന്ന് പ്രവചിക്കപ്പെടുന്നു, 2011-ലെ സെൻസസിനേക്കാൾ 25 ശതമാനം വർദ്ധനവാണിത്. അതുപോലെ, കേരളത്തിലെ ജനസംഖ്യ 2036-ൽ 3.34 കോടിയിൽ നിന്ന് 3.69 കോടിയായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു, 2011 ലെ സെൻസസിനെ അപേക്ഷിച്ച് 10.6 ശതമാനം വർദ്ധനവാണിത് **(പട്ടിക 1.2.2)**.

### ജനസംഖ്യാ വളർച്ച

2001 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും കുറഞ്ഞ ദശാബ്ദ ജനസംഖ്യാ വളർച്ചാ നിരക്കായ 4.9 ശതമാനം കേരളത്തിലാണ്. ഏറ്റവും ഉയർന്ന വളർച്ചാ നിരക്ക് മലപ്പുറം ജില്ലയിലും (13.4 ശതമാനം), ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്ക് പത്തനംതിട്ടയിലും (-3 ശതമാനം) ആണ്. കേരളത്തിലെ വടക്കൻ ജില്ലകളെ അപേക്ഷിച്ച്

**ചിത്രം 1.2.1** 2001, 2011 കാലഘട്ടത്തിലെ കേരളത്തിലെ ജനസംഖ്യ




അവലംബം: സെൻസസ് 2001 &2011

**പട്ടിക 1.2.1** 2001-2011, കാലഘട്ടത്തിലെ കേരളത്തിലെ ഗ്രാമീണ നഗര ജനസംഖ്യയുടെ ഘടന

| | 2001 | | | 2011 | | |
|---|---|---|---|---|---|---|
| | അകെ | ഗ്രാമീണം | നഗരം | അകെ | ഗ്രാമീണം | നഗരം |
| ഇന്ത്യ | 1,02,86,10,378 | 74,24,90,639 | 28,61,19,689 | 1,21,08,54,977 | 83,37,48,852 | 37,71,06,125 |
| കേരളം | 3,18,41,374 | 2,35,74,449 | 82,66,925 | 3,34,06,061 | 174,71,135 | 159,34,926 |

അവലംബം: സെൻസസ് 2001 &2011

**പട്ടിക 1.2.2** ജനസംഖ്യാ പ്രൊജക്ഷൻ-ഇന്ത്യയും കേരളവും (1000-ൽ)

| ക്രമ നമ്പർ | വർഷം | വിഭാഗം | ഇന്ത്യ | കേരളം |
|---|---|---|---|---|
| 1 | 2011 | വ്യക്തി | 1210855 | 33406 |
| | | പുരുഷൻ | 623271 | 16027 |
| | | സ്ത്രീ | 587585 | 17379 |
| 2 | 2016 | വ്യക്തി | 1290235 | 34578 |
| | | പുരുഷൻ | 663346 | 16594 |
| | | സ്ത്രീ | 626889 | 17984 |
| 3 | 2021 | വ്യക്തി | 1361343 | 35489 |
| | | പുരുഷൻ | 698959 | 17043 |
| | | സ്ത്രീ | 662384 | 18447 |
| 4 | 2026 | വ്യക്തി | 1423435 | 36207 |
| | | പുരുഷൻ | 729604 | 17395 |
| | | സ്ത്രീ | 693831 | 18812 |
| 5 | 2031 | വ്യക്തി | 1475519 | 36695 |
| | | പുരുഷൻ | 754893 | 17638 |
| | | സ്ത്രീ | 720626 | 19057 |
| 6 | 2036 | വ്യക്തി | 1518288 | 36949 |
| | | പുരുഷൻ | 775702 | 17775 |
| | | സ്ത്രീ | 742586 | 19174 |

അവലംബം:സെൻസസ്,2011

ആറ് തെക്കൻ ജില്ലകളിൽ (ഇടുക്കി, കോട്ടയം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം) ജനസംഖ്യാ വളർച്ച കുറവാണ്. (**അനുബന്ധം 1.2.1**)


**ജനസാന്ദ്രത**

2011-ലെ സെൻസസ് അനുസരിച്ച്, കേരളത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിൽ 860 ആളുകളാണ്, ഇത് അഖിലേന്ത്യാ തലത്തേക്കാൾ (382) ഇരട്ടിയിലധികം ആണ്. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ജില്ല തിരുവനന്തപുരവും (1,508) ഏറ്റവും കുറവ് ജനസാന്ദ്രതയുള്ള ജില്ല (255) ഇടുക്കിയുമാണ്. 2001-നെ അപേക്ഷിച്ച് 2011-ൽ പത്തനംതിട്ട, ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും ജനസാന്ദ്രത വർദ്ധിച്ചു. (**അനുബന്ധം 1.2.1**)

**ജനന നിരക്ക്**

ഒരു നിശ്ചിത ഭൂമിശാസ്ത്രപരമായ പ്രദേശത്തെ ജനസംഖ്യയിൽ ഒരു നിശ്ചിത വർഷത്തിൽ സംഭവിക്കുന്ന 1000 ജീവനുള്ള ജനനങ്ങളുടെ എണ്ണമാണ് ക്രൂഡ് ബർത്ത് റേറ്റ്. ഇന്ത്യാ ഗവൺമെന്റിന്റെ വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് അനുസരിച്ച്, 2010-ൽ ക്രൂഡ് ബർത്ത് റേറ്റ് 15.7 ആയിരുന്നു, അത് 2020-ൽ 12.7 ആയി കുറഞ്ഞു, 2021-ൽ 11.9 ആയി. വിശദാംശങ്ങൾ **അനുബന്ധം 1.2.3**–ൽ നൽകിയിരിക്കുന്നു.

**ചിത്രം 1.2.2** കേരളത്തിലെ ഗ്രാമീണ-നഗര ജനസംഖ്യ




അവലംബം: സെൻസസ് 2001 &2011

**പട്ടിക 1.2.3** രോഗങ്ങൾ/ശീലങ്ങൾ മൂലമുള്ള മരണങ്ങളുടെ എണ്ണം

| ക്രമ നമ്പർ | മരണത്തിന് കാരണമാകുന്ന രോഗങ്ങൾ/ശീലങ്ങൾ | സംഖ്യകൾ | | | | |
|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ലിംഗം സ്ഥിതീകരിക്കാത്തവർ | ആകെ | ശതമാനം |
| 1 | ക്ഷയരോഗം | 294 | 99 | | 393 | 0.25 |
| 2 | വില്ലൻ ചുമ | 22 | 30 | | 52 | 0.03 |
| 3 | കാൻസർ | 12778 | 9212 | | 21990 | 14.37 |
| 4 | പ്രമേഹം | 1768 | 2133 | | 3901 | 2.55 |
| 5 | ഹൃദയാഘാതം / ഹൃദയ രോഗങ്ങൾ | 43948 | 28696 | | 72644 | 47.5 |
| 6 | ന്യുമോണിയ | 2747 | 1890 | | 4637 | 3.03 |
| 7 | ആസ്ത്മ | 12528 | 12871 | | 25399 | 16.6 |
| 8 | മഞ്ഞപ്പിത്തം | 253 | 145 | | 398 | 0.26 |
| 9 | കരൾ രോഗങ്ങൾ | 2899 | 1295 | | 4194 | 2.74 |
| 10 | അൾസർ | 191 | 132 | | 323 | 0.21 |
| 11 | പക്ഷാഘാതം | 3482 | 3347 | | 6829 | 4.46 |
| 12 | അപകടങ്ങൾ (ട്രാഫിക് വാഹനങ്ങൾ) | 2058 | 311 | 1 | 2370 | 1.54 |
| 13 | ആത്മഹത്യ | 5075 | 1275 | 2 | 6352 | 4.15 |
| 14 | രക്തസമ്മർദ്ദം | 1476 | 1975 | | 3451 | 2.25 |
| മൊത്തം | | 89519 (58.53%) | 63411 (41.46%) | 3 (0.0019%) | 152933 | |

അവലംബം: ജനന മരണ സ്ഥിതി വിവര കണക്ക് റിപ്പോർട്ട് ,2021

**മരണനിരക്ക്**

ഒരു നിശ്ചിത ഭൂമിശാസ്ത്രപരമായ പ്രദേശത്തെ ജനസംഖ്യയിൽ ഒരു നിശ്ചിത വർഷത്തിൽ 1000 ജനസംഖ്യയിൽ മരിക്കുന്നവരുടെ എണ്ണമാണ് ക്രൂഡ് ഡെത്ത് റേറ്റ്. വാർഷിക ജനന മരണ സ്ഥിതിവിവര കണക്ക് അനുസരിച്ച്, ക്രൂഡ് മരണനിരക്ക് 2010 ൽ 6.9 ഉം 2021 ൽ 9.6 ഉം ആയിരുന്നു. ശിശുമരണ നിരക്ക് (IMR) എന്നത് ഒരു നിശ്ചിത ഭൂമിശാസ്ത്രപരമായ പ്രദേശത്ത് ഒരു വർഷത്തിൽ സംഭവിക്കുന്ന 1000 തത്സമയ ജനനങ്ങളിൽ ഒരു വയസ്സിനു താഴെയുള്ള മരണങ്ങളുടെ എണ്ണമാണ്. കേരളത്തിലെ ശിശുമരണനിരക്ക് 2010-ൽ 7.4 ആയിരുന്നത് 2021-ൽ 5.1 ആയി കുറഞ്ഞു. മാതൃമരണ നിരക്ക് (എംഎംആർ) എന്നത് ഗർഭധാരണം മൂലമോ ഗർഭം അവസാനിപ്പിച്ചതിനാലോ 100,000 ജനനങ്ങളിൽ എത്ര മാതൃ മരണങ്ങൾ ആണ് സംഭവിക്കുന്നത് എന്ന് കണക്കാക്കുന്നതാണ്. സ്ത്രീകൾക്കിടയിൽ ഗർഭധാരണവുമായി ബന്ധപ്പെട്ട അപകടസാധ്യതയെ പ്രതിനിധീകരിക്കാൻ മാതൃ മരണ നിരക്ക്(എംഎംആർ) ഉപയോഗിക്കുന്നു. കേരളത്തിലെ എംഎംആർ 2010ൽ 30 ആയിരുന്നത് 2021ൽ 19 ആയി കുറഞ്ഞു. (**അനുബന്ധം 1.2.3**)

**കേരളത്തിലെ മരണകാരണങ്ങൾ**

2021-ൽ രോഗങ്ങൾ/ശീലങ്ങൾ മൂലമുണ്ടാകുന്ന മരണങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 1.2.3** യിൽ നൽകിയിരിക്കുന്നു. കേരളത്തിലെ ആകെ മരണസംഖ്യ 1.53 ലക്ഷവും അതിൽ 58.5 ശതമാനം പുരുഷന്മാരും 41.5 ശതമാനം സ്ത്രീകളുമാണ്. പൊതുവേ, കേരളത്തിലെ ജനന-മരണ നിരക്ക് വർഷങ്ങളായി കുറഞ്ഞുവരികയാണ്, എന്നാൽ 2021-ൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഉയർന്ന മരണനിരക്ക് പ്രധാനമായും കോവിഡ്-19 മൂലമാണ്. കേരളത്തിൽ നടക്കുന്ന മരണത്തിന്റെ പ്രധാന കാരണങ്ങൾ **പട്ടിക 1.2.3** ൽ നൽകിയിരിക്കുന്നു

**സാക്ഷരത**

കേരളത്തിലെ സാക്ഷരതാ നിരക്ക് 2001ൽ 91 ശതമാനവും 2011ൽ 94 ശതമാനവുമായിരുന്നു. 2011-ൽ കേരളത്തിലെ 96.1 ശതമാനം പുരുഷന്മാരും 92.1 ശതമാനം സ്ത്രീകളും സാക്ഷരരായിരുന്നു. അഖിലേന്ത്യാ തലത്തിലെ അനുബന്ധ അനുപാതങ്ങൾ യഥാക്രമം 82.1, 65.5 ശതമാനമായിരുന്നു. കേരളത്തിലെ ജില്ലകളിൽ ഏറ്റവും കൂടുതൽ സാക്ഷരത നേടിയത് കോട്ടയത്താണ് (97.2 ശതമാനം), 96.5 ശതമാനം നേടിയ പത്തനംതിട്ടയാണ് തൊട്ടടുത്ത് നിൽക്കുന്നത്. (**അനുബന്ധം 1.2.1**)

**ലിംഗാനുപാതം**

2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലും സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലാണ്. 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ സ്ത്രീ-പുരുഷ അനുപാതം 1,084 ആണ്. കേരളത്തിലെ സ്ത്രീ-പുരുഷ അനുപാതം 1981-ൽ 1,032-ൽ നിന്ന് 1991-ൽ 1,036 ആയും 2001-ൽ 1,058 ആയും വർദ്ധിച്ചുവരികയാണ്. ചരിത്രപരമായി സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ എണ്ണത്തേക്കാൾ കൂടി നിൽക്കുന്ന ഇന്ത്യയിലെ ഒരേ ഒരു സംസ്ഥാനമാണ്

കേരളം. അഖിലേന്ത്യാ തലത്തിൽ ഇത് 943 ആയിരുന്നു. ജില്ലകളിൽ ഉടനീളം പോസിറ്റീവ് ലിംഗാനുപാതം ഉള്ളത് കേരളത്തിന്റെ സവിശേഷതയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ സ്ത്രീപുരുഷ അനുപാതമുള്ളത് കണ്ണൂർ ജില്ലയിലാണ് (1,136), രണ്ടാമത് പത്തനംതിട്ട ജില്ലയുമാണ്(1,132). ഇടുക്കിയിലാണ് ഏറ്റവും കുറവ് ലിംഗാനുപാതം (1,006). (**അനുബന്ധം 1.2.2**)

### കുട്ടികളുടെ ലിംഗാനുപാതം (0–6 വർഷം)

2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ കുട്ടികളുടെ ലിംഗാനുപാതം (0-6 വയസ് പ്രായമുള്ള 1000 ആൺകുട്ടികൾക്ക് പെൺകുട്ടികളുടെ എണ്ണം) 964 ആണ്. 2001-ൽ ഇത് 960 ആയിരുന്നു. കേരളത്തിലെ ജില്ലകളിൽ ഏറ്റവും കൂടുതൽ കുട്ടികളുടെ ലിംഗാനുപാതം പത്തനംതിട്ടയിലാണ് (976), തൊട്ടുപിന്നിൽ കൊല്ലം (973), കണ്ണൂർ (971) എന്നീ ജില്ലകൾ ആണ്. തൃശ്ശൂരിലാണ് ഏറ്റവും കുറഞ്ഞ അനുപാതം (950). ഏറ്റവും കൂടുതൽ ദശാബ്ദ വർധന റിപ്പോർട്ട് ചെയ്തിരിക്കുന്നത് കൊല്ലത്താണ് (13), തൊട്ടുപിന്നിൽ കോഴിക്കോട് (10). തൃശ്ശൂർ (-8), ഇടുക്കി (-5), ആലപ്പുഴ (-5) എന്നിവിടങ്ങളിൽ കുട്ടികളുടെ ലിംഗാനുപാതത്തിൽ ദശാബ്ദകാലയളവിൽ നെഗറ്റീവ് മാറ്റമാണ് ഉണ്ടായിട്ടുള്ളത്. (**അനുബന്ധം 1.2.2**)


### പ്രായവിഭാഗ അനുപാതം

കഴിഞ്ഞ അമ്പത് വർഷത്തിനിടയിലെ കേരളത്തിലെ ജനസംഖ്യാപരമായ മാറ്റം ശ്രദ്ധേയമാണ്. 0-14 പ്രായ വിഭാഗത്തിലുള്ള ജനസംഖ്യ 1961-ൽ 43 ശതമാനമായിരുന്നത് 2011-ൽ 23.4 ശതമാനമായി കുറഞ്ഞു. മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങളുടെ ലഭ്യതയും, ആയുർദൈർഘ്യം വർദ്ധിച്ചതും കാരണം 60 വയസ്സിനു മുകളിലുള്ളവരുടെ അനുപാതം, 1961 ൽ 5 ശതമാനം ആയിരുന്നത് 2011-ൽ 12.7 ശതമാനം ആയി വർദ്ധിച്ചു. ദേശീയ തലത്തിൽ, ജനസംഖ്യയുടെ 29.5 ശതമാനം 0-14 വയസ്സിനിടയിലും 62.5 ശതമാനവും 15-59 വിഭാഗത്തിലും 8 ശതമാനം 60 വയസ്സിന് മുകളിലുള്ളവരുമാണ് ഈ പ്രവണത തുടരുകയാണെങ്കിൽ, 0-14 വയസ്സിനിടയിലുള്ള ജനസംഖ്യയുടെ അനുപാതം കുറഞ്ഞുവരുന്നതിനാൽ, തൊഴിൽ ചെയ്യുന്ന പ്രായ വിഭാഗത്തിലേക്കുള്ള (15-59) ജനസംഖ്യ സമീപഭാവിയിൽ കുറയും. അതുപോലെ 60 വയസ്സിനു മുകളിലുള്ളവരുടെ വർദ്ധിച്ചുവരുന്ന അനുപാതം സർക്കാരിന് ഉയർന്ന സാമൂഹിക സുരക്ഷാ ബാധ്യതകൾ ഉണ്ടാക്കും.

### പ്രായവിഭാഗം – ജില്ലാതല അനുപാതം

കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 63.9 ശതമാനം 15-59 വയസ്സിനിടയിലുള്ള ജോലി ചെയ്യുന്ന വിഭാഗത്തിലാണ്, തുടർന്ന് 23.4 ശതമാനം 0-14 വയസ്സിനിടയിലും 12.55 ശതമാനം 60 വയസ്സിനു മുകളിലുള്ളവരിലും ആണ്. ജില്ലകളിൽ ഏറ്റവും കൂടുതൽ തൊഴിലാളികളുള്ളത് ഇടുക്കിയിലാണ് (66 ശതമാനം), മലപ്പുറത്താണ് ഏറ്റവും കുറവ് (61.4 ശതമാനം).60 വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ പത്തനംതിട്ടയിലാണ് ഏറ്റവും കൂടുതൽ (17.9 ശതമാനം) ജനസംഖ്യ. മലപ്പുറത്താണ് ഏറ്റവും കുറവ് ജനസംഖ്യ (8.4 ശതമാനം). അതേസമയം, 0-14 പ്രായ വിഭാഗത്തിലെ ജനസംഖ്യയുടെ ഏറ്റവും ഉയർന്ന അനുപാതം മലപ്പുറത്താണ് (30.2 ശതമാനം), പത്തനംതിട്ടയിലാണ് ഏറ്റവും കുറവ് (19.4 ശതമാനം). 2011 ലെ സെൻസസ് പ്രകാരം വിവിധ പ്രായക്കാർക്കിടയിലുള്ള ജനസംഖ്യയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ **പട്ടിക 1.2.3A**ൽ കൊടുത്തിരിക്കുന്നു

**ചിത്രം 1.2.3** 2001-ലും 2011-ലും ജില്ല തിരിച്ചുള്ള കേരളത്തിലെ ജനസംഖ്യ




അവലംബം: സെൻസസ് 2001, 2011

**പട്ടിക 1.2.3A.** വിവിധ പ്രായ വിഭാഗങ്ങളിലെ ജനസംഖ്യയുടെ ജില്ല തിരിച്ചുള്ള വിതരണം-2011

| ജില്ല | മൊത്തം ജില്ലയിലെ ജനസംഖ്യയിൽ വ്യത്യസ്ത പ്രായത്തിലുള്ള സംഖ്യകൾ | | | മൊത്തം ജില്ല ജനസംഖ്യയിലെ വ്യത്യസ്ത പ്രായ വിഭാഗത്തിന്റെ ശതമാനം | | |
|---|---|---|---|---|---|---|
| | 0-14 | 15-59 | 60+ | 0-14 | 15-59 | 60+ |
| കാസർഗോഡ് | 3,42,696 | 8,35,111 | 1,29,568 | 26.2 | 63.9 | 9.9 |
| കണ്ണൂർ | 5,94,411 | 16,06,593 | 3,21,999 | 23.6 | 63.7 | 12.8 |
| വയനാട് | 2,12,246 | 5,26,414 | 78,760 | 26.0 | 64.4 | 9.6 |
| കോഴിക്കോട് | 7,49,692 | 19,72,762 | 3,63,839 | 24.3 | 63.9 | 11.8 |
| മലപ്പുറം | 12,41,491 | 25,26,407 | 3,45,022 | 30.2 | 61.4 | 8.4 |
| പാലക്കാട് | 6,78,192 | 17,95,096 | 3,36,646 | 24.1 | 63.9 | 12.0 |
| തൃശ്ശൂർ | 6,88,592 | 20,01,050 | 4,31,558 | 22.1 | 64.1 | 13.8 |
| എറണാകുളം | 6,93,215 | 21,35,689 | 4,53,484 | 21.1 | 65.1 | 13.8 |
| ഇടുക്കി | 2,47,338 | 7,32,193 | 1,29,443 | 22.3 | 66.0 | 11.7 |
| കോട്ടയം | 4,13,849 | 12,47,065 | 3,13,637 | 21.0 | 63.2 | 15.9 |
| ആലപ്പുഴ | 4,46,279 | 13,57,100 | 3,24,410 | 21.0 | 63.8 | 15.2 |
| പത്തനംതിട്ട | 2,32,670 | 7,50,202 | 2,14,540 | 19.4 | 62.7 | 17.9 |
| കൊല്ലം | 5,83,023 | 17,00,534 | 3,51,818 | 22.1 | 64.5 | 13.3 |
| തിരുവനന്തപുരം | 7,07,280 | 21,60,992 | 4,33,155 | 21.4 | 65.5 | 13.1 |
| കേരളം | 78,30,974 | 2,13,47,208 | 4193393 # | 23.4 | 63.9 | 12.6 |

അവലംബം: സെൻസസ് 2011, # ഇതിൽ പ്രായം വ്യക്തമാക്കാത്ത വിഭാഗത്തെ (34486) ഉൾപ്പെടുത്തിയിട്ടില്ല.

**കേരളത്തിലെ ജോലി ചെയ്യുന്നവരുടെ ജനസംഖ്യ – 2011 ലെ സെൻസസ്**

2011-ലെ സെൻസസ് പ്രകാരം, സംസ്ഥാനത്തെ മൊത്തം ജോലി ചെയ്യുന്നവരുടെ ജനസംഖ്യയിൽ, പ്രധാന തൊഴിലാളികൾ 97.90 ലക്ഷം (27.9 ശതമാനം) വരും. കൂടാതെ 18.28 ലക്ഷം നാമമാത്ര തൊഴിലാളികളും (14.35 ശതമാനം). കൂടാതെ 11.17 ലക്ഷം പേർ ജോലി തേടുന്നവരോ തയ്യാറായവരോ ആണ് (8.76 ശതമാനം). വിശദാംശങ്ങൾ **പട്ടിക 1.2.4**ൽ നൽകിയിരിക്കുന്നു.

**മുന്നിലുള്ള വെല്ലുവിളികൾ**

നിരവധി പ്രശ്നങ്ങൾ കേരളത്തിന്റെ ജനസംഖ്യാപരമായ പ്രകടനത്തെ ബാധിക്കുന്നു.ഉയർന്ന ജനസാന്ദ്രത, പ്രായമാകുന്നവരുടെ ജനസംഖ്യയിൽ ഉള്ള വർധനവ്, കുറഞ്ഞ പ്രത്യുൽപാദന നിരക്ക്, വർദ്ധിച്ചുവരുന്ന നഗരവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. പാരിസ്ഥിതിക തകർച്ച, വിഭവങ്ങളുടെ ദൗർലഭ്യം, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, കുടിയേറ്റം, ജനസംഖ്യാപരമായ അസന്തുലിതാവസ്ഥ എന്നിവയിൽ അവ പ്രകടമാണ്.സംസ്ഥാനത്തിന്റെ ആരോഗ്യകരമായ ജനസംഖ്യാ പ്രൊഫൈൽ കെട്ടിപ്പടുക്കുന്നതിനായി കേരള സർക്കാർ വിവിധ നയങ്ങളും സംരംഭങ്ങളും നടപ്പിലാക്കി വരുന്നു. സുസ്ഥിര വികസനം, കുടുംബാസൂത്രണം, പ്രത്യുൽപാദന ആരോഗ്യം, വിദ്യാഭ്യാസം, നൈപുണ്യ വികസനം, അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം, സാമൂഹ്യക്ഷേമ പരിപാടികൾ, തൊഴിലവസരങ്ങൾ എന്നിവയിൽ ഈ ബഹുമുഖ ഇടപെടലുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു

**പട്ടിക 1.2.4** കേരളത്തിലെ തൊഴിലാളി വിഭാഗത്തിൻറെ ഇനം തിരിച്ചുള്ള ജനസംഖ്യ

| ക്രമ നമ്പർ | ജനസംഖ്യ വിഭാഗം | മൊത്തം ജനസംഖ്യ | പ്രധാന തൊഴിലാളികൾ | | നാമമാത്ര തൊഴിലാളികൾ | | തൊഴില്ലാത്തവർ | |
|---|---|---|---|---|---|---|---|---|
| | | | ജോലി ചെയ്യുന്നവരുടെ എണ്ണം | 3 മാസത്തിൽ താഴെ ജോലി ചെയ്തു | നാമമാത്ര തൊഴിലാളികൾ - 3-6 മാസം ജോലി ചെയ്തു | ജോലി തേടുന്നവർ/ലഭ്യമായവർ | ആകെ | ജോലി തേടുന്നവർ/ലഭ്യമായവർ |
| 1 | പുരുഷൻ | 160,27,412 | 7179828 | 210044 | 1061697 | 637148 | 7575843 | 3921212 |
| 2 | സ്ത്രീ | 173,78,649 | 2149919 | 251069 | 766506 | 479523 | 14211155 | 1157115 |
| | ആകെ | 33,40,6061 | 9329747 | 461113 | 1828203 | 1116671 | 21786998 | 2764097 |

അവലംബം രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറുടെ ഓഫീസ്, ഇന്ത്യ, ആഭ്യന്തര മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്https://censusindia.gov.in/nada/index.php/catalog/12629, റഫറൻസ്. നമ്പർ ORGI സെൻസസ് 2011 പട്ടികകൾ.

## നഗരവൽക്കരണം

ആഗോളതലത്തിൽ നഗരവൽക്കരണം സമീപ ദശകങ്ങളിൽ ഒരു പ്രധാന പ്രവണതയായി ഉയർന്നുവന്നിട്ടുണ്ട്. കൂടാതെ, ഐക്യരാഷ്ട്രസഭ തുടർച്ചയായി ദ്രുതഗതിയിലുള്ള നഗരവളർച്ചയെ പ്രവചിക്കുന്നു. നൂറ്റാണ്ടിന്റെ മധ്യത്തോടെ നഗരവൽക്കരണം ഉയർന്ന് 68 ശതമാനത്തിലെത്തും എന്നാണ് ഐക്യരാഷ്ട്രസഭയുടെ കണക്കുകൾ. ജനസംഖ്യാ വർധനവും നഗരപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളുടെ ശതമാനം വർധിപ്പിക്കുന്നതുമാണ് നഗരജനസംഖ്യയുടെ വളർച്ചയ്ക്കു കാരണമാകുന്നത്. ഈ രണ്ട് ഘടകങ്ങളും ചേർന്ന് 2050-ഓടെ ലോകത്തിലെ നഗര ജനസംഖ്യയിൽ 2.5 ബില്യൺ വർധനവുണ്ടാക്കുമെന്ന് പ്രവചിക്കപ്പെടുന്നു. ഈ വളർച്ചയുടെ ഏതാണ്ട് 90 ശതമാനവും ഏഷ്യയിലും ആഫ്രിക്കയിലുമാണ്. 2050-ഓടെ ഏകദേശം 2.5 ബില്യൺ നഗരജനസംഖ്യാ വർദ്ധനവിന്റെ 35 ശതമാനവും ചൈന, ഇന്ത്യ, നൈജീരിയ എന്നിവിടങ്ങളിൽ നിന്നാവും. 2018 നും 2050 നും ഇടയിൽ നഗര ജനസംഖ്യയുടെ വലിപ്പം ഇരട്ടിയാക്കിക്കൊണ്ട്, 416 ദശലക്ഷം നഗരവാസികളെ കൂട്ടിച്ചേർക്കുന്നതിലൂടെ, നഗര ജനസംഖ്യാ വർദ്ധനവിന് ഏറ്റവും കൂടുതൽ സംഭാവന നൽകുന്നത് ഇന്ത്യയായിരിക്കും.

ഇന്ത്യയിൽ, നഗരവൽക്കരണത്തെ രണ്ട് വ്യത്യസ്ത രീതികളിലാണ് നിർവചിക്കുന്നത്: ഭരണപരമായ നിർവചനവും സെൻസസ് നിർവചനവും. ഭരണപരമായ നിർവചനത്തിന് കീഴിൽ, ഒരു പ്രദേശം ഒരു നഗര തദ്ദേശസ്വയംഭരണ സർക്കാരിന്റെ (എൽ.എസ്.ജി) അധികാരപരിധിയിലാണെങ്കിൽ അത് നഗര വിഭാഗത്തിൽപ്പെടും. കൂടാതെ, ജനസംഖ്യ, ജനസാന്ദ്രത, സാമ്പത്തികപ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിർദിഷ്ട പരിധികൾ മറികടക്കുകയാണെങ്കിൽ ഒരു പ്രദേശം നഗരമായി നിശ്ചയിക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. സെൻസസ് നിർവചനം അനുസരിച്ച്, ഇന്ത്യയിൽ ആകെ 7,933 നഗര വാസസ്ഥലങ്ങളുണ്ട് (സ്റ്റാറ്റ്യൂട്ടറിപട്ടണങ്ങളും സെൻസസ് പട്ടണങ്ങളും). ഇവിടെയുള്ള ജനസംഖ്യ 377.1 ദശലക്ഷമാണ് (സെൻസസ് 2011). ഇതു മൂലം ലോകത്തിലെ രണ്ടാമത്തെ വലിയ നഗരവ്യവസ്ഥയായി ഇന്ത്യയെ വിലയിരുത്തപ്പെടുന്നു. വേൾഡ് അർബനൈസേഷൻ പ്രോസ്പെക്ട്സ് 2018 (പുതുക്കിയത്) പ്രകാരം, 2030ഓടെ, ഇന്ത്യയുടെ നഗരജനസംഖ്യ 607 ദശലക്ഷമായും 2050 ആകുമ്പോഴേക്കും 876 ദശലക്ഷമായും ഉയരും. 2050 ആകുമ്പോഴേക്കും നഗരവൽക്കരണ നിരക്ക് 53 ശതമാനമായിരിക്കുമെന്ന് പ്രൊജക്റ്റഡ് കണക്കുകൾ കാണിക്കുന്നു (**ചിത്രം 1.2.4**).

ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം നഗരവൽക്കരണത്തിൽ വളരെ വ്യതിരിക്തമായ പാത സ്വീകരിച്ചതായി കാണാം. 1901 ൽ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങൾ ചേർന്ന് 6.4 ദശലക്ഷം ജനസംഖ്യ ഉണ്ടായിരുന്നതിൽ 92.9 ശതമാനം ഗ്രാമീണ മേഖലയിലായിരുന്നു ജീവിച്ചിരുന്നത്. നഗര മേഖലയിലെ ജനസംഖ്യ 10 ശതമാനത്തിൽ താഴെയുമായിരുന്നു. സംസ്ഥാന രൂപീകരണത്തിനു ശേഷമുള്ള ആദ്യത്തെ സെൻസസ് ആയിരുന്ന 1961-ലെ സെൻസസിൽ നഗരവൽക്കരണത്തിന്റെ തോത് 15.11 ശതമാനമായിരുന്നു. കഴിഞ്ഞ നൂറു വർഷത്തിനിടയിൽ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ ഗ്രാമീണ ജനതയുടെ അനുപാതം കുറയുകയും 2001 ആയപ്പോഴേക്കും ജനസംഖ്യയുടെ 74 ശതമാനം ആയിത്തീരുകയും ചെയ്തു.


2001 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ നഗരവളർച്ചയിൽ അഭൂതപൂർവമായ പുരോഗതി യുണ്ടായി, 2011 ലെ സെൻസസ് സൂചിപ്പിക്കുന്നത് കേരളത്തിലെ ജനസംഖ്യയുടെ 47.7 ശതമാനം നഗരപ്രദേശങ്ങളിലാണ് വസിക്കുന്നത്. ഇതു സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ പകുതിയോളം വരും. പ്രൊജക്റ്റഡ് കണക്കുകൾ പ്രകാരം 2036 ആകുമ്പോഴേക്കും കേരളത്തിലെ ജനസംഖ്യയുടെ 96 ശതമാനവും ദ്രുതഗതിയിലുള്ള നഗരവൽക്കരണത്തെ പ്രതിഫലിപ്പിക്കുന്ന രീതിയിൽ നഗരപ്രദേശങ്ങളിൽ താമസിക്കുമെന്നാണ് (**പട്ടിക 1.2.5**). വർഷങ്ങളായി കേരളത്തിൽ നഗരസഞ്ചയങ്ങളുടെ വളർച്ചയും ശ്രദ്ധേയമാണ്. 1981-ൽ സംസ്ഥാനത്ത് ഒമ്പത് നഗര സഞ്ചയങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ, എന്നാൽ 2011 ആയപ്പോഴേക്കും ഇത് 19 ആയി ഉയർന്നു.

**പട്ടിക 1.2.5** കേരളത്തിലെ നഗരവൽക്കരണം 1901-2036

| വർഷം | നഗര ജനസംഖ്യ ലക്ഷങ്ങളിൽ | നഗരവൽക്കരണത്തിന്റെ തോത് |
|---|---|---|
| 1901 | 4.5 | 7.1 |
| 1911 | 5.3 | 7.3 |
| 1921 | 6.8 | 8.7 |
| 1931 | 9 | 9.6 |
| 1941 | 12 | 10.8 |
| 1951 | 18.3 | 13.5 |
| 1961 | 25.5 | 15.1 |
| 1971 | 34.7 | 16.2 |
| 1981 | 47.7 | 18.8 |
| 1991 | 76.8 | 26.4 |
| 2001 | 82.7 | 26 |
| 2011 | 159.3 | 47.7 |
| പ്രൊജക്റ്റഡ് കണക്കുകൾ | | |
| 2016 | 206.0 | 59.6 |
| 2021 | 252 | 71.0 |
| 2026 | 294.6 | 81.4 |
| 2031 | 330.5 | 90.0 |
| 2036 | 356.0 | 96.4 |

അവലംബം: 1901-2011 മുതലുള്ള സെൻസസ് റിപ്പോർട്ടുകൾ 2016- 2036 ലെ പ്രൊജക്റ്റഡ് കണക്കുകളും ജനസംഖ്യാ പ്രൊജക്ഷനുകളെക്കുറിച്ചുള്ള സാങ്കേതിക ഗ്രൂപ്പിന്റെ റിപ്പോർട്ട്, 2020 ലെ ദേശീയ ജനസംഖ്യാ കമ്മീഷൻ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം.

**ചിത്രം 1.2.4** ഇന്ത്യയിലെ നഗരവൽക്കരണ പ്രവണത




അവലംബം : സെൻസസ് ഓഫ് ഇന്ത്യ (1971 മുതൽ 2011 വരെ), യുഎൻ വേൾഡ് അർബനൈസേഷൻ പ്രോസ്പെക്ട്സ്, 2018 (വർഷങ്ങൾ 2020 മുതൽ 2050 വരെ)

ദ്രുതഗതിയിൽ നഗരവത്കൃതമാവുന്ന സംസ്ഥാനം കൂടിയാണ് കേരളം. സംസ്ഥാനത്ത് നഗര ജനസംഖ്യയുടെ അനുപാതം കൂടുതലുള്ള ജില്ല എറണാകുളവും (68.1 ശതമാനം), കുറവ് വയനാട്ടിലുമാണ് (3.8 ശതമാനം). 2011 ലെ കാനേഷുമാരി പ്രകാരം സെൻസസ് നഗരങ്ങളുടെ എണ്ണത്തിൽ വർധനവുണ്ടായതിൽ നിന്ന് വ്യക്തമാകുന്നത് കേരളം അതിവേഗം നഗരവൽകൃതമാകുന്നു എന്നു തന്നെയാണ്. ഒരു സെൻസസ് ടൗൺ എന്നത് നിയമപരമായി നഗരമായി പ്രഖ്യാപിക്കപ്പെടാത്തതും ജനസംഖ്യ 5,000 ൽ അധികവും ജനസാന്ദ്രത ചുരുങ്ങിയത് ചതുരശ്ര കിലോമീറ്ററിന് 400 വ്യക്തികളും; കാർഷിക മേഖലയ്ക്ക് പുറത്ത് ചുരുങ്ങിയത് 75 ശതമാനം പുരുഷന്മാർ തൊഴിലെടുക്കുന്ന നഗര സ്വഭാവത്തിലെത്തപ്പെട്ട പ്രദേശമാണ്. 2001 സെൻസസ് അനുസരിച്ച്, കേരളത്തിൽ 99 സെൻസസ് നഗരങ്ങളും, 60 സ്റ്റാറ്റ്യൂട്ടറി നഗരങ്ങളുമുണ്ടായിരുന്നു. എന്നാൽ 2011 സെൻസസ് കണക്കുകൾ പ്രകാരം 461 സെൻസസ് നഗരങ്ങളും 59 സ്റ്റാറ്റ്യൂട്ടറി നഗരങ്ങളുമായിട്ടുണ്ട്. സെൻസസ് നഗരങ്ങളുടെ എണ്ണത്തിൽ മാത്രം 366 ശതമാനം വളർച്ചയുണ്ടായിട്ടുള്ളതായി കാണാം. വയനാട്, ഇടുക്കി ജില്ലകളിൽ 2011 കണക്കുകൾ പ്രകാരം സെൻസസ് ടൗണുകളില്ല. മറിച്ച് ഓരോ സ്റ്റാറ്റ്യൂട്ടറി ടൗണുകൾ മാത്രമാണുള്ളത്.

സെൻസസ് നഗരങ്ങളുടെ വർഗീകരണം ഗ്രാമ ജനസംഖ്യയിലെ വളർച്ചാ നിരക്ക് കുറഞ്ഞ് നെഗറ്റീവിലേക്ക് എത്തുന്നതിനു കാരണമായിട്ടുണ്ട്. കൂടാതെ 2001, 2011 സെൻസസുകൾ പരിശോധിച്ചാൽ നഗര ജനസംഖ്യയുടെ ദശാബ്ദ ജനസംഖ്യാ വളർച്ചാനിരക്ക് 3.90 ശതമാനമാണെന്നു കാണാം. ഇതാകട്ടെ സംസ്ഥാന ശരാശരി വളർച്ചാനിരക്കായ 4.9 ശതമാനത്തേക്കാൾ കുറവുമാണ്. നഗരജനസംഖ്യാ വളർച്ചയുടെ കാരണം നഗരങ്ങളിലേക്കുള്ള കുടിയേറ്റമല്ലെന്ന് തന്നെയാണ് ഇത് കാണിക്കുന്നത്. നഗര ജനസംഖ്യയിലെ വളർച്ച മുഖ്യമായും സെൻസസ് ടൗണുകളുടെ വർധനവ് മൂലമാണെന്നും കാണാവുന്നതാണ്. വർധിച്ച ജനസാന്ദ്രതയിലൂടെയും ജനങ്ങളുടെ ഉപജീവനമാർഗ്ഗത്തിലെ മാറ്റങ്ങളിലൂടെയും ഗ്രാമപ്രദേശങ്ങൾ നഗര സ്വഭാവം കൈവരിക്കുന്നു.

135 പട്ടണങ്ങളുള്ള (സ്റ്റാറ്റ്യൂട്ടറി+സെൻസസ്) തൃശ്ശൂർ ജില്ലയിലാണ് ഏറ്റവുമധികം പട്ടണങ്ങൾ ഉള്ളത്. ഇത് സംസ്ഥാനത്തെ ആകെ പട്ടണങ്ങളുടെ 25 ശതമാനത്തിലധികം വരും. ഏകദേശം 60 ശതമാനം പട്ടണങ്ങളും തൃശ്ശൂർ, കണ്ണൂർ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ്. എട്ട് ജില്ലകളിൽ നഗര ജനസംഖ്യ ദശലക്ഷം കടന്നിട്ടുണ്ട്. ഇതിൽ എറണാകുളം മുന്നിലും തുടർന്ന് തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളുമാണ്. ഈ നാല് ജില്ലകളിലാണ് സംസ്ഥാനത്തെ ആകെ നഗരജനസംഖ്യയുടെ 50 ശതമാനത്തോളവും വസിക്കുന്നത്. 2001-2011 കാലയളവിൽ നഗരജനസംഖ്യാ വളർച്ചയുടെ കണക്കെടുത്താൽ ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും നഗര ജനസംഖ്യയിൽ വർധനവുണ്ടായിട്ടുണ്ട്.

മലപ്പുറം ജില്ലയിലാണ് നഗര ജനസംഖ്യയുടെ വളർച്ചയിൽ വലിയ വർധനവ് കാണിക്കുന്നത്. തുടർന്ന് കൊല്ലം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളുമാണ്. സംസ്ഥാനത്തെ ഗ്രാമീണ ജനസംഖ്യയുടെ 25 ശതമാനത്തോളം വസിക്കുന്നത് മലപ്പുറം, പാലക്കാട് എന്നീ രണ്ട് ജില്ലകളിലാണ്. ഈ ജില്ലകൾകൾക്ക് പുറമേ കാസർഗോഡ്, കോട്ടയം, പത്തനംതിട്ട, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകളിലും ഗ്രാമീണ ജനസംഖ്യ നഗരജനസംഖ്യയേക്കാൾ കൂടുതലാണെന്നും കാണാം. ഇടുക്കി, വയനാട് ജില്ലകളിൽ വസിക്കുന്ന 95 ശതമാനം പേരും ഗ്രാമീണരാണ്.

കേരളത്തിന്റെ നഗര വളർച്ചാ പ്രവണതകളും, വർദ്ധിച്ചുവരുന്ന നഗര ജനസംഖ്യയുടെ ആവശ്യങ്ങളും അഭിലാഷങ്ങളും, നഗര പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിലെ സംസ്ഥാനത്തിന്റെ ശ്രദ്ധയും ഒരുപോലെ അവസരങ്ങളും വെല്ലുവിളികളും ഉയർത്തുന്നു. നഗരപ്രദേശങ്ങളിൽ മാനവ സാമ്പത്തിക വികസനത്തിന് വലിയ അവസരങ്ങളുണ്ട്, എന്നാൽ സുസ്ഥിരമായ നഗര വിപുലീകരണം ഉറപ്പാക്കേണ്ടതും ദ്രുതഗതിയിലുള്ള നഗരവത്ക്കരണത്തിനത്തിനനുബദ്ധമായ പ്രശ്നങ്ങളെ കൈകാര്യം ചെയ്യേണ്ടതും അത്യന്താപേക്ഷിതമാണ്. കേരളത്തിന്റെ തനതായ സാംസ്കാരികവും പ്രകൃതിദത്തവുമായ പൈതൃകം കാത്തുസൂക്ഷിച്ചുകൊണ്ട് നഗരവൽക്കരണത്തിന്റെ മുഴുവൻ സാധ്യതകളും ലഭ്യമാക്കുന്നതിന്, അടിസ്ഥാന സൗകര്യങ്ങൾ, പരിസ്ഥിതി സംരക്ഷണം, സാമൂഹിക ഉൾപ്പെടുത്തൽ എന്നിവയിലെ നിക്ഷേപങ്ങൾക്ക് സംസ്ഥാനം മുൻഗണന നൽകുന്നത് തുടരണം.

അർബൻ കമ്മീഷൻ സ്ഥാപിക്കാനുള്ള സർക്കാരിന്റെ തീരുമാനം ഈ ദിശയിലുള്ള ഒരു സുപ്രധാന ചുവടുവയ്പാണ്. കൂടാതെ, നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും, പ്രധാനപ്പെട്ട നഗരവിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുമുള്ള ഗവൺമെന്റിന്റെ പരിപാടികളും പ്രശംസനീയമായ നേട്ടങ്ങൾ നൽകി. ഉദാഹരണത്തിന്, മാലിന്യമുക്ത ക്യാമ്പയിൻ, കേരളത്തിലെ നഗരകേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിനായി അടിസ്ഥാന സൗകര്യങ്ങളും സംഘടനാ സംവിധാനങ്ങളും മെച്ചപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഗവൺമെന്റ് വിഭാവനം ചെയ്തതുപോലെ, അത്യാധുനിക നാഗരിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സജീവ പങ്കാളിത്തം ഉറപ്പാക്കി വരുന്നു. നഗര ദരിദ്രർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള പരിപാടിയായ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് നഗരദാരിദ്ര്യം പരിഹരിക്കുന്നതിനുള്ള നൂതനമായ ചുവടുവെപ്പായി കാണുന്നു. നഗരതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക വികസന പരിപാടികളെ വിവിധ കേന്ദ്രാവിഷ്കൃത പരിപാടികളുമായി സംയോജിപ്പിച്ച് നഗരവികസനത്തിലെ ഇടപെടലുകൾ കൂടുതൽ ഫലപ്രദമാക്കാൻ തല്പരരാണ്.

## 1.3 ദാരിദ്ര്യത്തിന്റെ സൂചകങ്ങൾ

2022 ലെ ലോകബാങ്ക് റിപ്പോർട്ട് പോവർട്ടി ആൻഡ് ഷെയെർഡ് പ്രോസ്പിരിറ്റി കറക്റ്റിംഗ് കോഴ്സ് പ്രകാരം, 2020 ൽ മാത്രം, ലോകമെമ്പാടുമുള്ള അതി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം 70 ദശലക്ഷത്തിലധികം വർദ്ധിച്ചു, അതിൽ 56 ദശലക്ഷവും ഇന്ത്യയിലാണ്. ഇന്ത്യയിലെ ദാരിദ്ര്യം 1973-74 ലെ 54.9 ശതമാനത്തിൽ നിന്ന് 2011-12 ൽ 29.5 ശതമാനമായി കുറഞ്ഞു (ആസൂത്രണ കമ്മീഷൻ 2014, കേന്ദ്ര സർക്കാർ.) 2009-ലെ ടെൻഡുൽക്കർ കമ്മിറ്റിയുടെ കണക്ക് പ്രകാരമാണ് കേന്ദ്ര സർക്കാർ നിലവിലുള്ള ഔദ്യോഗിക ദാരിദ്ര്യ പരിധി നിജപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച്, നഗരപ്രദേശങ്ങളിൽ പ്രതിദിന വരുമാനം 33 രൂപയിൽ താഴെയുള്ള വ്യക്തിയോ , ഗ്രാമങ്ങളിൽ പ്രതിദിനം 27 രൂപയോ അതിൽ കുറവോ വരുമാനമുള്ള വ്യക്തിയോ ദരിദ്രനായി കണക്കാക്കപ്പെടുന്നു. പർച്ചേസിംഗ് പവർ പാരിറ്റി നിരക്കുകൾക്കായി ക്രമീകരിച്ചാൽ, ഇത് ലോകബാങ്കിന്റെ അതിദാരിദ്ര്യം നിർണ്ണയിക്കുന്ന അളവായ ഒരാൾക്ക് പ്രതിദിനം $2.15 (മുമ്പ് $1.90) എന്നതിന് അടുത്ത് വരുന്നു.

എന്നിരുന്നാലും, ഇന്ത്യയെപ്പോലെ വളർച്ച കൈവരിക്കുന്ന സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം ടെൻഡുൽക്കർ കമ്മിറ്റിയുടെ നിരക്കുകൾ വളരെ കുറവാണെന്നതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേഷൻ രീതി പുനഃപരിശോധിക്കാൻ ഡോ സി രംഗരാജന്റെ നേതൃത്വത്തിൽ സർക്കാർ ഒരു വിദഗ്ധ സംഘത്തിന് രൂപം നൽകി. തുടർന്ന്, 2014-ൽ രംഗരാജൻ കമ്മിറ്റി, നഗരപ്രദേശങ്ങളിൽ പ്രതിദിനം 47 രൂപയായും ഗ്രാമപ്രദേശങ്ങളിൽ പ്രതിദിനം 33 രൂപയായും പ്രതിദിന പരിധി ഉയർത്താൻ നിർദ്ദേശിച്ചു. എന്നാൽ ഇത് അംഗീകരിക്കപ്പെട്ടില്ല, ആയതിനാൽ 2009-ൽ ടെൻഡുൽക്കർ കമ്മിറ്റി നിർദേശിച്ച ദാരിദ്ര്യരേഖ തുടർന്നും ഉപയോഗിക്കുന്നു. തുടർന്നുള്ള ദശാബ്ദത്തിലെ ഡാറ്റയുടെ അഭാവം (2017-18 എൻഎസ്എസ് റൗണ്ട് ഡാറ്റാ ഗുണനിലവാരത്തെക്കുറിച്ചുള്ള ആശങ്കകൾ കാരണം ഗവൺമെന്റ് പുറത്തിറക്കിയില്ല) രാജ്യത്തെ ദാരിദ്ര്യത്തിന്റെ തോത് സംബന്ധിച്ച്, പ്രത്യേകിച്ച് ലോകമെമ്പാടുമുള്ള ദാരിദ്ര്യത്തിന്മേൽ കോവിഡ് -19 പാൻഡെമിക്ക് വരുത്തിയ വലിയ ആഘാതത്തിന്റെ അടിസ്ഥാനത്തിൽ, ഗുരുതരമായ ചോദ്യങ്ങൾ ഉയർത്തിയിരുന്നു.

സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റെഷൻ മന്ത്രാലയം (MoSPI) 2022-23 ലെ ഗാർഹിക ഉപഭോഗ ചെലവ് സർവ്വേ (HCES) പുറത്തിറക്കിയിട്ടുണ്ട്. ഈ കണക്കുകൾ സൂചിപ്പിക്കുന്നത്, കഴിഞ്ഞ സർവ്വേയ്ക്ക് ശേഷം നഗര-ഗ്രാമീണ കുടുംബങ്ങളുടെ വരുമാന നിലവാരം ഉയർന്നിട്ടുണ്ടെന്നും ഗ്രാമീണ കുടുംബങ്ങളുടെ ചെലവുകളിൽ കുത്തനെയുള്ള വർദ്ധനവുണ്ടായിട്ടുണ്ടെന്നുമാണ്. സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നതായും ഡാറ്റ സൂചിപ്പിക്കുന്നു. HCES ഡാറ്റ അനുസരിച്ച്, നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും കുടുംബങ്ങളുടെ ശരാശരി പ്രതിശീർഷ ഉപഭോഗച്ചെലവ് (MPCE) 11 വർഷത്തിനുള്ളിൽ ഇരട്ടിയായി. ഗ്രാമീണ കുടുംബങ്ങൾക്കുള്ള എംപിസിഇ (വിവിധ സാമൂഹിക ക്ഷേമ പരിപാടികളിലൂടെ സൗജന്യമായി ലഭിച്ച വസ്തുക്കളുടെ കണക്കാക്കിയ മൂല്യങ്ങൾ പരിഗണിക്കാതെ) 2011-12 ലെ ₹1,430 ൽ നിന്ന് 2022-23 ൽ ₹ 3,773 രൂപയായി ഉയർന്നു. അതുപോലെ, നഗരങ്ങളിലെ കുടുംബങ്ങൾക്കുള്ള എംപിസിഇ മുൻ റൗണ്ടിലെ 2,630 രൂപയിൽ നിന്ന് 2022-23ൽ 6,459 രൂപയായി ഉയർന്നു. ഏറ്റവും പുതിയ ഉപഭോഗച്ചെലവ് കുടുംബങ്ങളുടെ മാറിക്കൊണ്ടിരിക്കുന്ന ചെലവ് പാറ്റേണുകളെ കൂടുതൽ സ്ഥിരീകരിക്കുന്നു. നിലവിലുള്ള തീവ്ര ദാരിദ്ര്യ നിരക്കിൽ നിന്ന് (ഒരാൾക്ക് പ്രതിദിനം 2.15 ഡോളർ) കുറഞ്ഞ മദ്ധ്യ ദാരിദ്ര്യ വരുമാനമായ 3.65 ഡോളർ എന്ന ദാരിദ്ര്യ നിരക്കിലേക്ക് മാറേണ്ടതിന്റെ ആവശ്യകത ശക്തിപ്പെടുത്തുന്നു

സംസ്ഥാനങ്ങളിൽ ഗ്രാമപ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ പ്രതിശീർഷ ഉപഭോഗ ചെലവ് (എംപിസിഇ) ഉള്ളതും(₹ 5,924), നഗരപ്രദേശങ്ങളിൽ നാലാമത്തെ ഏറ്റവും ഉയർന്ന ഉപഭോഗ ചെലവുമുള്ള (₹ 7,078) സംസ്ഥാനം കേരളമാണ്. ശരാശരി എംപിസിഇയിൽ നഗര-ഗ്രാമ


വ്യത്യാസം ഏറ്റവും കുറഞ്ഞതും കേരളത്തിലാണ് ((19 ശതമാനം). ഗ്രാമപ്രദേശങ്ങളിൽ, മൊത്തം ഉപഭോഗച്ചെലവിൽ ഭക്ഷണത്തിന്റെ പങ്ക് ഏറ്റവും കുറവ് കേരളത്തിലാണ് (36 ശതമാനം). നഗരപ്രദേശങ്ങളിൽ, കേരളം ഏറ്റവും കുറഞ്ഞ രണ്ടാമത്തെ സംസ്ഥാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഭക്ഷണം ഒരു പ്രാഥമിക ചെലവിൽ ഉൾപ്പെടുന്ന ഇനമല്ലെന്ന് സൂചിപ്പിക്കുന്നു. 2022-23 ലെ മൊത്തം ഭക്ഷ്യേതര ചെലവിൽ ഭക്ഷ്യേതര ഇനങ്ങളുടെ ചെലവിന്റെ വിഹിതം കൂടുതലും ഗതാഗതത്തിനും സ്ഥിരതയുള്ള കേടാകാത്ത സാധനങ്ങൾക്കുമാണ് ചെലവഴിക്കുന്നത്.

**കേരളത്തിലെ ദാരിദ്ര്യം**

ദാരിദ്ര്യവും അനുബന്ധ പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തികച്ചും വ്യത്യസ്തമായ ഒരു വികസന പാതയാണ് കേരളം പിന്തുടർന്ന് പോരുന്നത്. ഭൂപരിഷ്ക്കരണം, എല്ലാവർക്കും വിദ്യാഭ്യാസ ആരോഗ്യ സംരക്ഷണം, അധികാര വികേന്ദ്രീകരണം, വിപുലമായ സാമൂഹിക സുരക്ഷാ പദ്ധതികൾ, പൊതുവിതരണ സമ്പ്രദായം, കുടുംബശ്രീ പോലുള്ള സ്ത്രീ ശാക്തീകരണ പരിപാടികൾ, തുടങ്ങിയ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ-നഗര ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ഔദ്യോഗിക കണക്കുകൾ പ്രകാരം കഴിഞ്ഞ 40 വർഷത്തിനിടയിൽ കേരളത്തിലെ കേവല ദാരിദ്ര്യ നിരക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കേരളത്തിലെ ദാരിദ്ര്യം 1973-74-ലെ 59.79 ശതമാനത്തിൽ നിന്ന് 2011-12-ൽ 11.3 ശതമാനമായി കുറഞ്ഞു, അതേസമയം അഖിലേന്ത്യാ തലത്തിലുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് ഇന്ത്യയിൽ ദാരിദ്ര്യത്തിൽ താരതമ്യേന കുറഞ്ഞ ഇടിവാണ് ഉണ്ടായത് എന്നാണ്.

നീതി ആയോഗിന്റെ പ്രഥമ ബഹുമുഖ ദാരിദ്ര്യ സൂചക (എംപിഐ) റിപ്പോർട്ട് (2021) പ്രകാരം, ഇന്ത്യയിലെ ഏറ്റവും കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട് . കേരളത്തിന് (0.71 ശതമാനം), പിന്നിലായി ഗോവ (3.76 ശതമാനം), സിക്കിം (3.82 ശതമാനം), തമിഴ്നാട് (4.89 ശതമാനം) പഞ്ചാബ് (5.59ശതമാനം) എന്നീ സംസ്ഥാനങ്ങളാണ്. കുട്ടികളുടേയും കൗമാരക്കാരുടേയും മരണനിരക്ക് (0.19 ശതമാനം), മാതൃ ആരോഗ്യം (1.73 ശതമാനം), സ്കൂൾ വിദ്യാഭ്യാസം (1.78 ശതമാനം), സ്കൂൾ ഹാജർ നില (0.3 ശതമാനം), ശുചിത്വം (1.86 ശതമാനം) തുടങ്ങി ദാരിദ്ര്യത്തിനെ നിർവചിക്കുന്ന ഒട്ടുമിക്ക മാനദണ്ഡങ്ങളിലും കേരളം കുറഞ്ഞ നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പോഷകാഹാരം, പാചക ഇന്ധനം, ശുചിത്വം, കുടിവെള്ളം, വൈദ്യുതി,

**ചിത്രം 1.3.1** ബഹുമുഖ ദാരിദ്ര്യം കുറയ്ക്കുന്നതിൽ സംസ്ഥാനങ്ങളുടെ പ്രകടനം 2021 & 2023




ഉറവിടം : എം.പി.ഐ റിപ്പോർട്ട് നീതി ആയോഗ്

ഭവനം, ആസ്തികൾ, ബാങ്ക് അക്കൗണ്ടുകൾ എന്നീ മാനദണ്ഡങ്ങളിൽ വളരെക്കുറച്ച് കുടുംബങ്ങൾ മാത്രമേ ഇല്ലായ്മ നേരിടുന്നുള്ളൂ. ജില്ലകളിൽ ഒരു അതിദരിദ്ര കുടുംബം പോലുമില്ലാതെ കോട്ടയം മുന്നിൽ നിൽക്കുന്നു(0 ശതമാനം). 3.48 ശതമാനമുള്ള വയനാടാണ് ബഹുമുഖ ദാരിദ്ര്യത്തിൽ ഏറ്റവും ഉയർന്ന ശതമാനം കാണിക്കുന്നത്.

ഇപ്പോൾ, നീതി ആയോഗിന്റെ 2023ലെ(നാഷണൽ മൾട്ടി-ഡൈമൻഷണൽ പോവർട്ടി ഇൻഡക്സ്-എ പ്രോഗ്രസീവ് റിവ്യൂ) ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം, 2015-16 മുതൽ 2019-21 വരെ കേരളത്തിലെ ബഹുമുഖ ദരിദ്രരുടെ എണ്ണം 0.71 ശതമാനത്തിൽ നിന്ന് 0.55 ശതമാനമായി കുറഞ്ഞു. ദരിദ്രരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായുള്ള സംസ്ഥാനത്തിന്റെ അചഞ്ചലമായ പ്രതിബദ്ധത സംസ്ഥാനത്തെ കുറഞ്ഞ എംപിഐ സൂചികയിൽ പ്രകടമാണ്.


ദാരിദ്ര്യത്തിന്റെ ശരാശരി കണക്കുകൾ നോക്കിയാൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ ഒറ്റപ്പെട്ട ഭാഗങ്ങളിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ഇപ്പോഴും കാണപ്പെടുന്നുണ്ട്. സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗം മത്സ്യതൊഴിലാളികൾ, മൺപാത്രതൊഴിലാളികൾ കരകൗശലത്തൊഴി ലാളികൾ തുടങ്ങിയ പാർശ്വവത്കരിക്കപ്പെട്ട സാമൂഹ്യ വിഭാഗങ്ങൾക്കിടയിലും ദാരിദ്ര്യം കാണുന്നുണ്ട്. സർക്കാർ പല പദ്ധതികളിലൂടെ ഈ പ്രശ്നങ്ങളെ നേരിടുന്നുണ്ട്. സംസ്ഥാന പ്രാദേശിക സർക്കാർ പദ്ധതികളിൽ പുതിയ ഉപജീവന പദ്ധതികൾ രൂപകല്പനചെയ്ത് ഇവർക്കിടയിൽ നടപ്പിലാക്കുന്നതുവഴി മാത്രമേ ദാരിദ്ര്യം കുറയ്ക്കുവാൻ സാധിക്കുകയുള്ളൂ എന്ന വസ്തുതയിലേക്കാണ് ഇതെല്ലാം വിരൽചൂണ്ടുന്നത്. പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകൾ ഒട്ടനവധി ദാരിദ്ര്യ നിർമ്മാർജ്ജന/ ഉപജീവനമാർഗ്ഗ പദ്ധതികൾ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടേയും വിവിധ വകുപ്പുകളുടെയും ഇടപെടലുകൾ വഴി ദാരിദ്ര്യനിർമ്മാർജ്ജനം സാധ്യമാക്കുന്നതിനായി സർക്കാർ ഒരു സമഗ്ര പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്.

### അതിദാരിദ്ര്യ നിർമാർജ്ജന പരിപാടി


അതിദാരിദ്ര്യം തുടച്ചുനീക്കുക എന്ന യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് അതിദാരിദ്ര്യ സർവ്വേയ്ക്ക് തുടക്കമിടുകയുണ്ടായി. ഭക്ഷണം, വരുമാനം, ആരോഗ്യം, പാർപ്പിടം എന്നീ 4 ഘടകങ്ങളിലെ ഇല്ലായ്മയെ അടിസ്ഥാനമാക്കിയായിരുന്നു അതിദാരിദ്ര നിർണ്ണയ പ്രക്രിയ. സർവ്വേ നടത്തുന്നതിനുള്ള നോഡൽ വകുപ്പ് ഗ്രാമവികസന കമ്മീഷണറേറ്റായിരുന്നു. ആശ്രയ പദ്ധതിക്കു കീഴിൽ വരാത്ത കുടുംബങ്ങളെയാണ് സർവെയുടെ ഭാഗമാക്കിയത് (അഗതികളെ കണ്ടെത്താനുള്ള സംസ്ഥാന പദ്ധതിയാണ് ആശ്രയ പദ്ധതി. നിലവിൽ 1.57 ലക്ഷം ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉള്ളത്)

വാർഡുകൾ/ഡിവിഷനുകളിൽ നിന്നും പങ്കാളിത്ത നാമനിർദേശം വഴി കണ്ടെത്തിയ 1,18,309 കുടുംബങ്ങളിൽ നിന്നും പ്രാദേശിക സർക്കാർ തലത്തിലെ സബ്കമ്മറ്റികൾ പരിശോധിച്ച് 87,158 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയുണ്ടായി. പ്രസ്തുത വിവരങ്ങൾ എം.ഐ.എസിൽ രേഖപ്പെടുത്തുകയും 87,158 കുടുംബങ്ങളെ ഇതിനായി രൂപകൽപന ചെയ്തിട്ടുള്ള മൊബൈൽ അപ്പിന്റെ സഹായത്തോടെ ഇന്റർവ്യൂ ചെയ്യുകയും 20 ശതമാനം സാമ്പിളുകൾ സൂപ്പർ ചെക്കിംഗിന് വിധേയമാക്കുകയും അതിൽനിന്നും 73,747 കുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുകയും ചെയ്യുകയുണ്ടായി. ഈ മുൻഗണന പട്ടിക, ഗ്രാമസഭകൾ പരിശോധിക്കുകയും അർഹതയില്ലാത്ത കുടുംബങ്ങളെ ഒഴിവാക്കി 64006 കുടുംബങ്ങളുടെ (1,03,009 വ്യക്തികൾ)

**ചിത്രം 1.3.2** അതിദാരിദ്ര്യം തിരിച്ചറിയൽ പ്രക്രിയ- ഘട്ടങ്ങൾ



**ചിത്രം 1.3.3** സംസ്ഥാനത്ത് കണ്ടെത്തിയ അതിദരിദ്ര കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്





അവലംബം: ഇപിഐപി സെൽ, ഗ്രാമവികസന വകുപ്പ്

അന്തിമ പട്ടിക തയ്യാറാക്കുകയാണ് ചെയ്യുത്. **ചിത്രം 1.3.2** അതിദാരിദ്ര സർവ്വേ വഴി കണ്ടെത്തിയ 64006 കുടുംബങ്ങളിൽ 75 ശതമാനം പൊതുവിഭാഗത്തിലും, 20 ശതമാനം പട്ടികജാതി വിഭാഗത്തിലും, 5 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്. ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നറിയാത്ത വളരെ ചെറിയ ശതമാനം കുടുംബങ്ങളും ഇതിൽ ഉൾപ്പടുന്നുണ്ട്.

സർവ്വേ പ്രകാരം 81 ശതമാനം അതിദരിദ്രർ ഗ്രാമ പഞ്ചായത്തുകളിലും, 15 ശതമാനം മുൻസിപ്പാലിറ്റികളിലും, 4 ശതമാനം കോർപ്പറേഷനുകളിലും വസിക്കുന്നു. ഗ്രാമ മേഖലകളിലെ ദാരിദ്ര്യത്തിന്റെ കേന്ദ്രീകരണത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ജില്ല തിരിച്ച് വിശകലനം ചെയ്യുമ്പോൾ 8553 ദാരിദ്ര്യ കുടുംബങ്ങളുള്ള മലപ്പുറം ജില്ലയാണ് പട്ടികയിൽ ഒന്നാം സ്ഥാനത്ത് (13.4 ശതമാനം). തൊട്ടുപിന്നാലെ തിരുവനന്തപുരം ജില്ലയാണ് (11.4 ശതമാനം). സംസ്ഥാനത്ത് ഏറ്റവും കുറവ് ദരിദ്രർ വസിക്കുന്നത് കോട്ടയം ജില്ലയിലാണ് (1071 കുടുംബങ്ങൾ). (**ചിത്രം1.3.3**)

നേരത്തെ സൂചിപ്പിച്ചതുപോലെ, ഭക്ഷണം, ആരോഗ്യം, വരുമാനം, പാർപ്പിടം എന്നീ നാല് പ്രധാന ക്ലേശ ഘടകങ്ങൾ അടിസ്ഥാനമാക്കിയാണ് ഇപിഐപി സർവ്വേ വഴി സംസ്ഥാനത്തെ അതി ദരിദ്രരെ കണ്ടെത്തിയത്. കണ്ടെത്തിയ മൊത്തം കുടുംബങ്ങളിൽ 58,273 കുടുംബങ്ങൾക്ക് വരുമാനക്കുറവും 40,917 കുടുംബങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളും 34,523 കുടുംബങ്ങൾക്ക് ഭക്ഷണക്കുറവും, 15,091 പേർക്ക് പാർപ്പിടവും ഇല്ലായിരുന്നു. ഒരു കുടുംബത്തിൽ തന്നെ ഒന്നിലധികം ക്ലേശ ഘടകങ്ങളുടെ സാന്നിദ്ധ്യം ഉണ്ടാകുമെന്നതും പ്രത്യേകമായി ശ്രദ്ധിക്കേണ്ട ഒന്നാണ്.

**ചിത്രം 1.3.4** അതിദരിദ്ര വിഭാഗങ്ങളുടെ തരംതിരിച്ച് ലിസ്റ്റ്




അവലംബം: ഇപിഐപി സെൽ, ഗ്രാമവികസന വകുപ്പ്

ഈ പരിപാടിയുടെ അടുത്ത ഘട്ടം, വ്യത്യസ്ത തരത്തിലുള്ള ക്ലേശങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ ഉൾക്കൊള്ളുന്ന ഒരു അതിദാരിദ്ര്യ ഉപപദ്ധതി തയ്യാറാക്കുക എന്നതായിരുന്നു. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷന്റെ പിന്തുണയോടെ തദ്ദേശഭരണസ്ഥാപനങ്ങൾ ഈ പരിപാടി നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യും. ഓരോ തദ്ദേശ സ്ഥാപനവും കുടുംബശ്രീയുടെ സഹായത്തോടെ അതിദാരിദ്ര്യ ഉപപദ്ധതി വികസിപ്പിക്കും. ഓരോ ഉപപദ്ധതിയും ദാരിദ്ര്യ ഘടകങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ ഉൾക്കൊള്ളുന്ന മൈക്രോ പ്ലാനുകളുടെ ഒരു സമാഹാരമയിരിക്കും. നിലവിലുള്ള മാർഗ്ഗനിർദേശങ്ങൾ അനുസരിച്ച് പദ്ധതികൾ സൂക്ഷ്മമായി പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകും. മൈക്രോ-പ്ലാനിൽ സൂചിപ്പിച്ചിരിക്കുന്ന നിരവധി ഇടപെടലുകൾ മേഖല അടിസ്ഥാനമാക്കി തദ്ദേശഭരണസ്ഥാപന തലത്തിൽ സമാഹരിക്കുകയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് വികസന പദ്ധതികൾ രൂപീകരിക്കും, അത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ നിർവഹണം നടത്തുകയും ചെയ്യും. സർവ്വേയിൽ മുമ്പ് ശേഖരിച്ച വിശദാംശങ്ങൾക്ക് പുറമെ കുടുംബങ്ങളുടെ മൈക്രോ ലെവൽ വിശദാംശങ്ങൾ കൂടി ശേഖരിച്ച ശേഷമാണ് ഇവ തയ്യാറാക്കുന്നത്.

മൈക്രോ പ്ലാനുകളെ മൂന്നായിട്ടാണ് തരം തിരിച്ചിരിക്കുന്നത്

1. അടിയന്തരമായ ഇടപെടലിനുള്ള പ്ലാൻ
2. ഹ്രസ്വകാല പ്ലാൻ
3. ദീർഘകാല പ്ലാൻ

അടിയന്തിര സ്വഭാവമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് അടിയന്തരമായ ഇടപെടലിനുള്ള പ്ലാൻ. 3 മാസം മുതൽ 2 വർഷം വരെ ദൈർഘ്യമുള്ള സേവനങ്ങൾ ഉറപ്പുവരുത്താനാണ് ഹ്രസ്വകാല പ്ലാൻ. ഇവ രണ്ടും മതിയാവാത്ത സാഹചര്യത്തിൽ അതിദരിദ്രർക്കായി ദീർഘകാല പ്ലാനുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് രൂപം നൽകാവുന്നതാണ്.

7,557 അടിയന്തര സ്വഭാവമുള്ള പ്രോജക്റ്റുകളും 36,433 ഹ്രസ്വകാല പ്രോജക്റ്റുകളും 30,696 ദീർഘകാല പ്രോജക്റ്റുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ മൈക്രോപ്ലാനുകളുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. തിരിച്ചറിയൽ കാർഡുകൾ, ഭക്ഷണം, വൈദ്യസഹായം തുടങ്ങിയ ഉടനടി നൽകാൻ കഴിയുന്ന സേവനങ്ങൾ വീട്ടുകാർക്ക് ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകി. തുടർന്ന് മറ്റു പ്രധാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രാധാന്യം നൽകും.

ഭക്ഷണം, പാർപ്പിടം, ആരോഗ്യ പരിപാലനം, പുനരധിവാസം, വരുമാനം എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ടുള്ള സൂക്ഷ്മ പദ്ധതികളുടെ നടത്തിപ്പ് പ്രാദേശിക തലത്തിൽ തുടങ്ങിക്കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സിഎസ്ആർ മുതലായവയിൽ നിന്നുള്ള ഫണ്ടുകൾ സംയോജിപ്പിച്ചാണ് ഈ മൈക്രോ പ്ലാനുകൾ തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ, പദ്ധതികൾ നടപ്പിലാക്കുന്നതിനായി അധിക ചെലവുകൾക്കായി 50 കോടി രൂപയുടെ ഗ്യാപ്പ് ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുവദിച്ചിട്ടുണ്ട്.

### അതിദാരിദ്ര്യ നിർമാർജന പരിപാടിയുടെ നേട്ടങ്ങൾ

അതിദാരിദ്ര്യം തുടച്ചുനീക്കുന്നതിനുള്ള രാജ്യത്തെ ഏറ്റവും നൂതനമായ ഇടപെടലുകളിലൊന്നായി അതിദാരിദ്ര്യ നിർമാർജന പദ്ധതി (ഇപിഇപി) പ്രശംസിക്കപ്പെട്ടു. ഈ പരിപാടി വികസന വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കിയാണ് മുന്നോട്ട് പോകുന്നത്. അത്യന്തം ദരിദ്രരായ കുടുംബങ്ങളുടെ ദാരിദ്ര്യത്തിന് കാരണമാകുന്ന എല്ലാ ഘടകങ്ങളും കൂട്ടായി അഭിസംബോധന ചെയ്യുന്നു. ആദ്യഘട്ടം സമാപിച്ചപ്പോൾ തന്നെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പരിപാടിക്ക് കഴിഞ്ഞു.

അവകാശം അതിവേഗം ക്യാമ്പെയ്ൻ: അതി ദരിദ്രരുടെ ഹ്രസ്വകാല, ദീർഘകാല ആവശ്യങ്ങൾ പരിഹരിക്കുന്നതിനാണ് ഈ ക്യാമ്പെയ്ൻ ആരംഭിച്ചത്, പ്രത്യേകിച്ച് വളരെ ദരിദ്രരായ കുടുംബങ്ങൾക്ക് തിരിച്ചറിയൽ രേഖകളും അവകാശങ്ങളും നൽകുന്നതിന്. കണ്ടെത്തിയ കുടുംബങ്ങളിലെ പലർക്കും അടിസ്ഥാന പൗര രേഖകളായ റേഷൻ കാർഡുകൾ, തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡുകൾ, ആധാർ കാർഡ്, എംജിഎൻആർഇജിഎസ് ജോബ് കാർഡ്, സാമൂഹിക സുരക്ഷാ പെൻഷൻ തുടങ്ങിയവ ലഭ്യമായിട്ടില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്തത്. കണ്ടെത്തിയ വ്യക്തികൾക്ക് പ്രസ്തുത രേഖകൾ നേടിക്കൊടുക്കുന്നതിനാണ് ക്യാമ്പയിൻ ശ്രദ്ധ കേന്ദ്രീകരിച്ചത്.

### വിവിധ വകുപ്പുകളുടെ സഹകരണം

ആദ്യ വർഷം പ്രധാനമായും പദ്ധതിയിലൂടെ തീർത്തും ദരിദ്രരായ ഒരു കുടുംബത്തിന്റെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷ്യ-ആരോഗ്യ സഹായങ്ങൾ നൽകുന്നതിലാണ് നടപ്പാക്കലിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചതെങ്കിലും, എല്ലാ ലൈൻ ഡിപ്പാർട്ടുമെന്റുകളുടേയും ഏകീകരണവും സഹകരണവും പദ്ധതിയുടെ ആദ്യ വർഷത്തിൽ നിർണ്ണായകമായി.

എല്ലാ നിർധനരായ വ്യക്തികൾക്കും സൗജന്യ ചികിത്സയും മരുന്നുകളും തുടർ പരിചരണവും ലഭിക്കുന്നുണ്ടെന്ന് ആരോഗ്യ വകുപ്പ് ഉറപ്പുവരുത്തി. ഗൃഹസന്ദർശനം, പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ, വാതിൽപ്പടി സേവനങ്ങൾ എന്നിവ ദുരിതമനുഭവിക്കുന്നവരുടെ ജീവനാഡികളായി. ആരോഗ്യ ഇൻഷുറൻസ് കാർഡുകൾ, വികലാംഗ സർട്ടിഫിക്കറ്റുകൾ, ആംബുലൻസ് സേവനങ്ങൾ എന്നിവ നൽകിക്കൊണ്ട് വകുപ്പ് പിന്തുണ നൽകി. കൂടുതൽ സൗകര്യപ്രദമായ മരുന്നുകൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞ്, ഇപിഇപി പദ്ധതികൾക്ക് കീഴിൽ എല്ലാ വ്യക്തികൾക്കും മരുന്നുകൾ വാതിൽപ്പടിയിൽ നൽകുന്നതിന് ആരോഗ്യ

വകുപ്പുമായി ചർച്ചകൾ ആരംഭിച്ചു. കുടുംബങ്ങളുടെ ഭാരം ലഘൂകരിക്കുന്നതിനും പ്രതിമാസ ആശുപത്രി സന്ദർശനങ്ങളുടെ അധിക ഭാരമില്ലാതാക്കാനും സുപ്രധാന മരുന്നുകൾ ഏറ്റവും ആവശ്യമുള്ളവരിൽ എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനുമുള്ള ഒരു സുപ്രധാന ചുവടുവയ്പ്പായിരുന്നു ഇത്.

5,132 കുടുംബങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വകുപ്പ് റേഷൻ കാർഡ് വിതരണം ചെയ്തു. കൂടാതെ, അവരുടെ നൂതന പരിപാടിയായ ഒപ്പം തൃശ്ശൂർ ജില്ലയിൽ ജനപ്രീതി നേടുകയും സംസ്ഥാനത്തുടനീളമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ആവർത്തിക്കുകയും ചെയ്തു. ഒപ്പം വഴി, തീർത്തും പാവപ്പെട്ടവരുടെ വീട്ടുപടിക്കൽ ഭക്ഷണ സാധനങ്ങളും കിറ്റുകളും എത്തിക്കാൻ ഓട്ടോറിക്ഷാ ഡ്രൈവർമാർ സൗകര്യമൊരുക്കി. കൂടാതെ, ഭക്ഷണം ആവശ്യമുള്ള എല്ലാ ഇ.പി.ഇപി കുടുംബങ്ങൾക്കും ഭക്ഷണ കിറ്റുകൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ചർച്ചകൾ സജീവമായി ഏർപ്പെട്ടിട്ടുണ്ട്. സന്നദ്ധപ്രവർത്തകർ മുഖേന ( പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യാൻ പ്രത്യേകം ആവശ്യപ്പെടുന്നവരെ ഒഴികെ), ആവശ്യമുള്ളവർക്ക് അവശ്യ ഭക്ഷ്യവസ്തുക്കൾ നൽകുക എന്നതാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. അതി ദരിദ്രരുടെ പ്രത്യേക ആവശ്യങ്ങളും മുൻഗണനകളും കണക്കിലെടുത്ത് ഭക്ഷ്യസുരക്ഷ ഫലപ്രദമായി അഭിസംബോധന ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള നൂതന മാർഗങ്ങൾ വകുപ്പ് സജീവമായി പരിശോധിക്കുന്നു.

ഇപിഇപിയുടെ ഭാഗമായി, വിദ്യാഭ്യാസ ദൗർലഭ്യം ഉള്ളതായി തിരിച്ചറിഞ്ഞവർക്ക് വിദ്യാഭ്യാസ വകുപ്പ് തുടർ വിദ്യാഭ്യാസ അവസരങ്ങളും ഉറപ്പാക്കിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച്, കണ്ടെത്തിയ അതിദരിദ്രരായ കുടുംബങ്ങളിലെ 1,362 കുട്ടികൾക്ക് പുസ്തകങ്ങൾ, സ്കൂൾ ബാഗുകൾ, പേന, പെൻസിൽ, യൂണിഫോം തുടങ്ങിയ സാമഗ്രികൾ വിതരണം ചെയ്തു. കൗൺസിലിംഗ്, തൊഴിൽ പരിശീലന പരിപാടികളും നടത്തി. 2023-24ൽ എസ്എസ്എൽസി പാസായ 136 വിദ്യാർത്ഥികളുടെ പട്ടിക വിദ്യാഭ്യാസ വകുപ്പിന് കൈമാറി, അവർക്കായി സമീപത്തെ സ്കൂളുകളിൽ പ്രവേശനം ഉറപ്പാക്കി. 2024-25ൽ എസ്എസ്എൽസി പാസായ 554 വിദ്യാർഥികൾക്കായി ഇത് വീണ്ടും നടപ്പാക്കി.

ഉന്നത വിദ്യാഭ്യാസത്തെ പിന്തുണയ്ക്കുന്നതിനായി സ്കോളർഷിപ്പുകൾ / സ്റ്റൈപ്പൻഡുകൾ, മറ്റ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാനായി 94 വിദ്യാർത്ഥികളുടെ ഒരു ലിസ്റ്റ് ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറി. സമാനമായി സ്കൂളിൽ പോകുന്ന 1,544 വിദ്യാർത്ഥികളുടെ പട്ടിക പൊതുവിദ്യാഭ്യാസ വകുപ്പിനും സമർപ്പിക്കുന്നുണ്ട്.

വളരെ ദരിദ്രരായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായി സൗജന്യ യാത്ര അനുവദിച്ചുകൊണ്ട് ഗതാഗത വകുപ്പ് പദ്ധതിയെ പിന്തുണച്ചു. 1,340 വിദ്യാർത്ഥികൾക്ക് യാത്രാ പാസ്സ് അനുവദിച്ചു. 437 അനാഥ വിദ്യാർത്ഥികളുടെ ഒരു ലിസ്റ്റ് വനിതാ ശിശു വികസന വകുപ്പിനും കേരള സോഷ്യൽ സെക്യൂരിറ്റി മിഷനും (കെഎസ്എസ്എം) അവരുടെ വകുപ്പുതല പദ്ധതികൾക്ക് കീഴിൽ സഹായം ലഭ്യമാക്കാൻ കൈമാറിയിട്ടുണ്ട്. ഇതനുസരിച്ച് 322 വിദ്യാർത്ഥികൾ സ്കോളർഷിപ്പുകൾ/സ്റ്റൈപന്റുകൾക്കും മറ്റ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുമായി കെഎസ്എസ്എമ്മിന്റെ സ്നേഹപൂർവം പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ജനകീയ ഹോട്ടലുകൾ വഴിയുള്ള ഭക്ഷണ വിതരണം ഉറപ്പാക്കുന്നതിൽ കുടുംബശ്രീ മിഷൻ നിർണായകമായിരുന്നു. പാകം ചെയ്ത ഭക്ഷണം പാകം ചെയ്യാനുള്ള സൗകര്യമില്ലാത്ത കുടുംബങ്ങൾക്ക് വിതരണം ചെയ്തു, അത് തയ്യാറാക്കാൻ കഴിയുന്നവർക്ക് ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു. വിവിധ സംഘടനകളുമായി സഹകരിച്ച് കുടുംബശ്രീ വൊളന്റിയർമാർ ഭക്ഷണ കിറ്റുകൾ വിതരണം ചെയ്യുന്നു. 100 ദിവസം നീണ്ട ക്യാമ്പെയ്നിലൂടെ വരുമാനക്കുറവ് മൂലം ദുർബലരായ 6,649 പാവപ്പെട്ട കുടുംബങ്ങളെ കൈപിടിച്ചുയർത്താനുള്ള ഉജ്ജീവനം പദ്ധതിയും അവർ ആരംഭിച്ചു. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള ഒരു സംഘം വളരെ ദരിദ്രരായ ഓരോ കുടുംബത്തേയും സന്ദർശിക്കുകയും അവരുടെ വരുമാന ആവശ്യങ്ങൾ തിരിച്ചറിയുകയും വരുമാനം ഉണ്ടാക്കുന്ന പ്രവർത്തനങ്ങളിലൂടെ അവരുടെ ഉന്നമനത്തിനായി ഇഷ്ടാനുസൃതമാക്കിയ പ്രോജക്റ്റുകൾ തയ്യാറാക്കുകയും ചെയ്യുന്നു. ആവശ്യക്കാർക്ക് തൊഴിൽ പരിശീലനവും നൽകുന്നുണ്ട്.

437 അനാഥ വിദ്യാർത്ഥികളുടെ ഒരു ലിസ്റ്റ് വനിതാ ശിശു വികസന വകുപ്പിനും കേരള സോഷ്യൽ സെക്യൂരിറ്റി മിഷനും (കെഎസ്എസ്എം) അവരുടെ വകുപ്പുതല പദ്ധതികൾക്ക് കീഴിൽ സഹായം ലഭ്യമാക്കാൻ കൈമാറിയിട്ടുണ്ട്. ഇതനുസരിച്ച് 322 വിദ്യാർത്ഥികൾ സ്കോളർഷിപ്പുകൾ/സ്റ്റൈപൻഡുകൾക്കും മറ്റ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുമായി കെഎസ്എസ്എമ്മിന്റെ സ്നേഹപൂർവ്വം പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കോഴിക്കോട് ആസ്ഥാനമായുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ കോമ്പോസിറ്റ് റീജിയണൽ സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ്, റീഹാബിലിറ്റേഷൻ ആൻഡ് എംപവർമെന്റ് ഓഫ് പേഴ്സൺ വിത്ത് ഡിസബിലിറ്റീസ് (സിആർസി) ആണ് ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ നൽകാൻ മുന്നിട്ടിറങ്ങിയത്. ഇതനുസരിച്ച്, തീർത്തും ദരിദ്രരായ കുടുംബങ്ങളിലെ ഭിന്നശേഷിക്കാരായ 569 പേരുടെ പട്ടിക സ്ഥാപനത്തിന് കൈമാറുകയും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത സംരംഭത്തിന് പിന്തുണ നൽകാൻ മറ്റ് നിരവധി വകുപ്പുകളും ചേർന്നു പ്രവർത്തിച്ചു. റവന്യൂ വകുപ്പ് തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡുകൾ വേഗത്തിൽ വിതരണം ചെയ്തപ്പോൾ അക്ഷയ കേന്ദ്രങ്ങൾ ആധാർ കാർഡുകൾ നൽകുന്നതിൽ ശ്രദ്ധകാന്തിയോടെ പ്രവർത്തിച്ചു. പോഷകാഹാരം നൽകുന്നതിനാണ് വനിതാ ശിശുവികസന വകുപ്പ് മുൻഗണന നൽകിയത്

**സർക്കാരിൽ നിന്നുള്ള അധിക പിന്തുണ**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങൾ ഉപയോഗിച്ചാണ് മൈക്രോപ്ലാനുകൾ തയ്യാറാക്കിയിരിക്കുന്നത്. എന്നിരുന്നാലും, 2023-24 ഗ്യാപ് ഫണ്ടായി സർക്കാർ ₹ 50 കോടി അനുവദിച്ചു. അത് ഇനിപ്പറയുന്ന രീതിയിൽ നീക്കിവച്ചിരിക്കുന്നു

- ഉയർന്ന ചെലവുള്ള ആരോഗ്യ സംരക്ഷണത്തിന് : ₹45 ലക്ഷം
- ഉജ്ജീവനത്തിനായി കുടുംബശ്രീക്ക് നൽകിയ വിഹിതം: ₹16.4 കോടി
- പാർപ്പിടം നൽകുന്നതിന് ലൈഫ് മിഷന് നൽകിയ വിഹിതം: ₹ 33.1 കോടി

ശസ്ത്രക്രിയയ്ക്ക് വിധേയരായ നാല് ദരിദ്രരായ രോഗികൾക്ക് 5.8 ലക്ഷം രൂപ നൽകുകയും ചെയതു.

**ബോക്സ് 1.3.1** അതി ദാരിദ്ര്യ നിർമാർജന പരിപാടിയുടെ നേട്ടം

എൽഎസ്ജിഡി പുറത്തുവിട്ട ഏറ്റവും പുതിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം, കണ്ടെത്തിയ ദരിദ്രരായ കുടുംബങ്ങളിൽ 47.89 ശതമാനത്തേയും കടുത്ത ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാനായിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചുകൊണ്ട് അവരെ കടുത്ത ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റാൻ ആവശ്യമായ എല്ലാ സാഹചര്യങ്ങളും ഒരുക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്ഥാപനതല കമ്മിറ്റികൾ എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് സാധ്യമാക്കിയത്.

പാവപ്പെട്ട കുടുംബങ്ങൾക്ക് അവശ്യസാധനങ്ങൾ ലഭ്യമാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തിയ ശ്രമങ്ങളുടെ ഫലമാണിത്. ഇതനുസരിച്ച് 15,276 കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റുകളും 5,336 കുടുംബങ്ങൾക്ക് പാകം ചെയ്ത ഭക്ഷണവും കമ്മ്യൂണിറ്റി കിച്ചണുകൾ വഴിയും കുടുംബശ്രീ മിഷന്റെ ജനകീയ ഹോട്ടലുകൾ വഴിയും വിതരണം ചെയ്യുന്നു. രണ്ടു മാസത്തിലൊരിക്കൽ ഗൃഹസന്ദർശനത്തിലൂടെ 21,027 കുടുംബങ്ങൾക്ക് മെഡിക്കൽ സ്റ്റാഫ് ഇടയ്ക്കിടെ വൈദ്യപരിശോധന നടത്തി ചികിത്സയും മരുന്നും ഉറപ്പാക്കിയിട്ടുണ്ട്. 4,977 പേർക്ക് സാന്ത്വന പരിചരണവും 384 രോഗികൾക്ക് ഹെൽത്ത് കെയർ സപ്പോർട്ട് ഉപകരണങ്ങളും ഒമ്പത് വ്യക്തികൾക്ക് അവയവം മാറ്റിവയ്ക്കൽ സഹായവും നൽകി. ഇതുകൂടാതെ, അവിവാഹിത കുടുംബങ്ങളിൽ നിന്നുള്ള 333 പേരും മറ്റ് കുടുംബങ്ങളിൽ നിന്നുള്ള 360 പേരും ഉൾപ്പെടെ 693 വ്യക്തികളെ ഷെൽട്ടർ ഹോമുകളിലേക്ക് മാറ്റി. ദരിദ്ര കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗം ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകളുടെ ഭാഗമായി വരുമാനമാർഗ്ഗമില്ലാത്ത 841 കുടുംബങ്ങൾക്ക് വരുമാനമുണ്ടാക്കാനുള്ള പ്രവർത്തനങ്ങൾക്ക് സഹായം നൽകി.

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ കുറ്റിയാട്ടൂർ ഗ്രാമപഞ്ചായത്തിൽ കടുത്ത ദാരിദ്ര്യമുള്ള 16 കുടുംബങ്ങളെ കണ്ടെത്തിയിരുന്നു. 16 കുടുംബങ്ങളുടേയും ദുരിതം പരിഹരിക്കുന്നതിനും അവരെ കടുത്ത ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റുന്നതിനും ആവശ്യമായ സേവനങ്ങൾ നൽകാനും അതുവഴി കടുത്ത ദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാകുന്ന സംസ്ഥാനത്തെ ആദ്യത്തെ ഗ്രാമപഞ്ചായത്തായി മാറാനും അവർക്ക് കഴിഞ്ഞു. ഈ നേട്ടങ്ങളാൽ പ്രചോദിതമായി, 2025 നവംബർ 1-ഓടെ സംസ്ഥാനത്ത് നിന്ന് കടുത്ത ദാരിദ്ര്യം തുടച്ചുനീക്കാനുള്ള യാത്ര സർക്കാർ ആരംഭിച്ചു.

| ജില്ല | അതിദരിദ്രരായി കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | അതിദാരിദ്ര്യത്തിൽനിന്ന് മോചിതരായവരുടെ എണ്ണം ശതമാനം | ശതമാനം |
|---|---|---|---|
| ആലപ്പുഴ | | | 51.45 |
| എറണാകുളം | 5,650 | 2,653 | 46.96 |
| ഇടുക്കി | 2,665 | 1,115 | 41.84 |
| കണ്ണൂർ | 4,208 | 2,617 | 62.19 |
| കാസർകോട് | 2,768 | 1,218 | 44.00 |
| കൊല്ലം | 4,461 | 1,809 | 40.55 |
| കോട്ടയം | 1,071 | 556 | 51.91 |

| | | | |
|---|---|---|---|
| കോഴിക്കോട് | 6,773 | 3,171 | 46.82 |
| മലപ്പുറം | 8,553 | 4,166 | 48.71 |
| പാലക്കാട് | 6,443 | 2,845 | 44.16 |
| പത്തനംതിട്ട | 2,579 | 984 | 38.15 |
| തിരുവനന്തപുരം | 7,278 | 3,761 | 51.68 |
| തൃശ്ശൂർ | 5,013 | 2,707 | 54.00 |
| വയനാട് | 2,931 | 1,197 | 40.84 |
| **ആകെ** | 64,006 | 30,658 | 47.90 |

ഉറവിടം: അതിദാരിദ്ര്യ സ്റ്റാറ്റസ് റിപ്പോർട്ട്

# 1.4 വികസന ഉദ്യമങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക്

മൂലധനവും സാമ്പത്തിക സേവനങ്ങളും നൽകിക്കൊണ്ട് ബിസിനസുകളെയും വ്യക്തികളെയും അഭിവൃദ്ധിപ്പെടുത്തുന്നതിലൂടെ സാമ്പത്തിക വളർച്ചയും വികസനവും പ്രോത്സാഹിപ്പിക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾക്കും (എഫ്ഐകൾ) ബാങ്കുകൾക്കും സുപ്രധാന പങ്കുണ്ട്. പണമിടപാടുകൾ, വായ്പ, നിക്ഷേപം, റിസ്ക് മാനേജ്മെന്റ് എന്നിവ സുഗമമാക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നു. സമ്പാദിക്കുന്നവർക്കും കടം വാങ്ങിക്കുന്നവർക്കും ഇടയിലുള്ള ഇടനിലക്കാരായി ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു, സമ്പാദ്യം സമാഹരിച്ച് ഉൽപ്പാദന നിക്ഷേപങ്ങളാക്കി, അതുവഴി സാമ്പത്തിക വളർച്ചയും സാമ്പത്തിക സുസ്ഥിരതയും കൈവരിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ സഹായിക്കുന്നു. സാമ്പത്തിക ഉൾച്ചേർക്കലിലും ബാങ്കുകൾക്ക് ഒരു പ്രധാന പങ്കുണ്ട്. അതിലൂടെ മെച്ചപ്പെട്ട ജീവിതം നയിക്കുന്നവരും പിന്നാക്കം നിൽക്കുന്നവരുമുൾപ്പെടെ എല്ലാവർക്കും താങ്ങാനാവുന്ന രീതിയിൽ ബാങ്കിംഗ് സേവനങ്ങൾ എത്തിക്കുന്നതിന് സാധിക്കുന്നു.

**ദേശീയതലത്തിലും സംസ്ഥാന തലത്തിലും ബാങ്കുകളുടെ വളർച്ച**

ആർബിഐയുടെ ത്രൈമാസ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, 2024 മാർച്ച് അവസാനത്തോടെ 1,59,130 ബാങ്ക് ശാഖകൾ മുഖേന 137 ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ (എസ്സിബി) ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 55,049 ശാഖകൾ ഗ്രാമപ്രദേശത്തും, 44,900 എണ്ണം അർദ്ധ നഗരപ്രദേശത്തും 28,995 എണ്ണം നഗരപ്രദേശത്തും ബാക്കി 30,186 ശാഖകൾ മെട്രോപൊളിറ്റൻ നഗരങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. ഉത്തർപ്രദേശിലാണ് ഏറ്റവും കൂടുതൽ ബാങ്ക് ശാഖകളുള്ളത് (18,418), തുടർന്ന് മഹാരാഷ്ട്രയും (13,929), തമിഴ്നാടും (12,478). കേരളത്തിൽ 6,917 ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് ശാഖകളുണ്ട്, ഇത് ഇന്ത്യയിലെ മൊത്തം ബാങ്ക് ശാഖകളുടെ 4.4 ശതമാനമാണ്. ആർബിഐ കണക്കുകൾ പ്രകാരം രാജ്യത്തെ അർദ്ധ നഗര പ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ ബാങ്ക് ശാഖകളുള്ളത് കേരളത്തിലാണ് (4993). ആർബിഐ കണക്കുകൾ പ്രകാരം, മുൻവർഷത്തെ അപേക്ഷിച്ച് 2024 മാർച്ചിൽ കേരളത്തിലെ ബാങ്ക് ശാഖകളുടെ എണ്ണത്തിൽ 2.9 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. 2024 മാർച്ച് വരെയുള്ള രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ ശാഖകളെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം1.4.1** ൽ കൊടുത്തിരിക്കുന്നു.

സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (എസ്എൽബിസി) കണക്കുകൾ പ്രകാരം, 2024 മാർച്ചിൽ കേരളത്തിൽ 7,921 ബാങ്ക് ശാഖകളുണ്ട്. ഇതിൽ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ ഉൾപ്പെടുന്നു. കേരളത്തിൽ ആകെയുള്ള 7,921 ബാങ്ക് ശാഖകളിൽ 10.7 ശതമാനം ശാഖകൾ ഗ്രാമപ്രദേശത്തും 66.7 ശതമാനം ശാഖകൾ അർദ്ധ നഗരപ്രദേശത്തും 22.6 ശതമാനം ശാഖകൾ നഗരപ്രദേശത്തുമാണ്. എസ്എൽബിസി റിപ്പോർട്ട് അനുസരിച്ച് കേരളത്തിൽ, 2023 മാർച്ചിൽ 6,469 ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് ശാഖകൾ ഉണ്ടായിരുന്നത് 143 എണ്ണത്തിന്റെ വർദ്ധനവോടെ 2024 മാർച്ചിൽ 6,612 ശാഖകളായി ഉയർന്നു. (ഇതിൽ പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ എന്നിവ ഉൾപ്പെടുന്നു). 2024 മാർച്ചിൽ കേരള ഗ്രാമീണ ബാങ്കിന്റെ ആകെ ശാഖകളുടെ എണ്ണം മുൻവർഷത്തേത് പോലെ 634 തന്നെയാണ്. 2024 മാർച്ച് വരെ കേരളത്തിൽ 331 ചെറുകിട ധനകാര്യ ബാങ്കുകളുമുണ്ട്. 2024 മാർച്ച് വരെ സംസ്ഥാനത്ത് 978 കോ-ഓപ്പറേറ്റീവ് ബാങ്കുകളും ഉണ്ട്. മുൻ വർഷം അത് 998 ആയിരുന്നു. എസ്എൽബിസി റിപ്പോർട്ട് അനുസരിച്ച് 2024 മാർച്ച് വരെ കേരളത്തിലെ

**പട്ടിക 1.4.1** 2024 ൽ കേരളത്തിലെ ബാങ്കുകളുടെ ഇനം തിരിച്ചുള്ള ബ്രാഞ്ച് ശൃംഖല

| ക്രമ നമ്പർ | ബാങ്കുകളുടെ ഇനം | ബ്രാഞ്ചുകളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | ഗ്രാമം | അർദ്ധനഗരം | നഗരം | മൊത്തം |
| 1 | പൊതുമേഖലാ വാണിജ്യ ബാങ്കുകൾ | 142 | 2346 | 821 | 3309 |
| 2 | പ്രാദേശിക ഗ്രാമീണ ബാങ്കുകൾ- കേരള ഗ്രാമീൺ ബാങ്ക് | 53 | 542 | 39 | 634 |
| 3 | സ്വകാര്യ വാണിജ്യ ബാങ്കുകൾ | 133 | 1894 | 642 | 2669 |
| 4 | ചെറുകിട ധനകാര്യ ബാങ്കുകൾ | 44 | 245 | 42 | 331 |
| 5 | സഹകരണ ബാങ്കുകൾ * | 478 | 254 | 246 | 978 |
| | മൊത്തം | 850 | 5281 | 1790 | 7921 |

കേരള ബാങ്ക് ശാഖകൾ ഉൾപ്പെടെ
അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2024

ബാങ്കുകളുടെ ഗ്രൂപ്പ് തിരിച്ചുള്ള ബ്രാഞ്ച് ശൃംഖല **പട്ടിക 1.4.1**ൽ കാണിച്ചിരിക്കുന്നു.

**നിക്ഷേപങ്ങൾ**


ആർബിഐ കണക്കുകൾ പ്രകാരം, രാജ്യത്തെ മൊത്തം നിക്ഷേപങ്ങളിൽ 2024 മാർച്ച് അവസാനത്തോടെ മുൻ വർഷത്തേക്കാൾ 13.39 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. രാജ്യത്തെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം 2023 മാർച്ചിൽ 1,87,42,311 കോടി രൂപയായിരുന്നത് 2024 മാർച്ചിലെ കണക്കനുസരിച്ച് 2,12,53,358 കോടി രൂപയായി. കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപത്തിൽ 2023 മാർച്ചിനെ ആപേക്ഷിച്ച് 2024 മാർച്ചിൽ 10.97 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2024 മാർച്ചിൽ രാജ്യത്തെ മൊത്തം നിക്ഷേപത്തിന്റെ 3.78 ശതമാനമാണ് കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ നിക്ഷേപത്തിന്റെ വിഹിതം. രാജ്യത്ത് ഏറ്റവും ഉയർന്ന നിക്ഷേപ വിഹിതമുള്ളത് മഹാരാഷ്ട്രയാണ് (21.96 ശതമാനം). 2020 മാർച്ച് മുതൽ 2024 മാർച്ച് വരെയുള്ള രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ നിഷേപത്തെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 1.4.2** ൽ കൊടുത്തിരിക്കുന്നു. മെട്രോപൊളിറ്റൻ പ്രദേശങ്ങളിൽ മൊത്തം നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് 2023 മാർച്ചിൽ 10.89 ശതമാനമായിരുന്നത് 2024 മാർച്ചിൽ 14.6 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഇത് 2023 മാർച്ചിൽ 9.13 ശതമാനമായിരുന്നത് 2024 മാർച്ചിൽ 12.58 ശതമാനമായി വർദ്ധിച്ചു. നഗര പ്രദേശങ്ങളിൽ മൊത്തം നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് 2023 മാർച്ചിൽ 10.4 ശതമാനമായിരുന്നത് 2024 മാർച്ചിൽ 11.3 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. അർദ്ധ നഗര പ്രദേശങ്ങളിൽ വളർച്ചാ നിരക്ക് 2023 മാർച്ചിൽ 8.0 ശതമാനമായിരുന്നത് 2024 മാർച്ചിൽ 12.8 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. പൊതുമേഖലാ ബാങ്കുകളിൽ, മൊത്തം നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് 2023 മാർച്ചിലെ 8.1 ശതമാനത്തിൽ നിന്നും 2024 മാർച്ചിൽ 9.4 ശതമാനമായി വർദ്ധിച്ചു. സ്വകാര്യ മേഖല ബാങ്കുകളിൽ നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് 2023 മാർച്ചിലെ 14.8 ശതമാനത്തിൽ നിന്നും 2024 മാർച്ചിൽ 20.1 ശതമാനമായി വർദ്ധിച്ചു. അതേ സമയം ചെറുകിട ധനകാര്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം 2023 മാർച്ചിലെ 33.9 ശതമാനത്തിൽ നിന്ന് 2024 മാർച്ചിൽ 31.3 ശതമാനമായി കുറഞ്ഞതായാണ് ആർബിഐ റിപ്പോർട്ട് കാണിക്കുന്നത്. പ്രാദേശിക ഗ്രാമീണ ബാങ്കുകളിലും 2023 മാർച്ചിലെ 9.3 ശതമാനത്തിൽ നിന്നും 2024 മാർച്ചിൽ 7.5 ശതമാനമായി കുറഞ്ഞതായിട്ടാണ് കാണുന്നത്.

എസ്എൽബിസി കണക്കുകൾ പ്രകാരം, കേരളത്തിലെ മൊത്തം ബാങ്ക് നിക്ഷേപം (വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ എന്നിവയുടെ നിക്ഷേപം ഉൾപ്പെടെ) 2023 മാർച്ചിലെ 7,19,377 കോടി രൂപയിൽ നിന്ന് 2024 മാർച്ചിൽ 7,96,982.29 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എസ്എൽബിസി റിപ്പോർട്ട് പ്രകാരം കേരളത്തിലെ മൊത്തം നിക്ഷേപങ്ങളുടെ വാർഷിക വളർച്ചാ നിരക്ക് 2023 മാർച്ചിലെ 7.98 ശതമാനത്തിൽ നിന്ന് 2024 മാർച്ചിൽ 10.78 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. 2005-2024 കാലയളവിൽ കേരളത്തിലെ ബാങ്ക് നിക്ഷേപങ്ങളുടെ വളർച്ച **അനുബന്ധം 1.4.3** ൽ കൊടുത്തിരിക്കുന്നു.

**ആഭ്യന്തര നിക്ഷേപവും പ്രവാസി നിക്ഷേപവും**

എസ്എൽബിസി കണക്കുകൾ പ്രകാരം 2024 മാർച്ചിൽ, കേരളത്തിലെ മൊത്തം ബാങ്ക് നിക്ഷേപത്തിൽ 5,25,723.32 കോടി രൂപ ആഭ്യന്തര നിക്ഷേപവും (മൊത്തം നിക്ഷേപത്തിന്റെ 66 ശതമാനം), 2,71, 258.97 കോടി രൂപ പ്രവാസി നിക്ഷേപവുമാണ് (34 ശതമാനം). 2023 മാർച്ചിൽ ഇത് യഥാക്രമം 4,78,402 കോടി രൂപയും 2,40,975 കോടി രൂപയുമായിരുന്നു. 2024 മാർച്ചിൽ മൊത്തം ആഭ്യന്തര നിക്ഷേപത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 9.89 ശതമാനമാണ്. ഇത് മുൻവർഷത്തേക്കാൾ കുറവാണ്. 2024 മാർച്ചിൽ സംസ്ഥാനത്തെ മൊത്തം പ്രവാസി നിക്ഷേപങ്ങളിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട് (12.57 ശതമാനം). 2014-2024 കാലയളവിൽ കേരളത്തിലെ ബാങ്ക് നിക്ഷേപങ്ങളുടെ വളർച്ച (ആഭ്യന്തരവും, പ്രവാസിയും) **ചിത്രം 1.4.1** ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 1.4.1 കേരളത്തിലെ ആഭ്യന്തര, പ്രവാസി ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച – 2014 മുതൽ 2024 വരെ (രൂപ കോടിയിൽ)**





അവലംബം : സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2024

എസ്എൽബിസി കണക്ക് പ്രകാരം, പൊതുമേഖലാ ബാങ്കുകളുടെ 2024 മാർച്ച് വരെയുള്ള മൊത്തം പ്രവാസി നിക്ഷേപം 1,15,892.5 കോടി രൂപയാണ്, ഇത് മൊത്തം പ്രവാസി നിക്ഷേപത്തിന്റെ 42.7 ശതമാനമാണ്. എന്നാൽ സ്വകാര്യമേഖലാ ബാങ്കുകൾക്ക് 1,49,417 കോടി രൂപയുടെ പ്രവാസി നിക്ഷേപമുണ്ട്, അതായത് മൊത്തം പ്രവാസി നിക്ഷേപത്തിന്റെ 55 ശതമാനം. മുൻവർഷം ഇത് യഥാക്രമം 43.3 ശതമാനവും 54.7 ശതമാനവുമായിരുന്നു. ചെറുകിട ധനകാര്യ ബാങ്കുൾക്ക് 2024 മാർച്ചിൽ പ്രവാസി നിക്ഷേപമായി 4120.9 കോടി രൂപ ലഭിച്ചു, ഇത് മൊത്തം പ്രവാസി നിക്ഷേപത്തിന്റെ 1.5 ശതമാനമാണ്. അതുപോലെ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾക്ക് പ്രവാസി നിക്ഷേപമായി ലഭിച്ചത് 1,828.6 കോടി രൂപയാണ്. സഹകരണ മേഖലയിലെ ബാങ്കുകളിൽ പ്രവാസി നിക്ഷേപം ഇല്ല. കേരളത്തിലെ പ്രമുഖ ബാങ്കുകളുടെ 2024 മാർച്ച് വരെയുള്ള പ്രവാസി നിക്ഷേപങ്ങളുടെയും വായ്പാ നിക്ഷേപ അനുപാതത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 1.4.4** ൽ നൽകിയിരിക്കുന്നു.

### വായ്പകൾ

2024 മാർച്ചിലെ എസ്എൽബിസി കണക്കുകൾ പ്രകാരം, വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും സംസ്ഥാനത്ത് വായ്പയായി 6,30,559 കോടി രൂപ വിതരണം ചെയ്തു. 2023 മാർച്ചിൽ വായ്പയായി നൽകിയ 5,47,988 കോടി രൂപയേക്കാൾ 15.1 ശതമാനം കൂടുതലാണിത്. പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ (എസ്എഫ്ബി) എന്നിവയുൾപ്പെടെ എല്ലാ വാണിജ്യ ബാങ്കുകളും ചേർന്ന് 2024 മാർച്ച് അവസാനത്തോടെ 5,77,092.3 കോടി രൂപ വിതരണം ചെയ്തു. 2023 മാർച്ചിൽ ഇത് 4,93,157 കോടി രൂപയായിരുന്നു. ഇതിൽ പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ എന്നിവയുടെ വിഹിതം യഥാക്രമം 3,06,317 കോടി രൂപ, 2,38,892.3 കോടി രൂപ, 24,388.9 കോടി രൂപ, 7,494.2 കോടി രൂപ എന്നിങ്ങനെയാണ്. മുൻവർഷത്തെ അപേക്ഷിച്ച് മുൻഗണനാ മേഖലകളിൽ നൽകിയ വായ്പയിൽ (പിഎസ്എ) 11.9 ശതമാനത്തിന്റെ വർദ്ധനവുണ്ട്. പൊതുമേഖലാ വാണിജ്യബാങ്കുകൾ അവരുടെ വായ്പയുടെ 49.3 ശതമാനം പ്രാഥമികമേഖലയിൽ വിതരണം ചെയ്തു, ഇത് മുൻവർഷത്തേക്കാൾ കുറവാണ് (50.5 ശതമാനം); സഹകരണ ബാങ്കുകൾ അവരുടെ വായ്പയുടെ 8 ശതമാനം മാത്രമാണ് പ്രാഥമികമേഖലയ്ക്ക് നൽകിയത്. മുൻ വർഷം ഇത് 7.7 ശതമാനമായിരുന്നു. പ്രാഥമിക മേഖലയിലെ വായ്പാ വിതരണത്തിൽ കേരള ഗ്രാമീൺ ബാങ്കിന്റെ വിഹിതം 13.1 ശതമാനമാണ്. പ്രാഥമിക മേഖലയിലെ വായ്പാ വിതരണത്തിലെ വിഹിതം **ചിത്രം 1.4.2** ൽ കാണിച്ചിരിക്കുന്നു. ആർ ബി ഐയുടെ ത്രൈമാസ റിപ്പോർട്ട് പ്രകാരം പ്രമുഖ സംസ്ഥാനങ്ങളിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ നൽകിയ വായ്പാധനസഹായങ്ങളുടെ വിവരങ്ങൾ **അനുബന്ധം 1.4.5**ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

**ചിത്രം 1.4.2** പ്രാഥമിക മേഖലയിലെ വായ്പാ വിതരണത്തിന്റെ വിഹിതം, മാർച്ച് 2024




അവലംബം : സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2024


### കാർഷിക വായ്പകൾ

2023 മാർച്ചിൽ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ മുഖേനയുള്ള ആകെ കാർഷിക വായ്പ, 2023 മാർച്ചിലെ 1, 22, 031 കോടി രൂപയിൽ നിന്നും 19.79 ശതമാനം വർദ്ധിച്ച് 1, 46, 183.46 കോടി രൂപയായി. 2024 മാർച്ചിൽ മൊത്തം വായ്പയുടെ 23.18 ശതമാനമാണ് കാർഷിക വായ്പയായി നൽകിയത്. 2024 മാർച്ച് വരെ കാർഷിക വായ്പയിൽ വിവിധ ബാങ്കുകളുടെ വിഹിതം **ചിത്രം 1.4.3**-ൽ കാണിച്ചിരിക്കുന്നു

### പട്ടിക ജാതി/പട്ടിക വർഗ്ഗ, ദുർബല വിഭാഗങ്ങൾക്കുള്ള വായ്പകൾ

2024 മാർച്ചിലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് വിവിധ ബാങ്കുകൾ വഴി പട്ടികജാതി (എസ്സി), പട്ടികവർഗ്ഗ (എസ്ടി) വിഭാഗക്കാർക്ക് യഥാക്രമം 2580.6 കോടി രൂപയും 727.9 കോടി രൂപയും വായ്പയായി വിതരണം ചെയ്തു. 2023 മാർച്ചിൽ ഇത് യഥാക്രമം 2275.3 കോടി രൂപയും, 500.7 കോടി രൂപയുമായിരുന്നു. എസ്എൽബിസി റിപ്പോർട്ട് പ്രകാരം മുൻവർഷത്തെ അപേക്ഷിച്ച് പട്ടിക ജാതി മേഖലയിൽ ബാങ്കുകൾ നൽകിയ വായ്പയിൽ 13.4 ശതമാനത്തിന്റെ വർദ്ധനവും പട്ടിക വർഗ്ഗ മേഖലയിൽ 45.4 ശതമാനത്തിന്റെ വർദ്ധനവും ഉണ്ടായതായാണ് കാണുന്നത്. സംസ്ഥാനത്തെ ദുർബല വിഭാഗങ്ങൾക്ക് നൽകിയ വായ്പാ തുക മുൻവർഷത്തെ അപേക്ഷിച്ച് 30.6 ശതമാനം വർദ്ധിച്ചു. അതായത് ദുർബല വിഭാഗങ്ങൾക്ക് 2024 മാർച്ചിൽ വായ്പയായി നൽകിയ തുക 1,59,901.5 കോടി രൂപയും 2023 മാർച്ചിൽ ഇത് 1,22, 421 കോടി രൂപയുമായിരുന്നു. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 2024 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ഇനം തിരിച്ച് **പട്ടിക 1.4.2** ൽ നൽകിയിട്ടുണ്ട്.

**ചിത്രം 1.4.3** 2024 മാർച്ച് വരെയുള്ള കാർഷിക വായ്പ വിഹിതം




അവലംബം : സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2o24

**പട്ടിക 1.4.2** പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2024 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ബാങ്ക് ഇനം തിരിച്ച് (രൂപ കോടിയിൽ)

| ക്രമ നമ്പർ | ബാങ്ക് | പട്ടികജാതിക്കാർക്കുള്ള വായ്പ 2023 | | പട്ടികവർഗ്ഗക്കാർക്കുള്ള വായ്പ 2023 | | പട്ടികജാതിക്കാർക്കുള്ള വായ്പ 2024 | | പട്ടികവർഗ്ഗക്കാർക്കുള്ള വായ്പ 2024 | | എസ്.സി വായ്പയിൽ ഉണ്ടായ മാറ്റം ശതമാനത്തിൽ | എസ്.ടി വായ്പയിൽ ഉണ്ടായ മാറ്റം ശതമാനത്തിൽ |
|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | | |
| 1 | പൊതുമേഖലാ വാണിജ്യ ബാങ്കുകൾ | 53508 | 1099.28 | 10960 | 229.53 | 71585 | 1259.99 | 22461 | 392.59 | 14.62 | 71.04 |
| 2 | പ്രാദേശിക ഗ്രാമീണ ബാങ്കുകൾ | 55716 | 449.38 | 13343 | 81.45 | 63253 | 529.07 | 15095 | 97.05 | 17.73 | 19.15 |
| 3 | സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ | 157121 | 443.04 | 35536 | 84.97 | 163333 | 510.70 | 39950 | 99.00 | 15.27 | 16.51 |
| 4 | ചെറുകിട ധനകാര്യ ബാങ്കുകൾ | 39020 | 149.42 | 17167 | 64.50 | 49340 | 194.87 | 24317 | 87.02 | 30.42 | 34.91 |
| 5 | സഹകരണ ബാങ്കുകൾ | 71887 | 134.14 | 24759 | 40.26 | 4526 | 85.95 | 6111 | 52.27 | -35.93 | 29.83 |
| | മൊത്തം ബാങ്കിംഗ് മേഖല | 377252 | 2275.26 | 101765 | 500.71 | 352037 | 2580.60 | 107934 | 727.94 | 13.42 | 45.38 |

അവലംബം : സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2024

### ഭവനവായ്പ

എസ്എൽബിസി കണക്കുകൾ പ്രകാരം വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും ഉൾപ്പെടെ കേരളത്തിലെ ബാങ്കുകൾ 2024 മാർച്ചിൽ 6,44,726 ഗുണഭോക്താക്കൾക്ക് ഭവനവായ്പയായി 43,043 കോടി രൂപ അനുവദിച്ചു. 2023 മാർച്ചിൽ ഇത് 5,83,577 ഗുണഭോക്താക്കൾക്ക് 43,790.1 കോടി രൂപയായിരുന്നു. 2023 മാർച്ചിനെ അപേക്ഷിച്ച് 2024 മാർച്ചിൽ അനുവദിച്ച മൊത്തം ഭവന വായ്പയിൽ 1.7 ശതമാനം കുറവുണ്ടായിട്ടുണ്ട്. ഈ അവലോകന കാലയളവിൽ പൊതുമേഖലാ ബാങ്കുകൾ 2,77,748 ഗുണഭോക്താക്കൾക്ക് 24,014.9 കോടി രൂപയും, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 65,091 ഗുണഭോക്താക്കൾക്ക് 3,520.1 കോടി രൂപയും, സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകൾ 98,793 ഗുണഭോക്താക്കൾക്ക് 6,761.96 കോടി രൂപയും, ചെറുകിട ധനകാര്യ ബാങ്കുകൾ 6,657 ഗുണഭോക്താക്കൾക്ക് 224.2 കോടി രൂപയും, സഹകരണ ബാങ്കുകൾ 1,96,437 ഗുണഭോക്താക്കൾക്ക് 8,521.8 കോടി രൂപയും ഭവന വായ്പയായി വിതരണം ചെയ്തു. ഭവന വായ്പയുടെ ഭൂരിഭാഗവും (55.8 ശതമാനം) വിതരണം ചെയ്തത് പൊതു മേഖല വാണിജ്യ ബാങ്കുകളാണ്. രണ്ടാം സ്ഥാനത്ത് സഹകരണ ബാങ്കുകളാണ് (19.8 ശതമാനം).

### വിദ്യാഭ്യാസ വായ്പ

സംസ്ഥാനത്ത് 2024 മാർച്ച് വരെ 2,89,055 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയായി 14,922.86 കോടി രൂപ അനുവദിച്ചു. ആകെ അനുവദിച്ച തുകയിൽ മുൻവർഷത്തെ അപേക്ഷിച്ച് 15.7 ശതമാനം വർദ്ധനവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ 1.5 ശതമാനം വർദ്ധനവുമുണ്ടായിട്ടുണ്ട്. മൊത്തം വിദ്യാഭ്യാസ വായ്പയുടെ 88.3 ശതമാനവും പൊതുമേഖലാ വാണിജ്യ ബാങ്കുകളാണ് വിതരണം ചെയ്തത്. അതായത് 2,46,282 വിദ്യാർത്ഥികൾക്ക് 13,176.7 കോടി രൂപ. പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 14,550 വിദ്യാർത്ഥികൾക്ക് 432.3 കോടി രൂപയും, സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകൾ 25,985 വിദ്യാർത്ഥികൾക്ക് 1,198.8 കോടി രൂപയും വിതരണം ചെയ്തു. ചെറുകിട ധനകാര്യ ബാങ്കുകൾ 631 വിദ്യാർത്ഥികൾക്ക് 2.11 കോടി രൂപ വിതരണം ചെയ്തു. സഹകരണ ബാങ്കുകൾ 2024 മാർച്ചിൽ 1,697 വിദ്യാർത്ഥികൾക്കായി 113.1 കോടി രൂപയും വിദ്യാഭ്യാസ വായ്പയായി വിതരണം ചെയ്തു.

### വനിതാ ഗുണഭോക്താക്കൾക്കുള്ള സാമ്പത്തിക സഹായം

സംസ്ഥാനത്ത് 2024 മാർച്ച് വരെ 83,28,668 വനിതാ ഗുണഭോക്താക്കൾക്ക് വായ്പയായി 1,36,263.01 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആകെ അനുവദിച്ച തുകയിൽ മുൻവർഷത്തെ അപേക്ഷിച്ച് 8.8 ശതമാനം വർദ്ധനവും വനിതാ ഗുണഭോക്താക്കളുടെ എണ്ണത്തിൽ 11.4 ശതമാനം വർദ്ധനവുമുണ്ടായിട്ടുണ്ട്. 2023-24 ൽ പൊതുമേഖലാ ബാങ്കുകൾ 37,53,858 ഗുണഭോക്താക്കൾക്ക് 72,484.6 കോടി രൂപയും, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 8,03,594 ഗുണഭോക്താക്കൾക്ക് 10,094.6 കോടി രൂപയും,

സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകൾ 19,71,166 ഗുണഭോക്താക്കൾക്ക് 35,341.9 കോടി രൂപയും, ചെറുകിട ധനകാര്യ ബാങ്കുകൾ 12,39,652 ഗുണഭോക്താക്കൾക്ക് 5,054 കോടി രൂപയും, സഹകരണ ബാങ്കുകൾ 5,60,398 ഗുണഭോക്താക്കൾക്ക് 13,287.8 കോടി രൂപയും വായ്പയായി വിതരണം ചെയ്തു.

### വായ്പാ നിക്ഷേപ അനുപാതം

ആർബിഐയുടെ ത്രൈമാസ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് ഇന്ത്യയിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 2024 മാർച്ച് അവസാനത്തോടെ 2023 മാർച്ചിലെ 75.4 ശതമാനത്തിൽ നിന്ന് 79 ശതമാനമായി വർദ്ധിച്ചുവെന്നാണ്. ആന്ധ്രാപ്രദേശ് ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതമുള്ള സംസ്ഥാനമെന്ന സ്ഥാനം തുടർച്ചയായ കഴിഞ്ഞ 3 വർഷങ്ങളിൽ നിലനിർത്തിയിട്ടുണ്ട്. ആന്ധ്രാപ്രദേശിന് 2024 മാർച്ചിൽ ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതമായ (153.5 ശതമാനം) ഉണ്ട് . ആന്ധ്രാപ്രദേശ് കഴിഞ്ഞാൽ തമിഴ്നാട് (112.83 ശതമാനം).

ആർബിഐ റിപ്പോർട്ട് പ്രകാരം, 2024 മാർച്ച് വരെ കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 70.3 ശതമാനമാണ്. കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം 11 ശതമാനം വർദ്ധിച്ചു, അതായത് 2023 മാർച്ചിലെ 7,24,013 കോടി രൂപയിൽ നിന്ന് 2024 മാർച്ചിൽ 8,03,411 കോടി രൂപയായി. ആകെ വായ്പ 2023 മാർച്ചിലെ 4,76,455 കോടി രൂപയിൽ നിന്നും 18.6 ശതമാനം വർദ്ധിച്ച് 5,64,934 കോടി രൂപയായി (**അനുബന്ധം 1.4.6**) . എസ്എൽബിസി കണക്കുകൾ പ്രകാരം, സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള കേരളത്തിലെ എല്ലാ ബാങ്കുകളുടെയും, 2024 മാർച്ച് വരെയുള്ള വായ്പാ നിക്ഷേപ അനുപാതം 73.21 ശതമാനമാണ്.

ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 2023 മാർച്ചിലെ 69.4 ശതമാനത്തിൽ നിന്ന് 2024 മാർച്ചിൽ 71.7 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. പൊതുമേഖലാ ബാങ്കുകളിൽ ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതം ആന്ധ്രാപ്രദേശിനാണ് (159.7 ശതമാനം) രണ്ടാം സ്ഥാനം തെലങ്കാനയ്ക്കാണ് (114.9 ശതമാനം). തമിഴ്നാടിന്റെ വായ്പാ നിക്ഷേപ അനുപാതം 112.4 ശതമാനമാണ്. കേരളത്തിലെ പൊതുമേഖലാ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 2023 മാർച്ചിലെ 72 ശതമാനത്തിൽ നിന്ന് 2024 മാർച്ചിൽ 76.2 ശതമാനമായി ഉയർന്നു. (**അനുബന്ധം 1.4.7**). എസ്എൽബിസി കണക്കുകൾ പ്രകാരം, കേരളത്തിലെ പൊതുമേഖലാ ബാങ്കുകളിൽ, നിക്ഷേപങ്ങളുടെ പ്രധാന പങ്കും (57.4 ശതമാനം) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്കാണ്, എന്നിരുന്നാലും അവരുടെ വായ്പാ നിക്ഷേപ അനുപാതം 57.1 ശതമാനമാണ്.

### ബാങ്കിംഗ് സ്ഥിതി വിവര കണക്കിന്റെ ജില്ല തിരിച്ചുള്ള വിശകലനം


ആർബിഐ സ്ഥിതിവിവരക്കണക്കുകളുടെ ജില്ല തിരിച്ചുള്ള വിശകലനത്തിൽ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ ഏറ്റവും കൂടുതൽ ശാഖകൾ പ്രവർത്തിക്കുന്ന ജില്ല എറണാകുളമാണ്. ബാങ്ക് ശാഖകളുടെ എണ്ണം 2024 മാർച്ചിൽ 1054 ആണ് (2023 മാർച്ചിൽ 1030). തിരുവനന്തപുരം രണ്ടാം സ്ഥാനത്താണ് ( 787 ശാഖകൾ) തൃശ്ശൂർ മൂന്നാം സ്ഥാനത്താണ് (782 ശാഖകൾ), വയനാട്ടിലാണ് ഏറ്റവും കുറവ് ബാങ്ക് ശാഖകളുള്ളത്, എന്നിരുന്നാലും ശാഖകളുടെ എണ്ണം മാർച്ച് 2023 ലെ 148 ൽ നിന്ന് 2024 മാർച്ചിൽ 154 ആയി വർദ്ധിച്ചിട്ടുണ്ട് (**അനുബന്ധം 1.4.8**). 2024 മാർച്ച് വരെയുള്ള കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും ജില്ല തിരിച്ചുള്ള വിതരണം **ചിത്രം 1.4.4**-ൽ കാണിച്ചിരിക്കുന്നു.

### കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖല

എസ്എൽബിസി റിപ്പോർട്ട് പ്രകാരം 2024 മാർച്ചിൽ കേരളത്തിൽ 978 സഹകരണ ബാങ്ക് ശാഖകളുണ്ട്, അത് സംസ്ഥാനത്തെ മൊത്തം ബാങ്ക് ശാഖകളുടെ 12.4 ശതമാനമാണ്. ആകെയുള്ള 978 ശാഖകളിൽ 478 എണ്ണം ഗ്രാമപ്രദേശത്തും, 254 എണ്ണം അർദ്ധ നഗരപ്രദേശത്തും, 246 എണ്ണം നഗരപ്രദേശത്തുമാണുള്ളത്.

വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ മൊത്തം നിക്ഷേപം 2024 മാർച്ച് വരെ 8,61,295.02 കോടി രൂപയാണ്, ഇതിൽ 7.5 ശതമാനവും സഹകരണ മേ-ഖലയിൽ നിന്നാണ്. മൊത്തം ബിസിനസിൽ (നിക്ഷേപങ്ങളും, വായ്പകളും ഒരുമിച്ച്) സഹകരണ ബാങ്കുകളുടെ വിഹിതം 7.9 ശതമാനമാണ്. 2024 മാർച്ചിൽ സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള മൊത്തം വായ്പ 6,30,559.1 കോടി രൂപയായിരുന്നു, ഇതിൽ സഹകരണ സംഘങ്ങളുടെ വിഹിതം 53,466.8 കോടി രൂപയാണ്. 2024 മാർച്ച് വരെ സംസ്ഥാനത്തെ വാണിജ്യ, സഹകരണ ബാങ്കുകളിൽ നിന്നുള്ള മൊത്തം കാർഷിക വായ്പ 1,46,183.5 കോടി രൂപയും അതിൽ സഹകരണ സംഘങ്ങളുടെ വിഹിതം 14,804.4 കോടി രൂപയുമാണ്. കാർഷിക വായ്പയിൽ സഹകരണ സംഘങ്ങളുടെ വിഹിതം 2023 മാർച്ചിലെ 9.4 ശതമാനത്തിൽ നിന്ന് 2024 മാർച്ചിൽ 10.1 ശതമാനമായി കൂടിയിട്ടുണ്ട്. സഹകരണ ബാങ്കുകൾ 2023-24 ൽ അവരുടെ വായ്പയുടെ 59 ശതമാനം മുൻഗണനാ മേഖലയ്ക്കും 11.1 ശതമാനം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയ്ക്കും നൽകിയിട്ടുണ്ട്. ബാങ്കിംഗ് മേഖലയിലെ സഹകരണ മേഖലയുടെ പ്രകടനം **പട്ടിക 1.4.3**ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 1.4.4** കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും മാർച്ച് 2024 വരെയുള്ള ജില്ല തിരിച്ചുള്ള വിതരണം




അവലംബം: ഭാരതീയ റിസർവ് ബാങ്കിന്റെ ത്രൈമാസ റിപ്പോർട്ട്, മാർച്ച് 2024

**പട്ടിക 1.4.3** കേരളത്തിലെ സഹകരണ മേഖലയുടെ പ്രകടനം, മാർച്ച് 2024 (രൂപ കോടിയിൽ)

| ക്രമ നമ്പർ | ഘടകം | മാർച്ച് 2024 | | | |
|---|---|---|---|---|---|
| | | സഹകരണ മേഖല | വാണിജ്യ ബാങ്കുകൾ + പ്രാദേശിക ഗ്രാമീണ ബാങ്കുകൾ + ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ | ആകെബാങ്കിംഗ് മേഖല | സഹകരണ മേഖലയുടെ വിഹിതം (%) |
| 1 | ശാഖകൾ | 978 | 6943 | 7921 | 12.35 |
| 2 | ആകെ നിക്ഷേപങ്ങൾ | 64312.73 | 796982.29 | 861295.02 | 7.47 |
| 3 | ആകെ വായ്പകൾ | 53466.79 | 577092.34 | 630559.13 | 8.48 |
| 4 | ആകെ ബിസിനസ്സ് | 117779.52 | 1374074.63 | 1491854.15 | 7.89 |
| 5 | മുൻഗണനാ മേഖലയ്ക്കുള്ള വായ്പകൾ | 31568.76 | 257426.85 | 288995.61 | 10.92 |
| 6 | മുൻഗണനാ മേഖലയ്ക്കുള്ള വായ്പകൾ (ശതമാനം) | 59.04 | 44.61 | 45.83 | - |
| 7 | കാർഷിക വായ്പകൾ | 14804.36 | 131379.11 | 146183.46 | 10.13 |
| 8 | കാർഷിക വായ്പകൾ (ശതമാനം) | 27.68 | 22.76 | 23.18 | - |
| 9 | എം.എസ്.എം.ഇ വായ്പകൾ | 5931.58 | 80210.28 | 86141.86 | 6.88 |
| 10 | എം.എസ്.എം.ഇ വായ്പകൾ (ശതമാനം) | 11.09 | 13.89 | 13.66 | - |
| 11 | വായ്പനിക്ഷേപ അനുപാതം | 83.14 | 72.41 | 73.21 | - |

അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2024

**പട്ടിക 1.4.4** കെ.എസ്.എഫ്.ഇയുടെ 2023 - 24 വർഷത്തെ ബിസിനസ്

| ക്രമ നമ്പർ | വിശദാംശങ്ങൾ | രൂപ (കോടിയിൽ) |
|---|---|---|
| 1 | ചിട്ടി (വാർഷിക സലാ ) | 40,783 |
| 2 | വായ്പകൾ (ഔട്ട്സ്റ്റാൻഡിങ്) | 13,490 |
| 3 | നിക്ഷേപങ്ങൾ (ഔട്ട്സ്റ്റാൻഡിങ്) | 25,306 |
| | മൊത്തം വിറ്റുവരവ് | 81,571 |

അവലംബം: കെ.എസ്.എഫ്.ഇ ലിമിറ്റഡ്

### ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ

#### കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ)

1969-ൽ സ്ഥാപിതമായ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ) സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനമാണ് (MNBC). കെഎസ്എഫ്ഇയുടെ പ്രധാന ബിസിനസ് വിഭാഗങ്ങൾ ചിട്ടി, ലോണുകളും അഡ്വാൻസുകളും, നിക്ഷേപങ്ങൾ എന്നിവയാണ്. 2024 മാർച്ച് വരെയുള്ള മൊത്തം വിറ്റുവരവ് 81,571 കോടി രൂപയാണ്. കെ.എസ്.എഫ്.ഇയുടെ 2023-24 ലെ ബിസിനസ്സ് സംബന്ധിച്ച വിവരങ്ങൾ **പട്ടിക 1.4.4**ൽ കാണിച്ചിരിക്കുന്നു.

#### കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി)

1951 ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്ടിന് കീഴിൽ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി) കേരളത്തിന്റെ വികസനത്തിലും വ്യവസായവൽക്കരണത്തിലും മൈക്രോ,ചെറുകിട, ഇടത്തരം സംരംഭകർക്ക് വ്യവസായ സേവന മേഖലയിൽ സാമ്പത്തിക സഹായം നൽകിക്കൊണ്ട് ഒരു പ്രധാന പങ്ക് വഹിക്കുന്നു. കെഎഫ്സിയുടെ അറ്റലാഭം 2022-23 ലെ 50.19 കോടി രൂപയിൽ നിന്ന് 2023-24 ൽ 74 കോടി രൂപയായി ഉയർന്നു.

കെഎഫ്സിയുടെ ഒരു സംരംഭമാണ് 'സ്കെയിൽ അപ്പ് ലോൺ സ്കീം ഫോർ മിഷൻ 1000 ഇനിഷ്യേറ്റിവ് ഓഫ് ദി സ്റ്റേറ്റ് ഗവണ്മെന്റ് '. എംഎസ്എംഇ സ്കെയിൽ അപ്പ് മിഷൻ (മിഷൻ 1000) പ്രകാരം വ്യവസായ വകുപ്പ് കണ്ടെത്തിയ എംഎസ്എംഇകളെ പിന്തുണയ്ക്കുന്നതിനായി ഒരു പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിക്കാൻ ഇതിലൂടെ വിഭാവനം ചെയ്യുന്നു. നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപ വാർഷിക വിറ്റുവരവുള്ള ബിസിനസ്സിലേക്ക് 1000 എംഎസ്എംഇകളെ ഉയർത്തുക എന്നതാണ് ലക്ഷ്യമിടുന്നത്. കെഎഫ്സിയെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ വ്യവസായ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1.5 സംസ്ഥാനത്തിന്റെ ധനസ്ഥിതി

ദേശീയവും അന്തർദേശീയവുമായ വിവിധ വെല്ലുവിളികൾ നേരിടുന്നുണ്ടെങ്കിലും സമീപ വർഷങ്ങളിൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ ഗണ്യമായ വളർച്ച കൈവരിച്ചു. 2022-ൽ പകർച്ചവ്യാധിക്ക് മുമ്പുള്ള സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജിഎസ്ഡിപി) മറികടന്ന് പ്രതിരോധശേഷി പ്രകടമാക്കിയെങ്കിലും കേരളം കൈവരിച്ച സാമ്പത്തിക സ്ഥിരതയ്ക്ക് സംസ്ഥാനത്തിന്റെ വരുമാനം, ചെലവ് ചുരുക്കൽ, ശക്തമായ സാമ്പത്തിക ഏകീകരണം എന്നിവയുൾപ്പെടെയുള്ള ഫലപ്രദമായ ഇടപെടലുകൾ കാരണമായി കണക്കാക്കാം. ജനങ്ങളുടെ ക്ഷേമത്തിനായുള്ള പ്രതിബദ്ധതയിൽ വിട്ടുവീഴ്ച ചെയ്യാതെ വരുമാനം വർധിപ്പിക്കുന്നതിലൂടെയും ചെലവ് യുക്തിസഹമാക്കുന്നതിലൂടെയും ശക്തമായ സാമ്പത്തിക ഏകീകരണത്തിലൂടെയുമുള്ള കൃത്യമായ സംസ്ഥാനത്തിന്റെ ഇടപെടലുകളാണ് കേരളം കൈവരിച്ച സാമ്പത്തിക ഭദ്രതയ്ക്ക് കാരണം.

ദേശീയ അന്തർദേശീയ തലങ്ങളിലുള്ള സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ കേരളത്തിന്റെ സാമ്പത്തിക ഘടനയെയും സ്വാധീനിച്ചിട്ടുണ്ട്. 2016-17 ലെ നോട്ട് അസാധുവാക്കൽ, 2017-18 ൽ ജിഎസ്ടി നടപ്പാക്കൽ, ഓഖി ചുഴലിക്കാറ്റ്, 2018-19 ലെ വെള്ളപ്പൊക്കം കൂടാതെ 2019-20 ലെ പ്രകൃതി ദുരന്തങ്ങളും വെള്ളപ്പൊക്കവും, 2020-ലെ കൊവിഡ്-19 മഹാമാരി ഉൾപ്പെടെയുള്ള അഭൂതപൂർവമായ സംഭവങ്ങളുടെ ഒരു പരമ്പര തന്നെ ഉണ്ടായി . അതിന്റെ തുടർച്ചയായ പ്രത്യാഘാതങ്ങളും 2021-22 ൽ വെല്ലുവിളികൾ ഉയർത്തിയിട്ടുണ്ട്. കൂടാതെ, 2022-23 ലെ സംസ്ഥാന കടമെടുപ്പ് പരിധിയിലെ കേന്ദ്ര സർക്കാർ നിയന്ത്രണങ്ങൾ, റഷ്യ-ഉക്രൈയ്ൻ യുദ്ധം, മിഡിൽ ഈസ്റ്റിലെ സംഘർഷങ്ങൾ എന്നിവ വിഭവങ്ങൾ സമാഹരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെ പ്രതികൂലമായി ബാധിച്ചു. ഈ പ്രതിബന്ധങ്ങൾക്കിടയിലും, മെച്ചപ്പെട്ട നികുതി പിരിവിലൂടെയും ചെലവ് ചുരുക്കൽ നടപടികളിലൂടെയും വളരാനും അഭിവൃദ്ധി പ്രാപിക്കാനും ക്ഷേമ-വികസന പ്രവർത്തനങ്ങളോടുള്ള പ്രതിബദ്ധത നിലനിർത്തിക്കൊണ്ടുതന്നെ സംസ്ഥാനത്തിന് സാധിച്ചു
.

കടമെടുക്കൽ ശേഷി ഉൾപ്പെടെ വിവിധ വരുമാന മാർഗങ്ങളിലൂടെ സമ്പദ്‌വ്യവസ്ഥയെ സർക്കാർ പിന്തുണയ്ക്കുന്നു. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർന്നപ്പോൾ മുൻവർഷത്തെ അപേക്ഷിച്ച് കേന്ദ്ര കൈമാറ്റം കുറഞ്ഞു. ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബഡ്ജറ്റ് മാനേജ്മെന്റ് (എഫ്ആർബിഎം) ആക്ട് പ്രകാരം , 2022-23ൽ 2.5 ശതമാനവും 2023-24ൽ 2.99 ശതമാനവും എന്ന സ്വീകാര്യമായ പരിധിക്കുള്ളിൽ ധനകമ്മി മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദന (ജിഎസ്ഡിപി) അനുപാതത്തിൽ നിലനിർത്തിയിട്ടുണ്ട്. ആസൂത്രിത പ്രവർത്തനങ്ങളുടെ ചെലവ് പരിശോധിച്ചാൽ 1,560.53 കോടി രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട് .എന്നാൽ പദ്ധതിയേതര ചെലവ് 2023-24ൽ 792.72 കോടി രൂപ കുറഞ്ഞു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് മൊത്തം റവന്യൂ ചെലവിൽ പദ്ധതിച്ചെലവ് 1,262.08 കോടി രൂപയായി വർദ്ധിച്ചു, എന്നാൽ പദ്ധതിയേതര ചെലവിൽ 586.68 കോടി രൂപയുടെ കുറവും ഉണ്ടായി .റവന്യൂ വശത്ത്, ശക്തമായ വരുമാന വർദ്ധന നടപടികൾ കാരണം സർക്കാർ ഉടമസ്ഥതയിലുള്ള നികുതി വരുമാനം 2,360.85 കോടി രൂപ വർദ്ധിച്ചു, 2023-24 ൽ നികുതിയേതര വരുമാനം 1,228 കോടി രൂപ വർദ്ധിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം നേരിട്ട പ്രധാന വെല്ലുവിളി കേന്ദ്രസർക്കാരിൽ നിന്നുള്ള ഗ്രാന്റ് -ഇൻ-എയ്ഡിൽ 15,309.60 കോടി രൂപയുടെ (56 ശതമാനം) കുറവുണ്ടായതാണ്. കേരളത്തിന്റെ തനത് മാതൃക ഉയർത്തിപ്പിടിക്കാൻ, ഒരു വശത്ത് മതിയായ വിഭവ അടിത്തറയും, മറുവശത്ത് ക്ഷേമ രാഷ്ട്രം ഉറപ്പുനൽകുന്നതിനും ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിനും ആവശ്യമായ വിഭവങ്ങളുടെ വിവേകപൂർണ്ണമായ വിതരണവും സംസ്ഥാനം നിലനിർത്തേണ്ടതുണ്ട്.

കേന്ദ്രസർക്കാരിന്റെ സമീപകാല നയപരിപാടികൾ പൊതുവെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തിന് ഭീഷണി ഉയർത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ 2022 ജൂണിൽ ജിഎസ്ടി നഷ്ടപരിഹാരം നിർത്തലാക്കിയത് സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഇടിവുണ്ടാക്കി. ജിഎസ്ടി നഷ്ടപരിഹാരം നിർത്തലാക്കുന്നതിലൂടെയുള്ള വാർഷിക നഷ്ടം ഏകദേശം 12,000 കോടിയാണ്.കേരളത്തിന് അവകാശപ്പെട്ട,

പങ്കിടാവുന്ന നികുതി തുടർച്ചയായി കുറയുന്നു. തിരശ്ചീന വികേന്ദ്രീകരണത്തിന്റെ വിഭജിക്കാവുന്ന പൂളിന്റെ വിഹിതം 11-ാം ധനകാര്യ കമ്മീഷനിൽ 3.06 ശതമാനവും 14-ാം ധനകാര്യ കമ്മീഷനിൽ 2.5 ശതമാനവും ആയിരുന്നത് 15-ാം ധനകാര്യ കമ്മീഷനിൽ 1.92 ശതമാനമായി കുറഞ്ഞു.സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കാതെ, യൂണിയൻ ഗവൺമെന്റ് സെസും സർചാർജുകളും വർദ്ധിപ്പിക്കുന്നു കൂടാതെ അത്തരം അധിക നികുതി ചുമത്തലുകൾ സംസ്ഥാനങ്ങളുമായി പങ്കിടുന്നുമില്ല . സർചാർജുകളുടെയും സെസ്സുകളുടെയും വർദ്ധിച്ചുവരുന്ന വിഹിതം ഡിവിസിബിൾ പൂളിലെ നികുതികൾ ചുരുങ്ങുന്നതിന് കാരണമായി.

കടം-ജിഡിപി അനുപാതം സുസ്ഥിരമായി നിലനിർത്താൻ സംസ്ഥാനം പ്രാപ്തമാണെങ്കിലും, സംസ്ഥാനത്തിന്റെ കടമെടുപ്പിന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന പരിധി തീർത്തും അനാവശ്യമാണ്. സംസ്ഥാനങ്ങളുടെ കടമെടുക്കാനുള്ള ഇടം കുറയ്ക്കാനുള്ള തന്ത്രം 2017 മുതൽ നിലവിലുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പൊതു അക്കൗണ്ടിൽ നിന്നും കടമെടുക്കുന്നത് സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധിക്കുള്ളിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ നിശ്ചിത വായ്പാ ഇടം കുറച്ചു. സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധിക്കുള്ളിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പബ്ലിക് അക്കൌണ്ടിൽ നിന്നും വായ്പയെടുക്കുന്നത് ഉൾപ്പെടുത്തി. ജീവനക്കാരിൽ നിന്നുമുള്ള പ്രൊവിഡന്റ്ഫണ്ട് സംഭാവന, പൊതുജനങ്ങളിൽ നിന്നുള്ള ട്രഷറി സേവിംഗ്സ് ഡെപ്പോസിറ്റുകൾ, സർക്കാർ പൊതുമരാമത്ത് വകുപ്പുകളിൽ നിന്നുള്ള സിവിൽ ഡിപ്പോസിറ്റുകൾ എന്നിവ സംസ്ഥാനത്തിന്റെ കടമെടുപ്പ് കുറയ്ക്കുന്നതിനുള്ള ഒരു കാരണമായി കേന്ദ്ര സർക്കാർ കണക്കാക്കുന്നു .

15-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന റവന്യൂ ഡെഫിസിറ്റ് ഗ്രാന്റുകൾ 2023-24 ൽ അവസാനിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന മാറ്റങ്ങൾ സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത സൃഷ്ടിച്ചിരിക്കുന്നു.നിലവിൽ, കേന്ദ്രാവിഷ്കൃത സ്കീമുകൾ രണ്ട് വിഭാഗങ്ങളിലായി നടപ്പിലാക്കുന്നു , അതായത്"കോർ ഓഫ് ദ കോർ, 'കോർ' സ്കീമുകൾ എന്നിങ്ങനെ . ആദ്യ വിഭാഗത്തിലെ സ്കീമുകളുടെ എണ്ണം കുറഞ്ഞു വരുന്നു.കേന്ദ്ര വിഹിതം ഓരോ വർഷവും കുറയുകയാണ്. പദ്ധതികളുടെ സിംഹഭാഗവും രണ്ടാമത്തേതാണ്. ഈ പദ്ധതികളുടെ 40 ശതമാനം സംസ്ഥാനം വഹിക്കണം. ദേശീയ പാതാ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഇരുപത് ശതമാനം തുക സംസ്ഥാനമാണ് വഹിക്കുന്നത് . ജനസാന്ദ്രതയും നഗര വൽകരണവും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന് ഈ പ്രവർത്തനങ്ങൾക്ക് വേണ്ടി കൂടുതൽ തുക കണ്ടെത്തേണ്ടി വരുന്നു . ഈ സാഹചര്യങ്ങൾക്കിടയിലും,സംസ്ഥാനം സുസ്ഥിര സാമ്പത്തിക വളർച്ച ലക്ഷ്യമിട്ട് മുന്നോട്ടു പോകുന്നു .

പ്രളയം, കോവിഡ്-19 മഹാമാരി, അസാധാരണമായ റവന്യൂ നഷ്ടം എന്നിവ മൂലം പ്രതിസന്ധികൾ ഉണ്ടായെങ്കിലും വികസന, ക്ഷേമ പ്രവർത്തനങ്ങളിൽ നിന്നും ഉത്തരവാദിത്തങ്ങളിൽ നിന്നും സർക്കാർ പിന്നോട്ട് മാറിയില്ല. സുസ്ഥിര വികസന ലക്ഷ്യങ്ങൾ - ഇന്ത്യ സൂചികയിലൂടെ NITI ആയോഗ് കണക്കാക്കിയ ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിലേക്കുള്ള പുരോഗതിയിൽ സംസ്ഥാനം ഉയർന്ന സ്ഥാനം നേടിയിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പ്രധാന സാമൂഹിക സേവനങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. ആരോഗ്യമേഖലയിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ ലോകമെമ്പാടും പ്രശംസ നേടിയിട്ടുണ്ട്. കൊവിഡ്-19, നിപ്പ വൈറസ് ബാധ തുടങ്ങിയ ആരോഗ്യ പ്രതിസന്ധികളോട് സർക്കാരിന്റെ സത്വരവും ശാസ്ത്രീയവുമായ പ്രതികരണം പതിനായിരക്കണക്കിന് ആളുകളുടെ ജീവൻ രക്ഷിക്കുകയും പകർച്ചവ്യാധിയുടെ ആഘാതം കുറയ്ക്കുകയും ചെയ്തു.

സംസ്ഥാനം 62 ലക്ഷത്തിലധികം ആളുകൾക്ക് പ്രതിമാസം ₹1600/- എന്ന നിരക്കിൽ സാമൂഹിക സുരക്ഷാ പെൻഷൻ നൽകുന്നു. ക്ഷേമനിധി ബോർഡുകളിലെ 11 ലക്ഷത്തോളം അംഗങ്ങളും ഇതിൽ ഉൾപ്പെടുന്നു. രാജ്യം മുഴുവൻ വിലക്കയറ്റത്തിന്റെ പിടിയിൽ അകപ്പെട്ടപ്പോൾ കേരളത്തിന് അത് പിടിച്ചുനിർത്താൻ കഴിഞ്ഞത് സംസ്ഥാനത്തെ ശക്തമായ പൊതുവിതരണ സമ്പ്രദായം കൊണ്ടാണ്. 2025-ഓടെ പൂർത്തിയാക്കണമെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ ദേശീയപാതാ വികസന പ്രവർത്തനങ്ങൾ പ്രതീക്ഷിക്കുന്ന രീതിയിൽ തന്നെ പുരോഗമിക്കുകയാണ്. ലൈഫ് മിഷൻ, കെ-ഫോൺ പ്രോജക്ട്, സ്റ്റാർട്ട് ക്ലാസ്റ്ററുകൾ, എല്ലാവർക്കും ഭൂമി, കൊച്ചിയിലെ പെട്രോ കെമിക്കൽ പാർക്ക് എന്നിവ അടങ്ങുന്നതാണ് ഗവൺമെന്റ് നടത്തുന്ന ചില അഭിമാനകരമായ നിലവിലുള്ള പരിപാടികൾ. ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ, ഗിഫ്റ്റ് സിറ്റി, ആലപ്പുഴയിലെ ഓങ്കോളജി ഫാർമ പാർക്ക്, തൊടുപുഴയിലെ സ്പൈസസ് പാർക്ക്, കാക്കനാട് ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ, മട്ടന്നൂരിലെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, തിരുവനന്തപുരത്തെ MEDS പാർക്ക്, വയനാട് കോഫി പാർക്ക്, വർക്കലയിലെ ഗ്ലോബൽ ആയുർവേദ വില്ലേജ്, തുടങ്ങി നിരവധി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെട്ട സൗകര്യങ്ങളോടെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയിലാണെങ്കിലും, നഷ്ടത്തിലായിരുന്ന BHEL- EML, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെ സർക്കാർ ഏറ്റെടുത്തുവെന്നത് ശ്രദ്ധേയമാണ്.

കേരള സർക്കാർ ലക്ഷ്യമിടുന്നത് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിലൂടെ സമ്പദ്‌വ്യവസ്ഥയുടെ

സുസ്ഥിര വളർച്ചയാണ് . കണ്ണൂർ വിമാനത്താവളം, ഗെയിൽ പൈപ്പ്ലൈൻ, വിഴിഞ്ഞം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റി, ഇന്ത്യയിലെ ആദ്യമായ തിരുവനന്തപുരത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി, കൊച്ചിയിലെ സൂപ്പർ ഫാബ് ലാബ്, കൊച്ചിയിലെ ഗ്രാഫീൻ സെന്റർ, തിരുവനന്തപുരത്തെ ഡിജിറ്റൽ സയൻസ് പാർക്ക്, കേരള പേപ്പർ ഉൽപ്പന്നങ്ങളുടെ പുനരാരംഭം, ചെല്ലാനം കടൽഭിത്തി പദ്ധതി, ചെറു വൈപ്പിനിലെ എൽപിജി ടെർമിനൽ, തൃശ്ശൂരിലെ പുഴക്കലിലെ ഇൻഡസ്ട്രിയൽ പാർക്ക്, സിയാലിലെ പുതിയ ടെർമിനൽ, കൊച്ചിയിലെ സംയോജിത ജലഗതാഗത സംവിധാനം (വാട്ടർ മെട്രോ), കൊച്ചി മെട്രോ റെയിൽ ഘട്ടം –II എന്നിവയെല്ലാം ഉദാഹരണങ്ങൾ ആണ്. സ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ, സാമ്പത്തിക സുസ്ഥിരതയ്ക്കായി തനത് നികുതി വരുമാനവും നികുതിയേതര വരുമാനവും സമാഹരിക്കാനുള്ള ശ്രമങ്ങളുമായി പൊരുത്തപ്പെടേണ്ടതുണ്ട്.

## പ്രധാന കമ്മി സൂചകങ്ങൾ

റവന്യൂ കമ്മി 2022-23 ൽ 0.98 ശതമാനമായിരുന്നത് 2023-24 ൽ 1.58 ശതമാനമായി. 2024-25 ലെ ബജറ്റ് എസ്റ്റിമേറ്റുകൾ പ്രകാരം റവന്യൂ കമ്മി 2.12 ശതമാനമായിരിക്കുമെന്ന കണക്കാക്കുന്നു. ധനകമ്മിയും മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനവും തമ്മിലുള്ള അനുപാതം 2022-23 ൽ 2.50 ശതമാനമായിരുന്നത് 2023-24-ൽ 2.99 ശതമാനമായി വർദ്ധിക്കുകയും 2024-25 ൽ 3.40 ശതമാനമായിരിക്കുമെന്ന കണക്കാക്കുകയും ചെയ്യുന്നു. 2012-13 മുതൽ 2023-24 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ പ്രധാന കമ്മി സൂചകങ്ങൾ **പട്ടിക 1.5.1** ൽ കാണിച്ചിരിക്കുന്നു.

## വരുമാനം

സംസ്ഥാനസർക്കാരിന്റെ വരവുകളെ റവന്യൂ വരുമാനം, മൂലധന വരുമാനം എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, നികുതിയേതര വരുമാനം, കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം, കേന്ദ്ര ധനസഹായം എന്നിവ ഉൾപ്പെടുന്നതാണ് റവന്യൂ വരുമാനം. എന്നാൽ മൂലധന വരുമാനത്തിൽ ആഭ്യന്തര സ്രോതസ്സുകളിൽ നിന്നുള്ള വായ്പാ വരുമാനം, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും ഓഹരി നിക്ഷേപങ്ങൾ/ പൊതുസ്വത്ത് വിറ്റഴിക്കലിൽ നിന്നുള്ള വരുമാനം, വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചടവുകൾ, പബ്ളിക് അക്കൗണ്ടിലെ ശേഖരണങ്ങൾ എന്നിവ ഉൾപ്പെടുന്നു.

## റവന്യൂ വരുമാനം


സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 2014-15-ലെ ₹57,950.47 കോടിയിൽ നിന്ന് 2023-24-ൽ ₹1,24,486.15 കോടിയായി ഉയർന്നു. ഇത് 8.14 ശതമാനം സിഎജിആർ രേഖപ്പെടുത്തി. എന്നിരുന്നാലും, 2022-23 നെ അപേക്ഷിച്ച് റവന്യൂ വരവ് 2023-24 ൽ 8,238.50 കോടി രൂപ കുറഞ്ഞു. 2023-24ൽ ഇന്ത്യാ ഗവൺമെന്റിൽ നിന്നുള്ള 15,309.60 കോടി രൂപയുടെ ഗ്രാന്റ് ഇൻ എയിഡ് കുത്തനെ ഇടിഞ്ഞതാണ് ഇതിന് പ്രധാന കാരണം.

**പട്ടിക 1.5.1: 2012–13** മുതൽ 2023-24 വരെയുള്ള പ്രധാന കമ്മി സൂചകങ്ങൾ കോടി രൂപയിൽ

| വർഷം | റവന്യൂ കമ്മി | | ധന കമ്മി | | പ്രാഥമിക കമ്മി | |
|---|---|---|---|---|---|---|
| | തുക | ജി.എസ്.ഡി.പിയുടെ ശതമാനം | തുക | ജി.എസ്.ഡി.പിയുടെ ശതമാനം | തുക | ജി.എസ്.ഡി.പിയുടെ ശതമാനം |
| 2012-13 | 9351.45 | 2.27 | 15002.47 | 3.639 | 7797.66 | 1.89 |
| 2013-14 | 11308.6 | 2.43 | 16944.13 | 3.644 | 8678.74 | 1.87 |
| 2014-15 | 13796 | 2.69 | 18641.72 | 3.637 | 8872.13 | 1.73 |
| 2015-16 | 9656.81 | 1.73 | 17818.46 | 3.194 | 6707.61 | 1.20 |
| 2016-17 | 15484.59 | 2.44 | 26448.35 | 4.17 | 14331.85 | 2.26 |
| 2017-18 | 16928.21 | 2.41 | 26837.41 | 3.83 | 11717.48 | 1.67 |
| 2018-19 | 17461.92 | 2.22 | 26958.30 | 3.42 | 10210.39 | 1.30 |
| 2019-20 | 14495.25 | 1.78 | 23837.48 | 2.93 | 4622.78 | 0.57 |
| 2020-21* | 20063.51 | 2.60 | 35203.69 | 4.56 | 14228.33 | 1.84 |
| 2021-22* | 20799.96 | 2.23 | 37306.47 | 3.99 | 14003.65 | 1.50 |
| 2022-23 | 9226.29 | 0.90 | 25554.54 | 2.50 | 378.18 | 0.04 |
| 2023-24 | 18140.19 | 1.58 | 34257.78 | 2.99 | 7271.56 | 0.63 |
| 2024-25 BE | 27846.05 | 2.12 | 44528.96 | 3.40 | 15834.72 | 1.21 |

അവലംബം : ധനകാര്യ വകുപ്പ്, കേരള സർക്കാർ
കുറിപ്പ്*
2020-21, 2021-22 വർഷങ്ങളിൽ ജി.എസ്.റ്റി. നഷ്ടപരിഹാരമായി യഥാക്രമം ലഭിച്ച 5766 കോടി രൂപയും 8739.31 കോടി രൂപയും റവന്യൂ ഗ്രാന്റായി കണക്കാക്കിയാണ് സാമ്പത്തിക സൂചകങ്ങൾ നിർണ്ണയിക്കുന്നത്.

**ചിത്രം 1.5.1** കേരളത്തിലെ റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ച




അവലംബം : ധനകാര്യ വകുപ്പ്, കേരള സർക്കാർ

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന ഘടകം തനത് നികുതി വരുമാനമാണ്. 2023-24 ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 74329.01 കോടി രൂപയായിരുന്നു (59.71 ശതമാനം). പ്രസ്തുത കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം 16345.96 കോടി രൂപയും (13.13 ശതമാനം). കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും വിഹിതം 33811.18 കോടി രൂപയും (27.16 ശതമാനം) ആയിരുന്നു. കേന്ദ്രം അനുവദിച്ച തുകയിൽ, നികുതി വിഹിതം 21742.92 കോടി രൂപയും, ഗ്രാന്റുകൾ ധനസഹായം എന്നിവയുടെ വിഹിതം 12068.26 കോടി രൂപയുമാണ്. എന്നാൽ 2022-23ൽ ഇത് 27377.86 കോടി രൂപയായിരുന്നു. കേന്ദ്രത്തിൽ നിന്നും ലഭിച്ച ഗ്രാന്റ് ഇൻ എയിഡിൽ 7245.69 കോടി രൂപയാണ് ധനകാര്യ കമ്മീഷൻ അവാർഡ്. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാന റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ചയുടെ വിവരങ്ങൾ **ചിത്രം 1.5.1**-ൽ നൽകിയിരിക്കുന്നു. സംസ്ഥാന റവന്യൂ വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.1**-ലും നൽകിയിരിക്കുന്നു.

2014-15-ൽ മൊത്തം റവന്യൂ വരുമാനത്തിൽ കേന്ദ്രവിഹിതത്തിന്റെ അനുപാതം 26.63 ശതമാനമായിരുന്നു. 2014-15ന് ശേഷം മൊത്തം റവന്യൂ വരുമാനത്തിൽ കേന്ദ്ര വിഹിതം വർധിച്ചതിന് കാരണം കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം, പദ്ധതി നടപ്പിലാക്കുന്ന ഏജൻസികൾക്ക് നേരിട്ട് നൽകുന്ന രീതി ഒഴിവാക്കി സംസ്ഥാന ബജറ്റ് വഴി നൽകുന്നതുകൊണ്ടാണ്. 2020-21-ൽ 43.67 ശതമാനം എന്ന ഏറ്റവും ഉയർന്ന നിലയിലെത്തിയ ശേഷം, കേന്ദ്ര സഹായത്തിന്റെ വിഹിതം 2022-23ൽ 34.39 ശതമാനവും 2023-24 ൽ 27.16 ശതമാനവുമായി കുറഞ്ഞു. 2024-25 ൽ ഇത് 25.54 ശതമാനമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു.


ജി.എസ്.റ്റി നഷ്ടപരിഹാരം നിർത്തലാക്കിയതും റവന്യൂ കമ്മി ഗ്രാന്റിൽ വന്ന കുറവും വരും വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ വഷളാക്കും. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാന റവന്യൂ വരുമാനം **ചിത്രം 1.5.2** ൽ കൊടുത്തിരിക്കുന്നു.

### i) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ മുഖ്യ സ്രോതസ് സംസ്ഥാന ചരക്ക് സേവന നികുതി, പെട്രോളിയം, മദ്യം എന്നിവയുടെ വില്പനനികുതി, സ്റ്റാമ്പ്ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, സംസ്ഥാന എക്സൈസ് ഡ്യൂട്ടി, വാഹന നികുതി, ഭൂനികുതി തുടങ്ങിയവയാണ്. 2022-2023 ൽ സംസ്ഥാനത്തിന്റ തനത് നികുതി വരുമാനത്തിന്റ വളർച്ചാനിരക്ക് 54.54 ശതമാനം ആയിരുന്നു. 2023-24ൽ ഇത് 59.71 ശതമാനമായി ഉയർന്നു, 2024-25 ലെ ബജറ്റ് എസ്റ്റിമേറ്റ് 61.22 ശതമാനമായിരുന്നു. (**അനുബന്ധം 1.5.2**).

2022-23ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 71,968.16 കോടി രൂപയിൽ നിന്ന് 2023-24ൽ 74,329.01 കോടി രൂപയായി ഉയർന്നു. വളർച്ചാ നിരക്ക് ഉയരുന്നതിനുള്ള പ്രധാന കാരണം ചരക്ക് സേവന നികുതിയാണ് . 2023-24 ൽ സംസ്ഥാന ചരക്കുസേവന നികുതി വരുമാനം 30563.60 കോടി രൂപയാണ്. ഇത് ആകെ നികുതി വരുമാനത്തിന്റെ 41.12 ശതമാനമാണ് വില്പന നികുതി 37.25 (27690.43 കോടി രൂപ), സ്റ്റാമ്പ്ഡ്യൂട്ടിയും റെജിസ്ട്രേഷൻ ഫീസും 7.66 ശതമാനം (5694.88 കോടി രൂപ),വാഹന നികുതി 8.53 ശതമാനം (6340.46 കോടി രൂപ) , സംസ്ഥാന എക്സൈസ് ഡ്യൂട്ടി 3.96 ശതമാനം (2944.02 കോടി രൂപ ), ഭൂനികുതി 0.96 ശതമാനം (711.71 കോടി രൂപ) മറ്റുള്ളവ 0.52 ശതമാനം

**ചിത്രം 1.5.2** സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലെ വിവിധ സ്രോതസ്സുകളുടെ വിഹിതം (ശതമാനത്തിൽ)




അവലംബം : ധനകാര്യ വകുപ്പ്, കേരള സർക്കാർ


(383.91 കോടി രൂപ). 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ സ്രോതസ്സ് അടിസ്ഥാനമാക്കിയുള്ള സംസ്ഥാന തനത് നികുതി വരുമാനം **ചിത്രം 1.5.3**ൽ കൊടുത്തിരിക്കുന്നു.

**(ii) സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം**

സംസ്ഥാന നികുതിയേതര വരുമാനത്തിന്റെ മുഖ്യ സ്രോതസ്സ് സംസ്ഥാന ഭാഗ്യക്കുറികളിൽ നിന്നുള്ള വരുമാനമാണ്. പലിശ, ഡിവിഡന്റ്, വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം, സാമൂഹ്യ സേവന മേഖലകളിൽ നിന്നും ലഭിക്കുന്ന ഫീസ്, പിഴ എന്നിവയാണ് മറ്റ് പ്രധാന സ്രോതസ്സുകൾ. 2023-24 ൽ സംസ്ഥാന നികുതിയേതര വരുമാനം 16345.96 കോടി രൂപ ആണ് .2022-23 ൽ ലഭിച്ച 15117.96 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 8.12 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയത്.

2023-24 ൽ സംസ്ഥാന ഭാഗ്യക്കുറികളിൽ നിന്നുള്ള വരുമാനം 12530.91 കോടി രൂപയാണ്, 2022-23 ലെ 11892.88 കോടി രൂപയുമായി ഇതിനെ താരതമ്യം ചെയ്യുമ്പോൾ 5.36 ശതമാനം വർധനവാണ്. ഇത് സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന്റെ 76.66 വർധനവാണ് .ഇതിൽ സാമൂഹിക സേവന മേഖലയിൽ നിന്നും 1478.23 കോടി രൂപയും (9.04 ശതമാനം),പലിശ ഡിവിഡന്റ് 418.03 കോടി രൂപയും (2.56 ശതമാനം), വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം 262.43 കോടി രൂപയും (1.61 ശതമാനം), മറ്റുള്ളവയിൽ നിന്നും 1656.36 കോടി രൂപയുമാണ് (10.13 ശതമാനം). സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.3–**ൽ നൽകിയിരിക്കുന്നു.

**ചിത്രം 1.5.3** സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ ഉറവിടം, ശതമാനത്തിൽ




അവലംബം : ധനകാര്യ വകുപ്പ്, കേരള സർക്കാർ

**(iii) കേന്ദ്ര വിഹിത കൈമാറ്റം**
ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന നികുതി വിഹിതവും ഗ്രാന്റും, കേന്ദ്ര സർക്കാർ വിതരണം ചെയ്യുന്ന ഗ്രാന്റുമാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ രണ്ട് മുഖ്യഘടകങ്ങൾ. ഭരണഘടനയുടെ ആർട്ടിക്കിൾ 270 പ്രകാരമാണ് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി കൈമാറ്റം ധനകാര്യ കമ്മീഷൻ നിർണ്ണയിച്ചിരിക്കുന്നത്. നികുതി കൈമാറ്റത്തിനു ശേഷമുള്ള റവന്യൂ കമ്മി കുറയ്ക്കുന്നതിന് ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം, സംസ്ഥാനങ്ങൾക്ക് ഗ്രാന്റ് ഇൻ എയ്ഡും ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇതു കൂടാതെ പ്രത്യേക മേഖലകൾക്കു വേണ്ടി പ്രത്യേക ഗ്രാന്റും ധനകാര്യ കമ്മീഷൻ അനുവദിക്കുന്നു. നികുതി കൈമാറ്റവും റവന്യൂ കമ്മി ഗ്രാന്റും ചേർന്നതാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ ഉപാധി രഹിത വിഹിതം. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള മറ്റു ഘടകങ്ങൾ ഉപാധികളോടെ അനുവദിക്കുന്ന ഗ്രാന്റാണ്. ഈ വിഹിതം ചെലവഴിക്കുന്നതിൽ സംസ്ഥാനങ്ങൾക്ക് അയവുവരുത്താൻ കഴിയില്ല.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രകാരം കേന്ദ്ര സർക്കാരിന്റെ മൊത്തം നികുതി വരുമാനത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം 41 ശതമാനമാണ്. പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ, വിഭജിക്കാവുന്ന കേന്ദ്ര നികുതിയുടെ അറ്റവിഹിതത്തിന്റെ 2.5 ശതമാനം കേരളത്തിന് അർഹമായിരുന്നു. നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡങ്ങളിൽ വന്ന മാറ്റങ്ങൾ നിമിത്തം കേരളത്തിന് ലഭിക്കേണ്ട അറ്റനികുതിയുടെ വിഹിതം പതിനഞ്ചാമത് ധനകാര്യ കമ്മീഷൻ കാലയളവിൽ 1.925 ശതമാനമായി കുറഞ്ഞു. നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കാൻ പറ്റുന്ന അറ്റ വിഹിതം വിവിധ ധനകാര്യ കമ്മീഷനുകളെ അടിസ്ഥാനമാക്കി **ചിത്രം 1.5.4** -ൽ കാണിച്ചിരിക്കുന്നു.

കേന്ദ്ര നികുതിയിൽ ഓരോ സംസ്ഥാനത്തിന്റെയും വിഹിതം നിർണ്ണയിക്കാൻ 13 ,14 ,15 കമ്മീഷനുകൾ ഉപയോഗിക്കുന്ന മാനദണ്ഡങ്ങളും ഓരോന്നിനും നിശ്ചയിച്ചിരിക്കുന്ന വെയിറ്റും **പട്ടിക 1.5.2**ൽ നൽകിയിരിക്കുന്നു.


2023-24-ൽ സംസ്ഥാനത്തിനുലഭിച്ച മൊത്തം കേന്ദ്ര വിഹിതം 33811.18 കോടി രൂപയാണ്, 2022-23 ൽ ഇത് 45638.54 കോടി രൂപയായിരുന്നു. കേന്ദ്ര നികുതി വിഹിതമായി 2023-24 ൽ ലഭിച്ച തുക 21742.92 കോടി രൂപയാണ്, 2022-23 ൽ 18260.68 കോടി രൂപയായിരുന്നു. ഇതിൽ 19.07 ശതമാനം വർധനവുണ്ടായി.

**പട്ടിക 1.5.2** .13, 14, 15 ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പ്രകാരം കേന്ദ്രം സംസ്ഥാനങ്ങൾക്ക് നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കുന്നതിനുള്ള മാനദണ്ഡം ശതമാനത്തിൽ

| മാനദണ്ഡം | 13ധനകാര്യ കമ്മീഷൻ | 14ധനകാര്യ കമ്മീഷൻ | 15ധനകാര്യ കമ്മീഷൻ |
|---|---|---|---|
| ജനസംഖ്യ (1971) | 25 | 17.5 | - |
| ജനസംഖ്യ (2011) | - | 10 | 15 |
| വരുമാന വിടവ് | 47.5 | 50 | 45 |
| പ്രദേശം | 10 | 15 | 15 |
| വനമേഖല | - | 7.5 | - |
| വനവും പരിസ്ഥിതിയും | - | - | 10 |
| ജനസംഖ്യസ്വഭാവത്തിലെ പ്രകടനം | - | - | 12.5 |
| നികുതിയും സാമ്പത്തിക പരിശ്രമവും | - | - | 2.5 |
| സാമ്പത്തിക അച്ചടക്കം | 17.5 | - | - |

അവലംബം : വിവിധ ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകൾ

**ചിത്രം 1.5.4** കേരളത്തിന് വിവിധ ധനകാര്യ കമ്മീഷനുകൾ അനുവദിച്ച പങ്കുവയ്ക്കാൻ പറ്റുന്ന നികുതി വരുമാനത്തിന്റെ പ്രവണത




അവലംബം : വിവിധ ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകൾ

2023-24ൽ കേന്ദ്രത്തിൽ നിന്ന് 12,068.26 കോടി രൂപ ഗ്രാന്റായി സംസ്ഥാനത്തിന് ലഭിച്ചു, ഇത് 2022-23 ലെ (27,377.86 കോടി രൂപ) അപേക്ഷിച്ച് 55.92 ശതമാനം കുറവാണ് കാണിക്കുന്നത്. കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച സഹായ ധനത്തിൽ 737.88 കോടി രൂപ ചരക്ക സേവന നികുതി നടപ്പിലാക്കിയതിൽ ഉണ്ടായ നഷ്ടപരിഹാര തുകയാണ് . കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ വിശദാംശങ്ങൾ **പട്ടിക 1.5.3**-ൽ ചേർത്തിരിക്കുന്നു.

### ചെലവ്

റവന്യൂ ചെലവ്, മൂലധന ചെലവ്, വായ്പാ തിരിച്ചടവിൽ ഉണ്ടാകുന്ന ചെലവ് എന്നിങ്ങനെ മൂന്ന് ഘടകങ്ങളാണ് സംസ്ഥാനത്തിന്റെ ചെലവിൽ ഉൾപ്പെട്ടിരിക്കുന്നത്.. 2014-15 മുതൽ 2023-24 വരെയുള്ള കാലഘട്ടത്തിനിടയിൽ, മൊത്തം ചെലവ് 76744.12 കോടി രൂപയിൽ നിന്ന് 159506.24 കോടി രൂപയായി വർദ്ധിച്ചു, സംയോജിത വാർഷിക വളർച്ചാ നിരക്ക് 7.81 ശതമാനം ആണ്. 2022-23 മുതൽ 2023-24 വരെയുള്ള കാലയളവിൽ സർക്കാരിന്റെ പദ്ധതിച്ചെലവിൽ 1,560.53 കോടി രൂപയുടെ വളർച്ചയും പദ്ധതിയേതര ചെലവിൽ 792.72 കോടി രൂപയുടെ കുറവും ഉണ്ടായി . 2022-23 ൽ 125988.45 കോടി ആയിരുന്ന പദ്ധതിയേതര ചെലവ് 2023-24 ൽ 125195.73(78.49 ശതമാനം ) ആയി കുറഞ്ഞു . പദ്ധതി ചെലവ് 2022-23 ൽ 32749.98 കോടി രൂപ ആയിരുന്നത് 2023-24 ൽ 34310.51 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തു. (21.51 ശതമാനം)

### റവന്യൂ ചെലവുകൾ

വികസന ചെലവുകളും വികസനേതര ചെലവുകളുമാണ് റവന്യൂ ചെലവിൽ ഉൾപ്പെടുന്നത്. വികസനച്ചെലവിൽ വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, വ്യവസായം, തൊഴിലും തൊഴിലവസരങ്ങളും എന്നിവയുള്ള ചെലവ് ഉൾപ്പെടുന്നു. വികസനേതര ചെലവുകളിൽ പലിശ അടവ്, പെൻഷൻ വിതരണം, കടബാധ്യതകൾ, ഭരണപരമായ സേവനങ്ങൾ മറ്റുള്ളവ എന്നിവ ഉൾപ്പെടുന്നു. റവന്യൂ ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക 1.5.4** ൽ നൽകിയിരിക്കുന്നു.

പൂർത്തിയായ പദ്ധതികളുടെ പ്രവർത്തന, സംരക്ഷണ ചെലവുകൾ റവന്യു ചെലവിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സർവകലാശാലകളിലെയും സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ശമ്പളവും പെൻഷൻ ബാധ്യതകളും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ബാധ്യതകളും നിറവേറ്റുന്നതിനായി സംസ്ഥാനം നൽകുന്ന ഗ്രാന്റുകൾ റവന്യുചെലവായാണ് കണക്കാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന വരുമാനത്തിന്റെ പ്രധാന ഭാഗവും പ്രാദേശിക സർക്കാർ തലത്തിൽ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് ഉപയോഗിക്കുന്നത്.

2022-23 ൽ 141950.94 കോടി രൂപയായിരുന്ന റവന്യൂ ചെലവ് 2023-24 ൽ 142626.34 കോടി രൂപയായി വർധിച്ചു. 2023-24 ലെ മൊത്തം റവന്യൂ ചെലവിൽ പദ്ധതിച്ചെലവ് 18620.61 കോടി രൂപയും പദ്ധതിയേതര

**പട്ടിക 1.5.3 :** കേന്ദ്ര വിഹിതത്തിന്റെ കൈമാറ്റം (രൂപകോടിയിൽ)

| വർഷം | കേന്ദ്ര നികുതിയിലും ചുങ്കത്തിലുമുള്ള വിഹിതം | | പദ്ധതി പദ്ധതിയേതര ഇനത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച ധനസഹായം | | ആകെ കൈമാറിയ വിഹിതം | |
|---|---|---|---|---|---|---|
| | തുക | വാർഷിക വളർച്ചാ നിരക്ക് (ശതമാനം) | തുക | വാർഷിക വളർച്ചാ നിരക്ക് (ശതമാനം) | തുക | വാർഷിക വളർച്ചാ നിരക്ക് (ശതമാനം) |
| 2012-13 | 6840.65 | 14.19 | 3021.53 | -18.54 | 9862.18 | 1.68 |
| 2013-14 | 7468.68 | 9.18 | 4138.21 | 36.96 | 11606.9 | 17.69 |
| 2014-15 | 7926.29 | 6.13 | 7507.99 | 81.43 | 15434.3 | 32.98 |
| 2015-16 | 12690.7 | 60.11 | 8921.35 | 18.82 | 21612 | 40.03 |
| 2016-17 | 15225 | 19.97 | 8510.35 | -4.61 | 23735.4 | 9.82 |
| 2017-18 | 16833.1 | 10.56 | 8527.84 | 0.21 | 25360.9 | 6.85 |
| 2018-19 | 19038.2 | 13.10 | 11389 | 33.55 | 30427.1 | 19.98 |
| 2019-20 | 16401.1 | -13.85 | 11235.3 | -1.35 | 27636.3 | -9.17 |
| 2020-21 | 11560.4 | -29.51 | 31068.28 | 176.52 | 42628.68 | 54.25 |
| 2021-22 | 17820.09 | 54.15 | 30017.12 | -3.38 | 47837.21 | 12.22 |
| 2022-23 | 18260.68 | 2.47 | 27377.86 | -8.79 | 45638.54 | -4.60 |
| 2023-24 | 21742.92 | 19.07 | 12068.26 | -55.92 | 33811.18 | -25.92 |

അവലംബം : ധനകാര്യ വകുപ്പ്, കേരള സർക്കാർ

**പട്ടിക 1.5.4** റവന്യൂ ചെലവിലെ പ്രവണത (രൂപകോടിയിൽ)

| | ആകെ റവന്യൂ ചെലവ് | | വികസന ചെലവ് | | വികസനേതര ചെലവ് | |
|---|---|---|---|---|---|---|
| വർഷം | തുക | വാർഷിക വളർച്ചാ നിരക്ക് ശതമാനം | തുക | ആകെ റവന്യൂ ചെലവിന്റെ ശതമാനം | തുക | ആകെ റവന്യൂ ചെലവിന്റെ ശതമാനം |
| 2012-13 | 53488.74 | 16.17 | 29889.0 | 55.88 | 23599.7 | 44.12 |
| 2013-14 | 60485.50 | 13.08 | 32921.1 | 54.43 | 27564.4 | 45.57 |
| 2014-15 | 71746.43 | 18.62 | 39182.2 | 54.61 | 32564.2 | 45.39 |
| 2015-16 | 78689.47 | 9.68 | 41762.7 | 53.07 | 36926.8 | 46.93 |
| 2016-17 | 91096.31 | 15.77 | 48602.6 | 53.35 | 42493.7 | 46.65 |
| 2017-18 | 99948.35 | 9.72 | 52979.5 | 53.01 | 46968.8 | 46.99 |
| 2018-19 | 110316.39 | 10.37 | 56788.0 | 51.48 | 53528.4 | 48.52 |
| 2019-20 | 104719.92 | -5.07 | 47550.2 | 45.41 | 57169.7 | 54.59 |
| 2020-21 | 123446.33 | 17.88 | 71224.0 | 57.70 | 52222.3 | 42.30 |
| 2021-22 | 146179.51 | 18.42 | 74026.85 | 50.64 | 72152.66 | 49.36 |
| 2022-23 | 141950.94 | -2.89 | 70133.18 | 49.41 | 71817.75 | 50.59 |
| 2023-24 | 142626.34 | 0.48 | 62657.34 | 43.93 | 79969.00 | 56.07 |
| 2024-25 BE | 166501.21 | 16.74 | 81985.79 | 49.24 | 84515.42 | 50.76 |

അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

ചെലവ് 124005.73 കോടി രൂപയുമാണ്. ഇക്കാലയളവിൽ റവന്യൂ ചെലവിൽ നിന്നുള്ള പദ്ധതിച്ചെലവ് 6,75.4 കോടി രൂപ വർദ്ധിക്കുകയും പദ്ധതിയേതര ചെലവ് 5,86.68 കോടി രൂപ കുറയുകയും ചെയ്തു . അതുപോലെ, റവന്യൂ ചെലവും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം മുൻ വർഷത്തെ 13.87 ശതമാനത്തിൽ നിന്ന് 2023-24 ൽ 12.44 ശതമാനമായി കുറഞ്ഞു.

2023-24ൽ റവന്യൂ ചെലവിലെ പ്രതിബദ്ധതയുള്ള ചെലവിന്റെ വിഹിതം മുൻവർഷത്തെ 71.54 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 71.26 ശതമാനമായി നേരിയ കുറവ് രേഖപ്പെടുത്തി. പ്രതിബദ്ധതയുള്ള ചെലവുകളിൽ ശമ്പളം, പെൻഷൻ, പലിശ പേയ്മെന്റ്കൾ, സബ്സിഡികൾ, എൽഎസ്ജിഐകൾക്കുള്ള വിഭജനം എന്നിവയിലെ ബാധ്യതകൾ ഉൾപ്പെടുന്നു. ശമ്പളവും പെൻഷനും 2022-2023 ലും 2023-24 ലും മൊത്തം റവന്യൂ ചെലവിന്റെ 45 ശതമാനമായിരുന്നു . മൊത്തം റവന്യൂ ചെലവിന്റെ പലിശ 2022-23 ലെ 17.74 ശതമാനത്തിൽ നിന്ന് 2023-24 ൽ18.92 ശതമാനമായി ഉയർന്നു .

റവന്യൂ ചെലവുകളുടെ വിശദാംശങ്ങൾ **അനുബന്ധം 1.5.4**, **അനുബന്ധം 1.5.5** എന്നിവയിൽ നൽകിയിരിക്കുന്നു.

### മൂലധന ചെലവ്

മാനവ ശേഷി വികസനത്തിനുള്ള സംസ്ഥാനത്തിന്റെ ചെലവിന്റെ ഭൂരിഭാഗവും റവന്യൂ ചെലവിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ മൂലധന ചെലവിന്റെ വിഹിതം എല്ലായിപ്പോഴും കുറവായിരിക്കുന്നു.. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനം ഉറപ്പുവരുത്തുന്നതിനും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി നവീനമായ ഒരു ധനവിനിമയരീതി തന്നെ സർക്കാർ ഇതിനകം ഏറ്റെടുത്തിട്ടുണ്ട്. മൂലധന പദ്ധതികളിൽ ദീർഘകാല നിക്ഷേപം ആകർഷിക്കുക വഴി സർക്കാർ ആരംഭിച്ച ഇത്തരം വികസന മാതൃകകൾ ഇതിനകം തന്നെ നല്ല സൂചനകൾ നൽകി തുടങ്ങിയിട്ടുണ്ട്. മൂലധന ചെലവിന്റെയും മൊത്തം ചെലവുകളുടേയും വിശദാംശങ്ങൾ **അനുബന്ധം 1.5.6**–ൽ നൽകിയിരിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി വിവിധ മേഖലകളിലെ മൂലധന പദ്ധതികളിൽ സർക്കാർ മുടക്കുന്ന വിഹിതം കൂടി വരുന്നതായി കാണാം. സംസ്ഥാനത്തിന്റെ 2022-23 ലെ മൂലധന ചെലവ് 16880.17 കോടി രൂപയാണ് .2023-24 ലെ മൊത്തം മൂലധന വിഹിതത്തിന്റെ 16.70 ശതമാനമായി പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തി മൂല്യമൂലധന മേഖലയായി തുടരുന്നു. തുടർന്ന് കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും 2.75 ശതമാനവും വ്യവസായങ്ങൾക്കും തൊഴിൽ മേഖലക്കും 4.03 ശതമാനവും ജലസേചനത്തിന് 2.51 ശതമാനവും മൂലധന വിഹിതമായി വകയിരുത്തിയിട്ടുള്ളത്:. മൂലധന ചെലവിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.7**–ൽ നൽകിയിരിക്കുന്നു.

### കട ബാധ്യത

വിപണിയിൽ നിന്നുള്ള വായ്പയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും ഉൾപ്പെടെയുള്ള ആഭ്യന്തര കടം, കേന്ദ്രത്തിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് നിക്ഷേപം എന്നിവയിൽ നിന്നുള്ള വായ്പയും

**പട്ടിക 1.5.5** മൂലധന വിഹിതത്തിലെ പ്രവണത (രൂപ. കോടിയിൽ )

| വർഷം | ജലസേചനം | കൃഷിയും അനുബന്ധ സേവനങ്ങളും | വ്യവസായം തൊഴിൽ | പൊതുമരാമത്ത് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 2012-13 | 340.6 | 192.11 | 273.95 | 2142.92 | 1653.71 | 4603.29 |
| 2013-14 | 342.39 | 210.62 | 342.24 | 1549.43 | 1849.65 | 4294.33 |
| 2014-15 | 270.24 | 355.9 | 260.22 | 1578.94 | 1789.29 | 4254.59 |
| 2015-16 | 526.23 | 473.08 | 334.94 | 2924.26 | 3241.53 | 7500.04 |
| 2016-17 | 674.83 | 555.62 | 516.79 | 3001.88 | 5376.83 | 10125.95 |
| 2017-18 | 544.4877 | 629.83 | 548.06 | 2595.57 | 4430.92 | 8748.87 |
| 2018-19 | 271.777 | 543.95 | 276.74 | 2000.48 | 4337.58 | 7430.54 |
| 2019-20 | 282.83 | 340.37 | 254.01 | 2435.51 | 5142.08 | 8454.8 |
| 2020-21 | 302.14 | 464.87 | 486.1 | 2881.18 | 8755.36 | 12889.65 |
| 2021-22 | 440.64 | 478.89 | 541.36 | 3467.16 | 9263.67 | 14191.73 |
| 2022-23 | 402.68 | 761.81 | 529.25 | 2712.25 | 9590.56 | 13996.56 |
| 2023-24 | 341.05 | 372.82 | 547.89 | 2268.43 | 10054.27 | 13584.45 |
| 2024-25 BE | 577.48 | 407.52 | 819.19 | 3080.17 | 10778.86 | 15663.22 |

അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ കട ബാധ്യത. 2023-24 അവസാനത്തോടെ സംസ്ഥാനത്തിന് കുടിശ്ശികയുള്ള പൊതുകടം 267989.99 കോടി രൂപയായിരുന്നു. പൊതുകടം – സംസ്ഥാന മൊത്ത അഭ്യന്തര വരുമാന വാർഷിക വളർച്ചാ നിരക്ക് 2022-23 ലെ 23.25 ശതമാനത്തിൽ നിന്ന് 2023-24 ൽ 23.38 ശതമാനമായി നേരിയ വർധനവ് കാണിച്ചു . സമീപ വർഷങ്ങളിൽ സംസ്ഥാനത്തിന് പൊതു കടം ജിഎസ്ഡിപി അനുപാതം സ്ഥിരമായി നിലനിർത്താൻ കഴിഞ്ഞു .സംസ്ഥാനത്തിന്റെ ആകെ കുടിശ്ശിക ബാധ്യതകൾ 2022-23 -ൽ 35.38 ശതമാനമായിരുന്നത് 2023-24-ൽ 34.20 ശതമാനമായും കുറഞ്ഞു.

സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ആഭ്യന്തര കടത്തിന്റെ വിഹിതം 2023-24ൽ 95.96 ശതമാനമായിരുന്നു. കുടിശ്ശികയുള്ള ആഭ്യന്തര കടം 2022-23 ലെ 2,27,137 കോടി രൂപയിൽ നിന്ന് 2023-24 ൽ 2,57,157.92 കോടി രൂപയായി ഉയർന്നു. 2023-24ൽ ആഭ്യന്തര കടത്തിന്റെ വളർച്ചാ നിരക്ക് 13.22 ശതമാനമായിരുന്നു. കേന്ദ്രത്തിൽ നിന്നുള്ള വായ്പകൾക്കും അഡ്വാൻസുകൾക്കും കീഴിലുള്ള കുടിശ്ശിക ബാധ്യതകൾ 2022-23 ലെ 10,863.90 കോടി രൂപയിൽ നിന്ന് 2023-24 ൽ 10,832.07 കോടി രൂപയായി കുറഞ്ഞു. സംസ്ഥാനത്തിന്റെ പൊതുകടത്തിൽ കേന്ദ്ര വായ്പയുടെ വിഹിതം 2023-24ൽ 4.04 ശതമാനം മാത്രമായിരുന്നു..

ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് എന്നിവയിലെ ബാധ്യത 2023-24 അവസാനത്തിൽ 123944.24 കോടി രൂപയാണ്. 2022-23-ൽ ഇത് 124190.92 കോടി രൂപയായിരുന്നു. 2023-24 വർഷത്തെ മൊത്തം നീക്കിയിരുപ്പ് കടവും അറ്റ നീക്കിയിരുപ്പ് കടവും യഥാക്രമം 29742.34 കോടി രൂപയും 2793.33 കോടി രൂപയുമാണ്.

നികുതി-നികുതിയേതര സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ദീർഘകാല, സുസ്ഥിര സ്ഥിരതയ്ക്കായി കേരളം പരിശ്രമിക്കുന്നു. ഇത് ചെലവുകൾ കാര്യക്ഷമമാക്കുകയും ന്യായമായ കേന്ദ്ര വരുമാനം ഉറപ്പുനൽകുകയും സർക്കാർ ഉടമസ്ഥതയിലുള്ള വിഭവങ്ങളുടെ വളർച്ചയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ പ്രതിബന്ധങ്ങളെ മറികടക്കാൻ കേരളം ക്രിയാത്മകമായ സാമ്പത്തിക നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു . സംസ്ഥാനത്തിന്റെ വികസന ലക്ഷ്യങ്ങളുടെ നേട്ടവും സാമ്പത്തിക വീണ്ടെടുക്കലും കാര്യക്ഷമമായ വിഭവ മാനേജ്മെന്റിനെ ആശ്രയിച്ചിരിക്കും.

# 1.6 വാർഷിക പദ്ധതി 2024-25

ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം എന്നിവയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് സാമൂഹിക നിക്ഷേപത്തിൽ കേരളത്തിന്റെ അടിത്തറ കൂടുതൽ മെച്ചപ്പെടുത്തുക എന്നതാണ് 2024-25 വാർഷിക പദ്ധതിയുടെ പ്രധാന ലക്ഷ്യം. സാമൂഹ്യക്ഷേമം, ലിംഗനീതി, സുസ്ഥിര സാമ്പത്തിക വളർച്ച എന്നിവയ്ക്കും പദ്ധതി മുൻഗണന നൽകുന്നു. ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, ആകെയുള്ള വികസനം എന്നിവ ഉത്തേജിപ്പിക്കുന്നതിനായി വ്യവസായം, കൃഷിയുമായി ബന്ധപ്പെട്ട വിനോദസഞ്ചാര മേഖലകൾ, ആധുനിക സേവനങ്ങൾ എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകികൊണ്ടുള്ള സാമ്പത്തിക നയമാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ആധുനിക സമ്പദ്‌വ്യവസ്ഥയിൽ ഏറ്റവും പ്രസക്തമായ നൈപുണ്യ തൊഴിലവസരങ്ങൾക്കായി കേരളത്തിലെ യുവജനങ്ങളെ സജ്ജരാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. വികസനവുമായി ബന്ധപ്പെട്ട് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

**പട്ടിക 1.6.1** 2023-24 & 2024-25 വാർഷിക പദ്ധതിയുടെ മേഖല തിരിച്ചുള്ള വിഹിതം കോടിയിൽ

| ക്രമ നം | മേഖല/ഉപമേഖല | 2023-24 | | | 2024-25 | | | 2023-24നെ അപേക്ഷിച്ച് 2024-25ലെ ആകെ വിഹിതത്തിലുണ്ടായ വർദ്ധനവ്/ കുറവ് (ശതമാനത്തിൽ) |
|---|---|---|---|---|---|---|---|---|
| | | വിഹിതം | കേന്ദ്രസഹായം | മൊത്തം പദ്ധതി വിഹിതം | വിഹിതം | കേന്ദ്രസഹായം | മൊത്തം പദ്ധതി വിഹിതം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| I | കൃഷിയും അനുബന്ധ സേവനങ്ങളും | 1739.67 | 290.40 | 2030.07 | 1698.30 | 227.98 | 1926.28 | -5.39 |
| II | ഗ്രാമ വികസനം | 2149.03 | 4515.29 | 6664.32 | 2157.90 | 5032.22 | 7190.12 | 7.31 |
| III | സഹകരണം | 140.50 | 34.91 | 175.41 | 134.42 | 34.91 | 169.33 | -3.59 |
| IV | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 514.85 | 10.60 | 525.45 | 588.85 | 7.00 | 595.85 | 11.82 |
| V | ഊർജ്ജം | 1158.09 | 0.00 | 1158.09 | 1150.76 | 0.00 | 1150.76 | -0.64 |
| VI | വ്യവസായവും, ധാതുക്കളും | 1806.66 | 12.00 | 1818.66 | 1729.13 | 12.00 | 1741.13 | -4.45 |
| VII | ഗതാഗതവും വാർത്താവിനിമയവും | 2442.89 | 0.00 | 2442.89 | 2327.46 | 0.00 | 2327.46 | -4.96 |
| VIII | ശാസ്ത്രവും സാങ്കേതിക വിദ്യയും പരിസ്ഥിതിയും | 248.15 | 1.40 | 249.55 | 235.55 | 0.90 | 236.45 | -5.54 |
| IX | സാമൂഹ്യ സേവനങ്ങൾ | 9974.81 | 3227.82 | 13202.63 | 9844.47 | 3076.53 | 12921.00 | -2.18 |
| X | പൊതു സാമ്പത്തിക സേവനങ്ങൾ | 874.09 | 128.97 | 1003.06 | 828.21 | 96.89 | 925.10 | -8.43 |
| XI | പൊതുസേവനങ്ങൾ | 158.43 | 37.80 | 196.23 | 142.95 | 28.48 | 171.43 | -14.47 |
| | ആകെ (I മുതൽ XI വരെ ) | 21207.17 | 8259.19 | 29466.36 | 20838 | 8516.91 | 29354.91 | -0.38 |
| XII | എൽ.എസ്.ജി.ഡി | 8258.00 | 0.00 | 8258.00 | 8532.00 | 0.00 | 8532.00 | 3.21 |
| XIII | ആർ.കെ .ഐ | 904.83 | 0.00 | 904.83 | 1000.00 | 0.00 | 1000.00 | 9.52 |
| | **ആകെ മൊത്തം** | **30370.00** | **8259.19** | **38629.19** | **30370.00** | **8516.91** | **38886.91** | **0.66** |

ക്ഷേമം, വികസനം, തൊഴിലവസരങ്ങൾ എന്നിവയിൽ ഊന്നൽ നൽകുന്ന ഒരു വിജ്ഞാന സമൂഹമായി കേരളത്തെ വികസിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വികസന പ്രവർത്തനങ്ങൾക്കായി ജനങ്ങളെ ഒന്നാകെ അണിനിരത്തുക എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ജനക്ഷേമവും സാമ്പത്തിക വളർച്ചയും ലക്ഷ്യമിട്ടുള്ള സാമൂഹികപദ്ധതികളോടുള്ള പ്രതിബദ്ധത 2024-25 വാർഷിക പദ്ധതിയും ഊന്നിപ്പറയുന്നു.

30,370 കോടി രൂപയുടെ സംസ്ഥാന പദ്ധതിയും 8,516.91 കോടി രൂപയുടെ കേന്ദ്രസഹായവും ഉൾപ്പെടെ 2024-25ലെ വാർഷിക പദ്ധതിയുടെ മൊത്തം പദ്ധതി വിഹിതം 38,886.91 കോടി രൂപയായിരുന്നു. 2024-25 കാലയളവിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുക 8,532 കോടി രൂപയായിരുന്നു. ഇത് സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി വിഹിതത്തിന്റെ 28.09 ശതമാനമാണ്. മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കുമുള്ള "കേരള ഖരമാലിന്യ സംസ്കരണ പദ്ധതി" എന്ന വിദേശ സഹായ പദ്ധതിക്കായി നീക്കിവച്ച 180 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു.

പട്ടികജാതി ഉപപദ്ധതിക്ക് (എസ്.സി.എസ്.പി) 2979.4 കോടി രൂപയും പട്ടികവർഗ ഉപപദ്ധതിക്ക് (ടി.എസ്.പി) 859.5 കോടി രൂപയും അനുവദിച്ചിരുന്നു. ആകെ 4661.51 കോടി രൂപ (സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 21.35 ശതമാനം) പെൺകുട്ടികൾക്കും സ്ത്രീകൾക്കും മാത്രമായി നീക്കിവച്ചിരിക്കുന്നു. ഇതിൽ ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിക്കായുള്ള 6.21 കോടി രൂപയും ഉൾപ്പെടുന്നു. ആകെ വിഹിതത്തിൽ 1686.85 കോടി രൂപ കുട്ടികളുടെ ക്ഷേമം ഉദ്ദേശിച്ചിട്ടുള്ളതാണ് (7.72 ശതമാനം). 2023-24, 2024-25 വാർഷിക പദ്ധതികളിൽ മേഖല തിരിച്ചുള്ള വിഹിതം **പട്ടിക 1.6.1**ൽ നൽകിയിരിക്കുന്നു.

2023-24 വാർഷിക പദ്ധതിയിൽ മേഖല തിരിച്ചുള്ള ചെലവുകൾ **പട്ടിക 1.6.2**ൽ നൽകിയിരിക്കുന്നു

**പട്ടിക 1.6.2** 2022-23 വാർഷിക പദ്ധതിയിലെ മേഖല തിരിച്ചുള്ള ചെലവ്

| ക്രമ നം. | മേഖല/ഉപമേഖല | 2023-24 | | |
|---|---|---|---|---|
| | | സംസ്ഥാന പദ്ധതി വിഹിതം | ചെലവ് (ട്രഷറി) | ചെലവ് (%) |
| 1 | 2 | 3 | 4 | |
| I | കൃഷിയും അനുബന്ധ സേവനങ്ങളും | 1739.67 | 1088.09 | 62.55 |
| II | ഗ്രാമ വികസനം | 2149.03 | 1209.44 | 56.28 |
| III | സഹകരണം | 140.50 | 17.37 | 12.36 |
| IV | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 514.85 | 289.68 | 56.27 |
| V | ഊർജ്ജം | 1158.09 | 100.21 | 8.65 |
| VI | വ്യവസായവും, ധാതുക്കളും | 1806.66 | 914.54 | 50.62 |
| VII | ഗതാഗതവും വാർത്താവിനിമയവും | 2442.89 | 2999.64 | 122.79 |
| VIII | ശാസ്ത്രവും സാങ്കേതിക വിദ്യയും പരിസ്ഥിതിയും | 248.15 | 109.43 | 44.10 |
| IX | സാമൂഹ്യ സേവനങ്ങൾ | 9974.81 | 8848.82 | 88.71 |
| X | പൊതു സാമ്പത്തിക സേവനങ്ങൾ | 874.09 | 374.88 | 42.89 |
| XI | പൊതുസേവനങ്ങൾ | 158.43 | 444.53 | 280.58 |
| | ആകെ (I മുതൽ XI വരെ ) | 21207.17 | 16396.64 | 77.32 |
| XII | എൽ.എസ്.ജി.ഡി | 8258.00 | 6994.61 | 84.70 |
| XIII | ആർ.കെ .ഐ | 904.83 | 1408.35 | 155.65 |
| | **ആകെ മൊത്തം** | **30370.00** | **24799.60** | **81.66** |

അദ്ധ്യായം

# 02

# കേരളത്തിലെ പുതിയ വ്യാവസായിക അന്തരീക്ഷവും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലെ മുന്നേറ്റവും

# കേരളത്തിലെ പുതിയ വ്യാവസായിക അന്തരീക്ഷവും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലെ മുന്നേറ്റവും

**ആമുഖം**

കേരളത്തിന്റെ വ്യാവസായിക രംഗത്ത് കാണുന്ന വലിയമാറ്റം നിലവിലത്തെ കേരള സർക്കാരിന്റെ പ്രധാന നേട്ടങ്ങളിൽ ഒന്നാണ്. കേരളത്തിന്റെ വ്യാവസായിക മേഖലയിലെ പുത്തൻ വളർച്ചയുടെ പ്രധാന സവിശേഷതകൾ വൻതോതിലുള്ള എംഎസ്എംഇകളുടെ ആവിർഭാവം, ആധുനിക മേഖലകളിൽ പുതിയ വ്യവസായങ്ങളുടെ ആരംഭം, വ്യാവസായിക അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം, വ്യവസായത്തിൽ നിന്നുള്ള ഉയർന്ന മൂല്യവർദ്ധനവ്, പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതി, സംസ്ഥാനത്തെ വ്യവസായ മേഖലയിലെ വലിയ നിക്ഷേപങ്ങളുടെ വർദ്ധനവ്, പരമ്പരാഗത മേഖലകളിലെ ആധുനികവൽക്കരണം എന്നിവയാണ്.

കേരളം വ്യാവസായിക നിക്ഷേപത്തിന് അനുയോജ്യമായ സ്ഥലമല്ല എന്ന പൂർവകാലങ്ങളിലെ ധാരണ തെറ്റാണെന്ന് സംസ്ഥാനം തെളിയിച്ചിരിക്കുന്നു. സംസ്ഥാന സർക്കാരിന്റെ നേതൃത്വവും സജീവമായ പ്രവർത്തനവുമാണ് ഈ പരിവർത്തനത്തിന്റെ പ്രധാന കാരണങ്ങൾ. കേരള സർക്കാർ സംസ്ഥാനത്തെ നിക്ഷേപകരിൽ ആത്മവിശ്വാസം വളർത്തിയെടുക്കുകയും, ജനങ്ങളിൽ സംരംഭകത്വത്തിന്റെ ആവേശം ജ്വലിപ്പിക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്തിനെ മറ്റ്സ്ഥലങ്ങളെ അപേക്ഷിച്ച് വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിൽ കേരളത്തിന് വ്യക്തവും പ്രത്യേകവുമായ മേൽക്കൈ ഉണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങളെയും സവിശേഷതകളെയും വേണ്ടവിധം ഉപയോഗപ്രദമാക്കാൻ വ്യക്തമായ തന്ത്രങ്ങളും കേരളം ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു . ഈ തന്ത്രങ്ങളുടെ അവിഭാജ്യ ഘടകങ്ങളും നാഴികക്കല്ലുകളുമാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയും പതിനാലാം പഞ്ചവത്സര പദ്ധതിയും.

**14-ാം പഞ്ചവത്സര പദ്ധതിയും വ്യവസായങ്ങളുടെ ആസൂത്രിത വികസനത്തിന്റെ അടിത്തറയും**

പഞ്ചവത്സരപദ്ധതികൾ രൂപീകരിക്കുന്ന രീതി ഇന്ത്യാഗവൺമെന്റ് 2014 ൽ നിർത്തലാക്കി. എന്നിരുന്നാലും, പങ്കാളിത്ത ആസൂത്രിത പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനം എന്ന നിലയിൽ കേരളം, പഞ്ചവത്സരപദ്ധതികളും വാർഷിക പദ്ധതികളും ഉൾപ്പെടുന്ന ആസൂത്രിത വികസന മാതൃക തുടരുന്നു.

14-ാം പഞ്ചവത്സര പദ്ധതികാലയളവിൽ സ്വകാര്യ-സഹകരണ-പൊതു മേഖലകളെ ഉൾപ്പെടുത്തികൊണ്ടുള്ള വ്യാവസായിക വികസന പരിപാടികൾ നടപ്പിലാക്കുന്നതിൽ സംസ്ഥാനം പ്രതിബദ്ധമാണ്. നിക്ഷേപക-വ്യവസായ സൗഹൃദകേന്ദ്രമായി കേരളം നിലനിൽക്കാൻ ഫലപ്രദമായ നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരുന്നു. കേരളത്തിൽ ലഭ്യമായ വിഭവങ്ങൾ കണക്കിലെടുത്തുകൊണ്ടും, സവിശേഷമായ ഗുണങ്ങളും, പരിമിതികളും മനസ്സിലാക്കിക്കൊണ്ടും വ്യാവസായിക വികസനം പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. സാങ്കേതിക നവീകരണം, വിവിധ മേഖലകൾ തമ്മിലുള്ള ബന്ധം, അവയുടെ ഏകോപനം എന്നിവയ്ക്കാണ് ഉയർന്ന മുൻഗണന നൽകിയത്. നിക്ഷേപ സൗകര്യം, വ്യാവസായിക പ്രോത്സാഹനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, വിദ്യാഭ്യാസ-ഗവേഷണ-വ്യവസായ ലിങ്കേജ്, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്ക്, സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, മികവുറ്റ വ്യവസായങ്ങൾ കെട്ടിപ്പടുക്കൽ, വ്യവസായത്തിന്റെ വിഹിതം വർധിപ്പിക്കൽ, ഡാറ്റാ മാനേജ്മെന്റ് തുടങ്ങിയ ഒമ്പത് മേഖലകളിലാണ് പ്രധാനമായും ലക്ഷ്യങ്ങൾ വച്ചത്. സംസ്ഥാനത്തിന്റെ വിഭവശേഖരണം, സവിശേഷമായ നേട്ടങ്ങൾ, പ്രത്യേക ഭൂമിശാസ്ത്രപരമായ സവിശേഷതകൾ എന്നിവ കണക്കിലെടുത്തുകൊണ്ടുള്ള വ്യാവസായിക വികസനമാണ് പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നത്.

**14-ാം പഞ്ചവത്സര പദ്ധതിയുടെ തന്ത്രം**

നിലവിലുള്ള വ്യാവസായിക അടിത്തറ ശക്തിപ്പെടുത്തൽ, വ്യവസായങ്ങളുടെ മികവ് മെച്ചപ്പെടുത്തൽ, തൊഴിൽ സംരക്ഷണം, എംഎസ്എംഇ വികസനത്തിൽ പ്രത്യേക ശ്രദ്ധകേന്ദ്രീകരിക്കൽ, സുസ്ഥിരത പ്രോത്സാഹിപ്പിക്കൽ, യൂണിറ്റുകളുടെ വിപുലീകരണം, ദേശീയ-ആഗോള വിപണികളുമായി പ്രാദേശിക യൂണിറ്റുകളെ ബന്ധിപ്പിക്കൽ, ആധുനിക സൗകര്യങ്ങളുള്ള വ്യവസായ പാർക്കുകൾ വികസിപ്പിക്കുക, വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് പുതിയ മാതൃകകൾ പര്യവേക്ഷണം ചെയ്യുക, വ്യവസായങ്ങൾക്കുവേണ്ടി ലാൻഡ്ബാങ്കുകൾ രൂപീകരിക്കുക, പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള സാങ്കേതിക നവീകരണം എന്നീ ഘടകങ്ങളെല്ലാമാണ് വ്യാവസായിക വികസനത്തിനായി 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഉൾപ്പെടുത്തിയിരുക്കുന്നത്. ഇൻഫർമേഷൻ ടെക്നോളജി (ഐടി) വ്യവസായത്തിനും, ഐടി അധിഷ്ഠിത സേവനമേഖലയ്ക്കും, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. ദേശീയവും ആഗോള തലത്തിലുമുള്ള മൂല്യശൃംഖലയുടെ സുപ്രധാന ഭാഗമാകാനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തുക; തോട്ടം മേഖലയിൽ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുക എന്നിവയും ലക്ഷ്യങ്ങളുടെ ഭാഗമാണ്. ആധുനിക വൽക്കരണം, ഉൽപ്പന്ന വൈവിധ്യവൽക്കരണം, ഫലപ്രദമായ വിപണന-വിതരണതന്ത്രം എന്നിവയാണ് 14-ാം പഞ്ചവത്സര പദ്ധതിയിലെ പരമ്പരാഗത വ്യവസായങ്ങളുടെ വികസനത്തിന് അധാരമായ മൂന്ന് അടിസ്ഥാന ഘടകങ്ങൾ. പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ പിന്തുണയ്ക്കുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും പ്രത്യേക ഊന്നൽ നൽകുന്നു.

**14-ാം പഞ്ചവത്സര പദ്ധതി - 13-ാം പഞ്ചവത്സര പദ്ധതിനേട്ടങ്ങളിൽ ഊന്നിയുള്ള കുതിപ്പ്**

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ നേട്ടങ്ങൾ ഏകീകരിക്കാനും മുന്നോട്ട്കൊണ്ടുപോകാനും 14-ാം പദ്ധതി ലക്ഷ്യമിടുന്നു. സ്വകാര്യ, സഹകരണ, പൊതുമേഖലകളിലെ സംരംഭങ്ങളിലൂടെ, സംസ്ഥാനത്തെ വ്യാവസായിക ഉൽപാദനത്തിൽ ഗണ്യമായ കുതിച്ചുചാട്ടം കൈവരിക്കുന്നതിനായുള്ള നടപടികൾ പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-2022 കാലയളവിലെ) യിൽ ആവിഷ്കരിച്ചിരുന്നു. സംസ്ഥാനത്തിന്റെ പ്രത്യേകമായ സവിശേഷതകൾ പ്രയോജനപ്പെടുത്തി ഒരു ആധുനിക വ്യവസായമേഖല സൃഷ്ടിക്കാനാണ് സംസ്ഥാനം വിഭാവനം ചെയ്തത്. ഉൽപ്പന്ന നിർമ്മാണ മേഖലയുടെ പ്രവർത്തന മികവാണ് 2016 മുതൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ പുനരുജ്ജീവനത്തിൽ പ്രധാന പങ്ക് വഹിച്ചത്. 2014-15ൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര മൂല്യവർധനവിൽ (ജിഎസ്‌വിഎയിൽ) ഉത്പന്ന നിർമ്മാണ മേഖലയുടെ പങ്ക് 9.8 ശതമാനത്തിൽ നിന്ന് 2021-22 ൽ 12.37 ശതമാനമായി വർദ്ധിച്ചു (സ്ഥിരമായവില). സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ (പ്രധാനമായും കെമിക്കൽസ്, ഇലക്ട്രിക്കൽ മെഷിനറി മേഖല) പ്രവർത്തന മികവും, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (എംഎസ്എംഇ) ഊർജ്ജസ്വലമായ വളർച്ചയുമാണ് 2016-17 മുതൽ കേരളത്തിന്റെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ മികച്ച പ്രകടനത്തിന്റെ ശ്രദ്ധേയമായ പ്രത്യേകത.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ച മെഗാ ഫുഡ് പാർക്കുകൾ, ക്ലസ്റ്റർ അധിഷ്ഠിത സംരംഭങ്ങൾ, കോൾഡ് സ്റ്റോറേജുകൾ എന്നിവ സംസ്ഥാനത്തെ കാർഷികാധിഷ്ഠിത, ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളുടെ പ്രോത്സാഹനത്തിന് സഹായകമായി. പെട്രോകെമിക്കൽസ്, ഫാർമസ്യൂട്ടിക്കൽ നിർമ്മാണം, ലൈഫ് സയൻസ് എന്നിവയുടെ വളർച്ചയ്ക്ക് പ്രത്യേകമായ വ്യവസായ പാർക്കുകളുടെ വികസനം സംസ്ഥാനം ആരംഭിച്ചിരുന്നു. പ്രതിരോധ ഇലക്ട്രോണിക്സിന്റേയും ലൈറ്റ് എഞ്ചിനീയറിംഗിന്റേയും വളർച്ചയിലും പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു. സംസ്ഥാനത്തിന് വലിയ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്ന മറ്റൊരു മേഖലയാണ് ലോജിസ്റ്റിക്സും, തുറമുഖാധിഷ്ഠിത വ്യവസായങ്ങളും.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ചില സുപ്രധാന നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു -

- കെഎസ്ഐഡിസി -കേരള സംസ്ഥാന സർക്കാരിന്റെ പ്രീമിയർ ഇൻഡസ്ട്രിയൽ പ്രൊമോഷൻ ഏജൻസിയായ കെഎസ്ഐഡിസി, തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ 206 ഏക്കർ സ്ഥലത്ത് ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കുന്നതിന് തുടക്കമിട്ടു. കൂടാതെ ശ്രീചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസുമായി സഹകരിച്ച് മെഡിക്കൽ ഉപകരണ പാർക്കിനായി 260 കോടി രൂപയുടെ പദ്ധതിയും ആവിഷ്കരിച്ചു. സമുദ്രോത്പന്ന സംസ്കരണ മേഖലയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച്, ചേർത്തല ഐജിസി പള്ളിപ്പുറത്ത് കെഎസ്ഐഡിസി ഒരു ഫുഡ് പാർക്ക് സ്ഥാപിച്ചു.
- വിവിധ സ്ഥലങ്ങളിൽ കിൻഫ്ര വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്തുള്ള, ഇന്ത്യയിലെ ആദ്യത്തെ അന്താരാഷ്ട്ര അപ്പാരൽ പാർക്ക്, എറണാകുളത്തുള്ള എക്സ്പർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, തിരുവനന്തപുരത്തുള്ള ഇൻഫോടെയ്ൻമെന്റ് പാർക്കും, ഫിലിം ആൻഡ് വീഡിയോ പാർക്കും മലപ്പുറത്തുള്ള ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രിയൽ പാർക്ക് എന്നിവയാണ് എന്നിവയാണ് ശ്രദ്ധേയമായ പദ്ധതികൾ.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള വളർച്ച മെച്ചപ്പെട്ടിട്ടുണ്ട്. 2017-18 നെ അപേക്ഷിച്ച് 2021-22ൽ വിറ്റുവരവും പ്രവർത്തന ലാഭവും യഥാക്രമം 32.41 ശതമാനവും 105.68 ശതമാനവമാണ്. കെ.എം.എം.എൽ, കെൽട്രോൺ, റ്റി.റ്റി.പി.എൽ, റ്റി.സി.സി.എൽ, കെൽട്രോൺ കമ്പോണെന്റ് കോംപ്ലക്സ് എന്നിവ റെക്കോർഡ് വളർച്ച രേഖപ്പെടുത്തി.
- വ്യാവസായിക വാണിജ്യ നയം 2018, കേരള മൈക്രോ, ചെറുകിട, ഇടത്തരം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്റ്റ് 2019, കേരള ഇൻഡസ്ട്രിയൽ ഏകജാലക ക്ലിയറൻസ് ബോർഡുകളും ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് (ഭേദഗതി) റൂൾസ് 2021 എന്നീ നയങ്ങൾ നടപ്പിലാക്കി. വ്യാവസായിക വളർച്ചയുടെ ഭാഗമായി 'ഉത്തരവാദിത്തമുള്ള നിക്ഷേപം,

ഉത്തരവാദിത്ത വ്യവസായം' എന്ന ആശയം സ്വീകരിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം.

- 2,47,601 തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് 6,667.15 കോടി രൂപയുടെ മൊത്തം നിക്ഷേപത്തിൽ 69,814 MSME-കൾ സ്ഥാപിച്ചു. ഡിപ്പാർട്ട്മെന്റിന്റെ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമായ, എന്റർപ്രണർഷിപ്പ് സപ്പോർട്ട് സ്കീം (ഇഎസ്എസ്) വഴി, 5,305 എംഎസ്എംഇ യൂണിറ്റുകൾക്ക് 27,394.2 ലക്ഷം രൂപ സബ്സിഡി നൽകി. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ എംഎസ്എംഇകൾക്ക് ആശ്വാസവും സുരക്ഷ സാമ്പത്തിക സഹായവും നൽകുന്നതിനായി 'വ്യവസായ ഭദ്രത' എന്ന പ്രത്യേക പാക്കേജ് നടപ്പാക്കി.
- കയർ മേഖലയെ നവീകരിക്കുന്നതിനായി "കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടന" എന്ന സമഗ്രമായ ഒരു പുനരുജ്ജീവന പാക്കേജ് നടപ്പിലാക്കി. 100-ലധികം സൊസൈറ്റികളിലായി 25,000-ലധികം നല്ല നിലവാരമുള്ള ഇലക്ട്രോണിക് റാട്ടുകളും 1,000 ഓട്ടോമേറ്റഡ് സ്പിന്നിംഗ് മില്ലുകളും (ASMs) അവതരിപ്പിച്ചതോടെ, നൂൽ ഉത്പാദനം 2016-ൽ 7,880 ടണ്ണിൽ നിന്ന് 2021-ൽ 25,000 ടൺ ആയി ഉയർന്നു. പുതിയ ഡീ ഫൈബറിങ് യൂണിറ്റുകളുടെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്ത് തൊണ്ടിന്റെ ഉപയോഗം 12.5 ശതമാനത്തിൽ നിന്ന് 14.8 ശതമാനമായി ഉയർന്നു.
- 2015-16 മുതൽ ശ്രദ്ധേയമായ പുരോഗതി കാഴ്ചവച്ചുകൊണ്ട് കശുവണ്ടി കൃഷിയുടെ വ്യാപനം വലിയ പുരോഗതികളോടെ 2019-20ൽ 98,821 ഹെക്ടറായി വർദ്ധിച്ചു. കൃഷിയുടെ വ്യാപനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, KSACC മാതൃകാ കശുവണ്ടി ഫാമുകളും തോട്ടങ്ങളും സ്ഥാപിച്ചു, കൂടാതെ കശുവണ്ടി ഗ്രാഫ്റ്റുകളും വിതരണം ചെയ്തു.

### ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഉല്പന്ന നിർമ്മാണം (മാനുഫാക്ചറിംങ്) – ഒരു താരതമ്യം

ഇന്ത്യയിലെയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെയും ഉൽപ്പന്ന നിർമ്മാണ മേഖല താരതമ്യം ചെയ്യുമ്പോൾ ശ്രദ്ധേയമായ കാര്യങ്ങൾ വെളിവാകുന്നു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും വലുപ്പമുള്ള ഉൽപ്പന്ന നിർമ്മാണ മേഖല തമിഴ് നാടിന്റെതാണ് (3.16 ലക്ഷം കോടി രൂപ). ഏറ്റവും ചെറിയ ഉൽപ്പന്ന നിർമ്മാണ മേഖല കേരളത്തിന്റെതുമാണ് (63,239 കോടി രൂപ). ജിവിഎയിൽ ഉൽപ്പന്ന നിർമ്മ മേലയിലെ പങ്ക് അഖിലേന്ത്യാതലത്തിൽ ഏകദേശം 17 ശതമാനമാണ്. അതേസമയം തമിഴ്നാട്ടിൽ ജിഎസ്വിഎയിൽ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ പങ്ക് വളരെ കൂടുതലാണ് (ഏകദേശം 24 ശതമാനം). മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ, ജിഎസ്വിഎയിൽ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വിഹിതം ഇന്ത്യയേക്കാൾ കുറവാണ്. ജിഎസ്വിഎയിൽ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ ഏറ്റവും കുറവ് വിഹിതം തെലങ്കാനയിലും കേരളത്തിലുമാണ്. ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വളർച്ചാ നിരക്ക് 2022-23 വർഷത്തിൽ ഇന്ത്യയിലും തെലങ്കാനയിലും നെഗറ്റീവ് ആയിരുന്നുവെങ്കിലും, മറ്റ് സംസ്ഥാനങ്ങൾക്ക് ഇത് പോസിറ്റീവ് ആയിരുന്നു. കേരളം, കർണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ വളർച്ചാ നിരക്ക് 2 മുതൽ 4 ശതമാനം വരെയാണെങ്കിൽ, തമിഴ്നാട്ടിൽ ഇത് 9 ശതമാനത്തിലധികം ആയിരുന്നു. വിശദാംശങ്ങൾ **പട്ടിക 2.1** ൽ നൽകിയിരിക്കുന്നു.

### കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ (മാനുഫാക്ചറിങ്) മേഖല

സമീപ വർഷങ്ങളിൽ കേരളത്തിൻറെ ഉൽപ്പന്ന നിർമ്മാണ മേഖലയിൽ ക്രമാനുഗതമായ മൂല്യ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2020-21 ൽ കൊവിഡ് പകർച്ചവ്യാധി ഉണ്ടായിരുന്നിട്ടും ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വളർച്ചാ നിരക്ക് (സ്ഥിര വിലയിൽ) പ്രശംസനീയമായ 3.98 ശതമാനമായിരുന്നു. 2021-22 ൽ വളർച്ചാ നിരക്ക് 4.58 ശതമാനമായി ഉയർന്നു. 2023-24 ലെ വളർച്ചാ നിരക്ക് 3 ശതമാനമാണ്.

കേരളത്തിൻറെ മൊത്തം സംസ്ഥാന മൂല്യ വർധനവിൽ (ജിഎസ്വിഎ) (സ്ഥിര വിലയിൽ) ഉൽപ്പന്ന നിർമ്മാണ മേഖലയുടെ പങ്ക് 2014-15 ലെ 9.78 ശതമാനത്തിൽ നിന്ന് 2023-24 ൽ 11.5 ശതമാനമായി ഉയർന്നു. 2020-21ൽ ഇത് 13.31 ശതമാനമായി ഉയർന്നിരുന്നു. താരതമ്യപ്പെടുത്തുമ്പോൾ, 2023-24 ൽ (പ്രൊവിഷണൽ എസ്റ്റിമേറ്റ്സ്) ഇന്ത്യയുടെ മൊത്തം മൂല്യ വർധനവിൽ

**പട്ടിക 2.1** തിരഞ്ഞെടുത്ത അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളിലെ ഉൽപ്പന്ന നിർമ്മാണ മേഖലകളുടെ താരതമ്യം (2022-23) (സ്ഥിര വിലകളിൽ)

| അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് | മാനുഫാക്ചറിങ് ജി.വി.എ / ജി.എസ്.വി.എ (രൂപ കോടിയിൽ) | ആകെ ജി.വി.എ / ജി.എസ്.വി.എ (രൂപ കോടിയിൽ) | മൊത്തം ജി.വി.എ / ജി.എസ്.വി.എ ൽ മാനുഫാക്ചറിങ് മേഖലയുടെ വിഹിതം (ശതമാനത്തിൽ) | 2022–23 ലെ മാനുഫാക്ചറിങ് ജി.വി.എ / ജി.എസ്.വി.എ വളർച്ചാ നിരക്ക് (ശതമാനത്തിൽ) |
|---|---|---|---|---|
| ഇന്ത്യ | 25,04,663.00 | 1,48,04,901.00 | 16.91 | -2.2 |
| കേരളം | 63,239.00 | 5,27,630.00 | 11.98 | 2.08 |
| തമിഴ്നാട് | 3,16,235.14 | 12,93,787.34 | 24.44 | 9.29 |
| കർണാടക | 1,90,154.05 | 11,88,887.13 | 15.99 | 2.05 |
| ആന്ധ്രാപ്രദേശ് | 1,07,067.82 | 6,96,099.05 | 15.38 | 3.61 |
| തെലങ്കാന | 79,119.24 | 6,58,296.34 | 12.02 | -5.54 |

ഉറവിടം - 1) നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ (ഇന്ത്യയെക്കുറിച്ചുള്ള ഡാറ്റയ്ക്കായി) 2) ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, കേരള സർക്കാർ (കേരളത്തെ കുറിച്ചുള്ള ഡാറ്റയ്ക്ക്), 3) സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ (തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളുടെ ഡാറ്റയ്ക്കായി) .

**പട്ടിക 2.2** 2023-24 ലെ മൊത്ത മൂല്യവർദ്ധനവിലും (സ്ഥിര വിലയിൽ) തൊഴിലിലും, വ്യത്യസ്ത മേഖലകളുടെ വിഹിതം (കേരളത്തിലും - ഇന്ത്യയിലും).

| മേഖലകൾ | 2023–24 ലെ മൊത്ത മൂല്യവർദ്ധനവിലെ മേഖലാ വിഹിതം | | തൊഴിൽ മേഖലയിലെ വിഹിതം | |
|---|---|---|---|---|
| | കേരളം (ജിഎസ്‌വിഎ) | ഇന്ത്യ (ജിവിഎ) | കേരളം | ഇന്ത്യ |
| കൃഷി, കന്നുകാലി, വനം, മത്സ്യബന്ധനം | 8.30 | 14.5 | 26.97 | 46.1 |
| ഖനനം, ക്വാറി വ്യവസായം | 0.48 | 2.1 | 0.33 | 0.2 |
| **പ്രാഥമിക മേഖല** | 8.78 | 16.6 | 27.30 | 46.3 |
| **ഉൽപ്പന്ന നിർമ്മാണം** | 11.52 | 17.3 | 9.94 | 11.4 |
| വൈദ്യുതി, ഗ്യാസ്, ജലവിതരണം, മറ്റ് യൂട്ടിലിറ്റികൾ സേവനങ്ങൾ | 1.39 | 2.4 | 0.84 | 0.5 |
| നിർമ്മാണം | 14.07 | 9.0 | 13.39 | 12.0 |
| **ദ്വിതീയ മേഖല** | 26.97 | 28.7 | 24.17 | 23.9 |
| വ്യാപാരം, അറ്റകുറ്റപ്പണികൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ | 20.02 | 18.6 | 19.46 | 12.2 |
| ഗതാഗതം, സംഭരണം, ആശയവിനിമയം, കമ്മ്യൂണിക്കേഷനുമായി ബന്ധപ്പെട്ട സേവനങ്ങൾ | 6.93 | | 8.14 | 5.6 |
| സാമ്പത്തിക, റിയൽ എസ്റ്റേറ്റ്, പ്രൊഫഷണൽ സേവനങ്ങൾ | 23.30 | 23.3 | 4.4 | 11.9 |
| പൊതുഭരണവും മറ്റ് സേവനങ്ങളും | 14.0 | 12.7 | 16.53 | |
| **തൃതീയ മേഖല** | 64.25 | 54.6 | 48.53 | 29.7 |
| **ആകെ** | **100** | **100** | **100** | **100** |

ഉറവിടം: 1) തൊഴിൽ സംബന്ധിച്ച ഡാറ്റയ്ക്കായി ഇന്ത്യയുടെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫിസ് 2023-24 ൽ നടത്തിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (പി.എൽ.എഫ്.എസ്.) 2) കേരളത്തിലെ ജി.എസ്.വി.എ.യ്ക്ക് സാമ്പത്തിക ശാസ്ത്ര-സ്ഥിതിവിവരക്കണക്ക് വകുപ്പൻറെ സ്ഥിതി വിവരക്കണക്ക്, 3) ഇന്ത്യയിലെ ജി.വി.എ.ക്ക് നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക് സ്.

(ജിവിഎ) (2011-12 സ്ഥിര വിലയിൽ) ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വിഹിതം 17.3 ശതമാനമാണ്.

### ഉൽപ്പന്ന നിർമ്മാണ മേഖലയിൽ തൊഴിൽ

കേരളത്തിൻറെ സമ്പദ് വ്യവസ്ഥയുടെയും തൊഴിലവസരങ്ങളുടെയും ഘടന ഇന്ത്യയുടെ മൊത്തത്തിലുള്ള ഘടനയിൽ നിന്ന് വ്യത്യസ്തമാണ്. ദേശീയ, സംസ്ഥാന തലങ്ങളിൽ ജിവിഎ യിൽ ദ്വിതീയ മേഖലയുടെ വിഹിതം ഏതാണ്ട് 27-29 ശതമാനമാണ്. തൊഴിലിൽ ദ്വിതീയ മേഖലയുടെ വിഹിതവും ഏതാണ്ട് 24 ശതമാനമാണ്. എന്നിരുന്നാലും, ഇന്ത്യയുടെ ജിവിഎ യിൽ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ പങ്ക് കൂടുതലാണ്. കേരളത്തിലെ മൊത്തം തൊഴിലിൽ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ പങ്ക് 9.94 ശതമാനമാണ്. അതേസമയം, ഇന്ത്യയിലെ മൊത്തം തൊഴിലിൽ ഉൽപ്പാദനമേഖലയുടെ പങ്ക് 11.4 ശതമാനമാണ്. ഇത് കേരളവുമായി തരതമ്യം ചെയ്താൽ കൂടുതലാണെന്ന് കാണാം. വിശദാംശങ്ങൾ **പട്ടിക 2.2**ൽ നൽകിയിരിക്കുന്നു.

2019-20 വർഷത്തെ ഇന്ത്യയുടെയും കേരളത്തിന്റെയും വാർഷിക വ്യവസായ സർവേ പ്രകാരം, ഇന്ത്യയുടെ ഫാക്ടറി മേഖല കൂട്ടിച്ചേർക്കുന്ന മൊത്ത മൂല്യത്തിൽ കേരളത്തിന്റെ വിഹിതം, 2014-15 ലെ 1.2 ശതമാനത്തിൽ നിന്ന് 2019-20 ൽ 1.59 ശതമാനമായി ഉയർന്നു. എന്നിരുന്നാലും, 2017-18 ൽ ഈ വിഹിതം 1.7 ശതമാനമായിരുന്നു.

കേരളത്തിൽ സംഘടിത ഉൽപ്പന്ന നിർമ്മാണ മേഖലയുമായി ഏതാണ്ട് സമാനമാണ് ഫാക്ടറി മേഖല. ഫാക്ടറി മേഖലയിൽ 10-ലധികം തൊഴിലാളികൾ ജോലി ചെയ്യുന്നതും വൈദ്യുതോർജ്ജത്തിൻറെ സഹായത്തോടെ പ്രവർത്തിക്കുന്നതുമായ ഫാക്ടറികൾ ഉൾപ്പെടുന്നു. വൈദ്യുത ശക്തിയുടെ സഹായമില്ലാതെ 20-ലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാക്ടറികളും ഇതിൽ ഉൾപ്പെടുന്നു.

പരമ്പരാഗത വ്യവസായങ്ങളിൽ, പ്രധാനമായും കയർ, കശുവണ്ടി, കൈത്തറി എന്നിവയിലെ തൊഴിലാളികൾ കേരളത്തിലെ ഉൽപ്പന്ന നിർമാണ തൊഴിൽ ശക്തിയിൽ ഗണ്യാമായ പങ്ക് വഹിക്കുന്നു. കേരളത്തിലെ ഫാക്ടറി മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ഉള്ളത് 'ഭക്ഷ്യ ഉൽപന്നങ്ങളും പാനീയങ്ങളും', 'റബ്ബറും പ്ലാസ്റ്റിക് ഉൽപന്നങ്ങളും', 'രാസ ഉൽപന്നങ്ങളും ഫാർമസ്യൂട്ടിക്കൽസും' എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഫാക്ടറികളിലാണ്. കേരളത്തിലെ ഫാക്ടറി മേഖലയിൽ മൂല്യവർദ്ധനവിന് ഏറ്റവും കൂടുതൽ സംഭാവന നൽകിയത് 'ശുദ്ധീകരിച്ച പെട്രോളിയം ഉൽപ്പന്നങ്ങൾ' എന്ന വിഭാഗത്തിലെ ഫാക്ടറികളാണ്. 'ഭക്ഷ്യ ഉൽപന്നങ്ങളും പാനീയങ്ങളും', 'റബ്ബർ, പ്ലാസ്റ്റിക് ഉൽപന്നങ്ങൾ', 'രാസ ഉൽപന്നങ്ങളും ഫാർമസ്യൂട്ടിക്കൽസും' എന്നീ വിഭാഗങ്ങളിലെ യൂണിറ്റുകളിൽ നിന്നാണ് ഫാക്റ്ററി മേഖലയിലെ മൂല്യ വർദ്ധനവിന് ഉപയുക്തമായ പ്രധാന സംഭാവനകൾ ലഭ്യമായത്. ഇന്ത്യയിലെ ഫാക്ടറി മേഖലയിലെ തൊഴിലവസരങ്ങളുടെ 2.08 ശതമാനവും കേരളത്തിലെ ഫാക്ടറി മേഖലയിലെ തൊഴിലവസരങ്ങളാണ്. അതുപോലെ കേരളത്തിലെ ഫാക്ടറി മേഖലയിൽ നിന്നുള്ള ഉൽപ്പാദനം ഇന്ത്യയുടെ ഫാക്ടറി മേഖലയിലെ ഉൽപ്പാദനത്തിൻറെ 2.43 ശതമാനമാണ്. 2019-20

**പട്ടിക 2.3** പ്രധാന വ്യവസായ തരങ്ങളെ അടിസ്ഥാനമാക്കി ഇന്ത്യയിലെയും കേരളത്തിലെയും ഫാക്ടറി മേഖലയുടെ താരതമ്യം, 2019-20

| വ്യവസായങ്ങൾ | കേരളത്തിലെ മൊത്തം ഫാക്ടറി മേഖല | | കേരളത്തിലെ മൊത്തം ഫാക്ടറി മേഖലയിലെ വിഹിതം | | ഇന്ത്യയിലെ മൊത്തം ഫാക്ടറി മേഖല | | ഇന്ത്യയിലെ ഫാക്ടറി മേഖലയിലെ വിഹിതം | |
|---|---|---|---|---|---|---|---|---|
| | തൊഴിൽ (എണ്ണം) | ആകെ ഉൽപ്പാദനം (ലക്ഷം രൂപ) | തൊഴിൽ (%) | മൂല്യവർദ്ധിത (%) | തൊഴിൽ (എണ്ണം) | ആകെ ഉൽപ്പാദനം (ലക്ഷം രൂപ) | തൊഴിൽ (%) | ആകെ ഉൽപ്പാദനം (%) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| ഭക്ഷ്യ ഉൽപ്പന്നങ്ങളും പാനീയങ്ങളും (10, 11) | 102306 | 3474733 | 29.53 | 15.88 | 20,32,625 | 13,36,01,635 | 12.23 | 14.87 |
| പുകയില ഉൽപ്പന്നങ്ങൾ (12) | 13274 | 13736 | 3.83 | 0.06 | 4,47,064 | 42,42,699 | 2.69 | 0.47 |
| തുണിത്തരങ്ങൾ (13) | 22045 | 383538 | 6.36 | 1.75 | 16,29,101 | 3,97,44,643 | 9.80 | 4.42 |
| വസ്ത്രങ്ങൾ (14) | 14147 | 132621 | 4.08 | 0.61 | 12,60,628 | 1,60,36,338 | 7.58 | 1.79 |
| പാദരക്ഷകൾ (15) | 6187 | 179591 | 1.79 | 0.82 | 4,26,093 | 66,87,321 | 2.56 | 0.74 |
| മരം, മര ഉൽപ്പന്നങ്ങൾ (16) | 9636 | 304084 | 2.78 | 1.39 | 95,269 | 28,38,114 | 0.57 | 0.32 |
| പേപ്പർ, പേപ്പർ ഉൽപ്പന്നങ്ങൾ (17) | 4378 | 93201 | 1.26 | 0.43 | 3,23,629 | 1,36,94,335 | 1.95 | 1.52 |
| റെക്കോർഡ് ചെയ്ത മാധ്യമങ്ങളുടെ അച്ചടിയും പുനർനിർമ്മാണവും (18) | 6798 | 208957 | 1.96 | 0.95 | 1,53,914 | 42,49,223 | 0.93 | 0.47 |
| ശുദ്ധീകരിച്ച പെട്രോളിയം ഉൽപ്പന്നങ്ങൾ (19) | 7546 | 6939832 | 2.18 | 31.71 | 1,55,030 | 10,87,57,631 | 0.93 | 12.11 |
| രാസ ഉൽപ്പന്നങ്ങളും ഫാർമസ്യൂട്ടിക്കൽസും (20, 21) | 26621 | 1136891 | 7.68 | 5.20 | 17,39,707 | 11,41,75,367 | 10.46 | 12.71 |
| റബ്ബർ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ (22) | 29428 | 1213150 | 8.49 | 5.54 | 8,43,562 | 3,35,21,363 | 5.07 | 3.73 |
| മറ്റ് ലോഹേതര ധാതു ഉൽപ്പന്നങ്ങൾ (23) | 20831 | 579232 | 6.01 | 2.65 | 10,54,127 | 3,26,24,987 | 6.34 | 3.63 |
| അടിസ്ഥാന ലോഹങ്ങൾ (24) | 5592 | 390761 | 1.61 | 1.79 | 12,04,877 | 11,94,79,836 | 7.25 | 13.30 |
| ഫാബ്രിക്കേറ്റ് ചെയ്ത ലോഹ ഉൽപ്പന്നങ്ങൾ (25) | 6020 | 172594 | 1.74 | 0.79 | 7,05,038 | 2,31,39,983 | 4.24 | 2.58 |
| ഇലക്ട്രോണിക്, കമ്പ്യൂട്ടർ, ഒപ്റ്റിക്കൽ ഉൽപ്പന്നങ്ങൾ (26) | 9918 | 280044 | 2.86 | 1.28 | 2,83,470 | 2,15,27,624 | 1.71 | 2.40 |
| വൈദ്യുത ഉപകരണങ്ങൾ (27) | 6051 | 163590 | 1.75 | 0.75 | 6,35,006 | 3,19,29,192 | 3.82 | 3.55 |
| യന്ത്രങ്ങളും ഉപകരണങ്ങളും (28) | 3704 | 88358 | 1.07 | 0.40 | 9,35,811 | 3,92,31,342 | 5.63 | 4.37 |
| മോട്ടോർ വാഹനങ്ങൾ (29) | 529 | 5661 | 0.15 | 0.03 | 10,82,076 | 6,28,42,564 | 6.51 | 7.00 |
| മറ്റ് ഗതാഗത ഉപകരണങ്ങൾ (കപ്പലുകളും ബോട്ടുകളും (30) | 7415 | 402707 | 2.14 | 1.84 | 4,21,386 | 2,34,11,876 | 2.53 | 2.61 |
| ഫർണിച്ചർ, ആഭരണങ്ങൾ, മെഡിക്കൽ, ദന്ത ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ (31, 32) | 10581 | 4873945 | 3.05 | 22.27 | 5,22,830 | 2,50,39,572 | 3.14 | 2.79 |
| മെഷീനുകളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികളും ഇൻസ്റ്റാളേഷനും (33) | 3094 | 59135 | 0.89 | 0.27 | 34,384 | 14,31,684 | 0.21 | 0.16 |
| മാലിന്യ ശേഖരണം, സംസ്കരണം, നിർമാർജനം പ്രവർത്തനങ്ങൾ; മെറ്റീരിയൽ വീണ്ടെടുക്കൽ (38) | 55 | 5597 | 0.02 | 0.03 | 21,124 | 11,08,912 | 0.13 | 0.12 |
| പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ (58) | 2484 | 69968 | 0.72 | 0.32 | 23,431 | 6,82,544 | 0.14 | 0.08 |
| മറ്റുള്ളവ | 27809 | 709936 | 8.03 | 3.24 | 5,94,109 | 3,83,31,344 | 3.57 | 4.27 |
| എല്ലാ വ്യവസായങ്ങളും | 3,46,449 | 2,18,81,862 | 100.00 | 100.00 | 1,66,24,291 | 89,83,30,129 | 100.00 | 100.00 |

കുറിപ്പ്: ബ്രാക്കറ്റിലുള്ള കണക്കുകൾ നാഷണൽ ഇൻഡസ്ട്രിയൽ ക്ലാസിഫിക്കേഷൻ (എൻഐസി)-2008 അനുസരിച്ച് ഈ വ്യവസായങ്ങൾ ഓരോന്നും ഉൾപ്പെടുന്ന ഡിവിഷനുകളെ (രണ്ട് അക്കങ്ങളിൽ) സൂചിപ്പിക്കുന്നു.

അവലംബം: വാർഷിക വ്യാവസായിക സർവെ, ഇന്ത്യ 2019-20 , എം.ഒ.എസ്.പി.ഐ, ഭാരത സർക്കാർ & വാർഷിക വ്യാവസായിക സർവെ, കേരള 2019-20, ഡി.ഇ.എസ്, കേരള സർക്കാർ

ലെ പ്രധാന വ്യവസായങ്ങളെ അടിസ്ഥാനമാക്കി ഇന്ത്യയിലെയും കേരളത്തിലെയും ഫാക്ടറി മേഖലയുടെ താരതമ്യം **പട്ടിക 2.3–**ൽ നൽകിയിരിക്കുന്നു.

കേരളത്തിൽ സ്വീകരിച്ചിട്ടുള്ള വ്യാവസായിക നയത്തിന്റെയും, വ്യാവസായിക തന്ത്രത്തിന്റെയും ഒരു അതുല്യ സവിശേഷത എന്ന് പറയാവുന്നത്, മൂല്യവർദ്ധനവിലും മൂല്യ ഉൽപ്പാദനത്തിലും സംരംഭകത്വ മാതൃകയ്ക്ക് നൽകുന്ന ഊന്നൽ എന്നതാണ്. അതായത്, ഉൽപ്പന്ന നിർമ്മാണത്തിൽ മാത്രമല്ല, വ്യാവസായിക സേവനങ്ങളിലും മറ്റ് വ്യാപാരങ്ങളിലും ഏർപ്പെട്ടിരിക്കുന്ന യൂണിറ്റുകൾക്കും ഊന്നൽ നൽകിയിട്ടുണ്ടെന്നാണ് . നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ് പ്രകാരമുള്ള അക്കൗണ്ടിംഗ് സംവിധാനത്തിൽ, സേവനം വ്യാപാരം എന്നിവയുടെ മൂല്യവർദ്ധനവും സംഭാവനകളും ഉൽപ്പന്ന നിർമ്മാണം ഉൾപെടെയുള്ള ദ്വിതീയ മേഖലയിലല്ല, തൃതീയ മേഖലയക്ക് കീഴിലാണ് കണക്കാക്കുന്നത്. ഉൽപ്പന്ന നിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വ്യവസായവൽക്കരണത്തെ അളക്കുമ്പോൾ, കേരളത്തിന്റെ സംരംഭകത്വ മാതൃകയുടെ വിജയവും കൈവരിച്ച നേട്ടങ്ങളും എല്ലായിപ്പോഴും മുഴുവനായി പ്രതിനിധീകരിക്കപ്പെട്ടിട്ടില്ല എന്നർത്ഥം. ചുരുക്കി പറഞ്ഞാൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചാ തന്ത്രത്തിന്റെ വിജയം, ഉൽപ്പന്ന നിർമ്മാണത്തിൽ (ദ്വിതീയ മേഖലയ്ക്ക് കീഴിൽ) മാത്രമല്ല, തൃതീയ മേഖലയിലും ദൃശ്യമാണ്.

### കേരളത്തിൻറെ വ്യാവസായിക വികസന തന്ത്രം – സംസ്ഥാനത്തെ സാഹചര്യങ്ങൾക്കനുസൃതമായി പ്രത്യേകം തുന്നിയെടുത്തത്

കേരളത്തിലെ സവിശേഷമായ സാഹചര്യങ്ങൾ വൻതോതിലുള്ള വിഭവാധിഷ്ഠിതമോ അടിസ്ഥാന വ്യവസായങ്ങളോ വികസിപ്പിക്കുന്നതിന് അനുകൂലമല്ല. എന്നാൽ വിവിധ മേഖലകളിൽ വിവിധതരം എംഎസ്എംഇ-കൾ വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ കേരളം മുന്നിൽ കാണുന്നു. ഇത് കണക്കിലെടുത്ത്കൊണ്ട് തന്നെ, വർഷങ്ങളായി, എം എസ് എം ഇ കളുടെ വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ തന്ത്രങ്ങളും നയങ്ങളും പദ്ധതികളും വികസിപ്പിച്ചെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഈ തന്ത്രത്തിൽ വളരെയധികം പ്രാധാന്യമുണ്ടായിരുന്നു. പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളെ നിലനിർത്തുന്നതിനുള്ള അചഞ്ചലമായ പിന്തുണയും, പരമ്പരാഗത വ്യവസായങ്ങളുടെ സുസ്ഥിരത (ആധുനികവൽക്കരണം, ഉൽപ്പന്ന വൈവിധ്യവൽക്കരണം, പുതിയ ഉൽപ്പന്ന വികസനം, വിപണനം എന്നിവ വഴി) ഉറപ്പാക്കാനുള്ള ശ്രമങ്ങളുമാണ് ഈ തന്ത്രത്തിൻറെ മറ്റൊരു പ്രധാന സവിശേഷത. അതോടൊപ്പം തന്നെ വിദ്യാഭ്യാസം, ആരോഗ്യം, മാനവ വിഭവശേഷി, മാനവ വികസനം തുടങ്ങിയ മേഖലകളിൽ സംസ്ഥാനം ആർജിച്ചിട്ടുള്ള മുന്നേറ്റങ്ങളെ അടിസ്ഥാനമാക്കികൊണ്ട് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ചില പ്രധാന പരിപാടികളിൽ എടുത്തുപറയത്തക്ക ചിലതാണ്. സംരംഭക വർഷം, സ്വകാര്യ-ക്യാമ്പസ്-സഹകരണ വ്യവസായ പാർക്കുകൾ, മിഷൻ-1000 സ്കെയിൽ അപ്പ്, എംഎസ്എംഇ പ്രകടനം ഉയർത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമുള്ള (ആർ.എ.എം.പി), കേരള ബ്രാൻഡും സംരംഭകത്വ പിന്തുണാ പദ്ധതിയും (ഇ.എസ്.എസ്) എന്നിവ ഇതിൽ ചിലതാണ്. വ്യവസായ മേഖലയിൽ കേരളം പ്രാബല്യത്തിൽ കൊണ്ടുവന്ന പരിഷ്കരണങ്ങളിൽ നിന്നും, നയങ്ങളിൽ നിന്നും, പദ്ധതികളിൽ നിന്നും, മാറ്റങ്ങളിൽ നിന്നും ദീർഘകാല നേട്ടങ്ങൾ കൊയ്യാൻ ലക്ഷ്യമിടുന്ന ഒരു സുപ്രധാന ചുവടുവെയ്പാണ് 2022-23 മുതൽ ക്യാമ്പെയിൻ മോഡിൽ നടപ്പിലാക്കി വരുന്ന സംരംഭക വർഷം (വൈ.ഒ.ഇ) എന്ന പരിപാടി.

### സംരംഭക വർഷം 1.0, 2.0, 3.0

14-ാം പദ്ധതി കാലയളവിലെ കേരളത്തിന്റെ പുരോഗതിയിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) മേഖലയിലെ വിപ്ലവം എടുത്തുപറയത്തക്കതാണ്. കേരളത്തിൽ ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ 2022-23ൽ കേരള സർക്കാർ സംരംഭക വർഷം (ഇയർ ഓഫ് എന്റർപ്രൈസസ് - വൈ.ഒ.ഇ) ആരംഭിച്ചിരുന്നു. 'സംരംഭക വർഷം 1.0' എന്നാണ് ഇത് അറിയപ്പെട്ടത്. കേവലം 245 ദിവസത്തിനുള്ളിൽ പദ്ധതി അതിന്റെ ലക്ഷ്യം കൈവരിക്കുകയുണ്ടായി. തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ 'സംരംഭക വർഷം 2.0' (2023-24), 'സംരംഭക വർഷം 3.0' (2024-25) എന്നിവ നടപ്പിലാക്കി. പുതിയ യൂണിറ്റുകൾ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യമെങ്കിലും കഴിഞ്ഞ വർഷങ്ങളിലായി, യൂണിറ്റുകളുടെ സുസ്ഥിരതയ്ക്കും ഉന്നമനത്തിനും കൂടി പദ്ധതി മുൻഗണന നൽകുന്നുണ്ട്. ഈ സംരംഭത്തിന്റെ ഭാഗമായി ആരംഭിക്കപ്പെട്ട ചില പ്രധാന സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

- പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളുടെ നിയമനം, എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും എന്റർപ്രൈസസ് ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കൽ,
- എല്ലാ ജില്ലകളിലും എം എസ് എം ഇ ക്ലിനിക്കുകൾ സ്ഥാപിക്കൽ
- പ്രൊഫഷണൽ റിസോഴ്സ് പേഴ്സൺമാരുടെ സേവനങ്ങളോടെ താലൂക്ക് തലത്തിൽ എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുക,
- സംരംഭത്തിന് കീഴിലുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കൽ.
- ചെറുകിട സംരംഭങ്ങൾക്ക് പര്യാപ്തവും താങ്ങാനാവുന്നതുമായ സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിന്, എല്ലാ സംരംക വായ്പകൾക്കും 4 ശതമാനം പലിശ ഇളവ് അനുവദിക്കുംവിധം പുതിയൊരു വായ്പാ സബ്സിഡി സ്കീം അവതരിപ്പിച്ചു.
- അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ വ്യാവസായിക ഭൂമിയുടെ മതിയായ ലഭ്യത ഉറപ്പാക്കുവാൻ, സ്വകാര്യ സ്ഥാപനങ്ങൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകുന്നതിന് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി അവതരിപ്പിച്ചു.
- വ്യവസായ വകുപ്പിന്റെ സേവനങ്ങൾ സമയ ബന്ധിതമായി ഉറപ്പാക്കുന്നതിന് കാര്യക്ഷമവും ക്രിയാത്മകവുമായ ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചെടുത്തു.
- എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും നിലവിലുള്ള സംരംഭകർക്കായി പരിശീലനവും

ജനറൽ ഓറിയന്റേഷനും വായ്പകൾ, ലൈസൻസ്, സംരംഭകർക്കുള്ള സബ്സിഡി മേള എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി തുടർച്ചയായ പ്രചാരണ പരിപാടികൾ, പുതുതായി രൂപീകരിച്ച സംരംഭങ്ങൾക്ക് വിപണന മാർഗങ്ങൾ ഉറപ്പാക്കുന്നതിനുള്ള മാർക്കറ്റിംഗ് ഫെസ്റ്റിവലുകൾ എന്നിവ സംഘടിപ്പിച്ചു.

- സംസ്ഥാനത്ത് രൂപീകരിച്ച പുതിയ എംഎസ്എംഇകളിൽ 70 ശതമാനമെങ്കിലും വിജയകരമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി സംരംഭങ്ങളുടെ സുസ്ഥിരതയ്ക്ക് ഊന്നൽ നൽകി.
- പുതിയ എംഎസ്എംഇകളുടെ വിറ്റുവരവിൽ 5 ശതമാനം വളർച്ചാ നിരക്ക് ഉറപ്പാക്കുന്നതിനുള്ള നടപടികൾ.

'സംരംഭക വർഷം' എന്ന ഉദ്യമത്തിലൂടെ സംസ്ഥാനത്തെ സംരഭക പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് ലഭിച്ചു. 2023-ലെ മൈക്രോ സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ദേശീയ കോൺഫറൻസിൽ 'സംരംഭക വർഷം (ഇയർ ഓഫ് എന്റർപ്രൈസസ് - വൈ ഒ ഇ)' കാമ്പെയ്ൻ, മികച്ച മാതൃകയായി അംഗീകരിക്കപ്പെട്ടു. കേരളത്തിന്റെ ഇയർ ഓഫ് എന്റർപ്രൈസസ് സംരംഭത്തിന് അമേരിക്കൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ സൊസൈറ്റിയുടെ (എ എസ് പി എ ) "ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ" അവാർഡും ലഭിച്ചു. അമേരിക്കൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ സൊസൈറ്റിയുടെ 87 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിൽ ഒരു ഇന്ത്യൻ പ്രോജക്ട് അംഗീകരിക്കപ്പെട്ടത്. 2024 നവംബർ വരെ സംസ്ഥാനത്ത് ആകെ 3, 30,309 യൂണിറ്റുകൾ സ്ഥാപിതമായി എന്നത് കാമ്പയിന്റെ

**പട്ടിക 2.4** സംരംഭക വർഷം ക്യാമ്പയിനിലെ നേട്ടങ്ങൾ

| | **യൂണിറ്റുകളുടെ എണ്ണം** | **മൊത്തം നിക്ഷേപം (രൂപ കോടിയിൽ)** | **മൊത്തം തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്** |
|---|---|---|---|
| സംരംഭക വർഷം 1.0 | 1,39,839 | 8,421.64 | 3,00,049 |
| സംരംഭക വർഷം 2.0 | 1,03,595 | 7,048.65 | 2,18,178 |
| സംരംഭക വർഷം 3.0 (25.11.2024 വരെ) | 86,875 | 5,671.46 | 1,82,036 |
| **ആകെ** | **3,30,309** | **21,141.75** | **7,00,263** |

അവലംബം: കേരള വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**ബോക്സ് 2.1** മിഷൻ 1000 – സ്കെയിൽ അപ്

വ്യവസായ വകുപ്പിന്റെ 'മിഷൻ 1000' സംരംഭത്തിലൂടെ സംസ്ഥാനത്തെ 1000 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എം എസ് എം ഇ) നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപ വാർഷിക വിറ്റുവരവുള്ള ബിസിനസുകളാക്കി മാറ്റുക എന്നതാണ് ലക്ഷ്യമിടുന്നത്. വസ്തുനിഷ്ഠവും സുതാര്യവുമായ ഒരു പ്രക്രിയയിലൂടെയാണ് എം എസ് എം ഇ കളെ തിരഞ്ഞെടുക്കുന്നത്. കേരളത്തിലെ എം എസ് എം ഇ കൾക്ക് അവരുടെ ബിസിനസുകൾ വളർത്തുവാനും വിജയത്തിന്റെ പുതിയ ഉയരങ്ങളിലെത്താനും ഈ സംരംഭം സുവർണ്ണ അവസരം ഒരുക്കുന്നു. സുതാര്യമായ തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയും വിവിധ സഹായങ്ങളിലൂടെയും തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകൾക്ക് വളർച്ചയുടെയും വികസനത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുവാൻ ഉദ്യമത്തിനാവും.

മിഷൻ 1000 പദ്ധതിയിൽ അപേക്ഷിക്കുന്നതിന് യോഗ്യത നേടുന്നതിന്, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ഇനിപ്പറയുന്ന മുൻവ്യവസ്ഥാ മാനദണ്ഡങ്ങൾ പാലിക്കണം:

- അംഗീകൃത ഉദ്യം രജിസ്ട്രേഷനോടെ കേരളത്തിൽ എംഎസ്എംഇ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കണം.
- 2023 മാർച്ച് 31 പ്രകാരം കുറഞ്ഞത് മൂന്ന് വർഷമായി പ്രവർത്തിച്ചുവരുന്ന എംഎസ് എം ഇ യൂണിറ്റ് ആയിരിക്കണം.
- ഉത്പന്ന നിർമ്മാണത്തിലോ സേവന പ്രവർത്തനങ്ങളിലോ ഏർപ്പെട്ടിരിക്കുന്ന എംഎസ് എം ഇ കൾ ആയിരിക്കണം. (വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന യൂണിറ്റുകൾക്ക് യോഗ്യതയില്ല).

1. തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകൾക്ക് അവരുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ സഹായങ്ങൾ നൽകുന്നതായിരിക്കും. ഉദാഹരണത്തിന്:
2. പലിശ നിരക്കിന്റെ 50 ശതമാനം വരെയുള്ള പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ ഇളവ് (1 കോടി രൂപയിൽ പരിമിതപ്പെടുത്തിയിരിക്കുന്നു).
3. സ്കെയിൽ അപ്പിനായി ഡിപിആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് 1 ലക്ഷം രൂപ വരെ).
4. തിരഞ്ഞെടുത്ത ഓരോ സംരംഭത്തിനും അവരുടെ വിവിധ സ്കെയിലിംഗ്-അപ്പ് അനുബന്ധ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ചുകൊണ്ട് വൺ-ടു-വൺ ഹാൻഡ്ഹോൾഡിംഗ് സപ്പോർട്ട്.

അപേക്ഷാ പ്രക്രിയ സുഗമമാക്കുന്നതിനായി ഒരു ഓൺലൈൻ അപേക്ഷാ പോർട്ടൽ ആരംഭിച്ചിരുന്നു. 2024 ഒക്ടോബർ വരെ, പോർട്ടൽ വഴി 790 അപേക്ഷകൾ സമർപ്പിക്കപ്പെട്ടു. ഇതിൽ നിന്ന് 360 അപേക്ഷകൾ സംസ്ഥാന തല അംഗീകാര സമിതി (എസ് എൽ എ സി ) മുമ്പാകെ പരിഗണിക്കപ്പെടുകയും 213 അപേക്ഷകൾ അംഗീകരിക്കുകയും ചെയ്തു. ഇത് എംഎസ് എംഇ യൂണിറ്റുകളെ അവരുടെ വളർച്ചയിൽ പിന്തുണയ്ക്കുന്നതിനുള്ള ഉദ്യമത്തിന്റെ പ്രതിബദ്ധത വെളിപ്പെടുത്തുന്നു.

അവലംബം: കേരള വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**പട്ടിക 2.5** സംരംഭക വർഷം ക്യാമ്പയിനിൽ രൂപീകരിക്കപ്പെട്ട യൂണിറ്റുകൾ

| | ഉൽപ്പന്ന നിർമ്മാണം | സേവനം | വ്യാപാരം | ആകെ |
|---|---|---|---|---|
| സംരംഭക വർഷം 1.0 | 21,989 | 53,300 | 64,550 | 1,39,839 |
| സംരംഭക വർഷം 2.0 | 14,035 | 45,691 | 43,869 | 1,03,595 |
| സംരംഭക വർഷം 3.0 (25.11.2024 വരെ ) | 10,200 | 38,686 | 37,989 | 86,875 |
| **ആകെ** | **46,224** | **1,37,677** | **1,46,408** | **3,30,309** |

അവലംബം: കേരള വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

ഉജ്ജ്വല വിജയം വ്യക്തമാക്കുന്നു. ഇതിലൂടെ 21,141.75 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുകയും 7,00,263 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. വിശദാംശങ്ങൾ **പട്ടിക 2.4** ൽ നൽകിയിരിക്കുന്നു.

**സംരംഭക വർഷം കാമ്പെയ്നിന് കീഴിൽ രൂപീകരിക്കപ്പെട്ട യൂണിറ്റുകൾ**

സംരംഭക വർഷം (വൈ.ഒ.ഇ) കാമ്പെയിന്റെ ഭാഗമായി രൂപീകരിച്ച യൂണിറ്റുകളെ 'ഉൽപ്പന്ന നിർമ്മാണം', 'സേവനം', 'വ്യാപാരം' എന്നിങ്ങനെ തരംതിരിക്കാം. ആകെ രൂപീകരിക്കപ്പെട്ട യൂണിറ്റുകളിൽ, ഏറ്റവും കൂടുതൽ യൂണിറ്റുകൾ സ്ഥാപിതമായത് വ്യാപാര വിഭാഗത്തിലും തുടർന്ന് സേവന വിഭാഗത്തിലുമാണ്. എന്നിരുന്നാലും, 2023-24, 2024-25 വർഷങ്ങളിൽ (നവംബർ 2024 വരെ) സേവന വിഭാഗത്തിലെ യൂണിറ്റുകളുടെ എണ്ണം വ്യാപാര വിഭാഗത്തേക്കാൾ കൂടുതലാണ്. വിശദാംശങ്ങൾ **പട്ടിക 2.5**ൽ നൽകിയിരിക്കുന്നു.

**ഉൽപ്പന്ന നിർമ്മാണ മേഖലയും സംരംഭക വർഷം കാമ്പെയിനും**

ആകെ 4,429.55 കോടി രൂപ മുതൽമുടക്കിൽ മൊത്തം 46,224 യൂണിറ്റുകൾ ഉൽപ്പന്ന നിർമ്മാണ മേഖലയിൽ ആരംഭിച്ചു. അതുവഴി 1,24,982 പേർക്ക് തൊഴിലവസരങ്ങൾ നൽകുകയും ചെയ്തു. വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം2.1** ൽ നൽകിയിരിക്കുന്നു.

**സേവന മേഖലയും സംരംഭക വർഷം കാമ്പെയ്നും**

ആകെ 7,892.03 കോടി രൂപ മുതൽമുടക്കിൽ 1,37,677 യൂണിറ്റുകളാണ് സേവന മേഖലയിൽ ആരംഭിച്ചത്. ഇതിലൂടെ 3,00,250 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം2.2**ൽ നൽകിയിരിക്കുന്നു.


**വ്യാപാര മേഖലയും സംരംഭക വർഷം കാമ്പെയ്നും**

ആകെ 8,820.17 കോടി രൂപ മുതൽമുടക്കിൽ 1,46,408 യൂണിറ്റുകളാണ് വ്യാപാര മേഖലയിൽ ആരംഭിച്ചത്. ഇതിലൂടെ 2,75,031 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം2.3**ൽ നൽകിയിരിക്കുന്നു.

**സംരംഭക വർഷം കാമ്പെയ്നിലെ പ്രധാന നിക്ഷേപങ്ങൾ**


സംരംഭക വർഷം കാമ്പെയ്നിലെ ചില പ്രധാന നിക്ഷേപങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 2.6.** ൽ നൽകിയിരിക്കുന്നു.

**ചിത്രം2.1** സംരംഭക വർഷം കാമ്പെയ്നിൽ രൂപീകരിക്കപ്പെട്ട ഉൽപ്പന്ന നിർമ്മാണ മേഖലയിലെ യൂണിറ്റുകൾ





അവലംബം: കേരള വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**ചിത്രം2.2** സംരംഭക വർഷം കാമ്പെയ്നിൽ സേവന മേഖലയിൽ രൂപീകരിച്ച യൂണിറ്റുകൾ




അവലംബം: കേരള വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**ചിത്രം2.3** സംരംഭക വർഷം കാമ്പെയ്നിൽ രൂപീകരിച്ച വ്യാപാര മേഖലയിലെ യൂണിറ്റുകൾ




അവലംബം: കേരള വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്


**പട്ടിക 2..6.** സംരംഭക വർഷം ക്യാമ്പയിനിലെ ചില പ്രധാന നിക്ഷേപങ്ങൾ

| ക്രമ. നം | എന്റർപ്രൈസസ് പേര് | സ്ഥാനം | മൊത്തം തൊഴിൽ | വിഭാഗം | മേഖല |
|---|---|---|---|---|---|
| 1 | നൈല ചിപ്പ് | കണ്ണൂർ, പരിയാരം | 55 | നിർമ്മാണം | മരം ഉൽപ്പന്നങ്ങൾ |
| 2 | ക്രേസ് ബിസ്കറ്റ് | കോഴിക്കോട്, പാങ്ങാട് | 40 | നിർമ്മാണം | കാർഷിക ഭക്ഷ്യ ഉൽപ്പന്നങ്ങൾ , പാനീയം, മാംസം/മത്സ്യ ഉൽപന്നം, സംസ്കരണം |
| 3 | അമിലോസ് പ്രകൃതി ഭക്ഷണങ്ങൾ | എറണാകുളം, വേങ്ങൂർ | 98 | നിർമ്മാണം | കാർഷിക ഭക്ഷ്യ ഉൽപ്പന്നങ്ങൾ, പാനീയം, മാംസം/മത്സ്യ ഉൽപന്നം, സംസ്കരണം |
| 4 | പലേഡിയം കൺവെൻഷൻ സെന്റർ | കാസർഗോഡ്, കാഞ്ഞങ്ങാട് | 6 | സേവനം | മറ്റ് സേവന പ്രവർത്തനങ്ങൾ |

| ക്രമ. നം | എന്റർപ്രൈസസ് പേര് | സ്ഥാനം | മൊത്തം തൊഴിൽ | വിഭാഗം | മേഖല |
|---|---|---|---|---|---|
| 5 | സുപ്രീം ഡെക്കോർ | കാസർഗോഡ്, പുത്തിഗെ | 50 | നിർമ്മാണം | മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ |
| 6 | ലോഡ്സ് 83 | വയനാട്, മീനങ്ങാടി | 40 | സേവനങ്ങൾ | കാർഷിക ഭക്ഷ്യ ഉൽപ്പന്നങ്ങൾ, പാനീയം, മാംസം/മത്സ്യ ഉൽപന്നം, സംസ്കരണം |
| 7 | ലിബർട്ടി മെഡ് സപ്ലൈസ് പ്രൈവറ്റ് ലിമിറ്റഡ് | കോട്ടയം, രാമപുരം | 115 | നിർമ്മാണം | റബ്ബർ ഉൽപ്പന്നങ്ങൾ |
| 8 | വെഡ്സ് ഇന്ത്യ | കൊല്ലം കരുനാഗപ്പള്ളി | 320 | വ്യാപാരം | വസ്ത്രങ്ങളും തുണിത്തരങ്ങളും, തയ്യൽ, ബോട്ടിക്, അപ്പാരൽ ഡിസൈനിംഗ്, ആഭരണങ്ങൾ |
| 9 | ജയന്തി എസ്. എം.റ്റി. ടീ | പാലക്കാട് ഇടപ്പള്ളി | 40 | നിർമ്മാണം | കാർഷിക ഭക്ഷ്യ ഉൽപ്പന്നങ്ങൾ, പാനീയം, മാംസം/മത്സ്യ ഉൽപന്നം, സംസ്കരണം |
| 10 | മൗണ്ടൻ പാസ് റെസിഡൻസി | മലപ്പുറം, വഴിക്കടവ് | 10 | വ്യാപാരം | ബിൽഡിംഗ് മെറ്റീരിയൽസ്, കൺസ്ട്രക്ഷൻ, ആർക്കിടെക്ചർ, സ്ട്രക്ചറൽ ഡിസൈനിംഗ് |
| 11 | ബ്രാഹ്മിൻസ് ഫുഡ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് | എറണാകുളം, പൈങ്ങാട്ടൂർ | 20 | നിർമ്മാണം | കാർഷിക ഭക്ഷ്യ ഉൽപ്പന്നങ്ങൾ, പാനീയം, മാംസം/മത്സ്യ ഉൽപന്നം, സംസ്കരണം |
| 12 | മൾട്ടി ലെവൽ കാർ പാർക്കിംഗ് | തൃശ്ശൂർ, ഗുരുവായൂർ | 15 | സേവനം | മറ്റ് സേവന പ്രവർത്തനങ്ങൾ |
| 13 | ഏഷ്യാറ്റിക് പോളിമർ ഇൻഡസ്ട്രീസ് | എറണാകുളം, പുത്തൻക്രൂസ് | 20 | നിർമ്മാണം | കെമിക്കൽ ഉൽപ്പന്നങ്ങൾ |
| 14 | കല്യാൺ സിൽക്ക്സ് | കൊല്ലം, കോർപ്പറേഷൻ പരിധി | 300 | വ്യാപാരം | വസ്ത്രങ്ങളും തുണിത്തരങ്ങളും, തയ്യൽ, ബോട്ടിക്, അപ്പാരൽ ഡിസൈനിംഗ്, ആഭരണങ്ങൾ |
| 15 | സാറാൻഷ് ഡിസ്ട്രിബ്യൂട്ടേർസ് | എറണാകുളം, എടയ്ക്കാട്ടുവയൽ | 47 | വ്യാപാരം | ആയുർവേദം ഉൾപ്പെടെയുള്ള മരുന്നുകളും ഫാർമസ്യൂട്ടിക്കൽസും |

അവലംബം: കേരള വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**ചിത്രം2.4** ആകെയുള്ള യൂണിറ്റുകളിൽ സാമൂഹിക വിഭാഗങ്ങളുടെ വിഹിതം




അവലംബം: കേരള വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**സംരംഭക വർഷം – സാമൂഹിക വിഭാഗങ്ങൾ**

സാമൂഹിക വിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ യൂണിറ്റുകളുടെ എണ്ണം വിശകലനം ചെയ്തതിൽ ചില പ്രധാന ഉൾക്കാഴ്ചകൾ ലഭ്യമാകുന്നു. മൊത്തം സംരംഭങ്ങളിൽ ജനറൽ വിഭാഗത്തിന്റെ വിഹിതം ഏകദേശം 29 ശതമാനമാണ്. ഒബിസി, ന്യൂനപക്ഷങ്ങൾ, എസ്‌സി, എസ്. ടി എന്നിവരുൾപ്പെടെ പിന്നോക്ക വിഭാഗങ്ങൾ ആകെ യൂണിറ്റുകളുടെ 71 ശതമാനത്തോളം വരും. ഏറ്റവും കൂടുതൽ യൂണിറ്റുകൾ ആരംഭിച്ചത് ഒബിസി വിഭാഗത്തിൽ ഉൾപ്പെട്ട സംരംഭകരാണ് (ഏകദേശം 60 ശതമാനം). ഇത് കേരള സർക്കാർ നടപ്പിലാക്കിയ 'സംരംഭക വർഷം' കാമ്പയിന്റെ പങ്കാളിത്ത സ്വഭാവം വ്യക്തമാക്കുന്നു. വിശദാംശങ്ങൾ **ചിത്രം2.4**ൽ നൽകിയിരിക്കുന്നു.

**സംരംഭക വർഷം കാമ്പെയ്നിന് കീഴിലുള്ള മുൻനിര ഉപമേഖലകൾ (യൂണിറ്റുകളുടെ എണ്ണത്തിൽ)**

ഉൽപ്പന്ന നിർമ്മാണം, സേവനം, വ്യാപാരം തുടങ്ങിയ മേഖലകളിലെ യൂണിറ്റുകളെ 21 ഉപമേഖലകളായി തരംതിരിച്ചിട്ടുണ്ട്. 3 വിഭാഗങ്ങളിൽ ഓരോന്നിലും മികച്ച 5 ഉപമേഖലകൾ (2022-23 മുതൽ ആരംഭിച്ച യൂണിറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ) **പട്ടിക 2.7** ൽ കാണിച്ചിരിക്കുന്നു.

**സംരംഭക വർഷം കാമ്പെയ്നിലെ ജില്ല തിരിച്ചുള്ള പ്രകടനം**

സംരംഭക വർഷം കാമ്പെയ്നിന് കീഴിലുള്ള ജില്ല തിരിച്ചുള്ള കണക്കുകളുടെ വിശകലനം ശ്രദ്ധേയമായ ചില വസ്തുതകൾ വെളിപ്പെടുത്തുന്നു. ആരംഭിച്ച

**പട്ടിക 2.7** യൂണിറ്റുകളുടെ എണ്ണം അടിസ്ഥാനമാക്കി ഉപമേഖലകളുടെ റാങ്ക്

| റാങ്ക് | ഉൽപ്പന്ന നിർമ്മാണം | സേവനം | വ്യാപാരം |
|---|---|---|---|
| 1 | കാർഷിക ഭക്ഷണം, പാനീയം, മാംസം/ മത്സ്യ ഉൽപ്പന്നങ്ങൾ | മറ്റ് സേവന പ്രവർത്തനങ്ങൾ | കടകൾ/ സൂപ്പർമാർക്കറ്റുകൾ |
| 2 | വസ്ത്രങ്ങളും തുണിത്തരങ്ങളും, ആഭരണങ്ങളും | തയ്യൽ, അപ്പാരൽ ഡിസൈനിംഗ്, ആഭരണങ്ങൾ | കാർഷിക ഭക്ഷ്യ ഉത്പന്നങ്ങൾ, പാനീയം, മാംസം/മത്സ്യ ഉൽപ്പന്നങ്ങൾ |
| 3 | മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ | ഹോട്ടലുകൾ/ റെസ്റ്റോറന്റുകൾ, കാറ്ററിംഗ് സേവനം, സേവന വിഭാഗത്തിന് കീഴിലുള്ള മറ്റ് ഭക്ഷ്യ സംസ്കരണം | വസ്ത്രങ്ങളും തുണിത്തരങ്ങളും, ബോട്ടിക്, ആഭരണങ്ങൾ |
| 4 | കൈത്തറി, കയർ, കരകൗശല വസ്തുക്കൾ | വ്യക്തിഗത പരിചരണ സേവനങ്ങൾ, ആരോഗ്യം, ജിംനേഷ്യം, ആയോധനകല, യോഗ | ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ, (ഐടി, മൊബൈൽ) ഹാർഡ്വെയർ |
| 5 | തടി ഉൽപന്നങ്ങൾ | ഉൽപ്പന്നങ്ങൾ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് സേവനങ്ങൾ | ആയുർവേദം ഉൾപ്പെടെയുള്ള മരുന്നുകളും ഫാർമസ്യൂട്ടിക്കൽസും |

അവലംബം: കേരള വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**പട്ടിക 2.8** സംരംഭക വർഷം കാമ്പെയ്നിലെ ജില്ല തിരിച്ചുള്ള പ്രകടനം

| ക്രമ നം | ജില്ലകളുടെ പേര് | രൂപീകരിച്ച സംരംഭങ്ങളുടെ എണ്ണം | നിക്ഷേപം (കോടിയിൽ) | സൃഷ്ടിച്ച തൊഴിൽ അവസരങ്ങൾ | തൊഴിൽ : നിക്ഷേപ അനുപാതം |
|---|---|---|---|---|---|
| 1 | എറണാകുളം | 35447 | 3155.6 | 85163 | 26.99 |
| 2 | തിരുവനന്തപുരം | 34969 | 1982.87 | 70742 | 35.68 |
| 3 | മലപ്പുറം | 32868 | 2204.7 | 75121 | 34.07 |
| 4 | തൃശ്ശൂർ | 31272 | 1815.89 | 65295 | 35.96 |
| 5 | പാലക്കാട് | 29867 | 1799.37 | 65830 | 36.59 |
| 6 | കോഴിക്കോട് | 28918 | 1985.64 | 62337 | 31.39 |
| 7 | കൊല്ലം | 28807 | 1639.73 | 58248 | 35.52 |
| 8 | കണ്ണൂർ | 26188 | 1791.16 | 53256 | 29.73 |
| 9 | ആലപ്പുഴ | 25402 | 1246.67 | 49666 | 39.84 |
| 10 | കോട്ടയം | 19129 | 1193.48 | 38672 | 32.40 |
| 11 | പത്തനംതിട്ട | 12756 | 607.02 | 25690 | 42.32 |
| 12 | കാസർകോട് | 12114 | 836.05 | 24084 | 28.81 |
| 13 | ഇടുക്കി | 10421 | 682.73 | 21621 | 31.67 |
| 14 | വയനാട് | 9322 | 691.7 | 19821 | 28.66 |
| ആകെ | | 337480 | 21632.61 | 715546 | 33.08 |

* 17/12/2024 വരെ


അവലംബം : https://yearofenterprises.kerala.gov.in/index.php/public_dashboard

യൂണിറ്റുകളുടെ എണ്ണത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും എറണാകുളം, തിരുവനന്തപുരം, മലപ്പുറം ജില്ലകളാണ് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ ഉള്ളത്. എറണാകുളം, കോഴിക്കോട്, മലപ്പുറം ജില്ലകളാണ് നിക്ഷേപത്തിൽ ആദ്യ മൂന്ന് സ്ഥാനത്തുള്ളത്. ആരംഭിച്ച യൂണിറ്റുകളുടെ എണ്ണത്തിന് അനുസൃതമായാണ് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. എന്നിരുന്നാലും തൊഴിൽ/നിക്ഷേപ അനുപാതം വിവിധ ജില്ലകളിൽ വ്യത്യസ്തമാണ്. ഏറ്റവും ഉയർന്ന തൊഴിൽ : നിക്ഷേപ അനുപാതം (42.32) പത്തനംതിട്ടയിലാണ്. അതായത് നിക്ഷേപിച്ച ഓരോ ഒരു കോടി രൂപയിലും ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചത് പത്തനംതിട്ട ജില്ലയിലാണ് (42 പേർക്ക്). ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച എറണാകുളത്താണ് ഏറ്റവും കുറഞ്ഞ തൊഴിൽ : നിക്ഷേപ അനുപാതം (26.99) എന്നതും ശ്രദ്ധേയമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, എറണാകുളം ജില്ലയിലെ സംരംഭങ്ങൾ ഉയർന്ന മൂലധന നിക്ഷേപം ആവശ്യപ്പെടുന്നവയാണ്. സംരംഭക വർഷം കാമ്പെയ്നിന് കീഴിൽ സംസ്ഥാനമൊട്ടാകെയുള്ള തൊഴിൽ : നിക്ഷേപ അനുപാതം 33 ആണ്. അതായത് സംരംഭത്തിൽ ശരാശരി ഒരു കോടി രൂപ നിക്ഷേപത്തിലൂടെ കേരളത്തിൽ 33 പേർക്ക് തൊഴിൽ സൃഷ്ടിക്കപ്പെടുന്നു. വിശദാംശങ്ങൾ **പട്ടിക2.8** ൽ നൽകിയിരിക്കുന്നു.

### സ്ത്രീകളും സംരംഭക വർഷം ക്യാമ്പെയ്നും

സംരംഭകർ എന്ന നിലയിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തമാണ് സംരംഭക വർഷം കാമ്പയിന്റെ മറ്റൊരു പ്രത്യേകത. ഈ കാലയളവിൽ ആരംഭിക്കപ്പെട്ട യൂണിറ്റുകളുടെ ഏകദേശം മൂന്നിലൊന്നും വനിതാ സംരംഭകരുടെ നേതൃത്വത്തിൽ ഉള്ളവയാണ്. ഏകദേശം

**ചിത്രം2.5** ലിംഗ അടിസ്ഥാനത്തിൽ സംരംഭക വർഷം ക്യാമ്പെയ്നു കീഴിൽ ആരംഭിച്ച യൂണിറ്റുകൾ




അവലംബം: കേരള വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**ബോക്സ് 2.2** കുടുംബശ്രീയും വനിതാ സംരംഭകത്വവും

കേരള സർക്കാരിന്റെ സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ (എസ്.പി.ഇ.എം) നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന, സ്ത്രീ ശാക്തീകരണ പരിപാടിയായ 'കുടുംബശ്രീ', കേരളത്തിലെ സംരംഭങ്ങളുടെ വികസനത്തിൽ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. അംഗങ്ങളുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിന്, സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും കുടുംബശ്രീ മികച്ച പിന്തുണ നൽകുന്നു. കൗൺസിലിംഗ്, പരിശീലനം, നൈപുണ്യ വികസനം, സാമ്പത്തിക സഹായം, മൈക്രോ എന്റർപ്രൈസസുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള വിപണന പിന്തുണ എന്നിവ ഇതിൽ ഉൾപ്പെടുന്നു. 2023-24 വർഷത്തിൽ കുടുംബശ്രീയുടെ പിന്തുണയോടെ 39,064 സംരംഭകർ ഉൾപ്പെടുന്ന 34,526 പുതിയ സംരംഭങ്ങൾ രൂപീകരിച്ചു. 2024-25ൽ (നവംബർ വരെ), കുടുംബശ്രീ 14,040 സംരംഭകർ അടങ്ങുന്ന 11,771 പുതിയ സൂക്ഷ്മ സംരംഭങ്ങൾ രൂപീകരിച്ചു. ഷീ സ്റ്റാർട്ട്സ്, അമൃതം ന്യൂട്രിമിക്സ്, കോസ്റ്റൽ മൈക്രോ എന്റർപ്രൈസസ് പ്രത്യാശ, ജനകീയ ഭക്ഷണ ശാലകൾ, പ്രീമിയം കഫേകൾ, പിഎംഎഫ്എംഇ, പ്രവാസി ഭദ്രത- പി ഇ എ ആർ ൽ (പ്രവാസി എന്റർപ്രണർഷിപ്പ് ഓഗ്മെന്റേഷൻ റിഫോർമേഷൻ ഓഫ് ലൈവ്ലിഹുഡ്), 'കെ – ലിഫ്റ്റ്' (കുടുംബശ്രീ ലൈവലിഹുഡ് ഇനിഷ്യേറ്റിവ് ഫോർ ട്രാൻസ്ഫോർമേഷൻ) കാമ്പെയ്ൻ, 'ഉണർവ്' കാമ്പെയ്ൻ തുടങ്ങിയ പദ്ധതികൾ വഴി വിവിധ വനിതാ സംരംഭങ്ങൾ ആരംഭിക്കപ്പെട്ടു.

കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതിനായി, കേരളത്തിലുടനീളമുള്ള ഓരോ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സിഡിഎസ്) യിലും ഒരു കൺസൾട്ടന്റ് എന്ന നിലയിൽ, പരിശീലനം ലഭിച്ച 730 മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാരെ (എംഇസി) നിയോഗിച്ചിട്ടുണ്ട്. സൂക്ഷ്മ സംരംഭങ്ങളുടെ സുസ്ഥിരതയെ കൂടുതൽ സഹായിക്കുന്നതിനായി, കുടുംബശ്രീ ഒരു മൈക്രോ എന്റർപ്രൈസസ് ഇൻഷുറൻസ് പദ്ധതി അവതരിപ്പിച്ചു, അതുവഴി 6,264 സംരംഭങ്ങൾക്കും ഉൽപ്പാദന, വ്യാപാര, സേവന മേഖലകളിലെ 23,569 സംരംഭകർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നു. സംരംഭകർക്ക് സുസ്ഥിര വരുമാനം നൽകുന്നതിന് കേന്ദ്ര ഹബ്ബുകളായി പ്രവർത്തിക്കുന്ന പതിനേഴ് ബ്ലോക്ക്-ലെവൽ മൈക്രോ എന്റർപ്രൈസസ് റിസോഴ്സ് സെന്ററുകൾ (എം ഇ ആർ സി ) ഇപ്പോൾ പ്രവർത്തനക്ഷമമാണ്.

അവലംബം : കുടുംബശ്രീ

**ബോക്സ് 2.3** എം.എസ്.എം.ഇ മേഖലയിലെ ജെൻഡർ ബജറ്റ്

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കിയ 40 സ്കീമുകളിൽ, താഴെപ്പറയുന്ന സ്കീമുകളിൽ സ്ത്രീകൾക്ക് പ്രയോജനപ്പെടുന്ന വ്യവസ്ഥകളുണ്ട്.

1. സംരംഭക സഹായ പദ്ധതി
2. തകർച്ച നേരിടുന്ന എം എസ് എം ഇ കളുടെ പുനരുജ്ജീവനവും പുനരധിവാസവും
3. നാനോ യൂണിറ്റുകൾക്ക് മാർജ്ജിൻ മണി ഗ്രാന്റ്
4. ഒരു കുടുംബം ഒരു സംരംഭം (ഒ.എഫ്.ഒ.ഇ)
5. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം
6. പ്രദേശിക സാമ്പത്തിക വികസനം
7. ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം
8. കരകൗശല തൊഴിലാളികൾക്കുള്ള സഹായ പദ്ധതി

അവലംബം : കേരള വ്യവസായ വാണിജ്യ ഡയറക്ടേറ്റ്

**ബോക്സ് 2.4** മെറ്റാൽക്കോ: പ്രിസിഷൻ ലേസർ കട്ടിംഗിലെ ഒരു വിജയഗാഥ

എറണാകുളത്തെ എടയാറിലെ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയയിൽ സ്ഥിതി ചെയ്യുന്ന മുൻനിര പ്രിസിഷൻ ലേസർ കട്ടിംഗ് സേവന ദാതാവായ എൻസീകെ മെറ്റാൽക്കോ എൽ എൽ പി എന്ന സ്ഥാപനം 2022 ജൂലൈയിൽ ഒരൊറ്റ അത്യാധുനിക ഫൈബർ ലേസർ കട്ടിംഗ് മെഷീനുമായാണ് പ്രവർത്തനം ആരംഭിച്ചത്. അവശ്യ മാർഗനിർദേശങ്ങളും സഹായവും ഉൾപ്പെടെ എറണാകുളത്തെ വ്യവസായ വകുപ്പിന്റെ പൂർണ്ണ പിന്തുണയോടെയാണ് കമ്പനിയുടെ സുഗമമായ തുടക്കവും പ്രവർത്തനങ്ങളും സാധ്യമായത്. ലോഹ സംസ്കരണത്തിൽ വിപ്ലവം സൃഷ്ടിക്കുക എന്ന കാഴ്ചപ്പാടോടെ സ്ഥാപിതമായ കമ്പനിക്ക് ഈ വ്യവസായത്തിലെ മുൻനിര സ്ഥാപനമാകുവാനും കഴിഞ്ഞു.

മെഷീൻ നിർമ്മാതാക്കൾക്കും ഒറിജിനൽ എക്യുപ്മെന്റ് മാനുഫാക്ചേഴ്സിനും(ഒഇഎം) സേവനം നൽകുന്നതിലും പ്രശസ്തരായ ക്ലയന്റുകളുടെ വെണ്ടർമാർ എന്നനിലയിലും തന്ത്രപരമായ പങ്കാളിത്തം കെട്ടിപ്പടുക്കുന്നതിൽ മെറ്റാൽകോ അതിന്റെ തുടക്കം മുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു. മുനമ്പത്തെ ബോട്ട് ആക്സസറീസ് നിർമ്മാതാക്കൾ, റോബോട്ടിക് കമ്പനികൾ, ഫർണിച്ചർ കമ്പനികൾ തുടങ്ങി നിരവധി ചെറുകിട വ്യവസായങ്ങളുടെ വളർച്ചയ്ക്ക് സഹായിച്ചു.

2024 ജനുവരിയിൽ, മെറ്റാൽകോ അവതരിപ്പിച്ച രണ്ടാമത്തെ ലേസർ കട്ടിംഗ് മെഷീൻ, കേരളത്തിലെ തന്നെ ഏറ്റവും ശക്തമായ ലേസർ കട്ടിംഗ് സംവിധാനങ്ങളിലൊന്നായിരുന്നു. ഈ നേട്ടം വലിയ തോതിലുള്ള പ്രോജക്ടുകൾ കൂടുതൽ കൃത്യതയോടെയും കാര്യക്ഷമതയോടെയും കൈകാര്യം ചെയ്യാനുള്ള കമ്പനിയുടെ ശേഷിയെ ഗണ്യമായി വർദ്ധിപ്പിച്ചുകൊണ്ട് ഒരു പ്രമുഖവ്യവസായ സ്ഥാപനമെന്നനിലയിലുള്ള അതിന്റെ സ്ഥാനം കൂടുതൽ ഉറപ്പിച്ചു.

മൂന്ന് അംഗങ്ങൾ മാത്രമായി ആരംഭിച്ച സംരംഭത്തിൽ നിന്നും 13 അംഗങ്ങളുള്ള അർപ്പണബോധമുള്ള സംഘമായി മെറ്റാൽകോ വളർന്നു. വൈദഗ്ധ്യം, ഉയർന്ന നിലവാരം, തുടർച്ചയായ നവീകരണം, പരസ്പരസഹകരണതോടെയുള്ള തൊഴിൽ അന്തരീക്ഷം എന്നിവ പരിപോഷിപ്പിക്കുന്നതിൽ കമ്പനി പ്രതിജ്ഞാബദ്ധമാണ്. നിർണ്ണായക സാമഗ്രികൾ സമയബന്ധിതമായി ആവശ്യക്കാർക്ക് എത്തിച്ചുനല്കുന്നതിലൂടെ അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതും, വ്യത്യസ്തങ്ങളായ സേവനങ്ങളിലൂടെ അവരുടെ വിശ്വാസം ആർജിക്കുന്നതും ഉൾപ്പെടെയുള്ള നേട്ടങ്ങളിലൂടെ മെറ്റാൽകോയുടെ മികവിനോടുള്ള പ്രതിബദ്ധത പ്രകടമാണ്. മെറ്റാൽക്കോയുടെ പ്രൊഫഷണലിസം, നവീനമായ സമീപനം, സമയ ബന്ധിതമായ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ക്ലയന്റുകളുടെ പ്രശംസയും സംതൃപ്തിയും പിടിച്ചുപറ്റി. മെറ്റാൽകോയുടെ പ്രയാണം കേരളത്തിന്റെ സംരംഭകത്വ വളർച്ചയിലെ ഒരു യഥാർത്ഥ വിജയഗാഥയാണ്.





അവലംബം : കേരള വ്യവസായ വാണിജ്യ ഡയറക്ടേറ്റ്

37 യൂണിറ്റുകൾ ട്രാൻസ്ജെൻഡേഴ്സ് ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **ചിത്രം 2.5** ൽ നൽകിയിരിക്കുന്നു.

**കേരളം: ബിസിനസ് പരിഷ്കാരങ്ങൾക്കുള്ള പുതിയ നേതൃത്വം**

വിവിധ പരിഷ്കാരങ്ങൾ നടപ്പിലാക്കി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിൽ കേരള സർക്കാർ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. ബിസിനസ് ചെയ്യുന്നതിന് സർക്കാർ നൽകുന്ന സേവനം കാര്യക്ഷമമാക്കാൻ ലക്ഷ്യമിടുന്ന സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാനിന്റെ (എസ്.ബി.ആർ.എ.പി ) ഭാഗമാണ് ഈ പരിഷ്കാരങ്ങൾ.

ഇന്ത്യാ ഗവൺമെന്റിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിലെ ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡിന്റെ (ഡി പി ഐ ഐ റ്റി) മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് 2016 മുതൽ എസ്.ബി.ആർ.എ.പി പ്രാബല്യത്തിൽ ഉണ്ട്. സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും അവയുടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പ്രകടനത്തിൽ റാങ്കിംഗ് ചെയ്യുന്നതിനുള്ള അടിത്തറയായി ഈ സംരംഭം പ്രവർത്തിക്കുന്നു. ഈ റാങ്കിംഗ് ഉദ്യമങ്ങളിൽ സംസ്ഥാനം സജീവമായി പങ്കെടുക്കുകയും അനുമതികൾക്കാവശ്യമായ റെഗുലേറ്ററി കംപ്ലയ്ൻസ് ബേർഡൻ കുറയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ സർക്കാർ വകുപ്പുകളുടെ സ്വയം വിലയിരുത്തലുകളും സ്റ്റേക്ക്ഹോൾഡർമാരെ ഉൾക്കൊള്ളിച്ച് കൂടിയാലോചനകളും ഉൾപ്പെടുന്നു. തൽഫലമായി, ബിസിനസ്സ് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിൽ സംസ്ഥാനം ഗണ്യമായ പുരോഗതി കൈവരിച്ചു. നടപ്പിലാക്കിയ പരിഷ്കാരങ്ങൾ 2016 ലെ 22.8 ശതമാനത്തിൽ നിന്ന് 2022 ൽ 91 ശതമാനമായി വർദ്ധിച്ചു.

എസ്.ബി.ആർ.എ.പി 2022-ൽ കേരളം മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനമായി അംഗീകരിക്കപ്പെട്ടു. കേരളം 30 പരിഷ്കാര മേഖലകളിൽ ഒമ്പതിലും 'ടോപ്പ് അച്ചീവർ' പദവി നേടി. ഇത് എല്ലാ സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കൂടുതലുമാണ്. ഈ ശ്രദ്ധേയമായ നേട്ടം ഒരു ഗണ്യമായ വഴിത്തിരിവിനെ പ്രതിഫലിപ്പിക്കുന്നു. പിൻ വർഷങ്ങളിലും കേരളം പ്രകടനം മെച്ചപ്പെടുത്തുകയായിരുന്നു. 2019 ലെ 28-ാം സ്ഥാനത്തു നിന്നും 2020-ൽ 15-ാം സ്ഥാനത്തേക്ക് കേരളം മുന്നേറിയിരുന്നു (ആസ്പിരർ വിഭാഗം). സംസ്ഥാനത്തിന്റെ ബിസിനസ് സൗഹൃദ പരിഷ്കാരങ്ങളുടെ പോസിറ്റീവ് സ്വാധീനമാണ് ഈ പുരോഗതി പ്രതിഫലിപ്പിക്കുന്നത്.

ഡിപിഐഐറ്റി പരിഷ്കാരങ്ങളുടെ ഫലപ്രാപ്തിയെക്കുറിച്ച് വിലയിരുത്തൽ നടത്തുന്നത് സംരംഭകരിൽ നിന്ന് നേരിട്ട് ലഭിച്ച ഫീഡ്ബാക്കിനെ അടിസ്ഥാനമാക്കിയാണ്. 'ടോപ്പ് അച്ചീവർ' പദവി നേടുന്നതിന്, ഒരു പരിഷ്കാര മേഖലയ്ക്ക് 95 ശതമാനത്തിലധികം പോസിറ്റീവ് ഫീഡ്ബാക്ക് ലഭിക്കണം.
പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനെക്കുറിച്ചും വർഷങ്ങളായി എസ്ബിആർഎപിയിൽ കേരളത്തിന്റെ റാങ്കിംഗിനെക്കുറിച്ചുമുള്ള വിശദാംശങ്ങൾ **പട്ടിക.2.9** ൽ നൽകിയിരിക്കുന്നു.

എല്ലാ വർഷവും റാങ്കിംഗ് പ്രസിദ്ധീകരിച്ചിട്ടില്ലെന്നു മാത്രമല്ല, എസ്.ബി.ആർ.എ.പി പ്രകാരമുള്ള റാങ്കിംങ്ങുകളെക്കുറിച്ച് അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടായിട്ടുണ്ട്. വർഷങ്ങളായി റാങ്കിംഗിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. തുടക്കത്തിൽ 100 ശതമാനം പരിഷ്കാര നിർവ്വഹണ സ്കോറിനെ അടിസ്ഥാനമാക്കിയായിരുന്നു റാങ്കുകൾ നിശ്ചയിച്ചിരുന്നത്. അതിനെതുടർന്ന് 50 ശതമാനം നടപ്പിലാക്കൽ സ്കോറിനെയും 50 ശതമാനം ഫീഡ്ബാക്ക് സ്കോറിനെയും അടിസ്ഥാനമാക്കിയായിരുന്നു റാങ്കുകൾ നിശ്ചയിച്ചിരുന്നത്. പിന്നീട് 100 ശതമാനം ഫീഡ്ബാക്ക് സ്കോറിനെ മാത്രം അടിസ്ഥാനമാക്കിയായി റാങ്കുകൾ നിശ്ചയിച്ചിരുന്നത്. എന്നാൽ 2024 ലെ ഏറ്റവും പുതിയ പതിപ്പിൽ ഫീഡ്ബാക്ക് സ്കോറിന് 70 ശതമാനം വെയിറ്റേജും നടപ്പിലാക്കൽ സ്കോറിന് 30 ശതമാനം വെയിറ്റേജും നൽകിയാണ് റാങ്കുകൾ തീരുമാനിക്കുന്നത്. സംസ്ഥാനങ്ങൾ ഏറ്റെടുക്കേണ്ട പരിഷ്കാരങ്ങളുടെ ഒരു ലിസ്റ്റ് ഇന്ത്യാ ഗവൺമെന്റ് തുടക്കത്തിൽ നൽകും. സംസ്ഥാനങ്ങളും ഇന്ത്യാ ഗവൺമേന്റും തമ്മിലുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനത്തിനും ബാധകമായ പരിഷ്കാരങ്ങളുടെ പട്ടിക പിന്നീട് അന്തിമമാക്കുന്നു. ഓരോ സംസ്ഥാനത്തിനും ബാധകമായ അംഗീകൃത പരിഷ്കാരങ്ങളുടെ പട്ടികയിൽ നിന്ന് നടപ്പിലാക്കിയ പരിഷ്കാരങ്ങളുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ് നടപ്പിലാക്കൽ സ്കോറിൽ എത്തിച്ചേരുന്നത്.

നന്നായി ആസൂത്രണം ചെയ്ത നിരവധി പരിഷ്കാരങ്ങൾ ഈ മാറ്റത്തിന് സഹായകമായി. ബിസിനസുകാർക്ക് 22 വകുപ്പുകളിലായി ആവശ്യമായ 113 സംസ്ഥാന/ദേശീയതല അംഗീകാരങ്ങൾ നേടാൻ സംസ്ഥാനത്ത് പ്രവർത്തിപ്പിക്കുന്ന കെ-സ്വിഫ്റ്റ് (കേരള സിംഗിൾ

**പട്ടിക.2.9** 2015-16 മുതൽ 2024 വരെയുള്ള കാലയളവിൽ കേരളത്തിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങളെക്കുറിച്ചും എസ്ബിആർഎപിയിലെ റാങ്കിംഗും സംബന്ധിച്ച വിശദാംശങ്ങൾ

| വർഷം | റാങ്കിംഗിന്റെ അടിസ്ഥാനം | റാങ്ക് | മൊത്തം പരിഷ്കാരങ്ങൾ |
|---|---|---|---|
| 2015 – 16 | 100 ശതമാനം നടപ്പിലാക്കൽ സ്കോർ | 18 | 285 |
| 2016 – 17 | 50 ശതമാനം നടപ്പിലാക്കൽ സ്കോറും & 50 ശതമാനം ഫീഡ്ബാക്ക് സ്കോറും | 20 | 340 |
| 2017 – 18 | 100 ശതമാനം ഫീഡ്ബാക്ക് സ്കോർ | 21 | 372 |
| 2019 | 100 ശതമാനം ഫീഡ്ബാക്ക് സ്കോർ | 28 | 187 |
| 2020 | 100ശതമാനം ഫീഡ്ബാക്ക് സ്കോർ | 15 | 301 |
| 2022 | 100 ശതമാനം ഫീഡ്ബാക്ക് സ്കോർ | 9 പരിഷ്കരണ മേഖലകളിലെ മികച്ച അച്ചീവറും രാജ്യത്തെ ഏറ്റവും മികച്ച പെർഫോമറും.. | 352 |
| 2024 | 70 ശതമാനം ഫീഡ്ബാക്ക് സ്കോറും 30 ശതമാനം നടപ്പിലാക്കൽ സ്കോറും | നടപ്പിലാക്കൽ പുരോഗമിക്കുന്നു | |

ഉറവിടം: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരളം

വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പേരന്റ് ക്ലിയറൻസ്) എന്ന വളരെ കാര്യക്ഷമമായ ഒരു ഏകജാലക സംവിധാനം വഴി സാധിക്കും. കൂടാതെ, കെ-സ്വിഫ്റ്റ് നാഷണൽ സിംഗിൾ വിൻഡോ സിസ്റ്റവുമായി (എൻ എസ് ഡബ്ല്യു എസ്) സംയോജിപ്പിച്ചതിനാൽ ബിസിനസുകൾക്ക് ആവശ്യമായ കേന്ദ്ര അംഗീകാരങ്ങൾ നേടാനും മുഴുവൻ അംഗീകാര പ്രക്രിയയും തടസ്സരഹിതമായി ലഭിക്കുന്നതിനും സഹായിക്കുന്നു.

വകുപ്പുതല പരിശോധനകൾ ഷെഡ്യൂൾ ചെയ്യുന്നതിനും പ്രക്രിയയിൽ കൂടുതൽ സുതാര്യതയും വസ്തുനിഷ്ഠതയും ഉറപ്പാക്കുന്നതിനുമായി ഓൺലൈൻ പ്ലാറ്റ്ഫോമായ കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം (കെ-സിസ്) സംസ്ഥാനം രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ, ഫാക്ടറികൾ & ബോയിലറുകൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ലീഗൽ മെട്രോളജി തുടങ്ങിയ വകുപ്പുകളുടെ അനുമതിക്കാവശ്യമായ കംപ്ലയ്ൻസ് പരിശോധനകൾ നിയന്ത്രിക്കുന്നതിനും നടത്തുന്നതിനും കെ-സിസ് ഉപയോഗിക്കുന്നു. ഈ സംവിധാനത്തിലൂടെ ആകെ 22,885 പരിശോധനകൾ നടത്തിയിട്ടുണ്ട്.

വ്യവസായങ്ങൾക്കുള്ള കംപ്ലയൻസ് ഭാരം കുറയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, 21 വകുപ്പുകളിലായി 632 ബിസിനസ് സംബന്ധിയായ കംപ്ലയൻസുകൾ കേരളം ഒഴിവാക്കുകയും 15 വകുപ്പുകളിലായി 1,303 പൗര സംബന്ധിയായ കംപ്ലയൻസുകൾ കുറയ്ക്കുകയും ചെയ്തു. കൂടാതെ, റെഗുലേറ്ററി പ്രക്രിയകൾ കൂടുതൽ കാര്യക്ഷമമാക്കിക്കൊണ്ട് അബ്കാരി നിയമത്തിന് കീഴിലുള്ള എട്ട് വകുപ്പുകൾ സംസ്ഥാനം ക്രിമിനൽ കുറ്റങ്ങൾ അല്ലാതാക്കുകയും ചെയ്തു.

**പട്ടിക 2.10** എസ് ബി ആർ എ പി 2022-ൽ സംഭാവന നൽകിയ വകുപ്പുകളും ഏജൻസികളും

| ക്രമ നം | വകുപ്പിന്റെ പേര് |
|---|---|
| 1 | സിവിൽ സപ്ലൈസ് വകുപ്പ് |
| 2 | ഔഷധ ഗുണനിലവാരനിയന്ത്രണ വകുപ്പ് |
| 3 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| 4 | തൊഴിൽ ഡയറക്ടറേറ്റ് |
| 5 | എക്സൈസ് വകുപ്പ് |
| 6 | ഫാക്ടറികളും ബോയിലറുകളും വകുപ്പ് |
| 7 | അഗ്നിശമന, സുരക്ഷാ വകുപ്പ് |
| 8 | ജി.എസ്.ടി |
| 9 | ആരോഗ്യ വകുപ്പ് - എസ്.എച്ച്.എ |
| 10 | വ്യവസായ വാണിജ്യ വകുപ്പ് |
| 11 | ഐ.ടി. മിഷൻ |
| 12 | കേരള ജല അതോറിറ്റി |
| 13 | കെ.എസ്.ഇ.ബി |
| 14 | തൊഴിൽ വകുപ്പ് |
| 15 | ലീഗൽ മെട്രോളജി |
| 16 | മോട്ടോർ വാഹന വകുപ്പ് |
| 17 | മലിനീകരണ നിയന്ത്രണ ബോർഡ് |
| 18 | രജിസ്ട്രേഷൻ വകുപ്പ് |
| 19 | റവന്യൂ വകുപ്പ് |
| 20 | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 21 | ആഭ്യന്തര വകുപ്പ് |
| 22 | നിയമ വകുപ്പ് |

അവലംബം: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരളം

സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ 2022 ൽ സംഭാവന നൽകിയ വകുപ്പുകളുടെ/ഏജൻസികളുടെ വിവരങ്ങൾ **പട്ടിക 2.10** ൽ നൽകിയിരിക്കുന്നു.

**ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനായി കേരളം ഏറ്റെടുത്ത പ്രധാന പരിഷ്കാരങ്ങൾ:**

1. **2019 ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കുള്ള ഫെസിലിറ്റേഷൻ നിയമം** സംസ്ഥാന നിയമങ്ങൾ പ്രകാരം ചില സംസ്ഥാന ലൈസൻസുകൾ നേടുന്നതിൽ നിന്ന് എംഎസ്എംഇകളെ 3 വർഷവും ആറ് മാസവും ഒഴിവാക്കുന്നതിനാണ് ഈ നിയമം. മലിനീകരണ നിയന്ത്രണ ബോർഡ് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ചുവപ്പ് വിഭാഗത്തിൽ പെടാത്ത എംഎസ്എംഇകൾക്ക് സംരംഭകന്റെ സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ 'അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ്' നൽകുന്നു. സംരംഭകൻ മൂന്നരവർഷത്തിനുള്ളിൽ ആവശ്യമായ ലൈസൻസുകൾ നേടിയാൽ മതി. അംഗീകാര സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഓൺലൈൻ ഏകജാലക പോർട്ടലായ കെ-സ്വിഫ്റ്റ് ഉപയോഗിക്കാം.
2. **ഡിജിറ്റൈസേഷൻ:** കേരളം പൂർണമായും ഇ-ഗവേണൻസ് ഉള്ള സംസ്ഥാനമായതിനാലും ഇന്റർനെറ്റ് ലഭ്യത ഒരു മൗലികാവകാശമായതിനാലും കംപ്ലയൻസ് ഭാരം കുറയ്ക്കുന്നതിനായി ഡിജിറ്റൈസ് ചെയ്യുന്ന പ്രക്രിയകളിൽ സംസ്ഥാനം നേട്ടം കൈവരിച്ചു. ഡിജിറ്റലൈസേഷൻ പ്രക്രിയകളുടെയും നടപടിക്രമങ്ങളുടെയും വഴി കംപ്ലയൻസ് കുറയ്ക്കുന്നതിനുള്ള അവസരം സംസ്ഥാനം പ്രയോജനപ്പെടുത്തി. 18 വകുപ്പുകൾക്കുവേണ്ടി അപേക്ഷ സ്വീകരിക്കുന്നതിനും, പ്രോസസ്സ് ചെയ്യുന്നതിനും, പേയ്മെന്റ് ശേഖരിക്കുന്നതിനും, അംഗീകാരങ്ങൾ നൽകുന്നതിനുമായി ഓൺലൈൻ സംവിധാനങ്ങൾ സംസ്ഥാനം ആരംഭിച്ചു.
3. **നിയമനിർമ്മാണ പരിഷ്കാരങ്ങൾക്കായുള്ള ബാഹ്യ സമിതി:** സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നതിനുള്ള എല്ലാ നിയമനിർമ്മാണങ്ങളും സൂക്ഷ്മമായി പരിശോധിക്കുന്നതിനും ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനുള്ള പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി കേരള സർക്കാർ ഒരു ബാഹ്യ സമിതി രൂപീകരിച്ചു. നിലവിലുള്ള വിവിധ നിയമങ്ങളിലെ 38 വ്യവസ്ഥകൾ ക്രിമിനൽ കുറ്റമല്ലാതാക്കാൻ കമ്മിറ്റി ശുപാർശ ചെയ്യുകയും ഭേദഗതികൾ തയ്യാറാക്കുകയും ചെയ്തു. ഇവ കൂടാതെ, 13 വ്യത്യസ്ത വകുപ്പുകളുമായി ബന്ധപ്പെട്ട 12 നിയമങ്ങളിലും 12 ചട്ടങ്ങളിലും ഭേദഗതികൾ

വരുത്താനുള്ള ശുപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

4. **കേരള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കുള്ള ഫെസിലിറ്റേഷൻ (ഭേദഗതി) നിയമം, 2021:** മലിനീകരണ നിയന്ത്രണ ബോർഡ് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ചുവപ്പ് വിഭാഗത്തിൽ പെടാത്ത, എം എസ് എം ഇ ഇതര സംരംഭങ്ങൾക്ക് 5 വർഷത്തേക്ക് സാധുതയുള്ള ഒരു സംയോജിത ലൈസൻസ് നൽകുന്നതിനാണ് ഈ നിയമം നടപ്പിലാക്കിയിരിക്കുന്നത്. ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ലഭിച്ച നിർദ്ദേശങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതിനായി ഒരു 'ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ' രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇങ്ങനെ ലഭിച്ച നിർദ്ദേശങ്ങളിൽ മേൽ ബ്യൂറോ 7 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കും.
5. **കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകളും ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് (ഭേദഗതി) ആക്റ്റ്, 2022' (പരാതി പരിഹാര സംവിധാനം)** സംരംഭകർ അവരുടെ പദ്ധതികൾക്ക് ആവശ്യമായ ക്ലിയറൻസുകൾ നേടുന്നതിൽ നേരിടുന്ന പരാതികൾ പരിഹരിക്കുന്നതിനായി 1999 ലെ സിംഗിൾ വിൻഡോ ആക്ടിൽ ഭേദഗതി കൊണ്ടുവന്നു. സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാ, സംസ്ഥാന തലങ്ങളിൽ നിയമപരമായ അധികാരങ്ങളുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചു. ക്ലിയറൻസുകൾ നൽകുന്നതിൽ നിശ്ചിത സമയപരിധിക്കപ്പുറം അനാവശ്യ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്ക് പ്രതിദിനം 250 രൂപ മുതൽ പരമാവധി 10,000 രൂപ വരെ പിഴ ചുമത്തുന്നു. പരാതികൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.
6. **നിയമങ്ങളുടെ റദ്ദാക്കൽ** - കാലഹരണപ്പെട്ടതും ഇനി ആവശ്യമില്ലാത്തതുമായ 46 നിയമങ്ങളും 59 ഭേദഗതി നിയമങ്ങളും 2022 ലെ കേരള റീപീലിംഗ് ആൻഡ് സേവിംഗ് ആക്ടിലൂടെ (2022 ലെ ആക്ട് നമ്പർ 12) സംസ്ഥാനം റദ്ദാക്കിയിട്ടുണ്ട്. ഈ നിയമത്തിലൂടെ ആകെ 105 നിയമങ്ങൾ റദ്ദാക്കിയിട്ടുണ്ട്.

വിവിധ വകുപ്പുകളിലുടനീളമുള്ള നൂറുകണക്കിന് കംപ്ലയൻസ് ആവശ്യകതകൾ ഇല്ലാതാക്കുന്നത് പോലുള്ള നിയന്ത്രണ ബാധ്യതകൾ വ്യവസ്ഥാപിതമായി കുറച്ചതിലൂടെ, ബിസിനസുകൾ അഭിവൃദ്ധി പ്രാപിക്കുന്നതിന് കേരളം കൂടുതൽ കാര്യക്ഷമവും പ്രവചനീയവും സ്വാഗതാർഹവുമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചു. ദേശീയ റാങ്കിംഗിൽ സംസ്ഥാനത്തിന്റെ ശ്രദ്ധേയമായ പ്രകടനത്തിനും, നിക്ഷേപത്തിനും സംരംഭകത്വത്തിനുമുള്ള ഒരു മികച്ച ലക്ഷ്യസ്ഥാനമെന്ന ഖ്യാതിക്കും, ഈ നടപടികൾ കാരണമായി.

### 2023 ലെ പുതിയ വ്യാവസായിക നയം – ഭാവിയെ ലക്ഷ്യം വെച്ചുള്ള വളർച്ചയ്ക്ക് ഒരു ചട്ടക്കൂട്

സാമ്പത്തിക വളർച്ചയെ മുന്നോട്ട് നയിക്കുന്നതിനും, ഉയർന്നുവരുന്ന വെല്ലുവിളികളെ നേരിടുന്നതിനും, ദിശാബോധം നൽകുന്നതിനും, ബിസിനസിനും സംരംഭകത്വത്തിനും ഒരു പരിപോഷിപ്പിക്കുന്ന ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും ശക്തമായ ഒരു വ്യാവസായിക നയം അത്യാവശ്യമാണ്. ഈ ആവശ്യം മനസ്സിലാക്കി, വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കേരള സർക്കാർ 2023 ൽ സംസ്ഥാനത്തിനായി പുതിയ വ്യാവസായിക നയം പുറത്തിറക്കി. 2018 ലെ മുൻ ആക്ടിൽ നിലവിലെ സ്ഥിതി ആവശ്യപ്പെടുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ നയം രൂപപ്പെടുത്തിയിരിക്കുന്നത്. "സൂര്യോദയം" വിഭാഗത്തിലെ മുൻഗണനയുള്ള വ്യവസായങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, അവരുടെ വികസനത്തിന് സാമ്പത്തിക പ്രോത്സാഹനങ്ങളും പിന്തുണയും നൽകുക എന്നതാണ് നയത്തിന്റെ ലക്ഷ്യം. i) സംരംഭകത്വം വളർത്തൽ ii) അടിസ്ഥാന സൗകര്യങ്ങൾ പ്രാപ്തമാക്കൽ iii) ഐആർ 4.0 റെഡി റോബോട്ടിക് നിർമ്മാണം, ഡാറ്റ വിശകലന ഉപകരണങ്ങൾ മുതലായവ iv) ഭാവി ജോലികൾക്കുള്ള നൈപുണ്യ നവീകരണം v) മേഖലാ ആവാസവ്യവസ്ഥകൾ vi) ഇ എസ് ജി കംപ്ലയൻസ് vii) 'കേരള' ബ്രാൻഡ് എന്നിവയാണ് ഏഴ് ഫോക്കസ് സ്തംഭങ്ങൾ.

2023 ലെ പുതിയ വ്യാവസായിക നയത്തിന് കീഴിലുള്ള 22 ഫോക്കസ് മേഖലകളിൽ കൃത്രിമബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക്ത്രൂ സാങ്കേതികവിദ്യകൾ; ആയുർവേദം, ബയോടെക്നോളജി & ലൈഫ് സയൻസസ്; ഡിസൈൻ, ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രോണിക് സിസ്റ്റം ഡിസൈൻ & നിർമ്മാണം, എഞ്ചിനീയറിംഗ് ഗവേഷണവും & വികസനവും, ഭക്ഷ്യ സാങ്കേതികവിദ്യകൾ, ഗ്രാഫീൻ, ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങൾ, ഹൈടെക് കൃഷി & മൂല്യവർദ്ധിത പ്ലാന്റേഷൻ ഉൽപ്പന്നങ്ങൾ, ലോജിസ്റ്റിക്സ് & പാക്കേജിംഗ്; സമുദ്ര മേഖല, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, പുനരുപയോഗ & വേസ്റ്റ് മാനേജ്മെന്റ്, പുനരുപയോഗ ഊർജ്ജം, റീട്ടെയിൽ മേഖല, ടൂറിസം & ഹോസ്പിറ്റാലിറ്റി; 3ഡി പ്രിന്റിംഗ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കുറഞ്ഞ പലിശ വായ്പകൾ, മൂലധന സബ്സിഡി പ്രോത്സാഹനം, വൈദ്യുതി തീരുവ ഇളവ്, ഐപിഒ വഴി ധനസഹായം ലഭ്യമാക്കൽ, നിക്ഷേപ സബ്സിഡി, എസ് ജി എസ് റ്റി റീഇംബേഴ്സ്മെന്റ്, തൊഴിൽ വർദ്ധിപ്പിക്കൽ പ്രോത്സാഹനം, നിർമ്മാണ യൂണിറ്റുകൾ, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ എന്നിവയ്ക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി & രജിസ്ട്രേഷൻ ചാർജുകൾ ഒഴിവാക്കൽ, വ്യാപാര മേളകളിൽ പങ്കെടുക്കുന്നതിനുള്ള പ്രോത്സാഹനം, ബൗദ്ധിക സ്വത്ത് സൃഷ്ടിക്കുന്നതിന് സഹായങ്ങൾ, ഗുണനിലവാര സർട്ടിഫിക്കേഷൻ പ്രോത്സാഹനം, സുസ്ഥിരതയ്ക്കും ഉത്തരവാദിത്ത വ്യവസായവൽക്കരണത്തിനുമുള്ള പ്രോത്സാഹനങ്ങൾ, നിർമ്മാണത്തിലെ ഐആർ 4.0 സംരംഭങ്ങൾ, ഗവേഷണ വികസന പ്രോത്സാഹനം, സ്റ്റാർട്ടപ്പുകൾക്കുള്ള സ്കെയിൽ അപ്പ് പ്രോത്സാഹനം, മെയ്ഡ് ഇൻ കേരള (ബ്രാൻഡിംഗ് & മാർക്കറ്റിംഗ്), പിഎൽഐ നിക്ഷേപകരെ ആകർഷിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് എന്നിവ പ്രോത്സാഹനങ്ങളിൽ ഉൾപ്പെടുന്നു. നയങ്ങളെല്ലാം സർക്കാർ വളരെ വേഗത്തിൽ നടപ്പിലാക്കി. സ്വകാര്യ വ്യവസായ പാർക്കുകൾ സൃഷ്ടിച്ചു വരുന്നു. മെയ്ഡ് ഇൻ കേരള ഉൽപ്പന്നങ്ങൾ കൊണ്ടുവരുകയും ചെയ്തു. സംരംഭങ്ങളുടെ വളർച്ചയ്ക്കായി (സ്കേലിംഗ് അപ്പ്) പ്രത്യേക പദ്ധതിയും ആരംഭിച്ചു.

കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെയും (കിൻഫ്ര) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെയും (കെഎസ്ഐഡിസി) ഉടമസ്ഥതയിലുള്ള ഭൂമിയിലോ കെട്ടിടത്തിലോ വ്യവസായ യൂണിറ്റുകൾ സങ്കീർണ്ണതകളില്ലാതെ സ്ഥാപിക്കാൻ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനായി കിൻഫ്ര & കെഎസ്ഐഡിസി-2024-ലെ ഏകീകൃത വ്യാവസായിക ഭൂമി/കെട്ടിട (അലോട്ട്മെന്റ് & ഡിസ്പോസൽ) ചട്ടങ്ങൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ലോജിസ്റ്റിക്സ്, വെയർഹൗസിംഗ് മേഖലയ്ക്ക് ഊന്നൽ നൽകുക, വാർഷിക വാടക അടിസ്ഥാനത്തിൽ ഭൂമി അനുവദിക്കുക, സ്വകാര്യ ബിൽഡർമാർക്കും/ഡെവലപ്പർമാർക്കും പ്ലോട്ട് അനുവദിക്കുക, വായ്പകൾ നേടുന്നതിനായി ധനകാര്യ സ്ഥാപനങ്ങൾക്ക് പാട്ടാവകാശം പണയപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ എന്നിവ നയത്തിന്റെ പ്രധാന സവിശേഷതകളാണ്.

കേരള കയറ്റുമതി പ്രമോഷൻ നയം, ഇ.എസ്.ജി (പാരിസ്ഥിതികം, സാമൂഹികം, ഭരണനിർവ്വഹണം) നയം, കേരള ലോജിസ്റ്റിക്സ് പാർക്ക് നയം തുടങ്ങിയ പുതിയ നയങ്ങൾ ഉടൻ പുറത്തിറക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഇതിനായി നയം തയ്യാറാക്കുകയും അന്തിമരൂപം നൽകുകയും ചെയ്തിട്ടുണ്ട്. നയരൂപീകരണ മേഖലയിൽ സംസ്ഥാന സർക്കാരിന്റെ നടപടികൾ നിക്ഷേപകരിൽ വളരെയധികം ആത്മവിശ്വാസം വളർത്തിയിട്ടുണ്ട്, ഇത് വ്യാവസായിക രംഗത്ത് ഒരു ചലനാത്മകതയ്ക്ക് കാരണമായിട്ടുണ്ട്.

**പ്ലാൻ പദ്ധതികളിലൂടെ സമഗ്ര പിന്തുണ – ആവശ്യകതകൾ നിറവേറ്റി വെല്ലുവിളികളെ അഭിസംബോധന ചെയ്തു മുന്നോട്ട്**

സംസ്ഥാനത്തെ സംരംഭകരുടെ അടിസ്ഥാനപരവും ഉയർന്നുവന്നതുമായ ആവശ്യങ്ങൾ നിറവേറ്റുന്ന പദ്ധതികൾ വികസിപ്പിക്കാൻ വർഷങ്ങളായുള്ള പ്രവർത്തനങ്ങളാൽ കേരള സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പദ്ധതികൾ വികസിപ്പിച്ചെടുക്കുന്നത്, നിലവിലെ ഉപയോക്താക്കളിൽ നിന്നും ഭാവിയിൽ ഉപഭോക്താക്കളാവാൻ സാധ്യത ഉള്ളവരിൽ നിന്നും ലഭിച്ച ഇൻപുട്ടുകളുടെയും ഫീഡ്ബാക്കിന്റെയും അടിസ്ഥാനത്തിലാണ്. സംസ്ഥാനത്തെ സംരംഭങ്ങൾ, നിക്ഷേപം, തൊഴിൽ എന്നിവയുടെ വളർച്ചയ്ക്കുള്ള ഒരു പ്രധാന കാരണം, സംരംഭകരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള പദ്ധതികളുടെ കഴിവാണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കുന്ന വിവിധ തരം പ്രോത്സാഹനങ്ങളുടെയും അനുബന്ധ പദ്ധതികളുടെയും വിവരങ്ങൾ **പട്ടിക.2.11** ൽ നൽകിയിരിക്കുന്നു.

**പട്ടിക.2.11** വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കുന്ന പ്രോത്സാഹനങ്ങളുടെയും അനുബന്ധ പദ്ധതികളുടെയും വിവരങ്ങൾ

| ക്രമ നം. | സഹായം | പദ്ധതിയുടെ പേര് |
|---|---|---|
| I | പലിശ ഇളവ് | 1. വ്യവസായ പ്രദേശം / പാർക്ക് എന്നിവയിൽ ഭൂമി നിക്ഷേപ വില മാറ്റിവെക്കുന്നതിനുള്ള പലിശ ഇളവ്<br>2. നാനോ ഗാർഹിക സംരംഭങ്ങൾക്ക് പലിശ ഇളവിനുള്ള പദ്ധതി<br>3. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് |
| II | മൂലധന സഹായം | 1. സംരംഭക സഹായ പദ്ധതി<br>2. തകർച്ച നേരിടുന്ന/പ്രവർത്തനരഹിതമായ എം എസ് എം ഇ കളുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും<br>3. നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാൻറ്<br>4. ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം<br>5. നൈപുണ്യ സംരംഭ വികസന കേന്ദ്രങ്ങൾക്കുള്ള സഹായം<br>6. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് - ഒരു കുടുംബം ഒരു സംരംഭം<br>7. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജ്<br>8. കരകൗശല മേഖലയിലെ അപെക്സ് സ്ഥാപനങ്ങൾക്ക് സഹായം<br>9. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം.<br>10. പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും |
| III | റെന്റ് കുറയ്ക്കൽ | വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ സഹായ പദ്ധതി |
| IV | ഭൂമി സംബന്ധമായ ഇളവുകൾ | വ്യവസായ പ്രദേശം / പാർക്ക് എന്നിവയിൽ ഭൂമി നിക്ഷേപ വില മാറ്റിവെക്കുന്നതിനുള്ള പലിശ ഇളവ് |
| V | അടിസ്ഥാന സൗകര്യ വികസനം | 1. നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട്/എസ്റ്റേറ്റ് പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം<br>2. നിലവിലുള്ള പൊതു സേവന കേന്ദ്രങ്ങളുടെ നവീകരണം<br>3. ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം<br>4. പൊതു സ്വകാര്യ പങ്കാളിത്തം(പിപിപി) രീതിയിൽ വ്യവസായ പാർക്കുകൾ/ പ്രദേശങ്ങൾ / എസ്റ്റേറ്റ കൾ എന്നിവ വികസിപ്പിക്കൽ<br>5. അടിസ്ഥാന സൗകര്യ വികസനവും ശേഷി വികസനവും –ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം / ചെറുകിട വ്യവസായ ക്ലസ്ടർ വികസന പദ്ധതി ( എം എസ് ഇ –സി ഡി പി പരിഷ്കരിച്ച കേന്ദ്ര മേഖല പദ്ധതി )<br>6. വിവിധോദ്ദേശ വ്യാപാര പ്രോത്സാഹന കേന്ദ്രങ്ങൾ<br>7. വ്യവസായ വാണിജ്യ ഡയരക്ടരേട്ടിന്റെയും ജില്ല വ്യവസായ കേന്ദ്രങ്ങളുടെയും സബ് ഓഫീസുകളുടെയും നവീകരണം |
| VI | സംരംഭകത്വ വികസന പരിപാടി | 1. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രേണർഷിപ് ഡെവലപ്മെന്റ് (കെ ഐ ഇ ഡി ) നെ സംരംഭക വികസനത്തിനുള്ള മികവിന്റെ കേന്ദ്രമാക്കി മാറ്റൽ<br>2.സംരംഭക വികസന കേന്ദ്രങ്ങൾ<br>3.സ്കൂളുകളിലും കോളേജുകളിലും സംരംഭത്വ വികസന ക്ലബ്ബുകൾ |

| ക്രമ നം. | സഹായം | സ്കീമിന്റെ പേര് |
|---|---|---|
| VII | മാർക്കറ്റിംഗ് സഹായം | 1. വിവിധോദ്ദേശ വ്യാപാര പ്രോത്സാഹന കേന്ദ്രങ്ങൾ<br>2. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജ്<br>3. അടിസ്ഥാന സൗകര്യ വികസനവും ശേഷി വികസനവും -ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം / ചെറുകിട വ്യവസായ ക്ലസ്ടർ വികസന പദ്ധതി ( എം എസ് ഇ -സി ഡി പി പരിഷ്കരിച്ച കേന്ദ്ര മേഖല പദ്ധതി )<br>4. കേന്ദ്ര എം എസ് എം ഇ മേഖല പദ്ധതികൾ ( ആനുപാതിക സംസ്ഥാന വിഹിതം)<br>5. പി എം ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ്( 40 ശതമാനം സംസ്ഥാന വിഹിതം) |
| VIII | ടെക്നോളജി സഹായം | 1. സംരംഭക സഹായ പദ്ധതി<br>2. പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും<br>3. വൈദഗ്ധ്യ വികസന പരിപാടി<br>4. കേന്ദ്ര എം എസ് എം ഇ മേഖല പദ്ധതികൾ ( ആനുപാതിക സംസ്ഥാന വിഹിതം) |
| IX | ഇൻഷുറൻസ് സഹായം | പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും |
| X | വൈദഗ്ധ്യ വികസനം | വൈദഗ്ധ്യ വികസന പരിപാടി |
| XI | വാണിജ്യ വികസനം | വാണിജ്യ വികസനം |
| XII | കരകൗശല വ്യവസായങ്ങൾ | 1. കരകൗശല മേഖല സ്ഥാപനങ്ങൾക്ക് സഹായം<br>2. കരകൗശല മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ<br>3. കരകൗശല തൊഴിലാളികൾക്ക് സഹായം (ആശ)<br>4. വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള പുനരുജ്ജീവന പദ്ധതി<br>5. ക്രാഫ്റ്റ് കോംപ്ലക്സ് - സുരഭി |
| XIII | തോട്ടം മേഖലയുടെ വികസനം | പ്ലാന്റേഷൻ ഡയറക്ടറേറ്റ് |
| XIV | | |

അവലംബം: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരളം

കേരളത്തിന്റെ പാർക്ക് മോഡൽ വ്യാവസായിക വികസനം- ഭൂമിയുടെ ദൗർലഭ്യത്തിനുള്ള പരിഹാരം

കേരളം ഇന്ത്യയിലെ താരതമ്യേന ചെറിയ സംസ്ഥാനമാണ്. അതിന്റെ സവിശേഷമായ ഭൂമിശാസ്ത്രവും, ഭൂപ്രകൃതിയും, ഉയർന്ന ജനസാന്ദ്രതയും, വ്യാവസായിക ഉപയോഗത്തിനുള്ള ഭൂമി ദുർലഭമായ ഒരു സാഹചര്യത്തിലേക്ക് നയിച്ചു. ലഭ്യമായ ഭൂമിയുടെ ഒരു പ്രധാന ഭാഗം പാരിസ്ഥിതികമായി സെൻസിറ്റീവ് എന്ന വിഭാഗത്തിൽ പെടുന്നു എന്ന വസ്തുത സ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കുന്നു. ഇത് ഭൂമിയെ ബദൽ ഉപയോഗങ്ങളിൽ നിന്നുള്ള ഉയർന്ന മത്സരത്തിന് വിധേയമാകുന്ന, ഉയർന്ന വിലയുള്ള വിഭവമാക്കി മാറ്റുന്നു. സംസ്ഥാനത്തെ സംരംഭങ്ങളുടെ വികസനത്തിനായി പാർക്ക് മോഡൽ തന്ത്രത്തിന് ഊന്നൽ നൽകുന്നതിന് ഇത് ഒരു പ്രധാന ഘടകമാണ്. തൽഫലമായി, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, കെഎസ്ഐഡിസി, കിൻഫ്ര, സിഡ്കോ തുടങ്ങിയ പൊതുമേഖലാ വ്യവസായ ഏജൻസികൾ എംഎസ്എംഇകളെ പിന്തുണയ്ക്കുന്നതിനുള്ള സൗകര്യങ്ങളുള്ള വ്യാവസായിക പാർക്കുകൾ വികസിപ്പിക്കുന്നു. സമീപ വർഷങ്ങളിൽ, ഭൂമി ഏറ്റെടുക്കൽ, പുതിയ വ്യവസായ പാർക്കുകൾ സൃഷ്ടിക്കൽ, നിലവിലുള്ള പാർക്കുകളുടെ വിപുലീകരണം, നിലവിലുള്ള പാർക്കുകളിൽ ഉപയോഗിക്കാത്ത ഭൂമിയുടെ വികസനം, നിലവിലുള്ള പാർക്കുകളിൽ ആധുനികമോ പുതിയതോ ആയ സൗകര്യങ്ങളുടെ വികസനം, പാർക്കുകളിലെ ഭൂമിയും സൗകര്യങ്ങളും അനുവദിക്കുന്നതിലെ കാര്യക്ഷമത എന്നിവയിൽ സർക്കാർ കൂടുതൽ ഊന്നൽ

**പട്ടിക 2.12** വിവിധ ഏജൻസികൾക്ക് കീഴിലുള്ള വിവിധ തരം വ്യവസായ പ്രദേശങ്ങളുടെ എണ്ണം

| ക്രമ നമ്പർ | ഏജൻസി | വ്യവസായ പ്രദേശങ്ങളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | മേജർ വ്യവസായ എസ്റ്റേറ്റുകൾ | മിനി വ്യവസായ എസ്റ്റേറ്റുകൾ | വികസന മേഖല (ഡിഎ) / വികസന പ്ലോട്ട് (ഡിപി) | വ്യവസായ പാർക്കുകൾ |
| 1 | ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ) | - | 92 | | |
| 2 | സിഡ്കോ | 17 | 36 | | |
| 3 | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് | | | 40 | |
| 4 | കിൻഫ്രാ | | - | | 30 |
| 5 | കെ.എസ്.ഐ.ഡി.സി | | - | | 11 |
| | **ആകെ** | **17** | **128** | **40** | **41** |

അവലംബം: വിവിധ ഏജൻസികളിൽ നിന്നും ശേഖരിച്ചത്

നൽകിയിട്ടുണ്ട്. വിവിധ ഏജൻസികൾ വ്യാവസായിക പ്രദേശങ്ങളെ, ലഭ്യമായ സൗകര്യങ്ങളുടെ അളവും സ്വഭാവവും അടിസ്ഥാനമാക്കി, വികസന മേഖലകൾ, വികസന പ്ലോട്ടുകൾ, വ്യവസായ പാർക്കുകൾ, വളർച്ചാ കേന്ദ്രങ്ങൾ, വ്യവസായ എസ്റ്റേറ്റുകൾ എന്നിങ്ങനെ വ്യത്യസ്തമായി നാമകരണം ചെയ്യുന്നു. വിവിധ ഏജൻസികൾക്ക് കീഴിൽ വിവിധ തരത്തിലുള്ള 226 വ്യവസായ പ്രദേശങ്ങളുണ്ട്. വിവിധ ഏജൻസികൾക്ക് കീഴിലുള്ള വിവിധ വ്യവസായ പ്രദേശങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 2.12** ൽ കാണിച്ചിരിക്കുന്നു.

കേരളത്തിലെ 226 വ്യാവസായിക മേഖലകളിലായി ആകെ 7,673 ഏക്കർ ഭൂമി വ്യാപിച്ചുകിടക്കുന്നു. ഇതിൽ ഏകദേശം 5,150 ഏക്കർ അനുവദിക്കാവുന്ന സ്ഥലമാണ്, അതേസമയം അനുവദിച്ച വിസ്തീർണ്ണം ഏകദേശം 4,298 ഏക്കറാണ്. വിശദാംശങ്ങൾ **പട്ടിക 2.13** ൽ കാണിച്ചിരിക്കുന്നു.

വ്യാവസായിക ഉപയോഗത്തിനായി ഭൂമി ഏറ്റെടുക്കുന്നതിലും, അത്തരം ഭൂമി വികസിപ്പിക്കുന്നതിലും, ഉപയോക്താക്കൾക്കിടയിൽ വിതരണം ചെയ്യുന്നതിലും സംസ്ഥാനം അതിവേഗം മുന്നേറിയിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലത്തിന്റെ ഒരു ഭാഗം പൊതു സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാണ് ഉപയോഗിക്കുന്നത്, അതിനാൽ മുഴുവൻ സ്ഥലവും അനുവദിക്കാവുന്നതല്ല. എന്നിരിന്നാലും സംസ്ഥാനത്തിന് ആകെ വിസ്തീർണ്ണത്തിൽ അനുവദിക്കാവുന്ന ഏരിയയുടെ വിഹിതം (നിലവിൽ ഏതാണ്ട് 67 ശതമാനം) (കോളം 5, പട്ടിക 2.13) ഉയർത്താവുന്നതാണ്. ഇതിനു ഏറ്റെടുക്കുന്ന ഭൂമി വ്യാവസായിക ഉപയോഗങ്ങൾക്ക് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തുകയും, ഏറ്റെടുക്കുന്ന ഭൂമി വികസിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും അനിവാര്യമാണ്. ഭൂമി അനുവദിക്കുന്നതിലെ മികവും (നിലവിൽ ഏതാണ്ട് 83 ശതമാനം) (കോളം 7, പട്ടിക 2.13) സംസ്ഥാനം ഉയർത്തേണ്ടതാണ്. ഇതു വഴി അനുവദിക്കാവുന്ന പ്രദേശം ഒഴിഞ്ഞുകിടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ കഴിയും. ഭൂമിയുടെ ഏറ്റവും അനുയോജ്യമായ ഉപയോഗം ഉറപ്പുവരുത്താൻ ഇത് സഹായിക്കും. സംസ്ഥാനം ഈ ദിശയിൽ നീങ്ങുകയാണ്.

കേരളത്തിന്റെ വ്യാവസായിക മേഖലയ്ക്ക് ഒരു സുപ്രധാന നാഴികക്കല്ലായി, കളമശ്ശേരിയിലെ കിൻഫ്രയുടെ ഹൈടെക് പാർക്കും പാലക്കാട്ടെ ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റൈൽ പാർക്കും (ഐഐടിപി) അഭിമാനകരമായ ഫിക്കി സ്വച്ഛ് ഇൻഡസ്ട്രി പാർക്ക് അവാർഡുകൾ നേടി. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് & ഇൻഡസ്ട്രി (ഫിക്കി) സംഘടിപ്പിക്കുന്ന സ്വച്ഛ് ഇൻഡസ്ട്രി പാർക്ക് കാമ്പെയ്ൻ, സംസ്ഥാന സർക്കാരുകളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഉടമസ്ഥതയിലുള്ള വ്യാവസായിക പാർക്കുകൾ ശുചിത്വത്തിലും സുസ്ഥിരതയിലും മികച്ച രീതികൾ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. കർശനമായ യോഗ്യതാ മാനദണ്ഡങ്ങളിൽ കുറഞ്ഞത് 100 ഏക്കർ വിസ്തൃതിയും കുറഞ്ഞത് 50% ഒക്യുപെൻസിയും ഉൾപ്പെടുന്നു. ഇത് വഴി ഏറ്റവും അർഹമായ പാർക്കുകൾ മാത്രമേ മൂല്യനിർണ്ണയത്തിന് യോഗ്യത നേടുന്നുള്ളൂ എന്ന് ഉറപ്പാക്കുന്നു. വിവിധ വിഭാഗങ്ങളിലായി ആകെ 137 പാർക്കുകൾ മത്സരിച്ചു.

ആറ് മാസത്തെ മൂല്യനിർണ്ണയത്തിൽ കളമശ്ശേരിയിലെ ഹൈടെക് പാർക്കിന് അടിസ്ഥാന സൗകര്യ മികവിനുള്ള അവാർഡും, പാലക്കാട് ഐഐടിപിക്ക്, പരിസ്ഥിതി സുസ്ഥിരതയ്ക്കുള്ള അവാർഡും ലഭിച്ചു. ശുചിത്വം, കാര്യക്ഷമമായ മാലിന്യ സംസ്കരണം,

**പട്ടിക 2.13** വിവിധ ഏജൻസികൾക്ക് കീഴിലുള്ള വ്യാവസായിക പ്രദേശങ്ങളിലെ ഭൂമി ലഭ്യതയും അലോട്ട്മെന്റും

| ക്രമ നമ്പർ | ഏജൻസി | ആകെ വിസ്തീർണ്ണം | അനുവദിക്കാവുന്ന ഏരിയ | ആകെ വിസ്തീർണ്ണത്തിൽ അനുവദിക്കാവുന്ന ഏരിയയുടെ വിഹിതം | അനുവദിച്ച വിസ്തീർണ്ണം | അനുവദിക്കാവുന്ന ഏരിയയിൽ അനുവദിച്ച ഏരിയയുടെ വിഹിതം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 (=4/3) | 6 | 7 (=6/4) |
| 1 | ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ) മിനി എസ്റ്റേറ്റുകൾ (92) | 75.63 | 44.22 | 58.47 | 42 | 94.98 |
| 2a | സിഡ്കോ - മേജർ (17) | 235.83 | NA | NA | 195.75 | NA |
| 2b | സിഡ്കോ - മിനി (36) | 63.22 | NA | NA | 31 | NA |
| 3 | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് – ഡിഎ/ഡിപി (40) | 2428.24 | 1918.54 | 79.01 | 1903.78 | 99.23 |
| 4 | കിൻഫ്രാ (30) | 3695.36 | 2478.81 | 67.08 | 1584.8 | 63.93 |
| 5 | കെ.എസ്.ഐ.ഡി.സി (11) | 1174.5 | 707.5 | 60.24 | 540.9 | 76.45 |
| **ആകെ** | | **7672.78** | **5149.07** | **67.11** | **4298.23** | **83.47** |

വിസ്തീർണം ഏക്കറിൽ
അവലംബം: വിവിധ ഏജൻസികളിൽ നിന്നും ശേഖരിച്ചത്

പരിസ്ഥിതി സുസ്ഥിരത എന്നിവയിലെ പാർക്കുകളുടെ മികച്ച സംഭാവനകളെ ഈ അംഗീകാരങ്ങൾ ഉയർത്തിക്കാട്ടുന്നു. വ്യാവസായിക വളർച്ചയെ പരിസ്ഥിതി അവബോധവുമായി സന്തുലിതമാക്കാനുള്ള കേരളത്തിന്റെ കഴിവിനെയും ഇത് എടുത്തുകാണിക്കുന്നു, ഇത് രാജ്യത്തിന്റെ മറ്റ് ഭാഗങ്ങൾക്ക് പ്രചോദനാത്മകമായ ഒരു മാതൃകയാണ്.

**കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)**

സംസ്ഥാനമെമ്പാടും വ്യവസായ-നിർദ്ദിഷ്ട അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, അതുവഴി സ്വകാര്യ നിക്ഷേപം, തൊഴിലവസര സൃഷ്ടി എന്നിവ പ്രോത്സാഹിപ്പിക്കുക; ഭാവിയിലെ വ്യാവസായിക വളർച്ചയ്ക്കായി ഒരു ലാൻഡ് ബാങ്ക് സൃഷ്ടിക്കുക എന്നിവയാണ് കിൻഫ്രയുടെ പ്രാഥമിക ലക്ഷ്യം. വ്യവസായ പാർക്കുകൾ/ടൗൺഷിപ്പുകൾ/സോണുകൾ സ്ഥാപിച്ചുകൊണ്ട് സംസ്ഥാനത്തെ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുടെ സാമ്പത്തിക വികസനം കിൻഫ്ര പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഇത് സംരംഭകർക്ക് ഒരു വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ മിക്ക സൗകര്യങ്ങളും നൽകുന്നു. ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ സമയവും ചെലവും കുറയ്ക്കുന്നതിന് കിൻഫ്ര സഹായിക്കുന്നു. സംരംഭകർക്ക് ഒരു റെഡിമെയ്ഡ് വ്യവസായ അന്തരീക്ഷം കിൻഫ്ര വാഗ്ദാനം ചെയ്യുന്നു.

വസ്ത്ര നിർമ്മാണം, ഭക്ഷ്യ സംസ്കരണം, പ്രതിരോധ ഉപകരണങ്ങൾ, പെട്രോകെമിക്കൽസ്, ഐടി/ഐടിഇഎസ്, ആരോഗ്യ സംരക്ഷണം തുടങ്ങിയ വിവിധ മേഖലകളിലായി ഏകദേശം 1,200 യൂണിറ്റുകൾ ഉൾക്കൊള്ളുന്ന 31 വ്യവസായ പാർക്കുകൾ കിൻഫ്ര വികസിപ്പിച്ചെടുത്തിട്ടുണ്ട്. 1.4 ദശലക്ഷം ചതുരശ്ര അടിയിൽ കൂടുതൽ വ്യാവസായിക ഇടം കിൻഫ്ര നിർമ്മിച്ചു, ഇത് ഏകദേശം 70,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും മൊത്തം 5,000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുകയും ചെയ്തു. രാജ്യത്തെ ഏറ്റവും മികച്ച പാർക്കുകൾ ഉൾപ്പെടെയുള്ള പാർക്കുകളിൽ

**പട്ടിക 2.14** കിൻഫ്ര പാർക്കുകളിലെ മുൻനിര നിക്ഷേപകർ

| ക്രമ നമ്പർ | കമ്പനി | മേഖല | കിൻഫ്രാ പാർക്ക് | തൊഴിൽ | വിസ്തീർണ്ണം (ഏക്കറിൽ/ ചതുരശ്ര അടി ) | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ടിസിഎസ് | ഐടിയും ഇലക്ട്രോണിക്സും | ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ ഇഎംസി, കൊച്ചി | 3000 | 36 | പ്രവൃത്തി പുരോഗമിക്കുന്നു |
| 2 | ടാറ്റ എൽക്സി | ഐടി | കിൻഫ്ര ഫിലിം & വീഡിയോ പാർക്ക് കെഎഫ് വിപി, തിരുവനന്തപുരം | 2500 | 2 lakh sq. ft | കമ്മിഷൻ ചെയ്തു |
| 3 | ജൻ റോബോട്ടിക് ഇന്നൊവേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | റോബോട്ടിക്സ് | കെഎഫ് പി, തിരുവനന്തപുരം | 100 | 0.99 | കമ്മിഷൻ ചെയ്തു |
| 4 | വി - ഗാർഡ് | ഇലക്ട്രോണിക്സ്, ആർ&ഡി | ഇഎംസി, കൊച്ചി | 350 | 3 | പൂർത്തീകരണത്തിലേക്ക് അടുക്കുന്നു |
| 5 | അഗാപ്പെ ഡയഗ്നോസ്റ്റിക്സ് | മെഡിക്കൽ എക്യുപ്മെന്റ് | ഇഎംസി, കൊച്ചി | 200 | 2 | വർത്തനക്ഷമം |
| 6 | ട്രാൻസ്-ഏഷ്യൻ ഷിപ്പിംഗ് കമ്പനി. | ലോജിസ്റ്റിക്സ് | ഇഎംസി, കൊച്ചി | 80 | 2 | വർത്തനക്ഷമം |
| 7 | ഹൈക്കൺ, | ഇലക്ട്രോണിക്സ് | ഇഎംസി, കൊച്ചി | 100 | 5 | പ്രവർത്തി പുരോഗമിക്കുന്നു |
| 8 | വിൻ വിഷ് ടെക്നോളജീസ് | എയ്റോ സ്പേസ് ഉൽപ്പന്നങ്ങൾ | കിൻഫ്ര അന്താരാഷ്ട്ര അപ്പാരൽ പാർക്ക്, തിരുവനന്തപുരം | 1000 | 4324 sq ft<br>0.0664 | കമ്മിഷൻ ചെയ്തു |
| 9 | ജോളി ക്വാട്സ് | വ്യാവസായിക ഹോസുകൾ | പെട്രോ കെമിക്കൽ പാർക്ക് കൊച്ചി | 130 | 3.5 | പ്രവൃത്തി പുരോഗമിക്കുന്നു |
| 10 | ഹെയിൽ സ്റ്റോൺ | എഞ്ചിനീയറിംഗ് ഉൽപ്പന്നങ്ങൾ | ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റൈൽ പാർക്ക്, പാലക്കാട് | 375 | 5<br>1.3 lakh sq ft | കമ്മിഷൻ ചെയ്തു<br>പ്രവൃത്തി പുരോഗമിക്കുന്നു |
| 11 | വെൻഷോർ | ഐടി, ഐടി അനുബന്ധ സേവനങ്ങൾ | കെഎഫ് വിപി, തിരുവനന്തപുരം | 150 | 10000 sq ft | കമ്മിഷൻ ചെയ്തു |
| 12 | സിസ്ട്രോം ടെക്നോളജീസ് | ഇലക്ട്രോണിക്സ് | മെഗാ ഫുഡ്പാർക്ക് പാലക്കാട് | 300 | 60000 sq ft | കമ്മിഷൻ ചെയ്തു |

അവലംബം – കിൻഫ്ര

**ബോക്സ് 2.5** ഉടൻ പൂർത്തിയാകുന്ന കിൻഫ്ര പദ്ധതികൾ

സർക്കാരിന്റെ പ്രധാന വ്യാവസായിക അടിസ്ഥാന സൗകര്യ വികസന ഏജൻസിയായ കിൻഫ്ര നേതൃത്വം നൽകുന്ന ചില പ്രധാന പദ്ധതികളുടെ പൂർത്തീകരണത്തിനായി സംസ്ഥാനം ഉറ്റുനോക്കുകയാണ്. മൂല്യം വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള സംസ്ഥാനത്തിന്റെ ശേഷി ഈ പദ്ധതികൾ ഗണ്യമായി വർദ്ധിപ്പിക്കും.

- **തിരുവനന്തപുരം ടെക്നോപാർക്കിലെ യൂണിറ്റി മാൾ**
  പരമ്പരാഗത ഉൽപ്പന്നങ്ങൾ, പ്രാദേശികമായി നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ, മറ്റ് എല്ലാ സംസ്ഥാനങ്ങളുടെയും അത്തരം ഉൽപ്പന്നങ്ങൾക്കുള്ള സ്ഥലം എന്നിവയുൾപ്പെടെ ജിഐ ടാഗ് ചെയ്ത ഇനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സമർപ്പിത പ്ലാറ്റ്ഫോം നൽകുന്നതിന് ലക്ഷ്യമിടുന്ന ₹120 കോടി പദ്ധതിയാണിത്. കിൻഫ്ര നടപ്പിലാക്കുന്ന പദ്ധതിയിൽ ഒരു ആംഫി തിയേറ്റർ, വിശാലമായ റീട്ടെയിൽ ഔട്ട്ലെറ്റുകൾ, ഒരു പ്രദർശന സ്ഥലം, കോൺഫറൻസ് റൂമുകൾ, പാർക്കിംഗ് സൗകര്യങ്ങൾ, 1,85,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു വലിയ ഓഡിറ്റോറിയം എന്നിവയുൾപ്പെടെ 5 നിലകളുള്ള ഒരു വാണിജ്യ കെട്ടിടം ഉൾപ്പെടുന്നു. പദ്ധതിക്കായി കേന്ദ്ര സർക്കാർ ദീർഘകാല പലിശരഹിത വായ്പകൾ നൽകിയിട്ടുണ്ട്, മൊത്തം തുകയുടെ 50 ശതമാനം ഇതിനകം അനുവദിച്ചിട്ടുണ്ട്. നിർമ്മാണം അതിവേഗം പുരോഗമിക്കുന്നു.

- **ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ, (ഐഇസിസി) കാക്കനാട്, കൊച്ചി**
  എറണാകുളം ജില്ലയിലെ കാക്കനാട്ട് 7 ഏക്കർ സ്ഥലത്ത് ഒരു ഇന്റർനാഷണൽ സ്റ്റാൻഡേർഡ് എക്സിബിഷൻ കം കൺവെൻഷൻ സെന്റർ കിൻഫ്ര വികസിപ്പിക്കുന്നു. സംസ്ഥാനത്തെ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും, വിവിധ പ്രദർശനങ്ങൾ സംഘടിപ്പിക്കാനും, അതുവഴി ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും ഇത് സഹായിക്കും. 55,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു എയർ കണ്ടീഷൻ ചെയ്ത പ്രദർശന കേന്ദ്രം 2024 ഫെബ്രുവരി 04 ന് പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. പ്രദർശനങ്ങൾക്കായി ഈ സൗകര്യം വാടകയ്ക്ക് നൽകുന്നു. അടുത്ത വർഷത്തേക്ക് ബുക്കിംഗുകളും ഉണ്ട്. അതിഥി മുറി സൗകര്യമുള്ള 52,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കൺവെൻഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2025 ജനുവരിയിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

- **തോന്നയ്ക്കൽ, മിനി ഇൻഡസ്ട്രിയൽ പാർക്ക്**
  മംഗലപുരം പഞ്ചായത്തിലെ വെയ്ലൂർ ഗ്രാമത്തിൽ 7.48 ഏക്കറിൽ എംഎസ്എംഇ യൂണിറ്റുകൾക്കായി കിൻഫ്ര ഒരു മിനി-ഇൻഡസ്ട്രിയൽ പാർക്ക് വികസിപ്പിക്കുന്നു. മലിനീകരണമില്ലാത്ത പൊതുവിഭാഗ വ്യവസായങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. റോഡുകൾ, ജലവിതരണ സൗകര്യം, വൈദ്യുതി വിതരണ സംവിധാനം, 24 മണിക്കൂർ സുരക്ഷാ സൗകര്യം, തെരുവുവിളക്ക് തുടങ്ങിയ പൊതു അടിസ്ഥാന സൗകര്യങ്ങൾ പാർക്കിൽ ഒരുക്കിവരികയാണ്. റോഡ്, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ആകെ പ്രതീക്ഷിക്കുന്ന പദ്ധതി ചെലവ് 9.0. കോടി ആണ്. പദ്ധതി പൂർത്തിയാകുന്നതോടെ, 30 കോടി രൂപയുടെ നിക്ഷേപവും ഏകദേശം 300 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പാർക്കിലെ അലോട്ട്മെന്റ് നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്, ആകെ അനുവദിക്കാവുന്ന 6.4 ഏക്കർ ഭൂമിയിൽ 5.79 ഏക്കർ 14 സംരംഭകർക്കായി ഇതിനകം അനുവദിച്ചിട്ടുണ്ട്.

- **പെട്രോകെമിക്കൽ പാർക്ക്, കൊച്ചി**
  കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഫാക്ടിൽ നിന്ന് സംസ്ഥാന സർക്കാർ ഏറ്റെടുത്ത 481.79 ഏക്കർ ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ആങ്കർ നിക്ഷേപകനായ ബിപിസിഎല്ലിന്റെ ഉടമസ്ഥതയിലുള്ള കൊച്ചിൻ റിഫൈനറി വികസിപ്പിച്ച് അതിൽ നിന്ന് ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ പൂർണ്ണമായി ഉപയോഗപ്പെടുത്തി പെട്രോകെമിക്കൽ വ്യവസായങ്ങളുടെ ഒരു കൂട്ടം സൃഷ്ടിക്കുന്നതിനായാണ് കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നത്. നിലവിൽ 24 വ്യവസായികൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. പെട്രോകെമിക്കൽ പാർക്ക് പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ 10,000 കോടി രൂപയുടെ നിക്ഷേപം സൃഷ്ടിക്കുമെന്നും ഏകദേശം 10,000 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും കിൻഫ്ര പ്രതീക്ഷിക്കുന്നു. 2025 മാർച്ചോടെ പാർക്ക് പൂർണ്ണമായും പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

- **കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം, ഘട്ടം-2, എസ്ഡിഎഫ്**
  ഐടി, ഐടിഇഎസ് വ്യവസായങ്ങളിൽ നിന്നുള്ള വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്താണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്. പുതിയ കെട്ടിടത്തിന് 1.78 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണവും, ഓഫീസുകളും വിനോദത്തിനുള്ള സ്ഥലങ്ങളും ഉൾപ്പെടെ ഏഴ് നിലകളുമുണ്ട്. പ്രതീക്ഷിക്കുന്ന പദ്ധതി ചെലവ് 78.476 കോടി രൂപയാണ്. ഏകദേശം 30 ശതമാനം നിർമ്മാണം പൂർത്തിയായി. 2,500 പേർക്ക് നേരിട്ടും 1,500 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 600 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന ഈ പദ്ധതി, 2025 ഡിസംബറോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കെട്ടിടത്തിലെ സ്ഥലം പൂർണ്ണമായും അലോട്ട് ചെയ്യുന്നതിനായി ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

അവലംബം - കിൻഫ്ര

നിരന്തരം ഭൂമി ഏറ്റെടുക്കാനും അവ വികസിപ്പിക്കാനും നിക്ഷേപം ആകർഷിക്കാനും ഏജൻസിക്ക് കഴിഞ്ഞു. സമീപ വർഷങ്ങളിൽ കിൻഫ്ര പാർക്കുകളിലെ ചില മുൻനിര നിക്ഷേപകരെക്കുറിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 2.14** ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി)

കേരളത്തിലെ പ്രധാന വ്യവസായ ഫണ്ടിംഗ് ഏജൻസികളിലൊന്നാണ് കെഎസ്ഐഡിസി. വ്യാവസായിക ധനസഹായം നൽകുന്നതിനു പുറമേ, സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് ആവശ്യമായ ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ കെഎസ്ഐഡിസി പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും ചെയ്യുന്നു. സമീപ വർഷങ്ങളിൽ നയ വികസനം, പദ്ധതി നിർവ്വഹണം, നിക്ഷേപ പ്രോത്സാഹനം, ബിസിനസ് പ്രോത്സാഹനം എന്നിവയിലും സ്ഥാപനം ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് നയപരമായി പ്രാധാന്യമുള്ള, പ്രധാന വ്യാവസായിക, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കെഎസ്ഐഡിസി ആരംഭിച്ചു. കൊച്ചിയിലെ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, ലൈഫ് സയൻസ് പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ്

ഇൻഡസ്ട്രിയൽ പാർക്കിന്റെ രണ്ടാം ഘട്ടം, പാലക്കാട്; മെഡിക്കൽ ഡിവൈസസ് പാർക്ക് (മെഡ് സ്പാർക്ക്), മെഗാ ഫുഡ് പാർക്ക് എന്നിവ കെഎസ്ഐഡിസിയുടെ സമീപ വർഷങ്ങളിലെ പ്രധാന നേട്ടങ്ങളിൽ ചിലതാണ്. 2018-19 മുതൽ ഇത് തുടർച്ചയായി ലാഭം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെഎസ്ഐഡിസി നൽകുന്ന വ്യാവസായിക ധനസഹായം സംസ്ഥാനത്തെ സംരംഭകരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. സമീപ വർഷങ്ങളിൽ, വ്യവസായങ്ങളുടെ നിക്ഷേപങ്ങൾ വിവിധ പാർക്കുകളിലേക്ക് ആകർഷിക്കുന്നതിന് കെഎസ്ഐഡിസിക്ക് കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 2.15** ൽ നൽകിയിരിക്കുന്നു.

### ക്ലസ്റ്റർ വികസനവും പൊതു സൗകര്യ കേന്ദ്രങ്ങളും – അവശ്യ സൗകര്യങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കാൻ

ഭാരത സർക്കാരിന്റെ സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ മന്ത്രാലയത്തിന്റെ, മൈക്രോ സ്മോൾ എന്റർപ്രൈസസ് - ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (എംഎസ്ഇ-സിഡിപി) എന്ന കേന്ദ്ര മേഖല പദ്ധതിയിലൂടെ വിവിധ ക്ലസ്റ്ററുകളിൽ പൊതു സൗകര്യ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് കേരളം പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. മൈക്രോ ചെറുകിട സംരംഭങ്ങളുടെ (എംഎസ്ഇ) ഉൽപ്പാദനക്ഷമതയും മത്സരശേഷിയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2004 മുതൽ ഈ പദ്ധതി പ്രവർത്തനക്ഷമമാണ്. ഈ പദ്ധതിക്ക് രണ്ടു ഘടകങ്ങളുണ്ട് -

എ) എംഎസ്ഇ യൂണിറ്റുകളുടെ ക്ലസ്റ്ററുകളിലെ പൊതു സൗകര്യ കേന്ദ്രങ്ങളുടെ വികസനം - പൊതു സൗകര്യ കേന്ദ്രങ്ങളുടെ (സിഎഫ്സി) വികസനത്തിനായി ഒരു പ്രത്യേക വ്യാവസായിക ക്ലസ്റ്ററിലെ മൈക്രോ & സ്മോൾ ഇൻഡസ്ട്രിയൽ യൂണിറ്റുകളുടെ കൺസോർഷ്യത്തിന് (എസ്പിവി) സാമ്പത്തിക സഹായം നൽകുക.

**പട്ടിക 2.15** കെ.എസ്.ഐ.ഡി.സി പാർക്കുകളിലെ പ്രധാന നിക്ഷേപകർ

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സ്ഥലം | വിസ്തീർണ്ണം (സെന്റിൽ) | മേഖല |
|---|---|---|---|---|
| 1 | മിനാർ റീ-റോളിംഗ് മിൽസ് പ്രൈവറ്റ് ലിമിറ്റഡ് | ഐജിസി കണ്ണൂർ | 1600 | റ്റി.എം.റ്റി സ്റ്റീൽ ബാറുകൾ |
| 2 | മുരള്യ ഡയറി പ്രൊഡക്ട്സ് ആൻഡ് ലോജിസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് | ബിസിനസ് പാർക്ക്, അങ്കമാലി | 460 | പാലും പാലുൽപ്പന്നങ്ങളും |
| 3 | സൺ അക്വാറ്റിക് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | മെഗാ ഫുഡ് പാർക്ക്, ചേർത്തല | 500 | സീഫുഡ് |
| 4 | അൽ-ഫാസ് വുഡ് പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | ഐജിസി കണ്ണൂർ | 900 | പാർട്ടിക്കിൾ ബോർഡ് |
| 5 | സെറാഫിൻ ദേവ് ഇംപെക്സ് പ്രൈവറ്റ് ലിമിറ്റഡ് | മെഗാ ഫുഡ് പാർക്ക്, ചേർത്തല | 375 | ലഘുഭക്ഷണം, പയറുവർഗ്ഗങ്ങൾ |
| 6 | പ്രോടെക് ഓർഗാനോ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് | മെഗാ ഫുഡ് പാർക്ക്, ചേർത്തല | 300 | സീഫുഡ് |
| 7 | ആർസിസി ന്യൂട്ര ഫിൽ പ്രൈവറ്റ് ലിമിറ്റഡ് | ബിസിനസ് പാർക്ക്, അങ്കമാലി | 484 | ഗാമാ വികിരണ സൗകര്യം |
| 8 | ലൈഫ് ഇൻഫ്യൂഷൻ ഫാർമസ്യൂട്ടിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് | ഐജിസി കിനാലൂർ | 350.00 | ഐ.വി ദ്രാവകം |
| 9 | അക്വാ സീഫുഡ് പ്രൈവറ്റ് ലിമിറ്റഡ് | മെഗാ ഫുഡ് പാർക്ക്, ചേർത്തല | 200 | സീഫുഡ് |
| 10 | ചെണ്ടയാട് ഗ്രാനൈറ്റ്സ് (പി) ലിമിറ്റഡ് | ഐജിസി കണ്ണൂർ | 1100 | നിർമ്മാണ സാമഗ്രികൾ |

അവലംബം - കെ.എസ്.ഐ.ഡി.സി

**പട്ടിക 2.16** എം.എസ്.ഇ-സി.ഡി.പി പദ്ധതിയുടെ ഫണ്ടിംഗ് പാറ്റേൺ

| ഘടകങ്ങൾ | ആകെ പദ്ധതി ചെലവ് | ഫണ്ടിംഗ് പാറ്റേൺ | | |
|---|---|---|---|---|
| | | ഭാരത സർക്കാർ വിഹിതം | കേരള സർക്കാർ വിഹിതം | കൺസോർഷ്യം (എസ്പിവി) വിഹിതം |
| കോമൺ ഫെസിലിറ്റി സെന്റർ | 5 കോടി രൂപ മുതൽ 10 കോടി രൂപ വരെ | 80 % | 15% | 5% |
| | 10 കോടി രൂപ മുതൽ 30 കോടി വരെ | 70% | 15% | 15% |
| അടിസ്ഥാന സൗകര്യ വികസനം - പുതിയത് | 5 കോടി രൂപ. മുതൽ 15 കോടി രൂപ വരെ | 60% | 40% | ബാധകമല്ല |
| അടിസ്ഥാന സൗകര്യ വികസനം - നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം | 5 രൂപ. കോടി മുതൽ 10 കോടി രൂപ വരെ | 50% | 50% | ബാധകമല്ല |

അവലംബം : വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരളം

ബി) പുതിയതും നിലവിലുള്ളതുമായ വ്യാവസായിക വികസന മേഖലകളിലെ/പ്ലോട്ടുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം - പുതിയതും നിലവിലുള്ള തുമായ വ്യവസായ മേഖലകളിലെ/പ്ലോട്ടുകളിലെ റോഡുകൾ, ഡ്രെയിനുകൾ, കെട്ടിടങ്ങൾ, തെരുവ് വിളക്കുകൾ, ബസ് ഷെൽട്ടറുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ വികസനത്തിനുള്ള സാമ്പത്തിക സഹായം നൽകുക.

എം.എസ്.ഇ-സി.ഡി.പി പദ്ധതിയുടെ ഫണ്ടിംഗ് പാറ്റേൺ വിശദാംശങ്ങൾ **പട്ടിക 2.16** ൽ നൽകിയിരിക്കുന്നു.

ഒരു ക്ലസ്റ്റർ എന്നത് തിരിച്ചറിയാവുന്നതും അടുത്തുള്ളതുമായ (ഒരു പരിധി വരെ) ഒരു പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു കൂട്ടം സംരംഭങ്ങളാണ്, അല്ലെങ്കിൽ ഒരു ഭൂമിശാസ്ത്രപരമായ പ്രദേശത്തിനപ്പുറത്തേക്ക് പോയി സമാന / പൂരക ഉൽപ്പന്നങ്ങളും സേവനങ്ങളും

**പട്ടിക 2.17** എംഎസ്ഇ-സിഡിപി-ക്ക് കീഴിൽ കമ്മീഷൻ ചെയ്ത സിഎഫ് സികൾ (രൂപ ലക്ഷത്തിൽ)

| ക്രമനം | ക്ലസ്റ്ററിന്റെ പേര് | ഭാരത സർക്കാർ വിഹിതം | കേരള സർക്കാർ വിഹിതം | കൺസോർഷ്യം (എസ്.പി.വി) വിഹിതം | ആകെ പദ്ധതിചെലവ് | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | റബ്ബർ ക്ലസ്റ്റർ, ചങ്ങനാശേരി, കോട്ടയം | 239.89 | - | 26.65 | 266.54 | 2007 ജൂണിൽ കമ്മീഷൻ ചെയ്തു |
| 2 | പ്ലാസ്റ്റിക് ക്ലസ്റ്റർ, ആലുവ, എറണാകുളം | 315.00 | 92.00 | 83.00 | 490.00 | 2009 ഫെബ്രുവരിയിൽ കമ്മീഷൻ ചെയ്തു |
| 3 | ടെറ ടൈൽ ക്ലസ്റ്റർ, തൃശ്ശൂർ | 249.65 | 99.86 | 149.79 | 499.30 | 2010 ജനുവരിയിൽ കമ്മീഷൻ ചെയ്തു |
| 4 | പ്ലൈവുഡ് ക്ലസ്റ്റർ, പെരുമ്പാവൂർ, എറണാകുളം | 235.31 | 67.23 | 114.69 | 417.23 | 2010 ജനുവരിയിൽ കമ്മീഷൻ ചെയ്തു |
| 5 | റൈസ് മില്ലേഴ്സ് ക്ലസ്റ്റർ, കാലടി, എറണാകുളം | 472.84 | 162.72 | 77.84 | 713.40 | 2011 ഡിസംബറിൽ കമ്മീഷൻ ചെയ്തു |
| 6 | കേരള ഫർണിച്ചർ ക്ലസ്റ്റർ, പെരുമ്പാവൂർ, എറണാകുളം | 245.29 | 98.12 | 147.17 | 490.58 | 2010 സെപ്റ്റംബറിൽ കമ്മീഷൻ ചെയ്തു |
| 7 | വുഡ് ക്ലസ്റ്റർ, (വള്ളുവനാട്) പെരിന്തൽമണ്ണ, മലപ്പുറം | 160.23 | 45.78 | 32.89 | 238.90 | 2012 ജൂലൈയിൽ കമ്മീഷൻ ചെയ്തു |
| 8 | ജനറൽ എഞ്ചിനീയറിംഗ് ക്ലസ്റ്റർ, മഞ്ചേരി, മലപ്പുറം | 199.00 | 63.00 | 53.01 | 315.01 | 2015 ജനുവരിയിൽ കമ്മീഷൻ ചെയ്തു |
| 9 | വുഡ് ക്ലസ്റ്റർ, ചടയമംഗലം, കൊല്ലം | 181.67 | 51.91 | 25.95 | 259.53 | 2017 മെയിൽ കമ്മീഷൻ ചെയ്തു |
| 10 | ഓഫ്സെറ്റ് പ്രിന്റിംഗ് ക്ലസ്റ്റർ, കണ്ണൂർ | 855.50 | 244.43 | 122.21 | 1,222.14 | 2018 മാർച്ചിൽ കമ്മീഷൻ ചെയ്തു |
| 11 | വുഡ് ഫർണിച്ചർ ക്ലസ്റ്റർ, തളിപ്പറമ്പ്, കണ്ണൂർ | 811.67 | 235.38 | 117.69 | 1,164.74 | 2018 ഡിസംബറിൽ കമ്മീഷൻ ചെയ്തു |
| 12 | ഫർണിച്ചർ ക്ലസ്റ്റർ, ചേർപ്പ്, തൃശ്ശൂർ | 1002.46 | 289.01 | 153.61 | 1445.08 | 2021 ജനുവരിയിൽ കമ്മീഷൻ ചെയ്തു |
| **ആകെ** | | **4968.51** | **1449.44** | **1104.50** | **7522.45** | |

അവലംബം: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരളം

നിർമ്മിക്കുന്ന ഒരു മൂല്യ ശൃംഖലയാണ്. ഇവയെ പൊതു ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ കൊണ്ട് ബന്ധിപ്പിച്ചിരിക്കുന്നു. പദ്ധതി അനുസരിച്ച്, പൊതു സൗകര്യ കേന്ദ്രം (സിഎഫ്സി) നിർദ്ദേശിക്കുന്ന ഒരു പ്രത്യേക വ്യാവസായിക മേഖലയിലെ എംഎസ്ഇകളുടെ കൺസോർഷ്യം, 2013 ലെ കമ്പനീസ് ആക്റ്റ് പ്രകാരം സെക്ഷൻ 8 കമ്പനിയുടെ രൂപത്തിൽ ഒരു എസ് പി വി സംയോജിപ്പിക്കേണ്ടതുണ്ട്. എംഎസ്ഇകളുടെ എസ് പി വി യുടെ പ്രവർത്തനവും മാനേജ്മെന്റുമാണ് പദ്ധതിയുടെ സവിശേഷത.

ഭാരത സർക്കാരിന്റെ എംഎസ്എംഇ മന്ത്രാലയത്തിന്റെ എംഎസ്ഇ-സിഡിപി സ്കീമിന് കീഴിലുള്ള പദ്ധതികൾ കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. എംഎസ്എംഇ മന്ത്രാലയം, അതത് ജില്ലകളിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (ഡിഐഎസികൾ), സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ (എംഎസ്ഇ) കൺസോർഷ്യം, എന്നിവയുമായി സഹകരിച്ച്, എംഎസ്ഇ-സിഡിപി സ്കീമിന് കീഴിലുള്ള സിഎഫ്സി വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുന്ന ഏജൻസിയാണ് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ (കെബിഐപി). വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നിയന്ത്രണത്തിലുള്ള പുതിയതും നിലവിലുള്ളതുമായ വ്യാവസായിക വികസന മേഖലകളിലെ/പ്ലോട്ടുകളിലെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള ഇമ്പ്ലിമെന്റിംഗ് ഏജൻസിയാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്.

ഇതുവരെ, എംഎസ്ഇ-സിഡിപി സ്കീമിന് കീഴിൽ ഭാരത സർക്കാരിന്റെ എംഎസ്എംഇ മന്ത്രാലയം 12,519.00 ലക്ഷം രൂപയുടെ 16 സിഎഫ്സി പ്രോജക്ടുകൾ കേരളത്തിനു അനുവദിച്ചിട്ടുണ്ട്. അതിൽ 7,522.45 ലക്ഷം രൂപയുടെ 12 പ്രോജക്ടുകൾ കമ്മീഷൻ ചെയ്യുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 2.17** ൽ നൽകിയിരിക്കുന്നു.

എംഎസ്ഇ-സിഡിപി-ക്ക് കീഴിൽ 4,997.30 ലക്ഷം രൂപയുടെ 4 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ **പട്ടിക 2.18** ൽ നൽകിയിരിക്കുന്നു.

എറണാകുളം ജില്ലയിലെ എടയാറിലെ ഇൻഡസ്ട്രിയൽ ഏരിയയിലും കോട്ടയം ജില്ലയിലെ പൂവൻതുരുത്തിലെ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിലും അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിന് 1,967.69 ലക്ഷം രൂപയുടെ രണ്ട് പദ്ധതികൾക്ക് ഭാരത സർക്കാരിന്റെ എംഎസ്എംഇ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് & കൊമേഴ്സാണ് രണ്ട് പദ്ധതികളും നടപ്പിലാക്കുന്നത്. വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് സംസ്ഥാന സർക്കാർ പുതിയ മാതൃകകളും ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയുടെയും വിദ്യാഭ്യാസ മേഖലയുടെയും സഹകരണ മേഖലയുടെയും സജീവ പങ്കാളിത്തം ഇതിൽ ഉൾപ്പെടുന്നു.

### സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ (പി.ഐ.ഇ): പൊതു-സ്വകാര്യ സഹകരണത്തിനുള്ള നൂതന മാതൃക

വ്യവസായിക പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന ഭൂമിയുടെ വർദ്ധിച്ചു വരുന്ന ആവശ്യകതയ്ക്കുള്ള പരിഹാരമായി ആരംഭിച്ച പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ (പി.ഐ.ഇ). സംസ്ഥാനത്ത് വ്യവസായ എസ്റ്റേറ്റുകൾ വികസിപ്പിക്കുന്നതിന് സ്വകാര്യ സ്ഥാപനങ്ങളെ പിന്തുണക്കുന്നതിനായുള്ള പദ്ധതിയാണിത്. ഒരേക്കർ സ്ഥലത്തിന് 30 ലക്ഷം രൂപയുടെ (പരമാവധി 3 കോടി രൂപ വരെ) സാമ്പത്തിക സാഹായമാണ് ഒരു സ്വകാര്യ എസ്റ്റേറ്റിനായി സർക്കാർ നല്കുന്നത്. സാമ്പത്തിക സാഹായത്തിന് പുറമെ ചുവടെ കൊടുത്തിരിക്കുന്ന രീതിയിലുള്ള സഹായവും സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ വികസിപ്പിക്കുന്ന വ്യക്തിക്ക് നല്കുന്നു.

എ) എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് നൽകപ്പെടുന്നു. കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019ഉം അനുബന്ധ ഉത്തരവുകളും അനുശാസിക്കുന്ന തരത്തിലുള്ളതാണ് എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ്.

ബി) കേരള വ്യവസായിക ഏകജാലക ക്ലിയറൻസ് ബോർഡ് ആന്റഡ് ടൗൺഷിപ്പ് ഏരിയാ ഡെവലപ്മെന്റ് ആക്ട് 1999 ന്റെ കീഴിൽ ഉള്ള വ്യാവസായിക പ്രദേശമായും ഏകജാലക ക്ലീയറൻസ് ബോർഡും ആയിട്ടുള്ള നോട്ടിഫിക്കേഷൻ

2024 നവംബർ വരെ 30 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 2.19** ൽ നൽകിയിരിക്കുന്നു.

### ക്യാമ്പസ് വ്യവസായ പാർക്കുകൾ - ട്രിപ്പിൾ ഹെലിക്സ് മാതൃകയിലേക്കുള്ള ശക്തമായ ചുവടുവെയ്പുകൾ

വ്യവസായിക അക്കാദമിക് സഹകരണം ശക്തിപ്പെടുത്തുന്നതിനായി വിദ്യാർത്ഥികളുടെ ഇടയിൽ സംരംഭകത്വ താല്പര്യം വളർത്തിയെടുക്കുന്നതിലേക്കായിട്ടാണ് സർക്കാർ

**പട്ടിക 2.18** എംഎസ്ഇ-സിഡിപി-ക്ക് കീഴിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സിഎഫ് സികൾ

| ക്രമനം. | പദ്ധതി | ആകെ പദ്ധതി ചിലവ് (തുക ലക്ഷം രൂപയിൽ) |
|---|---|---|
| 1 | ഫർണിച്ചർ ഇൻഡസ്ട്രി ക്ലസ്റ്റർ, മണ്ടന്കാവ്, കോഴിക്കോട് | 1,446.70 |
| 2 | സ്റ്റീൽ ഫർണിച്ചർ ക്ലസ്റ്റർ, പെരുമ്പാവൂർ, എറണാകുളം | 1,591.27 |
| 3 | പ്ലൈവുഡ് ക്ലസ്റ്റർ, ഇടുക്കി ലോകസഭാ മണ്ഡലം, എറണാകുളം ജില്ല. | 1,404.12 |
| 4 | പപ്പാട് ക്ലസ്റ്റർ, കൊച്ചു വേളി, തിരുവനന്തപുരം | 555.22 |

അവലംബം: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരളം

**പട്ടിക 2.19** ഡെവലപ്പർ പെർമിറ്റ് ലഭിച്ച സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ

| ക്രമനം | സ്വകാര്യ വ്യവസായ എസ്റ്റേറ്റിന്റെ പേര് | ജില്ല |
|---|---|---|
| 1 | ടഫ്ഫോപ്ലയ് റെസിൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | എറണാകുളം |
| 2 | ഓസോൺ ഗ്രാനൈറ്റ് പ്രൈവറ്റ് ലിമിറ്റഡ് | എറണാകുളം |
| 3 | അവിഗൊ ജെയ പ്രൈവറ്റ് ലിമിറ്റഡ് | എറണാകുളം |
| 4 | വുഡ് ഓൺ എം.ഡി.എഫ് പാനൽ പ്രൈവറ്റ് ലിമിറ്റഡ് | ഇടുക്കി |
| 5 | വിഎംപിഎസ് ഫുഡ് പാർക്ക്സ് ആൻഡ് വെഞ്ച്വേഴ്സ് എൽഎൽപി | കണ്ണൂർ |
| 6 | ഹരിത | കണ്ണൂർ |
| 7 | ഡിഎം ഗ്രീൻ ഫാം എൽഎൽപി | കണ്ണൂർ |
| 8 | ഫായ റിനീവബിൾസ് ആൻഡ് പവർ പ്രൈവറ്റ് ലിമിറ്റഡ് | കാസർഗോഡ് |
| 9 | സിഹബ് ടെക്നോപാർക്ക് പ്രൈവറ്റ് ലിമിറ്റഡ് | കൊല്ലം |
| 10 | ഇന്ത്യൻ വിർജിൻ സ്പൈസെസ് പ്രൈവറ്റ് ലിമിറ്റഡ് | കോട്ടയം |
| 11 | സാൻസ് സ്റ്റേറയിൽസ് പ്രൈവറ്റ് ലിമിറ്റഡ് | കോട്ടയം |
| 12 | ജേക്കബ് ആൻഡ് റിച്ചാർഡ് ഇൻറർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് | കോട്ടയം |
| 13 | കെ ബോർഡ് പാനെൽസ് പ്രൈവറ്റ് ലിമിറ്റഡ് | കോട്ടയം |
| 14 | കെ ബോർഡ് വുഡ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് | കോട്ടയം |
| 15 | കെ ബോർഡ് റബ്ബർ ഫാക്ടറി പ്രൈവറ്റ് ലിമിറ്റഡ് | കോട്ടയം |
| 16 | മൗണ്ട് പാർക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് | കോഴിക്കോട് |
| 17 | മലബാർ എൻറ്റർപ്രൈസസ് | മലപ്പുറം |
| 18 | ക്ലാസ്സി ഇൻഡസ്ട്രിയൽ പാർക്ക് | മലപ്പുറം |
| 19 | പികെ ഇൻഡസ്ട്രീസ് | മലപ്പുറം |
| 20 | കാരിക്കാട് ദേവസ്വം | മലപ്പുറം |
| 21 | യൂസഫ് മലബാർ ഇൻഡസ്ട്രിയൽ പാർക്ക് എൽഎൽപി | മലപ്പുറം |
| 22 | കാംബ്രിയ എഡ്യൂ വെന്ച്ചർസ് എൽഎൽപി | മലപ്പുറം |
| 23 | കടംബൂർ ഇൻഡസ്ട്രിയൽ പാർക്ക് | പാലക്കാട് |
| 24 | ഹൈ ടെക് ഇൻഡസ്ട്രിയൽ പാർക്ക് | പാലക്കാട് |
| 25 | ഫെതർ ലൈക് ഫോം പ്രൈവറ്റ് ലിമിറ്റഡ് | പാലക്കാട് |
| 26 | ഡെൽറ്റ അഗ്ഗ്രഗേറ്റ്സ് ആൻഡ് സാൻഡ് പ്രൈവറ്റ് ലിമിറ്റഡ് | പത്തനംതിട്ട |
| 27 | പത്തനംതിട്ട ഇൻഡസ്ട്രിയൽ പ്രൊമോഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | പത്തനംതിട്ട |
| 28 | പൊന്നോർ എൻറ്റർപ്രൈസസ് എൽഎൽപി | തൃശ്ശൂർ |
| 29 | ത്രിച്ചൂർ ടെക്നോപാർക്ക് പ്രൈവറ്റ് ലിമിറ്റഡ് | തൃശ്ശൂർ |
| 30 | അൽ അമീൻ ഗ്രൂപ്പ് | തിരുവനന്തപുരം |

അവലംബം : വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

ഈ പദ്ധതി ആവിഷ്ക്കരിച്ചത്. സർക്കാർ / സ്വകാര്യ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഒഴിഞ്ഞുകിടക്കുന്നതും അല്ലെങ്കിൽ ഉപയോഗ്യശൂന്യമായ ഭൂമി/സ്ഥലം വിനിയോഗിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കുറഞ്ഞത് 5 ഏക്കർ ഭൂമി കൈവശമുള്ള ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, വ്യവസായിക പരിശീലന കേന്ദ്രങ്ങൾ, സർവ്വകലാശാലകൾ എന്നിവയ്ക്ക് വ്യവസായിക പാർക്കുകൾ വികസിപ്പിച്ചെടുക്കുന്നതനായി അപേക്ഷിക്കാവുന്നതാണ്. കുറഞ്ഞത് 2 ഏക്കർ ഭൂമി കൈവശമുള്ള ഒരു വിദ്യാഭ്യാസസ്ഥാപനത്തിന് ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (എസ്.ഡി.എഫ്) നിർമ്മിക്കാവുന്നതാണ്. റോഡുകൾ, വൈദ്യുതി, ഡ്രെയിനേജ്, ലാബോറട്ടറി എന്നീ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയും (എസ്.ഡി.എഫ്) അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുന്നതിനും സാമ്പത്തിക സഹായം ലഭ്യമാണ്. നിലവിൽ 80 ൽ അധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ സംരംഭം ആരംഭിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്.

### സഹകരണ വ്യവസായ പാർക്കുകൾ – സഹകരണ പ്രസ്ഥാനത്തിന്റെ കരുത്ത് വിനിയോഗിക്കാൻ

സഹകരണ മേഖലയുടെ മികവ് കേരളത്തിന് അഭിമാനാർഹമായ ഒരു നേട്ടമാണ്. കേരളത്തിന്റെ വികസനത്തിൽ ഈ മേഖല കാര്യമായ സംഭാവന നൽകിയിട്ടുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന അല്ലെങ്കിൽ ഉപയോഗ്യശൂന്യമായ ഭൂമിയിൽ/സ്ഥലങ്ങളിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനായുള്ള ഒരു പദ്ധതിയാണ് സഹകരണ വ്യവസായ പാർക്കുകൾ. നിലവിൽ വ്യവസായ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന സ്വകാര്യ വ്യാവസായിക പാർക്ക് പദ്ധതിയുടെ മാതൃകയിൽ സഹകരണ മേഖലയിലെ വ്യവസായ പാർക്കുകൾ

സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. കുറഞ്ഞത് 7 ഏക്കർ ഭൂമി ഉടമസ്ഥതയിൽ ഉള്ളതോ, 30 വർഷം എങ്കിലും പാട്ടത്തിന് കൈവശമുള്ളതോ ആയ സഹകരണ സൊസൈറ്റികൾക്കും സ്ഥാപനങ്ങൾക്കും സഹകരണ വ്യവസായിക പാർക്ക് വികസപ്പിക്കുന്നതിനായുള്ള പെർമിറ്റിന് അപേക്ഷിക്കാവുന്നതാണ്.

### കൊച്ചി – ബാംഗ്ലൂർ വ്യാവസായിക ഇടനാഴി – പ്രാദേശിക വികസനത്തിനായുള്ള പുതിയ വഴിത്തിരിവ്

നാഷൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് & ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (എൻ.ഐ.സി.ഡി.ഐ.റ്റി) ന്റെ കീഴിലുള്ള നാഷൽ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയുടെ ഭാഗമായി ഭാരത സർക്കാർ വിവിധ വ്യവസായിക ഇടനാഴി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ലോകത്തിലെ മികച്ച ഉല്പന്ന നിർമ്മാണ, നിക്ഷേപ കേന്ദ്രങ്ങളുമായി കിടപിടിക്കാൻ പര്യാപ്തമായ അത്യാധുനിക വ്യാവസായിക കേന്ദ്രങ്ങൾ ഇന്ത്യയിൽ വികസിപ്പിക്കുന്നതിന് ഇവ ലക്ഷ്യമിടുന്നു. ചെന്നൈ ബാംഗളൂർ വ്യാവസായിക ഇടനാഴിയുടെ തുടർച്ചയായി ഭാരത സർക്കാർ അംഗീകരിച്ച പദ്ധതിയാണ് കൊച്ചി ബാംഗളൂർ വ്യവസായിക ഇടനാഴി (കെ.ബി.ഐ.സി). രണ്ട് നോഡുകളിലായി പദ്ധതി വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. നോഡ് 1 ൽ പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ച്ചറിംഗ് ക്ലസ്റ്ററുകൾ (ഐ.എം.സി) ഉൾപ്പെടുന്നു. നോഡ് 2 ൽ കൊച്ചി ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആന്റ് ട്രേഡ് സിറ്റി (ഗ്ലോബൽ സിറ്റി) ഉൾപ്പെടുത്തിയിരിക്കുന്നു. കേരളത്തെ അത്യന്താധുനിക വ്യവസായങ്ങൾക്കായുള്ള ഒരു പ്രധാന കേന്ദ്രമാക്കാനായിട്ടാണ് ഈ സുപ്രധാന സംരംഭം ആവിഷ്ക്കരിച്ചിരിക്കുന്നത്. പദ്ധതിയുടെ പൂർത്തീകരണത്തോടെ 10,000 കോടി രൂപയുടെ നിക്ഷേപവും ഒരു ലക്ഷത്തിലധികം തൊഴിലവസരങ്ങളും സൃഷ്ടിച്ചുകൊണ്ട് എയ്റോസ്പേസ്, ഫാർമസ്യൂട്ടിക്കൽസ്, പ്രതിരോധം, ഭക്ഷ്യസംസ്കരണം, മറ്റ് ഉന്നത സാങ്കേതിക മേഖലകൾ എന്നിവയിൽ മെച്ചപ്പെട്ട ബിസിനസിന് ഈ സംരംഭം വഴിയൊരുക്കുന്നതാണ്. നൂതന സംരംഭങ്ങൾക്ക് വഴിയൊരുക്കുന്ന തരത്തിൽ കേരളത്തെ ആക്കിത്തിർത്തുകൊണ്ട് സുസംഘടിതമായ ഒരു ഏകജാലക സംവിധാനം ഈ സംരംഭങ്ങളെ പിൻതുണയ്ക്കുന്നതാണ്. ഈ പ്രദേശത്തെ വ്യാവസായിക സാധ്യതകളെയും ചരക്ക് നീക്കത്തേയും കൊച്ചി ബാംഗളൂർ വ്യവസായിക ഇടനാഴി പുനഃവ്യാഖ്യാനം ചെയ്യും.

ഫാർമസ്യൂട്ടിക്കൽസ്, ഔഷധസംബന്ധിയായ രാസവസ്തുക്കൾ, ബൊട്ടാണിക്കൽ ഉല്പന്നങ്ങൾ, തുണിത്തരങ്ങളും , ഭക്ഷ്യവസ്തുക്കളും, പാനീയങ്ങളും, നോൺ മെറ്റാലിക് മിനറൽ ഉല്പന്നങ്ങളും ഹൈ-ടെക് വ്യവസായങ്ങൾ, ഫാബ്രിക്കേഷറ്റഡ് മെറ്റൽ യന്ത്രങ്ങളും ഉപകരണങ്ങളും എന്നിവയാണ് പാലക്കാട് ഐ.എം.സിയിൽ ഉൾപ്പെടുത്തുന്നതിനായി ഉദ്ദേശിക്കുന്ന വ്യവസായിക മേഖലകൾ. ഇതിലേക്കായി ഏകദേശം 1,400 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്. കിഫ്ബി മുഖേന സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി ഇതുവരെ 1,489 കോടി രൂപ കേരള സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിലേക്കായി എല്ലാ വർഷവും വാർഷിക പദ്ധതിയിൽ കേരള സർക്കാർ ഫണ്ട് വകയിരുത്തുന്നുണ്ട്. 2024 ഫെബ്രുവരി 15 ന് ഐ.എം.സി പുതുശ്ശേരി (സെൻട്രലിനും, വെസ്റ്റിനുമായി) പരിസ്ഥിതി ക്ലിയറൻസ് ലഭ്യമായിട്ടുണ്ട്. ഐ.എം.സി പാലക്കാടിനായി 3,800 കോടി രൂപയ്ക്ക് (17890.22 കോടി സ്ഥലത്തിന്റെ വിലയും വികസനത്തിനായുള്ള 2026 കോടി രൂപയും ഉൾപ്പെടെ) 2024 ആഗസ്റ്റ് 28 ന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം ലഭ്യമായി.

കേരള വ്യാവസായിക ഇടനാഴി വികസന കോർപ്പറേഷൻ എന്ന എസ്.പി.വിക്ക് ഓഹരിയുടെ ആദ്യവിഹിതമായി 104.50 കോടി രൂപ നാഷൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (എൻ.ഐ.സി.ഡി.സി) നൽകുകയും ഈ തുകയ്ക്ക് തുല്യമായ സ്ഥലം സംസ്ഥാന സർക്കാർ എസ്.പി.വിക്ക് വിഹിതമായി നൽകുകയും ചെയ്തു. മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയത് എൻ.ഐ.സി.ഡി.സി നിയമിച്ച കൺസൾട്ടന്റ് ആണ്. പ്രോജക്ട് മാനേജ്മെൻറ് കൺസൾട്ടൻസിയെ (പി.എം.സി) തിരഞ്ഞെടുക്കുന്നതിനായി റിക്വസ്റ്റ് ഫോർ പ്രൊപോസൽ (ആർ.എഫ്.പി) ൻറെ അന്തിമരൂപം തയ്യാറായിട്ടുണ്ട്. പി.എം.സി കോൺട്രാക്ടിന് അന്തിമരൂപം നൽകിയശേഷം മാർച്ച് 2025 ഓടെ ഗ്ലോബൽ എഞ്ചിനീയറിംഗ് പ്രൊക്യൂർമെൻറ് ആൻഡ് കൺസ്ട്രക്ഷൻ (ഇ.പി.സി) കോൺട്രാക്ട് ക്ഷണിക്കുന്നതിന് ഉദ്ദേശിക്കുന്നു. വർക്ക് ഓർഡർ 2025 ജൂൺ/ജൂലൈ മാസത്തിൽ പുറപ്പെടുവിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### സംരംഭകസഭ – കേരളത്തിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശക്തിയിൽ ഊന്നിയ പങ്കാളിത്ത മാതൃക

സുശക്തവും ഫലപ്രദവുമായ തദ്ദേശ സർക്കാരുകളുടെ കാര്യത്തിൽ അഭിമാനിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. പങ്കാളിത്ത ഭരണത്തിന്റെ ഒരു മാതൃകയായി ലോകമെമ്പാടും അംഗീകരിക്കപ്പെട്ടിട്ടുള്ള ഒന്നാണ് കേരളത്തിലെ തദ്ദേശ സർക്കാരുകളുടെ ത്രിതല സംവിധാനം. ആസൂത്രണത്തിലും പദ്ധതി നിർവഹണത്തിലും തദ്ദേശസമൂഹത്തിനെ ശാക്തീകരിക്കുന്നതുവഴി പ്രദേശത്തിനും പൊതു സമൂഹത്തിനും നേരിട്ട് ഫലം നൽകുന്ന ഒരു സംവിധാനമാണിത്. സംരംഭക വർഷം (വൈ.ഒ.ഇ) കാമ്പയിൻറെ ഭാഗമായി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കിയ, സംരംഭകരുടെ കൂട്ടായ്മയാണ് സംരംഭക സഭ. താഴേത്തട്ടിൽ നിന്നും നേരിട്ട് സംരംഭകത്വവും വ്യാവസായിക വളർച്ചയും നേടുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പ്രധാപ്പെട്ട സംരംഭമാണ് ഈ സഭ. ഓരോ പ്രദേശത്തിനും അനുയോജ്യമായ തരത്തിലുള്ള വ്യവസായങ്ങൾ നിർദ്ദേശിക്കുന്നതിനും, പ്രാദേശിക തലത്തിലുള്ള സംരംഭകരെ കണ്ടെത്തുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും, നൈപുണ്യമുള്ള തൊഴിലാളികളെ തിരഞ്ഞെടുക്കുന്നതിനും, പ്രാദേശിക തലത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിനും, ഈ സഭ പ്രവർത്തിക്കുന്നു. ഇതിനുപുറമേ വിപണിയിലെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും, നൈപുണ്യ വികസനത്തിന് സഹായിക്കുന്നതിലൂടെയും, സംരംഭകർക്ക് ഫലപ്രദമായ രീതികൾ പിന്തുണ നൽകുന്നതിലേക്കായി ഓരോ സഭയിലും ഒരു ഹെൽപ്പ് ഡെസ്ക്ക് വാഗ്ദാനം ചെയ്യുതിലൂടെയും, ഒരു സംരംഭക അന്തരീക്ഷം കെട്ടിപ്പടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. നൂതന കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കൽ, പ്രാദേശിക നൈപുണ്യ ശാക്തീകരണം, താഴെത്തട്ടിൽ നിന്ന് സുസ്ഥിരമായ പുരോഗതി ഉറപ്പാക്കുക

**പട്ടിക 2.20** വ്യവസായ മേഖലയിലെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | മേഖല/ഉപമേഖല | 13–ാം പദ്ധതി | | 2022–23 | | 2023–24 | | 2024–25 | |
|---|---|---|---|---|---|---|---|---|---|
| | | | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ്* |
| 1 | ഗ്രാമ ചെറികിട വ്യവസായങ്ങൾ (വി.എസ്.ഐ) | | | | | | | | |
| 1.1 | ചെറുകിട വ്യവസായങ്ങൾ (എസ്.എസ്.ഐ) | 71609 | 48046.89 | 20040 | 12466.3 | 21270 | 12891.9 | 20494 | 11360.9 |
| 1.2 | വാണിജ്യം | 5183 | 2844.98 | 700 | 653.42 | 700 | 102.83 | 650 | 63 |
| 1.3 | കരകൗശലം | 2255 | 2719.21 | 350 | 166.87 | 420 | 131.6 | 420 | 93.75 |
| 1.4 | കൈത്തറി | 30163 | 29030.54 | 5640 | 3764.29 | 5640 | 3126.22 | 5189 | 1539.17 |
| 1.5 | കയർ | 63619 | 62818.98 | 11700 | 8581.91 | 11700 | 7498.06 | 10764 | 4342.65 |
| 1.6 | ഖാദി ഗ്രാമ വ്യവസായം | 5559 | 2149.4 | 1580 | 870.84 | 1610 | 587 | 1480 | 358.22 |
| 1.7 | കശുവണ്ടി | 26900 | 36449.1 | 5800 | 6860.52 | 5800 | 8197.06 | 5336 | 2191 |
| 2 | ഇടത്തരം വലിയ വ്യവസായങ്ങൾ | 268025 | 201222.58 | 75221 | 26262.99 | 77721 | 42909 | 77309 | 9037.19 |
| 3 | മൈനിംഗ് & ജിയോളജി | 697 | 489.32 | 405 | 227.32 | 605 | 181.57 | 557 | 70.16 |
| **ആകെ** | | **474010** | **385771** | **121436** | **59854.46** | **125466** | **75625.24** | **122199** | **29056** |

*നവംബർ 2024 വരെ
അവലംബം: പ്ലാൻസ് സ്പേസ് കേരളം (സംസ്ഥാന ആസൂത്രണ ബോർഡ്) & ബഡ്ജറ്റ് രേഖകൾ (ധനകാര്യ വകുപ്പ്, കേരള സർക്കാർ)

എന്നിവയിൽ സംരംഭക സഭ നിർണായക പങ്ക് വഹിക്കുന്നതാണ്.

### വ്യവസായ മേഖലയിലെ പദ്ധതി വിഹിതവും ചെലവും

സമീപകാലത്ത് കേരളത്തിന്റെ വ്യാവസായിക മേഖല അനുഭവിക്കുന്ന പുത്തൻ ഉണർവിന്റെ ഒരു പ്രധാന കാരണം വാർഷിക പദ്ധതിയിലൂടെ കേരള സർക്കാർ തുടർച്ചയായി നൽകുന്ന സുസ്ഥിരമായ സാമ്പത്തിക പിന്തുണയാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഈ മേഖലയ്ക്ക് വകയിരുത്തിയ വിഹിതം 4,740.10 കോടി രൂപയും പദ്ധതി ചെലവ് 3857.71 കോടി രൂപയും ആയിരുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ ആദ്യത്തെ മൂന്നുവർഷങ്ങളിൽ മേഖലയ്ക്കായി വകയിരുത്തിയിരിക്കുന്ന മൊത്തം പദ്ധതി വിഹിതം 3,691.01 കോടി രൂപയും, ഇതിൽ 2024 നവംബർ വരെ ചെലവായ തുക, 1,645.35 കോടി

**പട്ടിക 2.21** കേരളത്തിലെ വിവിധ മേഖലകളിൽ നിലനിൽക്കുന്ന വാണിജ്യ ബാങ്ക് വായ്പകൾ (രൂപ കോടിയിൽ)

| ക്രമ നമ്പർ | വർഷം (മാർച്ച് മാസം അവസാനിക്കുന്നു) | മുൻഗണനാ മേഖല വായ്പകൾ | | മുൻഗണനാ ഇതര മേഖല വായ്പകൾ | ആകെ വായ്പകൾ (മുൻഗണന, മുൻഗണന ഇതര ഉൾപ്പെടെ) | മൊത്തം മുൻഗണനാ മേഖലാ വായ്പകളിൽ എം എസ് എം ഇ വായ്പകളുടെ വിഹിതം | മൊത്തം വായ്പകളിൽ എം എസ് എം ഇ വായ്പകളുടെ വിഹിതം |
|---|---|---|---|---|---|---|---|
| | | ആകെ മുൻഗണനാ മേഖല | എം എസ് എം ഇകൾ | | | | |
| 1 | 2 | 3 | 4 | 5 | 6 | 4 ൽ 3 ന്റെ വിഹിതം | 6 ൽ 4ന്റെ വിഹിതം |
| 1 | 2013 | 99317.69 | 23562.8 | 75769.63 | 175087.3 | 23.72 | 13.46 |
| 2 | 2014 | 113555.1 | 32068.94 | 78455.12 | 192010.2 | 28.24 | 16.70 |
| 3 | 2015 | 128655.3 | 35729.55 | 90050.77 | 218706.1 | 27.77 | 16.34 |
| 4 | 2016 | 132255.7 | 39462.9 | 100161.9 | 232417.6 | 29.84 | 16.98 |
| 5 | 2017 | 142102.3 | 39408.09 | 113972.4 | 256074.7 | 27.73 | 15.39 |
| 6 | 2018 | 166870.9 | 47201.37 | 119912.5 | 286783.5 | 28.29 | 16.46 |
| 7 | 2019 | 172939.5 | 54446.19 | 156960.4 | 329900 | 31.48 | 16.50 |
| 8 | 2020 | 179539.7 | 56893.82 | 179734 | 359273.7 | 31.69 | 15.84 |
| 9 | 2021 | 190432.7 | 59970.7 | 202236.5 | 392669.2 | 31.49 | 15.27 |
| 10 | 2022 | 203193.5 | 64956.92 | 221432.2 | 424625.7 | 31.97 | 15.30 |
| 11 | 2023 | 226159.89 | 68450.91 | 266997.13 | 493157.02 | 30.27 | 13.88 |
| 12 | 2024 | 257426.85 | 80210.28 | 319665.48 | 577092.33 | 31.16 | 13.90 |

അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (എസ്.എൽ.ബി.സി) കേരള

രൂപയുമാണ്. ഉപമേഖല തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും വാർഷിക അടിസ്ഥാനത്തിൽ **പട്ടിക 2.20** ൽ നൽകിയിരിക്കുന്നു

### ബാങ്ക് വായ്പയുടെ വർദ്ധനവ് – സംരംഭങ്ങൾക്ക് ധനസഹായം സുഗമമായി

കേരളത്തിൽ സംരംഭകത്വത്തിന്റെ വ്യാപനത്തിൽ ബാങ്കിംഗ് മേഖല പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യാവസായിക മേഖലയിലെ സർക്കാർ ധനസഹായങ്ങളെയും നിക്ഷേപങ്ങളെയും ബാങ്കിംഗ് മേഖലയുടെ വായ്പകൾ പരിപോഷിപ്പിച്ചിട്ടുണ്ട് .കേരളത്തിലെ വ്യവസായങ്ങൾക്കായുള്ള പുതിയ അന്തരീക്ഷവും, സംരംഭകരുടെ വിജയവും, കേരളത്തിലെ സംരംഭങ്ങൾക്ക് കൂടുതൽ വായ്പകൾ നൽകുന്നതിനു ബാങ്കിംഗ് മേഖലയ്ക്ക് കൂടുതൽ ആത്മവിശ്വാസം നൽകിയിട്ടുണ്ട്. മുൻഗണനാ മേഖലയിലെ വായ്പകളിൽ എംഎസ്എംഇ കളുടെ പങ്ക് 2013 ലെ 23 ശതമാനത്തിൽ നിന്നും 2024 ൽ ഏകദേശം 31 ശതമാനമായി വർദ്ധിച്ചു എന്നത് ശ്രദ്ധേയമാണ്. ഈ കാലയളവിൽ എംഎസ്എംഇ കൾക്ക് അനുവദിച്ച വായ്പകളുടെ എണ്ണത്തിൽ മൂന്ന് മടങ്ങ് വർദ്ധനവുണ്ടായി. ഇതേ കാലയളവിൽ ആകെ അനുവദിക്കപ്പെട്ട വായ്പകളിൽ എംഎസ് എംഇകളുടെ പങ്കും നേരിയ തോതിൽ വർദ്ധിക്കുകയുണ്ടായി. എങ്കിലും ഭാവിലെക്കായി ചില ആശങ്കകൾ നിലനിൽകുന്നു. 2019 വരെ, മൊത്തം വായ്പകളിൽ, മുൻഗണനാ മേഖലയ്ക്ക് അനുവദിക്കുന്ന വായ്പകൾ, മുൻഗണനാ ഇതര മേഖലയ്ക്ക് അനുവദിക്കുന്ന വായ്പകളെക്കാൾ, കൂടുതൽ ആയിരുന്നു. 2020 ൽ രണ്ടും ഏറെക്കുറെ തുല്യമായിരുന്നു. എന്നാൽ 2021 മുതൽ മുൻഗണനാ ഇതര മേഖലയ്ക്ക് അനുവദിക്കുന്ന വായ്പകൾ, മുൻഗണനാ മേഖലയ്ക്ക് അനുവദിക്കുന്ന വായ്പകളെക്കാൾ കൂടുതലാണ്. ഈ പ്രവണത വരും വർഷങ്ങളിൽ എംഎസ്എംഇ മേഖലയെ പ്രതികൂലമായി ബാധിച്ചേക്കാം. വിശദവിവരങ്ങൾ **പട്ടിക 2.21** ൽ നൽകിയിരിക്കുന്നു.

**ബോക്സ് 2.6** ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025

കേരള സർക്കാർ സംഘടിപ്പിക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ 2025 ഫെബ്രുവരി 21, 23 തീയതികളിൽ കൊച്ചിയിലെ ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിലെ ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെൻററിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രകൃതി, മനുഷ്യർ, വ്യവസായം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് അവസരങ്ങൾ, നൂതനാശയങ്ങൾ, പങ്കാളിത്തം എന്നിവ ചർച്ച ചെയ്യുന്നതിലേക്കായി ഒരു മികച്ച പ്ലാറ്റ്ഫോം വാഗ്ദാനം ചെയ്തുകൊണ്ട് മികച്ച ബിസിനസ് പങ്കാളികൾ, വ്യവസായ പ്രമുഖർ, എന്നിവരെ ഈ സമ്മിറ്റിലൂടെ ഒരേ വേദിയിൽ കൊണ്ടുവരാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. സർക്കാരും വ്യവസായങ്ങളും തമ്മിലുള്ള സഹകരണം വളർത്തിയെടുക്കുക വഴി സാമൂഹിക തുല്യതയും പരിസ്ഥിതി നേതൃത്വം മുന്നോട്ടുകൊണ്ടുപോകുന്നതിനൊപ്പം വിവിധ മേഖലകളിൽ കേരളത്തിന് നേതൃത്വം നൽകുന്നതിനും കഴിയുമെന്ന് സംസ്ഥാനം കരുതുന്നു.

നൂതന കണ്ടുപിടുത്തങ്ങൾക്കും നിക്ഷേപത്തിനുമുള്ള ഒരു ആഗോള കേന്ദ്രമായി മാറുന്നതിനുള്ള കേരളത്തിന്റെ പരിശ്രമത്തിലെ ഒരു നാഴികക്കല്ലായിരിക്കും ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റ്. ഈ പ്രത്യേക പരിപാടിയിൽ എക്സിബിഷനുകൾ, മുഖ്യപ്രഭാഷണങ്ങൾ, വ്യവസായിക പ്രമുഖരുമായുള്ള ചർച്ചകളും മറ്റ് നിരവധി പരിപാടികളും ഉൾപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. പ്രതിനിധികളും ആഗോളതലത്തിൽ നിന്നുള്ള വിശിഷ്ട വ്യക്തിത്വങ്ങളും ഉൾപ്പടെ ഏകദേശം 2000 പേർ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്ന ഈ സമ്മിറ്റ് സംസ്ഥാനത്തേക്കുള്ള നിക്ഷേപം ആകർഷിക്കുന്നതിനുള്ള ഒരു പ്രധാന വേദിയായി പ്രവർത്തിക്കും. ഇതിൽ ഒമ്പത് രാജ്യങ്ങൾ പങ്കാളികളാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ ബിസിനസ് സൗഹൃദ ആവാസ വ്യവസ്ഥയും വൈദഗ്ധ്യം ഉള്ള മാനവ വിഭവശേഷിയും ഉയർത്തിക്കാട്ടി മികച്ച നിക്ഷേപ കേന്ദ്രമായ കേരളത്തിലേക്ക് നിക്ഷേപങ്ങളെ ആകർഷിക്കുകയും അതുവഴി സുസ്ഥിര സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുകയുമാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് ലക്ഷ്യം വയ്ക്കുന്നത്.

ഇൻവെസ്റ്റ് കേരള ഗ്ലോബലിൽ സമ്മിറ്റ് 2025ന് മുന്നോടിയായി ഒരു ആമുഖം എന്ന നിലയ്ക്ക് സംസ്ഥാനത്തെ ഒരു നിക്ഷേപ കേന്ദ്രമായി ബിസിനസ് സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കുകയും, സംസ്ഥാനത്തിന്റെ നയപരമായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനായി താഴെപ്പറയുന്ന മേഖല യോഗങ്ങൾ, റോഡ് ഷോകൾ, കൂടിക്കാഴ്ചകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

**മേഖലാടിസ്ഥാനത്തിലുള്ള മീറ്റിങ്ങുകൾ** : അന്താരാഷ്ട്ര ജെൻ.എ.ഐ കോൺക്ലേവ്, അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ, ഫുഡ് പ്രോസസിങ് ആൻഡ് ഫുഡ് ടെക്ക്, മാരി ടൈം ആൻഡ് ലോജിസ്റ്റിക്സ്, ബയോ ടെക്നോളജി, റീസൈക്ലിങ് ആൻഡ് വേസ്റ്റ് മാനേജ്മന്റ്, ആയുർവേദവും ഫാർമസ്യൂട്ടിക്കൽസും ഹൈടെക് കൃഷി, മൂല്യ വർദ്ധിത തോട്ടം ഉത്പന്നങ്ങളും ഉയർന്ന മൂല്യ വർധിത ഉൽപ്പന്നങ്ങളും, വിനോദ സഞ്ചാരവും ഹോസ്പിറ്റാലിറ്റിയും, ചില്ലറ വ്യാപാരം മേഖലകളിലെ മീറ്റുകൾ.

**റോഡ് ഷോകൾ** : ബംഗളൂരു, ചെന്നൈ, മുംബൈ, ഡൽഹി, യുഎഇ

**കൂടി കാഴ്ചകൾ** : 100 കോടി രൂപയിൽ കൂടുതലുള്ള വിറ്റു വരവുള്ള സംരംഭകർ, സംസ്ഥാനത്തെ റീ ഇൻവെസ്റ്റ്മെന്റ് നടത്തുന്ന സംരംഭകർ, ലോകകേരള സഭയിലെ രാജ്യങ്ങളുടെ പ്രതിനിധികൾ, സംസ്ഥാനത്തെ നിർമ്മാണ മേഖലയിലെ പ്രമുഖർ എന്നിവരുമായി കൂടിക്കാഴ്ചകൾ.

കേരളം എങ്ങനെ നിക്ഷേപങ്ങൾക്ക് അനുയോജ്യമായ ഒരു കേന്ദ്രമാകും എന്ന് കണ്ടെത്തുന്നതിലേക്കുള്ള ഒരു അതുല്യ അവസരമായി ഗ്ലോബൽ സമ്മിറ്റ് മാറിയേക്കാം. എല്ലാ സ്റ്റേക്ക് ഹോൾഡർമാർക്കും ഈ സംസ്ഥാനത്തിന്റെ മികച്ച സാധ്യതകൾ കണ്ടെത്തുന്നതിനും ഇതൊരു വേദി ആകും. ഭാവി തലമുറയ്ക്കു വേണ്ടി സുസ്ഥിരവും പ്രഭാവപൂർണവുമായ മാറ്റങ്ങൾക്ക് വഴി ഒരുക്കുന്ന ഒരു വേദികൂടിയായി ഈ ഉച്ചകോടി മാറുമെന്ന് പ്രതീക്ഷിക്കുന്നു.

അവലംബം : കെ.എസ്.ഐ.ഡി.സി

**മുന്നോട്ട്**

ഉയർന്ന മാനവ വികസന സൂചികയ്ക്കും (എച്.ഡി.ഐ) മികച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ (എസ്.ഡി.ജി) പ്രകടനത്തിനും പേരുകേട്ട കേരളം, ഇന്ത്യയിലെ എല്ലാവരെയും ഉൾക്കൊള്ളിച്ചുള്ളതും സുസ്ഥിരവുമായ വളർച്ചയുടെ ഒരു വഴികാട്ടിയാണ്. നല്ല വിദ്യാഭ്യാസവും, വൈദഗ്ധ്യവുമുള്ള തൊഴിൽ ശക്തിയും കരുത്തുറ്റ ആരോഗ്യ പരിപാലന സംവിധാനവും കൊണ്ട്, മാനവ വികസന സൂചികയിലും ഫിസിക്കൽ ക്വാളിറ്റി ഓഫ് ലൈഫ് സൂചികയിലും കേരളം ഒന്നാം സ്ഥാനത്താണ്. കേന്ദ്ര ഗവൺമെന്റ് വിഭാവനംചെയ്ത എസ്.ബി.ആർ.എ.പി 2022-ൽ ഏറ്റവും മികച്ച നേട്ടം കൈവരിച്ച രാജ്യമെന്ന നിലയിൽ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പ്രവർത്തനങ്ങൾ, നിക്ഷേപക-സൗഹൃദ നയങ്ങൾ, മെച്ചപ്പെട്ട ഭരണം എന്നീ മേഖലകളിലെ പുരോഗതിക്ക് കേരളം അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

സ്റ്റാർട്ടപ്പ് കളുടെ വികസനത്തിൽ പ്രത്യേക ശ്രദ്ധ നൽകിയതിലൂടെ സംസ്ഥാനത്തിന് അന്താരാഷ്ട്ര അംഗീകാരം നേടാൻ സാധിച്ചിട്ടുണ്ട്. ഏഷ്യയിലെ അഫോർഡബിൾ ടാലെന്റ് കണക്കുകളിൽ മുൻപന്തിയിലുള്ള കേരളം ഗ്ലോബൽ സ്റ്റാർട്ട് അപ്പ് ഏകോസിസ്റ്റം റിപ്പോർട്ടിൽ നാലാം സ്ഥാനവും കരസ്ഥമാക്കി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സാസ്, ഹെൽത്ത്-ടെക്, ഫിൻടെക് തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളിലുടനീളമുള്ള സംസ്ഥാനത്തിന്റെ ഊർജ്ജസ്വലമായ സംരംഭകത്വ സവിശേഷതകളാണ് ഈ നേട്ടത്തിന് പ്രധാന കാരണം. കൃഷി, കൈത്തറി, കയർ, ഭക്ഷ്യ സംസ്കരണം, കശുവണ്ടി, സുഗന്ധവ്യഞ്ജനങ്ങൾ, ആയുർവേദം തുടങ്ങിയവ ഉൾപ്പെടുന്ന കേരളത്തിന്റെ മഹത്തായ പാരമ്പര്യത്തിന്റെ ഭാഗമായ പരമ്പരാഗത വ്യാപാര മേഖലകളും സംസ്ഥാനത്തിന്റെ സാമ്പത്തിക ശക്തിക്ക് ഗണ്യമായ സംഭാവന നൽകുന്നു.

സംസ്ഥാനത്തിന്റെ ശക്തമായ ഫിസിക്കൽ-ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമായ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, രണ്ട് പ്രധാന തുറമുഖങ്ങൾ, നിരവധി ചെറിയ തുറമുഖങ്ങൾ, ഐസിടി ടെർമിനലുകൾ, ദേശീയ പാതകൾ, റെയിൽവേ-മെട്രോ സംവിധാനങ്ങൾ, സുരക്ഷിത അന്തർവാഹിനി കേബിൾ കണക്റ്റിവിറ്റി എന്നിവയെല്ലാം, ആഭ്യന്തര-അന്തർദേശീയ വിപണികളിലേക്ക് തടസ്സങ്ങളില്ലാത്ത പ്രവേശനം ഉറപ്പാക്കുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖവും, വെസ്റ്റ് കോസ്റ്റ് കനാൽ വഴിയുള്ള ഉൾനാടൻ ജലഗതാഗതവും പ്രവർത്തനക്ഷമമാക്കുന്നതിനൊപ്പം, ദേശീയ പാതകളുടെ നവീകരണവും, പുതിയ റോഡ് ശൃംഖലകളുടെ രൂപീകരണവും, സംസ്ഥാനത്ത് ഗതാഗതത്തിലും ലോജിസ്റ്റിക്സിലും വിപ്ലവം സൃഷ്ടിക്കും.

വ്യാവസായിക ആവശ്യങ്ങൾക്കനുസൃതമായി വളരെ ഉർജ്ജസ്വലമായ ഒരു തൊഴിൽ ശക്തിയോടെയാണ് കേരളം ഭാവിയിലേക്ക് ഒരുങ്ങുന്നത്. നൈപുണ്യമുള്ള തൊഴിലാളികളുടെ ഒരു ഹബ് ആയി സംസ്ഥാനതെ മാറ്റുവാൻ കെല്പുള്ള വിദ്യാഭ്യാസ സമ്പ്രദായവും ഒരു ഘടകമാണ്. അക്കാദമിക വ്യവസായ സ്റ്റാർട്ടപ്പ് മേഖലകൾക്കിടയിലുള്ള സഹകരണ ശ്രമങ്ങളിലൂടെ, നവീകരണവും നൈപുണ്യ വികസനവും സംസ്ഥാനം പ്രോത്സാഹിപ്പിക്കുന്നു. അതുകൊണ്ട് അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ആഗോള വിപണിയിൽ സംസ്ഥാനത്തിന്റെ പ്രൊഫഷണലുകൾ മത്സരശേഷിയുള്ളവരായി തുടരുന്നു. തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ ഉയർന്ന പങ്കാളിത്തം, വൈവിധ്യവൽക്കരണത്തിനും സാമൂഹിക സാമ്പത്തിക പുരോഗതിക്കും വഴിയൊരുക്കുന്നു എന്നുള്ളതും ശ്രദ്ധേയമായ സവിശേഷതയാണ്. കൂടാതെ, ആഗോള വിപണികളിലേക്കും വിജ്ഞാനത്തിലേക്കും വിഭവങ്ങളിലേക്കും പ്രവേശനം നൽകിക്കൊണ്ട് പ്രവാസികളും അന്തർദേശീയ എക്സ്പോഷറും കേരളത്തിന്റെ തൊഴിൽ ശക്തിയെ സമ്പന്നമാക്കുന്നു. ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥ എന്ന നിലയിൽ, ശക്തമായ വ്യവസായ-അക്കാദമിയ ബന്ധം സ്ഥാപിച്ചുകൊണ്ട്, ബിസിനസ്സുകൾക്ക് മത്സരാധിഷ്ഠിതമായി തുടരുന്നതിന് ശരിയായ വൈദഗ്ദ്ധ്യവും നവീകരണവും സംസ്ഥാനം ലഭ്യമാക്കുന്നു.

വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ വ്യാവസായിക വികസനത്തിനായി പ്രയോജന പ്പെടുത്താനുള്ള കേരളത്തിന്റെ കഴിവിനെ അടിസ്ഥാനമാക്കിയിരിക്കും സംസ്ഥാനത്തെ വ്യവസായങ്ങളുടെ ഭാവി. കേരളത്തിന്റെ സവിശേഷമായ സ്ഥാനവും, സംസ്ഥാനത്ത് ഉയർന്നുവരുന്ന അവസരങ്ങളും കണക്കിലെടുക്കുന്ന ഒരു പാത വികസിപ്പിക്കാനുള്ള കഴിവും സംസ്ഥാനത്തിന് നിർണായകമാണ്. നിലവിലെ സംസ്ഥാന സർക്കാർ അത്തരമൊരു പാതയിൽ പ്രതിജ്ഞാബദ്ധമാണ്. നമ്മുടെ മുന്നിലുള്ള അവസരങ്ങളിലേക്ക് നാം ഉറ്റുനോക്കുമ്പോൾ, കേരളത്തിന്റെ വളർച്ച ആരംഭിച്ചതേയുള്ളൂ എന്നും സമീപഭാവിയിൽ വ്യവസായ മേഖല കൂടുതൽ ഉയരങ്ങൾ കീഴടാകുവാൻ ഒരുങ്ങുകയാണെന്നും വ്യക്തമാകുന്നു.

അദ്ധ്യായം

# 03

# കൃഷിയും അനുബന്ധ മേഖലകളും

# കൃഷിയും അനുബന്ധ മേഖലകളും

## 3.1 കാർഷിക മേഖല

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിലും ദാരിദ്ര്യം ലഘൂകരിക്കുന്നതിലും ഉപജീവനമാർഗ്ഗം സൃഷ്ടിക്കുന്നതിലും വ്യവസായങ്ങളുടെയും സേവനങ്ങളുടെയും വളർച്ചയ്ക്ക് ഉത്തേജനം നൽകുന്നതിലും കൃഷിയും അനുബന്ധ മേഖലകളും നിർണ്ണായക പങ്ക് വഹിക്കുന്നു. 2023-24 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സാമ്പത്തിക സർവ്വെ പ്രകാരം കാർഷിക മേഖല ജനസംഖ്യയുടെ 42.3 ശതമാനം പേർക്ക് ഉപജീവനമാർഗ്ഗം നൽകുകയും നിലവിലെ വിലയിൽ ഇന്ത്യയുടെ ജി.ഡി.പി യുടെ 18.2 ശതമാനം പങ്കിടുകയും ചെയ്യുന്നു. ദാരിദ്ര്യം ഉന്മൂലനം ചെയ്യുന്നതിനും സമഗ്രമായ വളർച്ച കൈവരിക്കുന്നതിനും കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി (എസ്.ഡി.ജി) സംയോജിപ്പിക്കേണ്ടതുണ്ട്.

വിവിധ തരം തോട്ടവിളകൾ, നാണ്യവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഭക്ഷ്യവിളകൾ എന്നിവയുടെ കൃഷിയ്ക്ക് അനുകൂലമായ വൈവിദ്ധ്യമാർന്ന കാർഷിക-കാലാവസ്ഥാ സാഹചര്യങ്ങളും ചെറിയ കൃഷിയിടങ്ങളും കേരളത്തിന്റെ കാർഷിക മേഖലയുടെ സവിശേഷതകളാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സമീപനം വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാർഷിക വളർച്ചയുടെ പുനരുജ്ജീവനത്തിനും ഊന്നൽ നൽകുന്നു. കാലാവസ്ഥാ വ്യതിയാനം, പ്രവചനാതീതമായ മഴ, അടിക്കടിയുള്ള വെള്ളപ്പൊക്കം, വിളകളുടെ പരിമിതമായ വൈവിദ്ധ്യവൽക്കരണം, ദ്രുതഗതിയിലുള്ള നഗരവൽക്കരണം, കാർഷികേതര തൊഴിലുകളിലേയ്ക്കുള്ള കുടിയേറ്റം, തൊഴിലാളി ക്ഷാമം എന്നിവ കഴിഞ്ഞ ദശകത്തിൽ കാർഷിക മേഖലയുടെ മോശം പ്രകടനത്തിന് കാരണമായി. സംസ്ഥാനത്തിന്റെ കാർഷിക വികസന പരിപാടികൾ സംയോജിത കൃഷി സമ്പ്രദായങ്ങൾക്ക് മുൻഗണന നൽകുന്ന കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് ഊന്നൽ നൽകുന്നു.

**കാർഷിക മേഖലയിലെ മൊത്തം മൂല്യവർദ്ധനവ്**

രാജ്യത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ കൃഷി – അനുബന്ധ മേഖലകളുടെ വിഹിതം കഴിഞ്ഞ ദശകത്തിൽ കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്. രാജ്യത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ (2011-12 ലെ സ്ഥിര വിലയിൽ) കൃഷിയുടെയും അനുബന്ധ മേഖലകളുടെയും വിഹിതം 2014-15 ലെ 16.5 ശതമാനത്തിൽ നിന്ന്, 2023-24 ൽ 14.5 ശതമാനമായി (താൽക്കാലികം) കുറഞ്ഞു. കേരളത്തിൽ ഇതേ കാലയളവിൽ 11.9 ശതമാനത്തിൽ നിന്ന് 8.3 ശതമാനമായി (ദ്രുതകണക്കെടുപ്പ്) മൊത്തം മൂല്യവർദ്ധനവിൽ കുറവുണ്ടായി (**പട്ടിക 3.1.1**).

ദേശീയ തലത്തിലെ മൊത്തം മൂല്യവർദ്ധനവ്, 2022-23 ൽ 15.3 ശതമാനമായിരുന്നത് 2023-24 ൽ 14.5 ശതമാനമായി. കേരളത്തിലെ അനുബന്ധമായ മാറ്റം 8.51 ശതമാനത്തിൽ നിന്ന് (താൽക്കാലികം) 8.3 ശതമാനമായിരുന്നു (ദ്രുതകണക്കെടുപ്പ്) (**പട്ടിക 3.1.1**). **പട്ടിക 3.1.2** ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, ജി.എസ്.വി.എ യിൽ വിഹിതം കുറയുന്നുണ്ടെങ്കിലും, പ്രത്യേകിച്ച് കോവിഡ്-19 ന് ശേഷമുള്ള വർഷങ്ങളിൽ കേരളത്തിലെ കാർഷിക മേഖല ന്യായമായ രീതിയിൽ വളർന്നു. 2023-24 ൽ വാർഷിക വളർച്ച ഗണ്യമായി ഉയർന്ന് 4.65 (ദ്രുതകണക്കെടുപ്പ്) ശതമാനം രേഖപ്പെടുത്തി.

**കാലവർഷം 2024**

ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള തെക്ക്-പടിഞ്ഞാറൻ കാലവർഷം, ഒക്ടോബർ 1 മുതൽ നവംബർ 30 വരെയുള്ള വടക്ക്-കിഴക്കൻ മൺസൂൺ എന്നിങ്ങനെ രണ്ട് പ്രധാന സീസണുകളിൽ കേരളത്തിൽ സാധാരണ തോതിലുള്ള മഴ ലഭിച്ചു. വർഷത്തിലെ 4 പ്രധാന സീസണുകളിൽ കേരളത്തിൽ ലഭിച്ച മഴയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 3.1.1** ൽ നൽകിയിരിക്കുന്നു.

എല്ലാ ജില്ലകളിലും മഴയുടെ കാര്യത്തിൽ ശ്രദ്ധേയമായ വ്യതിയാനങ്ങൾ സംഭവിച്ചു. ചില ജില്ലകളിൽ സാധാരണയിൽ നിന്ന് കുറവും മറ്റുള്ളവയിൽ അധിക മഴയും ഉണ്ടായിട്ടുണ്ട്. പ്രധാന തെക്ക്-പടിഞ്ഞാറൻ മൺസൂൺ കാലയളവിൽ വിവിധ ജില്ലകളിലെ യഥാർത്ഥവും സാധാരണയായി ലഭിച്ച മഴയുടെ വിശദാംശങ്ങൾ **ചിത്രം 3.1.1** ൽ നൽകിയിരിക്കുന്നു. തെക്ക്-പടിഞ്ഞാറൻ മൺസൂണിൽ ആലപ്പുഴ, ഇടുക്കി, എറണാകുളം, വയനാട് ജില്ലകളിലാണ് മഴയുടെ കുറവ് (സാധാരണയിൽനിന്ന് 20 ശതമാനത്തിലധികം കുറവ്) റിപ്പോർട്ട് ചെയ്തത്. 2024 സെപ്റ്റംബർ 17 ന് പിൻവലിയേണ്ടിയിരുന്ന തെക്ക്-പടിഞ്ഞാറൻ കാലവർഷം, ആറ് ദിവസങ്ങൾ വൈകി സെപ്റ്റംബർ 23 ന് പിൻവലിഞ്ഞു.

**പട്ടിക 3.1.1** മൊത്തം മൂല്യവർദ്ധനവിൽ ജി.വി.എ/ജി.എസ്.വി.എ), കാർഷിക അനുബന്ധ മേഖലകളുടെ പങ്ക്, ദേശീയ തലത്തിലും സംസ്ഥാന തലത്തിലും (സ്ഥിരവില, അടിസ്ഥാന വർഷം 2011-12)

| വർഷം | മൊത്തം മൂല്യവർദ്ധനവിൽ (ജി.വി.എ) കൃഷി അനുബന്ധ മേഖലകളുടെ പങ്ക് (ഇന്ത്യ) (ശതമാനത്തിൽ) | സംസ്ഥാനത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ (ജി.എസ്.വി.എ) കൃഷി അനുബന്ധ മേഖലകളുടെ പങ്ക് (കേരളം) (ശതമാനത്തിൽ) |
|---|---|---|
| 2014-15 | 16.5 | 11.92 |
| 2015-16 | 15.4 | 10.74 |
| 2016-17 | 15.2 | 9.96 |
| 2017-18 | 15.3 | 9.61 |
| 2018-19 | 14.8 | 9.03 |
| 2019-20 | 15.1 | 8.55 |
| 2020-21 | 16.3 | 9.64 |
| 2021-22 | 15.6 | 8.92 |
| 2022-23 | 15.3 | 8.51 (പി) |
| 2023-24 | 14.5 (പി) | 8.30 (ക്യു) |

കുറിപ്പ്: (പി) താൽക്കാലികം, (ക്യു) ദ്രുത കണക്കെടുപ്പ്
**അവലംബം:** നാഷണൽ അക്കൗണ്ട് സ്റ്റാറ്റിസ്റ്റിക്സ് 2024, കേന്ദ്ര സർക്കാർ ; സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, കേരള സർക്കാർ

### ഭൂവിനിയോഗക്രമം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ 2023-24 കാലയളവിലെ ഭൂവിനിയോഗ കണക്ക് പ്രകാരം മൊത്തം ഭൂവിസ്തൃതിയായ 38.9 ലക്ഷം ഹെക്ടറിൽ, മൊത്തം കൃഷി വിസ്തൃതി 25.4 ലക്ഷം ഹെക്ടറും യഥാർത്ഥ കൃഷി വിസ്തൃതി 19.7 ലക്ഷം ഹെക്ടറും ആയിരുന്നു. കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി 6.1 ലക്ഷം ഹെക്ടറും, വനമേഖല 10.8 ലക്ഷം ഹെക്ടറുമാണ്. 2023-24 ലെ കേരളത്തിലെ ഭൂവിനിയോഗക്രമം **ചിത്രം 3.1.2** ൽ നൽകിയിരിക്കുന്നു. 2022-23, 2023-24 വർഷങ്ങളിലെ ഭൂവിനിയോഗ ക്രമത്തിന്റെ വിശദമായ വിവരങ്ങൾ **അനുബന്ധം 3.1.2** ൽ നൽകിയിട്ടുണ്ട്.

2022-23 നും 2023-24 നും ഇടയിൽ മൊത്തം കൃഷിവിസ്തൃതിയിൽ 0.8 ശതമാനത്തിന്റെ വർദ്ധനവ് രേഖപ്പെടുത്തി. മുൻവർഷത്തെ അപേക്ഷിച്ച് 2023-24 ൽ ഒന്നിൽ കൂടുതൽ തവണ കൃഷിയിറക്കിയ സ്ഥലത്തിന്റെ വിസ്തൃതിയിൽ 7.5 ശതമാനം വർദ്ധനവുണ്ടായി. നിലവിലുള്ള തരിശുഭൂമി 9.4 ശതമാനം കുറഞ്ഞു. യഥാർത്ഥ കൃഷി വിസ്തൃതിയിലും 0.9 ശതമാനത്തിന്റെ കുറവുണ്ടായി. 2022-23 നെ അപേക്ഷിച്ച് 2023-24 ൽ കൃഷിയോഗ്യമായ പാഴ്ഭൂമിയുടെ വിസ്തൃതിയിൽ 7.50 ശതമാനം വർദ്ധനവുണ്ടായി. കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി, നിലവിലുള്ള തരിശുഭൂമിയിലുൾപ്പെടാത്ത തരിശുഭൂമി, തരിശും കൃഷി ചെയ്യാത്തതുമായ ഭൂമി എന്നിവയുടെ വിസ്തൃതിയിൽ യഥാക്രമം 2.8 ശതമാനം, 2.6 ശതമാനം, 0.2 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി.

**പട്ടിക 3.1.2** കേരളത്തിലെ കാർഷിക അനുബന്ധ മേഖലയിലെ മൊത്തം മൂല്യവർദ്ധനവിലെ വാർഷിക വളർച്ചാ നിരക്ക്, 2014-15 മുതൽ 2023-24 വരെ

| വർഷം | കേരളത്തിലെ വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) |
|---|---|
| 2014-15 | 0.02 |
| 2015-16 | -5.1 |
| 2016-17 | -0.65 |
| 2017-18 | 2.1 |
| 2018-19 | -2.09 |
| 2019-20 | -2.56 |
| 2020-21 | 1.58 |
| 2021-22 | 4.12 |
| 2022-23 | 0.47 (പി) |
| 2023-24 | 4.65 (ക്യു) |


കുറിപ്പ്: (പി) താൽക്കാലികം, (ക്യു) ദ്രുതകണക്കെടുപ്പ്
***അവലംബം:*** സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, കേരള സർക്കാർ

സംസ്ഥാനത്തെ കൃഷിയിടങ്ങളുടെ എണ്ണം 2010-11 ൽ 68.31 ലക്ഷം ആയിരുന്നത് 2015-16 ആയപ്പോൾ 11 ശതമാനം വർദ്ധിച്ച് 75.8 ലക്ഷം ആയി. പ്രതിശീർഷ ഭൂലഭ്യത 2010-11 ൽ 0.22 ഹെക്ടർ ആയിരുന്നത് 2015-16 ൽ 0.18 ഹെക്ടറായി കുറഞ്ഞു (**അനുബന്ധം 3.1.3**). 2019 ലെ നാഷണൽ സാമ്പിൾ സർവ്വേയുടെ 77-ാം റൗണ്ട് കാർഷിക കുടുംബങ്ങളുടെ സ്ഥിതി വിലയിരുത്തൽ കണക്ക് പ്രകാരം സംസ്ഥാനത്തെ 33.2 ശതമാനം ഗ്രാമീണ കുടുംബങ്ങളും കാർഷിക കുടുംബങ്ങളുമാണ്. ദേശീയ-തലത്തിൽ ഇത് 54 ശതമാനമാണ്. സംസ്ഥാനത്തെ കാർഷിക കുടുംബങ്ങളിൽ 34.4 ശതമാനവും വിള മേഖലയിൽ സ്വയം തൊഴിൽ ചെയ്യുന്നവരാണ്. ദേശീയ തലത്തിൽ ഇത് 68.9 ശതമാനമാണ്.

### വിളക്രമം


സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രകാരം 2023-24 ലെ സംസ്ഥാനത്തെ വിള തീവ്രത 128.6 ശതമാനമാണ്. സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ 30.2 ശതമാനം നാളികേര കൃഷിയും തുടർന്ന് 21.6 ശതമാനം റബ്ബർ കൃഷിയുമായിരുന്നു.

**ചിത്രം 3.1.1** തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ 2024 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ




***അവലംബം:*** ദേശീയ കാലാവസ്ഥാ വകുപ്പ് 2024

**ചിത്രം 3.1.2** 2023-24 ൽ കേരളത്തിലെ ഭൂവിനിയോഗ രീതി




***അവലംബം:*** സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, കേരള സർക്കാർ

ഭക്ഷ്യവിളകളായ നെല്ല്, പയർ വർഗ്ഗങ്ങൾ, മരച്ചീനി, റാഗി, ചെറുധാന്യങ്ങൾ, മധുരക്കിഴങ്ങ്, മറ്റ് കിഴങ്ങുവർഗ്ഗ വിളകൾ എന്നിവ മൊത്തം കൃഷി വിസ്തൃതിയുടെ 9.8 ശതമാനവും തോട്ടവിളകളായ തേയില, കാപ്പി, റബ്ബർ, ഏലം എന്നിവ 28 ശതമാനവുമാണ്. 2023-24 ൽ നെൽ കൃഷി മൊത്തം കൃഷി വിസ്തൃതിയുടെ 7.1 ശതമാനമായിരുന്നു.

2022-23 നെ അപേക്ഷിച്ച് 2023-24 ൽ ഭക്ഷ്യവിളകളിൽ പയർവർഗ്ഗങ്ങൾ, റാഗി, ചെറുധാന്യങ്ങൾ, മധുരക്കിഴങ്ങ് എന്നിവയുടെ ഉല്പാദനത്തിൽ യഥാക്രമം 17.3 ശതമാനം, 35.8 ശതമാനം, 56.3 ശതമാനം, 1.4 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. നെല്ലുല്പാദനത്തിൽ 10.5 ശതമാനം കുറവുണ്ടായി. സുഗന്ധവ്യഞ്ജനങ്ങളിൽ കുരുമുളക്, ഏലം എന്നിവയുടെ ഉല്പാദനത്തിൽ യഥാക്രമം 11.4 ശതമാനം, 3.2 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. 2022-23 നെ അപേക്ഷിച്ച് 2023-24 ൽ നാളികേര കൃഷി വിസ്തൃതിയിൽ 0.7 ശതമാനത്തിന്റെ വർദ്ധനവും ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും കുറവും രേഖപ്പെടുത്തി. കൂടാതെ, റബ്ബറിന്റെ ഉല്പാദനത്തിൽ 1.7 ശതമാനം വർദ്ധനവ് റിപ്പോർട്ട് ചെയ്തു.

കേരളത്തിൽ കൃഷി ചെയ്യുന്ന പ്രധാന വിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.1.4** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**വിള തിരിച്ചുള്ള വിശകലനം**

**നെല്ല്**

ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ-കാർഷിക സംഘടന (എഫ്.എ.ഒ) റിപ്പോർട്ട് പ്രകാരം 2023–24 ൽ ലോകത്തെ നെല്ലുല്പാദനം 530.1 ദശലക്ഷം ടൺ ആയിരുന്നു. ആഗോള നെല്ലുല്പാദനത്തിൽ ചൈന ഒന്നാം സ്ഥാനത്തും ഇന്ത്യ രണ്ടാം സ്ഥാനത്തുമാണ്. ഭക്ഷ്യധാന്യ ഉൽപ്പാദനത്തിന്റെ അന്തിമ എസ്റ്റിമേറ്റ് അനുസരിച്ച്, 2023-24 ൽ ഇന്ത്യയിലെ നെല്ല് ഉൽപ്പാദനം 1,378.3 ലക്ഷം ടണ്ണായി കണക്കാക്കപ്പെടുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് 20.7 ലക്ഷം ടണ്ണിന്റെ വർദ്ധനവ് നെല്ലുല്പാദനത്തിൽ രേഖപ്പെടുത്തി.

2023-24 ൽ, സംസ്ഥാനത്തെ നെൽകൃഷിയുടെ (നെൽവയൽ) വിസ്തൃതി 1.8 ലക്ഷം ഹെക്ടറായി കുറഞ്ഞു. 2022-23 നെ അപേക്ഷിച്ച് 5.9 ശതമാനം കുറവ് രേഖപ്പെടുത്തി. 2023-24 ൽ നെല്ലിന്റെ ഉൽപാദനവും ഉൽപ്പാദനക്ഷമതയും യഥാക്രമം 5.3 ലക്ഷം ടണ്ണും, ഹെക്ടറിന് 2,963 കിലോഗ്രാമും ആയിരുന്നു. ഇത് 2022-23 നെ അപേക്ഷിച്ച് യഥാക്രമം 10.5 ശതമാനത്തിന്റെയും 4.9 ശതമാനത്തിന്റെയും കുറവ് രേഖപ്പെടുത്തി.

2023-24 ൽ സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ 7.1 ശതമാനം നെൽകൃഷി ആയിരുന്നു. കഴിഞ്ഞ ദശാബ്ദ കാലത്തെ നെൽകൃഷി വിസ്തൃതി വിശകലനം ചെയ്യുമ്പോൾ നെൽകൃഷി വിസ്തൃതി ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ളത് 2020-21 ലാണെന്ന് കാണാം. അതായത് നെൽകൃഷി വിസ്തൃതി 2 ലക്ഷം ഹെക്ടറും ഉല്പാദനം 6.3 ലക്ഷം ടണ്ണുമായിരുന്നു (**അനുബന്ധം 3.1.5**).

സീസൺ തിരിച്ചുള്ള ഡാറ്റ പ്രകാരം മുൻവർഷത്തെ അപേക്ഷിച്ച് 2023-24 ൽ മുണ്ടകൻ (ശീതകാലം) നെൽകൃഷി വിസ്തൃതി കൂടുകയും, വിരിപ്പ് (ശരത്കാലം), പുഞ്ച (വേനൽ) കൃഷി വിസ്തൃതി കുറയുകയും ചെയ്തു. ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും മൂന്ന് സീസണുകളിലും കുറവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷത്തിനു സമാനമായി 2023-24 ൽ പുഞ്ച കൃഷിയിൽ ഉയർന്ന ഉല്പാദനക്ഷമത ലഭിച്ചു. ഇത് ഹെക്ടറിന് 3238 കി.ഗ്രാം രേഖപ്പെടുത്തി. 2023-24 ൽ ഏറ്റവും കൂടിയ ഉല്പാദനം (2.1 ലക്ഷം ടൺ) മുണ്ടകൻ സീസണിൽ ആയിരുന്നു (**അനുബന്ധം 3.1.6**).

2023-24 ൽ സംസ്ഥാനത്തെ നെൽകൃഷി വിസ്തൃതിയുടെ 40 ശതമാനം മുണ്ടകൻ കൃഷി ആയിരുന്നു. ഇതിൽ 28,999.9 ഹെക്ടർ പാലക്കാട് ജില്ലയിലാണ് (**അനുബന്ധം 3.1.7**). വിരിപ്പ് സീസണിൽ പാലക്കാട് ജില്ലയിൽ ആകെ 29,471.7 ഹെക്ടർ നെൽകൃഷിയും, ആലപ്പുഴ ജില്ലയിൽ 6,458.1 ഹെക്ടർ നെൽകൃഷിയും ചെയ്തു. പുഞ്ച വിളയാണ് ആലപ്പുഴ ജില്ലയിൽ (27,153 ഹെക്ടർ) കൂടുതലായി കൃഷി ചെയ്യുന്നത്.

സംസ്ഥാനത്തെ മൊത്തം നെൽകൃഷി വിസ്തൃതിയിൽ 81 ശതമാനവും പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം ജില്ലകളിലായിരുന്നു. സംസ്ഥാനത്തിന്റെ മൊത്തം നെല്ലുല്പാദനത്തിൽ 82.5 ശതമാനം ഈ ജില്ലകളിൽ നിന്നുമായിരുന്നു. നെൽകൃഷി വിസ്തൃതിയിലും ഉല്പാദനത്തിലും പാലക്കാട് ജില്ല ഒന്നാം സ്ഥാനത്തും ആലപ്പുഴ ജില്ല രണ്ടാം സ്ഥാനത്തുമായിരുന്നു. എന്നാൽ ഉല്പാദനക്ഷമതയിൽ ആലപ്പുഴ ജില്ല ഒന്നാമതും (ഹെക്ടറിന് 3,346 കി.ഗ്രാം), തുടർന്ന് മലപ്പുറം ജില്ലയുമായിരുന്നു (ഹെക്ടറിന് 3,231 കി.ഗ്രാം). 2022-23 നെ അപേക്ഷിച്ച് 2023-24 വർഷത്തിൽ ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നെല്ലുല്പാദനത്തിൽ വർദ്ധനവ് രേഖപ്പെടുത്തി. 2023-24 ൽ ആലപ്പുഴ ജില്ലയിലാണ് നെല്ലുല്പാദനത്തിൽ കൂടുതൽ വർദ്ധനവ് രേഖപ്പെടുത്തിയത് (10,795.6 ടൺ വർദ്ധനവ്). സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ കണക്കുകൾ പ്രകാരം, 2023-24 ൽ, പാലക്കാട് ജില്ലയിലാണ് നെല്ലൽപാദനത്തിൽ ഏറ്റവും വലിയ കുറവ് (22.1 ശതമാനം) രേഖപ്പെടുത്തിയത് (**അനുബന്ധം 3.1.8**).

2023-24 ൽ സംസ്ഥാനത്ത് നെൽവയൽകൃഷിയ്ക്ക് പുറമേ 1,324.3 ഹെക്ടർ പ്രദേശത്ത് കരനെൽകൃഷി നടപ്പിലാക്കുകയും 3,043.5 ടൺ ഉല്പാദനം ലഭിക്കുകയും ചെയ്തു. ഹെക്ടറിന് 2,298 കി.ഗ്രാം ആയിരുന്നു കരനെൽകൃഷിയുടെ ഉല്പാദനക്ഷമത. 2021-22 മുതൽ കരനെൽ കൃഷി കുറഞ്ഞു വരുന്ന പ്രവണത കാണിക്കുന്നു (**അനുബന്ധം 3.1.8**).

ഉല്പാദനക്ഷമത കൂടിയ നെല്ലിനങ്ങളുടേയും പ്രാദേശിക നെല്ലിനങ്ങളുടേയും കൃഷി വിസ്തൃതി ജില്ലാടിസ്ഥാനത്തിൽ **അനുബന്ധം 3.1.9, 3.1.10** എന്നിവയിൽ നൽകിയിരിക്കുന്നു. നെൽകൃഷി വിസ്തൃതിയിൽ 98 ശതമാനവും അതായത് 1.75 ലക്ഷം ഹെക്ടറിലും ഉല്പാദനക്ഷമത കൂടിയ നെല്ലിനങ്ങളാണ് കൃഷി ചെയ്യുന്നത്. പ്രാദേശിക ഇനങ്ങളുടെ കൃഷി 3,670.6 ഹെക്ടറിലായിരുന്നു.

സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹനത്തിനായുള്ള പദ്ധതിയായ 'നെല്ല് വികസനം' മുഖേന, വിസ്തൃതി വികസനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന പിന്തുണ, തരിശുഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം, സവിശേഷ നെല്ലിനങ്ങളുടെ കൃഷി, സൂക്ഷ്മ പോഷകങ്ങളുടെ പ്രയോഗം, ജീവാണു വളങ്ങൾ, മണ്ണ് മെച്ചപ്പെടുത്തുന്ന വസ്തുക്കൾ, രജിസ്റ്റേർഡ് സീഡ് ഗ്രോവെർസ് പ്രോഗ്രാം, നെൽ വികസന ഏജൻസികൾക്കുള്ള പിന്തുണ, നെൽവയൽ ഉടമകൾക്ക് റോയൽറ്റി എന്നിവ നടപ്പിലാക്കി. 2024-25 ൽ, വിവിധ ഗ്രാമപഞ്ചായത്തുകളിൽ 101.1 ഹെക്ടറിലും, മുനിസിപ്പാലിറ്റികളിൽ 6 ഹെക്ടറിലും, കോർപ്പറേഷനുകളിൽ 10 ഹെക്ടറിലും നെൽകൃഷിക്ക് ഉൽപാദന ബോണസായി സഹായം നൽകി. കൂടാതെ, ഇതേ പദ്ധതി പ്രകാരം കാർഷിക ആവശ്യങ്ങൾക്കായി സൗജന്യ വൈദ്യുതി നൽകുന്നതിനും സഹായം നൽകി.

**പച്ചക്കറികൾ**

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തതയും പോഷകസുരക്ഷിതത്വവും കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 'പച്ചക്കറി വികസന പദ്ധതി' നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള കാർഷിക സർവ്വകലാശാല, കർഷക ഉല്പാദക സംഘടനകൾ (എഫ്.പി.ഒ) തുടങ്ങിയ ഏജൻസികളെ ഉൾപ്പെടുത്തി മിഷൻ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി. 2023-24-ൽ ഈ മേഖലയിലെ കൃഷി വകുപ്പിന്റെ പ്രധാന പരിപാടികൾ ഉയർന്ന വിളവ് നൽകുന്നതും ഹൈബ്രിഡ് പച്ചക്കറി വിത്തുകളുടെയും തൈകളുടെയും വിതരണം, വീട്ടുവളപ്പുകളിലും നഗരപ്രദേശങ്ങളിലും സ്ഥാപനങ്ങളിലും പച്ചക്കറി കൃഷിക്കുള്ള പിന്തുണ, തുറസ്സായ സ്ഥലങ്ങളിലെ കൃത്യതാ കൃഷി പ്രോത്സാഹിപ്പിക്കൽ, ഇടുക്കി, വയനാട് ജില്ലകളിലെ ശീതകാല പച്ചക്കറി കൃഷി, പച്ചക്കറി ക്ലസ്റ്ററുകൾക്കും വാണിജ്യ പച്ചക്കറി കൃഷിക്കും സഹായം എന്നിവയായിരുന്നു. മഴ മറകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 100 ചതുരശ്ര മീറ്ററിന് 50,000 രൂപ എന്ന നിരക്കിൽ സഹായം നൽകി, 2023-24-ൽ മൊത്തം 27,349 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ മഴ മറകൾ സ്ഥാപിക്കുന്നതിന് സഹായം നൽകി. 2023-24-ൽ സംസ്ഥാനത്തെ പച്ചക്കറി ഉത്പാദനം (വാഴയും പ്ലാന്റെയിനുകളും ഉൾപ്പെടെ) 17.1 ലക്ഷം ടണ്ണിൽ നിന്ന് 17.2 ലക്ഷം ടണ്ണായി നേരിയ തോതിൽ വർദ്ധിച്ചു. സംസ്ഥാനത്തെ ആകെ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.2 ലക്ഷം ഹെക്ടറായിരുന്നു. കർഷക സമൂഹത്തിന്റെ ഉന്നമനത്തിനായി പച്ചക്കറി, പഴ വർഗ്ഗങ്ങൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്ന വിവിധ പദ്ധതികൾ വി.എഫ്.പി.സി.കെ നടപ്പിലാക്കുന്നുണ്ട്. 2023-24 ൽ കൗൺസിലിലെ കർഷകർ 20,510 ഹെക്ടർ സ്ഥലത്ത് നിന്ന് ആകെ 85,799 മെട്രിക് ടൺ പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചു. കൂടാതെ, രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പദ്ധതി പ്രകാരം, എസ്.എച്ച്.എം മുഖേന 374.1 ഹെക്ടർ സ്ഥലത്ത് കൃത്യതാ കൃഷി നടപ്പിലാക്കിയിട്ടുണ്ട്.

**തെങ്ങ്**

ഭക്ഷ്യ കാർഷിക സംഘടനയുടെ 2022 ലെ സ്ഥിതിവിവര കണക്ക് പ്രകാരം ലോകത്തിലെ നാളികേരം ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ ഇന്തോനേഷ്യ ഒന്നാം സ്ഥാനത്തും തൊട്ടു പുറകിൽ ഫിലിപ്പൈൻസ്, ഇന്ത്യ, ബ്രസീൽ എന്നീ രാജ്യങ്ങളുമാണ്.

2023-24 ൽ രാജ്യത്തെ തെങ്ങ് കൃഷി വിസ്തൃതി 23.3 ലക്ഷം ഹെക്ടറും ഉല്പാദനം 22,226.3 ദശലക്ഷം നാളികേരവും ഉല്പാദനക്ഷമത ഹെക്ടറിന് 9,527 നാളികേരവുമായിരുന്നു. ദേശീയ തലത്തിൽ 2022-23 വർഷത്തെ അപേക്ഷിച്ച് വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിച്ചു. മൊത്തം തെങ്ങ് കൃഷിയുടെ 90 ശതമാനവും ഉല്പാദനത്തിന്റെ 92 ശതമാനവും നാളികേര കൃഷിയ്ക്ക് പ്രാധാന്യമുള്ള തെക്കൻ സംസ്ഥാനങ്ങളായ തമിഴ്നാട്, കേരളം, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നിവയുടെ സംഭാവനയായിരുന്നു. രാജ്യത്തെ പ്രധാന നാളികേര കൃഷി മേഖലകളിലെ ഉത്പാദനത്തെ ബാധിക്കുന്ന ഘടകങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള പരിപാടികൾ നാളികേര വികസന ബോർഡ് നടപ്പിലാക്കി വരുന്നു. കാറ്റ് വീഴ്ച ബാധിച്ച പ്രദേശങ്ങൾക്കായുള്ള പദ്ധതികൾ, കാർഷിക സർവകലാശാലകളുമായും മറ്റ് ഗവേഷണ സ്ഥാപനങ്ങളുമായും സഹകരിച്ച് ഗവേഷണ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ പ്രത്യേകമായി ആവിഷ്കരിച്ചിട്ടുണ്ട്. നാളികേരത്തിന്റെ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നാളികേര വികസന ബോർഡ് നടത്തുന്നു.

സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ 30.2 ശതമാനം, 7.7 ലക്ഷം ഹെക്ടർ പ്രദേശത്ത് 2023-24 കാലയളവിൽ നാളികേരകൃഷി ചെയ്തു, 2022-23 നെ അപേക്ഷിച്ച് 0.7 ശതമാനം വർദ്ധനവ് ഈ വിസ്തൃതിയിൽ രേഖപ്പെടുത്തി. 2023-24 ൽ ഉൽപാദനവും ഉൽപ്പാദനക്ഷമതയും യഥാക്രമം 5,523 ദശലക്ഷം നാളികേരമായും ഹെക്ടറിന് 7,211 നാളികേരമായും കുറഞ്ഞു. സംസ്ഥാന നാളികേര മേഖലയുടെ പ്രകടനം കഴിഞ്ഞ അഞ്ച് വർഷമായി ഏറിയും കുറഞ്ഞുമായിരുന്നു (**അനുബന്ധം 3.1.11**).

സംസ്ഥാനത്ത് കൃഷി വകുപ്പ് മുഖേന ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനുമുള്ള പരിപാടികൾ കർഷകർക്ക് അടിസ്ഥാന തലങ്ങളിൽ നൽകി. നിലവിലുള്ള തെങ്ങിൻ തോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ക്ലസ്റ്റർ അധിഷ്ഠിത - കേരഗ്രാമം പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കി. തെങ്ങിന്റെ തടം തുറക്കൽ, പുതയിടൽ, സംയോജിത പോഷക പരിപാലനം (ഐ.എൻ.എം), സംയോജിത കീട രോഗ പരിപാലനം (ഐ.പി.ഡി.എം), ജലസേചന സൗകര്യങ്ങൾ ഒരുക്കൽ, ജൈവ വള ഉത്പാദനം, ക്ലൈംബിംഗ് മെഷീനുകളുടെ വിതരണം, നാളികേര അധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കൽ എന്നിവയുൾപ്പെടെയുള്ള സംയോജിത നാളികേര പരിപാലനം കേരഗ്രാമം പരിപാടിയിലൂടെ നടത്തിയ പ്രധാന പ്രവർത്തനങ്ങളായിരുന്നു. കൂടാതെ,

തെങ്ങ് കൃഷിയിൽ ശാസ്ത്രീയ പരിപാലന രീതികളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്തുടനീളം കേര രക്ഷാവാരം ക്യാമ്പയിൻ സംഘടിപ്പിച്ചു. ഈ സംരംഭങ്ങളിലൂടെ ഭാവിയിൽ മികച്ച വിളവും ഉൽപാദനവും കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നാളികേര മിഷന്റെ കീഴിലുള്ള പുനർനടീൽ പരിപാടിയുടെ ഭാഗമായി, വെസ്റ്റ് കോസ്റ്റ് ടാൾ (ഡബ്ല്യൂ.സി.റ്റി), കുള്ളൻ, ഹൈബ്രിഡ് ഇനങ്ങൾ എന്നിവ ഉൾപ്പെടുന്ന ആകെ 48,19,185 തെങ്ങിൻ തൈകൾ 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ സംസ്ഥാനത്തുടനീളം വിതരണം ചെയ്തു (**പട്ടിക 3.1.3**).

**പട്ടിക. 3.1.3** നാളികേര മിഷന്റെ ഭാഗമായി 2019-20 മുതൽ 2023-24 വരെ വിതരണം ചെയ്ത തെങ്ങിൻതൈകളുടെ എണ്ണം

| വർഷം | നെടിയ ഇനം | കുള്ളൻ | സങ്കരയിനം | ആകെ |
|---|---|---|---|---|
| 2019-20 | 2,22,751 | 32,493 | 95,781 | 3,51,025 |
| 2020-21 | 6,06,967 | 29,217 | 1,20,986 | 7,57,170 |
| 2021-22 | 8,98,647 | 31,293 | 1,30,052 | 10,59,992 |
| 2022-23 | 11,23,790 | 40,965 | 98,812 | 12,63,567 |
| 2023-24 | 11,73,095 | 69,509 | 1,44,827 | 13,87,431 |
| **ആകെ** | **40,25,250** | **2,03,477** | **5,90,458** | **48,19,185** |

***അവലംബം:*** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേരളം

### കുരുമുളക്

അന്താരാഷ്ട്ര പെപ്പർ കമ്മിറ്റിയുടെ കണക്കുകൾ പ്രകാരം, 2023-ൽ കുരുമുളക് ഉൽപാദനത്തിലും കയറ്റുമതിയിലും വിയറ്റ്നാം ഒന്നാം സ്ഥാനം നിലനിർത്തി, ആഗോള കുരുമുളക് ഉൽപാദനത്തിന്റെ 35 ശതമാനവും സംഭാവന ചെയ്തു. ആഗോള ഉൽപാദനത്തിന്റെ 17.5 ശതമാനം വിഹിതവുമായി ബ്രസീൽ രണ്ടാം സ്ഥാനത്താണ്. ആഗോള കുരുമുളക് ഉൽപാദന വിഹിതത്തിന്റെ 16 ശതമാനം സംഭാവന ചെയ്ത ഇന്ത്യ, മൂന്നാമത്തെ വലിയ ഉത്പാദക രാജ്യമാണ് (യു.പി.എ.എസ്.ഐ വാർഷിക റിപ്പോർട്ട്, 2024).

സുഗന്ധ വ്യഞ്ജന ബോർഡിന്റെ മുൻകൂർ കണക്കുകൾ പ്രകാരം, 2023-24-ൽ ഇന്ത്യയിലെ കുരുമുളക് ഉത്പാദനം 1.3 ലക്ഷം ടൺ ആയിരുന്നു, 2022-23 നെ അപേക്ഷിച്ച് 8,860 ടൺ വർദ്ധനവ് രേഖപ്പെടുത്തി. 2022-23-ൽ 2,99,053 ഹെക്ടറായിരുന്ന കുരുമുളക് കൃഷിയുടെ വിസ്തൃതി 2023-24-ൽ 3,13,632 ഹെക്ടറായി വർദ്ധിച്ചു. 2023-24 ൽ രാജ്യത്ത് കുരുമുളകിന്റെ വിസ്തൃതി (2,22,394 ഹെക്ടർ) ഉൽപ്പാദനം (89,000 ടൺ) എന്നിവയിൽ കർണാടക ഒന്നാം സ്ഥാനത്തെത്തി.

2022-2023 നും 2023-2024 നും ഇടയിൽ കുരുമുളകിന്റെ കയറ്റുമതി 17,958 ടണ്ണിൽ നിന്ന് 17,890 ടണ്ണായി കുറഞ്ഞു. എന്നിരുന്നാലും, 2023-24 ൽ കയറ്റുമതി മൂല്യം 73,648.9 ലക്ഷമായി വർദ്ധിച്ചു . 2022 ൽ കിലോയ്ക്ക് 516.6 രൂപയായിരുന്ന കുരുമുളകിന്റെ വില 2023 ൽ കിലോയ്ക്ക് 559.5 രൂപയായി വർദ്ധിച്ചു (യു.പി.എ.എസ്.ഐ വാർഷിക റിപ്പോർട്ട്, 2024).

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ കണക്കനുസരിച്ച്, 2023-24-ൽ സംസ്ഥാനത്തെ കുരുമുളകിന്റെ ഉത്പാദനം 3,144.4 ടൺ വർദ്ധിച്ച് 30,798.2 ടണ്ണായി. കുരുമുളക് കൃഷി വിസ്തൃതി 72,669.3 ഹെക്ടറാണ് (**അനുബന്ധം 3.1.4**). സംസ്ഥാനത്തെ കുരുമുളകിന്റെ വിസ്തൃതി 2022-23 നെ അപേക്ഷിച്ച് 2023-24-ൽ 1.4 ശതമാനം കുറഞ്ഞു. കുരുമുളകിന്റെ ഉൽപാദനക്ഷമത 2022-23-ൽ ഹെക്ടറിന് 375 കിലോഗ്രാം ആയിരുന്നത് 2023-24 ൽ 13 ശതമാനം വർദ്ധിച്ച് ഹെക്ടറിന് 423.8 കിലോഗ്രാം ആയി.

### കശുവണ്ടി

2022 ലെ ഭക്ഷ്യകാർഷിക സംഘടനയുടെ സ്ഥിതി വിവര കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ കശുവണ്ടി ഉല്പാദിപ്പിക്കുന്നത് ഐവറി കോസ്റ്റും തുടർന്ന് ഇന്ത്യയുമാണ്.

കശുവണ്ടി, കൊക്കോ വികസന ഡയറക്ടറേറ്റിന്റെ കണക്കുകൾ പ്രകാരം 2023-24 കാലയളവിൽ രാജ്യത്തെ അസംസ്കൃത കശുവണ്ടിയുടെ ഉല്പാദനം 8 ലക്ഷം ടണ്ണായിരുന്നു. 2022-23 നെ അപേക്ഷിച്ച് അസംസ്കൃത കശുണ്ടി ഉല്പാദനത്തിൽ 1.7 ശതമാനം വർദ്ധനവുണ്ടായി. കശുവണ്ടി കൃഷി വിസ്തൃതി 2022-23 ലെ 11.92 ലക്ഷം ഹെക്ടറിൽ നിന്നും വർദ്ധിച്ച് 2023-24 ൽ 11.99 ലക്ഷം ഹെക്ടർ രേഖപ്പെടുത്തി (**അനുബന്ധം 3.1.12**). കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനത്തിന്റെ 24.8 ശതമാനം സംഭാവന ചെയ്യുന്ന മഹാരാഷ്ട്രയാണ് ഇന്ത്യയിൽ കശുവണ്ടി കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിൽ മുന്നിലുള്ളത്. തൊട്ട് പിന്നിൽ 16.8 ശതമാനം സംഭാവന ചെയ്യുന്ന ആന്ധ്രാപ്രദേശാണ്. ആഭ്യന്തര ഉൽപ്പാദനത്തിന്റെ 9.6 ശതമാനം വിഹിതവുമായി കേരളം ആറാം സ്ഥാനത്തായിരുന്നു.

ക്യാഷ്യൂ എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (സി.ഇ.പി.സി.ഐ) റിപ്പോർട്ട് പ്രകാരം, 2023-24 ൽ ഇന്ത്യ 2,620 കോടി രൂപ വില വരുന്ന 46,235 മെട്രിക് ടൺ കശുവണ്ടി കയറ്റുമതി ചെയ്തു, 2022-23 ൽ 2,718 കോടി രൂപ വില വരുന്ന 44,982 മെട്രിക് ടൺ കശുവണ്ടിയായിരുന്നു കയറ്റുമതി ചെയ്തത്. യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യു.എ.ഇ) ആയിരുന്നു ഇന്ത്യൻ കശുവണ്ടിയുടെ ഏറ്റവും വലിയ കയറ്റുമതി വിപണി, തൊട്ടുപിന്നിൽ ജപ്പാനാണ്.

2023-24 ൽ, കേരളത്തിൽ കശുവണ്ടി കൃഷിയുടെ വിസ്തൃതിയും ഉൽപാദനവും യഥാക്രമം 1.1 ലക്ഷം ഹെക്ടറും 76,380 മെട്രിക് ടണ്ണും ആയിരുന്നു (**അനുബന്ധം 3.1.12**).

### തോട്ടവിളകൾ

കയറ്റുമതി, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ സാധ്യതകൾ കണക്കിലെടുക്കുമ്പോൾ തോട്ടവിളകൾ ദേശീയ സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സുപ്രധാന പങ്ക് വഹിക്കുന്നു.

റബ്ബർ, തേയില, കാപ്പി, ഏലം എന്നീ നാല് തോട്ടവിളകളുടെ കൃഷിയിൽ കേരളം ഗണ്യമായ പങ്ക് വഹിക്കുന്നു. സംസ്ഥാനത്ത് ഈ നാല് വിളകളും കൂടി 7.1 ലക്ഷം ഹെക്ടർ

പ്രദേശത്ത് കൃഷി ചെയ്യുന്നു. സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ 28 ശതമാനം തോട്ടവിളകളാണ്. ഈ നാല് വിളകളുടെയും ഉൽപാദനത്തിന്റെയും വിളവിന്റെയും കണക്കുകൾ **അനുബന്ധം 3.1.13** ൽ നൽകിയിരിക്കുന്നു.

വിലയിലെ ഏറ്റക്കുറച്ചിലുകൾ, കുറയുന്ന ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും, സംസ്കരണം, വിപണനം, വ്യാപാരം എന്നീ മേഖലകളിലും ഗവേഷണ വികസന മേഖലയിലെ സംവേദനക്ഷമതയും സംസ്ഥാനത്തെ തോട്ടം മേഖലയിലെ വെല്ലുവിളികളായി തിരിച്ചറിഞ്ഞിട്ടുണ്ട്. സമ്പദ് വ്യവസ്ഥയിൽ തോട്ടവിളകളുടെ പങ്കു കണക്കിലെടുത്ത് വിപുലീകരണത്തിനും പുനർനടീലിനും ഉത്പാദനക്ഷമത വർദ്ധനവിനും പുറമേ തോട്ടവിളകളുടെ സംസ്കരണവും മൂല്യവർദ്ധനവും മെച്ചപ്പെടുത്തുന്നതിനുള്ള സംരംഭങ്ങൾ സംസ്ഥാനം പിന്തുടരുന്നു.

### റബ്ബർ

അന്തർദേശീയ റബ്ബർ സ്റ്റഡി ഗ്രൂപ്പിന്റെ കണക്ക് പ്രകാരം 2023 ലെ ആഗോള പ്രകൃതിദത്ത റബ്ബറിന്റെ ഉൽപ്പാദനം 13.9 ദശലക്ഷം ടണ്ണായിരുന്നു. ഇത് 2022 ലെ ഉൽപ്പാദനത്തിൽ നിന്നും 3.6 ശതമാനം കുറവാണ് കാണിക്കുന്നത്. പ്രകൃതിദത്ത റബ്ബർ ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ 47.1 ലക്ഷം ടൺ ഉൽപ്പാദനവുമായി തായ്‌ലാൻഡ് ഒന്നാമതെത്തി. തുടർന്ന് 26.5 ലക്ഷം ടൺ ഉൽപ്പാദനത്തോടെ ഇന്തോനേഷ്യയും രണ്ടാം സ്ഥാനത്തെത്തി. ആഗോള റബ്ബർ ഉൽപ്പാദനത്തിന്റെ 6.1 ശതമാനം വിഹിതവുമായി ഇന്ത്യ അഞ്ചാമതാണ്. പ്രകൃതിദത്ത റബ്ബറിന്റെ ആഗോള ഉപഭോഗം 0.8 ശതമാനം കുറവ് രേഖപ്പെടുത്തി. പ്രകൃതിദത്ത റബ്ബർ ഉപഭോഗത്തിൽ ചൈനക്ക് തൊട്ടുപിന്നിൽ ഇന്ത്യ രണ്ടാം സ്ഥാനത്തായിരുന്നു (ഇന്ത്യൻ റബ്ബർ സ്റ്റാറ്റിസ്റ്റിക്സ്, 2024).

2024 ലെ ഇന്ത്യൻ റബ്ബർ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം, 2023-24 ൽ രാജ്യത്തെ പ്രകൃതിദത്ത റബ്ബറിന്റെ ഉൽപ്പാദനം മുൻവർഷത്തേക്കാൾ മെച്ചപ്പെട്ടു.ഈ കാലയളവിൽ പ്രകൃതിദത്ത റബ്ബറിന്റെ ഉൽപ്പാദനം 2.2 ശതമാനം വർദ്ധിച്ച് 8.6 ലക്ഷം ടണ്ണായി. റബ്ബറിന്റെ ഉൽപാദനക്ഷമത 2022-23 ൽ ഹെക്ടറിന് 1,482 കിലോഗ്രാം ആയിരുന്നത് 2023-24 ൽ ഹെക്ടറിന് 1,485 കിലോഗ്രാം ആയി നേരിയ തോതിൽ വർദ്ധിച്ചു. 2022-23 ൽ 8.5 ലക്ഷം ഹെക്ടറായിരുന്ന റബ്ബറിന്റെ വിസ്തൃതി 2023-24 ൽ 8.9 ലക്ഷം ഹെക്ടറായി വർദ്ധിച്ചു.

തെങ്ങിന് തൊട്ടുപിന്നാലെ സംസ്ഥാനത്ത് രണ്ടാമത്തെ വലിയ വിസ്തൃതി റബ്ബറിനുണ്ട്, മൊത്തം കൃഷിഭൂമിയുടെ 21.6 ശതമാനം. റബ്ബർ ബോർഡിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം, 2023-24 ൽ, സംസ്ഥാനത്തെ റബ്ബർ ഉൽപ്പാദനം 2022-23 നെ അപേക്ഷിച്ച് 1.7 ശതമാനം വർദ്ധിച്ച് 6.1 ലക്ഷം ടണ്ണായി. എന്നിരുന്നാലും, 2023-24 ൽ റബ്ബർ കൃഷിയുടെ വിസ്തൃതി 1,480 ഹെക്ടർ കുറഞ്ഞ് 5.5 ലക്ഷം ഹെക്ടറായി. റബ്ബറിന്റെ ഉൽപാദനക്ഷമത ഹെക്ടറിന് 1,570 കിലോഗ്രാമിൽ നിന്ന് 1,573 കിലോഗ്രാമായി നേരിയ വർദ്ധനവ് രേഖപ്പെടുത്തി (**അനുബന്ധം 3.1.13**).

2023 ൽ, പ്രകൃതിദത്ത റബ്ബറിന്റെ ആഭ്യന്തര ഉപഭോഗം 0.7 ലക്ഷം ടൺ വർദ്ധിച്ച് 14.2 ലക്ഷം ടണ്ണിലെത്തി. 2022-23 ൽ 5.3 ലക്ഷം ടണ്ണായിരുന്ന പ്രകൃതിദത്ത റബ്ബറിന്റെ ഇറക്കുമതി 2023-24 ൽ 4.9 ലക്ഷം ടണ്ണായി കുറഞ്ഞു (**അനുബന്ധം 3.1.14**). ഇന്ത്യ 3.5 ലക്ഷം ടൺ സിന്തറ്റിക് റബ്ബർ ഉൾപ്പെടെ ആകെ 8.5 ലക്ഷം ടൺ റബ്ബർ ഇറക്കുമതി ചെയ്തു.

ആർ.എസ്.എസ് 4 ഗ്രേഡ് റബ്ബറിന്റെ ആഭ്യന്തര വിലയുടെ വാർഷിക ശരാശരി 2022-23 ൽ 100 കിലോയ്ക്ക് 15,652 രൂപയായിരുന്നത് 2023-24 ൽ 100 കിലോയ്ക്ക് 15,572 രൂപയായി കുറഞ്ഞു. എന്നിരുന്നാലും, 2024 ലെ ആദ്യ മൂന്ന് മാസങ്ങളിൽ ആഭ്യന്തര, അന്തർദേശീയ വിപണികളിൽ പ്രകൃതിദത്ത റബ്ബറിന്റെ വില ക്രമാതീതമായി വർദ്ധിച്ചു. 2024 ജനുവരി മുതൽ 2024 മാർച്ച് വരെ, ആർ.എസ്. എസ് 4 റബ്ബറിന്റെ വില 100 കിലോഗ്രാമിന് 1,821 രൂപ വർദ്ധിച്ച് 17,734 രൂപയായി (**അനുബന്ധം 3.1.15, 3.1.16**).

### കാപ്പി

അന്താരാഷ്ട്ര കോഫി ഓർഗനൈസേഷന്റെ കണക്കുകൾ പ്രകാരം 2023-24 ൽ ആഗോള കാപ്പി ഉൽപ്പാദനം 178 ദശലക്ഷം ബാഗുകൾ (60 കിലോ ബാഗുകൾ) ആയി കണക്കാക്കുന്നു. ഇത് 2022-23 നെ അപേക്ഷിച്ച് 9.8 ദശലക്ഷം ബാഗുകളുടെ വർദ്ധനവ് രേഖപ്പെടുത്തി. അറബിക്ക കാപ്പി ഉൽപ്പാദനത്തിൽ 8.2 ദശലക്ഷം ബാഗുകളുടെയും റോബസ്റ്റ കാപ്പി ഉൽപ്പാദനത്തിൽ 1.6 ദശലക്ഷം ബാഗുകളുടെയും വർദ്ധനവാണ് ഉൽപ്പാദനത്തിലെ വർദ്ധനവിന് പ്രധാന കാരണമായെന്ന് യുപിഎഎസ്ഐ റിപ്പോർട്ട് ചെയ്തു. 2022-23 ൽ ആഗോള കാപ്പി ഉൽപ്പാദനത്തിന്റെ 38.5 ശതമാനം വിഹിതവുമായി ബ്രസീൽ ഒന്നാം സ്ഥാനത്തും 17.4 ശതമാനം വിഹിതവുമായി വിയറ്റ്നാം രണ്ടാം സ്ഥാനത്തുമാണ്. ആഗോള കാപ്പി ഉൽപ്പാദനത്തിന്റെ 3.9 ശതമാനം വിഹിതവുമായി ഇന്ത്യ ആറാം സ്ഥാനത്തെത്തി.

കോഫി ബോർഡിന്റെ കണക്കുകൾ പ്രകാരം ആഭ്യന്തര കാപ്പി ഉല്പാദനം 2022-23 നെ അപേക്ഷിച്ച് 2023-24 ൽ, 22,200 മെട്രിക് ടൺ വർദ്ധിച്ച് 3,74,200 മെട്രിക് ടൺ രേഖപ്പെടുത്തി. റോബസ്റ്റ ഉത്പാദനം മൊത്തം കാപ്പി ഉൽപാദനത്തിന്റെ 69.8 ശതമാനവുമായിരുന്നു, അതായത് 2022-23 ൽ 2,52,000 മെട്രിക് ടൺ ഉൽപ്പാദനത്തിൽ നിന്ന് 2,61,200 മെട്രിക് ടണ്ണായി ഉത്പാദനം വർദ്ധിച്ചു. കാപ്പി ഉത്പാദിപ്പിക്കുന്ന പ്രധാന സംസ്ഥാനങ്ങളിൽ, മൊത്തം ഉൽപാദനത്തിന്റെ 71.3 ശതമാനവുമായി കർണാടക ഒന്നാം സ്ഥാനം നിലനിർത്തി, തൊട്ടുപിന്നിൽ കേരളമാണ് (19.5 ശതമാനം).

കോഫി ബോർഡിന്റെ കണക്കുകൾ പ്രകാരം, 2023-24 ൽ കേരളത്തിലെ കാപ്പി ഉത്പാദനം 2,071 മെട്രിക് ടൺ കുറഞ്ഞ് 70,354 മെട്രിക് ടണ്ണായി. 2023-24 ൽ കാപ്പി കൃഷിയുടെ വിസ്തൃതി 85,957 ഹെക്ടറായിരുന്നു (**അനുബന്ധം 3.1.13**), കേരളത്തിലെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 827 കിലോഗ്രാം ആയിരുന്നു. കോഫി ബോർഡിന്റെ കണക്കനുസരിച്ച്, സംസ്ഥാനത്തെ മൊത്തം കാപ്പി ഉൽപാദനത്തിന്റെ 83.6 ശതമാനം സംഭാവന ചെയ്ത് വയനാട് ജില്ല കാപ്പി ഉൽപ്പാദനത്തിൽ മുന്നിട്ട് നിൽക്കുന്നു.

**തേയില**

ഇന്റർനാഷണൽ തേയില കമ്മിറ്റിയുടെ 2023-ലെ കണക്കുകൾ പ്രകാരം ആഗോള തേയില ഉൽപ്പാദനത്തിന്റെ 49.2 ശതമാനം സംഭാവന ചെയ്യുന്ന ചൈന ഒന്നാം സ്ഥാനത്ത് തുടർന്നു. ഇന്ത്യയും കെനിയയും യഥാക്രമം 21.1 ശതമാനവും 8.6 ശതമാനവും വിഹിതത്തോടെ രണ്ടും മൂന്നും സ്ഥാനത്താണ്.

ആഭ്യന്തര തേയില ഉൽപ്പാദനം 2023-24 ൽ 1,382.03 ദശലക്ഷം കിലോഗ്രാമായിരുന്നു. 2022-23 നെ അപേക്ഷിച്ച് ഇത് 7.06 ദശലക്ഷം കിലോഗ്രാമിന്റെ വർദ്ധനവാണ് കാണിക്കുന്നത് (**അനുബന്ധം 3.1.17**). രാജ്യത്തെ തേയില ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ ആസാമും (675.9 ദശലക്ഷം കി.ഗ്രാം) തുടർന്ന് പശ്ചിമബംഗാളുമാണ് (426.6 ദശലക്ഷം കി.ഗ്രാം).

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം, 2023-24 ൽ കേരളത്തിൽ തേയിലത്തോട്ടങ്ങളുടെ വിസ്തീർണ്ണം 35,679.8 ഹെക്ടറായിരുന്നു, ഇത് 2022-23 നെ അപേക്ഷിച്ച് 29.08 ഹെക്ടറിന്റെ വർദ്ധനവ് രേഖപ്പെടുത്തി. 2023-24 ൽ സംസ്ഥാനത്ത് തേയിലയുടെ ഉൽപാദനവും ഉൽപ്പാദനക്ഷമതയും യഥാക്രമം 65,090 മെട്രിക് ടണ്ണും, ഹെക്ടറിന് 1,824 കിലോഗ്രാമും ആയിരുന്നു. തേയിലയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും 2022-23 ലെ ഉൽപ്പാദനത്തെയും ഉൽപ്പാദനക്ഷമതയെയും അപേക്ഷിച്ച് കുറവ് രേഖപ്പെടുത്തി (**അനുബന്ധം 3.1.13**).

**ഏലം**

അന്താരാഷ്ട്ര തലത്തിൽ ചെറിയ ഏലം ഉൽപ്പാദനത്തിൽ ഇന്ത്യക്ക് രണ്ടാം സ്ഥാനമാണ്. ഗ്വാട്ടിമാല ഒന്നാം സ്ഥാനം വഹിക്കുന്നു. 2023-24 ൽ സുഗന്ധവ്യഞ്ജന ബോർഡിന്റെ മുൻകൂർ കണക്കെടുപ്പ് പ്രകാരം ഇന്ത്യയുടെ ഏലം ഉൽപ്പാദനം മുൻവർഷത്തേതിൽ നിന്നും 766 ടൺ വർദ്ധിച്ച് 25,230 ടണ്ണായി കണക്കാക്കപ്പെട്ടിരിക്കുന്നു. 2023-24 ൽ ചെറിയ ഏലം കയറ്റുമതി 1,184 ടൺ കുറഞ്ഞ് ആകെ 6,168 ടണ്ണായി. 2022-23 ൽ 875.2 കോടി രൂപയായിരുന്ന കയറ്റുമതി മൂല്യം 999.6 കോടി രൂപയായി വർദ്ധിച്ചു.

ദേശീയ ഉൽപാദനത്തിന്റെ 90.6 ശതമാനം സംഭാവന ചെയ്യുന്ന കേരളത്തിന് ഏലം ഉൽപാദനത്തിൽ ഒരു പ്രധാന പങ്കുണ്ട്. 2023-24 ൽ ഏലത്തിന്റെ ഉത്പാദനം 22,869 മെട്രിക് ടണ്ണായി വർദ്ധിച്ചു, ഇത് 2022-23 നെ അപേക്ഷിച്ച് 3.2 ശതമാനം വർദ്ധനവാണ്. 2022-23 ൽ ഹെക്ടറിന് 549 കിലോഗ്രാം ആയിരുന്ന ഏലത്തിന്റെ ഉൽപാദനക്ഷമത ഹെക്ടറിന് 567 കിലോഗ്രാം ആയി ഗണ്യമായി വർദ്ധിച്ചു (**അനുബന്ധം 3.1.13**).

**വളങ്ങളുടെയും കീടനാശിനികളുടെയും ഉപഭോഗം**

**പട്ടിക 3.1.4** ൽ സൂചിപ്പിക്കുന്നതുപോലെ 2023-24 ൽ ഏറ്റവുമധികം കീടനാശിനി ഉപഭോഗം നടന്നത് നെൽകൃഷിയിലും തുടർന്ന് വാഴ കൃഷിയിലും സുഗന്ധവ്യഞ്ജന കൃഷിയിലുമായിരുന്നു. 2023-24 ൽ റിപ്പോർട്ട് ചെയ്യപ്പെട്ട കീടനാശിനികളുടെ ആകെ ഉപഭോഗം കഴിഞ്ഞ മൂന്ന് വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കായിരുന്നു, 511.4 മെട്രിക് ടൺ. ഇതിൽ 236.2 മെട്രിക് ടൺ രാസ കീടനാശിനികളും 275.2 മെട്രിക് ടൺ ജൈവ കീടനാശിനികളുമാണ്.

മുൻ വർഷത്തെ അപേക്ഷിച്ച്, നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം (എൻ പി കെ) വളങ്ങളുടെ ആകെ ഉപഭോഗം 2023-24 ൽ കുറഞ്ഞു. 2023-24 ൽ, നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവയുടെ ഉപഭോഗം യഥാക്രമം 69,794 മെട്രിക് ടൺ, 32,740 മെട്രിക് ടൺ, 57,263 മെട്രിക് ടൺ എന്നിങ്ങനെയായിരുന്നു (**പട്ടിക 3.1.5**).

നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം വളങ്ങളുടെ ഒരു ഹെക്ടറിന്റെ ഉപഭോഗം മുൻ വർഷത്തെ അപേക്ഷിച്ച് 2023-24 ൽ യഥാക്രമം 26 കിലോഗ്രാം, 12 കിലോഗ്രാം, 20 കിലോഗ്രാം എന്നിങ്ങനെ കുറഞ്ഞു. നൈട്രജൻ വളങ്ങളുടെ ഉപഭോഗം ഫോസ്ഫറസ്, പൊട്ടാസ്യം വളങ്ങൾ എന്നിവയുമായി സംയോജിപ്പിച്ച അനുപാതം 81 ശതമാനമായി കുറഞ്ഞു (**അനുബന്ധം 3.1.18**).

**മണ്ണ് സംരക്ഷണം**

കാർഷിക പുരോഗതിയ്ക്ക് സുസ്ഥിരമായ മണ്ണ് പരിപാലനത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞുകൊണ്ട് മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ്,

**പട്ടിക 3.1.4** ഉല്പന്നം തിരിച്ചും വിള തിരിച്ചുമുള്ള രാസജൈവകീടനാശിനികളുടെ ഉപഭോഗം, 2021-22 മുതൽ 2023-24 വരെ, ടെക്നിക്കൽ ഗ്രേഡ്, മെട്രിക് ടണ്ണിൽ

| ഉല്പന്നം | രാസ കീടനാശിനികൾ | | | ജൈവകീടനാശിനികൾ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | 2021–22 | 2022–23 | 2023–24 | 2021–22 | 2022–23 | 2023–24 | 2021–22 | 2022–23 | 2023–24 |
| നെല്ല് | 59.2 | 45.7 | 68.5 | 56.8 | 50.2 | 77.6 | 116.0 | 95.9 | 146.1 |
| പച്ചക്കറികൾ | 40.7 | 41.6 | 35.0 | 46.2 | 43.6 | 47.2 | 86.9 | 85.2 | 82.2 |
| സുഗന്ധവ്യഞ്ജനങ്ങൾ | 20.9 | 27.6 | 38.3 | 30.2 | 32.7 | 34.0 | 51.1 | 60.3 | 72.3 |
| തേങ്ങ | 43.6 | 46.0 | 27.8 | 65.3 | 61.9 | 30.6 | 108.9 | 107.9 | 58.4 |
| അടയ്ക്ക | 12.1 | 13.2 | 20.6 | 17.6 | 16.8 | 22.0 | 29.7 | 30.0 | 42.6 |
| വാഴ | 49.2 | 57.0 | 46.0 | 47.6 | 58.9 | 63.7 | 96.8 | 115.9 | 109.7 |
| **ആകെ** | **225.7** | **231.2** | **236.2** | **263.7** | **264.0** | **275.2** | **489.4** | **495.2** | **511.4** |

***അവലംബം:* കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേരളം**

**പട്ടിക 3.1.5** സംസ്ഥാനത്തെ കീടനാശിനികളുടേയും വളങ്ങളുടേയും (എൻ പി കെ) ഉപഭോഗം 2018-19 മുതൽ 2023-24 വരെ, മെട്രിക് ടണ്ണിൽ

| വർഷം | രാസ കീടനാശിനികൾ | ജൈവ കീടനാശിനികൾ | ആകെ | നൈട്രജൻ | ഫോസ്ഫറസ് | പൊട്ടാസ്യം |
|---|---|---|---|---|---|---|
| 2018-19 | 517.3 | 676.8 | 1194.1 | 73,109 | 40,802 | 67,877 |
| 2019-20 | 291.0 | 343.8 | 634.8 | 75,292 | 36,797 | 55,866 |
| 2020-21 | 224.5 | 268.4 | 492.9 | 89,238 | 42,613 | 75,085 |
| 2021-22 | 225.7 | 263.7 | 484.1 | 76,682 | 36,327 | 50,072 |
| 2022-23 | 231.2 | 264.0 | 495.2 | 83,594 | 39,819 | 64,751 |
| 2023-24 | 236.1 | 275.2 | 511.4 | 69,794 | 32,740 | 57,263 |

***അവലംബം:*** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേരളം

**ബോക്സ് 3.1.1** കുടുംബശ്രീ മുഖേനയുള്ള കാർഷിക പ്രവർത്തനങ്ങൾ

സംസ്ഥാനത്തെ കാർഷിക മേഖലയിലെ നിരവധി പ്രവർത്തനങ്ങളിൽ കുടുംബശ്രീ സജീവമായി ഇടപെടുകയും അതുവഴി സാമ്പത്തിക വളർച്ചയും ഭക്ഷ്യസുരക്ഷയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിലേയ്ക്ക് പ്രാദേശിക സർക്കാരുകളെ സഹായിക്കുക, സ്ത്രീകൾക്ക് സാമ്പത്തിക ശാക്തീകരണം നൽകുക എന്നീ ലക്ഷ്യങ്ങളോടെ പാട്ടത്തിനെടുത്ത കൃഷിഭൂമിയിൽ കൃഷി ഏറ്റെടുക്കുന്നതിനായി സ്ത്രീകളെ സംഘടിപ്പിച്ച് നടത്തുന്ന കൂട്ടുകൃഷി കുടുംബശ്രീ തുടരുന്നു. നബാർഡ് പ്രോത്സാഹിപ്പിക്കുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ ആശയത്തിന്റെ മാതൃകയിൽ ഉടലെടുത്തിട്ടുള്ള സംഘകൃഷി ഗ്രൂപ്പുകൾ പഞ്ചായത്തുകളുടെയും സാമൂഹ്യശൃംഖലകളുടേയും പിന്തുണയോടെ തരിശുഭൂമി അനൗപചാരികമായി പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നത്. നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, മറ്റ് വിളകൾ എന്നിവ 2023-24 ൽ 87,297 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ പങ്കാളിത്തത്തോടെ 16,435 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു. നെല്ല്, പച്ചക്കറികൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ യഥാക്രമം 4,459 ഹെക്ടർ, 5,105 ഹെക്ടർ, 1,123 ഹെക്ടർ, 4,613 ഹെക്ടർ എന്നിങ്ങനെയാണ് കൃഷി ചെയ്തത്. 1,136 ഹെക്ടറിൽ മറ്റ് വിളകൾ കൃഷി ചെയ്തു. 2023-24 ൽ കൂട്ടുകൃഷിയിലൂടെയുള്ള കൃഷി വിസ്തൃതിയുടെ വിശദാംശങ്ങൾ അനുബന്ധം 3.1.19 ൽ നൽകിയിരിക്കുന്നു. ഇടനിലക്കാരുടെ പങ്കാളിത്തമില്ലാതെ ജെ.എൽ.ജി കളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി കുടുംബശ്രീ 'നാട്ടുചന്ത' എന്ന പേരിൽ ആഴ്ചതോറുമുള്ള ചന്തകൾ നടത്തുകയും സംസ്ഥാനത്തുടനീളം 24,841 നാട്ടുചന്തകൾ സംഘടിപ്പിക്കുകയും 2023-24 ൽ 4,717.32 ടൺ പച്ചക്കറികൾ വിൽക്കുകയും ചെയ്തു.

പുതിയതും പോഷകപ്രദവുമായ പച്ചക്കറികളുടേയും പഴങ്ങളുടേയും ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള അഗ്രി ന്യൂട്രി ഗാർഡൻ ക്യാമ്പെയിനുകളിലും കുടുംബശ്രീ ഏർപ്പെട്ടിരിക്കുന്നു. ക്യാമ്പെയിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള വീടുകളിൽ 11,03,371 ഗാർഡനുകൾ സ്ഥാപിച്ചു. കൂടാതെ, സംസ്ഥാനത്ത് മിതമായ നിരക്കിൽ ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി 765 വനിതാ സംരംഭകരെ ഉൾപ്പെടുത്തി 543 'ജൈവിക' പ്ലാന്റ് നഴ്സറികൾ കുടുംബശ്രീ സ്ഥാപിച്ചു. ആകെ 175 ഇടത്തരം മൂല്യവർദ്ധന യൂണിറ്റുകൾ, 523 ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ, 159 ബയോ ഫാർമസി യൂണിറ്റുകൾ, 44 നഗര പച്ചക്കറി കിയോസ്കുകൾ, ഓരോ ജില്ലയിലും വാഴയുടെ മൂല്യവർദ്ധന യൂണിറ്റുകൾ എന്നിവ കുടുംബശ്രീ രൂപീകരിച്ചു. നഗരപ്രദേശങ്ങളിൽ ടെറസ് ഗാർഡൻ, അടുക്കളത്തോട്ടം, അലങ്കാര ഉദ്യാനം തുടങ്ങി വിവിധ പൂന്തോട്ടങ്ങൾ സ്ഥാപിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന 'ഗ്രീൻ കാർപെറ്റ്സ്' എന്ന പേരിലുള്ള 18 പ്രൊഫഷണൽ മൊബൈൽ യൂണിറ്റുകളും കുടുംബശ്രീയുടെ കീഴിൽ സംസ്ഥാനത്തുടനീളം സ്ഥാപിച്ചു.

സംസ്ഥാനത്തുടനീളം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. മണ്ണൊലിപ്പ് തടയുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ, ജലപ്രവാഹം നിയന്ത്രിക്കൽ, മണ്ണിന്റെ ഈർപ്പം നിലനിർത്തൽ, വെള്ളപ്പൊക്കനിയന്ത്രണം, ഉപ്പുവെള്ളം കയറുന്നത് തടയൽ, മണ്ണിന്റെ ശാസ്ത്രീയ ഡാറ്റാബേസ് തയ്യാറാക്കുക, മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നതിനായി കർഷകരെ സഹായിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

സംസ്ഥാനത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പ് മുഖേന നടപ്പിലാക്കുന്നു. നാളിതുവരെ ആർ.ഐ.ഡി.എഫ് നു കീഴിൽ 595 മണ്ണ്-ജല സംരക്ഷണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും അതുവഴി 1.73 ലക്ഷം ഹെക്ടർ പ്രദേശം സംരക്ഷിക്കുകയും ചെയ്തു. 2023-24 പദ്ധതിക്കാലയളവിൽ 'ഉരുൾപൊട്ടൽ പ്രദേശങ്ങളുടെ സംരക്ഷണം' എന്ന പദ്ധതി ഇടുക്കി, കോഴിക്കോട്, മലപ്പുറം, പത്തനംതിട്ട, കോട്ടയം, കൊല്ലം, എറണാകുളം, പാലക്കാട്, വയനാട് ജില്ലകളിലെ 1,034.54 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കി. 2023-24 കാലയളവിൽ അരുവിക്കര, ശാസ്താംകോട്ട, പെരുവണ്ണാമൂഴി തുടങ്ങിയ ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ 143.75 ഹെക്ടർ പ്രദേശവും തൃത്താല, കുറ്റിയാടി നിയോജക മണ്ഡലങ്ങളിൽ 'സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസന പദ്ധതി'യിലൂടെ 419 ഹെക്ടർ പ്രദേശവും സംരക്ഷിച്ചു. ആർ.കെ.ഐ പദ്ധതിയ്ക്കു കീഴിൽ വകുപ്പ് ഇതുവരെ 15,594 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പാക്കി.

അഞ്ച് സോയിൽ അനലിറ്റിക്കൽ ലബോറട്ടറികൾ, രണ്ട് സോയിൽ ഹെൽത്ത് ക്ലിനിക്കുകൾ, ഒരു മൊബൈൽ മണ്ണ് പരിശോധനാ ലാബ് എന്നിവ മണ്ണ് പര്യവേക്ഷണ വിഭാഗത്തിനു കീഴിൽ പ്രവർത്തിച്ചു വരുന്നു. കർഷകർക്ക് മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നതിനുള്ള സേവനം ലഭ്യമാക്കുന്നതിന് മണ്ണിന്റെ സാമ്പിൾ പരിശോധനയും സോയിൽ ഹെൽത്ത് കാർഡ് വിതരണവും നടത്തി വരുന്നു. ഇതു കൂടാതെ, വിവിധ സംഘടനകൾ, എൻ.ജി.ഒ കൾ, വ്യക്തിഗത കർഷകർ എന്നിവർക്കായി അനലിറ്റിക്കൽ

സപ്പോർട്ടും ലാബുകൾ മുഖാന്തിരം നടത്തുന്നു. "മണ്ണ്" എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ ഓരോ സ്ഥലത്തേയും മണ്ണിന്റെ നിലവാരമനുസരിച്ച് വിള തിരിച്ചുള്ള വളപ്രയോഗം ശിപാർശ ചെയ്യുന്നു. 2023-24 കാലയളവിൽ 22 സോയിൽ ഹെൽത്ത് ക്യാമ്പെയിനുകൾ സംഘടിപ്പിക്കുകയും 15,998 സോയിൽ ഹെൽത്ത് കാർഡുകൾ മൊബൈൽ മണ്ണ് പരിശോധനാ ലാബുകൾ വഴി വിതരണം ചെയ്തു. വകുപ്പിനു കീഴിൽ തിരുവനന്തപുരത്തെ പാറോട്ടുകോണത്ത് പ്രവർത്തിക്കുന്ന സോയിൽ മ്യൂസിയം കേരളത്തിലെ മണ്ണിനെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങളുടെ ശേഖരമായി പ്രവർത്തിക്കുന്നു. കർഷകർക്കും വിദ്യാർത്ഥികൾക്കുമായി 'മണ്ണറിവ്' എന്ന ബോധവത്ക്കരണ പരിപാടി സോയിൽ മ്യൂസിയം സംഘടിപ്പിച്ചു. 'ഭൂമിയുടെ വർഗ്ഗീകരണത്തിനുള്ള ഡാറ്റാ ബാങ്ക് സ്ഥാപിക്കൽ' എന്ന പദ്ധതിയിലൂടെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിലെ 37 പഞ്ചായത്തുകളിൽ ഭൂവർഗ്ഗീകരണത്തിനുള്ള ഡാറ്റാ ബാങ്ക് പൂർത്തീകരിച്ചു.

**കാർഷിക വിപണനം**

നഗരഗ്രാമ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മൊത്ത-ചില്ലറ വിപണി ശൃംഖലയിലൂടെയാണ് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ വിപണനം സാധ്യമാക്കുന്നത്. പ്രാദേശിക മാർക്കറ്റ് ഔട്ട് ലെറ്റുകൾ വിവിധ തലങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു. ഒന്നുകിൽ കർഷകരിൽ നിന്ന് സമാഹരിച്ചോ അല്ലെങ്കിൽ ക്ലസ്റ്റർ അടിസ്ഥാനമാക്കിയുള്ള ബിസിനസ്സ് മോഡൽ ഉപയോഗിച്ചോ, പ്രാദേശിക കാർഷിക ഉല്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നു.

കർഷകർ, എഫ്.പി.ഒ കൾ, ഫാം ഗ്രൂപ്പുകൾ, മറ്റ് കർഷക സംഘടനകൾ, സഹകരണ സംഘങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന വിവിധ കാർഷിക ഉല്പന്നങ്ങളുടെ വിപണനം ഊർജ്ജിതമാക്കാനും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും 'കേരളഗ്രോ' എന്ന ഏകീകൃത ബ്രാൻഡിൽ കാർഷിക ഉല്പന്നങ്ങളുടെ വിപണനം കൃഷി വകുപ്പ് ആരംഭിച്ചു. സംസ്ഥാനത്തുടനീളം 'കേരളഗ്രോ' ബ്രാൻഡഡ് ഷോപ്പുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതിന്റെ ഭാഗമായി 14 'കേരളഗ്രോ' ബ്രാൻഡഡ് ഷോപ്പുകൾ ആരംഭിക്കുകയും 193 'കേരളഗ്രോ' ഉല്പന്നങ്ങൾ ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തു.

2023-24 ൽ, ഗ്രാമീണ കർഷക വിപണികളെ ശക്തിപ്പെടുത്തുക, പുതിയ ബൽക്കിംഗ് പോയിന്റുകളുടേയും ശേഖരണ കേന്ദ്രങ്ങളുടേയും രൂപീകരണം, നിലവിലുള്ള കർഷക വിപണികൾക്ക് അടിസ്ഥാന സൗകര്യങ്ങളും മാനേജ്മെന്റ് പിന്തുണയും നൽകുന്നതുൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന്റെ കാർഷിക വിപണന സംവിധാനം ശക്തിപ്പെടുത്തുന്നതിന് വി.എഫ്.പി.സി.കെ ഗണ്യമായ സംഭാവന നൽകി. 296 സ്വാശ്രയ കർഷക സമിതികൾ വഴി 309.50 കോടി രൂപയുടെ 96,385 മെട്രിക് ടൺ പച്ചക്കറികളുടേയും പഴങ്ങളുടേയും വിപണനം വി.എഫ്.പി.സി.കെ മുഖാന്തിരം നടന്നു.

ഉൽസവ സമയത്ത് പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് പച്ചക്കറികൾ എത്തിക്കുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും വേണ്ടി കൃഷിവകുപ്പ് വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് എന്നിവയുമായി ചേർന്ന് ഓണസമൃദ്ധി, വിഷുക്കണി എന്നീ പേരുകളിൽ പഴം, പച്ചക്കറി ചന്തകൾ സംഘടിപ്പിച്ചു. 2023-24 ൽ ആകെ 1,912 ഓണച്ചന്തകൾ നടത്തി.

**വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും**

സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിനു കീഴിലുള്ള ചെറുകിട കർഷക അഗ്രി ബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി) കർഷകർക്കും സംരംഭകർക്കും വിജയകരമായി അഗ്രിബിസിനസ്സ് സ്ഥാപിക്കുന്നതിനും അവയുടെ നടത്തിപ്പിനും ആവശ്യമായ ലിങ്കേജ് ലഭ്യമാക്കുന്നു. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളുടെ (എഫ്.പി.ഒ) രൂപീകരണവും പ്രോത്സാഹനവും, മൈക്രോ, ചെറുകിട, ഇടത്തരം കാർഷിക സംസ്കരണ യൂണിറ്റുകളുടെ പ്രോത്സാഹനവുമാണ് എസ്.എഫ്.എ.സി മുഖേന കേരളത്തിൽ നടപ്പാക്കുന്ന പ്രധാന പദ്ധതികൾ. 2017-18 മുതൽ ഇതുവരെ, എസ്.എഫ്.എ.സി മുഖേന ഇതുവരെ മൊത്തം 73 എം.എസ്.എം.ഇ യൂണിറ്റുകൾക്ക് പിന്തുണ നൽകിയിട്ടുണ്ട്.

കർഷകരെ സംഘടിപ്പിക്കുന്നതിനും സംഘടിതമായ ഉല്പാദനവും വിപണനവും നടത്തുന്നതിനും കർഷക ഉല്പാദക സംഘടനകളുടെ (എഫ്.പി.ഒ) പ്രാധാന്യം കണക്കിലെടുത്ത്, വിപണന അടിസ്ഥാന സൗകര്യങ്ങളോടൊപ്പം ആവശ്യമായ സാങ്കേതിക മാനേജീരിയൽ നൈപുണ്യവും നൽകി സംസ്ഥാന സർക്കാർ പുതിയ എഫ്.പി.ഒ കൾ രൂപീകരിക്കുന്നതിന് അനുകൂലമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിൽ ശ്രദ്ധ ചെലുത്തി. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷന്റെ പ്രോത്സാഹനത്തിനായുള്ള ആർ.കെ.വി.വൈ പദ്ധതിയ്ക്ക് കീഴിൽ, 50 പുതിയ എഫ്.പി.ഒ കൾ രൂപീകരിക്കുന്നതിനും നിലവിലുള്ള 50 എഫ്.പി.ഒ കൾ ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ 2023-24 ൽ എസ്.എഫ്.എ.സി ക്കു കീഴിൽ തുടർന്നു.

സെൻട്രൽ എസ്.എഫ്.എ.സി യുടെ കീഴിലുള്ള എഫ്.പി.ഒ കളുടെ രൂപീകരണത്തിനായി വി.എഫ്.പി.സി.കെ യെ ക്ലസ്റ്റർ അധിഷ്ഠിത ബിസിനസ്സ് ഓർഗനൈസേഷനായി അംഗീകരിക്കുകയും അതനുസരിച്ച് 5 ബ്ലോക്കുകളിലായി 5 എഫ്.പി.ഒ കൾ രൂപീകരിക്കുകയും ചെയ്തു. പ്രാഥമിക സംസ്കരണം, ജൈവകൃഷി, കയറ്റുമതി, പഴങ്ങൾ, പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, തേൻ എന്നിവയുടെ മൂല്യവർദ്ധനയിൽ ഏർപ്പെട്ടിരിക്കുന്ന മൊത്തം 41 ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ വി.എഫ്.പി.സി.കെ യുടെ കീഴിൽ രൂപീകരിച്ചു.

'തളിർ' എന്ന പേരിലുള്ള വി.എഫ്.പി.സി.കെ ബ്രാൻഡഡ് ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഏഴ് പ്രാഥമിക സംസ്കരണ കേന്ദ്രങ്ങളും (പി.പി.സി കൾ) പച്ചക്കറി, പഴ സംസ്കരണ വിപണന കേന്ദ്രങ്ങളും വി.എഫ്.പി.സി.കെ ആരംഭിച്ചു. 'തളിർ' ബ്രാൻഡഡ് ഉല്പന്നങ്ങൾ ഒരു ജില്ലയിൽ നിന്ന് മറ്റൊരിടത്തേയ്ക്ക് മാറ്റിക്കൊണ്ട് വിപണിയിലെ

ഗ്ലൂട്ട് സാഹചര്യം കൈകാര്യം ചെയ്യുന്നതിൽ പി.പി.സി കൾ പങ്ക് വഹിക്കുന്നു. കൂടാതെ, കുറഞ്ഞ ചെലവിൽ പച്ചക്കറികളുടേയും പഴങ്ങളുടേയും മൂല്യവർദ്ധനവിന് യന്ത്രസഹായം നൽകുന്നതിനായി വി.എഫ്.പി.സി.കെ എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ചു.

കേരളത്തിലെ കാർഷിക, വ്യാവസായിക മേഖലകളിൽ വെയർഹൗസിംഗും ലോജിസ്റ്റിക് സേവനങ്ങളും നൽകുന്നതിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ (കെ.എസ്.ഡബ്ല്യു.സി) ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഭക്ഷ്യധാന്യങ്ങൾ, കാർഷികോല്പന്നങ്ങൾ, വ്യാവസായിക വസ്തുക്കൾ, അവശ്യവസ്തുക്കൾ എന്നിവയുൾപ്പെടെയുള്ള വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങളുടെ കാര്യക്ഷമമായ സംഭരണവും വിതരണവും ഇത് ഉറപ്പാക്കുന്നു. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനു കീഴിൽ 2.4 ലക്ഷം ടൺ സംഭരണശേഷിയുള്ള 55 വെയർഹൗസുകൾ പ്രവർത്തിക്കുന്നു. എറണാകുളം ജില്ലയിൽ കെ.എസ്.ഡബ്ല്യു.സി യ്ക്ക് കീഴിൽ ഒരു കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും കസ്റ്റംസ് ബോണ്ടഡ് വെയർഹൗസും പ്രവർത്തിക്കുന്നു. സംസ്ഥാന തുറമുഖങ്ങൾ വഴിയുള്ള ചരക്കുകളുടെ ഇറക്കുമതിയും കയറ്റുമതിയും കൈകാര്യം ചെയ്യുന്നതിൽ ഇത് പ്രധാന പങ്ക് വഹിക്കുന്നു. 2023-24 ൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ 5 കോടി രൂപയുടെ ഗോഡൗണിന്റെ നവീകരണം പൂർത്തിയാക്കി. നബാർഡ് വെയർഹൗസ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് മുതലമടയിൽ മൊത്തം 3,433 മെട്രിക് ടൺ ശേഷിയുള്ള പുതിയ ബഹുനില ഗോഡൗൺ നിർമ്മിക്കുകയും, വണ്ടൻമേട്ടിലെ സ്റ്റേറ്റ് വെയർഹൗസിൽ താപനില നിയന്ത്രിത ഗോഡൗൺ ആരംഭിക്കുകയും ചെയ്തു.

മതിയായ ഇൻക്യുബേറ്ററുകൾ ലഭ്യമാക്കുക, ചെറുകിട സംരംഭകർക്ക് ഉപയോഗിക്കാൻ പാകത്തിലുള്ള പാക്കേജിംഗ് സാങ്കേതിക പ്രോട്ടോക്കോൾ പ്രോത്സാഹിപ്പിക്കുക, ഓൺലൈൻ മാർക്കറ്റിങ്ങിലേയും ഇ-കോമേഴ്സിലേയും അറിവ് പ്രചരിപ്പിക്കുക, ഉല്പന്നങ്ങളുടെ ഗുണനിലവാരം ക്രമീകരിക്കുക, ശീതീകരണ സംവിധാനത്തിനും, കമ്മ്യൂണിറ്റി പ്രോസസ്സിംഗിനും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ കാർഷിക ബിസിനസ്സ് സംരംഭങ്ങളെ ശാക്തീകരിക്കുവാൻ സഹായകമാകും.

**യന്ത്രവൽക്കരണം**

സംസ്ഥാനത്ത് നിലവിലുള്ള കാർഷിക തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകി വരുന്നു. സംസ്ഥാനത്തെ കർഷകർക്ക്, യന്ത്ര വൽക്കരണ പിന്തുണയും മറ്റ് കാർഷിക സേവനങ്ങൾ സുഗമമാക്കുന്നതിനുള്ള ഉദ്യമങ്ങളിൽ ബ്ലോക്ക്തല അഗ്രോസർവ്വീസ് സെന്ററുകൾ (എ.എസ്.സി), പഞ്ചായത്തുതല കാർഷിക കർമ്മസേനകൾ (കെ. കെ.എസ്), കസ്റ്റം ഹയറിംഗ് സെന്ററുകൾ (സി.എച്ച്. സി) എന്നിവ ഉൾപ്പെടുന്നു.

അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മ സേന, കസ്റ്റം ഹയറിംഗ് സെന്റർ, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തുടങ്ങിയ സേവന ദാതാക്കളുടെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും നിരീക്ഷണത്തിനും കർഷകർക്ക് ഏകജാലക സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനും 2018 ൽ രൂപീകൃതമായ സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ പ്രവർത്തിച്ചുവരുന്നു.

മിഷൻ റിപ്പോർട്ട് പ്രകാരം 99 അഗ്രോ സർവ്വീസ് സെന്ററുകളും 368 കാർഷിക കർമ്മ സേന യൂണിറ്റുകളും 28 കൃഷിശ്രീ കേന്ദ്രങ്ങളും സംസ്ഥാനത്ത് സ്ഥാപിച്ചു. ആവശ്യാനുസരണം വിവിധ ജില്ലകളിലേയ്ക്കുള്ള എല്ലാ കാർഷിക യന്ത്രങ്ങളുടേയും അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുന്നതിനായി മിഷൻ സംസ്ഥാനതല പരിപാടിയായ 'കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം' സംഘടിപ്പിച്ചു. 2023-24 ൽ ഈ പരിപാടിയ്ക്ക് കീഴിൽ 23.35 ലക്ഷം രൂപയുടെ പതിമൂന്ന് അഗ്രോ മെഷിനറികളുടെ അറ്റകുറ്റപ്പണികൾ നടത്തി. 7 കാർഷിക കർമ്മ സേനകൾ, 4 അഗ്രോ സർവ്വീസ് സെന്ററുകൾ, 14 മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ സ്വകാര്യവ്യക്തികൾ എന്നിവരുടെ 25 യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ മൊബൈൽ റിപ്പയർ യൂണിറ്റ് വഴി നടത്തി. മിഷൻ വഴി 2023-24 ൽ എ.എസ്. സി/കെ.കെ.എസ്/കെ.എസ്.സി എന്നിവയുടെ 58 സേവനദാതാക്കൾക്കും, 418 ട്രെയിനികൾക്കും പരിശീലനം നൽകി. കൂടാതെ, 'കാർഷിക യന്ത്രം സർവ്വം ചലിതം കേരളം' എന്ന ടാഗിൽ മിഷൻ സംസ്ഥാനത്തുടനീളം കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളും സേവനപ്രചാരണവും നടത്തി. 2023-24 കാലയളവിൽ, 567 സ്ത്രീകളും 367 പുരുഷന്മാരും അടക്കം മൊത്തം 934 വ്യക്തികൾ അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേനയും 1,948 സ്ത്രീകളും 1,751 പുരുഷന്മാരും ഉൾപ്പെടുന്ന 3,699 കാർഷിക സാങ്കേതിക വിദഗ്ദ്ധർ കാർഷിക കർമ്മ സേനകൾ മുഖേനയും മിഷനു കീഴിൽ സേവനദാതാക്കളായി പ്രവർത്തിച്ചു.

യന്ത്രവൽക്കരണ സേവനങ്ങൾ നൽകുന്നതിനു പുറമേ, ആർ.കെ.ഐ പ്രോജക്റ്റിന്റെ ഭാഗമായി കോൾ നിലങ്ങൾക്കായി അഗ്രോ മെഷിനറി കെയർ സെന്റർ (എ.എം.സി.സി) സംഘടിപ്പിക്കുന്നതിനും, കുട്ടനാട്ടിലെ ഏജന്റുമാർ മുഖേനയുള്ള കമ്പൈൻ ഹാർവെസ്റ്ററുകളുടെ കാര്യക്ഷമത നിരീക്ഷിക്കുന്നതിനായി കമ്പൈൻ ഹാർവെസ്റ്റർ എഫിഷ്യൻസി മോണിറ്ററിംഗ് ആൻഡ് ഇൻസ്പെക്ഷൻ മൊബൈൽ യൂണിറ്റ് (സി. എച്ച്.ഇ.എം.ഐ.എം.യു) സംഘടിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്തം കെ.എസ്.എ.എം.എം നെ ഏൽപ്പിച്ചു.

ചെറുകിട നാമമാത്ര കർഷകർക്കായും യന്ത്രവൽക്കരണ സൗകര്യങ്ങൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിലേയ്ക്ക് കാർഷിക യന്ത്രവൽക്കരണത്തിന്റെ വ്യാപനം വർദ്ധിപ്പിക്കുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഫോർ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (എസ്.എം.എ.എം) ലക്ഷ്യമിടുന്നു. സ്കീമിന് കീഴിൽ 28,047 കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് കൃഷി വകുപ്പ് സാമ്പത്തിക

സഹായം നൽകുകയും 2023-24 ൽ മൊത്തം 277 ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുകയും ചെയ്തു.

ഡ്രെയിനേജ് സംവിധാനത്തിനുള്ള പരമ്പരാഗത പെട്ടി-പറ സംവിധാനങ്ങൾക്ക് പകരം ഊർജ്ജക്ഷമമായ വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകളും സബ്മേഴ്സിബിൾ പമ്പുകളും സ്ഥാപിക്കുന്നത് 'കുട്ടനാട്ടിലെ കാർഷിക മേഖലയുടെ വികസനം' എന്ന പദ്ധതിയിൽ നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം, 2023-24 ൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ പാടശേഖരങ്ങളിൽ 37 വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകൾ സ്ഥാപിച്ചു.

**കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ 2023–24 വർഷത്തിലെ പ്രധാന നേട്ടങ്ങൾ**

2023-24 ൽ കർഷകന്റെ വരുമാനം മെച്ചപ്പെടുത്തുന്നതിനും ഉപജീവന സുരക്ഷ ദീർഘകാലാടിസ്ഥാനത്തിൽ ഉറപ്പാക്കുന്നതിനുമായി വ്യക്തിഗത ഫാമുകളുടെ സമഗ്ര വികസനത്തിനുള്ള കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനത്തിന് കൃഷി വകുപ്പ് ഊന്നൽ നൽകി. കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികൾ ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ, ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക വിദ്യയ്ക്കുമുള്ള പിന്തുണ, വിതരണ/മൂല്യ ശൃംഖലകളുടെ വികസനം എന്നീ പദ്ധതികൾ ഈ സമീപനത്തിനു കീഴിലായി സംസ്ഥാനത്തുടനീളമായി വകുപ്പ് നടപ്പിലാക്കി. കൃഷിഭവനുകൾ മുഖേന വ്യക്തിഗത ഫാമുകൾ വികസനത്തിന്റെ അടിസ്ഥാന യൂണിറ്റായി കണ്ടെത്തുകയും വിഭവാധിഷ്ഠിതമായി ശാസ്ത്രീയ പദ്ധതിയുടെ അടിസ്ഥാനത്തിൽ വികസിപ്പിക്കുക എന്നതാണ് ഈ സമീപനത്തിലൂടെ ലക്ഷ്യമിടുന്നത്. കർഷകർക്ക് കാര്യക്ഷമമായ വിപണനവും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും എഫ്.പി.ഒ രൂപീകരണവും, കൃഷിയിടങ്ങളുടെ കൂട്ടായ്മയിലൂടെയുള്ള വികസനവും എന്ന ആശയങ്ങൾ പ്രോത്സാഹിപ്പിക്കപ്പെട്ടു. സംസ്ഥാന ആസൂത്രണ ബോർഡ് വിഭാവനം ചെയ്തതു പോലെ, കർഷകരെ എഫ്.പി.ഒ കൾ, മാർക്കറ്റിംഗ് ഹബ്ബുകൾ, റീട്ടെയിൽ ഷോപ്പുകൾ, ഉപഭോക്താക്കൾ എന്നിവയുമായി ബന്ധിപ്പിക്കുന്ന വിതരണ ശൃംഖലയുടെ വികസനവും കർഷകർക്ക് വേഗത്തിലുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള സൗകര്യവും ഈ സമീപനത്തിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ലക്ഷ്യമിടുന്നു.

വിള ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കേരളത്തിലെ പ്രധാന വിളകളായ തെങ്ങ്, നെല്ല്, പച്ചക്കറികൾ, പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയെ പിന്തുണയ്ക്കുന്ന പദ്ധതികളും വകുപ്പ് നടപ്പിലാക്കി. പ്രവചനാതീതമായ കാലാവസ്ഥ, പ്രകൃതിദുരന്തങ്ങൾ, സംസ്ഥാനത്തിന്റെ വിള ഉല്പാദനത്തെ ബാധിക്കുന്ന കീടരോഗബാധ എന്നിവ കണക്കിലെടുത്ത്, സംസ്ഥാന വിള ഇൻഷുറൻസ്, പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി, വിളകളുടെ ആരോഗ്യ പരിപാലനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി. 'വിള വൈവിദ്ധ്യവൽക്കരണം, വിള തീവ്രത, അവതരണം' എന്ന പദ്ധതിയിലൂടെ, പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, ചെറുധാന്യങ്ങൾ എന്നിവയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽകി. വിപണി വികസനം, വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും, ജൈവകൃഷിയും സുരക്ഷിതമായ ഭക്ഷ്യ ഉല്പാദനവും, മണ്ണ് ആരോഗ്യ പരിപാലനം, കാർഷിക യന്ത്രവൽക്കരണം, കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്നിവയായിരുന്നു സംസ്ഥാനം പിന്തുണയ്ക്കുന്ന മറ്റ് പ്രധാന കർഷക ക്ഷേമ പരിപാടികൾ. 2023-24 കാലയളവിലെ പ്രധാന നേട്ടങ്ങൾ ഇവയാണ്:

- കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിന്റെ ഭാഗമായി 10 സെന്റ് മുതൽ 200 സെന്റ് വരെയുള്ള 10,760 ഫാം യൂണിറ്റുകൾ കണ്ടെത്തി അതിന്റെ വികസനത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഈ ഫാം യൂണിറ്റുകളിൽ 9,760 വിള-അധിഷ്ഠിത മോഡൽ പ്ലോട്ടുകളും 1,000 സംയോജിത കൃഷി സമ്പ്രദായ (ഐ.എഫ്.എസ്) മോഡൽ പ്ലോട്ടുകളും ഉൾപ്പെടുന്നു. ഈ പദ്ധതിയുടെ ഭാഗമായി ആകെ 100 കർഷക ഉല്പാദക സംഘടനകൾ രൂപീകരിച്ചു. കൂടാതെ ഫീൽഡ് തലത്തിൽ ആകെ 23,569 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചു. ഈ ഗ്രൂപ്പുകളുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉല്പാദനം, മൂല്യവർദ്ധനവ്, സേവനം എന്നിവ ഉൾപ്പെടുന്നു. ഇവയുടെ രൂപീകരണത്തോടെ കാർഷിക മേഖലയിൽ ആകെ 1,30,548 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു
- സുസ്ഥിര നെല്ല് വികസനത്തിന്റെ ഭാഗമായി, 82,480.9 ഹെക്ടർ പ്രദേശത്തെ നെൽകൃഷിയ്ക്ക് ഹെക്ടറിന് 5,500/- രൂപ എന്ന നിരക്കിൽ ഇൻപുട്ട് സബ്സിഡി നൽകി. 157.1 ഹെക്ടർ പ്രദേശത്തെ സവിശേഷ നെൽകൃഷി, 678.9 ഹെക്ടറിൽ തരിശുനിലത്തിലെ കൃഷി, 49,706.8 ഹെക്ടറിൽ മണ്ണ് മെച്ചപ്പെടുത്തുന്ന വസ്തുക്കളുടെ പ്രയോഗം, 4,242.2 ഹെക്ടർ പ്രദേശത്തെ നെൽകൃഷിയ്ക്ക് ഡ്രോൺ ഉപയോഗിച്ച് ജൈവവളങ്ങളും സൂക്ഷ്മ പോഷകങ്ങളും തളിക്കൽ, പാടശേഖര സമിതികൾക്ക് ഹെക്ടറിന് 360/- രൂപ എന്ന നിരക്കിൽ പ്രവർത്തന പിന്തുണ എന്നിവയ്ക്കും സഹായം നൽകി.
- 2023-24 ൽ കൃഷിയോഗ്യമായ നെൽ വയലുകളുടെ ഉടമകൾക്ക് ഹെക്ടറിന് 3,000/- രൂപ നിരക്കിൽ 19,806.09 ഹെക്ടറിന് ആവാസവ്യവസ്ഥാ സേവനങ്ങൾക്കായി റോയൽറ്റി നൽകി.
- ഉയർന്ന നിലവാരമുള്ള നെൽ വിത്തുകളുടെ ഉല്പാദനത്തെ പിന്തുണയ്ക്കുന്നതിനായി രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം 941.5 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി.
- സുരക്ഷിതമായി കഴിക്കാവുന്ന പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തുടനീളമുള്ള വിദ്യാർത്ഥികൾ, കർഷകർ, എൻ.ജി.ഒ കൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരുൾപ്പെടെ വിവിധ ഗുണഭോക്താക്കൾക്കായി ആകെ 55 ലക്ഷം വിത്ത് പാക്കറ്റുകളും 108.6 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു.
- 2023-24 ൽ ഹൈബ്രിഡ് പച്ചക്കറി വിത്തുകളുടേയും തൈകളുടേയും വിതരണം ആരംഭിച്ചു. സംസ്ഥാന ത്തുടനീളം ആകെ 13.8 ലക്ഷം സങ്കരയിനം/ അത്യുല്പാദനശേഷിയുള്ള ഇനം പച്ചക്കറികളുടെ വിത്ത് പാക്കറ്റുകളും 116.66 ലക്ഷം പച്ചക്കറി തൈകളും

**ബോക്സ് 3.1.2** കേരള അഗ്രിക്കൾച്ചർ ടെക്നോളജി ഹബ്ബ് ആന്റ് ഇൻഫർമേഷൻ റെപ്പോസിറ്ററി (കതിർ)

2024 ആഗസ്റ്റ് 17 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി, സംയോജിത ഡിജിറ്റൽ കാർഷിക പ്ലാറ്റ്ഫോം ആയ 'കതിർ' ആപ്പ് ഉദ്ഘാടനം ചെയ്തു. കർഷകർക്കും വകുപ്പ് ഉദ്യോഗസ്ഥർക്കും വേണ്ടി വിവിധ മൊഡ്യൂളുകൾ വെബ് ആപ്ലിക്കേഷൻ ഹോസ്റ്റ് ചെയ്യുന്നു. കൂടാതെ കാർഷിക സമൂഹത്തിനായുള്ള ഉപദേശങ്ങൾ നൽകുന്നതിന് സാധുതയുള്ള ഡാറ്റയുമായി ശാസ്ത്രീയ മോഡലുകൾ സംയോജിപ്പിക്കുന്നു. പ്രാദേശിക ഭാഷകളിൽ ലഭ്യമായ ഉപഭോക്തൃ സൗഹൃദ മൊബൈൽ ആപ്ലിക്കേഷനിലൂടെ കർഷക പങ്കാളിത്തം സാധ്യമാക്കുകയും, തൽസമയ ഡാറ്റയെ അടിസ്ഥാനമാക്കി തീരുമാനമെടുക്കൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. എല്ലാ ഡാറ്റാ ഉറവിടങ്ങളേയും (ജി.ഐ.എസ്, എം.ഐ.എസ്, ടെലിമാറ്റിക്സ് മുതലായവ) ഒരു ഏകീകൃത ഡാറ്റാ ബേസിലേയ്ക്ക് കതിർ കേന്ദ്രീകരിക്കുന്നു. കൂടാതെ വെബ്, മൊബൈൽ ആപ്ലിക്കേഷനായി ഇത് ലഭ്യമാണ്. കൃഷി ഡാറ്റാ ബേസ്, കാർഷിക പ്രവർത്തനങ്ങളുടെ ലൊക്കേഷൻ സ്പെസിഫിക് പ്ലാനിംഗ്, വിള ഉപദേശങ്ങൾ, മാർക്കറ്റ് ഇന്റലിജൻസ് വിവരങ്ങൾ, കാർഷിക യന്ത്ര ഡാറ്റാ ബേസ്, കർഷക രജിസ്ട്രേഷൻ, വിളനാശം റിപ്പോർട്ട് ചെയ്യൽ എന്നിവയാണ് കതിർ വഴി കർഷകർക്ക് നൽകുന്ന പ്രധാന സേവനങ്ങൾ. കൂടാതെ രജിസ്റ്റർ ചെയ്ത കർഷകരുടെ മൂല്യനിർണ്ണയം, വിളനാശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് മൂല്യനിർണ്ണയം, വിള ആരോഗ്യ നിരീക്ഷണം, സർട്ടിഫിക്കറ്റുകൾ നൽകൽ, കർഷക ഗ്രൂപ്പുകൾ രൂപീകരിക്കൽ തുടങ്ങിയ പ്രധാന സേവനങ്ങൾക്കായി വകുപ്പ് ഉദ്യോഗസ്ഥർക്ക് ഒരു വേദിയായി ഇത് പ്രവർത്തിക്കുന്നു.

വിതരണം ചെയ്തു. ക്ലസ്റ്റർ അധിഷ്ഠിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും 793 ക്ലസ്റ്ററുകൾക്ക് ഒരു ക്ലസ്റ്ററിന് പരമാവധി 1.25 ലക്ഷം വരെ സബ്സിഡി സഹായം നൽകി.

- ക്ലസ്റ്റർ അധിഷ്ഠിത നാളികേര വികസനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം, കാസറഗോഡ്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലായി 100 ഹെക്ടർ വീതമുള്ള 41 പുതിയ കേര ഗ്രാമങ്ങൾ സ്ഥാപിച്ചു. സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ കേര രക്ഷാവാരം ക്യാമ്പെയിൻ നടത്തി. ക്യാമ്പെയിനിൽ 15 ലക്ഷം തെങ്ങുകൾക്ക് പച്ചിലവള വിത്ത് വിതരണം, 7.4 ലക്ഷം തെങ്ങുകൾക്ക് തെങ്ങിൻമണ്ട വൃത്തിയാക്കൽ, സസ്യസംരക്ഷണ രാസവസ്തുക്കൾ തളിക്കൽ എന്നിവ ഉൾപ്പെടുത്തി.
- നാളികേര വികസന കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ആകെ 11.7 ലക്ഷം വെസ്റ്റ് കോസ്റ്റ് ടോൾ (ഡബ്ല്യൂ.സി.ടി) തൈകൾ, 69,509 കുള്ളൻ തൈകൾ, 1.5 ലക്ഷം ഹൈബ്രിഡ് തെങ്ങിൻ തൈകൾ എന്നിവ വിതരണം ചെയ്തു.
- പഴവർഗ്ഗ വികസന പദ്ധതി പ്രകാരം ഉയർന്ന നിലവാരമുള്ള ഗ്രാഫ്റ്റുകൾ, ലെയറുകൾ, ടിഷ്യൂക്കൾച്ചർ വാഴ, തൈകൾ എന്നിവ ഉൾപ്പെടെ 21.7 ലക്ഷം ഫലവൃക്ഷ നടീൽ വസ്തുക്കൾ കർഷകർക്ക് വിതരണം ചെയ്തു.
- ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിലായി 60.4 ഹെക്ടർ സ്ഥലത്ത് കച്ചോലം, ചെത്തിക്കൊടുവേലി, കൂവളം, കുറുന്തോട്ടി, തിപ്പലി, തുളസി, രാമച്ചം, ശതാവരി എന്നിവയുൾപ്പെടുന്ന ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിച്ചു.
- 2023-24 ൽ സംസ്ഥാനത്തുടനീളം ആകെ 1,047 മണ്ണ് പരിശോധനാ ക്യാമ്പെയിനുകൾ നടത്തുകയും 17 പുതിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുകയും ചെയ്തു.
- 2023-24 ൽ 607.56 ടൺ നെൽ വിത്ത്, 35 ലക്ഷം കുരുമുളക് തൈകൾ, 10.1 ലക്ഷം തെങ്ങിൻ തൈകൾ, 50.8 ലക്ഷം പച്ചക്കറി തൈകൾ, 7.7 ടൺ പച്ചക്കറി വിത്തുകൾ, 4.5 ടൺ പയറുവർഗ്ഗ വിത്തുകൾ, 40 ടൺ കിഴങ്ങുവർഗ്ഗ നടീൽ വസ്തുക്കൾ, 8 ലക്ഷം മറ്റ് നടീൽ വസ്തുക്കൾ എന്നിവയുൾപ്പെടെ ഉയർന്ന നിലവാരമുള്ള നടീൽ വസ്തുക്കൾ, വകുപ്പുതല ഫാമുകൾ ഉല്പാദിപ്പിച്ച് സംസ്ഥാനത്തുടനീളം വിതരണം ചെയ്തു.
- സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വളങ്ങൾ, കീടനാശിനികൾ, ജൈവവളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ ഗുണനിലവാര നിയന്ത്രണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഔട്ട്ലെറ്റുകളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് വകുപ്പുതല ലബോറട്ടറികളിൽ പരിശോധിച്ചു. അതനുസരിച്ച് 2,212 കീടനാശിനി സാമ്പിളുകൾ, 4,276 വളം സാമ്പിളുകൾ, 53 ജൈവവള ജീവാണുവള സാമ്പിളുകൾ എന്നിവ പരിശോധിച്ചു. കൂടാതെ, തിരുവനന്തപുരത്തെ സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറിക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബറേഷൻ ലബോറട്ടറീസ് (എൻ.എ.ബി.എൽ) അംഗീകാരം ലഭിച്ചു.
- പച്ചത്തേങ്ങയുടെ സംഭരണ വില 2023 ഏപ്രിൽ 1 മുതൽ കിലോഗ്രാമിന് 32 രൂപയിൽ നിന്നും 34 രൂപയായി ഉയർത്തി. 2023-24 കാലയളവിൽ 16576.4 മെട്രിക് ടൺ പച്ചത്തേങ്ങ 37,284 കർഷകരിൽ നിന്നും കേരഫെഡ്, വി.എഫ്.പി.സി.കെ, കെ.എസ്.സി.ഡി.സി എന്നിവ മുഖേന സംഭരിച്ചു.
- കാർഷിക വിജ്ഞാന വ്യാപന പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ 19,498 വാർഡുകളിൽ കർഷക സഭകളും ഞാറ്റുവേല ചന്തകളും സംഘടിപ്പിച്ചു. ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന ക്യാമ്പെയിന്റെ ഭാഗമായി ഹരിപ്പാടും, ചേർത്തലയിലും കൃഷി വകുപ്പ് കൃഷി ദർശൻ പരിപാടി നടത്തി.
- 60 വയസ്സിനു മുകളിലുള്ള ചെറുകിട നാമമാത്ര കർഷകർക്കുള്ള പിന്തുണയായി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നു. കൃഷി വകുപ്പിന്റെ റിപ്പോർട്ടുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ 2,11,266 കർഷകർക്ക് 304.22 കോടി രൂപ പെൻഷനായി നൽകി.
- 2024 ജൂലൈ വരെയുള്ള കണക്കുകൾ പ്രകാരം ആകെ 15,345 കർഷകർ, കർഷകക്ഷേമനിധി ബോർഡിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- ഡിജിറ്റൽ സാങ്കേതിക വിദ്യ കൃഷിയിൽ സംയോജിപ്പിക്കുന്നതിനായി ഡിജിറ്റൽ ക്രോപ്പ് സർവ്വേ ആരംഭിച്ചു. 2023 ലെ ഖാരിഫ് സീസണിന്റെ അവസാനത്തിലും 2023-24 ലെ റാബി സീസണിലും ആലപ്പുഴ, പാലക്കാട്, വയനാട് ജില്ലകളിലെ തെരഞ്ഞെടുത്ത ഗ്രാമങ്ങളിലാണ് സർവ്വേ നടത്തിയത്.

### വിള ഇൻഷുറൻസ് പദ്ധതി

സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി, പുന:ക്രമീകരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ്(ആർ.ഡബ്ല്യൂ.ബി.സി.ഐ.എസ്) എന്നീ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കി വരുന്നു.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ഭൂകമ്പം, കടൽക്ഷോഭം, കൊടുങ്കാറ്റ്, ഇടിമിന്നൽ, ചുഴലിക്കാറ്റ്, വന്യജീവി ഭീഷണി, കാട്ടുതീ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പരിരക്ഷ നൽകുന്നു. തെങ്ങ്, റബ്ബർ, അടയ്ക്ക, കശുവണ്ടി, വാഴ, മരച്ചീനി, പൈനാപ്പിൾ, കുരുമുളക്, ഇഞ്ചി, ഏലം, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറികൾ, ഗ്രാമ്പൂ, വെറ്റില, പയർ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, ജാതി, മാവ്, ചെറുധാന്യങ്ങൾ എന്നീ 27 പ്രധാന കാർഷിക വിളകൾ പദ്ധതിയുടെ പരിധിയിൽ വരും. 2023-24 ൽ 7,206 കർഷകർക്ക് 19.4 കോടി രൂപ ഇൻഷുറൻസ് ഇനത്തിൽ നൽകി. കൂടാതെ, കൃഷിവകുപ്പ് നടപ്പാക്കിയ 'പ്രകൃതിദുരന്തങ്ങളും കീടരോഗബാധയും നേരിടാനുള്ള അടിയന്തിര പരിപാടി' എന്ന പദ്ധതിയുടെ ഭാഗമായി 3.94 കോടി രൂപ എ.ഐ.എം.എസ് പോർട്ടൽ വഴി പ്രകൃതി ദുരന്ത നിവാരണ സഹായമായി അനുവദിച്ചു. മൊത്തം 3,472 കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (എ.ഐ.സി) ആണ് പുനക്രമീകരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (ആർ.ഡബ്ല്യൂ.ബി.സി.ഐ.എസ്) നടപ്പിലാക്കുന്നത്. പദ്ധതിയ്ക്ക് കീഴിൽ ഓരോ പഞ്ചായത്തും ഒരു ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുമായോ (എ.ഡബ്ല്യൂ.എസ്) റഫറൻസ് വെതർ സ്റ്റേഷനുമായോ ബന്ധിപ്പിച്ച്, വിജ്ഞാപനം ചെയ്ത വിളകൾക്ക് അതത് കാലാവസ്ഥാ സ്റ്റേഷനുകളിൽ നിന്നുള്ള കാലാവസ്ഥാ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ക്ലെയിമുകൾ തീർപ്പാക്കി നൽകുന്നു. പദ്ധതിയ്ക്കായി സംസ്ഥാനത്ത് ആകെ 170 എ.ഡബ്ല്യൂ.എസ് കൾ സ്ഥാപിച്ചു. പദ്ധതി പ്രകാരം സംസ്ഥാനത്ത് ഖാരിഫ് സീസണിൽ വിജ്ഞാപനം ചെയ്ത വിളകൾ നെല്ല്, വാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ, ഏലം, അടയ്ക്ക, ജാതി, കരിമ്പ്, കശുവണ്ടി, ഗ്രാമ്പൂ, കൊക്കോ, തെങ്ങ്, മാവ്, ചെറുധാന്യങ്ങൾ, ഉരുളക്കിഴങ്ങ്, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, റബ്ബർ, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, തേയില എന്നിവയും റാബി സീസണിൽ നെല്ല്, വാഴ, കശുവണ്ടി, മാവ്, കരിമ്പ്, പൈനാപ്പിൾ, ഉരുളക്കിഴങ്ങ്, പച്ചക്കറികൾ, ഏലം, ഗ്രാമ്പൂ, കൊക്കോ, തെങ്ങ്, കാപ്പി, ഇഞ്ചി, ചെറുധാന്യങ്ങൾ, ജാതി, കുരുമുളക്, പയറുവർഗ്ഗങ്ങൾ, റബ്ബർ, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, മഞ്ഞൾ, തേയില എന്നിവയുമാണ്. എ.ഐ.സി റിപ്പോർട്ട് ചെയ്തതനുസരിച്ച് ഖാരിഫ് 2023 സീസണിൽ 28,322 ഹെക്ടർ വിസ്തൃതിയിലായി 64,205 കർഷകരും 2023-24 റാബി സീസണിൽ 45,421 ഹെക്ടർ വിസ്തൃതിയിലായി 1,09,936 കർഷകരും ആർ.ഡബ്ല്യൂ.ബി.സി.ഐ.എസ് ൽ എൻറോൾ ചെയ്തിട്ടുണ്ട്.

### വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള (വി.എഫ്.പി.സി.കെ)

കേരളത്തിലെ കർഷകർക്ക് വാണിജ്യാടിസ്ഥാനത്തിൽ പഴം, പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിന് വിത്തു മുതൽ വിപണനം വരെയുള്ള വിവിധ കാർഷിക പ്രവർത്തനങ്ങളിൽ പിന്തുണ നൽകുക എന്നതാണ് വി.എഫ്.പി.സി.കെ യുടെ ദൗത്യം. കാർഷിക വിജ്ഞാന വ്യാപനം, ഗ്രാമീണ വായ്പ, കൂട്ടായിട്ടുള്ള വിപണനം, മൂല്യവർദ്ധനവ് തുടങ്ങി എല്ലാ ഇടപെടലുകളും സ്വയം സഹായ സംഘങ്ങളിലൂടെ പ്രാവർത്തികമാക്കി വരുന്നു. കൗൺസിലിലെ കർഷകർ മുഖേന 2023-24 ൽ 20,510 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയും 20,366 ഹെക്ടറിൽ വാഴകൃഷിയും ചെയ്തു. ഇതിലൂടെ ആകെ 85,799 മെട്രിക് ടൺ പച്ചക്കറിയും 1,08,593 മെട്രിക് ടൺ കായയും ഉല്പാദിപ്പിച്ചു. വി.എഫ്.പി.സി.കെ 2,853 പുതിയ കർഷകരെ ഉൾപ്പെടുത്തുകയും 74 പുതിയ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തു. അതുവഴി 2024 മാർച്ച് മാസത്തോടെ ഇതുവരെ പ്രയോജനം ലഭിച്ച കർഷകരുടെ എണ്ണം 2.14 ലക്ഷം ആയും എസ്.എച്ച്.ജി കളുടെ എണ്ണം 10,384 ആയും വർദ്ധിച്ചു. 2023-24 ൽ കൗൺസിലിന്റെ തൈ ഉല്പാദന യൂണിറ്റുകളായ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ വിത്ത് സംസ്കരണ പ്ലാന്റ് ഹൈടെക് നഴ്സറി എന്നിവ മുഖേന 81.4 ലക്ഷം തൈകൾ ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. 17 ഇനം പച്ചക്കറികളുടെ വിത്തുകൾ ആലത്തൂരിലെ വിത്ത് സംസ്കരണ പ്ലാന്റിനു കീഴിൽ രജിസ്റ്റർ ചെയ്ത വിത്ത് കർഷകർ മുഖേന ഉല്പാദിപ്പിക്കുകയും 2023-24 ൽ 52.2 മെട്രിക് ടൺ വിത്ത് പ്ലാന്റിൽ നിന്നും ഉല്പാദിപ്പിച്ചു. പച്ചക്കറി വികസന പദ്ധതി 2023-24 പ്രകാരം വി.എഫ്.പി.സി.കെ ജനകീയ ഹൈബ്രിഡ് പച്ചക്കറികളുടെ 20,000 വിത്ത് കിറ്റുകൾ വിതരണം ചെയ്യുകയും സ്ഥിരം പന്തൽ സെമി പെർമനന്റ് പന്തൽ, സോളാർ ഫെൻസിംഗ് എന്നിവയുടെ രൂപത്തിൽ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും ചെയ്തു. വി.എഫ്.പി.സി.കെ വിവിധ സർക്കാർ പദ്ധതികൾക്കായി 61.3 ലക്ഷം വിത്ത് കിറ്റുകൾ വിതരണം ചെയ്തു. 2023-24 ൽ ഇടുക്കി ജില്ലയിലെ ചക്ക വ്യാപാര കേന്ദ്രം വഴി 210 മെട്രിക് ടൺ അസംസ്കൃത ചക്കയുടെ വ്യാപാരം സുഗമമാക്കി. കാലാവസ്ഥയെ പ്രതിരോധിക്കുന്ന കൃഷിയെ പിന്തുണയ്ക്കുന്നതിനായി വി.എഫ്.പി.സി.കെ 208 പടുതക്കുളങ്ങൾ നിർമ്മിച്ചു. 107.5 ഹെക്ടറിന് ഹൈഡ്രോജെൽ വിതരണം ചെയ്തു. കൂടാതെ 26.24 ഹെക്ടർ പ്രദേശത്ത് ചെറുധാന്യങ്ങളെ ഇടവിളയായി പിന്തുണച്ചു. 716 കർഷകർക്ക് ഇതുവഴി പ്രയോജനം ലഭിച്ചു.

2023-24 ൽ 5,550 മണ്ണ് സാമ്പിളുകൾ പരിശോധിക്കുകയും മലപ്പുറം, ആലപ്പുഴ ജില്ലകളിലെ വി.എഫ്.പി.സി.കെ യുടെ മണ്ണ് പരിശോധനാ ലബോറട്ടറികൾ വഴി സോയിൽ ഹെൽത്ത് കാർഡുകളും വിതരണം ചെയ്തു. വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി വി.എഫ്.പി.സി.കെ 2023-24 ൽ 99 പരിശീലന പരിപാടികളും 14 സെമിനാറുകളും നടത്തി. 2,180 കർഷകർക്ക് ഇതിലൂടെ പ്രയോജനം ചെയ്തു. 2023-24 ൽ തക്കാളി, വഴുതന, വെണ്ട, മുളക്, തണ്ണിമത്തൻ എന്നിവയുൾപ്പെടെയുള്ള പച്ചക്കറികളുടെ ഹൈബ്രിഡ് വിത്ത് ഉല്പാദനം വി.എഫ്.പി.സി.കെ ഏറ്റെടുത്തു കൗൺസിലിൽ രജിസ്റ്റർ ചെയ്ത വിത്ത് കർഷകർക്കിടയിൽ

വിജയകരമായി നടപ്പിലാക്കി. ഇവയുടെ പ്രകടനവും കേരളത്തിലെ സാഹചര്യങ്ങൾക്കുള്ള അനുയോജ്യതയും വിലയിരുത്തുന്നതിനായി തെരഞ്ഞെടുത്ത കർഷകരുടെ കൃഷിയിടങ്ങളിൽ പരീക്ഷണങ്ങളും നടത്തി.

സംസ്ഥാനത്തെ പച്ചക്കറികളുടേയും പഴങ്ങളുടേയും കയറ്റുമതി പ്രോത്സാഹനത്തിലും വി.എഫ്.പി.സി.കെ പങ്ക് വഹിച്ചു. മലപ്പുറം, കോഴിക്കോട് ജില്ലകളിലെ കർഷകരിൽ നിന്ന് ശേഖരിച്ച നേന്ത്രൻ, ഞാലിപ്പൂവൻ, ചക്ക, വാഴത്തണ്ട്, വാഴകുമ്പ് എന്നിവയുൾപ്പെടെയുള്ള ഉല്പന്നങ്ങളുടെ കയറ്റുമതിയാണ് കൗൺസിൽ പരിഗണിച്ചത്. വാഴയുടെ കയറ്റുമതി പ്രോട്ടോക്കോൾ കർഷകർക്കിടയിൽ പ്രചരിപ്പിക്കുകയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള നിരവധി ബോധവത്ക്കരണ പരിപാടികൾ നടത്തുകയും ചെയ്തു. പത്ത് ജില്ലകളിലായി 250 കർഷകരുടെ നേന്ത്രവാഴ മൂല്യശൃംഖലയിൽ ട്രെയിസിബിലിറ്റി ഉൾപ്പെടുത്തി. കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക മാർഗ്ഗ നിർദ്ദേശത്തോടെ 'വാഴക്കുളം ജി.ഐ പൈനാപ്പിൾ' മിഡിൽ ഈസ്റ്റിലേയ്ക്കുള്ള കയറ്റുമതി പ്രൊഡക്ഷൻ പ്രോട്ടോക്കോളിനായുള്ള സ്റ്റാറ്റിക് ട്രയൽ 2023-24 ൽ പൂർത്തിയാക്കി. കൗൺസിൽ ഇതുവരെ 63.5 മെട്രിക് ടൺ പഴങ്ങളും പച്ചക്കറികളും വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തു.

ജൈവ ഉല്പന്നങ്ങളുടേയും സുരക്ഷിത ഭക്ഷ്യ ഉല്പന്നങ്ങളുടേയും പ്രോത്സാഹനത്തിന്റെ ഭാഗമായി ആർ.കെ.ഐ യുടെ കീഴിൽ വി.എഫ്.പി.സി.കെ 63 തളിർ ഗ്രീൻ ഇക്കോ ഷോപ്പ് ഔട്ട്ലറ്റുകളുടെ ശൃംഖല ആരംഭിച്ചു. 2023-24 ൽ വി.എഫ്.പി.സി.കെ അതിന്റെ 69 സംഭരണ കേന്ദ്രങ്ങളിലൂടെയും 11 മൊബൈൽ സംഭരണ കേന്ദ്രങ്ങളിലൂടെയും 7,495 മെട്രിക് ടൺ പച്ചതേങ്ങ സംഭരിച്ചു. ഇതുവഴി 16,808 കർഷകർക്ക് പ്രയോജനം ലഭിച്ചു. കൂടാതെ, വി.എഫ്.പി.സി.കെ 2023-24 ൽ 796.5 മെട്രിക് ടൺ കൊപ്ര നാഫെഡിൽ നിക്ഷേപിച്ചു.

250 വി.എഫ്.പി.സി.കെ മാർക്കറ്റുകൾ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ അടിസ്ഥാന വില പിന്തുണ പദ്ധതിയ്ക്ക് കീഴിലുള്ള നോഡൽ മാർക്കറ്റുകളായി പ്രവർത്തിച്ചു, ആകെ 5,000 കർഷകർ ഈ പ്രോഗ്രാമിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ (എസ്.എച്ച്.എം)**

സംസ്ഥാനത്തിന്റെ വൈവിദ്ധ്യമാർന്ന കാർഷിക പാരിസ്ഥിതിക സാഹചര്യങ്ങളും സമ്പന്നമായ ജൈവ വൈവിദ്ധ്യങ്ങളും വിവിധ തരം പഴങ്ങൾ, പച്ചക്കറികൾ, അലങ്കാര സസ്യങ്ങൾ, തോട്ടവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ കൃഷിയ്ക്ക് അവസരം ഒരുക്കുന്നു. അതിനാൽ കേരളത്തിലെ ഹോർട്ടിക്കൾച്ചർ മേഖലയ്ക്ക് വലിയ സാധ്യതകൾ ഉണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ (എസ്.എച്ച്.എം) കേരളത്തിലെ ഹോർട്ടിക്കൾച്ചർ മേഖലയുടെ വികസനത്തിന് സബ്സിഡികൾ, സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ, അടിസ്ഥാന സൗകര്യ വികസനം എന്നിവയിലൂടെ പിന്തുണ നൽകുന്നു. 2023-24 ൽ എസ്.എച്ച്.എം കേന്ദ്രാവിഷ്കൃത പദ്ധതികളായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) യുടെ കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കി.

ഉല്പാദനവും ഉല്പാദനക്ഷമതയും മെച്ചപ്പെടുത്തൽ, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, വിപണനം എന്നീ സംരംഭങ്ങൾ എം.ഐ.ഡി.എച്ച് പദ്ധതിയിൽ ഉൾപ്പെടുന്നു. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ഹൈടെക്, ചെറുകിട നഴ്സറികൾ സ്ഥാപിക്കൽ, പുതിയ ടിഷ്യൂക്കൾച്ചർ യൂണിറ്റുകൾ സ്ഥാപിക്കൽ, നിലവിലുള്ള ടിഷ്യൂക്കൾച്ചർ യൂണിറ്റുകൾ ശക്തിപ്പെടുത്തൽ, പുതിയ തോട്ടങ്ങൾ സ്ഥാപിക്കൽ, നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവനം, സംരക്ഷിത കൃഷി, യന്ത്രവൽക്കരണം, സാങ്കേതിക വിദ്യാ വ്യാപനം, കൂൺ ഉല്പാദനം, തേനീച്ച വളർത്തൽ എന്നിവയാണ് ഉല്പാദനവും ഉല്പാദനക്ഷമത മെച്ചപ്പെടുത്തലും എന്ന ഘടകത്തിന് കീഴിൽ പിന്തുണയ്ക്കുന്നത്. സംയോജിത പായ്ക്ക് ഹൗസുകൾ, സോർട്ടിംഗ്- ഗ്രേഡിംഗ്-പാക്കിംഗ് യൂണിറ്റുകൾ, കോൾഡ് സ്റ്റോറേജ്, പ്രീകൂളിംഗ് യൂണിറ്റുകൾ, റീഫർ വാനുകൾ, സംരക്ഷണ യൂണിറ്റുകൾ, റൈപ്പനിംഗ് ചേമ്പർ എന്നിവയുടെ സ്ഥാപനം മുതലായവയാണ് വിളവെടുപ്പിനു ശേഷമുള്ള മാനേജ്മെന്റിനു കീഴിൽ സഹായം നൽകിയ പ്രധാന പ്രവർത്തനങ്ങൾ. വിപണ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ എന്ന ഘടകത്തിനു കീഴിൽ ഗ്രാമീണ വിപണികൾ സ്ഥാപിക്കുന്നതിനും ശേഖരണത്തിനും ഗ്രേഡിംഗിനുമുള്ള പ്രവർത്തനപരമായ അടിസ്ഥാന സൗകര്യങ്ങൾ, മൊത്ത വ്യാപാര വിപണിയെ ശക്തിപ്പെടുത്തൽ, മാർക്കറ്റ് ഇന്റലിജൻസ്, ഗുണനിലവാര ബോധവൽക്കരണം, വിപണിയുടെ നേതൃത്വത്തിലുള്ള വിപുലീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് സഹായം നൽകി. ഈ ഘടകങ്ങൾക്കു പുറമേ തോട്ടങ്ങളുടെ പുനരുജ്ജീവനം, പച്ചക്കറി വിത്തുല്പാദനം, സസ്യ ആരോഗ്യ ക്ലിനിക്കുകളും ബയോകൺട്രോൾ ലാബുകളും സ്ഥാപിക്കൽ, വിത്തുല്പാദനത്തിനും നഴ്സറികൾക്കുമുള്ള അടിസ്ഥാന സൗകര്യങ്ങൾ, കമ്മ്യൂണിറ്റി ജലസംഭരണ നിർമ്മിതികൾ എന്നിവ എം.ഐ.ഡി.എച്ച് പദ്ധതിയ്ക്കു കീഴിൽ പിന്തുണച്ചു.

എം.ഐ.ഡി.എച്ച് പദ്ധതിയിൽ വിളകളുടെ വിസ്തൃതിയിലുണ്ടായ നേട്ടം **പട്ടിക 3.1.6** ൽ നൽകിയിരിക്കുന്നു.

മേൽപ്പറഞ്ഞവ കൂടാതെ, 1,780 ഹെക്ടർ പുതിയ പഴത്തോട്ടങ്ങൾ, 1,125 ഹെക്ടർ ഹൈബ്രിഡ് പച്ചക്കറി കൃഷി, 260 ഹെക്ടർ പുഷ്പകൃഷി, 1,724 ഹെക്ടർ സുഗന്ധവ്യഞ്ജന കൃഷി, 70 ഹെക്ടർ വെറ്റില കൃഷി, 100 ഹെക്ടർ കാന്തല്ലൂർ വെളുത്തുള്ളി കൃഷി, 79 ഹെക്ടർ സംരക്ഷിത കൃഷി എന്നിവയ്ക്കു എം.ഐ.ഡി.എച്ച് ന്റെ കീഴിൽ പിന്തുണ നൽകി. സംയോജിത വിളവെടുപ്പിന് ശേഷമുള്ള പരിപാലന ഘടകത്തിന് കീഴിൽ, മൊത്തം 30 പായ്ക്ക് ഹൗസുകൾ, ഏഴ് സംരക്ഷണ യൂണിറ്റുകൾ, എട്ട് സംസ്കരണ യൂണിറ്റുകൾ, രണ്ട് കൂൺ ഉല്പാദന യൂണിറ്റുകൾ, ഒരു സ്പോൺ നിർമ്മാണ യൂണിറ്റ് എന്നിവ മിഷന്റെ സാമ്പത്തിക സഹായത്തോടെ സ്ഥാപിച്ചു.

**പട്ടിക 3.1.6** എം.ഐ.ഡി.എച്ച് പദ്ധതിയുടെ വിള വിസ്തൃതി വർദ്ധന പരിപാടിയ്ക്ക് കീഴിലുള്ള 2023-24 ലെ നേട്ടങ്ങൾ

| **വിളകൾ** | **വിസ്തൃതി വ്യാപനം ഹെക്ടറിൽ** |
|---|---|
| ഡ്രാഗൺ ഫ്രൂട്ട് – ഇന്റഗ്രേഷൻ ഇല്ലാതെ | 34.24 |
| സ്ട്രോബറി – ഇന്റഗ്രേഷൻ ഉൾപ്പെടെ | 31.65 |
| വാഴപ്പഴം | 649.91 |
| പൈനാപ്പിൾ | 369.57 |
| പപ്പായ | 14.36 |
| മാങ്ങ | 24.60 |
| ചക്ക | 63.67 |
| അവക്കാഡോ | 24.77 |
| റംമ്പൂട്ടാൻ | 102.24 |
| പാഷൻ ഫ്രൂട്ട് | 18.00 |
| മാംഗോസ്റ്റീൻ | 29.17 |
| കുടംപുളി | 8.50 |
| സങ്കരയിനം പച്ചക്കറികൾ | 1,125.05 |
| **പുഷ്പകൃഷി** | |
| കട്ട് ഫ്ലവേഴ്സ് | 82.50 |
| ലൂസ് ഫ്ലവേഴ്സ് | 176.50 |
| വിത്ത്/റൈസോമാറ്റിക് സുഗന്ധവ്യഞ്ജനങ്ങൾ - ഇഞ്ചി, മഞ്ഞൾ | 516.50 |
| ദീർഘകാല സുഗന്ധവ്യഞ്ജനങ്ങൾ - കുരുമുളക്, ജാതി , ഗ്രാമ്പൂ, കറുവപ്പട്ട മുതലായവ | 1,206.94 |
| വെറ്റില | 69.71 |
| **ആകെ** | **4,547.88** |

***അവലംബം:*** സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ

പച്ചക്കറി കൃഷി, കൂൺ കൃഷി, പച്ചക്കറി കൃഷിയ്ക്കായി അർക്ക വെർട്ടിക്കൽ ഗാർഡൻ, ഓപ്പൺ പ്രിസിഷൻ ഫാമിംഗ് എന്നിവ ആർ.കെ.വി.വൈ യുടെ കീഴിൽ മിഷനിലൂടെ പ്രോത്സാഹിപ്പിച്ചു. പദ്ധതി പ്രകാരം 228.4 ഹെക്ടർ സ്ഥലത്ത് വാഴയും 374.1 ഹെക്ടറിൽ പച്ചക്കറികൃഷിയും കൃത്യതാ കൃഷിയിൽ ഉൾപ്പെടുത്തി. ആർ.കെ.വി.വൈ സ്കീമിന് കീഴിൽ 320 അർക്ക വെർട്ടിക്കൽ ഗാർഡൻ ഘടനകളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാക്കി. സംസ്ഥാനത്ത് കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനായി 100 ബ്ലോക്കുകൾ കണ്ടെത്തി. നെതർലാന്റ്സിന്റെ സാങ്കേതിക പിന്തുണയോടെ ഇൻഡോ-ഡച്ച് ആക്ഷൻ പ്ലാനിന് കീഴിൽ വയനാട്ടിലെ റീജിയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷനിൽ (ആർ.എ.ആർ.എസ്) പച്ചക്കറികൾക്കും പൂക്കൾക്കുമായി എസ്.എച്ച്.എം സെന്റർ ഓഫ് എക്സലൻസ് സ്ഥാപിച്ചു. സംസ്ഥാനത്തെ കർഷകർക്ക് ഉയർന്ന വിളവ് തരുന്ന പച്ചക്കറികളുടെയും പൂക്കളുടെയും നല്ല നിലവാരമുള്ള നടീൽ വസ്തുക്കൾ നൽകുന്നതിനൊപ്പം പുഷ്പങ്ങളുടെയും പച്ചക്കറികളുടെയും ഹൈടെക് കൃഷിയിൽ ആവശ്യമായ വൈദഗ്ദ്ധ്യവും അറിവും പരിശീലനവും നൽകാൻ ഈ കേന്ദ്രം ലക്ഷ്യമിടുന്നു. ആർ.കെ.വി.വൈ പ്രകാരമുള്ള വിഹിതം **അനുബന്ധം 3.1.22** ൽ നൽകിയിരിക്കുന്നു.

കാർഷികോല്പന്നങ്ങളുടേയും നിവേശങ്ങളുടേയും വിലവിവരം, വികസന സൂചിക എന്നിവയുടെ വിവരങ്ങൾ **അനുബന്ധം 3.1.20, 3.1.21, 3.1.23, 3.1.24** എന്നിവയിൽ നൽകിയിരിക്കുന്നു.

## കാർഷിക ഗവേഷണവും വിജ്ഞാനവ്യാപനവും വിദ്യാഭ്യാസവും

കാർഷിക മേഖലയിലും അനുബന്ധമേഖലകളിലും വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും കാർഷിക മേഖലയുടെ സുസ്ഥിരമായ വികസനത്തിനും പരിപാലനത്തിനുമായി വൈദഗ്ദ്ധ്യവും അറിവുമുള്ള മാനവവിഭവശേഷി പ്രദാനം ചെയ്യുന്നതിനും നിയുക്തമായിട്ടുള്ള കേരളത്തിലെ പ്രധാന കാർഷിക സ്ഥാപനമാണ് കേരള കാർഷിക സർവ്വകലാശാല.

കാർഷിക ആവാസ വ്യവസ്ഥാ യൂണിറ്റ് അടിസ്ഥാനമാക്കിയുള്ള ശുപാർശകളുടെ പാക്കേജ്, സങ്കരയിനം പച്ചക്കറികൾ, പഴങ്ങൾ എന്നിവയിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ വൈനുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ, കാർഷിക മേഖലയിലെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം വിലയിരുത്തൽ, സാമൂഹിക പരാധീനതയും ലഘൂകരണവും, ആഘാതങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള തന്ത്രങ്ങളുടെ ആവിഷ്കരണം എന്നീ മേഖലകളിലെ ഗവേഷണത്തിന് കെ.എ.യു മുൻഗണന നൽകി. ബ്രീഡിംഗിലൂടെ ആഘാതങ്ങൾ തരണം ചെയ്യുവാൻ കഴിവുള്ള വിളയിനങ്ങളുടെ വികസനം, ബയോടെക്നോളജി ആപ്ലിക്കേഷനുകൾ, പരമ്പരാഗത വിളയിനങ്ങളുടെ സംരക്ഷണവും ഉപയോഗവും, പ്രകൃതി വിഭവ സംരക്ഷണം (വിളയിനങ്ങൾ, മണ്ണ്, ജലം, സസ്യജന്തുജാലങ്ങൾ) എന്നിവയായിരുന്നു ഊന്നൽ നൽകിയ മറ്റു മേഖലകൾ. സ്ത്രീ സൗഹൃദവും ചെലവ് കുറഞ്ഞതും ചെറുകിട കൃഷിയിടങ്ങൾക്കും കർഷകർക്കും അനുയോജ്യമായതുമായ യന്ത്രങ്ങൾ വികസിപ്പിക്കൽ, പരിസ്ഥിതി സൗഹൃദവും മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതുമായ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, കൃഷിയിലെ ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗം (കൃത്യതാ കൃഷി/ ഹൈ-ടെക് ആഗ്രിക്കൾച്ചർ), ഭക്ഷ്യ പോഷക സുരക്ഷ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ട് പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയുടെ വികസനം തുടങ്ങിയവയിൽ ഗവേഷണ സംരംഭങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചു. തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം ഉല്പന്നങ്ങളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതും കൂടാതെ ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, പോഷകാഹാര സമൃദ്ധമായ ഉല്പന്നങ്ങളുടെ വികസനം, അത്തരം സാങ്കേതിക വിദ്യകളുടെ വാണിജ്യപരമായ പ്രയോഗം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ദ്വിതീയ കൃഷി പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി.പ്രത്യേക കാർഷിക മേഖലകളായി പ്രഖ്യാപിച്ച പ്രദേശങ്ങളിലെ ഗവേഷണ വിടവുകളും കേന്ദ്രീകൃതമായി പരിഹരിക്കപ്പെട്ടു. അട്ടപ്പാടിയിലെ ചെറുധാന്യങ്ങളുടേയും ഇടുക്കിയിലെ പച്ചക്കറികളിലെയും ഗവേഷണ പരിപാടികൾ ഇതിൽ

ഉൾപ്പെടുന്നു. ഗുണനിലവാരമുള്ള വിത്തുകളും നടീൽ വസ്തുക്കളും വികസിപ്പിക്കുന്നതിനും വിത്ത് പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തുല്യ ഊന്നൽ നൽകി. ചെറുകിട നാമമാത്ര കർഷകർക്ക് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കൃഷിയിൽ നിന്നും മികച്ച വരുമാനം ലഭ്യമാക്കുന്നതിനും സഹായിക്കുന്നതിനാണ് ഗവേഷണ പദ്ധതികൾ രൂപകല്പന ചെയ്തിരിക്കുന്നത്. ഭക്ഷ്യ-പോഷകാഹാര സുരക്ഷ, പാരിസ്ഥിതിക സുരക്ഷ, പ്രകൃതിവിഭവ സംരംക്ഷണം എന്നിവയുടെ വിശാലമായ ലക്ഷ്യങ്ങളും ഇതിൽ അഭിസംബോധന ചെയ്യപ്പെട്ടു.

അഗ്രിക്കൾച്ചർ, ഫോറസ്ട്രി, അഗ്രിക്കൾച്ചറൽ എഞ്ചിനീയറിഗ് ആന്റ് ടെക്നോളജി എന്നീ മൂന്ന് ഫാക്കൽറ്റികൾക്ക് കീഴിൽ അഗ്രിക്കൾച്ചർ, അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ്, കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്, ഹോർട്ടിക്കൾച്ചർ, ഫോറസ്ട്രി എന്നിവയിൽ ബിരുദ, ബിരുദാനന്തര, ഡോക്ടറൽ പ്രോഗ്രാമുകൾ കെ.എ.യു വാഗ്ദാനം ചെയ്യുന്നു. 32 വിഷയങ്ങളിൽ ബിരുദാനന്തര (പി.ജി) പ്രോഗ്രാമുകൾ സർവ്വകലാശാല വാഗ്ദാനം ചെയ്യുന്നു. കൃഷിശാസ്ത്രത്തിൽ 10 വിഷയങ്ങളിലും, ഹോർട്ടിക്കൾച്ചറിൽ അഞ്ച് വിഷയങ്ങളിലും, ഫോറസ്ട്രിയിൽ അഞ്ച് വിഷയങ്ങളിലും, അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗിൽ മൂന്ന് വിഷയങ്ങളിലും, കമ്മ്യൂണിറ്റി സയൻസിൽ ഒരു വിഷയത്തിലും, കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗിൽ ഒരു വിഷയത്തിലും ഡോക്ടറൽ പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്തു. ആകെ 3,212 യു.ജി വിദ്യാർത്ഥികളും 862 പി.ജി/പി.എച്ച്.ഡി വിദ്യാർത്ഥികളും സർവ്വകലാശാലയിൽ വിദ്യാഭ്യാസം നേടുന്നു.

സംസ്ഥാനത്തെ പ്രധാന കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ കേരള കാർഷിക സർവ്വകലാശാല നിർണ്ണായക പങ്ക് വഹിച്ചു. കെ.എ.യു വിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ആസൂത്രണം, ഏകോപനം, നിരീക്ഷണം, വിലയിരുത്തൽ എന്നിവയ്ക്ക് മേൽനോട്ടം വഹിക്കുന്നത് ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷൻ (ഡി.ഇ) ആണ്. ഏഴ് കൃഷി വിജ്ഞാന കേന്ദ്രങ്ങൾ (കെ.വി.കെ), ഏഴ് എക്സ്റ്റൻഷൻ യൂണിറ്റുകൾ, കമ്മ്യൂണിക്കേഷൻ സെന്റർ (സി.സി), അഗ്രിക്കൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്റർ (എ.ടി.ഐ.സി), സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (സി.ടി.ഐ), പബ്ലിക് റിലേഷൻസ് ഓഫീസ് (പി.ആർ.ഒ), തൃശ്ശൂരിലെ കെ.എ.യു പ്രസ്, കോഴിക്കോട് അഗ്രിക്കൾച്ചറൽ ഇൻഫർമേഷൻ ആന്റ് സെയിൽസ് സെന്റർ (എ.ഐ.എസ്.സി), മഞ്ചേശ്വരത്തെ എക്സ്റ്റൻഷൻ സെന്റർ (ഇ.ടി.സി) എന്നിവ മുഖേന കെ.എ.യു വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തി. ഡി.ഇ, കെ.എ.യു വിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ശേഷി വർദ്ധിപ്പിക്കൽ, സംരംഭങ്ങൾ നടത്തുക, ഓൺ-ഫാം ട്രയലുകൾ (ഒ.എഫ്.ടി), ഫ്രണ്ട് ലൈൻ ഡെമോൺസ്ട്രേഷൻ (എഫ്.എൽ.ഡി) എന്നിവ സംഘടിപ്പിക്കുക, കാർഷിക ഉപദേശക സേവനങ്ങൾ നൽകൽ, പ്രദർശനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, മുഖാമുഖ കാർഷിക സംവാദ പരിപാടികൾ, ഫാം അഡ്വൈസറി ആന്റ് ഡയഗ്നോസ്റ്റിക് സേവനങ്ങൾ, ബഹുജന മാധ്യമങ്ങളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും വിവരങ്ങളുടെ വ്യാപനം, കാർഷിക മേഖലയിലെ വിവിധ പങ്കാളികൾക്കും ഉപഭോക്താക്കൾക്കും വേണ്ടി വിത്തുകൾ, തൈകൾ, ഇൻപുട്ടുകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ തുടങ്ങിയവയുടെ വിതരണം എന്നിവ ഉൾപ്പെടുന്നു.
മാസ്റ്റർ ട്രെയിനർമാരെ സൃഷ്ടിക്കുക, സാങ്കേതിക മൊഡ്യൂൾ തയ്യാറാക്കി നടപ്പിലാക്കുക, എഫ്.എൽ.ഡി കൾ നടത്തി സ്ഥിരമായി സാങ്കേതിക വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവയിലൂടെ സംസ്ഥാനത്തിന്റെ മുൻനിര ഫാം പ്ലാൻ അധിഷ്ഠിത വികസന പരിപാടിയ്ക്ക് സാങ്കേതിക പിന്തുണ നൽകുന്നതിന് കെ.എ.യു വിനെ ചുമതലപ്പെടുത്തി. കൃഷിയിലും അനുബന്ധ മേഖലകളിലുമുള്ള അത്യാധുനിക അറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനായി സംസ്ഥാനത്തെ 152 ബ്ലോക്കുകളിൽ, ബ്ലോക്ക് ലെവൽ അഗ്രിക്കൾച്ചറൽ നോളജ് സെന്ററുകൾക്ക് (ബി.എൽ.എ.കെ.സി) കെ.എ.യു ശാസ്ത്രജ്ഞർ നേതൃത്വം നൽകി. നെൽവയലുകളിൽ മൂലകങ്ങൾ തളിക്കുന്നതിനുള്ള ഡ്രോൺ സാങ്കേതിക വിദ്യയുടെ പ്രചാരം, ഈ പരിപാടിയുടെ ശ്രദ്ധേയമായ നേട്ടങ്ങളിലൊന്നാണ്. 2023-24 ൽ 120 എഫ്.എൽ.ഡി കളും 40 ഒ.എഫ്.ടി കളും കെ.എ.യു വിനു കീഴിലുള്ള വിവിധ കെ.വി.കെ കൾ വഴി നടത്തി.

2023-24 ലെ സർവ്വകലാശാലയുടെ ചില പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്.

- ജാമുൻ നെക്റ്റർ, കാഷ്യൂ ആപ്പിൾ കാന്റി, സ്കിൻ എമോലിയന്റ് ക്രീം വിത്ത് മൊസ്കിറ്റോ റെപ്പെലൻസ് പ്രോപ്പർട്ടി, കാഷ്യൂ ആപ്പിൾ ടോഫി, കാഷ്യൂ ആപ്പിൾ എനർജി ബാർ, കോക്കനട്ട് പാം ജാഗറി, മൈക്രോ-സോൾ-മൈക്രോന്യൂട്രിയന്റ് മിശ്രിതം, കൊക്കോ പൾപ്പ് എക്സ്ട്രാക്റ്റർ, കൊക്കോ ബീൻ ഫെർമെന്റർ, പാഷൻ ഫ്രൂട്ട്-അലോ ഫങ്ഷണൽ ആർ.ടി.എസ്, ബിലിംബി-അലോ ഫങ്ഷണൽ ആർ.ടി.എസ്, റെഡ് ബനാന ബേസ്ഡ് ബ്ലെൻഡഡ് ആർ.ടി.എസ് എന്നിവ ഉൾപ്പെടെ 12 സാങ്കേതിക വിദ്യകൾ 2023-2024 ൽ കെ.എ.യു വികസിപ്പിച്ചു.
- 2023-24 ൽ സീഡ് കം ഫെർട്ടിലൈസർ ഡ്രിൽ, വാനില കോമ്പോസിഷനും തയ്യാറാക്കുന്നതിനുള്ള പ്രക്രിയയും, റീചാർജബിൾ ബാക്ക്-പാക്ക് ടൈപ്പ് എയർ അസിസ്റ്റഡ് ഇലക്ട്രോസ്റ്റാറ്റിക് ഇൻഡക്ഷൻ സ്പ്രേയർ, ട്രാക്ടറുമായി ബന്ധിപ്പിച്ച് വാഴക്കന്ന് പിഴുതെടുക്കുന്ന യന്ത്രം, വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന റോട്ടറി കോക്കനട്ട് ഹസ്കിംഗ് മെഷിൻ, കൊക്കോ പോഡ് പൊട്ടിക്കുന്നതിനുള്ള ഉപകരണം, ക്രോപ്പ് പ്രൊട്ടക്റ്റീവ് ഹെർബിസൈഡ് ആപ്ലിക്കേറ്റർ, ജിഞ്ചറോൾ കോമ്പോസിഷനും തയ്യാറാക്കുന്നതിനുള്ള പ്രക്രിയ, ഫിനൈൽ പ്രൊപ്പനോയിഡ് ഗ്ലൈക്കോസൈഡ്സ് കോമ്പോസിഷൻ തയ്യാറാക്കുന്നതിനുള്ള പ്രക്രിയ എന്നിവയ്ക്ക് പേറ്റന്റുകൾ ലഭിച്ചു.
- കെ.എ.യു, കോൾ നിലങ്ങളിലെ നെൽകൃഷിയുടെ ശാസ്ത്രീയ പ്രോട്ടോക്കോളും 'വിള പരിപാലന ശുപാർശകൾ 2024' ഉം പുറത്തിറക്കി.
- ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകളിലൂടെ കെ.എ.യു പ്രസിദ്ധീകരണങ്ങളുടെ വില്പന 'കേരളാഗ്രോ' എന്ന ബ്രാൻഡിൽ ആരംഭിച്ചു.
- 2024 ജനുവരിയിൽ ഡി.ഇ, കെ.എ.യു വിന് കീഴിലുള്ള

വിവിധ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിവരിക്കുന്ന കോഫി ടേബിൾ ബുക്ക് 'അബോഡ്' പുറത്തിറക്കി.

- ഡി.ഇ, കൃഷി വകുപ്പ്, മാനേജ്, സി.ഐ.എഫ്.ടി, നബാർഡ്, ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ ആന്റ് കൊക്കോ ഡെവലപ്മെന്റ് (ഡി.സി.സി.ഡി), എൽ.എസ്.ജി.ഡി, വി.എച്ച്.എസ്.ഇ എന്നിവയുമായി പുതിയ സഹകരണങ്ങളിൽ ഏർപ്പെടുകയും നിലവിലുള്ളവ തുടരുകയും ചെയ്തു.
- ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ സ്ഥാപിക്കുകയും ഇ.ടി.സി മഞ്ചേശ്വരത്ത് ഒരു എക്ലോട്ടിക് ഫ്രൂട്ട് പ്ലാന്റ് ഡെമോൺസ്ട്രേഷൻ യൂണിറ്റ് സ്ഥാപിക്കുകയും ചെയ്തു.
- നൂറിലധികം വിളകളെക്കുറിച്ചുള്ള പ്രത്യേകം തരംതിരിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഫാം എക്സ്റ്റൻഷൻ മാനേജർ എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തു.
- ഡി.ഇ യുടെ കീഴിലുള്ള സെന്റർ ഫോർ ഇ-ലേണിംഗ് (സി.ഇ.എൽ, കെ.എ.യു) കർഷകർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ, കാർഷിക സംരംഭക ഗ്രൂപ്പുകൾ എന്നിവർക്കായി 11 മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകളും (എം.ഒ.ഒ.സി) നാല് ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകളും നടത്തി.
- 2023-24 ൽ, കെ.വി.കെ കൾ വിവിധ കാർഷിക മേഖലകളിൽ ഏകദേശം 1,196 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. കൂടാതെ, മാനേജ്, ആത്മ എന്നിവയുമായി സഹകരിച്ച്, അഗ്രി-ഇൻപുട്ട് ഡീലേഴ്സ് ഡിപ്ലോമ പ്രോഗ്രാം (ഡി.എ.ഇ.എസ്.ഐ) നടപ്പിലാക്കി.
- കെ.എ.യു ആർ.കെ.വി.വൈ-ആർ.എ.എഫ്.ടി.എ.എ.ആർ - അഗ്രിബിസിനസ്സ് ഇൻകുബേറ്റർ (കെ.എ.യു ആർ.എ.ബി.ഐ) സംരംഭകർ, കർഷകർ, എസ്.എച്ച്.ജി കൾ, എഫ്.പി.ഒ കൾ എന്നിവർക്കായി ഏകദേശം 52 സംരംഭകത്വ വികസന പരിശീലന പരിപാടികൾ നടത്തി.

### കൃഷിയും അനുബന്ധ മേഖലകൾക്കുമുള്ള ധനസഹായം

വിത്തുകൾ, വളങ്ങൾ, ജലസേചനം, യന്ത്രസാമഗ്രികൾ തുടങ്ങിയ ഉപാധികളിൽ ആവശ്യമായ നിക്ഷേപം നൽകികൊണ്ട് കേരളത്തിലെ കാർഷിക മേഖലയെ പിന്തുണയ്ക്കുന്നതിൽ, കാർഷിക ധനസഹായം നിർണ്ണായക പങ്ക് വഹിക്കുന്നു. കർഷകർക്ക് ആധുനിക കാർഷിക സാങ്കേതിക വിദ്യകൾ സ്വീകരിക്കാനും, ഉല്പാദനക്ഷമത മെച്ചപ്പെടുത്താനും, വിളനാശവും വിപണിയിലെ ഏറ്റക്കുറച്ചിലുകളും മൂലമുണ്ടാകുന്ന നഷ്ടങ്ങൾ ലഘൂകരിക്കാനും മതിയായ ധനസഹായത്തിലൂടെ സാധിക്കുന്നു. കേരളത്തിലെ കാർഷിക സമൂഹത്തിന്റെ ഒരു പ്രധാന ഭാഗമായ ചെറുകിട, നാമമാത്ര കർഷകരെ, അവരുടെ വരുമാനം വർദ്ധിപ്പിക്കാനും ഉപജീവനമാർഗ്ഗം സുരക്ഷിതമാക്കുവാനും ഇത് സഹായിക്കുന്നു. കൂടാതെ, കേരളത്തിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിനും ഭക്ഷ്യസുരക്ഷ പ്രോത്സാഹിപ്പിക്കുന്നതിനും, മേഖലയിലെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും കാർഷിക ധനസഹായം അത്യാവശ്യമാണ്. അടിസ്ഥാന സൗകര്യങ്ങൾ, സംഭരണം, മൂല്യവർദ്ധനവ് എന്നിവയിൽ നിക്ഷേപം സുഗമമാക്കുന്നതിലൂടെ ഇത് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള കാർഷിക വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തുന്നു. കാർഷിക മേഖലയിൽ, വായ്പ വിതരണത്തിന് ഗണ്യമായ സാധ്യതയുണ്ട്, ഇത് ഉല്പാദനക്ഷമതയും ലാഭക്ഷമതയും വർദ്ധിപ്പിക്കുകയും സാമ്പത്തിക വളർച്ചയിലേയ്ക്ക് നയിക്കുകയും ചെയ്യും. 2024-25 ലെ കൃഷിയ്ക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള മൊത്തം വായ്പ പ്രൊജക്ഷൻ 1,23,757.70 കോടി രൂപയായി കണക്കാക്കുന്നു. ഇത് മൊത്തം പ്രൊജക്ഷനുകളുടെ 52 ശതമാനമാണ്. കൂടാതെ, 2024-25 വർഷത്തേയ്ക്കുള്ള വിള ഉല്പാദനം, പരിപാലനം, വിപണനം എന്നിവയ്ക്കായി വിലയിരുത്തിയ വായ്പാ പിന്തുണയുടെ സാധ്യത 81,368.00 കോടി രൂപയാണ്. ഇത് 2024-25 ലെ പ്രാഥമിക മേഖലയ്ക്ക് കീഴിലുള്ള മൊത്തം പ്രൊജക്ഷന്റെ 34 ശതമാനമാണ് (സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2024-25, നബാർഡ്). 2025-26 വർഷത്തേയ്ക്കുള്ള പ്രൊജക്ഷനുകൾ നബാർഡ് പൂർത്തീകരിക്കുന്ന പ്രക്രിയയിലാണ്. ഭക്ഷ്യ സുരക്ഷ മെച്ചപ്പെടുത്തുന്നതിന് കൃഷിയിലും അനുബന്ധമേഖലകളിലും മൂലധന നിക്ഷേപത്തിന് ഉയർന്ന ആവശ്യം നിലനിൽക്കുന്നു. എന്നിരുന്നാലും സാമ്പത്തിക സേവനങ്ങൾ കണ്ടെത്തുന്നതിന് നേരിടുന്ന പരിമിതികൾ കാർഷിക മേഖലയിലെ വായ്പാ വളർച്ച കുറയുന്നതിനുള്ള പ്രധാന കാരണമാണ്. യന്ത്രവൽക്കരണം, കാലാവസ്ഥ, നൂതന സാങ്കേതിക വിദ്യകൾ, സംസ്കരണ, കാർഷിക ഭക്ഷ്യ വിതരണ ശൃംഖല എന്നിവയ്ക്ക് വലിയ തോതിലുള്ള ധനസഹായം ആവശ്യമാണ്. വികസ്വര രാജ്യങ്ങളിലെ ചെറുകിട കാർഷിക സംരംഭകരായ കുടുംബങ്ങൾക്കും, സംരംഭങ്ങൾക്കും പലപ്പോഴും മതിയായ നിക്ഷേപ മൂലധനം ലഭിക്കുന്നില്ല, ഇത് സമ്പദ്‌വ്യവസ്ഥയിൽ കുറഞ്ഞ മൂലധന രൂപീകരണത്തിന് കാരണമാകുന്നു. കർഷകർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ ചെറിയ നിക്ഷേപങ്ങൾ ആവശ്യമാണ്. കാലാവസ്ഥയുമായി ബന്ധപ്പെട്ട ധനസഹായത്തിന്റെ വശത്തിനും പ്രാധാന്യം ഏറി വരുന്നു.

### കാർഷിക വായ്പാ നയം

സ്ഥാപനപരമായ വായ്പാ സ്രോതസ്സുകളിലേക്കുള്ള കർഷകരുടെ പ്രാപ്യത മെച്ചപ്പെടുത്തുന്നതിനുള്ള നയപരമായ നടപടികൾ കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. എല്ലാ കർഷകർക്കും സമയബന്ധിതവും മതിയായതുമായ വായ്പാ പിന്തുണ നൽകുന്നതിനും, ചെറുകിട, നാമമാത്ര കർഷകരേയും സമൂഹത്തിലെ ദുർബല വിഭാഗങ്ങളേയും പ്രത്യേകമായി കേന്ദ്രീകരിച്ച് കാർഷിക ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയും മെച്ചപ്പെട്ട കാർഷിക രീതികളും സ്വീകരിക്കാൻ അവരെ പ്രാപ്തരാക്കുന്ന പുരോഗമനപരമായ സ്ഥാപനവൽക്കരണമാണ് ഈ നയങ്ങളുടെ ലക്ഷ്യം. വായ്പാ ആസൂത്രണം, പ്രദേശ-നിർദ്ദിഷ്ട തന്ത്രങ്ങൾ സ്വീകരിക്കൽ, വായ്പാ നയങ്ങളും നടപടിക്രമങ്ങളും യുക്തിസഹമാക്കൽ എന്നിവയിലൂടെ താഴെ തട്ടിലുള്ള വായ്പയുടെ വിതരണം വർദ്ധിപ്പിക്കുന്നതിന് ഈ നയം ഊന്നൽ നൽകുന്നു. ബാങ്കിംഗ് മേഖലയ്ക്കുള്ള കാർഷിക വായ്പാ വിതരണ ലക്ഷ്യങ്ങൾ കേന്ദ്ര സർക്കാർ എല്ലാ വർഷവും നിശ്ചയിക്കുന്നു. ബാങ്കുകൾ ഈ ലക്ഷ്യങ്ങൾ തുടർച്ചയായി മറികടന്നിട്ടുണ്ട്. 2023 സാമ്പത്തിക

വർഷത്തിൽ കാർഷിക വായ്പാ വിതരണത്തിന്റെ നേട്ടം 116 ശതമാനമായിരുന്നു. 2024 സാമ്പത്തിക വർഷത്തിൽ കാർഷിക വായ്പാ വിതരണം (വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന്) 13.6 ശതമാനം വളർച്ച രേഖപ്പെടുത്തി.

### സ്ഥാപനപരമായ ക്രമീകരണങ്ങൾ

കാർഷിക മേഖലയിലേയും അനുബന്ധ പ്രവർത്തന ങ്ങളിലേയും മുഴുവൻ വിതരണ ശൃംഖലയ്ക്കും വായ്പ നൽകുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ വലിയ പങ്ക് വഹിക്കുന്നു. വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു മൾട്ടി ഏജൻസി ശൃംഖലയിലൂടെയാണ് കാർഷിക വായ്പാ വിതരണം ചെയ്യുന്നത്. സാമ്പത്തിക ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതിലൂടെ, ഈ സ്ഥാപനങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളെ ശാക്തീകരിക്കുകയും സംരംഭകത്വം വളർത്തുകയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് സംഭാവന നൽകുകയും ചെയ്യുന്നു. ഇത് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനത്തിൽ അവയെ നിർണായകമാക്കുന്നു.

കേരളത്തിന് മികച്ച ബാങ്കിംഗ് ശൃഖലയുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (എസ്.എൽ.ബി.സി) ഡാറ്റ പ്രകാരം, 2024 മാർച്ച് വരെ കേരളത്തിലെ ആകെ ബാങ്ക് ശാഖകളുടെ എണ്ണം 7,921 ആണ്. ആകെ ബാങ്ക് ശാഖകളിൽ 1,790 ശാഖകൾ നഗരപ്രദേശങ്ങളിലും 5,281 ശാഖകൾ അർദ്ധ നഗര പ്രദേശങ്ങളിലും 850 ശാഖകൾ ഗ്രാമപ്രദേശങ്ങളിലുമാണ്.

കേരളത്തിൽ, സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനം ലക്ഷ്യമിട്ടുള്ള നിരവധി ബാങ്കിംഗ് നയങ്ങളും സംരംഭങ്ങളും ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് മുഖ്യമായും സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (എസ്.എൽ.ബി.സി) ആണ്. ആർ.ബി.ഐ നിയമങ്ങൾ അനുസരിച്ച്, ലീഡ് ബാങ്ക് സ്കീമിന് കീഴിലാണ് എസ്.എൽ.ബി.സി സ്ഥാപിതമായത്. ഒരു ഉന്നതതല അന്തർ-സ്ഥാപന ഫോറം എന്ന നിലയിൽ, ബാങ്കിംഗ് വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബാങ്കുകളും സർക്കാരും തമ്മിലുള്ള ഏകോപനം ഇത് സാധ്യമാക്കുന്നു. കേരള സംസ്ഥാനത്തിനായുള്ള സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ കൺവീനർ കാനറാ ബാങ്കാണ്. പരിശീലനം, സാമ്പത്തിക സാക്ഷരത, തൊഴിലില്ലാത്തവർക്ക് തൊഴിൽ, ബാങ്കുകളില്ലാത്ത പ്രദേശങ്ങളിൽ ബാങ്കിംഗ് സേവനങ്ങൾ നൽകൽ, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ മേഖലകളിൽ ഫലപ്രദമായ വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് എസ്.എൽ.ബി.സി സഹായിക്കുന്നു. നിരവധി സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്, പ്രത്യേകിച്ച് സാമ്പത്തിക ഉൾപ്പെടുത്തലും പ്രാഥമിക മേഖലയിലേയ്ക്കുള്ള വായ്പയും സംബന്ധിച്ചവയിൽ, എസ്.എൽ.ബി.സി സംസ്ഥാന സർക്കാരുമായി സഹകരിക്കുന്നു.

സഹകരണ ബാങ്കുകളും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും (പി.എ.സി.എസ്) സംസ്ഥാനത്ത് കാർഷിക മേഖലയിൽ കൂടുതൽ സാമ്പത്തിക വളർച്ച നേടിയെടുക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഗ്രാമീണരായ, കുറഞ്ഞ വരുമാനമുള്ള ജനങ്ങളെ ബാങ്കിംഗ് സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നതോടൊപ്പം ഗ്രാമീണ വായ്പാ സംവിധാനത്തിന്റെ നട്ടെല്ലായി പ്രവർത്തിക്കുകയും ചെയ്യുന്നു. കേരളത്തിലെ സഹകരണ മേഖലയുടെ വികസനത്തിലും പ്രവർത്തനത്തിലും സർക്കാർ സജീവമായ പങ്ക് വഹിച്ചിട്ടുണ്ട്. 2024 മാർച്ച് വരെയുള്ള കണക്കനുസരിച്ച്, പ്രാദേശിക തലത്തിൽ ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ്സിന് 1,646 പി.എ.സി.എസ് കൾ അടങ്ങുന്ന ശൃംഖലയുണ്ട്.


### കാർഷിക വായ്പാ വിതരണത്തിലെ വളർച്ച

കാർഷിക ഉല്പാദനക്ഷമതയെ സ്വാധീനിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിതരണഘടകങ്ങളിലൊന്ന് വായ്പയാണ്. ഇത് കർഷകരെ അവശ്യ വിഭവങ്ങളിലും സാങ്കേതികവിദ്യകളിലുമുള്ള നിക്ഷേപത്തിന് സഹായിക്കുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ നിശ്ചയിച്ച ലക്ഷ്യത്തിൽ, കേരളത്തിലെ പ്രാഥമിക മേഖലാ വായ്പാ വിതരണം 2024 മാർച്ചിൽ 87 ശതമാനം ലക്ഷ്യം കൈവരിച്ചു. സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങൾ പ്രാഥമിക മേഖലയ്ക്ക് ദീർഘകാല, ഇടത്തരം, ഹ്രസ്വകാല വായ്പകൾ നൽകുന്നു. കേരളത്തിലെ, മൊത്തം കാർഷിക വായ്പാ വിതരണം 2021 മാർച്ചിലെ 87,091 കോടി രൂപയിൽ നിന്ന്, 2024 മാർച്ചിൽ 1,31,379 കോടി രൂപയായി വർദ്ധിച്ചു. നാല് വർഷത്തെ കാലയളവിൽ 50 ശതമാനത്തിലധികം ഗണ്യമായ വളർച്ച രേഖപ്പെടുത്തി (**ചിത്രം 3.1.3**). വർഷങ്ങളായി കാർഷിക വായ്പകളിലെ ഗണ്യമായ വർദ്ധനവ് കേരളത്തിലെ കാർഷിക മേഖലയ്ക്ക് തുടർച്ചയായ നിക്ഷേപത്തിന്റേയും പിന്തുണയുടേയും പ്രാധാന്യത്തെ അടിവരയിടുന്നു. ഇത് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ചയ്ക്കും ഗ്രാമീണക്ഷേമത്തിനും അത്യന്താപേക്ഷിതമാണ്.

### കാർഷിക മേഖലയിലേയ്ക്കുള്ള വായ്പാ പ്രവാഹം

സംസ്ഥാനത്തെ മൊത്തം കാർഷിക വായ്പാ വിതരണത്തിൽ വിള വായ്പകളും കാർഷിക ദീർഘകാല വായ്പകളും ഉൾപ്പെടുന്നു. കൂടാതെ, സംസ്ഥാനത്തെ കാർഷിക വായ്പാ പ്രവാഹം, 2022-23 ലെ 1,19,709 കോടി രൂപയിൽ നിന്ന് 2023-24 ൽ 1,38,490 കോടി രൂപയായി വർദ്ധിച്ചു (അനുബന്ധം 3.1.25). 2023-24 ലെ മൊത്തം കാർഷിക വായ്പാ വിതരണത്തിൽ 1,04,693.79 കോടി രൂപ പൊതുമേഖലയിലേയും, സ്വകാര്യ മേഖലയിലേയും വാണിജ്യ ബാങ്കുകളും 11,095.72 കോടി രൂപ സഹകരണ ബാങ്കുകളും 18,089.64 കോടി രൂപ ആർ.ആർ.ബി കളും 4,610.58 കോടി രൂപ മറ്റ് ബാങ്കുകളും മുഖേനയാണ്. 2023-24 ലെ സംസ്ഥാനത്തെ മൊത്തം വിള വായ്പ 96,494 കോടി രൂപയാണ്. അതിൽ സ്വകാര്യ, പൊതുമേഖലാ വാണിജ്യ ബാങ്കുകളുടേത് 73,332 കോടി രൂപയും സഹകരണ ബാങ്കുകളുടേത് 5,646 കോടി രൂപയും ആർ.ആർ.ബി കളുടേത് 17,511 കോടി രൂപയും മറ്റ് ബാങ്കുകളുടേത് 4.76 കോടി രൂപയുമാണ്. മൊത്തം കാർഷിക ദീർഘകാല വായ്പകളുടെ നേട്ടത്തിന്റെ 74.7 ശതമാനമാണ് വാണിജ്യ ബാങ്കുകളുടെ വിഹിതം. അതേസമയം സഹകരണ സ്ഥാപനങ്ങളുടെ

**ചിത്രം 3.1.3** കാർഷിക വായ്പകൾ സഹകരണ ബാങ്കുകൾ ഒഴികെ





***അവലംബം:*** എസ്.എൽ.ബി.സി

വിഹിതം 13 ശതമാനം മാത്രമായിരുന്നു. ആർ.ആർ.ബികളുടെ വിഹിതം 1.4 ശതമാനമായിരുന്നു (**ചിത്രം 3.1.4**). കാർഷിക ദീർഘകാല വായ്പകളിൽ വാണിജ്യ ബാങ്കുകൾ ഇപ്പോഴും ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് ഇത് കാണിക്കുന്നു (**അനുബന്ധം 3.1.27**). മൊത്തം കാർഷിക വായ്പാ നേട്ടം 2023-24 ൽ നിശ്ചയിച്ച ലക്ഷ്യത്തിന്റെ 87 ശതമാനമായിരുന്നു. 2023-24 ലെ പ്രാഥമിക മേഖലയിലെ മൊത്തം ക്രെഡിറ്റ് 2,22,885 കോടി രൂപയായിരുന്നു. ഇത് 2023-24 ൽ നിശ്ചയിച്ച ലക്ഷ്യത്തിന്റെ 83 ശതമാനമാണ്. പ്രാഥമിക മേഖലയ്ക്ക് നൽകിയ വായ്പയുടെ ഭൂരിഭാഗവും, അതായത് 80.3 ശതമാനം, വാണിജ്യ ബാങ്കുകളാണ് നൽകിയത്.

### നിക്ഷേപ വായ്പ

കൃഷിയിലെ ഉല്പാദന വായ്പയേക്കാൾ വലിയ പ്രാധാന്യമാണ് നിക്ഷേപ വായ്പയ്ക്കുള്ളത്. കാരണം അത് കാർഷിക പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള ഉല്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കുന്ന ദീർഘകാല പുരോഗതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ നിക്ഷേപങ്ങൾ കാർഷിക കാര്യക്ഷമത ശാശ്വതമായ പുരോഗതിയിലേയ്ക്ക് നയിക്കുന്നു, കാലക്രമേണ ഉപാധികൾക്കുള്ള ചെലവ് കുറയ്ക്കുന്നു. കൂടാതെ, കർഷകരെ ആധുനിക സാങ്കേതിക വിദ്യകൾ സ്വീകരിക്കുവാനും കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളേയും വിപണിയിലെ മാറ്റങ്ങളേയും അഭിമുഖീകരിക്കുവാനും സഹായിക്കുന്നു. സുസ്ഥിര കാർഷിക വളർച്ച നിലനിർത്തുന്നതിന് ഹ്രസ്വകാല, ദീർഘകാല നിക്ഷേപ വായ്പകൾ തമ്മിലുള്ള സന്തുലിതാവസ്ഥ

**ചിത്രം 3.1.4** 2023-24 ലെ നിക്ഷേപ വായ്പയുടെ ഏജൻസി തിരിച്ചുള്ള നേട്ടം





***അവലംബം:*** നബാർഡ്

കൊണ്ടുവരേണ്ടതുണ്ട്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി നിക്ഷേപ വായ്പയുടെ അനുപാതത്തിൽ ഗണ്യമായ മാറ്റം ഉണ്ടായിട്ടുണ്ട്. 2022-23 ൽ കൃഷിയിലേയ്ക്കുള്ള മൊത്തം ഗ്രൗണ്ട് ലെവൽ വായ്പയുടെ (ജി.എൽ.സി) 68.1 ശതമാനവും 31.9 ശതമാനവും യഥാക്രമം ഉല്പാദന (ഹ്രസ്വകാല) വായ്പയും, നിക്ഷേപ (ദീർഘകാല) വായ്പയുമായിരുന്നു. 2023-24 ൽ, ഉല്പാദന വായ്പയുടേയും നിക്ഷേപ വായ്പയുടേയും അനുപാതം യഥാക്രമം 69.7 ശതമാനവും 30.3 ശതമാനവുമായി മാറി. ദീർഘകാലാടിസ്ഥാനത്തിൽ, പരമ്പരാഗത കാർഷിക രീതികളെ ആധുനികവും സുസ്ഥിരവും വാണിജ്യപരമായി ലാഭകരവുമായ സംരംഭമാക്കി മാറ്റുന്നതിന് നിക്ഷേപ വായ്പ നിർണായകമാണ്. കൃഷിയിൽ നിന്നുള്ള വരുമാനത്തിൽ സ്ഥിരമായ വർദ്ധനവ് വരുത്തുന്നതിനും ആവശ്യകതകൾക്ക് അനുസൃതമായി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, ദീർഘകാലാടിസ്ഥാനത്തിൽ നിക്ഷേപ വായ്പയുടെ പ്രാധാന്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. 2023-24 ൽ സംസ്ഥാനത്തെ മൊത്തം കാർഷിക വായ്പയായി 1,38,490 കോടി രൂപ വിതരണം ചെയ്തു, അതിൽ 96,494 കോടി രൂപ ഉല്പാദനവായ്പയും 41,996 കോടി രൂപ നിക്ഷേപ വായ്പയുമാണ്. ഉല്പാദനത്തിന്റേയും നിക്ഷേപ വായ്പയുടേയും വിഭജനം **അനുബന്ധം 3.1.25** ലും **ചിത്രം 3.1.5** ലും നൽകിയിരിക്കുന്നു.

2023-24 ൽ, വിള വായ്പകൾ, ചെറുകിട ജലസേചനം, ഭൂവികസനം, കാർഷിക യന്ത്രവൽക്കരണം, തോട്ടം, പൂന്തോട്ട പരിപാലനം, ക്ഷീരവികസനം, കോഴി വളർത്തൽ, മത്സ്യബന്ധനം, വനം/തരിശുഭൂമി വികസനം, സംഭരണം തുടങ്ങിയ വിവിധ ഉപമേഖലകളിലാണ് കാർഷിക വായ്പ വിനിയോഗിച്ചത്. മൊത്തം കാർഷിക വായ്പയായ 1,38,490 കോടി രൂപയിൽ 69.7 ശതമാനം വിള വായ്പകൾക്കും 10 ശതമാനം ക്ഷീരവികസനത്തിനുമാണ് വിനിയോഗിച്ചത്. ഉപമേഖല തിരിച്ചുള്ള കാർഷിക വായ്പാ പ്രവാഹം **അനുബന്ധം 3.1.26** ൽ കാണിച്ചിരിക്കുന്നു. കാർഷിക മേഖലയിലെ മൂലധന രൂപീകരണം വർദ്ധിപ്പിക്കുന്നതിന് കാർഷിക ദീർഘ കാല വായ്പകളുടെ വിതരണം ബാങ്കുകൾ ഉറപ്പാക്കേണ്ടതുണ്ട്. 2024 മാർച്ചിൽ സംസ്ഥാനത്തെ ക്രെഡിറ്റ് ഡെപ്പോസിറ്റ് (സി.ഡി) അനുപാതം 73.2 ശതമാനമായിരുന്നു. ഇത് 2023 മാർച്ചിലെ സി.ഡി അനുപാതമായ 69 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ വർദ്ധനവ് രേഖപ്പെടുത്തുന്നു. നബാർഡിന്റെ 2023-24 ലെ കേരള വാർഷിക പ്രകടന റിപ്പോർട്ട് പ്രകാരം, ഏറ്റവും ഉയർന്ന സി.ഡി അനുപാതമായ 136.3 ശതമാനം ഇടുക്കി ജില്ലയിലും ഏറ്റവും കുറഞ്ഞ സി.ഡി അനുപാതമായ 31.7 ശതമാനം പത്തനംതിട്ട ജില്ലയിലുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കാർഷിക മേഖലയിലെ നിഷ്ക്രിയ ആസ്തികൾ (എൻ.പി.എ) 2022-

**ചിത്രം 3.1.5** 2015-16 മുതൽ 2023-24 വരെയുള്ള മൊത്തം കാർഷിക വായ്പയിൽ ഉല്പാദന നിക്ഷേപ വായ്പകളുടെ വിഹിതം




***അവലംബം:*** എസ്.എൽ.ബി.സി

23 ൽ 3.4 ശതമാനമായിരുന്നു. അതേസമയം കാർഷിക മേഖലയിലെ എൻ.പി.എ ശതമാനം 2023-24 സാമ്പത്തിക വർഷത്തിൽ മൊത്തം കാർഷിക വായ്പകളുടെ 2.71 ശതമാനമായി കുറഞ്ഞു.

**കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി)**

കർഷകർക്ക് സമയബന്ധിതവും മതിയായതുമായ വായ്പ നൽകുന്നതിനായി 1998-99 ൽ കെ.സി.സി പദ്ധതി ആരംഭിച്ചു. കാർഷിക പ്രവർത്തനങ്ങൾക്കുള്ള വായ്പ ലഭ്യമാക്കുന്ന പ്രക്രിയ ലളിതമാക്കുക, വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ, വിള ഉല്പാദനത്തിന് ആവശ്യമായ മറ്റ് ഉപാധികൾ എന്നിവ വാങ്ങുന്നതിനുള്ള പണം കർഷകർക്ക് എളുപ്പത്തിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം. ക്ഷീരവികസനം, പൗൾട്രി, മത്സ്യബന്ധനം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങളും കെ.സി.സി പദ്ധതിയിൽ ഉൾക്കൊള്ളുന്നു. 2024 മാർച്ച് 31 ലെ കണക്കനുസരിച്ച്, കിസാൻ ക്രെഡിറ്റ് കാർഡിന് കീഴിലുള്ള സംസ്ഥാനത്തെ തുക 42,910 കോടി രൂപയായിരുന്നു. 2023-24 വർഷത്തിൽ കെ.സി.സി യുടെ കീഴിലുള്ള മൊത്തം വിതരണം 39,286 കോടി രൂപയായിരുന്നു. വിവിധ ധനകാര്യ സ്ഥാപനങ്ങൾ വഴി സംസ്ഥാനത്തുടനീളം കർഷകർക്ക് ആകെ 19,37,676 കാർഡുകൾ നൽകി. വിവിധ ഏജൻസികൾ മുഖേനയുള്ള കെ.സി.സി വിതരണത്തിലെ പുരോഗതി അനുബന്ധം 3.1.28 ൽ കാണിച്ചിരിക്കുന്നു. ക്രെഡിറ്റ് ലഭിക്കുന്നതിനുള്ള ഒരു മികച്ചതും കാര്യക്ഷമവുമായ ഉപാധിയായിട്ടാണ് കർഷകർക്ക് റുപേ കിസാൻ ക്രെഡിറ്റ് കാർഡുകൾ നൽകുന്നത്. ഈ കാർഡ് ഒരു ഡെബിറ്റ് അല്ലെങ്കിൽ ക്രെഡിറ്റ് കാർഡിന് സമാനമായി പ്രവർത്തിക്കുന്നു. കൂടാതെ, കെ.സി.സി അക്കൗണ്ടുമായും ഇത് ബന്ധിപ്പിച്ചിരിക്കുന്നു. ഇത് കർഷകർക്ക് സൗകര്യപ്രദമായി പണം പിൻവലിക്കാനും, ഇടപാടുകൾ നടത്താനും, കാർഷിക ഉപാധികൾക്കു നേരിട്ട് പോയിന്റ്-ഓഫ്-സെയിൽ (പി.ഒ.എസ്) ടെർമിനലുകളിൽ നിന്ന് പണമടയ്ക്കാനും സൗകര്യമൊരുക്കുന്നു. കൂടാതെ, അപകട മരണമോ അംഗവൈകല്യമോ സംഭവിച്ച കർഷകർക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനായി വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതി (പി.എ.ഐ.എസ്) കെ.സി.സി യുമായി സംയോജിപ്പിച്ചിട്ടുണ്ട്. 2024 മാർച്ചിലെ എസ്.എൽ.ബി.സി റിപ്പോർട്ട് അനുസരിച്ച്, ആകെ 7,63,738 പേർ പി.എ.ഐ.എസ് പദ്ധതിയ്ക്ക് കീഴിൽ ഉൾപ്പെടുന്നു. 2020 ഏപ്രിൽ മുതൽ വിതരണം ചെയ്ത ഹ്രസ്വകാല വായ്പകളിൽ പലിശ ആനുകൂല്യം ലഭിക്കുന്നതിന് (ഐ.എസ്.എസ്) കെ.സി.സി നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ഐ.എസ്.എസ് ന്റെ ആനുകൂല്യം ലഭിക്കുന്നതിന് ആധാറും നിർബന്ധമാക്കി.

**അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (എ.ഐ.എഫ്)**

രാജ്യത്തെ കാർഷിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിളവെടുപ്പിനു ശേഷമുള്ള പരിപാലനത്തിനും അടിസ്ഥാന സൗകര്യങ്ങൾക്കും കമ്മ്യൂണിറ്റി ഫാമിംഗ് ആസ്തികൾക്കും വേണ്ടിയുള്ള പദ്ധതികളിൽ നിക്ഷേപിക്കുന്നതിനായി ഇടത്തരം-ദീർഘകാല സാമ്പത്തിക പിന്തുണ നൽകുക എന്ന പ്രധാന ലക്ഷ്യത്തോടെ 2020 ൽ കേന്ദ്ര സർക്കാർ എ.ഐ.എഫ് പദ്ധതി ആരംഭിച്ചു. ഈ പദ്ധതി പ്രകാരം, 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് പ്രതിവർഷം 3 ശതമാനം പലിശ ഇളവ് ലഭ്യമാണ്. ഈ ആനുകൂല്യം പരമാവധി ഏഴ് വർഷത്തേയ്ക്ക് ലഭ്യമാകും. എസ്.എൽ.ബി.സി റിപ്പോർട്ട് പ്രകാരം 2023-24 കാലയളവിൽ, എ.ഐ.എഫ് പദ്ധതിയ്ക്ക് കീഴിൽ സംസ്ഥാനത്ത് 888 വായ്പാ അപേക്ഷകൾ വഴി 244.7 കോടി രൂപ വിതരണം ചെയ്തു. ആർ.ആർ.ബി കൾ, സഹകരണ ബാങ്കുകൾ, നബാർഡിന്റെ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയ്ക്കായി എ.ഐ.എഫ് നു കീഴിൽ ധനസഹായം നൽകുന്നതിനായി, നബാർഡ് പ്രത്യേക റീഫിനാൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള അടിസ്ഥാന സൗകര്യത്തിലെ കുറവുകൾ പരിഹരിക്കുന്നതിനും എ.ഐ.എഫ് ന് കീഴിലുള്ള പദ്ധതികൾക്ക് ധനസഹായം നൽകുന്നതിന് ഗ്രാമീണ ധനകാര്യ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുമാണിത് ലക്ഷ്യം വക്കുന്നത്.

**നബാർഡ്**

കൃഷിയും ഗ്രാമീണ വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഗ്രാമപ്രദേശങ്ങളുടെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഇന്ത്യയിലെ ഉന്നത സ്ഥാപനമാണ് നബാർഡ് (നാഷണൽ ബാങ്ക് ഫോർ അഗ്രിക്കൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ്). ഗ്രാമവികസന നയങ്ങളുടെ സുഗമമായ ഏകോപനവും നടപ്പാക്കലും ഉറപ്പാക്കുന്നതിന് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും മറ്റ് സ്ഥാപനങ്ങളും തമ്മിലുള്ള ഒരു കണ്ണിയായി നബാർഡ് പ്രവർത്തിക്കുന്നു. സംസ്ഥാനങ്ങൾക്ക് വായ്പ/പുനർവായ്പ രൂപത്തിലും ഗ്രാൻഡ് ആയും നബാർഡ് പിന്തുണ നൽകി വരുന്നു. കൃഷിയും അനുബന്ധ മേഖലകളിലേക്കും താഴെ തട്ടിൽ നിന്നുള്ള വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുമായി വായ്പ/പുനർവായ്പ നൽകുന്നു. കാർഷിക മേഖലയിലെ നവീകരണം മുതൽ കർഷക ഉല്പാദക സംഘടനകളുടെ പ്രോത്സാഹനം, ഓഫ് ഫാം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ, നൈപുണ്യ വികസനം, സാമ്പത്തിക സഹായ പിന്തുണ, ബാങ്കിംഗ് ഇടപാടുകൾ ഡിജിറ്റൈസ് ചെയ്യൽ, സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി കൾ)/ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെ.എൽ.ജി കൾ) വഴി ഉപജീവനമാർഗ്ഗ അവസരങ്ങൾ സൃഷ്ടിക്കൽ, അത്തരം ഗ്രൂപ്പുകൾക്ക് പരിശീലനങ്ങളും വിപണന പിന്തുണയും നൽകൽ തുടങ്ങിയ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഗ്രാന്റ് രൂപത്തിൽ സാമ്പത്തിക സഹായം നൽകുന്നു.

**ദീർഘ കാല ഗ്രാമീണ വായ്പാ ഫണ്ട് (എൽ.റ്റി.ആർ.സി.എഫ്), ഹ്രസ്വകാല പുനർവായ്പ, നേരിട്ടുള്ള പുനർവായ്പ**

കൃഷി, അനുബന്ധ മേഖലകൾ, മറ്റ് ഗ്രാമീണ ഉപജീവന മേഖലകൾ എന്നിവയിലേയ്ക്കുള്ള അടിസ്ഥാനതല വായ്പാ വിതരണം സുഗമമാക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി നബാർഡ് ബാങ്കുകൾ, ഗ്രാമീണ ധനകാര്യ സ്ഥാപനങ്ങൾ, ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികൾ എന്നിവയ്ക്ക് ഹ്രസ്വകാല, ഇടത്തരം, ദീർഘകാല റീഫിനാൻസ് നൽകുന്നു. സഹകരണ ബാങ്കുകൾക്കും റീജിയണൽ റൂറൽ

ബാങ്കുകൾക്കും (ആർ.ആർ.ബി) മാത്രമായി കാർഷിക പ്രവർത്തനങ്ങളിലെ നിക്ഷേപ വായ്പയ്ക്ക് ദീർഘകാല പുനർ ധനസഹായ പിന്തുണ നൽകുന്നതിനായി നബാർഡുമായി ചേർന്ന് കേന്ദ്ര സർക്കാർ ഒരു 'ദീർഘകാല ഗ്രാമീണ വായ്പാ ഫണ്ട്' രൂപീകരിച്ചിട്ടുണ്ട്. 2023-24 ൽ, എൽ.ടി.ആർ.സി.എഫ് ന് കീഴിൽ 785.4 കോടി രൂപ പുനർ ധനസഹായം നൽകി. യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുകയാണെങ്കിൽ, എല്ലാ സംസ്ഥാന സഹകരണ ബാങ്കുകളും, കേരള സംസ്ഥാന സഹകരണ കാർഷിക, ഗ്രാമവികസന ബാങ്കും (കെ.എസ്.സി.എ.ആർ.ഡി.ബി), ആർ.ആർ.ബി കളും നബാർഡിൽ നിന്ന് പുനർ ധനസഹായ സൗകര്യങ്ങൾ നേടാൻ യോഗ്യരാണ്.

2023-24 ൽ, സംസ്ഥാന സഹകരണ ബാങ്ക്, റീജിയണൽ റൂറൽ ബാങ്കുകൾ, കെ.എസ്.സി.എ.ആർ.ഡി.ബി എന്നിവയിലൂടെ ലക്ഷ്യമിട്ട 14,140 കോടി രൂപയിൽ കേരള മേഖല 15,684.4 കോടി രൂപയുടെ മൊത്തം പുനർ വായ്പ വിതരണം ചെയ്തു. ഇതിൽ 12,947.5 കോടി രൂപയുടെ ഹ്രസ്വകാല പുനർ വായ്പയും 2,736.9 കോടി രൂപയുടെ ദീർഘകാല പുനർ വായ്പയും ഉൾപ്പെടുന്നു. 2022-23 നെ അപേക്ഷിച്ച് 110.9 ശതമാനം നേട്ടവും 16.4 ശതമാനം വളർച്ചയും പുനർ വായ്പ വിതരണത്തിൽ കൈവരിച്ചു. പുനർ വായ്പയ്ക്ക് കീഴിൽ വിതരണം ചെയ്ത മൊത്തം ഫണ്ടിൽ 10,743.64 കോടി രൂപ സംസ്ഥാന സഹകരണ ബാങ്കിനും 3,940.7 കോടി രൂപ കേരള ഗ്രാമീൺ ബാങ്കിനും 1,000 കോടി രൂപ കെ.എസ്.സി.എ.ആർ.ഡി.ബി യ്ക്കുമാണ് വിതരണം ചെയ്തത്.

2023-24 ൽ സ്പെഷ്യൽ റീഫിനാൻസ് സ്കീമിന് കീഴിൽ, പി.എ.സി.എസ് നെ മൾട്ടി സർവ്വീസ് സെന്ററുകളായി ഉയർത്തുന്നതിന് ആകെ 61.6 കോടി രൂപ വിതരണം ചെയ്തു. ഈ സ്കീം മുഖേന, അംഗങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും പി.എ.സി.എസ് ന്റെ ബിസിനസ് വർദ്ധിപ്പിക്കുന്നതിനുമുള്ള ഒരു റീഫിനാൻസ് സൗകര്യം സംസ്ഥാന സഹകരണ ബാങ്ക് വഴി പ്രതിവർഷം 4 ശതമാനം വായ്പാ നിരക്കിൽ നൽകി. ആകെ 23 കാർഷിക സംസ്കരണ കേന്ദ്രങ്ങൾ, 12 സംഭരണ കേന്ദ്രങ്ങൾ, ഏഴ് ജൈവകൃഷി, വളം ഉല്പാദന യൂണിറ്റുകൾ, 22 കർഷക വിവര പരിശീലന കേന്ദ്രങ്ങൾ, ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, 14 മെഡിക്കൽസ്/ഫാർമസി, 21 പോളിക്ലിനിക്കുകൾ/ഡയഗ്നോസ്റ്റിക് സെന്ററുകൾ എന്നിവയാണ് ഈ പദ്ധതിയ്ക്ക് കീഴിലുള്ള പ്രധാന നേട്ടങ്ങൾ. നബാർഡിന്റെ ഏജൻസി തിരിച്ചുള്ള റീഫിനാൻസ് സഹായം **അനുബന്ധം 3.1.29** ൽ കാണിച്ചിരിക്കുന്നു.

### നബാർഡിൽ നിന്നുള്ള മറ്റ് പ്രധാന സഹായങ്ങൾ

കേന്ദ്ര സർക്കാർ, നബാർഡ് മുഖേനയുള്ള ഫണ്ടുകൾ വഴി, കൃഷി, കാർഷിക അനുബന്ധ, സാമൂഹിക മേഖലകളിൽ ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് പിന്തുണ നൽകുന്നു. നബാർഡ് മുഖേനയുള്ള കേരളത്തിലെ പ്രധാന അടിസ്ഥാന സൗകര്യ ഉദ്യമങ്ങളിൽ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്), നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് (എൻ.ഐ.ഡി.എ), ഫിഷറീസ് ആന്റ് അക്വാക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (എഫ്.ഐ.ഡി.എഫ്), വെയർഹൗസ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (ഡബ്ല്യു.ഐ.എഫ്), ഡയറി പ്രോസ്സസിംഗ് ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ഡി.ഐ.ഡി.എഫ്), ഫുഡ് പ്രോസസ്സിംഗ് ഫണ്ട് (എഫ്.പി.എഫ്) എന്നിവ ഉൾപ്പെടുന്നു.

- കാർഷിക വികസനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങളെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് പിന്തുണയ്ക്കുന്നു. കേരളത്തിൽ ആർ.ഐ.ഡി.എഫ് ന് കീഴിൽ ആകെ 6,840 പദ്ധതികൾക്ക് അനുമതി ലഭിച്ചു. ഇത് മൊത്തം 13,221.3 കോടി രൂപയുടെ വായ്പാ തുകയായിരുന്നു. അതിൽ 9,630.3 കോടി രൂപ 2024 മാർച്ച് 31 വരെ വിതരണം ചെയ്തു. ആർ.ഐ.ഡി.എഫ് നു കീഴിലുള്ള ഘട്ടം തിരിച്ചുള്ള അനുമതിയും വിതരണവും അനുബന്ധം 3.1.30 ൽ കാണിച്ചിരിക്കുന്നു.
- എൻ.ഐ.ഡി.എ വഴി, കേരളത്തിലെ ഒരു പ്രധാന പദ്ധതിയായ കെ-ഫോണിനെ നബാർഡ് പിന്തുണച്ചു. ഈ പദ്ധതി 28,000 ത്തിലധികം സർക്കാർ ഓഫീസുകളേയും ഏകദേശം 4,700 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളേയും ബന്ധിപ്പിച്ചു. അവശ്യ സേവനങ്ങളും അവസരങ്ങളും വർദ്ധിപ്പിച്ചു. 2023-24 ൽ, എൻ.ഐ.ഡി.എ വഴി കേരളത്തിലെ 5 ജില്ലകളിലായി 15 റോഡുകളുടെ വികസനത്തിനും കണ്ണൂർ ജില്ലയിലെ 9 മൈക്രോ-വാട്ടർഷെഡുകളുടെ വികസനത്തിനും നബാർഡ് പിന്തുണ നൽകി.
- ഇടപ്പള്ളിയിലെ ഡയറി പ്ലാന്റ് ശക്തിപ്പെടുത്തുന്നതിനും തൃപ്പൂണ്ണിത്തുറ ഡയറി ഫാമിൽ 2 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുമായി ഡി.ഐ.ഡി.എഫ് ന് കീഴിൽ എറണാകുളം റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയന് 12.20 കോടി രൂപയുടെ മൊത്തം വായ്പ അനുവദിച്ചു.
- 2023-24 ൽ, സംസ്ഥാനത്തിന്റെ വെയർഹൗസിംഗ് മേഖല ശക്തിപ്പെടുത്തുന്നതിനായി ഡബ്ല്യു.ഐ.എഫ് പ്രകാരം കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് എട്ട് പദ്ധതികൾ അനുവദിച്ചു. ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനായി എഫ്.ഐ.ഡി.എഫ് ന് കീഴിൽ 150 കോടി രൂപയും കിൻഫ്ര മെഗാ ഫുഡ് പാർക്കിന് എഫ്.പി.എഫ് ന് കീഴിൽ 28.3 കോടി രൂപയും വായ്പ അനുവദിച്ചു.
- ഫാം സെക്ടർ പ്രൊമോഷൻ ഫണ്ട് (എഫ്.എസ്.പി.എഫ്) വഴി കാർഷിക നവീകരണങ്ങൾ, സാങ്കേതിക കൈമാറ്റം, കർഷക സമൂഹത്തിന്റെ ശാക്തീകരണം എന്നിവയ്ക്കായി നബാർഡ് സഹായം നൽകി. 2023-24 ൽ, ഐ.റ്റി ഉപകരണങ്ങൾ ഉപയോഗിച്ചുള്ള കൃഷി പ്രോത്സാഹിപ്പിക്കൽ, സംസ്കരണത്തിലും കൃഷിയിലും പുതിയ സാങ്കേതിക വിദ്യകൾ, റോബോട്ടുകൾ വഴിയുള്ള തേങ്ങാ വിളവെടുപ്പ്, എഫ്.പി.ഒ കളുടെ പരിപോഷണവും മാനേജ്മെന്റും, കാലാവസ്ഥാ വ്യതിയാന ലഘൂകരണ രീതികൾ അഭിസംബോധന ചെയ്യുന്ന പദ്ധതികൾ, കർഷക വരുമാനം വർദ്ധിപ്പിക്കൽ, കാർഷിക വികസന

പദ്ധതികൾ, കാർഷിക ടൂറിസം പ്രോത്സാഹിപ്പിക്കൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് 13 പദ്ധതികളിലൂടെ 56 ലക്ഷം രൂപയ്ക്ക്, നബാർഡ് അനുമതി നൽകി.

- കേരളത്തിലെ വിവിധ ജില്ലകളിലെ കാർഷിക വനവൽക്കരണ യൂണിറ്റുകളുടെ വികസനത്തിനും വിവിധ പങ്കാളിത്ത പ്രവർത്തനങ്ങൾക്കും നബാർഡ് ക്ലൈമറ്റ് ചേഞ്ച് ഫണ്ടിന് (സി.സി.എഫ്) കീഴിൽ പിന്തുണ നൽകുന്നു. 2023-24 ൽ 118.80 ലക്ഷം രൂപയുടെ മൊത്തം ഗ്രാന്റ് പിന്തുണയോടെ 2,970 ജെ.എൽ.ജി കളുടെ രൂപീകരണത്തിനും ക്രെഡിറ്റ് ലിങ്കേജിനുമായി, വിവിധ ഏജൻസികൾക്ക് നബാർഡ് 17 ജെ.എൽ.ജി ലിങ്കേജ് പദ്ധതികൾ അനുവദിച്ചു.

നബാർഡിന്റെ അഭിപ്രായത്തിൽ, സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടുകളിൽ സമഗ്ര വികസനം ഉൾപ്പെടുന്നു. അതിൽ കൃഷിയിൽ കൂടുതൽ മൂലധന രൂപീകരണവും കൂട്ടായ പ്രവർത്തനങ്ങളും, സാമ്പത്തിക ഉൾപ്പെടുത്തൽ, എം.എസ്.എം.ഇ കളുടെ വികസനം, കാലാവസ്ഥാ വ്യതിയാനത്തോടുള്ള പ്രതിരോധം, കാർഷിക, കാർഷികേതര മേഖലകളുടെ സുസ്ഥിര വളർച്ച എന്നിവ ഉൾപ്പെടുന്നു.

# 3.2 കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ

സ്വയം സഹായം, സ്വയം ഉത്തരവാദിത്തം, ജനാധിപത്യം, സമത്വം, ഐക്യദാർഢ്യം എന്നീ മൂല്യങ്ങളെ അടിസ്ഥാനമാക്കി, ജനങ്ങളുടെ പൊതുവായ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റുന്നതിനായി, അംഗങ്ങളുടെ ഉടമസ്ഥതയിലുള്ളതും അംഗങ്ങൾ കൈകാര്യം ചെയ്ത് പ്രവർത്തിപ്പിക്കുന്നതുമായ ജനകേന്ദ്രീകൃത സംരംഭങ്ങളാണ് സഹകരണ സ്ഥാപനങ്ങൾ. സഹകരണ പ്രസ്ഥാനം ലോകമെമ്പാടും വ്യാപിക്കുകയും സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളെ ഉൾക്കൊള്ളുകയും ചെയ്യുന്നു. ലോകത്തിലെ 12 ശതമാനം ആളുകളെങ്കിലും ഭൂമിയിലെ മൂന്ന് ദശലക്ഷം സഹകരണ സംഘങ്ങളിൽ ഏതെങ്കിലും ഒന്നിൽ അംഗമാണ്. ആഗോള തൊഴിലാളി സമൂഹത്തിലെ 10 ശതമാനം പേർക്ക് സഹകരണ സ്ഥാപനങ്ങൾ ജോലിയോ തൊഴിലവസരങ്ങളോ നൽകുന്നു. വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്റർ 2023 കണക്കുകൾ പ്രകാരം, ലോകത്തെ ഏറ്റവും മികച്ച 300 സഹകരണ സ്ഥാപനങ്ങളും മ്യൂച്ചൽ സൊസൈറ്റികളും ചേർന്ന് 2021 ൽ മൊത്തം വരുമാനമായി 2,409.4 ബില്യൺ യു.എസ്. ഡോളർ നേടിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും പ്രധാനമായും കാർഷികം (105 സംരംഭങ്ങൾ), ഇൻഷുറൻസ് (96 സംരംഭങ്ങൾ), മൊത്ത-ചില്ലറ വ്യാപാരം (57 സംരംഭങ്ങൾ) എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവയാണെന്നും വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്റർ 2023 കണക്കുകൾ പറയുന്നു.

സാമൂഹികവും സാമ്പത്തികവുമായ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ഇന്ത്യയിൽ ഗ്രാമീണ മേഖലയുടെ സാമ്പത്തിക പരിവർത്തനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്റർ 2023 പ്രകാരം, ഇന്ത്യൻ ഫാർമേഴ്സ് ഫെർട്ടിലൈസർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡും (ഇഫ്കോ) ഗുജറാത്ത് കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡും വിറ്റുവരവിന്റെയും പ്രതിശീർഷ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെയും (ജിഡിപി) അനുപാതത്തിന്റെ അടിസ്ഥാനത്തിൽ ആഗോളതലത്തിൽ യഥാക്രമം ഒന്നും രണ്ടും സ്ഥാനത്തുള്ള രണ്ട് ഇന്ത്യൻ ഉല്പാദക സഹകരണ സംഘങ്ങളാണ്. നാഷണൽ കോ-ഓപ്പറേറ്റീവ് ഡാറ്റാബേസ് 2023 കണക്കുകൾ പ്രകാരം, രാജ്യത്ത് 29 മേഖലകളിലായി 8 ലക്ഷം രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനങ്ങളുണ്ട്. അതിൽ 80 ശതമാനം വായ്പയേതര സഹകരണ സ്ഥാപനങ്ങളും, 20 ശതമാനം വായ്പാ സഹകരണ സംഘങ്ങളുമാണ്. 29 കോടിയിലധികം അംഗങ്ങളുള്ള പ്രസ്തുത സംഘങ്ങളിൽ പ്രധാനമായുമുള്ളത് ഗ്രാമീണ മേഖലയിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും താഴ്ന്ന വരുമാനക്കാരുമായ വിഭാഗങ്ങളിൽ ഉൾപ്പെട്ടവരാണ്.

അംഗങ്ങളുടെയും അതുവഴി സമൂഹത്തിന്റെയും പൊതു ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആളുകളെ ഒരുമിച്ചുകൂട്ടി വിഭവങ്ങൾ സമാഹരിക്കുന്നതിൽ കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. വായ്പ, സംഭരണം, ഉല്പാദനം, നിർമ്മാണം, വിപണനം, കാർഷിക സംസ്കരണം, ഉപഭോക്തൃ മേഖല, പരമ്പരാഗത വ്യവസായങ്ങൾ, പൊതുജനാരോഗ്യം, പൊതുവിതരണ സംവിധാനം, വിദ്യാഭ്യാസം, ഇൻഷുറൻസ്, വനിതാ വികസനം, മത്സ്യബന്ധനം തുടങ്ങി വിവിധ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടിരിക്കുന്ന വിപുലമായ സഹകരണ ശൃംഖല സംസ്ഥാനത്ത് നിലനിൽക്കുന്നു. സാമ്പത്തിക വികസനത്തിൽ, പ്രത്യേകിച്ച് ഗ്രാമീണ മേഖലയിലെ താഴ്ന്ന വരുമാനക്കാരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഉന്നമനത്തിന് വ്യാപകമായ പ്രവർത്തനങ്ങളിലൂടെ സഹകരണ സ്ഥാപനങ്ങൾ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

ഏറ്റെടുക്കുന്ന പ്രവർത്തനത്തിന്റെ മേഖല, സ്വഭാവം, അധികാരങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയനുസരിച്ച് സഹകരണ സംഘങ്ങളെ വിവിധങ്ങളായി തരം തിരിച്ചിരിക്കുന്നു. 2024 മാർച്ച് 31 വരെയുള്ള കണക്കുകൾ

പ്രകാരം, കേരളത്തിൽ 16,393 സഹകരണ സംഘങ്ങൾ നിലവിലുണ്ട്. അതിൽ 12,416 എണ്ണം സജീവവും ശേഷിക്കുന്നവ പ്രവർത്തനരഹിതവുമാണ്. ടി സഹകരണ സംഘങ്ങളിൽ ഭൂരിഭാഗവും ഉപഭോക്തൃ സഹകരണ സംഘങ്ങളാണ്. സംസ്ഥാനത്ത് ആകെയുള്ള 4,617 ഉപഭോക്തൃ സഹകരണ സംഘങ്ങളിൽ 3,803 എണ്ണം സജീവമാണ്. കേരളത്തിലെ വിവിധ തരത്തിലുള്ള സഹകരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.2.1** ൽ നൽകിയിരിക്കുന്നു.

### വായ്പാ സഹകരണസംഘങ്ങൾ

കേരളത്തിലെ, പ്രത്യേകിച്ച് ഗ്രാമീണ മേഖലയിലെ, വായ്പയുടെ ഒരു പ്രധാന സ്രോതസ്സായി ക്രെഡിറ്റ് സഹകരണ സംഘങ്ങൾ വർത്തിക്കുന്നു. കേരള ബാങ്ക്, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (പി.എ.സി.എസ്), ഫാർമേഴ്സ് സർവ്വീസ് സൊസൈറ്റികൾ (എഫ്.എസ്.എസ്), കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് (കെ.എസ്.സി.എ.ആർ.ഡി.ബി), പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ (പി.സി.എ.ആർ.ഡി.ബി) എന്നിവയുൾപ്പെടെയുള്ള വായ്പാ സഹകരണ സംഘങ്ങൾ പ്രാഥമിക മേഖലയിലേയ്ക്കുള്ള വായ്പാ വിതരണത്തിൽ മുഖ്യ പങ്ക് വഹിക്കുന്നു. കേരളത്തിലെ പ്രാഥമിക സംഘങ്ങൾ ഹ്രസ്വകാല വായ്പാ ഘടനയുടെ കീഴിൽ ഉയർന്ന വിപണി വിഹിതം നിലനിർത്തുന്നു. കൂടാതെ, ഈ സൊസൈറ്റികൾ ഗണ്യമായ നിക്ഷേപം സമാഹരിക്കുകയും, അംഗങ്ങളുമായി ദൃഢമായ ബന്ധം നിലനിർത്തുകയും ചെയ്യുന്നു. പി.എ.സി.എസ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് സംസ്ഥാനത്തുടനീളം ശാഖകളുണ്ട്. സംസ്ഥാനത്തെ സഹകരണ കാർഷിക വായ്പാ മേഖലയിൽ ഘടനാപരമായ മാറ്റം കൊണ്ടുവരാൻ സർക്കാർ നിരവധി നടപടികൾ ആരംഭിച്ചിരുന്നു. സംസ്ഥാനത്തിന്റെ നിലവിലുള്ള ത്രിതല വായ്പാ ഘടനയെ ദ്വിതല ഘടനയാക്കി മാറ്റാൻ സർക്കാർ നയപരമായ തീരുമാനമെടുത്തിരുന്നു. 2024 മാർച്ച് 31 വരെ, സംസ്ഥാനത്ത് ആകെ 3,759 വായ്പാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 3,370 എണ്ണം സജീവമാണ്. സംസ്ഥാനത്തെ മൊത്തം സഹകരണ സംഘങ്ങളുടെ 22.9 ശതമാനവും വായ്പാ സഹകരണ സംഘങ്ങളാണ്. വായ്പ സഹകരണസംഘങ്ങളുടെ തെരഞ്ഞെടുത്ത ചില ക്രെഡിറ്റ് പ്രവർത്തനങ്ങളും ഭൗതിക നേട്ടങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.2.2** ൽ നൽകിയിരിക്കുന്നു.

### പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (പി.എ.സി.എസ്)

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഹ്രസ്വകാല വായ്പാ ഘടന പി.എ.സി.എസ് രൂപീകരിക്കുന്നു. കേരളത്തിലെ പ്രൈമറി സൊസൈറ്റികൾ ഗണ്യമായ നിക്ഷേപം സമാഹരിക്കുകയും, അംഗങ്ങൾക്ക് വായ്പകളും അഡ്വാൻസുകളും നൽകുകയും, ഈ മേഖലയിൽ നിർണ്ണായകമായ വിപണി വിഹിതം കൈവശം വയ്ക്കുകയും ചെയ്യുന്നു. ഗ്രാമീണ വായ്പാ സംവിധാനത്തിന്റെ നട്ടെല്ലായി പ്രവർത്തിച്ചുകൊണ്ട്, ഗ്രാമീണരും താഴ്ന്ന വരുമാനക്കാരുമായ ജനങ്ങളെ ബാങ്കിംഗ് സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിൽ പി.എ.സി.എസ് ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. കാർഷിക ആവശ്യത്തിനുള്ള സാധനങ്ങളുടെ വിതരണം, കൺസ്യൂമർ, മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം, കാർഷിക ഉൽപ്പന്നങ്ങളുടെ സംയോജനവും വിപണനവും, മൂല്യവർദ്ധനവ്, ഗ്രേഡിംഗ്, ബ്രാൻഡിംഗ്, പാക്കിംഗ് തുടങ്ങിയ സേവനങ്ങളും ഈ സ്ഥാപനങ്ങൾ ഏറ്റെടുത്തുവരുന്നുണ്ട്. 2024 മാർച്ച് 31 വരെ സംസ്ഥാനത്ത് ഉണ്ടായിരുന്ന 1,646 പി.എ.സി.എസുകളിൽ 1,585 സൊസൈറ്റികൾ പ്രവർത്തന ക്ഷമമായിരുന്നു. പി.എ.സി.എസ് കളുടെ ക്രെഡിറ്റ് പ്രവർത്തനങ്ങളുടെയും പ്രകടനങ്ങളുടെയും തിരഞ്ഞെടുത്ത സൂചകങ്ങൾ **അനുബന്ധം 3.2.3, അനുബന്ധം 3.2.4** എന്നിവയിൽ നൽകിയിരിക്കുന്നു.

### കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് (കേരള ബാങ്ക്)

2019 നവംബറിൽ നിലവിൽ വന്ന കേരള ബാങ്ക്, പ്രൊഫഷണലിസത്തോടെയും സാമൂഹിക പ്രതിബദ്ധതയോടെയും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും സമഗ്ര സാമ്പത്തിക സേവനങ്ങൾ ഒരു മേൽക്കൂരക്ക് കീഴിൽ പ്രദാനം ചെയ്യുന്ന, സംസ്ഥാനത്തുടനീളവും വിദേശത്തുമായി വിപുലമായ ശൃംഖലയുള്ള, സഹകരണ ഘടനയിലെ ഒരു സാർവത്രിക ബാങ്കായി മാറുകയെന്ന കാഴ്ചപ്പാടോടെ പ്രവർത്തിക്കുന്നു. വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സമ്പാദ്യവും നിക്ഷേപവും കേരള ബാങ്ക് പ്രോത്സാഹിപ്പിക്കുന്നു. വ്യക്തിഗത ഉപഭോക്താക്കൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സംഘങ്ങൾ, സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, എസ്.എച്ച്.ജി. കൾ, ജെ.എൽ.ജി. കൾ എന്നിവയ്ക്ക് വായ്പയും സേവനങ്ങളും നൽകുന്നതിന് ബാങ്ക് മുൻഗണന നൽകുന്നു. പുതിയ എഫ്.പി.ഒ കൾ ആരംഭിക്കുന്നതിനായി കേരള ബാങ്ക് സംസ്ഥാനവ്യാപകമായി ഒരു പ്രചരണ പരിപാടി സംഘടിപ്പിക്കുകയും, ഇതുവരെ ബാങ്കിന്റെ നേതൃത്വത്തിൽ 26 എഫ്.പി.ഒ കൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. 2023-ൽ കേരള ബാങ്ക് ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ആരംഭിച്ചു. 2023-24 കാലഘട്ടത്തിൽ ബാങ്കിന്റെ മൊബൈൽ ആപ്പ് വരിക്കാർ ഏകദേശം 2.2 ലക്ഷത്തിലെത്തുകയും, യുപിഐ രജിസ്ട്രേഷൻ 1.25 ലക്ഷം കടക്കുകയും ചെയ്തു. കഴിഞ്ഞ അഞ്ച് വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്ന ബാങ്ക് 2023-2024 ൽ 1,16,582 കോടി രൂപയുടെ മൊത്തം ബിസിനസ്സുമായി 209 കോടി രൂപ ലാഭം റിപ്പോർട്ട് ചെയ്തു. ഒരു ഹെഡ് ഓഫീസ്, എറണാകുളത്ത് ഒരു കോർപ്പറേറ്റ് ബിസിനസ് ഓഫീസ്, ഏഴ് റീജിയണൽ ഓഫീസുകൾ, 13 ക്രെഡിറ്റ് പ്രോസസ്സിംഗ് സെന്ററുകൾ, 1,689 അംഗങ്ങളോടെ സംസ്ഥാനത്തുടനീളം 823 ശാഖകൾ എന്നിവയുൾപ്പെടുന്നതാണ് കേരള ബാങ്കിന്റെ പ്രവർത്തന ശൃംഖല. അംഗങ്ങളിൽ കേരള സർക്കാരും 1,688 സൊസൈറ്റികൾ 'എ' ക്ലാസ് അംഗങ്ങളായും ഉൾപ്പെടുന്നു. 2024 മാർച്ച് 31 വരെ ഗവൺമെന്റ്, സൊസൈറ്റികൾ, വ്യക്തികൾ എന്നിവരുടെ വിഹിതം ഉൾപ്പെടെ ബാങ്കിന്റെ മൊത്തം ഓഹരി മൂലധനം 2,150 കോടി രൂപയായിരുന്നു. സൊസൈറ്റികളുടെയും വ്യക്തികളുടെയും

സ്ഥാപനങ്ങളുടെയും നിക്ഷേപം ഉൾപ്പെടെ 67,979 കോടി രൂപയാണ് മൊത്തം നിക്ഷേപം. നബാർഡിൽ നിന്നും കേരള സർക്കാരിൽ നിന്നുമുള്ള വായ്പകളും ദീർഘകാല നിക്ഷേപങ്ങളും മറ്റും ഉൾപ്പെടെ 13,810 കോടി രൂപയാണ് ബാങ്കിന്റെ മൊത്തം കടമെടുപ്പ്. 2023-24ൽ 19,601 കോടി രൂപ ബാങ്ക് പുതുതായി വായ്പ അനുവദിക്കുകയും, കാർഷിക മേഖലയ്ക്ക് മൊത്തം 99,200 വായ്പകൾ വിതരണം ചെയ്യുകയും ചെയ്തു. 2023-24 സാമ്പത്തിക വർഷത്തിലെ കേരള ബാങ്കിന്റെ വിശദമായ സാമ്പത്തിക വിവരങ്ങൾ **അനുബന്ധം 3.2.5** ൽ നൽകിയിരിക്കുന്നു.

കേരള ബാങ്കിന്റെ ഉടമസ്ഥരായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് (പി.എ.സി.എസ്) ബാങ്ക് നിരവധി സേവനങ്ങൾ നൽകി വരുന്നു. ദുർബലരായ പി.എ.സി.എസുകൾക്കായി ബാങ്ക് ഒരു പുനരുജ്ജീവന പാക്കേജ് അവതരിപ്പിക്കുകയും, സംസ്ഥാനത്തെ 14 ജില്ലകളിലും പി.എ.സി.എസ് ഉപദേശക സമിതികൾ രൂപീകരിക്കുകയും ചെയ്തു. 2023-24ൽ, 10,335 കോടി രൂപ വായ്പയായി പി.എ.സി.എസുകൾക്ക് ബാങ്ക് അനുവദിച്ചു. ഇത് ബാങ്കിന്റെ മൊത്തം വായ്പാ പോർട്ട്ഫോളിയോയുടെ 21 ശതമാനം വരും. കൂടാതെ, സംസ്ഥാനത്തുടനീളമുള്ള 151 ബഹുമുഖ പി.എ.സി.എസുകൾക്ക് 151 അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (എ.ഐ.എഫ്) പദ്ധതികൾ ബാങ്ക് അനുവദിച്ചു. ഇതിലൂടെ സംഭരണശാലകൾ, കസ്റ്റം ഹയറിങ് സെന്ററുകൾ, ജൈവ ഉപാദികളുടെ ഉൽപ്പാദനവും വിൽപ്പനയും, സംഭരണ-വിപണന കേന്ദ്രങ്ങൾ, ശീതീകരിച്ച സംഭരണികൾ, കാർഷിക നഴ്സറികൾ, കാർഷിക ഉൽപ്പന്നങ്ങളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ തുടങ്ങിയ പദ്ധതികൾ പി.എ.സി.എസുകൾ നടപ്പിലാക്കുന്നു. പി.എ.സി.എസുകൾക്ക് ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കേരള ബാങ്ക് 'കോബാങ്ക്' ആപ്പ് വികസിപ്പിച്ചിട്ടുണ്ട്. ആഭ്യന്തര-കയറ്റുമതി വിപണി പര്യവേക്ഷണം ചെയ്യുന്നതിനായി പി.എ.സി.എസുകളുടെ ഒരു കൺസോർഷ്യവും കേരള ബാങ്കിന്റെ ഏകോപനത്തിന് കീഴിൽ രൂപീകരിച്ചിട്ടുണ്ട്. സാധാരണക്കാർക്ക് ഡിജിറ്റൽ ബാങ്കിംഗ് സേവനം നൽകുന്നതിനായി 'മിഷൻ 24', ബിസിനസ് വർദ്ധിപ്പിക്കാനും നിഷ്ക്രിയ ആസ്തികൾ (എൻ.പി.എ) കുറയ്ക്കാനുമായി 2023 നവംബർ 1 മുതൽ 2024 ഫെബ്രുവരി 8 വരെ 100 ദിവസങ്ങളിലായി നടന്ന 'മിഷൻ റെയിൻബോ 2024' തുടങ്ങിയ പ്രത്യേക ക്യാമ്പെയ്നുകൾ 2023-24-ൽ കേരള ബാങ്ക് സംഘടിപ്പിച്ചിട്ടുണ്ട്.

### കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (കെ.എസ്.സി.എ.ആർ.ഡി.ബി)

വായ്പയിലൂടെ സമഗ്രമായ ഗ്രാമവികസനം എന്ന മുദ്രാവാക്യവുമായി കാർഷിക-അനുബന്ധ പ്രവർത്തനങ്ങൾക്കും, കാർഷികേതര മേഖലയിലെ പ്രവർത്തനങ്ങൾക്കും, ഗ്രാമീണ ഭവന നിർമ്മാണത്തിനും വായ്പ നൽകുന്ന ഒരു ദീർഘകാല വായ്പാ വിതരണ മുൻനിര സ്ഥാപനമാണ് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ലിമിറ്റഡ് (കെ.എസ്.സി.എ.ആർ.ഡി.ബി). ബാങ്ക് പ്രധാനമായും നബാർഡ് നൽകുന്ന റീഫിനാൻസിനെയാണ് ആശ്രയിക്കുന്നത്. അംഗീകൃത പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളുടെ (പി.സി.എ.ആർ.ഡി.ബി) ശൃംഖലയിലൂടെ പ്രസ്തുത ഫണ്ട് ആത്യന്തികമായി വായ്പയെടുക്കുന്നവർക്ക് കൈമാറുന്നു. ഓരോ താലൂക്കിലും പി.സി.എ.ആർ.ഡി.ബി യുടെ ശാഖകളുണ്ട്. കെ.എസ്.സി.എ.ആർ.ഡി.ബി യുടെ ഹെഡ് ഓഫീസ് തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്നു. താഴെത്തട്ടിലുള്ള ഗ്രാമീണ ജനതയുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനമാണ് ബാങ്കിന്റെ പ്രധാന ലക്ഷ്യം. കെ.എസ്.സി.എ.ആർ.ഡി.ബി വായ്പയെടുക്കുന്നവരിൽ 80 ശതമാനവും ചെറുകിട നാമമാത്ര കർഷകരാണ്. 2023-24ൽ 772.6 കോടി രൂപ ദീർഘകാല വായ്പയായി അനുവദിച്ചിട്ടുണ്ട്. അതിൽ 17.7 കോടി രൂപ കിണറുകളുടെയും ടാങ്കുകളുടെയും നിർമ്മാണം-നവീകരണം, പമ്പ് സെറ്റുകൾ, കാർഷിക യന്ത്രങ്ങൾ, ഹോർട്ടികൾച്ചർ, മൃഗസംരക്ഷണം, ഭൂവികസനം, ഗോഡൗണുകളുടെയും കന്നുകാലി തൊഴുത്തുകളുടെയും നിർമ്മാണം, ഫെൻസിങ്, ഡ്രെയിനേജ് ചാനലുകളുടെ നിർമ്മാണം എന്നിവയുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് സാധാരണ വായ്പയായി നൽകി. ചെറുകിട ജലസേചനം, പ്ലാന്റേഷൻ, ഹോർട്ടികൾച്ചർ, കാർഷിക യന്ത്രങ്ങൾ, ക്ഷീരവികസനം, മൃഗസംരക്ഷണം, ഭൂവികസനം, കോഴിവളർത്തൽ, മത്സ്യബന്ധനം, ഭൂമി വാങ്ങൽ തുടങ്ങിയ ആവശ്യങ്ങൾക്കായി മൊത്തം 755 കോടി രൂപ സ്കീം വായ്പയായും നൽകിയിട്ടുണ്ട്. കെ.എസ്.സി.എ.ആർ.ഡി.ബി നൽകുന്ന ദീർഘകാല വായ്പകളുടെ വർഗ്ഗീകരണം **അനുബന്ധം 3.2.6**-ൽ നൽകിയിരിക്കുന്നു.

### ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) സഹായം

സഹകരണ സ്ഥാപനങ്ങൾക്ക് അവരുടെ ബിസിനസുകൾ വികസിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വായ്പ, വിപണനം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, ടൂറിസം തുടങ്ങിയ സേവന മേഖലകളിലും ഗ്രാമീണ വികസനത്തിനായും അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും, സംസ്ഥാന സർക്കാർ മുഖേനയോ നേരിട്ടോ എൻ.സി.ഡി.സി സഹായം നൽകുന്നുണ്ട്.

തിരഞ്ഞെടുത്ത ജില്ലകളുടെ സമഗ്രവും സംയോജിതവുമായ വികസനം ലക്ഷ്യമിട്ട് സഹകരണ ശൃംഖലകളിലൂടെയുള്ള എൻ.സി.ഡി.സി സഹായത്തോടെ നടപ്പിലാക്കുന്ന തനതായ ഒരു പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐസിഡിപി). ബിസിനസിന്റെ മൂല്യവും വ്യാപ്തിയും വർധിപ്പിച്ച് പി.എ.സി.എസ് കളെ പ്രായോഗിക വിവിധോദ്ദേശ സംഘങ്ങളായി വികസിപ്പിക്കുക, നിലവിലുള്ള സഹകരണ ഘടനയെ ലംബമായും തിരശ്ചീനമായും ബന്ധിപ്പിച്ച് ശക്തിപ്പെടുത്തുക, ചെറുകിട നാമമാത്ര കർഷകരുടെയും ദുർബല വിഭാഗങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കാർഷിക- വായ്പാ മേഖലയെ നവീകരിക്കുക എന്നിവയാണ് പദ്ധതിയുടെ മറ്റു ലക്ഷ്യങ്ങൾ.

കേരളത്തിലെ വിവിധ സഹകരണ വികസന പദ്ധതികൾക്കായി 2024 ഓഗസ്റ്റ് 31 വരെ 10,414 കോടി രൂപയുടെ സഞ്ചിത സാമ്പത്തിക സഹായം എൻ.സി.ഡി.സി വിതരണം ചെയ്തു. ഇതിൽ 2,634 കോടി സംസ്ഥാന

സർക്കാർ മുഖേനയും, 7,780 കോടി രൂപ നേരിട്ടുള്ള ധനസഹായവുമായാണ് വിതരണം ചെയ്തിട്ടുള്ളത്. നേരിട്ടുള്ള ധനസഹായത്തിൽ, 2.8 കോടി രൂപ ദീർഘകാല വായ്പയും, 10.3 കോടി രൂപ സബ്സിഡിയും 7,767 കോടി രൂപ പ്രവർത്തന മൂലധന സഹായവുമാണ്.

എൻ.സി.ഡി.സി സഹായം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.2.8** ലും, കേരളത്തിലെ എൻ.സി.ഡി.സി ഫണ്ടുകളുടെ അനുമതിയും റിലീസും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.2.9** ലും, വർഷാടിസ്ഥാനത്തിലുള്ള വായ്പകളും പലിശ നിരക്കുകളും **അനുബന്ധം 3.2.10** ലും കാണിച്ചിരിക്കുന്നു.

### സഹകരണ സംവിധാനത്തിലേക്കുള്ള നബാർഡിന്റെ സഹായം (എസ്.റ്റി – എസ്.എ.ഒ)

നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് (നബാർഡ്) 2023-24ൽ കേരള സംസ്ഥാന സഹകരണ ബാങ്കിന് ഹ്രസ്വകാല സെഷണൽ അഗ്രികൾച്ചറൽ ഓപ്പറേഷൻസ് (എസ്.റ്റി - എസ്.എ.ഒ) റീഫിനാൻസായി 5,459.4 കോടി രൂപ അനുവദിച്ചു. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വിഹിതത്തോടൊപ്പം ഈ തുകയും ചേർത്ത് കാർഷിക വായ്പയായി ജില്ലാ ഓഫീസുകളിലൂടെ ആയത് വിതരണം ചെയ്തു (**പട്ടിക 3.2.1**).

**പട്ടിക 3.2.1** കാർഷിക വായ്പകളുടെ ജില്ല തിരിച്ചുള്ള വിതരണം (രൂപ കോടിയിൽ)

| ക്രമ നമ്പർ | ജില്ലാ സഹകരണ ബാങ്ക് | ആകെ |
|---|---|---|
| 1 | തിരുവനന്തപുരം | 178.55 |
| 2 | കൊല്ലം | 304.46 |
| 3 | പത്തനംതിട്ട | 177.48 |
| 4 | ആലപ്പുഴ | 269.56 |
| 5 | കോട്ടയം | 472.76 |
| 6 | ഇടുക്കി | 274.65 |
| 7 | എറണാകുളം | 575.24 |
| 8 | തൃശ്ശൂർ | 405.90 |
| 9 | പാലക്കാട് | 332.58 |
| 10 | മലപ്പുറം | 332.63 |
| 11 | കോഴിക്കോട് | 661.08 |
| 12 | വയനാട് | 355.12 |
| 13 | കണ്ണൂർ | 717.22 |
| 14 | കാസറഗോഡ് | 402.19 |
| **ആകെ** | | **5,459.42** |

***അവലംബം:*** സഹകരണ സംഘം രജിസ്ട്രാർ, കേരള സർക്കാർ

### ഉപഭോക്തൃ സഹകരണ സംഘങ്ങൾ

ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ ഉപഭോക്തൃ സാധനങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി എന്നിവ ലഭ്യമാക്കുന്നതിലും, സ്വകാര്യ ചില്ലറ വ്യാപാരികളുടെ ചൂഷണത്തിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിലും ഉപഭോക്തൃ സംഘങ്ങൾ ഒരു പ്രധാന പങ്ക് വഹിച്ചുവരുന്നു. അവശ്യവസ്തുക്കളും ഉപഭോക്തൃ വസ്തുക്കളും പൊതുവിപണിയിൽ നിലവിലുള്ള നിരക്കിനേക്കാൾ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ട് കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിലെ പ്രധാന ഏജൻസികളിലൊന്നായി ഉപഭോക്തൃ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് 2024 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള 4,617 ഉപഭോക്തൃ സഹകരണ സംഘങ്ങളിൽ 3,803 സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാണ്. സംസ്ഥാനതലത്തിൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ (കൺസ്യൂമർഫെഡ്), ജില്ലാതലത്തിൽ മൊത്തവ്യാപാര സഹകരണ സ്റ്റോറുകൾ, താഴെത്തട്ടിൽ പ്രാഥമിക ഉപഭോക്തൃ സൊസൈറ്റികൾ, സ്റ്റോറുകൾ എന്നിവ ഉൾപ്പെടുന്നതാണ് സംസ്ഥാനത്തെ ഉപഭോക്തൃ സഹകരണ മേഖല.

1965-ൽ സ്ഥാപിതമായ കൺസ്യൂമർഫെഡ്, കേരളത്തിലെ ഉപഭോക്തൃ മൊത്തവ്യാപാര സഹകരണ സംഘങ്ങളുടെ അപെക്സ് ബോഡിയാണ്. കൺസ്യൂമർഫെഡിന് എറണാകുളത്ത് ഹെഡ് ഓഫീസും, 11 പ്രാദേശിക ഓഫീസുകളും, 6 ബിസിനസ് വിഭാഗങ്ങളും ഉണ്ട്. 11 പ്രാദേശിക ഓഫീസുകൾ ത്രിവേണി ഔട്ട്‌ലെറ്റുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ബിവറേജ് ഔട്ട്‌ലെറ്റുകൾ, ഇ-ത്രിവേണി കേന്ദ്രങ്ങൾ എന്നിവയുടെ മേൽനോട്ടം വഹിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു. നോട്ട്ബുക്ക് യൂണിറ്റ്, ഗ്യാസ് പ്ലാന്റ്, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി എന്നിവ ഹെഡ് ഓഫീസിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാണ്.

പ്രധാന ബിസിനസ്സ് വിഭാഗങ്ങൾ സംബന്ധിച്ച് ചുവടെ വിശദീകരിച്ചിരിക്കുന്നു.

#### എ. ത്രിവേണി വിഭാഗം

ത്രിവേണി സൂപ്പർമാർക്കറ്റുകളും മൊബൈൽ ത്രിവേണി യൂണിറ്റുകളും ജില്ലാതല പ്രാദേശിക ഓഫീസുകൾക്ക് കീഴിലാണ് പ്രവർത്തിക്കുന്നത്. നിലവിൽ കേരളത്തിലുടനീളം 169 ത്രിവേണി മെഗാ/ലിറ്റിൽ സൂപ്പർ മാർക്കറ്റുകളും 20 മൊബൈൽ ത്രിവേണി യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. 2023-24ൽ ത്രിവേണി വിഭാഗത്തിലെ മൊത്തം വിൽപ്പന 285 കോടി രൂപയായിരുന്നു. കേരള സർക്കാരിന്റെ നിർദ്ദേശപ്രകാരം, അവശ്യ വസ്തുക്കളുടെ വില സ്ഥിരത ഉറപ്പുവരുത്തുന്നതിനായി കൺസ്യൂമർഫെഡ് സബ്സിഡി ഔട്ട്‌ലെറ്റുകളും മറ്റ് വിപണി ഇടപെടൽ പരിപാടികളും സംഘടിപ്പിച്ചു. 2024-ൽ റംസാൻ, വിഷു, ഓണം എന്നിവയുടെ ഭാഗമായി 1,750 ഫെസ്റ്റിവൽ വിപണികൾ സംഘടിപ്പിക്കുകയും സബ്സിഡി വിൽപനയിലൂടെ മൊത്തം 69 കോടി രൂപ നേടുകയും ചെയ്തിട്ടുണ്ട്. 2024-ലെ ഓണക്കാലത്ത് കൺസ്യൂമർഫെഡിന് 125 കോടി രൂപയുടെ വിൽപ്പന വിറ്റുവരവ് നേടാൻ കഴിഞ്ഞു.

#### ബി. നീതി മെഡിക്കൽ വിഭാഗം

നീതി മെഡിക്കൽ സ്കീമിലൂടെ കേരളത്തിലുടനീളം മിതമായ നിരക്കിൽ ഔഷധ, ശസ്ത്രക്രിയാ സാമഗ്രികൾ വിതരണം നടത്തി കൺസ്യൂമർഫെഡ് അതിന്റെ റീട്ടെയിൽ ബിസിനസ് പോർട്ട്ഫോളിയോ വിപുലീകരിച്ചു.

കേരളത്തിലുടനീളം 12 നീതി മെഡിക്കൽ വെയർഹൗസുകളും 73 നീതി മെഡിക്കൽ സ്റ്റോറുകളും കൺസ്യൂമർ ഫെഡിന് ഉണ്ട്. ഇതുകൂടാതെ 92 നീതി മെഡിക്കൽ സ്റ്റോറുകൾ പി.എ.സി.എസ് നടത്തി വരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ, നീതി മെഡിക്കൽ സ്കീം വിൽപ്പന 253 കോടി രൂപയും, 2024-2025 സാമ്പത്തിക വർഷത്തിൽ, 2024 ആഗസ്റ്റ് വരെ 82 കോടി രൂപയുമായിരുന്നു.

**സി. ബിവറേജസ് വിഭാഗം**

കൺസ്യൂമർഫെഡിന് കേരളത്തിലുടനീളം 44 വിദേശ മദ്യശാലകളും 3 ബിയർ ഷോപ്പുകളും ഉണ്ട്. 2022-23-ലെ വിൽപ്പന വിറ്റുവരവായ 2,183 കോടി രൂപയിൽ നിന്ന് 164 കോടി രൂപയുടെ വർദ്ധനവോടെ 2023-24 സാമ്പത്തിക വർഷത്തിൽ 2,347 കോടി രൂപയുടെ വിൽപ്പന വിറ്റുവരവുണ്ടായി. വിൽപ്പന വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിദേശമദ്യശാലകൾ സ്വയം സേവന കൗണ്ടറുകൾ, പ്രീമിയം കൗണ്ടറുകൾ, ഡെലിവറി കൗണ്ടറുകൾ എന്നിവ നവീകരിച്ചു.

**ഡി. നോട്ട്ബുക്ക് വിഭാഗം**

ആവശ്യാനുസരണം നിലവാരമുള്ള നോട്ട്ബുക്കുകൾ നിർമ്മിക്കുന്ന ഒരു നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റ് കൺസ്യൂമർഫെഡിന് കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്നു. 2023-24ൽ 8.7 കോടി രൂപയുടേയും, 2024 ഏപ്രിൽ 1 മുതൽ 2024 ഓഗസ്റ്റ് 31 വരെ 6.3 കോടി രൂപയുടേയും വില്പന യൂണിറ്റിൽ നടന്നു.

**ഇ. നീതി ഗ്യാസ് പ്ലാന്റ്**

പാലക്കാട് മൂങ്കിൽമടയിലെ കൺസ്യൂമർഫെഡിന്റെ ഉടമസ്ഥതയിലുള്ള ഗ്യാസ് പ്ലാന്റിലൂടെ 'നീതി ഗ്യാസ്' എന്ന് പേരുള്ള ഗാർഹിക പാചക വാതകം കേരളത്തിലുടനീളം വിതരണം ചെയ്യുന്നു. 2023-24 വർഷത്തിൽ പ്രസ്തുത പ്ലാന്റിൽ 84.4 ലക്ഷം രൂപയുടെ വില്പന നടന്നു. 2021 മുതൽ ത്രിവേണി ഔട്ട്ലെറ്റുകൾ വഴി 'ഛോട്ടു ഗ്യാസ്' സിലിണ്ടറുകളുടെ വിൽപ്പന ഏറ്റെടുക്കാൻ കൺസ്യൂമർഫെഡ് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡുമായി (ഐഒസിഎൽ) കരാർ ഉണ്ടാക്കി. 2023-24ൽ 20 ലക്ഷം രൂപയുടെ ഛോട്ടു ഗ്യാസ് സിലിണ്ടർ വില്പന നടന്നു.

**എഫ്. ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി (റ്റി.ഐ.പി)**

കൺസ്യൂമർഫെഡ് 2018 മുതൽ ബി.ഫാം കോഴ്സ് വാഗ്ദാനം ചെയ്യുന്ന 'ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി' നടത്തി വരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിൽ ബി.ഫാം കോഴ്സിന് ആകെ 227 വിദ്യാർത്ഥികളും ഡി.ഫാം കോഴ്സിന് 167 വിദ്യാർത്ഥികളുമുണ്ട്. കഴിഞ്ഞ അധ്യയന വർഷത്തിൽ റ്റി.ഐ.പി 100 ശതമാനം വിജയവും വിദ്യാർത്ഥികളുടെ പ്ലേസ്മെന്റും നേടി.

**വനിതാ സഹകരണസംഘങ്ങൾ**

സ്ത്രീ ശാക്തീകരണത്തിന് സഹകരണ പ്രസ്ഥാനം വലിയ സംഭാവന നൽകിയിട്ടുണ്ട്. 2003 ഏപ്രിൽ 1-ന് പ്രവർത്തനമാരംഭിച്ച കേരള വനിതാ സഹകരണ ഫെഡറേഷൻ ലിമിറ്റഡ് നം. 4440 (വനിതാഫെഡ്), പ്രാഥമിക വനിതാ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ഫെഡറേഷനാണ്. സംസ്ഥാനത്തെ സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി, ഫലപ്രദവും ഏകോപിതവുമായ രീതിയിൽ അംഗസംഘങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് സംയോജിത വായ്പയും സേവനങ്ങളും നൽകുക എന്നതാണ് ഫെഡറേഷന്റെ പ്രധാന ലക്ഷ്യം. 2024 മാർച്ച് വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള 1,262 വനിതാ സഹകരണ സംഘങ്ങളിൽ 955 എണ്ണം നിലവിൽ പ്രവർത്തിച്ചു വരുന്നു.

**ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ**

സംസ്ഥാന സർക്കാരും പ്രാഥമിക ഭവന സഹകരണ സംഘങ്ങളും അംഗങ്ങളായി പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് (ഹൗസ്ഫെഡ്) ഭവന സഹകരണ സംഘങ്ങളുടെ അപെക്സ് ബോഡിയാണ്. 2024 മാർച്ച് വരെ സംസ്ഥാനത്ത് ഉണ്ടായിരുന്ന 393 പ്രാഥമിക ഭവന സഹകരണ സംഘങ്ങളിൽ 286 എണ്ണം സജീവമാണ്.

**പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ**

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽ ഉൾപ്പെട്ടവരുടെ സാമൂഹിക-സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് സ്ഥാപിച്ചിട്ടുള്ള സൊസൈറ്റികളാണ് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ. പട്ടികജാതി/പട്ടികവർഗ കുടുംബങ്ങളുടെ വരുമാനവും ഉപജീവനവും പിന്തുണയ്ക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം അത്യന്താപേക്ഷിതമാണ്. 2024 മാർച്ച് 31 വരെ, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 849 പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങളിൽ 442 എണ്ണം പ്രവർത്തിച്ചു വരുന്നു. 2023-24ൽ 69 പട്ടികജാതി-പട്ടികവർഗ സഹകരണസംഘങ്ങൾക്ക് മൊത്തം 466 ലക്ഷം രൂപയുടെ സഹായം നൽകി. കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ് കോ-ഓപ്പറേറ്റീവ് എന്നറിയപ്പെടുന്ന പ്രാഥമിക പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് സ്ഥാപനവും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ ഉന്നമനത്തിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. 564 പട്ടികജാതി സഹകരണ സംഘങ്ങളും, 103 പട്ടികവർഗ സഹകരണ സംഘങ്ങളും, 33 പട്ടികജാതി-പട്ടികവർഗ സഹകരണ സംഘങ്ങളും സംസ്ഥാന സർക്കാരും ഉൾപ്പെടെ ആകെ 701 അംഗങ്ങളാണ് ഫെഡറേഷനിലുള്ളത്.

**വിപണന സഹകരണസംഘങ്ങൾ**

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്) എന്നറിയപ്പെടുന്ന പ്രാഥമിക വിപണന സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനവും, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർ മാർക്ക്) എന്നറിയപ്പെടുന്ന പ്രാഥമിക റബ്ബർ വിപണന സംഘങ്ങളുടെ അപെക്സ് ബോഡിയും ചേർന്നാണ് വിപണന മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. 2024 മാർച്ച് 31 ലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 590 പ്രാഥമിക വിപണന സംസ്കരണ സംഘങ്ങളിൽ 226 സൊസൈറ്റികൾ പ്രവർത്തനക്ഷമമാണ്.

**ആരോഗ്യ സഹകരണ സംഘങ്ങൾ**

2024 മാർച്ച് 31 വരെ സംസ്ഥാനത്ത് 191 ആശുപത്രി-ഡിസ്പെൻസറി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു. അതിൽ 100 സൊസൈറ്റികൾ പ്രവർത്തനക്ഷമമാണ്. കേരള സ്റ്റേറ്റ് ഹോസ്പിറ്റൽ ഫെഡറേഷൻ ലിമിറ്റഡ് (ഹോസ്പിറ്റൽഫെഡ്) എന്ന പേരിൽ ആരോഗ്യ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ബോഡി എറണാകുളം ആസ്ഥാനമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

**വിവിധ സഹകരണ സ്ഥാപനങ്ങൾ**

2024 മാർച്ച് 31 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 4,667 വിവിധ സഹകരണ സംഘങ്ങളിൽ 3,191 എണ്ണം പ്രവർത്തിച്ചു വരുന്നു. കരാർ തൊഴിൽ, ഗതാഗതം, റബ്ബർ തോട്ടം, കോഴിവളർത്തൽ, സംയുക്ത കൃഷി, കൂട്ടുകൃഷി, എഴുത്തുകാരുടെ സഹകരണ സംഘം (സാഹിത്യ പ്രവർത്തക സഹകരണ സംഘം), ടൂറിസം സൊസൈറ്റികൾ എന്നിവ വിവിധ സഹകരണ സംഘങ്ങളിൽ ഉൾപ്പെടുന്നു.

**വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം**

**കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എജ്യുക്കേഷൻ (സി.എ.പി.ഇ)**

സഹകരണ വകുപ്പ് പ്രോത്സാഹിപ്പിക്കുന്നതും കേരള സർക്കാരിന് കീഴിലുള്ളതുമായ ഒരു സ്വയംഭരണാധികാരമുള്ള സ്ഥാപനമാണ് കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (സി.എ.പി.ഇ). വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള സൗകര്യങ്ങൾ നൽകുന്നതിനായി വിവിധ പ്രൊഫഷണൽ മേഖലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനാണ് സി.എ.പി.ഇ രൂപീകരിച്ചത്. ഏകദേശം 12,000 വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് അവസരം നൽകിക്കൊണ്ട് സി.എ.പി.ഇ ക്ക് കീഴിൽ ഒമ്പത് എഞ്ചിനീയറിംഗ് കോളേജുകളും ഒരു എംബിഎ കോളേജും ഒരു ഫിനിഷിംഗ് സ്കൂളും പ്രവർത്തിക്കുന്നു. ഈ കാലയളവിൽ കോളേജ് ലബോറട്ടറികൾ, വനിതാ ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, ലൈബ്രറികൾ, വിവിധ കോളേജുകളിലെ പ്ലേസ്മെന്റ് ഓഫീസുകൾ എന്നിങ്ങനെ വിവിധ അടിസ്ഥാന സൗകര്യങ്ങൾ സൊസൈറ്റി പരിഷ്ക്കരിക്കുകയും നവീകരിക്കുകയും ചെയ്തു. വിവിധ സി.എ.പി.ഇ സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷനും, നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെയും നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷന്റേയും അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

**സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ (എസ്.സി.യു)**

സഹകരണ തത്വങ്ങളും സമ്പ്രദായങ്ങളും പഠിപ്പിക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി 1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് സെക്ഷൻ 89 പ്രകാരം സ്ഥാപിതമായ ഒരു നിയമാനുസൃത സ്ഥാപനമാണ് സംസ്ഥാന സഹകരണ യൂണിയൻ. ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (എച്ച്ഡിസി), ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (ജെഡിസി) എന്നീ കോഴ്സുകൾ നടത്തുന്നതിനായി 13 സഹകരണ പരിശീലന കോളേജുകളും 10 പരിശീലന കേന്ദ്രങ്ങളും ആറ് എക്സ്റ്റൻഷൻ സെന്ററുകളും എസ്.സി.യു വിനു കീഴിൽ പ്രവർത്തിക്കുന്നു. കൊട്ടാരക്കര, ചേർത്തല, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലെ പരിശീലന കേന്ദ്രങ്ങൾ പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക കേന്ദ്രങ്ങളാണ്. അംഗങ്ങളുടെ വിദ്യാഭ്യാസ പരിപാടികൾക്കും പട്ടികജാതി /പട്ടിക വർഗ പരിശീലന കേന്ദ്രങ്ങൾ നടത്തുന്നതിനും ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ സർക്കാർ സഹായം പരിശീലന കേന്ദ്രങ്ങൾക്ക് ലഭിച്ച് വരുന്നു. 2023-24ൽ അംഗങ്ങളുടെ വിദ്യാഭ്യാസ ഗ്രാന്റിനത്തിൽ 6 ലക്ഷം രൂപയും, അടിസ്ഥാന ഗ്രാന്റായി 0.60 ലക്ഷം രൂപയും പട്ടികജാതി /പട്ടിക വർഗ പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പ് ചെലവായി 2.11 ലക്ഷം രൂപയും അനുവദിച്ചു. സ്റ്റേറ്റ് കോഓപ്പറേറ്റീവ് യൂണിയന്റെ അനുബന്ധ സ്ഥാപനമായ നെയ്യാർഡാമിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (KICMA) 2008 മുതൽ എം.ബി.എ. കോഴ്സ് നടത്തി വരുന്നു.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം)**

സഹകരണ മേഖലയിൽ ഉദ്യോഗസ്ഥർക്കും അതോടൊപ്പം അനൗദ്യോഗിക അംഗങ്ങൾക്കും വിപുലമായ പരിശീലന കോഴ്സുകൾ നൽകുന്നതിനായി നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗിന്റെ

**ബോക്സ് 3.2.1** ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ. 10957 (യു.എൽ.സി.സി.എസ്)

യു.എൽ.സി.സി.എസ്. 1925 മുതൽ ഒരു രജിസ്റ്റർ ചെയ്ത സ്ഥാപനമായി പ്രവർത്തിച്ചു വരുന്നു. രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക വികസനത്തിന് സംഭാവന നൽകുന്ന അടിസ്ഥാന സൗകര്യങ്ങളും സുസ്ഥിര സമൂഹവും സൃഷ്ടിക്കുക എന്ന കാഴ്ചപ്പാടോടെ രൂപം കൊണ്ടതും, തൊഴിലാളികൾ ഉടമസ്ഥത വഹിച്ച് കൈകാര്യം ചെയ്യുന്നതുമായ ഇന്ത്യയിലെ ആദ്യകാല തൊഴിൽ സഹകരണ സംഘങ്ങളിൽ ഒന്നാണ് ഈ സൊസൈറ്റി. 13,000-ത്തിലധികം തൊഴിലാളികൾ അവരുടെ ഉപജീവനത്തിനായി സൊസൈറ്റിയെ നേരിട്ട് ആശ്രയിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ സൊസൈറ്റി ഏറ്റെടുക്കുന്നു. 2,539 കോടി രൂപയുടെ 1,380 പുതിയ പദ്ധതികൾ ഏറ്റെടുത്തു കൊണ്ട് യു.എൽ.സി.സി.എസ്. പദ്ധതി പോർട്ട്ഫോളിയോ 4,994 കോടി രൂപയായി വർധിപ്പിച്ചു. തിരുവനന്തപുരത്തെ ആർട്ട് ആൻഡ് ക്രാഫ്റ്റ് വില്ലേജ്, ഇരിങ്ങലിലെ സർഗാലയ കേരള ആർട്സ് & ക്രാഫ്റ്റ്സ് വില്ലേജ്, കൊല്ലത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (ഐ.ഐ.ഐ.സി.) എന്നിവ യു.എൽ.സി.സി.എസ്.ന്റെ പ്രധാന പദ്ധതികളിൽ ഉൾപ്പെടുന്നു. ലോകത്തെ വ്യാവസായിക-യൂട്ടിലിറ്റി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പട്ടികയിൽ യു.എൽ.സി.സി.എസ്. വിറ്റുവരവ്/ പ്രതിശീർഷ ജിഡിപിയെ അടിസ്ഥാനമാക്കി മൂന്നാം സ്ഥാനത്താണ് (വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്റർ റിപ്പോർട്ട്, 2023).

ഭരണനിയന്ത്രണത്തിൽ തിരുവനന്തപുരത്തും കണ്ണൂരിലും സർക്കാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് സ്ഥാപിച്ചു. ബജറ്റ് വിഹിതം അനുസരിച്ച് എല്ലാ വർഷവും സംസ്ഥാന സർക്കാർ ഈ സ്ഥാപനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ സാമ്പത്തിക സഹായം നൽകുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ഐസിഎം കണ്ണൂർ 2810 പേർ പങ്കെടുത്ത 89 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. 2022-23 സാമ്പത്തിക വർഷത്തിൽ ഐസിഎം തിരുവനന്തപുരം 422 പേർ പങ്കാളികളായ 17 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളിലെയും മറ്റ് സൊസൈറ്റികളിലെയും ജീവനക്കാർ, മറ്റ് സംഘങ്ങൾ, സഹകരണ വകുപ്പിലെ ഓഡിറ്റർമാർ, ഇൻസ്പെക്ടർമാർ എന്നിവരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും മെച്ചപ്പെടുത്തുന്നതിനും, ഡയറക്ടർ ബോർഡിലെ അംഗങ്ങളുടെ ഭരണ നിർവഹണ ചുമതലയും നേതൃത്വപാടവവും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള പരിശീലന പരിപാടികളിലാണ് സ്ഥാപനം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

### അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.ടി.ഐ.)

ദേശീയ സഹകരണ വികസന കോർപറേഷന്റെ ആഭിമുഖ്യത്തിൽ 1992 ൽ അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്(എ.സി.എസ്.ടി.ഐ.) സ്ഥാപിതമായി. കഴിഞ്ഞ 32 വർഷമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം സഹകരണ വായ്പാ ഘടനയിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നു. 2023-24 വർഷത്തിൽ 7,561 പേരെ പങ്കെടുപ്പിച്ചു കൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് 191 പരിശീലന പരിപാടികൾ നടത്തി. സെന്റർ ഫോർ പ്രൊഫഷണൽ എക്സലൻസ് ഇൻ കോ-ഓപ്പറേറ്റീവ്സ്(സി-പിഇസി)ൽ നിന്നും 2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് എ.സി.എസ്.ടി.ഐ യ്ക്ക് അക്രഡിറ്റേഷൻ (ഗ്രേഡ് 'എ') ലഭിച്ചു. സഹകരണ ബാങ്ക് മാനേജ്മെന്റിൽ ഇൻസ്റ്റിറ്റ്യൂട്ട് ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാം നടത്തി വരുന്നു.

### 2023-24 ലെ നൂതന സംരംഭങ്ങളും മാതൃകാ പദ്ധതികളും

### സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (സി.ഐ.റ്റി.എ)

കേരളത്തിലെ ചെറുകിട നാമമാത്ര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സഹകരണ മേഖലയുടെ സഹായത്തോടെയും ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തോടെയും കർഷകരുടെ ഉൽപ്പന്നങ്ങൾ സംസ്കരിച്ച ശേഷം നേരിട്ടോ, മൂല്യവർദ്ധനയിലൂടെയോ വിപണനം ചെയ്യുന്നതിന് കർഷകരെ സഹായിക്കുന്നതിനുള്ള ഒരു സംരംഭമാണ്, 2022-23 സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (സി.ഐ.റ്റി.എ) എന്നത്. കേരള സംസ്ഥാന ആസൂത്രണ ബോർഡും സഹകരണ വകുപ്പും സംയുക്തമായി ആവിഷ്ക്കരിച്ച ഈ പദ്ധതി ചെറുകിട നാമമാത്ര കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കിക്കൊണ്ട് ഉൽപ്പാദനം, മൂല്യവർദ്ധന, വിപണനം, ഗതാഗതം, ബ്രാൻഡിംഗ് എന്നിവയെ പിന്തുണയ്ക്കാൻ ലക്ഷ്യമിടുന്നു.

ഉൽപ്പാദനത്തിലും വിപണനത്തിലും ഫലപ്രദമായ ഇടപെടൽ നടത്തുന്നതിനും, തുറസ്സായ സ്ഥലങ്ങളിലെ കൃഷി, കൃത്യതാ കൃഷി, അടുക്കളത്തോട്ടങ്ങൾ, ടെറസ് ഫാമുകൾ എന്നിവയിലൂടെ ഉൽപ്പാദനം കാര്യക്ഷമമായി വർദ്ധിപ്പിക്കുന്നതിനും മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങളെ സമന്വയിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. പ്രാഥമിക സഹകരണ സംഘങ്ങളുടെ (പി.എ.സി.എസ്) സഹായത്തോടെ പ്രദേശത്തെ ചെറുകിട കർഷകരെ പ്രയോജനപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത് (**പട്ടിക 3.2.2**). അഞ്ച് വർഷത്തിനുള്ളിൽ ഘട്ടംഘട്ടമായി 14 ജില്ലകളിലും പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

### സഹകരണ ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗും വിപണനവും

വിവിധ സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ബ്രാൻഡ് വിസിബിലിറ്റി വർദ്ധിപ്പിക്കുന്നതിനും വിൽപ്പന വർദ്ധിപ്പിക്കുന്നതിനുമായി, സഹകരണ വകുപ്പ് 'സഹകരണ ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗും വിപണനവും' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക, ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി സംയോജിത ബ്രാൻഡിംഗും വിപണി ശൃംഖലയും തയ്യാറാക്കുക, ദേശീയ അന്തർദേശീയ വിപണികളിൽ പ്രവേശിക്കുക, പ്രധാന സ്ഥലങ്ങളിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധനാ ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണികൾ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. സഹകരണ ഉൽപന്നങ്ങളുടെ ഗുണമേന്മയുള്ള വിപണന വശങ്ങൾ ഉറപ്പു വരുത്തുന്നതിനായി 'കോപ്കേരള' എന്ന പേരിൽ സഹകരണ ഉൽപന്നങ്ങൾക്കായി ഒരു വ്യാപാരമുദ്ര ആരംഭിച്ചു. ഉൽപ്പന്നങ്ങളുടെ ആകർഷണീയത വർദ്ധിപ്പിക്കുകയും, ഗുണനിലവാരത്തെക്കുറിച്ച് ഉപഭോക്താക്കൾക്ക് ഉറപ്പ് നൽകുകയും ചെയ്യുന്ന ഒരു ഐഡന്റിറ്റിയായി വർത്തിക്കുന്ന 'കോഓപ്പറേറ്റീവ് മാർക്ക്' എന്ന ലോഗോയും സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്കായി സഹകരണ വകുപ്പ് പുറത്തിറക്കിയിട്ടുണ്ട് 'കോപ്കേരള' എന്ന ബ്രാൻഡ് നാമവും, 'കോപ്മാർട്ട്' എന്ന ഔട്ട് ലെറ്റ് വ്യാപാര നാമവും 1999-ലെ വ്യാപാരമുദ്രാ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. സഹകരണ വകുപ്പ് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന സഹകരണ ഉൽപ്പന്നങ്ങൾക്ക് 'കോപ്കേരള' സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിനായി 11 അംഗങ്ങൾ അടങ്ങുന്ന ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി, തിരഞ്ഞെടുത്ത സൊസൈറ്റികളിൽ കോപ്മാർട്ട് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുകയും, 75 സഹകരണ സംഘങ്ങൾ നിർമ്മിച്ച 400-ലധികം ഉൽപ്പന്നങ്ങൾ കേരളത്തിലുടനീളമുള്ള ഔട്ട് ലെറ്റുകൾ വഴി വിൽക്കുകയും ചെയ്തു.

**പട്ടിക 3.2.2** 2022-23 മുതൽ 2024-25 വരെയുള്ള സി.ഐ.റ്റി.എ പദ്ധതിയുടെ വിശദാംശങ്ങൾ (2024 ഒക്ടോബർ വരെ)

| ക്രമ നമ്പർ | സൊസൈറ്റികളുടെ പേര് | പദ്ധതിയുടെ പേര് | അനുവദിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | ആനിക്കാട് റീജിയണൽ ഫാർമേഴ്സ് എസ്.സി.ബി ലിമിറ്റഡ് നം. 3867, കോട്ടയം | സംയോജിത കൃഷി | 39 |
| 2 | പനയാൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 46, കാസറഗോഡ് | | 115 |
| 3 | മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 160, കോട്ടയം | | 39 |
| 4 | മാങ്കുളം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. ഐ 108, ഇടുക്കി | | 39 |
| 5 | തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. കെ.കെ 281, ഇടുക്കി | | 144 |
| 6 | പട്ടുവം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. സി 132, കണ്ണൂർ | | 145 |
| 7 | ബെദട്ക്ക കാർഷിക സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. എഫ് 92, കാസറഗോഡ് | | 50 |
| 8 | ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 2181, എറണാകുളം | | 45 |
| 9 | ഭരണിക്കാവ് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 829, ആലപ്പുഴ | | 138.84 |
| 10 | ചെറുതാഴം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. എഫ് 747 | | 91.80 |
| | **ആകെ** | | **846.64** |
| 11 | കരകുളം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 3064, തിരുവനന്തപുരം | ഗ്രാമീണ വിപണി | 10 |
| 12 | പൂവട്ടൂർ ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 3503, കൊല്ലം | | 10 |
| 13 | പുതുപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 2730, ആലപ്പുഴ | | 10 |
| 14 | മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 160, കോട്ടയം | | 10 |
| 15 | വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 1015, എറണാകുളം | | 10 |
| 16 | കൊരട്ടി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 590, തൃശ്ശൂർ | | 10 |
| 17 | മണ്ണാർക്കാട് ഗ്രാമീണ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. പി. 922, പാലക്കാട് | | 10 |
| 18 | മറയൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 2022, ഇടുക്കി | | 10 |
| 19 | ഉള്ളേരി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. ഡി 2033, കോഴിക്കോട് | | 10 |
| 20 | മീനങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. എഫ് 1061, വയനാട് | | 10 |
| 21 | കാസറഗോഡ് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. സി 832, കാസറഗോഡ് | | 10 |
| | **ആകെ** | | **110** |
| 22 | കൊല്ലം ജില്ല ലൈവ്സ്റ്റോക്ക് മാർക്കറ്റിംഗ് ആന്റ് ഹോർട്ടിക്കൾച്ചറൽ പ്രൊഡ്യൂസേഴ്സ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കൊല്ലം | സംഭരണം, സംസ്കരണം, വിപണനം | 50 |
| | **ആകെ** | | **50** |
| | **ആകെ മൊത്തം** | | **1,006.64** |

***അവലംബം:*** **സഹകരണ സംഘം രജിസ്ട്രാർ, കേരള സർക്കാർ**

**പാലക്കാട് നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണ സംഘം ലിമിറ്റഡ് നമ്പർ പി 1449 (പി.എ.പി. സി.ഒ.എസ്):**

പാലക്കാട് ജില്ലയിലെ നെൽകർഷകർ നെല്ലിന്റെ സംഭരണത്തിലും സംസ്കരണത്തിലും വിപണനത്തിലും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു സംരംഭമായാണ് സഹകരണ വകുപ്പ് ഈ സൊസൈറ്റി സ്ഥാപിച്ചത്. നെല്ലിന്റെ സംഭരണവും സംസ്കരണവും, അരി, പൊടിയരി, തവിട്, അരിപ്പൊടി, ഉമി എന്നിവയുടെ വിപണനവുമാണ് സൊസൈറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ. ഇടനിലക്കാരായ വിൽപ്പനക്കാർക്ക് കുറഞ്ഞ വിലയിൽ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നത് ഒഴിവാക്കാൻ കർഷകരെ ഈ സംരംഭം സഹായിക്കും. സൊസൈറ്റിയുടെ ഇപ്പോഴത്തെ പെയ്ഡ്-അപ്പ് ഓഹരി മൂലധനം 13.7 കോടി രൂപയാണ്. ആലത്തൂർ താലൂക്കിൽ 27.66 ഏക്കർ ഭൂമി സൊസൈറ്റി വാങ്ങിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (പി.എ.സി.എസ്) ഈ സൊസൈറ്റിയുടെ അംഗങ്ങളാണ്. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും സൗകര്യമുള്ള ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനും സംഘം ഉദ്ദേശിക്കുന്നു.

**കേരള നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണ സംഘം ലിമിറ്റഡ് നമ്പർ.4505 (കെ.എ.പി.സി.ഒ.എസ്)**

സംസ്ഥാനത്തെ നെൽകർഷകർ അഭിമുഖീകരിക്കുന്ന സംഭരണ വിപണന പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ, 310 കോടി രൂപയുടെ അംഗീകൃത ഓഹരി മൂലധനവുമായി 2021-ൽ കേരള നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണ സംഘം ലിമിറ്റഡ് (കെ.എ.പി.സി.ഒ.എസ്) രജിസ്റ്റർ ചെയ്തു. കർഷകരിൽ നിന്ന് ന്യായവിലയ്ക്ക് നെല്ല് സംഭരിച്ച്, സംസ്കരിച്ച ശേഷം സർക്കാർ, അർദ്ധ സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ, ഓൺലൈൻ വിപണികൾ, സ്വന്തം വിപണന കേന്ദ്രങ്ങൾ എന്നിവ വഴി വിപണനം നടത്തുന്നു. കോട്ടയം ജില്ലയിൽ 43 പി.എ.സി.എസുകൾ സൊസൈറ്റിക്ക് അംഗ സംഘങ്ങളായുണ്ട്. പാലക്കാട് ജില്ല ഒഴികെയുള്ള കേരളത്തിലെ എല്ലാ ജില്ലകളും സൊസൈറ്റിയുടെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്നു.

**സഹകരണ വീഥി**

സഹകരണ വകുപ്പിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമാണ് സഹകരണ വീഥി. സഹകരണ മേഖലയിലെ പ്രധാന നയങ്ങളും പ്രവർത്തനങ്ങളും ഇത് ജനശ്രദ്ധയിൽ കൊണ്ട് വരുന്നു. 2023-24, 2024-25 (2024 ജൂലൈ 31 വരെ) വർഷങ്ങളിൽ സഹകരണ വീഥിയുടെ 1,71,322-ലധികം കോപ്പികൾ വിതരണം ചെയ്തു.

**കെയർ ഹോം**

2018 -ലെ പ്രളയത്തിൽ പൂർണമായോ സാരമായോ തകർന്ന വീടുകൾ പുനർനിർമിക്കുന്നതിനായി രൂപീകരിച്ച ഈ പദ്ധതി, സഹകരണ സ്ഥാപനങ്ങളുടെ പിന്തുണയോടെയാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തുടനീളം 2,000 വീടുകൾ നിർമ്മിക്കാൻ കേരള സർക്കാർ അനുമതി നൽകുകയും, പിന്നീട് 2,094 എണ്ണമായി വർധിപ്പിക്കുകയും ചെയ്തു. എല്ലാ വീടുകളുടെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറി.

കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാക്കിയ ശേഷം വകുപ്പ് പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കാൻ ആരംഭിച്ചു. കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ, 2018-ലും 2019-ലും പ്രളയത്തിലും പ്രകൃതിക്ഷോഭത്തിലും ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ഓരോ ജില്ലയിലും ഫ്ലാറ്റ് നിർമ്മിക്കാൻ തീരുമാനിച്ചു.

മൊത്തം 40 പാർപ്പിട യൂണിറ്റുകളുള്ള ആദ്യത്തെ ഫ്ലാറ്റ് തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുകയും 2021-ൽ താക്കോൽ കൈമാറുകയും ചെയ്തു. പാലക്കാട് ജില്ലയിലെ കണ്ണാടി-2 വില്ലേജിൽ, അധിക സൗകര്യങ്ങളോടെയുള്ള 28 പാർപ്പിട യൂണിറ്റുകൾ ഉൾപ്പെടുന്ന കൂട്ടായ വാസസ്ഥലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2023 നവംബറിൽ ആരംഭിച്ചു. കൂടാതെ, കണ്ണൂർ ജില്ലയിലെ പന്നിയൂർ വില്ലേജിൽ അധിക സൗകര്യങ്ങളോടു കൂടിയ 18 യൂണിറ്റുകൾ ഉൾപ്പെടുന്ന കൂട്ടായ വാസസ്ഥലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

**നവകേരളീയം കുടിശിക നിവാരണം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി)**

സഹകരണ സ്ഥാപനങ്ങളുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനായി 'നവകേരളീയം കുടിശിക നിവാരണം' എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സഹകരണ വകുപ്പ് പ്രഖ്യാപിച്ചു. സഹകരണ സംഘങ്ങളുടെ രജിസ്ട്രാറുടെ കീഴിലുള്ള എല്ലാ സഹകരണ സംഘങ്ങളും ബാങ്കുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയും, വായ്പയെടുക്കുന്നവർക്ക് പരമാവധി പലിശ ഇൻസെന്റീവ് വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈ സ്കീമിന് കീഴിൽ, കുടിശ്ശിക വരുത്തുന്നവരുടെ വായ്പാ തുകയ്ക്ക് ലളിതമായ പലിശ മാത്രമേ ഈടാക്കൂ. മരണമടഞ്ഞവർക്കും, കാൻസർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്നവർക്കും, പ്രളയബാധിതർക്കും , കോവിഡ്-19 പകർച്ചവ്യാധിയെ തുടർന്നുള്ള ലോക്ക്ഡൗൺ മൂലം തൊഴിൽനഷ്ടം സംഭവിച്ചവർക്കും ഈ പദ്ധതിയിൽ പരമാവധി ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹതയുണ്ട്. അടവ് മുടങ്ങിയ 1,97,810 അക്കൗണ്ടുകൾക്കായി സ്കീമിന് കീഴിൽ 2023-24ൽ 489 കോടി രൂപയുടെ ഇളവ് അനുവദിച്ചിട്ടുണ്ട്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം**

സംസ്ഥാനത്തെ സാമൂഹിക സുരക്ഷാ പെൻഷൻ സുഗമമായി വിതരണം ചെയ്യുന്നതിനായി കമ്പനി ആക്ട് പ്രകാരം സർക്കാർ തലത്തിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് രൂപീകരിച്ചു. സർക്കാർ ഉത്തരവ് പ്രകാരം സാമൂഹിക സുരക്ഷാ പെൻഷൻ വിതരണത്തിനുള്ള ഫണ്ട് സ്വരൂപിക്കുന്നതിനായി പിഎസിഎസ്, സഹകരണ സംഘങ്ങളിലെയും മറ്റ് പ്രാഥമിക സഹകരണ സംഘങ്ങളിലെയും ജീവനക്കാർ എന്നിവരടങ്ങുന്ന സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചു. ഈ സഹകരണ സംഘങ്ങളിൽ നിന്ന് 9.1 ശതമാനം പലിശ നിരക്കിലാണ് തുക സമാഹരിക്കുന്നത്. 2024 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം കൺസോർഷ്യം പൂൾ അക്കൗണ്ടിലെ ബാലൻസ് 5,980 കോടി രൂപയായിരുന്നു.

**യുവജന സഹകരണ സംഘങ്ങൾ**

18 നും 45 നും ഇടയിൽ പ്രായമുള്ള യുവാക്കൾക്ക് വേണ്ടിയുള്ള രാജ്യത്തെ ആദ്യത്തെ സഹകരണ മേഖല സംരംഭമാണിത്. സേവന ദാതാക്കളായും സംരംഭകത്വ മേഖലയിലും പ്രവർത്തിക്കാൻ കഴിയുന്ന യുവജന സഹകരണ സംഘങ്ങൾ സ്ഥാപിക്കാനുള്ള അവസരം നൽകി യുവജനങ്ങളെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുക എന്നതാണ് പരിപാടിയുടെ പ്രാഥമിക ലക്ഷ്യം. സ്റ്റാർട്ടപ്പുകൾ, ഐടി, കൃഷി, ഡോക്യുമെന്റേഷൻ, മാലിന്യ സംസ്കരണം, വ്യാപാരം, ഉൽപ്പാദനം, വിപണനം, മാധ്യമങ്ങൾ, ഇക്കോ ടൂറിസം, ഓൺലൈൻ സേവന കേന്ദ്രങ്ങൾ, സംസ്കരണവും മൂല്യവർദ്ധനവും, കാറ്ററിംഗ് സേവനങ്ങൾ, ജൈവകൃഷി എന്നിയുൾപ്പെടെ വിവിധ

മേഖലകളിൽ യുവജന സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. രജിസ്റ്റർ ചെയ്ത 32 യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സാമ്പത്തിക സഹായത്തിലൂടെയും ശേഷി വർദ്ധിപ്പിക്കുന്ന പരിപാടികളിലൂടെയും പ്രസ്തുത സംഘങ്ങളെ വകുപ്പ് പിന്തുണയ്ക്കുന്നു.

### 'മുറ്റത്തെ മുല്ല' പദ്ധതി

സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കുന്നതിനായി 2018-ൽ കുടുംബശ്രീ യൂണിറ്റുകൾ വഴി നടപ്പിലാക്കിയ പദ്ധതിയാണ് 'മുറ്റത്തെ മുല്ല'. ഈ പദ്ധതി പ്രകാരം 2024 മാർച്ച് 31 വരെ 3,875 കോടി രൂപ ഗുണഭോക്താക്കൾക്ക് വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

### നിക്ഷേപ സമാഹരണ ക്യാമ്പയിൻ

യുവാക്കൾ ഉൾപ്പെടെയുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിനായി 2023-2024ൽ സഹകരണ വകുപ്പ് നിക്ഷേപ സമാഹരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. വിജയകരമായി നടപ്പിലാക്കിയ ഈ ക്യാമ്പയിൻ വഴി 9,000 കോടി രൂപ ലക്ഷ്യമിട്ടിരുന്നിടത്ത് ഈ മേഖല 7,468 കോടി രൂപ സമാഹരിച്ചു. സമാഹരണ ക്യാമ്പയിൻ 83 ശതമാനം നേട്ടം കൈവരിച്ചു (**അനുബന്ധം 3.2.7, ചിത്രം 3.2.1**.)


### കോ-ഓപ്പറേറ്റീവ് എക്സ്പോ

"ഒരുമയുടെ പൂരം" എന്ന ടാഗ്ലൈനോടുകൂടിയ കോ-ഓപ്പറേറ്റീവ് എക്സ്പോ 2023, എറണാകുളം ജില്ലയിലെ മറൈൻ ഡ്രൈവിൽ 2023 ഏപ്രിൽ 22 മുതൽ ഏപ്രിൽ 30 വരെ സഹകരണ വകുപ്പ് സംഘടിപ്പിച്ചു. അപെക്സ് സഹകരണ സംഘങ്ങൾ, സഹകരണ ബോർഡുകൾ, ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ, ഉല്പാദകരുടെ സഹകരണ സംഘങ്ങൾ, മറ്റ് പ്രധാന സഹകരണ സംഘങ്ങൾ, സഹകരണ സംഘങ്ങളുടെ രജിസ്ട്രാറുടെ കീഴിലുള്ള സ്ഥാപനങ്ങൾ, ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ കീഴിലുള്ള സഹകരണ സംഘങ്ങൾ, ദേശീയ സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ 300-ലധികം സ്റ്റാളുകൾ എക്സ്പോയിൽ ഒരുക്കിയിരുന്നു. കൂടാതെ, സഹകരണ മേഖലയിലെ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകളും ചർച്ചകളും വൈകുന്നേരങ്ങളിൽ സാംസ്കാരിക പരിപാടികളും ഉണ്ടായിരുന്നു. സഹകരണ സംഘങ്ങളുടെ വ്യാപാരം വിപുലമാക്കുകയെന്ന ലക്ഷ്യത്തോടെ എക്സ്പോ വേദിയിൽ ബിസിനസ് മീറ്റുകളും വകുപ്പ് സംഘടിപ്പിച്ചു.

### മെമ്പർ റിലീഫ് ഫണ്ട് സ്കീം

സഹകരണസംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ 'എ' ക്ലാസ് അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് സഹകരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് മെമ്പർ റിലീഫ് ഫണ്ട് സ്കീം. വൃക്കസംബന്ധമായ അസുഖങ്ങൾ, ഹൃദ്രോഗം, കരൾ രോഗങ്ങൾ, പക്ഷാഘാതം തുടങ്ങിയ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാൽ ബുദ്ധിമുട്ടുന്നവർക്ക് ഈ പദ്ധതിയിലൂടെ സഹായം നൽകുന്നു. 2024 സെപ്റ്റംബർ 20 ന് ചേർന്ന ഉന്നതതല സമിതി 2,329 അപേക്ഷകൾ പരിഗണിക്കുകയും അർഹരായ ഗുണഭോക്താക്കൾക്ക് 494 ലക്ഷം രൂപ നൽകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

**ചിത്രം 3.2.1** കേരളത്തിൽ 2017-18 മുതൽ 2023-24 വരെ സംഘടിപ്പിച്ച നിക്ഷേപ സമാഹരണ പ്രചാരണത്തിന്റെ പുരോഗതി




***അവലംബം:*** സഹകരണ സംഘം രജിസ്ട്രാർ, കേരള സർക്കാർ

**100 ദിന പരിപാടി**

**സഹകരണ സൗഹൃദം**

ഭിന്നശേഷിക്കാർക്ക് ബിസിനസ് സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പ വിതരണം ചെയ്യുന്നതിനായി സഹകരണ വകുപ്പ് കേരള സർക്കാരിന്റെ നൂറുദിന പരിപാടിയുടെ രണ്ടാം ഘട്ടത്തിൽ 'സഹകരണ സൗഹൃദം' എന്ന വായ്പാ പദ്ധതി നടപ്പിലാക്കി. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്/ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്/ പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ മുഖേനയാണ് ഗുണഭോക്താക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി ചെലവിന്റെ 75 ശതമാനം അല്ലെങ്കിൽ 3 ലക്ഷം രൂപയാണ് (ഏതാണോ കുറവ്) പദ്ധതി പ്രകാരം അനുവദിക്കുന്ന പരമാവധി വായ്പ തുക. കുറഞ്ഞ പലിശ നിരക്കിലാണ് ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുന്നത്. മൊത്തം 578 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വഴിയൊരുക്കിയ പദ്ധതിയ്ക്ക് കീഴിൽ 519 വായ്പാ അക്കൗണ്ടുകളിലേയ്ക്കായി 4.3 കോടി രൂപ വിതരണം ചെയ്തു.

**സഹായഹസ്തം**

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി, വഴിയോര കച്ചവടവും ചെറുകിട സംരംഭങ്ങളും ആരംഭിക്കുന്നതിന് പ്രാഥമിക സഹകരണ ബാങ്കുകൾ/ സംഘങ്ങൾ മുഖേന 'സഹായഹസ്തം' പദ്ധതി നടപ്പാക്കി. കൂടാതെ, ഉപജീവനമാർഗം കണ്ടെത്തുന്നതിനായി ഓട്ടോറിക്ഷകൾ വാങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാഥമിക ചെലവുകൾക്കും അറ്റകുറ്റപ്പണികൾക്കുമായി സഹായഹസ്തം പദ്ധതിയ്ക്ക് കീഴിൽ വായ്പ നൽകുകയും ചെയ്യുന്നു. 20,000 രൂപയാണ് പരമാവധി വായ്പ തുക, അതിൽ 10,000 രൂപ മൂലധനച്ചെലവിനും ബാക്കി 10,000 രൂപ പ്രവർത്തന മൂലധനമായുമാണ് നൽകുന്നത്. പദ്ധതി പ്രകാരം, പ്രാഥമിക സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി 2,949 വായ്പാ അക്കൗണ്ടുകളിലേക്കായി 589 ലക്ഷം രൂപ വിതരണം ചെയ്തു.

**സൗര ജ്യോതി**

സർക്കാർ നടത്തുന്ന നൂറുദിന പരിപാടിയുടെ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള 'സൗരജ്യോതി' പദ്ധതി നടപ്പാക്കുന്നത് കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവ മുഖേനയാണ്. 2KV - 10KV സോളാർ പവർ പ്ലാന്റുകൾ വീട്ടിൽ ആരംഭിക്കുന്നതിന് ഈ പദ്ധതിക്ക് കീഴിൽ വ്യക്തികൾക്ക് വായ്പ അനുവദിക്കും. പദ്ധതിച്ചെലവിന്റെ 80 ശതമാനം അല്ലെങ്കിൽ 3 ലക്ഷം രൂപയാണ് (ഏതാണോ കുറവ്) അനുമതി നൽകുന്ന പരമാവധി വായ്പാ തുക. 2023 മെയ് 13 ന് കോട്ടയം ജില്ലയിൽ വെച്ച് ബഹു: സഹകരണ വകുപ്പ് മന്ത്രി ശ്രീ. വി.എൻ.വാസവൻ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു. പദ്ധതിയുടെ ഭാഗമായി 106 വായ്പാ അക്കൗണ്ടുകളിലായി 219 ലക്ഷം രൂപ ഇതുവരെ വിതരണം ചെയ്തു.

**വകുപ്പിന്റെ ആധുനികവൽക്കരണം**

**ഇന്റഗ്രേറ്റഡ് കോ–ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് സിസ്റ്റം (ഐസിഡിഎംഎസ്)**

സഹകരണ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി സി-ഡിറ്റ് വികസിപ്പിച്ച ഒരു ഓൺലൈൻ ആപ്ലിക്കേഷനാണ് ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് സിസ്റ്റം. രജിസ്ട്രേഷൻ & ബൈലോ ഭേദഗതി മൊഡ്യൂൾ, ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ, ഓഡിറ്റ് മൊഡ്യൂൾ എന്നിങ്ങനെ മൂന്ന് സേവനങ്ങൾ ഐസിഡിഎംഎസ് സ്കീമിന് കീഴിൽ ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനു വേണ്ടിയും ബൈലോ ഭേദഗതിക്കു വേണ്ടിയുമുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/ സഹകരണ സംഘങ്ങൾക്ക് ഈ ആപ്ലിക്കേഷൻ വഴി ഓൺലൈനായി നേരിട്ട് സമർപ്പിക്കാം. കൂടാതെ ട്രഷറി ഓൺലൈൻ പേയ്മെന്റ് ഗേറ്റ്‌വേയുമായി സംയോജിപ്പിച്ചിരിക്കുന്നതിനാൽ ഫീസും ഓൺലൈനായി അടയ്ക്കാവുന്നതാണ്. നിലവിൽ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും ബൈലോ ഭേദഗതിക്കുമുള്ള അപേക്ഷകൾ സമർപ്പിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നത് ഐസിഡിഎംഎസ് വഴിയാണ്.

സംസ്ഥാന/എൻസിഡിസി സ്കീമുകൾ വഴി സാമ്പത്തിക സഹായം നൽകിയ സഹകരണ സംഘങ്ങളുടെ തിരിച്ചടവ് കൃത്യമായി നിരീക്ഷിക്കുന്നതിനാണ് ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

**ബോക്സ് 3.2.2** കേരള ബാങ്ക് - മുന്നോട്ടുള്ള വഴി

സംസ്ഥാനത്തിന്റെ സഹകരണ ചട്ടക്കൂടിനുള്ളിലെ മുൻനിര സ്ഥാപനമെന്ന നിലയിൽ, കേരള ബാങ്ക് അതിന്റെ വികസനപരമായ പങ്ക് വർധിപ്പിക്കുകയും ബാങ്കിംഗ് ഉൽപ്പന്നങ്ങളുടെ ശ്രേണി വിപുലീകരിക്കുകയും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ സജീവമായി സംഭാവന നൽകുകയും വേണം. കേരള ബാങ്കും പ്രാഥമിക സഹകരണ സംഘങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തേണ്ടതുണ്ട്. സ്വയം സഹായ സംഘങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ എന്നിവയുമായി സഹകരിച്ച്, പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങൾക്കിടയിൽ സമ്പാദ്യശീലങ്ങൾ, ധന വിനിയോഗ കഴിവുകൾ, വായ്പ ലഭ്യത എന്നിവ പ്രോത്സാഹിപ്പിക്കാൻ ബാങ്കിന് കഴിയും. സുസ്ഥിരമായ വളർച്ച ഉറപ്പാക്കുന്നതിനായി, ഉത്തരവാദിത്ത വായ്പയിൽ പ്രത്യേകിച്ച് കൃഷി, എംഎസ്എംഇകൾ, പുനരുപയോഗ ഊർജം തുടങ്ങിയ മേഖലകളിൽ കേരളത്തിന്റെ വികസന ലക്ഷ്യങ്ങൾക്കനുസൃതമായി കേരള ബാങ്ക് ശ്രദ്ധ കേന്ദ്രീകരിക്കണം. കൂടാതെ, കേരളത്തിലെ ബാങ്കിംഗ്, സാമ്പത്തിക മേഖലകളിൽ കേരള ബാങ്ക് ഒരു പ്രധാന പങ്ക് വഹിക്കുന്നതിനാൽ പ്രവാസികളുടെ നിക്ഷേപങ്ങൾ അനായാസം ശേഖരിക്കാനാകും. ഇതോടൊപ്പം ഉൽപ്പാദനം, നിർമ്മാണം, സംഭരണം, വിതരണം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ ഇടപെട്ട് കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിക്കാൻ കേരള ബാങ്കിന് കഴിയും.

കോ-ഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (സി.എ.എം.ഐ.എസ്): ഐ.സി.ഡി.എം.എസ് പദ്ധതിയുടെ ഭാഗമായി, സഹകരണ സംഘങ്ങളുടെ ഓഡിറ്റിനായി കോ-ഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (സി.എ.എം.ഐ.എസ്) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ, ഫംഗ്ഷണൽ രജിസ്ട്രാർ എന്നിവരുടെ നിയന്ത്രണത്തിലുള്ള കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് വിവരങ്ങളും www.camis.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി പൊതുജനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

**കോ–ഓപ്പറേറ്റീവ് ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം**

തെരഞ്ഞെടുപ്പ് പ്രക്രിയയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനും തുടർനടപടികൾക്കുമായി കോ-ഓപ്പറേറ്റീവ് ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി സഹകരണ പ്രസ്ഥാനം ദീർഘവീക്ഷണമുള്ള സംഘടനാ മാതൃകയായി നിലകൊള്ളണം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി, ഈ മേഖല കൂടുതൽ സാങ്കേതികവിദ്യ ഉൾക്കൊള്ളുകയും സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെയുള്ള പുതിയ സംരംഭങ്ങൾക്ക് കൂടുതൽ ധനസഹായം ഉറപ്പാക്കുകയും വേണം. തങ്ങളുടെ അംഗങ്ങൾക്ക് ഡിജിറ്റൽ വായ്പ ഉൾപ്പെടെയുള്ള മികച്ച സേവനങ്ങൾ നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങൾക്ക് വിപുലമായ ഡാറ്റാ മാനേജ്മെന്റ് സംവിധാനങ്ങളും ഫിൻടെക് സൊല്യൂഷനുകളും സ്വീകരിക്കാവുന്നതാണ്. കർഷകർക്കും ചെറുകിട ഉൽപ്പാദകർക്കും വിപണി പ്രവേശനം മെച്ചപ്പെടുത്തി ഇടനിലക്കാരെ ഇല്ലാതാക്കുന്നതിനായി അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കാൻ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളും അവതരിപ്പിക്കാം.

# 3.3 കന്നുകാലി വികസനം

ആഗോള ഭക്ഷ്യവ്യവസ്ഥയുടെയും സമ്പദ്‌വ്യവസ്ഥയുടെയും ഒരു പ്രധാന ഭാഗമാണ് കന്നുകാലി മേഖല. മാത്രമല്ല, ഇത് നിരവധി ആളുകളുടെ ഉപജീവനമാർഗ്ഗത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു. ഭക്ഷ്യസുരക്ഷ, പോഷകാഹാരം, ദാരിദ്ര്യ നിർമാർജ്ജനം, തൊഴിൽ, സാമ്പത്തിക വളർച്ച എന്നിവയ്ക്ക് മുഖ്യ സംഭാവന ചെയ്യുന്ന ഈ മേഖല കാർഷിക മേഖലയുടെ ഒരു അവിഭാജ്യ ഘടകമാണ്. പാവപ്പെട്ടവർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും കുറഞ്ഞ വരുമാനക്കാർ ഉൾപ്പെടെയുള്ള വിഭാഗങ്ങൾക്കും, പ്രധാന സമ്പത്തും, സുരക്ഷാ വലയവും, കോടിക്കണക്കിന് ഗ്രാമീണ, നഗര കുടുംബങ്ങളുടെ പോഷണ സ്രോതസ്സുമാണ്. അതിനാൽ, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, രോഗ നിയന്ത്രണം, കാലിത്തീറ്റ ഉൽപ്പാദനം, മൂല്യവർദ്ധന, ശാസ്ത്രീയ പ്രജനന രീതികൾ സ്വീകരിക്കൽ എന്നിവയുടെ കാര്യത്തിൽ ഈ മേഖലയുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഗണ്യമായ വിഹിതം നൽകുന്നു.

ഇന്ത്യയിലെ കന്നുകാലി മേഖല ലോകത്തിലെ തന്നെ ഏറ്റവും വലിയതാണ്. 20-ാമത് കന്നുകാലി സെൻസസ് (2019) പ്രകാരം രാജ്യത്തെ മൊത്തം കന്നുകാലികളുടെ എണ്ണം 5368 ലക്ഷമാണ്. ഇത് 2012 ലെ കന്നുകാലി സെൻസസിനേക്കാൾ 4.8 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു.

20-ാമത് കന്നുകാലി സെൻസസ് (2019) പ്രകാരം സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം 29.1 ലക്ഷമാണ് (5.4 ശതമാനം). രാജ്യത്തെ ആകെ കോഴികളുടെ എണ്ണത്തിൻറെ 3.5 ശതമാനം വരുന്ന സംസ്ഥാനത്തെ കോഴികളുടെ എണ്ണം, 297.7 ലക്ഷമാണ്. മുൻകാല കന്നുകാലി സെൻസസിനെ അപേക്ഷിച്ച് (2012) 16.8 ശതമാനം വളർച്ചയാണ് കോഴികളുടെ എണ്ണത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ദേശീയ തലത്തിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതലാണ് കേരളത്തിലെ കോഴി വളർച്ചാ നിരക്ക് (22.6 ശതമാനം).

**ദേശീയ, സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കുള്ള സംഭാവന**

നാഷണൽ അക്കൌണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ് (എൻ എ എസ്) 2024 ന്റെ കണക്കുകൾ പ്രകാരം, മൊത്തം കാർഷിക, അനുബന്ധ മേഖലയിലെ കന്നുകാലി വളർത്തൽ മേഖലയിലെ സംഭാവന, സ്ഥിരമായ വിലയിൽ (2011-12), സാമ്പത്തിക പ്രവർത്തനങ്ങളുടെ മൊത്തം മൂല്യവർദ്ധനവ് (ജി വി എ) എന്നിവയുടെ അടിസ്ഥാനത്തിൽ, 2021-22 ലെ 30.21 ശതമാനത്തിൽ നിന്ന് 2022-23 ൽ 30.23 ശതമാനമായി വർദ്ധിച്ചു. 2022-23 ൽ അടിസ്ഥാന വിലയിൽ മൊത്ത മൂല്യവർദ്ധനയുടെ (ജി വി എ) 5.5 ശതമാനമായിരുന്നു കന്നുകാലി വളർത്തൽ മേഖലയുടെ സംഭാവന. കന്നുകാലി വളർത്തൽ മേഖലയുടെ സംഭാവന 5.72 ശതമാനത്തിൽ നിന്ന് 5.5 ശതമാനമായി കുറഞ്ഞു (സ്റ്റേറ്റ്മെന്റ് 1.6, നാഷണൽ അക്കൌണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ് (എൻ എ എസ്), 2024).

കേരളത്തിൽ, ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ അതിവേഗം വളരുന്ന മേഖലകളിലൊന്നാണ് കന്നുകാലി മേഖല. മൊത്തം കാർഷിക, അനുബന്ധ മേഖലകളിൽ കന്നുകാലി മേഖലയുടെ സംഭാവന നിലവിലെ 2011-12 വിലയിലെ മൊത്ത സംസ്ഥാന മൂല്യവർദ്ധന (ജി. എസ്. വി. എ) 27.97 ശതമാനമായിരുന്നു (ദ്രുത കണക്കുകൾ) (അനുബന്ധം 1.1.7 സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്, 2023-24). 2022-23 (പ്രൊവിഷണൽ) കാലയളവിൽ 2.76 ശതമാനവും, 2023-24 (ക്വിക്ക് എസ്റ്റിമേറ്റ്) കാലയളവിൽ 2.69 ശതമാനവുമാണ് സംസ്ഥാനത്തിന്റെ നിലവിലെ വിലകളിൽ മൊത്തം സംസ്ഥാന മൂല്യവർദ്ധനയുടെ (ജി. എസ്. വി. എ) വിഹിതം. വാസ്തവത്തിൽ, കന്നുകാലി മേഖലയിലെ ജി. എസ്. വി. എ (2011-12) സ്ഥിരവിലയിൽ, 2022-23 ൽ (പ്രൊവിഷണൽ)25,26,354 ലക്ഷമായിരുന്നു.

2023-24 ൽ ഇത് 27,62,961 ലക്ഷമായി (ക്വിക്ക് എസ്റ്റിമേറ്റ്) ഉയർന്നു (**അനുബന്ധം 1.1.7** സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്, 2023-24).

**കന്നുകാലി മേഖലയ്ക്ക് കീഴിലുള്ള പ്രധാന വകുപ്പുകളും ഏജൻസികളും**

മൃഗസംരക്ഷണ വകുപ്പ്, കേരള ഫീഡ്സ് ലിമിറ്റഡ് (കെ. എഫ്. എൽ), കേരള കന്നുകാലി വികസന ബോർഡ് (കെ. എൽ. ഡി. ബി), കേരള സംസ്ഥാന കോഴി വികസന കോർപ്പറേഷൻ (കെ. എസ്. പി. ഡി. സി), കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി (കെ. വി. എ. എസ്. യു), മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എം. പി. ഐ), ക്ഷീര വികസന വകുപ്പ്, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കെ. സി. എം. എം. എഫ്-മിൽമ) എന്നിവയാണ് കേരളത്തിലെ കന്നുകാലി മേഖലയ്ക്ക് കീഴിലുള്ള പ്രധാന വകുപ്പുകളും ഏജൻസികളും.

കേരളത്തിലെ മൃഗസംരക്ഷണ വകുപ്പ്, ഈ ഉപമേഖലയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. വെറ്ററിനറി സേവനങ്ങൾ, മൃഗങ്ങളുടെ ആരോഗ്യ സംരക്ഷണം, രോഗ നിർമ്മാർജനം, കന്നുകാലികൾ, ആടുകൾ, പന്നികൾ, കോഴികൾ എന്നിവയുടെ അഭിവൃദ്ധി, ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണം, കർഷകർക്കും, മൃഗഡോക്ടർമാർക്കുമായി വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ എന്നിവ നടത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുക, ജൈവവസ്തുക്കളുടെ ഉത്പാദനം എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ.

സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണവും ഗുണനിലവാരവും വർദ്ധിപ്പിക്കുക എന്നതാണ് വകുപ്പിന്റെ പ്രാഥമിക ലക്ഷ്യങ്ങൾ. പാൽ, മാംസം എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനം കന്നുകാലി വികസന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇവയിൽ ഏറ്റവും പ്രധാനം ക്രോസ് ബ്രീഡിംഗാണ്. കൂടാതെ, കോഴിവളർത്തൽ, പന്നികളുടെയും മുയലുകളുടെയും പ്രജനനം, ആടുകളെയും പോത്തുകളെയും വളർത്തൽ എന്നിവയ്ക്കുള്ള പദ്ധതികളും വകുപ്പ് പ്രദാനം ചെയ്യുന്നു. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ ഉൽപ്പാദന യൂണിറ്റ് മാനേജ്മെന്റിനെക്കുറിച്ച് കർഷകർക്ക് പരിശീലനം നൽകുന്നു. സ്ത്രീകൾക്ക് അവരുടെ കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി, കൈകാര്യം ചെയ്യാവുന്ന വലുപ്പത്തിലുള്ള, കന്നുകാലികളും കോഴികളും വളർത്തുവാനുള്ള പരിശീലനപരിപാടികൾ നൽകി വരുന്നു. ക്ഷീരോത്പാദനം, ആട് വളർത്തൽ, താറാവ് വളർത്തൽ, പന്നി വളർത്തൽ, ബ്രോയിലർ ഉൽപ്പാദനം, കാട വളർത്തൽ, വീട്ടു മുറ്റത്തെ കോഴി വളർത്തൽ എന്നിവ വകുപ്പ് നൽകുന്ന പരിശീലനങ്ങളിൽ ചിലതാണ്. പ്രധാന കന്നുകാലി ഉൽപ്പന്നങ്ങളായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം പ്രതിവർഷം കണക്കാക്കുന്നതിനായി വകുപ്പ് ക്വിൻക്വെന്നിയൽ അനിമൽ സെൻസസും, സംയോജിത സാമ്പിൾ സർവേയും നടത്തുന്നു.

14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, 214 വെറ്ററിനറി ആശുപത്രികൾ, 50 പോളി ക്ലിനിക്കുകൾ, 870 വെറ്ററിനറി ഡിസ്പെൻസറികൾ, 38 പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ, 1322 വെറ്ററിനറി സബ് സെന്ററുകൾ, 5 മൊബൈൽ വെറ്ററിനറി ആശുപത്രികൾ, 4 മൊബൈൽ വെറ്ററിനറി ഡിസ്പെൻസറികൾ, 20 വെറ്ററിനറി എയ്ഡ് സെന്ററുകൾ, 5 മൊബൈൽ ഫാം എയ്ഡ് യൂണിറ്റുകൾ, 10 കന്നുകാലി പരിപാലന പരിശീലന കേന്ദ്രങ്ങൾ, ഒരു മോട്ടോർ ബോട്ട് വെറ്ററിനറി ആശുപത്രി എന്നിവയിലൂടെയാണ് മൃഗസംരക്ഷണ വകുപ്പ് പ്രധാനമായും മൃഗസംരക്ഷണ സേവനങ്ങൾ നൽകുന്നത്. നിലവിലുള്ള സ്ഥാപനങ്ങളുടെ (വെറ്ററിനറി ഡിസ്പെൻസറികൾ/വെറ്ററിനറി ആശുപത്രികൾ) ഭാഗമായി ഇപ്പോൾ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പകർച്ചവ്യാധികൾ ഉന്മൂലനം ചെയ്യുന്നതിനായി മൃഗസംരക്ഷണ വകുപ്പ് പ്രാദേശിക സർക്കാരുകളുമായി ചേർന്ന് ഫലപ്രദവും സമയബന്ധിതവുമായ നടപടികൾ സ്വീകരിച്ചു വരുന്നു. കുളമ്പുരോഗ നിയന്ത്രണ പരിപാടി, 'റാബിസ് രഹിത കേരള' പ്രതിരോധ കുത്തിവയ്പ്പ് പരിപാടി, മൃഗങ്ങളുടെ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സംസ്ഥാനങ്ങൾക്കുള്ള സഹായം (എ. എസ്. സി. എ. ഡി), കോഴികൾക്കുള്ള പതിവായ പ്രതിരോധ കുത്തിവയ്പ്പുകൾ തുടങ്ങിയ വൻതോതിലുള്ള പ്രതിരോധ കുത്തിവയ്പ്പ് കാമ്പെയ്നുകൾ നടത്തുന്നുണ്ട്.

കേരള സർക്കാരിന്റെ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള ഫീഡ്സ് ലിമിറ്റഡ് (കെ. എഫ്. എൽ). ക്ഷീരകർഷകർക്ക് താങ്ങാനാവുന്ന നിരക്കിൽ നല്ല നിലവാരമുള്ള സംയോജിത കന്നുകാലി തീറ്റയും, തീറ്റ സപ്ലിമെന്റുകളും ഉൽപ്പാദിപ്പിക്കാനും, വിൽക്കാനും കമ്പനി പ്രതിജ്ഞാബദ്ധമാണ്. കൂടാതെ, സ്വകാര്യ ഡീലർമാരുടേയും, സൊസൈറ്റികളുടേയും ശക്തവും, സ്ഥാപിതവുമായ ശൃംഖലയിലൂടെ തീറ്റകളും അനുബന്ധ പോഷകങ്ങളും സമയബന്ധിതമായി വിതരണം ചെയ്തുകൊണ്ട് സംസ്ഥാനത്തിനാവശ്യമായ കന്നുകാലി തീറ്റയുടെ പ്രധാന പങ്ക് ഉൽപാദിപ്പിക്കുന്നു.

കേരള കന്നുകാലി വികസന ബോർഡ് (കെ. എൽ. ഡി. ബി) സംസ്ഥാനത്തിന്റെ പ്രജനന നയത്തിന് അനുസൃതമായി കന്നുകാലി പ്രജനനത്തിന് ആവശ്യമായ വിവരങ്ങൾ നൽകുകയും, ലാഭകരമായ പാൽ ഉൽപാദനത്തെ പിന്തുണയ്ക്കുന്നതിനായി സാഹചര്യകൾക്കനുസരിച് കാലിത്തീറ്റ ഉൽപാദനം പ്രോത്സാഹിപ്പിക്കുകയും, മൃഗസംരക്ഷണത്തിലും, കാലിത്തീറ്റ ഉൽപാദനത്തിലും, പരിശീലന കോഴ്സുകൾ വിഭാവനം ചെയ്യുകയും ചെയ്യുന്നു. തിരഞ്ഞെടുത്ത ബ്രീഡിംഗ് സ്റ്റോക്കിന്റെ ഉൽപാദനത്തിലൂടെയും, വിതരണത്തിലൂടെയും മലബാറി ആടുകളെ വികസിപ്പിക്കുകയും, പ്രജനനത്തിനും കൊഴുപ്പിനും നല്ല നിലവാരമുള്ള പന്നികളെ ഉത്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു.

കേരള സംസ്ഥാന കോഴി വികസന കോർപ്പറേഷൻ (കെ. എസ്. പി. ഡി. സി) കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനമാണ്. പ്രാഥമികമായി, സംസ്ഥാനത്തെ കോഴി വ്യവസായത്തെ മുന്നോട്ട്

നയിക്കുന്നതിന് കൂടുതൽ വേഗതയും, ഊന്നലും നൽകുന്നു. കേരളത്തിലെ കോഴി വളർത്തൽ മേഖലയുടെ ഉന്നമനത്തിനും, വികസനത്തിനും കോർപ്പറേഷൻ ഊന്നൽ നൽകുന്നുണ്ട്.

അറവുശാലകൾ, മൃഗങ്ങൾ, പക്ഷി വളർത്തൽ ഫാമുകൾ, റെൻഡറിംഗ് പ്ലാന്റുകൾ, ഫീഡ് മിക്സിംഗ് പ്ലാന്റുകൾ, സെയിൽസ് ഔട്ട്ലെറ്റുകൾ, കോൾഡ് സ്റ്റോറേജുകൾ, മൂല്യവർദ്ധിത മാംസോത്പന്നങ്ങൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള പ്ലാന്റുകൾ മുതലായവ, എല്ലാ ഭക്ഷ്യ സുരക്ഷാ നിയമങ്ങളും, മൃഗക്ഷേമ നിയന്ത്രണങ്ങളും പാലിച്ചുകൊണ്ട് സുരക്ഷിതവും, ആരോഗ്യകരവുമായ മാംസം, മാംസോത്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുക, പ്രോസസ്സ് ചെയ്യുക, വിപണനം ചെയ്യുക എന്ന പ്രധാന ലക്ഷ്യത്തോടെ പൂർണ്ണമായും സർക്കാർ ഉടമസ്ഥതിയിൽ സ്ഥാപിച്ച കമ്പനിയാണ് മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എം.പി.ഐ).

2010 ജൂൺ 14 ന് നിലവിൽ വന്ന കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി (കെ. വി. എ. എസ്. യു) മൃഗങ്ങളുടെ ഉൽപ്പാദന മേഖലയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും, മൃഗങ്ങളുടെ ആരോഗ്യം, ഉൽപ്പാദനം, അനുബന്ധ വിഷയങ്ങൾ എന്നീ മേഖലകളിൽ അക്കാദമിക് അവസരങ്ങൾ, പ്രായോഗിക ഗവേഷണം, സംരംഭകത്വം എന്നിവയുടെ മേഖല വിപുലീകരിക്കുന്നതിനുള്ള അംഗീകാരത്തിന്റെ ഫലമാണ്.

ക്ഷീരവികസന വകുപ്പിന്റെ പ്രഥമ ഊന്നൽ, സംസ്ഥാനത്തെ ഏതാനും പ്രധാന കേന്ദ്രങ്ങളിൽ സംസ്കരണ സൗകര്യകൾ സ്ഥാപിക്കുക എന്നതായിരുന്നു. കാലിത്തീറ്റ വികസന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസി കൂടിയായ ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് സംസ്ഥാനത്തെ ക്ഷീരമേഖലയുടെ സമഗ്രവികസനത്തിലാണ്. സംഭരണ തലത്തിൽ ശുദ്ധവും, സുരക്ഷിതവും, ഗുണനിലവാരമുള്ളതുമായ പാൽ ഉറപ്പാക്കുന്നതിലും, സംസ്ഥാനത്തെ ഉപഭോക്താക്കൾക്കും അതേ ഗുണമേന്മ ഉറപ്പാക്കുന്നതിലുമാണ് വകുപ്പിന്റെ ഗുണനിലവാര നിയന്ത്രണ പ്രവർത്തനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.


നാഷണൽ ഡയറി പ്രോഗ്രാം 'ഓപ്പറേഷൻ ഫ്ലഡിന്റെ' സംസ്ഥാന അനുബന്ധമായി 1980 ൽ രൂപീകരിച്ച കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെസിഎംഎംഎഫ്-മിൽമ) ഒരു ത്രിതല സംഘടനയാണ്. തിരുവനന്തപുരം മേഖലയ്ക്ക് കീഴിൽ ടി. ആർ. സി. എം. പി. യു, എറണാകുളം മേഖലയ്ക്ക് കീഴിൽ ഇ. ആർ. സി. എം. പി. യു, മലബാർ മേഖലയ്ക്ക് കീഴിൽ എം. ആർ. സി. എം. പി. യു എന്നീ മൂന്ന് മേഖലാ സഹകരണ പാൽ ഉല്പാദന യൂണിറ്റുകളുടെ കീഴിലാണ് പ്രാഥമിക സംഘങ്ങൾ പ്രവർത്തിക്കുന്നത്. മൃഗസംരക്ഷണ മേഖലയുടെ സാമ്പത്തിക പ്രകടനം **പട്ടിക 3.3.1** ൽ കാണിച്ചിരിക്കുന്നു.

2023-24-ൽ കന്നുകാലി മേഖലയുടെ മൊത്തം അടങ്കൽ 42549 ലക്ഷം രൂപയും, മൊത്തം ചെലവ് 21249.61 ലക്ഷം രൂപയും (49.94 ശതമാനം) ആയിരുന്നു. 21.10.2024 ലേ കണക്കനുസരിച് 2024-25 ലേ മൊത്തം അടങ്കൽ 39240 ലക്ഷം രൂപയും, മൊത്തം ചെലവ് 7640.91 ലക്ഷം രൂപയുമാണ് (19.47 ശതമാനം). 2016-17 മുതൽ 2023-24 വരെ കേരളത്തിലുണ്ടായ പ്രധാന പകർച്ചവ്യാധികളുടെ വ്യാപനം, ആക്രമണം അതിലൂടെ ഉണ്ടായ കന്നുകാലികളുടെ മരണം, എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 3.3.1** ൽ നൽകിയിരിക്കുന്നു.

### കേരളത്തിലെ പ്രധാന കന്നുകാലി ഉൽപ്പന്നങ്ങൾ

പാൽ, മാംസം, മുട്ട എന്നിവയാണ് സംസ്ഥാനത്തെ പ്രധാന കന്നുകാലി ഉൽപ്പന്നങ്ങൾ. 2018-19 മുതൽ 2023-24 വരെയുള്ള കാലയളവിൽ ഈ മൂന്ന് കന്നുകാലി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം **ചിത്രം 3.3.1** ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 3.3.1** 2018-19 മുതൽ 2023-24 വരെയുള്ള പാൽ, മുട്ട, മാസം എന്നിവയുടെ ഉല്പാദനം




**അവലംബം:** കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ, 2024

**പട്ടിക 3.3.1** പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ മൂന്ന് വർഷങ്ങളിലെ വകുപ്പ്/ഏജൻസി തിരിച്ചുള്ള അടങ്കലും ചെലവും (ലക്ഷത്തിലും ശതമാനത്തിലും)

| | | 2022–23 | | | 2023–24 | | | 2024–25 21.10.24 വരെ | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | വകുപ്പ് / പി.എസ്.യു | വിഹിതം | ചെലവ് | ചെലവ് (%) | വിഹിതം | ചെലവ് | ചെലവ് (%) | വിഹിതം | ചെലവ് | ചെലവ് (%) |
| 1 | മൃഗസംരക്ഷണ വകുപ്പ് | 17434.02 | 10708.07 | 61.42 | 16805.00 | 9148.96 | 54.44 | 14364.44 | 2796.27 | 19.47 |
| 2 | കേരള ഫീഡ്സ് ലിമിറ്റഡ് (കെഎഫ്എൽ) | 1000.00 | 800.00 | 80.00 | 2000.00 | 618.26 | 30.91 | 1620.00 | 444.26 | 27.42 |
| 3 | കേരള കന്നുകാലി വികസന ബോർഡ് (കെഎൽഡിബി) | 2346.98 | 1553.66 | 66.20 | 2968.00 | 1798.34 | 60.59 | 3146.56 | 788.24 | 25.05 |
| 4 | കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്പി ഡിസി ) | 750.00 | 595.64 | 79.42 | 700.00 | 371.00 | 53.00 | 900.00 | 80.00 | 8.89 |
| 5 | കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (കെവാസു) | 6342.00 | 3430.24 | 54.09 | 6500.00 | 2930.89 | 45.09 | 5700.00 | 1295.91 | 22.74 |
| 6 | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എംപിഐ) | 3950.00 | 186.00 | 4.71 | 1350.00 | 450.00 | 33.33 | 1714.00 | 624.00 | 36.41 |
| 7 | ക്ഷീര വികസന വകുപ്പ് | 9931.00 | 7154.73 | 72.04 | 11476.00 | 5444.67 | 47.44 | 10925.00 | 1612.23 | 14.76 |
| 8 | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെസിഎം എംഎഫ്) | 750.00 | 308.13 | 41.08 | 750.00 | 487.49 | 65.00 | 870.00 | 0.00 | 0.00 |
| | **ആകെ** | **42504.00** | **24736.47** | **58.20** | **42549.00** | **21249.61** | **49.94** | **39240.00** | **7640.91** | **19.47** |

***അവലംബം:*** കേരള സംസ്ഥാന ആസൂത്രണ ബോർഡ്

2022-23 നെ അപേക്ഷിച്ച് 2023-24 ൽ പാൽ, മുട്ട എന്നിവയുടെ ഉൽപാദനം കുറഞ്ഞു. കേരളത്തിലെ പശുക്കളാണ് ഇന്ത്യയിൽ ഉയർന്ന ഉല്പാദനം നൽകുന്ന ഇനങ്ങൾ. തീറ്റ പുല്ലിന്റെ ലഭ്യതയിലെ കുറവും, കന്നുകാലികളുടെ തീറ്റയുടെ ഉയർന്ന വിലയുമാണ്, പശുക്കൾക്ക് തീറ്റ ലഭിക്കാത്തതിന്റെ പ്രധാന കാരണങ്ങൾ. അതിന്റെ ഫലമായി പാൽ ഉൽപാദനം കുറഞ്ഞു (ക്ഷീര വികസന വകുപ്പ്, കേരള സർക്കാർ). വലിയ കോഴി ഫാമുകൾ ആരംഭിക്കാനുള്ള മതിയായ ഭൂമിയുടെ അഭാവം, ഉയർന്ന വേതനവും തീറ്റച്ചെലവും, കോഴികളുടെ എണ്ണത്തിലെ കുറവ്, ഗുണനിലവാരമുള്ള വീട്ടുമുറ്റത്തെ കോഴി കുഞ്ഞുങ്ങളുടെ അഭാവം, കുറഞ്ഞ വിലയ്ക്ക് മുട്ടകളുടെ വരവ്, ഗുണനിലവാരമുള്ള തീറ്റയുടെ അഭാവം, അനുയോജ്യമായ വിലയ്ക്ക് ബ്രോയിലർ ഡേ-ഓൾഡ്-കുഞ്ഞുങ്ങളേ ലഭ്യമാകാത്തത്, വാണിജ്യ മുട്ട ഉൽപാദനത്തിന്റെ അഭാവം എന്നിവയാണ് സംസ്ഥാനത്തെ മുട്ട ഉൽപാദനം കുറയ്ക്കുന്നതിന് കാരണമായത് (കേരള സംസ്ഥാന കോഴി വികസന കോർപ്പറേഷൻ).

### പാലുല്പാദനം

പാൽ, പാൽ ഉൽപ്പന്നങ്ങളിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്. അതായത് 98.11 കോടി ടൺ വരുന്ന ആഗോള പാൽ ഉത്പാദനത്തിന്റെ 24.76 ശതമാനം വരുന്ന 23.93 കോടി ടൺ പാലും, പാൽ ഉത്പന്നങ്ങളും ഇന്ത്യയിൽ നിന്നുള്ളതാണ്. ദേശീയ തലത്തിൽ, പാൽ, പാൽ ഉൽപ്പന്നങ്ങൾ 2022-23 ലെ 23.64 കോടി ടണ്ണിൽ നിന്ന് 2023-24 ൽ 24.3 കോടി ടണ്ണായി ഉയർന്ന്, 2.68 ശതമാനം വളർച്ച രേഖപ്പെടുത്തി (ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ-ക്ഷീര


വിപണി അവലോകനം, 2024). 6 ശതമാനം സംയോജിത വാർഷിക വളർച്ചാ നിരക്കിൽ (കോമ്പൗണ്ട് വാർഷിക വളർച്ചാ നിരക്ക്) കഴിഞ്ഞ ദശകത്തിൽ ഇന്ത്യയുടെ പാൽ ഉൽപാദനം ഗണ്യമായി വർദ്ധിച്ചു (പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ, കേന്ദ്ര സർക്കാർ). വിദേശ ക്രോസ് ബ്രീഡിന് പ്രതിദിനം ഒരു മൃഗത്തിന് ശരാശരി ഉത്പാദനം 8.43 കിലോഗ്രാമാണ്. തദ്ദേശയിന, സങ്കരയിനങ്ങളുടെ ഉത്പാദനം പ്രതിദിനം 3.54 കിലോഗ്രാമാണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2024).

ഇന്ത്യയിൽ ആളോഹരി പാൽ ലഭ്യത 2023-24 ൽ പ്രതിദിനം 471 ഗ്രാമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, ഇത് ആഗോള ശരാശരിയായ പ്രതിദിനം 329 ഗ്രാമിനേക്കാൾ വളരെ കൂടുതലാണ് (ഫുഡ് ഔട്ട്ലുക്ക് നവംബർ 2024). ഏറ്റവും കൂടുതൽ ആളോഹരി ലഭ്യത പഞ്ചാബിലാണ് (പ്രതിദിനം 1245 ഗ്രാം), തൊട്ടുപിന്നാലെ രാജസ്ഥാൻ (പ്രതിദിനം 1171 ഗ്രാം). രാജ്യത്തെ മൊത്തം പാൽ ഉൽപാദനത്തിന്റെ 31.49 ശതമാനം ലഭിക്കുന്നത് തദ്ദേശീയ എരുമകൾ, 31.11 ശതമാനം ക്രോസ് ബ്രീഡ് കന്നുകാലികൾ എന്നിവയിലൂടെയാണ്. രാജ്യത്തെ മൊത്തം പാൽ ഉൽപാദനത്തിന്റെ 11.36 ശതമാനവും തദ്ദേശീയകന്നുകാലികളിൽ നിന്നും ലഭ്യമാകുന്നു. മൊത്തം പാൽ ഉൽപാദനത്തിന്റെ 3.36 ശതമാനം ആട്ടിൻ പാലാണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2024)

പാൽ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ കേരളം പതിനഞ്ചാം സ്ഥാനത്താണ്. കേരളത്തിലെ ആളോഹരി ലഭ്യത പ്രതിദിനം 197 ഗ്രാമാണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2024). 2023-24 ൽ കേരളത്തിൻറെ മൊത്തം പാലിന്റെ ആവശ്യം 31.75 ലക്ഷം മെട്രിക് ടൺ ആയിരുന്നു. എന്നാൽ വാർഷിക ഉത്പാദനം 25.32 ലക്ഷം മെട്രിക് ടൺ മാത്രമായിരുന്നു. ഈ മേഖലയിലെ സ്വയംപര്യാപ്തതയുടെ കാര്യത്തിൽ സംസ്ഥാനത്തിന് 20 ശതമാനം കുറവുണ്ട്. അതിനാൽ പ്രതിവർഷം ഏകദേശം 6.43 ലക്ഷം മെട്രിക് ടൺ വിടവുണ്ട് (ക്ഷീര വികസന വകുപ്പ്, കേരള സർക്കാർ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന 21.33 മെട്രിക് ടൺ പാലിൽ, 20.02 മെട്രിക് ടൺ ഉൽപ്പാദിപ്പിക്കുന്നത് ക്രോസ് ബ്രീഡ് കന്നുകാലികളാണ് (94 ശതമാനം). തദ്ദേശീയ കന്നുകാലികൾ 0.96 മെട്രിക് ടൺ പാൽ മാത്രമാണ് ഉത്പാദിപ്പിച്ചത് (0.45 ശതമാനം). സങ്കരയിനം കന്നുകാലികളുടെ സംഭാവന 1.92 മെട്രിക് ടൺ (0.90 ശതമാനം) ആയിരുന്നു. ആടുകളിൽ നിന്നുള്ള പാൽ ഉൽപാദനം 0.96 മെട്രിക് ടൺ (4.52 ശതമാനം) ആയിരുന്നു. തദ്ദേശീയവും സങ്കരയിനം എരുമകൾ ബാക്കിയുള്ളവ സംഭാവന ചെയ്തു (മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ). 2023-24 ലെ കേരളത്തിലെ ഗണംതിരിച്ചുള്ള പാൽ ഉൽപാദനത്തിന്റെ വിശദാംശങ്ങൾ **ചിത്രം 3.3.2** ൽ നൽകിയിരിക്കുന്നു.

പ്രധാന പാൽ ഉൽപ്പാദന സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കന്നുകാലികളുടെ എണ്ണം കുറവാണെങ്കിലും കേരളത്തിലെ കന്നുകാലി ഉൽപ്പാദനക്ഷമത ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. 2022-23 ൽ ഇന്ത്യയിൽ വിദേശ/ക്രോസ് ബ്രീഡ് പശുക്കളുടെ ശരാശരി ഉൽപ്പാദനക്ഷമത പ്രതിദിനം 8.55 കിലോഗ്രാം/ദിനം മൃഗം ആയിരുന്നു. തദ്ദേശീയ കന്നുകാലികൾക്കും നോൺഡിസ്ക്രിപ്റ്റ് കന്നുകാലികൾക്കും ഇത് പ്രതിദിനം 3.44 കിലോഗ്രാം/ദിനം/മൃഗം ആയിരുന്നു. കേരളത്തിൽ വിദേശ, ക്രോസ് ബ്രീഡ് ഇനങ്ങളിൽ നിന്നുള്ള ഉൽപ്പാദന നിരക്ക് പ്രതിദിനം 10.77 കിലോഗ്രാം/ദിനം/മൃഗം തദ്ദേശീയ, സങ്കരയിന വിഭാഗങ്ങളിൽ നിന്നുള്ളത് 3.21 കിലോഗ്രാം/ദിനം/മൃഗം ദിവസവും ആയിരുന്നു. പഞ്ചാബ് പ്രതിദിനം 13.49 കിലോഗ്രാം, ചണ്ഡീഗഡ് പ്രതിദിനം 12.22 കിലോഗ്രാം/ദിനം/മൃഗം (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ 2023) കഴിഞ്ഞാൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇത് മൂന്നാമത്തെ ഉയർന്ന നിരക്കാണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ എണ്ണത്തിൽ വിദേശ, ക്രോസ് ബ്രീഡ് മൃഗങ്ങളുടെ ഉയർന്ന ശതമാനമാണ് കേരളത്തിന് ഈ നേട്ടം നൽകിയത്. ക്ഷീര സഹകരണ സംഘങ്ങൾ 2023-24 വർഷത്തിൽ 6.78 ലക്ഷം മെട്രിക് ടൺ പാൽ (പ്രതിദിനം 18.6 ലക്ഷം ലിറ്റർ) സംഭരിച്ചു.

**ചിത്രം 3.3.2** കേരളത്തിലെ ഇനം തിരിച്ചുള്ള പാൽ ഉല്പാദനം, 2023-24




**അവലംബം:** മൃഗസംരക്ഷണ ഡയറക്ടറേറ്റ്, കേരളം സർക്കാർ 2024

### മുട്ടയുല്പാദനം

ഇന്ത്യയിലെ മുട്ട, മാംസ ഉൽപ്പാദനം കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി അശാസ്ത്രീയ കാർഷിക രീതികളിൽ നിന്ന് അത്യാധുനിക സാങ്കേതിക ഇടപെടലുകളുടെ സഹായത്തോടെ വാണിജ്യ ഉൽപാദന സംവിധാനങ്ങളിലേക്ക് ഉയർന്നുവന്നിട്ടുണ്ട്. ഭക്ഷ്യ കാർഷിക

സംഘടന സ്ഥിതിവിവരക്കണക്കുകൾ (എഫ്.എ.ഒ.) അനുസരിച്ച് മുട്ട ഉൽപാദനത്തിൽ ഇന്ത്യ ആഗോളതലത്തിൽ മൂന്നാം സ്ഥാനത്താണ് (ഉൽപാദന ഡാറ്റ, 2023). ഇന്ത്യയിലെ മൊത്തം മുട്ട ഉൽപാദനം 2021-22 ലെ 1,29,600 കോടിയിൽ നിന്ന് 2022-23 ൽ 1,38,376 കോടിയായി ഉയർന്ന് 6.77 ശതമാനം വളർച്ച രേഖപ്പെടുത്തി. 2000-01 മുതൽ മുട്ടയുടെ ആളോഹരി ലഭ്യതയിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2023-24 ൽ ഏറ്റവും കൂടുതൽ മുട്ട ഉൽപ്പാദിപ്പിച്ചത് ആന്ധ്രാപ്രദേശാണ്. ഇത് രാജ്യത്തെ മൊത്തം മുട്ട ഉൽപാദനത്തിന്റെ 17.85 ശതമാനമാണ്. തുടർന്ന് തമിഴ്നാട് (15.64 ശതമാനം), തെലങ്കാന (12.87 ശതമാനം) എന്നിവയാണ്. രാജ്യത്തിന്റെ മുട്ട ഉൽപാദനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന മറ്റ് സംസ്ഥാനങ്ങൾ പശ്ചിമ ബംഗാൾ (11.37 ശതമാനം), കർണാടക (6.63 ശതമാനം) എന്നിവയാണ്. രാജ്യത്തെ മൊത്തം മുട്ട ഉൽപ്പാദനത്തിന്റെ 1.68 ശതമാനമാണ് കേരളത്തിന്റെ സംഭാവന. മുട്ടയുടെ ആളോഹരി ലഭ്യത ഏറ്റവും ഉയർന്നത് ആന്ധ്രാപ്രദേശിലാണ് (പ്രതിവർഷം 479 മുട്ടകൾ). തുടർന്ന് തെലങ്കാന (പ്രതിവർഷം 483 മുട്ടകൾ), തമിഴ്നാട് (പ്രതിവർഷം 291 മുട്ടകൾ) എന്നീ സംസ്ഥാനങ്ങളാണ്. (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2024).

ഇന്ത്യയിൽ, മുട്ട ഉൽപ്പാദനത്തിൽ കേരളം 14-ാം സ്ഥാനത്താണ്. മുട്ട ഉൽപ്പാദനം 2022-23 ലെ 22.48 കോടിയിൽ നിന്ന് 2023-24 ൽ 24.05 കോടിയായി ഉയർന്നു (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2024). നമ്മുടെ സംസ്ഥാനത്ത് ആളോഹരി മുട്ടകളുടെ ലഭ്യത 2023-24 ൽ പ്രതിവർഷം 67 എണ്ണമായിരിന്നു. ഇത് രാജ്യ ശരാശരിയായ പ്രതിവർഷം 103 മുട്ടകളേക്കാൾ കുറവാണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2024). 2024-25 കാലയളവിൽ (31.08.2024 വരെ) വിവിധ പദ്ധതികളിലൂടെ കേരള സംസ്ഥാന കോഴി വികസന കോർപ്പറേഷൻ (കെ. എസ്. പി. ഡി. സി) പ്രതിവർഷം ഉത്പാദിപ്പിക്കുന്ന മുട്ട (180 മുട്ട/പക്ഷി), (300 മുട്ട/പക്ഷി) എന്നിവയുടെ എണ്ണം 62,10,720 ആണ്. 2023-24 കാലയളവിൽ ഇത് 1,85,65,470 ആയിരുന്നു. 2024-25 ൽ മുട്ട വിൽപ്പനയിൽ നിന്നുള്ള വരുമാനം (രൂപ 8/ മുട്ട) 4,96,85,760/- രൂപയായിരുന്നു. 2023-24 കാലയളവിൽ ഇത് 14,85,23,760/- രൂപയായിരുന്നു. 2024-25 വർഷത്തിൽ, കേരളത്തിൽ മുട്ട ഉൽപാദനത്തിലും, മുട്ട വിൽപ്പനയിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിലും ഇടിവുണ്ടായി. വിതരണം ചെയ്ത കോഴികളുടെ യഥാർത്ഥ എണ്ണം 1,08,570 (2023-24) ൽ നിന്നും 36,320 (2024-25) ആയി കുറഞ്ഞതായി കാണുന്നു.

അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്ക്, 2024 അനുസരിച്ച്, സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന മൊത്തം മുട്ടകളിൽ 44.38 ശതമാനം മെച്ചപ്പെട്ടയിനം താറാവുകളിൽ നിന്നും, 32.43 ശതമാനം മെച്ചപ്പെട്ടയിനം കോഴികളിൽ നിന്നും, 4.07 ശതമാനം തദ്ദേശീയ താറാവുകളിൽ നിന്നും, 2.09 ശതമാനം തദ്ദേശീയ കോഴികളിൽ നിന്നുമാണ്.


**മാംസോത്പാദനം**

2024 ൽ പ്രസിദ്ധീകരിച്ച മാംസം മാർക്കറ്റ് റിവ്യൂ 2023-24 പ്രകാരം ആഗോള മാംസോത്പാദനം 2023 ൽ 1.5 ശതമാനം വർദ്ധിച്ച് 371 ദശലക്ഷം ടണ്ണായി (ജന്തുക്കളുടെ ശവഭാരത്തിന് തുല്യം). നമ്മുടെ രാജ്യത്ത് കഴിഞ്ഞ പത്ത് വർഷമായി മാംസോത്പാദനം ക്രമാതീതമായ വർദ്ധനവിന് സാക്ഷ്യം വഹിക്കുന്നു. ലോകത്തിൽ മാംസം ഉൽപ്പാദിപ്പിക്കുന്നതിൽ ഇന്ത്യ അഞ്ചാം സ്ഥാനത്താണ്. രാജ്യത്തെ മാംസോത്പാദനം 2022-23 ലെ 9.77 ദശലക്ഷം ടണ്ണിൽ നിന്നും 2023-24 ൽ 10.25 ദശലക്ഷം ടണ്ണായി (5.1 ശതമാനം) വർദ്ധിച്ചു. 2023-24-ൽ രാജ്യത്ത് ഏറ്റവും കൂടുതൽ മാംസം ഉൽപ്പാദിപ്പിച്ചത് പശ്ചിമ ബംഗാളാണ്, മൊത്തം മാംസോത്പാദനത്തിന്റെ 12.62 ശതമാനം. തുടർന്ന് ഉത്തർപ്രദേശ് (12.29 ശതമാനം), മഹാരാഷ്ട്ര (11.28 ശതമാനം), തെലങ്കാന (10.85 ശതമാനം), ആന്ധ്രാപ്രദേശ് (10.42 ശതമാനം) എന്നിങ്ങനെയാണ്. ഈ കാലയളവിൽ രാജ്യത്തെ മൊത്തം ഇറച്ചി ഉൽപാദനത്തിന്റെ 57.9 ശതമാനവും സംഭാവന ചെയ്തത് ഈ സംസ്ഥാനങ്ങളാണ്. രാജ്യത്തെ മൊത്തം ഇറച്ചി ഉൽപാദനത്തിൽ കേരളത്തിന്റെ സംഭാവന 2023-24 ൽ 5.05 ശതമാനമായിരുന്നു (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2024). 2023-24 വർഷത്തിൽ രാജ്യത്തെ ഇറച്ചി ഉൽപാദനത്തിന്റെ 48.95 ശതമാനവും കോഴിയിറച്ചിയാണ് എന്ന് ഇനം തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നു. 2023-24 ൽ യഥാക്രമം, പശ്ചിമ ബംഗാൾ (12.62 ശതമാനം), ഉത്തർപ്രദേശ് (12.29 ശതമാനം), മഹാരാഷ്ട്ര (11.28 ശതമാനം) എന്നീ സംസ്ഥാനങ്ങളാണ് രാജ്യത്ത് ഏറ്റവും കൂടുതൽ മാംസം ഉൽപ്പാദിപ്പിച്ചത്. മൊത്തം ഇറച്ചി ഉൽപ്പാദനത്തിൽ കേരളത്തിന്റെ സംഭാവന 5.05 ശതമാനമാണ്. ഇന്ത്യയുടെ മൊത്തം ഇറച്ചി ഉൽപാദനത്തിൽ കന്നുകാലികളിൽ നിന്നും എരുമകളിൽ നിന്നുമുള്ള മാംസം യഥാക്രമം 2.6 ശതമാനവും, 18.08 ശതമാനവുമാണ്. കോലാടുകൾ(15.49 ശതമാനം), ചെമ്മെരിയാടുകൾ (11.13 ശതമാനം), പന്നികൾ (3.72 ശതമാനം), കോഴികൾ (47.19 ശതമാനം) എന്നിങ്ങനെയാണ്. കേരളത്തിൽ ഭൂരിഭാഗം ഇറച്ചിയും കോഴികളിൽ നിന്നാണ് ഉൽപ്പാദിപ്പിക്കുന്നത്, 2023-24 ൽ ഇത് 47.19 ശതമാനമാണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2024).

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ രണ്ട് വർഷങ്ങളിൽ കേരളത്തിൽ ഇറച്ചി ഉൽപ്പാദനം 10.82 മെട്രിക് ടൺ ആയിരുന്നു. 2023-24 ൽ സംസ്ഥാനത്തെ മൊത്തം ഇറച്ചി ഉൽപ്പാദനം 6.08 ലക്ഷം മെട്രിക് ടണ്ണും മൊത്തം ഇറച്ചിയുടെ ആവശ്യം 8.80 ലക്ഷം മെട്രിക് ടണ്ണുമായിരുന്നു. സംസ്ഥാനത്തെ ഇറച്ചിയുടെ ആവശ്യം അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ 'കേരള ചിക്കൻ' പദ്ധതി വിപുലീകരിക്കേണ്ടത് അത്യാവശ്യമാണ്. കേരള ചിക്കൻ എന്ന ബ്രാൻഡ് നാമത്തിൽ കേരളത്തിലുടനീളമുള്ള ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള ബ്രോയിലർ ചിക്കൻ മാംസം ലഭ്യമാക്കുന്നതിനായി കേരള സർക്കാർ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണിത്. മൃഗസംരക്ഷണ

വകുപ്പ്, കേരള സംസ്ഥാന കോഴി വികസന കോർപ്പറേഷൻ (കെ. എസ്. പി. ഡി. സി), മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എം. പി. ഐ), കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെയാണ് 2017 നവംബറിൽ ഈ പദ്ധതി ആരംഭിച്ചത്. ഈ പദ്ധതിക്ക് കീഴിൽ, കേരളത്തിലുടനീളം ബ്രോയിലർ ചിക്കൻ ഫാമുകൾ സ്ഥാപിക്കുക, ബ്രീഡർ യൂണിറ്റുകൾ, ഹാച്ചറികൾ, തീറ്റ വിതരണ യൂണിറ്റുകൾ, അറവുശാലകൾ, ബ്ലാസ്റ്റ് ഫ്രീസറുകൾ, റെൻഡറിംഗ് പ്ലാന്റുകൾ, കോൾഡ് സ്റ്റോറേജുകൾ തുടങ്ങിയ അടിസ്ഥാന സ്വകര്യങ്ങൾ സ്ഥാപിക്കുക, "കേരള ചിക്കൻ" എന്ന ബ്രാൻഡ് നാമത്തിൽ വിപണനം, കുടുംബശ്രീ ഉൾപ്പെടെയുള്ള ഔട്ട്‌ലറ്റുകൾ വഴി വിൽപ്പന എന്നിവയാണ് കേരള സർക്കാർ വിഭാവനം ചെയ്യുന്നത്. കന്നുകുട്ടികളുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും ഇക്കാര്യത്തിൽ വിഭാവനം ചെയ്യേണ്ടതുണ്ട്. കേരളത്തിലെ ഇനം തിരിച്ചുള്ള മാംസോല്പ്പാദനം **ചിത്രം 3.3.3** ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 3.3.3** കേരളത്തിലെ ഇനം തിരിച്ചുള്ള മാംസ ഉല്പാദനം, 2023-24




**അവലംബം:** മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ 2024

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന 6.09 മെട്രിക് ടൺ മാംസ ഉത്പാദനത്തിൽ പോത്ത് (43 ശതമാനം), കോഴി (41 ശതമാനം), കന്നുകാലികൾ (11 ശതമാനം), പന്നി (4 ശതമാനം), ആട് (1 ശതമാനം) എന്നിവയിൽ നിന്നാണ് പ്രധാന പങ്ക് ലഭിക്കുന്നത്. കേരളത്തിലെ ഇറച്ചി മേഖലയുടെ യഥാർത്ഥ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടില്ല. കേരളത്തിൽ മാംസത്തിന്റെ ആവശ്യകത നിറവേറ്റുന്നത്, പ്രത്യേകിച്ച് ഗോമാംസത്തിന്റെ, സംസ്ഥാനത്തിന് പുറത്ത് നിന്ന് ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്ന് അറക്കുവാനായി കൊണ്ടുവരുന്ന മൃഗങ്ങളിൽ നിന്നാണ് ലഭ്യമാകുന്നത്.

സുരക്ഷിതവും ആരോഗ്യകരവുമായ മാംസം ഉൽപ്പാദിപ്പിക്കുന്നതിന്, അറവു പ്രവർത്തനങ്ങൾക്കായി ആധുനിക ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുക, മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുക, ഈ മേഖലയിൽ പരിശീലനം ലഭിച്ച മാനവ വിഭവശേഷി വികസനം ശക്തിപ്പെടുത്തുക എന്നിവ അത്യാവശ്യമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ (എൽ. എസ്. ജി.) സഹായത്തോടെ സർക്കാർ പി. പി. പി. മോഡിൽ 40 റെൻഡറിംഗ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ, പരിസ്ഥിതി മലിനീകരണം ഇല്ലാതാക്കുകയും പകർച്ചവ്യാധി, ജന്തുജന്യ രോഗങ്ങൾ എന്നിവയുടെ വ്യാപനം തടയുകയും, ഉൽപ്പന്നങ്ങളിൽ നിന്നും മാലിന്യങ്ങളിൽ നിന്നും സാമ്പത്തിക വരുമാനം സൃഷ്ടിക്കുകയും ചെയ്യും.

**തീറ്റപ്പുല്ലും അടിസ്ഥാന തീറ്റയും**

കന്നുകാലി മേഖലയുടെ വികസനത്തെ പിന്തുണയ്ക്കുന്നതിന്, നിർണായക തീറ്റ ലഭ്യതയിലെ വ്യാപകമായ വിടവ് കണക്കിലെടുത്ത് കാലിത്തീറ്റയ്ക്കും, തീറ്റപ്പുൽ ഉൽപാദനത്തിനും പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പാണ് സംസ്ഥാനത്തെ കാലിത്തീറ്റ വികസന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസി. പദ്ധതിക്ക് കീഴിൽ, കർഷകരുടെ വയലുകളിലും, ക്ഷീര സഹകരണ സ്ഥാപനങ്ങളിലും, കാലിത്തീറ്റയുടെ ഉൽപാദനവും, സംരക്ഷണവും, തരിശുനിലങ്ങളിലും, പാഴ്ഭൂമികളിലും വാണിജ്യപരവും വൻതോതിലുള്ളതുമായ തീറ്റപ്പുൽ ഉൽപാദനം എന്നിവ ആരംഭിച്ചു. പുരോഗമന കർഷകർ, മറ്റ് വ്യക്തികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിൽ ഉപയോഗശൂന്യമായി തുടരുന്ന ഫലഭൂയിഷ്ഠമായ ഭൂമി തെരഞ്ഞെടുത്ത് വൻതോതിൽ തീറ്റപ്പുൽ കൃഷി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്തു വരുന്നു. സർക്കാർ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച്, കേരളത്തിൽ കന്നുകാലികൾക്ക് ആവശ്യമായ നാരടങ്ങിയ ഭക്ഷണ പാദാർഥങ്ങളുടെ 60 ശതമാനം മാത്രമാണ് കേരളം ഉത്പാദിപ്പിക്കുന്നത്. 2023-24 ൽ 1132.72 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി ഏറ്റെടുക്കുകയും 162.99 ലക്ഷം തീറ്റപ്പുല്ലൽ വേരുകൾ/തണ്ട് മുറിക്കൽ എന്നിവ വിതരണം ചെയ്യുകയും ചെയ്തു (**അനുബന്ധം 3.3.4**). കൂടാതെ, അസോള കൃഷി, തീറ്റപ്പുൽ കൃഷി യന്ത്രവൽക്കരണം, വിളവെടുപ്പ്, ജലസേചന സൗകര്യങ്ങൾ എന്നിവയ്ക്കായി കർഷകർക്ക് സഹായം നൽകി. 2022-23 ൽ മൊത്തം കന്നുകാലി തീറ്റ ഉൽപ്പാദനം 3.64 ലക്ഷം മെട്രിക്ടൺ ആണ്. 2023-24 ൽ 2.95 ലക്ഷം മെട്രിക് ടണ്ണായിരുന്നു. (**അനുബന്ധം 3.3.3**). പ്രത്യേക കന്നുകാലി പ്രജനന പരിപാടി (എസ്. എൽ.ബി.പി.) വഴി വിതരണം ചെയ്യുന്ന കന്നുകാലി തീറ്റയുടെ ഗുണനിലവാരം പ്രതിമാസം 5000 മെട്രിക് ടണ്ണിൽ നിന്ന് 120 മെട്രിക് ടണ്ണായി ഗണ്യമായി കുറഞ്ഞു. തീറ്റ ചേരുവകളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, പ്രത്യേകിച്ചും എണ്ണമയമുള്ള അരി, തവിട്, ചോളം, അരി പോളിഷ് എന്നിവയ്ക്ക്. ഇത് മിശ്രിത ചെലവിന്റെ 70-75 ശതമാനമാണ്. ഈ സാമഗ്രികളുടെ

സംഭരണ നിരക്കുകൾ കൂടാതെ എണ്ണമയമുള്ള തേങ്ങ കേക്ക്, എണ്ണമയമുള്ള പരുത്തി വിത്ത് വേർതിരിച്ചെടുക്കൽ എന്നിവയുടെ വിലയും വർഷത്തിൽ കുത്തനെ വർദ്ധിച്ചു (കേരള ഫീഡ്സ് ലിമിറ്റഡ്) .

31.03.2024 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 7462 തീറ്റപ്പുല്ല് പ്ലോട്ടുകളുണ്ട്, അതിൽ 5578 പ്ലോട്ടുകൾ (74.8 ശതമാനം) ഒരു ഏക്കറിനും 2.5 ഏക്കറിനും ഇടയിലാണ്. 2.5 ഏക്കർ മുതൽ 5 ഏക്കർ വരെ വിസ്തീർണ്ണമുള്ള 1681 പ്ലോട്ടുകളും (22.53 ശതമാനം) ഉണ്ട്. അഞ്ച് ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള 203 പ്ലോട്ടുകൾ (2.7 ശതമാനം) മാത്രമേ ഉള്ളൂ. 2023-24 കാലയളവിൽ സംസ്ഥാനത്തെ തീറ്റപ്പുല്ല് പ്ലോട്ടുകളുടെ എണ്ണം കുറഞ്ഞുവന്നിട്ടുള്ളതായി ഇത് സൂചിപ്പിക്കുന്നു. കേരളത്തിൽ കന്നുകാലികൾക്ക് ആവശ്യമായ റഫേജുകളുടെ 60 ശതമാനം മാത്രമാണ് കേരളം ഉത്പാദിപ്പിക്കുന്നത്. സംസ്ഥാനത്തെ പ്രധാന കന്നുകാലി ഉടമകളായ നാമമാത്ര, ചെറുകിട കർഷകർക്ക്, കാലിത്തീറ്റ വികസനത്തിന് പരിമിതമായ ഇടമേയുള്ളൂ. തീറ്റപ്പുല്ല് നേരിട്ട് ഒരു നേട്ടവും നൽകാത്തതിനാൽ തീറ്റപ്പുൽ കൃഷി പിന്നിലാണ് (ക്ഷീര വികസന വകുപ്പ്, കേരള സർക്കാർ). പ്രധാനമായും വർദ്ധിച്ചുവരുന്ന തീറ്റച്ചെലവും, കൂലിച്ചെലവും കാരണം കേരളത്തിലെ ക്ഷീരോല്പാദന രംഗം ലാഭകരമല്ലാത്ത ഒരു പ്രവർത്തനമായി മാറിയിരിക്കുന്നു. സംസ്ഥാനത്തെ കാർഷിക-കാലാവസ്ഥാ മേഖലകൾക്ക് അനുയോജ്യമായ പുതിയ ഇനം കാലിത്തീറ്റകൾ കണ്ടെത്തുന്നതിനും അവതരിപ്പിക്കുന്നതിനുമായി സ്ക്രീനിംഗ് പരീക്ഷണങ്ങളും, മാനേജ്മെന്റ് പരീക്ഷണങ്ങളും ഉൾപ്പെടെയുള്ള പ്രായോഗിക ഗവേഷണങ്ങൾ നടത്തും (കെ. എൽ. ഡി. ബി). കേരളത്തിലെ കാലിത്തീറ്റ ഫാമുകളുടെ വിസ്തീർണ്ണം **പട്ടിക 3.3.2** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.3.2** കേരളത്തിലെ തീറ്റപ്പുൽ ഫാമുകൾക്ക് കീഴിലുള്ള പ്രദേശം - 2017-18 മുതൽ 2023-24 വരെ

| വർഷം | തീറ്റപ്പുൽ കൃഷിയുടെ ആകെ വിസ്തൃതി (ഹെക്ടറിൽ) |
|---|---|
| 2017-18 | 2250.00 |
| 2018-19 | 2750.00 |
| 2019-20 | 2865.00 |
| 2020-21 | 2363.00 |
| 2021-22 | 2397.00 |
| 2022-23 | 2277.00 |
| 2023-24 | 1132.72 |

***അവലംബം:*** ക്ഷീരവികസന വകുപ്പ്, കേരള സർക്കാർ

2022-23 മുതൽ കാലിത്തീറ്റ കൃഷി ചെയ്യുന്ന പ്രദേശത്തിന് കുറവ് വന്നിട്ടുള്ളതായി പട്ടിക സൂചിപ്പിക്കുന്നു. ക്ഷീരകർഷകർക്ക് പ്രതിദിനം 335.5 ലക്ഷം കിലോഗ്രാം തീറ്റപ്പുല്ലാണ് ആവശ്യമായി വരുന്നത്. എന്നിരുന്നാലും, ലഭ്യമായ തീറ്റപ്പുല്ല് കൃഷി മൊത്തം ആവശ്യത്തിന്റെ 47 ശതമാനം മാത്രമാണ്. റഫേജ് ഉൽപ്പാദന ലക്ഷ്യം കേരളം കൈവരിക്കണമെങ്കിൽ കുറഞ്ഞത് 64,000 ഹെക്ടറിൽ തീറ്റപ്പുല്ല് കൃഷി ആവശ്യമാണെന്ന് കണക്കാക്കപ്പെടുന്നു. സംസ്ഥാനത്തെ തീറ്റപ്പുല്ല് ഉൽപ്പാദനം ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനും കേരള ഫീഡ്സ് ലിമിറ്റഡ്, മിൽമ, ജില്ലാ സഹകരണ സംഘങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുകയും, പിന്തുണയ്ക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനോടകംതന്നെ തീറ്റപ്പുല്ല് കൃഷി നടക്കുന്ന പ്രദേശങ്ങളിൽ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുക, മേച്ചിൽപ്പുറങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, വയൽ ബണ്ടുകളിലും, അതിർത്തികളിലും, നഗരപ്രദേശങ്ങളിലും ഇടവിടാതെയുള്ള തീറ്റപ്പുല്ല് വിളകൾ വളർത്തുക, ഉപയോഗിക്കാത്തതും, മതിയായ രീതിയിൽ ഉപയോഗപ്പെടാത്തതുമായ തീറ്റപ്പുല്ല് വിളകൾ പ്രയോജനപ്പെടുത്തുക എന്നിവയും തീറ്റപ്പുല്ല് ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള ചില മാർഗ്ഗങ്ങളാണ് (ക്ഷീര വികസന വകുപ്പ്, കേരള സർക്കാർ).

**പ്രജനന പിന്തുണ**

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, മൃഗങ്ങളിൽ ദീർഘകാല അടിസ്ഥാനത്തിൽ ഉൽപ്പാദനത്തിൽ ജനിതക പുരോഗതി വരുത്തുന്നതിനുമുള്ള പ്രധാന ഉപകരണങ്ങളിലൊന്നാണ് പ്രജനനം. നമ്മുടെ സംസ്ഥാനത്ത്, കന്നുകാലി വളർത്തൽ വ്യവസ്ഥാപിതമായി നടപ്പാക്കിയിട്ടുണ്ട്. ഇതിനായി ആസൂത്രണം ചെയ്ത ഒരു പ്രജനന നയമുണ്ട്. സംസ്ഥാനത്തിന്റെ പ്രജനന നയം അനുസരിച്ച്, കേരള കന്നുകാലി വികസന ബോർഡ് നൽകുന്ന ബീജപ്ലാസം മാത്രമാണ് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് ഉപയോഗിച്ചു വരുന്നത്. പുതിയ ആർട്ടിഫിഷ്യൽ ഇൻസെമനേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് അനുസൃതമായി പ്രതിവർഷം ഏകദേശം 25 പുതിയ സാങ്കേതിക വിദഗ്ധർക്ക് "കൃത്രിമ ബീജസങ്കലനത്തിൽ അടിസ്ഥാന പരിശീലനം" നൽകുന്നു. 31.03.2024 വരെ 1873 പേർക്ക് മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. കന്നുകാലികൾ, ആടുകൾ, പോത്തുകൾ, പന്നികൾ എന്നിവയുടെ ബ്രീഡിംഗ് മാനേജ്മെന്റ് ഇൻപുട്ടുകൾ വിതരണം ചെയ്യുന്നതും, സംസ്ഥാനത്തിനാവശ്യമുള്ള കാലിത്തീറ്റ ഉത്പാദിപ്പിക്കുന്നതും കേരള കന്നുകാലി വികസന ബോർഡിന്റെ ഉത്തരവാദിത്വമാണ്. മൃഗസംരക്ഷണ വകുപ്പ് എല്ലാ പഞ്ചായത്തുകളിലും വെറ്ററിനറി ആശുപത്രികൾ വഴി കൃത്രിമ ബീജസങ്കലന സൗകര്യങ്ങൾ ഉറപ്പാക്കുന്നു. മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ വഴി കൃത്രിമ ബീജസങ്കലന സേവനങ്ങളുടെ വാതിൽപ്പടി വിതരണവും വകുപ്പ് നൽകുന്നുണ്ട്.

നിലവിലുള്ള പ്രജനന നയം അനുസരിച്ച്, എക്സോട്ടിക് ഇൻഹെറിറ്റൻസ് നിലവാരം ചെറുകിടവിഭാഗത്തിന് 50 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നു. എന്നാൽ മികച്ച വരുമാന വിഭവങ്ങളുള്ള ചെറുകിട കർഷകർക്കും, വാണിജ്യപരവും അർദ്ധ വാണിജ്യപരവുമായ ക്ഷീരോത്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കും സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെയും, കേരള കന്നുകാലി വികസന ബോർഡിന്റെയും സൂക്ഷ്മ നിരീക്ഷണത്തിൽ ഉയർന്ന മൂല്യമുള്ള ശുദ്ധമായ ഇനം ഹോൾസ്റ്റീൻ ഫ്രീസിയൻ കാളകളുടെ (ഇറക്കുമതി ചെയ്ത/ ഇറക്കുമതി ചെയ്ത ലിംഗഭേദമുള്ള /സംസ്ഥാനത്തിന്

**ബോക്സ് 3.3.1** ക്ഷീരശ്രീ പോർട്ടൽ

ക്ഷീരവകുപ്പിന്റെ ക്ഷീരശ്രീ പോർട്ടലിന് ഡിജിറ്റൽ ഇന്ത്യ അവാർഡ് 2022, സ്റ്റേറ്റ് ഇ ഗവേണൻസ് അവാർഡ് 2021-2022 എന്നിവ ലഭിച്ചു. 2022 ലെ ഡിജിറ്റൽ ഇന്ത്യ അവാർഡുകൾ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ കൈയിൽ നിന്നും സംസ്ഥാന ഇ-ഗവേണൻസ് അവാർഡ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൈയിൽ നിന്നും സ്വീകരിച്ചു. സർക്കാരിന്റെ ക്ഷീര വികസന വകുപ്പാണ് 'ക്ഷീരശ്രീ' പോർട്ടൽ വിഭാവനം ചെയ്തത്. ഇത് സംസ്ഥാനത്തെ ക്ഷീരമേഖലയുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ വികസിപ്പിച്ചെടുത്തതാണ്. ക്ഷീരകർഷകരെ ലക്ഷ്യമിട്ട് ക്ഷീര വികസന വകുപ്പ് നിരവധി സബ്സിഡി പദ്ധതികൾ വാഗ്ദാനം ചെയ്യുന്നു. അവയിൽ ഭൂരിഭാഗവും നൽകുന്നത് ക്ഷീരശ്രീ പോർട്ടലിലൂടെയാണ്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് പൂർണമായും യാന്ത്രികമാക്കിയതിലൂടെ, മുഴുവൻ പ്രവർത്തികളും യാന്ത്രികമായി. ഏകദേശം 2.5 ലക്ഷം ക്ഷീരകർഷകരും 3000 ത്തിലധികം ക്ഷീര സഹകരണ സംഘങ്ങളും ഇപ്പോൾ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജി2സി, ജി2ബി, ജി2ജി സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നതിൽ സുതാര്യതയും, കാര്യക്ഷമതയും പോർട്ടൽ ഉറപ്പാക്കുന്നു. ക്ഷീരകർഷകരുടെ ജീവിതം എളുപ്പമാക്കുന്നു എന്നതിനാൽ ഇപ്പോൾ കേരളത്തിൽ ക്ഷീരശ്രീ പോർട്ടലിന് ക്ഷീരകർഷക സമൂഹം വ്യാപകമായി സ്വീകാര്യത നൽകുന്നു. ഇടുക്കി പാക്കേജ്, ഗുണനിലവാര നിയന്ത്രണ ലാബ് ശക്തിപ്പെടുത്തൽ, എം എസ് ഡി പി, പാൽ ഇൻസെന്റീവ്, കാലിത്തീറ്റ ഉൽപ്പാദനവും സംരക്ഷണവും, ക്ഷീരഗ്രാമം എന്നിവയാണ് ഈ പോർട്ടലിലൂടെ നടപ്പാക്കുന്ന പദ്ധതികൾ. പോർട്ടലിൽ 280915 രജിസ്റ്റർ ചെയ്ത കർഷകരും 465723 ഇ-ഡി ബി ടി ഗുണഭോക്താക്കളും ഉണ്ട്.

പുറത്ത് നിന്ന് സംഭരിച്ച കാളകൾ) ബീജം നൽകുന്നു. സംസ്ഥാനത്തെ തദ്ദേശീയ ഇനങ്ങൾക്കായുള്ള (വെച്ചൂർ പോലുള്ളവ) സംരക്ഷണ പരിപാടിയും ഏറ്റെടുക്കുന്നു. വെച്ചൂർ, ഗിർ, കാസർഗോഡ് കുള്ളൻ, ചുവന്ന സിന്ധി, കാംഗയം, കാൻക്രേജ് തുടങ്ങിയ തദ്ദേശീയ ഇനങ്ങളുടെ ബീജമാണ് കെ. എൽ. ഡി ബോർഡ് വിതരണം ചെയ്യുന്നത്. വന്ധ്യത ക്യാമ്പുകൾ നടത്തുന്നതിനായി വകുപ്പ് പ്ലാൻ ഫണ്ടുകൾ ചെലവഴിക്കുന്നുണ്ട്. കൂടാതെ, നമ്മുടെ സംസ്ഥാനത്തെ കന്നുകാലികളിലെ വന്ധ്യത പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫെർട്ടിലിറ്റി മാനേജ്മെന്റ് എന്ന പേരിൽ ഒരു പ്രത്യേക സ്ഥാപനവുമുണ്ട്. സംസ്ഥാനത്തെ നിലവിലുള്ള ക്ഷീര പരിസ്ഥിതിയ്ക്ക് അനുയോജ്യമായ ഒരിനം കറവ കന്നുകാലികളെ വികസിപ്പിക്കുക എന്നതാണ് കേരള കന്നുകാലി വികസന ബോർഡിന്റെ (കെ. എൽ. ഡി. ബി) ലക്ഷ്യം. ബ്രീഡിംഗ് ഇൻപുട്ടുകളുടെ ഉത്പാദനം, സന്തതി പരിശോധനയിലൂടെയും ജീനോമിക് വിലയിരുത്തലുകളിലൂടെയും ബ്രീഡ് മെച്ചപ്പെടുത്തൽ, ഗവേഷണം, വികസനം, പരിശീലനം എന്നിവയാണ് ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ. കെ. എൽ. ഡി. ബി. ക്ക് മൂന്ന് ബുൾ സ്റ്റേഷനുകൾ, നാല് ബുൾ മദർ ഫാമുകൾ, തദ്ദേശീയ കന്നുകാലികൾ, ആടുകൾ, പന്നികൾ എന്നിവയുടെ ഓരോ ഫാമുകളും, വാഗമോണിൽ ഒരു പിഗ് ബ്രീഡിംഗ് യൂണിറ്റും ഉണ്ട്. രണ്ട് ജില്ലകൾക്ക് വീതം സേവനങ്ങൾ നൽകുന്ന ഏഴ് പ്രാദേശിക ബീജ ബാങ്കുകൾ ഉണ്ട്. ഇതിലൂടെ 2023-24 ൽ 3 ബുൾ സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും, 3 മോഡേൺ ബുൾ മദർ ഫാമുകളും, 360 ബുൾ മതറുകളെ പരിപാലിക്കുകയും, 49 കാളക്കുട്ടികളെയും 58 പശു കിടാരികളേയും ഉത്പാദിപ്പിക്കുകയും ചെയ്തു. ശീതീകരിച്ച ശുക്ലത്തിന്റെ ഉൽപാദനത്തിനായി സർക്കാർ നിർദ്ദേശിക്കുന്ന മിനിമം സ്റ്റാൻഡേർഡ് പ്രോട്ടോക്കോളുകൾ അനുസരിച്ച് പകർച്ചവ്യാധികൾക്കും ജനിതക രോഗങ്ങൾക്കുമായി ശുക്ല ഉൽപാദനത്തിനായി ഉപയോഗിക്കുന്ന കാളകളെ പരിശോധിക്കുന്നു. കെ. എൽ. ഡി. ബിയുടെ കീഴിലുള്ള മൂന്ന് സീമെൻ സ്റ്റേഷനുകളും ഐ എസ് ഒ 9001 : 2015 സർട്ടിഫൈഡ് ആണ്. കൂടാതെ, ജൈവ സുരക്ഷാ നടപടികൾക്കുള്ള ഹസാർഡ് അനാലിസിസ് ആൻഡ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (എച്ച് എ സി സി പി) സർട്ടിഫിക്കേഷനും ഉണ്ട്. മൃഗസംരക്ഷണ വകുപ്പ് വഴി സംസ്ഥാന കന്നുകാലി ഉടമകൾക്ക് ആടുകളുടെ ശുക്ലത്തിന്റെ ഉൽപാദനവും, വിതരണവും കെ. എൽ. ഡി. ബി. ഏറ്റെടുത്ത് ചെയ്തുവരുന്നു. 29,445 ഫ്രോസൺ ബക്ക് സെമെൻ ഡോസുകൾ കെ. എൽ. ഡി. ബി നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്തു (31.08.2024 വരെ). സംസ്ഥാനത്തിനകത്തും പുറത്തും സർക്കാർ ഏജൻസികൾക്ക് പന്നികളുടെ പ്രജനന സ്റ്റോക്ക് വിതരണം ചെയ്യുന്നതും, സംസ്ഥാനത്തെ പന്നി കർഷകർക്ക് പ്രജനനവും കൊഴുപ്പും നൽകുന്നതും ബോർഡ് ഏറ്റെടുക്കുന്നു. 37 ആൺ പന്നികൾ, 139 പെൺ പന്നികൾ, 102 വളർത്തുമൃഗങ്ങൾ (31.08.2024 വരെ) എന്നിവയെ കെ. എൽ. ഡി. ബി. പരിപാലിക്കുന്നുണ്ട്. ഈ കാലയളവിൽ 753 പന്നികളെ ഉത്പാദിപ്പിക്കുകയും 660 പന്നികളെ വിൽക്കുകയും ചെയ്തു.

കേരളത്തിൽ, 2023-24 ൽ ശീതീകരിച്ച ബീജ ഉൽപാദനം 27.96 ലക്ഷം ഡോസായിരുന്നു. സംസ്ഥാനത്തിനകത്ത് 12.03 ലക്ഷം ഡോസ് ഫ്രോസൺ ബീജം വിതരണം ചെയ്തു. സംസ്ഥാനത്തിന് പുറത്ത് ഫ്രോസൺ ബീജം വിതരണം ചെയ്തത് 5.91 ലക്ഷം ഡോസുകളാണ്. കേരളത്തിൽ ശീതീകരിച്ച ബീജത്തിന്റെ ഉൽപാദനവും വിതരണവും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.3.5** ൽ കാണിച്ചിരിക്കുന്നു. 2023-24 ൽ, 10.27 ലക്ഷം കൃത്രിമ ബീജസങ്കലനങ്ങൾ (AI), 2504 ബീജസങ്കലന കേന്ദ്രങ്ങളിൽ നടത്തി, 2.57 ലക്ഷം പ്രസവം രേഖപ്പെടുത്തി. ഒരു കാളക്കുട്ടിയെ ഉത്പാദിപ്പിക്കാൻ ആവശ്യമായ ശരാശരി ബീജസങ്കലനങ്ങളുടെ എണ്ണം നാലാണ്. കൃത്രിമ ബീജസങ്കലനങ്ങൾ നടത്തുകയും രേഖപ്പെടുത്തുകയും ചെയ്തതിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.3.6** ൽ

കാണിച്ചിരിക്കുന്നു. കെ. എൽ. ഡി. ബിയുടെ പ്രധാന പ്രവർത്തനങ്ങൾ **അനുബന്ധം 3.3.7** ൽ നൽകിയിരിക്കുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി (ഐ. ഐ. ഐ. ടി. എം. കെ) സഹകരിച്ച് ഇലക്ട്രോണിക് രീതിയിൽ ഹെർഡ് ബുക്ക് രജിസ്ട്രേഷനായി കെ. എൽ. ഡി. ബി ഒരു പുതിയ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ വികസിപ്പിച്ചു. മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പുകളുടെ സമാനമായ ആപ്ലിക്കേഷനുകളുമായി ഡാറ്റ സമന്വയിപ്പിക്കാൻ ഇതിലൂടെ കഴിയും. കുടുംബശ്രീയുമായി ബന്ധപ്പെട്ട കാലിത്തീറ്റ പരിപാടികളും, കാലിത്തീറ്റ പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുന്നതും, തദ്ദേശീയ കന്നുകാലി ബീജ പ്ലാസത്തിന്റെ സംരക്ഷണവും, വ്യാപനവും ബോർഡ് ഏറ്റെടുക്കുന്നു. ഫീൽഡ് പെർഫോമൻസ് റെക്കോർഡിംഗ് പ്രോഗ്രാമിലൂടെ കന്നുകാലികളുടെ ജനിതക നവീകരണം ഏറ്റെടുക്കുകയും, ജീനോമിക് തിരഞ്ഞെടുപ്പിലൂടെ കാളകളെ തിരഞ്ഞെടുക്കാൻ സഹായിക്കുകയും ചെയ്തു.

കന്നുകാലി മേഖലയിലെ വിദേശ ബീജ പ്ലാസം അടിസ്ഥാനമാക്കിയുള്ള ക്രോസ് ബ്രീഡിംഗിൽ തുടർന്നും ശ്രദ്ധ കേന്ദ്രീകരിച്ചതിനാൽ, മെച്ചപ്പെട്ട അഡാപ്റ്റബിലിറ്റി, രോഗ-പ്രതിരോധം, തീറ്റ, കാര്യക്ഷമത അനുപാതം എന്നിവയുള്ള തദ്ദേശീയ ഇനങ്ങളുടെ എണ്ണം കുറയുന്നു. അതിനാൽ, ഇന്ത്യൻ തദ്ദേശീയ ഇനങ്ങളുടെ ഉൽപ്പാദനക്ഷമത സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. നൂതനമായ അത്യാധുനിക പ്രത്യുൽപാദന സാങ്കേതികവിദ്യ പ്രയോഗിക്കുന്നതിനൊപ്പം സമ്പൂർണ്ണമായ കൃത്രിമ ബീജസങ്കലന പരിരക്ഷയിൽ വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

1976 മുതൽ നടപ്പാക്കിവരുന്ന ആരോഗ്യ പരിരക്ഷയും ഇൻഷുറൻസും സഹിതം 32 മാസം വരെ കന്നുകാലികളെ വളർത്തുന്നതിന് കന്നുകാലി തീറ്റയ്ക്ക് സബ്സിഡി നൽകുന്ന പദ്ധതിയാണ് സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം (എസ് എൽ ബി പി). പോത്തുകളുടെ എണ്ണം ഗണ്യമായി കുറയുന്നത് തടയുന്നതിനായി 2006-07 ൽ ഈ പദ്ധതി കാളക്കുട്ടികളിലേക്കും വ്യാപിപ്പിച്ചു. 2023-24 ൽ പദ്ധതിക്ക് കീഴിൽ ചേർത്ത പുതിയ കാളക്കുട്ടികളുടെ എണ്ണം 1778 ആയിരുന്നു. 2011-12 മുതൽ സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാമിൽ ചേർന്ന കാളക്കുട്ടികളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.3.8** ൽ കാണിച്ചിരിക്കുന്നു.

### പാലോഡിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസിൽ വാക്സിൻ ഉത്പാദനം

പാലോഡിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസ് ആണ് കേരളത്തിൽ മൃഗങ്ങൾക്കുള്ള വാക്സിനുകൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ഏക ഏജൻസി. ഇൻസ്റ്റിറ്റ്യൂട്ടിൽ നിർമ്മിക്കുന്ന വാക്സിനുകളുടെ ഉൽപാദന വിശദാംശങ്ങൾ **അനുബന്ധം 3.3.9** ൽ കാണിച്ചിരിക്കുന്നു. 2023-24 ൽ, കോഴി വാക്സിൻ ഉൽപ്പാദനം 190.96 ലക്ഷം ഡോസുകളും, കന്നുകാലി വാക്സിൻ 4.11 ലക്ഷം ഡോസുകളുമായിരുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കോഴി വാക്സിൻ ഉൽപാദനം 2.12 ശതമാനവും, കന്നുകാലി വാക്സിൻ ഉൽപാദനം 54.3 ശതമാനവും കുറഞ്ഞു. 2023-24 ൽ നടത്തിയ വാക്സിനേഷന്റെ എണ്ണം കന്നുകാലികൾക്ക് 30.22 ലക്ഷവും, കോഴികൾക്ക് 84.17 ലക്ഷവുമാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കന്നുകാലികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പ് 6.1 ശതമാനം കുറയുകയും, കോഴി പ്രതിരോധ കുത്തിവയ്പ്പ് 42.01 ശതമാനം വർദ്ധിക്കുകയും ചെയ്തു. നായ്ക്കൾക്കുള്ള ആന്റി റാബിസ് പ്രതിരോധ കുത്തിവയ്പ്പുകൾ 2022-23 ലെ 5.91 ലക്ഷത്തിൽ നിന്ന് 2023-24 ൽ 4.77 ലക്ഷമായി കുറഞ്ഞു. വിശദവിവരങ്ങൾ **അനുബന്ധം 3.3.10** ൽ നൽകിയിരിക്കുന്നു.

### ഭൂമിക–അനിമൽ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിനുള്ള ഒരു ഉപകരണമായി ജി ഐ എസ് അടിസ്ഥാനമാക്കിയുള്ള മാപ്പിംഗ്

ആരോഗ്യം, പ്രജനനം, ഉൽപ്പാദനം, അപകടസാധ്യത, ദുരന്തം, മാനവ വിഭവശേഷി എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും, നിരീക്ഷണത്തിനുമായി മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ജിയോസ്പേഷ്യൽ ഡാറ്റാബേസ് നിർമ്മിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് കർഷകരുടെ ജി ഐ എസ് അധിഷ്ഠിത മാപ്പിംഗ് "ഭൂമിക" വികസിപ്പിച്ചെടുത്തിട്ടുണ്ട്. വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളെ ജിയോ മാപ്പിംഗ് സംവിധാനത്തിന് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്ത് ഏകദേശം 25 ലക്ഷം കുടുംബങ്ങൾ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതായി കണക്കാക്കപ്പെടുന്നു. 07.10.2024 വരെ 5,48,979 കർഷകരുടെയും, 9,42,012 മൃഗങ്ങളുടെയും മൊത്തം ജിയോസ്പേഷ്യൽ വിവരങ്ങൾ പോർട്ടലിൽ മാപ്പ് ചെയ്തിട്ടുണ്ട്. കർഷകരുടെ ജിയോസ്പേഷ്യൽ ഡാറ്റാബേസ് നിർമ്മിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് "ഭൂമിക" യിലൂടെ കർഷകരുടെ ഭൂമിശാസ്ത്രപരമായ വിവര സംവിധാനം (ജി ഐ എസ്) അടിസ്ഥാനമാക്കിയുള്ള മാപ്പിംഗ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആരോഗ്യം, പ്രജനനം, ഉൽപ്പാദനം, അപകടസാധ്യത, ദുരന്തം, മാനവ വിഭവശേഷി എന്നിവയുടെ ഫലപ്രദമായ മാനേജ്മെന്റിനും നിരീക്ഷണത്തിനുമായി മൃഗപരിപാലന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം മാപ്പ് ചെയ്യുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചാണ് ഇത് വികസിപ്പിച്ചെടുത്തത്. ഈ പോർട്ടലിൽ 5,48,979 സ്ഥലങ്ങൾ (വീടുകൾ) ഉൾപ്പെടുന്നു. ഗൂഗിൾ പ്ലേ സ്റ്റോറിൽ ഈ ആപ്പ് ഡൗൺലോഡ് ചെയ്യുന്നതിന് ലഭ്യമാണ്.

### വിലകൾ

കഴിഞ്ഞ ഏഴ് വർഷത്തെ കന്നുകാലി മേഖലയിലെ പ്രധാന ഇൻപുട്ടുകളുടെയും ഉൽപ്പന്നങ്ങളുടെയും ശരാശരി വില **അനുബന്ധം 3.3.11** ൽ അവതരിപ്പിക്കുന്നു. 2011-12 മുതൽ 2023-24 വരെയുള്ള കാലയളവിൽ എല്ലാ ഉൽപ്പന്നങ്ങളുടെയും വിലയിൽ വർദ്ധനവ് രേഖപ്പെടുത്തി. മൃഗസംരക്ഷണ വകുപ്പിന്റെ കണക്കനുസരിച്ച്, 2023-24 ൽ ചിക്കൻ ബ്രോയിലർ, ചിക്കൻ ദേശി, മട്ടൺ, ബീഫ്, പന്നിയിറച്ചി എന്നിവയുടെ വില മുൻ വർഷത്തെ അപേക്ഷിച്ച് യഥാക്രമം 74.8 ശതമാനം, 105.7 ശതമാനം, 134.9 ശതമാനം, 137.9 ശതമാനം, 94 ശതമാനം വർദ്ധിച്ചു. 2022-23 നെ


അപേക്ഷിച്ച് 2023-24 ൽ വെളുത്ത മുട്ടയുടെ വില 94 ശതമാനവും, തവിട്ട് മുട്ടയുടെ വില 109.5 ശതമാനവും, താറാവ് മുട്ടയുടെ വില 130.5 ശതമാനവും വർദ്ധിച്ചു. ഈ കാലയളവിൽ പശുവിൻ പാലിൻറെ വില 94.6 ശതമാനവും, എരുമ പാലിൻറെ വില 144.6 ശതമാനവും ഉയർന്നു.

2023-24 ൽ വൈക്കോൽ വില 157.5 ശതമാനവും, പുല്ല് 295.5 ശതമാനവും, നിലക്കടല കേക്ക് 122.7 ശതമാനവും, ജിഞ്ചർലി ഓയിൽ കേക്ക് 155.2 ശതമാനവും വർദ്ധിച്ചു. എന്നാൽ നാളികേര കേക്കിന്റെ ശരാശരി വില 116.4 ശതമാനം കുറഞ്ഞു. ഇൻപുട്ടുകളുടെ വിലയിലെ വർദ്ധനവ് ക്ഷീരകർഷകർക്ക് ഗുരുതരമായ ഭീഷണിയാണ്. അതിനാൽ തദ്ദേശീയ തീറ്റയുടെ ഉറവിടത്തിനുള്ള സാധ്യത പരിശോധിക്കേണ്ടതുണ്ട്. 2018-19 മുതൽ 2023-24 വരെയുള്ള കന്നുകാലി ഉൽപ്പന്നങ്ങളുടെ ശരാശരി വിലയിലെ പ്രവണത **ചിത്രം 3.3.4** ൽ കാണിച്ചിരിക്കുന്നു.

### 2023–24 കാലയളവിൽ മൃഗസംരക്ഷണ മേഖലയുടെ ഭൗതിക നേട്ടങ്ങൾ

- മൃഗസംരക്ഷണ ഡയറക്ടറേറ്റ് നൽകിയ കണക്കുകൾ പ്രകാരം അടിയന്തര രാത്രി മൃഗസംരക്ഷണ സേവനം 152 കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിച്ചു.
- ലാബുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് രോഗനിർണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ലബോറട്ടറി ശൃംഖല ശക്തിപ്പെടുത്തി.
- പാലോടിലെ ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് (സി ഡി ഐ ഒ) എന്നറിയപ്പെട്ടിരുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (എസ് ഐ എ ഡി), തിരുവല്ലയിലെ ഏവിയൻ ഡിസീസ് ഡയഗ്നോസിസ് ലാബ്, പാലക്കാട് ജില്ലാ ലാബ്, എറണാകുളം മരടിലെ സ്റ്റേറ്റ് ലൈവ്സ്റ്റോക്ക് മറൈൻ ആൻഡ് അഗ്രി പ്രൊഡക്ട്സ് ലബോറട്ടറി എന്നിവയ്ക്ക് എൻ. എ. ബി. എൽ. അക്രഡിറ്റേഷൻ നേടാൻ കഴിഞ്ഞു.
- ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ 60.84 ലക്ഷം മുട്ടകളും 31.84 ലക്ഷം കോഴി കുഞ്ഞുങ്ങളും ഉത്പാദിപ്പിക്കപ്പെട്ടു.
- ഇൻഷുറൻസ് പരിരക്ഷയില്ലാത്ത കർഷകർക്ക് 3.44 കോടി രൂപ നഷ്ടപരിഹാരം നൽകി. റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഉപകരണം മുഖേന ടാഗ് ചെയ്ത മൃഗങ്ങളുടെ ഉൽപ്പാദനക്ഷമത, ആരോഗ്യം, ഉടമസ്ഥാവകാശ വിവരങ്ങൾ എന്നിവയുൾപ്പെടെ സമഗ്രമായ ഡാറ്റാബേസ് ഇ-സമൃദ്ധ പദ്ധതിയിലൂടെ ലഭ്യമാക്കി. ഇതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ 15,342 കർഷകരെ രജിസ്റ്റർ ചെയ്യുകയും 49,818 മൃഗങ്ങൾക്ക് (48,508 കന്നുകാലികളും, 1,310 പോത്തുകളും) റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ (ആർ. എഫ്. ഐ. ഡി) ടാഗുകൾ നൽകുകയും ചെയ്തു.
- മൊബൈൽ വെറ്ററിനറി യൂണിറ്റ്/നൈറ്റ് എമർജൻസി വെറ്ററിനറി സർവീസ് സ്കീം- കേന്ദ്ര സംരംഭമായ കന്നുകാലി ആരോഗ്യ രോഗ നിയന്ത്രണ പദ്ധതിക്ക് കീഴിലാണ് 19 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. ഇതിലൂടെ, രാത്രി 6 മണി മുതൽ പിറ്റേന്ന് രാവിലെ 6 മണി വരെ കർഷകരുടെ വീട്ടുവാതിൽക്കൽ രാത്രി അടിയന്തര വെറ്ററിനറി സേവനങ്ങൾ നൽകുന്നു. 152 ബ്ലോക്കുകളിലെ 156 കേന്ദ്രങ്ങളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി എന്നീ കോർപ്പറേഷനുകളിലും, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു.
- 2023-24 സാമ്പത്തിക വർഷത്തിൽ കേരള ഫീഡ്സ് ലിമിറ്റഡിന്റെ മൊത്തം കന്നുകാലി തീറ്റ

**ചിത്രം 3.3.4** 2018-19 മുതൽ 2023-24 വരെ കന്നുകാലി ഉൽപ്പന്നങ്ങളുടെ ശരാശരി വിലയിലെ പ്രവണത




***അവലംബം:*** മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ 2024

**ബോക്സ് 3.3.2** ഡിജിറ്റൽ ഹെർഡ് ബുക്ക് സിസ്റ്റം

മാതാപിതാക്കളെക്കുറിച്ച് അറിവുള്ള ഒരു പ്രത്യേക ഇനത്തിലെ മൃഗങ്ങളുടെ ഔദ്യോഗിക പട്ടികയാണ് ഹെർഡ് ബുക്ക്, സ്റ്റഡ്ബുക്ക് അല്ലെങ്കിൽ രജിസ്റ്റർ എന്ന് അറിയപ്പെടുന്ന ബ്രീഡ് രജിസ്ട്രി. മൃഗങ്ങളെ സാധാരണയായി ചെറുപ്പത്തിൽ തന്നെ അവയുടെ ബ്രീഡർമാർ രജിസ്റ്റർ ചെയ്യുന്നു. അത്തരം രജിസ്ട്രികൾ, സാധാരണയായി രേഖപ്പെടുത്തപ്പെട്ട ഓരോ മൃഗത്തിന്റെയും വംശാവലി, മൃഗങ്ങളുടെ വംശാവലി ഡോക്യുമെന്റേഷൻ അല്ലെങ്കിൽ സാധാരണയായി മൃഗങ്ങളുടെ "പേപ്പറുകൾ" എന്ന് വിളിക്കുന്ന സർട്ടിഫിക്കറ്റുകൾ നൽകുന്നു. രജിസ്ട്രേഷൻ പേപ്പറുകളിൽ ഒരു ലളിതമായ സർട്ടിഫിക്കറ്റോ, മൃഗത്തിന്റെ പശ്ചാത്തലത്തിൽ പൂർവ്വികരുടെ പട്ടികയോ അടങ്ങിയിരിക്കാം, ചിലപ്പോൾ വംശാവലി കാണിക്കുന്ന ഒരു ചാർട്ട് ഉണ്ടായിരിക്കാം. ക്രോസ് ബ്രീഡിന്റെ ഉയർന്ന അനുപാതം ലഭ്യമായതിനാൽ സന്തതി പരിശോധനയുടെ അതേ മേഖലയിലാണ് പ്രോഗ്രാം നടപ്പിലാക്കുന്നത്. 83 എ ഐ കേന്ദ്രങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 60,000 ത്തോളം ക്രോസ് ബ്രെഡ് മൃഗങ്ങളുടെ പ്രജനനയോഗ്യമായ ജനസംഖ്യ ഇതിൽ ഉൾപ്പെടുന്നു.

1970 കളിൽ തന്നെ കേരളം കൃത്രിമ ബീജസങ്കലന സാങ്കേതികവിദ്യ ആരംഭിച്ചിരുന്നുവെങ്കിലും സംസ്ഥാനത്തെ ഏറ്റവും മികച്ച പശുക്കളെ കണ്ടെത്തുന്നതിനോ, അല്ലെങ്കിൽ മികച്ച വിളവ് നൽകുന്ന പെൺകിടാങ്ങളുള്ള കാളകളെ കണ്ടെത്തുന്നതിനോ അല്ലെങ്കിൽ സംസ്ഥാനത്തെ ഏറ്റവും മികച്ച പശുക്കളുടെ (ലൈൻ) തലമുറ കണ്ടെത്തുന്നതിനോ അല്ലെങ്കിൽ മികച്ച സന്തതികൾ ഉൽപാദിപ്പിക്കുന്നതിനായി ഒരു പ്രത്യേക പശുവിനെ ബീജസങ്കലനം ചെയ്യുന്നതിനുള്ള മികച്ച ബീജം നിർദ്ദേശിക്കുന്നതിനോ നമ്മുടെ പശുക്കളുടെ വംശാവലി രേഖകൾ വിരൽത്തുമ്പിൽ ലഭ്യമായിരുന്നില്ല. ആരോഗ്യ, പരിപാലന വിശദാംശങ്ങൾ, ഉൽപ്പാദനം - കാലാവസ്ഥാ പരസ്പരബന്ധം എന്നിവയ്ക്കൊപ്പം ഒരു ബ്രീഡിംഗ് ഹിസ്റ്ററി (ഡിജിറ്റൽ ഹെർഡ് രജിസ്റ്റർ) ഡിജിറ്റലൈസ് ചെയ്യുകയും സൂക്ഷിക്കുകയും ചെയ്യുന്നതിലൂടെ, കേരളത്തിന് അനുയോജ്യമായ ഏറ്റവും മികച്ച പശു/കാള/ഇനം കണ്ടെത്താൻ സംസ്ഥാനത്തിന് കഴിയുകയും, ഭാവിയിൽ സംസ്ഥാനത്തിന് അനുയോജ്യമായ ഇനങ്ങൾ വികസിപ്പിക്കുന്നതിനുള്ള മൂല്യവത്തായ ഡാറ്റാ ശേഖരവും, ഡാറ്റാ വെയർഹൗസുമായി ഇത് മാറുകയും ചെയ്യും.

കേരള സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ചതുപ്രകാരം ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി ഡിജിറ്റൽ സർവ്വകലാശാലയുടെ സഹായത്തോടെ 2024-25 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ ആധുനികവൽക്കരണ, ഇ-ഗവേണൻസ് പദ്ധതിക്ക് കീഴിൽ ഡിജിറ്റൽ ഹെർഡ് ബുക്ക് ഡെസിഷൻ സപ്പോർട്ട് സിസ്റ്റമായി (ഡിഎസ്എസ്) വികസിപ്പിക്കുന്നതിന് 60.00 ലക്ഷം രൂപ സർക്കാർ നീക്കിവച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി 31.08.2024 വരെ 37.77 ലക്ഷം രൂപ വിനിയോഗിച്ചു. ആരോഗ്യം, പ്രജനനം, വംശാവലി, തിരഞ്ഞെടുക്കൽ, ഭക്ഷണം, പാൽ ഉൽപ്പാദനം, പ്രതിരോധ കുത്തിവയ്പ്പുകൾ, ജനിതക ശേഷിയുടെ പ്രകടനത്തിലെ കാർഷിക-കാലാവസ്ഥാ പരസ്പരബന്ധം, മൃഗ ഉൽപ്പന്നത്തിന്റെ കണ്ടെത്തൽ തുടങ്ങിയ ക്ഷീര മൃഗങ്ങളുടെ ജനനം മുതൽ മരണം വരെയുള്ള എല്ലാ വിശദാംശങ്ങളും ഈ തീരുമാന പിന്തുണാ സംവിധാനം (ഡി എസ് എസ്) ശേഖരിക്കും. ഇത് ഭാവിയിലെ എല്ലാ മൃഗസംരക്ഷണ വികസന പ്രവർത്തനങ്ങളുടെയും അടിസ്ഥാനമായി മാറും.

ജനനം, ആരോഗ്യം, പ്രജനനം, ഉൽപ്പാദനം, മരണം എന്നിവയുടെ വിശദാംശങ്ങൾ ഉചിതമായ ഡാഷ്ബോർഡുകൾ ഉപയോഗിച്ച് രേഖപ്പെടുത്തുന്നതിനും, കെ. എൽ. ഡി. ബി, എൻ. ഡി. ഡി. ബി മുതലായവ പരിപാലിക്കുന്ന മറ്റ് സോഫ്റ്റ്വെയറുകളുമായി സംയോജിപ്പിക്കുന്നതിനുമുള്ള ഒരു മൃഗ ഡാറ്റാബേസ് വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. മൃഗങ്ങളുടെ ദൈനംദിന ഉൽപാദന വിശദാംശങ്ങൾ നൽകുന്നതിനായി കർഷകർക്ക് അവരുടെ മൃഗങ്ങളുടെ ചികിത്സ, പ്രജനനം എന്നിവയുൾപ്പെടെ എല്ലാ വിശദാംശങ്ങളും കാണുന്നതിന് സംവിധാനമുള്ള ഒരു മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചെടുത്തിട്ടുണ്ട്. എല്ലാ കന്നുകാലി പരിപാലന പ്രവർത്തനങ്ങളും രേഖപ്പെടുത്തുകയും, മൃഗങ്ങളുടെ ആധാർ ഡാറ്റാബേസ് പോലെ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു കേന്ദ്ര ശേഖരമായി ഈ ഡാറ്റാബേസ് മാറും. 31.08.2024 വരെ 1540 പെൺ കിടാരികളെ കണ്ടെത്തി രജിസ്റ്റർ ചെയ്യുകയും, 174508 ഹെർഡ് ബുക്കുകൾ പരിപാലിക്കുകയും, 1540 ഹെർഡ് ബുക്കുകൾ ആരംഭിക്കുകയും, 3936 ഹാർട്ട് ഗിർത്ത് അളക്കുകയും ചെയ്തു.

വിൽപ്പന 2,02,056 മെട്രിക് ടൺ ആയിരുന്നു. വിവിധ പദ്ധതികളിലൂടെ 20486.89 മെട്രിക് ടൺ നല്ല നിലവാരമുള്ള കന്നുകാലി തീറ്റയും, 71,430 മെട്രിക് ടൺ കന്നുകാലി തീറ്റയും കേരളത്തിലെ ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. കോഴിക്കോട്, കരുനാഗപ്പള്ളി യൂണിറ്റുകളിൽ രണ്ട് നിയർ ഇൻഫ്രാറെഡ് (എൻ. ഐ. ആർ) സ്പെക്ട്രോഫോട്ടോമീറ്ററുകൾ വാങ്ങി സ്ഥാപിച്ചു.

- കന്നുകാലികൾ, ആടുകൾ, പോത്തുകൾ, പന്നികൾ എന്നിവയുടെ ബ്രീഡിംഗ് മാനേജ്മെന്റ് ഇൻപുട്ടുകൾ വിതരണം ചെയ്യുന്നതിനും കാലിത്തീറ്റ ഉൽപാദനത്തിനും കെ. എൽ. ഡി. ബി. ക്കാണ് ഉത്തരവാദിത്വം. ബോർഡ് 1155 കന്നുകാലികളെയും പോത്തുകളെയും, 700 ആടുകളെയും, 599 പന്നികളെയും പരിപാലിക്കുന്നുണ്ട്. 378 കന്നുകുട്ടികളെയും, 2224 പന്നിക്കുട്ടികളെയും ഉത്പാദിപ്പിച്ചു; 384 കന്നുകുട്ടികളെയും, 1840 പന്നിക്കുട്ടികളെയും വിതരണം ചെയ്തു. പാൽ റെക്കോർഡിംഗിന് കീഴിൽ 6436 പശുക്കളെ രജിസ്റ്റർ ചെയ്തു.
- 2023-24 ൽ 3,063 കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളിലേക്ക് ശീതീകരിച്ച ബീജം വിതരണം ചെയ്തു. 27,95,746 ഡോസ് കന്നുകാലികളുടെയും പോത്തിൻറെയും ശീതീകരിച്ച ബീജം ഉത്പാദിപ്പിച്ചു, 12,02,561 ഡോസ് ശീതീകരിച്ച ബീജം കേരളത്തിൽ വിറ്റഴിച്ചു, 5,91,157 ഡോസ് ശീതീകരിച്ച ബീജം സംസ്ഥാനത്തിന് പുറത്ത് വിതരണം ചെയ്തു. ശീതീകരിച്ച, ആടുകളുടെ ബീജത്തിന്റെ കാര്യത്തിൽ ഉൽപ്പാദനം 70,081 ഡോസായിരുന്നു. 46,602 ഡോസ്

ശീതീകരിച്ച ആടുകളുടെ ബീജം കേരളത്തിനകത്ത് വിൽക്കുകയും 850 ഡോസ് കേരളത്തിന് പുറത്ത് വിൽക്കുകയും ചെയ്തു.

- ADAPT (ആപ്ലിക്കേഷൻ ഫോർ ഡാറ്റ അനാലിസിസ് ഇൻ പ്രോജെനി ടെസ്റ്റിംഗ് പ്രോഗ്രാം): കേരളത്തിലെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് കെ. എൽ. ഡി. ബി. ഒരു സോഫ്റ്റ്വെയർ ADAPT (ആപ്ലിക്കേഷൻ ഫോർ ഡാറ്റ അനാലിസിസ് ഇൻ പ്രോജെനി ടെസ്റ്റിംഗ് പ്രോഗ്രാം) വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിലൂടെ ഫീൽഡുകളിൽ നിന്ന് ലഭിക്കുന്ന പശുക്കളുടെ വിവരങ്ങൾ വിശ്വസനീയമായി വിശകലനം ചെയ്യാനും, കർഷകർക്ക് അവരുടെ വീടുകളിൽ നിന്ന് കമ്പ്യൂട്ടർ/മൊബൈൽ ആപ്ലിക്കേഷനിലൂടെ ഫീൽഡ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും കഴിയും. ഈ അത്യാധുനിക ഡിജിറ്റൽ സാങ്കേതികവിദ്യ സന്തതി പരിശോധനാ പരിപാടിയുടെ വിവിധ പ്രവർത്തനങ്ങൾ ഒരേ മേൽക്കുരയ്ക്ക് കീഴിൽ കാര്യക്ഷമമായി നടത്താൻ പ്രാപ്തമാക്കുകയും, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഭാവിയിൽ ക്ഷീരമേഖലയെ ആധുനികവൽക്കരിക്കുന്നതിനും, ശക്തിപ്പെടുത്തുന്നതിനും, ജനിതക സവിശേഷതകളുടെ പിന്തുണയുള്ള ഒരു പുതിയ തലമുറ പശുക്കളെ സൃഷ്ടിക്കുകയും ചെയ്യും. ഇതിന് കീഴിൽ ബോർഡ് 1580 പെൺ കിടാങ്ങളെ രജിസ്റ്റർ ചെയ്യുകയും, 1109 പശുക്കളെ പാൽ റെക്കോർഡിംഗിനായി ചേർക്കുകയും, 853 ലാക്റ്റേഷൻ പൂർത്തിയാക്കുകയും ചെയ്തു.
- KLDB-IISER സംയുക്ത ഗവേഷണ പദ്ധതി: വംശാവലി വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ കാളകളെ തിരഞ്ഞെടുക്കുന്നതിനും, ജനിതക മികവ് കണ്ടെത്തുന്നതിനും, പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനും, കന്നുകാലികളുടെ ജനിതക മികവ് കണ്ടെത്തുന്നതിനുമുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി കെ. എൽ. ഡി. ബോർഡ് കുടപ്പനക്കുന്നിൽ എൻ. എ. ബി. എൽ. അക്രഡിറ്റേഷനോടുകൂടിയ ജീനോമിക് ലാബ് സ്ഥാപിച്ചു. CRISPR-Cas9 ജീൻ എഡിറ്റിംഗ് ടെക്നോളജി' ഉപയോഗിച്ച് പരിഷ്കരിച്ചതിന് ശേഷം, സ്വഭാവഗുണങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കന്നുകാലികളിലെ രോഗ പ്രതിരോധ സ്വഭാവങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക ജീനുകളെ തിരിച്ചറിയാനും, അത് ഭ്രൂണങ്ങളിൽ ഉൾപ്പെടുത്താനുമുള്ള സാധ്യതയെയാണ് പദ്ധതി ലക്ഷ്യമിടുന്നത്.
- ഭ്രൂണ കൈമാറ്റവും ഇൻ-വിട്രോ ഫെർട്ടിലൈസേഷനും (IVF) പ്രാദേശിക പശുക്കൾക്ക് നടപ്പിലാക്കുന്നു: കന്നുകാലികളുടെ പുനരുൽപാദനവുമായി ബന്ധപ്പെട്ട ആധുനിക സാങ്കേതികവിദ്യകളായ ഭ്രൂണ കൈമാറ്റം, ഇൻ-വിട്രോ ഫെർട്ടിലൈസേഷൻ (IVF) എന്നിവ KLD ബോർഡ് നടപ്പിലാക്കുന്നു. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ഉയർന്ന ജനിതക മൂല്യമുള്ള ഉയർന്ന ഗുണമേന്മയുള്ള പശുക്കുട്ടികളെ ഉൽപ്പാദിപ്പിക്കാൻ ഈ സാങ്കേതികവിദ്യയിലൂടെ സാധിക്കും. കെ. എൽ. ഡി. ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിലാണ് ഈ ഭ്രൂണ കൈമാറ്റ പദ്ധതി നടപ്പാക്കുന്നത്. ഇതിനകം 850 ഭ്രൂണങ്ങൾ ഉത്പാദിപ്പിച്ചു. കൂടാതെ, ഫാമിൽ തന്നെ ഭ്രൂണ കൈമാറ്റ സാങ്കേതികവിദ്യയിലൂടെ 38 ഓളം പശുക്കുട്ടികൾ ജനിച്ചിട്ടുണ്ട്. ഉയിരറ്റ സുനന്ദിനി പശുവിൻറെ അണ്ഡാശയത്തിൽ നിന്ന് ഓവ ശേഖരിച്ച് മാട്ടുപ്പെട്ടിയിലെ ഭ്രൂണ കൈമാറ്റ ലബോറട്ടറിയിൽ ഐ.വി.എഫ് വഴി ഭ്രൂണങ്ങൾ സൃഷ്ടിച്ചു. ഈ ഭ്രൂണങ്ങളിൽ നിന്ന് ഉയിരറ്റ പശുവിൻറെ ഒരു കിടാവ് ജനിച്ചു. ഈ പശുക്കുട്ടിയുടെ ജനനം ക്ഷീരമേഖലയ്ക്ക് 'ഐ വി എഫ് സാങ്കേതികവിദ്യ' കൊണ്ടുവരുന്ന നിരവധി നേട്ടങ്ങളിൽ ഒന്നാണ്. ഐ വി എഫ് സാങ്കേതികവിദ്യയിലൂടെ ലോകത്ത് ആദ്യമായി ഉൽപ്പാദിപ്പിച്ച വെച്ചൂർ പശുവിൻറെ ഭ്രൂണം വളരെ താഴ്ന്ന ഊഷ്മാവിൽ മരവിപ്പിച്ച് മറ്റ് പശുക്കളുടെ ഗർഭപാത്രത്തിൽ നിക്ഷേപിക്കുകയും ഇതിലൂടെ ഒരു ആൺകിടാവ് ജനിക്കുകയും ചെയ്തു. 'അഭിമന്യു' എന്ന് പേരിട്ടിരിക്കുന്ന ഈ ആൺ കിടാവിന്റെ ജനനം സംസ്ഥാനത്തിന് അഭിമാനകരമാണ്. തിരുവനന്തപുരത്തെ IISER ൻറെ സഹകരണത്തോടെ വെച്ചൂർ മൃഗങ്ങളുടെ മുഴുവൻ ജീനോം സീക്വൻസിങ് പൂർത്തിയാക്കി ഫലം ഫ്രോണ്ടിയർ ജനറ്റിക്സ് ജേണലിൽ പ്രസിദ്ധീകരിച്ചു. സംസ്ഥാനത്തെ 1153 എ.ഐ. കേന്ദ്രങ്ങളിൽ ആടുകൾക്ക് കൃത്രിമ ബീജസങ്കലന സൗകര്യം ഏർപ്പെടുത്തി.
- കെ. എസ്. പി. ഡി. സിയുടെ വിവിധ ക്ഷേമ പദ്ധതികളിലൂടെ 20,669 ഗുണഭോക്താക്കൾക്ക് സഹായം നൽകി. 8,14,943 കോഴികൾ, 38.39 ടൺ കോഴി തീറ്റ, 53 കൂടുകൾ എന്നിവ വിതരണം ചെയ്തു. സംസ്ഥാനത്ത് 1744.46 ടൺ അധിക കോഴി ഇറച്ചിയും, 22.16 കോടി കോഴി മുട്ടകളും ഉത്പാദിപ്പിച്ചു. മുട്ട, മാംസം എന്നിവയുടെ വിൽപ്പനയിലൂടെ യഥാക്രമം 177.31 കോടി രൂപയും, 25.45 കോടി രൂപയും സമാഹരിച്ചു.
- റീ-ബിൽഡ് കേരള പദ്ധതിക്ക് കീഴിൽ, മണിക്കുറിൽ 1,000 ബ്രോയിലറുകളെ സംസ്കരിക്കാൻ കഴിവുള്ള അത്യാധുനിക ബ്രോയിലർ പ്രോസസ്സിംഗ് പ്ലാന്റും, പെറ്റ് ഫുഡ് മാനുഫാക്ചറിംഗ് യൂണിറ്റും കൊല്ലം ജില്ലയിലെ കോട്ടുക്കലിൽ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- ഫ്രീസുചെയ്ത ഇറച്ചി ഉൽപ്പന്നങ്ങൾ മാത്രം ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തിരുന്ന മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യ ലിമിറ്റഡ് ഇപ്പോൾ പുതിയതും തണുത്തതുമായ (ചിൽഡ്) ഇറച്ചി ഉൽപ്പന്നങ്ങളിലേക്ക് കടക്കുകയാണ്. പന്നിയിറച്ചി, പോത്ത് എന്നിവയുടെ കയറ്റുമതിക്കായി കമ്പനിക്ക് എച്ച്.എ.സി.സി.പി. ഐ.എസ്.ഒ. 22000:2018 എഫ്.എസ്.എം.എസ് സർട്ടിഫിക്കേഷൻ ലഭിച്ചു. കൊല്ലം ജില്ലയിലെ ഏരൂരിൽ മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് ഒരു മൂല്യവർദ്ധിത മാംസ ഉൽപ്പാദന, സംസ്കരണ പ്ലാന്റ് സ്ഥാപിച്ചു. പ്രതിദിനം ഷിഫ്റ്റിന് 2000 കിലോഗ്രാം ഉൽപ്പാദന ശേഷിയുള്ള പ്ലാന്റിൽ ഉൽപ്പാദനം 16.05.2024 മുതൽ ആരംഭിച്ചു.
- "ഒപ്പം"- നൈപുണ്യം വർദ്ധിപ്പിക്കുന്നതിലൂടെയും, പ്രചാരണങ്ങളിലൂടെയും, സുസ്ഥിരമായ ഉപജീവന പിന്തുണ നൽകുന്നതിലൂടെയും, ഗോത്രവർഗ വിഭാഗങ്ങൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തുന്നതിലൂടെയും, വയനാട്ടിലെ ഗോത്രവർഗ സമൂഹത്തിന്റെ സാമൂഹികവും, സാമ്പത്തികവുമായ ക്ഷേമം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേരള

വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ (കെ. വി. എ. എസ്. യു) ഒരു പുതിയ പദ്ധതിയാണ് 'ഒപ്പം'. ഇതിന്റെ ഭാഗമായി വെള്ളപ്പങ്കണ്ടി ട്രൈബൽ ഹാംലെറ്റിൽ അടിസ്ഥാന പോഷകാഹാര ശിൽപശാല നടത്തി. കരിത്തണ്ഡൻ ട്രൈബൽ ഹാംലെറ്റിൽ ആട്, പോഷകാഹാര കിറ്റ്, തദ്ദേശീയ കോഴികുഞ്ഞുങ്ങൾ തുടങ്ങിയവയെ വിതരണം ചെയ്തു. ചെമ്പട്ടി ട്രൈബൽ ലൈബ്രറി ഉദ്ഘാടനം ചെയ്യുകയും, 2023-24 കാലയളവിൽ ബുക്ക് ചലഞ്ച് സംഘടിപ്പിക്കുകയും ചെയ്തു.

- താറാവുകളിൽ ഉപയോഗിക്കുന്നതിനുള്ള "റീമെരെല്ല" വാക്സിൻ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (കെ. വി. എ. എസ്. യു) വികസിപ്പിക്കുകയും, പേറ്റന്റ് നേടുകയും ചെയ്തു. ആടുകളിലെ രോഗനിർണയത്തിനായി 'അനീമിയ' കാർഡ് വികസിപ്പിക്കുകയും 'ത്രിവേണി', 'തലശ്ശേരി' തുടങ്ങിയ മികച്ച കോഴിവർഗ്ഗങ്ങൾ, 'ചൈത്ര' പോലുള്ള താറാവ് ഇനങ്ങൾ, 'മണ്ണുത്തി വൈറ്റ്' പോലുള്ള പന്നി ഇനങ്ങൾ എന്നിവ കർഷകർക്കായി പുറത്തിറക്കുകയും ചെയ്തു. മെച്ചപ്പെട്ട കാൽസ്യം ആഗിരണം ചെയ്യുന്ന ഗുണങ്ങളുള്ള ഒരു ഫംഗ്ഷണൽ കോമ്പോസിറ്റ് ഫ്ലോർ പ്രീമിക്സിനായി (റെഡി-ടു-കുക്ക് ഫോം) പേറ്റന്റ് ലഭിച്ചു. മൃഗങ്ങൾക്ക് മൊത്തം 25 ഡോസ് സെക്സ്ഡ് ബീജം നൽകി. അതിൽ 7 പശുക്കുട്ടികൾ 2023-24 കാലയളവിൽ ജനിച്ചു. വിജയ ശതമാനം ഏകദേശം 28 ശതമാനമാണ്.

### കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി.) പ്രചാരണം

മൃഗസംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് മൃഗങ്ങളെയും പക്ഷികളെയും വളർത്തുന്നതിനുള്ള പ്രവർത്തന മൂലധന ആവശ്യങ്ങൾക്കായി റിസർവ് ബാങ്ക് 'കിസാൻ ക്രെഡിറ്റ് കാർഡ്' പദ്ധതി (കെ.സി.സി) ഏർപ്പെടുത്തി. മൃഗസംരക്ഷണത്തിലെ പ്രവർത്തന മൂലധന ഘടകങ്ങളിൽ, ഭക്ഷണം, വെറ്റിനറി സഹായം, കറവ മൃഗങ്ങളുടെ ഇൻഷുറൻസ്, തൊഴിൽ, വെള്ളം, വൈദ്യുതി വിതരണം എന്നിവയുള്ള ആവർത്തന ചെലവ് ഉൾപ്പെടുന്നു. 2023 ൽ സംസ്ഥാനത്ത് കിസാൻ ക്രെഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതിനുള്ള പ്രചാരണത്തിന് നേതൃത്വം നൽകുന്നതിനുള്ള നോഡൽ ഏജൻസിയായി മൃഗസംരക്ഷണ ഡയറക്ടറേറ്റിനെ നിയോഗിച്ചു. ആദ്യ പ്രചാരണം 2023-24 കാലയളവിലും, രണ്ടാമത്തെ പ്രചാരണം 2024 സെപ്റ്റംബർ 15 ന് ആരംഭിച്ച് 2025 മാർച്ച് 31 നകം പൂർത്തിയാകും. 27.09.2024 വരെ 17,537 അപേക്ഷകൾ ലഭിച്ചതായി മൃഗസംരക്ഷണ ഡയറക്ടറേറ്റ് അറിയിച്ചിട്ടുണ്ട്. ഇതിൽ 17,512 എണ്ണം സ്വീകരിക്കുകയും, 12,769 എണ്ണം അനുവദിക്കുകയും ചെയ്തു. 632 കർഷകർക്ക് ഇതിനകം കെ.സി.സി ലഭ്യമായിട്ടുണ്ട്. 397 അപേക്ഷകർ നിഷ്ക്രിയാസ്ഥിയിലാണ് (എൻ. പി.എ). ഒരു കറവ മൃഗവും കൈവശം ഇല്ലാത്തവർ 38 എണ്ണം, കണ്ടെത്താൻ കഴിയാത്ത അപേക്ഷകർ 396 എണ്ണം, 62 പേർ പി.എ.സി.യിൽ അംഗങ്ങളല്ല. 2024-25 കാലയളവിൽ കേരളത്തിൽ 15,000 കെ.സി.സി വിതരണം ലക്ഷ്യം വയ്ക്കുന്നു. ക്ഷീരകൃഷിയിൽ ഉൾപ്പെട്ട ആവർത്തന ചെലവുകൾ വഹിക്കുന്നതിനായി ക്ഷീരകർഷകർക്ക് കെ.സി. സി. ക്രെഡിറ്റ് നൽകുന്നു. ക്ഷീരകർഷകർക്ക് തീറ്റയും തീറ്റപ്പുല്ലും വാങ്ങുന്നതിനും, ഉപകരണങ്ങൾ വാങ്ങുന്നതിനും, പാരിസ്ഥിതിക സമ്മർദ്ദം നേരിടുന്നതിനായി ശാസ്ത്രീയ കന്നുകാലി ഷെഡുകളുടെ നിർമ്മാണം, നിലവിലുള്ള കന്നുകാലി ഷെഡുകളുടെ അറ്റകുറ്റപ്പണി, മൃഗപരിപാലനം, ഇൻഷുറൻസ്, വെറ്റിനറി സഹായം എന്നിവയ്ക്കായി നാമമാത്ര പലിശ നിരക്കിൽ വായ്പ വാഗ്ദാനം ചെയ്യുന്നു.

### ക്ഷീര വികസനം

പാലും പാൽ ഉല്പന്നങ്ങളും എന്നിവ പോഷകാഹാരത്തിന്റെ പ്രധാന ഉറവിടങ്ങളും ലോകമെമ്പാടുമുള്ള ക്ഷീര മൂല്യ ശൃംഖലയിലെ ദശലക്ഷക്കണക്കിന് ആളുകൾക്ക് ഉപജീവനമാർഗവുമാണ്. ആഗോള പാൽ ഉൽപ്പാദനം 2023 ൽ 1.5 ശതമാനം വർദ്ധിച്ച് ഏകദേശം 927 മെട്രിക് ടണ്ണായി. ആഗോള പാൽ ഉൽപ്പാദനം (ഏകദേശം 81 ശതമാനം പശുവിൻ പാൽ, 15 ശതമാനം എരുമ പാൽ, 4 ശതമാനം ആട്, ചെമ്മരിയാട്, ഒട്ടകം എന്നിവയുടെ പാൽ സംയോജിപ്പിച്ച്) അടുത്ത ദശകത്തിൽ പ്രതിവർഷം 1.6 ശതമാനം വളരുമെന്ന് പ്രതീക്ഷിക്കുന്നു (2033 ൽ 1085 മെട്രിക് ടൺ). ഈ വളർച്ചാ നിരക്ക് മറ്റ് പ്രധാന കാർഷിക ഉൽപ്പന്നങ്ങളേക്കാൾ വേഗത്തിലാണ്. ഉൽപ്പാദനത്തിലെ വളർച്ചയുടെ പകുതിയിലധികവും ഇന്ത്യയിൽ നിന്നും പാകിസ്ഥാനിൽ നിന്നുമാണ് പ്രതീക്ഷിക്കുന്നത്. ഇത് 2033 ൽ ആഗോള പാലുല്പാദനത്തിന്റെ 30 ശതമാനത്തിലധികം വരും (ഓർഗനൈസേഷൻ ഫോർ ഇക്കണോമിക് കോ-ഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റ് (ഒ.ഇ.സി. ഡി)-എഫ്.എ.ഒ അഗ്രികൾച്ചറൽ ഔട്ട്ലുക്ക് 2024-2033). ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷന്റെ (എഫ്.എ.ഒ) കണക്കനുസരിച്ച് ലോകമെമ്പാടുമുള്ള ഏകദേശം 150 ദശലക്ഷം കുടുംബങ്ങൾ പാലുല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

മിക്ക വികസ്വര രാജ്യങ്ങളിലും, പാലുല്പാദിപ്പിക്കുന്നത് ചെറുകിട ഉടമകളാണ്. പാൽ ഉൽപ്പാദനം ഗാർഹിക ഉപജീവനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും പോഷകാഹാരത്തിനും സംഭാവന ചെയ്യുന്നു. പാൽ ചെറുകിട പാലുല്പാദകർക്ക് താരതമ്യേന വേഗത്തിൽ വരുമാനം നൽകുന്നു, ഇത് വരുമാനത്തിന്റെ പ്രധാന ഉറവിടമാണ്, ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ (എഫ് എ ഒ). ഇന്ത്യയിലെ ഏറ്റവും വലിയ കാർഷിക ഉൽപ്പന്നമാണ് ഡയറി. ദശലക്ഷക്കണക്കിന് ഗ്രാമീണ ജനങ്ങൾക്ക് തൊഴിൽ നൽകുകയും, ഗ്രാമീണ കുടുംബങ്ങൾക്ക് വരുമാനം നൽകുകയും ചെയ്യുന്ന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഒരു പ്രധാന മേഖലയാണ് ക്ഷീരമേഖല. ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിലും ദാരിദ്ര്യം കുറയ്ക്കുന്നതിലും പ്രത്യേകിച്ച് സ്ത്രീകൾക്ക് ലാഭകരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഈ മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. വർദ്ധിച്ചുവരുന്ന ജനസംഖ്യ, ഉപഭോക്താവിന്റെ ഉയർന്ന വാങ്ങൽ ശേഷി, പോഷകാഹാരത്തോടുള്ള കൂടുതൽ ശ്രദ്ധ, ബ്രാൻഡില്ലാത്ത ഉൽപ്പന്നങ്ങളോടുള്ള വർദ്ധിച്ചുവരുന്ന വൈമുഖ്യം എന്നിവ കാരണം ഇന്ത്യയിൽ പാൽ ഉൽപാദനം അടുത്ത 25 വർഷത്തിനുള്ളിൽ ഏകദേശം 628 എം. എം. ടിയിലെത്തും (2047വരെ). സുസ്ഥിര വികസന ലക്ഷ്യങ്ങൾ-പ്രത്യേകിച്ച് എസ്. ഡി. ജി-1, എസ്. ഡി. ജി-3, എസ്. ഡി. ജി-5, എസ്. ഡി. ജി-8, എസ്. ഡി. ജി-10

എന്നിവ കൈവരിക്കുന്നതിൽ ക്ഷീരമേഖല നിർണായക പങ്ക് വഹിക്കുന്നു.

ആഗോള ഭക്ഷ്യ വിപണികളെക്കുറിച്ചുള്ള എഫ്.എ.ഒ.യുടെ ഫുഡ് ഔട്ട്ലുക്ക്- വർഷത്തിൽ രണ്ടു തവണ നടത്തുന്ന റിപ്പോർട്ട് അനുസരിച്ച്, 2024 ജൂണിൽ ആഗോള പാൽ ഉൽപാദനം 1.4 ശതമാനം ഉയർന്ന് ഏകദേശം 979 ദശലക്ഷം ടണ്ണിലെത്തുമെന്ന് പ്രവചിക്കപ്പെടുന്നു. ഇന്ത്യ, ചൈന, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളുടെ നേതൃത്വത്തിൽ ഏഷ്യയിൽ നിന്ന് വിപുലീകരണത്തിന്റെ ഭൂരിഭാഗവും വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനു കാരണം പ്രധാനമായും വർദ്ധിച്ചുവരുന്ന കറവ പശുക്കളുടെ എണ്ണവും ഉയർന്ന പാൽ ഉൽപാദനമുള്ള കൂടുതൽ കാര്യക്ഷമമായ വലിയ തോതിലുള്ള ഡയറി ഫാമുകളുടെ വർദ്ധിച്ചുവരുന്ന സംഭാവനകളുമാണ്. ഏഷ്യയിലെ ക്ഷീരോല്പാദനം 2022 ലെ 11.8 ദശലക്ഷം നിരക്കിൽ നിന്നും 2.7 ശതമാനം വർദ്ധിച്ച് 446.9 ദശലക്ഷം ടണ്ണിൽ എത്തി. ഈ മാറ്റത്തോടെ ആഗോള പാൽ ഉൽപാദനത്തിന്റെ 46 ശതമാനവും ഏഷ്യയിൽ നിന്നാകും. ഇന്ത്യയിൽ, 2023 ൽ പാൽ ഉൽപാദനം 236 ദശലക്ഷം ടണ്ണായി ഉയർന്നു. ക്ഷീര കൂട്ടങ്ങളുടെ എണ്ണം വർദ്ധിച്ചതിന്റെ ഫലമായി 2.5 ശതമാനം വർദ്ധിച്ചു. അനുയോജ്യമായ കാലാവസ്ഥയിൽ നിന്നുള്ള വ്യതിയാനവും ശൈത്യകാലം ആരംഭിക്കുന്നത് വൈകിയതും, കോവിഡ്-19 മൂലം 2020 ൽ കൃത്രിമ ബീജസങ്കലനം കുറഞ്ഞതും, പശു കിടാവുകളുടെ എണ്ണത്തിൽ കുറവുണ്ടാക്കി. ഇത് 2022 ലും 2023 ലും പാൽ ഉൽപാദന വളർച്ചയെ ബാധിച്ചു. മാത്രമല്ല, കാലിത്തീറ്റയുടെ ഉയർന്ന വില, പാലിന്റെ കുറഞ്ഞ വിപണി ആവശ്യം, ചൂട് സമ്മർദ്ദം എന്നിവ പാലിന്റെ ഉൽപാദനത്തെ പ്രതികൂലമായി ബാധിച്ചു (ഡയറി മാർക്കറ്റ് റിവ്യൂ, 2023).

ഇന്ത്യയാണ് ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന രാജ്യം. കൂടാതെ ഉൽപ്പാദനത്തിൽ ത്വരിതഗതിയിലുള്ള വളർച്ച തുടരുമെന്നും പ്രതീക്ഷിക്കുന്നു. സംസ്കരണത്തിനും വിതരണത്തിനുമായി സഹകരണസംഘങ്ങളുമായി ബന്ധപ്പെട്ട ചെറുകിട കുടുംബങ്ങളെ അടിസ്ഥാന മാക്കിയാണ് ഉൽപ്പാദനം. വിശാലമായ വിതരണ ശൃംഖലകളിലേക്കുള്ള ഈ സംയോജനം ഇന്ത്യയിലെ ക്ഷീരകർഷകരുടെ മൂല്യവർദ്ധനവിന് ആവശ്യമാണ്. കൂടുതൽ കറവയുള്ള പശുക്കളിലും എരുമകളിലും നിന്നും, പാൽ ഉത്പാദനത്തിൽ വളർച്ച ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്കരിച്ച പാലും പാലുല്പന്നങ്ങളുടേയും ആളോഹരി ഉപഭോഗം 2021-23 ൽ ഇന്ത്യയിൽ ഒരാൾക്ക് 20.0 കിലോഗ്രാമാണ്, 2033 ൽ ഇത് ഒരാൾക്ക് 25.3 കിലോഗ്രാം ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്കരിച്ച പാലുൽപ്പന്നങ്ങളുടെ കാര്യത്തിൽ ഇത് യഥാക്രമം 3.2 ഉം 3.8 മാണ്. (ഒ.ഇ.സി.ഡി.-എഫ്.എ.ഒ 2024). രാജ്യത്തെ പാൽ ഉല്പാദകരിൽ ഭൂരിഭാഗവും ചെറുകിട, നാമമാത്ര കർഷകരും, ഭൂരഹിത തൊഴിലാളികളുമാണ്. 2023 ലെ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ പശുക്കളുള്ള രാജ്യം 61 ദശലക്ഷത്തിലധികം പശുക്കളുള്ള ഇന്ത്യയാണ്. 2022 ൽ ഇന്ത്യയുടെ കന്നുകാലികളുടെ ശേഖരം ഏകദേശം 308 ദശലക്ഷമായിരുന്നു. ആഗോള കന്നുകാലികളുടെ എണ്ണം ഒരു ബില്യണിലധികമാണെങ്കിലും, പ്രസ്തുത വർഷം ബ്രസീൽ, ചൈന, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവയ്ക്ക് ശേഷം ഏറ്റവും കൂടുതൽ കന്നുകാലികളുടെ എണ്ണം ഇന്ത്യയിലായിരുന്നു.

പാൽ ഉൽപാദനം 2018-19 ലെ 187.30 ദശലക്ഷം ടണ്ണിൽ നിന്ന് 2022-23 ൽ 230.58 ദശലക്ഷം ടണ്ണായി 6 ശതമാനം കോമ്പൌണ്ട് വാർഷിക വളർച്ചാ നിരക്കിൽ (സി.എ.ജി.ആർ) വളരുകയാണ്. 2023 ൽ ആഗോള പാൽ ഉൽപാദനം 965.7 ദശലക്ഷം ടണ്ണിലെത്തി, 2022 നെ അപേക്ഷിച്ച് ഉത്പാദനം 1.5 ശതമാനം ഉയർന്നു (ഡയറി മാർക്കറ്റ് റിവ്യൂ, 2023). 2022-23 ൽ ഇന്ത്യയിൽ ആളോഹരി പാൽ ലഭ്യത പ്രതിദിനം 459 ഗ്രാമാണ്. 2022 ൽ ലോക ശരാശരി പ്രതിദിനം 322 ഗ്രാം ആയിരുന്നു (ഫുഡ് ഔട്ട്ലുക്ക് ജൂൺ, 2023).

ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ 46 ശതമാനവും ഉൽപ്പാദക തലത്തിൽ ഉപയോഗിക്കുകയോ ഗ്രാമീണ മേഖലയിലെ ഉപഭോക്താക്കൾക്ക് വിൽക്കുകയോ ചെയ്യുന്നു. ബാക്കി 54 ശതമാനം പാൽ സംഘടിത, അസംഘടിത കമ്പനികൾക്ക് വിൽക്കുന്നു. 2021 ൽ ക്ഷീര വിപണിയുടെ മൊത്തം വലുപ്പം ഏകദേശം 13.17 ലക്ഷം കോടി രൂപയായിരുന്നു. ഇന്റർനാഷണൽ മാർക്കറ്റ് അനാലിസിസ് റിസർച്ച് ആൻഡ് കൺസൾട്ടിംഗ് ഗ്രൂപ്പ് (ഐ.എം.എ.ആർ.സി) 2021 റിപ്പോർട്ട് അനുസരിച്ച്, കഴിഞ്ഞ 15 വർഷമായി ക്ഷീര വിപണി പ്രതിവർഷം 15 ശതമാനം വളർച്ച കൈവരിച്ച് 2027 ഓടെ വിപണി ഏകദേശം 30.84 ലക്ഷം കോടി രൂപയുടെ വളർച്ച പ്രാപിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ദ്രാവക പാൽ വിപണി രാജ്യത്തെ മൊത്തം ക്ഷീര വിപണിയുടെ പകുതിയോളം പ്രതിനിധീകരിക്കുന്നു. മൊത്തം ദ്രാവക പാൽ വിപണിയിൽ സംഘടിത മേഖലയുടെ വിഹിതം കഴിഞ്ഞ മൂന്ന് വർഷത്തിനിടെ 32 ശതമാനത്തിൽ നിന്ന് 41 ശതമാനമായി ഉയർന്നു. 2026 ഓടെ സംഘടിത മേഖലയുടെ വിഹിതം 54 ശതമാനമായി ഉയരുമെന്ന് കണക്കാക്കപ്പെടുന്നു (വാർഷിക റിപ്പോർട്ട് 2023-24, മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ്, കേന്ദ്ര സർക്കാർ).

### പദ്ധതികളും സംരംഭങ്ങളും

സംസ്ഥാനത്ത് ഗ്രാമീണ ക്ഷീര വിജ്ഞാന വ്യാപനം, കാലിത്തീറ്റ വിഭവ വികസനം, ഗ്രാമീണ പാൽ വിപണനം എന്നിവയുടെ നോഡൽ ഏജൻസിയായി ക്ഷീര വികസന വകുപ്പ് പ്രവൃത്തിക്കുന്നു. പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, തീറ്റപ്പുൽ ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഉൽപ്പാദനച്ചെലവ് കുറയ്ക്കുക, ക്ഷീര സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക, ഉപഭോക്താക്കൾക്ക് സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ പാൽ ഉറപ്പാക്കുക, ഉൽപാദകർക്ക് ന്യായമായ മാർജിൻ, ക്ഷീരകർഷകർക്ക് സാമൂഹിക-സാമ്പത്തിക നേട്ടങ്ങൾ എന്നിവ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ വകുപ്പ് സംസ്ഥാനത്ത് വിവിധ പദ്ധതികൾ നടപ്പാക്കുന്നു. ക്ഷീരകർഷകരുടെയും ഉപഭോക്താക്കളുടെയും മറ്റു പങ്കാളികളുടേയും ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ഈ മേഖലയുടെ സമഗ്രവും സുസ്ഥിരവുമായ വികസനം ഉറപ്പാക്കുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. സംസ്ഥാനത്തെ തീറ്റപ്പുൽ കൃഷിയുടെ വികസനത്തിനുള്ള നോഡൽ ഏജൻസിയായും വകുപ്പ് പ്രവർത്തിക്കുന്നു.

**പട്ടിക 3.3.3.** പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ മൂന്ന് വർഷങ്ങളിലെ ക്ഷീരമേഖലയുടെ സാമ്പത്തിക പ്രകടനം (രൂപ ലക്ഷത്തിൽ)

| വർഷം | വിഹിതം | ചെലവ് | മൊത്തം ചെലവിൻറെ ശതമാനം |
|---|---|---|---|
| 2022-23 | 10681 | 7462.86* | 70.00 |
| 2023-24 | 12226 | 5932.16 | 49.00 |
| 2024-25 (21.10.2024 വരെ) | 11795 | 1612.23 | 14.00 |
| **ആകെ** | **34702** | **15007.25** | **43.25** |

***അവലംബം:*** *** വാർഷിക പദ്ധതി അക്കൌണ്ടുകളും പ്ലാൻസ്പേസും (21.10.2024 വരെ)**

162 ക്ഷീര വിജ്ഞാപന വ്യാപന യൂണിറ്റുകൾ, 14 ഗുണനിലവാര നിയന്ത്രണ യൂണിറ്റുകൾ, പാൽ, പാൽ ഉൽപ്പന്നങ്ങൾ, കന്നുകാലി തീറ്റ എന്നിവയുടെ പരിശോധനയ്ക്കായി ഒരു സംസ്ഥാന ക്ഷീര ലാബ് (എൻ. എ. ബി. എൽ. അംഗീകൃതം), 3 പ്രാദേശിക ക്ഷീര ലാബുകൾ, 14 മൊബൈൽ ഗുണനിലവാര നിയന്ത്രണ യൂണിറ്റുകൾ, 6 ക്ഷീര പരിശീലന കേന്ദ്രങ്ങൾ, സംസ്ഥാന തീറ്റപ്പുൽ ഫാം, ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് സംസ്ഥാന ഡയറി ഇൻഫർമേഷൻ സെന്റർ എന്നിവയുമുണ്ട്.


**ക്ഷീര സഹകരണ സംഘങ്ങൾ**

ഇന്ത്യയിൽ പാൽ, ക്ഷീര ഉൽപ്പന്നങ്ങൾ എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിൽ ക്ഷീര സഹകരണ സംഘങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. സഹകരണ പ്രവർത്തനങ്ങളിലൂടെ, കർഷകരുടെ ലാഭവും ഉൽപ്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുന്നതിനെ അടിസ്ഥാനമാക്കിയാണ് ഇന്ത്യയിലെ മിക്ക ക്ഷീര സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നത്. രാജ്യത്തെ ഏറ്റവും മികച്ചതും സുസ്ഥിരവുമായ ക്ഷീര സഹകരണ സംഘങ്ങളിൽ ഒന്നാണ് കേരളത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ. രാജ്യത്തെ മറ്റു യൂണിയനുകളെ അപേക്ഷിച്ച് സംസ്ഥാനത്തെ പ്രാദേശിക യൂണിയനുകൾ അംഗങ്ങളായ ഉത്പാദകർക്ക് പരമാവധി വില നൽകുന്നു. ക്ഷീര വ്യവസായത്തിന്റെ നട്ടെല്ലായ ക്ഷീര സഹകരണ സംഘങ്ങൾ ക്ഷീരകർഷകർക്ക് ഒരു തൽക്ഷണവിപണിയും സ്ഥിരതയുള്ള വിലയും നൽകുന്നു. 2024 ജൂൺ 30 വരെ, ആനന്ദ് പാറ്റേൺ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ (ആപ്കോസ്), നോൺ- ആപ്കോസ് എന്നിവയുൾപ്പെടെ 3608 രജിസ്റ്റർ ചെയ്ത ക്ഷീര സഹകരണ സംഘങ്ങൾ ഉണ്ട്. രജിസ്റ്റർ ചെയ്ത 3608 ക്ഷീര സഹകരണ സംഘങ്ങളിൽ 3348 എണ്ണം പ്രവർത്തനക്ഷമവും, ബാക്കി 260 എണ്ണം നിഷ്ക്രിയവുമാണ്. സംസ്ഥാനത്തെ രജിസ്റ്റർ ചെയ്ത ക്ഷീര സഹകരണ സംഘങ്ങൾ അവരുടെ കർഷകരിൽ നിന്ന് ദിവസത്തിൽ രണ്ടുതവണ പാൽ ശേഖരിക്കുകയും, ഗുണനിലവാരത്തെ (കൊഴുപ്പ്, എസ്.എൻ.എഫ് ശതമാനം) അടിസ്ഥാനമാക്കി പാലിന്റെ മൂല്യം നൽകുകയും ചെയ്യുന്നു. ക്ഷീരസഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ **ചിത്രം 3.3.5** ൽ കാണിച്ചിരിക്കുന്നു.

ക്ഷീര വികസന വിഷൻ 2022 റിപ്പോർട്ട് സംബന്ധിച്ച ദേശീയ കർമ്മ പദ്ധതി പ്രകാരം, ഗ്രാമതല ക്ഷീര അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിലൂടെ പാൽ സംഭരണവും, സംസ്കരണവും വർദ്ധിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. ക്ഷീര വികസനത്തിനായുള്ള ദേശീയ കർമപദ്ധതി, ക്ഷീര വികസനത്തിന് സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുന്നതിനും അതുവഴി പാൽ ഫെഡറേഷൻ/ യൂണിയനുകൾ എന്നിവയുടെ സംസ്കരണം, ഉൽപ്പാദനം, വിപണനം, സംഭരണം എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും, കർഷകർക്ക് പരിശീലന സൗകര്യങ്ങൾ നൽകിക്കൊണ്ട് അവരുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. 2022 ഓടെ 254.5 മെട്രിക് ടണ്ണും, 2023-24 ഓടെ 300 മെട്രിക് ടണ്ണും പാൽ ഉൽപ്പാദനം ലക്ഷ്യമിടുന്നതിന് ഇത് വിഭാവനം ചെയ്യുന്നു. നാഷണൽ ഡയറി പ്ലാൻ ഘട്ടം-1 ൽ ആന്ധ്രാപ്രദേശ്, ബീഹാർ, ഗുജറാത്ത്, ഹരിയാന, കർണാടക, കേരളം, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഒറീസ, പഞ്ചാബ്, രാജസ്ഥാൻ, തമിഴ്നാട്, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെടും. ഈ പദ്ധതി പ്രകാരം സംഘടിതമായി പാൽ കൈകാര്യം ചെയ്യൽ 2022 ഓടെ 41 ശതമാനമായും, 2023-24 ഓടെ 50 ശതമാനമായും വർദ്ധിപ്പിക്കും. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ സഹകരണ സംഘങ്ങളുടെ പാൽ സംഭരണം നിലവിലെ 23 ശതമാനത്തിൽ നിന്ന് 50 ശതമാനമായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്.

അടുത്ത ദശകത്തിൽ, ഇന്ത്യൻ ക്ഷീര സഹകരണ സംഘങ്ങൾക്കും, സ്വകാര്യ കമ്പനികൾക്കും പ്രതിദിനം 4.5-4.8 കോടി ലിറ്റർ അധിക പാൽ സംസ്കരണ ശേഷി സൃഷ്ടിക്കാൻ കഴിയും. ഇന്ത്യയുടെ പാൽ സംസ്കരണ ശേഷി പ്രതിദിനം നിലവിലുള്ള 12 കോടി ലിറ്ററിൽ നിന്ന് ഏകദേശം 17 കോടി ലിറ്ററായി ഉയർത്തും. ഒരു ലക്ഷം ലിറ്റർ പാൽ സംഭരിച്ച് സംഘടിത കമ്പനികൾക്ക് വിതരണം ചെയ്യുമ്പോൾ, പ്രതിവർഷം 6,000 പേർക്ക് തൊഴിൽ ലഭിക്കുന്നുവെന്നും, മൃഗസംരക്ഷണ അടിസ്ഥാന സൗകര്യ നിക്ഷേപ ഫണ്ടിന് ഈ മേഖലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നും കണക്കാക്കപ്പെടുന്നു. ക്ഷീരകർഷകരിലേയ്ക്ക് കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി) പദ്ധതി വിപുലീകരിക്കുന്നതു വഴി പണത്തിന്റെ ലഭ്യത ഉറപ്പാക്കുകയും, ചെറുകിട കർഷകരുടെ പ്രവർത്തന മൂലധന ആവശ്യം നിറവേറ്റുകയും ചെയ്യുന്നു. ഈ ക്യാമ്പയിനിന് കീഴിൽ 31.03.2024 വരെ 45,08,612 അപേക്ഷകൾ ലഭിച്ചു, അതിൽ 44,28,834 അപേക്ഷകൾ ബാങ്കുകൾ സ്വീകരിക്കുകയും, 30,56,223 കെസിസികൾ രാജ്യത്ത് അനുവദിക്കുകയും ചെയ്തു. രാജ്യത്തെ മൃഗസംരക്ഷണ വകുപ്പ് കർഷകർക്കായി

**ചിത്രം 3.3.5** കേരളത്തിലെ ആപ്കോസിന്റേയും നോൺ ആപ്കോസിന്റേയും വിശദാംശങ്ങൾ




***അവലംബം:*** ക്ഷീര വികസന വകുപ്പ്, കേരള സർക്കാർ, 2024

31.03.2024 വരെ 33.84 ലക്ഷം പുതിയ കെ.സി.സി അനുവദിച്ചു (വാർഷിക റിപ്പോർട്ട് 2023-24, മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ്, കേന്ദ്ര സർക്കാർ).

ദുർബല ക്ഷീര സഹകരണ സംഘങ്ങൾക്കായുള്ള സ്പെഷ്യൽ പെർഫോമൻസ് ബൂസ്റ്റർ പ്രോഗ്രാമിന് കീഴിൽ, പാൽ സംഭരണവും, മറ്റ് തരത്തിലുള്ള വശങ്ങളും മെച്ചപ്പെടുത്തുന്നതിന് സാമ്പത്തികമായി ദുർബലരായ തെരഞ്ഞെടുക്കപ്പെട്ട 80 ക്ഷീര സഹകരണ സംഘങ്ങളെ സഹായിച്ചു. 2023-24 ൽ 211.2 ലക്ഷം രൂപ, പ്ലാൻ ഫണ്ടായി ചെലവഴിച്ചു.

**പാൽ വിപണനം**

ത്രിതല ക്ഷീര സഹകരണ സംഘങ്ങളുടെ പരമോന്നത സംഘടനയായ കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ (കെ.സി.എം.എം.എഫ്) സംസ്ഥാനത്ത് ഓപ്പറേഷൻ ഫ്ലഡ് പ്രോഗ്രാം നടപ്പിലാക്കുന്നു. ക്ഷീര വികസന വകുപ്പിൽ നിന്നുള്ള കണക്കുകൾ പ്രകാരം 2023-24 ൽ സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങൾ പ്രതിദിനം 6780.22 ലക്ഷം ലിറ്റർ പാൽ സംഭരിച്ചു. അതിൽ 4573.77 ലക്ഷം ലിറ്റർ ഡയറികളിലേക്കും, 2079.32 ലക്ഷം ലിറ്റർ പ്രാദേശികമായി സൊസൈറ്റികളിലേക്കും നൽകി. മൊത്തം സംഭരണത്തിൽ 127.13 ലക്ഷം ലിറ്റർ മാത്രമാണ് വിവിധ ഉൽപ്പന്നങ്ങൾ തയ്യാറാക്കാൻ ഉപയോഗിച്ചത്. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ (കെ.സി.എം.എം.എഫ്-മിൽമ) കണക്കനുസരിച്ച്, 2024 ൽ ഡയറികളിൽ നിന്നും സംഭരിച്ച പാൽ 3690.5 ലക്ഷം ലിറ്ററും (വാർഷികം), 2023 ൽ ഇത് 5020.89 ലക്ഷം ലിറ്ററും ആയിരുന്നു. വിൽപ്പനയെ സംബന്ധിച്ചിടത്തോളം 2024 ൽ ഇത് 5201.2 ലക്ഷം ലിറ്ററും (വാർഷികം) 2023 ൽ 5849.6 ലക്ഷം ലിറ്ററും (വാർഷികം) ആയിരുന്നു. പാൽ സംഭരണം 36.05 ശതമാനവും, വിൽപ്പന 12.47 ശതമാനവും കുറഞ്ഞു. 2023-24 ൽ ആപ്കോസ് പ്രതിദിനം സംഭരിച്ച ശരാശരി പാൽ 1276.38 മെട്രിക് ടൺ ആയിരുന്നു. മുൻ വർഷത്തെ ശരാശരി 1404 മെട്രിക് ടൺ ആയിരുന്നു. 2023-24 ൽ ഒരു സൊസൈറ്റിയുടെ പ്രതിദിന സംഭരണം 384.30 ലിറ്ററായിരുന്നു. 2024ൽ സംഭരണത്തേക്കാൾ കൂടുതൽ പാൽ വിൽപ്പന നടന്നത് പാലക്കാടും, വയനാടും ഒഴികെയുള്ള ജില്ലകളിലാണ്. കർണാടക, തമിഴ്നാട് സംസ്ഥാന പാൽ ഫെഡറേഷനുകളിൽ നിന്ന് പാൽ സംഘടിപ്പിക്കുകയും, സ്കിംഡ് പാൽപ്പൊടി വാങ്ങുകയും ചെയ്താണ് പാൽ സംഭരണവും വിൽപ്പനയും തമ്മിലുള്ള കുറവ് നികത്തിയത്. ദ്രവ രൂപത്തിലുള്ള പാലിന്റെ വിൽപ്പനയ്ക്കൊപ്പം, കെ.സി.എം.എം.എഫ്. അവരുടെ കീഴിലുള്ള യൂണിറ്റുകളിലൂടെ വൈവിധ്യമാർന്ന പാൽ ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നു. നെയ്യ്, വെണ്ണ, തൈര്, ഐസ്ക്രീം, പനീർ, ചോക്ലേറ്റുകൾ, രുചിവൈവിധ്യമുള്ള പാൽ, ഗുലാബ് ജാമുൻ, ലസ്സി, പാലട മിക്സ്, പേട, ടെട്രാ പായ്ക്ക് ഉൽപ്പന്നങ്ങൾ, ഡയറി വൈറ്റ്നർ, മാംഗോ ജ്യൂസ്, പാക്കേജുചെയ്ത വെള്ളം എന്നിവ മിൽമ ഉൽപ്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നു. കെ.സി.എം.എം.എഫി ന്റെ വിവിധ ഡയറികളുടെ പാൽ സംഭരണവും, വിൽപ്പനയും, കെ.സി.എം.എം.എഫിന്റെ പ്രകടനം, ആപ്കോസ് സംഭരിച്ച പാൽ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 3.3.12, 3.3.13, 3.3.14** എന്നിവയിൽ കാണിച്ചിരിക്കുന്നു. 2010 മുതൽ പാലിന്റെ വില പരിഷ്കരണവും, വില വ്യാപനവും യഥാക്രമം **അനുബന്ധം 3.3.15, അനുബന്ധം 3.3.16** എന്നിവയിൽ നൽകിയിരിക്കുന്നു. ക്ഷീരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കേരള സർക്കാർ 2022 ഡിസംബർ മുതൽ പാലിന്റെ വില ലിറ്ററിന് 4 രൂപ മുതൽ 6 രൂപ വരെ വർദ്ധിപ്പിച്ചു.

**ബോക്സ് 3.3.3** മിൽമ പുന:സ്ഥാപിക്കൽ, 2023

അന്താരാഷ്ട്ര കമ്പനികളുമായി കിടപടിക്കുന്നതിനായി വിപണി നിലനിർത്തുന്നതിനും, വിപുലീകരിക്കുന്നതിനുമായി, മിൽമ ഉൽപ്പന്നങ്ങളുടെ പാക്കേജിംഗ്, ഡിസൈൻ, ഗുണനിലവാരം എന്നിവയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തുകയും മികച്ച ഉൽപ്പന്നങ്ങൾ സംസ്ഥാനത്തുടനീളമുള്ള വിപണികളിൽ അവതരിപ്പിക്കുകയും ചെയ്ത "റിപോസിഷനിംഗ് മിൽമ 2023" എന്ന പദ്ധതിയിലൂടെ മിൽമ ഒരു ബ്രാൻഡ് ഇമേജ് പരിവർത്തനത്തിന് വിധേയമായി. ഇതിനായി ദേശീയ ക്ഷീര വികസന ബോർഡിന്റെ (എൻ.ഡി.ഡി.ബി) സാമ്പത്തികവും സാങ്കേതികവുമായ പിന്തുണയും ലഭിച്ചു. പാൽ വകഭേദങ്ങളെ ഏകീകരിക്കുമ്പോൾ, തിരിച്ചറിയുന്നതിനും ഉപയോഗിക്കുന്നതിനുമായി എല്ലാ വകഭേദങ്ങളുടെയും നിലവിലുള്ള പേരുകൾ മാറ്റിയിട്ടുണ്ട്. രൂപത്തിലും, സാന്ദ്രതാ നിലവാരത്തിലും മേഖല തിരിച്ചുള്ള സാധ്യമായ വ്യതിയാനങ്ങൾ ക്രമീകരിക്കുന്നതിന്, ഏകീകൃത സ്വഭാവസവിശേഷതകൾ ഉറപ്പാക്കിക്കൊണ്ട് തൈര് വകഭേദങ്ങൾ വീണ്ടും സമാരംഭിച്ചു. 'ശുദ്ധി' എന്ന പേരിൽ പാക്കേജുചെയ്ത കുടിവെള്ളവും 'ഡെലിസ', 'ചോക്കോഫുൾ' എന്നീ പേരുകളിൽ മോൾഡഡ്, ബാർ രൂപത്തിൽ മിൽമ ചോക്ലേറ്റുകളും, പ്രീമിയം ഡാർക്ക് ചോക്ലേറ്റുകളുടെ 3 പുതിയ ഇനങ്ങളും, മിൽമ ഒസ്മാനിയ ബട്ടർ ബിസ്ക്കറ്റ്, ബട്ടർ ഡ്രോപ്പുകൾ എന്നിവയും പുറത്തിറക്കി. ആക്ഷൻ പ്ലാൻ അനുസരിച്ച് ഡിസംബർ 2024 ഓടെ മിക്കവാറും എല്ലാ മിൽമ ഉൽപ്പന്നങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമാകും.

**മിച്ചമുള്ള പാലും ഉൽപ്പന്ന വൈവിധ്യവൽക്കരണവും**

കേരളത്തിലെ മൃഗസംരക്ഷണ മേഖല കോവിഡ്-19 മഹാമാരിയിൽ നിന്ന് പഠിച്ച ഒരു പ്രധാന പാഠം, മൃഗങ്ങളുടെ ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടതിന്റെ ആവശ്യകതയെയാണ് പാൽ ഉത്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുന്നതിലേക്ക് അടുക്കുകയാണെന്നും മഹാമാരി കേരളത്തെ ഓർമ്മിപ്പിച്ചു. അതിനാൽ, പാലിൽ നിന്ന് ചീസ്, തൈര് പോലെയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉൽപ്പാദനം വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇത് നിലവിലുള്ള ക്ഷീര പ്ലാന്റുകളിൽ നൂതന ഉൽപ്പന്ന വൈവിധ്യവൽക്കരണ സൗകര്യങ്ങൾ സ്ഥാപിക്കേണ്ടത് അനിവാര്യമാക്കി. ഫാം തലത്തിലെ അസംസ്കൃത പാലിന്റെ ഗുണനിലവാരം വളരെ ആശങ്കാജനകമാണ്. ഉല്പാദനം മുതൽ ഉപഭോഗം വരെയുള്ള ശീതീകരണ ശൃംഖലയുടെ പരിപാലനം ഉറപ്പാക്കേണ്ടതുണ്ട്. ബാക്ടീരിയയുടെ ഭാരം കുറയ്ക്കുന്നതിന് ഫാം തലത്തിൽ സംഭരിക്കുന്ന പാൽ ചുരുങ്ങിയ സമയത്തിനുള്ളിൽ തണുപ്പിക്കേണ്ടതുണ്ട്. ഇതിന് ശീതീകരണ ശൃംഖലയുടെ പരിപാലനം ഉറപ്പാക്കാൻ കൂടുതൽ സാമ്പത്തിക പിന്തുണ ആവശ്യമാണ്. നിലവിൽ 392.50 കിലോ ലിറ്റർ ശേഷിയുള്ള 108 ബൾക്ക് മിൽക്ക് കൂളർ സെന്ററുകൾ (ബി. എം. സി. സി) മാത്രമാണ് സംസ്ഥാനത്തുള്ളത് (വാർഷിക റിപ്പോർട്ട് 2023-24, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ്, കേന്ദ്രസർക്കാർ). ക്ഷീര സഹകരണ സംഘങ്ങളുടെ പാൽ സംഭരണ ശേഷിക്ക് അനുസൃതമായി ഇത് വർദ്ധിപ്പിക്കേണ്ടതുണ്ട്.

**മുന്നോട്ടുള്ള വഴി**

കർഷകർക്ക് മാന്യമായും, സംതൃപ്തിയോടെയും പ്രവർത്തിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നിർണായകമായ ആധുനികവൽക്കരണത്തിലൂടെയും, യന്ത്രവൽക്കരണത്തിലൂടെയും, ക്ഷീര, മൃഗസംരക്ഷണ മേഖലകളുടെ സമഗ്ര വികസനം സംസ്ഥാനം വിഭാവനം ചെയ്യുന്നു. ക്ഷീരമേഖലയുടെ ത്വരിതഗതിയിലുള്ള വികസനത്തിന് ഉയർന്ന ജനിതക ശേഷിയുള്ള കന്നുകാലികളേയും, നല്ല നിലവാരമുള്ള കാലിത്തീറ്റയും, യന്ത്രവൽക്കരണവും ക്ഷീരകർഷകർക്ക് ലഭ്യമാക്കണം. കേരളത്തിലെ ആപ്കോസ് ശൃംഖലയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കാൻ അറ്റ ചിലവിനേക്കാൾ 5 ശതമാനം കൂടുതൽ ലാഭവിഹിതം ഉറപ്പാക്കാം. സംസ്ഥാനത്തിന്റെ കാലിത്തീറ്റ വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാന കാലിത്തീറ്റ പദ്ധതിയുടെ ശാസ്ത്രീയ പിന്തുണ ആവശ്യമാണ്. സഹകരണ സംഘങ്ങൾ മുഖേനയും തീറ്റപ്പുൽ കൃഷിയെ എം.ജി.എൻ.ആർ.ഇ.ജി. എസ് മായി ബന്ധിപ്പിച്ചും ഉറപ്പായ വിപണിയുള്ള വാണിജ്യ കാലിത്തീറ്റ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് വളരെയധികം സാധ്യതകളുണ്ട്. കുടുംബശ്രീ വഴിയോ സ്വയം സഹായ സംഘങ്ങൾ വഴിയോ സംരംഭകർ മുഖേനയോ തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കണം. സംസ്ഥാനത്തെ പ്രജനന നയത്തോടൊപ്പം തീറ്റ, കാലിത്തീറ്റ നയത്തിലും സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കണം.

കേരളത്തിൽ പ്രോട്ടീൻ ഭക്ഷണത്തിന്റെ ആവശ്യകത വരും വർഷങ്ങളിൽ പതിന്മടങ്ങ് വർധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാരിസ്ഥിതിക സുസ്ഥിരത നിലനിർത്തിക്കൊണ്ടുതന്നെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള മാറ്റങ്ങൾ ഉൾക്കൊള്ളുന്ന തന്ത്രപരമായ പാതയിലൂടെ സംസ്ഥാനം മുന്നോട്ടുപോകണം.

കന്നുകാലി മേഖലയിലെ നിലവിലെ സ്ഥാപന സജ്ജീകരണം പുനഃക്രമീകരിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും, സ്ഥാപന തലത്തിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, കന്നുകാലി മേഖലയുടെ വികസനത്തിൽ ഉയർന്നുവരുന്ന വെല്ലുവിളികൾ കൈകാര്യം ചെയ്യുന്നതിനുള്ള പുതിയ സ്ഥാപന മാതൃകകൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നയങ്ങൾ പ്രായോഗികമാക്കി വരുന്നു. സ്ത്രീ ശാക്തീകരണത്തിനും വളരുന്ന കന്നുകാലി മേഖല സംഭാവന നൽകും.

# 3.4 മത്സ്യ വികസനം

മത്സ്യബന്ധന മേഖല സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്കും വികസനത്തിനുമുള്ള സംഭാവനയുടെ കാര്യത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. നമ്മുടെ ജനസംഖ്യയുടെ ഗണ്യമായ എണ്ണം ആളുകൾക്ക് ഭക്ഷ്യ-പോഷകാഹാര സുരക്ഷയും തൊഴിലവസരങ്ങളും ഈ മേഖല പ്രദാനം ചെയ്യുന്നു. ലോകത്തിലെ ഏറ്റവും കൂടുതൽ മത്സ്യം ഉല്പാദിപ്പിക്കുന്ന രണ്ടാമത്തെ രാജ്യമായ ഇന്ത്യ, മൊത്തം മത്സ്യ ഉല്പാദനത്തിന്റെ 8.92 ശതമാനം സംഭാവന ചെയ്യുന്നു. വിദേശ നാണ്യ വരുമാനത്തിന്റെ പ്രധാന സംഭാവനകളിലൊന്നാണ് ഈ മേഖല. 2023-24 കാലയളവിൽ, ഇന്ത്യയുടെ കയറ്റുമതി അളവിൽ 2.67 ശതമാനം മെച്ചപ്പെട്ടു. അക്വാക്കൾച്ചറിലൂടെ മത്സ്യം ഉല്പാദിപ്പിക്കുന്ന പ്രധാന രാജ്യങ്ങളിലൊന്നായ ഇന്ത്യ ലോകത്തിൽ ചൈനയ്ക്ക് ശേഷം രണ്ടാം സ്ഥാനത്താണ്.

മത്സ്യബന്ധനമേഖലയെ സൺറൈസ് മേഖലയായി അംഗീകരിച്ചിട്ടുണ്ട്. 2023-24 ലെ മൊത്തം സംസ്ഥാന മൂല്യവർദ്ധനവിൽ (ജി.എസ്.വി.എ സ്ഥിര വിലയിൽ) മത്സ്യബന്ധന മേഖലയുടെ പങ്ക് 0.89 ശതമാനവും, മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ (ജി.എസ്.ഡി.പി) 0.8 ശതമാനവുമാണ്. കാർഷിക അനുബന്ധ മേഖലയിൽ നിന്നുള്ള ജി.എസ്.വി.എ യിൽ (2023-24 സ്ഥിരവിലയിൽ) 10.77 ശതമാനം മത്സ്യബന്ധന, അക്വാകൾച്ചർ മേഖലയുടെ സംഭാവനയാണ്. ജി.എസ്.വി.എ യിൽ മത്സ്യബന്ധന മേഖലയുടെ സംഭാവന സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.4.1** ൽ കൊടുത്തിരിക്കുന്നു.

ഭാരത സർക്കാരിന്റെ 2023-24 ലെ മൃഗസംരക്ഷണ, ക്ഷീരവികസന, മത്സ്യബന്ധന വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യയുടെ മത്സ്യ ഉല്പാദനം 175.45 ലക്ഷം മെട്രിക് ടണ്ണായിരുന്നു. അതിൽ ഉൾനാടൻ മത്സ്യമേഖലയിൽ നിന്നും 131.13 ലക്ഷം മെട്രിക് ടണ്ണും, സമുദ്രമേഖലയിൽ നിന്നും 44.32 ലക്ഷം മെട്രിക് ടണ്ണുമായിരുന്നു. കേരളത്തിലെ സമുദ്ര മേഖലയുടെ മത്സ്യ ഉല്പാദനം 2023-24 കാലയളവിൽ 8.32 ലക്ഷം മെട്രിക് ടൺ ആയിരുന്നു. അതിൽ സമുദ്രമേഖലയിൽ നിന്നും 5.81 ലക്ഷം മെട്രിക് ടണ്ണും ഉൾനാടൻ മത്സ്യമേഖലയിൽ നിന്നും 2.51 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു.

**വളർച്ചാ നിരക്കുകൾ**


590 കിലോമീറ്റർ ദൈർഘ്യമുള്ള കടൽത്തീരവും 2.18 ലക്ഷം ചതുരശ്ര കിലോമീറ്റർ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണും (ഇ.ഇ.ഇസഡ്) ഉള്ള കേരളത്തിന് ഗണ്യമായ സമുദ്ര മത്സ്യബന്ധന മേഖലയുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ സമുദ്ര മത്സ്യബന്ധന മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. 2023-24 ൽ സമുദ്ര മത്സ്യബന്ധന മേഖലയിൽ നിന്നും 5.81 ലക്ഷം ടൺ ഉല്പാദനം നടത്തിയ കേരള സംസ്ഥാനം തമിഴ്നാട്, കർണാടക എന്നിവയ്ക്ക് ശേഷം രാജ്യത്ത് മൂന്നാം സ്ഥാനത്താണ്. കാലാവസ്ഥാ വ്യതിയാനം, അമിത മത്സ്യബന്ധനം, അശാസ്ത്രീയമായ മത്സ്യബന്ധനം തുടങ്ങിയ കാരണങ്ങളാൽ മത്സ്യ ഉല്പാദനത്തിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിന്റെ (കെ.എം.എഫ്.ആർ.എ) ഭേദഗതിയും, കെ.എം.എഫ്.ആർ റൂൾ കൊണ്ടുവരികയും ചെയ്തത് സമുദ്ര മേഖലയിലെ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുവാൻ സഹായിച്ചു.

സമുദ്ര മത്സ്യ ഉല്പാദനം 2023-24 ൽ 5.81 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ഇത് മുൻവർഷത്തെ ഉല്പാദനമായ 6.9 ലക്ഷം മെട്രിക് ടണ്ണിനെക്കാൾ കുറവാണ്. കേരളത്തിലെ ജില്ല തിരിച്ചുള്ള മത്സ്യ ഉല്പാദനത്തിൽ 2023-24 ൽ ഏറ്റവും കൂടുതൽ സമുദ്ര മത്സ്യ ഉല്പാദനം എറണാകുളത്തും, തുടർന്ന് കൊല്ലം, കോഴിക്കോട് ജില്ലകളിലുമാണ് രേഖപ്പെടുത്തിയത്. ആകെ ലഭ്യമായ സമുദ്ര മത്സ്യ ഉല്പാദനത്തിന്റെ 68.7 ശതമാനവും ഈ മൂന്ന് ജില്ലകളുടെ സംഭാവനയാണ്. സൈറോ സെൻട്രസ്, കാരി, മറ്റ് കാരക്കിട്ടുകൾ, ലിയോഗ്നാത്താസ്, സാധാരണ കൊഞ്ച് തുടങ്ങിയ സമുദ്ര മത്സ്യങ്ങളുടെ ഉല്പാദനം 2023-24 ൽ വർദ്ധിച്ചു.

2020-21 മുതൽ 2023-24 വരെ ഇനം തിരിച്ചുള്ള സമുദ്ര മത്സ്യലഭ്യത **അനുബന്ധം 3.4.2** ൽ കൊടുത്തിരിക്കുന്നു.

സംസ്ഥാനത്തുടനീളം വൈവിദ്ധ്യമാർന്നതും നൂതനവുമായ മത്സ്യകൃഷി രീതികൾ ആരംഭിച്ചതിനാൽ 2023-24 ൽ ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിച്ചു. 2023-24 ൽ ഉൾനാടൻ മത്സ്യ ഉല്പാദനം 2.51 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ഇത് മുൻവർഷത്തേക്കാൾ കൂടുതലാണ് (2.29 ലക്ഷം മെട്രിക് ടൺ). ഉൾനാടൻ മത്സ്യ ഉല്പാദനം ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയത് കോട്ടയം ജില്ലയിലാണ്, തുടർന്ന് ആലപ്പുഴ, കൊല്ലം ജില്ലകളിലുമാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കേരളത്തിലെ ഉൾനാടൻ മത്സ്യ ഉല്പാദനം ക്രമാനുഗതമായി വർദ്ധിച്ചു. ഇന്ത്യയിലെയും കേരളത്തിലെയും മൊത്തം മത്സ്യ ഉല്പാദന മേഖലയിലെ വ്യത്യാസം **ചിത്രം 3.4.1** ലും **അനുബന്ധം 3.4.3** ലും കാണിച്ചിരിക്കുന്നു. കേരളത്തിലെ ജില്ല തിരിച്ചുള്ള മത്സ്യ ഉല്പാദനത്തിന്റെ വിവരങ്ങൾ **അനുബന്ധം 3.4.4** ൽ കൊടുത്തിരിക്കുന്നു.

**ചിത്രം 3.4.1** ഇന്ത്യയിലേയും കേരളത്തിലേയും മത്സ്യ ഉല്പാദനം – സമുദ്ര, ഉൾനാടൻ മത്സ്യബന്ധനത്തിന്റെ പങ്ക്




***അവലംബം:*** വാർഷിക റിപ്പോർട്ട് 2023-24, മിനിസ്ട്രി ഓഫ് ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവികസന, മത്സ്യബന്ധന വകുപ്പ് (ഭാരതസർക്കാർ); മത്സ്യബന്ധന വകുപ്പ് (കേരള സർക്കാർ)

സമുദ്രോല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന സംസ്ഥനങ്ങളിൽ അളവിന്റെ കാര്യത്തിൽ കേരളം മൂന്നാം സ്ഥാനത്തും കയറ്റുമതി മൂല്യത്തിൽ രണ്ടാം സ്ഥാനത്തുമാണ്. 2015-16 മുതൽ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി ഗണ്യമായി വർദ്ധിച്ചു. 2023-24 ൽ 7,231.84 കോടി രൂപയുടെ 1.97 ലക്ഷം മെട്രിക് ടൺ സമുദ്രോല്പന്നങ്ങൾ കേരളത്തിൽ നിന്നും കയറ്റുമതി ചെയ്തു. ഇക്കാലയളവിൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി 60,523.89 കോടി രൂപ മൂല്യമുള്ള 17.81 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ **അനുബന്ധം 3.4.5** ൽ നൽകിയിരിക്കുന്നു.

## ഉൾനാടൻ മത്സ്യ കൃഷിയും ജലകൃഷിയും


ദശലക്ഷക്കണക്കിന് ആളുകളുടെ ഭക്ഷണം, പോഷകാഹാരം, വരുമാനം, ഉപജീവനം എന്നിവയുടെ പ്രധാന ഉറവിടമാണ് മത്സ്യബന്ധനവും അക്വാകൾച്ചറും. ഭൂമിയുടേയും ജലസ്രോതസ്സുകളുടെയും ശോഷണം, ജനസംഖ്യാ വർദ്ധനവ്, സമുദ്ര മത്സ്യബന്ധന സ്രോതസ്സുകളിൽ നിന്നുള്ള ഉല്പാദന മുരടിപ്പ് എന്നിവയുടെ പശ്ചാത്തലത്തിൽ സുസ്ഥിരമായ ഉപജീവനമാർഗ്ഗം കൈവരിക്കുന്നതിന് ഉൾനാടൻ മത്സ്യബന്ധനത്തിന്റേയും ജലകൃഷിയുടേയും പ്രാധാന്യം നിർണ്ണായകമാകുന്നു. ഉൾനാടൻ മത്സ്യമേഖല ഏകദേശം 2.45 ലക്ഷം ഉൾനാടൻ മത്സ്യകർഷകർക്ക് പോഷകസമൃദ്ധമായ ഭക്ഷണത്തിന്റെ ഘടകം മാത്രമല്ല തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും, അതുവഴി സാമ്പത്തിക പുരോഗതി വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു.

ഉൾനാടൻ മത്സ്യമേഖലയിൽ 2019-20 മുതൽ 2023-24 വരെയുള്ള സുസ്ഥിരമായ വളർച്ചാ നിരക്കാണ് **ചിത്രം 3.4.2** ൽ പ്രതിപാദിച്ചിട്ടുള്ളത്. പടിഞ്ഞാറോട്ടൊഴുകുന്ന 41 നദികളും കിഴക്കോട്ടൊഴുകുന്ന 3 നദികളും (85,000 ഹെക്ടർ), 9 ശുദ്ധജല തടാകങ്ങളും (1,620 ഹെക്ടർ), 51 കായലുകളും (46,128.9 ഹെക്ടർ) ഉൾപ്പെടുന്ന ഉൾനാടൻ ജലപ്രദേശമുള്ള കേരളത്തിൽ, ജലകൃഷി വളരെയേറെ സാധ്യത പ്രദാനം ചെയ്യുന്നു. ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന മറ്റ് ഫാമ്ഡ് പ്രോട്ടീനുകളുമായി താരതമ്യപ്പെടുത്തുമ്പോൾ, ഉൾനാടൻ ജലകൃഷിയിൽ നിന്ന് ലഭ്യമാകുന്ന പ്രോട്ടീനുകൾക്ക് സുസ്ഥിരമായ ലഭ്യത ഉറപ്പു വരുത്തുവാൻ സാധിക്കും. സീഫുഡ് ഉയർന്ന വിഭവശേഷിയുള്ളതും ഏറ്റവും ഉയർന്ന പ്രോട്ടീൻ നിലനിർത്തുന്നതുമാണ്.

രോഹു, ഭക്ഷ്യയോഗ്യമായ കക്ക, പരൽ, കൊഞ്ച്, മുള്ളറ്റ്സ്, ഞണ്ട്, മൃഗാൽ, മസ്സൽസ് എന്നിവയ്ക്ക് കേരളത്തിൽ ഉയർന്ന ഉല്പാദനമൂല്യമുണ്ട്. കേരളത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേരളത്തിലെ ഇനംതിരിച്ചുള്ള ഉൾനാടൻ മത്സ്യ ഉല്പാദനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.4.6** ൽ നൽകിയിരിക്കുന്നു. ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ശ്രദ്ധാപൂർവ്വമായ ശ്രമങ്ങൾ നടത്തി വരുന്നു.

മത്സ്യബന്ധന മേഖലയിൽ വളരെ വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു വിഭാഗമാണ് ജലകൃഷി. സമുദ്രത്തിൽ നിന്നും മറ്റു പ്രകൃതി വിഭവങ്ങളിൽ നിന്നുമുള്ള മത്സ്യബന്ധനം തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മനുഷ്യർക്ക് കടൽ വിഭവത്തിന് ഇതര ഉറവിടങ്ങൾ ആവശ്യമാണ്. സമുദ്രോല്പന്ന ലഭ്യതയിലെ വിടവ് നികത്താനുള്ള ഉപകരണമാണ് ജലകൃഷി. ഭാവി തലമുറയ്ക്ക് ആരോഗ്യകരവും പരിസ്ഥിതി സൗഹൃദമായ പ്രോട്ടീൻ ലഭ്യമാക്കുന്നതിനുള്ള പരിഹാരമെന്ന നിലയിൽ സുസ്ഥിരവും, ഉത്തരവാദിത്വമുള്ള മത്സ്യകൃഷി പ്രോത്സാഹിപ്പിക്കണം. അക്വാകൾച്ചർ വികസനത്തിന്റെ ഭാഗമായി 6,554.34 ഹെക്ടറിൽ കുളം മത്സ്യകൃഷിയും, 2,346.40 ഹെക്ടറിൽ ചെമ്മീൻ കൃഷിയും 13,706.14 ഹെക്ടറിൽ ഒരു നെല്ല് ഒരു മത്സ്യകൃഷിയും ഏറ്റെടുത്ത് നടപ്പിലാക്കി. നൂതന കൃഷിരീതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 3,173 യൂണിറ്റ് ബയോ ഫ്ലോക് മത്സ്യകൃഷി സംവിധാനവും,

**ചിത്രം 3.4.2** കഴിഞ്ഞ പത്ത് വർഷങ്ങളിലെ കേരളത്തിലെ മത്സ്യോല്പാദനം





***അവലംബം:*** മത്സ്യബന്ധന വകുപ്പ്, കേരള സർക്കാർ

പടുത കുളങ്ങളിൽ 5,208 യൂണിറ്റ് മത്സ്യകൃഷിയും, 690 യൂണിറ്റ് ആർ.എ.എസ് സംവിധാനവും, 245 വരാൽ, കരിമീൻ യൂണിറ്റുകൾ എന്നിവയും സ്ഥാപിച്ചു. 2022-23, 2023-24 വർഷങ്ങളിൽ സംസ്ഥാനത്തെ അക്വാകൾച്ചർ ഉല്പാദനം യഥാക്രമം 0.38 ലക്ഷം മെ.ടൺ, 0.41 ലക്ഷം മെ.ടൺ എന്നിങ്ങനെയായിരുന്നു (**ചിത്രം 3.4.3**).

ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ ലഭ്യതയാണ് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രധാന ഘടകം. വിപണന യോഗ്യമായ മത്സ്യത്തിന്റെ ഉല്പാദനത്തിന്, ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ വിളവെടുപ്പ് സാധ്യമാക്കുന്നതിനായി പരമാവധി വേഗത്തിൽ വളർച്ച ഉറപ്പു നൽകുന്ന ഒരു അനുയോജ്യ അന്തരീക്ഷത്തിലേയ്ക്ക് മത്സ്യകുഞ്ഞുങ്ങളെ സംഭരിക്കേണ്ടതാണ്. മത്സ്യവിത്തുകളുടെ ആവശ്യം വർദ്ധിച്ചുവരികയാണ്. മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി 2023-24 ൽ 13.39 കോടി മത്സ്യവിത്തുകൾ ഉല്പാദിപ്പിച്ചു. അതിൽ 8.22 കോടി മത്സ്യവിത്തുകൾ ഹാച്ചറിയിൽ നിന്നും ബാക്കിയുള്ളവ വീട്ടുമുറ്റത്തെ മത്സ്യവിത്ത് ഉല്പാദന യൂണിറ്റുകളിൽ നിന്നുള്ളവയാണ്. കൂടാതെ, 77.41 ലക്ഷം മത്സ്യവിത്തുകളുടെ സ്ഥാപിതശേഷിയുള്ള 403 വീട്ടുമുറ്റത്തെ വിത്ത് ഉല്പാദന യൂണിറ്റുകൾ സംസ്ഥാനത്ത് സ്ഥാപിച്ചു. മത്സ്യബന്ധന വകുപ്പും മറ്റ് ഏജൻസികളും കൈവരിച്ച മത്സ്യവിത്ത് ഉല്പാദനത്തിന്റെ വിശദാംശങ്ങൾ **ചിത്രം 3.4.4** ൽ നൽകിയിരിക്കുന്നു.


മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി കൊല്ലം തേവള്ളിയിൽ സ്ഥാപിച്ചിട്ടുള്ള സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം മുഖേന, സംസ്ഥാനത്തുടനീളമുള്ള ഹാച്ചറികൾക്കാവശ്യമായ വിത്ത് ഉല്പാദിപ്പിക്കുകയും, വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ, മത്സ്യവിത്തുല്പാദനകേന്ദ്രങ്ങൾ, ഹാച്ചറികൾ എന്നിവയ്ക്കുള്ള രജിസ്ട്രേഷൻ സൗകര്യങ്ങളും ലഭ്യമാക്കുന്നു. ഇതുവരെ 1,107 ഹാച്ചറികളും ഫാമുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. മത്സ്യങ്ങളെയും ഷെൽ മത്സ്യങ്ങളെയും സംരക്ഷിക്കുന്നതിനായി സംസ്ഥാനത്ത് 8 ജില്ലകളിൽ മത്സ്യ സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കേരള ഉൾനാടൻ മത്സ്യബന്ധന നിയമം (കിഫ) 2021 ൽ ഭേദഗതി വരുത്തി. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യസമ്പത്ത് സുസ്ഥിരമായി വികസിപ്പിക്കാനും നിയന്ത്രിക്കാനും സംരക്ഷിക്കാനും കിഫ ലക്ഷ്യമിടുന്നു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗങ്ങളും പരമ്പരാഗത അവകാശങ്ങളും സംരക്ഷിക്കുകയും പോഷകസമൃദ്ധമായ മത്സ്യത്തിന്റെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നു. മത്സ്യങ്ങളെ ബാധിക്കുന്ന രോഗങ്ങളുടെ ദ്രുതഗതിയിലുള്ള രോഗനിർണ്ണയം ഉറപ്പാക്കുന്നതിനും അവയുടെ വ്യാപനം തടയുന്നതിനുമായി സംസ്ഥാനത്ത് 10 ജലജീവി ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മത്സ്യകർഷകരുടെ സാമ്പത്തിക നഷ്ടം തടയുന്നതിനായി രോഗനിർണ്ണയവും നിരീക്ഷണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

**ചിത്രം 3.4.3** അക്വാകൾച്ചറിന്റേയും കാപ്ച്ചറിന്റേയും പങ്ക് (ലക്ഷം മെട്രിക് ടൺ)




***അവലംബം:*** മത്സ്യബന്ധന വകുപ്പ്, കേരള സർക്കാർ

**ചിത്രം 3.4.4** 2016-17 മുതൽ 2023-24 വരെയുള്ള മത്സ്യവിത്ത് ഉല്പാദനം (ലക്ഷത്തിൽ)




***അവലംബം:*** മത്സ്യബന്ധന വകുപ്പ്, കേരള സർക്കാർ

### മത്സ്യത്തൊഴിലാളി സമൂഹത്തിനായുള്ള സാമൂഹിക സുരക്ഷയും ഉപജീവനോപാധിയും

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഉപജീവനോപാധികൾ വളരെ സങ്കീർണ്ണവും നിരന്തരമായ മാറ്റത്തിന് വിധേയമാകുന്നവയുമാണ്. മത്സ്യത്തൊഴിലാളി ജനസംഖ്യ ഏകദേശം 10.65 ലക്ഷമാണ്, ഇത് കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 3.03 ശതമാനമാണ്. ആകെ മത്സ്യത്തൊഴിലാളി ജനസംഖ്യയിൽ സമുദ്രമേഖലയിൽ നിന്നുള്ള 8.20 ലക്ഷവും ഉൾനാടൻ മേഖലയിൽ നിന്നും 2.45 ലക്ഷവും ഉൾപ്പെടുന്നു. സംസ്ഥാനത്തെ 222 സമുദ്ര മത്സ്യഗ്രാമങ്ങളിലും, 113 ഉൾനാടൻ മത്സ്യബന്ധന ഗ്രാമങ്ങളിലുമാണ് ഇവർ വസിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.4.7** ൽ നൽകിയിരിക്കുന്നു.

ഉപജീവനത്തിനായി മത്സ്യബന്ധനത്തിൽ ഏർപ്പെടുകയും, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിൽ (കെ.എഫ്.ഡബ്ല്യൂ.എഫ്.ബി) രജിസ്റ്റർ ചെയ്യുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളാണ് സജീവ മത്സ്യത്തൊഴിലാളികളായി കണക്കാക്കുന്നത്. 2023 ൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിൽ രജിസ്റ്റർ ചെയ്ത സജീവ മത്സ്യത്തൊഴിലാളികളുടെ എണ്ണം 2.37 ലക്ഷമാണ്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതും കെ.എഫ്.ഡബ്ല്യൂ.എഫ്.ബി യിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ കേരളത്തിലെ മത്സ്യബന്ധന മേഖലയിലെ അനുബന്ധ മത്സ്യത്തൊഴിലാളികളുടെ എണ്ണം 2023 ൽ 79,598 ആണ്. സജീവ മത്സ്യത്തൊഴിലാളികളുടെ എണ്ണം ഏറ്റവും കൂടുതൽ രജിസ്റ്റർ ചെയ്തിരിക്കുന്നത് തിരുവനന്തപുരം ജില്ലയിലും തുടർന്ന് ആലപ്പുഴയിലുമാണ്. ജില്ല തിരിച്ചുള്ള സജീവ മത്സ്യത്തൊഴിലാളികളുടേയും, അനുബന്ധ മത്സ്യത്തൊഴിലാളികളുടേയും വിശദാംശങ്ങൾ **അനുബന്ധം 3.4.8** ൽ നൽകിയിരിക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും, ഉപജീവനവും ഉറപ്പാക്കുന്നതിൽ കേരള സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഫിഷറീസ് വകുപ്പിന് പുറമേ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾ മുഖേനയും വിവിധ പെൻഷൻ പദ്ധതികൾ, ഇൻഷുറൻസ് പദ്ധതികൾ, പാർപ്പിട പദ്ധതികൾ എന്നിവയും നടപ്പിലാക്കുന്നു. 2023-24 കാലഘട്ടത്തിൽ 2.37 ലക്ഷം മത്സ്യത്തൊഴിലാളികൾക്കും, 79,598 അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും, ഇൻഷുറൻസ് പദ്ധതിയുടെ പ്രയോജനം ലഭിച്ചു. സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന 1.42 ലക്ഷം സജീവ മത്സ്യത്തൊഴിലാളികൾക്കും, 13,788 അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും പ്രയോജനം ലഭിച്ചു. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 3.4.9, 3.4.10** എന്നിവയിൽ നൽകിയിരിക്കുന്നു.

മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ പ്രധാന തുറമുഖങ്ങളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചു. സ്ഥിതിഗതികൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകളിൽ റീജിയണൽ കൺട്രോൾ റൂമുകളും ആരംഭിച്ചു. കടലിലായിരിക്കുമ്പോൾ അടിയന്തിര ആരോഗ്യ സംരക്ഷണം നൽകുന്നതിനായി തിരുവനന്തപുരത്ത് വിഴിഞ്ഞം, എറണാകുളത്ത് വൈപ്പിൻ, കോഴിക്കോട്ട് ബേപ്പൂർ എന്നിങ്ങനെ മൂന്ന് സോണുകളിലായി മറൈൻ ആമ്പുലൻസുകൾ കമ്മീഷൻ ചെയതിട്ടുണ്ട്. മറൈൻ ആമ്പുലൻസുകളിൽ ഒരേ സമയം 10 പേർക്ക് അടിയന്തിര വൈദ്യ സഹായത്തിന് ആവശ്യമായ എല്ലാ ആധുനിക സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. കടലിൽ അപകടത്തിലാകുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ കേരളത്തിലെ 15 ഹാർബറുകളിലായി 100 രക്ഷാസേനകളെ വ്യന്യസിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യ മേഖലയിൽ തീരദേശ ആശുപത്രികൾ സ്ഥാപിച്ചു.

കേരളത്തിന്റെ മത്സ്യബന്ധന മേഖലയിൽ 7 ആഴക്കടൽ യാനങ്ങളും, 34,858 യന്ത്രവൽകൃതമല്ലാത്ത യാനങ്ങളും, 6,948 മോട്ടോറൈസ് യാനങ്ങളും, 3,894 നോൺ മോട്ടോറൈസ് യാനങ്ങളും ഉൾപ്പെടെ 45,707 മത്സ്യബന്ധന യാനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ മത്സ്യബന്ധന തൊഴിലാളികൾക്ക് കടലിലുണ്ടാകുന്ന അപകടങ്ങളിൽ സഹായിക്കുന്നതിനായി 2,747 മത്സ്യബന്ധന യാനങ്ങൾക്ക് യുണൈറ്റഡ് ഇൻഷുറൻസ് കമ്പനി മുഖേന പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

**മത്സ്യഫെഡ്**

പ്രാഥമിക തലത്തിലുള്ള 702 മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ഫെഡറേഷനാണ് മത്സ്യഫെഡ്. ഇതിൽ 355 സംഘങ്ങൾ സമുദ്ര മേഖലയിലും 213 സംഘങ്ങൾ ഉൾനാടൻ മേഖലയിലും 134 എണ്ണം വനിതാ സംഘങ്ങളുമാണ്. ഈ സൊസൈറ്റികളിലെ ആകെ അംഗസംഖ്യ 4.63 ലക്ഷമാണ്. ഫെഡറേഷന്റെ ആകെ ഓഹരി മൂലധനം 150 കോടി രൂപയാണ്. ഭരണപരമായ സൗകര്യത്തിനായി പ്രൈമറി സൊസൈറ്റികളെ ഭൂമി ശാസ്ത്രപരമായ പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ 52 ക്ലസ്റ്ററുകളായി തിരിച്ചിരിക്കുന്നു. മത്സ്യത്തൊഴിലാളി സമൂഹത്തിനുള്ളിൽ സ്വയം സഹായ സംഘങ്ങൾ രൂപപ്പെടുത്തുവാനും അതുവഴി സമ്പാദ്യശീലം വളർത്തുവാനും മത്സ്യഫെഡിന് സാധിച്ചിട്ടുണ്ട്. മൈക്രോഫിനാൻസും, പലിശരഹിത വായ്പകളും നൽകുക വഴി മത്സ്യഫെഡിന് മൈക്രോ ക്രെഡിറ്റ് മേഖലയിൽ കാര്യമായ പ്രഭാവം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2023-24 ൽ മൈക്രോ ഫിനാൻസിന്റെ പിന്തുണയോടെ 54.88 കോടി രൂപയുടെ സഹായം 15,346 ഗുണഭോക്താക്കൾക്ക് ലഭിച്ചു. കൂടാതെ 2023-24 ൽ 5,112 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് 9.90 കോടി രൂപയുടെ പലിശരഹിത വായ്പ ലഭ്യമാക്കി.

മത്സ്യഫെഡ് 2020-21 വർഷം മുതൽ കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി) നടപ്പിലാക്കുവാൻ തുടങ്ങി. 790 മത്സ്യത്തൊഴിലാളികൾക്ക് കെ.സി.സി യുടെ സഹായത്തോടെ 930.84 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ സാധിച്ചു. എറണാകുളം, കണ്ണൂർ, തിരുവനന്തപുരം എന്നീ ജില്ലകളിലായി 1200 ടൺ ശേഷിയുള്ള മൂന്ന് നെറ്റ് ഫാക്ടറികൾ മത്സ്യഫെഡ് സ്ഥാപിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ വെബ്ബിംഗുകളുടെ വില്പന 5894.26 ലക്ഷം രൂപ വിലമതിക്കുന്ന 1071.44 ടണ്ണാണ് രേഖപ്പെടുത്തിയത്. മത്സ്യഫെഡിന് മീൻ വേസ്റ്റിൽ നിന്ന് വളം ഉല്പാദിപ്പിക്കുന്ന 10,000 ടൺ ഉല്പാദനക്ഷമതയുള്ളതും, 262.99 ലക്ഷം രൂപ വിലമതിക്കുന്ന 1356 ടൺ വില്പന കൈവരിച്ചതുമായ ഫാക്ടറികൾ അഴീക്കോടും, കോഴിക്കോടും പ്രവർത്തിക്കുന്നുണ്ട്. മത്സ്യഫെഡിന്റെ "അന്തിപ്പച്ച", മത്സ്യത്തൊഴിലാളികളിൽ നിന്ന് നേരിട്ട് മത്സ്യം ശേഖരിച്ച് താപനില ക്രമീകൃത വാനിൽ തിരുവനന്തപുരം നഗരത്തിലും പരിസരങ്ങളിലും കൊണ്ടുപോകുന്നു. വിഷരഹിതവും, പോഷകഗുണവുമുള്ള മത്സ്യം വിതരണം ചെയ്യുന്നതിന് 16 യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 2023-24 ലെ വിൽപന വിറ്റുവരവ് 73,647.99 കോടി രൂപയായിരുന്നു. വിപണിയിൽ അഞ്ച് പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൊണ്ടുവരികയും നിലവിലുള്ള രണ്ട് ഉല്പന്നങ്ങൾ 'മത്സ്യഫെഡ് ഈറ്റ്സ്',

'മത്സ്യഫെഡ് ട്രീറ്റ്സ്', 'മത്സ്യഫെഡ് ഫ്രെഷ്' എന്നീ പേരുകളിൽ വിപണനം ചെയ്തു. 2023-24 വർഷത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിറ്റുവരവ് 29.71 ലക്ഷം രൂപായായിരുന്നു.

എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ, മാലിപ്പുറം, കോട്ടയം ജില്ലയിലെ പാലയക്കാരി എന്നിവിടങ്ങളിൽ മത്സ്യഫെഡിന്റെ മൂന്ന് മത്സ്യഫാമുകൾ പ്രവർത്തിക്കുന്നു. വാണിജ്യ അടിസ്ഥാനത്തിൽ കരിമീൻ, മിൽക്ക് ഫിഷ്, മുള്ളറ്റുകൾ, കൊഞ്ച്, ഞണ്ട് എന്നിവ ഈ ഫാമുകളിൽ ഉല്പാദിപ്പിക്കുന്നുണ്ട്. കരിമീൻ കൂട് കൃഷി രീതികൾ ഞാറയ്ക്കൽ, പാലയക്കാരി മത്സ്യഫാമുകളിലും, ഗിഫ്റ്റ് കൃഷി രീതി പാലയക്കാരി മത്സ്യഫാമിലും പരിശീലിപ്പിക്കുന്നുണ്ട്. ഞാറയ്ക്കൽ, മാലിപ്പുറം, പാലയക്കാരി എന്നീ പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹൃദ അക്വാട്ടൂറിസം സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഒരു വർഷം 120 ദശലക്ഷം കൊഞ്ച്/ചെമ്മീൻ വിത്തുകൾ ഉല്പാദിപ്പിക്കുവാൻ ശേഷിയുള്ള നാല് ഹാച്ചറികൾ കൊല്ലം ജില്ലയിലെ തിരുമുല്ലവാരം, തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം, മലപ്പുറം ജില്ലയിലെ വെളിയംകോട്, കണ്ണൂർ ജില്ലയിലെ മാപ്പിളബേ എന്നീ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നു. വിവിധ പരിപാടികളിലൂടെ മത്സ്യഫെഡ് കൈവരിച്ച നേട്ടങ്ങൾ **അനുബന്ധം 3.4.11** ൽ നൽകിയിരിക്കുന്നു.

**കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല**

കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) 2011 ഏപ്രിൽ 1 മുതൽ പ്രവർത്തനമാരംഭിച്ചു. ഇന്ത്യയിലെ ആദ്യത്തെ ഫിഷറീസ് സർവ്വകലാശാലയാണ് കുഫോസ്. മത്സ്യബന്ധനം, സമുദ്ര ശാസ്ത്രം, അനുബന്ധ വിഷയങ്ങൾ എന്നിവയിൽ ഉന്നത നിലവാരത്തിലുള്ള പഠനം ഈ സർവ്വകലാശാല നൽകുന്നു. സർവ്വകലാശാലയുടെ ആസ്ഥാനം കൊച്ചിയിലെ പനങ്ങാട് ആണ്. കൂടാതെ പുതുവൈപ്പിലും പയ്യന്നൂരിലും ഗവേഷണ കേന്ദ്രങ്ങളുണ്ട്. ഫിഷറീസ്, സമുദ്രപഠനം എന്നിവയിൽ ശാസ്ത്രീയമായ മാനവവിഭവശേഷി വികസിപ്പിക്കുന്നതിനും സംസ്ഥാനത്ത് മത്സ്യബന്ധന, സമുദ്രപഠനങ്ങളിൽ ശരിയായതും ചിട്ടയായതുമായ അദ്ധ്യാപനവും പരിശീലനവും ഗവേഷണവും ഉറപ്പാക്കുന്നതിനാണ് സർവ്വകലാശാല സ്ഥാപിതമായത്. അതേസമയം, ഉപദേശങ്ങൾ, കാര്യശേഷി വർദ്ധിപ്പിക്കൽ, പിന്തുണ നൽകൽ എന്നീ രൂപത്തിൽ സമയബന്ധിതമായ ഇടപെടലുകളിലൂടെ സ്റ്റേക്ക് ഹോൾഡേഴ്സ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിൽ സർവ്വകലാശാല തുടർച്ചയായി ഇടപെടുന്നുണ്ട്. കുഫോസിൽ രണ്ട് ബിരുദ കോഴ്സുകളും, 25 സ്പെഷ്യലൈസ്ഡ് ബിരുദാനന്തര ബിരുദ കോഴ്സുകളും ആണ് നിലവിലുള്ളത്. അതുവഴി പ്രൊഫഷണലുകളുടെയും വിദഗ്ദ്ധരുടെയും ഒരു സമൂഹത്തെ സൃഷ്ടിക്കുന്നു. ഈ വിഷയങ്ങളിലെ ഗവേഷണം അടിസ്ഥാനതലത്തിലുള്ള അന്തിമ ഉപയോക്താക്കൾക്ക് സാങ്കേതിക വിദ്യകൾ വിജയകരമായി കൈമാറുന്നതിലേയ്ക്കു നയിച്ചു. 2021-22 കാലയളവിൽ യൂണിവേഴ്സിറ്റിയ്ക്ക് യു.ജി.സി യുടെ 12 ബി പദവി ലഭിച്ചു. സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ എണ്ണം 2011 ൽ ഏകദേശം 200 ൽ നിന്ന് 2024 ൽ 1400 ൽ അധികമായി വർദ്ധിച്ചു. കാർഷിക അനുബന്ധ മേഖലകളിലെ സർവ്വകലാശാലകളിൽ ഇന്ത്യയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (എൻ.ഐ.ആർ.എഫ്) 25-ാം സ്ഥാനത്തെത്തിയ കുഫോസ്, അതിന്റെ പ്രധാന പങ്കാളികളായ മത്സ്യത്തൊഴിലാളി സമൂഹത്തിനുൾപ്പെടെ എല്ലാവർക്കും തുല്യവും ഗുണനിലവാരവുമുള്ള വിദ്യാഭ്യാസം നൽകുന്നു.

നവീകരണത്തിനും സംരംഭകത്വത്തിനുമുള്ള ഒരു കേന്ദ്രമായി കുഫോസ് പ്രവർത്തിക്കുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് തുടങ്ങിയ സംഘടനകളുമായുള്ള സഹകരണം സംരംഭക ശൃംഖലയെ മെച്ചപ്പെടുത്തുന്നു. നീതി ആയോഗ് അടൽ ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കാൻ തെരഞ്ഞെടുത്ത കുഫോസ്-ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ, ഇന്നവേഷൻ-ഡ്രൈവ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഇത് 2015 ൽ 10 ൽ താഴെയുള്ള ഡോക്ടറൽ ഗവേഷണ വിദഗ്ദ്ധൻമാരുടെ എണ്ണം 2024 ൽ 386 ആയി വർദ്ധിപ്പിക്കാൻ സർവ്വകലാശാലയെ സഹായിച്ചു. തീരദേശ സമൂഹങ്ങളുടേയും ആവാസവ്യവസ്ഥയുടെയും ക്ഷേമത്തിന് സംഭാവന ചെയ്യുന്ന ഒരു പ്രധാന സ്ഥാപനമായി മാറാൻ കുഫോസ് ലക്ഷ്യമിടുന്നു. കുഫോസിലെ ശാസ്ത്രജ്ഞർ പടിഞ്ഞാറൻ ഇന്ത്യയിൽ നിന്നുള്ളതും അമിതമായ മത്സ്യബന്ധനം മൂലം വംശനാശഭീഷണി നേരിടുന്ന അലങ്കാര മത്സ്യമായ ഇൻഡിഗോ ബാർബിന്റെ (പെത്തിയ സെറ്റ്നായി) പ്രജനനത്തിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കുഫോസും അമല ഇക്കോ ക്ലീൻ പ്രൈവറ്റ് ലിമിറ്റഡ് ആലപ്പുഴയും ഭീമാ എൻവയോൺമെന്റ് ടെക്നോളജി, ആറ്റിങ്ങലും 2023 ജൂലൈയിൽ, ജൈവമാലിന്യത്തിൽ നിന്ന് മത്സ്യങ്ങൾക്കുള്ള തീറ്റ നിർമ്മിക്കാനുള്ള ഒരു പരീക്ഷണ പദ്ധതി നടത്തുന്നതിനായി ധാരണാപത്രം ഒപ്പു വച്ചു. ജൈവമാലിന്യത്തിൽ നിന്ന് ലാർവകളെ ഉപയോഗിച്ച് മത്സ്യതീറ്റ ഉല്പാദിപ്പിക്കാനാവശ്യമായ പ്രോട്ടീൻ ഉല്പാദിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കുഫോസിലെ സെന്റർ ഫോർ അക്വാട്ടിക് റിസോഴ്സ് മാനേജ്മെന്റ് ആന്റ് കൺസർവേഷൻ നടത്തിയ വേമ്പനാട് വെറ്റ്ലാന്റ് സിസ്റ്റത്തിന്റെ അന്തിമ റിപ്പോർട്ട് 2023 സെപ്റ്റംബറിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചിരുന്നു.

**കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്**

അലങ്കാര മത്സ്യബന്ധനം ഗ്രാമീണ, നഗര ജനസംഖ്യയുടെ ഒരു വലിയ ഉപജീവന ദാതാവാണ്. പരിമിത സ്ഥലത്തിന്റെ ആവശ്യകതയും കുറഞ്ഞ നിക്ഷേപവും പലരെയും ചെറുകിട അലങ്കാര മത്സ്യബന്ധനത്തിലേയ്ക്ക് ആകർഷിക്കുന്നു. അലങ്കാര മത്സ്യകർഷകർക്കും ആഭ്യന്തര, അന്തർദേശീയ വിപണികൾക്കുമിടയിൽ ഒരു ശക്തമായ സംയോജനം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ അലങ്കാര മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് 'കാവിൽ'. അലങ്കാര മത്സ്യകൃഷിയിൽ ഏർപ്പെടുന്ന ചെറുകിട, ഇടത്തരം, വൻകിട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലും, വ്യാപാരത്തിന്റെ ഗുണനിലവാരവും, ആഭ്യന്തര അന്തർദേശീയ വിപണികളുടെ ആവശ്യകതകളും കൈവരിക്കുന്നതിന് ആവശ്യമായ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് 'കാവിൽ' ഒരു പ്രധാന പങ്ക് വഹിക്കുന്നു. അലങ്കാര മത്സ്യബന്ധന മേഖലയുടെ

സമഗ്രമായ വിപുലീകരണത്തിനായി ഉല്പാദനം, വിപണനം, കപ്പാസിറ്റി ബിൽഡിംഗ്, മനുഷ്യവിഭവശേഷി വികസനം എന്നിവയിൽ ഒരു സംയോജനം കാവിൽ വികസിപ്പിച്ചെടുത്തു. അതിലൂടെ സാമ്പത്തിക വരുമാനത്തിനും വിദേശ നാണ്യവരുമാനത്തിനും വലിയ സാധ്യതകൾ ലഭിച്ചിട്ടുണ്ട്. കേരളത്തിലെ 534 ഹോംസ്റ്റെഡ് യൂണിറ്റുകൾക്ക് അലങ്കാര മത്സ്യ ഉല്പാദനത്തിനും വളർത്തലിനുമുള്ള പരിശീലനം, സാങ്കേതിക, സാമ്പത്തിക സഹായം കാവിൽ നൽകുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ മൊത്ത, ചില്ലറ വിതരണ ശൃംഖലകൾ വഴി ആഭ്യന്തര വിപണിയിൽ മത്സ്യം വിൽക്കുന്നതിനും കാവിൽ കർഷകരെ പിന്തുണയ്ക്കുന്നു. പുതിയ ഹോംസ്റ്റെഡ് യൂണിറ്റുകൾക്കും ഇടത്തരം യൂണിറ്റുകൾക്കും പി.എം.എം.എസ്.വൈ യുടെ കീഴിലുള്ള സംയോജിത യൂണിറ്റുകൾക്കും ഫിഷറീസ് വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു. 2022 ലെ കാവിൽ അക്വാ ഷോ ഒരു ഹൈലൈറ്റായി ഉയർന്നു, കർഷകർക്കും സ്റ്റാർട്ടപ്പുകൾക്കും വിലയേറിയ പരിശീലനവും വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പും നൽകുന്നതോടൊപ്പം അലങ്കാര മത്സ്യബന്ധനത്തിന്റെ ഊർജ്ജസ്വലമായ ലോകം പ്രദർശിപ്പിച്ചു. കൂടാതെ, ഡിജിറ്റൽ മാർക്കറ്റിംഗ് തന്ത്രങ്ങളിലൂടെ ഉപഭോക്താക്കളും വില്പനക്കാരും തമ്മിലുള്ള ഇടപെടലുകൾ മെച്ചപ്പെടുത്തുന്നതിനായി ഒരു ഓൺലൈൻ വില്പന പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിൽ കലാശിച്ചു. അലങ്കാര മത്സ്യബന്ധനത്തിന്റെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച ഒന്നും രണ്ടും ഘട്ടം പദ്ധതികളുടെ നേട്ടങ്ങൾ 2022 മുതൽ 2024 വരെ വിവിധ മേഖലകളിൽ കാര്യമായ പുരോഗതി പ്രകടമാക്കുന്നു. ഈ കാലയളവിൽ, ആകെ വില്പന 18.19 ലക്ഷത്തിലെത്തുകയും കൂടാതെ 99 ബയർ-സെല്ലർ മീറ്റുകളിലൂടെ 97.93 ലക്ഷം രൂപ സമാഹരിക്കുകയും ചെയ്തു.

### സ്ത്രീ ശാക്തീകരണം

സ്ത്രീകൾ മത്സ്യബന്ധന മേഖലയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. മത്സ്യബന്ധന ഉപകരണങ്ങളുടെ നിർമ്മാണം, മത്സ്യം തരംതിരിക്കൽ, മത്സ്യം കൈകാര്യം ചെയ്യൽ, മത്സ്യ സംസ്കരണം എന്നിവ ഉൾപ്പെടെ വിളവെടുപ്പിനു ശേഷമുള്ള പ്രവർത്തനങ്ങളിൽ സ്ത്രീകൾ വഹിക്കുന്ന പങ്ക് എടുത്ത് പറയേണ്ടതുണ്ട്. മത്സ്യം സംസ്കരിക്കുന്നതിലും വിപണനം ചെയ്യുന്നതിലും വിൽക്കുന്നതിലും മത്സ്യത്തൊഴിലാളി സ്ത്രീകൾ പ്രധാന പങ്ക് വഹിക്കുന്നു. വിധവാ പെൻഷൻ, കുറഞ്ഞ പലിശ വായ്പ, കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം, ഭവന നിർമ്മാണം തുടങ്ങി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സാമൂഹിക സംരക്ഷണ നടപടികൾ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ ക്ഷേമം മെച്ചപ്പെടുത്തുന്നതിൽ വളരെ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണം ലക്ഷ്യമിടുന്ന സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (എസ്.എ.എഫ്) മത്സ്യത്തൊഴിലാളികളുടെ സംരംഭകത്വ സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികളും നൈപുണ്യ പരിശീലനവും നടത്തിവരുന്നു. 2023-24 വർഷത്തിൽ, 852 മത്സ്യത്തൊഴിലാളി സ്ത്രീ ഗുണഭോക്താക്കൾ സംരംഭകരായി മാറി, 1,777 മത്സ്യത്തൊഴിലാളി സ്ത്രീ ഗുണഭോക്താക്കൾക്ക് വിവിധ കാര്യശേഷി വർദ്ധന പരിപാടികൾക്ക് കീഴിൽ പരിശീലനം നൽകി, 1,774 ഗുണഭോക്താക്കളുടെ 615 ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് പലിശരഹിത പ്രവർത്തന മൂലധന റിവോൾവിംഗ് ഫണ്ട് നൽകി. സോളിഡാരിറ്റി ഫണ്ടിംഗിന്റെ ഭാഗമായി, 91 ഗുണഭോക്താക്കളുള്ള 31 യൂണിറ്റുകൾക്ക് സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം നൽകി. പഴയ യന്ത്രങ്ങൾ മാറ്റുന്നതിനും സാങ്കേതിക വിദ്യ നവീകരിക്കുന്നതിനുമാണ് സഹായം നൽകുന്നത്. നിലവിലുള്ള ബിസിനസ്സ് നഷ്ടത്തിലാണെങ്കിൽ കൂടുതൽ ലാഭകരമായതിലേയ്ക്ക് മാറ്റുന്നതിനുള്ള പിന്തുണയും നൽകുന്നു. 604 ഗുണഭോക്താക്കൾ അടങ്ങുന്ന 201 മൈക്രോ സംരംഭങ്ങൾക്ക് അവരുടെ മൈക്രോ സംരംഭങ്ങളുടെ വികസനത്തിനായി ഏറ്റെടുത്ത വായ്പയുടെ 5 ശതമാനം പലിശ സബ്സിഡി നൽകി. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ (ജെ.എൽ.ജി) പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസറഗോഡ് ജില്ലകളിലെ 5,165 മത്സ്യത്തൊഴിലാളി സ്ത്രീ ഗുണഭോക്താക്കൾക്കായി 1,033 ജെ.എൽ.ജി കൾക്ക് ആറാം ഘട്ടമായി ഒരു ലക്ഷം രൂപ/ജെ.എൽ.ജി പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകി. സംരംഭങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങളുടെ ബ്രാൻഡിംഗിലും വിപണനത്തിലും ഇത് സഹായിക്കുന്നു. വ്യത്യസ്ത വിഭാഗങ്ങളിലായി മൊത്തം 1,094 മൈക്രോ എന്റർപ്രൈസുകൾ സോഷ്യൽ മീഡിയയുമായി ലിങ്ക് ചെയ്തിരിക്കുന്നു. അവ സൊസൈറ്റിയുടെ ഓൺലൈൻ വിപണന, വില്പന സംവിധാനത്തിൽ നിന്ന് പ്രയോജനം നേടുകയും ചെയ്തു. 2023-24 വർഷത്തിൽ സാഫ് യൂണിറ്റുകൾക്ക് നിലവിലെ ഓൺലൈൻ വില്പന സമ്പ്രദായത്തിൽ നിന്നു മാത്രം 1,128.62 ലക്ഷം രൂപ വില്പന നേടാൻ സാധിച്ചു. വിവിധ മേളകളിലും പ്രദർശനങ്ങളിലും 295 സാഫ് ഗുണഭോക്താക്കൾ പങ്കെടുക്കുകയും 40.49 ലക്ഷം രൂപയുടെ വില്പന നടത്തുകയും ചെയ്തു. തീരമൈത്രി മൈക്രോ എന്റർപ്രൈസ് യൂണിറ്റുകൾ 2023-24 കാലയളവിൽ 136.52 കോടി രൂപയുടെ വാർഷിക വില്പന കൈവരിച്ചു.

സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ ചൂഷണം തുടച്ചുനീക്കുന്നതിനായി സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക വായ്പ സൊസൈറ്റി (പി.എ.സി.എസ്) മുഖേന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുള്ള മൈക്രോ ക്രെഡിറ്റ് പദ്ധതിയായ സ്നേഹതീരം പദ്ധതി കോട്ടയം ജില്ലയിൽ നടപ്പാക്കി. മത്സ്യത്തൊഴിലാളി സമൂഹത്തിലേയ്ക്ക് സാഫ് പദ്ധതികൾ എത്തിക്കുന്നതിനും അവ പ്രയോജനപ്പെടുത്തുന്നതിനുമായി ഡെവലപ്മെന്റ് ഓഫ് മൈക്രോ എന്റർപ്രൈസസ് (ഡി.എം.ഇ), ജെ.എൽ.ജി പ്രോജക്ടുകൾ എന്നിവയ്ക്കായി ക്ഷണിച്ച അപേക്ഷയെക്കുറിച്ചുള്ള വിവരങ്ങൾ അയയ്ക്കുന്നതിന് റിലയൻസ് ഫൗണ്ടേഷന്റെ ശബ്ദ സന്ദേശ സേവനങ്ങളും സാഫ് പ്രയോജനപ്പെടുത്തി. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) – ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് മത്സ്യത്തൊഴിലാളി സമൂഹത്തിലെ വിദ്യാസമ്പന്നരായ 25 യുവതികൾക്ക് ഡിജിറ്റൽ മീഡിയ, മാർക്കറ്റിംഗ്, അഡ്വർടൈസിംഗ് ഡിസൈൻ എന്നിവയെക്കുറിച്ചുള്ള ഓൺലൈൻ കോഴ്സ് നൽകി. 774 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന 338 യൂണിറ്റുകളുടെ

**ബോക്സ് 3.4.1** മത്സ്യമേഖലയിൽ വനിത ചെറുകിട സംരംഭങ്ങൾ കൈവരിച്ച നേട്ടങ്ങൾ

കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (സാഫ്) ന്റെ സഹായത്തോടെ 2018 ൽ സ്ഥാപിതമായ ഒരു ഡി.എം.ഇ യൂണിറ്റാണ് ജിഷ് പിക്കിൾ യൂണിറ്റ്. 4 അംഗങ്ങളാണ് ഗ്രൂപ്പിലുള്ളത്. വിവിധതരം അച്ചാറുകൾ (മത്സ്യം, ചെമ്മീൻ, നാരങ്ങ, മാങ്ങ, വെളുത്തുള്ളി, ഇഞ്ചി, മുളക്, കയ്പയ്ക്ക), ചെമ്മീൻ റോസ്റ്റ്, ചെമ്മീൻ ചട്ണി പൊടി, ഉണങ്ങിയ ചെമ്മീൻ, ഉണങ്ങിയ മത്സ്യം എന്നിവയാണ് ഗ്രൂപ്പിന്റെ പ്രധാന ഉല്പന്നങ്ങൾ. ഏകദേശം 16 മൊത്ത വ്യാപാരികൾക്കും 40 റീട്ടെയിൽ ഷോപ്പുകൾക്കുമാണ് അവർ ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നത്. യൂണിറ്റിന്റെ ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ സജീവമായി വിപണനം ചെയ്യുന്നു. കൂടാതെ ഉല്പന്നങ്ങളുടെ ഗുണനിലവാരം നിലനിർത്തുകയും ആകർഷകമായ പാക്കിംഗിൽ വിൽക്കുകയും, ഹൈജീനിക് ട്രാൻസ്പോർട്ടേഷൻ ഉറപ്പാക്കുകയും ചെയ്യുന്നു. മേളകളിൽ/എക്സിബിഷനുകളിൽ സജീവമായി പങ്കെടുക്കുന്ന യൂണിറ്റ്, നല്ല വരുമാനം ഉണ്ടാക്കുകയും വിപണന സാധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. മിഷിഗൺ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ അവരുടെ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി 2024 ജൂലൈയിൽ യൂണിറ്റ് സന്ദർശിച്ചു.

തീരമൈത്രി സൂപ്പർമാർക്കറ്റുകൾ വഴിയും കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾ വഴിയും സപ്ലൈകോ മാവേലി ഉല്പന്നങ്ങൾ വിപണനം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഫിഷറീസ് വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പുമായി ചേർന്ന് തീരമാവേലി എന്ന ആശയം ആവിഷ്കരിച്ചത്. ഇപ്പോൾ സംസ്ഥാനത്തുടനീളമുള്ള 10 സൂപ്പർമാർക്കറ്റുകളും 5 കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകളും വഴി സപ്ലൈകോ സബ്സിഡിയുള്ള ഉല്പന്നങ്ങൾ തീരദേശവാസികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സപ്ലൈകോ മാവേലി ഉല്പന്നങ്ങളുടെ ഔട്ട്‌ലെറ്റായി പ്രവർത്തിച്ച് തീരമൈത്രി സൂപ്പർമാർക്കറ്റുകളുടെയും കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകളുടെയും സുസ്ഥിരത കൈവരിക്കുന്നതിനാണ് തീരമാവേലി പദ്ധതി ലക്ഷ്യമിട്ടത്. 2023-24 വർഷത്തിൽ 1,437.78 ലക്ഷം രൂപയുടെ മൊത്തം വില്പനയാണ് തീരമാവേലി യൂണിറ്റുകൾ നേടിയത്.

***അവലംബം:*** മത്സ്യബന്ധന വകുപ്പ്, കേരള സർക്കാർ

പങ്കാളിത്തത്തോടെ 125 പ്രോജക്ട് ക്ലിനിക്കുകൾ ഇതുവരെ നടത്തി. തീരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി വെൽനസ് ഇടപെടലിന്റെ ഭാഗമായി തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ലിംഗസമത്വം, അക്രമം, പോഷകാഹാരം, ശുചിത്വ സാക്ഷരത എന്നിവയെക്കുറിച്ചുള്ള മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും നടത്തി. സാഫ് നടപ്പിലാക്കിയ വിവിധ പരിപാടികളുടെ നേട്ടം **അനുബന്ധം 3.4.12** ൽ നൽകിയിരിക്കുന്നു.

### അടിസ്ഥാന സൗകര്യങ്ങൾ

മത്സ്യബന്ധന തുറമുഖം ഉല്പാദനത്തെയും വ്യാപാരത്തെയും സംയോജിപ്പിക്കുന്ന ഒരു കേന്ദ്രമായി പ്രവർത്തിക്കുന്നു. ഉത്തരവാദിത്വമുള്ള മത്സ്യബന്ധനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഇത് വലിയ അവസരങ്ങൾ പ്രദാനം ചെയ്യുന്നു. ബ്രേക്ക് വാട്ടറുകൾ, വാർഫ്, ലേലഹാൾ, ലോഡിംഗ് ഏരിയ, പാർക്കിംഗ് സ്ഥലം, അനുബന്ധ റോഡുകൾ, ചുറ്റുമതിൽ, സാനിട്ടറി സൗകര്യങ്ങൾ, ജലവിതരണം, വൈദ്യുതീകരണ ക്രമീകരണങ്ങൾ എന്നിവയാണ് മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രധാന ഘടകങ്ങൾ. കടമുറികൾ, ലോക്കർ റൂമുകൾ, വിശ്രമ ഷെഡുകൾ, നെറ്റ് വെന്റിംഗ് ഷെഡുകൾ, വർക്ക്ഷോപ്പ് കെട്ടിടങ്ങൾ തുടങ്ങിയ മറ്റ് സൗകര്യങ്ങൾ ആവശ്യകതയെ അടിസ്ഥാനമാക്കിയാണ് നിർമ്മിച്ചിരിക്കുന്നത്. കേരളത്തിൽ 25 മത്സ്യബന്ധന തുറമുഖങ്ങളുണ്ട്. ഇതിൽ 22 തുറമുഖങ്ങൾ പ്രവർത്തനക്ഷമവും 3 തുറമുഖങ്ങളുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടുമിരിക്കുന്നു. കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥാനവും, നിലവിലെ അവസ്ഥാ റിപ്പോർട്ടും **അനുബന്ധം 3.4.13** ൽ നൽകിയിരിക്കുന്നു.

മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും, ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളിൽ നിന്നും 2023-24 ൽ ലഭ്യമായ മൊത്തം വരുമാനം 11.84 കോടി രൂപയാണ്. ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചത് നീണ്ടകര തുറമുഖത്തു നിന്നും തുടർന്ന് കായംകുളത്തു നിന്നുമാണ്. ആകെ ലഭ്യമായ വരുമാനത്തിന്റെ 60 ശതമാനവും നീണ്ടകര, കായംകുളം, തങ്കശ്ശേരി എന്നീ തുറമുഖങ്ങളിൽ നിന്നുമാണ്. മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്ന് ലഭ്യമായ വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.4.14** ൽ നൽകിയിരിക്കുന്നു.

പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിന് പുറമേ, നിലവിലുള്ള ഹാർബറുകളുടെ നവീകരണം, ഫിഷ് ലാൻഡിംഗ് സെന്ററുകൾ, റോഡുകൾ, പാലങ്ങൾ, ലോക്കർ റൂമുകൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നബാർഡ് - ആർ.ഐ.ഡി.എഫ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ് XXVI ന്റെ ഭാഗമായി തങ്കശ്ശേരി, നീണ്ടകര മത്സ്യബന്ധന തുറമുഖങ്ങളിൽ അധിക സൗകര്യങ്ങൾ, നീണ്ടകര മത്സ്യബന്ധന ഹാർബറിന്റെ (ശക്തികുളങ്ങര ഭാഗം) വിപുലീകരണവും നവീകരണവും, കായംകുളം മത്സ്യബന്ധന തുറമുഖത്ത് അധിക ബെർത്തിംഗ് സൗകര്യങ്ങൾ എന്നിവയ്ക്കുമായി 57.44 കോടി രൂപയുടെ നാല് പദ്ധതികൾ അനുവദിച്ചു. ആർ.ഐ.ഡി.എഫ് XXVII ൽ താനൂർ, വെള്ളയിൽ, ചെല്ലാനം മത്സ്യബന്ധന ഹാർബറുകളിലും വലിയഴീക്കൽ ഫിഷ് ലാൻഡിംഗ് സെന്ററിലും അധിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 55.55 കോടി രൂപയുടെ നാല് പദ്ധതികൾ അനുവദിച്ചു. ആർ.ഐ.ഡി.എഫ് XXVIII ൽ കരുനാഗപ്പള്ളിയിലെ ആലപ്പാട് അഴീക്കൽ,

കണ്ണൂരിലെ അഴീക്കൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനുമായി 50.94 കോടി രൂപയുടെ രണ്ട് പദ്ധതികൾ അനുവദിച്ചു. ആർ.ഐ.ഡി.എഫ് XIX ൽ, മലപ്പുറത്തെ പൊന്നാനി ഫിഷിംഗ് ഹാർബറിനും കണ്ണൂരിലെ ചാലിൽ ഗോപാലപേട്ട ഫിഷ് ലാൻഡിംഗ് സെന്റർ വികസനത്തിനുമായി 28.09 കോടി രൂപയുടെ രണ്ട് പദ്ധതികൾ അനുവദിച്ചു.

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

മത്സ്യത്തൊഴിലാളികൾക്കായി റോഡുകൾ, മാർക്കറ്റുകൾ, വീടുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി) മത്സ്യമേഖലയിൽ വ്യക്തമായ പുരോഗതി കൊണ്ടുവന്നു. മുൻവർഷങ്ങളിലെ നിലവിലുള്ള പ്രവൃത്തികൾ ഉൾപ്പെടെ കഴിഞ്ഞ 3 വർഷമായി കെ.എസ്.സി.എ.ഡി.സി സംസ്ഥാനം/ നബാർഡ് ധനസഹായത്തോടെ 94.94 കോടി രൂപയുടെ പ്രവൃത്തികളും 172.70 കോടി രൂപയുടെ കേന്ദ്ര (സി.എസ്.എസ്) പ്രവൃത്തികളും 715.57 കോടി രൂപയുടെ കിഫ്ബിയുടെ സഹായവും ഏറ്റെടുത്തിട്ടുണ്ട്. കേരളത്തിൽ ഏകദേശം 350 കോടി രൂപ വിലമതിക്കുന്ന ഓഷ്യനേറിയം ആന്റ് മറൈൻ ബയോളജിക്കൽ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.സി.എ.ഡി.സി നിയോഗിക്കപ്പെട്ടു. പൂന്തുറ തീരത്ത് (സംസ്ഥാനത്ത് ആദ്യത്തേത്) ജിയോ ട്യൂബിൽ ആദ്യ സെഗ്മെന്റ് ഇൻസ്റ്റാലേഷൻ പൂർത്തിയാക്കി. ഇത് ദേശീയതലത്തിൽ തന്നെ പ്രശസ്തമാണ്. തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യബന്ധന ഗ്രാമങ്ങളുടെ തീരത്ത് കേന്ദ്ര (പി.എം.എം.എസ്.വൈ), സംസ്ഥാന പദ്ധതികൾക്ക് കീഴിൽ കോർപ്പറേഷൻ 6,610 കൃത്രിമ റീഫ് മൊഡ്യൂളുകൾ വിജയകരമായി വിന്യസിച്ചു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 'സൗര പ്രോജക്ട്' ഉൾപ്പെടെയുള്ള സോളാർ പദ്ധതികളുടെ ദേശീയ കൺസൾട്ടന്റായി കെ.എസ്.സി.എ.ഡി.സി യെ എംപാനൽ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവനമാർഗ്ഗം ശക്തിപ്പെടുത്തുന്നതിന്, ആധുനിക മത്സ്യ മാർക്കറ്റുകൾ, ശീതീകരണ സൗകര്യങ്ങൾ, സംസ്കരണ യൂണിറ്റുകൾ എന്നിവയുൾപ്പെടെ അത്യാധുനിക മത്സ്യ വിപണന അടിസ്ഥാന സൗകര്യങ്ങൾ കെ.എസ്.സി.എ.ഡി.സി സജീവമായി വികസിപ്പിക്കുന്നു. കെ.എസ്.സി.എ.ഡി.സി 43 മത്സ്യമാർക്കറ്റുകളും പരപ്പനങ്ങാടി (112.21 കോടി രൂപ), ചെത്തി (97.43 കോടി രൂപ) എന്നീ രണ്ട് പ്രധാന തുറമുഖങ്ങളും ആലപ്പുഴയിലെ പ്രായിക്കര, കാസറഗോഡിലെ അജാനൂർ എന്നിവിടങ്ങളിൽ 2.29 കോടി രൂപയുടെ രണ്ട് ഫിഷ് ലാൻഡിംഗ് സെന്ററുകളും വിജയകരമായി സ്ഥാപിച്ചു. വിഴിഞ്ഞത്ത് 4 കോടി രൂപയുടെ സീഫുഡ് റസ്റ്റോറന്റും മത്സ്യ സംസ്കരണ പ്ലാന്റും ഏജൻസി സ്ഥാപിച്ചു.

### 2023–24 ൽ മത്സ്യബന്ധന മേഖലയിലെ പ്രധാന നേട്ടങ്ങൾ

- മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദനക്ഷമമായ പ്രദേശത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനുമായി വിഴിഞ്ഞം, മുനമ്പം, ബേപ്പൂർ ഹാർബറുകളിലും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകളിലും (പ്രാദേശിക കേന്ദ്രങ്ങൾ) കെൽട്രോൺ വഴി 3 എൽ.ഇ.ഡി ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിച്ചു.
- മത്സ്യബന്ധന യാനങ്ങളിൽ നിന്നുള്ള മലിനീകരണം കുറയ്ക്കുന്നതിന്റെയും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന്റെയും ഭാഗമായി 2023-24 പ്ലാൻ സ്കീമിൽ 500 മണ്ണെണ്ണ ഒ.ബി.എം കളെ (മത്സ്യബന്ധന യാനങ്ങളിലെ ഔട്ട്ബോർഡ് മോട്ടോർസ്) എൽ.പി.ജി ഒ.ബി.എം കളാക്കി മാറ്റി.
- പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായ യന്ത്രവത്കൃത ആഴക്കടൽ മത്സ്യബന്ധനത്തിലേയ്ക്ക് മാറ്റുക എന്ന ലക്ഷ്യത്തോടെ 10 അംഗ സംഘങ്ങൾ വീതമുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ പ്രകാരം 15 കോടി രൂപയുടെ പദ്ധതി സർക്കാർ നടപ്പിലാക്കി.
- 'വിദ്യാതീരം' പദ്ധതിയുടെ ഭാഗമായി 2023-24 വർഷത്തിൽ 108 മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് സൗജന്യ മെഡിക്കൽ പ്രവേശന പരിശീലനവും 11 മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനവും നൽകി. കഴിഞ്ഞ വർഷം തീരദേശ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി, പ്ലസ് ടു കോഴ്സുകൾക്കായി 20 മാർഗ്ഗ നിർദ്ദേശ പരിപാടികളും സംഘടിപ്പിച്ചു. 2023-24 വർഷത്തിൽ 48.02 കോടി രൂപ ചെലവഴിക്കുകയും 32,100 വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും ചെയ്തു.
- ദത്തെടുക്കൽ പദ്ധതിയുടെ ഭാഗമായി അച്ഛനും അമ്മയും ഇല്ലാത്ത 17 മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളെ ദത്തെടുക്കുകയും അവരുടെ ബിരുദം പൂർത്തിയാക്കുന്നതിന് 13.52 ലക്ഷം രൂപ ധനസഹായം നൽകുകയും ചെയ്തു.
- തീരദേശത്തെ മത്സ്യത്തൊഴിലാളികളിൽ ആരോഗ്യ സംരക്ഷണവും ലഹരിവിരുദ്ധ അവബോധവും പ്രോത്സാഹിപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ 13 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഏകദേശം 15,000 തീരദേശവാസികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. മത്സ്യത്തൊഴിലാളികളെ ലഹരിയിൽ നിന്ന് രക്ഷിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ പങ്കാളിത്തത്തോടെ തീരദേശത്ത് 'ലഹരി വിമുക്തി' എന്ന പരിപാടി സംഘടിപ്പിച്ചു.
- 'പുനർഗേഹം' പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലകളിലായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 390 ഫ്ലാറ്റുകൾ കൈമാറി. തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസറഗോഡ് ജില്ലകളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- കുഫോസിലെ ശാസ്ത്രജ്ഞർ പടിഞ്ഞാറൻ ഇന്ത്യയിൽ നിന്നുള്ളതും അമിതമായ മത്സ്യബന്ധനം മൂലം വംശനാശ ഭീഷണി നേരിടുന്ന അലങ്കാര മത്സ്യമായ ഇൻഡിഗോ ബാർബിന്റെ (പ്രീതിയ സെറ്റ്നായ്) പ്രജനനത്തിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തു.
- സംസ്ഥാനത്തെ 8 ജില്ലകളിൽ മത്സ്യങ്ങളുടേയും, ഷെൽ ഫിഷുകളുടേയും സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ചു.

- പാലയക്കാരി ഫിഷ് ഫാമിൽ ഉപ്പുവെള്ള ഹാച്ചറി (പേൾ സ്പോട്ട്) സ്ഥാപിക്കുന്നതിനായി മത്സ്യഫെഡ്, ചെന്നൈയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ് വാട്ടർ അക്വകൾച്ചറുമായി (സി.ഐ.ബി.എ) ജലകൃഷിയിൽ സാങ്കേതിക സഹകരണത്തിൽ ഏർപ്പെട്ടു.
- ആലപ്പുഴ ജില്ലയിലെ ആർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ (ബാലൻസ് പ്രവൃത്തി) വികസന ത്തിനായി ഫിഷറീസ് ആന്റ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (എഫ്.ഐ.ഡി.എഫ്) പ്രകാരം 15,073 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. കേരളത്തിൽ എഫ്.ഐ.ഡി.എഫ് ന് കീഴിൽ അനുവദിച്ച ആദ്യത്തേതും ഒരേയൊരു പദ്ധതിയുമാണിത്.
- സംസ്ഥാനത്തെ ഉപ്പുവെള്ള തടാകങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ വേമ്പനാട്, അഷ്ടമുടി കായലുകൾ ശുചീകരിക്കുന്നതിനുള്ള ഒരു സംരംഭം ആരംഭിച്ചു.

കേരളത്തിന്റെ സാമ്പത്തിക സാമൂഹിക മേഖലകളിൽ മത്സ്യബന്ധന മേഖലയ്ക്ക് വലിയ സ്വാധീനമുണ്ട്. വളരെ ദൈർഘ്യമുള്ള കടൽത്തീരവും നിരവധി ഉൾനാടൻ ജലാശയങ്ങളും ഉള്ള കേരളത്തിലെ മത്സ്യബന്ധന മേഖല വലിയ സാധ്യതകൾ പ്രദാനം ചെയ്യുന്നു. മത്സ്യത്തൊഴിലാളികൾക്ക് അവരുടെ തൊഴിൽ പരിധികളില്ലാതെ ചെയ്യാനും സുരക്ഷിതമായ ജീവിതം നയിക്കാനുമുള്ള അവകാശം സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അവരുടെ യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹരിക്കുന്നതിനുള്ള ഇടപെടലുകളിലൂടെ മാത്രമേ ഇത് സാധ്യമാകൂ. കാലാവസ്ഥ വ്യതിയാന പ്രശ്നങ്ങൾ, സമുദ്ര താപനിലയിലെ വ്യതിയാനം, ചൂഷണാത്മക മത്സ്യബന്ധന സമ്പ്രദായങ്ങൾ മൂലം സമുദ്ര ജൈവവൈവിദ്ധ്യ നാശത്തിന്റെ നിലവിലെ നിരക്ക് എന്നിവ കാരണം ലോകമെമ്പാടുമുള്ള സമുദ്ര മത്സ്യമേഖല വെല്ലുവിളി നിറഞ്ഞ സമയങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ഉത്തരവാദിത്തമുള്ള മത്സ്യബന്ധന രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെയും മികച്ച സാമ്പത്തിക അവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും ശോഭനമായ ഭാവി വാഗ്ദാനം ചെയ്യുന്നതിലൂടെയും കേരളത്തിലെ മത്സ്യബന്ധന മേഖലയുടെ സുസ്ഥിരവും സമൃദ്ധവുമായ ഭാവിയിലേയ്ക്കാണ് സർക്കാർ പ്രയത്നിക്കുന്നത്.

# 3.5 ജലവിഭവങ്ങൾ

ഇന്ത്യയുടെ വളർച്ചയ്ക്കും ആവാസ വ്യവസ്ഥയുടെ സുസ്ഥിരതയ്ക്കും ജലവിഭവങ്ങളുടെ ശാസ്ത്രീയ പരിപാലനം അത്യന്താപേക്ഷിതമാണ്. ശുദ്ധ ജലസമ്പത്ത് പരിപാലിക്കുന്നതിൽ യുക്തിപൂർണ്ണമായ ജല വിനിയോഗത്തിന് നിർണ്ണായക പങ്കുണ്ട്. ശുദ്ധ ജലത്തിന്റെ മൂല്യത്തെക്കുറിച്ചും, ശുദ്ധ ജല സമ്പത്ത് വിവേകപൂർവ്വമായി ഉപയോഗിക്കുന്നതിനെക്കുറിച്ചുമുള്ള അവബോധം നൽകുന്നതിനായി എല്ലാ വർഷവും മാർച്ച് 22 ന് "ലോക ജലദിനം" ആചരിക്കുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ആറാമത്തെ ലക്ഷ്യത്തിന് അനുസൃതമായി എല്ലാവർക്കും ജലം, ശുചിത്വം എന്നിവയുടെ ലഭ്യതയും സുസ്ഥിര നിർവ്വഹണവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ "സമൃദ്ധിക്കും സമാധാനത്തിനും ജലം" എന്നതായിരുന്നു 2024 ലെ ലോക ജലദിനത്തിന്റെ പ്രമേയം.

**നദീതട ആസൂത്രണം**

കേരളത്തിലെ മഴയുടെ 90 ശതമാനവും ജൂൺ മുതൽ ആഗസ്റ്റ് വരെയും ഒക്ടോബർ മുതൽ നവംബർ വരെയുമുള്ള കാലവർഷത്തിലാണ് ലഭിക്കുന്നത്. ബാക്കി സമയം വരണ്ട അവസ്ഥയിലുമാണ്. നദീതടങ്ങൾ അല്ലെങ്കിൽ വൃഷ്ടിപ്രദേശങ്ങൾ (നദിയുടെ ഉത്ഭവത്തിനും നദീ മുഖത്തിനും ഇടയ്ക്കുള്ളതും, നദിയിലേക്ക് പ്രവേശിക്കുന്നതുമായ ഭൂപ്രദേശം) തീരദേശ, സമുദ്ര പ്രദേശങ്ങളും തണ്ണീർത്തടങ്ങളുടെയും ജല വിഭവത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രധാന കേന്ദ്രങ്ങളാണ്. നദീതട പരിപാലനത്തിൽ തണ്ണീർത്തടങ്ങൾ നിർണായക പങ്ക് വഹിക്കുന്നു, നേരെമറിച്ച്, നദീതടങ്ങളിലെ കരയും ജലവുമായി ബന്ധപ്പെട്ട മനുഷ്യ പ്രവർത്തനങ്ങൾ ആ പ്രദേശത്തിന്റെ തണ്ണീർത്തടങ്ങളുടെ പാരിസ്ഥിതിക സ്വഭാവത്തിൽ വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ട്. ഓരോ സ്ഥലത്തെന്റെ ജലലഭ്യത വളരെ വ്യത്യസ്തമാണ്. മഴയുടെ അളവ്, ഭൂപ്രദേശം, മണ്ണിന്റെ ഘടന, നീരൊഴുക്കിന്റെ സ്വഭാവം, ഭൂവിനിയോഗം എന്നിവയിൽ അധിഷ്ഠിതമാണ് ജലലഭ്യത എന്നതിനാൽ, വിവിധ നദീതടങ്ങളുടെ ഉൽപ്പാദനക്ഷമതയും വ്യത്യസ്തമാണ്. സംസ്ഥാനത്തുടനീളം ഓരോ നദീതടത്തിന്റെ വൃഷ്ടിപ്രദേശവും, ലഭ്യമാകുന്ന മഴയുടെ അളവും വ്യത്യസ്തമാണ്. കൂടാതെ, ഓരോ പ്രദേശത്തെയും ജനസംഖ്യ, ആവാസ വ്യവസ്ഥ എന്നിവ അനുസരിച്ച് സാമൂഹികവും പാരിസ്ഥിതികവുമായ പ്രവർത്തനങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു. കേരളം പോലുള്ള ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനത്തിന്റെ ജല മാനേജ്മെൻറ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, ഒരു സംയോജിത ജലവിഭവ മാനേജ്മെൻറ് (IWRM) സംവിധാനം ആവശ്യമാണ്. സംയോജിത ജലവിഭവ പരിപാലനം ഉറപ്പാക്കുന്നതിനായി കേരളത്തിലെ നദികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഒരു റിവർ ബേസിൻ കൺസർവേഷൻ മാനേജ്മെന്റ് അതോറിറ്റി (ആർബിസിഎംഎ) രൂപീകരിക്കാൻ സംസ്ഥാന സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച കരട് ബിൽ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്.

പതിനാലാം പഞ്ചവൽസര പദ്ധതി കാലയളവിൽ നദീതടങ്ങളിലെ ജല സന്തുലിതാവസ്ഥ വിലയിരുത്തുന്നതിനായി ഹൈഡ്രോമെറ്റ് ശൃംഖലയുടെ സാന്ദ്രത (പ്രത്യേകിച്ച് തത്സമയം) വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പിന്റെ ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് (ഐഡിആർബി) വിഭാഗം നടത്തിവരുന്നു. ജലസംബന്ധമായ വിശകലനങ്ങൾ, ഡിസിഷൻ സപ്പോർട്ട് എന്നിവ ഇതോടൊപ്പം നടത്തുന്നതിലൂടെ ജല സംരക്ഷണം, വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ, റിസർവോയർ പ്രവർത്തനങ്ങൾ, ജലത്തിന്റെ ഗുണനിലവാരം, നദീതട പരിപാലന സംവിധാനങ്ങൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ/സോഫ്റ്റ് സൊല്യൂഷനുകൾ എന്നിവസംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമെടുക്കാൻ ജലവിഭവ വകുപ്പിനും, കേരള സർക്കാരിനും ഇത് സഹായകമാകുന്നു.

ജലസേചന വകുപ്പ് നവകേരളം കർമ്മപദ്ധതി - 2 ന് കീഴിൽ ഹരിതകേരളം മിഷന്റെ ഭാഗമായി ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം ആരംഭിച്ചു. ജലസംരക്ഷണം വർദ്ധിപ്പിക്കുകയും ശുദ്ധമായ കുടിവെള്ളത്തിന്റെയും ജലസേചനത്തിന്റെയും ലഭ്യത ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് മിഷൻ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി നിലവിലുള്ള ജലാശയങ്ങൾ നിർണ്ണയിച്ച് പുനരുദ്ധരിക്കുന്നതിനും മഴക്കാലത്ത് മഴവെള്ളം സംഭരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനും കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. മണ്ണ് നീക്കം ചെയ്യൽ, നിർമ്മാണ അറ്റകുറ്റപ്പണികൾ, ജലാശയങ്ങളുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കൽ തുടങ്ങിയ നവീകരണ പ്രവർത്തനങ്ങളും സുസ്ഥിര കാർഷിക രീതികളും ഗ്രാമീണ ഉപജീവനം കൈവരിക്കുന്നതിന് സഹായിക്കും.


പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെഇആർഐ) നടത്തിയ ബാത്തിമെട്രിക് പഠനം കേരളത്തിലെ ജലസംഭരണികളിൽ ശരാശരി 15 ശതമാനം എക്കൽ അടിഞ്ഞ് കൂടിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടേൺകീ, വർക്ക് കോൺട്രാക്ട് എന്നീ രീതികളിലൂടെ ഡാമുകളിലെയും റിസർവോയറുകളിലെയും മണ്ണ് നീക്കം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (എസ്ഒപി) പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പാലക്കാട് ജില്ലയിലെ മംഗലം റിസർവോയറിൽ നിന്ന് 1,55,941 മീ.$^3$ ചെളി നീക്കം ചെയ്തു. ഇതിനുപുറമെ റഗുലേറ്ററുകൾക്കും ചെക്ക് ഡാമുകൾക്കും സമീപം അടിഞ്ഞുകൂടിയ ചെളിയും മണലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു.

### കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം

ജലവും കാലാവസ്ഥാ വ്യതിയാനവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനം മൂലം വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയവയ്ക്കുള്ള സാധ്യതയും ഇവയുടെ രൂക്ഷതയും വർദ്ധിച്ചുവരുന്നു. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ഇന്റർ ഗവൺമെന്റൽ പാനൽ (ഐപിസിസി) പ്രസ്താവിച്ചതുപോലെ ആഗോളതാപനം വർദ്ധിക്കുന്നതിന് അനുസൃതമായി, വരൾച്ചയും വെള്ളപ്പൊക്കവും പോലുള്ള അനുബന്ധ നാശനഷ്ടങ്ങളും എല്ലാ അളവിലും തുടർന്നും വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്ത് സാധാരണയിൽ നിന്നും വ്യത്യസ്തമായി 13 ശതമാനം കുറവ് മഴയാണ് 2024ലെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ (ജൂൺ 1, 2024 മുതൽ സെപ്റ്റംബർ 30, 2024 വരെ) ലഭിച്ചത്. 'സാധാരണ' ലഭിക്കേണ്ട 2019 മില്ലിമീറ്റർ മഴയ്ക്ക് പകരം, യഥാർത്ഥത്തിൽ ലഭിച്ചത് 1748 മില്ലിമീറ്റർ മഴ മാത്രമാണ്. ഏറ്റവും കൂടുതൽ മഴ ലഭിച്ചത് കണ്ണൂർ ജില്ലയിൽ, 3024 മില്ലീമീറ്റർ, ഏറ്റവും കുറവ് തിരുവനന്തപുരം ജില്ലയിൽ, 866 മീറ്ററുമാണ്. ആലപ്പുഴ, എറണാകുളം, ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ കുറവ് മഴ രേഖപ്പെടുത്തി, മറ്റെല്ലാ ജില്ലകളിലും സാധാരണ അളവിലാണ് മഴലഭിച്ചത്.

ജലസേചന വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളിലെ ജലസംഭരണനിലയുടെ (കാലവർഷത്തിനു മുൻപും പിൻപും - ജൂൺ, സെപ്റ്റംബർ മാസങ്ങളിൽ) വിശദാംശങ്ങൾ **ചിത്രം 3.5.1** ൽ രേഖപ്പെടുത്തിയിരിക്കുന്നു. വർഷകാലത്തിന് ശേഷമുള്ള സംഭരണ നില 2023ലും 2024ലും (2024 സെപ്റ്റംബർ 20 വരെ)യഥാക്രമം 907 ദശലക്ഷം ക്യൂബിക് മീറ്ററും, 1129 ദശലക്ഷം ക്യൂബിക് മീറ്ററുമാണ്. വർഷകാലത്തിന് ശേഷം സംഭരണ നിലയിലുണ്ടായ വർദ്ധനവ് പരിശോധിക്കുമ്പോൾ 2023ലെ കണക്ക് പ്രകാരം 509.7 ദശലക്ഷം ക്യൂബിക് മീറ്റർ ആയിരുന്നുവെങ്കിൽ, 2024

**ചിത്രം 3.5.1** ജലസേചന വകുപ്പിന് കീഴിലുള്ള ജലസംഭരണികളിലെ 2023, 2024 ലെ സംഭരണ നില





***അവലംബം:*** ജലസേചന വകുപ്പ് (ഐഡിആർബി), കേരള സർക്കാർ

ൽ അത് വെറും 634.5 ദശലക്ഷം ക്യൂബിക് മീറ്ററാണ് (2024 സെപ്റ്റംബർ 20 വരെ). ജലസംഭരണികളിലെ സംഭരണ നില 2023, 2024 കാലയളവിൽ (വർഷകാലത്തിന് മുൻപും ശേഷവും) **അനുബന്ധം 3.5.1** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ജലാശയ സെൻസസ്**

2017-18 വർഷത്തെ അടിസ്ഥാനമാക്കിയാണ് ജലശക്തി മന്ത്രാലയം രാജ്യത്തെ ആദ്യത്തെ ജലാശയ സെൻസസ് നടപ്പിലാക്കിയത്. ഈ സെൻസസ് പ്രകാരം കേരളത്തിൽ 55,734 ജലാശയങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതിൽ ഭൂരിഭാഗവും (49,725) ഗ്രാമപ്രദേശങ്ങളിലും, ബാക്കിയുള്ളവ (6,009) നഗരപ്രദേശങ്ങളിലുമാണ്. ആകെയുള്ള 55,734 ജലാശയങ്ങളിൽ, 'ജല വിസ്തൃതി' സംബന്ധിച്ച വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് 55,725 ജലാശയങ്ങളുടെതാണ്. അതിൽ, 97 ശതമാനം ജലാശയങ്ങളുടെയും ജലവിസ്തൃതി 0.5 ഹെക്ടറിൽ താഴെയും, 1.9 ശതമാനം ജലാശയങ്ങളുടെ വിസ്തൃതി 0.5 മുതൽ 1.0 ഹെക്ടറിനും ഇടയിലാണ്. 50 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള ജലാശയങ്ങൾ 0.1 ശതമാനം മാത്രമാണ്. ജലാശയങ്ങളുടെ ഉപയോഗം അടിസ്ഥാനമാക്കിയുള്ള തരംതിരിവ് (ശതമാനത്തിൽ)**ചിത്രം 3.5.2** ൽ നൽകിയിരിക്കുന്നു.

**ചിത്രം 3.5.2** ജലാശയങ്ങളുടെ ഉപയോഗം അടിസ്ഥാനമാക്കിയുള്ള തരംതിരിവ് (ശതമാനത്തിൽ)




***അവലംബം:*** ജലാശയങ്ങളുടെ ആദ്യ സെൻസസ് റിപ്പോർട്ട്, കേന്ദ്ര ജലശക്തി മന്ത്രാലയം

രണ്ടാമത് ജലാശയ സെൻസസ് ആരംഭിച്ചത് 2023-24 വർഷം അടിസ്ഥാനമാക്കിയാണ് കുളങ്ങൾ, ടാങ്കുകൾ, ജലസംഭരണികൾ എന്നിവയുൾപ്പെടെ ഇന്ത്യയിലുടനീളമുള്ള ജലാശയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പ്രാദേശിക ആവാസ വ്യവസ്ഥകൾ, ഭൂഗർഭജല പുനരുജ്ജീവനം, കൃഷി, മത്സ്യബന്ധനം, ജൈവ വൈവിധ്യം എന്നിവ നിലനിർത്തുന്നതിൽ ഈ ജലസ്രോതസ്സുകൾ നിർണ്ണായക പങ്ക് വഹിക്കുന്നു. ജലസ്രോതസ്സുകളുടെ എണ്ണം, തരം, അവസ്ഥ, അവയുടെ ഉപയോഗം, ഉടമസ്ഥാവകാശം, കയ്യേറ്റങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ സെൻസസ് മുഖാന്തിരം രേഖപ്പെടുത്തുന്നതാണ്. ജലസ്രോതസ്സുകളുടെ സുസ്ഥിരതയെ ബാധിക്കുന്ന മലിനീകരണം, എക്കൽ അടിഞ്ഞുകൂടൽ, അമിത ജല ചൂഷണം എന്നീ ഘടകങ്ങളെയും സെൻസസ്സിലൂടെ വിലയിരുത്തും.

**പ്രഥമ സ്പ്രിംഗ് സെൻസസ്**

ഇന്ത്യയിലെ പ്രകൃതിദത്ത നീരുറവകൾ രേഖപ്പെടുത്തി സംരക്ഷിക്കുന്നത് ലക്ഷ്യമിട്ടുള്ള ഒരു സംരംഭമാണ് പ്രഥമ സ്പ്രിംഗ് സെൻസസ്. വിവിധ പ്രദേശങ്ങളിലെ, പ്രത്യേകിച്ച് മലയോര, ആദിവാസി മേഖലകളിലെ നിർണ്ണായക ജലസ്രോതസ്സാണ് ഇത്. നീരുറവകൾ കുടിവെള്ളം ലഭ്യമാക്കുകയും കൃഷിയെ സംരക്ഷിക്കുകയും, പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്താൻ സഹായിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും, കാലാവസ്ഥാ വ്യതിയാനം, വനനശീകരണം, സുസ്ഥിരമല്ലാത്ത ഭൂവിനിയോഗ രീതികൾ തുടങ്ങിയവ കാരണം പല നീരുറവകളും വരളുകയോ അല്ലെങ്കിൽ മലിനമാക്കപ്പെടുകയോ ചെയ്യപ്പെട്ടിട്ടുണ്ട്. സ്പ്രിംഗ് സെൻസസിലൂടെ ഈ നീരുറവകളെ രേഖപ്പെടുത്തുകയും അവയുടെ അവസ്ഥ വിലയിരുത്താനും ജലത്തിന്റെ അളവ്, ഗുണനിലവാരം, റീചാർജ് പാറ്റേണുകൾ എന്നിവ മനസ്സിലാക്കാനും ശ്രമിക്കുന്നു. സാമൂഹ്യ പങ്കാളിത്തം, ശാസ്ത്രീയ വിവരശേഖരണം, പ്രാദേശിക അധികാരികളുമായുള്ള സഹകരണം എന്നിവ ഇതിൽ ഉൾപ്പെടും. സ്പ്രിംഗ് ജലസ്രോതസ്സുകളുടെ സംരക്ഷണം, പുനരുജ്ജീവനം, സുസ്ഥിര പരിപാലനം എന്നിവയ്ക്കായുള്ള നയങ്ങൾ രൂപീകരിക്കുന്നതിനും, ദീർഘകാല ജലസുരക്ഷ ഉറപ്പാക്കുന്നതിനും ഈ വിവരങ്ങൾ ഉപയോഗിക്കും. ഭൂഗർഭ ജല വകുപ്പാണ് സ്പ്രിംഗ് സെൻസസ് നടത്തുന്ന നോഡൽ വകുപ്പ്.

**സംസ്ഥാനത്തെ ജലസേചിത പ്രദേശത്തിന്റെ കണക്ക്**

മുൻവർഷത്തെ അപേക്ഷിച്ച് 2022-23 ൽ, സംസ്ഥാനത്തെ ജലസേചിത വിസ്തൃതി നേരിയ തോതിൽ വ്യത്യാസപ്പെട്ടിരിക്കുന്നതായി ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. സംസ്ഥാനത്തെ ജലസേചിതവിസ്തൃതി (അറ്റ) റിപ്പോർട്ട് ചെയ്തത് പ്രകാരം, 2022-23ൽ 4.18 ലക്ഷം ഹെക്ടർ ആയിരുന്നത്, 2023-24ൽ 4.19 ലക്ഷം ഹെക്ടറായി വർദ്ധിച്ചു. അതായത്, 0.23 ശതമാനത്തിന്റെ നേരിയ വർദ്ധനവ്. യഥാർത്ഥ കൃഷി വിസ്തൃതിയും, ജലസേചിത വിസ്തൃതിയും (അറ്റ) തമ്മിലുള്ള അനുപാതം 2021-22ൽ 19.9 ശതമാനമായിരുന്നത് 2023-24ൽ 21.3 ശതമാനമായി വർദ്ധിച്ചു.

എന്നിരുന്നാലും, മൊത്തം ജലസേചിത വിസ്തൃതിയിൽ ഇടിവ് രേഖപ്പെടുത്തിയതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 5.61 ലക്ഷം ഹെക്ടറിൽ നിന്ന് (2021-22) 5.31 ലക്ഷം ഹെക്ടറായി (2023-24) കുറവ് വന്നു. കൃഷിയിടത്തിന്റെ മൊത്തം വിസ്തൃതിയും മൊത്തം ജലസേചിത പ്രദേശവും തമ്മിലുള്ള അനുപാതത്തിലും ഈ കുറവ് പ്രതിഫലിക്കുന്നു. 2021-22 ൽ ഈ അനുപാതം 22.3 ശതമാനം ആയിരുന്നത്, 2023-24 ആയപ്പോൾ 21 ശതമാനമായി കുറയുകയുണ്ടായി.

വിവിധ സ്രോതസ്സുകളിലൂടെയുള്ള ജലസേചിത വിസ്തൃതി കണക്കുകൾ പ്രകാരം 1.83 ലക്ഷം ഹെക്ടറിൽ ജലസേചനം നടത്തിയതുവഴി കിണറുകളിലൂടെയുള്ള (ബോർവെൽ ഉൾപ്പെടെ) ജലസേചനമായിരുന്നു 2022-23 കാലയളവിൽ മുന്നിട്ടു നിന്നത്. 2023-24ൽ ഈ സ്രോതസ്സിലൂടെയുള്ള ജലസേചനം 1.77 ലക്ഷം ഹെക്ടറായിരുന്നു. സർക്കാർ കനാലുകളിലൂടെയുള്ള ജലസേചനത്തിന്റെ വിസ്തൃതി 0.81 ലക്ഷം ഹെക്ടറിൽ നിന്ന് (2022-23) 0.77 ലക്ഷം ഹെക്ടറായി (2023-24) കുറഞ്ഞു. ജലസേചിത പ്രദേശത്തിന്റെ (അറ്റ) വിശദാംശങ്ങൾ (സ്രോതസ്സ് തിരിച്ചും, ജില്ല തിരിച്ചും) **അനുബന്ധം 3.5.2, അനുബന്ധം 3.5.3** എന്നിവയിൽ നൽകിയിരിക്കുന്നു.

വിളകളിൽ, നെല്ലിനും നാളികേരത്തിനുമാണ് ജലസേചനത്തിലൂടെ കൂടുതൽ പ്രയോജനം ലഭിച്ചത്. നെൽക്കൃഷിയുടെ മൊത്തം ജലസേചിത വിസ്തൃതി 1.53 ലക്ഷം ഹെക്ടറിൽ നിന്ന് (2022-23) 1.60 ലക്ഷം ഹെക്ടറായി (2023-24) വർദ്ധിച്ചു. നാളികേരത്തിന്റെ ജലസേചിത വിസ്തൃതിയിലും വർദ്ധനവ് ഉണ്ടായി, 1.56 ലക്ഷം ഹെക്ടറിൽ നിന്നും (2022-23) 1.63 ലക്ഷം ഹെക്ടറായി (2023-24) ഇത് വർദ്ധിച്ചു. മുൻ വർഷത്തെ അപേക്ഷിച്ച് പച്ചക്കറികളുടെ ജലസേചിതവിസ്തൃതി, 0.29 ലക്ഷം ഹെക്ടറായി തന്നെ തുടർന്നു. എന്നാൽ ഏത്തവാഴയുടെ ജലസേചിതവിസ്തൃതി 0.40 ലക്ഷം ഹെക്ടറിൽ നിന്ന് (2022-23) 0.42 ലക്ഷം (2023-24) ഹെക്ടറായും വർദ്ധിച്ചു. മൊത്തം ജലസേചിത വിസ്തൃതിയുടെയും, പ്രയോജനം ലഭിച്ച വിളകളുടെയും വിശദാംശങ്ങൾ **അനുബന്ധം 3.5.4, അനുബന്ധം 3.5.5** എന്നിവയിൽ നൽകിയിരിക്കുന്നു.

**വൻകിട ഇടത്തരം ജലസേചന പദ്ധതികൾ**

വിള ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിലും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലും ജലസേചനം നിർണായക പങ്ക് വഹിക്കുന്നതിനാൽ കൃഷിയും ജലസേചനവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വരൾച്ചയോ ക്രമരഹിതമായ മഴയോ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കാർഷിക ഉല്പാദനം മെച്ചപ്പെടുത്തുന്നതിന്, പ്രത്യേകിച്ച് ഉപജീവനമാർഗ്ഗം നിലനിർത്തുന്നതിനും സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും, വൻകിട, ചെറുകിട ജലസേചന പദ്ധതികൾ അത്യന്താപേക്ഷിതമാണ്. ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ ജലസേചന പദ്ധതികളുടെ നിർവ്വഹണ പുരോഗതി താഴെ വിവരിച്ചിരിക്കുന്നു.

ഇടമലയാർ ജലസേചന പദ്ധതിയുടെ 32.278 കിലോമീറ്റർ നീളമുള്ള പ്രധാന കനാൽ 999 ഹെക്ടർ അയകട്ടിൽ ജലസേചന ആവശ്യങ്ങൾ നിറവേറ്റുവാൻ തക്ക വിധം പൂർത്തികരിച്ചു. അങ്കമാലി മുനിസിപ്പാലിറ്റിയിൽ 13,818.5 മീറ്റർ ഉയരത്തിൽ ലോ-ലെവൽ കനാലിന്റെ (എൽഎൽസി) റെയിൽവേ ക്രോസിംഗ് ഭാഗത്തിന്റെ നിർമ്മാണവും നെടുമ്പാശ്ശേരി പഞ്ചായത്തിൽ 14,623 മീറ്റർ ഉയരത്തിൽ ടെയിൽ എൻഡ് ഡിസ്ചാർജ്ജ് നിർമ്മാണവും പൂർത്തിയായി. ഫ്ലഷ് എസ്കേപ്പിന്റെ (Ch. 14,623) നിർമ്മാണം ആരംഭിക്കുകയും, ഭൂതാംകുട്ടി ബ്രാഞ്ച് കനാൽ (Ch. 3,550 മീ) ഭാഗവും അതിന്റെ ഓഫ് ടേക്ക് പോയിന്റും (Ch. 909 കി.മീ) ലിങ്ക് കനാലായി പരിഷ്കരിക്കേണ്ടതുണ്ട്. ആകെ 7,500 കിലോമീറ്റർ നീളമുള്ള ലിങ്ക് കനാലിന്റെ 2,035 കിലോമീറ്റർ പൂർത്തിയായി. ഫീൽഡ് ചാനലുകളുടെയും പ്രകൃതിദത്ത തോടുകളുടെയും പ്രയോജനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ പൂർത്തിയാക്കി. കൂടാതെ 85 ഹെക്ടർ അയകട്ട് കൂടി കൈവരിക്കാൻ സാധിച്ചു. നിലവിലുള്ള അയകട്ട് ശക്തിപ്പെടുത്തുന്നതിന്, കനാലുകളുടെ തകർന്ന ഭാഗങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി. 2023-24 ൽ, 4,270 ഹെക്ടർ അയകട്ട് കൈവരിക്കാൻ സാധിച്ചു.

തുടക്കത്തിൽ ജലസേചന പദ്ധതിയായി വിഭാവനം ചെയ്ത കാരാപ്പുഴ പദ്ധതി ഇപ്പോൾ കുടിവെള്ള വിതരണം, ടൂറിസം, വൈദ്യുതി ഉൽപാദനം, മത്സ്യബന്ധന പദ്ധതികൾ എന്നിവ ഉൾപ്പെടുന്ന ഒരു വിവിധോദ്ദേശ്യ പദ്ധതിയായി മാറിയിരിക്കുന്നു. കാരാപ്പുഴ ജലസേചന പദ്ധതിയിൽ, ഇടതുകര പ്രധാന കനാലിന്റെ (എൽബിഎംസി) വാലറ്റം വരെ (Ch. 16740 m) പ്രവർത്തനക്ഷമം ആയതോടുകൂടി, 245 ഹെക്ടർ പ്രദേശത്ത് ജലസേചനം ഇപ്പോൾ സാധ്യമാണ്. ഇടതുകര പ്രധാന കനാലിന്റെ വാലറ്റം വരെ ജലവിതരണം പരീക്ഷണാടിസ്ഥാനത്തിൽ 15.03.2023 ന് നടത്തുകയുണ്ടായി. വലത് കര പ്രധാന കനാലിൽ Ch.7,673m നും Ch. 7,888m നും ഇടയിലുള്ള തകരാർ പരിഹരിക്കുന്നതിനുള്ള ജോലികൾ പൂർത്തിയാക്കി കനാലിന്റെ വാലറ്റം വരെ (Ch.8805m) 2023-ൽ ജലവിതരണം നടത്തുകയും, അതിലൂടെ 331 ഹെക്ടറിൽ ജലസേചനം സാധ്യമാകുകയും ചെയ്തു. ഇപ്രകാരം, പ്രധാന കനാലുകളിലൂടെയും അരിമുണ്ട വിതരണ ശൃംഖലയിലൂടെയുമുള്ള (60.31 ഹെക്ടർ) ജലവിതരണത്തിലൂടെ 636.5 ഹെക്ടർ അയകട്ട് കൈവരിക്കാൻ സാധിച്ചു. കൂടാതെ, കൊല്ലിയിൽ ശാഖാ കനാൽ വഴിയുള്ള ജലവിതരണവും (Ch. 1540 മീറ്റർ വരെ) പരീക്ഷണാടിസ്ഥാനത്തിൽ 08.03.2023-ന് നടത്തുകയുണ്ടായി. ഇപ്രകാരം ആദ്യമായി, കാരാപ്പുഴ പദ്ധതിയുടെ രണ്ട് പ്രധാന കനാലുകളും (25.5 കി.മീ) കൊല്ലിയിൽ ശാഖാ കനാലും (1.5 കി.മീ) 2022-23ൽ പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചു. ഇടത് കര മെയിൻ കനാലിന്റെ (എൽബിഎംസി) Ch. 4,800 മീറ്ററിലെ കനാൽ തകരാർ പരിഹരിക്കുന്ന ജോലികൾ 2023-24ൽ പൂർത്തിയായതോടു കൂടി രണ്ട് പ്രധാന കനാലുകളിലൂടെയും, 16.7 കി.മി നീളവും 245.2 ഹെക്ടർ അയകട്ട് (Ch. 0-16,740) ഉള്ളതുമായ ഇടത് കര മെയിൻ കനാലും, 8805 മീറ്റർ നീളവും 330 ഹെക്ടർ അയകട്ട് (Ch.-8,805) ഉൾപ്പെടുന്ന വലതുകര മെയിൻ കനാലിന്റെ വാലറ്റം വരെ പ്രയോജനം ലഭിക്കത്തക്ക വിധം ജല വിതരണം സാദ്ധ്യമായി. Ch. 1,800 മീറ്ററിലെ പ്രധാന ജോലികൾ പൂർത്തീകരിച്ചതും പടിഞ്ഞാറെവീട് ബ്രാഞ്ച് കനാലിന്റെ ഇപ്പോൾ നടന്നുവരുന്നതുമായ അറ്റകുറ്റപ്പണികൾ 358 ഹെക്ടർ കൃഷിഭൂമിക്ക് ജലലഭ്യത സാധ്യമാക്കി. കാരാപ്പുഴ ജലസേചന പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യുന്നതോടുകൂടി പ്രാദേശിക കർഷകർക്ക്, പ്രത്യേകിച്ച് വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ ജന സംഖ്യയുള്ള ഗോത്ര/ആദിവാസി ജനതയ്ക്ക് ഇത് വളരെയധികം പ്രയോജനം ചെയ്യും.

ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പ്രധാന കനാലിന്റെ Ch.1,130m മുതൽ Ch.1500m വരെയുള്ള ഭാഗത്തായിരുന്നു പ്രധാന തടസ്സമുണ്ടായിരുന്നത്. ഈ തടസ്സം പരിഹരിക്കുന്നതിൽ വകുപ്പ് വിജയിക്കുകയും 39 ശതമാനം പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. കാപ്പുംകുന്ന് ഡിസ്ട്രിബ്യൂട്ടറി പൂർത്തീകരിക്കുന്നതിന് 0.56 ഹെക്ടർ ഭൂമി കൂടി ആവശ്യമാണ്. ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭ നടപടി എന്ന നിലയിൽ, കാപ്പുംകുന്ന് ഡിസ്ട്രിബ്യൂട്ടറിയിൽ 0.1 ഹെക്ടർ ഭൂമിയുടെ പെഗ് മാർക്കിംഗ് നടത്തിയിട്ടുണ്ട്. പ്രധാന കനാലിന്റെ അക്വഡക്ട് ഭാഗത്ത് Ch.0 മീറ്റർ മുതൽ Ch.150 മീറ്റർ വരെ 2023-24 ൽ ജലവിതരണം നടത്തി പരിശോധിക്കുകയുണ്ടായി. കാപ്പുംകുന്ന് വിതരണശൃംഖലയുടെ 1101 മീറ്റർ ദൈർഘ്യത്തിലുള്ള പ്രവൃത്തികളുടെ പൂർത്തീകരണം, പേൾ വിതരണശൃംഖലയുടെ 585 മീറ്റർ പൂർത്തീകരണം, 1,190 മീറ്റർ വെണ്ണിയോട് ശാഖാ കനാൽ പ്രവൃത്തികളുടെ പൂർത്തീകരണം, കുപ്പാടിത്തറ വിതരണശൃംഖലയിലെ 0.4 ഹെക്ടർ ഭൂമിയുടെ ഭൂമി ഏറ്റെടുക്കൽ, പെഗ് മാർക്കിംഗ്, വിവിധ ഡിസ്ട്രിബ്യൂട്ടറികളുടെ അക്വഡക്റ്റ് ഭാഗത്തിനായി മണ്ണ് പരിശോധന പൂർത്തിയാക്കൽ എന്നിവ ഈ കാലയളവിൽ നടത്തിയ മറ്റ് ചില പദ്ധതി അനുബന്ധ പ്രവർത്തനങ്ങളാണ്.

### വൻകിട, ഇടത്തരം ജലസേചന പദ്ധതികളുടെ പ്രാഥമിക സെൻസസ്

ഇന്ത്യയിലുടനീളമുള്ള പ്രധാന, ഇടത്തരം ജലസേചന പദ്ധതികളുടെ പ്രവർത്തന നിലവാരത്തെയും പ്രകടനത്തെയും കുറിച്ച് കൃത്യമായി വിവരങ്ങൾ ശേഖരിക്കുക എന്നതാണ് പ്രധാന, ഇടത്തരം ജലസേചന പദ്ധതികളുടെ പ്രാഥമിക സെൻസസിന്റെ ലക്ഷ്യം. കൃഷിയെ പിന്തുണയ്ക്കുന്നതിലും, കുടിവെള്ളത്തിനും വ്യാവസായിക ആവശ്യങ്ങൾക്ക് വെള്ളം നൽകുന്നതിലും, ജലസുരക്ഷ നിലനിർത്തുന്നതിലും നിർണായക പങ്ക് വഹിക്കുന്ന ഈ പദ്ധതികൾ, അടിസ്ഥാന സൗകര്യങ്ങളുടെ കാലപ്പഴക്കം, കാര്യക്ഷമതയില്ലാത്ത ജല മാനേജ്മെന്റ്, പാരിസ്ഥിതിക ആശങ്കകൾ തുടങ്ങിയ വെല്ലുവിളികളെ അഭിമുഖീകരിച്ചിട്ടുണ്ട്. ജലലഭ്യത, ജലസേചന ശേഷി, പദ്ധതികളുടെ തൽസ്ഥിതി, സാമൂഹിക-സാമ്പത്തിക പ്രത്യാഘാതങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ സെൻസസിൽ ശേഖരിക്കും. ആധുനികവൽക്കരണത്തിലെ വെല്ലുവിളികളും സാധ്യതകളും ഇത് വിലയിരുത്തും. മികച്ച ജലവിഭവ മാനേജ്മെന്റ്, മെച്ചപ്പെട്ട ജലസേചന കാര്യക്ഷമത, ജല അടിസ്ഥാന സൗകര്യങ്ങളുടെ സുസ്ഥിര വികസനം എന്നിവയ്ക്കായുള്ള തന്ത്രങ്ങൾ വികസിപ്പിക്കുന്നതിനും ജലവിഭവങ്ങളുടെ ശരിയായ ഉപയോഗം കാർഷിക ഉൽപ്പാദനക്ഷമത എന്നിവ ഉറപ്പാക്കുന്നതിനും ഈ വിവരങ്ങൾ സർക്കാരിനെ സഹായിക്കും.

### ചെറുകിട ജലസേചനം

സംസ്ഥാനത്തെ ജലസേചന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിൽ ചെറുകിട ജലസേചന പദ്ധതികൾ ഗണ്യമായ സംഭാവന ചെയ്തിട്ടുണ്ട്. കുറഞ്ഞ കാലാവധി, കുറഞ്ഞ നിക്ഷേപം, പെട്ടെന്ന് ലഭിക്കുന്ന ഫലം എന്നീ കാരണങ്ങളാൽ ചെറുകിട ജലസേചനത്തിന് അതിന്റേതായ പ്രാധാന്യമുണ്ട്. കേരളത്തിലെ നിമ്നോന്നത ഭൂപ്രകൃതി വൻകിട ജലസേചന പദ്ധതികളെ ചെലവേറിയതാക്കുകയും ഇത് ചെറുകിട ജലസേചന പദ്ധതികൾക്ക് വൻകിട ജലസേചന പദ്ധതികളെ അപേക്ഷിച്ച് മുൻതൂക്കം നൽകുകയും ചെയ്യുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ചെറുകിട ജലസേചനത്തിന് നൽകിവന്ന പ്രാധാന്യം പതിനാലാം പദ്ധതിക്കാലത്തും തുടർന്നുവരുന്നു.

### ഉപരിതല ജലം

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് വിവിധ ചെറുകിട ഉപരിതല ജലപദ്ധതികളിലൂടെ 23601 ഹെക്ടർ അയാകട്ട് കൈവരിച്ചു. ചെറുകിട ജലസേചന പദ്ധതികളിലൂടെ (ഉപരിതല ജലം) 2023-24ൽ, 4,179 ഹെക്ടറിന് (അറ്റ) പ്രയോജനം ലഭിച്ചിരുന്നു. ചെറുകിട ജലസേചന പദ്ധതികളിലൂടെ (ഉപരിതല ജലം) 2022-23 മുതൽ 2023-24 വരെയുള്ള ഭൗതിക നേട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.5.6**-ൽ രേഖപ്പെടുത്തിയിരിക്കുന്നു. ആർഐഡിഎഫിന്റെ വിവിധ ട്രാൻഷെകളിലായി പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 3.5.7**-ൽ നൽകിയിരിക്കുന്നു. ആർഐഡിഎഫ് XXIXൽ ഉൾപ്പെടെ വിവിധ ട്രാൻഷെകളിലായി, 1631 പദ്ധതികൾക്ക് നബാർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 1364 പദ്ധതികൾ പൂർത്തീകരിക്കുകയും, 17 എണ്ണം പുരോഗമിക്കുകയും ചെയ്യുന്നു. ശേഷിക്കുന്ന പദ്ധതികൾ പ്രായോഗികമല്ല എന്ന കാരണത്താൽ ഉപേക്ഷിച്ചു.

### ചെറുകിട ജലസേചന സെൻസസ്

കേന്ദ്ര സർക്കാരാണ് ചെറുകിട ജലസേചന സെൻസസ് നടപ്പിലാക്കുന്നത്. വിവിധ ജലസേചന സ്രോതസ്സുകൾ, സൃഷ്ടിക്കപ്പെട്ട ജലസേചന സാധ്യതകൾ (ഐ.പി.സി.), പ്രയോജനപ്പെടുത്തിയ ജലസേചന സാധ്യതകൾ (ഐ.പി.യു.), വിവിധ ഊർജ്ജ സ്രോതസ്സുകൾ, ജലം ഉയർത്തുന്നതിന് ആവശ്യമായ ഉപകരണങ്ങൾ തുടങ്ങിയ വിവിധ ഘടകങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ സെൻസസിലൂടെ ലഭിക്കുന്നു.

ജലശക്തി മന്ത്രാലയം പ്രസിദ്ധീകരിച്ച ചെറുകിട ജലസേചന പദ്ധതികളുടെ 2017-18 അടിസ്ഥാനമാക്കിയുള്ള ആറാമത്തെ സെൻസസ് പ്രകാരം കേരളത്തിൽ 92,574 ചെറുകിട ജലസേചന പദ്ധതികളുണ്ട്. ഇതിൽ 67.5 ശതമാനം (62,453) ഭൂഗർഭജല പദ്ധതികളും, 32.5 ശതമാനം (30,121) ഉപരിതല ജല പദ്ധതികളും ഉൾപ്പെടുന്നു. അഞ്ചാമത്തെ സെൻസസ് പ്രകാരം 1,03,657 ചെറുകിട പദ്ധതികളായിരുന്നു സംസ്ഥാനത്ത് ഉണ്ടായിരുന്നത്. എന്നാൽ ആറാമത് സെൻസസ് കണക്ക് പ്രകാരം ഇത് 92,574 പദ്ധതികളായി കുറഞ്ഞു. അതായത് 10.7 ശതമാനത്തിന്റെ കുറവ്. ഭൂഗർഭജല പദ്ധതികളിലാണ് പ്രധാനമായും കുറവ് (24.3 ശതമാനം) വന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ, ഉപരിതല പദ്ധതികളിൽ 42.2 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്.

ചെറുകിട ജലസേചന പദ്ധതികളുടെ അഞ്ചാമത് സെൻസസിനെ അപേക്ഷിച്ച്, ആറാമത് സെൻസസിൽ

ചെറുകിട ജലസേചന നിർമ്മിതികളിലൂടെ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ട ജലസേചന സാദ്ധ്യത 26.9 ശതമാനം കുറഞ്ഞതായി കണക്കുകൾ സൂചിപ്പിക്കുന്നു. അഞ്ചാമത് സെൻസസിൽ ഐപിസി 2,48,300 ഹെക്ടറായിരുന്നുവെങ്കിൽ, ആറാമത് സെൻസസിൽ ഇത് 1,81,611 ഹെക്ടറായി കുറഞ്ഞു. അതുപോലെ, ആറാമത് സെൻസസ് കണക്കുകൾ പ്രകാരം പ്രയോജനപ്പെടുത്തിയ ജലസേചന സാധ്യതയിലും (ഐപിയു) 23.4 ശതമാനത്തിന്റെ കുറവുണ്ടായി.

2023-24 വർഷം അടിസ്ഥാനമാക്കി ആരംഭിച്ച ഏഴാമത് ചെറുകിട ജലസേചന സെൻസസ്, ഇന്ത്യയിലെ ചെറുകിട ജലസേചന ഘടനകളെക്കുറിച്ച് സമഗ്രമായ വിവരങ്ങൾ ശേഖരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഗ്രാമീണ, അർദ്ധ വരണ്ട പ്രദേശങ്ങളിലെ ചെറുകിട, നാമമാത്ര കർഷകർക്ക് പ്രാദേശിക ജലസ്രോതസ്സുകൾ മുഖേന ജലം ലഭ്യമാക്കുന്നതിനാൽ, കൃഷിയെ സംരക്ഷിക്കുന്നതിന് ചെറുകിട ജലസേചന സംവിധാനങ്ങൾ അത്യന്താപേക്ഷിതമാണ്. ജലസേചന നിർമ്മിതികളുടെ എണ്ണം, തരം, അവസ്ഥ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതോടൊപ്പം തന്നെ അവയുടെ ജലസ്രോതസ്സുകൾ, ഉപയോഗം, കാര്യക്ഷമത എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതും സെൻസസ്സിന്റെ ലക്ഷ്യമാണ്.

**പട്ടിക : 3.5.1** സംസ്ഥാനത്തെ ഐപിയു, ഐപിസി തമ്മിലുള്ള അനുപാതം ഇനം തിരിച്ച്

| ചെറുകിട ജലസേചന നിർമ്മിതികൾ | സൃഷ്ടിക്കപ്പെട്ട ജലസേചന സാദ്ധ്യതകൾ (ഐപിസി) | പ്രയോജനപ്പെടുത്തിയ ജലസേചന സാദ്ധ്യതകൾ (ഐപിയു) | ഐപിയു/ ഐപിസി തമ്മിലുള്ള അനുപാതം |
|---|---|---|---|
| തുറന്ന കിണർ | 27,711 | 26,929 | 0.97 |
| ആഴം കുറഞ്ഞ കുഴൽ കിണർ | 1,313 | 1,294 | 0.98 |
| ഇടത്തരം കുഴൽ കിണർ | 4,143 | 4,086 | 0.98 |
| ആഴത്തിലുള്ള കുഴൽ കിണർ | 2,179 | 2,141 | 0.98 |
| ഉപരിതല ത്തിലൂടെയുള്ള ഒഴുക്ക് | 79,499 | 76,379 | 0.96 |
| ഉപരിതല ലിഫ്റ്റ് | 66,766 | 64,171 | 0.96 |

***അവലംബം:*** ആറാമത് മൈനർ ഇറിഗേഷൻ സെൻസസ് റിപ്പോർട്ട്, കേന്ദ്ര ജലശക്തി മന്ത്രാലയം

### ഭൂഗർഭ ജല വിഭവം

2023-ലെ ഡൈനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് അസസ്മെന്റ് റിപ്പോർട്ട് പ്രകാരം, രാജ്യത്തെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ് 449.08 ബില്യൺ ക്യൂബിക് മീറ്ററും (ബിസിഎം), വാർഷിക ഭൂഗർഭജല ലഭ്യത 407.21 ബില്യൺ ക്യൂബിക് മീറ്ററുമാണ്. കാലവർഷം മുഖേന ഏകദേശം 81.91 ശതമാനം വാർഷിക റീചാർജ്ജും ബാക്കി മറ്റ് വിവിധ മാർഗ്ഗങ്ങളിലൂടെയുമാണ് നടക്കുന്നത്. രാജ്യത്തെ ഭൂഗർഭജല ഉപയോഗത്തിന്റെ നിലവിലെ തോത് 59.26 ശതമാനമാണ്.

സംസ്ഥാനത്തെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ് 5.5 ബില്യൺ ക്യൂബിക് മീറ്ററും, വാർഷിക ഭൂഗർഭജല ലഭ്യത 5 ബില്യൺ ക്യൂബിക് മീറ്ററുമാണ്. സംസ്ഥാനത്തെ ഭൂഗർഭജല ഉപയോഗത്തിന്റെ നിലവിലെ തോത് 54.6 ശതമാനമാണ്. 2022ലെ കണക്കുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ് 5.7ൽ നിന്നും 5.5 ബിസിഎമ്മായും, വാർഷിക ഭൂഗർഭജല ലഭ്യത 5.2ൽ നിന്ന് 5 ബിസിഎമ്മായും കുറഞ്ഞു. ഭൂഗർഭജല ഉപയോഗത്തിന്റെ നിലവിലെ തോത് 52.6 ശതമാനത്തിൽ നിന്ന് 54.6 ശതമാനമായി വർദ്ധിച്ചു. ആകെയുള്ള 152 നിർണ്ണയ യൂണിറ്റുകളിൽ, 3 ബ്ലോക്കുകൾ (പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളും കാസർകോട് ജില്ലയിലെ കാസർകോട് ബ്ലോക്കും) 'ക്രിട്ടിക്കൽ' വിഭാഗത്തിലും, 30 ബ്ലോക്കുകൾ 'സെമി ക്രിട്ടിക്കൽ' വിഭാഗത്തിലും, 119 ബ്ലോക്കുകൾ 'സുരക്ഷിത' വിഭാഗങ്ങളിലുമായി തരംതിരിച്ചിട്ടുണ്ട്. സെമി ക്രിട്ടിക്കൽ ബ്ലോക്കുകളുടെ എണ്ണം 27ൽ നിന്ന് 30 ആയി വർദ്ധിച്ചിട്ടുണ്ട്. വർക്കല, ശാസ്താംകോട്ട, കോഴിക്കോട് ബ്ലോക്കുകൾ 'സേഫ്' സേഫ് വിഭാഗത്തിൽ നിന്നും 'സെമി ക്രിട്ടിക്കൽ ബ്ലോക്കുകളായി മാറുകയുണ്ടായി. സംസ്ഥാനത്തെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ്, മൊത്തം വാർഷിക ഭൂഗർഭജല ലഭ്യത, ഭൂഗർഭജല ഉപയോഗത്തിന്റെ നിലവിലെ തോത് എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.5.8**-ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ ഭൂഗർഭജല വികസനത്തിനും പരിപാലനത്തിനുമുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് സംസ്ഥാന ഭൂഗർഭജല വകുപ്പാണ്. സ്വകാര്യ വ്യക്തികൾക്കും സർക്കാർ ഏജൻസികൾക്കും ആവശ്യകത അടിസ്ഥാനമാക്കിയുള്ള സേവനങ്ങൾ വകുപ്പ് പ്രദാനം ചെയ്യുന്നു. ഭൂഗർഭജല ലഭ്യത നിലനിർത്തുന്നതിനായി വകുപ്പ് നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങളാണ് ഭൂഗർഭജല സംരക്ഷണവും റീചാർജും. 2020-21 മുതൽ 2023-24 വരെയുള്ള ഭൂഗർഭജല വികസന പദ്ധതികളുടെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 3.5.9** ൽ നൽകിയിരിക്കുന്നു.

ഭൂഗർഭജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഒരു ഭൂഗർഭജല ഗുണനിലവാര പദ്ധതി സംസ്ഥാന വ്യാപകമായി ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഓരോ ജില്ലയിൽ നിന്നും, ജലഗുണനിലവാര പ്രശ്നങ്ങൾ ഗുരുതരമായി ബാധിച്ച ഒരു ബ്ലോക്കിനെ തെരഞ്ഞെടുത്ത്, അവിടുത്തെ നിരീക്ഷണ കിണറുകളിൽ നിന്ന് ജലസാമ്പിളുകൾ ശേഖരിക്കുകയും ചെയ്യും. സാമ്പിളുകൾ വകുപ്പിന്റെ അതത് റീജിയണൽ ലാബുകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കും. ഇടുക്കി, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ നിന്നായി 860 സാമ്പിളുകൾ ശേഖരിച്ച്

**ബോക്സ് 3.5.1** വെള്ളപ്പൊക്കസാധ്യതാ പ്രവചന മുന്നറിയിപ്പ് സംവിധാനങ്ങൾ (എഫ്.എഫ്.ഇ.ഡബ്ല്യൂ.എസ്)

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വേണ്ടി സമയബന്ധിതമായ മുന്നറിയിപ്പുകൾ നൽകുന്നതിനുള്ള ഒരു സംവിധാനമായി വെള്ളപ്പൊക്കസാധ്യതാ പ്രവചന മുന്നറിയിപ്പ് സംവിധാനം പ്രവർത്തിക്കുന്നു. വെള്ളപ്പൊക്കത്തിന് സാധ്യതയുള്ളതും, നാശനഷ്ടങ്ങൾ ഉണ്ടാകാനിടയുള്ളതുമായ പെരിയാർ, മണിമല, ചാലക്കുടി, പമ്പ, അച്ചൻകോവിൽ എന്നീ നദീതടങ്ങളാണ് ഈ സംവിധാനത്തിന്റെ പ്രാരംഭ വികസനത്തിനായി കണ്ടെത്തിയത്. പെരിയാറിലേയും ചാലക്കുടിയിലേയും വെള്ളപ്പൊക്ക മുൻകരുതൽ സംവിധാനങ്ങൾ വികസിപ്പിച്ചത് നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റിന് കീഴിലാണ്. പ്രവചന വിവരങ്ങളും ബുള്ളറ്റിനും കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്കും, ഇന്റർ സ്റ്റേറ്റ് വാട്ടർ സെല്ലിനുമായി നൽകിവരുന്നു.

കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും ആഘാതങ്ങൾ പ്രതിരോധിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് 2021-2026 കാലയളവിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് റെസിലിയന്റ് കേരള പ്രോഗ്രാം ഫോർ റിസൾട്ട് (PforR). RK (PforR) DLI-7 ന്റെ ഭാഗമായി വകുപ്പ് വികസിപ്പിച്ചെടുത്തതാണ് പമ്പാ നദീതടത്തിലെ വെള്ളപ്പൊക്കസാധ്യതാ പ്രവചനവും സംയോജിത റിസർവോയർ ഓപ്പറേഷൻ സിസ്റ്റവും. ലോകബാങ്കിന്റെ സ്വതന്ത്ര പരിശോധനാ അതോറിറ്റി ഇത് അംഗീകരിച്ചിട്ടുണ്ട്. നദീതട ആസൂത്രണം, സംയോജിത നദീതടാസൂത്രണത്തിനുള്ള രൂപരേഖ, പാരിസ്ഥിതിക വിശകലനം, സംയോജിത റിസർവോയർ ഓപ്പറേഷൻ സിസ്റ്റം എന്നീ ഇടപെടലുകളാണ് പമ്പാ നദീതടത്തിൽ ഇതിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ളത്.

കേരളത്തിലെ കാലാവസ്ഥാ വ്യതിയാനം പ്രകൃതി ദുരന്തങ്ങൾ, പ്രത്യേകിച്ചും തീരപ്രദേശങ്ങളിലെ, എന്നിവയ്ക്കെതിരെ പ്രതിരോധശേഷി വർദ്ധിപ്പിക്കുക എന്നതാണ് തീരദേശ മാനേജ്മെന്റ് പ്ലാൻ DLI-10 കൊണ്ട് ഉദ്ദേശിക്കുന്നത്. സമഗ്രമായ ഒരു തീരദേശ മാനേജ്മെന്റ് പ്ലാൻ (SMP) തയ്യാറാക്കുകയും ദുർബല പ്രദേശങ്ങളിലെ തീരദേശ മണ്ണൊലിപ്പ് പരിഹരിക്കുന്നതിന് പ്രാരംഭ നിക്ഷേപം നടത്തുകയും ചെയ്യുക എന്നതാണ് DLI 10 ന്റെ പ്രാഥമിക ലക്ഷ്യം.

ഒരു പ്രത്യേക സംരംഭമെന്ന നിലയിൽ, മീനച്ചിൽ നദിയിലെ വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനങ്ങൾ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സിഡബ്ല്യൂആർഡിഎം) വികസിപ്പിച്ചിട്ടുണ്ട്. ജലസംബന്ധ വിഷയങ്ങളിലെ സെന്റർ ഓഫ് എക്സലൻസിന്റെ ഭാഗമായിട്ടാണ് ഇത് വികസിപ്പിച്ചത്.

***അവലംബം:*** ജലസേചന വകുപ്പ് (ഐഡിആർബി), കേരള സർക്കാർ, സിഡബ്ല്യൂആർഡിഎം, കോഴിക്കോട്

വിശകലനം ചെയ്തു. ഉചിതമായ പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുന്നതിനും, സ്ഥിതി വിവരങ്ങളെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരിച്ചുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുവാനും ഇപ്രകാരം ലഭിക്കുന്ന വിവരങ്ങൾ സഹായിക്കും. കൂടാതെ, ഈ കാലയളവിൽ ലഭ്യമായ ഭൂഗർഭജലത്തിന്റെ കണക്കുകൾ ശേഖരിച്ച് കിണറുകളുടെ സെൻസസ് നടത്തുന്നതിനും വകുപ്പ് തുടക്കമിട്ടിട്ടുണ്ട്. കുടുംബശ്രീ മിഷൻ വഴി 39 ബ്ലോക്കുകളിൽ ഭാഗികമായി 'നീരറിവ്' എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ച് വിവര ശേഖരണം നടത്തുകയും 45 ശതമാനം വിവരശേഖരണം പൂർത്തിയാക്കുകയും ചെയ്തു. നിർദ്ദിഷ്ട ബ്ലോക്കിലെ ജലാശയങ്ങളുടെ കൃത്യമായ ബജറ്റിങ്ങിനായി സാധൂകരിച്ച കണക്കുകൾ ഉപയോഗിക്കുന്നതാണ്.

ബാലരാമപുരത്തിനും വിഴിഞ്ഞത്തിനും ഇടയിൽ റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിന് ഭൂഗർഭ തുരങ്കം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് ഹൈഡ്രോളജിക്കൽ/ ഹൈഡ്രോജിയോളജിക്കൽ ഇൻവെസ്റ്റിഗേഷൻ പ്രത്യേക പഠനങ്ങൾ നടത്തുകയുണ്ടായി . പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽ നിന്ന് (MoEF) അനുമതി നേടുന്നതിന് ഫിഷറീസ്, തുറമുഖ സെക്രട്ടറിയും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വിഐഎസ്എൽ) മാനേജിങ് ഡയറക്ടറുമാണ് പഠനം നടത്തുന്നതിന് നിർദേശിച്ചത്. വകുപ്പ് രൂപീകരിച്ച പ്രത്യേക പഠന സംഘം വിശദ റിപ്പോർട്ട് 2021, ഡിസംബറിൽ വിഐഎസ്എല്ലിന് സമർപ്പിക്കുകയും 2024 ജൂലൈയിൽ പദ്ധതിക്ക് MoEF-ൽ നിന്ന് പരിസ്ഥിതികാനുമതി ലഭിക്കുകയും ചെയ്തു.

### സാമൂഹ്യ ജലസേചന പദ്ധതികൾ

സൂക്ഷ്മ ജലസേചന പദ്ധതികൾക്ക് ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗിനൊപ്പം മൾട്ടി ഡിസിപ്ലിനറി എഞ്ചിനീയറിംഗ് വൈദഗ്ധ്യവും ആവശ്യമാണ്. ഓരോ പ്രദേശത്തിനും അതിന്റെ ഭൂപ്രകൃതിയും കൃഷി ചെയ്യേണ്ട വിളകളെ അടിസ്ഥാനമാക്കി ഒരു പ്രത്യേക രൂപകൽപ്പനയും ആവശ്യമാണ്. പ്രാദേശിക കാലാവസ്ഥയെ ആശ്രയിച്ച് വിളകൾക്ക് ആവശ്യമായ വെള്ളത്തിന്റെ അളവ് വ്യത്യാസപ്പെടുന്നു, ഇത് നിയന്ത്രണ യൂണിറ്റുകളുടെയും ഓട്ടോമേഷൻ യൂണിറ്റുകളുടെയും രൂപകൽപ്പനയിൽ വ്യത്യാസങ്ങൾ അനിവാര്യമാക്കുന്നു. സൂക്ഷ്മ ജലസേചന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഓട്ടോമാറ്റിക് കൺട്രോൾ സിസ്റ്റം, ഫിൽട്ടർ യൂണിറ്റുകൾ എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനം കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ജലസേചന വകുപ്പിന് നൽകിവരുന്നു. ഇത് സംബന്ധിച്ച് പുൽപ്പള്ളി പഞ്ചായത്തിലെ ദാസനകരയിൽ ഒരു പ്രാരംഭ പഠനം നടത്തി. മുട്ടിൽ പഞ്ചായത്തിലെ ചീപ്രം, കുറവിലങ്ങാട് പഞ്ചായത്തിലെ വാർഡ് നമ്പർ 1 എന്നിവിടങ്ങളിൽ സാമൂഹ്യ ജലസേചന പദ്ധതിയിൻ കീഴിൽ മറ്റ് രണ്ട് പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

### വെള്ളപ്പൊക്ക നിവാരണം

ദ്രുതഗതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന നഗര വൽക്കരണവും കാലാവസ്ഥാ വ്യതിയാനവും നഗരപ്രദേശ ങ്ങളിൽ ഉണ്ടാകുന്ന വെള്ളപ്പൊക്ക അപകട സാധ്യതകളെ വകുപ്പ് തിരിച്ചറിയുന്നു. വെള്ളപ്പൊക്ക

ലഘൂകരണ നടപടികളുടെ ഭാഗമായി, വെള്ളപ്പൊക്ക ബണ്ടുകളുടെ നിർമ്മാണം, ഡ്രെയിനേജ് സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, അധിക മഴവെള്ളം നിയന്ത്രിക്കുന്നതിന് ചെറുകിട ജലസംഭരണികളുടെ വികസനം എന്നിവ ഏറ്റെടുത്തിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി എന്നീ നഗര പ്രദേശങ്ങളിൽ ദൈനംദിന ജീവിതത്തിലെ തടസ്സം പരമാവധി കുറച്ചുകൊണ്ട് കഠിനമായ കാലാവസ്ഥാ പ്രതിസന്ധികളെ ചെറുക്കാൻ കഴിയുന്ന ഒരു നഗര പരിസ്ഥിതി സൃഷ്ടിക്കുന്നതിന് പ്രത്യേക തന്ത്രങ്ങൾ നടപ്പിലാക്കുന്നതാണ്.

പ്രളയാനന്തര നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് വേണ്ട അറ്റകുറ്റപ്പണികൾ, കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നീ ആഘാതങ്ങൾക്കെതിരെ പ്രതിരോധം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ, 'നദിക്കൊരിടം' (റൂം ഫോർ ദി റിവർ) പദ്ധതിയ്ക്കുള്ള സമഗ്ര പദ്ധതിരേഖ തയ്യാറാക്കൽ, കേരള ജലവിഭവ വിവര സംവിധാനത്തിന്റെ സമാരംഭം എന്നിങ്ങനെ പ്രളയവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ സഹായത്തോടെ ജലസേചന വകുപ്പ് ഏറ്റെടുക്കുകയുണ്ടായി. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ടാകാനിടയുള്ള വരൾച്ച, വെള്ളപ്പൊക്കം, ജലത്തിലുണ്ടാകുന്ന ലവണാംശം, വർദ്ധിച്ചു വരുന്ന സമുദ്രനിരപ്പ് എന്നിവ മുൻകൂട്ടി അറിയുകയെന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. ഈ സാഹചര്യത്തിലാണ് വെള്ളപ്പൊക്കസാധ്യതാ പ്രവചന മുന്നറിയിപ്പ് സംവിധാനങ്ങൾക്ക് പ്രാധാന്യം അർഹിക്കുന്നത്.

ജലവിഭവ വിഷയത്തിൽ കേരളവും നെതർലാൻഡ്സും തമ്മിലുള്ള പങ്കാളിത്തത്തിന്റെ ഭാഗമായി ജലസേചന വകുപ്പിലെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് നദീതട ആസൂത്രണത്തെക്കുറിച്ച് പരിശീലനം നൽകുകയുണ്ടായി. വെള്ളപ്പൊക്കത്തിലും ജലസുരക്ഷയിലും പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പമ്പാ നദീതടത്തിലെ പ്രധാന പ്രശ്നങ്ങൾ തിരിച്ചറിയുക എന്നതായിരുന്നു 2022 സെപ്റ്റംബറിൽ നെതർലാൻഡ്സിലെ IHE-Delft ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിൽ നൽകിയ ആദ്യ ഘട്ട പരിശീലനത്തിന്റെ ലക്ഷ്യം. 2023 മെയ് മാസത്തിൽ IHE-Delft-ന്റെ രണ്ടാംഘട്ട പരിശീലനം സംഘടിപ്പിച്ചു. സ്റ്റേക്ക്ഹോൾഡർ പങ്കാളിത്തവും കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെയും സംബന്ധിച്ചായിരുന്നു രണ്ടാം ഘട്ട പരിശീലനം.

**കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം**

ലീഡിംഗ് ചാനലിലെ തടസ്സങ്ങളും കൈയേറ്റങ്ങളും നീക്കം ചെയ്തും, ലീഡിങ് ചാനലിന്റെ ഇരുവശവും സംരക്ഷിച്ചും കുട്ടനാട്ടിലെ വെള്ളപ്പൊക്കം ഒരു പരിധി വരെ നിയന്ത്രിക്കാനാകും. ഇതിനായി 70 കോടി രൂപയ്ക്ക് ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 'നദിക്കൊരിടം' (റൂം ഫോർ ദി റിവർ പ്രോജക്റ്റ്) നടപ്പിലാക്കിക്കൊണ്ട് കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്കം ലഘൂകരിക്കുന്നതിന് വേണ്ടി ഗണിതശാസ്ത്ര മോഡലിംഗിലൂടെയുള്ള വിവിധ സാദ്ധ്യതകൾ ഐ.ഐ.ടി ചെന്നൈ നിർദ്ദേശിച്ചിട്ടുണ്ട്. ഫ്ലഡ് റെഗുലേറ്ററുകളുടെ നിർമ്മാണം, തോട്ടപ്പള്ളി ഭാഗത്തേക്കുള്ള ബൈപാസ് ചാനലുകളുടെ നിർമ്മാണവും, നവീകരണവും, ലീഡിംഗ് ചാനലിന്റെ തീരത്തുള്ള പുറം ബണ്ടുകൾ ഉയർത്തി ബലപ്പെടുത്തുക എന്നിവയാണ് വിഭാവനം ചെയ്യുന്ന പ്രവൃത്തികൾ.

വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളുടെ ഭാഗമായി പുറം ബണ്ടുകൾ ബലപ്പെടുത്തൽ, മോട്ടോർ തറ (പ്ലാറ്റ്ഫോം), മോട്ടോർ ഷെഡ്, പൈൽ കൾവർട്ട്, ബോക്സ് കൾവർട്ട്, നെൽവയലിലൂടെയുള്ള വാചാൽതോട് (സാധാരണ ഡ്രെയിനേജ്) എന്നീ നിർമ്മിതികളാണ് കുട്ടനാട്, അപ്പർ കുട്ടനാട്, ഓണാട്ടുകര മേഖലകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിയത്. 2023-24 കാലയളവിൽ 42 പ്രവൃത്തികൾ ഏറ്റെടുത്തതിൽ നാലെണ്ണം പൂർത്തീകരിച്ചു. 1,225 മീറ്റർ നീളത്തിൽ ബണ്ട് രൂപീകരണം, തോടുകളിൽ നിന്നും എക്കലും മണ്ണും നീക്കം ചെയ്യുന്ന പ്രവൃത്തികൾ (3,376 മീറ്റർ), സംരക്ഷണഭിത്തിയുടെ നവീകരണം (1,225 മീറ്റർ) എന്നിവയിലൂടെ 193 ഹെക്ടർ പ്രദേശത്തിന് പ്രയോജനം ലഭിച്ചതും ഈ കാലയളവിലെ പ്രധാന ഭൗതിക നേട്ടങ്ങളിൽ ഉൾപ്പെടുന്നു.

**തീരദേശ സംരക്ഷണം**

576 കി.മീ കടൽത്തീരമുള്ള കേരളത്തിന്റെ തീര പരിപാലനത്തിനായി ശാസ്ത്രീയ പഠനവും, പ്രദേശത്തിന് അനുസൃതമായ നിർദ്ദിഷ്ട രൂപകൽപ്പനയും ഉൾപ്പെടുന്ന കാര്യക്ഷമമായ തീരപരിപാലന നടപടികൾ ആവശ്യമാണ്. ശംഖുമുഖം, കൊല്ലംകോട്, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ 10 ഹോട്ട്സ്പോട്ടുകൾക്കായി പ്രദേശത്തിന് അനുസൃതമായ പഠനം നടത്താൻ ദേശീയ തീര ഗവേഷണ കേന്ദ്രത്തെ (എൻസിസിആർ) ചുമതലപ്പെടുത്തി. ടെട്രാപോഡ് ഉപയോഗിച്ച് ഗ്രോയ്നുകളും കടൽഭിത്തിയും അടങ്ങുന്ന ഹൈബ്രിഡ് സംരക്ഷണ സംവിധാനം സ്വീകരിച്ച് ചെല്ലാനത്തുള്ള ആദ്യഘട്ട തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകിയത്. ടെട്രാപോഡുകൾ ഉപയോഗിച്ച് 10 കിലോമീറ്ററോളം കടൽഭിത്തി നവീകരിക്കാനും ചെല്ലാനം പഞ്ചായത്തിലെ ബസാറിലും കണ്ണമാലിയിലും ഗ്രോയിൻ ഫീൽഡ് നിർമ്മാണവുമാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത് . ആദ്യ ഘട്ടത്തിൽ, ബസാറിലും കണ്ണമാലിയിലും കടൽഭിത്തിയും രണ്ട് നിര ഗ്രോയിനുകളും ഉൾപ്പെടുന്ന 7.4 കിലോമീറ്റർ ദൂരം തീരദേശ സംരക്ഷണ പ്രവർത്തനങ്ങളുടെ നവീകരണ പ്രവർത്തികൾ 95 ശതമാനം പൂർത്തിയായി. കൂടാതെ പുത്തൻതോട് ഭാഗത്തുള്ള ചെല്ലാനം തുറമുഖത്തിന്റെ 3 കിലോമീറ്റർ നടപ്പാതയും പൂർത്തിയായി. 2022, 2023 വർഷങ്ങളിലെ കാലവർഷ പ്രത്യാഘാതങ്ങൾ നിയന്ത്രിക്കുന്നതിൽ ഇത് വിജയിച്ചു. പുത്തൻതോട് മുതൽ ചെറിയകടവ് സിഎംഎസ് പാലം വരെ 3.4 കിലോമീറ്റർ ദൂരം ടെട്രാപോഡ് ഉപയോഗിച്ച് ചെല്ലാനത്തിന്റെ രണ്ടാം ഘട്ട നവീകരണ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ

കൊല്ലങ്കോട് തീരദേശ മേഖലയുടെ രൂപകൽപ്പനയും വിശദ പദ്ധതി റിപ്പോർട്ടും (ഡിപിആർ) തയ്യാറാക്കൽ പൂർത്തിയായി. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. മറ്റ് ദുർബല ഹോട്ട്സ്പോട്ടുകളുടെ ശാസ്ത്രീയ പഠനവും രൂപകൽപ്പനയും മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതാണ്.

നിലവിലുള്ള തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾ പരിപാലിക്കുന്നതിനും പരിഷ്കരിക്കുന്നതിനും വകുപ്പ് മുൻഗണന നൽകുന്നു. കടൽ ഭിത്തികളുടെയും ഗ്രോയിനുകളുടെയും ഘടനാപരമായ ഉറപ്പിനെ വിലയിരുത്തുക മാത്രമല്ല കാലാവസ്ഥാ ആഘാതങ്ങളെ നേരിടാൻ ആവശ്യമായ അറ്റകുറ്റപ്പണികൾ, ശക്തിപ്പെടുത്തൽ എന്നിവയും ആസൂത്രണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. തീരദേശ സമൂഹത്തെയും അടിസ്ഥാന സൗകര്യങ്ങളേയും സംരക്ഷിക്കുന്നതിലൂടെ, മണ്ണൊലിപ്പ് വെള്ളപ്പൊക്കം എന്നിവയ്ക്കെതിരെ ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാൻ ആവശ്യമായ തുക അനുവദിക്കുക എന്നതും വകുപ്പിന്റെ ലക്ഷ്യമാണ്.

കേരളത്തിൽ സംയോജിത തീരദേശ പരിപാലനം (ICZM) എന്ന ആശയം നടപ്പിലാക്കുന്നതിന്, പ്രധാന ഘടകങ്ങളെ തിരിച്ചറിയാനും, സാദ്ധ്യമായ പരിശീലന ആവശ്യങ്ങൾ തിരിച്ചറിയാനും ലക്ഷ്യമിട്ടുകൊണ്ട് ഒരു ശില്പശാല 2023, നവംബറിൽ സംഘടിപ്പിച്ചു. തീരദേശ ആവാസ വ്യവസ്ഥ, സാമൂഹിക-സാമ്പത്തിക പാരിസ്ഥിതിക ആഘാതങ്ങൾക്ക് അനുസൃതമായി സ്വീകരിക്കേണ്ട തീരദേശ ഇടപെടലുകൾ, വിവര ശേഖരവും വിലയിരുത്തലും, ലഘു പരിഹാര നിർദ്ദേശങ്ങൾ എന്നിവ പരിശീലന പരിപാടിയുടെ പ്രധാന വിഷയങ്ങളാണ്. സംസ്ഥാനത്ത് തീരദേശ പരിപാലനം, സംരക്ഷണം, സുസ്ഥിര വികസനം, ലോകബാങ്ക് ആവശ്യങ്ങൾ ഉറപ്പുവരുത്തൽ, വായ്പാ വിതരണം സുഗമമാക്കൽ, റെസിലന്റ് കേരള പരിപാടിയുടെ ലക്ഷ്യങ്ങളെ മുന്നോട്ട് നയിക്കൽ കൂടാതെ സംസ്ഥാനത്ത് ദീർഘകാല റെസിലിറ്റിയും സമൃദ്ധിയും പ്രോത്സാഹിപ്പിക്കൽ എന്നിവ ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പ്രധാനമാണ്.

**ഭാവിയിലേയ്ക്കുള്ള വീക്ഷണം**

ജലപരിപാലനത്തിൽ കേരളം നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും മൂലം ജല വിഭവങ്ങളിൽ ഉണ്ടാകാനിടയുള്ള മാറ്റങ്ങളും സംസ്ഥാനത്തെ ഗുരുതരമായി ബാധിക്കാൻ സാധ്യതയുണ്ട്. തീവ്ര കാലാവസ്ഥാ പ്രതിഭാസങ്ങളുടെ ഫലമായി ഉണ്ടാകാവുന്ന വെള്ളപ്പൊക്കവും വരൾച്ചയുമാണ് ഭാവിയിൽ സംസ്ഥാനം നേരിടേണ്ടി വരുന്ന പ്രധാന വെല്ലുവിളി. ഇപ്രകാരം മാറി മാറി വരുന്ന കാലാവസ്ഥാ പ്രതിഭാസങ്ങൾ നദീതട ആവാസ വ്യവസ്ഥയെയും അതിന്റെ പ്രവർത്തനങ്ങളെയും ഇത് സാരമായി ബാധിക്കുന്നതാണ്. ഈ വെല്ലുവിളികളെ നേരിടുന്നതിന്, സംയോജിത ജലവിഭവ മാനേജ്മെന്റിന്റെ (IWRM) തത്വങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സുസ്ഥിര ജലവിഭവ മാനേജ്മെന്റിന് മുൻഗണന നൽകേണ്ടത് അത്യാവശ്യമാണ്. കൂടാതെ, ഏത് തരത്തിലുള്ള ജല പരിപാലനം നടപ്പിലാക്കുമ്പോഴും സംസ്ഥാനത്തിന്റെ മികച്ച ജൈവ വൈവിധ്യം സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

സംസ്ഥാനത്തെ ജല വിഭവ പരിപാലനത്തിനും, ജലവിഭവ വികസനത്തിനും വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അവ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, തുടരവലോകനത്തിനും വേണ്ടുന്ന കാര്യക്ഷമമായ ഒരു ഡാറ്റാ മാനേജ്മെന്റ് രീതി വികസിപ്പിക്കുന്നതിനും സംസ്ഥാനം ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. ശക്തമായ ഒരു വിവര ശേഖരത്തിന്റെ വികസനം നദീതടങ്ങളുടെ പരിപാലനത്തെയും, മറ്റ് നദീതടങ്ങളെ സംയോജിപ്പിച്ച് പരിപാലന രീതികൾ ആവിഷ്ക്കരിക്കുന്നതിനെയും സഹായിക്കും. ഇത് കേരള ഡബ്ല്യുആർഐഎസുമായി ചേർന്ന് ചെയ്യാവുന്നതാണ്. ഇത് കൂടാതെ തദ്ദേശ സ്ഥാപനങ്ങളിലെ ജല ബജറ്റിംഗ്, ഓട്ടോമാറ്റിക് കാലാവസ്ഥാ സ്റ്റേഷനുകൾ മുഖേന സൂക്ഷ്മതല കാലാവസ്ഥാ നിരീക്ഷണം, സൂക്ഷ്മ ജലസേചന സംവിധാനങ്ങളും കൃഷി രീതികളും എന്നിവയും ഇതിനായി സ്വീകരിക്കാവുന്നതാണ്.

# 3.6 വനവും വന്യജീവികളും

ഐക്യരാഷ്ട്രസഭയുടെ ആഗോള വന ലക്ഷ്യ റിപ്പോർട്ട് 2021 പ്രകാരം, ഏകദേശം 1.6 ബില്യൺ ആളുകൾ തങ്ങളുടെ ഉപജീവനത്തിനും തൊഴിലിനും നിലനിൽപ്പിനും വരുമാനത്തിനും വേണ്ടി വനങ്ങളെയാണ് ആശ്രയിക്കുന്നത്. എന്നാൽ, വനനശീകരണവും ഭൗമശോഷണവും ഈ നിർണായക ആവാസവ്യവസ്ഥയുടെ സേവനങ്ങളെ ഗുരുതരമായി ബാധിക്കുന്നു. ഇത് ആഗോള ഭൂപ്രദേശങ്ങളുടെ 23 ശതമാനം ഉൽപാദന ശേഷി നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നു. വനനശീകരണത്തെ തടയുകയും, സുസ്ഥിര വന പരിപാലന പദ്ധതികളെ വികസിപ്പിക്കുകയും, വനവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുകയും ചെയ്യുമ്പോഴേ ആഗോള താപനില 1.5 ഡിഗ്രി സെൽഷ്യസിലേക്ക് പരിമിതപ്പെടുത്താൻ സാധിക്കൂ എന്ന് ഐക്യരാഷ്ട്രപരിസ്ഥിതി പരിപാടി (യുഎൻഇപി) ഊന്നിപ്പറയുന്നു. ലോകബാങ്ക് റിപ്പോർട്ട്, 'സ്റ്റേറ്റ് ഓഫ് ദ വേൾഡ്സ് ഫോറസ്റ്റ് 2022', പ്രകാരം പരസ്പരബന്ധിതമായ മൂന്ന് മാർഗ്ഗങ്ങൾ വനനശീകരണം തടയുകയും വനങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നു. ശോഷണം സംഭവിച്ച ഭൂമിയുടെ പുനഃസ്ഥാപനം, കാർഷിക വനവൽക്കരണം വിപുലീകരിക്കൽ, വനങ്ങളുടെ സുസ്ഥിരമായ ഉപയോഗവും ഹരിത മൂല്യ ശൃംഖലയുടെ വികസനവും പ്രോത്സാഹിപ്പിക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ സമീപനങ്ങൾ സംതുലിതമായി, ഒരേസമയം നടപ്പാക്കുന്നതിലൂടെ, ഗ്രാമീണ സമൂഹങ്ങൾക്ക് സുസ്ഥിരമായ സാമ്പത്തികവും സാമൂഹികവുമായ നേട്ടങ്ങൾ സൃഷ്ടിക്കാനാകും. കൂടാതെ, ആഗോള ആവശ്യങ്ങൾ നിറവേറ്റാനും, പാരിസ്ഥിതികമായി നിർണായകമായ വെല്ലുവിളികളെ മറികടക്കുന്നതിനുമുള്ള ശേഷി രാജ്യങ്ങൾക്കുണ്ടാകുന്നതിനും അതോടൊപ്പം രാജ്യങ്ങളുടെ സുസ്ഥിരമായ വികസനത്തിനെ സഹായിക്കുകയും ചെയ്യും.


**വനവിസ്തൃതി**

ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ (എഫ്എസ്ഐ) ഇന്ത്യ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് (ഐഎസ്എഫ്ആർ) 2021 പ്രകാരം, ഇന്ത്യയിലെ മൊത്തം വന വിസ്തൃതി 7.13 ലക്ഷം ചതുരശ്ര കിലോമീറ്ററാണ്, ഇത് രാജ്യത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 21.7 ശതമാനമാണ്. രാജ്യത്തെ വൃക്ഷാവരണത്തിന്റെ വിസ്തീർണ്ണം 95,748 ചതുരശ്ര കിലോമീറ്ററായി കണക്കാക്കപ്പെടുന്നു, ഇത് ഭൂവിസ്തൃതിയുടെ 2.9 ശതമാനമാണ്. രാജ്യത്തെ മൊത്തം വനവും വൃക്ഷാവരണവും ഉൾപ്പെട്ട വിസ്തീർണ്ണം 8.09 ലക്ഷം ചതുരശ്ര കിലോമീറ്ററാണ്, ഇത് രാജ്യത്തെ ഭൂവിസ്തൃതിയുടെ 24.6 ശതമാനം വരും. 2019 നും 2021 നും ഇടയിൽ ദേശീയ തലത്തിൽ വനത്തിന്റെയും വൃക്ഷാവരണത്തിന്റേയും വിസ്തൃതിയിൽ 0.28 ശതമാനം വർദ്ധനവ് റിപ്പോർട്ട് എടുത്തുകാണിക്കുന്നു. 1988 ലെ ദേശീയ വനനയം രാജ്യത്തെ 33 ശതമാനം ഭൂമിയും വനത്തിനും വൃക്ഷാവരണത്തിനു കീഴിൽ കൊണ്ടുവരാൻ ലക്ഷ്യമിടുന്നു.

ഇന്ത്യയുടെ മൊത്തം വിസ്തൃതിയുടെ 1.2 ശതമാനമാണ് കേരളത്തിന്റെ ഭൂവിസ്തൃതിയെങ്കിലും കേരളത്തിന്റെ വനവിസ്തൃതി ദേശീയ വനവിസ്തൃതിയുടെ 2.98 ശതമാനമാണ്. സംസ്ഥാനത്ത് രേഖപ്പെടുത്തിയ വനവിസ്തൃതി 11531.9 ചതുരശ്ര കിലോമീറ്ററാണ്, ഇത് കേരളത്തിന്റെ മൊത്തം ഭൂമിശാസ്ത്രപരമായ വിസ്തൃതിയുടെ (38,863 ചതുരശ്ര കിലോമീറ്റർ) ഏകദേശം 29.67 ശതമാനമാണ് (കേരള വനം വകുപ്പ്, കേരള സർക്കാർ). കേരളത്തിലെ വനങ്ങളുടെ തരങ്ങൾ **ചിത്രം 3.6.1** ൽ കാണിച്ചിരിക്കുന്നു.

എന്നിരുന്നാലും, സംരക്ഷിത വനങ്ങൾക്ക് പുറത്തുള്ള പ്രദേശങ്ങൾ ഉൾപ്പെടെയുള്ള യഥാർത്ഥ വനമേഖല ഗണ്യമായി ഉയർന്നതാണ്. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ (എഫ്എസ്ഐ) 2021 ലെ വിലയിരുത്തൽ അനുസരിച്ച്, തോട്ടങ്ങൾ ഉൾപ്പെടെ വനങ്ങളുടെ കീഴിലുള്ള മൊത്തം വിസ്തീർണ്ണം 21,253 ചതുരശ്ര കിലോമീറ്ററാണ്, ഇത് സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ വിസ്തൃതിയുടെ 54.7 ശതമാനമാണ്. എന്നാൽ സംസ്ഥാനത്തെ ഉയർന്ന

**ചിത്രം 3.6.1** കേരളത്തിലെ വനങ്ങളുടെ തരങ്ങൾ




***അവലംബം:*** വനം വന്യജീവി വകുപ്പ്, കേരള സർക്കാർ

ജനസാന്ദ്രത വനവിഭവങ്ങളിൽ താരതമ്യേന കൂടുതൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ കണക്കുകൾ പ്രകാരം, 2019 നും 2021 നും ഇടയിൽ, സംസ്ഥാനത്തെ വനവിസ്തൃതി 0.52 ശതമാനം വർദ്ധിച്ചിട്ടുണ്ട് (109 ചതുരശ്ര കിലോമീറ്റർ). **ചിത്രം: 3.6.2** കേരളത്തിലെ വനത്തിന്റെ വളർച്ച കാണിക്കുന്നു.

ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ (എഫ്.എസ്.ഐ) കണക്കുകൾ പ്രകാരം, സംസ്ഥാനത്തെ മൊത്തം കാർബൺ സ്റ്റോക്ക് (1 ഹെക്ടറിൽ കൂടുതൽ വനത്തിന് പുറത്തുള്ള വൃക്ഷാവരണം ഉൾപ്പെടെ) 205.5 ദശലക്ഷം ടൺ (753.6 ദശലക്ഷം ടൺ കാർബൺഡൈ ഓക്സൈഡിന് തുല്യമാണ്)ആണ്. ഇത് രാജ്യത്തെ വനത്തിൽ നിന്നുള്ള മൊത്തം കാർബൺ ശേഖരത്തിന്റെ 2.8 ശതമാനമാണ്.

സംസ്ഥാനത്തെ ജില്ലകളിൽ ഇടുക്കിയിൽ 3155 ചതുരശ്ര കിലോമീറ്റർ വനഭൂമിയുണ്ട്, തൊട്ടുപിന്നാലെ 2104 ചതുരശ്ര കിലോമീറ്ററുള്ള പാലക്കാടും മലപ്പുറവുമാണ് (1984 ചതുരശ്ര കിലോമീറ്റർ). ഭൗമവിസ്തൃതിയുടെ ശതമാനമായി കണക്കാക്കുമ്പോൾ വയനാട് ജില്ലയിൽ 74.2 ശതമാനവും വനങ്ങളാണ്, തൊട്ടുപിന്നിൽ പത്തനംതിട്ട ജില്ലയാണ് (73.5 ശതമാനം). **ചിത്രം 3.6.3** -ൽ ജില്ല തിരിച്ചുള്ള വനവിസ്തൃതി കാണിക്കുന്നു. വനമേഖലയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.6.1** -ൽ നൽകിയിരിക്കുന്നു.


നിലവിലെ ജലദൗർലഭ്യത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പശ്ചാത്തലത്തിൽ, പാരിസ്ഥിതികവും സാമ്പത്തികവുമായ പരാധീനതകൾ ലഘൂകരിക്കുന്നതിൽ വനങ്ങൾ കൂടുതൽ സുപ്രധാന പങ്ക് വഹിക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി ജലസുരക്ഷ, ജൈവവൈവിധ്യ സംരക്ഷണം, പ്രാദേശിക ഉപജീവനമാർഗങ്ങൾ, സാമൂഹിക ലക്ഷ്യങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പൊതു പ്രയോജനങ്ങൾക്കായി വനപരിപാലനത്തിന് ഊന്നൽ നൽകുന്നു. 2023-24 ലെ മുൻഗണകളിൽ, ജലസുരക്ഷ മെച്ചപ്പെടുത്തൽ, മനുഷ്യ-മൃഗ സംഘർഷങ്ങൾ ലഘൂകരിക്കൽ, വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ജീവനും ഉപജീവനവും സംരക്ഷിക്കൽ, കാലാവസ്ഥാ വ്യതിയാനത്തിനെതിരായ പ്രതിരോധമായി വനങ്ങളെ സംരക്ഷിക്കൽ എന്നിവ ഉൾപ്പെടുന്നു.

### 2023–24 – ൽ വനം വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

**സ്വാഭാവിക വനങ്ങളുടെ പരിപാലനം**


കേരളത്തിലെ പ്രകൃതിദത്ത വനങ്ങൾ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും അവയുടെ സാംസ്കാരിക, പാരിസ്ഥിതിക, സാമ്പത്തിക സംഭാവനകൾക്കും നിർണായകമാണ്. സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിൽ സർവേകൾ

**ചിത്രം: 3.6.2** കേരളത്തിലെ വനമേഖലയുടെ വളർച്ച (ച.കി.മീ.).




***അവലംബം:*** വനം വന്യജീവി വകുപ്പ്, കേരള സർക്കാർ

**ചിത്രം 3.6.3** ജില്ല തിരിച്ചുള്ള വനവിസ്തൃതി (ച. കി.മീറ്ററിൽ)




***അവലംബം:*** ഇന്ത്യ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് (ഐ.എസ്.എഫ്.ആർ)-2021

നടത്തി വനാതിർത്തി നിർണയിക്കുക, കയ്യേറ്റങ്ങളിൽ നിന്നും മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നുമുള്ള സംരക്ഷണം കാട്ടുതീ പ്രതിരോധ നടപടികൾ, മണ്ണും ഈർപ്പവും സംരക്ഷിക്കൽ, പ്രത്യേക ആവാസവ്യവസ്ഥകൾ സംരക്ഷിക്കൽ എന്നിവ ഉൾപ്പെടുന്നു. കൂടാതെ, വനത്തെ ആശ്രയിക്കുന്ന വിഭാഗങ്ങളെ പിന്തുണയ്ക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെയും (ആർആർടി) എലിഫന്റ് ഡ്രൈവിംഗ് ടീമുകളെയും ശക്തിപ്പെടുത്തുന്നു. കയ്യേറ്റങ്ങൾ, വേട്ടയാടൽ, മരം വെട്ടൽ എന്നിവയിൽ നിന്നുള്ള സംരക്ഷണം, ജൈവ ഇടപെടലിൽ നിന്നും തീയിൽ നിന്നുമുള്ള സംരക്ഷണം, നദീതീര സംരക്ഷണം, വന പരിപാലനത്തിൽ ആദിവാസി സമൂഹങ്ങളുടെ വർധിച്ച പങ്കാളിത്തം, ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനം, ദുർബലമായ പരിസ്ഥിതി വ്യവസ്ഥകളുടെ സംരക്ഷണം, പങ്കാളിത്ത വന പരിപാലനം എന്നിവ ലക്ഷ്യമിട്ടാണ് വനംവകുപ്പ് പദ്ധതികൾ നടപ്പാക്കുന്നത്. 2023-24-ൽ വനം വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളിൽ വനസംരക്ഷണം, പ്രത്യേക ആവാസവ്യവസ്ഥയുടെ സംരക്ഷണം, കഞ്ചാവ് കൃഷി തടയൽ, ചന്ദന പ്രദേശങ്ങൾ സംരക്ഷിക്കൽ എന്നിവ ഉൾപ്പെടുന്നു. അഗ്നിശമന സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ കാലയളവിൽ മൊത്തം 567.58 കിലോമീറ്റർ ഫയർ ലൈനുകൾ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തിട്ടുണ്ട്. വന സംരക്ഷണ സമിതികളും (വിഎസ്എസ്), ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും (ഇഡിസി) മുഖേനയാണ് അഗ്നിരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ശോഷണം സംഭവിച്ച വനങ്ങൾ മെച്ചപ്പെടുത്തുന്നതിനൊപ്പം, ഷോല വനം, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കാവുകൾ തുടങ്ങിയ ദുർബലവും സവിശേഷവുമായ ആവാസവ്യവസ്ഥകളുടെ സംരക്ഷണത്തിനും പ്രത്യേക ശ്രദ്ധ നൽകി. സംഘടിത കയ്യേറ്റവും കള്ളക്കടത്തും പോലുള്ള പ്രശ്നങ്ങൾ ഫലപ്രദമായി നേരിടാൻ, ദ്രുതകർമ സേനയുടെ ഒരു യൂണിറ്റ് (ആർ.എ.എഫ്) വടക്കൻ മേഖലയിലെ നിലമ്പൂരിലും മറ്റൊന്ന് ദക്ഷിണമേഖലയിലെ

കോന്നിയിലും സ്ഥാപിച്ചു. വനമേഖലകളുടെ കാര്യക്ഷമമായ പരിപാലനത്തിന് വനമേഖലകളുടെ ഏകീകരണവും വനാതിർത്തികളുടെ സ്ഥിരമായ അതിർത്തി നിർണയവും അനിവാര്യമാണ്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള ഫലപ്രദമായ നടപടിയാണ് അതിർത്തി ഭിത്തികളുടെ നിർമ്മാണം. സ്ഥിരമായ വഴിയടയാളങ്ങൾ സ്ഥാപിക്കുന്നതിലൂടെയും സെൻസിറ്റീവ് പ്രദേശങ്ങളിൽ കൽഭിത്തികൾ കെട്ടുന്നതിലൂടെയും വ്യക്തമായ അതിരുകൾ സ്ഥാപിക്കുന്നതിലൂടെ വനങ്ങളെ സംരക്ഷിക്കാനും കൈയേറ്റം തടയാനും കഴിയും. കൈയേറ്റം തടയുന്നതിനുള്ള ഈ അതിർത്തി ഏകീകരണ ശ്രമങ്ങളെ പിന്തുണച്ച്, 2023-24 കാലയളവിൽ ആകെ 1,528 സ്ഥിരം കൈവരികൾ നിർമ്മിച്ചു. വനസംരക്ഷണത്തിൽ വനപാതകളുടെ പരിപാലനം നിർണായക പങ്ക് വഹിക്കുന്നു. 2023-24ൽ വനംവകുപ്പ് 5,130.1 കിലോമീറ്റർ റോഡുകൾ പരിപാലിച്ചു. 427 വിഎസ്എസ് , 213 ഇഡിസി എന്നിവയിലൂടെ വനപരിപാലനത്തിൽ സാമൂഹിക പങ്കാളിത്തവും സുസ്ഥിരമായ വനസംരക്ഷണവും പ്രാദേശിക പങ്കാളിത്തവും ഉറപ്പുവരുത്തുന്നു.

**തോട്ടങ്ങളുടെ ഉത്പാദനക്ഷമത മെച്ചപ്പെടുത്തൽ**

ഭാവിയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ തോട്ടങ്ങൾ സൃഷ്ടിക്കുന്നതിൽ വനം വകുപ്പ് സജീവമായി പ്രവർത്തിക്കുന്നു. 2023-24 ൽ വിവിധ പദ്ധതികളിലായി 430.5 ഹെക്ടറിലാണ് തോട്ട കൃഷി ചെയ്തത്. കൂടാതെ, ഏകദേശം 21.3 ലക്ഷം തൈകൾ വളർത്തി പൊതുജനങ്ങൾക്ക് വിതരണം ചെയ്തു. ശാസ്ത്രീയ മാനേജ്മെന്റ് രീതികളുടെ പ്രയോഗത്തിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളത്. ഉയർന്ന ഉൽപാദനക്ഷമതയുള്ള മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് വനത്തോട്ട പരിപാലനം കാര്യക്ഷമമാക്കിയിട്ടുണ്ട്, മണ്ണിന്റെ അവസ്ഥയും വിളവും മെച്ചപ്പെടുത്തുന്നതിന് അതിതീവ്രമായ പരിപാലനം ഉറപ്പാക്കുന്നു. വനത്തോട്ടത്തിന് കീഴിലുള്ള സ്പീഷീസ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 3.6.2 -ൽ നൽകിയിരിക്കുന്നു.

**മനുഷ്യ–വന്യജീവി സമ്പർക്ക പാലനം**

വന്യജീവി പരിപാലനത്തിലെ പ്രധാന വെല്ലുവിളികളിലൊന്നാണ്, മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം. മനുഷ്യന് വന്യജീവികൾ മൂലം സംഭവിക്കുന്ന പരിക്കുകളും മരണങ്ങളും, വിളനാശം, കന്നുകാലികളെ വേട്ടയാടൽ, വസ്തുവകകൾ നശിപ്പിക്കൽ തുടങ്ങി വിവിധ രൂപങ്ങളിലാണ് ഈ സംഘർഷം പലപ്പോഴും പ്രകടമാകുന്നു. ഇത് വർഷം തോറും വർദ്ധിച്ചുവരികയാണ്. ജനസംഖ്യാ വളർച്ച, ആവാസവ്യവസ്ഥയുടെ നാശവും ശിഥിലീകരണവും, വനത്തിന്റെ ഗുണനിലവാരം കുറയുന്നത്, കൃഷിരീതിയിലെ മാറ്റങ്ങൾ, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയുൾപ്പെടെ നിരവധി ഘടകങ്ങൾ മനുഷ്യ-വന്യജീവി സംഘർഷത്തിന് കാരണമാകുന്നു. സംസ്ഥാനത്തുടനീളം വനംവകുപ്പിന്റെ എല്ലാ ഡിവിഷനുകളിൽ നിന്നും മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും വയനാട് പോലുള്ള പ്രദേശങ്ങളിൽ ഇത് രൂക്ഷമാണ്.

കേരളത്തിലെ വനങ്ങളുടെ പ്രാന്തപ്രദേശങ്ങളിലാണ് ആനകൾ ഏറ്റവും കൂടുതൽ ജീവനും വിളകൾക്കും നാശം വരുത്തുന്നത്. കടുവ, പുള്ളിപ്പുലി, കരടി, കാട്ടുപന്നി, മയിൽ തുടങ്ങിയ മറ്റ് വന്യജീവികളും വനത്തിന് സമീപം താമസിക്കുന്ന ആളുകൾക്ക് കാര്യമായ ഭീഷണി സൃഷ്ടിക്കുന്നു. മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കുറയ്ക്കുന്നതിന്, പ്രതിരോധ, ലഘൂകരണ ശ്രമങ്ങൾക്കൊപ്പം ദീർഘകാലവും ഹ്രസ്വകാലവുമായ പരിഹാരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സമഗ്ര തന്ത്രം ആവശ്യമാണ്. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നത് നഷ്ടപരിഹാര ക്ലെയിമുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവിന് കാരണമായി. 2023-24ൽ വന്യജീവി ആക്രമണത്തിന് ഇരയായവർക്കുള്ള 8,438 നഷ്ടപരിഹാര ക്ലെയിമുകൾ തീർപ്പാക്കി, 21.79 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തു. വിശദാംശങ്ങൾ **പട്ടിക 3.6.1** -ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.6.1** 2023-24ൽ റിപ്പോർട്ട് ചെയ്യപ്പെട്ട മനുഷ്യ വന്യജീവി സമ്പർക്കത്തിന്റെ പ്രതികൂല സംഭവങ്ങളുടെ വിശദാംശങ്ങളും നഷ്ടപരിഹാരവും

| സംഭവങ്ങൾ | മൊത്തം സംഭവങ്ങൾ (എണ്ണത്തിൽ) | നഷ്ടപരിഹാരം നൽകിയത് (ലക്ഷം രൂപയിൽ) |
|---|---|---|
| മനുഷ്യ ജീവഹാനി | 94 | 709.26 |
| മനുഷ്യർക്ക് ഉണ്ടാകുന്ന അപകടം | 1603 | 603.41 |
| കന്നുകാലി മരണം | 633 | 230.11 |
| വിളനാശവും വസ്തു നഷ്ടവും | 6108 | 637.02 |
| **ആകെ** | **8438** | **2179.80** |

***അവലംബം:*** വനം വന്യജീവി വകുപ്പ്, കേരള സർക്കാർ

റീബിൽഡ് കേരള ഇനിഷ്യേറ്റീവിനും കിഫ്ബിക്കും കീഴിൽ 2019-ൽ ആരംഭിച്ച നവകിരണം, വനമേഖലകളിൽ നിന്ന് ആദിവാസി ഇതര സെറ്റിൽമെൻറുകളെ സ്വമേധയാ മാറ്റിപ്പാർപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു പ്രധാന പദ്ധതിയാണ്. വർദ്ധിച്ച മനുഷ്യ-വന്യജീവി സംഘർഷം, അടിക്കടിയുള്ള പ്രകൃതി ദുരന്തങ്ങൾ, അവശ്യ സേവനങ്ങളിലേക്കുള്ള പരിമിതമായ പ്രവേശനം തുടങ്ങിയ പ്രശ്നങ്ങളാണ് ഈ പദ്ധതി അഭിസംബോധന ചെയ്യുന്നത്. കിഫ്ബി, റീബിൽഡ് കേരള ഡവലപ്മെന്റ്പ്രോഗ്രാം (ആർകെഡിപി) സ്കീമുകൾക്ക് കീഴിൽ, 783 കുടുംബങ്ങൾക്ക് സ്വമേധയാ മാറ്റി പാർപ്പിക്കുന്ന പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും ഇതിലേക്കായി 103.8 കോടി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രയോജനം ലഭിച്ച അർഹരായ കുടുംബങ്ങൾ 155.5 ഹെക്ടർ ഭൂമി കേരള വനം വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സൗരോർജത്തിൽ പ്രവർത്തിക്കുന്ന വേലി, തൂക്കുവേലി, ആനയെത്താത്ത കിടങ്ങുകൾ എന്നിവയുടെ നിർമാണം വർധിപ്പിച്ച് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് നടപ്പിലാക്കി വരുന്നത്. മലപ്പുറം, കണ്ണൂർ, പാലക്കാട്, വയനാട്, പത്തനംതിട്ട, പേപ്പാറ, കോഴിക്കോട്, മണ്ണാർക്കാട് എന്നിവിടങ്ങളിലെ മനുഷ്യ-മൃഗ സംഘർഷങ്ങൾ പരിഹരിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകൾ (ആർആർടി) രൂപീകരിച്ചു. ശെന്തുരുണി ഡിവിഷനിലെ റോസ്മല, കട്ടിലപ്പാറ

എന്നിവിടങ്ങളിലെ ജനവാസകേന്ദ്രങ്ങളിൽ സോളാർ ഫെൻസിങ് സ്ഥാപിച്ചു. തിരുവനന്തപുരം വന്യജീവി ഡിവിഷനിൽ 2023-24 കാലയളവിൽ 950 മീറ്റർ നീളത്തിൽ കിടങ്ങുകൾ പരിപാലിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും പുരവിമല മുതൽ ഞാറക്കാവ് വരെ 900 മീറ്റർ ദൂരത്തിൽ തൂക്കു സോളാർ ഫെൻസിങ് സ്ഥാപിക്കുകയും ചെയ്തു. 2023-24-ൽ, 'മനുഷ്യ-മൃഗ സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികൾ' എന്ന പദ്ധതി പ്രകാരം, 1.17 കിലോമീറ്റർ ആനയെ പ്രതിരോധിക്കുന്ന കിടങ്ങുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു, 138.559 കിലോമീറ്റർ സോളാർ പവർ ഫെൻസിങ്, 1.5 കിലോമീറ്റർ എലിഫന്റ് പ്രൂഫ് മതിൽ നിർമ്മിച്ചു, കൂടാതെ 59.2 കിലോമീറ്റർ സോളാർ ഹാംഗിംഗ് ഫെൻസിങ് നിർമ്മിച്ചു. സംസ്ഥാനത്തുടനീളം ഇരുപത്തിയെട്ട് റാപ്പിഡ് റെസ്പോൺസ് ടീമുകൾ (ആർആർടി) രൂപീകരിച്ചിട്ടുണ്ട്. വനംവകുപ്പ്, ജന ജാഗ്രതാ സമിതികൾ (ജെജെഎസ്), വനസംരക്ഷണ സമിതികൾ (വിഎസ്എസ്), ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (ഇഡിസികൾ) എന്നിവയുടെ പിന്തുണയോടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും അനുബന്ധ വകുപ്പുകളുമായും സഹകരിച്ച് അതിർത്തിയിലെ സംഘർഷങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചു വരുന്നു.

**വനത്തിൽ നിന്നുള്ള വരുമാനം**

സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ വനംവകുപ്പ് ശ്രദ്ധേയമായ സംഭാവനയാണ് നൽകുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ തടിയും മറ്റ് വനോത്പന്നങ്ങളും വിൽപ്പന ചെയ്യതിലൂടെ വകുപ്പിന് 261 കോടി രൂപ വരുമാനമായി ലഭിച്ചു. ഇതിൽ ഭൂരിഭാഗവും, മൊത്തം വന വരുമാനത്തിന്റെ 89.8 ശതമാനമായ 234.5 കോടി രൂപ, തടി വിൽപനയിലൂടെയാണ് ലഭിച്ചത്. 2023-24 കാലയളവിൽ ചന്ദന ഉൽപ്പാദനം 10,083.2 കിലോഗ്രാമിന്റെ വർധനവ് രേഖപ്പെടുത്തി. അതുപോലെതന്നെ, തേക്ക് ഉൽപ്പാദനവും മുൻവർഷത്തെ അപേക്ഷിച്ച് 4,059.2 ക്യൂബിക് മീറ്റർ വർധിച്ചു. 2022-23, 2023-24 വർഷങ്ങളിലെ പ്രധാന വനോത്പന്നങ്ങളുടെ ഉൽപ്പാദന വിവരങ്ങൾ **അനുബന്ധം 3.6.3** ൽ നൽകിയിരിക്കുന്നു. കഴിഞ്ഞ ദശകത്തിലെ വന വരുമാനം **ചിത്രം 3.6.4**-ൽ കാണിച്ചിരിക്കുന്നു.

2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ തടിയിൽ നിന്നും മറ്റ് വന ഉൽപന്നങ്ങളിൽ നിന്നുമുള്ള വരുമാനത്തിന്റെ പ്രവണതകൾ അനുബന്ധം 3.6.4 ൽ നൽകിയിരിക്കുന്നു. 2021-22ൽ വന ഉൽപന്നങ്ങളിൽ നിന്നുള്ള അറ്റാദായം 200.6 കോടി രൂപയായിരുന്നു. 2022-23ൽ ഇത് 288.6 കോടിയായി ഉയർന്നു. എന്നിരുന്നാലും, 2023-24 ൽ, അറ്റവരുമാനം 261.04 കോടി രൂപയായി കുറഞ്ഞു, ഇതിന് പ്രധാന കാരണം തടി വരുമാനത്തിലെ ഇടിവായിരുന്നു. 2019-20 നും 2023-24 നും ഇടയിലുള്ള മൊത്തം വന വരുമാനത്തിലും തടി വരുമാനത്തിലുമുള്ള പ്രവണതകൾ **ചിത്രം 3.6.5–** ൽ കാണിക്കുന്നു. മൊത്തം വനവരുമാനവും തടി വരുമാനവും 2019-20 മുതൽ 2021-22 വരെ കുറയുന്ന പ്രവണത അനുഭവപ്പെട്ടു, എന്നാൽ 2023-24 ൽ നേരിയ ഇടിവിന് മുമ്പ് 2022-23 ൽ കുതിച്ചുയർന്നു 2023-24ൽ അടിസ്ഥാന വിലയിൽ മൊത്തം ജിഎസ്‌വിഎയിൽ വനവൽക്കരണത്തിന്റെയും ലോഗിംഗിന്റെയും വിഹിതം 0.87 ശതമാനമായിരുന്നു, 2022-23ൽ ഇത് 0.86 ശതമാനമായിരുന്നു. അതുപോലെ, 2022-23ൽ 9 ശതമാനമായിരുന്ന ജിഎസ്ഡിപിയിൽ പ്രാഥമിക മേഖലയുടെ വിഹിതം 2023-24 ൽ 8.78 ശതമാനമായി കുറഞ്ഞു. ജിഎസ്‌വിഎ-യിലെ വനമേഖലയുടെ സംഭാവന **അനുബന്ധം 3.6.5**-ൽ കാണിച്ചിരിക്കുന്നു.


**ജൈവവൈവിധ്യ സംരക്ഷണവും സംരക്ഷിത പ്രദേശങ്ങളുടെ പരിപാലനവും**

കേരളത്തിലെ വനങ്ങൾ സുസ്ഥാപിതമായ സംരക്ഷണ മേഖലകളിലൂടെ സംരക്ഷിക്കപ്പെടുന്ന ലോകത്തിലെ 36 ആഗോള ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകളിൽ ഒന്നാണ്. 1985-ൽ രൂപീകരിച്ച വനം വകുപ്പിന്റെ വന്യജീവി വിഭാഗം ഈ സംരക്ഷിത പ്രദേശങ്ങളെയും സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള മറ്റ് പ്രധാന ജൈവവൈവിധ്യ മേഖലകളെയും സംരക്ഷിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും ഒരു പ്രധാന പങ്ക് വഹിക്കുന്നു. നിലവിൽ, ദേശീയ പാർക്കുകൾ, വന്യജീവി സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നിവ ഉൾപ്പെടുന്ന സംരക്ഷിത മേഖലാ ശൃംഖലയിൽ 3,441.2 ചതുരശ്ര കിലോമീറ്റർ വനത്തിന്റെ മേൽനോട്ടം വന്യ ജീവി വിഭാഗം നടത്തുന്നു. ആറ് ദേശീയ ഉദ്യാനങ്ങളും 18 വന്യജീവി സങ്കേതങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവുമുണ്ട്, ഇത് സംസ്ഥാനത്തിന്റെ വനമേഖലയുടെ 30 ശതമാനവും ഉൾക്കൊള്ളുന്നു. മൂന്ന് വന്യജീവി സർക്കിളുകളിലൂടെയും 11 വന്യജീവി ഡിവിഷനുകളിലൂടെയും സംസ്ഥാനം അതിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ജലസ്രോതസ്സുകൾ വികസിപ്പിക്കുക, അധിനിവേശ ജീവിവർഗ്ഗങ്ങളെ ഉന്മൂലനം ചെയ്യുക, ട്രെക്കിംഗ് പാതകൾ പരിപാലിക്കുകയും നിർമ്മിക്കുകയും ചെയ്യുക, ആശയവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, അഗ്നി സംരക്ഷണ നടപടികൾ നടപ്പിലാക്കുക എന്നിവയാണ് ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തൽ പ്രവർത്തികൾ. കേരളത്തിലെ വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ, കമ്മ്യൂണിറ്റി റിസർവുകൾ, ബയോസ്ഫിയർ റിസർവുകൾ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.6** -ൽ നൽകിയിരിക്കുന്നു.

2023-24 കാലയളവിൽ, എലിഫന്റ് പദ്ധതിക്ക് കീഴിലുള്ള പ്രധാന പ്രവർത്തനങ്ങൾ, സംരക്ഷണ നടപടികൾ ശക്തിപ്പെടുത്തുന്നതിനും ആനകളുടെ ആവാസ വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും, നിർണായകമായ ആന ഇടനാഴികൾ ഏറ്റെടുക്കുന്നതിനും, വേട്ടയാടൽ വിരുദ്ധ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും, സംരക്ഷണ പാതകൾ വൃത്തിയാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചു.


പതിവ് ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തൽ, വന്യജീവി പരിപാലന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പുറമേ, ടൈഗർ റിസർവുകളിൽ നിർദ്ദേശിക്കപ്പെടുന്ന പ്രധാന പ്രവർത്തനങ്ങളിൽ പ്രത്യേക പരിസ്ഥിതി വികസന

**ചിത്രം 3.6.4** കഴിഞ്ഞ ദശകത്തിലെ വന വരുമാനം (കോടിയിൽ)




***അവലംബം:*** വനം വന്യജീവി വകുപ്പ്, കേരള സർക്കാർ

**ചിത്രം 3.6.5** വന വരുമാനത്തിലെ പ്രവണതകളും 2019-20 മുതൽ 2023-24 വരെയുള്ള തടി വരുമാനവും




***അവലംബം:*** വനം വന്യജീവി വകുപ്പ്, കേരള സർക്കാർ

പരിപാടികളും കട്ടവ നിരീക്ഷണ സംരംഭങ്ങളും ഉൾപ്പെടും. 2023-24 കാലയളവിൽ വയനാട് വന്യജീവി സങ്കേതത്തിൽ നിന്ന് അർഹരായ 246 കുടുംബങ്ങളെ സ്വമേധയാ മാറ്റിപ്പാർപ്പിച്ചു.

### സുസ്ഥിര ഇക്കോട്ടൂറിസം

സമൂഹത്തിലും നഗരങ്ങളിലും ദ്രുതഗതിയിലുള്ള മാറ്റങ്ങൾ അതിവേഗം വളരുന്നതിനാൽ, ഇക്കോ ടൂറിസം കൂടുതൽ ജനപ്രിയമാവുകയാണ്. കഴിഞ്ഞ 25 വർഷമായി കേരള വനംവകുപ്പ് ഇക്കോട്ടൂറിസം സേവനങ്ങൾ നൽകുന്നുണ്ട്. നിലവിൽ കേരളത്തിൽ 71 ഇക്കോട്ടൂറിസം കേന്ദ്രങ്ങളുണ്ട്, ഓരോന്നും വിവിധ ടൂറിസം പാക്കേജുകൾ വാഗ്ദാനം ചെയ്യുന്നു. ട്രെക്കിംഗ്, താമസം, കാഴ്ചകൾ കാണൽ, ബോട്ടിംഗ്, സൈക്ലിംഗ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. വനസംരക്ഷണ സമിതികൾ (വിഎസ്എസ്), ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (ഇഡിസികൾ) എന്നിവയുടെ സഹകരണത്തോടെയാണ് വനംവകുപ്പ് ഈ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നത്. 2023-24ൽ ഈ മേഖലയിൽ 2,172 പേർക്ക് നേരിട്ട് തൊഴിൽ ലഭിച്ചു. ഈ ഉദ്യമം പ്രാദേശിക വിഭാഗങ്ങൾക്ക് പരോക്ഷമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ കാര്യമായ സംഭാവന നൽകുന്നു. 2023-24 ൽ ഇക്കോട്ടൂറിസത്തിൽ നിന്ന് 67.76 കോടി രൂപ വരുമാനമായി ലഭിച്ചു.

### സാമൂഹിക വനവത്കരണവും നഗര വനവൽക്കരണവും

കേരളത്തിലെ ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാനും വിപുലീകരിക്കാനും വനംവകുപ്പ് "മിഷൻ ഫോറസ്ട്രി ക്ലബ്ബുകൾ" എന്ന പേരിൽ ഒരു പരിപാടി അടുത്തിടെ ആരംഭിച്ചിട്ടുണ്ട്. സ്കൂളുകളുടെയും കോളേജുകളുടെയും പരിസരത്ത് വിദ്യാവനം (വിദ്യാഭ്യാസ വനങ്ങൾ) എന്നറിയപ്പെടുന്ന മിനിയേച്ചർ വനങ്ങൾ സൃഷ്ടിക്കുന്നതാണ് ഈ ദൗത്യത്തിന് കീഴിലുള്ള ഒരു പ്രധാന പ്രവർത്തനം. ഈ ഗ്രീൻ പ്ലോട്ടുകൾ പരിസ്ഥിതി വിദ്യാഭ്യാസത്തിനുള്ള പ്രദർശന ഇടങ്ങളായി വർത്തിക്കുന്നു. 2023-24 ൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം വിവിധ സ്ഥാപനങ്ങളിലായി 44 വിദ്യാവനം വിജയകരമായി സ്ഥാപിച്ചു.

വനസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അവബോധം വളർത്തുന്നതിനും പ്രകൃതിയുമായി ബന്ധപ്പെടാനുള്ള അവസരങ്ങൾ നൽകുന്നതിനും ഭാവിയിലേക്ക് പരിസ്ഥിതി ബോധമുള്ള പൗരന്മാരെ വളർത്തിയെടുക്കുന്നതിനുമായാണ് സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ സ്ഥാപിച്ചത്. നിലവിൽ സംസ്ഥാനത്തുടനീളം 1,131 ഫോറസ്ട്രി ക്ലബ്ബുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2023-24ൽ പ്രവർത്തനരഹിതമായിരുന്ന 245 ഫോറസ്ട്രി ക്ലബ്ബുകൾ പുനരുജ്ജീവിപ്പിച്ചു.

'സ്കൂൾ നഴ്സറി യോജന' പദ്ധതിയിലേക്ക് 14 ജില്ലകളിലായി അമ്പത് സ്കൂളുകളെ ഇതുവരെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച ഈ പ്രോജക്റ്റ്, 'തൈകൾ നട്ടുവളർത്തുക' എന്ന ആശയത്തിന് കീഴിൽ പ്രകൃതി പരിസ്ഥിതി വ്യവസ്ഥയെ പരിപാലിക്കുന്നതിലും നിലനിർത്തുന്നതിലും സസ്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാനും അഭിനന്ദിക്കാനും വിദ്യാർത്ഥികൾക്ക് ഒരു അന്തരീക്ഷം പ്രദാനം ചെയ്യാൻ ലക്ഷ്യമിടുന്നു.

കേരളത്തിന്റെ നഗര-ഗ്രാമ വളർച്ച പൊതു ഹരിത ഇടങ്ങൾ കുറച്ചു, 2023-24 കാലയളവിൽ അഞ്ച് നഗര വനങ്ങൾ സൃഷ്ടിച്ച് നഗര വനം പദ്ധതി ആരംഭിക്കാൻ ഇത് കേരള വനം വകുപ്പിനെ പ്രേരിപ്പിച്ചു.

വൃക്ഷസമൃദ്ധി പദ്ധതിക്ക് കീഴിൽ തൈകൾ വളർത്തുന്നതിനും നടുന്നതിനും പരിപാലിക്കുന്നതിനും സോഷ്യൽ ഫോറസ്ട്രി വിഭാഗം തദ്ദേശ സ്വയംഭരണ വകുപ്പിന് (എൽഎസ്ജിഡി) സാങ്കേതിക പിന്തുണ നൽകുന്നു. 2023-24ൽ വനംവകുപ്പിന്റെ സാങ്കേതിക പിന്തുണയോടെ എൽഎസ്ജിഡി 30.15 ലക്ഷം തൈകൾ നട്ടു. ലോക പരിസ്ഥിതി ദിനമായ വനമഹോത്സവത്തിൽ നടുന്നതിനും വിതരണം ചെയ്യുന്നതിനും സ്ഥാപനതലത്തിൽ നടുന്നതിനുമായി സോഷ്യൽ ഫോറസ്ട്രി വിഭാഗം 21.31 ലക്ഷം തൈകൾ വളർത്തി. സാമൂഹ്യ വനവൽക്കരണത്തിലൂടെ വിതരണം ചെയ്ത തൈകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.7**-ൽ കൊടുത്തിരിക്കുന്നു.

### ഗാർഹിക തോട്ടങ്ങൾ

സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ വിസ്തൃതിയുടെ 37.1 ശതമാനം വരുന്ന വനങ്ങൾക്ക് പുറത്തുള്ള മരങ്ങളുടെ ആകെ വിസ്തീർണ്ണം ഏകദേശം 14,394 ചതുരശ്ര കിലോമീറ്റർ ആണെന്ന് കണക്കാക്കപ്പെടുന്നു. ഗാർഹിക തോട്ടങ്ങളും റബ്ബർ തോട്ടങ്ങളും മരം ഉൽപാദനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുകയും, സംസ്ഥാനത്തിന്റെ മരം വിതരണത്തിന്റെ 82 ശതമാനവും സംഭാവന ചെയ്യുകയും ചെയ്യുന്നു. അതേസമയം വനങ്ങൾ നൽകുന്നത് 1.6 ശതമാനം മാത്രമാണ് (വനം വകുപ്പിന്റെ കണക്കുകൾ). ഇതിനുപരി, ഈ വിഭവങ്ങളുടെ മുഴുവൻ സാധ്യതകളും വിനിയോഗിക്കപ്പെടാതെ തുടരുന്നു.

ഗാർഹിക തോട്ടങ്ങളിൽ തടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്, വിവിധ സാങ്കേതിക സ്ഥാപനങ്ങളുടെ പിന്തുണയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ വനം വകുപ്പ് പരിപാടികൾ നടപ്പിലാക്കുന്നു. 2023-24 ൽ കർഷകർക്കുള്ള ക്യാഷ് ഇൻസെന്റീവ് പദ്ധതി പ്രകാരം ചന്ദനം, മഹാഗണി, ചക്ക, തേക്ക്, റോസ്‌വുഡ്, മുള, കുമ്പിൾ, കുതിരവാള, പുളിമരങ്ങൾ എന്നിവ നട്ടുപിടിപ്പിക്കാൻ വകുപ്പ് 4.061 ലക്ഷം രൂപ ചെലവഴിച്ചു. കാവുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി 2023-24 വർഷത്തിൽ 51 കാവുകൾ ഇൻസെന്റീവിനായി തിരഞ്ഞെടുത്തു. കണ്ടൽക്കാടുകളുടെ ഉടമകൾക്ക് ഏക്കറിന് 4,000 രൂപ നിരക്കിൽ സംരക്ഷണ പ്രവർത്തനങ്ങൾക്കും ആവാസവ്യവസ്ഥയുടെ സേവനങ്ങൾ ഉറപ്പാക്കുന്നതിനും ഇൻസെൻന്റീവ് നൽകിയിട്ടുണ്ട്. ജൈവവൈവിധ്യ സംരക്ഷണ പരിപാടിക്ക് കീഴിൽ ഏർപ്പെടുത്തിയ വനമിത്ര അവാർഡുകളിൽ, 2023-24 കാലയളവിൽ 15 അപേക്ഷകൾ തെരഞ്ഞെടുത്തിട്ടുണ്ട്.

ആഗോള താപനത്തെ ചെറുക്കുന്നതിനും കാർബൺ വേർതിരിവ് വർദ്ധിപ്പിക്കുന്നതിനുമായി, പ്രധാന റോഡുകൾ, സ്ഥാപനങ്ങൾ, വഴികൾ എന്നിവയിൽ തൈകൾ നട്ടുപിടിപ്പിച്ചുകൊണ്ട് വനവൽക്കരണ ശ്രമങ്ങൾ പരമ്പരാഗത വനമേഖലകൾക്കപ്പുറത്തേക്ക് വ്യാപിപ്പിച്ചു. കൂടാതെ, പ്രധാന നദീതീരങ്ങളിൽ സുസ്ഥിരത മുള നട്ടുപിടിപ്പിക്കുന്നതിലൂടെയും അരുവികൾ, നദികൾ എന്നിവയുടെ തീരത്ത് മുളയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കോഴിക്കോട്, കാസർകോട് എന്നിവിടങ്ങളിൽ 2021-22 മുതൽ ജില്ലാ പെർമനന്റ് നഴ്സറികൾ (ഡിപിഎൻ) നടപ്പിലാക്കി. സാധാരണ സിൽവികൾച്ചറൽ രീതികൾ പാലിച്ചുകൊണ്ട് ഉയർന്ന ഗുണമേന്മയുള്ള തൈകൾ ഉത്പാദിപ്പിക്കാൻ ഈ നഴ്സറികൾ ലക്ഷ്യമിടുന്നു. വൃക്ഷ ഇനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും മരങ്ങൾ നൽകുന്ന പാരിസ്ഥിതിക സേവനങ്ങളെക്കുറിച്ചും അവബോധം പ്രോത്സാഹിപ്പിക്കുന്നതിനിടയിൽ അവശ്യവും അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ ഇനങ്ങളുടെ തൈകൾ വളർത്തുന്നതിൽ പ്രത്യക ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ഭാരത സർക്കാറിന്റെ മുൻനിര സംരംഭമായ നഗർ വാൻ യോജന, വനമേഖലകൾക്ക് പുറത്ത് മരങ്ങൾ വ്യാപിപ്പിക്കുന്നതിനും നഗരങ്ങളിൽ ഹരിത ഇടങ്ങൾ വികസിപ്പിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. നിലവിൽ, 18 ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾ (എഫ്ഡിഎ) മുഖേന 25 സ്ഥലങ്ങളിൽ നഗർ വാനുകളും നഗർ വാടികകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

**വനാവകാശ നിയമത്തിന്റെ അംഗീകാരം**

2006-ലെ വനാവകാശ നിയമം വനത്തിൽ വസിക്കുന്ന പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടേയും ആശ്രിത സമൂഹങ്ങളുടേയും അവകാശങ്ങളും സുസ്ഥിരമായ ഉപയോഗത്തിനും സംരക്ഷണത്തിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുമുള്ള ഉത്തരവാദിത്വവും അധികാരവും അംഗീകരിക്കുന്നു. വനാവകാശ നിയമം നടപ്പാക്കാനുള്ള ചുമതല സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസനവകുപ്പിൽ നിക്ഷിപ്തമാണ്. റവന്യൂ, വനം വകുപ്പുകൾ ആവശ്യമായ സഹായങ്ങൾ നൽകുന്നുണ്ട്. 2023-24 കാലയളവിൽ, 35,521.2 ഏക്കർ വിസ്തൃതിയിൽ മൊത്തം 26,867 വ്യക്തിഗത പട്ടയങ്ങൾ (അവകാശങ്ങളുടെ രേഖ) നൽകി. കൂടാതെ, 181.3 ഹെക്ടറിൽ 183 കമ്മ്യൂണിറ്റി അവകാശങ്ങൾ നൽകുകയും 495 വികസന അവകാശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനമാർഗം**

വനത്തെ ആശ്രയിക്കുന്ന ജനവിഭാഗങ്ങളും വനങ്ങളും തമ്മിലുള്ള ശക്തമായ ബന്ധം തിരിച്ചറിഞ്ഞ്, വനംവകുപ്പ്, മറ്റ് വിവിധ വകുപ്പുകളുമായും ഏജൻസികളുമായും സഹകരിച്ച്, വനവാസികളായ ആദിവാസി സമൂഹങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും കണക്കിലെടുത്ത് അവരുടെ ഉപജീവനമാർഗം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള പരിപാടികൾ നടപ്പിലാക്കി വരുന്നു. വനമേഖലയിലെ വൈവിധ്യമാർന്ന തൊഴിലവസരങ്ങൾ നടപ്പിലാക്കുന്നതിനോടൊപ്പം, ഇതര ഉപജീവനമാർഗങ്ങൾ വികസിപ്പിക്കുകയും, ആദിവാസി സെറ്റിൽമെന്റുകൾക്ക്, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം എന്നി അവശ്യ സൗകര്യങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുന്നു. കേരളത്തിലെ വനത്തെ ആശ്രയിക്കുന്ന വിഭാഗങ്ങൾ ശേഖരിക്കുന്ന തടി ഇതര വന ഉൽപന്നങ്ങൾ (എൻ.ടി.എഫ്.പി) വനശ്രീ എന്ന ബ്രാൻഡിൽ വിൽക്കുന്നു. ഇത് വനത്തെ ആശ്രയിക്കുന്ന വിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ഉപജീവന മാർഗ്ഗം ലഭിക്കാൻ സഹായിക്കുന്നു. നിലവിൽ 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 71 വനശ്രീ യൂണിറ്റുകളാണ് സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നത്.

1988-ലെ ദേശീയ വനനയം, വനത്തെ ആശ്രയിക്കുന്ന വിഭാഗങ്ങളെ, പ്രത്യേകിച്ച് ആദിവാസികളെ ഉൾപ്പെടുത്തിയുള്ള സഹകരണ വനപരിപാലനത്തിന്റെ ആവശ്യകത ഊന്നിപ്പറയുന്നു. 1998-ൽ, പങ്കാളിത്ത വനപരിപാലനം (പി എഫ് എം) ആരംഭിച്ചു. പ്രദേശിക ഫോറസ്റ്റ് ഡിവിഷനുകളിൽ വന സംരക്ഷണ സമിതികൾ (വിഎസ്എസ്) പോലുള്ള അടിസ്ഥാന സ്ഥാപനങ്ങളും വന്യജീവി ഡിവിഷനുകളിൽ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും (ഇഡിസി) സ്ഥാപിച്ചു. ഓരോ വന സംരക്ഷണ സമിതികളിലും (വിഎസ്എസ്), ഇഡിസിയിലും 200 മുതൽ 300 വരെ വനത്തെ ആശ്രയിക്കുന്ന കുടുംബങ്ങൾക്ക് അംഗത്വമുണ്ട്. ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളുടെ (എഫ്ഡിഎ) മാർഗനിർദേശത്തിന് കീഴിലാണ് വിഎസ്എസും ഇഡിസിയും പ്രവർത്തിച്ചിരുന്നത്. വിവിധ പി എഫ് എം പ്രോഗ്രാമുകളിലൂടെ വനത്തെ ആശ്രയിക്കുന്ന കമ്മ്യൂണിറ്റികളെ പിന്തുണയ്ക്കുന്നതിനായി ഫോറസ്റ്റ് ഡിവിഷൻ തലത്തിലുള്ള വിഎസ്എസ്- കളുടെയും ഇഡിസി -കളുടെയും ഫെഡറേഷനാണ് ഇത്. നിലവിൽ 36 ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾക്ക് (എഫ്ഡിഎ) കീഴിൽ സംസ്ഥാനത്തുടനീളം 213 ഇഡിസികളും 427 വിഎസ്എസുകളും രൂപീകരിച്ചിട്ടുണ്ട്. ഭാരത സർക്കാരും കേരള സർക്കാരും നടപ്പിലാക്കുന്ന നിരവധി പദ്ധതികൾ എഫ്ഡിഎ -കൾ മുഖേനെയും നടപ്പിലാക്കി വരുന്നു.

ചെറുകിട വനവിഭവങ്ങൾക്കുള്ള (എം.എഫ്.പി) മിനിമം താങ്ങുവില (എം.എസ്.പി) എന്ന പദ്ധതി വനവിഭവങ്ങൾ ശേഖരിക്കുന്നവർക്ക് അവരുടെ ഉപജീവനത്തിന്റെ ഭാഗമായി വനവിഭവ ശേഖരണത്തിനും മൂല്യവർദ്ധനയ്ക്കുള്ള പരിശ്രമത്തിനും ന്യായമായ വരുമാനം ഉറപ്പാക്കുന്നു. 2023-24 ൽ, തേൻ ഉൾപ്പെടെ സംസ്ഥാനത്ത് ലഭ്യമായ 26 ചെറുകിട വനവിഭവങ്ങൾ പദ്ധതിയുടെ ഭാഗമായിരുന്നു.

ചെറുകിട ചില്ലറ വിപണനത്തെയും മൂല്യവർദ്ധനയെയും പിന്തുണയ്ക്കുന്നതിനായി ട്രൈബൽ അഫയേഴ്സ് മന്ത്രാലയം (ഇന്ത്യാ ഗവൺമെന്റ്) ആരംഭിച്ചതാണ് വൻ ധൻ വികാസ് കേന്ദ്രങ്ങൾ (വി.ഡി.വി.കെ). തടി ഇതര വന ഉൽപന്നങ്ങളുടെ (എൻ.ടി.എഫ്.പി) മൂല്യവർദ്ധന, ബ്രാൻഡിംഗ്, വാണിജ്യവൽക്കരണം എന്നിവയിലൂടെ പട്ടിക വർഗ്ഗ വിഭാഗക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇത് ഊന്നൽ നൽകുന്നു. 44 വ്യത്യസ്ത ഉൽപ്പന്നങ്ങളുടെ വിപണനത്തെ പിന്തുണയ്ക്കുന്നതിനായി സംസ്ഥാന വനവികസന ഏജൻസി 31 വിഡിവികെ കൾ സ്ഥാപിച്ചിട്ടുണ്ട്.

**ബോക്സ് 3.6.1** സ്നേഹഹസ്തം പ്രോഗ്രാം

സംസ്ഥാന വനവികസന ഏജൻസി (എസ്എഫ്ഡിഎ) ഉൾവനമേഖലകളിലെ ആദിവാസി സമൂഹങ്ങൾക്ക് ഉയർന്ന നിലവാരമുള്ള വൈദ്യസഹായം നൽകുന്നതിനായി "സ്നേഹഹസ്തം പ്രോഗ്രാം" 2024 ജനുവരി 31 ന് ആരംഭിച്ചു. ആരോഗ്യ സേവന വകുപ്പ്, പട്ടികവർഗ വികസന വകുപ്പ്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (കേരള ചാപ്റ്റർ) എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്. ഇതുവരെ 179 ആദിവാസി ഊരുകളിലായി 4,572 വ്യക്തികൾക്ക് സ്നേഹഹസ്തം പദ്ധതി വിജയകരമായി ആരോഗ്യ സേവനങ്ങൾ എത്തിച്ചു. ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോപീഡിക്സ്, ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി (ഒബിജി), ഡെർമറ്റോളജി, ഒഫ്താൽമോളജി, കാൻസർ സ്ക്രീനിംഗ്, ഇഎൻടി, പൾമണോളജി, സൈക്യാട്രി തുടങ്ങി വിവിധ സൗജന്യ മെഡിക്കൽ സേവനങ്ങളാണ് ക്യാമ്പുകൾ ആദിവാസി ഊരുകളിൽ നേരിട്ട് ലഭ്യമാക്കിയത്. പ്രഗത്ഭരായ മെഡിക്കൽ പ്രൊഫഷണലുകൾ രോഗനിർണയം നടത്തുകയും ചികിത്സ നൽകുകയും ചെയ്തു. കൂടാതെ, ശുചിത്വം, രോഗ പ്രതിരോധം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു.

***അവലംബം:*** വനം വന്യജീവി വകുപ്പ്, കേരള സർക്കാർ

വനവിഭവങ്ങളിലെ ആശ്രിതത്വം കുറയ്ക്കുന്നതിന്റെ ഭാഗമായി, പ്രാദേശിക സമൂഹങ്ങൾക്ക് ഉയർന്ന ഉല്പാദനക്ഷമതയുള്ള കന്നുകാലികളുടെ വിതരണം, തയ്യൽ മെഷീനുകളുടെ പ്രാപ്തമാക്കൽ, ഇക്കോടൂറിസം പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം എന്നിവയുമായി ബന്ധപ്പെട്ട ബദൽ ഉപജീവന മാർഗങ്ങൾ അവതരിപ്പിച്ചു. പരിസ്ഥിതി വികസന പരിപാടിക്ക് കീഴിലുള്ള പ്രധാന പ്രവർത്തനങ്ങളിൽ ഗ്രാമ വികസനം, പ്രത്യേകിച്ച് പട്ടിക വർഗ്ഗ മേഖലകളിൽ, ഇതര ഉപജീവന പദ്ധതികൾ, കരകൗശല നൈപുണ്യ വികസനം, പുനരുപയോഗിക്കാവുന്നതും ബദൽ ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനവും, ഖരമാലിന്യ സംസ്കരണം, ജൈവ കൃഷി, കുടിവെള്ള പദ്ധതികൾ, പട്ടിക വർഗ്ഗ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും അടിസ്ഥാന സൗകര്യ വികസനം എന്നിവ ഉൾപ്പെടുന്നു.

വനനശീകരണത്തെ ചെറുക്കുന്നതിനും, നശിച്ച വനങ്ങൾ പുനഃസ്ഥാപിക്കുന്നതിനും, വനവിഭവങ്ങളെ ആശ്രയിക്കുന്ന സമൂഹങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി കേരളത്തിൽ നടപ്പിലാക്കിയത്. വനവിസ്തൃതി വർധിപ്പിക്കുക, വനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, വനവിഭവങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുക, വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുക എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. മാനവവിഭവശേഷി വികസനത്തിന്റെ ഭാഗമായി വിവിധ കേഡറുകളിലായി 870 ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. കാട്ടുതീ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി വനംവകുപ്പ് സമഗ്രമായ അഗ്നി നിയന്ത്രണ പദ്ധതി ആവിഷ്കരിച്ചു. 24 മണിക്കൂറും ഫയർ കൺട്രോൾ റൂം ആരംഭിക്കുകയും ഇഡിസി /വിഎസ്എസ് അംഗങ്ങൾ ഉൾപ്പെടെയുള്ള പ്രതിരോധ സംഘങ്ങളെ മുൻകൂട്ടി വിന്യസിച്ച് വന നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്.

പെരിയാർ ടൈഗർ റിസർവ് (പി.ടി.ആർ) 2023-24 ലെ ഇന്ത്യയുടെ ഏറ്റവും മികച്ച നിയന്ത്രിത ടൈഗർ റിസർവ് അവാർഡിന് അർഹമായി. 2023-24ൽ വനം വകുപ്പിന്റെ സ്വയംഭരണ സ്ഥാപനമായ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ ശബരിമല തീർഥാടന കാലത്ത് തീർഥാടകരെ സഹായിക്കുന്നതിനായി "അയ്യൻ ആൻഡ്രോയിഡ് ആപ്പ്" വികസിപ്പിച്ചെടുത്തു. കുടിവെള്ള സൗകര്യങ്ങൾ, മെഡിക്കൽ സേവനങ്ങൾ, താമസം, റൂട്ടുകൾ, എമർജൻസി കോൺടാക്റ്റ് നമ്പറുകൾ, മനുഷ്യ-വന്യജീവി സംഘർഷങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ആപ്പ് പ്രദാനം ചെയ്യുന്നു. തീർഥാടന കാലത്ത് 20 ലക്ഷം തീർഥാടകർ ഇത് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. (വനം വകുപ്പ് കണക്കുകൾ).

2023-24 കാലയളവിൽ തുടർച്ചയായ ഇരുപത്തിനാലാമത് ചിത്രശലഭ സർവേ നടത്തി, രണ്ട് പുതിയ ഇനങ്ങളെ കണ്ടെത്തി, ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങളിൽ തുടർച്ചയായി ഇരുപത്തിമൂന്നാമത്തെ പക്ഷി സർവേ നടന്നു.

സൗജന്യ നേച്ചർ ക്യാമ്പുകൾക്ക് അപേക്ഷിക്കാൻ കേരള വനംവകുപ്പ് പുതുതായി ആരംഭിച്ച ഇ-സേവനം സംസ്ഥാനത്തെ ഊർജ്ജസ്വലമായ വന്യജീവികളെയും അതിശയിപ്പിക്കുന്ന പ്രകൃതിദൃശ്യങ്ങളെയും പര്യവേക്ഷണം ചെയ്യുന്ന പ്രക്രിയ ലളിതമാക്കാൻ സജ്ജീകരിച്ചിരിക്കുന്നു. ഈ ഉപയോക്തൃ-സൗഹൃദ പ്ലാറ്റ്ഫോം പങ്കെടുക്കുന്നവരെ എളുപ്പത്തിൽ രജിസ്റ്റർ ചെയ്യാനും ലഭ്യമായ ക്യാമ്പുകൾ കണ്ടെത്താനും അവരുടെ ബുക്കിംഗുകൾ തടസ്സമില്ലാതെ എളുപ്പത്തിൽ ചെയ്യുന്നതിനും സഹായിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഇക്കോ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, വ്യക്തികളും പ്രകൃതിയും തമ്മിലുള്ള ശക്തമായ ബന്ധം വളർത്തുകയും ചെയ്യുന്നു.

ഗോത്രവർഗ വിദ്യാർത്ഥികളെ ജ്യോതിശാസ്ത്രത്തിലെ വിസ്മയങ്ങൾ പരിചയപ്പെടുത്തുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയുടെയും ചാലക്കുടി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെയും സഹകരണത്തോടെ കേരള സംസ്ഥാന വനവികസന ഏജൻസി "ജ്യോൽസന" എന്ന പേരിൽ ത്രിദിന ശിൽപശാല സംഘടിപ്പിച്ചു. പ്രാദേശിക ഗോത്ര വിഭാഗങ്ങളിൽ നിന്നുള്ള 40 ഓളം വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു.

2023-24 ലെ വനമേഖലയ്ക്ക് കീഴിലുള്ള പദ്ധതിച്ചെലവ് 188.4 കോടി രൂപയായിരുന്നു, ഇത് മൊത്തം പദ്ധതി വിഹിതത്തിന്റെ 62 ശതമാനമാണ്. ഇതിൽ 162.8 കോടി രൂപ സംസ്ഥാന പദ്ധതികൾക്കും 25.6 കോടി രൂപ കേന്ദ്ര

പദ്ധതികൾക്കുമായി ചെലവഴിച്ചു. 2020-21 മുതൽ 2023-24 വരെയുള്ള മേഖലയുടെ അടങ്കൽ, ചെലവ് വിശദാംശങ്ങൾ **അനുബന്ധം 3.6.8**-ൽ കാണിച്ചിരിക്കുന്നു.

### കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎഫ്ഡിസി)

1975 ജനുവരി 24-ന് ഭാരത സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹകരണത്തോടെയാണ് കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎഫ്ഡിസി) സ്ഥാപിതമായത്. വനവിഭവങ്ങളുടെ ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും കേരളത്തിൽ മനുഷ്യനിർമ്മിത വനങ്ങൾ വികസിപ്പിക്കുന്നതിനും കെഎഫ്ഡിസി സ്ഥാപനപരമായ ഫണ്ടിംഗ് സമാഹരിക്കുന്നു. കൂടാതെ, ജീർണിച്ച വനപ്രദേശങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിലും ഉൽപാദന ഭൂമിയായി മാറ്റുന്നതിലും നിർണായക പങ്ക് വഹിക്കുന്നു. സുസ്ഥിര വന പരിപാലനവും സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള കെഎഫ്ഡിസിയുടെ ദൗത്യവുമായി യോജിക്കുന്ന ഒരു പ്രധാന പ്രവർത്തനമാണ് ഇക്കോ-ടൂറിസം.

2023-24 കാലയളവിൽ, ഇക്കോടൂറിസത്തിൽ നിന്ന് കെഎഫ്ഡിസി അതിന്റെ എക്കാലത്തെയും ഉയർന്ന വിറ്റുവരവ് 8.4 കോടി രൂപ (നികുതി ഒഴികെ) നേടി. 2023-24ൽ കെഎഫ്ഡിസിക്ക് ഏലത്തിന് ജൈവ, വന്യജീവി സർട്ടിഫിക്കേഷൻ ലഭിച്ചു. കൂടാതെ, കാപ്പിയുടെ ഓർഗാനിക് സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. കെഎഫ്ഡിസി -യിൽ നിന്നുള്ള ഏലം, കാപ്പിപ്പൊടി, ചന്ദന ഉൽപ്പന്നങ്ങൾ എന്നിവ ഇപ്പോൾ ഫ്ലിപ്കാർട്ട്, ആമസോൺ, കേരള ഇ-മാർക്കറ്റ്, ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് (ഒ എൻ ഡി സി - പേ റ്റി എം മീഷോ) തുടങ്ങിയ വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാണ്. ഈ പ്ലാറ്റ്ഫോമുകളിലൂടെയുള്ള അവയുടെ ലഭ്യത ഈ ഉൽപ്പന്നങ്ങളുടെ ചില്ലറ വിൽപ്പന വർധിപ്പിച്ചു. കെഎഫ്ഡിസി വനോപഹാർ എന്ന ബ്രാൻഡ് നാമത്തിൽ ചന്ദനത്തിനും നാണ്യവിള ഉൽപന്നങ്ങൾക്കും ട്രേഡ്മാർക്ക് ലൈസൻസ് നേടുകയുണ്ടായി. നിലവിൽ ഈ ഉൽപ്പന്നങ്ങൾക്ക് കയറ്റുമതി ലൈസൻസ് നേടാനുള്ള ശ്രമത്തിലാണ് കെഎഫ്ഡിസി.

2023-24 ൽ, കെഎഫ്ഡിസി ഉറവുമായി സഹകരിച്ച് മുള ഉൽപന്ന നിർമ്മാണത്തിൽ അടിസ്ഥാന നൈപുണ്യ വികസനത്തിനായി തെരഞ്ഞെടുത്ത തൊഴിലാളികൾക്ക് പരിശീലനം നൽകുകയുണ്ടായി. ഈ പരിശീലനം പ്രാദേശികമായി ലഭ്യമായ മുള ഇനങ്ങളുടെ ഉപയോഗത്തിന് ഊന്നൽ നൽകി. കൂടാതെ, കെഎഫ്ഡിസി ഒരു മുള കരകൗശല യൂണിറ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാലയളവിൽ ആകെ 262 ഹെക്ടറിൽ നാടൻ ഇനം വൃക്ഷങ്ങൾ/ചെടികൾ നട്ടുപിടിപ്പിച്ചു.

പാരിസ്ഥിതിക സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനും ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും കേരളത്തിലെ വനങ്ങൾ അത്യന്താപേക്ഷിതമാണ്. വനങ്ങളിലെ വന്യജീവികൾ പരാഗണവും വിത്ത് വ്യാപനവും ഉൾപ്പെടെയുള്ള ആവാസവ്യവസ്ഥയുടെ സേവനങ്ങളിൽ നിർണായക പങ്ക് വഹിക്കുന്നു, ആരോഗ്യകരമായ ആവാസവ്യവസ്ഥയെ നിലനിർത്തുന്നതിന് അത് പ്രധാനമാണ്. മാത്രമല്ല, കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ സഹായിക്കുന്ന കാർബൺ സിങ്കുകളായി കേരളത്തിലെ വനങ്ങൾ പ്രവർത്തിക്കുന്നു. സുസ്ഥിരമായ വനപരിപാലനവും വന്യജീവി സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നത് ഈ പ്രകൃതി നിധികൾ ഭാവി തലമുറകൾക്ക് നിലനിൽക്കുമെന്ന് ഉറപ്പാക്കാൻ അത്യന്താപേക്ഷിതമാണ്. കേരളത്തിലെ വനങ്ങളുടെയും വന്യജീവികളുടെയും പാരിസ്ഥിതിക പ്രാധാന്യം ഈ പ്രദേശത്തിനപ്പുറത്തേക്ക് വ്യാപിക്കുകയും ആഗോള പാരിസ്ഥിതിക സ്ഥിരതയ്ക്ക് സംഭാവന നൽകുകയും ചെയ്യുന്നു

# 3.7 പരിസ്ഥിതി

കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതിക്ക് കാര്യമായ ഭീഷണി ഉയർത്തുകയും ലോകമെമ്പാടുമുള്ള ജനങ്ങളുടെ ക്ഷേമത്തെ നേരിട്ട് ബാധിക്കുന്നതിനോടൊപ്പം ആരോഗ്യം, ഉപജീവനമാർഗം, ഭക്ഷ്യ സുരക്ഷ, ശുദ്ധജല ലഭ്യത എന്നിവയെയും പ്രതികൂലമായി ബാധിക്കുന്നു. ഇന്ധനങ്ങൾ കത്തിക്കൽ, വനനശീകരണം, വ്യാവസായിക പ്രക്രിയകൾ എന്നി മനുഷ്യ പ്രവർത്തികളാണ് പ്രധാനമായും ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ആരംഭിച്ച കാലാവസ്ഥ മാറ്റത്തിന്റെ പ്രധാന കാരണമായി ഇന്റർഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐപിസിസി) പറയുന്നത്. ഐപിസിസി യുടെ വിവിധ റിപ്പോർട്ടുകൾ പ്രകാരം, താപനില 1.5° ഡിഗ്രി സെൽഷ്യസ് പരിധിക്കുള്ളിൽ നിലനിൽക്കുകയെന്നത് മനുഷ്യനും പ്രകൃതിക്കും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഒഴിവാക്കുന്നതിന് അത്യന്താപേക്ഷിതമാണ്. വനങ്ങളും തണ്ണീർത്തടങ്ങളും പോലുള്ള പ്രകൃതിദത്ത സംവിധാനങ്ങളെ സംരക്ഷിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്യുന്നത് കാലാവസ്ഥാ മാറ്റത്തെ നേരിടാനുള്ള ഏറ്റവും ചെലവുകുറഞ്ഞ മാർഗ്ഗങ്ങളിലൊന്നാണെന്ന് വിവിധ ഐപിസിസി റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നു.

"പ്രകൃതിയുടെ അതിരുകൾ: സുസ്ഥിരതയും കാര്യക്ഷമതയും, പ്രകൃതി മൂലധനവും കൈവരിക്കൽ," എന്ന ലോകബാങ്ക് റിപ്പോർട്ട് പ്രകാരം എല്ലാ രാജ്യങ്ങളിലും കാര്യമായ കാര്യക്ഷമത വിടവുകൾ ഉണ്ടെന്നും ഈ വിടവുകൾ പരിഹരിക്കുക വഴി ഉൽപ്പാദനക്ഷമത, ആരോഗ്യ പരിപാലനം, ഭക്ഷ്യ-ജല സുരക്ഷ, കാലാവസ്ഥാ മാറ്റം എന്നിവ ഉൾപ്പെടെ ലോകത്തെ പ്രധാന സാമ്പത്തിക, പരിസ്ഥിതി സംബന്ധമായ വെല്ലുവിളികൾ പരിഹരിക്കാൻ സാധിക്കുകയും ചെയ്യുമെന്ന് ചൂണ്ടികാണിക്കുന്നു.

ഇന്ത്യൻ ഭരണഘടനയിൽ പരിസ്ഥിതി സംരക്ഷണത്തിനും പരിപാലനത്തിനും പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. പാരിസ്ഥിതിക സുസ്ഥിരതയോടുള്ള രാജ്യത്തിന്റെ പ്രതിബദ്ധതയെ സംസ്ഥാന നയത്തിന്റെയും മൗലിക കടമകളുടെയും നിർദ്ദേശക തത്വങ്ങൾ പ്രതിഫലിപ്പിക്കുന്നു. വായു മലിനീകരണം, ജല മലിനീകരണം, വനനശീകരണം, മരുഭൂവൽക്കരണം, മാലിന്യ സംസ്കരണം എന്നിവയാണ് ഇന്ത്യയിലെ പ്രമുഖ പാരിസ്ഥിതിക പ്രശ്നങ്ങൾ. ഈ വെല്ലുവിളികൾ പൊതുജനാരോഗ്യത്തിനും ജൈവവൈവിധ്യത്തിനും രാജ്യത്തിന്റെ പ്രകൃതി വിഭവങ്ങൾക്കും കാര്യമായ ഭീഷണി ഉയർത്തുന്നു.

വനങ്ങൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, സമുദ്ര ആവാസവ്യവസ്ഥകൾ എന്നിവയുൾപ്പെടെ വൈവിധ്യ മാർന്നതും സവിശേഷവുമായ ആവാസവ്യവസ്ഥകളുള്ള, ജൈവവൈവിധ്യത്താൽ സമ്പന്നമായ ഒരു സംസ്ഥാനമാണ് കേരളം. എന്നിരുന്നാലും, കാലാവസ്ഥാ വ്യതിയാനം കേരളത്തിന്റെ പരിസ്ഥിതിക്ക് ഗുരുതര ഭീഷണി ഉയർത്തുന്നു. സമീപകാലങ്ങളിൽ വികസന ആസൂത്രണത്തിൽ ഇത് ഒരു പ്രധാന ആശങ്കയായി മാറിയിരിക്കുന്നു. വർദ്ധിച്ചുവരുന്ന ജനസംഖ്യ, ദ്രുതഗതിയിലുള്ള നഗരവൽക്കരണം, വ്യാവസായവൽക്കരണം, വർദ്ധിച്ചു വരുന്ന ഉപഭോക്തൃത്വം എന്നിവയുടെ സംയോജനം - പാരിസ്ഥിതിക സുസ്ഥിരതയ്ക്ക് വേണ്ടത്ര പരിഗണന നൽകാതെ പലപ്പോഴും പിന്തുടരുന്നത് ഇന്ന് കേരളം അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക വെല്ലുവിളികൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, സമുദ്രനിരപ്പിന്റെ ഉയർച്ച തുടങ്ങിയ അതിരൂക്ഷമായ കാലാവസ്ഥാ പ്രതിഭാസങ്ങൾക്ക് സംസ്ഥാനം ഇരയാകുന്നത് പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുന്നു. ഈ സാഹചര്യത്തിൽ കാലാവസ്ഥാ പ്രതിരോധശേഷി അതിന്റെ വികസന തന്ത്രങ്ങളെ അടിസ്ഥാനമാക്കി സംയോജിപ്പിക്കേണ്ടത് നിർണ്ണായകമാണ്. കാലാവസ്ഥാ വ്യതിയാന ലഘൂകരണ പ്രവർത്തനങ്ങളിൽ ഒന്നുകിൽ ഹരിതഗൃഹ വാതക ബഹിർഗമനം കുറയ്ക്കുകയോ അല്ലെങ്കിൽ വിവിധ മാർഗങ്ങളിലൂടെ കാർബൺ വേർതിരിക്കൽ പ്രക്രിയകൾ വർദ്ധിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

സംസ്ഥാനത്ത്, 80 ശതമാനം ഹരിതഗൃഹ വാതക ബഹിർഗമനം ഉണ്ടാകുന്നത് വൈദ്യുതി ഉത്പാദനം, ഗതാഗതം, വ്യവസായങ്ങൾ, കൃഷി (ഊർജ്ജ ഉപയോഗം), കെട്ടിടങ്ങൾ തുടങ്ങിയ ഊർജ്ജ മേഖലകളിൽ നിന്നാണ്. പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളെ അടിസ്ഥാനമാക്കിയുള്ള ഊർജ്ജോത്പാദന പദ്ധതികളുടെ സ്ഥാപനം, വൈദ്യുതി മേഖലയിലെ ഊർജ കാര്യക്ഷമത മെച്ചപ്പെടുത്തൽ, വൈദ്യുതി പ്രസരണ-വിതരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം (ഇവി) വർധിപ്പിക്കൽ എന്നിവയാണ് ഹരിതഗൃഹ വാതക ബഹിർഗമനം കുറയ്ക്കാൻ സഹായിക്കുന്ന നടപടികൾ.

**കാലാവസ്ഥാ വ്യതിയാനം**

കാലാവസ്ഥാ വ്യതിയാനം തീവ്രമാകുന്നതിനോടൊപ്പം അതിന്റെ പ്രത്യാഘാതങ്ങൾ വ്യാപകമാകുകയും ഇത് ലോകമെമ്പാടുമുള്ള ആവാസവ്യവസ്ഥയെയും സമ്പദ്‌വ്യവസ്ഥയെയും സമൂഹത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഇൻറർ ഗവൺമെൻറൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് പ്രകാരം, നിലവിലെ എമിഷൻ ട്രെൻഡുകൾ തുടരുകയാണെങ്കിൽ, 2030 ആകുമ്പോഴേക്കും, ശരാശരി ആഗോള താപനില, വ്യവസായവത്കരണത്തിന് മുമ്പുള്ള നിലയേക്കാൾ 1.5 ഡിഗ്രി സെൽഷ്യസ് വർദ്ധിക്കും. കാലാവസ്ഥാ വ്യതിയാനം എല്ലാ രാജ്യങ്ങളിലും കാര്യമായ സാമ്പത്തിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങൾ അതിന്റെ അപകടസാധ്യതകൾക്ക് പ്രത്യേകിച്ച് ഇരയാകുകയും ചെയ്യുന്നു. യുണൈറ്റഡ് നേഷൻസ് എൻവയോൺമെന്റ് പ്രോഗ്രാമിന്റെ (യുഎൻഇപി) "ഗ്ലോബൽ ക്ലൈമറ്റ് ലിറ്റിഗേഷൻ റിപ്പോർട്ട്: 2023 സ്റ്റാറ്റസ് റിവ്യൂ" ൽ കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യ നഷ്ടം, മലിനീകരണം എന്നിവയുടെ പരസ്പരബന്ധിതമായ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് പാരിസ്ഥിതിക നിയമം സ്ഥാപിക്കുന്നതിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നു.

ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ളതും വൈവിധ്യമാർന്നതുമായ രാഷ്ട്രങ്ങളിലൊന്നായ ഇന്ത്യയ്ക്ക് കാലാവസ്ഥാ വ്യതിയാനം കാര്യമായ വെല്ലുവിളികൾ ഉയർത്തുന്നു. അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയും വലിയ ജനസംഖ്യയുമുള്ള ഇന്ത്യ, ഉയർന്ന താപനില, ക്രമരഹിതമായ വർഷകാലം, വെള്ളപ്പൊക്കം, വരൾച്ച, ചുഴലിക്കാറ്റുകൾ എന്നിവ പോലുള്ള തീവ്ര കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾക്ക് ഇരയാകുന്നു. ഈ മാറ്റങ്ങൾ ഇന്ത്യയുടെ കാർഷിക ഉൽപ്പാദനക്ഷമത, ജലസുരക്ഷ, മൊത്തത്തിലുള്ള സാമ്പത്തിക വികസനം എന്നിവയ്ക്ക് ആഘാതം സൃഷ്ടിക്കുന്നു. 2008-ൽ പുറത്തിറങ്ങിയ കാലാവസ്ഥാ വ്യതിയാനത്തിനായുള്ള ദേശീയ ആക്ഷൻ പ്ലാനിൽ, കാലാവസ്ഥാ വ്യതിയാനത്തോട് പ്രതികരിക്കാൻ എൻ എ പി സി സി സൗരോർജ്ജം, ഊർജ കാര്യക്ഷമത, സുസ്ഥിര കൃഷി, സുസ്ഥിര ആവാസ വ്യവസ്ഥ, ജലം, സുസ്ഥിര ഹിമാലയൻ ഇക്കോ സിസ്റ്റം, ഹരിത ഇന്ത്യ ദൗത്യം, കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനുള്ള പൊരുത്തപ്പെടലും ലഘൂകരണവും ഉൾപ്പെടെയുള്ള കർമ്മപദ്ധതി തുടങ്ങിയ എട്ട് ദേശീയ ദൗത്യങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

ഭൂമിശാസ്ത്രം, ഭൂവിനിയോഗത്തിൽ വന്ന മാറ്റം, നഗരവൽക്കരണം, വികസന പ്രവർത്തനങ്ങൾ, സംസ്ഥാനത്തിന്റെ ജനസാന്ദ്രത തുടങ്ങിയവയുടെ സംയോജിത ഫലമാണ് കേരളത്തിലെ കാലാവസ്ഥാ വ്യതിയാനത്തിന് കാരണം. സമീപകാലങ്ങളിൽ, കനത്ത മഴയും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും വരൾച്ചയും തുടർച്ചയായി കേരളം അഭിമുഖീകരിക്കുന്നുണ്ട്. കേരളത്തിലെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പരിസ്ഥിതി വകുപ്പ് പ്രവർത്തിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാനത്തിന്റെ ആദ്യ കർമ്മ പദ്ധതി (എസ്എപിസിസി) തയ്യാറാക്കിയത് വിവിധ പങ്കാളിത്ത വകുപ്പുകൾ, ഏജൻസികൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് ആണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ പരിഹരിക്കാനുള്ള കേരളത്തിന്റെ ശ്രമങ്ങളിൽ സുപ്രധാനമായ ഒരു ചുവടുവെപ്പ് അടയാളപ്പെടുത്തുന്ന ഈ സമഗ്ര പദ്ധതി 2014-ൽ ഭാരത സർക്കാർ അംഗീകരിച്ചു. പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി, കാലാവസ്ഥാ വ്യതിയാന സെൽ (സിസിസി) കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാനത്തിന്റെ പ്രവർത്തന പദ്ധതി പരിഷ്കരിക്കുകയും, 2023 ജനുവരിയിൽ സംസ്ഥാന സർക്കാർ ഇതിന് അംഗീകാരം നൽകുകയും ചെയ്തു. ദേശീയ അന്തർദേശീയ തലത്തിൽ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ കാലാവസ്ഥാ പ്രവർത്തനങ്ങളുടെ ആധാരമായ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാനത്തിന്റെ കർമ്മ പദ്ധതി പ്രാവർത്തികമാക്കുന്നതിന് വേണ്ടി വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന് എസ്എപിസിസി വഴിയൊരുക്കുകയും ചെയ്യുന്നു. ഇത് കാലാവസ്ഥാവ്യതിയാനത്തിന്റെ അപകടസാധ്യതയെ അഭിസംബോധന ചെയ്യുകയും പ്രതിരോധശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു, പ്രത്യേകിച്ച് കൃഷി, കന്നുകാലി, മത്സ്യബന്ധനം, ആരോഗ്യം, ജലവിഭവങ്ങൾ, വനങ്ങൾ, ജൈവവൈവിധ്യം എന്നി മേഖലകളിൽ. പൊരുത്തപ്പെടലിനും ലഘൂകരണത്തിനുമുള്ള തന്ത്രങ്ങളും ഇടപെടലുകളും 2023-30 കാലയളവിലേക്കാണ് തയ്യാറാക്കിയിരിക്കുന്നത്.

**2023–24 ലെ പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ**

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള പരിഷ്കരിച്ച സംസ്ഥാന പ്രവർത്തന പദ്ധതി (എസ്എപിസിസി) കാലാവസ്ഥാ വ്യതിയാന സെൽ (സിസിസി) തയ്യാറാക്കുകയും പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽ നിന്ന് അംഗീകാരം നേടുകയും ചെയ്തു. കാലാവസ്ഥാ വ്യതിയാനം ഏറ്റവും കൂടുതൽ ബാധിക്കുന്ന ദുർബല മേഖലകളുടെ പ്രതിരോധശേഷി ശക്തിപ്പെടുത്തുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് കൂടുതൽ ഊന്നൽ നൽകും. സർക്കാരിന്റെ കാർബൺ ന്യൂട്രൽ ഇനിഷ്യേറ്റീവ് അനുസരിച്ച് 2050-ഓടെ കേരളം കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുന്നതിന്, സംസ്ഥാനത്തിന്റെ

**ബോക്സ് 3.7.1** കാർബൺ ന്യൂട്രൽ കേരള 2050: സംസ്ഥാനത്തിന്റെ GHG ഇൻവെൻററിയും കാർബൺ ന്യൂട്രൽ പാതയുടെ വികസനവും

കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനം, സാമൂഹിക ഉപജീവനമാർഗം, പരിസ്ഥിതി പരിപാലനം എന്നിവയുടെ സുസ്ഥിരതയ്ക്ക് കാലാവസ്ഥാ വ്യതിയാനം അഭൂതപൂർവമായ വെല്ലുവിളി ഉയർത്തുന്നു. 2050-ഓടെ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുക എന്ന മഹത്തായ ലക്ഷ്യം സംസ്ഥാന ഗവൺമെൻറ് പ്രഖ്യാപിക്കുകയും ഈ ലക്ഷ്യത്തിലെത്താൻ കർമ്മ പദ്ധതി തയ്യാറാക്കുകയും സംസ്ഥാന കാലാവസ്ഥാ വ്യതിയാന സെൽ എല്ലാ പ്രധാന വകുപ്പുകളെയും / ഏജൻസികളെയും ഏകോപിപ്പിച്ച് സംസ്ഥാനത്തിന്റെ കാർബൺ ന്യൂട്രൽ ചട്ടക്കൂട് രൂപീകരിക്കുന്നതിനുള്ള പദ്ധതികൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. ചില പ്രാദേശിക തലത്തിലുള്ള ഹരിതഗൃഹ വാതക ബഹിർഗമനം വിലയിരുത്തലുകൾ ഒഴികെ, സംസ്ഥാനതലത്തിൽ ഹരിതഗൃഹ വാതക ബഹിർഗമനം സമഗ്രമായി കണക്കാക്കിയിട്ടില്ല. വരും ദശകങ്ങളിൽ ഒരു എമിഷൻ കർവ് ആസൂത്രണം ചെയ്യുന്നതിനും കാർബൺ ന്യൂട്രാലിറ്റിക്ക് കാരണമാകുന്ന പ്രവർത്തന മേഖലകൾ തിരിച്ചറിയുന്നതിനും അന്തർദേശീയമായി അംഗീകരിക്കപ്പെട്ട രീതിശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ള കേരളത്തിലെ ഹരിതഗൃഹ വാതക ബഹിർഗമനത്തെക്കുറിച്ചുള്ള സമഗ്രമായ ഒരു ഡാറ്റാസെറ്റ് ആവശ്യമാണ്. എല്ലാ ഡാറ്റാസെറ്റുകളും സമാഹരിക്കുന്നതിനും അതിനെ കാലികമാക്കുന്നതിനും ഒരു വെബ് പോർട്ടലും വികസിപ്പിച്ചെടുത്തിട്ടുണ്ട്. 2005 മുതൽ 2021 വരെയുള്ള കാലയളവിൽ, കാർബൺ ഡൈ ഓക്സൈഡ് ($CO_2$), മീഥേൻ ($CH_4$), നൈട്രസ് ഓക്സൈഡ് ($N_2O$) ബഹിർഗമനം എന്നിവ കണക്കിലെടുത്ത് ഹരിതഗൃഹ വാതക ഇൻവെൻററി തയ്യാറാക്കിയിട്ടുണ്ട്. ഊർജ്ജം, ഐപിപിയു (വ്യാവസായിക പ്രക്രിയകളും ഉൽപന്ന ഉപയോഗവും), എഎഫ്ഒഎൽയു (കൃഷി, വനം, മറ്റ് ഭൂവിനിയോഗം), മാലിന്യം എന്നീ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐ.പി.സി.സി) വികസിപ്പിച്ച രീതി ശാസ്ത്ര മാർഗ്ഗ നിർദ്ദേശങ്ങളിൽ കൊടുത്തിരിക്കുന്ന നാല് മേഖലകളും ഉപമേഖലകളും ഈ ഇൻവെന്ററിയിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ ഊർജ മേഖലയിലെ ബഹിർഗമനത്തിന് സംഭാവന നൽകുന്ന പ്രധാന ഉപമേഖല ഗതാഗത മേഖലയാണ്. ഗതാഗത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫോസിൽ ഇന്ധന ജ്വലന ബഹിർഗമനം 2021-ൽ 10.61 $MtCO_2e$ (മില്യൺ ടൺ കാർബൺഡൈ ഓക്സൈഡിന് തുല്യമായത്) ആണ്, ഇത് മൊത്തം ഊർജ്ജ മേഖലയിലെ ബഹിർഗമനത്തിന്റെ ഏകദേശം 62 ശതമാനവും കേരളത്തിലെ മൊത്തം ബഹിർഗമനത്തിന്റെ ഏകദേശം 49 ശതമാനവും ആണ്. വീടുകളിലെ എൽപിജിയുടെയും മണ്ണെണ്ണയുടെയും ഉപഭോഗത്തിൽ നിന്ന് ഉയർന്നുവരുന്ന ബഹിർഗമനമാണ് ഊർജമേഖലയിലെ ബഹിർഗമനത്തിൽ രണ്ടാമത്തെ ഏറ്റവും ഉയർന്ന സംഭാവന നൽകുന്നത്. 2021-ൽ മൊത്തം 3.19 $MtCO_2e$ ബഹിർഗമനമാണ് ഉണ്ടായിട്ടുള്ളത്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ഊർജ്ജ മേഖലയിലെ ബഹിർഗമനത്തിന്റെ 19 ശതമാനവും മൊത്തം ബഹിർഗമനത്തിന്റെ ഏകദേശം 15 ശതമാനവും ആണ്. സംസ്ഥാനത്തെ ഏറ്റവും വലിയ രണ്ടാമത്തെ ഹരിതഗൃഹ വാതക ബഹിർഗമനം (1.75 $MtCO_2e$) പുറന്തള്ളുന്ന മേഖലയായി മാലിന്യ മേഖല മാറിയിരിക്കുന്നു. ഖരമാലിന്യത്തോടൊപ്പം ഗാർഹിക മലിനജലവും ഈ മേഖലയിലെ ബഹിർഗമനത്തിന്റെ പ്രധാന ഉറവിടമായി തിരിച്ചറിഞ്ഞിട്ടുണ്ട്. ബഹിർഗമനത്തിന്റെ ക്രമത്തിൽ (1.56 $MtCO_2e$) കാർഷിക മേഖല ഏറ്റവും വലിയ മൂന്നാമത്തെ മേഖലയായി ഉയർന്നു വരികയാണ്. എന്നിരുന്നാലും, ഈ മേഖലയുടെ സംഭാവന മറ്റു മേഖലയേക്കാൾ പത്തിരട്ടി കുറവാണ്. ഹരിതഗൃഹ വാതക ഇൻവെൻററിയെ അടിസ്ഥാനമാക്കി, കേരളത്തിനായുള്ള ഒരു കരട് കാർബൺ ന്യൂട്രൽ പാത്ത്‌വേ 2050 തയ്യാറാക്കിയിട്ടുണ്ട്. പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പ് നിലവിൽ പാതയ്ക്ക് അന്തിമരൂപം നൽകുന്ന പ്രക്രിയയിലാണ്.

***അവലംബം:*** പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പ്, കേരള സർക്കാർ

കാർബൺ ന്യൂട്രൽ പാതയുടെ കരട്, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച്, ഹരിതഗൃഹ വാതക ബഹിർഗമനം തുടർച്ചയായി അളക്കുന്നതിനുള്ള സംവിധാനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. എല്ലാ വിവരശേഖരങ്ങളും സമാഹരിക്കുന്നതിനായി ഒരു വെബ് പോർട്ടലും വികസിപ്പിച്ചെടുത്തിട്ടുണ്ട്.

'പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും' എന്ന പദ്ധതിക്ക് കീഴിൽ പ്രോഗ്രാമുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വെബ് പോർട്ടലും മൊബൈൽ ആപ്പും വികസിപ്പിക്കുകയുണ്ടായി. 107 ഭൂമിത്രസേന ക്ലബ്ബുകൾക്ക് 2023-24 ൽ റിവോൾവിംഗ് ഫണ്ട് നൽകി. യുഎൻ പ്രഖ്യാപിച്ചതും അല്ലാത്തതുമായ പാരിസ്ഥിതിക പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുന്നതിന് പരിപാടികൾ സംഘടിപ്പിക്കുന്നതിലേക്കായി തെരഞ്ഞെടുത്ത 23 ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം നൽകി.

സംസ്ഥാന തണ്ണീർത്തട അതോറിറ്റി നാല് അധിക തണ്ണീർത്തടങ്ങളെ റാംസാർ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള സജീവ നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ ശ്രമത്തിന്റെ ഭാഗമായി ആക്കുളം-വേളി, വെള്ളായണി തടാകം, കോട്ടൂളി, കാട്ടാമ്പള്ളി-വളപട്ടണം-കുപ്പം തണ്ണീർത്തട സമുച്ചയം എന്നിവയുടെ കരട് റാംസർ ഇൻഫർമേഷൻ ഷീറ്റ് (ആർഐഎസ്) പൂർത്തിയായി. മണ്ണ് സംരക്ഷണ മണ്ണ് പര്യവേക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ മൂന്ന് റാംസർ തണ്ണീർത്തടങ്ങൾക്കായുള്ള വൃഷ്ടി സംരക്ഷണ നടപടികൾ ആരംഭിച്ച് വിജയകരമായി പുരോഗമിച്ചു വരികയാണ്. വേമ്പനാട് അഴിമുഖത്തിനായുള്ള സുസ്ഥിര കക്ക കൃഷിയും മെച്ചപ്പെട്ട ഉപജീവനവും എന്ന പദ്ധതി വിജയകരമായി പൂർത്തീകരിച്ചു. ക്ലാം റിലേയിംഗ് സംരംഭം, മുള തടയണകൾ സ്ഥാപിക്കൽ, ബോധവൽക്കരണം, കക്ക മൂല്യവർദ്ധനയെക്കുറിച്ച് പരിശീലനം നൽകൽ, അഴിമുഖത്തിന്റെ അടിഭാഗത്തെ അവശിഷ്ടങ്ങളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് റീസൈക്കിൾ ചെയ്യൽ എന്നിവ പദ്ധതിയുടെ പ്രധാന നേട്ടങ്ങളിൽ ഉൾപ്പെടുന്നു.

പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ മറ്റൊരു പ്രധാന പദ്ധതിയാണ് കാലാവസ്ഥാ വ്യതിയാന നോളജ്

റിസോഴ്സ് പ്ലാറ്റ്ഫോം (സിസികെആർപി). ഇത് ഒരു കേന്ദ്രീകൃത ശേഖരണ സംവിധാനമുള്ള ഒരു സംവേദനാത്മക കേന്ദ്രമായി രൂപകൽപ്പന ചെയ്തിരിക്കുന്നു. കാലാവസ്ഥാ സംബന്ധിയായ ഡാറ്റ പര്യവേക്ഷണം നടത്തുന്നതിനും വിശകലനം ചെയ്യുന്നതിനുമുള്ള മൂല്യവത്തായ ഒരു വിഭവം നയരൂപകർത്താക്കൾക്കും വികസന പരിശീലകർക്കും സിവിൽ സമൂഹത്തിനും നൽകുക എന്നതാണ് സിസികെആർപി യുടെ പ്രാഥമിക ലക്ഷ്യം. കാലാവസ്ഥാ ഡാറ്റ, വിവരങ്ങൾ, ഉപകരണങ്ങൾ എന്നിവയ്ക്കായുള്ള ഒരു ഏകീകൃത പ്ലാറ്റ്ഫോമായി ഇത് പ്രവർത്തിക്കുന്നു. ഭാവിയിലെ കാലാവസ്ഥ പ്രവണതകളെയും അപകടസാധ്യതകളെയും കുറിച്ച് മനസ്സിലാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും തീരുമാനമെടുക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

കാലാവസ്ഥാ വ്യതിയാനം ത്വരിതഗതിയിലാകുകയാണ്. ഇതിന്റെ ആഘാതങ്ങൾ വ്യാപകമാകുകയും ചെയ്യുകയാണ്. ഇത് ലോകമെമ്പാടുമുള്ള ആവാസവ്യവസ്ഥകളെയും സമ്പദ്‌വ്യവസ്ഥകളെയും സമൂഹങ്ങളെയും ബാധിക്കുന്നു. ഹരിതഗൃഹ വാതക ബഹിർഗമനം കുറയ്ക്കുന്നതിനും കാലാനുസൃതമായ തന്ത്രങ്ങൾ നടപ്പിലാക്കുന്നതിനുമുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതിലൂടെ മാത്രമേ ഇതിന്റെ ഏറ്റവും മോശമായ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനും ഭാവി തലമുറയ്ക്കായി ഭൂമിയെ സംരക്ഷിക്കുന്നതിനും സാധിക്കൂ.

**ജൈവവൈവിധ്യം**

ജൈവവൈവിധ്യം, ഭൂമിയിലെ വൈവിധ്യമാർന്ന ജീവജാലങ്ങൾ എന്നിവ ആവാസവ്യവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിലും മനുഷ്യന്റെ നിലനിൽപ്പിനെ പിന്തുണയ്ക്കുന്നതിലും ഒരു പ്രധാന പങ്ക് വഹിക്കുന്നു. ആവാസവ്യവസ്ഥ, സ്പീഷീസ്, ജനിതക വിഭവങ്ങൾ എന്നിവയുടെ വൈവിധ്യം ഇതിൽ ഉൾപ്പെടുന്നു. ഇവയെല്ലാം പ്രകൃതിദത്ത സംവിധാനങ്ങളുടെ പ്രതിരോധത്തിനും സുസ്ഥിരതയ്ക്കും നിർണായകമാണ്. ലോകത്തിലെ 17 മെഗാജൈവവൈവിധ്യമുള്ള രാജ്യങ്ങളിൽ ഒന്നായ ഇന്ത്യയിൽ ഭൂമിയിലെ ജൈവവൈവിധ്യത്തിന്റെ ഏകദേശം 8 ശതമാനം ഉൾകൊള്ളുന്നു. മരുഭൂമികൾ, തണ്ണീർത്തടങ്ങൾ, പുൽമേട്ടുകൾ എന്നിങ്ങനെയുള്ള വിപുലമായ ആവാസവ്യവസ്ഥകൾക്ക് ആതിഥേയത്വം വഹിക്കുന്ന നമ്മുടെ രാജ്യത്ത് എല്ലാ തരത്തിലുള്ള സസ്യജന്തുജാലങ്ങളുടെ സമൃദ്ധമായ ഒരു നിര കൂടി കാണാൻ സാധിക്കും. ഇന്ത്യയുടെ തെക്ക്-പടിഞ്ഞാറൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന കേരളം, ശ്രദ്ധേയമായ ജൈവവൈവിധ്യത്തിനും അതുല്യമായ ആവാസവ്യവസ്ഥയ്ക്കും പ്രത്യേകിച്ചും പ്രശസ്തമാണ്. ലോകത്തിലെ ജൈവവൈവിധ്യത്തിന്റെ എട്ട് "ഹോട്ടെസ്റ്റ് ഹോട്ട്സ്പോട്ടുകളിൽ" ഒന്നായ പശ്ചിമഘട്ടത്തിലാണ് കേരളം വരുന്നത്. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പശ്ചിമഘട്ടത്തിലെ 39 സ്ഥലങ്ങളിൽ 19 എണ്ണം കേരളത്തിലാണ്. പശ്ചിമഘട്ടത്തിലെ 95 ശതമാനം പൂച്ചെടികളും 90 ശതമാനം കശേരുക്കളും കേരളത്തിൽ കാണപ്പെടുന്നു. ഉഷ്ണമേഖലാ വനങ്ങൾ, തണ്ണീർത്തടങ്ങൾ, തീരദേശ ആവാസവ്യവസ്ഥകൾ, വിപുലമായ കായലുകൾ എന്നിവ സംസ്ഥാനത്തിന്റെ സവിശേഷതയാണ്. ഇത് ഇന്ത്യയിലെ ജൈവവൈവിധ്യ സംരക്ഷണത്തിന്റെ നിർണായക കേന്ദ്രമായി സംസ്ഥാനത്തെ മാറ്റുന്നു. കേരളത്തിന്റെ ജൈവവൈവിധ്യ പ്രൊഫൈൽ, സംരക്ഷിത ഏരിയ നെറ്റ്‌വർക്കുകൾ എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 3.7.1, 3.7.2** എന്നിവയിൽ നൽകിയിരിക്കുന്നു.

വംശനാശഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളുടെ വംശനാശം തടയുക, പ്രകൃതിദത്ത ആവാസവ്യവസ്ഥകളുടെ തകർച്ചയുടെ തോത് കുറയ്ക്കുക, ജൈവവൈവിധ്യത്തെയും ആവാസവ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്ന സബ്സിഡികൾ, പ്രോത്സാഹനങ്ങൾ എന്നിവ ഇല്ലാതാക്കുക തുടങ്ങിയ 20 ആഗോള ലക്ഷ്യങ്ങളോടെ എയ്ച്ചി ജൈവവൈവിധ്യ ലക്ഷ്യങ്ങൾ, 2011-2020-ൽ ആവിഷ്കരിച്ചു. യുഎൻഇപിയുടെ ഇന്റർ ഗവൺമെന്റൽ പ്ലാറ്റ്ഫോം ഓൺ ബയോഡൈവേഴ്സിറ്റി ആന്റ് ഇക്കോസിസ്റ്റം സർവീസിന്റെ (ഐപിബിഇഎസ്) അധിനിവേശ വിദേശീയ ജീവികളെക്കുറിച്ച് അവയുടെ നിയന്ത്രണത്തെ സംബന്ധിച്ചുള്ള വിലയിരുത്തൽ റിപ്പോർട്ടിൽ മനുഷ്യ പ്രവർത്തനങ്ങൾ 37,000 ലധികം അധിനിവേശ ജീവിവർഗ്ഗങ്ങൾ ലോകമെമ്പാടും വ്യാപിക്കാൻ ഇടയാക്കിയതായി ചൂണ്ടിക്കാട്ടുന്നു.

ജൈവവൈവിധ്യവും മനുഷ്യ ക്ഷേമവും സംബന്ധിച്ച ദേശീയ ദൗത്യം രാജ്യത്തിന്റെ ജൈവവൈവിധ്യത്തെ സമഗ്രമായി രേഖപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ഒരു പദ്ധതിയാണ്. വിതരണവും സംരക്ഷണ നിലയും വിലയിരുത്തുമ്പോൾ ഇന്ത്യയിലെ എല്ലാ ജീവജാലങ്ങളെയും പട്ടികപ്പെടുത്തുന്നതിലും മാപ്പുചെയ്യുന്നതിലും ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ ദൗത്യം ഇന്ത്യയുടെ ജൈവവൈവിധ്യത്തെക്കുറിച്ചും മനുഷ്യ ക്ഷേമത്തിലേക്കുള്ള അതിന്റെ ബന്ധത്തെക്കുറിച്ചും ആഴത്തിലുള്ള ധാരണ നൽകാനും വിവരാധിഷ്ഠിതമായ സംരക്ഷണ ശ്രമങ്ങളും പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര ഉപയോഗവും ഉറപ്പാക്കാനും സാധിക്കുന്നു. പ്രാദേശിക വിഭാഗങ്ങളുമായുള്ള സമ്പർക്കം, ആനുകൂല്യം പങ്കിടൽ, ജൈവ വിഭവങ്ങളുടെ സംരക്ഷണം എന്നിവയുടെ വ്യാപ്തി വിപുലീകരിക്കുക എന്ന ലക്ഷ്യത്തോടെ 2002- ലെ ജൈവ വൈവിധ്യ നിയമം 2023 ൽ ഭേദഗതി ചെയ്യുകയുണ്ടായി. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സമ്പന്നമായ പ്രകൃതി പൈതൃകം സംരക്ഷിക്കുന്നതിനുള്ള പ്രതിബദ്ധതയിലെ സുപ്രധാന നാഴികക്കല്ലാണിത്. ഉയർന്നുവരുന്ന ദേശീയ അന്തർദേശീയ സംഭവവികാസങ്ങൾ കണക്കിലെടുത്താണ് സംസ്ഥാന ജൈവവൈവിധ്യ തന്ത്രങ്ങളും പ്രവർത്തന പദ്ധതിയും (2022-32 ) രൂപീകരിച്ചിട്ടുള്ളത്.

2002-ലെ ദേശീയ ജൈവവൈവിധ്യ നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി, 2004-ൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കെ.എസ്.ബി.ബി) സ്ഥാപിക്കുകയും അനുബന്ധ ജൈവവൈവിധ്യ നിയമങ്ങൾ പിന്നീട് രൂപപ്പെടുത്തുകയും ചെയ്തു. സംസ്ഥാനത്തിന്റെ കാർഷിക, സസ്യ, മത്സ്യ വൈവിധ്യങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പ്രതിജ്ഞാബദ്ധമാണ്.

**പട്ടിക 3.7.1** ജൈവവൈവിധ്യ പ്രൊഫൈൽ - കേരളം

| ജൈവവൈവിധ്യ സമ്പന്നമായ പ്രദേശങ്ങൾ | ഇന്ത്യ | കേരളം |
|---|---|---|
| ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകൾ | 4 (ഹിമാലയം, പശ്ചിമഘട്ടം, ഇൻഡോ ബർമ്മയുടെ വടക്കുകിഴക്കൻ ഭാഗം, നിക്കോബാർ ദ്വീപുകൾ) | പശ്ചിമഘട്ട മേഖല |
| കാർഷിക ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകൾ | 22 | മലബാർ മേഖല |
| പ്രകൃതി ലോക പൈതൃക സ്ഥലം -പശ്ചിമഘട്ടം | 7 പശ്ചിമഘട്ടം ഉൾപ്പെടെ 39 സീരിയൽ സൈറ്റുകൾ | 19 സീരിയൽ സൈറ്റുകൾ (അഗസ്ത്യമല പെരിയാർ, ആനമല, നീലഗിരി തലക്കാവേരി സബ് ക്ലസ്റ്ററുകൾ) |
| പ്രാദേശിക കേന്ദ്രങ്ങൾ | 3 മെഗാസെന്ററുകൾ (കിഴക്കൻ ഹിമാലയം, പശ്ചിമഘട്ടം, പശ്ചിമ ഹിമാലയം) | 3 (അഗസ്ത്യമല, ആനമല- ഹൈറേഞ്ചുകൾ, സൈലന്റ് വാലി- വയനാട്). |
| ആഗോള പ്രാധാന്യമുള്ള കാർഷിക പൈതൃക സംവിധാനങ്ങൾ | 10 | 1 (സമുദ്രനിരപ്പിന് താഴെയുള്ള കുട്ടനാട് കൃഷി) |
| യുനെസ്കോ ലോക ബയോസ്ഫിയർ റിസർവ് ശൃംഖല | 10 | 1 (അഗസ്ത്യമല ബയോസ്ഫിയർ റിസർവ്) |

***അവലംബം :*** കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, കേരള സർക്കാർ

**പട്ടിക 3.7.2** കേരളത്തിലെ സംരക്ഷിത ഏരിയ നെറ്റ്വർക്കുകൾ

| സംരക്ഷിത പ്രദേശങ്ങൾ | കേരളം |
|---|---|
| വന്യജീവി സങ്കേതങ്ങൾ | 17 |
| ദേശീയ പാർക്കുകൾ | 5 |
| ബയോസ്ഫിയർ റിസർവുകൾ | 2 (അഗസ്ത്യമല, നീലഗിരി ബയോസ്ഫിയർ റിസർവ്) |
| കമ്മ്യൂണിറ്റി റിസർവുകൾ | 1 (കടലുണ്ടി- വള്ളിക്കുന്ന്) |
| കടുവ സംരക്ഷണ കേന്ദ്രങ്ങൾ | 2 (പെരിയാർ, പറമ്പിക്കുളം) |
| ആന സംരക്ഷണ കേന്ദ്രങ്ങൾ | 4 (വയനാട്, നിലമ്പൂർ, ആനമുടി, പെരിയാർ) |
| റാംസർ സൈറ്റുകൾ | 3 (അഷ്ടമുടി തണ്ണീർത്തടങ്ങൾ, ശാസ്താംകോട്ട, വേമ്പനാട്-കോൾ തണ്ണീർത്തടങ്ങൾ) |
| പ്രധാന പക്ഷി പ്രദേശങ്ങൾ | 33 |
| ദേശീയ തണ്ണീർത്തട സംരക്ഷണ പരിപാടിക്ക് കീഴിലുള്ള തണ്ണീർത്തടങ്ങൾ | 5 (അഷ്ടമുടി, ശാസ്താംകോട്ട, കോട്ടൂളി, കടലുണ്ടി, വേമ്പനാട് കോൾ) |
| ഔഷധ സസ്യ സംരക്ഷണ മേഖലകൾ | 7 (അതിരപ്പള്ളി, ഇരവികുളം, വയനാട്, കുളമാവ്, പീച്ചി, സൈലന്റ് വാലി ത്രിവേണി) |

***അവലംബം :*** കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, കേരള സർക്കാർ

**2023–24 ൽ ജൈവവൈവിധ്യ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്.**

1. **ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളുടെ ശാക്തീകരണം (ബിഎംസികൾ):** 2023-24 കാലഘട്ടത്തിൽ, 1,200 തദ്ദേശ സ്ഥാപനങ്ങളിൽ (941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, 6 മുനിസിപ്പൽ കോർപ്പറേഷനുകൾ) ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (ബിഎംസി കൾ) സ്ഥാപിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായിരുന്നു പ്രാഥമിക പരിഗണന നൽകിയിരുന്നത്. ഈ പദ്ധതിയുടെ ഭാഗമായി, ജൈവവൈവിധ്യ സംരക്ഷണ പരിപാടികൾ ഏറ്റെടുക്കാൻ തിരഞ്ഞെടുത്ത ബിഎംസികൾക്ക് സാമ്പത്തികമായും സാങ്കേതികമായും സഹായം നൽകി. ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ നിരീക്ഷിക്കുന്നതിനും പ്രാദേശിക ആസൂത്രണ പ്രക്രിയയിൽ കർമ്മ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനുമുള്ള ലക്ഷ്യത്തോടെ വിവിധ തദ്ദേശസ്ഥാപനങ്ങളിലുടനീളം ആകെ 335 ബിഎംസി യോഗങ്ങൾ ഈ കാലയളവിൽ നടന്നു. 227 ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളിൽ (ബിഎംസികൾ) പീപ്പിൾ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ (പിബിആർ) അപ്ഡേറ്റ് ചെയ്യുന്നതിനും പരിശോധിക്കുന്നതിനുമായി സമഗ്രമായ ഒരു ക്യാമ്പയിൻ നടത്തി. ഇക്കാലയളവിൽ, ശാസ്താംകോട്ട തടാകം, അഷ്ടമുടി തണ്ണീർത്തടം, വേമ്പനാട്-കോൾ തണ്ണീർത്തടം എന്നിങ്ങനെ മൂന്ന് റാംസർ സൈറ്റുകൾ/തദ്ദേശ സ്ഥാപനങ്ങളിൽ മൂന്ന് പീപ്പിൾ ബയോഡൈവേഴ്സിറ്റി രജിസ്റ്ററുകൾ (പിബിആർ) പുതുക്കുകയും ചെയ്തിട്ടുണ്ട്.
2. **റിസർച്ച്/ആക്സസ് ആൻഡ് ബെനിഫിറ്റ് ഷെയറിംഗ് (എബിഎസ്) മെക്കാനിസം:** ജൈവ വിഭവങ്ങൾ സംരക്ഷിക്കുന്നതിനും അവയുടെ സുസ്ഥിരമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക സമൂഹങ്ങളുടെ സാമ്പത്തിക വികസനത്തിന് സംഭാവന നൽകുന്നതിനും ആക്സസ് ആൻഡ്

**ബോക്സ് 3.7.2** പ്രത്യേക ഉദ്യമങ്ങൾ

**(i) യൂത്ത് ഐഡിയേഷൻ ചലഞ്ച്**
വന വൈവിധ്യം, കാർഷിക-ജൈവവൈവിധ്യം, അക്വാട്ടിക് ബയോഡൈവേഴ്സിറ്റി എന്നീ മേഖലകളിലെ പ്രധാന വെല്ലുവിളികൾക്ക് നൂതനമായ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിന് കോളേജ് വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും പൊതുജനങ്ങൾക്കും പ്ലാറ്റ്ഫോം പ്രദാനം ചെയ്യുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ, പുതിയ ആശയങ്ങളും വിഷയങ്ങളും ക്ഷണിക്കുകയും 86 അപേക്ഷകൾ ലഭിക്കുകയും ചെയ്തു. ഇതിൽ 30 അപേക്ഷകൾ രണ്ടാം ഘട്ടത്തിലേക്ക് ഷോർട്ട്ലിസ്റ്റ് ചെയ്യുകയും 20 അപേക്ഷകർ വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവസാനപാദത്തിൽ എത്തിയ ഈ 20 പേരെ അന്തിമ അവതരണങ്ങൾക്കായി ക്ഷണിക്കുകയും വിജയികളുടെ പട്ടിക ജൈവവൈവിധ്യ ബോർഡ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ബയോഡൈവേഴ്സിറ്റി ഐഡിയേഷൻ ചലഞ്ച് 2023 വിജയികൾക്ക് ഒന്നാം സ്ഥാനത്തിന് 25,000/- രൂപയും, രണ്ടാം സ്ഥാനത്തിന് 15,000/- രൂപയും, മൂന്നാം സ്ഥാനത്തിന് 10,000/- രൂപയും കൂടാതെ, ഓരോ വിഭാഗത്തിലെയും വിജയികൾക്ക് (കാർഷിക-ജൈവവൈവിധ്യം, വനജൈവവൈവിധ്യം, അക്വാട്ടിക് ബയോഡൈവേഴ്സിറ്റി) മെമന്റോയും മെറിറ്റ് സർട്ടിഫിക്കറ്റും നൽകും.

**(ii) സ്കൂളുകളിലും കോളേജുകളിലും ഹരിത ഓഡിറ്റിംഗ്**
ഹരിത ഓഡിറ്റിംഗ് എന്നത് ഒരു കൃത്യവും ക്രമബദ്ധവുമായ പ്രക്രിയയായി കണക്കാക്കപ്പെടുന്നു. ഇത് ഒരു സ്ഥാപനത്തിന്റെ പരിസ്ഥിതി പ്രവർത്തനക്ഷമതയെ സമഗ്രമായി വിലയിരുത്തുകയും പരിസ്ഥിതി ചട്ടങ്ങൾ പാലിക്കുന്നതിൽ അതിന്റെ അനുശാസനങ്ങളെ അവലോകനം ചെയ്യുകയും സ്ഥിരതയുള്ള സമീപനങ്ങളോട് അവയുടെ പ്രതിബദ്ധതയെ പരിശോധിക്കുകയും ചെയ്യുന്ന ഒരു പ്രക്രിയ കൂടിയാണിത്. വ്യവസായങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനും സുതാര്യത വളർത്തുന്നതിനും സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിനും ഇത് സഹായിക്കുന്നു. ജൈവ വൈവിധ്യ ആഡിറ്റ്, ഊർജ്ജ ആഡിറ്റ്, മാലിന്യ സംസ്കരണ ആഡിറ്റ്, ജല ആഡിറ്റ്, കാർബൺ ആഡിറ്റ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തിരുവനന്തപുരം ജില്ലയിലെ 12 സ്കൂളുകളിൽ ഹരിത ആഡിറ്റ് നടത്തി. സ്കൂളുകളിൽ ഹരിത ആഡിറ്റ് പഠനം നടത്തുന്നത് നമ്മുടെ സംസ്ഥാനത്ത് ആദ്യമായിട്ടാണ്.

2023 ഓഗസ്റ്റ് 3-5 തീയതികളിൽ പാലക്കാട് ചിറ്റൂർ ഗവൺമെന്റ് കോളേജിൽ 'ഹരിത കാമ്പസ് ഓഡിറ്റ്' നടത്തി. ഇതാദ്യമായാണ് ജൈവവൈവിധ്യ ബോർഡ് ഒരു കോളേജുമായി ചേർന്ന് ഹരിത ഓഡിറ്റ് ചെയ്യുന്നത്. കാമ്പസിലെ കാർബൺ വേർതിരിക്കൽ, മാലിന്യ സംസ്കരണം, ജലത്തിന്റെ ഗുണനിലവാരം, ജൈവ വൈവിധ്യം, ഊർജ ഓഡിറ്റുകൾ തുടങ്ങി വിവിധ വശങ്ങൾ ഓഡിറ്റ് സംഘം ഓഡിറ്റ് ചെയ്തു.

**(iii) ആവാസതീരം**
തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിലെ കഠിനംകുളം, മംഗലപുരം, അഴൂർ, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തുകളിലെ കായലുകളുടെ തീരത്തുള്ള കണ്ടൽ വനവൽക്കരണവും പരിപാലനവുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഈ പ്രദേശത്ത് ആകെ 75,000 വൃക്ഷത്തൈകൾ നട്ടു. ആകെ അനുവദിച്ച തുക 5 ലക്ഷം രൂപ മാത്രമാണ്.

***അവലംബം:*** കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, കേരള സർക്കാർ

ബെനിഫിറ്റ് ഷെയറിംഗിന് (എ.ബി.എസ്) നിർണായക പങ്കുണ്ട്. ഇതിനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പ്രാദേശിക ജൈവവൈവിധ്യ തന്ത്രവും പ്രവർത്തന പദ്ധതികളും (എൽബിഎസ്എപി) തയ്യാറാക്കുന്നതിനുള്ള പരിശീലനവും പിന്തുണയും തിരഞ്ഞെടുത്ത ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾക്ക് (ബിഎംസി കൾ) നൽകി. കേരളത്തിലെ പ്രധാന നദികളിലെ പ്രാദേശിക ഉൾനാടൻ മത്സ്യ വൈവിധ്യത്തിന്റെ എണ്ണം ഗണ്യമായി കുറഞ്ഞു വരികയും, അവയിൽ പലതും വംശനാശത്തിന്റെ വക്കിലുമാണ്. ഈ സാഹചര്യത്തിൽ, മൺസൂൺ ഫ്ളഡ്പ്ലെയ്ൻ ഫിഷറി (എംഎഫ്എഫ്) സമയത്ത് ദേശാടനം ചെയ്യുന്ന മത്സ്യങ്ങളെ സംരക്ഷിക്കാനും അതുവഴി നദികളിലും അതിന്റെ പോഷകനദികളിലും അനുബന്ധ ജലാശയങ്ങളിലും അവയുടെ എണ്ണം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടുള്ള പദ്ധതി 2023-24 കാലയളവിൽ ജൈവവൈവിധ്യ ബോർഡ് നടപ്പാക്കി. പ്രധാന നദികളുടെ സാന്നിധ്യമുള്ള (പമ്പ, മീനച്ചിൽ, മൂവാറ്റുപുഴ, ചാലക്കുടി നദികൾ എന്നിവയുൾപ്പെടെ) പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ അഞ്ച് ജില്ലകളിലാണ് പദ്ധതി നടപ്പാക്കിയത്. ബയോഡൈവേഴ്സിറ്റി ഹെറിറ്റേജ് സൈറ്റായ കൊല്ലം ആശ്രമത്തിലെ ചിത്രശലഭ ഗാർഡൻ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി. "കേരളത്തിലെ തണ്ണീർത്തടങ്ങളിലെ അധിനിവേശ നിംഫിയ സ്പീഷീസുകളുടെ സുസ്ഥിര നിയന്ത്രണത്തിനായി പാരിസ്ഥിതിക ആഘാതവും മൂല്യവർദ്ധന വിലയിരുത്തലും" എന്ന രണ്ട് വർഷത്തെ പ്രോജക്ടിലൂടെ ജൈവവൈവിധ്യ ബോർഡ് അതിന്റെ പാരിസ്ഥിതിക ആഘാതങ്ങൾ വിലയിരുത്തുന്നതിനും ഫൈറ്റോകെമിക്കൽ പ്രൊഫൈലിങ്ങിനും പര്യവേക്ഷണത്തിലൂടെ അവയെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ കണ്ടെത്തുന്നതിനും ജീവനോപാധി വർധിപ്പിക്കുന്നതിന് അവ ഉപയോഗിക്കാനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചു. 2023-24 കാലയളവിൽ, ജൈവവൈവിധ്യത്തിന്റെ വിവിധ വശങ്ങളിൽ ഗവേഷണം നടത്തുന്നതിന് ജൈവവൈവിധ്യ ബോർഡ് മൂന്ന് ഗവേഷകർക്ക് സാമ്പത്തിക സഹായം നൽകി, കൂടാതെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് അവരുടെ പാഠ്യപദ്ധതിയുടെ ഭാഗമായി പ്രായോഗിക പഠന ഫലങ്ങൾ നേടുന്നതിന്

ഇന്റേൺഷിപ് പദ്ധതിയും നടപ്പിലാക്കി വരുന്നു. റെഡ് ലിസ്റ്റിൽ വംശനാശഭീഷണി നേരിടുന്ന സസ്യജാലങ്ങളുടെ സംരക്ഷണത്തിനായി ജൈവവൈവിധ്യ ബോർഡ് 11 സ്ഥാപനങ്ങളെ തെരഞ്ഞെടുത്തു. മനുഷ്യനിർമിത വനം സൃഷ്ടിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കാലക്രമേണ സ്വാഭാവിക പിന്തുടർച്ച പ്രക്രിയയിലൂടെ ഇത് വികസിക്കുകയും ചെയ്യും.

3. **ജൈവവൈവിധ്യ അവബോധവും വിദ്യാഭ്യാസവും:** 2023-24 കാലയളവിൽ സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും 228 പുതിയ ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിക്കുകയും ജൈവവൈവിധ്യ ബോർഡിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനം, ലോക പരിസ്ഥിതി ദിനം തുടങ്ങിയ സുപ്രധാന അനുസ്മരണ ദിനങ്ങൾ ഈ കാലയളവിൽ ആചരിക്കുകയുണ്ടായി. വിവിധ വിഭാഗങ്ങളിലായി ജൈവവൈവിധ്യ പുരസ്കാരങ്ങൾ ഈ കാലയളവിൽ വിതരണം ചെയ്തു. കൊല്ലം എസ്എൻ കോളേജിലെ ബയോഡൈവേഴ്സിറ്റി ക്ലബ്ബുകളിലെ വിദ്യാർത്ഥികൾക്കും അധ്യാപക കോ-ഓർഡിനേറ്റർമാർക്കുമായി "ടെറേറിയം നിർമ്മാണം" എന്ന വിഷയത്തിൽ ജൈവവൈവിധ്യ ബോർഡ് സംസ്ഥാനതല ഉപജീവന വർദ്ധന പരിപാടി സംഘടിപ്പിച്ചു.

ആഗോളതാപനം മൂലം കേരളം ഗുരുതരമായ വെല്ലുവിളികൾ നേരിടുകയാണ്. ഇത് പലതരം സസ്യജാലങ്ങളുടെ വളർച്ചയിലും പുനരുജ്ജീവന ശേഷിയിലും മാറ്റങ്ങൾ വരുത്തുകയും ജൈവവൈവിധ്യത്തിന്റെ ഗണ്യമായ നഷ്ടത്തിന് കാരണമാവുകയും ചെയ്യും, ഇത് ഉഷ്ണമേഖലാ നിത്യഹരിത വനങ്ങൾ, ഷോളകൾ, കണ്ടൽക്കാടുകൾ എന്നിവയുടെ അതിരുകൾ മാറ്റുന്നതിലേക്ക് നയിക്കുന്നു. മാറിയ കാലാവസ്ഥാ രീതികൾ ആവാസവ്യവസ്ഥയെ തടസ്സപ്പെടുത്തുകയും ജീവജാലങ്ങൾക്ക് ഭീഷണിയാവുകയും കാർഷിക രീതികളെ ബാധിക്കുകയും ആത്യന്തികമായി പ്രാദേശിക ഉപജീവനത്തെ ബാധിക്കുകയും ചെയ്യും. മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാ സാഹചര്യത്തിൽ, കാട്ടുതീയുടെ തീവ്രത, സസ്യജന്തുജാലങ്ങളുടെ അപകട സാധ്യതയും വംശനാശവും, സമുദ്ര ആവാസവ്യവസ്ഥയിലെ പരമ്പരാഗത മത്സ്യ ഇനങ്ങളുടെ തിരോധാനം, കണ്ടൽക്കാടുകളുടെ ആവാസവ്യവസ്ഥയിലെ കുറവ്, മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ വർദ്ധനവ് തുടങ്ങി നിരവധി വെല്ലുവിളികൾ കേരളം അഭിമുഖീകരിക്കുന്നുണ്ട്.

പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും വൈവിധ്യമാർന്ന ജീവജാലങ്ങളുടെയും ആവാസവ്യവസ്ഥകളുടെയും നിലനിൽപ്പ് ഉറപ്പാക്കുന്നതിനും ജൈവവൈവിധ്യം സംരക്ഷിക്കുന്നത് നിർണായകമാണ്. സുസ്ഥിരമായ സമ്പ്രദായങ്ങൾ, സംരക്ഷണ ശ്രമങ്ങൾ, സജീവമായ സാമൂഹിക ഇടപഴകൽ എന്നിവയിലൂടെ ഇത് നേടാനാകും, ഇവയെല്ലാം ഭാവി തലമുറകൾക്കായി നമ്മുടെ ഭൂമിയുടെ സ്വാഭാവിക പൈതൃകം സംരക്ഷിക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നു.

### മലിനീകരണ നിയന്ത്രണം

മനുഷ്യന്റെ ആരോഗ്യത്തിനും ആവാസവ്യവസ്ഥയ്ക്കും കാലാവസ്ഥയ്ക്കും ഗുരുതരമായ അപകടസാധ്യതകൾ സൃഷ്ടിക്കുന്ന ആഗോള വെല്ലുവിളികളിലൊന്നാണ് മലിനീകരണം. ഇത് പരിസ്ഥിതിയെ മാത്രമല്ല, ഭൂമിയിലെ എല്ലാ ജീവജാലങ്ങളുടെയും ആരോഗ്യത്തെയും നിലനിൽപ്പിനെയും അപകടത്തിലാക്കുന്നു. വേൾഡ് മെറ്റീരിയോളജിക്കൽ ഓർഗനൈസേഷന്റെ "എയർ ക്വാളിറ്റി ആൻഡ് ക്ലൈമറ്റ് ബുള്ളറ്റിൻ 2023" ചൂണ്ടികാണിക്കുന്നത് ആഗോളതാപനം മാത്രമല്ല; തത്ഫലമായുണ്ടാകുന്ന മലിനീകരണത്തിന്റെ ആഘാതങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുന്നതും ഒരുപോലെ ദോഷകരമാണ്. 2025-ഓടെ ലോകമെമ്പാടുമുള്ള നഗരങ്ങൾ പ്രതിവർഷം 2.2 ബില്യൺ ടൺ മാലിന്യം ഉത്പാദിപ്പിക്കുമെന്ന് യുഎൻഇപിയുടെ “ബീറ്റ് പൊല്യൂഷൻ റിപ്പോർട്ട്” മുന്നറിയിപ്പ് നൽകുന്നു. ഇത് 2009-ൽ ഉൽപ്പാദിപ്പിച്ചതിന്റെ മൂന്നിരട്ടിയിലധികം ആയിരിക്കും. പാരിസ്ഥിതിക പ്രശ്നം പരിഹരിക്കുന്നത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനും അത്യന്താപേക്ഷിതമായ ഒരു പ്രവൃത്തിയാണ്.


ചൈനയും യുഎസിനും പുറമെ ലോകത്തിലെ മൂന്നാമത്തെ വലിയ ഹരിതഗൃഹ വാതക ഉല്പാദകരായ ഇന്ത്യ, ലോകത്തെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥകളിലൊന്നായാണ് അറിയപ്പെടുന്നത്. ആഗോള ഹരിതഗൃഹ വാതക ഉല്പാദനത്തിന്റെ ഏകദേശം ഏഴ് ശതമാനമാണ് ഇന്ത്യയിൽ ഉല്പാദിപ്പിക്കപ്പെടുന്നത്. സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റ് പ്രസിദ്ധീകരിച്ച സ്റ്റേറ്റ് ഓഫ് ഇന്ത്യയുടെ പരിസ്ഥിതി റിപ്പോർട്ട് 2023 പ്രകാരം, വായു മലിനീകരണം മൂലം നഷ്ടപ്പെടുന്ന ഇന്ത്യയിലെ ശരാശരി ആയുസ്സ് നാല് വർഷവും 11 മാസവുമാണ്. രാജ്യത്ത് 30,000-ലധികം ജലസ്രോതസ്സുകൾ കൈയേറിയിട്ടുണ്ടെന്നും, ഇന്ത്യ പ്രതിദിനം 1.5 ലക്ഷം ടൺ മുനിസിപ്പൽ ഖരമാലിന്യം (എംഎസ്ഡബ്ല്യു) ഉത്പാദിപ്പിക്കുന്നുണ്ടെന്നും, അതിൽ പകുതിയിലേറെയും മണ്ണിനടിയിൽ മൂടുകയോ അലക്ഷ്യമായി ഉപേക്ഷിക്കുകയോ ആണ് ചെയ്യുന്നതെന്നും പ്രസ്തുത റിപ്പോർട്ട് സൂചിപ്പിക്കുന്നു.

കേന്ദ്ര ഗവൺമെന്റ് നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി വായു, ജലം, പരിസ്ഥിതി എന്നിവ സംരക്ഷിക്കുന്നതിനും സംസ്ഥാനത്തിലെ മലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നിയമപരമായ അതോറിറ്റി ആണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് . മാനുവൽ, ഡിജിറ്റൽ രീതികൾ ഉപയോഗിച്ച് സംസ്ഥാനത്തുടനീളമുള്ള അന്തരീക്ഷ വായുവിന്റെയും വെള്ളത്തിന്റെയും ഗുണനിലവാരം ബോർഡ് നിരീക്ഷിക്കുന്നു. അടിസ്ഥാന സൗകര്യ നവീകരണങ്ങൾ, പൊതുജന ബോധവൽക്കരണ സംരംഭങ്ങൾ, പരിസ്ഥിതി നിരീക്ഷണവും മാനേജ്മെന്റും, ശേഷി വർദ്ധിപ്പിക്കൽ എന്നിവയും വാർഷിക പദ്ധതികളിലൂടെ നടപ്പിലാക്കുന്ന പ്രധാന ഘടകങ്ങളാണ്.

### 2023–24 ലെ പ്രധാന നേട്ടങ്ങൾ


2023-24ൽ, വ്യാവസായിക, വ്യാവസായിക ഇതര യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉചിതമായ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് ഉറപ്പാക്കികൊണ്ട് 35,970 സമ്മതപത്രങ്ങൾ നൽകുകയുണ്ടായി.

**ചിത്രം 3.7.1** കേരളത്തിലെ റെസിഡൻഷ്യൽ ഏരിയകളിലെ പ്രധാന നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2023





***അവലംബം:*** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2024

**ചിത്രം 3.7.2** കേരളത്തിലെ സെൻസിറ്റീവ് ഏരിയകളിലെ മൂന്ന് പ്രധാന നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ 2023




***അവലംബം:*** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2024

**ചിത്രം 3.7.3** കേരളത്തിലെ വ്യാവസായിക മേഖലകളിലെ പ്രധാന നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ 2023





***അവലംബം:*** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2024

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാനത്തുടനീളമുള്ള 39 മാനുവൽ സ്റ്റേഷനുകളിലൂടെ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നു, ഇതിൽ 33 സ്റ്റേഷനുകൾ നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന് (എൻഎഎംപി) കീഴിൽ വരുന്നു. 2023-ൽ കേരളത്തിലെ റെസിഡൻഷ്യൽ ഏരിയകളിലെയും സെൻസിറ്റീവ് ഏരിയകളിലെയും വ്യാവസായിക മേഖലകളിലെയും പ്രധാന നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ ശരാശരി മൂല്യങ്ങൾ യഥാക്രമം **ചിത്രം 3.7.1, 3.7.2, 3.7.3** എന്നിവയിൽ കാണിച്ചിരിക്കുന്നു.

നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിനും (211 എൻഡബ്ല്യൂഎംബി) സംസ്ഥാന വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിനും (152 എസ്ഡബ്ല്യൂഎംബി) കീഴിൽ 363 വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകൾ സംസ്ഥാനത്ത് ഉണ്ട്. 44 നദികൾ (വലിയ, ഇടത്തരം, ചെറുകിട നദികൾ), ആറ് റിസർവോയറുകൾ, മൂന്ന് ശുദ്ധജല തടാകങ്ങൾ, ഏഴ് അഴിമുഖ തടാകങ്ങൾ, മൂന്ന് കനാലുകൾ, രണ്ട് കുളങ്ങൾ എന്നിങ്ങനെ 65 ജലാശയങ്ങൾ ഇതിനു കീഴിൽ വരുന്നുണ്ട്. ശബരിമല ഉത്സവ സീസണിൽ, നിരവധി പാരിസ്ഥിതിക ആശങ്കകൾ ഉയർന്നുവരുന്നു. ഇത് പ്രദേശത്തെ കുടിവെള്ളത്തിന്റെ ഗുണനിലവാരം തുടർച്ചയായി നിരീക്ഷിക്കാൻ പ്രേരിപ്പിക്കുന്നു. പെരിയാർ നദിയുടെ തീരത്ത്, പ്രത്യേകിച്ച് വ്യവസായ ഇടനാഴിയിൽ നിരീക്ഷണം ശക്തമാക്കുന്നതിന്റെ ഭാഗമായി നൈറ്റ് വിഷൻ ക്യാമറകൾ തീരത്ത് സ്ഥാപിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് അപകടകരമായ മാലിന്യങ്ങൾക്കായുള്ള പൊതു/ക്യാപ്റ്റീവ് ട്രീറ്റ്മെന്റ്, സ്റ്റോറേജ് ആൻഡ് ഡിസ്പോസൽ ഫെസിലിറ്റി (ടിഎസ്ഡിഎഫ്), ക്യാപ്റ്റീവ് ഇൻസിനറേറ്റർ എന്നിവയുടെ പരിസ്ഥിതി ഓഡിറ്റ്

**ചിത്രം 3.7.4** ബി.ഒ.ഡി ലെവലുകൾ 2022 ലും 2023 ലും തെരഞ്ഞെടുത്ത റിവർ സ്റ്റേഷനുകളിൽ




***അവലംബം:*** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2024

**ബോക്സ് 3.7.3. ഫീനിക്സ്**

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സമ്മത അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി "ഫീനിക്സ്" എന്ന പുതിയ കേന്ദ്രീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിച്ചെടുത്ത . വാട്ടർ ആക്ട്, എയർ ആക്ട്, എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് എന്നിവയ്ക്ക് കീഴിൽ അംഗീകാരത്തിനായുള്ള അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനും വിവിധ അനുബന്ധ നിയമങ്ങൾക്ക് കീഴിലുള്ള അംഗീകാരങ്ങളും രജിസ്ട്രേഷനുകളും കൈകാര്യം ചെയ്യുന്നതിനും ഈ പ്ലാറ്റ്ഫോം മലിനീകരണ നിയന്ത്രണ ബോർഡ് ഉപയോഗിക്കുന്നു. ഗവണ്മെന്റിന്റെ ഐടി നയത്തിന് അനുസൃതമായി ഓൺലൈൻ ഫീസ് പേയ്മെന്റുകൾ, പരാതികളുടെ ഇ-ഫയലിംഗ്, ആനുകാലിക റിട്ടേണുകളും റിപ്പോർട്ടുകളും സമർപ്പിക്കൽ, ട്രാക്ക്ചെയ്യാനുള്ള ഡാഷ്ബോർഡ്, ക്ലിയറൻസുകളുടെ മൂന്നാം കക്ഷി പരിശോധന എന്നിവയ്ക്കുള്ള സവിശേഷതകളും ഈ സംവിധാനത്തിൽ ഉൾപ്പെടുന്നു. കെ-സ്വിഫ്റ്റുമായി ഫീനിക്സ് സോഫ്റ്റ്‌വെയറിന്റെ സംയോജനം പൂർത്തിയാക്കി. കൂടാതെ, ഹസാഡ് വേസ്റ്റ് മാനിഫെസ്റ്റോയും വാർഷിക റിട്ടേണുകളും സമർപ്പിക്കുന്നതിനുള്ള ഒരു പുതിയ മൊഡ്യൂൾ ഫീനിക്സ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

***അവലംബം:*** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2024

**ബോക്സ് 3.7.4** മലിനമായ നദികളുടെ പുനരുദ്ധാരണം

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ (സിപിസിബി) പഠനത്തിന്റെ അടിസ്ഥാനത്തിൽ, 2018-ൽ ഇന്ത്യയിൽ കണ്ടെത്തിയ 351 മലിനമായ നദീതടങ്ങളിൽ കേരളത്തിലെ 21 നദീതടങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. മുൻഗണന I ൽ കഠിനമായി മലിനീകരിക്കപ്പെട്ടതും മുൻഗണന V ൽ മലിനീകരണം ഏറ്റവും കുറഞ്ഞതുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മലിനീകരണ തോത് കുറയുന്നതിന്റെ അടിസ്ഥാനത്തിൽ മുൻഗണന I ൽ നിന്ന് മുൻഗണന V ലേക്ക് വിഭാഗങ്ങൾ മാറ്റപ്പെടുന്നു. തിരുവനന്തപുരം ജില്ലയിലെ കരമന നദിയുടെ മേലേകടവ് മുതൽ തിരുവല്ലം വരെയുള്ള ഭാഗം 2018 ൽ മുൻഗണന ഒന്നാം വിഭാഗത്തിൽ ആയിരുന്നു. 2018 ലെ സംസ്ഥാനത്തെ മലിനമായ നദികളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:-

| സീരിയൽ നമ്പർ | നദി പ്രദേശം | ജില്ല | മുൻഗണന |
|---|---|---|---|
| 1 | കരമന മേലേക്കടവ് മുതൽ തിരുവല്ല വരെ | തിരുവനന്തപുരം | I |
| 2 | ഭാരതപ്പുഴ പട്ടാമ്പി പ്രദേശം | പാലക്കാട് | IV |
| 3 | കടമ്പ്രയ മാക്കക്കടവ് മുതൽ ബ്രഹ്മപുരം വരെ | എറണാകുളം | IV |
| 4 | കീച്ചേരി പുളിയന്നൂർ മുതൽ കീച്ചേരി വരെ | തൃശ്ശൂർ | IV |
| 5 | മണിമല കല്ലൂപ്പാറ മുതൽ തോണ്ടര വരെ | ആലപ്പുഴ | IV |
| 6 | പമ്പ മന്നാർ മുതൽ തകഴി വരെ | പത്തനംതിട്ട | IV |
| 7 | ഭവാനി എളച്ചിവഴി പ്രദേശം | പാലക്കാട് | V |
| 8 | ചിത്രപ്പുഴ ഇരുമ്പാനം മുതൽ കരിങ്കച്ചിറ വരെ | എറണാകുളം | V |
| 9 | കടലുണ്ടി ഹാജിരപ്പള്ളി പ്രദേശം | മലപ്പുറം | V |
| 10 | കല്ലായി തെക്കേപ്പുറം മുതൽ അറക്കിണർ വരെ | കോഴിക്കോട് | V |
| 11 | കരുവന്നൂർ കരുവന്നൂർ പ്രദേശം | തൃശ്ശൂർ | V |
| 12 | കവ്വായി കവ്വായി പ്രദേശം | കണ്ണൂർ | V |
| 13 | കുപ്പം തളിപ്പറമ്പ് മുതൽ വെളിച്ചാങ്ങോൾ വരെ | കണ്ണൂർ | V |
| 14 | കുറ്റിയാടി കുറ്റിയാടി പ്രദേശം | കോഴിക്കോട് | V |
| 15 | മൊഗ്രാൽ മൊഗ്രാൽ പ്രദേശം | കാസർഗോഡ് | V |
| 16 | പെരിയാർ ആലുവ/ഇല്ലൂർ മുതൽ കളമശ്ശേരി വരെ | എറണാകുളം | V |
| 17 | പെരുവമ്പ പെരുവമ്പ പ്രദേശം | കണ്ണൂർ | V |
| 18 | പുഴക്കൽ ഓളരിക്കര മുതൽ പുഴക്കൽ വരെ | തൃശ്ശൂർ | V |
| 19 | രാമപുരം - രാമപുരം പ്രദേശം | കണ്ണൂർ | V |
| 20 | തിരൂർ നടുവിലങ്ങാടി മുതൽ തലക്കടത്തൂർ വരെ | മലപ്പുറം | V |
| 21 | ഉപ്പള പൊയ്യ മുതൽ മുളിഞ്ഞ വരെ | കാസർഗോഡ് | V |

എന്നിരുന്നാലും, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, ഭൂഗർഭജല വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, വ്യവസായ വകുപ്പ് എന്നിവയുടെ പിന്തുണയോടെ ജലാശയങ്ങളിലെ ജലമലിനീകരണത്തിന്റെ തോത് നിയന്ത്രിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കർമ്മ പദ്ധതി ആവിഷ്കരിച്ചു. ജലസ്രോതസ്സുകളുടെ മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നിരന്തര ശ്രമങ്ങളുടെ ഫലമായി നദികളിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെട്ടു.

ജലത്തിന്റെ ഗുണനിലവാരം പുനഃസ്ഥാപിക്കുന്നതിനായി 2022 ൽ മലിനമായ നദീതടങ്ങളെക്കുറിച്ചുള്ള സിപിസിബി റിപ്പോർട്ട് പ്രകാരം, 11 നദികൾ മലിനമായ നദികളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടു. 8 പുതിയ നദീതീരങ്ങൾ പുതുതായി ചേർത്തു, എന്നാൽ ഇവ ഏറ്റവും കുറഞ്ഞ മുൻഗണനാ തലത്തിലാണ് (മുൻഗണന V). ആകെ മലിനമായ നദികളുടെ എണ്ണം 18 ആയി കുറഞ്ഞു. കരമന നദിയുടെ പ്രദേശം (മുൻഗണന ഒന്നിൽ നിന്നും മൂന്നിലേക്ക് മാറി), കടമ്പ്രയാർ (നാലിൽ നിന്നും അഞ്ചിലേക്ക് മാറി), മണിമല (നാലിൽ നിന്നും അഞ്ചിലേക്ക് മാറി) എന്നിവ കുറഞ്ഞ മുൻഗണനയിലേക്ക് മാറ്റി, 2 നദികൾ മുൻഗണന IV ൽ ചേർത്തു. 6 നദികൾ മുൻഗണന അഞ്ചിലേക്ക് മാറുകയുണ്ടായി. പുതിയ പട്ടിക പ്രകാരം മുൻഗണന I, II എന്നിവയിൽ കേരളത്തിലെ യാതൊരു നദികളും ഉൾപ്പെട്ടിട്ടില്ല. 2022 ൽ സംസ്ഥാനത്തെ മലിനമായ നദികളുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു:-

| സീരിയൽ നമ്പർ | നദി പ്രദേശം | ജില്ല | മുൻഗണന |
|---|---|---|---|
| 1 | കരമന ആരുവിക്കര മുതൽ മൂന്നാട്ടുമുക്ക് വരെ | തിരുവനന്തപുരം | I |
| 2 | നെയ്യാർ അരുവിപ്പുറം മുതൽ അമരവിള വരെ | തിരുവനന്തപുരം | IV |
| 3 | വാമനപുരം - വാമനപുരം പ്രദേശം | തിരുവനന്തപുരം | IV |
| 4 | ആയൂർ - ആയൂരിനടുത്ത് | പത്തനംതിട്ട | IV |
| 5 | മാമോം മാമോത്തിന് സമീപം | തിരുവനന്തപുരം | IV |
| 6 | പമ്പ പമ്പയും മണ്ണാറിനു സമീപം | പത്തനംതിട്ട | IV |
| 7 | മണിമല തൊണ്ടയിലൂടെ | പത്തനംതിട്ട | V |
| 8 | ചിത്രപ്പുഴ - ഇരുമ്പനത്തിലൂടെ | എറണാകുളം | V |
| 9 | കടമ്പ്രയാർ മഞ്ചക്കടവ് മുതൽ ബ്രഹ്മപുരം വരെ | എറണാകുളം | V |
| 10 | പെരിയാർ - ആലുവ-ഏലൂർ-കളമശ്ശേരി, പുരപ്പള്ളിക്കാവ് വഴി | എറണാകുളം | V |
| 11 | പെരിയാർ - ആലുവ-ഏലൂർ-കളമശ്ശേരി, പുരപ്പള്ളിക്കാവ് വഴി | എറണാകുളം | V |
| 12 | ചാലക്കുടി പുളിക്കടവിലൂടെ | തൃശ്ശൂർ | V |
| 13 | കല്പാത്തി പുഴ കല്പാത്തിയിലൂടെ | പാലക്കാട് | V |
| 14 | കോരയാർ കഞ്ചിക്കോട് വഴി | പാലക്കാട് | V |
| 15 | തിരൂർ തിരൂരിന് സമീപം | മലപ്പുറം | V |
| 16 | കടലുണ്ടി തിരുരങ്ങാടിയിലൂടെ | മലപ്പുറം | V |
| 17 | കല്ലായി കല്ലായിയുടെ സമീപം | കോഴിക്കോട് | V |
| 18 | പുല്ലൂർ പുല്ലൂരിന് സമീപം | കാസറഗോഡ് | V |

നദീതീരങ്ങളിലെ ജലത്തിന്റെ ഗുണനിലവാരം അടിസ്ഥാനമാക്കി, 18 നദീതീരങ്ങളിൽ അയിരൂർ, ചാലക്കുടി, കൽപ്പാത്തിപ്പുഴ, കോരയാർ, നെയ്യാർ, പുല്ലൂർ, തിരൂർ എന്നീ 7 നദീതീരങ്ങളെ ഒഴിവാക്കുന്നതിനു സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

നടത്തുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ആരംഭിച്ചിട്ടുണ്ട്.

കേരള ആന്റിമൈക്രോബയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ആരംഭിച്ചു. ഈ ശ്രമത്തിന്റെ ഭാഗമായി, ബോർഡ് 2023 ഓഗസ്റ്റ് 25-ന് എറണാകുളത്തെ സെൻട്രൽ ലബോറട്ടറിയിൽ സംസ്ഥാനതല ആന്റി-മൈക്രോബയൽ റെസിഡ്യൂ മോണിറ്ററിംഗ് ലബോറട്ടറി സ്ഥാപിച്ചു. ആന്റിമൈക്രോബയൽ പ്രതിരോധവും ആൻറിബയോട്ടിക് അവശിഷ്ടങ്ങളും നിരീക്ഷിക്കുന്നതിനാണ് ഈ ലബോറട്ടറി സ്ഥാപിച്ചിരിക്കുന്നത്.

ജലത്തിന്റെ ഗുണനിലവാരം, വായു ഗുണനിലവാരം, വ്യാവസായിക, വ്യാവസായിക ഇതര യൂണിറ്റുകൾ, വിവിധ തരം മാലിന്യ സംസ്കരണ സൗകര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നതും മലിനീകരണ വിലയിരുത്തലിനും നിരീക്ഷണത്തിനുമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഒരു സംയോജിത വെബ് പോർട്ടൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. വെബ് പോർട്ടലിലെ ഏകീകൃത ഡാഷ്ബോർഡ് വായു, ജല ഗുണനിലവാര ഡാറ്റയുടെ നിരീക്ഷണം, വിലയിരുത്തൽ, റിപ്പോർട്ടിംഗ് എന്നിവ സാധ്യമാക്കുന്നു.

**ചിത്രം 3.7.4** കേരളത്തിലെ തെരഞ്ഞെടുത്ത നദി സ്റ്റേഷനുകളിലെ ബയോകെമിക്കൽ ഓക്സിജൻ ഡിമാൻഡ് (ബി.ഒ.ഡി) അളവ് ചിത്രീകരിക്കുന്നു. ജലത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ഒരു നിർണ്ണായക ഉപകരണമാണ് ബയോകെമിക്കൽ ഓക്സിജൻ ഡിമാൻഡ്. ജല ആവാസവ്യവസ്ഥയുടെയും മനുഷ്യന്റെ ആരോഗ്യത്തിന്റെയും സംരക്ഷണം ഉറപ്പാക്കാൻ ഇത് സഹായിക്കുന്നു. 2022 നെ അപേക്ഷിച്ച്, 2023 ൽ ഭാരതപ്പുഴ, പെരിയാർ, കടലുണ്ടി, ചാലക്കുടി, ചന്ദ്രഗിരി, കല്ലട എന്നിവിടങ്ങളിൽ ബിഒഡി നില ഉയർന്നതാണ്.

ഈ കാലയളവിൽ, ഗവൺമെന്റിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി – കെ -സ്വിഫ്റ്റുമായുള്ള സേവനങ്ങളുടെ സംയോജനം പൂർത്തിയായി.

**പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിച്ച പ്രധാന പ്രവർത്തനങ്ങൾ**

പതിനാലാം പഞ്ചവത്സര പദ്ധതിക്ക് കീഴിൽ രൂപീകരിച്ച വിദഗ്ദ്ധ ഉപഗ്രൂപ്പ്, പാരിസ്ഥിതിക നിരീക്ഷണം, ജലം, വായു എന്നിവയുടെ ഗുണനിലവാരം വർദ്ധിപ്പിക്കൽ, ശബ്ദ നിരീക്ഷണ ശൃംഖലകൾ സ്ഥാപിക്കൽ, ഖരമാലിന്യ സംസ്കരണം, കോമൺ ബയോമെഡിക്കൽ വിപുലീകരണം എന്നിവ ഉൾപ്പെടെയുള്ള പരിസ്ഥിതി മാനേജ്മെന്റിന്റെ പ്രധാന മേഖലകൾ ശുപാർശ ചെയ്തിട്ടുണ്ട്. അതോടൊപ്പം മാലിന്യ സംസ്കരണ സൗകര്യങ്ങൾ, കൂടാതെ പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിലും തീരപരിപാലനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന മേഖലകളിൽ സംയോജിത തീരദേശ മാനേജ്മെന്റ്, ഗവേഷണവും വികസനവും, സംയോജിത തണ്ണീർത്തട മാനേജ്മെന്റ് എന്നിവ ഉൾപ്പെടുന്നു.

എല്ലാ ജില്ലാ ഓഫീസുകളിലെയും ലബോറട്ടറികൾ ഫിസിക്കൽ, കെമിക്കൽ, ബയോളജിക്കൽ ടെസ്റ്റുകൾക്കായി നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ് (എൻഎബിഎൽ) നിലവാരത്തിലേക്ക് ഉയർത്താൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പദ്ധതിയിട്ടിട്ടുണ്ട്. ലബോറട്ടറികളുടെ അപ്-ഗ്രേഡേഷൻ/ ആധുനികവൽക്കരണത്തിന്റെ ആത്യന്തിക ലക്ഷ്യം വിശകലന ഫലങ്ങളുടെ ഗുണനിലവാരവും കൃത്യതയും മെച്ചപ്പെടുത്തുക എന്നതാണ്. ജലസ്രോതസ്സുകളുടെ നിരീക്ഷണത്തിന് മുൻഗണന നൽകുന്നതിന്, തത്സമയ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം തുടർച്ചയായി നിരീക്ഷിക്കുന്നതിനായി ബോർഡ് രണ്ട് റിയൽ-ടൈം നോയ്സ് മോണിറ്ററിംഗ് സ്റ്റേഷനുകൾ (ആർടിഎൻഎംഎസ്) സ്ഥാപിച്ചിട്ടുണ്ട്. ഖരമാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഇതുവരെ 69 അംഗീകാരങ്ങൾ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതിക്ക് കീഴിൽ സ്ഥാപിതമായ പരിസ്ഥിതിയും ജൈവവൈവിധ്യവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ്, ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളുടെ (ബിഎംസി) നൈപുണ്യം വികേന്ദ്രീകരിക്കാനും വർദ്ധിപ്പിക്കാനും ശുപാർശ ചെയ്തിട്ടുണ്ട്. പ്രധാന ശുപാർശകളിൽ ആവാസവ്യവസ്ഥയുടെ സംരക്ഷണം, പുനരുജ്ജീവനം, മാനേജ്മെന്റ് എന്നിവ ഉൾപ്പെടുന്നു. അതോടൊപ്പം ഉപജീവനമാർഗം മെച്ചപ്പെടുത്തൽ, ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള ശാസ്ത്രീയ അടിത്തറ ശക്തിപ്പെടുത്തുക, ആശയവിനിമയം, വിദ്യാഭ്യാസം, ജൈവവൈവിധ്യത്തെക്കുറിച്ചുള്ള പൊതുജനസമ്പർക്കം എന്നിവയിലൂടെ അവബോധം വളർത്തുക, ആവശ്യമായ സാമ്പത്തിക, മാനുഷിക, സാങ്കേതിക വൈദഗ്ധ്യം എന്നിവയും ശുപാർശ ചെയ്യുന്നു.

**ഹരിതകേരളം മിഷൻ**

കൃഷി, ജലസംരക്ഷണം, മാലിന്യനിർമാർജനം, പരിസ്ഥിതിസംരക്ഷണം, കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള ദുരന്തനിവാരണം തുടങ്ങിയ പ്രധാന മേഖലകളിൽ പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ വികസനം വളർത്തുക എന്ന ലക്ഷ്യത്തോടെ നവകേരളം കർമ്മപദ്ധതി II നടപ്പാക്കുന്നതിന് കേരള സർക്കാർ നേതൃത്വം നൽകുന്ന നാല് വികസന ദൗത്യങ്ങളിൽ ഒന്നാണ് ഹരിതകേരളം മിഷൻ. സുസ്ഥിര വികസനം എന്ന വിശാലമായ ലക്ഷ്യവുമായി യോജിക്കുന്ന, വെള്ളം, വൃത്തി, വിളവ് എന്ന സവിശേഷ മുദ്രാവാക്യത്തിൽ തന്നെ മിഷന്റെ ലക്ഷ്യങ്ങൾ സുവ്യക്തമാണ്.

ഹരിതകേരള മിഷനു മൂന്ന് ഉപദൗത്യങ്ങളുണ്ട്, (i) ശുചിത്വവും മാലിന്യ സംസ്കരണവും, (ii) ജലസംരക്ഷണം (iii) കാർഷിക വികസനം. വലിയ തോതിലുള്ള ജനപങ്കാളിത്ത സമീപനം പ്രയോജനപ്പെടുത്തി, പ്രാദേശിക സർക്കാരുകളെയും വികസന വകുപ്പുകളെയും മറ്റ് ഏജൻസികളെയും ഏകോപിപ്പിച്ചും കേന്ദ്ര സംസ്ഥാന പദ്ധതികളെ സംയോജിപ്പിച്ചും സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതിനു ഹരിതകേരളം മിഷൻ ഊന്നൽ നൽകുന്നു. മാപ്പത്തോൺ പദ്ധതി, കാർബൺ ന്യൂട്രൽ പദ്ധതി, പച്ചത്തുരുത്ത് വനവൽക്കരണ പരിപാടി, നദികളുടെയും തോടുകളുടെയും പുനരുജ്ജീവന പദ്ധതികൾ, തണ്ണീർത്തട പുനരുദ്ധാരണം എന്നിവയാണ് ഹരിതകേരളം മിഷന്റെ പ്രധാന ഉദ്യമങ്ങൾ. ജലത്തിന്റെ ഗുണനിലവാര പരിശോധനാ സൗകര്യങ്ങൾക്കൊപ്പം വാട്ടർ ബജറ്റിങ്ങും മിഷൻ ഏറ്റെടുത്തിട്ടുണ്ട്. കേരളത്തിന്റെ ദീർഘകാല സുസ്ഥിരതയ്ക്ക് സംഭാവന നൽകുന്ന ഗ്രീൻ കാമ്പസ്, ഗ്രീൻ ലീഗൽ ലിറ്ററസി എന്നിവയാണ് മറ്റു ശ്രദ്ധേയമായ പദ്ധതികൾ.

**ശുചിത്വവും മാലിന്യ സംസ്കരണവും**

നിത്യജീവിതത്തിൽ പരിസ്ഥിതി സൗഹൃദ രീതികൾ സ്വീകരിക്കുന്നതിൽ മിഷൻ ഗണ്യമായ മുന്നേറ്റം നടത്തി. തൽഫലമായി, സംസ്ഥാനത്തെ ഭൂരിഭാഗം തദ്ദേശ ഭരണ സ്ഥാപനങ്ങളും 'ശുചിത്വ പദവി' നേടിയിട്ടുണ്ട്. മാലിന്യം ശേഖരിക്കുന്നതിലും വേർതിരിക്കുന്നതിലും ഹരിത കർമ്മ സേനയുടെ സ്വയം സഹായ സംഘങ്ങൾ (എസ്എച്ച്ജി) നിർണായക പങ്കുവഹിക്കുന്നു. ഹരിത നിയമ ബോധവൽക്കരണ ക്യാമ്പയിൻ പോലുള്ള സംരംഭങ്ങൾ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജന അവബോധം വളർത്തിയെടുത്തുവെന്നതാണ് ഏറ്റവും ശ്രദ്ധേയം.

മാലിന്യ സംസ്കരണ ശ്രമങ്ങളുടെ തുടർച്ചയായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള സ്കൂളുകൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് സമുച്ചയങ്ങൾ എന്നിവയെ മാതൃകാ ഹരിത സ്ഥാപനങ്ങളാക്കി മാറ്റാൻ മിഷൻ ആസൂത്രിതമായി പ്രവർത്തിക്കുന്നു. 2024 ഓഗസ്റ്റ് 31 വരെയുള്ള കണക്കുകൾപ്രകാരം സംസ്ഥാനത്തുടനീളം 1,233 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (എംസിഎഫ്) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, നിലവിൽ 19,112 മിനി എംസിഎഫുകളും 197 പ്രവർത്തനക്ഷമമായ റിസോഴ്സ് റിക്കവറി സൗകര്യങ്ങളുണ്ട് (ആർ.ആർ.എഫ്).

**ബോക്സ് 3.7.5** കാർഷിക സംരംഭങ്ങൾ

കൃഷി വകുപ്പിന്റെ പിന്തുണയോടെ ഒരു ഗ്രാമപഞ്ചായത്തിലെ തരിശുനിലങ്ങൾ ഉൾപ്പെടെ കൃഷിയോഗ്യമായ മുഴുവൻ ഭൂമിയിലും ഏതെങ്കിലും അനുയോജ്യമായ വിള കൃഷി ചെയ്യുക എന്ന ലക്ഷ്യത്തോടെ, ആരംഭിച്ചതാണ് തരിശുരഹിത ഗ്രാമം ക്യാമ്പയിൻ,. ഈ പരിപാടിക്കായി ആകെ 164 ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുത്തു. ഇതുവരെ 8 ഗ്രാമപഞ്ചായത്തുകളെ തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ചു.

ക്ഷേത്രങ്ങളുടെയും മറ്റ് ആരാധനാലയങ്ങളുടെയും ഒഴിഞ്ഞ സ്ഥലങ്ങളിൽ കൃഷിയും ഹരിതവൽക്കരണവും ലക്ഷ്യമിടുന്ന 'ദേവഹരിതം' പദ്ധതിയുടെ ഭാഗമായി 126 സ്ഥലങ്ങൾ കണ്ടെത്തി, 119 ഏക്കറിൽ കൃഷി നടത്തിവരുന്നു.

മിഷന്റെ മറ്റൊരു പ്രധാന പ്രവർത്തനമായ ഇൻസ്റ്റിറ്റ്യൂഷണൽ ഫാമിങ്ങിനായി 62 വ്യവസായ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുകയും 140 ഏക്കറിൽ പ്രവൃത്തി പുരോഗമിക്കുകയുമാണ്.

- ജൈവേതര മാലിന്യ ശേഖരണം നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ പ്ലാറ്റ്ഫോമായ ഹരിതമിത്രം ആപ് 1,019 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കി.
- അജൈവമാലിന്യങ്ങൾ വീട്ടുപടിക്കൽ നിന്നും ശേഖരിക്കുന്നതിനായി 1,034 തദ്ദേശ ഭരണ സ്ഥാപനങ്ങളിലായി മൊത്തം 37,765 ഹരിത കർമ്മ സേനകളെ വിന്യസിച്ചിട്ടുണ്ട്.
- കേരളത്തിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലുമായി ഏകദേശം 66.8 ലക്ഷം കുടുംബങ്ങൾക്കായി വീട്ടുതോറുമുള്ള മാലിന്യ ശേഖരണ സേവനങ്ങൾ ഹരിത കർമ്മസേന കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നു.
- 2024 ഒക്ടോബർ 31-വരെ ഹരിത മിത്രം ആപ് വഴി ആകെ 94.8 ലക്ഷം കെട്ടിടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- 5,000 രൂപയും 10,000 രൂപയും ഇടയിൽ വരുമാനമുള്ള 17,143 ഹരിത കർമ്മസേനകളും 10,000രൂപയും 25,000 രൂപയും ഇടയിൽ സമ്പാദിക്കുന്ന 15,896 ഹരിത കർമ്മ സേനകളും , 25,000 രൂപയ്ക്ക് മുകളിൽ സമ്പാദിക്കുന്ന 585 ഹരിത കർമ്മ സേനകളുമുണ്ട്.

ഹരിത സ്ഥാപനങ്ങളാക്കി മാറ്റുന്നതിനായി 2023-24 ൽ 8,518 സ്ഥാപനങ്ങളെ തിരഞ്ഞെടുത്തു, 2024-25 ൽ (2024 സെപ്റ്റംബർ വരെ) 2,329 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിച്ചു. ഇതുവരെ ആകെ 10,847 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിച്ചു.

**കാർഷിക വികസനം**

കൃഷിവകുപ്പിന്റെ നേതൃത്വത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും ഹരിത കേരള മിഷൻ സംസ്ഥാനത്ത് കാർഷിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി വിപുലമായ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്നു. തരിശുനിലങ്ങളിലെ കൃഷി പ്രോത്സാഹിപ്പിക്കുക, ഹരിതസമൃദ്ധി വാർഡുകൾ നിശ്ചയിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുക, നെൽകൃഷി, കരനെൽകൃഷി തുടങ്ങിയ പ്രവർത്തനങ്ങൾ, ജൈവപച്ചക്കറി ഉൽപ്പാദനം, സ്കൂൾ പരിസരങ്ങളിലും സ്ഥാപന പരിസരങ്ങളിലും പച്ചക്കറികൃഷി, സംയോജിത കൃഷി രീതികൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**പച്ചത്തുരുത്ത്**

സംസ്ഥാനത്തുടനീളം ഹരിത തുരുത്തുകളുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'പച്ചത്തുരുത്ത് ' പ്രോജക്ട് ഹരിതകേരളം മിഷന്റെ നൂതന സംരംഭമെന്ന നിലയിൽ പ്രശംസിക്കപ്പെടുകയുണ്ടായി. പൊതുസ്ഥലങ്ങളിലും പൊതുസ്ഥാപനങ്ങളുടെ പരിസരങ്ങളിലും കണ്ടെത്തിയ സ്ഥലങ്ങളിൽ തനത് മരങ്ങളും നാടൻ ചെടികളും നട്ടുപിടിപ്പിച്ച് പ്രകൃതിദത്ത ജൈവവൈവിധ്യം സംരക്ഷിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആഗോളതാപനം മൂലമുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രതികൂല ഫലങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രായോഗിക ഇടപെടലെന്ന നിലയിൽ ഈ പരിപാടി പൊതുജനശ്രദ്ധയും പിന്തുണയും ആകർഷിച്ചു. അവലോകന കാലയളവിൽ സംസ്ഥാനത്ത് ആകെ 1,059.8 ഏക്കർ വിസ്തൃതിയിൽ 3,518 പച്ചത്തുരുത്തുകളുണ്ട്. 2023-24ൽ, സംസ്ഥാനത്ത് ആകെ 206.52 ഏക്കർ വിസ്തൃതിയിൽ 424 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.

**മണ്ണ് ജല സംരക്ഷണം**

സമീപവർഷങ്ങളിൽ ഹരിതകേരളം മിഷൻ ജലസംരക്ഷണത്തിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ ശ്രമങ്ങളിൽ സംസ്ഥാനത്തുടനീളമുള്ള വിപുലമായ നദീപുനരുജ്ജീവന പദ്ധതികളും കിണറുകളുടെയും കുളങ്ങളുടെയും വിജയകരമായ നവീകരണവും റീചാർജിങ്ങും ഉൾപ്പെടുന്നു. ഈ ജലസംരക്ഷണ പ്രവർത്തനങ്ങൾ കാർഷിക മേഖലയുടെ പുരോഗതിക്ക് ഗണ്യമായ സംഭാവന നൽകി. ജലനിരപ്പ് സ്കെയിലുകൾ സ്ഥാപിച്ച് ജലാശയങ്ങളിലെ ജലലഭ്യത നിരീക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ഡിജിറ്റൽ ഭൂപടത്തിൽ ജലസ്രോതസ്സുകൾ അടയാളപ്പെടുത്തുന്നതിനുള്ള മാപ്പത്തോൺ, കുടിവെള്ളത്തിന്റെ ഗുണനിലവാരം വിലയിരുത്തുന്നതിനുള്ള ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കൽ തുടങ്ങിയവയാണ് ഈ മേഖലയിലെ മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ.

എല്ലാ ജില്ലകളിലും സജീവമായി നടപ്പാക്കുന്ന 'ഇനി ഞാൻ ഒഴുകട്ടെ' എന്ന ക്യാമ്പയിന് കീഴിൽ തോടുകളുടെ/ അരുവികളുടെ പുനരുജ്ജീവനം നടന്നുവരുന്നു. 2021 ഏപ്രിൽ മുതൽ 2024 സെപ്റ്റംബർ വരെ ആകെ 35,874.76 കിലോമീറ്റർ തോടുകൾ പുനരുജ്ജീവിപ്പിച്ചു.

**ബോക്സ് 3.7.6** മണ്ണ്, ജല സംരക്ഷണത്തിലെ നേട്ടങ്ങൾ

- 2023-24 വർഷത്തിൽ 1,678 കുളങ്ങളുടെ പുനരുജ്ജീവനം, 1,519 പുതിയ കുളങ്ങളുടെ നിർമ്മാണം, 2,110 കിണറുകളുടെ റീചാർജിങ്, 5,057 പുതിയ കിണറുകളുടെ നിർമ്മാണം എന്നിവ നടന്നു.
- 2023-24 വർഷത്തിൽ 229 സ്ഥിരം ചെക്ക് ഡാമുകളും 26,085 താൽക്കാലിക ചെക്ക് ഡാമുകളും നിർമ്മിച്ചു.
- 2024-25 ൽ (2024 സെപ്റ്റംബർ വരെ) 465 കുളങ്ങൾ പുനരുജ്ജീവിപ്പിച്ചു, 478 പുതിയ കുളങ്ങൾ നിർമ്മിച്ചു, 1,367 പുതിയ കിണറുകൾ നിർമ്മിച്ചു, 639 കിണറുകൾ റീചാർജ് ചെയ്തു. ഇതേ കാലയളവിൽ, 128 സ്ഥിരം ചെക്ക് ഡാമുകളും 7,991 താൽക്കാലിക ചെക്ക് ഡാമുകളും നിർമ്മിച്ചു.

2023-24 കാലയളവിൽ മാത്രം 13,966.2 കിലോമീറ്റർ തോടുകൾ പുനരുജ്ജീവിപ്പിച്ചു. 2024-25 ൽ (2024 സെപ്റ്റംബർ വരെ) 5,965.3 കിലോമീറ്റർ തോടുകൾ കൂടി പുനരുജ്ജീവിപ്പിക്കുകയുണ്ടായി.

**ജല ഗുണനിലവാര പരിശോധനാ ലാബുകൾ**

കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പാക്കുന്നതിനായി, എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിച്ചുവരികയാണ്. സംസ്ഥാനത്തുടനീളമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജല ഗുണനിലവാരം പരിശോധിക്കുന്നതിനായി 321 ലബോറട്ടറികളുണ്ട്. 2023-24 ൽ ഈ ലാബുകളിൽ 19,396 സാമ്പിളുകൾ വിശകലനം ചെയ്തു. 2024 സെപ്റ്റംബർ വരെ 2,507 ജല സാമ്പിളുകൾ പരിശോധിച്ചു.

**ജല ബജറ്റ്**

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായുള്ള ജല ബജറ്റുകൾ രൂപീകരിക്കുന്നതിൽ ഹരിത കേരളം മിഷൻ പ്രധാന പങ്കുവഹിക്കുന്നു. പ്രദേശവാസികൾക്ക് ജല സുരക്ഷ ഉറപ്പാക്കുക എന്നതാണ് ജല ബജറ്റിന്റെ പ്രാഥമിക ലക്ഷ്യം. വിപുലമായ പ്രാദേശിക ജലലഭ്യത, ഡിമാൻഡ് ഡാറ്റ എന്നിവ ഉപയോഗിച്ച് ശാസ്ത്രീയ വിശകലനമാണ് ജലബജറ്റിൽ നടത്തുന്നത്. തുടർന്ന്, പങ്കാളിത്ത പ്രചാരണങ്ങളിലൂടെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പ്രധാന വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ ഏകോപനത്തിലൂടെയും കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾ സംയോജിപ്പിച്ചും ജനങ്ങളെ വലിയ തോതിൽ അണിനിരത്തി ഇടപെടലുകൾക്കുള്ള സാധ്യതകൾ വികസിപ്പിക്കുന്നു.

നിലവിൽ സംസ്ഥാനത്തെ 305 തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ജല ബജറ്റുകൾ പൂർത്തിയായിട്ടുണ്ട്, കൂടാതെ 35 ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തനങ്ങൾ സജീവമായി പുരോഗമിക്കുന്നു.

**മറ്റ് പ്രധാന സംരംഭങ്ങൾ**

**1. നെറ്റ് സീറോ കാർബൺ**

നവകേരളം കർമ പദ്ധതിക്ക് കീഴിൽ, 2050-ഓടെ കേരളത്തെ കാർബൺ-ന്യൂട്രൽ ആക്കുക എന്ന ലക്ഷ്യത്തിൽ "നെറ്റ് സീറോ കാർബൺ കേരളം" എന്ന ക്യാമ്പയിന് ഹരിതകേരളം മിഷൻ നേതൃത്വം നൽകുന്നു. ഹരിതഗൃഹവാതക പ്രസരണം കുറയ്ക്കുന്നതിലും കാർബൺ ബാലൻസ് കൈവരിക്കുന്നതിലും ഈ പ്രവർത്തനം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സമൂഹത്തിന്റെ ഇടപെടലിലൂടെ നെറ്റ് സീറോ കാർബൺ കേരള പദ്ധതി യാഥാർഥ്യമാക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്ററുമായി സഹകരിച്ച് വിവിധ ഊർജ സംരക്ഷണ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. 130 പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിൻ പുരോഗമിക്കുന്നു. അംഗൻവാടികളിൽ ഊർജ സ്വയംപര്യാപ്തതയും കാര്യക്ഷമതയും വർധിപ്പിക്കുന്നതിനുള്ള ആംഗൻജ്യോതി പദ്ധതി, ഗാർഹിക ഊർജ ഓഡിറ്റുകൾ, സർക്കാർ സ്ഥാപനങ്ങളിലെ ഊർജ ഓഡിറ്റുകൾ, ഇലക്ട്രിക് വാഹനങ്ങൾക്കും വാങ്ങുന്നതിനുള്ള സാങ്കേതിക പിന്തുണ, വിദ്യാർഥികൾ, അധ്യാപകർ, സന്നദ്ധപ്രവർത്തകർ എന്നിവർക്കുള്ള പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതികളിൽ ഉൾപ്പെടുന്നു. നെറ്റ് സീറോ കാർബൺ പ്രോജക്ടായ അംഗൻ ജ്യോതി 85 തദ്ദേശഭരണ സ്ഥാപനങ്ങളിലെ 2,211 അങ്കണവാടികളിൽ നടപ്പിലാക്കും. തിരഞ്ഞെടുത്ത ഈ അംഗൻവാടികൾക്ക് ഇഎംസിയിൽ നിന്ന് ഇലക്ട്രിക് ഇൻഡക്ഷൻ കുക്കറുകൾ, പാചകാവശ്യത്തിനുള്ള ഉപകരണങ്ങൾ, എൽഇഡി ബൾബുകൾ, ബിഎൽഡിസി ഫാനുകൾ, ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എന്നിവ ലഭിക്കും.

**2. സുരക്ഷിതമാക്കാം പശ്ചിമഘട്ടം**

പശ്ചിമഘട്ട മേഖലയിലെ മണ്ണൊലിപ്പും ഉരുൾപൊട്ടലും ലഘൂകരിക്കുന്നതിനും തോടുകൾ പുനരുജ്ജീവിപ്പിക്കാനും നീരൊഴുക്ക് സുഗമമാക്കാനുമുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. പ്രാരംഭ ഘട്ടത്തിൽ നീർത്തടങ്ങളുടെ ശാസ്ത്രീയ മാപ്പിങ് ഉൾപ്പെടുന്നു. ഈ പ്രക്രിയ "മാപ്പത്തോൺ" എന്നറിയപ്പെടുന്നു. ഇത് പൂർത്തിയാകുകയാണ്. മാപ്പത്തോൺ പൂർത്തിയായ പ്രദേശങ്ങളിൽ, പശ്ചിമഘട്ടത്തിന്റെ അതിർത്തിയോട് ചേർന്നുള്ള എല്ലാ ജില്ലകളിലും നീരൊഴുക്ക് വർധിപ്പിക്കുന്നതിനും അഴുക്കുചാലുകൾ വീണ്ടെടുക്കുന്നതിനും ഉരുൾപൊട്ടൽ തടയുന്നതിനുമുള്ള തുടർന്നുള്ള നടപടികളും പ്രവർത്തനങ്ങളും ആരംഭിച്ചു. രണ്ടാംഘട്ടം കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചു, ഇപ്പോൾ മൂന്നാം ഘട്ടം 19 ഗ്രാമപഞ്ചായത്തുകളിൽ പുരോഗമിക്കുകയാണ്.

ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിനിന്റെ രണ്ടാം ഘട്ടമായി ഹരിത കേരള മിഷൻ 'സുരക്ഷിതമാക്കാം പശ്ചിമ ഘട്ടം'

ആരംഭിച്ചു. ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ചുകൊണ്ട് പശ്ചിമഘട്ട മേഖലയിലെ മണ്ണൊലിപ്പിനും മണ്ണിടിച്ചിലിനും സാധ്യത കുറയ്ക്കുക എന്നതാണ് ഈ ക്യാമ്പയിനിന്റെ ലക്ഷ്യം. പ്രാരംഭ ഘട്ടത്തിൽ "മാപ്പത്തോൺ" എന്നറിയപ്പെടുന്ന ഒരു പ്രക്രിയയിൽ നീർത്തടങ്ങളുടെ ശാസ്ത്രീയ മാപ്പിങ് നടത്തുന്നു. ലക്ഷ്യമിട്ട 230 ഗ്രാമപഞ്ചായത്തുകളിൽ 215 എണ്ണത്തിൽ മാപ്പത്തോൺ പ്രവർത്തനങ്ങൾ പൂർത്തിയായി. ഒമ്പത് ജില്ലകളിലെ 153 പഞ്ചായത്തുകളിൽ മണ്ണിടിച്ചിൽ കുറയ്ക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.

**3. ഗ്രീൻ ടൂറിസം**

വിനോദസഞ്ചാരികളുടെ എണ്ണം വർധിക്കുന്നത് കണക്കിലെടുത്ത്, ഹരിത പ്രോട്ടോക്കോളുകൾ, പ്രത്യേകിച്ച് ഹരിത പെരുമാറ്റച്ചട്ടം ജനപ്രിയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നത് അത്യന്താപേക്ഷിതമാണ്. ടൂറിസ്റ്റ് കേന്ദ്രങ്ങളും അവയുടെ പ്രവേശന വഴികളും ഹരിത പെരുമാറ്റച്ചട്ടം പാലിക്കേണ്ടതുണ്ട്. ഹരിതകേരളമിഷനുമായും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുമായും സഹകരിച്ച്, പരിസ്ഥിതി സുസ്ഥിരതയിൽ ഊന്നൽ നൽകി കേരളത്തിലെ തിരഞ്ഞെടുത്ത 118 വിനോദസഞ്ചാര കേന്ദ്രങ്ങളെ മാതൃകാ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

ഈ മൂന്ന് ഉപദൗത്യങ്ങൾക്കു കീഴിലുള്ള വൈവിധ്യവും നൂതനവുമായ പദ്ധതികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പ്രചാരണങ്ങളിലൂടെയും കൃഷി, അനുബന്ധ മേഖലകൾ, ശുചിത്വം, മാലിന്യസംസ്കരണം, ജലസംരക്ഷണം എന്നിവയിൽ ഗുണപരവും സുസ്ഥിരവുമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഹരിതകേരള മിഷന് കഴിഞ്ഞിട്ടുണ്ട്. ഈ മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താനും ഇതിന് കഴിഞ്ഞു

# 3.8 ഭക്ഷ്യ ഭദ്രതയും പൊതുവിതരണ സംവിധാനവും

മതിയായ അളവിൽ ഗുണനിലവാരമുള്ള ഭക്ഷണം ഉറപ്പാക്കുന്നതാണ് ഭക്ഷ്യഭദ്രത. ഭക്ഷ്യഭദ്രത യുഎൻ കമ്മിറ്റിയുടെ അഭിപ്രായത്തിൽ, എല്ലാ ആളുകൾക്കും എല്ലാ സമയത്തും ആരോഗ്യമുള്ള ജീവിതം നയിക്കാനായി ശാരീരികവും സാമൂഹികവും സാമ്പത്തികവുമായി പ്രാപ്യമായ അവരുടെ ഭക്ഷണ ആവശ്യങ്ങളും ഭക്ഷണ മുൻഗണനകളും നിറവേറ്റുന്നതിനായി സുരക്ഷിതവും പോഷകപ്രദവുമായ മതിയായ ഭക്ഷണം ലഭ്യമാകുന്ന അവസ്ഥയായി വിശേഷിപ്പിക്കപ്പെടുന്നു. ഭക്ഷ്യഭദ്രതയുടെ നാല് പ്രധാന മാനങ്ങൾ ഭക്ഷണത്തിന്റെ ലഭ്യത, ഭക്ഷ്യ സ്ഥിരത, ഭക്ഷണത്തിന്റെ പര്യാപ്തത, ഭക്ഷണത്തിന്റെ ഉപയോഗം എന്നിവയാണ്.

ഐക്യരാഷ്ട്രസഭയുടെ ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷന്റെ 2024 ലെ സ്റ്റേറ്റ് ഓഫ് ഫുഡ് സെക്യൂരിറ്റി ആൻഡ് ന്യൂട്രീഷൻ ഇൻ ദ വേൾഡ് റിപ്പോർട്ട് പ്രകാരം, 2023 ൽ, ആഗോള ജനസംഖ്യയുടെ 28.9 ശതമാനം - 2.33 ബില്യൺ ആളുകൾ മിതമായതോ ഗുരുതരമായതോ ആയ ഭക്ഷ്യ അരക്ഷിതാവസ്ഥയിലാണെന്നും അവർക്ക് പതിവായി ആവശ്യമായ ഭക്ഷണം ലഭിക്കുന്നില്ല എന്നും കണക്കാക്കുന്നു. ഈ കണക്കുകൾ പ്രകാരം, ജനസംഖ്യയുടെ 10.7 ശതമാനം, അതായത് 864 കോടി ആളുകൾ അവരുടെ ആരോഗ്യത്തിലും ക്ഷേമത്തിലും ഗുരുതരമായ അപകടസാധ്യത നിലനിൽക്കുന്ന അവസ്ഥയിൽ ഉള്ളതായി കണക്കാക്കപ്പെടുന്നു.

2023-ൽ ഏഷ്യയിൽ, ജനസംഖ്യയുടെ 24.8 ശതമാനം (1.18 ബില്യൺ ആളുകൾ) മിതമായതോ ഗുരുതരമായതോ ആയ ഭക്ഷ്യ അരക്ഷിതാവസ്ഥയിലും 9.8 ശതമാനം (467.3 ദശലക്ഷം) ആളുകൾ ഗുരുതരമായ ഭക്ഷ്യ അരക്ഷിതാവസ്ഥയെയും അഭിമുഖീകരിക്കുന്നു. ലോക ഭക്ഷ്യ സുരക്ഷ സൂചിക 2022 പ്രകാരം, (ജിഎഫ്എസ്) 113 രാജ്യങ്ങളിൽ 58.9 പോയിൻറുമായി ഇന്ത്യ 68-ാം സ്ഥാനത്താണ്.

2013-ലെ ദേശീയ ഭക്ഷ്യഭദ്രത നിയമം (എൻഎഫ്എസ്എ) "മനുഷ്യർക്ക് അവരുടെ ജീവിത കാലയളവിൽ അന്തസ്സോടെ ജീവിക്കാൻ മിതമായ നിരക്കിൽ ഗുണമേന്മയുള്ള ഭക്ഷണം മതിയായ അളവിൽ ലഭ്യമാക്കിക്കൊണ്ട് ഭക്ഷണവും പോഷക സുരക്ഷയും നൽകുക എന്നതാണ്." സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി, ശിശുവികസനവുമായി ബന്ധപ്പെട്ട സംയോജിത സേവനങ്ങൾ, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള പോഷകാഹാര സംരക്ഷണം എന്നിവ പൊതുവിതരണ സമ്പ്രദായത്തിലെ (പിഡിഎസ്) നിയമത്തിൽ ഉൾപ്പെടുന്നു.

2024 ലെ ആഗോള പട്ടിണി സൂചിക (ജി എച്ച് ഐ) റിപ്പോർട്ട് 127 രാജ്യങ്ങളെ അവരുടെ പട്ടിണിയുടെ തോത് അടിസ്ഥാനമാക്കി റാങ്ക് ചെയ്യുന്നു. 2024 ലെ ആഗോള പട്ടിണി സൂചികയിൽ 127 രാജ്യങ്ങളിൽ 27.3 സ്കോർ നേടിയ "ഗുരുതരമായവ" യുടെ ഗണത്തിൽ ഉൾപ്പെടുന്ന ഇന്ത്യയുടെ സ്ഥാനം 105 ആണ്. ഇന്ത്യ ഇപ്പോഴും നേരിടുന്ന വെല്ലുവിളികളായ ഗുരുതരമായ പട്ടിണിയെയും പോഷകാഹാരക്കുറവിനെയുമാണ് ഈ റാങ്കിംഗ് സൂചിപ്പിക്കുന്നത്. ഇന്ത്യയുടെ റാങ്കിംഗ് നിർണ്ണയിക്കുന്ന ചില പ്രധാന സൂചികകൾ കുട്ടികളുടെ ശോഷണ നിരക്ക് (18.7 ശതമാനം), കുട്ടികളുടെ മുരടിപ്പ് നിരക്ക് (35.5 ശതമാനം), പോഷകാഹാരക്കുറവ് (13.7 ശതമാനം), അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് (2.9 ശതമാനം) എന്നിവയാണ്.

ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യം നിയന്ത്രിക്കുന്നതിനായി മിതമായ നിരക്കിൽ ഭക്ഷ്യധാന്യങ്ങളുടെ വിതരണം ഉറപ്പാക്കുന്ന സംവിധാനത്തെയാണ് പൊതുവിതരണ സംവിധാനം (പിഡിഎസ്) സൂചിപ്പിക്കുന്നത്. ഇന്ത്യാ ഗവൺമെൻറിന്റെ 1955 ലെ അവശ്യചരക്ക് നിയമം അനുസരിച്ച്, പൊതുവിതരണ സംവിധാനം 1965 ജൂലൈ 1 ന് ഔദ്യോഗികമായി നിലവിൽ വന്നു. അതിനുശേഷം

ഇത് ഇന്ത്യയിലുടനീളം ഒരു സാർവത്രിക റേഷനിംഗ് സംവിധാനമായി വളർന്നു. വർഷങ്ങളായി, രാജ്യത്തെ ഭക്ഷ്യ സമ്പദ്‌വ്യവസ്ഥ കൈകാര്യം ചെയ്യുന്നതിനുള്ള സർക്കാരിന്റെ നയത്തിന്റെ ഒരു പ്രധാന ഭാഗമായി പൊതുവിതരണ സംവിധാനം മാറി. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് പൊതു വിതരണ സംവിധാനം കൈകാര്യം ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ്, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എഫ്‌സിഐ) മുഖേന, സംസ്ഥാന സർക്കാരുകൾക്കുള്ള ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുകയും അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. സംസ്ഥാന സർക്കാറുകൾ അർഹരായ കുടുംബങ്ങളെ കണ്ടെത്തി റേഷൻ കാർഡുകൾ നൽകുന്നു, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ന്യായ വില കടകളുടെ (എഫ് പി എസ്) ശൃംഖലയിലൂടെ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുകയും അതാത് പ്രദേശത്തിനുള്ളിൽ പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രവർത്തനം നിർവഹിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

**സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം.**

ഇന്ത്യയിലെ ഏറ്റവും ഫലപ്രദവും മികച്ചതുമായ പൊതുവിതരണ സമ്പ്രദായങ്ങളിലൊന്നാണ് കേരളത്തിലുള്ളത് കൂടാതെ സാർവത്രിക റേഷനിംഗ് സംവിധാനം നടപ്പിലാക്കുന്നതിൽ മുൻ നിരനേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. 1997-ൽ ടാർഗറ്റഡ് പൊതുവിതരണ സമ്പ്രദായം നടപ്പാക്കുന്നതിന് മുമ്പ്, കേരളം മാത്രമായിരുന്നു സാർവത്രിക പൊതുവിതരണ സമ്പ്രദായം ഉണ്ടായിരുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം. രണ്ടാം ലോക മഹായുദ്ധത്തിന്റെ കാലഘട്ടത്തിലാണ് കേരളത്തിൽ ഭക്ഷ്യധാന്യങ്ങളുടെ പൊതുവിതരണത്തിന്റെ ആരംഭം കുറിച്ചത്. പിന്നീട്, സംസ്ഥാന സർക്കാർ 1957-ൽ വരുമാനം കുറഞ്ഞവർക്ക് സബ്സിഡി നിരക്കിൽ അരി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ആരംഭിച്ചു. ഇന്ത്യാ ഗവൺമെന്റ് വരുത്തിയ നയപരമായ മാറ്റങ്ങളെ അടിസ്ഥാനമാക്കി 1997-ൽ സംസ്ഥാനം ടാർഗറ്റഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (TPDS) ആരംഭിച്ചു. പൊതുവിതരണ സംവിധാന ഔട്ട്‌ലെറ്റുകളുടെ ശൃംഖലയിലൂടെ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുക, വിപണി അച്ചടക്കം നടപ്പാക്കുക, ഉപഭോക്തൃ അവബോധം പ്രോത്സാഹിപ്പിക്കുക, അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക തുടങ്ങിയ സുപ്രധാന ഉത്തരവാദിത്തങ്ങൾ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് നിർവഹിക്കുന്നു. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ സംഭരണ ശാലകളിൽ നിന്നും കസ്റ്റം മിൽഡ് റൈസ് (സിഎംആർ) മില്ലുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് ന്യായ വില കടകളിലേക്ക് എത്തിക്കുന്നതിന്റെ ചുമതല കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) നിർവഹിക്കുന്നു. സംസ്ഥാനത്തുടനീളമുള്ള ഇടനില ഭക്ഷ്യധാന്യ സംഭരണ കേന്ദ്രങ്ങളെ നിയന്ത്രിക്കുകയും അവയുടെ ഉടമസ്ഥാവകാശവും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിക്ഷിപ്തമാണ്.

2011-12 ലെ എൻ എസ് എസ് ഗാർഹിക ഉപഭോഗ സർവേ ഡാറ്റ ഉപയോഗിച്ച് മുൻ ആസൂത്രണ കമ്മീഷനാണ് ദേശീയ ഭക്ഷ്യഭദ്രത നിയമത്തിന്റെ കീഴിലുള്ള പൊതുവിതരണ സംവിധാനത്തിന്റെ സാർവത്രികത നിർണ്ണയിക്കുന്നത്. ഗ്രാമങ്ങളിലും നഗരങ്ങളിലും യഥാക്രമം 75 ശതമാനവും 50 ശതമാനവും എന്ന അഖിലേന്ത്യ കവറേജിന് അനുസൃതമായി, കേരളത്തിലെ കവറേജ് ഗ്രാമങ്ങളിൽ 52.63 ശതമാനമായും നഗരങ്ങളിൽ 39.50 ശതമാനമായും പരിമിതപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ച് കേരളത്തിൽ 1,54,80,040 പേർ പൊതുവിതരണ സംവിധാനത്തിലൂടെയുള്ള ഭക്ഷ്യ ധാന്യങ്ങൾക്ക് അർഹരാണ്.

പോഷകസമൃദ്ധമായ ഭക്ഷണത്തിന്റെ ലഭ്യത, പ്രത്യേകിച്ച് ദുർബലരായ ജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി കേരളം വിവിധ ഭക്ഷ്യഭദ്രത പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. സംരംഭങ്ങളിൽ ഉൾപ്പെടുന്നവ 1) പൊതുവിതരണ സംവിധാനം (പിഡിഎസ്); സബ്സിഡിയുള്ള ഭക്ഷ്യധാന്യങ്ങൾ, പഞ്ചസാര, മണ്ണെണ്ണ, 2) അന്ത്യോദയ അന്ന യോജന (എഎവൈ) : ദരിദ്രരായ കുടുംബങ്ങൾക്ക് ഉയർന്ന സബ്സിഡിയുള്ള ഭക്ഷ്യധാന്യങ്ങൾ, 3) അന്നപൂർണ പദ്ധതി : മുതിർന്ന പൗരന്മാർക്ക് സൗജന്യ ഭക്ഷ്യധാന്യങ്ങൾ (65 വയസ്സിനു മുകളിൽ), 4) പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (പിഎംജികെഎവൈ): കോവിഡ്-19 മഹാമാരി സമയത്ത് അധിക സൗജന്യ ഭക്ഷ്യധാന്യങ്ങൾ 5) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം (എൻഎഫ്എസ്എ): സബ്സിഡിയുള്ള ഭക്ഷ്യധാന്യങ്ങൾക്കുള്ള നിയമപരമായ അവകാശം.

**റേഷൻ കാർഡ് വിതരണം**

ടിപിഡിഎസിന് കീഴിൽ ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡിക്ക് അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്താനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ടിപിഡിഎസിന് കീഴിലുള്ള ന്യായവില കടകളിൽ നിന്ന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഔദ്യോഗിക രേഖകളായി പ്രയോജനപ്പെടുത്തുന്ന റേഷൻ കാർഡുകൾ അർഹരായ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നു.

ദേശീയ ഭക്ഷ്യഭദ്രത നിയമത്തിന്റെ (എൻഎഫ്എസ്എ) വ്യവസ്ഥകൾ അനുസരിച്ച്, യോഗ്യരായ കുടുംബങ്ങളെ രണ്ടായി തരം തിരിച്ചിരിക്കുന്നു:

1. അന്ത്യോദയ അന്ന യോജന (എഎവൈ) (മഞ്ഞ കാർഡ്): ഈ വിഭാഗത്തിൽ സമൂഹത്തിലെ ഏറ്റവും ദുർബലരായ ദരിദ്രരിൽ ഏറ്റവും പാവപ്പെട്ടവർക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ ലക്ഷ്യമിട്ട രൂപകൽപ്പന ചെയ്തിരിക്കുന്നു.
2. മുൻഗണനാ കുടുംബങ്ങൾ (പിഎച്ച്എച്ച്) (പിങ്ക് കാർഡ്): ഈ ഗ്രൂപ്പിൽ അന്ത്യോദയ അന്ന യോജന വിഭാഗത്തിൽ പെടാത്ത മറ്റ് യോഗ്യരായ കുടുംബങ്ങൾ ഉൾപ്പെടുന്നു. ഈ എൻഎഫ്എസ്എ നിർബന്ധിത വിഭാഗങ്ങൾക്ക് പുറമേ, സംസ്ഥാനം രണ്ട് തരം റേഷൻ കാർഡുകൾ അംഗീകരിച്ചിരിക്കുന്നു:
3. മുൻഗണനേതര സബ്സിഡി (എൻപിഎസ്) (നീല കാർഡ്): എൻഎഫ്എസ്എയുടെ പരിധിയിൽ വരാത്തതും എന്നാൽ ചില സബ്സിഡികൾക്ക് അർഹതയുള്ളതുമായ കുടുംബങ്ങൾ.
4. നോൺ പ്രയോറിറ്റി നോൺ സബ്സിഡി (എൻപിഎൻഎസ്) (വെള്ള കാർഡ്): എൻഎഫ്എസ്എ

പ്രകാരം അർഹതയില്ലാത്തതോ സബ്സിഡികൾക്ക് അർഹതയില്ലാത്തതോ ആയ കുടുംബങ്ങൾക്ക് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നു.

2024 മാർച്ച് 31 വരെ 94,31,027 നിയമാനുസൃതമായ റേഷൻ കാർഡുകൾ സംസ്ഥാനത്ത് ഉണ്ട്.

"മാർക്ക് അധിഷ്ഠിത" സംവിധാനം അവതരിപ്പിച്ചുകൊണ്ട് യോഗ്യരായ കുടുംബങ്ങളെ തിരിച്ചറിയാൻ കേരള സർക്കാർ പ്രൊഫഷണൽ നടപടികൾ സ്വീകരിച്ചു, അത് വളരെ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടു. ഒരു പരാതി സെൽ നമ്പർ ജനകീയമാക്കുന്നത് വിജയകരമായ ഒരു സംരംഭമായിരുന്നു, ഇത് നിലവിലുള്ള റേഷൻ കാർഡുകളുടെ പുതുക്കൽ പ്രക്രിയ യഥാക്രമം മുൻഗണന്ന മുൻഗണനേതര കാർഡുകളുടെ നിയമാനുസൃതമായ വ്യവസ്ഥയുമായി ഒത്തുപോകുന്നത് കണ്ടെത്തുന്നതിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കി.

സ്ഥിരവരുമാനമില്ലാത്ത കുടുംബങ്ങളെ സംസ്ഥാന സർക്കാർ അന്ത്യോദയ കുടുംബങ്ങളായി കണ്ടെത്തി എഎവൈ കാർഡ് നൽകുന്നു. 2024 മാർച്ച് വരെ സംസ്ഥാനത്ത് 5.92 ലക്ഷം എഎവൈ കാർഡ് ഗുണഭോക്താക്കളുമുണ്ട്. അവർക്ക് പ്രതിമാസം 30 കിലോ അരിയും 5 കിലോ ഗോതമ്പും ഒരു കുടുംബത്തിന് അർഹതയുണ്ട്.

മുമ്പ്, കേന്ദ്രസർക്കാർ ഭക്ഷ്യധാന്യങ്ങൾ ഒരു കിലോ അരി 3 രൂപയ്ക്കും ഗോതമ്പ് 2 രൂപയ്ക്കും സബ്സിഡി നിരക്കിൽ സംസ്ഥാനത്തിന് നൽകിയിരുന്നു. സംസ്ഥാന സർക്കാർ ഭക്ഷ്യധാന്യങ്ങൾക്ക് കൂടുതൽ സബ്സിഡി നൽകി ഗുണഭോക്താക്കൾക്ക് അവ സൗജന്യമായി ലഭ്യമാക്കുന്നു. 2023 മുതൽ, എഎവൈ കാർഡ് ഉടമകൾക്ക് ഇന്ത്യാ ഗവൺമെൻറ് സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു.

മുൻഗണനാ കുടുംബങ്ങളായി കണക്കാക്കിയിട്ടുള്ളവരും എഎവൈയുടെ പരിധിയിൽ വരാത്തതുമായ കുടുംബങ്ങൾക്ക് പിഎച്ച്എച്ച് കാർഡുകൾ അനുവദിക്കുന്നു. സംസ്ഥാനത്ത് 35.96 ലക്ഷം പിഎച്ച്എച്ച് കാർഡുകളുണ്ട്. പിഎച്ച്എച്ച് കാർഡ് ഉടമകൾക്ക് പ്രതിമാസം ഒരാൾക്ക് 5 കിലോ ഭക്ഷ്യധാന്യം ലഭിക്കും.

മുൻഗണനേതര കാർഡുടമകൾക്ക് (എൻപിഎസ്, എൻപിഎൻഎസ്) ഒരു കിലോ അരി 8.30 രൂപ നിരക്കിലാണ് സർക്കാർ വിതരണം ചെയ്യുന്നത്. എന്നാൽ എൻപിഎസ് കാർഡ് ഉടമകൾക്ക് കേരള സർക്കാർ ഒരു കിലോ അരി 4 രൂപ സബ്സിഡി നിരക്കിൽ നൽകുന്നു.

നാല് കാർഡുകൾക്കു പുറമെ, അഗതി മന്ദിരം പോലുള്ള സ്ഥാപനങ്ങൾക്ക് മുൻഗണനേതര സ്ഥാപന കാർഡുകളും (എൻപിഐ) വകുപ്പ് നൽകുന്നുണ്ട്. അഗതിമന്ദിരങ്ങൾ ഉൾപ്പെടെ വിവിധ ക്ഷേമ സ്ഥാപനങ്ങൾക്ക് പിഡിഎസ് റേഷൻ വിതരണം ചെയ്തുകൊണ്ട് മുൻഗണനേതര സ്ഥാപന (എൻപിഐ) കാർഡ് പദ്ധതി തുടരുന്നതിലും വകുപ്പ് വിജയിച്ചിട്ടുണ്ട്. 2023-24ൽ 794 എൻപിഐ കാർഡുകൾ ക്ഷേമ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2023-24ൽ യഥാക്രമം 17ഉം 20ഉം പുതിയ റേഷൻ കാർഡുകൾ ട്രാൻസ്ജെൻഡർമാർക്കും തെരുവിൽ താമസിക്കുന്നവർക്കുമായി വിതരണം ചെയ്തിട്ടുണ്ട്.

എഎവൈ, പിഎച്ച്എച്ച് കാർഡുകൾ ഉൾപ്പെടെ ആകെ മുൻഗണനാ കാർഡുകൾ സംസ്ഥാനത്തെ മൊത്തം കാർഡുകളുടെ 44.4 ശതമാനമാണ്. 2024 മാർച്ച് വരെയുള്ള കേരളത്തിലെ കാർഡ് ഉടമകളുടെ തരം തിരിച്ചുള്ള എണ്ണവും വിഹിതവും **പട്ടിക 3.8.1**-ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

### പൊതുവിതരണ സമ്പ്രദായത്തിലൂടെയുള്ള സാധനങ്ങളുടെ വിതരണം

ധാന്യങ്ങളും മറ്റ് സാധനങ്ങളും ന്യായവില കടകൾ വഴിയാണ് വിതരണം ചെയ്യുന്നത്. ടാർഗെറ്റഡ് പൊതുവിതരണ സമ്പ്രദായത്തിന് കീഴിലുള്ള റേഷൻ കാർഡ് ഉടമകൾക്ക്, 1955 ലെ അവശ്യസാധന നിയമത്തിന്റെ സെക്ഷൻ 3 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലൂടെ അവശ്യസാധനങ്ങൾ വിതരണം ചെയ്യാൻ ലൈസൻസുള്ള കടകളാണ് ന്യായവില കടകൾ (എഫ് പി എസ്. എസ്). 2024 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 14,157 ന്യായവില കടകളുണ്ട്. ഇതിൽ എഎവൈ കാർഡ് ഉടമകൾക്ക് 2,19,770.02 മെട്രിക് ടൺ ധാന്യങ്ങൾ, പിഎച്ച്എച്ച് കാർഡ് ഉടമകൾക്ക് 7,23,107.92 മെട്രിക് ടൺ ധാന്യങ്ങൾ, മുൻഗണനാ കാർഡ് ഉടമകൾക്ക് 3,99,530.4 മെട്രിക് ടൺ ധാന്യങ്ങൾ എന്നിവ ഉൾപ്പെടെ 2023-24ൽ സംസ്ഥാനത്ത് പിഡിഎസ് വഴിയുള്ള മൊത്തം ഭക്ഷ്യധാന്യ വിതരണം 13,42,408 മെട്രിക്

**പട്ടിക 3.8.1** 2024 മാർച്ച് വരെ കേരളത്തിലെ കാറ്റഗറി തിരിച്ചുള്ള കാർഡ് ഉടമകൾ

| ക്രമ.നം | വിഭാഗം/ഇനം | കാർഡ് ഉടമകളുടെ എണ്ണം | ശതമാനം |
|---|---|---|---|
| 1 | അന്നപൂർണ്ണ | 44 | 0.0005 |
| 2 | അന്ത്യോദയ അന്ന യോജന (എഎവൈ) | 592139 | 6.28 |
| 3 | മുൻഗണന (പിഎച്ച്എച്ച്) | 3596226 | 38.13 |
| 4 | മുൻഗണനേതര (എൻപിഎസ്) | 2272107 | 24.09 |
| 5 | എൻപിഎൻഎസ് | 2942034 | 31.20 |
| 6 | എൻപിഐ | 28477 | 0.30 |
| **ആകെ** | | **9431027** | **100** |

*ഉറവിടം:* സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ

ടൺ ആണ്. 2023-24ൽ മുൻഗണനേതര കാർഡ് ഉടമകൾക്ക് സബ്സിഡിയായി 9846.05 ലക്ഷം രൂപ ചെലവഴിച്ചു. ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിനായി കേരള സർക്കാർ ചെലവഴിച്ച സബ്സിഡി തുകയും കാറ്റഗറി തിരിച്ചുള്ള കാർഡ് ഉടമകളുടെ വിവരങ്ങൾ **പട്ടിക 3.8.2**-ലും കൂടുതൽ വിശദാംശങ്ങൾ **അനുബന്ധം 3.8.1**-ലും നൽകിയിരിക്കുന്നു.

മതിയായ ഉപജീവനമാർഗമില്ലാത്ത 65 വയസ്സിനു മുകളിൽ പ്രായമുള്ള നിരാലംബരായ വ്യക്തികൾക്ക് അന്നപൂർണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10 കിലോ ഭക്ഷ്യധാന്യം സൗജന്യമായി നൽകുന്നു. അന്നപൂർണ പദ്ധതിയിൽ ഉൾപ്പെടുന്ന 44 കാർഡ് ഉടമകളുണ്ട്.

അന്ത്യോദയ അന്ന യോജന (എഎവൈ) സ്കീമിൽ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായം വഴി സബ്സിഡി നിരക്കിൽ പഞ്ചസാരയും സബ്സിഡിയില്ലാത്ത നിരക്കിൽ മണ്ണെണ്ണയും ലഭിക്കാൻ അർഹതയുണ്ട്. ഇന്ത്യാ ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ആവശ്യമായി വരുന്ന അധിക ചെലവും നടപ്പാക്കാനുള്ള ചെലവും സംസ്ഥാന സർക്കാർ വഹിക്കുന്നു. 2022-23ൽ 7133 മെട്രിക് ടൺ പഞ്ചസാര സംസ്ഥാനത്ത് വിതരണം ചെയ്ത സ്ഥാനത്ത് 2023-24ൽ ഇത് 3794.16 മെട്രിക് ടണ്ണായിരുന്നു. 2024-25 ലെ ക്വാട്ടയിൽ നിന്ന് 2024 ഓഗസ്റ്റ് വരെ മൊത്തം 0.91 മെട്രിക് ടൺ പഞ്ചസാര വിതരണം ചെയ്തിട്ടുണ്ട്. 2018 മുതൽ കേന്ദ്ര സർക്കാർ പഞ്ചസാര വിതരണം എഎവൈ കാർഡ് ഉടമകൾക്ക് മാത്രമായി പരിമിതപ്പെടുത്തി. പ്രതിമാസം ഓരോ കാർഡിനും ഒരു കിലോ പഞ്ചസാര 21 രൂപയ്ക്ക് അനുവദിക്കുന്നു. മണ്ണെണ്ണ അലോട്ട്മെൻറിന്റെ കാര്യത്തിൽ, യഥാർത്ഥ ആവശ്യങ്ങളും സംസ്ഥാനത്തിന് ലഭിച്ച അലോട്ട്മെൻറും തമ്മിൽ വലിയ അന്തരമുണ്ട്. മത്സ്യബന്ധന മേഖലയും കാർഷിക മേഖലയും മണ്ണെണ്ണ വിതരണത്തെ ആശ്രയിക്കുന്നു. 2022-23ൽ 15552 കി. ലി. മണ്ണെണ്ണയാണ് വിതരണത്തിലൂടെ ലഭിച്ചതെങ്കിൽ 2023-24ൽ ആയത് 7663.12 കി. ലി. ആയി കുറഞ്ഞു. 2024-25 ലെ വിഹിതത്തിൽ നിന്ന് 2024 ഓഗസ്റ്റ് വരെ 798.96 കി. ലി മണ്ണെണ്ണ സംസ്ഥാനത്തിന് ലഭിച്ചു.

2006 മുതൽ ധാന്യങ്ങളുടെ വിതരണത്തിന് പുറമേ, നിശ്ചിത അളവിലുള്ള ഗോതമ്പ് ആട്ടയാക്കി മാറ്റി ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള (എപിഎൽ) കാർഡുടമകൾക്ക് ന്യായ വില കടകൾ വഴി വിതരണം ചെയ്യാൻ ഇന്ത്യാ ഗവൺമെൻറ് അനുമതി നൽകിയിട്ടുണ്ട്. 2020-ൽ എഎവൈ, പിഎച്ച്എച്ച് കാർഡുകളിലേക്കുമായി അത് വ്യാപിപ്പിച്ചു. 2015-16 മുതൽ 2024 ഓഗസ്റ്റ് വരെ പൊതുവിതരണ സംവിധാനത്തിലൂടെ സംസ്ഥാനത്ത് വിതരണം ചെയ്ത അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ വിവരങ്ങൾ **അനുബന്ധം 3.8.2**-ൽ നൽകിയിരിക്കുന്നു.

ഭക്ഷ്യധാന്യങ്ങളുടെ വിഹിതം ഏറ്റവും കൂടുതൽ തിരുവനന്തപുരത്തും ഏറ്റവും കുറവ് പത്തനംതിട്ടയിലുമാണ്. ന്യായവില കടകളിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാനത്തെ ശരാശരി വിതരണം 105 ശതമാനമാണ്. ജില്ലകളിൽ ഇത് 80 മുതൽ 112 ശതമാനം വരെ വ്യത്യാസപ്പെട്ടിരിക്കുന്നു. ഓപ്പണിംഗ് ബാലൻസുകളിൽ ഓഫ്-ടേക്ക് കണക്കുകൾ ഉൾപ്പെടെ കണക്കാക്കിയിരിക്കുന്നു. എഎവൈ പദ്ധതിക്ക് കീഴിലുള്ള ഭക്ഷ്യധാന്യങ്ങളുടെ ജില്ല തിരിച്ചുള്ള വിതരണം **അനുബന്ധം 3.8.3, 3.8.4** എന്നിവയിൽ നൽകിയിരിക്കുന്നു. കേരളത്തിലെ പൊതു വിതരണ സംവിധാനത്തിന് കീഴിൽ മുൻഗണന കാർഡ് ഉടമകൾക്കിടയിൽ ജില്ല തിരിച്ചുള്ള ഭക്ഷ്യധാന്യ വിതരണം **അനുബന്ധം 3.8.5, 3.8.6** എന്നിവയിൽ നൽകിയിരിക്കുന്നു.

2024-ൽ കേരള സർക്കാർ വയനാട്ടിലെ ഉരുൾപൊട്ടൽ പ്രദേശങ്ങളിലെ എല്ലാ കാർഡ് ഉടമകൾക്കും എഎവൈ കാർഡ് ഉടമകൾക്കും ഓണം ഭക്ഷ്യ കിറ്റുകൾ ന്യായവില കടകൾ വഴി വിതരണം ചെയ്തു. ഇവർക്ക് 13 അവശ്യ സാധനങ്ങൾ സൗജന്യമായി വിതരണം ചെയ്തു. ഓണം ഭക്ഷ്യ കിറ്റ് വിതരണത്തിനായി 34.29 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

**ചിത്രം 3.8.1**-ൽ 2024- ൽ ജില്ലാടിസ്ഥാനത്തിൽ എഎവൈ കാർഡ് ഉടമകൾക്ക് വിതരണം ചെയ്ത ഓണം ഭക്ഷ്യ കിറ്റുകളുടെ വിശദാംശങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. പയറുവർഗ്ഗങ്ങൾ, ചായ, കറിപ്പൊടികൾ, ഉപ്പ്, കശുവണ്ടിപ്പരിപ്പ്, നെയ്യ്, സേമിയ പായസം മിക്സ്, ഭക്ഷ്യ എണ്ണ എന്നിവയുൾപ്പെടെ 13 അവശ്യ വസ്തുക്കളുടെ


**പട്ടിക 3.8.2** വിവിധ വിഭാഗം കാർഡ് ഉടമകൾക്കായി കേരള സർക്കാർ ചെലവഴിച്ച സബ്സിഡി, രൂപ ലക്ഷത്തിൽ

| ക്രമ. നം | വിഭാഗം | ധാന്യങ്ങളുടെ വിതരണം മെട്രിക് ടണ്ണിൽ | | കേരള സർക്കാർ ചെലവഴിച്ച സബ്സിഡി തുക (രൂപ ലക്ഷത്തിൽ) | |
|---|---|---|---|---|---|
| | | 2022–23 | 2023–24 | 2022–23 | 2023–24* |
| 1 | അന്ത്യോദയ അന്നയോജന (എഎവൈ) | 240227.27 | 219770.02 | 5097.75 | |
| 2 | മുൻഗണന (പിഎച്ച്എച്ച്) | 756427.08 | 723107.92 | 4504.23 | |
| 3 | മുൻഗണനേതര (എൻപിഎസ്) | 399530.37 | 399530.4 | 8048.27 | 9846.05 |
| | **ആകെ** | **1396184.72** | **1342408.34** | **17650.3** | **9846.05** |

*ഉറവിടം: സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ*

*2023 മുതൽ എഎവൈ കാർഡ് ഉടമകൾക്ക് ഇന്ത്യാ ഗവൺമെന്റ് സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നു.

**ചിത്രം 3.8.1** 2024-ൽ എഎവൈ ഗുണഭോക്താക്കൾക്കുള്ള ഓണം ഭക്ഷ്യ കിറ്റുകളുടെ ജില്ല തിരിച്ചുള്ള വിതരണം, എണ്ണത്തിൽ




*ഉറവിടം: സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ*

ആകെ 5.60 ലക്ഷം ഓണം ഭക്ഷ്യ കിറ്റുകൾ എഎവൈ കാർഡ് ഉടമകൾക്ക് വിതരണം ചെയ്തു. 2024-ൽ ഓണം ഭക്ഷ്യ കിറ്റുകൾ ജില്ല തോറും വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.8.7**–ൽ നൽകിയിരിക്കുന്നു.

### വില സ്ഥിരതയും ചില്ലറ വിപണിയിലെ സംസ്ഥാന ഇടപെടലും

കേരളം ഉപഭോക്തൃ കേന്ദ്രീകൃത സംസ്ഥാനമായതിനാൽ, സ്വകാര്യ ചില്ലറ വിൽപനയിലൂടെ അവശ്യസാധനങ്ങളുടെ കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്. പയറുവർഗ്ഗങ്ങൾ, ധാന്യങ്ങൾ, അരി, ആട്ട, പഞ്ചസാര എന്നിവയുൾപ്പെടെ 13 അവശ്യസാധനങ്ങളുടെ വില സുസ്ഥിരമാക്കുന്നതിന് സപ്ലൈകോ എന്നറിയപ്പെടുന്ന കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നു. ഇവയ്ക്ക് പൊതുവിപണിയേക്കാൾ 30 ശതമാനം വില കുറവാണ്. പൊതുവിപണിയെ അപേക്ഷിച്ച് ശരാശരി 20 ശതമാനം കുറഞ്ഞ വിലയ്ക്ക് 6,000-ലധികം ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് ഇനങ്ങളുടെ ചില്ലറ വിൽപ്പനയിലും സപ്ലൈകോ ഏർപ്പെട്ടിരിക്കുന്നു. സപ്ലൈകോയുടെ ഉൽപ്പന്നങ്ങളായ കറിപ്പൊടി, വെളിച്ചെണ്ണ, തേയില, കാപ്പിപ്പൊടി എന്നിവ ചില്ലറ വിപണിയിൽ "ശബരി" എന്ന ബ്രാൻഡിൽ വില്ക്കുന്നു. 87 മെഡിക്കൽ സ്റ്റോറുകൾ വഴിയും 5 ഹോൾസെയിൽ ഡിവിഷനുകൾ വഴിയും ശരാശരി 15 ശതമാനം കിഴിവിൽ മരുന്നുകൾ ചില്ലറ വിൽപന നടത്തുന്നുണ്ട്. കൂടാതെ, ഉത്സവ സീസണുകളിലെ ഉപഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സപ്ലൈകോ പ്രത്യേക മേളകൾ സംഘടിപ്പിക്കുന്നു. 12 പെട്രോൾ ബങ്കറുകൾ, 3 എൽപിജി ഔട്ട് ലെറ്റുകൾ, 1 മണ്ണെണ്ണ മൊത്ത വിൽപ്പന ഡിപ്പോ എന്നിവയിലൂടെ മണ്ണെണ്ണ, പെട്രോൾ, ഡീസൽ, എൽപിജി തുടങ്ങിയ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഡീലറായി സപ്ലൈകോ പ്രവർത്തിക്കുന്നുണ്ട്. 56 ഡിപ്പോകളും 5 മെഡിക്കൽ മൊത്തവില്പന കേന്ദ്രങ്ങളും 1630 റീട്ടെയിൽ ഔട്ട് ലെറ്റുകളും സപ്ലൈകോയ്ക്കുണ്ട്. 2023–24ൽ 3 മാവേലി സ്റ്റോറുകളും ഒരു പെട്രോൾ ബങ്കും പുതുതായി ആരംഭിക്കുകയും നിലവിലുള്ള 3 സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും രണ്ടെണ്ണം മാവേലി സൂപ്പർ സ്റ്റോറുകളായും നവീകരിക്കുകയും ചെയ്തു. പ്രവർത്തനക്ഷമമായ ഔട്ട് ലെറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.8.8**-ൽ നൽകിയിരിക്കുന്നു.

**കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന്റെ വിജയപാതകൾ**

**പ്രോസ്സസ് അപ്ഗ്രേഡേഷനും സേവന വിതരണം മെച്ചപ്പെടുത്തലും**

ഏകീകൃത മാതൃകയിൽ റേഷൻ കടകളുടെ നവീകരണവും ഓട്ടോമേഷനും, ഇ-റേഷൻ കാർഡ് പദ്ധതി നടപ്പാക്കലും എടിഎം വലുപ്പത്തിലുള്ള റേഷൻ കാർഡുകളുടെ വിതരണവും ഉൾപ്പെടെ പൊതുവിതരണ സമ്പ്രദായത്തിന്റെ സേവന വിതരണം നവീകരിക്കുന്നതിലും ഡിജിറ്റലൈസ് ചെയ്യുന്നതിലും സംസ്ഥാന സർക്കാർ വിജയിച്ചു. എവിടെനിന്നും എളുപ്പത്തിൽ റേഷൻ ലഭ്യമാക്കുന്നതിനായി ഒരു രാജ്യം ഒരു റേഷൻ കാർഡ് വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ന്യായവില കടകളിലുമായി 14,149 ഇ-പിഒഎസ് മെഷീനുകൾ സ്ഥാപിക്കുകയും ഭക്ഷ്യധാന്യങ്ങളുടെ കൃത്യമായ അളവിലുള്ള വിതരണം ഉറപ്പാക്കാൻ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ മാസവും ഓരോ കാർഡിനും ലഭിക്കേണ്ട റേഷൻ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് എസ്എംഎസ് വഴി അറിയിപ്പ് നൽകുന്നതാണ്. ഉപജീവനമാർഗം തേടി സംസ്ഥാനത്തേക്ക് കുടിയേറിയ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷ്യസുരക്ഷാ പരിരക്ഷ നൽകുന്നതിനായി 5,192 റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

**സഞ്ചരിക്കുന്ന റേഷൻ കട/എപ്പോൾ വേണമെങ്കിലും എവിടെയും റേഷൻ കട:**

ഒറ്റപ്പെട്ട പട്ടികവർഗ്ഗ മേഖലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അവരുടെ വീടുകളിൽ നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനുള്ള പദ്ധതിയാണ് മൊബൈൽ റേഷൻ ഷോപ്പ്. അതിനാൽ, ഒറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടിക വർഗക്കാർക്ക് ദുർഘടമായ റോഡുകളിലൂടെ കിലോമീറ്ററുകളോളം യാത്ര ചെയ്ത് റേഷൻ കടകളിൽ എത്തി റേഷൻ വാങ്ങാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാനും അവർക്ക് ശരിയായ റേഷൻ വിഹിതം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ഇതിലൂടെ കഴിയും. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, വയനാട്, തൃശ്ശൂർ എന്നീ 10 ജില്ലകളിലെ 146 ഉന്നതികളിലെ 5200 കുടുംബങ്ങൾക്കാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്.

**എഫ്പിഎസ് മൊബൈൽ ആപ്ലിക്കേഷൻ:** രാജ്യത്ത് ആദ്യമായി എഫ്പിഎസ് മൊബൈൽ ആപ്ലിക്കേഷൻ സംസ്ഥാനത്ത് ആരംഭിച്ചു, ഇത് എല്ലാ പരിശോധനകളും വേഗത്തിലും സുതാര്യമായും നടത്തുവാൻ സഹായകമായി. ഓരോ കടയിലെയും പരിശോധനാ വിവരങ്ങൾ തത്സമയം മേലുദ്യോഗസ്ഥർക്ക് ഈ ആപ്ലിക്കേഷനിലൂടെ ലഭിക്കും. ഇതിലൂടെ നിയമവിരുദ്ധമായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുകയോ പൂഴ്ത്തിവെക്കുകയോ വിപണിയിൽ വിൽക്കുകയോ ചെയ്യുന്നവർക്കെതിരെ ഉന്നത ഉദ്യോഗസ്ഥർക്ക് അടിയന്തര നടപടി സ്വീകരിക്കാനാകും.

**ദേശീയ ഭക്ഷ്യഭദ്രത നിയമം (എൻഎഫ്എസ്എ) നടപ്പിലാക്കുന്നതിലെ നാഴികക്കല്ലുകൾ**

എൻഎഫ്എസ്എയുടെ പരിധിക്കപ്പുറമുള്ള വീടുകളിൽ പോലും റേഷൻ വിതരണം നടത്തി സാർവത്രിക റേഷൻ കവറേജ് കേരള സർക്കാർ നേടിയിട്ടുണ്ട്. 2013 ലെ എൻഎഫ്എസ്എ നിയമം അനുസരിച്ച്, 75 ശതമാനം ഗ്രാമീണർക്കും 50 ശതമാനം നഗരവാസികൾക്കും സബ്സിഡിയുള്ള ഭക്ഷ്യധാന്യങ്ങൾക്ക് അർഹതയുണ്ട്. എന്നാൽ കേരളത്തിലെ കവറേജ് ഗ്രാമപ്രദേശങ്ങളിൽ 52.6 ശതമാനമായും നഗരപ്രദേശങ്ങളിൽ 39.5 ശതമാനമായും പരിമിതപ്പെടുത്തിയിരിക്കുന്നു. 2016 നവംബർ 1 മുതൽ സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രത നിയമം 2013 നടപ്പിലാക്കാൻ കേരള സർക്കാർ തീരുമാനിക്കുകയും ആയതനുസരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന വസ്തുക്കളുടെ വാതിൽപടി സേവനം ചെയ്യാനുള്ള ചുമതല കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ (സപ്ലൈകോ) ഏൽപ്പിച്ചിരിക്കുന്നു. എൻഎഫ്എസ്എ അനുസരിച്ച്, അർഹരായ കുടുംബങ്ങളെ തിരിച്ചറിയാൻ കേരള സർക്കാർ നടപടികൾ സ്വീകരിച്ചു. എൻഎഫ്എസ്എ-ൽ നിർബന്ധമാക്കിയതുപോലെ, യഥാക്രമം ബിപിഎൽ,എപിഎൽ കാർഡുകൾക്ക് പകരം "മുൻഗണന", "മുൻഗണനേതര" റേഷൻ കാർഡുകൾ നിലവിൽ വന്നു. സംസ്ഥാനതലത്തിലുള്ള ഗുണഭോക്താക്കളുടെ റാങ്കിംഗും നടത്തി.

വിദൂര പട്ടിക വർഗ ഊരുകളിലും പ്രകൃതിദുരന്ത സ്ഥലങ്ങളുടെയും വാതിൽപ്പടിയിൽ റേഷൻ എത്തിക്കുന്നു. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള കാര്യക്ഷമമായ പരാതി പരിഹാര സംവിധാനം സംസ്ഥാനത്തും സംസ്ഥാന ഭക്ഷ്യ കമ്മീഷനിലും നിലവിലുണ്ട്.എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ, പരാതി പരിഹാര പോർട്ടൽ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുതൽ അംഗീകൃത റേഷൻ ഡീലർമാരുടെ തലം വരെ സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ ജിപിഎസ് ട്രാക്കിംഗ്, കാര്യക്ഷമവും സുതാര്യവുമായ സേവന വിതരണം ഉറപ്പാക്കുന്നതിനായി സിസിടിവി സ്ഥാപിക്കൽ, ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളും കണക്റ്റിവിറ്റിയും, ന്യായവില കടകളുടെ സോഷ്യൽ ഓഡിറ്റിംഗ്, അറിയിപ്പുകൾ, വിദ്യാഭ്യാസവും ആശയവിനിമയ പ്രവർത്തനങ്ങളും, ഇടനില ഗോഡൗണുകളുടെ സജ്ജീകരണം എന്നിവയിലൂടെ ദേശീയ ഭക്ഷ്യ ഭദ്രത നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കി. മറ്റ് സർക്കാർ വകുപ്പുകൾക്കൊപ്പം, സിവിൽ സപ്ലൈസ് വകുപ്പും ഇ-ഓഫീസ് ഫയൽ സംവിധാനത്തിലേക്ക് മാറി, ഇത് ഫയൽ നീക്കം വേഗത്തിലാക്കുകയും കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ സഹായകമാകുകയും ചെയ്യുന്നു. എൻഎഫ്എസ്എ നിയമം 2013 പൊതുവിതരണ ശൃംഖലയുടെ അന്തിമ പൊതു ജന സമ്പർക്ക കേന്ദ്രമായി ന്യായവില കടകളെ വിഭാവനം ചെയ്യുന്നു. മുഴുവൻ സംവിധാനത്തിന്റെ സുതാര്യതയും സാമൂഹിക നേട്ടവും അവരുടെ സേവനത്തിന്റെ ഗുണനിലവാരത്തെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ, പ്രത്യേകിച്ച് വനിതകളും വനിതാ കൂട്ടായ്മകളും നടത്തുന്ന സ്വാശ്രയ സംഘങ്ങളും സഹകരണ സംഘങ്ങളും ഉൾപ്പെടെ പൊതു സ്ഥാപനങ്ങൾക്കോ പഞ്ചായത്തുകൾ പോലുള്ള പൊതു സ്ഥാപനങ്ങൾക്കോ മുൻഗണന നൽകിക്കൊണ്ട് പൊതുവിതരണ സമ്പ്രദായത്തിലെ ന്യായ വില കടകൾ തുറക്കുന്നതിൽ ദൂരവ്യാപകമായ

പുരോഗമന പരിഷ്കാരങ്ങൾക്കായി ഈ നിയമം വാദിക്കുന്നു. നിയമത്തിലെ ഈ വ്യവസ്ഥ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള ആദ്യപടിയെന്ന നിലയിൽ, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാതൃകാ ന്യായവില കടകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി നിർദ്ദിഷ്ട വർഷം മുതൽ വകുപ്പ് മുന്നോട്ടുപോയി.

**വിശപ്പ് രഹിത കേരളം പദ്ധതി:** സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ രണ്ടാമത്തെ ലക്ഷ്യമായ 'പട്ടിണിരഹിതം' എന്ന ലക്ഷ്യം കൈവരിക്കാൻ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആരംഭിച്ച പദ്ധതിയാണ് വിശപ്പ് രഹിത കേരളം. നമ്മുടെ സംസ്ഥാനത്തെ പട്ടിണി ഇല്ലാതാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ഒരു നേരം ഭക്ഷണം 20 രൂപ മിതമായ നിരക്കിൽ നൽകുന്ന സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചു. കേരള സർക്കാർ ഓരോ ഊണിനും 5 രൂപ സബ്സിഡി നൽകുന്നു. ഈ ഹോട്ടലുകളിൽ മറ്റ് ഭക്ഷണ സാധനങ്ങളും സബ്സിഡി നിരക്കിൽ വിൽക്കുന്നു. ഭിക്ഷാടകരും നിർധനരായ ആളുകളുമാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. കേരള സർക്കാർ 600 കിലോ അരി പ്രതിമാസം 10.90. രൂപ നിരക്കിൽ സബ്സിഡിയായി ഈ പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്നു. നിലവിൽ 47 ഓളം സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ 4 നിയോജക മണ്ഡലങ്ങളിലായി 2023-24 വർഷത്തിൽ നാല് പുതിയ സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചു. കൂടുതൽ സ്ഥലങ്ങളിൽ സുഭിക്ഷ ഹോട്ടലുകൾ തുടങ്ങാനാണ് കേരള സർക്കാർ ഉദ്ദേശിക്കുന്നത്. പ്രതിമാസം 3.5 ലക്ഷത്തിലധികം ആളുകൾക്കാണ് സുഭിക്ഷ ഹോട്ടലുകളിൽ നിന്ന് പ്രയോജനം ലഭിക്കുന്നത്.

**ഇ–ഓഫീസ്:** ഭക്ഷ്യ പൊതു വിതരണ ഉപഭോക്തൃ കാര്യ വകുപ്പിന് കീഴിൽ വരുന്ന 102 ഓഫീസുകളിൽ ഇ-ഓഫീസ് സ്ഥാപിച്ചു. ഒരു സംസ്ഥാന ഉപഭോക്തൃ പരിഹാര കമ്മീഷൻ ഓഫീസ്, ഒരു ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ, 2 റേഷനിംഗ് ഓഫീസുകളുടെ ഡെപ്യൂട്ടി കൺട്രോളർ, 14 ജില്ലാ സപ്ലൈ ഓഫീസുകൾ, 77 താലൂക്ക് സപ്ലൈ ഓഫീസുകൾ, 6 സിറ്റി റേഷനിംഗ് ഓഫീസുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**കെ–സ്റ്റോർ:** ആധുനിക സാങ്കേതികവിദ്യയും സേവനങ്ങളുടെ വൈവിധ്യവൽക്കരണവും ഉപയോഗിച്ച് ന്യായവില കടകൾ നവീകരിച്ച് കെ-സ്റ്റോറുകൾ ആരംഭിച്ചു. അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യൽ, ചോട്ടു ഗ്യാസ്, സപ്ലൈ കോയുടെ ശബരി ഉൽപന്നങ്ങൾ, മിൽമ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ, വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവ കെ-സ്റ്റോർ വഴി ഉപഭോക്താക്കൾക്ക് നൽകുന്നു. ഒരു കുടക്കീഴിൽ വിപുലമായ പൊതുവായി പ്രയോജനപ്പെടുന്ന സേവനങ്ങൾ നൽകുന്ന ജീവകാരുണ്യ കേന്ദ്രങ്ങളാക്കി ന്യായവില കടകളെ മാറ്റാൻ ഇത് വിഭാവനം ചെയ്യുന്നു.

ദേശീയ ഭക്ഷ്യഭദ്രത നിയമം നടപ്പിലാക്കുന്നതിലൂടെ വകുപ്പിന്റെ വർധിച്ച പങ്ക് കാരണം, സംസ്ഥാനത്തുടനീളം വ്യാപിച്ചുകിടക്കുന്ന ന്യായവില കടകളുടെ വിശാലമായ ശൃംഖലയിലൂടെ വിവിധ വിളകളുടെ സംഭരണവും വിൽപ്പനയും ഇപ്പോൾ വകുപ്പിന് ഏറ്റെടുക്കാൻ കഴിയും. സർക്കാർ ഇതിനകം തന്നെ മിനിമം താങ്ങുവില നിശ്ചയിച്ചിട്ടുള്ള വാഴ, മരച്ചീനി, പച്ചക്കറികൾ തുടങ്ങിയ വിളകൾ പൊതുവിതരണ സമ്പ്രദായത്തിന് കീഴിലെ ഈ കടകൾ മുഖേന പ്രാദേശികമായി സംഭരിക്കാനും വിൽക്കാനും കഴിയുന്നു. ഈ വിളകളുടെ വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങളിലേക്കും ഇത് വ്യാപിപ്പിക്കാവുന്നതാണ്. നിലവിൽ 1,201 കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. 2024 ഡിസംബർ 31നുള്ളിൽ 2000 കെ-സോറുകൾ സ്ഥാപിക്കാനാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്.

**പ്രൊജക്റ്റ് ഒപ്പം :** കിടപ്പിലായ രോഗികളുള്ള കുടുംബങ്ങളുടെ വീട്ടുവാതിൽക്കൽ ഓട്ടോറിഷ ഡ്രൈവർമാർ പ്രതിഫലം കൂടാതെ സ്വമേധയ റേഷൻ സാധനങ്ങൾ എത്തിക്കുന്നു. എല്ലാ മാസവും 10ന് മുമ്പായി അവരുടെ റേഷൻ സാധനങ്ങൾ ഓട്ടോറിക്ഷാ ഡ്രൈവർമാർ സൗജന്യമായി വീട്ടുകളിലെത്തിക്കുന്നു. 2023 ഫെബ്രുവരി 13 ന് തൃശ്ശൂരിൽ ആരംഭിച്ച ഒപ്പം പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കി. ഒപ്പം പദ്ധതി പ്രകാരം നിലവിൽ 849 ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടുകളിൽ എത്തിച്ചു നൽകുന്നുണ്ട്. ഒപ്പം പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 3.8.3**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.8.3** ഒപ്പം പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ

| ക്രമ നം | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 20 |
| 2 | കൊല്ലം | 76 |
| 3 | പത്തനംതിട്ട | 20 |
| 4 | ആലപ്പുഴ | 9 |
| 5 | കോട്ടയം | 34 |
| 6 | ഇടുക്കി | 38 |
| 7 | എറണാകുളം | 24 |
| 8 | തൃശ്ശൂർ | 434 |
| 9 | പാലക്കാട് | 35 |
| 10 | കോഴിക്കോട് | 55 |
| 11 | മലപ്പുറം | 24 |
| 12 | വയനാട് | 18 |
| 13 | കണ്ണൂർ | 26 |
| 14 | കാസറഗോഡ് | 36 |
| **ആകെ** | | **849** |

*ഉറവിടം: സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ*

**സോഷ്യൽ മീഡിയ ലാബ്:** സംസ്ഥാനത്തെ പൊതുജനങ്ങൾക്കിടയിൽ ഈ മേഖലയിലെ വികസനം

പ്രചരിപ്പിക്കുന്നതിനായി ഒരു സോഷ്യൽ മീഡിയ ലാബ് ആരംഭിച്ചു. 14,157 ന്യായവില കടകളിലെ 14,149 ന്യായവില കടകൾ ഇ-പോസ് കണക്റ്റുചെയ്ത മെഷീനുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്നതിനാൽ, കൈയാൽ നടത്തുന്ന ഇടപാടുകളുടെ എണ്ണം ഇത് കുറയ്ക്കുന്നു.

**ന്യായവില കടകൾ വഴിയുള്ള റാഗി വിതരണം**

തിനയുടെ ആരോഗ്യ പോഷക ഗുണങ്ങളെ കുറിച്ച് അവബോധം വളർത്തുന്നതിനായി ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ-കാർഷിക സംഘടന (എഫ്.എ.ഒ) 2023 നെ അന്താരാഷ്ട്ര മില്ലറ്റ് വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. 2023 നെ തിനയുടെ വർഷമായി ആചരിക്കാൻ ഇന്ത്യാ ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുണ്ട്. റാഗി പൊതുവിതരണ സമ്പ്രദായത്തിൽ ഉൾപ്പെടുത്താൻ കേരള സർക്കാർ നടപടികൾ സ്വീകരിക്കുകയും 2023 ജൂൺ മുതൽ റേഷൻ കടകൾ വഴി റാഗി വിതരണം ചെയ്യുകയും ചെയ്യുന്നു.

എഫ്സിഐയിൽ നിന്ന് ലഭിക്കുന്ന റാഗി, റാഗി പൊടിയാക്കി മാറ്റി എഎവൈ, പിഎച്ച്എച്ച് വിഭാഗങ്ങൾക്ക് റേഷൻ കടകൾ വഴി ഒരു കിലോ പാക്കറ്റുകളിലാക്കി വിതരണം ചെയ്യുന്നു. എഎവൈ വിഭാഗത്തിന് 8 രൂപയും മുൻഗണനാ വിഭാഗത്തിന് 10 രൂപയുമാണ് ഓരോ പാക്കറ്റിനും നിശ്ചയിച്ചിരിക്കുന്ന വില. സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകളിലാണ് പ്രധാനമായും റാഗിപ്പൊടി വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നത്.

**പരാതി പരിഹാര കമ്മീഷനുകൾ:** ഒരു സംസ്ഥാനതല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും 14 ജില്ലാതല ഉപഭോക്തൃ പരിഹാര കമ്മീഷനും ഉപഭോക്തൃ പരാതികൾ വേഗത്തിലും കുറഞ്ഞ ചെലവിലും പരിഹരിക്കുന്നതിന് ഉപഭോക്തൃ സംരക്ഷണ നിയമം വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ സസൂക്ഷ്മം പ്രവർത്തിക്കുന്നു.

**സ്മാർട്ട് പിഡിഎസ്:** എൻഎഫ്എസ്എ 2013 ലക്ഷ്യമിട്ടിരുന്നതും ഇതിനകം നേടിയതുമായ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമവും സുതാര്യവുമാക്കുക എന്നത് ഏകീകരിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് സ്മാർട്ട് പിഡിഎസ്. പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

**തെളിമ പദ്ധതി:** റേഷൻ കാർഡ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ആർസിഎംഎസ് മുഖേന ഡാറ്റാ എൻട്രി നടത്തുമ്പോൾ സംഭവിച്ച തെറ്റുകൾ തിരുത്താൻ റേഷൻ കാർഡ് ഉടമകൾക്ക് അവസരം നൽകുന്നതിനായി എല്ലാ വർഷവും നവംബർ 15 മുതൽ ഡിസംബർ 15 വരെ നടത്തിവരുന്ന പദ്ധതിയാണ് തെളിമ പദ്ധതി. അനധികൃതമായി മുൻഗണനാ കാർഡുകൾ കൈവശം വെച്ചിട്ടുള്ള ഉടമകളുടെ വിശദാംശങ്ങൾ, ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച ആക്ഷേപങ്ങൾ, ലൈസൻസി/സെയിൽസ്മാൻമാരുടെ പെരുമാറ്റം, റേഷൻ ഡിപ്പോകളുടെ നടത്തിപ്പ് സംബന്ധിച്ച അഭിപ്രായങ്ങൾ നിർദേശങ്ങൾ എന്നിവ ഈ പരാതികളിൽ ഉൾപ്പെടുന്നു. ഒരു ഉപഭോക്താവെന്ന നിലയിൽ റേഷൻ വിതരണം കൂടുതൽ കാര്യക്ഷമമാക്കാൻ പൊതുജനാഭിപ്രായവും സ്വീകരിക്കുന്നു.

**ഓപ്പറേഷൻ യെല്ലോ:** പൊതുജനങ്ങളുടെ സഹായത്തോടെ അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനും മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി അവരുടെ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനുമുള്ള ഒരു യോഗ്യതാനിർണയ പരിപാടിയാണ് ഓപ്പറേഷൻ യെല്ലോ. ഭക്ഷ്യ ഭദ്രത നിയമം 2013 പ്രകാരം കേരളത്തിൽ മുൻഗണനാ കാർഡിന് അർഹതയുള്ളത് 1,54,80,040 പേർക്കാണ്. അർഹതയില്ലാത്ത ഗുണഭോക്താക്കളെ കൃത്യമായി തിരിച്ചറിഞ്ഞിട്ടുണ്ടെന്നും അവരുടെ മുൻഗണനാ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യാൻ സർക്കാർ ആവശ്യപ്പെടുകയും ആയത് ഉറപ്പു വരുത്തുകയും ചെയ്യുന്നു. ഓപ്പറേഷൻ യെല്ലോയുടെ ഭാഗമായി, അനർഹരായ മുൻഗണനാ കാർഡ് ഉടമകളുടെ വിശദാംശങ്ങൾ അറിയിക്കുന്നതിന് വകുപ്പിന്റെ 24x7 മൊബൈൽ നമ്പറിലും (9188527301) ടോൾ ഫ്രീ നമ്പറിലും (1967) വിളിക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ ഈ ഓഫീസിൽ നിന്ന് ബന്ധപ്പെട്ട ജില്ലാ/താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസർമാർക്ക് കൈമാറുന്നു. പരാതികൾ ലഭിച്ച് 48 മണിക്കൂറിനുള്ളിൽ അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരിൽ നിന്ന് പിഴ ഈടാക്കി കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ് ചെയ്യുന്നത്. കൂടാതെ താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസിൽ നേരിട്ട് ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അതനുസരിച്ച് നടപടിയെടുക്കുന്നു.

**സുജലം പദ്ധതി:** കേരള ജലവിഭവ വകുപ്പിന്റെ കെഐഐഡിസിയുടെ ഒരു ഉൽപ്പന്നമാണ് ഹില്ലിഅക്വ കുടിവെള്ളം. 500 മില്ലി ലിറ്റർ, ഒരു ലിറ്റർ, 20 ലിറ്റർ എന്നിങ്ങനെ ഹില്ലി അക്വാ കുടിവെള്ള കുപ്പികൾ ലഭ്യമാണ്. ന്യായവില കടകൾ വഴിയുള്ള ഹില്ലി അക്വ കുടിവെള്ളം വിതരണം സുജലം പദ്ധതി എന്നാണ് അറിയപ്പെടുന്നത്. 10 രൂപയാണ് ഒരു ലിറ്റർ കുപ്പിവെള്ളത്തിന്റെ വില. ആദ്യപടിയായി എറണാകുളം, കോട്ടയം, പത്തനംതിട്ട, ഇടുക്കി, കൊല്ലം ജില്ലകളിൽ സുജലം പദ്ധതി നടപ്പാക്കുകയും കോഴിക്കോട്, വയനാട്, കണ്ണൂർ ഒഴികെയുള്ള മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2024ൽ സുജലം പദ്ധതിയിലൂടെ 90,35,682 രൂപയുടെ വിൽപ്പന വരുമാനം ലഭിച്ചു. സുജലം പദ്ധതിയിൽ നിന്നുള്ള വിൽപ്പന വരുമാനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 3.8.4**-ൽ നൽകിയിരിക്കുന്നു.

**പി എം പോഷൻ (ഉച്ചഭക്ഷണ പരിപാടി):** കേന്ദ്രസർക്കാർ ഉച്ചഭക്ഷണ പദ്ധതി ആവിഷ്കരിക്കുന്നതിന് മുമ്പ് 1984-ൽ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയ ഒരു സംസ്ഥാനമാണ് കേരളം. 1995-ൽ കേന്ദ്രാവിഷ്കൃത പദ്ധതിയായി ഇന്ത്യാ ഗവൺമെൻറ് ഉച്ചഭക്ഷണ പരിപാടി ആരംഭിച്ചതു മുതൽ കേന്ദ്ര -സംസ്ഥാന-സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെയാണ് സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ഉച്ചഭക്ഷണ പദ്ധതിയിലേക്ക് സാധനങ്ങൾ എത്തിക്കുന്നതിനുള്ള ചുമതല സപ്ലൈകോ

ആണ് നിർവഹിക്കുന്നത്. 2022-23ൽ 27.31 ലക്ഷം വിദ്യാർഥികൾക്ക് 7.61 ലക്ഷം ക്വിൻറൽ അരി എന്നതിൽ നിന്ന് 2023-24ൽ എഫ് സിഐ 6.52 ലക്ഷം ക്വിൻറൽ അരി വിതരണം ചെയ്യുകയും അതുമൂലം 27.54 ലക്ഷം വിദ്യാർഥികൾക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. 2024-25ൽ (2024 ഓഗസ്റ്റ് വരെ) 12,327 സ്കൂളുകളിലേക്ക് 2.84 ലക്ഷം ക്വിൻറൽ അരി വിതരണം ചെയ്തു. 2016-17 മുതൽ 2024-25 വരെ (31.8.2024 വരെ) ഉച്ചഭക്ഷണ പരിപാടിക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.8.9**-ൽ നൽകിയിരിക്കുന്നു. വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെയും ഉച്ചഭക്ഷണ പരിപാടിയിൽ നിന്ന് പ്രയോജനം നേടിയ വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ **ചിത്രം 3.8.2**-ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക നമ്പർ.3.8.4.** 2024-ലെ സുജലം പദ്ധതിയിൽ നിന്നുള്ള വിൽപ്പന വരുമാനം (രൂപയിൽ)

| ക്രമ നം | ജില്ല | 30.11.2024 വരെയുള്ള വിൽപ്പന വരുമാനം |
|---|---|---|
| 1 | തിരുവനന്തപുരം | 2073660 |
| 2 | കൊല്ലം | 851400 |
| 3 | പത്തനംതിട്ട | 622290 |
| 4 | ആലപ്പുഴ | 1961840 |
| 5 | കോട്ടയം | 388410 |
| 6 | ഇടുക്കി | 1663680 |
| 7 | എറണാകുളം | 375630 |
| 8 | തൃശ്ശൂർ | 148112 |
| 9 | പാലക്കാട് | 784830 |
| 10 | മലപ്പുറം | 39600 |
| 11 | കോഴിക്കോട് | 0 |
| 12 | വയനാട് | 0 |
| 13 | കണ്ണൂർ | 0 |
| 14 | കാസറഗോഡ് | 126230 |
| | **ആകെ** | **9035682** |

***ഉറവിടം:*** *സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ*

**സെൻറർ ഫോർ പ്രൈസ് റിസർച്ച് കേരള:** 2022 ൽ കേരള സർക്കാർ സെൻറർ ഫോർ പ്രൈസ് റിസർച്ച് കേരള സ്ഥാപിച്ചു. കേരള സംസ്ഥാനത്തിലെ 13 അവശ്യസാധനങ്ങളുടെ ഉൽപ്പാദന സ്രോതസ്സിലുള്ളതും വിലയിലുള്ളതുമായ ഏറ്റക്കുറച്ചിലുകൾ നിരീക്ഷിക്കുകയാണ് സെന്ററിന്റെ പ്രധാന ലക്ഷ്യം. സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നവ:

1. അവശ്യവസ്തുക്കളുടെ വില നിരീക്ഷിക്കൽ പ്രവർത്തനത്തെ സംസ്ഥാന തലത്തിൽ ഫലപ്രദമായ രീതിയിൽ മേൽനോട്ടം വഹിക്കുക
2. വില നിയന്ത്രിക്കുന്നതിനുമുള്ള നയങ്ങൾ രൂപീകരിക്കുന്നതിലും വില നിയന്ത്രിക്കുന്നതിനും സർക്കാരിനെ സഹായിക്കുക.
3. വിപണി വില നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങളും നടപടികളും സ്ഥാപിക്കുന്നതിന് സർക്കാരിനും ബന്ധപ്പെട്ട ഏജൻസികൾക്കും ശുപാർശകൾ നൽകുകയും അതുവഴി ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുക.

2023 ജനുവരി മുതൽ സംസ്ഥാനത്തെ 70 ലധികം വിപണികളിലായി 13 അവശ്യസാധനങ്ങളുടെ മൊത്ത, ചില്ലറ വിലകൾ അടിസ്ഥാനമാക്കി പ്രതിവാര വില വിശകലന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു. ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ഈ വിലകൾ വിപണിയിൽ നിന്ന് ശേഖരിക്കുകയും അവ സെന്റർ വിശകലനം ചെയ്യുകയും ചെയ്യുന്നു.


**വില നിരീക്ഷണ സെൽ:** അവശ്യസാധനങ്ങളുടെ വിലയിലെ ഏറ്റക്കുറച്ചിലുകൾ നിരീക്ഷിക്കാൻ കേന്ദ്രസർക്കാർ പ്രൈസ് മോണിറ്ററിങ് സെൽ രൂപീകരിച്ചിട്ടുണ്ട്. 2017 ൽ സിവിൽ സപ്ലൈസ് വകുപ്പാണ് ഇത് സ്ഥാപിച്ചത്. ഇരുപത്തിരണ്ട് അവശ്യസാധനങ്ങളുടെ ചില്ലറ, മൊത്തവ്യാപാര വിലകൾ, നിലവിലെ വില, ഭാവിയിലെ വില, എന്നിവ ദിവസേന അടിസ്ഥാനത്തിൽ നിരീക്ഷിക്കുക എന്നതാണ് സെല്ലിന്റെ പ്രവർത്തനം. 2024-ൽ പ്രൈസ് മോണിറ്ററിംഗ് സെൽ ശക്തിപ്പെടുത്തുന്നതിനായി 13,59,506 രൂപ വിനിയോഗിച്ചു.

**ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ (സിഎഫ്ആർഡി):** കേരള ഭക്ഷ്യവിഭവങ്ങളുടെ തനിമ ഉയർത്തിപ്പിടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കുന്നതിന് ഈ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് 2005-ൽ കോന്നി ആസ്ഥാനമാക്കി കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെൻറ് (സിഎഫ്ആർഡി) രൂപീകരിച്ചത്. ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറി (എഫ്ക്യൂഎംഎൽ), ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ് സെൻറർ (എഫ്പിടിസി), കോളേജ് ഓഫ് ഇൻഡിജീനിയസ് ഫുഡ് ടെക്നോളജി (സിഎഫ്ടി-കെ) എന്നിവ സ്ഥാപിക്കുകയും ഫുഡ് ബിസിനസ് മാനേജ്മെൻറ് സ്കൂളിന് പഴങ്ങളും പച്ചക്കറികളും സൂക്ഷിക്കുന്നതിനായി കോൾഡ് സ്റ്റോറേജ് / ഡീഹൈഡ്രേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

**നെല്ല് സംഭരണം:** കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ - (സപ്ലൈ കോ.) സംസ്ഥാനത്തിന് വേണ്ടി നെല്ല് സംഭരണം, സംസ്കരണം, വിതരണം എന്നിവയുള്ള നിർവ്വഹണ ഏജൻസിയാണ്. രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് സപ്ലൈകോ നേരിട്ട് നെല്ല് സംഭരിക്കുകയും അതിന്റെ വില അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്യുന്നു. ഏജൻസി പിന്നീട് നെല്ല് അരിയാക്കി മാറ്റുകയും അത് സംസ്ഥാന പൊതുവിതരണ സംവിധാനം (പിഡിഎസ്) വഴി വിതരണം ചെയ്യുകയും ചെയ്യുന്നു. സംസ്ഥാനത്തിനകത്ത് ഇങ്ങനെ സംഭരിക്കുന്ന നെല്ല്, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തിന് (പിഡിഎസ്) നൽകുന്ന ഭക്ഷ്യധാന്യ സ്റ്റോക്കിന്റെ സംസ്ഥാനത്തിന്റെ വിഹിതത്തിൽ നിന്ന് കുറയ്ക്കുന്നു.

സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന നെല്ലിന്റെ സംഭരണ വിലയിൽ കാർഷിക ചെലവുകൾക്കും വിലകൾക്കും വേണ്ടിയുള്ള കമ്മീഷനിൽ നിന്നുള്ള ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള

**ചിത്രം 3.8.2** ഉച്ചഭക്ഷണ പരിപാടി 2016-17 മുതൽ 2024-25 വരെ




*ഉറവിടം: സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ*

മിനിമം താങ്ങുവിലയും (എം എസ് പി) സംസ്ഥാന സർക്കാർ നൽകുന്ന അധിക സംസ്ഥാന ഇൻസെൻറീവ് ബോണസും (എസ് ഐ ബി)ഉൾപ്പെടുന്നു.

രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് വകുപ്പ് നേരിട്ട് നെല്ല് സംഭരിക്കുന്നു. എന്നാൽ പൊതുവിതരണ സംവിധാനത്തിലൂടെ നെല്ല് അരിയായി വിതരണം ചെയ്തതിന് ശേഷമാണ് കേന്ദ്രസർക്കാർ മിനിമം താങ്ങു വില കൈമാറുന്നത്. ഈ കാലതാമസത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കാൻ, സംഭരണ വേളയിൽ വകുപ്പ് കർഷകർക്ക് നെല്ല് രസീത് ഷീറ്റുകൾ (പിആർഎസ്) നൽകുന്നു, അത് ബാങ്കുകളിൽ നിന്ന് വായ്പയെടുക്കാൻ ഉപയോഗിക്കാവുന്നതാണ്. ഇന്ത്യ ഗവൺമെന്റ് താങ്ങു വില നൽകുമ്പോൾ സംസ്ഥാന സർക്കാർ ഈ വായ്പ പലിശ സഹിതം തിരിച്ചടയ്ക്കുന്നു.

നെല്ല് സംഭരിക്കുന്നതിന് 59 മോഡേൺ റൈസ് മില്ലുകളുമായി സപ്ലൈ കോ കരാർ ഒപ്പിട്ടിട്ടുണ്ട്. 2023-24ൽ ഒരു കിലോഗ്രാമിന് 28.20 രൂപയാണ് സംഭരണ നിരക്ക്, ഇതിൽ 21.83 രൂപ എം. എസ്.പി യും 6.37 രൂപ എസ്.ഐ.ബിയുമാണ്. സപ്ലൈ കോ 2023-24ൽ 6.13 ലക്ഷം മെട്രിക് ടൺ നെല്ലും 2024-25 കാലയളവിൽ ജൂലൈ 2024 വരെ 3.00 ലക്ഷം മെട്രിക് ടൺ നെല്ലും സംഭരിച്ചു.

**ദേശീയ ഭക്ഷ്യഭദ്രത നിയമം 2013 പ്രകാരം സംസ്ഥാനത്തിനകത്തുള്ള ഭക്ഷ്യധാന്യങ്ങളുടെ നീക്കത്തിനും എഫ് പി എസ് ഡീലർമാരുടെ മാർജിനും ഭക്ഷ്യധാന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാന ഏജൻസികൾക്കുള്ള സഹായം**

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013 പ്രകാരം, കേരള സർക്കാർ എഫ്സിഐ ഗോഡൗണുകളിൽ നിന്നും നെല്ല് സംസ്കരണ മില്ലുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ സ്വീകരിച്ച് എൻഎഫ്എസ്എയുടെ ഇടനില ഗോഡൗണുകളിൽ സൂക്ഷിക്കുന്നു. ഈ ഭക്ഷ്യധാന്യങ്ങൾ ന്യായവില കടകളിൽ എത്തിക്കുകയും അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.

സംസ്ഥാനത്തിനകത്തുള്ള ചരക്ക് നീക്കത്തിനും ഭക്ഷ്യധാന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും എഫ്പിഎസ് ഡീലറുടെ മാർജിനുമായി ദേശീയ ഭക്ഷ്യഭദ്രത നിയമം 2013 പ്രകാരം 50 ശതമാനം സാമ്പത്തിക സഹായം കേന്ദ്ര സർക്കാർ നൽകുന്നു. മുൻഗണനാ കാർഡ് ഉടമകളുടെ ചെലവ് മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. മുൻഗണനാ കാർഡുടമകൾക്ക് ഒരു ക്വിൻറൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന ചെലവ് 65

**പട്ടിക നമ്പർ 3.8.5** 2022–23, 2023–24 എന്നീ വർഷങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ വാതിൽ പടിയിൽ എത്തിക്കുന്നതിനുള്ള ഗതാഗത കൈകാര്യ ചെലവ് (രൂപ കോടിയിൽ)

| വർഷം | സംസ്ഥാന സർക്കാർ ചെലവഴിച്ച തുക | കേന്ദ്ര സഹായം | സംസ്ഥാനത്ത് ചെലവഴിച്ച ആകെ തുക | കേന്ദ്ര സർക്കാരിൽ നിന്നു ലഭിക്കാനുള്ള സഹായം (2024 മാർച്ച് 31 വരെ |
|---|---|---|---|---|
| 2022-23 | 217.46 | 31.81 | 249.27 | ഇല്ല |
| 2023-24 | 226.16 | 25 | 251.16 | 7.04 |

*ഉറവിടം:* സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ

രൂപയാണ്. ഈ ചെലവിന്റെ അൻപത് ശതമാനം 32.50 രൂപ കേന്ദ്രസർക്കാരാണ് വഹിക്കുന്നത്.

എന്നാൽ, കേരളത്തിൽ ഒരു ക്വിൻറൽ ഭക്ഷ്യധാന്യം വീടുകൾ തോറും വിതരണം ചെയ്യുന്നതിനുള്ള ശരാശരി ചെലവ് 185 രൂപയാണ്. വാഹന വാടക, ലോഡിംഗ്, അൺലോഡിംഗ് ചാർജുകൾ, ഗോഡൗൺ വാടക, ജീവനക്കാരുടെ ശമ്പളം, മറ്റ് അനുബന്ധ ചെലവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. മുൻഗണനാ, മുൻഗണനേതര കാർഡ് ഉടമകൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ചെലവ് ഇതിൽ ഉൾപ്പെടുന്നു. ബാക്കി വരുന്ന തുക 152.50 രൂപ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. സംസ്ഥാന സർക്കാർ പ്രതിമാസം ഭക്ഷ്യധാന്യങ്ങൾ ന്യായ വില കടകളുടെ വാതിക്കൽ എത്തിക്കുന്നതിനായി സപ്ലൈ കോ വഴി പ്രതിമാസം ശരാശരി 21 കോടി രൂപ ചെലവഴിക്കുന്നു. 2022-23, 2023-24 വർഷങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ വാതിൽ പടിയിൽ എത്തിക്കുന്നതിനുള്ള ഗതാഗത കൈകാര്യ ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക നമ്പർ 3.8.5**-ൽ നൽകിയിരിക്കുന്നു.

അംഗീകൃത റേഷൻ കട ഡീലർമാർ മുഖേനയാണ് ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത്. ഓരോ റേഷൻ കടയിലൂടെയും വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് അനുസരിച്ചാണ് റേഷൻ കട ഡീലർമാർക്കുള്ള കമ്മീഷൻ തുക കണക്കാക്കുന്നത്.

എഫ് പിഎസ് ഡീലറുടെ മാർജിനിന്റെ 50 ശതമാനം കേന്ദ്ര സർക്കാർ നൽകുന്നു. ഒരു ക്വിൻറൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനു കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ചെലവ് 107 രൂപയാണ്. (എഫ് പി എസ് ഡീലറുടെ അടിസ്ഥാന മാർജിൻ 90 രൂപയും അധിക മാർജിൻ 17 രൂപയും ഉൾപ്പെടെ). മുൻഗണനാ കാർഡ് ഉടമകളുടെ ചെലവ് മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നത്.

എന്നാൽ, കേരളത്തിൽ ഒരു ക്വിൻറൽ ഭക്ഷ്യധാന്യങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്നതിനുള്ള ശരാശരി ചെലവ് 320 രൂപയാണ്. മുൻഗണനാ കാർഡുടമകൾക്കും മുൻഗണനേതര കാർഡ് ഉടമകൾക്കും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ചെലവ് ഇതിൽ ഉൾപ്പെടുന്നു. 53.50 രൂപയാണ് കേന്ദ്രസർക്കാർ നൽകുന്നത്. ബാക്കി 266.50 രൂപ സംസ്ഥാന സർക്കാരാണ് ഫണ്ട് നൽകുന്നത്. റേഷൻ കട ഡീലർമാർക്കായി പ്രതിമാസം 34 കോടി രൂപയാണ് കമ്മീഷനായി കേരള സർക്കാർ ചെലവഴിക്കുന്നത്. 2022-23, 2023-24 വർഷങ്ങളിലെ റേഷൻ കട ഡീലർമാർക്കുള്ള കമ്മിഷന്റെ വിശദാംശങ്ങൾ **പട്ടിക 3.8.6**-ൽ നൽകിയിരിക്കുന്നു.

**സപ്ലൈകോയുടെ നവീകരണം:–** ഡിപ്പോ മാനേജ്മെൻറ് സിസ്റ്റങ്ങൾ, ഔട്ട്ലെറ്റ് മാനേജ്മെൻറ് സിസ്റ്റങ്ങൾ, സോഫ്റ്റ്‌വെയർ വികസനം, ടീ ബ്ലെൻഡിംഗ് പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണം എന്നിവയുൾപ്പെടെ 241 ഔട്ട്‌ലെറ്റുകളും മറ്റ് പ്രവർത്തനങ്ങളും നവീകരിക്കുന്നതിനുള്ള പ്രക്രിയയിലാണ് വകുപ്പ്. തിരുവനന്തപുരത്തും (വലിയതുറ), കൊല്ലത്തും (റെയിൽവേ സ്റ്റേഷനു സമീപം) ഓരോ ഗോഡൗണുകളുടെ നിർമാണം പൂർത്തിയായി, തിരുവല്ലയിലും കൊച്ചിയിലും ഓരോ ഗോഡൗണുകളുടെ പ്രവൃത്തി പുരോഗമിക്കുന്നു.

**മുന്നോട്ട്:** ശാസ്ത്രീയമായി നിർമ്മിച്ച ഗോഡൗണുകളുടെ അഭാവവും റേഷൻ കടകളുടെ (എഫ് പിഎസ്) പരിമിതമായ സംഭരണ സ്ഥലവും എൻഎഫ്എസ്എ

**പട്ടിക നമ്പർ 3.8.6** റേഷൻ കട ഡീലർമാർക്കുള്ള കമ്മീഷൻ 2022–23, 2023–24 വർഷങ്ങളിൽ (രൂപ കോടിയിൽ)

| വർഷം | സംസ്ഥാന സർക്കാർ ചെലവഴിച്ച തുക | കേന്ദ്ര സഹായം | സംസ്ഥാനത്ത് ചെലവഴിച്ച ആകെ തുക | കേന്ദ്ര സർക്കാരിൽ നിന്നു ലഭിക്കാനുള്ള സഹായം (2024 മാർച്ച് 31 വരെ |
|---|---|---|---|---|
| 2022-23 | 477.36 | 49.17 | 526.53 | ഇല്ല |
| 2023-24 | 402.15 | 38.60 | 440.75 | 19.27 |

*ഉറവിടം:* സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ

2013 ൽ വിഭാവനം ചെയ്തിട്ടുള്ള ടിഡിപിഎസ് ഫലപ്രദമായി നടപ്പാക്കുന്നതിന് തടസ്സമായി നിൽക്കുന്നു. സംസ്ഥാനത്തെ 77 താലൂക്കുകളിൽ ഒന്നിൽ മാത്രമാണ് ശാസ്ത്രീയമായി രൂപകല്പന ചെയ്ത ഇടനില ഗോഡൗണുകളുടെ നിർമ്മാണം യാഥാർത്ഥ്യമായത്. അതിനാൽ, പദ്ധതിയുടെ വിജയകരമായ നടത്തിപ്പ് ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണം.

ജില്ലാതലത്തിൽ ഗുണഭോക്താക്കളുടെ പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും സൗകര്യമൊരുക്കുന്നതിന്, ജില്ലാ പരാതി പരിഹാര ഓഫീസുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. സപ്ലൈകോയെ കൂടുതൽ ആകർഷകവും കാര്യക്ഷമവുമാക്കുന്നതിന് നവീകരിക്കേണ്ടതുണ്ട്.

അദ്ധ്യായം

04

# ഉല്പന്ന നിർമ്മാണ മേഖല

# ഉല്പന്ന നിർമ്മാണ മേഖല

## 4.1 കേരളത്തിന്റെ വ്യാവസായിക മേഖല

ശക്തവും ദൃഢവുമായ വ്യാവസായിക, പശ്ചാത്തല മേഖലകൾ സമ്പദ്വ്യവസ്ഥയുടെ വളർച്ചയിൽ ശ്രദ്ധേയമായ പങ്ക് വഹിക്കുന്നു. സെൻട്രൽ സ്റ്റാറ്റിസ്റ്റിക് ഓഫീസിന്റെ (സി.എസ്.ഒ) വാർഷിക വരുമാന കണക്കുകൾ പ്രകാരം (പ്രൊവിഷണൽ എസ്റ്റിമേറ്റ് - അടിസ്ഥാന വിലയിൽ), 2023 -2024 ൽ ഭാരതത്തിന്റെ മൊത്ത മൂല്യ വർദ്ധനവിൽ (ജി.വി.എ) ദ്വിതീയ (വ്യാവസായിക) മേഖലയുടെ വിഹിതം 28.7 ശതമാനമായിരുന്നു.

കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിലും സാമ്പത്തിക വളർച്ചയിലും ദ്വിതീയ (വ്യവസായ) മേഖല പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. 2023-24 ൽ (ത്വരിത കണക്ക് - സ്ഥിരമായ വിലയിൽ) സംസ്ഥാനത്തിന്റെ മൊത്തം മൂല്യവർദ്ധനവിന്റെ (ജി.എസ്.വി.എ) 27 ശതമാനം വിഹിതം, വ്യവസായ മേഖലയുടേതാണ്. വ്യവസായ മേഖലയിൽ കൺസ്ട്രക്ഷൻ മേഖലയുടെ സംഭാവന 52.2 ശതമാനവും, മാനുഫാക്ചറിങ് (ഉൽപ്പന്ന നിർമ്മാണ) മേഖലയുടെ സംഭാവന 42.7 ശതമാനവുമാണ്. 2023-2024 ൽ (ത്വരിത കണക്ക് - സ്ഥിരമായ വിലയിൽ) സംസ്ഥാനത്തിന്റെ മൊത്ത മൂല്യവർദ്ധനവിൽ കൺസ്ട്രക്ഷൻ മേഖലയുടെ സംഭാവന 14.1 ശതമാനവും ഉൽപ്പന്ന നിർമ്മാണ മേഖലയുടെ (മാനുഫാക്ചറിങ്) പങ്ക് 11.5 ശതമാനവുമാണ്. 2023-24 പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (പിഎൽഎഫ്എസ്) കണക്ക് പ്രകാരം, സംസ്ഥാനത്തെ മൊത്തം തൊഴിലാളികളിൽ 9.9 ശതമാനം പേരും ഉൽപ്പന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ (എംഎസ്എംഇ) കേരളത്തിൻറെ സാമ്പത്തിക വളർച്ചയുടെ പ്രധാന ചാലക ശക്തികളെന്ന് പറയാം. എംഎസ്എംഇ കളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിന് 2022-23ൽ കേരള സർക്കാർ 'സംരംഭക വർഷം' പരിപാടി (ഇയർ ഓഫ് എന്റർപ്രൈസസ്) ആരംഭിച്ചു. തുടർന്ന് എംഎസ്എംഇ യൂണിറ്റുകളെ ശക്തിപ്പെടുത്തുന്നതിനും വളർത്തുന്നതിനും വേണ്ടി 'സംരംഭക വർഷം 2.0' (2023-2024), 'സംരംഭക വർഷം 3.0' (2024-25) പരിപാടികൾ കേരള സംസ്ഥാനം പ്രഖ്യാപിച്ചു. പ്രചരണ മാതൃകയിൽ സംഘടിപ്പിച്ച ഈ പരിപാടിയിൽ 2024 നവംബർ വരെ കേരളത്തിൽ 3,30,309 യൂണിറ്റുകൾ സ്ഥാപിച്ചു. ഇതുവഴി 20,961.75 കോടി രൂപയുടെ നിക്ഷേപവും, 7,00,263 പേർക്ക് തൊഴിലും ലഭ്യമായി. മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസിന്റെ (സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ-എംഎസ്എംഇ) 2023ലെ ദേശീയ കോൺഫറൻസിൽ ഈ ക്യാമ്പയിൻ ബെസ്റ്റ് പ്രാക്ടീസ് മാതൃകയായി അംഗീകരിക്കപ്പെട്ടു. സംരംഭക വർഷം പരിപാടിയിലൂടെ സൃഷ്ടിക്കപ്പെടുന്ന സംരംഭങ്ങളെ വ്യവസായ വകുപ്പ് സുസ്ഥിരത സർവേയിലൂടെ മോണിട്ടർ ചെയ്തു വരുന്നു.

എംഎസ്എംഇ യൂണിറ്റുകളെ സ്കേൽ അപ്പ് ചെയ്യുന്നതിനായി (വലുപ്പം കൂട്ടുന്നതിനായി – വലിയ സംരംഭങ്ങൾ ആക്കുന്നതിനായി) കേരളം 'മിഷൻ 1000' പരിപാടി ആരംഭിച്ചു. 1000 എംഎസ്എംഇ യൂണിറ്റുകളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റ് വരവുള്ള സംരംഭങ്ങൾ ആക്കി മാറ്റുക എന്നതാണ് ലക്ഷ്യം. എംഎസ്എംഇ മേഖലയിലെ ഒരു നൂതന പരിപാടിയാണ് 'ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം' (ഒ.എൽ.ഒ.പി). ഏകദേശം 456 തദ്ദേശ സ്ഥാപനങ്ങൾ ഇതിനായി ഉൽപ്പന്നങ്ങൾ തീരുമാനിച്ചിട്ടുണ്ട്. സംരംഭകത്വം വളർത്തുന്നതിനു പിന്തുണയായി 1153 ഇന്റേണുകളെ (എന്റർപ്രൈസ് ഡെവലപ്മെൻറ് എക്സിക്യൂട്ടീവ്) നിയമിച്ചത് ഒരു സുപ്രധാന തീരുമാനം ആയിരുന്നു.

**കേരളത്തിലെ ഉൽപന്ന നിർമ്മാണ (മാനുഫാക്ചറിങ്) മേഖലയുടെ പുനരുജ്ജീവനം.**

കേരളത്തിൽ ഉൽപന്ന നിർമ്മാണ മേഖല താരതമ്യേന ചെറുതാണ്. 2023-24 ലെ (ത്വരിത കണക്കുകൾ) കേരളത്തിൻറെ മൊത്തം സംസ്ഥാന മൂല്യ വർദ്ധനവിൽ (ജി.എസ്.വി.എ) (2011-12 സ്ഥിര വിലയിൽ) ഉൽപന്ന നിർമ്മാണ മേഖലയുടെ വിഹിതം 11.52 ശതമാനം ആയിരുന്നു. കേരളത്തിലെ വ്യവസായിക വികസനത്തിൽ ഉൽപന്ന നിർമ്മാണ (മാനുഫാക്ചറിങ്) മേഖല പ്രധാന പങ്കുവഹിക്കുന്നു. 2019-20 ലെ ഇന്ത്യയുടെയും കേരളത്തിന്റെയും വ്യവസായങ്ങളുടെ വാർഷിക സർവേ

**പട്ടിക 4.1.1** ഇന്ത്യയിലെയും കേരളത്തിലെയും മുഖ്യ വ്യവസായങ്ങളെ അടിസ്ഥാനമാക്കി ഫാക്ടറി മേഖലയെപറ്റി ഒരു താരതമ്യം 2019-20

| **വ്യവസായങ്ങൾ** | **കേരളത്തിന്റെ മൊത്തം ഫാക്ടറി മേഖല** | | **കേരളത്തിലെ മൊത്തം ഫാക്ടറി മേഖലയിലെ വിഹിതം** | | **ഇന്ത്യയുടെ മൊത്തം ഫാക്ടറി മേഖല** | | **ഇന്ത്യയിലെ ഫാക്ടറി മേഖലയിലെ വിഹിതം** | |
|---|---|---|---|---|---|---|---|---|
| | **തൊഴിൽ (എണ്ണത്തിൽ)** | **മൂല്യവർധനവ് (രൂപ ലക്ഷത്തിൽ)** | **തൊഴിൽ (ശതമാനത്തിൽ)** | **മൂല്യവർധനവ് (ശതമാനത്തിൽ)** | **തൊഴിൽ (എണ്ണത്തിൽ)** | **മൂല്യവർധനവ് (രൂപ ലക്ഷത്തിൽ)** | **തൊഴിൽ (ശതമാനത്തിൽ)** | **മൂല്യവർധനവ് (ശതമാനത്തിൽ)** |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| ഭക്ഷ്യ ഉല്പന്നങ്ങളും പാനീയങ്ങളും (10, 11) | 102306 | 3474733 | 29.53 | 15.88 | 20,32,625 | 13,36,01,635 | 12.23 | 14.87 |
| പുകയില ഉല്പന്നങ്ങൾ (12) | 13274 | 13736 | 3.83 | 0.06 | 4,47,064 | 42,42,699 | 2.69 | 0.47 |
| ടെക്സ്റ്റയിൽസ് (13) | 22045 | 383538 | 6.36 | 1.75 | 16,29,101 | 3,97,44,643 | 9.80 | 4.42 |
| വസ്ത്രങ്ങൾ (14) | 14147 | 132621 | 4.08 | 0.61 | 12,60,628 | 1,60,36,338 | 7.58 | 1.79 |
| പാദരക്ഷ (15) | 6187 | 179591 | 1.79 | 0.82 | 4,26,093 | 66,87,321 | 2.56 | 0.74 |
| തടിയും തടി ഉല്പന്നങ്ങളും (16) | 9636 | 304084 | 2.78 | 1.39 | 95,269 | 28,38,114 | 0.57 | 0.32 |
| പേപ്പറും പേപ്പർ ഉല്പന്നങ്ങളും (17) | 4378 | 93201 | 1.26 | 0.43 | 3,23,629 | 1,36,94,335 | 1.95 | 1.52 |
| അച്ചടിയും റിക്കോർഡ് ചെയ്ത മാധ്യമങ്ങളുടെ പുനർനിർമ്മാണവും (18) | 6798 | 208957 | 1.96 | 0.95 | 1,53,914 | 42,49,223 | 0.93 | 0.47 |
| ശുദ്ധീകരിച്ച പെട്രോളിയം ഉല്പന്നങ്ങൾ (19) | 7546 | 6939832 | 2.18 | 31.71 | 1,55,030 | 10,87,57,631 | 0.93 | 12.11 |
| രാസവസ്തുക്കളും ഫാർമസ്യൂട്ടിക്കൽസും (20, 21) | 26621 | 1136891 | 7.68 | 5.20 | 17,39,707 | 11,41,75,367 | 10.46 | 12.71 |
| റബ്ബറും പ്ലാസ്റ്റിക് ഉല്പന്നങ്ങളും (22) | 29428 | 1213150 | 8.49 | 5.54 | 8,43,562 | 3,35,21,363 | 5.07 | 3.73 |
| മറ്റ് ലോഹേതര ധാതു ഉല്പന്നങ്ങൾ (23) | 20831 | 579232 | 6.01 | 2.65 | 10,54,127 | 3,26,24,987 | 6.34 | 3.63 |
| ബേസിക് ലോഹങ്ങൾ (24) | 5592 | 390761 | 1.61 | 1.79 | 12,04,877 | 11,94,79,836 | 7.25 | 13.30 |
| ഫാബ്രിക്കേറ്റഡ് ലോഹ ഉല്പന്നങ്ങൾ (25) | 6020 | 172594 | 1.74 | 0.79 | 7,05,038 | 2,31,39,983 | 4.24 | 2.58 |
| ഇലക്ട്രോണിക്, കമ്പ്യൂട്ടർ, ഒപ്റ്റിക്കൽ ഉല്പന്നങ്ങൾ (26) | 9918 | 280044 | 2.86 | 1.28 | 2,83,470 | 2,15,27,624 | 1.71 | 2.40 |
| ഇലക്ട്രിക്കൽ ഉപകരണങ്ങൾ (27) | 6051 | 163590 | 1.75 | 0.75 | 6,35,006 | 3,19,29,192 | 3.82 | 3.55 |
| യന്ത്രങ്ങളും ഉപകരണങ്ങളും (28) | 3704 | 88358 | 1.07 | 0.40 | 9,35,811 | 3,92,31,342 | 5.63 | 4.37 |
| മോട്ടോർ വാഹനങ്ങൾ (29) | 529 | 5661 | 0.15 | 0.03 | 10,82,076 | 6,28,42,564 | 6.51 | 7.00 |
| മറ്റ് ഗതാഗത ഉപകരണം (കപ്പലുകളും ബോട്ടുകളും)(30) | 7415 | 402707 | 2.14 | 1.84 | 4,21,386 | 2,34,11,876 | 2.53 | 2.61 |
| ഫർണീച്ചർ, ജുവലറി, മെഡിക്കൽ ആന്റ് ദന്തൽ ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ (31, 32) | 10581 | 4873945 | 3.05 | 22.27 | 5,22,830 | 2,50,39,572 | 3.14 | 2.79 |
| യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണിയും ഇൻസ്റ്റാളേഷനും (33) | 3094 | 59135 | 0.89 | 0.27 | 34,384 | 14,31,684 | 0.21 | 0.16 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| മാലിന്യ ശേഖരണം, സംസ്കരണം, നിർമാർജന പ്രവർത്തനങ്ങൾ; മെറ്റീരിയൽ വീണ്ടെടുക്കൽ (38) | 55 | 5597 | 0.02 | 0.03 | 21,124 | 11,08,912 | 0.13 | 0.12 |
| പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ (58) | 2484 | 69968 | 0.72 | 0.32 | 23,431 | 6,82,544 | 0.14 | 0.08 |
| മറ്റുള്ളവ | 27809 | 709936 | 8.03 | 3.24 | 5,94,109 | 3,83,31,344 | 3.57 | 4.27 |
| **എല്ലാ വ്യവസായങ്ങളും കൂടി** | **3,46,449** | **2,18,81,862** | **100.00** | **100.00** | **1,66,24,291** | **89,83,30,129** | **100.00** | **100.00** |

കുറിപ്പ്: ഓരോ വ്യവസായങ്ങളും നാഷണൽ വ്യവസായ ക്ലാസിഫിക്കേഷൻ (NIC) – 2008 അനുസരിച്ച് ഏതിലാണ് ഉൾപ്പെടുന്നതെന്ന് സൂചിപ്പിക്കുന്നതാണ് ബ്രാക്കറ്റിലെ രണ്ടക്ക സംഖ്യകൾ.

അവലംബം: വാർഷിക വ്യാവസായിക സർവെ, ഇന്ത്യ 2019-20 , എം.ഒ.എസ്.പി.ഐ, ഭാരത സർക്കാർ & വാർഷിക വ്യാവസായിക സർവെ, കേരള 2019-20, ഡി.ഇ.എസ് , കേരള സർക്കാർ

പ്രകാരം ഭാരതത്തിലെ ഫാക്ടറി മേഖലയുടെ മൊത്തം മൂല്യ വർധനവിൽ കേരളത്തിന്റെ വിഹിതം 2014-15 ലെ 1.2 ശതമാനത്തിൽ നിന്ന് 2019-20 ൽ 1.5 ശതമാനമായി ഉയർന്നു. കേരളത്തിലെ മാനുഫാക്ചറിങ് മേഖലയിലെ തൊഴിലാളികളിൽ ഗണ്യമായ പങ്ക് പരമ്പരാഗത വ്യവസായങ്ങളിൽ, പ്രധാനമായും കയർ, കശുവണ്ടി, കൈത്തറി എന്നീ മേഖലകളിലാണ് തൊഴിലെടുക്കുന്നത്. കേരളത്തിലെ ഫാക്ടറി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ വലിയൊരു പങ്ക് ഭക്ഷ്യ ഉൽപന്നങ്ങളും പാനീയങ്ങളും (കശുവണ്ടി സംസ്കരണംഉൾപ്പെടെ), ബീഡി നിർമ്മാണം, തുണിത്തരങ്ങൾ (കയർ സംസ്കരണം, കൈത്തറി എന്നിവ ഉൾപ്പെടെ) എന്നീ പ്രകൃതിവിഭവങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന വ്യവസായങ്ങളിലാണ് തൊഴിലെടുക്കുന്നത്. ഇന്ത്യയിലെയും കേരളത്തിലെയും മുഖ്യ വ്യവസായങ്ങളെ അടിസ്ഥാനമാക്കി ഫാക്ടറി മേഖലയെപറ്റി ഒരു താരതമ്യ പഠനം **പട്ടിക 4.1.1**ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. അതേസമയം കേരളത്തിൽ ഒരു കൂട്ടം ആധുനിക വ്യവസായങ്ങൾ വളരുന്നത് ശ്രദ്ധേയമാണ്. ഈ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായിട്ടുണ്ട്. രാസവസ്തുക്കൾ, ശുദ്ധീകരിച്ച പെട്രോളിയം ഉൽപന്നങ്ങൾ, റബ്ബർ, പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, ഔഷധ, ബൊട്ടാണിക്കൽ ഉൽപന്നങ്ങൾ എന്നിവയാണ് മൂല്യവർദ്ധനവുമായി ബന്ധപ്പെട്ട് കേരളത്തിലെ പ്രധാന വ്യവസായങ്ങൾ. കേരളത്തിലെ വ്യവസായ മേഖലയിലെ പുതിയ വികസനമാണ് പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ ആവിർഭാവം. ഇതുവരെ 31 സ്വകാര്യ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്ക് വികസന പെർമിറ്റ് നൽകിയിട്ടുണ്ട്.

### പൊതുമേഖലാ യൂണിറ്റുകളുടെ തിരിച്ചുവരവ്

കേരളത്തിന്റെ വ്യാവസായിക മേഖലയുടെ സവിശേഷതകളിലൊന്ന് സംസ്ഥാന - കേന്ദ്ര പൊതുമേഖലാ യൂണിറ്റുകളുടെ സാന്നിധ്യവും സംസ്ഥാന പൊതുമേഖലാ യൂണിറ്റുകൾക്ക് ലഭിക്കുന്ന ശക്തമായ സംസ്ഥാന സർക്കാർ പിന്തുണയുമാണ്. കെമിക്കൽസ്, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എന്നിങ്ങനെ വിവിധ ഉൽപന്ന നിർമ്മാണ മേഖലകളിൽ പ്രസ്തുത യൂണിറ്റുകൾ ഏർപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തെ ചില പൊതുമേഖലാ സ്ഥാപനങ്ങളായ തിരുവിതാംകൂർ കൊച്ചി കെമിക്കൽസ് (ടിസിസി), കെൽട്രോൺ എന്നിവ രാജ്യത്ത് അതത് ഉൽപാദന മേഖലകളിൽ (യഥാക്രമം കാസ്റ്റിക് സോഡ, ഇലക്ട്രോണിക്സ്) മുൻ നിരയിൽ ആണ്. പൊതു മേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സംസ്ഥാന സർക്കാർ സജീവമായി പ്രവർത്തിച്ചു വരുന്നു. എന്നിരുന്നാലും, കേരളത്തിലെ പല പൊതുമേഖലാ സ്ഥാപനങ്ങൾക്കും സമീപകാലത്ത് പ്രതീക്ഷയ്ക്കനുസരിച്ച് ഉയരാൻ സാധിച്ചിട്ടില്ല. 2016-17 മുതൽ കേരളത്തിന്റെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ മെച്ചപ്പെട്ട പ്രകടനത്തിന്റെ ഒരു പ്രധാന സവിശേഷത, പ്രധാനമായും രാസവസ്തുക്കളുടെയും ഇലക്ട്രിക്കൽ മെഷിനറികളുടെയും ഉൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലതിന്റെ പ്രകടനത്തിലെ മികവാണ്.

വ്യവസായ വകുപ്പിന് കീഴിലുള്ള 51 പൊതുമേഖലാ സ്ഥാപനങ്ങളിൽ 2023-24ൽ ഏകദേശം 18 യൂണിറ്റുകൾ പ്രവർത്തന ലാഭം രേഖപ്പെടുത്തി. 2023-24ൽ, വ്യവസായ വകുപ്പിന് കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് (ടോട്ടൽ ടേൺ ഓവർ) 4,452.85 കോടി രൂപയും, അറ്റ നഷ്ടം (നെറ്റ് ലോസ്സ്) 405.54 കോടി രൂപയുമാണ്. മുൻവർഷത്തെ അപേക്ഷിച്ച് നഷ്ടത്തിന്റെ അളവ് വർധിച്ചിട്ടുണ്ട്. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ), ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കെൽട്രോൺ കോംപണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്നിവ 2023-24ൽ ലാഭമുണ്ടാക്കിയ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നു. ഇലക്ട്രോണിക്സ് മേഖലയിലെ സ്ഥാപനങ്ങൾക്ക് 34.54 കോടി രൂപ നെറ്റ് പ്രോഫിറ്റ് ലഭിച്ചു. കോട്ടയത്തുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് കേരള സർക്കാർ ഏറ്റെടുത്തു. അതിനെ കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് (കെപിപിഎൽ) എന്ന് പുനർനാമകരണം ചെയ്യുകയും അത് പുനരുജ്ജീവിപ്പിക്കുകയും വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുകയും ചെയ്തു. കാസർകോഡുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭെൽ-ഇഎംഎൽ ഉം സംസ്ഥാനം ഏറ്റെടുത്തു. ഇത് കെൽ-ഇ.എം.എൽ ആയി പുനരുജ്ജീവിപ്പിക്കുകയും വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം ആരംഭിക്കുകയും ചെയ്തു. കേരളത്തിലെ പ്രകൃതിദത്ത റബ്ബർ മേഖലയിൽ മൂല്യവർദ്ധനവ്

പ്രോത്സാഹിപ്പിക്കുന്നതിനായി സിയാൽ മോഡൽ സ്വകാര്യ പൊതു പങ്കാളിത്ത (പിപിപി) കമ്പനിയായ കേരള റബ്ബർ ലിമിറ്റഡും കേരള സർക്കാർ സ്ഥാപിച്ചു.

ആധുനിക വ്യവസായങ്ങളിലെ പുതിയ അവസരങ്ങളും ആധുനിക വ്യവസായങ്ങളുടെ ആവിർഭാവം കേരളത്തിന്റെ വ്യവസായമേഖലക്ക് പ്രത്യാശ നൽകുന്ന വികസനം ആണ്. ഇലക്ട്രോണിക്സ്, മെഡിക്കൽ ഉപകരണങ്ങൾ, മെഡിക്കൽ സപ്ലൈസ് തുടങ്ങിയ വ്യവസായങ്ങൾ അവയിൽ ചിലതാണ്. കേരളത്തിൽ ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2012-13 ൽ 2,930 ആയിരുന്നത് 2019-20 ആയപ്പോഴേക്കും 7,500 ആയി ഉയർന്നു. മെഡിക്കൽ, ദന്തൽ ഉപകരണങ്ങളുടെ വിതരണത്തിലും നിർമ്മാണത്തിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2012-13 ലെ 1,023 ൽ നിന്ന് 2019-20ൽ 5,863 ആയി ഉയർന്നു. ചില പ്രധാന വ്യവസായങ്ങളിലെ തൊഴിൽ സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 4.1.2** ൽ കൊടുത്തിരിക്കുന്നു.

മരുന്നുകൾക്കും ആരോഗ്യ സംരക്ഷണ ഉല്പന്നങ്ങൾക്കും സംസ്ഥാനത്തിനകത്ത് വലിയ ആവശ്യകത ഉണ്ട്. അതിനാൽ ഫാർമസ്യൂട്ടിക്കൽസ്, ജൈവ സാങ്കേതിക വിദ്യ, ലൈഫ് സയൻസസ്, മെഡിക്കൽ-ഉപകരണ നിർമ്മാണ വ്യവസായങ്ങൾ എന്നിവയുടെ വളർച്ചയ്ക്ക് കേരളത്തിൽ വലിയ സാധ്യതയുണ്ട്. ആശുപത്രികൾ, ഡോക്ടർമാർ, നഴ്സുമാർ എന്നിവയുടെ എണ്ണത്തിൽ മുൻപന്തിയിൽ ആണ് കേരളം. ഇതുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് വളരെ അനുകൂലമായ സാഹചര്യമാണ് ഉള്ളത്.

ഐടി - ഇലക്ട്രോണിക് മേഖലകളും, സോഫ്റ്റ് വെയർ, ഹാർഡ് വെയർ ഉൽപ്പാദനവും ആഗോള തലത്തിൽ സംയോജനത്തിന്റെ പാതയിലാണ്. ഐടി മേഖല തന്നെ അടിസ്ഥാനപരമായ മാറ്റങ്ങളിലൂടെ കടന്നുപോകുമ്പോൾ, സംസ്ഥാനം ഇതനുസരിച്ച് തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഹാർഡ് വെയർ നിർമ്മാണ മേഖലയിലേക്ക് കേരളം കടക്കേണ്ടതുണ്ട്. വലിയ ഇലക്ട്രോണിക്സ് ഹാർഡ് വെയർ നിർമ്മാണ മേഖല കെട്ടിപ്പടുക്കാൻ കേരളത്തിന് ശേഷിയുണ്ട്. സംസ്ഥാനത്തെ ഐടി മേഖലയുടെ പ്രത്യേകതകളും, മേഖലയിൽ കൈവരിച്ച നേട്ടങ്ങളും, ഉയർന്ന യോഗ്യതയുള്ള തൊഴിലാളികളുടെ മാനവവിഭവ ശേഷിയും സംസ്ഥാനത്തിന് ഉപയോഗിക്കാൻ സാധിക്കണം.

പരമ്പരാഗത മേഖലകളുടെ നവീകരണം വഴി പുതിയ അവസരങ്ങൾ രൂപപ്പെടും. ആയതിനാൽ കയർ, കശുവണ്ടി, കൈത്തറി, ഖാദി, ഗ്രാമ വ്യവസായങ്ങൾ എന്നിവയുൾപ്പെടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണത്തിൽ ഈ വ്യവസായങ്ങളിലെ ഉൽപ്പാദന പ്രക്രിയകളുടെ യന്ത്രവൽക്കരണം ഉൾപ്പെടുന്നു (എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടുന്നില്ല). നിലവിലുള്ള തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടാണ് ഇത് നടപ്പാക്കുന്നത്. ആധുനികവൽക്കരണത്തോടെ, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ പുതിയ ഉൽപ്പന്നങ്ങളിലേക്ക് വൈവിധ്യവത്കരിക്കാനും, ഫലപ്രദമായ വിപണന-വിതരണ തന്ത്രങ്ങൾ ആവിഷ്കരിക്കാനും ശ്രമിക്കുന്നു. സംസ്ഥാനത്ത് പരമ്പരാഗത, ഭക്ഷ്യ, കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും വിനോദസഞ്ചാരത്തിന്റെയും വളർച്ച പരസ്പര സഹകരണത്തിലൂടെ നേടാനാവും. ഇതിലൂടെ ഈ രംഗങ്ങളിൽ സംസ്ഥാനത്തിന് ആഗോള അംഗീകാരം നേടിയെടുക്കാനാവും.

**പട്ടിക 4.1.2** തിരഞ്ഞെടുത്ത പ്രധാന വ്യവസായങ്ങളിലെ തൊഴിൽ, 2019-20, കേരളത്തിലെയും ഇന്ത്യയിലെയും (എണ്ണത്തിൽ)

| വ്യവസായങ്ങൾ | കേരളം | ഇന്ത്യ | ഇന്ത്യയിൽ കേരളത്തിന്റെ പങ്ക് |
|---|---|---|---|
| റബർ ഉല്പന്നങ്ങൾ (221) | 18,190 | 2,50,445 | 7.26 |
| ശുദ്ധീകരിച്ച പെട്രോളിയം ഉല്പന്നങ്ങൾ (192) | 7,233 | 1,32,542 | 5.45 |
| കെമിക്കൽ ഉല്പന്നങ്ങൾ (201, 202) | 13,913 | 8,52,867 | 1.63 |
| ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഭാഗങ്ങൾ (261) | 7,500 | 1,02,683 | 7.30 |
| ഫാർമസ്യൂട്ടിക്കൽസ്, മെഡിസിനൽ, കെമിക്കൽ ആന്റ് ബൊട്ടാണിക്കൽ ഉല്പന്നങ്ങൾ (210) | 12,707 | 8,07,279 | 1.57 |
| പാദരക്ഷ (152) | 5,962 | 2,96,183 | 2.01 |
| വസ്ത്രങ്ങൾ (141) | 13,739 | 8,63,560 | 1.59 |
| പ്ലാസ്റ്റിക് ഉല്പന്നങ്ങൾ (222) | 11,238 | 5,93,117 | 1.89 |
| അച്ചടിയും അതുമായി ബന്ധപ്പെട്ട സേവനങ്ങളും (181) | 6,798 | 1,53,914 | 4.41 |
| കപ്പലുകളും ബോട്ടുകളും (301) | 6,447 | 13,294 | 48.4 |
| ഇലക്ട്രിക് മോട്ടോഴ്സ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ജനറേറ്റേഴ്സ് (271) | 4,828 | 2,17,779 | 2.21 |
| മെഡിക്കൽ ആന്റ് ദന്തൽ ഉപകരണങ്ങളും വിതരണവും (325) | 5,863 | 74,297 | 7.89 |
| ഫർണിച്ചർ (310) | 3,311 | 86,844 | 3.81 |

അവലംബം: വാർഷിക വ്യാവസായിക സർവെ, ഇന്ത്യ 2019-20 , എം.ഒ.എസ്.പി.ഐ, ഭാരത സർക്കാർ & വാർഷിക വ്യാവസായിക സർവെ, കേരള 2019-20, ഡി.ഇ.എസ് , കേരള സർക്കാർ

### വ്യാവസായിക പ്രോത്സാഹനം, നിക്ഷേപ സൗകര്യ പ്രവർത്തനങ്ങൾ

കേരളത്തിലെ സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുത്ത് വ്യാവസായിക വികസനത്തിൽ പാർക്ക് മാതൃകയാണ് സംസ്ഥാന സർക്കാർ പിന്തുടരുന്നത്. ഈ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത് കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനാണ് (കിൻഫ്ര), കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) എന്നീ സ്ഥാപനങ്ങൾ ആണ്. വ്യാവസായിക നിക്ഷേപം സുഗമമാക്കുന്നതിനും ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും ഈ സ്ഥാപനങ്ങൾ നിരവധി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിനാൽ, നിക്ഷേപകർക്ക് ബിസിനസ്സ് ആരംഭിക്കുന്നത് കൂടുതൽ ലളിതവും എളുപ്പവും ആയിട്ടുണ്ട്.

സംസ്ഥാനത്ത് വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് നയപരമായ പിന്തുണയുണ്ട്. നയങ്ങളുടെ സമയബന്ധിതമായ അവലോകനവും കേരള സർക്കാർ ഗൗരവമായി പിന്തുടരുന്നു. പുതിയ കേരള വ്യാവസായിക വാണിജ്യ നയം 2023 സംസ്ഥാനം പുറത്തിറക്കി. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, ഹൈടെക് വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും, സെക്ടറൽ ഇക്കോസിസ്റ്റം സൃഷ്ടിക്കുന്നതിനും, 'കേരള' ബ്രാൻഡ് ഇക്വിറ്റി വർദ്ധിപ്പിക്കുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, ഭാവിയിലേക്കുള്ള നൈപുണ്യ വികസനത്തിനും, മേഖല അടിസ്ഥാനത്തിൽ പ്രത്യേക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും നടപടികളും പ്രോത്സാഹന പരിപാടികളും നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപം സുഗമമാക്കുന്നതിനുമായി, സംസ്ഥാന സർക്കാർ പ്രസക്തമായ നിയമങ്ങളിലും ചട്ടങ്ങളിലും ബിസിനസ് സൗഹൃദ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. വിവിധ ഡിജിറ്റൽ, നിയമനിർമ്മാണ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിലൂടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് വർദ്ധിപ്പിക്കുന്നതിൽ സംസ്ഥാനം നിർണായക പങ്ക് വഹിച്ചു. ഗവൺമെന്റ് ടു-ബിസിനസ് സർവീസ് കാര്യക്ഷമമാക്കാൻ ലക്ഷ്യമിടുന്ന സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാനിന്റെ (എസ്.ബി.ആർ.എ.പി) ഭാഗമായാണ് ഈ പരിഷ്കാരങ്ങൾ. ഇന്ത്യാ ഗവൺമെന്റിന്റെ വാണിജ്യ-വ്യവസായ മന്ത്രാലയത്തിന്റെ വ്യവസായ-വാണിജ്യ പ്രോത്സാഹന വകുപ്പിന്റെ (ഡി.പി.ഐ.ഐ.റ്റി) മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് 2016 മുതൽ എസ്.ബി.ആർ.എ.പി പ്രാബല്യത്തിൽ വന്നു. ബിസിനസ് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിൽ സംസ്ഥാനം കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. നടപ്പിലാക്കിയ പരിഷ്കാരങ്ങളുടെ ശതമാനം 2016 ലെ 22.8 ശതമാനത്തിൽ നിന്ന് 2022-ൽ 91 ശതമാനമായി വർദ്ധിച്ചു. എസ്.ബി.ആർ.എ.പി 2022-ൽ കേരളം ഏറ്റവും മികച്ച പ്രകടനം കാഴ്ചവെക്കുന്ന സംസ്ഥാനമായി അംഗീകരിക്കപ്പെട്ടു. 'ടോപ്പ് പെർഫോർമർ' ആയി കേരളം. എല്ലാ സംസ്ഥാനങ്ങൾക്കുമിടയിൽ 30 പരിഷ്കരണ മേഖലകളിൽ ഒമ്പതിലും ഏറ്റവും മികച്ച പ്രകടന പട്ടം നേടി. ഈ നേട്ടം ശ്രദ്ധേയമായ ഒരു വഴിത്തിരിവാണ് പ്രതിഫലിപ്പിക്കുന്നത്. കേരളത്തിന്റെ റാങ്കിംഗ് മുൻ വർഷങ്ങളിലും ഉയരുകയായിരുന്നു. റാങ്കിംഗ് 2019ലെ 28-ൽ നിന്ന് 2020-ൽ 15 ആയി മെച്ചപ്പെട്ടിരുന്നു (ആസ്പയർ വിഭാഗം). ഈ തുടർച്ചയായ പുരോഗതി സംസ്ഥാനത്തിന്റെ ബിസിനസ് സൗഹൃദ പരിഷ്കാരങ്ങൾ കാരണമാണ് എന്ന് സാരം.

സംസ്ഥാനം ഇപ്പോൾ കെ-സ്വിഫ്റ്റ് എന്ന (കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പേരന്റ് ക്ലിയറൻസ്) വളരെ കാര്യക്ഷമമായ ഏകജാലക സംവിധാനം പ്രവർത്തിപ്പിക്കുന്നു. ഇതിലൂടെ ബിസിനസുകൾക്ക് 22 വകുപ്പുകളിലെ 113 സംസ്ഥാന-ദേശീയ തല അംഗീകാരങ്ങൾ നേടാനാകും. കൂടാതെ, കെ-സ്വിഫ്റ്റ് നാഷണൽ സിംഗിൾ വിൻഡോ സിസ്റ്റവുമായി (എൻഎസ്ഡബ്ല്യുഎസ്) സംയോജിപ്പിച്ചിരിക്കുന്നു. ഇത് ബിസിനസ്സുകളെ ആവശ്യമായ കേന്ദ്ര അംഗീകാരങ്ങളും ഉറപ്പാക്കുന്നതിന് സഹായിക്കുന്നു. ഇത് മുഴുവൻ അംഗീകാര പ്രക്രിയയും കാര്യക്ഷമമാക്കുന്നു.

കൂടുതൽ സുതാര്യതയും വസ്തുനിഷ്ഠതയും ഉറപ്പാക്കിക്കൊണ്ട് വകുപ്പുതല പരിശോധനകൾ ഷെഡ്യൂൾ ചെയ്യുന്നതിനായി രൂപകൽപ്പന ചെയ്ത ഓൺലൈൻ പ്ലാറ്റ്ഫോമായ കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം (കെ-സിഐഎസ്) സംസ്ഥാനം നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ, ഫാക്ടറിസ് & ബോയിലേഴ്സ്, മലിനീകരണ നിയന്ത്രണ ബോർഡ്, ലീഗൽ മെട്രോളജി തുടങ്ങിയ വകുപ്പുകൾ പരിശോധനകൾ നിയന്ത്രിക്കുന്നതിനും നടത്തുന്നതിനും കെ-സിഐഎസ് ഉപയോഗിക്കുന്നു. ഈ സംവിധാനത്തിലൂടെ ആകെ 22,885 പരിശോധനകൾ നടത്തി.

വ്യവസായങ്ങൾക്കുള്ള കംപ്ലയൻസ് ഭാരം കുറയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, 21 വകുപ്പുകളിലായി 632 ബിസിനസ് സംബന്ധിയായ കംപ്ലയൻസുകൾ കേരളം ഒഴിവാക്കുകയും 15 വകുപ്പുകളിലായി 1,303 പൗര സംബന്ധിയായ കംപ്ലയൻസുകൾ കുറയ്ക്കുകയും ചെയ്തു. കൂടാതെ, റെഗുലേറ്ററി പ്രക്രിയകൾ കൂടുതൽ കാര്യക്ഷമമാക്കിക്കൊണ്ട് അബ്കാരി നിയമത്തിന് കീഴിലുള്ള എട്ട് വകുപ്പുകൾ സംസ്ഥാനം ക്രിമിനൽ കുറ്റങ്ങൾ അല്ലാതാക്കുകയും ചെയ്തു.

2022 ലെ കേരള റിപ്പീലിംഗ് ആൻഡ് സേവിംഗ് ആക്ട് (2022 ലെ നിയമം നമ്പർ 12) വഴി കാലഹരണപ്പെട്ടതും, ആവശ്യമില്ലാത്തതുമായ 46 നിയമങ്ങളും 59 ഭേദഗതി നിയമങ്ങളും, സംസ്ഥാനം റദ്ദാക്കി. ഈ നിയമത്തിലൂടെ ആകെ 105 നിയമങ്ങൾ റദ്ദാക്കപ്പെട്ടു.

വ്യവസായിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി, ആവശ്യമായ രേഖകൾ സഹിതം അപേക്ഷകൾ സമർപ്പിച്ചാൽ 30 ദിവസത്തിനുള്ളിൽ ഉറപ്പായ അംഗീകാരം വിഭാവനം ചെയ്യുന്ന കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട്, 2018 കേരള സർക്കാർ കൊണ്ടുവന്നിട്ടുണ്ട്. വിവിധ നിയമങ്ങൾ പ്രകാരം ആവശ്യമായ വിവിധ ലൈസൻസുകൾ, അനുമതികൾ, അംഗീകാരങ്ങൾ, എന്നിവ നൽകുന്നതിൽ കാലതാമസം ഒഴിവാക്കാനും, സംസ്ഥാനത്തെ നിക്ഷേപക സൗഹൃദമാക്കാനും ഈ നിയമം ശ്രമിക്കുന്നു.

കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്റ്റ്, 2019, കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ (ഭേദഗതി) നിയമം, 2021, കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകളും ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് (ഭേദഗതി) ആക്റ്റ്, 2022 (പരാതി പരിഹാര സംവിധാനം), എന്നിവയും കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വളർച്ചയ്ക്ക് സഹായകമായ സുപ്രധാന മാറ്റങ്ങളാണ്. സംസ്ഥാനത്തിന്റെ വ്യാവസായിക പ്രോത്സാഹനവും നിക്ഷേപം സുഗമമാക്കുന്ന പ്രവർത്തനങ്ങളും പ്രോത്സാഹജനകമായ ഫലങ്ങൾ കാണിക്കാൻ തുടങ്ങി. സമീപ വർഷങ്ങളിൽ വ്യാവസായിക മേഖല കൈവരിച്ച നേട്ടങ്ങളുടെ ആക്കം കൂട്ടാനാണ് സംസ്ഥാനം ശ്രമിക്കുന്നത്. കേരളത്തിലെ വ്യാവസായിക മേഖല സമീപഭാവിയിൽ കാര്യമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് അനിയോജ്യമായ സ്ഥാനത്ത് എത്തിനിൽകുകയാണ്.

# 4.2 ഉൽപ്പന്ന നിർമ്മാണ മേഖല


ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് ഉൽപ്പന്ന നിർമ്മാണ മേഖല സുപ്രധാന പങ്കു വഹിക്കുന്നു. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് (സിഎസ്ഒ, മെയ് 2024) പുറത്തുവിട്ട പ്രൊവിഷണൽ ഡാറ്റ അനുസരിച്ച്, ഇന്ത്യയുടെ ഉൽപ്പാദന മേഖലയിൽ നിന്നുള്ള മൊത്ത മൂല്യവർദ്ധിത (സ്ഥിര വില) വളർച്ചാ നിരക്ക് 2021-22-ലെ 10 ശതമാനത്തിൽ നിന്ന് 2022-23 ൽ -2.3 ശതമാനമായി കുറഞ്ഞു. എന്നിരുന്നാലും 2023-24ൽ ഇത് 9.86 ശതമാനമായി വർദ്ധിച്ചു. 2017-18 മുതൽ 2023-24 വരെയുള്ള വർഷം തോറുമുള്ള ഇന്ത്യയിലെ ഉൽപ്പാദന മേഖലയുടെ മൊത്ത മൂല്യവർദ്ധിത (GVA) വാർഷിക വളർച്ചാ നിരക്ക് സ്ഥിര വിലയിൽ, **ചിത്രം 4.2.1** ൽ കാണിച്ചിരിക്കുന്നു.

**കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖല**

കേരളത്തിന്റെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വളർച്ചയിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട് വ്യാവസായിക മേഖലയെ നവീകരിക്കുന്നതിലും വൈവിധ്യവൽക്കരിക്കുന്നതിലും കേരളം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു.


ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ മൊത്തം സംസ്ഥാന മൂല്യവർദ്ധനവിൽ (ജിഎസ്വിഎ) (2011-12 സ്ഥിര വില) 3 ശതമാനം വർദ്ധനവ് 2023-24 ൽ കാണിക്കുന്നു. 2013-14 മായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ മൊത്ത സംസ്ഥാന

**ചിത്രം 4.2.1** ഇന്ത്യയിലെ ഉൽപന്ന നിർമ്മാണ മേഖലയുടെ മൊത്ത മൂല്യ വർദ്ധനവിലെ വാർഷിക വളർച്ച, സ്ഥിര വിലയിൽ (ശതമാനത്തിൽ)




അവലംബം: സി.എസ്.ഒ, (മോസ്പി)

**ചിത്രം 4.2.2** കേരളത്തിലെ, ഉൽപ്പന്ന നിർമ്മാണ മേഖലയുടെ മൂല്യ വർദ്ധനവിലെ വാർഷിക വളർച്ചാ നിരക്ക് (2011-12 സ്ഥിരവിലയിൽ) ശതമാനത്തിൽ





അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

മൂല്യവർദ്ധവ് (ജിഎസ്‌വിഎ)(ദ്രുത എസ്റ്റിമേറ്റ് പ്രകാരം), 2013-14 ൽ 36,680.87 കോടി രൂപയായിരുന്നത് 2023-24 ൽ 65,134.45 കോടി രൂപയായി. 2023-24 ൽ കേരളത്തിലെ ജിഎസ്‌വിഎയിലേക്കുള്ള ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വിഹിതം സ്ഥിര വിലയിലും നിലവിലെ വിലയിലും യഥാക്രമം 11.5 ശതമാനവും 7.9 ശതമാനവുമായിരുന്നു. 2013-14 മുതൽ 2023-24 വരെയുള്ള കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വളർച്ച **അനുബന്ധം 4.2.1** ൽ കൊടുത്തിരിക്കുന്നു.

**കേരളത്തിലെ ഖനന മേഖല**

ഹെവി മിനറൽ സാൻഡ്സ് (ഇൽമനൈറ്റ്, റൂട്ടൈൽ സിർക്കോൺ, മോണസൈറ്റ്, സില്ലിമാനൈറ്റ്) ഇരുമ്പയിര്, ബോക്സൈറ്റ്, ഗ്രാഫൈറ്റ്, ചൈന ക്ലേ, ടൈൽ, ബ്രിക്ക് കളിമണ്ണ്, സിലിക്ക മണൽ, ലിഗ്നൈറ്റ്, ചുണ്ണാമ്പുകല്ല് തുടങ്ങിയ ധാതുക്കളുടെ ധാരാളം നിക്ഷേപങ്ങൾ കേരള സംസ്ഥാനത്തിനുണ്ട്. എന്നിരുന്നാലും, വലിയ തോതിലുള്ള ഖനന പ്രവർത്തനങ്ങൾ പ്രധാനമായും കനത്ത ധാതു മണൽ, ചൈന കളിമണ്ണ്, ഒരു പരിധി വരെ ചുണ്ണാമ്പുകല്ല്/ ഷെൽ,

**ചിത്രം 4.2.3** കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള മൊത്തം സംസ്ഥാന മൂല്യ വർദ്ധനവിന്റെ (GSVA) വളർച്ചാ നിരക്ക്, ശതമാനത്തിൽ




അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

സിലിക്ക മണൽ, ഗ്രാനൈറ്റ് എന്നീ കുറച്ച് ധാതുക്കളിൽ മാത്രം ഒതുങ്ങുന്നു.

മൈനിംഗ് ആന്റ് ക്വാറിംഗ് മേഖലയുടെ സംഭാവന 2023-24 ൽ സ്ഥിര വിലയിൽ കണക്കാക്കിയിരിക്കുന്നത് 2721.58 കോടി (ദ്രുത എസ്റ്റിമേറ്റ്) രൂപയാണ്. 2023-24 ൽ ഈ മേഖല സ്ഥിര വിലയിൽ 5.2 ശതമാനം വളർച്ച രേഖപ്പെടുത്തി. കേരളത്തിൽ മൈനിംഗ് ആന്റ് ക്വാറിയിംഗ് മേഖലയിൽ നിന്ന് 2012-13 മുതൽ 2023-24 വരെയുള്ള വളർച്ച സ്ഥിരവിലയിൽ **ചിത്രം 4.2.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

### ധാതു തിരിച്ചുള്ള ഉല്പാദനവും വരുമാനവും 2023–24

സർക്കാരിന് ധാതുക്കളിൽ നിന്നുള്ള വരുമാനം പ്രധാനമായും റോയൽറ്റിയിൽ നിന്നുമാണ് ലഭിക്കുന്നത്. ഏകദേശം 95 ശതമാനം വരുമാനവും മൈനർ ധാതുക്കളിൽ നിന്നുമാണ് ലഭ്യമാകുന്നത്. 2023-24 ൽ ആകെ ലഭിച്ച വരുമാനം 517.23 കോടി രൂപയായിരുന്നു. ഇത് മുൻ വർഷത്തെ (325.78 കോടി) അപേക്ഷിച്ച് 59 ശതമാനമെന്ന മെച്ചപ്പെട്ട വാർഷിക വളർച്ചയാണ് സൂചിപ്പിക്കുന്നത്. ഇതിൽ 17.29 കോടി രൂപ മേജർ ധാതുക്കളിൽ നിന്നും, 499.93 കോടി രൂപ മൈനർ ധാതുക്കളിൽ നിന്നുമാണ് ലഭിച്ചത്. 2018-19 മുതൽ 2023-24 വരെയുള്ള കാലയളവിൽ ധാതുക്കളിൽ നിന്നുള്ള വരുമാനം **പട്ടിക 4.2.1** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.2.1** ധാതുക്കളിൽ നിന്നും ലഭിച്ച വരുമാനം (കോടിയിൽ)

| ക്രമ നമ്പർ | വർഷം | മേജർ ധാതുക്കൾ | മൈനർ ധാതുക്കൾ | ആകെ |
|---|---|---|---|---|
| 1 | 2018-19 | 5.35 | 165.93 | 171.29 |
| 2 | 2019-20 | 8.76 | 151.34 | 160.11 |
| 3 | 2020-21 | 8.38 | 183.74 | 192.12 |
| 4 | 2021-22 | 10.75 | 196.83 | 207.58 |
| 5 | 2022-23 | 17.32 | 308.46 | 325.79 |
| 6 | 2023-24 | 17.29 | 499.93 | 517.22 |

അവലംബം: ഖനന, ജിയോളജി വകുപ്പ്

കേരളത്തിൽ 2023-24 വർഷത്തിൽ 525.57 ലക്ഷം ടൺ മേജർ/മൈനർ ധാതുക്കളുടെ ഖനനം നടന്നു. മേജർ ധാതുക്കളിൽ ഒന്നാം സ്ഥാനം ലൈംസ്റ്റോൺ (3.81 ലക്ഷം ടൺ), തുടർന്ന് ഇൽമനൈറ്റ് (1.16 ലക്ഷം ടൺ). മൈനർ മിനറലുകളിൽ ഏറ്റവും കൂടുതൽ ഖനനം ചെയ്യപ്പെടുന്നത് ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണാണ് (312.05 ലക്ഷം ടൺ) തുടർന്ന് ഓർഡിനറി എർത്ത് (33.49 ലക്ഷം ടൺ) ഉൽപ്പാദനവുമായി പ്രശംസനീയമായ സ്ഥാനത്തുണ്ട്. 2023-24 ൽ മേജർ ധാതുക്കളിൽ ഇൽമനൈറ്റും സിൽമനൈറ്റിനും ആണ് റോയൽറ്റി ഇനത്തിൽ ഏറ്റവും ഉയർന്ന തുക ലഭിച്ചത് . ഇത് യഥാക്രമം 6.41 കോടി രൂപയും 3.81 കോടി രൂപയുമാണ്. മറുവശത്ത് ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണും ഓർഡിനറി എർത്തും മൈനർ ധാതുക്കളിൽ ഉയർന്ന റോയൽറ്റി സംഭാവന ചെയ്തു. ഇത് യഥാക്രമം 179.32 കോടി രൂപയും 57.93 കോടി രൂപയുമാണ് സംസ്ഥാനത്തെ മേജർ /മൈനർ ധാതുക്കളുടെ 2023-24 ലെയും 2024-25 (ഓഗസ്റ്റ് 31, 2024 ) ലെയും ഉൽപ്പാദനവും റോയൽറ്റിയും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 4.2.2** ൽ ചേർത്തിരിക്കുന്നു.

മേജർ/മൈനർ ധാതുക്കളിൽ നിന്ന് ലഭിച്ച ജില്ല തിരിച്ചുള്ള വരുമാനം സംബന്ധിച്ച വിശകലനം

കേരളത്തിന് 2023-24 ൽ ധാതുക്കളിൽ നിന്നും 517.23 കോടി രൂപയുടെ വരുമാനം നേടാനായി. ജില്ല തിരിച്ചുള്ള വരുമാനം പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ വരുമാനം നേടിയ ജില്ല മലപ്പുറമാണ്, 80.59 കോടി രൂപ, തുടർന്ന് പാലക്കാട് 69.96 കോടി രൂപ, എറണാകുളം 68.38 കോടി രൂപ, തിരുവനന്തപുരം 54.64 കോടി രൂപ എന്നിങ്ങനെയാണ്. ഏറ്റവും കുറച്ച് വരുമാനം ലഭിച്ചത് വയനാട് ജില്ലയിൽ നിന്നുമാണ് 4.80 കോടി രൂപ. ധാതുക്കളിൽ (മേജർ/മൈനർ ധാതുക്കൾ) നിന്നുള്ള വരുമാനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 4.2.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2016-17 മുതൽ 2024-25 വരെ ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും **പട്ടിക 4.2.2** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.2.2** ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും ( രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | വർഷം | വിഹിതം | ചെലവ് |
|---|---|---|---|
| 1 | 2016-17 | 84.00 | 48.82 |
| 2 | 2017-18 | 135.00 | 123.03 |
| 3 | 2018-19 | 149.00 | 61.46 |
| 4 | 2019-20 | 149.00 | 75.92 |
| 5 | 2020-21 | 132.00 | 117.73 |
| 6 | 2021-22 | 132.00 | 111.29 |
| 7 | 2022-23 | 405.00 | 229.3 |
| 8 | 2023-24 | 605.00 | 181.57 |
| 9 | 2024-25 | 557.00 | 12.29* |

അവലംബം : ബജറ്റ് കണക്കുകൾ
*സെപ്റ്റംബർ 2024 വരെ

നാഷണൽ ഇൻഫോർമേറ്റിക്സ് സെന്റർ മുഖേന നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനമായ കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സെർവ്വീസസ് (KOMPAS) എല്ലാ ജില്ലകളിലും വകുപ്പ് നടപ്പിലാക്കുന്നു.

### കേരളത്തിലെ ധാതു അധിഷ്ഠിത വ്യവസായങ്ങൾ.

ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ്, മലബാർ സിമന്റ്സ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, കുണ്ടറ സിറാമിക്സ് ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡ്, കേരള ക്ലെയിസ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് എന്നിവ മേജർ മിനറൽ അധിഷ്ഠിതമായ വ്യവസായങ്ങളിൽ ചിലതാണ്. സ്റ്റോൺ ക്രഷർ, സാന്റ് നിർമ്മാണ യൂണിറ്റ്, ബ്രിക്സ് ഫാക്ടറി, ടൈൽ ഫാക്ടറി, എന്നിവ മൈനർ മിനറൽ അടിസ്ഥാനമാക്കിയുള്ള പ്രധാന വ്യവസായങ്ങളാണ്. ഈ അടുത്തകാലത്തായി അടിസ്ഥാന സൗകര്യ വികസനത്തിലുണ്ടായ മുന്നേറ്റം മൂലം അനേകം ഗ്രാനൈറ്റ് ബിൽഡിംഗ് യൂണിറ്റുകളും, മണൽ ഉത്പാദന യൂണിറ്റുകളും സംസ്ഥാനത്ത് പുതുതായി ആരംഭിച്ചു.

മൈനിംഗും ക്വാറിംഗും വളരെ അത്യന്താപേക്ഷിതമായ പ്രവർത്തനങ്ങളാണെങ്കിലും ഖനനപ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് ഉണ്ടാക്കുന്ന ആഘാതങ്ങൾ വളരെ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതാണ്. ആയതിനാൽ, ഖനന പ്രവർത്തനങ്ങൾ മൂലമുള്ള പ്രതികൂലമായ പ്രത്യാഘാതങ്ങൾ നിയന്ത്രിക്കുന്നതിന് ലിഡാർ അധിഷ്ഠിത ഡ്രോൺ സർവേ(അന്തിമ ഘട്ടത്തിലാണ്) സ്വീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും സർക്കാർ സന്നദ്ധമാണ്. ആധുനിക സാങ്കേതിക വിദ്യകളും സമ്പ്രദായങ്ങളും ഒരു പരിധിവരെ മൈനിംഗ്, ക്വാറിയിംഗ് പ്രവർത്തനങ്ങൾ മൂലം പരിസ്ഥിതിക്കും സമ്പത്തിനും ഉണ്ടാക്കുന്ന  നഷ്ടം കുറയ്ക്കുന്നതിന് സഹായകമാണ്.

# 4.3 പൊതുമേഖലാ സ്ഥാപനങ്ങൾ

പൊതു മേഖലാ സ്ഥാപനങ്ങളുടെ തൊഴിൽ മാനേജ്മെന്റ്, ലാഭ ക്ഷമത, വ്യവസായ മേഖലയ്ക്കും സമ്പദ്വ്യവസ്ഥയ്ക്കും നൽകുന്ന സംഭാവന എന്നിവ കണക്കിലെടുത്തു കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുവാൻ കേരള സർക്കാർ ലക്ഷ്യമിടുന്നു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി കേരള വ്യവസായ മേഖല കൈവരിച്ച പുരോഗതിയിൽ സംസ്ഥാന പൊതുമേഖലാ യൂണിറ്റുകൾക്ക് മെച്ചപ്പെട്ട പങ്കുണ്ട്. ഉൽപ്പന്ന മേഖലയിലുള്ള പ്രധാനമായും കെമിക്കൽസ്, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി സംസ്ഥാന, കേന്ദ്ര പൊതുമേഖലാ യൂണിറ്റുകൾ കേരളത്തിലുണ്ട്. സംസ്ഥാനത്തെ ചില പൊതുമേഖലാ സ്ഥാപനങ്ങളായ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് (ടിസിസി), കെൽട്രോൺ എന്നിവ തങ്ങളുടെ ഉൽപ്പാദന മേഖലകളിൽ രാജ്യത്തെ മുൻനിരക്കാരാണ്.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പുറമേ, കേരളത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും ഉണ്ട്. കൊച്ചിയിലെ ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്എസിടി), ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബിപിസിഎൽ), കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് (സിഎസ്എൽ), പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് (ഐഎൽ) എന്നിവ ഉൾപ്പെടുന്നു.

**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ**


പബ്ലിക് എന്റർപ്രൈസസ് സർവ്വേയിൽ ചില സ്റ്റാട്യൂട്ടറി കോർപ്പറേഷനുകൾ കൂടാതെ 50 ശതമാനത്തിൽ കൂടുതൽ ഓഹരികൾ കേന്ദ്ര ഗവണ്മെന്റിന്റെ പക്കൽ ഉള്ള ഗവണ്മെന്റ് കമ്പനികളും ഉൾപ്പെടുന്നു. ഈ കമ്പനികളുടെ അനുബന്ധ കമ്പനികൾ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യിട്ടുണ്ടെങ്കിലോ 50 ശതമാനത്തിൽ കൂടുതൽ ഓഹരി പങ്കാളിത്തമോ ഉണ്ടെങ്കിൽ കേന്ദ്ര പൊതു മേഖലാ സ്ഥാപനം (സിപിഎസ്ഇ-സ്) എന്ന് വർഗീകരിക്കാം. എന്നാൽ സർവ്വേയിൽ വകുപ്പ് തലത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളോ, ബാങ്കിംഗ് സ്ഥാപനങ്ങളോ, ഇൻഷുറൻസ് കമ്പനികളോ ഉൾപ്പെടുന്നില്ല. ആകെ 402 കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങിൽ, 254 എണ്ണം പ്രവർത്തനക്ഷമമാണ്.

**കേന്ദ്ര മേഖലാ നിക്ഷേപം**

ഇന്ത്യയിലെ സെൻട്രൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ മൊത്തത്തിലുള്ള നിക്ഷേപം, 2021-22 ൽ ₹22.89 ലക്ഷം കോടിയിൽ നിന്ന് 2022-23 ൽ ₹25.35 ലക്ഷം കോടിയായി ഉയർന്നു, മുൻവർഷത്തേക്കാൾ 10.8 ശതമാനം വളർച്ച രേഖപ്പെടുത്തി (പബ്ലിക് എന്റർപ്രൈസസ് സർവേ 2022-23). കേരളത്തിലുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഗ്രോസ് ബ്ലോക്ക് 2021-22 ലെ 73767.24 കോടി രൂപയിൽ നിന്ന് 2022-23 ൽ 73,522.01 കോടി രൂപയായി കുറഞ്ഞു. മൊത്തം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങളിൽ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപത്തിന്റെ വിഹിതം 2021-22 ലെ 2.6 ശതമാനത്തിൽ നിന്ന് 2022-23 ൽ 2.4 ശതമാനമായി കുറഞ്ഞു. 2023 മാർച്ച് 31-ലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം ഏറ്റവും ഉയർന്നത് മഹാരാഷ്ട്രയിലും (നിക്ഷേപത്തിന്റെ 8.5 ശതമാനം) ഉത്തർപ്രദേശിലും (നിക്ഷേപത്തിന്റെ 7.3 ശതമാനം) തമിഴ്നാട്ടിലുമാണ് (നിക്ഷേപത്തിന്റെ 6.7 ശതമാനം). ഗ്രോസ് ബ്ലോക്ക് അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിൽ പതിനേഴാം സ്ഥാനത്താണ് കേരളം (പബ്ലിക് എന്റർപ്രൈസസ് സർവേ 2022-23). 2014-15 മുതൽ 2022-23 വരെയുള്ള കേരളത്തിലെ കേന്ദ്രമേഖലാ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.3.1–**ലും തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിലെ കേന്ദ്രമേഖലാ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ(2023 മാർച്ച് 31 വരെ) **അനുബന്ധം 4.3.2**-ലും നൽകിയിരിക്കുന്നു.

2014-15 മുതൽ 2022-23 വരെയുള്ള കാലയളവിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ കേരളത്തിന് ലഭിച്ച നിക്ഷേപ വിഹിതം **ചിത്രം 4.3.1**.ൽ ചേർത്തിരിക്കുന്നു.

**ചിത്രം 4.3.1** കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപത്തിൽ കേരളത്തിന്റെ വിഹിതം, ശതമാനത്തിൽ




അവലംബം: പബ്ലിക് എന്റർപ്രൈസസ് സർവ്വേ 2022-23

**ജോയിന്റ് സ്റ്റോക്ക് കമ്പനികൾ**

2023 മാർച്ച് വരെയുള്ള കണക്കുപ്രകാരം കേരളത്തിൽ 56,290 ജോയിന്റ് സ്റ്റോക്ക് കമ്പനികൾ ഉണ്ട്. 2023-24 ൽ ആകെ 5,889 കമ്പനികൾ പുതുതായി രജിസ്റ്റർ ചെയ്തു. ഇതിൽ 25 കമ്പനികൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വന്നതും 11 കമ്പനികൾ മറ്റു സംസ്ഥാനങ്ങളിലേക്ക് മാറിയതുമാണ്. കൂടാതെ 2023-24ൽ പിരിച്ചുവിടപ്പെട്ട / പിരിച്ചുവിട്ട / സംയോജിപ്പിച്ച കമ്പനികളുടെ എണ്ണം 452 ആയിരുന്നു. ഇപ്രകാരം 2023-24 ൽ ആകെ ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ എണ്ണം 61,741 ആയിരുന്നു. 2024 മാർച്ചിലെ മൊത്തം സർക്കാർ കമ്പനികളുടെ എണ്ണം 181 ആയിരുന്നു (രജിസ്ട്രാർ ഓഫ് കമ്പനീസ് കേരളയും ലക്ഷദ്വീപും). കേരളത്തിൽ പ്രവർത്തിക്കുന്ന ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ വിശദാംശങ്ങൾ **അനുബന്ധം 4.3.3** ൽ നൽകിയിരിക്കുന്നു

**വ്യവസായ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ**

ആകെ 9 മേഖലകളിലായി 8 സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉൾപ്പെടെ ആകെ 51 പൊതു മേഖലാ യൂണിറ്റുകൾ വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ ഉണ്ട്. ഇതിൽ രണ്ടു യൂണിറ്റുകൾ 2023-24 ൽ പ്രവർത്തനക്ഷമമല്ലായിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മൊത്തത്തിൽ 4,452.85 കോടി രൂപയുടെ വിറ്റുവരവും 405.54 കോടി രൂപയുടെ നെറ്റ് ലോസ്സും രേഖപ്പെടുത്തി. വിറ്റുവരവ് മുൻവർഷത്തേക്കാൾ 0.52 % കുറഞ്ഞു. net profit രേഖപ്പെടുത്തിയ പൊതു മേഖലാ സ്ഥാപനങ്ങളുടെ എണ്ണം 2022-23 ൽ 15 ആയിരുന്നത് 2023-24 ൽ 12 ആയി കുറഞ്ഞു. operating profit രേഖപ്പെടുത്തിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 2022-23 ൽ 21 നിന്നും 2023-24 ൽ 18 ആയി കുറഞ്ഞു. പൊതു മേഖലാ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള operating loss 7.03 കോടി രൂപയാണ് . കഴിഞ്ഞ 5 വർഷങ്ങളിൽ വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം **അനുബന്ധം 4.3.4** ൽ നൽകിയിരിക്കുന്നു. കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ), ട്രാൻസ് ഫോർമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കെൽട്രോൺ കംബോണൈന്റ് കോംപ്ലക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്നിവയാണ് ഈ വർഷം ലാഭമുണ്ടാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ. ഇലക്ട്രോണിക്സ് മേഖലയ്ക്കു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ 34.54 കോടി രൂപയുടെ net profit ഉണ്ടാക്കി. അതെ സമയം മറ്റെല്ലാ മേഖലയ്ക്കു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടം രേഖപ്പെടുത്തി . പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും കേരളത്തിന്റെ വ്യവസായ മേഖലയുടെ സാങ്കേതിക പരിവർത്തനത്തിന്റെ മുഖ്യ കണ്ണിയായി അവയെ ഉയർത്തികൊണ്ടു വരുന്നതിനും സർക്കാർ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട് . വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ അഞ്ചു വർഷത്തെ മേഖല തിരിച്ചുള്ള സാമ്പത്തിക പ്രകടനം **അനുബന്ധം 4.3.5** ൽ കാണിച്ചിരിക്കുന്നു. 2023-24 , 2024-25 (2024 ഓഗസ്റ്റ് വരെ) പൊതു മേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെയും

ലാഭ നഷ്ടത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 4.3.6** ൽ കാണിച്ചിരിക്കുന്നു.

2024-25 വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം 309.10 കോടി രൂപയാണ് . ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പ്രവർത്തന മൂലധന സഹായവും ഉൾപ്പെടുന്നു. ടി തുകയിൽ 2024 സെപ്റ്റംബർ വരെ 28.80 കോടി രൂപ ചിലവഴിച്ചു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രധാന നേട്ടങ്ങൾ**

- പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ ബിസിനസ് പ്ലാനും അത് സംബന്ധിച്ചുള്ള ധാരണാപത്രവും നടപ്പിലാക്കി .
- പൊതു മേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ ന്യായമായ വിലയിൽ പൊതു ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ഇ-കോമേഴ്സ് പ്ലാറ്റ്ഫോം “കെ-ഷോപ്പി” ആരംഭിച്ചു .
- കോട്ടൺ ബോർഡ് വഴി പരുത്തി വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
- കൺട്രോൾ, ഇൻസ്ട്രുമെന്റേഷൻ മേഖലയിൽ ഇലക്ട്രിക്, ഹൈഡ്രോളിക് ,ഇലക്ട്രോ ഹൈഡ്രോളിക് ആക്റ്റുവേറ്ററുകളുടെ രൂപ കല്പനയിലും നിർമ്മാണത്തിലും സഹകരിക്കുന്നതിന് നോർവീജിയൻ കമ്പനിയായ എലക്വയുമായി കെൽട്രോൺ ധാരണാപത്രം ഒപ്പു വെച്ചു.
- വെള്ളത്തിനടിയിലുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവിധ പ്രതിരോധ ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിനായി ഇന്ത്യൻ നാവികസേനയിൽ നിന്ന് കെൽട്രോൺ 97 കോടി രൂപയുടെ ഓർഡറുകൾ നേടി
- 2000 മെട്രിക് ടൺ അന്തർ വാഹിനി പൊളിക്കുന്നതിനുള്ള ഓർഡർ ഇന്ത്യൻ നേവിയിൽ നിന്നും അഴീക്കലിലെ SILKന് ലഭിച്ചു.
- കണ്ണൂരിലെ കെൽട്രോൺ കമ്പോണന്റ് കോംപ്ലെക്സ് ലിമിറ്റഡ് ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ നിർമ്മാണ കേന്ദ്രം കമ്മിഷൻ ചെയ്തു.
- കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡിന് അത്യാധുനിക M.F.Transducers വിതരണം ചെയ്യുന്നതിനായി ബാംഗ്ലൂരിലെ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിൽ നിന്നും 17 കോടി രൂപയുടെ ഓർഡർ ലഭിച്ചു
- മുൻസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഉണങ്ങിയതും നനഞ്ഞതുമായ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി കേരള ഓട്ടോമോബൈൽസ് ലിമിറ്റഡ് ഇ-കാർട്ടുകൾ വിതരണം ചെയ്തു
- പ്രതിരോധ ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച 7 ഉൽപ്പന്നങ്ങൾ കെൽട്രോൺ കൈമാറി

**ഭാവി പരിപാടികൾ**

പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുന്ന സംരംഭങ്ങൾ മാത്രമായി ചുരുങ്ങാതെ പൊതു സ്വകാര്യ മേഖലകളിൽ ഉയർന്ന സാങ്കേതിക സംരംഭങ്ങൾക്ക് പ്രവർത്തനക്ഷമമായ അന്തരീക്ഷം സൃഷ്ടിക്കുന്ന സ്ഥാപനങ്ങളായി മാറ്റിയെടുക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുമായി പൊതുമേഖല സ്ഥാപനങ്ങളെ ബന്ധിപ്പിക്കേണ്ടതുണ്ട്. അതിനായി, കേരളത്തിൽ നിന്നു തന്നെ അസംസ്കൃത വസ്തുക്കൾ കഴിയുന്നത്ര ശേഖരിക്കുകയും താഴെ തട്ടിലുള്ള വ്യവസായങ്ങളെ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്. കേരളത്തിലെ പൊതു മേഖലാ സ്ഥാപനങ്ങൾ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനു പ്രത്യേകിച്ച് സാങ്കേതിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ഫസിലിറ്റേറ്റർമാരുടെ പങ്ക് വഹിക്കണം.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധരാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതുവായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിലേക്ക് പ്രൊഫഷണൽ മാനേജർമാരെ നിയമിച്ചിട്ടുണ്ട്. സുതാര്യമായ രീതിയിൽ ഉന്നതതലത്തിലുള്ള മാനേജർമാരുടെ ഒരു കേഡർ തിരഞ്ഞെടുക്കുന്നതിനായി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന് രൂപം നൽകി. ഒരേ തരത്തിലുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

**ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബിപിറ്റി)– മുൻപത്തെ റീസ്ട്രക്ച്ചറിംഗ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്)**

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റിയാബിലൂടെയാണ് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിഷ്കരണ/നവീകരണ പദ്ധതികൾ നടപ്പാക്കുന്നത്. വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവന/പുനരുദ്ധാരണ പരിപാടികൾ നടപ്പിലാക്കുന്നതിൽ BPTഒരു പ്രധാന പങ്കാണ് വഹിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന രീതികൾ ആസൂത്രണം ചെയ്യുകയും നിരീക്ഷിക്കുകയും ചെയ്യുക, സ്ഥാപന പുന:നിർമ്മാണം, പ്രവർത്തന ശേഷി വർദ്ധിപ്പിക്കൽ, പൊതു മേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഭരണപരമായ ഉപദേശക സഹായം നൽകുക എന്നിവയാണ് ഏജൻസിയുടെ പ്രധാന ഉത്തരവാദിത്വങ്ങൾ.

**വ്യാവസായിക പ്രോത്സാഹനവും നിക്ഷേപ സൗകര്യങ്ങളും**

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി), കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) എന്നിവയാണ് സംസ്ഥാനത്തെ പ്രധാന വ്യവസായ ധനസഹായ ഏജൻസികൾ. വ്യാവസായിക ധനസഹായത്തിനു പുറമെ വ്യാവസായിക വളർച്ചയ്ക്ക് ആവശ്യമായ ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ കെ.എസ്.ഐ.ഡി.സി പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും ചെയ്യുന്നു. കൂടാതെ, വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് കിൻഫ്രയും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി)**

കേരളത്തിൽ ഇടത്തരം-വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഉടമസ്ഥതയിൽ 1961 ൽ സ്ഥാപിച്ച കമ്പനിയാണ് കേരള

സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി). കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് തന്ത്രപ്രധാനമായ പല വ്യവസായ പശ്ചാത്തല വികസന പദ്ധതികളും കെ.എസ്.ഐ.ഡി.സി ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സിയ്ക്ക് 1174.5 ഏക്കർ സ്ഥലമുള്ള 11 വ്യവസായ പാർക്കുകളുണ്ട്. ഇതിൽ 707.503 ഏക്കർ ഭൂമി വികസിപ്പിക്കുകയും 540.943 ഏക്കർ ഭൂമി 344 യൂണിറ്റുകൾക്ക് അനുവദിക്കുകയും 11,009 പേർക്ക് ഈ യൂണിറ്റുകളിലൂടെ തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 4.3.7** ൽ കാണിച്ചിരിക്കുന്നു. സ്വകാര്യ വ്യാവസായിക പദ്ധതികൾക്ക് ധനസഹായം നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, നിക്ഷേപ പ്രോത്സാഹന സംരംഭങ്ങൾക്ക് നേതൃത്വം നൽകുക, മേഖലാടിസ്ഥാനത്തിലുള്ള വ്യാവസായിക അടിസ്ഥാന സൗകര്യങ്ങളും ആവാസവ്യവസ്ഥയും സൃഷ്ടിക്കുക, സംരംഭകത്വത്തെയും സ്റ്റാർട്ടപ്പുകളെയും പരിപോഷിപ്പിക്കുക എന്നിവയിലൂടെ കെഎസ്ഐഡിസി സംസ്ഥാനത്ത് നിർണായക പങ്ക് വഹിക്കുന്നു. സംസ്ഥാനത്ത്, ആഭ്യന്തരവും വിദേശീയവുമായ വ്യവസായ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഐ.ഡി.സി നിക്ഷേപകർക്ക് സമഗ്രമായ പിന്തുണയും സഹായവും നൽകി വരുന്നു. വിവിധ ആനുകൂല്യങ്ങളും പദ്ധതികളും പരിശോധിക്കുവാൻ വേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തുകയും, സർക്കാരും വ്യവസായ മേഖലയും ബന്ധപ്പെട്ട പ്രവർത്തിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് സംരംഭങ്ങൾ സ്ഥാപിക്കുവാൻ താൽപര്യമുള്ള നിക്ഷേപകർക്കുള്ള ഏക പോയിന്റ് കോൺടാക്റ്റായി കെഎസ്ഐഡിസി പ്രവർത്തിക്കുന്നു. ബിസിനസ് ആശയങ്ങൾ പ്രായോഗിക പദ്ധതികളാക്കി വികസിപ്പിക്കുന്നതിനുള്ള പിന്തുണ, സാധ്യതാപഠനങ്ങൾ നടത്തുന്നതിനുള്ള സഹായം, വികസിപ്പിച്ച അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ,ആവശ്യമായ അനുമതികളും അംഗീകാരങ്ങളും വേഗത്തിലാക്കുക തുടങ്ങി പ്രോജക്ട് ആശയരൂപീകരണം മുതൽ കമ്മീഷൻ ചെയ്യുന്നത് വരെയുള്ള എല്ലാ സൌകര്യങ്ങളും കെഎസ്ഐഡിസി നൽകുന്നു. ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, മെന്ററിംഗ് സെഷനുകൾ നൽകുക, സ്റ്റാർട്ടപ്പിനായി സീഡ് ഫണ്ട് വർദ്ധിപ്പിക്കുക എന്നിവയിലൂടെ സ്റ്റാർട്ടപ്പുകൾക്കായി പ്രാപ്തമാക്കുന്ന ഒരു ഇക്കോസിസ്റ്റം സൃഷ്ടിക്കാൻ കെഎസ്ഐഡിസി പരിശ്രമിച്ചു.

ഇത് വരെ സംസ്ഥാനത്ത് 750 ലധികം പദ്ധതികൾ സഹായം നൽകുകയും കൂടാതെ കൊച്ചിൻ ഇന്റർനാഷണൽ എയർ പോർട്ട് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് ,നിറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ്, ജിയോജിത് ബി.എൻ.പി പരിപാസ് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, ലേക്ക് ഷോർ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ലിമിറ്റഡ്, കിംസ് ഹോസ്പിറ്റൽ, ലേ മെറിഡിയൻ ഹോട്ടൽ, ക്രൌൺ പ്ലാസ, അപ്പോളോ ടയേഴ്സ് തുടങ്ങിയ മുൻ നിര സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുമുണ്ട്.

2023-24 ലെ പ്രധാന പദ്ധതികളും അവയുടെ നേട്ടങ്ങളും

- സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ 2022 പ്രകാരം (SBRAP) 9 പരിഷ്ക്കരണ മേഖലകളിൽ ,സംസ്ഥാനം ഏറ്റവും മികച്ച നേട്ടം കൈവരിച്ചിരിക്കുന്നു.
- പുതുതായി ആരംഭിച്ച വ്യവസായ നയം 2023 ൽ , 22 മുൻഗണനാ മേഖലകളും മുൻ ഗണനാ മേഖലകളിലെ സ്ഥാപനങ്ങൾക്ക് ബാധകമായ 18 പ്രോത്സാഹനങ്ങളും വ്യക്തമാക്കുന്നു.
- കേരള ലോജിസ്റ്റിക്സ് പാർക്ക് പോളിസി 2024 ന് ക്യാബിനറ്റ് അംഗീകാരം ലഭിച്ചു.
- 2023 നവംബർ 6 ന് കേരള റെസ്പോൺസിബിൾ ഇന്റഡസ്ട്രീസ് ഇൻസെന്റീവ് സ്കീം ആരംഭിച്ചു. ഉത്തരവാദിത്ത വ്യവസായം, ഉത്തരവാദിത്ത നിക്ഷേപം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സംസ്ഥാനത്തെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള കേരള സർക്കാരിന്റെ ഒരു സംരംഭ ആശയമാണിത് .
- അപേക്ഷകൾ സ്വീകരിക്കുന്നതിനും അതിന്റെ പ്രോസസിംഗിനും നിരീക്ഷണത്തിനുമായി കെൽട്രോൺ മുഖേന www.kriis.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിച്ച് സജീവമാക്കി .
- 2024 ലെ സ്കേൽ അപ്പ് കോൺക്ലേവ്, 2024 മാർച്ച് 4 ന് കൊച്ചിയിൽ സംഘടിപ്പിക്കുകയും 21 പ്രാസംഗികർ ഉൾപ്പെടെ 400 ഓളം പേർ പങ്കെടുക്കുകയും ചെയ്തു.
- 16 സ്റ്റാർട്ട് അപ്പുകൾക്ക് 407.43 ലക്ഷം രൂപയുടെ വായ്പാ സഹായവും 12 വനിതാ സംരംഭകർക്ക് 232.20 ലക്ഷം രൂപയുടെ വായ്പാ സഹായവും നൽകി.
- ഇ.എസ്.ജി (പരിസ്ഥിതി,സാമൂഹിക ,ഭരണ) നയം , കയറ്റുമതി നയം,ലോജിസ്റ്റിക്സ് നയം ,ഗ്രാഫീൻ നയം എന്നിവയുടെ കരട് തയ്യാറാക്കുകയും സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് .
- ബയോ കണക്റ്റ് , സ്കേൽ അപ്പ് , ഭക്ഷ്യ സംസ്കരണ മേഖലയിലെ റീജിയണൽ ഇന്റഡസ്ട്രീസ് മീറ്റ്, എഫ്.ഡി,ഡി.ഐ യുമായി സഹകരിച്ചുള്ള പാദരക്ഷ മേഖലയിലെ ഇൻവെസ്റ്റർ കോൺക്ലേവ് , ഫിക്കിയുടെ സഹകരണത്തോടുള്ള ഗ്രോത്ത് ഇൻവെസ്റ്റർ കോൺക്ലേവ് തുടങ്ങി മെഗാ ഇവന്റുകൾ ഉൾപ്പെടെ നിരവധി ദേശീയ അന്തർദേശീയ പരിപാടികളിൽ കെ.എസ്.ഐ.ഡി.സി സജീവമായി പങ്കെടുത്തിട്ടുണ്ട് .
- 2023-24 ൽ സ്കേലിംഗ് അപ്പ് ചെയ്യുന്നതിനായി സ്റ്റാർട്ട് അപ്പുകൾക്കുള്ള വായ്പ 1 കോടി രൂപയായി ഉയർത്തി. വനിതാ സംരംഭകർക്കുള്ള വീ മിഷൻ വായ്പ 50 ലക്ഷം രൂപയായി ഉയർത്തി. സുസ്ഥിര വ്യവസായ പ്രോത്സാഹന പദ്ധതിയ്ക്കായി ഓൺലൈൻ പോർട്ടൽ ആരംഭിച്ചു, ഇതിലൂടെ നിക്ഷേപകർക്ക് 18 ഇനം ഇൻസെന്റീവുകൾക്കും അപേക്ഷിക്കാൻ കഴിയും. 10 കോടിയ്ക്ക് മുകളിലുള്ള പ്രൊജക്റ്റുകൾ നിരീക്ഷിക്കുന്നതിനായി പ്രൊജക്റ്റ് ഇമ്പ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ചു .

വിവിധ വ്യവസായ യൂണിറ്റുകൾക്കും വിവിധ മെഗാ പ്രോജക്ടുകൾക്കും ധനസഹായം നൽകുന്നതിന് പുറമെ കെ.എസ്.ഐ.ഡി.സി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി ഏറ്റെടുത്ത പ്രവർത്തനങ്ങളും നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളും **ബോക്സ് 4.3.1** ൽ കൊടുത്തിരിക്കുന്നു.

**ബോക്സ് 4.3.1** കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും

- ഇടത്തര - വൻകിട വ്യവസായങ്ങൾക്ക് ധനസഹായവും പിന്തുണയും
- കേരളത്തിൽ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുക
- വ്യാവസായിക വളർച്ചാ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം.
- കേരളത്തിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (ഇ.ഒ.ഡി.ബി) പ്രോത്സാഹിപ്പിക്കുക
- വിവിധ സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് പിന്തുണ നൽകുക
- മെന്ററിങ്ങിലൂടെ സംരംഭക സഹായം
- ഏഞ്ചൽ/സീഡ് ഫണ്ട് പദ്ധതി.
- ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, കൊച്ചി
- ലൈഫ് സയൻസ് പാർക്ക് - ലൈഫ് സയൻസ് മേഖലയിൽ സ്വകാര്യ വ്യവസായങ്ങളെയും ഗവേഷണവികസന സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി.
- ലൈറ്റ് എഞ്ചിനിയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്-രണ്ടാം ഘട്ടം.
- ബിസിനസ്സ് ഇൻകുബേറ്റർ
- മെഡിക്കൽ ഡിവൈസസ് പാർക്ക് (മെഡ്സ്പാർക്ക്)
- മെഗാ ഫുഡ് പാർക്ക്
- സുസ്ഥിര വ്യവസായ നിക്ഷേപ പദ്ധതി

അവലംബം : കെ.എസ്.ഐ.ഡി.സി

### സാമ്പത്തിക സ്ഥിതി

2022-23 ൽ കോർപറേഷൻ 64.72 കോടി രൂപ അറ്റാദായമായി നേടി. കഴിഞ്ഞ 5 വർഷങ്ങളിലെ കെ.എസ്.ഐ.ഡി.സി യുടെ ചില പ്രധാന സാമ്പത്തിക സൂചികകൾ **പട്ടിക 4.3.1** ൽ കൊടുത്തിരിക്കുന്നു.

### കെ.എസ്.ഐ.ഡി.സി യുടെ വ്യാവസായിക ധനസഹായ പ്രവർത്തനങ്ങൾ

2023-24ൽ 602.10 കോടി രൂപയുടെ പദ്ധതികൾക്ക് കെഎസ്ഐഡിസി അനുമതി നൽകി. കോർപ്പറേഷൻ 261.39 കോടി രൂപ അനുവദിക്കുകയും മുതലും പലിശയുമടക്കം മൊത്തം 293.06 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തു. 1221.07 കോടി രൂപ മുതൽമുടക്കിൽ 98 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കുന്നു, ഇത് ഏകദേശം 4366 പേർക്ക് തൊഴിൽ സൃഷ്ടിക്കും. 2023-24,2024-25 വർഷങ്ങളിലെ കെഎസ്ഐഡിസിയുടെ ഭൗതികവും സാമ്പത്തികവുമായ പ്രവർത്തനങ്ങൾ (2024 ഓഗസ്റ്റ് വരെ) അനുബന്ധം 4.3.7 ൽ നൽകിയിരിക്കുന്നു. കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും 2016-17 മുതൽ 2024-25 വരെ **പട്ടിക 4.3.2** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.3.1** കെ.എസ്.ഐ.ഡി.സി യുടെ പ്രധാന സാമ്പത്തിക പരാമീറ്ററുകൾ (കോടി രൂപയിൽ)

| വിശദാംശങ്ങൾ | 2018–19 | 2019–20 | 2020–21 | 2021–22 | 2022–23 |
|---|---|---|---|---|---|
| മൊത്തം ആസ്തി | 725.1 | 643.2 | 809.8 | 869.12 | 945.23 |
| ആകെ ചിലവുകൾ | 14.4 | 16.2 | 20.4 | 13.6 | 13.6 |
| ജീവനക്കാരുടെ ചിലവുകൾ | 8.9 | 10.7 | 10.7 | 9.02 | 9.71 |
| അറ്റലാഭം/നഷ്ടം (+/-) | 33.8 | 39.6 | 25.5 | 54.9 | 64.72 |
| ഓഡിറ്റ് നില | ഇതുവരെയുള്ള ഓഡിറ്റ് പൂർത്തിയാക്കി | | | | |

അവലംബം: ബി.പി.ഇ അവലോകനം 2022-23

**പട്ടിക 4.3.2** കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും 2016-17 മുതൽ 2024-25 വരെ (രൂപ കോടിയിൽ)

| ക്രമ നം | വർഷം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | 2016-17 | 87.5 | 75.5 | 86.3 |
| 2 | 2017-18 | 96.3 | 171.7 | 178.4 |
| 3 | 2018-19 | 134.4 | 77.5 | 57.7 |
| 4 | 2019-20 | 116.0 | 15.9 | 13.7 |
| 5 | 2020-21 | 109 | 84.32 | 77.36 |
| 6 | 2021-22 | 109 | 48.74 | 44.72 |
| 7 | 2022-23 | 113 | 50.53 | 44.73 |
| 8 | 2023-24 | 122.50 | 56.35 | 46.01 |
| 9 | 2024-25* | 127.50 | 17.68 | 13.86 |

അവലംബം- ബജറ്റ് എസ്റ്റിമേറ്റ്

*2024 സെപ്റ്റംബർ വരെയുള്ള ചെലവുകൾ

**കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രോത്സാഹന പ്രവർത്തനങ്ങൾ**

**1.നിക്ഷേപ സൌകര്യവും വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളും**

- നിക്ഷേപം സുഗമമാക്കൽ വിഭാഗം ഈസ് ഓഫ് ഡൂയിംഗ് ബിസ്സിനസ് സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ (SBRAP) നടപ്പാക്കലിന്റെ ഭാഗമായി, 352 ൽ 340 ആക്ഷൻ പോയിന്റുകൾ ഏജൻസി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ, ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.റ്റി) EODB പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. സംസ്ഥാനം സമർപ്പിച്ച 340 എണ്ണത്തിൽ 319 എണ്ണം ഡി.പി.ഐ.ഐ.റ്റി അംഗീകരിക്കുകയും 21 എണ്ണം നിരസിക്കുകയും ചെയ്തു. ഗുണഭോക്താക്കൾക്കിടയിൽ ഫീഡ് ബാക്ക് സർവ്വേ ആരംഭിക്കുന്നതിനുള്ള പ്രക്രിയ ഡി.പി.ഐ.ഐ.റ്റി പൂർത്തിയാക്കി. ഇക്കാര്യത്തിൽ SBRAP 2022 ന് കീഴിൽ 9 പരിഷ്ക്കരണ മേഖലകളിൽ സംസ്ഥാനത്തിന് ടോപ്പ് പെർഫോമർ അവാർഡ് ലഭിച്ചു. ഇത് രാജ്യത്തെ ഏറ്റവും ഉയർന്നതാണ്.
- സംസ്ഥാനത്തെ സംരംഭകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി 12 വകുപ്പുകൾ/ഏജൻസികളിലായി 23 പരിഷ്ക്കരണ നിർദേശങ്ങൾ കെ.എസ്.ഐ.ഡി.സി തയ്യാറാക്കി സർക്കാരിനു കൈമാറിയിരുന്നു. ഈ നിർദേശങ്ങൾ വിവിധ നിയമങ്ങളിലും ചട്ടങ്ങളിലും പരിഷ്ക്കാരങ്ങളോ ഭേദഗതികളോ ആവശ്യപ്പെട്ടിരുന്നു.
- പ്രൊമോഷണൽ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ വിജയിച്ച 50 കമ്പനികളുടെ വീഡിയോ നിർമ്മിക്കുവാൻ സി-ഡിറ്റിനെ ചുമതലപ്പെടുത്തി, 23 സ്ഥാപനങ്ങളിൽ നിന്നുള്ള സ്പോൺസർഷിപ്പ്/പരസ്യത്തിനുള്ള അപേക്ഷകൾ അംഗീകരിച്ചു, കേരളത്തിലെ 1700 വ്യവസായികളുടെ ഡാറ്റ ബേസ് അപ്ഡേറ്റ് ചെയ്തു. പ്രൊമോഷണൽ ഉദ്ദേശത്തിനും ബ്രാൻഡിംഗിനുമായി പ്രോമോഷണൽ മെറ്റീരിയൽസ് തയ്യാറാക്കി അച്ചടിച്ചു.
- ബിസിനസ്സ് ചെയ്യുന്നതിനുള്ള ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ഒരു വ്യവസായം ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ 13 പ്രസക്തമായ അംഗീകാരം/ക്ലീയറൻസുകൾക്കുള്ള ഡേറ്റ സെറ്റ് സംസ്ഥാനം സമർപ്പിച്ചു.
- SBRAP 2022 നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ-സ്വിഫ്റ്റ് പോർട്ടലിൽ നോ യുവർ അപ്രൂവൽസ് ,നോ യുവർ ഇൻസെന്റീവ്സ് , ക്രിമിനൽ സൂചികകൾ എന്നീ ഓൺലൈൻ മോഡ്യൂളുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.
- ഇൻവെസ്റ്റ് കേരള വെബ് സൈറ്റിന്റെ നവീകരണം പൂർത്തിയാക്കി ഉള്ളടക്കം അപ്ഡേറ്റ് ചെയ്തു.
- കെ-സ്വിഫ്റ്റ് ദേശീയ ഏക ജാലക സംവിധാനം, IBPMS എന്നിവയുമായുള്ള സംയോജനം പൂർത്തിയാക്കി, 21 വകുപ്പുകൾ ഈ സംവിധാനവുമായി സംയോജിപ്പിച്ച് 95 സേവനങ്ങൾ ഇതിലൂടെ വിതരണം ചെയ്യുന്നുണ്ട് . 75000 ലധികം രജിസ്റ്റർ ചെയ്ത ഉപയോക്താക്കൾ ഉണ്ട്. 45,700 ലധികം എം.എസ്.എം.ഇ അക്നോളജ്മെന്റ് സെർട്ടിഫിക്കറ്റുകൾ ഇത് വരെ വിതരണം ചെയ്തു. പോർട്ടൽ വഴി ഏകദേശം 4000 ലൈസൻസുകൾ /പെർമ്മിറ്റുകൾ /എൻ.ഒ.സി കൾ നൽകി.
- കെ.സിസ് –കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ നിലവിൽ 5 വിവിധ വകുപ്പുകൾ ഉണ്ട്. തദേശ സ്വയം ഭരണ വകുപ്പ്, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ലീഗൽ മെട്രോളജി, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ് എന്നിവയാണ് സംയോജിത വകുപ്പുകൾ. അഞ്ചു ലക്ഷത്തിലധികം സംരംഭങ്ങൾ ഈ സംവിധാനത്തിൽ എൻറോൾ ചെയ്തിട്ടുണ്ട്.

**2. ഇന്നൊവേഷൻ ആക്സിലറേഷൻ പദ്ധതി** : 2023-24 സാമ്പത്തിക വർഷം ആകെ 9 സീഡ് ഫണ്ട് വായ്പയും 7 സ്കേൽ അപ്പ് വായ്പയും അംഗീകരിച്ചു. സീഡ് ഫണ്ട് പദ്ധതി പ്രകാരം 132.43 ലക്ഷം രൂപയുടെ വായ്പയും സ്കേൽ അപ്പ് സപ്പോർട്ട് പദ്ധതി പ്രകാരം 275 ലക്ഷം രൂപയുടെ വായ്പയും അനുവദിച്ചു .

**3. വനിതാ സംരംഭകത്വ ദൗത്യം** : 2023-24 സാമ്പത്തിക വർഷത്തേക്കുള്ള വനിതാ സംരംഭകത്വ ദൗത്യ സഹായ പദ്ധതിയ്ക്ക് കീഴിൽ ആകെ 12 നിർദേശങ്ങൾ ഔദ്യോഗികമായി അംഗീകരിക്കുകയും ,തുടർന്ന് ഈ 12 യൂണിറ്റുകൾക്കായി സാമ്പത്തിക വർഷത്തിൽ 232.20 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു.

**4.മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി** : ആകെ 116 യൂണിറ്റുകൾക്കായി 369. 23 കോടി രൂപയുടെ ധന സഹായം അനുവദിച്ചു.

**5. കോവിഡ് സമാശ്വാസ പദ്ധതി** : ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിൽ ഭൂമി അനുവദിക്കുന്നതിന് പലിശ ഇളവായി 495.80 ലക്ഷം രൂപ ചിലവഴിച്ചു.

**6.മെഡിക്കൽ ഡിവൈസസ് പാർക്ക് (മെഡ്സ് പാർക്ക്)** : പ്രോട്ടോടൈപ്പ് ആൻറ് ഇൻകുബേഷൻ സെന്റർ, അനിമൽ ഹൗസ് എന്നിങ്ങനെ രണ്ടു കെട്ടിടങ്ങളുടെ സിവിൽ ഘടന പൂർത്തിയായി. നോളെജ് റിസോഴ്സ് സെൻററിന്റെ ഫൌണ്ടേഷൻ നിർമ്മാണവും ഒന്നാം നിലയുടെ ആർ സി സി പണികളും പൂർത്തിയായിട്ടുണ്ട്.

**7.ലൈഫ് സയൻസസ് പാർക്ക് ,തിരുവനന്തപുരം:** 8 0,827 ചതുരശ്ര വിസ്തീർണ്ണമുള്ള അഡ്മിൻ ബ്ലോക്ക്, ബയോ ടെക് ലാബ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം മാർച്ച് 2023 ന് എല്ലാ വിധത്തിലും പൂർത്തീകരിച്ചു. ലൈഫ് സയൻസ് പാർക്കിന്റെ രണ്ടാം ഘട്ടം റോഡ് വികസനവും അടിസ്ഥാന സൗകര്യങ്ങളും പുരോഗമിക്കുന്നു. ബയോടെക് ഇൻക്യുബേഷൻ ബഹിരാകാശ വികസനത്തിനുള്ള പി.എം.സിയായി ഇൻകെല്ലിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

**കേരള റബ്ബർ ലിമിറ്റഡ്**

ഇന്റർമീഡിയറ്റ് ഫൈനൽ റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും എം.എസ്.എം.ഇ മേഖലയിൽ പ്രധാന ശ്രദ്ധ കേന്ദ്രീകരിച്ച് അനുബന്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കേരള സർക്കാർ കെ.ആർ.എൽ രൂപീകരിച്ചു. കേരളത്തിൽ റബ്ബർ റബ്ബർ തടി അധിഷ്ഠിത സി.എഫ്.സി കൾ വികസിപ്പിക്കുന്നതിനുള്ള സംസ്ഥാനതല നിർവ്വഹണ

ഏജൻസിയായി കെ.ആർ.എൽ ഇപ്പോൾ നാമനിർദേശം ചെയ്യപ്പെട്ടിട്ടുണ്ട്.

### ഭൗതിക നേട്ടങ്ങൾ

- റബ്ബർ തോട്ടം മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി, റബ്ബർ ഉൽപ്പാദക സംഘങ്ങളുടെ (ആർ.പി.എസ്) ശൃംഖലയുമായി ചേർന്ന് ടാപ്പിങ്ങും വിളവെടുപ്പും സുഗമമാക്കുന്നതിന് തൊടുപുഴയിലെ കക്കൊമ്പ് ആർ.പി.എസ് മുഖേന "ഇവന്റ് മാനേജ്മെന്റ് മോഡൽ" പരീക്ഷിക്കുന്നതിനുള്ള ഒരുക്കത്തിലാണ് കെ.ആർ.എൽ. പ്ലാന്റേഷൻ ഡയറക്ടറേറ്റിന് ഈ മോഡൽ വ്യാപിപ്പിക്കുന്നതിനുള്ള നിർദേശവും കെ.ആർ.എൽ സമർപ്പിച്ചിട്ടുണ്ട്.
- കോട്ടയം ജില്ലയിലെ വെള്ളൂർ വില്ലേജിൽ റബ്ബർ വ്യവസായ സമുച്ചയം സ്ഥാപിക്കൽ പുരോഗമിക്കുന്നു.
- റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ, ടെസ്റ്റിംഗ് ആന്റ് ക്വാളിറ്റി കൺട്രോൾ സെന്റർ, ബിസിനസ് ഇൻക്യുബേഷൻ സെന്റർ തുടങ്ങിയ സൌകര്യങ്ങൾ സ്ഥാപിക്കുവാൻ കെ.ആർ.എൽ ആലോചിക്കുന്നുണ്ട്.
- വൈദഗ്ധ്യം, ഫാക്കൽറ്റികൾ, സൗകര്യങ്ങൾ എന്നിവ പങ്കു വയ്ക്കുന്ന സഹകരണ ഗവേഷണത്തിനായി റബ്ബർ ബോർഡ്, കുസാറ്റ്, എം.ജി യൂണിവേഴ്സിറ്റി എന്നിവയുമായി കെ.ആർ.എൽ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. ഈ മൂന്നു സ്ഥാപനങ്ങളുമായി ഉടനടി ധാരണാ പത്രം ഒപ്പിടും.

### കേരള വ്യവസായ അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ (കിൻഫ്ര)

സംസ്ഥാനത്തുടനീളം വ്യവസായ-അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, അതുവഴി സ്വകാര്യ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക, ഭാവിയിലെ വ്യാവസായിക വളർച്ചയ്ക്ക് ഒരു ലാൻഡ് ബാങ്ക് സൃഷ്ടിക്കുക എന്നിവ ലക്ഷ്യമിട്ടാണ് 1993 ൽ കിൻഫ്ര ആരംഭിച്ചത്. സംരംഭകർക്ക് ഒരു വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ മിക്ക സൌകര്യങ്ങളും നൽകികൊണ്ട് വ്യവസായ പാർക്കുകൾ / ടൗൺഷിപ്പുകൾ / സോണുകൾ എന്നിവ സ്ഥാപിച്ച് സംസ്ഥാനത്തെ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുടെ സാമ്പത്തിക വികസനത്തിന് കിൻഫ്ര പ്രോത്സാഹനം നൽകുന്നു. കിൻഫ്ര വികസിപ്പിച്ചെടുത്ത വ്യവസായ പാർക്കുകളിൽ ബിൽറ്റ് അപ്പ് സ്ഥലത്ത് വികസിത ഭൂമിയും, വൈദ്യുതി വിതരണവും ജലവിതരണവും ആശയവിനിമയ സൗകര്യങ്ങളും ഉണ്ട്. കിൻഫ്ര സംരംഭകർക്കായി വ്യവസായ അടിസ്ഥാന സൗകര്യം ലഭ്യമായ ഒരു നിർമ്മാണ അന്തരീക്ഷം നൽകുന്നു, കൂടാതെ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സമയവും ചെലവും കുറയ്ക്കാൻ അവരെ സഹായിക്കുന്നു. അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുക, ഭൂമി/സ്ഥലം ലഭ്യമാക്കി സംസ്ഥാനത്തേക്ക് നിക്ഷേപം കൊണ്ട് വരിക എന്നിവയാണ് കിൻഫ്രയുടെ പ്രാഥമികമായ ലക്ഷ്യം.

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി, വസ്ത്ര നിർമ്മാണം, ഭക്ഷ്യ സംസ്കരണം, പ്രതിരോധ ഉപകരണങ്ങൾ, പെട്രോ കെമിക്കൽസ്, ഐ.റ്റി, ഐ.റ്റി.ഇഎസ്, ആരോഗ്യ സംരക്ഷണം തുടങ്ങി വിവിധ മേഖലകളിലായി 1200 യൂണിറ്റുകൾ ഉൾക്കൊള്ളുന്ന 31 വ്യവസായ പാർക്കുകൾ കിൻഫ്ര വികസിപ്പിച്ചെടുത്തിട്ടുണ്ട്. കിൻഫ്ര ഏകദേശം 70,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, 5000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുകയും 1.4 ദശലക്ഷം ചതുരശ്ര അടി വ്യാവസായിക ഇടം നിർമ്മിക്കുകയും ചെയ്തു. കിൻഫ്ര പാർക്കിന്റെ ഭൌതിക പ്രകടനം **പട്ടിക 4.3.3** ൽ കൊടുത്തിരിക്കുന്നു.

### സാമ്പത്തിക സ്ഥിതി

കോർപ്പറേഷൻ 2022-23 ൽ 6.08 കോടി രൂപ അറ്റാദായം റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ അഞ്ചു വർഷത്തെ ചില പ്രധാന സാമ്പത്തിക സൂചകങ്ങൾ **പട്ടിക 4.3.4** ൽ നല്കിയിരിക്കുന്നു.

കിൻഫ്രയുടെ 2018-19 മുതൽ 2024-25 വരെയുള്ള പദ്ധതി വിഹിതവും ചെലവ് വിവരങ്ങളും **പട്ടിക 4.3.5** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.3.3** കിൻഫ്രയുടെ പ്രകടനം

| ക്രമ നമ്പർ | ഇനങ്ങൾ | 2022–23 | 2023–24 | 2024–25 (ആഗസ്റ്റ് 30 വരെ ) |
|---|---|---|---|---|
| 1 | ഭൂമി അനുവദിക്കൽ(ഏക്കറുകൾ ) | 48.25 | 36.94 | 24.75 |
| 2 | സ്ഥലം അനുവദിക്കൽ (ച.അടി ) | 1,48,860 | 1,63,702.26 | 50,577 |
| 3 | യൂണിറ്റുകളുടെ എണ്ണം (എണ്ണം ) | 130 | 103 | 43 |
| 4 | തൊഴിൽ (എണ്ണം) | 3,584 | 2,686 | 759 |
| 5 | നിക്ഷേപം (കോടി രൂപ ) | 336 | 460 | 54.64 |

അവലംബം :കിൻഫ്ര

**പട്ടിക 4.3.4** കിൻഫ്രയുടെ പ്രധാന സാമ്പത്തിക സൂചകങ്ങൾ (രൂപ കോടിയിൽ)

| വിശദാംശങ്ങൾ | 2018–19 | 2019–20 | 2020–21 | 2021–22 | 2022–23 |
|---|---|---|---|---|---|
| മൊത്തം ആസ്തി | 1230.20 | 1427.40 | 1548.70 | 1724.13 | 1845.01 |
| ആകെ ചെലവ് | 43.40 | 506.90 | 38.66 | 52.65 | 125.94 |
| അറ്റ ലാഭം / നഷ്ടം(+/-) | 6.40 | 2.30 | 17.04 | 7.33 | 6.08 |
| ഓഡിറ്റ് നില | പൂർത്തിയായി | | | | |

അവലംബം- ബിപിഇ റിവ്യൂ 2022-23

**പട്ടിക 4.3.5** കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ)

| ക്രമ നം. | വർഷം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | 2018-19 | 96.00 | 47.00 | 49.0 |
| 2 | 2019-20 | 107.00 | 31.00 | 29.0 |
| 3 | 2020-21 | 92.53 | 85.14 | 92.0 |
| 4 | 2021-22 | 302.53 | 177.88 | 58.8 |
| 5 | 2022-23 | 332.53 | 62.92 | 18.9 |
| 6 | 2023-24 | 335.56 | 226.74 | 67.6 |
| 7 | 2024-25* | 324.31 | 34.68 | 10.7 |

അവലംബം- ബജറ്റ് എസ്റ്റിമേറ്റ്
*2024 സെപ്റ്റംബർ വരെയുള്ള ചെലവ്

കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള ആകെ ഭൂമി 3695.36 ഏക്കർ ആണ്. ഇതിൽ 2,476.81 ഏക്കർ ഭൂമി വ്യവസായ വികസന ആവശ്യങ്ങൾക്കായി ലഭ്യമാണ്. അതിൽ 1,584.80 ഏക്കർ ഭൂമി വ്യവസായ യൂണിറ്റുകൾക്ക് ഇതിനകം അനുവദിച്ച് കൊടുത്തിട്ടുണ്ട്. ബിൽഡ്- അപ്പ് സ്ഥലത്തിന്റെ കാര്യത്തിൽ, മൊത്തം 17,21,980.75 ചതുരശ്ര അടിയിൽ 11,31,557.02 ചതുരശ്ര അടി വിവിധ വ്യവസായിക യൂണിറ്റുകൾക്കായി അനുവദിച്ചു. 2024 ആഗസ്റ്റ് 31 വരെയുള്ള കിൻഫ്ര വ്യവസായ പാർക്കുകളുടെ അലോട്ട്മെന്റ് വിശദാംശങ്ങൾ **അനുബന്ധം 4.3.9**ൽ കൊടുത്തിരിക്കുന്നു.

കിൻഫ്ര സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും പാർക്കുകളിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തുകൊണ്ട് സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ഗണ്യമായി സംഭാവന ചെയ്യുന്നു.

- മട്ടന്നൂരിലെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ 48,686.18 ചതുരശ്ര അടി കെട്ടിട നിർമ്മാണം കിൻഫ്ര പൂർത്തിയാക്കി.
- കിൻഫ്ര രാമനാട്ടുകര അഡ്വാൻസ് ടെക്നോളജി പാർക്കിൽ ഐ.റ്റി, ഐ.റ്റി അനുബന്ധ സേവനങ്ങൾക്കായി 1.2 ലക്ഷം ചതുരശ്ര അടി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയാക്കി, ഭൂവികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- കിൻഫ്രാ സ്പൈസസ് പാർക്കിന്റെ ഒന്നാം ഘട്ടം വികസനം കിൻഫ്ര പൂർത്തിയാക്കുകയും 100 ശതമാനം ഭൂമി അനുവദിക്കുകയും ചെയ്തു.
- കിൻഫ്ര അതിന്റെ എല്ലാ പാർക്കുകളിലും ഏക ജാലക ക്ലിയറൻസ് സംവിധാനം ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ട്.

**ബോക്സ് 4.3.2** കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ

- പെട്രോകെമിക്കൽ പാർക്ക്, കൊച്ചി
- കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി
- അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര
- ആഗോള ആയുർവേദ ഗ്രാമം, തോന്നയ്ക്കൽ & വർക്കല, തിരുവനന്തപുരം
- കൊച്ചിയിലെ ഇന്റർനാഷണൽ ട്രേഡ് ആൻഡ് കൺവെൻഷൻ സെന്റർ (ഐടിപിഒ യുമായുള്ള സംയുക്ത സംരംഭം )
- നിലവിലുള്ള വ്യവസായ പാർക്കുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
- ഇലക്ട്രോണിക് മാന്യുഫാക്ചറിംഗ് ക്ലസ്റ്റർ ,കൊച്ചി.
- കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്ക് ,പെരുമ്പാവൂർ

അവലംബം :കിൻഫ്ര

### ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിംഗ് സിസ്റ്റം (IPRS) ഇന്ത്യാ ഗവൺമെന്റ്

ഐപിആർഎസ് റേറ്റിംഗ് സംവിധാനം അനുസരിച്ച്, വ്യവസായ പാർക്കുകൾ നടപ്പിലാക്കുന്ന രീതിയിൽ കിൻഫ്ര വമ്പിച്ച മുന്നേറ്റം നടത്തി. വാണിജ്യ മന്ത്രാലയത്തിലെ ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇന്റേണൽ ട്രേഡ് (ഡിപിഐഐടി) അവതരിപ്പിച്ച ഐപിആർഎസിന്റെ 4 വളർച്ചാ സ്തംഭങ്ങൾ അനുസരിച്ച് താഴെ പറയുന്ന അഞ്ച് കിൻഫ്ര പാർക്കുകൾ മികവിന്റെ കാര്യത്തിൽ തെക്കൻ മേഖലയിലെ മികച്ച പ്രകടനം നടത്തുന്ന പാർക്കുകളുടെ കൂട്ടത്തിൽ ഉയർന്നുവന്നിട്ടുണ്ട്.

- കിൻഫ്ര ഹൈടെക് പാർക്ക്, കൊച്ചി
- കിൻഫ്ര മെഗാ ഫുഡ് പാർക്ക്, പാലക്കാട്
- കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, കഴക്കൂട്ടം
- കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ
- കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, കഞ്ചിക്കോട്

### കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി) (വ്യാവസായിക ധനസഹായം)

നിർമ്മാണ, സേവന മേഖലകളിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) സാമ്പത്തിക സഹായം നൽകികൊണ്ട് സംസ്ഥാനത്തെ വ്യാവസായവൽക്കരണത്തിൽ നിർണ്ണായക പങ്കു വഹിക്കുന്ന ഇന്ത്യയിലെ ഒരു പ്രമുഖ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷനാണ് 1951 ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്റ്റിന് കീഴിൽ സംയോജിപ്പിച്ച കെ.എഫ്.സി. പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഉൽപാദന, സേവന മേഖലകളിൽ നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണം/നവീകരണം/വൈവിധ്യവൽക്കരണം എന്നിവയ്ക്കും കോർപ്പറേഷൻ സാമ്പത്തിക സഹായം നൽകുന്നു.. നിശ്ചിത കാലാവധി വായ്പ്കൾ , പ്രവർത്തന മൂലധന വായ്പകൾ, പ്രത്യേക പദ്ധതികൾ എന്നിയുടെ രൂപത്തിലാണ് സാമ്പത്തിക സഹായം നൽകുന്നത്. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കായുള്ള ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റിലെ അംഗമാണ് കെ.എഫ്.സി. കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- ഉൽപ്പന്ന നിർമ്മാണ സേവന മേഖലകളിൽ പുതിയ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് വായ്പകൾ അനുവദിക്കുക
- നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ/സേവന സ്ഥാപനങ്ങൾക്ക് വികസനത്തിനും, ആധുനിക വൽക്കരണത്തിനും/ വൈവിദ്ധ്യവൽക്കരണത്തിനും വേണ്ടിയുള്ള വായ്പ നൽകുക

- വ്യവസായ/സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക പദ്ധതികളിൽപ്പെടുത്തി പ്രവർത്തന മൂലധന വായ്പകൾ നൽകുക.
- സിവിൽ കോൺട്രാക്ടർമാർക്ക് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- ഫീച്ചർ ഫിലിമുകളും ടെലിവിഷൻ സീരിയലുകളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- നിലവിലുള്ള സിനിമ തീയ്യേറ്ററുകളുടെ ആധുനികവൽക്കരണത്തിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും, വികസനത്തിനും പുതിയ മൾട്ടിപ്ലക്സുകൾ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ
- ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും/മാലിന്യ സംസ്കരണത്തിനുമുള്ള പ്രത്യേക പദ്ധതികൾ
- ഐ.റ്റി ഹാർഡ് വെയറിനും സോഫ്റ്റ് വെയർ സംരംഭങ്ങൾക്കുമുള്ള കടാശ്വാസത്തിനുള്ള ധനസഹായം
- പർച്ചേസ് ഓർഡറുകൾ നടപ്പിലാക്കുന്നതിനുള്ള സ്റ്റാർട്ട് അപ്പുകളുടെ പ്രവർത്തന മൂലധന ആവശ്യകതകൾക്ക് ധന സഹായം നൽകുന്നതിനുള്ള പദ്ധതി.

**പ്രധാന ബിസിനസ് സംരംഭങ്ങൾ**

2023-24 ൽ, കോർപ്പറേഷൻ പുതിയ വായ്പാ പദ്ധതികളും ഉൽപ്പന്നങ്ങളും ആരംഭിക്കുകയും നിലവിലുള്ള പ്രക്രിയകൾ മത്സരാധിഷ്ഠിതമായി തുടരുകയും ചെയ്തു. ഏറ്റെടുത്ത പ്രധാന സംരംഭങ്ങൾ താഴെ ചേർത്തിരിക്കുന്നു.

- 2023-24 കാലയളവിൽ കെ.എഫ്.സി യുടെ ലോൺ പോർട്ട് ഫോളിയോ ആദ്യമായി 7000 കോടി രൂപ കവിഞ്ഞു 7368 കോടി രൂപയിലെത്തി . കെ.എഫ്.സി യുടെ ആസ്തി 1000 കോടി രൂപ കവിഞ്ഞ് 1064 കോടി രൂപയിലെത്തി . പ്രധാന പ്രകടന സൂചകങ്ങൾ ശ്രദ്ധേയമായ വളർച്ചയെ പ്രതിഫലിപ്പിക്കുന്നു. വായ്പ അനുവദിക്കൽ 4 ശതമാനം , വായ്പാ വിതരണം 14.4 ശതമാനം , പോർട്ട് ഫോളിയോ 12.9 ശതമാനം, ലാഭം 47.5 ശതമാനം എന്നിങ്ങനെ വർധിക്കുകയും മൊത്തം എൻ.പി.എ 7.4 ശതമാനവും അറ്റ എൻ.പി.എ 4.4 ശതമാനവും കുറഞ്ഞു
- പുതിയ മേഖലകളിലേക്ക് സാന്നിധ്യം വിപുലപ്പെടുത്തുന്നു – കൂടുതൽ ഉൽപ്പന്നങ്ങളും മേഖലകളും ഉപയോഗിച്ച് , കെ.എഫ്.സി യുടെ സാന്നിധ്യം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു .തിരുവനന്തപുരം,എറണാകുളം,കോഴിക്കോട് എന്നിവിടങ്ങളിൽ കേന്ദ്രീകൃത സ്ട്രെസ്സ് അസെറ്റ് റിക്കവറി ബ്രാഞ്ചുകൾ ആരംഭിച്ചു. തിരുവനന്തപുരത്തും എറണാകുളത്തും വലിയ വായ്പകൾ നൽകുന്നതിന് രണ്ട് വലിയ ബ്രാഞ്ചുകൾ (എൽ .ഡി.ബി ) സ്ഥാപിച്ചു. ചെറുകിട ഇടത്തരം സംരംഭങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി നിലവിലുള്ള 16 ശാഖകൾ എം.എസ്.എം.കൾ ക്കായി മാത്രമായുള്ള ക്രെഡിറ്റ് ബ്രാഞ്ചുകളായി ഉയർത്തിയിട്ടുണ്ട് .
- ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള ക്രെഡിറ്റ് ഗ്യാറണ്ടി ഫണ്ട് ട്രസ്റ്റിന്റെ പരിധി ഉയർത്തൽ - കോർപ്പറേഷന്റെ സി.ജി.റ്റി.എം.എസ്.ഇ ഗ്യാരന്റി പരിധി നിലവിലുള്ള 50 ലക്ഷം രൂപയിൽ നിന്നും 200 ലക്ഷം രൂപയായി ഉയർത്തി .
- 2023-24 ൽ ലഭിച്ച അംഗീകാരങ്ങളും അവാർഡുകളും – സേവന സ്ഥാപനത്തിനുള്ള മികച്ച ഉൽപ്പാദന ക്ഷമതാ അവാർഡ് ആയ എഫ്.എ.സി.റ്റി എം.കെ.കെ നായർ മെമ്മോറിയൽ അവാർഡ് കെ.എഫ്.സി നേടി .കൂടാതെ ഹൗസ് ഓഫ് ലൈഫ് മാഗസിന്റെ ഭക്ഷ്യ വ്യവസായത്തിന് മികച്ച ലോൺ ദാതാവ്, എം.എസ്.എം.ഇ എക്സലൻസ് അവാർഡ്- സ്റ്റാർട്ട് അപ്പുകൾക്കുള്ള മികച്ച ലോൺ ദാതാവ് എന്നീ അവാർഡുകൾ കെ.എഫ്.സി നേടി.
- 2023-24 ൽ 726.66 കോടി രൂപ നൽകികൊണ്ട് 2,648 എം.എസ്.എം.ഇ.കളെ സഹായിക്കുകയും അതിലൂടെ 25,000 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. കൂടാതെ 70.28 കോടി രൂപ നൽകികൊണ്ട് 66 സ്റ്റാർട്ട് അപ്പുകളെ സഹായിക്കുകയും അതിലൂടെ

**പട്ടിക 4.3.6** കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പുരോഗതി (രൂപ ലക്ഷത്തിൽ )

| ക്രമ നമ്പർ | മുഖ്യ സൂചകങ്ങൾ | 2022–23 | 2023–24 |
|---|---|---|---|
| 1 | പോർട്ട് ഫോളിയോ സൈസ് | 6,52,940.30 | 736832.71 |
| 2 | അനുമതികൾ | 3,20,722.18 | 333666.41 |
| 3 | വിതരണങ്ങൾ | 3,55,594.61 | 4,06,855.43 |
| 4 | റിക്കവറി | 2,33,241.69 | 3,90,110.42 |
| 5 | പലിശ വരുമാനം | 54,364.41 | 68,185.01 |
| 6 | ആകെ വരുമാനം | 69,437.51 | 86,871.54 |
| 7 | ആകെ ചെലവ് | 55,835.81 | 76,082.46 |
| 8 | കിട്ടാക്കടം സാങ്കേതികമായി എഴുതിതള്ളുന്നതിന് മുൻപുള്ള ലാഭം | 24,142.60 | 24,098.66 |
| 9 | കിട്ടാക്കടം സാങ്കേതികമായി എഴുതിതള്ളുന്നതിന് ശേഷമുള്ള ലാഭം | 13,601.70 | 10,789.08 |
| 10 | നികുതിയ്ക്ക് മുൻപുള്ള അറ്റാദായം | 8,602.95 | 10653.99 |
| 11 | നികുതിയ്ക്ക് ശേഷമുള്ള അറ്റാദായം | 5,018.64 | 7404.39 |
| 12 | മൊത്തം മൂല്യം | 92,570.25 | 1,06,352.78 |
| 13 | മൂലധന പര്യാപ്തതാ അനുപാതം % | 25.58 | 25.52 |
| 14 | മൊത്തം എൻ.പി.എ മൊത്തം അഡ്വാൻസിന്റെ ശതമാനമായി | 3.11 | 2.88 |
| 15 | നെറ്റ് അഡ്വാൻസിന്റെ ശതമാനമായി അറ്റ എൻ.പി.എ | 0.74 | 0.68 |

അവലംബം : കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

**പട്ടിക 4.3.7** മേഖല തിരിച്ചുള്ള വായ്പകളുടെയും മുൻകുറുകളുടെയും വർഗീകരണം . രൂപ ലക്ഷത്തിൽ

| മേഖല | 2022–23 | | | 2023–24 | | |
|---|---|---|---|---|---|---|
| | **എണ്ണം** | **തുക** | **ശതമാനം** | **എണ്ണം** | **തുക** | **ശതമാനം** |
| ഉൽപ്പാദനം | 2058 | 198580.44 | 30.41 | 1639 | 102153.41 | 13.86 |
| സേവനം | 4189 | 423241.48 | 64.82 | 4941 | 602809.70 | 81.81 |
| വാണിജ്യവും റിയൽ എസ്റ്റേറ്റും | 144 | 31118.38 | 4.77 | 120 | 31869.60 | 4.33 |
| **ആകെ** | **6391** | **652940.3** | **100** | **6700** | **736832.71** | **100.00** |

അവലംബം : കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

515 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

കഴിഞ്ഞ അഞ്ച് വർഷത്തെ കെഎഫ്സിയുടെ പുരോഗതി **അനുബന്ധം 4.3.10** -ൽ കൊടുത്തിരിക്കുന്നു. KFCയുടെ 2023-24 ലെ ലോൺ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും വ്യവസായം തിരിച്ചുള്ള വായ്പകളുടെ വർഗ്ഗീകരണവും യഥാക്രമം **അനുബന്ധം.4.3.11**, **അനുബന്ധം 4.3.12** എന്നിവയിൽ കാണിച്ചിരിക്കുന്നു. കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിലെ കോർപ്പറേഷന്റെ ശ്രദ്ധേയമായ നേട്ടങ്ങൾ **പട്ടിക 4.3.6** ൽ കാണിക്കുന്നു.

2024 മാർച്ച് 31 വരെയുള്ള മേഖല തിരിച്ചുള്ള വായ്പകളുടെയും മുൻകുറുകളുടെയും വർഗീകരണം **പട്ടിക 4.3.7** ൽ കാണിച്ചിരിക്കുന്നു.

### കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിഐപി)

വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഒരു സ്വയം ഭരണസ്ഥാപനമാണ് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിഐപി). 1991 ൽസ്ഥാപിതമായതും 1955 ലെ ട്രാവൻകൂർ കൊച്ചിൻ സയൻറിഫിക് ലിറ്ററസി & ചാരിറ്റബിൾ സൊസൈറ്റിസ് ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സൊസൈറ്റിയാണ് കെബിഐപി.

കെബിഐപി ഏറ്റെടുത്ത വിവിധ വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- വ്യാവസായിക ക്ലസ്റ്റർ വികസനം.
- കേരളസംസ്ഥാന ബാംബൂ മിഷന്റെ പ്രവർത്തനങ്ങൾ.
- മൈക്രോഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് സ്കീമിന്റെ പി എം ഫോർമുലേഷൻ നടപ്പിലാക്കൽ.
- വാണിജ്യമിഷന്റെ പ്രവർത്തനങ്ങൾ.
- ഭക്ഷ്യസംസ്കരണത്തിന്റെയും അനുബന്ധ യൂണിറ്റുകളുടെയും ഓഡിറ്റ്,സർട്ടിഫിക്കേഷൻ.
- ദേശിയപട്ടികജാതി/പട്ടികവർഗ്ഗ ഹബ്ബിന്റെ കേരളത്തിലെ പ്രവർത്തനങ്ങൾ.
- പ്രാദേശിക,ദേശിയ,അന്തർദേശിയ, ഇവെന്റുകളിലെ പങ്കാളിത്തം.
- പൊതുവായ പ്രോത്സാഹന പ്രവർത്തനങ്ങൾ.
- കേരള ബി2ബി ഓൺലൈൻപോർട്ടൽ.
- ഔദ്യോഗിക വെബ്സൈറ്റുകളുടെ പരിപാലനം.

### സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്

വ്യവസായ വകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ഒരു കേരള സർക്കാർ സ്വയം ഭരണ സ്ഥാപനമാണ് സി.എം.ഡി.. സംസ്ഥാനത്തെ പൊതുമേഖലാ സംരംഭങ്ങൾക്ക് പ്രൊഫഷണൽ മാനേജ്മെന്റ് സഹായം നൽകുക എന്ന ലക്ഷ്യത്തോടെ ഒരു പ്രൊഫഷണൽ രജിസ്ട്രേഡ് സൊസൈറ്റിയായി 1979 ൽ ഈ സെന്റർ സ്ഥാപിച്ചു. കഴിഞ്ഞ വർഷങ്ങളിലായി വികസന ഏജൻസികൾ, കോർപ്പറേറ്റ് മേഖല, കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കൺസൾട്ടൻസി, പ്രോജക്ട് മാനേജ്മെന്റ്, നിരീക്ഷണവും വിലയിരുത്തലും, മാനവ വിഭവശേഷി മാനേജ് മെന്റ് പരിശീലനം, വിദ്യഭ്യാസവും ഗവേഷണവും, പൊതുസ്വകാര്യ പങ്കാളിത്ത പ്രോജക്ടുകൾ എന്നീ മേഖലകളിലായി സി.എം.ഡി. അതിന്റെ പ്രവർത്തന മേഖല വിപുലീകരിക്കുകയും വേണ്ട പിന്തുണ നൽകുകയും ചെയ്യുന്നു.

#### 2023–24 ൽ സി.എം.ഡി. കൈവരിച്ച പ്രധാന നേട്ടങ്ങൾ

- കിഫ്ബിയ്ക്ക് പ്രോജക്ട് മാനേജ് മെന്റ്/ കൺസൾട്ടൻസി സഹായം നൽകൽ:- കിഫ്ബിക്കുവേണ്ട ഉപദേശക/ കൺസൾട്ടൻസി സർവ്വീസുകൾ സി.എം.ഡി. നൽകുന്നുണ്ട്. ഇതുവരെ 37,850 കോടി രൂപ വിലമതിക്കുന്ന കിഫ്ബിയുടെ 750 ലധികം പദ്ധതികൾ സി.എം.ഡി. വിലയിരുത്തിയിട്ടുണ്ട്. 2023-24 കാലയളവിൽ 5,996 കോടി രൂപയുടെ 24 പ്രോജക്ടുകളുടെ മൂല്യ നിർണ്ണയത്തിനുള്ള സാങ്കേതിക മൂല്യ നിർണ്ണയ പ്രക്രിയ സി.എം.ഡി. പൂർത്തിയാക്കി. കൂടാതെ ഡി.പി.ആർ സേവനങ്ങളുടെ ഭാഗമായി 34 റോഡ് സ്ട്രെച്ചുകൾ ഉൾപ്പെടുന്ന 338 കി.മി. റോഡ് റീച്ചുകളുടെ ടോപ്പോഗ്രാഫിക് സർവ്വേ പൂർത്തിയാക്കി .
- നോർക്ക വകുപ്പ് നടപ്പിലാക്കുന്ന മടങ്ങിയെത്തിയ പ്രവാസികൾക്കുള്ള പ്രോജക്ട് മാനേജ്മെന്റ് പിന്തുണ (എൻ.ഡി.പി.ആർ.ഇ.എം.) : NDPREM എന്നത് നോർക്ക വകുപ്പിന്റെ പുനരധിവാസ പദ്ധതിയാണ്. വിദേശത്ത് നിന്ന് മടങ്ങിയെത്തുന്നവർക്ക് അവരുടെ ശക്തിയും കഴിവും തിരിച്ചറിയാനും ചെറുകിട സംരംഭങ്ങൾ തുടങ്ങാൻ അവരെ പ്രപ്തരാക്കാനും സി.എം.ഡി. മാനേജ്മെന്റ് സപ്പോർട്ട് സേവനങ്ങൾ നൽകുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട മാനേജ് മെന്റ് സപ്പോർട്ട് സേവനങ്ങളും പ്രോജക്ട് പ്രവർത്തനക്ഷമത, പദ്ധതിയ്ക്ക് കീഴിൽ സൃഷ്ടിച്ച യൂണിറ്റുകളുടെ മാനേജ്മെന്റ് വശങ്ങൾ, പ്രോജക്ട് അവസരങ്ങൾക്കുള്ള ഉപദേശ സേവനങ്ങൾ എന്നിവയും സി.എം.ഡി. നൽകുന്നു.
- പട്ടിക വർഗ്ഗ സമൂഹത്തിനായുള്ള സുസ്ഥിര ഉപജീവന പദ്ധതി (ഗോത്ര ജീവിക) : പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ പിന്തുണയോടുകൂടി സി.എം.ഡി. വിഭാവനം ചെയ്യുകയും നടപ്പാലാക്കുകയും ചെയ്ത പദ്ധതിയാണിത്. ആദിവാസി സമൂഹത്തിലെ അംഗങ്ങളുടെ നൈപുണ്യ വികസനം, സുസ്ഥിര ഉപജീവനമാർഗ്ഗം, സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണം എന്നിവ ഈ പദ്ധതി ഉറപ്പാക്കുന്നു. ഗോത്ര ജീവിക

I ന്റെ കീഴിൽ, 1170 ഗുണഭോക്താക്കൾക്ക് കെട്ടിട നിർമ്മാണം, കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, പെയിന്റിംഗ്, ഫ്ലോറിംഗ്, മരപ്പണി, പ്ലംബിംഗ്, വയറിംഗ് തുടങ്ങിയ മേഖലകളിൽ തൊഴിലാളികളെ ശക്തിപ്പെടുത്തുന്നതിന് പരിശീലനം നൽകുന്നു. ഈ ഗുണഭോക്താക്കളെ 57 സെസൈറ്റികളിലായി തിരിച്ചിരിക്കുന്നു. പരസ്പരബന്ധിതമായ മൂന്ന് ഘട്ടങ്ങളിലാണ് ഗോത്ര ജീവിക II നടപ്പിലാക്കുന്നത്.

- നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ് (എൻ.ഐ. എഫ്. എൽ): വിദേശ തൊഴിലവസരങ്ങൾ തേടുന്ന കേരളത്തിൽ നിന്നുള്ള യുവതി യുവാക്കളെ സഹായിക്കുവാനും അവരെ ആഗോള തൊഴിൽ വിപണിയിൽ തൊഴിൽ നേടുന്നതിന് വാർത്തെടുക്കാനും ഉദ്ദേശിച്ചുള്ള നോർക്ക റൂട്ട്സിന്റെ സംരംഭമാണ് NIFL. അദ്ധ്യാപക അനദ്ധ്യാപക സ്റ്റാഫുകൾ ഉൾപ്പെടെ നിയമിച്ചുകൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന്റെയും സ്ഥാപനത്തിന്റെ വിജയകരമായ മാനേജ്മെന്റ് പ്രവർത്തനത്തിന്റേയും ഉത്തരവാദിത്വം സി.എം.ഡി യ്ക്കാണ്.
- സാമൂഹിക ആഘാത വിലയിരുത്തൽ പഠനങ്ങൾ : 2023-24 കാലയളവിൽ, വികസന പദ്ധതികൾക്കായി സംസ്ഥാനത്തുടനീളം 20 സാമൂഹിക ആഘാത വിലയിരുത്തൽ പഠനങ്ങൾ CMD പൂർത്തിയാക്കി. തിരുവനന്തപുരത്തെ തീരദേശ ഹൈവെ (റീച്ച് IV), ബാലുശ്ശേരി-കോഴിക്കോട് റോഡ് വികസനം, നിലമ്പൂർ ബൈപ്പാസ് റോഡ് വിഴിഞ്ഞം തുറമുഖം മുതൽ ബാലരാമപുരം RS റെയിൽ കണക്റ്റിവിറ്റി (റീച്ച് I) എന്നിവയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള സാമൂഹിക ആഘാത പഠനം എന്നിവ അവയിൽ ചിലതാണ്.

**ഭാവി വീക്ഷണം.**

മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ഉല്പാദനമേഖലയുടെ വലിപ്പത്തിൽ ക്രമാനുഗതമായ വർദ്ധനവ് സമീപ വർഷങ്ങളിൽ ഉണ്ടായിട്ടുണ്ട്. വ്യവസായ മേഖലയെ നവീകരിക്കുന്നതിലും വൈവിധ്യവൽക്കരിക്കുന്നതിലും കേരളം ഗണ്യമായി പുരോഗതി കൈവരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ താല്പര്യം സംരക്ഷിച്ചുകൊണ്ടുതന്നെ സാമൂഹികമായും പാരിസ്ഥിതികമായും സുസ്ഥിരമായ വ്യാവസായിക പരിവർത്തനം കേരളത്തിൽ കൈവരിക്കുക എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ആധുനിക വ്യവസായങ്ങളുടെ ഒരു പുതിയ കൂട്ടം കേരളത്തിൽ ഉയർന്നുവരികയും വളരുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ഭക്ഷണത്തിലും, കാർഷികാധിഷ്ഠിത വ്യവസായങ്ങളിലും, മെഡിക്കൽ ഉപകരണങ്ങൾ പോലെയുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന വ്യവസായങ്ങളിലും വർദ്ധിച്ചുവരുന്ന താല്പര്യമുണ്ട്. സംസ്ഥാനത്ത് ഉല്പാദനമേഖലയിൽ പുതിയ താല്പര്യവും ഉണർവും ഉണ്ട്. ഈ മേഖലയ്ക്ക് വലിയ സാദ്ധ്യതകൾ ഉണ്ടെന്ന് വിശ്വസിക്കപ്പെടുന്നു. ഇത് കേരളത്തിന്റെ സാമ്പത്തിക വികസനത്തിൽ ഒരു പ്രധാന പങ്കായി കണക്കാക്കപ്പെടുന്നു. പ്രത്യേകിച്ചും സ്വകാര്യമേഖലയിൽ നിന്നുള്ള വ്യവസായിക നിക്ഷേപം സുഗമമാക്കൽ, പുതിയ സാങ്കേതിക വിദ്യകളുടെ അവലംബം, ഗവേഷണത്തിന്റെ തുടർച്ചയായ പ്രയോഗം, തുടർച്ചയായ നൈപുണ്യങ്ങൾ, മാനവ വിഭവശേഷി ശക്തിയുടെ ഉപയോഗം, നവീകരണത്തിനുള്ള പ്രോത്സാഹനം എന്നിവ വ്യവസായിക പുരോഗതിക്കുള്ള കേരളത്തിന്റെ തന്ത്രത്തിന്റെ പ്രധാന ഘടകങ്ങളാണ്. തുടർച്ചയായ സർക്കാർ പിന്തുണയും അനുകൂലമായ വ്യവസായിക കാലാവസ്ഥയും ഉള്ളതിനാൽ വരും വർഷങ്ങളിലും സംസ്ഥാനം ഉല്പാദനത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ ഒരുങ്ങുകയാണ്.

# 4.4 സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇകൾ)

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ വളരെ ഊർജ്ജസ്വലവും പരിവർത്തനാത്മകവുമായ മേഖലയായി സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ (എംഎസ്എംഇ) മേഖല ഉയർന്നുവന്നിട്ടുണ്ട്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും താരതമ്യേന കുറഞ്ഞ മൂലധന നിക്ഷേപത്തിൽ വലിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിലും സാമൂഹിക വികസനത്തിലും സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ (എംഎസ്എംഇ) മേഖല ഗണ്യമായ പങ്ക് വഹിക്കുന്നു. കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന മേഖലയാണ് എംഎസ്എംഇ. വൻകിട വ്യവസായങ്ങൾക്ക് അനുബന്ധ യൂണിറ്റുകൾ എന്ന നിലയിൽ അനുപൂരകമായ ഈ മേഖല രാജ്യത്തിന്റെ സമഗ്രമായ വ്യാവസായിക വികസനത്തിൽ സുപ്രധാന സംഭാവന നൽകുന്നു. ആഭ്യന്തര, ആഗോള വിപണികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിലൂടെയും സേവനങ്ങളിലൂടെയും സമ്പത്ത് വ്യവസ്ഥയിലുടനീളം സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ (എംഎസ്എംഇ) മേഖല വ്യാപിച്ചുകൊണ്ടിരിക്കുന്നു.

**ദേശീയ തലത്തിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ മേഖല**

2023-24 ലെ ഭാരത സർക്കാരിന്റെ സാമ്പത്തിക സർവേ അനുസരിച്ച്, രാജ്യത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ ഏകദേശം 30 ശതമാനവും, ഉൽപ്പാദന മേഖലയുടെ 45 ശതമാനവും പങ്ക് വഹിക്കുന്നതോടൊപ്പം ഇന്ത്യയിലെ ജനസംഖ്യയുടെ 11 കോടി ജനങ്ങൾക്ക് തൊഴിൽ നൽകിവരുന്നതും സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ മേഖലയാണ്. 2024 മാർച്ച് 31 വരെ, ഉദ്യം രജിസ്ട്രേഷൻ ഓൺലൈൻ പോർട്ടലിൽ ആകെ 4,15,04,899 എംഎസ്എംഇകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ 80,12,542 സംരംഭങ്ങൾ നിർമ്മാണ വിഭാഗത്തിലും 1,48,84,175 സംരംഭങ്ങൾ സേവന വിഭാഗത്തിലും 1,86,08,182 സംരംഭങ്ങൾ വ്യാപാര വിഭാഗത്തിലും ഉൾപ്പെടുന്നു(വാർഷിക റിപ്പോർട്ട് 2023-24, എംഎസ്എംഇ മന്ത്രാലയം, ഭാരത സർക്കാർ). ഈ മേഖലയിലെ നിക്ഷേപത്തിന്റെ തോത്, ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ, ഉത്പന്നങ്ങൾ എന്നിവയാൽ വൈവിധ്യപൂർണ്ണമാണ് ഈ മേഖല. പ്ലാന്റ്/മെഷീനറി/ഉപകരണങ്ങളിലെ നിക്ഷേപം, വാർഷിക വിറ്റുവരവ് എന്നിവയെ അടിസ്ഥാനമാക്കിയുള്ള എംഎസ്എംഇ യൂണിറ്റുകളുടെ നിലവിലുള്ള വർഗ്ഗീകരണം **പട്ടിക 4.4.1**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.4.1** എം.എസ്.എം.ഇ കളുടെ വർഗ്ഗീകരണം

| **സമ്മിശ്ര മാനദണ്ഡം: – പ്ലാന്റ് /യന്ത്രങ്ങൾ/ഉപകരണങ്ങൾ, വാർഷിക വിറ്റുവരവ് എന്നിവയിലുള്ള നിക്ഷേപം** | | | |
|---|---|---|---|
| **വർഗ്ഗീകരണം** | **സൂക്ഷ്മം** | **ചെറുകിടം** | **ഇടത്തരം** |
| നിർമ്മാണ സംരംഭങ്ങളും സേവന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങളും | നിക്ഷേപം 1 കോടി രൂപയിൽ കുറവ് | നിക്ഷേപം 10 കോടി രൂപയിൽ കുറവ് | നിക്ഷേപം 50 കോടി രൂപയിൽ കുറവ് |
| | വിറ്റുവരവ് 5 കോടി രൂപയിൽ കുറവ് | വിറ്റുവരവ് 50 കോടി രൂപയിൽ കുറവ് | വിറ്റുവരവ് 250 കോടി രൂപയിൽ കുറവ് |

അവലംബം: എംഎസ്.എം.ഇ മന്ത്രാലയം ഭാരത സർക്കാർ

**കേരളത്തിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖല**

കേരളത്തിലെ പ്രധാന വരുമാനദായകവും തൊഴിൽ പ്രദാനം ചെയ്യുന്നതുമായ മേഖലയായി സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖല ഉയർന്നുവരുന്നു. കേരളത്തിന്റെ സമഗ്രമായ വ്യാവസായിക വളർച്ചയ്ക്കുള്ള പാതയായി മാറാൻ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖലയ്ക്ക് കഴിയും. ഗ്രാമീണ, പിന്നോക്ക മേഖലകളുടെ വ്യാവസായികവൽക്കരണത്തിന് സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖല

സഹായകമാകുന്നതോടൊപ്പം യുവാക്കൾക്കും സാമൂഹിക മായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും തൊഴിൽ നൽകുകയും ചെയ്യുന്നു. താരതമ്യേന എളുപ്പത്തിൽ ആരംഭിക്കുവാൻ കഴിയുന്നതും, മാറുന്ന വിപണി സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതുമായതിനാൽ എംഎസ്എംഇ മേഖല നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുകയും സ്റ്റാർട്ടപ്പുകൾക്കുള്ള അനുകൂല ചുറ്റുപാട് ഒരുക്കുകയും ചെയ്യുന്നു.

പ്രവർത്തനക്ഷമമായ സംരംഭങ്ങളുടെയും, തൊഴിൽ സാധ്യതയുടെയും കണക്ക് പരിശോധിച്ചാൽ, എംഎസ്എംഇ മേഖലയിൽ, 'സംരംഭക വർഷം' ഉദ്യമത്തിന്റെ സ്വാധീനം വ്യക്തമാക്കുംവിധം സൂക്ഷ്മ സംരംഭ മേഖല വികസിച്ചുകൊണ്ടിരിക്കുന്നു. കരകൗശലം, കൈത്തറി, ഖാദി, ഭക്ഷ്യ സംസ്കരണം, വസ്ത്ര നിർമ്മാണം, നെയ്ത്ത്, നെയ്ത്തു വ്യവസായം, കയർ/തടി/മുള/ റബ്ബർ/തുകൽ/കളിമൺ ഉല്പന്നങ്ങൾ ഇവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ എന്നിവയാണ് ഈ മേഖലയുടെ കീഴിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ. പരമ്പരാഗത ഉൽപ്പന്നങ്ങൾ മുതൽ ഉന്നത സാങ്കേതിക ഉൽപ്പന്നങ്ങൾ വരെയുള്ള വ്യത്യസ്തമായ ഉൽപ്പന്നങ്ങളാണ് വിവിധ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾ ഉൽപ്പാദിപ്പിക്കുന്നത്. കേരളത്തിലെ എംഎസ്എംഇ യൂണിറ്റുകളിൽ മൂന്നിലൊന്ന് സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതാണ്.

കേരളത്തിൽ സർക്കാരും ബാങ്കുകളും എം എസ് എം ഇ

**ബോക്സ് 4.4.1** ഇയർ ഓഫ് എന്റർപ്രൈസസ് 1.0,2.0 &3.0

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിലെ സംരംഭകർക്ക് ഉണർവേകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി, "എന്റെ സംരംഭം, രാഷ്ട്രത്തിന്റെ അഭിമാനം" എന്ന മുദ്രാവാക്യവുമായി കേരള സർക്കാർ 2022-23 സാമ്പത്തിക വർഷത്തെ "സംരംഭങ്ങളുടെ വർഷം" ആയി പ്രഖ്യാപിച്ചു. "2022-23 ൽ ഒരു ലക്ഷം സംരംഭങ്ങൾ സ്ഥാപിക്കുക" എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് & കൊമേഴ്സിനെ ചുമതലപ്പെടുത്തി. വിവിധ വകുപ്പുകളുടെ സംയുക്ത പരിശ്രമത്തിലൂടെ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുകയും 2022-23 വർഷത്തിൽ മൂന്ന് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. ഇയർ ഓഫ് എന്റർപ്രൈസസ് 1.0 എന്നാണ് 2022-23 വർഷം അറിയപ്പെട്ടത്.

ഈ ഉദ്യമത്തിന്റെ ഭാഗമായി കൈവരിക്കപ്പെട്ട പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എന്റർപ്രൈസസ് ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കുകയും പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ നിയമിക്കുകയും ചെയ്തു.
- എല്ലാ ജില്ലകളിലും സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ ക്ലിനിക്കുകൾ രൂപീകരിച്ചു.
- പ്രൊഫഷണൽ റിസോഴ്സ് പേഴ്സൺമാരുടെ സേവനങ്ങളോടെ താലൂക്ക് തലത്തിൽ എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ചു.
- സംരംഭത്തിന് കീഴിലുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്വയം ഭരണ സ്ഥാപന തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചു.
- ചെറുകിട സംരംഭങ്ങൾക്ക് പര്യാപ്തവും താങ്ങാനാവുന്നതുമായ സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിന്, എല്ലാ സംരംഭക വായ്പകൾക്കും 4 ശതമാനം പലിശ ഇളവ് അനുവദിക്കും വിധം ഒരു പുതിയ വായ്പാ സബ്സിഡി ആരംഭിച്ചു.
- വ്യാവസായിക ഭൂമിയുടേയും അടിസ്ഥാന സൗകര്യങ്ങളുടേയും മതിയായ ലഭ്യത ഉറപ്പാക്കുവാൻ, സ്വകാര്യ സ്ഥാപനങ്ങൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകുന്നതിനായി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി ആരംഭിച്ചു
- വ്യവസായ വകുപ്പിന്റെ സേവനങ്ങൾ സമയ ബന്ധിതമായി ഉറപ്പാക്കുന്നതിന് കാര്യക്ഷമവും ക്രിയാത്മകവുമായ ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചെടുത്തു.

- എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും നിലവിലുള്ള സംരംഭകർക്കായി പൊതു അവബോധ പരിശീലനം, സംരംഭകർക്കുള്ള വായ്പകൾ, ലൈസൻസ്, സബ്സിഡി മേള എന്നിവയെക്കുറിച്ചു അവബോധം സൃഷ്ടിക്കുന്നതിനായി തുടർച്ചയായ പ്രചാരണ പരിപാടികൾ, പുതുതായി രൂപീകരിച്ച സംരംഭങ്ങൾക്ക് വിപണന മാർഗങ്ങൾ ഉറപ്പാക്കുന്നതിനുള്ള മാർക്കറ്റിംഗ് മേളകൾ എന്നിവ സംഘടിപ്പിച്ചു.

'ഇയർ ഓഫ് എന്റർപ്രൈസസ് 1.0' ന്റെ ഭാഗമായി, 2022-23ൽ 8,421.64 കോടി രൂപയുടെ നിക്ഷേപത്തിലൂടെ 1,39,839 പുതിയ സംരംഭങ്ങൾ ആരംഭിക്കുക വഴി സംസ്ഥാനത്ത് 3,00,049 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു.

ഈ സംരംഭത്തിന്റെ രണ്ടാം പതിപ്പായിരുന്നു 2023-24 കാലയളവിലെ 'ഇയർ ഓഫ് എന്റർപ്രൈസസ് 2.0'. 22-23ലെ പ്രവർത്തനങ്ങൾക്ക് പുറമേ, സംരംഭങ്ങളുടെ സുസ്ഥിരതയ്ക്ക് ഊന്നൽ നൽകി. സംസ്ഥാനത്ത് രൂപീകരിച്ച പുതിയ എംഎസ്എംഇകളിൽ 70 ശതമാനമെങ്കിലും വിജയകരമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുകയായിരുന്നു ലക്ഷ്യം. പുതിയ എംഎസ്എംഇകളുടെ വിറ്റുവരവിൽ 5 ശതമാനം വളർച്ച ഉറപ്പാക്കാനും ശ്രമിച്ചു. 1000 എംഎസ്എംഇകളെ തിരഞ്ഞെടുത്ത് നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപ വിറ്റുവരവുള്ള സംരംഭങ്ങളാക്കി മാറ്റാൻ ലക്ഷ്യമിട്ട 'മിഷൻ 1000' മറ്റൊരു പ്രധാന ഉദ്യമമാണ്. 'ഇയർ ഓഫ് എന്റർപ്രൈസസ് 2.0' കാമ്പെയ്നിന്റെ ഭാഗമായി, 2023-24ൽ, 7,048.65 കോടി രൂപയുടെ നിക്ഷേപത്തിലൂടെ ആകെ 1,03,596 പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും 2,18,179 പുതിയ തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും ചെയ്തു.

2024-25 വർഷത്തിലാണ് 'ഇയർ ഓഫ് എന്റർപ്രൈസസ് 3.0' ക്യാമ്പയിൻ ആരംഭിക്കുന്നത്. 2022-23 മുതൽ (സെപ്റ്റംബർ 2024 വരെ), സംരംഭക വർഷം ഉദ്യമത്തിന് കീഴിൽ, ആകെ 3,30,309 സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 21,141.75 കോടി രൂപയുടെ നിക്ഷേപത്തിലൂടെ ഏകദേശം 7,00,263 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു .പുതുതായി രൂപീകരിച്ച ഈ സംരംഭങ്ങളിൽ ഏകദേശം മൂന്നിലൊന്ന് സ്ത്രീ സംരംഭകരുടെ നേതൃത്വത്തിൽ ഉള്ളതാണ്. പുതുതായി സ്ഥാപിതമായ സംരംഭങ്ങളിൽ പ്രധാനമായും അഗ്രോ & ഫുഡ് പ്രോസസിംഗ്, ടെക്സ്റ്റൈൽസ്, ഗാർമെന്റ്സ്, സേവനം തുടങ്ങിയ മേഖലകളിലെ യൂണിറ്റുകൾ ഉൾപ്പെടുന്നു.

അവലംബം വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്

**പട്ടിക 4.4.2** 2022-23 മുതൽ 2024-25 വരെ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സിന്റെ പദ്ധതി വിഹിതവും ചെലവും, രൂപ ലക്ഷത്തിൽ

| മേഖല | 2022–23 | | 2023–24 | | 2024–25 | |
|---|---|---|---|---|---|---|
| | **വിഹിതം** | **ചെലവ്** | **വിഹിതം** | **ചെലവ്** | **വിഹിതം** | **ചെലവ്*** |
| ചെറുകിട വ്യവസായം | 20,040.00 | 12,466.3 | 21,270.00 | 12,891.9 | 20,494.00 | 10,439.75 |
| വാണിജ്യം | 700.00 | 653.42 | 700.00 | 102.83 | 650.00 | 63.00 |
| കരകൗശലം | 350.00 | 166.87 | 420.00 | 131.6 | 420.00 | 92.91 |
| **ആകെ** | **21,090.00** | **13,286.59** | **22,390.00** | **13,126.33** | **21,564** | **10,595.66** |

അവലംബം പ്ലാൻസ്പേസ് കേരള
* ചെലവ് 11/11/2024 വരെ


കളെ സഹായിക്കുകയും ധാരാളം സൗകര്യങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുന്നു. കേരളത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയുടെയും പരമ്പരാഗത വ്യവസായ മേഖലകളുടെയും വളർച്ചക്ക് സഹായിക്കുന്ന ഒരു ഫെസിലിറ്റേറ്റർ ആയി ജില്ലാ വ്യവസായ കേന്ദ്രം പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നു, സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭക വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അതിലൂടെ യുവാക്കൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തുന്നതിനും അവർക്കായി സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വകുപ്പ് സാമ്പത്തിക സഹായം നല്കുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്ക് വേണ്ട സേവനങ്ങൾ നല്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നല്കുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ വിവിധ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് കൈത്തറി, തുണി മേഖലയുടെ ഉന്നമനത്തിനും വികസനത്തിനുമായി നയങ്ങൾ ആവിഷ്ക്കരിക്കാൻ ലക്ഷ്യമിട്ടുള്ള കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, കയർ മേഖലയുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെ എല്ലാ നയപരമായ തീരുമാനങ്ങളും നടപ്പാക്കുന്ന ഏജൻസിയായ കയർ ഡവലപ്മെന്റ് ഡയറക്ടറേറ്റ്, സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ചുമതലയുള്ള കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, കൂടാതെ സംസ്ഥാനത്തെ തോട്ടം മേഖലയുടെ വികസനത്തിനായി 2022-23 ൽ സ്ഥാപിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്നിവയാണ് വിവിധ ഏജൻസികൾ.

**സംസ്ഥാനത്തെ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം (യുഎഎം)**

2015 സെപ്റ്റംബർ 18 മുതൽ കേരളത്തിൽ ,സംരംഭക മെമ്മോറാൻഡത്തിലെ (ഇഎം) ഭാഗം II സമർപ്പിക്കുന്ന സമ്പ്രദായം നിർത്തലാക്കുകയും അതിനു പകരം ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനമായ ഉദ്യോഗ് ആധാർ ആരംഭിക്കുകയും ചെയ്തു. 2024 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം ഉദ്യോഗ് ആധാറിൽ അപേക്ഷ സമർപ്പിച്ചവരുടെ ആകെ എണ്ണം 5,80,895 ആണ്. ഇതിൽ ഉല്പന്ന നിർമ്മാണ മേഖലയിൽ 1,59,355 യൂണിറ്റുകളും, സേവനമേഖലയിൽ 4,21,540 യൂണിറ്റുകളും ഉണ്ട്. ഉല്പന്ന നിർമ്മാണ മേഖലയിൽ 1,53,226 സൂക്ഷ്മ യൂണിറ്റുകൾ, 5,529 ചെറുകിട യൂണിറ്റുകൾ, 600 ഇടത്തരം യൂണിറ്റുകൾ എന്നിവ ഉൾക്കൊള്ളുന്നു. യുഎഎം പ്രകാരം സേവന മേഖലയിലെ 4,21,540 യൂണിറ്റുകളിൽ; 4,08,241 സൂക്ഷ്മ യൂണിറ്റുകൾ, 12,474 ചെറുകിട

**ചിത്രം 4.4.1** 2023-24 ൽ നിർമ്മാണ, സേവന മേഖലകളിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം




അവലംബം വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്

യൂണിറ്റുകൾ, 825 ഇടത്തരം യൂണിറ്റുകൾ എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. 2023-24 ൽ നിർമ്മാണ, സേവന മേഖലകളിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട, ഇടത്തരം യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം 4.4.1-ൽ നൽകിയിരിക്കുന്നു. 2023-24 ൽ നിർമ്മാണ, സേവന മേഖലകളിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം **ചിത്രം 4.4.1 .** -ൽ നൽകിയിരിക്കുന്നു.

**മേഖലയുടെ വിശകലനം**

2023-24ൽ സ്ഥാപിതമായ പുതിയ സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണത്തിൽ സംസ്ഥാനം ശ്രദ്ധേയമായ കുതിപ്പ് കൈവരിച്ചു. 2023-24ൽ 7,048.65 കോടി രൂപ മുതൽമുടക്കിൽ 1,03,596 പുതിയ എംഎസ്എംഇ യൂണിറ്റുകൾ സ്ഥാപിച്ചു. ഈ യൂണിറ്റുകൾ 2,18,179 വ്യക്തികൾക്ക് തൊഴിലവസരങ്ങൾ നൽകി. ഇത് എംഎസ്എംഇ മേഖലയിലെ സുസ്ഥിരമായ വിപുലീകരണത്തെ സൂചിപ്പിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ പുതിയ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ യൂണിറ്റുകളുടെ വിശദാംശങ്ങൾ **പട്ടിക 4.4.3**-ൽ നൽകിയിരിക്കുന്നു.

കഴിഞ്ഞ അഞ്ച് വർഷത്തെ പുതിയ എംഎസ്എംഇ `യൂണിറ്റുകളുടെ വിശദാംശങ്ങൾ **പട്ടിക 4.4.3** ൽ കൊടുത്തിരിക്കുന്നു.

കഴിഞ്ഞ രണ്ട് വർഷങ്ങളായി ആരംഭിച്ച പുതിയ MSME യൂണിറ്റുകളുടെയും നൽകിയ തൊഴിലവസരങ്ങളുടെയും എണ്ണം **ചിത്രം.4.4.2** ൽ കാണിച്ചിരിക്കുന്നു.

2023-24ൽ ഏറ്റവും കൂടുതൽ പുതിയ എംഎസ്എംഇ യൂണിറ്റുകൾ ആരംഭിച്ച ജില്ല എറണാകുളമാണ് (10,437 യൂണിറ്റുകൾ), 1,013.77 കോടി രൂപ നിക്ഷേപത്തിലൂടെ 25,387 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. തൊട്ടുപിന്നാലെ

**പട്ടിക 4.4.3** 2018-19 മുതൽ 2023-24 വരെയുള്ള MSME മേഖലയിലെ നേട്ടം (2024 മാർച്ച് 31 വരെ))


| വർഷം | എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം | നിക്ഷേപം (കോടിയിൽ) | തൊഴിൽ (എണ്ണം) |
|---|---|---|---|
| 2018-19 | 13,826 | 1,321.94 | 49,068 |
| 2019-20 | 13,695 | 1,338.65 | 46,081 |
| 2020-21 | 11,540 | 1,221.86 | 44,975 |
| 2021-22 | 15,285 | 1,535.09 | 56,233 |
| 2022-23 | 1,39,839 | 8,421.63 | 3,00,051 |
| 2023-24 | 1,03,596 | 7,048.65 | 2,18,179 |
| **ആകെ** | **2,97,782** | **20,888** | **7,14,587** |

അവലംബം- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

മലപ്പുറം ജില്ല (10,142 യൂണിറ്റുകൾ), 7342 കോടി രൂപയുടെ നിക്ഷേപത്തിലൂടെ 23,529 തൊഴിലവസരങ്ങളും തിരുവനന്തപുരം ജില്ല (10,056 യൂണിറ്റുകൾ) 518.62 കോടി രൂപ നിക്ഷേപത്തിലൂടെ 19,550 പേർക്കും തൊഴിൽ നൽകി. വയനാട് ജില്ലയിലാണ് (2,782 യൂണിറ്റുകൾ) ഏറ്റവും കുറവ് പുതിയ സംരംഭങ്ങൾ (2782 യൂണിറ്റുകൾ) ഉള്ളത്. 212.18 കോടി നിക്ഷേപത്തോടെ 6,004 പേർക്ക് തൊഴിൽ സൃഷ്ടിച്ചു. 2023-24ൽ കേരളത്തിൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 4.4.2 ൽ കൊടുത്തിരിക്കുന്നു. കേരളത്തിൽ 2022-23, 2023-24 വർഷങ്ങളിൽ ജില്ല തിരിച്ചുള്ള പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം **ചിത്രം 4.4.3** ൽ കാണിച്ചിരിക്കുന്നു.


2019-20 ൽ 2,582 ആയിരുന്ന കാർഷിക, ഭക്ഷ്യ അധിഷ്ഠിത യൂണിറ്റുകളുടെ എണ്ണം 2022-23ൽ 23,474 ആയി ഉയർന്നതായി കഴിഞ്ഞ അഞ്ച് വർഷത്തെ എംഎസ്.എംഇ യൂണിറ്റുകളുടെ മേഖലാ തിരിച്ചുള്ള വളർച്ച വെളിപ്പെടുത്തുന്നു. സേവനവുമായി ബന്ധപ്പെട്ട

**ചിത്രം 4.4.2** 2022-23, 2023-24 വർഷങ്ങളിലെ പുതിയ എംഎസ്എംഇ യൂണിറ്റുകളും സൃഷ്ടിച്ച പുതിയ തൊഴിലവസരങ്ങളും




അവലംബം വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്

**ചിത്രം 4.4.3** കേരളത്തിൽ 2022-23, 2023-24 വർഷങ്ങളിൽ ജില്ല തിരിച്ചുള്ള പുതിയ എംഎസ്എംഇ യൂണിറ്റുകൾ




അവലംബം വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്

എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം 2019-20 ൽ 4,036 ആയിരുന്നത് 2023-24ൽ 38,006 ആയി ഉയർന്നു. വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന യൂണിറ്റുകളുടെ എണ്ണവും ശ്രദ്ധേയമാണ്. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ആരംഭിച്ച എംഎസ്എംഇ യൂണിറ്റുകളുടെ ഉപവിഭാഗം തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 4.4.4** ൽ നൽകിയിരിക്കുന്നു.


പ്രധാന അഞ്ചു ഉപ വിഭാഗങ്ങളിലായാണ് 80 ശതമാനം എംഎസ്എംഇ യൂണിറ്റുകളും കഴിഞ്ഞ അഞ്ചു വർഷങ്ങളായി ഉൾപ്പെടുന്നത്. വ്യാപാര പ്രവർത്തന അധിഷ്ഠിത യൂണിറ്റുകൾ (42.35 ശതമാനം), കാർഷിക, ഭക്ഷ്യ അധിഷ്ഠിത (6.6 ശതമാനം) യൂണിറ്റുകളും, സേവനമേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളും (36.7 ശതമാനം) ആണ് പ്രധാനമായി

**പട്ടിക 4.4.4** കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഉപമേഖല | 2019–20 | 2020–21 | 2021–22 | 2022–23 | 2023–24 |
|---|---|---|---|---|---|---|
| 1 | കാർഷിക ഭക്ഷ്യാധിഷ്ഠിതം | 2,582 | 3,359 | 4297 | 23,474 | 6786 |
| 2 | തുണിത്തരങ്ങളും വസ്ത്രങ്ങളും | 1,904 | 1276 | 1564 | 14,702 | 1890 |
| 3 | ജനറൽ/മെക്കാനിക്കൽ/ ലൈറ്റ് എഞ്ചിനീയറിംഗ് | 1,334 | 989 | 1193 | 1,988 | 549 |
| 4 | സേവന പ്രവർത്തികൾ | 4,036 | 2725 | 4097 | 24556 | 38006 |
| 5 | തടി ഉൽപ്പന്നങ്ങൾ | 5,32 | 436 | 517 | 1,529 | 688 |
| 6 | സിമന്റ് ഉൽപ്പന്നങ്ങൾ | 3,09 | 233 | 368 | 0 | 0 |
| 7 | പ്രിൻറിംഗും അനുബന്ധ പ്രവർത്തികളും | 2,80 | 188 | 198 | 3,795 | 2728 |
| 8 | പേപ്പർ ഉൽപ്പന്നങ്ങൾ | 1,88 | 198 | 234 | 659 | 347 |
| 9 | ഇൻഫർമേഷൻ ടെക്നോളജി | 2,40 | 187 | 348 | 6,091 | 4957 |
| 10 | വ്യാപാര പ്രവർത്തനങ്ങൾ | - | - | - | 48,945 | 43869 |
| 11 | മറ്റുള്ളവ | 2,290 | 1949 | 2469 | 14101 | 3776 |
| | **ആകെ** | **13,695** | **11,540** | **15,285** | **1,39,840** | **1,03,596** |

അവലംബം- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്
* 2022-23 മുതൽ എംഎസ്എംഇ യൂണിറ്റുകളുടെ ഉപവിഭാഗത്തിൽ വ്യാപര പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുന്നു.

**ചിത്രം 4.4.4** 2022-23 ൽ കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം ശതമാനത്തിൽ




അവലംബം വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്

എംഎസ്എംഇകളിൽ മുൻപന്തിയിൽ. പ്ലാസ്റ്റിക് പാത്രങ്ങൾ, സ്വർണ്ണാഭരണങ്ങൾ, റബ്ബർ ഉൽപ്പന്നങ്ങൾ, കരകൗശല ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകളെ "മറ്റുള്ളവ" (3.7 ശതമാനം) എന്ന് തരം തിരിച്ചിരിക്കുന്നു. ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെന്റ്സ് (1.8 ശതമാനം), വിവര സാങ്കേതിക വിദ്യ (3.7 ശതമാനം),, ജനറൽ/മെക്കാനിക്കൽ/ലൈറ്റ് എഞ്ചിനീയറിംഗ് (1 ശതമാനം) എന്നിവയാണ് മറ്റ് മുൻനിര ഉപവിഭാഗങ്ങൾ. ഓരോ ഉപവിഭാഗത്തിന്റെയും വിഹിതം **ചിത്രം 4.4.4** ൽ നൽകിയിരിക്കുന്നു.

### വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

2024 മാർച്ച് 31 ലെ കണക്കനുസരിച്ച് കേരളത്തിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ആകെ എണ്ണം 424 ആണ്, ഇതിൽ വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ എണ്ണം 99 ആണ്. 2023-24 ൽ 69 സൊസൈറ്റികൾ രജിസ്റ്റർ ചെയ്തു. തിരുവനന്തപുരത്താണ് ഏറ്റവും കൂടുതൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നത് (66 എണ്ണം). സംസ്ഥാനത്തെ വ്യാവസായിക സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.4.3** ൽ നൽകിയിരിക്കുന്നു.

### നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/ഏരിയകളിലെ പശ്ചാത്തല സൗകര്യ വികസനം മെച്ചപ്പെടുത്തൽ

സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായ വ്യവസായ സൗകര്യങ്ങൾ ഒരുക്കുന്നത് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റാണ്(ഡി.ഐ.സി). നിലവിൽ ഡി.ഐ.സിയുടെ കീഴിൽ 2,428.24 ഏക്കറിലായി 40 വികസന ഏരിയ/ വികസന പ്ലോട്ടുകൾ ഉണ്ട്. ഈ വികസന പ്രദേശം/പ്ലോട്ടുകളിലായി ആകെ 2,255 യൂണിറ്റുകൾ 2023-24 ൽ പ്രവർത്തിച്ചിരുന്നു. 2255 യൂണിറ്റുകളിലൂടെ 35,363 പേർക്ക് തൊഴിൽ നൽകുകയും 474232.73 ലക്ഷം രൂപ വരുമാനമുണ്ടാകുകയും ചെയ്തു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.4.4** ൽ കൊടുത്തിരിക്കുന്നു.

### വ്യവസായ എസ്റ്റേറ്റുകൾ

സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളുടെ വളർച്ചക്കും അവ പ്രോത്സഹിപ്പിക്കുന്നതിനുമുള്ള ഒരു സുപ്രധാന മാർഗമാണ് വ്യവസായ എസ്റ്റേറ്റുകൾ. മാത്രമല്ല ഗ്രാമീണ പിന്നോക്ക മേഖലകളിലേക്ക് വ്യാവസായിക പ്രവർത്തനങ്ങൾ വികേന്ദ്രീകരിക്കുന്നതിനും വ്യവസായ എസ്റ്റേറ്റുകൾ വളരെ ഫലപ്രദമാണ്. വ്യവസായങ്ങളുടെ വളർച്ചക്ക് ആവശ്യമായ റോഡുകൾ, വൈദ്യുതി, മറ്റ് ആവശ്യസേവനങ്ങൾ എന്നിവ പ്രദാനം ചെയ്യുന്ന പ്രത്യേക സോണുകളാണ് വ്യാവസായിക എസ്റ്റേറ്റുകൾ. ഇവ പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കാതെ വികസനം സാധ്യമാക്കുന്നു. കേരളത്തിൽ 2024 മാർച്ച് 31 വരെയുള്ള വൻകിട, ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം **പട്ടിക 4.4.5** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.4.5** കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഉപമേഖല | വ്യവസായ എസ്റ്റേറ്റ് എണ്ണം | | |
|---|---|---|---|---|
| | | മേജർ എസ്റ്റേറ്റ് | മിനി എസ്റ്റേറ്റ് | ഡി എ/ ഡി പി |
| 1 | ജില്ല വ്യവസായ കേന്ദ്രം | - | 92 | 40 |
| 2 | സിഡ്കോ | 17 | 36 | - |
| 3 | കിൻഫ്ര | 30 | - | - |
| 4 | കെഎസ്ഐഡിസി | 11 | - | |
| **ആകെ** | | **58** | **128** | **40** |

അവലംബം- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, സിഡ്കോ, കിൻഫ്ര, കെഎസ്ഐഡിസി

### ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ എല്ലാ സേവനങ്ങളും സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിന് വേണ്ടി ജില്ലകളിൽ സ്ഥാപിതമായിട്ടുള്ള സ്ഥിരമായ ഒരു സംവിധാനമാണ് ജില്ലാതല വ്യവസായ കേന്ദ്രങ്ങൾ. അനുയോജ്യമായ പ്രോജക്റ്റുകൾ കണ്ടെത്തുക, ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുക, വായ്പാ സൗകര്യം ഒരുക്കൽ, ഉപകരണങ്ങളും അസംസ്കൃതവസ്തുക്കളും ലഭ്യമാക്കൽ അതോടൊപ്പം യൂണിറ്റുകളെ വ്യവസായ ക്ലസ്റ്റുകളുമായി ബന്ധിപ്പിക്കൽ തുടങ്ങിയവ ഇതിലുൾപ്പെടുന്നു.വ്യവസായ സഹകരണ സംഘങ്ങൾ വികസിപ്പിക്കുന്നതിനും അവയുടെ രജിസ്ട്രേഷനും ഈ കേന്ദ്രം സഹായിക്കുന്നു. 2024 മാർച്ച് 31 ലെ കണക്കനുസരിച്ച് 92 ചെറുകിട വ്യവസായിക എസ്റ്റേറ്റുകളിലായി 843 ചെറുകിട വ്യവസായ യൂണിറ്റുകൾ ഉണ്ട്. അതിൽ പ്രവർത്തനക്ഷമമായ 781 യൂണിറ്റുകളിലൂടെ 3,567 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു. കൂടാതെ 9,125.50 ലക്ഷം രൂപ വരുമാനവും ലഭിച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.4.5** ൽ നൽകിയിരിക്കുന്നു.

### സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സിഡ്കോ പ്രധാന പങ്കുവഹിക്കുന്നു. സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിൽ ഭൂമി, വർക്ക് ഷെഡ്, ജലം, അസംസ്കൃതവസ്തുക്കളുടെ ലഭ്യത എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ ലഭ്യമാക്കുന്നുണ്ട്. 2024 മാർച്ച് 31 പ്രകാരം 235.83 ഏക്കറിലായി 17 വൻകിട വ്യാവസായിക എസ്റ്റേറ്റുകൾ വികസിപ്പിച്ചു. 195.75 ഏക്കർ അനുവദിച്ചതിൽ പ്രവർത്തനക്ഷമമായ 868 യൂണിറ്റുകളിലൂടെ 7,771 തൊഴിലവസരങ്ങൾ നല്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തൊട്ടാകെ സിഡ്കോയുടെ ഭരണനേതൃത്വത്തിൽ 36 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ഉണ്ട്. 2023-24 കാലയളവിൽ സിഡ്കോയുടെ മിനി ഇന്ഡസ്ട്രിയൽ എസ്റ്റേറ്റുകളിലൂടെ സൃഷ്ടിച്ച ആകെ വരുമാനം 21.12 ലക്ഷം രൂപയായിരുന്നു. 324 വർക്കിംഗ് യൂണിറ്റുകളിൽ 1,610 തൊഴിലാളികൾ ജോലി ചെയ്യുന്നു. 7,609 തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് 2023-24ൽ വൻകിട വ്യവസായ എസ്റ്റേറ്റുകളിൽ നിന്ന് 834.3 ലക്ഷം രൂപയായിരുന്നു വരുമാനം. സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.4.6**, **4.4.7**, **4.4.8** എന്നിവയിൽ രേഖപ്പെടുത്തിരിക്കുന്നു.

### വ്യാവസായിക ക്ലസ്റ്റർ വികസനം

സാങ്കേതിക വിദ്യയുടെ സ്വാംശീകരണം, കാര്യക്ഷമത മെച്ചപ്പെടുത്തൽ, പൊതു വിഭവങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ എന്നിവ പ്രോത്സഹിപ്പിച്ചുകൊണ്ട് എം.എസ്.എം.ഇ സംരംഭങ്ങളുടെ വളർച്ചയിൽ വ്യവസായ ക്ലസ്റ്ററുകൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും, മെച്ചപ്പെട്ട പ്രകടനത്തിനും കൂടാതെ ചെറുകിട സംരംഭങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള ഫലപ്രദമായ മാർഗ്ഗമായിട്ടാണ് ക്ലസ്റ്റർ രീതിയിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മന്ത്രാലയം ആസൂത്രണം ചെയ്തിരിക്കുന്നത്. ക്ലസ്റ്റർ വികസന പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ രാജ്യത്തെ മികച്ച 5 സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

### സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ മേഖല – ഡെവലപ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ ഓഫീസ് (MSME–DFO), തൃശ്ശൂർ

MSME-ഡവലപ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ ഓഫീസ്, തൃശ്ശൂർ, ഭാരത സർക്കാരിന്റെ എം എസ് എം ഇ മന്ത്രാലയത്തിന് കീഴിലുള്ള ഡെവലപ്മെന്റ് കമ്മീഷണറുടെ (സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭം) ഫീൽഡ് യൂണിറ്റാണ്. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ മേഖല ക്ലസ്റ്ററുകളുടെ പ്രോത്സാഹനത്തിലും വികസനത്തിലും ഇൻസ്റ്റിറ്റ്യൂട്ട് സജീവമായി പ്രവർത്തിച്ചുവരുന്നു. സാങ്കേതിക സാമ്പത്തിക, മാനേജീരിയൽ കൺസൾട്ടൻസി സേവനങ്ങൾ നൽകിക്കൊണ്ട് എംഎസ്എംഇ സംരംഭകർക്ക് ആവശ്യകത അടിസ്ഥാനമാക്കിയുള്ള പിന്തുണ ഡിഎഫ്ഒ നൽകുന്നു. കൂടാതെ സംരംഭക, സാങ്കേതിക, മാനേജീരിയൽ പരിശീലന പരിപാടികളും നടത്തുന്നു. എംഎസ്എംഇകൾക്ക് അവരുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിന് വേദിയൊരുക്കുന്നതിന്റെ ഭാഗമായി ഡിഎഫ്ഒ നിരവധി റീഇംബേഴ്സ്മെന്റ് സ്കീമുകൾ നടത്തുകയും വ്യവസായ പ്രദർശനങ്ങൾക്ക് അവസരമൊരുക്കുകയും ചെയ്യുന്നു. 81,813 ഗുണഭോക്താക്കൾക്കായി വിവിധ ബോധവൽക്കരണ പരിപാടികളും തൃശ്ശൂരുള്ള സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ - ഡെവലപ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ ഓഫീസ് സംഘടിപ്പിച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.4.9** ൽ നൽകിയിരിക്കുന്നു.

### MSME–DFO, തൃശ്ശൂർ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ

- ക്രെഡിറ്റ് സംബന്ധമായ കാര്യങ്ങളിൽ എംഎസ്എംഇകൾക്കുള്ള മാർഗനിർദേശവും സഹായവും നൽകൽ.

**ബോക്സ് 4.4.2** ബിസിനസ് റിഫോംസ് ഇനിഷ്യേറ്റീവ്സ്

ഭാരത സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡിപിഐഐടി) പ്രൊമോഷൻ വകുപ്പിന്റെ ബിസിനസ് റിഫോംസ് ഇനിഷ്യേറ്റീവ്സിന്റെ ഭാഗമായി, സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ 2022 പൂർത്തിയാക്കി ഡിപിഐഐടിക്ക് സമർപ്പിച്ചു. ഡിപിഐഐടി നിർദേശിച്ച 352 പരിഷ്കാരങ്ങളിൽ 340 പരിഷ്കാരങ്ങൾ സംബന്ധിച്ച അടിസ്ഥാന രേഖകൾ സംസ്ഥാനം സമർപ്പിച്ചിരുന്നു. സംസ്ഥാനം സമർപ്പിച്ച 340 രേഖകളിൽ 319 എണ്ണം ഡിപിഐഐടി അംഗീകരിച്ചു.കൂടാതെ, ഡിപിഐഐടിയിൽ വിശദാംശങ്ങൾ സമർപ്പിച്ചിരുന്ന ഗുണഭോക്താക്കൾക്കിടയിൽ ഫീഡ്ബാക്ക് സർവേ നടത്തുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2022 ലെ സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ പ്രകാരം 9 പരിഷ്കരണ മേഖലകളിൽ രാജ്യത്തെ ഉയർന്ന നേട്ടമായ 'ടോപ്പ് പെർഫോമർ' അവാർഡ് കേരള സംസ്ഥാനം കരസ്ഥമാക്കി.

അവലംബം: കെഎസ്ഐഡിസി

- കരകൗശല തൊഴിലാളികൾക്കായി ഇന്ത്യാ ഗവൺമെന്റിന്റെ ഏറ്റവും പുതിയ പദ്ധതിയായ പിഎം വിശ്വകർമ, പദ്ധതിയുടെ നോഡൽ ഏജൻസിയായ കാഡ്കോ മുഖേന നടപ്പിലാക്കൽ.
- ലീൻ മാനുഫാക്ചറിംഗ് മുഖേന വേസ്റ്റേജ് കുറച്ചുകൊണ്ടു എംഎസ്എംഇകൾക്കിടയിൽ മത്സരക്ഷമത പ്രോത്സാഹിപ്പിക്കുന്നതിനായി എംഎസ്എംഇ ചാമ്പ്യൻസ് സ്കീം നടപ്പിലാക്കൽ, രൂപകൽപന മെച്ചപ്പെടുത്തൽ, ഇന്റലക്ച്വൽ പ്രൊപ്പർട്ടി റൈറ്റ്സ്, സീറോ ഡിഫെക്റ്റ് സീറോ ഇഫക്റ്റ് (ZED) സ്കീം എന്നിവയെ കുറിച്ചുള്ള അവബോധം വളർത്തൽ, തിരിച്ചറിയപ്പെടാത്ത വ്യക്തിഗത സർഗ്ഗാത്മകത കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക, ഉൽപ്പാദനത്തിൽ ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനും വിജ്ഞാനാധിഷ്ഠിത നവീകരണ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ഇന്ത്യയിലുടനീളം വ്യാപിപ്പിക്കുന്നതിനാവശ്യമായ പ്രോത്സാഹനം നൽകുക മുതലായ പ്രവൃത്തികൾ.
- സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വിപണന, കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമുള്ള വിവിധ സംരംഭങ്ങളായ വെണ്ടർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, പ്രാദേശികമായി നടക്കുന്ന വ്യാപാര മേളകളിൽ പങ്കാളിത്തത്തിനു റീ-ഇംബേഴ്സ്മെന്റ് അനുവദിക്കൽ, സംരംഭകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ഇടപെടലുകൾ സ്വീകരിക്കൽ തുടങ്ങിയവ.
- സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനവും ക്ലസ്റ്റർ വികസന പ്രവർത്തനങ്ങളും.
- 56 പരിശീലന പരിപാടികളിലൂടെ 5,040 സംരംഭകർക്ക് സംരംഭകത്വവും നൈപുണ്യ വികസന സഹായവും നൽകുകയുണ്ടായി.
- കൂടാതെ പരാതിപരിഹാരം, പബ്ലിസിറ്റി, ഔട്ട് റീച്ച് പ്രോഗ്രാമുകൾ എന്നിവ നടത്തുകയും ചെയ്തു.

**മൈക്രോ ആൻഡ് സ്മോൾ എന്റർപ്രൈസ് ഫെസിലിറ്റേഷൻ കൗൺസിൽ (എംഎസ്ഇഎഫ്സി), കേരളം.**

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ വികസന (എംഎസ്എംഇഡി) നിയമം, 2006 (സെക്ഷൻ 15-24) പ്രകാരം, കാലതാമസം നേരിടുന്ന പേയ്മെന്റുകളെക്കുറിച്ചുള്ള റഫറൻസുകൾ / ഫയൽ ചെയ്യൽ എന്നിവ സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ മൈക്രോ, സ്മോൾ എന്റർപ്രൈസ് ഫെസിലിറ്റേഷൻ കൗൺസിലുകൾ (എംഎസ്ഇഎഫ്സി) രൂപീകരിച്ചു. (സെക്ഷൻ20, 21). 2006-ലെ എംഎസ്എംഇഡി ആക്ടിന്റെ സെക്ഷൻ 20 അനുശാസിക്കുന്ന അധികാരങ്ങൾ നടപ്പിലാക്കുന്നതിന്, സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ സംസ്ഥാന എംഎസ്ഇഎഫ്സിയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ മൂന്ന് മേഖലാ തല സൂക്ഷ്മ, ചെറുകിട എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിലുകളും കേരള സർക്കാർ സ്ഥാപിച്ചു.

**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ ബിപ്)**

കൂട്ടായ്മയിലൂടെ നേട്ടം ഉണ്ടാക്കുന്നതിന് കേരള സർക്കാർ വ്യവസായവത്ക്കരണത്തിനായി ക്ലസ്റ്റർ വികസന സമീപനം സ്വീകരിച്ചിട്ടുണ്ട്. എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്- തൃശ്ശൂർ, കെ-ബിപ് എന്നിവയിലൂടെയാണ് സംസ്ഥാനം ക്ലസ്റ്റർ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. കോമൺ ഫെസിലിറ്റി സെന്ററുകൾ (സിഎഫ്സി) സംസ്ഥാനത്ത് വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. മരം, പ്ലൈവുഡ്, ഫർണിച്ചർ, റബ്ബർ, തുണിത്തരങ്ങൾ, റൈസ് മിൽ, പ്ലാസ്റ്റിക്, പ്രിന്ററുകൾ, എത്നിക് ഫുഡ്, കാർഷിക ഉപകരണങ്ങൾ, ജനറൽ എഞ്ചിനീയറിംഗ് തുടങ്ങിയ പ്രധാന മേഖലകളിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ (സിഎഫ്സി) സ്ഥാപിച്ചിട്ടുണ്ട്., സംസ്ഥാനത്തിന് 16 (സിഎഫ്സി) പ്രോജക്ട്കൾ MSME മന്ത്രാലയം അനുവദിച്ചിട്ടുണ്ട്, അതിൽ 7,552.45 ലക്ഷം രൂപയുടെ 12 പ്രോജക്ട്കൾ പൂർത്തീകരിച്ചു. 4,997.30 ലക്ഷം രൂപയുടെ 4 (സിഎഫ്സി പ്രോജക്ടുകൾ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

സംസ്ഥാനത്ത് ബിസിനസ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും യുഎൻ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമായി കേരളത്തിലെ വിവിധ വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങൾ കെബിഐപി ഏറ്റെടുക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു. ഭാരത സർക്കാരിന്റെ നാല് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നോഡൽ ഏജൻസി കൂടിയാണ് കെബിപ്. വ്യാവസായിക ക്ലസ്റ്റർ വികസനം, കേരള ബാംബൂ മിഷന്റെ പ്രവർത്തനങ്ങളുടെ ഏകോപനം, പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് പദ്ധതിയുടെ നിർവ്വഹണം, ദേശീയ പട്ടികജാതി/പട്ടികവർഗ്ഗ ഹബ് പ്രവർത്തനങ്ങൾ, വാണിജ്യ മിഷൻ പ്രവർത്തനങ്ങളുടെ സംയോജനം, ഓഡിറ്റ് & ഭക്ഷ്യ സംസ്കരണത്തിന്റെയും അനുബന്ധ യൂണിറ്റുകളുടെയും സർട്ടിഫിക്കേഷൻ, പ്രാദേശിക, ദേശീയ, അന്തർദേശീയ ഇവന്റുകളിലെ പങ്കാളിത്തം, കേരള B2B ഓൺലൈൻ പോർട്ടലിന്റെ പ്രവർത്തനം എന്നിവയാണ് വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി കെബിഐപി ചെയ്തു വരുന്ന വിവിധ വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങൾ.

ഭാരത സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം ആരംഭിച്ച മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പിഎം എഫ്എംഇ സ്കീം) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസിയാണ് കെബിഐപി. നിലവിലുള്ള മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസിന്റെ നവീകരണത്തിന് സാമ്പത്തികവും സാങ്കേതികവും ബിസിനസ്സ് പിന്തുണയും ഈ പദ്ധതി നൽകുന്നു. ചെറുകിട സംരംഭങ്ങളിൽ നിന്ന് വ്യക്തിഗത അപേക്ഷകൾ പ്രകാരം 2,548 വായ്പകൾ അനുവദിച്ചുകൊണ്ട് 2024 മാർച്ച് 31 വരെ കേരളം അതിന്റെ ലക്ഷ്യത്തിന്റെ 102 ശതമാനം കൈവരിക്കുകയും രാജ്യവ്യാപകമായി മൂന്നാം സ്ഥാനം നേടുകയും ചെയ്തു. കൂടാതെ 2023-24 സാമ്പത്തിക വർഷത്തിൽ 40ശതമാനം സംസ്ഥാന വിഹിതമായി 13.01 കോടി രൂപ കേരള സർക്കാർ അനുവദിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രകാരം 3,466 സംസ്ഥാന ഗ്രാമീണ ഉപജീവന മിഷൻ

(എസ്ആർഎൽഎം) ഗുണഭോക്താക്കൾക്ക് കേരളം 10.68 കോടി രൂപയുടെ സീഡ് കാപ്പിറ്റൽ സഹായം നൽകി. 49 സംസ്ഥാന നഗര ഉപജീവന മിഷൻ (SULM) ഗുണഭോക്താക്കൾക്ക് 18 ലക്ഷം രൂപയുടെ സീഡ് കാപ്പിറ്റൽ സഹായം അനുവദിച്ചു.

2023-24 സാമ്പത്തിക വർഷത്തിൽ, കെ-ബിഐപിയിൽ പ്രവർത്തിക്കുന്ന നാഷണൽ സെന്റർ ഫോർ ഹസാർഡ് അനാലിസിസ് ആൻഡ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (എൻസിഎച്ച്സി.) സർട്ടിഫിക്കേഷൻ, സംസ്ഥാനത്തെ 3 ഭക്ഷ്യ സംസ്കരണ അനുബന്ധ യൂണിറ്റുകൾക്ക് ഹസാർഡ് അനാലിസിസിന്റെയും ക്രിട്ടിക്കൽ കൺട്രോൾ പോയിന്റിന്റെയും (എച്ച്എസിസിപി) സർട്ടിഫിക്കേഷൻ നൽകൽ/പുതുക്കലിനായി ഓഡിറ്റിംഗ് പ്രക്രിയ പൂർത്തിയാക്കി. കൂടാതെ, വ്യവസായ-വാണിജ്യ വകുപ്പിനെ പ്രതിനിധീകരിച്ച്, സംരംഭക വർഷത്തിന്റെ ഭാഗമായി 2023-24 വർഷത്തിൽ ഒരു ലക്ഷം പുതിയ എം എസ് എം ഇ -കൾ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വിവിധ മേഖലകളിൽ നിന്നുള്ള യുവ സംരംഭകർക്ക് അവരുടെ ബിസിനസ്സ് ആശയങ്ങൾ പ്രദർശിപ്പിക്കുന്നതിനും യാഥാർത്ഥ്യമാക്കുന്നതിനും വേദിയൊരുക്കുന്നതിന് 'ഡ്രീംവെസ്റ്റർ' എന്ന ഉദ്യമം കെ-ബിഐപി സംരംഭം ഏകോപിപ്പിക്കുകയുണ്ടായി.

2023 നവംബർ 1 മുതൽ 7 വരെ തിരുവനന്തപുരത്ത് നടന്ന കേരള സർക്കാരിന്റെ വാരാഘോഷ പരിപാടിയായ 'കേരളീയം' കെ-ബിഐപി ഏകോപിപ്പിക്കുകയും കേരളത്തിന്റെ ഭൂതകാലവും വർത്തമാനവും ഭാവിയും അവതരിപ്പിക്കുന്ന 'കേരളം' എന്ന ബ്രാൻഡിനെ പുനർവിഭാവന ചെയ്യുകയും ചെയ്തു.

### ഗ്രാമീണ വ്യവസായങ്ങൾക്കായുള്ള പാക്കേജ്– പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി(പി.എം.ഇ.ജി.പി )

പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾ, പദ്ധതികൾ, സൂക്ഷ്മ സംരംഭങ്ങൾ എന്നിവ സ്ഥാപിക്കുന്നതിലൂടെ രാജ്യത്തെ ഗ്രാമങ്ങളിലും നഗരങ്ങളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ, ഗ്രാമീണ യുവാക്കളുടെ നഗരങ്ങളിലേക്കുള്ള കുടിയേറ്റം തടയാൻ സഹായിക്കുന്നതിന് രാജ്യത്തെ എല്ലാ പരമ്പരാഗത കൈത്തൊഴിലാളികൾക്കും അതോടൊപ്പം ഭാവിയിൽ ഈ മേഖലയിലേക്ക് വരുവാൻ സാധ്യതയുള്ള ഗ്രാമ/നഗരവാസികളായ തൊഴിൽ രഹിതരായ യുവാക്കൾക്കും തുടർച്ചയായതും സുസ്ഥിരവുമായ തൊഴിൽ നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. കൈത്തൊഴിലാളികളുടെ സമ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും ഗ്രാമ-നഗര തൊഴിലുകളുടെ വളർച്ചാ നിരക്ക് ത്വരിതപ്പെടുത്തുന്നതിനും പദ്ധതി ഊന്നൽ നൽകുന്നു . ദേശീയ തലത്തിൽ നോഡൽ ഏജൻസിയായി ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ (കെവിഐസി) ആണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന തലത്തിൽ, കെവിഐസി, സംസ്ഥാന ഖാദി, ഗ്രാമവ്യവസായ ബോർഡുകൾ (കെവിഐബി), ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (ഡിഐസി), കയർ ബോർഡ് (കയർ അനുബന്ധ പ്രവർത്തനങ്ങൾക്ക്), ബാങ്കുകൾ എന്നിവയുടെ സംസ്ഥാന ഓഫീസുകൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. നിർമ്മാണ മേഖലയിൽ അനുവദനീയമായ പദ്ധതിയുടെയോ യൂണിറ്റിന്റെയോ പരമാവധി ചെലവ് 50 ലക്ഷം രൂപയും ബിസിനസ് അല്ലെങ്കിൽ സേവന മേഖലയ്ക്ക് 20 ലക്ഷം രൂപയുമാണ് ഈ പദ്ധതി പ്രകാരം അനുവദനീയമായിട്ടുള്ളത്. പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പിഎംഇജിപി) ദേശീയ തലത്തിലുള്ള ഒരു ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമാണ്. 2023-24ൽ സംസ്ഥാനത്തെ ബാങ്കുകൾ 5,082 പദ്ധതികൾക്ക് അനുമതി നൽകുകയും 5,959.58 ലക്ഷം രൂപ മാർജിൻ മണി നൽകുകയും ചെയ്തു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.4.10** ൽ നൽകിയിരിക്കുന്നു.

### സൂക്ഷ്മചെറുകിടവ്യവസായ മേഖലയിലെ വ്യവസായ ധനസഹായം

#### സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റി (എസ്.എൽ.ബി.സി)

സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (എസ്എൽബിസി) റിപ്പോർട്ട് അനുസരിച്ച്, പിഎംഇജിപിയുടെ കീഴിൽ കൈവരിച്ച നേട്ടം പോലുള്ള സുസ്ഥിരമായ നിരവധി ബാങ്കിംഗ് സംരംഭങ്ങൾ ബാങ്കുകൾ ആരംഭിച്ചിട്ടുണ്ട്, ഇത് സർക്കാർ സ്പോൺസേർഡ് സ്കീമുകൾക്ക് കീഴിൽ വായ്പ നൽകാനുള്ള ബാങ്കുകളുടെ താൽപ്പര്യത്തെ സൂചിപ്പിക്കുന്നു. എസ്എൽബിസി റിപ്പോർട്ട് പ്രകാരം, എംഎസ്എംഇ മേഖലയിലേക്കുള്ള വായ്പ വിതരണം 2022-23 ലെ 68,450.91 കോടി രൂപയിൽ നിന്ന് 2023-24ൽ 80,210.28 കോടി രൂപയായി ഉയർന്നു, ഇത് മുൻ കാലയളവിനെ അപേക്ഷിച്ച് 17.17% വർധന രേഖപ്പെടുത്തി. വിവിധ മേഖലകളിലേക്കുള്ള വായ്പ വിതരണ കണക്കുകൾ **അനുബന്ധം 4.4.11**-ൽ നൽകിയിരിക്കുന്നു.

#### സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി)

ഇടപാട് രേഖകളെ അടിസ്ഥാനമാക്കി വായ്പയെടുക്കുന്നവർക്ക് ന്യായമായ പലിശ നിരക്കിൽ ഈടില്ലാത്ത വായ്പകൾ നൽകുന്ന ക്രെഡിറ്റ് സ്ഥാപനങ്ങൾക്ക് റീഫിനാൻസ് ചെയ്യാൻ സർക്കാർ സിഡ്ബിയെ പ്രോത്സാഹിപ്പിക്കുന്നു. സൂക്ഷ്മ , ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) വായ്പ ലഭ്യത മെച്ചപ്പെടുത്തുന്നതിനും , പ്രത്യേകിച്ച് മുൻപ് പരിമിതമായി മാത്രം ആനുകൂല്യം ലഭിച്ചിരുന്നവർക്ക് കൂടുതൽ പരിഗണന ലഭ്യമാകും വിധം 1,000 കോടി രൂപയുടെ പ്രത്യേക ഫണ്ട് സിഡ്ബി രൂപീകരിച്ചു. സ്മോൾ ആൻഡ് ലോവർ റേറ്റഡ് മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ, നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ, ഫിനാൻഷ്യൽ ടെക്നോളജി കമ്പനികൾ എന്നിവയ്ക്കായി ഒരു ബോണ്ട് മാർക്കറ്റ് സ്ഥാപിക്കുക എന്നതായിരുന്നു ഈ ഫണ്ടിന്റെ ലക്ഷ്യം. 2023 സാമ്പത്തിക വർഷത്തിൽ, എസ്ഐഡിബിഐ എംഎസ്എംഇകൾക്കായുള്ള വായ്പാ പ്രക്രിയകൾ കൂടുതൽ ലളിതമാക്കുകയും ഡിജിറ്റൈസ് ചെയ്യുകയും ചെയ്തു. ഇത് കാലഹരണപ്പെട്ട വിവരങ്ങളെ ആശ്രയിക്കുന്നത് കുറയുന്നതിനും ചരക്ക് സേവന നികുതി, ആദായ നികുതി റിട്ടേണുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, കോർപ്പറേറ്റ് അഫയേഴ്സ് മന്ത്രാലയ ഡാറ്റാബേസുകൾ തുടങ്ങിയ പൊതു ഡാറ്റാബേസുകളിൽ നിന്നുള്ള കാലികമായ

**ബോക്സ്** 4.4.3 മേക്ക് ഇൻ കേരള ഉദ്യമം

കേരളത്തിൽ സ്വയംപര്യാപ്തവും സുസ്ഥിരവുമായ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുള്ള സുപ്രധാന ചുവടുവെപ്പാണ് 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ബജറ്റിൽ 'മേക്ക് ഇൻ കേരള' എന്ന പദ്ധതിയുടെ പ്രഖ്യാപനം. 100 കോടി വാർഷിക അടങ്കലോടെ, പ്രാദേശിക ബിസിനസുകളെ പിന്തുണയ്ക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രതിബദ്ധത സർക്കാർ പ്രകടമാക്കി. ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ഇറക്കുമതി കുറയ്ക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുള്ള സമഗ്ര പദ്ധതിയാണ് 'മേക്ക് ഇൻ കേരള' സംരംഭം. പ്രാദേശികമായി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഉൽപ്പന്നങ്ങൾ കണ്ടെത്തുക, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, സാങ്കേതിക പുരോഗതി പ്രോത്സാഹിപ്പിക്കുക, ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗും വിപണനവും പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്.

അവലംബം- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

വിവരങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാറ്റത്തിനും കാരണമായി. ഉപജീവന പ്രവർത്തനങ്ങൾക്കായി മൈക്രോ എന്റർപ്രൈസസിന് 5 ലക്ഷം രൂപ വരെ മൈക്രോ ലോൺ നൽകുന്ന 'പ്രയാസ്' പദ്ധതിയും സിഡ്ബി വിപുലീകരിച്ചു. ഈ വിപുലീകരണം 1,59,000 ഗുണഭോക്താക്കളെ സഹായിച്ചു, ഗുണഭോക്താക്കളിൽ 87 ശതമാനത്തിലധികം സ്ത്രീ സംരംഭകരും 70 ശതമാനത്തിലധികം ഗുണഭോക്താക്കൾ സാമൂഹികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽ പെട്ടവരുമാണ്.

**2023–24 ലെ വ്യവസായ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ**

- ഇയർ ഓഫ് എന്റർപ്രൈസസ് കാമ്പെയ്നിന്റെ ഭാഗമായി, 20,000 കോടി രൂപയുടെ നിക്ഷേപത്തോടെ ആരംഭിച്ച എംഎസ്എംഇകളുടെ ആകെ എണ്ണം 3 ലക്ഷം കവിഞ്ഞു, 6.5 ലക്ഷത്തിൽ പരം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞു.
- എല്ലാ ജില്ലകളിലും എംഎസ്എംഇ ക്ലിനിക്കുകൾ സ്ഥാപിക്കുകയും അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുവാനും സാധിച്ചു.
- സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്ന സ്കീമിന് കീഴിൽ, 10 ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ള സ്വകാര്യ സംരംഭകർക്ക് വ്യവസായ പാർക്കുകൾ ആരംഭിക്കുതിന് അനുമതി നൽകിയവയിൽ 2 എണ്ണം പ്രവർത്തനം ആരംഭിച്ചു .
- തൃശ്ശൂർ ജില്ലയിലെ പുഴക്കൽപാടത്ത് ബഹുനില വ്യവസായ എസ്റ്റേറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ I & II ഘട്ടം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.
- സർക്കാർ ഭൂമി ലഭ്യമല്ലാത്തതിന് പരിഹാരമായും വിദ്യാർത്ഥികളിൽ സംരംഭകത്വ അഭിരുചി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയും വിദ്യാഭ്യാസ മേഖലയുമായി സഹകരിച്ച് 'കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്' എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
- സംരംഭകത്വ സൗഹൃദ അന്തരീക്ഷത്തെ മുൻ നിർത്തി G. O. (P) No. 309/2023/RD എന്ന സർക്കാർ ഉത്തരവ് പ്രകാരം പുതിയ 'Kerala Government Land Allotment and Assignment for Industrial Purposes Rules, 2023' പുറത്തിറക്കാൻ സാധിച്ചു.
- എം എസ്സ് എം ഇ മേഖലയ്ക്ക് കൂടുതൽ കൈത്താങ്ങ് നൽകുന്നതിനായി, പ്രകൃതി ദുരന്തങ്ങളോ, തീപ്പിടുത്തം മൂലമോ ഉണ്ടാകാവുന്ന അപ്രതീക്ഷിതമായ നഷ്ടങ്ങളിൽ നിന്നും വ്യവസായ യൂണിറ്റുകളെ സംരക്ഷിക്കുന്നതിനു വേണ്ടി പുതിയതായി ഇൻഷുറൻസ് പദ്ധതി കൊണ്ടുവരുകയും ഇതിലേക്കായി 20.7 ലക്ഷം രൂപ ചിലവഴിക്കുകയും ചെയ്തു. അതുവഴി 1108 സംരംഭകരെ ഇൻഷുറൻസ് പരിരക്ഷക്ക് ഉള്ളിൽ കൊണ്ടുവരാൻ സാധിച്ചു.
- 30 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് വികസനാനുമതി നൽകി.
- 'ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ഉൽപ്പന്നം' (OLOP) എന്ന പദ്ധതി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ, വകുപ്പ് തലത്തിൽ തദ്ദേശീയ ഉൽപ്പന്നങ്ങൾ കണ്ടെത്തുകയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുകയും അതുവഴി മൂല്യവർദ്ധന മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 456 തദ്ദേശ സ്ഥാപനങ്ങൾ ഒഎൽഒപി പദ്ധതിക്ക് കീഴിലുള്ള ഉൽപ്പന്നങ്ങൾ കണ്ടെത്തുകയുണ്ടായി.
- RAMP (റേസിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എം എസ് എം ഇ പെർഫോമൻസ് ) പദ്ധതിക്കായി ഇന്ത്യാ ഗവൺമെന്റിന്റെ MSME മന്ത്രാലയത്തിൽ നിന്നും 107.71 കോടി രൂപയ്ക്ക് അംഗീകാരം ലഭിച്ചു.
- കേരളത്തിന്റെ തദ്ദേശീയ ഉൽപന്നങ്ങളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്നതിനും അത്തരം ഉൽപന്നങ്ങൾക്കായി ദേശീയ/അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതും ലക്ഷ്യമിട്ടാണ് 'കേരള ബ്രാൻഡ്' സംവിധാനം അവതരിപ്പിച്ചിരിക്കുന്നത്. ഈ സംരംഭത്തിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ, വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്ന 9 സംരംഭങ്ങളെ 'കേരള ബ്രാൻഡിന്' കീഴിൽ ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- വ്യവസായ മേഖലയുടെ 'സുസ്ഥിരത' ഉറപ്പാക്കാൻ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും, ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും വികസിപ്പിക്കുന്ന 'മിഷൻ 1000 ' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു.പ്രസ്തുത മിഷൻ പ്രാരംഭ ഘട്ടത്തിൽ 213 സംരംഭങ്ങളെ സംസ്ഥാന തല അപ്രൂവൽ കമ്മറ്റി തെരഞ്ഞെടുക്കുകയുമുണ്ടായി.
- പരാതി പരിഹാര ഫോറം എന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ എം എസ് ഇ എഫ് സീ മേഖല കൗൺസിലുകൾ രൂപീകരിച്ചു.
- കൊച്ചിയിലെ ജവാഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ വച്ച് ഫെബ്രുവരി 10 മുതൽ 13 വരെ നടന്ന "മെഷിനറി എക്സ്പോ 2024"-ൽ 161 സ്റ്റാളുകളിലായി കേരളത്തിനകത്തും പുറത്തും നിന്നുള്ള മെഷിനറി നിർമാതാക്കളും വിതരണക്കാരും പങ്കെടുത്തു.

**പട്ടിക 4.4.6** 2023 -24 വർഷത്തെ സംസ്ഥാന സർക്കാരിന്റെ നയ സംരംഭങ്ങളും സ്വീകരിച്ച നടപടികളും

| നയ രൂപീകരണം | നടപടി സ്വീകരിച്ചു |
|---|---|
| കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് | അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള പോർട്ടൽ ഉദ്ഘാടനം ചെയ്തു. |
| സ്വകാര്യ വ്യവസായ എസ്റ്റേറ്റ് | കേരളത്തിൽ നിലവിൽ 30 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| സഹകരണ വ്യവസായ പാർക്ക് | പദ്ധതി നിർദ്ദേശം സർക്കാരിനു സമർപ്പിച്ചു.. |
| വ്യവസായ മേഖലയുടെ 'സസ്റ്റൈനബിലിറ്റി' ഉറപ്പാക്കാൻ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും, ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും വികസിപ്പിക്കുന്ന 100 കോടി വിറ്റുവരവുള്ള 1000 യൂണിറ്റുകൾ സൃഷ്ടിക്കുക. | 213 യൂണിറ്റുകൾ തിരഞ്ഞെടുത്തു, ഈ സ്ഥാപനങ്ങളുടെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. |
| സ്വകാര്യ കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണവും പുനരുജ്ജീവനവും പുനരുദ്ധാനവും | യൂണിറ്റുകൾ നവീകരിക്കുന്നതിനും സ്ത്രീ സൗഹൃദമാക്കുന്നതിനുമായി ആദ്യഗഡുവായി രണ്ട് കോടി അനുവദിച്ചു. |
| സംരംഭക സഭ | 2024 ഡിസംബർ 11-ന് ഉദ്ഘാടനം ചെയ്യപ്പെട്ടു |
| പ്ലാന്റേഷൻ മേഖലയ്ക്കായി ലയങ്ങളുടെ നിർമ്മാണം | പദ്ധതി നിർദ്ദേശം സർക്കാരിനു സമർപ്പിച്ചു. |
| വനിതാ നിക്ഷേപക സമ്മേളനം | 2025 ജനുവരിയിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

**മേഖലയിലെ പ്രശ്നങ്ങളും വെല്ലുവിളികളും**

കേരളത്തിന്റെ വ്യാവസായിക നയം 2023ലൂടെ മേഖലയുടെ സമഗ്ര വികസനമാണ് ലക്ഷ്യംവയ്ക്കുന്നത്. അടുത്തിടെ ആരംഭിച്ച വ്യവസായങ്ങളുടെ എണ്ണത്തിലുണ്ടായ വർധനയുടെ വിശകലനം പരിശോധിച്ചാൽ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾ ആരംഭിച്ച എംഎസ്എംഇകളുടെ എണ്ണം താരതമ്യേന വളരെ കുറവാണെന്നു മനസിലാക്കാം. സന്തുലിതമായ പ്രാദേശിക വളർച്ചയാണ് നയം വിഭാവനം ചെയ്യുന്നതെങ്കിലും പ്രാദേശിക അസന്തുലിതാവസ്ഥ നിലനിൽക്കുന്നതിനാൽ ലക്ഷ്യം കൈവരിക്കുവാൻ ഇനിയുമേറെ മുന്നോട്ടു പോകേണ്ടതുണ്ട്. ഉൽപ്പാദനം, സേവന, വ്യാപാര മേഖലകൾ തമ്മിലുള്ള അന്തരം വർദ്ധിച്ചുവരികയും ഉൽപ്പാദനമേഖലയിലെ തൊഴിലവസരങ്ങളുടെ ശതമാനം കുറയുകയും ചെയ്യുന്നു. ആസൂത്രണം ചെയ്ത പദ്ധതികളുടെ ശരിയായ പ്രവർത്തനത്തിനുള്ള ഫണ്ടിന്റെ ലഭ്യതയാണ് എല്ലാ മേഖലകളിലെയും പ്രാഥമിക വെല്ലുവിളി.

**മുന്നോട്ടുള്ള വഴി**

എം എസ് എം ഇ മേഖലയിൽ ആരംഭിച്ച സംരംഭങ്ങളുടെ സുസ്ഥിരതയും സ്കെയിലിംഗ് അപ്പിലും അധിഷ്ഠിതമായിരിക്കും എം എസ് എം ഇ മേഖലയിലെ സംസ്ഥാനത്തിന്റെ ഭാവി. പുതിയ വ്യവസായ നയത്തിലൂടെ കേരളത്തിന് അനുയോജ്യമായ മേഖലകളിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ സാങ്കേതിക വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷി ശരിയായി വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്റ്റാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകാനും ലക്ഷ്യമിടുന്നു. ഇതിലൂടെ ദ്രുതഗതിയിലുള്ളതും സുസ്ഥിരവുമായ വ്യാവസായിക വൽക്കരണം സാധ്യമാണ്. സംസ്ഥാന സർക്കാരിന്റെ 'ഇയർ ഓഫ് എന്റർപ്രൈസസ്' കാമ്പെയ്ൻ ഗണ്യമായ സ്വീകാര്യത നേടുകയും സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയിൽ കുതിപ്പിന് കാരണമാവുകയും ചെയ്തു. നാം മുന്നേറുമ്പോൾ, നമ്മുടെ നേട്ടങ്ങൾ ഏകീകരിക്കുകയും പുതിയ സാധ്യതകൾ പര്യവേക്ഷണം ചെയ്യുകയും ദേശീയ അന്തർദേശീയ തലങ്ങളിൽ വ്യാവസായിക ആവാസവ്യവസ്ഥയിലെ വിശാലമായ സംഭവവികാസങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. വ്യാവസായിക മേഖലയിൽ നിന്ന് ഉയർന്നു വരുന്ന അനുകൂലഘടകങ്ങൾ ഭാവിയിൽ ഈ മേഖലയിലെ മികച്ച നേട്ടങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.

# 4.5 ഭക്ഷ്യസംസ്കരണം

കാർഷിക വ്യവസായ മേഖലളെ തമ്മിൽ ദൃഢമായി ബന്ധിപ്പിക്കുന്നതിൽ ഭക്ഷ്യ സംസ്കരണ മേഖല നിർണ്ണായക പങ്ക് വഹിക്കുന്നു. സഹകരണവും സംയോജനവും സുഗമമാക്കുക വഴി ഇരു മേഖലകൾക്കും പ്രയോജനപ്രദമാകുംവിധം മൊത്തത്തിലുള്ള കാർഷിക മൂല്യ ശൃംഖല വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അസംസ്കൃത സാധനങ്ങളുടെ പാഴാക്കൽ കുറയ്ക്കൽ, മൂല്യവർദ്ധന മെച്ചപ്പെടുത്തൽ, വിള വൈവിധ്യവൽക്കരണം, പ്രോത്സാഹനം, കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കാൽ, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ, കയറ്റുമതി വരുമാനം വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് മെച്ചപ്പെട്ട ഭക്ഷ്യ സംസ്കരണ മേഖല സഹായമാകുന്നു. ഭക്ഷ്യസുരക്ഷ, ഭക്ഷ്യ വിലക്കയറ്റം, പൊതുജനങ്ങൾക്ക് ആരോഗ്യകരവും പോഷകസമൃദ്ധവുമായ ഭക്ഷണം എന്നിവയുമായി ബന്ധപ്പെട്ടുള്ള നിർണായക പ്രശ്നങ്ങൾ പരിഹരിക്കാനും ഈ മേഖലയ്ക്ക് കഴിയും. ഇന്ത്യയുടെ ഭക്ഷ്യ സംസ്കരണ മേഖലയിൽ പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, തോട്ടവിളകൾ, ധാന്യസംസ്കരണം, സുഗന്ധദ്രവ്യങ്ങൾ, പാലുംപാലുൽപ്പന്നങ്ങളും, മാംസാഹാരം, കോഴിയിറച്ചി, മത്സ്യം, മദ്യം, ലഹരി ഇതര പാനീയങ്ങൾ, കൂടാതെ മറ്റു ഉപഭോഗ ഉൽപ്പന്നങ്ങളായ മിഠായികൾ, ചോക്ലേറ്റുകൾ, കൊക്കോഉൽപ്പന്നങ്ങൾ, സോയഉൽപ്പന്നങ്ങൾ, മിനറൽ വാട്ടർ, ഉയർന്ന പ്രോട്ടീൻ ആഹാര പദാർത്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഇന്ത്യയിലെ ഭക്ഷ്യ സംസ്കരണ മേഖല സൂക്ഷ്മ വ്യവസായങ്ങൾ മുതൽ വൻകിട വ്യവസായങ്ങൾ വരെയുള്ള എല്ലാ വിഭാഗങ്ങളിലെയും സംരംഭങ്ങളെ ഉൾക്കൊള്ളുന്നു. ഒരു വിശകലന വീക്ഷണകോണിൽ നിന്ന്, പ്രാഥമിക, ദ്വിതീയ, തൃതീയ എന്നിങ്ങനെ ഭക്ഷ്യ സംസ്കരണത്തെ വിവിധ തലങ്ങളിലുള്ള പ്രവൃത്തിയായി കാണാൻ കഴിയും. അസംസ്കൃത കാർഷിക ഉത്പന്ന ങ്ങളെ മനുഷ്യ ഉപഭോഗത്തിന് അനുയോജ്യമായ ഒരു ഉല്പന്നമാക്കി മാറ്റുന്ന പ്രക്രിയയാണ് പ്രാഥമിക സംസ്കരണം. ക്ലീനിംഗ്, ഗ്രേഡിംഗ്, സോർട്ടിംഗ്, പാക്കിംഗ് തുടങ്ങിയ ഘട്ടങ്ങൾ ഇതിൽ ഉൾപ്പെടുന്നു.സുരക്ഷിതമയതോ, ഉയർന്ന മൂല്യമുള്ളതോ ആയ ഭക്ഷ്യ ഉത്പന്ന നിർമ്മാണമാണ് ഭക്ഷ്യ സംസ്കരണ മേഖല സാധാരണയായി കൈകാര്യം ചെയ്യുന്നത്.

**ഇന്ത്യയിലെ ഭക്ഷ്യ സംസ്കരണം**

ഭാരത സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ 2023-24 ലെ വാർഷിക റിപ്പോർട്ട് പ്രകാരം 2021-22 ൽ രാജ്യത്ത് രജിസ്റ്റർ ചെയ്ത 39,647 യൂണിറ്റുകളിലായി ഏകദേശം 20.68 ലക്ഷം ആളുകളാണ് ഭക്ഷ്യ സംസ്കരണ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നത്. കൂടാതെ, ഭക്ഷ്യ സംസ്കരണ മേഖലയിൽ 51.11 ലക്ഷം തൊഴിലാളികൾ അസംഘടിത കാർഷികേതര സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഈ മേഖലയിൽ ഗണ്യമായ സ്ത്രീ പങ്കാളിത്തമുണ്ട്. രജിസ്റ്റർ ചെയ്ത ഭക്ഷ്യ സംസ്കരണ യൂണിറ്റുകളിൽ മൊത്തം 2.10 ലക്ഷം സ്ത്രീ തൊഴിലാളികൾ നേരിട്ട് ജോലി ചെയ്യുന്നു, കൂടാതെ 12.62 ലക്ഷത്തിലധികം സ്ത്രീ തൊഴിലാളികൾ ഭക്ഷ്യ സംസ്കരണ മേഖലയിലെ അസംഘടിത കാർഷികേതര സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

വർഷങ്ങളായി ഇന്ത്യയിൽ കാർഷികോൽപ്പാദനം വർധിച്ചുവരികയാണ്. അസംസ്കൃത വസ്തുക്കളുടെ സമൃദ്ധമായ ലഭ്യതയും ഭക്ഷ്യ ഉൽപന്നങ്ങളുടെ ആവശ്യകതയിലെ വർധനയും, ഭാരത സർക്കാർ നൽകുന്ന ആനുകൂല്യങ്ങളും ഭക്ഷ്യ സംസ്കരണ മേഖലയെ ഗുണപരമായി സ്വാധീനിച്ചു. 2022-23-ൽ അവസാനിച്ച 8 വർഷ കാലയളവിൽ, കാർഷിക, അനുബന്ധ പ്രവർത്തന മേഖലയുടെ (2011-12 വിലയിൽ) 4.46 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 5.4 ശതമാനത്തിന്റെ ശരാശരി വാർഷിക വളർച്ചാ നിരക്കിൽ (AAGR) ഭക്ഷ്യ സംസ്കരണ മേഖല വളർന്നു. ജിഡിപി വിഹിതത്തിന്റെയും നിക്ഷേപ വിഹിതത്തിന്റെയും അടിസ്ഥാനത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഒരു പ്രധാന വിഭാഗമായി ഭക്ഷ്യ സംസ്കരണ മേഖല ഉയർന്നുവന്നിട്ടുണ്ട്. 2022-23ൽ അഖിലേന്ത്യ ജിവിഎയുടെ 1.3 ശതമാനവും ഉൽപ്പാദന മേഖലയിലെ ജിവിഎയുടെ 7.66 ശതമാനവും (2011-12 വിലയിൽ) ഭക്ഷ്യസംസ്കരണ മേഖലയിൽ നിന്നുമാണ് (വാർഷിക റിപ്പോർട്ട് 2023-24, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ).

വ്യവസായങ്ങളുടെ വാർഷിക സർവേ 2021-22 അനുസരിച്ച്, രജിസ്റ്റർ ചെയ്ത മൊത്തം യൂണിറ്റുകളുടെ എണ്ണത്തിൽ, മൊത്തം ഫാക്ടറികളുടെ എണ്ണം, പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം, ജോലി ചെയ്യുന്ന

ആളുകളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ ഉൽപ്പന്ന വ്യവസായം ഒന്നാം സ്ഥാനത്താണ്. മാത്രവുമല്ല, ഉൽപ്പാദനത്തിലും ജിവിഎയിലും ഏറ്റവും മികച്ച അഞ്ച് മേഖലകളിൽ ഒന്നാണ് ഭക്ഷ്യോത്പാദന വ്യവസായം.

കാർഷിക ഭക്ഷ്യ കയറ്റുമതിയുടെ (സംസ്കരിച്ച ഭക്ഷ്യ കയറ്റുമതി ഉൾപ്പെടെ) 2023-24 ലെ മൂല്യം 46.43 ബില്യൺ യുഎസ് ഡോളറായിരുന്നു, ഇത് ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ (395.39 ബില്യൺ യുഎസ് ഡോളർ) ഏകദേശം 11.70 ശതമാനമാണ്. സംസ്കരിച്ച ഭക്ഷ്യ കയറ്റുമതിയുടെ മൂല്യം 10.88 ബില്യൺ യുഎസ് ഡോളറാണ്, ഇത് ഇന്ത്യയുടെ കാർഷിക ഭക്ഷ്യ കയറ്റുമതിയുടെ 23.4 ശതമാനമാണ്. 2023-24ൽ കാർഷിക ഭക്ഷ്യ വസ്തുക്കളുടെ (സംസ്കരിച്ച ഭക്ഷണം ഉൾപ്പെടെ) ഇറക്കുമതി മൂല്യം 31.7 ബില്യൺ യുഎസ് ഡോളറായിരുന്നു, ഇത് ഇന്ത്യയുടെ മൊത്തം ഇറക്കുമതിയുടെ (675.43 ബില്യൺ യുഎസ് ഡോളർ) 4.7 ശതമാനമായിരുന്നു. 2023-24ൽ സംസ്കരിച്ച ഭക്ഷണത്തിന്റെ ഇറക്കുമതി മൂല്യം 5.34 ബില്യൺ യുഎസ് ഡോളറായിരുന്നു, ഇത് ഇന്ത്യയുടെ മൊത്തം കാർഷിക ഭക്ഷ്യ ഇറക്കുമതിയുടെ 16.9 ശതമാനമായിരുന്നു. ആഗോളതലത്തിൽ, 2022-ൽ ഇന്ത്യയുടെ കാർഷിക-ഭക്ഷ്യ കയറ്റുമതിയുടെ വിഹിതം 2.55 ശതമാനവും, ഇറക്കുമതിയുടെ വിഹിതം 1.66 ശതമാനവുമായിരുന്നു. ഇന്ത്യയിലെ ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളിൽ ഓട്ടോമാറ്റിക് റൂട്ടിൽ നൂറ് ശതമാനം നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ്ഡിഐ) അനുവദനീയമാണ്. ഭക്ഷ്യ സംസ്കരണ മേഖലയിൽ 2014 ഏപ്രിൽ മുതൽ 2024 മാർച്ച് വരെയുള്ള കാലയളവിലെ എഫ്ഡിഐ ഇക്വിറ്റി 6.80 ബില്യൺ യുഎസ് ഡോളർ ആയിരുന്നു.(വാർഷിക റിപ്പോർട്ട് 2023-24, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ).

"മേക്ക് ഇൻ ഇന്ത്യ" യുടെ കീഴിൽ മുൻഗണനാ മേഖലകളിൽ ഒന്നായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭക്ഷ്യ സംസ്കരണ മേഖലയുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യയുടെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം വികസന ഉദ്യമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പി.എം. കിസാൻ സമ്പദ യോജന (പിഎംകെ എസ് വൈ), പി എം ഫോർമലൈസേഷൻ ഓഫ് ഫുഡ് പ്രോസിസ്സിംഗ് എന്റർപ്രൈസസ് (പിഎം എഫ്എംഇ), ഭക്ഷ്യ സംസ്കരണ വ്യവസായത്തിനായുള്ള പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് സ്കീം (പിഎൽഐഎസ്-എഫ് പിഐ) എന്നിവയാണ് ഇതിനായുള്ള മൂന്ന് പ്രധാന പദ്ധതികൾ. നേരിട്ടുള്ള വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതും, ഭക്ഷ്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രസക്ത വിവരങ്ങളും മന്ത്രാലയത്തിന്റെ വെബ്സൈറ്റിലൂടെയും നിക്ഷേപക പോർട്ടലായ "നിവേശ് ദബ്ധു" വഴിയും പ്രചരിപ്പിക്കുന്നതും മറ്റ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. പിഎംകെഎസ് വൈ ക്ക് ഏഴ് ഘടക സ്കീമുകൾ ഉണ്ട്; (i) മെഗാ ഫുഡ് പാർക്കുകൾ, (ii) സംയോജിത ശീതീകരണ ശൃംഖലയും മൂല്യവർദ്ധനവിനുള്ള അടിസ്ഥാന സൗകര്യങ്ങളും, (iii) അഗ്രോ-പ്രോസസിംഗ് ക്ലസ്റ്ററുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, (iv) പിന്നാക്കവും മുന്നോട്ടുമുള്ള ബന്ധങ്ങൾ സൃഷ്ടിക്കൽ, (v) ഭക്ഷ്യ സംസ്കരണത്തിനും, സംരക്ഷണതിനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും, അവ വിപുലീകരിക്കുന്നതിനും (vi) ഭക്ഷ്യ സുരക്ഷയും ഗുണമേന്മയും ഉറപ്പാക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ (vii) മാനവ വിഭവശേഷിയും സ്ഥാപനങ്ങളും. അഗ്രോ പ്രോസസിങ് ക്ലസ്റ്റർ സ്കീമിന് കീഴിൽ ആകെ 61 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഏകദേശം 592 അംഗീകൃത ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ CEFPPC (ഫുഡ് പ്രോസസിംഗ് ആന്റ് പ്രിസർവേഷൻ കപ്പാസിറ്റികളുടെ സൃഷ്ടിക്കൽ/ വിപുലീകരണം) പദ്ധതിക്ക് കീഴിൽ പ്രവർത്തിക്കുന്നു. 2024 മാർച്ച് 31 വരെ കോൾഡ് ചെയിൻ സ്കീമിന് കീഴിലുള്ള ഏകദേശം 399 പദ്ധതികൾക്കും ഓപ്പറേഷൻ ഗ്രീൻസ് സ്കീമിന് കീഴിലുള്ള 53 പ്രോജക്ടുകൾക്കും രാജ്യത്ത് അംഗീകാരം ലഭിച്ചു. ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (MoFPI) 42 മെഗാ ഫുഡ് പാർക്ക് പ്രോജക്ടുകൾക്ക് അംഗീകാരം നൽകി. (പൂർത്തിയായത് - 7 എണ്ണം, നിലവിൽ പ്രവർത്തിക്കുന്നത് - 17 എണ്ണം, നിർവ്വഹണം പുരോഗമിക്കുന്നത് - 17 എണ്ണം). ഇവയിൽ 7 സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നത് സ്ത്രീകളാണ്. രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന മെഗാ ഫുഡ് പാർക്ക് പദ്ധതികൾക്കായി മന്ത്രാലയം 1,485.81 കോടി രൂപയുടെ ഗ്രാന്റ് -ഇൻ-എയ്ഡ് അനുവദിച്ചു.

**കേരളത്തിലെ ഭക്ഷ്യസംസ്ക്കരണ വ്യവസായം**

ഭക്ഷ്യ സംസ്കരണ മേഖലയിൽ കേരളം എല്ലായ്പ്പോഴും മുൻനിരയിലായിരുന്നു. രാജ്യത്ത് നിന്നുള്ള ഭക്ഷ്യ കയറ്റുമതിയിൽ നല്ലൊരു പങ്ക് സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ വ്യവസയത്തിനുണ്ട്. സംസ്ഥാന സർക്കാർ ഭക്ഷ്യ സംസ്കരണമേഖലയ്ക്ക് മുൻഗണനാ മേഖലയുടെ പദവി നൽകിയിട്ടുണ്ട്. ആഗോള കയറ്റുമതി വിപണികൾ നേടിയെടുക്കുന്നതിനും, മുഖ്യമായി ലോകമെമ്പാടുമുള്ള മലയാളികളായ പ്രവാസികളെ ലക്ഷ്യമിട്ടും, നാടിന്റെ തനത് ഭക്ഷണ വിഭവങ്ങൾ വികസിപ്പിക്കുന്നതിൽ കേരളം വിജയിച്ചു. ഈ ഉൽപ്പന്നങ്ങൾ ഒരു പ്രധാന കയറ്റുമതി മേഖലയായി പരിണമിച്ചു. കൂടാതെ, സംസ്ഥാനത്തിന്റെ ഭക്ഷ്യ സംസ്കരണ മേഖലയിൽ ധാരാളം പ്രവാസികളും നിക്ഷേപം നടത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ 'സംരംഭക പിന്തുണാ പദ്ധതി' വഴി വ്യവസായം സ്ഥാപിക്കുന്നതിന് ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. മുൻഗണനാ മേഖലയായതിനാൽ ഭക്ഷ്യ സംസ്കരണത്തിന് പ്രത്യേക പ്രോത്സാഹനവും നൽകുന്നു. വാർഷിക സർവേ ഓഫ് ഇൻഡസ്ട്രീസ് 19-20 (DES, Gok) പ്രകാരം, കേരളത്തിലെ ഫാക്ടറി മേഖലയിലുള്ള മൊത്തം തൊഴിലുകളുടെ എണ്ണത്തിൽ 'ഭക്ഷ്യ ഉൽപന്നങ്ങളും പാനീയങ്ങളും' വിഭാഗത്തിലെ യൂണിറ്റുകൾക്കാണ് മുഖ്യപങ്ക്(29.5 ശതമാനം). കേരളത്തിലെ ഫാക്ടറി മേഖലയിലെ ആകെ ഉല്പാദനത്തിന്റെ ഏകദേശം 16 ശതമാനം ഭക്ഷ്യ സംസ്കരണ മേഖലയിൽ നിന്നാണ്.

2022 മുതൽ 2024 നവംബർ വരെ കേരളത്തിലെ "സംരംഭത്വ വർഷ"പരിപാടിക്ക് കീഴിൽ മൊത്തം 3,30,309 യൂണിറ്റുകൾ ആരംഭിച്ചു. ഇതിൽ ഏകദേശം 46,224 യൂണിറ്റുകൾ നിർമ്മാണ മേഖലയിലും 1,37,677 യൂണിറ്റുകൾ സേവന മേഖലയിലും 1,46,408 യൂണിറ്റുകൾ വ്യാപാര മേഖലയിലും പ്രവർത്തിക്കുന്നു. ഇയർ ഓഫ് എന്റർപ്രൈസസ് 2.0-യുടെ ഭാഗമായി, 2023-24 വർഷത്തിൽ അഗ്രോ ഫുഡ്, പാനീയം, മാംസം/മത്സ്യം ഉൽപന്നങ്ങൾ, സംസ്കരണം എന്നീ ഉപമേഖലകളിലായി ഏകദേശം 26,304 എംഎസ്എംഇ യൂണിറ്റുകൾ (നിർമ്മാണം, സേവനം, വ്യാപാര വിഭാഗങ്ങളിലായി) ആരംഭിച്ചു. വ്യവസായ വാണിജ്യ ഡയറക്ടേറ്റിന്റെ

റിപ്പോർട്ടുകൾ പ്രകാരം ഏകദേശം 21,965 യൂണിറ്റുകൾ (സംരംഭകത്വ വർഷം 1.0,2.0, 3.0 യുടെ ഭാഗമായി 25/11/2024 വരെയുള്ള കണക്കുകൾ പ്രകാരം) ഉത്പാദന മേഖലയിൽ മാത്രം അഗ്രോ ഫുഡ് , പാനീയങ്ങൾ, മാംസം / മത്സ്യം ഉൽപന്നങ്ങൾ (47.5 ശതമാനം) ഉപമേഖലകളിലായി പ്രവർത്തിക്കുന്നു.

'ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (MoFPI), സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നിലവിലുള്ള സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ നവീകരണത്തിന് സാമ്പത്തികവും സാങ്കേതികവും ബിസിനസ്സ് പിന്തുണയും നൽകുന്നതിനായി Pradhan Manthri Formalisation of Micro Food Enterprises (PMFME) പദ്ധതി ആരംഭിച്ചു. വ്യവസായ വാണിജ്യ വകുപ്പ് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിഐപി) മുഖേന പിഎംഎഫ്എംഇ പദ്ധതി നടപ്പിലാക്കുന്നു, മൈക്രോ ഫുഡ് പ്രോസസിംഗ് സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി വിപുലീകരണത്തിനും നവീകരണത്തിനുമായി പരമാവധി 10.00 ലക്ഷം രൂപയിൽ നിജപ്പെടുത്തി പ്രോജക്റ്റ് ചെലവിന്റെ 35 ശതമാനം വരെ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡിയായി പദ്ധതി മുഖാന്തരം നൽകിവരുന്നു. പ്രവർത്തന മൂലധനം, ചെറുകിട ഉപകരണങ്ങൾ, പിന്നാക്ക-മുന്നോറ്റ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ഗ്രാന്റ്, പശ്ചാത്തല സൗകര്യങ്ങൾ, പൊതു അടിസ്ഥാന സൗകര്യങ്ങൾ, പാക്കേജിംഗ്, ബ്രാൻഡിംഗ്, വിപണനം തുടങ്ങിയവയ്ക്കുള്ള സഹായങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഫിഷറീസ്, ഡയറി, പൗൾട്രി, മറ്റ് അനുബന്ധ വിഭാഗങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട കാർഷിക ക്ലസ്റ്ററുകളിൽ ഉൾപ്പെടുന്ന പെട്ടെന്ന് നശിച്ചുപോകുന്ന ഉല്പന്നങ്ങളുടെ മൂല്യവർദ്ധനയാണ് പിഎംഎഫ്എംഇ പദ്ധതി ലക്ഷ്യംവയ്ക്കുന്നത്. 2020-21 മുതൽ 2024-25 വരെയുള്ള അഞ്ച് വർഷത്തിനിടെ പദ്ധതി നടപ്പിലാക്കുകയും 60:40 അനുപാതത്തിൽ കേന്ദ്ര സർക്കാരും സംസ്ഥാനവും പദ്ധതി വിഹിതം വഹിക്കുകയും ചെയ്തു. K-BIP റിപ്പോർട്ടുകൾ പ്രകാരം, MoFPI-യിൽ നിന്ന് 60 ശതമാനം GoI കേന്ദ്രസർക്കാർ വിഹിതമായി 19.52 കോടി രൂപയും കേരള സർക്കാരിൽ നിന്ന് 40 ശതമാനം സംസ്ഥാന വിഹിതമായി 13.01 കോടി രൂപയും, PMFME സ്കീമിലേക്ക് 2023-24 ൽ ലഭിച്ചു. സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ലഭിച്ച വ്യക്തിഗത അപേക്ഷകൾക്ക് അനുവദിച്ച വായ്പകളിൽ 2024 മാർച്ച് 31 വരെ ലക്ഷ്യത്തിന്റെ 102 ശതമാനം കൈവരിച്ച് കേരളം രാജ്യത്ത് മൂന്നാം സ്ഥാനത്താണ്. 3,466 സംസ്ഥാന ഗ്രാമീണ ഉപജീവന മിഷന്റെ (എസ്ആർഎൽഎം) ഗുണഭോക്താക്കൾക്കായി 10.68 കോടി രൂപയും സംസ്ഥാന നഗര ഉപജീവന മിഷൻ (എസ്‌യുഎൽഎം) 49 ഗുണഭോക്താക്കൾക്കായി 18 ലക്ഷം രൂപയും സീഡ് ക്യാപ്പിറ്റൽ ധന സഹായം വിതരണം നടത്തുകയും ചെയ്തു.

### കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)

സംസ്ഥാനത്തിനകത്തെ ഭക്ഷ്യ സംസ്കരണ മേഖലയുടെ പുരോഗതിയിൽ കിൻഫ്ര സജീവമായ പങ്ക് വഹിക്കുന്നുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് കിൻഫ്ര; വ്യവസായ വാണിജ്യ മന്ത്രാലയത്തിന്റെ "കയറ്റുമതി അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ പ്രവർത്തനങ്ങളും വികസിപ്പിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള സഹായം" (ASIDE) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ നോഡൽ ഏജൻസി കൂടിയാണ് കിൻഫ്ര. സംസ്ഥാനത്തുടനീളം നിരവധി ഭക്ഷ്യ അധിഷ്ഠിത പാർക്കുകൾ കിൻഫ്ര സ്ഥാപിച്ചിട്ടുണ്ട്. കിൻഫ്ര പാർക്കുകളിലെ ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.5.1** ൽ നൽകിയിരിക്കുന്നു.

### കിൻഫ്ര മെഗാ ഫുഡ് പാർക്ക്, പാലക്കാട്

മെഗാ ഫുഡ് പാർക്ക് പദ്ധതിയ്ക്ക് (എംഎഫ് പി എസ്) അനുസൃതമായി പാലക്കാട് കഞ്ചിക്കോട് 79.42 ഏക്കറിൽ 43 വർക്കിംഗ് യൂണിറ്റുകളുള്ള ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള കിൻഫ്രയുടെ നിർദ്ദേശത്തിന് ഭാരത സർക്കാർ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (എം ഒ എഫ് പി ഐ) അംഗീകാരം നൽകി. 119.02 കോടി രൂപയാണ് പ്രതീക്ഷിത പദ്ധതി ചെലവ്. 50 കോടി രൂപയാണ് ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം നൽകുന്ന സഹായം. ഇതുവരെ 22,942.075 ലക്ഷം രൂപയുടെ നിക്ഷേപം സമാഹരിച്ച് പാർക്കിന് 49.28 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. 1,350 പേർക്ക് ഈ പാർക്കിലൂടെ തൊഴിൽ നൽകുന്നു. പാർക്കിലെ ആവശ്യം കണക്കിലെടുത്ത്, പാർക്കിനോട് ചേർന്നുള്ള 18.1 ഏക്കർ സ്ഥലം പദ്ധതിയുടെ രണ്ടാം ഘട്ടമായി വികസിപ്പിക്കുന്നു. ലഭ്യമായ 13.55 ഏക്കറിൽ 4.85 ഏക്കർ ഭൂമിയാണ് റൈസ് പാർക്കിനായി അനുവദിച്ചിരിക്കുന്നത്. ആദ്യഘട്ടത്തിൽ ലഭ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും പ്രയോജനപ്പെടുത്തി രണ്ടാം ഘട്ടം വികസിപ്പിക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്.

### കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, കാക്കഞ്ചേരി (മലപ്പുറം)

മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലുള്ള കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്കിൽ 72 ഏക്കർ വിസ്തൃതിയിൽ 44 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുവരെ പാർക്കിലൂടെ 14,977.53 ലക്ഷം രൂപയുടെ നിക്ഷേപം സമാഹരിക്കുകയും 36.95 ഏക്കർ സ്ഥലവും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 1,479 ആൾക്കാർ പാർക്കിൽ ജോലി ചെയ്യുന്നു.

### കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, അടൂർ (പത്തനംതിട്ട)

പത്തനംതിട്ട ജില്ലയിലെ അടൂരിൽ 15 ഏക്കറിൽ ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ കിൻഫ്രയുടെ ഭക്ഷ്യ സംസ്കരണ പാർക്ക് വികസിപ്പിച്ചു. ഏകദേശം 12.37 ഏക്കർ സ്ഥലം അനുവദിച്ച് 156 യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു. ഏകദേശം 5936 ലക്ഷം രൂപയുടെ നിക്ഷേപമാണ് പാർക്ക് ഇതുവരെ സമാഹരിച്ചത്.

### ഫുഡ് ആൻഡ് സ്പൈസസ് പാർക്ക്, മുട്ടം, (തൊടുപുഴ, ഇടുക്കി)

ഇടുക്കി ജില്ലയിലെ തൊടുപുഴയിലെ മുട്ടത്ത് 33.20 ഏക്കർ സ്ഥലത്താണ് കിൻഫ്ര ഈ പാർക്ക് സ്ഥാപിക്കുന്നത്. പാർക്കിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ, 15 ഏക്കറിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി 2023 ഒക്ടോബർ 14-ന് ഉദ്ഘാടനം ചെയ്തു. സുഗന്ധവ്യഞ്ജനങ്ങൾക്കും അവയുടെ മൂല്യവർധിത ഉൽപന്നങ്ങൾക്കും ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കും പ്രവർത്തനത്തിന്

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കിൻഫ്ര ഒരുക്കിയിട്ടുണ്ട്. ഈ വ്യാവസായിക പാർക്കിന്റെ ആദ്യഘട്ടത്തിൽ ഏകദേശം 9.5 ഏക്കർ ഭൂമി അനുവദിക്കാൻ തീരുമാനിച്ചിരുന്നു, ഇതിൽ 13 യൂണിറ്റുകൾക്കായി 7.56 ഏക്കർ ഭൂമി അനുവദിച്ചു. ഏകദേശം 112.54 കോടി രൂപയുടെ സ്വകാര്യ നിക്ഷേപം പാർക്ക് സമാഹരിക്കുകയും, 545 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

**ചെറുകിട വ്യവസായ പാർക്ക്, നെല്ലാട്, എറണാകുളം**

എറണാകുളം ജില്ലയിലെ കുന്നത്തുനാട്ടിലെ നെല്ലാടിൽ 32.9 ഏക്കറിലാണ് കിൻഫ്രയുടെ ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക് ആരംഭിച്ചത്. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കിൻഫ്ര ഒരുക്കിയിട്ടുണ്ട്. ഏകദേശം 34,607 ചതുരശ്ര അടി വിസ്തീർണ്ണം വ്യവസായ യൂണിറ്റുകൾക്കായി അനുവദിച്ചു. ഏകദേശം 40 യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു. പാർക്ക് 8529.33 ലക്ഷം രൂപയുടെ സ്വകാര്യ നിക്ഷേപം സമാഹരിക്കുകയും 1,151 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. കെഎസ്ഐഡിസി

**മെഗാ ഫുഡ് പാർക്ക്, ആലപ്പുഴ**

കേരളസ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്ഐഡിസി) കടൽ-ഭക്ഷ്യ സംസ്കരണ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ചേർത്തലയിലെ പള്ളിപ്പുറത്തെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ ഒരു മെഗാ ഫുഡ് പാർക്ക് വികസിപ്പിച്ചുവരുന്നു. പ്രസ്തുത മെഗാ ഫുഡ് പാർക്ക് പദ്ധതിയിലൂടെ കോൾഡ് സ്റ്റോറേജ്, ഡിബോണിംഗ്, ഡീപ് ഫ്രീസർ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (എസ്ഡിഎഫ്), കോമൺ ഫെസിലിറ്റി സെന്റർ (സിഎഫ്സി), ഇൻഡസ്ട്രിയൽ ഷെഡ് തുടങ്ങിയ പൊതു അടിസ്ഥാന സൗകര്യങ്ങൾ സമുദ്ര ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് ലഭ്യമാകും. ശക്തമായ ബാക്ക്‌വേർഡ് ഫോർവേഡ് ലിങ്കേജുള്ള ടി പദ്ധതി ഹബ്, സ്പോക്ക് മോഡലിനെ അടിസ്ഥാനമാക്കിയുള്ളതാണ്. ഭക്ഷ്യ സംസ്കരണ വ്യവസായം സ്ഥാപിക്കുന്നതിന് ആധുനിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യം. അതിൽ മൂന്ന് സുപ്രധാന ഘടകങ്ങൾ അടങ്ങിയിരിക്കുന്നു - സെൻട്രൽ പ്രോസസ്സിംഗ് സെന്റർ (CPC) ഹബ് ആയും, അഗ്രോ ലോജിസ്റ്റിക്സ് നെറ്റ്‌വർക്ക് വഴി ബന്ധിപ്പിച്ചിരിക്കുന്ന പ്രൈമറി പ്രോസസ്സിംഗ് സെന്ററുകളും (PPC), കളക്ഷൻ സെന്ററുകളും(CC) സ്പോക്കായും പ്രവർത്തിക്കുന്നു. സമുദ്ര-ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്കും അനുബന്ധ മേഖലകളിലെ വ്യവസായ യൂണിറ്റുകൾക്കും 30 വർഷത്തെ പാട്ടക്കാലവധിയ്ക്ക് ഭൂമി അനുവദിക്കും. പദ്ധതിയുടെ ആകെ ചെലവ് 128.49 കോടി രൂപയും ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (എംഒഎഫ്പിഐ) 50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 36 യൂണിറ്റുകൾക്കായി ആകെ 84.03 ഏക്കർ ഭൂമി അനുവദിച്ചു, ഇതിൽ 17 യൂണിറ്റുകൾ പൂർണ്ണമായി പ്രവർത്തിക്കുകയും ബാക്കിയുള്ളവ നിർമ്മാണ ഘട്ടത്തിലുമാണ്. 21,013 ചതുരശ്ര അടി വിസ്തീർണമുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, 8,549 ചതുരശ്ര അടി വിസ്തീർണമുള്ള ഇൻഡസ്ട്രിയൽ ഷെഡ് എന്നിവയും അഞ്ച് യൂണിറ്റുകൾക്കായി അനുവദിച്ചു. ഇതിൽ മൂന്ന് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മെഗാ ഫുഡ് പാർക്ക് പൂർണതോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ മൊത്തം 600 കോടി രൂപയുടെ നിക്ഷേപവും 3,000 പേർക്ക് നേരിട്ടുള്ള തൊഴിലവസരങ്ങളും പദ്ധതി സാക്ഷാത്ക്കരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**NCHC മുഖേന ഭക്ഷ്യസുരക്ഷാ സംവിധാനം നടപ്പിലാക്കുക**

നാഷണൽ സെന്റർ ഫോർ എച്ച്എ സിസിപി സർട്ടിഫിക്കേഷൻ (എൻസിഎച്ച്സി) കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനുമായി (കെ-ബിഐപി) സഹകരിച്ച് കേരളത്തിലെ വിവിധ ഭക്ഷ്യ സംസ്കരണ യൂനിറ്റുകളിലും അനുബന്ധ യൂണിറ്റുകളിലും ഓഡിറ്റിംഗ്, സർട്ടിഫിക്കേഷൻ, റീസർട്ടിഫിക്കേഷൻ എന്നിവ നടത്തിവരുന്നു. നാഷണൽ സെന്റർ ഫോർ എച്ച്എസിസിപി സർട്ടിഫിക്കേഷൻ (എൻസിഎച്ച്സി) കേരള കമ്മീഷണറേറ്റ് ഓഫ് ഫുഡ് സേഫ്റ്റിയുമായി സഹകരിച്ച് സംസ്ഥാനത്തുടനീളം ഭക്ഷ്യ സുരക്ഷയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

**ഭക്ഷ്യ സംസ്കരണ മേഖലയിലെ പ്രധാന വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും**

ഭക്ഷ്യ സംസ്കരണ മേഖല സങ്കീർണ്ണമായ വെല്ലുവിളികൾ നേരിടുന്നു, ആയതിന് ലക്ഷ്യബോധത്തോടെയുള്ള അടിയന്തര ഇടപെടൽ ആവശ്യമാണ്. ഭക്ഷ്യസംസ്കരണ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ പ്രാഥമിക സംസ്കരണം, സംഭരണ-വിതരണ സൗകര്യങ്ങളുടെ അഭാവം, ഉൽപന്ന വികസനത്തിന്റെ അഭാവം, നൂതന ആശയങ്ങളുടെ അഭാവം എന്നിവയാണ്. വലിയതോതിൽ, ഭക്ഷ്യ സംസ്കരണത്തിൽ ഗുണനിലവാരവും സുരക്ഷാ മാനദണ്ഡങ്ങളും നിലനിർത്തുന്നതിൽ വ്യവസായം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നിക്ഷേപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഇല്ലാത്തവയാണ് ഈ മേഖലയിലെ ഭൂരിഭാഗം സൂക്ഷ്മ ചെറുകിട വ്യവസായങ്ങളും. ഈ വെല്ലുവിളികളെ അതിജീവിക്കുന്നതിന്, ലക്ഷ്യാധിഷ്ഠിതമായ പ്രോത്സാഹനങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, സംസ്കരണ ശേഷിയിലെ നിക്ഷേപം എന്നിവ ഉൾപ്പെടെ ധീരവും നിർണായകവുമായ പ്രവർത്തനം ആവശ്യമാണ്. വിതരണ ശൃംഖലയുടെ വിവിധ ഘടകങ്ങളായ ഗ്രേഡിംഗ്, പാക്കിംഗ് സെന്ററുകൾ, നിയന്ത്രിത അന്തരീക്ഷ സൗകര്യങ്ങൾ, റീഫർ വാനുകൾ, തുറമുഖങ്ങൾ/വിമാനത്താവളങ്ങൾ/റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ പെട്ടെന്ന് നശിക്കുന്ന ഉല്പന്നങ്ങൾക്കായുള്ള കോൾഡ് സ്റ്റോറേജ്, ടെസ്റ്റിംഗ് ലബോറട്ടറികൾ, ഗവേഷണവും വികസനവും, നൈപുണ്യ പരിശീലനം നൽകൽ, വിപണന പിന്തുണ പോലുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, സേവനങ്ങൾ എന്നിവയിൽ ഗണ്യമായ നിക്ഷേപം ആവശ്യമായി വരും.

പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, സമുദ്രോത്പന്നങ്ങൾ എന്നീ വിഭവങ്ങളിൽ കേരളത്തിന് വൈവിധ്യമുണ്ട്, അത് ജനങ്ങളുടെ ഭക്ഷണ ശീലങ്ങളിലെ വൈവിധ്യത്തെയും ഉയർന്ന വാങ്ങൽ ശേഷിയെയും പൂരകമാക്കുന്നു. ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന പ്രവാസി മലയാളികളുടെ എണ്ണവും ആഭ്യന്തര വിപണിയിൽ സംസ്കരിച്ച ഭക്ഷണത്തിനുള്ള കാര്യമായ ആവശ്യകതയും കണക്കിലെടുക്കുമ്പോൾ,

ഭക്ഷ്യ സംസ്കരണ വ്യവസായത്തിൽ കയറ്റുമതി ഉൾപ്പെടെയുള്ള വലിയ സാധ്യതകളുണ്ട്. ഈ സാധ്യതകൾ പൂർണ്ണമായി സാക്ഷാത്കരിക്കുന്നതിന്, കർഷകരെയും പ്രോസസ്സർമാരെയും റീട്ടെയിലർമാരെയും ഒരുമിച്ച് കൊണ്ടുവന്ന് കാർഷിക ഉൽപാദനത്തെ വിപണിയുമായി ബന്ധിപ്പിക്കേണ്ടത് പ്രധാനമാണ്. ഇതോടൊപ്പം കൃത്യമായ വിപണന തന്ത്രങ്ങൾ, അത്യാധുനിക സാങ്കേതിക വിദ്യകൾ സ്വീകരിക്കൽ, നിശ്ചിത വിലയിൽ കർഷകരിൽ നിന്ന് നിർദ്ദിഷ്ട ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്ന അസംസ്കൃത വസ്തുക്കളുടെ സ്ഥിരമായ ലഭ്യത എന്നിവ ഉറപ്പാക്കണം. ഗവൺമെന്റ് നൽകുന്ന പിന്തുണയും സമീപ വർഷങ്ങളിൽ ഈ വിഭാഗം കൈവരിച്ച പുരോഗതിയും കണക്കിലെടുക്കുമ്പോൾ, വരും വർഷങ്ങളിൽ ഭക്ഷ്യ സംസ്കരണം മികച്ച രീതിയിൽ നടക്കുമെന്ന് പ്രതീക്ഷിക്കാം.

# 4.6 പരമ്പരാഗത വ്യവസായങ്ങൾ

### കരകൗശല മേഖല

ഗ്രാമീണ, അർദ്ധ നഗര പ്രദേശങ്ങളിലെ കരകൗശല തൊഴിലാളികളുടെ ഒരു വലിയ വിഭാഗത്തിന് തൊഴിൽ നൽകുന്നതിലൂടെയും വിദേശനാണ്യം സമ്പാദിക്കുന്നതിലൂടെയും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കരകൗശല മേഖല പ്രമുഖവും സുപ്രധാനവുമായ പങ്ക് വഹിക്കുന്നു. കരകൗശല മേഖലയിൽ 68.86 ലക്ഷം കരകൗശല വിദഗ്ധർ തൊഴിൽ ചെയ്യുന്നു, അതിൽ 38.61 ലക്ഷം കരകൗശല വിദഗ്ധർ (56.1%) സ്ത്രീകളാണ്(ഉറവിടം: വാർഷിക റിപ്പോർട്ട് 2022-23, ടെക്സ്റ്റൈൽ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്). ദേശീയ കരകൗശല വികസന പദ്ധതി (NHDP), സമഗ്ര കരകൗശല ക്ലസ്റ്റർ വികസന പദ്ധതി (CHCDS) തുടങ്ങിയ ഉദ്യമങ്ങളിലൂടെ കരകൗശല മേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി ഭാരത സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

### കേരളത്തിലെ കരകൗശല വ്യവസായം

ആനക്കൊമ്പ്, മുള, പനയോല, കക്ക, മരം, തൊണ്ടുകൾ, കളിമണ്ണ്, തുണി, കയർ, ലോഹങ്ങൾ, കല്ല്, ലാക്വർ വെയർ തുടങ്ങി വിവിധതരം വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച കരകൗശല വസ്തുക്കളാൽ സമ്പന്നമായ പാരമ്പര്യം കേരളത്തിനുണ്ട്. ആനകൊമ്പ് കൊണ്ടുള്ള കൊത്തുപണി, മരവും കൊമ്പും കൊണ്ടുള്ള കൊത്തുപണി, ബെൽ മെറ്റൽ കാസ്റ്റിംഗ്, ഹാൻഡ് എംബ്രോയ്ഡറി, ചിരട്ട കൊണ്ടുള്ള കൊത്തുപണി എന്നിവ ഉൾപ്പെടെ വ്യാവസായികമായി പ്രാധാന്യമുള്ള 32 തനത് കരകൗശല വസ്തുക്കൾ കേരളത്തിലുണ്ട്. കേരളത്തിലെ കരകൗശല വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രധാന ഏജൻസികളാണ് കേരള സ്റ്റേറ്റ് ഹാൻഡി ക്രാഫ്റ്റ്സ് അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി), കരകൗശല വികസന കോർപ്പറേഷൻ ഓഫ് കേരള (എച്ച്ഡിസികെ), കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) എന്നിവ.

### കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി)

പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളുടെ പരമോന്നത സംഘടനയാണ് 'സുരഭി'. കരകൗശല ത്തൊഴിലാളികളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക, ഭാരത സർക്കാരിന്റെയും കേരള സർക്കാരിന്റെയും ക്ഷേമ പദ്ധതികളിലൂടെ അവരെ പിന്തുണയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സുരഭി സ്ഥാപിച്ചിരിക്കുന്നത്. സംസ്ഥാനത്തിനകത്തും പുറത്തുമായി സുരഭിയുടെ കീഴിൽ 38 സഹകരണ സംഘങ്ങളും 8 ഷോറൂമുകളുമുണ്ട്. കൂടാതെ എറണാകുളത്ത് ഒരു കരകൗശല വികസന കേന്ദ്രവും ഒരു പൊതു സൗകര്യ കേന്ദ്രവും പ്രവർത്തിക്കുന്നു. 2023-24ൽ 25,000 തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ആകെ 69.28 ലക്ഷം രൂപയുടെ വരുമാനം സൊസൈറ്റി നേടുകയുണ്ടായി. വിശദാംശങ്ങൾ **അനുബന്ധം 4.6.1** ൽ നൽകിയിരിക്കുന്നു.

### കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എച്ച് ഡി സി കെ)

കരകൗശല ഉൽപന്നങ്ങൾ സംഭരിക്കുന്നതിലും വിപണനം ചെയ്യുന്നതിലും കരകൗശല തൊഴിലാളികൾക്ക് ന്യായമായ വരുമാനം ഉറപ്പാക്കുന്നതിലും സർക്കാർ പിന്തുണയോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കരകൗശല വികസന കോർപ്പറേഷൻ (എച്ച്ഡിസികെ). തിരുവനന്തപുരത്തെ ശ്രീമൂലം ഷഷ്ട്യബ്ദപൂർത്തി മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് (എസ്എംഎസ്എംഐ) ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ

എച്ച്ഡിസികെ ഷോറൂമുകളും, സംസ്ഥാനത്തുടനീളവും ഇന്ത്യയിലെ മറ്റ് പ്രധാന സ്ഥലങ്ങളിലുമായി പ്രവർത്തിക്കുന്ന 19 കൈരളി എംപോറിയ ഔട്ട്ലെറ്റുകളും ഉണ്ട്. വിപണനത്തിനുപുറമെ, കേന്ദ്ര സർക്കാരിന്റെയും കേരള സർക്കാരിന്റെയും ക്ഷേമപദ്ധതികളിലൂടെ കരകൗശലത്തൊഴിലാളികളെ കരകൗശല വികസന കോർപ്പറേഷൻ പിന്തുണയ്ക്കുന്നു. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) വായ്പാ പദ്ധതികൾക്ക് കീഴിൽ കരകൗശല തൊഴിലാളികൾക്ക് അവരുടെ മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കോർപ്പറേഷൻ ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ, ഭാരത സർക്കാരിന്റെ പിന്തുണയോടെ, കോർപ്പറേഷൻ കരകൗശലത്തൊഴിലാളികൾക്കായി ക്ഷേമപദ്ധതികളും പരിശീലന പരിപാടികളും നടത്തുകയും കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുകയും, ടൂൾ കിറ്റുകൾ വിതരണം ചെയ്യുകയും, പ്രധാന സ്ഥലങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും എക്സിബിഷനുകൾ/ ക്രാഫ്റ്റ് ബാസാറുകൾ എന്നിവ സംഘടിപ്പിച്ച് കരകൗശല വസ്തുക്കൾക്ക് വിപണന സൗകര്യങ്ങൾ നൽകുകയും ചെയ്തുവരുന്നു. 2023-24ൽ കോർപ്പറേഷൻ 1,500 ലക്ഷം രൂപയുടെ വിൽപ്പന വിറ്റുവരവ് ലക്ഷ്യമിട്ടിരുന്നുവെങ്കിലും മൊത്തം വിൽപന 856.00 ലക്ഷം രൂപ ആയിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് വിൽപ്പനയിൽ 21 ലക്ഷം രൂപയുടെ വർദ്ധനവുണ്ടായി. 2023-24 ൽ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ എണ്ണം 67 ആയിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.2** ൽ നല്കിയിരിക്കുന്നു.

### കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)

1981-ൽ സ്ഥാപിതമായതും 1956-ലെ കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയാണ് കേരള സ്റ്റേറ്റ് ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ). മരപ്പണിക്കാർ, സ്വർണ്ണപ്പണിക്കാർ, കമ്മാരപ്പണിക്കാർ, കശവന്മാർ, കല്ലണിക്കാർ, ചെമ്പ്/ വെങ്കലം, മറ്റ് കരകൗശല വസ്തുക്കൾ എന്നിവയിൽ ജോലി ചെയ്യുന്നവർ എന്നിവരുൾപ്പെടെയുള്ള കേരളത്തിലെ തദ്ദേശീയരായ കരകൗശലത്തൊഴിലാളികളുടെ ഉന്നമനമാണ് കാഡ്കോയുടെ പ്രാഥമിക ലക്ഷ്യം. വിവിധ തരത്തിലുള്ള കരകൗശലത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി കോഴിക്കോട് നടവന്നൂരിലും, കൊല്ലത്തെ ഉമയനല്ലൂരിലുമുള്ള കാഡ്കോയുടെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആശാരിപ്പണിക്കുള്ള കോമൺ ഫെസിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നു. ഗുണഭോക്താക്കൾക്ക് അവരുടെ ഉപജീവനത്തിനായി സൗകര്യമൊരുക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള ശ്രമത്തിന്റെ ഭാഗമായി, രജിസ്ട്രേഷൻ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ ലേബർ ഡാറ്റ ബാങ്ക് കാഡ്കോ ആരംഭിച്ചു. തിരിച്ചറിയപ്പെടാത്ത കഴിവുകൾ മനസ്സിലാക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും അതത് മേഖലകളിൽ ശരിയായ പരിശീലനം നൽകുന്നതിനും, വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾക്കും ഡാറ്റാ ബാങ്ക് സഹായകരമാകും. ഗുണഭോക്താക്കളെ സംഘടിപ്പിക്കുന്നതിനും അവരുടെ വിജയത്തിന് ആവശ്യമായ പിന്തുണ അവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുമുള്ള ആദ്യപടിയാണ് ഈ സമീപനം.

പിന്നോക്ക വിഭാഗങ്ങളിൽപെട്ടവരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുമായ സ്ത്രീകൾക്ക് വിവിധ വരുമാനദായക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് 5 ശതമാനം നാമമാത്ര പലിശ നിരക്കിൽ ഒരു ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വായ്പകൾ വിതരണം ചെയ്യുന്നതിനായി NBCFDC-യുടെ സംസ്ഥാന ചാനലിംഗ് ഏജൻസി (SCA) ആണ് KADCO.. ആർട്ടിസാൻ യൂണിറ്റുകൾക്ക് നവീകരണത്തിനും പുതിയ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമായി 5 ലക്ഷം രൂപ വരെ വായ്പ നൽകും. കാഡ്കോയുടെ 2023-24 ലെ കണക്കുകൾ പ്രകാരം, സൃഷ്ടിച്ച തൊഴിൽ അവസരങ്ങളുടെ എണ്ണം 1.78 (താൽക്കാലികം) ലക്ഷവും വിറ്റുവരവ് 4,811.93 ലക്ഷം രൂപയും ലാഭം 85.92 ലക്ഷംരൂപയുമാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.3** ൽ നൽകിയിരിക്കുന്നു

### മുള വ്യവസായം

വിവിധ ഉപയോഗങ്ങളുള്ളതും പരിസ്ഥിതി സൗഹാർദ്ദവും പുനർ വിനിയോഗ സാദ്ധ്യതയുമുള്ള ഒരു വിഭവമാണ് മുള. കേരളത്തിൽ, 28 വിവിധ ഇനം മുളകൾ ലഭ്യമാണ്. കേരളത്തിലെ വനങ്ങളിൽ നിന്നുള്ള മുള കുറഞ്ഞ നിരക്കിൽ പ്രാധാനമായും പൾപ്പ്, റയോൺ യൂണിറ്റുകൾക്കാണ് നൽകുന്നത്. 67.3 ശതമാനം മുളയും വനങ്ങളിൽ നിന്നല്ല മറിച്ച് പ്രാദേശിക തോട്ടങ്ങളിൽ നിന്നാണ് ലഭിക്കുന്നത് എന്നതാണ് കേരളത്തിലെ മുള മേഖലയുടെ പ്രത്യേകത.

### കേരള സ്റ്റേറ്റ് ബാംബൂ മിഷൻ

കേരള സ്റ്റേറ്റ് ബാംബൂ മിഷൻ (KSBM), സംസ്ഥാനത്തിന്റെ മുള വികസന ഏജൻസി (BDA)ആയി വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ 2003-ൽ രൂപീകരിച്ചു. കെ-ബിഐപിയിൽ പ്രവർത്തിച്ചുവരുന്ന കേരള സ്റ്റേറ്റ് ബാംബൂ മിഷൻ, സംസ്ഥാനത്തിന്റെ ചിതറിക്കിടക്കുന്ന വിഭവങ്ങൾ ഏകീകരിക്കുന്നതിനും കേന്ദ്രീകൃതമായി കൈകാര്യം ചെയ്യുന്നതിനുമുള്ള വിശാലമായ ലക്ഷ്യത്തോടെ കെഎസ്ബിഎം, കേന്ദ്ര സർക്കാരിന്റെ കൃഷി, കർഷക ക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്രാവിഷ്കൃത ദേശീയ മുള മിഷൻ പദ്ധതിയും നടപ്പിലാക്കുന്നു. സംസ്ഥാനത്തെ മുള വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും, മൂല്യ വർദ്ധനവ്, വരുമാനവർദ്ധനവ്, ദാരിദ്ര്യനിർമ്മാർജനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും മിഷൻ ലക്ഷ്യമിടുന്നു. കെ-ബിഐപി മുഖേന കെഎസ്ബിഎം ആരംഭിച്ച ഉദ്യമങ്ങളിൽ മുള അധിഷ്ഠിത സംരംഭകത്വത്തിന്റെ പ്രചാരണവും പ്രോത്സാഹനവും ഉൾപ്പെടുന്നു. കൂടാതെ ആവശ്യമായ പിന്തുണാ സേവനങ്ങൾ നൽകി, മുള വ്യവസായ മേഖലയിലെ നൂതന ഉൽപ്പന്നങ്ങൾക്ക് പുതിയ രൂപകൽപന, യന്ത്രവൽകൃതമാർഗങ്ങളിലൂടെ നിലവിലുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഉൽപ്പന്നങ്ങളെ മെച്ചപ്പെടുതൽ എന്നിവയും ഉൾപ്പെടുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ KSBM ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ താഴെപറയുന്നു.

- നൈപുണ്യ വികസന പരിപാടിയുടെ ഭാഗമായി, എൻജിഒകൾ / സൊസൈറ്റികൾ /മുള / മുള ഗ്രൂപ്പുകൾ മുഖേന മുള കരകൗശല വസ്തുക്കളെക്കുറിച്ചുള്ള 10 നൈപുണ്യ വികസന പരിശീലന പരിപാടികളും

എൻബിഎം പദ്ധതി പ്രകാരം തൃശ്ശൂരിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (കെഎഫ്ആർഐ) മുള പ്രചരിപ്പിക്കലിനെക്കുറിച്ചുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചു.

- തിരഞ്ഞെടുക്കപ്പെട്ട 30 കരകൗശല വിദഗ്ധർക്ക് പരിശീലകരാകുന്നതിനുള്ള ഒരു ഡിസൈൻ ഡെവലപ്മെന്റ് കം ട്രെയിനിംഗ് (ToT) പ്രോഗ്രാം സംഘടിപ്പിച്ചു.
- വട്ടലക്കി സൊസൈറ്റി, (അട്ടപ്പാടി, പാലക്കാട്), വെൺമണി ബാംബൂ സൊസൈറ്റി, (ഇടുക്കി ജില്ല) എന്നിവയിലെ അംഗങ്ങൾക്കായി എൻബിഎം സ്കീമിന് കീഴിൽ ബെംഗളൂരുവിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിൽ ഒരു ഡിസൈൻ ആൻഡ് സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു.
- 200 സ്റ്റാളുകളും 386 പങ്കാളികളും ഉൾക്കൊള്ളുന്ന 'കേരള ബാംബൂ ഫെസ്റ്റിന്റെ' വാർഷിക മെഗാ ഇവന്റിന്റെ 20-ാം പതിപ്പ് കേരള സ്റ്റേറ്റ് ബാംബൂ മിഷൻ സംഘടിപ്പിച്ചു. ജപ്പാനിൽ നിന്നുള്ള കരകൗശല വിദഗ്ധരുടെ അന്താരാഷ്ട്ര പങ്കാളിത്തമായിരുന്നു ഇരുപതാം പതിപ്പിന്റെ പ്രത്യേകത.
- 2024 ജനുവരി 12 & 13 തീയതികളിൽ ദേശീയ ബാംബൂ മിഷൻ, മറ്റ് സംസ്ഥാന ബാംബൂ മിഷനുകൾ എന്നിവയുമായി സഹകരിച്ച് മുള മേഖലയെക്കുറിച്ചുള്ള ദേശീയതല സെമിനാർ നടത്തി.
- 2023 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ 2023-ൽ തങ്ങളുടെ മുള ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിൽ കേരളത്തിൽ നിന്നുള്ള കരകൗശല വിദഗ്ധർ/ശില്പികൾ തുടങ്ങിയവരുടെ പങ്കാളിത്തം സാധ്യമാക്കി. കൊമേഴ്സ്യൽ ഏരിയ വിഭാഗത്തിലെ 'മികച്ച പ്രദർശകനുള്ള' അവാർഡ് കെഎസ്ബിഎം സ്റ്റാളിന് ലഭിച്ചു. .
- 2023 സെപ്റ്റംബർ 9 & 10 തീയതികളിൽ ന്യൂഡൽഹിയിൽ നടന്ന G20 നേതാക്കളുടെ ഉച്ചകോടിയോടനുബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ വിദേശകാര്യ മന്ത്രാലയം സംഘടിപ്പിച്ച ഇന്ത്യൻ കരകൗശല ബസാറിൽ (എക്സിബിഷൻ കം സെയിൽ) കേരള സ്റ്റേറ്റ് ബാംബൂ മിഷൻ പങ്കെടുത്തു.

### കേരള ബാംബൂ ഫെസ്റ്റ് 2024

മുള വ്യവസായ മേഖലയുടെ വിപണന വികസനത്തിനായി കേരള സ്റ്റേറ്റ് ബാംബൂ മിഷൻ നടത്തുന്ന പ്രധാന ഉദ്യമങ്ങളിലൊന്നാണ് കേരള സ്റ്റേറ്റ് ബാംബൂ ഫെസ്റ്റ്. സംസ്ഥാനത്തെ മുള കരകൗശല വിദഗ്ധർക്കും യൂണിറ്റുകൾക്കും രാജ്യത്തുടനീളമുള്ള കരകൗശല വിദഗ്ധരുമായി ആശയവിനിമയം നടത്താനും ആശയങ്ങൾ കൈമാറാനും അറിവ് പങ്കിടാനും പങ്കാളിത്തം വളർത്താനും ഇത് അവസരവും വേദിയും നൽകുന്നു. കേരള സർക്കാരിന്റെ വ്യവസായ-വാണിജ്യ വകുപ്പിനെ പ്രതിനിധീകരിച്ച് കേരള സ്റ്റേറ്റ് ബാംബൂ മിഷൻ (കെഎസ്ബിഎം) ദേശീയ ബാംബൂ മിഷനും കെ-ബിഐപിയും ചേർന്ന് കേരള സ്റ്റേറ്റ് ബാംബൂ ഫെസ്റ്റിന്റെ 20-ാമത് എഡിഷൻ 2024 ജനുവരി 12 മുതൽ 17 വരെ എറണാകുളം കലൂർ ജവഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയത്തിൽ സംഘടിപ്പിച്ചു. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള 386 കരകൗശല വിദഗ്ധർ/കൈതൊഴിലളികൾ/സർക്കാരിതര സംഘടനകൾ എന്നിവർ അവരുടെ ഉൽപ്പന്നങ്ങൾ മേളയിൽ പ്രദർശിപ്പിച്ചു. മുള കൃഷിയുടെയും സംരക്ഷണത്തിന്റെയും പ്രാധാന്യം ഊന്നിപ്പറയുന്ന വിവിധ മുള ഇനങ്ങളും തൈകളും ഉൾപ്പെടെയുള്ള മുള ഉൽപന്നങ്ങളുടെ ഒരു നിരയാണ് ചടങ്ങിൽ അവതരിപ്പിച്ചത്. ഈ വർഷം, ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (JICA) വഴി നാമനിർദ്ദേശം ചെയ്യപ്പെട്ട ജപ്പാനിൽ നിന്നുള്ള രണ്ട് മുള കരകൗശല വിദഗ്ധർ അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ചതിലൂടെ മേളയുടെ അന്താരാഷ്ട്ര സാധ്യത വിപുലീകരിച്ചു.

### ദേശീയ സെമിനാർ 2024

കേരള ബാംബൂ ഫെസ്റ്റിന്റെ 20-ാമത് എഡിഷനോട് അനുബന്ധിച്ച്, 2024 ജനുവരി 12, 13 തീയതികളിൽ കൊച്ചിയിൽ വെച്ച് ബാംബൂ മേഖലയുമായി ബന്ധപ്പെട്ട് ദ്വിദിന ദേശീയതല സെമിനാർ സംഘടിപ്പിക്കപ്പെട്ടു. കേന്ദ്ര ഗവൺമെന്റിന്റെ കൃഷി & കർഷക ക്ഷേമ വകുപ്പിന് കീഴിലുള്ള നാഷണൽ ബാംബൂ മിഷനുമായി സഹകരിച്ച് കേരള സ്റ്റേറ്റ് ബാംബൂ മിഷൻ ആണ് സെമിനാർ സംഘടിപ്പിച്ചത്. മുള വ്യവസായ മേഖലയിലെ നൂതന വികസനങ്ങളിൽ സെമിനാർ ശ്രദ്ധ കേന്ദ്രീകരിച്ചു. മുള കരകൗശല വിദഗ്ധർ / കൈതൊഴിലാളികൾ, സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ദേശീയ ബാംബൂ മിഷൻ, വിവിധ സ്റ്റേക്ക്ഹോൾഡേഴ്സ് എന്നിവരടങ്ങുന്ന 130 പ്രതിനിധികളുടെ പങ്കാളിത്തത്തിന് സെമിനാർ സാക്ഷ്യം വഹിച്ചു.

### കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ

കേരളത്തിലെ പരമ്പരാഗത മുള തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനും ഉന്നമനത്തിനും വേണ്ടി 1971-ൽ സ്ഥാപിതമായ ഒരു സ്ഥാപനമാണ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ. മുള, ഈറ്റ, ചൂരൽ, ഈറ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, മുളയധിഷ്ഠിത ഉൽപന്നങ്ങളുടെ നിർമ്മാണവും വ്യാപാരവും ഏറ്റെടുക്കുന്നതിനും, പരമ്പരാഗത മുള തൊഴിലാളികൾക്ക് സാമ്പത്തികവും സാങ്കേതികവും മറ്റ് സഹായങ്ങളും നൽകുക എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിൽ പതിനായിരത്തോളം മുള തൊഴിലാളികൾക്ക് കോർപ്പറേഷൻ സേവനം നൽകുന്നു, ഈ തൊഴിലാളികളിൽ ഭൂരിഭാഗവും സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ളവരാണ്.

സർക്കാർ വനഭൂമിയിൽ നിന്ന് ഗുണമേന്മയുള്ള ഈറ്റകൾ ശേഖരിക്കുക, പരമ്പരാഗത മുള നെയ്ത്തുകാർക്ക് സബ്സിഡി നിരക്കിൽ വായ്പാടിസ്ഥാനത്തിൽ വിതരണം ചെയ്യുക, നെയ്ത്തുകാരിൽ നിന്ന് നെയ്ത പായകൾ വാങ്ങുക എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ. മുളകൊണ്ടുള്ള പായ, മുളകൊണ്ടുള്ള പാളികൾ, മുളകൊണ്ടുള്ള പരന്ന ബോർഡുകൾ, മുളകൊണ്ടുള്ള ഫ്ലോറിങ് ടൈൽ, മുളകൊണ്ടുള്ള ഫർണിച്ചറുകൾ, കരകൗശല വസ്തുക്കൾ എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന ഉൽപ്പന്നങ്ങൾ.

പായ നെയ്യുന്നതിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ മുളകൊണ്ടുള്ള പായകളും കരകൗശല വസ്തുക്കളും നിർമ്മിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആരംഭിച്ചു.

മുളയിൽ നിന്നും വ്യത്യസ്ത ഘനത്തിലുള്ള പാളികൾ നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന് പാലക്കാട്, മാനന്തവാടി, നാദാപുരം എന്നിവിടങ്ങളിൽ മൂന്ന് ഫീഡർ/പ്രാഥമിക സംസ്കരണ യൂണിറ്റുകൾ ഉണ്ട്. പരന്ന ബാംബൂ ബോർഡ് നിർമ്മിക്കുന്നതിനായുള്ള മുള കർട്ടനുകളായി അവ നെയ്തെടുക്കുന്നു. സംസ്കരണത്തിൽ നിന്ന് 50 ശതമാനം മുതൽ 70 ശതമാനം വരെ പാഴായ മുള, ടൂത്ത്പിക്ക്, കർട്ടൻ ബ്ലൈൻഡ്സ്, മുള കർട്ടനുകൾ, ധൂപവർഗ്ഗങ്ങൾ തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്നു.

**മേഖലയിലെ പ്രശ്നങ്ങളും വെല്ലുവിളികളും**

കേരളത്തിലെ പല പരമ്പരാഗത കൈത്തൊഴിലാളികളും സാമൂഹികവും സാമ്പത്തികവുമായ പരാധീനതകൾ അനുഭവിക്കുന്നതിനാൽ അവർക്ക് വ്യവസായത്തിൽ നിലനിൽക്കാൻ പ്രയാസമാണ്. പരിമിതമായ സംരംഭകത്വം, അപര്യാപ്തമായ നൈപുണ്യ വികസന പരിപാടികൾ, ഡിസൈനുകളിലും ഉൽപന്നങ്ങളിലും നവീകരണത്തിന്റെ അഭാവം എന്നിവയാണ് ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ. കരകൗശല വ്യവസായം കൈതൊഴിലാളികളെ കേന്ദ്രീകരിച്ചുള്ളതായതിനാൽ കരകൗശല വിദഗ്ധർ തങ്ങളുടെ തൊഴിലിൽ ബുദ്ധിമുട്ടുകൾ നേരിടുന്നു. മുളയെയും മറ്റ് അസംസ്കൃത വസ്തുക്കളെയും ആശ്രയിക്കുന്ന വ്യവസായങ്ങൾ, ശരിയായ വിതരണ ശൃംഖലയുടെ അഭാവം പോലുള്ള വ്യത്യസ്തമായ വെല്ലുവിളികൾ നേരിടുന്നതിനാൽ, ഇത് മൊത്തത്തിലുള്ള മേഖലയെ ബാധിക്കുന്നു. അപര്യാപ്തമായ സാമ്പത്തിക പിന്തുണയും, പ്രവർത്തന മൂലധനത്തിന്റെയും വായ്പാ സൗകര്യങ്ങളുടേയും ദൗർലഭ്യവും കൈതോഴിലളികളുടെയും , ഈ മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയെയും തടസ്സപ്പെടുത്തുന്നു. കരകൗശല മേഖല യന്ത്രനിർമിത ഉൽപ്പന്നങ്ങളിൽ നിന്ന് കടുത്ത മത്സരം നേരിടുന്നതിനാൽ ഇതിന്റെ ആവശ്യകതയെയും വിലനിർണ്ണയത്തെയും ബാധിക്കുന്നു. സാങ്കേതിക വിദ്യയിലും, നൂതന ഡിസൈനുകൾ വികസിപ്പിക്കുന്നതിലും, സ്റ്റാൻഡേർഡൈസേഷൻ, പാക്കേജിംഗ് എന്നിവയിലുമുള്ള അവബോധമില്ലായ്മ, ഫലപ്രദമായ വിലനിർണ്ണയ സംവിധാനത്തിന്റെ അഭാവം, ഇടനിലക്കാരുടെ ചൂഷണം, കരകൗശല വസ്തുക്കൾക്ക് പകരമായിട്ടുള്ള ഉല്പന്നങ്ങളുടെ വിലക്കുറവ് എന്നിവയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രധാന വെല്ലുവിളികളാണ്. പ്രതികൂല തൊഴിൽ സാഹചര്യങ്ങൾ കാരണം കരകൗശല വിദഗ്ധർ പരമ്പരാഗത തൊഴിലിൽ ഏർപ്പെടാൻ വിമുഖത കാണിക്കുന്നു, ഇത് മുള പോലുള്ള വ്യവസായങ്ങളിൽ വിദഗ്ധ തൊഴിലാളികളുടെ കുറവിന് കാരണമാകുന്നു.

**മുന്നോട്ടുള്ള വഴി**

വെല്ലുവിളികളെ നേരിടുന്നതിനായി കരകൗശല തൊഴിലാളികൾക്ക് പിന്തുണയും വിഭവങ്ങളും വാഗ്ദാനം ചെയ്യുന്നതിനും, വിപണി ലഭ്യത വർധിപ്പിക്കുന്നതിനും കേരളത്തിലെ കരകൗശല വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും സഹകരണം അനിവാര്യമാണ്. ഈ വ്യവസായത്തിൽ ഉൽപ്പാദിപ്പിക്കുന്ന കരകൗശല വസ്തുക്കളുടെ ആധികാരികത സംരക്ഷിക്കുന്നതിനുള്ള ഫലപ്രദമായ മാർഗമായി ജിഐ ടാഗ് പ്രവർത്തിക്കുന്നതിനാൽ ജിഐ ടാഗ് ചെയ്ത ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ സംഘടനകൾ വിജയകരമായ വിപണന തന്ത്രങ്ങൾ നടപ്പിലാക്കിവരുന്നു.

**കൈത്തറി, തുണിനെയ്ത്ത് വ്യവസായങ്ങൾ**

ലോകത്തിലെ തന്നെ ഏറ്റവും വലിയ തുണിനെയ്ത്ത് വ്യവസായങ്ങളിലൊന്നാണ് ഇന്ത്യൻ തുണിനെയ്ത്ത് വ്യവസായം. അസംസ്കൃത വസ്തുക്കളുടെ മൂല്യശൃംഖലയിലുടനീളമുള്ള സുലഭമായ ലഭ്യതയും ഉൽപ്പാദന ശേഷിയും ഇന്ത്യൻ തുണിനെയ്ത്ത് വ്യവസായത്തിന്റെ പ്രത്യേകതയാണ്. മനുഷ്യനിർമ്മിത നാരുകളുടെ (എംഎംഎഫ്) രണ്ടാമത്തെ വലിയ ഉൽപാദക രാജ്യവും, തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും കയറ്റുമതിയിൽ ലോകത്തിലെ ആറാമത്തെ വലിയ രാജ്യവുമാണ് ഇന്ത്യ. ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ ഏകദേശം 8.2 ശതമാനം കരകൗശല വസ്തുക്കൾ ഉൾപ്പെടെയുള്ള തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും കയറ്റുമതിയാണ്. 2023-24 ൽ വസ്ത്രങ്ങളുടെയും തുണിത്തരങ്ങളുടെയും ആഗോള വ്യാപാരത്തിന്റെ ഏകദേശം 3.9 ശതമാനം ഇന്ത്യയുടേതാണ്. ഇന്ത്യയിൽ നിന്നും തുണിത്തരങ്ങളും വസ്ത്രങ്ങളും കയറ്റുമതി ചെയ്യപ്പെടുന്ന പ്രധാന രാജ്യങ്ങൾ യുഎസ്എ, യൂറോപ്യൻ യൂണിയൻ, യുകെ എന്നിവയാണ്, ഇവ ഏകദേശം 47 ശതമാനം വരും. തുണി വ്യവസായത്തിലൂടെ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കുന്നു. കൂടാതെ ധാരാളം സ്ത്രീകളും ഗ്രാമീണ ജനങ്ങളും ഉൾപ്പെട്ട ദശലക്ഷക്കണക്കിന് ആളുകളുടെ ഉപജീവനമാർഗ്ഗവുമാണ്.

**ഇന്ത്യയിലെ കൈത്തറി, യന്ത്രത്തറി വ്യവസായം**

28.23 ലക്ഷം തറികളുള്ള കൈത്തറി വ്യവസായമാണ് ഗ്രാമീണ, അർദ്ധ നഗര പ്രദേശങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം. ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന്റെ 2023-24 ലെ വാർഷിക റിപ്പോർട്ട് അനുസരിച്ച്, ഇന്ത്യയിലെ ഏറ്റവും വലിയ അസംഘടിത മേഖലകളിൽ ഒന്നാണ് കൈത്തറി മേഖല. ഈ വ്യവസായ മേഖല 35 ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ നൽകുന്നു, അതിൽ 25 ലക്ഷത്തിലധികം പേർ സ്ത്രീ നെയ്ത്തുകാരും അനുബന്ധ തൊഴിലാളികളുമാണ്. രാജ്യത്തെ തുണി ഉൽപാദനത്തിൻറെ 15 ശതമാനത്തോളം സംഭാവന ചെയ്യുന്നത് ഈ മേഖലയാണ്.

കൈത്തറി വ്യവസായം പ്രധാനമായും തുണിത്തരങ്ങൾ, ബെഡ് ലിനൻ, ടേബിൾ ലിനൻ, ടോയ്‌ലറ്റ്-കിച്ചൺ ലിനനുകൾ, ടവലുകൾ, കർട്ടനുകൾ, തലയണകൾ, പാഡുകൾ, ടേപ്പ്സ്ട്രികൾ, അപ്ഹോൾസ്റ്ററികൾ, പരവതാനികൾ, ഫ്ലോർ കവറുകൾ എന്നിവ കയറ്റുമതി

ചെയ്യുന്നു. കരൂർ , പാനിപ്പത്ത് , വാരണാസി, കണ്ണൂർ എന്നിവയാണ് പ്രധാന കൈത്തറി കയറ്റുമതി കേന്ദ്രങ്ങൾ. യുഎസ്എ, യുഎഇ, സ്പെയിൻ, യുകെ, ഇറ്റലി, ഓസ്ട്രേലിയ, ഫ്രാൻസ്, ജർമ്മനി, നെതർലാൻഡ്സ്, ഗ്രീസ് എന്നിവയാണ് ഇന്ത്യയിൽ നിന്നും കൈത്തറി ഉൽപന്നങ്ങൾ പ്രധാനമയും കയറ്റുമതി ചെയ്യപ്പെടുന്ന രാജ്യങ്ങൾ. കൈത്തറി ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റിന്റെ ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന് കീഴിലുള്ള നോഡൽ ഏജൻസിയാണ് കൈത്തറി എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ (എച്ച്.ഇ.പി.സി). ഇന്ത്യൻ കൈത്തറി കയറ്റുമതിക്കാർക്കും അന്താരാഷ്ട്ര ഉപഭോക്താക്കൾക്കും വ്യാപാര പ്രോത്സാഹനത്തിനും അന്താരാഷ്ട്ര വിപണന ത്തിനും പിന്തുണയും മാർഗനിർദേശവും നൽകുക എന്നതാണ് എച്ച്.ഇ.പി.സി യുടെ പ്രധാന ലക്ഷ്യം. വിവിധ തറികളുടെ സാങ്കേതികവിദ്യ വിഭിന്നമാണ്, കൂടാതെ പുതിയ സാങ്കേതികവിദ്യയിലേക്കുള്ള തറികളുടെ മാറ്റവും നടന്നുകൊണ്ടിരിക്കുന്നു.

**കേരളത്തിലെ ടെക്സ്റ്റൈൽ മേഖല**

കേരളത്തിലെ തുണി വ്യവസായത്തിൽ സ്പിന്നിംഗ്, നെയ്ത്ത്, വസ്ത്ര നിർമ്മാണം, ഡൈയിംഗ്, പ്രോസസ്സിംഗ് യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്നു. പൊതുമേഖലയിലും (കേന്ദ്ര, സംസ്ഥാന ) സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും തുണി വ്യവസായങ്ങൾ ഉണ്ട്. നെയ്ത്ത് മേഖലയിൽ ഖാദി യൂണിറ്റുകൾ, കൈത്തറി യൂണിറ്റുകൾ, പവർ ലൂം യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്നു. വസ്ത്ര വ്യവസായത്തിൽ, പ്രത്യേകിച്ച് സ്ത്രീകൾക്ക്, കൂടുതൽ തൊഴിൽ സാധ്യതകളുണ്ട്. ഡൈയിംഗ്-ഡിജിറ്റൽ പ്രിൻറിംഗ് എന്നി ആവശ്യങ്ങൾക്കായി കേരളത്തിലെ ടെക്സ്റ്റൈൽസ് മേഖല മറ്റ് സംസ്ഥാനങ്ങളെ ആശ്രയിച്ചുവരുന്ന സ്ഥിതിയാണ് നിലവിലുള്ളത്, ആയതിനാൽ തന്നെ കണ്ണൂരിലെ നാടുകാണിയിലുള്ള കിൻഫ്ര ടെക്സ്റ്റൈൽ സെൻററിൽ ഡൈയിംഗ്, പരിസ്ഥിതി സൗഹൃദ പ്രിൻറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതോടെ ഇതിനൊരു പരിഹാരമാകും. ഇത് സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖലയുടെ പ്രാദേശികവൽക്കരണത്തിലേക്കുള്ള ഒരു സുപ്രധാന ചുവടുവയ്പ്പായി മാറുകയും ചെയ്യും.

2023-24 ലെ വാർഷിക പദ്ധതിയിൽ ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള (സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ) സംസ്ഥാന പദ്ധതി വിഹിതം 5,640 ലക്ഷം രൂപയും ചെലവഴിച്ച തുക 3126.22 ലക്ഷം രൂപയുമാണ് (55.4 ശതമാനം). 2024-25 വാർഷിക പദ്ധതിയിൽ ഈ മേഖലയുടെ മൊത്തം പദ്ധതി വിഹിതം 5,189 ലക്ഷം രൂപയും 2023 സെപ്റ്റംബർ വരെ ചെലവഴിച്ച തുക 325.51 ലക്ഷം രൂപയുമാണ് (6.27 ശതമാനം). വിശദാംശങ്ങൾ **പട്ടിക 4.6.1** ൽ നൽകിയിരിക്കുന്നു.

**കേരളത്തിലെ കൈത്തറി മേഖല**

തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലും, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം, കാസർഗോഡ് ജില്ലകളിലെ ചില ഭാഗങ്ങളിലും കേന്ദ്രീകരിച്ചിരിക്കുന്ന കേരളത്തിലെ ഒരു പരമ്പരാഗത വ്യവസായമാണ് കൈത്തറി വ്യവസായം. ഈ വ്യവസായത്തിൽ കേരളത്തിലുള്ള മൊത്തം തറികളുടെ 84 ശതമാനവും സഹകരണ മേഖലയിലാണ് ആയതിനാൽ തന്നെ സഹകരണ മേഖലയ്ക്കാണ് ഈ പരമ്പരാഗത വ്യവസായത്തിൽ കൂടുതൽ പ്രാമുഖ്യം. ശേഷിക്കുന്ന 16 ശതമാനം കൈത്തറി തറികളും വ്യവസായ സംരംഭകരുടെ ഉടമസ്ഥതയിലാണ്.

സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രധാന ഉൽപ്പന്നങ്ങൾ ധോത്തികൾ, ഫർണിഷിംഗ്, ബെഡ് ഷീറ്റുകൾ, ഷർട്ടിംഗ്, സാരി, ലുങ്കി എന്നിവയാണ്. 2023-24 സാമ്പത്തിക വർഷത്തിൽ കൈത്തറി മേഖലയിലെ മൊത്തം ഉൽപ്പാദന മൂല്യം 257.30 കോടി രൂപയും മൊത്തം വിൽപ്പന വിറ്റുവരവ് 260.41 കോടി രൂപയുമാണ്. 2023-24 ൽ കൈത്തറി മേഖലയിൽ വ്യാപ്രിതരായിരുന്ന ആകെ നെയ്ത്തുകാരുടെ എണ്ണം 14,642 ആണ്, അതിൽ തന്നെ വനിതാ നെയ്ത്തുകാരുടെ എണ്ണം 11,364 ആണ് (മൊത്തം നെയ്ത്തുകാരുടെ 78 ശതമാനത്തോളം വരും ഇത്). 2023-24 ൽ സൃഷ്ടിക്കപ്പെട്ട മൊത്തം തൊഴിലവസരം 15.31 ലക്ഷം വ്യക്തിദിനങ്ങളാണ്. 2022-23 നെ അപേക്ഷിച്ച് 2023-24 ൽ ഉൽപാദന മൂല്യം, മൊത്തം വിറ്റുവരവ്, നെയ്ത്തുകാരുടെ എണ്ണം, തൊഴിൽ ദിനങ്ങൾ എന്നിവയെല്ലാം വർദ്ധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 4.6.4** ൽ നൽകിയിരിക്കുന്നു.

**കൈത്തറി മേഖലയിലെ ഏജൻസികൾ**

**ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ്,** കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഹാന്റെക്സ്), കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെൻറ് കോർപ്പറേഷൻ (ഹാൻവീവ്), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി (IIHT, കണ്ണൂർ) എന്നിവയാണ് സംസ്ഥാനത്തെ കൈത്തറി മേഖലയുടെ വികസനം ലക്ഷ്യംവച്ചുകൊണ്ട് ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട പങ്കാളിത്ത സ്ഥാപനങ്ങൾ.

**ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്‌ലൂംസ് ആൻഡ് ടെക്സ്റ്റൈൽസ്**

സംസ്ഥാനത്തെ കൈത്തറി, ടെക്സ്റ്റൈൽ മേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനും വേണ്ടിയുള്ള നയങ്ങൾ രൂപീകരിക്കാൻ ലക്ഷ്യമിട്ട് വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ സ്ഥാപനമാണ് കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്. സംസ്ഥാനത്തെ കൈത്തറി, തുണി വ്യവസായ മേഖലകളിലെ ഉത്പാദനം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 1979-ലാണ് ഡയറക്ടറേറ്റ് സ്ഥാപിതമായത്. അടിസ്ഥാന സൗകര്യങ്ങൾ, വിപണനം, മാനവ വിഭവശേഷി വികസനം, പരമ്പരാഗത നൈപുണ്യങ്ങളുടെയും ഉൽപന്നങ്ങളുടെയും സംരക്ഷണം, ധനകാര്യം, ഡിസൈൻ ഇൻപുട്ട്, അസംസ്കൃത വസ്തുക്കളുടെ വിതരണം, കയറ്റുമതി, നവീകരണം, ക്ഷേമ പരിപാടികൾ, വില സ്ഥിരത എന്നിവ സംരക്ഷിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും, പിന്തുണയ്ക്കുന്നതിനുമുള്ള ഉത്തരവാദിത്തം ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്‌ലൂംസ് ആൻഡ് ടെക്സ്റ്റൈൽസിൽ നിക്ഷിപ്തമാണ്. അതോടൊപ്പം തന്നെ ആഗോളവത്കൃത പരിതസ്ഥിതിയിൽ മത്സരക്ഷമത ഉയർത്തുന്നതിനായി ആഗോള വിപണിയിലുള്ള കേരളത്തിൻറെ പരമ്പരാഗത

**പട്ടിക 4.6.1** സംസ്ഥാന പദ്ധതി വിഹിതവും ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ), ലക്ഷം രൂപയിൽ

| ഉപമേഖല | 2023–24 | | | 2024–25 (സെപ്റ്റംബർ 2024 വരെ) | | |
|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ് | ശതമാനം |
| കൈത്തറി | 4,003.00 | 1,945.56 | 48.60 | 3,189.00 | 325.51 | 10.20 |
| യന്ത്രത്തറി | 137.00 | 57.20 | 41.75 | 115.00 | 0.00 | 0.00 |
| സ്പിന്നിംഗ് മില്ലുകൾ | 700.00 | 1,123.46 | 160.00 | 985.00 | 0.00 | 0.00 |
| തുണി സംസ്കരണ കേന്ദ്രം- നാട്ടുകാണി | 800.00 | 0.00 | 0.00 | 900.00 | 0.00 | 0.00 |
| **ആകെ** | **5,640.00** | **3,126.22** | **55.42** | **5,189.00** | **325.51** | **6.27** |

***അവലംബം:*** പ്ലാൻ സ്പേസ്, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

വൈദഗ്ധ്യം പ്രയോജനപ്പെടുത്തികൊണ്ട് ഉയർന്ന ഗുണനിലവാരമുള്ള മൂല്യവർധിത കൈത്തറി ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനായി നെയ്ത്തുകാരുടെ മൊത്തത്തിലുള്ള നൈപുണ്യവികസനവും നവീകരണവും കൈത്തറി ടെക്സ്റ്റൈൽ ഡയറക്ടറേറ്റ് ലക്ഷ്യം വയ്ക്കുന്നു.

കൈത്തറി വ്യവസായത്തിൻറെ വികസനത്തിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു അതോടൊപ്പം തന്നെ വായ്പയായും ഗ്രാന്റായും സഹായം നൽകിവരുന്നു. സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, നാഷണൽ കോഓപ്പറേറ്റീവ് ഡെവലപ്മെൻറ് കോർപ്പറേഷൻ (എൻസി.ഡി.സി), നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെൻറ് (നബാർഡ്), ഹൗസിംഗ് ആൻഡ് അർബൻ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (ഹഡ്കോ) തുടങ്ങിയ മറ്റ് ധനകാര്യ ഏജൻസികളിൽ നിന്നുള്ള വായ്പകളും ഗ്രാന്റുകളും ഇതിൽ ഉൾപ്പെടുന്നു. പ്രത്യേക അവസരങ്ങളിൽ ഉത്പന്നങ്ങൾക്ക് കിഴിവ് നൽകികൊണ്ട് വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായവും സർക്കാർ നൽകിവരുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.5** ൽ നൽകിയിരിക്കുന്നു.

സർക്കാർ, എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കൂൾ യൂണിഫോം (കൈത്തറി തുണി) നൽകുന്ന നൂതന പദ്ധതികളിൽ ഒന്നാണ് കൈത്തറി യൂണിഫോം പദ്ധതി. ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്, ഇതിൽ ഹാൻവീവ്, ഹാന്റെക്സ്, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിവ പ്രധാന പങ്കാളികളായി ഉൾപ്പെടുന്നു. കൈത്തറി മേഖലയിൽ തൊഴിൽ, വേതനം, വ്യക്തി തൊഴിൽ ദിനങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിൽ ഈ പദ്ധതി വിജയിച്ചിട്ടുണ്ട്.

അസംസ്കൃത വസ്തുക്കൾ, സംസ്കരണം, അലങ്കാരങ്ങൾ, നെയ്ത്ത് രൂപകല്പന, എന്നിവയുടെ തനത് പരമ്പരാഗത മേന്മ ഉറപ്പക്കികൊണ്ട് ഉപഭോക്താക്കളുടെ വിശ്വാസം സമ്പാദിക്കുന്നതിന് പുറമെ സാമൂഹികവും പാരിസ്ഥിതികവുമായ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് നിർമ്മിക്കുന്ന കൈത്തറി ഉൽപന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനാണ് കേരള ഹാൻഡ്‌ലൂം മാർക്ക് ആരംഭിച്ചത്. ഇതിലൂടെ കൈത്തറിയിൽ നിർമ്മിച്ച ഉയർന്ന ഗുണനിലവാരമുള്ളതും വൈകല്യങ്ങളില്ലാത്തതുമായ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ആത്യന്തികമായി ലഭ്യമാകും.

നിർദ്ദിഷ്ട ഭൂമിശാസ്ത്രപരമായ പ്രത്യേകതകൊണ്ടുള്ള ഉത്ഭവത്തിനാലും, അതുമൂലം ലഭ്യമായിട്ടുള്ള ഗുണമേന്മകളും ഖ്യാതിയും ഉള്ള ഉത്പന്നങ്ങളിൽ ഉപയോഗിക്കുന്ന ഒരു അടയാളമാണ് ഭൂമിശാസ്ത്രപരമായ സൂചന(ജിഐ). കേരളത്തിലെ കൈത്തറി ഉൽപ്പന്നങ്ങളായ കണ്ണൂർ ഗ്രഹാലങ്കാര വസ്ത്രങ്ങൾ, ബാലരാമപുരം സാരികൾ നല്ല കോട്ടൺ വസ്ത്രങ്ങൾ, കാസർകോട് സാരികൾ, കുത്താമ്പുള്ളി സാരികൾ, ചേന്ദമംഗലം മുണ്ടുകൾ, സെറ്റ് മുണ്ടുകൾ എന്നിവയ്ക്ക് ഭൂമിശാസ്ത്രപരമായ സൂചന ലഭിച്ചു. കൈത്തറി മേഖലയിലെ രണ്ട് വലിയ പ്രോജക്ടുകൾ/ പദ്ധതികൾ നല്ല രീതിയിൽ പുരോഗമിക്കുകയാണ്, അതിൽ ഒന്ന് കണ്ണൂർ ജില്ലയിലെ നാട്ടുകാണി പ്രിൻറിംഗ് ആൻഡ് ഡൈയിംഗ് യൂണിറ്റും രണ്ടാമത്തേത് എറണാകുളം ജില്ലയിലെ ചേന്ദമഗലം കൈത്തറി ഗ്രാമവുമാണ്. ഈ പ്രവൃത്തികൾ ഘട്ടം ഘട്ടമായി പൂർത്തിയാക്കുന്നതാണ്; ആദ്യഘട്ടമായി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു.

### കേരള സംസ്ഥാന കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘം (ഹാന്റെക്സ്)

കേരളത്തിലെ പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളുടെ അപെക്സ് ബോഡിയായ കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ഹാന്റെക്സ്) 1961-ലാണ് സ്ഥാപിതമായത്. ഹാന്റെക്സിൻറെ ആസ്ഥാനം തിരുവനന്തപുരത്താണ്. അംഗ സംഘങ്ങളുടെ ഉൽപന്നങ്ങൾ വിപണനം ചെയ്യുകയും അതുവഴി കൈത്തറി നെയ്ത്തുകാരുടെ ഉപജീവനമാർഗത്തെ സഹായിക്കുകയുമാണ് ഹാന്റെക്സിൻറെ പ്രധാന ലക്ഷ്യം. നിലവിൽ 405 കൈത്തറി സംഘങ്ങൾ ഹാന്റെക്സിന് കീഴിൽ രജിസ്റ്റർ ചെയ്യുകയും ഏകദേശം 10,000 നെയ്ത്തുകാർ ഹാന്റെക്സുമായി ബന്ധപെട്ട് പ്രവർത്തിച്ചുവരുകയും ചെയ്യുന്നു. വിവിധ തലങ്ങളിലായി 340 സ്ഥിരം/താത്കാലിക ജീവനക്കാർ ഹാന്റെക്സിൽ പ്രവർത്തിച്ചുവരുന്നു. കേരളത്തിലുടനീളം സ്വന്തമായുള്ള 80 ഷോറൂമുകളിലൂടെ ഹാന്റെക്സ് ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നു. ഹാന്റെക്സ് ആസ്ഥാനം കൂടാതെ, 4 പ്രാദേശിക ഓഫീസുകൾ, 5 ഉൽപ്പാദന കേന്ദ്രങ്ങൾ, 2 നെയ്ത്ത് യൂണിറ്റുകൾ, ഒരു സംസ്കരണ യൂണിറ്റ്, ഒരു അന്താരാഷ്ട്ര വസ്ത്ര യൂണിറ്റ് എന്നിവ ഹാന്റെക്സിന് കീഴിൽ പ്രവർത്തിക്കുന്നു . 2023-24 സാമ്പത്തിക വർഷത്തിൽ ഹാന്റെക്സ് 2,286.00

ലക്ഷം രൂപ വരെ വിൽപ്പനയിൽ നിന്ന് വരുമാനം നേടി, അതിൽ 1,636.10 ലക്ഷം രൂപ ഷോറൂം വിൽപ്പനയും 649.9 ലക്ഷം രൂപ ഡിപ്പാർട്ട്മെൻറ് വിൽപ്പനയുമാണ് (ഹാന്റെക്സ് ഡിപ്പോയിൽ നിന്ന് ആരോഗ്യ വകുപ്പ് പോലുള്ള വകുപ്പുകളിലേക്കുള്ള വിൽപ്പന). 2022-23 സാമ്പത്തിക വർഷത്തിൽ വിൽപ്പന 2035 ലക്ഷം രൂപയായിരുന്നു. 2023-24 വാർഷികാവസനത്തിലെ പെയിഡ് അപ് ക്യാപ്പിറ്റൽ 7,077 ലക്ഷം രൂപയായിരുന്നു. (ഉറവിടം: ഹാന്റെക്സ്) 2019-20 മുതൽ ഹാന്റെക്സ് നഷ്ടമാണ് റിപ്പോർട്ട് ചെയ്യുന്നത്. ഹാന്റെക്സിന്റെ സഞ്ചിത നഷ്ടം പ്രതിവർഷം വർധിക്കുകയും അത് 2023-24 അവസാനത്തോടെ ഏകദേശം 23,945.43 ലക്ഷം രൂപയിലെത്തുകയും ചെയ്തു. 2019-20 ന് ശേഷം വിൽപ്പനയിലെ വിറ്റുവരവിൽ ഇടിവ് ഉണ്ടായെങ്കിലും ഈ കാലയളവിൽ വർദ്ധനവ് രേഖപെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 4.6.6** ൽ നൽകിയിരിക്കുന്നു .

കൈത്തറി തുണിത്തരങ്ങളുടെ ആധുനികവൽക്കരണത്തിൻറെയും മൂല്യവർദ്ധനയുടെയും ഭാഗമായി, അത്യാധുനിക സൗകര്യങ്ങളോടെ ഒരു സമ്പൂർണ ഗാർമെന്റ്സ് യൂണിറ്റ് ഹാന്റെക്സിന് കീഴിൽ പ്രവർത്തിക്കുന്നു. 'റോയൽ മിന്റ്', 'കമാൻഡോ' എന്നീ ബ്രാൻഡുകളിൽ ലിനൻ, കോട്ടൺ ഷർട്ടുകൾ, ' കെമി ', 'ജൂനിയർ കമാൻഡോ' എന്നീ ബ്രാൻഡുകളിൽ ലേഡീസ് ചുരിദാർ ടോപ്പുകളും കിഡ്സ് ഷർട്ടുകളും, 'റ്റാര', 'വിവോ' എന്നി ബ്രാൻഡ് നാമങ്ങളിൽ നവജാത ശിശുക്കൾക്കുള്ള ഉൽപ്പന്നങ്ങൾ എന്നിവ ഹാന്റെക്സ് പുറത്തിറക്കി. സർക്കാർ/ബാങ്കിംഗ് മേഖലയിലെ ജീവനക്കാരെ ഉപഭോക്താക്കളായി ആകർഷിക്കുന്നതിനായി 'ഇ-ക്രെഡിറ്റ് കാർഡ്' എന്ന പദ്ധതി ആരംഭിച്ചു.

### കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ( ഹാൻവീവ് )

കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (ഹാൻവീവ്) 1968-ൽ സ്ഥാപിതമായി. ഈ സ്ഥാപനം കൈത്തറി ഉൽപന്നങ്ങളുടെ വിപുലമായ ശ്രേണിയുടെ ഉൽപ്പാദനത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നു. നിലവിൽ, 1950 വ്യക്തിഗത നെയ്ത്തുകാർക്ക് ഹാൻവീവ് തൊഴിൽ നൽകുന്നു. സ്വന്തമായി 36 ഷോറൂമുകളും 32 ഉൽപ്പാദന കേന്ദ്രങ്ങളുമുണ്ട്. ഉത്സവ സീസണുകളിൽ പ്രദർശനങ്ങൾ നടത്തുകയും ദേശീയ അന്തർദേശീയ തലങ്ങളിൽ നടത്തുന്ന എക്സ്പോകളിൽ ഹാൻവീവ് പങ്കെടുക്കുകയും ചെയ്യുന്നു. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി ഏറ്റെടുത്തതിലൂടെ 2000-ത്തോളം വരുന്ന നെയ്ത്തുകാർക്ക് തടസ്സമില്ലാതെ തൊഴിലും വേതനവും പ്രദാനം ചെയ്യുന്നതിനും അതോടൊപ്പം മറ്റുള്ളവർക്ക് പരോക്ഷമായ തൊഴിലവസരങ്ങൾ നൽകുന്നതിനും ഹൻവീവിന് സാധിച്ചു.

ഹാൻവീവ് ഉത്പന്നങ്ങളോടുള്ള ഉപഭോക്തക്കൾക്കുള്ള ആകർഷണം പുതുമ'നിറഞ്ഞതും നവീനവുമാക്കി നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി, ആകർഷകമായ പാക്കേജിംഗിൽ മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗിഫ്റ്റ് ബോക്സ് "പ്രൗഡ്-ഇ" എന്ന പേരിൽ ഹാൻവീവ് പുറത്തിറക്കി. പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടിയുള്ള ഉത്പന്നങ്ങൾ ഒരൊറ്റപായ്ക്കറ്റിൽ ഉൾപെടുത്തികൊണ്ട് ഒരു കോംബോ പായ്ക്ക് ഹാൻവീവ് വിജയകരമായി സമാരംഭിക്കുകയും, അത് വളരെ ജനപ്രിയമായി മാറുകയും ചെയ്തു. അതോടൊപ്പം തന്നെ ഹാൻവീവ് റെഡിമെയ്ഡ് ഷർട്ടുകളും കുട്ടികളുടെ വസ്ത്രങ്ങളും അവതരിപ്പിക്കുകയും, അത് ഉൽപ്പന്ന ശ്രേണി വിപുലീകരിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുകയും ചെയ്തു. കൈത്തറി ഉൽപന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി, ബുധനാഴ്ചകളിൽ കൈത്തറി വസ്ത്രം ധരിക്കുന്നതിനായി സംസ്ഥാന സർക്കാർ ജീവനക്കാരെ പ്രോത്സാഹിപ്പിച്ചു വരുന്നു. സ്കൂൾ യൂണിഫോം പദ്ധതിക്ക് കീഴിൽ കാസർകോട് മുതൽ തൃശ്ശൂർ വരെയുള്ള 4000 സ്കൂളുകളിലേക്ക് 25 ലക്ഷം മീറ്ററിലധികം യൂണിഫോം തുണിത്തരങ്ങൾ വിതരണം ചെയ്തു. വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായുള്ള കേന്ദ്രീകൃത നയമനുസരിച്ച്, ലക്ഷ്യം വച്ച സ്ഥാപന വിൽപ്പനയിലൂടെയും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിലൂടെയും ഹാൻവീവ് ഇപ്പോൾ പ്രതിവർഷം 5 കോടി രൂപയുടെ സ്ഥാപനപരമായ ഓർഡറുകൾ നേടുന്നുണ്ട്.

യന്ത്രത്തറി ഉൽപന്നങ്ങളിൽ നിന്നുള്ള മത്സരം, പരിമിതമായ ഉൽപ്പാദന ശേഷി, അടിയന്തര ഓർഡറുകൾ നിറവേറ്റാനുള്ള കഴിവില്ലായ്മ എന്നിവയാണ് ഹാൻവീവ് നേരിടുന്ന പ്രധാന വെല്ലുവിളികൾ. 2023-24 ൽ ഹാൻവീവിന്റെ വിൽപ്പന വിറ്റുവരവ് 1867.31 ലക്ഷം രൂപയായിരുന്നു. സംഭരിച്ച തുണിയുടെയും മറ്റ് വസ്തുക്കളുടെയും മൂല്യം 2022-23ൽ 1266.34 ലക്ഷം രൂപയിൽ നിന്ന് 2023-24ൽ 1182.67 ലക്ഷം രൂപയായി കുറഞ്ഞു. 2022-23ൽ 496.29 ലക്ഷം രൂപയായിരുന്നു വാങ്ങി വിതരണം ചെയ്ത നൂലിൻറെ മൂല്യം. 2023-24 ൽ ഇത് 275.15 ലക്ഷമായി കുറഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 4.6.7** ൽ നൽകിയിരിക്കുന്നു .

2023-24 അവസാന പാദത്തിൽ ഹാൻവീവിന്റെ പെയിഡ് അപ് ക്യാപ്പിറ്റൽ 5949 ലക്ഷം രൂപയായിരുന്നു. 2022-23 നെ അപേക്ഷിച്ച് 2023-24 വർഷാവസാനം ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെയുള്ള വരുമാനം കുറഞ്ഞു. 2022-23 ൽ 533.65 ലക്ഷം രൂപയായിരുന്നു ഹൻവീവിൻറെ അറ്റ നഷ്ടം. 2023-24ൽ ഇത് 578.79 ലക്ഷമായി ഉയർന്നു. ഹാൻവീവിൻറെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.8** ൽ നൽകിയിരിക്കുന്നു .

### ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി (IIHT, കണ്ണൂർ)

1987-ൽ കേരള സർക്കാരിൻറെ വ്യവസായ വകുപ്പിനു കീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായി ആരംഭിച്ച കണ്ണൂർ 'കൈത്തറി പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, 2011-ൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. കൈത്തറി, തുണി വ്യവസായവുമായി ബന്ധപ്പെട്ട പരിശീലനങ്ങളും പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള കേരള സർക്കാരിൻറെ നോഡൽ ഏജൻസിയായിട്ടാണ് ഈ ഇൻസ്റ്റിറ്റ്യൂട്ടിനെ നിയോഗിക്കപ്പെട്ടിരിക്കുന്നത്. 2020-ൽ ഇതിനെ കണ്ണൂർ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യതിനോടൊപ്പം തന്നെ ബിഎസ്സി കോസ്റ്റ്യൂം ആൻഡ് ഫാഷൻ

ഡിസൈനിംഗ് എന്ന മൂന്ന് വർഷത്തെ ഡിഗ്രി കോഴ്സ് ആരംഭിച്ചു. ചേന്ദമംഗലത്ത് സംയോജിത കൈത്തറി ഗ്രാമം സ്ഥാപിക്കുന്നതിൽ ഈ സ്ഥാപനം പ്രധാന പങ്ക് വഹിക്കുന്നു. ഹാന്റെക്സ്, ഹാൻവീവ് എന്നി സ്ഥാപനങ്ങളുമായി ബന്ധപെട്ട് ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിക്കുന്നതിൽ ഐ. ഐ. എച്ച്. ടി ഒരു പ്രധാന പങ്കുവഹിച്ചു വരുന്നു.

ഐ. ഐ. എച്ച്. ടി യുടെ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള ഒന്നാം ഘട്ടം ഏതാണ്ട് പൂർത്തിയായി, ഡിസൈൻ സെന്റർ, എക്സിബിഷൻ സെൻറർ & സെയിൽസ് സെന്റർ, പ്രൊഡക്ഷൻ ആൻഡ് ഡെമോൺസ്ട്രേഷൻ സെൻററർ എന്നിവയുടെ നിർമ്മാണത്തിനുള്ള രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കണ്ണൂർ പുടവ, കഞ്ഞിരോട്(കൂടാളി) കൈത്തറി ഗ്രാമം സ്ഥാപിക്കൽ, ബാലരാമപുരത്ത് ടെക്നോളജി സെൻറർ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികളും പുരോഗമിക്കുകയാണ്. 2023-24 കാലയളവിൽ, ഐ.ഐ.എച്ച്ടി തിരഞ്ഞെടുത്ത 39 ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർ (ക്യു.സി.ഐ) മാരെയും, 2025 ഓഗസ്റ്റ് വരെ തിരഞ്ഞെടുത്ത ക്യു.സി.ഐ മാരിൽ 35 പേരെയും കേരളത്തിലെ എല്ലാ ജില്ലകളിലേക്കും കൈത്തറി ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് നിയോഗിച്ചു. 2023-24 കാലയളവിൽ ഇൻറെൺഷിപ്പ് പ്രോഗ്രാമിന് കീഴിൽ 35 വിദ്യാർത്ഥികൾ IIHT യിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കി.

### സഹകരണ മേഖല

സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് മേഖലയിലെ സാന്നിദ്ധ്യമായ സഹകരണ മേഖല നൂൽനൂൽക്കൽ, നെയ്ത്ത് പ്രവർത്തനങ്ങൾ (യന്ത്രത്തറി, കൈത്തറി) എന്നിവയിൽ പ്രധാനമായും ഏർപ്പെട്ടുവരുന്നു. കേരളത്തിൽ സഹകരണമേഖലയിൽ 8 സ്പിന്നിങ് മില്ലുകളാണുള്ളത്. സഹകരണ മേഖലയിലെ മൊത്തം യന്ത്രത്തറികളുടെ(നെയ്ത്ത്) എണ്ണം ഏകദേശം 692 ആണെന്ന് കണക്കാക്കപ്പെടുന്നു. സംസ്ഥാനത്തെ മൊത്തം യന്ത്രത്തറികളുടെ 40 ശതമാനവും സഹകരണ യൂണിറ്റുകളാണ്. സംസ്ഥാനത്ത് ആകെ 50 യന്ത്രത്തറി സഹകരണ സംഘങ്ങളുണ്ട്.

ഫാക്ടറി തരം, കോട്ടേജ് തരം എന്നിങ്ങനെ രണ്ടു തരം സൊസൈറ്റികൾ ഉൾകൊള്ളുന്നതാണ് കൈത്തറി(നെയ്ത്ത്) സഹകരണമേഖല. 2023-24 ലെ കണക്ക് അനുസരിച്ച് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 527 പ്രൈമറി ഹാൻഡ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ (പി. എച്ച്. ഡബ്ല്യു. സി. എസ്) ഉണ്ടായിരുന്നു, അതിൽ 208 എണ്ണം ഫാക്ടറി തരത്തിലും 319 എണ്ണം കോട്ടേജ് തരത്തിലുമുള്ള സൊസൈറ്റികളുമാണ്. രജിസ്റ്റർ ചെയ്ത 527 പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളിൽ 336 എണ്ണം പ്രവർത്തനക്ഷമമായിരുന്നു. ഫാക്ടറി മാതൃകയിലുള്ള കൈത്തറി സഹകരണ സംഘങ്ങളിൽ മുൻവർഷത്തെ അപേക്ഷിച്ച് 2023-24 ൽ ലാഭമുണ്ടാക്കുന്ന സംഘങ്ങളുടെ എണ്ണം കുറയുകയും നഷ്ടത്തിലായ സംഘങ്ങളുടെ എണ്ണം വർധിക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ നേരിയ വർധനവ് കാണിക്കുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 2023-24 ൽ കോട്ടേജ് ഇനം കൈത്തറി സംഘങ്ങളിൽ ലാഭമുണ്ടാക്കുന്ന സൊസൈറ്റികളുടെ എണ്ണം വർദ്ധിക്കുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സൊസൈറ്റികളുടെ എണ്ണം കുറയുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനരഹിതമായ സൊസൈറ്റികളുടെ എണ്ണവും കുറഞ്ഞുവരുന്നുണ്ട്. സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.9** ൽ നൽകിയിരിക്കുന്നു .

2023-24 സാമ്പത്തിക വർഷത്തിൽ 96.34 കോടി രൂപ മൂല്യമുള്ള 47.02 ദശലക്ഷം മീറ്റർ കൈത്തറി തുണിയാണ് സഹകരണ മേഖല ഉത്പാദിപ്പിച്ചത്. 2022-23 നെ അപേക്ഷിച്ച് 2023-24 ൽ തുണിയുടെ ഉത്പാദനവും ഉൽപാദന മൂല്യവും വർദ്ധിക്കുകയുണ്ടായിട്ടുണ്ട്. 2022-23 ൽ 98.79 കോടി രൂപയായിരുന്ന മൊത്തം വിറ്റുവരവ് 2023-24 ൽ 1.5 ശതമാനം കുറഞ്ഞ് 97.30 ലക്ഷം രൂപയായി. തറികളുടെ എണ്ണം 2022-23 ൽ 13,502 ആയിരുന്നത് 2023-24ൽ 14,064 ആയി ഉയർന്നു. 2022-23 ൽ 11,559 ആയിരുന്ന നെയ്ത്തുകാരുടെ എണ്ണം 2023-24 ൽ 12,085 ആയി ഉയർന്നു. 2023-24 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയിൽ 8.13 ലക്ഷം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്. 2020-21 ലെ ഇടിവ് ഒഴികെ 2019-20 മുതൽ ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ നെയ്ത്തുകാരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.4** ൽ നൽകിയിട്ടുണ്ട്.

### യന്ത്രത്തറി മേഖല

സംസ്ഥാനത്ത്1745 യന്ത്രത്തറികളുള്ളതിൽ 40 ശതമാനവും (692) സഹകരണ മേഖലയിലാണ്. യന്ത്രത്തറി മേഖലയിൽ 2023-24 ൽ 9544 ലക്ഷം രൂപ മൂല്യമുള്ള 65.26 ലക്ഷം മീറ്റർ തുണിയുടെ ഉത്പാദനം നടന്നു. ഉൽപ്പാദനക്ഷമത ഒരു തറിക്ക് 3,739.85 മീറ്ററും ചരക്ക് വിൽപനയിലൂടെയുള്ള മൊത്തം വിറ്റുവരവ് 8,716.10 ലക്ഷം രൂപയുമായിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.10** ൽ നൽകിയിരിക്കുന്നു .

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡിന് (ടെക്സ്ഫെഡ്) കീഴിൽ 6 സഹകരണ സംഘങ്ങളുണ്ട്. ഇതിൽ 5 എണ്ണം യന്ത്രത്തറി/ഇന്റഗ്രേറ്റഡ് സൊസൈറ്റികളാണ്, അതായത് നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർ ലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്(നിപ്കോടെക്സ്), കോട്ടയം ഇന്റഗ്രേറ്റഡ് യന്ത്രത്തറി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കേരള ഹൈടെക് ടെക്സ്റ്റൈൽ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (കെൽടെക്സ്), കോഴിക്കോട് ഇന്റഗ്രേറ്റഡ് പവർലൂം ഇൻഡസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. വയനാട് ഹാൻഡ്‌ലൂം, പവർലൂം, മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (WHIPCOS) എന്നിവയും. ഈ സൊസൈറ്റികൾക്ക് കീഴിലുള്ള ആകെ തറികളുടെ എണ്ണം 565 ആണ്.

### സ്പിന്നിംഗ് മില്ലുകൾ

കേരളത്തിൽ തൊഴിലാളികൾ വളരെ കൂടുതൽ ജോലിചെയ്യുന്ന പരമ്പരാഗത മേഖലകളിലൊന്നായ സ്പിന്നിംഗ് മിൽ വ്യവസായം ഗ്രാമീണ അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

കേരളത്തിലെ സ്പിന്നിംഗ് മേഖലയിൽ പൊതുമേഖലയും (സംസ്ഥാനവും കേന്ദ്രവും), സഹകരണ മേഖലയും സ്വകാര്യമേഖലയും ഉൾപ്പെടുന്നു. കേരളത്തിലെ 7.03 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള 26 സ്പിന്നിംഗ് മില്ലുകളിലെല്ലാമായി 7600-ലധികം ആളുകൾ ജോലി ചെയ്യുന്നു. കേരളത്തിലെ 3 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കീഴിലായി 9 സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്, അവ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (7 മില്ലുകൾ), സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിവയാണ്. കേരളത്തിൽ 8 സഹകരണ സ്പിന്നിംഗ് മില്ലുകളാണുള്ളത്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡിന്റെ (ടെക്സ്ഫെഡ്) ഭാഗമായ ഇവയ്ക്ക് 1.52 ലക്ഷം സ്പിൻഡിൽ ശേഷിയുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ മേഖലയ്ക്കു കീഴിലുള്ള സ്ഥാപനങ്ങൾ എന്നിവയെല്ലാം ചേർത്ത് സംസ്ഥാനത്ത് അകെ 17 സ്പിന്നിംഗ് മില്ലുകൾ ഉണ്ട്, ഇവയിലെല്ലാം കൂടി ആകെ 2.87 ലക്ഷം സ്പിൻഡിൽ ശേഷിയും 3500 ഓളം പേർ ജോലിചെയ്യുകയും ചെയ്യുന്നു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്(എൻടിസി) ന് കേരളത്തിൽ 1.99 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള 5 മില്ലുകൾ ഉണ്ട് (ഇന്ത്യയിലാകെ ആകെ 23 എണ്ണം), ഇതിൽ ഏകദേശം 1900-ത്തിലധികം ആളുകൾ ജോലി ചെയ്തിരുന്നു. ഇതിൽ നാലെണ്ണം 2020-21 വരെ പ്രവർത്തനക്ഷമമായിരുന്നു, എന്നാൽ അവ ഇപ്പോൾ പ്രവർത്തനക്ഷമമല്ലെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കൂടാതെ, ആകെ 4 മില്ലുകളുള്ള രണ്ട് പ്രധാന സ്വകാര്യമേഖലാ സംരംഭങ്ങളുണ്ട്, ഏകദേശം 2.16 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള അവയിലാകെ ഏകദേശം 2200-ലധികം പേർ ജോലി ചെയ്യുന്നു.

പ്രവർത്തന മൂലധനത്തിന്റെ അഭാവവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമാണ് സ്പിന്നിംഗ് മില്ലുകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ഈ മേഖലയ്ക്കുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി, കേരള സർക്കാർ ഇപ്പോൾ സംസ്ഥാനത്തെ മുഴുവൻ ടെക്സ്റ്റൈൽ മേഖലയ്ക്കുംവേണ്ടി പരുത്തി സംഭരിക്കുന്നത്, (ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ(ബി.പി.ടി), കേരള സംസ്ഥാന സഹകരണ ടെക്സ്റ്റൈൽ ഫെഡറേഷൻ (ടെക്സ്ഫെഡ്), കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ. എസ്. ടി. സി), വ്യക്തിഗത സ്പിന്നിംഗ് മില്ലുകളുടെ മാനേജിംഗ് ഡയറക്ടർമാർ) എന്നിവരടങ്ങുന്ന ഒരു കേന്ദ്രീകൃത പർച്ചേസ് സംവിധാനത്തിലൂടെയാണ്. ഇങ്ങനെ സംഭരിച്ച് നൽകുന്ന അസംസ്കൃത വസ്തുക്കളിലൂടെ ഈ മില്ലുകൾ ഉത്പാദിപ്പിക്കുന്ന നൂലിന്റെ വിൽപന ഒരു കമ്മിറ്റിയുടെ മേൽനോട്ടത്തിലുള്ള "ഡിപ്പോ" സംവിധാനത്തിലൂടെയാണ് നടത്തുന്നത്. തൽഫലമായി, അസംസ്കൃത വസ്തുക്കളുടെ വില കുറയുകയും മേഖലയുടെ പ്രകടനം മെച്ചപ്പെടുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായി ശുപാർശ ചെയ്തിട്ടുള്ള മില്ലുകളിൽ നിലനിൽക്കുന്ന പ്രതിസന്ധി പഠിക്കാൻ സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു.

കൂടാതെ, വിള സീസണിൽ നല്ല നിലവാരമുള്ള പരുത്തി സംഭരണത്തിനായി ഒരു കോട്ടൺ ബോർഡ് രൂപീകരിക്കുകയുണ്ടായിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്തെ സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ സ്പിന്നിംഗ് മില്ലുകൾക്കും മതിയായ പരുത്തി ഉറപ്പാക്കുകയും, അതുവഴി ഉത്പാധന ശൃംഖലയിലെ ഉപയോക്താക്കൾക്ക് നൂലിന്റെ ലഭ്യത ഉറപ്പാക്കുകയും ചെയ്യും.

### കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (ടെക്സ്ഫെഡ്)

സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെയും സംയോജിത പവർലൂം സഹകരണ സംഘങ്ങളുടെയും പരമോന്നത സ്ഥാപനമാണ് ടെക്സ്ഫെഡ്. കേരളത്തിലെ സഹകരണ ടെക്സ്റ്റൈൽ യൂണിറ്റുകളുടെ രൂപീകരണവും നടത്തിപ്പും ആസൂത്രണം ചെയ്യുന്നതിനും സഹായിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള ഒരു ബോഡിയായിട്ടാണ് 1992-ൽ ടെക്സ്ഫെഡ് സ്ഥാപിതമായത്. സ്പിന്നിംഗ്, നെയ്ത്ത്, സംസ്കരണം, വസ്ത്രനിർമ്മാണം എന്നിവയുൾപ്പെടെ ടെക്സ്റ്റൈൽ വ്യവസായത്തിൻറെ എല്ലാ വിഭാഗങ്ങളെയും ഇത് സമന്വയിപ്പിക്കുന്നു. അപെക്സ് ബോഡിയായ ടെക്സ്ഫെഡിന് കിഴിൽ എട്ട് സഹകരണ സ്പിന്നിംഗ് മില്ലുകളുണ്ട്. ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, തൃശ്ശൂർ കോ -ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ലിമിറ്റഡ്, കെ. കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിവയാണവ. 1,51,920 സ്പിൻഡിൽ ശേഷിയുള്ള ഈ 8 സഹകരണ സ്പിന്നിംഗ് മില്ലുകളിലൂടെ 1,680 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നു. നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെൻറ് കോർപ്പറേശന്റെയും (എൻ.സി.ഡി.സി) കേരള സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ ടെക്സ്ഫെഡ് മില്ലുകൾ യന്ത്രങ്ങളുടെ നവീകരണം നടത്തിയിട്ടുണ്ട്. ഉൽപ്പാദനക്ഷമതയും ഉൽപാദനത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടാൻ ഇതിലൂടെ സാധ്യമായി. സംസ്ഥാന സഹായത്തോടും മറ്റ് ഏജൻസികളുടെ സഹായത്തോടും കൂടി ഏറ്റെടുത്ത ആധുനികവൽക്കരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിലൂടെ മില്ലുകളെ "ബ്രേക്ക് ഇവൻ" ലേക്ക് എത്തിക്കാൻ കഴിയുമെന്നാണ് കേരള സർക്കാർ ഉദ്ദേശിക്കുന്നതും ലക്ഷ്യം വയ്ക്കുന്നതും.

### കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ടി.സി)

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ. എസ്.ടി.സി) 1972 മാർച്ച് 9 ന് തിരുവനന്തപുരത്ത് നിലവിൽ വന്നു. സംസ്ഥനത്ത് ടെക്സ്റ്റൈൽ മില്ലുകൾ സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക, കേരളത്തിലെ ടെക്സ്റ്റൈൽ വ്യവസായത്തിലെ നഷ്ടത്തിലായ യൂണിറ്റുകളുടെ ഉന്നമനം എന്നിവയാണ് കെ.എസ്.ടി.സി യുടെ പ്രധാന ലക്ഷ്യങ്ങൾ. കോർപ്പറേഷന് ഏഴ് മില്ലുകളും ഒരു ഗവേഷണ-പരിശോധനാ

കേന്ദ്രവുമുണ്ട്. പ്രഭുറാം മിൽസ്, കോട്ടയം ടെക്സ്റ്റൈൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ്, മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസ്, ഹൈടെക് വീവിംഗ് മിൽസ്, കോമളപുരം സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസ്, ഉദുമ ടെക്സ്റ്റൈൽസ് എന്നിവയാണ് കെ.എസ്.ടി.സി യുടെ കീഴിലുള്ള മില്ലുകൾ . സീതാറാം ടെക്സ്റ്റൈൽസ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നീ രണ്ട് യൂണിറ്റുകൾ ഇപ്പോൾ കെ.എസ്.ടി.സി യുടെ ഭരണ നിയന്ത്രണത്തിലാണ്. മേൽപ്പറഞ്ഞവ കൂടാതെ, കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരത്തെ ബാലരാമപുരത്ത് സ്ഥിതി ചെയ്യുന്ന സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ആൻഡ് ഡെവലപ്മെൻറ് ഇൻ ടെക്സ്റ്റൈൽസ് (സി.ആർ.ഡി.ടി) എന്ന ഗവേഷണ-പരിശോധനാ വിഭാഗമുണ്ട്. കണ്ണൂർ നാടുകാണി കിൻഫ്ര പാർക്കിൽ ഏജൻസി പുതിയ പ്രിൻറിംഗ് കം ഡൈയിംഗ് യൂണിറ്റ് സ്ഥാപിക്കുന്നു .

2023-24 ൽ കോർപ്പറേഷന്റെ ഉൽപ്പാദന മൂല്യം 73.90 കോടി രൂപയും വിൽപ്പനയിൽ നിന്നുള്ള വരുമാനം 74.65 കോടി രൂപയുമാണ് . കഴിഞ്ഞ 5 വർഷമായി കെ.എസ്.ടി.സി തുടർച്ചയായി അറ്റ നഷ്ടമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2023-24 അവസാനത്തിൽ കോർപ്പറേഷൻറെ സഞ്ചിത നഷ്ടം ഏകദേശം 627.85 കോടി രൂപയാണ്. കെ.എസ്.ടി.സി യുടെ ധനകാര്യ വിശകലന വിശദാംശങ്ങൾ **അനുബന്ധം 4.6.11** ൽ നൽകിയിരിക്കുന്നു.

1903-ലാണ് സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് ആരംഭിക്കുന്നത് പിന്നീട് 1972-ൽ അത് കേരള സർക്കാർ പൊതു ലേലത്തിലൂടെ ഏറ്റെടുത്തു. തുടർന്ന് വ്യവസായ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൽ കേരള സർക്കാറിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള യൂണിറ്റായി പ്രവർത്തിക്കുകയും 1975 ഫെബ്രുവരി 14-ന് ഔദ്യോഗികമായി കോർപ്പറേഷനായി മാറുകയും ചെയ്തു. ആകെ തൊഴിലാളികളുടെ എണ്ണം 124 ആണ്. ഏകദേശം 25,000 സ്പിൻഡിൽ ശേഷിയുള്ള സ്പിന്നിംഗ് വിഭാഗം മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. വിൽപ്പനയിൽ നിന്നുള്ള വരുമാനം 2022-23 ൽ 10.59 കോടിയിൽ നിന്ന് 2023-24 ൽ 3.72 കോടിയായി കുറഞ്ഞു. വർഷങ്ങളായി ഇത് അറ്റ നഷ്ടമാണ് റിപ്പോർട്ട് ചെയ്യുന്നത്. സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.12** ൽ നൽകിയിരിക്കുന്നു .

സംസ്ഥാനത്തെ ഏറ്റവും വലിയ കൈത്തറി കേന്ദ്രങ്ങളിലൊന്നായ ബാലരാമപുരത്തുള്ള ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് 1963 നവംബർ 01 ന് നിലവിൽ വന്ന ഒരു സംസ്ഥാന സർക്കാർ കമ്പനിയാണ്. 1998-ൽ, കേരള സർക്കാരിന്റെ അടച്ചുപൂട്ടേണ്ടി വന്ന വ്യവസായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമത്തിൻറെ ഭാഗമായി, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിൻറെ സഹായത്തോടെ ഈ മില്ലിനെ പുനരുജ്ജീവിപ്പിക്കാൻ നടപടികൾ കൈക്കൊള്ളുകയും തുടർന്ന് എക്സ്പോർട്ട് പ്രമോഷൻ ക്യാപിറ്റൽ ഗുഡ്സ് സ്കീമിന് കീഴിൽ ചെക്ക് റിപ്പബ്ലിക്, ജർമ്മനി, ചൈന എന്നിവിടങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത അത്യാധുനിക സാങ്കേതികവിദ്യയുള്ള ഓപ്പൺ എൻഡ് (ഒ.ഇ) സ്പിന്നിംഗ് മിൽ ആക്കി മാറ്റുകയും ചെയ്തു. തുടർന്ന് 2009 ൽ, 360 റോട്ടറുകളുടെ ശേഷിയോടെ കമ്പനി അതിൻറെ ഉത്പാദനം പുനരാരംഭിച്ചു. ഇപ്പോൾ കമ്പനിക്ക് 680 റോട്ടർ ശേഷിയുണ്ട്. 69 ജീവനക്കാരുള്ള യൂണിറ്റിൽ 38.08 കോടി രൂപയാണ് നിലവിലെ സഞ്ചിത നഷ്ടം. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൻറെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.13** ൽ നൽകിയിരിക്കുന്നു.

### ടെക്സ്റ്റൈൽസ് മേഖലയിലെ നേട്ടങ്ങൾ 2023–24

2023-24 സാമ്പത്തിക വർഷത്തിൽ, 14 പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് സർക്കാർ വിഹിതം നൽകി. മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നവീകരണത്തിനും പ്രോത്സാഹനത്തിനുമായി 28 പ്രാഥമിക സംഘങ്ങൾക്ക് സഹായം നൽകി. കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീമിനു കിഴിൽ 2023-24 വർഷത്തിൽ 3,092 നെയ്ത്തുകാരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സഹായം നൽകുകയുണ്ടായി. നെയ്ത്തുകാരുടെ/അനുബന്ധ തൊഴിലാളികളുടെ മോട്ടിവേഷൻ പ്രോഗ്രാമിന് കീഴിൽ ഏകദേശം 4,650 ഓളം നെയ്ത്തുകാർക്ക് പ്രയോജനം ലഭിച്ചു. ഗവൺമെൻറ് ഷെയർ പങ്കാളിത്ത സഹായം ഹാന്റെക്സ്, ഹാൻവീവ് എന്നി സ്ഥാപനങ്ങൾക്ക് നൽകി. 10 പ്രൊഫഷണൽ ഡിസൈനർമാരുടെ സഹായത്തോടെ നെയ്ത്തുകാർക്ക് നൈപുണ്യ നവീകരണ പരിശീലനം നൽകി. 4 പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ആധുനികവൽക്കരണത്തിന് ഓഹരി പങ്കാളിത്തത്തിലൂടെ ആനുകൂല്യം നൽകി.

### പ്രശ്നങ്ങളും വെല്ലുവിളികളും

വിലകുറഞ്ഞതും വൻതോതിൽ ഉൽപ്പാദിപ്പിക്കുന്നതുമായ തുണിത്തരങ്ങൾ മൂലം വിലയിനത്തിൽ ഈ മേഖല മത്സരം നേരിടേണ്ടിവരുന്നുണ്ട്. ആധുനിക ട്രെൻഡുകളും ഡിസൈനുകളും സ്വായത്തമാക്കാനുള്ള പ്രതിബന്ധങ്ങൾ, വൻതോതിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ, അപര്യാപ്തമായ വിപണന ശ്രമങ്ങൾ; നെയ്ത്തുകാരുടെ എണ്ണത്തിലുള്ള വ്യത്യാസം എന്നിവ കൈത്തറി മേഖലയിലെ ചില പ്രശ്നങ്ങളാണ്. അതോടൊപ്പം തന്നെ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും, വർധിക്കുന്ന വില, ഉൽപ്പാദനച്ചെലവിലുള്ള വർദ്ധനവ്. അടിസ്ഥാന സൗകര്യ പരിമിതികൾ എന്നിവയും ടെക്സ്റ്റൈൽ മേഖല നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികളിൽ ചിലതാണ്. മന്ദഗതിയിലുള്ള ആധുനികവൽക്കരണം, കടുത്ത മത്സരം, കുറഞ്ഞ ഉൽപ്പാദനക്ഷമത, ഭരണച്ചെലവിലും ഉൽപ്പാദനച്ചെലവിലുമുള്ള വർദ്ധനവ്, ലാഭത്തിൽ നേരിടുന്ന കുറവ്, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവയും കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയെ ആശങ്കപ്പെടുത്തുന്ന വിഷയങ്ങളാണ്. കേരളത്തിൽ, നൂൽനൂൽപ്പ് നെയ്ത്ത് എന്നിവ കൈകാര്യം ചെയ്യുന്ന മില്ലുകൾ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയിലും, ഉത്പന്നങ്ങളുടെ വിതരണത്തിലും പ്രശ്നങ്ങൾ നേരിടുന്നു. തുണി സംസ്കരണ സൗകര്യങ്ങളുടെ അഭാവവും കേരളത്തിലെ തുണി വ്യവസായ മേഖല നേരിടുന്ന ഒരു പ്രശ്നമാണ്.

### മുന്നോട്ട്

കേരളത്തിനകത്തു തന്നെ വസ്ത്രങ്ങൾക്ക് വലിയൊരു വിപണിയുണ്ട്. മൂല്യ ശൃംഖലയിലെ വിവിധ വിഭാഗങ്ങളിൽ (നൂൽ നൂൽക്കുന്നത് മുതൽ വസ്ത്രങ്ങൾ നെയ്യുന്നതു വരെ)

ഒരു പ്രധാന ശക്തിയായി ഉയർന്നുവരാൻ സംസ്ഥാനത്തെ വസ്ത്ര നിർമ്മാണ മേഖലയ്ക്ക് നല്ല സാധ്യതയുണ്ട്. തുണിത്തരങ്ങൾ, ബെഡ് ലിനൻ, ടോയ്‌ലറ്റ്, ആന്റ് കിച്ചൺ ലിനൻ, ടവലുകൾ, കർട്ടനുകൾ, തലയണകൾ, പാഡുകൾ, അപ്ഹോൾസ്റ്ററി, പരവതാനികൾ, ഫ്ലോർ കവറുകൾ, എംബ്രോയ്ഡറി ചെയ്ത തുണിത്തരങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ ഈ മേഖലയിൽ ധാരാളം അവസരങ്ങളുണ്ട്. കേരളത്തിലെ യുവാക്കളെയും വിദ്യാസമ്പന്നരെയും സംരംഭകരെന്ന നിലയിലോ തൊഴിലാളികളെന്ന നിലയിലോ ഈ മേഖലയിലേക്ക് ആകർഷിക്കാനുള്ള വഴികൾ ടെക്സ്റ്റൈൽ മേഖല കണ്ടെത്തേണ്ടതുണ്ട്. നൂതനമായ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിലൂടെ, കരവിരുതും, വിഭിന്നവും അതോടൊപ്പം സുസ്ഥിരതയുമുള്ള ഉത്പന്നങ്ങൾക്ക് വിലമതിക്കുന്ന യുവ ഉപഭോക്താക്കളെ ആകർഷിക്കാൻ ഈ മേഖലയ്ക്ക് കഴിയും. ബ്രാൻഡിംഗും ധനകാര്യത്തിനുള്ള വഴികളും ഈ മേഖല ശ്രദ്ധ നല്കേണ്ടുന്ന വിഷയങ്ങളാണ്. കൈത്തറി ക്ലസ്റ്ററുകളുടെ രൂപീകരണത്തിൽ കൂടുതൽ മുൻഗണനയും പരിഗണനയും നൽകേണ്ടിവരും, അത് ഉൽപ്പാദനക്ഷമതയും വിപണിയും വർദ്ധിപ്പിക്കും. കൈത്തറി ഉൽപന്നങ്ങളുടെ ആധികാരികത സംരക്ഷിക്കുന്ന ഭൗമസൂചിക (ജി. ഐ ടാഗുകൾ) നൽകുന്നതിന് ശ്രദ്ധ നൽകേണ്ടത് ഈ മേഖലയിൽ അത്യാവശ്യവും അനിവാര്യവുമാണ്.

### ഖാദി ഗ്രാമ വ്യവസായ മേഖല

### ഇന്ത്യയിലെ ഖാദി ഗ്രാമ വ്യവസായ മേഖല

വളരെ കുറഞ്ഞ മൂലധന നിക്ഷേപത്തിൽ ഗ്രാമീണ കൈ തൊഴിലാളികൾക്ക് തൊഴിൽ സൃഷ്ടിക്കാൻ ഖാദി, ഗ്രാമവ്യവസായങ്ങൾക്ക് സാധ്യമാണ്. നൈപുണ്യം മെച്ചപ്പെടുത്തൽ, സാങ്കേതികവിദ്യ സാർവത്രികമാക്കൽ, ഗവേഷണം, വികസനം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങൾ ഇത് ഏറ്റെടുക്കുന്നു. രാജ്യത്തുടനീളമുള്ള 2,946 ഖാദി സ്ഥാപനങ്ങൾ മൊത്തം 4.98 ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നു, അവരിൽ 80 ശതമാനത്തിലധികം സ്ത്രീകളുമാണ്. ഇന്ത്യയിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലൂടെ (പോളി വസ്ത്രവും സോളാർ വസ്ത്രവും ഉൾപ്പെടെ) ഉത്പാദനം 2022-23ൽ 95,956.67 കോടി രൂപയായിരുന്നത് 2023-24ൽ 1,08,297.68 കോടി രൂപയായി വർദ്ധിച്ചു. അതിൽത്തന്നെ ഖാദി ഉത്പാദനം മാത്രം 3,206 കോടി രൂപയാണ്. അതുപോലെ, ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പന 2022-23 ൽ 1,34,629.5 കോടി രൂപയിൽ നിന്ന് 2023-24 ൽ 1,55,673.1 കോടി രൂപയായി ഉയർന്നു. ഖാദി, ഗ്രാമവ്യവസായ മേഖലയിലെ തൊഴിൽ സൃഷ്ടിക്കൽ 2022-23 ലെ 1.77 കോടിയിൽ നിന്ന് 2023-24ൽ 1.87 കോടിയായി ഉയർന്നു (അവലംബം : 2023-24 വാർഷിക റിപ്പോർട്ട്, സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ). കഴിഞ്ഞ അഞ്ച് വർഷമായി ഇന്ത്യയിലെ ഖാദി, ഗ്രാമവ്യവസായങ്ങളിലെ ഉത്പാദനം, വിൽപ്പന, തൊഴിൽ എന്നിവ **പട്ടിക 4.6.2**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.6.2** ഇന്ത്യയിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിൽ 2018-19 - 2022-23

| വർഷം | ഉൽപ്പാദനം (രൂപ കോടിയിൽ) | വിൽപ്പന (രൂപ കോടിയിൽ) | തൊഴിൽ (എണ്ണം കോടിയിൽ) |
|---|---|---|---|
| 2019-20 | വിൽപ്പന | 88,855.55 | 1.52 |
| 2020-21 | തൊഴിൽ | 95,741.36 | 1.59 |
| 2021-22 | 84,289.93 | 1,15,415.23 | 1.67 |
| 2022-23 | 95,956.67 | 1,34,629.5 | 1.77 |
| 2023 -24 (31/03/2024) വരെ | 1,08,297.68 | 1,55,673.1 | 1.87 |

***അവലംബം:*** വാർഷിക റിപ്പോർട്ട് 2023-24 എം.സ്.എം.ഇ മന്ത്രാലയം, ഭാരത സർക്കാർ

### കേരളത്തിലെ ഖാദിഗ്രാമ വ്യവസായ മേഖല

2023-24ൽ കേരളത്തിലെ ഖാദി മേഖല 12,500 കൈ തൊഴിലാളികൾക്ക് തൊഴിൽ നൽകുകയും 4,199 ലക്ഷം രൂപയുടെ തുണി, നൂൽ ഉത്പാദനം രേഖപ്പെടുത്തുകയും ചെയ്തു. ഖാദി കൈതൊഴിലാളികൾക്ക് 2023-24ൽ 3,488.1 ലക്ഷം രൂപയാണ് വേതനമായി നൽകിയത്. മൊത്തം ഖാദി റീട്ടെയിൽ വിൽപ്പന 4,979.97 ലക്ഷം രൂപയുമാണ്. 2023-24ൽ ഗ്രാമവ്യവസായങ്ങൾ 43,259 പേർക്ക് തൊഴിൽ നൽകി, ഉൽപ്പാദന മൂല്യം 155 കോടി രൂപയും വിൽപ്പന മൂല്യം 164.79 കോടി രൂപയുമാണ്. വിശദാംശങ്ങൾ **പട്ടിക 4.6.3** ൽ നൽകിയിരിക്കുന്നു.

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് (കെകെവിഐബി), കെകെവിഐബി എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം), കെവിഐസി എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം) എന്നിവ ഉൾപ്പെടെ 29 ഖാദി സ്ഥാപനങ്ങൾ ഖാദി ഉൽപ്പാദനത്തിലും വിൽപ്പനയിലും ഏർപ്പെട്ടിട്ടുണ്ട്. 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിലെ ഈ സ്ഥാപനങ്ങളുടെ (കെകെവിഐബി

**പട്ടിക 4.6.3.** 2022-23 & 2023-24 വർഷങ്ങളിൽ കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉത്പാദനം, വിൽപ്പന, തൊഴിൽ

| മേഖല/ഉപമേഖല | ഉൽപ്പാദന മൂല്യം (രൂപ കോടിയിൽ ) | | വിൽപ്പന മൂല്യം (രൂപ കോടിയിൽ | | തൊഴിൽ (എണ്ണത്തിൽ) | |
|---|---|---|---|---|---|---|
| | 2022–23 | 2023–24 | 2022–23 | 2023–24 | 2022–23 | 2023–24 |
| ഖാദി മേഖല | 34.16 | 41.99 | 51.30 | 49.79 | 12,527 | 12,500 |
| ഗ്രാമ വ്യവസായ മേഖല | 155.22 | 155.02 | 164.79 | 164.79 | 43,350 | 43,259 |
| **ആകെ** | **189.38** | **197.01** | **216.09** | **214.58** | **55,877** | **55,759** |

***അവലംബം:*** ഖാദി ഗ്രാമ വ്യവസായ ബോർഡ്

& കെവിഐസിയുടെ കീഴിൽ) ഉൽപ്പാദനം, വിൽപ്പന, 2023-24ൽ നൽകിയ തൊഴിലവസരങ്ങളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം.4.6.14**-ൽ നൽകിയിരിക്കുന്നു.

കഴിഞ്ഞ 3 വർഷത്തെ ഈ മേഖലയുടെ സംസ്ഥാന പദ്ധതി വിഹിതവും ചെലവും **പട്ടിക 4.6.4** ൽ നൽകിയിരിക്കുന്നു.

**പട്ടിക 4. 6.4.** കേരളത്തിലെ ഖാദി, ഗ്രാമവ്യവസായ മേഖലയുടെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

| വർഷം | വിഹിതം | ചെലവ് | ചെലവ് (ശതമാനത്തിൽ) |
|---|---|---|---|
| 2021-22 | 1610 | 1351.48 | 83.94 |
| 2022-23 | 1610 | 860.77 | 53.46 |
| 2023-24 | 1610 | 728.41 | 45.24 |

***അവലംബം:*** പ്ലാൻ സ്പേസ് കേരള

**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (കെകെവിഐബി)**

കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങൾ ഏകോപിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തരവാദിത്തമുള്ള വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഒരു നിയമാനുസൃത സ്ഥാപനമാണ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (കെകെവിഐബി). കേരള സർക്കാരിന്റെയും ഖാദി കമ്മീഷന്റെയും പരിപാടികളും സഹകരണ സ്ഥാപനങ്ങൾ, രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യക്തികൾ, വകുപ്പുതല യൂണിറ്റുകൾ എന്നിവ വഴി ദേശസാൽകൃത ബാങ്കുകളുടെ സാമ്പത്തിക സഹായം ലഭ്യമാക്കലും ബോർഡ് നടപ്പിലാക്കുന്നു. കെവിഐസിയുടെ സ്പെഷ്യൽ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (എസ്ഇജിപി) (എന്റെ ഗ്രാമം), പ്രധാനമന്ത്രിയുടെ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പിഎംഇജിപി), റൂറൽ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (ആർഇജിപി) എന്നിവ സംസ്ഥാന പദ്ധതിയുടെ കീഴിലുള്ള പദ്ധതികളിൽ ഉൾപ്പെടുന്നു. 2023-24ൽ പ്രത്യേക തൊഴിൽ ദാന പദ്ധതി എസ്ഇജിപി), പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതി (പിഎംഇജിപി) തുടങ്ങിയ ഗ്രാമവ്യവസായ പരിപാടികളിലൂടെ 3,522 തൊഴിലവസരങ്ങൾ ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് നൽകി. വിശദാംശങ്ങൾ **അനുബന്ധം 4.6.15 അനുബന്ധം 4.6.16** എന്നിവയിൽ നൽകിയിരിക്കുന്നു. ഖാദി ഗ്രാമ വ്യവസായത്തിന്റെ ഉത്പാദനം, വിൽപ്പന, തൊഴിൽ, കഴിഞ്ഞ രണ്ട് വർഷമായി നൽകിയ വേതനം എന്നിവ **അനുബന്ധം 4.6.17** ൽ കാണിച്ചിരിക്കുന്നു.

ഖാദി ഗ്രാമ വ്യവസായ ബോർഡിന് 2022-23, 2023-24 വർഷങ്ങളിൽ വിവിധ സ്രോതസ്സുകളിൽ നിന്നു ലഭിച്ച വിഹിതവും അതിന്റെ ചെലവും **പട്ടിക 4.6.5**ൽ ചേർത്തിരിക്കുന്നു.

**പ്രത്യേക തൊഴിൽ ദാന പദ്ധതി**

പദ്ധതി വിലയിരുത്തലിന്റെയും വ്യവസായ വാണിജ്യ വകുപ്പിന്റെ അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ബാങ്ക് ലിങ്ക്ഡ് പ്രോജക്ടുകൾ വഴി ചെറുകിട സംരംഭകർക്കും പരമ്പരാഗത കൈ ത്തൊഴിലാളികൾക്കും മാർജിൻ മണി സബ്സിഡി നൽകുന്ന പദ്ധതിയാണിത്. മാർജിൻ മണി ആയി നൽകുന്ന പരമാവധി സഹായം പദ്ധതി ചെലവിന്റെ 40 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നു. പൊതുവിഭാഗത്തിന് പദ്ധതിച്ചെലവിന്റെ 25 ശതമാനം സബ്സിഡി ലഭിക്കും. വനിതകൾക്കും ഒബിസി വിഭാഗത്തിനും 30 ശതമാനവും, എസ്‌സി/എസ്ടി/ കോവിഡ് 19 മഹാമാരി മൂലം തൊഴിൽനഷ്ടപ്പെട്ട പ്രവാസികൾ എന്നീ വിഭാഗങ്ങൾക്ക് 40 ശതമാനവും ലഭിക്കും. 2023-24ൽ ഖാദി ബോർഡ് 843 ഗ്രാമവ്യവസായങ്ങളിലൂടെ 2,872.90 ലക്ഷം രൂപയുടെ മൊത്തം പദ്ധതി നിക്ഷേപം സൃഷ്ടിക്കുകയും 1,368 തൊഴിലവസരങ്ങൾ നൽകുകയും ചെയ്തു. 2023-24 ലെ പ്രത്യേക തൊഴിൽദാന പദ്ധതിക്ക് കീഴിലുള്ള നേട്ടങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.15** ൽ നൽകിയിരിക്കുന്നു.

**പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതി (പിഎംഇജിപി)**

ഗ്രാമീണ, നഗര മേഖലകളിൽ ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ലക്ഷ്യമിട്ടുകൊണ്ടുള്ള വായ്പാബന്ധിത സബ്സിഡി പരിപാടിയാണ് പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതി (പിഎംഇജിപി). രാജ്യത്തെ ഒരു വലിയ വിഭാഗം പാരമ്പര്യ കൈത്തൊഴിലുകാർ, ഗ്രാമീണ, നഗര മേഖലയിലെ തൊഴിൽ രഹിതരായ യുവാക്കൾ എന്നിവർക്ക് സുസ്ഥിരമായ തൊഴിൽ പ്രദാനം ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ചെറുകിട മേഖലകളിലേക്ക് കൂടുതലായി വായ്പകൾ അനുവദിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. പദ്ധതിയുടെ കീഴിൽ ചെറുകിട സംരംഭങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് സർക്കാർ സബ്സിഡിയായും അധിക വേതനം എന്നനിലയിലും ആനുകൂല്യം ലഭ്യമാക്കുന്നു. ഇതിന് ഖാദി ഗ്രാമവ്യവസായ ബോർഡ് മേൽനോട്ടം വഹിക്കുന്നു. പദ്ധതിയിലൂടെ, പ്രധാനമന്ത്രിയുടെ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പിഎംഇജിപി)വഴി 410 യൂണിറ്റുകൾക്കായി 4,143.57 ലക്ഷം രൂപ മൂലധന നിക്ഷേപം സൃഷ്ടിക്കുകയും 2,154 തൊഴിലവസരങ്ങൾ നൽകുവാനും ഖാദി ബോർഡിന് കഴിഞ്ഞു. ആകെ ഉൽപ്പാദനം 6,629.66 ലക്ഷം രൂപയും വിൽപ്പന 7,624.11 ലക്ഷം രൂപയുമായിരുന്നു. 775.44 ലക്ഷം രൂപയാണ് വേതനമായി നൽകിയത്. 2023-24 ലെ പ്രോഗ്രാമിന് കീഴിലുള്ള നേട്ടങ്ങൾ **അനുബന്ധം 4.6.16** ൽ നൽകിയിരിക്കുന്നു.

**വിപണനം**

കെകെവിഐബിക്ക് 2023-24ൽ 190 ഖാദി വിൽപന കേന്ദ്രങ്ങളുണ്ടായിരുന്നു. 2022-23, 2023-24 വർഷങ്ങളിലെ കെകെവിഐ ബോർഡിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റൽ സെയിൽസ് ഔട്ട്ലെറ്റുകളുടെയും വിൽപ്പനയുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.18** ൽ നൽകിയിരിക്കുന്നു. ജില്ല തിരിച്ചുള്ള വില്പന ലക്ഷ്യവും കൈവരിച്ച നേട്ടവും **ചിത്രം 4.6.1** ൽ കൊടുത്തിരിക്കുന്നു.


**കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായ മേഖല നേരിടുന്ന**

**പട്ടിക 4.6.5** കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിഹിതവും അതിന്റെ ചെലവും (രൂപ ലക്ഷത്തിൽ)

| ഇനം | 2022–23 | | 2023–24 | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| സംസ്ഥാന സർക്കാർ ഗ്രാൻറ്-പദ്ധതി വിഹിതം | | | | |
| 1. ഭരണ ചെലവുകൾ (ബജറ്റ് വിഹിതം) | 915.77 | 872.85 | 784.67 | 755.4 |
| 2. ഇൻകം സപ്പോർട്ട് സ്കീം (ഡി ഐ സി വഴിയുള്ള ഫണ്ട് ) | 1,500.00 | 1,500.00 | 3,680.79 | 3,680.79 |
| സംസ്ഥാന സർക്കാർ ഗ്രാൻറ് - പദ്ധതിയേതരം | | | | |
| 1. പദ്ധതിയേതര-ഭരണ ചെലവുകൾ | 4,832.00 | 4,903.54 | 4,800.20 | 4,853.06 |
| 2. അധിക വകയിരുത്തൽ പദ്ധതിയേതര – പ്രത്യേക ഇളവ് | 1,000.00 | 1,000.00 | 570 | 570 |
| കെ.വി.ഐ.സി ഗ്രാൻറ് | | | | |
| 1 പി.എം.ഇ.ജി.പി - മാർജിൻ മണി സഹായം | 1,738.50 | 1,143.91 | 1,336.31 | 1,336.31 |
| 2. പി.എം.ഇ.ജി.പി ജില്ലാതല അവബോധ ക്യാമ്പും എക്സിബിഷനും സംഘടിപ്പിക്കൽ | 0 | 0 | 2.55 | 2.55 |

***ഉറവിടം:*** ഖാദി, ഗ്രാമവ്യവസായ ബോർഡ്, കേരള സർക്കാർ

**ചിത്രം 4.6.1** 2023-24 വർഷത്തെ ജില്ലതിരിച്ചുള്ള വില്പന ലക്ഷ്യങ്ങളും നേട്ടങ്ങളും സംബന്ധിക്കുന്ന വിശദാംശങ്ങൾ(തുക ലക്ഷം രൂപയിൽ)




***ഉറവിടം:*** ഖാദി, ഗ്രാമവ്യവസായ ബോർഡ്, കേരള സർക്കാർ

## പ്രശ്നങ്ങളും വെല്ലുവിളികളും

- വിപണന, ബ്രാൻഡിംഗ് തന്ത്രങ്ങളിലെ പോരായ്മകൾ മൂലം ഖാദി ഉൽപന്നങ്ങൾക്കുണ്ടാകുന്ന സ്വീകാര്യതക്കുറവ് കാരണം ഓൺലൈനിലും ഓഫ്‌ലൈനിലും വിൽപ്പന കുറയുന്നു.
- വിപണി നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രമേ ഖാദി മേഖലയിലെ തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ടുള്ള വിപണി മുഖേന ഉപഭോക്താക്കൾക്ക് വിൽക്കുവാനോ ന്യായമായ വില ഉറപ്പാക്കുവാനോ കഴിയാറില്ല .
- കൈത്തറി തൊഴിലാളികൾക്കുള്ള കുറഞ്ഞ വേതനവും മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. സ്പിന്നർമാർ പ്രതിദിനം ₹240 മുതൽ 300 വരെയും നെയ്ത്തുകാർ പ്രതിദിനം ₹225 മുതൽ 260 വരെയും മാത്രമാണ് വേതനം നേടുന്നത്.
- ഖാദി സ്ഥാപനങ്ങൾ (കെഐകൾ) ഉപഭോക്തക്കളുടെ മാറിക്കൊണ്ടിരിക്കുന്ന അഭിരുചിക്ക് അനുസൃതമായി ഉത്പന്നങ്ങൾ അവതരിപ്പിക്കാത്തതും വിപണിയിലെ ട്രെന്റിനനുസരിച്ച അനുയോജ്യമായ മാറ്റങ്ങൾകൊണ്ടുവരുന്നില്ലെന്നതും ഖാദി, ഗ്രാമ വ്യവസായ മേഖല നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ്.
- കാലാവസ്ഥ, സാംസ്കാരിക പരിപാടികൾ, ഫാഷൻ ട്രെൻഡുകൾ തുടങ്ങിയ വിവിധ ഘടകങ്ങളാൽ വർഷത്തിലെ പ്രത്യേക സമയങ്ങളിൽ ചില ഉൽപ്പന്നങ്ങൾ കൂടുതൽ ജനപ്രിയമാവുന്നതിനാൽ, ഖാദി ഉൽപ്പന്നങ്ങളുടെ സീസണൽ ഡിമാൻഡിൽ ഗണ്യമായ ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെടുന്നു.
- ഇന്നത്തെ വെല്ലുവിളികളെ നേരിടാൻ, ഖാദി സ്ഥാപനങ്ങൾ അവരുടെ പ്രൊഫഷണലിസവും സംഘാടന മികവും മെച്ചപ്പെടുത്തേണ്ടതുണ്ട്.

## മുന്നോട്ട്

വെല്ലുവിളികളെ നേരിടാൻ, ഖാദി സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വയംഭരണവും മത്സരശേഷിയും നൽകുന്നതുൾപ്പെടെയുള്ള നയപരിഷ്കാരങ്ങൾ ആവശ്യമാണ്, അതുവഴി അവയുടെ വിലനിർണ്ണയ തന്ത്രങ്ങളിൽ മാറ്റങ്ങൾ സാധ്യമാവുന്നതുമാണ്. കൂടാതെ, കൈത്തറി തൊഴിലാളികളെ സഹകരണ സ്ഥാപനങ്ങളിലൂടെയോ ഉത്പാദക കമ്പനികളിലൂടെയോ ശാക്തീകരിക്കുന്നതിലൂടെ ന്യായമായ വേതനം ഉറപ്പുനൽകാനും അവരുടെ ഉല്പന്നങ്ങൾക്ക് പരമാവധി വിപണി മൂല്യം ഉറപ്പാക്കുവാനും കഴിയും. ഉൽപന്ന വികസനത്തിലെ നൂതന രീതികളും മെച്ചപ്പെട്ട ഉൽപന്ന വിപണനവും ഏതൊരു വ്യവസായത്തിലും അനിവാര്യമാണ്. ഒരു പരമ്പരാഗത വ്യവസായമായതിനാൽ ഖാദി മേഖല പ്രധാനമായും ആശ്രയിക്കുന്നത് സർക്കാർ സഹായത്തെയാണ്. എന്നിരുന്നാലും, മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക അന്തരീക്ഷത്തിന് ഈ മേഖലയെ സ്വയം പര്യാപ്തമാക്കുകയും പൊരുത്തപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഈ മേഖലയിലെ വ്യവസായത്തിന്റെ സുസ്ഥിരത ഉറപ്പാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെ, സുസ്ഥിര പരമ്പരാഗത വ്യവസായ മേഖലയിൽ സംസ്ഥാനത്തിന് ആഗോള തലത്തിൽ പ്രാമുഖ്യം നേടുവാനാകും. കേരളത്തിലെ യുവാക്കൾക്ക് അവരുടെ നൂതനമായ ആശയങ്ങളും സംരംഭങ്ങളും ഉപയോഗിച്ച് ഖാദിയുടെ വളർച്ചയ്ക്ക് വലിയ പങ്ക് വഹിക്കുവാൻ കഴിയുന്നതാണ് . സർക്കാരിന്റെയും ദേശീയ സ്ഥാപനങ്ങളുടെയും മികച്ച പിന്തുണയോടെ, ഈ മേഖലയിൽ സംരംഭകത്വത്തിനുള്ള സാധ്യതകൾ വളരെയേറെയാണ്. കേരളത്തിലെ ഖാദി മേഖലയ്ക്ക് വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും ഈ പരമ്പരാഗത വ്യവസായത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനുമുള്ള ബഹുമുഖ സമീപനത്തിന് കൂടുതൽ ആക്കം ആവശ്യമാണ്.

## കയർ വ്യവസായം

### ഇന്ത്യയിലെ കയർ വ്യവസായം

മൊത്ത മൂല്യവർദ്ധനവ്, തൊഴിലവസരങ്ങൾ, വിദേശ വാണിജ്യവരുമാനം എന്നിവയിലുള്ള സംഭാവനയാൽ പ്രധാനമാണ് കയർവ്യവസായം. ഏകദേശം 7.5 ലക്ഷം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുന്ന, ഈ വ്യവസായത്തിൽ 80 ശതമാനവും സ്ത്രീകളാണ്. കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, മഹാരാഷ്ട്ര, ഗോവ, ഒഡീഷ, അസം, ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ്, പുതുച്ചേരി തുടങ്ങിയ സംസ്ഥാനങ്ങളിലാണ് കയർ വ്യവസായം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. 2023-24ൽ കയർ നാരിന്റെ വാർഷിക ഉൽപ്പാദനം 2,66,000 മെട്രിക് ടൺ ആയിരുന്നു (താൽക്കാലിക കണക്ക്). ഇന്ത്യയിൽ നിന്നും 2023-24ൽ (2024 ജൂലൈ വരെ) 1285.11 കോടി രൂപയുടെ കയർ-കയറുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തു (താൽക്കാലിക കണക്ക്). നൂറിലധികം രാജ്യങ്ങളിലേക്കാണ് ഇന്ത്യ കയർ കയറ്റുമതി ചെയ്യുന്നത്. ചകിരിച്ചോറ്, കയർ നാരുകൾ, ടഫ്റ്റഡ് മാറ്റുകൾ, കൈത്തറി മാറ്റുകൾ, ജിയോ ടെക്സ്റ്റൈൽസ്, കയർ നൂൽ, ചുരുണ്ട കയർ, കൈത്തറി മാറ്റിംഗ്, റബ്ബറൈസ്ഡ് കയർ എന്നിവ ഉൾപ്പെടുന്ന ഏകദേശം 14 കയർ ഉൽപ്പന്നങ്ങൾ ഇന്ത്യ നിലവിൽ കയറ്റുമതി ചെയ്യുന്നു.

### കേരളത്തിലെ കയർ വ്യവസായം

ഇന്ത്യൻ കയർ വ്യവസായത്തിന്റെ ആസ്ഥാനമാണ് കേരളം, പ്രത്യേകിച്ച് വെളുത്ത ചകിരി നാരുകളുടെ (വൈറ്റ് ഫൈബർ) ഉൽപാദനത്തിൽ. നാളികേര ഉൽപാദനത്തിന്റെ 61 ശതമാനവും, കയർ ഉൽപന്നങ്ങളുടെ 85 ശതമാനവും കേരളത്തിലാണ് നടക്കുന്നത്. ഏകദേശം 1.5 ലക്ഷം കയർ തൊഴിലാളികൾ ജോലി ചെയ്യുന്ന കേരളത്തിലെ പരമ്പരാഗത വ്യവസായമാണ് കയർ മേഖല. ഇതിൽ 80 ശതമാനവും സ്ത്രീകളാണ്. കയർ വ്യവസായത്തിലെ പ്രക്രിയകളെ മൂന്ന് ഘട്ടങ്ങളായി തരം തിരിക്കാവുന്നതാണ്- നാരു വേർതിരിച്ചെടുക്കൽ, സ്പിന്നിംഗ്, ഉത്പാദനം. നാരു വേർതിരിച്ചെടുക്കൽ, സ്പിന്നിംഗ് എന്നീ വിഭാഗങ്ങൾ കൂടുതലും കേന്ദ്രീകരിച്ചിരിക്കുന്നത് സഹകരണ മേഖലയിലാണ്, അതേസമയം ഉൽപാദന വിഭാഗം ഫാക്ടറി മാതൃകയിൽ ആണ് പ്രവർത്തിക്കുന്നത്. ഇതിൽ നിരവധി കയറ്റുമതിക്കാരും ഉൾപ്പെടുന്നു.

കയറ്റുമതി വരുമാനം ലഭ്യമാക്കുന്നതിൽ കേരളത്തിലെ കയർ മേഖലയുടെ പങ്ക് ശ്രദ്ധേയമാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും, സ്വകാര്യ സംരംഭകരും കേരളത്തിൽ കയർ, കയർ ഉൽപന്നങ്ങൾ കയറ്റുമതി

ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്നു. കേരളത്തിൽ കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയും കയർഫെഡിനൊപ്പം കയർ ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ ഏർപ്പെട്ടിരിക്കുന്നു. 2021-22ൽ 1731.66 ലക്ഷം രൂപയായിരുന്ന കയറ്റുമതി 2022-23ൽ 1640.00 ലക്ഷം രൂപയായും 2023-24ൽ 1,005.32 ലക്ഷം രൂപയായും കുറഞ്ഞു. കയറ്റുമതി കുറയാനുള്ള കാരണങ്ങൾ എ) കോവിഡ്-19ന്റെ പ്രത്യാഘാതങ്ങളിൽ നിന്നും സാമ്പത്തികമായി കരകയറുന്നതിൽ വിദേശ വിപണികൾക്ക് ഉണ്ടായ കാലതാമസം, ബി) പടിഞ്ഞാറൻ, യൂറോപ്യൻ വിപണികളിലെ പണപ്പെരുപ്പവും മാന്ദ്യവും, സി) സമുദ്രത്തിലൂടെയുള്ള ചരക്ക് നീക്കത്തിന്റെ ചെലവിലുണ്ടായ വർദ്ധനവ്, ഡി) ജിയോപൊളിറ്റിക്കൽ വൈരുദ്ധ്യങ്ങൾ എന്നിവയാണ്. വിശദാംശങ്ങൾ **ചിത്രം 4.6.2, അനുബന്ധം 4.6.19** എന്നിവയിൽ നൽകിയിരിക്കുന്നു.

### കയർ മേഖലയിലെ പദ്ധതികളുടെയും പരിപാടികളുടെയും നേട്ടങ്ങൾ

കേരളത്തിൽ, കയർ വ്യവസായത്തിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി കയർ വികസന ഡയറക്ടറേറ്റാണ് (ഡിസിഡി). പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഈ മേഖലയ്ക്കായി വാർഷിക പദ്ധതികളിലൂടെ 636.19 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിരുന്നു. ഇത് പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വിഹിതം ഒഴിവാക്കിയുള്ളതാണ്. 628.19 കോടി രൂപയാണ് ചെലവ് (98.74 ശതമാനം). 2023-24 ൽ ഈ മേഖലയുടെ പദ്ധതിവിഹിതം 117.00 കോടി രൂപയായിരുന്നു. ഇതിൽ ചെലവാക്കിയത് 74.98 കോടി രൂപയാണ് (64.1 ശതമാനം). വിശദാംശങ്ങൾ **പട്ടിക 4.6.6** ൽ നൽകിയിരിക്കുന്നു.


**പട്ടിക 4.6.6** സംസ്ഥാന പദ്ധതി വിഹിതവും കയർ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ), ലക്ഷം രൂപയിൽ

| വർഷം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|
| 2017-18 | 12,812 | 9,872.89 | 77.06 |
| 2018-19 | 14,108 | 12,766.13 | 90.49 |
| 2019-20 | 14,151 | 8,247.06 | 58.28 |
| 2020-21 | 11,274 | 21,913.40 | 194.37 |
| 2021-22 | 11,274 | 10,019.50 | 88.87 |
| പതിമൂന്നാം പഞ്ചവത്സര പദ്ധതി - ആകെ | 63,619 | 62,818.98 | 98.74 |
| 2022-23 | 11,700 | 8,581.91 | 73.35 |
| 2023-24 | 11,700 | 7,498.06 | 64.09 |
| 2024-25* | 10,764 | 4,342.65 | 40.34 |

***അവലംബം:*** ബജറ്റ് പ്രോഗ്രാം ബുക്ക് വിവിധ വർഷങ്ങളും പ്ലാൻ സ്പേസ് കേരളയും
*31/11/2024 വരെയുള്ള ചെലവ്

'കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടന' എന്ന പേരിൽ സമഗ്രമായ പുനരുജ്ജീവനവും പരിവർത്തനപരവുമായ പാക്കേജ് നടപ്പിലാക്കിയതാണ് കയർ മേഖലയിലെ സമീപ വർഷങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്ന്. സംസ്ഥാന, എൻ.സി.ഡി.സി ഫണ്ടുകൾ ഉൾപ്പെടുന്ന പാക്കേജിൽ ഒരേ സമയം കയർ മേഖലയെ യന്ത്രവൽക്കരിക്കാനും തൊഴിലാളികളുടെ വേതനം സംരക്ഷിക്കാനുമുള്ള ശ്രമമാണ് ഈ പരിപാടിയിലൂടെ നടക്കുന്നത്. പാക്കേജിൽ 5 പ്രധാന മേഖലകൾക്ക് മുൻതൂക്കം നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. i) സാങ്കേതിക സഹായത്തോടെയുള്ള സംഭരണം, വികേന്ദ്രീകൃത

**ചിത്രം 4.6.2** കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കയർഫെഡും ചേർന്ന് നടത്തിയ കയർ, കയർ ഉൽപന്നങ്ങളുടെ കയറ്റുമതി, രൂപ ലക്ഷത്തിൽ




***അവലംബം:*** കയർ വികസന ഡയറക്ടറേറ്റ്, കേരള സർക്കാർ

രീതിയിലുള്ള നാര് വേർതിരിച്ചെടുക്കൽ, ii) പരമ്പരാഗത കയർ പിരിക്കൽ, നെയ്ത്ത് മേഖല എന്നിവയ്ക്കുള്ള പ്രത്യേക നയം iii) വ്യാവസായിക കയർ പിരിക്കൽ, നെയ്ത്ത് മേഖല എന്നിവയുടെ നവീകരണം (കയർ ഭൂവസ്ത്ര നിർമാണത്തിൽ പ്രത്യേക ഊന്നൽ നൽകികൊണ്ട്), iv) നെയ്ത്തിതര മേഖലയിൽ പ്രത്യേക ഊന്നൽ നൽകി കൊണ്ടുള്ള വ്യവസായിക കയർ ഉൽപന്ന വൈവിധ്യവൽക്കരണം, v) കയർ മേഖലയ്ക്കുള്ള സ്ഥാപന പിന്തുണയും വിപണി വികസനവും. യന്ത്രവൽക്കരണവും ആധുനികവൽകരണവുമടക്കമുള്ള പുനസംഘടനാ പ്രവർത്തനങ്ങൾ ഫലം കണ്ടു തുടങ്ങിയിട്ടുണ്ട്.

- 2023-24 സാമ്പത്തിക വർഷത്തിൽ 18,509.19 ടൺ കയറും കയറുൽപ്പന്നങ്ങളും ഉത്പാദിപ്പിക്കാൻ സാധിച്ചു.
- വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 20,932 പരമ്പരാഗത കയർ തൊഴിലാളികൾക്ക് 13.58 കോടി രൂപ വിതരണം ചെയ്തു.
- പുതിയ ഡീഫൈബറിങ് യൂണിറ്റുകളുടെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്ത് തൊണ്ട് വിനിയോഗം വർദ്ധിച്ചു. ചകിരിച്ചോറിനും ചെറിയ നാരിനുമുള്ള പുതിയ ഉപയോഗങ്ങൾ വികസിപ്പിച്ചെടുത്തു. തൽഫലമായി, അസംസ്കൃത ചകിരിച്ചോറിന്റെ മൂല്യം വർദ്ധിച്ചു.
- 26,000-ലധികം നല്ല നിലവാരമുള്ള ഇലക്ട്രോണിക് റാട്ടുകളും 511-ലധികം സൊസൈറ്റികളിലായി 1493 ഓട്ടോമേറ്റഡ് സ്പിന്നിംഗ് മില്ലുകളും (എഎസ്എം) സ്ഥാപിച്ചതിലൂടെ, നൂൽ ഉത്പാദനം 2016-ൽ 7,880 ടണ്ണിൽ നിന്ന് 2024-ൽ 16,336 ടണ്ണായി കുതിച്ചുയർന്നു.
- 2023-24ൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഏകദേശം 58 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു.
- നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ), കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കെ.എസ്.സി.സി), കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ്), കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് (കെ.എസ്.സി.എം.എം.സി) എന്നിവയുൾപ്പെടെ എല്ലാ കയർ പൊതുമേഖലാ സ്ഥാപനങ്ങളും "കേരളീയം 2023" ൽ സ്റ്റാളുകൾ പ്രദർശിപ്പിച്ചു.
- 2023 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടന്ന 42-ാമത് ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ-2023 (ഐ ഐ ടി എഫ് -2023) ൽ കയർഫെഡും കയർ കോർപ്പറേഷനും പങ്കെടുത്തു.
- 2023-24 സാമ്പത്തിക വർഷത്തിൽ, നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് അവരുടെ ഗവേഷണത്തിന്റെ ഭാഗമായി കൊക്കോ ഓറ, കൊക്കോ നർച്ചർ, കയർ ഡിവൈഡർ, ടൈക്കോപിത്ത്-പ്രോ, ഡിജിറ്റൽ കയർ റണ്ണേജ് മീറ്റർ എന്നിങ്ങനെ 5 ഉൽപ്പന്നങ്ങൾ കൂടി വികസിപ്പിച്ചെടുത്തു.
- 'കയർ വ്യവസായത്തിലെ നിയന്ത്രിത യന്ത്രവൽക്കരണം' എന്ന പദ്ധതിയ്ക്ക് കീഴിൽ, എൻസിആർഎംഐ, ഫോമിൽ, കെ.എസ്.സി.സി, കയർഫെഡ്, കെഎസ്സിഎംഎംസി, 31 കയർ വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ (സിവിസിഎസ്) (ഇൻഫ്രാ), 4 സ്വകാര്യ യൂണിറ്റുകൾ (നിക്ഷേപ സബ്സിഡി), 2 ഡിഫൈബറിംഗ് യൂണിറ്റുകൾ (ഡി എഫ്) എന്നിവയ്ക്ക് നവീകരണത്തിനായി 12.06 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു.
- വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനും മാർക്കറ്റ് പഠനത്തിനും ഗോഡൗണുകളുടെ നവീകരണത്തിനുമായി 23 മാറ്റ്സ് ആൻഡ് മാറ്റിങ് സൊസൈറ്റികൾക്കും കയർഫെഡ്, ഫോമിൽ, കെ.എസ്.സി.സി എന്നിവയ്ക്കും 'വിപണി വികസന സഹായം' എന്ന നിലയിൽ 10.00 കോടി രൂപ വിതരണം ചെയ്തു.
- വ്യവസായത്തിന് മിനിമം വില ഉറപ്പാക്കാൻ, 30.05 കോടി രൂപ കെ.എസ്.സി.സി മുഖേനയും കയർഫെഡിലൂടെയും 'വിലവ്യതിയാന സ്ഥിരതാ ഫണ്ട്' എന്ന പദ്ധതിക്ക് കീഴിൽ ചെലവഴിച്ചു.
- 'കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം' പദ്ധതി വഴി 9 സഹകരണ സ്ഥാപനങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകി.
- 'കയർ വ്യവസായത്തിന്റെ പുനഃസംഘടന - രണ്ടാം ഘട്ടം' എന്ന സ്കീമിന് കീഴിൽ കയർഫെഡ്, എൻസിആർഎംഐ, കെഎസ്സിഎംഎംസി എന്നിവയ്ക്ക് 61.50 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകി. 329 സൊസൈറ്റികൾക്ക് പ്രയോജനം ലഭിക്കുകയും 2.50 കോടി രൂപ 'കയർ ഉൽപാദന സംഘങ്ങളുടെയും മാനേജീരിയൽ സബ്സിഡികളുടെയും പുനഃക്രമീകരണം' എന്ന പദ്ധതിയിൽ വിതരണം ചെയ്യുകയും ചെയ്തു.
- 'ഉത്പാദന വിപണന പ്രോത്സാഹന പദ്ധതി (പി.എം.ഐ സ്കീം) വഴി 433 സിവിസിഎസുകൾക്ക് 8.28 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകി.

### കേരള കയർ മേഖലയിലെ ഏജൻസികളും കയർ വികസന ഡയറക്ടറേറ്റും

കേരളത്തിലെ കയർ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനും സുസ്ഥിരതയ്ക്കും സഹായകമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കയർ വികസന ഡയറക്ടറേറ്റ്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ (കെ.എസ്.സി.സി), ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (ഫോമിൽ), കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ്), നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ), കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി (കെ.എസ്.സി.എം.എം.സി) , കേരള സംസ്ഥാന കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കയർ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി പ്രവർത്തിക്കുന്ന പ്രധാന ഏജൻസികളാണ്. കയർ മേഖലയിൽ തൊണ്ട് ശേഖരിക്കൽ, നാരു വേർതിരിച്ചെടുക്കൽ, നൂലും മറ്റ് ഉൽപന്നങ്ങളും ഉൽപാദിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ സഹകരണ മേഖലയ്ക്ക് കാര്യമായ പങ്കുണ്ട്.

### കയർ സഹകരണ സംഘങ്ങൾ

കേരളത്തിലെ മൊത്തം കയർ സഹകരണ സംഘങ്ങളുടെ എണ്ണം 2022-23ൽ 1,103 ആയിരുന്നത് 2023-24ൽ 1099 ആയി കുറഞ്ഞു. ഇതിൽ, 511 സംഘങ്ങൾ നിലവിൽ

പ്രവർത്തിക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം 2022-23ൽ 199 ആയിരുന്നത് 2023-24ൽ 219 ആയി ഉയർന്നു. ലിക്വിഡേഷനിലുള്ള സംഘങ്ങളുടെ എണ്ണം 271 ൽ നിന്ന് 268 ആയി കുറഞ്ഞു. നഷ്ടത്തിലായ സംഘങ്ങളുടെ എണ്ണം 2022-23ൽ 347 ആയിരുന്നത് 2023-24ൽ 292 ആയി കുറഞ്ഞു. നിലവിൽ പ്രവർത്തിക്കുന്ന മൊത്തം സംഘങ്ങളിൽ ഏകദേശം 63 ശതമാനവും നൂൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളാണ്. നൂൽ ഇതര മേഖലയിൽ നിർമ്മാണ സംഘങ്ങളും (മാറ്റ്സും മാറ്റിംഗ്സും) ചെറുകിട ഉൽപ്പാദകരുടെ സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു. മൊത്തം നിർമ്മാണ സംഘങ്ങളുടെ എണ്ണവും (മാറ്റ്സും മാറ്റിംഗ്സും) ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങളുടെ എണ്ണവും വലിയ വ്യത്യാസമില്ലാതെ തുടരുന്നു. ലാഭത്തിലുള്ള സംഘങ്ങളുടെ എണ്ണം വർദ്ധിച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.6.20** ൽ നൽകിയിരിക്കുന്നു.

കയർ വ്യവസായത്തിലെ രണ്ട് പ്രധാന ഉപമേഖലകൾ നൂൽ മേഖലയും ഉൽപ്പന്ന മേഖലയുമാണ്. നൂൽ മേഖലയിലെ കയർ സഹകരണ സംഘങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2022-23ൽ 22,596 ആയിരുന്നത് 2023-24ൽ 17,257 ആയി കുറഞ്ഞു (23.63 ശതമാനം). തൽഫലമായി, ഈ മേഖലയിൽ നൽകുന്ന കൂലി 2022-23ൽ 45.25 കോടി രൂപയായിരുന്നത് 2023-24ൽ 28.22 കോടിയായി കുറഞ്ഞു. 2022-23 നെ അപേക്ഷിച്ച്, 2023-24ൽ സംഭരിച്ച തൊണ്ടിന്റെ മൂല്യവും, വാങ്ങിയ നാരിന്റെ മൂല്യവും, ഉത്പാദിപ്പിക്കുന്ന നൂലിന്റെ മൂല്യവും കുറഞ്ഞു. സഹകരണ സംഘങ്ങളിലെ ഉൽപന്ന മേഖലയിലെ തൊഴിലാളികളുടെ എണ്ണത്തിലും മുൻവർഷത്തെ അപേക്ഷിച്ച് 2023-24ൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 4.6.21** ൽ നൽകിയിരിക്കുന്നു.

**കയർഫെഡ്**

കേരളത്തിലെമ്പാടുമുള്ള പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ അപെക്സ് ഫെഡറേഷനാണ് കേരള സംസ്ഥാന സഹകരണ കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ്). കയർഫെഡിന് വിവിധ കയർ അനുബന്ധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 11 ഫാക്ടറികളുണ്ട്. കൂടാതെ രാജ്യത്തുടനീളം 50 ഓളം സിഗ്നേച്ചർ ഷോപ്പുകൾ നടത്തുന്നു. ഫെഡറേഷന്റെ പ്രധാന ലക്ഷ്യം സംഘാംഗങ്ങളുടെ ഉൽപന്നങ്ങൾ സംഭരിക്കുകയും കയർഫെഡിന്റെ ഔട്ട് ലെറ്റുകൾ വഴി സാധനങ്ങളുടെ വിപണനവുമാണ്. കേരളത്തിലെ പാവപ്പെട്ട കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും ഉപജീവനവും നൽകാൻ ഇത് സഹായിക്കുന്നു. മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിന് വേണ്ടി കയർഫെഡിന് രണ്ട് ഫാക്ടറിളുണ്ട്. ഒരു ഫാക്ടറി, റബ്ബറൈസ്ഡ് കയർ ഉൽപ്പന്നങ്ങളും മറ്റൊന്ന് റബ്ബർ അടങ്ങുന്ന കയർ മാറ്റുകളും നിർമ്മിക്കുന്നു. കയർഫെഡിന് 4 ഡിഫൈബറിങ് യൂണിറ്റുകളുണ്ട്.

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിൽ കുറവുണ്ടായി. എന്നിരുന്നാലും, വിൽപ്പനയിൽ നിന്നുള്ള വരുമാനം 2022-23 ൽ 82 കോടി രൂപയിൽ നിന്ന് 2023-24 ൽ 89.48 കോടി രൂപയായി ഉയർന്നു. മൊത്തത്തിൽ, 2019-20 മുതൽ ഏജൻസിയുടെ വാർഷിക അറ്റനഷ്ടം കുറഞ്ഞുവരികയാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.22** ൽ നൽകിയിരിക്കുന്നു.

**കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ (കെ.എസ്.സി.സി)**

ചെറുകിട കയർ നിർമ്മാതാക്കൾക്ക് നിർമ്മാണത്തിലും വിപണനത്തിലും സഹായം നൽകുന്നതിന് വേണ്ടി 1969-ൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് സ്ഥാപിതമായി. ചെറുകിട നിർമ്മാതാക്കളുടെ ഉൽപ്പന്നങ്ങൾ വർഷങ്ങളായി കോർപ്പറേഷൻ സംഭരിക്കുന്നതുവഴി ഇടനിലക്കാരെ ആശ്രയിക്കുന്നതിൽ കുറവുണ്ടായി. അവർ സംഭരിച്ച ഉൽപ്പന്നങ്ങൾ കയറ്റുമതിക്കാർക്കും മറ്റ് വിൽപ്പനക്കാർക്കും നൽകുന്നു. കെ.എസ്.സി.സി കേരളത്തിൽ 8 ഷോറൂമുകളും കേരളത്തിന് പുറത്ത് 3 ഷോറൂമുകളും നടത്തുന്നു. കോർപറേഷന് കേരളത്തിൽ 3 ഉത്പാദന കേന്ദ്രങ്ങൾ ഉണ്ട്. അടുരിൽ ഒരു യൂണിറ്റ് സ്ഥാപിച്ചു വരുന്നു. കോർപ്പറേഷൻ ഉൽപ്പാദിപ്പിക്കുന്ന/ വ്യാപാരം ചെയ്യുന്ന ഉൽപ്പന്നങ്ങളിൽ പിവിസി ടഫ്റ്റഡ് കയർ മാറ്റുകൾ/മാറ്റിംഗ്സ്, ചകിരിചോർ, കയർ, കയർ നാര്, കയർ നൂല്, പിരിച്ച കയർ എന്നിവ ഉൾപ്പെടുന്നു. ഓസ്ട്രേലിയ, ബ്രസീൽ, യുഎസ്എ, പോളണ്ട്, ഫ്രാൻസ്, കുവൈറ്റ്, കസാക്കിസ്ഥാൻ, ഗ്വാട്ടിമാല എന്നിവയുൾപ്പെടെ വിവിധ രാജ്യങ്ങളിലേക്ക് കെ.എസ്.സി.സി അവരുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നു.

കയർ മേഖലയിൽ പർച്ചേസ് പ്രൈസ് സ്റ്റബിലൈസേഷൻ സ്കീം (പിപിഎസ്എസ്) കോർപ്പറേഷൻ നടപ്പിലാക്കുന്നു. പിപിഎസ്എസിലൂടെയുള്ള സംഭരണത്തിന്റെ മൂല്യം 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ കുറവായിരുന്നു. എന്നാൽ, 2022-23ൽ 104.39 കോടിയായിരുന്നത് 2023-24ൽ 108.14 കോടിയായി ഉയർന്നു. കോർപ്പറേഷന്റെ വിൽപ്പനയിൽ നിന്നുള്ള വരുമാനം 2022-23ൽ 134.41 കോടി രൂപയിൽ നിന്ന് 2023-24ൽ 147.66 കോടി രൂപയായി ഉയർന്നു. പൊതുമേഖലാ സ്ഥാപനം തുടർച്ചയായി അറ്റാദായം രേഖപ്പെടുത്തി. 2017-18ൽ 14.77 ലക്ഷം രൂപയിൽ നിന്ന് 2023-24ൽ 79.97 ലക്ഷം രൂപയായി (താൽക്കാലിക കണക്ക്) ഉയർന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.23** ൽ നൽകിയിരിക്കുന്നു.

**കെ.എസ്.സി.സി.യുടെ പ്രധാന നേട്ടങ്ങൾ**

- 2023-ൽ ഇന്ത്യൻ ബിസിനസ് അസോസിയേഷനിൽ നിന്ന് ഇന്ത്യൻ കമ്പനികൾക്കുള്ള 'ബെസ്റ്റ് ക്വാളിറ്റി എക്സലൻസ് അവാർഡ്' കെഎസ്സിസി നേടി.
- ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിനും പുതിയ ഡിസൈനുകളും പാറ്റേണുകളും അവതരിപ്പി ക്കുന്നതി നുമായി ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻസുമായി (എൻ ഐ ഡി ) ധാരണാപത്രത്തിൽ ഏർപ്പെട്ടു.
- കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനെക്കുറിച്ച് അവബോധം നൽകുന്നതിനായി 2023 ഏപ്രിലിൽ തിരുവനന്തപുരത്ത് ഒരു ദ്വിദിന ദേശീയ സെമിനാർ കെഎസ്സിസിയുടെ സഹകരണത്തോടെ ഡി സി ഡി നടത്തി.
- കയർ ഉൽപന്നങ്ങൾ അവരുടെ യുഎസ് പ്ലാറ്റ്ഫോമിൽ

വിൽക്കുന്നതിന് വാൾമാർട്ടുമായി കമ്പനി ഒരു കരാർ നടപ്പിലാക്കി.

- ഇരുമ്പയിര് ഖനികളിൽ കയർ ഭൂവസ്ത്രം വിതരണവും വിതാനവും ചെയ്യുന്നതിന് ഒഡീഷ മൈനിംഗ് കോർപ്പറേഷനിൽ നിന്ന് കമ്പനിക്ക് ഓർഡർ ലഭിച്ചു.

## നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ)

കൂടുതൽ മൂല്യവർദ്ധിത ഉൽപന്നങ്ങളും പുതിയ ഡിസൈനിലുള്ള ഉൽപന്നങ്ങളും മത്സരാധിഷ്ഠിത വിലയിൽ ഉൽപ്പാദിപ്പിക്കാൻ വ്യവസായത്തെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കയർ മേഖലയിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് എൻ.സി. ആർ.എം.ഐ സജ്ജീകരിച്ചിരിക്കുന്നത്.

2023-24 ലെ ഗവേഷണ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ താഴെപ്പറയുന്ന തലങ്ങളിൽ തരംതിരിക്കാം -

i. കയർ ഭൂവസ്ത്രം പുതയിടൽ ആയി പ്രയോഗിക്കൽ, കയർ ജിയോസെല്ലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിന്റെ പ്രയോഗവും, കയർ റോഡ് ഡിവൈഡർ, കയർ പുതയിടൽ വസ്തുക്കളുടെ ലോഞ്ച് എന്നിവ ഉൾപ്പെടെയുള്ള പ്രദർശന പദ്ധതികൾ

ii. ഗണ്യമായ മൈക്രോബയൽ സ്ട്രെയിനുകൾ ഉപയോഗിച്ച് ബയോ പ്ലാസ്റ്റിക് ഉൽപ്പാദിപ്പിക്കുന്നതിന് ചകിരിച്ചോറിന്റെ ഉപയോഗം, വിവിധ ഗുണകരമായ സൂക്ഷ്മാണുക്കൾ കൊണ്ട് സമ്പുഷ്ടമായ ചകിരിച്ചോറ് ഉപയോഗിച്ച് ഗാർഹിക ജൈവമാലിന്യം കമ്പോസ്റ്റാക്കി മാറ്റുന്നു, പാസീവ് എയറേഷൻ ബിൻ ഉപയോഗിച്ച് ഗാർഹിക ജൈവമാലിന്യങ്ങൾ കമ്പോസ്റ്റു ചെയ്യുന്നതിന് പിത്ത് ആക്റ്റിവേറ്ററിന്റെ ഒപ്റ്റിമൈസേഷൻ, ഡിഫൈബ്രിംഗ് യൂണിറ്റുകളിലെ സാങ്കേതിക വികസനം, തൊഴിലാളികൾക്ക് കയർ പിത്ത് കമ്പോസ്റ്റിംഗ് സാങ്കേതികവിദ്യയിൽ പരിശീലനം നൽകൽ. ഇളം തെങ്ങിന്റെ തൊണ്ട് ജൈവവളമാക്കി മാറ്റുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കുക, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, എൻ.സി.ആർ.എം.ഐ എന്നിവരുടെ സഹായത്തോടെ ടെറസുകളിൽ പച്ചക്കറി കൃഷിക്ക് അനുയോജ്യമായ പോഷക സമ്പുഷ്ടമായ ചകിരിച്ചോറ് തയ്യാറാക്കുന്നതിനുള്ള പദ്ധതി, ചകിരിച്ചോറ് കമ്പോസ്റ്റിന്റെ ഫോർട്ടിഫിക്കേഷനും സമ്പുഷ്ടീകരിക്കുന്നതിനുമുള്ള പദ്ധതി, മലിനജലം ശുദ്ധീകരിക്കുന്നതിന് കയർ അധിഷ്ഠിത ബയോമാസ് കാരിയറുകളിൽ ബയോഫിലിം വികസിപ്പിക്കുക, യൂണിറ്റുകളുടെ മലിനജലം സംസ്കരിക്കുന്നതിന് ആവശ്യമായ ബാക്ടീരിയ കൺസോർഷ്യയുടെ വികസനം, കയർ നാരുകളുടെ ഘടനയും നിറവും മെച്ചപ്പെടുത്തുന്നതിന് വിവിധ ജൈവ, രാസ ഏജന്റുകൾ ഉപയോഗിച്ചുള്ള കയർ നാരുകളുടെ സംസ്കരണം

iii. പീറ്റ്കോൾ ഡോട്ട്സ്, ഇ-കയർ ബാഗ്, മൈക്കോപിത്ത് സ്പോൺ പ്രൊഡക്ഷൻ, പിത്ത് ആക്റ്റിവേറ്റർ എന്നിവയുൾപ്പെടെയുള്ള വാണിജ്യ പ്രവർത്തനങ്ങൾ, കയർപിത്ത് കമ്പോസ്റ്റിംഗിനായി പുതിയ മൈക്കോഡെർമ സ്ട്രെയിൻ, കോക്കോനചെർ- (ഒരു പുതിയ പോട്ടിംഗ് ഫില്ലർ), കേരളത്തിലെ കൃഷി വകുപ്പിന് വേണ്ടി മദർ കൾച്ചർ വിതരണവും ഓട്ടോമേറ്റഡ് സിസ്റ്റങ്ങളിൽ ബാക്ടീരിയയും ഫംഗസും ഉൾപ്പെടെയുള്ള സൂക്ഷ്മാണുക്കളെ കണ്ടെത്തുകയും സവിശേഷതകൾ മനസ്സിലാക്കുകയും ചെയ്യൽ, എൻസിആർഎംഐ വികസിപ്പിച്ച വിവിധ ഉൽപ്പന്നങ്ങളുടെ സാങ്കേതിക കൈമാറ്റം, എൻസിആർഎംഐ വികസിപ്പിച്ച കൊക്കോഓറയുടെ സാങ്കേതിക പ്രകാശനം, ഡിജിറ്റൽ കയർ റണ്ണേജ് മീറ്ററിന്റെ വികസനം

iv. മെഷീൻ പ്രവർത്തനങ്ങളിൽ കരിക്ക് ക്രഷിംഗ് മെഷീൻ വികസിപ്പിക്കൽ, തെങ്ങിന്റെ ജൈവ അവശിഷ്ടങ്ങൾ മണ്ണിന് ജൈവവളമാക്കി മാറ്റുന്നതിനുള്ള പൈറോളിസിസ് യൂണിറ്റിന്റെ രൂപകൽപ്പനയും നിർമ്മാണം എന്നിവ ഉൾപ്പെടുന്നു.

v. കേരളീയം പോലുള്ള പ്രദർശനങ്ങളിലെ പങ്കാളിത്തം,

vi. കയർ ബുള്ളറ്റിൻ പ്രസിദ്ധീകരണം

vii. ഏണസ്റ്റ് ആൻഡ് യങ്, വിശ്വശാന്തി ഡെവലപ്മെന്റ് ഫൗണ്ടേഷൻ എന്നിവരുയുമായി സഹകരിച്ച് തത്സമയ ശില്പശാല

viii. നൈപുണ്യ വികസന പരിശീലന പരിപാടികളുടെ നടത്തിപ്പ്.

## ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (ഫോമിൽ)

ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (ഫോമിൽ) 1979-ൽ സ്ഥാപിതമായ കേരള സർക്കാർ സംരംഭമാണ്. ഫോമിൽ എന്ന ബ്രാൻഡ് നാമത്തിൽ കയർ, ചണം, സിസൽ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, നിർമ്മാണം, വിപണനം എന്നിവയിൽ കമ്പനി ഏർപ്പെട്ടിരിക്കുന്നു. 800 ലക്ഷം രൂപ അംഗീകൃത മൂലധനവും 666.73 ലക്ഷം രൂപ അടവ് മൂലധനവുമായാണ് ഇത് സ്ഥാപിതമായത്. മാറ്റുകൾ, ഡോർ മാറ്റുകൾ, പരവതാനികൾ, കയർ ടൈലുകൾ, കാർ മാറ്റുകൾ, കയർ ഭൂവസ്ത്രങ്ങൾ, കൂടാതെ മറ്റ് പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുമായി ആഭ്യന്തര, അന്തർദേശീയ വിപണികളുടെ ആവശ്യങ്ങൾ ഫോമിൽ നിറവേറ്റുന്നു. ചകിരിച്ചോറും ചണനാരും കൊണ്ട് നിർമ്മിച്ച ഫുട്ട് മാറ്റുകൾ, പരവതാനികൾ, തറ അലങ്കാരങ്ങൾ എന്നിവയുടെ പുതിയ ഗിഫ്റ്റ്പായ്ക്കുകൾ കമ്പനി അടുത്തിടെ പുറത്തിറക്കിയിട്ടുണ്ട്. ലാറ്റക്സ് ബാക്കിംഗ് പ്ലാന്റ്, മോഡേൺ ഡൈ ഹൗസ്, ഫുള്ളി ഓട്ടോമാറ്റിക് പവർലൂം തുടങ്ങിയ അത്യാധുനിക സൗകര്യങ്ങൾ കമ്പനിക്കുണ്ട്. കമ്പനിയുടെ സൗകര്യങ്ങൾ സ്വകാര്യകയറ്റുമതിക്കാർക്കും ഉപയോഗിക്കാനുള്ള സംവിധാനം നിലവിലുണ്ട്. കമ്പനിയുടെ പുതിയ ഉൽപന്നങ്ങളായ ചകിരിച്ചോറ്, കയർ ടൈലുകൾ എന്നിവയ്ക്ക് വിപണിയിൽ നല്ല ഡിമാൻഡാണ്. കയർ കോമ്പോസിറ്റ് ബോർഡുകൾ നിർമ്മിക്കുന്നതിനായി ഒരു പുതിയ ഫാക്ടറി സ്ഥാപിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വുഡ് സയൻസസ് ആൻഡ് ടെക്നോളജിയുടെ പിന്തുണയോടെ ഇത് നവീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഡീസൽ തെർമിക് ഹീറ്ററിന് ബദലായി ഒരു പുതിയ വുഡ് ഫയേർഡ് തെർമിക് ഫ്ലൂയിഡ് ഹീറ്റർ വിജയകരമായി സ്ഥാപിച്ചതുവഴി ഇന്ധനച്ചെലവ് 60 ശതമാനം കുറയ്ക്കുവാൻ കഴിഞ്ഞു. ഫോമിൽ കഴിഞ്ഞ 5 വർഷമായി നഷ്ടത്തിലാണ്. 2023-

24 അവസാനത്തോടെ സഞ്ചിത നഷ്ടം ഏകദേശം 17.52 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കപ്പെടുന്നു. 2018-19 മുതൽ ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനം കുറഞ്ഞുവരികയാണ്. എന്നാൽ, 2022-23ൽ ഇത് 12.20 കോടി രൂപയിൽ നിന്ന് 2023-24ൽ 13.01 കോടി രൂപയായി ഉയർന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.24** ൽ നൽകിയിരിക്കുന്നു.

### കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് (കെ.എസ്.സി.എം.എം.സി)

കേരളത്തിലെ കയർ മേഖലയ്ക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ ലഭ്യമാക്കുന്നതിനായി കേരള സർക്കാർ 2014-ൽ ആലപ്പുഴയിൽ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് (കെ.എസ്.സി.എം.എം.സി) സ്ഥാപിച്ചു. കമ്പനിക്ക് ഉയർന്ന നിലവാരത്തിലുള്ള ഒരു മെഷീൻ ഷോപ്പ്, ക്വാളിറ്റി അഷ്വറൻസ് വകുപ്പ്, ഗവേഷണ വികസന വകുപ്പ്, മാർക്കറ്റിംഗ്-വിൽപ്പനാനന്തര സേവന വകുപ്പ് എന്നിവയുണ്ട്. കെഎസ്സിഎംഎംസി അതിന്റെ തുടക്കം മുതൽ ഇതുവരെ 174 ഡീഫൈബറിംഗ് മില്ലുകൾ നിർമ്മിക്കുകയും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കയർ ഫൈബർ ഉൽപ്പാദനം 7,000 ടണ്ണിൽ നിന്ന് 30,000 ടണ്ണായി വർദ്ധിക്കുകയും ചെയ്തു. ഒറ്റ ഷിഫ്റ്റിൽ 15 മുതൽ 18 കിലോഗ്രാം വരെ നൂൽ ഉൽപ്പാദന ശേഷിയുള്ള 29,832 ഇലക്ട്രോണിക് റാട്ടുകൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. ഒറ്റ ഷിഫ്റ്റിൽ 50-80 കിലോഗ്രാം ഉൽപ്പാദന ശേഷിയുള്ള 1500 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും കേരളത്തിലെ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിച്ചു. കെ.എസ്.സി.എം.എം.സിയുടെ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ വഴിയുള്ള കയർ നൂലിന്റെ ഉത്പാദനം വർധിപ്പിച്ചത് സംസ്ഥാനത്തെ കയർ തൊഴിലാളികളുടെ ആളോഹരി വരുമാനം വർദ്ധിക്കാനിടയായി. കയർ മെഷീനുകൾക്ക് പുറമേ ബോട്ടിൽ ബൂത്ത്, മിനി എംസിഎഫ്, മെറ്റൽ ട്രോളി, സോർട്ടിംഗ് കൺവെയറുകൾ/സോർട്ടിംഗ് ടേബിളുകൾ, ഡെഡസ്റ്റർ, ഷ്രെഡർ, ഗ്ലാസ് ബോട്ടിൽ ക്രഷർ, ബെയിലിംഗ് മെഷീനുകൾ തുടങ്ങിയ മാലിന്യ സംസ്കരണ യന്ത്രങ്ങളും കെഎസ്സിഎംഎംസി നിർമ്മിക്കുന്നുണ്ട്.

കെഎസ്സിഎംഎംസിയുടെ വിൽപ്പന വരുമാനം ഏറ്റക്കുറച്ചിലുകളിലൂടെ 2019-20ൽ 17.06 കോടി രൂപയിൽ നിന്ന് 2023-24ൽ 4.09 കോടിയായി. 2020-21ൽ വിൽപ്പന വരുമാനം 32.87 കോടി രൂപ വരെയെത്തി. 2022-23ൽ കമ്പനിയുടെ അറ്റാദായം 81.49 ലക്ഷം രൂപയാണ്, എന്നാൽ 2023-24ൽ കമ്പനിയുടെ അറ്റനഷ്ടം 288.42 ലക്ഷം രൂപയാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.25** ൽ നൽകിയിരിക്കുന്നു.

### കേന്ദ്ര സർക്കാർ പദ്ധതികൾ

കയർ മേഖലയ്ക്കായി കേന്ദ്രസർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു പ്രൊമോഷണൽ ബോഡിയായ കയർബോർഡ് രാജ്യത്തുടനീളം കയർ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കയർ വികാസ് യോജന, മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളായ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനുള്ള ഫണ്ട് പദ്ധതി (സ്ഫൂർത്തി), പ്രധാനമന്ത്രിയുടെ തൊഴിൽ ഉൽപ്പാദന പരിപാടി (പി.എം.ഇ.ജി.പി), നൂതനാശയങ്ങൾ, ഗ്രാമീണ വ്യവസായങ്ങൾ, സംരംഭകത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി (ആസ്പയർ) എന്നിവയുടെ നിർവഹണ ഏജൻസിയാണ് കയർബോർഡ്. 17,221 കയർ യൂണിറ്റുകളും 2247 കയർ കയറ്റുമതിക്കാരും കയർ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രധാന പദ്ധതിയായ കയർ വികാസ് യോജന (സിവിവൈ) പ്രകാരം കയർ മേഖലയിൽ ശാസ്ത്ര സാങ്കേതിക വിദ്യ, നൈപുണ്യ നവീകരണം, മഹിളാ കയർ യോജന, ആഭ്യന്തര, കയറ്റുമതി വിപണി പ്രോത്സാഹനം, വ്യാപാര വ്യവസായവുമായി സംബന്ധിച്ച പ്രവർത്തന പിന്തുണാ സേവനങ്ങൾ എന്നിവയുമായി കയർ ബോർഡ് വിവിധ ഉപഘടകങ്ങൾ നടപ്പാക്കിവരുന്നു. 2023-24ൽ ബോർഡിന്റെ വിവിധ പരിശീലന പരിപാടികൾക്ക് കീഴിൽ ആകെ 4,193 പേർക്ക് പരിശീലനം നൽകി. കൂടാതെ, 40 സംരംഭകത്വ വികസന പരിപാടികൾ (ഇഡിപി), 47 ബോധവൽക്കരണ പരിപാടികൾ, 12 ദേശീയ സെമിനാറുകൾ, 13 ശിൽപശാലകൾ, 6 മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, 10 എക്സ്പോഷർ ടൂറുകൾ എന്നിവ സംഘടിപ്പിച്ചു. വിദേശത്ത് നടന്ന 7 അന്താരാഷ്ട്ര പ്രദർശനങ്ങളിൽ പങ്കെടുക്കാൻ 64 സംരംഭകർക്ക് പിന്തുണ നൽകി, ഇതിൽ 30 സംരംഭകരും കേരളത്തിൽ നിന്നുള്ളവരാണ്. ആഭ്യന്തര വിപണി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കയർ ബോർഡ് 94 പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. വിവിധ സംസ്ഥാന സർക്കാരുകൾക്കായി 3.86 കോടി രൂപയുടെ വിപണി വികസന സഹായം വിതരണം ചെയ്തു.

ഇന്ത്യാ ഗവൺമെന്റിന്റെ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനുള്ള ഫണ്ട് പദ്ധതിക്ക് (സ്ഫൂർത്തി) കീഴിൽ, നാളികേര ഉൽപ്പാദനം നടക്കുന്ന വിവിധ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും കയർ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നുണ്ട്. രാജ്യത്തെ കയർ വ്യവസായത്തിന്റെ വേഗത്തിലുള്ള വളർച്ചയ്ക്ക് വഴിയൊരുക്കുന്നതാണിത്. അംഗീകാരം ലഭിച്ച 40 ക്ലസ്റ്ററുകളിൽ 4 എണ്ണം കേരളത്തിലാണ്. പ്രധാനമന്ത്രിയുടെ തൊഴിൽ ഉൽപ്പാദന പരിപാടിയുടെ (പി.എം.ഇ.ജി.പി) പരിധിയിൽ അടുത്തിടെ കയർ വ്യവസായം ഉൾപ്പെടുത്തിയത് ഈ മേഖലയിൽ പ്രത്യേകിച്ച് യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സംഭാവന നൽകുമെന്ന് പ്രതീക്ഷിക്കുന്നു. പി.എം.ഇ.ജി.പി പദ്ധതി പ്രകാരം 2023-24 വർഷത്തിൽ 90 യൂണിറ്റുകൾക്കാണ് സഹായം നൽകിയത്.

### വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും

താരതമ്യേന കുറഞ്ഞ വേതനം, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, അസംസ്കൃത വസ്തുക്കളുടെ സംഭരണത്തിനുള്ള നൂതന മാതൃകകളുടെ അഭാവം, ഉൽപ്പാദനത്തിനും സംഘാടനത്തിലും ആധുനിക സാങ്കേതിക വിദ്യയുടെ അഭാവം എന്നിവ ഉൾപ്പെടെയുള്ള വെല്ലുവിളികൾ കയർ വ്യവസായം അഭിമുഖീകരിക്കുന്നു. കയർ മേഖലയുടെ നവീകരണത്തിനും വികസനത്തിനുമായി സർക്കാർ

സമഗ്രമായ നയങ്ങൾ സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക നവീകരണം, കമ്പോളത്തെ അടിസ്ഥാനമാക്കിയുള്ള വിലയിലെ ഏറ്റക്കുറച്ചിലുകൾ നിയന്ത്രിക്കൽ, സ്വയം സുസ്ഥിരമായ യൂണിറ്റുകൾ വികസിപ്പിക്കൽ, നവീകരണങ്ങൾ, മത്സരബുദ്ധിയോടുള്ള പ്രവർത്തനങ്ങൾ, വൈവിധ്യവൽക്കരണം, പുതിയ വിപണികൾ കണ്ടെത്തൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതി സൗഹൃദ കയർ മേഖല വികസിപ്പിക്കുന്നതിനും ഊന്നൽ നൽകിയിട്ടുണ്ട്.

### കശുവണ്ടി വ്യവസായം

2023-24 ൽ ആഗോള ട്രീ നട്ട് ഉൽപാദനത്തിൽ വാൽനട്ട് (26 ശതമാനം) കഴിഞ്ഞാൽ രണ്ടാം സ്ഥാനം (21 ശതമാനം) കശുവണ്ടിക്കാണ്. ഇന്റർനാഷണൽ നട്ട് ആൻഡ് ഡ്രൈ ഫ്രൂട്ട് കൗൺസിലിന്റെ (ഐഎൻസി) നട്ട്സ് ആൻഡ് ഡ്രൈ ഫ്രൂട്ട്സ് സ്റ്റാറ്റിസ്റ്റിക്കൽ ഇയർബുക്ക് 2024 പ്രകാരം, ആഗോള കശുവണ്ടി ഉത്പാദനം കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2023-24 ൽ, ആഗോള കശുവണ്ടി ഉത്പാദനം 11.7 ലക്ഷം മെട്രിക് ടൺ (കേർണൽ അടിസ്ഥാനത്തിൽ) അല്ലെങ്കിൽ 53.9 ലക്ഷം ടൺ അസംസ്കൃത കശുവണ്ടി ആയിരുന്നു. ഇന്ത്യ കശുവണ്ടിയുടെ ഒരു പ്രധാന ഉത്പാദകനും (അസംസ്കൃത കശുവണ്ടി, കേർണലുകൾ എന്നിവയുടെ), അതോടൊപ്പം തന്നെ കശുവണ്ടിയുടെ ഏറ്റവും വലിയ ഉപഭോക്താവും, പ്രധാനപെട്ട കയറ്റുമതിക്കാരനും(ഷെൽഡ്) ആണ്. കശുവണ്ടി ഉൽപാദനത്തിൻറെ മുൻനിര ഉത്പാദകരുടെ വിശദാംശങ്ങൾ **പട്ടിക 4.6.7**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.6.7** കശുവണ്ടിയുടെ മുൻനിര ഉത്പാദകർ- 2023-24ൽ, മെട്രിക് ടണ്ണിൽ

| സ്ഥാനം | പ്രദേശം | ഉത്പാദനം | ശതമാനം |
|---|---|---|---|
| 1 | പടിഞ്ഞാറൻ ആഫ്രിക്ക | 6,40,140 | 55 |
| 2 | ഇന്ത്യ | 1,83,600 | 16 |
| 3 | കംബോഡിയ | 1,44,900 | 12 |
| 4 | കിഴക്കൻ ആഫ്രിക്ക | 77,000 | 7 |
| 5 | വിയറ്റ്നാം | 69,000 | 6 |
| 6 | മറ്റുള്ളവ | 55,406 | 4 |

***അവലംബം:*** നട്ട്സ് ആൻഡ് ഡ്രൈഡ് ഫ്രൂട്ട്സ് സ്റ്റാറ്റിസ്റ്റിക്കൽ ഇയർബുക്ക് 2024, ഐ.എൻ.സി-ഇന്റർനാഷണൽ നട്ട്സ് ഡ്രൈ ഫ്രൂട്ട് കൗൺസിൽ

2023 വർഷത്തിൽ (ജനുവരി-ഡിസംബർ) ആഗോള കശുവണ്ടി കേർണൽ കയറ്റുമതിയുടെ 31 ശതമാനം കൈകാര്യം ചെയ്തിരുന്നത് (4.56 ലക്ഷം മെട്രിക് ടൺ) ഈ മേഖലയിലെ മുൻനിര കയറ്റുമതിക്കാരായ വിയറ്റ്നാം ആയിരുന്നു. ആഗോള കശുവണ്ടി കേർണലുകളുടെ രണ്ടാമത്തെ മുൻനിര കയറ്റുമതിക്കാരായിരുന്നു കോർട്ടെ ഡി ഐവറി, അതായത്; 18 ശതമാനം (2.75 ലക്ഷം മെട്രിക് ടൺ) വിഹിതം. 2023 കലണ്ടർ വർഷത്തിൽ (ജനുവരി മുതൽ ഡിസംബർ വരെ), 55,302 മെട്രിക് ടൺ കയറ്റുമതിയും, ആഗോള കയറ്റുമതിയിൽ 4 ശതമാനം വിഹിതവുമുള്ള ഇന്ത്യയാണ് ലോകത്തെ അഞ്ചാമത്തെ വലിയ കശുവണ്ടി കയറ്റുമതിക്കാരൻ. കശുവണ്ടിയുടെ ഇറക്കുമതിയിൽ ലോകത്ത് ഇന്ത്യ രണ്ടാം സ്ഥാനം വഹിക്കുന്നു. 2023 കലണ്ടർ വർഷത്തിൽ ഇന്ത്യ ഏകദേശം 3.32 ലക്ഷം മെട്രിക് ടൺ കശുവണ്ടി കേർണൽ ഇറക്കുമതി ചെയ്തു. അതേസമയം ആ വർഷം 4.82 ലക്ഷം മെട്രിക് ടൺ ഇറക്കുമതി ചെയ്ത വിയറ്റ്നാമാണ് ഒന്നാം സ്ഥാനത്തുള്ളത്. ഇന്ത്യ, 2023 കലണ്ടർ വർഷത്തിൽ 4.60 ലക്ഷം മെട്രിക് ടൺ ഉപഭോഗം രേഖപെടുത്തികൊണ്ട് കശുവണ്ടി കേർണലിൻറെ ലോകത്തെ മുൻനിര ഉപഭോക്താവായി മാറി. 2023 കലണ്ടർ വർഷത്തിൽ 1.41 ലക്ഷം മെട്രിക് ടൺ ഉപഭോഗം രേഖപെടുത്തിയ യുണൈറ്റഡ് സ്റ്റേറ്റ് ഓഫ് അമേരിക്ക (യു.എസ്.എ.) ആണ് ഉപഭോഗത്തിൽ രണ്ടാം സ്ഥാനം. (അവലംബം: നട്സ് ആൻഡ് ഡ്രൈഡ് ഫ്രൂട്ട്സ് സ്റ്റാറ്റിസ്റ്റിക്കൽ ഇയർബുക്ക് 2024- ഇന്റർനാഷണൽ നട്ട്സ് ഡ്രൈ ഫ്രൂട്ട് കൗൺസിൽ (ഐ.എൻ.സി)).


### ഇന്ത്യയിലെ കശുവണ്ടി മേഖല

ഇന്ത്യയിൽ, കേരളം, കർണാടക, ഗോവ, മഹാരാഷ്ട്രയുടെ പടിഞ്ഞാറൻ മേഖല, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒഡീഷയുടെ കിഴക്കൻ മേഖല, പശ്ചിമ ബംഗാൾ, ഛത്തീസ്ഗഢ്, ഗുജറാത്ത്, ജാർഖണ്ഡ്, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലാണ് കശുമാവ് കൃഷി കൂടുതലായി നടക്കുന്നത്. ഭാരത സർക്കാരിന്റെ കാഷ്യൂ ആൻഡ് കൊക്കോ ഡെവലപ്മെൻറ് ഡയറക്ടറേറ്റ് (ഡി.സി.സി.ഡി) യുടെ കണക്ക് പ്രകാരം 2023-24 ൽ ഇന്ത്യയിൽ 11.99 ലക്ഷം ഹെക്ടർ സ്ഥലത്ത് കശുവണ്ടി കൃഷി ചെയ്തു, മൊത്തം 7.94 ലക്ഷം മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഉത്പാദിപ്പിച്ചത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഉത്പാദിപ്പിക്കുന്നത് മഹാരാഷ്ട്രയാണ്, തൊട്ടുപിന്നാലെ ആന്ധ്രാപ്രദേശും ഒഡീഷയും. അസംസ്കൃത കശുവണ്ടിയുടെ മൊത്തം ഉൽപാദനത്തിന്റെ കാര്യത്തിൽ, കശുവണ്ടി ഉത്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ കേരളം ആറാം സ്ഥാനത്താണ് (0.76 ലക്ഷം മെട്രിക് ടൺ). കശുമാവ് കൃഷിയിൽ ഏറ്റവും വലിയ വിസ്തൃതി രേഖപ്പെടുത്തിയിട്ടുള്ളത് ഒഡീഷയിലാണ് (2.23 ലക്ഷം ഹെക്ടർ), തൊട്ടുപിന്നാലെ ആന്ധ്രാപ്രദേശും (2.01 ലക്ഷം ഹെക്ടർ), മഹാരാഷ്ട്രയും (1.92 ലക്ഷം ഹെക്ടർ). ഏകദേശം 1.10 ലക്ഷം ഹെക്ടറിൽ കശുവണ്ടി കൃഷി ചെയ്യുന്ന കേരളം കശുവണ്ടി കൃഷിയുടെ ഉത്പാദനത്തിൽ ആറാം സ്ഥാനത്താണ്. കശുവണ്ടി ഉൽപാദനത്തിന്റെയും വിസ്തൃതിയുടെയും സംസ്ഥാനം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.26**-ൽ നൽകിയിരിക്കുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ **ചിത്രം 4.6.3** ൽ നൽകിയിരിക്കുന്നു.

കശുവണ്ടി കേർണലുകളുടെ ആകൃതി, വലിപ്പം, നിറം എന്നിവയെ ആശ്രയിച്ച് വെളുത്തതോ ഇരുണ്ടതോ ആയ മുഴുവൻ കഷണങ്ങൾ, പിളർപ്പുകൾ, ബട്ടുകൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. കയറ്റുമതി (ഗുണനിലവാര നിയന്ത്രണവും പരിശോധനയും) നിയമം 1963 പ്രകാരം 33 വ്യത്യസ്ത ഗ്രേഡുകളിലായാണ് കശുവണ്ടി കേർണലുകൾ ഉള്ളത്. W-180, W-210, W-240, W-320, W-450 എന്നിവയാണ് ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന ജനപ്രിയ കശുവണ്ടി ഗ്രേഡുകളിൽ ചിലത്.

കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ

**ചിത്രം 4.6.3** ഇന്ത്യയിലെ പ്രധാന ഉത്പാദക സംസ്ഥാനങ്ങളിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനവും വിസ്തൃതിയും (2023-24)




***അവലംബം:*** കശുവണ്ടി, കൊക്കോ വികസന ഡയറക്ടറേറ്റ് (ഡി.സി.സി.ഡി), ഇന്ത്യാ ഗവൺമെൻറ്


(സി.ഇ.പി.സി.ഐ) പ്രകാരം, 2019-20 മുതൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പ് കയറ്റുമതിയുടെ അളവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2023-24 ൽ, ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പിന്റെ മൊത്തം കയറ്റുമതി 46,235 മെട്രിക് ടൺ ആയിരുന്നു. 2022-23 നെ അപേക്ഷിച്ച് 2.86 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതി 2021-22 മുതൽ കുറഞ്ഞുവരികയാണ്. 2023-24 ൽ, ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പിന്റെ മൊത്തം കയറ്റുമതി മൂല്യം 2620.21 കോടി രൂപയായിരുന്നു, ഇത് 2022-23 നെ അപേക്ഷിച്ച് 3.6 ശതമാനം കുറവാണ്. വിശദാംശങ്ങൾ **ചിത്രം 4.6.4** ൽ നൽകിയിരിക്കുന്നു.

2019-20 മുതൽ ഇന്ത്യയിൽ നിന്നുള്ള വറുത്തതും ഉപ്പിട്ടതുമായ കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതിയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുള്ളതായി കാണാം. 2022-23 നെ അപേക്ഷിച്ച്, 2023-24 ൽ ഇന്ത്യയിൽ നിന്നുള്ള വറുത്തതും ഉപ്പിട്ടതുമായ കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതി, അളവിൽ 28.2 ശതമാനവും മൂല്യത്തിൽ 25.5 ശതമാനവും വർദ്ധിച്ചു. 2023-24 ൽ, ഇന്ത്യയിൽ നിന്ന് മൊത്തം 2,548 മെട്രിക് ടൺ വറുത്തതും ഉപ്പിട്ടതുമായ കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്തു, അതിന്റെ മൂല്യം 188.98 കോടി രൂപയാണ്. വിശദാംശങ്ങൾ **ചിത്രം 4.6.5** ൽ നൽകിയിരിക്കുന്നു.

ഇന്ത്യയിലെ കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം നിലവിലെ കശുവണ്ടി സംസ്കരണ വ്യവസായത്തിന്റെ ആവശ്യകതയോ, ഏകദേശം 20 ലക്ഷം മെട്രിക് ടൺ എന്ന സ്ഥാപിത സംസ്കരണ ശേഷിയോ നിറവേറ്റാൻ പര്യാപ്തമല്ല. അതിനാൽ തന്നെ, മറ്റ് ഉത്പാദക രാജ്യങ്ങളിൽ നിന്ന് ഇന്ത്യ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യുന്നു. 2023-24 ൽ ഇന്ത്യ മൊത്തം 12,51,322 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി (ആർ.സിഎൻ) ഇറക്കുമതി ചെയ്തിരുന്നു, അതിന്റെ മൂല്യം 11,632.62 കോടി രൂപയായിരുന്നു. 2022-23-നെ അപേക്ഷിച്ച് ഇന്ത്യയുടെ അസംസ്കൃത കശുവണ്ടി ഇറക്കുമതിയുടെ അളവ് (5.9) ശതമാനവും, മൂല്യം (18.35) ശതമാനവും കുറഞ്ഞു (കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ - സി.ഇ.പി.സി.ഐ കണക്ക് പ്രകാരം). അസംസ്കൃത കശുവണ്ടിയുടെ കയറ്റുമതിയിലും ഇറക്കുമതിയിലും വർഷങ്ങളായി വലിയ വ്യതിയാനങ്ങൾ സംഭവിക്കുന്നത് പ്രാഥമികമായി സംസ്കരണ വ്യവസായത്തിലെ വ്യാപാരികളുടെ ചില പ്രവർത്തനങ്ങളും അതോടൊപ്പം തന്നെ അസംസ്കൃത കശുവണ്ടിപ്പരിപ്പ്, കശുവണ്ടി കേർണൽ എന്നിവയുടെ അന്താരാഷ്ട്ര വിലയിലുണ്ടാകുന്ന വലിയ ഏറ്റക്കുറച്ചിലുകളും കാരണമാണ്. മാത്രമല്ല, മറ്റ് പ്രോസസ്സിംഗ് രാജ്യങ്ങളിലെ കശുവണ്ടി വിപണി സാഹചര്യങ്ങളും അന്താരാഷ്ട്ര വ്യാപാരത്തെ ബാധിക്കുന്നുണ്ട്.


ഇന്ത്യ കശുവണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്യുന്നു. ഇന്ത്യ 2023-

**ചിത്രം 4.6.4** ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതി (2019-20 മുതൽ)




***അവലംബം:*** കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ)

**ചിത്രം 4.6.5** ഇന്ത്യയിൽ നിന്ന് വറുത്തതും ഉപ്പിട്ടതുമായ കശുവണ്ടി കേർണലുകളുടെ കയറ്റുമതി (2019-20 മുതൽ)




***അവലംബം:*** കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ)

24 ൽ 195.53 കോടി രൂപ വിലമതിക്കുന്ന 3,775 മെട്രിക് ടൺ കശുവണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്തു (കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ - സി.ഇ.പി.സി.ഐ). കശുവണ്ടി പരിപ്പിന്റെ ഇറക്കുമതിയിൽ 2022-23 നെ അപേക്ഷിച്ച് അളവിലും മൂല്യത്തിലും വർധനവുണ്ട്. തെറ്റായ പ്രഖ്യാപനം നടത്തി ചില നയ മാനദണ്ഡങ്ങൾ ദുരുപയോഗം ചെയ്തുകൊണ്ട് രാജ്യാന്തരതലത്തിൽ മത്സരിക്കുന്ന രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേക്ക് വളരെ കുറച്ച് മാത്രം സംസ്കരിച്ചതും, കുറഞ്ഞ നിലവാരമുള്ളതും, പൂർണ്ണമായ സംസ്കരണത്തിന് വിധേയമായതോ/പകുതി സംസ്കരിച്ചതോ ആയ കശുവണ്ടി പരിപ്പുകളുടെ ഇറക്കുമതി ഇന്ത്യൻ കശുവണ്ടി വ്യവസായത്തെ ആശങ്കപ്പെടുത്തുന്നുണ്ട്. വിശദാംശങ്ങൾ **ചിത്രം 4.6.6** ൽ നൽകിയിരിക്കുന്നു.


2023-24-ൽ രാജ്യത്ത് കശുവണ്ടി തോടിൽ നിന്നും ഉത്പാദിപ്പിക്കുന്ന ദ്രാവകത്തിൻറെ(കശുവണ്ടി കറ) കയറ്റുമതി 13,222.27 മെട്രിക് ടൺ ആയിരുന്നു (അതിന്റെ മൂല്യം 77.21 കോടി രൂപ) (കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ - സി.ഇ.പി.സി.ഐ പ്രകാരം). 2022-23 ലെ കയറ്റുമതിയുമായി താരതമ്യപ്പെടുത്തുമ്പോൾ, 2023-24 ൽ അളവിലും മൂല്യത്തിലും കുറവുണ്ടായിട്ടുണ്ട്.

### കേരളത്തിലെ കശുവണ്ടി മേഖല

കേരളത്തിലെ ഒരു പ്രധാന പരമ്പരാഗത കാർഷികാധിഷ്ഠിത വ്യവസായമാണ് കശുവണ്ടി വ്യവസായം. 'ലോകത്തിന്റെ കശുവണ്ടി തലസ്ഥാനം' എന്ന വിശേഷണം നേടിയ കൊല്ലം ജില്ലയിൽ നിരവധി കശുവണ്ടി സംസ്കരണ യൂണിറ്റുകളുണ്ട്. ധാരാളം സ്ത്രീകൾ തൊഴിലെടുക്കുന്ന ഒരു തൊഴിലധിഷ്ഠിതവ്യവസായമാണ് കശുവണ്ടി വ്യവസായം. കേരളത്തിൽ ഏകദേശം 830 ഔപചാരികവും അനൗപചാരികവുമായ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. അതിലെ 3 ലക്ഷം തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീകളാണ്. നഷ്ടം കാരണം ധാരാളം കശുവണ്ടി സംസ്കരണ യൂണിറ്റുകൾ (ഏകദേശം 730 എണ്ണം) പ്രവർത്തിക്കുന്നില്ല. പ്രവർത്തിക്കുന്ന 100 ഓളം കശുവണ്ടി സംസ്കരണ യൂണിറ്റുകളിലായി ഏകദേശം ഒരു ലക്ഷം പേർ തൊഴിലെടുക്കുന്നു. കശുവണ്ടി കയറ്റുമതി പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സി.ഇ.പി.സി.ഐ) യിൽ ഔദ്യോഗികമായി രജിസ്റ്റർ ചെയ്തിട്ടുള്ള കശുവണ്ടി കയറ്റുമതി, സംസ്കരണ യൂണിറ്റുകളിൽ 65 ശതമാനവും കേരളത്തിൽ നിന്നാണ്. കശുവണ്ടി സംസ്കരണം പ്രധാനമായും സ്വകാര്യ മേഖലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കശുവണ്ടി സംസ്കരണത്തിൽ സഹകരണ മേഖലയ്ക്ക് പരിമിതമായ സാന്നിധ്യമേ ഉള്ളൂ. കേരളത്തിൽ കശുവണ്ടി സംസ്കരണ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് പൊതുസ്ഥാപനങ്ങളുണ്ട്. കേരള സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപെക്സ്), കേരള സ്റ്റേറ്റ് കശുവണ്ടി വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി) എന്നിവയാണവ.

അസംസ്കൃത കശുവണ്ടിയുടെ സംസ്കരണത്തിലൂടെ (വറുത്ത് അല്ലെങ്കിൽ ആവിയിൽ വേവിച്ചെടുക്കൽ, ഷെല്ലിംഗ്, തൊലി കളയൽ എന്നിവയിലൂടെ) ആണ് കശുവണ്ടി പരിപ്പുകൾ ലഭിക്കുന്നത്. 2020-21 ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതിയിൽ, കേരളത്തിന്റെ

**ചിത്രം 4.6.6** ഇന്ത്യയിലേക്കുള്ള കശുവണ്ടി പരിപ്പിന്റെ ഇറക്കുമതി (2019-20 മുതൽ)




***അവലംബം:*** കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ)

പങ്ക് അളവിൽ 49.9 ശതമാനവും മൂല്യത്തിൽ 50.30 ശതമാനവുമായിരുന്നു. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കണക്കനുസരിച്ച്, 2023-24 ൽ കൊച്ചി തുറമുഖത്ത് നിന്ന് കയറ്റുമതി ചെയ്ത കശുവണ്ടിയുടെ അളവ് 22,753 മെട്രിക് ടൺ ആയിരുന്നു. ഇത് ഇന്ത്യയിൽ നിന്നുള്ള മൊത്തം കശുവണ്ടി പരിപ്പ് കയറ്റുമതിയുടെ (46,235 മെട്രിക് ടണ്ണിൻറെ) 49.2 ശതമാനത്തോളം വരും.

കേരളത്തിൽ 2014-15-ൽ 80,000 മെട്രിക് ടൺ ആയിരുന്ന അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം 2017-18-ൽ 88,180 മെട്രിക് ടണ്ണായി വർദ്ധിച്ചു. 2022-23 നെ അപേക്ഷിച്ച്, അസംസ്കൃത കശുവണ്ടിയുടെ ഉൽപാദനം 2.2 ശതമാനം വർദ്ധിച്ച് 2023-24-ൽ 76,380 മെട്രിക് ടണ്ണിലെത്തി. 2014-15 ൽ 84,500 ഹെക്ടറിൽ ഉണ്ടായിരുന്ന കശുമാവ് കൃഷി 2023-24ൽ 1,10,260 ഹെക്ടറായി വർദ്ധിച്ചു. കശുമാവ് കൃഷിയിലെ റീപ്ലാന്റേഷനും അവയിൽ നിന്ന് ഉത്പാദനം ആരംഭിക്കുന്നതിനുള്ള കാലതാമസവും, കശുമാവ് കൃഷി വിസ്തൃതിയും ഉത്പാദനവും തമ്മിലുള്ള കണക്കുകളിലെ പൊരുത്തക്കേടിന് കാരണമായിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 4.6.8** ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.6.8** കേരളത്തിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം - 2014-15 മുതൽ 2023-24 വരെ , ഹെക്ടറിലും, മെട്രിക് ടണ്ണിലും.

| വർഷം | വിസ്തീർണ്ണം (000 ഹെക്ടറിൽ) | വാർഷിക വളർച്ച, (ശതമാനത്തിൽ) | അളവ് (മെട്രിക് ടണ്ണിൽ) | വാർഷിക വളർച്ച (ശതമാനത്തിൽ) |
|---|---|---|---|---|
| 2014-15 | 84.50 | -0.4 | 80,000 | -0.2 |
| 2015-16 | 87.00 | 2.9 | 72,000 | -10.0 |
| 2016-17 | 90.87 | 4.5 | 83,980 | 16.6 |
| 2017-18 | 92.81 | 2.1 | 88,180 | 5.0 |
| 2018-19 | 96.65 | 4.1 | 82,889 | -6.0 |
| 2019-20 | 98.82 | 2.2 | 69,624 | -16.0 |
| 2020-21 | 103.21 | 4.4 | 73,105 | 5.0 |
| 2021-22 | 106.52 | 3.2 | 71,760 | -1.8 |
| 2022-23 | 108.59 | 1.9 | 74,630 | 4.0 |
| 2023-24 | 110.26 | 1.5 | 76,380 | 2.2 |

***അവലംബം:*** കശുവണ്ടി, കൊക്കോ വികസന ഡയറക്ടറേറ്റ് (ഡി.സി.സി.ഡി), ഭാരത സർക്കാർ

സംസ്ഥാനത്തെ ഭൂമിയുടെ മേലുള്ള സമ്മർദ്ദവും, റബ്ബർ പോലുള്ള നാണ്യവിളകളിലേക്കുള്ള മുൻകാലങ്ങളിലെ മാറ്റവും (പ്രത്യേകിച്ച് കശുമാവിന് തോട്ടം എന്ന പദവി നിലവിലില്ലാത്തതിനാൽ) കേരളത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള വെല്ലുവിളികളാണ്. പല നാണ്യവിളകൾക്കും നീണ്ട ജെസ്റ്റേഷൻ(നടീൽ മുതൽ ഉത്പാദനം ആരഭിക്കുന്നതുവരെയുള്ള) കാലയളവ് ഉണ്ട്. ആയതിനാൽ തന്നെ നാണ്യ വിളകളുടെ കൃഷി സാമ്പത്തിക ലാഭത്തിനു വേണ്ടി താരതമ്യേന കൂടുതൽ കാലം തുടരേണ്ടതുണ്ട്. അതിനാൽ തന്നെ, മറ്റ് നാണ്യവിളകളിൽ നിന്ന് കശുവണ്ടിയിലേക്ക് പെട്ടെന്ന് മാറാൻ കഴിയാത്ത ഒരു സാഹചര്യവും നിലവിലുണ്ട്. കഴിഞ്ഞ ദശകം മുതൽ, കശുവണ്ടി കൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വികസിപ്പിക്കുന്നതിനുള്ള നടപടികൾ കേരളം ആരംഭിച്ചിട്ടുണ്ട്. നല്ല മാറ്റങ്ങൾ ദൃശ്യമാണെങ്കിലും, ഇനിയും മെച്ചപ്പെടാനുണ്ട്. കേരളത്തിൽ കശുമാവ് കൃഷി ചെയ്തിരുന്ന വിശാലമായ പ്രദേശങ്ങൾ വീണ്ടും കൃഷി ചെയ്യപ്പെടാതെ കിടക്കുന്നത് സൂക്ഷമമായി നിരീക്ഷിക്കപെടേണ്ടതാണ്. കശുമാവ് കൃഷിയിൽ ഉൽപ്പാദനക്ഷമത പരിമിതപ്പെടുന്നതിനുള്ള ഒരു പ്രധാന കാരണം സംസ്ഥാനത്തെ കശുമാവ് മരങ്ങളിൽ 70 ശതമാനവും പ്രായമേറിയ പ്രാദേശിക ഇനങ്ങളാണെന്നുള്ളതാണ്, അവ സീസണിൽ വൈകിയാണ് വിളവ് തരുന്നത്. അതോടൊപ്പം തന്നെ അമിത മഴ, ഉയർന്ന ആപേക്ഷിക ആർദ്രത തുടങ്ങിയ കാലാവസ്ഥാ വ്യതിയാനങ്ങൾ കശുമാവ് കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

### കശുവണ്ടി മേഖലയിലെ ഏജൻസികൾ

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി) കേരള സംസ്ഥാന കശുവണ്ടി തൊഴിലാളികളുടെ അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായ (കാപെക്സ്) എന്നിവയാണ് സംസ്ഥാനത്ത് കശുവണ്ടി സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് സംസ്ഥാന സർക്കാർ ഏജൻസികൾ. സംസ്ഥാനത്തെ കശുവണ്ടി കൃഷി വ്യാപനത്തിനുള്ള ഏജൻസി (കെ.എസ്.എ.സി.സി), കേരള കശുവണ്ടി ബോർഡ് (കെ.സി.ബി) എന്നിവയാണ് ഈ മേഖലയിലെ മറ്റ് രണ്ട് സംസ്ഥാന സർക്കാർ ഏജൻസികൾ. കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സി.ഇ.പി.സി.ഐ), കശുവണ്ടി-കൊക്കോ വികസന ഡയറക്ടേറ്റ് (ഡി.സി.സി.ഡി) എന്നിവയാണ് കശുവണ്ടി പ്രമോഷനിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ഏജൻസികൾ. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലേയും 2023-24, 2024-25 വാർഷിക പദ്ധതികളിലേയും വിഹിതവും ചെലവും സംബന്ധിക്കുന്ന വിശദാംശങ്ങൾ **പട്ടിക 4.6.9–**ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡിസി)

കേരള സർക്കാരിൻറെ പൂർണ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയായി 1969-ലാണ് കേരള സ്റ്റേറ്റ് കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.സി.ഡി.സി.) രൂപീകരിച്ചത്. കെ.എസ്.സി.ഡി.സി യിൽ നിലവിൽ 30 ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നു, അതിൽ 20 എണ്ണം കരാർ അടിസ്ഥാനത്തിൽ കെ.എസ്.സി.ഡി.സി നടത്തുന്ന സ്വകാര്യ ഫാക്ടറികളാണ്. പ്രതിദിനം 85 മെട്രിക് ടണ്ണിൽ നിന്ന് 115 മെട്രിക് ടണ്ണായി ഉത്പാദനക്ഷമത വർദ്ധിക്കാൻ യന്ത്രവല്കരണവും നവീകരണവും സഹായകമായി. തൊഴിൽനഷ്ടം വരുത്താതെയാണ് കെഎസ്സിഡിസി ഈ ഉൽപ്പാദനക്ഷമത കൈവരിച്ചത്.

2019-20 മുതൽ കെഎസ്സിഡിസി യുടെ തൊഴിൽ

**പട്ടിക 4.6.9** കശുവണ്ടി മേഖലയിലെ സംസ്ഥാന സർക്കാർ ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും, 13-ാം പഞ്ചവത്സര പദ്ധതി, 2023-24, 2024-25 വാർഷിക പദ്ധതി ( രൂപ കോടിയിൽ)

| ക്രമ നം | ഏജൻസി | 13-ാം പഞ്ചവത്സര പദ്ധതി | | | 2023-24 | | | 2024-25 (30-09-2024 വരെ) | | |
|---|---|---|---|---|---|---|---|---|---|---|
| | | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ് | ശതമാനം |
| 1 | കേരള കാഷ്യു ബോർഡ് ലിമിറ്റഡ് | 115.20 | 100.10 | 86.89 | 43.55 | 76.55 | 175.77 | 40.81 | 18.44 | 45.18 |
| 2 | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ | 98.00 | 239.55 | 244.4 | 3.25 | 1.43 | 44.00 | 3.05 | 0.00 | 00.00 |
| 3 | കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള കേരള സംസ്ഥാന ഏജൻസി(കെ. എസ്.എ.സി.സി) | 30.80 | 13.39 | 43.47 | 7.20 | 2.16 | 30.00 | 6.50 | 2.60 | 40.00 |
| 4 | കാപെക്സ് | 25.00 | 61.02 | 244.1 | 4.00 | 1.83 | 45.75 | 3.00 | 0.57 | 19.04 |
| | **ആകെ** | **269.00** | **414.06** | **153.93** | **58.00** | **81.97** | **141.32** | **53.36** | **21.61** | **40.49** |

***അവലംബം:*** പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്

ദിനങ്ങളും വിറ്റുവരവും കുറഞ്ഞുവരുന്നു. 2023-24-ൽ കെഎസ്സിഡിസി 10,632 പേർക്ക് തൊഴിൽ നൽകി. 2023-24 ൽ കെഎസ്സിഡിസിയുടെ വിൽപ്പന (വിറ്റുവരവ്) വരുമാനം 129.80 കോടി രൂപയാണ്. സമീപ വർഷങ്ങളിൽ ഏജൻസി നഷ്ട കണക്കുകളാണ് റിപ്പോർട്ട് ചെയ്യുന്നത്. വിശദാംശങ്ങൾ **പട്ടിക 4.6.10, അനുബന്ധം 4.6.27** എന്നിവയിൽ നൽകിയിരിക്കുന്നു.

**പട്ടിക 4.6.10** കെ.എസ്.സി..ഡി.സി യുടെ വിൽപ്പന വിറ്റുവരവ് , രൂപ കോടിയിൽ

| വർഷം | വിറ്റുവരവ് | അസംസ്കൃത വസ്തുക്കളുടെ വില | മാനവ വിഭവ ശേഷി ചെലവുകൾ | ലാഭം/നഷ്ടം |
|---|---|---|---|---|
| 2018-19 | 132.33 | 134.49 | 70.45 | -100.27 |
| 2019-20 | 173.13 | 120.13 | 75.38 | -44.56 |
| 2020-21 | 88.31 | 80.88 | 62.12 | -89.15 |
| 2021-22 | 112.24 | 76.39 | 61.64 | -77.84 |
| 2022-23 | 93.49 | 83.61 | 52.54 | -94.53 |
| 2023-24* | 129.80 | 103.16 | 57.79 | -84.12 |

**അവലംബം:** കെ.എസ്.സി..ഡി.സി കൊല്ലം   കുറിപ്പ്: * താൽക്കാലികം

കെഎസ്സിഡിസി അതിൻറെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ മൊത്തവിപണനം ചെയ്യുകയും മികച്ച മാർജിനുകൾ നൽകുന്ന അന്തിമ ഉപഭോക്താക്കൾക്ക് കൂടുതൽ ഉൽപ്പന്നങ്ങൾ നേരിട്ട് വിൽക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഗിഫ്റ്റ് ഹാംപറുകൾ (250 ഗ്രാം ടിന്നുകൾ, പ്ലാറ്റിനം, പ്രീമിയം ബോക്സുകൾ), അസോർട്ടഡ് പ്രീമിയം കശുവണ്ടി, ജംബോ കശുവണ്ടി തുടങ്ങിയ പുതിയ ഉൽപ്പന്നങ്ങൾ ഏജൻസി പുറത്തിറക്കിയിട്ടുണ്ട്. ഈ ഉൽപ്പന്നങ്ങൾക്ക് ഉപഭോക്താക്കളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. വിൽപ്പന വർധിപ്പിക്കാൻ കെഎസ്സിഡിസി പുതിയ ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെഎസ്സിഡിസി ഗ്രോ ബാഗുകളിൽ ഗ്രാഫ്റ്റ് ചെയ്ത കശുമാവ് തൈകൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു.  കെ.എസ്.സി.ഡി.സി യുടെ പ്രകടനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.28** ൽ നൽകിയിരിക്കുന്നു.

2020-21, 2021-22 എന്നി സാമ്പത്തിക വർഷങ്ങളിൽ കെഎസ്സിഡിസി തൊഴിലാളികൾക്ക് യഥാക്രമം 89 പ്രവൃത്തി ദിനങ്ങൾ 110 പ്രവൃത്തി ദിനങ്ങൾ എന്നിങ്ങനെ നൽകുകയുണ്ടായി. എന്നാൽ  ലോകമെമ്പാടും അനുഭവപെട്ട അസംസ്കൃത കശുവണ്ടിയുടെ രൂക്ഷമായ ക്ഷാമം കാരണം 2022-23 ൽ തൊഴിൽ ദിനങ്ങളുടെ എണ്ണം 71 മാത്രമായിരുന്നു. 2023-24 ൽ, വിവിധ നിയന്ത്രണങ്ങൾക്കിടയിലും, തൊഴിലാളികൾക്ക് 123 പ്രവൃത്തിദിനങ്ങൾ നൽകാൻ കെ.എസ്.സി.ഡി.സി.ക്ക് കഴിഞ്ഞു. കശുവണ്ടി വാനില മിൽക്ക് ഷേക്ക്, കശുവണ്ടി വിറ്റ ഏലം/ചോക്ലേറ്റ്/പിസ്ത/ വാനില, കാഷ്യു ചില്ലി/ഗാർളിക്/സാൾട്ട്/ പെപ്പെർ/ റെഡ്ചില്ലി തുടങ്ങി പല പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും കെ.എസ്.സി.ഡി.സി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവയ്ക്ക് ഉപഭോക്താക്കളിൽ നിന്ന് നല്ല സ്വീകാര്യത ലഭിക്കുന്നു. 2023-24 ൽ കെ.എസ്.സി.ഡി.സി 392 കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചു, ഇത് കശുവണ്ടി ഫാക്ടറികളുടെ ഉൽപ്പാദനക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിച്ചു. സിഡിസി ബ്രാൻഡഡ് കശുവണ്ടി പാക്കറ്റിന്റെയും അതോടൊപ്പം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കശുവണ്ടി സൂപ്പ്, കശുവണ്ടിപ്പൊടി, കശുവണ്ടി വിറ്റ, കശുവണ്ടി ആപ്പിൾ സോഡ എന്നിവയുടെ വിൽപ്പനയും വർധിപ്പിക്കാൻ കെ.എസ്.സി.ഡി.സി ശ്രമിച്ചുവരുന്നു. "ബ്രാൻഡ് മൂല്യം" ഉള്ള ഉൽപ്പന്നങ്ങൾക്ക് പ്രീമിയം വില ലഭിക്കുകയും അവ നന്നായി വിൽക്കപ്പെടുകയും ചെയ്യുന്നു.

**കേരള സംസ്ഥാന കശുവണ്ടി തൊഴിലാളികളുടെ അപെക്സ്**

**ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപെക്സ്)**

കേരള സർക്കാരിന് കീഴിലുള്ള 10 പ്രാഥമിക സഹകരണ സംഘങ്ങളുടെ ഫാക്ടറികളുടെ പ്രവർത്തനങ്ങൾ പരിപാലിക്കുന്നതിനായി 1984-ൽ കൊല്ലം ആസ്ഥാനമായി കാപ്പെക്സ് രൂപീകരിച്ചു. സംസ്ഥാന സർക്കാർ കാപെക്സിനായി, പ്രവർത്തനരഹിതമായ കശുവണ്ടി ഫാക്ടറികൾ വാങ്ങി പ്രവർത്തിപ്പിക്കുന്നതിനുള്ള ചട്ടക്കൂട്/നിയമം നിർമ്മിക്കുകയും അത് പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. സംഭരണം, സഹകരണ സംഘങ്ങൾ വഴിയുള്ള പ്രോസസ്സിംഗ്, മാനേജ്മെന്റ്, മാർക്കറ്റിംഗ് എന്നിവ കാപെക്സിൻറെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. അസംസ്കൃത പരിപ്പ് സംഭരിച്ച് പ്രാഥമിക സൊസൈറ്റികൾക്ക് വിതരണം ചെയ്യുകയും പ്രാഥമിക സൊസൈറ്റികൾ അവ സംസ്കരിച്ച് കാപ്പെക്സിന് തിരിച്ചു നൽകുകയും തുടർന്ന് കാപ്പെക്സ് അവയുടെ വിപണനം ഏറ്റെടുക്കുകയും ചെയ്യുന്നു. പ്രോസസ്സിംഗ് ചെലവ് കുറയ്ക്കുക, തൊഴിലാളികൾക്ക് തുടർച്ചയായ തൊഴിലും ന്യായമായ വേതനവും നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് കാപെക്സ് പ്രവർത്തിക്കുന്നത്.

2023-24 ൽ, കാപെക്സ് 3,797 തൊഴിലാളികൾക്ക് 155 പ്രവൃത്തി ദിവസത്തെ തൊഴിൽ നൽകുകയുണ്ടായി. 2023-24-ൽ കാപെക്സിന്റെ മൊത്തം വിൽപ്പന വിറ്റുവരവ് 54.37 കോടി രൂപയായിരുന്നു (താൽക്കാലികം). കാപ്പെക്സ് -ൻറെ വിൽപ്പനയും വിറ്റുവരവും സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 4.6.11**-ൽ നൽകിയിരിക്കുന്നു.

2023-24 ൽ പീലിംഗ്, ഗ്രേഡിംഗ് ടേബിളുകൾ, കട്ടിംഗ് മെഷീനുകൾ, റോസ്റ്റിംഗ് ഡ്രമ്മുകൾ എന്നിവ സ്ഥാപിക്കാൻ 76.86 ലക്ഷം രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ചു. തൊഴിലാളികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, കാപെക്സ് കശുവണ്ടിയുടെ ചില്ലറ വിൽപ്പന വർധിപ്പിക്കുന്നതിനുമായി കാപെക്സിൻറെ അനുബന്ധ സ്ഥാപനങ്ങളിലെ(ഫാക്ടറികളിലെ) നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ഫാക്ടറികളിലെ സിവിൽ നിർമ്മാണ പ്രവർത്തനങ്ങളും ബ്രാൻഡ് വികസന പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു. കാപെക്സിൻറെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.29 , 4.6.30** എന്നിവയിൽ നൽകിയിരിക്കുന്നു

**കശുവണ്ടി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള കേരള സംസ്ഥാന ഏജൻസി (കെ.എസ്.എ.സി.സി)**

കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നത് ഉറപ്പാക്കുന്നതിനുമായി 2007 ൽ കേരള സർക്കാർ കെ.എസ്.എ.സി.സി രൂപീകരിച്ചു. കെ.എസ്.എ.സി.സി 2007-08 മുതൽ 'ഓർഗാനിക് കശുവണ്ടി കൃഷിയും അസംസ്കൃത കശുവണ്ടി ബാങ്ക് സ്ഥാപിക്കലും' എന്ന പദ്ധതി ആരംഭിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ, ഏജൻസി കർഷകർക്കും സ്ഥാപനങ്ങൾക്കുമായി 3,05,803 ഗ്രാഫ്റ്റ് (തൈകൾ) വിതരണം ചെയ്തു, ഇത് മൂലം ഏകദേശം 1257.16 ഹെക്ടർ പ്രദേശത്ത് കശുവണ്ടി കൃഷി നടന്നതായി കണക്കാക്കുന്നു. 2024-25 ൽ (സെപ്റ്റംബർ വരെ) മൊത്തം 3,00,000 ഗ്രാഫ്റ്റ് (തൈകൾ) വിതരണം ചെയ്യുകയും, അതോടൊപ്പം തന്നെ സർക്കാർ അംഗീകൃത നഴ്സറികളിൽ ഗ്രാഫ്റ്റ് (തൈകൾ) ഉൽപാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. കേരളത്തിൽ രണ്ട് മാതൃകാ കശുവണ്ടിത്തോട്ടങ്ങളുണ്ട്, ഒന്ന് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ പരിസരത്തും മറ്റൊന്ന് തിരുവനന്തപുരത്ത് നെട്ടുകാൽത്തേരിയിലുള്ള തുറന്ന ജയിലിലുമാണ്. കെ.എസ്.എ.സി.സി അതിൻറെ പദ്ധതിയിലൂടെ സാധാരണ സാന്ദ്രതാ കൃഷി രീതി, ഉയർന്ന സാന്ദ്രതാ കൃഷി രീതി, അതി സാന്ദ്രതാ കൃഷി രീതി എന്നി തരങ്ങളിലുള്ള കശുവണ്ടി കൃഷി ചെയ്യുന്നതിനും വ്യാപിപ്പിക്കുന്നതിനും കർഷകരെ സഹായിച്ചുവരുന്നു. കശുമാവ് ഗ്രാഫ്റ്റുകളുടെ വിതരണം, തൈകളുടെ വളർച്ച ഉറപ്പാക്കുന്നതിനുള്ള സഹായം എന്നിവ ഉൾപ്പെടെ കർഷകർക്കുള്ള പരിശീലനവും നടത്തി വരുന്നു. കാലാവസ്ഥാ വ്യതിയാനം, വരണ്ട കാലാവസ്ഥ, മഴക്കുറവ്, വന്യമൃഗങ്ങൾ മൂലമുള്ള വിളനാശം എന്നിവയാണ് കെ.എസ്.എ.സി.സി യുടെ സഹായം ലഭ്യമാകുന്ന കശുവണ്ടി കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. കെ.എസ്.എ.സി.സി പിന്തുണച്ചു വരുന്ന കശുമാവ് കൃഷിയുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.31**-ൽ നൽകിയിരിക്കുന്നു.

**കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് (കെസിബി)**

സംസ്ഥാന സർക്കാർ 2017-ൽ, കേരളത്തിലെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് മിതമായ വിലയ്ക്ക് അസംസ്കൃത കശുവണ്ടി സംഭരിച്ച് വിതരണം ചെയ്യുക, തൊഴിലാളികൾക്ക് സ്ഥിരമായ തൊഴിലും വേതനവും ഉറപ്പാക്കുക എന്നീ പ്രധാന ലക്ഷ്യങ്ങളോടെ രൂപീകരിച്ച ഒരു എസ്. പി. വി (പ്രത്യേക അവിശ്യങ്ങൾക്കായി രൂപീകരിക്കുന്ന ഒരു

**പട്ടിക 4.6.11** കാപെക്സിന്റെ വിൽപ്പന വിറ്റുവരവ്, (രൂപ കോടിയിൽ

| വർഷം | തൊഴിൽ ദിനങ്ങൾ | തൊഴിലാളികളുടെ എണ്ണം | മൊത്തം വിറ്റുവരവ് | അസംസ്കൃത വസ്തുക്കളുടെ വില | മാനവ വിഭവ ശേഷി ചെലവ് | ലാഭം/ നഷ്ടം |
|---|---|---|---|---|---|---|
| 2019-20 | 206 | 4209 | 85.19 | 50.87 | 33.52 | -16.95 |
| 2020-21 | 142 | 4130 | 46.89 | 44.74 | 24.99 | -17.56 |
| 2021-22 | 179 | 4100 | 63.15 | 42.40 | 29.98 | -22.24 |
| 2022-23 | 93 | 3970 | 53.87 | 43.65 | 21.01 | -11.04 |
| 2023-24 (താൽക്കാലികം) | 155 | 3797 | 54.37 | 44.14 | * | * |

***അവലംബം:*** കാപെക്സ്, കുറിപ്പ്: * വാർഷിക ഓഡിറ്റ് പുരോഗമിക്കുന്നു.

സ്ഥാപനമായി) ആയിട്ടാണ് കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് (കെ.സി.ബി) സ്ഥാപിച്ചത്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡിനും (കെ.എസ്.സി.ഡി.സി), കാപെക്സിനും കെസിബി അസംസ്കൃത കശുവണ്ടി വിതരണം ചെയ്തുവരുന്നു, അതിലൂടെ ഈ ഏജൻസികളുടെ കീഴിലുള്ള 40 ഫാക്ടറികൾ വർഷം മുഴുവൻ തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ നൽകാനും കഴിയുമെന്ന് ഉറപ്പുവരുത്തുന്നു. കെഎസ്സിഡിസി, കാപ്പെക്സ് എന്നിവയുടെ ഫാക്ടറികളിൽ ഏറ്റവും മത്സരാധിഷ്ഠിതമായി മിതമായ വിലകളിൽ അസംസ്കൃത കശുവണ്ടി ലഭ്യമാണെന്ന് കേരള ക്യാഷ്യൂ ബോർഡ് ഉറപ്പുവരുത്തുന്നു. കെസിബി, 2023-24 ൽ വിവിധ രാജ്യങ്ങളിൽ നിന്ന് 13,976.59 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തു. 2024-25 ൽ (2024 ഓഗസ്റ്റ് വരെ), കെസിബി വിവിധ രാജ്യങ്ങളിൽ നിന്ന് 10,618.18 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്.

വിളവെടുപ്പ് സമയങ്ങളിൽ/അസംസ്കൃത കശുവണ്ടി കൂടുതൽ ലഭ്യമാകുന്ന സന്ദർഭങ്ങളിൽ, കുറഞ്ഞ വിലയിൽ സംഭരണം ഏറ്റെടുക്കുന്നതിനായി വേണ്ടി വരുന്ന ഫണ്ടിൻറെ അഭാവം ക്യാഷ്യൂ ബോർഡ് നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ്. അസംസ്കൃത കശുവണ്ടി വിതരണം ചെയ്തതിന്റെ ഭാഗമായി, വിതരണം ചെയ്ത അസംസ്കൃത കശുവണ്ടിയുടെ മൂല്യത്തിൻറെ ഏകദേശം 50 മുതൽ 60 ശതമാനം വരെ മാത്രമെ കെ.എസ്.സി.ഡി.സി, കാപ്പെക്സ് എന്നിവയിൽ നിന്നുള്ള തിരിച്ചടവായി ലഭ്യമാകുന്നുള്ളൂ, ഇങ്ങനെയുള്ള വിടവ് നികത്തുന്നതിനായി കേരള സർക്കാർ പ്രവർത്തന മൂലധന വായ്പകൾ വഴി ധനസഹായം നൽകിവരുന്നു. അസംസ്കൃത കശുവണ്ടി വാങ്ങുന്നതിനായി കേരള ബാങ്കിൽ നിന്നുള്ള ക്യാഷ് ക്രെഡിറ്റ് സൗകര്യവും ഉപയോഗപ്പെടുത്തി വരുന്നു.

### കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ)

ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പിന്റെയും കശുവണ്ടി തോടെണ്ണയുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1955-ൽ ഭാരത സർക്കാർ സ്ഥാപിച്ചതാണ് കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സി.ഇ.പി.സി.ഐ). കൗൺസിൽ അംഗങ്ങളായ കശുവണ്ടി പരിപ്പ് ഇറക്കുമതിക്കാർക്കും ആഭ്യന്തര കയറ്റുമതിക്കാർക്കും ഇടയിൽ ഒരു ഇടനിലക്കാരനായി സി.ഇ.പി.സി.ഐ പ്രവർത്തിക്കുന്നു.

### കശുവണ്ടി, കൊക്കോ വികസന ഡയറക്ടറേറ്റ് (ഡി.സി.സി.ഡി)

കൊച്ചിയിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ഓഫ് കശുവണ്ടി, കൊക്കോ വികസനം ഡയറക്ടറേറ്റ് (ഡി.സി.സി.ഡി) ഭാരത സർക്കാരിന്റെ കൃഷി, സഹകരണ, കർഷക ക്ഷേമ വകുപ്പുകളുടെ കീഴിലുള്ള ഓഫീസാണ്. രാജ്യത്തെ കശുവണ്ടി, കൊക്കോ വികസന പരിപാടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നോഡൽ ഏജൻസിയായ ഡി.സി.സി.ഡി യുടെ പ്രവർത്തനങ്ങൾ രാജ്യത്തുടനീളം വ്യാപിച്ച് കിടക്കുന്നു.
2023-24 ൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയോജിത പ്രവർത്തനങ്ങളുടെ ഫലമായി, 6,830 ഹെക്ടർ അധികസ്ഥലത്ത് അത്യുത്പാദനശേഷി ഇനങ്ങളിലുള്ള കശുമാവ് കൃഷി ചെയ്തു. 850 ഹെക്ടറോളം വരുന്ന പ്രദേശത്തെ ഉത്പാദനം നിലച്ചതും ഉൽപ്പാദനക്ഷമമല്ലാത്തതുമായ തോട്ടങ്ങളിൽ റി-പ്ലാന്റേഷനും, പുനരുജ്ജീവന പ്രവർത്തനങ്ങളും നടത്തി. കേരളം, മഹാരാഷ്ട്ര സംസ്ഥാനങ്ങൾക്ക് സാമ്പത്തിക സഹായം നൽകികൊണ്ട് രണ്ട് കശുവണ്ടി നഴ്സറികൾ നവീകരിച്ചു. 28 ജില്ലാതല സെമിനാറുകളും 6 ദിവസത്തെ സ്ഥല സന്ദർശനമുൾപ്പെടെയുള്ള വിള-പ്രചാരണ പ്രോത്സാഹന പ്രവർത്തനങ്ങൾ ഡിസിസിഡി നടത്തുകയുണ്ടായി. മാനവവിഭവശേഷി വികസനത്തിൻറെ ഭാഗമായി 68 ഫീൽഡ് തല പരിശീലന പരിപാടികൾ നടത്തുകയും 3,400 കർഷകർക്ക് കൃഷിരീതികളിൽ പരിശീലനം നൽകുകയും ചെയ്തു. കശുവണ്ടി പഴത്തിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനായി 18 ബാച്ചുകളിലായി 450 തൊഴിലില്ലാത്ത സ്ത്രീകൾക്ക് പരിശീലനം നൽകി.

### വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും

സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന അസംസ്കൃത കശുവണ്ടി നിലവിലുള്ള കശുവണ്ടി ഫാക്ടറികളുടെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല. ആഭ്യന്തര അസംസ്കൃത കശുവണ്ടിയുടെ മെച്ചപ്പെട്ട ഉപയോഗം ഉറപ്പാക്കുന്നതിന്, സംസ്ഥാനം അവയുടെ ശേഖരണ സമാഹരണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. കൃഷിക്കാരുടെയും കശുവണ്ടി സംസ്കരണത്തിൽ ഏർപ്പെടുന്നവരുടെയും താൽപര്യം സന്തുലിതമാണെന്ന് ഉറപ്പാക്കാൻ, വില നിർണ്ണയ സമിതി അസംസ്കൃത കശുവണ്ടി പരിപ്പ് സംഭരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന വില പുനഃപരിശോധിക്കേണ്ടതായിട്ടുണ്ട്. ഇന്ത്യയിൽ കൃഷി ചെയ്ത് ലഭ്യമാകുന്ന അസംസ്കൃത കശുവണ്ടി, ഇവിടുത്തെ കശുവണ്ടി ഫാക്ടറികളുടെ മൊത്തം ആവശ്യത്തിൻറെ മൂന്നിലൊന്ന് മാത്രമാണ്. അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഇനങ്ങളുടെ ഉപയോഗപെടുത്തൽ, ശാസ്ത്രീയ കൃഷിരീതി അവലംബിക്കൽ, കശുവണ്ടി കൃഷി വിപുലീകരണത്തിന് നൽകുന്ന സേവനങ്ങളുടെ കാര്യത്തിലുള്ള കൂടുതൽ പിന്തുണ, വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം മുതലായവയിൽ ശ്രദ്ധ പതിപ്പിച്ചാൽ സംസ്ഥാനത്തെ അസംസ്കൃത കശുവണ്ടിയുടെ ഉൽപാദനത്തിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ സാധിക്കും. മിതമായ വിലയിലും ഗുണനിലവാരത്തിലും കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർധിപ്പിച്ചാൽ ഇറക്കുമതി ചെയ്യുന്ന കശുവണ്ടിയിലുള്ള കേരളത്തിൻറെ ആശ്രിതത്വം കുറയ്ക്കാനാകും.

ആഗോള വിപണിയിൽ കശുവണ്ടിപ്പരിപ്പിന് നല്ല ഡിമാൻഡ് ഉള്ളതിനാൽ, കശുവണ്ടി സംസ്കരണം നടത്തുന്ന സ്ഥാപനങ്ങൾ ഏകദേശം 50 ശതമാനം വരുന്ന അസംസ്കൃത കശുവണ്ടിയും ഇറക്കുമതി ചെയ്യാൻ നിർബന്ധിതരാകുന്നു. കശുവണ്ടി വിപണി അതിന്റെ വില അസ്ഥിരതയ്ക്ക് പേരുകേട്ടതാണ്. കാലാവസ്ഥ, ആഗോള ഡിമാൻഡ്, സാർവ്വദേശീയ രാഷ്ട്രീയ സംഭവ വികാസങ്ങൾ തുടങ്ങിയ ഘടകങ്ങളാൽ സ്വാധീനിക്കപ്പെടുന്നതിനാൽ

ക്യാഷു വില ഏറ്റക്കുറച്ചിലുകൾക്ക് വിധേയവുമാണ്. കശുവണ്ടി ഇറക്കുമതിയിലുണ്ടാകുന്ന ഉയർന്ന ചിലവ് ആ വ്യവസായത്തിൻറെ ലാഭക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്.

ഭാവിയിൽ കശുവണ്ടി മേഖലയുടെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യകളുടെ വികസനവും ഉപയോഗവും (സംസ്കരണത്തിലും മൂല്യവർദ്ധനയിലും), സംസ്കരണ ചെലവ് കുറയ്ക്കൽ (ഭാഗികമോ പൂർണ്ണമോ ആയിട്ടുള്ള യന്ത്രവൽക്കരണത്തിലൂടെ), കശുവണ്ടിയിൽ നിന്നുള്ള പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനം, കശുവണ്ടി പഴങ്ങളുടെ ശരിയായ ഉപയോഗം എന്നിവയിൽ ഊന്നൽ നൽകേണ്ടതായിട്ടുണ്ട്. 'കേരള കശുവണ്ടി' യുടെ പ്രത്യേകത നിലനിർത്താൻ കഴിയുന്ന പുതിയ വിപണികളും വിപണന തന്ത്രങ്ങളും വികസിപ്പിക്കാനുള്ള വലിയ ശ്രമങ്ങളും ഭാവിലേക്കുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി മാറണം.

അദ്ധ്യായം

# 05

# സേവന മേഖല

# സേവന മേഖല

## 5.1 വിവരസാങ്കേതിക വിദ്യ

കേരളത്തിന്റെ വികസനത്തിൽ ഒരു സുപ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് വിവര സാങ്കേതിക വിദ്യ. ഈ മേഖലയുടെ സാധ്യതകളും നിർണായക പ്രാധാന്യവും കേരള സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ട്, കൂടാതെ മേഖലയെ ശക്തവും ആഗോളതലത്തിൽ മത്സരാധിഷ്ഠിതവുമാക്കുന്നതിന് ഉത്സാഹപൂർവ്വമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അടിസ്ഥാന ഐടി അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി കേരളം വിവര, ആശയവിനിമയ സാങ്കേതിക പദ്ധതികൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ, ഇ-സാക്ഷരതാ പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു.

ഇന്ത്യയിലെ വിവരസാങ്കേതികവിദ്യയുടെ (ഐടി) ഒരു പ്രധാന കേന്ദ്രമായി കേരളം ഉയർന്നുവന്നിട്ടുണ്ട്. ഈ നേട്ടത്തിന് സാങ്കേതിക മികവുള്ളവരും അർപ്പണബോധത്തോടെ പ്രവർത്തിക്കുന്നവരുമായ തൊഴിലാളികളും, കൂടാതെ സർക്കാർ നടപ്പിലാക്കിയ നൂതന സംരംഭങ്ങളും കാരണമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ മെച്ചപ്പെട്ട ജീവിത നിലവാരം, സുസ്ഥാപിതമായ സർക്കാർ നയങ്ങൾ, ചെലവ് കുറഞ്ഞ പ്രവർത്തനച്ചെലവുകൾ എന്നിവ നിക്ഷേപകരെ ഏറെ ആകർഷിക്കുന്ന വിജയകരമായ ഐടി ഹബ്ബായി കേരളത്തെ മാറ്റിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ മൊബൈൽ, ടെലിഫോൺ കണക്ഷനുകൾക്ക് ഉന്നത നിലവാരമുണ്ട് കൂടാതെ ബ്രോഡ്ബാൻഡ്, മൊബൈൽ ഇന്റർനെറ്റ് എന്നിവയുടെ സുലഭമായ ലഭ്യതയും കേരളത്തിനുണ്ട്. സാക്ഷരതയിലും സ്കൂൾ വിദ്യാഭ്യാസത്തിലും സംസ്ഥാനം കൈവരിച്ച പ്രശംസനീയമായ നേട്ടങ്ങൾ കമ്പ്യൂട്ടർ സാക്ഷരത വളർത്തുന്നതിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട് എന്ന് നിസംശയം പറയാം. ദേശീയ സമ്പദ്വ്യവസ്ഥയെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥ താരതമ്യേന ചെറുതാണ് എങ്കിലും ദേശീയ തലത്തിലുള്ള ഐടി മേഖലയിൽ കേരളത്തിന്റെ ഐടി സാന്നിധ്യം ശ്രദ്ധേയമാണ്.

അതിവേഗ ഫൈബർ കണക്റ്റിവിറ്റി ഏറ്റവും അധികമുള്ള സംസ്ഥാനമായി മാറാനാണ് കെഫോൺ പദ്ധതിയിലൂടെ കേരളം ശ്രമിക്കുന്നത്. സംസ്ഥാനത്തിന്റെ വളരെ സജീവമായ ഈ സ്റ്റാർട്ടപ്പ് സംവിധാനം അന്താരാഷ്ട്ര അംഗീകാരം നേടിയിട്ടുണ്ട്. ഐടി മേഖലയിലെ ഹബ് ആൻഡ് സ്പോക്ക് മോഡലിലൂടെ സംസ്ഥാനത്തിന്റെ ഐടി വ്യവസായത്തിലെ നിക്ഷേപം പ്രാദേശികമായും സ്ഥലപരമായും വികേന്ദ്രീകരിക്കാൻ സഹായിച്ചു. രാജ്യത്തിന്റെ ഇലക്ട്രോണിക്സ്, ഐടി മേഖലയുടെ വികസനത്തിൽ സ്റ്റാർട്ടപ്പുകൾ പ്രധാന പങ്ക് വഹിക്കും. വിവിധ നയപരമായ ഇടപെടലുകളിലൂടെ വേഗത്തിൽ വളരുന്ന സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിൽ സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. ഇത് ഊർജ്ജസ്വലവും സമഗ്രവുമായ സ്റ്റാർട്ടപ്പ് പരിസ്ഥിതി സൃഷ്ടിക്കുന്നതിന് സഹായകരമാണ്.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം.), കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജി, ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ. എസ്.ഐ.റ്റി.ഐ.എൽ), ഇന്റർനാഷണൽ സെന്റർഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്

**ബോക്സ് .5.1.1** വിവര സാങ്കേതിക വിദ്യാ മേഖലയിലെ പ്രധാന നേട്ടങ്ങൾ

- കെ-ഫോൺ പദ്ധതിയുടെ ഒന്നാം ഘട്ടം 30,000 സർക്കാർ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകാനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് നൽകാനും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സേവനങ്ങൾ നൽകാനും വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ 29,416 ഓഫീസുകൾക്ക് കെ-ഫോൺ വഴി കണക്ഷനും 5,989 ബിപിഎൽ കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്റ്റിവിറ്റിയും നൽകുന്നുണ്ട്.
- 9713 പേർക്ക് തൊഴിൽ നൽകിക്കൊണ്ട് 2843അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നു.
- ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന പോർട്ടലുകളിൽ ഒന്നായി കേരള സർക്കാരിന്റെ ഇ-ടെൻഡർ പോർട്ടലിനെ തിരഞ്ഞെടുത്തുകൊണ്ട് ധനകാര്യ മന്ത്രാലയത്തിന്റെയും ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെയും അംഗീകാരം ലഭിച്ചു.
- 2023-24 വർഷത്തെ ഇ-ഗവേണൻസിനുള്ള സ്കോച്ച് അവാർഡ് ലഭിച്ചു.
- 81 വകുപ്പുകളിലായി 500-ലധികം സേവനങ്ങളിൽ നിന്ന് 900-ലധികം സേവനങ്ങളിലേക്ക് ഇ-സേവനം വികസിച്ചു, കൂടാതെ 500-ലധികം സേവനങ്ങളിൽ നിന്ന് എം-സേവനം 700-ലധികമായി വളർന്നു.
- ടെക്നോപാർക്ക് മൂന്നാം ഘട്ടം കമ്മീഷൻ ചെയ്തതോടെ കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ കേന്ദ്രമായി ടെക്നോ പാർക്ക് മാറി; 768.63 ഏക്കർ ഭൂമിയും 12.72 ദശലക്ഷം ചതുരശ്ര അടി നിർമ്മിത പ്രദേശം (ബിൽറ്റ്-അപ്പ് ഏരിയ) ഉള്ള ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കുകളിൽ ഒന്നായി ഇത് മാറി.
- 2023-24 ൽ 4,681 ടെക് സ്റ്റാർട്ട് അപ്പുകളാണ് ഉള്ളത്, 2022-23 ൽ ഇത് 4,318 ആയിരുന്നു.

വെയർ (ഐ.സി.ഫോസ്), കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.), സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്) എന്നിവയാണ് സംസ്ഥാനത്ത് വിവര സാങ്കേതിക പദ്ധതികൾ നടപ്പാക്കുന്ന, വിവരസാങ്കേതിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ.

**ഐടി മേഖലയിലെ ഏജൻസികളുടെ പ്രവർത്തനങ്ങൾ**

സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് ഐടി വ്യവസായം വിപുലീകരിക്കാൻ കേരള സർക്കാർ വിഭാവനം ചെയ്യുന്നു. ഒരു ഹബ്ബ് ആന്റ് സ്പോക്ക് എന്ന രീതിയിലാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്. ഇതിൽ, തിരുവനന്തപുരം (ടെക്നോപാർക്ക്), കൊച്ചി (ഇൻഫോപാർക്ക്), കോഴിക്കോട് (സൈബർ പാർക്ക്) എന്നിവ ഹബ്ബായും ശേഷിക്കുന്ന ജില്ലകൾ സ്പോക്കുകളായും പ്രവർത്തിക്കും.

ഐ.റ്റി പശ്ചാത്തല സൗകര്യങ്ങൾക്കും ഐ.റ്റി.ഇ.എസ്, ഇ- ഗവണൻസ് പ്രവർത്തനങ്ങൾക്കും ഈ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2023-24 ബജറ്റിൽ ₹ 559.00 കോടി രൂപ വകയിരുത്തിയതിൽ, 172.59 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (30.9 ശതമാനം). 2024-25 വാർഷിക പദ്ധതിയിൽ, 507.14 കോടി രൂപ ഈ മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ 3 വർഷത്തെ (2022-2025) പദ്ധതി വിഹിതത്തിന്റെയും ചെലവാക്കിയ തുകയുടെയും വിശദാംശങ്ങൾ **പട്ടിക 5.1.1**-ൽ നൽകിയിരിക്കുന്നു.

**കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം)**

കേരള സർക്കാരിന്റെ വിവരസാങ്കേതിക വകുപ്പിനുവേണ്ടി ഐടി സംരംഭങ്ങൾ നടപ്പിലാക്കുന്നതിനായി ഉത്തരവാദിത്തമുള്ള ഒരു സ്വയംഭരണ നോഡൽ ഏജൻസിയാണ് കേരള സംസ്ഥാന ഐ ടി മിഷൻ. സാങ്കേതിക മേഖലയിലെ നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് കെ.എസ്.ഐ.ടി.എം ലക്ഷ്യമിടുന്നത്. വകുപ്പ് ഏറ്റെടുക്കുന്ന വിവിധ പദ്ധതികൾക്ക് നിർവ്വഹണത്തിലും സാങ്കേതിക വിഷയങ്ങളിലും പിന്തുണ നൽകുക എന്നതാണ് ഇതിന്റെ പ്രാഥമിക പങ്ക്. ഐ.സി.ടി നയങ്ങൾ വികസിപ്പിക്കുക, ഇ-ഗവേണൻസിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും രൂപീകരിക്കുക, സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഐ.സി.ടി സേവനങ്ങൾ സുഗമമാക്കൽ എന്നിവയുൾപ്പെടെ നിരവധി പ്രവർത്തനങ്ങളിൽ കെ.എസ്.ഐ.ടി.എം പങ്കാളിയാണ്. "പൗരന്മാർക്ക് പ്രഥമ പരിഗണന നൽകുക" എന്ന സമീപനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പൗരന്മാർക്ക് ഉയർന്ന നിലവാരമുള്ള ഡിജിറ്റൽ സേവനങ്ങൾ നൽകുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

**കെ.എസ്.ഐ.റ്റി.എം.ന്റെ പ്രധാന പ്രവർത്തനങ്ങൾ**

സേവനങ്ങൾ നൽകുന്നതിൽ സുതാര്യതയും വിശ്വാസ്യതയും ഉത്തരവാദിത്വവും ഉറപ്പാക്കി സദ്ഭരണം നടപ്പാക്കുന്നതിനുള്ള ഒരു പ്രധാന ഉപാധിയാണ് ഇ-ഗവേണൻസ്, ഇ-സാക്ഷരതാ പദ്ധതി, മൊബൈൽ ഗവേണൻസ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലും പ്രധാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും കേരളം മുൻ നിരയിൽ നിൽക്കുന്നു.

**പട്ടിക 5.1.1** പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ)

| ക്രമ നം | വകുപ്പ്/പദ്ധതി | വാർഷിക പദ്ധതി 2023-24 | | വാർഷിക പദ്ധതി 2023-24 | | വാർഷിക പദ്ധതി 2024-25 | |
|---|---|---|---|---|---|---|---|
| | | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് (2024 സെപ്റ്റംബർ വരെ |
| 1 | കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ അക്ഷയ, ഐ.റ്റി സെൽ | 131.62 | 86.37 | 131.62 | 54.24 | 121.43 | 23.78 |
| 2 | ടെക്നോപാർക്ക് | 26.60 | 13.50 | 26.60 | 12.07 | 27.47 | 0 |
| 3 | ഇൻഫോപാർക്ക് | 35.75 | 18.56 | 35.75 | 5.27 | 26.70 | 2.20 |
| 4 | സൈബർപാർക്ക് | 12.83 | 7.42 | 12.83 | 2.50 | 12.80 | 0.16 |
| 5 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻറ് മാനേജ്മെന്റ് (ഐ.ഐ.ഐ.റ്റി.എം.കെ) | 20.60 | 15.36 | 20.60 | 5.76 | 18.95 | 0.30 |
| 6 | സ്റ്റാർട്ടപ്പ് മിഷൻ | 90.52 | 36.75 | 90.52 | 34.00 | 90.52 | 7.13 |
| 7 | കേരള സ്റ്റേറ്റ് ഐ.റ്റി.ഇൻഫ്രാസ്ട്രച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ) | 201.09 | 97.29 | 201.09 | 36.55 | 119.91 | 4.01 |
| 8 | സി-ഡിറ്റ് | 6.00 | 3.48 | 6.00 | 0.81 | 6.00 | 0.00 |
| 9 | ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ | 7.99 | 6.51 | 7.99 | 6.35 | 7.35 | 1.68 |
| 10 | ഡിജിറ്റൽ യൂണിവേഴ്സിറ്റി | 26.00 | 37.68 | 26.00 | 15.02 | 23.51 | 2.30 |
| | ആകെ | 559.00 | 322.93 | 559.00 | 172.59 | 507.14 | 41.56 |

*അവലംബം:* അതാത് വർഷത്തെ വാർഷിക പദ്ധതിയും,പ്ലാൻ സ്പേസ്

**പബ്ലിക് വൈ ഫൈ:–** ഈ പദ്ധതിയിലൂടെ ജനങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് നൽകുന്നതിനായി സംസ്ഥാനത്തുടനീളം 2,023 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിച്ചു. ബസ് സ്റ്റാൻഡുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, പാർക്കുകൾ, പൊതുസ്ഥലങ്ങൾ, ജനസേവനകേന്ദ്രങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവ ഉൾപ്പെടുന്ന ഹോട്ട്സ്പോട്ടുകൾ ജില്ലാ ഭരണകൂടം കണ്ടെത്തിയിട്ടുണ്ട്.

**ഇ–ഓഫീസ്:–** സെക്രട്ടേറിയറ്റ്, ഡയറക്ടറേറ്റുകൾ/ കമ്മീഷണറേറ്റ്/ കളക്ടറേറ്റുകൾ/സബ്-കളക്ടറേറ്റുകൾ/ ആർഡിഒകൾ/ താലൂക്കിലെ എല്ലാ ഓഫീസുകളും, വില്ലേജുകളിലെ എല്ലാ ഓഫീസുകളും ഉൾപ്പെടെ 861 സബ് ഓഫീസുകൾ ഉൾപ്പെടെ 90 ശതമാനത്തിലധികം സർക്കാർ ഓഫീസുകളിലും ഇപ്പോൾ ഇ-ഓഫീസ് പ്രവർത്തിക്കുന്നു.

**ഇ–ഗവേണൻസിനുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ :–** കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (കെസ്വാൻ), സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്(സെക്വാൻ), സ്റ്റേറ്റ് ഡാറ്റാ സെന്റർ, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ(എസ്എസ്ഡിജി) കെ ഫോൺ എന്നിവയാണ് സംസ്ഥാനത്തെ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുള്ള പ്രധാന അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ.

**കെസ്വാൻ:–** സംസ്ഥാനത്തുടനീളമുള്ള എല്ലാ ജില്ലകളെയും 152 ബ്ലോക്ക് പഞ്ചായത്തുകളെയും 63 മിനി സിവിൽ സ്റ്റേഷനുകൾ/റവന്യൂ ടവറുകളെയും ബന്ധിപ്പിക്കുന്ന സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിന്റെ (SII) നെട്ടെല്ലാണ് KSWAN. സർക്കാർ വകുപ്പുകളുടെ ഏകദേശം 4,000 ഓഫീസുകൾ വയർലെസ് വഴിയും കൂടുതൽ എണ്ണം ലീസ്ഡ് ലൈനുകളിലൂടെയും, LAN വഴിയും KSWAN-മായി ബന്ധിപ്പിച്ചിരിക്കുന്നു. ഭരണ ആസ്ഥാനത്ത് ITeS-ന്റെ ഗുണനിലവാരവും ലഭ്യതയും മെച്ചപ്പെടുത്തുക എന്ന വീക്ഷണത്തോടെ, ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഒരു അത്യാധുനിക ഒപ്റ്റിക്കൽ ഫൈബർ കമ്മ്യൂണിക്കേഷൻ അധിഷ്ഠിത നെറ്റ്വർക്ക് ആർക്കിടെക്ചർ സ്ഥാപിക്കാൻ KSWAN ലക്ഷ്യമിടുന്നു. സുരക്ഷിതമായ ഇൻട്രാനെറ്റ് വഴി വിവിധ സേവനങ്ങൾ ഗവൺമെന്റിൽ നിന്നും -സർക്കാർ വകുപ്പുകളിലേക്കും (G2G), ഗവൺമെന്റിൽ നിന്നും പൗരൻമാരിലേക്കും (G2C) നൽകുന്ന സംസ്ഥാന ഡാറ്റാ സെന്ററുകളുമായും (SDC1, SDC2) തടസ്സമില്ലാത്ത സംയോജനവും ഇത് നൽകുന്നു.

**സംസ്ഥാന ഡാറ്റാ സെന്റർ:–** സംസ്ഥാന ഡാറ്റാ സെന്ററിൽ ഏകദേശം 2500 വെർച്വൽ സെർവറുകളും, ഏകദേശം 560 ആപ്ലിക്കേഷനുകളും, വിവിധ സർക്കാർ ആവശ്യങ്ങൾക്കായി വിവിധ വകുപ്പുകൾ സജ്ജീകരിച്ച 500 സെർവറുകളും ഉണ്ട്. സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് പ്രവർത്തനങ്ങളുടെ കേന്ദ്ര ബിന്ദുവായി കണക്കാക്കാവുന്നതാണ് സംസ്ഥാന ഡാറ്റാ സെന്ററുകൾ (SDCs) .ഇത് സർക്കാർ സ്ഥാപനങ്ങളുടെ വിവിധ ആപ്ലിക്കേഷനുകളും വെബ്സൈറ്റുകളും ഹോസ്റ്റുചെയ്യുകയും അനുബന്ധ

സേവനങ്ങൾ നൽകുകയും ചെയ്യുന്നു. നിലവിൽ സംസ്ഥാന ഡാറ്റാ സെന്ററിന്റെ സംഭരണ ശേഷി 2500 TB ആണ്. ടെക്നോപാർക്കിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഡാറ്റാ സെന്റർ -2 ൽ 4000 ചതുരശ്ര അടിയിൽ സെർവർ ഫാം ഏരിയയുടെ വിപുലീകരണവും മറ്റ് നവീകരണ പ്രവർത്തനങ്ങളും നടന്നു വരുന്നു. ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ നവീകരണത്തിന്റെ ഭാഗമായി SDC2 ൽ 8 സെർവറുകൾ കൂട്ടിച്ചേർക്കുകയും 300 TB സംഭരണ ശേഷിയും ചേർത്തു സംഭരണ ശേഷി ഉയർത്തുകയും ചെയ്തു; കൂടാതെ വകുപ്പുകൾക്ക് 1020 വെർച്വൽ മെഷീനുകളും നൽകുകയുണ്ടായി. സംസ്ഥാന ഡാറ്റാ സെന്റർ മുൻ വർഷം SDC1 & SDC2 എന്നിവയ്ക്കിടയിൽ 10 Gbps KFON കണക്ഷൻ സ്ഥാപിക്കുകയും SDC2 ൽ 4000 ചതുരശ്ര അടി വിസ്തീർണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു.

**ഇ-ഡിസ്ട്രിക്റ്റ്:-** ദേശീയ ഇ-ഗവേണൻസ് പദ്ധതിയുടെ കീഴിലുള്ള ഒരു സംസ്ഥാന മിഷൻ മാതൃകയിലുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ്. ജില്ലാ തലത്തിൽ ഉയർന്ന അളവിലുള്ള സേവനങ്ങൾ നൽകുന്നതിനും അക്ഷയ കേന്ദ്രങ്ങൾ വഴി വിവിധ സേവനങ്ങളിലേക്ക് ഓൺലൈൻ പ്രവേശനം സാധ്യമാക്കുന്നതിനും പൗരന്മാരുടെ വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷ നൽകുന്നതിനും അവയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള പ്രക്രിയകൾ ലളിതമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. 2024 ഓഗസ്റ്റ് വരെ ആകെ 9.64 കോടി അപേക്ഷകൾ ലഭിച്ചു, അതിൽ 8.75 കോടി സർട്ടിഫിക്കറ്റുകൾ അംഗീകരിച്ചു. മറ്റ് സേവനങ്ങൾക്ക് പുറമേ നിലവിൽ, 23 റവന്യൂ സർട്ടിഫിക്കറ്റ് സേവനങ്ങളും, സംസ്ഥാനത്തുടനീളമായി വനം, വന്യജീവി മേഖലയുമായി ബന്ധപ്പെട്ട 7 സേവനങ്ങളും ഓൺലൈനായി ലഭ്യമാകുകയും ചെയ്തു, ഇത് മുഖേന പൗരന്മാർക്ക് അക്ഷയ കേന്ദ്രങ്ങൾ വഴിയോ പൊതു പോർട്ടൽ വഴിയോ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കാനും ഡിജിറ്റലി ഒപ്പിട്ട സർട്ടിഫിക്കറ്റുകൾ സ്വീകരിക്കാനും കഴിയുന്നു.

**ഇ-ഗവൺമെന്റ് പ്രൊക്യൂർമെന്റ് (ഇ-ജിപി)** സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട് . 5 ലക്ഷത്തിന് മുകളിലുള്ള എല്ലാ ടെൻഡറുകളും ഇ-ടെൻഡറിംഗ് വഴി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ എല്ലാ സർക്കാർ വകുപ്പുകൾക്കും/ബോർഡുകൾക്കും/ സർവകലാശാലകൾക്കും/സംഘടനകൾക്കും നിർദ്ദേശം നൽകി. കേരള സർക്കാരിന്റെ ഇ-ടെൻഡർ പോർട്ടലിനെ കേന്ദ്ര സർക്കാരിന്റെ എക്സ്പെൻഡീച്ചർ വകുപ്പ്, ധനകാര്യ മന്ത്രാലയം, ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം എന്നിവ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാന പോർട്ടലുകളിൽ ഒന്നായി അംഗീകരിക്കുകയുണ്ടായി. 2023-24 വർഷത്തെ ഇ-ഗവേണൻസിനുള്ള സ്കോച്ച് അവാർഡും ഇതിന് ലഭിക്കുകയുണ്ടായി.

**അക്ഷയ:-** വിവര സാങ്കേതിക രംഗത്തെ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെ 2002 നവംബർ 18-ന് പൊതു സ്വകാര്യ പങ്കാളിത്ത രീതിയിൽ ഡിജിറ്റൽ വിഭജനം മറികടക്കാൻ ആരംഭിച്ച നൂതന പദ്ധതിയാണ് അക്ഷയ. പ്രാരംഭ ഘട്ടത്തിൽ, ഒരു കുടുംബത്തിലെ ഒരാളെയെങ്കിലും ഇ-സാക്ഷരരാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ക്രമേണ അക്ഷയയുടെ ശ്രദ്ധ പൗരസേവന കേന്ദ്രീകൃത മാതൃകയിലേക്ക് മാറി. ആധാർ എൻറോൾമെന്റ് ഏജൻസിയായി അക്ഷയ പ്രവർത്തിക്കുന്നു. അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് ആധാർ എൻറോൾമെന്റ് നടത്തുന്നത്. ആഗസ്റ്റ് 31, 2024 ലെ കണക്ക് പ്രകാരം സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 2843 അക്ഷയ കേന്ദ്രങ്ങൾ വഴി 9713 പേർക്ക് തൊഴിൽ നൽകുന്നുണ്ട്. സാമൂഹിക സുരക്ഷാ പെൻഷൻ മസ്റ്ററിംഗിന്റെ 91 ശതമാനവും അക്ഷയ കേന്ദ്രങ്ങൾ വഴി പൂർത്തിയാക്കിയിട്ടുണ്ട് . കേരളത്തിലെ അക്ഷയ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 5.1.1 ൽ നൽകിയിരിക്കുന്നു.

**ആധാർ –**
UIDAI നൽകുന്ന സേവനങ്ങൾക്കുള്ള ആധികാരിക യൂസർ ഏജൻസിയായും, ഇ-കെവൈസി യൂസർ ഏജൻസിയായും കെ.എസ്.ഐ.റ്റി.എം നെ യുഐഡിഎഐ അംഗീകരിച്ചിട്ടുണ്ട്.

**വീഡിയോ കോൺഫറൻസിംഗ് (വിസി)–** എല്ലാ സർക്കാർ വകുപ്പുകളും, ബോർഡുകളും, മറ്റ് സർക്കാർ സ്ഥാപനങ്ങളും സംസ്ഥാനത്തുടനീളമുള്ള അവരുടെ സബ് ഓഫീസുകളുമായി മീറ്റിംഗുകൾ നടത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് (വിസി) സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. വിസി സെഷനുകളുടെ മാനേജ്മെന്റ്, വിസി ഉപകരണങ്ങളുടെയും സ്റ്റുഡിയോകളുടെയും പരിപാലനം എന്നിവ കെൽട്രോണിന്റെയും സിഡ്കോയുടെയും പിന്തുണയോടെയാണ് ചെയ്യുന്നത്. വീഡിയോ കോൺഫറൻസിംഗ് അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച്, കെഎസ്ഐടിഎമ്മി ന് പ്രതിവർഷം ഏകദേശം 9,000 വീഡിയോ കോൺഫറൻസുകൾ നടത്താൻ കഴിഞ്ഞു. കെഎസ്ഐടിഎം പ്രതിദിനം ശരാശരി 30 വീഡിയോ കോൺഫറൻസുകൾ ഹോസ്റ്റ് ചെയ്യുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

**ഡിജിലോക്കർ സേവനം:-** ഡിജി ലോക്കർ ഒരു സുരക്ഷിത ഡിജിറ്റൽ സ്റ്റോറേജ് സേവനമാണ്, ഇത് പൗരന്മാർക്ക് പ്രധാനപ്പെട്ട രേഖകൾ ഓൺലൈനിൽ സംഭരിക്കാനും ആക്സസ് ചെയ്യാനും അനുവദിക്കുന്നു. നിലവിൽ, ഇത് വിവിധ സർക്കാർ സേവനങ്ങളുമായി സംയോജിപ്പിച്ചിരിക്കുന്നു, ഉപയോക്താക്കൾക്ക് പ്രവേശനക്ഷമതയും സൗകര്യവും വർദ്ധിപ്പിക്കുന്നു. ഇനിപ്പറയുന്ന സേവനങ്ങൾ ഡിജി ലോക്കറുമായി ബന്ധിപ്പിച്ചിരിക്കുന്നു.

- എസ്.എസ്.എൽ.സി, വി.എച്ച്.എസ്.ഇ, എച്ച്.എസ്.ഇ, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ, റവന്യൂ സർട്ടിഫിക്കറ്റുകൾ (25 തരം) പി.എസ്.സി സർട്ടിഫിക്കറ്റുകൾ എന്നിവയാണ് ഡിജിലോക്കർ സേവനവുമായി ബന്ധപെടുത്തിയിട്ടുള്ള രേഖകൾ.

- നാഷണൽ അക്കാദമിക് ഡിപോസിറ്ററി (എൻ.എ.ഡി) ഡിജിലോക്കറിൽ 20 സർവകലാശാലകൾ തിരഞ്ഞെടുത്ത വർഷങ്ങളിലെ സർട്ടിഫിക്കറ്റുകൾ പ്രസിദ്ധീകരിച്ചു.

**ഇ–സേവനം & എം–സേവനം:** കേരള ഇ-സേവന പോർട്ടൽ, സാങ്കേതികവിദ്യയുടെ സഹായത്തോടെ കേരള സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും (ജി2സി &ജി2ബി) ഒരൊറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഒരു സദ്ഭരണ ഉദ്യമമാണ്. എല്ലാ മൊബൈൽ സൗഹൃദ സേവനങ്ങളും എം-സേവനം എന്ന ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് നൽകുന്നത്. 2021-ൽ 50-ലധികം വകുപ്പുകളിൽനിന്നായി 500-ലധികം സേവനങ്ങൾ ഉൾപ്പെടുന്നതായിരുന്ന ഇ-സേവനവും എം-സേവനവും, 2 വർഷത്തിന് ശേഷം, 81 വകുപ്പുകളുടെ 900 സേവനങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാകത്തക്ക തരത്തിൽ ഇതിനെ വികസിപ്പിച്ചു. ഇ-സേവനത്തിലൂടെ സേവനം നൽകുന്നതിലെ മികവിന് 2023 ലെ ടെക്നോളജി സഭ ഇ-ഗവേണൻസ് അവാർഡും അതോടൊപ്പം ജൂലൈ 2024-ൽ ഡിജിറ്റൽ ആക്സസിബിലിറ്റിയും ഇന്റഗ്രേഷനും എന്ന വിഭാഗത്തിൽ ഗവേണൻസ് നൗ ദേശീയ അവാർഡും നേടുകയുണ്ടായി.

**കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി**

കേരള സർക്കാർ ഐ.ഐ.ഐ.ടി.എം.കെ യെ "കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി" ആയി ഉയർത്തി. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ആക്റ്റ് 2021 പ്രകാരം കേരള സർക്കാർ ഈ സർവ്വകലാശാല സ്ഥാപിക്കുകയും ടെക്നോസിറ്റി കാമ്പസിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ഡിജിറ്റൽ സാങ്കേതികവിദ്യകൾ, ശാസ്ത്രം, ഹ്യുമാനിറ്റീസ് എന്നീ മേഖലകളിൽ വിദ്യാഭ്യാസം, ഗവേഷണം, എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ആഗോള പ്രശസ്തിയുള്ള മികവിന്റെ കേന്ദ്രമായി മാറാനാണ് വിഭാവനം ചെയ്യുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നാച്ചുറൽ ലാംഗ്വേജ് പ്രോസസിംഗ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, ഇലക്ട്രോണിക് സിസ്റ്റം ഓട്ടോമേഷൻ, ഇമേജിംഗ് ടെക്നോളജീസ്, ഡാറ്റാ അനലിറ്റിക്സ്, ബിഗ് ഡാറ്റ, സൈബർ സെക്യൂരിറ്റി, ബ്ലോക്ക് ചെയിൻ, ഇക്കോളജിക്കൽ, ഇൻഫോർമാറ്റിക്സും ജിയോസ്പേഷ്യൽ അനലിറ്റിക്സും എന്നീ മേഖലകളിൽ മാസ്റ്റേഴ്സ്, ഡോക്ടറേറ്റ് പ്രോഗ്രാമുകളിൽ മികവ് വർധിപ്പിക്കാനാണ് സർവകലാശാല ലക്ഷ്യമിടുന്നത്.

ഡാറ്റ ബീറ്റ്, എച്ച് & ആർ ബ്ലോക്ക്, ടോയിസ്, ഇവൈ, ക്ലിയർ ഐ, ടെക്ലൂഷൻ, ചബ്ബ്, സൺ ടെക്, ഗ്രൂപ്പ് എം, ഇന്നൊവേഷൻ ഇൻകുബേറ്റർ, ടാറ്റ എൽക്സി തുടങ്ങിയ പ്രശസ്ത ഐടി കമ്പനികളിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദധാരികൾ പ്രശംസനീയമായ സ്ഥാനങ്ങൾ വഹിക്കുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ നിന്നും 2023 വർഷത്തിൽ ഏകദേശം 81 ശതമാനം വിദ്യാർത്ഥികളും വിവിധ കമ്പനികളിൽ വിജയകരമായി പ്രവേശനം നേടി, 12 ശതമാനം പേർ ഉന്നത പഠനത്തിനായി ചേർന്നു.

ടെക്നോസിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കാമ്പസ് പൂർത്തീകരണ ഘട്ടത്തിലാണ്, ഇതിന് ആകെ 48,161 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ടാകും. ഡിജിറ്റൽ യൂണിവേഴ്സിറ്റി നടപ്പിലാക്കുന്ന വനിതാ ഇൻകുബേഷൻ, സ്റ്റാർട്ടപ്പുകൾ, സംരംഭകത്വം (WISE) പദ്ധതി എന്നിവയിലൂടെ വിവിധ ശാസ്ത്ര, എഞ്ചിനീയറിംഗ് വിഭാഗങ്ങളിലെ യുവ മനസ്സുകളുടെ നൂതനവും സൃഷ്ടിപരവുമായ ആശയങ്ങൾ പരിവർത്തനം ചെയ്യാനും വിവർത്തനം ചെയ്യാനും ഗവേഷണം, ഉൽപ്പന്നങ്ങൾ, പ്രക്രിയകൾ, സേവനങ്ങൾ എന്നിവയിൽ മികവ് കൈവരിക്കാനും വ്യവസായത്തിലും സമൂഹത്തിലും അതിന്റെ സ്വാധീനം പരമാവധിയാക്കാനും ഉദ്ദേശിക്കുന്നു. ഇത്തരം പദ്ധതിയിലൂടെ, പുതിയ വനിതാ സംരംഭകർക്ക് സ്വന്തം ബിസിനസുകൾ ആരംഭിക്കാൻ അവസരങ്ങൾ നൽകുന്നു. ഈ പദ്ധതിയിലൂടെ ഏകദേശം 10 സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നു.

2022 ലെ ബജറ്റിൽ പ്രഖ്യാപിച്ച ഡിജിറ്റൽ സയൻസ് പാർക്ക് ഡിജിറ്റൽ സർവകലാശാലയാണ് നടപ്പിലാക്കുന്നത്. ഡിജിറ്റൽ സയൻസസ് ആൻഡ് ടെക്നോളജി മേഖലയിലെ പുരോഗതി ഉപയോഗപ്പെടുത്തികൊണ്ട് നിരവധി പുതിയ വ്യാവസായിക സാധ്യതകൾ സൃഷ്ടിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. വ്യവസായ, ബിസിനസ് യൂണിറ്റുകളെയും, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, സ്മാർട്ട് ഹാർഡ്‌വെയർ, സസ്റ്റൈനബിൾ മെറ്റിരിയൽസ് തുടങ്ങിയ മേഖലകളിലെ സാങ്കേതിക സ്റ്റാർട്ടപ്പുകളെ ഈ പാർക്ക് തുടക്കത്തിൽ പിന്തുണയ്ക്കുന്നതാണ്.

ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (ഐ.ഐ.സി.ജി) എന്നത് ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെയും (MeitY) കേരള സർക്കാരിന്റെയും സഹകരണ പദ്ധതിയാണ്; ഇതിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയും സെന്റർ ഫോർ മെറ്റീരിയൽ ഫോർ ഇലക്ട്രോണിക്സ് ടെക്നോളജിയും (C-MET) എന്നിവർ നിർവ്വഹണ ഏജൻസികളായും, ടാറ്റ സ്റ്റീൽ വ്യാവസായിക പങ്കാളിയായും പ്രവർത്തിക്കുന്നു. ഗ്രാഫീൻ മേഖലയിൽ ഒരു വിജ്ഞാന കേന്ദ്രമായി പ്രവർത്തിക്കുന്നതിനായി, ഗവേഷണ വികസനം, നവീകരണം, പ്രവർത്തന ശേഷി വർദ്ധിപ്പിക്കൽ എന്നി പ്രവർത്തനങ്ങളിൽ ഈ കേന്ദ്രം ശ്രദ്ധ കേന്ദ്രീകരിക്കും. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇത് കൂടാതെ അടുത്ത ഘട്ടമായി, ഡിജിറ്റൽ യൂണിവേഴ്സിറ്റിയും, ഇന്ത്യ ഗ്രാഫീൻ എഞ്ചിനീയറിംഗ് ആൻഡ് ഇന്നൊവേഷൻ സെന്ററും

(IGEIC, ഒരു സെക്ഷൻ 8 കമ്പനി) ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെയും (MeitY) കേരള സർക്കാരിന്റെയും സഹകരണ പദ്ധതിയായ 'ഗ്രാഫീൻ-അറോറ പ്രോഗ്രാം' നടപ്പിലാക്കാൻ ഒരുങ്ങുന്നു. വ്യവസായത്തിൽ നിന്നുള്ള സംഭാവനകളും ഇതിൽ ഉൾപ്പെടുന്ന തരത്തിലാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. വികസിപ്പിച്ച ഗ്രാഫീൻ സാങ്കേതികവിദ്യകൾ ഉപഭോക്താക്കൾക്ക് വൻതോതിൽ സ്വീകരിക്കുന്നതിനായി വാണിജ്യവൽക്കരിക്കുന്നതിന് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു, അതിനായി ചെറുകിട ഇടത്തരം സംരംഭങ്ങളെയും സ്റ്റാർട്ടപ്പുകളെയും നയിക്കാനും വികസിപ്പിക്കാനും നടപ്പിലാക്കാനും പിന്തുണയ്ക്കാനും കഴിയുന്ന ആഴത്തിലുള്ളതും വളർന്നുവരുന്നതുമായ ഗ്രാഫീൻ സാങ്കേതികവിദ്യയും, നൂതന പ്രവർത്തന രീതികൾ പരിപോഷിപ്പിക്കുക എന്നതാണ് 'ഗ്രാഫീൻ-അറോറ പ്രോഗ്രാം' കൊണ്ട് ലക്ഷ്യമിടുന്നത്.

**ടെക്നോപാർക്ക്**

ആഗോള നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഉയർന്ന സാങ്കേതിക വ്യവസായങ്ങളുടെ വികസനത്തിന് ആവശ്യമായ സമ്പൂർണ പിന്തുണ നൽകുന്നതിനുമായി കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായാണ് ടെക്നോപാർക്ക് സ്ഥാപിച്ചത്. 1995 നവംബർ 18-ന് ഇത് ഔപചാരികമായി രാജ്യത്തിന് സമർപ്പിക്കപ്പെട്ടു. അന്ന് മുതൽ വലുപ്പത്തിലും ജീവനക്കാരുടെ എണ്ണത്തിലും ടെക്നോപാർക്ക് ക്രമാനുഗതമായി വളരുകയാണ്. മൂന്നാം ഘട്ടം കമ്മീഷൻ ചെയ്തതോടെ, 768.63 ഏക്കർ ഭൂമിയും 12.72 ദശലക്ഷം ചതുരശ്ര അടി നിർമ്മിത വിസ്തൃതിയുമുള്ള ടെക്നോ പാർക്ക് ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കുകളിൽ ഒന്നായി (ഘട്ടം I, II, III എന്നിവ ഉൾപ്പെട്ട) മാറി. 390 ഏക്കർ സ്ഥലത്ത് ഏറ്റവും വലിയ സംയോജിത ഐടി ടൗൺഷിപ്പായി കഴക്കൂട്ടത്ത് ടെക്നോസിറ്റി പദ്ധതി ആരംഭിച്ചതോടെ, കഴക്കൂട്ടം-കോവളം (എൻഎച്ച് 66) കേരളത്തിലെ ആദ്യത്തെ ഐടി ഇടനാഴിയായി മാറി.

ജല വിതരണ ശൃംഖല, വൈദ്യുതി അടിസ്ഥാന സൗകര്യങ്ങൾ, മലിനജല, ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ, സുഗമമായ ഗതാഗതത്തിന് വിശാലമായ റോഡുകൾ, വിശാലമായ പ്രകൃതിദൃശ്യങ്ങൾ, ക്ലബ് സൗകര്യങ്ങൾ, ഓഡിറ്റോറിയങ്ങൾ, മറ്റ് വിനോദ സൗകര്യങ്ങൾ തുടങ്ങിയ അവശ്യ പിന്തുണ സൗകര്യങ്ങൾ നൽകുന്നതിൽ ടെക്നോപാർക്ക് നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. ഈ സവിശേഷതകൾ ലോകമെമ്പാടുമുള്ള നിരവധി ഐടി കമ്പനികളെ ഈ കാമ്പസിൽ തങ്ങളുടെ ബിസിനസ്സ് സ്ഥാപിക്കാൻ ആകർഷിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു.

2023-24 സാമ്പത്തിക വർഷത്തിൽ ടെക്നോപാർക്കിലെ കമ്പനികളുടെ എണ്ണം 490 ആയി ഉയർന്നു, ഇത് മുൻ വർഷത്തെ 479 എന്ന കണക്കുമായി താരതമ്യപ്പെടുത്തുമ്പോൾ 2.3 ശതമാനം വളർച്ച നേടിയതായി സൂചിപ്പിക്കുന്നു. ഐടി മേഖലയിലെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ടെക്നോപാർക്ക് നിർണായക പങ്ക് വഹിക്കുന്നു. 2023-24 ൽ ടെക്നോപാർക്ക് 75,000 ഐടി/ഐ.ടി.ഇഎസ് പ്രൊഫഷണലുകളുടെ തൊഴിലവസരം സൃഷ്ടിച്ചു, മുൻ വർഷത്തെ 71,000 തൊഴിലവസരങ്ങളെ അപേക്ഷിച്ച് 5.6 ശതമാനം വളർച്ച രേഖപ്പെടുത്തി. സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ടെക്നോപാർക്കിന്റെ സംഭാവന **പട്ടിക 5.1.2** ൽ കാണിച്ചിരിക്കുന്നു. ടെക്നോപാർക്കിന്റെ വളർച്ചയുടെയും ഭൗതിക നേട്ടങ്ങളുടെയും വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 5.1.2**, **5.1.3** എന്നിവയിൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.2** സംസ്ഥാന സമ്പദ് ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന

| ഇനം | നേട്ടങ്ങൾ 2020-21 | നേട്ടങ്ങൾ 2021-22 | നേട്ടങ്ങൾ 2022-23 | നേട്ടങ്ങൾ 2023-24 |
|---|---|---|---|---|
| ആകെ വിറ്റുവരവ് (രൂപ കോടിയിൽ) | 15000 | 18000 | 20000 | 26000 |
| ആകെ കയറ്റുമതി (രൂപ കോടിയിൽ) | 8501 | 9775 | 11630 | 13255 |
| ആകെ നിക്ഷേപം (രൂപ കോടിയിൽ) | 5309 | 5600 | 5600 | 5800 |
| ആകെ തൊഴിലവസരങ്ങൾ (എണ്ണം) | 63000 | 64000 | 71000 | 75000 |
| ആകെ കമ്പനികൾ (എണ്ണം) | 460 | 465 | 479 | 490 |
| ആകെ സ്ഥലം (ഏക്കറിൽ) | 659.87 | 766.86 | 768.63 | 768.63 |
| ആകെ ബിൽറ്റപ് ഏരിയ (ലക്ഷം ചതുരശ്ര അടി) | 106 | 106 | 112 | 127 |


***അവലംബം: ടെക്നോപാർക്ക്***

**പട്ടിക 5.1.3** ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി

| ഘട്ടങ്ങൾ | ഘട്ടം I | ഘട്ടം II | ഘട്ടം III | ടെക്നോസിറ്റി | ടെക്നോപാർക്ക് കൊല്ലം | ആകെ |
|---|---|---|---|---|---|---|
| ഭൂവിസ്തൃതി (ഏക്കറിൽ) | 198.43 | 86 | 90.02 | 389.74 | 4.44 | 768.63 |

*അവലംബം: ടെക്നോപാർക്ക്*

**ചിത്രം 5.1.1** ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏരിയയുടെ വളർച്ച





*അവലംബം: ടെക്നോപാർക്ക്*

വിവിധ ഘട്ടങ്ങളിലായി പൂർത്തിയാക്കിയ 768.63 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന 5 ക്യാമ്പസുകളാണ് ടെക്നോപാർക്കിലുള്ളത്. 5 ക്യാമ്പസുകളിലായുള്ള ഭൂവിവരം സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക 5.1.3 ൽ കൊടുത്തിരിക്കുന്നു.

ടെക്നോപാർക്കിലെ ബിൽറ്റ്-അപ്പ് സ്പേസ് 2018-19 ൽ 97 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 2023-24 ൽ 127 ലക്ഷം ചതുരശ്ര അടിയായി വർദ്ധിച്ചു. ടെക്നോപാർക്ക് മൂന്നാം ഘട്ട വികസനത്തിന്റെ ഭാഗമായുള്ള എംബസി ടോറസ് പ്രോജക്റ്റിൻറെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. എംബസി ടോറസ് ടെക്സോണിലെ നയാഗ്ര എന്ന 15 ലക്ഷം ചതുരശ്ര അടി ഐടി കെട്ടിടം 2024 ജനുവരിയിൽ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. 55.58 ലക്ഷം ചതുരശ്ര അടി ഐടി-സെസും, സെസ് ഇതര സ്ഥലവും ഉൾക്കൊള്ളുന്ന തരത്തിൽ ടെക്നോപാർക്കിനായി ഒരു നഗര കേന്ദ്രം ടോറസ് ഡൗൺ ടൌൺ വികസിപ്പിക്കും. മൂന്ന് ടവറുകളിലായി 36.45 ലക്ഷം ചതുരശ്ര അടി ഐടിക്ക് വേണ്ടി മാത്രമുള്ള സ്ഥലവും 19.13 ലക്ഷം ചതുരശ്ര അടി ഐടി ഇതര സ്ഥലവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു, ഇതിലൂടെ ഐടി മേഖലയിൽ ലോകോത്തര നിലവാരത്തിലുള്ള ഓഫീസ് സ്ഥലങ്ങൾ ലഭ്യമാക്കപ്പെടുന്നു. ഇത് പൂർത്തിയാകുമ്പോൾ, 30,000 നേരിട്ടുള്ള തൊഴിലവസരങ്ങളും 90,000 പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്ന് ഡൗൺ ടൌൺ പ്രതീക്ഷിക്കുന്നു. കൂടാതെ 175 പ്രധാന ബിസിനസ് ഹോട്ടൽ മുറികളും 300 പ്രധാന സർവീസ്ഡ് അപ്പാർട്ട്മെന്റുകളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏരിയയുടെ വളർച്ചയുടെ **ചിത്രം 5.1.1** ൽ കാണിച്ചിരിക്കുന്നു


കഴിഞ്ഞ 5 വർഷത്തിനിടയിൽ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2019-20 ൽ ടെക്നോപാർക്കിൽ 450 കമ്പനികൾ പ്രവർത്തിച്ചിരുന്നു. 2023-24 ൽ ഇത് 490 ആയി വർദ്ധിച്ചു. ഇത് സൂചിപ്പിക്കുന്നത് 8.88 ശതമാനം വളർച്ചയാണ്. 2019-20 മുതൽ 2023-24 വരെയുള്ള കമ്പനികളുടെ എണ്ണം സംബന്ധിച്ച വിവരം **ചിത്രം 5.1.2**ൽ ചേർത്തിരിക്കുന്നു.

**ചിത്രം 5 .1. 2** ടെക്നോപാർക്കിലെ കമ്പനികളുടെ എണ്ണം




*അവലംബം:ടെക്നോപാർക്ക്*

**ചിത്രം 5.1.3** ടെക്നോപാർക്കിന്റെ കയറ്റുമതി വരുമാനം




*അവലംബം: ടെക്നോപാർക്ക്*


കഴിഞ്ഞ ആറ് വർഷത്തിനിടെയുള്ള കയറ്റുമതി വരുമാന വർദ്ധനവ് കേരളത്തിലെ ഐടി മേഖലയുടെ വളർച്ചയുടെ സൂചനയാണ് കാണിക്കുന്നത്. ടെക്നോപാർക്കിന്റെ കയറ്റുമതിയിലൂടെ ലഭിച്ച വരുമാനം 2019-20 ൽ 7,890 കോടി രൂപയിൽ നിന്ന് 2023-24 ൽ 13,255 കോടി രൂപയായി വർദ്ധിച്ചു, ഇത് 14 ശതമാനം വളർച്ചാ നിരക്ക് കാണിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ ടെക്നോപാർക്കിന്റെ കയറ്റുമതി വരുമാനത്തിലെ പ്രവണത **ചിത്രം 5.1.3**ൽ ചിത്രീകരിച്ചിരിക്കുന്നു.

ടെക്നോപാർക്കിന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷങ്ങളിൽ സൃഷ്ടിച്ച തൊഴിലവസരങ്ങൾ പരിശോധിക്കാവുന്നതാണ്. സൃഷ്ടിക്കപ്പെട്ട തൊഴിലുകളുടെ എണ്ണം 2019-20 സാമ്പത്തിക വർഷത്തിൽ 62,000 ആയിരുന്നത് 2023-2024 സാമ്പത്തിക വർഷത്തിൽ 75,000 ആയി ഉയർന്നു. കഴിഞ്ഞ ആറ് വർഷത്തെ തൊഴിലവസരങ്ങളുടെ പുരോഗതി **ചിത്രം 5.1.4**ൽ ചിത്രീകരിച്ചിരിക്കുന്നു.

2009-ൽ ടെക്നോപാർക്കിൽ ആരംഭിച്ച ഫ്ലാഗ്ഷിപ്പ് പദ്ധതിയാണ് ടെക്നോസിറ്റി. (ടെക്നോപാർക്ക് നാലാം ഘട്ടം ). ഈ പദ്ധതിയിൽ ഐടി ഇന്റഗ്രേറ്റഡ് ടൗൺഷിപ്പ്, നോളജ് സിറ്റി എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ഇതിൽ ജലവിതരണം, വൈദ്യുതി വിതരണം, റോഡ് ശൃംഖല തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിനെ ഒരു ഐടി/ഐടി-ഇഎസ്/എമർജിംഗ് ടെക്/സ്പേസ് ടെക്/എയ്റോസ്പേസ് ഗ്രോത്ത് ക്ലസ്റ്റർ എന്നിവയ്ക്ക് അനുയോജ്യമായ ഒരു കേന്ദ്രമാക്കി മാറ്റുന്നതിൽ പങ്കുവഹിച്ച ടെക്നോസിറ്റിയിലെ പ്രധാന പദ്ധതികൾ ഇവയാണ്

- രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക്
- കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ആൻഡ് ഇന്നൊവേഷൻ ടെക്നോളജി കാമ്പസ്.
- ടെക്നോസിറ്റി കാമ്പസിലെ ആദ്യത്തെ ഐടി കെട്ടിടമായ കബനിയിൽ 2 ലക്ഷം ചതുരശ്ര

**ചിത്രം 5.1.4** ടെക്നോപാർക്കിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം




*അവലംബം:ടെക്നോപാർക്ക്*

അടി വിസ്തീർണത്തിലുള്ള സ്ഥലം കമ്മീഷൻ ചെയ്തിട്ടുണ്ട്, നിലവിൽ 20 സ്ഥാപനങ്ങൾക്ക് ഇത് ആസ്ഥാനമാണ്.

- ടിസിഎസ് ഐടി/ ഐടിഇഎസ് കാമ്പസ് എന്നീ ഐ.റ്റി കമ്പനികൾ ഐഒടി, ബ്ലോക്ക്ചെയിൻ, ഡാറ്റ അനലിറ്റിക്സ്, എഐ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.
- കെ സ്പേസ് (സ്പേസ് പാർക്ക്), എം.എസ്.എം.ഇ സെന്റർ എന്നിവ.
- നാലാം ഘട്ടത്തിൽ സൺടെക് ബിസിനസ് സൊല്യൂഷൻസ്, അവരുടെ തന്നെ 10 ഏക്കർ കാമ്പസിൽ, 3.10 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള അവരുടെ ആദ്യത്തെ ഐടി കെട്ടിടം ഉടൻ കമ്മീഷൻ ചെയ്യും.
- എമർജിംഗ് ടെക്നോളജി ഹബ് (കേരള സ്റ്റാർട്ടപ്പ് മിഷൻ).
- യൂണിറ്റി മാൾ (ഒരു ജില്ല ഒരു ഉൽപ്പന്നം)

കേരള സർക്കാർ 18 ഹെക്ടർ ഭൂമി കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് കൈമാറി, അതിൽ 10 ശതമാനം ഭൂമി കൊല്ലം ടെക്നോപാർക്കിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി ലഭ്യമാകും. ലോകോത്തര നിലവാരമുള്ള 1,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐടി കെട്ടിടമായ അഷ്ടമുടി പൂർത്തിയായി, അതുമായി ബന്ധപെട്ട ആർട്ടീരിയൽ റോഡിന്റെ പണിയും പൂർത്തിയായി. ഈ കാമ്പസിലെ തെരുവുവിളക്കുകൾ പൂർണ്ണമായും സോളാർ അധിഷ്ഠിതമായാണ് പ്രകാശിക്കുന്നത്. പൂർണ്ണ സജ്ജമായ ഈ കാമ്പസിൽ 700 പ്രത്യക്ഷ തൊഴിലവസരങ്ങൾ പൂർണ്ണമായി സൃഷ്ടിക്കാനാകുമെന്നു പ്രതീക്ഷിക്കുന്നു. സ്മാർട്ട് ബിസിനസ് സെന്റർ ഇതിനകം പ്രവർത്തനക്ഷമമാണ്, 22 കമ്പനികൾ ഈ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട്.

**ഇൻഫോപാർക്ക്**

സംസ്ഥാനത്തെ ഐടി മേഖലയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശാലമായ കാഴ്ചപ്പാടോടെ 2004 ലാണ് ഇൻഫോപാർക്ക് സ്ഥാപിതമായത്. 19 വർഷത്തിനിടയിൽ, സ്ഥാപനം അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ശ്രദ്ധേയമായ വിജയം കൈവരിച്ചു. 2004-ൽ ആരംഭിച്ചതു മുതൽ, ഇൻഫോപാർക്കും അതിന്റെ സഹ-ഡെവലപ്പർമാരും 10 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്ഥലം നിർമ്മിക്കുകയും ഏകദേശം 580 ഐടി കമ്പനികളിലൂടെ 70,000-ലധികം ഐ.ടി. പ്രൊഫഷണലുകൾക്ക് ഇവിടെ ജോലി ലഭ്യമാക്കുകയും ചെയ്തു എന്നത് ശ്രദ്ധേയമാണ്. 2022-23 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം കയറ്റുമതി വരുമാനം 9,186 കോടി രൂപയായിരുന്നു എന്നത് ശ്രദ്ധേയമാണ്, ഇത് 2023-24 ൽ 11,417 കോടി രൂപയായി വർദ്ധിച്ചു, ഇത് സൂചിപ്പിക്കുന്നത് 24 ശതമാനം വളർച്ച കൈവരിക്കാൻ സാധിച്ചു എന്നതാണ്.

ഇൻഫോപാർക്കിന് വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലായി ലഭ്യമായിട്ടുള്ള 322.98 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന 5 ക്യാമ്പസുകളാണുള്ളത്. അതിന്റെ 5 ക്യാമ്പസുകളിലെ ഭൂമിയുടെ വ്യാപ്തിയുടെ വിശദാംശങ്ങൾ **പട്ടിക 5.1.4**-ൽ കാണിച്ചിരിക്കുന്നു.

ഇൻഫോ പാർക്കിന്റെ ഭൗതിക നേട്ടങ്ങൾ അനുബന്ധം 5.1.4-ൽ ചേർത്തിരിക്കുന്നു. കഴിഞ്ഞ മൂന്നു വർഷത്തെ ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ **പട്ടിക 5.1.5**ൽ നൽകിയിരിക്കുന്നു.

### 2023–24 കാലയളവിൽ ഇൻഫോപാർക്കിന്റെ പ്രധാന നേട്ടങ്ങൾ

- സഹ-ഡെവലപ്പർ ആയ ബ്രിഗേഡ് എന്ന കമ്പനിക്ക് 1.6 ഏക്കർ ഭൂമി അനുവദിച്ചു.

**പട്ടിക 5.1.4** ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി(ഏക്കറിൽ)

| ഘട്ടങ്ങൾ | കൊച്ചി ഘട്ടം I | കൊച്ചി ഘട്ടം II | തൃശ്ശൂർ | ചേർത്തല |
|---|---|---|---|---|
| ഭൂവിസ്തൃതി | 100.86 | 125.92 | 18.00 | 60.51 |

*അവലംബം: ഇൻഫോ പാർക്ക്*

**പട്ടിക 5.1.5** ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക നേട്ടങ്ങളുടെ സൂചകങ്ങൾ

| വിശദാംശങ്ങൾ | നേട്ടങ്ങൾ 2021-22 | നേട്ടങ്ങൾ 2022-23 | നേട്ടങ്ങൾ 2023-24 |
|---|---|---|---|
| ആകെ കയറ്റുമതി (രൂപ കോടിയിൽ) | 8,500 | 9,186 | 11,417 |
| ആകെ തൊഴിൽ (എണ്ണം) | 63600 | 65900 | 70,000 |
| കമ്പനികളുടെ എണ്ണം (എണ്ണം) | 479 | 572 | 580 |
| ആകെ ഭൂമി (ഏക്കർ) | 323 | 323 | 323 |
| ആകെ ബിൽറ്റ് അപ്പ് സ്പേസ് (ദശലക്ഷം ചതുരശ്ര അടി). | 10.2 | 10.2 | 10.2 |

അവലംബം: ഇൻഫോപാർക്ക്

- ഏകദേശം 1,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു
- കെഎംആർഎല്ലിന്റെ 36,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഇൻഫോപാർക്കിന്റെ നഗര കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചു.
- 17 കമ്പനികൾക്ക് 560 വർക്ക് സ്റ്റേഷനുമായി പ്രവർത്തിക്കാൻ കഴിയുന്ന ഇന്ദീവരം നാലാം നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി.

**സൈബർ പാർക്ക്**

തിരുവനന്തപുരത്തെ ടെക്നോപാർക്ക്, കൊച്ചിയിലെ ഇൻഫോപാർക്ക് എന്നിവയുടെ മാതൃകയിലാണ് കോഴിക്കോട് സൈബർപാർക്ക് സ്ഥാപിച്ചത്. കൊച്ചി മുതൽ കാസർഗോഡ് വരെയുള്ള പടിഞ്ഞാറൻ തീരത്തെ ഐടി അടിസ്ഥാന സൗകര്യങ്ങളുടെ വിടവ് നികത്തുന്നതിനാണ് ഇത് സ്ഥാപിച്ചത്. ഐടി/ഐടി ഇഎസ് നിക്ഷേപകർക്ക് ചെലവ് കുറഞ്ഞതും മികച്ചതുമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും അതുവഴി സോഫ്റ്റ്‌വെയർ/സോഫ്റ്റ്‌വെയർ സേവനങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുകയും മലബാർ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് സൈബർപാർക്കിന്റെ ലക്ഷ്യം. സർക്കാരും വ്യവസായ മേഖലയും തമ്മിൽ ആശയവിനിമയം നടത്തുക, നിക്ഷേപ സാധ്യതയുള്ള നിക്ഷേപകരുമായുള്ള ഇടപെടൽ, ഐടി/ഐടി ഇഎസ് അടിത്തറ ശക്തിപ്പെടുത്തുക, പ്രൊമോഷണൽ കാമ്പെയ്‌നുകൾ നടത്തുക, ഐടി, ഐടി ഇഎസ് എന്നിവയ്ക്കായി മനുഷ്യവിഭവശേഷി വികസിപ്പിക്കുക എന്നിവ സൈബർപാർക്കിന്റെ ഉത്തരവാദിത്തമാണ്. കോഴിക്കോട് സൈബർപാർക്കിലെ 42.5 ഏക്കർ സ്ഥലത്തിന്റെ മുഴുവൻ ഉടമസ്ഥാവകാശവും കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനാണ് (KSITIL).

സ്റ്റാർട്ട് ബിസിനസ് സെന്ററുകളുടെ കാര്യത്തിൽ ഉന്നത നിലവാരമുള്ള ഐടി സാധ്യത നൽകുന്ന ഒരു സവിശേഷ ബിസിനസ് മാതൃകയായാണ് സൈബർ പാർക്ക് നിലകൊള്ളുന്നത്. ഐടി/ഐടി ഇഎസ് കമ്പനികൾക്ക് സൈബർ പാർക്കിൽ അവരുടെ പ്രവർത്തനങ്ങൾ സ്ഥാപിക്കാനും ഉടൻ തന്നെ ബിസിനസ്സ് പ്രവർത്തനങ്ങൾ ആരംഭിക്കാനോ അല്ലെങ്കിൽ സെസ് യൂണിറ്റ് അംഗീകാരം നേടിയ ശേഷം അവരുടെ സ്പെസിഫിക്കേഷനുകളും നിക്ഷേപങ്ങളും അനുസരിച്ച് ഓഫീസ് സ്ഥലം രൂപകൽപ്പന ചെയ്യാനോ കഴിയും. കെ.എസ്.ഐ.ടി.ഐ.എല്ലു മായി സഹകരിച്ച് സൈബർ പാർക്ക് കെഎസ്ഐടിഐഎല്ലിന്റെ പക്കലുള്ള 42.5 ഏക്കർ കാമ്പസിൽ നിന്ന് 5 ഏക്കർ പ്രത്യേക സാമ്പത്തിക മേഖലയിലുൾപ്പെട്ട (സെസ്) ഭൂമി പാട്ടത്തിന് ലഭ്യമാക്കികൊണ്ട് ഐ.ടിയ്ക്കുള്ള ആദ്യത്തെ പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ള (സെസ്)കെട്ടിടം 'സഹ്യ' (3 ലക്ഷം ചതുരശ്ര അടി) വികസിപ്പിക്കുകയും ചെയ്തു.

**സൈബർ പാർക്കിന്റെ പ്രധാന നേട്ടങ്ങൾ.**

- നിലവിലുള്ള കെട്ടിടം (3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം) പൂർണ്ണമായും കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നു. നിലവിൽ 83 ഐടി കമ്പനികൾ സെസ് മേഖലയിൽ സൗകര്യം ലഭ്യമായിട്ടുള്ള "സഹ്യ"യിൽ പ്രവർത്തിക്കുന്നു.
- മലബാർ മേഖലയിലെ സ്റ്റാർട്ടപ്പ് കമ്പനികളെ സഹായിക്കുക/പിന്തുണയ്ക്കുന്നതിനായി പ്രത്യേക സാമ്പത്തിക ഇതര (നോൺ സെസ്) മേഖലയിൽ ഏകദേശം 12,391 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു സ്മാർട്ട് ബിസിനസ് സെന്റർ കേരള സ്റ്റാർട്ടപ്പ് മിഷന് ലഭ്യമാക്കിയിരിക്കുന്നു. ഈ സൗകര്യം ഉപയോഗപെടുത്തികൊണ്ട് ഏകദേശം 130 ഐടി ജീവനക്കാർക്ക് ജോലി നൽകികൊണ്ട് പ്രവർത്തിക്കുന്ന 22 കമ്പനികളുണ്ട്.
- ഇവിടെ നേരിട്ടുള്ള തൊഴിൽ ലഭ്യമായത് 2,200 ആയി വർദ്ധിക്കുകയും, കയറ്റുമതി വരുമാനത്തിൽ 15 ശതമാനത്തിൻറെ വർധനവുണ്ടാവുകയും ചെയ്തു, കയറ്റുമതി വരുമാനം 2023-24 സാമ്പത്തിക വർഷത്തിൽ 121 കോടി രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്.
- "ഇഗ്നൈറ്റ്" ഇന്റേൺഷിപ്പ് പ്രോഗ്രാം വഴി കേരളത്തിലെ ഐടി, ഐടി ഇഎസ് കമ്പനികളിലെ സമീപകാലത്തായി പ്രവേശിക്കപ്പെട്ടിട്ടുള്ള ബിരുദധാരികൾക്ക് വ്യാവസായിക പരിശീലനത്തിന്റെ തുടർന്നുള്ള ഘട്ടങ്ങൾ നൽകാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

സൈബർപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 5.1.5**ൽ നൽകിയിരിക്കുന്നു. കഴിഞ്ഞ 3 വർഷത്തെ സൈബർപാർക്കിന്റെ പ്രധാന ഭൗതിക പ്രകടനം **പട്ടിക 5.1.6**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.6** സൈബർപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ

| വിശദാംശങ്ങൾ | നേട്ടങ്ങൾ 2021-22 | നേട്ടങ്ങൾ 2022-23 | നേട്ടങ്ങൾ 2023-24 |
|---|---|---|---|
| മൊത്തം കയറ്റുമതി (കോടി രൂപ) | 55.70 | 105.00 | 121.00 |
| മൊത്തം നിക്ഷേപം (കോടി രൂപ) | 2.17 | 1.42 | 0.11 |
| ആകെ തൊഴിൽ (എണ്ണം) | 1237 | 2,078 | 2,200 |
| കമ്പനികളുടെഎണ്ണം (പ്രവർത്തിക്കുന്നത്) | 67 | 85 | 83 |
| ആകെ ഭൂമി (ഏക്കറിൽ) | 42.5 | 42.5 | 42.50 |
| ആകെ ബിൽറ്റ് അപ്പ് സ്പേസ് (ചതുരശ്ര അടി ,ലക്ഷത്തിൽ ) | 3 | 3 | 3 |

അവലംബം:സൈബർപാർക്ക്

### കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ)

സംസ്ഥാനത്തെ ഐടി/ഐടി ഇഎസിനായി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി രൂപീകരിച്ച ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയാണ് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ). ഭൂമി ഏറ്റെടുത്ത് അതിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, റോഡ്, ചുറ്റമതിൽ, സെസ് പദവി, മറ്റ സർക്കാർ അംഗീകാരങ്ങൾ എന്നിവ ലഭ്യമാക്കി ഐ.റ്റി. (സെസ്) മേഖലകൾ, ഐ.റ്റി. പാർക്കുകൾ എന്നിവ വികസിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് നൽകുകയാണ് കമ്പനിയുടെ ബിസിനസ് മാതൃക. കെ.എസ്.ഐ.റ്റി.ഐ.എല്ലിന്റെ പ്രധാന ചില പ്രോജക്ടുകൾ ഇനിപ്പറയുന്നവയാണ്.

### എ. സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം, കേരള

കെ.എസ്.ഐ.ടി.എല്ലിന് കേരള സർക്കാർ ലഭ്യമാക്കിയ അഭിമാനകരമായ പദ്ധതിയാണ് സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം. പദ്ധതിയുടെ ഭാഗമായി 150 എൻജിനീയറിംഗ് കോളേജുകളിലും 3 സ്റ്റുഡിയോകളിലുമായി ടെലികോൺഫറൻസിങ് സംവിധാനമുള്ള വെർച്ച്വൽ പ്ലാറ്റ്ഫോം സജ്ജീകരിച്ചുകൊണ്ട് ആധുനിക സൗകര്യങ്ങൾ വിദ്യാർഥികൾക്ക് ലഭ്യമാക്കും. *സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം*, കേരള പദ്ധതിയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു .

### ബി. ഫോസ്റ്റെറ

ഗ്രാമീണ മേഖലയിൽ സാങ്കേതികവിദ്യ വളർത്തിയെടുക്കൽ എന്നതാണ് ഫോസ്റ്റെറയിലൂടെ ലക്ഷ്യമിടുന്നത്. തിരഞ്ഞെടുത്ത യോഗ്യരായ കമ്പനികൾക്ക് ഈ പദ്ധതി സാമ്പത്തിക സഹായം നൽകും. ഈ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനായി കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലുടനീളം കമ്പനികൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകികൊണ്ട് പദ്ധതി നടപ്പിലാക്കാൻ KSITIL ലക്ഷ്യമിടുന്നു. നിലവിൽ 'വർക്ക് നിയർ ഹോം' എന്ന പേരിൽ കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) ആണ് പദ്ധതിയുടെ നടത്തിപ്പ് ഏറ്റെടുത്തിരിക്കുന്നത്.

### 2023-24 & 2024-25 കാലയളവിൽ KSITIL-ൽ തുടക്കം കുറിച്ച പ്രവർത്തനങ്ങളും നേട്ടങ്ങളും

ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന് കീഴിലുള്ള എല്ലാ നിർമ്മാണ, കണക്റ്റിവിറ്റി പ്രവർത്തനങ്ങൾക്കുമുള്ള നിർവ്വഹണ ഏജൻസിയായി കേരള സർക്കാർ KSITIL-നെ നിയമിച്ചു. അതനുസരിച്ച് ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക്, കേരള സ്റ്റാർട്ട് അപ്പ് മിഷൻ, ഡിജിറ്റൽ സർവ്വകലാശാല എന്നിവയുടെ വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ KSITIL നടത്തിവരുന്നു. പൂർത്തീകരിച്ച പ്രധാന പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു .

- മൊത്തം 2.25 കോടി ചെലവിൽ ഡിജിറ്റൽ സർവ്വകലാശാലയുടെ 10,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ KSITIL ഏറ്റെടുത്ത് നടപ്പിലാക്കി .
- 70 കോടി ചെലവിൽ 2.26 ലക്ഷം ചതുരശ്ര അടിയിൽ ഇന്റീരിയർ ഫിറ്റ് ഔട്ട് ജോലികൾ കൊച്ചി ഇൻഫോപാർക്കിൽ പൂർത്തീകരിച്ചു, ശേഷിക്കുന്ന 45,000 ചതുരശ്ര അടിയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.
- 5,000 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടം കോഴിക്കോട് സൈബർ പാർക്കിൽ ഒരു കോടി രൂപ ചെലവിൽ സജ്ജീകരിച്ചു.

23.82 കോടി രൂപ പദ്ധതി ചെലവിൽ *ഇന്ത്യ ഇന്നൊവേഷൻ സെൻറർ ഫോർ ഗ്രാഫീനായുള്ള ക്ലീൻ റൂമിന്റെ നിർമ്മാണം* പുരോഗമിക്കുന്നു.

**ഐടി ഇടനാഴി പദ്ധതി:** കേരളത്തിലെ നിലവിലുള്ള ഐടി കേന്ദ്രങ്ങളിൽ നിന്ന് എൻഎച്ച് 66 ന് സമാന്തരമായി നാല് ഐടി ഇടനാഴികൾ സ്ഥാപിക്കുന്നതിന് സർക്കാർ

**പട്ടിക 5.1.7** സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം, കേരള പദ്ധതിയുടെ നിലവിലെ സ്ഥിതി (SDPK)

| ക്രമ നം | ക്ലാസ്സ് റൂം/സ്റ്റുഡിയോ | കോളേജുകൾ/ സ്ഥാപനങ്ങളുടെ എണ്ണം | കോളേജുകൾ/ സ്ഥാപനങ്ങളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ആദ്യ ഘട്ടം പൂർത്തിയായി (പ്രൈവറ്റ്) | 23 | 23 | പൂർത്തീകരിച്ചു |
| 2 | ഗവ.സർക്കാർ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ | 39 | 39 | പൂർത്തീകരിച്ചു |
| 3 | പോളിടെക്നിക് കോളേജുകൾ | 25 | 0 | 19 കോളെജുകളിൽ പണി പുരോഗമിക്കുന്നു |
| 4 | രണ്ടാം ഘട്ടത്തിൽ സ്വകാര്യ കോളേജുകൾ | 12 | 12 | ധാരണാപത്രം ഒപ്പുവച്ചു |
| 5 | മറ്റുള്ളവ (ഐസിഫോസ് കെ.എസ്.ഐ.റ്റി.ഐ.എൽ & സെക്രട്ടേറിയറ്റ്) | 3 | 3 | പൂർത്തീകരിച്ചു |
| 6 | ആകെ ക്ലാസ്സ് മുറികൾ | 102 | 77 | - |
| 7 | സ്റ്റുഡിയോ | 3 | 3 | - |

*അവലംബം : കെ.എസ്.ഐ.റ്റി.ഐ.എൽ*

ഭരണാനുമതി നൽകിയിട്ടുണ്ട്. ടെക്നോപാർക്ക് മൂന്നാം ഘട്ടം മുതൽ കൊല്ലം, ചേർത്തല മുതൽ എറണാകുളം വരെ, എറണാകുളം മുതൽ കൊരട്ടി, കോഴിക്കോട് മുതൽ കണ്ണൂർ വരെ എന്നിവയാണ്. പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (എസ്.പി.വി) കെ.എസ്.ഐ.ടി.ഐ.എലി നെ നിയമിച്ചിട്ടുണ്ട്. കേരളത്തിൽ ഉടനീളം 76 പ്രദേശങ്ങളിലായി ഏറ്റെടുക്കേണ്ട ഭൂമി KSITIL കണ്ടെത്തുകയും, നാല് ഇടനാഴികളിലുമായി ഏകദേശം 1699.60 ഏക്കർ ഭൂമിവേണ്ടിവരുമെന്ന് കണക്കാക്കുകയും ആയതിലേക്കായി മൊത്തം വിപണി വില പ്രകാരം 3800 കോടി രൂപ വേണ്ടി വരുമെന്ന് തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**കണ്ണൂരിലെ ഐടി പാർക്ക്:** 5 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഐടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആറും കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ച് നിർമാണത്തിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള മാസ്റ്റർപ്ലാനും സർക്കാരിന് സമർപ്പിച്ചു.

**കെ–സ്പേസിനായി കെട്ടിട നിർമ്മാണം:** തിരുവനന്തപുരത്തുള്ള ടെക്നോസിറ്റിയിൽ ബഹിരാകാശ മേഖലയ്ക്കായി നിർമ്മിക്കുന്ന റൂറൽ ഡെഡിക്കേറ്റഡ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടത്തിൻറെ നിർമ്മാണത്തിന്റെ ചുമതല KSITIL നാണ്.

കെ-ഫോണിനെ കെ.എസ്.ഐ.ടി.എൽ. ൽ നിന്ന് വേർപെടുത്തുകയും, ഇപ്പോൾ ഇത് ഒരു പ്രത്യേക സ്ഥാപനമായി പ്രവർത്തിക്കുകയും ചെയ്യുന്നു. അതുപോലെ കെ-സ്പേസ് പർക്കിനെയും കെ.എസ്.ഐ.ടി. എൽ.-ൽ നിന്ന് വേർപെടുത്തി ഇപ്പോൾ ഒരു പ്രത്യേക സ്ഥാപനമായി പ്രവർത്തിച്ചുവരുന്നു.

**കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ.ഫോൺ)**

ഇ-ഗവേണൻസ് സേവനങ്ങൾ നൽകുന്നതിന് കോർ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ നിർമ്മിക്കുന്നതിനായി നിക്ഷേപം നടത്തുന്നതിൽ, കേരള സംസ്ഥാനം രാജ്യത്തെ മുൻ നിരക്കാരിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. എല്ലാ സേവന ദാതാക്കൾക്കും ആക്സസ് ചെയ്യാവുന്ന ഒരു പ്രധാന നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ചർ പ്രദാനം ചെയ്യുക, സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയെ ഇൻട്രാനെറ്റുമായി ബന്ധിപ്പിക്കുക, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് നൽകുക, മൂല്യവർദ്ധിത സേവനങ്ങളോടെ KFON അടിസ്ഥാന സൗകര്യങ്ങളുടെ വാണിജ്യവൽക്കരണം എന്നിവയാണ് കെ-ഫോണിന്റെ പ്രധാന ലക്ഷ്യങ്ങൾ. കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (IP) കാറ്റഗറി I, ഇന്റർനെറ്റ് സേവന ദാതാവ് (ISP) കാറ്റഗറി B, നാഷണൽ ലോംഗ് ഡിസ്റ്റൻസ് ലൈസൻസ് (NLD) എന്നിവയുടെ ലൈസൻസുകൾ ഉണ്ട്.

ഏകദേശം 30,000 സർക്കാർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകുന്നതിനുള്ള സംസ്ഥാന വ്യാപകമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയാണ് KFON (ട്രാക്ക് 1), സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സേവനങ്ങളും വാഗ്ദാനം ചെയ്യുന്നു (ട്രാക്ക് 2). കിഫ്ബി സഹായത്തോടെയാണ് ട്രാക്ക് 1 നടപ്പിലാക്കുന്നത്. പദ്ധതിയുടെ എസ്. പി.വി. ആയി യഥാക്രമം കെ.എസ്.ഇ.ബി.എൽ, കെ.എസ്.ഐ.ടി.ഐ.എൽ, കേരള സർക്കാർ എന്നിവയ്ക്ക്, 49:49:2 എന്ന ശതമാനത്തിൽ ഓഹരി പങ്കാളിത്തമുള്ള ഒരു പുതിയ സംയുക്ത സംരംഭ കമ്പനിയായിട്ടാണ് (കെഫോൺ ലിമിറ്റഡ്) രൂപീകരിച്ചിരിക്കുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (ബിപിഎൽ) വ്യക്തികൾക്ക് കോംപ്ലിമെന്ററി ഇന്റർനെറ്റ് നൽകുന്ന ഒരു പദ്ധതി സർക്കാർ അവതരിപ്പിച്ചു. അതിന്റെഫലമായി, മൊത്തം 5,989 കുടുംബങ്ങളെ (നവംബർ 30, 2024 വരെ) കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്കിലൂടെ(KFON) വിജയകരമായി കണക്ഷൻ നൽകി. കെ-ഫോൺ പ്രോജക്റ്റിന്റെ ഭാഗമായി ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുള്ള സർക്കാർ ഓഫീസുകളുടെ വകുപ്പ് തിരിച്ചുള്ള എണ്ണം 29,416 ആണ്, വാണിജ്യ FTTH കണക്ഷനുകൾ 42,525 ഉം SME കണക്ഷനുകൾ 135 ഉം ആണ് (2024 നവംബർ 30 വരെ)

**പട്ടിക 5.1.8** KFON പദ്ധതിയുടെ നിലവിലെ സ്ഥിതി

| ക്രമ നം | പ്രവർത്തി | വ്യാപ്തി | സാധ്യുമായ വ്യാപ്തി | 30.11.2024 നു പൂർത്തിയായവ | പൂർത്തീകരണ ത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 1 | NOC&DR-നെറ്റ്‌വർക്ക് സെന്റർ | 1 | 1 | 1 | 100 |
| 2 | പോയിന്റ് ഓഫ് പ്രെസെൻസ്-നോഡുകൾ(നമ്പർ) | 376 | 375 | 375 | 100 |
| 3 | എൻഡ് ഓഫീസുകൾ- ബന്ധിപ്പിച്ചവ | 30,438 | 30,438 | 29,416 | 96.64 |
| 4 | എൻഡ് ഓഫീസുകൾ- നിലവിൽ കണക്ഷൻ ഉള്ളവ | 30,438 | 24,500 | 9080 | 37.06 |
| 5 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്റ്റിവിറ്റി | 14,000 | 8,624 | 5,989 | 69.44 |

*അവലംബം: കെ-ഫോൺ*

### കെ-സ്പേസ് – പാർക്ക്

സംസ്ഥാനത്തെ അനുഭവ പരിജ്ഞാനമുള്ളവരും, അടുത്തിടെ പഠിച്ചിറങ്ങിയ ബിരുദധാരികളും ഉൾപ്പെടുന്ന മനുഷ്യ വിഭവശേഷി ഉപയോഗപ്പെടുത്തികൊണ്ട് ബഹിരാകാശ മേഖല,എയ്റോ സ്പേസ്, പ്രതിരോധ മേഖല എന്നിവയുമായി ബന്ധപ്പെട്ട ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദന കേന്ദ്രമാക്കി കേരളത്തെ മാറ്റുന്നതിനുള്ള കേരള സർക്കാരിന്റെ ഭാവി സംരംഭങ്ങളിലൊന്നാണ് കേരള സ്പേസ് പാർക്ക്. 2022 ഡിസംബർ 29-ലെ G.O. (Ms) No.44/2022/ ITD/ പ്രകാരം 1955-ലെ ട്രാവൻകൂർ-കൊച്ചി സാഹിത്യ, ശാസ്ത്ര, ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം ഒരു സൊസൈറ്റിയായാണ് കെ-സ്പേസ് സ്ഥാപിതമായത്.

### 2023–24, 2024–25 കാലയളവിലെ കെ–സ്പേസിന്റെ പ്രധാനപ്പെട്ട നേട്ടങ്ങൾ

- 1955-ലെ ട്രാവൻകൂർ-കൊച്ചി, ലിറ്റററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം 2023 മാർച്ച് 29-ന് KSPACE ഔദ്യോഗികമായി ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു.
- നബാർഡും സംസ്ഥാനവും തമ്മിലുള്ള 95:05 ഫണ്ടിംഗ് അനുപാതത്തിൽ കോമൺ ഫെസിലിറ്റി സെൻറർ(സി.എഫ്.സി), റിസർച്ച് ആൻഡ് ഡെവലപ്മെൻറ് സെന്റർ (ആർ.ഡി.സി) എന്നിവ നിർമ്മിക്കുന്നതിന് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് ഫണ്ടിന് കീഴിൽ നബാർഡിൽ നിന്ന് 241.38 കോടി രൂപയുടെ ലോൺ കെ-സ്പേസിന് ലഭിച്ചു.
- കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ മന്ത്രാലയത്തിനോട് കൂടി ചേർന്ന് അഡ്വാൻസ്ഡ് മാനുഫാക്ചറിംഗ് ടെക്നോളജി സെന്റെർ നിർമ്മിക്കുന്നതിനായി ടെക്നോസിറ്റിയിൽ നിന്ന് 9.54 ഏക്കർ ഭൂമി പാട്ടത്തിനെടുത്തു. ഇതിലൂടെ അതിനൂതന ഉൽപ്പാദന സൌകര്യങ്ങൾ സജ്ജീകരിക്കുകയും പുതിയ സംരംഭകർക്ക് പ്രോട്ടോ ടൈപ്പിംഗ്, പരിശീലനം, കൺസൾട്ടൻസി സേവനങ്ങൾ എന്നിവ നൽകാനാകും .
- വിജ്ഞാനം പങ്കിടലും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനായി വി.എസ്.എസ്.സി (VSSC), ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള (DUK), ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ICTAK), അസാപ് (ASAP) കേരള എന്നിവയുമായുള്ള ധാരണാപത്രങ്ങൾ ഒപ്പ് വച്ച് നടപ്പിലാക്കി.
- കേരളത്തിലെ മൊത്തം 46 എയ്റോസ്പേസ് കമ്പനികൾ ഇപ്പോൾ കെ-സ്പേസ് ൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

### ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി. ഫോസ്സ്)

ഇന്ത്യയിലെയും വിദേശത്തെയും ഫ്രീ സോഫ്റ്റ് വെയർ സംഘടനകളുമായി ചേർന്ന് ഫ്രീ സോഫ്റ്റ് വെയറുകളുടെ വികസനവും പ്രയോഗവും ഫ്രീനോളഡ്ജും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആരംഭിച്ച കേന്ദ്രമാണ് ഐ.സി. ഫോസ്സ്. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെയും സ്വതന്ത്ര വിജ്ഞാനത്തിന്റെയും വികസനവും പ്രയോഗവും പ്രോത്സാഹിപ്പിക്കുക എന്നതാണ് ICFOSS ൻറെ പ്രാഥമിക ലക്ഷ്യം. ഒരു നോഡൽ ഏജൻസി എന്ന നിലയിൽ, കൺസൾട്ടൻസി, ഗവേഷണവും വികസനവും, അക്കാദമിക്, പഠനവും സേവനവും, പരിശീലനം, പ്രസിദ്ധീകരണം, സർട്ടിഫിക്കേഷൻ, അന്താരാഷ്ട്ര സഹകരണം, എന്നിവയുൾപ്പെടെ സ്വതന്ത്രവും ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഐ.സി.ഫോസ്സിൽ നിക്ഷിപ്തമാണ്. സ്വതന്ത്രവും ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറും അടിസ്ഥാനമാക്കി നിരവധി പരിശീലന പരിപാടികൾ, ശിൽപശാലകൾ, സെമിനാറുകൾ, ഗവേഷണ പരിപാടികൾ, പ്രോജക്ടുകൾ, മലയാളം കമ്പ്യൂട്ടിംഗ് പ്രവർത്തനങ്ങൾ, വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പുകളും പ്രോജക്ടുകളും, സമ്മർ ക്യാമ്പുകൾ, ഫാക്കൽറ്റി ഡെവലപ്മെൻറ് പ്രോഗ്രാമുകൾ, ഫെലോഷിപ്പ് പ്രോഗ്രാമുകൾ എന്നിവ ഐ.സി. ഫോസ്സ് വിജയകരമായി നടത്തിയിട്ടുണ്ട്.

2024-25 ലെ ഐസിഫോസ്സിന്റെ പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നു.

- **സഹായ സാങ്കേതിക വിദ്യകൾ:** ICFOSS വികസിപ്പിച്ചെടുത്ത നൂതന ബ്രെയ്‌ലി ഉപകരണങ്ങളുടെ 200 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കി, AKSHI ക്രോസ്‌വേഡ് പസിൽ & AKSHI ബ്രെയ്‌ലി ലേണർ ഉപകരണങ്ങൾ സ്റ്റാൻഡേർഡൈസേഷനായി SCERT കേരളയ്ക്ക് സമർപ്പിച്ചു.
- **ഭാഷാ സാങ്കേതികവിദ്യ:** ഭാഷാ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന്റെ ഭാഗമായി, Drupal CMS ഉപയോഗിച്ച് ഔഷധ സസ്യ ഇല കണ്ടെത്തൽ സംവിധാനത്തിനായി ICFOSS ഒരു കോഡ്-മിക്സ് ഡാറ്റ അനലൈസർ (POC) മോഡൽ വികസിപ്പിച്ചെടുക്കുകയും, 70 തരം ഔഷധ സസ്യങ്ങളുള്ള ഒരു ഡാറ്റാബേസ് സൃഷ്ടിക്കുകയും ചെയ്തു. സൊല്യൂഷൻ കണ്ടെത്തുന്നതിന് ഒരു ബഹുഭാഷാ പ്ലാറ്റ്ഫോമായി അത് ലഭ്യമാക്കുകയും ചെയ്തു, കൂടാതെ 900 ഇനം ഔഷധ സസ്യങ്ങളുടെ ഉപയോഗവും ഔഷധ മൂല്യവും ഉൾപ്പെടുത്തി ഡേറ്റാ കോർപ്പസ് സൃഷ്ടിക്കുകയും ചെയ്തു.
- **ഇ–ഗവേണൻസും കൺസൾട്ടൻസിയും:** ഓൺലൈൻ പൊതുപ്രവേശന പരീക്ഷ നടത്തുന്നതിന് കേരള മീഡിയ അക്കാദമിക്ക്

കൺസൾട്ടൻസിക്ക് പിന്തുണ, ക്ഷീരശ്രീ വെബ് പോർട്ടലിന്റെ വിവർത്തനത്തിന് ക്ഷീരവികസന വകുപ്പിന് കൺസൾട്ടൻസി പിന്തുണ, 2024 ഇന്ത്യൻ നൈപുണ്യ മത്സരത്തിന്റെ ഭാഗമായി ത്രിതല സ്ക്രീനിംഗ് പ്രവർത്തനങ്ങൾ നടത്തുന്നതിന് KASE-ന് പിന്തുണ, ഓൺലൈൻ മലയാളം നിഘണ്ടു ആവശ്യാനുസരണം ഭേദഗതി വരുത്തി തയ്യാറാക്കുന്നതിനുമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ സഹായിക്കുകയും അതിന്റെ പ്രകാശനം നിർവഹിക്കുകയും ചെയ്തു.

- **ഔട്ട്റീച്ച് പ്രോഗ്രാമുകൾ:** കോളേജുകളിലെയും സ്കൂളുകളിലെയും ഫോസ് സെല്ലുകൾ വിവിധ പരിശീലന പരിപാടികൾ, വർക്ക്ഷോപ്പുകൾ, ഹാക്കത്തോണുകൾ, വിദ്യാർത്ഥികൾക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാമുകൾ എന്നിവയുൾപ്പെടെ 16 പരിപാടികൾ നടത്തുകയും കേരളത്തിലുടനീളം 981 പേർ പങ്കെടുക്കുകയും ചെയ്തു.
- **ഓപ്പൺ ഹാർഡ്‌വെയർ:** ഇതിൽ പ്രധാന നേട്ടങ്ങൾ ഇവയാണ്, a) വികസിപ്പിച്ച അക്കോസ്റ്റിക് അധിഷ്ഠിത നോൺ മെക്കാനിക്കൽ റെയിൻ ഗേജ് -POC വികസിപ്പിച്ചെടുത്തു, b) മെക്കാനിക്കൽ അല്ലാത്ത അനീമോമീറ്റർ POC വികസിപ്പിച്ചെടുത്തു, c) അഞ്ച് ക്വാഡ് തരം ഡ്രോണുകൾ വികസിപ്പിച്ചെടുത്തു. d) ഓപ്പൺ ESC ആദ്യ ഘട്ടം- POC വികസിപ്പിച്ചെടുത്തു.

### കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.)

സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും അതുവഴി സംസ്ഥാനത്ത് ഒരു സാങ്കേതിക സംരംഭക സംസ്കാരം സൃഷ്ടിക്കുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് ഊർജസ്വലവും ചലനാത്മകവുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നവീകരണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭങ്ങളുടെ വളർച്ച സുഗമമാക്കുന്നതിനും കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായി കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM) പ്രവർത്തിക്കുന്നു. സാങ്കേതികവിദ്യയും ആരോഗ്യ സംരക്ഷണവും മുതൽ സാമൂഹിക നവീകരണവും ഗ്രാമീണ സംരംഭകത്വവും വരെയുള്ള വിവിധ മേഖലകളിൽ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.) ബഹുമുഖമായ പങ്ക് വഹിക്കുന്നു.

കേരളത്തിലെ യുവജനങ്ങളിലും വിദ്യാർത്ഥികളിലും സംരംഭകത്വ കഴിവുകൾ കണ്ടെത്തുകയും വളർത്തുകയും ചെയ്യുക എന്നതാണ് മിഷന്റെ പ്രാഥമിക ലക്ഷ്യം. സാങ്കേതികവിദ്യാധിഷ്ഠിത സംരംഭകത്വത്തിന്റെ വികസനം, നൂതന സാങ്കേതികവിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും പരിസ്ഥിതി വ്യവസ്ഥകളും ഒരുക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക സംസ്കാരവുമായി പൊരുത്തപ്പെടുന്ന അനുയോജ്യമായ പരിശീലന പരിപാടികൾ തയ്യാറാക്കുന്നതിനും സാങ്കേതിക ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കുമുള്ള വിപണി അവസരങ്ങൾ കണ്ടെത്തുന്നതിനും അക്കാദമിക്, ഗവേഷണ വികസന സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്കിടയിലുള്ള സഹകരണവും നെറ്റ്‌വർക്കിംഗും സുഗമമാക്കുന്നതിനും മിഷൻ ഊന്നൽ നൽകുന്നു. കൂടാതെ, ഇൻസ്റ്റിറ്റ്യൂട്ടുകൾക്കുള്ളിൽ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യകളുടെ ദ്രുതഗതിയിലുള്ള വാണിജ്യവൽക്കരണത്തിനുള്ള ഒരു പ്ലാറ്റ്‌ഫോം ഒരുക്കുന്നതിനും അന്തിമ ഉപയോക്താക്കൾക്ക് അവയുടെ ഉപയോഗക്ഷമത ഉറപ്പുവരുത്തുന്നതിനും മിഷൻ ലക്ഷ്യമിടുന്നു.

കെ.എസ്.യു.എംന്റെ സ്റ്റാർട്ടപ്പ് പ്രോഗ്രാമുകൾ ഗവൺമെൻറ് പിന്തുണയിലൂടെയാണ് നടപ്പിലാക്കുന്നത്, ഇത് കേരള സർക്കാരിന്റെ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്. കെ.എസ്.യു.എം സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ്, യുവ സംരംഭകത്വ വികസന പരിപാടി, ടെക്നോളജി ഇന്നൊവേഷൻ സോൺ (TIZ) എന്നീ സർക്കാർ പദ്ധതികൾ സംസ്ഥാന ബജറ്റിലൂടെ നടപ്പിലാക്കുന്ന നോഡൽ ഏജൻസിയാണ് കെ.എസ്.യു.എം.

### യുവ സംരംഭകത്വ വികസന പരിപാടി

കേരളത്തിലെ യുവാക്കൾക്കും വിദ്യാർത്ഥികൾക്കും ഉള്ളിൽ സംരംഭകത്വ കഴിവുകൾ കണ്ടെത്തുകയും വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ് മിഷന്റെ പ്രാഥമിക ലക്ഷ്യം.കൂടാതെ സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ള സംരംഭകത്വ പ്രവർത്തനങ്ങൾ, സംരംഭക അടിസ്ഥാന സൗകര്യം, പരിസ്ഥിതി, വ്യവസായ സ്ഥാപനങ്ങളുടെ ബന്ധങ്ങൾ, ഗവേഷണവും വികസനവും , സംരംഭ ഇക്കോസിസ്റ്റം വികസനത്തിലെ പ്രധാന വെല്ലുവിളികൾ ആയ എന്റർപ്രൈസ് മാർക്കറ്റ്, ഉൽപ്പന്ന പരിജ്ഞാനം, എന്നിവയെ മനസ്സിലാക്കുകയും അവയ്ക്കുള്ള പരിഹാരങ്ങൾ നിർദേശിച്ച് ആശയവും സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം ശക്തിപ്പെടുത്തുകയും ചെയ്യുക. കെഎസ്‌യുഎം ഈ സ്കീമിനെ എട്ട് ഉപഘടകങ്ങൾ/പ്രധാന പില്ലറുകളായി വിഭജിച്ചിട്ടുണ്ട്, ഇത് സംരംഭകത്വം, സമഗ്ര വളർച്ച, നൂതനമായ ഇക്കോ സിസ്റ്റം എന്നിവയെ പരിപോഷിപ്പിക്കുന്നതിനുള്ള സമഗ്രവും സുസ്ഥിരവുമായ സമീപനം സൃഷ്ടിക്കുന്നതിനുള്ള അടിത്തറയായി വർത്തിക്കുന്നു. ഓരോ പില്ലറും സ്റ്റാർട്ടപ്പുകളുടെ വികസനത്തിന് നിർണായകമായ ഒരു പ്രത്യേക മേഖലയിലെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നു അതായത് ആശയം മുതൽ സ്കെയിലിംഗ് വരെയും അവയുടെ സുസ്ഥിരതയും വരെയും . ഈ പ്രധാന പില്ലറുകൾ ലോകമെമ്പാടും വളർന്നുവരുന്ന സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റങ്ങളിലൊന്നായി കേരളത്തെ മാറ്റുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. ഉപഘടകങ്ങൾ അഥവാ പ്രധാനമായ പില്ലറുകളാണ്. 1.സംരംഭകത്വ പൈപ്പ്

ലൈൻ സൃഷ്ടിക്കൽ 2. സഹപ്രവർത്തനങ്ങൾ 3. ആദ്യഘട്ട ധനസഹായം 4. പ്രോട്ടോടൈപ്പിംഗും ഫാബ് ലാബുകളും 5. ഇൻകുബേഷൻ 6. സർക്കാർ സംഭരണങ്ങൾ 7. കോർപ്പറേറ്റ് നവീകരണങ്ങളും അന്താരാഷ്ട്ര ബന്ധങ്ങളും 8. നിക്ഷേപങ്ങളും പോർട്ട്ഫോളിയോകളും

- **സീഡ് സപ്പോർട്ട് സ്കീം –** സീഡ് സപ്പോർട്ട്, എന്നത് ഒരു സോഫ്റ്റ് ലോൺ സ്കീം ആണ്, ഇത് 2014-15 മുതൽ കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം ഇതുവരെ വിതരണം ചെയ്ത തുക 11.17 കോടി രൂപയാണ്. 2023-24 സാമ്പത്തിക വർഷത്തിൽ 16 സ്റ്റാർട്ടപ്പുകൾക്കായി 1.35 കോടി രൂപയാണ് വിതരണം ചെയ്തത്.
- **പലിശ സബ്‌വെൻഷൻ സ്കീം –** കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന സ്റ്റാർട്ടപ്പുകൾക്കുള്ള പ്രത്യേക വായ്പാ പദ്ധതികൾക്ക് കേരള സർക്കാർ അംഗീകാരം നൽകി. ഈ പദ്ധതി പ്രകാരം, കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രതിവർഷം 2% പലിശ ഇളവ് നൽകണം. 9 സ്റ്റാർട്ടപ്പുകൾക്ക് കെ.എഫ്.സി വായ്പ പദ്ധതി പ്രകാരം പലിശ ഇളവിലൂടെ ലോൺ സഹായം ലഭിച്ചു.
- **ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെൻറർ (ഐഇഡിസി)** - കേരള സ്റ്റാർട്ട്-അപ്പ് മിഷൻ (കെഎസ്‌യുഎം),2014-15 മുതൽ വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ ആർട്സ് & സയൻസ് കോളേജുകൾ എന്നിവയിൽ IEDCകൾ സ്ഥാപിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കിടയിൽ സാങ്കേതിക വിദ്യയും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ സഹായങ്ങളും ഒറ്റ കുടക്കീഴിൽ നൽകുക എന്നത് ഒരു പ്രധാന ഘടകമായി ഏറ്റെടുത്തുകൊണ്ട് നടപ്പിലാക്കുകയും അത് പുരോഗമിക്കുകയും ചെയ്യുന്നു . വിദ്യാർത്ഥികൾക്കിടയിൽ വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ വിദ്യാർത്ഥികൾക്കായി സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കെഎസ്‌യുഎം ശ്രമങ്ങളുടെ കേന്ദ്രബിന്ദുവായി ഐ.ഇ.ഡി.സി കൾ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ സംരംഭകത്വ കഴിവുകൾ വികസിപ്പിക്കുന്നതിനും ആശയങ്ങൾ സൃഷ്ടിക്കുന്നതിനും അവയെ പ്രായോഗിക ബിസിനസ്സ് മോഡലുകളായി മാറ്റുന്നതിനുമുള്ള പ്ലാറ്റ്ഫോം നൽകുന്നതിന് വിവിധ അക്കാദമിക് സ്ഥാപനങ്ങൾക്കുള്ളിൽ ഐ.ഇ.ഡി.സി കൾ സ്ഥാപിച്ചിട്ടുണ്ട്. ഐ.ഇ.ഡി.സിക്ക് 453 സ്ഥാപനങ്ങളുണ്ട്, കൂടാതെ 100000-ത്തിലധികം വിദ്യാർത്ഥികളുടെ ശൃംഖലയുമുണ്ട്.
- **വീസ്റ്റാർട്ട് – വനിത സ്റ്റാർട്ടപ്പുകൾക്കായുള്ള പ്രീ-ഇൻകുബേഷൻ പ്രോഗ്രാം** -കേരള -സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം) വനിതാ സ്റ്റാർട്ടപ്പുകൾക്കായി പ്രത്യേകം തയ്യാറാക്കിയ പ്രീ-ഇൻകുബേഷൻ പ്രോഗ്രാമായ വീസ്റ്റാർട്ട് സംഘടിപ്പിച്ചു. വനിതാ സംരംഭകർക്ക് സമഗ്രമായ പിന്തുണയും മാർഗനിർദേശവും വിഭവങ്ങളും നൽകാനും സ്റ്റാർട്ടപ്പുകളിൽ അവരുടെ വളർച്ചയും വിജയവും പ്രോത്സാഹിപ്പിക്കാനും ഈ പ്രോഗ്രാം ലക്ഷ്യമിടുന്നു. 2024 ജനുവരി 6 മുതൽ മൂന്ന് മാസത്തിലധികം നീണ്ടുനിന്ന ഈ പ്രോഗ്രാമിൽ സ്റ്റാർട്ടപ്പ് വികസനത്തിന്റെയും സംരംഭകത്വത്തിന്റെയും വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പ്രതിവാര ഓൺലൈൻ സെഷനുകൾ അവതരിപ്പിച്ചു.

**ഇൻകുബേഷൻ**

കേരള സ്റ്റാർട്ടപ്പ് മിഷന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, പാലക്കാട്, കുളക്കട, കാസർകോട് എന്നിവിടങ്ങളിൽ സ്വന്തമായി ഇൻകുബേറ്ററുകളും, അതോടൊപ്പം തന്നെ മേക്കർ വില്ലേജ്, ബയോണസ്റ്റ്, ഫോസ് ഇൻക്യുബേറ്റർ തുടങ്ങിയ പങ്കാളിത്ത ഇൻകുബേഷൻ സെന്ററുകളും ഉണ്ട്. ഈ സാമ്പത്തിക വർഷത്തിൽ, KSUM ബ്രാൻഡിന് കീഴിൽ 'ലീപ്' എന്ന പേരിൽ കോ-വർക്കിംഗ് സ്പേസ് ആരംഭിച്ചു.

31.03.2024 ലെ കണക്കനുസരിച്ച് തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലബാർ എന്നിവിടങ്ങളിലായി യഥാക്രമം 69 സ്റ്റാർട്ടപ്പുകൾ, 2 സ്റ്റാർട്ടപ്പുകൾ, 78 സ്റ്റാർട്ടപ്പുകൾ, 66 സ്റ്റാർട്ടപ്പുകൾ ഇൻകുബേറ്ററുകളുടെ സ്ഥല സൌകാര്യങ്ങൾ ഉപയോഗപെടുത്തി. കേരള സ്റ്റാർട്ടപ്പ് മിഷൻ സംസ്ഥാനത്ത് താഴെ പറയുന്ന ഇൻകുബേറ്ററുകളെ പിന്തുണച്ചു.

- ബയോനെസ്റ്റ്
- മേക്കർ വില്ലേജ്
- ഫോസ് ഇൻകുബേറ്റർ
- സ്റ്റാർട്ടപ്പ് ഡ്രീംസ്
- പാലക്കാട് ഇൻകുബേറ്റർ
- കാലിക്കറ്റ് ഇൻകുബേറ്റർ

ഫാബ് ലാബ് കേരള – ഇതിന്റെ ലക്ഷ്യങ്ങൾക്കനുസൃതമായി കേരളത്തിലും പുറത്തുമുള്ള സ്റ്റാർട്ടപ്പുകൾ, ഇന്നൊവേറ്റർമാർ, വിദ്യാർത്ഥികൾ എന്നിവരെ ഫാബ് ലാബ് കേരളയ്ക്ക് അവരുടെ ഫാബ്രിക്കേഷൻ, പ്രോട്ടോടൈപ്പിംഗ് സേവനങ്ങളുമായി ബന്ധപ്പെട്ട് പിന്തുണയ്ക്കാൻ കഴിഞ്ഞു. 2023-24 സാമ്പത്തിക വർഷത്തിൽ, 200-ലധികം ഉപഭോക്താക്കൾക്കായി 733 വർക്ക് ഓർഡറുകൾ ഫാബ് ലാബ്കേരള നടപ്പിലാക്കുകയും അതിന്റെ പ്രവർത്തന വ്യാപനം വളരെയധികം വിപുലീകരിക്കുകയും ചെയ്തു.

**ടെക്നോളജി ഇന്നൊവേഷൻ സോൺ (TIZ)**

ടെക്നോളജി ഇന്നൊവേഷൻ സോൺ നിരവധി സാങ്കേതിക മേഖലകൾക്കുള്ള ആഗോള ഇന്നൊവേഷൻ ഇൻകുബേറ്റർ ഹബ്ബാണ്. നിരവധി മേഖലകളിലുള്ള ടെക്നോളജി ഇൻകുബേറ്ററുകൾക്ക് സ്റ്റാർട്ടപ്പുകൾ ഇൻകുബേറ്റ് ചെയ്യുന്നതിനും ഗാർഹികതലത്തിലുള്ള സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനുമായി ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ

ടെക്നോളജി ഇന്നൊവേഷൻ സോൺ ഒരുക്കും . കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്കിലെ 13.2 ഏക്കർ സ്ഥലത്താണ് ടിസ് സ്ഥാപിക്കുന്നത്. ബിൽറ്റ്-അപ്പ് സ്റ്റാർട്ട് അപ്പ് മൊഡ്യൂളുകൾ, ഹൈ എൻഡ് ഫാബ്രിക്കേഷൻ ലാബുകൾ, ആർ ആൻഡ് ഡി ലാബ് സൗകര്യങ്ങൾ, വാണിജ്യ ഓഫീസ് ഇടങ്ങൾ, ഡോർമിറ്ററികൾ, ചെറിയ ഓഫീസ്/ഹോം ഓഫീസ് (എസ്.ഒ.എച്ച്.ഒ. കൾ), മാളുകൾ എന്നിവ സോണിൽ ഉൾപ്പെടുന്നു. ഏകദേശം 5 ലക്ഷം ചതുരശ്ര അടി സൗകര്യങ്ങളുള്ള മൊത്തം ബിൽറ്റ് അപ്പ് ഏരിയ ടിസ് സൃഷ്ടിക്കും. ടെക്നോളജി ഇന്നൊവേഷൻ സോണിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വിവിധ ഘട്ടങ്ങളിലായി നിർമ്മിക്കും. നിലവിൽ ഒന്നാം ഘട്ടം പ്രവർത്തനക്ഷമമാണ്.

ടെക്നോളജി ഇന്നൊവേഷൻ സോണിൻറെ നിലവിലെ അവസ്ഥ

- **ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ്** - 1.87 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം പ്രവർത്തനക്ഷമമാണ്. ഫർണിഷിംഗ് നടത്താതിരുന്ന 4-ാം നിലയിലെ - ടവർ 1, 3-ആം നിലയിലെ - ടവർ 2, ബേസ്മെൻറ് ഏരിയ എന്നിവിടങ്ങളിൽ ഫർണിഷിംഗ് നടത്തി വരുന്നു, അതുവഴി ഉപയോഗയോഗ്യമായ വിസ്തീർണ്ണം 10000 ചതുരശ്ര അടിയായി വർദ്ധിപ്പിക്കാൻ കഴിയും. ഈ ജോലികളെല്ലാം തന്നെ പുരോഗമിക്കുകയാണ്.
- **അനെക്സ് കെട്ടിടത്തിന്റെ നിർമ്മാണം –** 15000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഐ.എസ്.സി. ക്ക് ഒരു അനെക്സ് കെട്ടിടത്തിനുള്ള നിർമ്മാണം അനുവദിച്ചു, പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- **ഡിജിറ്റൽ ഹബ്ബിന്റെയും കെട്ടിടം 2–ന്റെയും നിർമ്മാണം** - 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഡിജിറ്റൽ ഹബ്ബിന്റെ നിർമ്മാണം പൂർത്തീകരിച്ചു, ഫർണിഷിംഗ് ജോലികൾ അവസാന ഘട്ടത്തിലാണ്. 43000 ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടം 2 ന്റെ നിർമാണവും പുരോഗമിക്കുകയാണ്.

കഴിഞ്ഞ 3 വർഷമായി കെഎസ്‌യുഎമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ പട്ടിക 5.1.9 ൽ നൽകിയിരിക്കുന്നു.

2023-24 ലെ കെ.എസ്.യു.എം.ന്റെ നേട്ടങ്ങൾ

- 2023-ൽ, കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പുകൾ 33.2 മില്യൺ ഡോളർ സമാഹരിച്ചു, ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 15% വർധനവാണ്.
- ലണ്ടൻ ടെക് വീക്കിൽ അവതരിപ്പിച്ച 2024 ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ടിൽ (GSER) കേരളത്തിലെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിന് വളരെ നല്ല അംഗീകാരം ലഭിച്ചു. അതായത് വെറും 18 മാസത്തിനുള്ളിൽ 1.7 ബില്യൺ ഡോളർ മൂല്യമുള്ള ഒരു സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം സൃഷ്ടിച്ചതിനാണ് അംഗീകാരം ലഭിച്ചത്. ചെറിയ സമയത്തിനുള്ളിലെ ഈ വളർച്ച ആഗോള ശരാശരി വളർച്ചാ നിരക്കിനെ അപേക്ഷിച്ച് വളരെ കൂടുതലാണ്
- സാങ്കേതിക മികവുള്ള മാനവശേഷിയുള്ളവരെ തെരഞ്ഞെടുക്കാനും നിലനിർത്താനുമുള്ള കഴിവ് നിർണ്ണയിക്കുന്ന വിഭാഗമായ "അഫോഡബിൾ" ടാലെന്റിൽ കേരളം ഏഷ്യയിൽ നാലാം സ്ഥാനത്താണ്.
- കേരളം, സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം പ്രകടനത്തിൽ ഏഷ്യയിലെ മികച്ച 30 സംസ്ഥാനങ്ങളുടെ പട്ടികയിൽ ഇടം നേടുകയും കൂടാതെ നവീകരണം, ഫണ്ടിംഗ്, ഗവേഷണം എന്നിവ ട്രാക്ക് ചെയ്യുന്ന "ബാംഗ് ഫോർ ബക്ക്", "നോളജ്" തുടങ്ങിയ വിഭാഗങ്ങളിലും ഉയർന്ന റാങ്ക് നേടുകയും ചെയ്തു.

### സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി–ഡിറ്റ്)

സർക്കാർ മേഖലയിൽ ഐ.സി.ടി. സൊല്യൂഷൻസ്

**പട്ടിക 5.1.9** 2021-22 മുതലുള്ള കെഎസ്‌യുഎമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ

| ക്രമ നം | വിശദാംശങ്ങൾ | ആകെ നേട്ടങ്ങൾ 2021-22 | ആകെ നേട്ടങ്ങൾ 2022-23 | ആകെ നേട്ടങ്ങൾ 2023-24 | ആകെ നേട്ടങ്ങൾ 2024-25 (31.08.2024 വരെ) |
|---|---|---|---|---|---|
| 1 | ഇക്കോസിസ്റ്റത്തിലെ ടെക് സ്റ്റാർട്ടപ്പുകളുടെ എണ്ണം | 3650 | 4318 | 4681 | 5728 |
| 2 | ഇൻകുബേറ്ററുകൾ/ ആക്സിലറേറ്ററുകൾ (എണ്ണം) | 67 | 67 | 67 | 60 |
| 3 | തൊഴിൽ സൃഷ്ടിക്കൽ (നമ്പർ) | 40,000 | 43180 | 46800 | 57000 |
| 4 | ബാഹ്യ നിക്ഷേപം (കോടി രൂപ) | 4252 | 5325 | 5375 | 5375 |
| 5 | ഇക്കോസിസ്റ്റം റാങ്കിംഗ്- | ഏറ്റവും മികച്ച പ്രകടനം | മികച്ച പ്രകടനം | മൂല്യനിർണ്ണയം പുരോഗമിക്കുന്നു | പുരോഗതി യിലാണ് |
| 6 | ഇൻകുബേഷൻ സ്പേസ് (ചതുരശ്ര അടി) | 3.41 | 5.47 | 5.58 | 5.58 |

*അവലംബം: കെ എസ് യു എം*

പ്രൊവൈഡറായി സി-ഡിറ്റ് പ്രവർത്തിക്കുന്നു. സി-ഡിറ്റ് ഏറ്റെടുത്ത് നടത്തുന്ന പ്രധാന പരിപാടികൾ ഇവയാണ്:

- 2024-ലെ കേരള എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകൾക്കുള്ള (KEAM) ഓൺലൈൻ പരീക്ഷയുടെ വിജയകരമായ നടത്തിപ്പിനായി സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തു.
- കേരള പബ്ലിക് സർവീസ് കമ്മീഷനുവേണ്ടി , പൊതുമേഖലയിലെ ഏജൻസികളുടെ ഓൺലൈൻ റിക്രൂട്ട്മെൻറ് പ്രക്രിയയ്ക്ക് സമാനമായ നൂതന സവിശേഷതകളോടെയുള്ള ഓൺലൈൻ പരീക്ഷാ സംവിധാനത്തിനുള്ള സോഫ്റ്റ്‌വെയർ സി-ഡിറ്റ് വികസിപ്പിച്ചു.
- സബ് രജിസ്ട്രാർ ഓഫീസുകളിലെ ഭൂമി ഇടപാട് രേഖകളുടെ ഡിജിറ്റൈസേഷൻ എല്ലാ ജില്ലകളിലും പുരോഗമിച്ചുകൊണ്ടിരിക്കുന്നു, ഇതുവരെ 375 ലക്ഷം പേജുകൾ പൂർത്തിയാക്കി.
- വിവിധ സ്ഥാപനങ്ങൾക്കായി വെബ്, സോഷ്യൽ മീഡിയ ആശയവിനിമയ പദ്ധതികൾ ഏറ്റെടുത്തു.
- സി-ഡിറ്റിന് കീഴിലുള്ള മലയാളം കമ്പ്യൂട്ടിംഗ് ടീം മലയാളത്തിനായി ഒരു പുതിയ ടെക്സ്റ്റ് മൈനിംഗ് ടൂൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്, കൂടാതെ മലയാളത്തിൽ പുതിയ യൂണികോഡ് ഫോണ്ടുകൾ രൂപകല്പന ചെയ്യുന്നതിനും ലോഞ്ച് ചെയ്യുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്.
- കേരള സർക്കാർ പ്രഖ്യാപിച്ച പുതിയ AVGC-XR നയത്തിൻറെ പരിധിയിൽ തിരുവനന്തപുരത്ത് ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക്സ്, എക്സ്റ്റെൻഡഡ് റിയാലിറ്റി എന്നിവയിൽ ഒരു സെൻ്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനുള്ള ഏകോപന ചുമതല സി-ഡിറ്റിനെ ഏൽപ്പിച്ചിരിക്കുന്നു.

**ഭാവി വീക്ഷണം/ ഭാവിയിലേക്കുള്ള ചുവടുവെയ്പ്പ്**

കേരളത്തിലെ ഐടി മേഖല ബിസിനസ്സിനും സാമ്പത്തിക വികസനത്തിനും വളരെയധികം സാധ്യതകൾ നൽകുന്ന മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഒരു ഐടി ഡെസ്റ്റിനേഷൻ എന്ന നിലയിൽ മത്സരാധിഷ്ഠിതമായി തുടരുന്നതിന്, കൂടുതൽ മൂല്യവും വരുമാനവും വർദ്ധിപ്പിക്കുന്ന സമീപകാല പുരോഗതികളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി മൂല്യ ശൃംഖല ഉയർത്തുന്നതിൽ കേരളത്തിലെ ഐടി മേഖല ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് . വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ, വ്യവസായവുമായി ബന്ധപ്പെട്ട ഗവേഷണത്തിന്, സമീപഭാവിയിൽ ഐടി മേഖലയ്ക്ക് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ അടിത്തറ പാകാൻ കഴിയും. ഐടി മേഖലയിലെ ഉയർന്നുവരുന്ന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചും സ്ഥാപിതമായ ഐടി/ഐടിഇഎസ് പ്രവർത്തനങ്ങളിൽ നിന്ന് വൈവിധ്യവൽക്കരിച്ചും ആകർഷകമായ നിക്ഷേപ കേന്ദ്രമെന്ന നിലയിൽ സംസ്ഥാനം അതിന്റെ സ്ഥാനം ഉറപ്പിക്കേണ്ടതുണ്ട്. ദേശീയ, ആഗോള ഐടി മേഖലയിലെ ദ്രുതഗതിയിലുള്ള മാറ്റങ്ങളോടോത്തു കേരളം മുന്നേറണം. ഡിജിറ്റൽ ശാക്തീകരണത്തിലും ഐടി അവബോധത്തിലുമുള്ള നേട്ടങ്ങളിൽ നിന്ന് സംസ്ഥാനം കൂടുതൽ ഗുണങ്ങൾ നേടുന്നു. 2022-23 ലെ സമഗ്ര വാർഷിക മോഡുലാർ സർവേ പ്രകാരം, കേരളത്തിൽ, 15 വയസ്സിനും അതിനുമുകളിലും പ്രായമുള്ളവരിൽ, 79.7 ശതമാനം ആളുകൾ വിവരങ്ങൾക്കായി ഇന്റർനെറ്റിൽ തിരയുന്നു, 50.5 ശതമാനം ആളുകൾക്ക് ഇമെയിലുകൾ അയയ്ക്കാനോ സ്വീകരിക്കാനോ കഴിയും, 53.9 ശതമാനം ആളുകൾക്ക് ഓൺലൈൻ ബാങ്കിംഗ് ഇടപാടുകൾ നടത്താൻ കഴിയും. പല മാനദണ്ഡങ്ങളിലും കേരളം ദേശീയ ശരാശരിയേക്കാൾ മുന്നിലാണെന്ന് ഡാറ്റ കാണിക്കുന്നു. മികച്ച സ്ഥാപന സംവിധാനങ്ങളുടെ ആവിർഭാവം, സജീവമായ സർക്കാർ പിന്തുണ, ശക്തമായ വ്യവസായ പിന്തുണ, ഈ മേഖലയിലെ സംസ്ഥാനത്തിന്റെ വലിയ തൊഴിൽ ശക്തി എന്നിവ ഭാവിയിൽ വലിയ സാധ്യതകൾ നൽകുന്നു.

# 5.2 ശാസ്ത്ര സേവനങ്ങളും ഗവേഷണവും

ശാസ്ത്രം, സാങ്കേതികവിദ്യ, ഇന്നൊവേഷൻ എന്നിവ സാമ്പത്തിക മാറ്റത്തിനും ദേശീയ വികസനത്തിനും സാമൂഹ്യ പുരോഗതിക്കും സമൃദ്ധിക്കും അനിവാര്യമായ ഉത്തേജകങ്ങളാണ്. കേരളത്തിന്റെ 14-ാം പഞ്ചവത്സര പദ്ധതിയിൽ ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികസനത്തിനും പുരോഗതിക്കും മുൻഗണന നൽകുന്നു. സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കും സാധ്യതകൾക്കും അനുസൃതമായി ഗവേഷണത്തിനും ഇന്നൊവേഷനുമുള്ള പരിപാടികൾ സംസ്ഥാന സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ട്. സമഗ്രവികസനത്തിനുള്ള കേരളത്തിന്റെ പ്രതിബദ്ധതയ്ക്ക് അനുസൃതമായി ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും പ്രയോജനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തുന്നുവെന്ന് സർക്കാർ ഉറപ്പാക്കുന്നു. ജനങ്ങൾക്കിടയിൽ, പ്രത്യേകിച്ച് യുവാക്കൾക്കിടയിൽ ശാസ്ത്രബോധം വളർത്തുന്നതിനുള്ള ഇടപെടലുകൾക്കുള്ള പിന്തുണ സംസ്ഥാനം തുടർന്നു വരുന്നു.

### കേരളത്തിലെ ശാസ്ത്ര സാങ്കേതിക മേഖലയിലെ ഏജൻസികളും സ്ഥാപനങ്ങളും

സംസ്ഥാനത്തെ അക്കാദമിക്, ഗവേഷണ സ്ഥാപനങ്ങളുടെ കഴിവ് വളർത്തുക, ഗവേഷണ-വികസന കേന്ദ്രങ്ങൾ വഴി ഗവേഷണവും വികസനവും നടത്തുക, ബയോടെക്നോളജി മേഖലയിലെ പ്രോജക്ടുകളും പ്രോഗ്രാമുകളും തിരിച്ചറിയുകയും സുഗമമാക്കുകയും ചെയ്യുക, ജൈവ വിഭവങ്ങൾ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുക, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗവേഷണ കേന്ദ്രങ്ങളിലും ലബോറട്ടറിയും ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുക, യുവ പ്രതിഭകളെ പരിപോഷിപ്പിക്കുകയും ശാസ്ത്ര, സാങ്കേതികവിദ്യ മേഖലയിലെ പ്രോജക്ടുകളും പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കുക, അടിസ്ഥാന തലത്തിൽ ഇന്നോവേഷനെ പ്രോത്സാഹിപ്പിക്കുകയും ബഹുജനങ്ങളുടെ പ്രയോജനത്തിനായി ഗ്രാമീണ സാങ്കേതികവിദ്യയുടെ വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നിവയെല്ലാം കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ലക്ഷ്യങ്ങളാണ്.

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ.എസ്.സി.എസ്.റ്റി.ഇ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐഎവി), റീജിയണൽ കാൻസർ സെന്റർ (ആർസിസി) എന്നിവയാണ് സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖലയുടെ കീഴിൽ വരുന്ന പ്രധാന സ്ഥാപനങ്ങൾ.

### ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് കീഴിലുള്ള ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും

2020-21 മുതൽ 2024-25 വരെയുള്ള ശാസ്ത്ര സാങ്കേതിക മേഖലയുടെ വിഹിതത്തിന്റെയും ചെലവുകളുടെയും വിശദാംശങ്ങൾ **പട്ടിക 5.2.1**-ൽ നൽകിയിരിക്കുന്നു.

### എ. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.റ്റി.ഇ)

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ.എസ്.സി.എസ്.റ്റി.ഇ) അക്കാദമിക്, വ്യവസായ, ഗവേഷണ സംഘടനകളുടെ പങ്കാളിത്തത്തോടെ പഠനം, ഗവേഷണം, വികസനം എന്നിവയിലൂടെ ശാസ്ത്ര സാങ്കേതിക രംഗത്തെ മികവ് പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കേരള ബയോടെക്നോളജി കമ്മീഷൻ (കെബിസി), ബയോടെക്നോളജിയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾക്കും പരിപാടികൾക്കും പിന്തുണ നൽകുന്നതിനും സുഗമമാക്കുന്നതിനുമായി കൗൺസിൽ ആസ്ഥാനത്ത് പ്രവർത്തിക്കുന്നു. കെ.എസ്.സി.എസ്.റ്റി.ഇ-യ്ക്ക് കേരളത്തിലെ ശാസ്ത്ര സാങ്കേതിക പുരോഗതിയുടെ മേഖലയിൽ ഗവേഷണം നടത്തുന്നതിനും ഇന്നൊവേഷനെ പ്രോത്സാഹിപ്പിക്കുന്നതിനും, പുരോഗതി

**പട്ടിക 5.2.1** ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് കീഴിലുള്ള ഏജൻസികളുടെ 2020-21 മുതൽ 2024-25 വരെയുള്ള വിഹിതവും ചെലവും(രൂപ ലക്ഷത്തിൽ)

| വർഷം | കെ.എസ്.സി.എസ്.ടി.ഇ | | | ആർസിസി | | | ഐ എ വി | | |
|---|---|---|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % |
| 2020-21 | 7,664.00 | 5,596.24 | 73.01 | 7,100.00 | 1,838.81 | 25.89 | 5,000.00 | 2,304.70 | 46.09 |
| 2021-22 | 8,164.00 | 6,033.55 | 73.90 | 7,100.00 | 4,682.11 | 65.94 | 5,000.00 | 2,400.00 | 48.00 |
| 2022-23 | 8,977.00 | 5,184.53 | 57.75 | 8,100.00 | 8,099.99 | 100 | 5,000.00 | 3,043.00 | 60.86 |
| 2023-24 | 9,077.00 | 3,816.02 | 42.04 | 8,100.00 | 2,999.76 | 37.03 | 5,000.00 | 3,048.93 | 60.98 |
| 2024-25 | 8,723.00 | 2,284.80* | 26.19 | 7,300.00 | 896.63* | 12.28 | 5,000.00 | 967.82* | 19.36 |

അവലംബം: പ്ലാൻസ്പേസ്, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, അക്കൌണ്ട്സ്
*2024 നവംബർ 5 വരെയുള്ള ചെലവ്

കൈവരിക്കുന്നതിനുമായി പ്രത്യേകം തിരഞ്ഞെടുത്ത മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന എട്ട് ഗവേഷണ വികസന (ആർ&ഡി) കേന്ദ്രങ്ങളുണ്ട്.

കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെഎഫ്ആർഐ), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്), സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സിഡബ്ല്യുആർഡിഎം), ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെഎൻടിബിജിആർഐ), കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെഎസ്ഒഎം), ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്ആർഐബിഎസ്), മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ് (എംബിജിഐപിഎസ്), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് (ഐസിസിഎസ്) എന്നിവയാണ് കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ-വികസന കേന്ദ്രങ്ങൾ.

**I. ഗവേഷണ–വികസന കേന്ദ്രങ്ങളുടെ പ്രധാന നേട്ടങ്ങൾ**

**സിഡബ്ല്യുആർഡിഎം –സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (കോഴിക്കോട്)–** ജലശാസ്ത്രം, നീർത്തട വികസനം, തണ്ണീർത്തട പരിപാലനം, ജലഗുണനിലവാരം, കൃഷിക്ക് വേണ്ടിയുള്ള ജലസംരക്ഷണം, വനമേഖലയും നഗരപ്രദേശവും സംബന്ധിക്കുന്ന ജലശാസ്ത്രം, ഭൂഗർഭജല വികസനം, പരിസ്ഥിതി, ജൈവവൈവിധ്യം, നൂതന മലിനജല സംസ്കരണം എന്നിവയിൽ ഗവേഷണ പദ്ധതികൾ ഇത് നടത്തി വരുന്നു. ജലവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ ലൈൻ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും ഇത് ഗവേഷണ/കൺസൾട്ടൻസി സഹായവും നൽകുന്നു.

**പ്രധാന സംരംഭങ്ങളും നേട്ടങ്ങളും**

- നവകേരള മിഷൻ സംരംഭത്തിന് കീഴിൽ, സിഡബ്ല്യുആർഡിഎം, കേരള സംസ്ഥാനത്തിനായി ഒരു ജലബജറ്റ് തയ്യാറാക്കി 2023 ഏപ്രിൽ17-ന് പ്രസിദ്ധീകരിക്കുകയും കേരളത്തിൽ ഉടനീളമുള്ള 250-ലധികം പഞ്ചായത്തുകളിൽ ഇത് നടപ്പിലാക്കുകയും ചെയ്തു.
- യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക പിന്തുണയോടെ സിഡബ്ല്യുആർഡിഎം -ൽ ഒരു കാലാവസ്ഥാ വ്യതിയാന പഠന ലാബ് സ്ഥാപിച്ചു.
- (1) മേൽക്കൂരയിലെ വൃഷ്ടിപ്രദേശത്ത് നിന്ന് ശേഖരിക്കാവുന്ന വെള്ളത്തിന്റെ അളവ് കണക്കാക്കുന്ന 'റൂഫ്ടോപ്പ് റെയിൻ വാട്ടർ കാൽക്കുലേറ്റർ' (2) 'വിള പോഷക പരിപാലനത്തിനും' 'മണ്ണൊലിപ്പിനും' ഡിസിഷൻ സപ്പോർട്ട് സംവിധാനം, എന്നിവ സിഡബ്ല്യുആർഡിഎം വികസിപ്പിച്ചെടുക്കുകയും പകർപ്പവകാശം നേടുകയും ചെയ്തിട്ടുണ്ട്.
- അനുയോജ്യമായ ജല ഉപയോഗത്തിലൂടെ പച്ചക്കറി ഉൽപാദനത്തിനായി ഈ കേന്ദ്രം ഒരു നവീനമായ രീതി (വിക്ക് ഇറിഗേഷൻ) വികസിപ്പിച്ചെടുത്തിട്ടുണ്ട്.
- മഴയുടെ വിശകലനത്തിനായി CWRDM ഒരു സോഫ്റ്റ്‌വെയർ -HYDRAH (Hydrological Rainfall Analysis for Humid Tropics)-വികസിപ്പിച്ചെടുത്തു. കേരളത്തിലെ ഗ്രാമതല പരിസ്ഥിതി വ്യവസ്ഥകളിൽ സമഗ്രമായ വരൾച്ച നിരീക്ഷണത്തിനും കൈകാര്യം ചെയ്യുന്നതിനുമുള്ള ഒരു ഡിസിഷൻ സപ്പോർട്ട് സംവിധാനവുംവാട്ടർ സിറ്റിസൺസ് അസസ്മെൻറ് ടൂളും (WATER CAT) വികസിപ്പിച്ചെടുത്തു.
- കോഴിക്കോട് NABL CWRDM വാട്ടർ ക്വാളിറ്റി ഡിവിഷൻ ടെസ്റ്റിംഗ് ലബോറട്ടറിയിലും നെയ്യാറ്റിൻകര സബ് സെന്ററിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ അനാലിസിസ് ലബോറട്ടറിയിലും ജല സാമ്പിളുകളുടെ (7000-ൽ അധികം) വിശകലനം നടത്തി.
- വേമ്പനാട്-കോളിന്റെ സംരക്ഷണത്തിനും വിവേകപൂർവമായ ഉപയോഗത്തിനുമായി ഒരു

സംയോജിത പരിപാലന പദ്ധതി തയ്യാറാക്കി കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയ്ക്കും (SWAK) വെറ്റ്ലാൻഡ്സ് ഇന്റർനാഷണൽ സൗത്ത് ഏഷ്യയ്ക്കും (WISA) സമർപ്പിച്ചു.

- കേരളത്തിലെ വിവിധ കാർഷിക പരിസ്ഥിതി മേഖലകളിൽ മഴവെള്ളത്തിന്റെ രാസ, ഐസോടോപ്പിക് ഘടന, അയോണിക് ഉറവിട വിഭജനം, വെറ്റ് ഡിപ്പോസിഷൻ ഫ്ലക്സുകൾ എന്നിവയിൽ പ്രാദേശിക വ്യതിയാന വിശകലനങ്ങൾ നടത്തി.
- കാര്യക്ഷമമായ കാർഷിക ജല പരിപാലന രീതിക്കായി മണ്ണിലെ ഈർപ്പം തിരിച്ചറിയുന്നത് അടിസ്ഥാനമാക്കിയുള്ള ഓട്ടോമോട്ടീവ് ജലസേചന സംവിധാനം വികസിപ്പിച്ചു. മണ്ണൊലിപ്പ് അപകടസാധ്യത സംബന്ധിച്ച ഒരു ഡിഎസ്എസ് വികസിപ്പിക്കുകയും പൊതു ഉപയോഗത്തിനായി CWRDM വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയുംചെയ്തു.
- കേരളത്തിലെ പ്രധാന തണ്ണീർത്തടങ്ങൾക്കായി സംയോജിത പരിപാലന പദ്ധതികൾ വികസിപ്പിച്ചെടുത്തു.

**ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,പാലോട് (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ).** ഉഷ്ണമേഖലാ സസ്യങ്ങളുടെ ജനിതക വിഭവങ്ങൾ സംരക്ഷിക്കുന്നതിനും അവയുടെ സുസ്ഥിരമായ ഉപയോഗത്തിനുമായി ശാസ്ത്രീയ രീതികൾ വികസിപ്പിക്കുന്നതിനുമുള്ള ലക്ഷ്യത്തോടെയാണ് ജെ.എൻ.റ്റി.ബി.ജി.ആർ.ഐ സ്ഥാപിതമായത്. രാജ്യത്തെ വന്യമായ ഉഷ്ണമേഖലാ സസ്യ ജനിതക വിഭവങ്ങൾക്കായി 300 ഏക്കർ കൺസർവേറ്ററി ഗാർഡൻ ജെ.എൻ.റ്റി.ബി.ജി.ആർ.ഐ പരിപാലിക്കുന്നു. എട്ട് ശാസ്ത്രീയ ഡിവിഷനുകളിലൂടെ ഉഷ്ണമേഖലാ സസ്യ വിഭവങ്ങളുടെ പര്യവേക്ഷണം, സംരക്ഷണം, മാനേജ്മെന്റ്, സുസ്ഥിര വിനിയോഗം എന്നിവ കൈകാര്യം ചെയ്യുന്ന വിവിധോദ്ദേശ ഗവേഷണ വികസന സംവിധാനം ഇവിടെ കാര്യക്ഷമമായി സംയോജിപ്പിച്ചിട്ടുണ്ട്.

**പ്രധാന സംരംഭങ്ങളും നേട്ടങ്ങളും**

- കേരള സ്റ്റേറ്റ് ബാംബൂ മിഷന്റെ നോഡൽ ഏജൻസി മുഖേന ദേശീയ ബാംബൂ മിഷന്റെ സാമ്പത്തിക സഹായത്തോടെ ജെ.എൻ.റ്റി.ബി.ജി.ആർ.ഐ ഒരു ബാംബൂ മ്യൂസിയവും ഒരു ബാംബൂ ക്രാഫ്റ്റ് ആൻഡ് ഇൻകുബേഷൻ കേന്ദ്രവും സ്ഥാപിച്ചു. ജേംപ്ലാസം ശേഖരിക്കുകയും, ബാംബൂസെറ്റം ശാസ്ത്രീയമായും സൗന്ദര്യാത്മകമായും പരിപാലിക്കുകയും ചെയ്തു. മുളയുടെ 6700 തൈകൾ വളർത്തുകയും അവ മുള നഴ്സറിയുടെ ശേഖരത്തിൽ ചേർക്കുകയും വിതരണം ചെയ്യുകയും ചെയ്തു. കർഷകർ, സ്കൂളുകൾ, കോളേജുകൾ തുടങ്ങി വിവിധ ഗുണഭോക്താക്കൾക്കായും നദീതീര സംരക്ഷണം, തോട്ടം, വനവത്കരണ പരിപാടികൾ എന്നിവയ്ക്കായും 10037 മുളത്തൈകൾ ഇൻസ്റ്റിറ്റ്യൂട്ട് വിതരണം ചെയ്തിട്ടുണ്ട്. മുളത്തൈകളുടെയും ഉൽപന്നങ്ങളുടെയും വിൽപനയിലൂടെ 4,27,395/- രൂപയുടെ വരുമാനം ഈ സ്ഥാപനം നേടുകയുണ്ടായി.
- ആന്തൂരിയത്തിന്റെ 12 പുതിയ ഇനങ്ങൾ ഉപയോഗിച്ചുള്ള ജേംപ്ലാസം ശേഖരം വർദ്ധിപ്പിച്ചു. ഓർക്കിഡ് കൺസർവേറ്ററി സംരക്ഷിക്കുകയും, തിരഞ്ഞെടുത്ത ഓർക്കിഡുകളുടെയും കാർണിവോറസ് സസ്യങ്ങളുടെയും തൈകൾ വിതരണത്തിനായി വികസിപ്പിക്കുകയും ചെയ്തു. ഇവയുടെ വിൽപ്പനയിലൂടെ സ്ഥാപനം 75,500/-രൂപ വരുമാനമുണ്ടാക്കി.
- ക്യാൻസറിനുള്ള ടാർജെറ്റഡ് തെറാപ്പിക്ക വേണ്ടി ഇൻസ്റ്റിറ്റ്യൂട്ട്, ഒരു മൈക്രോബിയൽ മിശ്രണത്തിന്റെ തെറാപ്യൂട്ടിക്കൽ ഇവാല്യേഷൻ നടത്തി.
- 'ജൈവവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗത്തിനും ലഭ്യത, ആനുകൂല്യം പങ്കിടൽ എന്നിവ വഴി ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനും, കേരളത്തിൽ നിന്നുള്ള 75 ഗുണഭോക്താക്കൾക്ക് നാടൻ ഓർക്കിഡുകളുടെയും സങ്കരയിനങ്ങളുടെയും കൃഷിയെക്കുറിച്ച് പരിശീലനം നൽകുകയും നല്ല നിലവാരമുള്ള ഓർക്കിഡ് തൈകൾ വിതരണം ചെയ്യുകയും ചെയ്തു. ഓർക്കിഡ് കൃഷിയുടെ കലയും ശാസ്ത്രവും എന്ന വിഷയത്തിൽ കൃഷി ഓഫീസർമാർക്കായി ഏകദിന ശിൽപശാല സംഘടിപ്പിച്ചു.
- കേരളത്തിലെ മലപ്പുറം ജില്ലയിലെ വെളിയങ്കോട്, പുറത്തൂർ, മംഗലം, ചാലിയാർ, ചുങ്കത്തറ, മമ്പാട്, വെട്ടം, നിറമരുതൂർ, വള്ളിക്കുന്ന് എന്നീ ഗ്രാമപഞ്ചായത്തുകളിലും പൊന്നാനി, പരപ്പനങ്ങാടി മുനിസിപ്പാലിറ്റികളിലും തീരദേശ, ആദിവാസി മേഖലകളിൽ എത്നോബയോളജിക്കൽ സർവേ പൂർത്തിയാക്കി.
- 14 ഇനം നാഗവിഷത്തിനെതിരായുള്ള 524 ഫൈറ്റോകെമിക്കലുകൾ ഇൻസ്റ്റിറ്റ്യൂട്ട് പരിശോധിക്കുകയും, കൂടാതെ പാമ്പ് വിഷത്തിനെതിരായുള്ള 85സസ്യങ്ങളുടെയും SARS-CoV-2 ന് എതിരായുള്ള 25 സസ്യങ്ങളുടെയും വിവരങ്ങൾ സംയോജിപ്പിക്കുകയും ചെയ്തു.
- സ്റ്റെംകട്ടിംഗ് വഴി 15 കിലോ വൈവിധ്യമാർന്ന പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുകയും 13,000 അലങ്കാര സസ്യതൈകൾക്കൊപ്പം 1,250 ഓർക്കിഡുകളും പ്രചരിപ്പിക്കുകയും ചെയ്തു.
- JNTBGRI ഫൈറ്റോകെമിക്കൽ-നാനോ ടെക്നോളജിയിൽ സംസ്ഥാനതല മികവിന്റെ കേന്ദ്രം(CEP) എന്ന പദവി നേടി.
- JNTBGRI, 68 ഫാമിലികളിലെ 158 ജനുസ്സുകളിലായി 219 സ്പീഷിസുകളിലെ 291 അക്സഷനുകളുടെ വിത്തുകൾ ശേഖരിച്ചു, അതിൽ 12 ഫാമിലികളിലെ 19 തദ്ദേശീയ ഇനങ്ങൾ ഉൾപ്പെടുന്നു ഇത് 12 പ്രാദേശിക സ്പീഷിസുകളുടെ വിത്ത് മുളയ്ക്കൽ പഠനം നടത്തുകയും

ഇന്ത്യയുടെ വടക്ക്, വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ കാണപ്പെടുന്ന പൂച്ചെടികളുടെ വർഗ്ഗീകരണ, നാമകരണ, വിതരണ ഡാറ്റ ശേഖരിക്കുകയും ചെയ്തു.

**കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,പീച്ചി (കെഎഫ്ആർഐ)** - വന ആവാസവ്യവസ്ഥയുടെ ഫലപ്രദമായ സംരക്ഷണത്തിനും പ്രകൃതിവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗത്തിനുമായി ഉഷ്ണമേഖലാ വന പരിപാലനത്തിൽ സാമൂഹിക സേവനത്തിന് ഉതകും വിധം ലോകോത്തര മികവിന്റെ കേന്ദ്രമായി ഇത് വിഭാവനം ചെയ്യപ്പെടുന്നു. കെഎഫ്ആർഐയുടെ ഗവേഷണവും വികസനവും വന പരിസ്ഥിതി, ജൈവ വൈവിധ്യം, സുസ്ഥിര പരിപാലനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ജൈവ സംരക്ഷണവും പ്രകൃതി വിഭവങ്ങളുടെ പരിപാലനവും സംബന്ധിച്ച വിഷയങ്ങളിൽ ദേശീയ അന്തർദേശീയ ഏജൻസികൾക്കായി ഗവേഷണവും കൺസൾട്ടൻസി പ്രോഗ്രാമുകളും ഇത് ഏറ്റെടുത്തു നടത്തുന്നു.

**പ്രധാന സംരംഭങ്ങളും നേട്ടങ്ങളും**

കെഎഫ്ആർഐ, തടി ഫോറൻസിക്സിനായി മൈകോറിസ (mycorrhiza) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വികസിപ്പിച്ചെടുത്തു, തേക്ക് വിത്തിന്റെ സ്കേയറിഫയിംഗ് മെഷീൻ കണ്ടുപിടിക്കുകയും കാര്യക്ഷമമായ ഫീൽഡ് ഡാറ്റ ശേഖരണത്തിനായി സോഫ്റ്റ്‌വെയർ സൃഷ്ടിക്കുകയും ചെയ്തു.

- മരത്തടിയുടെ ഫോറൻസിക്സിനായി ഡിഎൻഎ ബാർകോഡിംഗ് സെന്റർ സ്ഥാപിക്കുകയും ഔഷധ സസ്യങ്ങൾക്കായി ബയോഡീഗ്രേഡബിൾ പ്ലാന്റുകൾ നിർമ്മിക്കുകയും, അപൂർവ ഔഷധ സസ്യത്തിന്റെ ലിംഗഭേദം കണ്ടുപിടിക്കുന്നതിനുള്ള മാർക്കറുകൾ വികസിപ്പിച്ചെടുക്കുകയും, വംശനാശഭീഷണി നേരിടുന്ന വൃക്ഷത്തൈകൾ വളർത്തുകയും, ഗ്ലോബൽ മാൻഗ്രൂവ് അലയൻസിൽ ചേരുകയും, ടൺ കണക്കിന് വനവിത്തുകൾ ശേഖരിച്ച് വിതരണം ചെയ്യുകയും നദി പുനരുജ്ജീവിപ്പിക്കുന്നതിലും പുൽമേട് പുനഃസ്ഥാപിക്കലിലും പങ്കെടുക്കുകയും ചെയ്തു. അനലിറ്റിക്കൽ ഇൻസ്ട്രുമെന്റേഷനായി 3000-ലധികം സാമ്പിളുകൾ കേന്ദ്രം വിശകലനം ചെയ്തിട്ടുണ്ട്.
- കെഎഫ്ആർഐയുടെ സഹകരണത്തോടെ ഒരു പ്രധാന അന്താരാഷ്ട്ര വനവൽക്കരണ സമ്മേളനം (TEAKNET) സംഘടിപ്പിക്കപ്പെട്ടു. കെഎഫ്ആർഐ പ്രസിദ്ധീകരിച്ച ജേണൽ ഓഫ് ബാംബൂ ആൻഡ് റട്ടൻ, 4.10 എന്ന ഉയർന്ന NAAS സ്കോർ നേടി.
- വിവിധ വൈദഗ്ധ്യങ്ങളിൽ (NWFP വികസനം, മുളകൊണ്ടുള്ള കരകൗശലവസ്തുക്കൾ, നഴ്സറി മാനേജ്മെന്റ്) പരിശീലനം നൽകുന്നതിലൂടെ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളെ ഇൻസ്റ്റിറ്റ്യൂട്ട് ശാക്തീകരിച്ചു. റീജിയണൽ ഫെസിലിറ്റേഷൻ സെന്റർ കർഷകരെ പരിശീലിപ്പിക്കുകയും പദ്ധതികൾ നടപ്പിലാക്കുകയും 8,94,000 എണ്ണത്തിലധികം ഔഷധ സസ്യങ്ങൾ ഉത്പാദിപ്പിക്കുകയും ചെയ്തു.
- കെഎഫ്ആർഐയുടെ ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് ഒരു ലക്ഷം തൈകൾ വളർത്തുകയും, 40 ഹെക്ടർ മുളകൾ നട്ടുപിടിപ്പിക്കുകയും പഞ്ചായത്തുകളിൽ മുളത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുകയും ചെയ്തു.
- കാർഷിക, പാരിസ്ഥിതിക ഗവേഷണങ്ങളെ പിന്തുണയ്ക്കുന്നതിനായി KFRI മണ്ണ് പരിശോധന സേവനങ്ങൾ നൽകുന്നു.
- ഭാരതപ്പുഴ, അഞ്ചരക്കണ്ടി നദികളുടെ പുനരുജ്ജീവനത്തിലും തൃശ്ശൂരിലെ തിരുവത്രയിലെ തീരദേശ പുനരുദ്ധാരണ പ്രവർത്തനങ്ങളിലും KFRI സജീവമായി പങ്കെടുക്കുകയും മൂന്നാർ ഫോറസ്റ്റ് ഡിവിഷനിലെ ഇഡ്ലിമൊട്ട മേഖലയിലെ ജീർണിച്ച പുൽമേടുകൾ പുനഃസ്ഥാപിക്കുകയും ചെയ്തു.
- കെഎഫ്ആർഐ സൈലേറിയം ശേഖരണത്തെക്കുറിച്ചുള്ള വിലപ്പെട്ട ഡാറ്റാബേസുകളും സ്വാഭാവിക ടിമ്പർ നിറങ്ങൾക്കായുള്ള ഒരു ഡിജിറ്റൽ ഡാറ്റാബേസും സ്ഥാപിച്ചിട്ടുണ്ട്. KFRI അവരുടെ പ്രാണികളുടെ ശേഖരണത്തിന്റെയും ഫോറസ്റ്റ് എന്റമോളജി ലൈബ്രറിയുടെയും ഡിജിറ്റലൈസേഷൻ ഏറ്റെടുക്കുകയും ഈ അറിവ് കൂടുതൽപേർക്ക് ഉപയോഗപ്രദമാക്കുകയും ചെയ്തു. മരം തിരിച്ചറിയുന്നതിനായി, കൃത്യവും സുസ്ഥിരവുമായ രീതികൾ ഉറപ്പ് വരുത്തുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയെഴ്സ് (എസ്ഒപി) ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്തിട്ടുണ്ട്.
- കേരള ഫോറസ്റ്റ് സീഡ് സെന്ററിൽ വിത്ത് കൈകാര്യം ചെയ്യുന്നതിനുള്ള ഇന്റർനാഷണൽ സീഡ് ടെസ്റ്റിംഗ് അസോസിയേഷൻ (ISTA) മാനദണ്ഡങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് പാലിക്കുകയും ഇന്ത്യയിലുടനീളമുള്ള വിവിധയിനം ഇനങ്ങളുടെ ഏകദേശം 300 ടൺ വിത്തുകൾ ശേഖരിക്കുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തു.
- കേരള വനം വകുപ്പുമായി സഹകരിച്ച്, നിലവിലുള്ള തേക്ക് തോട്ടങ്ങൾ പുനർമൂല്യനിർണയം നടത്തുന്നതിനും പ്രകൃതിദത്ത വന പുനരുദ്ധാരണം പ്രോത്സാഹിപ്പിക്കുന്നതിനും, പ്രധാനപ്പെട്ട വന സ്പീഷീസുകൾക്കും തോട്ടങ്ങൾക്കുമായി മണ്ണ് പോഷക പരിപാലന പ്രോട്ടോക്കോളുകൾ വികസിപ്പിച്ചെടുത്തു.

**നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ, തിരുവനന്തപുരം(നാറ്റ്പാക്)**- ഗതാഗതത്തിലും അനുബന്ധ മേഖലകളിലും ഗവേഷണവും വികസനവും (ആർ&ഡി) വിപുലീകരണ പ്രവർത്തനങ്ങളും ഗതാഗത സംവിധാനങ്ങളുടെ സുരക്ഷയും പ്രവർത്തനക്ഷമതയും സംബന്ധിച്ച പഠനങ്ങളും നാറ്റ്പാക് നടത്തുന്നു. ഗതാഗത ആസൂത്രണം, ട്രാഫിക് എഞ്ചിനീയറിംഗ്, ഹൈവേ ആൻഡ് പാവ്മെന്റ് എഞ്ചിനീയറിംഗ്, റോഡ് സുരക്ഷ, ഗ്രാമീണ റോഡുകൾ, ഉൾനാടൻ ജലഗതാഗതം, ടൂറിസം ആസൂത്രണം, ഗതാഗത സാമ്പത്തിക

ശാസ്ത്രവും മാനേജ്മെന്റും, ഇന്റെലിജെന്റ് ഗതാഗത സംവിധാനങ്ങൾ, ഗതാഗത ഊർജ്ജം, പരിസ്ഥിതി, ജിയോമാറ്റിക്സ്, ഗതാഗതവുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നീ മേഖലകളിൽ ഗവേഷണവും കൺസൾട്ടൻസി പ്രവർത്തനങ്ങളും ഈ സ്ഥാപനം ഏറ്റെടുക്കുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ NATPAC 23 പ്ലാൻ പദ്ധതികൾ (17 തുടർ പദ്ധതികളും 6 പുതിയ പദ്ധതികളും), 12 കൺസൾട്ടൻസി പദ്ധതികൾ, നിരവധി റോഡ് സുരക്ഷാ പരിപാടികൾ, വിവിധ റോഡ് സുരക്ഷാ പരിശീലന സാമഗ്രികളുടെ നിർമ്മാണം, ആവശ്യകത അടിസ്ഥാനമാക്കിയുള്ള 11 പഠനങ്ങൾ എന്നിവ നടത്തി.

**പ്രധാന സംരംഭങ്ങളും നേട്ടങ്ങളും**

- സ്റ്റേജ് ക്യാരേജുകൾ, ടാക്സികൾ, കാറുകൾ, സംസ്ഥാന പാസഞ്ചർ ബോട്ട് സർവീസുകൾ, ചരക്ക് വാഹനങ്ങൾ എന്നിവയുൾപ്പെടെയുള്ള പൊതു, ചരക്ക് ഗതാഗതത്തിന്റെ നടത്തിപ്പ് ചെലവ് കണക്കാക്കുന്നതിനുള്ള പഠനങ്ങൾ ഈ സ്ഥാപനം നടത്തുന്നു.
- വിദ്യാർത്ഥികളുടെ യാത്രാ കൺസഷൻ പദ്ധതിയെക്കുറിച്ചുള്ള നാറ്റ്പാക്കിന്റെ പഠനം, വിദ്യാർത്ഥികൾക്ക് കൺസഷനനും, വിദ്യാർത്ഥികൾക്കുള്ള നിരക്കും അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ പുനഃപരിശോധിക്കാനുള്ള മാർഗ്ഗനിർദ്ദേശമായി കണക്കാക്കുന്നു.
- 'തിരുവനന്തപുരത്തെ സംയോജിത ഭൂവിനിയോഗവും ഗതാഗത മാതൃകയും" എന്ന പഠനം ഭൂവിനിയോഗവും ഗതാഗതവും തമ്മിലുള്ള പരസ്പരാശ്രിതത്വം വിലയിരുത്തുന്നു. അതിലെ കണ്ടെത്തലുകളിൽ, ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ ഗതാഗതത്തെയും തിരിച്ചും ബാധിക്കുന്നതായി കാണുന്നുണ്ട്.
- NATPAC വിവിധ സ്പേസ് ഡാറ്റ സ്രോതസ്സുകളിൽ നിന്ന് (സെല്ലുലാർ ഡാറ്റ, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS) ഡാറ്റ, ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ (ETM) ഡാറ്റ മുതലായവ), ഏതു സംയോജനമാണ് മികച്ച വിശ്വസനീയമായ ഫലങ്ങൾ നൽകുന്നതെന്ന് തീരുമാനിക്കുന്നതിനായി, സമ്പന്നമായ പ്രാദേശിക ഒറിജിൻ-ഡെസ്റ്റിനേഷൻ (OD) മെട്രിക്സുകൾ സ്ഥാപിക്കുന്നുണ്ട്.
- ഈ സ്ഥാപനം പാർക്കിംഗ് പോരായ്മകൾ വിലയിരുത്തുകയും പാർക്കിംഗ് നയങ്ങൾ, പാർക്കിംഗ് പ്രൈസിംഗ്, മാനേജ്മെന്റ് നയങ്ങൾ എന്നിവ ഉൾപ്പെടെ സാധ്യതയുള്ള പരിഹാരങ്ങൾ ശുപാർശ ചെയ്യുകയും ചെയ്തു. കേരളത്തിലെ നഗരങ്ങൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും അനുയോജ്യമായ പാർക്കിംഗ് നയ ചട്ടക്കൂട് വികസിപ്പിച്ചു.
- തിരുവനന്തപുരത്തെ കെഎസ്ആർടിസി സിറ്റി സർക്കുലർ സർവീസുകളുടെ റൂട്ട് നിശ്ചയിക്കുന്നത് സംബന്ധിച്ച പഠനം നാറ്റ്പാക് ഏറ്റെടുത്തു. കൂടാതെ വിവിധ സ്ഥലങ്ങളിൽ തിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ട്രാഫിക് നിയന്ത്രണ നടപടികൾ വിലയിരുത്തുകയും ചെയ്തു.
- വിവിധ സ്ഥലങ്ങളിലെ റോഡ് സുരക്ഷാ നടപടികൾ, ട്രാഫിക് പരിഷ്ക്കരണങ്ങൾ, ട്രാഫിക് സിഗ്നൽ സംവിധാനങ്ങൾ എന്നിവയെക്കുറിച്ച് ഈ ഇൻസ്റ്റിറ്റ്യൂട്ട് സൈറ്റ്-സ്പെസിഫിക് പഠനങ്ങൾ നടത്തിയിട്ടുണ്ട്.
- പുസ്തകങ്ങൾ, ലഘുലേഖകൾ, കലണ്ടറുകൾ, സ്റ്റിക്കറുകൾ, ഡിസ്പ്ലേ ബോർഡുകൾ എന്നിവയുൾപ്പെടെ റോഡ് സുരക്ഷാ പരിശീലന സാമഗ്രികളും നാറ്റ്പാക് തയ്യാറാക്കിയിട്ടുണ്ട്.
- കൊച്ചിയിലെ വാട്ടർ മെട്രോ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തലിനായി ഒരു ഫ്രെയിം വർക്ക് തയ്യാറാക്കി നൽകുന്നതിന് നാറ്റ്പാക് ഒരു പഠനം നടത്തുന്നു. കൂടാതെ, കുട്ടനാട് മേഖലയിലെ ഉൾനാടൻ ജലഗതാഗതത്തിന്റെ പ്രശ്നങ്ങളും സാധ്യതകളും പഠിച്ചുവരികയുമാണ്.

**കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്, കോഴിക്കോട് (കെഎസ്ഒഎം)** ഗണിതശാസ്ത്രത്തിലെ ഒരു നൂതന ഗവേഷണ സ്ഥാപനമായ കെഎസ്ഒഎം ഗണിതശാസ്ത്രത്തിലെ അടിസ്ഥാന വശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യം രാജ്യത്ത് ഗണിതശാസ്ത്ര ഗവേഷണം പ്രോത്സാഹിപ്പിക്കുക, പ്രത്യേകിച്ച് കേരളത്തിൽ ഗുണനിലവാരമുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും ഗണിതശാസ്ത്രത്തിലെ പഠന നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ്.

- ഈ സ്ഥാപനം വിവിധ ഗവേഷണ ശിൽപശാലകളിലൂടെ, 100 ഓളം ഗവേഷകർക്ക് പരിശീലനം നൽകി. കെഎസ്ഒഎം ഒമ്പത് അക്കാദമിക് സ്കീമുകളും പ്രോഗ്രാമുകളും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടേഷണലും നെറ്റ്വർക്കിംഗും ഉൾപ്പെടെ ശാസ്ത്രീയ ആവശ്യങ്ങൾക്കുള്ള നാല് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.
- കെഎസ്ഒഎം-ൽ നടത്തുന്ന ഇൻറഗ്രേറ്റഡ് എംഎസ്സി-പിഎച്ച്ഡിപ്രോഗ്രാം രാജ്യത്തെ ഈ വിഭാഗത്തിലെ ഏറ്റവും മികച്ചതാണ്. വിദ്യാർത്ഥികളുടെ രണ്ടാമത്തെയും മൂന്നാമത്തെയും ബാച്ചുകൾ യഥാക്രമം 2023 ജൂണിലും 2024 ജൂണിലും പാസായിട്ടുണ്ട്.

**മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ്, കോഴിക്കോട് (എം.ബി.ജി.ഐ.പി.എസ്)–** മലബാർ മേഖലയിലെ ജലസസ്യങ്ങളുടെയും, ചെറിയ ഇനം സസ്യജാലങ്ങളുടെയും ശേഖരണം, സംരംക്ഷണം, സുസ്ഥിര ഉപയോഗ പ്രോട്ടോക്കോളുകളുടെ നയപരമായ വികസനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സ്ഥാപനമാണിത്. വിവിധ തദ്ദേശീയ ജലസസ്യങ്ങൾക്കായുള്ള സംരക്ഷണ മാർഗ്ഗങ്ങളും തണ്ണീർത്തട ആവാസവ്യവസ്ഥയുടെയും തണ്ണീർത്തട ജൈവവൈവിധ്യത്തിന്റെയും കണക്കെടുപ്പും പതിവായി ഇത് നടത്തിവരുന്നു.

- Crinum malabaricum എന്ന വംശനാശഭീഷണി നേരിടുന്ന ജല സ്പീഷിസിനു വേണ്ടുന്ന സംരക്ഷണ മാർഗ്ഗങ്ങൾ വികസിപ്പിച്ചു.
- 12 ഇനം Crinum സസ്യങ്ങൾ ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് ശേഖരിക്കുകയും Crinum malabaricum ന്റെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ വിലയിരുത്തുന്നതിനായി പാരിസ്ഥിതിക സർവ്വേകൾ നടത്തുകയും ചെയ്തു.
- റോയൽ ബൊട്ടാണിക് ഗാർഡൻസ്, Kew (UK) JNTBGRI, MBGIPS, KFRI എന്നിവയുമായി ചേർന്ന ഒരു പങ്കാളിത്ത ഗവേഷണ സാധ്യത വികസിപ്പിച്ചിട്ടുണ്ട് (KSCSTE, ടൂറിസം വകുപ്പ്, വിദ്യാഭ്യാസ, ഉന്നത വിദ്യാഭ്യാസ വകുപ്പുകളും ഇതിൽ ഉൾപ്പെടുന്ന പങ്കാളികളാണ് ). പരിപാടിയുടെ ഭാഗമായി വടക്കൻ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 26 ഇനം തദ്ദേശീയ ഓർക്കിഡുകൾ ശേഖരിച്ച് കോഴിക്കോട് സരോവരം ബയോപാർക്കിൽ നട്ടു പിടിപ്പിച്ചു.
- പോളൻ ക്രയോപ്രിസർവേഷൻ എന്നത് സാമ്പത്തികവും ഔഷധപരവുമായ പ്രാധാന്യമുള്ള അല്ലെങ്കിൽ സംരക്ഷണത്തിന് മുൻഗണന നൽകുന്ന ജലസസ്യങ്ങളുടെ ജനിതക വൈവിധ്യം വർധിപ്പിക്കുന്ന ഒരു നിർണായക എക്സ്-സിറ്റു സംരക്ഷണ രീതിയാണ്.
- പ്രത്യുൽപാദന ജീവശാസ്ത്രം, ജലസസ്യങ്ങളുടെ സംരക്ഷണം എന്നിവയ്ക്കു കീഴിൽ, 30 ജലസസ്യ ടാക്സകൾ ശേഖരിക്കുകയും അവയുടെ ടാക്സോണമിക് ഐഡന്റിറ്റി പൂർത്തിയാക്കുകയും ചെയ്തു. 135 ഹെർബേറിയം മാതൃകകളും 11 സാമ്പിളുകളും ശേഖരണത്തിലേക്ക് ചേർത്തു.
- ബ്രയോഫൈറ്റുകൾ, ടെറിഡോഫൈറ്റുകൾ, ലൈക്കണുകൾ എന്നിവയുടെ സംരക്ഷണത്തിനും ബയോസിസ്റ്റമാറ്റിക്സിനും കീഴിൽ, പൂവിടുന്നതും പൂക്കാത്തതുമായ സസ്യങ്ങൾ ഉൾപ്പെടെ 141 സ്പീഷീസുകൾ ശേഖരിക്കുകയും, 34 ബ്രയോഫൈറ്റുകൾ എംബിജിഐപിഎസ് ന്റെ ഹെർബേറിയത്തിൽ ചേർക്കുകയും ചെയ്തു.
- കേരളത്തിലെ ജലസസ്യജാലങ്ങൾക്ക് കീഴിൽ, പരിസ്ഥിതി, പ്രത്യുത്പാദന ജീവശാസ്ത്രം, വ്യവസ്ഥാപിതശാസ്ത്രം, ഭൂവിനിയോഗ മാറ്റങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഫോട്ടോപ്ലേറ്റുകൾ സഹിതം എട്ട് ടാക്സകളുടെ ടാക്സോണമിക് വിവരണങ്ങൾ പൂർത്തിയാക്കി. അവയിൽ 85 സ്പീഷീസുകളിൽ നിന്നുള്ള 17,974 സസ്യങ്ങളുടെ പ്രചാരണം നടത്തുവാനും ഈ കാലയളവിൽ സസ്യങ്ങളുടെ വിൽപ്പനയിലൂടെ 2,10,532 രൂപ നേടുവാനും കഴിഞ്ഞു.
- Eleaocarpus tuberculatus, Wrightia tinctoriaതുടങ്ങിയ തിരഞ്ഞെടുത്ത തദ്ദേശീയ ഔഷധസസ്യങ്ങളുടെ വിത്ത് സംഭരണവും മുളപ്പിക്കലും സംബന്ധിച്ച പഠനങ്ങൾ നടത്തി.
- C. embigi (Rogadine genus Conobregma)എന്ന സ്പീഷീസ്MBGIPS-ന്റെ കാമ്പസിൽ നിന്ന് ശേഖരിച്ച് സസ്യങ്ങളുടെ വർഗ്ഗീകരണത്തിലും സംരക്ഷണത്തിലും മികച്ച സംഭാവന നൽകിയതിന് ആ സ്പീഷീസിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേര് നൽകി.

**ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ്, കോട്ടയം (എസ്ആർഐബിഎസ്)** – രസതന്ത്രം, ജീവശാസ്ത്രം, ഭൗതികശാസ്ത്രം, ഗണിതം, കമ്പ്യൂട്ടർ സയൻസ് എന്നിവയുൾപ്പെടെ വിവിധ വിഷയങ്ങളിൽ അടിസ്ഥാനപരമായ ഗവേഷണം എസ്ആർഐബിഎസ് പ്രോത്സാഹിപ്പിക്കുന്നു. ലോകത്തെ പ്രമുഖ സൈദ്ധാന്തിക ഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനും പിന്തുണയ്ക്കാനും ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്യുന്നു- അടിസ്ഥാന ശാസ്ത്രത്തിലെ അറിവ് നേടലിനായുള്ള ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുകയുംചെയ്യുന്നു.

2023-24 കാലയളവിൽ, 2023 നവംബർ 1 മുതൽ 3 വരെ കാലാവസ്ഥാ പഠന കേന്ദ്രവുമായി (ICCS) സഹകരിച്ച്, 'Bridging the Knowledge Gap'- കാലാവസ്ഥാ വ്യതിയാന സിദ്ധാന്തത്തെക്കുറിച്ചുള്ള ശിൽപശാല'എന്ന ഒരു ത്രിദിന ദേശീയ ശിൽപശാല എസ്ആർഐബിഎസ് സംഘടിപ്പിച്ചു.

- അന്താരാഷ്ട്ര ജേണലുകളിൽ രണ്ട് ഗവേഷണ ലേഖനങ്ങളും ഏഴ് ഗവേഷണ പ്രബന്ധങ്ങളും എട്ട് സാങ്കേതിക റിപ്പോർട്ടുകളും എസ്ആർഐബിഎസ് പ്രസിദ്ധീകരിച്ചു.
- ആഗസ്റ്റ് 29-ന് മധ്യകാല കേരളത്തിലെ "മാധവ സംഗമഗ്രാമവും അനന്തമായ പരമ്പരയെക്കുറിച്ചുള്ള പഠനങ്ങളും" എന്ന വിഷയത്തിൽ SRIBS ഒരു സെമിനാർ നടത്തി.

### II. കെ എസ് സി എസ് ടി ഇ യുടെ സ്കീമുകളും പ്രോഗ്രാമുകളും

ശാസ്ത്രത്തിന്റെ ജനകീയവൽക്കരണവും പ്രോത്സാഹനവും, ഗവേഷണവും വികസനവും, പരിസ്ഥിതിയും അന്തരീക്ഷവും, സാങ്കേതിക വികസനവും കൈമാറ്റവും, സ്ത്രീകൾക്കായുള്ള ശാസ്ത്ര പരിപാടികൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിവിധ പദ്ധതികളും പരിപാടികളും KSCSTE നടപ്പിലാക്കുന്നു. 2023-24 വർഷത്തിൽ KSCSTE നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും നേട്ടങ്ങളും ചുവടെ ചേർക്കുന്നു.

### 1. ശാസ്ത്ര സാങ്കേതിക വിദ്യയിൽ മാനവ വിഭവശേഷി വികസനം

i. ശാസ്ത്ര ഗവേഷണ പദ്ധതി (എസ്ആർഎസ്)

ശാസ്ത്ര ഗവേഷണ പദ്ധതിക്ക് കീഴിൽ, ശാസ്ത്ര-സാങ്കേതിക രംഗത്തെ വളർന്നുവരുന്ന മേഖലകളിലെ ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു. 2023-24 വർഷത്തിൽ, കോൺഫറൻസുകളിൽ/സെമിനാറുകളിൽ 60

പേപ്പറുകളും, റഫറീഡ് ജേണലുകളിൽ 32 പേപ്പറുകളും, മൂന്ന് പുസ്തകങ്ങളും/പുസ്തക അധ്യായങ്ങളും പ്രസിദ്ധീകരിച്ചു, കൂടാതെ രണ്ട് പിഎച്ച്ഡികളും പ്രോഗ്രാമിന് കീഴിൽ നൽകി. കെ.എസ്.സി.എസ്.റ്റി.ഇ.യുടെ സയൻസ് റിസർച്ച് സ്കീമിന് കീഴിൽ ആറ് പുതിയ സ്പീഷീസുകൾ കണ്ടെത്തുകയും അഞ്ച് ഔട്ട്റീച്ച് പ്രോഗ്രാമുകളും നടത്തുകയും ചെയ്തു.

ii) ചെറുപ്രായത്തിൽ തന്നെ വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ തിരിച്ചറിയുന്നതിനും അവരെ പരിപോഷിപ്പിക്കുന്നതിനുമുള്ള ഒരു വേദി സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു പരിപാടിയാണ് ക്രിസ്റ്റൽ (ക്രാഫ്റ്റിംഗ് യംഗ് സയന്റിസ്റ്റ് ഓഫ് ടുമാറോ). ഐഐടി പാലക്കാട് 2023 മെയ് മാസത്തിൽ 28 സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു റസിഡൻഷ്യൽ സയൻസ് ക്യാമ്പ് സംഘടിപ്പിച്ചു. ക്രിസ്റ്റൽ പ്രോഗ്രാമിന് കീഴിൽ ദേശീയ ചിൽഡ്രൻസ് സയൻസ് കോൺഗ്രസ് 2023ൽ വിജയികളായ 28 സ്കൂൾ വിദ്യാർത്ഥികൾക്കായി 2024 മെയ് മാസത്തിൽ തിരുവനന്തപുരത്തെ IIST യിൽ 10 ദിവസത്തേക്ക് വിദ്യാർത്ഥി പരിശീലന പരിപാടി നടത്തി.

*iii) സയൻസ് എജ്യുക്കേഷൻ സെന്റർ* - 24 പരിശീലന പരിപാടികൾ സയൻസ് എജ്യുക്കേഷൻ സെന്റർ പദ്ധതിയുടെ കീഴിൽ സംഘടിപ്പിച്ചു, ഇത് ശാസ്ത്ര വിദ്യാഭ്യാസത്തിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുകയും പുതിയ പെഡഗോഗിക്കൽ, ലേണിംഗ് സമീപനങ്ങൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തുകൊണ്ട് കേരളത്തിലെ ശാസ്ത്ര വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ്.

*iv) റിസർച്ച് ഫെലോഷിപ്പ് പ്രോഗ്രാം*

വളരെയധികം അർപ്പണബോധമുള്ള ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളെ സയൻസിൽ കരിയർ പിന്തുടരുന്നതിന് പ്രചോദിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് പ്രോഗ്രാമിന്റെ ലക്ഷ്യം. 2023-24 ൽ, ഈ പ്രോഗ്രാമിന്റെ ഭാഗമായി, 69 പിഎച്ച്ഡികൾ നൽകപ്പെട്ടു, 39 പ്രബന്ധങ്ങൾ കോൺഫറൻസുകളിൽ/ സെമിനാറുകളിൽ അവതരിപ്പിച്ചു, കൂടാതെ നിരവധി ജേണലുകളും പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു.

v) പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ്

സയൻസ് ആൻഡ് ടെക്നോളജിയിൽ തുടരാൻ ഡോക്ടറേറ്റുള്ളവരെ ആകർഷിക്കുക, ഗവേഷണം തുടരാനും ശാസ്ത്രജ്ഞരായി കരിയർ വികസിപ്പിക്കാനും അവരെ പ്രേരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, കെഎസ്സിഎസ്ടിഇ എല്ലാ വർഷവും പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകുന്നു. ഈ പ്രോഗ്രാമിന് കീഴിൽ, രണ്ട് പ്രബന്ധങ്ങൾ റഫറീഡ് ജേണലുകളിലും ഒരെണ്ണം ഒരു അന്താരാഷ്ട്ര കോൺഫറൻസിലും പ്രസിദ്ധീകരിച്ചു.

**2. ആവാസ വ്യവസ്ഥ, പരിസ്ഥിതി പരിപാടികൾ**

ഈ കാലയളവിൽ കെഎസ്സിഎസ്ടിഇ മൂന്ന് പഠനങ്ങൾ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട് - കേരള തീരത്തെ Neritic Jellyfishes, വെക്ടർ ഇക്കോളജി ആൻഡ് ഡിസീസ് ട്രാൻസ്മിഷൻ ഡൈനാമിക്സ്, മധുരൈ ഗ്രാനുലൈറ്റ് ബ്ലോക്കിന്റെ രൂപാന്തര വിലയിരുത്തൽ എന്നിവ.

ഹരിതകേരളം സംരംഭത്തിന്റെ ഭാഗമായി, കെഎസ്സിഎസ്ടിഇയും അതിന്റെ ഗവേഷണ-വികസന കേന്ദ്രങ്ങളായ ജെഎൻടിബിജിആർഐ, കെഎഫ്ആർഐ, എംബിജിഐപിഎസ് എന്നിവ,ഐയുസിഎൻ റെഡ് ലിസ്റ്റ് 2020 ൽ നിന്ന് സ്പീഷീസുകളെ തിരഞ്ഞെടുത്ത്, വനങ്ങൾ, ഊഷര ഭൂമികൾ, സെക്രെട് ഗ്രൂവ്സ്, പൊതു പാർക്കുകൾ, സ്കൂൾ പൂന്തോട്ടങ്ങൾ എന്നിവയിൽ നട്ടുപിടിപ്പിക്കുന്നതിന് അവയെ പ്രചരിപ്പിക്കുന്നു. ഈ കാലയളവിൽ മൊത്തം 92,149 സസ്യ തൈകൾ വളർത്തുകയും, 28,756 തൈകൾ അനുയോജ്യമായ വിവിധ ആവാസവ്യവസ്ഥകളിൽ നട്ടുപിടിപ്പിക്കുകയും ചെയ്തു.

കേരള സർക്കാരിന്റെ പട്ടികവർഗ വികസന വകുപ്പിന്റെ (STDD) സഹകരണത്തോടെ SC, ST സെൽ സംഘടിപ്പിച്ച ASPIRE2023 (അസ്പയറിംഗ്സ്റ്റുഡെന്റ്സ് ഇൻപ്രോഗ്രെസ്സിവ് ആന്റ് ഇന്നോവേറ്റിവ് റിസർച്ച് ആന്റ് എഡ്യുകേഷൻ)എന്ന പരിപാടിയിൽ മോഡൽ റസിഡൻഷ്യൽ ഹയർ സെക്കൻഡറി (MRHS) സ്കൂളുകളിലെ 45 ആദിവാസി വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചു. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഇക്കോ ക്ലബ്ബുകൾ സ്ഥാപിച്ച് സ്കൂൾ കുട്ടികളിൽ പരിസ്ഥിതിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയാണ് പരിസ്ഥിതി വിദ്യാഭ്യാസ പരിപാടിയും ഇക്കോ ക്ലബ്ബുകളും ലക്ഷ്യമിടുന്നത്.

**3. ശാസ്ത്ര പ്രചാരണം**

i) കേരള ശാസ്ത്രപുരസ്കാരം ii) കേരള സംസ്ഥാന യുവ ശാസ്ത്രജ്ഞ അവാർഡുകൾ (കെഎസ് വൈഎസ് എ) iii) കേരള സയൻസ് കോൺഗ്രസ് iv) ശാസ്ത്ര സാഹിത്യ അവാർഡുകൾ v) ദേശീയ ബാലശാസ്ത്ര കോൺഗ്രസ് vi) ശാസ്ത്ര മാധ്യമ പിന്തുണ, ഡോക്യുമെന്റേഷൻ, പ്രസിദ്ധീകരണം, vi) ടെക് ഫെസ്റ്റ് (ടി ഇ സി എച്ച് എഫ് ഇ എസ് ടി) എന്നിവ കെ എസ് സി എസ് ടി ഇ യുടെ ശാസ്ത്രപ്രചാരണപരിപാടികളിൽ ഉൾപ്പെടുന്നു.

ലോകത്തെവിടെയും പ്രവർത്തിക്കുന്ന കേരളീയ വംശജരായ മികച്ച ശാസ്ത്രജ്ഞരെ ആദരിച്ചുകൊണ്ട് ശാസ്ത്ര സാങ്കേതിക മേഖലകളിൽ ഗുണനിലവാരമുള്ള ഗവേഷണം, പരിശീലനം, നേതൃത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സംഘടിപ്പിക്കുന്നതാണ്. കേരള ശാസ്ത്രപുരസ്കാരം. ശാസ്ത്ര-സാങ്കേതിക രംഗത്തെ മികച്ച സംഭാവനകൾ കണക്കിലെടുത്താണ് പ്രതിഭാധനരായ യുവ ശാസ്ത്രജ്ഞർക്ക് കേരള യംഗ് സയന്റിസ്റ്റ് അവാർഡുകൾ നൽകുന്നത്. 2023-ൽ

രണ്ട് ഉദ്യോഗാർത്ഥികൾക്ക് കെ.എസ്.വൈ.എസ്.എ അവാർഡ് ലഭിച്ചു.

ശാസ്ത്ര-സാങ്കേതിക രംഗത്തെ ഗവേഷണവും വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിനും അക്കാദമിക്, ഗവേഷണ-വികസന മേഖലകൾക്കും സംവേദനാത്മക പ്ലാറ്റ്ഫോം നൽകുന്നതിനുമായി കെ.എസ്.സി.എസ്.ടി.ഇ നടത്തുന്ന വാർഷിക പരിപാടിയാണ് കേരള സയൻസ് കോൺഗ്രസ്. 36-ാമത് കേരള സയൻസ് കോൺഗ്രസ് കാസർഗോഡ് ഗവൺമെന്റ് കോളേജിൽ 2024. ഫെബ്രുവരി 08 മുതൽ 11 വരെ സംഘടിപ്പിച്ചു. "വൺ ഹെൽത്ത് അപ്രോച്ചിലൂടെ കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ പരിവർത്തനം ചെയ്യുക" എന്നതായിരുന്നു സയൻസ് കോൺഗ്രസിന്റെ ഫോക്കൽ തീം, അതിൽ SciSol, വാക്ക് വിത്ത് സയന്റിസ്റ്റ്സ് എന്നീ രണ്ട് പുതിയ സംരംഭങ്ങൾ അവതരിപ്പിച്ചു, സയൻസ് കോൺഗ്രസ് നടക്കുന്ന ജില്ലയിലെ പ്രാദേശിക സാമൂഹിക പ്രശ്നങ്ങൾക്ക് ശാസ്ത്ര-സാങ്കേതിക-അധിഷ്ഠിത പരിഹാരങ്ങൾ കണ്ടെത്താനും നിർദ്ദേശിക്കാനും യുവ ശാസ്ത്ര പ്രേമികളെ പ്രാപ്തരാക്കുകയാണ് SciSol ലക്ഷ്യമിടുന്നത്. സ്കൂൾ കുട്ടികൾ ശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ശാസ്ത്രജ്ഞരുമായി ചർച്ച ചെയ്യുന്നതിനായുള്ള സവിശേഷമായ ഒരു സംരംഭമാണ് വാക്ക് വിത്ത് സയന്റിസ്റ്റ്സ് പ്രോഗ്രാം. ഈ പരിപാടിയിൽ 419 പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും 800 ശാസ്ത്ര ഉദ്യോഗാർത്ഥികൾ ഈ കോൺഗ്രസിന്റെ പ്രയോജനം നേടുകയും ചെയ്തു.

കേരളത്തിൽ നാഷണൽ ചിൽഡ്രൻസ് സയൻസ് കോൺഗ്രസ് (എൻസിഎസ്സി) നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായി കെഎസ്സിഎസ്ടിഇ പ്രവർത്തിക്കുകയും 10-17 വയസ് വരെയുള്ള കുട്ടികൾക്കായി 14 ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ബാലശാസ്ത്ര കോൺഗ്രസുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

KSCSTE റൂറൽ ഇന്നൊവേറ്റേഴ്സ് മീറ്റ് (RIM)-2023, KSCSTE-കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI), തൃശ്ശൂർ, 2023 ഡിസംബർ 19 മുതൽ 20 വരെ തൃശ്ശൂരിലെ KFRI യിൽ സംയുക്തമായി സംഘടിപ്പിച്ചു.

**4.ശാസ്ത്ര സാങ്കേതിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം**

സർവ്വകലാശാലകളിലും കോളേജുകളിലും സ്കൂളുകളിലും ശാസ്ത്രീയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഗവേഷണം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി, സ്ഥാപനങ്ങളിൽ ലാബുകളും അനുബന്ധ സൗകര്യങ്ങളും സൃഷ്ടിക്കുന്നതിന് കൗൺസിൽ സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇതിനായി കൗൺസിൽ നടപ്പിലാക്കിയ രണ്ട് പദ്ധതികളാണ് സെലക്റ്റീവ് ഓഗ്മെന്റേഷൻ ഓഫ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് (എസ് എ ആർ ഡി), ശാസ്ത്രപോഷിണി എന്നിവ. 2023-24 വർഷത്തിൽ, കോൺഫറൻസുകൾ/സെമിനാറുകൾ എന്നിവയിൽ മൂന്ന് പേപ്പറുകളും റഫറീഡ് ചെയ്ത ജേണലുകളിൽ 22 പേപ്പറുകളും ഒരു പുസ്തകവും SARD സ്കീമിന് കീഴിൽ പ്രസിദ്ധീകരിച്ചു. ഹൈസ്കൂളുകളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നിവയിൽ മാതൃകാ സയൻസ് ലബോറട്ടറികൾ സ്ഥാപിക്കാൻ ശാസ്ത്രപോഷിണി പദ്ധതി ലക്ഷ്യമിടുന്നു.

**5. സാങ്കേതിക വികസനവും കൈമാറ്റവും**

*i) ബൗദ്ധിക സ്വത്തവകാശ വിവര കേന്ദ്രം - കേരളം (ഐപിആർഐസി-കെ)*

ബൗദ്ധിക സ്വത്തവകാശവുമായി (ഐപിആർ) ബന്ധപ്പെട്ട എല്ലാ സേവനങ്ങൾക്കും കാര്യങ്ങൾക്കുമുള്ള കേരളത്തിന്റെ നോഡൽ ഏജൻസിയാണ് ഐപിആർഐസി-കെ. 2023-24 കാലയളവിലും 31.08.2024 വരെ 36ഐപിആർബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ഏകദേശം 4,000 പേർക്ക് ബോധവൽക്കരണം നൽകുകയും ചെയ്തു. ഈ കാലയളവിൽ രണ്ട് പേറ്റന്റ് ക്ലിനിക്കുകളും നടത്തി. 16 പേറ്റന്റുകൾ, രണ്ട് വ്യാപാരമുദ്രകൾ, രണ്ട് ഇൻഡസ്ട്രിയൽ ഡിസൈനുകൾ, രണ്ട് പകർപ്പവകാശങ്ങൾ എന്നിവ ഈ കാലയളവിൽ അനുവദിച്ചു. IPRIC-K/PIC 3 LLB വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് നൽകുകയും ചെയ്തു.

*ii) എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി പ്രോഗ്രാം (ഇടിപി)*

സംസ്ഥാനത്ത് വളർന്നുവരുന്ന എഞ്ചിനീയറിംഗ്, സാങ്കേതികവിദ്യാ മേഖലകളിൽ ഉയർന്ന നിലവാരമുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്കും ഗവേഷണ സ്ഥാപനങ്ങൾ/ഗവേഷണ ലബോറട്ടറികളിൽ നിന്നുള്ള ശാസ്ത്രജ്ഞർക്കുമുള്ള കെ.എസ്.സി.എസ്.റ്റി. ഇയുടെ ഒരു ഗവേഷണ സഹായ പരിപാടിയാണ് ഇടിപി. ഈ പരിപാടിക്ക് കീഴിൽ, Magneto-Plethysmograph കളെ അടിസ്ഥാനമാക്കിയുള്ള ബയോ-പാരാമീറ്ററുകളുടെ വിദൂര നിരീക്ഷണത്തിനുള്ള ഇൻസ്ട്രുമെന്റേഷനും സിഗ്നൽ പ്രോസസ്സിംഗിനും IEEE PIECON 2023-ലെ മികച്ച പേപ്പർ അവാർഡ് ലഭിച്ചു.

*iii) റൂറൽ ടെക്നോളജി പ്രോഗ്രാം (ആർടിപി)*

അടിസ്ഥാന തലത്തിലുള്ള വ്യക്തികളുടെ നൂതന കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കുക, അവരുടെ നൂതന ആശയങ്ങൾ മികച്ചതാക്കുക, അവരെ ഒരു സംരംഭക തലത്തിലേക്ക് ഉയർത്തുന്നതിനുള്ള സാങ്കേതിക പിന്തുണ നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

**6.ശാസ്ത്രസാങ്കേതിക വിദ്യയിൽ വനിതകൾക്കായുള്ള പരിപാടികൾ**

*i. ബാക്ക്-ടു-ലാബ് റിസർച്ച് ഫെല്ലോഷിപ്പ് പരിപാടി* കുടുംബ പ്രതിബദ്ധതകൾ കാരണം ഗവേഷണ ജീവിതത്തിൽ ഇടവേളകൾ എടുക്കേണ്ടി വന്ന കേരളത്തിലെ സ്ത്രീകൾക്ക്

മുഖ്യധാരയിലേക്ക് മടങ്ങിവരുന്നതിന് പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ് നൽകാനാണ് ഇത് ലക്ഷ്യമിടുന്നത്. ജേണലുകളിലും കോൺഫറൻസുകളിലും ബാക്ക്-ടു-ലാബ് പ്രോഗ്രാമിന് കീഴിൽ 23 ഗവേഷണ പ്രബന്ധങ്ങൾ വനിതാ ഗവേഷകർ പ്രസിദ്ധീകരിച്ചിട്ടുണ്ട്, അതിൽ 21 പ്രസിദ്ധീകരണങ്ങൾ അന്താരാഷ്ട്ര തലത്തിലുള്ളവയാണ്.

*ii. സ്റ്റാർസ് (സ്റ്റുഡന്റ്സ് വിത്ത് ടാലന്റ് ആന്റ് ആപ്റ്റിറ്റ്യൂഡ് ഫോർ റിസർച്ച് ഇൻ സയൻസ്)* പരിപാടി കഴിവുള്ള വിദ്യാർത്ഥികളെ ബേസിക് അല്ലെങ്കിൽ അപ്ലൈഡ് സയൻസസിൽ ഉന്നത വിദ്യാഭ്യാസം നേടുന്നതിന് പ്രോത്സാഹിപ്പിക്കുന്നതാണ്. പ്രതിഭ സ്കോളർഷിപ്പ്, എസ്.പി.ഇ.ഇഡി (പരീക്ഷണാത്മക രൂപകൽപ്പനയിലെ മികവിനുള്ള സ്റ്റുഡന്റ് പ്രോഗ്രാം) എന്നിവയാണ് പദ്ധതിക്ക് കീഴിൽ നടപ്പിലാക്കിയ രണ്ട് പ്രോഗ്രാമുകൾ, ഇത് പ്രതിഭാധനരായ സ്കോളേഴ്സിന് വേണ്ടിയുള്ള ലബോറട്ടറി ഓറിയന്റേഷൻ പ്രോഗ്രാമാണ്. പ്രതിഭ സ്കോളർഷിപ്പ് പദ്ധതി പ്രകാരം 130 ബിരുദ വിദ്യാർത്ഥികൾക്കും 68 ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കുമായി 198 സ്കോളർഷിപ്പുകൾ ഈ വർഷം നൽകി.

**III.ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്കുള്ള സഹായധനം**

**i. സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ (എസ്ടിഐസി)** - പരിശോധന, കാലിബ്രേഷൻ, മെറ്റീരിയൽ ക്യാരക്ടറൈസേഷൻ, നൈപുണ്യ വികസനം, കൺസൾട്ടൻസി, പരിശീലനം തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾക്കായി കെഎസ്‌സിഎസ്ടിഇയുടെ ഒരു ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമാണ് സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ (എസ്ടിഐസി). കേരളസർക്കാരിന് കീഴിൽ ഇത്തരത്തിലുള്ള ആദ്യത്തേതാണ് സവിശേഷമായ ഈ സൗകര്യം. കാലിബ്രേഷൻ ആൻഡ് ടെസ്റ്റിംഗ് സർവീസസ് (സിടിഎസ്) ഡിവിഷനിൽ ഇലക്ട്രിക്കൽ, തെർമൽ, മെക്കാനിക്കൽ മേഖലകളിൽ കാലിബ്രേഷൻ നടത്താനുള്ള സൗകര്യമുണ്ട്, കൂടാതെ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ കീഴിലുള്ള നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറികളുടെ (NABL) അംഗീകാരവുമുണ്ട്. 2023-24 കാലയളവിൽ, ഈ ഡിവിഷൻ വ്യവസായമേഖലകളിൽ നിന്നുള്ള ഏകദേശം 387 ഉപഭോക്താക്കളിൽ നിന്ന് ലഭിച്ച 4,013 ഉപകരണങ്ങളുടെ കാലിബ്രേഷൻ നടത്തുകയും 1, 68, 27,273/ രൂപ നേടുകയും ചെയ്തു. VSSC, LPSC, IPRC, KSEB, കൊച്ചിൻ ഷിപ്പ്‌യാർഡ്, FACT, KMML, ഗവ. അനലിറ്റിക്കൽ ലബോറട്ടറി, ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറി, റബ്ബർ ബോർഡ്, നാളികേര വികസന ബോർഡ്, CIFT, NPOL, KEL, MPEDA , കൂടാതെ സ്വകാര്യ മേഖലയിലെ വ്യവസായങ്ങളായ SFO, OEN ഇന്ത്യ, APTIVA, നിയോജെൻലാബുകൾ എന്നിവരാണ് ഇതിന്റെ പ്രധാന ഉപഭോക്താക്കൾ.

**ii.ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐആർടിസി)** ഗ്രാമീണ സമൂഹങ്ങളുടെ പ്രയോജനങ്ങൾക്കായി ട്രാൻസ്‌ലേഷണൽ ഗവേഷണത്തിന്റെ ഇന്റർ ഡിസിപ്ലിനറി പഠനങ്ങൾ സംഘടിപ്പിക്കുന്ന ഒരു ഗവേഷണ വികസന സ്ഥാപനമാണിത്. ഊർജ്ജ സംരക്ഷണവും പരിപാലനവും, ഹരിത ഊർജ്ജ പ്രചരണം, പ്രകൃതിവിഭവ സംരക്ഷണ പരിപാടികൾ, പ്രാദേശിക തലത്തിലുള്ള ഇടപെടലുകൾ, സാങ്കേതിക കൈമാറ്റ പദ്ധതി തുടങ്ങിയ സാമൂഹിക പ്രസക്തിയുള്ള പ്രശ്നങ്ങൾ ഇത് ഏറ്റെടുത്ത് നടത്തുന്നു. ഐആർടിസിയിൽ സ്ഥാപിച്ചിട്ടുള്ള 2.5 കിലോവാട്ടിന്റെ വെർട്ടിക്കൽ-ആക്സിസ് വിൻഡ് ടർബൈൻ, പാരമ്പര്യേതര ഊർജ്ജം ഉപയോഗപ്പെടുത്തുന്നതിനുള്ള ആധുനിക സാങ്കേതികവിദ്യയാണ്. ലാൻഡ് മാനേജ്മെന്റിന് സ്ട്രക്ചറൽ എഞ്ചിനീയറിംഗിൽ ഐആർടിസി അക്കാദമിക് പിന്തുണ നൽകിയിട്ടുണ്ട്. ഐആർടിസി ഡ്രോൺ അധിഷ്ഠിത പഠനങ്ങളും ജിയോസ്പേഷ്യൽ വിദ്യാഭ്യാസ പരിശീലന കേന്ദ്രവും വികസിപ്പിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ശാസ്ത്ര സമീക്ഷ 2024-ൽ "ജോയ് ഓഫ് ലേണിംഗ്" എന്ന പരിപാടി 7 സ്കൂളുകളിൽ നിന്നായി 252 വിദ്യാർത്ഥികളെയും 12 അധ്യാപകരെയും വിജയകരമായി പങ്കെടുപ്പിച്ചു. BIRD (ബയോടെക്നോളജി ഇന്നൊവേഷൻ ഫോർ റൂറൽ ഡെവലപ്മെന്റ്) പദ്ധതിയുടെ കീഴിലുള്ള പരിശീലന പരിപാടികൾ, കേരളത്തിലെ പാലക്കാട് പുല്ലുണ്ടശ്ശേരിയിലെ ജനങ്ങൾക്കായി, കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, ഇനോക്കുലം മിക്സിംഗ് എന്നിവയിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനായി ബോധവത്കരണ പരിപാടികളും പരിശീലനവും നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ വനിതകൾക്കായുള്ള നൈപുണ്യ വികസന പരിപാടിയിൽ, 18 സ്ത്രീകളുടെ ഒരു ഗ്രൂപ്പിന് ഇലക്ട്രിക്കൽ, പ്ലംബിംഗ്, ഡ്രിപ്പ് ഇറിഗേഷൻ പാക്കേജ്, അസംബ്ലിംഗ് എന്നിവയിൽ നൈപുണ്യവികസനം നൽകി.

**iii.എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (എം.എസ്.എസ്.ആർ.എഫ്)** പരിസ്ഥിതിയുടെയും സാമ്പത്തിക ശാസ്ത്രത്തിന്റെയും തത്ത്വങ്ങളെ സമന്വയിപ്പിക്കുന്ന കൃഷിരീതികൾ ജനകീയമാക്കുന്നതിനുള്ള ഒരു കേന്ദ്രമാണിത്. അതിന്റെ പ്രധാന നേട്ടങ്ങൾ ഇവയാണ്:

- MSSRF കിഴങ്ങുവർഗ്ഗങ്ങളുടെ ഒരു കമ്മ്യൂണിറ്റി സംരക്ഷണ പ്ലോട്ട് വർദ്ധിപ്പിക്കുകയും അതിൽ 1,360 കിലോഗ്രാം വിളവുള്ള 18 ഡയോസ്കോറിയ ഇനങ്ങൾ സംരക്ഷിക്കുകയും അതിലൂടെ 35,000/-രൂപ വരുമാനം നേടുകയും ചെയ്തു.
- 2000-ലധികം പേർ പങ്കെടുത്ത വയനാട് കമ്മ്യൂണിറ്റി സീഡ് ഫെസ്റ്റ് 2024-ൽ മൂന്ന് ആദിവാസി സസ്യസംരക്ഷകർക്ക് അവാർഡ് നൽകി.
- പോഷകസമൃദ്ധമായ കാർഷിക ജൈവവൈവിധ്യത്തെക്കുറിച്ചുള്ള അവബോധത്തിനായി വയനാട്ടിലുടനീളം നാല് സ്കൂൾ ന്യൂട്രീഷൻ ഗാർഡനുകൾ സ്ഥാപിച്ചു.

- പശ്ചിമഘട്ടത്തിൽ നിന്ന് Lagenandra kunkichirayensis, Neanotis prabhuii , Impatiens salimii എന്നീ മൂന്ന് പുതിയ സസ്യസ്പീഷീസുകൾ കണ്ടെത്തി

- പഞ്ചായത്തിന്റേയും ഹരിതകേരളത്തിന്റേയും സഹകരണത്തോടെയുള്ള 'പച്ചത്തുരുത്ത്' പരിപാടിയുടെ ഭാഗമായി, വെങ്ങപ്പള്ളിയിലെ ചോലപ്പുറം പച്ചത്തുരുത്തിൽ സോണൽ വർഗ്ഗീകരണം ഈ സ്ഥാപനം നിർദ്ദേശിക്കുകയും RET (വംശനാശഭീഷണി നേരിടുന്ന അപൂർവയിനം) ഉൾപ്പെടെ 30 നാടൻ മരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. 2023 ഓഗസ്റ്റിൽ രണ്ടേക്കർ സ്ഥലത്ത്, 10 ക്ലൈംബറുകൾ, ആറ് ഔഷധ സസ്യങ്ങൾ എന്നിവ ഉൾപ്പടെ ആകെ 149 തൈകൾ നടീലിനായി തയ്യാറാക്കി.

- അന്താരാഷ്ട്ര മില്ലറ്റ് വർഷം (IYM 2023) ആചരിക്കുന്നതിനായി നെന്മേനി ഗ്രാമപഞ്ചായത്തിലെയും പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെയും 60 ഏക്കർ മില്ലറ്റ് ഫാമിൽ CAbC (കമ്മ്യൂണിറ്റി അഗ്രോ ബയോഡൈവേഴ്സിറ്റി സെന്റർ) നേതൃത്വം നൽകി.

**iv. ബയോടെക്നോളജി വികസനം**

കേരളത്തിലെ ബയോടെക്നോളജി മേഖല പ്രാധാന്യം നേടുകയും വളർച്ച കൈവരിക്കുകയും ചെയ്തു വരുന്നു. ആരോഗ്യ സംരക്ഷണം, കൃഷി, സമുദ്ര ബയോടെക്നോളജി എന്നിവയിൽ അക്കാദമിക് സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളും സജീവമായി വ്യാപൃതരാണ്. ബയോടെക്നോളജി ഡെവലപ്മെന്റ് പ്രോഗ്രാം, യംഗ് ഇൻവെസ്റ്റിഗേറ്റേഴ്സ് പ്രോഗ്രാം ഇൻ ബയോടെക്നോളജി (വൈഐപിബി), ഇൻഡസ്ട്രി ലിങ്ക്ഡ് ബയോടെക്നോളജി റിസർച്ച് സ്കീം (ഐബിആർഎസ്), ബയോടെക്നോളജി ഇന്നൊവേഷൻ ഫോർ റൂറൽ ഡെവലപ്മെന്റ് (ബിഐആർഡി), ബയോടെക്നോളജി ട്രെയിനിംഗ് ആൻഡ് വർക്ക്ഷോപ്പ് പ്രോഗ്രാം (ബിടിഡബ്ല്യു), കേരള ബയോടെക്നോളജി റീ-എൻട്രി ഫെല്ലോഷിപ്പ് (കെ-ബിഐആർഇഫെല്ലോഷിപ്പ്), ചീഫ് മിനിസ്റ്റർ കരിയർ അഡ്വാൻസ്മെന്റ് പ്രോഗ്രാം ഇൻ ബയോടെക്നോളജി (സിഎബി)എന്നിവ ബയോടെക്നോളജി വികസന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

- കേരള ബയോടെക്നോളജി കമ്മീഷനും (കെബിസി) വെള്ളായണി അഗ്രികൾച്ചറൽ കോളേജ്, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി (കെഎയു) യുമായി സഹകരിച്ച് 2023 ഓഗസ്റ്റ് 7 മുതൽ 11 വരെ തിരുവനന്തപുരത്തുള്ള വെള്ളായണി അഗ്രികൾച്ചർ കോളേജിൽ വെച്ച് ഒരു അന്താരാഷ്ട്ര ബയോടെക്നോളജി കോൺക്ലേവ് "ദി ബയോടെക് ക്യാപ്സ്റ്റോൺ - സയൻസ്- ഇന്റർഫേസ്" - Biozion സംഘടിപ്പിച്ചു.

- Metarhizium pingshaense നെ അടിസ്ഥാനമാക്കിയുള്ള കുമിൾ ജൈവകീടനാശിനിയുടെ ലിക്വിഡ് ഫോർമുലേഷൻ കെബിസി, YIPB പ്രോജക്റ്റ്, 'ഒരു Metarhizium സ്പീഷിന്റെ വികസനം' എന്ന പേരിൽ വികസിപ്പിച്ചെടുത്തു. ഏലം, ഇഞ്ചി, മഞ്ഞൾ എന്നിവയെ ബാധിക്കുന്ന shoot borer, Congethes punctiferalisഎന്നിവയെ നിയന്ത്രിക്കുന്നതിനുള്ള അടിസ്ഥാന ജൈവ-കീടനാശിനി നിർമ്മിച്ചു.

- സംസ്ഥാനത്തിന്റെ ബയോടെക്നോളജി നയം പുതുക്കുന്നതിനും പരിഷ്ക്കരിക്കുന്നതിനുമുള്ള നടപടികൾ കെബിസി ആരംഭിക്കുകയും, കൂടാതെ കേരള ബയോടെക്നോളജി നയഭേദഗതി കമ്മിറ്റിയുടെ ആദ്യ യോഗം 2023 ജൂൺ 23-ന് കൂടുകയും ചെയ്തു.

**v. കെഎസ് സിഎസ് ടിഇ യുടെ പ്രത്യേക പരിപാടികൾ**

സെന്റർ ഫോർ അനലിറ്റിക്കൽ ഇൻസ്ട്രുമെന്റേഷൻ-കേരള (സിഎഐ-കെ) എലമെന്റൽ അനാലിസിസ്, ക്രോമാറ്റോഗ്രഫി, സ്പെക്ട്രോസ്കോപ്പി, വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗ് എന്നിവയുൾപ്പെടെ സമഗ്രമായ അനലിറ്റിക്കൽ സേവനങ്ങൾ നൽകി. പുതിയ ഗ്യാസ് ക്രോമാറ്റോഗ്രാഫും കൺഫോക്കൽ രാമൻ മൈക്രോസ്കോപ്പും ഉപയോഗിച്ച് ഈ സ്ഥാപനം കഴിവുകൾ വിപുലീകരിച്ചു. മണ്ണ്, വെള്ളം, സസ്യങ്ങളുടെ സത്ത്, മറ്റ് പ്രകൃതി ഉൽപ്പന്നങ്ങൾ എന്നിവയ്ക്കായി വിപുലമായ അനലിറ്റിക്കൽ ടെസ്റ്റിംഗ് സേവനങ്ങളുടെ വിപുലമായ ശ്രേണി സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റിംഗ് നൽകിയിട്ടുണ്ട്. ഇതിലൂടെ 3,157 സാമ്പിളുകൾ വിശകലനം ചെയ്യുകയും 13.24 ലക്ഷം രൂപ വരുമാനം ഉണ്ടാക്കുകയും ചെയ്തു. 12 ഉദ്യോഗാർത്ഥികൾക്കായി കേന്ദ്രം മൂന്ന് ഇൻറേൺഷിപ്പ് പരിശീലന പരിപാടികൾ നടത്തി. ഡോ.എ.പി.ജെ. അബ്ദുൾ കലാം യൂത്ത് ചലഞ്ച് പ്രോഗ്രാം (എപിജെ വൈസിപി) 'Anacusis Curing Technology (ACUTE)'എന്ന പദ്ധതി ഉൽപ്പന്ന വികസന ഘട്ടത്തിലെത്തി. STIC-ൽ ഫുഡ് ടെക്നോളജി ഡെവലപ്മെന്റ് &ടെസ്റ്റിംഗ് ഫെസിലിറ്റി എന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ജല ഗുണനിലവാര വിശകലന ലാബ് സജ്ജീകരിച്ച് പ്രവർത്തനം ആരംഭിച്ചു. 2023-24 കാലയളവിൽ ലാബ് മൊത്തം 457 ഉപഭോക്താക്കൾക്ക് 468 സാമ്പിളുകൾ വിശകലനം ചെയ്യുകയും 3,84,670/-രൂപ വരുമാനം നേടുകയും ചെയ്തു.

പ്രത്യേക മേഖലകളിൽ ലോകോത്തര ഗവേഷണം നടത്തുന്നതിനായി സംസ്ഥാനത്ത് നിന്നുള്ള ഏതാനും സെന്റർ ഓഫ് എക്സലൻസ് (സിഇഒ) കളെ പരിപോഷിപ്പിക്കുന്നതിനായി കെ എസ് സി ടി ഇ വിഭാവനം ചെയ്ത ഒരു സവിശേഷ പദ്ധതിയായ സ്റ്റേറ്റ് ഹയർ റിസർച്ച് സെന്റേഴ്സ് ഓഫ് എക്സലെൻസ് ഇൻ സയൻസ് & ടെക്നോളജി (എസ് എച്ച് ആർ ഇ എസ് ടി എ) പ്രധാനമായും (i) വെള്ളപ്പൊക്കവും വരൾച്ചയും (ii) വൈറൽ റിസർച്ച് (ബയോടെക്നോളജി) (iii) നാനോ ടെക്നോളജി iv) കാലാവസ്ഥാ വ്യതിയാനം, (v) റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ മേഖലകളിലാണ് ഗവേഷണം സാധ്യമാക്കുന്നത്.

**VI.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് (ഐസിസിഎസ്)**

കാലാവസ്ഥാ വ്യതിയാന ഗവേഷണത്തിനുള്ള സംസ്ഥാനതല ഉന്നത ഏജൻസിയായി പ്രവർത്തിക്കാൻ

പരിസ്ഥിതി വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്ത കോട്ടയത്തെ ഒരു സ്വയംഭരണ ഗവേഷണ-വികസന കേന്ദ്രമാണ് കാലാവസ്ഥാ വ്യതിയാന പഠന ഇൻസ്റ്റിറ്റ്യൂട്ട്( ഐസിസിഎസ്). കാലാവസ്ഥാ വ്യതിയാനത്തിന്റെ അനിവാര്യമായ പ്രത്യാഘാതങ്ങൾക്കെതിരെ കേരളത്തെ ശാക്തീകരിക്കുകയും, ശാസ്ത്രം, സാങ്കേതികവിദ്യ, ഇന്നോവേഷൻ, സ്വയം അവബോധം എന്നിവയിലൂടെ സംസ്ഥാനത്തിന്റെ പ്രതിരോധശേഷി വർദ്ധിപ്പിക്കുകയും, കാലാവസ്ഥ വ്യതിയാനങ്ങൾക്കനുസൃതമായി പ്രവർത്തിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഐസിസിഎസിന്റെ കാഴ്ചപ്പാട്. 2023-24 ലെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്.

- 2024 ഫെബ്രുവരിയിൽ നടന്ന 36-ാമത് കേരള ശാസ്ത്ര കോൺഗ്രസിൽ 2023-ലെ കേരളത്തിന്റെ ക്ലൈമറ്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ICCS പ്രസിദ്ധീകരിച്ചു.
- ഭാരതപ്പുഴയ്ക്കായുള്ള ഹൈഡ്രോളജിക്കൽ ഫോർകാസ്റ്റ് പ്രോഡക്റ്റ്, ഇൻസ്റ്റിറ്റ്യൂട്ട് അവതരിപ്പിച്ചു. ജലശാസ്ത്രപരവും മാതൃകാ വിള ഉൽപ്പാദനവും സംയോജിപ്പിക്കുന്ന ഈ പുതിയ ഉപകരണത്തിന്റെ സഹായത്തോടെ ആഴ്ചതോറുമുള്ള ബാഷ്പീകരണ പ്രവചനങ്ങൾ, മണ്ണിലെ ഈർപ്പം, നദീതടത്തിലേക്കുള്ള ഒഴുക്ക് എന്നിവ വിശദമായ സ്പേഷ്യൽ റെസല്യൂഷനിൽ ലഭിക്കുന്നു.
- ജൈവ-കാലാവസ്ഥാ വ്യതിയാനങ്ങൾ ഉപയോഗിച്ച് ഭാരതപ്പുഴ നദീതട കാലാവസ്ഥാ വ്യതിയാനത്തിന്റെ സൂചനകൾ വിലയിരുത്തി.
- ഡീപ്പ് ലേണിംഗ് ഫ്രെയിംവർക്ക് ഉപയോഗിച്ച് ഉപഗ്രഹത്തെ അടിസ്ഥാനമാക്കിയുള്ള വരൾച്ച പ്രവചന മാതൃക രൂപപ്പെടുത്തിയിട്ടുണ്ട്.
- ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിലെ (ഐഐടി മദ്രാസ്, ഐഐഎസ്‌സി ബാംഗ്ലൂർ, എൻഐടി വാറങ്കൽ, ഐഐഎസ്ഇആർ തിരുവനന്തപുരം, ഐഎംഡി ഡൽഹി)നിന്നുള്ള വിദഗ്ധരുമായി കോട്ടയത്തെ ആർആർഐഐ കാമ്പസിൽ, “ബ്രിഡ്ജിംഗ് ദ നോളജ് ഗ്യാപ്പ്: വർക്ക്ഷോപ്പ് ഓൺ ദി തിയറി ഓഫ് ക്ലൈമറ്റ് ചേഞ്ച്” എന്ന വിഷയത്തിൽ ത്രിദിന ദേശീയ ശിൽപശാല സംഘടിപ്പിച്ചു.
- പരിസ്ഥിതി വിവര ബോധവൽക്കരണ കപ്പാസിറ്റി ബിൽഡിംഗ് ആന്റ് ലൈവ്-ലി ഹുഡ് പ്രോഗ്രാം (EIACP), കെഎസ് റ്റി എസ് റ്റി ഇ&സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്, മഹാത്മ ഗാന്ധി യൂണിവേഴ്സിറ്റി, എന്നിവയുമായി ചേർന്ന് ICCS "ആരോഗ്യകരവും സുസ്ഥിരവും കാലാവസ്ഥയെ പ്രതിരോധിക്കുന്നതുമായ ഒരു സമൂഹത്തിലേക്ക്" എന്ന വിഷയത്തിൽ ഒരു ഏകദിന സംസ്ഥാനതല ശിൽപശാല സംഘടിപ്പിച്ചു.
- SERB പദ്ധതിയുടെ ഗവേഷണ കണ്ടെത്തലുകൾ പ്രചരിപ്പിക്കുന്നതിനായി ICCS ഒരു ഏകദിന കൺസൾട്ടേഷൻ വർക്ക്ഷോപ്പ് നടത്തി.
- വിദ്യാർത്ഥികളുടെ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ICCS വികസിപ്പിച്ച പരീക്ഷണ/ പ്രദർശന സംവിധാനം, കാസർഗോഡ് നടന്ന 2024-ലെ 36-ാമത് കേരള സയൻസ് കോൺഗ്രസ്സിൽ പ്രദർശിപ്പിച്ചു.
- 2023-24 ൽ, ഈ സ്ഥാപനം റഫറീഡ് ചെയ്ത ജേണലുകളിൽ അഞ്ച് പ്രബന്ധങ്ങളും കോൺഫറൻസുകളിൽ എട്ട് പേപ്പറുകളും പ്രസിദ്ധീകരിച്ചു.

### ബി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

ദേശീയ അന്തർദ്ദേശീയ സംഭവവികാസങ്ങൾ ആന്റിവൈറൽ ഡ്രഗ് റിസർച്ച് മേഖലയിൽ തുടർച്ചയായ ഗവേഷണത്തിന്റേയും നവീകരണത്തിന്റേയും പ്രാധാന്യം അടിവരയിടുന്നു. ഈ മുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ആഗോള ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനും സർക്കാരുകൾ, ഗവേഷണ സ്ഥാപനങ്ങൾ, ഫാർമസ്യൂട്ടിക്കൽ കമ്പനികൾ എന്നിവ തമ്മിലുള്ള സഹകരണം അത്യന്താപേക്ഷിതമാണ്. വാക്സിനുകൾ, ചെലവുകുറഞ്ഞ മൾട്ടിപ്ലക്സ് ഡയഗ്നോസ്റ്റിക് പ്ലാറ്റ്ഫോമുകൾ, മോണോക്ലോണൽ ആന്റിബോഡികൾ, മറ്റ് ചികിത്സാരീതികൾ എന്നിവയിലൂടെ നിലവിലുള്ളതും ഉയർന്നുവരുന്നതുമായ വൈറൽ അണുബാധകൾ തടയുന്നതിനുള്ള പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി 2019-ൽ തിരുവനന്തപുരം തോന്നയ്ക്കലിലെ ബയോ 360 ലൈഫ് സയൻസസ് പാർക്കിൽ കേരള സർക്കാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിച്ചു. വൈറോളജിയിൽ മൾട്ടി-ഡൈമൻഷണൽ പഠനം സുഗമമാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിന് എട്ട് വകുപ്പുകളുണ്ട്. ഡിപ്പാർട്ട്മെന്റ് ഓഫ് ക്ലിനിക്കൽ വൈറോളജി, വൈറൽ ഡയഗ്നോസ്റ്റിക്സ്, വൈറൽ വാക്സിനുകൾ, ആൻറിവൈറൽ ഡ്രഗ് റിസർച്ച്, വൈറസ് ആപ്ലിക്കേഷനുകൾ, വൈറസ് എപ്പിഡെമിയോളജി, വെക്ടർ ഡൈനാമിക്സും പബ്ലിക് ഹെൽത്തും, വൈറസ് ജീനോമിക്സ്, ബയോഇൻഫോർമാറ്റിക്സും സ്റ്റാറ്റിസ്റ്റിക്സും, ബെയ്സിക്കും ജനറൽ വൈറോളജിയും എന്നിവയാണ് അവ.

### പ്രധാന നേട്ടങ്ങളും സംരംഭങ്ങളും

- 80,000 ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയുള്ള IAV യുടെ ഫേസ് IB കെട്ടിടം, 8 BSL 2 ലെവൽ ലബോറട്ടറികൾ, സ്മാൾ ആനിമൽ പരീക്ഷണ സൗകര്യങ്ങൾ, ഘട്ടം IB-ൽ 80 സീറ്റുകളുള്ള സെമിനാർ ഹാൾ, ഇന്നൊവേഷൻ & ട്രാൻസ്ലേഷൻ ഫെസിലിറ്റേഷൻ സെന്റർ, സ്റ്റാർട്ട് അപ്പുകൾക്ക് ഇൻകുബേഷൻ സൗകര്യം, സ്ഥാപിത കേന്ദ്രങ്ങൾക്ക് ഗവേഷണ വികസന സൗകര്യം എന്നിവയോടും കൂടി പ്രവർത്തിക്കുന്നു. കെട്ടിടത്തിൽ 130 KWp (ഗ്രിഡ് ബന്ധിപ്പിച്ചിരിക്കുന്ന) സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

- ഫ്ലൂറസെന്റ് ആക്റ്റിവേറ്റഡ് സെൽ സോർട്ടർ (എഫ്എസിഎസ്), കോൺഫോക്കൽ ലേസർ സ്കാനിംഗ് മൈക്രോസ്കോപ്പ്, സ്പെക്ട്രോഫോട്ടോമീറ്റർ, പ്രോട്ടീൻ പ്യൂരിഫിക്കേഷൻ സിസ്റ്റം എന്നിവ ഉപയോഗിച്ച് ഇൻസ്റ്റിറ്റ്യൂട്ട് പൊതു ഇൻസ്ട്രുമെന്റേഷൻ സൗകര്യം വർദ്ധിപ്പിച്ചു.
- 2023-24 കാലയളവിൽ വൈറസ് എപ്പിഡെമിയോളജി, വെക്റ്റർ ഡൈനാമിക്സും പബ്ലിക്കും, ഹെൽത്ത് വൈറസ് ജീനോമിക്സ്, ബയോ ഇൻഫോർമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് എന്നീ വകുപ്പുകൾ പ്രവർത്തനം ആരംഭിച്ചു.
- കുസാറ്റ്, (കൊച്ചി) ആർസിബി (ഫരീദാബാദ്) എന്നിവയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അക്കാദമിക് പ്രോഗ്രാമും (വൈറോളജിയിൽ പിഎച്ച്ഡി), വ്യവസായത്തിന്റെയും ഗവേഷണ-വികസന സ്ഥാപനങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഹ്രസ്വകാല ആപ്ലിക്കേഷൻ അധിഷ്ഠിത പരിശീലന പരിപാടികളും ആരംഭിച്ചു.
- ബിഎസ്എൽ-3 ലബോറട്ടറിയും ട്രാൻസ്ജെനിക് എക്സ്പിരിമെന്റൽ അനിമൽ ഫെസിലിറ്റിയും സ്ഥാപിച്ച് പ്രവർത്തിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിനു ഒരു അവാർഡ് ലഭിക്കുകയുണ്ടായി.
- 2023-24 കാലയളവിൽ, കേരളത്തിൽ വ്യാപകമായ നിരവധി വൈറൽ ഭീഷണികൾ പരിഹരിക്കുന്നതിനായി മൂന്ന് മുൻനിര ഗവേഷണ പരിപാടികൾക്ക് കീഴിൽ സമഗ്രമായ ഒരു ഗവേഷണ സംരംഭം ആരംഭിച്ചിട്ടുണ്ട്. 1. ഘടനാധിഷ്ഠിത മരുന്ന് കണ്ടെത്തൽ സമീപനത്തിലൂടെ Nsp14 Guanine N7- Methyltransferase-നുള്ള പാൻ-കൊറോണ വൈറസ് ഇൻഹിബിറ്ററുകളുടെ കണ്ടെത്തലും ഒപ്റ്റിമൈസേഷനും. 2 . ചികിത്സാ ആവശ്യങ്ങൾക്കായി നിപ വൈറസിനെതിരെ ഉയർന്ന അഫിനിറ്റി ഹ്യൂമൻ റീകോമ്പിനന്റ് മോണോക്ലോണൽ ആന്റിബോഡികളുടെ വികസനം. 3. സെർവിക്കൽ ക്യാൻസറിന്റെ വൈറൽ എറ്റിയോളജിയിൽ kaempferide ന്റെ നിയന്ത്രണപരമായ പങ്ക് വ്യക്തമാക്കൽ. 4. പ്രത്യേക രോഗലക്ഷണങ്ങൾ അടിസ്ഥാനമാക്കിയുള്ള ഹ്യൂമൻ ക്ലിനിക്കൽ സാമ്പിളുകളിൽ നിന്നുള്ള Metagenomics അടിസ്ഥാനമാക്കിയുള്ള വൈറസ് കണ്ടെത്തുന്നതിനുള്ള സൗകര്യം സ്ഥാപിച്ചു.
- DBT- SAHAJ പ്രോഗ്രാം പിന്തുണയ്ക്കുന്ന വൈറൽ ബയോ അസ്സെ ഫെസിലിറ്റി (VBaF) എന്ന ദേശീയ സൗകര്യം ഐ എ വി സ്ഥാപിച്ചു. ഇത് വ്യവസായത്തിനും അക്കാദമിക് മേഖലയ്ക്കും ഉയർന്ന നിലവാരമുള്ള വൈറൽ പരിശോധനകളും ചികിത്സാ സേവനങ്ങളും നല്കുകയും അതുവഴി പൊതുജനാരോഗ്യത്തിന് കാര്യമായ സംഭാവന നൽകുകയും ചെയ്യുന്നു.
- നിപാ വൈറസ് അണുബാധയ്ക്കുള്ള ചികിത്സാ സമീപനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മോണോക്ലോണൽ ആന്റിബോഡികൾ നിർമ്മിക്കുന്നതിനുള്ള നടപടിക്രമം വികസിപ്പിച്ചെടുത്തു. നിപ വൈറസ് ജി, എഫ് ഗ്ലൈക്കോപ്രോട്ടീനുകളെ ലക്ഷ്യം വയ്ക്കുന്ന മോണോക്ലോണൽ ആന്റിബോഡികളുടെ ഒരു പാനൽ സൃഷ്ടിച്ചു.
- വൈറസ് അണുബാധയ്ക്കുള്ള ഡയഗ്നോസ്റ്റിക് കിറ്റുകൾ വികസിപ്പിക്കുന്നതിനും ഫ്ലേവിവൈറസുകൾക്കെതിരെ മോണോക്ലോണൽ ആന്റിബോഡികൾ വികസിപ്പിക്കുന്നതിനുമുള്ള ഗവേഷണം ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു.
- 2024 ജൂലൈയിൽ മലപ്പുറം ജില്ലയിൽ റിപ്പോർട്ട് ചെയ്ത നിപ വൈറസ് ബാധ, സാമ്പിൾ ലഭിച്ച് 48 മണിക്കൂറിനുള്ളിൽ കണ്ടെത്തി.
- വാണിജ്യ PCR കിറ്റുകളെ ആശ്രയിക്കുന്നത് കുറച്ചുകൊണ്ട് ഇൻ-ഹൗസ് പ്രൈമറുകൾ ഉപയോഗിച്ച് 22 വൈറസുകൾ കണ്ടെത്തുന്നതിനുള്ള റിയൽ-ടൈം PCR സംവിധാനങ്ങൾ ഏകീകരിച്ചു.
- വൈറസ്-മെറ്റാജെനോമിക് സമീപനം ഉപയോഗിച്ച് മനുഷ്യ ക്ലിനിക്കൽ സാമ്പിളുകളിൽ നിന്നും Metapneumovirus hominis, Human mastadenovirus C, Cytomegalovirus human beta 5, Human parvovirus 4, Vesiculoviruschandipura, Gammapapillomavirus 22, Human polyomavirus 1 (BK virus), Human polyomavirus 2 (JC virus), and SV40 തുടങ്ങിയ ജനിതക വൈവിദ്ധ്യമുള്ള വൈറസുകൾ ദക്ഷിണേഷ്യയിൽ ആദ്യമായി കണ്ടെത്തി.
- മനുഷ്യന്റെ ക്ലിനിക്കൽ സാമ്പിളുകളിൽ നിന്ന് വൈറുലന്റ് ബാക്ടീരിയയുടെ ക്രമം രേഖപ്പെടുത്തുകയും കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് ശേഖരിച്ച 28 പ്രാണികളുടെ സാമ്പിളുകളുടെ മെറ്റാജെനോമിക് സീക്വൻസിങ് ആരംഭിക്കുകയും ചെയ്തു.
- തമിഴ്നാട് വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുമായി (TANUVAS) സഹകരിച്ച്, നെയ്റോബി ഷീപ്പ് ഡിസീസ് വൈറസ് (NSDV), ജിംഗ്മെൻ ടിക്ക് വൈറസ് (JMTV) തുടങ്ങിയ വൺ-ഹെൽത്ത് വൈറസുകളുടെ ജീനോമിക് സീക്വൻസിങ്, വൈറസ്-മെറ്റജെനോമിക്സ് ഉപയോഗിച്ച് പൂർത്തിയാക്കി.
- പുനഃസംയോജിക്കുന്ന ഹ്യൂമൻ എംഎബിയെ തിരിച്ചറിയുന്നതിനായി സിക വൈറസിനും നിപാ വൈറസിനുമെതിരെ കുറഞ്ഞ വൈവിധ്യമുള്ള ഫേജ് ഡിസ്പ്ലേ ആന്റിബോഡികളുടെ ലൈബ്രറി നിർമ്മിച്ചു.
- സിക്ക എൻവലപ്പ് ഡൊമെയ്ൻ III പ്രോട്ടീൻ, നിപ എഫ്, ജി പ്രോട്ടീൻ എന്നിവയുടെ എക്സ്പ്രഷനും പ്യൂരിഫിക്കേഷനും വർദ്ധിപ്പിച്ചു.
- ആൻറിവൈറൽ പ്രോപ്പർട്ടി സാധ്യതയുള്ള 34 തരം സസ്യങ്ങൾ IAV-യുടെ ആന്റിവൈറൽ പ്ലാന്റ് റിപ്പോസിറ്ററിയിൽ സംരക്ഷിച്ചു.

## സി. റീജിയണൽ കാൻസർ സെന്റർ (ആർസിസി), തിരുവനന്തപുരം

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, 2022-ൽ 20 ദശലക്ഷം പുതിയ കാൻസർ കേസുകളും 9.7 ദശലക്ഷം മരണങ്ങളും കൊണ്ട് ആഗോള കാൻസർ രോഗം വർദ്ധിക്കുകയാണ്. ഇന്ത്യയിൽ ഏകദേശം ഒമ്പതിൽ ഒരാൾക്ക് അവരുടെ ജീവിതകാലത്ത് ഒരു കാൻസർ രോഗനിർണയം നേരിടേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. പുരുഷന്മാരിൽ ശ്വാസകോശ അർബുദവും സ്ത്രീകളിൽ സ്തനാർബുദവുമാണ് ഏറ്റവും ഉയർന്ന സ്ഥാനത്തുള്ളത്. (ഉറവിടം: ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച്).

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സർക്കാർ, സ്വകാര്യ മേഖലകളിൽ കാൻസർ ചികിത്സാ സൗകര്യങ്ങൾ വന്നിട്ടും, കേരളത്തിൽ ക്യാൻസർ ചികിത്സാ രംഗത്ത് ഒന്നാം സ്ഥാനം നിലനിർത്താൻ ആർസിസിക്ക് കഴിഞ്ഞു. രാജ്യത്തെ 28 റീജിയണൽ കാൻസർ സെന്ററുകളിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ ഇത് ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഡബ്ല്യൂ എച്ച് ഒ, ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ ക്യാൻസർ (ഫ്രാൻസ്), ഇന്റർനാഷണൽ ആറ്റോമിക് എനർജി ഏജൻസി (വിയന്ന), നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് (യുഎസ്എ), ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കാൻസർ റിസർച്ച് (യുകെ), യൂണിവേഴ്സിറ്റി ഓഫ് ലീഡ്സ് (യുകെ), ഹെൽത്ത് റിസർച്ച് ഫൗണ്ടേഷൻ (ജപ്പാൻ), കൂടാതെ മറ്റ് പ്രശസ്തമായ നിരവധി സ്ഥാപനങ്ങൾ, തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി ആർസിസി പ്രവർത്തന ബന്ധം നിലനിർത്തുന്നു. കാൻസർ നിയന്ത്രണത്തിൽ ആഗോള തലത്തിൽ ഉയർന്നുവരുക എന്നതാണ് ആർസിസിയുടെ കാഴ്ചപ്പാട്. താങ്ങാനാവുന്ന ചെലവിൽ ഉയർന്ന നിലവാരമുള്ള കാൻസർ പരിചരണം ലഭ്യമാക്കുക, പൊതുജനങ്ങൾക്കും ആരോഗ്യ വിദഗ്ധർക്കും കാൻസർ അവബോധം സൃഷ്ടിക്കുക, പരിശീലനം ലഭിച്ച മനുഷ്യവിഭവശേഷി സൃഷ്ടിക്കുക, കാൻസർ നിയന്ത്രണത്തിൽ വ്യാപക പരിപാടികൾ സംഘടിപ്പിക്കുക, നമ്മുടെ സമൂഹത്തിന് പ്രസക്തമായ കേന്ദ്രീകൃത കാൻസർ ഗവേഷണം നടത്തുക, സംസ്ഥാനത്തെ കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക എന്നിവയാണ് ഇത് ലക്ഷ്യമിടുന്നത്. ആർസിസിയെ കൂടാതെ സംസ്ഥാനത്ത് മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ എന്നീ രണ്ട് കാൻസർ സെന്ററുകൾ കൂടിയുണ്ട്. ഈ രണ്ട് കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ഈ വാല്യത്തിലെ ആരോഗ്യ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ആർസിസി–രൂപരേഖ

2023-24ൽ ആർസിസിയിൽ ആകെ 15,131 പുതിയ കേസുകളും 2,63,638 റിവ്യൂ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. രോഗികളുടെ സന്ദർശനത്തിന്റെ പ്രതിദിന ശരാശരി 862 ഉം, കിടപ്പുരോഗികളുടെ എണ്ണം 12,828 ഉം ആണ്. കഴിഞ്ഞ മൂന്ന് വർഷത്തെ ആർസിസിയുടെ രൂപരേഖ **അനുബന്ധം 5.2.1** നൽകുന്നു, കൂടാതെ ആശുപത്രിയെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ **ബോക്സ് 5.2.1**ൽ നൽകിയിരിക്കുന്നു.

**ബോക്സ് നമ്പർ 5.2.1** 2023-24ലെ ആർസിസിയുടെ സ്ഥിതിവിവരക്കണക്കുകൾ

| | |
|---|---|
| കിടത്തി ചികിൽസയ്ക്കുള്ള ബഡ്ഡുകളുടെ എണ്ണം | 298 |
| ഓപ്പറേഷണൽ ബഡ്ഡ് | 286 |
| പ്രതിദിന ശരാശരി ഔട്ട്പേഷ്യന്റ് | 878 |
| പ്രതിമാസം ശരാശരി പ്രവേശനം | 1069 |
| ബെഡ് ഒക്യുപൻസി നിരക്ക് | 95.97 ശതമാനം |

അവലംബം: ആർസിസി, തിരുവനന്തപുരം


### ആർസിസിയിൽ രജിസ്റ്റർ ചെയ്ത കേസുകൾ

കഴിഞ്ഞ 10 വർഷത്തിനിടെ 2017-18ലാണ് ഏറ്റവും കൂടുതൽ പുതിയ കേസുകൾ രജിസ്റ്റർ ചെയ്തത് (16443) എന്നാണ് ആർസിസിയിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ സൂചിപ്പിക്കുന്നത്. ഏറ്റവും കുറഞ്ഞത് 2020-21-ലാണ് (11,191), ഇത് മുൻ വർഷത്തേക്കാൾ 27.7 ശതമാനം കുറവാണ്, കോവിഡ് -19 മഹാമാരി ഇതിനു കാരണമായിട്ടുണ്ട്. 2022-23 ൽ, പുതിയ കേസുകൾ രജിസ്റ്റർ ചെയ്തത് 15,324 ആയിരുന്നു. 2023-24 ൽ 15,131 പുതിയ കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 1.3 ശതമാനം കുറവ് സൂചിപ്പിക്കുന്നു. 2014-15 മുതൽ 2023-24 വരെ ആർസിസിയിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ **ചിത്രം 5.2.1** ൽ കൊടുത്തിരിക്കുന്നു.

2023-24ൽ രജിസ്റ്റർ ചെയ്ത 15,131 പുതിയ കേസുകളിൽ 13,368 കേസുകൾ (88 ശതമാനം) സംസ്ഥാനത്തിനകത്ത് നിന്നും ബാക്കിയുള്ളത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമാണ്. ഇക്കാലയളവിൽ രാജ്യത്തിന് പുറത്ത് നിന്നുള്ള രോഗികൾ രജിസ്റ്റർ ചെയ്തിട്ടില്ല. മുൻവർഷങ്ങളിലെന്നപോലെ, 2023-24ലെ ഭൂരിഭാഗം കേസുകളും തിരുവനന്തപുരത്തുനിന്നും (30.2 ശതമാനം) കൊല്ലത്തുനിന്നും (26 ശതമാനം) ഏറ്റവും കുറവ് കേസുകൾ റഫർ ചെയ്യപ്പെട്ടത് വയനാട്ടിൽ നിന്നുമാണ് (0.4 ശതമാനം). 2022-23ൽ 4,547 കേസുകളും 2023-24ൽ 4,562 കേസുകളുമാണ് തിരുവനന്തപുരത്ത് നിന്ന് റഫർ ചെയ്യപ്പെട്ടത്. വിശദാംശങ്ങൾ **അനുബന്ധം 5.2.2**ൽ നൽകിയിരിക്കുന്നു.


ഇതുകൂടാതെ, 2023-24ൽ തമിഴ്നാട്ടിൽ നിന്ന് 1,644 കേസുകളും, കർണാടകയിൽ നിന്ന് ഒന്ന്, ലക്ഷദ്വീപിൽ നിന്ന് അഞ്ച്, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ

**ചിത്രം 5.2.1** ആർസിസി-യിൽ 2014-15 മുതൽ 2023-24 വരെ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ




*അവലംബം: റീജണൽ കാൻസർ സെന്റർ, തിരുവനന്തപുരം*

**ചിത്രം 5.2.2** 2023-24ൽ ആർസിസിയിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം. ജില്ല തിരിച്ച്





*അവലംബം: റീജണൽ കാൻസർ സെന്റർ, തിരുവനന്തപുരം*

നിന്ന് 113 കേസുകളും റഫർ ചെയ്തിട്ടുണ്ട്. 2023-24ൽ കേരളത്തിലെ ജില്ലകളിൽ നിന്ന് ആർസിസി യിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം **ചിത്രം 5.2.2**ൽ നൽകിയിരിക്കുന്നു.

**സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ**

മനുഷ്യ ശരീരഭാഗങ്ങളിലെ ക്യാൻസർ സംബന്ധിക്കുന്ന എല്ലാ കേസുകളുടെയും നിരക്ക് മുൻവർഷത്തേക്കാൾ വർദ്ധിച്ചുവരികയാണ്. 2023-24 ൽ രജിസ്റ്റർ ചെയ്ത പുതിയ കാൻസർ കേസുകളിൽ ഏറ്റവും ഉയർന്ന ശതമാനം

**ചിത്രം 5.2.3** 2023-24 ൽ രജിസ്റ്റർ ചെയ്ത സ്പെഷ്യാലിറ്റി ക്ലിനിക് തിരിച്ചുള്ള പുതിയ രോഗികളുടെ ശതമാനം




*അവലംബം: റീജണൽ കാൻസർ സെന്റർ, തിരുവനന്തപുരം*


ചെസ്റ്റ്, ഗ്യാസ്ട്രോഇന്റസ്റ്റൈനൽ ക്ലിനിക്കുകളിലാണ് (3,574 കേസുകൾ) രേഖപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് ഗൈനക്, ജെനിറ്റോയൂറിനറി (2,797 കേസുകൾ), ബ്രെസ്റ്റ് ആൻഡ് സെൻട്രൽ നെർവസ് സിസ്റ്റം സ്പെഷ്യാലിറ്റി ക്ലിനിക് (2,545 കേസുകൾ) എന്നിങ്ങനെയാണ് രജിസ്റ്റർ ചെയ്തത്. പീഡിയാട്രിക് ക്ലിനിക്കിലാണ് (490 കേസുകൾ) ഏറ്റവും കുറവ് കേസുകൾ രജിസ്റ്റർ ചെയ്തത്. എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിൽ സ്ത്രീകളിലേയും കുട്ടികളിലേയും അർബുദബാധിതരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. 70 ശതമാനത്തിലധികം സ്ത്രീകളും രോഗം മൂർച്ഛിച്ച ഘട്ടത്തിലാണ് രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും വേണ്ടി റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഇത് അതിജീവനത്തിനുള്ള സാധ്യതകളെ കുറയ്ക്കുകയും ഉയർന്ന മരണനിരക്കിന് കാരണമാകുകയും ചെയ്യുന്നു. 2023-24ൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ പുതുതായി രജിസ്റ്റർ ചെയ്ത രോഗികളുടെ ശതമാനം കണക്കിലെടുത്ത് മനുഷ്യ ശരീരഭാഗങ്ങളിൽ ബാധിച്ച ക്യാൻസർ സംബന്ധിക്കുന്ന വിശദാംശങ്ങൾ **ചിത്രം 5.2.3** നൽകുന്നു.

കഴിഞ്ഞ മൂന്ന് വർഷമായി സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം **അനുബന്ധം 5.2.3** ൽ കാണിച്ചിരിക്കുന്നു.

**രജിസ്റ്റർ ചെയ്ത കേസുകൾ (പ്രായവും ലിംഗഭേദവും അനുസരിച്ച്)**

2023-24ൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ പ്രായവും ലിംഗഭേദവും അനുസരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് 55-64 പ്രായപരിധിയിലുള്ള ആളുകൾക്ക് കാൻസർ രോഗങ്ങളുണ്ടാകാനുള്ള സാധ്യത കൂടുതലാണ് (പുരുഷന്മാരിൽ 28.6 ശതമാനവും സ്ത്രീകളിൽ 26.2 ശതമാനവും) എന്നതാണ്. 65-74 പ്രായത്തിലുള്ളവരിൽ പുരുഷ കാൻസർ രോഗികളാണ് കൂടുതലുള്ളത് (27.8 ശതമാനം), 45-54 പ്രായത്തിലുള്ളവരിൽ സ്ത്രീ കാൻസർ രോഗികളുടെ എണ്ണം (24.6 ശതമാനം) വർദ്ധിച്ചതായി കാണിക്കുന്നു. രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ പ്രായവും ലിംഗഭേദവും അനുസരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 5.2.4**ൽ നൽകിയിരിക്കുന്നു. 2023-24 ൽ ആർസിസി-യിൽ

**ചിത്രം 5.2.4** 2023-24 ൽ ആർസിസി-യിൽ ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്ത പുതിയ കാൻസർ രോഗികളുടെ എണ്ണം പ്രായവും ലിംഗഭേദവും അനുസരിച്ച്




*അവലംബം: റീജണൽ കാൻസർ സെന്റർ, തിരുവനന്തപുരം*

**പട്ടിക 5.2.2** 2022-23, 2023-24 ലെ കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾ

| പദ്ധതി | രജിസ്റ്റർ ചെയ്ത രോഗികൾ (പുതിയ കേസുകൾ) | | പ്രയോജനം ലഭിച്ചവരുടെ എണ്ണം | | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| | 2022-23 | 2023-24 | 2022-23 | 2023-24 | 2024 ആഗസ്റ്റ് 31 വരെ |
| കേന്ദ്ര സർക്കാർ പദ്ധതികൾ | | | | | |
| പ്രധാനമന്ത്രിയുടെ ആശ്വാസ ഫണ്ട് | 167 | 481 | 2,396 | 3,057 | 3379.85 |
| സംസ്ഥാന സർക്കാർ പദ്ധതികൾ | | | | | |
| ക്യാൻസർ സുരക്ഷ പദ്ധതി | 335 | 123 | 6,879 | 6,999 | 6634.13 |
| കാരുണ്യ ബെനവലന്റ് ഫണ്ട് | 1,597 | 3,380 | 3,255 | 6,749 | 5229.48 |
| താലോലം | 9 | 1 | 140 | 141 | 42.48 |
| പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള രോഗികൾക്കായുള്ള ഫണ്ട് | 35 | 45 | 520 | 530 | 442.70 |
| എൻഡോസൾഫാൻ ബാധിതർക്കുള്ള സ്നേഹ സാന്ത്വനം പരിപാടി | 3 | 1 | 67 | 67 | 51.12 |
| കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി) | 9,052 | 10,985 | 34,485 | 45,790 | 33100.69 |

*അവലംബം: റീജണൽ കാൻസർ സെന്റർ, തിരുവനന്തപുരം*

ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്ത പുതിയ കാൻസർ രോഗികളുടെ പ്രായവും ലിംഗഭേദവും **ചിത്രം 5.2.4** വ്യക്തമാക്കുന്നു.

### കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾ

ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സയോ സബ്സിഡൈസ്ഡ് ചികിത്സയോ ഉറപ്പാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 5.2.2**ൽ നൽകിയിരിക്കുന്നു.

### 2023-24 ലെ ആർസിസിയുടെ സംരംഭങ്ങൾ

സർക്കാർ പിന്തുണയുള്ള സ്കീമുകൾക്ക് പുറമേ, മറ്റ് പല പദ്ധതികളിലൂടെയും ആർസിസി രോഗികളെയും കുടുംബങ്ങളെയും പിന്തുണയ്ക്കുന്നു. സൗജന്യ മരുന്ന് ബാങ്ക് പദ്ധതിയിൽ 2023-24 ൽ 1,263 രോഗികൾക്ക് പൂർണ്ണമായോ ഭാഗികമായോ സഹായം നൽകിയിട്ടുണ്ട്. ഈ കാലയളവിൽ, 989 അംഗങ്ങൾ (147 പുതിയ കേസുകൾ ഉൾപ്പെടെ) കാൻസർ കെയർ ഫോർ ലൈഫ് (CCL) പദ്ധതിയിൽ എൻറോൾ (2014 ഓഗസ്റ്റിൽ പദ്ധതി പുതിയ അംഗങ്ങളെ ചേർക്കുന്നത് നിർത്തിയിട്ടുണ്ട്.) ചെയ്യുകയും പരിശോധനകൾക്കും ചികിത്സകൾക്കും വിധേയരാകുകയും ചെയ്തിട്ടുണ്ട്. സൗജന്യ ഭക്ഷണം('അക്ഷയപാത്രം') പദ്ധതിക്ക് കീഴിൽ, നിരവധി ജീവകാരുണ്യ സംഘടനകളുടെയും വ്യക്തികളുടെയും പിന്തുണയോടെ സാമൂഹിക-സാമ്പത്തിക ദുർബല വിഭാഗങ്ങളിൽപ്പെട്ട 1,903 കിടപ്പുരോഗികൾക്ക് സൗജന്യ ഭക്ഷണം നൽകിയിട്ടുണ്ട്. ഇന്ത്യൻ കാൻസർ സൊസൈറ്റി സപ്പോർട്ട് സ്കീമിന് കീഴിൽ, കാൻസർ ചികിത്സയ്ക്കായി ഇന്ത്യൻ കാൻസർ സൊസൈറ്റിയിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിക്കുന്നതിന് ആർസിസിയെ തിരഞ്ഞെടുക്കുകയുണ്ടായി. 2023-24ൽ 112 പുതിയ രോഗികൾക്ക് 143.7 ലക്ഷം രൂപയുടെ സഹായം പദ്ധതിയുടെ കീഴിൽ ലഭിച്ചിട്ടുണ്ട്.

### കാൻസർ കണ്ടെത്തൽ പ്രവർത്തനങ്ങൾ

2023-24ൽ 80 കാൻസർ കണ്ടെത്തൽ പരിപാടികളും 16 കാൻസർ ബോധവൽക്കരണ പരിപാടികളും നടത്തി. ഇതിന്റെ ഫലമായി 397കാൻസർ, 592 പ്രീ-കാൻസർ ബാധിതരെ കണ്ടെത്തിയിട്ടുണ്ട്. 6400 പേരെ പരിശോധിച്ചതിൽ മൂന്ന് സ്തനാർബുദങ്ങൾ, 12 ഓറൽ ക്യാൻസർ, രണ്ട് സെർവിക്സ് ക്യാൻസർ, 253 ഓറൽ പ്രീ ക്യാൻസറുകൾ, 290 ബെനിൻ ബ്രെസ്റ്റ് ലക്ഷണങ്ങൾ, 62 സെർവിക്കൽ പ്രീ ക്യാൻസറുകൾ എന്നിവ കണ്ടെത്തുകയുണ്ടായി. നേരത്തെയുള്ള കാൻസർ കണ്ടെത്തൽ ഔട്ട്പേഷ്യന്റ് ക്ലിനിക്ക് നടത്തിയ കാൻസർ പരിശോധനയുടേയും നേരത്തെയുള്ള കണ്ടെത്തൽ പരിപാടികളുടെയും ഭാഗമായി 4,139 പേരെ ഈ കാലയളവിൽ പരിശോധിച്ചതിൽ 575 ക്യാൻസറുകളും 909 പ്രീ ക്യാൻസറുകളും കണ്ടെത്തുകയുണ്ടായി.

### മാനവ വിഭവശേഷി വികസനം

കഴിഞ്ഞ കുറച്ച് വർഷങ്ങളായി, ഓങ്കോളജിയുമായി ബന്ധപ്പെട്ട സ്പെഷ്യാലിറ്റികളിൽ അധ്യാപനത്തിനും പരിശീലനത്തിനുമുള്ള ദേശീയ അംഗീകാരമുള്ള ഒരു കേന്ദ്രമായി ആർസിസി മാറിയിട്ടുണ്ട്. ഇപ്പോൾ ഓങ്കോളജി, ഓങ്കോളജിയുമായി ബന്ധപ്പെട്ട പാരാമെഡിക്കൽ സ്പെഷ്യാലിറ്റി എന്നിവയിൽ, കേരളാ ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ (കെയുഎച്ച്എസ്) അഫിലിയേറ്റ് ചെയ്തിട്ടുള്ളതും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ളതുമായ നിരവധി ബിരുദ, ബിരുദാനന്തര, പോസ്റ്റ്-ഡോക്ടറൽ കോഴ്സുകൾ ആർസിസി നടത്തി വരുന്നു.

### ഗവേഷണ വികസന പ്രവർത്തനങ്ങൾ

ദേശീയ അന്തർദേശീയ തലങ്ങളിൽ പ്രശസ്തമായ സ്ഥാപനങ്ങളുമായി സഹകരിച്ച്, അടിസ്ഥാന ഗവേഷണം, എപ്പിഡെമിയോളജിക്കൽ പഠനങ്ങൾ,

ക്ലിനിക്കൽ ഗവേഷണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു പ്രധാന കാൻസർ ഗവേഷണ കേന്ദ്രമാണ് ആർസിസി. പൊതുജനങ്ങൾക്കിടയിലുള്ള കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്കും ഓങ്കോളജിയുടെ വിവിധ സ്പെഷ്യാലിറ്റികളിൽ മനുഷ്യവിഭവശേഷി സൃഷ്ടിക്കുന്നതിനും, ക്യാൻസറിനുള്ള പുതിയ ചികിത്സകളിലേയ്ക്ക് നയിക്കാവുന്ന കാൻസർ ഗവേഷണത്തിലും ആർസിസി പ്രതിജ്ഞാബദ്ധമാണ്. 2023-24ൽ, കാൻസർ ഗവേഷണത്തിൽ സൈറ്റോജെനെറ്റിക് വർക്ക്സ്റ്റേഷൻ, ഫിഷ് ഹൈബ്രിഡൈസർ, വെന്റിലേറ്റഡ് കേജിംഗ് സിസ്റ്റം എന്നിവ ആർസിസി ലഭ്യമായിട്ടുണ്ട്. ഈ കാലയളവിൽ 30 ഓളം സ്കോളേഴ്സ് പിഎച്ച്ഡി ചെയ്യുന്നുണ്ട്. 60 റെസിഡന്റുകൾ മെഡിക്കൽ, പീഡിയാട്രിക്, സർജിക്കൽ ഓങ്കോളജിയിലും, ഹെഡ് &നെക്ക് സർജറി, ഗൈനക്കോളജിക്കൽ ഓങ്കോളജി സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിലും സ്പെഷ്യലൈസേഷൻ ചെയ്യുകയുണ്ടായി. 48 റെസിഡന്റുകൾ അനസ്തേഷ്യ, പാത്തോളജി, റേഡിയോ തെറാപ്പി എന്നിവയിൽ ബിരുദാനന്തര ബിരുദ കോഴ്സുകളും പൂർത്തീയാക്കിയിട്ടുണ്ട്. ആർസിസി 91 കാൻസർ വിദ്യാഭ്യാസ പരിപാടികളും 211 കാൻസർ പരിശോധനാ പരിപാടികളും നടത്തി. നിലവിൽ നടപ്പിലാക്കുന്ന ഗവേഷണ പദ്ധതികളുടെ എണ്ണം 249 ആണ്. ആർസിസി രണ്ട് പേറ്റന്റുകൾ നേടുകയും 188 ഗവേഷണ പ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രികൾ, ജനസംഖ്യാ എന്നിവയെ അടിസ്ഥാനമാക്കിയുള്ള കാൻസർ രജിസ്ട്രികൾ ആർസിസി തയ്യാറാക്കിയിട്ടുണ്ട്.

### 2023–24 കാലയളവിൽ നടപ്പിലാക്കിയ രോഗനിർണയ, ചികിത്സാ സൗകര്യങ്ങൾ

- 2023-24 കാലയളവിൽ റോബോട്ടിക് സർജറി യൂണിറ്റും എച്ച്ഐപിഇസി ചികിത്സയും ക്ലിനിക്കൽ ലബോറട്ടറി ട്രാക്കിംഗ് സംവിധാനവും ഉദ്ഘാടനം ചെയ്യുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അതുവഴി 47 റോബോട്ടിക് സർജറികളും 12 ഹൈപ്പോതെർമിക് ഇന്ട്രാപെരിട്ടോണിയൽ കീമോതെറാപ്പി (എച്ച്ഐപിഇസി) നടപടിക്രമങ്ങളും നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലയിലെ ആദ്യത്തെ റോബോട്ടിക് സർജറി യൂണിറ്റാണിത്.
- 3-ടെസ്‌ല എംആർഐ & ഡിജിറ്റൽ 3ഡി മാമോഗ്രഫി മെഷീനുകളും എച്ച്ഐപിഇസിപെർഫ്യൂഷൻ യൂണിറ്റും ക്ലിനിക്കൽ ലബോറട്ടറി ട്രാക്കിംഗ് സംവിധാനവും കമ്മീഷൻ ചെയ്തു.
- പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിന്റെസിഎസ്ആർഫണ്ട് ഉപയോഗിച്ച് Ring Gantry (Halcyon) ലീനിയർ ആക്സിലറേറ്റർ വാങ്ങി.
- സൗരോർജ്ജം കൊണ്ടു പ്രവർത്തിക്കുന്ന കോൾഡ് സ്റ്റോറേജ് യൂണിറ്റ് &റിവേഴ്സ് ഓസ്മോസിസ് അധിഷ്ഠിത ജല ശുദ്ധീകരണ സംവിധാനം എന്നിവ കമ്മീഷൻ ചെയ്യുകയുംSerum Galactomannan Assay ആരംഭിക്കുകയും ചെയ്തു.
- ആർസിസിയിലെ പുതിയ പേഷ്യന്റ് വെൽഫെയർ &സർവീസ് ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയും ആർസിസിയുടെ പുതിയ 14 നില കെട്ടിടം പൂർത്തിയായിക്കൊണ്ടിരിക്കുകയുമാണ് (2025 മാർച്ചിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു).
- ഡിപ്പാർട്ട്മെന്റ് ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ചിന്റെ (ഡിഎസ്ഐആർ) രജിസ്ട്രേഷനുംgranulocyte apheresis നടപടിക്രമം നടത്തുന്നതിനുള്ള ലൈസൻസും ലഭിച്ചു.
- രക്തദാനത്തിലൂടെ പകരുന്ന അണുബാധകളുടെ സാന്നിധ്യം കണ്ടെത്തുന്നതിനായി ദാനം ചെയ്ത രക്തത്തിൽ ന്യൂക്ലിക് ആസിഡ് ആംപ്ലിഫിക്കേഷൻ ടെസ്റ്റ് ആരംഭിച്ചു.
- പോർട്ടബിൾ ബൈനോക്കുലർ കോൾപോസ്കോപ്പ് ഉപയോഗിച്ച് സെർവിക്കൽ ക്യാൻസർ പരിശോധന ആരംഭിച്ചു.
- ആർസിസിക്ക് രണ്ട് ഇന്ത്യൻ പേറ്റന്റുകൾ ലഭിച്ചു.
- 2024-25 കാലയളവിൽ (2024ഓഗസ്റ്റ് 31 വരെ), കത്തീറ്ററൈസേഷൻ ലബോറട്ടറിയുടെ വിതരണത്തിനും സ്ഥാപിക്കലിനുമായി ആർസിസിക്ക് ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിച്ചു.

### ഭാവി വീക്ഷണം

പ്രത്യേക മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പുതിയ ഗവേഷണ കേന്ദ്രങ്ങളുടെ നിർമ്മാണം, ഗവേഷണം മുന്നോട്ടു കൊണ്ട് പോകുന്ന മാനവ-ഭൗതിക വിഭവങ്ങളുടെ വിപുലീകരണം, പൊതുജനങ്ങൾക്കുണ്ടായ വർദ്ധിച്ച ശാസ്ത്രീയ മനോഭാവം, എന്നീയാണ് ഈ മേഖലയിൽ സംസ്ഥാനം കൈവരിച്ച ചില പുരോഗതികൾ. സി.ഡബ്ല്യു. ആർ.ഡി.എം(സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ്) അവതരിപ്പിച്ച വാട്ടർ ബജറ്റും, ഐസിസിഎസ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ്) പുറത്തിറക്കിയ കേരളത്തിന്റെ കാലാവസ്ഥാ പ്രസ്താവന എന്നിവ ഗവേഷണ സ്ഥാപങ്ങൾ സമൂഹത്തെ നേരിട്ട് സ്വാധീനിക്കുന്ന ചില നൂതന പ്രവർത്തനങ്ങളുടെ ഉത്തമ ഉദാഹരണങ്ങളാണ്. സംസ്ഥാനം 'നവകേരള'ത്തിലേക്ക് നീങ്ങുമ്പോൾ, സമീപ വർഷങ്ങളിൽ ശാസ്ത്ര സാങ്കേതിക മേഖല കൈവരിച്ച പുരോഗതിക്ക് ആക്കം കൂട്ടാൻ സംസ്ഥാനം ശ്രമിക്കുന്നു.

ശാസ്ത്ര സാങ്കേതിക വിദ്യാധിഷ്ഠിത സാമ്പത്തിക ആസൂത്രണമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. ഗവേഷണ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, സഹകരണ പദ്ധതികളുടെ പ്രോത്സാഹനം, പരിശീലന പരിപാടികൾ, ഈ മേഖലയിലെ വിദഗ്ധരായ പ്രൊഫഷണലുകളെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പരിപാടികൾ എന്നിവ സംസ്ഥാനം കൂടുതൽ ഊർജ്ജസ്വലതയോടെ പിന്തുടരുന്ന പ്രവർത്തനങ്ങളാണ്. നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും ഡിജിറ്റൽ സാക്ഷരത വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ സംസ്ഥാനത്തിന് നേട്ടങ്ങൾ കൊണ്ടുവരുന്നതിനാൽ

അവ തുടരേണ്ടതുണ്ട്. അക്കാദമിയ-ഗവേഷണ-വ്യവസായ ബന്ധം ശക്തിപ്പെടുത്തുന്നതിനും വിദ്യാർത്ഥികളിൽ ശാസ്ത്രരംഗത്തെ കഴിവുകൾ വളർത്തുന്നതിനുമുള്ള പരിപാടികൾ ഈ മേഖലയെ ഊർജ്ജസ്വലവും ആകർഷകവുമാക്കാൻ സജ്ജമാണ്. ശാസ്ത്ര-സാങ്കേതിക മേഖലയിലെ വ്യത്യസ്ത ആവശ്യകതകൾ നേടുന്നതിന് വിഭാവനം ചെയ്ത വൈവിധ്യമാർന്ന പരിപാടികളിലൂടെ,ഈ ദിശയിൽ ഒരു വലിയ കുതിച്ചുചാട്ടത്തിന് സംസ്ഥാനം തയ്യാറെടുക്കുകയാണ്.

# 5.3 വിനോദസഞ്ചാരം

കേരളത്തിന്റെ വികസന ചരിത്രത്തിൽ, ടൂറിസത്തിന് അഭിമാനകരമായ സ്ഥാനമാണുള്ളത്. കേരള ടൂറിസം, ലോകോത്തര നിലവാരമുള്ള ചില സ്ഥലങ്ങൾ എന്നതിൽ നിന്നും ഹിൽ സ്റ്റേഷനുകൾ, ബീച്ചുകൾ, കായലുകൾ, പൈതൃക കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, എന്നിവ ഉൾക്കൊള്ളുന്ന, സവിശേഷമായ സ്ഥലങ്ങൾ എന്ന തലത്തിലേക്ക് വർഷങ്ങൾ കൊണ്ട് വളർന്നിട്ടുണ്ട്. വെൽനസ് പാക്കേജുകൾ, തനതു ഭക്ഷണ ലഭ്യത, ഉത്തരവാദിത്ത വിനോദസഞ്ചാരം, മൺസൂൺ പാക്കേജുകൾ, വനാനുഭവങ്ങൾ, ഹോം സ്റ്റേ സൗകര്യങ്ങൾ, തീർഥാടക വിനോദസഞ്ചാരം, ആരോഗ്യ വിനോദസഞ്ചാരം എന്നിങ്ങനെ സഞ്ചാരികൾക്ക് വേറിട്ട വിനോദസഞ്ചാര അനുഭവങ്ങളുടെ വിശാലമായൊരു നിര തന്നെ കേരള ടൂറിസം നൽകുന്നു. ന്യൂയോർക്ക് ടൈംസിന്റെ സന്ദർശിച്ചിരിക്കേണ്ട സ്ഥലങ്ങളുടെ വാർഷിക (2023)പട്ടികയിൽ പരാമർശിച്ചിരിക്കുന്ന ഒരേയൊരു ഇന്ത്യൻ വിനോദസഞ്ചാര കേന്ദ്രം കേരളമാണ്.

ടൂറിസം വ്യവസായമായി പ്രഖ്യാപിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. മുൻനിരയിൽ നിന്ന് നേതൃത്വം നൽകുന്ന കേരള സർക്കാരിന്റെയും വിവിധ മേഖലകളിലുള്ള സജീവ പങ്കാളികളുടെയും ഏകോപിത ശ്രമങ്ങളിൽ നിന്നാണ് കേരളത്തിലെ വിനോദസഞ്ചാരം അതിന്റെ ശക്തി ആർജിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ നിരന്തരവും നൂതനവും മൂല്യാധിഷ്ഠിതവുമായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന് പ്രയോജനം ലഭിക്കുകയും, കൂടാതെ പരിസ്ഥിതി സുസ്ഥിരത ഉറപ്പുവരുത്തുകയും ചെയ്തു. അടിസ്ഥാന സൗകര്യങ്ങളുടെയും വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും വികസനം,ഉല്പന്നങ്ങളുടെയും വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പ്രചാരണം,യാത്ര സുഗമമാക്കുന്നതിനുള്ള നയങ്ങൾ നടപ്പിലാക്കൽ എന്നിവയെല്ലാം വിനോദസഞ്ചാര മേഖലയിലെ സർക്കാർ ഇടപെടലിന്റെ പ്രധാന നേട്ടങ്ങളാണ്.

അടിസ്ഥാന സൗകര്യങ്ങളുടെയും വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും വികസനം,ഉല്പന്നങ്ങളുടെയും വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പ്രചാരണം,യാത്ര സുഗമമാക്കുന്നതിനുള്ള നയങ്ങൾ നടപ്പിലാക്കൽ എന്നിവയെല്ലാം വിനോദസഞ്ചാര മേഖലയിലെ സർക്കാർ ഇടപെടലിന്റെ പ്രധാന നേട്ടങ്ങളാണ്.
വിനോദസഞ്ചാര മേഖലയിൽ ജെൻഡർ ഓഡിറ്റ് നടത്തുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് കേരളം, യുഎൻ വിമെൻ (UN Women)ന്റെ സാങ്കേതിക സഹായത്തോടെയാണ് ഇത് സാധ്യമാക്കിയത്. സമൂഹത്തെ അടിസ്ഥാനമാക്കിയുള്ള ഉത്തരവാദിത്ത വിനോദസഞ്ചാര സംരംഭങ്ങൾ, ഡിജിറ്റൽ, വെർച്വൽ വിപണന സാങ്കേതികവിദ്യകളുടെ അവലംബം, യോഗങ്ങൾ, ഇൻസെന്റീവുകൾ, കോൺഫറൻസുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നതിനുള്ള ഒരു പ്രധാന കേന്ദ്രം (MICE tourism) ഹോംസ്റ്റേകൾ, തീർത്ഥാടന വിനോദസഞ്ചാരം, സ്റ്റേകേഷൻസ് എന്നിവ കേരളവിനോദസഞ്ചാരത്തിന്റെ വളർച്ചയ്ക്ക് തെളിവാണ്. കേരളത്തിന്റെ 14-ാം പഞ്ചവത്സര പദ്ധതി (2022-2027)യിൽ വിനോദസഞ്ചാരത്തിലെ പ്രധാന ഘടകങ്ങളായ വിനോദസഞ്ചാര കേന്ദ്ര വികസനം, നൈപുണ്യ വികസനവും തൊഴിലും, വിനോദസഞ്ചാര ഉൽപ്പന്നങ്ങളുടെ വികസനം, ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രോത്സാഹനം, ടൂറിസം ഫണ്ടിംഗ് എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. ടൂറിസത്തിലെ ഉയർന്നുവരുന്ന പ്രവണതകളോട് പ്രതികരിക്കുന്ന നയങ്ങൾ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയ്ക്കും ഇത് ഊന്നൽ നൽകിയിട്ടുണ്ട്.

വർഷങ്ങളായി കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിനോദസഞ്ചാരം ഗണ്യമായ സംഭാവന നൽകുന്നുണ്ട്. 2023-ൽ കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള ആകെ (പ്രത്യക്ഷവും പരോക്ഷവുമായ) വരുമാനം 43,621 കോടി രൂപയാണ്. ഈ മേഖലയുടെ പ്രകടനത്തെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ **ബോക്സ് 5.3.1**-ൽ നൽകിയിരിക്കുന്നു.

**ബോക്സ് 5.3.1** കേരള വിനോദസഞ്ചാരം ഒറ്റനോട്ടത്തിൽ

| | |
|---|---|
| 2022- ലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | 1,88,67,414 |
| 2023- ലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | 2,18,71,641 |
| 2022- ലെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം | 3,45,549 |
| 2023- ലെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം | 6,49,057 |
| 2022- ലെ ആകെ വിനോദ സഞ്ചാരികളുടെ എണ്ണം | 1,92,12,963 |
| 2023- ലെ ആകെ വിനോദ സഞ്ചാരികളുടെ എണ്ണം | 2,25,20,698 |
| 2022-ൽ നേടിയ മൊത്തം (നേരിട്ടുള്ളതും പരോക്ഷവുമായ) വരുമാനം (കോടി രൂപ) | 35,168.42 |
| 2023-ൽ നേടിയ മൊത്തം (നേരിട്ടുള്ളതും പരോക്ഷവുമായ) വരുമാനം (കോടി രൂപ) | 43,621.22 |
| 2022 ലെ വിദേശ വിനിമയ വരുമാനം (കോടി രൂപ) | 2,792.42 |
| 2023 ലെ വിദേശ വിനിമയ വരുമാനം (കോടി രൂപ) | 5,245.09 |
| 2022-ൽ ആഭ്യന്തര വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം (കോടി രൂപ) | 24,588.96 |
| 2023- ൽ ആഭ്യന്തര വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം (കോടി രൂപ) | 28,717.46 |

അവലംബം : വിനോദ സഞ്ചാര വകുപ്പ് , കേരള സർക്കാർ

### മേഖലയുടെ ധനകാര്യ വിശകലനം

2020-21 മുതൽ 2024-25 വരെയുള്ള കാലയളവിൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിനോദസഞ്ചാര മേഖലയിലെ പദ്ധതി വിഹിതത്തിന്റെയും ചെലവുകളുടെയും വിശദാംശങ്ങൾ **പട്ടിക 5.3.1**-ൽ നൽകിയിരിക്കുന്നു.

### വിദേശ സഞ്ചാരികളുടെ വരവും സന്ദർശനവും – ഇന്ത്യ/ കേരളം

വിദേശ വിനോദസഞ്ചാരികളെക്കുറിച്ചുള്ള വിവരങ്ങൾ 'വരവ്'കളായും (പാസ്‌പോർട്ടിന്റെ ഉപയോഗത്തെയും എത്തിച്ചേരൽ രേഖപ്പെടുത്തുന്ന വിവിധ കേന്ദ്രങ്ങളെയും അടിസ്ഥാനമാക്കി) 'സന്ദർശന'ങ്ങളായും (പലപ്പോഴും ജില്ലയെ റഫറൻസ് പോയിന്റാക്കി വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ താമസിക്കുന്നതിനെ അടിസ്ഥാനമാക്കി) ലഭ്യമാണ്. രാജ്യത്ത് എത്തുന്ന ഒരു ടൂറിസ്റ്റ് സാധാരണയായി ഒന്നിലധികം വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുകയും അവരെ ഒന്നിലധികം കേന്ദ്രങ്ങളിൽ സന്ദർശകയായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇന്ത്യയിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 2022ലെ 64.4 ലക്ഷത്തിൽ നിന്ന് 2023ൽ 92.4 ലക്ഷമായി (മുൻവർഷത്തിൽ നിന്ന് 43 ശതമാനം വർദ്ധന) വർദ്ധിച്ചു.

കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനം 2022-ലെ 3.5 ലക്ഷത്തിൽ നിന്ന് 2023-ൽ 6.5 ലക്ഷമായി വർദ്ധിച്ചു. മുൻ വർഷത്തേക്കാൾ ഏകദേശം 88 ശതമാനം വർദ്ധനവാണ് ഇത് കാണിക്കുന്നത്. 2024 ജൂൺ 30 വരെ കേരളത്തിലെ വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനം 3.6 ലക്ഷമാണ്. കോവിഡ് -19 മഹാമാരിമൂലമുണ്ടായ തിരിച്ചടികളിൽ നിന്നുള്ള വിനോദസഞ്ചാര മേഖലയുടെ തിരിച്ചുവരവാണ് ഇത് വെളിപ്പെടുത്തുന്നത്.


**ചിത്രം 5.3.1** 2014 മുതൽ 2023 വരെ ഇന്ത്യയിലെയും കേരളത്തിലെയും വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ. ഇന്ത്യയിലെയും കേരളത്തിലെയും വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനങ്ങളും 2014 മുതലുള്ള വാർഷിക വളർച്ചാ നിരക്കും **അനുബന്ധം 5.3.1**ൽ കൊടുത്തിരിക്കുന്നു. 2022-ലും 2023-ലും ഇന്ത്യയിലേക്കുള്ള വിദേശ സഞ്ചാരുകളുടെ വരവിന്റേയും കേരളത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ സന്ദർശനത്തിന്റേയും മാസാടിസ്ഥാനത്തിലുള്ള കണക്ക് **പട്ടിക 5.3.2**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.3.1** സംസ്ഥാന പദ്ധതി വിഹിതവും ചെലവും -രൂപ കോടിയിൽ

| വർഷം | വിഹിതം | ചെലവ് |
|---|---|---|
| 2020-21 | 320.14 | 325.63 (101.71%) |
| 2021-22 | 320.14 | 244.49 (76.37%) |
| 2022-23 | 362.15 | 248.58 (68.64%) |
| 2023-24 | 362.15 | 258.47 (71.37%) |
| 2024-25 (up to October 10, 2024) | 351.42 | 103.99 (29.59%) |

അവലംബം : പ്ലാൻ സ്പേസ് കേരള, അക്കൗണ്ട്സ്

**ചിത്രം 5.3.1 2014** മുതൽ 2023 വരെ ഇന്ത്യയിലെയും കേരളത്തിലെയും വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ




*അവലംബം:* വിനോദസഞ്ചാര വകുപ്പ്, കേരള സർക്കാർ

* 2023 ലെ ഭാരത സർക്കാരിന്റെ വിദേശ വിനോദ സഞ്ചാരങ്ങളുടെ എണ്ണം പ്രസിദ്ധീകരിച്ചിട്ടില്ല.

### വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ കണക്ക്

2023-ൽ തുടർച്ചയായ രണ്ടാം വർഷവും സംസ്ഥാനത്തേക്കുള്ള വിദേശ വിനോദസഞ്ചാരികളിൽ ഭൂരിഭാഗവും യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിൽ നിന്നാണ് (12.7 ശതമാനം), തുടർന്ന് യുണൈറ്റഡ് കിംഗ്ഡം (12.3 ശതമാനം), ഒമാൻ(6.2 ശതമാനം) എന്നിവയാണ്. മറ്റ് പ്രധാന സ്രോതസ്സുകളിൽ ജർമ്മനി (5.4 ശതമാനം), ഫ്രാൻസ് (5.8 ശതമാനം), മാലിദ്വീപ് (5.7 ശതമാനം) എന്നിവ ഉൾപ്പെടുന്നു. 2023 ൽ കേരളത്തിലേക്ക് വന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കാര്യമായ പങ്ക് വഹിച്ച രാജ്യങ്ങളാണ് ഒമാൻ, സൗദി അറേബ്യ, യുഎഇ തുടങ്ങിയ മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ. 2023-ൽ കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളിൽ 30 ശതമാനത്തിലധികം പേരും ആദ്യ പന്ത്രണ്ട് റാങ്കിൽപ്പെട്ട രാജ്യങ്ങളിൽ ഒഴികെയുള്ളവരാണ്. കഴിഞ്ഞ മൂന്ന് വർഷത്തേയും 2024 ജൂൺ 30 വരെയും ഉള്ള കേരള വിനോദസഞ്ചാരത്തിന്റെ പ്രധാന അന്താരാഷ്ട്ര ഉറവിടങ്ങളുടെ പങ്ക് **അനുബന്ധം 5.3.2**-ൽ നൽകിയിരിക്കുന്നു. **ചിത്രം 5.3.2**ൽ 2022ലും 2023-ലും വിദേശ വിനോദസഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന പത്ത് രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തിയ വിദേശ വിനോദസഞ്ചാരികളുടെ എണ്ണം കൊടുത്തിരിക്കുന്നു.

### വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനങ്ങൾ – ജില്ല തിരിച്ച്

കഴിഞ്ഞ കുറച്ച് വർഷങ്ങളായി, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദേശ വിനോദസഞ്ചാരികളുടെ വരവ് രേഖപ്പെടുത്തിയ രണ്ട് ജില്ലകൾ എറണാകുളവും, തിരുവനന്തപുരവുമാണ്. 2023ൽ 2.8 ലക്ഷം വിദേശ വിനോദസഞ്ചാരികൾ എറണാകുളം സന്ദർശിച്ചപ്പോൾ 2022ൽ അത് 1.9 ലക്ഷമായിരുന്നു. അതുപോലെ 1.5 ലക്ഷം വിദേശ വിനോദ സഞ്ചാരികൾ 2023ൽ തിരുവനന്തപുരം സന്ദർശിച്ചപ്പോൾ 2022ൽ അത് 81,916 ആയിരുന്നു. വിദേശ സഞ്ചാരികളുടെ സന്ദർശനങ്ങളിൽ ഗണ്യമായ വളർച്ച ഇടുക്കി(1,03,644), കാസർകോട് (2,291) ജില്ലകളിൽ രേഖപ്പെടുത്തി. 2023-ൽ ഏറ്റവും കുറവ് വിദേശ വിനോദ സഞ്ചാരികൾ എത്തിയ ജില്ലകൾ പത്തനംതിട്ട (941), പാലക്കാട് (1,069) എന്നിവയാണ്. വിശദാംശങ്ങൾ **അനുബന്ധം 5.3.3** ൽ നൽകിയിരിക്കുന്നു. 2023-ൽ മൊത്തം വിദേശ വിനോദസഞ്ചാരികളിൽ 66.1 ശതമാനം മധ്യകേരളവും ഏകദേശം 28.6 ശതമാനം തെക്കൻ കേരളവും സന്ദർശിച്ചപ്പോൾ 5.3 ശതമാനം പേർ മാത്രമാണ് വടക്കൻ കേരളം സന്ദർശിച്ചതെന്ന്, സംസ്ഥാനം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ പ്രാദേശിക കണക്കുകൾ കാണിക്കുന്നു. 2022-ൽ മൊത്തം വിദേശ വിനോദസഞ്ചാരികളിൽ 66.5 ശതമാനം മധ്യകേരളവും 27.5 ശതമാനം തെക്കൻ കേരളവും 5.9 ശതമാനം വടക്കൻ കേരളവും സന്ദർശിച്ചു. **ചിത്രം 5.3.3** ൽ 2023-ൽ കേരളത്തിലെ വിദേശ വിനോദസഞ്ചാരികളുടെ പ്രാദേശികാടിസ്ഥാനത്തിലുള്ള സന്ദർശനങ്ങൾ കൊടുത്തിരിക്കുന്നു.

### ആഭ്യന്തര വിനോദ സഞ്ചാരികൾ


ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനത്തിൽ 2021-ൽ 51.1 ശതമാനവും 2022-ൽ 150 ശതമാനവും വളർച്ചാ നിരക്ക് (കഴിഞ്ഞ പത്തുവർഷത്തെ ഏറ്റവും ഉയർന്ന വളർച്ചാ നിരക്ക്) കേരളം കൈവരിച്ചിട്ടുണ്ട്.

**പട്ടിക 5.3.2** 2022 ലും 2023 ലും ഇന്ത്യയിൽ എത്തിച്ചേർന്നതും കേരളത്തിൽ സന്ദർശിച്ചതുമായ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ

| ക്രമ നം | മാസം | വിദേശവിനോദ സഞ്ചാരികളുടെ എണ്ണം 2022 | | വിദേശവിനോദ സഞ്ചാരികളുടെ എണ്ണം 2023 | |
|---|---|---|---|---|---|
| | | ഇന്ത്യ (എത്തിച്ചേരൽ) | കേരളം (സന്ദർശനം) | ഇന്ത്യ (എത്തിച്ചേരൽ) | കേരളം (സന്ദർശനം) |
| 1 | ജനുവരി | 2,15,935 | 10,952 | 8,68,160 | 68,157 |
| 2 | ഫെബ്രുവരി | 2,54,538 | 12,158 | 8,65,779 | 71,919 |
| 3 | മാർച്ച് | 3,58,023 | 20,437 | 7,95,827 | 53,703 |
| 4 | ഏപ്രിൽ | 4,11,010 | 17,889 | 6,03,985 | 35,198 |
| 5 | മെയ് | 4,45,690 | 21,496 | 5,98,480 | 28,966 |
| 6 | ജൂൺ | 5,47,074 | 23,028 | 6,48,008 | 29,787 |
| 7 | ജൂലൈ | 6,69,499 | 32,785 | 7,60,623 | 57,038 |
| 8 | ആഗസ്റ്റ് | 5,24,756 | 37,939 | 6,43,194 | 60,934 |
| 9 | സെപ്റ്റംബർ | 5,51,580 | 30,168 | 6,48,213 | 41,625 |
| 10 | ഒക്ടോബർ | 6,77,055 | 36,261 | 8,11,411 | 53,751 |
| 11 | നവംബർ | 7,89,330 | 42,308 | 9,22,265 | 69,902 |
| 12 | ഡിസംബർ | 9,92,977 | 60,128 | 10,70,163 | 78,077 |
| | ആകെ | 64,37,467 | 3,45,549 | 92,36,108 | 6,49,057 |

അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**ചിത്രം 5.3.2** 2022-ലും 2023-ലും വിദേശ വിനോദസഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ലോകത്തിലെ പത്ത് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ വരവിന്റെ എണ്ണം




അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ


2023-ൽ 2.18 കോടി ആഭ്യന്തര വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചു, ഇത് 2022-നേക്കാൾ(1.88 കോടി) കൂടുതലാണ്. ഇത് ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കോവിഡിന് ശേഷമുള്ള കാലയളവിൽ ശ്രദ്ധേയമായ തിരിച്ചുവരവ് രേഖപ്പെടുത്തുന്നു.

ഓണാഘോഷം, വള്ളംകളി, വിവിധ മേളകൾ ഉൾപ്പെടെയുള്ള ഗംഭീരമായ ആഘോഷങ്ങളും വിപുലമായ ആഭ്യന്തര പ്രചാരണങ്ങളും കേരള സർക്കാർ സംഘടിപ്പിച്ചത് ആഭ്യന്തര വിനോദസഞ്ചാരികളെ ഗണ്യമായി ആകർഷിച്ചു. ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പ്രത്യേക വിപണന കാമ്പെയ്നുകൾ, കാരവൻ ടൂറിസം പോലുള്ള നൂതന വിനോദസഞ്ചാര പദ്ധതികൾ, നിർത്തിവച്ച ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ പുനരാരംഭം, ബേപ്പൂർ വാട്ടർ ഫെസ്റ്റ് പോലുള്ള ഇവന്റുകൾ എന്നിവ വിനോദസഞ്ചാരത്തിന്റെ പുനരുജ്ജീവനത്തിന് കാരണമായി. 2024 ജൂൺ 30 വരെ സന്ദർശിച്ച ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 10.9 ലക്ഷമാണ്. ഇത് 2023 ജൂൺ 30 വരെയുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണമായിരുന്ന 10.7 ലക്ഷത്തേക്കാൾ 1.6 ശതമാനം കൂടുതലാണ്. **അനുബന്ധം 5.3.4** ൽ 2014 മുതൽ ജൂൺ 2024 വരെ കേരളത്തിലേക്കുള്ള ആഭ്യന്തര ടൂറിസ്റ്റ് സന്ദർശനങ്ങളുടെ വിശദാംശങ്ങൾ നൽകിയിരിക്കുന്നു. 2014 മുതൽ 2023 വരെ കേരളത്തിലേക്കുള്ള ആഭ്യന്തര ടൂറിസ്റ്റ് സന്ദർശനങ്ങളുടെ വാർഷിക വളർച്ചനിരക്ക് **ചിത്രം 5.3.4**ൽ നൽകിയിരിക്കുന്നു.

### ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം

2023-ലെ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ മാസാടിസ്ഥാനത്തിലുള്ള കണക്കുകൾ കാണിക്കുന്നത് ഏറ്റവും കൂടുതൽ വിനോദസഞ്ചാരികളുടെ വരവ് ഡിസംബർ മാസത്തിലും ഏറ്റവും കുറവ് മാർച്ച് മാസത്തിലുമാണ് എന്നാണ്. വിശദാംശങ്ങൾ **പട്ടിക 5.3.3**ൽ നൽകിയിരിക്കുന്നു.

**ചിത്രം 5.3.3** 2023–ൽ കേരളത്തിലെ പ്രാദേശികാടിസ്ഥാനത്തിലുള്ള വിദേശ ടൂറിസ്റ്റ് സന്ദർശനങ്ങൾ, ശതമാനത്തിൽ





*അവലംബം* : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

### വിവിധസംസ്ഥാനങ്ങളിൽ നിന്നുള്ള ആഭ്യന്തര വിനോദ സഞ്ചാരികളുടെ വിശദാംശങ്ങൾ

കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനം സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ പ്രകാരം 2023-ൽ ഏകദേശം 68.5 ശതമാനവും 2022-ൽ ഏകദേശം 71.6 ശതമാനവും സംസ്ഥാനത്തിനകത്ത് നിന്നുള്ളവരാണ്. 2023 ൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുവരുന്ന ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ തമിഴ്നാട് ഒന്നാം സ്ഥാനത്താണ്(10.4 ശതമാനം). കർണാടക (6.6 ശതമാനം), മഹാരാഷ്ട്ര (3.6 ശതമാനം) എന്നിവയാണ് മറ്റ് പ്രധാന സംസ്ഥാനങ്ങൾ. ഈ സംസ്ഥാനങ്ങൾ തന്നെയാണ് മുൻവർഷങ്ങളിലും മുന്നിലായിരുന്നത്. **അനുബന്ധം 5.3.5**-ൽ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിന്റെ

**ചിത്രം 5.3.4** 2014 മുതൽ 2023 വരെയുള്ള കാലയളവിൽ കേരളത്തിലേക്കുള്ള ആഭ്യന്തര ടൂറിസ്റ്റുകളുടെ സന്ദർശനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്




*അവലംബം* : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**പട്ടിക 5.3.3** കഴിഞ്ഞ മൂന്ന് വർഷത്തെ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ്- മാസം തിരിച്ച്

| ക്രമം | മാസം | ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | | |
|---|---|---|---|---|
| | | 2021 | 2022 | 2023 |
| 1 | ജനുവരി | 7,88,185 | 12,33,862 | 18,28,815 |
| 2 | ഫെബ്രുവരി | 7,28,204 | 11,62,035 | 15,70,857 |
| 3 | മാർച്ച് | 6,83,801 | 13,98,917 | 15,36,602 |
| 4 | ഏപ്രിൽ | 3,73,290 | 16,11,134 | 19,27,700 |
| 5 | മെയ് | 66,711 | 19,10,617 | 21,73,589 |
| 6 | ജൂൺ | 1,20,473 | 15,79,028 | 16,46,080 |
| 7 | ജൂലൈ | 4,14,189 | 14,32,307 | 16,68,625 |
| 8 | ആഗസ്റ്റ് | 6,26,792 | 14,80,642 | 18,94,539 |
| 9 | സെപ്റ്റംബർ | 7,18,945 | 15,72,294 | 17,21,809 |
| 10 | ഒക്ടോബർ | 8,55,682 | 17,39,286 | 17,95,778 |
| 11 | നവംബർ | 9,29,262 | 16,82,632 | 18,74,362 |
| 12 | ഡിസംബർ | 12,32,083 | 20,64,660 | 22,32,885 |
| | ആകെ | 75,37,617 | 1,88,67,414 | 2,18,71,641 |

അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

സംസ്ഥാനാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ നൽകിയിരിക്കുന്നു. 2022-ലും 2023-ലും മികച്ച പത്ത് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള വിഹിതം **ചിത്രം 5.3.5** കാണിക്കുന്നു.


### ആഭ്യന്തര വിനോദ സഞ്ചാരികളുടെ ജില്ല തിരിച്ചുള്ള സന്ദർശനം

2023-ൽ കേരളത്തിലെ ജില്ല തിരിച്ചുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ എറണാകുളം (20.5 ശതമാനം), ഇടുക്കി (16.6 ശതമാനം) എന്നീ ജില്ലകളിലാണ് ഏറ്റവും കൂടുതൽ ആഭ്യന്തര സന്ദർശകർ എത്തിയത്. 2022ൽ എറണാകുളവും തിരുവനന്തപുരവും ആയിരുന്നു ഒന്നാം സ്ഥാനത്ത്. 2023-ൽ ഏറ്റവും കുറവ് ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിച്ചത് കാസർഗോഡാണ്, രണ്ടാം സ്ഥാനത്തുള്ളത് പത്തനംതിട്ടയാണ്. വിശദാംശങ്ങൾ **അനുബന്ധം 5.3.6**ൽ നൽകിയിരിക്കുന്നു. 2023-ൽ കൂടുതൽ ആഭ്യന്തര വിനോദസഞ്ചാരികൾ മധ്യകേരളം സന്ദർശിച്ചതായി പ്രാദേശികാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ കാണിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷമായി ഈ പ്രവണത അതേപടി തുടരുന്നു. **ചിത്രം 5.3.6,** 2023-ലെ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ പ്രാദേശികാടിസ്ഥാനത്തിലുള്ള സന്ദർശനങ്ങൾ കൊടുത്തിരിക്കുന്നു.

### വിനോദ സഞ്ചാര വരുമാനത്തിന്റെ സ്വാധീനം


2023ൽ വിനോദസഞ്ചാരമേഖലയിൽ നിന്നും പ്രത്യക്ഷമായും പരോക്ഷമായും ലഭിച്ച ആകെ വരുമാനം 43,621.22 കോടി രൂപയാണ്. ഇത് 2022നെ അപേക്ഷിച്ച് 24 ശതമാനം (35168.4 കോടി രൂപ) വർദ്ധനവ് കാണിക്കുന്നു. വിദേശ, ആഭ്യന്തര വിനോദ സഞ്ചാരികളിൽ നിന്നുള്ള വിദേശ

**ചിത്രം 5.3.5** 2022-ലും 2023-ലും ആദ്യ പത്ത് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ്, ശതമാനത്തിൽ




അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**ചിത്രം 5.3.6** 2023-ൽ കേരളത്തിലെ പ്രാദേശികാടിസ്ഥാനത്തിലുള്ള ആഭ്യന്തര വിനോദ സഞ്ചാര സന്ദർശനങ്ങൾ, ശതമാനത്തിൽ




*അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ*

**പട്ടിക 5.3.4** 2014 മുതൽ 2023 വരെയുള്ള കാലയളവിൽ കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്ന് ലഭിച്ച മൊത്തം വരുമാനം (പ്രത്യക്ഷവും പരോക്ഷവും), രൂപ കോടിയിൽ

| വർഷം | ആകെ വരുമാനം (പ്രത്യക്ഷവും പരോക്ഷവും) | ശതമാന വ്യത്യാസം |
|---|---|---|
| 2014 | 24,885.44 | 8.54 |
| 2015 | 26,689.63 | 7.24 |
| 2016 | 29,658.56 | 11.12 |
| 2017 | 33,383.68 | 12.56 |
| 2018 | 36,258.01 | 8.60 |
| 2019 | 45,010.69 | 24.13 |
| 2020 | 11,335.96 | -74.81 |
| 2021 | 12,285.91 | 8.37 |
| 2022 | 35,168.42 | 186.25 |
| 2023 | 43,621.22 | 24.04 |

അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

നാണ്യവിനിമയ വരുമാനം2022നെ അപേക്ഷിച്ച് 2023ൽ വർദ്ധിച്ചിട്ടുണ്ട്. 2023ൽ വിനോദസഞ്ചാരത്തിൽ നിന്നുള്ള വിദേശ നാണ്യവിനിമയ വരുമാനവും ആഭ്യന്തര വിനോദസഞ്ചാര വരുമാനവും യഥാക്രമം 5,245 കോടിരൂപയും 28,717.5 കോടിരൂപയുമാണ്. 2022ൽ വിദേശനാണ്യവിനിമയ വരുമാനം 2,792.4 കോടി രൂപയും ആഭ്യന്തര വിനോദസഞ്ചാര വരുമാനം 24,589 കോടി രൂപയുമാണ്. വിശദാംശങ്ങൾ **അനുബന്ധം 5.3.7**ൽ നൽകിയിട്ടുണ്ട്. 2014 മുതൽ 2023 വരെ കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്നുള്ള പ്രത്യക്ഷമായും പരോക്ഷവുമായ വരുമാനം **പട്ടിക 5.3.4**ൽ നൽകിയിരിക്കുന്നു. 2014 മുതൽ 2023 വരെ കേരളത്തിൽ വിനോദസഞ്ചാരത്തിൽ നിന്നുലഭിച്ച മൊത്ത വരുമാനം **ചിത്രം 5.3.7** കാണിച്ചിരിക്കുന്നു.


### കേരളത്തിലെ താമസ സൗകര്യ യൂണിറ്റുകൾ

2024 ജൂൺ 30 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ആകെ വിനോദസഞ്ചാര മേഖലയിലുള്ള താമസ സൗകര്യ യൂണിറ്റുകളുടെ എണ്ണം8,862 ആണ്. 1.16 ലക്ഷത്തിലധികം മുറികൾ ഉൾപ്പെടെയാണിത്. ഏറ്റവും കൂടുതൽ താമസ സൗകര്യ യൂണിറ്റുകൾ ഉള്ളത് ഇടുക്കിയിലും (1,816 യൂണിറ്റുകൾ), രണ്ടാമത് എറണാകുളം (1,333 യൂണിറ്റുകൾ) ജില്ലയിലുമാണ്. ഏറ്റവും കുറവ് (129) പാർപ്പിട യൂണിറ്റുകളുള്ളത് കാസർഗോഡാണ്. വിശദാംശങ്ങൾ **അനുബന്ധം 5.3.8** ൽ കാണിച്ചിരിക്കുന്നു.

### 2023, 2024 വർഷങ്ങളിലെ അവാർഡുകളും അംഗീകാരങ്ങളും

- കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി (മുൻ ഉത്തരവാദിത്ത ടൂറിസം മിഷൻ) 2023-24 സാമ്പത്തിക വർഷത്തിൽ നിരവധി അന്താരാഷ്ട്ര അവാർഡുകൾ നേടുകയുണ്ടായി. (1) കരകൗശലം, ഭക്ഷണം എന്നിവയുടെ പ്രാദേശിക ഉറവിടം -2023, വിഭാഗത്തിൽ ഇന്റെർനാഷണൽ സെന്റെർ ഫോർ റെസ്പോൺസിബിൾ ടൂറിസം (ഐസിആർ

**ചിത്രം 5.3.7** 2014 മുതൽ 2023 വരെ കേരളത്തിൽ വിനോദസഞ്ചാരത്തിൽ നിന്നുലഭിച്ച മൊത്ത വരുമാനം, രൂപ കോടിയിൽ




*അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ*

ടി) ഇൻഡ്യ സബ്-കോണ്ടിനന്റ് 2023 ഗോൾഡ് അവാർഡ്, (2) ഐസിആർടി - തൊഴിലവസരങ്ങളും നൈപുണ്യവും നൽകുന്ന പ്രാദേശിക കമ്മ്യൂണിറ്റികൾ എന്ന വിഭാഗത്തിൽ ബേപ്പൂർ സംയോജിത ആർടി വികസന പദ്ധതിക്ക് ഇന്ത്യ സബ്കോണ്ടിനെന്റ് ഗോൾഡ് അവാർഡ് – 2024, (3) അഗ്രി ടൂറിസം വിഭാഗത്തിൽ കുമരകത്തിന് മികച്ച ഗ്രാമീണ ടൂറിസം വില്ലേജ് അവാർഡ് - 2024 (4) ഉത്തരവാദിത്തം ടൂറിസം വിഭാഗത്തിൽ കടലുണ്ടിക്ക് മികച്ച ഗ്രാമീണ ടൂറിസം വില്ലേജ് അവാർഡ് – 2024.

- കേരള ടൂറിസത്തിന് (1) ഡിജിറ്റൽ മാർക്കറ്റിംഗ് കാമ്പെയ്നിനുള്ള വാട്ട്സ് ആപ്പ്, മായ ഹോളിഡേ ഹീസ്റ്റ് – 2024ഓൺലൈൻ മത്സരം പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (പി.എ.ടി.എ) ഗോൾഡ് അവാർഡ് (2) മാർക്കറ്റിംഗ് കാമ്പെയ്നിനുള്ള പാക്ക് അപ്പ് ഫോർ കേരള 2023. പി.എ.ടി.എ ഗോൾഡ് അവാർഡ് (സ്റ്റേറ്റ് ആൻഡ് സിറ്റി - ഗ്ലോബൽ) - എന്നീ അവാർഡുകൾ ലഭിച്ചു.
- ലണ്ടനിലെ വേൾഡ് ട്രാവൽ മാർക്കറ്റിൽ (ഡബ്ല്യൂ. ടി. എം) നിന്നുള്ള 2023ലെ മികച്ച സ്റ്റാൻഡ് അവാർഡ്
- ഭാരത സർക്കാരിന്റെ ടൂറിസം മന്ത്രാലയത്തിന്റെ 2023 ലെ മികച്ച ടൂറിസം വില്ലേജ്, ഗോൾഡ് അവാർഡ് കാന്തല്ലൂരിന് ലഭിച്ചു.
- യുണൈറ്റഡ് നേഷൻസ് വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ (യുഎൻഡബ്ല്യുടിഒ) കേസ് പഠനങ്ങളുടെ ആഗോള പട്ടികയിൽ ഉത്തരവാദിത്ത ടൂറിസം (ആർടി) മിഷൻ ഇടം നേടി.
- Conde Nast Traveller-ന്റെ ഏഷ്യയിൽ സന്ദർശിച്ചിരിക്കേണ്ട ഏറ്റവും മികച്ച സ്ഥലങ്ങളുടെ 2024 –ലെ പട്ടികയിൽ കൊച്ചി ഉൾപ്പെട്ടിട്ടുണ്ട്.

**മറ്റ് നേട്ടങ്ങൾ**

**ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ്** (റ്റിഐഎം) - കേരളത്തിലെ ആദ്യത്തെ വിനോദസഞ്ചാര നിക്ഷേപക സംഗമം കേരള വിനോദസഞ്ചാര വകുപ്പ് 2023 നവംബർ 16-ന് സംഘടിപ്പിച്ചു. 46 സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ ഏകദേശം 500-ഓളം നിക്ഷേപകരും സംരംഭകരും പരിപാടിയിൽ പങ്കെടുത്തു. ഉത്തരവാദിത്ത വിനോദസഞ്ചാര മേഖലയിലെ 118 സംരംഭകരാണ് യോഗത്തിൽ പങ്കെടുത്തത്. 52 സ്വകാര്യ മേഖലയിലെ പദ്ധതികളും 23 സർക്കാർ പദ്ധതികളും ചടങ്ങിൽ അവതരിപ്പിച്ചു. ഏകദേശം 15,126.7 കോടി രൂപയുടെ നിക്ഷേപമാണ് പരിപാടിയിൽ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്. ആലപ്പുഴ, കണ്ണൂർ ജില്ലകളിലായി 250 കോടി രൂപയുടെ ഹൗസ് ബോട്ട് ഹോട്ടൽ പദ്ധതിക്കായി കേരള ടൂറിസവും ബെംഗളൂരു ആസ്ഥാനമായുള്ള ഹോസ്പിറ്റാലിറ്റി ഗ്രൂപ്പായ താമര ലെഷർ എക്സ്പീരിയൻസും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു.

ആലപ്പുഴ ഹെറിറ്റേജ് റസ്റ്റോറന്റ്, ആലപ്പുഴ വാട്ടർസൈഡ് റിസോർട്ട്, ആലപ്പുഴ ജില്ലയിലെ അന്ധകാരനഴി ബീച്ചിലെ വാട്ടർ സ്പോർട്സ് സെന്റർ, കോട്ടയം തുരുവേലിക്കുന്നിൽ ടൂറിസ്റ്റ് ഹബ്ബിന്റെ നിർമ്മാണം, തൃശ്ശൂർ മുനാക്കൽ വാർഫ് ടെർമിനൽ കോംപ്ലക്സ്, തിരുനെല്ലി വെൽനസ് റിസോർട്ട്, കബനീതീരം വിനോദസഞ്ചാര ഫെസിലിറ്റേഷൻ കേന്ദ്രം, വയനാട് അഡ്വഞ്ചർ പാർക്ക് , വാഗമണിലും ഇടുക്കിയിലും ഇക്കോ റിസോർട്ടുകൾ, എന്നിവയുടെ സർവേ സ്കെച്ചുകൾ വിനോദസഞ്ചാര നിക്ഷേപക സംഗമത്തിന് ശേഷം തയ്യാറാക്കിയിട്ടുണ്ട്.

**അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ പ്രധാന നേട്ടങ്ങൾ**

കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്കാവശ്യമായ ഗുണനിലവാര സൗകര്യങ്ങൾ ലോകോത്തര നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മികച്ച നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, പുതിയ വിനോദസഞ്ചാര ഉൽപ്പന്നങ്ങൾ പുറത്തിറക്കുക, നിലവിലുള്ള ഉൽപ്പന്നങ്ങളുടെ പരിപാലനം, നിലവിലുള്ള ഹോട്ടലുകളിൽ താമസ സൗകര്യം വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള പദ്ധതികളുടെ നവീകരണം എന്നിവയാണ് കേരളത്തിലെ വിനോദസഞ്ചാരം ലക്ഷ്യമിടുന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം പ്രധാനമായും കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെടിഐഎൽ), കേരള വിനോദസഞ്ചാര ഡെവലപ്മെന്റ് കോർപ്പറേഷൻ (കെടിഡിസി), ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബിആർഡിസി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ (ഡിടിപിസി) എന്നിവയിൽ നിക്ഷിപ്തമായിരിക്കുന്നു.

കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെടിഐഎൽ)- ടൂറിസം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനുള്ള മാതൃകകൾ വികസിപ്പിക്കൽ, പൊതു-സ്വകാര്യ മേഖലകളിൽ കൺസൾട്ടൻസി സേവനങ്ങൾ വാഗ്ദാനം ചെയ്യുക എന്നിവയിൽ കെ.ടി.ഐ.എൽ ഏർപ്പെട്ടിരിക്കുന്നു. ടൂറിസം, പിഡബ്ല്യുഡി വകുപ്പുകൾക്കു വേണ്ടി കേരളത്തിനായുള്ള ഡിസൈൻ നയം കെടിഐഎൽ രൂപീകരിക്കുകയും അന്തിമ കരട് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് 2024 സെപ്റ്റംബറിൽ ഡിസൈൻ പോളിസി സ്ട്രാറ്റജി വർക്ക്ഷോപ്പ് നടത്തുകയും, നടപ്പിലാക്കുന്ന രീതികളെക്കുറിച്ചുള്ള അന്തിമ കരട് റിപ്പോർട്ട് 2024 സെപ്റ്റംബർ 28-ന് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ ഡിസൈൻ പോളിസി അംഗീകരിക്കപ്പെട്ടു. കേരളത്തിലെ വിനോദസഞ്ചാര വികസനത്തിനുള്ള ഒരു നവീന സമീപനമെന്ന നിലയിൽ കെടിഐഎൽ കേരള ടൂറിസം പതിപ്പ് 2.0 തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നൂതന വിനോദസഞ്ചാര ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നതിന്റെ ഭാഗമായി, ഹെലി ടൂറിസം പോളിസി റിപ്പോർട്ടിന്റെ അന്തിമ കരട് കെടിഐഎൽ സർക്കാരിന് സമർപ്പിച്ചു. കേരളത്തിലെ ഹെലി ടൂറിസം സേവനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനവും ഫ്ലാഗ്

**ബോക്സ് 5.3.2.** കേരള ട്രാവൽ മാർട്ട് 2024

കേരള ട്രാവൽ മാർട്ടിന്റെ (കെടിഎം) 12-ാ മത് എഡിഷൻ 2024 സെപ്റ്റംബർ 26 മുതൽ 29 വരെ കൊച്ചിയിലെ വെല്ലിംഗ്ടൺ ഐലന്റിലുള്ള കൊച്ചിൻ പോർട്ട് അതോറിറ്റിയുടെ സാമുദ്രിക & സാഗര കൺവെൻഷൻ സെന്ററുകളിൽ നടന്നു. വിവാഹത്തിനും, മൈസ് (MICE) (മീറ്റിംഗ്, വ്യവസായങ്ങൾ, കോൺഫറൻസുകൾ, എക്സിബിഷനുകൾ) ടൂറിസത്തിനുമുള്ള ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രമായി കേരളത്തെ പ്രചരിപ്പിക്കുക എന്നതായിരുന്നു പരിപാടിയുടെ പ്രധാന ലക്ഷ്യം. ലോകമെമ്പാടുമുള്ള ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജൻറുമാർ, ഹോസ്പിറ്റാലിറ്റി പ്രൊഫഷണലുകൾ, മാധ്യമങ്ങൾ എന്നിവർക്ക് കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളും വിനോദസഞ്ചാര പ്രവർത്തനങ്ങളും പരിചയപ്പെടുത്തുന്നതിൽ ഇത് വിജയിച്ചു.

74,867 ബിസിനസ് ടു ബിസിനസ് (ബി2ബി) മീറ്റിംഗുകൾ സുഗമമാക്കിക്കൊണ്ട് കേരള ട്രാവൽ മാർട്ടിന്റെ (കെടിഎം-2024) 12-ആം പതിപ്പ് 24 വർഷത്തെ ചരിത്രത്തിൽ റെക്കോർഡ് സൃഷ്ടിച്ചു. ഏഷ്യയിലെ ഇത്തരത്തിലുള്ള ഏറ്റവും വലിയ പരിപാടിയായി വിശേഷിപ്പിക്കപ്പെടുന്ന, രണ്ടുവർഷത്തിലൊരിക്കൽ വരുന്ന ഈ ഇവൻറ്, ലോകമെമ്പാടു നിന്നും വിവിധ സംസ്ഥാനങ്ങളിൽ നിന്നും (76 രാജ്യങ്ങളിൽ നിന്നുള്ള 2,839 ഉപഭോക്താക്കൾ) റെക്കോഡ് എണ്ണത്തിൽ ഉപഭോക്താക്കളെ ആകർഷിച്ചു, കൂടാതെ ഏറ്റവും കൂടുതൽ ആൾക്കാർ എത്തിയ യുകെ, ഗൾഫ് രാജ്യങ്ങൾ, അമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള 808 വിദേശ പ്രതിനിധികളും ഇതിൽ ഉൾപ്പെടുന്നു. ഇവൻറിന് ആകെ 2005 ആഭ്യന്തര രജിസ്ട്രേഷനുകളും 340 അന്താരാഷ്ട്ര ഉപഭോക്താക്കളും 764 ആഭ്യന്തര ഉപഭോക്താക്കളും 347 വിൽപ്പന സ്റ്റാളുകളും 16 സർക്കാർ സ്റ്റാളുകളും 7 സ്പോൺസർഷിപ്പ് സ്റ്റാളുകളും ഉണ്ടായിരുന്നു. ഒരു ഉപഭോക്തൃ-സൗഹൃദ ക്യൂആർ കോഡ് വഴിയാണ് ഇടപെടലുകൾ സാധ്യമാക്കിയത്.

ഒരു ആപ്പിന്റെ സഹായത്തോടെ പേപ്പർ രഹിതമായ രീതിയിൽ ഗ്രീൻ പ്രോട്ടോക്കോൾ ഉപയോഗിച്ചാണ് നടപടികൾ നിയന്ത്രിച്ചത്. വലിയ തോതിലുള്ള പ്രദർശനത്തോടൊപ്പം വൈവിധ്യമാർന്ന ബിസിനസ് സെഷനുകളും പാനൽ ചർച്ചകളും കെടിഎം സംഘടിപ്പിച്ചു. സന്ദർശകരുടെ അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സുസ്ഥിരതയും സംസ്കാരവും അത്യാധുനിക സാങ്കേതികവിദ്യയും സമന്വയിപ്പിച്ചുകൊണ്ട് സംസ്ഥാനം ഒരു മികച്ച ആഗോള വിനോദസഞ്ചാര കേന്ദ്രമായി ഉയർന്നുവരുന്നതിനാൽ, കെടിഎം 2024 തിരിച്ചുവരവിന്റേയും പുതുമയുടെയും ഒരു നവോന്മേഷത്തോടെ സമാപിച്ചു.

അവലംബം : വിനോദ സഞ്ചാര വകുപ്പ് , കേരള സർക്കാർ

ഓഫും 2023 ഡിസംബർ 30-ന് നടന്നു. ക്രൂയിസ് ടൂറിസം പോളിസിയുടെ വികസനം സംബന്ധിച്ച അന്തിമ കരട് റിപ്പോർട്ടും 2024 മെയ് മാസത്തിൽ അന്തിമ അംഗീകാരത്തിനായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ ടൂറിസ്റ്റ് ഹബ്ബുകളുടെ വികസനത്തിനായി കെടിഐഎൽ തയ്യാറാക്കിയ കരട് റിപ്പോർട്ടും നയവും സർക്കാരിന് കൈമാറി. ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് 2023 സംഘടിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസി കെടിഐഎൽ ആയിരുന്നു.

ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബിആർഡിസി) - ഉദുമ പഞ്ചായത്തിലെ മലാംകുന്നിലെ റിസോർട്ട് സൈറ്റ് പൂർത്തീകരിക്കുകയും താജ് ഹോട്ടലിന്റെ 'ഗേറ്റ് വേ' ബ്രാൻഡിന് കീഴിൽ പ്രവർത്തനസജ്ജമാക്കുകയും ചെയ്തു. 2023-24 ൽ 50ലധികം ഡെസ്റ്റിനേഷൻവ വിവാഹങ്ങൾ നടത്തിക്കൊണ്ട് ബേക്കൽ ഒരു വിവാഹ ഡെസ്റ്റിനേഷൻ ആയി മാറി. ബേക്കൽ ബീച്ച് പാർക്കിലെ അധിക സൗകര്യങ്ങൾ, ബേക്കലിലെ പാർക്കിംഗ് ബേയുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ബിആർഡിസി 2023-24 കാലയളവിൽ പൂർത്തിയാക്കി. ബിആർഡിസിയുടെ സഹകരണത്തോടെ ബേക്കൽ ബീച്ച് പാർക്കിൽ 2023 ഡിസംബർ 22 മുതൽ 31 വരെ ബേക്കൽ ബീച്ച് ഫെസ്റ്റിവൽ നടത്തി. ഉദുമ പഞ്ചായത്തിലെ റിസോർട്ട് ജോലികൾ പൂർത്തിയാക്കി പ്രവർത്തനത്തിന് തയ്യാറായി. തൃക്കണ്ണാട് വിനോദ കേന്ദ്രം പ്രവർത്തനക്ഷമമാക്കി വിനോദസഞ്ചാരികൾക്കായി തുറന്നു കൊടുത്തു. ബിആർഡിസി ബീച്ച് പാർക്കിൽ ബയോ ഗ്യാസ് അധിഷ്ഠിത മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തി. 2023-24 കാലയളവിൽ ബേക്കൽ ഒരു വിവാഹ ഡെസ്റ്റിനേഷനായി മാറുകയും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുകയും ചെയ്തു.

കേരള ടൂറിസം വികസന കോർപ്പറേഷൻ (കെടിഡിസി) - ഹോട്ടലുകൾ / റിസോർട്ടുകൾ / ഹോം സ്റ്റേകൾ / മറ്റ് സേവനങ്ങൾ എന്നിവ വിപണനം ചെയ്യുന്നതിന് ഡിജിറ്റൽ വിപണനകേന്ദ്രമായി പ്രവർത്തിക്കുന്ന ഓൺലൈൻ ട്രാവൽ ഏജന്റുമാർ, വ്യവസായത്തിൽ പരിവർത്തനാത്മക സ്വാധീനം ചെലുത്തുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഉപഭോക്തക്കളിൽ എത്തുന്നതിനായി സോഷ്യൽ മീഡിയ ഉള്ളടക്കങ്ങൾ തയ്യാറാക്കുന്ന ഹോട്ടലുടമകൾ, ഓർഗാനിക്/ പണം നൽകിയുള്ള പ്രമോഷനുകൾ/ ഇൻഫ്ലുവെൻസ്സറുടെ സഹപ്രവർത്തനം, ഓൺലൈൻ ട്രാവൽ ഏജൻസികൾക്കായുള്ള മൊബൈൽ ബുക്കിംഗ് ആപ്ലിക്കേഷനുകൾ, B2C, B2B മൊഡ്യൂളുകളുള്ള ട്രാവൽ ഏജന്റുമാർ എന്നിവയുടെ ഉപയോഗം എന്നിവ ഹോസ്പിറ്റാലിറ്റി മേഖലയിലെ പുതിയ പ്രവണതകളിൽ

ഉൾപ്പെടുന്നു. മാനേജ്മെന്റ് കരാറുകൾ, ഫ്രാഞ്ചൈസിംഗ് അല്ലെങ്കിൽ വരുമാനം പങ്കിടുന്ന മോഡലുകൾ പോലുള്ള ഒന്നിലധികം പ്രവർത്തന രീതികൾ പരീക്ഷിച്ച് കൊണ്ട് സമ്പത്തിന്റെ വലിയതോതിലുള്ള നിക്ഷേപത്തിൽ നിന്നും ചെറിയ തോതിലുള്ള വിവിധ നിക്ഷേപ മാർഗ്ഗങ്ങളിലേക്ക് ഈ വ്യവസായം മാറുന്നു. ജീർണ്ണിക്കുന്നതും, പ്ലാസ്റ്റിക് രഹിതവുമായ സാധനങ്ങൾ, ഹോട്ടൽ സ്ഥലങ്ങളിൽ പ്ലാസ്റ്റിക് രഹിത മേഖലകൾ തുടങ്ങിയ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളാണ് വിനോദസഞ്ചാരികൾ ആവശ്യപ്പെടുന്നത്. ഇത്തരം ആവശ്യങ്ങൾ കാരണം പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജ രീതികൾ സ്വീകരിക്കുന്നതിനും മാലിന്യങ്ങൾ കുറയ്ക്കുന്നതിനും പരിസ്ഥിതിദോഷങ്ങൾ കുറയ്ക്കുന്ന പുനരുപയോഗ പരിപാടികൾ നടപ്പിലാക്കുന്ന പ്രവൃത്തികളും ഹോട്ടലുടമകൾ കൈക്കൊള്ളുന്നു.

കെടിഡിസി, കുമരകത്തെ വാട്ടർസ്കേപ്സിൽ ഒരു കോൺഫറൻസ് ഹാൾ നിർമ്മിക്കുകയും ജി20 ഷെർപ്പ മീറ്റിംഗിന് ആതിഥ്യം വഹിക്കുകയും ചെയ്തു. സമുദ്ര ഹോട്ടൽ മൂന്നാം ഘട്ടത്തിന്റെ നവീകരണം, മസ്കറ്റ് ഹോട്ടലിലെ കൺവെൻഷൻ സെന്ററിന്റെ നവീകരണവും നിലവാരമുയർത്തലും, ബേക്കൽ, ബോൾഗാട്ടി പാലസ് എന്നിവിടങ്ങളിലെ കാരവൻ പാർക്കുകളുടെ നിർമ്മാണം, ചെന്നൈയിലെ റെയിൻ ഡ്രോപ്സിലെ 45 മുറികളുടെ നവീകരണം എന്നിവയാണ് കെടിഡിസിയുടെ മറ്റ് പ്രധാന പദ്ധതികൾ.

വിനോദസഞ്ചാര വകുപ്പ് - അടിസ്ഥാനസൗകര്യ പദ്ധതികളുടെ പൂർത്തീകരണ നേട്ടങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു; വെങ്ങത്താനം വെള്ളച്ചാട്ടത്തിലെ സുരക്ഷാ വേലി നിർമാണവും സൗന്ദര്യവൽക്കരണവും(കോട്ടയം), കുമരകത്തെ വലിയമട വാട്ടർഫ്രണ്ട് പദ്ധതി (കോട്ടയം), കെടിഡിസി കുമരകം ഗേറ്റ്‌വേ നവീകരണം (കോട്ടയം), തങ്കശേരിയിൽ ബ്രേക്ക് വാട്ടർ വിനോദസഞ്ചാര പദ്ധതിയുടെ വികസനം (കൊല്ലം), ആഴിമല ശിവക്ഷേത്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ (വിഴിഞ്ഞം -തിരുവനന്തപുരം), വെട്ടുകാട് മദ്രേദേവൂസ് പള്ളിയുടെ അമിനിറ്റി സെന്റർ നിർമ്മാണം (തിരുവനന്തപുരം), കഴക്കൂട്ടം ശ്രീ മഹാദേവ ക്ഷേത്രത്തിൽ ഇടത്താവളം സൗകര്യങ്ങളുടെ നിർമ്മാണം(തിരുവനന്തപുരം), ചിറ്റൂർ തമ്പുരാൻ ശ്രീഭദ്രകാളി ക്ഷേത്രത്തിൽ അമിനിറ്റി സെന്റർ നിർമ്മാണം, പൗഡിക്കോണം (തിരുവനന്തപുരം), വേളിയിൽ കൺവെൻഷൻ സെന്ററും മൾട്ടി പർപ്പസ് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം (തിരുവനന്തപുരം), ബീമാപള്ളിയിൽ അമിനിറ്റി സെന്റർ (തിരുവനന്തപുരം), പെരുമാതുറ ബീച്ചിന്റെ വികസനം (തിരുവനന്തപുരം), വർക്കല ബീച്ചിൽ ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് നിർമാണം(തിരുവനന്തപുരം), മണപ്പാട്ടുചിറയിൽ കുട്ടികളുടെ പാർക്ക് നിർമാണം. മലയാറ്റൂർ (എറണാകുളം), തലശ്ശേരി പൈതൃക പദ്ധതികൾ - തൊടീക്കളം ക്ഷേത്രം മ്യൂസിയം വികസനം (കണ്ണൂർ), പഴശി മ്യൂസിയത്തിന്റെയും മൃദംഗശൈലേശ്വരി ക്ഷേത്രത്തിലെ ഗാലറിയുടെയും വികസനം (കണ്ണൂർ), മുക്കുവഞ്ചേരിയിലെ ബോട്ട് ടെർമിനൽ (കണ്ണൂർ), മീൻകുഴിയിലെ ജലവിനോദ കേന്ദ്രം (കണ്ണൂർ), ലോകനാർകാവ് ക്ഷേത്രത്തിലെ തീർഥാടന ടൂറിസം വികസനം (കോഴിക്കോട്), അരിപ്പാറയിലെ അന്താരാഷ്ട്ര കയാക്കിംഗ് ചാമ്പ്യൻഷിപ്പ് സെന്റർ (കോഴിക്കോട്), സരോവരം പ്രകൃതി പഠന കേന്ദ്രം ഒന്നാം ഘട്ടം (കോഴിക്കോട്), കാരാപ്പുഴ, പൂക്കോട് (വയനാട്), ഭട്ട് റോഡ് ബീച്ച് പാർക്ക്(കോഴിക്കോട്), എന്നിവിടങ്ങളിലെ ലോകോത്തര ടൊയ്‌ലറ്റ് ബ്ലോക്കുകൾ, ബേക്കൽ (കാസർകോട്), മാടക്കൽ, കോട്ടപ്പുറം (കാസർകോട്) എന്നിവിടങ്ങളിലെ ബോട്ട് ടെർമിനലുകൾ, കൈറ്റ് ബീച്ച് വികസനം, കാഞ്ഞങ്ങാട് (കാസർകോട്), മൂന്നാർ മൂന്നാം ഘട്ടത്തിലെ ബൊട്ടാണിക്കൽ ഗാർഡൻ, മുതിരപ്പുഴയാറിന്റെ തീരത്ത് നിലവിലുള്ള കുട്ടികളുടെ പാർക്ക് നടപ്പാതയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും മനോഹരമാക്കുക മൂന്നാർ(ഇടുക്കി), ആമപ്പാറയിൽ ജാലകം ഇക്കോപാർക്ക്(ഇടുക്കി), ചുങ്കം ചക്കരപ്പുരക്കൽ കായൽച്ചിറ പാത, ബോട്ട് ലാൻഡിംഗ് സൗകര്യം എന്നിവയുടെ നിർമ്മാണം.

### മാനവ വിഭവശേഷി വികസനം

ഇന്ത്യയിലെയും കേരളത്തിലെയും ഹോസ്പിറ്റാലിറ്റി വ്യവസായത്തിന് നല്ല പരിശീലനം ലഭിച്ച പ്രൊഫഷണലുകളുടെ സുസ്ഥിരമായ സേവനം ആവശ്യമാണ്. ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്, പാചക കലകൾ, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് തുടങ്ങിയ ടൂറിസം വ്യവസായത്തിന്റെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റാനും പ്രത്യേക വിദ്യാഭ്യാസം നൽകാനും കഴിയുന്ന ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ആവശ്യകത സൃഷ്ടിച്ചുകൊണ്ട് പുതിയ ഹോട്ടലുകൾ, റിസോർട്ടുകൾ, വിനോദസഞ്ചാര സംരംഭങ്ങൾ എന്നിവ രാജ്യത്തുടനീളം ആരംഭിക്കുന്നുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്ഐഎച്ച്എം), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ) എന്നിവയാണ് വിനോദസഞ്ചാരത്തിലെ മാനവിഭവശേഷി വികസനത്തിനുള്ള പ്രധാന സ്ഥാപനങ്ങൾ. ട്രാവൽ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നൈപുണ്യ വികസന പരിപാടികൾ കിറ്റ്സ് നടപ്പിലാക്കുന്നു.

i) ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ (എഐസിടിഇ) അംഗീകരിച്ച എംബിഎ (ട്രാവൽ ആൻഡ് ടൂറിസം), ii) 3 വർഷത്തെ BBA (ടൂറിസം മാനേജ്മെന്റ്), iii) 3 വർഷത്തെ ബി.കോം (ട്രാവൽ ആൻഡ് ടൂറിസം) എന്നിങ്ങനെ കിറ്റ്സ് നടത്തുന്ന എല്ലാ കോഴ്സുകളും കേരള യൂണിവേഴ്സിറ്റി അഫിലിയേഷനുള്ളവയാണ്. ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ് എന്നിവയാണ് കിറ്റ്സിന്റെ മറ്റ് കോഴ്സുകൾ. 2023-24 കാലയളവിൽ ഈ കോഴ്സുകളിൽ യഥാക്രമം 28 ഉം 18 ഉം വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു. 2023-24ൽ കിറ്റ്സ് വിവിധ പരിശീലന

പരിപാടികളിൽ പങ്കെടുത്ത 276 പേർക്ക് പരിശീലനം നൽകിയിരുന്നു. കൂടാതെ, പബ്ലിക് റിലേഷൻസ് ടൂറിസത്തിൽ ബിരുദാനന്തര ഡിപ്ലോമ, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിൽ ബിരുദാനന്തര ഡിപ്ലോമ, ഡിജിറ്റൽ മാർക്കറ്റിംഗിൽ ബിരുദാനന്തര ഡിപ്ലോമ, ഫ്രണ്ട് ഓഫീസ് മാനേജ്മെന്റിൽ സർട്ടിഫിക്കറ്റ് കോഴ്സ്, മൾട്ടി സ്കിൽ ടൂറിസം & ഹോസ്പിറ്റാലിറ്റി കോഴ്സ് കൂടാതെ ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷൻ (ഐഎറ്റിഎ) കോഴ്സുകളും തുടങ്ങിയ മറ്റ് ഹ്രസ്വകാല കോഴ്സുകളും ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നു. ഇക്കാലയളവിൽ കിറ്റ്സ് പുതിയ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തി . ലൈബ്രറി നവീകരിച്ചു. ലിംഗപദവി സംരംഭങ്ങളുടെ ഭാഗമായി ഏകദേശം 100 സ്ത്രീകൾക്ക് ടൂറിസത്തിൽ നിന്ന് വരുമാനം നേടാനുള്ള പരിശീലനം നൽകുന്നുണ്ട്. 2020-23 ബാച്ചുകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് എയർലൈൻസ്, എയർപോർട്ടുകൾ, ടൂർ ഓപ്പറേറ്റർമാർ, ഹോസ്പിറ്റാലിറ്റി, അനുബന്ധ മേഖലകൾ തുടങ്ങി 21 കമ്പനികളിൽ തൊഴിൽ ലഭിച്ചു. 37 വിദ്യാർത്ഥികൾക്കായി ആകെ 43 ജോലികൾ ലഭിച്ചു.

കോഴിക്കോട് എസ് ഐഎച്ച്എം, ബിഎസ്സി ബിരുദം (ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ), ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ, ഭക്ഷ്യ ഉൽപ്പാദനം, ഹൗസ് കീപ്പിംഗ്, ടൂറിസം മാനേജ്മെൻറ് എന്നിവയുൾപ്പെടെ ഹോസ്പിറ്റാലിറ്റിയുടെ വിവിധ വശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഭക്ഷ്യ ഉൽപ്പാദന പരിപാടികളിലെ ഡിപ്ലോമയും പരിശീലന പരിപാടികളും നടത്തുന്നു. ഈ ഇൻസ്റ്റിറ്റ്യൂട്ട്, നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയുമായി (NCHMCT) (ടൂറിസം മന്ത്രാലയം, ഭാരതസർക്കാർ) അഫിലിയേറ്റ് ചെയ്തിരിക്കുന്നു, ബിരുദം നൽകുന്നത് ന്യൂഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയാണ്. NCHMCT നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷയിലൂടെയാണ് ഡിഗ്രി പ്രോഗ്രാമിലേക്കുള്ള പ്രവേശനം. ജോലിയിൽ പ്രവേശിക്കുന്നതിനു ആവശ്യമായ തരത്തിൽ ബിരുദധാരികളെ വാർത്തെടുക്കുക മാത്രമല്ല, അവരുടെ സംരംഭകത്വ കഴിവുകൾ വളർത്തുകയും ചെയ്യുന്ന സ്ഥാപനമാണ് എസ് ഐഎച്ച്എം കോഴിക്കോട്. പല ബിരുദധാരികളും തങ്ങളുടെ സ്വന്തം ഹോസ്പിറ്റാലിറ്റി സംരംഭങ്ങളായ ബോട്ടിക് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവ ആരംഭിക്കുകയും അതിലൂടെ പ്രാദേശിക ദേശീയ സമ്പദ്‌വ്യവസ്ഥയിലേക്ക് ഒരു പങ്ക് നൽകുകയും ചെയ്യുന്നു. 2023-24 അധ്യയന വർഷം ഭാരതസർക്കാർ ടൂറിസം മേഖലയിൽ സ്പോൺസർ ചെയ്യുന്ന സ്കിൽ ടെസ്റ്റിംഗ് - ഹൗസ് കീപ്പിംഗ്, എച്ച്എസ്ആർടി (പരമ്പരാഗത ലഘുഭക്ഷണങ്ങളും രുചിക്കൂട്ടുകളും നിർമ്മാണം), സംരംഭകത്വം - തന്തൂർ, കുക്ക് സ്കിൽ ടെസ്റ്റിംഗ് ഭക്ഷ്യ ഉൽപ്പാദനം തുടങ്ങിയ കോഴ്സുകൾ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നു. ഈ കോഴ്സുകളിൽ നിന്ന് 101 വിദ്യാർത്ഥികൾ യോഗ്യത നേടി. കേരള സർക്കാർ വിനോദസഞ്ചാര വകുപ്പ് സ്പോൺസർ ചെയ്യുന്ന സംസ്ഥാന സർക്കാരിന്റെ വനിതാ ശാക്തീകരണ പദ്ധതി ഒന്നാം ബാച്ച്, പരമ്പരാഗത ലഘുഭക്ഷണങ്ങളും രുചിക്കൂട്ടുകളും നിർമ്മാണം എന്നീ കോഴ്സുകളിൽ 44 വിദ്യാർഥികൾ പങ്കെടുത്തു. വിവിധ ആഡംബര ഹോട്ടലുകൾ നൽകുന്ന ക്യാമ്പസ് പ്ലേസ്മെന്റിൽ നിന്ന് എസ് ഐഎച്ച്എം ലെ 47 വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിച്ചു.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിലെ ഹോട്ടൽ, ടൂറിസം വ്യവസായത്തിലെ വിവിധ വിഭാഗങ്ങളിൽ ജോലി ആഗ്രഹിക്കുന്നവർക്ക് അടിസ്ഥാന നൈപുണ്യ പരിശീലനം നൽകുന്നു. കേരളത്തിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് കാസർകോട് മുതൽ തിരുവനന്തപുരം വരെ 13 കേന്ദ്രങ്ങളുണ്ട്. കോഴിക്കോട് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം പൂർത്തിയായി. 2023-24ൽ ഇൻസ്റ്റിറ്റ്യൂട്ട് വനിതകളെ കേന്ദ്രീകരിച്ചു കൊണ്ടുള്ള 12 പരിപാടികൾ നടത്തി.

**വിനോദസഞ്ചാരത്തിലെ വിപണനം**

കേരള വിനോദസഞ്ചാരത്തിന്റെ വിപണന പ്രവർത്തനങ്ങളിൽ അന്തർദ്ദേശീയവും ദേശീയവുമായ പ്രൊമോഷണൽ കാമ്പെയ്‌നുകൾ, ബ്രാൻഡിംഗ്, പങ്കാളിത്തം, കൊളാറ്ററലുകൾ, വിപണന പരിപാടികൾക്കുള്ള സ്പോൺസർഷിപ്പ് എന്നിവ ഉൾപ്പെടുന്നു. ഇതിലൂടെ പ്രാദേശിക, ദേശീയ, ആഗോള വിപണന പരിപാടികളിൽ പങ്കെടുക്കുകയും അന്താരാഷ്ട്ര തലത്തിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം ഉറപ്പാക്കുകയും സോഷ്യൽ മീഡിയ, വെബ്സൈറ്റ് പ്രവർത്തനം, പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വിവിധ പരിപാടികൾക്കും പ്രോഗ്രാമുകൾക്കും സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. പുതിയ ഉൽപ്പന്നങ്ങളുടെ സമയോചിതമായ പ്രദർശനത്തിന്റേയും ആധുനിക ഡിജിറ്റൽ വിപണനത്തിന്റേയും ഫലമായി, കേരള വിനോദസഞ്ചാരത്തിന്റെ ഫേസ് ബുക്ക് പേജും ഇൻസ്റ്റാഗ്രാം അക്കൗണ്ടും ട്വിറ്റർ അക്കൗണ്ടും സോഷ്യൽ മീഡിയ മാർക്കറ്റിംഗിൽ ഇന്ത്യയിൽ മുന്നിൽ നിൽക്കുന്നു. ഇതിന് 5.1 ദശലക്ഷം ഫേസ് ബുക്ക് ഫോളോവേഴ്സും 749K ഇൻസ്റ്റാഗ്രാം ഫോളോവേഴ്സും (ഇന്ത്യയിൽ ഇത് രണ്ടാം സ്ഥാനത്താണ്), എക്സിൽ 1.9 മില്യൺ ഫോളോവേഴ്സുമായി മുന്നിട്ട് നിൽക്കുന്നു. കേരള വിനോദസഞ്ചാരത്തിന്റെ വാട്ട്സ്ആപ്പ് ചാറ്റ്ബോട്ട്- 'മായ'- വഴി നടത്തിയ ഒരു മാസത്തെ ഇന്ററാക്ടീവ് ബിഡ്ഡിംഗ് ഗെയിമായിരുന്നു "ഹോളിഡേ ഹീസ്റ്റ്". ഈ കാമ്പെയ്ൻ അതിവേഗം വ്യാപകമായ ജനപ്രീതി നേടുകയും ഇന്ത്യയിലുടനീളമുള്ള സഞ്ചാരികളിൽ നിന്ന് 80,000 ലേലങ്ങൾ ആകർഷിക്കുകയും കേരളത്തിന്റെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ വളരെ കുറഞ്ഞ നിരക്കിൽ സന്ദർശിക്കാൻ ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്തു. "ലാൻഡ് ഓഫ് ഹാർമണി", "സമ്മർ ഹോളിഡേയ്സ്" തുടങ്ങിയ മാർക്കറ്റിംഗ് കാമ്പെയ്‌നുകളും ബാഴ്സലോണ, മിലാൻ, പാരീസ്, ലണ്ടൻ, പ്രാഗ്, വിയന്ന എന്നിവിടങ്ങളിലെ അന്താരാഷ്ട്ര റോഡ് ഷോകളും സ്വാധീനം ചെലുത്തിയിട്ടുണ്ട്. കൊൽക്കത്ത, വിശാഖപട്ടണം, പൂനെ, മുംബൈ, സൂറത്ത്, രാജ്കോട്ട്, ഡൽഹി, ഭോപ്പാൽ, ബെംഗളൂരു, അഹമ്മദാബാദ്, ലഖ്നൗ, ചണ്ഡീഗഢ് എന്നിവിടങ്ങളിലെ ദേശീയ

വ്യാപാര മേളകളിലും കേരള ടൂറിസം പങ്കാളികളായി.

**ഡെസ്റ്റിനേഷൻ ചലഞ്ച്**

കോട്ടയം കാണക്കാരി ഗ്രാമപഞ്ചായത്തിലെ ചിറക്കുളം മധുരം പൂങ്കാവനം, മണച്ചൽ ടൂറിസം പദ്ധതി- എളവള്ളി ഗ്രാമപഞ്ചായത്ത്, പൊട്ടമ്പച്ചിറ ടൂറിസം പദ്ധതി- മുരിയാട് ഗ്രാമപഞ്ചായത്ത്(തൃശ്ശൂർ), താക്കൂർ ഗ്രാമപഞ്ചായത്തിലെ ചിൽഡ്രൻസ് അഡ്വഞ്ചർ പാർക്ക്- മലമ്പുഴ മാസ്റ്റർ പ്ലാൻ- പാലക്കാട് ,നിഴലാട്ടം -വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് (കൊല്ലം), എടവക വില്ലേജ് ടൂറിസം ഡെസ്റ്റിനേഷൻ -വയനാട് ജില്ല, മാണിക്യമംഗലത്തെ ഓപ്പൺ ജിമ്മും ടൂറിസം ഡെസ്റ്റിനേഷനും- എറണാകുളത്തെ മംഗലംപുഴ പാർക്ക്, കോടമ്പള്ളി ചിറ എന്നിവയുടെ നവീകരണം, നെടുംകുളംകടവ് കൂടാളി ഗ്രാമപഞ്ചായത്ത് (കണ്ണൂർ) എന്നിവ ടൂറിസം വകുപ്പിന്റെ ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോജക്ടിന് കീഴിൽ നടന്നുകൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളാണ്.

**ഉത്തരവാദിത്ത ടൂറിസം (ആർ.ടി)**

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തിന്റെ അടിസ്ഥാന തത്വങ്ങളായ സാമ്പത്തികവും സാമൂഹികവും പാരിസ്ഥിതികവുമായ ഉത്തരവാദിത്തങ്ങളെ അടിസ്ഥാനമാക്കി വിനോദസഞ്ചാര മേഖലയിൽ പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തിക്കുന്നു. ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഒരു ഉപാധിയായി വിനോദസഞ്ചാരത്തെ മാറ്റുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ഈ മിഷൻ വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി (കെആർടിഎം സൊസൈറ്റി) ആയി മാറുകയും 2024 ഏപ്രിൽ 01 മുതൽ ഇത് സ്വതന്ത്രമായി പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തു. സാമൂഹികവും പാരിസ്ഥിതികവുമായ സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നതിനൊപ്പം കർഷകർക്കും പരമ്പരാഗത കൈത്തൊഴിലാളികൾക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും അധിക വരുമാനവും മെച്ചപ്പെട്ട ഉപജീവനമാർഗവും പ്രദാനം ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ട് സൊസൈറ്റി പ്രവർത്തിക്കുന്നു.

2023-24ൽ കെആർടിഎം സൊസൈറ്റി 4200 പേർക്ക് (ഓൺലൈനിലും ഓഫ്‌ലൈനിലും) നൈപുണ്യ വികസനത്തിന് പരിശീലനം നൽകി. പരിശീലനം ലഭിച്ച ആളുകളെ ആർടി യൂണിറ്റുകളായി രജിസ്റ്റർ ചെയ്യുകയും സൊസൈറ്റിയുടെ വിവിധ പ്ലാറ്റ്ഫോമുകൾ വഴി നേരിട്ടോ അല്ലാതെയോ വ്യവസായവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. കർഷകർ, വാഴയില വിതരണക്കാർ, പ്രാദേശിക സുവനീർ നിർമ്മാതാക്കൾ തുടങ്ങിയ സമൂഹത്തിലെ താഴേത്തട്ടിലുള്ള അംഗങ്ങളെ ഉത്പാദനം, സംഭരണം, വാങ്ങൽ സംവിധാനം എന്നിവ വഴി വിനോദസഞ്ചാര വ്യവസായവുമായി ബന്ധിപ്പിക്കുന്നു. കെആർടിഎം സൊസൈറ്റിയുടെ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ വിനോദസഞ്ചാരികൾക്ക് യഥാർത്ഥവും ആധികാരികവുമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക മാത്രമല്ല, ബന്ധപ്പെട്ട പ്രാദേശിക സമൂഹത്തിന് വരുമാന സ്രോതസ്സും സമൂഹത്തിന്റെ സാംസ്കാരിക പൈതൃകം നിലനിർത്തുന്നതിനുള്ള പിന്തുണയും പരിസ്ഥിതി സംരക്ഷണവും കൂടിയാണ്.

കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്, എക്സ്പീരിയൻസ് എത്‌നിക്/ലോക്കൽ കുസിൻ നെറ്റ്‌വർക്ക്, ആർടി ആർട്ട് ആൻഡ് കൾച്ചറൽ ഫോറം, വിമൻ ഫ്രണ്ട്‌ലി ടൂറിസം ഇനിഷ്യേറ്റീവ്, ആർടി ക്ലബ്ബുകൾ, വിമൻ ആർടി ക്ലബ്ബുകൾ എന്നിവ ഏജൻസിയുടെ തനതായ സംരംഭങ്ങളിൽ ചിലതാണ്.

യുഎൻ വിമൻ സ്റ്റേറ്റ് ടീമിന്റെ ഉപദേശവും സാങ്കേതികവുമായ പിന്തുണയോടെ, വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കുറവുകൾ മനസ്സിലാക്കുന്നതിനായി 68 സ്ഥലങ്ങളിൽ സുരക്ഷാ വിടവ് വിലയിരുത്തൽ പഠനം നടത്തുകയും പരിശീലന ആവശ്യകതകൾ തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലും സംസ്ഥാനത്തിന്റെ ഡിസൈൻ പോളിസിയിലും വിനോദസഞ്ചാര മേഖലയുടെ കുറവുകൾ നികത്തുന്ന ഘടകങ്ങൾ ഉൾപ്പെടുത്തുന്നതിന് സർക്കാർ നടപടികൾ കൈക്കൊള്ളും. സംസ്ഥാനത്തെ, ഏറ്റവും കുറഞ്ഞത് 10 വിനോദസഞ്ചാര കേന്ദ്രങ്ങളെ 100% സ്ത്രീ സൗഹൃദമായി പ്രഖ്യാപിക്കുക എന്ന ലക്ഷ്യത്തോടെ റെസ്പോൺസിബിൾ ആൻഡ് ജെൻഡർ ഇൻക്ലൂസിവ് ടൂറിസം എന്ന വിഷയത്തിൽ സൊസൈറ്റി ഒരു ആഗോള സമ്മേളനം സംഘടിപ്പിച്ചു.

2023-24ൽ കെആർടിഎം സൊസൈറ്റിയിൽ (1,402 പുതിയ യൂണിറ്റുകൾ ഉൾപ്പെടെ) 25,188 വ്യക്തിഗത/ഗ്രൂപ്പ് യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 17,884 എണ്ണം, സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ നേതൃത്വം നൽകുന്നതോ ആയ തുണി ബാഗ് നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, വിവിധ കാർഷിക യൂണിറ്റുകൾ, കാർഷിക സാമഗ്രികളുടെ വിതരണ യൂണിറ്റുകൾ, കലാകാരന്മാർ, കരകൗശല തൊഴിലാളികൾ, ഡ്രൈവർമാർ, കമ്മ്യൂണിറ്റി ടൂർ നേതാക്കൾ, ഫാം സന്ദർശന യൂണിറ്റുകൾ, ഹോം സ്റ്റേകൾ, ഫാം സ്റ്റേകൾ, താമസ സകര്യ യൂണിറ്റുകൾ, തനത് പാചക യൂണിറ്റുകൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങൾക്ക് കീഴിലാണ്. ഈ യൂണിറ്റുകൾ വഴി 1,50,090 പ്രാദേശിക കമ്മ്യൂണിറ്റി അംഗങ്ങളും 1,50,000-ലധികം കുടുംബങ്ങളും നേരിട്ടോ അല്ലാതെയോ ടൂറിസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും വരുമാനം നേടുകയും ചെയ്യുന്നു. മൊത്തം 1,50,767 ഗുണഭോക്താക്കളിൽ (നേരിട്ടുള്ള 52,344 പേരും പരോക്ഷമായി 98,423 പേരും ഉൾപ്പെടെ), 19,988 പേർ 2023-24 സാമ്പത്തിക വർഷത്തിൽ പുതിയ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയവരാണ്. കെആർടിഎം സൊസൈറ്റി തങ്ങളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും വിനോദസഞ്ചാര വ്യവസായവുമായും വിനോദസഞ്ചാരികളുമായും ഓൺലൈൻ, ഓഫ്‌ലൈൻ പ്ലാറ്റ്ഫോമുകളിലൂടെ

ബന്ധിപ്പിച്ച് യൂണിറ്റുകളെ സുഗമമാക്കുന്നു. യൂണിറ്റുകൾക്ക് വരുമാനം ലഭിക്കുന്നതിന് കെആർടിഎം സൊസൈറ്റിക്ക് 5 ഓൺലൈൻ പ്ലാറ്റ്ഫോമുകളുണ്ട്. ആർടി മിഷൻ യൂണിറ്റുകൾ 2017 ഓഗസ്റ്റ് മുതൽ 2024 ഓഗസ്റ്റ് വരെ മൊത്തം 82.6 കോടി രൂപയും ഈ സാമ്പത്തിക വർഷം 22.8 കോടി രൂപയും നേടി. ആർടി മിഷന്റെ പ്രവർത്തനങ്ങൾ മാതൃകാ ഉത്തരവാദിത്ത വിനോദസഞ്ചാര സമ്പ്രദായങ്ങൾ/പ്രവർത്തനങ്ങൾ എന്ന നിലയിൽ നന്നായി അഭിനന്ദിക്കപ്പെടുകയും വിവിധ ദേശീയ അന്തർദേശീയ അവാർഡുകളും അംഗീകാരങ്ങളും കൊണ്ട് തിരിച്ചറിയപ്പെടുകയും ചെയ്യുന്നു.

### കേരളത്തിലെ ഇക്കോ ടൂറിസം

വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ പ്രയോജനത്തിനായി പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായാണ് കേരളത്തിലെ ഇക്കോട്ടൂറിസം വികസിപ്പിച്ചെടുത്തത്. ഈ കേന്ദ്രങ്ങൾ സന്ദർശിക്കുന്നവരിൽ നിന്ന് ഈടാക്കുന്ന സർവീസ് ചാർജ് ഇക്കോ-സിസ്റ്റം മാനേജ്മെന്റ് ഫണ്ട് രൂപീകരിക്കുകയും ഇത് ഇക്കോട്ടൂറിസം കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനും, മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും, സന്ദർശകർക്ക് അടിസ്ഥാന സന്ദർശക സൗകര്യങ്ങളും സുരക്ഷയും നൽകുന്നതിനും ഇക്കോട്ടൂറിസം സൈറ്റുകളിൽ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിഎസ്എസ്/ ഇഡിസി അംഗങ്ങൾക്ക് പ്രതിഫലം നൽകുന്നതിനും ഉപയോഗിക്കുന്നു. വിഎസ്എസുകളും ഇഡിസികളും അടിസ്ഥാന തലത്തിലുള്ള സംഘടനകളാണ്. അവയിൽ വനത്തെ ആശ്രയിക്കുന്ന കുടുംബങ്ങൾ അംഗങ്ങളാവുകയും വിവിധ വനവൽക്കരണ, സാമൂഹിക വികസന പരിപാടികളുടെ ആസൂത്രണത്തിലും നടപ്പാക്കലിലും പങ്കെടുക്കുകയും ചെയ്യുന്നു. ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള വിനോദസഞ്ചാര സന്ദർശകരിൽ കൂടുതലും ആഭ്യന്തര സഞ്ചാരികളാണ്. പ്രധാന ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലേയും സന്ദർശകരുടെ എണ്ണം, അവയ്ക്ക് ഉൾക്കൊള്ളാവുന്ന പരമാവധി വാഹകശേഷി വരെ എത്തിയിട്ടുണ്ട്.

സഞ്ചാരികൾക്ക് കൂടുതൽ താൽപ്പര്യമുള്ള ഒരു വിനോദസഞ്ചാര കേന്ദ്രമായി തെന്മല തുടരുന്നു. 2023ൽ ആകെ 1,61,423 വിനോദസഞ്ചാരികൾ തെന്മല സന്ദർശിച്ചപ്പോൾ 2024 ജൂൺ വരെ 81,967 പേരാണ് അവിടം സന്ദർശിച്ചത്. തെന്മല സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണം 2019-ലെ കോവിഡിന് മുമ്പുള്ള നിലയെ (1,45,109) മറികടന്നിട്ടുണ്ട്. ആലപ്പുഴയിലെ പുന്നപ്പ്ര ആദ്യമായി കേരളത്തിന്റെ തീരപ്രദേശത്ത് ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ഇക്കോട്ടൂറിസം പരിപാടിയാണ്. ഇക്കോട്ടൂറിസം ഡെസ്റ്റിനേഷനുകളുടെ മാനേജർമാർക്കും വനംവകുപ്പിലെ ഫീൽഡ് സ്റ്റാഫിനും ആദ്യമായി നാല് പരിശീലന പരിപാടികൾ അനുവദിച്ചു. 2023-24ൽ വനമേഖലയ്ക്ക് പുറത്തുള്ള ഇക്കോട്ടൂറിസം പരിപാടികൾക്കാണ് കൂടുതൽ ശ്രദ്ധ നൽകിയത്.

തെന്മല മ്യൂസിക്കൽ ഡാൻസിങ് ഫൗണ്ടൻ, മുണ്ടേരിക്കടവ് പക്ഷി പാർക്ക്, ഗവി ഇക്കോട്ടൂറിസം, അരിപ്പ ഇക്കോട്ടൂറിസം തുടങ്ങിയ പദ്ധതികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. തിരുവനന്തപുരം തുങ്ങാൻപാറയിൽ ഒരു പരിസ്ഥിതി സൗഹൃദ പരിപാടി വിഭാവനം ചെയ്തിട്ടുണ്ട്. നെല്ലിയാമ്പതി ലാൻഡ്സ്കേപ്പ് പദ്ധതിക്ക് കീഴിലുള്ള, പരിസ്ഥിതി വികസന സമിതി അംഗങ്ങൾക്കും ഇക്കോട്ടൂറിസം ഡെസ്റ്റിനേഷൻ നിയന്ത്രിക്കുന്ന വനസംരക്ഷണ സമിതി അംഗങ്ങൾക്കുമുള്ള പരിശീലന പരിപാടിയും ചില വിനോദസഞ്ചാര കേന്ദ്രങ്ങളിലെ വാഹക ശേഷി പഠനവും കിറ്റ്സിനെ ഏൽപ്പിച്ചിട്ടുണ്ട്. പക്ഷി നിരീക്ഷണ സംരംഭത്തിന്റെ പ്രചരണാർത്ഥം, പ്രശസ്ത പക്ഷിശാസ്ത്രജ്ഞൻ ശ്രീ. ഇന്ദുചൂഡന്റെ ജീവചരിത്രവുമായി ബന്ധപ്പെട്ട ഒരു സായാഹ്ന സെമിനാർ സംഘടിപ്പിച്ചു. ഓണം ഉത്സവകാലത്തും കേരള ട്രാവൽ മാർട്ടിലും ഇക്കോട്ടൂറിസം പരിപാടികൾ പ്രോത്സാഹിപ്പിക്കപ്പെട്ടു.

### ഭാവി വീക്ഷണം

കേരളത്തെ ഒരു പ്രധാന ആഗോള വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുന്നതിന്, അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുക, നൂതനമായ ആശയങ്ങൾ നൽകുക, സുസ്ഥിര വിനോദസഞ്ചാര രീതികൾ പ്രോത്സാഹിപ്പിക്കുക, പ്രാദേശിക സംരംഭകത്വത്തെ പിന്തുണയ്ക്കുക, സംസ്ഥാനത്തിന്റെ പ്രകൃതി സൗന്ദര്യവും സാംസ്കാരിക പൈതൃക കേന്ദ്രങ്ങളും സംരക്ഷിക്കുക, സാമൂഹ്യാധിഷ്ഠിത വിനോദസഞ്ചാരം വളർത്തുക എന്നിവയ്ക്ക് വിനോദസഞ്ചാരവികസനം മുൻഗണന നൽകണം. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും, നിലവിലുള്ളവ നവീകരിക്കുന്നതിനും, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നപ്രവർത്തനങ്ങൾ, ഗതാഗതം, സന്ദർശകർ കുറവുള്ള പ്രദേശങ്ങളിലെ താമസ സൗകര്യങ്ങൾ എന്നിവയിലും കേരളത്തിന്റെ ശ്രമങ്ങൾ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. സർക്കാർ-സ്വകാര്യ മേഖലകളിലെ വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിച്ച് കൊണ്ട് വിനോദസഞ്ചാര മേഖല മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമന ഫലങ്ങൾ നൽകും. ഉപഭോക്തൃ കേന്ദ്രീകൃത ഉൽപ്പന്ന പരിപാലന സമീപനം, സാങ്കേതിക സംയോജനം, മാറുന്ന പ്രവണതകളോടുള്ള പൊരുത്തപ്പെടൽ, സുസ്ഥിര വിനോദസഞ്ചാരത്തെ പിന്തുണയ്ക്കുന്ന നയങ്ങളും നിയന്ത്രണങ്ങളും, ഉത്തരവാദിത്തമുള്ള ബിസിനസ്സ് രീതികൾ, പ്രകൃതിയുടെയുംസാംസ്കാരിക പൈതൃകത്തിന്റെയും സംരക്ഷണം എന്നിവ വിനോദസഞ്ചാര വികസന ഇടപെടലിന്റെ പ്രധാന മേഖലകളായി ഉയർന്നുവരുന്നു.

കോവിഡ് 19 മഹാമാരി കേരളത്തിലെ ടൂറിസം മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും, ഈ മേഖല പുനരുജ്ജീവനം കൈവരിക്കുകയും ഒരു തിരിച്ചുവരവ് നടത്തുകയും ചെയ്യുന്നു. കോവിഡിന് മുമ്പുള്ള നിലയിലേക്ക് എത്തും വിധം കേരളത്തിലേക്കുള്ള

അന്താരാഷ്ട്ര വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്. 2023-ൽ കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ് എക്കാലത്തെയും ഉയർന്ന നിലയിലാണ്. ഈ വസ്തുതകൾ കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ തിരിച്ചുവരവിനുള്ള കഴിവ് ഉയർത്തിക്കാട്ടുന്നു. വിനോദസഞ്ചാരികളുടെ സന്ദർശനത്തിലുള്ള വർദ്ധനവും കേരള ടൂറിസം നല്കുന്ന പുതിയ അനുഭവങ്ങളും, സമീപ ഭാവിയിൽ വിനോദസഞ്ചാര മേഖല മികച്ച പ്രകടനം കാഴ്ചവയ്ക്കുമെന്ന പ്രതീക്ഷ നല്കുന്നു.

## 5.4 വിദേശ വ്യാപാരം

2020 മുതൽ രണ്ട് പ്രതിസന്ധികൾ ആഗോള സമ്പദ്‌വ്യവസ്ഥയെ സാരമായി ബാധിക്കുകയും അത് ആഗോള വ്യാപാരത്തെ മന്ദഗതിയിലാക്കുകയും ചെയ്തു. ഒന്നാമതായി, ആ വർഷം കൊറോണ വൈറസ് (കോവിഡ്-19) പൊട്ടിപ്പുറപ്പെട്ടത് ബിസിനസ്സുകളും വ്യാപാരങ്ങളും അടച്ചുപൂട്ടാൻ കാരണമാകുകയും ഇത് ആഗോള സാമ്പത്തിക ദുരന്തത്തിലേക്ക് നയിക്കുകയും ചെയ്തു. തുടർന്ന്, 2022 ഫെബ്രുവരിയിൽ, കോവിഡ് 19 ന്റെ ആഘാതത്തിൽ നിന്ന് സമ്പദ്‌വ്യവസ്ഥ വീണ്ടെടുക്കാൻ തുടങ്ങിയപ്പോൾ, ഉക്രെയ്നിലെ യുദ്ധം പണപ്പെരുപ്പം കുത്തനെ വർദ്ധിക്കുന്നതിനു കാരണമായി. കോവിഡ്-19 മഹാമാരിയും റഷ്യ-ഉക്രൈൻ സംഘർഷവും ആഗോള സമ്പദ്‌വ്യവസ്ഥയെ ബാധിക്കുകയും, 2022-ൽ വ്യാപാര വളർച്ച കുറയുന്നതിനും 2023-ന്റെ തുടക്കത്തിൽ വ്യാപാര വളർച്ച മോശമായി തുടരുന്നതിനു ഇടയാക്കുകയും ചെയ്തു. അതിനുശേഷം, ആഗോള വ്യാപാരം വളരെ അസ്ഥിരമായ രീതിയാണ് പിന്തുടരുന്നത്. കയറ്റുമതിയുടെ വളർച്ചാ നിരക്കിലെ ഇടിവ് കാരണം 2023 ന്റെ ആദ്യ പകുതിയിൽ വ്യാപാര ഇടിവ് പല സമ്പദ്‌വ്യവസ്ഥകളിലും അനുഭവപ്പെട്ടു. ഇതിൽ വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും ഉൾപ്പെടുന്നു. ലോക വ്യാപാര സംഘടനയുടെ (ഡബ്ല്യു.റ്റി.ഒ.) കണക്കനുസരിച്ച്, ലോക ചരക്ക് വ്യാപാരം 2023 ലെ സങ്കോചത്തിന് ശേഷം, 2024 ൽ 2.6 ശതമാനത്തിൽ നിന്നും 2025ൽ 3.3 ശതമാനത്തിൽ നിന്നും ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. ലോക വ്യാപാര സംഘടനയുടെ കണക്കനുസരിച്ച് ചരക്കുകളുടെയും സേവനങ്ങളുടെയും ലോക വ്യാപാരം 2023-ൽ 24 ട്രില്യൺ ഡോളറായിരുന്നുവെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. നിരവധി വലിയ സാമ്പത്തിക ആഘാതങ്ങൾ ഉണ്ടായിട്ടും ലോക വ്യാപാരം സമീപ വർഷങ്ങളിൽ ശ്രദ്ധേയമായ രീതിയിൽ മുന്നേറ്റം ഉണ്ടായിട്ടുണ്ട്. 2019-നും 2023-നും ഇടയിൽ വാർഷിക യുഎസ് ഡോളർ മൂല്യം 21 ശതമാനം വർദ്ധിച്ചതോടെ വാണിജ്യ സേവനങ്ങളും വർദ്ധിച്ചു. ഭാഗികമായി പ്രകൃതിവാതകം പോലുള്ള ഉൽപ്പന്നങ്ങളുടെ വിലയിടിവ് കാരണം, ഭൂരിഭാഗം സമ്പദ്‌വ്യവസ്ഥകളിലും ചരക്ക് ഇറക്കുമതി കുറഞ്ഞു. 2023 ൽ അതിന്റെ വില ശരാശരി 63 ശതമാനം കുറഞ്ഞു. കോവിഡ്-19 മഹാമാരിക്ക് ശേഷം യാത്രകൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ചെലവ് വീണ്ടെടുക്കുന്നത് തുടരുന്നതിനാൽ വാണിജ്യ സേവനങ്ങളിലെ ലോക വ്യാപാരത്തിന്റെ യുഎസ് ഡോളർ മൂല്യം 9 ശതമാനം ഉയർന്ന് 7.5 ട്രില്യൺ യുഎസ് ഡോളറായി. സ്ഥൂല സാമ്പത്തിക സാഹചര്യങ്ങളും ഉക്രൈനിലെ യുദ്ധവും 2022, 2023 വർഷങ്ങളിൽ പണപ്പെരുപ്പ സമ്മർദങ്ങൾ യഥാർത്ഥ വേതനത്തെയും വരുമാനത്തെയും പരിമിതപ്പെടുത്തുവാൻ പ്രേരിപ്പിച്ചു. 2024ലെ ആദ്യ പാദത്തിൽ അനുകൂല പ്രവണത കാണിക്കുന്ന അന്താരാഷ്ട്ര വ്യാപാരത്തിന്റെ വ്യാപ്തി ശുഭ സൂചനയോടെ കാണപ്പെടുന്നു. ചരക്കുകളുടെ വ്യാപാര മൂല്യം ത്രൈമാസം തോറും ഏകദേശം 1 ശതമാനം വർദ്ധിക്കുകയും അതേസമയം സേവനങ്ങൾ 1.5 ശതമാനം വളർച്ച കൈവരിക്കുകയും ചെയ്തു. ഈ വർദ്ധനവ് പ്രാഥമികമായി അമേരിക്ക, ചൈന, ഇന്ത്യ എന്നിവ മൂലമാണ്. ചൈനയിൽ നിന്നുള്ള കയറ്റുമതി വർധനവ് 9 ശതമാനവും ഇന്ത്യയിൽ നിന്ന് 7 ശതമാനവും യുഎസിൽ നിന്ന് 3 ശതമാനവുമാണ്. ഉയർന്ന പ്രവർത്തനക്ഷമതയുള്ള സെർവറുകളുടെയും ഇലക്ട്രിക് വാഹനങ്ങളുടെയും വ്യാപാര മൂല്യത്തിൽ 25 ശതമാനം വർധന രേഖപ്പെടുത്തി, ഗ്രീൻ എനർജി, എ ഐ - അനുബന്ധ ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണി ഗണ്യമായ വിപുലീകരണത്തിന് സാക്ഷ്യം വഹിച്ചു. 2024-ന്റെ പ്രാരംഭ പാദത്തിൽ വികസ്വര രാജ്യങ്ങളിലെ വ്യാപാരവും ദക്ഷിണ-ദക്ഷിണ രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരവും ഇറക്കുമതിയിലും കയറ്റുമതിയിലും ഏകദേശം 2 ശതമാനം ഉയർന്നു. യുണൈറ്റഡ് സ്റ്റേറ്റ്സ്, ചൈന, ഇന്ത്യ എന്നീ രാജ്യങ്ങൾ മുൻനിരയിൽ പെടുന്ന ആഗോള യാത്രയിലെ വർധനവ് സേവന മേഖലയിലെ

വ്യാപാരത്തിന്റെ വ്യാപ്തി വർധിപ്പിക്കുന്നുണ്ട്. ഈ ഭാഗം കേരള തുറമുഖങ്ങളിൽ നിന്നുള്ള വ്യാപാരത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് 2023 ലെ ഇന്ത്യയുടെ വിദേശ വ്യാപാര രീതികളും 2024 ലെ വ്യാപാരത്തിന്റെ കാഴ്ചപ്പാടും അവലോകനം ചെയ്യുന്നു.

**ഇന്ത്യയിലെ വിദേശ വ്യാപാരം**

വാണിജ്യ വ്യവസായ മന്ത്രാലയം ഇന്ത്യയുടെ മൊത്തത്തിലുള്ള കയറ്റുമതി 2021-22 ൽ 676.2 ബില്യൺ ഡോളറിൽ നിന്ന് 13.2 ശതമാനം വളർച്ച നിരക്കിലേക്ക് ഉയർന്ന് 2022-23 ൽ 770.2 ബില്യൺ ഡോളറായതായി കണക്കാക്കപ്പെടുന്നു. 2023-24 സാമ്പത്തിക വർഷത്തിലെ മൊത്തം കയറ്റുമതി $776.7 ബില്യൺ ആയിരുന്നു, ഇത് 2022-23 സാമ്പത്തിക വർഷത്തേക്കാൾ 0.8 ശതമാനം വളർച്ചയാണ് കാണിക്കുന്നത്. നിലവിൽ ഇന്ത്യയുടെ മൊത്തത്തിലുള്ള കയറ്റുമതി വളർച്ച വളരെ പ്രതീക്ഷ നൽകുന്നതാണ്. 2023 ഏപ്രിൽ-ഒക്ടോബർ മാസങ്ങളിലെ 436.5 ബില്യൺ ഡോളറുമായി താരതമ്യം ചെയ്യുമ്പോൾ 2024 ഏപ്രിൽ-ഒക്ടോബർ കാലയളവിൽ ഇന്ത്യയുടെ മൊത്തം കയറ്റുമതി വളർച്ച 468.3 ബില്യൺ ഡോളറായതായി കണക്കാക്കപ്പെടുന്നു.

2022-23 ലെ ചരക്ക് കയറ്റുമതി 447.5 ബില്യൺ ഡോളറിൽ നിന്ന് 2023-24 ൽ 437 ബില്യൺ ഡോളറായി. 2023-24 ൽ സേവന കയറ്റുമതി 339.6 ബില്യൺ ഡോളറായിരുന്നു, മുൻ കാലയളവിനെ അപേക്ഷിച്ച് അത് 4.4 ശതമാനം വളർച്ച കാണിക്കുന്നു. 2021-22 ൽ ചരക്ക് ഇറക്കുമതി 611.9 ബില്യൺ ഡോളറായിരുന്നു, ഇത് 2022-23 ൽ 714.2 ബില്യൺ ഡോളറായി വർദ്ധിച്ചു, 2023-24 ൽ അത് പിന്നീട് 677.2 ബില്യൺ ഡോളറായി കുറഞ്ഞു. സേവന ഇറക്കുമതി 2022-23 ൽ 178 ബില്യൺ ഡോളറായിരുന്നു, ഇത് 2023-24 ൽ 177.6 ബില്യൺ ഡോളറായി കുറഞ്ഞു. (**പട്ടിക 5.4.1**).

2023-24 സാമ്പത്തിക വർഷത്തിൽ, ചരക്ക് കയറ്റുമതിക്ക് കീഴിൽ, 30 പ്രധാന മേഖലകളിലെ 17 എണ്ണവും പോസിറ്റീവ് വളർച്ച രേഖപ്പെടുത്തി. ഇരുമ്പയിര് (117.7 ശതമാനം), ഇലക്ട്രോണിക് സാധനങ്ങൾ (23.6 ശതമാനം), പുകയില (19.5 ശതമാനം), സെറാമിക് ഉൽപ്പന്നങ്ങളും ഗ്ലാസ്‌വെയർ (14.4 ശതമാനം), പഴങ്ങളും പച്ചക്കറികളും (13.9 ശതമാനം), മാംസം, പാലുൽപ്പന്നങ്ങൾ, കോഴി ഉൽപ്പന്നങ്ങൾ (12.3 ശതമാനം), സുഗന്ധവ്യഞ്ജനങ്ങൾ (12.3 ശതമാനം), കാപ്പി (12.2 ശതമാനം), ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് (9.7 ശതമാനം), തയ്യാറാക്കിയ ധാന്യവും വിവിധ സംസ്കരിച്ച ഇനങ്ങളും (9 ശതമാനം), എണ്ണക്കുരുക്കൾ (7.4 ശതമാനം), ഭക്ഷ്യ എണ്ണ (7 ശതമാനം), കൈകൊണ്ട് നിർമ്മിച്ച പരവതാനി (6.7 ശതമാനം), കോട്ടൺ നൂൽ/ഫാബ്സ്/നിർമ്മിത ഉൽപ്പന്നങ്ങൾ, കൈത്തറി ഉൽപ്പന്നങ്ങൾ മുതലായവ (6.7 ശതമാനം), കാർപെറ്റ് (2.1 ശതമാനം), എൻജിനീയറിങ് ഗുഡ്സ് (2.1 ശതമാനം), തേയില (1 ശതമാനം) എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2022-23 നെ അപേക്ഷിച്ച് 2023-24 ൽ ചരക്ക് ഇറക്കുമതിക്ക് കീഴിൽ, 30 പ്രധാന മേഖലകളിലെ 16 എണ്ണവും നെഗറ്റീവ് വളർച്ച രേഖപ്പെടുത്തി. അസംസ്കൃതവും പാഴായതുമായ പരുത്തി (-58.4 ശതമാനം), അസംസ്കൃതവും നിർമ്മിക്കപ്പെട്ടതുമായ രാസവളങ്ങൾ (-39.2 ശതമാനം), സൾഫറും ചൂടാക്കാത്ത ഇരുമ്പ് അയിരുകളും (-37.5 ശതമാനം), സസ്യ എണ്ണ (-28.6 ശതമാനം), മുത്തുകൾ, വിലയേറിയതും അമൂല്യമായ കല്ലുകൾ (-22.4 ശതമാനം), കൽക്കരി, കോക്ക് & ബ്രിക്കറ്റുകൾ മുതലായവ (-21.8 ശതമാനം), ജൈവ-അജൈവ രാസവസ്തുക്കൾ (-20.1 ശതമാനം), ന്യൂസ് പ്രിൻറ് (-18.4 ശതമാനം), പ്രോജക്റ്റ് ഗുഡ്സ് (-17.6 ശതമാനം), പെട്രോളിയം ക്രൂഡ് ഉൽപ്പന്നങ്ങൾ (-14.2 ശതമാനം), ഗതാഗത ഉപകരണങ്ങൾ (-14 ശതമാനം), ടെക്സ്റ്റൈൽ നൂൽ തുണിത്തരങ്ങൾ, നിർമ്മിത വസ്തുക്കൾ (-13 ശതമാനം), പൾപ്പ്, വേസ്റ്റ് പേപ്പർ (-12.3 ശതമാനം), തടി, തടി ഉൽപ്പന്നങ്ങൾ (-11.3 ശതമാനം), തുകൽ, തുകൽ ഉൽപ്പന്നങ്ങൾ (-11.3 ശതമാനം), കൃത്രിമ മരക്കറ, പ്ലാസ്റ്റിക് വസ്തുക്കൾ മുതലായവ (-5.5 ശതമാനം) എന്നിവ ഇതിൽ ഉൾപ്പെടുന്നു. 2022-23 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2023-24 സാമ്പത്തിക വർഷം സേവന കയറ്റുമതി 4.4

**പട്ടിക 5.4.1 ഇന്ത്യയുടെ മൊത്തത്തിലുള്ള കയറ്റുമതിയും ഇറക്കുമതിയും: 2017–18 മുതൽ 2023–24 വരെ, മൂല്യം യുഎസ് ബില്യൺ ഡോളറിൽ**

| വർഷം | കയറ്റുമതി | | | ഇറക്കുമതി | | |
|---|---|---|---|---|---|---|
| | ചരക്ക് കയറ്റുമതി | സേവന കയറ്റുമതി | മൊത്തത്തിലുള്ള കയറ്റുമതി | ചരക്ക് ഇറക്കുമതി | സേവന ഇറക്കുമതി | മൊത്തത്തിലുള്ള ഇറക്കുമതി |
| 2017-18 | 303.5 | 195.1 | 498.6 | 465.6 | 105.2 | 570.8 |
| 2018-19 | 330.1 | 208 | 538.1 | 514.1 | 126.1 | 640.2 |
| 2019-20 | 313.4 | 213.2 | 526.6 | 474.7 | 128.3 | 603.0 |
| 2020-21 | 291.81 | 206.1 | 497.9 | 394.44 | 117.52 | 511.96 |
| 2021-22 | 421.80 | 254.4 | 676.2 | 611.89 | 144.79 | 756.68 |
| 2022-23 | 447.46 | 322.72 | 770.18 | 714.24 | 177.94 | 892.18 |
| 2023-24 | 437.06 | 339.62 | 776.68 | 677.24 | 177.56 | 854.80 |

അവലംബം: കേന്ദ്രവ്യവസായ വാണിജ്യ വകുപ്പ് മന്ത്രാലയം

**പട്ടിക 5.4.2 കൊച്ചി തുറമുഖം വഴി കൈകാര്യം ചെയ്ത ചരക്കുകൾ, 2021–22 മുതൽ 2023–24 വരെ, (അളവ് ലക്ഷം മെട്രിക് ടൺ)**

| വ്യാപാരം | കയറ്റുമതി | | | ഇറക്കുമതി | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | 2021-22 | 2022-23 | 2023-24 | 2021-22 | 2022-23 | 2023-24 | 2021-22 | 2022-23 | 2023-24 |
| ആഭ്യന്തരം | 49.38 | 43.7 | 56.91 | 68.97 | 77.36 | 69.01 | 118.35 | 121.06 | 125.92 |
| വിദേശം | 35.88 | 29.65 | 26.18 | 191.27 | 201.84 | 211.05 | 227.12 | 231.49 | 237.23 |
| ആകെ | 85.26 | 73.35 | 83.09 | 260.24 | 279.2 | 280.06 | 345.5 | 352.55 | 363.15 |

അവലംബം:കൊച്ചിൻ പോർട്ട് ട്രസ്റ്റ്

ശതമാനം പോസിറ്റീവായി വളരുമെന്ന് പ്രതീക്ഷിക്കുന്നു. ധനമന്ത്രാലയത്തിന്റെ പി.ഐ.ബി റിപ്പോർട്ട് അനുസരിച്ച് മൊത്തത്തിലുള്ള വ്യാപാരക്കമ്മി 2023 സാമ്പത്തിക വർഷത്തിലെ 121.6 ബില്യൺ യു.എസ്. ഡോളറിൽ നിന്ന് 2024 സാമ്പത്തിക വർഷത്തിൽ 78.1 ബില്യൺ യു.എസ് ഡോളറായി കുറഞ്ഞു.

**കേരളത്തിലെ വിദേശ വ്യാപാരം**

സമുദ്രോത്പന്നങ്ങൾ, കാപ്പി, സുഗന്ധവ്യഞ്ജന ഉൽപന്നങ്ങൾ എന്നിവ കയറ്റുമതി ചെയ്തു കൊണ്ട് രാജ്യത്തിന്റെ കയറ്റുമതി സാധ്യതകളിൽ കേരളം ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിലെ വിദേശ വ്യാപാരം പ്രധാനമായും കൊച്ചി തുറമുഖം വഴിയാണ്. കാപ്പി, ചായ, കശുവണ്ടി, കടലിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യ പദാർഥങ്ങൾ, കയറുൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയാണ് കൊച്ചി തുറമുഖം വഴി കയറ്റുമതി ചെയ്യുന്ന പ്രധാന ഇനങ്ങൾ. 2023-24 ൽ, കൊച്ചി തുറമുഖം കൈകാര്യം ചെയ്ത മൊത്തം ആഭ്യന്തര വിദേശ ചരക്ക് ഗതാഗതം 363.2 ലക്ഷം മെട്രിക് ടൺ ആയിരുന്നു, 2022-23 ൽ ഇത് 352.6 ലക്ഷം മെട്രിക് ടണ്ണായിരുന്നു, മുൻ വർഷത്തെ 2 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 3 ശതമാനം വളർച്ചയാണ് ആയത് രേഖപ്പെടുത്തുന്നത്. 2023-24 ലെ മൊത്തം ആഭ്യന്തര ഗതാഗതം 4 ശതമാനം വളർന്ന് മുൻ വർഷത്തെ 121.1 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 126 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. മൊത്തം വിദേശ വ്യാപാരം 2022-23 ലെ 231.5 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 2.5 ശതമാനം വർദ്ധിച് 2023-24 ൽ 237.2 ലക്ഷം മെട്രിക് ടണ്ണായി. (**പട്ടിക 5.4.2**)

2022-23ൽ 73.4 ലക്ഷം മെട്രിക് ടൺ ആയിരുന്ന ആഭ്യന്തരവും വിദേശവും ആയ മൊത്ത കയറ്റുമതി 2023-24ൽ 83.1 ലക്ഷം മെട്രിക് ടൺ ആയി, മുൻ വർഷത്തെ 14 ശതമാനം നെഗറ്റീവ് വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ 13.3 ശതമാനം പോസിറ്റീവ് വളർച്ച ആയത് രേഖപ്പെടുത്തുന്നു. ഇതിൽ, ആഭ്യന്തര കയറ്റുമതി 2022-23 ൽ ഇത് 43.7 ലക്ഷം മെട്രിക് ടൺ ആയിരുന്നു, ഇത് 30.2 ശതമാനം വളർച്ച രേഖപ്പെടുത്തി 2023-24ൽ 57 ലക്ഷം മെട്രിക് ടൺ ആയി. എന്നാൽ വിദേശ കയറ്റുമതി മുൻ വർഷത്തെ 29.7 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 2023-24ൽ 26.2 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞു, ഇത് 11.7 ശതമാനം നെഗറ്റീവ് വളർച്ച രേഖപ്പെടുത്തുന്നു.

2023-24 ൽ കൊച്ചി തുറമുഖം വഴിയുള്ള ചരക്കുകളുടെ കയറ്റുമതിയിൽ വ്യാപാരത്തിന്റെ വ്യാപ്തിയിലും വളർച്ചാ നിരക്കിലും വർദ്ധനവ് കാണിക്കുന്നു. 2022-23ൽ കയറ്റുമതി ചെയ്ത മൊത്തം അളവ് 73,34,871 മെട്രിക് ടൺ ആയിരുന്നു. 2023-24ൽ ഇതിന്റെ വളർച്ചാ നിരക്ക് 13.3 ശതമാനം വർദ്ധിച്ച് വ്യാപാരത്തിന്റെ അളവ് 83,09,890 മെട്രിക് ടണ്ണായി. കയർ ഉൽപന്നങ്ങളുടെ വ്യാപാരത്തിൽ വളരെ സമൂലമായ വളർച്ച ദൃശ്യമാണ്, ഇത് 2023-24ൽ 148.1 ശതമാനമായിരുന്നു. തൊട്ടു പിറകിൽ ചായ, സുഗന്ധവ്യഞ്ജനങ്ങൾ, പലവക എന്നിവയാണ്. കയറുൽപ്പന്നങ്ങൾ, ചായ, സുഗന്ധവ്യഞ്ജനങ്ങൾ, കശുവണ്ടി, പലവക എന്നിവ 2023-24ൽ മെച്ചപ്പെട്ട നിലയിലാണ്. 2022-23 ൽ കയർ ഉൽപന്നങ്ങൾ 1,19,350 മെട്രിക് ടൺ വ്യാപാരത്തിൽ നിന്നും (-)50.4 ശതമാനം വളർച്ചാ നിരക്കിൽ നിന്ന് 2023-24 കാലയളവിൽ 2,96,137 മെട്രിക് ടൺ വ്യാപാരത്തിലേക്കും 148.1 ശതമാനം വളർച്ചാ നിരക്കിലേക്കും മെച്ചപ്പെട്ടു. 2023-24ൽ തേയില 23 ശതമാനം വളർച്ചാ നിരക്ക് കാണിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 5.4.1** ൽ നൽകിയിരിക്കുന്നു.


കൊച്ചി തുറമുഖം വഴിയുള്ള ഇറക്കുമതി 2022-23ൽ 2,79,20,360 മെട്രിക് ടണ്ണിൽ നിന്ന് 2023-24ൽ 0.3 ശതമാനം വർധിച്ച് 2023-24ൽ 2,80,05,576 മെട്രിക് ടണ്ണായി. ഇരുമ്പിന്റെയും ഉരുക്കിന്റെയും ഇറക്കുമതി 2023-24ൽ 26 ശതമാനം വർധിച്ചു. 2022-23ൽ ഇറക്കുമതി ചെയ്തത് 31,327 മെട്രിക് ടൺ അളവും 2023-24ൽ 39,467 ടൺ അളവും ആയിരുന്നു. രാസവളങ്ങളുടെയും അസംസ്കൃത വസ്തുക്കളുടെയും ഇറക്കുമതി 2023-24ൽ 11 ശതമാനം വർധിച്ചു. രാസവളങ്ങളുടെയും അസംസ്കൃത വസ്തുക്കളുടെയും ഇറക്കുമതി 2022-23ൽ 1,71,110 മെട്രിക് ടണ്ണും 2023-24ൽ 1,89,842 മെട്രിക് ടണ്ണുമായിരുന്നു. കൊച്ചി തുറമുഖം വഴി ഇറക്കുമതി ചെയ്യുന്ന പ്രധാന ഇനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 5.4.2**ൽ നൽകിയിരിക്കുന്നു.

**സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി**

ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി 2022-23ൽ 17,35,286 മെട്രിക് ടണ്ണിൽ നിന്ന് 2023-24ൽ 17,81,602 മെട്രിക് ടണ്ണായി വർദ്ധിച്ചു. എന്നാൽ മൊത്തം കയറ്റുമതി മൂല്യം 2022-23ൽ 63,969.1 കോടി രൂപയിൽ നിന്ന് 2023-24ൽ 60,523.89 കോടി രൂപയായി കുറഞ്ഞു. ഇത് കയറ്റുമതിയുടെ അളവിൽ 2.7 ശതമാനം വർധനവും ഉൽപ്പാദന മൂല്യത്തിൽ (-) 5.4 ശതമാനത്തിന്റെ കുറവും കാണിക്കുന്നു.

കേരളത്തിന്റെ സമുദ്ര കയറ്റുമതി 2022-23ൽ 2,18,629

**ചിത്രം 5.4.1** ഇന്ത്യയിലെയും കേരളത്തിലെയും സമുദ്രോത്പന്നങ്ങളുടെ കയറ്റുമതിയുടെ അളവിലുള്ള പ്രവണത, 2019-20 മുതൽ 2023-24 വരെ (ശതമാനത്തിൽ)




| | 2019–20 | 2020–21 | 2021–22 | 2022–23 | 2023–24 |
|---|---|---|---|---|---|
| സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി വളർച്ചാ നിരക്ക്– ഇന്ത്യ | –7.39 | –10.87 | 19.12 | 26.73 | 2.67 |
| സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി വളർച്ചാ നിരക്ക്– കേരളം | –19.03 | –2.38 | 24.61 | 21.25 | –9.98 |
| കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക് | 11.50 | 12.60 | 13.20 | 12.60 | 11.95 |

*അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)*

മെട്രിക് ടണ്ണിൽ നിന്ന് 2023-24ൽ 1,96,807 മെട്രിക് ടണ്ണായി കുറയുകയും മൂല്യം 2022-23ൽ 8,285 കോടി രൂപയിൽ നിന്ന് 2023-24ൽ 7231.8 കോടി രൂപയായി കുറയുകയും ചെയ്തു. ഇത് കയറ്റുമതിയുടെ അളവിൽ (-)10.0 ശതമാനം കുറഞ്ഞ വളർച്ചാ നിരക്കും മൂല്യം (-) 12.7 ശതമാനവും കാണിക്കുന്നു. വിശദാംശങ്ങൾ **പട്ടിക 5.4.3**ൽ നൽകിയിരിക്കുന്നു.

പൊതുവായി പറഞ്ഞാൽ, കോവിഡ്-19 വർഷങ്ങളിലൊഴികെ ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി ഗണ്യമായി വർദ്ധിച്ചു, ഈ മേഖലയുടെ തിരിച്ചുവരവ് പെട്ടെന്നായിരുന്നു. ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി ഇനങ്ങളിൽ അളവിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാനത്തിന് നിർണായക പങ്കുണ്ട്. ഇത് 2021-22ൽ 13.2 ശതമാനവും 2022-23ൽ 12.6 ശതമാനവും 2023-24ൽ 11 ശതമാനവുമായിരുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ സമുദ്രോത്പന്നങ്ങളുടെ കയറ്റുമതിയിൽ കുറവുണ്ടായി. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട സവിശേഷതകളായ സമുദ്രോപരിതലത്തിലെ താപനിലയിലെ വർദ്ധനവ്, കാലാവസ്ഥയിലേയും മൺസൂണിന്റെ തീവ്രതയിലെ മാറ്റം, സമുദ്രത്തിലെ അമ്ലീകരണം എന്നിവ സമുദ്ര കയറ്റുമതി കുറയാനുള്ള കാരണങ്ങളാണ്. സമുദ്രോത്പന്നങ്ങളുടെ ദേശീയ കയറ്റുമതിയിൽ രാജ്യത്തിന്റെ വിഹിതത്തോടൊപ്പം കേരളത്തിന്റെയും സമുദ്ര കയറ്റുമതിയിലെ പ്രവണതകളും **ചിത്രം 5.4.1** ചിത്രീകരിക്കുന്നു.


2023-24 ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതി വിപണിയിൽ ശീതീകരിച്ച ചെമ്മീൻ അളവിൽ 40.2 ശതമാനവും മൂല്യത്തിൽ

**പട്ടിക 5.4.3** ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി, 2019-20 മുതൽ 2023-24 വരെ (അളവ് മെട്രിക് ടണ്ണിൽ, മൂല്യം രൂപ കോടിയിൽ))

| വർഷം | ഇന്ത്യ | | കേരളം | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം | അളവ് | മൂല്യം |
| 2019-20 | 1289651 | 46662.9 | 148226 | 5020.30 | 11.50 | 10.80 |
| 2020-21 | 1149510 | 43721.00 | 144700 | 5039.90 | 12.60 | 11.50 |
| 2021-22 | 1369264 | 57586.50 | 180315 | 6396.20 | 13.20 | 11.10 |
| 2022-23 | 1735286 | 63969.15 | 218630 | 8285.03 | 12.60 | 13.00 |
| 2023-24 | 1781602 | 60523.89 | 196807 | 7231.84 | 11.05 | 11.95 |

ഉറവിടം: സമുദ്രോത്പന്ന കയറ്റുമതി വികസന ഏജൻസി (എം പി ഇ ഡി എ),2023

**ചിത്രം 5.4.2** 2023-24 ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതിയുടെ വിപണി വിഹിതം, ശതമാനത്തിൽ





*അവലംബം:* സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

66.1 ശതമാനവുമായി ഒന്നാം സ്ഥാനത്ത് തുടരുന്നു എന്ന് കാണാവുന്നതാണ്. അളവിൽ 21.4 ശതമാനവും മൂല്യത്തിൽ 9.1 ശതമാനവുമായി ശീതീകരിച്ച മത്സ്യം കയറ്റുമതി വിപണിയിൽ തൊട്ടടുത്ത സ്ഥാനത്ത് നില്ക്കുന്നു. 2023-24ൽ ഇന്ത്യ 40,013.54 കോടി രൂപ വിലമതിക്കുന്ന 7.2 ലക്ഷം ടൺ ശീതീകരിച്ച ചെമ്മീൻ കയറ്റുമതി ചെയ്തു. (**അനുബന്ധം 5.4.3**). 2023-24 ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതിയുടെ വിപണി വിഹിതം **ചിത്രം 5.4.2** ചിത്രീകരിക്കുന്നു.

2023-24ൽ 64,895 മെട്രിക് ടൺ ശീതീകരിച്ച ചെമ്മീൻ കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്തു, ഇത് മൊത്തം വ്യാപാരത്തിന്റെ 33 ശതമാനമാണ്. 2023-24 കാലയളവിൽ 52,833 മെട്രിക് ടൺ അളവും മൊത്തം വ്യാപാര അളവിന്റെ 26.9 ശതമാനവുമായി ശീതീകരിച്ച മത്സ്യമാണ് തൊട്ടടുത്ത സ്ഥാനത്ത്. 2023-24 ൽ ഉൽപ്പാദിപ്പിച്ച മൊത്തം മൂല്യത്തിന്റെ 49 ശതമാനം ശീതീകരിച്ച ചെമ്മീനും 12.3 ശതമാനം ശീതീകരിച്ച മത്സ്യവും ഉൾപ്പെടുന്നു. 2023-24 ൽ കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതിയുടെ വിപണി വിഹിതം **ചിത്രം 5.4.3** കാണിക്കുന്നു.

2023-24 ലെ ഇന്ത്യയുടെ സമുദ്രോത്പന്നങ്ങളുടെ ഏറ്റവും വലിയ കയറ്റുമതി വിപണി 4.6 ലക്ഷം മെട്രിക് ടൺ വ്യാപാര വ്യാപ്തിയുള്ള ചൈനയാണ്, തുടർന്ന് തെക്കുകിഴക്കൻ ഏഷ്യ (3.8 ലക്ഷം മെട്രിക് ടൺ), യുഎസ്എ (3.3 ലക്ഷം മെട്രിക് ടൺ), മറ്റ് രാജ്യങ്ങൾ (2.4 മെട്രിക് ടൺ), ജപ്പാൻ (1.1 ലക്ഷം മെട്രിക് ടൺ) മിഡിൽ ഈസ്റ്റ് (0.8 ലക്ഷം മെട്രിക് ടൺ) എന്നിവ വരുന്നു. ഇന്ത്യയുടെ സമുദ്രോത്പന്നങ്ങളുടെ പ്രധാന

**ചിത്രം 5.4.3** 2023-24 ൽ കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതി വിപണിയുടെ വിഹിതം ശതമാനത്തിൽ





*അവലംബം:* സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

വിപണികളും അവയുടെ വിഹിതവും **ചിത്രം 5.4.4** ൽ ചിത്രീകരിച്ചിരിക്കുന്നു.

2023-24 ലെ കേരളത്തിന്റെ സമുദ്രോത്പന്നങ്ങളുടെ ഏറ്റവും വലിയ കയറ്റുമതി വിപണി ചൈനയാണ് (43964 മെട്രിക് ടൺ). തുടർന്ന് വരുന്ന രാജ്യങ്ങൾ യൂറോപ്യൻ യൂണിയൻ (42705 മെട്രിക് ടൺ), തെക്കുകിഴക്കൻ ഏഷ്യ (38868 മെട്രിക് ടൺ), മറ്റ് രാജ്യങ്ങൾ (29210 മെട്രിക് ടൺ), യു.എസ്.എ (18083 മെട്രിക് ടൺ), മിഡിൽ ഈസ്റ്റ് (12949 മെട്രിക് ടൺ), ജപ്പാൻ (11029 മെട്രിക് ടൺ) എന്നിവയാണ്. കേരളത്തിലെ സമുദ്രോത്പന്നങ്ങളുടെ

**ചിത്രം 5.4.4** 2023-24 ൽ ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതി വിപണി തിരിച്ച്, ശതമാനത്തിൽ





*അവലംബം:* സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

**പട്ടിക 5.4.4** കശുവണ്ടി പരിപ്പിന്റെ കയറ്റുമതി (2016-17 മുതൽ 2023-24 വരെ), (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ)

| വർഷം | കേരളം | | ഇന്ത്യ | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് (മെട്രിക് ടൺ) | മൂല്യം (രൂപ കോടിയിൽ) | അളവ് (മെട്രിക് ടൺ) | (രൂപ കോടിയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2016-17 | 38,054 | 2,415.3 | 82,302 | 5,168.8 | 46.2 | 46.7 |
| 2017-18 | 36,930 | 2,580.4 | 84,352 | 5,871.0 | 43.8 | 44.0 |
| 2018-19 | 29,062 | 1,892.6 | 66,693 | 4,434.0 | 43.6 | 42.7 |
| 2019-20 | 30,478 | 1,742.5 | 67,647 | 3,867.2 | 45.1 | 45.1 |
| 2020-21 | *23,368 | NA | 49,992 | 2,907 | 46.7 | NA |
| 2021-22 | *24,299 | NA | 53,770 | 3,175.2 | 45.2 | NA |
| 2022-23 | *21,858 | NA | 44,948 | 2,718 | 48.6 | NA |
| 2023-24 | *22,753 | NA | 46,235 | 2,620.2 | 49.2 | NA |

*അവലംബം: കാഷ്യൂ എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ, *കൊച്ചിൻ പോർട്ട് ട്രസ്റ്റ്*

**ചിത്രം 5.4.5** 2023-24 ലെ കേരളത്തിന്റെ വിപണി തിരിച്ചുള്ള സമുദ്രോത്പന്ന കയറ്റുമതി, ശതമാനത്തിൽ




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

പ്രധാന വിപണികളും അവയുടെ വിഹിതവും **ചിത്രം 5.4.5** ൽ ചിത്രീകരിച്ചിരിക്കുന്നു.

**കശുവണ്ടി കയറ്റുമതി**

ലോകത്ത് ഏറ്റവും കൂടുതൽ കശുവണ്ടി ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. 60 ലധികം രാജ്യങ്ങളിലേക്ക് ഇന്ത്യ കശുവണ്ടി കയറ്റുമതി ചെയ്യുന്നു. ഡയറക്ടറേറ്റ് ജനറൽ ഓഫ് കൊമേഴ്സ്യൽ ഇൻറലിജൻസ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കനുസരിച്ച്, 2023-24ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി കയറ്റുമതിയുടെ അളവ് 46,235 മെട്രിക് ടണ്ണും മൂല്യം 2,62,021 ലക്ഷം രൂപയുമാണ്. 2022-23ൽ ഇത് 44,948 മെട്രിക് ടണ്ണും 2,71,800 ലക്ഷം രൂപയുമായിരുന്നു.

ഇന്ത്യൻ ഉപദ്വീപിന്റെ തീരപ്രദേശങ്ങളിൽ കശുമാവ് കൃഷി വ്യാപിച്ചു കിടക്കുന്നു. കശുവണ്ടി ഉത്പാദനത്തിലും സംസ്കരണത്തിലും കയറ്റുമതിയിലും കേരളം ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിൽ നിന്നുള്ള കശുവണ്ടി കയറ്റുമതി 2022-23 ൽ 21,858 മെട്രിക് ടണ്ണിൽ നിന്ന് 2023-24 ൽ 22,753 മെട്രിക് ടണ്ണായി ഉയർന്നു, കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 4 ശതമാനം വളർച്ച അത് രേഖപ്പെടുത്തുന്നു. (**പട്ടിക 5.4.4**).

ഐവറി കോസ്റ്റിന് ശേഷം, 15 ശതമാനത്തിലധികം വിഹിതമുള്ള കശുവണ്ടിയുടെ ഏറ്റവും വലിയ രണ്ടാമത്തെ ഉത്പാദകരും കയറ്റുമതിക്കാരും ഇന്ത്യയാണ്, ലോകത്തിലെ കശുവണ്ടി കയറ്റുമതിയിൽ ഇന്ത്യയ്ക്കു ശേഷം വിയറ്റ്നാമാണ്. ഇന്ത്യൻ കശുവണ്ടിയുടെ ഏറ്റവും വലിയ കയറ്റുമതി വിപണിയായി യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യുഎഇ) തുടരുന്നു. ജപ്പാൻ, നെതർലാൻഡ്സ്, സൗദി അറേബ്യ, സ്പെയിൻ, ഖത്തർ, കുവൈറ്റ്, യുഎസ്എ, ജർമ്മനി എന്നീ രാജ്യങ്ങളാണ് തുടർന്ന് വരുന്നത്. ഇന്ത്യ പ്രാഥമികമായി കയറ്റുമതി ചെയ്യുന്നത് കശുവണ്ടിയും ചെറിയ അളവിൽ കശുവണ്ടി തോടിൽ നിന്നുമുള്ള ദ്രാവകവുമാണ്. ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി കയറ്റുമതിയുടെ ഘടന **പട്ടിക 5.4.5**ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

2023-24ൽ കശുവണ്ടി പരിപ്പ് മുഴുവനും കശുവണ്ടി പുതിയത് /ഉണക്കിയത് കൂടിയതും ചേർന്ന് 64,582 കിലോഗ്രാം കയറ്റുമതി അളവും 276,659.4 ലക്ഷം രൂപയുടെ മൂല്യവും സംഭാവന ചെയ്യുന്നു. 2022-23ൽ ഇത് 58,604 കിലോഗ്രാമായിരുന്നു, ആയതിന്റെ മൂല്യം 2,82,044.1 ലക്ഷം രൂപയാണ്. ഇന്ത്യയിൽ നിന്നുള്ള ദ്രാവകാവസ്ഥയിലുള്ള തോടോടു കൂടിയ കശുവണ്ടി (CNSL), അസംസ്കൃതമായവയും കശുവണ്ടി പരിപ്പ്, കശുവണ്ടി പിളർന്നത് ഒഴികെയുള്ള കശുവണ്ടി ഇനങ്ങളുടെ കയറ്റുമതി 2023-24 ൽ വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നു.

2023-24 ൽ കശുവണ്ടി പരിപ്പ്, മുഴുവനും, കശുവണ്ടി പുതിയത്/ തോടോടു കൂടി ഉണക്കിയത് എന്നിവയുടെ

**പട്ടിക 5.4.5** 2022-23, 2023-24 വർഷങ്ങളിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത കശുവണ്ടിയുടെ ഘടന അളവ് മെട്രിക് ടണ്ണിലും മൂല്യം ലക്ഷം രൂപയിലും.

| ഉൽപ്പന്നങ്ങൾ | 2022-23 | | 2023-24 | |
|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം |
| കശുവണ്ടി പരിപ്പ്, മുഴുവൻ | 44,281.63 | 2, 67,747.15 | 45,625.91 | 2,58,820.40 |
| കശുവണ്ടി പുതിയത്/ഉണക്കിയത് | 14,322.04 | 14,283.04 | 18,955.75 | 17,839.01 |
| ശുദ്ധീകരിച്ച് വാറ്റിയെടുത്ത കശുവണ്ടി ദ്രാവകം (CNSL), കാർഡനോൾ | 6,607.05 | 5,708.32 | 9,714.10 | 6,119.18 |
| ദ്രാവകാവസ്ഥയിലുള്ള തോടോട്ടു കൂടിയ കശുവണ്ടി (CNSL), അസംസ്കൃതമായവ | 10,641.81 | 5,638.61 | 3,508.17 | 1,601.97 |
| കശുവണ്ടി പരിപ്പ്, കശുവണ്ടി പിളർന്നത് | 676.44 | 4,052.82 | 608.59 | 3,201.08 |
| കശുവണ്ടി, വറുത്തത് കൂടാതെ/ അല്ലെങ്കിൽ ഉപ്പിട്ടത് | 1,987.94 | 15,056.01 | 2,548.12 | 18,897.66 |
| ആകെ | 78,516.91 | 312485.95 | 80,960.64 | 3,06,479.3 |

*ഉറവിടം:* ഡയറക്ടറേറ്റ് ജനറൽ ഓഫ് കൊമേഴ്സ്യൽ ഇന്റലിജൻസ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്

ഇറക്കുമതി 12,54,848.5 കിലോഗ്രാം ആണ്. മുൻ വർഷം ഇത് 13,31,776.3 കിലോഗ്രാം ആയിരുന്നു. ഇതേ ഇനങ്ങളുടെ ഇറക്കുമതി മൂല്യം 2023-24ൽ 11,818,35.5 ലക്ഷം രൂപയും 2022-23ൽ 14,35,900.6 ലക്ഷം രൂപയുമായിരുന്നു. കശുവണ്ടി പരിപ്പ്, കശുവണ്ടി മുഴുവനും കശുവണ്ടിപ്പരിപ്പ് പുതിയത്/ കശുവണ്ടി പരിപ്പ് ഉണങ്ങിയ തോടോട്ടുകൂടിയത് എന്നിവയുടെ ഇറക്കുമതിയിൽ ഇത് നെഗറ്റീവ് വളർച്ച കാണിക്കുന്നു. ഐവറി കോസ്റ്റ്, ടാൻസാനിയ, ഗിനിയ ബിസ്സാവു, ബെനിൻ, ഘാന, മൊസാംബിക്ക്, നൈജീരിയ, സെനഗൽ തുടങ്ങിയവയാണ് അസംസ്കൃത കശുവണ്ടിയുടെ പ്രധാന ഇറക്കുമതി വിപണികൾ.

### കയർ, കയറുൽപ്പന്നങ്ങളുടെ കയറ്റുമതി

ഇന്ത്യയിൽ നിന്നുള്ള കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി മൂല്യം 3,39,690.9 ലക്ഷം രൂപയും അളവ് 12,32,097 മെട്രിക് ടണ്ണും ആണ്. മുൻവർഷത്തെ 12,64,784 മെട്രിക് ടൺ കയറിന്റെയും കയർ ഉൽപന്നങ്ങളുടെയും കയറ്റുമതിയെ അപേക്ഷിച്ച് -2.6 ശതമാനം കുറഞ്ഞ വളർച്ച ഇത് കാണിക്കുന്നു. 2023-24ൽ കൊച്ചി തുറമുഖം വഴി കേരളത്തിൽ നിന്നുള്ള കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതിയിൽ വർധിച്ച പ്രവണത കാണിക്കുന്നു. 2023-24ൽ കൊച്ചി തുറമുഖം വഴി കയറ്റുമതി ചെയ്ത കയർ, കയറുൽപ്പന്നങ്ങളുടെ അളവ് 2,96,137 മെട്രിക് ടൺ ആയിരുന്നു. ആയത് മുൻ വർഷത്തേക്കാൾ 148.1 ശതമാനം പോസിറ്റീവ് വളർച്ച രേഖപ്പെടുത്തി. 2022-23ൽ കൊച്ചി തുറമുഖം വഴിയുള്ള കയർ, കയറുൽപ്പന്നങ്ങളുടെ കയറ്റുമതി 1,19,350 മെട്രിക് ടണ്ണായിരുന്നു.


2023-24ൽ കയർ ഉൽപന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതിയുടെ ലഭ്യമായ രേഖകൾ കാണിക്കുന്നത്, കയർ പരവതാനികൾ, ചവിട്ടു മെത്തയും പരവതാനിയും, കയർ റോപ്പുകൾ, തരം തിരിച്ച കയറുകൾ എന്നിവയുടെ ഇന്ത്യയിൽ നിന്നും കയറ്റുമതി അളവിലും മൂല്യത്തിലും

**പട്ടിക 5.4.6** 2022-23, 2023-24 വർഷങ്ങളിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത കശുവണ്ടി, അളവ് മെട്രിക് ടണ്ണിലും മൂല്യം ലക്ഷം രൂപയിലും.

| ഉൽപ്പന്നങ്ങൾ | 2022-23 | | 2023-24 | |
|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം |
| കശുവണ്ടി പുതിയത്/ തോടോട്ടു കൂടി ഉണക്കിയത് | 13,29,751 | 14,24,773.94 | 1251321.88 | 1163262.63 |
| കശുവണ്ടി പരിപ്പ്, മുഴുവൻ | 2,025.31 | 11,126.69 | 3,526.58 | 18,572.87 |
| ദ്രാവകാവസ്ഥയിലുള്ള തോടോട്ടു കൂടിയ കശുവണ്ടി (CNSL), അസംസ്കൃതമായവ | 3,176.39 | 1,099.51 | 5,132.72 | 1,842.08 |
| കശുവണ്ടി പരിപ്പ് , പിളർന്നത് | 278.15 | 926.6 | 241.27 | 969.88 |
| കശുവണ്ടി, വറുത്തത് കൂടാതെ/അല്ലെങ്കിൽ ഉപ്പിട്ടത് | 69.86 | 533.53 | 103.57 | 718.23 |
| ശുദ്ധീകരിച്ചതും വാറ്റിയെടുത്തതുമായ കശുവണ്ടി ദ്രാവകം, കാർഡനോൾ | 0.5 | 36.97 | 0 | 0 |
| ആകെ | 13,35,301 | 14,38,497.24 | 1,260,326 | 11,85,366 |

*ഉറവിടം:* ഡയറക്ടറേറ്റ് ജനറൽ ഓഫ് കൊമേഴ്സ്യൽ ഇന്റലിജൻസ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്

**ചിത്രം 5.4.6** ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള (കൊച്ചി തുറമുഖം വഴി) കയർ, കയറുൽപ്പന്നങ്ങളുടെ കയറ്റുമതി പ്രവണത, 2017-18 മുതൽ 2023-24 വരെ (അളവ് ലക്ഷം മെട്രിക് ടൺ)




*അവലംബം:* കയർ ബോർഡ് &കൊച്ചിൻ പോർട്ട് ട്രസ്റ്റ്

വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. അതേസമയം, കയർ ഫൈബർ, കയർ നൂൽ, പവർ ലൂം മാറ്റ്, ടഫ്റ്റഡ് പായ, ചുരുണ്ട ചകിരി, റബ്ബറൈസ്ഡ് കയർ എന്നിവയുടെ അളവിലും മൂല്യത്തിലും ഇടിവ് രേഖപ്പെടുത്തിയിരിക്കുന്നു. കൈത്തറി പായ, കയർ ഭൂവസ്ത്രം, കയർ പിത്ത് എന്നിവ അളവിൽ പുരോഗതിയും മൂല്യത്തിൽ ഇടിവും കാണിക്കുന്നു. 1,83,737.8 ലക്ഷം രൂപ കയറ്റുമതി വരുമാനമുള്ള കയർ പിത്തുകളാണ് രാജ്യത്ത് നിന്നുള്ള മൊത്തം കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയുടെ 54.1 ശതമാനവും ഉൾപ്പെടുന്നത്. ടഫ്റ്റഡ് മാറ്റ്സ് ഉൽപ്പന്നങ്ങൾ, അളവിൽ 4.9 ശതമാനവും മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 17.5 ശതമാനവുമാണ് ഉൾപ്പെടുന്നത്. 48344.8 ലക്ഷം രൂപയുടെ കയറ്റുമതി മൂല്യമുള്ള കയർ നാരിന്റെ അളവ് 32.9 ശതമാനവും മൂല്യത്തിൽ 14.2 ശതമാനവുമാണ്.

2021-22ൽ 120 രാജ്യങ്ങൾ കയർ, കയറുൽപ്പന്നങ്ങൾ ഇന്ത്യയിൽ നിന്ന് ഇറക്കുമതി ചെയ്തു. മൂല്യത്തിൽ 23.3 ശതമാനവും അളവിൽ 43.7 ശതമാനവുമായി ചൈനയാണ് ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ ഒന്നാമത്. മൂല്യത്തിൽ 25.2 ശതമാനവും അളവിൽ 11.5 ശതമാനവും വിഹിതവുമായി ഇന്ത്യയിൽ നിന്നുള്ള കയർ ഉൽപന്നങ്ങളുടെ ഇറക്കുമതിയിൽ യു.എസ്.എ രണ്ടാം സ്ഥാനത്താണ്. നെതർലാൻഡ്സ്, ദക്ഷിണ കൊറിയ, യുകെ, സ്പെയിൻ, ഓസ്ട്രേലിയ, ഇറ്റലി, ജർമ്മനി, ഫ്രാൻസ്, കാനഡ എന്നിവയായിരുന്നു ഗണ്യമായ അളവിൽ കയറും കയറുൽപ്പന്നങ്ങളും ഇറക്കുമതി ചെയ്ത മറ്റ് രാജ്യങ്ങൾ. ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി പ്രവണത **ചിത്രം 5.4.6** നൽകിയിരിക്കുന്നു.

**തേയില കയറ്റുമതി**

2023-24ൽ ഇന്ത്യയിൽ നിന്നുള്ള തേയില കയറ്റുമതി 2,50,724 മെട്രിക് ടണ്ണും, കയറ്റുമതിയുടെ മൂല്യം 6,47,638 ലക്ഷം രൂപയുമാണ്. ഇത് 2022-23ലെ 2,28,397 മെട്രിക് ടണ്ണിൽ നിന്നും മൂല്യം 6,38,581 ലക്ഷം രൂപയിൽ നിന്നുള്ള വളർച്ച കാണിക്കുന്നു. പ്രധാന കയറ്റുമതി വിപണി റഷ്യൻ ഫെഡറേഷനാണ്; തുടർന്ന് ഇറാൻ, സൗദി അറേബ്യ, യുഎസ്എ, യുഎഇ എന്നീ രാജ്യങ്ങൾ വരുന്നു. ഇത് കയറ്റുമതിയുടെ അളവിൽ 9.8 ശതമാനം വർധനവും ഉത്പാദന മൂല്യത്തിൽ 1.4 ശതമാനം വർധനവും കാണിക്കുന്നു.

2023-24ൽ കേരളത്തിലെ തുറമുഖങ്ങളിൽ നിന്നുള്ള തേയിലയുടെ കയറ്റുമതി 87,649 മെട്രിക് ടണ്ണും മൂല്യം 1,87,766 ലക്ഷം രൂപയുമാണ്. 2022-23ൽ ഇത് 69,107 മെട്രിക് ടണ്ണും മൂല്യം 1,53,179 ലക്ഷം രൂപയുമായിരുന്നു. അളവിൽ 26.8 ശതമാനവും മൂല്യത്തിൽ 22.57 ശതമാനവും വളർച്ച ഇത് രേഖപ്പെടുത്തുന്നു. (**പട്ടിക 5.4.7**).

**കാപ്പി കയറ്റുമതി**

2022-23ൽ 3621549 കോടി രൂപ മൂല്യമുള്ള 3.9 ലക്ഷം മെട്രിക് ടൺ കാപ്പി കയറ്റുമതി ചെയ്ത സ്ഥാനത്ത് 2023-24ൽ ഇന്ത്യയിൽ നിന്ന് 3618952 കോടി രൂപ വിലമതിക്കുന്ന 3.8 ലക്ഷം മെട്രിക് ടൺ കാപ്പി കയറ്റുമതി ചെയ്തു. അളവിൽ (-) 2.6 ശതമാനവും മൂല്യത്തിൽ -0.07 ശതമാനവും വളർച്ച അത് രേഖപ്പെടുത്തുന്നു. ഇറ്റലി, ജർമ്മനി, ബെൽജിയം, റഷ്യൻ ഫെഡറേഷൻ എന്നിവയാണ് ഇന്ത്യയിൽ നിന്നുള്ള കാപ്പിയുടെ പ്രധാന ഇറക്കുമതിക്കാർ. കൊച്ചി തുറമുഖം വഴിയുള്ള കേരളത്തിൽ നിന്നുള്ള കാപ്പിയുടെ കയറ്റുമതി മുൻവർഷത്തെ 47245

**പട്ടിക 5.4.7** ഇന്ത്യയിൽ നിന്നും കേരളത്തിലെ തുറമുഖങ്ങളിൽ നിന്നുമുള്ള തേയില കയറ്റുമതി, 2019 മുതൽ 2023 വരെ, (അളവ് :മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപയിൽ)

| വർഷം | ഇന്ത്യ | | കേരളം | |
|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം |
| 2019-20 | 2,41,344 | 5,45,710 | 76,983 | 1,47,082 |
| 2020-21 | 2,03,791 | 5,31,153 | 70,398 | 1,56,595 |
| 2021-22 | 2,00,785 | 5,41,577 | 64,854 | 1,46,841 |
| 2022 -23 | 2,28,397 | 6,38,581 | 69,107 | 1,53,179 |
| 2023-24 | 2,50,724 | 6,47,638 | 87,649 | 1,87,766 |

*അവലംബം: റ്റീബോർഡ്*

മെട്രിക് ടൺ അളവും (-)23.9 ശതമാനം വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ 2023-24 ൽ അളവിൽ 34211 മെട്രിക് ടൺ ഇടിവും (-) 27.6 ശതമാനം കുറവും കാണിക്കുന്നു.

### സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി

2023-24ൽ, ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതി 36,95,880.5 ലക്ഷം രൂപ മൂല്യമുള്ള 15,39,692 മെട്രിക് ടൺ ആയിരുന്നു, മുൻ വർഷം അത് 14,04,357 മെട്രിക് ടണ്ണും മൂല്യം 31,76,138 ലക്ഷം രൂപയുമായിരുന്നു. ഇത് 9.6 ശതമാനം അളവിൽ വർധനയും 16.4 ശതമാനം മൂല്യത്തിൽ വർധനയും രേഖപ്പെടുത്തുന്നു. 2023-24ൽ കേരളത്തിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി 1,19,434 മെട്രിക് ടണ്ണും കയറ്റുമതിയുടെ മൂല്യം 6,41,092.9 ലക്ഷം രൂപയുമാണ്. മുൻ വർഷത്തേക്കാൾ 7.5 ശതമാനം വ്യാപാരവും മൂല്യത്തിൽ 16.2 ശതമാനവും വർധിച്ചതായി ഇത് കാണിക്കുന്നു. (**പട്ടിക 5.4.8**).

ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതിയിൽ ഏകദേശം 52 സുഗന്ധവ്യഞ്ജനങ്ങളും അതിന്റെ ഉൽപ്പന്നങ്ങളും ഉൾപ്പെടുന്നു. മുളക്, ജീരകം, മസാല എണ്ണ, സ്വാഭാവിക ചെടികളുടെ നീരുകൾ, പുതിന ഉൽപന്നങ്ങൾ, മഞ്ഞൾ, കറിവേപ്പില, ഏലം (ചെറുത്), കുരുമുളക് എന്നിവയുടെ കയറ്റുമതി സുഗന്ധവ്യഞ്ജനങ്ങളിൽ നിന്നുള്ള മൊത്തം കയറ്റുമതി വരുമാനത്തിന്റെ 80 ശതമാനവും സംഭാവന ചെയ്യുന്നു. 2023-24 ൽ, ഉലുവ, മറ്റ് വിത്തുകൾ, പുളി, മറ്റ് സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി മുൻവർഷത്തെ അപേക്ഷിച്ച് അളവിലും മൂല്യത്തിലും കുറഞ്ഞു. മുളക്, ഇഞ്ചി, മല്ലി, അയമോദകം, പെരുംജീരകം, വെളുത്തുള്ളി, ജാതിക്ക & ചക്ക, കറിവേപ്പില/പേസ്റ്റ് തുടങ്ങിയ മറ്റെല്ലാ സുഗന്ധവ്യഞ്ജനങ്ങളും കയറ്റുമതിയുടെ അളവിൽ വർധിച്ച പ്രവണത കാണിക്കുന്നു.

ചൈനയാണ് ഏറ്റവും കൂടുതൽ ഇറക്കുമതി ചെയ്യുന്നത് ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയുടെ 77 ശതമാനവും യു.എസ്.എ, ബംഗ്ലാദേശ്, യുഎഇ, തായ്‌ലൻഡ്, മലേഷ്യ, ഇന്തോനേഷ്യ, യുകെ, ശ്രീലങ്ക, നേപ്പാൾ, ജർമ്മനി, സൗദി അറേബ്യ, നെതർലൻഡ്സ് എന്നീ രാജ്യങ്ങളാണ് ചെയ്യുന്നത്.

2018-19 മുതൽ കേരളത്തിന്റെ സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതി അളവിൽ വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുകയും അത് 2020-21 വരെ തുടരുകയും ചെയ്യുന്നു. എന്നാൽ 2021-22 വർഷത്തിൽ ഇതിൽ ഇടിവ് രേഖപ്പെടുത്തി. 2022-23 വർഷം (-)10 നെഗറ്റീവ് വളർച്ച രേഖപ്പെടുത്തുകയും, 2023-24 വർഷത്തിൽ 7.5 പോസിറ്റീവ് വളർച്ച രേഖപ്പെടുത്തുകയും ചെയ്തു. ഇന്ത്യയുടെ സുഗന്ധവ്യഞ്ജന കയറ്റുമതിയെ സംബന്ധിച്ചിടത്തോളം 2021-22, 2022-23 എന്നീ തുടർച്ചയായ രണ്ട് വർഷങ്ങളിൽ നെഗറ്റീവ് പുരോഗതി കാണിക്കുന്നു, എന്നാൽ 2023-24 വർഷത്തിൽ ഇത് പോസിറ്റീവ് വളർച്ച കാണിക്കുന്നു (9.6 ശതമാനം). ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതിയുടെ വളർച്ച പ്രവണത **ചിത്രം 5.4.7** ചിത്രീകരിക്കുന്നു.


2023-24 ൽ, കേരളത്തിൽ നിന്നുള്ള ഏലം ചെറുത്,

**പട്ടിക 5.4.8** ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി 2017-18 മുതൽ 2023-24 വരെ (അളവ്: മെട്രിക് ടൺ മൂല്യം : ലക്ഷം രൂപയിൽ)

| വർഷം | കേരളം | | ഇന്ത്യ | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2017-18 | 95,455.9o | 4,15,296.10 | 10,28,060 | 17,98,016.2 | 9.30 | 23.10 |
| 2018-19 | 89,590.80 | 3,78,560.40 | 11,00,250 | 19,50,581.1 | 8.10 | 19.40 |
| 2019-20 | 1,00,195.80 | 4,05,421.30 | 12,08,400 | 22,06,280.0 | 8.30 | 18.40 |
| 2020-21 | 1,21,348.90 | 5,00,633.60 | 17,58,266 | 30,96,771 | 6.90 | 16.20 |
| 2021-22 | 1,23,547.93 | 5,66,643.60 | 15,30,661 | 30,32,432.4 | 8.10 | 18.50 |
| 2022-23 | 1,11,080.13 | 5,51,521.02 | 14,04,357 | 31,76,138.2 | 7.90 | 17.36 |
| 2023-24 | 1,19,433.95 | 6,41,092.88 | 15,39,692 | 36,95,880.50 | 7.75 | 17.34 |

*അവലംബം: സ്പൈസസ് ബോർഡ്*

**ചിത്രം 5.4.7** ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതിയിലെ വളർച്ചയുടെ പ്രവണത, 2017-18 മുതൽ 2023-24 വരെ, അളവ് ശതമാനത്തിൽ




*അവലംബം: സ്പൈസസ് ബോർഡ്*

ഏലം വലുത്, ഇഞ്ചി, ഉലുവ, പുതിന ഉൽപന്നങ്ങൾ, വിവിധ സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ വെവ്വേറെ സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി മുൻവർഷത്തെ അപേക്ഷിച്ച് അളവിലും മൂല്യത്തിലും കുറഞ്ഞു. 2022-23ൽ 550 കോടി രൂപ മൂല്യമുള്ള 4,345.1 മെട്രിക് ടണ്ണിൽ നിന്ന് 2023-24ൽ 698 കോടി രൂപ വിലമതിക്കുന്ന 4001.4 മെട്രിക് ടൺ ഏലം (ചെറിയത്) കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്തു. മുൻ വർഷം ഉണ്ടായിരുന്ന 659.7 കോടി രൂപ മൂല്യമുള്ള 25,717 മെട്രിക് ടണ്ണിൽ നിന്ന് മുളകിന്റെ കയറ്റുമതി 2023-24ൽ 906.3 കോടി രൂപ മൂല്യമുള്ള 28,867.18 മെട്രിക് ടണ്ണായി വർധിച്ചു.കുരുമുളക് കയറ്റുമതി 2022-23 ൽ 575.2 കോടി രൂപ മൂല്യമുള്ള 12,491.2 മെട്രിക് ടണ്ണിൽ നിന്ന് 2023-24 ൽ 649.8 കോടി രൂപ മൂല്യമുള്ള 15568 മെട്രിക് ടണ്ണായി ഉയർന്നു.

മൂല്യവർധിത ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ, കറിപ്പൊടിയും മിശ്രിതവും, സുഗന്ധവ്യഞ്ജന എണ്ണയും അയമോദകം എന്നിവയുടെ കയറ്റുമതി 2022-23 നെ അപേക്ഷിച്ച് 2023-24 ൽ അളവിലും മൂല്യത്തിലും വർദ്ധനവ് കാണിച്ചു. 2022-23ൽ കറിപ്പൊടിയുടെയും മിശ്രിതത്തിന്റെയും കയറ്റുമതി 408.6 കോടി രൂപ മൂല്യമുള്ള 17,505.2 മെട്രിക് ടൺ ആയിരുന്നത് 2023-24ൽ 504.5 കോടി രൂപ മൂല്യമുള്ള 18,663 മെട്രിക് ടൺ ആയി ഉയർന്നു. 2022-23ൽ സുഗന്ധദ്രവ്യ എണ്ണയുടെയും അയമോദകം ഉൽപന്നങ്ങളുടെയും കയറ്റുമതി 2365.42 കോടി രൂപ മൂല്യമുള്ള 9766.4 മെട്രിക് ടൺ ആയിരുന്നത് 2023-24ൽ 2636.8 കോടി രൂപ മൂല്യമുള്ള 10587.2 മെട്രിക് ടൺ ആയി ഉയർന്നു. ആയത് കയറ്റുമതിയുടെ അളവിലും മൂല്യത്തിലും വർദ്ധനവ് രേഖപ്പെടുത്തുന്നു.

# 5.5 പൊതു സേവനങ്ങൾ


**സർവ്വേയും ഭൂരേഖയും വകുപ്പ്**

ഭൂമിയുടെ ഉടമസ്ഥാവകാശം സംരക്ഷിക്കുന്നത് ഉറപ്പാക്കുകയും പൗരന്മാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം വാങ്ങാനും, സ്വന്തമാക്കാനും, പണയപ്പെടുത്താനും, വിൽക്കാനും, കൈമാറാനും ഉപഭോക്തൃ സൗഹൃദവും കാര്യക്ഷമവുമായ സംവിധാനങ്ങൾ നൽകേണ്ട സർക്കാരിന്റെ ഉത്തരവാദിത്തമാണ് ഫലപ്രദമായ ഭൂഭരണം. സാമൂഹിക വികസന സൂചിക, സാമൂഹിക ഐക്യം, സാമ്പത്തിക വളർച്ചാ നിരക്ക് എന്നിവ തീരുമാനിക്കുന്നതിൽ നല്ല ഭൂഭരണത്തിന് പങ്കുണ്ട്. അതിനാൽ, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് കുറ്റമറ്റ ഡിജിറ്റൽ ഭൂരേഖകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. പൊതു ഭരണത്തിലെ ഡിജിറ്റൽ പരിവർത്തന പ്രക്രിയയുടെ ഭാഗമായി, "എല്ലാവർക്കും ഭൂമി", "എല്ലാ ഭൂമിക്കും രേഖ", "എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നിങ്ങനെ മൂന്ന് സമഗ്രമായ ദർശന പ്രസ്താവനകൾ റവന്യൂ വകുപ്പ് രൂപീകരിച്ചു.

സംസ്ഥാനത്തെ എല്ലാ ഭൂമിയുടെയും റീസർവ്വേ നടപടികൾ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കുക എന്നതാണ് സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് വകുപ്പിന്റെ പ്രധാന പ്രവർത്തനം. ഇതോടൊപ്പം, ഭൂമി പരിപാലനം, ഭൂ സർവ്വേ രേഖകൾ ഡിജിറ്റൈസ് ചെയ്യൽ, പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഭൂമിയുടെ സർവ്വേ നടത്തൽ (ഭൂമിയുടെ ഉടമസ്ഥാവകാശ രേഖ), ഭൂമി വിലയിരുത്തലും ഭൂമി ഏറ്റെടുക്കലും, വനഭൂമി സർവ്വേ, സർക്കാർ നയത്തിനു അനുസൃതമായി പ്രത്യേക പദ്ധതികൾക്കായുള്ള ഭൂമി സർവ്വേ എന്നിവ സർവ്വേ വകുപ്പിന്റെ പ്രവർത്തനങ്ങളാണ്. സംസ്ഥാനത്ത് ആകെ 1,666 വില്ലേജുകൾ ഉള്ളതിൽ 2024 വരെ 922 വില്ലേജുകളിലെ ഭൂമിയുടെ റീസർവ്വേ നടപടികൾ പൂർത്തിയാക്കി, 744 വില്ലേജുകളുടെ റീസർവ്വേ ജോലികൾ പൂർത്തിയാക്കാനുണ്ട്. തുടർച്ചയായി പ്രവർത്തിക്കുന്ന റഫറൻസ് സ്റ്റേഷനുകൾ (CORS), റിയൽ ടൈം കൈനമാറ്റിക് റോവർ (RTK- റോവർ) തുടങ്ങിയ ആധുനിക ഗാഡ്ജെറ്റുകളുടെ സഹായത്തോടെയാണ് റീ സർവ്വേ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. വിപുലമായ മാപ്പിംഗ് ഇൻഫ്രാസ്ട്രക്ചർ ഭൂ സർവ്വേ പ്രോഗ്രാമുകളുടെ കൃത്യതയും കാര്യക്ഷമതയും വളരെയധികം വർദ്ധിപ്പിക്കുന്നതിനു സഹായകരമായി. കേരളത്തിലുടനീളം 28 സ്റ്റേഷനുകൾ ഉൾക്കൊള്ളുന്ന CORS നെറ്റ്‌വർക്ക്, പരമ്പരാഗത സർവ്വേ രീതികളിൽ വിപ്ലവം സൃഷ്ടിക്കുകയും അവയെ വേഗതയേറിയതും കൂടുതൽ കൃത്യവുമാക്കിത്തീർക്കുകയും ചെയ്തു. ഡിജിറ്റൽ സർവ്വേയിംഗിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ്, സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വേറിട്ട് ഒരു സമർപ്പിത നിയന്ത്രണ കേന്ദ്രം സ്ഥാപിച്ചു. സർവ്വേ ഓഫ് ഇന്ത്യയുടെ പ്രധാന നിയന്ത്രണ കേന്ദ്രം പ്രവർത്തനരഹിതമായാലും, തടസ്സങ്ങളില്ലാത്ത ഡിജിറ്റൽ സർവ്വേകൾ ഉറപ്പാക്കിക്കൊണ്ട്, സിഗ്നൽ തിരുത്തലുകൾ നൽകാൻ കേരളത്തിലെ നിയന്ത്രണ കേന്ദ്രത്തിന് കഴിയുമെന്ന് ഈ പ്രത്യേക കേന്ദ്രം ഉറപ്പാക്കുന്നു. CORS നെറ്റ്‌വർക്ക് ഒരു അനലിറ്റിക് ഇൻഫ്രാസ്ട്രക്ചറാണ്, ഇത് വിപുലമായ ആപ്ലിക്കേഷനുകളെ പിന്തുണയ്ക്കുന്നു, കൂടാതെ സംസ്ഥാനത്തുടനീളം സ്ഥാപിച്ചിട്ടുള്ള 28 റഫറൻസ് സ്റ്റേഷനുകൾ (CORS) ശേഖരിക്കുന്ന ഡാറ്റ പ്രോസസ്സ് ചെയ്യുന്നതിനും, സംഭരിക്കുന്നതിനും, വിതരണം ചെയ്യുന്നതിനുമുള്ള ഒരു കേന്ദ്രമായി ഇത് പ്രവർത്തിക്കുന്നു.

സംസ്ഥാനത്തെ ഭൂഭരണവും, ഭരണവും നവീകരിക്കാൻ ലക്ഷ്യമിട്ട് കേരള സർക്കാർ നടപ്പിലാക്കിയ

**ചിത്രം 5.5.1 2023-**ൽ ലഭിച്ചതും അന്തിമമാക്കിയതുമായ റീ-സർവ്വേ അപ്പീലുകളുടെ ജില്ല തിരിച്ചുള്ള എണ്ണം




ഉറവിടം: സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടറേറ്റ്

ഇ-ഗവേണൻസ് സംരംഭമാണ് ഡിജിറ്റൽ ലാൻഡ് സർവേ ഓഫ് കേരള. ഭൂമിയുടെ ഉടമസ്ഥാവകാശം സംരക്ഷിക്കുക, ഉപഭോക്തൃ സൗഹൃദ ഭൂമി ഇടപാടുകൾ സാധ്യമാക്കുക, പിശകുകളില്ലാത്ത ഡിജിറ്റൽ ഭൂമി രേഖകൾ നിർമ്മിക്കുക എന്നിവയിൽ പ്രോജക്റ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. നാല് വർഷത്തിനുള്ളിൽ സംസ്ഥാനത്തുടനീളം സമഗ്രമായ ഭൂസർവ്വേ നടത്തുക, പ്രീ-മ്യൂട്ടേഷൻ സ്കെച്ചുകൾ ഉൾപ്പെടെ, കൃത്യമായതും കാലികവുമായ ലാൻഡ് പാഴ്സൽ മാപ്പുകൾ (എൽപിഎം) സ്റ്റേക്ക്ഹോൾഡേഴ്സിന് നൽകുക, റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ സംവിധാനങ്ങൾ എന്നിവ സംയോജിപ്പിച്ചുകൊണ്ട് തടസ്സമില്ലാത്ത ഭൂമി ഇടപാടുകൾക്കായി ഒറ്റ പോർട്ടൽ (ILIMS) ആവിഷ്കരിക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ. കൂടാതെ, സുതാര്യമായ ഭൂമി ഇടപാടുകൾക്കായി അവകാശങ്ങളുടെ (RoR) ഒരു നിർണായക ശീർഷക സംവിധാനം സ്ഥാപിക്കാനും, ദുരന്തനിവാരണം ഉൾപ്പെടെയുള്ള വിവിധ സർക്കാർ പ്രവർത്തനങ്ങൾക്കായി ഒരു മൾട്ടി പർപ്പസ് കഡസ്ട്രൽ ഡാറ്റാബേസ് സൃഷ്ടിക്കാനും പ്രോഗ്രാം ലക്ഷ്യമിടുന്നു.

2020 മുതൽ 2024 വരെയുള്ള (2024 ഓഗസ്റ്റ് 31 വരെ) റീ സർവ്വേ യുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.1.** ൽ നൽകിയിരിക്കുന്നു. സർവ്വേ അപ്പീലുകളുടെയും ലാൻഡ് അക്വിസിഷൻ (എൽഎ) അപ്പീലുകളുടെയും അധികാരിയായും ഈ വകുപ്പ് പ്രവർത്തിക്കുന്നു. ഇത്തരം അപ്പീലുകളിൽ ജില്ലാ സർവ്വേ സൂപ്രണ്ടുമാരുടെ ശുപാർശയിൽ ജില്ലാ കലക്ടർമാർ അന്തിമ തീരുമാനമെടുക്കും. 2023-ൽ, റീ സർവ്വേ സംബന്ധിച്ച 1,20,966 അപ്പീലുകളിൽ 84,756 കേസുകൾ (70.07 ശതമാനം) ജില്ലാ ഓഫീസുകൾ അന്തിമമാക്കി. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചതും അന്തിമമാക്കിയതുമായ റീ സർവ്വേ അപ്പീലുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 5.5.1** ൽ കാണിക്കുന്നു. 2023-ൽ ലഭിച്ചതും അന്തിമമാക്കിയതുമായ റീ സർവ്വേ അപ്പീലുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.2**-ൽ കാണിച്ചിരിക്കുന്നു.

ഐഎഎസ് ഉദ്യോഗസ്ഥർക്കും, റവന്യൂ വകുപ്പ്, സർവ്വേ വകുപ്പ് ഉദ്യോഗസ്ഥർ, ഡെപ്യൂട്ടി കലക്ടർമാർ എന്നിവർക്കും സർവ്വേ വകുപ്പ് പരിശീലനം നൽകുന്നു. നൽകിയ പരിശീലനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 5.5.3** ൽ കാണിച്ചിരിക്കുന്നു.

**ലെഗസി ലാൻഡ് റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ**

ഭൂരേഖകളുടെ ഡിജിറ്റലൈസേഷൻ ഭൂഭരണം നവീകരിക്കുന്നതിലെ ഒരു നിർണായക ചുവടുവെപ്പാണ്, പൈതൃക ഭൂപടങ്ങൾ ഡിജിറ്റൽ ലാൻഡ് സർവ്വേയ്ക്കുള്ള ഒരു റഫറൻസ് പാളിയായി പ്രവർത്തിക്കുന്നു. ഈ പ്രക്രിയയെ പിന്തുണയ്ക്കുന്നതിനായി, എല്ലാ കഡസ്ട്രൽ ലാൻഡ് രേഖകളും ഡിജിറ്റൈസ് ചെയ്യുകയും 'എന്റെ ഭൂമി' പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യുകയും ചെയ്യുന്നു. കൃത്യവും പുതുക്കിയതുമായ ഭൂമി വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കുന്നു. കൂടാതെ, ഭൂമി ഇടപാടുകളിലും മാനേജ്മെന്റിലും കൂടുതൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കിക്കൊണ്ട് പൊതുജനങ്ങൾക്ക്

**ബോക്സ് 5.5.1** ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിലെ (ILIMS) പുരോഗതി

ഡിജിറ്റൽ സർവേയ്ക്ക് പുറമെ, എല്ലാ ഭൂമി ഇടപാടുകളിലും പൗരന്മാർക്ക് ഏകജാലക സേവനം നൽകുന്നതിനായി 'എന്റെ ഭൂമി' സംരംഭത്തിലൂടെ ഒരു ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) വികസിപ്പിച്ചിരിക്കുന്നു. രജിസ്ട്രേഷൻ, റവന്യൂ, സർവേ വകുപ്പുകളിലുടനീളം മാനുവൽ ഇടപെടൽ കുറയ്ക്കുകയും ഭൂസേവനങ്ങൾ സംയോജിപ്പിക്കുകയും ചെയ്യുന്ന ഒരു സമഗ്രവും ഒറ്റ ഘട്ടത്തിൽ ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്ന പ്ലാറ്റ്ഫോമായി ILIMS പ്രവർത്തിക്കും. ILIMS വഴി, ഭൂവുടമകൾക്ക് കൃത്യവും ആധികാരികവും തുടർച്ചയായി അപ്ഡേറ്റ് ചെയ്തതുമായ ലാൻഡ് മാപ്പിംഗ് സേവനങ്ങളിലേക്ക് സ്പേഷ്യൽ, ടെക്സ്റ്റ്വൽ ഡാറ്റ, ലാൻഡ് സ്കെച്ചുകൾ എന്നിവ ഉൾപ്പെടെ ലഭ്യമാകുന്നതാണ്. ഡിജിറ്റൽ ലാൻഡ് സർവേ, ILIMS, സെറ്റിൽമെന്റ് സിസ്റ്റം, റെക്കോർഡ് ഓഫ് റൈറ്റ്സ് (RoR) തുടങ്ങിയ പ്രധാന ഘടകങ്ങൾ സംസ്ഥാനത്തിന്റെ 'നിർണ്ണായകമായ ഭൂമി പട്ടയം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നിർണായക ചുവടുകളാണ്. ILIMS മൊഡ്യൂളിന്റെ പരീക്ഷണം ഏതാണ്ട് പൂർത്തിയായി, 2024 ഒക്ടോബറിൽ ഇത് സമാരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പോർട്ടലിലൂടെ ലെഗസി മാപ്പുകൾ വാങ്ങുന്നതിനും കഴിയുന്നു.

സർവ്വേ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള ചുമതല സർവ്വേ വകുപ്പിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. രേഖകളുടെ ഡിജിറ്റലൈസേഷന്റെ വിശദാംശങ്ങൾ **അനുബന്ധം 5.5.4** ൽ നൽകിയിരിക്കുന്നു. നിലവിലുള്ള ഭൂരേഖകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാണ് സൂക്ഷിക്കുന്നത്. 2022ലും 2023ലും സ്കാൻ ചെയ്ത ഫീൽഡ് മെഷർമെന്റ് ബുക്കിന്റെ (എഫ്എംബി) എണ്ണം യഥാക്രമം 2,01,969, 11,583 എന്നിങ്ങനെയാണ്. 2024-ൽ സ്കാൻ ചെയ്ത ഫീൽഡ് മെഷർമെന്റ് ബുക്കിന്റെ (എഫ്എംബി) എണ്ണം 2,77,538 ആണ്.

ഡിജിറ്റൽ റീസർവ്വേ പദ്ധതിക്ക് (എന്റെ ഭൂമി പദ്ധതി) കീഴിൽ 207 വില്ലേജുകളിൽ ഫീൽഡ് സർവ്വേകൾ പൂർത്തിയാക്കി, 1961 ലെ സർവ്വേ ആൻഡ് ബൗണ്ടറീസ് ആക്ടിന്റെ സെക്ഷൻ 9(2) പ്രകാരം പ്രസിദ്ധീകരിച്ചു. അധികമായി 191 വില്ലേജുകളിൽ സർവ്വേ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ 441614 ലക്ഷം ഹെക്ടർ ഭൂമി, 32.4 ലക്ഷം ലാൻഡ് പാഴ്സലുകൾ എന്നിവ ആർടികെ (റിയൽ-ടൈം കൈനമാറ്റിക്), ആർഇടിഎസ് (റോബോട്ടിക് ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷനുകൾ) തുടങ്ങിയ നൂതന സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് അളന്നു തിട്ടപ്പെടുത്തി വരുന്നു.

ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഓൺലൈനിലൂടെ പൊതുജനങ്ങൾക്ക് നൽകാൻ ഉദ്ദേശിച്ചുള്ള കേരള സർക്കാരിന്റെ ഒരു സംരംഭമാണ് 'എന്റെ ഭൂമി പോർട്ടൽ'. തുടർച്ചയായി പ്രവർത്തിക്കുന്ന റഫറൻസ് സ്റ്റേഷനുകൾ (CORS), റിയൽ-ടൈം കൈനമാറ്റിക് (RTK) റോവറുകൾ, റോബോട്ടിക് ടോട്ടൽ സ്റ്റേഷനുകൾ, ടാബ്ലെറ്റ് പിസികൾ തുടങ്ങിയ നൂതന സർവ്വേ ഇൻഫ്രാസ്ട്രക്ചറുകൾ പ്രയോജനപ്പെടുത്തി, നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ വികസിപ്പിച്ചെടുത്ത "എന്റെ ഭൂമി" പോർട്ടൽ, കേരളത്തിന്റെ ഡിജിറ്റൽ സർവ്വേ പ്രോഗ്രാമിന്റെ ഒരു പ്രധാന ഘടകമാണ്. മുൻകാല റീസർവ്വേ അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ട് പൂർണ്ണമായും ഐ ടി അധിഷ്ഠിത സമീപനം ഉപയോഗിച്ച് സർവ്വേ റെക്കോർഡുകൾ സൂക്ഷ്മമായി തയ്യാറാക്കിയിട്ടുണ്ടെന്ന് പ്രോഗ്രാം ഉറപ്പാക്കുന്നു. "എന്റെ ഭൂമി" പോർട്ടൽ (https://entebhoomi.kerala.gov.in) ഡിജിറ്റൽ സർവേയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള ഒരു പൂർണ്ണ പരിഹാരമായി പ്രവർത്തിക്കുന്നു. സർവ്വേയർമാർക്കുള്ള ലെഗസി സർവ്വേ ഡാറ്റയിലേക്കുള്ള ആക്സസ്, രേഖകൾ ശേഖരിക്കുന്നതിന് നേരിട്ടുള്ള സ്ഥല സന്ദർശനങ്ങളുടെ ആവശ്യകത ഇല്ലാതാക്കൽ, പാരിസ്ഥിതിക സുസ്ഥിരതയ്ക്ക് സംഭാവന നൽകുന്ന പേപ്പർരഹിത പ്രവർത്തനങ്ങൾ പ്രാപ്തമാക്കൽ എന്നിവ ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ ഇത് വാഗ്ദാനം ചെയ്യുന്നു. ഫീൽഡ് സർവേകളിൽ ഭൂവുടമകൾക്ക് തത്സമയ വിവരങ്ങളും പോർട്ടൽ നൽകുന്നു, അവരുടെ സ്വത്തുക്കളെക്കുറിച്ചുള്ള നിർണായക വിശദാംശങ്ങൾ സ്വായത്തമാക്കാൻ അവരെ അനുവദിക്കുന്നു, അതേസമയം പൗരന്മാർക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ അവരുടെ ഭൂമി സംബന്ധിച്ച രേഖകൾ ഓൺലൈനായി പരിശോധിക്കാൻ കഴിയും. കൂടാതെ, ഭൂമിയുമായി ബന്ധപ്പെട്ട പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിനും, ഡിജിറ്റൽ ഫോർമാറ്റ് കാരണം ഭാവിയിലെ എളുപ്പത്തിലുള്ള അപ്ഡേറ്റുകൾ ഉറപ്പാക്കുന്നതിനുമുള്ള പരാതി പരിഹാര സവിശേഷതയും പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് സർക്കാർ വകുപ്പുകളുമായുള്ള സംയോജനവും സഹകരണവും ഡാറ്റ പങ്കിടലും കൂടുതൽ മെച്ചപ്പെടുത്തുന്നു, ഇത് സിസ്റ്റത്തെ കൂടുതൽ സ്വീകാര്യവും കാര്യക്ഷമവുമാക്കുന്നു. "എന്റെ ഭൂമി" പോർട്ടലിന്റെ ആദ്യ രണ്ട് ഘട്ടങ്ങളിലെ പുരോഗതി **അനുബന്ധം 5.5.5, 5.5.6** എന്നിവയിൽ നൽകിയിരിക്കുന്നു.

**രജിസ്ട്രേഷൻ വകുപ്പ്**

ആധാരങ്ങൾ, പ്രത്യേക വിവാഹങ്ങൾ, ചിട്ടികൾ, സൊസൈറ്റികൾ, പങ്കാളിത്ത സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ രജിസ്റ്റർ ചെയ്യുന്നതിനും തെളിവ് രേഖകൾ സൂക്ഷിക്കുന്നതിനും രജിസ്ട്രേഷൻ വകുപ്പിന് ഉത്തരവാദിത്തമുണ്ട്. ഭാവിയിൽ ആധികാരിക സാക്ഷ്യപ്പെടുത്തിയ

പകർപ്പുകൾ നിർമ്മിക്കാൻ കഴിയുന്ന തരത്തിൽ ഈ രേഖകൾ ശാശ്വതമായി സംരക്ഷിക്കുക എന്ന പ്രത്യേക കടമയും ഈ വകുപ്പിനുണ്ട്. സേവന വിതരണ പ്രവർത്തനങ്ങൾക്ക് പുറമേ, റവന്യൂ രസീതുകൾ ശേഖരിക്കുന്നതിലൂടെ സംസ്ഥാന ഖജനാവിന് വരുമാനം നേടിത്തരുന്ന വകുപ്പുകളിൽ രജിസ്ട്രേഷൻ വകുപ്പിന് രണ്ടാം സ്ഥാനമാണുള്ളത്. രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം വകുപ്പ് വിജയകരമായി നടപ്പിലാക്കിയിരിക്കുന്നു. 2023-2024ൽ ഡോക്യുമെന്റ് രജിസ്ട്രേഷൻ ഫീസായി വകുപ്പ് ആകെ 1,38,219.26 കോടി രൂപ പിരിച്ചെടുത്തു. ഇതിൽ 88,757.85 കോടിയും പ്രധാന ഘടകമായ വിൽപന കൈമാറ്റത്തിനുള്ളതാണ്. 2023-24 ൽ രജിസ്റ്റർ ചെയ്ത രേഖകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.7** ലും 2023-24-ൽ ശേഖരിച്ച ഫീസിന്റെ വിശദാംശങ്ങൾ **അനുബന്ധം 5.5.8** ലും നൽകിയിരിക്കുന്നു.

പ്രോപ്പർട്ടി രജിസ്ട്രേഷൻ സംവിധാനമായ PEARL നെ രജിസ്ട്രേഷൻ, സർവേ, റവന്യൂ വകുപ്പുകൾ തമ്മിലുള്ള സമഗ്രമായ സംയോജനത്തിന് പ്രാപ്തമാക്കി, പ്രവർത്തന മേഖല വികസിപ്പിക്കുന്നതിനും സംവിധാനത്തെ കൂടുതൽ പൗര സൗഹൃദപരവും കാര്യക്ഷമവുമാക്കുന്നതിനും ഇത് സഹായിച്ചു. സങ്കീർണ്ണമായ വാക്യങ്ങൾ, ഫോട്ടോഗ്രാഫുകളുടെ നേരിട്ടുള്ള ഒട്ടിക്കൽ, സബ് രജിസ്ട്രാർമാരുടെ ഒപ്പ്, അംഗീകാരം എന്നിവ ഉൾപ്പെടുന്ന വിശദമായ രീതിയാണ് ഡോക്യുമെന്റ് രജിസ്ട്രേഷന്റെ നിലവിലെ സമ്പ്രദായത്തിന്റെ സവിശേഷത. ഈ പ്രക്രിയകൾ ഡോക്യുമെന്റ് രജിസ്ട്രേഷനും കാലതാമസം വരുത്തുന്നു, രജിസ്റ്റർ ചെയ്ത രേഖകൾ തിരികെ നൽകാൻ ഏകദേശം ഒരാഴ്ച എടുക്കും. പൗരന്മാരുടെ ജീവിതത്തിൽ ഉടനടി സ്വാധീനം ചെലുത്തുന്നതിന്, പ്രധാനപ്പെട്ട പ്രക്രിയകളും സേവനങ്ങളും തിരിച്ചറിയുകയും ലളിതമാക്കുകയും ചെയ്യേണ്ടത് നിർണായകമാണ്, അവ നിലവിൽ ബുദ്ധിമുട്ടുള്ളതും അനാവശ്യമായ കാലതാമസത്തിനും നീണ്ട കാത്തിരിപ്പിനും സാധ്യതയുള്ളതാണ്. അതിനാൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഏറ്റവും പുതിയതും ലളിതവും എളുപ്പവുമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് നിലവിലുള്ള രജിസ്ട്രേഷൻ പ്രക്രിയയ്ക്ക് പകരം നൽകാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഇത് നേടുന്നതിനായി, ഫിസിക്കൽ സ്റ്റാമ്പ് പേപ്പറുകൾക്ക് പകരം ഇലക്ട്രോണിക് സ്റ്റാമ്പുകൾ സ്ഥാപിക്കാനും, കക്ഷികളുടെ ബയോമെട്രിക് തിരിച്ചറിയൽ സംവിധാനത്തിൽ നിന്ന് നേരിട്ട് നിർദ്ദിഷ്ട ടെംപ്ലേറ്റുകൾ ഉപയോഗിച്ച് പൂർത്തിയാക്കിയ പ്രമാണങ്ങൾ/എഗ്രിമെന്റുകൾ എൻഡോഴ്സ്മെന്റുകളുടെയും യാന്ത്രിക ജനറേഷൻ സുഗമമാക്കാനും രജിസ്ട്രേഷൻ വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സവിശേഷതയുടെ ആത്യന്തിക ലക്ഷ്യം രജിസ്ട്രേഷൻ ദിവസം തന്നെ രജിസ്റ്റർ ചെയ്ത രേഖകൾ നൽകുക എന്നതാണ്. ഈ ടെംപ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ രജിസ്ട്രേഷൻ ലളിതമാക്കുക മാത്രമല്ല, മൊത്തം സമയപരിധി കുറയ്ക്കുകയും ചെയ്യുന്നു.

2023-24 ലെ രജിസ്ട്രേഷൻ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്.

- രജിസ്ട്രേഷൻ പ്രക്രിയ പൂർണ്ണമായും ഓൺലൈനിലും പേപ്പർ രഹിതമായും
- ഭൂരേഖകളുമായി രജിസ്ട്രേഷൻ സംവിധാനത്തിന്റെ സംയോജനം
- എല്ലാ ലെഗസി രജിസ്റ്ററുകളും ഓൺലൈനായി പൗരന്മാർക്ക് തിരയാവുന്നതാണ്

### റവന്യൂ വകുപ്പ് – ഇ-ഗവേണൻസ് സംരംഭങ്ങൾ

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന് റവന്യൂ വകുപ്പ് വിഭാവനം ചെയ്യുന്നു. ഈ കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്നതിനായി, പൗരന്മാർക്കും ഉദ്യോഗസ്ഥർക്കും സ്മാർട്ട് സേവനങ്ങൾ നൽകുന്ന വിവിധ ഇ-ഗവേണൻസ് സംരംഭങ്ങൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. (i) ശേഖരണ സേവനങ്ങൾ, (ii) പൗര സേവനങ്ങൾ, (iii) ജീവനക്കാരുടെ സേവനങ്ങൾ, (iv) ഇൻവെന്ററി സേവനങ്ങൾ എന്നിവയ്ക്കായുള്ള വെബ് പോർട്ടലുകൾ എന്നിവ റവന്യൂ വകുപ്പിന്റെ പ്രധാന സവിശേഷതകളിൽ ഉൾപ്പെടുന്നു. പൂർണ്ണമായി ഡിജിറ്റൈസ് ചെയ്ത ഭൂരേഖകൾ ഉപയോഗിച്ച് വകുപ്പ് ഭൂനികുതി പേയ്മെന്റുകൾ, ആധാർ ലിങ്ക് ചെയ്യൽ, സർട്ടിഫിക്കറ്റ് നൽകൽ, ഭൂമി പരിവർത്തനം, ഏറ്റെടുക്കൽ, സംരക്ഷണം എന്നിവയുടെ കാര്യക്ഷമമായ മാനേജ്മെന്റ് എന്നീ സേവനങ്ങൾ ഉറപ്പുവരുത്തുന്നു.

### ഒരു സുസ്ഥിര റവന്യൂ മാതൃക കെട്ടിപ്പടുക്കുന്നതിന്: ഡിജിറ്റൽ പരിവർത്തനവും സാമ്പത്തിക സ്വയം പര്യാപ്തതയും

പൗരന്മാർക്ക് സാമൂഹിക സേവന പെൻഷനുകൾക്കായി അപേക്ഷിക്കുന്നതിനും, പരാതികൾ സമർപ്പിക്കുന്നതിനും, കെട്ടിട നികുതികൾ ഓൺലൈനായി അടയ്ക്കുന്നതിനും സാധിക്കുന്നു. ഭൂനികുതി പേയ്മെന്റുകൾ നിയന്ത്രിക്കുന്നതിന് പൗരന്മാർക്ക് വിപുലമായ, യുഐ/യുഎക്സ്-സൗഹൃദ മൊബൈൽ ആപ്പും ഉപയോഗിക്കാനാകും. യു എസ് എ , യു കെ, കാനഡ, സിംഗപ്പൂർ, സൗദി അറേബ്യ, യു എ ഇ, ഒമാൻ, ഖത്തർ, കുവൈറ്റ്, ബഹ്റൈൻ എന്നീ 10 രാജ്യങ്ങളിലെ പ്രവാസി മലയാളികൾക്ക് (എൻ ആർ കെ) ഭൂനികുതി പേയ്മെന്റുകൾ, കെട്ടിടനികുതികൾ, അധിക നികുതികൾ, തരം മാറ്റം എന്നിവ വെബ് പോർട്ടൽ വഴി നിയന്ത്രിക്കാൻ സാധിക്കും. www.revenue.kerala.gov.in എന്ന പോർട്ടൽ ലോകമെമ്പാടുമുള്ള ഏതൊരു പൗരനെയും ഭൂമിയുടെ സ്ഥിതി പരിശോധിക്കാൻ പ്രാപ്തമാക്കുന്നു, ഇത് ഭൂമി വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും സുതാര്യത ഉറപ്പാക്കുന്നു. സുരക്ഷിതമായ ഇടപാട് മാനേജ്മെന്റിനായി ബിസിനസ് ഉപയോക്താക്കൾക്ക് അവരുടെ പാൻ ഉപയോഗിച്ച് ലോഗിൻ ചെയ്യുന്നതിന് സാധിക്കുന്നു.

എല്ലാ റവന്യൂ ഓഫീസുകളും ഇ-ഓഫീസിലൂടെ ഡിജിറ്റലായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ജീവനക്കാരുടെ ഒരു കേന്ദ്രീകൃത ഡാറ്റാബേസിന്റെ പിന്തുണയോടെ 2023 ലെ സ്റ്റേഷൻ സീനിയോറിറ്റിയും 2024 ലെ കേഡർ സീനിയോറിറ്റിയും അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ ട്രാൻസ്ഫറുകൾ സുഗമമാക്കുന്നു. വകുപ്പ് സേവന വിതരണം മെച്ചപ്പെടുത്തുന്നതിന് അപ്രതീക്ഷിത പരിശോധനകൾ, പരാതികളുടെ പരിഹാരം, നവീനത പങ്കിടൽ (innovation sharing), കൂടാതെ പേപ്പർരഹിത പുരോഗതി നിരീക്ഷണം എന്നിവയ്ക്കായി മോഡ്യൂളുകൾ ഉപയോഗിക്കുന്നു. കാട്ടാക്കട താലൂക്കിലെ വിളപ്പിൽ വില്ലേജിൽ റവന്യൂ റിക്കവറി ഡിജിറ്റൽ പേയ്മെന്റ് മൊഡ്യൂൾ പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി പരീക്ഷിച്ചു, സമഗ്ര ഉദ്യോഗസ്ഥ പരിശീലനത്തിന് ശേഷം കേരള ബിൽഡിംഗ് ടാക്സ് അപ്പീൽ മൊഡ്യൂൾ സംസ്ഥാന വ്യാപകമായി അവതരിപ്പിക്കാൻ സജ്ജമായി.

അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഉയർന്ന ബാൻഡ്‌വിഡ്ത്തുള്ള KFON നെറ്റ്‌വർക്കുകൾ അനുവദിച്ചിട്ടുണ്ട്. 2022-ലും 2023ലും 500,000-ലധികം രജിസ്ട്രേഷനുകളോടെ പൗര ഇടപെടൽ വർദ്ധിച്ചു. ഇലക്ട്രോണിക് മോർട്ട്ഗേജ് റെക്കോർഡർ ഇപ്പോൾ പൂർണ്ണമായും പ്രവർത്തനക്ഷമമാണ്, ഇത് സർക്കാരിന് വരുമാനം ഉണ്ടാക്കുന്നു. റവന്യൂ വകുപ്പ് സംസ്ഥാന സർക്കാർ വകയിരുത്തുന്ന വാർഷിക പദ്ധതി ഫണ്ടിൽ മാത്രമല്ല, കേന്ദ്ര സർക്കാരിൽ നിന്നുള്ള ധനസഹായം സജീവമായി പിന്തുടരുകയും ചെയ്യുന്നുണ്ട്. സ്റ്റേറ്റ് ഡാറ്റാ സെന്ററിന് 3 കോടി, റവന്യൂ ഇ-കോടതികൾക്കായി 1.83 കോടി, ഡാറ്റ ഡിജിറ്റലൈസേഷൻ, ആധുനിക റെക്കോർഡ് റൂമുകൾ, ആധാർ ലിങ്കിംഗ് തുടങ്ങിയ സംരംഭങ്ങൾക്കായി 20 കോടി എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

ഇതിനുപുറമെ, ഭൂമി അടിസ്ഥാനമാക്കിയുള്ള മോർട്ട്ഗേജുകൾ അടയാളപ്പെടുത്തുന്നതിനും പുറത്തിറക്കുന്നതിനും സഹായിക്കുന്നതിനായി റവന്യൂ വകുപ്പ് അതിന്റെ ഡാറ്റാബേസ് ബാങ്കിംഗ് മേഖലയുമായി വിജയകരമായി സംയോജിപ്പിച്ചിട്ടുണ്ട്, ഇത് വകുപ്പിന് വരുമാനം നേടിക്കൊടുക്കുന്നു. ഒരു മാസത്തിനുള്ളിൽ, വരുമാനം ആറ് അക്കങ്ങൾ കവിഞ്ഞു. 2024-25-ൽ, റവന്യൂ ഇ-കോടതികൾ, വെർട്ടിക്കൽ പ്രോപ്പർട്ടി ലാൻഡ് ഓണർഷിപ്പ്, പട്ടയം ഇ-മൊഡ്യൂൾ, ഒരു യുണീക്ക് തണ്ടപ്പേർ കാർഡ് എന്നിവയുൾപ്പെടെയുള്ള പുതിയ ഇ-ഗവേണൻസ് സംരംഭങ്ങളിൽ വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കും. ഗവൺമെന്റ് ധനസഹായത്തിന്റെയും സുസ്ഥിരതാ ശ്രമങ്ങളുടെയും പിന്തുണയോടെ, ഡിജിറ്റൽ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും വകുപ്പുകൾ തമ്മിലുള്ള ഡാറ്റാ കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനും ഇ-സാക്ഷരതാ കാമ്പെയ്ൻ സഹായിക്കും.

**എക്സൈസ് വകുപ്പ്**

സംസ്ഥാന വരുമാനത്തിന്റെ ഒരു പ്രധാന പങ്ക് സംഭാവന ചെയ്യുന്ന വകുപ്പുകളിൽ ഒന്നാണ് എക്സൈസ് വകുപ്പ്. മദ്യം, മയക്കുമരുന്നുകൾ, സൈക്കോട്രോപിക് വസ്തുക്കൾ, മദ്യം, മയക്കുമരുന്നുകൾ എന്നിവ അടങ്ങിയ ഔഷധ തയ്യാറെടുപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ ഈ വകുപ്പ് നടപ്പിലാക്കുന്നു. വകുപ്പിന് 69 എക്സൈസ് സർക്കിൾ ഓഫീസുകളും, 138 എക്സൈസ് റേഞ്ച് ഓഫീസുകളും, 40 ചെക്ക് പോസ്റ്റുകളും, 19 പ്രത്യേക സ്ക്വാഡുകളും ഉണ്ട്. ലഹരിവസ്തുക്കളുടെ ദുരുപയോഗം ഇല്ലാതാക്കുന്നതിനായി എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പരിപാടികളിൽ ഒന്നാണ് 'വിമുക്തി'. വകുപ്പ് നൽകുന്ന എല്ലാ ലൈസൻസിംഗ് സേവനങ്ങളും ഇപ്പോൾ ഓൺലൈനിൽ ലഭ്യമാണ്, ഇ-പേയ്മെന്റുമായി ഇത് വിജയകരമായി സംയോജിപ്പിച്ചിരിക്കുന്നു. 1950 ലെ അബ്കാരി നിയമം, 1985 ലെ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസ് (NDPS) നിയമം, 2003 ലെ സിഗരറ്റുകളും മറ്റ് പുകയില ഉൽപ്പന്നങ്ങളും (COTPA) (പരസ്യ നിരോധനവും വ്യാപാര വാണിജ്യ നിയന്ത്രണവും, ഉത്പാദനം, വിതരണം, വിതരണം) നിയമം എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ ഈ വകുപ്പ് കണ്ടെത്തുന്നു. എക്സൈസ് വകുപ്പ് ഇ-പേയ്മെന്റ്, ഇ-ലൈസൻസിംഗ് സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

മയക്കുമരുന്ന് ദുരുപയോഗത്തിന്റെ അപകടങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും 'ലഹരി മുക്ത കേരളം' പ്രോത്സാഹിപ്പിക്കുന്നതിനുമായി 2016 ഒക്ടോബറിൽ കേരള സർക്കാർ വിമുക്തി മിഷൻ ആരംഭിച്ചു. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ സംഘടനകളുമായി സഹകരിച്ച്, കൗമാരക്കാർക്കും യുവാക്കൾക്കും ഇടയിലുള്ള ലഹരി ആസക്തി തടയുന്നതിൽ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സ്കൂളുകളിലും കോളേജുകളിലും മയക്കുമരുന്ന് വിരുദ്ധ ക്ലബ്ബുകൾ, 'നേർക്കൂട്ടം', 'ശ്രദ്ധ' കമ്മിറ്റികൾ, 'ഉണർവ്' പദ്ധതി, വിദ്യാർത്ഥി മത്സരങ്ങൾ എന്നിവയാണ് എക്സൈസ് വകുപ്പിന്റെ പ്രധാന സംരംഭങ്ങൾ.

**വിമുക്തി മിഷന്റെ പ്രധാന സവിശേഷതകൾ താഴെ പറയുന്നവയാണ്:**

- 14 ജില്ലകളിലായി 14 ലഹരിവിമുക്ത കേന്ദ്രങ്ങൾ സ്ഥാപിച്ചു
- ഓരോ ലഹരിവിമുക്ത കേന്ദ്രവും ജില്ലാ/താലൂക്ക് ആശുപത്രികളുമായി ബന്ധിപ്പിച്ചിരിക്കുന്നു.
- തിരുവനന്തപുരത്തെ നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിലും കോഴിക്കോട്ടെ ഗവൺമെന്റ് ബീച്ച് ആശുപത്രിയിലും സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക ലഹരിവിമുക്ത കേന്ദ്രങ്ങൾ ലഭ്യമാണ്.
- മൂന്ന് സോണൽ കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിച്ചു
- തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ സോണൽ കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങൾ നേരിട്ടും ടെലിഫോണിലൂടെയും കൗൺസിലിംഗ് നൽകുന്നു.
- 21 വയസ്സിന് താഴെയുള്ള വ്യക്തികൾ ഉൾപ്പെടുന്ന

ചെറിയ എൻഡിപിഎസ് കേസുകൾക്ക് പ്രത്യേക ഇടപെടലുകൾക്കായി 14405 എന്ന ടോൾ ഫ്രീ നമ്പർ ലഭ്യമാണ്.

- സ്കൂളുകളിൽ 6,287 മയക്കുമരുന്ന് വിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചു.
- കോളേജുകളിൽ 899 മയക്കുമരുന്ന് വിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചു.
- കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്ന് ഉപയോഗ സാധ്യത ഇല്ലാതാക്കുന്നതിനുള്ള ആദ്യപടിയായി, എല്ലാ കോളേജുകളിലും ഹോസ്റ്റലുകളിലും പ്രിൻസിപ്പൽ/ വൈസ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ "നേർക്കൂട്ടം" എന്ന പേരിൽ ഒരു കമ്മിറ്റിയും കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിൽ ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.
- 2024 ഓഗസ്റ്റ് 31 വരെ 1,020 "നേർക്കൂട്ടം" കമ്മിറ്റികളും 512 "ശ്രദ്ധ" കമ്മിറ്റികളും രൂപീകരിച്ചു.
- 'ലഹരിമുക്ത ഗ്രാമം' എന്ന സംരംഭം പട്ടികവർഗ്ഗ, തീരദേശ സമൂഹങ്ങളെ മുഖ്യധാരാ സമൂഹത്തിലേക്ക് സംയോജിപ്പിക്കുന്നതിനൊപ്പം മയക്കുമരുന്ന് ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കായിക പരിശീലനം, ലൈബ്രറി സൗകര്യങ്ങൾ, കരിയർ മാർഗ്ഗനിർദ്ദേശം നൽകൽ, സമാന്തര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു.
- 'ലഹരിമുക്ത ഗ്രാമം' സംരംഭത്തിന്റെ ഒരു പ്രധാന വശം വിമുക്തി മിഷന്റെ നേതൃത്വത്തിലുള്ള "സമാന്തര വിദ്യാഭ്യാസ പ്രോത്സാഹനവും കരിയർ വികസനവും (PSC പരിശീലനം)" പദ്ധതിയാണ്. പട്ടികവർഗ്ഗ, തീരദേശ മേഖലകളിലെ വിദ്യാസമ്പന്നരായ വിദ്യാർത്ഥികൾക്ക് തൊഴിൽ അവസരങ്ങളും തൊഴിലും നൽകുന്നതിലൂടെ അവരെ സമൂഹവുമായി സംയോജിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.
- ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലെ ജനമൈത്രി എക്സൈസ് ഓഫീസുകൾ വഴി എക്സൈസ് വകുപ്പ്/വിമുക്തി മിഷൻ നടത്തിയ കരിയർ ഡെവലപ്മെന്റ്/പിഎസ്സി പരിശീലനത്തിൽ പങ്കെടുത്ത 38 വ്യക്തികൾക്ക് സർക്കാർ ജോലി ലഭിച്ചു
- കൊല്ലം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ മിനി ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിച്ചു.
- ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി, രക്ഷിതാക്കൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി "കരുതൽ" എന്ന പേരിലും വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി "കവചം" എന്ന പേരിലും രണ്ട് കൈപ്പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. 75,000 കവചം പുസ്തകങ്ങളും, 75,000 കരുതൽ പുസ്തകങ്ങളും ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം 50,000 കരുതൽ പുസ്തകങ്ങളും 50,000 കവചം പുസ്തകങ്ങളും അച്ചടിച്ച് ജില്ലകളിൽ വിതരണം ചെയ്തു.
- 'മയക്കുമരുന്ന് നിരോധനം' കാമ്പയിനിന്റെ നാലാം ഘട്ടത്തിന്റെ ഭാഗമായി, ഏതെങ്കിലും തരത്തിലുള്ള മയക്കുമരുന്നുകളോ മറ്റ് നിരോധിത ഉൽപ്പന്നങ്ങളോ വിൽക്കുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിനായി സ്കൂൾ പരിസരത്ത് പരിശോധന ശക്തമാക്കിയിട്ടുണ്ട്. ജൂൺ 1 മുതൽ ഓഗസ്റ്റ് 31 വരെ, സ്കൂൾ പരിസരത്തെ 9,813 കടകൾ പരിശോധിക്കുകയും 1,198 COTPA കേസുകളും 5 അബ്കാരി കേസുകളും 8 NDPS കേസുകളും കണ്ടെടുക്കുകയും ചെയ്തു.
- 2024 ഓഗസ്റ്റ് 31 വരെ നീണ്ടുനിൽക്കുന്ന 'മയക്കുമരുന്ന് നിരോധന' കാമ്പയിനിന്റെ നാലാം ഘട്ടത്തിന്റെ ഭാഗമായി, വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന 82 സ്കൂൾ/ സ്വകാര്യ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.
- കുട്ടികൾ മയക്കുമരുന്നിന് അടിമപ്പെട്ടാൽ അവർക്ക് ചികിത്സ, കൗൺസിലിംഗ് തുടങ്ങിയവ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ നിന്ന് കണ്ടെത്തിയ 343 മയക്കുമരുന്ന് ഇരകൾക്ക് കൗൺസിലിംഗ് നൽകുകയും 10 കുട്ടികൾക്ക് ലഹരിയിൽ നിന്ന് മുക്തി നേടാനുള്ള ചികിത്സ നൽകുകയും ചെയ്തിട്ടുണ്ട്.
- കുട്ടികൾക്കായി റോൾ മോഡലുകളെ ഉൾപ്പെടുത്തി സ്കൂളുകളിൽ 97 ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു.
- രക്ഷിതാക്കൾക്കായി 588 ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്.
- തദ്ദേശ സ്വയംഭരണ തലത്തിൽ 570 ജനജാഗ്രതാസമിതി യോഗങ്ങൾ നടത്തിയിട്ടുണ്ട്.
- കുട്ടികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും വേണ്ടി വിമുക്തി മിഷൻ നിരവധി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. 'മയക്കുമരുന്ന് നിരോധനം' എന്ന കാമ്പയിനിന്റെ നാലാം ഘട്ടത്തിന്റെ ഭാഗമായി, സ്കൂൾ തലത്തിൽ 26,948 ബോധവൽക്കരണ പരിപാടികളും, കോളേജ് തലത്തിൽ 1,772 ബോധവൽക്കരണ പരിപാടികളും, പൊതുജനങ്ങൾക്കായി 6,182 ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് അബ്കാരി കേസുകളുടെ എണ്ണം 2022-ൽ 18,592 ഉം 2023-ൽ 19,016 ഉം ആയിരുന്നു, 2024-ൽ ഇത് 12,485 ആയി കുറഞ്ഞു. ഏറ്റവും കൂടുതൽ അബ്കാരി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് കോഴിക്കോട് ജില്ലയിലാണ് (1,269). 2024-ൽ എൻ ഡി പി എസ് കേസുകളിൽ മുൻവർഷത്തെ അപേക്ഷിച്ച് 38.98 ശതമാനം കുറവ് രേഖപ്പെടുത്തി. 2023-നെ അപേക്ഷിച്ച് എൻ ഡി പി എസ് കേസുകളിൽ ഏറ്റവും ഉയർന്ന കുറവ് രേഖപ്പെടുത്തിയത് ആലപ്പുഴ ജില്ലയിലാണ് (-) 59.23 ശതമാനം. സംസ്ഥാനത്ത് COTPA കേസുകളിൽ

**ബോക്സ് 5.5.2** എക്സൈസ് വകുപ്പിന്റെ പുതിയ സംരംഭങ്ങൾ, വിജയഗാഥകൾ, നൂതന പദ്ധതികൾ എന്നിവയുടെ വിശദാംശങ്ങൾ

ബോക്സ് 5.5.2 എക്സൈസ് വകുപ്പിന്റെ പുതിയ സംരംഭങ്ങൾ, വിജയഗാഥകൾ, നൂതന പദ്ധതികൾ എന്നിവയുടെ വിശദാംശങ്ങൾ

വിദ്യാർത്ഥികളിലെ മയക്കുമരുന്ന് ദുരുപയോഗം ഇല്ലാതാക്കുക എന്നതാണ് വിമുക്തി മിഷൻ സ്കൂളുകളിൽ നടപ്പിലാക്കുന്ന 'ഉണർവ്' പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ, ഈ സംരംഭത്തിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള 30 സ്കൂളുകളിൽ കലാ-കായിക പരിശീലന സൗകര്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, വിദ്യാർത്ഥികളെ അനഭിലഷണീയമായ പെരുമാറ്റങ്ങളിലേക്ക് നയിക്കാതെ പരിശീലനം നൽകുന്നതിനായി 1,000 സ്കൂളുകളിൽ 'ടീം വിമുക്തി' എന്ന പേരിൽ സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രൈമറി സ്കൂൾ തലത്തിൽ ആരംഭിച്ച "ബാല്യം അമൂല്യം" പദ്ധതി, കുട്ടികളിൽ ചെറുപ്പം മുതലേ നല്ല ശീലങ്ങളും ജീവിത നൈപുണ്യവും വളർത്തിയെടുക്കുന്നതിന് സഹായിക്കുന്നു. ഓരോ ജില്ലയിലും 10 സ്കൂളുകൾ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം 140 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മയക്കുമരുന്ന് ദുരുപയോഗത്തിനെതിരെ പോരാടുന്നതിനായി വിഭാവനം ചെയ്ത ഈ പദ്ധതി മറ്റ് സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയായി വർത്തിക്കുന്നു.

കുട്ടികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം തിരിച്ചറിയുന്നതിനും ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനും സ്കൂളുകളിലും പരിസരങ്ങളിലും മയക്കുമരുന്ന് പ്രവേശനം തടയുന്നതിനും മയക്കുമരുന്ന് രഹിത ചികിത്സ നൽകുന്നതിനും വിവിധ സർക്കാർ വകുപ്പുകളുമായി ഏകോപിപ്പിച്ച് മയക്കുമരുന്ന് രഹിത കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം (SOP) വികസിപ്പിച്ചെടുത്തിട്ടുണ്ട്.ഇത്തരം കാര്യങ്ങൾ മാതാപിതാക്കൾക്കു നിരീക്ഷിക്കാനും റിപ്പോർട്ട് ചെയ്യാനുമുള്ള വിവരങ്ങൾ SOP-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള എക്സൈസ് വകുപ്പും വിമുക്തി മിഷനും ചേർന്ന് "സബ്സ്റ്റൻസ് അബ്യൂസിനെക്കുറിച്ചുള്ള പൊതുജനാഭിപ്രായ സർവേ" എന്ന പേരിൽ ഒരു പൊതുജനാഭിപ്രായ സർവേ നടത്തി. മയക്കുമരുന്നിന്റെ വ്യാപനം, ഉറവിടങ്ങൾ, മയക്കുമരുന്ന് കടത്ത് എന്നിവ കേന്ദ്രീകരിച്ചായിരുന്നു ഇത്. സർവേയുടെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കിയുള്ള ശുപാർശകൾ സർക്കാരിന് സമർപ്പിച്ചു. സർക്കാർ റിപ്പോർട്ട് അംഗീകരിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

47.39 ശതമാനം കുറവ് രേഖപ്പെടുത്തി. ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് തിരുവനന്തപുരം ജില്ലയിലാണ് (6,241). 2024-ൽ (2024 ജനുവരി 01 മുതൽ 2024 ഓഗസ്റ്റ് 31 വരെ) അബ്കാരി ആക്ട് പ്രകാരം 12,485 കേസുകളും എൻഡിപിഎസ് ആക്ട് പ്രകാരം 4,945 കേസുകളും COTPA പ്രകാരം 45,251 കേസുകളും രജിസ്റ്റർ ചെയ്തു. 2023-ൽ ഇത് യഥാക്രമം 19,016 ഉം 8,104 ഉം 86,014 ഉം ആയിരുന്നു. 2022, 2023, 2024 വർഷങ്ങളിലെ ജില്ല തിരിച്ചുള്ള കേസ് വിശദാംശങ്ങൾ **അനുബന്ധം 5.5.9**-ൽ നൽകിയിരിക്കുന്നു. COTPA, എൻ.ഡി.പി.എസ്, അബ്കാരി ആക്ട് പ്രകാരം എക്സൈസ് വകുപ്പ് കണ്ടെത്തിയ കേസുകളുടെ എണ്ണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് (അതായത് 2022, 2023) ഉണ്ടായ ശതമാന മാറ്റം **അനുബന്ധം 5.5.10** ൽ നൽകിയിരിക്കുന്നു.

വിവിധ നിയമവിരുദ്ധ സ്രോതസ്സുകളിൽ നിന്നുള്ള കള്ളക്കടത്ത് വസ്തുക്കൾ എക്സൈസ് വകുപ്പ് പിടിച്ചെടുത്ത് നശിപ്പിക്കുന്നു. ഇതിൽ സ്പിരിറ്റ്, ചാരായം, ഐഎംഎഫ്എൽ, കള്ള്, അരിഷ്ടം, കഞ്ചാവ്, കഞ്ചാവ് പൊടി എന്നിവ ഉൾപ്പെടുന്നു. 2024-ൽ (2024 ഓഗസ്റ്റ് 31 വരെ) പിടിച്ചെടുത്ത് നശിപ്പിച്ച കള്ളക്കടത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 5.5.11–**ൽ നൽകിയിരിക്കുന്നു.

എക്സൈസ് വകുപ്പ് സ്കൂളുകൾ, കോളേജുകൾ, പൊതുജനങ്ങൾ എന്നിവയ്ക്കായി പൊതുജന അവബോധ കാമ്പയിൻ നടത്തുന്നു. 2024 ൽ (2024 ഓഗസ്റ്റ് 31 വരെ) ആകെ 53,326 ബോധവൽക്കരണ കാമ്പയിനുകൾ നടത്തി. 2023 ൽ ഇത് 37,168 ആയിരുന്നു. ജില്ല തിരിച്ചുള്ളതും മേഖല തിരിച്ചുള്ളതുമായ കാമ്പയിനുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.12**ൽ നൽകിയിരിക്കുന്നു.

### മേഖലയിലെ വിടവുകളും വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും

ജീവനക്കാരുടെ അഭാവം, വാഹനങ്ങളുടെ അഭാവം, വിശാലമായ അധികാരപരിധി, കാലഹരണപ്പെട്ട ആയുധങ്ങൾ, മോശം ആശയവിനിമയ സംവിധാനങ്ങൾ തുടങ്ങിയ വെല്ലുവിളികൾ എക്സൈസ് വകുപ്പ് നേരിടുന്നു. അതേസമയം, മയക്കുമരുന്ന്, മദ്യ മാഫിയകൾ അവരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കായി ആധുനിക ആയുധങ്ങളും ആശയവിനിമയ സാങ്കേതികവിദ്യകളും ഉപയോഗിക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, ആധുനിക സൗകര്യങ്ങളും നവീകരണങ്ങളും ഉറപ്പുവരുത്താൻ വകുപ്പ് ശ്രമിക്കുന്നു.

### പോലീസ് വകുപ്പ്

രാജ്യത്തെ ഏറ്റവും മികച്ച മാനേജ്മെന്റ് സംവിധാനമുള്ള സംസ്ഥാന പോലീസ് സേനകളിൽ ഒന്നായി കേരള പോലീസിന് പ്രശസ്തിയുണ്ട്. കുറ്റകൃത്യ അന്വേഷണത്തോടൊപ്പം ക്രമസമാധാന പാലനവും ചുമതലപ്പെടുത്തിയിരിക്കുന്ന സംസ്ഥാന സർക്കാരിന്റെ ഒരു പ്രധാന ഏജൻസിയാണിത്. ജനറൽ എക്സിക്യൂട്ടീവ് വിഭാഗം, ക്രൈം ബ്രാഞ്ച്, ആന്റ് പോലീസ്, സ്റ്റേറ്റ് ക്രൈം


റെക്കോർഡ് ബ്യൂറോ, പരിശീലന വിഭാഗം, സ്പെഷ്യൽ ബ്രാഞ്ച്, 11 പ്രത്യേക വിഭാഗങ്ങൾ എന്നിങ്ങനെ വകുപ്പിന് വ്യത്യസ്തമായ വിഭാഗങ്ങളുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറി, സംസ്ഥാന വനിതാ സെൽ, ട്രാഫിക് ആൻഡ് റോഡ് സേഫ്റ്റി മാനേജ്മെന്റ് യൂണിറ്റ്, വാച്ച് ആൻഡ് വാർഡ്, കോസ്റ്റൽ സെക്യൂരിറ്റി യൂണിറ്റ്, ആന്റി ടെററിസ്റ്റ് സ്ക്വാഡ്, ടെമ്പിൾ പോലീസ്, ടൂറിസം പോലീസ്, മൗണ്ടഡ് പോലീസ് യൂണിറ്റ്, ഡോഗ് സ്ക്വാഡ്, പോലീസ് ബാൻഡ് എന്നിവ പ്രത്യേക വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. ജനറൽ എക്സിക്യൂട്ടീവ് വിഭാഗം ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്ത് ഹെഡ് ഓഫീസും , ഉത്തര, ദക്ഷിണ മേഖലകൾ , നാല് പോലീസ് റേഞ്ചുകൾ , 20 പോലീസ് ജില്ലകൾ, ഒരു റെയിൽവേ ജില്ല എന്നിവയും ഇതിനുണ്ട്.

പോലീസ് വകുപ്പ് ജൻഡർ സെൻസിറ്റീവ് പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിന് 14 പിങ്ക് കൺട്രോൾ റൂമുകളും 31 കൗൺസിലിംഗ് സെന്ററുകളുമുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുക എന്നതാണ് പിങ്ക് പട്രോൾ സിസ്റ്റത്തിന്റെ ലക്ഷ്യം, കൂടാതെ പിങ്ക് കൺട്രോൾ റൂമുകൾ എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്നു. കൂടുതൽ സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകി. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ പോലീസ് സ്റ്റേഷനുകളെ സഹായിക്കുന്നതിന് നിർഭയ വോളണ്ടിയർമാരെ ചുമതലപ്പെടുത്തി. പൊതു, സ്വകാര്യ, ഡിജിറ്റൽ മേഖലകളിൽ സ്ത്രീകളെ സംരക്ഷിക്കുന്നതിനായി, പിങ്ക് പ്രൊട്ടക്ഷൻ പദ്ധതി സംസ്ഥാനത്ത് അവതരിപ്പിച്ചു. കമ്മ്യൂണിറ്റി പോലീസിംഗ് പ്രോജക്റ്റിന് കീഴിലുള്ള കേരള പോലീസിന്റെ ഒരു അതുല്യമായ സംരംഭമാണ് "വനിതാ സ്വയം പ്രതിരോധ പരിശീലന പരിപാടി". പന്ത്രണ്ടാം ക്ലാസ് വിജയകരമായി പൂർത്തിയാക്കുന്നതിന് മുമ്പ് സ്കൂളിൽ നിന്ന് പരാജയപ്പെടുന്നവരോ പഠനം ഉപേക്ഷിക്കുന്നവരോ ആയ കുട്ടികളുടെ ആത്മവിശ്വാസം, ആത്മാഭിമാനം, കഴിവുകൾ എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള കേരള പോലീസിന്റെയും സിവിൽ സൊസൈറ്റിയുടെയും സംയുക്ത ശ്രമത്തിന്റെ ഭാഗമായാണ് "ഹോപ്പ്" പദ്ധതി വിഭാവനം ചെയ്തത്. ഓരോ കുട്ടിക്കും ചുറ്റും ഒരു അദൃശ്യമായ സംരക്ഷണ മതിൽ സൃഷ്ടിക്കുന്നതിനായി, ചിൽഡ്രൻ ആൻഡ് പോലീസ് (CAP) പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു. മനോഭാവം, അടിസ്ഥാന സൗകര്യങ്ങൾ, നടപടിക്രമങ്ങൾ, നിർവ്വഹണം എന്നിവയിൽ ശിശു സൗഹൃദം പ്രകടിപ്പിക്കുന്ന പോലീസ് സ്റ്റേഷനുകളാണ് ചൈൽഡ് ഫ്രണ്ട്ലി പോലീസ് സ്റ്റേഷനുകൾ (CFPS). കേരളത്തിൽ 14 ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. വകുപ്പിനകത്തും പുറത്തുമുള്ള അടിയന്തര സാഹചര്യങ്ങളിൽ രക്തത്തിന്റെ ആവശ്യകത നിറവേറ്റുന്നതിനായി 2021 മുതൽ സംസ്ഥാനത്ത് 'കേരള പോലീസ് രക്തബാങ്ക്' പ്രവർത്തിക്കുന്നു. പോലീസ് വകുപ്പുമായി ചേർന്ന് 205 നിർഭയ വോളണ്ടിയർമാരുണ്ട്. ജൻഡർ സെൻസിറ്റീവ് പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.13**ൽ നൽകിയിരിക്കുന്നു.
വയനാട് ഒഴികെയുള്ള എല്ലാ റവന്യൂ ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചു. സംസ്ഥാനത്ത് ഒരു വനിതാ പോലീസ് ബറ്റാലിയനും സ്ഥാപിച്ചു. സംസ്ഥാനത്ത് അടിയന്തര പ്രതികരണ പിന്തുണാ സംവിധാനം (ERSS) സ്ഥാപിച്ചു. പൊതുജനങ്ങൾക്ക് അടിയന്തര സഹായത്തിനായി 112 എന്ന എമർജൻസി നമ്പറിൽ വിളിച്ച് സഹായം അഭ്യർത്ഥിക്കാവുന്നതാണ്. ഈ സംവിധാനത്തിലൂടെ വേഗത്തിലുള്ളതും ഫലപ്രദവുമായ പോലീസ് സഹായം ഉറപ്പാക്കുന്നു. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു. 485 പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കി മാറ്റി. ജനമൈത്രി സുരക്ഷാ സമിതിയിൽ 6,500 പുരുഷന്മാരും 2,552 സ്ത്രീകളുമുണ്ട്. കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.14**ൽ നൽകിയിരിക്കുന്നു.

കേരള പോലീസിന്റെ സ്കൂൾ അധിഷ്ഠിത സംരംഭമാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) പദ്ധതി. ഗതാഗതം, വനം, എക്സൈസ്, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ പിന്തുണയോടെയാണ് ആഭ്യന്തര വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി എസ് പി സി നടപ്പിലാക്കുന്നത്. നിയമം, അച്ചടക്കം, പൗരബോധം എന്നീ മേഖലകളിൽ ഹൈസ്കൂൾ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയും സമൂഹത്തിലെ ദുർബല വിഭാഗങ്ങളോട് സഹാനുഭൂതി വളർത്തിയെടുക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. കുടുംബം, സമൂഹം, പരിസ്ഥിതി എന്നിവയോടുള്ള കുട്ടികളുടെ പ്രതിബദ്ധത ശക്തിപ്പെടുത്തുകയും, ലഹരിവസ്തുക്കളുടെ ദുരുപയോഗം, വ്യതിചലിച്ച പെരുമാറ്റം, അസഹിഷ്ണുത, മറ്റ് സാമൂഹിക തിന്മകൾ തുടങ്ങിയ നിഷേധാത്മക പ്രവണതകളെ ചെറുക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. 2010 ഓഗസ്റ്റ് 2 ന് കേരളത്തിലുടനീളമുള്ള 127 ഹൈസ്കൂളുകളിലും ഹയർ സെക്കൻഡറി സ്കൂളുകളിലുമായി ഈ പദ്ധതി ആരംഭിച്ചു. നിലവിൽ, എസ്.പി.സി നടപ്പിലാക്കുന്ന 998 സ്കൂളുകളിലായി 84,930 കേഡറ്റുകളുണ്ട്. 998 സ്കൂളുകളിൽ 543 എണ്ണം സർക്കാർ സ്കൂളുകളും, 434 എണ്ണം എയ്ഡഡ് സ്കൂളുകളും, 21 എണ്ണം അൺ എയ്ഡഡ് സ്കൂളുകളുമാണ്. SPC ഉള്ള സ്കൂളുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.15** ലും സ്കൂളുകളിൽ നടപ്പിലാക്കിയ SPC പദ്ധതിയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 5.5.16** ലും നൽകിയിരിക്കുന്നു.

2023-24 ൽ (2024 ഓഗസ്റ്റ് വരെ) എൻആർഐ പോലീസ് സെൽ 8 കേസുകൾ രജിസ്റ്റർ ചെയ്തു. ഏറ്റവും കൂടുതൽ എൻആർഐ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് എറണാകുളം ജില്ലയിലാണ് (5). എൻആർഐ സെല്ലിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.17**ൽ നൽകിയിരിക്കുന്നു. 2024-25 ൽ (2024 ഓഗസ്റ്റ് വരെ) സൈബർ ആൻഡ് ഹൈടെക് അന്വേഷണ സെൽ 1,369 കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു, 2023-24 ൽ ഇത് 3,382 ആയി. 2018-19 മുതൽ 2023-24 വരെയുള്ള കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട സൈബർ

**ചിത്രം 5.5.2** 2018-19 മുതൽ 2023-24 വരെ സൈബർ സെല്ലിൽ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം




ഉറവിടം: പോലീസ് വകുപ്പ്

കുറ്റകൃത്യങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രവണത **ചിത്രം 5.5.2**ൽ കാണിച്ചിരിക്കുന്നു. ഓൺലൈൻ തട്ടിപ്പ്, സോഷ്യൽ മീഡിയ ദുരുപയോഗം, ബാങ്ക് അക്കൗണ്ടുകളുടെയും ഇ-മെയിൽ ഐഡികളുടെയും ഹാക്കിംഗ്, കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ സൃഷ്ടിക്കൽ, പ്രസിദ്ധീകരിക്കൽ, പങ്കിടൽ, സ്മാർട്ട് ഫോണുകൾ വഴിയുള്ള സൈബർ കുറ്റകൃത്യങ്ങൾ എന്നിവയാണ് റിപ്പോർട്ട് ചെയ്യപ്പെട്ട പ്രധാന സൈബർ കുറ്റകൃത്യങ്ങൾ. ഓൺലൈൻ തട്ടിപ്പിലാണ് ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത് (1101 കേസുകൾ). വിശദാംശങ്ങൾ **അനുബന്ധം 5.5.18**ൽ നൽകിയിരിക്കുന്നു.

### കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ, (കെ–ഡിസ്ക്)

കേരള സർക്കാർ രൂപീകരിച്ച ഒരു തന്ത്രപരമായ ചിന്താഗതിയും ഉപദേശക സമിതിയുമാണ് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്). 2018 മാർച്ച് 24 ന് ആരംഭിച്ച കെ-ഡിസ്കിന് സംസ്ഥാനത്ത് നവീകരണം പ്രോത്സാഹിപ്പിക്കുക എന്ന ദൗത്യം കല്പിച്ചു നൽകി. സാങ്കേതികവിദ്യ, ഉൽപ്പന്ന പ്രക്രിയ നവീകരണങ്ങൾ, സാങ്കേതികവിദ്യയുടെ സാമൂഹിക രൂപീകരണം, സംസ്ഥാനത്ത് നവീകരണങ്ങൾ വളർത്തുന്നതിന് ആരോഗ്യകരവും അനുകൂലവുമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കൽ എന്നിവയിൽ പുതിയ ദിശകൾ പ്രതിഫലിപ്പിക്കുന്ന പാത വെട്ടിത്തുറക്കുന്ന തന്ത്രപരമായ പദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് കെ-ഡിസ്കിന്റെ പ്രധാന ലക്ഷ്യം. കേരളത്തിലെ സമഗ്രവും ഗുണമേന്മയുള്ളതുമായ മനുഷ്യവികസനം, ആഗോള ബന്ധവും നൂതനമായ അറിവിലൂടെയും സാങ്കേതികവിദ്യയിലൂടെയും മെച്ചപ്പെടുത്തിയ ഉൾപ്പെടുത്തൽ, പങ്കാളിത്തം, സ്വാശ്രയത്വം എന്നിവയുള്ള ഒരു വിജ്ഞാന കേന്ദ്രീകൃത, സാങ്കേതികവിദ്യാധിഷ്ഠിത പ്രാദേശിക സമ്പദ്‌വ്യവസ്ഥ എന്നിങ്ങനെ കെ-ഡിസ്കിന്റെ ദൗത്യത്തെ വിശാലമായി തരംതിരിക്കാം. ഇത് നേടുന്നതിനായി, ഡിസൈൻ ചിന്തയെ അടിസ്ഥാനമാക്കിയുള്ള കഴിവ് വികസന പരിപാടികൾ, കേരളത്തെ വ്യവസായവത്ക്കരണത്തിന്റെ നാലാം ഘട്ടത്തിന് സജ്ജമാക്കുന്ന സജീവമായ പഠന സംരംഭങ്ങൾ, ഉപജീവന തന്ത്രങ്ങളിലൂടെ ഉൾപ്പെടുത്തൽ, പങ്കാളിത്തം, സ്വാശ്രയത്വം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ എന്നിവ ഉൾപ്പെടുന്ന ഒരു പ്രോഗ്രാം ചട്ടക്കൂട് കെ-ഡിസ്ക് കൊണ്ടുവന്നിട്ടുണ്ട്. സാമ്പത്തിക വളർച്ചയുടെ ഒരു പ്രധാന ചാലകശക്തിയായി സംസ്ഥാനം നവീകരണത്തെ സ്വീകരിച്ചിരിക്കുന്നു. വിദ്യാസമ്പന്നരായ തൊഴിലില്ലാത്തവരുടെ ഉയർന്ന നിരക്ക്, പരിസ്ഥിതി അവകാശങ്ങളെക്കുറിച്ചുള്ള ഉയർന്ന സാമൂഹിക അവബോധം, ജനസംഖ്യയിൽ പ്രായമായവരുടെ എണ്ണം (aging of population) തുടങ്ങിയ രണ്ടാം തലമുറ വികസന വിവരണങ്ങളെ അഭിസംബോധന ചെയ്യുന്നതിന് നവീകരണം ആവശ്യമാണ്. ഇന്നത്തെ കേരളം നിരവധി സവിശേഷവും "സങ്കീർണ്ണവുമായ" പ്രശ്നങ്ങൾ നേരിടുകയാണ്. നഗര വ്യാപനം, പ്രാന്തപ്രദേശവാസികളുടെയും കുടിയേറ്റക്കാരുടെയും സാമൂഹിക അസമത്വങ്ങൾ, സങ്കീർണ്ണമായ സൂക്ഷ്മ പ്രാദേശിക പ്രശ്നങ്ങൾ എന്നിവക്ക് സംയോജിതവും നവീനവുമായ പരിഹാരങ്ങൾ ആവശ്യമാണ്.

കേരളത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട തിരഞ്ഞെടുത്ത പദ്ധതികൾ ചുവടെ വിവരിച്ചിരിക്കുന്നു.

1. **കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം)**

   കേരളത്തിലെ വിദ്യാസമ്പന്നരായ യുവാക്കൾക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം) ആരംഭിച്ചത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-

ഡിസ്ക്) നെ ചുമതലപ്പെടുത്തി. കേരള നോളജ് ഇക്കണോമി മിഷന്റെ ഭാഗമായി, പ്രാദേശിക, അന്തർദേശീയ തലങ്ങളിൽ പ്രാദേശിക ആവശ്യകത സൃഷ്ടിക്കുന്നതിലൂടെയും തൊഴിൽ സൗകര്യമൊരുക്കുന്നതിലൂടെയും തൊഴിലന്വേഷകർക്ക് ലാഭകരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. വിവിധ പങ്കാളികളുടെ ശക്തികളെ പ്രയോജനപ്പെടുത്തുകയും അവരുടെ കഴിവുകൾ വർധിപ്പിക്കുകയും ചെയ്യുന്നതിലൂടെ ലക്ഷ്യമിടുന്ന വ്യാപ്തി കൈവരിക്കാൻ മിഷന് സാധിക്കും. 2024 സെപ്റ്റംബർ വരെ 13,25,084 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. കെകെഇഎം പങ്കാളികളുമായി ചേർന്ന് 1,20,586 പേർക്ക് തൊഴിൽ നൽകി. 45,370 പേർക്ക് നേരിട്ട് തൊഴിൽ ലഭിച്ചു. ഇതിനായി തൊഴിലുടമകൾ, തൊഴിലന്വേഷകർ, നൈപുണ്യ ദാതാക്കൾ, തൊഴിലന്വേഷകരെ തൊഴിലിനായി സജ്ജമാക്കുന്ന സംവിധാനങ്ങൾ എന്നിവയ്ക്കായി ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം സൃഷ്ടിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും അക്കാദമിക് സ്ഥാപനങ്ങളിലൂടെയും തൊഴിലന്വേഷകരെ സംഘടിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സ്ത്രീകൾ, പട്ടികജാതി, പട്ടികവർഗ്ഗക്കാർ, ട്രാൻസ്ജെൻഡറുകൾ, മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവരുടെ കരിയർ ബ്രേക്ക് സംഘടിപ്പിക്കുന്നതിന് അതത് വകുപ്പുകൾ പ്രത്യേക സംവിധാനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. തൊഴിലുടമകളെ ആകർഷിക്കുന്നതിനായി കരിയർ മേളകളും റോഡ് ഷോകളും സംഘടിപ്പിച്ചു. വ്യവസായ പ്രസക്തവും അർത്ഥവത്തായതുമായ തൊഴിലിനായി റിക്രൂട്ട്-ട്രെയിൻ-ഡിപ്ലോയ് എന്ന പുതിയ മാതൃകാ പദ്ധതിയും നടപ്പിലാക്കി.

2. **കേരള ജീനോം ഡാറ്റ സെന്റർ (കെ.ജി.ഡി.സി)** കേരളത്തിന്റെ ജൈവവൈവിധ്യത്തെ ഉപയോഗപ്പെടുത്തി കേരളത്തിലെ ജന്തുജാലങ്ങളുടെ ജനിതക വിവരങ്ങളുടെ ഒരു ശേഖരം സൃഷ്ടിക്കുന്നതിനും ആ വിവരങ്ങൾ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ആരോഗ്യം എന്നീ മേഖലകളിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതിനും ഉദ്ദേശിച്ചാണ് സർക്കാർ പ്രഖ്യാപിച്ച കേരള ജീനോം ഡാറ്റാ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നത്. ഇതിന്റെ വിശദമായ പദ്ധതി രേഖ KIIFB അംഗീകരിച്ചു. ഡിജിറ്റൽ സർവകലാശാലയുമായി സഹകരിച്ച് സയൻസ് പാർക്കിന്റെ ഭാഗമായി KGDC സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിക്കുന്നു.

3. **സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോം (CoEM)**
രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (ആർജിസിബി) യുമായി സഹകരിച്ച്, മൃഗങ്ങൾ, മത്സ്യങ്ങൾ, ജീവികൾ, മനുഷ്യർ എന്നിവയുമായി ബന്ധപ്പെട്ട അതുല്യമായ സൂക്ഷ്മജീവികളെക്കുറിച്ച് പഠിക്കുന്നതിനായി ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി.

4. **ന്യൂട്രാസ്യൂട്ടിക്കൽസിലെ മികവിന്റെ കേന്ദ്രം (CoEN)**
കേരളത്തിന്റെ ആരോഗ്യ പൈതൃകവും ജൈവവൈവിധ്യവും ഉപയോഗപ്പെടുത്തി, ഔഷധ മേഖലയിൽ ആരോഗ്യത്തിനും ക്ഷേമത്തിനും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന ന്യൂട്രാസ്യൂട്ടിക്കൽസ് തയ്യാറാക്കുന്നതിനായി രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (ആർജിസിബി) യുടെയും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി) യുടെയും സഹായത്തോടെ ഒരു മികവിന്റെ കേന്ദ്രം ആരംഭിച്ചു.

5. **വയനാട്ടിലെ കാർബൺ ന്യൂട്രൽ കോഫി**
വയനാട്ടിലെ കാപ്പി കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കാർബൺ ന്യൂട്രൽ കാപ്പി എന്ന ലക്ഷ്യത്തോടെ മികച്ച വില ഉറപ്പാക്കുന്നതിനുമായി ശാസ്ത്ര സാങ്കേതിക വിദഗ്ധരുടെ ഒരു വർക്കിംഗ് ഗ്രൂപ്പിനെ നിയമിച്ചു. പാർക്കും വാണിജ്യ ട്രാക്കും സൃഷ്ടിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) യും വ്യവസായ വകുപ്പും ആരംഭിച്ചു.

6. **കേരള മെഡിക്കൽ ടെക്നോളജികൺസോർഷ്യം (കെ.എം.ടി.സി)**
കേരളത്തിന്റെ മെച്ചപ്പെട്ട ഐടി സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ, മെച്ചപ്പെട്ട ഗവേഷണ ശൃംഖല, ഫലപ്രദമായ സ്റ്റാർട്ടപ്പ് സംവിധാനങ്ങൾ എന്നിവ ഏകോപിപ്പിച്ചുകൊണ്ട് മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം ഉദ്ദേശിക്കുന്നു. ആഗോളതലത്തിൽ ഈ മേഖലയിലെ പ്രമുഖ വ്യവസായികളുമായും ശൃംഖലകളുമായും ആശയ വിനിമയം നടത്തി വിദഗ്ധ സംരംഭകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുള്ള ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്താൻ കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന് കഴിഞ്ഞു.

7. **ഊർജ്ജ മേഖലയിലെ ഇടപെടൽ**

ഭക്ഷ്യോൽപ്പന്നങ്ങൾ ഒഴികെയുള്ള മറ്റ് സ്രോതസ്സുകളിൽ നിന്ന് ബയോ-എഥനോൾ കണ്ടെത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (CSIR-NIIST) യുടെ നേതൃത്വത്തിൽ ആരംഭിച്ചു. കേരളത്തിലെ കായലുകളിലും മറ്റ് പ്രദേശങ്ങളിലും വ്യാപകമായി കാണപ്പെടുന്ന കുളവാഴ ഉപയോഗിച്ച്, NIIST വികസിപ്പിച്ചെടുത്ത ആക്സിലറേറ്ററുകളും എൻസൈമുകളും ഉപയോഗിച്ച് സെല്ലുലോസും സെമി-സെല്ലുലോസും വിവിധ തരം പഞ്ചസാര ഉൽപ്പന്നങ്ങളാക്കി മാറ്റുകയും എത്തനോൾ ഉത്പാദിപ്പിക്കുന്നതിനായി അവ സംസ്കരിക്കുകയും ചെയ്തു. ഉയർന്ന മർദ്ദത്തിൽ ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്നതിനും ഗതാ ഗതത്തിനായി ഉപയോഗിക്കുന്നതിനുമായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജുമായി സഹകരിച്ച് ഒരു നൂതന പരിപാടി ആരംഭിച്ചു. കാർഷിക, ഗാർഹിക മാലിന്യങ്ങൾ ഉപയോഗിച്ച് ഒരു മാതൃകാ ഹൈ-ത്രൂ പുട്ട് ബയോഗ്യാസ് യൂണിറ്റ് വികസിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. പ്ലാന്റിന്റെ പ്രാഥമിക മാതൃകകൾ ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്.

**കേരളത്തിലെ ഇന്നൊവേഷൻ ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട തിരഞ്ഞെടുത്ത പദ്ധതികൾ**

8. **യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം (YIP)**

സംസ്ഥാനത്തെ 13 മുതൽ 37 വയസ്സ് വരെ പ്രായമുള്ള സ്കൂൾ, കോളേജുകൾ, യൂണിവേഴ്സിറ്റി, വകുപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയിലെ വിദ്യാർത്ഥികൾക്കിടയിൽ നവീനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണ് യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം (YIP). 2018 മുതൽ ഈ പ്രോഗ്രാമിലെ പ്രവേശനം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, അതിനനുസരിച്ച് ഈ പദ്ധതി വിദ്യാർത്ഥികളിൽ വ്യാപകമായ സ്വാധീനം ചെലുത്താൻ സാധ്യതയുണ്ട്. ഇന്നത്തെ ലോകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബുദ്ധിമാനായ യുവാക്കളെ തിരിച്ചറിയുന്നതിനും, അവർക്ക് മാർഗനിർദേശം നൽകുന്നതിനും, സ്കോളർഷിപ്പുകൾ നൽകി ഡൊമെയ്ൻ പങ്കാളി സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും, നൂതനാശയങ്ങളെ ചുറ്റിപ്പറ്റി ഒരു കരിയർ കെട്ടിപ്പടുക്കാൻ സഹായിക്കുന്നതിനും, ഗവേഷണം ചെയ്യുന്നതിനും, നവ ആശയങ്ങൾ കണ്ടെത്തുന്നതിനും, ഇൻകുബേറ്റ് ചെയ്യുന്നതിനും, നവീകരണത്തെ ത്വരിതപ്പെടുത്തുന്നതിനും ഒരു ആവാസവ്യവസ്ഥ വികസിപ്പിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. YIP-ക്ക് ഇതുവരെ ഏഴ് കൂട്ടായ്മകളുണ്ട്. 8,000-ത്തിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങളും 5,00,000 വിദ്യാർത്ഥികളും ഈ പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്, കൂടാതെ 60,000-ത്തിലധികം ആശയങ്ങൾ വിദ്യാർത്ഥി ടീമുകൾ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനതല വിജയികളുടെ 7 ആശയങ്ങൾ പേറ്റന്റിനായി സമർപ്പിച്ചിട്ടുണ്ട്.

9. **ഒരു ജില്ല ഒരു ആശയം (ODOI)**

കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭ ക്ലസ്റ്ററുകളുടെ വളർച്ചയ്ക്കുള്ള നൂതനമായ ഒരു പരിപാടിയാണിത്. ക്ലസ്റ്ററുകളുടെ വളർച്ചയ്ക്കുള്ള പരമ്പരാഗത പരിപാടിയിൽ നിന്ന് വ്യത്യസ്തമായി, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാർഷിക കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പുതിയ സാങ്കേതിക വിദ്യയും വിപണി വികസന പ്രവർത്തനങ്ങളും ഏറ്റെടുത്തുവരികയാണ്. സംരംഭങ്ങളുടെ ക്രമാനു ഗതമായ വളർച്ചയിൽ നിന്ന് മാറി അതിവേഗ വളർച്ച ഉറപ്പാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ തയ്യാറാക്കുന്നതിനായി എന്റർപ്രൈസ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (EDII), ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള എന്നിവയുടെ സഹായത്തോടെ ശ്രമങ്ങൾ നടക്കുന്നു.

10. **ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം (OLOI)**

25 വർഷത്തെ ജനകീയാസൂത്രണ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്, എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പല പ്രധാന പ്രശ്നങ്ങളും പരിഹരിക്കപ്പെടേണ്ടതുണ്ട്. ഇത്തരം സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, രാജ്യത്തുട നീളമുള്ള ഗവേഷണ സ്ഥാപനങ്ങളെ ഒരുമിച്ച് കൊണ്ടുവന്ന് അവരുടെ സഹായത്തോടെ പ്രശ്നപരിഹാരത്തിനുള്ള ശ്രമങ്ങൾ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് വ്യവസ്ഥാപിത പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മാലിന്യ രഹിത കേരളം പരിപാടിയുടെ ഭാഗമായി ഹാക്കത്തോൺ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഈ പരിപാടിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്.

11. **വിദ്യാഭ്യാസ മേഖലയിലെ ഇടപെടലുകൾ**

വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗണിതശാസ്ത്ര വൈദഗ്ധ്യവും സമഗ്രമായ സമീപനത്തെ അടിസ്ഥാനമാക്കിയുള്ള പ്രശ്നാധിഷ്ഠിത ശാസ്ത്രീയ അന്വേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്ന മഞ്ചാടി, മഴവില്ല് പരിപാടികൾ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾക്ക് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ (എംആർഎസ്) പിന്തുടരുന്നു. മഞ്ചാടി പരിപാടികളുടെ ഫലപ്രാപ്തി മനസ്സിലാക്കിയ വിദ്യാഭ്യാസ വകുപ്പ് കൂടുതൽ സ്കൂളുകളിലേക്ക് ഇത് വ്യാപിപ്പിക്കാൻ പ്രത്യേക മുൻകൈയെടുത്തു. ക്ലാസ് മുറിയിലെ പ്രഭാഷണ ശൈലിയിലുള്ള അവതരണങ്ങളിൽ നിന്ന് വ്യത്യസ്തമായി, വിദ്യാർത്ഥികൾ ഗ്രൂപ്പുകളായി പരിശോധിക്കുകയും, വിശകലനം ചെയ്യുകയും, അവതരിപ്പിക്കുകയും, നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്ന പ്രത്യേക പഠന രീതികളാണ് മഞ്ചാടി, മഴവില്ല് ക്ലാസ് മുറികളുടെ സവിശേഷത.

12. **ഇലക്ട്രിക് വെഹിക്കിൾ കൺസോർഷ്യം**

വിക്രം സാരാഭായി സ്പേസ് സെന്റർ (വി.എസ്.എസ്.സി), (സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ്) സി.ഡി.എ.സി, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ടെസ്റ്റ് പാർക്ക് എന്നിവ ഉൾപ്പെടുന്ന ഇലക്ട്രിക് വെഹിക്കിൾ കൺസോർഷ്യം സജീവമായി പുരോഗമിക്കുന്നു. വി.എസ്.എസ്.സിയുടെ സഹായത്തോടെ ലിഥിയം ടൈറ്റനേറ്റ് ബാറ്ററികളുടെ ഉത്പാദനം ആരംഭിച്ചു. സ്റ്റാർട്ടപ്പുകൾക്കും മറ്റ് സംരംഭങ്ങൾക്കും വലിയ തോതിലുള്ള സഹായകരമായ സംവിധാനമായ ലിഥിയം ടൈറ്റനേറ്റ് ബാറ്ററിയുടെ ഉത്പാദനത്തിനുള്ള ബാറ്ററി മാനേജ്മെന്റ് സിസ്റ്റങ്ങൾ, ഡ്രൈവ്ട്രെയിൻ സിസ്റ്റങ്ങൾ, റെട്രോ-ഫിറ്റ് ടെക്നിക്കുകൾ എന്നിവ വികസിപ്പിച്ചുകൊണ്ട് ഇലക്ട്രിക് വാഹന മേഖലയിൽ കേരളത്തിന്റെ സാന്നിധ്യം സ്ഥാപിക്കുന്നതിൽ ഈ പരിപാടി ഗണ്യമായ പുരോഗതി കൈവരിച്ചു.

13. **സർക്കാരിന്റെ വിവിധ മേഖലകളിൽ പുതിയ സാങ്കേതികവിദ്യകൾ (Emerging Technologies) പ്രാവർത്തികമാക്കൽ**

മെഷീൻ ലേണിംഗ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഓഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി, ഡാറ്റ അനലിറ്റിക്സ്, ബ്ലോക്ക് ചെയിൻ തുടങ്ങിയ പുതിയ സാങ്കേതികവിദ്യകൾ സർക്കാർ വകുപ്പുകളിൽ സംയോജിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ജല അതോറിറ്റിയുടെ ഉപഭോക്തൃ ബില്ലിംഗ് ആപ്ലിക്കേഷൻ, ആൻറിബയോട്ടിക് നയം പ്രവർത്തിപ്പിക്കുന്നതിനുള്ള ചാറ്റ് ബോട്ട്, കൃഷിയും ഇൻഷുറൻസ് സംവിധാനവും മെച്ചപ്പെടുത്തുന്നതിനുള്ള സ്മാർട്ട് ക്രോപ്പ് സിസ്റ്റം, കുടിവെള്ള വിതരണ ശൃംഖലയിലെ വരുമാന നഷ്ടം കുറയ്ക്കുന്നതിന് അതിരമലയിൽ ഏറ്റെടുത്ത പരിപാടി എന്നിവ ഈ രീതിയിൽ നടപ്പിലാക്കിയ ചില പ്രധാന പദ്ധതികളാണ്. ഡയബറ്റിക് റെറ്റിനോപ്പതി അന്വേഷണം ഫലപ്രദമാക്കുന്നതിന് AI ഉപയോഗിച്ച് ഡയബറ്റിക് റെറ്റിനോപ്പതി പരിശോധിക്കുന്നതിനുള്ള പ്രോഗ്രാം, രോഗികളുടെ നടത്ത പുനരധിവാസത്തിനായി റോബോട്ട് അധിഷ്ഠിത ജി-ഗൈറ്റർ പ്രോഗ്രാം, ആശുപത്രി സൗകര്യങ്ങൾ എളുപ്പത്തിൽ കണ്ടെത്തുന്നതിനുള്ള രോഗികൾക്ക് മാപ്പിംഗ് സംവിധാനം, ടിഷ്യു കൾച്ചർ ട്രേസബിലിറ്റി പ്രോഗ്രാം, ആവശ്യാനുസരണം ഡ്രിപ്പുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് നഴ്സിംഗ് സ്റ്റേഷനുകളെ അറിയിക്കുന്നതിനുള്ള ഡ്രിപ്പോ പ്രോഗ്രാം, പ്രസവാനന്തര പരിചരണ പരിപാടിയുടെ ഭാഗമായി ശിശുക്കൾക്കും രോഗികൾക്കും ഓക്സിജൻ നൽകുന്നതിനുള്ള ഹൈക-ഫ്ലോ, ട്രാഫിക് സിഗ്നൽ നിയന്ത്രണ സംവിധാനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുള്ള ട്രാഫിക് ഇന്റലിജൻസ് ടെക്നിക്കുകൾ എന്നിവയാണ് എമർജിംഗ് ടെക്നോളജി പ്രോജക്റ്റിന്റെ പ്രധാന പ്രവർത്തന മേഖലകൾ, കൂടാതെ ഭരണം മെച്ചപ്പെടുത്തുന്നതിലും പൗരന്മാർക്ക് സേവനങ്ങൾ നൽകുന്നതിലും ഗണ്യമായ പുരോഗതി ഇതിലൂടെ കൈവരിക്കാൻ കഴിഞ്ഞു.

14. **ദി ഇന്നൊവേഷൻ ബൈ യൂത്ത് വിത്ത് ഡിസെബിലിറ്റി പ്രോഗ്രാം, (I–YwD)**

വൈകല്യമുള്ള യുവാക്കൾക്ക് നൂതനാശയ പ്രക്രിയയിൽ പരിശീലനം നൽകുന്ന ഇന്നൊവേഷൻ ബൈ യൂത്ത് വിത്ത് ഡിസെബിലിറ്റി പ്രോഗ്രാം ഇപ്പോൾ നിഷ്-ന്റെ പിന്തുണയോടെ അതിന്റെ മൂന്നാമത്തെ ഘട്ടത്തിലാണ്. ലോകത്ത് മറ്റൊരിടത്തും ഇല്ലാത്ത ഒരു അതുല്യ സംരംഭമാണിത്.

15. **മിയാവാക്കി വനവൽക്കരണ പരിപാടി**

മിയാവാക്കി വനവൽക്കരണ പരിപാടി നഗര വനവൽക്കരണത്തിന്റെ ഒരു പുതിയ മാതൃക സൃഷ്ടിച്ചു. 10 കേന്ദ്രങ്ങളിൽ ഫലപ്രദമായി പൂർത്തീകരിച്ചു.

16. **ആക്സിലറേറ്റഡ് ബ്ലോക്ക് ചെയിൻ കോംപിറ്റൻസി ഡെവലപ്മെന്റ് (ABCD)**

കേരളത്തെ ഒരു ബ്ലോക്ക് ചെയിൻ ഹബ്ബാക്കി

മാറ്റുന്നതിനാണ് ആക്സിലറേറ്റഡ് ബ്ലോക്ക് ചെയിൻ കോംപിറ്റൻസി ഡെവലപ്മെന്റ് (ABCD) പ്രോഗ്രാം ആരംഭിച്ചത്. K-DISC, ICTAK, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള, ബ്ലോക്ക് ചെയിൻ എഡ്യൂക്കേഷൻ നെറ്റ്‌വർക്ക് MLG ബ്ലോക്ക് ചെയിൻ കൺസൾട്ടിംഗ്, കാനഡ, ലിനക്സ് ഫൗണ്ടേഷൻ, ഇന്റൽ കോർപ്പറേഷൻ എന്നിവയാണ് സ്ഥാപക പങ്കാളികൾ. എബിസിഡി പ്രോഗ്രാം നിരവധി വലിയ കമ്പനികൾക്ക് കേരളത്തിൽ ബ്ലോക്ക് ചെയിൻ മേഖലയിൽ ആഗോള മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഗുണനിലവാരമുള്ള പ്രതിഭകളുടെ ലഭ്യത കാരണം ചെറുകിട കമ്പനികൾ കേരളത്തിലേക്ക് എത്തുന്നതിനും കാരണമായി.

## ജയിലുകളും കറക്ഷണൽ ഹോമുകളും

കേരള സംസ്ഥാനം 1956 നവംബർ 1-ന് രൂപീകരിച്ചതിനെത്തുടർന്ന് 1956-ൽ കേരള ജയിൽ വകുപ്പ് സ്ഥാപിതമായി. 2010-ൽ കേരള ജയിൽ നിയമവും 2014-ൽ ചട്ടങ്ങളും നിലവിൽ വന്നു. രണ്ടു വിദഗ്ധ സമിതികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2016-ൽ ഒരു മാതൃകാ ജയിൽ മാന്വൽ രൂപീകരിച്ചു. ആകെ 57 ജയിലുകൾ ഉണ്ട്. അതിൽ 4 സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമുകളും, 2 ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമുകളും, 3 വിമൻ പ്രിസൺ & കറക്ഷണൽ ഹോമുകളും, 1 വിമൻ ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, 1 ഹൈ സെക്യൂരിറ്റി ജയിലും, 13 ജില്ലാ ജയിലുകളും, 16 സ്പെഷ്യൽ സബ് ജയിലുകളും, 1 ബോർസ്റ്റൽ സ്കൂളും ഉണ്ട്. സംസ്ഥാനത്തെ എല്ലാ ജയിലുകളുടെയും നിലവിലുള്ള അംഗീകൃതശേഷി 8,000 ആണ്. 2024 മാർച്ച് മാസം വരെയുള്ള കണക്കനുസരിച്ച് 10,271 തടവുകാരുണ്ട്, അതിൽ 217 പേർ സ്ത്രീകളാണ്. മൂന്ന് ഓപ്പൺ ജയിലുകളിൽ 537 തടവുകാർ, വനിതാ ജയിലുകളിൽ 128 തടവുകാർ, സ്പെഷ്യൽ സബ് ജയിലുകളിൽ 1872 തടവുകാർ എന്നിവർ ഉണ്ടായിരുന്നു. ജയിലുകളിലെ തടവുകാരുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.19** ൽ നൽകിയിരിക്കുന്നു. **പട്ടിക 5.5.1** ൽ 2016 മുതൽ 2024 വരെയുള്ള (2024 മാർച്ച് 31 വരെ) തടവുകാരുടെ എണ്ണം നൽകിയിരിക്കുന്നു.

### 2023–24 ലെ വകുപ്പ് പദ്ധതികളുടെ അവലോകനം

തടവുകാരുടെ കസ്റ്റഡി, പരിഷ്ക്കരണം, പുനരധിവാസം എന്നിവയിൽ ജയിൽ വകുപ്പ് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ജയിലുകളുടെ ആധുനികവൽക്കരണവും തടവുകാരുടെ ക്ഷേമവും എന്നീ രണ്ട് സർക്കാർ പദ്ധതികൾക്കുകീഴിൽ ജയിൽ വകുപ്പ് വിവിധ പരിപാടികൾ നടപ്പിലാക്കുന്നു. 2023-24ൽ തടവുകാരുടെ ക്ഷേമത്തിന് 8 കോടി രൂപയും ജയിലുകളുടെ ആധുനികവൽക്കരണത്തിന് 13 കോടി രൂപയും സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. കുറ്റവാളികൾക്കിടയിൽ മാന്യമായ ജീവിത സാഹചര്യം സൃഷ്ടിച്ചുകൊണ്ടു മാത്രമേ അവരെ നല്ല പൗരന്മാരായി സമൂഹത്തിലേക്ക് തിരിച്ചയക്കാൻ കഴിയുകയുള്ളൂ. ഈ സമീപനത്തെ അടിസ്ഥാനമാക്കി, അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനും ആധുനികവൽക്കരണത്തിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

2023-24 കാലയളവിൽ കേരളത്തിലെ ജയിൽ അടിസ്ഥാന സൗകര്യങ്ങളിൽ ഗണ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തി:

- അലപ്പുഴ ജില്ലാ ജയിൽ: പഴയ ജയിൽ കെട്ടിടങ്ങളിൽ അറ്റകുറ്റപ്പണികളും നവീകരണവും നടത്തി സൗകര്യവും സുരക്ഷയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിച്ചു.
- വിയ്യൂർ ഹൈ സെക്യൂരിറ്റി ജയിൽ: സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കി ഗാർഡ് മുറിയോട് കൂടിയ പുതിയ സ്ട്രോങ് റൂം കെട്ടിടം നിർമ്മിച്ചു.
- കണ്ണൂർ സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം: കൂടുതൽ കാര്യക്ഷമമായ വൈദ്യുതി ലഭ്യത ഉറപ്പാക്കിക്കൊണ്ട് വൈദ്യുതി വിതരണം എൽടിയിൽ നിന്ന് എച്ച്ടി കണക്ഷനിലേക്ക് നവീകരിച്ചു.
- തവനൂർ സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം: ശുചിത്വം മെച്ചപ്പെടുത്തുന്നതിനും വെള്ളം കെട്ടിക്കിടക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു ഡ്രെയിനേജ് സംവിധാനം നിർമ്മിച്ചു.
- തിരുവനന്തപുരം സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം: തടവുകാർക്കും ജീവനക്കാർക്കും ഭക്ഷണം തയ്യാറാക്കുന്നതിനുള്ള സൗകര്യങ്ങളും ശുചിത്വവും വർധിപ്പിച്ചുകൊണ്ട് പഴയ അടുക്കള ബ്ലോക്ക് നവീകരിച്ചു.
- വിയ്യൂർ സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം: അന്തേവാസികളുടെ പുനരധിവാസത്തിനുള്ള വിവിധ പ്രവർത്തനങ്ങളും പരിപാടികളും നടത്തുന്നതിനായി വിവിധോദ്ദേശ ഓഡിറ്റോറിയം പൂർത്തിയായി.
- വിവിധ ജയിലുകൾ: സുരക്ഷയും അവശ്യ

**പട്ടിക 5.5.1** 2016 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ തടവുകാരുടെ എണ്ണം

| തടവുകാർ | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 | 2024 |
|---|---|---|---|---|---|---|---|---|---|
| വനിതകൾ | 213 | 200 | 196 | 181 | 193 | 148 | 163 | 185 | 217 |
| പുരുഷന്മാർ | 7,770 | 7,413 | 7,686 | 7,786 | 7,470 | 6,047 | 7,287 | 9,111 | 10,054 |
| ആകെ | 7,983 | 7,613 | 7,882 | 7,967 | 7,663 | 6,195 | 7,450 | 9,296 | 10,271 |

ഉറവിടം: ജയിൽ വകുപ്പ്, കേരള സർക്കാർ

സേവനങ്ങളും നിലനിർത്തുന്നതിന് ആവശ്യമായ വൈദ്യുതി ബാക്കപ്പ് സംവിധാനം ഉറപ്പാക്കിക്കൊണ്ട് ജനറേറ്ററുകൾ സ്ഥാപിച്ചു.

ഈ മെച്ചപ്പെടുത്തലുകൾ മികച്ച ജീവിത സാഹചര്യങ്ങൾ, സുരക്ഷ, കേരളത്തിലെ ജയിൽ സംവിധാനത്തിനുള്ളിലെ പുനരധിവാസ പ്രവർത്തനങ്ങൾക്കുള്ള പിന്തുണ എന്നിവയ്ക്ക് മികച്ച സംഭാവന നൽകുന്നു.

തടവുകാരുടെ ക്ഷേമവും പുനരധിവാസവും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളായ, അടിസ്ഥാന വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, തടവുകാരുടെ ക്ഷേമം തുടങ്ങിയ വിവിധ പരിപാടികൾ ക്ഷേമ പദ്ധതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. കലാ-കായിക മേഖലകളിൽ തടവുകാരുടെ കഴിവുകളും താൽപര്യങ്ങളും പ്രോത്സാഹിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിന് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2023-24 ൽ നീക്കിവച്ച 8.1 കോടി രൂപയിൽ നിന്ന് 6.6 കോടി രൂപ ചെലവഴിച്ചു. തടവുകാരെ പുനരധിവസിപ്പിക്കുന്നതിനായി വിവിധ തൊഴിലധിഷ്ഠിത പരിശീലനം/നൈപുണ്യ വികസന പരിപാടികൾ നൽകിവരുന്നു. ഈ പരിശീലനങ്ങൾ തടവുകാർക്ക് തങ്ങളുടെ ശിക്ഷാകാലയളവിൽ ഫലപ്രദമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരമൊരുക്കുന്നു. ഈ പരിശീലനങ്ങൾ തടവുകാരെ ജയിൽ മോചനത്തിന് ശേഷം മാന്യമായ ഉപജീവനമാർഗം നേടാൻ പ്രാപ്തരാക്കുന്നു. ക്ലാസിക്കൽ, കമേഴ്സ്യൽ കലകൾ, സ്ക്രീൻ പ്രിന്റിംഗ്, സ്പൈറൽ ബൈൻഡിംഗ്, ഇലക്ട്രിക്കൽ വയറിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, ഭക്ഷ്യ സംസ്കരണം, വസ്ത്ര നിർമ്മാണം, ഇരുചക്രവാഹന സംവിധാനം, വെർട്ടിക്കൽ ഗാർഡനിംഗ്, പ്ലംബിംഗ്, ഡ്രിപ്പിംഗ് ജലസേചനവും കൃത്യതയും, ബ്യൂട്ടീഷ്യൻ കോഴ്സ്, കുക്കറി കോഴ്സ്, ഇന്റീരിയർ ഡിസൈനിംഗ്, പട്ടുനൂൽ പുഴു വളർത്തൽ, കൂൺ വളർത്തൽ തുടങ്ങിയ വിവിധ വൈദഗ്ധ്യങ്ങളിൽ പരിശീലനം നൽകുന്നതിന് മുൻ വർഷം 39.1 ലക്ഷം രൂപ ഉപയോഗിച്ചു. തടവുകാരുടെ മാനസിക പരിവർത്തനത്തിന്റെ ഭാഗമായി ജയിൽ ക്ഷേമ ദിനം, യോഗ ക്ലാസ്, തുടർവിദ്യാഭ്യാസ പരിപാടികൾ തുടങ്ങിയവയും കഴിഞ്ഞ വർഷം നടത്തിയിരുന്നു.

### പ്രൊബേഷനും ആഫ്റ്റർ കെയർ സേവനങ്ങളും

കസ്റ്റഡിയിൽ നിന്ന് മോചിതരായ ശേഷം കുറ്റവാളികളെ പുനരധിവസിപ്പിക്കാനും സമൂഹത്തിലേക്ക് പുനഃക്രമീകരിക്കാനും സഹായിക്കുന്ന പരിപാടികളാണ് പ്രൊബേഷനും ആഫ്റ്റർകെയർ സേവനങ്ങളും. കുറ്റവാളികളുടെ സാമൂഹ്യ പുനഃക്രമീകരണം സുഗമമാക്കുന്നതിന് രൂപകൽപ്പന ചെയ്ത സ്ഥാപനേതര പരിപാലന രീതിയാണിത്. പ്രത്യേകമായി തെരഞ്ഞെടുത്ത കുറ്റവാളികളെ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു രീതിയാണ് പ്രൊബേഷൻ. കുറ്റവാളിയെ പ്രൊബേഷൻ ഓഫീസറുടെ വ്യക്തിപരമായ മേൽനോട്ടത്തിൽ ഉൾപ്പെടുത്തുകയും വ്യക്തിഗത പരിപാലനം നൽകുകയും ചെയ്യുമ്പോൾ ശിക്ഷയുടെ സോപാധികമായ സസ്പെൻഷൻ ഇതിൽ ഉൾപ്പെടുന്നു.

1958-ൽ ഇന്ത്യയിൽ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് നിലവിൽ വന്നു. ശിക്ഷാ കാലാവധിക്കു മുമ്പുള്ള റിപ്പോർട്ട് മജിസ്ട്രേറ്റിന് നൽകാനും കുറ്റവാളിയുടെ പ്രൊബേഷൻ കാലത്ത് മേൽനോട്ടം വഹിക്കാനും പ്രൊബേഷൻ ഓഫീസർമാരെ നിയമിക്കണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു. പ്രൊബേഷൻ സേവനങ്ങളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമായ നിയന്ത്രണം ജയിൽ വകുപ്പിന്റെ നിയന്ത്രണത്തിലായിരുന്നു, അത് 1975-ൽ സാമൂഹ്യക്ഷേമ വകുപ്പിന് കൈമാറി.

കേരള ജയിൽ നിയമപ്രകാരം, സംസ്ഥാന സർക്കാരിന് ചില ജീവപര്യന്ത തടവുകാരെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ജയിലിൽ നിന്ന് മോചിപ്പിക്കാനും നിശ്ചിത കാലയളവിലേക്ക് ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസറുടെ നിരീക്ഷണത്തിൽ നിലനിർത്താവുന്നതാണ്. പ്രൊബേഷൻ ഓഫീസർ അവന്റെ/അവളുടെ ദൈനംദിന ജീവിതരീതി നിരീക്ഷിക്കുകയും വ്യക്തിയെ സമൂഹത്തിലേക്ക് പുനഃക്രമീകരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഈ സംവിധാനത്തെ കേരളത്തിൽ എക്സിക്യൂട്ടീവ് പ്രൊബേഷൻ എന്ന് വിളിക്കുന്നു. 2024 മാർച്ച് വരെയുള്ള ജുഡീഷ്യൽ പ്രൊബേഷണർമാരുടെ (മുതിർന്നവർ) ജില്ല തിരിച്ചുള്ള എണ്ണം **പട്ടിക 5.5.2**ൽ നൽകിയിരിക്കുന്നു.

കേരള ജുഡീഷ്യൽ അക്കാദമിയുടെ സഹകരണത്തോടെ ജുഡീഷ്യറി, പ്രിസൺ, പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നത് പ്രൊബേഷൻ സംവിധാനത്തിലെ ശേഷി വികസനത്തിൽ ഉൾപ്പെടുന്നു. മറ്റ് രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിജയകരമായ നൂതന പ്രൊബേഷൻ സമ്പ്രദായങ്ങളും വകുപ്പ് നോക്കി പഠിച്ചു വരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ, കുറ്റവാളികളുടെ മക്കൾക്ക് അടിസ്ഥാനപരവും തൊഴിൽപരവുമായ വിദ്യാഭ്യാസ സഹായത്തിനുള്ള പദ്ധതികളും മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ദീർഘകാലം തുടരുന്ന രോഗവിമുക്തരും നിയന്ത്രിത മാനസികരോഗികളുമായ മുൻ തടവുകാർക്ക് മാനസിക-സാമൂഹിക പുനരധിവാസ പരിപാടികളും ആരംഭിച്ചു.

### നേർവഴി – പ്രൊബേഷൻ സംവിധാനത്തിന്റെ നവീകരണവും ശക്തിപ്പെടുത്തലും

സംസ്ഥാനത്തെ പ്രൊബേഷൻ സംവിധാനത്തെ പുനരുജ്ജീവിപ്പിക്കാനും നവീകരിക്കാനുമാണ് പദ്ധതി ഉദ്ദേശിക്കുന്നത്. പ്രൊബേഷന് അർഹതയുള്ള കുറ്റവാളികളെ സ്ഥിരമായി തിരിച്ചറിയുന്നതിനുള്ള ഒരു പ്രോട്ടോക്കോൾ ഈ പ്രോജക്റ്റ് നടപ്പിലാക്കുകയും, കുറ്റവാളികൾ തിരുത്തലിന് വിധേയരാണോ എന്ന് കണ്ടെത്താൻ സമഗ്രമായ അന്വേഷണങ്ങൾ നടത്തുകയും, ആവശ്യമുള്ളപ്പോഴെല്ലാം മനഃശാസ്ത്രപരമായ ചികിത്സ നൽകുകയും, പ്രൊബേഷണർമാരെ വീണ്ടും സമൂഹത്തിലേക്ക് സംയോജിപ്പിക്കപ്പെടാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ മേൽനോട്ടം

**പട്ടിക 5.5.2** 2023-24 ൽ കേരളത്തിലെ ജുഡീഷ്യൽ, എക്സിക്യൂട്ടീവ് പ്രൊബേഷണർമാരുടെ എണ്ണം

| ജില്ല | ജുഡീഷ്യൽ, എക്സിക്യൂട്ടീവ് പ്രൊബേഷണർമാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 85 |
| കൊല്ലം | 57 |
| പത്തനംതിട്ട | 34 |
| ആലപ്പുഴ | 81 |
| കോട്ടയം | 76 |
| ഇടുക്കി | 78 |
| എറണാകുളം | 67 |
| തൃശ്ശൂർ | 69 |
| പാലക്കാട് | 51 |
| മലപ്പുറം | 120 |
| വയനാട് | 35 |
| കോഴിക്കോട് | 41 |
| കണ്ണൂർ | 56 |
| കാസർഗോഡ് | 25 |
| ആകെ | 875 |

ഉറവിടം: സാമൂഹ്യനീതി വകുപ്പ്, കേരളസർക്കാർ

ഉറപ്പാക്കാനും ഈ പ്രോജക്റ്റ് സഹായിക്കുന്നു. കുറ്റകൃത്യങ്ങളുടെ ആവർത്തനങ്ങൾ കുറയ്ക്കാനും കുറ്റവാളികളെ മുഖ്യധാരാ സമൂഹത്തിലേക്ക് തിരികെ കൊണ്ടുവരാനും ജയിലുകളിലെ തിരക്ക് കുറയ്ക്കാനും ക്രിമിനൽ നീതിന്യായ വ്യവസ്ഥയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും ഈ പ്രക്രിയ സഹായിക്കുന്നു. 2023-24 ൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി 51.1 ലക്ഷം രൂപ ചെലവഴിച്ചു.

### തണലിടം – പ്രൊബേഷൻ ഹോം

ജയിൽ മോചിതരായ തടവുകാർക്ക് നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു, കാരണം അവർ പലപ്പോഴും മുൻ കുറ്റവാളികളെന്ന നിലയിൽ അപകീർത്തിപ്പെടുന്നു. അവരെ തിരികെ സ്വീകരിക്കാൻ കുടുംബാംഗങ്ങൾ തയ്യാറാകണമെന്നില്ല. ജയിൽ മോചിതരായവരുടെ വിജയകരമായ സമൂഹ പുനഃസംയോജനത്തിന് ഇത് തടസ്സമാകുന്നു. 1960 ലെ കേരള പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് റൂൾസിലെ സെക്ഷൻ 20 (1) പ്രകാരം, പ്രൊബേഷൻ, പരോൾ, അകാല മോചനം, ജാമ്യം എന്നിവയ്ക്ക് അർഹതയുള്ള കുറ്റവാളികളുടെ താൽക്കാലിക താമസസ്ഥലം ഉറപ്പാക്കുന്ന സ്ഥാപനങ്ങളോ വീടുകളോ പ്രവർത്തിപ്പിക്കേണ്ടത് നിർബന്ധമാണ്. സ്ഥിരമായ താമസസ്ഥലം ഇല്ലാത്തവർക്കായി സാമൂഹ്യനീതി വകുപ്പ് "തണലിടം" പ്രൊബേഷൻ ഹോം എന്നറിയപ്പെടുന്ന സംരംഭം ആവിഷ്കരിച്ചിട്ടുണ്ട്. പ്രൊബേഷൻ ഓഫീസർമാരുടെയും ജയിൽ സൂപ്രണ്ടുമാരുടെയും സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തണലിടം പ്രൊബേഷൻ ഹോമിൽ പ്രവേശനം അനുവദിക്കുക. 2023-24 ൽ 2.7 ലക്ഷം രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്.

### ട്രാൻസിറ്റ് ഹോം

നിയമവിരുദ്ധമായി രാജ്യത്തേക്ക് പ്രവേശിക്കുന്ന വിദേശ പൗരന്മാർ, പാസ്പോർട്ട്/വിസ തീയതികൾ അവസാനിച്ചിട്ടും രാജ്യത്ത് തങ്ങുന്നവർ, ജയിൽ ശിക്ഷ പൂർത്തിയാക്കിയവർ, പരോളിൽ കഴിയുന്നവർ, ജയിലിൽ നിന്ന് പുറത്തിറങ്ങി, അല്ലെങ്കിൽ മറ്റ് തരത്തിലുള്ള സംരക്ഷണം ആവശ്യമായവരെ താൽകാലികമായി പാർപ്പിക്കാൻ സാമൂഹിക നീതി വകുപ്പ് ഒരു ട്രാൻസിറ്റ് ഹോം സ്ഥാപിച്ചു. കൊല്ലം ജില്ലയിലെ മയ്യനാട് ഗ്രാമപഞ്ചായത്തിലെ കൊട്ടിയത്ത് അത്തരത്തിലുള്ള ഒരു വീട് പ്രവർത്തിക്കുന്നു. 2023-24 കാലയളവിൽ ട്രാൻസിറ്റ് ഹോമിന്റെ പ്രവർത്തനത്തിനായി 66.9 ലക്ഷം രൂപ ചെലവഴിച്ചു.

വിദ്യാഭ്യാസം, സാമ്പത്തിക സ്വാതന്ത്ര്യം, ഗുണഭോക്താക്കളുടെ മൊത്തത്തിലുള്ള ക്ഷേമം എന്നിവയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് വകുപ്പ് നടപ്പിലാക്കുന്ന പ്രോജെക്ടുകൾ വഴി തടവും കുറ്റകൃത്യങ്ങളും ബാധിച്ചവരുടെ പുനരധിവാസവും ശാക്തീകരണവും പ്രോത്സാഹിപ്പിക്കുന്നു.

### 2023–24 ലെ ആഫ്റ്റർകെയർ സേവനങ്ങളുടെയും പുനരധിവാസത്തിന്റെയും നേട്ടങ്ങൾ

- 164 തടവുകാരുടെ മക്കൾക്ക് ആകെ 8,63,000 രൂപ വിദ്യാഭ്യാസ സഹായം നൽകി.
- കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സഹായ പദ്ധതി പ്രകാരം 17 ഗുണഭോക്താക്കൾക്കായി 96,000 രൂപ വിനിയോഗിച്ചു.
- 5 തടവുകാരുടെ പെൺമക്കൾക്ക് ഒരാൾക്ക് 30,000 രൂപ നിരക്കിൽ വിവാഹ ധന സഹായം നൽകി. 2023-24 വർഷത്തിൽ 1.5 ലക്ഷം രൂപ വിനിയോഗിച്ചു.
- തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ നൽകുന്നതിലൂടെ 66 ഗുണഭോക്താക്കൾക്കായി 19.8 ലക്ഷം രൂപ വിനിയോഗിച്ചു.
- ജീവനം പദ്ധതി പ്രകാരം 12 ആശ്രിതർക്കും കുറ്റകൃത്യത്തിന് ഇരയായവർക്കും സ്വയം തൊഴിൽ ചെയ്യുന്നതിനായി ധനസഹായം നൽകി.
- മിത്രം പദ്ധതിയിലൂടെ പ്രൊബേഷൻ ഗുണഭോക്താക്കൾക്ക് സ്വയം തൊഴിലിലൂടെ സ്ഥിരവരുമാനം നേടുന്നതിന് നൈപുണ്യ പരിശീലനം നൽകി. 2023-24 വർഷത്തിൽ 26 ഗുണഭോക്താക്കൾക്കായി 3.3 ലക്ഷം രൂപ വിനിയോഗിച്ചു.

### മുന്നോട്ടുള്ള വഴി

തടവുകാരുടെ സുരക്ഷിതമായ കസ്റ്റഡി, തിരുത്തൽ പ്രക്രിയ, പുനരധിവാസം എന്നിവ ഉറപ്പാക്കാൻ ജയിൽ വകുപ്പ് വളരെയധികം പരിശ്രമിച്ചിട്ടുണ്ടെങ്കിലും, അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഇനിയും ഒരുപാട് മുന്നോട്ട് പോകേണ്ടതുണ്ട്. ജയിൽ സ്ഥാപനങ്ങളിലെ തിരക്ക് പരിഹരിക്കാൻ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ

ആവശ്യമാണ്. ഇതിനായി കൂടുതൽ ജയിലുകൾ വകുപ്പ് നിർമിക്കുന്നുണ്ട്. സ്ഥാപനപരമായ പിന്തുണ, തൊഴിലധിഷ്ഠിത പരിശീലനം, വിദ്യാഭ്യാസം, ഉപജീവന സഹായ പരിപാടികൾ, മികച്ച തുടർനടപടികൾ എന്നിവയും കുറ്റവാളികളെ സമൂഹത്തിലേക്ക് സുഗമമായി സംയോജിപ്പിക്കാൻ സഹായിക്കും. പ്രൊബേഷൻ സംവിധാനം ശക്തിപ്പെടുത്തുന്നത് ജയിൽ സ്ഥാപനങ്ങളിലെ തിരക്ക് പരിഹരിക്കുന്നതിനുള്ള മറ്റൊരു മാർഗമാണ്.

# 5.6 ജനങ്ങളിലേയ്ക്ക്

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് കേരള സർക്കാരിനും ജനങ്ങൾക്കും ഇടയിൽ മധ്യവർത്തിയായി പ്രവർത്തിക്കുന്നു. സർക്കാർ നയങ്ങൾ, പരിപാടികൾ, പദ്ധതികൾ എന്നിവയെപ്പറ്റി സമയബന്ധിതവും കൃത്യവുമായ വിവരങ്ങൾ അച്ചടി, ഇലക്ട്രോണിക്, സാമൂഹ്യമാധ്യമങ്ങൾ എന്നിയിലൂടെ വകുപ്പ് ജനങ്ങളിലേക്ക് പ്രചരിപ്പിക്കുന്നു. പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിലും ഭരണത്തിൽ സുതാര്യതയും ഉത്തരവാദിത്തവും പൊതുജനവിശ്വാസവും വളർത്തിയെടുക്കുന്നതിലും വകുപ്പ് നിർണ്ണായക പങ്ക് വഹിക്കുന്നു. പ്രസാധന മാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവ വഴി വകുപ്പ് ജനങ്ങളുമായി ഇടപഴകുന്നു. വിവരവിനിമയം മാത്രമല്ല, പൊതുജനങ്ങളുടെ അഭിപ്രായം, നിർദ്ദേശങ്ങൾ, പരാതികൾ എന്നിവ സർക്കാരിലേക്ക് എത്തിക്കുകയും, നയതന്ത്രജ്ഞൻമാരെ പ്രായോഗികമായതും ഫലപ്രദമായതുമായ തീരുമാനങ്ങൾ കൈക്കൊള്ളാനും ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റുന്ന നയങ്ങൾ നടപ്പിലാക്കാനും പ്രാപ്തരാക്കുന്നു. പബ്ലിക് റിലേഷൻസിൽ വകുപ്പ് നൂതനമായ സമീപനങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്. ഉദാഹരണത്തിന്, മൊബൈൽ ജേണലിസം, വാർത്തകളും സംഭവങ്ങളും വേഗത്തിലും കാര്യക്ഷമമായും ലഭിക്കാനും വിതരണം ചെയ്യാനും വകുപ്പിനെ പ്രാപ്തമാക്കുന്നു. സമീപ വർഷങ്ങളിൽ, വകുപ്പ് തന്റെ ആശയവിനിമയ ശ്രമങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഡിജിറ്റൽ മീഡിയയുടെ കഴിവുകൾ പൂർണ്ണമായി വിനിയോഗിക്കുകയും സ്വീകരിക്കുകയും ചെയ്തു. ഫേസ്ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ പൊതുജനങ്ങളുമായി, പ്രത്യേകിച്ച് യുവതലമുറയുമായി ഇടപഴകുന്നതിനുള്ള സുപ്രധാന ചാനലുകളായി മാറിയിരിക്കുന്നു. വിജ്ഞാനപ്രദമായ ഉള്ളടക്കം പങ്കിടുന്നതിലൂടെയും ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിലൂടെയും ഓൺലൈൻ ക്യാമ്പെയ്നുകൾ നടത്തുന്നതിലൂടെയും, ഊർജ്ജസ്വലമായ ഒരു ഓൺലൈൻ കമ്മ്യൂണിറ്റി സൃഷ്ടിക്കാൻ വകുപ്പിന് കഴിഞ്ഞു.

സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 14 ജില്ലകളിലും വകുപ്പ് 'എന്റെ കേരളം' പ്രദർശനവും വ്യാപാരമേളയും വിജയകരമായി നടത്തി.

**പബ്ലിക് റിലേഷൻസിലെ സംസ്ഥാന സംരംഭങ്ങൾ**

**വിഷ്വൽ മീഡിയ** - വിഷ്വൽ മീഡിയ വിഭാഗത്തിൽ ന്യൂസ് വിംഗ്, പ്രോഗ്രാം പ്രൊഡക്ഷൻ, ഓഡിയോ-വീഡിയോ ഡോക്യുമെന്റേഷൻ, ഇലക്ട്രോണിക് മീഡിയ എന്നിവ ഉൾപ്പെടുന്നു. ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ വീഡിയോ വാർത്താ ക്ലിപ്പിംഗുകളുടെയും ടെലിവിഷൻ ചാനലുകളിലേക്കുള്ള പരസ്യങ്ങളുടെയും നിർമ്മാണവും വിതരണവും ഉൾപ്പെടുന്നു. ഹ്രസ്വ വീഡിയോകളുടെ നിർമ്മാണം, റേഡിയോ പരസ്യങ്ങൾ, ഡോക്യുമെന്ററികൾ, ഷോർട്ട് ഫിലിമുകൾ, ഇൻഫോ-വീഡിയോകൾ, പോസ്റ്ററുകൾ വകുപ്പ് തന്നെ നിർമ്മിച്ച് പുറത്തിറക്കിയ ഉള്ളടക്കങ്ങളുടെ ഡോക്യുമെന്റേഷൻ, ആർക്കൈവിംഗ് എന്നിവ ഉൾപ്പെടുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതിവാര സംവേദനാത്മക ടെലിവിഷൻ പരിപാടിയായ നാം മുന്നോട്ട്, നവകേരളം, വാർത്താ റൗണ്ടപ്പ് - പ്രിയകേരളം എന്നീ പ്രതിവാര വികസന അധിഷ്ഠിത ടെലിവിഷൻ പരിപാടിയുടെ നിർമ്മാണവും ഈ വിഭാഗത്തിലൂടെ നടപ്പിലാക്കുന്നു. ജനപഥം എന്ന പേരിൽ ആഴ്ചതോറും റേഡിയോ അധിഷ്ഠിത പരിപാടിയും നടത്തുന്നു.

**വെബ് അധിഷ്ഠിത മാധ്യമം** - വെബ്, ന്യൂ മീഡിയ വിഭാഗം സർക്കാർ വെബ് പോർട്ടലിന്റെ ഉള്ളടക്ക മാനേജ്മെന്റ് ചെയ്തു വരുന്നു - www.kerala.gov.in. ഈ ദ്വിഭാഷാ (ഇംഗ്ലീഷ്, മലയാളം) പോർട്ടൽ ബഹുമാനപ്പെട്ട ഗവർണർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, വിവിധ വകുപ്പുകൾ, ഫീൽഡ് ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയെ സംബന്ധിച്ച പ്രസക്തമായ വിശദാംശങ്ങൾ നൽകുന്നു, കൂടാതെ സർക്കാരിന്റെ 40-ലധികം ഇ-സേവനങ്ങളിലേക്കുള്ള ഒരു ഗേറ്റ്‌വേ കൂടിയാണ് ഈ പോർട്ടൽ. സർക്കാർ ഉത്തരവുകൾ, കാബിനറ്റ്

തീരുമാനങ്ങൾ, വിജ്ഞാപനങ്ങൾ, ഉത്തരവുകൾ, സർക്കുലറുകൾ, അപേക്ഷാ ഫോമുകൾ, നയരേഖകൾ, പ്രസിദ്ധീകരണങ്ങൾ, നിയമങ്ങളും ചട്ടങ്ങളും, റിപ്പോർട്ടുകളും ടെൻഡറുകളും അടങ്ങുന്ന രേഖകളുടെ ഒരു ശേഖരം കൂടിയാണ് പോർട്ടൽ. ദിവസേനയുള്ള സർക്കാർ പത്രക്കുറിപ്പുകളും അറിയിപ്പുകളും പോർട്ടലിന്റെ ഭാഗമായി അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ ജനസംഖ്യാശാസ്ത്രം, ഭൂമിശാസ്ത്രം, സാമൂഹിക-സാംസ്കാരിക, സാമ്പത്തിക, ചരിത്രപരമായ വശങ്ങളെക്കുറിച്ചുള്ള ഉപയോഗപ്രദമായ ഉള്ളടക്കവും പോർട്ടലിൽ ഉണ്ട്.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റായ www.keralacm.gov.in-ഉം മന്ത്രിമാരുടെ ഔദ്യോഗിക വെബ്സൈറ്റുകളും വെബ് & ന്യൂ മീഡിയ വിഭാഗം കൈകാര്യം ചെയ്യുന്നു. വിഭാഗത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.prd.kerala.gov.in, എക്സ്ക്ലൂസീവ് ന്യൂസ് പോർട്ടൽ – www.keralanews.gov.in എന്നിവയും നിയന്ത്രിക്കുന്നു. സർക്കാർ വെബ് പോർട്ടലിലൂടെ എസ്എസ്എൽസി, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി എന്നിവയുടെ വാർഷിക ഫലങ്ങളും കൂടാതെ തെരഞ്ഞെടുപ്പ് ഫലങ്ങളും പ്രസിദ്ധീകരിക്കുന്നത് ഈ വിഭാഗം മുഖേനയാണ്. വെബ്, ന്യൂ മീഡിയ ഡിവിഷൻ I&PRD യുടെ ട്വിറ്റർ (Twitter.com/iprdkerala), ഫേസ്ബുക്ക് (Facebook.com/keralainformation), ഇൻസ്റ്റാഗ്രാം (Instagram.com/iprdkerala), YouTube (YouTube.com/iprdkerala), Dailyhunt (Dailyhunt.com/iprdkerala) എന്നീ സോഷ്യൽ മീഡിയ അക്കൗണ്ടുകളും നിയന്ത്രിക്കുന്നു.

**മാധ്യമ ബന്ധങ്ങൾ** - പ്രസ് റിലീസ് വിഭാഗം, സർക്കാർ പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ, അറിയിപ്പുകൾ, പ്രഖ്യാപനങ്ങൾ എന്നിവ ബഹുഭാഷാ വാർത്താ റിപ്പോർട്ടുകളുടെ രൂപത്തിൽ പ്രസിദ്ധീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. പ്രസ് മീറ്റുകൾ വിളിക്കുക, പ്രത്യേക അവസരങ്ങളിൽ മാധ്യമ കേന്ദ്രങ്ങൾ സ്ഥാപിക്കുക, മാധ്യമ അക്രഡിറ്റേഷൻ സേവനങ്ങൾ, മാധ്യമ റിപ്പോർട്ടർമാർക്ക് കവറേജിനും റിപ്പോർട്ടിംഗിനും പ്രത്യേക അവസരങ്ങളിൽ സൗകര്യമൊരുക്കുക, സംസ്ഥാന മാധ്യമ അവാർഡ് ചടങ്ങുകൾ സംഘടിപ്പിക്കുക എന്നിവ ഈ വിഭാഗത്തിന്റെ പ്രധാന ചുമതലകളാണ്. വിഭാഗത്തിലെ ഫോട്ടോഗ്രാഫി വിഭാഗം സംസ്ഥാനത്തുടനീളമുള്ള സർക്കാർ പരിപാടികൾ കവർ ചെയ്യുന്നു. ദിവസേന ചിത്രങ്ങൾ മാധ്യമങ്ങൾക്ക് റിലീസ് ചെയ്യുന്നു, ഫോട്ടോഗ്രാഫുകൾ റെക്കോർഡുകളാക്കി സൂക്ഷിക്കുന്നു. സർക്കാർ നയങ്ങൾ, തീരുമാനങ്ങൾ, പരിപാടികൾ, സാമൂഹിക പ്രശ്നങ്ങൾ എന്നിവയിൽ സ്വാധീനം ചെലുത്തുന്ന അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വാർത്തകളുടെ ദൈനംദിന പരിശോധന സൂക്ഷ്മപരിശോധന എന്നിവ ഈ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടക്കുന്നു.

**പ്രസിദ്ധീകരണങ്ങൾ** – വകുപ്പ് ആനുകാലികങ്ങൾ പുറത്തിറക്കുന്നു: കേരള കോളിംഗ് (ഇംഗ്ലീഷ്), സമകാലിക ജനപഥം (മലയാളം). കേരള സംസ്കാരം, ചരിത്രം, കല, പ്രമുഖ വ്യക്തിത്വങ്ങൾ എന്നിവയെക്കുറിച്ചുള്ള വാർത്താക്കുറിപ്പുകൾ, ലഘുലേഖകൾ, ബ്രോഷറുകൾ, റിപ്പോർട്ടുകൾ, പുസ്തകങ്ങൾ എന്നിവയും വിഭാഗം പ്രസിദ്ധീകരിക്കുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പ്രോത്സാഹനത്തിനായി ഒരു സർക്കുലേഷൻ വിഭാഗവും ഉണ്ട്.

**ഫീൽഡ് പ്രചാരണവും സംസ്കാരവും** - പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തിനകത്തും പുറത്തും ഫീൽഡ് പ്രചാരണവും, അന്തർ സംസ്ഥാന പബ്ലിക് റിലേഷൻസിന്റെ ഭാഗമായി മെട്രോ നഗരങ്ങളിലെ വ്യാപാര സാംസ്കാരിക ഉത്സവങ്ങൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, ന്യൂഡൽഹിയിൽ നടക്കുന്ന അന്താരാഷ്ട്ര വ്യാപാരമേള, സോഷ്യൽമീഡിയ, മൾട്ടിമീഡിയ ക്യാമ്പെയിനുകൾ, കല, സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. ഗാന്ധിജയന്തി, വായനാവാരം, ഔദ്യോഗിക ഭാഷ, മലയാളംവാരം തുടങ്ങിയ ദിന - വാരാചരണങ്ങളും ആഘോഷങ്ങളും ഔട്ട്ഡോർ പബ്ലിസിറ്റി ആൻഡ് കൾച്ചറൽ വിഭാഗമാണ് ഏറ്റെടുക്കുന്നത്. തലസ്ഥാന നഗരത്തിലെ ഒരു സാംസ്കാരിക കേന്ദ്രമായി ടാഗോർ തിയേറ്ററിനെ വികസിപ്പിച്ചെടുത്തു. ദേശീയ തിയേറ്റർ ഫെസ്റ്റിവലിനും കേരളത്തിലെ അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കും ആതിഥേയത്വം വഹിക്കുന്നതിനുള്ള പ്രധാന വേദിയാണിത്. ന്യൂഡൽഹിയിൽ നടക്കുന്ന വാർഷിക ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ കേരള പവലിയന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും ഈ വിഭാഗമാണ്.

**ഗവേഷണവും റഫറൻസും** - പ്രസ് ആൻഡ് രജിസ്ട്രേഷൻ ഓഫ് ബുക്ക്സ് ആക്റ്റിലെ (പിആർബി ആക്ട്) നിർദ്ദേശങ്ങൾ അനുസരിച്ച് റിസർച്ച് ആൻഡ് റഫറൻസ് വിഭാഗം സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും രജിസ്റ്ററുകൾ പതിവായി പരിപാലിക്കുന്നു. അടിയന്തിരഘട്ടത്തിൽ ആശയവിനിമയം, പ്രചാരണ ആസൂത്രണം, ബ്രാൻഡ് നിർമ്മാണം, മൊബൈൽ ജേണലിസം, ഡാറ്റ വിശകലനം തുടങ്ങിയ പബ്ലിക് റിലേഷൻസിലെ പുതിയ പ്രവണതകളിലും പ്രവർത്തന മേഖലകളിലും ഈ ഡിവിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുകയും ജീവനക്കാരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

**കേരള മീഡിയ അക്കാദമി –** ജേർണലിസം മേഖലയിലെ പഠന-ഗവേഷണ പരിപാടികൾ നടത്തുകയും പരിശീലന പരിപാടികൾ, ശിൽപശാലകൾ, സെമിനാറുകൾ, പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രസിദ്ധീകരണം, മാധ്യമ അവാർഡുകളുടെ വിതരണം നടത്തുകയും, ജേർണലിസത്തിൽ അഡ്വാൻസ്ഡ്

റിസർച്ച് നടത്തുന്നതിന് ഫെലോഷിപ്പ് നൽകുകയും ചെയ്യുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള മീഡിയ അക്കാദമി.

**പരസ്യം** - സർക്കാർ പരസ്യങ്ങൾ മാധ്യമങ്ങൾക്ക് നൽകുന്നതിനുള്ള ഔദ്യോഗിക ഏജൻസിയാണ് ഐ ആൻഡ് പിആർഡി. അച്ചടി, ദൃശ്യ, ശബ്ദ പരസ്യങ്ങളുടെ നിർമ്മാണം, പരസ്യങ്ങൾക്ക് സർക്കാരിന്റെ നിരക്ക് നിർണ്ണയം തുടങ്ങിയ കാര്യങ്ങൾ ഈ വിഭാഗം ചെയ്യുന്നു.

### 2023–24–ലെ പ്രധാന നേട്ടങ്ങൾ

- 2023-24-ൽ 7,340 പ്രസ്സ് റിലീസുകൾ തയ്യാറാക്കി വിതരണം ചെയ്തു. കൂടാതെ ഇക്കാലയളവിൽ 43 പ്രസ് കോൺഫറൻസുകൾ സംഘടിപ്പിച്ച് മാധ്യമ ഏകോപന പ്രവർത്തനങ്ങളും നടപ്പാക്കിയിരുന്നു.
- നവകേരള സദസ്സ്, ലോക കേരള സഭ എന്നിവയാണ് ഫോട്ടോഗ്രാഫി വിഭാഗം ഏറ്റെടുത്ത പ്രധാന പരിപാടികൾ. ഫോട്ടോഗ്രാഫി വിഭാഗം 889 പ്രോഗ്രാമുകൾ കവർ ചെയ്യുകയും 1,40,726 ചിത്രങ്ങൾ പകർത്തുകയും ചെയ്തു. 2,647 ചിത്രങ്ങൾ മാധ്യമങ്ങൾക്ക് പ്രകാശനത്തിന് നൽകുകയും കൂടാതെ, ഈ കാലയളവിൽ 419 പരിപാടികളുടെ 31,533 ചിത്രങ്ങളും ഫോട്ടോ ഡോക്യുമെന്റേഷനും ചെയ്തു.
- 1500-ൽ അധികം സർക്കാർ ഉത്തരവുകളും സർക്കുലറുകളും സ്റ്റേറ്റ് പോർട്ടലിലേക്ക് അപ്ലോഡ് ചെയ്തു. സർക്കുലറുകൾ, വിജ്ഞാപനങ്ങൾ, ടെൻഡറുകൾ, സർക്കാർ റിപ്പോർട്ടുകൾ, സർക്കാർ നയങ്ങൾ, വാർത്തകൾ, വീഡിയോകൾ, ചിത്രങ്ങൾ, ബാനർ വാർത്തകൾ എന്നിവ സർക്കാർ ഉപ പോർട്ടലുകളിലും, noticeboard.kerala.gov.in, document.kerala.gov.in എന്നിവയിലും അപ്ലോഡ് ചെയ്തിട്ടുണ്ട്.
- ന്യൂസ് ക്ലിപ്പ് വീഡിയോ പ്രോജക്റ്റിന്റെ ഭാഗമായി, സെൻട്രൽ ന്യൂസ് ഡെസ്ക് 2023-24 ൽ ശ്രദ്ധേയമായ 600 പരിപാടികൾ രേഖപ്പെടുത്തുകയും എഡിറ്റ് ചെയ്യുകയും ചെയ്തു.
- നവകേരളം പ്രതിവാര ടെലിവിഷൻ പരിപാടിയുടെ 48 എപ്പിസോഡുകൾ ഏഷ്യാനെറ്റ് ന്യൂസ്, കൈരളി ന്യൂസ് എന്നീ ടെലിവിഷൻ ചാനലുകൾ വഴി നിർമ്മിക്കുകയും സംപ്രേക്ഷണം ചെയ്യുകയും ചെയ്തു. പ്രിയകേരളം ടെലിവിഷൻ പരിപാടിയിൽ സർക്കാരിന്റെ സംസ്ഥാനത്തെ വികസന-ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സമഗ്രമായ പ്രതിവാര റിപ്പോർട്ടുകൾ നൽകുകയും 51 എപ്പിസോഡുകൾ ദൂരദർശനിൽ സംപ്രേക്ഷണം ചെയ്യുകയും ചെയ്തു.
- സംസ്ഥാന സർക്കാരിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി 77 ഹ്രസ്വ/വിവര വീഡിയോകൾ നിർമ്മിച്ചു. സർക്കാർ വകുപ്പുകളുമായി സഹകരിച്ച് സൃഷ്ടിച്ച ഈ വീഡിയോകൾക്ക് പ്രസക്തമായ സ്ഥാപനങ്ങളിലൂടെയും ഐ-പിആർഡിയുടെ സോഷ്യൽ മീഡിയ ചാനലുകളിലൂടെയും വിപുലമായ പ്രമോഷൻ ലഭിച്ചു.
- വികസനത്തിനും ക്ഷേമത്തിനുമുള്ള സർക്കാർ സംരംഭങ്ങളെ കേന്ദ്രീകരിച്ച് സമകാലിക ജനപഥം ജേണലിന്റെ പ്രത്യേക പതിപ്പുകൾ പുറത്തിറക്കി. ടൂറിസം, മലയാളദിനാഘോഷം ഭാഷാപതിപ്പ് എന്നിവയും പ്രസിദ്ധീകരിച്ചു. സർക്കാരിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കോഫി ടേബിൾ ബുക്ക്, 2023-ലെ മാധ്യമ കൈപ്പുസ്തകം, മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തെക്കുറിച്ചുള്ള ബ്രോഷർ 'കടലോളം കരുതൽ' എന്നിവ പ്രസിദ്ധീകരിച്ചു. 'വൈക്കം സത്യാഗ്രഹം', 'ചാറ്റുപാട്ട്', പ്രവാസികൾക്കുള്ള ക്ഷേമപദ്ധതികൾ എന്നിവയെക്കുറിച്ചുള്ള ലഘുലേഖകളും പ്രസിദ്ധീകരിച്ചു. സർക്കാരിന്റെ രണ്ടാം വാർഷികാഘോഷ വേളയിൽ മേഖല തിരിച്ചുള്ള നേട്ടങ്ങളുടെ വിശദാംശങ്ങളടങ്ങിയ സർക്കാരിന്റെ പുരോഗതി റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ഐ ആൻഡ് പിആർഡിയുടെ ഇംഗ്ലീഷ് എഡിറ്റോറിയൽ വിഭാഗം കേരള കോളിംഗ് പ്രതിമാസം ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നു. K-FON & Tourism എന്ന വിഷയത്തിൽ കേരള കോളിംഗ് പ്രത്യേക ലക്കങ്ങൾ പ്രസിദ്ധീകരിച്ചു. ഇംഗ്ലീഷ് ഡിവിഷൻ കോഫി-ടേബിൾ പുസ്തകങ്ങളും പുറത്തിറക്കി. ഓൺ ദി മൂവ്, വൈക്കം സത്യാഗ്രഹം, ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ബ്രോഷറും പ്രസിദ്ധീകരിച്ചു.
- 14 ജില്ലകളിൽ 'എന്റെ കേരളം' പ്രദർശനവും വ്യാപാര മേളയും വകുപ്പ് വിജയകരമായി നടത്തി. ജില്ലകളിൽ സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ചു. മേളയുടെ പ്രചാരണത്തിനായി സംസ്ഥാനത്തുടനീളം ഹോർഡിംഗുകൾ വഴി പരസ്യം നൽകിയിട്ടുണ്ട്. കൊച്ചി മെട്രോ പില്ലറുകളിലും ഷോപ്പിംഗ് മാളുകളിലും കെഎസ്ആർടിസി ബസ് ബ്രാൻഡിങ്ങിലും പരസ്യങ്ങൾ പ്രദർശിപ്പിച്ചു. വകുപ്പിന്റെ ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ മുഖേന 'വന സൗഹൃദ സദസ്', 'താലൂക്ക് അദാലത്തുകൾ' എന്നിവയ്ക്കായി ക്യാമ്പയിൻ സംഘടിപ്പിച്ചു. സംസ്ഥാനതല 'വായനവാരം' പ്രമാണിച്ച് ജില്ലകളിൽ പി എൻ പണിക്കർ ഫൗണ്ടേഷനുമായി ചേർന്ന് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കേരളീയം പരിപാടിക്ക് വലിയ തോതിലുള്ള പ്രചാരണം നൽകുകയും പരിപാടിയുടെ സംസ്ഥാനതലത്തിൽ 177 സ്ഥലങ്ങളിൽ ഹോർഡിംഗുകൾ വഴി പരസ്യം നൽകുകയും ചെയ്തു. ലോക കേരള സഭയ്ക്ക് സംസ്ഥാനത്തൊട്ടാകെ 465 സ്ഥലങ്ങളിൽ ഹോർഡിംഗുകൾ മുഖേനയുള്ള പരസ്യങ്ങൾ നൽകി.
- 2023-ലെ ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ ആദ്യമായി കേരളം പങ്കെടുത്തു. 'വസുധൈവ കുടുംബകം - വ്യാപാരത്താൽ ഏകീകൃതം' എന്ന പ്രമേയത്തോടെ ഒരു പവലിയൻ സ്ഥാപിച്ചു. പവലിയനിൽ 10 തീം സ്റ്റാളുകളും 34 വാണിജ്യ സ്റ്റാളുകളും ഒരുക്കിയിരുന്നു. ഈ വ്യാപാരമേളയുടെ ഭാഗമായി സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ചു.

**മുന്നോട്ടുള്ള വഴി**
വകുപ്പിന്റെ കാഴ്ചപ്പാട് പുതിയ തലമുറയുടെ ആശയവിനിമയ സാങ്കേതികവിദ്യകളിൽ നിന്നുള്ള മികച്ചവയെ സ്വീകരിച്ച്, അവയെ സുഗമമായി സംയോജിപ്പിച്ച്, പ്രേക്ഷകരെ കാര്യക്ഷമമായി ആകർഷിക്കുകയും പ്രതികരണ സംവിധാനത്തെ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ്. മെച്ചപ്പെടുത്തിയതും പുതുക്കിയതുമായ ഓൺലൈൻ സാന്നിധ്യം വകുപ്പിന്റെ സമഗ്ര പ്രവർത്തനത്തിൽ നിർണ്ണായക പങ്കുവഹിക്കും.

അദ്ധ്യായം

# 06

# മാനവ വികസനം

# മാനവ വികസനം

## 6.1 വിദ്യാഭ്യാസം

കേരളത്തിന്റെ ദേശീയ അന്തർദേശീയ പ്രശസ്തിയുടെ അടിസ്ഥാനം മാനവ വികസനത്തിനുണ്ടായ നേട്ടങ്ങളാണ്. കേരളത്തിലെ വിദ്യാഭ്യാസം എല്ലാവരേയും ഉൾക്കൊള്ളുന്നതും എല്ലാ ജനവിഭാഗങ്ങൾക്കും പ്രാപ്യവുമാണ്. 18 വയസ്സു വരെയുള്ള എല്ലാ കുട്ടികളുടെയും ആവശ്യങ്ങളെ അഭിസംബോധന ചെയ്യത്തക്ക വിധം നന്നായി വികസിപ്പിച്ച ഒരു സംവിധാനത്തോടെ സാക്ഷരതയിലും സ്കൂൾ വിദ്യാഭ്യാസത്തിലും വളരെ ഉയർന്ന നിരക്കുകൾ കൈവരിച്ച സംസ്ഥാനമാണ് നമ്മുടേത്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സാമൂഹിക സൂചകങ്ങളിൽ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മികച്ച സ്ഥാനം നേടിയിട്ടുണ്ട്. ഉയർന്ന സാക്ഷരതാ നിരക്ക്, വിദ്യാർത്ഥികളുടെ ഉയർന്ന പ്രവേശന നിരക്ക്, സ്കൂളുകളിലും കോളേജുകളിലും പെൺകുട്ടികൾ, എസ്‌സി, എസ്ടി എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ഉയർന്ന ശതമാനം, വിദ്യാർത്ഥികൾക്കിടയിലെ കുറഞ്ഞ കൊഴിഞ്ഞുപോക്ക് നിരക്ക് എന്നിവ കേരളത്തിന്റെ പ്രത്യേകതയാണ്. കേരളത്തിലെ സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നല്ല നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ശുചിത്വ അന്തരീക്ഷം നിലനിർത്തുന്നതിനും പ്രതിജ്ഞാബദ്ധരാണ്. പ്രവേശനത്തിൽ ലിംഗപദവി സമത്വം കൈവരിക്കുന്നതിൽ കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം വിജയിച്ചിട്ടുണ്ട്.

പാർശ്വവൽക്കരിക്കപ്പെട്ടതും ദുർബലവുമായ വിഭാഗങ്ങളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് വിവിധ വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികളുടെ വിവിധ ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്നതിൽ സംസ്ഥാനം അതീവ താല്പര്യം കാണിക്കുന്നു. പ്രത്യേക ശ്രദ്ധ ആവശ്യമായ കുട്ടികളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി പ്രൊഫഷണൽ വൈദഗ്ധ്യത്തിന്റെയും സഹായത്തിന്റെയും പിന്തുണയോടെ പ്രത്യേകം രൂപകല്പന ചെയ്ത പദ്ധതികൾ നടപ്പിലാക്കുന്നു. പാഠ്യപദ്ധതിക്ക് പുറമേ, കല, കായികം തുടങ്ങിയ പ്രവർത്തനങ്ങൾക്കും കാര്യമായ ശ്രദ്ധ നൽകുന്നു. "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ"ത്തിന്റെ തുടർച്ചയായ നവകേരള മിഷന്റെ ഘടകമായ "വിദ്യാ കിരണം", "കേരള നോളജ് എക്കണോമി മിഷൻ" എന്നിവ മുഖേന സ്കൂൾ-ഉന്നത വിദ്യാഭ്യാസ നിലവാരത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്.

വിദ്യഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുക, അക്കാദമിക മികവ് കൈവരിക്കുക, ഡിജിറ്റൽ വിഭജനം അവസാനിപ്പിക്കുക സ്കൂൾ വിദ്യാഭ്യാസവുമായി മികച്ച കണക്റ്റിവിറ്റി ഉറപ്പാക്കുക ഡിജിറ്റൽ പഠന സാമഗ്രികളിലേക്കും ലൈബ്രറി ശൃംഖലകളിലേക്കും തികച്ചും പുതിയ രീതിയിൽ പ്രവേശനം ഉറപ്പാക്കുക എന്നിവ പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്നു. ഡിജിറ്റൽ വിഭജനത്തിന്റെ പ്രശ്നത്തെ അഭിസംബോധന ചെയ്യുന്നതിലും സാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കുന്നതിലും, കേരളം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. സ്കൂളുകളെ സാമൂഹിക വികസനത്തിന്റെ അണുകേന്ദ്രമായി കണക്കാക്കുകയും വിദ്യാഭ്യാസത്തിന് പ്രഥമ പരിഗണന നൽകുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിൽ കേരളത്തിന്റെ വിദ്യാഭ്യാസ രൂപരേഖയുടെ വളർച്ചയും പുരോഗതിയും മനസ്സിലാക്കുന്നത് നിർണായകമാണ്.

**സാക്ഷരത**

ഒരു രാജ്യത്തിന്റെ മാനവ മൂലധനത്തിന്റെ ഗുണനിലവാരത്തിന്റെ ഏറ്റവും പ്രധാന സൂചകം സാക്ഷരതയാണ്. സാക്ഷരത കണക്കിലെടുക്കുമ്പോൾ

94 ശതമാനം സാക്ഷരത നിരക്ക് നേടിക്കൊണ്ട് ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് കേരളം. ലക്ഷദ്വീപും (91.9 ശതമാനം) മിസോറാമും (91.3) കേരളത്തിന്റെ തൊട്ടു പുറകിലുണ്ട് (സെൻസസ്സ് ഓഫ് ഇന്ത്യ 2011). 1951 ൽ 47.2 ശതമാനമായിരുന്ന കേരളത്തിലെ സാക്ഷരതാനിരക്ക് 2011 ആയപ്പോൾ ഏകദേശം ഇരട്ടിയായി. 1951 ൽ 22 ശതമാനമായിരുന്ന സ്ത്രീ-പുരുഷ സാക്ഷരതാന്തരം 2011 ൽ 4.0 ശതമാനമായി താഴ്ന്നു. സ്ത്രീ സാക്ഷരതയിൽ കേരളം 92.1 ശതമാനത്തോടെ രാജ്യത്ത് ഒന്നാമത് നിൽക്കുമ്പോൾ ബീഹാർ ആണ് ഏറ്റവും പിന്നിലുള്ളത് (51.5 ശതമാനം) (സെൻസസ് ഓഫ് ഇന്ത്യ 2011). 1951 മുതൽ 2011 വരെയുള്ള സാക്ഷരതാ നിരക്കുകൾ **അനുബന്ധം 6.1.1** ൽ കൊടുത്തിരിക്കുന്നു. സാക്ഷരതാ നിരക്കിന്റെ കാര്യത്തിൽ ജില്ലകൾ തമ്മിലുള്ള അന്തരം വളരെ കുറവാണ്. കേരളത്തിന്റെ സാക്ഷരതാ നിരക്ക് ജില്ലതിരിച്ച് വിശകലനം ചെയ്യുമ്പോൾ 97.2 ശതമാനത്തോടെ കോട്ടയം ജില്ലയാണ് സാക്ഷരതയിൽ ഏറ്റവും മുന്നിൽ. 96.6 ശതമാനത്തോടെ പത്തനംതിട്ട ജില്ലയും 95.9 ശതമാനത്തോടെ എറണാകുളവും തൊട്ടുപിന്നിലുണ്ട്. സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്കുള്ള ജില്ല വയനാടാണ് (89.0 ശതമാനം). 2001, 2011 വർഷങ്ങളിലെ പുരുഷ-സ്ത്രീ വിഭാഗം തിരിച്ചുള്ള ജില്ലകളിലെ സാക്ഷരതാ നിരക്കുകൾ **അനുബന്ധം 6.1.2** ൽ കൊടുത്തിരിക്കുന്നു.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (കെ.എസ്.എൽ.എം.എ) സംസ്ഥാനത്ത് സാക്ഷരത, തുടർ വിദ്യാഭ്യാസം, ആജീവനാന്ത പഠന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിനായി പ്രവർത്തിക്കുന്നു. നിരക്ഷരർ, നവസാക്ഷരർ, സ്കൂൾ കൊഴിഞ്ഞുപോക്ക്, ആജീവനാന്ത വിദ്യാഭ്യാസമോ തുടർവിദ്യാഭ്യാസമോ താൽപ്പര്യമുള്ള ആളുകൾ എന്നിവരാണ് ഈ പരിപാടികളുടെ പ്രധാന ഗുണഭോക്താക്കൾ. പരമ്പരാഗത സാക്ഷരതാ പരിപാടികൾക്കപ്പുറം കെ.എസ്.എൽ.എം.എ അതിന്റെ ശ്രമങ്ങൾ വൈവിധ്യവൽക്കരിച്ചിട്ടുണ്ട്. ഈ വർഷങ്ങളിൽ, സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ സ്ത്രീകൾ, പട്ടികജാതി, പട്ടികവർഗക്കാർ, ട്രാൻസ്ജെൻഡറുകൾ, തീരദേശവാസികൾ, കുടിയേറ്റ തൊഴിലാളികൾ തുടങ്ങിയവരിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് സമൂഹത്തിലെ ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചു. സാക്ഷരത എന്നാൽ വെറും എഴുത്തും വായനയും പഠിക്കുക മാത്രമല്ല മറിച്ച് ആരോഗ്യപരവും വളർച്ചാപരവുമായ ഒരു സാമൂഹിക ജീവിതം എങ്ങനെ വളർത്തിയെടുക്കാം എന്ന അവബോധം വളർത്തിയെടുക്കൽ കൂടിയാണ്. ഈ ആശയം മുന്നിൽ വച്ചുകൊണ്ട് കേരള സാക്ഷരത മിഷൻ അതോറിറ്റി (കെ.എസ്.എൽ.എം.എ) ആരംഭിച്ച സാമൂഹ്യ സാക്ഷരത പദ്ധതി ലക്ഷ്യം വയ്ക്കുന്നത് ആരോഗ്യം, പരിസ്ഥിതി, ലിംഗഭേദം, കേരള നവോത്ഥാനം, ഇന്ത്യൻ ഭരണഘടന, ഇ-വിദ്യാഭ്യാസം എന്നീ മേഖലകളെയാണ്. സാക്ഷരതയ്ക്കും തുടർവിദ്യാഭ്യാസത്തിനും കീഴിലുള്ള മുതിർന്ന പഠിതാക്കൾ ഈ പ്രോഗ്രാമുകളുടെ നേരിട്ടുള്ള ഗുണഭോക്താക്കളാണ്.

**1. സാക്ഷരതാ പരിപാടികൾ**

നിരക്ഷരരായ ആളുകളെ സാക്ഷരരാക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി വിവിധ തരത്തിലുള്ള സാക്ഷരതാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ വർഷം സാക്ഷരതാ പദ്ധതി തീരദേശ, ആദിവാസി, പട്ടികജാതി പ്രദേശങ്ങളിൽ/വാസസ്ഥലങ്ങളിൽ നിന്നുള്ള പഠിതാക്കൾക്ക് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി കേന്ദ്ര സർക്കാർ പദ്ധതിയായ പഢ്ന ലിഖ്ന അഭിയാനും (പിഎൽഎ) കെ.എസ്.എൽ.എം.എ നടപ്പിലാക്കിയിട്ടുണ്ട്.

**2. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതികൾ**

എ. അട്ടപ്പാടി ഗോത്രവർഗ്ഗ സാക്ഷരതാ പരിപാടി: ഇതിന്റെ ഭാഗമായി അട്ടപ്പാടിയിലെ 192 ഗോത്ര വർഗ്ഗ വാസസ്ഥലങ്ങളിൽ ക്ലാസുകൾ നടത്തുകയും 1,458 പഠിതാക്കൾ സാക്ഷരത നേടുകയും ചെയ്തു. ഈ കാലയളവിൽ പൂർത്തിയാക്കിയ സർവേയുടെ അടിസ്ഥാനത്തിൽ, 2,000 പഠിതാക്കൾ ഇപ്പോൾ ക്ലാസിൽ ചേരാൻ തയ്യാറാണ്.

ബി. വയനാട് ഗോത്രവർഗ്ഗ സാക്ഷരതാ പരിപാടി: വയനാട്ടിലെ ഗോത്രവർഗക്കാരുടെ നിരക്ഷരത തുടച്ചുനീക്കാനാണ് ഈ പരിപാടി. ഈ പദ്ധതിയുടെ മൂന്ന് ഘട്ടങ്ങൾ പൂർത്തിയാകുകയും 20,260-ത്തിലധികം ആദിവാസി പഠിതാക്കൾ സാക്ഷരത കൈവരിക്കുകയും ചെയ്തു. നാലാം ഘട്ടത്തിൽ നാലാം ക്ലാസ്സ് തുല്യതാ പഠനത്തിനായി 1000 പേരെ കണ്ടെത്തി.

സി. നവചേതന (പട്ടികജാതിക്കാർക്കായുള്ള പ്രത്യേക സാക്ഷരതാ പരിപാടി)- കേരളത്തിലെ പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ വികസനം ലക്ഷ്യമിട്ട് പ്രത്യേകം രൂപകല്പന ചെയ്ത പരിപാടിയാണ് നവചേതന. കഴിഞ്ഞ വർഷമാണ് പദ്ധതിയിൽ നാലാം ക്ലാസ്സ് തുല്യതാ ക്ലാസ്സുകൾ നടപ്പിലാക്കിയത്. 14 ജില്ലകളിലായി നടന്ന ക്ലാസ്സുകളിൽ 3801 വിദ്യാർഥികൾ പരീക്ഷയെഴുതി.

ഡി. ചങ്ങാതി - കുടിയേറ്റ തൊഴിലാളികൾക്കായുള്ള പ്രത്യേക സാക്ഷരതാ പരിപാടി : പശ്ചിമ ബംഗാൾ, ബിഹാർ, അസം, തമിഴ്നാട്, കർണാടക തുടങ്ങിയ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ധാരാളം തൊഴിലാളികൾ ജോലി ചെയ്യുന്നതിനും അവരുടെ വരുമാനം കണ്ടെത്തുന്നതിനും വരുന്ന സംസ്ഥാനമാണ് കേരളം. കൂടുതലും ശാരീരിക അദ്ധ്വാനമുള്ള ജോലി ചെയ്യുന്ന അവർ നമ്മുടെ ദൈനംദിന ജീവിതത്തിൽ ഏറെക്കുറെ അനിവാര്യമായിത്തീർന്നിരിക്കുന്നു, അതിനാൽ അവരെ നമ്മുടെ ഭാഷയുമായും സമൂഹവുമായും ബന്ധപ്പെടുത്തേണ്ടത് ആവശ്യമാണ്. ഇതിനുള്ള ആദ്യ പരിപാടി 2017-ൽ എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ ആരംഭിച്ചു. 14 ജില്ലകളിലും ക്ലാസുകൾ നടന്നു, പദ്ധതിയുടെ നാലാം ഘട്ടം പൂർത്തിയായി. പാലക്കാട് ജില്ലയിൽ ചങ്ങാതി പദ്ധതി പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ പ്രത്യേക പദ്ധതിയായാണ് നടപ്പാക്കുന്നത്. 691 വിദ്യാർഥികൾ പരീക്ഷയെഴുതിയതിൽ 687 പേർ വിജയിച്ചു. ബാക്കിയുള്ള 13 ജില്ലകളിലായി 2,696 വിദ്യാർഥികൾ പരീക്ഷയെഴുതി.

ഇ. സമന്വയ - ട്രാൻസ്ജെൻഡർ വ്യക്തികളുടെ

തുടർ വിദ്യാഭ്യാസത്തിനുള്ള പ്രത്യേക പദ്ധതി: ഈ പദ്ധതിയുടെ ഭാഗമായി സാക്ഷരതാ മിഷൻ തുല്യതാ ക്ലാസുകളും വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികളും നടത്തി. പത്തനംതിട്ടയിലെ പന്തളത്ത് നിലവിൽ "പഠനവീട്" എന്നറിയപ്പെടുന്ന ഒരു റസിഡൻഷ്യൽ സ്റ്റഡി സെന്റർ പ്രവർത്തിക്കുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ വിദ്യാഭ്യാസ പ്രയാണത്തിൽ വിദ്യാഭ്യാസവും പിന്തുണയും നൽകുന്നതിന് സമർപ്പിതമാണ് ഈ കേന്ദ്രം.

### 3. തുല്യത പ്രോഗ്രാമുകൾ

നിലവിലുള്ള ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിന് തുല്യമായ ഒരു ബദൽ വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് തുല്യതാ പരിപാടികൾ സംഘടിപ്പിക്കുന്നത്.

എ. നാലാം ക്ലാസ്, ഏഴാം ക്ലാസ് തുല്യതാ ക്ലാസുകൾ സാക്ഷരതാ പരീക്ഷയിൽ വിജയിച്ചവർക്കും പ്രൈമറി തലം മുതൽ സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയ വിദ്യാർത്ഥികൾക്കും നാലാംതരം തുല്യതാ കോഴ്സിലേക്ക് ചേരാം. നാലാംതരം തുല്യത പാസായവർക്കും അപ്പർ പ്രൈമറി തലം മുതൽ സ്കൂൾ പഠനം ഉപേക്ഷിച്ചവർക്കും ഏഴാം ക്ലാസ് തുല്യതാ പ്രോഗ്രാമിലേക്ക് പ്രവേശനം ലഭിക്കും. നാലാം ക്ലാസ് തുല്യതയ്ക്ക് 778 പേർക്ക് പ്രയോജനം ലഭിച്ചു. ഏഴാംതരം തുല്യതാ കോഴ്സിന്, 4836 പഠിതാക്കൾ രജിസ്റ്റർ ചെയ്യുകയും 1697 പഠിതാക്കൾ പരീക്ഷയെഴുതുകയും ചെയ്ത പതിനാറാം ബാച്ചിൽ (2023) 1642 പഠിതാക്കൾ ഉപരിപഠനത്തിന് അർഹരായി.

കെഎസ്എൽഎംഎയുടെ കേന്ദ്രീകൃതമായ ശ്രമങ്ങളിലൂടെ കാരണം, പ്രേരകുമാർക്ക് പഠനം ആവശ്യമുള്ള വ്യക്തികളെ തിരിച്ചറിയാനും അവരെ വിവിധ തലത്തിലുള്ള തുല്യതാ പ്രോഗ്രാമുകളിലേക്ക് ചേർക്കാനും കഴിഞ്ഞു. ധാരാളം വ്യക്തികളെ പഠനത്തിലേക്ക് തിരികെ കൊണ്ടുവരാനും അവരെ പത്താം തരത്തിലേയ്ക്കും പന്ത്രണ്ടാം തരത്തിലേയ്ക്കും ചേർക്കാനും കെ. എസ്. എൽ. എം. എ. പരിശ്രമിക്കുന്നു (**പട്ടിക 6.1.1**). 2023-24 ൽ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ തുല്യതാ പരിപാടിയിൽ നിന്ന് പ്രയോജനം നേടിയ പത്താം തരത്തിലേയും പന്ത്രണ്ടാം തരത്തിലേയും ആളുകളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 6.1.3**–ൽ നൽകിയിരിക്കുന്നു.

ഈ പരിപാടികളിൽ നിന്ന് പ്രയോജനം നേടുന്ന മൊത്തം വ്യക്തികളുടെ എണ്ണത്തിൽ, പട്ടികജാതി, പട്ടികവർഗ ജനസംഖ്യ ഒരു പ്രധാന ഭാഗമാണെന്ന് കാണുന്നു. പ്രോഗ്രാമുകളിലേക്ക് ട്രാൻസ്ജെൻഡർ വ്യക്തികളെ ഉൾപ്പെടുത്താൻ കഴിഞ്ഞ കുറച്ച് വർഷങ്ങളായുള്ള കെ. എസ്. എൽ. എം. എ യുടെ പ്രത്യേക ശ്രമങ്ങളുടെ ഫലമായി, 2024-ൽ ആകെ 52 ട്രാൻസ്ജെൻഡർ വ്യക്തികൾ പത്താം തരം, ഹയർ സെക്കൻഡറി തുല്യതാ പ്രോഗ്രാമുകളിലൂടെ ഗുണഭോക്താക്കളായിട്ടുണ്ട്.

### 4. സാമൂഹിക സാക്ഷരതാ പരിപാടികൾ

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി അക്ഷരമാലയിലും സംഖ്യാ സാക്ഷരതയിലും മാത്രമല്ല, മറ്റ് സാമൂഹിക സാക്ഷരതാ പരിപാടികളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സാമൂഹിക സുരക്ഷ, പരിസ്ഥിതി പ്രശ്നങ്ങൾ, നിയമ അവബോധം, ലിംഗസമത്വം എന്നിവയിൽ സംസ്ഥാനം സമ്പൂർണ സാക്ഷരത നേടിയിട്ടില്ലെന്ന വസ്തുത മനസ്സിലാക്കിയ കെ. എസ്. എൽ. എം. എ, വായനയിലും എഴുത്തിലും സഹായിക്കുക എന്നതിലുപരി സംസ്ഥാനത്തെ വിവിധ സാക്ഷരതാ പരിപാടികൾ സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ മുൻകൈയെടുത്തു.

**എ. പരിസ്ഥിതി സാക്ഷരതാ പരിപാടി:** പരിസ്ഥിതി സാക്ഷരതാ പരിപാടിയുടെ ഭാഗമായി സാക്ഷരതാ മിഷൻ പരിസ്ഥിതി സാക്ഷരതാ സർവേ, ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, മാലിന്യ നിർമാർജ്ജനം, ജല സാക്ഷരതാ ക്ലാസുകൾ തുടങ്ങി നിരവധി പരിപാടികൾ നടത്തി. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ ഇതിനകം പരിസ്ഥിതി പഠന ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

**ബി. പൗരധ്വനി:** മൗലികാവകാശങ്ങൾ, കടമകൾ, ലിംഗപദവി പരമായ കാഴ്ചപ്പാടുകൾ, ഇന്ത്യൻ ഭരണഘടന എന്നിവയെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാനും അടിസ്ഥാന അവബോധം വളർത്താനും രൂപകൽപന ചെയ്ത ഒരു പരിപാടിയാണ് പൗരധ്വനി. ആദ്യ ഘട്ട പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം, പാലക്കാട്, വയനാട്, മലപ്പുറം, എറണാകുളം, കാസർകോട്, ആലപ്പുഴ ജില്ലകളിലായി 7 ദിവസത്തെ ക്യാമ്പ് സംഘടിപ്പിച്ചു.

**സി. സൈബർ സാക്ഷരതാ പരിപാടി:** കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി കേരളത്തിലെ ഡിജിറ്റൽ വിഭജനം ഇല്ലാതാക്കുന്നതിനായി

**പട്ടിക.6.1.1** 2023ലും 2024ലും പന്ത്രണ്ടാം തരത്തിലും, പത്താം തരത്തിലും തുല്യതാ കോഴ്സുകളിൽ നിന്ന് പ്രയോജനം നേടിയ ആളുകളുടെ എണ്ണം

| കോഴ്സ് | | സ്ത്രീ | പുരുഷൻ | ട്രാൻസ്ജെൻഡർ | എസ്.സി | എസ്.റ്റി | ഭിന്നശേഷിയുള്ള വ്യക്തികൾ | ആകെ |
|---|---|---|---|---|---|---|---|---|
| ഹയർ സെക്കൻഡറി | 2023 | 18,619 | 8,178 | 33 | 26,830 | 5,563 | 799 | 388 |
| | 2024 | 15,624 | 5,695 | 26 | 21,345 | 3,655 | 587 | 334 |
| പത്താം തരം | 2023 | 18,144 | 8,971 | 16 | 27,131 | 5,112 | 955 | 676 |
| | 2024 | 11,412 | 5,161 | 26 | 16,599 | 2,625 | 449 | 392 |

***അവലംബം:*** കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

കൈറ്റുമായി സഹകരിച്ച് ഇ- മുറ്റം പദ്ധതി നടപ്പാക്കി. കേരളത്തിലെ 14 ജില്ലകളിലും (ഓരോ ജില്ലയിലും ഒരു പഞ്ചായത്ത്) പദ്ധതി നടപ്പിലാക്കി, 26,971 പേർ ഗുണഭോക്താക്കളായി.

**ഇ. ബ്രെയിൽ സാക്ഷരതാ പരിപാടി:** വരും വർഷങ്ങളിൽ കേരളത്തെ സമ്പൂർണ ബ്രെയിൽ സാക്ഷരതയുള്ള സംസ്ഥാനമാക്കി മാറ്റുക എന്ന ആത്യന്തിക ലക്ഷ്യത്തോടെ കാഴ്ച വൈകല്യമുള്ള വ്യക്തികളുടെ നിരക്ഷരത ഇല്ലാതാക്കുകയും വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് അവരെ സംയോജിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**എഫ്. മുന്നേറ്റം:** മഹിളാ സമഖ്യ സൊസൈറ്റിയുടെ സഹകരണത്തോടെയുള്ള സ്ത്രീ ശാക്തീകരണ പദ്ധതിയാണിത്. വിദ്യാഭ്യാസം, വിമർശനാത്മക ജീവിത നൈപുണ്യങ്ങൾ, തൊഴിൽ വൈദഗ്ധ്യം എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെ സമൂഹത്തിലെ സ്ത്രീകളുടെ അന്തസ്സും കഴിവും വർധിപ്പിച്ച് അവരെ ശാക്തീകരിക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**ജി. ലിംഗപദവി സാക്ഷരത:** പഠിതാക്കൾക്കും പ്രേരകർക്കും അധ്യാപകർക്കും ഇടയിൽ ലിംഗപദവി സമത്വത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, എല്ലായിടത്തും ലിംഗപദവിസമത്വം ഉറപ്പാക്കുക, സമൂഹത്തിൻറെ അടിത്തട്ടിലേയ്ക്ക് ലിംഗപദവി ബോധം എത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ലിംഗപദവി സാക്ഷരതാ പദ്ധതി പ്രവർത്തിക്കുന്നത്.

### 5. സർട്ടിഫിക്കറ്റ് കോഴ്സുകൾ

ഭാഷാ വൈദഗ്ധ്യം മെച്ചപ്പെടുത്താൻ താൽപര്യമുള്ളവരെ ലക്ഷ്യമിട്ട് പച്ച മലയാളം, അച്ചി ഹിന്ദി, നല്ല ഇംഗ്ലീഷ് എന്നീ മൂന്ന് പുതിയ സർട്ടിഫിക്കറ്റ് കോഴ്സുകൾ കെ. എസ്. എൽ. എം. എ ആരംഭിച്ചു. മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ മൂന്ന് ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ ആളുകളെ പ്രാപ്തരാക്കുന്ന നാല് മാസത്തെ കോഴ്സാണിത്. 2024-ൽ നല്ല ഇംഗ്ലീഷ് പഠിക്കുന്നവരുടെ എണ്ണം 1087 ഉം അച്ചി ഹിന്ദിക്ക് 100 ഉം ആണ്.


## സ്കൂൾ വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിന്റെ എല്ലാ പ്രവർത്തനങ്ങളും 1 മുതൽ 10 വരെ ക്ലാസുകളിലും, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി തലങ്ങളിലും ഏകോപിപ്പിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. നേരത്തെ 1 മുതൽ 10 വരെയുള്ള ക്ലാസുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിലായിരുന്നു. ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിന് പ്രത്യേകം ഡയറക്ടറേറ്റുകളും നിലവിലുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ മൂന്ന് വിഭാഗങ്ങളും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലയിപ്പിച്ചിരിക്കുകയാണ്.

2023-24 ൽ കേരളത്തിൽ ഉണ്ടായിരുന്ന 12,948 സ്കൂളുകളിൽ, 4,697 (36.3 ശതമാനം) സർക്കാർ സ്കൂളുകളും 7,208 (55.7 ശതമാനം) എയ്ഡഡ് സ്കൂളുകളും 1,043 (8 ശതമാനം) അൺ എയ്ഡഡ് സ്കൂളുകളുമാണ്. അപ്പർ പ്രൈമറി (യുപി) അല്ലെങ്കിൽ ഹൈസ്കൂൾ (എച്ച്എസ്) സ്കൂളുകളെ അപേക്ഷിച്ച് സർക്കാർ മേഖലയിൽ ലോവർ പ്രൈമറി (എൽപി) സ്കൂളുകളുടെ എണ്ണം കൂടുതലാണ്. എയ്ഡഡ് സ്കൂളുകൾ എല്ലാ വിഭാഗത്തിലും സർക്കാർ സ്കൂളുകളെക്കാൾ എണ്ണത്തിൽ മുന്നിലാണ്. 2023-24 ൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്കൂളുകൾ മലപ്പുറം ജില്ലയിലാണ് (1,571) തൊട്ടു പിന്നാലെ കണ്ണൂരും (1,303), കോഴിക്കോടുമാണ് (1,278). സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സർക്കാർ സ്കൂളുകളും (556) അൺ എയ്ഡഡ് സ്കൂളുകളും (210 എണ്ണം) ഉള്ളതും മലപ്പുറത്തുതന്നെയാണ്. എന്നാൽ കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ എയ്ഡഡ് സ്കൂളുകൾ ഉള്ളത് (963). **അനുബന്ധം 6.1.4** -ൽ ജില്ല/ മാനേജ് മെന്റ്/തലം തിരിച്ച് 2023-24 ലെ കേരളത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ കൊടുത്തിട്ടുണ്ട്.

2023-24 ൽ സംസ്ഥാനത്തെ 1,591 സ്കൂളുകളിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ പാഠ്യപദ്ധതിയാണ് അനുവർത്തിച്ചുപോരുന്നത്. ഇതിൽ 1,370 സി.ബി.എസ്.ഇ. സ്കൂളുകളും, 167 ഐ.സി.എസ്.ഇ. സ്കൂളുകളും, 40 കേന്ദ്രീയ വിദ്യാലയങ്ങളും, 14 ജവഹർ നവോദയ വിദ്യാലയങ്ങളും ഉണ്ട്. കേരള സർക്കാർ പാഠ്യപദ്ധതി അല്ലാത്ത പാഠ്യപദ്ധതി അനുവർത്തിക്കുന്ന, 2023-24 വർഷത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.5** –ൽ കൊടുത്തിട്ടുണ്ട്.

**ചിത്രം 6.1.1** മാനേജ്മെന്റ് തിരിച്ച് വിദ്യാലയങ്ങളുടെ എണ്ണം 2023-24




***അവലംബം:*** പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

### സർക്കാർ സ്കൂളുകളിലെ പശ്ചാത്തല വികസനവും സൗകര്യങ്ങളും

2023-24 ലെ കണക്കനുസരിച്ച് കേരളത്തിലെ എല്ലാ സർക്കാർ സ്കൂളുകളും പ്രവർത്തിക്കുന്നത് ഉറപ്പുള്ള കെട്ടിടങ്ങളിലാണ്. 103 സർക്കാർ സ്കൂളുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിട സൗകര്യമുള്ള സർക്കാർ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.6** ൽ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തുള്ള സർക്കാർ സ്കൂളുകളുടെ പശ്ചാത്തലവികസനവും

സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർവ്വശിക്ഷാ കേരള പോലുള്ള പരിപാടികളും വളരെയേറെ സഹായിച്ചിട്ടുണ്ട്. കിഫ്ബിക്ക് കീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അഞ്ച് കോടി രൂപ, മൂന്ന് കോടി രൂപ, ഒരു കോടി രൂപ വീതം യഥാക്രമം 141, 386, 446 സ്കൂളുകൾക്കായി അനുവദിച്ചിട്ടുണ്ട്. 5 കോടിയുടെ വിഭാഗത്തിൽ 138 സ്കൂളുകളിൽ കെട്ടിടങ്ങളുടെ നിർമാണം പൂർത്തിയാക്കി. 3 കോടിയുടെ വിഭാഗത്തിൽ 178 സ്കൂളുകളിലും ഒരു കോടി രൂപ വിഭാഗത്തിൽ 192 സ്കൂളുകളിലും കെട്ടിടങ്ങളുടെ നിർമാണം പൂർത്തിയായി. നബാർഡിന്റെ സഹായത്തോടെ 104 കോടി രൂപ വിനിയോഗിച്ച് 52 സ്കൂളുകളുടെ കെട്ടിട നിർമാണം പൂർത്തീകരിച്ചു. കണക്കുപ്രകാരം 99.8 ശതമാനം സർക്കാർ സ്കൂളുകളിൽ കുടിവെള്ള സൗകര്യവും, മിക്കവാറും എല്ലാ സ്കൂളുകളിലും മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളുമുണ്ട്. കുടിവെള്ളം/മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളോടുകൂടിയ സർക്കാർ സ്കൂളുകളുടെ 2023-24 ലെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 6.1.7**-ൽ നൽകിയിരിക്കുന്നു.

#### വിദ്യാർത്ഥികളുടെ പ്രവേശനം

വിദ്യാർത്ഥികളുടെ പ്രവേശനം 2023-24 ലെ 37.5 ലക്ഷത്തിൽ നിന്ന് 2024-25ൽ (താൽക്കാലികം) 36.4ലക്ഷമായി കുറഞ്ഞു. എൽപി വിഭാഗത്തിലാണ് കുറവുണ്ടായത്. സംസ്ഥാനത്തിന്റെ കുറഞ്ഞ ജനനനിരക്ക് ഇതിന് ഒരു കാരണമായി കണക്കാക്കാം. കേരളത്തിലെ സ്കൂളുകളിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ എണ്ണം വിഭാഗം തിരിച്ച് 2018-19മുതൽ 2024-25 വരെ **അനുബന്ധം 6.1.8** -ൽ കൊടുത്തിരിക്കുന്നു. 2024-25-ൽ (താൽക്കാലികം) സ്കൂളുകളിൽ മാനേജ്മെന്റ് അടിസ്ഥാനത്തിലും ക്ലാസ് തിരിച്ചുമുള്ള കുട്ടികളുടെ സ്കൂൾ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 6.1.9**–ൽ നൽകിയിരിക്കുന്നു. എല്ലാ വിഭാഗങ്ങളിലും, സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ, സർക്കാർ, അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളെക്കാൾ കൂടുതലാണ് (**ചിത്രം 6.1.2**). 2024-25ൽ സംസ്ഥാനത്തെ സ്കൂളുകളിൽ ജില്ല തിരിച്ച്, ഘട്ടം തിരിച്ച്, ആൺ-പെൺ തിരിച്ച് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.10** ൽ കൊടുത്തിരിക്കുന്നു. എല്ലാ വിഭാഗങ്ങളിലും ജില്ലകളിലും പെൺകുട്ടികളേക്കാൾ ആൺകുട്ടികൾ കൂടുതലാണ്.

2024-25 വർഷം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 27,426 പുതിയ വിദ്യാർത്ഥികൾ പ്രവേശനം തേടി. കഴിഞ്ഞ അഞ്ച് വർഷമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടിയ പുതിയ വിദ്യാർത്ഥികളുടെ എണ്ണം 5,27,554 ആണ് (**പട്ടിക 6.1.2**).


#### പെൺകുട്ടികളുടെ സ്കൂൾ പ്രവേശനം

2024-25 ൽ, സ്കൂളുകളിലെ ആകെയുള്ള വിദ്യാർത്ഥികളിൽ 49.12 ശതമാനം പെൺകുട്ടികളാണ്. എല്ലാ ജില്ലകളിലും ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടേതിനേക്കാൾ കൂടുതലാണ്. എന്നിരുന്നാലും സ്കൂൾ പ്രവേശനത്തിന്റെ കാര്യത്തിൽ ലിംഗപദവി വ്യത്യാസം കേരളത്തിൽ തുലോം കുറവാണ്.

#### പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം

2024-25 ലെ കണക്കു പ്രകാരം സംസ്ഥാനത്ത് ആകെയുള്ള വിദ്യാർത്ഥികളിൽ 9.92 ശതമാനം പട്ടികജാതിയിൽപ്പെട്ടവരാണ്. ഇത് കഴിഞ്ഞ വർഷത്തെക്കാൾ (9.86 ശതമാനം) കൂടിയിട്ടുള്ളതായി കാണാം. സർക്കാർ എയ്ഡഡ്, പ്രൈവറ്റ് അൺ എയ്ഡഡ് സ്കൂളുകളെ അപേക്ഷിച്ച് സർക്കാർ സ്കൂളുകളിലെ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ ശതമാനം കൂടുതലാണ്. സർക്കാർ സ്കൂളുകളിലും സർക്കാർ എയ്ഡഡ് സ്കൂളുകളിലും സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലും പട്ടികജാതി വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 12.6 ശതമാനം, 9.6 ശതമാനം, 3.4 ശതമാനം എന്നിങ്ങനെയാണ്.

**ചിത്രം 6.1.2** 2024-25ൽ കേരളത്തിലെ വിദ്യാർത്ഥികളുടെ മാനേജ്മെന്റ് അടിസ്ഥാനത്തിലും വിഭാഗം തിരിച്ചുമുള്ള പ്രവേശനം




***അവലംബം:*** പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**പട്ടിക 6.1.2** 2019-20 മുതൽ 2024-25 വരെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ പുതിയ വിദ്യാർത്ഥികൾ

| **മാനേജ്മെന്റ്** | **സ്റ്റാൻഡേർഡ്** | | | |
|---|---|---|---|---|
| | I-IV | V-VII | VIII-X | മൊത്തം I-X |
| | **2019–20 മുതൽ 2020–21 വരെ** | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | 53,832 | 67,503 | 7,169 | 1,28,504 |
| | **2020–21 മുതൽ 2021–22 വരെ** | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | 1,06,320 | 97,112 | 53,016 | 2,56,448 |
| | **2021–22 മുതൽ 2022–23 വരെ** | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | -11,401 | 56,158 | 37,691 | 82,448 |
| | **2022–23 മുതൽ 2023–24 വരെ** | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | -12,786 | 23,077 | 22,437 | 32,728 |
| | **2023–24 മുതൽ 2024–25 വരെ** | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | -11,185 | 17,916 | 20,695 | 27,426 |
| കഴിഞ്ഞ 5 വർഷത്തിനിടയിൽ ചേർന്ന ആകെ പുതിയ വിദ്യാർത്ഥികൾ | | | | 5,27,554 |

***അവലംബം:*** പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

(**പട്ടിക 6.1.3**). 2024-25 ൽ സംസ്ഥാനത്ത് ആകെ സ്കൂൾ പ്രവേശനം നേടിയ കുട്ടികളിൽ 1.9 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. 2023-24ൽ സർക്കാർ/ എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 3.5, 1.2, 0.5 എന്നിങ്ങനെയാണ്. 2024-25 ലെ സംസ്ഥാനത്തെ എസ്‌സി, എസ്ടി വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡ് തിരിച്ചുള്ള എണ്ണം **അനുബന്ധം 6.1.11** ൽ നൽകിയിരിക്കുന്നു. സംസ്ഥാനത്തെ മൊത്തം പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികളിൽ 3.4 ശതമാനം പട്ടികജാതിക്കാരും 2.5 ശതമാനം പട്ടികവർഗക്കാരും മാത്രമാണ് സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളിൽ ചേർന്നത്. ബാക്കിയുള്ളവർ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയവരാണ്. സംസ്ഥാനത്ത് ആകെയുള്ള പട്ടിക വർഗ്ഗ വിദ്യാർത്ഥികളിൽ 59.2 ശതമാനവും പ്രവേശനം നേടിയിരിക്കുന്നത് സർക്കാർ സ്കൂളുകളിലാണ്. 40.4 ശതമാനം പട്ടിക ജാതി വിദ്യാർത്ഥികളും സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടി.

**പട്ടിക 6.1.3** 2024-25 ൽ (താൽക്കാലികം) കേരളത്തിലെ സ്കൂളുകളിലെ പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം

| **മാനേജ്മെന്റ്** | **മറ്റുള്ളവർ** | **പട്ടികജാതി** | **പട്ടികവർഗ്ഗം** |
|---|---|---|---|
| സർക്കാർ | 83.91 | 12.59 | 3.50 |
| സ്വകാര്യ എയ്ഡഡ് | 89.22 | 9.55 | 1.23 |
| സ്വകാര്യ അൺ എയ്ഡഡ് | 96.12 | 3.40 | 0.48 |
| **ആകെ** | **88.20** | **9.92** | **1.88** |

***അവലംബം:*** പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

### കൊഴിഞ്ഞുപോകൽ നിരക്ക്

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ ഏറ്റവും കുറവ് കേരളത്തിലാണ്. മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ 2018 ലെ വിദ്യാഭ്യാസ സ്ഥിതിവിവരക്കണക്ക് പ്രകാരം എൽ.പി വിഭാഗത്തിലെ ഇന്ത്യയിലെ ശരാശരി കൊഴിഞ്ഞുപോകൽ നിരക്ക് 4.1 ശതമാനവും, യു.പി., ഹൈസ്കൂൾ എന്നിവിടങ്ങളിൽ യഥാക്രമം 4.0, 17.1 ശതമാനവുമാണ്. എന്നാൽ കേരളത്തിൽ കൊഴിഞ്ഞുപോക്ക് നിരക്ക് വർഷങ്ങളായി കുറയുകയും 2022-23 ലേത് പോലെ 2023-24 ലും 0.08 ശതമാനത്തിൽ തന്നെയാണ് നിൽക്കുന്നത്. കേരളത്തിൽ അപ്പർ പ്രൈമറിയെ അപേക്ഷിച്ച് കൊഴിഞ്ഞുപോകൽ നിരക്ക് ലോവർ പ്രൈമറിയിലും ഹൈസ്കൂളിലും കൂടുതലാണ്. ഹൈസ്കൂൾ വിദ്യാർത്ഥികളിലാണ് കൊഴിഞ്ഞുപോകൽ നിരക്ക് കൂടുതലുള്ളത്. കൊഴിഞ്ഞുപോകൽ നിരക്ക് 2019-20 ലെ 0.2 ശതമാനത്തിൽ നിന്ന് 2023-24 ൽ 0.09 ശതമാനമായി കുറഞ്ഞതായി **പട്ടിക 6.1.4** ൽ നിന്നും മനസ്സിലാക്കാവുന്നതാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഈ കുറയുന്ന പ്രവണത കാണാവുന്നതാണ്.

**പട്ടിക 6.1.4** സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക്

| | **2019–20** | **2021–22*** | **2022–23** | **2023–24** |
|---|---|---|---|---|
| ആകെ | 0.11 | 0.04 | 0.08 | 0.08 |
| എൽ പി | 0.10 | 0.03 | 0.09 | 0.09 |
| യു പി | 0.06 | 0.02 | 0.06 | 0.05 |
| എച്ച്.എസ് | 0.15 | 0.05 | 0.09 | 0.09 |

***അവലംബം:*** പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
*കോവിഡ് 19 മഹാമാരി കാരണം 2021-22 വർഷവുമായി ബന്ധപ്പെട്ട ഡാറ്റ താരതമ്യപ്പെടുത്താനാവില്ല

ജില്ല തിരിച്ചും ക്ലാസ്സ് തിരിച്ചും ഉള്ള 2023-24 ലെ കൊഴിഞ്ഞു പോകൽ നിരക്കുകൾ **അനുബന്ധം 6.1.12** ൽ കൊടുത്തിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. (**പട്ടിക 6.1.5**). കേരളത്തിൽ 2022-23 കാലയളവിൽ പട്ടികജാതി വിഭാഗത്തിലെ കൊഴിഞ്ഞുപോകൽ നിരക്ക് 0.06 ശതമാനവും പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കൊഴിഞ്ഞുപോക്ക് നിരക്ക് 0.67 ശതമാനവുമാണ്.

**പട്ടിക.6.1.5** ജില്ല തിരിച്ചുള്ള കൊഴിഞ്ഞുപോകൽ നിരക്ക് 2023-24

| ജില്ല | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 0.02 | 0.00 | 0.02 | 0.02 |
| കൊല്ലം | 0.05 | 0.44 | 0.01 | 0.02 |
| പത്തനംതിട്ട | 0.03 | 0.87 | 0.04 | 0.04 |
| ആലപ്പുഴ | 0.03 | 0.00 | 0.03 | 0.03 |
| കോട്ടയം | 0.11 | 0.75 | 0.10 | 0.11 |
| ഇടുക്കി | 0.38 | 0.69 | 0.24 | 0.29 |
| എറണാകുളം | 0.10 | 1.39 | 0.25 | 0.24 |
| തൃശ്ശൂർ | 0.09 | 0.56 | 0.06 | 0.07 |
| പാലക്കാട് | 0.03 | 0.41 | 0.04 | 0.05 |
| മലപ്പുറം | 0.01 | 0.27 | 0.04 | 0.04 |
| കോഴിക്കോട് | 0.02 | 0.31 | 0.04 | 0.04 |
| വയനാട് | 0.28 | 1.08 | 0.22 | 0.42 |
| കണ്ണൂർ | 0.08 | 0.62 | 0.03 | 0.05 |
| കാസർഗോഡ് | 0.22 | 0.12 | 0.06 | 0.07 |
| ആകെ | 0.06 | 0.67 | 0.06 | 0.08 |

***അവലംബം:*** *പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്*

2023-24ൽ ഏറ്റവും കൂടുതൽ കൊഴിഞ്ഞുപോക്ക് വയനാട് ജില്ലയിലും (0.4 ശതമാനം) തൊട്ടു പിന്നിൽ ഇടുക്കിയിലും (0.3 ശതമാനം) ആണ്. പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതലുള്ളത് ഇടുക്കി ജില്ലയിലും (0.4ശതമാനം) വയനാട് ജില്ലയിലും (0.3 ശതമാനം) ആണ്. പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതൽ എറണാകുളം ജില്ലയിലും (1.4 ശതമാനം) വയനാട് ജില്ലയിലും (1.1 ശതമാനം) ആണ്. 2023-24ൽ കേരളത്തിലെ പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ ജില്ല തിരിച്ചുള്ളതും മാനേജ്മെന്റ് തിരിച്ചുള്ളതുമായ വിശദാംശങ്ങൾ **അനുബന്ധം 6.1.13, 6.1.14** എന്നിവയിൽ നൽകിയിരിക്കുന്നു.

### അദ്ധ്യാപകരുടെ എണ്ണം

2023-24 ൽ 1,56,506 അദ്ധ്യാപകരാണ് കേരളത്തിലെ സ്കൂളുകളിൽ പഠിപ്പിക്കുന്നത്. ഇതിൽ 89,878 (57.4 ശതമാനം) അദ്ധ്യാപകർ എയ്ഡഡ് സ്കൂളുകളിലും 13,302 (8.5 ശതമാനം) അദ്ധ്യാപകർ അൺ-എയ്ഡഡ് സ്കൂളുകളിലുമാണ്. ശേഷിക്കുന്ന 53,326(34.07 ശതമാനം) അദ്ധ്യാപകർ സർക്കാർ സ്കൂളുകളിലാണ്. മൊത്തം അദ്ധ്യാപകരിൽ 50 ശതമാനം പേർ ഹൈസ്കൂളിലും, 25.7 ശതമാനം യു.പി യിലും, 24.4 ശതമാനം എൽ.പി. സ്കൂളിലുമാണ്. അതിൽ തന്നെ 75.6 ശതമാനം വനിതകളാണ്. 2023-24 ലെ സ്റ്റേജ് തിരിച്ചും, മാനേജ്മെന്റ് തിരിച്ചും ഉള്ള കേരളത്തിലെ അദ്ധ്യാപകരുടെ എണ്ണം **അനുബന്ധം 6.1.15** -ൽ ചേർത്തിരിക്കുന്നു.

### സ്കൂളുകളിലെ ഇൻക്ലൂസീവ് വിദ്യാഭ്യാസം

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ സ്ഥിതിവിവര ക്കണക്കുകൾ പ്രകാരം 2023-24 ൽ കേരളത്തിൽ 45 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ കാലയളവിൽ സ്പെഷ്യൽ സ്കൂളുകളിലെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 2,973 ഉം(ഇതിൽ 93 പേർ സാധാരണ വിദ്യാർത്ഥികളാണ്), അദ്ധ്യാപകരുടെ എണ്ണം 561 ഉം ആയിരുന്നു. ആകെയുള്ള 2,880 വിദ്യാർത്ഥികളിൽ 384 പേർ കാഴ്ച വൈകല്യമുള്ളവരും 2,477 വിദ്യാർത്ഥികൾ ബധിരരോ കേൾവിക്കുറവോ ഉള്ളവരും 5 പേർ മാനസിക വൈകല്യമുള്ളവരും 14 പേർ മറ്റു വൈകല്യം ഉള്ളവരുമാണ്. ഇത് കൂടാതെ 330 സ്പെഷ്യൽ സ്കൂളുകൾ, സംസ്ഥാനത്ത് വിവിധ എൻ.ജി.ഒ.കളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഡിഡിആർഎസ് (ദീൻദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം)-ന്റെ കീഴിലും പ്രവർത്തിക്കുന്നുണ്ട്കൂടാതെ, 63,883 ഭിന്നശേഷിക്കാരയിട്ടുള്ള വിദ്യാർത്ഥികൾ കേരളത്തിലുടനീളമുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നു. ഇതിൽ 38,270 പേർ ആൺകുട്ടികളും 25,613 പേർ പെൺകുട്ടികളുമാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ എടുക്കുമ്പോൾ, ഐഇഡി വിഭാഗത്തിന് കീഴിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ മലപ്പുറം ജില്ലയിലാണ് (9,016), തൊട്ടുപിന്നിൽ കോഴിക്കോടും (7,150), പാലക്കാടും (6,012) ആണ്. സൗജന്യ യൂണിഫോം, ഉച്ചഭക്ഷണം എന്നിവയ്ക്ക് പുറമെ യാത്ര, ഹോസ്റ്റൽ സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്കുള്ള വിനോദയാത്ര തുടങ്ങിയ ചെലവുകൾക്കായി സാമ്പത്തിക സഹായവും നൽകുന്നു. വൈകല്യമുള്ളവർക്കായി തടസ്സരഹിത കാമ്പസ്, ഭിന്നശേഷി സൗഹൃദ ഉപകരണങ്ങൾ, റിസോഴ്സ് സെന്ററുകളിൽ നിന്നുള്ള സേവനങ്ങൾ, റിസോഴ്സ് ടീച്ചർമാരുടെ സേവനം തുടങ്ങി വിവിധ പരിപാടികളും സ്കൂളുകളിൽ സമഗ്രമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി നൽകുന്നുണ്ട്.

സമഗ്രശിക്ഷ കേരളയും (എസ്.എസ്.കെ) ഇൻക്ലൂസീവ് വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി വിവിധ പരിപാടികൾ നടപ്പാക്കുന്നു. ഓട്ടിസം സെന്ററുകൾ സ്ഥാപിച്ച്, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, പൊരുത്തപ്പെടുത്തൽ പഠനം, ഉപകരണങ്ങൾ എന്നിവ നൽകി എസ്.എസ്.കെ അവരെ പിന്തുണയ്ക്കുന്നു. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ, ചികിത്സാ സേവനം, റിസോഴ്സ് അധ്യാപകരുടെ ശാക്തീകരണം, സഹായ വിതരണം, അധ്യാപന പഠന രീതി വികസിപ്പിക്കൽ, റീഡർ അലവൻസ് നൽകൽ, പെൺകുട്ടികൾക്ക് സ്റ്റൈപ്പൻഡ്, രക്ഷിതാക്കളുടെ ശാക്തീകരണം തുടങ്ങിയവയെല്ലാം ഇൻക്ലൂസീവ് വിദ്യാഭ്യാസം വികസിപ്പിക്കുന്നതിന് എസ്.എസ്.കെ നൽകുന്ന മറ്റ് വ്യത്യസ്ത സേവനങ്ങളാണ്.

### കുട്ടികൾ കുറവുള്ള സ്കൂളുകൾ

2024-25 കാലയളവിൽ ശരാശരി 25 കുട്ടികളേക്കാൾ കുറവുള്ള 1,197 സ്കൂളുകളുണ്ട്. ഇതിൽ 452 എണ്ണം സർക്കാർ

സ്കൂളുകളും 745 എണ്ണം എയ്ഡഡ് സ്കൂളുകളുമാണ്. ശരാശരി 10 കുട്ടികളേക്കാൾ കുറവുള്ള 34 സർക്കാർ എൽ. പി. സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. എന്നാൽ എയ്ഡഡ് സ്കൂളുകളിൽ ഇത് 160 ആണ്. ജില്ല തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് കുട്ടികൾ കുറവുള്ള സ്കൂളുകൾ ഏറ്റവും കൂടുതലുള്ളത് പത്തനംതിട്ട (216 എണ്ണം) ജില്ലയിലും തുടർന്ന് കോട്ടയം (168), കണ്ണൂർ (148), ജില്ലകളിലുമാണ്. കുട്ടികളുടെ എണ്ണം കുറവുള്ള എയ്ഡഡ് സ്കൂളുകൾ കൂടുതൽ ഉള്ളത് പത്തനംതിട്ട (152) ജില്ലയും തൊട്ടുപുറകിൽ കണ്ണൂർ (122) ജില്ലയുമാണ്. സർക്കാർ മേഖലയിൽ ഏറ്റവും കൂടുതൽ കുട്ടികളുള്ള സ്കൂളുകൾ കോട്ടയം (71) ജില്ലയിലാണ്, തൊട്ടുപിന്നാലെ പത്തനംതിട്ട (64), ആലപ്പുഴ (50) ജില്ലകളുമാണ്. എൽ പി സ്കൂൾ മേഖലയിലാണ് ഭൂരിഭാഗവും കുറവു കുട്ടികളുള്ള സ്കൂളുകളുള്ളത്. സർക്കാർ മേഖലയിൽ ഏറ്റവും കറവ് കുട്ടികൾ ഉള്ളത് (91.4 ശതമാനം) എൽ. പി.സ്കൂളുകളിലാണ്. എയ്ഡഡ് മേഖലയിലും (86.6 ശതമാനം) കുട്ടികൾ കുറവുള്ള സ്കൂളുകൾ എൽ.പി. വിഭാഗത്തിലാണ്. കേരളത്തിലെ കുട്ടികൾ കുറവുള്ള സ്കൂളുകളുടെ വിശദവിവരങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.16** ൽ കൊടുത്തിരിക്കുന്നു.

## കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള ഒരു സംസ്ഥാന സർക്കാർ സംരംഭമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്). കഴിഞ്ഞ ഒരു ദശാബ്ദത്തിലെ കൈറ്റിന്റെ പരിധിയിലുള്ള പ്രവർത്തനങ്ങളായ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, കപ്പാസിറ്റി ബിൽഡിംഗ്, ഉള്ളടക്ക വികസനം, കണക്റ്റിവിറ്റി, ഇ-ലേണിംഗ്, സാറ്റലൈറ്റ് അധിഷ്ഠിത വിദ്യാഭ്യാസം, പിന്തുണയും പരിപാലന സംവിധാനവും, ഇ-ഗവേണൻസ്, സ്ക്കൂളുകളുടെ ഭൗതിക സാഹചര്യ വികസനം എന്നിവയിലൂടെ കൈറ്റ് സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിപ്ലവം സൃഷ്ടിച്ചു. കൈറ്റിന്റെ പരിശ്രമത്തോടെ, ഇപ്പോൾ അതിവേഗ ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി, ആവശ്യമായ ഡിജിറ്റൽ റിസോഴ്സ് പോർട്ടലുകൾ, പരിശീലനം സിദ്ധിച്ച അദ്ധ്യാപകർ എന്നീ പിന്തുണയോടെ ഏറ്റവും പുതിയ ഐ..സി.ടി. ഗാഡ്ജെറ്റുകൾ സംസ്ഥാനത്തെ സ്ക്കൂളുകളിൽ സജ്ജീകരിച്ചിരിക്കുന്നു, അതുവഴി മൊത്തം ഐ.സി.ടി. പ്രാപ്തമായ പ്രവർത്തന സംവിധാനം ഉണ്ട്. കൈറ്റ് വിക്ടേഴ്സ് ചാനലിലെ ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകളിലൂടെയും തുടർന്ന് GSuite പ്ലാറ്റ്ഫോം ഉപയോഗിച്ചുള്ള ഓൺലൈൻ ക്ലാസുകളിലൂടെയും കോവിഡ് -19 മഹാമാരി സമയത്ത് 43 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ തുടർച്ച ഉറപ്പാക്കാൻ കൈറ്റ് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനെ പ്രാപ്തമാക്കി.

## 2023–24 കാലയളവിൽ കൈറ്റിന്റെ നേട്ടങ്ങൾ/ ഹൈലൈറ്റുകൾ

**കൂൾ പ്ലാറ്റ്ഫോം വഴി അധ്യാപകർക്ക് ശേഷി വർദ്ധിപ്പിക്കൽ:** കൈറ്റ് അധ്യാപക പരിശീലനത്തിനായി കൂൾ (കൈറ്റിന്റെ ഓപ്പൺ ഓൺലൈൻ ലേണിംഗ്) പ്ലാറ്റ്ഫോം അവതരിപ്പിച്ചു, ഇത് കേരള സർക്കാരിന്റെ ആദ്യത്തെ ഔദ്യോഗിക മൂക് കോഴ്സാണ്. കൂൾ പ്ലാറ്റ്ഫോമിലൂടെ 2023-24 കാലയളവിൽ 10,528-ത്തിലധികം അധ്യാപകർ വിവിധ കോഴ്സുകൾ പൂർത്തിയാക്കി. ആകെ 44,190 അധ്യാപകർക്ക് പരിശീലനം ലഭ്യമായി.

**എറണാകുളം റീജിയണൽ റിസോഴ്സ് സെന്ററിലെ കൈറ്റ് ലെൻസ് കണ്ടന്റ് ക്രിയേഷൻ ഹബ്** :കൈറ്റ് ലെൻസ്- എഡ്യൂക്കേഷണൽ കണ്ടന്റ് ക്രിയേഷൻ ഹബ് ആകർഷകവും വിജ്ഞാനപ്രദവുമായ രീതിയിൽ വിദ്യാഭ്യാസ ഉള്ളടക്കം സൃഷ്ടിക്കാൻ സഹായിക്കുന്നു, കൂടാതെ അധ്യാപകർക്ക് നൂതനവും സർഗ്ഗാത്മകവുമായ ഉള്ളടക്കം വികസിപ്പിക്കുന്നതിന് പിന്തുണയും നൽകും. വിദ്യാഭ്യാസപരമായ ഉള്ളടക്കം സൃഷ്ടിക്കുന്നതിനുള്ള ആശയമുള്ള അധ്യാപകർക്ക് ഉള്ളടക്കം എങ്ങനെ സൃഷ്ടിക്കാം, പൂർണ്ണമായി സജ്ജീകരിച്ച സ്റ്റുഡിയോയിലേക്കുള്ള പ്രവേശനം, ഷൂട്ടിംഗിനും എഡിറ്റിംഗിനും ആവശ്യമായ ഉപകരണങ്ങൾ എന്നിവയെക്കുറിച്ചുള്ള പരിശീലനം ഹബ്ബിൽ നിന്നും നേടാനാകും. കുറഞ്ഞ ചെലവിൽ വിദ്യാഭ്യാസ ഉള്ളടക്കം സൃഷ്ടിക്കൽ, സ്മാർട്ട്ഫോണുകളിലൂടെ വീഡിയോകൾ, ആനിമേഷനുകൾ, വൈറ്റ്ബോർഡ് വീഡിയോകൾ, കൂടാതെ എ.ആർ, വി.ആർ ഉള്ളടക്കങ്ങൾ സൃഷ്ടിക്കൽ എന്നിവയ്ക്കുള്ള പിന്തുണയും ഹബ്ബ് നൽകുന്നു.

**കൈറ്റ് & 5 പി.എം ഇ–വിദ്യാ ചാനലുകൾ വഴിയുള്ള ഉള്ളടക്ക പ്രചരണം:** കൈറ്റ് 2006 മുതൽ കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ പ്രവർത്തിപ്പിക്കുന്നു, കൂടാതെ കോവിഡ് -19 മഹാമാരി കാലത്ത് 43 ലക്ഷം വിദ്യാർത്ഥികൾക്ക് ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകളിലൂടെ വിദ്യാഭ്യാസ തുടർച്ച ഉറപ്പാക്കുന്നതിൽ ഇത് നിർണായക പങ്ക് വഹിച്ചു. സ്കൂൾ പാഠ്യപദ്ധതിക്ക് അനുസൃതമായ വിവിധ വിദ്യാഭ്യാസ ഉള്ളടക്കങ്ങൾക്കായി ലക്ഷക്കണക്കിന് വിദ്യാർത്ഥികളും അധ്യാപകരും കൈറ്റ് വിക്ടേഴ്സിനെ ആശ്രയിക്കുന്നത് തുടരുന്നു. കൈറ്റ് വിക്ടേഴ്സിന്റെ പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ച് 2023 മുതൽ കൈറ്റ് സംസ്ഥാനത്ത് 5 പി.എം ഇ-വിദ്യാ ചാനലുകൾ പ്രവർത്തിപ്പിക്കുന്നു.

**ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളെ ശാക്തീകരിക്കൽ,** യുനിസെഫ് പങ്കാളിയായ പരിപാടികളിലെ എക്സ്പോഷർ, പുതുക്കിയ ലിറ്റിൽ കൈറ്റ്സ് ആക്ടിവിറ്റി ബുക്ക് പ്രകാശനം.: ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കായുള്ള സംസ്ഥാന ക്യാമ്പ് 2023 മെയ് 15, 16 തീയതികളിൽ കൊച്ചിയിലെ സ്റ്റാർട്ടപ്പ് മിഷനിൽ വെച്ച് നടന്നു. കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് നടത്തിയ സംസ്ഥാന ക്യാമ്പിൽ ജില്ലാ ക്യാമ്പുകളിൽ നിന്നുള്ള 1200 ലിറ്റിൽ കൈറ്റ് അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 130 ലിറ്റിൽ കൈറ്റ്സ് ചാമ്പ്യന്മാർ പങ്കെടുത്തു. ആനിമേഷൻ, റോബോട്ടിക്സ് എന്നിവ ഉപയോഗിച്ച് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഉൽപ്പന്നങ്ങളുടെ പ്രദർശനവും ക്യാമ്പിൽ ഉണ്ടായിരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെർച്വൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി, ആനിമേഷൻ, 3 ഡി ക്യാരക്ടർ മോഡലിംഗ്, 3 ഡി പ്രിന്റിംഗ് തുടങ്ങിയ വിഷയങ്ങളിൽ ഇന്ററാക്ടീവ് സെഷനുകളും വിദഗ്ധ ക്ലാസുകളും ഉണ്ടായിരുന്നു. ക്യാമ്പിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ സ്റ്റാർട്ടപ്പിലെ ഫാബ് ലാബ്, മേക്കർ വില്ലേജ്, മേക്കർ ലാബ് എന്നിവയും സന്ദർശിച്ചു.

**ബോക്സ് 6.1.1** കൈറ്റ് നടപ്പിലാക്കുന്ന കേരള സ്കൂൾ വിദ്യാഭ്യാസത്തിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI)

കൈറ്റിന്റെ സഹായത്തോടെ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) സ്കൂൾ വിദ്യാഭ്യാസവുമായി സംയോജിപ്പിച്ച് കൊണ്ട് വിദ്യാഭ്യാസരംഗത്ത് കേരളം വലിയ കുതിച്ചുചാട്ടം നടത്തി. അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള എഐ പരിശീലനം, ഗ്രേഡ്-7-നുള്ള എഐ സംയോജിത പാഠപുസ്തകങ്ങൾ, കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിനായി സ്വന്തം എഐ എഞ്ചിൻ വികസിപ്പിക്കൽ എന്നിവയിലെ സമഗ്രമായ ഇടപെടലിലൂടെ കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിലെ എഐ സംയോജനത്തിന് കൈറ്റ് മേൽനോട്ടം വഹിക്കുന്നു. കൈറ്റ് ഇതിനകം 80000 സെക്കൻഡറി അധ്യാപകർക്കുള്ള എഐ പരിശീലനം ആരംഭിക്കുകയും ഏഴാം ക്ലാസിലെ ഐ.സി.ടി പാഠപുസ്തകത്തിൽ എഐ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിനായുള്ള സ്വന്തം എഐ എഞ്ചിനുമായി ബന്ധപ്പെട്ട്, പൂർണ്ണ സെറ്റ് ഡാറ്റ ജനറേഷൻ പിന്തുടരുന്ന പ്രോട്ടോടൈപ്പിൻറെ വികസനം കൈറ്റ് പൂർത്തിയാക്കുകയും, അതിന്റെ പരീക്ഷണം പുരോഗമിക്കുകയുമാണ്.

ചാറ്റ് ജി.പി.റ്റി, ചാറ്റ് പി.ഡി.എഫ്, ജെമിനി, ലിയനാർഡോ, പിക്ടോബ്ലോക്സ്, വർക്ക് ഷീറ്റ് സോൺ, ഡി.ഐ.ഡി, അനുവാദിനി മുതലായ നിരവധി എഐ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ കൈറ്റിന്റെ എഐ സംരംഭം ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ, എഐ ടൂളുകൾ ഉപയോഗിക്കുമ്പോൾ ഡാറ്റ സ്വകാര്യത ഉറപ്പാക്കാൻ നേരത്തെ ഓൺലൈൻ ക്ലാസുകളിൽ കൈറ്റ് അധ്യാപകർക്കായി സൃഷ്ടിച്ച ജി-സ്യൂട്ട് അക്കൗണ്ടുകളും ഉപയോഗിച്ചിരുന്നു, മാത്രമല്ല അവരുടെ സ്വകാര്യ ഇമെയിൽ ഐഡികളും മറ്റു യോഗ്യതാപത്രങ്ങളും ഇതിൽ ഉപയോഗിക്കേണ്ടതില്ല. അധ്യാപകരുടെ സുരക്ഷിതത്വവും സ്വകാര്യതയും ഈ പ്രക്രിയയിലൂടെ ഉറപ്പാക്കപ്പെടുന്നു.

എഐ ആപ്ലിക്കേഷനുകളുടെ വിപുലമായ ശ്രേണിയെ ഉൾക്കൊള്ളിക്കുന്നതിലൂടെ, വിദ്യാഭ്യാസത്തിൽ സാങ്കേതികവിദ്യയെ സമന്വയിപ്പിക്കുന്നതിനുള്ള ഒരു സമഗ്രമായ സമീപനം നൽകുന്നു. പരിശീലന മൊഡ്യൂളിൻറെ അധ്യാപന രീതികളുമായുള്ള വിന്യാസം പരമ്പരാഗത അധ്യാപന രീതികളെ തടസ്സപ്പെടുത്തുന്നതിനുപകരം എഐ ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുമെന്ന് ഉറപ്പാക്കുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനായുള്ള സംസ്ഥാനത്തിന്റെ സ്വന്തം എഐ എഞ്ചിൻ വികസിപ്പിക്കുന്നതിന്റെ പ്രോട്ടോടൈപ്പ് കൈറ്റ് പൂർത്തിയാക്കി. ഡാറ്റാ സ്വകാര്യതയും തൊഴിൽ സ്ഥാനചലനത്തിനുള്ള സാധ്യതയും പോലുള്ള വെല്ലുവിളികൾ നിലവിലുണ്ടെങ്കിലും, വിദ്യാഭ്യാസത്തിലെ എഐയുടെ ധാർമ്മികവും ഉത്തരവാദിത്തമുള്ളതുമായ സംയോജനം എല്ലാ വിദ്യാർത്ഥികൾക്കും കൂടുതൽ ഉൾക്കൊള്ളുന്നതും ഫലപ്രദവും തുല്യവുമായ പഠന അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള വാഗ്ദാനമാണ്.

***അവലംബം:*** കൈറ്റ്

**ഡിജിറ്റൽ എഡ്യു കോൺക്ലേവ് 2023:** ഐസിടി വിദ്യാഭ്യാസത്തിൽ സംസ്ഥാനത്തിന്റെ നേട്ടങ്ങൾ, സ്വതന്ത്രവും തുറന്നതുമായ ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ ഉപയോഗം, ഡിജിറ്റൽ സാങ്കേതിക വിദ്യകൾ സമന്വയിപ്പിക്കുന്നതിലെ മികച്ച സമ്പ്രദായങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനായി 2023 ഓഗസ്റ്റ് 15, 16 തീയതികളിൽ കൈറ്റ് ഡിജിറ്റൽ എഡ്യൂ കോൺക്ലേവ് 2023 എന്ന 2 ദിവസത്തെ പരിപാടി സംഘടിപ്പിച്ചു. ചണ്ഡീഗഡ്, മേഘാലയ, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ്, ദാദ്ര ആൻഡ് നഗർ ഹവേലി, ദാമൻ ആൻഡ് ദിയു (യുടി), മഹാരാഷ്ട്ര, കർണാടക എന്നിവയുൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള 15-ലധികം പ്രതിനിധികൾ 2 ദിവസത്തെ പരിപാടിയിൽ പങ്കെടുത്തു.

**സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഭാഗമായി ഡിജിറ്റൽ സ്കോർ ബോർഡ്:** കൈറ്റിന്റെ സഹായത്തോടെ കഴിഞ്ഞ രണ്ട് വർഷമായി സംസ്ഥാന സ്കൂൾ കലോത്സവം ഹൈടെക് ആക്കിയിട്ടുണ്ട്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലെ വിവിധ മത്സരങ്ങൾക്കുള്ള ജില്ലാ തിരിച്ചുള്ള സ്കോറുകളെക്കുറിച്ചുള്ള വിശദമായ തത്സമയ അപ്ഡേറ്റുകൾ എടുത്തുകാണിക്കുന്നതിനായി ഈ വർഷം കൈറ്റ് ഒരു ഡിജിറ്റൽ സ്കോർ ബോർഡ് വികസിപ്പിക്കുകയും പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്തു,.

**കൈറ്റ് ബോർഡ്:** 2022 ഒക്ടോബറിൽ, ഡിജിറ്റൽ വിദ്യാഭ്യാസത്തിനായുള്ള വിവിധോദ്ദേശ്യ, ഉപകരണ സ്വതന്ത്ര, FOSS അടിസ്ഥാനമാക്കിയുള്ള, സംവേദനാത്മക ഉപകരണമായ 'കൈറ്റ് ബോർഡ്' കൈറ്റ് സമാരംഭിച്ചു. പുതിയ ആപ്ലിക്കേഷൻ ഉപയോഗിച്ച്, സ്കൂളുകളിലെ ലാപ്ടോപ്പുകൾ ഇന്ററാക്ടീവ് ബോർഡുകളായി മാറുന്നു. ലാപ്ടോപ്പിന്റെ ബിൽറ്റ്-ഇൻ ക്യാമറ ഉപയോഗിച്ച് സയൻസ് പരീക്ഷണങ്ങൾ പോലുള്ള ക്ലാസ് റൂം പ്രവർത്തനങ്ങൾ പിടിച്ചെടുക്കാനും, അത് കൈറ്റ് ബോർഡ് വഴി കാണിക്കാനും സാധിക്കും.

**ക്രാക്ക് ദ എൻട്രൻസ്–** പ്രവേശന പരീക്ഷാ പരിശീലന പരിപാടി: മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കാൻ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ഓൺലൈൻ ക്ലാസുകളും ഇന്ററാക്ടീവ് പോർട്ടലും ഉൾപ്പെടുന്ന 'ക്രാക്ക് ദ എൻട്രൻസ്' പ്രോഗ്രാം കൈറ്റ് ആരംഭിച്ചു.

സ്കൂളുകളിലേക്ക് 20000 റോബോട്ടിക് കിറ്റുകളുടെ വിന്യാസം: 2024 ഓഗസ്റ്റിൽ, കൈറ്റ് കഴിഞ്ഞ വർഷം വിന്യസിച്ച 9000 കിറ്റുകൾക്ക് പുറമേ 20000 കൂടുതൽ ആർഡ്വിനോ റോബോട്ടിക് കിറ്റുകൾ സ്കൂളുകളിലേക്ക് വിന്യസിക്കാൻ തുടങ്ങി.

- കൈറ്റ് വിക്ടേഴ്സ് ചാനലിൽ സംപ്രേക്ഷണം ചെയ്ത ഒന്നാം ക്ലാസ് വിദ്യാർത്ഥികളുടെ കുഞ്ഞെഴുത്തുകൾ

- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) പഠനം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്
- ലിറ്റിൽ കൈറ്റ്സ് അവാർഡുകൾ വിതരണം ചെയ്യുകയും യുണിസെഫ് ലിറ്റിൽ കൈറ്റ്സ് പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു
- ഫോസ്സ് അടിസ്ഥാനമാക്കിയുള്ള ഓ.എസ് സ്യൂട്ടിന്റെ പുതിയ പതിപ്പ് കൈറ്റ് ജി.എൻ.യു ലിനെക്സ് 22.04 പുറത്തിറങ്ങി.

**സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)**

പൊതുവിദ്യാഭ്യാസ പുനരുജ്ജീവന കാമ്പയിൻ ജനകീയമാക്കുന്നതിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ കേരള വലിയ പങ്കുവഹിച്ചു. 2018 നവംബർ 1 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളായ സർവ ശിക്ഷാ അഭിയാൻ (എസ്എസ്എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർഎംഎസ്എ), അധ്യാപക വിദ്യാഭ്യാസം (ടിഇ) എന്നിവ സംയോജിപ്പിച്ച് സമഗ്ര ശിക്ഷ കേരള (എസ്. എസ്. കെ) എന്ന പേരിൽ സംയോജിത സ്കൂൾ വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചു. കേന്ദ്ര വിദ്യാഭ്യാസ വകുപ്പും കേരള സർക്കാരും പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള വിവിധ തലങ്ങളെ ഏകോപിപ്പിച്ച് വിപുലമായ മാനേജ്മെന്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സമഗ്ര ശിക്ഷാ കേരളയ്ക്ക് കഴിഞ്ഞു. 168 ബ്ലോക്ക് റിസോഴ്സ് സെന്ററുകളും (ബിആർസി) 1385 ക്ലസ്റ്റർ റിസോഴ്സ് സെന്ററുകളും (സിആർസി) ശക്തിപ്പെടുത്തിയാണ് ഇക്കാലയളവിൽ പദ്ധതികളുടെ വികേന്ദ്രീകൃത നിർവ്വഹണം നടത്തിയത്. വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ സമത്വവും അവസരസമത്വവും ഗുണമേന്മയും ഉറപ്പാക്കാൻ സമഗ്രശിക്ഷ കേരളം നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

പൊതു വിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും വിദ്യാഭ്യാസ അവകാശ നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള, പ്രായത്തിന് അനുയോജ്യമായ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിന് അക്കാദമിക വിടവ് നികത്തുന്നതിനുമായുള്ള പ്രവർത്തനങ്ങളാണ് എസ്.എസ്.കെ. ഏറ്റെടുത്തിരിക്കുന്നത്.

### 2023–24 ലെ സമഗ്ര ശിക്ഷ കേരളയുടെ പ്രധാന സംരംഭങ്ങൾ/നേട്ടങ്ങൾ

**സയൻസ് പാർക്ക്:** വിദ്യാർഥികളിൽ ശാസ്ത്രീയ മനോഭാവം വർദ്ധിപ്പിക്കുന്നതിന് സമഗ്ര ശിക്ഷാ കേരളം നിരവധി പരിപാടികൾക്ക് തുടക്കം കുറിച്ചു. തെരഞ്ഞെടുത്ത സ്കൂളുകളിൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നത് എസ്.എസ്.കെ യുടെ അഭിമാനകരമായ പ്രവർത്തനങ്ങളിലൊന്നാണ്. സയൻസ് പാർക്കുകൾ വഴി വിദ്യാർത്ഥികൾക്ക് ഈ വിഷയത്തിൽ നേരിട്ടുള്ള അനുഭവം ലഭിച്ചു. പാർക്കിൽ സജ്ജീകരിച്ച ഉപകരണങ്ങളുടെ പിന്തുണയോടെ അവർക്ക് ശാസ്ത്രത്തിന്റെ ആശയങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിനായി ഉപകരണങ്ങൾ ശരിയായി ഉപയോഗിക്കുന്നതിന് അധ്യാപകരും പൂർണ സജ്ജരായിരുന്നു.

**പോക്സോ – ഹയർസെക്കൻഡറി അധ്യാപകർക്കായുള്ള ബോധവൽക്കരണ പരിപാടി:** പോക്സോ എന്നത് ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനായി 2012-ൽ പ്രാബല്യത്തിൽ വന്ന ഒരു ഇന്ത്യൻ നിയമത്തെ സൂചിപ്പിക്കുന്നു. 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ലൈംഗിക ദുരുപയോഗത്തിൽ നിന്നും ചൂഷണത്തിൽ നിന്നും നിയമപരമായ സംരക്ഷണം നൽകുക എന്നതാണ് ഈ നിയമത്തിൻറെ പ്രാഥമിക ലക്ഷ്യം. കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമങ്ങളുടെ വിവിധ രൂപങ്ങളെ ഇത് അഭിസംബോധന ചെയ്യുകയും അവരുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് കർശനമായ നിയമ ചട്ടക്കൂട് സ്ഥാപിക്കുകയും ചെയ്യുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മാർഗനിർദേശപ്രകാരം സമഗ്ര ശിക്ഷ കേരള സംസ്ഥാനത്തുടനീളമുള്ള ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി അധ്യാപകർക്കായി ബോധവത്കരണ പരിപാടി നടത്തി. ലൈംഗികാതിക്രമവും ചൂഷണവും തിരിച്ചറിയാനും ചെറുക്കാനും കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പോക്സോയുടെ നിയമപരമായ വശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചും, നിയമങ്ങളും അതിന്റെ സാധ്യതകളും ഈ പരിപാടിയിലൂടെ, അധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ പരിചയപ്പെടുത്തുന്നു.

**ബഡ്ഡിംഗ് റൈറ്റേഴ്സ് പ്രോഗ്രാം:** സർഗ്ഗാത്മക മനസ്സും സാഹിത്യ പ്രേമവും വളർത്തിയെടുക്കൽ: അപ്പർ പ്രൈമറി (യുപി), ഹൈസ്കൂൾ (എച്ച്എസ്) ക്ലാസുകളിലെ വിദ്യാർത്ഥികൾക്കിടയിൽ സർഗ്ഗാത്മക ചിന്ത വളർത്തുക എന്ന ലക്ഷ്യത്തോടെയുള്ള അതുല്യമായ ഈ പരിപാടിയിലൂടെ വിദ്യാഭ്യാസ നവീകരണത്തിൽ എസ്.എസ്.കെ വീണ്ടും ഒരു സ്ഥാനം കൈവരിച്ചിരിക്കുന്നു. "ബഡ്ഡിംഗ് റൈറ്റേഴ്സ്" എന്ന് പേരിട്ടിരിക്കുന്ന ഈ പരിപാടി വളരെ വിജയകരമായ "വായന ചങ്ങാത്തം" സംരംഭത്തിന്റെ തുടർച്ചയാണ്, ഇത് യുവ പ്രതിഭകളെ പരിപോഷിപ്പിക്കുന്നതിനുള്ള എസ്.എസ്.കെയുടെ പ്രതിബദ്ധതയെ കൂടുതൽ ദൃഢമാക്കുന്നു. " സൃഷ്ടിപരമായ രചനാ വൈദഗ്ധ്യം വളർത്തിയെടുക്കുന്നതിനും, വിവിധ പുസ്തകങ്ങൾ വായിക്കുന്നതിലൂടെ നേടിയ അറിവുമായി വ്യക്തിഗത അനുഭവങ്ങൾ ഇഴചേർക്കുന്നതിനും വേണ്ടിയാണ് ബഡ്ഡിംഗ് റൈറ്റേഴ്സ്" രൂപകല്പന ചെയ്തിരിക്കുന്നത്.

**നിപുൺഭാരത്മിഷൻ സാക്ഷരതയിലും സംഖ്യാശാസ്ത്രത്തിലും കഴിവുകൾ വർധിപ്പിക്കുന്നു:** കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ സമഗ്ര വിദ്യാഭ്യാസത്തിനായുള്ള കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും പ്രമുഖവുമായ സംരംഭമാണ് നിപുൺ ഭാരത് മിഷൻ. 2025-ഓടെ പ്രൈമറി ക്ലാസ് വിദ്യാർത്ഥികൾക്ക് അടിസ്ഥാന ഭാഷയിലും ഗണിതത്തിലും പ്രാവീണ്യം ഉറപ്പാക്കുകയാണ് മിഷൻ ലക്ഷ്യമിടുന്നത്. കുഞ്ഞുവായന, കുഞ്ഞു എഴുത്ത്, ഹലോ ഇംഗ്ലീഷ്, മലയാളത്തിളക്കം, ക്ലാസ് റൂം ലൈബ്രറി, മെഷർ ആൻഡ് ലേൺ, ഉല്ലാസഗണിതം, ഗണിതവിജയം, ഡിജി ഷോകേസ്, എസ്എം. സി. മീറ്റിംഗുകൾ, ക്വിസ് പ്രോഗ്രാമുകൾ, ഗണിത പാർക്ക്, മാതാപിതാക്കളെ ശാക്തീകരിക്കൽ, പോസ്റ്റർ നിർമ്മാണം എന്നിവ ചില പ്രവർത്തനങ്ങളാണ്.

**മൺസൂണും കുട്ടികളും:** സംസ്ഥാന സർക്കാരിന്റെ അഭിമാനകരമായ പരിപാടിയായ നൂറ് ദിന കർമ്മ പരിപാടിയുമായി സഹകരിച്ച് സമഗ്ര ശിക്ഷാകേരളം "മൺസൂണും കുട്ടികളും" എന്ന പദ്ധതി നടപ്പാക്കി. കാലാവസ്ഥാ പ്രവചനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കലും പ്രാദേശിക തലത്തിലുള്ള ദുരന്തനിവാരണവുമായിരുന്നു ഈ ദൗത്യത്തിനു പിന്നിലെ ലക്ഷ്യങ്ങൾ. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ റഡാർ റിസർച്ച് സെന്ററിൽ 40 റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകുകയും ബാക്കി സ്കൂളുകളിലെ മറ്റ് അധ്യാപകർക്ക് മാർഗനിർദേശം നൽകുകയും ചെയ്തു. ഈ പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാർത്ഥികൾ നിശ്ചിത ഇടവേളകളിൽ വിവരങ്ങൾ പതിവായി നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു, പിന്നീട് അവരുടെ ഭൂമിശാസ്ത്ര അധ്യാപകരുടെ സഹായത്തോടെ ഡാറ്റ വിശകലനം ചെയ്യുന്നു.

**ഈ തണലിൽ ഇത്തിരി നേരം:** ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ഊർജ്ജസ്വലമായ നേതൃത്വത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തിനു ഊന്നൽ നൽകിക്കൊണ്ട് വിവിധ പരിപാടികളോടെ സംസ്ഥാനത്തൊട്ടകെയുള്ള സ്കൂളുകളിൽ ."ഈ തണലിൽ ഇത്തിരി നേരം" എന്ന പരിപാടി ഈ വർഷം ആഘോഷിച്ചു.

**പ്രത്യേക പരിചരണ കേന്ദ്രങ്ങൾ:** പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രാഥമികമായി പ്രത്യേക പിന്തുണ നൽകുന്നതിൽ പ്രത്യേക പരിചരണ കേന്ദ്രങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു. പൊതുവിദ്യാലയങ്ങളിൽ ചേരുന്ന ഭിന്നശേഷിയുള്ള കുട്ടികൾക്കും ക്ലാസ് റൂം പഠനത്തിൽ പ്രവേശിക്കാൻ കഴിയാത്തവർക്കും കേന്ദ്രങ്ങൾ വഴി അക്കാദമിക് പിന്തുണ നൽകുന്നു.

**പ്രദേശിക പ്രതിഭാ കേന്ദ്രം (ലോക്കൽ റിസോഴ്സ് സെന്ററുകൾ):** പാർശ്വവത്കരിക്കപ്പെട്ട, പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസപരവും സാമൂഹികവുമായ ഉന്നമനത്തിനായുള്ള നൂതന സംരംഭമാണ് പ്രദേശിക പ്രതിഭാ കേന്ദ്രങ്ങൾ അല്ലെങ്കിൽ പ്രാദേശിക റിസോഴ്സ് സെന്ററുകൾ. ഇത്തരം വിഭാഗങ്ങളിൽ പെട്ട കുട്ടികളുടെ സർഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ഈ കേന്ദ്രങ്ങൾ നൽകി വരുന്നു.

**വർണക്കൂടാരം:** പ്രൈമറി സ്കൂളുകളിലെ തിരഞ്ഞെടുത്ത പ്രിപ്രൈമറി വിഭാഗങ്ങളിൽ നൂതനവും സംവേദനാത്മകവുമായ ഘടകങ്ങൾ ഉൾപ്പെടുത്തി പരമ്പരാഗത അധ്യാപന രീതികൾ നവീകരിക്കുന്നതിന് സ്റ്റാർസ് പദ്ധതിയായ വർണക്കൂടാരം ഊന്നൽ നൽകി. പ്രീപ്രൈമറി കുട്ടികളുടെ സമഗ്രവികസനത്തിനായി ക്ലാസ് മുറിയിൽ പതിമൂന്ന് വ്യത്യസ്ത മേഖലകൾ സജ്ജമാക്കി.

**സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി)**

പ്രീ-സ്കൂൾ മുതൽ ഹയർസെക്കൻഡറി തലം വരെയുള്ള എല്ലാ അക്കാദമിക് പ്രോഗ്രാമുകളുടെയും ആസൂത്രണം, നടപ്പാക്കൽ, വിലയിരുത്തൽ എന്നിവയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി). പ്രീ-പ്രൈമറി മുതൽ ഹയർസെക്കൻഡറി വരെയുള്ള സ്കൂൾ ക്ലാസുകൾക്കുള്ള പാഠ്യപദ്ധതി വികസിപ്പിക്കുക, പാഠപുസ്തകങ്ങൾ വികസിപ്പിക്കുക, അധ്യാപക പാഠങ്ങൾ, മൂല്യനിർണ്ണയ തന്ത്രങ്ങൾ വികസിപ്പിക്കുക, സേവനത്തിലുള്ള അധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുക, പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനും വ്യാപനവും, ഗവേഷണങ്ങൾ നടത്തുക, ഗവേഷണ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുക, അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, പ്രത്യേക വിദ്യാഭ്യാസവും ജനസംഖ്യാ വിദ്യാഭ്യാസവും, കലാ വിദ്യാഭ്യാസം, ആരോഗ്യ വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം എസ്.സി.ഇ.ആർ.ടി യുടെ പ്രധാന ഉത്തരവാദിത്തങ്ങളിലൊന്നാണ്. 2022-ൽ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കാൻ കേരള സർക്കാർ തീരുമാനിച്ചു. 2005-ൽ വികസിപ്പിച്ച ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന് ശേഷം 2007-ലാണ് സ്കൂൾ പാഠ്യപദ്ധതി ചട്ടക്കൂട് അവസാനമായി വികസിപ്പിച്ചത്. സ്റ്റിയറിംഗ് കമ്മിറ്റികൾ, കരിക്കുലം റിവിഷൻ കോർ കമ്മിറ്റി, 26 ഫോക്കസ് ഗ്രൂപ്പുകൾ എന്നിവ രൂപീകരിച്ചുകൊണ്ട് സംസ്ഥാന സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള പ്രക്രിയ എസ്.സി.ഇ.ആർ.ടി ആരംഭിച്ചു. തെരഞ്ഞെടുത്ത 26 മേഖലകളുടെ പൊസിഷൻ പേപ്പറുകളുടെ കരട് ഇതുവരെ തയ്യാറാക്കിയിട്ടുണ്ട്. പൊസിഷൻ പേപ്പറുകളുടെയും ബന്ധപ്പെട്ടവരിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ, പ്രീ-സ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവർക്കുള്ള വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം എന്നിവയെക്കുറിച്ചുള്ള കേരള പാഠ്യപദ്ധതി ചട്ടക്കൂട് (KCF -2023) വികസിപ്പിച്ചെടുത്തു. പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ 1, 3, 5, 7, 9 എന്നീ പാഠപുസ്തകങ്ങൾ പരിഷ്കരിച്ച് അവതരിപ്പിച്ചു. അധ്യാപക ഗ്രന്ഥങ്ങളും രക്ഷാകർതൃ ഗ്രന്ഥങ്ങളും വികസിപ്പിക്കുകയും ഡിജിറ്റൽ ഗ്രന്ഥങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രക്രിയ ആരംഭിക്കുകയും ചെയ്തു. 2023-24 ലെ ചില പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്

- മൊബൈൽ, ഐഒടി (ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്), ഓഗ്മെന്റഡ് ലേണിംഗ് എൻവയോൺമെന്റ് സ്പെഷ്യൽ എജ്യുക്കേഷൻ എന്നിവയെക്കുറിച്ചുള്ള ഗവേഷണം കണ്ണൂർ സർവകലാശാലയുമായി ചേർന്ന് സംയുക്തമായി ഏറ്റെടുത്തു. ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും അധിഷ്ഠിതമായ ഒരു പഠനാന്തരീക്ഷം പ്രത്യേകിച്ച് ഓട്ടിസം ബാധിതരായ കുട്ടികൾക്കുള്ള പ്രത്യേക വിദ്യാഭ്യാസത്തിൻറെ ആവശ്യകതകൾ പരിഹരിച്ചു കൊണ്ട് വികസിപ്പിക്കുക, സഹകണ അടിസ്ഥാനത്തിലുള്ള പഠനാനുഭവം മെച്ചപ്പെടുത്തുന്നതിനായി റിയാലിറ്റി അടിസ്ഥാനമാക്കിയുള്ള ഒരു പഠനാന്തരീക്ഷം രൂപകൽപ്പന ചെയ്യുകയും വികസിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യങ്ങൾ.

പാഠപുസ്തകങ്ങളുടെ ജെൻഡർ ഓഡിറ്റിങ്ങിനുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കുന്നതിനായി ഒരു ദേശീയ ശിൽപശാല നടത്തി. തിരഞ്ഞെടുത്ത പാഠപുസ്തകങ്ങളുടെ ജെൻഡർ ഓഡിറ്റിംഗ് പുരോഗമിക്കുകയാണ്.

- K-DISC വികസിപ്പിച്ചെടുത്ത മഞ്ചാടി എന്ന ഗണിതശാസ്ത്ര പാക്കേജിന്റെ ഫലപ്രാപ്തിയെക്കുറിച്ചുള്ള ഗവേഷണം ആരംഭിച്ചു.
- സ്പോർട്സ് സ്കൂളുകൾക്കായി പ്രത്യേക പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനുള്ള നടപടികൾ എസ്‌സിഇആർടി കേരള ആരംഭിച്ചു.

### വിദ്യാകിരണം മിഷൻ – (പൊതുവിദ്യാഭ്യാസ പുനരുജ്ജീവന യജ്ഞത്തിന്റെ തുടർച്ച) നവകേരളം കർമ്മപദ്ധതി രണ്ടാം ഭാഗം

നവകേരളം കർമ്മ പദ്ധതി II ന്റെ ഭാഗമായി വിഭാവനം ചെയ്ത മിഷൻ പരിപാടികളിൽ ഒന്നാണ് വിദ്യാകിരണം മിഷൻ (പൊതുവിദ്യാഭ്യാസ പുനരുജ്ജീവന കാമ്പയിൻ). സ്കൂൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യം കൈവരിക്കുന്നതിന് സൗകര്യമൊരുക്കുക, എല്ലാ കുട്ടികൾക്കും തുല്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക, സാധ്യമായ എല്ലാ ഏജൻസികളെയും വിഭവങ്ങളെയും ബന്ധിപ്പിച്ച് ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് അവരുടെ മുഴുവൻ കഴിവുകളും ഉപയോഗിച്ച് ആത്മവിശ്വാസത്തോടെ ദേശീയ വികസന പ്രക്രിയയിൽ സജീവമായും ക്രിയാത്മകമായും ഏർപ്പെടാൻ വിദ്യാഭ്യാസ വകുപ്പിന് അകത്തും പുറത്തും അവരെ പ്രാപ്തരാക്കുക. എന്നതാണ് പരിപാടിയുടെ മൊത്തത്തിലുള്ള ലക്ഷ്യം.

### ഒന്നാം ഘട്ടത്തിലെ പ്രധാന നേട്ടങ്ങൾ

- സമൂഹത്തിൽ പ്രത്യേകിച്ച് രക്ഷാകർതൃ സമൂഹത്തിനിടയിൽ പൊതുവിദ്യാലയങ്ങൾ പ്രശസ്തി വീണ്ടെടുത്തു.
- മിഷൻ പ്രവർത്തനങ്ങളിലൂടെ ഉയർന്നുവന്ന സാമൂഹിക അന്തരീക്ഷം ആത്യന്തികമായി കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിലേക്ക് നയിക്കുന്നു. സ്കൂൾ വിദ്യാഭ്യാസത്തിൽ കൊഴിഞ്ഞുപോക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം.
- സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ. വലിയ തോതിൽ മെച്ചപ്പെടുത്തി.
- സംസ്ഥാനത്തെ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടുന്ന എല്ലാ പൊതുവിദ്യാലയങ്ങളും സാങ്കേതിക സൗഹൃദമാക്കി മാറ്റി. 8 മുതൽ 12 വരെ ക്ലാസുകളിലെ എല്ലാ ക്ലാസ് മുറികളും സാങ്കേതിക സൗഹൃദ ക്ലാസ് മുറികളാക്കി മാറ്റി.
- എല്ലാ അധ്യാപകർക്കും ഡിജിറ്റൽ വിദ്യാഭ്യാസ പരിശീലനം നൽകി.
- 'ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ അവകാശം' എന്ന സംസ്ഥാന നിലപാട് കണക്കിലെടുത്ത് അക്കാദമിക് മെച്ചപ്പെടുത്തലിനായി വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഭാഷകൾ, ശാസ്ത്രം, സാമൂഹിക ശാസ്ത്രം, ഗണിതശാസ്ത്രം എന്നിവയിൽ വിദ്യാഭ്യാസ സഹായം ആവശ്യമുള്ള വിദ്യാർത്ഥികൾക്കായി പ്രോഗ്രാമുകൾ ആരംഭിക്കുകയും നടപ്പിലാക്കുകയും ചെയ്തു.
- ഈ അക്കാദമിക ഇടപെടലുകളോടെ, നീതി ആയോഗ് തയ്യാറാക്കിയ SEQI (സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചിക) യിൽ കേരളം ഒന്നാം സ്ഥാനത്തെത്തി.
- പരമ്പരാഗത അധ്യാപക ശാക്തീകരണ പരിപാടിയുടെ സ്ഥാനത്ത് ഹയർസെക്കൻഡറി അധ്യാപകർക്കായി അധ്യാപക പരിവർത്തന പദ്ധതി എന്ന പ്രോജക്റ്റ് അവതരിപ്പിച്ചുകൊണ്ട് അധ്യാപക പരിശീലനത്തിന് ഒരു പുതിയ രീതി വികസിപ്പിച്ചെടുത്തു.

### ഹയർ സെക്കന്ററി വിദ്യാഭ്യാസം

1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി സെക്കന്ററി വിദ്യാഭ്യാസം പുന:ക്രമീകരിക്കുന്നതിന് വേണ്ടിയാണ് ഹയർസെക്കന്ററി കോഴ്സുകൾ 1990-91 കാലയളവിൽ സംസ്ഥാനത്ത് നിലവിൽ വന്നത്. 2024ൽ സംസ്ഥാനത്ത് 2,076 ഹയർ സെക്കന്ററി സ്ക്കൂളുകൾ നിലവിലുണ്ട്. അതിൽ 819 എണ്ണം (39.5 ശതമാനം) സർക്കാർ സ്ക്കൂളുകളും 845 എണ്ണം (40.7 ശതമാനം) എയ്ഡഡ് സ്ക്കൂളുകളും ബാക്കി 412 എണ്ണം (19.8 ശതമാനം) അൺ എയ്ഡഡ് സ്ക്കൂളുകളുമാണ്. ജില്ലകളിൽ ഏറ്റവും കൂടുതൽ ഹയർ സെക്കന്ററി സ്ക്കൂളുകൾ മലപ്പുറത്താണ് (248) തൊട്ടുപിന്നാലെ യഥാക്രമം എറണാകുളവും (209) തൃശ്ശൂരുമാണ്(204).

2024-ൽ ഹയർ സെക്കന്ററി കോഴ്സിൽ 7,220 ബാച്ചുകൾ ഉണ്ട്. 3,84,557 പേരാണ് 2023-24ൽ ഹയർ സെക്കന്ററി സ്ക്കൂളുകളിൽ പ്രവേശനം നേടിയത്. ഏറ്റവും കൂടുതൽ ബാച്ചുകൾ ഉള്ള മലപ്പുറത്താണ്(1,065) ഏറ്റവും കൂടുതലായ 62,546 വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കിയതും. ജില്ല-മാനേജ്മെന്റ് തിരിച്ചുള്ള ഹയർ സെക്കന്ററി സ്ക്കൂളുകളുടേയും ബാച്ചുകളുടേയും എണ്ണം **അനുബന്ധം 6.1.17** ലും ജില്ലകളിൽ പ്രവേശനം നേടിയ കുട്ടികളുടെ കണക്കുകൾ **അനുബന്ധം 6.1.18** ലും കാണാം.

2023-24ൽ ഹയർസെക്കൻഡറി കോഴ്സുകളിലെ വിദ്യാർഥികളുടെ വിജയശതമാനം 78.7 ശതമാനമാണ്. 2024-ൽ 2,94,888 വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹരായി, അതിൽ 1,68,561 പെൺകുട്ടികളും 1,26,327 ആൺകുട്ടികളുമാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.19** ൽ നൽകിയിരിക്കുന്നു. ഇക്കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികളുടെ വിജയശതമാനം 56.9 ശതമാനവും പട്ടികവർഗ വിദ്യാർത്ഥികളുടേത് 53.9 ശതമാനവുമാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.20, 6.1.21** എന്നിവയിൽ നൽകിയിരിക്കുന്നു.

### വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം സംസ്ഥാനത്ത് ആരംഭിക്കുന്നത് 1983-84 കാലഘട്ടത്തിലാണ്. സ്വയം തൊഴിൽ/വേതന/പ്രത്യക്ഷ തൊഴിലുകൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടെ പ്ലസ് ടു തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുകയാണ് വൊക്കേഷണൽ ഹയർസെക്കന്ററി

വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. 2024-25-ൽ 389 വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലായി സംസ്ഥാനത്ത് 1,101 ബാച്ചുകളുണ്ട്. ഇതിൽ 261 സ്കൂളുകൾ സർക്കാർ മേഖലയിലും 128 എണ്ണം എയ്ഡഡ് മേഖലയിലുമാണ്. 52 എണ്ണത്തോടെ ഏറ്റവും കൂടുതൽ വി.എച്ച്.എസ്. കൾ ഉള്ള ജില്ല കൊല്ലവും, തൊട്ടടുത്ത് 41 എണ്ണത്തോടെ തിരുവനന്തപുരവുമാണ്. 2024-25-ൽ ജില്ല തിരിച്ചുള്ള വി.എച്ച്.എസ്.എസ്.കളും കോഴ്സുകളും **അനുബന്ധം 6.1.22** ൽ കൊടുത്തിരിക്കുന്നു. മാർച്ച് 2023 ലെ വി.എച്ച്.എസ്.ഇ പരീക്ഷയിൽ ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടിയത് 71.41 ശതമാനമാണ്. 2019 മുതൽ 2024 വരെ വി.എച്ച്.എസ്.ഇ. പരീക്ഷ എഴുതിയവരുടെയും വിജയിച്ചവരുടെയും എണ്ണവും സ്കൂളിൽ പോകുന്ന കുട്ടികളുടെ റിസൽട്ടുകളും (2019-2024) **അനുബന്ധം 6.1.23, 6.1.24** എന്നിവയിൽ കൊടുത്തിരിക്കുന്നു.

### ഉന്നത വിദ്യാഭ്യാസം

ഒരു സമൂഹത്തെ വികസിപ്പിക്കുന്നതിൽ പരമപ്രധാനമായ പങ്ക് വഹിക്കുന്ന ഉന്നതവിദ്യാഭ്യാസത്തിന് സർക്കാർ വളരെ വലിയ പ്രാധാന്യം നൽകുന്നുണ്ട്. ഇത് വ്യക്തിഗത വളർച്ചയെ പ്രാപ്തമാക്കുകയും സാമ്പത്തികവും സാങ്കേതികവും സാമൂഹികവുമായ മാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇത് അറിവ്, ഗവേഷണം, നവീകരണം എന്നിവ മെച്ചപ്പെടുത്തുന്നതിനും കൈമാറ്റം ചെയ്യുന്നതിനുമുള്ള ഒരു മാധ്യമം മാത്രമല്ല, സാമ്പത്തിക സുരക്ഷയും സുസ്ഥിരമായ ഭാവിയും കൈവരിക്കുന്നതിനുള്ള ഏറ്റവും വിശ്വസനീയമായ മാർഗ്ഗം കൂടിയാണ്, പ്രത്യേകിച്ച് ദുർബലമായ പശ്ചാത്തലത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക്.

വർദ്ധിച്ചുവരുന്ന പ്രവേശനം, വിദ്യാർത്ഥികളുടെ ചലനാത്മകത, പ്രൊഫഷന്റെ വൈവിധ്യം, ഗവേഷണ ഫലപ്രാപ്തി, പ്രബോധന നിലവാരം, അത്യാധുനിക സാങ്കേതികവിദ്യ എന്നിവ കാരണം കഴിഞ്ഞ ദശകങ്ങളിൽ ഉന്നത വിദ്യാഭ്യാസം ഗണ്യമായ മാറ്റങ്ങൾക്കു വിധേയമായി. പൊതുമേഖലയുടെ നേതൃത്വത്തിൽ ഉന്നതവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന കേരളത്തിന്റെ പാരമ്പര്യം, സ്വകാര്യമേഖലയിൽ നിന്നുള്ള പങ്കാളിത്തത്തോടെ, ലോകമെമ്പാടുമുള്ള നിരവധി മേഖലകളിലും രാജ്യങ്ങളിലും അവർക്ക് തൊഴിലവസരം ലഭിക്കുന്ന തരത്തിൽ വൈദഗ്ധ്യം നേടിയെടുക്കാൻ ആളുകളെ പ്രാപ്തരാക്കുന്നു. എന്നിരുന്നാലും, ഉന്നതവിദ്യാഭ്യാസത്തിന് എല്ലായ്പ്പോഴും സ്ഥിരമായ പിന്തുണ ആവശ്യമായിരുന്നു. ഈ പശ്ചാത്തലത്തിൽ, പതിനാലാം പഞ്ചവത്സര പദ്ധതി വിദ്യാഭ്യാസ മേഖലയുടെ മൊത്തത്തിലുള്ള പുരോഗതി വിഭാവനം ചെയ്യുകയും, ഒരു നോളജ് സൊസൈറ്റിയായി പരിണമിക്കാനുള്ള സംസ്ഥാനത്തിന്റെ ദൃഢനിശ്ചയം നിറവേറ്റുന്നതിന് പൊതുവിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും ഊന്നൽ നൽകുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ, പ്രവേശനം വർധിപ്പിക്കുക, ഗുണനിലവാരം മെച്ചപ്പെടുത്തുക, ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, വഴക്കവും വൈവിധ്യവൽക്കരണവും വർദ്ധിപ്പിക്കുക, വിദ്യാർത്ഥികൾക്ക് തുല്യ അവസരങ്ങൾ നൽകുക എന്നിവയായിരുന്നു പ്രധാന തന്ത്രങ്ങൾ. നിലവിലെ പഞ്ചവത്സര പദ്ധതിയുടെ തുടക്കം മുതൽ ഉന്നതവിദ്യാഭ്യാസരംഗത്ത് കേരളം തുടർച്ചയായി നേട്ടങ്ങൾ കൈവരിക്കുന്നുണ്ട് എന്നത് ശ്രദ്ധിക്കേണ്ടതാണ്.

സമഗ്രവും പ്രാപ്യവുമായ ഒരു ഉന്നതവിദ്യാഭ്യാസ സമ്പ്രദായം സൃഷ്ടിക്കാൻ സംസ്ഥാനം പരമാവധി ശ്രമിച്ചിട്ടുണ്ടെങ്കിലും, അക്കാദമിക നിലവാരം, സമഗ്രത, തുല്യത എന്നിവ വർധിപ്പിക്കുന്നതിന് കാര്യമായ ഇടപെടലുകൾ ഇപ്പോഴും കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കൂടുതൽ വ്യക്തമാണ്. കൂടാതെ, ആഗോള നിലവാരത്തിനും മാറുന്ന പ്രവണതകൾക്കും അനുസൃതമായി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായം നവീകരിക്കേണ്ടതുണ്ട്. കാര്യക്ഷമതയും പ്രതികരണശേഷിയും വർദ്ധിപ്പിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതും പ്രധാനമാണ്. സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി മാറ്റുന്നതിനും, സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും ഫലാധിഷ്ഠിതമായ ഗവേഷണത്തിലൂടെയും വികസനത്തിലൂടെയും, സാങ്കേതികവിദ്യയുടെയും പരിശീലനത്തിന്റെയും കൈമാറ്റത്തിലൂടെ നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള മികച്ച സംഭാവനകൾ ആവശ്യമാണ്. സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഒരു അവലോകനം താഴെ കൊടുക്കുന്നു:

### സർവ്വകലാശാലയും ഉന്നതവിദ്യാഭ്യാസവും

സംസ്ഥാനത്ത് ആകെ 14 സർവ്വകലാശാലകളുണ്ട്. ഇതിൽ 4 സർവ്വകലാശാലകൾ - കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ എന്നിവ - പൊതുസ്വഭാവമുള്ളതും, വിവിധ കോഴ്സുകൾ നടത്തുന്നവയും ആണ്. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, കേരള കാർഷിക സർവ്വകലാശാല, കേരള ആരോഗ്യ സർവ്വകലാശാല, കേരള മത്സ്യ, സമുദ്രോല്പന്ന പഠന സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല തുടങ്ങിയവ പ്രത്യേക വിഷയങ്ങളിൽ വൈദഗ്ധ്യം നേടുന്നതിന് സഹായകമായ കോഴ്സുകൾ നടത്തിവരുന്നു. 2020-ൽ കൊല്ലം ആസ്ഥാനമായി സ്ഥാപിതമായ കേരളത്തിലെ ഏക ഓപ്പൺ യൂണിവേഴ്സിറ്റിയായ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും 2020-ൽ സ്ഥാപിതമായ ഡിജിറ്റൽ യൂണിവേഴ്സിറ്റിയും അത്യാധുനിക വിജ്ഞാന മണ്ഡലത്തിലെ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ആവശ്യകതകൾ ഉൾകൊള്ളിച്ചുകൊണ്ട് പുതുതായി സ്ഥാപിതമായ സർവ്വകലാശാലകളാണ്. ഇതുകൂടാതെ 2005 ൽ, സ്ഥാപിതമായ നുവാൽസ് അഥവാ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കാസർഗോഡ് സ്ഥാപിച്ച കേന്ദ്ര സർവ്വകലാശാല എന്നിവയും പ്രവർത്തിക്കുന്നു. ഐഐടി പാലക്കാട്, ഐഐഎം കോഴിക്കോട്, എഐഎസ്ഇആർ തിരുവനന്തപുരം എന്നിവയാണ് കേരളത്തിൽ പ്രവർത്തിക്കുന്ന പ്രധാന ദേശീയതല സ്ഥാപനങ്ങൾ.

### ആർട്സ് ആന്റ് സയൻസ് കോളേജുകൾ

2023-24 ൽ, 164 സർക്കാർ എയ്ഡഡ് കോളേജുകളും 66 സർക്കാർ കോളേജുകളും ഉൾപ്പെടെ 230 ആർട്സ് ആൻഡ്

സയൻസ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് ഇത് കൂടാതെ നിരവധി അൺ-എയ്ഡഡ്/സെൽഫ് ഫിനാൻസിങ്ങ് കോളേജുകളും സർവ്വകലാശാലകളുടെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ഉള്ളത് എറണാകുളത്തും തിരുവനന്തപുരത്തുമാണ് (26), തൊട്ടടുത്ത സ്ഥാനം കോട്ടയത്തിനാണ് (24). സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സർക്കാർ കോളേജുകളുള്ളത് (10) തിരുവനന്തപുരത്തും കോഴിക്കോടുമാണ്. 2023-24 ൽ സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം 6.1.25** ൽ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളുടെയും സ്വയംഭരണ കോളേജുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 6.1.26** ൽ നൽകിയിരിക്കുന്നു.

### വിദ്യാർത്ഥികളുടെ പ്രവേശനം

കേരളത്തിലെ നാല് സർവ്വകലാശാലകൾക്ക് കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 2023-24 -ൽ 3.7 ലക്ഷം വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട് (അൺ എയ്ഡഡ് കോളേജുകൾ ഒഴികെ). ഇതിൽ 2.3 ലക്ഷം (65.3 ശതമാനം) പെൺകുട്ടികളാണ്. (**പട്ടിക 6.1.6**) ബിരുദ പഠനത്തിന് പ്രവേശനം നേടിയിട്ടുള്ള കുട്ടികളിൽ 47.7 ശതമാനം പേർ ബി.എ യ്ക്കും, 36.8 ശതമാനം പേർ ബി.എസ്.സി.യ്ക്കും, 15.5 ശതമാനം പേർ ബി.കോമിനുമാണ് ചേർന്നിട്ടുള്ളത്. ബിരുദ പഠനത്തിന് പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ 65.3 ശതമാനം പെൺകുട്ടികളാണ്. ആൺ-പെൺ തിരിച്ചുള്ള പ്രവേശനം വ്യക്തമാക്കുന്നത് ബി.എ, ബി.എസ്.സി കോഴ്സുകളെക്കാൾ ആൺകുട്ടികൾ തിരഞ്ഞെടുക്കുന്നത് ബി.കോം കോഴ്സാണ് എന്നാണ്. (**ചിത്രം 6.1.3**).


**പട്ടിക 6.1.6** ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണവും ശതമാനവും

| കോഴ്സ് | ആകെ | പെൺകുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികളുടെ ശതമാനം |
|---|---|---|---|---|
| ബി.എ | 148102 | 95509 | 52593 | 64.5 |
| ബി എസ്.സി | 114560 | 77214 | 37346 | 67.4 |
| ബി.കോം. | 48131 | 30513 | 17618 | 63.4 |
| ആകെ | 310793 | 203236 | 107557 | 65.3 |
| എം.എ | 17522 | 11475 | 6047 | 65.5 |
| എം.എസ്.സി | 21519 | 13590 | 7929 | 63.2 |
| എം.കോം | 7148 | 4980 | 2168 | 69.7 |
| ആകെ | 46189 | 30045 | 16144 | 65.1 |
| **ആകെ മൊത്തം** | **356982** | **233281** | **123701** | **65.3** |

***അവലംബം:*** കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

ബി.എ. ബിരുദ കോഴ്സിന് ആകെ 27 വിഷയങ്ങളാണുള്ളത്. സാമ്പത്തിക ശാസ്ത്രത്തിൽ ആണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയത്. തൊട്ടു പുറകിൽ ഇംഗ്ലീഷ് വരുന്നു. ബി.എസ്.സി. കോഴ്സിനു കീഴിൽ ആകെ 31 വിഷയങ്ങൾ ആണുള്ളത്. ഇവിടെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയത് ഫിസിക്സിലാണ്. തൊട്ടുപിറകിൽ ഗണിതശാസ്ത്രമാണ്. ബി.എ, ബി.എസ്.സി., ബി.കോം കോഴ്സുകളിലായി ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.27, 6.1.28, 6.1.29**

**ചിത്രം 6.1.3** 2023-24 ൽ ഡിഗ്രി കോഴ്സുകളിലെ വിദ്യാർത്ഥികളുടെ സ്ത്രീ പുരുഷ അനുപാതം




***അവലംബം:*** കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

എന്നിവയിൽ നൽകിയിരിക്കുന്നു. 2023-24ൽ 23,641 വിദ്യാർത്ഥികളാണ് ബിരുദാനന്തര ബിരുദ കോഴ്സിന് സംസ്ഥാനത്ത് പ്രവേശനം നേടിയത്. പിജി കോഴ്സുകളിൽ ചേരുന്നവരിൽ 66.2 ശതമാനവും പെൺകുട്ടികളാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ എം.എ, എം.എസ്.സി, എം.കോം കോഴ്സുകൾക്ക് പ്രവേശനം നേടിയവരുടെ വിശദമായ കണക്കുകൾ **അനുബന്ധം 6.1.30, 6.1.31, 6.1.32** എന്നിവയിൽ നൽകിയിരിക്കുന്നു.

**പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾ**

2023-24ൽ സംസ്ഥാനത്തെ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനം നേടിയ പട്ടികജാതി (എസ്‌സി) വിദ്യാർത്ഥികൾ 33,345 ആണ്, ഇത് മൊത്തം വിദ്യാർത്ഥികളുടെ 9.34 ശതമാനമാണ്. മുൻവർഷത്തെ അപേക്ഷിച്ച് പട്ടികജാതി (എസ്‌സി) വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ നേരിയ വർദ്ധനയുണ്ട്, 2022-23ൽ ഇത് 9.32 ശതമാനമായിരുന്നു. 2023-24ൽ സംസ്ഥാനത്ത് ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനം നേടിയ പട്ടികവർഗ വിദ്യാർത്ഥികളുടെ എണ്ണം 8,835 ആണ്, ഇത് മൊത്തം വിദ്യാർത്ഥികളുടെ 2.47 ശതമാനമാണ്. പട്ടികവർഗ വിദ്യാർത്ഥികളുടെ പ്രവേശനത്തിലും 2023-24 ൽ നേരിയ വർദ്ധനവ് കാണിക്കുന്നു. 2022-23ൽ ഇത് 2.4 ശതമാനമായിരുന്നു.

2023-24 ൽ കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ചേർന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കണക്കുകൾ **അനുബന്ധം 6.1.33** ൽ കാണാം. പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികളുടെ ശതമാനാടിസ്ഥാനത്തിലുള്ള വിവരങ്ങൾ **പട്ടിക 6.1.7** ലും **ചിത്രം 6.1.4** ലും കാണാം.

**പട്ടിക 6.1.7** 2023-24 ൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ എസ്.സി, എസ്.ടി വിദ്യാർത്ഥികൾ

| കോഴ്സ് | ആകെ | ശതമാനം എസ്.സി | ശതമാനം എസ്.ടി | ശതമാനം മറ്റുള്ളവർ |
|---|---|---|---|---|
| ബി.എ | 100 | 7.71 | 2.47 | 89.82 |
| ബി.എസ്.സി | 100 | 11.55 | 1.23 | 87.22 |
| ബി.കോം | 100 | 8.77 | 2.42 | 88.80 |
| ആകെ | 100 | 9.29 | 2.01 | 88.70 |
| എം.എ | 100 | 9.51 | 6.49 | 84.00 |
| എം.എസ്.സി | 100 | 8.96 | 4.10 | 86.93 |
| എം.കോം | 100 | 12.24 | 8.10 | 79.66 |
| ആകെ | 100 | 9.68 | 5.63 | 84.69 |
| ആകെ മൊത്തം | 100 | 9.34 | 2.47 | 88.18 |

***അവലംബം:*** കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്


**സ്കോളർഷിപ്പുകൾ**

2023-24ൽ കേരളത്തിലെ വിദ്യാർഥികൾക്ക് 16 തരം കേന്ദ്ര-സംസ്ഥാനതല സ്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു. ജില്ല മെറിറ്റ് സ്കോളർഷിപ്പ് (32,427), കേരള സംസ്ഥാന സുവർണ്ണ ജൂബിലി സ്കോളർഷിപ്പ് (3,358), സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് (9,821)എന്നിവയാണ് 2023-24 വർഷത്തിൽ നല്കിയ പ്രധാന സ്കോളർഷിപ്പുകൾ. 2023-24 കാലയളവിൽ ന്യൂനപക്ഷങ്ങൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ നേടിയ ആകെ വിദ്യാർത്ഥികളുടെ എണ്ണം 73,286 ഉം വികലാംഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് 1,418 ഉം ആയിരുന്നു. 2019-20 മുതൽ 2023-24 വരെയുള്ള കാലഘട്ടത്തിൽ നൽകിയിട്ടുള്ള സ്കോളർഷിപ്പുകളുടെ വിവരങ്ങൾ **അനുബന്ധം 6.1.34** ൽ കൊടുത്തിരിക്കുന്നു.

**അദ്ധ്യാപകർ**

സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ 2023-24 ലെ അധ്യാപകരുടെ എണ്ണം 10,950 ആണ്. ഇതിൽ 57.3 ശതമാനം സ്ത്രീകളാണ്. 2019-20 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ സർവ്വകലാശാല തിരിച്ച് കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അധ്യാപകരുടെ എണ്ണം **അനുബന്ധം 6.1.35** ൽ കാണാം. ഇവരിൽ 4,514 പേർ (41.2 ശതമാനം) പി.എച്ച്.ഡി. ബിരുദമുള്ളവരാണ്. വിശദവിവരങ്ങൾ **അനുബന്ധം 6.1.36** ൽ കൊടുത്തിട്ടുണ്ട്. 2023-24 ൽ സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 4,005 പേർ ഗസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്തു വരുന്നത്. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 6.1.37** ൽ കാണാം.

**ചിത്രം 6.1.4** 2023-24 ലെ ബിരുദ ബിരുദാനന്തര ബിരുദ കോഴ്സിലെ പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾ ശതമാനത്തിൽ




***ഉറവിടം:*** കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**2023–24 ൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പ്രധാന സംരംഭങ്ങൾ/നേട്ടങ്ങൾ**

**വിശപ്പ് രഹിത കാമ്പസ്:** കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ കോളേജുകളിൽ പഠിക്കുന്ന 30,000 ത്തോളം വിദ്യാർത്ഥികൾക്ക് കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള ഭക്ഷണം നൽകി ആരോഗ്യമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം മുതൽ "വിശപ്പ് രഹിത ക്യാമ്പസ്" എന്ന പദ്ധതി സർക്കാർ

**ബോക്സ് 6.1.2** 2023-24 കാലയളവിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രധാന നേട്ടങ്ങൾ

കേരളത്തിലെ ഉന്നതവിദ്യാഭ്യാസം കാര്യമായ നയമാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കേരള സർക്കാർ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിലെ നവീകരണ സംരംഭങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനായി സംസ്ഥാന തലത്തിൽ മൂന്ന് കമ്മീഷനുകൾ താഴെപ്പറയുന്ന ലക്ഷ്യങ്ങളോടെ രൂപീകരിച്ചിട്ടുണ്ട്: i) സംസ്ഥാനത്തെ നിലവിലുള്ള ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ സുപ്രധാന വശങ്ങൾ പരിശോധിക്കുന്നതിനും ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുക എന്ന് വലിയ ലക്ഷ്യം കണക്കിലെടുത്ത് സംസ്ഥാനത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുക ii) കേരളത്തിലെ സർവ്വകലാശാലകളിലെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പരീക്ഷയുടെ നിലവിലെ അവസ്ഥ അവലോകനം ചെയ്യുക, iii) യു.ജി.സി, എൻ.സി.റ്റി.ഇ, എ.ഐ.സി.റ്റി.ഇ, എന്നിവയുടെ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ, സർവകലാശാലകളുടെ നിയമങ്ങൾ, നിയമസംഹിതകൾ, ചട്ടങ്ങൾ, ഓർഡിനൻസുകൾ, എന്നിവ പരിശോധിക്കുകയും, പ്രത്യേകിച്ച്, സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുക എന്ന വലിയ ലക്ഷ്യം കണക്കിലെടുത്ത് അവ പുനഃപരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്യുക. മൂന്ന് കമ്മീഷനുകളും ഈ മേഖലയെ നവീകരിക്കുന്നതിന് കൃത്യമായ ശുപാർശകളോടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കമ്മീഷനുകൾ നിലവിലുള്ള ദേശീയ അന്തർദേശീയ സാഹചര്യങ്ങൾ സമഗ്രമായി പരിശോധിക്കുകയും വിദഗ്ധരുമായും വിവിധ പങ്കാളികളുമായും വിപുലമായി കൂടിയാലോചിക്കുകയും ചെയ്തിട്ടുണ്ട്. ശുപാർശകൾ പരിശോധിച്ച് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കാനുള്ള നീക്കത്തിലാണ് സർക്കാർ.

നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുകയും അംഗീകാരം നൽകുകയും ചെയ്യുന്ന ഇന്ത്യയിലെ ഒരു സർക്കാർ സ്ഥാപനമാണ്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ധനസഹായം നൽകുന്ന ഒരു സ്വയംഭരണ സ്ഥാപനമാണിത്.

കേരളത്തിന്റെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും ഇടയിൽ രാജ്യത്തെ ഏഴാമത്തെ ഉയർന്ന നിരക്കായ 41.3 ആണ്. (AISHE-2021-2022)

2022-ൽ, 3.67 എന്ന ക്യുമുലേറ്റീവ് ഗ്രേഡ് പോയിന്റ് ആവറേജോടെ (CGPA) കേരള സർവ്വകലാശാല ഏറ്റവും ഉയർന്ന NAAC ഗ്രേഡിംഗ് ആയ A++ നേടി. സംസ്ഥാനത്തെ ഏതൊരു സർവകലാശാലയും നേടിയ ഉയർന്ന ഗ്രേഡിംഗും പോയിന്റുമാണിത് . 2015-ൽ കേരളത്തിലെ ഏറ്റവും മികച്ച സർവ്വകലാശാലയ്ക്കുള്ള ആദ്യ ചാൻസലർ അവാർഡ് ഈ സർവ്വകലാശാലയ്ക്ക് ലഭിച്ചിരുന്നു. 2024-ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിംവർക്ക് (NIRF) അനുസരിച്ച് 2024-വർഷത്തിൽ രാജ്യത്ത് മൊത്തത്തിൽ 38-ാം സ്ഥാനമാണ് സർവ്വകലാശാലയ്ക്കുള്ളത്. 2024ൽ സർവ്വകലാശാലകൾക്കിടയിൽ ഈ സർവ്വകലാശാല 21-ാം സ്ഥാനത്താണ്. ക്യുഎസ് വേൾഡ് റാങ്കിംഗ് ഏഷ്യ 2025 ൽ 339-ാം റാങ്ക് നേടി മുൻ വർഷത്തെ 451-ാം റാങ്കിൽ നിന്ന് സർവ്വകലാശാല നില മെച്ചപ്പെടുത്തി.

കോളേജുകളെ സംബന്ധിച്ചിടത്തോളം, കേരളത്തിൽ നിന്നുള്ള 16 കോളേജുകൾ രാജ്യത്തെ മികച്ച 100 കോളേജുകളിൽ ഉൾപ്പെടുന്നു, അവയിൽ 5 എണ്ണം NIRF റാങ്കിംഗ് 2024 പ്രകാരം മികച്ച 50 കോളേജുകളിൽ ഇടംപിടിച്ചിട്ടുണ്ട്.

നാഷനൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) നാലാം സൈക്കിളിൽ മഹാത്മാഗാന്ധി സർവ്വകലാശാലയെ 3.63 CGPA സ്കോറോടെ A++ ഗ്രേഡോടെ വീണ്ടും അക്രഡിറ്റുചെയ്തു. നാലാമത്തെ റീഅക്രഡിറ്റേഷൻ സൈക്കിളിൽ A++ നേടിയ കേരളത്തിലെ ആദ്യത്തെ സർവകലാശാലയാണ് മഹാത്മാഗാന്ധി സർവ്വകലാശാല. 2024-ൽ യൂണിവേഴ്സിറ്റി തലത്തിൽ അറുപത്തി എഴാം റാങ്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ചട്ടക്കൂട് പ്രകാരം (NIRF) ഇന്ത്യയിൽ മൊത്തത്തിൽ മുപ്പത്തി എഴാം റാങ്കും നേടി. 2015-16, 2017-18, 2019-20 വർഷങ്ങളിൽ കേരളത്തിലെ മികച്ച യൂണിവേഴ്സിറ്റി ഓഫ് എക്സലൻസിനുള്ള ചാൻസലറുടെ അവാർഡും സർവകലാശാലയ്ക്ക് ലഭിച്ചു. ദേശീയ തലത്തിൽ മികച്ച രീതിയിൽ കോഹ നടപ്പാക്കലിനുള്ള ലൈബ്രറി ടെക്നോളജി കോൺക്ലേവ് (LTC) 2019 കോഹ ലൈബ്രറി അവാർഡ് സർവകലാശാല ലൈബ്രറിക്ക് ലഭിച്ചു. 2022-ലെ ലോക സർവ്വകലാശാല റാങ്കിംഗിൽ ഇന്ത്യൻ സർവ്വകലാശാലകളിൽ പതിനഞ്ചാം റാങ്കും ഈ സർവ്വകലാശാല കരസ്ഥമാക്കി. സ്റ്റഡി എബ്രോഡ് എയ്ഡ് റാങ്കിംഗിൽ ഏഷ്യയിലെ മികച്ച രണ്ട് ശതമാനം സർവകലാശാലകളിൽ മഹാത്മാഗാന്ധി സർവ്വകലാശാലയും ഉൾപ്പെട്ടിട്ടുണ്ട്.

25-ലധികം ബിരുദാനന്തര പഠന, ഗവേഷണ വകുപ്പുകളുള്ള കാലിക്കറ്റ് സർവകലാശാല കേരളത്തിലെ ഏറ്റവും വലിയ സർവകലാശാലയാണ്. നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) അടുത്തിടെ നടത്തിയ നാലാമത്തെ മൂല്യനിർണയത്തിൽ 3.45/4 പോയിന്റുമായി കാലിക്കറ്റ് സർവകലാശാല അതിന്റെ ഗ്രേഡ് 'എ+' ആയി മെച്ചപ്പെടുത്തി. 2024 ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ചട്ടക്കൂട് (എൻഐആർഎഫ്) അനുസരിച്ച്, സർവ്വകലാശാലകളിൽ (മൊത്തത്തിൽ ഇന്ത്യയിൽ) എൺപത്തി ഒൻപതാം സ്ഥാനവും കാലിക്കറ്റ് സർവ്വകലാശാലയ്ക്കുണ്ട്. ക്യു.എസ് ഏഷ്യ യൂണിവേഴ്സിറ്റി റാങ്കിംഗ് 2022 പ്രകാരം കാലിക്കറ്റ് യൂണിവേഴ്സിറ്റി 401-450 ബാൻഡിന് കീഴിലും യുഎസിലെ ഇന്ത്യൻ സർവ്വകലാശാലകളിലെ 100 സർവ്വകലാശാലകളിൽ നാല്പത്തി അഞ്ചാം സ്ഥാനത്തും എത്തിയിട്ടുണ്ട്.

2021-ൽ നാക് അക്രഡിറ്റേഷന്റെ രണ്ടാം ആവൃത്തിയിൽ 2.85 പോയിന്റുമായി കണ്ണൂർ സർവകലാശാലയ്ക്ക് ബി++ ഗ്രേഡ് ലഭിച്ചു. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് 3.24 പോയിന്റുമായി എ ഗ്രേഡും 3.39 പോയിന്റോടെ A+ ഗ്രേഡുമായി കുസാറ്റും അംഗീകാരം നേടിയിട്ടുണ്ട്. 2023 ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ചട്ടക്കൂട് (എൻഐആർഎഫ്) അനുസരിച്ച്, സർവ്വകലാശാലകളിൽ കുസാറ്റിന് മുപ്പത്തി ഏഴാം സ്ഥാനവും ലഭിച്ചു.

***ഉറവിടം:*** സർവ്വകലാശാലകളും കോളേജ് വിദ്യാഭാസ ഡയറക്ടറേറ്റും

അംഗീകാരത്തോടെ നടപ്പിലാക്കുന്നു. നിലവിൽ വകുപ്പിന് കീഴിലുള്ള കോളേജുകളിലെ കാന്റീനുകൾ കുടുംബശ്രീ യൂണിറ്റുകൾ വഴിയാണ് പ്രവർത്തിക്കുന്നത്. പ്രതികൂല ജീവിതസാഹചര്യങ്ങളിൽ നിന്ന് വരുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കോളേജുകൾ തിരിച്ചറിയുകയും ആ വിദ്യാർത്ഥികൾക്ക് പ്രത്യേക കൂപ്പൺ/ടോക്കൺ മുഖേന 10/- രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകുകയും ചെയ്യുന്നു. കാന്റീനുകൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിനാണ് ഈ തുക പൂർണമായും കാന്റീനുകൾക്ക് അനുവദിച്ചിരിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിലെ 7,859 കുട്ടികൾ ഈ പദ്ധതിയുടെ ഭാഗമാകുകയും 1.35 കോടി വിനിയോഗിക്കുകയും ചെയ്തു.

**മുഖ്യമന്ത്രിയുടെ പ്രതിഭ സ്കോളർഷിപ്പ് അവാർഡ്:**
മുഖ്യമന്ത്രിയുടെ 100 ദിവസത്തെ പരിപാടിയുടെ ഭാഗമായി, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 1000 പ്രതിഭാധനരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്ത നൂതന പദ്ധതിയാണ് പ്രതിഭാ ധനസഹായ പദ്ധതി.. 2023-24 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്. 1000 സ്കോളർഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്

**ജീവനി –** കോളേജ് മാനസിക ബോധവൽക്കരണ പരിപാടി:- ഈ പരിപാടിയിലൂടെ ജീവനി കൗൺസിലർമാർ വഴി കോളേജുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും മാനസിക പിന്തുണ ലഭിക്കും അതുവഴി സ്ഥാപനങ്ങളിൽ നല്ല അന്തരീക്ഷം പ്രോത്സാഹിപ്പിക്കും. സർക്കാർ, എയ്ഡഡ് മേഖലയ്ക്ക് കീഴിലുള്ള എല്ലാ കോളേജുകളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. 138 കൗൺസിലർമാരുടെ സഹായത്തോടെ 2023-24 കാലയളവിൽ 7,848 കേസുകൾ പരിഹരിച്ചു.

**പഠനത്തോടൊപ്പം സമ്പാദ്യം:** പഠനത്തോടൊപ്പം സമ്പാദ്യം എന്നത് വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിനും തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുമായി ആരംഭിച്ച പദ്ധതിയാണ്. പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വകുപ്പ് സഹായം നൽകുന്നു. മൊത്തം 756 വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു. വിദ്യാർത്ഥികൾക്ക് വേതനമായി 4,59,521/- രൂപയും നൽകി.

**നാക് അക്രഡിറ്റേഷൻ:** കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, വകുപ്പിന് കീഴിലുള്ള കോളേജുകൾ നാക് അക്രഡിറ്റേഷനിൽ താഴെപ്പറയുന്ന ഗ്രേഡുകൾ നേടിയിട്ടുണ്ട്. പി.ടി.എം. ഗവൺമെന്റ് കോളേജ്, പെരിന്തൽമണ്ണ - 3.11 പോയിന്റ്, എ ഗ്രേഡ്, ഗവൺമെന്റ് കോളേജ്, മലപ്പുറം - 3.18 പോയിന്റ്, എ ഗ്രേഡ്, കെകെടിഎം സർക്കാർ കോളേജ്, പുല്ലൂട്ട് - 3.10 പോയിന്റ്, എ ഗ്രേഡ്, എസ്എആർബിടിഎം സർക്കാർ കോളേജ്, കൊയിലാണ്ടി - ബി ഗ്രേഡ്.

**കേരളത്തിലെ സർവ്വകലാശാലകളുടെ പ്രധാന നേട്ടങ്ങൾ/ പദ്ധതികൾ/ നൂതന സംരംഭങ്ങൾ**
**കേരള സർവകലാശാല**

- **കേരളത്തിൽ ആദ്യമായി നാല് വർഷ ബിരുദ പദ്ധതിയുടെ ആരംഭം:** കാര്യവട്ടം കാമ്പസിൽ BA പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ഹിസ്റ്ററി (ഗവേഷണത്തോടുകൂടിയുള്ള ഓണേഴ്സ്) എന്ന ആദ്യ നാല് വർഷ ബിരുദ പദ്ധതി കേരള സർവ്വകലാശാലയിൽ ആരംഭിച്ച് കൊണ്ട് സർവകലാശാല ചരിത്രം സൃഷ്ടിച്ചു.
- **റിസർച്ചേഴ്സ് ഫെസ്റ്റ്–** ഹൈറ്റ്സ് 2023: യൂണിവേഴ്സിറ്റിയുടെ ഗവേഷണ ഫലങ്ങൾ പ്രദർശിപ്പിക്കുന്നതിനും വ്യാവസായിക, അക്കാദമിക, പൊതു സമൂഹത്തെ കാമ്പസിലേക്ക് ആകർഷിക്കുന്നതിനുമായി 2023 ജൂണിൽ കാര്യവട്ടം കാമ്പസിൽ ഇവന്റ് ഘടിപ്പിച്ചു.
- 2021-22 ലെ എൻഎസ്എസ് സംസ്ഥാന അവാർഡിനുള്ള മികച്ച സർവകലാശാലയായി കേരള സർവകലാശാലയെ തിരഞ്ഞെടുത്തു
- പഞ്ചാബ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ലുധിയാനയിൽ നടന്ന 37-ാമത് ദേശീയ അന്തർ സർവകലാശാല യൂത്ത് ഫെസ്റ്റിവലിൽ കേരള സർവകലാശാലയ്ക്ക് മൂന്നാം സ്ഥാനം ലഭിച്ചു.
- കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ അവാർഡ് - 2022 സർവകലാശാലയ്ക്ക് ലഭിച്ചു.
- NIRF റാങ്കിംഗ് 2024:കേരള സർവ്വകലാശാല 2024-ൽ ഇന്ത്യയിലെ സർവ്വകലാശാലകളിൽ 21-ാം സ്ഥാനത്താണ്. കൂടാതെ സംസ്ഥാന പൊതു സർവ്വകലാശാലകളിൽ 9-ാം സ്ഥാനവും മൊത്തത്തിലുള്ള 38-ാം സ്ഥാനവും നേടി.
- ഇന്ത്യാ ടുഡേ-എംഡിആർഎ റാങ്കിംഗ്: സർവ്വകലാശാലയ്ക്ക് മൊത്തത്തിലുള്ള റാങ്കിൽ പതിനാറാം സ്ഥാനം ലഭിച്ചു.

**മഹാത്മാഗാന്ധി സർവ്വകലാശാല**

- സ്റ്റഡി അബ്രോഡ് എയ്ഡ് റാങ്കിംഗിൽ ഏഷ്യയിലെ മികച്ച 2 ശതമാനം സർവകലാശാലകളിൽ മഹാത്മാഗാന്ധി സർവ്വകലാശാലയെ ഉൾപ്പെടുത്തിയിട്ടുണ്ട്. നാലാമത്തെ സൈക്കിളിൽ, മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) A++ ഗ്രേഡ് നൽകി, 3.61 CGPA സ്കോർ നേടി. എൻഐആർഎഫ് റാങ്കിംഗിൽ, സർവ്വകലാശാല മൊത്തത്തിൽ 67 റാങ്കും സർവ്വകലാശാലകളിൽ മുപ്പത്തിഏഴാം സ്ഥാനവും സംസ്ഥാന പൊതു സർവ്വകലാശാലകളിൽ പതിനൊന്നാം സ്ഥാനവും നേടി.
- 2023-ൽ, ടൈംസ് ഹയർ എജ്യുക്കേഷൻ പ്രസിദ്ധീകരിച്ച ലോക സർവകലാശാല റാങ്കിംഗിൽ തുടർച്ചയായ മൂന്നാം വർഷവും മഹാത്മാഗാന്ധി സർവകലാശാല ഇടം നേടി. തമിഴ്നാട്ടിലെ അണ്ണാ യൂണിവേഴ്സിറ്റി, ന്യൂഡൽഹിയിലെ ജാമിയ മിലിയ ഇസ്ലാമിയ യൂണിവേഴ്സിറ്റി എന്നിവയ്ക്കൊപ്പം യൂണിവേഴ്സിറ്റി രണ്ടാം സ്ഥാനം പങ്കിട്ടു.
- മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർനാഷണൽ സെന്റർ ഫോർ പോളാർ സ്റ്റഡീസിന് (ഐസിപിഎസ്) സർക്കംപോളാർ ആർട്ടിക്

മേഖലയിലെ പ്രശസ്ത അന്താരാഷ്ട്ര സഹകരണ ശൃംഖലയായ ആർട്ടിക് യൂണിവേഴ്സിറ്റിയിൽ (യുആർട്ടിക്) അംഗത്വം ലഭിച്ചു.

- യൂണിവേഴ്സിറ്റി അഫിലിയേറ്റഡ് കോളേജുകളിൽ ഡിഗ്രി ഹോണേഴ്സ് പ്രോഗ്രാമുകളും അതിന്റെ പഠന വകുപ്പുകളിൽ 4+1 പ്രോഗ്രാമുകളും ആരംഭിച്ചു.
- റഷ്യയിലെ പ്രമുഖ പെട്രോകെമിക്കൽ ഭീമനായ SIBUR-മായി നയപരമായ പങ്കാളിത്തം പ്രഖ്യാപിച്ചു.
- മുപ്പത് വ്യക്തികൾ ചേർന്ന് ഏഷ്യാ സോഫ്റ്റ് ലാബുമായി സഹകരിച്ച് മഹാത്മാഗാന്ധി സർവകലാശാലയിൽ വ്യോമയാന മന്ത്രാലയം അംഗീകരിച്ച ചെറിയ-വിഭാഗം ഡ്രോൺ പ്രോഗ്രാം പൂർത്തിയാക്കി.
- പരമ്പരാഗത പ്രോഗ്രാമുകൾക്ക് തത്തുല്യമായ ബദൽ നൽകിക്കൊണ്ട് ആഗോളതലത്തിൽ ആക്സസ് ചെയ്യാവുന്ന ഒരു ഓൺലൈൻ എംബിഎ പ്രോഗ്രാമും യുജിസി അംഗീകരിച്ച പ്രോഗ്രാമും ആരംഭിച്ചു.
- സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിന് കീഴിൽ ഡ്രോൺ സാങ്കേതികവിദ്യയിൽ രണ്ട് പുതിയ സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ അവതരിപ്പിച്ചു
- മൂന്നാം ഖേലോ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ഗെയിംസിൽ അത്‌ലറ്റിക്സിൽ ഓവറോൾ കിരീടം നേടിയതുൾപ്പെടെ ദേശീയ, ദക്ഷിണ പ്രാദേശിക കായിക ഇനങ്ങളിൽ ശ്രദ്ധേയമായ വിജയം കൈവരിച്ചു.
- ഒഡീഷയിലെ ഭുവനേശ്വറിൽ നടന്ന അഭിമാനകരമായ അഖിലേന്ത്യാ അന്തർ സർവ്വകലാശാല വനിതാ വോളിബോൾ ചാമ്പ്യൻഷിപ്പിലും, തേവര സേക്രഡ് ഹാർട്ട് കോളേജിൽ നടന്ന അഖിലേന്ത്യാ അന്തർ സർവ്വകലാശാല പുരുഷ ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പിലും ചാമ്പ്യന്മാരായി.
- കേരള സർക്കാരിന്റെ സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റുമായി സഹകരിച്ച് ഒരു അന്താരാഷ്ട്ര തലത്തിലുള്ള ഇൻഡോർ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും സ്ഥാപിക്കുന്നതിനായി 57 കോടി രൂപയുടെ യുടെ കിഫ്ബി ഫണ്ട് പ്രോജക്ടിനു ധാരണാപത്രം ഒപ്പുവച്ചു.
- ട്രിപ്പിൾ ഹെലിക്സ് സംവിധാനം നടപ്പിലാക്കുന്നതിനൊപ്പം കോട്ടയത്തെ സ്വകാര്യ ബയോസയൻസ് കമ്പനിയായ അഗ്രോ ബയോ-ടെക് (ABTEC) നടത്തുന്ന ഗവേഷണ കേന്ദ്രത്തിന് അംഗീകാരം ലഭിച്ചു.
- ആറാം തലമുറ വയർലെസ് നെറ്റ്‌വർക്കുകളിൽ സുഗമമായ വൈദ്യുതകാന്തിക തരംഗ ചലനം സുഗമമാക്കുന്നതിന് പരിസ്ഥിതി സൗഹൃദ ഷീൽഡുകളുടെ വികസനം സർവകലാശാലയുടെ സാങ്കേതിക മുന്നേറ്റങ്ങളിൽ ഉൾപ്പെടുന്നു. എംജിയുവിൻറെ കേരള സ്റ്റാർട്ടപ്പ് മിഷൻ ഒരു കോടി രൂപ സഹായം ലഭ്യമാക്കിയ ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ ഒമ്പത് മാസത്തിനുള്ളിൽ 24 ഗവേഷണ പദ്ധതികൾ പൂർത്തിയാക്കി.
- മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഇന്നൊവേഷൻ ഫൗണ്ടേഷൻ (MGUIF) ആശുപത്രിയിലെ അണുബാധ തടയുന്നതിനായി നാനോ ടെക്നോളജിയിൽ സ്പെഷ്യലൈസ് ചെയ്തിരിക്കുന്ന പാൻലിസ് നാനോടെക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്റ്റാർട്ടപ്പിനെ ഇൻകുബേറ്റ് ചെയ്തുകൊണ്ട് ഡീപ്-ടെക് വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സുപ്രധാനമായ ഒരു ചുവടുവെപ്പ് നടത്തി.
- സാമൂഹിക പ്രതിബദ്ധതയോടുള്ള പ്രതിബദ്ധത പ്രകടമാക്കി, ദുരന്തനിവാരണത്തിനായി സമർപ്പിച്ചിരിക്കുന്ന നാഷണൽ സർവീസ് സ്കീമിലെ (എൻഎസ്എസ്) സന്നദ്ധപ്രവർത്തകരും എൻസിസി കേഡറ്റുകളും ഉൾപ്പെടെ 4,800 വ്യക്തികളെ ഉൾപ്പെടുത്തി 'എംജിയു ടീം ഓൺ സ്പോട്ട്' എന്ന ശക്തമായ ഒരു ദുരന്ത നിവാരണ സംരംഭം എംജിയു സ്ഥാപിച്ചു.
- വിദ്യാഭ്യാസത്തിലൂടെയും ഇടപഴകലിലൂടെയും മുതിർന്ന പൗരന്മാരെ ശാക്തീകരിക്കുന്ന യൂണിവേഴ്സിറ്റി ഓഫ് തേർഡ് ഏജ് പ്രോഗ്രാം ആരംഭിച്ചു.

### കാലിക്കറ്റ് യൂണിവേഴ്സിറ്റി

- 'കാമ്പസ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്' പ്രകാരം ഡേകെയർ സെന്റർ നിർമ്മാണവും വിവിധ കെട്ടിടങ്ങളിൽ ലിഫ്റ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള തുടക്കം കുറിച്ചു.
- സുരക്ഷിത കാമ്പസ്-വൈഫൈ (ഘട്ടം II) നവീകരണവും സുരക്ഷാ നിരീക്ഷണ സംവിധാനവും നടപ്പിലാക്കി.
- സുവർണ്ണ ജൂബിലി ബ്ലോക്ക് ഓഫ് അക്കാദമിക് ഇവാലുവേഷന്റെ (ഘട്ടം I) നിർമ്മാണം പൂർത്തിയായി.
- നവീകരണത്തിനും സംരംഭകത്വത്തിനും വേണ്ടിയുള്ള കേന്ദ്രം (CIE) സ്ഥാപിച്ചു.
- CDMRP (കമ്മ്യൂണിറ്റി ഡിസേബിൾഡ് മാനേജ്മെന്റ് ആൻഡ് റീഹാബിലിറ്റേഷൻ പ്രോഗ്രാം) വഴി ഭിന്നശേഷിക്കാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി തടസ്സങ്ങളില്ലാത്ത അന്തരീക്ഷം സ്ഥാപിച്ചു.

### കണ്ണൂർ യൂണിവേഴ്സിറ്റി

- 2022-23ൽ സിറ്റിസൺ സർവീസ് ഡെലിവറി വിഭാഗത്തിൽ ഓൺലൈൻ സേവനങ്ങൾക്കുള്ള ഇ-ഗവേണൻസ് അവാർഡ് കണ്ണൂർ സർവകലാശാലയ്ക്ക് ലഭിച്ചു.
- ചരിത്രത്തിൽ ആദ്യമായി, 2022-ൽ യൂണിവേഴ്സിറ്റി ആദ്യത്തെ NIRF റാങ്കിംഗ് നേടുകയും 151-200 റാങ്ക് ബാൻഡിൽ ഇടം നേടുകയും ചെയ്തു.
- ലൈബ്രറിയിൽ ഇ-റിസോഴ്സ് വികസനവും റിമോട്ട് ആക്സസ് സൗകര്യങ്ങളും നടപ്പിലാക്കി.
- റിസർച്ച് കോൺക്ലേവ് സംഘടിപ്പിക്കുകയും പൊതു പ്രഭാഷണ പരിപാടികൾ നടത്തുകയും ചെയ്തു
- ഉഷ്ണമേഖലാ ജൈവവൈവിധ്യത്തിനും സംയോജിത എം.കോം പ്രോഗ്രാമിനുമായി പശ്ചിമഘട്ട പഠനകേന്ദ്രം സ്ഥാപിച്ചു.
- ഒരു ഓൺലൈൻ ചോദ്യ ബാങ്ക് സംവിധാനവും പാസ്‌വേഡ് പരിരക്ഷിത ചോദ്യപേപ്പറുകളുടെ വിതരണവും സർവകലാശാലാ വകുപ്പുകളിൽ വിജയകരമായി നടപ്പാക്കി.
- ഭാഷാ വൈവിധ്യ പഠന കേന്ദ്രം, യൂണിവേഴ്സിറ്റി ഇന്നൊവേഷൻ & ഇൻകുബേഷൻ ഫൗണ്ടേഷൻ കോ-വർക്കിംഗ് സ്പേസ് എന്നിവ സ്ഥാപിക്കുകയും മൂന്ന് പ്രോജക്ട് മോഡ് കോഴ്സുകൾ അവതരിപ്പിക്കുകയും ചെയ്തു.

**കുസാറ്റ്**

- NIRF 2024 പ്രകാരം സ്റ്റേറ്റ് പബ്ലിക് യൂണിവേഴ്സിറ്റി റാങ്കിംഗിൽ പത്താം റാങ്കും, സർവ്വകലാശാലകളിൽ മുപ്പത്തി നാലാം റാങ്കും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അൻപത്തി ഒന്നാം റാങ്കും നേടി.
- നാക്ക് അക്രഡിറ്റേഷനിൽ A+ ഗ്രേഡ് നേടി.
- ഇന്ത്യയിലെ മികച്ച 100 ബി-സ്കൂളുകളിൽ ഉൾപ്പെടുന്ന സ്കൂൾ ഓഫ് മാനേജ്മെന്റ് സ്ഥാപിച്ചു.
- QS വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ 921-940 റാങ്കും, 2024 ലെ ഏഷ്യ യൂണിവേഴ്സിറ്റി റാങ്കിംഗിൽ 301-350 റാങ്കും നേടി.
- 2022 - 2024 കാലയളവിൽ 44 പേറ്റന്റുകൾ അനുവദിച്ചു/ പ്രസിദ്ധീകരിച്ചു
- 2024-ൽ കുസാറ്റിലേക്കുള്ള അന്താരാഷ്ട്ര അപേക്ഷകരുടെ എണ്ണം റെക്കോർഡ് ഭേദിച്ച് കൊണ്ട് 1410 ആയി.

**കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ**

ദേശീയ തലത്തിലുള്ള വിദ്യാഭ്യാസ നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി, സംസ്ഥാനതല ആസൂത്രണത്തിന്റെയും സഹകരണത്തിന്റെയും പ്രാധാന്യം അംഗീകരിച്ചുകൊണ്ട്, എല്ലാ സംസ്ഥാനങ്ങളിലും ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കണമെന്ന് ദേശീയ വിദ്യാഭ്യാസ നയം 1986ൽ നിർദ്ദേശിച്ചു. 2007 മാർച്ച് 16 ന് കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നിലവിൽ വന്നു. കൗൺസിൽ സംസ്ഥാനത്തെ പ്രധാന ഉന്നത വിദ്യാഭ്യാസ ചിന്താകേന്ദ്രമാണ്. കൂടാതെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ തുല്യത, പ്രവേശനം, മികവ് എന്നിവ കൊണ്ടുവരുന്നതിനുള്ള നയോപദേശം നൽകുന്നു. കൗൺസിലിന്റെ പ്രധാന ചുമതലകൾ താഴെ പറയുന്നു.

- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ നയങ്ങൾ രൂപീകരിക്കുന്ന ഒരു ഏജൻസിയായി പ്രവർത്തിക്കുക.
- സർക്കാരിനും, സർവ്വകലാശാലകൾക്കും, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉപദേശം നൽകുക.
- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ ആശയങ്ങൾക്കും പദ്ധതികൾക്കും തുടക്കം കുറിക്കുക
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്വയംഭരണാവകാശത്തിൽ കൈകടത്താതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതു സൗകര്യങ്ങൾ ലഭ്യമാക്കുക.

## 2023–24 കാലയളവിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ

**കോളേജുകളുടെ ക്ലസ്റ്റർ:** എൻറോൾമെന്റും വിദ്യാഭ്യാസ നിലവാരവും വർദ്ധിപ്പിക്കുന്നതിന് ലഭ്യമായ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സമീപ കോളേജുകൾക്കിടയിൽ മാനുഷികവും ഭൗതികവുമായ വിഭവങ്ങൾ പരസ്പരം പങ്കിടുന്നതിനുള്ള ഒരു ക്രമീകരണമാണ് കോളേജുകളുടെ ക്ലസ്റ്റർ. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ക്ലസ്റ്ററുകൾ 2009 മുതൽ പ്രവർത്തിക്കുന്നു, അവയിൽ യഥാക്രമം അഞ്ച്, നാല്, അഞ്ച് അംഗ കോളേജുകൾ ഉൾപ്പെടുന്നു. 2023-24 കാലയളവിൽ തലശ്ശേരി, കാസർകോട്, പാലക്കാട് മേഖലകളിൽ പുതിയ ക്ലസ്റ്ററുകൾ ആരംഭിച്ചു.

**സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (സാക്):** രാജ്യത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളിൽ പെടുന്ന അനേകം അഫിലിയേറ്റഡ് സ്ഥാപനങ്ങളെ വിലയിരുത്തി ഗ്രേഡിംഗ് ചെയ്യുന്നതിനുള്ള ചുമതല നിറവേറ്റുന്നതിനായി നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും സംസ്ഥാനതല അക്രഡിറ്റേഷൻ മെക്കാനിസം എന്ന ആശയം നിർദ്ദേശിച്ചിട്ടുണ്ട്. 2023-24 കാലയളവിൽ 3 കോളേജുകളുടെ മൂല്യനിർണയ പ്രക്രിയ പൂർത്തിയായി.

**ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്:** ഈ സ്കീമിന് കീഴിൽ, പ്രഫഷണൽ അല്ലാത്ത ബിരുദ കോഴ്സുകൾ പിന്തുടരുന്നതിന് മികച്ച വിദ്യാർത്ഥികൾക്ക് ഓരോ അധ്യയന വർഷത്തിലും 1000 പുതിയ സ്കോളർഷിപ്പുകൾ നൽകുന്നു. അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന അവാർഡ് ജേതാക്കളുടെ സ്കോളർഷിപ്പുകൾ അവരുടെ ബിരുദാനന്തര ബിരുദം പൂർത്തിയാകുന്നതുവരെ തുടർന്നുള്ള വർഷങ്ങളിൽ പുതുക്കുന്നതാണ്. 2023-24 കാലയളവിൽ ബിരുദ, ബിരുദാനന്തര വിഭാഗങ്ങളിലെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ ഗുണഭോക്താക്കളുടെ എണ്ണം യഥാക്രമം 2,308 ഉം 457 ഉം ആണ്.

**ഇ–ജേണൽ കൺസോർഷ്യം:** രാജ്യത്തെ സ്ഥാപനങ്ങളിലുടനീളമുള്ള ഇ-ജേണലുകളിലേക്ക് അക്കാദമിക് സമൂഹത്തിന് സൗജന്യ പ്രവേശനം നൽകുന്നതിനുള്ള സൗകര്യമാണിത്. ഇത് ഇൻഫർമേഷൻ ആന്റ് ലൈബ്രറി നെറ്റ്‌വർക്ക് സെന്ററുകൾ വഴിയാണ് ചെയ്യുന്നത്, അതിലൂടെ ചെലവ് ഗണ്യമായി കുറയ്ക്കാനാകും. ഗവൺമെന്റ്/ സർവകലാശാലകൾ പൂർണ്ണമായും ധനസഹായം നൽകുന്ന, ബന്ധപ്പെട്ട വിഷയങ്ങളിലെ മിക്കവാറും എല്ലാ ജേണലുകളും ഡാറ്റാബേസും ധാരണയുടെ അടിസ്ഥാനത്തിലുള്ള ചെലവിൽ വരിക്കാരാകാൻ സാധിക്കും. സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളുടെയും പങ്കാളിത്തത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംസ്ഥാനത്ത് ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.

**കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൽനെറ്റ്):** സംസ്ഥാനത്തെ യൂണിവേഴ്സിറ്റി ലൈബ്രറികളിലെ ലൈബ്രറി ശേഖരങ്ങളിലേക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി വികസിപ്പിച്ച ലൈബ്രറികളുടെ അക്കാദമിക് ഉറവിടങ്ങൾക്കായുള്ള ഒരു പ്ലാറ്റ്‌ഫോമാണ് കാൽനെറ്റ് (കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക്). 2021 ഫെബ്രുവരിയിലാണ് ഇത് ആരംഭിച്ചത്. 11 സർവ്വകലാശാലകളിലെ 147 ലൈബ്രറികളിലായി 15 ലക്ഷം ടൈറ്റിലുകൾ പ്ലാറ്റ്‌ഫോമിലൂടെ ഒരുമിച്ച് കൊണ്ടുവരുന്നു.

**എറുഡൈറ്റ് സ്കീം**: സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി അവതരി

ഷിക്കുന്ന എറുഡൈറ്റ് പദ്ധതി സർക്കാരിന്റെ ഒരു പ്രധാന പരിപാടിയാണ്. നോബൽ സമ്മാന ജേതാക്കൾ ഉൾപ്പെടെ ലോകമെമ്പാടുമുള്ള മികച്ച പണ്ഡിതന്മാരുമായി സംവദിക്കാൻ ഇത് അക്കാദമിക് സമൂഹത്തെ പ്രാപ്തമാക്കുന്നു. സംസ്ഥാനത്തെ വിവിധ സർവകലാശാലകളും കോളേജുകളും മുഖേന പദ്ധതി നടപ്പാക്കുന്നതിനുള്ള ഏകോപന ഏജൻസിയായി കെഎസ്എച്ച്ഇസി പ്രവർത്തിക്കുന്നു. എറുഡൈറ്റ് പദ്ധതിക്ക് കീഴിൽ സർവകലാശാലകളും കോളേജുകളും സംഘടിപ്പിച്ച വിവിധ പരിപാടികളിൽ നൊബേൽ സമ്മാന ജേതാക്കൾ ഉൾപ്പെടെ 220 ദേശീയ അന്തർദേശീയ പണ്ഡിതന്മാർ പങ്കെടുത്തിട്ടുണ്ട്. 2023-24ൽ മാത്രം 20 പണ്ഡിതന്മാരെ ഈ പദ്ധതിക്ക് കീഴിൽ ക്ഷണിച്ചിട്ടുണ്ട്.

**കൈരളി ഗവേഷണ അവാർഡുകൾ:** സംസ്ഥാനത്തെ ഏറ്റവും പ്രഗത്ഭരായ ഗവേഷകരെയും ഗവേഷണ അദ്ധ്യാപകരെയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 2017-2018 മുതൽ കൈരളി ഗവേഷണ അവാർഡുകൾ ഏർപ്പെടുത്തുകയും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ (KSHEC) കൈരളി ഗവേഷണ അവാർഡുകളുടെ സെക്രട്ടറിയേറ്റായി അംഗീകരിക്കുകയും ചെയ്തു. 2018-ൽ ആരംഭിച്ചതുമുതൽ, കൗൺസിൽ മൂന്ന് തവണയായി അവാർഡുകൾ തിരഞ്ഞെടുക്കുന്ന പ്രക്രിയ പൂർത്തിയാക്കുകയും ആ അവാർഡുകൾ സ്വീകർത്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തു (**പട്ടിക 6.1.8**).

**പട്ടിക 6.1.8** വിതരണം ചെയ്ത ഗവേഷണ അവാർഡുകളുടെ എണ്ണം

| നമ്പർ | അവാർഡുകളുടെ തരം | വിതരണം ചെയ്ത അവാർഡുകളുടെ എണ്ണം |
|---|---|---|
| 1 | ഗവേഷക പുരസ്കാരം | 10 |
| 2 | ഗവേഷണ പുരസ്കാരം | 8 |
| 3 | കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് | 7 |
| 4 | ഗവേഷകർക്കുള്ള കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് പ്രൈസ് (വിദേശത്ത്) | 1 |
| 5 | ഗവേഷകർക്കുള്ള കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് പ്രൈസ് (ഇന്ത്യയ്ക്കുള്ളിൽ) | 4 |

***അവലംബം:*** കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ

**മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ് പദ്ധതി (CMNPF):** സാമൂഹികം, സാമ്പത്തികം, കൃഷി, വികസനം, വ്യവസായം തുടങ്ങിയ മേഖലകളിൽ ഗുണനിലവാരമുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ നവീകരണവും വികസന ആവശ്യങ്ങളും നിറവേറ്റുന്നതിനായി കേരള സർക്കാർ, 'മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ്' എന്ന അഭിമാനകരമായ പദ്ധതി അവതരിപ്പിച്ചു. ആദ്യ ഘട്ടത്തിൽ (2021-22), 77 പേർക്ക് CMNPF അവാർഡ് ലഭിച്ചു. CMNPF-ന്റെ രണ്ടാം ഘട്ടം (2022-23) 2023 ഓഗസ്റ്റിൽ 64 ഉദ്യോഗാർത്ഥികൾക്ക് നൽകുകയും 2023-24 വർഷത്തിൽ മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പിനുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾക്കുള്ള (31 എണ്ണം) ചുരുക്കപ്പട്ടികയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു.

**കേരള-എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷൻ (കെ-റീപ്):** വൈവിധ്യമാർന്ന കാമ്പസ് പ്രവർത്തനങ്ങളെ ഏകീകൃത സംവിധാനത്തിലേക്ക് കേന്ദ്രീകരിക്കുന്ന സോഫ്റ്റ്‌വെയർ സംവിധാനം വികസിപ്പിക്കുന്നതിനും ഇആർപി ചെയ്യുന്നതിനുമായി കേരള സർക്കാരിന്റെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പിന്തുണയുള്ള കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു സംരംഭമാണ് കെ-റീപ്. കെ-റീപ് പ്ലാറ്റ്ഫോം സർവ്വകലാശാലകളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആസൂത്രണം, മാനേജ്മെന്റ്, ഡെലിവറി, മോണിറ്ററിംഗ് പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും ഒരു ഡിജിറ്റൽ ചട്ടക്കൂട് ഉപയോഗിച്ച് ശാക്തീകരിക്കുന്നു, അതുവഴി കേരള സർക്കാർ നിയോഗിച്ച ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനുകൾ നിർദ്ദേശിച്ച പരിവർത്തന ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുന്നു. ഈ പരിപാടി തുടങ്ങാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

**കേരള ചരിത്ര ഗവേഷണ കൗൺസിൽ (കെ.സി.എച്ച്.ആർ)**
ചരിത്രത്തിലും പുരാവസ്തുഗവേഷണത്തിലും മറ്റ് സാമൂഹ്യ ശാസ്ത്രവിഷയങ്ങളിലും ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2001 ൽ സ്ഥാപിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് കെ.സി.എച്ച്.ആർ. ഇൻ-ഹൗസ്, ഫണ്ടഡ് പ്രോജക്ടുകൾ ഉൾപ്പെടെയുള്ള ഗവേഷണം, ലൈബ്രറികളും റിസോഴ്സ് സെന്ററുകളും പരിപാലിക്കൽ, ഡോക്യുമെന്റേഷൻ, പ്രസിദ്ധീകരണം, പരിശീലനം, വൈവിധ്യമാർന്ന ഫെലോഷിപ്പ് പ്രോഗ്രാമുകൾ നടത്തൽ എന്നിവ കെ.സി.എച്ച്.ആർ-ന്റെ പ്രവർത്തനങ്ങളുടെ പ്രധാന മേഖലകളിൽ ഒന്നാണ്. കെ.സി.എച്ച്.ആർ അതിന്റെ പ്രവർത്തനങ്ങളിലൂടെ നൂതന ഗവേഷണവും സ്കോളർഷിപ്പും ചരിത്രപരമായ സാമൂഹിക അവബോധവുമായി സമന്വയിപ്പിക്കാൻ ശ്രദ്ധിക്കുന്നു. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിന് രണ്ട് വ്യത്യസ്ത കാമ്പസുകൾ ഉണ്ട് - ഒന്ന് തിരുവനന്തപുരത്തും മറ്റൊന്ന് പട്ടണത്തും.

**2023-24 കാലയളവിൽ കെ.സി.എച്ച്.ആർ-ന്റെ പ്രധാന പ്രവർത്തനങ്ങൾ**
ചരിത്രത്തിലെ മധ്യ കാലത്തിന്റെ ഉയർച്ചയും തകർച്ചയും മനസിലാക്കാവുന്ന കേരളത്തിന്റെ ചരിത്രപരമായ ഭൂമിശാസ്ത്രം, പുരാവസ്തു പര്യവേക്ഷണങ്ങൾ, സർവേകളും ഉത്ഖനനങ്ങളും, കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രം, ദൃശ്യപരത, നഗരദൃശ്യങ്ങൾ, പൊതു ചരിത്രം: സമകാലിക കേരളത്തിന്റെ ചിന്താരീതികൾ, വയനാട്ടിലെ ശിലാകലകളുടെ അപകടസാധ്യതയും ദുർബലതയും വിലയിരുത്തൽ തുടങ്ങിയവ കൗൺസിൽ ഏറ്റെടുത്തിട്ടുള്ള വിവിധ ഗവേഷണ പദ്ധതികളിൽ ഉൾപ്പെടുന്നു. കെ.സി.എച്ച്.ആർ, 2021 ഫെബ്രുവരി 12-ന് പട്ടണം കാമ്പസിൽ ഒരു സ്കൂൾ ഓഫ് എപ്പിഗ്രാഫിക്കൽ സ്റ്റഡീസ് ആരംഭിച്ചു, ആദ്യ ബാച്ച് 2024 ഫെബ്രുവരിയിൽ സർട്ടിഫിക്കറ്റ് കോഴ്സ്

പൂർത്തിയാക്കി. 2023-24 കാലയളവിൽ പുസ്തകങ്ങളും വർക്കിംഗ് പേപ്പറുകളും കെ.സി.എച്ച്.ആർ പ്രസിദ്ധീകരിച്ചു. പാറുക്കുട്ടി അമ്മ - ജീവിത കഥ, തെക്കേതിൽ കുടുംബ ചരിത്രം, കേരളത്തിലെ പഴംചൊല്ലുകൾ, പുരാവസ്തു വിഷയങ്ങൾ - പട്ടണം ഉത്ഖനനത്തിന്റെ ഒരു ഫീൽഡ് അടിസ്ഥാനമാക്കിയുള്ള ആഖ്യാനവും മുന്നോട്ടുള്ള ഗതിയും എന്നിവയാണ് പ്രസിദ്ധീകരിച്ച പ്രധാന പുസ്തകങ്ങൾ.

**കേരള സംസ്ഥാന നൈപുണ്യ വികസന പ്രോജക്റ്റ് (അസാപ്)**

2014 മുതൽ ഹയർ സെക്കൻഡറി, ബിരുദ വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എഡിബി ധനസഹായമുള്ള ഒരു പദ്ധതിയാണ് അസാപ്. 2014 മുതൽ 2020 വരെ ഓഫ്‌ലൈൻ രീതിയിൽ നൈപുണ്യ വികസന കേന്ദ്രങ്ങളിലൂടെയും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലൂടെയും 2 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. ഇപ്പോൾ ഓൺലൈൻ വഴിയും നൈപുണ്യ പരിശീലനം നൽകുന്നു. 2021 ജനുവരിയിൽ സർക്കാർ അതിനെ അസാപ് കേരള എന്ന സെക്ഷൻ-8 കമ്പനിയാക്കി മാറ്റി.

**2023–24 കാലയളവിൽ അസാപിന്റെ പ്രധാന നേട്ടങ്ങൾ/ പ്രകടനങ്ങൾ**

**ഇന്ത്യൻ സ്കിൽസ് റിപ്പോർട്ടിൽ പ്രത്യേക പരാമർശം:** കേരളത്തിലെ യുവാക്കൾക്ക് വ്യവസായവുമായി ബന്ധപ്പെട്ട കഴിവുകൾ വികസിപ്പിക്കുന്നതിലും അവരുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിലും പ്രധാന പങ്കുവഹിച്ചതിന് ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024-ൽ ASAP കേരളയ്ക്ക് അംഗീകാരം ലഭിച്ചു.

**അസാപ് കോഴ്‌സുകൾക്ക് നോർക്ക റൂട്ട്സിന്റെ അംഗീകാരം:** മറൈൻ സ്ട്രക്ചറൽ ഫിറ്റിംഗ്, ചൈൽഡ് കെയർ എയ്ഡ്, ബിസിനസ് അനലിറ്റിക്സ്, എഐ-മെഷീൻ ലേണിംഗ് തുടങ്ങി എട്ട് അസാപ് കേരള കോഴ്‌സുകളുടെ വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ ആധികാരികമാക്കാൻ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് മേഖലാ ഓഫീസുകൾക്ക് നോർക്ക റൂട്ട്സ് അംഗീകാരം നൽകി.

**ഡ്രോൺ ടെക് കോഴ്‌സിന് ഡി.ജി.സി.എ അംഗീകാരം:** അസാപ് കേരളയുടെ പങ്കാളിയായ റിമോട്ട് പൈലറ്റ് ട്രെയിനിംഗ് ഓർഗനൈസേഷന് ഡ്രോൺ സാങ്കേതികവിദ്യ, മാപ്പിംഗ്, യു.എ.വി സർവേകൾ, ഏരിയൽ ഛായാഗ്രഹണം എന്നിവ ഉൾക്കൊള്ളുന്ന ഒരു ഡ്രോൺ പൈലറ്റിംഗ് കോഴ്‌സിന് ഡി.ജി.സി.എ അംഗീകാരം ലഭിച്ചു. 96 മണിക്കൂർ ദൈർഘ്യമുള്ള ഈ പ്രോഗ്രാമിൽ പങ്കെടുക്കുന്നവരെ നിയമപരമായി ഇന്ത്യയിൽ ഡ്രോണുകൾ പറത്താൻ അനുവദിക്കുന്നു.

അസാപ് കേരള, തദ്ദേശ സ്വയംഭരണ വകുപ്പുമായി (എൽഎസ്ജിഡി) സഹകരിച്ച് പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളെ ശാക്തീകരിക്കുന്നതിനുള്ള നൈപുണ്യ വികസന പദ്ധതികൾ വിജയകരമായി നടപ്പാക്കി. ഈ കോഴ്‌സുകളിൽ യഥാക്രമം 26, 16 പേർ ഉൾക്കൊള്ളുന്ന ബാച്ചുകൾ ഉണ്ടായിരുന്നു.

ബേഠി ബച്ചാവോ ബേഠി പഠാവോ സ്കീം വഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി ഇംഗ്ലീഷ് പ്രാവീണ്യവും ടാലി സോഫ്റ്റ്‌വെയറും കേന്ദ്രീകരിച്ച് 15 വയസ്സിനു മുകളിൽ പ്രായമുള്ള പെൺകുട്ടികൾക്കുള്ള പരിശീലന പരിപാടികൾ കേരളത്തിലെ അഞ്ച് ജില്ലകളിലായി നടത്തി.

ഷീ സ്കിൽസ് സംരംഭത്തിലൂടെ, അസാപ് കേരള, കൊച്ചിയിലെ സ്ത്രീകൾക്ക് മെഡിക്കൽ കോഡിംഗും ബില്ലിംഗ് പരിശീലനവും നൽകുകയും സമത്വ വഴി 50 പട്ടിക ജാതി/ പട്ടിക വർഗ്ഗ/ഫിഷർമെൻ കമ്മ്യൂണിറ്റി അംഗങ്ങൾക്ക് ലോജിസ്റ്റിക്സിലും ഫുൾ സ്റ്റാക്ക് ഡെവലപ്‌മെന്റിലും പരിശീലനം നൽകുകയും ചെയ്തു.

കോളേജ് സ്റ്റുഡന്റ് ഇൻഡക്ഷൻ ട്രെയിനിംഗ്, സമ്മർ ക്വസ്റ്റ് 2024, പ്ലെയ്സ്മെന്റ് റെഡിനസ് പ്രോഗ്രാം, ഐഡിയ ഫെസ്റ്റ് 2024, പ്രതിമാസ ഐഡിയത്തോൺ സീരീസ്, എല്ലാവർക്കും ചെസ്സ്, ദേശീയ ബഹിരാകാശ ദിനം 2024 ഇവന്റ്, കരിയർ ഇൻററസ്റ്റ് ടെസ്റ്റ് തുടങ്ങിയ വൈവിധ്യമാർന്ന പ്രതിഭ വളർത്തൽ സംരംഭങ്ങൾ അസാപ് കേരള ആരംഭിച്ചു.

കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും പുതിയ വ്യവസായങ്ങളെ ആകർഷിക്കുന്നതിനുമായി വ്യാവസായിക നിലവാരത്തിലുള്ള ലാബുകളുള്ള മികവിന്റെ കേന്ദ്രങ്ങൾ അസാപ് കേരള സ്ഥാപിച്ചു. 2023 ഏപ്രിൽ 25-ന് കുന്നംതാനത്തെ കമ്മ്യൂണിറ്റി സ്കിൽ പാർക്കിലെ ഇലക്ട്രിക് വെഹിക്കിൾസിനുള്ള (ഇവി) മികവിന്റെ കേന്ദ്രം ഇവി സാങ്കേതികവിദ്യയിലും സുസ്ഥിരതയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ആലപ്പുഴ ചെറിയ കലവൂർ, പാമ്പാടി, കോട്ടയം തവനൂർ, മലപ്പുറം, തിരുവനന്തപുരം വിഴിഞ്ഞം എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ഉദ്ഘാടനം ചെയ്തു.

**നാഷണൽ കേഡറ്റ് കോർപ്പ്സ് (എൻസിസി)**

ഇന്ത്യയിലെ യൂണിഫോം ധരിച്ച ഏറ്റവും വലിയ യുവജന സംഘടനയായി 1948-ലാണ് എൻസിസി സ്ഥാപിതമായത്. "ഐക്യവും അച്ചടക്കവും" എന്നതാണ് എൻസിസിയുടെ മുദ്രാവാക്യം. വിദ്യാർത്ഥികളിലും യുവാക്കളിലും നല്ല സ്വഭാവവും അച്ചടക്കവും നേതൃത്വഗുണവും വളർത്തിയെടുക്കുകയാണ് എൻസിസിയുടെ ലക്ഷ്യം. സംസ്ഥാനത്ത് എൻസിസിയുടെ അഞ്ച് ആസ്ഥാന മന്ദിരങ്ങളും 42 ബറ്റാലിയനുകളും ഒരു ഡയറക്ടറേറ്റും ഉണ്ട്. 406 കോളേജുകളിലും 699 സ്കൂളുകളിലുമായി 96,889 കേഡറ്റുകളാണ് 2023-24 കാലയളവിൽ സംസ്ഥാനത്തുള്ളത്.

2023-24 ലെ എൻസിസി ഡയറക്ടറേറ്റിന്റെ പ്രധാന നേട്ടങ്ങൾ/സംരംഭങ്ങൾ ഇവയാണ് i) സംസ്ഥാനത്തെ തിരഞ്ഞെടുത്ത 600 കേഡറ്റുകൾക്ക് പരിശീലനം നൽകുന്നതിന് കല്ലറയിലും കോഴിക്കോട്ടും ദേശീയതല പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നു ii) ലഹരി വിരുദ്ധ കാമ്പയിൻ പോലുള്ള സംരംഭങ്ങൾ, മാലിന്യ മുക്ത കാമ്പസും മാലിന്യ മുക്ത നവകേരളവും, പുനീത് സാഗർ അഭിയാൻ (കടൽ തീരവും ജല ശേഖരങ്ങളും ശുചീകരണ സംരംഭം), രക്തദാന കാമ്പയിൻ, വൃദ്ധസദനം സന്ദർശിച്ച് അവരെ

സഹായിക്കൽ, വീ-കെയർ കാമ്പെയ്നിന്റെ പിന്തുണ, ചൂരൽമല ഉരുൾപൊട്ടലിന്റെ രക്ഷാപ്രവർത്തനങ്ങൾക്ക് പിന്തുണ തുടങ്ങിയവ.

**രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ)**

ആസൂത്രിതമായ വികസനത്തിലൂടെ ഉന്നത വിദ്യാഭ്യാസരംഗത്ത്പ്രവേശനം, തുല്യത, നിലവാരം എന്നിവ സംസ്ഥാന തലത്തിൽ മെച്ചപ്പെടുത്തുക എന്നതാണ് റൂസയുടെ പ്രധാന ലക്ഷ്യങ്ങൾ. പുതിയ അക്കാദമിക് സ്ഥാപനങ്ങൾ സൃഷ്ടിക്കുക, നിലവിലുള്ളവ വികസിപ്പിക്കുക, നവീകരിക്കുക, പ്രൊഫഷണലായി നിയന്ത്രിക്കുന്നതും ഗവേഷണോന്മുഖമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന രീതിയിലുള്ള സ്വാശ്രയ സ്ഥാപനങ്ങൾ വികസിപ്പിക്കുക, ദേശീയമായിത്തന്നെ പ്രസക്തിയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകുക എന്നിവയാണ് റൂസയുടെ ലക്ഷ്യങ്ങൾ.

റൂസ ഒന്നാം ഘട്ടം 2014-ൽ ആരംഭിക്കുകയും 199.57 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. അംഗീകരിച്ചതിൽ 2024 വരെ 187.80 കോടി രൂപ അനുവദിച്ചു. മൊത്തം തുകയിൽ 112.6 കോടി കേന്ദ്ര വിഹിതമായി അനുവദിച്ചു. റൂസയുടെ ആദ്യ ഘട്ടത്തിന്റെ ഭാഗമായി, 6 സർവകലാശാലകൾക്കും 28 കോളേജുകൾക്കും അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ, ഫാക്കൽറ്റി മെച്ചപ്പെടുത്തൽ, നിലവിലുള്ള കോളേജുകളെ മോഡൽ ഡിഗ്രി കോളേജുകളാക്കി ഉയർത്തൽ, മറ്റ് നിരവധി കോളേജുകൾക്കുള്ള ഇക്വിറ്റി സംരംഭങ്ങൾ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചു. ആകെ റിലീസ് ചെയ്തതിൽ 182.9 കോടി രൂപ വിനിയോഗിച്ചു (97.4 ശതമാനം).

റൂസ രണ്ടാം ഘട്ടം 2018-ൽ ആരംഭിക്കുകയും 366.00 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. ഇതിൽ 2024 വരെ 243.75 കോടി രൂപ അനുവദിച്ചു. ഇതിൽ കേന്ദ്ര വിഹിതം 146.25 കോടിയും സംസ്ഥാന വിഹിതം 97.5 കോടിയുമാണ് വയനാട് മാനന്തവാടിയിൽ ഒരു റൂസ മോഡൽ ഡിഗ്രി കോളേജ്, 5 സ്വയംഭരണ കോളേജുകൾക്ക് (രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് - എറണാകുളം, സെന്റ് ജോസഫ് കോളേജ്, ദേവഗിരി കോളേജ് - കോഴിക്കോട്, മരിയൻ കോളേജ്, കുട്ടിക്കാനം - ഇടുക്കി, എം.എ കോളേജ് - കോതമംഗലം, ഫാറൂഖ് കോളേജ് – കോഴിക്കോട്) ഗുണനിലവാരവും മികവും വർദ്ധിപ്പിക്കൽ, 113 കോളേജുകൾക്ക് അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ, 2 സർവ്വകലാശാലകൾക്ക് ഗവേഷണം, നവീകരണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചു. ആകെ റിലീസ് ചെയ്തതിൽ 238.08 കോടി രൂപ വിനിയോഗിച്ചു (97.7 ശതമാനം).

**സാങ്കേതിക വിദ്യാഭ്യാസം**

ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും വ്യാവസായിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൊത്തത്തിലുള്ള സാമൂഹ്യ വികസനത്തിനായി സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനും സാങ്കേതികവിദ്യയുടെ പ്രയോഗ ത്തിലൂടെ സമൂഹത്തിന്റെ പ്രയോജനത്തിനായുള്ള മാനവ വിഭവശേഷി വികസനമാണ് സാങ്കേതിക വിദ്യാഭ്യാസം ലക്ഷ്യമിടുന്നത്. സാങ്കേതിക വിദ്യാഭ്യാസ ത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നത് സാമ്പത്തിക വളർച്ചയ്ക്ക് ഒരു മുൻവ്യവസ്ഥയായി സാർവത്രികമായി കണക്കാക്കപ്പെടുന്നു. നൂതന സാങ്കേതിക വിദ്യകളുടെ സന്നിവേശത്തിലൂടെ സാമ്പത്തിക വികസനം വർധിപ്പിക്കാൻ ഗവൺമെന്റ് നടത്തുന്ന വലിയ ശ്രമങ്ങൾ കണക്കിലെടുത്ത്, വിദ്യാർത്ഥികളിൽ നൂതന ചിന്തയും സംരംഭകത്വ വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നുണ്ട്.

സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നോഡൽ വകുപ്പായി പ്രവർത്തിച്ചു വരുന്നത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണപരവും സാമ്പത്തികവുമായ നിയന്ത്രണത്തിനു കീഴിലുള്ള സാങ്കേതിക സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.38** ൽ കൊടുത്തിരിക്കുന്നു.

**എഞ്ചിനീയറിംഗ് കോളേജുകൾ**

2023-24 ലെ കണക്കുപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള 167 എഞ്ചിനീയറിംഗ് കോളേജുകളിലായി 50,490 അനുവദിക്കപ്പെട്ട സീറ്റുകൾ നിലവിലുണ്ട്. ഇതിൽ 155 എണ്ണം (92.8 ശതമാനം) സ്വാശ്രയകോളേജുകളും (അൺ എയ്ഡഡ്), 9 എണ്ണം (5.4 ശതമാനം) സർക്കാർ കോളേജുകളും, 3 എണ്ണം (1.8 ശതമാനം) ഗവൺമെന്റ് എയ്ഡഡ് കോളേജുകളുമാണ്. ഏറ്റവും കൂടുതൽ അൺഎയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ ഉള്ളത് എറണാകുളം ജില്ലയിലാണ് (28 എണ്ണം). അതു കഴിഞ്ഞാൽ തിരുവനന്തപുരം (26 എണ്ണം) ജില്ലയിലാണ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർകോഡ് ജില്ലകളിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ ഇല്ല. ജില്ല തിരിച്ചും, മാനേജ്മെന്റ് തിരിച്ചുമുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെയും, അനുവദിച്ചിട്ടുള്ള സീറ്റുകളുടെയും എണ്ണം **അനുബന്ധം 6.1.39** ൽ ചേർത്തിട്ടുണ്ട്. 2023-24 ൽ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം സർക്കാർ കോളേജുകളിൽ 3,690 ആണ് (7.3 ശതമാനം), ഇത് എയ്ഡഡ് കോളേജുകളിൽ 2,120 (4.2 ശതമാനം) ഉം, അൺഎയ്ഡഡ് കോളേജുകളിൽ 44,680 (88.5 ശതമാനം) ഉം ആണ്.

2024-25 ൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഏറ്റവുമധികം സീറ്റുകൾ ഉള്ളത് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് (12,264) തുടർന്ന്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് (6.606), സിവിൽ എഞ്ചിനീയറിംഗ് (6,414), മെക്കാനിക്കൽ എഞ്ചിനീയറിംഗ് (6,405) വിഭാഗത്തിലുമാണ്. 2023-24 ലും ഏറ്റവും കൂടുതൽ സീറ്റുകൾ ഉണ്ടായിരുന്നത് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ശാഖയിലാണ് (10,164). 2024-25 ലെ ശാഖ തിരിച്ചുള്ള സീറ്റ് വിഭാഗത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 6.1.40** ൽ ചേർത്തിരിക്കുന്നു.

ലിംഗ പദവിയുമായി ബന്ധപ്പെട്ട വസ്തുതകൾ: ബിരുദ തലത്തിൽ സർക്കാർ, എയ്ഡഡ് കോളേജുകളിലായി പെൺകുട്ടികളുടെ പ്രവേശനത്തിന്റെ അനുപാതം 2023-24 ൽ 46.0 ശതമാനമാണ്. 2023-24 ൽ 1,378

വിദ്യാർത്ഥികൾക്ക് സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം ലഭിക്കുകയും അതിൽ 63.5 ശതമാനം പെൺകുട്ടികളുമാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.41** ലും **6.1.42** ലും ചേർത്തിരിക്കുന്നു.

എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക മികവ് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക് മികവ് ഉയർന്നതും പ്രശംസനീയവുമാണ്, ഉയർന്ന വിജയശതമാനവും പ്രശസ്ത സ്ഥാപനങ്ങളിലെ മികച്ച ജോലി ലഭിച്ച വിദ്യാർത്ഥികളുടെ കണക്കുമാണ് ഇതിന് കാരണം.

സർക്കാർ എയ്ഡഡ് കോളേജ് മറ്റെല്ലാവിഭാഗത്തേക്കാളും (സർക്കാർ, സർക്കാർ സ്വാശ്രയ, സ്വകാര്യ സ്വാശ്രയ ധനസഹായം) നല്ല പ്രകടനം കാഴ്ചവച്ച് 79 ശതമാനം വിജയവും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ 75.8 ശതമാനവും സർക്കാർ സ്വയംഭരണ കോളേജുകൾ 64.6 ശതമാനവും സ്വകാര്യ സ്വയംഭരണ, സ്വാശ്രയ കോളേജുകൾ 48.7 ശതമാനവും വിജയം നേടി. സർക്കാർ സ്വയംഭരണ കോളേജുകളുടെ വിജയശതമാനം (64.59 ശതമാനം), 48.7 ശതമാനം നേടിയ സ്വകാര്യ സ്വയംഭരണ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളേക്കാൾ മുകളിലാണ്. ആൺകുട്ടികളുമായി താരതമ്യം ചെയ്യുമ്പോൾ 72.6 ശതമാനം പെൺകുട്ടികൾ വിജയം നേടി. രജിസ്റ്റർ ചെയ്ത ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളെക്കാൾ കൂടുതലാണെങ്കിലും ആൺകുട്ടികളുടെ വിജയശതമാനം പെൺകുട്ടികളെ അപേക്ഷിച്ച് കുറവാണ് എന്നത് ശ്രദ്ധിക്കേണ്ടതാണ് (**പട്ടിക 6.1.9**). എസ്.സി,എസ്.ടി വിദ്യാർത്ഥികളുടെ വിജയ ശതമാനം (യഥാക്രമം 31.82 ശതമാനവും 27.9 ശതമാനവും) സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ് എന്നുള്ളത് ആശങ്കാജനകമാണ് (**പട്ടിക 6.1.10**).

വിവിധ സർക്കാർ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റ് റെക്കോർഡും താരതമ്യേന ഉയർന്നതാണ്. ഗേറ്റ്, കാറ്റ് മുതലായ മത്സരപരീക്ഷകളിലൂടെ ധാരാളം വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് യോഗ്യത നേടുന്നു. മിക്ക വിദ്യാർത്ഥികൾക്കും വിപ്രോ, മഹീന്ദ്ര, ടി.സി.എസ്, ബോഷ് തുടങ്ങിയ ബഹുരാഷ്ട്ര സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നു. 2023-24 കാലയളവിൽ വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമുകളുടെ എണ്ണം 135 ആയിരുന്നു. 2023-24 കാലഘട്ടത്തിൽ വിവിധ സർക്കാർ എൻജിനീയറിംഗ് കോളേജുകളിലെ വിസിറ്റിംഗ് ഫാക്കൽറ്റി പരിപാടികളെക്കുറിച്ചും പ്ലേസ്മെന്റ് വിശദാംശങ്ങളും **അനുബന്ധം 6.1.43** ലും **6.1.44** ലും നൽകിയിരിക്കുന്നു.

**പോളിടെക്നിക്കുകളും ടെക്നിക്കൽ ഹൈസ്കൂളുകളും**

കേരളത്തിൽ 46 സർക്കാർ പോളിടെക്നിക്കുകളും, ആറ് സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളും ആണ് 2023-24 ൽ നിലവിലുള്ളത്. ഇതിൽ ഏഴ് എണ്ണം വനിതാ പോളിടെക്നിക് കോളേജുകളാണ്. ഇവിടങ്ങളിലെ പ്രവേശനം 2023-24-ൽ യഥാക്രമം 11,015 ഉം, 1,446 ഉം ആണ്. 2023-24-ൽ 31,241 വിദ്യാർത്ഥികൾ ഗവൺമെന്റ് പോളിടെക്നിക്കുകളിലും, 4,408 വിദ്യാർത്ഥികൾ സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളിലും പഠിക്കുന്നുണ്ട്. 2019-20 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ പോളിടെക്നിക്കുകളിലെ വാർഷിക പ്രവേശനവും വിദ്യാർത്ഥികളുടെ എണ്ണവും **അനുബന്ധം 6.1.45, 6.1.46** എന്നിവയിൽ കാണാം.

2023-24 വർഷത്തിൽ പോളിടെക്നിക്കുകളിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ ട്രേഡ് തിരിച്ചുള്ള വിശദവിവരങ്ങൾ **അനുബന്ധം 6.1.47** ൽ കാണാം. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചത് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് (2,030), തുടർന്ന് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (2,020), മെക്കാനിക്കൽ എഞ്ചിനീയറിംഗ് (1,740), സിവിൽ എഞ്ചിനീയറിംഗ് (1,510), എന്നിവയുമാണ്.

പോളിടെക്നിക്കുകളിൽ പ്രവേശനം നേടിയ കുട്ടികളിൽ 22.9 ശതമാനം പെൺകുട്ടികളാണ്. എന്നാൽ 2023-24-ൽ സർക്കാർ, സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളിൽ ഇത് 24.1 ഉം, 14.3 ശതമാനവുമാണ്. 2023-24-ൽ 1,242 അധ്യാപകരാണ് സംസ്ഥാനത്തെ പോളിടെക്നിക്കുകളിലുള്ളത്. അധ്യാപികമാരുടെ അനുപാതം 44.9 ശതമാനം ആണ്. സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളിൽ അധ്യാപികമാരുടെ എണ്ണം 33.0 ശതമാനമാണ്. എന്നിരുന്നാലും സർക്കാർ മേഖലയിൽ ഇത് 47.3 ശതമാനമാണ്, അത് താരതമ്യേന കൂടുതലാണ്. പോളിടെക്നിക്കുകളിലെ അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ, **അനുബന്ധം 6.1.48** ൽ കാണാം.

2021-22 മുതൽ 2023-24 വരെ പോളിടെക്നിക്കുകളിലെ പട്ടികജാതി, പട്ടികവർഗ്ഗ (**പട്ടിക.6.1.11**) വിഭാഗത്തിൽപ്പെട്ട അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം **അനുബന്ധം 6.1.49** -ൽ കാണാം.

കേരളത്തിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. 2024-25 കാലഘട്ടത്തിൽ ഇവിടെ ആകെ 7,832 വിദ്യാർത്ഥികളും 526 അധ്യാപകരും ഉണ്ടായിരുന്നു. അധ്യാപകരിൽ 36.1 ശതമാനം സ്ത്രീകളാണ്. ടെക്നിക്കൽ സ്കൂളുകളിലെ 2019-20 മുതൽ, 2024-25 വരെയുള്ള വർഷങ്ങളിലെ അധ്യാപക-വിദ്യാർത്ഥി വിവരങ്ങൾ **അനുബന്ധം 6.1.50** ൽ കാണാം. 2024-25 വർഷത്തിൽ, ടെക്നിക്കൽ ഹൈസ്കൂളുകളിലെ എസ്സി, എസ്ടി വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 10.6 ശതമാനവും 0.6 ശതമാനവുമാണ്. ഇതിന്റെ വിശദവിവരങ്ങൾ **അനുബന്ധം 6.1.51** ലും **6.1.52** ലും ചേർത്തിരിക്കുന്നു.

**എപിജെ അബ്ദുൾ കലാം കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി**

സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട നയരൂപീകരണത്തിനും സംസ്ഥാനത്തിന്റെ എൻജിനീയറിങ് പ്ലാനിംഗിനും നേതൃത്വം നൽകുകയെന്ന ലക്ഷ്യത്തോടെ 2014 ജൂലൈയിൽ കേരള സർക്കാർ കേരള സാങ്കേതിക

**പട്ടിക 6.1.9** ബി.ടെക് ഫലം, 2024

| മാനേജ്മെന്റ് | ആൺകുട്ടികൾ | | | പെൺകുട്ടികൾ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | രജിസ്റ്റർചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം | രജിസ്റ്റർചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം | രജിസ്റ്റർചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം |
| സർക്കാർ | 2,381 | 1,713 | 71.94 | 1,625 | 1,325 | 81.54 | 4,006 | 3,038 | 75.84 |
| ഗവൺമെന്റ് എയ്ഡഡ് | 1,315 | 969 | 73.69 | 771 | 679 | 88.07 | 2,086 | 1,648 | 79 |
| സർക്കാർ സ്വയംഭരണം | 2,706 | 1,464 | 54.10 | 2,047 | 1,606 | 78.46 | 4,753 | 2,070 | 64.59 |
| സ്വകാര്യ സ്വയംഭരണവും സ്വകാര്യ സ്വാശ്രയവും | 10,342 | 4,040 | 39.06 | 5,781 | 3,819 | 66.06 | 16,123 | 7,859 | 48.74 |
| ആകെ | 16,744 | 8,186 | 48.89 | 10,224 | 7,429 | 72.64 | 26,968 | 15,615 | 57.90 |

***അവലംബം:*** കേരള സാങ്കേതിക സർവകലാശാല, 2024

**പട്ടിക 6.1.10** എസ്.സി, എസ്.ടി ബി.ടെക് വിദ്യാർത്ഥികളുടെ വിജയശതമാനം, 2024

| മാനേജ്മെന്റ് | എസ്.സി | | | എസ്.ടി | | |
|---|---|---|---|---|---|---|
| | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയശതമാനം | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയശതമാനം |
| സർക്കാർ | 271 | 108 | 39.85 | 29 | 8 | 27.59 |
| ഗവൺമെന്റ് എയ്ഡഡ് | 127 | 52 | 40.94 | 20 | 8 | 40 |
| സർക്കാർ സ്വയംഭരണം | 188 | 43 | 22.87 | 9 | 3 | 33.33 |
| സ്വകാര്യ സ്വയംഭരണവും സ്വകാര്യ സ്വാശ്രയവും | 228 | 56 | 24.56 | 10 | 0 | 0 |
| **ആകെ** | **814** | **259** | **31.82** | **68** | **19** | **27.94** |

***അവലംബം:*** കേരള സാങ്കേതിക സർവകലാശാല, 2024

**പട്ടിക.6.1.11** പോളിടെക്നിക്കുകളിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം

| സ്ഥാപനം | 2021-22 | | | | 2022-23 | | | | 2023-24 | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ | എസ്. സി | എസ്.ടി | മറ്റുള്ളവർ | ആകെ | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ |
| സർക്കാർ | 7.61 | 0.88 | 91.51 | 100 | 8.24 | 1.02 | 90.74 | 100 | 10.54 | 1.49 | 87.97 | 100 |
| ഗവൺമെന്റ് എയ്ഡഡ് | 4.36 | 0.44 | 95.2 | 100 | 6.58 | 0.50 | 92.92 | 100 | 6.15 | 0.39 | 93.46 | 100 |
| ആകെ | 7.20 | 0.83 | 91.97 | 100 | 8.02 | 0.95 | 91.03 | 100 | 10 | 1.35 | 88.65 | 100 |

***അവലംബം:*** കേരള സാങ്കേതിക സർവകലാശാല, 2024

സർവകലാശാല സ്ഥാപിച്ചു. എഞ്ചിനീയറിംഗ് സയൻസ്, ടെക്നോളജി, മാനേജ്മെന്റ് എന്നിവയിലെ ബിരുദ, ബിരുദാനന്തര, ഗവേഷണ പ്രോഗ്രാമുകളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനും സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ കോളേജുകളുടെയും അക്കാദമിക് നിലവാരം നിയന്ത്രിക്കുന്നതിനും ഊന്നൽ നൽകുന്നു. ഗവേഷണം, വികസനം, നവീകരണം എന്നിവയാണ് സർവകലാശാലയുടെ പ്രധാന ഊന്നൽ മേഖലകൾ.

**2024 ലെ എപിജെ അബ്ദുൾ കലാം കേരള സാങ്കേതിക സർവകലാശാലയുടെ പ്രധാന നേട്ടങ്ങൾ**

**അബ്ദുൾ കലാം കേരള സാങ്കേതിക സർവകലാശാലയുടെ വിവർത്തന ഗവേഷണ കേന്ദ്രം:** പരിവർത്തന ഗവേഷണ കേന്ദ്രം പദ്ധതി സുഗമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിനായി എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയെ പ്രത്യേക ഉദ്ദേശ്യ യാനമായി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) നിയോഗിച്ചു. എം വാപ്കോസ് ലിമിറ്റഡ്, പേട്ട, തിരുവനന്തപുരം-നെ വിളപ്പിൽശാലയിൽ പ്രവത്തിക്കുന്ന ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്റർ പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി സർവകലാശാല തിരഞ്ഞെടുത്തു.

**സർവ്വകലാശാലയുടെ മികവിന്റെ കേന്ദ്രങ്ങൾ:** സാങ്കേതിക വിദ്യയുടെ ഉയർന്നുവരുന്ന മണ്ഡലങ്ങളിൽ ഉന്നത നിലവാരമുള്ള ഗവേഷണം നടത്തുന്നതിന് സ്ഥാപനങ്ങളുമായി ആഗോള ബന്ധം ഉറപ്പാക്കുന്നതിന് സർവകലാശാല ആരംഭിച്ച ഒരു പദ്ധതിയാണ് മൾട്ടി ഡിസിപ്ലിനറി അപ്ലൈഡ് റിസർച്ചിന് വേണ്ടിയുള്ള മികവിന്റെ കേന്ദ്രങ്ങൾ. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള മൂന്ന് മികവിന്റെ കേന്ദ്രങ്ങളുടെ മണ്ഡലങ്ങൾ 1) കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ സുസ്ഥിര എഞ്ചിനീയറിംഗും കാർബൺ ന്യൂട്രാലിറ്റിയും, 2) കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ എമർജിംഗ് മെറ്റീരിയലുകളും അടിസ്ഥാന സൗകര്യങ്ങളും, 3) എറണാകുളത്തെ മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, റോബോട്ടിക്സ് ആൻഡ് ഓട്ടോമേഷൻ എന്നിവയാണ്.

**സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഗവേഷണ സഹായ സൗകര്യങ്ങൾ:** എപിജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലായി 920 ഗവേഷണ പണ്ഡിതന്മാരെ ഉൾക്കൊള്ളുന്ന 44 ഗവേഷണ കേന്ദ്രങ്ങളുണ്ട്. അവരുടെ ഗവേഷണത്തിനും അക്കാദമിക് പ്രവർത്തനങ്ങൾക്കും പിന്തുണ നൽകുന്നതിന് മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിനായി 2023-24 കാലയളവിൽ എൽസെവിയർ ജേണൽ ഡാറ്റാബേസ്, നിംബസ് ലൈബ്രറി, ടർണിറ്റിൻ പ്ലാജിയാരിസം ചെക്കിംഗ് ടൂൾ തുടങ്ങിയ സൗകര്യങ്ങളും ഉപകരണങ്ങളും നൽകി.

**ഗവേഷണ സ്കോളർഷിപ്പുകൾ:** 2023-24 വർഷത്തിൽ പിഎച്ച്ഡി റിസർച്ച് സ്കോളർമാർക്കുള്ള ഫെലോഷിപ്പുകളുടെ എണ്ണം 100 ആയി ഉയർത്തി. 2023-24 വർഷത്തിൽ ഫുൾ ടൈം, പാർട്ട് ടൈം ഉൾപ്പെടെ റിസർച്ച് സ്കോളർമാരുടെ എണ്ണം 143 -ഉം ചെലവാക്കിയ തുക 50 ലക്ഷം രൂപയും ആണ്.

**സ്റ്റുഡന്റ് സപ്പോർട്ട് സ്കീം: സുരക്ഷ:** വിദ്യാർത്ഥിയുടെ ശാരീരികവും സാമൂഹികവും വൈകാരികവുമായ അവസ്ഥയുടെ ക്ഷേമം ഉറപ്പാക്കുന്നതിന്, 2021-22 വർഷത്തിൽ സർവ്വകലാശാല "സുരക്ഷ" പദ്ധതി ആരംഭിച്ചു, കൂടാതെ അതിന്റെ നിയമങ്ങളുടെയും പ്രവർത്തനങ്ങളുടെയും പദ്ധതികൾ ഉൾപ്പെടെയുള്ള മുഴുവൻ നടപടിക്രമങ്ങളും സർവ്വകലാശാല നടപ്പിലാക്കി.

**ഓൺ-സ്ക്രീൻ മാർക്കിംഗ് (OSM) സംവിധാനം**: ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സർവകലാശാലയുടെ പരീക്ഷ മൂല്യനിർണ്ണയ പ്രക്രിയയിൽ വിപ്ലവം സൃഷ്ടിക്കാൻ നിർദ്ദേശിക്കപ്പെട്ട സംവിധാനമാണ് ഓൺ-സ്ക്രീൻ മാർക്കിംഗ് (OSM). മാനുഷിക പിഴവുകൾ കുറയ്ക്കുക, വേഗത്തിലുള്ള പ്രോസസ്സിംഗിലൂടെയും ഫലപ്രചരണത്തിലൂടെയും കാര്യക്ഷമത മെച്ചപ്പെടുത്തുക, വ്യക്തമായ ഓഡിറ്റ് ട്രയലുകളും കുറഞ്ഞ വ്യതിയാനം എന്നിവ മുൻനിർത്തി സുതാര്യത വർദ്ധിപ്പിക്കുക, പരീക്ഷ സ്ക്രിപ്റ്റുകളുടെ നഷ്ടം, കേടുപാടുകൾ, അനധികൃത പ്രവേശനം എന്നിവയിൽ നിന്ന് സംരക്ഷിച്ചുകൊണ്ട് അവയുടെ സുരക്ഷ ഉറപ്പാക്കുക എന്നിവയാണ് ഈ സംവിധാനം ലക്ഷ്യമിടുന്നത്.

**എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി**

1955ലെ ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XII പ്രകാരം രജിസ്റ്റർ ചെയ്ത കമ്പ്യൂട്ടർ പരിശീലനത്തിന്റെയും കൺസൾട്ടൻസിയുടെയും പ്രധാന സ്ഥാപനമായി 1976-ൽ കേരള സർക്കാർ സ്ഥാപിച്ചതാണ് തിരുവനന്തപുരത്തെ എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി. വ്യവസായങ്ങളും സാങ്കേതിക സ്ഥാപനങ്ങളും തമ്മിലുള്ള പരസ്പര ഇടപെടലുകളിലൂടെ സമൂഹത്തിന് പ്രയോജനം ചെയ്യുന്നതിനായി ഒരു കണ്ണിയായി പ്രവർത്തിക്കുമെന്ന പ്രധാന ലക്ഷ്യങ്ങളുള്ള ഒരു സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ കേരള സർക്കാർ സ്ഥാപിച്ചതാണ് ഈ കേന്ദ്രം. കേരള സർവകലാശാലയുടെ ഗവേഷണ പഠന കേന്ദ്രമാണ് എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി. എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി 1992-93 കാലഘട്ടത്തിൽ കാസർകോട് ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചു. 2001-02 കാലഘട്ടത്തിൽ തിരുവനന്തപുരത്ത് പൂജപ്പുരയിൽ സ്ത്രീകൾക്കായി മറ്റൊരു എഞ്ചിനീയറിംഗ് കോളേജും ആരംഭിച്ചു.

**2024–ലെ എൽബിഎസിന്റെ പ്രധാന നേട്ടങ്ങൾ**

**ഇന്ത്യൻ ജിയോ ടെക്നിക്കൽ സൊസൈറ്റി –** തിരുവനന്തപുരം ചാപ്റ്റർ, ഡീപ് ഫൗണ്ടേഷൻസ് ഇൻസ്റ്റിറ്റ്യൂട്ട് (ഡിഎഫ്ഐ), ഇന്റർനാഷണൽ സൊസൈറ്റി ഫോർ സോയിൽ മെക്കാനിക്സിന്റെ TC 212 കമ്മിറ്റി, . ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് (ISSMGE) എന്നിവയുടെ സാങ്കേതിക പിന്തുണയോടെ 15.02.2024 മുതൽ 17.02.2024 വരെ തിരുവനന്തപുരത്തെ പൂജപ്പുരയിലുള്ള എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമണിൽ SAF 2024 ദേശീയ സമ്മേളനം സംഘടിപ്പിച്ചു. ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗിലും ഡീപ് ഫൗണ്ടേഷനുകളിലും പ്രവർത്തിക്കുന്ന അക്കാഡമീഷ്യൻമാർ, റിസർച്ച് സ്കോളർമാർ, പ്രാക്ടീസ് ചെയ്യുന്ന എഞ്ചിനീയർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് അവരുടെ അനുഭവവും അറിവും പങ്കിടാനും സംവദിക്കാനും ഒരു വേദിയൊരുക്കുക എന്നതാണ് കോൺഫറൻസ് കൊണ്ടുള്ള ലക്ഷ്യം.

പൂർണമായും സ്ത്രീകൾ വികസിപ്പിച്ചെടുത്ത **വീസാറ്റ്** ഉപഗ്രഹം ഐഎസ്ആർഒയുടെ പങ്കാളിത്തത്തോടെ ശ്രീഹരിക്കോട്ടയിൽ നിന്നും വിക്ഷേപിച്ചു. എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമണിലെ വിദ്യാർത്ഥികളും ജീവനക്കാരും ഉൾപ്പെടുന്ന ഒരു സംഘം വനിതകളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.

***'ഡിജി ഫെമ്മിന*** - ഡിജിറ്റൽ സ്വാതന്ത്ര്യം നേടാൻ മറ്റുള്ളവരെ സഹായിക്കുക' എന്നതിന്റെ ഭാഗമായി, കാസർഗോഡിലെ വൈഇ എജി ഐഇഇഇ എസ്ബി എൽബിഎസ്കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാസർഗോഡ്, ഐഇഇഇ വൈഇ മലബാർ ഹബ്ബുമായി സഹകരിച്ച് കാസർഗോഡ് ബറോട്ടിയിലെ സൗഹൃദ ആർട്സ് & സ്പോർട്സ് ക്ലബ്ബിൽ ' *കണക്റ്റഡ് 2.0* അവതരിപ്പിച്ചു.

2024 ഫെബ്രുവരി 12 മുതൽ 14 വരെ നടന്ന കാർബൺ സീറോ ചലഞ്ച് 4.0 ഹാക്കത്തോൺ, കാർബൺ ഉദ്വമനം പരിഹരിക്കുന്നതിനും സുസ്ഥിരമായ പരിഹാരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി സമർപ്പിതരായ 22 നൂതന ടീമുകളുടെ പങ്കാളിത്തത്തിന് സാക്ഷ്യം വഹിച്ചു. ടീം രൂപീകരണം, ആശയ രൂപീകരണ സെഷനുകൾ, ഹാക്കിംഗ് പിരീഡുകൾ, മെന്റർഷിപ്പ് സെഷനുകൾ, അവതരണങ്ങൾ എന്നിവയുൾപ്പെടെയുള്ള ചലനാത്മക പ്രവർത്തനങ്ങൾ ഇവന്റിൽ അവതരിപ്പിച്ചു.

2023 ജൂൺ 24-ന് LBS കോളേജിൽ നടന്ന **യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം (YIP) 4.0** –ൽ, പങ്കെടുക്കുന്നവർക്ക് അവരുടെ പ്രോജക്ടുകൾ പ്രദർശിപ്പിക്കുന്നതിനും പാനലിൽ നിന്ന് വിലപ്പെട്ട ഫീഡ്ബാക്ക് സ്വീകരിക്കുന്നതിനുമുള്ള ഒരു വേദിയായി വർത്തിച്ചു, ഇത് യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിന്റെ മൊത്തത്തിലുള്ള വിജയത്തിനും പുരോഗതിക്കും ഗണ്യമായ സംഭാവന നൽകി. 2024 ഫെബ്രുവരി 8-ന് നടന്ന യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിന്റെ (YIP) സെഷൻ 6.0, നൂതനത്വവും പരിപോഷണവും ഊർജസ്വലമാക്കാൻ സൂക്ഷ്മമായി രൂപപ്പെടുത്തിയതാണ്. കാസർഗോഡ് എൽബിഎസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഇഇഇ വിഭാഗം ലാറ്ററൈറ്റ് ക്വാറികളിൽ ഫലപ്രദമായും സാമ്പത്തികമായും ഉപയോഗിക്കാവുന്ന ഒരു ഇലക്ട്രിക് ലാറ്ററൈറ്റ് കട്ടർ വികസിപ്പിച്ചെടുത്തു.

**ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി (ട്രെസ്റ്റ്) റിസർച്ച് പാർക്ക്**

തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി (ട്രെസ്റ്റ്) റിസർച്ച് പാർക്ക് വ്യവസായ-അക്കാദമിയ ബന്ധത്തിൽ മാതൃക സൃഷ്ടിച്ച സംസ്ഥാനത്തെ ആദ്യത്തെ ശാസ്ത്ര സാങ്കേതിക ഗവേഷണ പാർക്കാണ്. മൈക്രോപ്രൊസസർ ഡിസൈൻ, ഇലക്ട്രിക് വെഹിക്കിൾ ഗവേഷണം, മറ്റ് ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ എന്നിവയിൽ സഹകരണ ഗവേഷണം മുതലായവ സ്ഥാപനം പ്രോത്സാഹിപ്പിക്കുന്നു. ഫാക്കൽറ്റി, അംഗങ്ങൾ, വിദ്യാർത്ഥികൾ, വ്യവസായം എന്നിവയുടെ സംയുക്ത ഗവേഷണത്തിന് ട്രെസ്റ്റ് പാർക്ക് സൗകര്യമൊരുക്കുന്നു.

**2024 ലെ ട്രെസ്റ്റ് പാർക്കിന്റെ പ്രധാന നേട്ടങ്ങൾ**

ഇ.വി -കൺസോർഷ്യം യാഥാർത്ഥ്യമാക്കുന്നതിന് K-DISC, TTPL, VSSC, C-DAC, TrEST റിസർച്ച് പാർക്ക് എന്നിവ തമ്മിൽ ഒരു ധാരണാപത്രം ഒപ്പുവച്ചു. K-DISC, TTPL, VSSC, C-DAC, TrEST Park എന്നിവയ്ക്കിടയിലുള്ള K-DISC EV കൺസോർഷ്യം ഇലക്ട്രിക് വെഹിക്കിൾ പവർ സിസ്റ്റം ഘടകങ്ങളിൽ ഗവേഷണ-വികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**അക്കാദമിക് സ്ഥാപനങ്ങളിൽ ട്രെസ്റ്റ് സാറ്റലൈറ്റ് സെറ്റുകൾ സ്ഥാപിക്കൽ:** അക്കാദമിക് സ്ഥാപനങ്ങളുടെ കാമ്പസിനടുത്തുള്ള പ്രദേശത്തും പരിസരത്തും സ്റ്റാർട്ടപ്പുകളെ ഇൻകുബേറ്റ് ചെയ്യുന്നതിനുള്ള അവസരങ്ങൾ കൊണ്ടുവരാൻ ഇത് ലക്ഷ്യമിടുന്നു. ഇത് ആത്യന്തികമായി കൂടുതൽ ഇന്റേൺഷിപ്പിനും തൊഴിലവസരങ്ങൾക്കും വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിനും മറ്റും വഴിയൊരുക്കും.

ഇവി കമ്പനികൾക്കും സ്റ്റാർട്ടപ്പുകൾക്കുമായി പൊതു സൗകര്യങ്ങൾ സജ്ജീകരിക്കുന്നത് ഉൾപ്പെടുന്ന ഒരു ഇവി ഇൻഡസ്ട്രിയൽ ആൻഡ് റിസർച്ച് പാർക്ക് സംസ്ഥാനത്ത് സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. ഇവി ഇൻഡസ്ട്രിയൽ ആൻഡ് റിസർച്ച് പാർക്ക്, ഇൻകുബേഷൻ യൂണിറ്റുകൾ, ഇന്നൊവേഷൻ സ്പേസ് (ഇന്നവേഷൻ ഹബ്) എന്നിവ സ്ഥാപിക്കുന്നതിന് ഏകദേശം 23 ഏക്കർ സ്ഥലം നീക്കിവച്ചിട്ടുണ്ട്.

(എ) ഇലക്ട്രിക് വാഹനങ്ങൾ, (ബി) മൈക്രോപ്രൊസസർ ചിപ്പ് വികസനം എന്നിങ്ങനെ ട്രെസ്റ്റ് പാർക്ക് രണ്ട് എക്സലൻസ് കേന്ദ്രങ്ങൾ സ്ഥാപിച്ചു.

**കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം (കെ,എസ്.എസ്.ടി.എം )**

1984-ൽ സ്ഥാപിതമായ കേരള സർക്കാരിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ കെ.എസ്.എസ്.ടി.എം., പൊതുജനങ്ങൾക്ക് ശാസ്ത്ര ആശയവിനിമയത്തിന്റെ

ചലനാത്മക മാധ്യമമായി പ്രവർത്തിക്കാനും മെച്ചപ്പെട്ട നാളേക്കായി ശാസ്ത്രവും ശാസ്ത്രീയ മനോഭാവവും പ്രോത്സാഹിപ്പിക്കാനും രൂപകൽപ്പന ചെയ്തിരിക്കുന്നു. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന അന്താരാഷ്ട്ര പ്രശസ്തമായ പ്രിയദർശിനി പ്ലാനറ്റോറിയമാണ് മ്യൂസിയത്തിന്റെ പ്രധാന ആകർഷണം. ജ്യോതിശാസ്ത്രം, ബഹിരാകാശ ഗവേഷണം, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, പോപ്പുലർ സയൻസ്, മാത്തമാറ്റിക്സ്, ഓട്ടോമൊബൈൽ, കംപ്യൂട്ടറുകൾ, റോബോട്ടിക്സ് എന്നിവയെ കുറിച്ചുള്ള ഗാലറികൾ മ്യൂസിയത്തിലുണ്ട്, കൂടാതെ വിദ്യാഭ്യാസ പ്ലേയിംഗ് ഉപകരണങ്ങളുള്ള സയൻസ് പ്ലേ പാർക്ക്, 3ഡി തിയേറ്റർ, സയൻസ് ഓൺ സ്ഫിയർ ഷോ, എനർജി ബോൾ, വിആർ സ്റ്റുഡിയോ, ലേസേറിയം, സംഗീത ജലധാര എന്നിവയുമുണ്ട്. കുട്ടികൾക്കായുള്ള സയൻസ് പാർക്ക്, ദിനോസർ എൻക്ലേവ്, ഇന്നൊവേഷൻ ഹബ് എന്നിവയാണ് മറ്റ് സൗകര്യങ്ങൾ. സുസജ്ജമായ ലൈബ്രറിയും മ്യൂസിയത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രധാന കാമ്പസ് തിരുവനന്തപുരത്താണ് പ്രവർത്തിക്കുന്നത്. ഇലക്ട്രോണിക് ഗാലറി, കമ്പ്യൂട്ടർ ഗാലറിയുടെ ആദ്യ ഘട്ടം, ആദ്യ ഓട്ടോമൊബൈലിന്റെ ലൈഫ് സൈസ് മോഡലുള്ള ഒരു ഓട്ടോമൊബൈൽ ഗാലറി, ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സൗകര്യമുള്ള പരിഷ്ക്കരിച്ച വെബ്സൈറ്റ്, 5 മീറ്റർ വ്യാസമുള്ള മോട്ടറൈസ്ഡ് റിവോൾവിംഗ് ഗ്ലോബ്, വിദ്യാർത്ഥികൾക്കായി ഒരു ക്രിയേറ്റീവ് സമ്മർ സയൻസ് വർക്ക്ഷോപ്പ്, വിവിധ ഔട്ട്റീച്ച് പ്രോഗ്രാമുകൾ തുടങ്ങിയവയാണ് 2023-24 കാലയളവിൽ തിരുവനന്തപുരം കാമ്പസിൽ പൂർത്തിയാക്കിയ പ്രധാന പ്രവർത്തനങ്ങൾ.

ഉന്നതവിദ്യാഭ്യാസരംഗത്ത് മികവ് കൈവരിക്കുന്നതിനും വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള പ്രയാണം ത്വരിതപ്പെടുത്തുന്നതിനും ശാസ്ത്രം, സാങ്കേതികവിദ്യ, നൂതനാശയങ്ങൾ എന്നിവ വികസിപ്പിക്കാനുള്ള ശ്രമങ്ങൾ കേരളം ശക്തിപ്പെടുത്തണം. ആഗോള മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിന് തന്ത്രപരമായ ഇടപെടലുകളും പരിഷ്ക്കരണ നടപടികളും അനിവാര്യമായ ഒരു നിർണായക ഘട്ടത്തിലാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം എത്തിയിരിക്കുന്നത്. സാമൂഹിക ശാസ്ത്രം, മാനവികത, ഭാഷകൾ, കലകൾ എന്നിവയിൽ ഇന്റർ ഡിസിപ്ലിനറി, ട്രാൻസ് ഡിസിപ്ലിനറി ഗവേഷണങ്ങൾക്കായി സ്ഥാപന ശൃംഖലകളും മിഷനുകളും സർക്കാർ സ്ഥാപിച്ചിട്ടുണ്ട്. ഓഗ്മെന്റഡ് റിയാലിറ്റി (AR), വെർച്വൽ റിയാലിറ്റി (VR) തുടങ്ങിയ വളർന്നുവരുന്ന സാങ്കേതികവിദ്യകൾ പുതിയ വിദ്യാഭ്യാസ അവസരങ്ങൾ മുന്നിൽ കണ്ട് പഠനാനുഭവങ്ങൾ മെച്ചപ്പെടുത്തുമെന്ന് വാഗ്ദാനം ചെയ്യുന്നു.

ഉന്നതവിദ്യാഭ്യാസ മേഖലയെ നവീകരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് മൂന്ന് ഉന്നതതല കമ്മീഷനുകൾ രൂപീകരിച്ചു കൊണ്ട് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസം മെച്ചപ്പെടുത്തുക എന്നത് സർക്കാരിന്റെ മുൻഗണനയാണ് എന്നത് പ്രതിഫലിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിനും അത്യാധുനിക ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ നവീകരണത്തിനായുള്ള ശ്യാം മേനോൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രധാനമായും വിദേശത്തുനിന്നുള്ള വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന കേന്ദ്രമായി സംസ്ഥാനത്തെ മാറ്റുകയാണ് 'സ്റ്റഡി ഇൻ കേരള' എന്ന മറ്റൊരു മോഹ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## 6.2 വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും

കേരള സർക്കാർ ആരോഗ്യ പരിരക്ഷ എല്ലാ പൗരൻമാർക്കും പ്രാപ്യമാക്കുക മാത്രമല്ല അത് ഉയർന്ന നിലവാരമുള്ളതാണെന്ന് ഉറപ്പാക്കുന്നതിലും ഗണ്യമായ മുന്നേറ്റം നടത്തി. പാർശ്വവൽക്കരിക്കപ്പെട്ടവരും ദുർബലരുമായ ജനവിഭാഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ആരോഗ്യ അസമത്വങ്ങൾ പരിഹരിക്കുന്നതിനും ഏറ്റവും ആവശ്യമുള്ളിടത്ത് ലക്ഷ്യാധിഷ്ഠിത പിന്തുണ നൽകുന്നതിനും സംസ്ഥാനം ഉദ്ദേശിക്കുന്നു. പ്രാഥമിക, ദ്വിതീയ, തൃതീയ പരിചരണ സൗകര്യങ്ങൾ ഉൾപ്പെടുന്ന കേരളത്തിലെ സമഗ്ര ആരോഗ്യ സംരക്ഷണ ശൃംഖല പൗരന്മാർക്ക് വിവിധ സേവനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നു.

ഉയർന്ന ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, അനുകൂലമായ ലിംഗാനുപാതം തുടങ്ങിയ കേരളത്തിന്റെ ശ്രദ്ധേയമായ ആരോഗ്യ സൂചകങ്ങൾ ആരോഗ്യനയങ്ങളുടെ ഫലപ്രാപ്തിയെ എടുത്തുകാണിക്കുന്നു. ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ ഫലസൂചകങ്ങളുടെ ഈ അളവുകൾ സംസ്ഥാനത്തെ മുൻപന്തിയിൽ നിർത്തുന്നു. വിവിധ നിതി ആയോഗ് ആരോഗ്യ സൂചിക റിപ്പോർട്ടുകളിൽ ഇന്ത്യയിലെ വലിയ സംസ്ഥാനങ്ങളിൽ മൊത്തത്തിലുള്ള ആരോഗ്യ പ്രകടനത്തിന്റെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്.

ഈ പോസിറ്റീവ് സൂചകങ്ങൾ നിലനിർത്തുന്നതിനു പുറമേ ഉയർന്നുവരുന്ന ആരോഗ്യ വെല്ലുവിളികളെ സംസ്ഥാനം സജീവമായി നേരിടുന്നു. പകർച്ചേതര രോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ, ലഹരിവസ്തുക്കളുടെ ദുരുപയോഗം, റോഡ് ട്രാഫിക് അപകടങ്ങളുമായി ബന്ധപ്പെട്ട ആരോഗ്യ അപകടസാധ്യതകൾ എന്നിവക്ക് ഉയർന്ന പരിഗണന നൽകുന്നുണ്ട്. ഈ സമകാലിക ആരോഗ്യ ആശങ്കകൾ തിരിച്ചറിയുന്നതിലൂടെ ജനങ്ങളുടെ വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേരളം ആരോഗ്യ സംരക്ഷണ തന്ത്രങ്ങൾ സ്വീകരിക്കുന്നു. കൂടാതെ, പട്ടികജാതി, പട്ടികവർഗ ജനസംഖ്യ, മത്സ്യത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, കുടിയേറ്റ തൊഴിലാളികൾ എന്നിവരുൾപ്പെടെയുള്ള പ്രത്യേക വിഭാഗങ്ങളുടെ ആരോഗ്യത്തോടുള്ള സംസ്ഥാനത്തിന്റെ പ്രതിജ്ഞാബദ്ധത ആരോഗ്യ സംരക്ഷണത്തോടുള്ള സമഗ്രമായ സമീപനത്തെ പ്രകടമാക്കുന്നു. ഈ വിഭാഗങ്ങൾ നേരിടുന്ന സവിശേഷമായ വെല്ലുവിളികൾക്ക് അനുസൃതമായി ഇടപെടലുകൾ നടത്തുന്നതിലൂടെ ആരോഗ്യ അസമത്വങ്ങൾ കുറയ്ക്കുന്നതിനും എല്ലാ പൌരന്മാർക്കും ആരോഗ്യകരമായ ജീവിതം നയിക്കാൻ കഴിയുമെന്ന് ഉറപ്പാക്കുന്നതിനും സർകാരിനു സാധിക്കുന്നു. പകർച്ചവ്യാധികളുടെ പുനരുജ്ജീവനവും ആവിർഭാവവും മുതൽ പകർച്ചേതര രോഗങ്ങളുടെ വർദ്ധിച്ചുവരുന്ന വ്യാപനം വരെയുള്ള സങ്കീർണ്ണമായ വെല്ലുവിളികളുടെ പാരസ്പര്യമാണ് കേരളത്തിന്റെ ആരോഗ്യ ഭൂപ്രകൃതിയെ അടയാളപ്പെടുത്തുന്നത്. ശക്തമായ നിരീക്ഷണത്തിന്റെയും പ്രതികരണ സംവിധാനങ്ങളുടെയും ആവശ്യകത എടുത്തുകാണിച്ച ചിക്കൻഗുനിയ, ഡെങ്കിപ്പനി, ലെപ്റ്റോസ്പൈറോസിസ്, കോവിഡ്-19 തുടങ്ങിയ രോഗങ്ങളുടെ ആവിർഭാവത്തിലൂടെ സംസ്ഥാനത്തിന്റെ ഫലപ്രദമായ പൊതുജനാരോഗ്യ നടപടികളുടെ ചരിത്രം പരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

കൗമാരക്കാരുടെ ആരോഗ്യ ആശങ്കകൾ വർദ്ധിക്കുന്നത് യുവതയുടെ തനതായ ആവശ്യങ്ങൾ നിറവേറ്റുന്ന ലക്ഷ്യബോധമുള്ള പരിപാടികൾ ആവശ്യപ്പെടുന്നു. പ്രത്യുൽപാദനക്ഷമതയിലും മരണനിരക്കിലും കുറവുണ്ടായതിനാൽ കേരളം ജനസംഖ്യാപരമായ പരിവർത്തനത്തിന് വിധേയമായി ഇത് പ്രായമായവരുടെ ജനസംഖ്യ വർദ്ധനവിലേക്ക് നയിച്ചു. ഈ ബഹുമുഖ ആരോഗ്യ വെല്ലുവിളികളെ ഫലപ്രദമായി നേരിടാൻ വിവിധ മേഖലകളിലെ ഏകോപിത ശ്രമങ്ങളുടെ ആവശ്യകത കേരള സർക്കാർ തിരിച്ചറിയുന്നു. പ്രതിരോധം,

ചികിത്സ, പുനരധിവാസം എന്നിവ ഉൾക്കൊള്ളുന്ന സമഗ്രമായ തന്ത്രങ്ങൾ സൃഷ്ടിക്കുന്നതിന് ഈ പരസ്പര സഹകരണം പ്രധാനമാണ്. 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ, സേവനങ്ങളുടെ ലഭ്യതയിലും ഗുണനിലവാരത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് ആരോഗ്യ പരിരക്ഷാ സംവിധാനം മെച്ചപ്പെടുത്താനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. പ്രതിരോധ, പ്രോത്സാഹന, രോഗശമന, പുനരധിവാസ, പാലിയേറ്റീവ് പരിചരണത്തിന് മുൻഗണന നൽകുന്നതിലൂടെ കാര്യക്ഷമമായി പ്രവർത്തിക്കുക മാത്രമല്ല സമൂഹത്തിന്റെ ആവശ്യങ്ങളോട് ശരിയായ രീതിയിൽ പ്രതികരിക്കുന്നത ഒരു ആരോഗ്യ സംരക്ഷണ സംവിധാനം സ്ഥാപിക്കാൻ സർക്കാർ ശ്രമിക്കുന്നു. ജനങ്ങൾക്കിടയിൽ വിശ്വാസവും ഇടപെടലും വളർത്തിയെടുക്കുന്നതിനും ആത്യന്തികമായി മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങളിലേക്ക് നയിക്കുന്നതിനും ഈ ജനസൗഹൃദ സമീപനം അനിവാര്യമാണ്. കേരളം അഭിമുഖീകരിക്കുന്ന ആരോഗ്യ വെല്ലുവിളികൾക്ക് വിവിധ മേഖലകളെ സമന്വയിപ്പിക്കുകയും സാമൂഹിക പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും സമഗ്ര ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകുകയും ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യുന്നതിലൂടെ എല്ലാ പൌരൻമ്മാരുടെയും ആരോഗ്യകരമായ ഭാവിക്കായി സംസ്ഥാനത്തിന് പ്രവർത്തിക്കാൻ കഴിയും.

### കേരളത്തിന്റെ ആരോഗ്യ സൂചകങ്ങൾ

ആയുർദൈർഘ്യം: ജനങ്ങളുടെ ജീവിതനിലവാരവും ക്ഷേമവും വിലയിരുത്തുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട അളവുകോലാണ് ആയുർദൈർഘ്യം. ആയുർദൈർഘ്യം (ജനനത്തിൽ) കേരളത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളേക്കാളും ഉയർന്നതാണ്. സംസ്ഥാനത്ത് ജനനസമയത്തെ ആയുർദൈർഘ്യം 75 എന്നത് ദേശീയ തലത്തേക്കാൾ (70) ഉയർന്നതാണ്. ആയുർദൈർഘ്യത്തിൽ കേരളം ഒന്നാം സ്ഥാനം (പുരുഷൻ (71.9), സ്ത്രീ (78.0)) നിലനിർത്തുന്നു. ഇത് ദേശീയ തലത്തിലെ പുരുഷന്മാരുടെയും (68.6) സ്ത്രീകളുടെയും (71.4) ശരാശരി ആയുർദൈർഘ്യത്തെക്കാളും ഉയർന്നതാണ് (പട്ടിക 6.2.1 കാണുക). സംസ്ഥാനത്ത് സ്ത്രീകളുടെ ആയുർദൈർഘ്യം (78) പുരുഷന്മാരേക്കാൾ (71.9) കൂടുതലാണ്.

മാതൃ ആരോഗ്യ സംരക്ഷണം - മാതൃ ആരോഗ്യത്തിന്റെ പ്രാഥമിക സൂചകം മാതൃമരണ അനുപാതം (എംഎംആർ) ആണ്. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ എംഎംആർ (19) ഉള്ളത് കേരളത്തിലാണ്, ദേശീയ തലത്തിൽ എംഎംആർ 97 ആണ് (**പട്ടിക 6.2.1** കാണുക).

ശരിയായ വൈദ്യസഹായം ലഭിക്കാതെ മരിക്കുന്നവരുടെ ശതമാനം കേരളത്തിൽ ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ നാലിലൊന്നിനേക്കാൾ കുറവാണ്. മരണത്തിന് മുമ്പ് മരണപ്പെട്ടയാൾക്ക് സർക്കാർ ആശുപത്രിയിലോ സ്വകാര്യ ആശുപത്രിയിലോ വൈദ്യസഹായം ലഭിച്ചതിന്റെ കേരളത്തിലെ അനുപാതം 80.7 ആണ്, ഇത് ഇന്ത്യയിൽ 48.7 ശതമാനമാണ്. എന്നിരുന്നാലും, കേരളത്തിലെ ചാപിള്ള ജനനനിരക്ക് ഇന്ത്യയേക്കാൾ അല്പം കൂടുതലാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ പ്രസവങ്ങൾ ഏറെക്കുറെ പൂർണമായും ആശുപത്രികളിലാണെന്നതു ഇതിന് കാരണമാകാം. പ്രത്യുൽപാദന നിരക്ക് ദേശീയ കണക്കുകളേക്കാൾ കുറവാണ്. ശരിയായ വൈദ്യസഹായം അമ്മമാർക്ക് ലഭിക്കാതെയുള്ള ജനനങ്ങളുടെ ശതമാനം കേരളത്തിൽ 0.1 ഉം ദേശീയ തലത്തിൽ 7.8 ഉം ആണ്.

**പട്ടിക 6.2.1** ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ സാമൂഹിക, ആരോഗ്യ, ജനസംഖ്യ സൂചകം

| ക്രമ നമ്പർ | സൂചകം | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | ആകെജനസംഖ്യ (കോടിയിൽ) (സെൻസസ് 2011) | 3.34 | 121.06 |
| 2 | ദശവർഷ വളർച്ച (ശതമാനത്തിൽ) (സെൻസസ് 2011) | 4.90 | 17.7 |
| 3 | ലിംഗഅനുപാതം (സെൻസസ് 2011) | 1084 | 943 |
| 4 | ശിശുലിംഗഅനുപാതം (സെൻസസ് 2011) | 964 | 919 |
| 5 | ജനനനിരക്ക് # | 13.2 | 19.5 |
| 6 | മരണനിരക്ക്* | | |
| | എ) കുട്ടികൾ (0-4) | 1.8 | 8 |
| | ബി) കുട്ടികൾ (5-14) | 0.5 | 0.4 |
| | സി) വ്യക്തികൾ (15-59) | 2.7 | 2.9 |
| | ഡി) വ്യക്തികൾ (60 ഉം മുകളിലും) | 39.1 | 42.3 |
| 7 | സാധാരണവളർച്ചാനിരക്ക് # | 6.2 | 13.5 |
| 8 | വൈദ്യശുശ്രൂഷ ലഭ്യമായ മരണങ്ങളുടെ ശതമാനം * | | |
| | സർക്കാർ | 43.3 | 29.9 |
| | സ്വകാര്യം | 37.4 | 18.9 |
| | നിർദ്ദിഷ്ടയോഗ്യതയുള്ളവർ | 16.0 | 33.2 |
| | പരിശീലനംലഭിക്കാത്തവർ/ മറ്റുള്ളവർ | 3.4 | 18.0 |
| 9 | ചാപിള്ളയുടെ ജനനനിരക്ക്* | 4 | 3 |
| 10 | ക്രൂഡ് ബർത്ത് റേറ്റ്* | 13.2 | 19.5 |
| 11 | പ്രത്യുൽപാദനനിരക്ക്** | 19 | 97 |
| 12 | പ്രതീക്ഷിതആയുർദൈർഘ്യം *** | 75 | 70 |
| | പ്രതീക്ഷിതആയുർദൈർഘ്യം ***- പുരുഷൻ | 71.9 | 68.6 |
| | പ്രതീക്ഷിതആയുർദൈർഘ്യം ***- സ്ത്രീ | 78 | 71.4 |

***അവലംബം:*** #എസ്.ആർ.എസ്. 2022 മെയ് /*എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2020/
** സ്പെഷ്യൽ ബുള്ളറ്റിൻ ഓൺ എംഎംആർ 2018-20/ ***എസ്.ആർ.എസ്. ലൈഫ് ടേബിൾ 2016-20

### വിവിധ തലങ്ങളിലുള്ള ശിശു മരണനിരക്ക്

ശിശുമരണ നിരക്ക് (ഐ.എം.ആർ) - ഒറ്റ അക്ക ശിശുമരണനിരക്ക് (6) ഉള്ള ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. അതേസമയം അഖിലേന്ത്യാ തലത്തിൽ ഇത് 28 ആണ്.

സംസ്ഥാനത്തെ നവജാത ശിശുക്കളുടെ മരണനിരക്ക് (എൻ.എൻ.എം.ആർ.) 4 ആണ്. ഇത്ദേശീയ ശരാശരിയുടെ (20) അഞ്ചിലൊന്നാണ്. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 8 ആണ്, ഇത് അഖിലേന്ത്യാ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ (32) നാലിലൊന്നാണ്. പ്രസവത്തിനു നിശ്ചിതദിവസങ്ങൾക്കു മുൻപോ പ്രസവത്തിനുശേഷം ഒരാഴ്ച്ചക്കകത്തുള്ള ശിശുമരണനിരക്ക് (പിഎൻഎംആർ), ആദ്യ ഘട്ടത്തിലുള്ള നവജാത ശിശു മരണനിരക്ക് (ഏർളി നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ്), അവസാനപാദ നവജാത ശിശു മരണനിരക്ക് (ലേറ്റ് നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ്), പോസ്റ്റ് നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ് (പിഎൻഎൻഎംആർ) എന്നിവയും അഖിലേന്ത്യാ കണക്കുകളേക്കാൾ കുറവാണ്. വിവിധ തലങ്ങളിലെ ശിശുമരണ നിരക്ക് ദേശീയ ശരാശരിയേക്കാൾ മികച്ചതാണ്. ഈ നേട്ടങ്ങളുടെ ഒരു പ്രധാന കാരണം കേരളത്തിലെ 99.9 ശതമാനം അമ്മമാർക്കും പ്രസവസമയത്ത് സർക്കാർ ആശുപത്രിയിലോ സ്വകാര്യ ആശുപത്രിയിലോ യോഗ്യതയുള്ള പ്രൊഫഷണലുകളുടെ വൈദ്യസഹായം ലഭിക്കുന്നു എന്നതാണ്, ഇത് ഇന്ത്യയിൽ 82.6 ശതമാനമാണ്. ഇന്ത്യയിലെയും കേരളത്തിലെയും ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 6.2.2** ൽ നൽകിയിരിക്കുന്നു.

### പ്രത്യുല്പാദനക്ഷമത

നാഷണൽ ഫാമിലി ഹെൽത്ത് സർവേ 2019-20 (എൻ.എഫ്.എച്ച്.എസ്.- 5) പ്രകാരം 25-49 വയസ് പ്രായമുള്ള സ്ത്രീകൾക്കിടയിൽ ആദ്യ വിവാഹത്തിന്റെ ശരാശരി പ്രായം 21.5 വയസ്സാണ്. 20-24 വയസ് പ്രായമുള്ള ആറ് ശതമാനം സ്ത്രീകൾ നിയമപരമായ കുറഞ്ഞ പ്രായമായ 18 വയസ്സ് തികയുന്നതിന് മുമ്പ് വിവാഹിതരായവരാണ്. 20-49 വയസ് പ്രായമുള്ള സ്ത്രീകളിൽ 10.2 ശതമാനം മാത്രമാണ് വിവാഹിതരായിട്ടില്ലാത്തതെങ്കിൽ 20-49 വയസ് പ്രായമുള്ള 35.9 ശതമാനം പുരുഷന്മാരും വിവാഹിതരായിട്ടില്ല. മൊത്തം ഫെർട്ടിലിറ്റി റേറ്റ് (TFR) കേരളത്തിൽ 1.5 ആണ്, ദേശീയതലത്തിൽ ഇത് 2 ആണ്. സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ഉള്ള പ്രധാന പ്രത്യുല്പാദന സൂചകങ്ങളുടെ താരതമ്യ കണക്കുകൾ **പട്ടിക 6.2.3** ൽ നൽകിയിരിക്കുന്നു.

### ആർദ്രം മിഷൻ

അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ ആർദ്രം മിഷൻ I എന്ന പദ്ധതി പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആരംഭിച്ചു. സർക്കാർ ആശുപത്രികളിലെ സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ന്യായമായ ചെലവിലും സമയത്തിലും സംതൃപ്തിയിലും ചികിത്സ നൽകുന്നതിനും മിഷൻ ലക്ഷ്യമിടുന്നു. മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു - 1. മെഡിക്കൽ കോളേജ് ആശുപത്രികളുടെയും മറ്റ് ഗവൺമെന്റ് ആശുപത്രികളുടെയും ഔട്ട്പേഷ്യന്റ് (ഒ.പി.) വിഭാഗങ്ങളുടെ രോഗി സൗഹൃദ പരിവർത്തനം, 2. ജില്ലാ-താലൂക്ക് തല ആശുപത്രികളെ മാതൃകാനിലവാരത്തിലേക്കുയർത്തൽ 3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഘട്ടം ഘട്ടമായി വികസിപ്പിക്കുക 4. ആശുപത്രികളിലെ രോഗികളുടെ പരിചരണത്തിൽ പ്രോട്ടോക്കോൾ അടിസ്ഥാനത്തിലുള്ള ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾ ഉറപ്പുവരുത്തുക. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (പിഎച്ച്സികൾ) എന്നിവിടങ്ങളിൽ മൂന്ന് ഘട്ടങ്ങളിലായാണ് ആർദ്രം മിഷൻ നടപ്പിലാക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി മാറ്റിയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റിയും മതിയായ മരുന്ന് വിതരണം, ഉറപ്പായ പ്രോട്ടോക്കോളുകൾ എന്നിവയിലൂടെ ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യം ഉറപ്പുവരുത്തി പൊതുജനാരോഗ്യവ്യവസ്ഥയിൽ അവരുടെ വിശ്വാസം വർദ്ധിപ്പിക്കാൻ കഴിയും. നവകേരള കർമ്മ പദ്ധതി II-ന്റെ ഭാഗമായി ആർദ്രം മിഷൻ II 2022-ൽ ആരംഭിച്ചു.

**പട്ടിക 6.2.2** ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | സൂചകം | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | ശിശുമരണനിരക്ക് # | 6 | 28 |
| | ശിശുമരണനിരക്ക് # - പുരുഷൻ | 10 | 28 |
| | ശിശുമരണനിരക്ക് # - സ്ത്രീ | 3 | 28 |
| 2 | നവജാത ശിശു മരണനിരക്ക്* | 4 | 20 |
| 3 | പെരിനാറ്റൽ മോർട്ടാലിറ്റി നിരക്ക്* | 8 | 18 |
| 4 | ശിശുമരണ നിരക്ക് (5 വയസ്സിൽ താഴെ) * | 2 | 8 |
| 5 | 5 വയസ്സിനു താഴെയുള്ള മരണ നിരക്ക്* | 8 | 32 |
| 6 | ഏർളി നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | 4 | 15 |
| 7 | ലേറ്റ് നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | 0 | 5 |
| 8 | പോസ്റ്റ് നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | 2 | 8 |
| 9 | ക്രൂഡ് ഡെത്ത് റേറ്റ്* | 7 | 6 |
| 10 | അമ്മമാർക്ക് വൈദ്യസഹായം ലഭിച്ചുകൊണ്ടുള്ള ജനന ശതമാനം* | | |
| | സർക്കാർ | 44.7 | 54.6 |
| | സ്വകാര്യം | 55.2 | 28 |
| | നിർദ്ദിഷ്ടയോഗ്യതയുള്ളവർ | 0.1 | 9.7 |
| | പരിശീലനംലഭിക്കാത്തവർ/ മറ്റുള്ളവർ | 0.1 | 7.8 |

***അവലംബം:*** #എസ്.ആർ.എസ് 2022 മെയ്/*എസ്.ആർ.എസ്. സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2020

**പട്ടിക 6.2.3** ഇന്ത്യയുമായി താരതമ്യം ചെയ്തുള്ള കേരളത്തിന്റെ പ്രധാന പ്രത്യുല്പാദന സൂചകങ്ങൾ

| ക്രമ നമ്പർ | സൂചകം | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | ഫെർട്ടിലിറ്റി റേറ്റ് (ആകെ) (TFR) * | 1.5 | 2 |
| 2 | സാധാരണ പ്രത്യുൽപാദനനിരക്ക്* | 45.3 | 67 |
| 3 | ആകെ വൈവാഹിക പ്രത്യുൽപാദന നിരക്ക് * | 4.6 | 5.2 |
| 4 | പൊതു വൈവാഹിക പ്രത്യുൽപാദന നിരക്ക്* | 65.7 | 108.3 |
| 5 | ഗ്രോസ്റീപ്രൊഡക്ഷൻറേറ്റ്* | 0.8 | 0.9 |
| 6 | സ്ത്രീകളിലെവിവാഹപ്രായം * | | |
| | എ) 18-നുമ്പ് | 17 | 16.5 |
| | ബി) 18-20 | 19.2 | 19.3 |
| | സി) 21-നുകളിൽ | 25 | 24.2 |
| | ഡി)എല്ലാവരും | 23.4 | 22.7 |

***അവലംബം:*** എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2020

### കുടുംബാരോഗ്യ കേന്ദ്രങ്ങൾ

2017-18 കാലത്ത് 14 ജില്ലകളിലായി 170 പി.എച്ച്.സി. കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനായി സർക്കാർ തെരഞ്ഞെടുത്തു. ഇതിൽ 166 എഫ്.എച്ച്.സി.കൾ ഇതിനകം പ്രവർത്തനക്ഷമമാക്കി, ബാക്കിയുള്ളവ പുരോഗമിക്കുന്നു. 2018-19 ലെ രണ്ടാം ഘട്ടത്തിൽ എഫ്.എച്ച്.സി.കളായി വികസിപ്പിക്കുന്നതിന് 504 പിഎച്ച്സികളെ തെരഞ്ഞെടുത്തു. അതിൽ 439 എണ്ണം പൂർത്തിയായി, മറ്റ് പിഎച്ച്സികളിൽ വിവിധ ഘട്ടങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി വികസിപ്പിക്കുന്നത് സംബന്ധിച്ച ജനങ്ങളുടെ പ്രതികരണം പ്രോത്സാഹനജനകമാണ്. മൂന്നാം ഘട്ടത്തിൽ ദേശീയ ആരോഗ്യ മിഷനു കീഴിലുള്ള ഫണ്ട് ഉപയോഗിച്ച് എഫ്എച്ച്സികളായി വികസിപ്പിക്കുന്നതിന് 212 പിഎച്ച്സികളെ തെരഞ്ഞെടുക്കുകയും 89 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. ഇതിനുപുറമെ സി.എച്ച്സി. കളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് ആദ്യഘട്ടമായി 2019-20 കാലയളവിൽ 76 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ തെരഞ്ഞെടുത്തു, അതിൽ 56 എണ്ണം പൂർത്തീകരിക്കുകയും 2021-22 ൽ രണ്ടാം ഘട്ടമായി ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് മറ്റൊരു 76 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും (ഇതിൽ 19 എണ്ണം പൂർത്തീകരിച്ചു) തെരഞ്ഞെടുത്തു. 2016 മുതൽ വിവിധ ഘട്ടങ്ങളിലായി ഡിഎച്ച്എസിനു കീഴിൽ ആകെ 3725 തസ്തികകൾ സൃഷ്ടിച്ചു.

### സർക്കാർ ആശുപത്രികളിലെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങളുടെ രോഗീസൗഹൃദ പരിവർത്തനം

മെഡിക്കൽ കോളേജ് ആശുപത്രികളും ജില്ലാതല ആശുപത്രികളും ദിവസവും ആയിരക്കണക്കിന് രോഗികൾക്ക് ഔട്ട് പേഷ്യന്റ് പരിചരണം നൽകുന്നുവെന്ന വസ്തുത കണക്കിലെടുത്ത് ഈ ആശുപത്രികളുടെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുന്നതിനു ആർദ്രം മിഷൻ മുൻഗണന നൽകിയിട്ടുണ്ട്. ഒ.പി. രജിസ്ട്രേഷൻ കൗണ്ടറും രോഗിക്ക് കാത്തുനിൽക്കുന്നതിനുള്ള സൗകര്യവും, ഇരിപ്പിടം, ടോക്കൺ സംവിധാനം, കുടിവെള്ളം, ടോയ്ലറ്റ് സൗകര്യം, പബ്ലിക് അഡ്രസ്സ് സിസ്റ്റം, വിവര വിദ്യാഭ്യാസ വാർത്താവിനിമയ സംവിധാനങ്ങൾ, സിഗ്നേജ് സംവിധാനങ്ങൾ തുടങ്ങിയ സംയോജിപ്പിച്ചിരിക്കുന്നു. വലിയ സ്ഥാപനങ്ങൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ രോഗി പരിപാലന കോർഡിനേറ്റർമാരുടെ പിന്തുണയും നൽകും. ഗുണനിലവാരമുള്ള ചികിത്സാ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനായി കൺസൾട്ടേഷൻ മുറികളിൽ ആവശ്യമായ ഉപകരണങ്ങൾ, ഒ.പി. കമ്പ്യൂട്ടർവൽക്കരണം, നിർദേശങ്ങൾ അടിസ്ഥാനമാക്കിയുള്ള കേസ് മാനേജ്മെന്റ് എന്നിങ്ങനെ ആസൂത്രണം ചെയ്തിരിക്കുന്നു. സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിലും ജില്ലാതല ആശുപത്രികളിലും ഇത് നടപ്പിലാക്കിവരികയാണ്.

### ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിലെ ജനസൗഹൃദ ഒ.പി. പരിവർത്തനം

സംസ്ഥാനത്ത് ആകെ 18 ജനറൽ ആശുപത്രികളും, 18 ജില്ലാ ആശുപത്രികളുമാണ് ഉള്ളത്. ഇതിൽ 17 സ്ഥാപനങ്ങളെ മാത്രമാണ് ഒ.പി. വിഭാഗം പരിവർത്തനത്തിനായി തെരഞ്ഞെടുത്തത്. പതിനാല് ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. മറ്റ് ആശുപത്രികളിലെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. താലൂക്ക് ആശുപത്രികളിലെ ഒ.പി. പരിവർത്തനത്തിന്റെ ഭാഗമായി ആകെ 86 താലൂക്ക് ആശുപത്രികളിൽ നിന്നും 43 സ്ഥാപനങ്ങളെ മാതൃകാനിലവാരത്തിലേക്കുയർത്താൻ തെരഞ്ഞെടുത്തതിൽ 15 എണ്ണം പൂർത്തിയായി. ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ സൃഷ്ടിച്ച വിവിധ തസ്തികകളുടെ എണ്ണം 891 ആണ്. ഇതിൽ 14 സൂപ്പർ സ്പെഷ്യലിസ്റ്റുകൾ, 252 സ്പെഷ്യലിസ്റ്റുകൾ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർ, 197 സ്റ്റാഫ് നഴ്സ്, 84 ലാബ് ടെക്നീഷ്യൻമാർ, 344 പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവർ ആർദ്രം മിഷന്റെ ഭാഗമായുള്ള തസ്തികകളാണ്.

### മെഡിക്കൽ കോളേജുകളിലെ പുതിയ സംരംഭങ്ങൾ

മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾക്ക് ഗുണമേന്മയും, ജനസൗഹാർദ്ദപരവുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യം. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, പാരിപ്പള്ളി, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകൾ ഒ.പി.ഡി. പരിവർത്തനം നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തു. നിലവിൽ സംസ്ഥാനത്തെ 8 മെഡിക്കൽ കോളേജുകളിൽ പ്രവർത്തനങ്ങൾ പൂർത്തിയായി. മെഡിക്കൽ കോളേജുകളിൽ രോഗികളുടെ തിരക്കു മൂലമുള്ള അസൗകര്യങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി എല്ലാ വകുപ്പുകളിലും ഓൺലൈൻ ഒ.പി രജിസ്ട്രേഷൻ കണ്ടറുകൾ, രോഗികൾക്ക് കാത്തുനിൽകുന്നതിനുള്ള സൗകര്യം, കുടിവെള്ള സൗകര്യങ്ങൾ, ടോയ്ലറ്റ് നിർമ്മാണം / നവീകരണം, എല്ലാ ഡിപ്പാർട്ട്മെന്റുകൾക്കും ഒ.പി. മുറികൾ, സിഗ്നേജുകൾ സ്ഥാപിക്കുക, ഇത് കൂടാതെ ടി.വി, ഡിസ്പ്ലേ ബോർഡ്, ഇരിപ്പിടങ്ങൾ, പി.എ. സിസ്റ്റം, ഒ.പി മുറികളിൽ എയർ

കണ്ടീഷണറുകൾ, റാമ്പ് തുടങ്ങിയ സംവിധാനങ്ങൾ ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നു. ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി **പട്ടിക 6.2.4**-ൽ നൽകിയിരിക്കുന്നു.

**നവകേരള കർമ്മ പദ്ധതി II – ആർദ്രം മിഷൻ**

സേവനങ്ങളിലും പ്രവർത്തന മികവിലും ഗുണനിലവാര വർദ്ധനയിലും ഊന്നൽ നൽകാനും വർദ്ധിച്ച ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ ജീവിതം കൈവരിക്കാനുള്ള പ്രവർത്തനങ്ങൾക്കുമാണ് ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിടുന്നത്. സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ ഉറപ്പാക്കുക, ജനസൗഹൃദ ആരോഗ്യ സ്ഥാപനങ്ങൾ സൃഷ്ടിക്കുക, ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ, ചികിത്സാ ചിലവുകൾ കുറയ്ക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുക എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ. ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജില്ലാ ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവ ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളെയും ജനസൗഹൃദ നിലവാരത്തിലേക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചു. മുഴുവൻ നഗരാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നതാണ്. നിലവിലുള്ള ഉപകേന്ദ്രങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനും നഗര പ്രദേശങ്ങളിലെ ഓരോ ഡിവിഷനിലും വ്യത്യസ്ത പൊതുജനാരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നതിന് ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുകയും അവിടെ ആരോഗ്യ പ്രവർത്തകരെ നിയമിക്കുകയും ചെയ്യുന്നതാണ്. ഓരോ പ്രദേശത്തെയും പൗരൻമാരുടെ മുഴുവൻ അടിസ്ഥാന ആരോഗ്യവിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലീരോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുകയും, പ്രതിരോധിക്കുകയും ചെയ്യുന്നു.

ആർദ്രം മിഷന്റെ ലക്ഷ്യങ്ങൾ പ്രധാനമായും നേടിയെടുക്കാൻ ആരോഗ്യ സംരക്ഷണ സൗകര്യങ്ങളുടെ പരിവർത്തനം, വാർഷിക ആരോഗ്യ പരിശോധന, കാൻസർ കെയർ പ്രോഗ്രാം, 'നിർണ്ണയ' ലാബ് ശൃംഖല, വയോജന - പാലിയേറ്റീവ് കെയർ, വൺ ഹെൽത്ത് ഇനിഷ്യേറ്റീവ്, രോഗ നിർമാർജനം, സാംക്രമിക രോഗ ഇൻഫ്രാസ്ട്രക്ചർ, ഹെൽത്തി ലൈഫ് കാമ്പെയ്ൻ, ഇന്റഗ്രേറ്റീവ് മെഡിസിൻ & റിസർച്ച് എന്നീ പത്ത് തീമാറ്റിക് മേഖലകൾക്ക് കീഴിലുള്ള പ്രവർത്തനങ്ങളിലൂടെയാണ് സജ്ജീകരിച്ചിരിക്കുന്നത്.

കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ക്യാൻസർ ചികിത്സാസൗകര്യം ഉറപ്പാ ക്കിയിട്ടുണ്ട്. പ്രാരംഭ ഘട്ടത്തിൽ രോഗികൾക്ക് ക്യാൻസർ രോഗം കണ്ടുപിടിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകളേയും മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകളേയും ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം നടപ്പാക്കുകയും പാലിയേറ്റീവ് കെയർ നെറ്റ്‌വർക്കുകൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. പകർച്ചവ്യാധി രോഗനിയന്ത്രണ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും, മലേറിയ, കാലാഅസാർ, ഫൈലേറിയാസിസ്, ക്ഷയരോഗം എന്നിവയുടെ നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും വയോജനങ്ങളുടെ പ്രത്യേക ആരോഗ്യ ആവശ്യങ്ങൾ പരിഗണിച്ച് പാലിയേറ്റീവ്, ഫിസിയോതെറാപ്പി സേവനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആവശ്യമായ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

ഐക്യരാഷ്ട്രസഭ നിർദ്ദേശിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി സംസ്ഥാനം തയ്യാറാക്കിയിട്ടുള്ള ആരോഗ്യമേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആദിവാസി വിഭാഗങ്ങൾ,

**പട്ടിക 6.2.4** ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി

| ആശുപത്രികളുടെ തരം | ഘട്ടം | മൊത്തം സ്ഥാപനങ്ങൾ | പ്രവർത്തി പൂർത്തിയായത് | പ്രവർത്തി പുരോഗമിക്കുന്നത് | പ്രവർത്തി ആരംഭിക്കേണ്ടത് |
|---|---|---|---|---|---|
| പി.എച്ച്.സി.കൾ എഫ്എച്ച്സികളാക്കി മാറ്റുന്നത് | ഒന്നാം ഘട്ടം | 170 | 166 | 3 | 1 |
| | രണ്ടാം ഘട്ടം | 504 | 439 | 18 | 47 |
| | മൂന്നാം ഘട്ടം | 212 | 89 | 41 | 82 |
| | ആകെ | 886 | 694 | 62 | 130 |
| സിഎച്ച്സി.കളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് | ഒന്നാം ഘട്ടം | 76 | 56 | 8 | 12 |
| | രണ്ടാം ഘട്ടം | 76 | 19 | 26 | 31 |
| ജില്ലാ / ജനറൽ ആശുപത്രികളുടെ ഒപി.കൾ | ഒന്നാം ഘട്ടം | 17 | 14 | 0 | 3 |
| താലൂക്ക് ആശുപത്രികളിലെ ഒപി.കൾ | ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങൾ | 43 | 15 | 17 | 11 |
| മെഡിക്കൽ കോളേജുകൾ | ഒന്നാം ഘട്ടം | 8 | 8 | 0 | 0 |

**അവലംബം:** ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

തീരദേശത്ത് വസിക്കുന്നവർ, LGBTIQA+, സ്ത്രീകൾ, ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിഭാഗങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ വിശകലനം ചെയ്ത് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു. പുതിയ ജന്തുജന്യ രോഗങ്ങൾ അടക്കമുള്ള പുതുരോഗങ്ങൾ ആരംഭത്തിൽത്തന്നെ പരിശോധിക്കുകയും കണ്ടെത്തുകയും ഇടപെടുകയും ചെയ്യുന്ന 'ഏകാരോഗ്യ' പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു.

കോവിഡിന്റെ മൂന്നാം ഘട്ടത്തെയും, തുടർ പ്രശ്നങ്ങളെയും നേരിടാനും പുതുരോഗങ്ങളുടെ ചികിത്സയ്ക്കും ആവശ്യമായി വരുന്ന ഐസോലേഷൻ വാർഡുകൾ എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഒന്നു വീതം സജ്ജമാക്കുകയും പുതുരോഗങ്ങളുടെ ആരംഭം, വ്യാപനം തുടങ്ങിയവ കണ്ടെത്താനും നിയന്ത്രണത്തിനും സഹായകമായ കൊളാബറേറ്റീവ് റിസർച്ച് സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ, കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണം വഴി ശക്തിപ്പെടുത്തുന്നു. ആരോഗ്യ മേഖലയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കാനുള്ള സാഹചര്യങ്ങൾ എല്ലാ തലങ്ങളിലും സജ്ജമാക്കുന്നതിനായി സംസ്ഥാന തലത്തിൽ എസ്.എച്ച്.എസ്.ആർ.സി യുടെ നേതൃത്വത്തിൽ എത്തിക്സ് കമ്മിറ്റി രൂപീകരിച്ചു.

സാമ്പിളുകളെടുത്ത് ആരോഗ്യ വകുപ്പിന്റെ മേലേത്തട്ടിലുള്ള ലാബുകളിലേക്ക് അയച്ച് പരിശോധന നടത്തുന്ന "ഹബ്ബ് ആന്റ് സ്പോക്ക്" രീതിയിലുള്ള ലാബ്സർവ്വീസുകൾ ഏകോപിപ്പിക്കുന്നതിനും റഫറൽ പ്ലാൻ ഉൾപ്പെടെയുള്ള ചികിത്സാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. വയോജനങ്ങളുടെ സ്വാസ്ഥ്യത്തിനായി മാനസികാരോഗ്യം, വീഴ്ചകൾ, ഡിമെൻഷ്യ, തുടങ്ങിയ മേഖലകളിൽ ഇടപെടലുകൾ നടത്തും. ആയുഷുമായി ചേർന്ന് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പഞ്ചായത്തുകൾ വയോജന സൗഹൃദമാക്കും. ജീവിതശൈലി രോഗങ്ങൾ, മാനസികാരോഗ്യം, വയോജന ആരോഗ്യവും ക്ഷേമവും. പകർച്ചവ്യാധി നിയന്ത്രണം, രോഗ നിവാരണം എന്നീ ഘടകങ്ങൾക്ക് ഊന്നൽ നൽകി ക്യാമ്പയിനുകൾ നടത്തുന്നു.

**ജനകീയ ആരോഗ്യ കേന്ദ്രം**

കേരളത്തിലെ ആരോഗ്യ ഉപകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പ്രദേശത്തെ ജനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ എല്ലാവർക്കും ആരോഗ്യത്തോടെ ജീവിക്കാൻ സഹായകമായ ആരോഗ്യദായക പ്രവർത്തനങ്ങൾ നടത്തി രോഗാതുരത കുറയ്ക്കുക എന്നതാണ് ആർദ്രം മിഷൻ മുന്നോട്ട് വയ്ക്കുന്ന നയസമീപനം. ആരോഗ്യവർദ്ധക സേവനങ്ങൾ, രോഗ പ്രതിരോധം, രോഗ നിരീക്ഷണം, രോഗനിയന്ത്രണം, മാതൃ-ശിശു ആരോഗ്യം മുതലായ മേഖലകളിലെ ഇടപെടലുകളുടെ ഒരു കേന്ദ്രബിന്ദുവായി ആരോഗ്യ ഉപകേന്ദ്രങ്ങളെ മാറ്റുന്നതിനും അവയെ ജനകീയ ആരോഗ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പ്രാപ്തമാക്കുന്ന രീതിയിൽ കാലാനുസൃതമായി ശാക്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഓരോ വ്യക്തിയും ആരോഗ്യത്തോടെ ജീവിക്കുന്നു എന്ന് ഉറപ്പു വരുത്താനുള്ള ഉത്തരവാദിത്തം സമൂഹം ഒറ്റക്കെട്ടായി ഏറ്റെടുക്കേണ്ടതുണ്ട്. ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ, വ്യായാമം മുതലായ ആരോഗ്യദായക ശീലങ്ങൾ അനുവർത്തിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിലൂടെ മാത്രമേ രോഗാതുരത കുറയ്ക്കാൻ സാധിക്കുകയുള്ളൂ. ഇത്തരം പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ ജനപങ്കാളിത്തം ആവശ്യമാണ്. പൊതുജനാരോഗ്യ മേഖലയിൽ ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ ഉപകേന്ദ്രങ്ങളേയും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ആയി ഉയർത്തിയത് ഈ സാഹചര്യത്തിലാണ്. സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ താഴെ തട്ടിൽ എത്തിക്കുക എന്നതാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ലക്ഷ്യം. ഇതിനായി ആർദ്രം മിഷനിലൂടെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി നവീകരിച്ച് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ജനസൗഹൃദ സ്ഥാപനങ്ങളായി മാറ്റുകയും ചെയ്യുന്നു.2024 നവംബർ 15 ലെ കണക്കനുസരിച്ച് ആയുഷിന് കീഴിലുള്ളവ ഉൾപ്പെടെ 6825 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ട്. NHM-ന് കീഴിലുള്ള ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 4765 മിഡ്‌ലെവൽ സേവന ദാതാക്കളെ (MLSP) നിയമിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗിൽ ജോലി ചെയ്യുന്ന യോഗ്യതയുള്ള നഴ്സുമാരാണ് ഇവർ.

**ഏകാരോഗ്യം**

വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്കായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും എല്ലാ ജില്ലകളിലും വൺ ഹെൽത്ത് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലെ വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർകെഐ), ലോകബാങ്ക് എന്നിവയുടെ സഹായം ലഭ്യമാണ്. ഈ നാല് ജില്ലകളിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ഒരു ആരോഗ്യ കേന്ദ്രവും ജില്ലാതലത്തിൽ ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് & സപ്പോർട്ട് യൂണിറ്റും (DPSU) സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. താഴെ പറയുന്ന സംവിധാനങ്ങൾ സ്ഥാപിക്കാൻ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു. 1. സംസ്ഥാനതല വൺ ഹെൽത്ത് സമിതി, 2. ജില്ലാതല വൺ ഹെൽത്ത് സമിതി 3. തദ്ദേശ ഭരണ തല വൺ ഹെൽത്ത് കമ്മിറ്റി, 4. ലൈൻ ഡിപ്പാർട്ട്മെന്റ് ലെവൽ വൺ ഹെൽത്ത് കമ്മിറ്റിയും നോഡൽ ഓഫീസർമാരും.

**നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (NQAS)**

2013ൽ എൻക്യുഎഎസ് ആരംഭിച്ചെങ്കിലും എൻക്യുഎഎസ് ചെക്ക് ലിസ്റ്റുകളിലെ ചില ചെക്ക് പോയിന്റുകൾ കാരണം കേരളത്തിന് പല സ്ഥാപനങ്ങൾക്കും അംഗീകാരം നൽകാനായില്ല. അതനുസരിച്ച്, 2017-ൽ, നാഷണൽ ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ സഹായത്തോടെ കേരള നിലവാരത്തിന് അനുസൃതമായി എൻക്യുഎഎസ് ചെക്ക് ലിസ്റ്റ് കസ്റ്റമൈസ് ചെയ്തു. കേരളത്തിലെ സാഹചര്യങ്ങളുമായി അപ്രസക്തമായ ചില ഇനങ്ങൾ നീക്കം ചെയ്യുകയും പാലിയേറ്റീവ് കെയർ ചെക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടാണ് ഇത് ചെയ്തത്.

**പട്ടിക 6.2.5** ഇ-ഹെൽത്ത് പ്രോഗ്രാമിന് കീഴിൽ ജില്ല തിരിച്ചുള്ള ജനസംഖ്യാസർവേ വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | ജനസംഖ്യ സർവേ നടത്തിയത് | ക്രമ നമ്പർ | ജില്ല | ജനസംഖ്യ സർവേ നടത്തിയത് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 24,06,760 | 8 | തൃശ്ശൂർ | 23,01,629 |
| 2 | കൊല്ലം | 21,68,789 | 9 | പാലക്കാട് | 23,44,974 |
| 3 | പത്തനംതിട്ട | 10,26,328 | 10 | മലപ്പുറം | 38,44,650 |
| 4 | ആലപ്പുഴ | 15,21,575 | 11 | കോഴിക്കോട് | 25,00,494 |
| 5 | കോട്ടയം | 15,22,289 | 12 | വയനാട് | 6,23,272 |
| 6 | ഇടുക്കി | 8,67,546 | 13 | കണ്ണൂർ | 19,41,501 |
| 7 | എറണാകുളം | 18,70,452 | 14 | കാസർഗോഡ് | 10,15,739 |
| | **ആകെ** | **2,59,55,998** | | | |

***ഉറവിടം:*** ഇ-ഹെൽത്ത് കേരള, DHS- നവംബർ 08-2024

കസ്റ്റമൈസേഷനുശേഷം, NQAS അക്രഡിറ്റേഷനിൽ കേരളം വൻ പുരോഗതി കൈവരിച്ചു. 2024 ഒക്ടോബർ വരെ, സംസ്ഥാനത്ത് നിന്നുള്ള 1284 സ്ഥാപനങ്ങളിൽ 197 എണ്ണം [ജില്ലാ ആശുപത്രികൾ (5), താലൂക്ക് ആശുപത്രികൾ (4), കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (11), കുടുംബാരോഗ്യ കേന്ദ്രം (133), അർബൻ പിഎച്ച്സി (41), ജനകീയ ആരോഗ്യ കേന്ദ്രം 3 എന്നിവ ദേശീയതല സർട്ടിഫിക്കേഷൻ പൂർത്തിയാക്കി. 'ലക്ഷ്യ' അംഗീകാരം ലഭിച്ച 12 സ്ഥാപനങ്ങൾ ഉണ്ട്. പ്രസവസമയത്തും പ്രസവാനന്തരവും ഉണ്ടാകുന്ന സങ്കീർണതകൾ മൂലമുണ്ടാകുന്ന മാതൃ-നവജാതശിശു മരണനിരക്കും രോഗാവസ്ഥയും കുറയ്ക്കുക, പ്രസവസമയത്ത് പരിചരണത്തിന്റെ ഗുണനിലവാരം, പ്രസവാനന്തര പരിചരണം എന്നിവ മെച്ചപ്പെടുത്തുക, ആരോഗ്യ സൗകര്യങ്ങൾ സന്ദർശിക്കുന്ന ഗുണഭോക്താക്കളുടെ സംതൃപ്തി വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ ടൂ-വേ ഫോളോ-അപ്പ് സംവിധാനം പ്രാപ്തമാക്കുക എന്നീ ലക്ഷ്യത്തോടെയാണ് 'ലക്ഷ്യ' ആരംഭിച്ചത്. കേരളത്തിലെ കാഷ് (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റലുകൾ) അംഗീകൃത സ്ഥാപനങ്ങളുടെ എണ്ണം 208 ആണ്.

### ഇ–ഹെൽത്ത് പദ്ധതി

കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് ഇ-ഹെൽത്ത് പ്രോജെക്റ്റ് ലക്ഷ്യമിടുന്നു. ഡോക്ടർമാർക്ക് എളുപ്പത്തിൽ പരിശോധിക്കാവുന്ന വ്യക്തിഗത മെഡിക്കൽ രേഖകളുടെ ഒരു ഡാറ്റാബേസ് നിർമ്മിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. രോഗിയുടെ സവിശേഷമായ തിരിച്ചറിയൽ, സംസ്ഥാനത്തെ വിവിധ പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിലുള്ള വിവിധ ആരോഗ്യ പരിപാലന വിതരണ യൂണിറ്റുകൾ തമ്മിലുള്ള ഡാറ്റ എക്സ്ചേഞ്ച് എന്നിവ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഇത് മൂലം ആവർത്തിച്ച് വരുന്ന മെഡിക്കൽ പരിശോധനകൾ ഒഴിവാക്കാനും രോഗിയുടെ ചെലവ് കുറക്കുന്നതിനും ക്ലിനിക്കുകളിലും ലാബുകളിലും തിരക്ക് കുറയ്ക്കാനും കഴിയും. തിരുവനന്തപുരം പൈലറ്റ് ജില്ലയായി ആരംഭിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. 564 ആശുപത്രികളിൽ ഇ-ഹെൽത്ത് പൂർത്തിയായി, അതിൽ 200 എണ്ണം പേപ്പർ ഉപയോഗിക്കേണ്ടതില്ലാത്ത ആശുപത്രികളായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തിന്റെ ഇ-ഹെൽത്ത് പദ്ധതിയെ നിതി ആയോഗ് അഭിനന്ദിച്ചു. 2,59,55,998 വ്യക്തികളുടെ ഡാറ്റാ ബേസ് ശേഖരിച്ച് ഇലക്ട്രോണിക് രേഖകളായി സംഭരിച്ച രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. ഇതിൽ 68,35,747 വീടുകളും 1,26,83,801 പുരുഷന്മാരും 1,32,71,381 സ്ത്രീകളും 816 ട്രാൻസ്ജെൻഡറുകളും ഉൾപ്പെടുന്നു. വിശദാംശങ്ങൾ **പട്ടിക 6.2.5** ൽ നൽകിയിരിക്കുന്നു.

### പദ്ധതിക്കാലത്തെ ആരോഗ്യമേഖലയ്ക്കുള്ള ധനസഹായം

കഴിഞ്ഞ കുറെ വർങ്ങളായി സംസ്ഥാനബജറ്റിൽ നിന്നും വലിയ തുക നീക്കി വയ്ക്കുന്ന ഒരു പ്രധാന മേഖലയാണ് ആരോഗ്യം. അടുത്ത കാലത്തായി സർക്കാരിന്റെ ആരോഗ്യ സംരക്ഷണ ചെലവ് നിരന്തരമായി വർദ്ധിക്കുന്നതായികാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും സംഭാവനയെ ഒഴിച്ചുനിർത്തിയാൽ തന്നെ മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ (2024-25 കാലയളവിൽ 30370 കോടി) 6.76 ശതമാനത്തോളമാണ് (2024-25 കാലയളവിൽ 2052.23 കോടി) ആരോഗ്യ സംരക്ഷണത്തിന് കേരളം ചെലവഴിക്കുന്നത് എന്നതാണ് വസ്തുത. ആറാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശകൾ അനുസരിച്ച്, മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 27.50 ശതമാനം (8352 കോടി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (എൽഎസ്ജിഐ) നീക്കിവച്ചിരിക്കുന്നു. എൽ.എസ്ജി.ഐ.-കൾ അവരുടെ ചെലവിന്റെ ഗണ്യമായ ശതമാനം ആരോഗ്യ സംരക്ഷണത്തിനായി ചെലവഴിക്കുന്നു. ഇതിനുപുറമെ, കെട്ടിട നിർമ്മാണത്തിനും ഉയർന്ന നിലവാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുമായി കിഫ്ബിയും നബാർഡും വഴി സർക്കാർ ഈ മേഖലയിൽ വലിയ തുക നിക്ഷേപിക്കുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പദ്ധതികൾ നടപ്പാക്കുന്നതിന് നീക്കിവച്ചിരുന്ന തുക 3,31,888.00 ലക്ഷം രൂപ (ബി.ഇ) ആയിരുന്നു. പദ്ധതി കാലയളവിൽ റിപ്പോർട്ട് ചെയ്ത ആകെ ചെലവ് 3,00,600.50 ലക്ഷം (90.57%) രൂപയാണ്. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരോഗ്യമേഖലയ്ക്ക് 7,19,929 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ ചെലവ് റിപ്പോർട്ട് ചെയ്തത് 910077 ലക്ഷം രൂപയാണ് (126.4%). 13-ാം പഞ്ചവത്സര പദ്ധതിയുടെ അവസാന രണ്ട് വാർഷിക പദ്ധതി കാലയളവിലെ വകുപ്പനുസരിച്ചുള്ള പദ്ധതി വിഹിതവും

ചെലവും കൂടാതെ 14-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ മൂന്ന് വർഷത്തെ 2024 ഒക്ടോബർ വരെ (2024-25) ആകെ പദ്ധതി വിഹിതവും ചെലവും **പട്ടിക 6.2.6** ൽ കൊടുത്തിട്ടുണ്ട്.

ആരോഗ്യരംഗത്തെ പദ്ധതികളും പദ്ധതിയേതര ചെലവുകളും ഈ അഞ്ച് വർഷത്തിനിടയിൽ വർധിച്ചു. ആരോഗ്യ കുടുംബക്ഷേമത്തിൽ 2018-19 മുതൽ 2023-24 വരെയുള്ള പദ്ധതി പദ്ധതിയേതര നിക്ഷേപങ്ങൾ റവന്യൂ ചെലവിലും മൂലധന ചെലവിലും ആരോഗ്യച്ചെലവിന്റെ ശതമാനം മൊത്തം സർക്കാർ ചെലവിന്റെ അടിസ്ഥാനത്തിലും ആരോഗ്യച്ചെലവിന്റെ ശതമാനം ജിഎസ്ഡിപിയുടെ അടിസ്ഥാനത്തിലും **പട്ടിക 6.2.7** ൽ നൽകിയിരിക്കുന്നു.

മറ്റ് വകുപ്പുകളുടെ പദ്ധതിച്ചെലവിൽ എക്സൈസ്, വ്യവസായം, ശാസ്ത്ര സാങ്കേതിക വിദ്യ, മത്സ്യബന്ധനം, സാംസ്കാരികകാര്യം, കായിക-യുവജനകാര്യം, സാമൂഹികനീതി, സ്ത്രീ-ശിശു വികസനം, പട്ടികജാതി വികസനം, പട്ടികവർഗ വികസനം, തൊഴിൽ വകുപ്പ്, എൽ.എസ്.ജി.ഡി. തുടങ്ങിയ വിവിധ വകുപ്പുകൾ ഉൾപ്പെടുന്നു.

### കേരളത്തിലെ പ്രധാന ആരോഗ്യ പ്രശ്നങ്ങൾ
### സാംക്രമികേതര രോഗങ്ങൾ

പ്രമേഹം, രക്തസമ്മർദ്ദം, ഹൃദയ സംബന്ധമായ അസുഖങ്ങൾ, കാൻസർ, ശ്വാസകോശ രോഗങ്ങൾ എന്നിവയാണ് ആരോഗ്യകരമായ ജീവിതത്തിന് വലിയ

**പട്ടിക 6.2.6** 2017-22ലെ 13-ാം പദ്ധതിയുടെ അവസാന രണ്ട് വർഷത്തെ വകുപ്പടിസ്ഥാനത്തിലുള്ള അടങ്കലും ചെലവും, 2024 ഒക്ടോബർ വരെയുള്ള 14-ാം പദ്ധതിയുടെ ആദ്യ മൂന്ന് വർഷങ്ങളിലെ മൊത്തം അടങ്കലും ചെലവും (രൂപ കോടിയിൽ)

| **വകുപ്പ്** | **വാർഷികപദ്ധതി 2020–21** | | **വാർഷികപദ്ധതി 2021–22** | | **വാർഷികപദ്ധതി 2022–23** | | **വാർഷികപദ്ധതി 2023–24** | | **വാർഷികപദ്ധതി** | |
|---|---|---|---|---|---|---|---|---|---|---|
| | **വിഹിതം** | **ചെലവ് ശതമാനം** | **വിഹിതം** | **ചെലവ് ശതമാനം** | **വിഹിതം** | **ചെലവ് ശതമാനം** | **വിഹിതം** | **ചെലവ് ശതമാനം** | **വിഹിതം** | **ചെലവ് ശതമാനം** |
| ആരോഗ്യ സേവനം | 991.40 | 135 | 991.40 | 206 | 1297.76 | 159.30 | 1416.46 | 119.98 | 1463.52 | 61.34 |
| മെഡിക്കൽ വിദ്യാഭ്യാസം | 420.60 | 77 | 420.60 | 111 | 463.75 | 75.26 | 463.75 | 88.43 | 462.34 | 19.15 |
| ഭാരതീയ ചികിത്സാ വകുപ്പ് | 41.95 | 120 | 41.95 | 91 | 44.05 | 84.86 | 49.05 | 79.50 | 50.93 | 27.51 |
| ആയുർവേദ വിദ്യാഭ്യാസം | 43.20 | 39 | 43.20 | 62 | 47.52 | 31.63 | 47.52 | 41.39 | 43.72 | 11.29 |
| ഹോമിയോപ്പതി | 23.75 | 85 | 23.75 | 104 | 25.15 | 73.57 | 25.15 | 84.09 | 23.54 | 36.11 |
| ഹോമിയോ വിദ്യാഭ്യാസം | 8.65 | 170 | 8.65 | 129 | 8.90 | 81.27 | 8.90 | 78.00 | 8.18 | 25.73 |
| **ആകെ** | **1529.55** | **115** | **1529.55** | **170** | **1887.13** | **132.18** | **2010.83** | **109.23** | **2052.23** | **49.50** |

***അവലംബം:*** പ്ലാൻ സ്പെയിസ്

**പട്ടിക 6.2.7** ആരോഗ്യ കുടുംബക്ഷേമത്തിനുള്ള നിക്ഷേപം (രൂപ കോടിയിൽ)

| **വർഷം** | **മൊത്തം സർക്കാർ ആരോഗ്യ ചെലവ്** | | | | | **മൊത്തം സർക്കാർ ചെലവ്** | **ആരോഗ്യ ചെലവിന്റെ ശതമാനം മൊത്തം സർക്കാർ ചെലവിന്റെ** | **ജിഎസ്ഡിപി കോടിയിലും സ്ഥിര വിലയിലും** | **ആരോഗ്യ ചെലവിന്റെ ശതമാനം ജിഎസ്ഡിപിയുടെ അടിസ്ഥാനത്തിൽ** |
|---|---|---|---|---|---|---|---|---|---|
| | **ആരോഗ്യ വകുപ്പുകൾ മുഖേനയുള്ള പദ്ധതി ചെലവ്** | **മറ്റ് വകുപ്പുകൾ മുഖേനയുള്ള പദ്ധതി ചെലവ്** | **മറ്റ് വകുപ്പുകൾ ഉൾപ്പെടെ ആരോഗ്യ മേഖലയുടെ ആകെ പദ്ധതി ചെലവ്** | **പദ്ധതിയേതരം** | **ആകെ** | | | | |
| 2018-19 (കണക്ക്) | 1862.76 | 760.50 | 2623.26 | 5235.8 | 7859.06 | 120069.82 | 6.55 | 554228.31 | 1.42 |
| 2019-20 (കണക്ക്) | 2246.61 | 664.99 | 2911.60 | 5292.21 | 8203.81 | 114384.94 | 7.17 | 559194.18 | 1.47 |
| 2020-21 (കണക്ക്) | 3144.73 | 1142.61 | 4287.34 | 5657.63 | 9944.97 | 138884.49 | 7.16 | 512076.08 | 1.94 |
| 2021-22 (കണക്ക്) | 4104.83 | 1258.87 | 5363.70 | 7835.24 | 13198.94 | 163225.53 | 8.09 | 573591.46 | 2.30 |
| 2022-23 (കണക്ക്) | 3519.56 | * | 3519.56 | 6690.52 | 10210.08 | 158738.43 | 6.43 | 616188 | 1.66 |
| 2023-24 (പരിഷ്കരിച്ച എസ്റ്റിമേറ്റ്) | 2448.61 | * | 2448.61 | 6810.64 | 9259.25 | 168407.11 | 5.50 | * | * |

***അവലംബം :*** ബജറ്റ് ഇൻ ബ്രീഫ്, ഡി.ഇ.എസ്.

ഭീഷണി സൃഷ്ടിക്കുന്ന സാംക്രമികേതര രോഗങ്ങൾ. സാംക്രമികേതര രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ഇടപെടലുകൾ നടത്തിയില്ലെങ്കിൽ, പ്രായമായവരുടെ ജനസംഖ്യയും ജീവിതശൈലിയിലെ മാറ്റങ്ങളും കാരണം ഭാവിയിൽ ചെലവ് ഗണ്യമായി വർദ്ധിക്കാൻ സാധ്യതയുണ്ട്. മരുന്നുകളുടെ ഉയർന്ന വിലയും ചികിത്സയുടെ ദൈർഘ്യവും കണക്കിലെടുക്കുമ്പോൾ, ഇത് താഴ്ന്ന വരുമാനമുള്ള വിഭാഗങ്ങൾക്ക് വലിയ സാമ്പത്തിക ബാധ്യതയാണ് ഉണ്ടാക്കുന്നത്. ജീവിതശൈലിയിലെ ക്രമരഹിതമായ മാറ്റങ്ങൾ, മദ്യത്തോടും പുകയിലയോടുമുള്ള അമിതമായ ആസക്തി, വൈറ്റ് കോളർ ജോലികളോടുള്ള ആഭിമുഖ്യം, അനാരോഗ്യകരമായ ഭക്ഷണരീതികൾ, ശാരീരിക വ്യായാമത്തിന് കുറഞ്ഞ മുൻഗണന, ജനസംഖ്യയുടെ എല്ലാ വിഭാഗങ്ങളിലെയും ഉയർന്ന മാനസിക സമ്മർദ്ദം എന്നിവയാണ് സംസ്ഥാനത്ത് സാംക്രമികേതര രോഗങ്ങളുടെ വ്യാപനത്തിന് കാരണമായത്.

അമിതവണ്ണം, ഹൈപ്പർലിപിഡീമിയ, ഹൃദയാഘാതം, പക്ഷാഘാതം എന്നിവയും കൂടുതലാണ്. ദേശീയ ശരാശരിയെ അപേക്ഷിച്ച് കേരളത്തിലെ പുരുഷൻമാരിൽ കാൻസർ മരണനിരക്ക് വളരെ കൂടുതലാണ്. അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് തിരുവനന്തപുരം, 2016-17ൽ നടത്തിയ സർവേയിൽ മൂന്നിൽ ഒരാൾക്ക് ഹൈപ്പർടെൻഷനും അഞ്ചിൽ ഒരാൾക്ക് പ്രമേഹവും ഉണ്ടെന്ന് കണ്ടെത്തി. നേരത്തെ കണ്ടുപിടിച്ചതിനു ശേഷവും രക്തത്തിലെ പഞ്ചസാരയുടെയും രക്തസമ്മർദ്ദത്തിന്റെയും സാധാരണ നില കൈവരിക്കുന്നത് മാനദണ്ഡങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണെന്നും പഠനം വെളിപ്പെടുത്തുന്നു.

ഗ്ലോബൽ അഡൽട്ട് ടുബാക്കോ സർവേ 2016 റിപ്പോർട്ടിൽ സംസ്ഥാനത്ത് പുകയിലയുടെ ഉപയോഗം 21 ശതമാനത്തിൽ നിന്ന് 12 ശതമാനമായി, മദ്യത്തോടുള്ള വർദ്ധിച്ചുവരുന്ന അടുപ്പം ആരോഗ്യത്തെ ബാധിക്കുന്നു, ഇതിന്റെ വ്യാപനം നിരക്ക് 44 ശതമാനം എന്ന ഉയർന്ന നിരക്കിലാണ്. ഓരോ വർഷവും മദ്യപാനം തുടങ്ങുന്ന പ്രായവും കുറയുന്നു. പ്രായവും സാമ്പത്തിക നിലയും കണക്കിലെടുക്കാതെ ജനസംഖ്യയുടെ എല്ലാ വിഭാഗങ്ങളിലെയും അനാരോഗ്യകരമായ ഭക്ഷണരീതികളും ശാരീരിക വ്യായാമത്തിന്റെ അഭാവവും ജീവിതശൈലി രോഗങ്ങളുടെ വർദ്ധനവിന് കാരണമായി. 30 നും 70 നും ഇടയിൽ പ്രായമുള്ളവരുടെ മൊത്തം മരണത്തിന്റെ 52 ശതമാനം സാംക്രമികേതര രോഗങ്ങൾ കാരണമാണ്. (**അവലംബം: ഡി.എച്ച്.എസ്സ്**)

എൻ.സി.ഡി. കൺട്രോൾ പ്രോഗ്രാം സംസ്ഥാനം മുഴുവൻ എല്ലാ ജില്ലകളിലുമായി വ്യാപിച്ചുകിടക്കുന്നു, കൂടാതെ എല്ലാ ജില്ലാ/ജനറൽ ആശുപത്രികൾ, ഉപജില്ലാതല ആശുത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കൂടാതെ അയ്യായിരം ജനസംഖ്യയുള്ള ഉപകേന്ദ്രങ്ങൾ എന്നിവയിലൂടെയും നൽകുന്ന സേവനങ്ങൾ ഉൾക്കൊള്ളുന്നു. മുഴുവൻ ആരോഗ്യ സംവിധാനത്തിലും എൻസിഡി സ്ക്രീനിംഗ് പ്രോഗ്രാം ഉള്ള ഏക സംസ്ഥാനമാണ് കേരളം.

### അമൃതം ആരോഗ്യം

അമൃതം ആരോഗ്യം സംസ്ഥാനം നടത്തുന്ന സാംക്രമികേതര രോഗ നിയന്ത്രണ പരിപാടിയാണ്. പരിപാടിയുടെ ലക്ഷ്യങ്ങൾ ഇവയാണ്: 1. ജനങ്ങളിലെ അപായ ഘടകങ്ങൾ ലഘൂകരിക്കുക 2. ആരോഗ്യകരമായ ഭക്ഷണക്രമം, വ്യായാമം, ആസക്തിയുടെ ദൂഷ്യഫലങ്ങൾ എന്നിവയെക്കുറിച്ച് അറിവ് പകരുക 3. മുപ്പത് വയസ്സിന് മുകളിലുള്ള എല്ലാവർക്കും രോഗാവസ്ഥകൾ പരിഗണിക്കാതെ സാംക്രമികേതര രോഗങ്ങൾക്കുള്ള പരിശോധനയും രോഗം കണ്ടെത്തിയ എല്ലാവർക്കും സൗജന്യമായി മരുന്നുവിതരണവും 4. സങ്കീർണതകളുടെ തുടക്കത്തിൽ തന്നെ മാനേജ്മെന്റും ചികിത്സയും. എല്ലാ ജില്ലകളിലും വ്യാപിച്ചുകിടക്കുന്ന അമൃതം ആരോഗ്യം പരിപാടി, ജില്ലാ/ജനറൽ ആശുപത്രികൾ, ഉപജില്ലാതല ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കൂടാതെ അയ്യായിരം ജനസംഖ്യയുള്ള 5400 ഉപകേന്ദ്രങ്ങൾ എന്നിവയിലൂടെയും സേവനങ്ങൾ നൽകുന്നു. മുഴുവൻ ആരോഗ്യ സംവിധാനങ്ങളിലും എൻസിഡി സ്ക്രീനിംഗ് പ്രോഗ്രാം ഉള്ള ഏക സംസ്ഥാനമാണ് കേരളം. 30 വയസ്സിനു മുകളിൽ പ്രായമുള്ളവരെ അമൃതം ആരോഗ്യം ക്ലിനിക്കുകളിൽ എൻസിഡി പരിശോധനയ്ക്ക് വിധേയമാക്കുന്നു.

### കേരള സി.ഒ.പി.ഡി. പ്രതിരോധ നിയന്ത്രണ പരിപാടി – ശ്വാസ്

ലോകവ്യാപകമായി രോഗാവസ്ഥക്കും മരണത്തിനും നിദാനമായ പ്രമുഖ കാരണങ്ങളിലൊന്നാണ് ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമൊണറി ഡിസീസ് (സി.ഒ.പി.ഡി.). ഇന്ത്യയെ സംബന്ധിച്ച 'ഗ്ലോബൽ ബർഡൻ ഓഫ് ഡിസീസസ്' (വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് മെട്രിക്സ് ആൻഡ് ഇവാലുവേഷൻ (ഐ.എച്ച്.എം.ഇ.) കണക്കനുസരിച്ച് ഇന്ത്യയിലെ മരണനിരക്കിന്റെ രണ്ടാമത്തെ പ്രധാന കാരണം സി.ഒ.പി.ഡി. യാണ്. അടുത്തിടെ ഇന്ത്യയിലെ എൻ.സി.ഡി. പ്രോഗ്രാമിൽ മുൻഗണനയുള്ള എൻ.സി.ഡി.കളിൽ സി.ഒ.പി.ഡി. യും കടുത്ത വൃക്കരോഗവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ സി.ഒ.പി.ഡി.ക്കായുള്ള ഒരു പ്രത്യേക പൊതുജനാരോഗ്യ പദ്ധതിയാണ് ശ്വാസ്. ഇത് ആർദ്രം മിഷന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്റർ (എഫ്.എച്ച്.സി.) തലം മുതൽ നടപ്പിലാക്കുന്നു. 591 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 49 ഉപജില്ല / ജില്ലാ ആശുപത്രികളിലും ശ്വാസ് ക്ലിനിക്കുകൾ ആരംഭിച്ചിരിക്കുന്നു. ശ്വാസ് ക്ലിനിക്കുകളുടെ വിശദാംശങ്ങളും സി.ഒ.പി.ഡി. ആസ്ത്മ എന്നിവയുടെ സ്ക്രീനിംഗ്, രോഗനിർണയം എന്നിവയും **പട്ടിക 6.2.8**-ൽ നൽകിയിരിക്കുന്നു.

### ഇന്ത്യ ഹൈപ്പർടെൻഷൻ മാനേജ്മെന്റ് ഇനിഷ്യേറ്റീവ് (ഐഎച്ച്എംഐ)

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, കേരള സർക്കാർ, ലോകാരോഗ്യ സംഘടന, റിസോൾവ് ടു സേവ് ഇനിഷ്യേറ്റീവ് ഓഫ് വൈറ്റൽ സ്ട്രാറ്റജീസ് എന്നിവയുടെ സഹകരണത്തോടെയുള്ള പദ്ധതിയാണ് ഇന്ത്യാ ഹൈപ്പർടെൻഷൻ മാനേജ്മെന്റ്

**പട്ടിക 6.2.8** ശ്വാസ് ക്ലിനിക്കുകളും സി.ഒ.പി.ഡി, ആസ്ത്മ എന്നിവയുടെ സ്ക്രീനിംഗും രോഗനിർണയ വിശദാംശങ്ങളും

| വർഷം | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 ആഗസ്റ്റ് 31 വരെ | ആകെ |
|---|---|---|---|---|---|---|---|---|
| രോഗലക്ഷണ മുള്ളവരിലെ സ്ക്രീനിംഗ് | 47601 | 63206 | 45444 | 3750 | 35244 | 26076 | 141340 | 362661 |
| ശ്വാസ് ക്ലിനിക്ക്-എഫ്.എച്ച്സി | 89 | 90 | 91 | 108 | 96 | 117 | 105 | 696 |
| ശ്വാസ് ക്ലിനിക്ക്- ജില്ല/ജനറൽ / താലൂക്ക് ആശുപത്രികൾ | 14 | 25 | 10 | 0 | 0 | 0 | 0 | 49 |
| സ്പൈറോമെട്രി സ്ക്രീനിംഗ് | 9147 | 18428 | 1952 | 299 | 7017 | 3978 | 24715 | 65536 |
| സി.ഒ.പി.ഡി. രോഗനിർണയം നടത്തിയത് | 4677 | 11557 | 3709 | 737 | 4764 | 1605 | 12220 | 39269 |
| ആസ്ത്മ രോഗനിർണയം നടത്തിയത് | 4145 | 7081 | 4371 | 359 | 3036 | 1836 | 11145 | 31973 |

***അവലംബം :*** ആരോഗ്യ സേവന ഡയറക്ടറേറ്റ്

ഇനിഷ്യേറ്റീവ്. ഐഎച്ച്എംഐയ്ക്കൊപ്പം പ്രമേഹ നിയന്ത്രണവും നിരീക്ഷണവും കേരള സംസ്ഥാനവും ലക്ഷ്യം വയ്ക്കുന്നു. എല്ലാ ജില്ലകളിലും ഈ സംരംഭം നടപ്പിലാക്കിയിട്ടുണ്ട്. ഡബ്ലിയു.എച്ച്.ഒ. ഹാർട്ട്സ് പാക്കേജിനെ അടിസ്ഥാനമാക്കി ഹൈപ്പർടെൻഷൻ അളക്കാൻ കഴിയുന്ന ചികിത്സയുടെ അഞ്ച് അവശ്യഘടകങ്ങളിൽ ഐഎച്ച്എംഐ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ഇന്ത്യയുടെ ഹൈപ്പർടെൻസിവ് കൺട്രോൾ ഇനിഷ്യേറ്റീവിന്റെ വിശദാംശങ്ങൾ **പട്ടിക 6.2.9**-ൽ നൽകിയിരിക്കുന്നു.

**നയനാമൃതം-ഡയബറ്റിക് റെറ്റിനോപ്പതി പരിശോധന**

ഡയബറ്റിക് റെറ്റിനോപ്പതി ദീർഘനാളായി തുടരുന്ന ഡയബറ്റിസ് മെലിറ്റസിൽ സാധാരണ കണ്ടുവരുന്ന ഒരു സങ്കീർണതയാണ്. ഇത് കാഴ്ചശക്തി പൂർണ്ണമായും നഷ്ടപ്പെടുത്തിയേക്കാം. ഡയബറ്റിക് റെറ്റിനോപ്പതിയുടെ ആദ്യഘട്ടത്തിൽ തന്നെ രോഗാവസ്ഥ കണ്ടെത്തിയാൽ പൂർണ്ണമായും ഫലപ്രദമായ ചികിത്സ ലഭ്യമാണ്. ഇ-ഹെൽത്ത് നൽകുന്ന സാങ്കേതിക പിന്തുണയോടെ കേരളത്തിൽ തിരുവനന്തപുരം ജില്ലയിലെ പ്രാഥമിക

**പട്ടിക 6.2.9** ഇന്ത്യയുടെ ഹൈപ്പർടെൻസിവ് കൺട്രോൾ ഇനീഷ്യേറ്റീവിന്റെ വിശദാംശങ്ങൾ

| ജില്ല | മൊത്തം രജിസ്ട്രേഷനുകൾ | രജിസ്റ്റർ ചെയ്ത് ഹൈപ്പർ ടെൻഷൻ രോഗികളുടെ അനുപാതം | ഫോളോ അപ്പ് ചെയ്യാൻ കഴിയാത്തവ (%) | 2024-ലെ വാർഷിക ചികിത്സാ ഫലങ്ങൾ (പരിചരണത്തിലുള്ള രോഗികൾ) | | |
|---|---|---|---|---|---|---|
| | | | | ബിപി നിയന്ത്രണം (%) | ബിപി നിയന്ത്രണം ഇല്ലാത്തവർ (%) | നഷ്ടമായ സന്ദർശനങ്ങൾ (%) |
| **ഒന്നാം ഘട്ട ജില്ലകൾ** | | | | | | |
| തിരുവനന്തപുരം | 2,08,334 | 36.9 | 25.3 | 38.1 | 35 | 26.9 |
| തൃശ്ശൂർ | 1,75,837 | 37 | 32 | 50.5 | 22.8 | 26.7 |
| കണ്ണൂർ | 1,30,342 | 42.5 | 28.8 | 54.4 | 26.9 | 18.7 |
| വയനാട് | 54,393 | 41.3 | 32.3 | 52.8 | 29.9 | 17.2 |
| **രണ്ടാം ഘട്ട ജില്ലകൾ** | | | | | | |
| കൊല്ലം | 64,856 | 20.5 | 11.6 | 46.4 | 26.2 | 27.4 |
| ആലപ്പുഴ | 1,07,427 | 35.6 | 12.8 | 50.4 | 32.8 | 16.8 |
| എറണാകുളം | 85,002 | 13.8 | 18.4 | 39.7 | 37.5 | 22.7 |
| കോഴിക്കോട് | 49,920 | 12.8 | 6.7 | 48.8 | 34.5 | 16.6 |
| കാസറഗോഡ് | 39,403 | 11.1 | 9.4 | 50.3 | 35.1 | 14.6 |
| പത്തനംതിട്ട | 12,544 | 4.3 | | 28.9 | 32.1 | 39 |
| **മൂന്നാം ഘട്ട ജില്ലകൾ (2024-25-ൽ ആരംഭിച്ചത്)** | | | | | | |
| പാലക്കാട് | 17,535 | 3.2 | | | | |
| മലപ്പുറം | 6,078 | 1.1 | | | | |
| കോട്ടയം | 35,322 | 8.2 | | | | |
| ഇടുക്കി | 847 | 0.4 | | | | |

***ഉറവിടം:*** ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്

**പട്ടിക 6.2.10** 2024-25 കാലയളവിൽ (നവംബർ 30 വരെ) നയനാമൃതം- ഡയബറ്റിക് റെറ്റിനോപ്പതി പരിശോധനയുടെ വിശദാംശങ്ങൾ

| | |
|---|---|
| **ആകെ OPD രോഗികൾ** | **5885** |
| എഎംഡി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കപ്പെട്ട ആകെ രോഗികൾ | 76 |
| ഡയബറ്റിക് റെറ്റിനോപ്പതി (ഡിആർ) / പ്രായവുമായി ബന്ധപ്പെട്ട മാക്യുലർ ഡീജനറേഷൻ (എഎംഡി) രോഗിയെ ഉയർന്ന സൗകര്യങ്ങളിലേക്ക് റഫർ ചെയ്ത ആകെ എണ്ണം | 65 |
| ഉയർന്ന സൗകര്യങ്ങളിലേക്ക് റഫർ ചെയ്ത ആകെ ഗ്ലോക്കോമ രോഗികൾ | 8 |
| ചികിത്സയ്ക്ക് വിധേയരായ രോഗികളുടെ ആകെ എണ്ണം | 21 |
| ചികിത്സ ലഭിച്ച ആകെ DR/AMD രോഗികൾ | 13 |
| ചികിത്സ ലഭിച്ച മൊത്തം ഗ്ലോക്കോമ രോഗികൾ | 5 |

***ഉറവിടം:*** ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്

കേന്ദ്രങ്ങൾ, ദ്വിതീയ കേന്ദ്രങ്ങൾ, തൃതീയ പരിചരണ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന പൊതുജനാരോഗ്യ സംവിധാനത്തിൽ ആരോഗ്യ സേവന വകുപ്പ് ഒരു പരിചരണ പദ്ധതി നടപ്പിലാക്കി. കേരളത്തിലെ 172 എഫ്എച്ച്സികൾ ഉൾപ്പെടെ എല്ലാ ജില്ലകളിലും ഈ പരിപാടി നടപ്പിലാക്കുന്നു. സമൂഹത്തിലെ പ്രമേഹ രോഗികളെ കണ്ടെത്തുന്നതിലും സ്ക്രീനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിലും ആശാ പ്രവർത്തകരും മറ്റ് ഫീൽഡ് വർക്കർമാരും സജീവ പങ്ക് വഹിക്കുന്നു. 2024-25 കാലയളവിൽ (നവംബർ 30 വരെ) നയനാമൃതം- ഡയബറ്റിക് റെറ്റിനോപ്പതി പരിശോധനയുടെ വിശദാംശങ്ങൾ **പട്ടിക 6.2.10**-ൽ നൽകിയിരിക്കുന്നു.

**ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ്**

കേരളത്തിൽ സാംക്രമികേതര രോഗങ്ങളുടെ വ്യാപനം സംബന്ധിച്ച് ക്ലിനിക്ക് അടിസ്ഥാനമാക്കിയുള്ള ഡാറ്റ ഉണ്ടെങ്കിലും ജനസംഖ്യാടിസ്ഥാനത്തിലുള്ള രജിസ്ട്രി ഇല്ല. സംസ്ഥാനം നാല് ജില്ലകളിൽ സാംക്രമികേതര രോഗങ്ങളുടെ ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ് ആരംഭിച്ചിട്ടുണ്ട്. ആശ വൊളന്റിയർ അവരുടെ പരിധിയിലുള്ള വീടുകൾ സന്ദർശിച്ച് സാംക്രമികേതര രോഗങ്ങളുടെ അവസ്ഥയും അതിന്റെ അപകട ഘടകങ്ങളും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കും. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവരവരുടെ എൻസിഡി നിലയെക്കുറിച്ച് അറിയാത്തവർക്കായി ക്യാമ്പ് അടിസ്ഥാനത്തിലും ഗൃഹാടിസ്ഥാനത്തിലും സ്ക്രീനിംഗ് നടത്തുകയും ആരോഗ്യ കേന്ദ്ര തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിവരശേഖരം തയ്യാറാക്കുകയും ചെയ്യും. ആശാ പ്രവർത്തകർക്ക് വിവരശേഖരണത്തിന് ഉപയോഗിക്കുന്നതിനായി ഇ ഹെൽത്ത് ഒരു ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തു.

ശൈലി 1 സർവേയിൽ സർവേ നടത്തിയ രോഗങ്ങൾക്ക് പുറമെ മാനസികാരോഗ്യം, അന്ധത, ബധിരത, കുഷ്ഠരോഗം എന്നിവയും ശൈലി 2 സർവേയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശൈലി 1 (2024 ഫെബ്രുവരി 15 വരെ), ശൈലി 2 (2024 ഫെബ്രുവരി 15-ന് ശേഷം) എന്നിവയ്ക്ക് ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗിന്റെ ഭാഗമായി നടത്തിയ സ്ക്രീനിംഗിന്റെ വിശദാംശങ്ങൾ **പട്ടിക 6.2.11**-ൽ നൽകിയിരിക്കുന്നു.

**ബോക്സ് 6.2.1**

**ശൈലി ആപ്പ്**

കേരളത്തിലെ ജനങ്ങൾക്കിടയിലെ ജീവിതശൈലീ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ട് കേരള സർക്കാർ 'ശൈലി' എന്ന ആൻഡ്രോയിഡ് ആപ്പ് പുറത്തിറക്കി. നവകേരളം കർമപദ്ധതി പ്രകാരം ആരോഗ്യവകുപ്പ് ആരംഭിച്ച ജനസംഖ്യാടിസ്ഥാനത്തിലുള്ള പരിശോധന പദ്ധതിയുടെ ഭാഗമായാണ് ആപ്പ് സജ്ജീകരിച്ചിരിക്കുന്നത്. അക്രെഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ് (ആശ) പ്രവർത്തകരെ അതത് പ്രദേശങ്ങളിലെ 30 വയസ്സിന് മുകളിലുള്ള വ്യക്തികളിൽ നിന്ന് ഏതെങ്കിലും ജീവിതശൈലി രോഗങ്ങളെക്കുറിച്ചോ അപകടസാധ്യത ഘടകങ്ങളെക്കുറിച്ചോ വിവരങ്ങൾ ശേഖരിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇ-ഹെൽത്ത് സംരംഭത്തിന് കീഴിലാണ് ആപ്പ് സജ്ജീകരിച്ചത്. ആപ്പ് പ്രാഥമികമായി പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, ഹൃദ്രോഗം, ശ്വാസകോശ രോഗങ്ങൾ, മറ്റ് ജീവിതശൈലി സംബന്ധമായ അസുഖങ്ങൾ, ക്യാൻസർ എന്നിവയെ കുറിച്ചുള്ള വിവരങ്ങളാണ് ശേഖരിക്കുക. വ്യക്തികളുടെ ആരോഗ്യനില സ്കോർ ചെയ്യുകയും നാലിന് മുകളിൽ സ്കോർ ഉള്ളവരോട് ജീവിതശൈലീ രോഗങ്ങൾ പരിശോധിക്കുന്നതിനായി അടുത്തുള്ള ആരോഗ്യ കേന്ദ്രം സന്ദർശിക്കാൻ ആവശ്യപ്പെടുകയും ചെയ്യും

**പട്ടിക 6.2.11** ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഘടകം | ശൈലി 1 (2024 ഫെബ്രുവരി 15 വരെ) നമ്പറിൽ (പൂർത്തിയായത്) | ശൈലി 2 (2024 ഫെബ്രുവരി 15-ന് ശേഷം) നമ്പറിൽ (തുടരും) |
|---|---|---|---|
| 1 | 30 വയസ്സിനു മുകളിലുള്ള ജനസംഖ്യ | 17730149 | 17730149 |
| 2 | ജനസംഖ്യാടിസ്ഥാനത്തിലുള്ള എൻസിഡി സർവേ നടത്തിയത് | 15378166 | 5040867 |
| 3 | സി. ബി. എ. സി. സ്കോർ > 4 | 2783391 | 2353810 |
| 4 | കാൻസർ സ്ക്രീനിംഗിന് റഫർ ചെയ്തത് | 910964 | 112315 |
| 5 | ഓറൽ ക്യാൻസർ സ്ക്രീനിംഗിനായി റഫർ ചെയ്തത് | 41546 | 23668 |
| 6 | സ്തനാർബുദ പരിശോധനയ്ക്കായി റഫർ ചെയ്തത് | 790858 | 67514 |
| 7 | സെർവിക്കൽ ക്യാൻസർ സ്ക്രീനിംഗിനായി റഫർ ചെയ്തത് | 96959 | 25748 |
| 8 | ടിബി സ്ക്രീനിംഗിനായി റഫർ ചെയ്തത് | 112817 | 147573 |
| 9 | ശ്വസന മൂല്യനിർണയത്തിനായി റഫർ ചെയ്തത് | 437397 | 213535 |
| 10 | ഹൈപ്പർടെൻഷൻ മാത്രം കണ്ടെത്തിയ രോഗികൾ | 1649597 | 663831 |
| 11 | പ്രമേഹം മാത്രം കണ്ടെത്തിയ രോഗികൾ | 1332775 | 438165 |
| 12 | രക്തസമ്മർദ്ദവും പ്രമേഹവും കണ്ടെത്തിയ രോഗികൾ | 623864 | 276002 |
| 13 | കിടപ്പിലായ രോഗികൾ | 109031 | 55485 |
| 14 | വീട്ടിൽ നിന്നും പുറത്തുപോകാൻ കഴിയാത്ത രോഗികൾ | 190428 | 86621 |
| 15 | 60 വയസ്സിനുമുകളിൽ ജനസംഖ്യ സർവേ നടത്തിയത് | 4750594 | 1656640 |
| 16 | ലെപ്രസി സ്ക്രീനിംഗിനായി റഫർ ചെയ്തത് | 0 | 147440 |
| 17 | വിഷൻ സ്ക്രീനിംഗിനായി റഫർ ചെയ്തത് | 0 | 1616893 |
| 18 | ഹിയറിങ് സ്ക്രീനിങ്ങിനായി റഫർ ചെയ്തത് | 0 | 232946 |
| 19 | പ്രായാധിക്യം മൂലമുള്ള ആരോഗ്യപ്രശ്നങ്ങളോട് കൂടിയവർ | 0 | 125721 |
| 20 | മാനസികാരോഗ്യ മൂല്യനിർണ്ണയത്തിനായി റഫർ ചെയ്തവർ | 0 | 72755 |

***അവലംബം :*** shaili.ehealth.kerala.gov.in 12.11.2024പ്രകാരം

**ഹീമോഡയാലിസിസ്**

വൃക്കസംബന്ധമായ സങ്കീർണതകളുള്ള രോഗികളുടെ എണ്ണം വർധിച്ചതിനാൽ, അത് ഉണ്ടാക്കിയ സാമ്പത്തിക ബാധ്യതയ്ക്കൊപ്പം ജീവിതനിലവാരത്തെയും പ്രതികൂലമായി ബാധിച്ചതിനാൽ ഹീമോഡയാലിസിസ് സെന്ററുകൾ കേരളത്തിൽ കൂണുപോലെ മുളച്ചുപൊങ്ങുന്നു. ഡയാലിസിസ് യൂണിറ്റുകൾ, രജിസ്റ്റർ ചെയ്ത രോഗികൾ, ഡയാലിസിസിന്റെ എണ്ണം എന്നിവ **പട്ടിക 6.2.12** ൽ നൽകിയിരിക്കുന്നു.

**സി.എ.പി.ഡി. ക്ലിനിക്കുകൾ (കണ്ടിന്യൂസ് ആംബുലേറ്ററി പെരിറ്റോണിയൽ ഡയാലിസിസ്)**

രോഗികളുടെ ദൈനംദിന ജീവിതത്തെ ബാധിക്കാതെ ഡയാലിസിസ് തുടരാൻ കഴിയുന്നതും ചെലവ് കുറഞ്ഞതും സൗകര്യപ്രദവുമായ സി.എ.പി.ഡി. പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പരിപാടി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചു. 14 ജില്ലകളിലും സിഎപിഡി കേന്ദ്രങ്ങൾ സ്ഥാപിച്ചു. 2023-24 കാലയളവിൽ (നവംബർ 30 വരെ) സി.എ.പി.ഡി. രോഗികളുടെ എണ്ണം **പട്ടിക 6.2.13** ൽ നൽകിയിരിക്കുന്നു.

**സ്ട്രോക്ക് മാനേജ്മെന്റ് (എസ്.ഐ.ആർ.എ .എസ്–സ്ട്രോക്ക് ഐഡന്റിഫിക്കേഷൻ റീഹാബിലിറ്റേഷൻ അവയർനസ്സ് ആൻഡ് സ്റ്റബിലൈസേഷൻ പ്രോഗ്രാം)**

രക്തസമ്മർദ്ദത്തിന്റെ ഒരു സങ്കീർണതയാണ് സ്ട്രോക്ക്. ഇതിൽ രക്തസ്രാവം മൂലം രക്തക്കുഴലുകൾ അടഞ്ഞുപോകുന്നു. സ്ട്രോക്ക് മാനേജ്മെന്റ് സമയബന്ധിതമാണ്. ഇത് രോഗി ചികിത്സാ കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന സമയപരിധിയെ ആശ്രയിച്ചിരിക്കുന്നു. ഇത് സാധാരണഗതിയിൽ 4 മണിക്കൂർ ആണ്. സ്ട്രോക്ക് നിയന്ത്രണത്തിനായി പ്രത്യേക വൈദഗ്ധ്യവും അടിസ്ഥാന സൗകര്യങ്ങളും വിലകൂടിയ മരുന്നുകളും ആവശ്യമായതിനാൽ സ്ട്രോക്ക് മാനേജ്മെന്റ് സങ്കീർണ്ണമാണ്. എസ്. സി.ടി.ഐ.എം.എസ്.ടി -യിൽ സ്ട്രോക്ക് മാനേജ്മെന്റിൽ ഫിസിഷ്യൻമാരെ പരിശീലിപ്പിച്ചും സി. ടി. സ്കാൻ, ടെലി റേഡിയോളജി സേവനങ്ങളുള്ള ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് ഐ.സി.യു. സജ്ജീകരിച്ചും ആരോഗ്യവകുപ്പ് എസ്.ഐ.ആർ.എ.എസ് എന്ന സ്ട്രോക്ക് മാനേജ്മെന്റ് പ്രോഗ്രാം ആരംഭിച്ചു. പന്ത്രണ്ട് ജില്ലാ ആശുപത്രികളിൽ

**പട്ടിക 6.2.12** ഡയാലിസിസ് യൂണിറ്റുകൾ, രജിസ്റ്റർ ചെയ്ത രോഗികൾ, ഡയാലിസിസ് ചെയ്തവരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ജില്ല | പ്രവർത്തിക്കുന്ന ഡയാലിസിസ് സെൻററുകളുടെ ആകെ എണ്ണം | പ്രവർത്തിക്കുന്ന ഡയാലിസിസ് മെഷീനുകളുടെ ആകെ എണ്ണം | രജിസ്റ്റർ ചെയ്ത രോഗികളുടെ ആകെ എണ്ണം | നടത്തിയ ഡയാലിസിസ് സെഷനുകളുടെ ആകെ എണ്ണം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 10 | 99 | 17609 | 162120 |
| 2 | കൊല്ലം | 8 | 111 | 30695 | 309718 |
| 3 | പത്തനംതിട്ട | 5 | 45 | 11543 | 126381 |
| 4 | ആലപ്പുഴ | 6 | 74 | 19201 | 161457 |
| 5 | കോട്ടയം | 5 | 42 | 4508 | 44344 |
| 6 | ഇടുക്കി | 3 | 39 | 3486 | 37326 |
| 7 | എറണാകുളം | 9 | 146 | 26885 | 270532 |
| 8 | തൃശ്ശൂർ | 11 | 107 | 10923 | 131150 |
| 9 | പാലക്കാട് | 8 | 77 | 15912 | 191385 |
| 10 | മലപ്പുറം | 10 | 132 | 22742 | 285994 |
| 11 | കോഴിക്കോട് | 8 | 125 | 16243 | 220714 |
| 12 | വയനാട് | 5 | 45 | 10835 | 108090 |
| 13 | കണ്ണൂർ | 11 | 126 | 33612 | 357031 |
| 14 | കാസറഗോഡ് | 7 | 65 | 8872 | 98474 |
| **ആകെ** | **14** | **106** | **1233** | **233066** | **2504716** |

***ഉറവിടം:*** ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്

**പട്ടിക 6.2.13** സി.എ.പി.ഡി. രോഗികളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ

| ജില്ല | ആകെ സി.എ.പി.ഡി. രോഗികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 50 |
| കൊല്ലം | 45 |
| പത്തനംതിട്ട | 15 |
| ആലപ്പുഴ | 47 |
| കോട്ടയം | 26 |
| ഇടുക്കി | 13 |
| എറണാകുളം | 98 |
| തൃശ്ശൂർ | 40 |
| പാലക്കാട് | 65 |
| മലപ്പുറം | 52 |
| കോഴിക്കോട് | 61 |
| വയനാട് | 39 |
| കണ്ണൂർ | 20 |
| കാസറഗോഡ് | 6 |
| ആകെ | 577 |

***ഉറവിടം:*** ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്

സ്ട്രോക്ക് ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിക്കുകയും ബാക്കിയുള്ള ജില്ലകളിൽ സ്ട്രോക്ക് ഐസിയു പൂർത്തിയാക്കുകയുമാണ്. വിവിധ ജില്ലകളിലെ സ്ട്രോക്ക് യൂണിറ്റുകളും 2024-25 കാലയളവിൽ ത്രോംബോസിസ് കേസുകളുടെ എണ്ണവും **പട്ടിക 6.2.14** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 6.2.14** വിവിധ ജില്ലകളിലെ സ്ട്രോക്ക് യൂണിറ്റുകളും 2024-25 കാലയളവിൽ ത്രോംബോസിസ് കേസുകളുടെ എണ്ണവും

| ക്രമ നമ്പർ | സ്ഥാപനം | ത്രോംബോളിസിസ് ഉപയോഗിച്ചുള്ള സ്ട്രോക്ക് ചികിത്സ |
|---|---|---|
| 1 | ജനറൽ ആശുപത്രി തിരുവനന്തപുരം | 28 |
| 2 | ജില്ലാ ആശുപത്രി കൊല്ലം | 29 |
| 3 | ജനറൽ ആശുപത്രി പത്തനംതിട്ട | 142 |
| 4 | ജനറൽ ആശുപത്രി കോട്ടയം | 36 |
| 5 | ജില്ലാ ആശുപത്രി തൊടുപുഴ | 16 |
| 6 | ജനറൽ ആശുപത്രി എറണാകുളം | 52 |
| 7 | ജനറൽ ആശുപത്രി തൃശ്ശൂർ | 8 |
| 8 | ജില്ലാ ആശുപത്രി പാലക്കാട് | 24 |
| 9. | ജനറൽ ആശുപത്രി കോഴിക്കോട് | 12 |
| 10 | ജില്ലാ ആശുപത്രി കണ്ണൂർ | 5 |
| 11 | ജനറൽ ആശുപത്രി കാഞ്ഞങ്ങാട് | 2 |
| 12 | ജനറൽ ആശുപത്രി ആലപ്പുഴ | 0 |
| | **ആകെ** | **354** |

***ഉറവിടം:*** ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്

### ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ (പാദസ്പർശം)

നീണ്ടുനിൽക്കുന്ന പ്രമേഹത്തിന്റെ ഒരു പ്രധാന സങ്കീർണതയാണ് പ്രമേഹ പാദം, പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തിയില്ലെങ്കിൽ കൈകാലുകൾ നഷ്ടപ്പെടാം. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് ഡയബറ്റിക് ഫൂട്ട് മാനേജ്മെന്റിനെക്കുറിച്ച് മെഡിക്കൽ ഓഫീസർമാർക്ക് പരിശീലനം നൽകി. 84 ഡയബറ്റിക് ഫുട്ട് ക്ലിനിക്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

### 360 ഡിഗ്രി മെറ്റബോളിക് സെന്റർ ഓഫ് എക്സലൻസ്

ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കാനുള്ള ദൗത്യത്തിന്റെ ഭാഗമായി, ബാഹ്യ പിന്തുണയോടെ കേരള സർക്കാർ എറണാകുളം ജനറൽ ആശുപത്രിയിൽ 360 ഡിഗ്രി മെറ്റബോളിക് സെന്റർ ഓഫ് എക്സലൻസ് എന്ന പേരിൽ ഒരു മാതൃകാ കേന്ദ്രം പ്രവർത്തനം ആരംഭിച്ചു. കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ രോഗിക്ക് ഒരു ഐഡി ലഭിക്കും. അപ്പോൾ രോഗിയുടെ ഉയരം, ഭാരം, രക്തസമ്മർദ്ദം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്ന പ്രീ-ക്ലിനിക്കൽ ഏരിയയിലേക്ക് അവർക്ക് നീങ്ങാൻ കഴിയും. അഡ്വാൻസ്ഡ് പോയിന്റ് ഓഫ് കെയർ (പിഒസി) ഉപകരണങ്ങളുടെ സഹായത്തോടെ രോഗിക്ക് ലാബിൽ നിന്ന് ചുരുങ്ങിയ സമയത്തിനുള്ളിൽ പരിശോധനാ ഫലങ്ങൾ ലഭിക്കും. ലാബ് റിപ്പോർട്ടുകൾ വിശകലനം ചെയ്ത ശേഷം, ആവശ്യമെങ്കിൽ, പോഷകാഹാര കൗൺസലിംഗ്, ഫിസിയോതെറാപ്പി, പൾമണറി ഫംഗ്ഷൻ ടെസ്റ്റ്, റെറ്റിനൽ സ്കാനിംഗ്, ഡയബറ്റിക് ഫൂട്ട് അസസ്മെന്റ് തുടങ്ങിയ തുടർ പരിശോധനകൾക്കും നടപടികൾക്കും ഡോക്ടർ രോഗിയെ നയിക്കും. പരിശോധനാ ഫലങ്ങൾ, രോഗനിർണയം മുതലായവ ഉൾപ്പെടെയുള്ള ചികിത്സാ സംഗ്രഹം ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ച് ശേഖരിക്കുകയും ഭാവിയിലെ റഫറൻസിനായി സംരക്ഷിക്കുകയും ചെയ്യുന്നു. കേന്ദ്രത്തിൽ നിന്ന് പുറത്തുപോകുമ്പോൾ രോഗിക്ക് പൂർണ്ണമായ ചികിത്സാ സംഗ്രഹം ലഭിക്കും. ടെലി കോളിംഗ് സൗകര്യം ഉപയോഗിക്കുന്ന രോഗിക്ക് ഷെഡ്യൂൾ ചെയ്ത ഫോളോ അപ്പ് തീയതിക്ക് കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ഒരു റിമൈൻഡർ കോൾ ലഭിക്കുന്നു.

### ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്

കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്. പ്രമേഹത്തിനും അതിന്റെ സങ്കീർണ്ണമായ ചികിത്സയ്ക്കും മാത്രമായി പ്രവർത്തിക്കുന്ന സർക്കാരിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണിത്. തിരുവനന്തപുരം നഗരത്തിലെ ആക്കുളത്തിനടുത്തുള്ള പുലയനാർകോട്ടയിൽ, 2001 ലാണ് ഐ.ഐ.ഡി. പ്രവർത്തനം ആരംഭിച്ചത്. പ്രമേഹത്തിന്റെ ജനിതക അടിത്തറയെക്കുറിച്ച് അന്വേഷിക്കുക, ഡോക്ടർമാർക്കും, പാരാമെഡിക്കൽ സ്റ്റാഫിനും വേണ്ട പരിശീലനം നൽകുക, ചികിത്സാ രീതികൾ വികസിപ്പിക്കുന്നതിന് ഗവേഷണ സഹായം നൽകുക, അക്കാദമിക് തലത്തിൽ പ്രാധാന്യം നൽകുക, കൂടാതെ പ്രമേഹ രോഗത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് അത്യാധുനിക കോൺഫറൻസുകൾ സംഘടിപ്പിക്കുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഐ.ഐ.ഡി. യിൽ ലഭ്യമായ കിടക്കകളുടെ എണ്ണം 40 ആണ്. ശരാശരി ഓരോ വർഷവും കണ്ടെത്തിയ പുതിയ കേസുകളുടെ എണ്ണം 6000 ആണ്. 2023-24ൽ ചികിത്സിച്ച രോഗികൾ 70782, ഐപി 521, പുതിയ കേസുകൾ 9688. 2024-25ൽ (ഓഗസ്റ്റ് 31 വരെ ) ഐപി, ഒപി, പുതിയ കേസുകൾ എന്നിവ യഥാക്രമം 270, 61421, 8433 എന്നിങ്ങനെയാണ്. 2023-24 കാലയളവിൽ നടത്തിയ കമ്മ്യൂണിറ്റി മെഡിക്കൽ ക്യാമ്പുകളുടെ എണ്ണം 16 ആയിരുന്നു.

### അർബുദം

കേരളത്തിലെ ഒരു പ്രധാന സംക്രമികേതര രോഗമാണ് അർബുദം. മെഡിക്കൽ കോളേജുകൾ കൂടാതെ റീജണൽ കാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ ആൻഡ് റിസേർച്ച് സെന്റർ എന്നീ സർക്കാർ മേഖലയിലുള്ള ആശുപത്രികളും അർബുദത്തിന് ചികിത്സ നൽകി വരുന്നു. ഈ സ്ഥാപനങ്ങൾ കൂടാതെ

എല്ലാ പ്രധാന സർക്കാർ ആശുപത്രികളും ക്യാൻസർ ചികിത്സ നൽകുന്നുണ്ട്. രോഗം കണ്ടുപിടിക്കുന്നതിലെ കാലതാമസം, ഭീമമായ ചികിത്സാ ചെലവ്, തുച്ഛമായ ചികിത്സാ സൗകര്യങ്ങൾ, അവബോധമില്ലായ്മ എന്നീ കാര്യങ്ങൾ ഈ രോഗം വന്ന് മരിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നു.

കാൻസർ സ്ക്രീനിംഗും ചികിത്സയും നടത്തുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് വികേന്ദ്രീകൃത കാൻസർ ചികിത്സാ പദ്ധതി ആരംഭിച്ചു. കാൻസർ നിർണയിക്കാനും കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ തീരുമാനങ്ങൾ നൽകാനും ജില്ലാ ആശുപത്രികളും തിരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളും സജ്ജമാണ്. സംസ്ഥാനത്തെ 25 ആശുപത്രികളിൽ ഈ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുകൂടാതെ സ്തനാർബുദം, ശ്വാസകോശാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയ അർബുദങ്ങൾ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പ്രോഗ്രാമുകളും എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്. സമൂഹത്തിലുള്ള കാൻസർ രോഗികളെ കണ്ടെത്താൻ ആശാ വർക്കർമാർ മുഖേന ആരോഗ്യവകുപ്പ് സർവേ നടത്തി. പ്രധാന കേന്ദ്രങ്ങളിൽ രോഗനിർണയം നടത്തിയ രോഗികൾക്ക് ഫോളോ-അപ്പ് കീമോതെറാപ്പി ചികിത്സ നൽകുന്നതിനായി ഡേകെയർ കീമോതെറാപ്പിയുടെ 25 യൂണിറ്റുകളുണ്ട്. ജില്ലാ കാൻസർ കൺട്രോൾ പ്രോഗ്രാം റിപ്പോർട്ട് 2023-24 (നവംബർ 30 വരെ) **പട്ടിക 6.2.15** ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.15** ജില്ലാ കാൻസർ കെയർ റിപ്പോർട്ട് 2023-24 (നവംബർ 30 വരെ)

| | |
|---|---|
| കീമോതെറാപ്പി യൂണിറ്റുകളുടെ എണ്ണം | 25 |
| ഒപിയിൽ സന്ദർശിച്ചവരുടെ എണ്ണം | 135196 |
| കണ്ടെത്തിയ പുതിയ കേസുകളുടെ എണ്ണം | 6219 |
| കീമോതെറാപ്പികളുടെ എണ്ണം | 71143 |

***ഉറവിടം:*** മലബാർ ക്യാൻസർ സെന്റർ

## മലബാർ ക്യാൻസർ സെന്റർ

വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് അർബുദചികിത്സ നൽകുന്നതിനായി സ്ഥാപിതമായ കേരള സർക്കാരിനുകീഴിലുള്ള ഒരു സ്വയംഭരണസ്ഥാപനമാണ് കണ്ണൂരിലെ മലബാർ ക്യാൻസർ സെന്റർ. ഇവിടെ 204 പേരെ കിടത്തി ചികിത്സിക്കാൻ സാധിക്കും. അർബുദരോഗികളെ ചികിത്സിക്കുന്നതിനായി ഏറ്റവും പുതിയ സംവിധാനങ്ങൾ ഇവിടെയുണ്ട്. 2023-24 ൽ മലബാർ ക്യാൻസർ സെന്ററിൽ ചികിത്സ ലഭിച്ചതിൽ 5865 പേർ കിടത്തി ചികിത്സ ലഭ്യമായവരും 102576 പേർ ഔട്ട്പേഷ്യന്റ്സുമാണ്. ഇതിൽ പുതിയ കേസുകൾ 7748 ആണ്. 2024-25ൽ (31.08.2024 വരെ), ഐപിയുടെയും ഒപിയുടെയും എണ്ണം യഥാക്രമം 2622 ഉം 45749 ഉം പുതിയ കേസുകൾ 3294 ഉം ആണ്. കേന്ദ്രത്തിൽ ഓരോ വർഷവും കണ്ടെത്തുന്ന പുതിയ കേസുകളുടെ ശരാശരി എണ്ണം 7445 ആണ് (കഴിഞ്ഞ അഞ്ച് വർഷത്തെ വിവരങ്ങൾ അടിസ്ഥാനമാക്കി). 2023-24 കാലയളവിൽ 2986 ശസ്ത്രക്രിയകളും 2024-25 കാലയളവിൽ (2024 ഓഗസ്റ്റ് വരെ) 1358 എണ്ണവുംനടത്തി. ഈ കാലയളവിൽ യഥാക്രമം 22954 ഉം 10614 ഉം സിടി കുത്തിവയ്പ്പുകൾ നടത്തി.

### മലബാർ ക്യാൻസർ സെന്ററിന്റെ അതുല്യ നേട്ടങ്ങൾ

1. റോബോട്ടിക് ബയോപ്സി, ഇന്റർവെൻഷൻ റേഡിയോളജി അസിസ്റ്റൻസ് സിസ്റ്റം സ്വന്തമാക്കി ഉപയോഗിക്കുന്ന കേരളത്തിലെ ആദ്യത്തെ സ്ഥാപനം.
2. എഫ്-18 പി.എസ്സ്.എം.എ. സ്കാൻ കേരളത്തിൽ ആദ്യമായി നടത്തി.
3. ഇന്ത്യയിൽ ആദ്യമായി സർക്കാർ മേഖലയ്ക്ക് കീഴിൽ ബോൺ മാരോ ഡോണർ രജിസ്ട്രി ആരംഭിച്ചു.
4. സംസ്ഥാനത്തെ പൊതുമേഖലയിലെ ആദ്യത്തെ അസ്ഥിമജ്ജ മാറ്റിവയ്ക്കലിനുള്ള ടോട്ടൽ ബോഡി ഇറേഡിയേഷൻ
5. നേത്ര കാൻസറുകൾക്ക് കേരളത്തിൽ ആദ്യമായി പ്ലാക്ക് ബ്രാച്ചി തെറാപ്പി ആരംഭിച്ചു.

## കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ

കാൻസർ രോഗബാധാ നിരക്കിലുള്ള ഭീതിജനകമായ വർദ്ധനവും മധ്യകേരളത്തിൽ സർക്കാർ തലത്തിൽ ഒരു തൃതീയ കാൻസർ പരിചരണ ഗവേഷണ കേന്ദ്രത്തിന്റെ ആവശ്യകതയും കൊച്ചിയിലെ കാൻസർ റിസർച്ച് സെന്ററിന്റെ പിറവിക്കു കാരണമായി. സി.സി.ആർ.സി. എന്നത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സൊസൈറ്റിയാണ്. സി.സി.ആർ.സി. യിൽ നിലവിൽ ലഭ്യമാകുന്ന കിടക്കകളുടെ എണ്ണം 20 ആണ്. കൂടാതെ 100 കിടക്കകളുള്ള സൗകര്യം 2024-25 സാമ്പത്തിക വർഷത്തിൽ സജ്ജമാകും. ഓരോ വർഷവും കണ്ടെത്തുന്ന പുതിയ രോഗികളുടെ ശരാശരി എണ്ണം 1200 ആണ്. 2023-ൽ ചികിത്സിച്ച ഔട്ട്പേഷ്യന്റ്മാരുടെ എണ്ണം 11355, ഐപി 191, പുതിയ കേസുകൾ 1443. 2024ൽ (ഓഗസ്റ്റ് 31 വരെ) ഒപിയുടെ എണ്ണം യഥാക്രമം 6726 ഉം പുതിയ കേസുകൾ 753 ഉം ആയിരുന്നു. 2024-ൽ (ഓഗസ്റ്റ് 31 വരെ) ഐപികളുടെ എണ്ണം 58 ആയിരുന്നു. ഈ കാലയളവിൽ നടത്തിയ ആകെ ശസ്ത്രക്രിയകളുടെ എണ്ണം യഥാക്രമം 191 ഉം 58 ഉം ആയിരുന്നു.

## റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി.)

കേരളത്തിൽ ക്യാൻസർ രോഗനിർണയത്തിനും ചികിത്സയ്ക്കും നിയന്ത്രണത്തിനുമായുള്ള സമ്പൂർണ സമർപ്പിത കേന്ദ്രമാണ് ആർ.സി.സി., തിരുവനന്തപുരം. രാജ്യത്തെ ഏറ്റവും മികച്ച 28 ആർ.സി.സി. കളിൽ ഒന്നായ ആർ.സി. സി., തിരുവനന്തപുരം അന്താരാഷ്ട്ര സ്ഥാപനങ്ങളുമായുള്ള പ്രവർത്തന ബന്ധവും നിലനിർത്തുന്നു. 2022-23 ൽ ആർ.സി.സിയിൽ ദിവസേനയുള്ള ശരാശരി രോഗി സന്ദർശനങ്ങൾ 847 ആണ്. കഴിഞ്ഞ മുപ്പത്തിയൊൻപതു വർഷങ്ങളായി കേരളത്തിന്റെയും തമിഴ്നാട്ടിലെയും കർണാടകത്തിലെയും ചില പ്രദേശങ്ങളിലെയും ജനങ്ങളുടെ വർധിച്ചു വരുന്ന കാൻസർ പരിചരണ ആവശ്യങ്ങൾ ഏറ്റവും കുറഞ്ഞ ചെലവിൽ നിർവഹിക്കുന്നു. 2023-24ൽ 15131 പുതിയതായി കേസുകൾ കണ്ടെത്തുകയും

263638 കേസുകൾ അവലോകനം ചെയ്യുകയും 12828 ഇൻ-പേഷ്യന്റ് അഡ്മിഷനുകളും ആർ.സി.സിയിൽ നടത്തി. പ്രതിദിന ശരാശരി രോഗികളുടെ സന്ദർശനം 862 ആണ്. ആർ.സി.സി.-യെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ സെക്ഷൻ 5.2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### മാനസികാരോഗ്യം

ഭാരതസെൻസസ് 2011 പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 0.20 ശതമാനം മാനസിക രോഗങ്ങളുള്ളവരും 0.20 ശതമാനം മാനസികവൈകല്യമുള്ളവരുമാണ്. ദേശീയശരാശരി യഥാക്രമം 0.06 ശതമാനം വും 0.12 ശതമാനം വുമാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ഈ നിരക്ക് വളരെ കൂടുതലാണെങ്കിലും അതിനനുസരിച്ച് വേണ്ടത്ര പ്രാധാന്യം കേരളത്തിൽ നൽകിയിട്ടില്ല. ഒരു മാനസികാരോഗ്യനയത്തിന് സംസ്ഥാനസർക്കാർ 2013 മെയ് മാസം രൂപം നൽകി അംഗീകരിച്ചു. ഈ നയത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന കാര്യങ്ങൾ ഇവയാണ്. മാനസികാസ്വസ്ഥ്യത്തിന്റെ ചികിത്സ തുടങ്ങേണ്ടത് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിന്നാണ്. സൈക്യാട്രിക് മെഡിസിൻ വകുപ്പും മനോരോഗാശുപത്രികളും റഫറൽ സംവിധാനങ്ങളാക്കണം. ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമിക ചികിത്സയിൽ 'ആശ്വാസം' വിഷാദരോഗ മാനേജ്മെന്റ് സംസ്ഥാനത്തൊട്ടാകെയുള്ള 471 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ചു. ആശ്വാസം പ്രോഗ്രാമിന്റെ 2017 ഏപ്രിൽ മുതൽ 2024 നവംബർ 15 വരെയുള്ള വിശദാംശങ്ങൾ **പട്ടിക 6.2.16** ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.16** ആശ്വാസം പ്രോഗ്രാമിന്റെ 2017 ഏപ്രിൽ മുതൽ 2024 നവംബർ 15 വരെയുള്ള വിശദാംശങ്ങൾ

| ഘടകം | പുരോഗതി |
|---|---|
| പരിശോധിച്ച കേസുകളുടെ എണ്ണം | 180086 |
| പരിശോധിച്ച പോസിറ്റീവുകളുടെ എണ്ണം | 25017 |
| ഫാർമക്കോതെറാപ്പി നൽകിയത് | 13813 |
| സൈക്കോ സോഷ്യൽ ഇടപെടൽ നടത്തിയത് | 34995 |
| ജില്ലാ മാനസികാരോഗ്യ പരിപാടിയിലേക്ക് ശുപാർശ ചെയ്തത് | 5592 |

***അവലംബം:*** ആരോഗ്യ സേവന വകുപ്പ് മലബാർ ക്യാൻസർ സെന്റർ

### സമ്പൂർണ മാനസികാരോഗ്യം

സമൂഹത്തിൽ തിരിച്ചറിയപ്പെടാത്ത മനസികരോഗാവസ്ഥയുടെ വ്യാപ്തി കണ്ടെത്തുന്നതിന് പ്രാപ്തമാക്കുന്ന വിധത്തിലുള്ള ബോധവൽക്കരണം, മാനസികാരോഗ്യ പരിശീലനം, പരിശോധനാ കാമ്പെയ്നുകൾ, ക്യാമ്പുകൾ എന്നിവയുടെ സമഗ്രമായ മാതൃകയാണ് സമ്പൂർണ മാനസികാരോഗ്യം. പ്രാഥമിക പരിചരണ ക്ലിനിക്കുകളുമായി അവരെ ബന്ധിപ്പിക്കുന്നതിലൂടെ തുടർചികിത്സ പ്രാപ്തമാക്കുകയും ചികിത്സാ വിടവുകൾ മറികടക്കുകയും ചെയ്യുന്നതിലൂടെ മാനസികാരോഗ്യ സംരക്ഷണത്തിലേക്ക് എത്തിപ്പെടുകയും ചെയ്യുന്നു. 2024 ഓഗസ്റ്റ് 31 വരെ 642 ഗ്രാമപഞ്ചായത്തുകളിൽ ഇത് നടപ്പാക്കി. 18,397 ആശാവർക്കർമാർക്ക് പരിപാടിയുടെ ഭാഗമായി പരിശീലനം നൽകുകയും 33,528 പുതിയ കേസുകൾ കണ്ടെത്തുകയും ചെയ്തു. പരിപാടിയുടെ ഭാഗമായി മൊത്തം 50,928 പേർക്ക് ചികിത്സ നൽകുകയും സമഗ്ര പ്രാഥമിക ശുശ്രൂഷയുമായി സംയോജിപ്പിക്കുകയും ചെയ്തു, അതിലൂടെ അവർക്ക് അടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്ന് ചികിത്സയും സൈക്കോട്രോപിക് മരുന്നുകളും തുടർന്നും ലഭിക്കും. ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്ന സമ്പൂർണ മാനസികാരോഗ്യം പരിപാടി താഴെപ്പറയും പ്രകാരം സഹായകമായിരിക്കുന്നു:

1. ഇടപെടലുകളിലൂടെയും ക്യാമ്പുകളിലൂടെയും സമൂഹത്തിൽ കണ്ടെത്താത്ത കേസുകളുടെ വ്യാപ്തി കണ്ടെത്തുക.
2. കുടുംബാരോഗ്യ സംരക്ഷണ സംവിധാനത്തിലേക്ക് പുതുതായി കണ്ടെത്തിയ കേസുകളെ സംയോജിപ്പിക്കുക.
3. തുടർനടപടികൾ ഉറപ്പാക്കുകയും അതുവഴി ചികിൽസാ ഡ്രോപ്പ് ഔട്ട് കുറയ്ക്കുകയും ചെയ്യുന്നു
4. ലഹരിവസ്തുക്കളുടെ ദുരുപയോഗം തടയലും മാനേജ്മെന്റും
5. കൗമാരക്കാരുടെ മാനസികാരോഗ്യ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുക
6. ആത്മഹത്യ തടയുന്നതിനുള്ള അവബോധം വർദ്ധിപ്പിക്കുക
7. ഡിമെൻഷ്യ കേസ് കണ്ടെത്തലും മാനേജ്മെന്റും
8. സമൂഹത്തിൽ മാനസികാരോഗ്യ പ്രശ്നങ്ങളെയും ചികിത്സയെയും കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുക.
9. സമൂഹത്തിൽ രോഗമുക്തി നേടുന്ന മാനസികരോഗികളുടെ പുനരധിവാസം

കേരളത്തിൽ മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങളിലായി 1366 കിടക്കകൾ നിലവിലുണ്ട്. മാസംതോറും 10000 ഔട്ട്പേഷ്യൻസുമായി എല്ലാ ജില്ലകളിലും ജില്ലാമാനസികാരോഗ്യപരിപാടി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കേന്ദ്രങ്ങളിലൂടെ പുനരധിവാസ സൗകര്യവും നല്കിവരുന്നു. അവബോധമില്ലായ്മ, പൊതുമനോഭാവം, കുടുംബാംഗങ്ങളുടെ ശ്രദ്ധക്കുറവ്, തുടർ നടപടികളുടെ അഭാവം തുടങ്ങിയവയാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പ്രധാന പ്രശ്നങ്ങൾ. സംസ്ഥാനസർക്കാർ 31 പകൽവീടുകൾ ആരംഭിച്ചിട്ടുണ്ട്. രോഗം ഭേദമായ 502 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

### ജില്ലാ മാനസികാരോഗ്യ പരിപാടി

സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി) പ്രവർത്തിക്കുന്നു. ജില്ലയിലെ എല്ലാ പി.എച്ച്.സികളിലും സി.എച്ച്.സികളിലും ബന്ധപ്പെട്ട ആശുപത്രികളിലെ പരിശീലനം ലഭിച്ച ഡോക്ടർമാർ മാനസികാരോഗ്യ ക്ലിനിക്കുകൾ നടത്തുന്നു. തങ്ങളുടെ അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കും. സംസ്ഥാനത്ത് ഡിഎംഎച്ച്പിയിൽ നിന്ന് ഓരോ മാസവും 50,000 രോഗികൾ ചികിത്സ തേടുന്നുണ്ട്. പൊതു ജനങ്ങൾക്കു അവബോധം സൃഷ്ടിക്കുന്നതിനായി വിവര വിജ്ഞാന

വിനിമയ പ്രവർത്തനങ്ങൾ, മാനസികാരോഗ്യവും പ്രാഥമികാരോഗ്യവും ശരിയായി ബന്ധപ്പെടുത്തുന്നതിനായി ഡോക്ടർമാർക്കും നഴ്സുമാർക്കും ഫാർമസിസ്റ്റുകൾക്കും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം, ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയൽ, ആത്മഹത്യ തടയൽ, വയോജന മാനസികാരോഗ്യം, മാനസിക സമ്മർദ്ദ നിയന്ത്രണം എന്നിവ പ്രവർത്തനങ്ങളാണ്. സമഗ്ര മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി മാനസിക വൈകല്യമുള്ളവർക്കായി പകൽ പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു. ഇപ്പോൾ സംസ്ഥാനത്ത് 31 പരിചരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയ മാനസികാരോഗ്യ പരിപാടി എൻഎച്ച്എം സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നു.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (ഇംഹാൻസ്)**

1982 ൽ കേരള സർക്കാർ സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസസ് (ഇംഹാൻസ്) കോഴിക്കോട്. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് കാമ്പസിൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നു. സൈക്യാട്രിക് സോഷ്യൽ വർക്ക് (8 സീറ്റ്), ക്ലിനിക്കൽ സൈക്കോളജി (8 സീറ്റ്), പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സൈക്യാട്രിക് നഴ്സിങ് (10 സീറ്റ്) എന്നിവയിൽ ഇപ്പോൾ എം.ഫിൽ കോഴ്സുകൾ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു. കൂടാതെ പിഎച്ച്ഡിക്ക് 3 സീറ്റുകളും ഉണ്ട്. ക്ലിനിക്കൽ സേവനങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ കമ്മ്യൂണിറ്റി സൈക്യാട്രി, ചൈൽഡ് സൈക്യാട്രി, പുനരധിവാസ സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇംഹാൻസിന് നിലവിൽ കിടത്തിച്ചികിത്സയ്ക്കുള്ള സൗകര്യമില്ല. 2023-24 കാലഘട്ടത്തിൽ ഒപി കേസുകളുടെ എണ്ണം 24617 ഉം പുതിയ ഒപി കേസുകൾ 8937 ഉം ആയിരുന്നു. 2024-25 കാലയളവിൽ ഇത് യഥാക്രമം 10029 കേസുകളും 3821 കേസുകളും ആയിരുന്നു (ഓഗസ്റ്റ് 31 വരെ).

**ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോസയൻസ് (ഐക്കോൺസ്)**

1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്-ഓർഡർ (എസ്.ആർ.സി.സി.ഡി). കമ്മ്യൂണിക്കേറ്റീവ്, കോഗ്നിറ്റീവ് ന്യൂറോസയൻസ്, ഡിസെബിലിറ്റി എന്നീ മേഖലകളിൽ ശാസ്ത്രീയ ഗവേഷണം, ക്ലിനിക്കൽ സേവനങ്ങൾ, നൂതന വിദ്യാഭ്യാസം, പരിശീലനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എസ്.ആർ.സി.സി.ഡി തിരുവനന്തപുരത്തും ഷൊർണൂരിലും ഐക്കോൺസ് സ്ഥാപിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോസയൻസസ് (ഐക്കോൺസ്) ഓട്ടിസം, പഠന വൈകല്യം, ബുദ്ധിമാന്ദ്യം, മസ്തിഷ്ക പക്ഷാഘാതം, ജന്മനാലുള്ള സിംഗിൾ/ മൾട്ടിപ്പിൾ വൈകല്യങ്ങൾ, അപസ്മാരം, പക്ഷാഘാതബാധിതർ, മാരകമായ അപകടബാധിതർ തുടങ്ങിയ നാഡീവ്യവസ്ഥയെ ബാധിക്കുന്ന വിവിധ ഡീജനറേറ്റീവ് ഡിസോർഡേഴ്സും ശൈശവം മുതൽ പ്രായമായവർ വരെയുള്ള വളർച്ചാ വൈകല്യങ്ങളുടെ സമഗ്രമായ മാനേജ്മെന്റ്, പുനരധിവാസം, വിദ്യാഭ്യാസം, ഗവേഷണം, വികസനം എന്നിവയ്ക്കായി ഗവൺമെന്റിന് കീഴിലുള്ള ഒരു പ്രധാന സ്ഥാപനമാണ്. വൈജ്ഞാനികം, ഭാഷ, ചലന പ്രവർത്തനങ്ങൾ എന്നിവയെ തടസ്സപ്പെടുത്തുന്ന അവസ്ഥകൾക്കു കേന്ദ്രം പ്രത്യേക ഊന്നൽ നൽകുന്നു. ന്യൂറോളജിസ്റ്റുകൾ, പീഡിയാട്രീഷ്യൻമാർ, ഇഎൻടി വിദഗ്ധർ, ഓഡിയോളജിസ്റ്റുകൾ, സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റുകൾ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, ഫിസിയോതെറാപ്പിസ്റ്റുകൾ, പ്രത്യേക അധ്യാപകർ എന്നിവരടങ്ങുന്ന ഒരു മൾട്ടി ഡിസിപ്ലിനറി ടീം സ്ഥാപനത്തിന്റെ പുനരധിവാസ സേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. മേൽപ്പറഞ്ഞ രോഗികളുടെ ഗ്രൂപ്പിന് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിരമായി ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് സേവനങ്ങൾ, സ്പീച്ച് തെറാപ്പി, ബിഹേവിയറൽ ട്രെയിനിംഗ്, ഫിസിയോതെറാപ്പി, ഭാഷാശാസ്ത്ര പരിശീലനം തുടങ്ങിയ പുനരധിവാസ പരിപാടികൾ നൽകുന്നു. ഐക്കോൺസ് ഷൊർണൂരിൽ അടിയന്തര സേവനങ്ങൾക്കായി ന്യൂറോ-ഐ.സി.യു. ഉള്ള 60 കിടക്കകളുള്ള ഇൻപേഷ്യന്റ് വാർഡും രോഗികളുടെ സേവനത്തിനായി വിപുലമായ പൂർണ്ണ ഓട്ടോമേറ്റഡ് ന്യൂറോ-എൻഡോക്രൈൻ മെറ്റബോളിക് ലാബും ഇലക്ട്രോ ഫിസിയോളജി ലാബും ഉണ്ട്. ഓട്ടിസം, ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, ജന്മനാലുള്ള സിംഗിൾ/ മൾട്ടിപ്പിൾ വൈകല്യങ്ങൾ, പക്ഷാഘാതബാധിതർ, പോസ്റ്റ് മെന്റൽ ട്രോമാറ്റിക് സിൻഡ്രോം, മുതിർന്നവരിലെ അഫാസിയ, ഡിമെൻഷ്യ തുടങ്ങിയ വിവിധ വളർച്ചാ വൈകല്യങ്ങളുള്ള കുട്ടികൾക്കും മുതിർന്നവർക്കും പ്രായമായവർക്കും ഈ കേന്ദ്രം ചികിത്സ നൽകുന്നു. ഐക്കോൺസ് ഷൊർണൂരിൽ ഗ്രാജ്വേറ്റ് ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പാത്തോളജിയിൽ (ബിഎഎസ്എൽപി) നാല് വർഷത്തെ കോഴ്സ് നടത്തുന്നു. ഇത് കെയുഎച്ച്എസുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു. കൂടാതെ റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരവുമുണ്ട്. വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം 20 ആണ്. 2023-24കാലയളവിൽ തിരുവനന്തപുരം സെന്ററിൽ ചികിത്സ തേടിയവരുടെ എണ്ണം 18631 ഉം ഷൊർണൂർ സെന്ററിൽ 30028 ഉം ആണ്. പുതിയ രജിസ്ട്രേഷൻ 2023-24 ൽ 1541 ഉം 2024-25 ൽ ഇത് 887 ഉം (ഓഗസ്റ്റ് 31 വരെ) ആണ്.

**വിളർച്ചയുടെ വ്യാപനം**

എൻ.എഫ്.എച്ച്.എസ്.-4, 2015-16 നെ അപേക്ഷിച്ച് സ്ത്രീകളിലും കുട്ടികളിലും വിളർച്ചയുടെ വ്യാപനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് എൻ.എഫ്.എച്ച്.എസ്.-5 (2019 - 2021) ന്റെ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നു. പഠനം നടത്തിയ എല്ലാ പ്രായക്കാരിലും 40 ശതമാനത്തിൽ താഴെ വ്യാപനം രേഖപ്പെടുത്തിയ ഏക സംസ്ഥാനമാണ് കേരളം. കുട്ടികൾ, പ്രത്യുൽപാദന പ്രായത്തിലുള്ള സ്ത്രീകൾ, കൗമാരക്കാർ, എന്നിവരിൽ വിളർച്ചയുടെ വ്യാപനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 2018 ൽ അനീമിയ മുക്ത് ഭാരത് (എഎംബി) പ്രവർത്തനം ആരംഭിച്ചു. അനീമിയ മുക്ത ഭാരതിന്റെ ഭാഗമായി നിലവിലുള്ള സംവിധാനങ്ങൾ

ശക്തിപ്പെടുത്തുകയും വിളർച്ച നേരിടുന്നതിനുള്ള സംസ്ഥാന കേന്ദ്രീകൃതമായ പുതിയ തന്ത്രങ്ങൾ പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ് അനീമിയ ഫ്രീ കേരളയുടെ ലക്ഷ്യം. എൻ.എഫ്.എച്ച്.എസ്. 4 നെ അപേക്ഷിച്ച് എൻ.എഫ്.എച്ച്. എസ്. 5 അനുസരിച്ച് കേരളത്തിൽ വിളർച്ച വ്യാപനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 6.2.17**-ൽ നൽകിയിരിക്കുന്നു.

**അനീമിയ ലഘൂകരിക്കാൻ സംസ്ഥാന–കേന്ദ്ര സർക്കാരുകൾ** വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും, അത് ഇപ്പോഴും പൂർണമായും തുടച്ചുനീക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ സംസ്ഥാനവ്യാപകമായി പ്രചാരണം നടത്താൻ കേരള സർക്കാർ തീരുമാനിച്ചു, അത് പുരോഗമിക്കുകയാണ്.

**വിവ പദ്ധതി**

വിവ (വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക്) 18-02-2023-ന് ആരംഭിച്ച വിളർച്ച പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ്. കേരള സർക്കാരിന്റെ ആരോഗ്യ-കുടുംബക്ഷേമ വകുപ്പും വനിതാ-ശിശു വികസന വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 15 നും 59 നും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും അനീമിയ പരിശോധന, ചികിത്സ, ബോധവൽക്കരണം എന്നിവ ലക്ഷ്യമിടുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം ലോകത്ത് അഞ്ചുവയസിൽ താഴെയുള്ള 42 ശതമാനം കുട്ടികൾക്കും 40 ശതമാനം ഗർഭിണികൾക്കും വിളർച്ചയുണ്ട്. 2022 ലെ ഇന്ത്യയിൽ ദേശീയ ആരോഗ്യ കുടുംബാരോഗ്യ സർവേ-5 പ്രകാരം ഇന്ത്യയിലെ 5 വയസിൽ താഴെയുള്ള കുട്ടികളിലും, ഗർഭിണികളിലും, മുലയൂട്ടുന്ന അമ്മമാരിലും വിളർച്ചയുടെ അളവ് യഥാക്രമം 40 ശതമാനം, 32 ശതമാനം, 40 ശതമാനം ആണ്. ദേശീയ കുടുംബാരോഗ്യ സർവേ അനുസരിച്ച് ഇന്ത്യയിൽ അനീമിയയുടെ തോത് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. എങ്കിലും ഫലപ്രദമായ ഇടപെടലുകളിലൂടെ വിളർച്ച മുക്ത കേരളമാക്കാനാണ് ലക്ഷ്യമിടുന്നത്. 2024 സെപ്റ്റംബർ 30-ലെ വിവ പദ്ധതിയുടെ സ്ഥിതി, **പട്ടിക 6.2.18**-ൽ നൽകിയിരിക്കുന്നു.

**സാംക്രമിക രോഗങ്ങൾ**

കേരളത്തിൽ സാംക്രമിക-സാംക്രമികേതര രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടുവരുന്നു. കേരളത്തിൽ ഒരുകാലത്ത് സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കപ്പെട്ടിരുന്നുവെങ്കിലും ഡെങ്കി, എലിപ്പനി, മലേറിയ, ഹെപ്പറ്റൈറ്റിസ്, എച്ച്1എൻ1, സ്ക്രബ് ടൈഫസ്, കോവിഡ്-19 തുടങ്ങിയവയുടെ വ്യാപനം അടുത്ത കാലത്തായി രോഗനിരക്കും മരണനിരക്കും വർദ്ധിക്കുന്നതിന് നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഡെങ്കി, മലേറിയ, സ്ക്രബ് ടൈഫസ് മുതലായ കൊതുകുജന്യ രോഗങ്ങൾ പല ജില്ലകളിലും ഗണ്യമായി വർധിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള വയറിളക്കരോഗങ്ങൾ, ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ ജലജന്യ അണുബാധകൾ പല ജില്ലകളിലും നിരന്തരമായി കണ്ടുവരുന്നു.

**പട്ടിക 6.2.17** NFHS 4 മായി താരതമ്യം ചെയ്ത് NFHS 5 അനുസരിച്ച് കേരളത്തിൽ വിളർച്ച വ്യാപനത്തിന്റെ വിശദാംശങ്ങൾ

| സൂചകം | എൻ. എഫ്. എച്ച്. എസ് 4 | എൻ. എഫ്. എച്ച്. എസ് 5 |
|---|---|---|
| വിളർച്ചയുള്ള 6-59 മാസം പ്രായമുള്ള കുട്ടികൾ (<11.0 g/dl) 22 (%), 11 g/dL-ൽ താഴെ ഹീമോഗ്ലോബിൻ സാന്ദ്രതയുള്ള പ്രസ്തുത പ്രായത്തിലുള്ള കുട്ടികളുടെ ശതമാനം | 35.7 | |
| അനീമിയ ഉള്ള 15-49 വയസ്സ് പ്രായമുള്ള ഗർഭിണികളല്ലാത്ത സ്ത്രീകൾ (<12.0 g/dl) 22 (%) | 39.4 | 36.5 |
| വിളർച്ചയുള്ള 15-49 വയസ്സ് പ്രായമുള്ള ഗർഭിണികൾ (<11.0 g/dl) (%) ഹീമോഗ്ലോബിൻ സാന്ദ്രത 11 g/dL-ൽ താഴെയുള്ള സ്ത്രീകളുടെ ശതമാനം | 34.7 | 36.5 |
| വിളർച്ചയുള്ള 15-49 വയസ്സ് പ്രായമുള്ള എല്ലാ സ്ത്രീകളും (%) | 22.6 | 31.4 |
| ഒരു ഡെസിലിറ്ററിന് 12 ഗ്രാമിൽ താഴെ (g/dL) ഹീമോഗ്ലോബിൻ സാന്ദ്രത ഉള്ള സ്ത്രീകളുടെ ശതമാനം | 34.3 | 36.3 |
| വിളർച്ചയുള്ള 15-19 വയസ്സ് പ്രായമുള്ള എല്ലാ സ്ത്രീകളും 22 (%) | 37.8 | 32.5 |
| വിളർച്ചയുള്ള 15-49 വയസ്സ് പ്രായമുള്ള പുരുഷന്മാർ (<13.0 g/dl) 22 (%) | 11.8 | 17.8 |
| വിളർച്ചയുള്ള 15-19 വയസ്സ് പ്രായമുള്ള പുരുഷന്മാർ (<13.0 g/dl) 22 (%) | 14.3 | 27.4 |

***അവലംബം :*** എൻ. എഫ്. എച്ച്. എസ് 4, എൻ. എഫ്. എച്ച്. എസ് 5

**പട്ടിക 6.2.18** സെപ്റ്റംബർ 30-ലെ വിവ പദ്ധതിയുടെ സ്ഥിതി

| ജില്ല | ലക്ഷ്യം | ടെസ്റ്റ് ചെയ്ത എണ്ണം | ടെസ്റ്റ് ചെയ്ത % tested | ടെസ്റ്റ് ചെയ്തതിൽ വിളർച്ച ഉള്ളവർ | വിളർച്ച ഉള്ളവരുടെ % | കുറഞ്ഞ തോതിൽ(11–11.9) വിളർച്ച ഉള്ളവർ | മിതമായ തോതിൽ (8.0–10.9) വിളർച്ച ഉള്ളവർ | തീവ്രമായ തോതിൽ (<8) വിളർച്ച ഉള്ളവർ | കുറഞ്ഞ തോതിൽ വിളർച്ച ഉള്ളവരുടെ% | മിതമായ തോതിൽ വിളർച്ച ഉള്ളവരുടെ% | തീവ്രമായ തോതിൽ വിളർച്ച ഉള്ളവരുടെ% |
|---|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 1057463 | 376125 | 36 | 162944 | 43 | 84729 | 73376 | 4839 | 23 | 20 | 1 |
| കൊല്ലം | 884696 | 566727 | 64 | 324063 | 57 | 174722 | 143788 | 5553 | 31 | 25 | 1 |
| പത്തനംതിട്ട | 326148 | 244034 | 75 | 100261 | 41 | 58487 | 39641 | 2133 | 24 | 16 | 1 |
| ആലപ്പുഴ | 661767 | 377896 | 57 | 194122 | 51 | 109644 | 80891 | 3587 | 29 | 21 | 1 |
| കോട്ടയം | 527730 | 341448 | 65 | 142367 | 42 | 75072 | 65116 | 2179 | 22 | 19 | 1 |
| ഇടുക്കി | 328911 | 240949 | 73 | 89912 | 37 | 49303 | 38595 | 2014 | 20 | 16 | 1 |
| എറണാകുളം | 951776 | 480923 | 51 | 214956 | 45 | 129980 | 80801 | 4175 | 27 | 17 | 1 |
| തൃശ്ശൂർ | 973594 | 590508 | 61 | 302706 | 51 | 162909 | 132837 | 6960 | 28 | 22 | 1 |
| പാലക്കാട് | 914166 | 263195 | 29 | 140639 | 53 | 54116 | 76380 | 10143 | 21 | 29 | 4 |
| മലപ്പുറം | 1503144 | 872368 | 58 | 525079 | 60 | 265496 | 247505 | 12078 | 30 | 28 | 1 |
| കോഴിക്കോട് | 942746 | 421447 | 45 | 235440 | 56 | 134930 | 95689 | 4821 | 32 | 23 | 1 |
| വയനാട് | 252305 | 124519 | 49 | 69817 | 56 | 30990 | 35261 | 3566 | 25 | 28 | 3 |
| കണ്ണൂർ | 787991 | 324529 | 41 | 170123 | 52 | 87953 | 77613 | 4557 | 27 | 24 | 1 |
| കാസർഗോഡ് | 442332 | 255221 | 58 | 138907 | 54 | 64055 | 70281 | 4571 | 25 | 28 | 2 |
| സംസ്ഥാനതലം | 10554769 | 5479889 | 52 | 2811336 | 51 | 1482386 | 1257774 | 71176 | 27 | 23 | 1 |

***അവലംബം :*** ആരോഗ്യ സേവന ഡയറക്ടറേറ്റ്

## പ്രധാന സാംക്രമിക രോഗങ്ങളുടെ വ്യാപനം

കഴിഞ്ഞ അഞ്ച് വർഷമായി പ്രധാന പകർച്ചവ്യാധികളുടെ വ്യാപനത്തിന്റെ താരതമ്യ വിശകലനം **പട്ടിക 6.2.19** ൽ നൽകിയിരിക്കുന്നു.

### ഡെങ്കിപ്പനി

ഇപ്പോൾ ഏറ്റവും വലിയ കൊതുക്ജന്യ രോഗമായി മാറിയിരിക്കുന്ന ഡെങ്കിപ്പനി കേരളത്തിൽ 1998 ലാണ് പടർന്നു പിടിച്ചത്. 2015 വരെ രോഗം കൂടുതലും തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ വ്യാപകമായിരുന്നു. എന്നാൽ 2017 ൽ എല്ലാ ജില്ലകളിലും ഡെങ്കിപ്പനി വ്യാപകമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉയർന്ന പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ജില്ലകളിൽ കുറഞ്ഞ നിരക്കിലും മറ്റുള്ള ജില്ലകളിൽ കൂടുതലായും കാണപ്പെട്ടു. ഗ്രാമീണ പശ്ചാത്തലത്തിൽ മുൻകാലങ്ങളിൽ കണ്ടുവന്നിരുന്ന ഈ കൊതുക് ഇപ്പോൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും വ്യാപിച്ചു.

### എലിപ്പനി

സംസ്ഥാനം നേരിടുന്ന മറ്റൊരു പൊതുജനാരോഗ്യ വെല്ലുവിളിയാണ് എലിപ്പനി. 1980 കളുടെ തുടക്കത്തിൽ ഇത് അപൂർവ രോഗമായി കണക്കാക്കപ്പെട്ടിരുന്നുവെങ്കിലും പിന്നീട് ഇത് എല്ലാ ജില്ലകളിലേക്കും വ്യാപിച്ചു. എലികൾ പരത്തുന്ന അണുബാധയായാണ് ഈ രോഗം ആദ്യം കണ്ടത്, രോഗം ബാധിച്ച എലികളുടെ മൂത്രത്തിലൂടെ പടരുകയും അതുമൂലം പരിസ്ഥിതി മലിനീകരണം സംഭവിക്കുകയും ചെയ്തു. കാലക്രമേണ, പശുക്കൾ, നായ്ക്കൾ, പന്നികൾ തുടങ്ങിയ പല വളർത്തുമൃഗങ്ങളിലും ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്, അതിനാൽ കാർഷിക ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഇത് ഒരു തൊഴിൽ അപകടമായി മാറിയിരിക്കുന്നു. ഓടകൾ വൃത്തിയാക്കുന്നതിൽ ഏർപ്പെട്ടിരുന്നവർക്കാണ് രോഗം ബാധിച്ചത്. ഈയിടെയായി എലിപ്പനി മൂലമുള്ള മരണനിരക്കും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, ഈ രോഗത്തെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് വെറ്റിനറി, മൃഗസംരക്ഷണ വകുപ്പുകളുടെ സംയുക്ത പരിശ്രമം അത്യന്താപേക്ഷിതമാണ്. 2023-ലും 2024-ലും (2024 ഓഗസ്റ്റ് 31 വരെ) എലിപ്പനി ബാധിച്ച് ചികിത്സിച്ച രോഗികളുടെ ജില്ല തിരിച്ചുള്ള എണ്ണവും മരണങ്ങളും അനുബന്ധം 6.2.1-ലും 2019 മുതൽ 2024 വരെ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണങ്ങളുടെയും എണ്ണം (ഓഗസ്റ്റ് 31 വരെ, 2024) **പട്ടിക 6.2.19** ൽ നൽകിയിരിക്കുന്നു.

### ചിക്കൻഗുനിയ

2005-06 കാലഘട്ടത്തിൽ അറബിക്കടലിലെ വിദൂര ദ്വീപുകളിൽ നിന്ന് ഉത്ഭവിച്ച ഈ രോഗം അടുത്ത രണ്ട് വർഷത്തിനുള്ളിൽ കേരളം മുഴുവൻ അതിവേഗം വ്യാപിക്കുകയും നമ്മുടെ ജനസംഖ്യയുടെ 80 ശതമാനത്തിലധികം ആളുകളെ

**പട്ടിക 6.2.19** കേരളത്തിലെ സാംക്രമിക രോഗങ്ങളുടെ വ്യാപനം

| ക്രമ നം | വർഷം | 2019 | | 2020 | | 2021 | | 2022 | | 2023 | | 2024 (ഓഗസ്റ്റ് 31 വരെ) | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | രോഗം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം |
| 1 | ഡെങ്കിപ്പനി | 4651 | 14 | 2722 | 22 | 3251 | 27 | 4468 | 58 | 16767 | 153 | 15016 | 59 |
| 2 | മലേറിയ | 656 | 1 | 267 | 1 | 309 | 1 | 438 | 0 | 563 | 7 | 597 | 5 |
| 3 | സ്ഥിരീകരിച്ച ചിക്കൻഗുനിയ | 109 | 0 | 558 | 0 | 334 | 0 | 66 | 0 | 31 | 0 | 15 | 0 |
| 4 | ജാപ്പനീസ് എൻസെഫലൈറ്റിസ് (ജെ.ഇ.) | 11 | 2 | 0 | 0 | 0 | 0 | 2 | 0 | 7 | 2 | 6 | 3 |
| 5 | ലെപ്റ്റോസ്പൈറോസിസ് | 1211 | 57 | 1039 | 48 | 1745 | 97 | 2482 | 121 | 2407 | 124 | 2061 | 126 |
| 6 | സ്ക്രബ് ടൈഫസ് | 579 | 14 | 423 | 8 | 438 | 6 | 727 | 24 | 613 | 16 | 498 | 7 |
| 7 | കല അസർ | 4 | 0 | 1 | 0 | 1 | 1 | 13 | 0 | 14 | 1 | 0 | 0 |
| 8 | കൈസന്നൂർ ഫോറസ്റ്റ് ഡിസീസ് | 8 | 2 | 29 | 3 | 4 | 0 | 1 | 0 | 0 | 0 | 0 | 0 |
| 9 | എച്ച് 1 എൻ 1 | 853 | 45 | 58 | 2 | 1 | 0 | 94 | 11 | 1030 | 62 | 2929 | 52 |
| 10 | പനി OP | 2862375 | 51 | 1265782 | 0 | 1463517 | 0 | 3285392 | 6 | 2978930 | 8 | 1847835 | 11 |
| | പനി IP | 60080 | | 18879 | | 12458 | | 25257 | | 49095 | | 28749 | |
| 11 | മീസിൽസ് | 199 | 1 | 76 | 1 | 3 | 0 | 183 | 0 | 1593 | 4 | 109 | 0 |
| 12 | ചിക്കൻപോക്സ് | 29583 | 20 | 14959 | 3 | 3457 | 2 | 9927 | 14 | 26388 | 4 | 18682 | 15 |

***അവലംബം:*** ആരോഗ്യ വകുപ്പ്ഡയറക്ടറേറ്റ്

ബാധിക്കുകയും ചെയ്തു. ഇത് രോഗബാധിതരായ ജനങ്ങൾക്ക് ആജീവനാന്ത പ്രതിരോധശേഷി ഉണ്ടാക്കുന്നു. 2022ൽ കേരളത്തിൽ 66 കേസുകളാണ് റിപ്പോർട്ട് ചെയ്തത്. ഇവിടെയും രോഗം പകരാൻ കാരണമായ വെക്റ്റർ ഈഡിസ് കൊതുകുകളാണ്. ഡെങ്കിപ്പനിയും ചിക്കൻഗുനിയയും ഒരേ കൊതുകിലൂടെ പകരുന്നതിനാലും സിക വൈറസ്, മഞ്ഞപ്പനി എന്നിവയുടെ ഭീഷണിയും പകരാൻ ഒരേ കൊതുകുകൾ കാരണമാകുമെന്നതിനാൽ, ആരോഗ്യ സംവിധാനം ജാഗ്രതയിലാണ്. 2023ൽ 31 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ 24 കേസുകൾ തിരുവനന്തപുരം ജില്ലയിൽ നിന്നാണ്. 2024-ൽ (ഓഗസ്റ്റ് 31 വരെ) 15 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു, അതിൽ 11 എണ്ണം തിരുവനന്തപുരത്ത് നിന്ന് മാത്രമായിരുന്നു. ചിക്കൻഗുനിയ ബാധിച്ച് ചികിത്സിച്ച ജില്ല തിരിച്ചുള്ള രോഗികളുടെയും 2023-ലും 2024-ലും (ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം 6.2.2-ലും 2019 മുതൽ 2024 വരെ (ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണങ്ങളുടെയും എണ്ണം **പട്ടിക 6.2.19** ലും നൽകിയിട്ടുണ്ട്.

2023ൽ കേരളത്തിൽ ആകെ 29,78,930 വൈറൽ പനി കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. 2024ൽ (ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 18,47,835 ആയിരുന്നു. 2023-ലും 2024-ലും (ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട വൈറൽ പനി ബാധിച്ച് ചികിത്സിച്ച ജില്ല തിരിച്ചുള്ള രോഗികളുടെ വിശദാംശങ്ങൾ **അനുബന്ധം 6.2.2**-ലും 2019 മുതൽ 2024 വരെ (ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണങ്ങളുടെയും എണ്ണം. **പട്ടിക 6.2.19** ൽ നൽകിയിരിക്കുന്നു.

### മലേറിയ

കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി നമ്മുടെ രാജ്യത്തിന്റെ പൊതുജനാരോഗ്യ മേഖല നേരിടുന്ന ഒരു പ്രധാന വെല്ലുവിളി അനോഫിലസ് കൊതുകുകളിലൂടെ പകരുന്ന മലേറിയ രോഗമാണ്. ഇതിന്റെ നിർമാർജ്ജനം ലക്ഷ്യമിടുന്ന വിവിധ ദേശീയ പരിപാടികൾ പരിമിതമായ വിജയമേ നേടിയിട്ടുള്ളൂ. എഴുപതുകളുടെ ആരംഭത്തിൽ കേരളത്തിൽ നിന്നും മലേറിയ രോഗം നിർമാർജനം ചെയ്തെങ്കിലും ഒരു പൊതുജനാരോഗ്യ വെല്ലുവിളിയായി ഈ രോഗം ഇപ്പോൾ ഉയർന്നു വരുന്നു. മലേറിയ രോഗബാധിത സംസ്ഥാനങ്ങളിൽ നിന്നുള്ള വൻതോതിലുള്ള കുടിയേറ്റം കാരണം അടുത്തകാലത്തായി പ്രശ്നം കൂടുതൽ വഷളായി. ഏറ്റവും ഗുരുതരമായ ഫാൽസിപിയം മലേറിയയും കേരളത്തിൽ നിലവിലുണ്ട്. തദ്ദേശീയമായി മലേറിയ നീക്കം ചെയ്യൽ സംസ്ഥാനത്തെ എസ്.ഡി.ജി. ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് നിറവേറ്റുന്നതിനുള്ള പ്രശ്നങ്ങൾ പലതാണ്. ദ്രുത നഗരവൽക്കരണം, ജില്ലകളിലെ വിപുലമായ അടിസ്ഥാന സൗകര്യ വികസനം, നഗര പ്രദേശത്ത് അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾ, കാലാവസ്ഥാ വ്യതിയാനം നിമിത്തം കൊതുകുകളുടെ ജീവിത പരിണാമത്തിൽ

ഉണ്ടായ മാറ്റം എന്നിവയാണ് എസ്.ഡി.ജി ലക്ഷ്യം നേടിയെടുക്കുന്നതിൽ വലിയ തടസം. കേരളത്തിലെ മലേറിയയുടെ വാർഷിക കണക്കുകൾ 500 ൽ താഴെയും മരണനിരക്ക് വളരെ കുറവുമാണ്. കർണാടകയിലെ വളരെ ഉയർന്ന മലമ്പനി നിരക്കുള്ള ജില്ലകളുടെ സമീപത്താകയാൽ കാസർകോട് ജില്ലയിൽ വർഷങ്ങളായി വളരെയധികം മലമ്പനി രോഗം ഉണ്ട്. കേരളത്തിന്റെ പടിഞ്ഞാറൻ തീരദേശ മേഖലയിലൂടെയുള്ള മത്സ്യതൊഴിലാളികളുടെ സഞ്ചാരം തീരദേശ ജില്ലകളിലെ മലേറിയ വ്യാപന സാധ്യത വളരെ വർധിപ്പിക്കുന്നു. 2023-ൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 563, മരണം 7 ഉം ആണ്. 2024-ൽ ഓഗസ്റ്റ് വരെ 597 കേസുകളും 5 മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. കേരളത്തിൽ മലേറിയ ബാധിതരുടെ എണ്ണവും മരണവും വർഷങ്ങളായി വർധിച്ചുവരികയാണ്. 2019 മുതൽ 2024 (ഓഗസ്റ്റ് 31) വരെയുള്ള കേസുകളുടെയും മരണങ്ങളുടെയും എണ്ണം **പട്ടിക 6.2.19** ൽ നൽകിയിരിക്കുന്നു.

### ജപ്പാൻ ജ്വരം

ഇത് കൊതുക് പരത്തുന്നതും മസ്തിഷ്കത്തിന്റെയും അതിന്റെ ആവരണങ്ങളെയും ബാധിക്കുന്ന കോശജ്വലന മസ്തിഷ്ക ജ്വരത്തിന്റെ ഒരു രൂപമാണ്. നെൽവയലുകളുടെ സാന്നിധ്യം മൂലം കേരളത്തിൽ ഈ രോഗ സാധ്യത കൂടുതലാണ് കാരണം ഈ രോഗം പരത്തുന്ന വൈറസ് വാഹകരായ കൊതുകുകൾ നെൽവയലുകളിലെ വെള്ളക്കെട്ടുകളിൽ പടർന്ന് കിടക്കുന്നു. മലിനമായ വെള്ളത്തിൽ മുട്ടയിടുന്ന ക്യൂലെക്സ് കൊതുകിന്റെ ഈ പ്രത്യേകമായ സ്വഭാവം മൂലം മറ്റ് മേഖലകളിലും രോഗ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നു. ജാപ്പനീസ് എൻസെഫലൈറ്റിസ് (ജെ.ഇ.) ദേശാടന പക്ഷികളുടെ സാന്നിധ്യം വഴി കൈമാറ്റം ചെയ്യപ്പെടുന്നു എന്നത് അധിക അപകടമാണ്. കാരണം നമ്മുടെ നാട്ടിൽ ദേശാടന പക്ഷികളെ ആകർഷിക്കുന്ന നിരവധി സങ്കേതങ്ങളുണ്ട്. എന്നാൽ ജെ.ഇ.ക്കെതിരെ ഫലപ്രദമായ വാക്സിൻ ഉള്ളതിനാൽ വാക്സിനേഷൻ ശക്തിപ്പെടുത്തുന്നതിലൂടെ അതിന്റെ നിയന്ത്രണ പരിപാടിയിൽ നമുക്ക് ശുഭാപ്തി വിശ്വാസമുണ്ട്. 2023ൽ ഏഴ് കേസുകളും രണ്ട് മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. 2024ൽ ആറ് കേസുകളും മൂന്ന് മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട് (ഓഗസ്റ്റ് 31 വരെ). ജെഇ കേസുകളുടെയും മരണങ്ങളുടെയും എണ്ണം കേരളത്തിൽ വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നു. 2019 മുതൽ 2024 ഓഗസ്റ്റ് 31 വരെയുള്ള കേസുകളുടെയും മരണങ്ങളുടെയും വിശദാംശങ്ങൾ **പട്ടിക 6.2.19**-ൽ നൽകിയിരിക്കുന്നു.

### ജലജന്യ രോഗങ്ങൾ

സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് ആദിവാസി തീരദേശ പ്രദേശങ്ങളിൽ സുരക്ഷിതമായ കുടിവെള്ള ലഭ്യതയില്ലെന്നതു ജലജന്യ രോഗങ്ങൾക്ക് പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നു. കിണറുകൾ, പമ്പ്, ടാങ്കർ ലോറിയിലൂടെ വിതരണം ചെയ്ത വെള്ളം, പൊതു ജലവിതരണ പൈപ്പിലെ തകരാറുകൾ നിമിത്തം കുടിവെള്ളത്തോടൊപ്പം അഴുക്കുചാൽ വെള്ളം കലരുന്നത്, ജലസ്രോതസ്സുകളിൽ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ, വാണിജ്യ ആവശ്യങ്ങൾക്കുള്ള ഐസ് ഉപയോഗിച്ച് ശീതള പാനീയങ്ങൾ തയ്യാറാക്കുന്നത്, മലിനമായ ജലം ഉപയോഗിച്ച് വെൽക്കം ഡ്രിങ്ക് തയ്യാറാക്കുന്നത് തുടങ്ങിയ സുരക്ഷിതമല്ലാത്ത ജല സ്രോതസ്സുകൾ ജല ജന്യ രോഗങ്ങൾക്കു കാരണമാകുന്നു. സാംക്രമിക രോഗങ്ങൾ തടയാനും നിയന്ത്രിക്കാനും 2017 നവംബർ മുതൽ "ജാഗ്രത" എന്ന പേരിൽ ഒരു പ്രവർത്തന പദ്ധതി ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്നു. 2020 മുതൽ കേരളത്തിൽ ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ്-എ, കോളറ, എഡിഡി (വയറിളക്കം) എന്നിവകളിൽ ഗണ്യമായ വർധനയുണ്ടായിട്ടുണ്ട്. ജലജന്യ രോഗങ്ങളായ അക്യൂട്ട് ഡയറിയൽ ഡിസീസ് (എഡിഡി), ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് എന്നിവ മൂലമുണ്ടാകുന്ന കേസുകളുടെയും മരണങ്ങളുടെയും വിശദാംശങ്ങൾ 2019 മുതൽ 2024 (ഓഗസ്റ്റ് 31 വരെ) **പട്ടിക 6.2.20** ൽ നൽകിയിരിക്കുന്നു.

### എച്ച്.ഐ.വി / എയ്ഡ്സ്

കേരളത്തിലെ എച്ച്.ഐ.വി യുടെ വ്യാപനം നിയന്ത്രിക്കുക, എച്ച്ഐവി/എയ്ഡ്സ് രോഗത്തിനോട് പ്രതികരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവ് ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന മുൻനിര സ്ഥാപനമാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി. ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി സംസ്ഥാനത്ത് നടപ്പാക്കാനാണ് ഈ സ്ഥാപനം രൂപീകരിച്ചത്. എയ്ഡ്സ് നിയന്ത്രണ പരിപാടിയുടെ (NACP-V) നിലവിലെ ഘട്ടം 2021 മുതൽ 2026 വരെയാണ്. 2030-ലെ എസ്ഡിജി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള നിർണായക ലക്ഷ്യങ്ങൾ, എച്ച്ഐവി ബാധിതരായ 95 ശതമാനം ആളുകൾക്കും

**പട്ടിക 6.2.20** കേരളത്തിലെ ജലജന്യരോഗങ്ങളുടെ വ്യാപനം

| ക്രമ നം | രോഗം | 2019 | | 2020 | | 2021 | | 2022 | | 2023 | | 2024 (Aug 31) | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം |
| 1 | ഹെപ്പ റ്റൈറ്റിസ് - എ | 1620 | 7 | 464 | 2 | 114 | 0 | 231 | 2 | 1073 | 11 | 4610 | 53 |
| 2 | കോളറ | 9 | 0 | 2 | 0 | 1 | 0 | 0 | 0 | 26 | 0 | 35 | 1 |
| 3 | ടൈഫോയ്ഡ് | 27 | 0 | 16 | 0 | 30 | 0 | 55 | 0 | 102 | 0 | 109 | 0 |
| 4 | എ.ഡി.ഡി. (വയറിളക്കം) | 544027 | 6 | 250788 | 1 | 238227 | 3 | 466211 | 2 | 485929 | 2 | 392486 | 12 |

***അവലംബം:*** ആരോഗ്യ വകുപ്പ്ഡയറക്ടറേറ്റ്

അവരുടെ എച്ച്ഐവി നില അറിയുക, എച്ച്ഐവി നില അറിയുന്ന 95 ശതമാനം ആളുകൾക്ക് ചികിത്സ നേടുക, 2025-ഓടെ 95 ശതമാനം ആളുകൾക്ക് എച്ച്ഐവി പകരുന്നത് കുറയ്ക്കുക എന്നിവയാണ്. സംസ്ഥാനത്ത് വ്യാപന നിരക്ക് 2008-09-ൽ 0.21 ശതമാനത്തിൽ നിന്ന് 0.13 ആയി കുറഞ്ഞു. 2010-11-ലും 2021-ൽ 0.06 ശതമാനവും. 2021-ൽ ഇന്ത്യയിലെ വ്യാപന നിരക്ക് 0.21 ശതമാനമാണ്. കേരളത്തിൽ എച്ച്ഐവി/എയ്ഡ്സിന്റെ വ്യാപനം 0.41 ശതമാനമാണ് (2011ൽ 4.95 ശതമാനം) മയക്കുമരുന്ന് ഉപയോഗിക്കുന്നവരിൽ (ഐഡിയു) ദേശീയ തലത്തിൽ ഇത് 6.26 ശതമാനമാണ്. പുരുഷന്മാരുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്ന പുരുഷന്മാരിൽ ഇത് 0.23 ശതമാനമാണ് (2011 ൽ 0.36 ശതമാനം) (എംഎസ്എം) ഇത് ദേശീയ തലത്തിൽ 2.69 ശതമാനവും സ്ത്രീ ലൈംഗിക തൊഴിലാളികളിൽ (എഫ്എസ്ഡബ്ല്യു) 0.10 ശതമാനവും (2011 ൽ 0.73 ശതമാനം) ആണ്. 2017ൽ ഇന്ത്യയിൽ 1.56 ശതമാനം. ട്രാൻസ്ജെൻഡർ വിഭാഗത്തിൽ, കേരളത്തിലെ എച്ച്ഐവി വ്യാപന നിരക്ക് 0.16 ശതമാനവും ദേശീയ തലത്തിൽ 3.14 ശതമാനവും. ഇന്ത്യയിലെ കുടിയേറ്റക്കാർക്കിടയിൽ എച്ച്ഐവി വ്യാപനം 0.51 ശതമാനമാണ് (ഉറവിടം: കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി). 2023-ലെ ഇന്ത്യയുടെ എച്ച്ഐവി എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി ഇന്ത്യയിലും കേരളത്തിലും ഉള്ള എച്ച്ഐവി കണക്കുകൾ **അനുബന്ധം 6.2.3**-ൽ നൽകിയിരിക്കുന്നു.

### കൊറോണ വൈറസ് രോഗം (കോവിഡ് –19)

ഇന്ത്യയിലെ ആദ്യ കോവിഡ് -19 രോഗം കേരളത്തിൽ 2020 ജനുവരി 30 ന് തിരിച്ചറിഞ്ഞു. ആദ്യത്തെ കോവിഡ് -19 സ്ഥിരീകരിക്കുന്നതിന് മുന്നേതന്നെ പകർച്ചവ്യാധിയെ നേരിടാൻ കേരളം ബഹുമുഖ തന്ത്രങ്ങൾ അവലംബിച്ചു. ലോകാരോഗ്യ സംഘടനയുടെ ഡയറക്ടർ ജനറൽ (ഡബ്ല്യു.എച്ച്.ഒ.) കോവിഡ് -19 ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിക്കുന്നതിന് വളരെ മുമ്പുതന്നെ കോവിഡ് -19 നുള്ള കേരളത്തിന്റെ പ്രതിരോധം ആരംഭിച്ചു. ആദ്യ കേസ് റിപ്പോർട്ട് ചെയ്ത ദിവസം മുതൽ സംസ്ഥാനത്തെ നിയന്ത്രണ തന്ത്രങ്ങൾ നന്നായി നടന്നിരുന്നു. കോവിഡ് -19 നിയന്ത്രണ പ്രവർത്തനങ്ങളുടെ തുടക്കം മുതൽ സ്വകാര്യ ആശുപത്രികളുമായി ഇടപെടാൻ നിയോഗിക്കപ്പെട്ട സംഘം ജില്ലാ സ്വകാര്യ ആശുപത്രി നോഡൽ ഓഫീസർമാരുമായും, സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ, ഐ.എം.എ. എന്നിവരുമായും നിരന്തരമായി ബന്ധം പുലർത്തിയിരുന്നു. കോവിഡ്-19 സംശയിക്കപ്പെടുന്നവരെയും രോഗികളെയും അവരുടെ വീടുകളിൽ നിന്ന്/എക്സിറ്റ് പോയിന്റുകളിൽ നിന്ന്/ ഐസോലെഷൻ സൗകര്യങ്ങളിലേക്ക് എത്തിക്കുന്നതിനായി 'കനിവ് -108' ആംബുലൻസുകൾ വഴി കെ.എം.എസ്.സി.എൽ. നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തിൽ കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ക്വാറന്റൈനിലും / ഐസോലെഷനിലും ഉള്ള വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും 'ഒറ്റക്കല്ല ഒപ്പമുണ്ട്' എന്ന പേരിൽ മാനസിക-സാമൂഹിക പിന്തുണ നൽകുന്നു. ആരോഗ്യമേഖലയിൽ ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരെയും സമൂഹത്തിലെ പല വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്രവും വിശാലവുമായ രീതിയിൽ സംസ്ഥാനതല പരിശീലനം നടത്തുവാൻ കഴിഞ്ഞു. എല്ലാ പഞ്ചായത്തിലും വാർഡ് തല സംഘങ്ങൾ സജീവമാവുകയും വയോജനങ്ങളുടെ വീടുകളിലേക്ക് ദിവസേനയുള്ള കോളുകളും സന്ദർശനങ്ങളും ഉറപ്പു വരുത്തുകയും ചെയ്തു. കോവിഡ് -19 അവബോധത്തിനായി 2020 ന്റെ തുടക്കം മുതൽ തന്നെ നിരവധി മാധ്യമ പ്രചരണങ്ങൾ നടക്കുന്നു. കേരളത്തിൽ ഇ-സഞ്ജീവനി ടെലിമെഡിസിൻ സേവനങ്ങൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ 2020 ജൂൺ 10-ന് ആരംഭിച്ചു. കേന്ദ്രീകൃതമായ രീതിയിലാണ് ഇതിൽ സേവനങ്ങൾ നൽകുന്നത്. സംസ്ഥാനത്തിനായുള്ള ടെലിമെഡിസിൻ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് 'ദിശ'യാണ്.

### പബ്ലിക് ഹെൽത്ത് ലബോറട്ടറീസ്

സംസ്ഥാനത്ത് ആകെ 9 പബ്ലിക്ക് ഹെൽത്ത് ലാബുകളാണുള്ളത്. തിരുവനന്തപുരത്തുള്ള സംസ്ഥാന പൊതുജനാരോഗ്യ ലാബും, എറണാകുളം, കോഴിക്കോട്, പത്തനംതിട്ട, കണ്ണൂർ എന്നിവിടങ്ങളിലുള്ള റീജിയണൽ ഹെൽത്ത് ലബോറട്ടറികളും കൂടാതെ ആലപ്പുഴ, മലപ്പുറം, വയനാട്, കൊല്ലം ജില്ലകളിലും പബ്ലിക്ക് ഹെൽത്ത് ലാബുകളും പ്രവർത്തിക്കുന്നു. ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലീനിക്കൽ ലാബാണ് എല്ലാ പി.എച്ച്. ലാബുകളിലേക്കുമുള്ള സാങ്കേതിക മാർഗ നിർദ്ദേശവും മെറ്റീരിയലുകളും നൽകുന്നത്. വിവിധ ലാബ് പരിശോധനകൾക്കായി പ്രതിദിനം ശരാശരി 200 രോഗികളാണ് ലബോറട്ടറികളിൽ എത്തുന്നത്. പ്രതിദിനം ശരാശരി 1300 ലാബ് പരിശോധനകൾ നടക്കുന്നു. വാക്സിനാൽ തടയാൻ കഴിയുന്ന രോഗങ്ങളുടെ (VPD) ലോകാരോഗ്യ സംഘടനയുടെ റഫറൽ ലബോറട്ടറിയാണ് സ്റ്റേറ്റ് PH ലാബ്. രണ്ട് വർഷത്തെ ഡിപ്ലോമ MLT കോഴ്സ് 15 വിദ്യാർത്ഥികൾക്ക് / ബാച്ചിൽ പതിവായി നടത്തുന്നു.

### ന്യൂ ബോൺ സ്ക്രീനിംഗ് (എൻ.ബി.എസ്.) പ്രോഗ്രാം (2013–23)

2013 മാർച്ചിൽ ആരംഭിച്ച ന്യൂബോൺ സ്ക്രീനിംഗ് (എൻ.ബി.എസ്.) പ്രോഗ്രാം 2017 സെപ്റ്റംബറിൽ പ്രസവം നടത്തുന്ന എല്ലാ ആശുപത്രികളിലേക്കും വ്യാപിപ്പിച്ചു. നവജാത ശിശുക്കളുടെ രക്ത സാമ്പിളുകൾ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ആന്റ് ക്ലീനിക്കൽ ലബോറട്ടറി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ മൂന്ന് പ്രാദേശിക ലാബോറട്ടറികളിലും പരിശോധിക്കുന്നു. കൺജനിറ്റൽ ഹൈപ്പോതൈറോയിഡിസം, കൺജനിറ്റൽ അഡ്രിനാൾ ഹൈപ്പർപ്ലാസിയ, പീനൽ കെറ്റോണൂറിയ, ജി 6 പി.ഡി യുടെ കുറവ് എന്നീ രോഗങ്ങൾക്കാണ് സ്ക്രീനിംഗ് പരിശോധന നടത്തുന്നത്. സ്റ്റേറ്റ് പി.എച്ച് ലാബിലെ ഡയറക്ടർ ആണ് കേരളത്തിലെ എൻ.ബി.എസ്. പ്രോഗ്രാമുകളുടെ സ്റ്റേറ്റ് നോഡൽ ഓഫീസർ. 2013 ഏപ്രിൽ മുതൽ 2024 സെപ്തംബർ വരെ നാല് പി.എച്ച്. ലാബുകളിലായി എൻ.ബി. എസിനായി ലഭിച്ച മൊത്തം സാമ്പിളുകളുടെ എണ്ണം 1199006 ശിശുക്കളുടെതാണ്. അതിൽ പോസിറ്റീവ് കൺജെനിറ്റൽ ഹൈപ്പോതൈറോയിഡിസം (650 കേസുകൾ), കൺജെനിറ്റൽ അഡ്രീനൽ ഹൈപ്പർപ്ലാസിയ (179 കേസുകൾ), ജി6പിഡി കുറവ് (428 കേസുകൾ), ഗാലക്ടോസെമിയ (26 കേസുകൾ) എന്നിവ കണ്ടെത്തി.

### കുടുംബക്ഷേമ പരിപാടികൾ

നിരവധി പദ്ധതി കാലയളവുകളിൽ കുടുംബക്ഷേമ പരിപാടികൾ 100 ശതമാനം കേന്ദ്രവിഷ്കൃത പദ്ധതി ആയിരുന്നു. കൂടാതെ 2016-17 സാമ്പത്തിക വർഷം മുതൽ കേന്ദ്രവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് രീതിയും ധനസഹായ ഘടകങ്ങളും മാറ്റിയിട്ടുണ്ട്. സംസ്ഥാനത്ത് കുടുംബക്ഷേമ പരിപാടി നടപ്പിലാക്കുന്ന സ്ഥിരം ജീവനക്കാരുടെ ശമ്പളയിനത്തിൽ കേന്ദ്ര സഹായം പരിമിതപ്പെടുത്തിയിരിക്കുന്നു. നാഷണൽ ഹെൽത്ത് മിഷന്റെയും (എൻഎച്ച്എം) ഡിഎച്ച്എസിന്റെയും ഭാഗമായാണ് ഇപ്പോൾ ഈ പരിപാടി നടപ്പിലാക്കുന്നത്.

### പ്രസവവും മാതൃമരണ അനുപാതവും

കഴിഞ്ഞ 10 വർഷത്തെ ഡിഎച്ച്എസ് ഡാറ്റയുടെ അടിസ്ഥാനത്തിൽ സർക്കാർ ആശുപത്രികളിലെ പ്രസവങ്ങൾ ഏകദേശം 30 ശതമാനമാണ്. കേരളത്തിലെ മാതൃമരണ അനുപാതം 19 ആണ്, ഇന്ത്യയിൽ ഇത് 97 ആണ് (ഉറവിടം: MMR 2018-20-ലെ പ്രത്യേക ബുള്ളറ്റിൻ). 2012-13 മുതൽ പൊതു-സ്വകാര്യ ആശുപത്രികളിലെ പ്രസവങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 6.2.21**-ൽ നൽകിയിരിക്കുന്നു.

### രോഗപ്രതിരോധവ്യാപനം

മരുന്നും പ്രതിരോധകുത്തിവയ്പ്പും കൊണ്ട് ഒഴിവാക്കാനാകുന്നതും ആരോഗ്യത്തെ ദുർബലപ്പെടുത്തുന്നതുമായ വ്യാധികൾ, വൈകല്യം, മരണം തുടങ്ങിയവയിലേക്ക് നയിക്കുന്ന രോഗങ്ങളായ ഡിഫ്റ്റീരിയ, ഹെപ്പറ്റൈറ്റിസ് എയും ബിയും, അഞ്ചാം പനി, മുണ്ടിനീര്, ന്യൂമോണിയയും അനുബന്ധരോഗങ്ങളും, പോളിയോ, അതിസാരം, ടെറ്റനസ് തുടങ്ങിയവ ചെറുക്കുന്നതിന് ഏറ്റവും ഫലപ്രദവും ചെലവ് കുറഞ്ഞതുമായ ഇടപെടലാണ് പ്രതിരോധകുത്തിവയ്പ്പുകൾ. 2018-19 മുതലുള്ള 5 വർഷങ്ങളിലെ രോഗപ്രതിരോധ വ്യാപന പരിപാടി **അനുബന്ധം 6.2.4**ൽ കാണാം.

### ആധുനിക വൈദ്യശാസ്ത്രം

കേരളത്തിൽ ആധുനിക വൈദ്യശാസ്ത്രസേവനങ്ങൾ ചെയ്യുന്നത് ആരോഗ്യസേവന ഡയറക്ടറേറ്റും (ഡി.എച്ച്.എസ്.) അതുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ മേഖലകൈകാര്യം ചെയ്യുന്നത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റു(ഡി.എം.ഇ.)യുമാണ്.

### ആരോഗ്യവകുപ്പിനു കീഴിലുള്ള ആരോഗ്യ പരിരക്ഷാ സ്ഥാപനങ്ങൾ

ആരോഗ്യസേവനവകുപ്പിന് കീഴിലുള്ള 1,288 ആരോഗ്യപരിരക്ഷാസ്ഥാപനങ്ങളിലായി 38,525 കിടക്കകളും 6545 ഡോക്ടർമാരും, 14378 നഴ്സിംഗ് ജീവനക്കാരും 7312 പാരാമെഡിക്കൽ ജീവനക്കാരും ഉണ്ട്. ഇതിൽ 849 പിഎച്ച്സി/എഫ്എച്ച്സികൾ, 226 സിഎച്ച്സികൾ/ബ്ലോക്ക് എഫ്എച്ച്സികൾ, 88 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ, 18 ജില്ലാ ആശുപത്രികൾ, 18 ജനറൽ ആശുപത്രികൾ, 3 മാനസികാരോഗ്യ ആശുപത്രികൾ, 10 സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, 3 കുഷ്ഠരോഗ ആശുപത്രികൾ, 14 ടിബി ആശുപത്രികൾ, / ക്ലിനിക്കുകൾ, 2 മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികൾ, 57 മറ്റ് ആശുപത്രികൾ എന്നിവയുണ്ട്. രോഗപ്രതിരോധവും രോഗശമനവുമുൾപ്പെടെയുള്ള സമഗ്രമായ പ്രാഥമികതല സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ. സാമൂഹ്യാരോഗ്യകേന്ദ്രങ്ങളും, താലൂക്ക് ആസ്ഥാന ആശുപത്രികളും ദ്വിതീയതലപരിചരണം ലഭിക്കുന്നയിടങ്ങളാണ്. ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്ത്രീകളുടെ ആശുപത്രികൾ എന്നിവ സ്പെഷ്യാലിറ്റി സേവനങ്ങളും ചില സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും നൽകുന്നു. 2023-24, 2024-25 കാലയളവിൽ കേരളത്തിലെ പ്രധാന ആരോഗ്യസ്ഥാപനങ്ങളും കിടക്കകളും ഇനം തിരിച്ച്, ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് വിവരങ്ങൾ ചെറുതും വലുതുമായി നടത്തിയ ശാസ്ത്രക്രിയകൾ, ഡി.എച്ച്.എസിനു കീഴിലുള്ള മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫുകൾ, എന്നിവ **അനുബന്ധം 6.2.5, 6.2.6, 6.2.7** എന്നിവയിൽ കൊടുത്തിരിക്കുന്നു.

**പട്ടിക 6.2.21** 2012-13 മുതൽ കേരളത്തിലെ പൊതു സ്വകാര്യ ആശുപത്രികളിലെ പ്രസവങ്ങളുടെ വിശദാംശങ്ങൾ

| വർഷം | പൊതു ആശുപത്രി | സ്വകാര്യ ആശുപത്രി | ആകെ | പൊതു ആശുപത്രി % | സ്വകാര്യ ആശുപത്രി % |
|---|---|---|---|---|---|
| 2012-13 | 135941 | 358563 | 494504 | 27 | 73 |
| 2013-14 | 151277 | 344980 | 496257 | 30 | 70 |
| 2014-15 | 151524 | 342112 | 493636 | 31 | 69 |
| 2015-16 | 139808 | 340841 | 480649 | 29 | 71 |
| 2016-17 | 124115 | 332293 | 456408 | 27 | 73 |
| 2017-18 | 138510 | 313617 | 452127 | 31 | 69 |
| 2018-19 | 143847 | 339989 | 483836 | 30 | 70 |
| 2019-20 | 146174 | 314209 | 460383 | 32 | 68 |
| 2020-21 | 131599 | 288187 | 419786 | 31 | 69 |
| 2021-22 | 134284 | 291737 | 426021 | 32 | 68 |
| 2022 - 23 | 128150 | 286430 | 414580 | 31 | 69 |
| 2023-24 | 109542 | 259873 | 369415 | 30 | 70 |
| ആഗസ്റ്റ് 31 വരെ | 40891 | 100449 | 141340 | 29 | 71 |

***അവലംബം :*** ആരോഗ്യ സേവന ഡയറക്ടറേറ്റ്

### കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം

കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള **ചിത്രം 6.2.1** ൽ നൽകിയിരിക്കുന്നു. മറ്റ് ജില്ലകളെ അപേക്ഷിച്ച് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ കൂടുതൽ കിടക്കകളുണ്ട്. എന്നാൽ കാസറഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ കിടക്കകളുടെ എണ്ണം കുറവാണ്. കേരളത്തിലെ കിടക്ക ജനസംഖ്യ അനുപാതം 1:602 ആണ്, ഇത് ആധുനിക വൈദ്യശാസ്ത്രത്തിന് മാത്രം 1:666 ആണ്. കേരളത്തിലെ ശരാശരി ഡോക്ടർ ബെഡ് അനുപാതം 1:4 ഉം ആധുനിക വൈദ്യശാസ്ത്രത്തിന് മാത്രമായി 1:5 ഉം ആണ്. കേരളത്തിലെ ഡോക്ടർ ജനസംഖ്യാ അനുപാതം 1:2592 ആണ്. 2021 ലെ എസ്ടിമേറ്റഡ് ജനസംഖ്യയാണ് ഇവിടുത്തെ ജനസംഖ്യ. ഈ കണക്കുകൾ സർക്കാർ മേഖലയുടെ മാത്രം സ്ഥിതിയെ പ്രതിഫലിപ്പിക്കുന്നതാണ്, സ്വകാര്യ മേഖലയും പരിഗണിക്കുകയാണെങ്കിൽ ഈ കണക്കുകൾ കൂടുതൽ മെച്ചപ്പെട്ടതായിരിക്കും.

### ആരോഗ്യ ഇൻഷ്വറൻസ്

### സംസ്ഥാന ആരോഗ്യ ഏജൻസി (SHA)


സംസ്ഥാനത്ത് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് സംസ്ഥാന ആരോഗ്യ ഏജൻസി.

### കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെഎഎസ്പി)

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെഎഎസ്പി) എന്നത് കേരള സർക്കാരിന്റെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് ഇതിൽ പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (പി.എം-ജെ.എ.വൈ.) ഉൾപ്പെടുന്നു. സർക്കാർ സ്പോൺസർ ചെയ്ത ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളായ രാഷ്ട്രീയ സ്വസ്ത്യ ഭീമ യോജന (ആർഎസ്ബിവൈ), സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിസ്), സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം (എസ്ചിസ് ) എന്നിവ കെഎഎസ്പി സംയോജിപ്പിക്കുന്നു.

തുടക്കത്തിൽ, 2019 ഏപ്രിൽ 1 മുതൽ 2020 ജൂൺ വരെ ഒരു കുടുംബത്തിന് 5 ലക്ഷം രൂപയുടെ മുഴുവൻ പരിരക്ഷയ്ക്കും ഇൻഷ്വറൻസ് മോഡിൽ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി. 2020 ജൂലൈ 1 മുതൽ, ഒരു കുടുംബത്തിന് 5 ലക്ഷം രൂപയുടെ കവറേജുള്ള അതേ പദ്ധതി അഷ്വറൻസ് മോഡിൽ നടപ്പിലാക്കുന്നു. മൊത്തം 41.99 ലക്ഷം കുടുംബങ്ങൾ കെഎഎസ്പി പദ്ധതിയിൽ ഉൾപ്പെടുന്നു, അതിൽ 23.98 ലക്ഷം കുടുംബങ്ങൾ PMJAY, SECC വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. പിഎംജെഎവൈ, എസ്ഇസിസി എന്നിവയ്ക്ക് കീഴിൽ വരുന്ന കുടുംബങ്ങൾക്ക് മാത്രമായി കേന്ദ്ര സഹായം പരിമിതപ്പെടുത്തിയിരിക്കുന്നു. ഓരോ കുടുംബത്തിനും പ്രീമിയം പരിധി 900 രൂപയാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. അതിൽ 60 ശതമാനം സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി നൽകും. അതിനാൽ, എൻറോൾ ചെയ്ത ഓരോ പി.എം-ജെ.എ.വൈ. (ആർഎസ്ബിവൈ) കുടുംബത്തിനും കേന്ദ്ര സർക്കാർ 631.2 രൂപ നൽകുന്നു. അതിനാൽ പ്രതീക്ഷിക്കുന്ന കേന്ദ്രസഹായം 151 കോടി രൂപ (23,97,610 കുടുംബങ്ങൾ * 631.2) ആയിരിക്കും. 2022-

**ചിത്രം 6.2.1** കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം




***അവലംബം*** : വിവിധ ആരോഗ്യ വകുപ്പുകൾ / സ്ഥാപനങ്ങൾ

**പട്ടിക 6.2.22** 2021-22 മുതൽ 2024-25 (2024 ഓഗസ്റ്റ് 31 വരെ) വരെയുള്ള കാലയളവിൽ പി.എം-ജെ.എ.വൈ./ കെഎഎസ്പി യുടെ പുരോഗതി

| വർഷം | അംഗമാക്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | നഷ്ടപരിഹാരം നൽകിയതിന്റെ എണ്ണം | നഷ്ടപരിഹാരം നൽകിയ തുക (കോടിയിൽ) | നഷ്ടപരിഹാരം നൽകിയത് (കോടിയിൽ) |
|---|---|---|---|---|
| 2021-22 | 4162250 | 1524710 | 1469.90 | 1321.58 |
| 2022-23 | 4186517 | 1121236 | 1547.92 | 1364.19 |
| 2023-24 | 4199233 | 986355 | 1573.31 | 490.36 |
| 2024-25 (2024 ഓഗസ്റ്റ് 31 വരെ) | 4199233 | 365292 | 579.17 | 3.61 |

***അവലംബം :*** സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കേരള

23 കാലയളവിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നൽകിയ മൊത്തം ക്ലെയിം തുക 1364.19 കോടിയാണ്. ഇതുവരെ 614 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്, ഇതിൽ 412 സ്വകാര്യ ആശുപത്രികളും 202 പൊതു ആശുപത്രികളും 5 കേന്ദ്ര സർക്കാർ ആശുപത്രികളും ഉൾപ്പെടുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട് (കെബിഎഫ്) പദ്ധതിയും ഇതേ മിഷനു കീഴിൽ സംസ്ഥാനത്ത് പ്രത്യേകം പ്രവർത്തിക്കുന്നു. പി.എം-ജെ.എ.വൈ./ കെഎഎസ്പി എന്നിവയുടെ പുരോഗതി **പട്ടിക 6.2.22** ൽ നൽകിയിരിക്കുന്നു. പി.എം -ജെ.എ.വൈ./ കെഎഎസ്പി എന്നിവയുടെ മേഖലാതല ഉപഭോഗം **അനുബന്ധം 6.2.8** ൽ നൽകിയിരിക്കുന്നു.

### കാരുണ്യ ബെനവലന്റ് ഫണ്ട്

ചില മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി 2012 ഫെബ്രുവരിയിൽ കേരള സർക്കാർ കാരുണ്യ ബെനവലന്റ് ഫണ്ട് (കെബി.എഫ്) പദ്ധതി ആരംഭിച്ചു. എ.പി.എൽ. നില കണക്കിലെടുക്കാതെ റേഷൻ കാർഡ് അനുസരിച്ച് വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള ഓരോ കുടുംബത്തിനും സാമ്പത്തിക സഹായം ലഭിക്കും. എന്നിരുന്നാലും ഈ വരുമാന പരിധി ഹീമോഫീലിയ ചികിത്സയിൽ ഏർപ്പെടുത്തിയിട്ടില്ല. ഓരോ കുടുംബത്തിനും വൃക്കരോഗങ്ങളുടെ ചികിത്സയ്ക്കായി 3 ലക്ഷം രൂപ വരെയും മറ്റ് നിർദ്ദിഷ്ട രോഗങ്ങൾക്ക് 2 ലക്ഷം രൂപവരെയും ധനസഹായം ലഭിക്കും. ഒന്നോ അതിലധികമോ ആളുകൾക്ക് മുകളിൽ നിർദ്ദേശിച്ച പരിധിക്ക് വിധേയമായി ഒരേ റേഷൻ കാർഡിൽ നിന്ന് പ്രയോജനം നേടാം. സംസ്ഥാന ലോട്ടറി വകുപ്പ് വഴിയാണ് പദ്ധതി നടപ്പാക്കിയിരുന്നത്. 2020 സെപ്റ്റംബർ 1 മുതൽ ഇത് സംസ്ഥാന ആരോഗ്യ ഏജൻസി വഴി നടപ്പാക്കുന്നു. 2023-24ൽ സംസ്ഥാന ആരോഗ്യ ഏജൻസി 70 കോടി രൂപയും 2024-25ൽ 50 കോടി രൂപയും ചെലവഴിച്ചു.

### ആരോഗ്യകിരണം

കേരളസർക്കാരിന്റെ പ്രധാന ആരോഗ്യ പദ്ധതികളിലൊന്നാണ് ആരോഗ്യകിരണം. ജനനം മുതൽ 18 വയസ്സ് വരെയുള്ള അർഹതപ്പെട്ട എല്ലാരോഗികൾക്കും പദ്ധതി സൗജന്യചികിത്സയും അനുബന്ധവൈദ്യസേവനങ്ങളും നല്കുന്നു. ഒ.പി. രജിസ്ട്രേഷൻ ചെലവ്, രോഗനിർണ്ണയം/ മരുന്നുകൾ/ഇംപ്ലാന്റുകൾ ചികിത്സയ്ക്കുപയോഗിക്കുന്ന വസ്തുക്കൾ എന്നീ ചെലവുകളാണ് ഈ പദ്ധതിയിലുൾപ്പെടുന്നത്. മേൽപ്പറഞ്ഞ ചെലവുകൾ നിർവഹിക്കുന്നത് ഓരോ ജില്ലയ്ക്കും നൽകുന്ന കോർപ്പസ് ഫണ്ടിൽ നിന്നാണ്. 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ആരോഗ്യ ഏജൻസിയാണ് പദ്ധതി നടപ്പാക്കുന്നത്.

### ശ്രുതി തരംഗം

ശ്രുതിതരംഗം കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയക്കും അതിന്റെ തുടർചികിത്സക്കും വേണ്ടിയുള്ളതാണ്. 0-5 വയസ്സിനിടയിലുള്ള കുട്ടികൾക്ക് ഈ പദ്ധതിക്ക് അർഹതയുണ്ട്. എന്നിരുന്നാലും, 5 വയസ്സിന് മുകളിലുള്ള കുട്ടികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനാൽ, പോസ്റ്റ് മെനിഞ്ചൈറ്റിസ് പരിക്ക് കാരണം അഗാധമായ കേൾവിക്കുറവ് സംഭവിക്കുന്ന സന്ദർഭങ്ങളിലും 5 വയസ്സിന് മുകളിലുള്ള കുട്ടികളെ പരിഗണിക്കും. ചികിത്സയുടെ ചെലവ് 5.2 ലക്ഷം രൂപയാണ്. ഓരോ വർഷവും ശരാശരി 200 അപേക്ഷകൾ തീർപ്പാക്കുകയും 200 അപ് ഗ്രേഡേഷനുകളും തീർപ്പാക്കുകയും ചെയ്യുന്നു.

### താലോലം

കിഡ്നി രോഗങ്ങൾ, ഹൃദയ സംബന്ധമായ അസുഖങ്ങൾ, സെറിബ്രൽ പാൾസി, അസ്ഥി രോഗം, ഹീമോഫീലിയ, തലസീമിയ, സിക്കിൾ സെൽ അനീമിയ, ഓർത്തോപീഡിക് വൈകല്യങ്ങൾ, മറ്റ് ന്യൂറോ ഡെവലപ്മെന്റൽ ഡിസെബിലിറ്റികൾ, ജന്മനായുള്ള അപാകതകൾ (എൻഡോസൾഫാൻ ഇരകൾ), ശസ്ത്രക്രിയ ആവശ്യമായ അപകട കേസുകൾ എന്നിവയാൽ ബുദ്ധിമുട്ടുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകാനാണ് താലോലം പദ്ധതി ലക്ഷ്യമിടുന്നത്.

### കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാപദ്ധതി

18 വയസ്സിന് താഴെയുള്ള കാൻസർ ബാധിതരായ, ചികിത്സ താങ്ങാൻ കഴിയാത്തവിധം ദരിദ്രരായ കുട്ടികൾക്ക് അടിയന്തര സാമ്പത്തിക സഹായം നൽകേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞ്, 2008 നവംബർ 1 ന് സംസ്ഥാനം കാൻസർ സുരക്ഷാ പദ്ധതി ആരംഭിച്ചു.

### ദേശീയ ആരോഗ്യ മിഷൻ (എൻ.എച്ച്.എം)

ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച ദേശീയ ആരോഗ്യ മിഷൻ (എൻഎച്ച്എം) പരിപാടിയിൽ എൻആർഎച്ച്എം, എൻയുഎച്ച്എം എന്നീ രണ്ട് ഉപമിഷനുകൾ ഉൾപ്പെടുന്നു. ദേശീയ ആരോഗ്യമിഷന് അഞ്ച് ധനസഹായഘടകങ്ങൾ ഉണ്ട്. ഇവ: 1) എൻ.ആർ.എച്ച്.എം/ ആർ.സി.എച്ച് ഫ്ലെക്സി

പൂൾ 2) എൻ.യു.എച്ച്.എം ഫ്ലെക്സി പൂൾ 3) സാംക്രമിക രോഗങ്ങൾക്കുള്ള ഫ്ലെക്സി പൂൾ 4) സാംക്രമികേതര രോഗങ്ങൾ, അപകടങ്ങൾ, അടിയന്തിര വൈദ്യസഹായം എന്നിവയ്ക്കുള്ള ഫ്ലെക്സി പൂൾ 5)ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്നിവയാണ്. ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്ന ഘടകത്തിന് വിവിധ പദ്ധതി കാലയളവുകളിൽ ധനസഹായം ലഭ്യമായിട്ടുണ്ട്. ഭരണവും നടത്തിപ്പും (സംസ്ഥാന ജില്ലാതലങ്ങളിൽ കുടുംബക്ഷേമ ബ്യൂറോകൾ) സാബ് സെന്ററുകൾ, നഗര കുടുംബക്ഷേമകേന്ദ്രങ്ങൾ, അർബൻ റീവാംബിംഗ് സ്കീം (ഹെൽത്ത് തസ്തികകൾ), എ.എൻ.എം/എൽ.എച്ച്.വി പരിശീലന സ്കൂളുകൾ, ആരോഗ്യകുടുംബക്ഷേമ ട്രെയിനിംഗ് സെന്റർ, പുരുഷതൊഴിലാളികളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങൾക്ക് ശമ്പളം നൽകുന്നതിനാണ് തുക അനുവദിക്കുന്നത്.

കേന്ദ്ര സർക്കാർ ധനസഹായത്തോടെ ആരോഗ്യ സ്ഥാപനങ്ങളുടെ വികസനത്തിനായി എൻ.എച്ച്.എം സംസ്ഥാനത്ത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായാണ് പ്രവർത്തിക്കുന്നത്. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നല്കുന്ന ആകെ വിഹിതത്തിന്റെ 40 ശതമാനം സംസ്ഥാന സർക്കാർ വിഹിതമായി നൽകുന്നു. ഹെൽത്ത് സർവ്വീസസ് വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആയുഷ് എന്നിവയ്ക്ക് എൻ.എച്ച്.എം. ധനസഹായം നൽകുന്നു. ഒറ്റപ്പെട്ടതും വിദൂരവുമായ പ്രദേശങ്ങളിലുള്ള പാവപ്പെട്ടവർക്ക് നിലവാരമുള്ളതും അഭികാമ്യമായതും താങ്ങാൻ കഴിയുന്നതും ഉത്തരവാദിത്തത്തോട് കൂടിയതുമായ ആരോഗ്യസേവനങ്ങൾ പ്രദാനം ചെയ്യുന്നതിനാണ് മിഷൻ ലക്ഷ്യം വയ്ക്കുന്നത്. എൻആർഎച്ച്എം. ഗ്രാമതലത്തിൽ നിന്ന് ജില്ലയിലേക്കുള്ള ഒരു സജീവ ആരോഗ്യ സംവിധാനമാണ്. എൻ.എച്ച്.എം നു 102 നഗര പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉണ്ട്. 2018-19 മുതൽ 2024-25 വരെ (ഒക്ടോബർ 31 വരെ) സംസ്ഥാനത്തിനു ലഭിച്ച മൊത്തം കേന്ദ്ര വിഹിതം **പട്ടിക 6.2.23** ൽ നൽകിയിരിക്കുന്നു. മെഡിക്കൽ, പാരാമെഡിക്കൽ, മറ്റുള്ള വിഭാഗങ്ങൾ എന്നിവയിലായി എൻഎച്ച്എം ന്റെ മൊത്തം ജീവനക്കാരുടെ എണ്ണം 17221 ആണ് (2024 ഓഗസ്റ്റ് വരെ).

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സിമറ്റ്)**

സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട്(സിമറ്റ്) മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും പരിപോഷിപ്പിക്കുന്നതിന് 2008 ൽ ആരംഭിച്ച സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് കീഴിൽ 4 നഴ്സിംഗ് കോളേജുകളിലായി 280 കുട്ടികൾ വാർഷിക പ്രവേശനം നേടുന്നു. 2024 ഒക്ടോബർ -ൽ സിമറ്റിന് കീഴിലുള്ള നഴ്സിംഗ് കോളേജുകളിൽ ആകെ 1058 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. കൂടാതെ 60 ബിഎസ്സി നഴ്സിംഗ് വിദ്യാർത്ഥികളെ വീതം ഉൾപ്പെടുത്തി 7 പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതിയും എൻഒസിയും നൽകിയിട്ടുണ്ട്.

**ചൈൽഡ് ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി)**

ശിശുസംരക്ഷണവും വിദ്യാഭ്യാസവും, കൗമാരപരിചരണവും വിദ്യാഭ്യാസവും, വിവാഹപൂർവ്വ കൗൺസലിംഗ്, വനിതാക്ഷേമം, ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ശിശുവൈകല്യങ്ങൾ ഇല്ലാതാക്കൽ എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെ കീഴിൽ സ്വയം ഭരണാധികാരമുള്ള ഒരു മികവിന്റെ കേന്ദ്രമായാണ് ശിശുവികസനകേന്ദ്രം ആരംഭിച്ചത്. കുട്ടികളെയും കൗമാരക്കാരെയും പൂർണ്ണആരോഗ്യവാൻമാരാക്കി വളർത്തി അവരിലൂടെ ആരോഗ്യകരമായ ഒരു യുവതലമുറയെ സൃഷ്ടിക്കലാണ് ലക്ഷ്യം. 2023-24 ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 25339 ആണ്. ഇവിടെ ഔട്ട് പേഷ്യന്റ് സേവനങ്ങൾ മാത്രമേ ലഭിക്കൂ. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ലഭ്യമല്ല. വിദ്യാർത്ഥികളുടെ എണ്ണം രണ്ടാണ് (പിജി).

**ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്**

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് സ്കീം ഓഫ് ഇന്ത്യ, സംഘടിത മേഖലയിലെ തൊഴിലാളികൾക്കായുള്ള രാജ്യത്തെ ആദ്യത്തെ സംയോജിത മൾട്ടി-ഡൈമൻഷണൽ സോഷ്യൽ സെക്യൂരിറ്റി സ്കീമാണ്. ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് മുഖേനയാണ് ഈ പദ്ധതിക്ക് കീഴിലുള്ള മെഡിക്കൽ പരിചരണം കേരളത്തിൽ നടപ്പിലാക്കുന്നത്. ഈ വകുപ്പ് തൊഴിൽ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ്, ഇതിന് മുമ്പ് സംസ്ഥാന ആരോഗ്യ

**പട്ടിക 6.2.23** 2018-19 മുതൽ 2024-25 വരെ (ഒക്ടോബർ 31 വരെ) എൻ.എച്ച്.എം-നുള്ള കേന്ദ്രസഹായം (രൂപ കോടിയിൽ)

| വർഷം | എൻ.എച്ച്.എം പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര വിഹിതം | കോവിഡ് പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര റിലീസ് | അടിസ്ഥാന സൗകര്യ പരിപാലനത്തിനുള്ള കേന്ദ്ര റിലീസ് | മൊത്തം കേന്ദ്ര റിലീസ് | സംസ്ഥാന വിഹിതം |
|---|---|---|---|---|---|
| 2018-19 | 271.06 | 0 | 553.77 | 824.83 | 212.71 |
| 2019-20 | 299.11 | 74.21 | 430.26 | 803.58 | 430.29 |
| 2020-21 | 341.95 | 583.04 | 404.69 | 1329.68 | 908.04 |
| 2021-22 | 327.25 | 222.71 | 381.42 | 931.38 | 489.32 |
| 2022-23 | 603.64 | 0 | 381.42 | 985.06 | 684.65 |
| 2023-24 | 0 | 0 | 103.15 | 103.15 | 440.20 |
| 2024-25 | 240.92 | 0 | 431.42 | 672.34 | 254 |
| **ആകെ** | **2083.93** | **879.96** | **2686.13** | **5650.02** | **3419.21** |

***അവലംബം :*** എൻ.എച്ച്.എം. കേരള

സേവന വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും സമഗ്രമായ വൈദ്യ പരിചരണ സേവനങ്ങൾ നൽകുന്നതിനും വേതനം നഷ്ടപ്പെടുത്തുന്നതിനോ വരുമാനം നേടുന്നതിന് തടസം നേരിടുന്നതിനോ കാരണമാകുന്ന ചില സംഭവങ്ങളിൽ നിന്ന് സംരക്ഷിക്കുക എന്ന സുപ്രധാനവും സാമൂഹികമായി പ്രയോജനകരവുമായ ദൗത്യവുമായി ഇഎസ്ഐ സ്കീം നടപ്പിലാക്കിയിരിക്കുന്നു. തൊഴിൽ പരിക്കോ തൊഴിൽപരമായ രോഗമോ മൂലം മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ ശാരീരിക വൈകല്യമുള്ള തൊഴിലാളികളെയും അവരുടെ ആശ്രിതരെയും ധനസഹായത്തോടെ പരിപാലിക്കുകയും ചെയ്യുന്നു. മെഡിക്കൽ കെയർ അഡ്മിനിസ്ട്രേഷൻ സംസ്ഥാന സർക്കാരിന്റെ നിയമപരമായ ഉത്തരവാദിത്തമാണ്, ഇത് ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡിപ്പാർട്ട്മെന്റ് വഴിയാണ് നടപ്പിലാക്കുന്നത്. 9 ആശുപത്രികളും 145 ഡിസ്പെൻസറികളും വഴിയാണ് മെഡിക്കൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നത്. വകുപ്പിലെ ആകെ ഡോക്ടർമാരുടെ എണ്ണം 501 ആണ്. ഇഎസ്ഐ ഗുണഭോക്താക്കൾക്ക് അലോപ്പതി, ആയുർവേദ, ഹോമിയോപ്പതി സംവിധാനങ്ങളിലുള്ള ചികിത്സ നൽകുന്നു. ഇഎസ്ഐസി ഫണ്ടുകളുടെ സമാഹർത്താവും സൂക്ഷിപ്പുകാരനുമാണ്. കൂടാതെ അക്കൗണ്ടന്റ് ജനറലിൽ നിന്നുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 7:1 എന്ന അംഗീകൃത അനുപാതത്തിൽ കേരള സർക്കാരിന് ചെലവ് തിരികെ നൽകുന്നു. ജില്ല തിരിച്ചുള്ള ഇഎസ്ഐ ഡിസ്പെൻസറികൾ, ആശുപത്രികൾ, കിടക്കകളുടെ എണ്ണം എന്നിവ **പട്ടിക 6.2.24**-ൽ നൽകിയിരിക്കുന്നു.

### ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ഗുണനിലവാരമുള്ള മരുന്നുകൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, നിലവാരമില്ലാത്ത മരുന്നുകളിൽ നിന്ന് വിപണി മുക്തമാക്കുക രേഖപ്പെടുത്തിയിരിക്കുന്ന ചില്ലറ വിലയേക്കാൾ കൂടുതൽ വില മരുന്നുകൾക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുക എന്നിവയാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ചുമതലകൾ. വകുപ്പിന് കീഴിൽ 6 മേഖലാ ഓഫീസുകൾ, 11 ജില്ലാ ഓഫീസുകൾ, 4 ആയുർവേദ വിഭാഗങ്ങൾ, 4 മരുന്ന് പരിശോധനാലബോറട്ടറികൾ (തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ) എന്നിവയുണ്ട്. പ്രതിവർഷം 11,500 സാമ്പിളുകളുടെ വിശകലന ശേഷിയുള്ള എൻ.എ.ബി.എൽ. അംഗീകാരമുള്ള മരുന്ന് പരിശോധനാലബോറട്ടറികൾ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്നു. കണ്ണൂരിൽ ഒരു ലബോറട്ടറി കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്ത് ഏകദേശം 23,000 മെഡിക്കൽ ഷോപ്പുകളും/ഡീലർമാരും ഫാർമസികളും ഉണ്ട്. ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് റൂൾസ്, 1945 ലെ റൂൾ 51 പ്രകാരം ഡ്രഗ്സ് ഇൻസ്പെക്ടർ വർഷത്തിൽ ഒരിക്കലെങ്കിലും അവർക്ക് നിയോഗിക്കപ്പെട്ട പ്രദേശത്തിനുള്ളിൽ മരുന്നുകൾ വിൽക്കാൻ ലൈസൻസുള്ള എല്ലാ സ്ഥാപനങ്ങളും പരിശോധിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് നിലവിൽ 47 ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ തസ്തികകളാണുള്ളത്. വകുപ്പിന്റെ 2023-24-ലെ പ്രധാനനേട്ടങ്ങൾ **പട്ടിക 6.2.25** ൽ കൊടുത്തിരിക്കുന്നു.

### ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

2006 ലെ ഭക്ഷ്യ സുരക്ഷാ സ്റ്റാൻഡേർഡ്സ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ അടിസ്ഥാന മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും ഭക്ഷ്യ

**പട്ടിക 6.2.24.** 2023-2024-ലെ ഇ എസ് ഐ ഡിസ്പെൻസറികൾ, ആശുപത്രികൾ, കിടക്കകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള എണ്ണം

| ക്രമ നം | ജില്ല | ഇ എസ് ഐ ഡിസ്പെൻസറികളുടെ എണ്ണം | ഇ എസ് ഐ ആശുപത്രികളുടെ എണ്ണം | കിടക്കകളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 12 | 1 | 128 |
| 2 | കൊല്ലം | 30 | - | |
| 3 | പത്തനംതിട്ട | 4 | - | |
| 4 | ആലപ്പുഴ | 14 | 1 | 55 |
| 5 | കോട്ടയം | 9 | 1 | 65 |
| 6 | എറണാകുളം | 20 | 1 | 65 |
| 7 | ഇടുക്കി | 2 | - | |
| 8 | തൃശ്ശൂർ | 15 | 2 | 212 |
| 9 | പാലക്കാട് | 7 | 1 | 50 |
| 10 | മലപ്പുറം | 7 | - | |
| 11 | കോഴിക്കോട് | 12 | 1 | 100 |
| 12 | വയനാട് | 1 | - | |
| 13 | കണ്ണൂർ | 11 | 1 | 50 |
| 14 | കാസറഗോഡ് | 1 | - | |
| | **ആകെ** | **145** | **9** | **725** |

***അവലംബം:*** ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡിപ്പാർട്ട്മെൻറ്

**പട്ടിക 6.2.25** 2023-24-ലെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

| | |
|---|---|
| നടത്തിയ പരിശോധനകളുടെ എണ്ണം | 15716 |
| പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചതിന്റെ എണ്ണം | 108 |
| വിൽപ്പന ലൈസൻസ് സസ്പെന്റ് ചെയ്യപ്പെട്ടവരുടെ എണ്ണം | 357 |
| ടെസ്റ്റ് ചെയ്ത സാമ്പിളുകളുടെ എണ്ണം | 12143 |
| പുതിയ നിർമ്മാണലൈസൻസുകൾ (അലോപ്പതി / കോസ്മെറ്റിക്സ്) വിതരണം ചെയ്തവയുടെ എണ്ണം | 29 |
| വില ലംഘനങ്ങൾ കണ്ടെത്തി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്തതിൻറെ എണ്ണം | 32 |
| പുതിയതായി അനുവദിച്ച ബ്ലഡ് ബാങ്ക് ലൈസൻസുകളുടെ എണ്ണം | 5 |
| പുതിയ രക്ത സംഭരണ കേന്ദ്രങ്ങളുടെ എണ്ണം | 7 |
| അംഗീകൃത മെഡിക്കൽ സ്ഥാപനങ്ങളുടെ എണ്ണം | 115 |
| പരിശോധന/റെയ്ഡുകൾക്കിടയിൽ കണക്കിൽപ്പെടാത്ത ആൻറിബയോട്ടിക്കുകളുടെ വിൽപ്പന കാരണം സസ്പെൻഷൻ | 342 |

***അവലംബം:*** ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ഉൽപാദനം, സംഭരണം, വിതരണം, ഇറക്കുമതി എന്നിവ നിയന്ത്രിക്കുന്നതിനും സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പിക്കുന്നതിനും വേണ്ടി നിയമാനുസൃതമായ ഒരു സ്ഥാപനമായി ഭക്ഷ്യ സുരക്ഷ സ്റ്റാൻഡേർഡ്സ് അതോരിറ്റി ഓഫ് ഇന്ത്യ സ്ഥാപിച്ചു. സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണം, വെള്ളം, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ തുടങ്ങിയവ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ വകുപ്പ് ലക്ഷ്യമിടുന്നത്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ലാബുകൾ, ഗവൺമെന്റ് അനലറ്റിക്കൽ ലാബ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ രണ്ട് റീജിയണൽ അനലറ്റിക്കൽ ലബോറട്ടറികൾ, പത്തനംതിട്ടയിലെ സംസ്ഥാന ഭക്ഷ്യപരിശോധന ലബോറട്ടറി എന്നിവയാണ്. വെള്ളം, പാൽ, സാധാരണയിൽ കവിഞ്ഞ കളർ ചേർക്കൽ, ക്രിത്രിമ മധുരം ചേർക്കൽ, ബാഹ്യവസ്തുക്കൾ, ഫംഗസ് വളർച്ച തുടങ്ങിയവയുടെ പരിശോധനകളാണ് ഈ ലബോറട്ടറികളിൽ നടക്കുന്നത്. തിരുവനന്തപുരം, ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളത്തും കോഴിക്കോട്ടും ഉള്ള റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികൾ എന്നിങ്ങനെ മൂന്ന് അനലിറ്റിക്കൽ ലബോറട്ടറികൾക്ക് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ചു. 2023-24, 2024-25 ലും ഭക്ഷ്യാസുരക്ഷാ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ **പട്ടിക 6.2.26**ൽ നൽകിയിരിക്കുന്നു.

സംസ്ഥാന ഭക്ഷ്യസുരക്ഷാ സൂചിക (എസ്എഫ്എസ്ഐ) 2024-ൽ കേരളം വീണ്ടും ഒന്നാം റാങ്ക് കരസ്ഥമാക്കിക്കൊണ്ട് തുടർച്ചയായ രണ്ടാം വർഷവും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളിൽ ശ്രദ്ധേയമായ നേട്ടത്തോടെ നേതൃത്വം തുടരുന്നു. മാനവ വിഭവശേഷിയും സ്ഥാപന ഡാറ്റയും, ഭക്ഷ്യ സുരക്ഷ പാലിക്കൽ, ഭക്ഷ്യ പരിശോധന, അടിസ്ഥാന സൗകര്യങ്ങളും നിരീക്ഷണവും, പരിശീലനവും ശേഷി വർദ്ധിപ്പിക്കലും, ഉപഭോക്തൃ ശാക്തീകരണം എന്നീ വിവിധ മാനദണ്ഡങ്ങൾ പരിഗണിച്ച് മൊത്തത്തിലുള്ള പ്രകടനത്തിന്റെ അംഗീകാരമായി എഫ്.എസ്. എസ്.എ.ഐ. പുറത്തിറക്കിയ 2023-24 ലെ സംസ്ഥാന ഭക്ഷ്യ സുരക്ഷാ സൂചികയിൽ 73.75 പോയിന്റുമായി (വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ) കേരള സംസ്ഥാനത്തിന് ഒന്നാം റാങ്ക് ലഭിച്ചു. വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 67 പോയിന്റുമായി തമിഴ്നാട് രണ്ടാം സ്ഥാനത്തും ജമ്മു കശ്മീർ മൂന്നാം സ്ഥാനത്തുമാണ്. പൊതു ജനങ്ങൾക്ക് സുരക്ഷിതമായ ഭക്ഷണം നൽകുന്നതിനായി ഭക്ഷ്യ സുരക്ഷാ സ്റ്റാൻഡേർഡ് നിയമത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് സംസ്ഥാനങ്ങൾ/ കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഒരു നല്ല മത്സര അന്തരീക്ഷം സൃഷ്ടിക്കുന്നതിന് മുൻ സാമ്പത്തിക വർഷത്തിലെ സംസ്ഥാനങ്ങളുടെ/ കേന്ദ്ര ഭരണ പ്രദേശങ്ങളുടെ മൊത്തത്തിലുള്ള പ്രകടനത്തെ അടിസ്ഥാനമാക്കി എല്ലാ വർഷവും എഫ്.എസ്.എസ്.എ.ഐ. സംസ്ഥാന ഭക്ഷ്യസുരക്ഷാ സൂചിക പുറത്തിറക്കുന്നു. സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണത്തിലൂടെ പൗരന്മാരുടെ ആരോഗ്യവും ക്ഷേമവും ഉറപ്പാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധതയെയും ഈ നേട്ടം പ്രതിഫലിപ്പിക്കുന്നു. ഈ നേട്ടം നിലനിറുത്തുന്നതിലൂടെ, വരും വർഷങ്ങളിലും ഭക്ഷ്യസുരക്ഷയിൽ മുൻപന്തിയിൽ തുടരാൻ കേരളത്തിന് കഴിയും.

**കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്**

കേരള സർക്കാരിന്റെ ആഭ്യന്തര വകുപ്പിന്റെ കീഴിലാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്. ജുഡീഷ്യറി, എക്സൈസ്, പോലീസ്, മെഡിക്കോ-ലീഗൽ വിദഗ്ദ്ധർ എന്നിവർക്ക് നേരിട്ടും അല്ലാതെയും ക്രിമിനൽ കേസുകളുടെ വിചാരണക്കും സഹായിക്കുന്നു. ഈ വകുപ്പ് ക്രിമിനൽ നീതി ഭരണ സംവിധാനത്തിന് ശാസ്ത്രീയ അടിത്തറ നൽകുന്നു. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വിഭാഗത്തിൽ തിരുവനന്തപുരത്ത് ഒരു സെൻട്രൽ ലബോറട്ടറിയും എറണാകുളത്തും കോഴിക്കോടും റീജിയണൽ ലബോറട്ടറികളും പ്രവർത്തിക്കുന്നു. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി ഡിപ്പാർട്ട്മെന്റ് കൊലപാതകം, ലൈംഗിക കുറ്റകൃത്യങ്ങൾ, മനുഷ്യവിഷബാധകൾ, അബ്കാരി നിയമപ്രകാരമുള്ള മദ്യ സാമ്പിളുകൾ, എൻഡിപിഎസ് നിയമത്തിന് കീഴിലുള്ള മയക്കുമരുന്ന്, സൈക്കോട്രോപിക് വസ്തുക്കൾ എന്നിവയുമായി ബന്ധപ്പെട്ട വസ്തുക്കൾ വിശകലനം ചെയ്യുന്നു. വിശദമായ രാസ വിശകലന റിപ്പോർട്ടുകൾ ബന്ധപ്പെട്ട അധികാരികൾക്കും നിയമ നിർവ്വഹണ ഏജൻസികൾക്കും നൽകുന്നു. ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിശകലന രീതികൾ മെച്ചപ്പെടുത്തുന്നതിനും കെമിക്കൽ അനാലിസിസ്

**പട്ടിക 6.2.26** 2023-24 ലെയും 2024-25 ലെയും ഭക്ഷ്യ സുരക്ഷാ കമ്മിഷണറേറ്റിന്റെ പ്രധാന നേട്ടങ്ങൾ

| പരിപാടികൾ | 2023–24 | 2024–25 (ഓഗസ്റ്റ് 31 വരെ) |
|---|---|---|
| ദ്രുത പ്രതികരണ സംഘം നടത്തിയ പരിശോധനകളുടെ എണ്ണം | 65432 | 26226 |
| ദ്രുത പ്രതികരണ സംഘം നടപടി സ്വീകരിച്ച ഭക്ഷ്യ വിഷ കേസുകളുടെ എണ്ണം | 69 | 42 |
| നൽകിയ ലൈസൻസിന്റെ എണ്ണം | ലൈസൻസ്-22525<br>രജിസ്ട്രേഷൻ-206684 | ലൈസൻസ്-8243<br>രജിസ്ട്രേഷൻ-75912 |
| മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് ഉപയോഗിച്ച് നടത്തിയ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ എണ്ണം | 2312 | 772 |
| FoSTaC പരിശീലന സംരംഭത്തിന് കീഴിൽ പരിശീലനം നേടിയ ഭക്ഷണം കൈകാര്യം ചെയ്യുന്നവരുടെ എണ്ണം | 21758 | 9668 |
| ശുചിത്വ റേറ്റിംഗ് ഓഡിറ്റുകൾ നടത്തിയത് | 14234 | 215 |
| സ്കൂളുകളിൽ സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം പരിപാടി (സ്കൂളുകളുടെ എണ്ണം) | 85 | - |
| സമ്പൂർണ്ണ ഭാഗ്യ സുരക്ഷ ഗ്രാമപഞ്ചായത്ത് പരിപാടി (ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം) | 26 | - |

***അവലംബം:*** ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

**ബോക്സ് 6.2.2** ഈറ്റ് റൈറ്റ് കേരള മൊബൈൽ ആപ്ലിക്കേഷൻ

പൗരന്മാർക്കിടയിൽ ഭക്ഷ്യസുരക്ഷയും ആരോഗ്യകരമായ ഭക്ഷണശീലങ്ങളും പ്രോത്സാഹിപ്പിക്കുന്നതിൽ സുപ്രധാന നാഴികക്കല്ല് എന്ന നിലയിൽ കേരളത്തിലെ ഭക്ഷ്യസുരക്ഷാ വകുപ്പ് ഈറ്റ് റൈറ്റ് കേരള ആപ്പ് പുറത്തിറക്കി. ഭക്ഷ്യ സുരക്ഷാ അധികാരികളും ഉപഭോക്താക്കളും തമ്മിലുള്ള വിടവ് നികത്തുന്നതിനാണ് ഈ നൂതന ആപ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്, ഇത് ഉപയോക്താക്കൾക്ക് അവരുടെ ഭക്ഷണം തെരഞ്ഞെടുക്കുന്നതിനെക്കുറിച്ച് അറിവുള്ള തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തമാക്കുന്നു. ഈറ്റ് റൈറ്റ് കേരള ആപ്പ് നിരവധി സേവനങ്ങളും സവിശേഷതകളും നൽകുന്നു. ഈറ്റ് റൈറ്റ് കേരള ആപ്പിന്റെ ശ്രദ്ധേയമായ സവിശേഷതകളിലൊന്ന് കേരളത്തിലുടനീളമുള്ള ശുചിത്വ റേറ്റിംഗ് ഉള്ള ഭക്ഷണശാലകളുടെ പട്ടികയാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വിലയിരുത്തൽ പ്രകാരം ഉയർന്ന നിലവാരമുള്ള വൃത്തിയും ശുചിത്വവും പാലിക്കുന്ന ഭക്ഷണശാലകൾ തിരഞ്ഞെടുക്കാൻ ഈ സവിശേഷത പൊതുജനങ്ങളെ പ്രാപ്തരാക്കുന്നു. ഉപഭോക്താക്കൾക്ക് റേറ്റിംഗുകളിലൂടെ എളുപ്പത്തിൽ ബ്രൗസ് ചെയ്യാനും സുരക്ഷിതത്വത്തിനും ഗുണനിലവാരത്തിനുമുള്ള അവരുടെ മുൻഗണനകൾ നിറവേറ്റുന്ന ഭക്ഷണശാലകൾ തിരഞ്ഞെടുക്കാനും കഴിയും. ഭക്ഷ്യസുരക്ഷാ പരാതി പോർട്ടലുമായി ആപ്പ് ലിങ്ക് ചെയ്തിട്ടുണ്ട്, ഇത് ഉപയോക്താക്കൾക്ക് ഭക്ഷ്യസുരക്ഷാ ലംഘനങ്ങളോ ആശങ്കകളോ റിപ്പോർട്ടുചെയ്യുന്നതിന് തടസ്സമില്ലാത്ത പ്ലാറ്റ്ഫോം ആയി പ്രവർത്തിക്കുന്നു. ഈ പോർട്ടലിലൂടെ, പരാതിക്കാർക്ക് പരാതികൾ രജിസ്റ്റർ ചെയ്യാനും അവരുടെ പരാതികളുടെ സ്റ്റാറ്റസ് ട്രാക്ക് ചെയ്യാനും അധികാരികൾ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള അപ്ഡേറ്റുകൾ സ്വീകരിക്കാനും കഴിയും. ഈ സംയോജനം പരാതികൾക്ക് ഉടനടി പരിഹാരം ഉറപ്പാക്കുന്നതോടൊപ്പം ഭക്ഷ്യ സ്ഥാപനങ്ങളിൽ നിന്ന് കൂടുതൽ ഉത്തരവാദിത്തവും പ്രതികരണവും വളർത്തുന്നു. ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം, സുതാര്യത, ഉത്തരവാദിത്തം എന്നിവ ഉറപ്പാക്കുന്നതിനുള്ള പുരോഗമനപരമായ ചുവടുവയ്പ്പാണ് ഈറ്റ് റൈറ്റ് കേരള ആപ്പ്. ഈ സംരംഭം ഭക്ഷ്യസുരക്ഷാ നിയമങ്ങൾ നടപ്പിലാക്കുന്നത് ശക്തിപ്പെടുത്തുക മാത്രമല്ല, പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിന് സർക്കാരും പൗരന്മാരും തമ്മിലുള്ള സഹകരണ ശ്രമത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈ ഡിജിറ്റൽ സൊല്യൂഷനിലൂടെ കേരള ഭക്ഷ്യസുരക്ഷാ വകുപ്പ് പൊതുജനക്ഷേമത്തിനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത പ്രകടമാക്കിക്കൊണ്ട് ഈറ്റ് റൈറ്റ് കേരള ആപ്പിനെ ഏറ്റവും നൂതനവും ഫലപ്രദവുമായ നേട്ടങ്ങളിൽ ഒന്നാക്കി മാറ്റി.

സർട്ടിഫിക്കേഷനിൽ കൃത്യതയുടെയും സൂക്ഷ്മതയുടെയും ഉയർന്ന നിലവാരം ഉറപ്പാക്കുന്നതിലും വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മൂന്ന് ലബോറട്ടറികളും എൻ.എ.ബി.എൽ അംഗീകാരമുള്ളതാണ്. 2023-24ൽ, 38,172 കേസുകൾ വിവിധ ഏജൻസികൾ റഫർ ചെയ്തു, കൂടാതെ 26,583 കേസുകൾ വിശകലനം ചെയ്യുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്തു, അതിൽ റഫർ ചെയ്തതും നേരത്തെ തീർപ്പാക്കാത്തതുമായ കേസുകൾ ഉൾപ്പെടുന്നു.

### മെഡിക്കൽ വിദ്യാഭ്യാസം

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, മഞ്ചേരി, എറണാകുളം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, ഇടുക്കി, കോന്നി, പാലക്കാട് എന്നിവിടങ്ങളിലുള്ള 12 മെഡിക്കൽ കോളേജുകളിലൂടെയാണ് കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നത്. നഴ്സിംഗ് വിദ്യാഭ്യാസം നൽകുന്നതിനായി എല്ലാ ജില്ലകളിലുമായി 14 നഴ്സിംഗ് കോളേജുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കണ്ണൂർ ജില്ലകളിൽ 6 ദന്തൽകോളേജുകൾ പ്രവർത്തിക്കുന്നു. ഇവ കൂടാതെ 4 ഫാർമസി കോളേജുകളും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമുണ്ട്. കാസർഗോഡ്, വയനാട് എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**പട്ടിക 6.2.27** വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ (ഒക്ടോബർ 2023 ലെ എണ്ണം)

| വിഭാഗം | ഗവൺമെന്റ് | എയ്ഡഡ് | അൺഎയ്ഡഡ് (സഹകരണം) | അൺഎയ്ഡഡ് (പ്രൈവറ്റ്) | ആകെ |
|---|---|---|---|---|---|
| മോഡേൺമെഡിസിൻ | 14 | | | 22 | 36 |
| ഡെന്റൽ | 6 | | | 20 | 26 |
| ആയുർവേദമെഡിസിൻ | 3 | 2 | | 12 | 17 |
| ഹോമിയോ മെഡിസിൻ | 3 | 3 | | 0 | 6 |
| സിദ്ധ മെഡിസിൻ | | | | 1 | 1 |
| നഴ്സിംഗ് | 15 | | 24 | 117 | 156 |
| ഫാർമസി | 5 | | 2 | 53 | 60 |
| പാരാമെഡിക്കൽ | 7 | | 7 | 54 | 68 |
| യുനാനി മെഡിസിൻ | | | | 1 | 1 |
| **ആകെ** | **53** | **5** | **33** | **280** | **371** |

***അവലംബം:*** കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ്  ആന്റ് അലൈഡ് സയൻസസ്

വിദ്യാഭ്യാസ മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് (എൻ.ഐ.ആർ.എഫ്) റാങ്ക് ചെയ്ത മികച്ച 50 മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് 42-ാം സ്ഥാനത്താണ്. ദന്തൽ കോളേജ് വിഭാഗത്തിൽ തിരുവനന്തപുരം സർക്കാർ ദന്തൽ കോളേജ് എൻ.ഐ.ആർ. എഫ് റാങ്കിംഗിൽ 21-ാം സ്ഥാനം നേടി. രാജ്യത്തെ സർക്കാർ മെഡിക്കൽ കേളേജുകളിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് 6-ാം സ്ഥാനത്തും തിരുനന്തപുരം സർക്കാർ ദന്തൽ കോളേജ് 5-ാം സ്ഥാനത്തും എത്തി.

2024 ഓഗസ്റ്റ് 31-ന് ഡി.എം.ഇ.യ്ക്ക് കീഴിലുള്ള ആകെ ഫാക്കൽറ്റികളുടെ എണ്ണം 3,626 ആണ്. 2024-25 ലെ സർക്കാർ മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ, പാരാ മെഡിക്കൽ കോഴ്സുകളുടെ വാർഷിക പ്രവേശനകണക്കുകൾ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള മെഡിക്കൽകോളേജുകളിലെ ക്ലിനിക്കൽ, നോൺക്ലിനിക്കൽ വിഭാഗത്തിലുള്ള ജീവനക്കാരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 6.2.9** ലും **6.2.10** ലും കൊടുത്തിരിക്കുന്നു. 2023-24 & 2024-25 വർഷങ്ങളിൽ മെഡിക്കൽ കോളേജ് ആശുപത്രികളുടെയും അനുബന്ധ സ്ഥാനങ്ങളുടെയും ഒരു താരതമ്യ വിശകലനം **അനുബന്ധം 6.2.11** ൽ കാണാം. 2024-25 കാലഘട്ടത്തിൽ മെഡിക്കൽ കോളേജ് സ്ഥാപനങ്ങളിലെ കിടക്കകളുടെ എണ്ണം മുൻവർഷത്തെ 15103 ൽ നിന്ന് 134 എണ്ണം വർധിച്ചു.


വിദ്യാഭ്യാസ മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (എൻ.ഐ.ആർ.എഫ്) റാങ്ക് ചെയ്ത മികച്ച 50 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് 42-ാം സ്ഥാനത്താണ്. ദന്തൽ കോളേജ് വിഭാഗത്തിൽ തിരുവനന്തപുരം സർക്കാർ ദന്തൽ കോളേജ് എൻ.ഐ.ആർ.എഫ് റാങ്കിംഗിൽ 21-ാം സ്ഥാനം നേടി. രാജ്യത്തെ സർക്കാർ മെഡിക്കൽ കേളേജുകളിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് 6-ാം സ്ഥാനത്തും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് 5-ാം സ്ഥാനത്തും എത്തി.

### കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് (കെ.യു.എച്ച്.എസ്.)

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെല്ത്ത് ആന്റ് അലൈഡ് സയൻസസ് ആക്ട് 2010 പ്രകാരം സ്ഥാപിതമായ ഈ സർവകലാശാല കൃത്യവും ചിട്ടയുള്ളതുമായ വിദ്യാഭ്യാസരീതി ഉറപ്പുവരുത്താനും ആധുനികവൈദ്യശാസ്ത്രം, ഹോമിയോ, ഭാരതീയ ചികിത്സാരീതി തുടങ്ങി എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലും പരിശീലന ഗവേഷണപരിപാടികൾ നടത്താനും ഉദ്ദേശിച്ചുള്ളതാണ്. 2010-11 അധ്യയന വർഷത്തിലാണ് സർവകലാശാലയിൽ അദ്ധ്യയന പ്രവർത്തനങ്ങൾ ആരംഭിച്ചത്. സർവ്വകലാശാലയ്ക്ക് കീഴിൽ 2024 ഒക്ടോബർ വരെ 371 പ്രൊഫഷണൽ കോളേജുകളാണ് ചേർക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 53 സർക്കാർ കോളേജുകൾ, 5 സർക്കാർ ധനസഹായമുള്ള കോളേജുകൾ, 33 സ്വാശ്രയ സഹകരണ കോളേജുകൾ, 280 സ്വാശ്രയ കോളേജുകൾ എന്നിവ ഉൾപ്പെടുന്നു. അലോപ്പതി, ആയുർവേദ, സിദ്ധ, യുനാനി, യോഗ, നാച്ചുറോപ്പതി, നഴ്സിംഗ്, ഫാർമസ്യൂട്ടിക്കൽ സയൻസ്, പാരാമെഡിക്കൽ തുടങ്ങി കേരളത്തിലെ എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലേയും പ്രൊഫഷണൽ കോളേജുകൾ ഈ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് കോളേജുകളുടെ വിശദാംശങ്ങൾ **പട്ടിക 6.2.27** ൽ കൊടുത്തിരിക്കുന്നു.

2024 ഒക്ടോബർ വരെ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആൻഡ് അലൈഡ് സയൻസസുമായി (കെയുഎച്ച്എസ്) അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ ഗ്രാഫിക്കൽ പ്രാതിനിധ്യം **ചിത്രം 6.2.2** ൽ നൽകിയിരിക്കുന്നു. കെ.യു.

**ചിത്രം 6.2.2** കെയുഎച്ച്എസിന് കീഴിലുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകൾ ശതമാനം




***അവലംബം:*** കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ് സയൻസസ്

എച്ച്.എസുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മൊത്തം കോളേജുകളുടെ 14 ശതമാനം മാത്രമാണ് സർക്കാർ, സർക്കാർ എയ്ഡഡ് കോളേജുകൾ.

വിവിധ ആരോഗ്യശാസ്ത്ര വിഭാഗങ്ങളിലായി 2024-25 -ൽ ഏകദേശം 27188 (5356 വിദ്യാർത്ഥികളും 21832 വിദ്യാർത്ഥിനികളും) വിദ്യാർത്ഥികൾ പഠനം നടത്തുന്നു. ഓരോ വിഭാഗത്തിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെയും ഓരോ വിഭാഗത്തിലെയും വിദ്യാർത്ഥികളുടെ പുരുഷ/സ്ത്രീ എണ്ണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.28** ൽ നൽകിയിരിക്കുന്നു

**പട്ടിക 6.2.28** ഓരോ പഠനശാഖയിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെ വിശദാംശങ്ങൾ, പുരുഷ/സ്ത്രീ വിദ്യാർത്ഥികളുടെ എണ്ണം, 2024 ഒക്ടോബർ

| വിഭാഗം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| മോഡേൺ മെഡിസിൻ | 2048 | 3908 | 5956 |
| ഡെന്റൽ | 347 | 1810 | 2157 |
| ആയുർവേദ മെഡിസിൻ | 148 | 915 | 1063 |
| ആയുർവേദ നഴ്സിംഗ് | 1 | 19 | 20 |
| ആയുർവേദ ഫാർമസി | 2 | 13 | 15 |
| ഹോമിയോ മെഡിസിൻ | 44 | 346 | 390 |
| സിദ്ധമെഡിസിൻ | 4 | 19 | 23 |
| നഴ്സിംഗ് | 1523 | 8407 | 9930 |
| ഫാർമസി | 802 | 3646 | 4448 |
| പാരാമെഡിക്കൽ | 421 | 2710 | 3131 |
| യുനാനി മെഡിസിൻ | 16 | 39 | 55 |
| **ആകെ** | **5356** | **21832** | **27188** |

***അവലംബം :*** കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ് സയൻസസ്

**ആയുഷ് (ആയുർവേദം, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി)**

**ഭാരതീയ വൈദ്യശാസ്ത്രസമ്പ്രദായം**

ആയുർവ്വേദം രോഗങ്ങൾ ചികിത്സിക്കാനുള്ള ശാസ്ത്രം മാത്രമല്ല, മറിച്ച് സമ്പൂർണ്ണമായ ഒരു ജീവിതശൈലി കൂടിയാണ്. ആയുർവ്വേദ, സിദ്ധ, യുനാനി, വിഷ, നേത്ര, പ്രകൃതിജീവനം എന്നീ ശൃംഖലകളിലൂടെ ആയുർവേദ വകുപ്പ് ജനങ്ങൾക്ക് വൈദ്യ സഹായം നല്കിവരുന്നു. ഈ വകുപ്പിന് കീഴിൽ മാനസീകരോഗാശുപത്രി (1), പഞ്ചകർമ്മ(1), പ്രകൃതി ചികിത്സ(1), സിദ്ധ(1), വിഷ(3), സ്പോർട്സ് ആയുർവേദ(1), മർമ്മ(1) തുടങ്ങിയ സ്പെഷ്യൽ ആശുപത്രികളും പ്രവർത്തിച്ചു വരുന്നു. ഐ.എസ്.എം.ന്റെ കീഴിൽ ഇപ്പോൾ 130 ആശുപത്രികളും 818 ഡിസ്പെൻസറികളുമുണ്ട്. ഇതിൽ ആയുർവേദം (806), വിഷ (4), സിദ്ധ (6), പ്രകൃതി ചികിത്സ (1), യുനാനി (1) എന്നിവ ഉൾപ്പെടുന്നു. ഈ ആശുപത്രികളിലെ കിടക്കകളുടെ ആകെ എണ്ണം 3,154 ആണ്. സംസ്ഥാന ഔഷധബോർഡ്, ഔഷധസസ്യങ്ങളുടെ കൃഷി, സംരക്ഷണം, ഗവേഷണം, വികസനം, വ്യാപനം, എന്നിവ ഏകോപിപ്പിച്ചുകൊണ്ടുപോകുന്നു. 2022-23 ലും 2023-24 ലും ഐ.എസ്.എം.ന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാനസ്ഥാപനങ്ങൽ, കിടക്കകൾ, രോഗികൾ എന്നിവ ജില്ലതിരിച്ച് **അനുബന്ധം 6.2.12** ൽ കൊടുത്തിരിക്കുന്നു.

സാധാരണ വൈദ്യചികിത്സയ്ക്കുപുറമേ സ്പെഷ്യൽ പ്രോജക്ടുകളും ഭാരതീയ ചികിത്സാവകുപ്പ് 2023-24, 2024-25 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. അത്തരം പ്രോജക്ട്കളാണ്; ദൃഷ്ടി, ജീവനി, പുനർനവ, സ്നേഹധാര, ജറിയാട്രിക് കെയർ, യോഗ, സ്പോർട്സ് മെഡിസിൻ, പഞ്ചകർമ്മ, ക്ഷാരസൂത്ര, മാനസികം, കൗമാരഭൃത്യം, പ്രസൂതിതന്ത്ര, കുട്ടികളുടെയും കൗമാരക്കാരുടെയും പരിചരണം, സിക്കിൽ സെൽ, നിർവിഷ, സിദ്ധ, കുട്ടികളുടെയും കൗമാരക്കാരുടെയും പരിചരണം മുതലായവ. പ്രത്യേക പ്രോജക്ട്കൾ, നടപ്പാക്കിയ ജില്ലകൾ, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 6.2.13** ൽ നൽകിയിരിക്കുന്നു.

### ആയുഷ് (ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി)

മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ നിലവാരം നിശ്ചയിക്കാൻ ഭാരതസർക്കാർ രണ്ട് റെഗുലേറ്ററി ബോഡികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ ആദ്യത്തേത് ആയുർവേദം, യുനാനി, സിദ്ധ എന്നീ വൈദ്യശാസ്ത്ര മേഖലകളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടേയും നിയന്ത്രണത്തിനായുള്ള ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ (ഐ.എം.സി.സി.) ആക്ട് 1970 ന് കീഴിൽ ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ (സി.സി.ഐ.എം) ആണ്. രണ്ടാമത്തേത് ഹോമിയോ മെഡിക്കൽ സംവിധാനത്തിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടെയും നിയന്ത്രണത്തിനുള്ള ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1973 കീഴിൽ ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയാണ്. നിലവിൽ യോഗയും പ്രകൃതി ചികിത്സയും പ്രത്യേകം മരുന്നുകൾ ഉപയോഗിക്കാത്തതിനാൽ ഇവയെ പൂർണ്ണമായും നിയന്ത്രിക്കുന്നില്ല.

### ദേശീയ ആയുഷ് മിഷൻ

കേന്ദ്രസർക്കാരിന്റെ ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ്മിഷൻ ആരംഭിച്ചിരിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ ആയുഷ്സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ സിദ്ധ-യുനാനി-ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. ഓഗസ്റ്റ് 08, 2015 ന് സംസ്ഥാനത്ത് കേരള സർക്കാർ ആയുഷ് വകുപ്പ് ആരംഭിച്ചു. കഴിഞ്ഞ അഞ്ച് വർഷത്തെ കേന്ദ്ര ഫണ്ട് റിലീസ് **പട്ടിക 6.2.29**-ൽ നൽകിയിരിക്കുന്നു.

ദേശീയ ആയുഷ് മിഷന്റെ കേരളത്തിലേക്കുള്ള കേന്ദ്ര റിലീസ് വിവിധ സാമ്പത്തിക വർഷങ്ങളിൽ വർദ്ധിച്ചു.

### ആയുർവ്വേദ മരുന്ന് നിർമ്മാണം–ഔഷധി

ഇന്ത്യയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ ആയുർവേദ മരുന്ന് നിർമ്മാണശാലയാണ് ഔഷധി. ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണിത്. ആയുർവേദ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ആയുർവേദമരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്യുന്ന സ്ഥാപനം ഔഷധിയാണ്. കേരളത്തിൽ മരുന്നുകൾ ഔഷധി ആയുർവേദവകുപ്പിന് മാർക്കറ്റ് വിലയെക്കാളും 30 ശതമാനം വിലക്കുറവിലാണ് നല്കുന്നത്. ഐ.എസ്.എം. ഈ മരുന്നുകൾ സംസ്ഥാനത്തെ ദരിദ്രരായ രോഗികൾക്ക് സൗജന്യമായി നൽകുന്നു. സംസ്ഥാനത്തുടനീളവും സംസ്ഥാനത്തിന് പുറത്തുമുള്ള 849 പ്രത്യേക ഏജൻസികളിലൂടെ പൊതുജനത്തിനും കമ്പനി മരുന്ന് എത്തിക്കുന്നു. 2022-23 കാലയളവിൽ നികുതിക്കു മുൻപുള്ള സ്ഥാപനത്തിന്റെ ലാഭം 57.94 കോടി രൂപയായിരുന്നത് 2023-24 ൽ 63.37 കോടി രൂപയായി.

### ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം – ആയുർവ്വേദകോളേജുകൾ

തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ എന്നിവിടങ്ങളിലായി 1385 കിടക്കകളുള്ള മൂന്ന് സർക്കാർ ആയുർവ്വേദ മെഡിക്കൽകോളേജുകളുണ്ട്. 2023-24 ൽ 8361 ഇൻപേഷ്യൻസിനും 416817 ഔട്ട്പേഷ്യൻസിനും ചികിത്സ നൽകുകയുണ്ടായി. ഇത് 2024-25 ൽ (ഓഗസ്റ്റ് 31 വരെ) യഥാക്രമം 3979 ഉം 159820 ഉം ആണ്. തിരുവനന്തപുരം ആയുർവ്വേ മെഡിക്കൽകോളേജിന് കീഴിൽ പഞ്ചകർമ്മാശുപത്രിയും, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുമുണ്ട്. 2 എയ്ഡഡ് ആയുർവേദകോളേജുകളും, 12 സ്വാശ്രയ ആയുർവേദകോളേജുകളും, ഒരു സ്വാശ്രയസിദ്ധ കോളേജും, ഒരു സ്വാശ്രയ യുനാനി കോളേജും, 6 പാരാമെഡിക്കൽ സ്വാശ്രയകോളേജുകളും മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. സർക്കാർ തലത്തിൽ ബിരുദകോഴ്സിന് 226, ബിരുദാനന്തരബിരുദകോഴ്സിന് 162, പാരാമെഡിക്കൽ പിജി ഡിപ്ലോമ കോഴ്സുകൾക്ക് 30 എന്നിങ്ങനെ വിദ്യാർത്ഥികൾ വാർഷിക പ്രവേശനം നേടുന്നുണ്ട്. 2023-24, 2024-25 കാലയളവിൽ (ഓഗസ്റ്റ് 31 വരെ) കേരളത്തിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിന്

**പട്ടിക 6.2.29** ദേശീയ ആയുഷ് മിഷൻ കേരളയുടെ വർഷം തിരിച്ചുള്ള വിഭവ വിഹിതം (തുക ലക്ഷത്തിൽ)

| വർഷം | കേന്ദ്ര റിസോഴ്സ് എൻവലപ്പ് | നിർദ്ദേശം സമർപ്പിച്ചത് | കേന്ദ്ര അംഗീകാരം ലഭിച്ചത് | കേന്ദ്ര വിഹിതം ലഭിച്ചത് | സംസ്ഥാന വിഹിതം ലഭിച്ചത് |
|---|---|---|---|---|---|
| 2018-19 | 2700.30 | 5819.47 | 4329.73 | 2597.84 | 1731.89 |
| 2019-20 | 2072.8 | 3500.26 | 2567.56 | 1540.53 | 1027.02 |
| 2020-21 | 3544.3 | 4461.68 | 3562.65 | 2337.58 | 1558.39 |
| 2021-22 | 2444.05 | 3499.48 | 3462.13 | 1153.38 | 768.92 |
| 2022-23 | 4229.7 | 10072.72 | 9777.40 | 4399.27 | 2933.15 |
| 2023-24 | 9869.9 | 17894.83 | 17754.33 | 7989.4 | 5326.34 |

***അവലംബം:*** ആയുഷ് മിഷൻ കേരള

**ബോക്സ് 6.2.3** ആരോഗ്യമേഖലയുടെ പ്രധാന നേട്ടങ്ങൾ

| | |
|---|---|
| സർക്കാരിലെ ആകെ ഡോക്ടർമാരുടെ എണ്ണം ആശുപത്രികൾ | 13900 |
| മോഡേൺ മെഡിസിനിൽ ആകെയുള്ള ഡോക്ടർമാരുടെ എണ്ണം | 10868 |
| ആയുഷിലെ ആകെ ഡോക്ടർമാരുടെ എണ്ണം | 3032 |
| സർക്കാർ ആശുപത്രികളിലെ മൊത്തം കിടക്കകളുടെ എണ്ണം | 59847 |
| ആയുഷ് വകുപ്പുകളിലെ മൊത്തം കിടക്കകളുടെ എണ്ണം | 5755 |
| ഗവൺമെന്റിൽ മോഡേൺ മെഡിസിനിൽ ആകെയുള്ള കിടക്കകളുടെ എണ്ണം. | 54092 |
| കിടക്കയുള്ള സർക്കാർ മെഡിക്കൽ സ്ഥാപനങ്ങൾ എണ്ണം | 1471 |
| ആരോഗ്യ സേവന വകുപ്പിന് കീഴിലുള്ള മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ എണ്ണം | 28235 |
| സർക്കാർ മെഡിക്കൽ കോളേജുകളിലെ യുജി സീറ്റുകളുടെ എണ്ണം | 3799 |
| സർക്കാർ മെഡിക്കൽ കോളേജുകളിലെ പിജി/സ്പെഷ്യാലിറ്റി സീറ്റുകളുടെ എണ്ണം | 1313 |
| സർക്കാർ മെഡിക്കൽ കോളേജുകളിലെ പാരാമെഡിക്കൽ ഡിപ്ലോമ സീറ്റുകളുടെ എണ്ണം | 1073 |
| ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡുള്ള ആളുകളുടെ എണ്ണം (ഇ-ഹെൽത്ത്) | 2,59,55,998 |
| മൊത്തം സർക്കാർ ചെലവിലേക്കുള്ള ആരോഗ്യ ചെലവിന്റെ ശതമാനം (2022-23 അക്കൗണ്ട്സ്) | 6.43 |
| ജി.എസ്.ഡി.പി യിലേക്കുള്ള ആരോഗ്യ ചെലവിന്റെ ശതമാനം (2022-23 അക്കൗണ്ട്സ്) | 1.66 |
| കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ എൻറോൾ ചെയ്ത ആകെ കുടുംബങ്ങളുടെ എണ്ണം | 41.99 lakh |
| കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ് സയൻസസ് -ൽ അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ ആകെ എണ്ണം | 371 |
| ഒരു വർഷത്തിൽ കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ് സയൻസസ് -ൽ അഫിലിയേറ്റ് ചെയ്ത മൊത്തം വിദ്യാർത്ഥികളുടെ എണ്ണം | 27188 |
| സംസ്ഥാനത്തെ എൻക്യൂഎഎസ് അംഗീകൃത സർക്കാർ സ്ഥാപനങ്ങൾ (എണ്ണം) | 187 |
| സംസ്ഥാനത്തെ കാഷ് അംഗീകൃത സർക്കാർ സ്ഥാപനങ്ങൾ (എണ്ണം) | 208 |
| ലക്ഷ്യ സർട്ടിഫൈഡ് സ്ഥാപനങ്ങളുടെ എണ്ണം | 12 |

***അവലംബം:*** വിവിധ ആരോഗ്യ വകുപ്പുകൾ / സ്ഥാപനങ്ങൾ

കീഴിൽ ചികിത്സിച്ച രോഗികളുടെയും കിടക്കകളുടെയും കോളേജ് തിരിച്ചുള്ള വിതരണം **അനുബന്ധം 6.2.14**-ൽ നൽകിയിരിക്കുന്നു.

**ഹോമിയോപ്പതി**

സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 709 ഹോമിയോപ്പതി ഡിസ്പെൻസറികൾ 14 ജില്ലാ ആശുപത്രികൾ, 17 താലൂക്ക് ആശുപത്രികൾ, 2 ടെൻ ബെഡ്ഡ് ആശുപത്രികൾ, ഒരു ആശുപത്രി എന്നിവയിലായി 1000 കിടക്കകൾ ഉണ്ട്. കൂടാതെ ഹോമിയോപ്പതി ഡയറക്ടറേറ്റിന് കീഴിൽ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി (ഹോംകോ) എന്ന മരുന്ന് നിർമ്മാണ യൂണിറ്റ് ഉണ്ട്. കഴിഞ്ഞ 30 വർഷങ്ങളായി ഹോംകോ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2023-24 കാലയളവിൽ ഹോംകോയുടെ മൊത്തലാഭം 13.78 കോടിയാണ്. 2023 ലും 2024 ലും ഹോമിയോപ്പതി വകുപ്പിന് കീഴിൽ ജില്ല തിരിച്ചുള്ള സ്ഥാപനങ്ങൾ, കിടക്കകൾ, ചികിത്സ നേടിയ രോഗികളുടെ എണ്ണം എന്നിവ **അനുബന്ധം 6.2.15** ൽ കൊടുത്തിട്ടുണ്ട്.

**ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം**

സർക്കാർതലത്തിൽ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള രണ്ട് ഹോമിയോ മെഡിക്കൽകോളേജുകൾ വഴി ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നു. ഇവ കൂടാതെ 3 എയ്ഡഡ് കോളേജുകളും, ഒരു അൺഎയ്ഡഡ് പരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഉം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ആകെ കിടക്കകൾ 116 ഉം കോഴിക്കോട് 100 ഉം ആണ്. 2023-24 ൽ ഈ രണ്ടു മെഡിക്കൽകോളേജുകളിലായി ചികിത്സ ലഭിച്ച ഇൻപേഷ്യന്റ്സ് 27925 ഉം ഔട്ട് പേഷ്യന്റ്സ് 154976 ഉം ആണ്. 2024-25 ൽ (ഓഗസ്റ്റ് 31 വരെ) 10750 ഐപി, 110692 ഒപി, എന്നിങ്ങനെയായിരുന്നു കണക്കുകൾ. ആറ് ഹോമിയോ മെഡിക്കൽ കോളേജുകളിലെയും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെയും കോഴ്സുകളുടെയും കോഴ്സുകളിലെ വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം, കിടക്കകളുടെയും ചികിത്സിക്കുന്ന രോഗികളുടെയും വിതരണം എന്നിവ **അനുബന്ധം 6.2.16**-ൽ നൽകിയിരിക്കുന്നു.

### ഭാവി വീക്ഷണം

ആരോഗ്യനിലയിലെ പുരോഗതി മനുഷ്യവികസനത്തിന്റെ ഒരു നിർണായക സൂചകമാണ്. കേരളത്തിന്റെ ശക്തമായ പൊതുജനാരോഗ്യ സംരക്ഷണ സംവിധാനം സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്ക് അടിത്തറയായി വർത്തിക്കുന്നു. ആരോഗ്യമുള്ള ഒരു ജനത കൂടുതൽ ഉൽപ്പാദനക്ഷമതയുള്ളതും സാമ്പത്തിക വളർച്ചയ്ക്ക് ഗണ്യമായ സംഭാവന നല്കാൻ ശേഷിയുള്ളതുമാണ്, മൊത്തത്തിലുള്ള വികസനത്തിന് ആരോഗ്യ സംരക്ഷണത്തിലെ നിക്ഷേപങ്ങൾ അനിവാര്യമാക്കുന്നു. കേരളം 14-ാം പഞ്ചവത്സര പദ്ധതിയിലൂടെ കടന്നുപോകുമ്പോൾ, ആരോഗ്യ ഗുണങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ സംരക്ഷണ സംവിധാനത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനും നിരവധി പ്രധാന മേഖലകളെ പരിഗണിക്കേണ്ടത് വളരെ പ്രധാനമാണ്:

**പൊതുവായ ആരോഗ്യം:** സാംക്രമികവും അല്ലാത്തതുമായ രോഗങ്ങളെ നേരിടുന്നതിന് പൊതുവായ ആരോഗ്യ സേവനങ്ങളുടെ തുടർച്ചയായ വിലയിരുത്തലും മെച്ചപ്പെടുത്തലും ആവശ്യമാണ്. ഇതിൽ പ്രതിരോധ നടപടികൾ, ആരോഗ്യ വിദ്യാഭ്യാസം, ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുള്ള കമ്മ്യൂണിറ്റി ഔട്ട്റീച്ച് പ്രോഗ്രാമുകൾ എന്നിവ ഉൾപ്പെടുന്നു.

**ഗ്രാമീണ ആരോഗ്യം:** ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ ഗ്രാമപ്രദേശങ്ങൾ പലപ്പോഴും സവിശേഷമായ വെല്ലുവിളികൾ നേരിടുന്നു. ഗ്രാമീണ ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, ആരോഗ്യ സംരക്ഷണ വിദഗ്ധരുടെ ലഭ്യത വർദ്ധിപ്പിക്കുക, ഗതാഗത, ആശയവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവ ആരോഗ്യ സംരക്ഷണത്തിലെ വിടവ് നികത്താൻ സഹായിക്കും.

**പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം:** ആദിവാസി ജനതയുടെ ആരോഗ്യ ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ ആവശ്യമാണ്. പരമ്പരാഗത രീതികളെ ബഹുമാനിക്കുകയും ആധുനിക ആരോഗ്യ ഇടപെടലുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സാംസ്കാരികമായി സംവേദനക്ഷമതയുള്ള ആരോഗ്യ പരിപാടികൾ ഈ സമൂഹങ്ങളിലെ ആരോഗ്യ ഫലങ്ങൾ മെച്ചപ്പെടുത്തും.

**നഗര ആരോഗ്യം:** നഗര ആരോഗ്യ വെല്ലുവിളികളെ നേരിടുന്നതിന് ചേരി നിവാസികളുടെ സവിശേഷ ആവശ്യങ്ങളായ ആരോഗ്യ സംരക്ഷണത്തിനുള്ള അപര്യാപ്തത, മോശം ശുചിത്വം, പോഷകാഹാരക്കുറവ്, ഉയർന്ന തോതിലുള്ള പകർച്ചവ്യാധികൾ എന്നിവ പരിഗണിക്കുന്ന ഒരു ബഹുമുഖ സമീപനം ആവശ്യമാണ്. ജനത്തിരക്ക്, പാരിസ്ഥിതിക അപകടങ്ങൾ, പരിമിതമായ വിഭവങ്ങൾ എന്നിവ കാരണം താമസക്കാർ ഗണ്യമായ ആരോഗ്യ അപകടസാധ്യതകൾ നേരിടുകയും അത് നിലവിലുള്ള ആരോഗ്യ അസമത്വങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ആരോഗ്യ പരിചരണം വർദ്ധിപ്പിക്കൽ, സമൂഹ ഇടപെടൽ വളർത്തൽ എന്നിങ്ങനെയുള്ള ഒരു സമഗ്ര സമീപനം ഈ വെല്ലുവിളികളെ നേരിടാൻ ആവശ്യമാണ്.

**അതിഥി തൊഴിലാളികൾ:** ജോലി സാഹചര്യങ്ങൾ, ജീവിതശൈലി, ശാരീരിക അപകടസാധ്യതകൾ, അപകടകരമായ വസ്തുക്കളുമായി സമ്പർക്കം പുലർത്തൽ, പകർച്ചവ്യാധികൾ, ആരോഗ്യ സംരക്ഷണത്തിനുള്ള ലഭ്യതക്കുറവ് തുടങ്ങിയ വിവിധ ഘടകങ്ങൾ കാരണം അതിഥി തൊഴിലാളികൾ നിരവധി ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നു.

**സ്ത്രീകളുടെ ആരോഗ്യം:** പ്രത്യുൽപാദന ആരോഗ്യം, മാതൃ ആരോഗ്യം, ആരോഗ്യ സേവനങ്ങളുടെ ലഭ്യത എന്നിവയുൾപ്പെടെയുള്ള സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് നിർണായകമാണ്. സ്ത്രീകളെ ശാക്തീകരിക്കുകയും സമഗ്രമായ ആരോഗ്യ വിദ്യാഭ്യാസം നൽകുകയും ചെയ്യുന്നതിലൂടെ സ്ത്രീകൾക്കും അവരുടെ കുടുംബങ്ങൾക്കും മെച്ചപ്പെട്ട ആരോഗ്യ ഫലങ്ങൾ കൈവരിക്കാൻ സഹായിക്കും.

**മാതൃ–ശിശു ആരോഗ്യ സംരക്ഷണം:** മാതൃ-ശിശു ആരോഗ്യത്തിൽ തുടർച്ചയായ ശ്രദ്ധ അത്യാവശ്യമാണ്. പ്രസവത്തിനു മുമ്പും പ്രസവത്തിനു ശേഷവുമുള്ള പരിചരണം, പ്രതിരോധ കുത്തിവയ്പ്പ്, പോഷകാഹാരം എന്നിവ പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾക്ക് മാതൃ-ശിശു മരണനിരക്ക് ഗണ്യമായി കുറയ്ക്കാൻ കഴിയും.

**ആരോഗ്യ ഇൻഷുറൻസ്:** ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ വിപുലീകരിക്കുന്നത് കുടുംബങ്ങളുടെ തനത് ചെലവുകൾ കുറയ്ക്കാൻ സഹായിക്കും, അതുവഴി ആരോഗ്യ സംരക്ഷണം കൂടുതൽ പ്രാപ്യവും താങ്ങാനാവുന്നതുമാക്കും. താഴ്ന്ന വരുമാനക്കാർക്കായി രൂപകൽപ്പന ചെയ്ത നൂതന ഇൻഷുറൻസ് മോഡലുകൾക്ക് ആരോഗ്യവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് സാമ്പത്തിക സംരക്ഷണം വർദ്ധിപ്പിക്കാൻ കഴിയും.

**മെഡിക്കൽ ടൂറിസം:** ആരോഗ്യ സേവനങ്ങളിൽ കേരളത്തിന്റെ ശക്തി പ്രയോജനപ്പെടുത്തി മെഡിക്കൽ ടൂറിസത്തെ പ്രോത്സാഹിപ്പിക്കാം. വിദഗ്ധ ആരോഗ്യ സൗകര്യങ്ങളിലെ നിക്ഷേപം, വെൽനസ് ടൂറിസം പ്രോത്സാഹിപ്പിക്കൽ, ഉയർന്ന നിലവാരത്തിലുള്ള പരിചരണം ഉറപ്പാക്കൽ എന്നിവ ആഭ്യന്തര, അന്തർദേശീയ രോഗികളെ ആകർഷിക്കും.

ഇത്തരം വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിന് കേരളത്തിലെ പൊതുജനാരോഗ്യ സംരക്ഷണ സംവിധാനം തുടർച്ചയായി ശക്തിപ്പെടുത്തേണ്ടതുണ്ട്. സൗകര്യങ്ങൾ നവീകരിക്കൽ, സാങ്കേതികവിദ്യയിൽ നിക്ഷേപം നടത്തുക, ആരോഗ്യ സംരക്ഷണ വിദഗ്ധരെ പരിശീലിപ്പിക്കുക, സർക്കാർ ഏജൻസികൾ, സർക്കാരിതര സംഘടനകൾ, സ്വകാര്യ മേഖല എന്നിവയുൾപ്പെടെ വിവിധ പങ്കാളികൾ തമ്മിലുള്ള സഹകരണം വളർത്തിയെടുക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഈ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ, കേരളത്തിന് അതിന്റെ ആരോഗ്യ ഫലങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും എല്ലാ പൗരന്മാർക്കും ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാനും സമൂഹത്തിന്റെ മൊത്തത്തിലുള്ള മാനുഷിക വികസനത്തിന് സംഭാവന നൽകാനും കഴിയും.

## 6.3 ജനസംഖ്യ ഘടനയിലെ മാറ്റങ്ങൾ

ഉയർന്ന സാക്ഷരതാ നിരക്കിനും സാമൂഹിക വികസനത്തിനും പേരുകേട്ട കേരളം ഗണ്യമായ ജനസംഖ്യാപരമായ പരിവർത്തനം നേരിട്ടു കൊണ്ടിരിക്കുകയാണ്. പ്രത്യുൽപാദന നിരക്ക് കുറയുക, ആയുർദൈർഘ്യം വർധിക്കുക, വർദ്ധിച്ചുവരുന്ന പ്രായമായ ജനസംഖ്യ എന്നിവയാലുള്ള മാറ്റങ്ങൾ സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക സ്ഥിതിയിൽ ആഴത്തിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുണ്ട്. കുറഞ്ഞുവരുന്ന ജനനനിരക്കും വർധിച്ചുവരുന്ന ആയുർദൈർഘ്യവും കാരണം കേരളം ഒരു വയോജന സമൂഹമായി മാറിയിട്ടുണ്ട്. ഇതിനർത്ഥം ജനസംഖ്യയുടെ വലിയൊരു ഭാഗം 60 വയസ്സിനു മുകളിലുള്ളവരാണെന്നാണ്. അതിനാൽ ജനസംഖ്യാപരമായ മാറ്റത്തിന്റെ സാമ്പത്തിക, സാമൂഹിക, ആരോഗ്യ പരിപാലന പ്രത്യാഘാതങ്ങളെ കേരളം അഭിമുഖീകരിക്കേണ്ടതുണ്ട്. ജനനനിരക്ക് കുറയുന്നതിലൂടെ യുവാക്കളായ തൊഴിലാളികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നത് സാമ്പത്തിക വളർച്ചയെയും ഉൽപാദനക്ഷമതയെയും ബാധിക്കും. വർദ്ധിച്ചുവരുന്ന പ്രായമായ ജനസംഖ്യ ആശ്രിതത്വ അനുപാതം വർദ്ധിപ്പിക്കുകയും, ഇത് സാമൂഹിക സുരക്ഷാ സംവിധാനങ്ങളിലും ആരോഗ്യ സംരക്ഷണ സൗകര്യങ്ങളിലും സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നു. പ്രായമായ ജനസംഖ്യയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സംസ്ഥാനം അതിന്റെ സാമ്പത്തിക ഘടനയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

വയോജനങ്ങളുടെ അവരുടെ കുടുംബങ്ങളുടെയും അവർ ജീവിക്കുന്ന സമൂഹത്തിന്റെയും ജീവിതരീതി മെച്ചപ്പെടുത്തുന്നതിനായി സർക്കാരുകൾ, പൗരസമൂഹങ്ങൾ, അന്താരാഷ്ട്ര ഏജൻസികൾ, പ്രൊഫഷണലുകൾ, മാധ്യമങ്ങൾ, സ്വകാര്യ മേഖല എന്നിവയെ ഒരുമിച്ച് കൊണ്ടുവരുന്ന ഒരു ആഗോള സഹകരണമാണ് ഐക്യരാഷ്ട്രസഭയുടെ ആരോഗ്യകരമായ ഏജിംഗ് ദശകം (2021-2030). ഇത് ആരോഗ്യകരമായ വാർദ്ധക്യത്തിനു വേണ്ടി നിലകൊള്ളുന്നു. അത് രോഗങ്ങൾ ഇല്ലായ്മ മാത്രമല്ല ഉദ്ദേശിക്കുന്നത്. പ്രായമായവരുടെ ജീവിത ചുറ്റുപാടുകളും അവരുടെ ക്ഷേമം നിർണ്ണയിക്കുന്ന പ്രധാന ഘടകമാണ്. വർദ്ധിച്ച് വരുന്ന ജനസംഖ്യക്ക് ആരോഗ്യ സംവിധാനങ്ങളിലും സേവനങ്ങളിലും കൂടുതൽ നിക്ഷേപം ആവശ്യമാണ്, പ്രത്യേകിച്ച് ദീർഘകാല രോഗങ്ങളുമായും മുതിർന്നവരുടെ പരിചരണവുമായും ബന്ധപ്പെട്ടവ. പ്രായമാകുന്ന ജനസംഖ്യയുടെ ആരോഗ്യ സംരക്ഷണത്തിനായി വർദ്ധിച്ചുവരുന്ന ചെലവ് വ്യക്തികൾക്കും സർക്കാരിനും വർദ്ധിച്ച തോതിൽ സാമ്പത്തിക ബാധ്യത ഉണ്ടാക്കും.

ആരോഗ്യകരമായ വാർദ്ധക്യം എന്നത് വാർദ്ധക്യത്തിൽ സുഖകരമായ ജീവിതം ഉറപ്പുവരുത്തുന്ന പ്രവർത്തനശേഷി വികസിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നതായി നിർവചിക്കപ്പെടുന്നു. കേവലം പ്രായം കൊണ്ട് മാത്രം ഒരു വ്യക്തിയുടെ പ്രവർത്തനശേഷി നിർണ്ണയിക്കാൻ കഴിയില്ല, അതിൽ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റൽ, പഠനം, വളർച്ച, തീരുമാനങ്ങൾ എടുക്കൽ, ചലനശേഷി നിലനിർത്തൽ, ബന്ധങ്ങൾ സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യൽ, സമൂഹത്തിന് സംഭാവന ചെയ്യൽ തുടങ്ങിയ നിർണ്ണായക ഘടകങ്ങളും ഉൾപ്പെടുന്നുണ്ട്. ഇവ ഉണ്ടാവുന്നത് ഒരു വ്യക്തിയുടെ അന്തർലീനമായ കഴിവുകളുടെയും, പരിസ്ഥിതിയുടെയും, അത്തരമൊരു പരിസ്ഥിതിയ്ക്കകത്ത് നടത്തുന്ന ഇടപെടലുകളുടെയും സംയോജനത്തിൽ നിന്നാണ്.

**ജനസംഖ്യാ പരിവർത്തനം – ഇന്ത്യയും കേരളവും**

2011 ലെ സെൻസസ് പ്രകാരം, ഇന്ത്യയിൽ ഏകദേശം 104 ദശലക്ഷം വയോധികരുണ്ട് (60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവർ), അതിൽ 52.8 ദശലക്ഷം സ്ത്രീകളും 51.1 ദശലക്ഷം പുരുഷന്മാരുമാണ്. 60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവരുടെ ജനസംഖ്യയുടെ ശതമാനം ഇന്ത്യയിൽ 8.6 ഉം കേരളത്തിൽ 12.6 ഉം

ആയിരുന്നു. ഇന്ത്യയിലെ വാർദ്ധക്യത്തിന്റെ വളർച്ചാ നിരക്ക് ദക്ഷിണേഷ്യൻ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മിതമായ തോതിലാണ്. പ്രായമായവരുടെ അനുപാതം 2021 ൽ 10.1 ശതമാനമായും 2031 ൽ 13.1 ശതമാനമായും 2036 ൽ 15 ശതമാനമായും വർദ്ധിക്കുമെന്ന് പ്രവചിക്കപ്പെടുന്നു. കേരളത്തിലെ അനുബന്ധ കണക്കുകൾ യഥാക്രമം 16.5 ശതമാനം, 20.9 ശതമാനം, 22.8 ശതമാനം എന്നിങ്ങനെയാണ്. കേരളത്തിൽ 60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവരുടെ ആകെ ജനസംഖ്യ 2036 ൽ 8.4 ദശലക്ഷമാകുമെന്ന് കണക്കാക്കപ്പെടുന്നു. (ഇന്ത്യ ഏജിംഗ് റിപ്പോർട്ട് 2023; ദി എൽഡേർലി ഇൻ ഇന്ത്യ റിപ്പോർട്ട് 2021; 2011-36 കാലയളവിലെ ജനസംഖ്യാ പ്രൊജക്ഷൻ, ഓഫീസ് ഓഫ് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ (RGI)).

2011-2021 കാലയളവിൽ ജനസംഖ്യ വളർച്ചാ നിരക്ക് 12.4 ശതമാനമായിരുന്നുവെന്നും അതേ കാലയളവിൽ വയോജന ജനസംഖ്യയുടെ വളർച്ചാ നിരക്ക് 36 ശതമാനമാണെന്നും 'ദി എൽഡേർലി ഇൻ ഇന്ത്യ റിപ്പോർട്ട് 2021' എടുത്തുകാണിക്കുന്നു. വയോജന ജനസംഖ്യയുടെ വാർഷിക വളർച്ചാ നിരക്ക് ദേശീയ തലത്തിൽ 3.3 ശതമാനവും കേരളത്തിൽ 4.0 ശതമാനവുമാകുമെന്ന് പ്രതീക്ഷിക്കുന്നു.

2031-ൽ ഇന്ത്യയിലെ പ്രായമായ സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലായിരിക്കുമെന്ന് കണക്കാക്കപ്പെടുന്നു. 2031-ൽ ജനസംഖ്യ 194 ദശലക്ഷം ആയിരിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ, അതിൽ 101 ദശലക്ഷം സ്ത്രീകളും 93 ദശലക്ഷം പുരുഷന്മാരുമായിരിക്കും. 2031-ലെ ജനസംഖ്യാപ്രവചന കണക്കനുസരിച്ച്, പൊതു ജനസംഖ്യയ്ക്കും വൃദ്ധർക്കുമിടയിലുള്ള സ്ത്രീ പുരുഷാനുപാതം യഥാക്രമം 955 ഉം 1,085 ഉം ആയിരിക്കും.

**വയോധികരുടെ സാമ്പത്തിക സ്ഥിതി**

വാർദ്ധക്യ ആശ്രിത അനുപാതം (ഒ.എ.ഡി.ആർ) വർദ്ധിച്ചുവരുന്ന ഒരു പ്രവണതയുള്ളതായി നിരീക്ഷണങ്ങൾ ഉണ്ട്. 20 മുതൽ 64 വയസ്സ് വരെയുള്ള തൊഴിലെടുക്കുന്ന പ്രായത്തിലുള്ള 100 പേരിൽ 65 വയസ്സും അതിനു മുകളിലുമുള്ള എത്ര പേരുണ്ട് എന്നത് കണക്കാക്കുന്നതാണ് ഈ സൂചകം. കൂടാതെ ജനസംഖ്യയുടെ പ്രായഘടനയിലെ മാറ്റങ്ങൾ നിരീക്ഷിക്കുന്നതിന് ഏറ്റവും സാധാരണയായി ഉപയോഗിക്കുന്ന സൂചകമാണിത്. 2011-ൽ 14.2 ശതമാനമായിരുന്ന അനുപാതം 2021-ൽ 15.7 ശതമാനമായി വർദ്ധിച്ചു, 2031-ൽ അഖിലേന്ത്യാ തലത്തിൽ ഇത് 20.1 ശതമാനമാകുമെന്ന് പ്രതീക്ഷിക്കുന്നു. 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ഒ.എ.ഡി.ആർ 19.6 ശതമാനമായിരുന്നു, 2021-ൽ 26.1 ശതമാനവും 2031-ൽ 34.3 ശതമാനവുമാകുമെന്ന് പ്രവചിക്കപ്പെടുന്നു.

2031-ൽ ഇന്ത്യയിലെ സ്ത്രീകളുടെയും പുരുഷന്മാരുടെയും വാർദ്ധക്യ ആശ്രിത അനുപാത പ്രവചനങ്ങൾ യഥാക്രമം 21.5 ശതമാനവും 18.8 ശതമാനവുമാണ്. കേരളത്തിലെ ലിംഗഭേദവും വാസസ്ഥലവും അനുസരിച്ചുള്ള വാർദ്ധക്യ ആശ്രിത അനുപാതം സൂചിപ്പിക്കുന്നത് സ്ത്രീകളുടെ നിരക്ക് പുരുഷന്മാരെക്കാൾ വളരെ ഉയർന്നതാണെന്നതാണ്, 2021-ൽ പുരുഷന്മാരിൽ ഇത് 24.3 ശതമാനവും സ്ത്രീകളിൽ 27.8 ശതമാനവുമാണ്. 2031 ആകുമ്പോഴേക്കും ഇത് പുരുഷന്മാരിൽ 30.1 ശതമാനമായും സ്ത്രീകൾക്ക് 38.4 ശതമാനമായും വർദ്ധിക്കുമെന്ന് പ്രവചിക്കപ്പെടുന്നു.

2017-18-ൽ ഇന്ത്യയിലെ ആരോഗ്യത്തിന്മേലുള്ള സാമൂഹിക ഉപഭോഗത്തെക്കുറിച്ച് നടത്തിയ നാഷണൽ സാമ്പിൾ സർവ്വേ (75-ാം റൗണ്ട്) പ്രകാരം, പ്രായമായ സ്ത്രീകളുടെയും പുരുഷന്മാരുടെയും സാമ്പത്തിക സ്ഥിതിയിൽ വലിയ വ്യത്യാസമുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ 10 ശതമാനവും നഗരപ്രദേശങ്ങളിൽ 11 ശതമാനവും മാത്രമേ മുതിർന്ന സ്ത്രീകൾ സാമ്പത്തികമായി സ്വതന്ത്രരായുള്ളൂ. എന്നാൽ മുതിർന്ന പുരുഷന്മാരിൽ ഈ അനുപാതം യഥാക്രമം 48 ശതമാനവും 57 ശതമാനവുമാണ്.

**ആരോഗ്യവും സാമൂഹിക പദവിയും**

ആരോഗ്യാവസ്ഥയുടെ വിഭിന്ന സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്ന ഒരു കാലഘട്ടമാണ് വാർദ്ധക്യം. വിട്ടുമാറാത്ത രോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ, വാർദ്ധക്യം, ശാരീരിക വൈകല്യങ്ങൾ, മറ്റ് അനുബന്ധ രോഗങ്ങൾ എന്നിവയിൽ നിന്ന് ഉണ്ടാകുന്ന മാനസികവും ശാരീരികവുമായ ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യയിലെ ആരോഗ്യമേഖലയിലെ സാമൂഹിക ഉപഭോഗം 75-)ാം റൗണ്ട് (ജൂലൈ 2017 മുതൽ ജൂൺ 2018 വരെ) നാഷണൽ സാമ്പിൾ സർവ്വേയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 2021 ലെ എൽഡർലി റിപ്പോർട്ട് വൃദ്ധജനങ്ങളുടെ ആരോഗ്യനിലവാരം എടുത്തുകാണിക്കുന്നു. 2004ലും 2017-18ലും ഗ്രാമങ്ങളിലും നഗരങ്ങളിലും 60-64 വയസ്സിനിടയിലുള്ള ശാരീരിക ചലനശേഷിയുള്ള വൃദ്ധരുടെ അനുപാതം ഏതാണ്ട് സമാനമാണ്. 2004ൽ ഇത് 94.7 ശതമാനവും (ഗ്രാമനഗര പ്രദേശങ്ങളിൽ) 2017-18ൽ 96.4 ശതമാനവുമായിരുന്നു. കേരളത്തിൽ, ശാരീരിക ചലനശേഷി അനുസരിച്ച് പ്രായമായവരുടെ ശതമാനം പുരുഷന്മാരിൽ 92 ഉം സ്ത്രീകളിൽ 87 ഉം ആണ്. നഗര-ഗ്രാമ വർഗ്ഗീകരണത്തിന്റെ അടിസ്ഥാനത്തിൽ നഗരത്തിൽ 91 ശതമാനവും ഗ്രാമത്തിൽ 88 ശതമാനവുമാണ്.

ദേശീയ തലത്തിൽ, പ്രായമായവരിൽ ഏറ്റവും കൂടുതലുള്ള വൈകല്യം ചലന വൈകല്യമാണ് (5.5 ശതമാനം), തുടർന്ന് വരുന്നത് ശ്രവണ വൈകല്യം (1.6 ശതമാനം), കാഴ്ച വൈകല്യം (1.4ശതമാനം) എന്നിവയാണ്. വൈകല്യങ്ങളെ പ്രാദേശികാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ പ്രായമായവരിലെ അന്ധത, കാഴ്ചക്കുറവ്, കാഴ്ച വൈകല്യം, ശ്രവണ വൈകല്യം തുടങ്ങിയ വൈകല്യങ്ങളുടെ ശതമാനം നഗരപ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമപ്രദേശങ്ങളിൽ അൽപ്പം കൂടുതലാണെന്ന് കാണപ്പെടുന്നു (NSS 76-ാം റൗണ്ട്, ജൂലൈ - ഡിസംബർ 2018 - ഇന്ത്യയിലെ ഭിന്നശേഷിക്കാർ).

**കേരള സർക്കാരിന്റെ ഇടപെടലുകൾ**

കേരള സർക്കാർ പ്രായമായവരുടെ ആരോഗ്യകരമായ വാർദ്ധക്യവും ക്ഷേമവും സംരക്ഷിക്കുന്നതിന് നിരവധി

പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇവ കേരളത്തിന് അന്താരാഷ്ട്രതലത്തിൽ അംഗീകാരം നേടിക്കൊടുത്തിട്ടുണ്ട്. ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ നിർണ്ണായക മേഖലകളിൽ ഒരു സമഗ്രമായ സമീപനം സ്വീകരിക്കുകയും നിരവധി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. വാർദ്ധക്യ പെൻഷനുകൾ, ഡേ കെയർ സെന്ററുകൾ, മൊബൈൽ മെഡികെയർ യൂണിറ്റുകൾ എന്നിവ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കി. ഇതിന് പുറമേ, പാലിയേറ്റീവ് കെയർ സേവനങ്ങൾ പ്രാഥമിക ആരോഗ്യ സേവനങ്ങളുമായി സംയോജിപ്പിച്ചിരിക്കുന്നതുവഴി മുതിർന്ന പൗരന്മാർക്കുള്ള പിന്തുണ വർദ്ധിപ്പിക്കുന്നു.

**വയോജനനയം 2013**

60 വയസ്സിന് മുകളിലുള്ള എല്ലാ പൗരന്മാരുടെയും പ്രത്യേകിച്ച് പ്രായമായ സ്ത്രീകളുടെയും ക്ഷേമത്തിനായി പദ്ധതികൾ രൂപപ്പെടുത്തുന്നതിനുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയായി കേരള ഗവൺമെന്റിന്റെ വയോജനനയം വർത്തിക്കുന്നു. സംസ്ഥാനത്ത് മുതിർന്നവർക്ക് മികച്ച സാമൂഹികവും സാമ്പത്തികവും ആരോഗ്യകരവുമായ ജീവിതം പ്രദാനം ചെയ്യുന്നതിനാണ് നയം ലക്ഷ്യമിടുന്നത്. ഇപ്പോൾ നിലവിലെ വിവിധ പ്രശ്നങ്ങളും ആവശ്യങ്ങളും ഉൾപ്പെടുത്തി നയം പരിഷ്ക്കരിക്കാൻ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

**വാർദ്ധക്യകാല പെൻഷൻ പദ്ധതി**

60 വയസ്സോ അതിൽ കൂടുതലോ ഉള്ള താഴ്ന്ന വരുമാനക്കാരായ പൗരന്മാർക്ക് വേണ്ടിയുള്ള ഒരു നോൺ-കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയാണിത്. ഐ.ജി. എൻ.ഒ.എ.പി.എസ്സ് ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാ പെൻഷനുകളുടെ ഗുണഭോക്താക്കൾക്ക് പ്രതിമാസം 1,600 രൂപ പെൻഷൻ ലഭിക്കുന്നു. 2024 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച്, 28.8 ലക്ഷം മുതിർന്നവർ വാർദ്ധക്യ പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കേന്ദ്ര വിഹിതം (ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ പദ്ധതി വഴി) 60-79 വയസ് പ്രായമുള്ളവർക്ക് പ്രതിമാസം 200 രൂപയും 80 വയസും അതിൽ കൂടുതലുമുള്ളവർക്ക് പ്രതിമാസം 500 രൂപയും മാത്രമാണ്. ഈ വ്യക്തികൾക്കു പെൻഷൻ നല്കുന്നതിനാവശ്യമായ ശേഷിക്കുന്ന തുകയും ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം ആനുകൂല്യങ്ങൾക്ക് അർഹതയില്ലാത്തവർക്കുള്ള മുഴുവൻ പെൻഷൻ തുകയും സംസ്ഥാനം നൽകുന്നു.

തദ്ദേശഭരണസ്ഥാപനാടിസ്ഥാനത്തിൽ 2024 ഒക്ടോബർ വരെയുള്ള വാർദ്ധക്യ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ **പട്ടിക 6.3.1**-ൽ നൽകിയിരിക്കുന്നു.

ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വഴി കേരള സർക്കാർ സേവന പെൻഷൻ എന്ന ഓൺലൈൻ ആപ്ലിക്കേഷൻ സംവിധാനം വികസിപ്പിച്ചെടുത്തു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി പെൻഷനുകൾ വിതരണം ചെയ്യുന്നു. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ എന്ന സംവിധാനം സംസ്ഥാനം വിജയകരമായി നടപ്പിലാക്കി.

**വയോജന പരിചരണത്തിനുള്ള സ്ഥാപനങ്ങൾ**

സാമൂഹ്യനീതി വകുപ്പ് വൃദ്ധസദനങ്ങളുടെ നടത്തിപ്പ്, സർക്കാർ ഇതര ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കൽ എന്നിവയും വയോജനങ്ങൾക്കായി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ 16 സർക്കാർ വൃദ്ധസദനങ്ങൾ, ഡിമെൻഷ്യ കെയർ സെന്ററുകൾ, ഭിന്നശേഷിക്കാർക്കുള്ള വൃദ്ധസദനങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

**പട്ടിക 6.3.1** പെൻഷൻ ഗുണഭോക്താക്കൾ (തദ്ദേശഭരണസ്ഥാപനം തിരിച്ച്)

| തദ്ദേശഭരണ സ്ഥാപനങ്ങൾ | 2024 ഒക്ടോബർ 5 വരെയുള്ള വർദ്ധക്യ കാല പെൻഷന് ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം (ലക്ഷത്തിൽ) |
|---|---|
| ഗ്രാമ പഞ്ചായത്ത് | 23.1 |
| മുനിസിപ്പാലിറ്റി | 3.6 |
| കോർപ്പറേഷൻ | 2.1 |
| **ആകെ** | **28.8** |

***ഉറവിടം:*** സേവന പെൻഷൻ, ഐ.കെ.എം

വകുപ്പ് നടത്തുന്ന വൃദ്ധസദനങ്ങൾ കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത ഏകദേശം 680 വൃദ്ധസദനങ്ങളുണ്ട്. **പട്ടിക 6.3.2**-ൽ കാണുന്നത് പോലെ 2023-24-ൽ വൃദ്ധസദനങ്ങളിലുള്ളവരുടെ എണ്ണം മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുണ്ട്.

**പട്ടിക 6.3.2** 2016-17 മുതൽ 2023-24 വരെയുള്ള കേരളത്തിലെ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം

| വർഷം | അന്തേവാസികളുടെ എണ്ണം |
|---|---|
| 2016-17 | 19,149 |
| 2017-18 | 27,272 |
| 2018-19 | 28,029 |
| 2019-20 | 28,021 |
| 2020-21 | 28,788 |
| 2021-22 | 30,105 |
| 2022-23 | 25,945 |
| 2023-24 | 32,032 |

***ഉറവിടം:*** സാമൂഹിക നീതി ഡയറക്ടറേറ്റ്, കേരള സർക്കാർ

ഇതുകൂടാതെ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച്, വയോജനങ്ങൾക്ക് ഡേ കെയർ സൗകര്യങ്ങൾ നൽകുന്നതിനായി വകുപ്പ് "സായംപ്രഭ ഹോമുകൾ" നടത്തുന്നു. പ്രായമായവരുടെ പകൽ സമയത്തുള്ള പരിചരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 'പകൽ വീട്' (ഡേ കെയർ ഹോമുകൾ) നടപ്പാക്കിയിരുന്നു. പിന്നീട് ഇവയെ വിനോദം, ആരോഗ്യം, പരിചരണം, പോഷകാഹാരം എന്നീ ഘടകങ്ങൾ കൂടി സംയോജിപ്പിച്ചുകൊണ്ട് അവയെ സായംപ്രഭ ഹോമുകളായി ഉയർത്തുകയാണ് ചെയ്തത്. വൃദ്ധരുടെ വിവിധ ആവശ്യങ്ങൾക്കായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ "മാതൃകാ സായംപ്രഭ ഹോമുകളെ" വിവിധ സേവനങ്ങൾ നല്കുന്ന ഡേകെയർ സെന്ററുകളായി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു.

സർക്കാർ വൃദ്ധസദനങ്ങളിൽ മുതിർന്നവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി "രണ്ടാം ഇന്നിംഗ്സ് പദ്ധതി" ആരംഭിച്ചു. താമസം, ഭക്ഷണം, വൈദ്യസഹായം, വിനോദ അവസരങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇതുപ്രകാരം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു. 2023-24 കാലയളവിൽ ഈ പദ്ധതിക്കായി 79.5 ലക്ഷം രൂപ ചെലവഴിച്ചു.

**ഡിമെൻഷ്യ പരിചരണ പരിപാടി–** ഡിമെൻഷ്യ പരിചരണത്തിന്റെ ഭാഗമായി കേരള സർക്കാർ ആരംഭിച്ച ഒരു പദ്ധതിയാണ് 'സ്മൃതിപഥം'. സാമൂഹ്യനീതി വകുപ്പും അൽഷിമേഴ്സ് ആൻഡ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയുമാണ് ഈ സംരംഭം ഏറ്റെടുത്തിരിക്കുന്നത്. പദ്ധതി പ്രകാരം കുന്നംകുളത്ത് ഒരു ഡേകെയർ സൗകര്യവും എറണാകുളം എടവനക്കാട്ട് മുഴുവൻ സമയ ഡേകെയർ സെന്ററും ലഭ്യമാണ്. 2023-24 -ൽ ഈ പദ്ധതിക്കായി 8.2 ലക്ഷം രൂപ ചെലവഴിച്ചു.

**കേരള സർക്കാർ വയോജനങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ**

സാമൂഹിക പിന്തുണയുടെ അഭാവമാണ് പ്രായം കൂടുമ്പോൾ വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികളിലൊന്ന്. വയോജനങ്ങളുടെ ഒരു കൂട്ടായ്മ ഇല്ലാത്തതിനാൽ, കേരളത്തിലെ വാർദ്ധക്യത്തിന്റെ ജനസംഖ്യാശാസ്ത്രവും അവരുടെ ആരോഗ്യം, വൈകല്യം, ജീവിത ക്രമീകരണങ്ങൾ, സാമ്പത്തിക സ്വാതന്ത്ര്യം എന്നിവയെ സ്വാധീനിക്കുന്ന ഘടകങ്ങളും അറിയുന്നതിലൂടെ അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗം രൂപപ്പെടുത്തേണ്ടത് നിർണ്ണായകമാണ്. 80 വയസ്സിനു മുകളിൽ പ്രായമുള്ളവർ, വിധവ/അവിവാഹിതർ/കുട്ടികളില്ലാത്ത സ്ത്രീകൾ, അംഗവൈകല്യമുള്ളവർ, ദുർബലർ, അടുത്ത ബന്ധുക്കളില്ലാത്തവർ, ഒറ്റയ്ക്ക് താമസിക്കുന്നവർ, നിരാലംബർ, ഗുരുതരവും മാരകവുമായ രോഗങ്ങളാൽ കഷ്ടപ്പെടുന്നവർ എന്നീ വിവിധ വിഭാഗക്കാർ നേരിടുന്ന പ്രത്യേക ആവശ്യങ്ങളും വെല്ലുവിളികളും പരിഗണിക്കേണ്ടതായിട്ടുണ്ട്.

വയോജനങ്ങൾക്കായുള്ള സാമൂഹിക സുരക്ഷയും സാമൂഹിക സംരക്ഷണ പദ്ധതികളും സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ ഉൾപ്പെടുന്നു. വയോജനങ്ങൾക്കായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ വകുപ്പാണ് സാമൂഹിക നീതി വകുപ്പ്. കേരള സാമൂഹിക സുരക്ഷാ മിഷനും വയോജനങ്ങൾക്കായുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വയോജന സ്വയം സഹായ സംഘങ്ങളും വയോജന പരിചരണത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കൂടാതെ, നിരവധി എൻജിഒകളും ചാരിറ്റബിൾ സംഘടനകളും വയോജനങ്ങൾക്കായി പ്രവർത്തിക്കുന്നു. 2019 മുതൽ 2024 വരെ വയോജനങ്ങളുടെ പദ്ധതികൾക്കായുള്ള മൊത്തത്തിലുള്ള ചെലവ് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഇത് പ്രായമാകുന്ന ജനസംഖ്യയുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള വർദ്ധനവിനെ പ്രതിഫലിപ്പിക്കുന്നു. ചെലവിൽ ഗണ്യമായ വർദ്ധനവ് പ്രകടമാണ്, പ്രത്യേകിച്ച് വാർദ്ധക്യ പെൻഷനുകളുടെ മേഖലകളിൽ. 2019 മുതൽ 2024 വരെയുള്ള കാലയളവിൽ കേരളത്തിലെ വയോജനങ്ങൾക്കായുള്ള വിവിധ പദ്ധതികൾക്കായുള്ള ചെലവുകളുടെ രൂപരേഖ **പട്ടിക 6.3.3** നൽകുന്നു.

**കേരള സംസ്ഥാന സർക്കാർ വയോജന ക്ഷേമത്തിനായി ആവിഷ്കരിച്ച ചില പരിപാടികൾ**

**സായംപ്രഭ പദ്ധതിയിലെ പരിപാടികൾ –** വയോജന സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് വയോജനങ്ങൾ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനും ശാരീരികവും മാനസികവുമായ ആരോഗ്യം സുസ്ഥിരമായി കൈവരിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന സമഗ്രമായ പാക്കേജാണിത്. സായംപ്രഭ പദ്ധതിക്ക് കീഴിൽ താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കുന്നു:

- മോഡൽ സായംപ്രഭ ഹോമുകൾ വയോജനങ്ങൾക്കുള്ള മൾട്ടി-സർവീസ് ഡേ കെയർ സെന്ററുകളായി പ്രവർത്തിക്കുന്നു. 2023-24 വർഷം 71 ഡേ കെയർ സെന്ററുകൾക്കായി 48 ലക്ഷം രൂപ ചെലവഴിച്ചു.
- *വയോരക്ഷ* പദ്ധതിയിലൂടെ നിർദ്ധനരും ഉപേക്ഷിക്കപ്പെട്ടവരുമായ വയോജനങ്ങൾക്ക്

**പട്ടിക 6.3.3** 2019 മുതൽ 2024 വരെയുള്ള കേരളത്തിലെ വയോജനങ്ങൾക്കായുള്ള വിവിധ പദ്ധതികളുടെ ചെലവ്

| നമ്പർ | നടപ്പിലാക്കുന്ന ഏജൻസി/പദ്ധതി | 2023–24 | 2019–2024 |
|---|---|---|---|
| | | ചെലവ് (രൂപ. കോടി) | ചെലവ് (രൂപ. കോടി) |
| 1 | പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി | 0.0 | 157.7 |
| 2 | കേരള ദേശീയ തൊഴിലുറപ്പ് സേവനം | 0.4 | 1.3 |
| 3 | *ആരോഗ്യം (KASP & KBF, NHM) | 751.6 | 2726.2 |
| 4 | എൽ.എസ്.ജി.ഡി | 104. | 625.8 |
| 5 | വയോജന പെൻഷൻ | 3731.4 | 19669.9 |
| 6 | ഓർഫനേജ് നിയന്ത്രണ ബോർഡ് | 1.2 | 41.3 |
| 7 | സാമൂഹ്യനീതി വകുപ്പ് | 11.3 | 52 |
| 8 | കേരള സാമൂഹിക സുരക്ഷാ മിഷൻ | 19.9 | 160.5 |
| **ആകെ** | | **4619.8** | **23,434.7** |

*കുറിപ്പ്: ചെലവിൽ മുതിർന്നവർക്കുള്ള എല്ലാ ആരോഗ്യചെലവുകളും ഉൾപ്പെടുന്നില്ല.
***ഉറവിടം:*** ബന്ധപ്പെട്ട വകുപ്പുകൾ

അടിയന്തര പ്രഥമ ശുശ്രൂഷ, ചികിത്സയ്ക്കുള്ള അടിയന്തര സഹായം, ശസ്ത്രക്രിയ, ആംബുലൻസ് സേവനം, പുനരധിവാസം തുടങ്ങിയവ നൽകുന്നു. 2023-24 -ൽ 124 ഗുണഭോക്താക്കൾക്കായി 6.7 ലക്ഷം രൂപ ചെലവഴിച്ചു.

- സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിൽസയ്ക്കായി ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന്റെ പിന്തുണയോടെ *വയോഅമൃതം* പദ്ധതി നടപ്പിലാക്കുന്നു. എല്ലാ വർഷവും 16 സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികൾ പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നു. 2023-24 വർഷത്തിൽ 46.1 ലക്ഷം രൂപ ഈ പദ്ധതിക്കായി ചെലവഴിക്കുകയും 768 പേർക്ക് പദ്ധതി പ്രയോജനപ്പെടുകയും ചെയ്തു.
- വയോജന സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾക്ക് *വായോസേവന അവാർഡ്* നൽകുന്നു. കൂടാതെ കലാ-കായിക രംഗത്ത് നേട്ടങ്ങൾ കൈവരിച്ച മുതിർന്നവരുടെ സംഭാവനകളെ ആദരിക്കുന്നു. 2023-24ൽ വയോസേവന അവാർഡിനും വയോജന ദിനാചരണത്തിനുമായി 20.7 ലക്ഷം ചെലവഴിച്ചു.

**വയോമിത്രം –** കേരളത്തിലെ കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സിന് മുകളിലുള്ള വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷയും പിന്തുണയും നൽകുന്ന വയോമിത്രം, കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയാണ്. നിലവിൽ, 95 വയോമിത്രം യൂണിറ്റുകൾ സംസ്ഥാനത്ത് ഫലപ്രദമായി പ്രവർത്തിക്കുന്നു. ഇത് കേരളത്തിൽ 6 കോർപ്പറേഷൻ ഏരിയകളിലും 85 മുനിസിപ്പൽ ഏരിയകളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും പ്രവർത്തിക്കുന്നു. മൊബൈൽ ക്ലിനിക്കുകൾ വഴി സൗജന്യ വൈദ്യപരിശോധനയും ചികിത്സയും നടത്തി ആരോഗ്യ പരിരക്ഷയും പിന്തുണയും പദ്ധതിയിലൂടെ നൽകുന്നു. 2017-18 മുതൽ 2023-24 വരെയുള്ള കാലയളവിൽ വയോമിത്രം പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **പട്ടിക 6.3.4** ൽ നൽകിയിരിക്കുന്നു.

**നവജീവൻ:** 50-65 വയസ്സിനിടയിലുള്ള മുതിർന്ന പൗരന്മാരുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി നവജീവൻ പദ്ധതി തൊഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നു. മൊത്തം വായ്പ തുകയുടെ 25 ശതമാനം സ്ത്രീകൾക്കായി നീക്കിവച്ചിരിക്കുന്നു. മുതിർന്ന പൗരന്മാർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50,000 രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് ഈ പദ്ധതി സൗകര്യമൊരുക്കുന്നു. പരമാവധി 12,500 രൂപ എന്ന രീതിയിൽ ബാങ്ക് വായ്പയുടെ 25 ശതമാനം സർക്കാർ സബ്സിഡി നൽകുന്നു. 2023-24 ൽ ഈ പദ്ധതിക്കായി 33.9 ലക്ഷം രൂപ ചെലവഴിക്കുകയും 320 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു.

### തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്ക്

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവരുടെ മൊത്തം വികസന ഫണ്ടിന്റെ 5 ശതമാനം തുക വയോജനങ്ങളുടെ ക്ഷേമത്തിനും സാന്ത്വന പരിചരണത്തിനുമായി മാത്രം നീക്കിവയ്ക്കുന്നു. ആശുപത്രികളിൽ പ്രത്യേക ക്യൂ, ഇരിപ്പിടങ്ങൾ, ഓഫീസുകളിൽ റാമ്പ് സൗകര്യം, വയോജന സൗഹൃദ ടോയ്ലറ്റുകൾ, കുളിമുറികൾ, വയോജന സൗഹൃദ വിനോദസഞ്ചാര കേന്ദ്രം തുടങ്ങി എല്ലാ സ്ഥാപനങ്ങളേയും വയോജന സൗഹൃദമാക്കുന്നതിനുള്ള പദ്ധതികളും തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നു. വയോക്ലബ്ബുകൾ, വൃദ്ധസദനങ്ങൾ, പകൽവീടുകൾ എന്നിവ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വയോജനങ്ങൾക്കായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ്. ചികിത്സ, മരുന്നുകൾ, പോഷകാഹാരം, പാലിയേറ്റീവ് കെയർ എന്നിവയും നൽകുന്നു.

### കുടുംബശ്രീയും വയോജന സംരംഭങ്ങളും

വയോജനങ്ങളെ സഹായിക്കാൻ കുടുംബശ്രീ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആശ്രയ പരിപാടിയിലൂടെ പാർശ്വവൽക്കരിക്കപ്പെട്ട പ്രായമായ വ്യക്തികൾക്ക് അവരുടെ അടിസ്ഥാന ആവശ്യങ്ങൾ ആയ ആരോഗ്യ സംരക്ഷണവും ഭക്ഷണവും പാർപ്പിടവും നൽകുന്നു. സ്നേഹിത കോളിംഗ് ബെൽ പദ്ധതിയിലൂടെ, ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്നവരെ സന്നദ്ധപ്രവർത്തകർ പരിശോധിക്കുകയും സുരക്ഷ ഉറപ്പാക്കുകയും അവരുടെ സമീപനം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. വയോജന അയൽപക്ക ഗ്രൂപ്പുകളിലൂടെ (NHGs) മുതിർന്ന പൗരന്മാർക്കിടയിൽ സാമൂഹിക ഇടപെടലും പരസ്പര പിന്തുണയും വളർത്തിയെടുക്കുകയും സാമൂഹിക ഇടപഴകൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. വയോമൈത്രി പരിപാടി, കേരളത്തിലെ വർദ്ധിച്ചുവരുന്ന വയോജന ജനസംഖ്യയുടെ പരിചരണത്തിലും പ്രത്യേക ശ്രദ്ധ നൽകുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ച് കുടുംബശ്രീയെ കൂടുതൽ വയോജന സൗഹൃദമാക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ, കുടുംബശ്രീ നൈപുണ്യ വികസനവും മൈക്രോ-എന്റെർപ്രൈസ് അവസരങ്ങളും വാഗ്ദാനം ചെയ്യുന്നു, ഇത് പ്രായമായവരെ സജീവമായും സാമ്പത്തികമായും സ്വതന്ത്രമായി തുടരാൻ പ്രാപ്തരാക്കുന്നു. ഈ പരിപാടികൾ വയോജനങ്ങളുടെ ജീവിതനിലവാരം കൂട്ടുകയും അന്തസ്സും ക്ഷേമവും ഉറപ്പാക്കുകയും ചെയ്യുന്നു.

### മുന്നോട്ടുള്ള വഴി

കേരളത്തിലെ വയോജനങ്ങളുടെ എണ്ണം 2036 ആകുമ്പോഴേക്കും 8.4 ദശലക്ഷത്തിൽ കൂടുതലാകുമെന്ന്

**പട്ടിക 6.3.4** 2017-18 മുതൽ 2023-24 വരെയുള്ള കാലയളവിൽ വയോമിത്രത്തിന്റെ ഗുണഭോക്താക്കൾ

| വർഷം | 2017–18 | 2018–19 | 2019–20 | 2020–21 | 2021–22 | 2022–23 | 2023–24 |
|---|---|---|---|---|---|---|---|
| വയോജന ഗുണഭോക്താക്കളുടെ എണ്ണം | 2,53,503 | 2,62,845 | 2,79,635 | 2,80,165 | 2,78,623 | 2,89,030 | 2,90,030 |

***ഉറവിടം:*** **കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സർക്കാർ**

പ്രതീക്ഷിക്കുന്നതിനാൽ, ഈ അവസരം പ്രയോജനപ്പെടുത്തുന്നതിന് സാമ്പത്തിക ഉൾപ്പെടുത്തൽ, സാമൂഹിക പിന്തുണ, സുസ്ഥിര ആരോഗ്യ സംരക്ഷണം എന്നിവ പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾ സംസ്ഥാനം നടപ്പിലാക്കണം. അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ സംരക്ഷണം, സാമൂഹിക സുരക്ഷ എന്നിവ ഉറപ്പാക്കുന്ന നൂതനാശയങ്ങൾ വളർത്തിയെടുക്കുന്നതിലൂടെ, മുതിർന്നവർ സജീവവും സംതൃപ്തവുമായ ജീവിതം നയിക്കുന്ന ഒരു വയോജന സൗഹൃദ സമൂഹം സൃഷ്ടിക്കാൻ കേരളത്തിന് കഴിയും

അദ്ധ്യായം

# 07

# തൊഴിലും സാധ്യതകളും

# തൊഴിലും സാധ്യതകളും

## 7.1 തൊഴിൽ

**തൊഴിൽ സേന**

തൊഴിൽ സേന, അഥവാ, 'സാമ്പത്തികമായി സജീവമായ' ജനസംഖ്യയിൽ 'തൊഴിലുള്ളവരും' 'തൊഴിലില്ലാത്തവരും' ഉൾപ്പെടുന്നു. തൊഴിൽ ശക്തിയെ കണക്കാക്കാൻ രണ്ട് രീതികൾ ഉപയോഗിച്ചിട്ടുണ്ട്: സാധാരണ നില (ps+ss), അതായത് സാധാരണ പ്രിൻസിപ്പൽ, സബ്സിഡിയറി പ്രവർത്തനവും നിലവിലെ പ്രതിവാര നിലയും ഒരുമിച്ച് പരിഗണിച്ച്. സാധാരണ നിലയിലുള്ള (ps+ss) തൊഴിലാളികളിൽ (a) സർവേ തീയതിക്ക് മുമ്പുള്ള 365 ദിവസങ്ങളിൽ താരതമ്യേന നീണ്ട ഒരു ഭാഗം ജോലി ചെയ്ത വ്യക്തികളും (b) 30 വർഷമെങ്കിലും ജോലി ചെയ്ത ബാക്കിയുള്ള ജനസംഖ്യയിൽ നിന്നുള്ള വ്യക്തികളും ഉൾപ്പെടുന്നു. സർവ്വെ തീയതിക്ക് മുമ്പുള്ള 365 ദിവസത്തെ റഫറൻസ് കാലയളവിലെ ദിവസങ്ങൾ. നിലവിലെ പ്രതിവാര സ്റ്റാറ്റസിൽ (CWS) അളന്ന തൊഴിൽ ശക്തി, സർവ്വെ കാലയളവിൽ ഒരാഴ്ചയ്ക്കുള്ളിൽ തൊഴിലാളികളുടെ ശരാശരി ചിത്രം നൽകുന്നു. സർവേ തീയതിക്ക് മുമ്പുള്ള 7 ദിവസങ്ങളിൽ ഏതെങ്കിലും ദിവസത്തിൽ കുറഞ്ഞത് 1 മണിക്കൂറെങ്കിലും ജോലി ചെയ്തവരെ പരിഗണിച്ചാണ് നിലവിലെ പ്രതിവാര നിലയിലുള്ള തൊഴിലാളികളുടെ കണക്ക് തയ്യാറാക്കിയിട്ടുള്ളത്.

**സാധാരണ നിലയിലും നിലവിലെ പ്രതിവാര നിലയിലും ഉള്ള തൊഴിൽ പങ്കാളിത്ത നിരക്ക് (LFPR)**

2017-18 മുതൽ 2023-24 വരെയുള്ള കാലയളവിലെ സാധാരണ നില (ps+ss), CWS എന്നിവ അനുസരിച്ച് അഖിലേന്ത്യാ തലത്തിലെ തൊഴിൽ പങ്കാളിത്ത നിരക്ക് (എൽഎഫ്പിആർ) (ശതമാനത്തിൽ), ഗ്രാമീണ - നഗര വർഗ്ഗീകരണത്തോടുകൂടി **അനുബന്ധം 7.1.1**-ൽ കാണിച്ചിരിക്കുന്നു. (2021-22-ൽ നേരിയ ഇടിവുണ്ടായിട്ടുണ്ട്).

**പട്ടിക 7.1.1**, ൽ അഖിലേന്ത്യാ തലത്തിലും, കേരളത്തിലും 2022-23, 2023-24 വർഷങ്ങളിൽ (വിവിധ പ്രായക്കാർ) സാധാരണ നില (ps+ss) അടിസ്ഥാനമാക്കിയുള്ള തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) കാണിക്കുന്നു.

**തൊഴിലാളി ജനസംഖ്യാ അനുപാതം (ഡബ്ല്യു.പി.ആർ)**

തൊഴിൽ സാഹചര്യം വിശകലനം ചെയ്യുന്നതിനും സമ്പദ്‌വ്യവസ്ഥയിലെ സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപാദനത്തിൽ സജീവമായി സംഭാവന ചെയ്യുന്ന ജനസംഖ്യയുടെ അനുപാതം അറിയുന്നതിനും ഉപയോഗിക്കുന്ന ഒരു സൂചകമാണ് ഡബ്ല്യു.പി.ആർ. ജനസംഖ്യയിൽ ജോലി ചെയ്യുന്ന ആളുകളുടെ ശതമാനമാണിത്. 2017-18 മുതൽ 2023-24 വരെയുള്ള തൊഴിലാളി ജനസംഖ്യാ അനുപാതം പരിശോധിച്ചാൽ (എല്ലാ പ്രായ വിഭാഗങ്ങളിലും) ഇന്ത്യയും, കേരളവും പുരോഗതി കൈവരിച്ചതായി കാണാം (**പട്ടിക 7.1.2**).

സാധാരണ നില (ps+ss) അനുസരിച്ച് ഇന്ത്യയുടെ തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) (ശതമാനത്തിൽ) 2021-22 ൽ ഉണ്ടായ നേരിയ ഇടിവ് ഒഴികെ, 2017-18 മുതൽ 2023-24 വരെ തുടർച്ചയായി വർദ്ധിച്ചതായി **ചിത്രം 7.1.1**ൽ നിന്ന് വ്യക്തമാണ്. കേരളത്തിന്റെ തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) 2017-18 മുതൽ 2023-24 വരെ തുടർച്ചയായി ഉയർന്നതായി ചിത്രത്തിൽ കാണാം (32.4 ശതമാനം മുതൽ 42.1 ശതമാനം വരെ).

**പട്ടിക 7.1.1.** സാധാരണ നില പ്രകാരം 2022-23, 2023-24 വർഷങ്ങളിൽ അഖിലേന്ത്യാ തലത്തിലും കേരളത്തിലുമുള്ള തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR, ps+ss)

| | ഗ്രാമം | | | നഗരം | | | ഗ്രാമം + നഗരം | | | ഗ്രാമം | | | നഗരം | | | ഗ്രാമം + നഗരം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വയസ്സ് | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| | ഇന്ത്യ 2022-23 | | | | | | | | | കേരളം 2022-23 | | | | | | | | |
| 15-29 വയസ്സ് | 65.5 | 25.8 | 45.9 | 58.4 | 20.8 | 40.7 | 63.5 | 24.5 | 44.5 | 57.7 | 26.8 | 41.6 | 50.5 | 28.4 | 39.4 | 54.2 | 27.5 | 40.6 |
| 15-59 വയസ്സ് | 84.2 | 44.3 | 64.2 | 80.8 | 28.3 | 55.1 | 83.2 | 39.8 | 61.6 | 82.5 | 45.8 | 62.8 | 78.2 | 39.3 | 57.4 | 80.5 | 42.8 | 60.3 |
| 15 വയസ്സിനു മുകളിൽ | 80.2 | 41.5 | 60.8 | 74.5 | 25.4 | 50.4 | 78.5 | 37 | 57.9 | 76.2 | 40.8 | 57.1 | 70.8 | 33.6 | 51.1 | 73.7 | 37.5 | 54.3 |
| എല്ലാ പ്രായത്തിലും (0+) | 55.5 | 30.5 | 43.4 | 58.3 | 20.2 | 39.8 | 56.2 | 27.8 | 42.4 | 60.7 | 34.1 | 46.6 | 56.2 | 28 | 41.6 | 58.6 | 31.3 | 44.3 |
| | ഇന്ത്യ 2023-24 | | | | | | | | | കേരളം 2023-24 | | | | | | | | |
| 15-29 വയസ്സ് | 65.1 | 30.8 | 48.1 | 59.9 | 23.8 | 42.6 | 63.5 | 28.8 | 46.5 | 51.5 | 30.5 | 40.9 | 51.0 | 30.2 | 40.3 | 51.2 | 30.3 | 40.6 |
| 15-59 വയസ്സ് | 84.3 | 51.2 | 67.6 | 81.9 | 31.2 | 57 | 83.5 | 45.2 | 64.3 | 80.5 | 48.4 | 63.3 | 80.3 | 43.4 | 60.4 | 80.4 | 46.0 | 61.9 |
| 15 വയസ്സിനു മുകളിൽ | 80.2 | 47.6 | 63.7 | 75.6 | 28.0 | 52.0 | 78.8 | 41.7 | 60.1 | 75.3 | 44.2 | 58.6 | 73.5 | 37.0 | 53.7 | 74.4 | 40.8 | 56.2 |
| എല്ലാ പ്രായത്തിലും (0+) | 57.9 | 35.5 | 46.8 | 59.0 | 22.3 | 41.0 | 58.2 | 31.7 | 45.1 | 59.7 | 36.2 | 47.3 | 58.4 | 30.3 | 43.3 | 59.1 | 33.4 | 45.4 |

*ഉറവിടം:* ആനുകാലിക ലേബർ ഫോഴ്സ് സർവ്വേ, 2023-24


2023-24 ലെ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (PLFS) റിപ്പോർട്ട് പ്രകാരം, കേരളത്തിലെ സ്ത്രീകളുടെ തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) ഗ്രാമങ്ങളിൽ 31.8 ഉം നഗരങ്ങളിൽ 27.0 ശതമാനവുമാണ്. എന്നാൽ അനുബന്ധ അഖിലേന്ത്യാ നിരക്കുകൾ 34.8 ശതമാനവും 20.7 ശതമാനവുമാണ്. ഇന്ത്യയിലും, കേരളത്തിലും സ്ത്രീകളുടെ തൊഴിലാളി ജനസംഖ്യാ അനുപാതത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, കണക്കുകൾ പ്രകാരം ഇന്ത്യയിലെയും കേരളത്തിലെയും ഗ്രാമ-നഗര പ്രദേശങ്ങളിലെ തൊഴിലാളി ജനസംഖ്യാ നിരക്ക് (WPR) തമ്മിൽ വലിയ അന്തരമുണ്ട് എന്നാണ്. അഖിലേന്ത്യാ തലത്തിലും കേരളത്തിലും, ഗ്രാമപ്രദേശങ്ങളിലെ

**പട്ടിക 7.1.2** തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) (ശതമാനത്തിൽ) സാധാരണ നില (ps+ss) അനുസരിച്ച്

| വയസ്സ് | ഇന്ത്യ | | | കേരളം | | |
|---|---|---|---|---|---|---|
| | ഗ്രാമീണ+നഗര | | | ഗ്രാമീണ+നഗര | | |
| | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| PLFS 2017-18 | | | | | | |
| 15-29 വയസ്സ് | 48.3 | 13.5 | 31.4 | 40.1 | 8.6 | 23.8 |
| 15-59 വയസ്സ് | 74.9 | 23.8 | 49.5 | 73.4 | 24 | 46.8 |
| 15 വയസ്സിനു മുകളിൽ | 71.2 | 22 | 46.8 | 65.8 | 20.4 | 41.2 |
| എല്ലാ പ്രായത്തിലും (0+) | 52.1 | 16.5 | 34.7 | 50.5 | 16.4 | 32.4 |
| പി.എൽ.എഫ്.എസ് 2023-24 | | | | | | |
| 15-29 വയസ്സ് | 57.3 | 25.6 | 41.7 | 41.3 | 16 | 28.5 |
| 15-59 വയസ്സ് | 80.6 | 43.7 | 62.1 | 76.1 | 39.6 | 56.5 |
| 15 വയസ്സിനു മുകളിൽ | 76.3 | 40.3 | 58.2 | 71.1 | 36 | 52.2 |
| എല്ലാ പ്രായത്തിലും (0+) | 56.4 | 30.7 | 43.7 | 56.5 | 29.5 | 42.1 |

*ഉറവിടം:* ആനുകാലിക ലേബർ ഫോഴ്സ് സർവേ 2017-18, 2023-24

**ചിത്രം 7.1.1** ഇന്ത്യയിലെയും, കേരളത്തിലെയും തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) 2017-18, 2023-24 ലെ സാധാരണ നില (ps+ss) അനുസരിച്ച് (ശതമാനത്തിൽ)




ഉറവിടം: ആനുകാലിക ലേബർ ഫോഴ്സ് സർവേ 2017-18 മുതൽ 2023-24 വരെ

തൊഴിലാളി ജനസംഖ്യാ അനുപാതം "എല്ലാ പ്രായത്തിലും" നഗരപ്രദേശങ്ങളേക്കാൾ കൂടുതലാണ്. 2017-18 മുതൽ 2023-24 വരെയുള്ള തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) **അനുബന്ധം 7.1.3–**ൽ കാണിച്ചിരിക്കുന്നു

.

ഇൻററർനാഷണൽ ലേബർ ഓർഗനൈസേഷൻ (ILO 2018) തയ്യാറാക്കിയ ഇന്ത്യ വേജ് റിപ്പോർട്ട് അനുസരിച്ച്, ഗ്രാമങ്ങളിലും നഗരങ്ങളിലും സ്ഥിരമായ ഉയർന്ന സാധാരണ വേതനമുള്ള സംസ്ഥാനങ്ങൾ കേരളം, ജമ്മു കശ്മീർ, പഞ്ചാബ്, ഹരിയാന എന്നിവയാണ്. സാധാരണ തൊഴിലാളികൾക്ക് നഗര പ്രദേശങ്ങളിൽ ഏറ്റവും കുറഞ്ഞ വേതനമുള്ള സംസ്ഥാനങ്ങൾ ഉത്തർപ്രദേശ്, അസം, മധ്യപ്രദേശ്, പശ്ചിമ ബംഗാൾ, ഛത്തീസ്ഗഢ് എന്നിവയും, ഗ്രാമപ്രദേശങ്ങളിൽ ഒഡീഷ, മഹാരാഷ്ട്ര, ഗുജറാത്ത്, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവയുമാണ്.

ഉയർന്ന മാനുഷിക വികസന സൂചിക, സാമൂഹിക ചുറ്റുപാടുകൾ, രാഷ്ട്രീയ കാഴ്ചപ്പാടുകൾ, ശക്തമായ ട്രേഡ് യൂണിയൻ, തൊഴിലാളി ക്ഷേമ ബോർഡുകളുടെ ആവിർഭാവം എന്നിവയാണ് കേരളത്തിലെ ഉയർന്ന കൂലി നിരക്കിന്റെ കാരണങ്ങൾ. കേരളത്തിലെ പുരുഷ-സ്ത്രീ അവിദഗ്ധ തൊഴിലാളികളുടെ കൂലി നിരക്ക് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്, കൂടാതെ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം വേതനവും ഉയർന്നതാണ്. കേരളത്തിൽ 85 ഓളം തൊഴിൽ മേഖലകളിൽ മിനിമം വേതനം ഉറപ്പാക്കിയിട്ടുണ്ട്. **പട്ടിക 7.1.3 (എ)** ഗ്രാമീണ ഇന്ത്യയിലെ പ്രധാന 16 സംസ്ഥാനങ്ങളിലെ (പുരുഷ കർഷേതര തൊഴിലാളികൾ) ശരാശരി പ്രതിദിന വേതന നിരക്ക് ചിത്രീകരിക്കുന്നു, കൂടാതെ **പട്ടിക 7.1.3 (ബി)** ഗ്രാമീണ ഇന്ത്യയിലെ (പുരുഷ - കർഷകത്തൊഴിലാളികൾ) ശരാശരി പ്രതിദിന വേതന നിരക്ക് കാണിക്കുന്നു.

2023-24 എസ്റ്റിമേറ്റ് പ്രകാരം, പ്രതിദിന വേതന നിരക്കിൽ (ഗ്രാമീണ ഇന്ത്യയിലെ സംസ്ഥാന തിരിച്ചുള്ള ശരാശരി പ്രതിദിന വേതന നിരക്ക് - പുരുഷന്മാർ - കാർഷികേതര തൊഴിലാളികൾ) 735.0 രൂപയുമായി കേരളം ഒന്നാം സ്ഥാനത്താണ്. 538.9 രൂപയുമായി കശ്മീരും, 519.1 രൂപ യുമായി തമിഴ് നാടും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലുമാണ്. ഈ മേഖലയിലെ അഖിലേന്ത്യ കൂലി നിരക്കിനേക്കാൾ 97.9 ശതമാനം കൂടുതലാണ് കേരളത്തിലെ കൂലി നിരക്ക് എന്ന് കണക്കുകളിൽ നിന്ന് മനസ്സിലാക്കാം.

കാർഷികേതര ജോലികളിലെന്നപോലെ 2016-17 മുതൽ 2021-22 വരെ, കേരളത്തിലെ കാർഷിക മേഖലയിലെ കൂലി നിരക്ക് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ചും, അഖിലേന്ത്യാ ശരാശരി നിരക്കിനെ അപേക്ഷിച്ചും വളരെ കൂടുതലാണെന്ന് **പട്ടിക 7.1.3 (ബി)** യിൽ നിന്ന് വ്യക്തമാണ്.

2023-24 എസ്റ്റിമേറ്റ് പ്രകാരം, കേരളത്തിലെ കാർഷിക മേഖലയിലെ വേതന നിരക്ക് തൊട്ടടുത്തുള്ള ജമ്മു കശ്മീരിലെ വേതന നിരക്കിനേക്കാൾ 42.6 ശതമാനവും കൂടാതെ അഖിലേന്ത്യാ നിരക്കിനേക്കാൾ 116.6 ശതമാനവും കൂടുതലാണ്.

2023-24 പി.എൽ.എഫ്.എസ്. (ഏപ്രിൽ-ജൂൺ 2024) പ്രകാരം, കേരളത്തിൽ സി.ഡബ്ല്യൂ.എസിൽ പൊതുമരാമത്ത് ഒഴികെയുള്ള സാധാരണ തൊഴിലുകളിൽ നിന്നുള്ള സ്ത്രീകളുടെ ശരാശരി ദിന വേതനം

**പട്ടിക 7.1.3 (എ)** ഇന്ത്യയിലെ സംസ്ഥാനാടിസ്ഥാനത്തിലുള്ള (ഗ്രാമീണ മേഖല) ശരാശരി പ്രതിദിന വേതന നിരക്ക് (പുരുഷ - കാർഷികേതര തൊഴിലാളികൾ)

| **സംസ്ഥാനം /കേന്ദ്ര ഭരണ പ്രദേശം** | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|---|---|---|
| ആന്ധ്രപ്രദേശ് | 232.4 | 247.5 | 271.2 | 291.3 | 305.3 | 337.7 | 374.5 | 405.4 |
| ആസ്സാം | 233.8 | 245.5 | 258.3 | 263.6 | 299.3 | 306.4 | 333.3 | 364.2 |
| ബീഹാർ | 228.6 | 237.2 | 250.9 | 268.5 | 289.3 | 299.1 | 313.1 | 337.3 |
| ഗുജറാത്ത് | 204.3 | 216.1 | 224.1 | 234.5 | 239.3 | 252.5 | 273.1 | 285.7 |
| ഹരിയാന | 352.7 | 355.5 | 362.3 | 376.9 | 384.4 | 409.3 | 451.0 | 471.2 |
| ഹിമാചൽ പ്രദേശ് | 303.4 | 330.4 | 336.4 | 344.1 | 342.1 | 389.8 | 416.3 | 437.4 |
| ജമ്മു & കാശ്മീർ | 408.8 | 417.3 | 433.9 | 452.8 | 483.0 | 500.8 | 517.9 | 538.9 |
| കർണാടക | 238.5 | 242.4 | 261.1 | 263.4 | 279.2 | 297.9 | 336.2 | 352.1 |
| കേരളം | 615.6 | 625.6 | 657.2 | 670.4 | 677.6 | 681.8 | 696.6 | 735.0 |
| മധ്യ പ്രദേശ് | 184.4 | 198.1 | 202.4 | 205.9 | 232.6 | 230.3 | 246.3 | 262.3 |
| മഹാരാഷ്ട്ര | 215.9 | 226.7 | 229.6 | 240.2 | 262.3 | 277.2 | 293.7 | 309.9 |
| പഞ്ചാബ് | 300.5 | 313.1 | 319.2 | 331.9 | 344.2 | 356.9 | 375.3 | 392.9 |
| രാജസ്ഥാൻ | 300.1 | 301.2 | 316.3 | 312.1 | 329.0 | 338.6 | 354.3 | 380 |
| തമിഴ് നാട് | 389.6 | 401.7 | 414.3 | 438.6 | 449.5 | 462.3 | 481.5 | 519.1 |
| ഉത്തർ പ്രദേശ് | 222.7 | 244.7 | 261.1 | 272.3 | 286.8 | 302.9 | 323.6 | 354.8 |
| വെസ്റ്റ് ബംഗാൾ | 259.9 | 279.3 | 287.0 | 291.1 | 305.8 | 320.7 | 338.0 | 354 |
| **ഇന്ത്യ** | **261.3** | **273.8** | **284.8** | **293.9** | **315.3** | **326.6** | **348.0** | **371.4** |

Source: Indian Labour Journal, Labour Bureau, Government of India, Various Issues * Yearly average wage rates have been calculated from monthly average wage rates.* All India data for 2020-21 is the average of 11 months as data for April 2020 is not available

**പട്ടിക 7.1.3 (ബി)** ഇന്ത്യയിലെ സംസ്ഥാനാടിസ്ഥാനത്തിലുള്ള (ഗ്രാമീണ മേഖല) ശരാശരി പ്രതിദിന വേതന നിരക്ക് (പുരുഷ - കാർഷിക തൊഴിലാളികൾ)

| **സംസ്ഥാനം /കേന്ദ്ര ഭരണ പ്രദേശം** | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|---|---|---|
| ആന്ധ്രപ്രദേശ് | 249.1 | 269.5 | 282.0 | 302.6 | 318.6 | 340.5 | 384.4 | 437.8 |
| ആസ്സാം | 229.3 | 237.5 | 248.5 | 252.1 | 277.4 | 307.6 | 344.1 | 365.7 |
| ബീഹാർ | 212.7 | 223.0 | 240.3 | 258.4 | 272.6 | 290.3 | 308.7 | 337.9 |
| ഗുജറാത്ത് | 184.0 | 187.9 | 199.3 | 208.6 | 213.1 | 220.3 | 241.9 | 256.1 |
| ഹരിയാന | 359.3 | 361.4 | 391.9 | 389.5 | 384.8 | 395.0 | 424.8 | 452.7 |
| ഹിമാചൽ പ്രദേശ് | 339.8 | 368.3 | 388.6 | 419.0 | 421.7 | 457.6 | 473.3 | 492.2 |
| ജമ്മു & കാശ്മീർ | 409.8 | 436.0 | 443.6 | 451.6 | 501.1 | 524.6 | 550.4 | 566.1 |
| കർണാടക | 251.9 | 267.3 | 288.7 | 292.0 | 312..5 | 335.2 | 379.5 | 415.4 |
| കേരളം | 644.0 | 659.8 | 682.4 | 700.9 | 706.5 | 726.8 | 764.3 | 807.2 |
| മധ്യ പ്രദേശ് | 173.1 | 191.3 | 196.3 | 198.6 | 217.6 | 217.8 | 229.2 | 242.2 |
| മഹാരാഷ്ട്ര | 196.8 | 207.4 | 213.7 | 231.8 | 267.7 | 284.2 | 303.5 | 325.0 |
| പഞ്ചാബ് | 319.3 | 324.6 | 337.7 | 349.2 | 357.0 | 372.5 | 393.3 | 409.2 |
| രാജസ്ഥാൻ | 285.5 | 287.1 | 292.9 | 298.1 | 327.1 | 358.3 | 366.4 | 388.8 |
| തമിഴ് നാട് | 378.7 | 385.9 | 398.7 | 410.4 | 434.2 | 445.6 | 470.0 | 540.6 |
| ഉത്തർ പ്രദേശ് | 211.8 | 229.8 | 247.1 | 258.8 | 274.5 | 288.0 | 309.3 | 334.4 |
| വെസ്റ്റ് ബംഗാൾ | 237.6 | 255.9 | 263.1 | 267.5 | 288.6 | 305.3 | 323.7 | 335.3 |
| ഇന്ത്യ | 252.6 | 267.1 | 277.4 | 287.1 | 309.9 | 323.2 | 345.7 | 372.7 |

Source: Indian Labour Journal, Labour Bureau, Government of India, Various Issues * Yearly average wage rates have been calculated from monthly average wage rates.* All India data for 2020-21 is the average of 11 months as data for April 2020 is not available

(രൂപ 0.0) അഖിലേന്ത്യാ നിരക്കിനേക്കാൾ 53.3 ശതമാനം കൂടുതലാണ്. എന്നിരുന്നാലും കേരളത്തിൽ സ്ത്രീകളുടെ വേതനം പുരുഷന്മാരുടെ വേതനത്തിന്റെ പകുതിയോളം മാത്രമാണ്.

### കേരളത്തിലെ തൊഴിൽ, തൊഴിലാളി ക്ഷേമം

തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനും, കഴിവുകൾ വികസിപ്പിക്കാനും ലിംഗപദവിസമത്വം ഉറപ്പാക്കാനും മിനിമം വേതനവും ആരോഗ്യ സംരക്ഷണവും ഉറപ്പാക്കാനും അതുവഴി മെച്ചപ്പെട്ട ജോലിസ്ഥല അന്തരീക്ഷം സൃഷ്ടിക്കാനും കേരളത്തിലെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എല്ലാ മേഖലകളിലെയും തൊഴിലാളികൾക്ക് വേതന സംരക്ഷണവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കി അവരുടെ മൊത്തത്തിലുള്ള ക്ഷേമമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

### തൊഴിലാളി ക്ഷേമ ബോർഡുകൾ

തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ തൊഴിൽ വകുപ്പ് ഒരു പ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാനത്ത് 28 ലേബർ വെൽഫെയർ ബോർഡുകളുണ്ട് (ലേബർ കമ്മീഷണറേറ്റ്). നിലവിൽ തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുകയും അതത് തൊഴിൽ മേഖലയ്ക്ക് ക്ഷേമ സൗകര്യങ്ങൾ നൽകുകയും ചെയ്യുന്നു. ബാക്കിയുള്ള 12 ബോർഡുകൾ കൃഷി, വ്യവസായം തുടങ്ങി വിവിധ വകുപ്പുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്.

തൊഴിൽ വകുപ്പിന് കീഴിലുള്ള വെൽഫെയർ ബോർഡുകളും രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ എണ്ണവും അനുബന്ധം 7.1.4 ൽ കാണിച്ചിരിക്കുന്നു. 2023-24 വർഷത്തിൽ തൊഴിൽ വകുപ്പിനു കീഴിലുള്ള 16 ലേബർ വെൽഫെയർ ബോർഡുകളിലായി 58,71,881 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 16 ബോർഡുകളിൽ, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിലാണ് ഏറ്റവും കൂടുതൽ സജീവമായ അംഗങ്ങൾ ഉള്ളത്, അതായത് 2023-24 ൽ 20,23,402 അംഗങ്ങൾ. 2022-23 മുതൽ മൊത്തം അംഗങ്ങളുടെ എണ്ണത്തിൽ 14 ശതമാനം വർധനവുണ്ടായിട്ടുണ്ട്.

### ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒഡിഇപിസി)

എംപ്ലോയ്മെന്റ് ആൻഡ് സ്കിൽസ് വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി വിദേശ റിക്രൂട്ട്മെന്റ് രംഗത്ത് പ്രശംസനീയമായ പ്രകടനമാണ് കാഴ്ചവെക്കുന്നത്. വിദ്യാസമ്പന്നരായ തൊഴിലന്വേഷകർക്കും, വിദഗ്ധരും അവിദഗ്ധരും അർദ്ധ വിദഗ്ധരുമായ തൊഴിലാളികൾക്കും വിദേശ രാജ്യങ്ങളിൽ കുറഞ്ഞ ചെലവിൽ അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി നൽകുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. IATA - അംഗീകൃത ട്രാവൽ ഡിവിഷനും ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിന് കീഴിൽ പ്രവർത്തിക്കുന്നു. പാക്കേജ്ഡ് ടൂറുകൾ, പരിശീലനം, വിദേശ പഠനം തുടങ്ങിയ മേഖലകളിൽ ODEPC സജീവമായി ഏർപ്പെട്ടിട്ടുണ്ട്.

### നേട്ടങ്ങൾ

വിദേശ റിക്രൂട്ട്മെന്റ്: ഒഡിഇപിസി പ്രധാനമായും വിദേശ രാജ്യങ്ങളിലെ ഗവൺമെന്റ് ഓർഗനൈസേഷനുകളിലേക്ക് മാനവശേഷിയുടെ റിക്രൂട്ട്മെന്റിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ODEPC 2016 മുതൽ 2024 വരെ വിവിധ വിദേശ രാജ്യങ്ങളിലെക്കായി 3790 റിക്രൂട്ട്മെന്റുകൾ നടത്തിയിട്ടുണ്ട് (**പട്ടിക 7.1.4**), പ്രധാനമായും ഗൾഫ് രാജ്യങ്ങൾ, ജർമ്മനി, ബെൽജിയം, ഉസ്ബെക്കിസ്ഥാൻ എന്നിവിടങ്ങളിലേക്ക്. സൗദി അറേബ്യയിലെ ആരോഗ്യ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ ആശുപത്രികളിലേക്ക് ഒഡിഇപിസി ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരെയും റിക്രൂട്ട് ചെയ്തിട്ടുണ്ട്.

2022 മാർച്ചിൽ 22 നഴ്സുമാരുടെ ആദ്യ ബാച്ച്, 2023 ജനുവരിയിൽ 37 നഴ്സുമാരുടെ രണ്ടാം ബാച്ച്, 2024 ജനുവരി 19-ന് 35 നഴ്സുമാരുടെ മൂന്നാം ബാച്ച് എന്നിങ്ങനെ ഒഡിഇപിസി ബെൽജിയത്തിലേക്ക് 94 നഴ്സുമാരെ റിക്രൂട്ട് ചെയ്തു,. ഈ പദ്ധതിയുടെ 60 നഴ്സുമാരുടെ നാലാമത്തെ ബാച്ചിന്റെ ഡച്ച് ഭാഷയിലുള്ള പരിശീലനം പുരോഗമിക്കുന്നു. കോഴ്സിൽ പങ്കെടുക്കുന്നവർക്ക് പ്രതിമാസം 15,000 രൂപ സ്റ്റൈപ്പൻഡ് ലഭിക്കുന്നുണ്ട്. ഇതുകൂടാതെ, ബെൽജിയത്തിലേക്കുള്ള നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള മറ്റൊരു പ്രോഗ്രാമായ LELI വഴി തിരഞ്ഞെടുത്ത 24 നഴ്സുമാർ ഡച്ച് ഭാഷാ പരിശീലനം പൂർത്തിയാക്കി 2024 സെപ്റ്റംബറിൽ ബെൽജിയത്തിലേക്ക് യാത്രയായിട്ടുണ്ട്.

**പട്ടിക 7.1.4** ODEPC നടത്തുന്ന റിക്രൂട്ട്മെന്റുകളുടെ വിശദാംശങ്ങൾ

| സാമ്പത്തിക വർഷം | വിദേശ രാജ്യങ്ങളിലെ ആകെ തൊഴിൽ |
|---|---|
| 2016-17 | 650 |
| 2017-18 | 325 |
| 2018-19 | 347 |
| 2019-20 | 284 |
| 2020-21 | 646 |
| 2021-22 | 475 |
| 2022-23 | 157 |
| 2023-24 | 553 |
| 2024-25 | 353 |
| **ആകെ** | 3790 |

ഉറവിടം: ഒഡിഇപിസി, കേരള സർക്കാർ

ഇതിനുപുറമെ, ഒഡിഇപിസി ജർമ്മനിയിലേക്ക് നഴ്സുമാരുടെ സൗജന്യ റിക്രൂട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, ആദ്യ ബാച്ചിൽ 100 നഴ്സുമാർക്ക് പരിശീലനം നൽകി, അതിൽ 70 നഴ്സുമാരെ ജർമ്മനിയിൽ നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ളവർക്കുള്ള യാത്രാ ക്രമീകരണങ്ങൾ പുരോഗമിക്കുകയാണ്.

ഒഡിഇപിസി വഴി ഉസ്ബെക്കിസ്ഥാനിലെ സർക്കാർ സ്കൂളുകളിൽ 100 ഇംഗ്ലീഷ് അധ്യാപകരെ നിയമിച്ചിട്ടുണ്ട്. ദുബായ് വേൾഡ് സെക്യൂരിറ്റിയിൽ 230 ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭ്യമായിട്ടുണ്ട്. തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസുമായി (കെഎഎസ്ഇ) സഹകരിച്ച് 2022 സെപ്റ്റംബറിൽ റിയാദ്, സൗദി അറേബ്യ, ദുബായ്, അബുദാബി, യുഎഇ എന്നിവിടങ്ങളിൽ എംപ്ലോയർ മീറ്റ് സംഘടിപ്പിച്ചു. ദുബായിൽ നിന്നുള്ള 78 കമ്പനികളും അബുദാബിയിൽ നിന്നുള്ള 46 കമ്പനികളും സൗദി അറേബ്യയിൽ നിന്നുള്ള 67 കമ്പനികളും ഇതിൽ പങ്കെടുത്തു.

*പരിശീലനം:* യുകെ, അയർലൻഡ് എന്നിവയുൾപ്പെടെ ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിൽ നിയമനം ആഗ്രഹിക്കുന്ന നഴ്സുമാർക്ക് ഇംഗ്ലീഷ്, ജർമ്മൻ തുടങ്ങിയ വിദേശ ഭാഷകളിൽ പരിശീലനം നൽകുന്നതിന് ഒഡിഇപിസി തിരുവനന്തപുരം, എറണാകുളം, അങ്കമാലി, കോഴിക്കോട്, ന്യൂഡൽഹി എന്നിവിടങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചു. ഈ കേന്ദ്രങ്ങൾ 1000 തൊഴിലന്വേഷകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

ഏഷ്യയിലെ ഏറ്റവും വലിയ ഒക്യുപേഷണൽ ഇംഗ്ലീഷ് ടെസ്റ്റ് (OET) പരീക്ഷാ കേന്ദ്രം ഒഡിഇപിസി 2021 ജനുവരിയിൽ കേരളത്തിലെ അങ്കമാലിയിൽ ആരംഭിച്ചു. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഇന്ത്യയിലെ ആദ്യത്തെ പരീക്ഷാ കേന്ദ്രമാണിത്. ഈ പരീക്ഷാകേന്ദ്രത്തിൽ ഇതുവരെ 12,000 പേർ പരീക്ഷ എഴുതിയിട്ടുണ്ട്.

*ട്രാവൽ ഡിവിഷൻ:* 1990 മുതൽ IATA-അക്രഡിറ്റഡ് ട്രാവൽ ഡിവിഷൻ ODEPC ന് കീഴിൽ പ്രവർത്തിക്കുന്നു. അന്താരാഷ്ട്ര യാത്രയ്ക്കുള്ള ടിക്കറ്റുകൾ ഇപ്പോൾ ഇവിടെ പ്രോസസ്സ് ചെയ്യുന്നു. റഷ്യ-ഉക്രെയ്ൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ, ഉക്രെയ്നിൽ നിന്ന് വിദ്യാർത്ഥികളെ തിരികെ കൊണ്ടുവരാൻ സംസ്ഥാന സർക്കാർ ഒഡിഇപിസിയുടെ ട്രാവൽ ഡിവിഷന്റെ സേവനം ഉപയോഗപ്പെടുത്തി.

ടൂർ ഡിവിഷൻ: പ്രമുഖ ടൂർ ഓപ്പറേറ്ററായ തോമസ് കുക്കുമായി സഹകരിച്ച് ടൂർ പാക്കേജുകൾ നടപ്പിലാക്കുന്നതിനായി ട്രാവൽ ഡിവിഷന്റെ കീഴിൽ 2018-ൽ ഒരു ടൂർ ഡിവിഷൻ ആരംഭിച്ചു. ആഭ്യന്തരമായും വിദേശത്തും യാത്ര ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് വിവിധ തരത്തിലുള്ള ടൂർ പാക്കേജുകൾ ലഭ്യമാണ്. ലക്ഷ്വറി ക്രൂയിസ് പാക്കേജുകളും പ്രവർത്തിക്കുന്നു. സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രത്യേക ഇളവുകൾ നൽകി വരുന്നു.

*വിദേശ പഠനം:* ഉന്നത ബിരുദങ്ങൾ നേടാനും വിദേശത്ത് തൊഴിൽ ഉറപ്പാക്കാനും ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി. യുഎസ്എ, കാനഡ, ഓസ്ട്രേലിയ, യുകെ, ന്യൂസിലാൻഡ്, ചെക്ക് റിപ്പബ്ലിക്, ഉക്രെയ്ൻ തുടങ്ങിയ രാജ്യങ്ങളിലേക്കായാണ് ഈ പദ്ധതി അവതരിപ്പിച്ചത്. വിദേശ രാജ്യങ്ങളിൽ ഉപരിപഠനം നടത്താൻ ആഗ്രഹിക്കുന്ന പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനായി ഒഡിഇപിസിയും പട്ടികജാതി പട്ടികവർഗ വികസന വകുപ്പും ചേർന്ന് നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് "ഓവർസീസ് സ്റ്റഡീസിനുള്ള ഉന്നതി സ്കോളർഷിപ്പ്". വിദ്യാർത്ഥിയുടെ കുടുംബ വാർഷിക വരുമാനം അനുസരിച്ച് 25 ലക്ഷം രൂപ വരെയാണ് സ്കോളർഷിപ്പ് നൽകുന്നത്. ഇത് വരെ (ഒക്ടോബർ 2024), 212 വിദ്യാർത്ഥികൾ ഈ പദ്ധതിയിലൂടെ വിദേശ സർവകലാശാലകളിൽ പഠിക്കുന്നുണ്ട്.

ഉന്നതി ഗുണഭോക്താക്കൾ ഉൾപ്പെടെ, 252 വിദ്യാർത്ഥികളുടെ അന്താരാഷ്ട്ര വിദ്യാഭ്യാസത്തിന് ODEPC സൗകര്യമൊരുക്കിയിട്ടുണ്ട്.

### ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്

തൊഴിൽ, നൈപുണ്യ മന്ത്രാലയത്തിന് കീഴിലാണ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് സ്ഥിതി ചെയ്യുന്നത്. 1948-ലെ ഫാക്ടറി നിയമവും, 1923-ലെ ഇന്ത്യൻ ബോയിലർ നിയമവും ഫാക്ടറികളിൽ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുകയാണ് വകുപ്പിന്റെ പ്രധാന ഉത്തരവാദിത്തം. കേരളത്തിലെ രജിസ്റ്റർ ചെയ്യപ്പെട്ട ഫാക്ടറികളിൽ ജോലി ചെയ്യുന്ന ഏകദേശം 7 ലക്ഷത്തോളം തൊഴിലാളികളുടെയും, അപകടസാധ്യതയുള്ള ഫാക്ടറികൾക്ക് സമീപമുള്ള പൊതുജനങ്ങളുടെയും സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിന് 20 വ്യത്യസ്ത നിയമങ്ങളിലൂടെയും നിയമപരമായ നിർവ്വഹണ അധികാരങ്ങൾ വകുപ്പിൽ നിക്ഷിപ്തമാണ്. അതുപോലെ തന്നെ തൊഴിൽപരമായ അപകടങ്ങൾ, തൊഴിൽപരമായ രോഗങ്ങൾ, വ്യാവസായിക ദുരന്തങ്ങൾ എന്നിവ ഒഴിവാക്കുന്നതിലും വകുപ്പ് ശ്രദ്ധ ചെലുത്തുന്നു.

### റിമോട്ട് സെൻസിംഗ്–പ്രാപ്തമാക്കിയ ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം (ROCERS)

എൻആർഎസ്എ (നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ), ഹൈദരാബാദ്, ഐജിസിഎആർ (ഇന്ദിരാഗാന്ധി സെന്റർ ഫോർ ആറ്റോമിക് റിസർച്ച്), കൽപ്പാക്കം, തമിഴ്നാട് എന്നിവയുടെ സഹകരണത്തോടെ എറണാകുളം ജില്ലയിലെ അമ്പലമുഗളിൽ റിമോട്ട് സെൻസിംഗ്-എനേബിൾഡ് ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം (ROCERS) പദ്ധതിയുടെ ആദ്യ ഘട്ടം നടപ്പാക്കി.

ഒരു വ്യാവസായിക ദുരന്തം സംഭവിച്ചാൽ, സമീപവാസികൾ, ദുരന്തനിവാരണ ഏജൻസികൾ,

പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്, റവന്യൂ എന്നിവയുൾപ്പെടെയുള്ള അധികാരികൾ ജിയോസ്പേഷ്യൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ മുന്നറിയിപ്പ് നൽകുന്നു. ഈ അലേർട്ടുകൾ മുൻകൂട്ടിയുള്ളതും മൊബൈൽ ആപ്ലിക്കേഷനുകളിലൂടെയും ഓഫ്‌ലൈനിലൂടെയും വിതരണം ചെയ്യുന്നതുമാണ്.

### ഇ–സഞ്ജീവനി സ്കീമും കോഷെ സ്കീമും

കേരള സർക്കാരിന്റെ ടെലിമെഡിസിൻ പദ്ധതിയായ ഇ-സഞ്ജീവനിയിലൂടെ ഒക്യുപേഷണൽ ഹെൽത്ത് വകുപ്പിന്റെ ഔട്ട്-പേഷ്യന്റ് സേവനം ആരംഭിക്കുകയും വിജയകരമായി നടപ്പിലാക്കുകയും ചെയ്തു. ഫാക്ടറി തൊഴിലാളികൾക്ക് അവരുടെ ജോലിസ്ഥലങ്ങളിൽ നിന്ന് ഓൺലൈനായി ഡിപ്പാർട്ട്മെന്റിലെ ഡോക്ടർമാരുമായി ബന്ധപ്പെടാനും രോഗനിർണയവും മരുന്നു കുറിപ്പുകളും സ്വീകരിക്കാനും തൊഴിൽപരമായ രോഗത്തെക്കുറിച്ചുള്ള സംശയങ്ങൾ ദുരീകരിക്കാനും കഴിയും.

തുടർ തൊഴിൽ സുരക്ഷയും ആരോഗ്യ വിദ്യാഭ്യാസവും (COSHE) പ്രകാരം ഫാക്ടറീസ് ആക്ടിൽ പറഞ്ഞിരിക്കുന്ന 28 രോഗങ്ങൾ കണ്ടെത്തുന്നതിന് ഫാക്ടറികളിലെ ഡോക്ടർമാർക്ക് വകുപ്പ് സൗജന്യ ഓൺലൈൻ പരിശീലനവും നൽകുന്നു. ഇന്ത്യയിൽ ഇത്തരത്തിലുള്ള ആദ്യ പദ്ധതിയാണ് കോഷെ.

**എൻഫോഴ്സ്മെന്റ് സ്ട്രാറ്റജി:** അതിന്റെ എൻഫോഴ്സ്മെന്റ് സ്ട്രാറ്റജിയുടെ ഭാഗമായി, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് ഉദ്യോഗസ്ഥർ അപകടസാധ്യതയുള്ളതും അല്ലാത്തതുമായ ഫാക്ടറികളിൽ മുൻഗണനാ പരിശോധനയും നടത്തുന്നു. "കേരള - സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം" (കെ-സിഐഎസ്) അനുസരിച്ച്, പരിശോധനയിൽ ലംഘനങ്ങൾ കണ്ടെത്തിയാൽ, ഫാക്ടറി മാനേജ്മെന്റിനെതിരെ നിയമനടപടി സ്വീകരിക്കുകയും അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

തൊഴിൽപരമായ രോഗങ്ങൾ കണ്ടെത്തുന്നതിനായി ഇന്ത്യയിൽ തൊഴിൽ ആരോഗ്യ സർവേ ആരംഭിച്ചു. കൊല്ലത്ത് സ്ഥാപിതമായ ഒക്യുപേഷണൽ ഹെൽത്ത് റിസർച്ച് സെന്ററിന്റെ (OHRC) സഹായത്തോടെ, കയർ, കശുവണ്ടി, മത്സ്യ സംസ്കരണം, ക്രഷർ, പാക്കിംഗ്, ടെക്സ്റ്റൈൽ, തേയില ഫാക്ടറികളിലെ തൊഴിലാളികൾക്കിടയിൽ ഒരു തൊഴിൽ രോഗ സർവേ പഠനം പൂർത്തിയാക്കി.

വ്യാവസായിക ശുചിത്വ ലബോറട്ടറിയുടെ സഹായത്തോടെ, തൊഴിൽപരമായ രോഗങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങൾ തിരിച്ചറിയുന്നതിനായി തൊഴിൽ സ്ഥലങ്ങളിൽ വ്യാവസായിക ശുചിത്വ നിരീക്ഷണ പഠനങ്ങൾ നടത്തുന്നു, ബന്ധപ്പെട്ട ഫാക്ടറി നിയമം ഭേദഗതി ചെയ്തുകൊണ്ട് തൊഴിൽ രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നു.

### ഫാബ് സേഫ് (FAB SAFE)

ഫാക്ടറികളിൽ നിന്ന് അപകടകരമായ രാസവസ്തുക്കൾ കൊണ്ടുപോകുന്ന വാഹനങ്ങൾ അപകടത്തിൽപെടുന്ന സാഹചര്യത്തിൽ, FAB SAFE എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി കെമിക്കൽ ഗ്യാസ് ചോർച്ചയോ തീപിടുത്തമോ വളരെ വേഗത്തിൽ അറിയിക്കാം. ഈ അറിയിപ്പുകൾ അടുത്തുള്ള ഫാക്ടറികളിൽ നിന്നുള്ള എമർജൻസി ക്രൂ അംഗങ്ങളുടെ വേഗത്തിലുള്ള വരവ് സുഗമമാക്കുന്നതിനും അപകടത്തിന്റെ ആഘാതവും തീവ്രതയും കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും സഹായിക്കുന്നു.

### കേരളത്തിലെ ഫാക്ടറി തൊഴിലാളികൾ

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ എണ്ണം വർഷങ്ങളായി വർദ്ധിച്ചുവെങ്കിലും തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നു. (**അനുബന്ധം 7.1.5**)

### ഫാക്ടറി തൊഴിലാളികളുടെ സുരക്ഷ

ഫാക്ടറി തൊഴിലാളികളുടെയും ഫാക്ടറികളുടെ പരിസരത്ത് താമസിക്കുന്ന പൊതുജനങ്ങളുടെയും സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള നിയമപരമായ അധികാരമുള്ള വകുപ്പ് എന്ന നിലയിൽ തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് വിവിധ പരിപാടികൾ നടത്തുന്നുണ്ട്. 2023-24ൽ (31.08.2024 വരെ), മേജർ ആക്സിഡന്റ് ഹസാർഡ് (MAH) ഫാക്ടറികളിൽ 37 മുൻഗണനാ പരിശോധനകളും, അപകടകരമായ ഫാക്ടറികളിൽ 37 പരിശോധനകളും സ്പെഷ്യലിസ്റ്റ് ഇൻസ്പെക്ടർമാർ നടത്തിയിട്ടുണ്ട്. ഫാക്ടറി തൊഴിലാളികൾക്കും ജീവനക്കാർക്കും മാത്രമല്ല, സ്കൂൾ കുട്ടികൾക്കും ഫാക്ടറി പരിസരത്തുള്ള പൊതുജനങ്ങൾക്കുമായി ഡിപ്പാർട്ട്മെന്റ് പരിശീലന പരിപാടികൾ നടത്തിവരുന്നു. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നടത്തുന്ന വിവിധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 7.1.6**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.1.5** ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം

| വർഷം | തൊഴിലാളികളുടെ എണ്ണം |
|---|---|
| 2016 | 7,02,129 |
| 2017 | 6,78,058 |
| 2018 | 6,98,679 |
| 2019 | 7,26,195 |
| 2020 | 7,02,901 |
| *2021 | 6,52,875 |
| *2022 | 6,78,586 |
| *2023 | 6,02,493 |
| *2024 | 6,41,701 |

(31.08.2024 വരെ)
ഉറവിടം: ലേബർ കമ്മീഷണറേറ്റ് (2020 വരെ) *
*ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നൽകിയ ഡാറ്റ

## കേരളത്തിലെ വ്യാവസായിക അപകടങ്ങൾ

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിലുള്ള വ്യവസായശാലകളിൽ മാരകവും അല്ലാത്തതുമായ അപകടങ്ങളുടെ എണ്ണം 2019 മുതൽ തുടർച്ചയായി കുറഞ്ഞുവരികയാണ്. ഒരു പരിധി വരെ വകുപ്പിന്റെ ഇടപെടലുകൾ വഴിയാണിത്. 2016 മുതൽ 2024 വരെയുള്ള (ഒക്ടോബർ വരെ) അപകട വിശദാംശങ്ങൾ **പട്ടിക 7.1.6** കാണിക്കുന്നു.

## വ്യാവസായിക തർക്കങ്ങൾ

സംസ്ഥാനത്ത് സമാധാനപരമായ തൊഴിൽ ബന്ധങ്ങൾ ഉറപ്പാക്കുന്നതിന് തൊഴിലാളിയും തൊഴിലുടമയും തമ്മിലുള്ള പരാതികൾ ഉന്നയിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള ഒരു വേദി അത്യന്താപേക്ഷിതമാണ്. 1947-ലെ വ്യാവസായിക തർക്ക നിയമം, സംഘടിത മേഖലയ്ക്ക് മാത്രം ബാധകമാണെങ്കിലും അതിനുള്ള നിയമ ചട്ടക്കൂട് ലേ ഓഫ്, റിട്രെഞ്ച്മെന്റ് എന്നിവയും നിയന്ത്രിക്കുന്നു.

2023-24 വർഷത്തിന്റെ തുടക്കത്തിൽ തീർപ്പാക്കാത്ത തർക്കങ്ങളുടെ എണ്ണം 1602 ആയിരുന്നു, 2023-24 ൽ ഉടലെടുത്ത തർക്കങ്ങളുടെ എണ്ണം 2,192 ആണ്. 2023-24 വർഷത്തിൽ കൈകാര്യം ചെയ്ത ആകെ തർക്കങ്ങളുടെ എണ്ണം 3,794 ആണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ മൂന്ന് വിഭാഗങ്ങളിലും കാര്യമായ കുറവുണ്ടായിട്ടുണ്ട്. 2023-24 വർഷത്തിൽ തീർപ്പാക്കിയ തർക്കങ്ങളുടെ എണ്ണം 2,156 ആയിരുന്നു. തർക്കങ്ങളുടെയും ഒത്തുതീർപ്പുകളുടെയും വിശദാംശങ്ങൾ (31.08.2024 വരെ) 2016-2017 മുതൽ 2023-24 വരെ **അനുബന്ധം 7.1.7**ൽ കാണിച്ചിരിക്കുന്നു.

## പണിമുടക്കുകളും ലോക്കൗട്ടുകളും പിരിച്ചുവിടലുകളും കാരണം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം

പണിമുടക്കുകളും ലോക്കൗട്ടുകളും പിരിച്ചുവിടലുകളും ഫാക്ടറികളിലെ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുത്തുന്നു. 2023-24ൽ വിവിധ കാരണങ്ങളാൽ കേരളത്തിൽ നഷ്ടപ്പെട്ട തൊഴിൽദിനങ്ങളുടെ എണ്ണം 20,25,231 ആയിരുന്നു. വിവിധ കാരണങ്ങളാൽ നഷ്ടപ്പെട്ടതായി പറയുന്ന തൊഴിൽ നഷ്ടത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 7.1.8, 7.1.9, 7.1.10** എന്നിവയിൽ കാണിച്ചിരിക്കുന്നു.

## ലേബർ കമ്മീഷണറേറ്റ്

തൊഴിലാളികൾക്കിടയിൽ അവരുടെ അവകാശങ്ങളെയും കടമകളെയും കുറിച്ച് അവബോധം സൃഷ്ടിച്ച് നല്ല തൊഴിൽ-തൊഴിലാളി ബന്ധം വളർത്തിയെടുക്കാൻ ലേബർ കമ്മീഷണറേറ്റ് ഊന്നൽ നൽകുന്നു, തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാതെ കാര്യക്ഷമത വർദ്ധിപ്പിക്കാനും തൊഴിലാളികൾക്കും സമൂഹത്തിനും തൊഴിൽ നിയമങ്ങളുടെ പ്രയോജനം ഉറപ്പാക്കാനും വകുപ്പ് ലക്ഷ്യമിടുന്നു. കേരളത്തിൽ സ്വയം തൊഴിൽ ചെയ്യുന്ന സംഘങ്ങൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയുടെ സാമൂഹിക-സാമ്പത്തിക സുരക്ഷയ്ക്ക് കമ്മീഷണറേറ്റ് അർഹമായ പ്രാധാന്യം നൽകുന്നുണ്ട്. ലിംഗസമത്വം കേരളത്തിന്റെ തൊഴിൽ മേഖലയുടെ ഒരു പ്രത്യേകതയാണ്.

## കേരളത്തിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷയും ക്ഷേമ പ്രവർത്തനങ്ങളും

ലേബർ കമ്മീഷണറേറ്റിന് കീഴിലുള്ള പ്രധാന തൊഴിലാളി ക്ഷേമ പദ്ധതികൾ

### 1.പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള ധനസഹായം

ലേബർ കമ്മീഷണറേറ്റിന്റെ പ്രധാന പദ്ധതിയാണിത്. സംസ്ഥാനത്ത് ബീഡി, ഖാദി, ഈറ്റ, മുള, ചൂരൽ, മത്സ്യബന്ധനം, മത്സ്യ സംസ്കരണം, കയർ തുടങ്ങിയ പരമ്പരാഗത മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് അവരുടെ കൂലി വിടവ് (wage gap) നികത്തുന്നതിനായി 1250 രൂപ സാമ്പത്തിക സഹായം നൽകുന്നതിനായി 2010-11 കാലയളവിലാണ് ഈ പദ്ധതി ആരംഭിച്ചത്. കയർ, ഫിഷറീസ്, ഖാദി, കൈത്തറി വകുപ്പുകൾ മറ്റ് തൊഴിലാളി ക്ഷേമ ബോർഡുകൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. 2023-24ൽ 3,96,181 ഗുണഭോക്താക്കൾക്കായി ഇൻകം സപ്പോർട്ട് സ്കീം വഴി 69 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

*2.തോട്ടം തൊഴിലാളികൾക്കായി മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കലും, നിർദ്ധനരായ അസംഘടിത നഗര തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതിയും*

തോട്ടം മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ, വേതന വ്യവസ്ഥ, സൗകര്യങ്ങളുടെ അഭാവം, മോശം അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരിഗണിച്ച് തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് പാർപ്പിടം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഭവനം ഫൗണ്ടേഷൻ കേരള (ബിഎഫ്കെ) കുളത്തുപ്പുഴ എസ്റ്റേറ്റിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ (ആർപിഎൽ) ഏറ്റെടുത്ത 5 ഏക്കർ സ്ഥലത്ത് ഭൂരഹിതർക്കും ഭവനരഹിതർക്കും വേണ്ടി ഭവനം പദ്ധതി – സ്വന്തം ഭവനം എന്ന പദ്ധതി നടപ്പാക്കുന്നു. ഒന്നാം

**പട്ടിക 7.1.6** കേരളത്തിലെ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിലുള്ള ഫാക്ടറികളിലെ വ്യാവസായിക അപകടങ്ങൾ - 2016 മുതൽ 2024 വരെ (എണ്ണത്തിൽ)

| അപകടങ്ങൾ | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 | ഒക്ടോബർ 2024 വരെ) |
|---|---|---|---|---|---|---|---|---|---|
| *മാരകമായവ | 14 | 16 | 22 | 26 | 14 | 12 | 9 | 22 | 12 |
| *മരകമല്ലാത്തവ | 192 | 236 | 129 | 121 | 58 | 117 | 67 | 62 | 48 |
| ആകെ | 206 | 252 | 151 | 147 | 72 | 129 | 76 | 84 | 60 |

ഉറവിടം: ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്, കേരള സർക്കാർ

ഘട്ടത്തിൽ 6 യൂണിറ്റുകളുടെ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും പൂർത്തിയായി.

3. ***അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണം***

ഈ സ്കീമിന് ഇനിപ്പറയുന്ന മൂന്ന് ഘടകങ്ങൾ ഉണ്ട്:

(എ) അസംഘടിത ദിവസ വേതന തൊഴിലാളി കൾക്കുള്ള ആശ്വാസ നിധി

2007-08 വർഷത്തിൽ നിലവിൽ വരുകയും തൊഴിൽ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ പദ്ധതിയിലൂടെ ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ, ദിവസ വേതന തൊഴിലാളികളുടെ നിർവചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽ പരിക്ക് പറ്റിയാൽ അപേക്ഷയിന്മേൽ ഒറ്റത്തവണ 2000 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(ബി)അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളി കൾക്കുള്ള പെൻഷൻ പദ്ധതി

മരംകയറ്റ തൊഴിലാളി ക്ഷേമസ്കീം വഴി ആനുകൂല്യങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ പെൻഷൻ നൽകുന്ന കേരള മരംകയറ്റ തൊഴിലാളി പെൻഷൻ പദ്ധതി 1-1-2012-ലാണ് നിലവിൽ വന്നത്.

സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവ ആനുകൂല്യങ്ങൾ

വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് നൽകിവരുന്ന പ്രസവാനുകൂല്യ സഹായനിധി ഒരു ഏകീകൃത സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനും, അർഹമായ മിനിമം വേതനം ലഭിക്കുന്നതിനുമായി 2011-12 വർഷത്തിലാണ് ഗവൺമെന്റ് പ്രസവാനുകൂല്യ പദ്ധതി നടപ്പിലാക്കിയത്. വിവിധ ക്ഷേമനിധി ബോർഡുകൾ വഴിയാണ് പ്രസവാനുകൂല്യ തുക തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നത്.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണ പദ്ധതിയിലൂടെ 2023-24ൽ 3,100 ഗുണഭോക്താക്കൾക്കായി 5 കോടി രൂപ ചെലവഴിച്ചു.

### 2. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് (ഇഎസ്ഐ) പദ്ധതി

അസുഖം, പ്രസവം, അംഗവൈകല്യം, തൊഴിൽ ക്ഷതം മൂലമുള്ള മരണം എന്നിവയിൽ ജീവനക്കാർക്ക് സഹായം നൽകാനും ഇൻഷ്വർ ചെയ്ത വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും വൈദ്യസഹായം നൽകാനും ഇന്ത്യ ഗവൺമെന്റിന്റെ ഇഎസ്ഐ സ്കീം ലക്ഷ്യമിടുന്നു. സമഗ്രമായ സാമൂഹ്യ സുരക്ഷാ വ്യവസ്ഥകൾ, 1948-ലെ ഇഎസ്ഐ നിയമത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പത്തോ അതിലധികമോ ആളുകൾക്ക് തൊഴിൽ നൽകുന്ന വൈദ്യുതി ലഭ്യമായ നോൺ-സീസൺ ഫാക്ടറികളിലും, 20-ഓ അതിലധികമോ ആളുകൾക്ക് തൊഴിൽ നൽകുന്ന വൈദ്യുതി ഉപയോഗിക്കാത്ത ഫാക്ടറികളിലും തൊഴിലെടുക്കുന്ന എല്ലാ ജീവനക്കാരെയും ഈ സ്കീം പരിരക്ഷിക്കുന്നു. കടകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, സിനിമാശാലകൾ, റോഡ് മോട്ടോർ ട്രാൻസ്പോർട്ട് സ്ഥാപനങ്ങൾ, പത്രസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരും ഇതിൽ ഉൾപ്പെടുന്നു. ഇൻഷ്വർ ചെയ്ത ഓരോ ജീവനക്കാരനും അവരുടെ തൊഴിലുടമയും അവരുടെ വേതനത്തിന്റെ ഒരു നിശ്ചിത ശതമാനം എല്ലാ മാസവും ഇഎസ്ഐസി യിലേക്ക് സംഭാവന ചെയ്യേണ്ടതുണ്ട്. കാലാകാലങ്ങളിൽ സീലിംഗ് വേതന നിരക്ക് പരിഷ്കരിക്കുന്നു. മിക്ക സാമൂഹിക സുരക്ഷാ പദ്ധതികളെയും പോലെ ഇഎസ്ഐ സ്കീമും പ്രവർത്തിക്കുന്നു. ഇത് ഒരു സ്വാശ്രയ ആരോഗ്യ ഇൻഷുറൻസ് സ്കീമാണ്, കൂടാതെ ശമ്പളത്തിന്റെ ഒരു നിശ്ചിത ശതമാനമായി പരിരക്ഷിത ജീവനക്കാരിൽ നിന്നും അവരുടെ തൊഴിലുടമകളിൽ നിന്നും സംഭാവനകൾ സമാഹരിക്കുന്നു. പേയ്മെന്റുകൾ മാസാടിസ്ഥാനത്തിൽ നൽകണം. കേരളത്തിൽ 147 ഇഎസ്ഐ ഡിസ്പെൻസറികളും 9 ഇഎസ്ഐ ആശുപത്രികളുമുണ്ട്. ഇ.എസ്.ഐ ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 7.1.11**-ൽ നൽകിയിരിക്കുന്നു.

### 3. കേരളത്തിലെ അതിഥി തൊഴിലാളികൾ

2001 വരെ കേരളത്തിലേക്കുള്ള കുടിയേറ്റക്കാർ പ്രധാനമായും അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നുള്ളവരായിരുന്നു. എന്നിരുന്നാലും, സമീപ വർഷങ്ങളിൽ, കുടിയേറ്റക്കാർ കൂടുതലും പശ്ചിമ ബംഗാൾ, അസം, ഒഡീഷ, ബിഹാർ എന്നിവിടങ്ങളിൽ നിന്നാണ്. നിർമ്മാണ മേഖലയിലാണ് ഏറ്റവും കൂടുതൽ കുടിയേറ്റ തൊഴിലാളികൾ ഉള്ളത്. അതായത് 17.5 ലക്ഷം പേർ, നിർമ്മാണ മേഖലയിൽ6.3 ലക്ഷം അതിഥി തൊഴിലാളികളും ജോലി ചെയ്യുന്നു.. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള ആവാസ് രജിസ്ട്രേഷനു കീഴിൽ രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളുടെ കേരളത്തിലെ വിവിധ ജില്ലകളിലെ കണക്ക് (31.08.2023 വരെ) **പട്ടിക 7.1.7** ൽ കാണിച്ചിരിക്കുന്നു. കുടിയേറ്റ വെൽഫെയർ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളുടെ എണ്ണം **അനുബന്ധം 7.1.12** ൽ കാണിച്ചിരിക്കുന്നു.

### കേരളത്തിലെ അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ

അതിഥി തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച കൃത്യമായ വിവരങ്ങളുടെ അഭാവമാണ് കേരളത്തിലെ കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുള്ള പ്രധാന തടസ്സം. പരിദയുടെയും രവിരാമന്റെയും 2021

*Parida, J K and K R Raman (2021), A study on in-migration, informal employment and urbanisation in Kerala

**പട്ടിക 7.1.7** AAWAZ രജിസ്ട്രേഷൻ പ്രകാരം കേരളത്തിലെ ജില്ലകളിൽ (31.08.2023 വരെ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും / കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നും രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളുടെ കണക്ക്

| നം.. | ജില്ല | ആകെ |
|---|---|---|
| 1 | തിരുവനന്തപുരം | 63,788 |
| 2 | കൊല്ലം | 24,946 |
| 3 | പത്തനംതിട്ട | 24,119 |
| 4 | ആലപ്പുഴ | 36,927 |
| 5 | ഇടുക്കി | 19,587 |
| 6 | കോട്ടയം | 34,251 |
| 7 | എറണാകുളം | 1,15,053 |
| 8 | തൃശ്ശൂർ | 41,900 |
| 9 | പാലക്കാട് | 24,694 |
| 10 | മലപ്പുറം | 29,856 |
| 11 | കോഴിക്കോട് | 44,628 |
| 12 | വയനാട് | 11,839 |
| 13 | കണ്ണൂർ | 28,874 |
| 14 | കാസറഗോഡ് | 15858 |
| **ആകെ** | | 5,16,320 |

ഉറവിടം : ലേബർ കമ്മീഷണറേറ്റ്

ലെ പഠനമനുസരിച്ച്, അതിഥി തൊഴിലാളികളുടെ എണ്ണം ഏകദേശം 31 ലക്ഷമാണ്, എന്നാൽ ലേബർ കമ്മീഷണറേറ്റിന്റെ ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം 5 ലക്ഷത്തിന് മുകളിൽ മാത്രമാണ്. ചുരുങ്ങിയ കാലം കേരളത്തിൽ താമസിച്ച് ജോലി ചെയ്ത് സ്വന്തം നാട്ടിലേക്ക് മടങ്ങുക എന്നതാണ് അതിഥി തൊഴിലാളികളുടെ ഇപ്പോഴത്തെ കുടിയേറ്റത്തിന്റെ രീതി. അതിനാൽ, ഇത്തരത്തിലുള്ള കുടിയേറ്റ പ്രവാഹത്തെക്കുറിച്ച് കൃത്യമായ കണക്ക് ലഭിക്കാൻ പ്രയാസമാണ്.

**അപ്നാഘർ**

അപ്നാഘർ എന്ന സ്കീമിന് കീഴിൽ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ കുടിയേറ്റ തൊഴിലാളികൾക്കായി കേരള സർക്കാർ ഡോർമിറ്ററി സൗകര്യങ്ങൾ നിർമ്മിക്കാൻ തുടങ്ങിയിട്ടുണ്ട് (സമാനമായ പദ്ധതി 2024-25 ലെ കേന്ദ്ര ബജറ്റിൽ പരാമർശിച്ചിട്ടുണ്ട്). പങ്കിട്ട് ഉപയോഗിക്കാവുന്ന മുറികൾ, ഒന്നിലധികം അടുക്കളകൾ, മെസ് ഏരിയകൾ, കുളിമുറി, ടോയ്‌ലറ്റുകൾ, വിനോദ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെയാണ് ഈ ഹോസ്റ്റലുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ ഹോസ്റ്റലുകളിൽ മലിനജല ശുദ്ധീകരണ പ്ലാന്റ്, മഴവെള്ള സംഭരണം, ഡീസൽ ജനറേറ്റർ ബാക്കപ്പ്, സിസിടിവി സംവിധാനങ്ങൾ എന്നിവയും ഉണ്ടായിരിക്കും. പാലക്കാട് ജില്ലയിൽ അപ്നാഘറിന് കീഴിൽ 620 കിടക്കകളുള്ള ഡോർമിറ്ററി സൗകര്യവും, കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ 100 കിടക്കകളുള്ള സൗകര്യവും (ഘട്ടം 1) 2023ൽ പൂർത്തിയായിട്ടുണ്ട്.

**അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് (AWAAZ)**

അതിഥി തൊഴിലാളികൾക്കായി കേരള ഗവൺമെന്റ് ഒരു ഹെൽത്ത് കം ഡെത്ത് ഇൻഷ്വറൻസ് സ്കീം അവതരിപ്പിച്ചു, അതിൽ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് 25,000 രൂപ വരെയുള്ള ആരോഗ്യ ഇൻഷ്വറൻസിനും 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് ക്ലെയിമിനും അർഹതയുണ്ട്. 5,16,320 അതിഥി തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടുതൽ കുടിയേറ്റ തൊഴിലാളികളിലേക്ക് ഈ പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിക്കാനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.

**അതിഥി തൊഴിലാളികൾക്കുള്ള ബോധവൽക്കരണ പരിപാടി**

കുടിയേറ്റ തൊഴിലാളികളുടെ ഉന്നമനത്തിനും മെച്ചപ്പെട്ട ആരോഗ്യം ഉറപ്പാക്കുന്നതിനുമായി ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയ മറ്റ് ഫീൽഡ് വകുപ്പുകളുടെ സഹായത്തോടെ മെഡിക്കൽ ക്യാമ്പുകൾ, കോൺടാക്റ്റ് ക്ലാസുകൾ, ആരോഗ്യ അവബോധത്തെയും തൊഴിൽ അവകാശങ്ങളെയും കുറിച്ചുള്ള പരസ്യങ്ങൾ, ഹ്രസ്വചിത്രങ്ങൾ മുതലായവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

കാര്യക്ഷമത വർധിപ്പിക്കുന്നതിനും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പുതിയതും സുതാര്യമായതുമായ തൊഴിൽ സംസ്കാരം വികസിപ്പിക്കുന്നതിനുമായി തൊഴിൽ മേഖലയിൽ സമാധാനവും വ്യാവസായിക ഐക്യവും ഉറപ്പാക്കുകയാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. തൊഴിലാളിയും തൊഴിലുടമയും തമ്മിലുള്ള ബന്ധം വളർത്തിയെടുക്കുന്നതിനും ജീവനക്കാർക്കിടയിൽ അവകാശങ്ങൾ മാത്രമല്ല കടമകളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിലും തൊഴിൽ വകുപ്പ് ഊന്നൽ നൽകുന്നു.

# 7.2 ആഗോള തൊഴിൽ വീക്ഷണം

ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ (ILO) "വേൾഡ് എംപ്ലോയ്മെന്റ് ആൻഡ് സോഷ്യൽ ഔട്ട്ലുക്ക്: ട്രെൻഡ്സ് 2024" അനുസരിച്ച്, തൊഴിലില്ലായ്മയും തൊഴിൽ വിടവുകളും പാൻഡെമിക്കിന് മുമ്പുള്ള നിലവാരത്തേക്കാൾ കുറഞ്ഞു. എന്നിരുന്നാലും, ആഗോള തൊഴിലില്ലായ്മ 2024-ൽ ഉയരുമെന്ന് പ്രവചിക്കപ്പെട്ടു, വർദ്ധിച്ചുവരുന്ന അസമത്വങ്ങളും ഉത്പാദനക്ഷമത മുരടിപ്പും ആശങ്കയ്ക്ക് കാരണമാകുന്നു. ആഗോള തൊഴിലില്ലായ്മ നിരക്ക് 2022 ൽ 5.3 ശതമാനമായിരുന്നത് 2023 ൽ 5.1 ശതമാനമായി കുറഞ്ഞു.

2024 ൽ, ഇരുപത് ലക്ഷം ആളുകൾ കൂടി തൊഴിൽ അന്വേഷിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു, ഇത് ആഗോള തൊഴിലില്ലായ്മ നിരക്ക് 5.2 ശതമാനമായി ഉയർത്തി. ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിൽ 2023 ൽ തൊഴിൽ വിടവ് നിരക്ക് 8.2 ശതമാനമായിരുന്നെങ്കിൽ, താഴ്ന്ന വരുമാനമുള്ള രാജ്യങ്ങളിൽ ഇത് 20.5 ശതമാനമായിരുന്നു. അതുപോലെ, ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിൽ 2023 ലെ തൊഴിലില്ലായ്മ നിരക്ക് 4.5 ശതമാനമായി തുടർന്നപ്പോൾ, താഴ്ന്ന വരുമാനമുള്ള രാജ്യങ്ങളിൽ ഇത് 5.7 ശതമാനമായിരുന്നു. തൊഴിലില്ലാത്തവരും എന്നാൽ തൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്നവരുമായ ആളുകളുടെ എണ്ണം അളക്കുന്ന 'തൊഴിൽ വിടവ്' 2024 ൽ 402 ദശലക്ഷമാകുമെന്ന് ഐഎൽഒ കണക്കാക്കുന്നു. ഇതിൽ 183 ദശലക്ഷം ആളുകളും തൊഴിലില്ലാത്തവരായി കണക്കാക്കപ്പെടുന്നു.


**തൊഴിൽ സാഹചര്യം: ഇന്ത്യയിലും കേരളത്തിലും തൊഴിലില്ലായ്മ നിരക്ക്**

പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (പി.എൽ.എഫ്.എസ്) അനുസരിച്ച് തൊഴിലില്ലായ്മ നിരക്ക് എന്നത് തൊഴിൽ സേനയിലെ തൊഴിൽരഹിതരായ വ്യക്തികളുടെ ശതമാനമാണ്. പിഎൽഎഫ്എസ് സർവേകളിലെ യുഷ്വൽ സ്റ്റാറ്റസും (പി.എസ്.+എസ്.എസ്), പ്രതിവാര സ്റ്റാറ്റസും അനുസരിച്ചാണ് ഇത് കണക്കാക്കുന്നത്. ഇത് തൊഴിൽ ശക്തിയുടെ ഉപയോഗപ്പെടുത്താത്ത ഭാഗത്തെയാണ് കാണിക്കുന്നത്. പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ 2023 ജൂലൈ മുതൽ 2024 ജൂൺ വരെ നടത്തിയ സർവ്വേ പ്രകാരം, പ്രധാന സംസ്ഥാനങ്ങളിൽ 15 വയസ്സും അതിൽ കൂടുതലുമുള്ള വ്യത്യസ്ത പൊതു വിദ്യാഭ്യാസ തലത്തിലുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് യുഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്) പ്രകാരം കേരളത്തിൽ, 7.2 ശതമാനവും അഖിലേന്ത്യാ തലത്തിൽ 3.2 ശതമാനവുമാണ് (**ചിത്രം 7.2.1**).

2022-23, 2023-24 കാലയളവുകളിൽ അഖിലേന്ത്യാ തൊഴിലില്ലായ്മ നിരക്ക് അതേപടി തുടരുന്നു, അതായത് 3.2 ശതമാനം. 2023-24ൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും തൊഴിലില്ലായ്മ നിരക്ക് അതേപടി തുടർന്നു, അതായത് 3.2 ശതമാനം. 2022-23ൽ ഈ നിരക്കുകൾ യഥാക്രമം 3.3 ശതമാനവും 2.9 ശതമാനവുമായിരുന്നു. 2023-24ൽ ഗ്രാമപ്രദേശങ്ങളിലെ പുരുഷന്മാരിൽ തൊഴിലില്ലായ്മ നിരക്ക് 2.7 ശതമാനവും സ്ത്രീകളിൽ 2.1 ശതമാനവും, നഗരപ്രദേശങ്ങളിലെ പുരുഷന്മാരിൽ 4.4 ശതമാനവും സ്ത്രീകളിൽ 7.1 ശതമാനവുമാണ്.

കേരളത്തിൽ തൊഴിലില്ലായ്മ നിരക്ക് 2022-23-ൽ 7.0 ശതമാനമായിരുന്നത് 2023-24 ൽ 7.2 ശതമാനമായി വർദ്ധിച്ചു. 2023-24ൽ പുരുഷന്മാരുടെ തൊഴിലില്ലായ്മ നിരക്ക് 4.4 ശതമാനവും സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് 11.6 ശതമാനവുമാണ്. ഗ്രാമ പ്രദേശങ്ങളിലെ തൊഴിലില്ലായ്മ നിരക്ക് പുരുഷൻമാരിൽ 4.6 ശതമാനവും സ്ത്രീകളിൽ 12.1 ശതമാനവുമാണ്, അതേസമയം

**ചിത്രം 7.2.1** ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയും/ കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും 15 വയസും അതിൽ കൂടുതലുമുള്ളവരുടെ യൂഷ്വൽ സ്റ്റാറ്റസ് (ps+ss) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കുകൾ (ശതമാനത്തിൽ)





***അവലംബം:*** പി എൽ എഫ് എസ് റിപ്പോർട്ട്, കേന്ദ്ര സർക്കാർ, 2023-24

നഗരപ്രദേശങ്ങളിൽ പുരുഷന്മാരിൽ 4.2 ശതമാനവും സ്ത്രീകളിൽ 10.9 ശതമാനവുമാണ്. ഓരോ സംസ്ഥാനത്തിനും/ കേന്ദ്ര ഭരണ പ്രദേശത്തിനും 15 വയസും അതിൽ കൂടുതലുമുള്ള വ്യക്തികളുടെ യൂഷ്വൽസ്റ്റാറ്റസ് (ps+ss) അനുസരിച്ച് തൊഴിലില്ലായ്മ നിരക്കിന്റെ വിശദാംശങ്ങൾ (ശതമാനത്തിൽ) **(അനുബന്ധം 7.2.1)**-ൽ നൽകിയിരിക്കുന്നു.

ഇന്ത്യയിൽ 15 വയസ്സും അതിനു മുകളിലും ഉള്ള അഭ്യസ്തവിദ്യരായവരുടെ (സെക്കന്ററി വിദ്യാഭ്യാസവും അതിനുമുകളിലും) യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്.+എസ്.എസ്) തൊഴിലില്ലായ്മ നിരക്ക് 2023-24 ൽ 7.1 ശതമാനവും ഗ്രാമപ്രദേശങ്ങളിൽ 6.5 ശതമാനവും നഗരപ്രദേശങ്ങളിൽ 7.9 ശതമാനവുമാണ്. ഈ വിഭാഗത്തിൽ, 15 വയസ്സിനു മുകളിലുള്ള ഗ്രാമീണ പുരുഷന്മാരിലും സ്ത്രീകളിലും തൊഴിലില്ലായ്മ നിരക്ക് യഥാക്രമം 5.6 ശതമാനവും 9.0 ശതമാനവുമാണ്. നഗരപ്രദേശങ്ങളിൽ, 15 വയസ്സിനു മുകളിലുള്ള വിദ്യാസമ്പന്നരായ (സെക്കന്ററി വിദ്യാഭ്യാസവും അതിനുമുകളിലും) വ്യക്തികളിൽ, കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 2023-24 ൽ 12.3 ശതമാനവും ഗ്രാമപ്രദേശങ്ങളിൽ 14.1 ശതമാനവും നഗരപ്രദേശങ്ങളിൽ 10.4 ശതമാനവുമാണ്. 2023-24 ലെ ഓരോ സംസ്ഥാനത്തിനും/കേന്ദ്രഭരണ പ്രദേശത്തിനുമുള്ള, 15 വയസ്സിനും അതിനുമുകളിലും പ്രായമുള്ള വിദ്യാസമ്പന്നരായ (സെക്കന്ററി വിദ്യാഭ്യാസവും അതിനുമുകളിലും) വ്യക്തികളുടെ യൂഷ്വൽ സ്റ്റാറ്റസ് (ps+ss) അനുസരിച്ച് തൊഴിലില്ലായ്മ നിരക്കിന്റെ (ശതമാനത്തിൽ) വിശദാംശങ്ങൾ (**അനുബന്ധം 7.2.2**) ൽ നൽകിയിരിക്കുന്നു.

നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരം 15 വയസ്സിനും അതിന് മുകളിലും പ്രായമുള്ള പുരുഷന്മാരുടേയും സ്ത്രീകളുടേയും തൊഴിലില്ലായ്മ നിരക്ക് ഇന്ത്യയിൽ 4.9 ശതമാനമാണ്, 2023-24 ൽ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 9.9 ശതമാനമാണ്. ഇന്ത്യയിലെ പുരുഷന്മാരിൽ തൊഴിലില്ലായ്മ നിരക്ക് 4.4 ശതമാനവും ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകളിൽ

**ചിത്രം 7.2.2** - കേരളത്തിലെ 15 വയസും അതിനുമുകളിലും പ്രായമുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് നിലവിലെ പ്രതിവാര സ്റ്റാറ്റസ് (CWS) പ്രകാരം (ശതമാനത്തിൽ)




***അവലംബം:*** പി എൽ എഫ് എസ് റിപ്പോർട്ട്, 2023-24, കേന്ദ്ര സർക്കാർ
(കുറിപ്പ്: നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കിന്റെ കണക്ക് ഹ്രസ്വകാലമായ 7 ദിവസത്തെ അടിസ്ഥാനമാക്കിയുള്ള ഏകദേശ ചിത്രമാണ്)


3.9 ശതമാനവുമാണ്, അതേസമയം നഗരപ്രദേശങ്ങളിലെ പുരുഷന്മാരിൽ 6.0 ശതമാനവും സ്ത്രീകളിൽ 8.7 ശതമാനവുമാണ്. കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ഗ്രാമപ്രദേശങ്ങളിലെ പുരുഷന്മാരിൽ 7.4 ശതമാനവും സ്ത്രീകളിൽ 14.7 ശതമാനവുമാണ്, അതേസമയം 2023-24 ൽ നഗരപ്രദേശങ്ങളിലെ പുരുഷന്മാരിൽ 7.3 ശതമാനവും സ്ത്രീകളിൽ 14.4 ശതമാനവുമാണ്. നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരം തൊഴിലില്ലായ്മ നിരക്കിന്റെ വിശദാംശങ്ങൾ (**അനുബന്ധം 7.2.3**) ൽ നൽകിയിരിക്കുന്നു. 15 വയസ്സും അതിൽ കൂടുതലുമുള്ള വ്യക്തികളുടെ പ്രതിവാര സ്റ്റാറ്റസ് പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്ക് (CWS) അനുസരിച്ച് 2023-24 ലെ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് (**ചിത്രം 7.2.2**) ൽ കാണിച്ചിരിക്കുന്നു.

കേരളത്തിലെ എല്ലാ പ്രായ വിഭാഗങ്ങളിലെയും സ്ത്രീ തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) 33.4 ശതമാനമായി കണക്കാക്കപ്പെടുന്നു, ഇത് 2023-24 ലെ അഖിലേന്ത്യാ നിരക്കായ 31.7 ശതമാനത്തേക്കാൾ കൂടുതലാണ്. കേരളത്തിലെ ഗ്രാമീണ, നഗര മേഖലകളിലെ സ്ത്രീകളുടെ എൽഎഫ്പിആർ യഥാക്രമം 36.2 ശതമാനവും 30.3 ശതമാനവുമാണ്, അതേസമയം ഇന്ത്യയിലെ ഗ്രാമീണ, നഗര മേഖലകളിലെ സ്ത്രീകളുടെ എൽഎഫ്പിആർ യഥാക്രമം 35.5 ഉം 22.3 ഉം ആണ്. വിശദാംശങ്ങൾ (**അനുബന്ധം 7.2.4**) ൽ നൽകിയിരിക്കുന്നു.

## യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക്

സാമ്പത്തിക വികസനത്തിന് യുവാക്കളുടെ (15-29 വയസ് പ്രായമുള്ളവർ) ഉൽപാദനക്ഷമമായ തൊഴിൽ അനിവാര്യ ഘടകമാണ്. അഖിലേന്ത്യാ തലത്തിൽ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക്, പിഎൽഎഫ്എസ്-ലും എൻഎസ്എസ്-ന്റെയും അവസാന മൂന്ന് ക്വിൻക്വീനിയൽ റൗണ്ടുകളിലും, കണക്കാക്കിയിട്ടുണ്ട്. 2023-24 ലെ PLFS (യൂഷ്വൽ സ്റ്റാറ്റസ്(ps+ss)) പ്രകാരം യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക് 10.2 ശതമാനമാണ്. 2004-05 മുതൽ 2011-12 വരെയുള്ള കാലയളവിൽ ഗ്രാമീണ പുരുഷ യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക് 3.9 ശതമാനം മുതൽ 5 ശതമാനം വരെ ആയിരുന്നെങ്കിലും, 2020-21-ൽ ഇത് 11.6 ശതമാനമായി ഉയർന്നു. 2023 -24 ൽ ഈ നിരക്ക് 8.7 ശതമാനമായി കുറഞ്ഞു. അതേസമയം 2004-05 മുതൽ 2011-12 വരെയുള്ള കാലയളവിൽ ഗ്രാമീണ യുവജനങ്ങൾക്കിടയിലെ സ്ത്രീ തൊഴിലില്ലായ്മ നിരക്ക് 4.2 ശതമാനത്തിൽ നിന്ന് 4.8 ശതമാനം ആകുകയും, 2020-21 ൽ 8.2 ശതമാനമായി ഉയരുകയും ചെയ്തു. 2023-24 ൽ ഇത് 8.2 ശതമാനമായി തുടരുന്നു. 2004-05 ലും 2011-12 ലും നഗരപ്രദേശങ്ങളിലെ പുരുഷ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 7.5 ൽ നിന്ന് 8.8 ശതമാനമായി വർദ്ധിച്ചു. 2020-21 ൽ ഇത് 16.6 ശതമാനമായി ഉയർന്നു, 2023-24 ൽ 12.8 ശതമാനമായി കുറഞ്ഞു. നഗരപ്രദേശങ്ങളിലെ യുവജനങ്ങൾക്കിടയിലെ

**ചിത്രം 7.2.3** യൂഷ്വൽ സ്റ്റാറ്റസ് (ps+ss) പ്രകാരം കേരളത്തിലും ഇന്ത്യയിലും യുവാക്കൾക്കിടയിലെ (15 മുതൽ 29 വയസ്സ് വരെ) തൊഴിലില്ലായ്മ നിരക്ക് (ശതമാനത്തിൽ)




***ഉറവിടം:*** പി എൽ എഫ് എസ് റിപ്പോർട്ട്, 2023-24, കേന്ദ്ര സർക്കാർ

സ്ത്രീ തൊഴിലില്ലായ്മ നിരക്ക് 2004-05 ലും 2011-12 ലും യഥാക്രമം 13.1 ശതമാനത്തിൽ നിന്ന് 14.9 ശതമാനമായും 2020-21 ൽ 24.9 ശതമാനമായും ഉയർന്നു. 2023-24 ൽ തൊഴിലില്ലായ്മ നിരക്ക് 20.1 ശതമാനമായി കുറഞ്ഞു.


കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 35.1 ശതമാനവും നഗരപ്രദേശങ്ങളിലേത് 24.1 ശതമാനവുമാണ്. അഖിലേന്ത്യാ തലത്തിൽ 2023 -24 ൽ ഈ നിരക്ക് യഥാക്രമം 8.5 ശതമാനവും 14.7 ശതമാനവും ആണ്. ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് 56.6 ശതമാനവും, നഗരപ്രദേശങ്ങളിൽ 37.0 ശതമാനവും, പുരുഷൻമാരുടെ തൊഴിലില്ലായ്മ യഥാക്രമം 22.2 ശതമാനവും, 15.9 ശതമാനവുമാണ്. വിശദാംശങ്ങൾ (**ചിത്രം 7.2.3**) ൽ നൽകിയിരിക്കുന്നു.

യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മയുടെ വെല്ലുവിളി നേരിടുന്നതിന്, മികച്ച തൊഴിലവസരങ്ങൾ കണ്ടെത്താൻ യുവാക്കളെ സജ്ജരാക്കുന്നതിന് നൈപുണ്യ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി നടന്നുകൊണ്ടിരിക്കുന്ന പരിപാടികൾ കാര്യക്ഷമമാക്കണം. കൂടാതെ, കൂടുതൽ യുവതികളെ തൊഴിൽ സേനയിലേക്ക് ആകർഷിക്കാൻ വർക്ക് ഫ്രം ഹോം, വീടിനടുത്തുള്ള തൊഴിലിടങ്ങൾ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കണം.

### കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ

കേരളത്തിൽ, സംഘടിത മേഖലയിലെ തൊഴിൽ ഏകദേശം നിശ്ചലമായി നിൽക്കുന്ന പ്രവണതയാണ് കാണിക്കുന്നത്. 2014-ലെ 11.3 ലക്ഷത്തിൽ നിന്ന് 12.6 ലേക്കുള്ള നേരിയ വർദ്ധനവ് മാത്രമാണ് ഉള്ളത് (2024 മാർച്ച് 31 വരെ).

**ചിത്രം 7.2.4** കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ (ലക്ഷത്തിൽ)





***അവലംബം:*** എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ,2024

സ്വകാര്യ,പൊതുമേഖലകൾ ഉൾക്കൊള്ളുന്നതാണ് കേരളത്തിലെ സംഘടിത മേഖല. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ 2020 വരെ വർദ്ധിച്ചുവരുന്ന പ്രവണത കാണിച്ചു, 2021 ൽ ചെറുതായി കുറഞ്ഞു, എന്നാൽ പിന്നീട് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 2024ൽ സംഘടിത മേഖലയിൽ ജോലി ചെയ്യുന്ന 12.6 ലക്ഷം പേരിൽ 5.6 ലക്ഷം (44.4 ശതമാനം) പൊതുമേഖലയിലും 7 ലക്ഷം (55.5 ശതമാനം) സ്വകാര്യ മേഖലയിലുമാണ്. പൊതുമേഖലാ തൊഴിൽ 2016 മുതൽ സ്തംഭനാവസ്ഥയാണ് കാണിക്കുന്നത്. സംഘടിത മേഖലയിലെ തൊഴിലവസരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **(അനുബന്ധം 7.2.5, ചിത്രം 7.2.4**) ൽ കാണിച്ചിരിക്കുന്നു.

2023-24 ൽ കേരളത്തിലെ പൊതുമേഖലയിൽ തൊഴിലെടുക്കുന്നവരിൽ 46.6 ശതമാനം പേർ സംസ്ഥാന സർക്കാർ ജീവനക്കാരും, 10.8 ശതമാനം പേർ കേന്ദ്ര സർക്കാർ ജീവനക്കാരും, 23.6 ശതമാനം പേർ സംസ്ഥാന അർദ്ധ സർക്കാർ ജീവനക്കാരും, 4.5 ശതമാനം പേർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരും, 14.5 ശതമാനം പേർ കേന്ദ്ര അർദ്ധ സർക്കാർ ജീവനക്കാരുമാണ്. പൊതുമേഖലയിലെ തൊഴിൽ ശക്തിയുടെ ശതമാനം മുൻ വർഷത്തെ പോലെ തന്നെ തുടരുന്നു. കേരളത്തിലെ പൊതുമേഖലയിലെ വിവിധ ശാഖകളിലെ തൊഴിൽ വിതരണം (**ചിത്രം 7.2.5, അനുബന്ധം 7.2.8**) എന്നിവയിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

2024 മാർച്ചിലെ ജില്ല തിരിച്ചുള്ള തൊഴിലവസരങ്ങളുടെ കണക്കുകൾ സൂചിപ്പിക്കുന്നത് ഏറ്റവും കൂടുതൽ ആളുകൾ തൊഴിലെടുക്കുന്നത് എറണാകുളം ജില്ലയിലും ഏറ്റവും കുറവ് വയനാട് ജില്ലയിലുമാണ്. എറണാകുളം ജില്ലയിൽ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നത് 2.7 ലക്ഷം ആളുകളാണ്. ഇത് സംസ്ഥാനത്തെ മൊത്തം തൊഴിലിന്റെ 21.3 ശതമാനം വരും. അതേ സമയം വയനാട് ജില്ലയിൽ സംഘടിത മേഖലയിൽ 35,400 ആളുകളാണ് തൊഴിലെടുക്കുന്നത്.

**ചിത്രം 7.2.5** പൊതുമേഖലയിലെ തൊഴിൽ വിതരണം




***അവലംബം:*** എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ,2024

ഇതാകട്ടെ സംസ്ഥാനത്തെ മൊത്തം തൊഴിലിന്റെ 2.8 ശതമാനം മാത്രമേയുള്ളൂ. സംസ്ഥാനത്തെ തൊഴിൽ രംഗത്ത് നേരിയ വർധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ എന്ന് ഡാറ്റ വ്യക്തമാക്കുന്നു. കേരളത്തിലെ പൊതു, സ്വകാര്യ മേഖലകളിലെ വിവിധ മേഖലകളിലെ ജില്ലാ തിരിച്ചുള്ള തൊഴിൽ വിവരങ്ങൾ (**അനുബന്ധം 7.2.7**)ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

കേരളത്തിൽ പൊതുമേഖലാ ജോലികളിൽ പുരുഷൻമാരാണ് സ്ത്രീകളേക്കാൾ എണ്ണത്തിൽ കൂടുതലുള്ളത്. പൊതുമേഖലയിൽ 2024 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം 3,63,606 പുരുഷന്മാരും 1,94,473 സ്ത്രീകളും ജോലി ചെയ്യുന്നു. എന്നാൽ സ്വകാര്യ മേഖലയിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ് ജോലി ചെയ്യുന്നത്. 2023-24 ൽ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെയും പുരുഷൻമാരുടെയും എണ്ണം യഥാക്രമം 3,56,415, ഉം 3,41,065 ഉം ആണ്. (**അനുബന്ധം 7.2.5**).

പൊതുമേഖലയിൽ ജോലി ചെയ്യുന്നവരിൽ 65.1 ശതമാനം പുരുഷൻമാരും, 34.9 ശതമാനം സ്ത്രീകളുമാണ്. പൊതുമേഖലയിലെ തൊഴിലിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നത് തിരുവനന്തപുരം ജില്ലയിലും(30,560) ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ്(3,469). പൊതുമേഖലാ തൊഴിലിലെ സ്ത്രീകളുടെ പങ്കാളിത്തം (**അനുബന്ധം 7.2.8**), (**പട്ടിക 7.2.1.**) എന്നിവയിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.


കേരളത്തിൽ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ മേഖല തിരിച്ചുള്ള കണക്കുകൾ പരിശോധിച്ചാൽ, സേവന മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായും, കാർഷിക മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായും കാണാം. മറ്റ് മേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ കാർഷിക മേഖലയിലെ തൊഴിൽ അവസരങ്ങൾ കുറയുകയും വിദ്യാഭ്യാസ മേഖലയിലേയും ഉൽപ്പന്ന നിർമ്മാണമേഖലയിലേയും തൊഴിൽ അവസരങ്ങൾ ഉയരുന്നതായും കാണാം. 2024-ൽ കേരളത്തിലെ സംഘടിത മേഖലയിലെ പ്രധാന മേഖലാ തൊഴിൽ വിതരണം (**അനുബന്ധം 7.2.9**) ലും (**ചിത്രം 7.2.6**) ലും വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 7.2.1** 2024-ലെ പൊതുമേഖലാ തൊഴിലിൽ സ്ത്രീകളുടെ പങ്കാളിത്തം

| **ക്രമ നമ്പർ** | **വിഭാഗം** | **തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം** | **ശതമാനം (%)** |
|---|---|---|---|
| 1 | സംസ്ഥാന സർക്കാർ | 105802 | 54.4 |
| 2 | സംസ്ഥാന അർദ്ധ സർക്കാർ | 39191 | 20.2 |
| 3 | കേന്ദ്ര സർക്കാർ | 14782 | 7.6 |
| 4 | കേന്ദ്ര അർദ്ധ സർക്കാർ | 25424 | 13.1 |
| 5 | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ | 9274 | 4.7 |
| | **ആകെ** | **194473** | **100.0** |

***അവലംബം:*** എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ,2024

**ചിത്രം 7.2.6** കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിലിന്റെ പ്രധാന മേഖലാ വിതരണം മാർച്ച് 2024, (ശതമാനത്തിൽ)




***അവലംബം:*** എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ,2024

**അസംഘടിത മേഖലയിലെ തൊഴിൽ**

ഇന്ത്യൻ സമ്പദ് ഘടനയിൽ, മൊത്തം ആഭ്യന്തര ഉൽപാദനം, തൊഴിൽ, സമ്പാദ്യം, മൂലധന രൂപീകരണം എന്നിവയിലേക്കുള്ള സംഭാവന കണക്കിലെടുക്കുമ്പോൾ, അസംഘടിത തൊഴിൽ മേഖല നിർണ്ണായകമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. രാജ്യത്തും സംസ്ഥാനത്തും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വലിയൊരു വിഭാഗം തൊഴിലാളികൾ അസംഘടിത മേഖലയിലാണ് തൊഴിലിലേർപ്പെട്ടിരിക്കുന്നത്.


അസംഘടിത മേഖലയിലെ തൊഴിലാളികളിൽ തൊഴിൽ സുരക്ഷിതത്വകുറവ്, സാമൂഹ്യ പരിരക്ഷയില്ലായ്മ, തൊഴിലിൽ ഉയർച്ചയ്ക്കുള്ള സാധ്യതക്കുറവ്, ശമ്പളത്തോടെയുള്ള അവധി ദിനങ്ങൾ ഇല്ലാത്ത അവസ്ഥ എന്നിവ കണ്ടുവരുന്നു. അസംഘടിത മേഖലയിലെ ദുരിത സാഹചര്യങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേരള സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത് എംപ്ളോയ്മെൻറ് ഡയറക്റ്ററേറ്റിനെയാണ്. അടുത്ത കാലത്തായി, കേരള സർക്കാർ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും അവയുടെ സേവനങ്ങളും രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർ**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സജീവ രജിസ്റ്ററുകളിലെ കണക്കുകളനുസരിച്ച് തൊഴിലന്വേഷകരുടെ എണ്ണം 2016 ഡിസംബർ 31 ന് 35.6 ലക്ഷം ആയിരുന്നത് 2023 ഡിസംബർ 31 ന് 26.33 ലക്ഷമായി കുറഞ്ഞിട്ടുണ്ട്. 2024 ജൂലൈ വരെയുള്ള തൊഴിലന്വേഷകരുടെ എണ്ണം 25.9 ലക്ഷമാണ്. തൊഴിലന്വേഷകരുടെ വർഷം തിരിച്ചുള്ള കണക്കുകൾ (**അനുബന്ധം 7.2.10**)-ലും (**ചിത്രം 7.2.7**)-ലും കാണിച്ചിരിക്കുന്നു.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സജീവ രജിസ്റ്ററുകളിലെ തൊഴിലന്വേഷകരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ആകെയുള്ള തൊഴിലന്വേഷകരിൽ (2024 ജൂലൈ 31 വരെ) 64.0 ശതമാനവും സ്ത്രീകളാണ്. തൊഴിലന്വേഷകരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് എസ്.എസ്.എൽ.സി.ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ 6.1 ശതമാനം മാത്രമേയുള്ളൂ എന്നാണ്. ഏകദേശം 93.9 ശതമാനം തൊഴിലന്വേഷകരും എസ്.എസ്.എൽ.സിയും അതിനു മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. കേരളത്തിലെ

**ചിത്രം 7.2.7** കേരളത്തിലെ തൊഴിൽ അന്വേഷകർ-(ലക്ഷത്തിൽ)




***അവലംബം:*** എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ,2024

തൊഴിലന്വേഷകരുടെ വിദ്യാഭ്യാസ നിലവാരമനുസരിച്ചുള്ള വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു. (**അനുബന്ധം 7.2.11**), (**ചിത്രം 7.2.8**)

2024, ജൂലൈ 31 ലെ കണക്കനുസരിച്ച് പ്രൊഫഷണലും സാങ്കേതിക യോഗ്യതയുള്ള തൊഴിലന്വേഷകർ 2.0 ലക്ഷമാണ്. ഇതിൽ, 63.3 ശതമാനവും ഐ.ടി.ഐ. സർട്ടിഫിക്കറ്റ്, ഡിപ്ലോമ, എഞ്ചിനീയറിംഗ് എന്നീ യോഗ്യതയുള്ളവരാണ്. ഇതിൽ രജിസ്റ്റർ ചെയ്ത 35,877 എഞ്ചിനീയറിംഗ് ബിരുദധാരികളായ തൊഴിലന്വേഷകരും, 9,024 മെഡിക്കൽ ബിരുദധാരികളായ തൊഴിലന്വേഷകരുമാണ്. കൂടാതെ 1,57,198 മറ്റ് പ്രൊഫഷണൽ ഉദ്യോഗാർത്ഥികളുമുണ്ട്. കേരളത്തിലെ തൊഴിലന്വേഷകരുടെ വിദ്യാഭ്യാസ തലത്തിലുള്ള വിതരണം (**അനുബന്ധം 7.2.12**) ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. കേരളത്തിലെ തൊഴിലന്വേഷകരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ (**ചിത്രം 7.2.9**) ൽ കാണിച്ചിരിക്കുന്നു.

2024 ജൂലൈ 31 വരെയുള്ള തൊഴിലന്വേഷകരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ കാണിക്കുന്നത് തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ തൊഴിലന്വേഷകർ ഉള്ളത്, തൊട്ടുപിന്നാലെ കൊല്ലം ജില്ലയാണ്. തിരുവനന്തപുരം ജില്ലയിൽ ആകെ തൊഴിലന്വേഷകരുടെ എണ്ണം 4,18,671 ആണ്, ഇതിൽ 2,65,938 സ്ത്രീകളും 1,52,733 പുരുഷന്മാരുമാണ്. ഏറ്റവും കുറവ് രജിസ്റ്റർ ചെയ്തിരിക്കുന്നത് വയനാട് ജില്ലയിലാണ് -68,529 പേർ. തൊഴിലന്വേഷകരുടെ വിശദാംശങ്ങൾ (**അനുബന്ധം 7.2.13**) ൽ നൽകിയിരിക്കുന്നു.

### കൈവല്യ

2016-ൽ കേരള സർക്കാരിന്റെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ഭിന്നശേഷിക്കാരായ പൗരൻമാരുടെ സാമൂഹ്യ ഉൾപ്പെടുത്തൽ, അവസര തുല്യത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ആരംഭിച്ച സമഗ്ര പദ്ധതിയാണ് കൈവല്യ. ഭിന്ന ശേഷിക്കാരുടെ പൂർണ്ണമായ പങ്കാളിത്തവും ഏകീകരണവും സാധ്യമാകത്തക്ക രീതിയിൽ ഭൗതിക സാമൂഹിക സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. 'കൈവല്യ' പദ്ധതിയിൽ താഴെ പറയുന്ന 4 ഘടകങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു;

1. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്
2. കാര്യക്ഷമത വർധിപ്പിക്കൽ
3. മത്സര പരീക്ഷകൾക്കായുള്ള പരിശീലനം
4. സ്വയം തൊഴിൽ ഉദ്യമങ്ങൾക്ക് പലിശരഹിത വായ്പ


മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2023-ൽ 110.1 ലക്ഷം രൂപ 221 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തു . 2024ൽ (ജൂലൈ 31, 2024 വരെ) 5.9 ലക്ഷം രൂപ വിതരണം ചെയ്തു. കൈവല്യപദ്ധതിയിലൂടെ വിതരണം ചെയ്ത തുകയുടെയും ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ (**അനുബന്ധം 7.2.14**) ൽ നൽകിയിരിക്കുന്നു.

### സ്വയം തൊഴിൽ പദ്ധതികൾ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി മൂന്ന് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നു


1. **കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ രജിസ്റ്റേർഡ് അൺ എംപ്ലോയിഡ് (കെഇഎസ്ആർയു):**

**ചിത്രം 7.2.8** വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകർ-(2024, ജൂലൈ 31)




***അവലംബം:*** എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ,2024

**ചിത്രം 7.2.9** കേരളത്തിലെ വനിതാ പുരുഷ തൊഴിലന്വേഷകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ - (ലക്ഷത്തിൽ)




***അവലംബം:*** എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ,2024

"കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്" (കെ.ഇ.എസ്.ആർ.യു) എന്ന സ്വയം തൊഴിൽ പരിപാടി 1999 മുതൽ നടപ്പാക്കിവരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 21 നും 50 നും ഇടയിൽ പ്രായമുള്ളവരും വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളതുമായ തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ പരിപാടി. പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർ, തൊഴിലില്ലായ്മ വേതന പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിവർക്ക് പ്രത്യേക മുൻഗണന നൽകുന്നു. വിദ്യാർത്ഥികൾക്ക് കെ.ഇ.എസ്.ആർ.യുവിന് അപേക്ഷിക്കാൻ അർഹതയില്ല. സ്വയം തൊഴിൽ സംരംഭങ്ങൾക്കായി വ്യക്തികൾക്ക് 1,00,000 രൂപ വരെയുള്ള ബാങ്ക് വായ്പകൾ നൽകുന്നു, അതിൽ 20 ശതമാനം സർക്കാർ സബ്സിഡിയായി തിരികെ ലഭിക്കും. 2023-24 ൽ 320 ഗുണഭോക്താക്കൾക്കായി 57.5 ലക്ഷം രൂപ ചെലവഴിച്ചു. 2024-25 ൽ (2024 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച്) 171 ഗുണഭോക്താക്കൾക്കായി 30.9 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2. **മൾട്ടി പർപ്പസ് സർവ്വീസ് സെന്റർ/ ജോബ് ക്ലബുകൾ (എം.പി.എസ്.സി./ജെ.സി.):** അസംഘടിതമേഖലയിൽ സംരംഭങ്ങളുടെ വികസനത്തിനായുള്ള ഒരു ഗ്രൂപ്പ് അധിഷ്ഠിത സ്വയം തൊഴിൽ പദ്ധതിയാണിത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള 21-45 പ്രായവിഭാഗത്തിൽപ്പെടുന്ന 2 മുതൽ 5 അംഗങ്ങൾ വരെയുള്ള തൊഴിൽരഹിതർ ചേർന്ന് സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 25 ശതമാനം, സബ്സിഡിയോടെ (പരമാവധി 2 ലക്ഷം രൂപ) 10 ലക്ഷം രൂപ വരെ ബാങ്ക് വായ്പ നൽകുന്നു. ഈ പദ്ധതി ക്രെഡിറ്റ് ഗ്യാരന്റി സ്കീമിൽ ലയിപ്പിച്ചിട്ടുണ്ട്. 2023-24 ൽ 35 ജോബ് ക്ലബ്ബുകൾക്കായി 28.5 ലക്ഷം രൂപ അനുവദിച്ചു. 2024-25 ൽ (2024 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച്) 19 ജോബ് ക്ലബ്ബുകൾക്കായി 17.8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
3. **ശരണ്യ:** വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, 30 വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾ, വിവാഹബന്ധം വേർപ്പെടുത്തിയവർ, പട്ടികവർഗ്ഗക്കാരിലെ അവിവാഹിതരായ അമ്മമാർ, ശാരീരിക വൈകല്യമുള്ള സ്ത്രീകൾ, കിടപ്പിലായ വ്യക്തിയുടെ ഭാര്യ എന്നിങ്ങനെയുള്ള അഗതികളായ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഒരു പരിപാടിയാണ് "എംപ്ലോയ്മെന്റ് സ്കീം ഫോർ ദി ഡെസ്റ്റിറ്റ്യൂട്ട് വിമൻ (ശരണ്യ). ഈ പരിപാടി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50 ശതമാനം സബ്സിഡിയോടെ 50,000 രൂപ വരെ പലിശ രഹിത ബാങ്ക് വായ്പ നൽകുന്നു. 2023-24 ൽ 1,609 ഗുണഭോക്താക്കൾക്കായി 714.3 ലക്ഷം രൂപ ചെലവഴിച്ചു. 2024-25 ൽ (2024 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച്) 1,308 ഗുണഭോക്താക്കൾക്കായി 655.3 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**മോഡൽ കരിയർ സെന്റർ**

കേന്ദ്ര ലേബർ & എംപ്ലോയ്മെന്റ് മന്ത്രാലയത്തിന് കീഴിലുള്ള ഡയറക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്, കേരള സർക്കാരിന്റെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് മോഡൽ കരിയർ സെന്റർ നടപ്പിലാക്കുന്നത്. തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിലാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. ഉദ്യോഗാർത്ഥികളായ യുവാക്കൾക്ക് അവരുടെ യോഗ്യതയ്ക്കും നൈപുണ്യത്തിനും അനുസൃതമായി അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ ഒരു ഏകജാലക സഹായ കേന്ദ്രമായി പ്രവർത്തിക്കുക എന്നതാണ് ഈ സെന്റർ കൊണ്ട് ലക്ഷ്യമിടുന്നത്. വ്യവസായങ്ങളുടെ സഹകാരിയാക്കുക, കാന്റിഡേറ്റ് എൻഗേജ്മെന്റ്, തൊഴിലും നൈപുണ്യവും മാപ്പിങ്ങ്, പ്ലേയ്സ്മെന്റ്/തൊഴിൽ മേളകൾ സംഘടിപ്പിക്കുക എന്നിവ സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങളാണ്

**നവജീവൻ പദ്ധതി**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-നും 65-നും ഇടയിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് അനുയോജ്യമായ ഉപജീവന മാർഗ്ഗം നൽകിക്കൊണ്ട് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് നവജീവൻ പദ്ധതി. അപേക്ഷകന്റെ വാർഷിക വരുമാനം ഒരു ലക്ഷത്തിന് മുകളിൽ ആയിരിക്കരുത്. കൊളാറ്ററൽ സെക്യൂരിറ്റിയുടെ ആവശ്യമില്ല. അനുവദിച്ച വായ്പയുടെ പരമാവധി തുക 50,000/- രൂപ ആയി നിജപ്പെടുത്തിയിരിക്കുന്നു, അതിൽ വായ്പയുടെ 25% (പരമാവധി 12,500/- രൂപ) സബ്സിഡിയാണ്. 75% വരെ ബാങ്ക് വായ്പ അനുവദിക്കും. 2023-24-ൽ 273 ഗുണഭോക്താക്കൾക്കായി 33.9 ലക്ഷം രൂപ വിതരണം ചെയ്തു. 2024-25-ൽ (2024 ഓഗസ്റ്റ് 31-ലെ കണക്കനുസരിച്ച്) 252 ഗുണഭോക്താക്കൾക്കായി 30.2 ലക്ഷം രൂപ ചെലവഴിച്ചു.

**സമന്വയ**

സംസ്ഥാനത്തുടനീളമുള്ള പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായുള്ള സമഗ്രമായ കരിയർ, എംപ്ലോയബിലിറ്റി വികസന പരിപാടിയാണ് ഈ പദ്ധതി. മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ്, നൈപുണ്യ വികസനം, സ്വയം തൊഴിലിനുള്ള പിന്തുണ, ഇന്റർവ്യൂ, ഗ്രൂപ്പ് ഡിസ്കഷൻ എന്നിവയ്ക്കുള്ള പ്രായോഗിക പരിശീലനം, കൂടാതെ മത്സര പരീക്ഷകൾക്കുള്ള ഓൺലൈൻ രജിസ്ട്രേഷനുള്ള സഹായം, സംരംഭകത്വ വികസനം, കരിയർ ഗൈഡൻസ്, ഡെവലപ്മെന്റ് തുടങ്ങിയ വൈവിധ്യമാർന്ന സേവനങ്ങൾ ഈ പദ്ധതിയിലൂടെ പ്രദാനം ചെയ്യുന്നു.

**നിയുക്തി മെഗാ തൊഴിൽ മേള**

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് ഡിപ്പാർട്ട്മെന്റ് 2015 മുതൽ കേരളത്തിലുടനീളം നിയുക്തി എന്ന പേരിൽ മെഗാ തൊഴിൽ മേളകൾ ആരംഭിച്ചിട്ടുണ്ട്. തൊഴിലന്വേഷകർക്ക് അനുയോജ്യമായ ജോലി കണ്ടെത്തുന്നതിനുള്ള ഒരു വേദിയായി നിയുക്തി പ്രവർത്തിക്കുന്നു. 2023-24 കാലയളവിൽ ഒരു തൊഴിൽ മേള നടത്തി.

**തൊഴിലില്ലായ്മ വേതനം**


കേരള സർക്കാർ 1982-ലാണ് തൊഴിലില്ലായ്മ വേതന പരിപാടി ആരംഭിച്ചത്. ഈ പരിപാടി പ്രകാരം 18 വയസ് പൂർത്തിയായതും മൂന്ന് വർഷമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തതുമായ (വികലാംഗർക്ക് ഇത് രണ്ട് വർഷം) എസ്.എസ്.എൽ.സി വിജയിച്ച (വികലാംഗരായ എസ്സി/എസ്റ്റി.റ്റി ഉദ്യോഗാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഹാജരായാൽ മതി) കുടുംബ വാർഷിക വരുമാനം 12,000 രൂപയിൽ താഴെയും വ്യക്തിഗത വരുമാനം പ്രതിമാസം 100 രൂപയിൽ താഴെയും ഉള്ള തൊഴിൽരഹിതരായ യുവാക്കൾക്ക് 35 വയസ്സ് വരെ പ്രതിമാസം 120 രൂപ തൊഴിലില്ലായ്മ വേതനമായി നൽകി വരുന്നു. കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും നിലവിൽ വന്നതോടെ ഈ പരിപാടിയുടെ നടത്തിപ്പ് ചുമതല 1998 മുതൽ ഗ്രാമ,നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. അർഹരായ അപേക്ഷകർക്ക് അവരുടെ അപേക്ഷ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കാവുന്നതാണ്.

2023-ൽ തൊഴിലില്ലായ്മ സഹായമായി 5,415 ഗുണഭോക്താക്കൾക്ക് 46.6 ലക്ഷം രൂപയും, 2024-ൽ (ഓഗസ്റ്റ് 31, 2024 വരെ) 2,019 ഗുണഭോക്താക്കൾക്ക് 14.4 ലക്ഷം രൂപയും വിതരണം ചെയ്തു. സ്വയം തൊഴിൽ പദ്ധതികളായ കെ.ഇ.എസ്.ആർ.യു, എംപിഎസ്.സി/ജെ.സി, ശരണ്യ, നവജീവൻ എന്നിവയിലൂടെ 2024-ൽ 2,237 ഗുണഭോക്താക്കൾക്ക് 834.2 ലക്ഷം രൂപയും, 2024-ൽ 1,750 ഗുണഭോക്താക്കൾക്ക് 734.3 ലക്ഷം രൂപയും വിതരണം ചെയ്തു (ഓഗസ്റ്റ് 31, 2024 വരെ). തൊഴിലില്ലായ്മ വേതനം ലഭിച്ച ഗുണഭോക്താക്കളുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ (**അനുബന്ധം 7.2.15**) ൽ ചേർത്തിരിക്കുന്നു.

**കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള പ്ലെയ്സ്മെന്റ് 2010 മുതൽ ഏറ്റക്കുറച്ചിലുകളുള്ള പ്രവണതയാണ് കാണിക്കുന്നത്. 2023 ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനെ 14,900 പേർക്ക് തൊഴിൽ ലഭിച്ചു. ഇതേ സമയം 2022 ൽ 14,432 പേർക്ക് ആണ് തൊഴിൽ ലഭിച്ചിരുന്നത്. 2014 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനെ തൊഴിൽ ലഭിച്ചവരുടെ വിശദാംശങ്ങൾ (**അനുബന്ധം 7.2.16**) ലും (**ചിത്രം 7.2.10**) ലും കാണിച്ചിരിക്കുന്നു.

**ചിത്രം 7.2.10** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം -കേരളം




***അവലംബം:*** എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ,2024

**വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും**

ഒരു സമ്പദ്‌വ്യവസ്ഥയുടെ കെട്ടുറപ്പിന്റെ ഒരു പ്രധാന സൂചകമാണ് തൊഴിലില്ലായ്മ. കുറഞ്ഞ തൊഴിലില്ലായ്മ നിരക്ക് ശക്തമായ ഒരു സമ്പദ്‌വ്യവസ്ഥയെ പ്രതിനിധീകരിക്കുമ്പോൾ, ഉയർന്ന തൊഴിലില്ലായ്മ നിരക്ക് ദുർബലമായ ഒരു സമ്പദ്‌വ്യവസ്ഥയെ പ്രതിനിധീകരിക്കുന്നു. ഉയർന്ന ജനസംഖ്യ, മെച്ചപ്പെടുത്തൽ ആവശ്യമുള്ള വിദ്യാഭ്യാസ സമ്പ്രദായം, കൃഷിയിലെ അമിതമായ ഭാരം, കാർഷിക തൊഴിലാളികൾക്ക് ബദൽ അവസരങ്ങളുടെ അഭാവം, പരിശീലനം ആവശ്യമുള്ള കുറഞ്ഞ വൈദഗ്ധ്യമുള്ള തൊഴിൽ ശക്തി എന്നിവയാണ് തൊഴിലില്ലായ്മയുടെ കാരണങ്ങൾ. സർക്കാർ സംവിധാനങ്ങളുടെയും പദ്ധതികളുടെയും പരിപാടികളുടെയും ശരിയായ ഉപയോഗമാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒരു പ്രധാന ഘടകം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് തൊഴിലില്ലായ്മയുടെ വിട്ടുമാറാത്തതും ഗുരുതരവും ബഹുമുഖവുമായ പ്രശ്നം ഗണ്യമായി പരിഹരിക്കുന്നതിന് സാധിക്കും.

# 7.3 നൈപുണ്യ വികസനം

തൊഴിലവസരവും തൊഴിൽ ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിലൂടെ സമ്പദ് വ്യവസ്ഥയുടെ ഘടനാപരമായ പരിവർത്തനത്തിനും സാമ്പത്തിക വളർച്ചയ്ക്കും നൈപുണ്യ വികസനം മികച്ച സംഭാവന നൽകുന്നു.

ലോകത്തിലെ ഏറ്റവും വലിയ യുവജന ജനസംഖ്യയുള്ള ഇന്ത്യയിൽ, നൈപുണ്യത്തിന്റെ പ്രസക്തി വിവരണാതീതമാണ്. അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥകളിലൊന്നാണെങ്കിലും, പ്രാഥമികമായി വൈദഗ്ദ്ധ്യ പൊരുത്തക്കേട് മൂലം തൊഴിലില്ലായ്മയുടെയും അപര്യാപ്തമായ തൊഴിലവസരങ്ങളുടെയും പ്രശ്നങ്ങൾ ഇന്ത്യ അഭിമുഖീകരിക്കുന്നു,. നൈപുണ്യ സംരംഭങ്ങൾ ഈ അന്തരം നികത്താനും വിപണി ആവശ്യങ്ങളുമായി തൊഴിൽ ശക്തികളെ യോജിപ്പിക്കാനും ലക്ഷ്യമിടുന്നു.

വിദ്യാസമ്പന്നരായ യുവജനങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്ന ഒരു വലിയ വിഭാഗം പ്രവാസികളും ഉള്ളതിനാൽ, തൊഴിൽ നൈപുണ്യമുള്ള യുവജനങ്ങളെ തൊഴിലിന് സജ്ജരാക്കുന്നതിന് കേരളം ഉയർന്ന മുൻഗണന നൽകുന്നു. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ പരമ്പരാഗത മേഖലകളിൽ നിന്നും ഇൻഫർമേഷൻ ടെക്നോളജി (ഐടി), ടൂറിസം, ആരോഗ്യ സംരക്ഷണം, പുനരുപയോഗ ഊർജം തുടങ്ങിയ ആധുനിക വ്യവസായങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ ആവശ്യകതയെ ഈ മാറ്റം അടിവരയിടുന്നു. കൂടാതെ, ഐടി, മാനുഫാക്ചറിംഗ്, ഹെൽത്ത്കെയർ തുടങ്ങിയ മേഖലകളിൽ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ആഗോള ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ, വിദഗ്ദ്ധരായ പ്രൊഫഷണലുകളുടെ ആഗോള വിതരണക്കാരനാകാനുള്ള സാധ്യതയും കേരളത്തിനുണ്ട്.

**ദേശീയ നൈപുണ്യ വികസന മിഷൻ (NSDM)**
ദേശീയ നൈപുണ്യ നയത്തിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങൾക്കായി രാജ്യത്ത് എല്ലാ നൈപുണ്യ ശ്രമങ്ങളും നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി 2015-ൽ ഇന്ത്യാ ഗവൺമെന്റ് ദേശീയ നൈപുണ്യ വികസന മിഷൻ (എൻഎസ്ഡിഎം) ആരംഭിച്ചു. ഉയർന്ന അധികാരമുള്ള തീരുമാനമെടുക്കൽ ചട്ടക്കൂടിലൂടെ ഒത്തുചേരൽ സൃഷ്ടിക്കാനും ക്രോസ്-സെക്ടറൽ തീരുമാനങ്ങൾ വേഗത്തിലാക്കാനും ഇത് ലക്ഷ്യമിടുന്നു. പാൻ-ഇന്ത്യ അടിസ്ഥാനത്തിൽ നൈപുണ്യ പ്രവർത്തനങ്ങൾ ഒത്തുചേരാനും ഏകോപിപ്പിക്കാനും നടപ്പിലാക്കാനും നിരീക്ഷിക്കാനുമുള്ള ചുമതല ഇതിന് ഉണ്ട്. നയ നിർദ്ദേശങ്ങൾ നൽകുക, മൊത്തത്തിലുള്ള പുരോഗതി അവലോകനം ചെയ്യുകയും ദൗത്യ ലക്ഷ്യങ്ങൾക്കനുസൃതമായി നടപ്പിലാക്കുകയും ചെയ്യുക എന്നിങ്ങനെ മൂന്ന് തലത്തിലുള്ള ഇൻസ്റ്റിറ്റ്യൂഷണൽ ഘടന ഇതിൽ നിക്ഷിപ്തമാണ്

**ഇന്ത്യയിലെ നൈപുണ്യത്തിലും സംരംഭകത്വത്തിലും ഉള്ള വെല്ലുവിളികൾ**
ഉയർന്ന മികവിലും, നിലവാരത്തിലും നൈപുണ്യവുമുള്ള രാജ്യങ്ങൾ ആഭ്യന്തര, അന്തർദ്ദേശീയ തൊഴിൽ വിപണികളിലെ വെല്ലുവിളികളോടും അവസരങ്ങളോടും കൂടുതൽ ഫലപ്രദമായി യോജിച്ചു പോകുന്നു. NSSO, 2020-21 (78-ആം റൗണ്ട്) റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ മൾട്ടിപ്പിൾ ഇൻഡിക്കേറ്റർ സർവ്വേയിൽ, ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസത്തിലും പരിശീലനത്തിലും കഴിഞ്ഞ 12 മാസങ്ങളിൽ 15-35 വയസ്സ് പ്രായമുള്ള വ്യക്തികളുടെ ശതമാനം അഖിലേന്ത്യാ തലത്തിൽ ഗ്രാമങ്ങളിലും നഗരങ്ങളിലും യഥാക്രമം 25.6 ശതമാനവും 29.6 ശതമാനവുമാണ്.

നന്നായി പരിശീലിനം ലഭിച്ചവരും വൈദഗ്ധ്യമുള്ളവരുമായ തൊഴിലാളികളുടെ രൂക്ഷമായ ക്ഷാമമാണ് ഇന്ത്യ ഇപ്പോൾ നേരിടുന്നത്. പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ 2023-24 പ്രകാരം, 4.9 ശതമാനം പേർ (പ്രായം 15-59), (നഗര ഗ്രാമീണ, സ്ത്രീ- പുരുഷ) ഔപചാരിക തൊഴിൽ/സാങ്കേതിക പരിശീലനം നേടിയിട്ടുണ്ട്. നമ്മുടെ രാജ്യത്തെ നൈപുണ്യ വികസനത്തിന്റെ ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന്, (പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ 2023-24 പ്രകാരം) 73.2 ശതമാനം തൊഴിലാളികളും അനൗപചാരിക/ അസംഘടിത മേഖലയിൽ ഏർപ്പെട്ടിരിക്കുന്നു എന്നതാണ്. തൽഫലമായി, അസംഘടിത മേഖലയിൽ നിലവിലുള്ള നൈപുണികൾ മാപ്പ് ചെയ്യാനും മേഖലയിലെ നൈപുണ്യ ആവശ്യകത നിർണ്ണയിക്കാനും പ്രയാസമാണ്.

ജനസംഖ്യാപരമായ വിഹിതത്തിന്റെ പകുതിയോളം സ്ത്രീകളാണ്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന തൊഴിൽ ശക്തിയിൽ അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക എന്നതാണ് ഇവിടെ പ്രധാന വെല്ലുവിളി. പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (സാധാരണ നില) 2023-24 റിപ്പോർട്ട് അനുസരിച്ച്, ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 35.5 ശതമാനവും നഗരപ്രദേശങ്ങളിൽ 22.3 ശതമാനവുമാണ്. കേരളത്തിൽ ഇത് യഥാക്രമം 36.2 ശതമാനവും 30.3 ശതമാനവുമാണ്.

### 24 മേഖലകളിലെ വർദ്ധിച്ചുവരുന്ന മാനവ വിഭവശേഷി ആവശ്യകതകൾ (2017–22)

നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷനാണ് (എൻ.എസ്.ഡി.സി) മാനവശേഷി ആവശ്യകതയെ കുറിച്ചുള്ള റിപ്പോർട്ടുകൾ പുറത്തിറക്കിയിട്ടുള്ളത്. 2013-17 നും 2017-22 നും ഇടയിൽ 24 ഉയർന്ന മുൻഗണനയുള്ള മേഖലകളിലുടനീളം വർദ്ധിച്ചുവരുന്ന നൈപുണികൾ വർദ്ധിപ്പിക്കുന്നതിന്റെ മേഖലാ - ഭൂമിശാസ്ത്രപരമായ വ്യാപനം മനസ്സിലാക്കാനാണ് റിപ്പോർട്ടുകൾ ലക്ഷ്യമിടുന്നത്. 2016 ൽ 24 മേഖലകളിലുമുള്ള മാനവ വിഭവ ആവശ്യകതയും 2022 ലെ പ്രതീക്ഷിത എസ്റ്റിമേറ്റും **പട്ടിക 7.3.1** ൽ പട്ടികപ്പെടുത്തിയിട്ടുണ്ട്.

### കേരളത്തിലെ നൈപുണ്യ വികസന മുന്നേറ്റങ്ങൾ

വേഗമേറിയതും സുസ്ഥിരവും സമഗ്രവുമായ വളർച്ച കൈവരിക്കുന്നതിനും കേരളത്തിലെ യുവജനങ്ങൾക്ക് മാന്യമായ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും നൈപുണ്യ വികസനം നിർണ്ണായകമാണ്. ഉയർന്ന സാമൂഹികവും മാനുഷികവുമായ സൂചകങ്ങൾ കണക്കിലെടുക്കുമ്പോൾ, രാജ്യത്തിന്റെ വളരുന്ന സമ്പദ്‌വ്യവസ്ഥയ്ക്ക് മാത്രമല്ല, ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കും സാങ്കേതികമായി പരിശീലനം ആവശ്യമായ തൊഴിലുകൾക്ക് ഉതകുന്ന തരത്തിലുള്ള തൊഴിലാളികളെ നൽകാൻ കേരളത്തിന് കഴിയും.

2011 ലെ സെൻസസ് പ്രകാരം, രാജ്യത്തെ ഏറ്റവും സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം, ഇന്ത്യയിലെ ശരാശരി 74.0 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സാക്ഷരത 94 ശതമാനമാണ്. കേരളത്തിലെ പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് 96.1 ശതമാനവും സ്ത്രീ സാക്ഷരതാ നിരക്ക് 92.1 ശതമാനവുമാണ്. ഇതിൽ 95.1 ശതമാനം നഗര സാക്ഷരതയും 93.0 ശതമാനം ഗ്രാമീണ സാക്ഷരതാ നിരക്കുമാണ് ഉള്ളത്. എന്നിരുന്നാലും, ആഭ്യന്തരവും അന്തർദ്ദേശീയവുമായ തൊഴിൽ വിപണികൾക്ക് അനുയോജ്യമായ നൈപുണ്യത്തിന്റെ കാര്യത്തിൽ കേരളത്തിൽ വലിയ അന്തരമുണ്ട്.

വിവിധ വകുപ്പുകളുടെ നൈപുണ്യ പ്രവർത്തനങ്ങളുടെ സംയോജനം പദ്ധതികളുടെ ഇരട്ടിപ്പ് ഒഴിവാക്കാനും ഇടപെടലുകളിലുടനീളം ഏകോപനം കൊണ്ടുവരാനും സഹായിക്കും. ഇക്കാര്യത്തിൽ, നൈപുണ്യ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു പാൻ ഇന്ത്യ വീക്ഷണത്തോടെ, സ്കിൽസ് അക്വിസിഷൻ ആൻഡ് നോളജ് അവയർനസ് ഫോർ ലൈവ് ലിഹുഡ് പ്രൊമോഷൻ (സങ്കൽപ്) എന്ന പദ്ധതി സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (സിമോ) വഴി ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി ഒരു സംസ്ഥാന നൈപുണ്യ വികസന മിഷൻ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത നിർബന്ധിതമാക്കുന്നു.

ദേശീയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ സ്ഥാപനപരമായ ശാക്തീകരണത്തിനായി, തൊഴിൽ നൈപുണ്യ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്)നെ സംസ്ഥാന നൈപുണ്യ വികസന മിഷൻ (എസ്.എസ്ഡി.എം) ആയി നിയമിച്ചിട്ടുണ്ട്. ഈ മിഷൻ നൈപുണ്യ സംരംഭങ്ങളെ, നിരീക്ഷിക്കുകയും, ഏകോപിപ്പിക്കുകയും, വിലയിരുത്തുകയും, നയിക്കുകയും ചെയ്യുന്നു. കൂടാതെ മിഷൻ സംസ്ഥാനത്തെ എല്ലാ നൈപുണ്യ വികസന പ്രവർത്തനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നു.

വിവിധ വകുപ്പുകൾ മുഖേനയുള്ള നൈപുണ്യ പരിശീലന പരിപാടികൾ

**1. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) കേരളം:** കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്ഥിതി ചെയ്യുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്), വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും അവരുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിന് വ്യവസായവുമായി ബന്ധപ്പെട്ട നൈപുണികൾ പ്രദാനം ചെയ്യുന്നു. സ്കൂളുകളിലും കോളേജുകളിലും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലും ഓൺലൈനായും നേരിട്ടും നൈപുണ്യ പരിശീലനം നൽകുന്നു. അസാപ് ന്റെ പ്രധാന നേട്ടങ്ങൾ താഴെ കൊടുത്തിരിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് അധ്യായം 6.1 കാണുക).

#### നേട്ടങ്ങൾ

- നൈപുണ്യ പരിശീലന കേന്ദ്രങ്ങളുടെ അക്രഡിറ്റേഷൻ: 30 നൈപുണ്യ പരിശീലന ബോഡികൾ (TBs) 2024 ഓഗസ്റ്റ് 31 വരെ അസാപ് കേരളയുടെ അംഗീകാരം നേടിയിട്ടുണ്ട്.

**പട്ടിക 7.3.1** 24 മേഖലകളിലുടനീളമുള്ള മാനവവിഭവ ആവശ്യകതകൾ (ദശലക്ഷത്തിൽ)

| ക്രമ നം. | സെക്ടർ | ഹ്യൂമൻ റിസോഴ്സ് ആവശ്യകതകൾ | |
|---|---|---|---|
| | | 2016 | 2022 |
| 1 | കൃഷി | 229 | 215.5 |
| 2 | കെട്ടിട നിർമ്മാണവും റിയൽ എസ്റ്റേറ്റ് | 60.4 | 91 |
| 3 | റീട്ടെയിൽ | 45.3 | 56 |
| 4 | ലോജിസ്റ്റിക്സ്, ഗതാഗതം, വെയർഹൗസിംഗ് | 23 | 31.2 |
| 5 | ടെക്സ്റ്റയിൽ ആൻഡ് ക്ലോത്തിംഗ് | 18.3 | 25 |
| 6 | വിദ്യാഭ്യാസവും, നൈപുണ്യ വികസനവും | 14.8 | 18.1 |
| 7 | കൈത്തറിയും, കര കൗശല വസ്തുക്കളും | 14.1 | 18.8 |
| 8 | ഓട്ടോ ആൻഡ് ഓട്ടോ ഘടകങ്ങൾ | 12.8 | 15 |
| 9 | നിർമ്മാണ സാമഗ്രികളും, ഹാർഡ്‌വെയറുകളും | 9.7 | 12.4 |
| 10 | പ്രൈവറ്റ് സെക്യൂരിറ്റി സർവ്വീസുകൾ | 8.9 | 12 |
| 11 | ഫുഡ് പ്രോസസ്സിംഗ് | 8.8 | 11.6 |
| 12 | ടൂറിസം, ഹോസ്പിറ്റാലിറ്റി, യാത്ര | 9.7 | 14.6 |
| 13 | ഗാർഹിക സഹായം | 7.8 | 11.1 |
| 14 | ജെംസ് ആൻഡ് ജ്വവലറി | 6.1 | 9.4 |
| 15 | ഇലക്ട്രോണിക്സ്, ഐ.ടി ഹാർഡ്‌വെയർ | 6.2 | 9.6 |
| 16 | ബ്യൂട്ടി ആൻഡ് വെൽനെസ്സ് | 7.4 | 15.6 |
| 17 | ഫർണിച്ചർ, ഫർണിഷിംഗ് | 6.5 | 12.2 |
| 18 | ഹെൽത്ത് കെയർ | 4.6 | 7.4 |
| 19 | തുകലും തുകൽ ഉൽപ്പന്നങ്ങളും | 4.4 | 7.1 |
| 20 | ഐ.ടി യും, ഐ. ടി ഉപകരണങ്ങളും | 3.8 | 5.3 |
| 21 | ബാങ്കിംഗ്, സാമ്പത്തിക സേവന ഇൻഷ്വറൻസ് | 3.2 | 4.4 |
| 22 | ടെലി കമ്മ്യൂണിക്കേഷൻ | 2.9 | 5.7 |
| 23 | ഫാർമ സ്യൂട്ടിക്കൽസ് | 2.6 | 4 |
| 24 | മാധ്യമങ്ങളും വിനോദവും | 0.7 | 1.3 |

***ഉറവിടം:*** പരിസ്ഥിതി സ്കാൻ റിപ്പോർട്ട്, 2016 (NSDC)

- സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് ആൻഡ് കരിയർ പ്ലാനിംഗ് (CSDCCP): നൈപുണ്യ വികസനം വിവിധ സ്ഥാപനങ്ങളുടെ പാഠ്യപദ്ധതികളുമായി സംയോജിപ്പിക്കുന്നതിനായി അസാപ് കേരളയുടെ ഫീൽഡ് ടീം സിഎസ്ഡിസിസിപിയെ പ്രോത്സാഹിപ്പിക്കുന്നു.
- പോലീസ് വകുപ്പിന് ഡ്രോൺ പൈലറ്റ് പരിശീലനം: പോലീസ് വകുപ്പിന്റെ സഹകരണത്തോടെ 20 പോലീസ് ഉദ്യോഗസ്ഥർക്ക് 5 ദിവസത്തെ ഡ്രോൺ പൈലറ്റ് പരിശീലനം നടത്തി.
- കേരള എന്റർപ്രണർഷിപ്പ് ഡ്രൈവ് (ഡ്രീംവെസ്റ്റർ 2.0): വർക്ക്ഷോപ്പുകളിലൂടെയും മത്സരങ്ങളിലൂടെയും കോളേജ് വിദ്യാർത്ഥികളുടെ സംരംഭകത്വ ആശയങ്ങൾ പ്രചോദിപ്പിക്കുന്നതിനായി അസാപ് ഒരു പ്രോഗ്രാം നടത്തി, മികച്ച ടീമുകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കി.
- ഇഎ ഡബ്ല്യുസിഡി ബാച്ചിനുള്ള എക്സ്ക്ലൂസീവ് പ്ലേസ്മെന്റ് ഗ്രൂമിംഗ്: എച്ച് & ആർ ബ്ലോക്കുമായി സഹകരിച്ച് നാല് ഘട്ടങ്ങളുള്ള, മോക്ക് ഇന്റർവ്യൂകളും പ്ലേസ്മെന്റ് ഡ്രൈവുകളും സഹിതം ഒരു എക്സ്ക്ലൂസീവ് ഫോർ-ഫേസ് ഗ്രൂമിങ്ങും പ്ലേസ്മെന്റ് പ്രോഗ്രാമും സംഘടിപ്പിച്ചിട്ടുണ്ട്. 16 പേർ പങ്കെടുക്കുകയും 4 പേർ പ്ലേസ്മെന്റിനായി ഷോർട്ട്‌ലിസ്റ്റ് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**2. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടികൾ**

പട്ടികവർഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മയുടെ തീവ്രത കുറയ്ക്കുന്നതിന്, ആധുനിക നൈപുണ്യ സെറ്റുകളിൽ നൈപുണ്യ പരിശീലനം നൽകി പ്രസ്തുത കുടുംബങ്ങളെ സഹായിക്കാനും വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സഹായം നൽകി ഉപജീവനമാർഗം കണ്ടെത്താനും വകുപ്പ് ഇടപെടലുകൾ നടത്തുന്നു. പട്ടികവർഗ്ഗക്കാരുടെ ഉപജീവന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിവിധ നൈപുണ്യ പരിശീലന പരിപാടികളും കരിയർ ഗൈഡൻസ് ക്യാമ്പെയ്നുകളും സംഘടിപ്പിച്ചു. കഴിഞ്ഞ 5 വർഷമായി പട്ടികവർഗ്ഗ യുവാക്കൾക്കായി പ്രാബല്യത്തിൽ വന്ന നൈപുണ്യ പരിശീലനത്തിന്റെയും പ്ലേസ്മെന്റിന്റെയും വിശദാംശങ്ങൾ **പട്ടിക 7.3.2**–ൽ പരാമർശിച്ചിരിക്കുന്നു.

കഴിഞ്ഞ 5 വർഷത്തിനിടെ വകുപ്പ് 17 നൈപുണ്യ പരിശീലന കോഴ്സുകൾ നടത്തി, 2224 പേർ പങ്കെടുത്തു. ഇതിന്റെ

**പട്ടിക 7.3.2** പട്ടിക വർഗ്ഗ യുവാക്കൾക്കുള്ള നൈപുണ്യ പരിശീലനത്തിന്റെയും പ്ലേസ്മെന്റിന്റെയും വിശദാംശങ്ങൾ

| വർഷം | നടത്തിയ നൈപുണ്യ പരിശീലന കോഴ്സുകളുടെ എണ്ണം | പങ്കെടുത്തവരുടെ എണ്ണം | പ്ലേസ്മെന്റ് | |
|---|---|---|---|---|
| | | | ഇന്ത്യ | വിദേശം |
| 2020-21 | 6 | 1,600 | 306 | 11 |
| 2021-22 | 2 | 100 | 84 | 0 |
| 2022-23 | 2 | 150 | 140 | 0 |
| 2023-24 | 7 | 374 | 330 | 0 |
| 2024-25 | 260 വിദ്യാർത്ഥികൾക്കായി 8 കോഴ്സുകൾ അനുവദിച്ചിട്ടുണ്ട് (പ്രക്രിയ പുരോഗമിക്കുന്നു) | | | |
| **ആകെ** | **17** | **2,224** | **860** | **11** |

***ഉറവിടം:*** പട്ടികവർഗ വികസന ഡയറക്ടറേറ്റ്

ഫലമായി 860 ഉദ്യോഗാർത്ഥികൾ ഇന്ത്യയിൽ ജോലി നേടുകയും 11 പേർ വിദേശത്ത് ജോലി നേടുകയും ചെയ്തു.

### 3. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള നൈപുണ്യ പരിശീലന പരിപാടികൾ

ദുർബല വിഭാഗങ്ങൾക്ക് ഉപജീവന സുരക്ഷിതത്വം നൽകുന്നതിന് മാനവ വിഭവശേഷി വികസന പരിശീലനവും തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും ഉൾപ്പെടെ വിവിധ തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കി വരുന്നു.

മറ്റ് ഏജൻസികളുമായി സഹകരിച്ച് ഉയർന്ന നിലവാരത്തിലുള്ള നൈപുണ്യങ്ങൾ നൽകുന്നതിനു പുറമേ, ഒരു ചെറുകിട സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് അതിനുതകുന്ന നൈപുണ്യ പരിശീലനവും നൽകുന്നു. നൈപുണ്യ പരിശീലനങ്ങളിൽ നിന്നും സ്വയം തൊഴിൽ പദ്ധതികളിൽ നിന്നുമുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **പട്ടിക 7.3.3** ൽ നൽകിയിരിക്കുന്നു.

സ്വയം തൊഴിൽ പദ്ധതിക്ക് കീഴിലുള്ള പട്ടികജാതി ഗുണഭോക്താക്കളുടെ 2023-24, 2024-25 വർഷങ്ങളിലെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ (2024 ഒക്ടോബർ വരെ) **പട്ടിക 7.3.2**-ൽ നൽകിയിരിക്കുന്നു. വകുപ്പ് നടത്തിയ സ്വയം തൊഴിൽ പരിശീലന പരിപാടിയിലൂടെ 2023-24 കാലയളവിൽ 151 പട്ടികജാതിക്കാർക്കും 2024-25 ൽ (ഒക്ടോബർ 31 വരെ) 65 പേർക്കും ജോലി ലഭിച്ചു.

### 4. കുടുംബശ്രീയുടെ കീഴിൽ നൈപുണ്യ പരിശീലന പരിപാടികൾ

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമാർജ്ജനം എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന ദൗത്യമായ കുടുംബശ്രീ രൂപീകരിച്ചത്. സ്ത്രീകൾക്കിടയിലെ നൈപുണ്യ വികസനത്തിന്റെ ഭാഗമായി ഈ ഏജൻസി നിരവധി പരിശീലന പരിപാടികൾ നടത്തുന്നു. ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം [DAY-NRLM] എന്ന കേന്ദ്രാവിഷ്കൃത പരിപാടിയുടെ നോഡൽ ഏജൻസിയാണ് കുടുംബശ്രീ. ഈ സ്കീമിന് കീഴിൽ, ഗ്രാമീണ ദരിദ്രർക്ക് ഒരു ചെലവും കൂടാതെ ഡിമാൻഡ്-ലെഡ് നൈപുണ്യ പരിശീലനം എന്ന ലക്ഷ്യത്തോടെ, ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന [DDU GKY] സ്ത്രീകൾക്കും പുരുഷന്മാർക്കും നൈപുണ്യ അധിഷ്ഠിത പരിശീലനം നൽകുന്നു, അവരിൽ വലിയൊരു വിഭാഗം കുടുംബശ്രീ അംഗങ്ങളാണ്.

**പട്ടിക 7.3.3** 2022-23, 2023-24 കാലയളവിൽ സ്വയം തൊഴിൽ പദ്ധതിയിലെ പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം

| നം | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|
| | | 2023–24 | 2024–25* |
| 1 | തിരുവനന്തപുരം | 10 | 5 |
| 2 | കൊല്ലം | 5 | 3 |
| 3 | പത്തനംതിട്ട | 4 | 1 |
| 4 | ആലപ്പുഴ | 15 | 3 |
| 5 | കോട്ടയം | 0 | 18 |
| 6 | ഇടുക്കി | 3 | 2 |
| 7 | എറണാകുളം | 28 | 5 |
| 8 | തൃശ്ശൂർ | 27 | 3 |
| 9 | പാലക്കാട് | 14 | 12 |
| 10 | മലപ്പുറം | 20 | 7 |
| 11 | കോഴിക്കോട് | 7 | 1 |
| 12 | വയനാട് | 3 | 0 |
| 13 | കണ്ണൂർ | 5 | 2 |
| 14 | കാസറഗോഡ് | 10 | 3 |
| | **ആകെ** | **151** | **65** |

***ഉറവിടം:*** പട്ടികജാതി വികസന ഡയറക്ടറേറ്റ്* (31.08.2024 വരെ)

ഗ്രാമവികസന മന്ത്രാലയവും (MORD) കുടുംബശ്രീയും സംയുക്തമായി നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതിയാണ് DDU-GKY. ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ള 15 നും 35 നും ഇടയിൽ പ്രായമുള്ള ഗ്രാമീണ യുവാക്കളിൽ DDU-GKY പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. 2024 ഒക്ടോബർ വരെ, 76509 പേർ പരിശീലനം പൂർത്തിയാക്കി അവരിൽ 54128 പേർക്ക് നിയമനം ലഭിച്ചു, 44320 പേർ ജോലിയിൽ 3 മാസം പൂർത്തിയാക്കി.

### 5. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്)

സംസ്ഥാനത്ത് ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കു

**പട്ടിക 7.3.4** കേരളത്തിലെ DDU GKY നില

| | DDU GKY സ്റ്റാറ്റസ് | | | |
|---|---|---|---|---|
| | ആരംഭിച്ചവ | പൂർത്തീകരിച്ചവ | നിയമനം | 3 മാസത്തെ ജോലി പൂർത്തിയാക്കി |
| **ക്യുമുലേറ്റീവ്** | **85844** | **76509** | **54128** | **44320** |
| 2024-25 | 1242 | 1127 | 442 | 891 |
| 2023-24 | 3584 | 5146 | 3404 | 3422 |
| 2022-23 | 7020 | 8234 | 6124 | 4326 |
| 2021-22 | 5664 | 5718 | 1568 | 3143 |
| 2020-21 | 3358 | 3152 | 1787 | 2931 |
| 2019-20 | 15221 | 12812 | 9957 | 9100 |
| 2018-19 | 16428 | 13736 | 10972 | 9656 |
| 2017-18 | 12998 | 10693 | 9196 | 5093 |
| 2016-17 | 10722 | 11630 | 8232 | 5077 |
| 2015-16 | 9607 | 4261 | 2446 | 681 |

***ഉറവിടം:*** കുടുംബശ്രീ

ന്നതിനുള്ള പ്രാഥമിക ഏജൻസിയാണ് കെ-ഡിസ്ക്. ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ പരിവർത്തനം സുഗമമാക്കുന്നതിനുള്ള അധിക ചുമതലയും കെ-ഡിസ്കിന് നൽകിയിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിനും പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതും മുൻഗണനയാണ്.

കെ-ഡിസ്കിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന്, നവീകരണത്തെ ശക്തിപ്പെടുത്തുന്നതിനും ഭൗതികവും മാനുഷികവും വിജ്ഞാന മൂലധനവുമായുള്ള തടസ്സങ്ങൾ ഇല്ലാതാക്കുന്നതിനും വേണ്ടി വിജ്ഞാന സമ്പദ്‌വ്യവസ്ഥ ടാലന്റ് പൂളിന്റെ കഴിവുകൾ, പെരുമാറ്റങ്ങൾ, മനോഭാവങ്ങൾ എന്നിവ ശക്തിപ്പെടുത്തുക എന്നതാണ്.

### 6. കേരള നോളജ് ഇക്കണോമി മിഷൻ

കേരളത്തിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിൽ നൽകുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാർ കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം) ആരംഭിച്ചു. പദ്ധതിയുടെ നടത്തിപ്പിനായി കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ (കെ-ഡിസ്ക്) ചുമതലപ്പെടുത്തി. കേരള നോളജ് ഇക്കണോമി മിഷന്റെ ഭാഗമായി, പ്രാദേശിക ഡിമാൻഡ് സൃഷ്ടിക്കുന്നതിലൂടെയും തൊഴിൽ സൗകര്യങ്ങളിലൂടെയും തൊഴിലന്വേഷകർക്ക് ലാഭകരമായ തൊഴിലവസരങ്ങൾ പ്രാദേശികവും അന്തർദ്ദേശീയവുമായ തലങ്ങളിൽ സൃഷ്ടിക്കാൻ സർക്കാർ വിഭാവനം ചെയ്യുന്നു.

2024 സെപ്റ്റംബർ വരെ 13,25,084 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. കെകെഇഎം അവരുടെ പങ്കാളികൾക്കൊപ്പം 1,20,586 പേർക്ക് തൊഴിൽ നൽകി. 45,370 പേർക്ക് നേരിട്ട് തൊഴിൽ ലഭിച്ചു. തൊഴിൽദാതാക്കൾ, തൊഴിലന്വേഷകർ, നൈപുണ്യ ദാതാക്കൾ, തൊഴിലന്വേഷകരെ തൊഴിലിനായി സജ്ജമാക്കുന്ന സംവിധാനങ്ങൾ എന്നിവയ്ക്കായി ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം സൃഷ്ടിച്ചു.

തൊഴിലന്വേഷകരെ അണിനിരത്താനുള്ള സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും അക്കാദമിക് സ്ഥാപനങ്ങളിലൂടെയും സൃഷ്ടിച്ചിട്ടുണ്ട്. കരിയർ ബ്രേക്ക് വന്ന സ്ത്രീകൾ, എസ്.സി, എസ്.ടി, ട്രാൻസ്ജെൻഡർ വ്യക്തികൾ, മത്സ്യത്തൊഴിലാളികൾ എന്നിവരുൾപ്പെടെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ സംഘടിപ്പിക്കുന്നതിന് അതത് വകുപ്പുകൾ പ്രത്യേക സംവിധാനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. തൊഴിലുടമകളെ കൊണ്ടുവരാൻ കരിയർ ഫെയറുകളും റോഡ് ഷോകളും സംഘടിപ്പിച്ചു. റിക്രൂട്ട്-ട്രെയിൻ-ഡിപ്ലോയ് എന്ന പേരിൽ ഒരു പുതിയ മാതൃകാ പദ്ധതിയും വ്യവസായ പ്രസക്തവും അർത്ഥവത്തായതുമായ തൊഴിലിനായി നടപ്പിലാക്കി. കേരള നോളജ് ഇക്കോണമി മിഷന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 7.3.5**-ൽ ചിത്രീകരിച്ചിരിക്കുന്നു.

### 7. വ്യാവസായിക പരിശീലന വകുപ്പ്

നൈപുണ്യവും അപ്രന്റിസ്ഷിപ്പ് പരിശീലനവും നൽകുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലാണ് വ്യാവസായിക പരിശീലന വകുപ്പ് (ഐ.ടി.ഡി) പ്രവർത്തിക്കുന്നത്. വകുപ്പ് സംസ്ഥാനത്തെ വ്യാവസായിക പരിശീലന സ്ഥാപനങ്ങളിൽ വൈവിധ്യമാർന്ന നൈപുണ്യ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിലുടനീളമുള്ള യുവജനങ്ങൾ അപ്രന്റിസ്ഷിപ്പ് പരിശീലനത്തിനായി ഇവിടെ രജിസ്റ്റർ ചെയ്യുന്നു.

ഇന്ത്യാ ഗവൺമെന്റിന്റെ നൈപുണ്യ വികസന-സംരംഭകത്വ മന്ത്രാലയത്തിന്റെ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനതല നോഡൽ ഏജൻസി കൂടിയാണിത്. ഡിജിടി അവതരിപ്പിച്ച പ്രധാന രണ്ട് പദ്ധതികളായ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം, അപ്രന്റിസ്ഷിപ്പ് ട്രെയിനിംഗ് സ്കീം എന്നിവ സംസ്ഥാനത്തെ നഗര, അർദ്ധ നഗര, ഗ്രാമ പ്രദേശങ്ങളിൽ ചിതറിക്കിടക്കുന്ന

**പട്ടിക 7.3.5** കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം) നേട്ടങ്ങൾ

| Sl.No | ഘടകങ്ങൾ | നേട്ടങ്ങൾ സെപ്റ്റംബർ വരെ (2024) |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത തൊഴിലുടമകൾ | 6,606 |
| 2 | രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർ | 17,42,555 |
| 3 | സമാഹരിച്ച ഒഴിവുകൾ | 13,25,084 |
| a | ആഭ്യന്തരം | 10,57,855 |
| b | അന്താരാഷ്ട്രം (ഓൺസൈറ്റും ഓൺലൈനും) | 11,427 |
| c | അന്താരാഷ്ട്രം (നോർക്ക വഴി) | 784 |
| d | ദേശീയം | 2,55,018 |
| 4 | ഫ്രീലാൻസിംഗ് ഒഴിവുകൾ | 3,279 |
| 5 | Foundit കൊണ്ടുവന്ന ഒഴിവുകൾ | 4,47,287 |
| 6 | ഒഴിവുകൾ മൂന്നാം കക്ഷി (മോൺസ്റ്റർ മുതലായവ) | 6,63,085 |
| 7 | പ്രയോഗിച്ച (വ്യതിരിക്തം) | 3,02,388 |
| 8 | അഭിമുഖം (വ്യതിരിക്തം) | 39,036 |
| 9 | തിരഞ്ഞെടുത്തത്/ഷോർട്ട്‌ലിസ്റ്റ് ചെയ്തത് (വ്യതിരിക്തം) | 34,763 |
| 10 | തൊഴിൽ നൽകിയത് | 1,20,586 |
| 11 | നേരിട്ട് നൽകിയവ (വ്യതിരിക്തം) | 45,370 (42,413) |
| 12 | മൂന്നാം കക്ഷി (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കെയ്സ്, അസാപ്, കുടുംബശ്രീ) | 75,216 |
| 13 | തൊഴിൽ അന്വേഷകർ - DWMS വഴി വൈദഗ്ധ്യം നൽകുന്നു | 18,785 |
| 14 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 21,107 |
| 15 | കുടുംബശ്രീ | 42,410 |
| 16 | കെയ്സ് | 4,865 |
| 17 | അസാപ് | 1,847 |
| 18 | നോർക്ക | 3,274 |
| 19 | ഒഡിഇപിസി | 1,713 |

***ഉറവിടം:*** കേരള നോളജ് ഇക്കണോമി മിഷൻ

വിവിധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ വഴി വകുപ്പ് നടപ്പിലാക്കുന്നു. ട്രെയിനികൾക്ക് നൽകുന്ന സൗജന്യ പരിശീലനവും മറ്റ് സഹായങ്ങളും സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങളെ സാങ്കേതിക പുരോഗതിയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സഹായിക്കുന്നു. പരിശീലനം നൽകുന്നതിൽ അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിലൂടെ ഡിപ്പാർട്ട്മെന്റ് ട്രെയിനികളുടെ തൊഴിൽ ക്ഷമത വർദ്ധിക്കുന്നു. രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും സംഭാവന നൽകുന്ന നൈപുണ്യവും സാങ്കേതിക യോഗ്യതയുള്ളതുമായ ഒരു തൊഴിൽ സേനയെ സൃഷ്ടിക്കുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം.

### a) ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി (CTS)

1950-ൽ ഇന്ത്യാ ഗവൺമെന്റ് ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം അവതരിപ്പിച്ചത് ഗാർഹിക വ്യവസായത്തിനായി വിവിധ ട്രേഡുകളിൽ വിദഗ്ദ്ധ തൊഴിലാളികളുടെ സ്ഥിരമായ ലഭ്യത ഉറപ്പാക്കുന്നതിനും ചിട്ടയായ പരിശീലനത്തിലൂടെ വ്യാവസായിക ഉൽപ്പാദനം അളവിലും ഗുണപരമായും ഉയർത്തുന്നതിനും തൊഴിൽ യോഗ്യമായ പരിശീലനം നൽകിക്കൊണ്ട് അഭ്യസ്തവിദ്യരായ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ കുറയ്ക്കുന്നതിനും വേണ്ടിയാണ്. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ് പദ്ധതിയുടെ നടത്തിപ്പിനുള്ള രാജ്യത്തെ പരമോന്നത അതോറിറ്റി. പദ്ധതി പ്രകാരം, ഒരു പ്രത്യേക ട്രേഡിൽ പരിശീലനം പൂർത്തിയാക്കി അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ വിജയിക്കുന്ന ട്രെയിനിക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻടിസി) നൽകും.

### b) അപ്രന്റീസ്ഷിപ്പ് പരിശീലന പദ്ധതി (ATS)

1961ലെ അപ്രന്റീസ് ആക്റ്റിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചാണ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് സ്കീം നടത്തുന്നത്. വ്യവസായത്തിനാവശ്യമായ വൈദഗ്ധ്യമുള്ള മാനവശക്തിയുടെ ആവശ്യകതകൾ നിറവേറ്റുന്നതിനുള്ള ഒരു കാഴ്ചപ്പാട് വിപുലമാക്കുന്നതിനാണ് 1961ലെ അപ്രന്റീസ് ആക്ട് നിലവിൽ വന്നത്. വ്യവസായത്തിലെ അപ്രന്റീസുകളുടെ പരിശീലന പരിപാടി നിയന്ത്രിക്കുകയും അതിലൂടെ ഒരു സ്റ്റാൻഡേർഡ് സിലബസ്, പരിശീലന കാലയളവ്, നൈപുണ്യ സെറ്റുകൾ മുതലായവ സ്ഥിരീകരിക്കുകയും വ്യവസായത്തിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് പ്രായോഗിക പരിശീലനം നൽകുകയും ചെയ്യുന്നു. 1961 ലെ അപ്രന്റീസ് ആക്ട് പ്രകാരം നിശ്ചയിച്ചിട്ടുള്ള സ്റ്റൈപ്പൻഡ് നൽകുന്നതിന് ഒരു അപ്രന്റീസും തൊഴിലുടമയും തമ്മിലുള്ള കരാറാണ് അപ്രന്റീസ്ഷിപ്പ്. ഈ പ്രക്രിയ നിയന്ത്രിക്കുന്നതിലും നിരീക്ഷിക്കുന്നതിലും കേന്ദ്ര/സംസ്ഥാന സർക്കാർ മൂന്നാം

കക്ഷിയായി പ്രവർത്തിക്കുന്നു. വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള അപ്രൻറ്റീസുകളുടെ വിശദാംശങ്ങൾ **അനുബന്ധം 7.3.6** ൽ കാണിച്ചിരിക്കുന്നു.

### c) വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ

സംസ്ഥാനത്ത് 104 സർക്കാർ വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്, മൊത്തം 33,000 സീറ്റുകളാണുള്ളത് (ഒന്നാം വർഷവും രണ്ടാം വർഷവും), ഇതിൽ 30 ശതമാനം സീറ്റുകൾ വനിതാ ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഇവ കൂടാതെ സർക്കാർ മേഖലയിൽ 14 വനിതാ ഐടിഐകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

ഗവൺമെന്റ്, പ്രൈവറ്റ് ഐടിഐകളുടെ ലിസ്റ്റ്, വർഷം തിരിച്ചുള്ള എൻറോൾമെന്റ് വിശദാംശങ്ങൾ, ട്രേഡ് തിരിച്ചുള്ള വിശദാംശങ്ങൾ (ഒന്നാം വർഷ, രണ്ടാം വർഷ കോഴ്സുകൾ), സ്ഥാപനം തിരിച്ചുള്ള അപ്രന്റീസുകളുടെ വിശദാംശങ്ങൾ, പ്ലേസ്മെന്റ് വിശദാംശങ്ങൾ എന്നിവ **അനുബന്ധം 7.3.1,7.3.2. 7.3.3,7.3.4, 7.3.5, 7.3.6, 7.3.7** എന്നിവയിൽ കാണിച്ചിരിക്കുന്നു.

2023-24 ൽ സർക്കാർ ഐടിഐകളിലെ ആകെ സീറ്റ് 23617 ഉം വിദ്യാർത്ഥികളുടെ ആകെ എൻറോൾമെന്റ് 22467 ഉം ആണെന്ന് അനുബന്ധം 7.3.1-ൽ നിന്ന് വ്യക്തമാണ്. 2023-24 ലെ മൊത്തം എൻറോൾമെന്റിൽ 5544 പെൺകുട്ടികളാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം യഥാക്രമം 4544 ഉം 930 ഉം ആണ്. സ്ത്രീകളുടെ എണ്ണത്തിലും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണത്തിലും മുൻവർഷത്തെ അപേക്ഷിച്ച് നേരിയ വർധനവുണ്ടായിട്ടുണ്ട്.

**അനുബന്ധം 7.3.7** ൽ സർക്കാർ, സ്വകാര്യ ഐടിഐകളിൽ നിന്നുള്ള കഴിഞ്ഞ 9 വർഷങ്ങളിലായുള്ള ഐടിഐ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റ് വിശദാംശങ്ങൾ സൂചിപ്പിക്കുന്നു. 2023-24 ൽ സർക്കാർ ഐടിഐകളിൽ നിന്ന് 9891 പേരും സ്വകാര്യ ഐടിഐകളിൽ നിന്ന് 10767കുട്ടികളും ജോലിയിൽ പ്രവേശിച്ചു. മൊത്തം പ്ലെയ്സ്മെന്റുകളിൽ 3322 പെൺകുട്ടികളും 401 എസ്‌സി/എസ്ടി വിദ്യാർത്ഥികളും ഉൾപ്പെടുന്നു.

### d) സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് (SUIIT) – കേരളം, കഴക്കൂട്ടം

ഇൻസ്ട്രക്ഷണൽ സ്റ്റാഫിന്റെയും മറ്റുള്ളവരുടെയും വൈദഗ്ധ്യവും അറിവും സാങ്കേതിക വികാസത്തിനനുസരിച്ച് അപ്ഡേറ്റ് ചെയ്യുന്നതിനായി 1999-ൽ തിരുവനന്തപുരം കഴക്കൂട്ടത്ത് സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് - കേരള ആരംഭിച്ചു. ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്:

2023-24 വർഷത്തിൽ 1309 ഉദ്യോഗസ്ഥർക്കായി വകുപ്പ് 27 പരിശീലന പരിപാടികൾ നടത്തിയതായി **പട്ടിക 7.3.6**-ൽ കാണിക്കുന്നു.

വെസ്റ്റ് എളേരി ഐ.ടി.ഐ.ക്ക് സ്ഥലം ഏറ്റെടുക്കൽ, 104 സർക്കാർ ഐ.ടി.ഐകളിലെ 32000 ഓളം ട്രെയിനികൾക്കുള്ള പോഷകാഹാരം, ഐ.ടി.ഐ വെങ്ങാനൂർ, ആറ്റിങ്ങൽ, പെരുമാട്ടി, മരട്, വനിതാ ഐ.ടി.ഐ കണ്ണൂർ എന്നിവിടങ്ങളിൽ പുതിയ കെട്ടിട നിർമാണം എന്നിവ വകുപ്പിന്റെ നേട്ടങ്ങളാണ്.

**പട്ടിക 7.3.6** SUIIT പരിശീലന പരിപാടികളുടെ 2023-24 വിശദാംശങ്ങൾ

| കോഴ്സിന്റെ പേര് | പരിശീലനത്തിന്റെ എണ്ണം | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|
| ഉദ്യോഗസ്ഥരുടെ എണ്ണം | 1 | 168 |
| എസിഡി ഇൻസ്ട്രക്ടർമാർ/ എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടർ എന്നിവർക്കുള്ള ലീപ് പരിശീലനം | 1 | 168 |
| SUIIT ഓഫ് കാമ്പസ് പരിശീലന പരിപാടി | 2 | 370 |
| ഡിജിടി ഫീൽഡ് ഇൻസ്റ്റിറ്റ്യൂട്ട് പരിശീലനം | 4 | 120 |
| SUIIT കേരളയുടെ പിന്തുണയോടെ IMG പരിശീലനം | 16 | 474 |
| മറ്റുള്ളവ | 3 | 9 |
| **ആകെ** | **27** | **1309** |

***ഉറവിടം:*** SUIIT, തിരുവനന്തപുരം

### 8. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെഎഎസ്ഇ)

പ്രതിഭകളെ പരിപോഷിപ്പിക്കുക, വിദ്യാഭ്യാസവും വ്യവസായവും തമ്മിലുള്ള വിടവ് നികത്തുക എന്ന കാഴ്ചപ്പാടോടെ സ്ഥാപിതമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്) കേരളത്തിലെ നൈപുണ്യ വികസനത്തിന്റെയും ശാക്തീകരണത്തിന്റെയും ഒരു വഴിവിളക്കായി നിലകൊള്ളുന്നു. നൈപുണ്യ വികസന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൽ മുൻനിര സ്ഥാപനമായി കെയ്സ് (KASE) ഉയർന്നിട്ടുണ്ട്. വ്യവസായത്തിന്റെ വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങളുമായി അതിന്റെ സംരംഭങ്ങളെ വിന്യസിച്ചുകൊണ്ട്, കെയ്സ് (KASE) സാമൂഹ്യ-സാമ്പത്തിക വളർച്ചയ്ക്കും ജീവിതത്തെ പരിവർത്തനം ചെയ്യുന്നതിനും കേരളത്തെ ശോഭനമായ ഭാവിയിലേക്ക് നയിക്കുന്നതിനും ഒരു പ്രേരകമായി മാറിയിരിക്കുന്നു.

വ്യത്യസ്ത വ്യാവസായിക ഡൊമെയ്നുകൾക്കായി കേന്ദ്രീകൃത നൈപുണ്യ വികസനം ആരംഭിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള ഒരു സ്ഥാപനമായി പ്രവർത്തിക്കുന്നതിനാണ് കെയ്സ് രൂപീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ എല്ലാ നൈപുണ്യ പരിശീലന

സംരംഭങ്ങളുടെയും സംയോജനത്തിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിന് സംസ്ഥാന നൈപുണ്യ വികസന മിഷൻ (എസ്എസ്ഡിഎം) ആയി കെയ്സിനെ നിയുക്തമാക്കിയിട്ടുണ്ട്. വികസനത്തിനായുള്ള നൈപുണ്യ മികവിനായി സ്ഥാപനങ്ങളും അക്കാദമികളും പ്രോത്സാഹിപ്പിക്കുക, സ്ഥാപിക്കുക, സജ്ജീകരിക്കുക, നിരീക്ഷിക്കുക, നിയന്ത്രിക്കുക, എന്നിവയാണ് എസ്.എസ്.ഡി.എം ന്റെ പ്രധാന ലക്ഷ്യങ്ങൾ.

**നൈപുണ്യ സംയോജനം കേരളത്തിൽ**

വിവിധ വകുപ്പുകൾക്ക് അവരുടേതായ നൈപുണ്യ പരിപാടികൾ ഉണ്ട്, അത് പലപ്പോഴും അശ്രദ്ധമായ ഇരട്ടിപ്പിൽ കലാശിക്കുന്നു. സംസ്ഥാന തലത്തിൽ ഒരു മിഷന്റെ കീഴിലുള്ള വകുപ്പുകളിലുടനീളമുള്ള പദ്ധതികളുടെ ഏകോപനത്തിന്റെ ആവശ്യകത ഇത് ഊന്നിപ്പറയുന്നു. KASE നൈപുണ്യ സംരംഭങ്ങളെ നയിക്കുകയും ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും സംസ്ഥാനത്തിന്റെ എല്ലാ നൈപുണ്യ വികസന പ്രവർത്തനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുകയും ചെയ്യും.

കെയ്സിന്റെ (KASE) പ്രധാന സംരംഭങ്ങളെക്കുറിച്ചുള്ള ഒരു ഹ്രസ്വ അവലോകനം താഴെ പറയും പ്രകാരമാണ്; ജില്ലാതല നൈപുണ്യ വികസനവും സാമൂഹിക ഇടപെടലും വിവിധ പ്രദേശങ്ങളുടെ തനതായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ്, നൈപുണ്യ വികസനത്തിന് കേരളം വികേന്ദ്രീകൃത സമീപനമാണ് സ്വീകരിച്ചത്. ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ ജില്ലാ നൈപുണ്യ സമിതികൾ രൂപീകരിക്കുന്നതിലൂടെ, KASE തദ്ദേശ സ്ഥാപനങ്ങൾക്ക് അവരുടെ ജില്ലകളിലെ നൈപുണ്യ ആവശ്യകതകൾ തിരിച്ചറിയാൻ അവസരം നൽകുന്നു. ഈ കമ്മിറ്റികൾ പ്രാദേശിക ആവശ്യങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ ശേഖരിക്കുകയും പ്രത്യേക വൈദഗ്ധ്യ വിടവുകൾ നികത്തുന്നതിനുള്ള ജില്ലാ അധിഷ്ഠിത ഏജൻസികളിൽ നിന്നുള്ള നിർദേശങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

**ഡിജിറ്റൽ പ്ലാറ്റ്ഫോം വികസനം**

വിവരശേഖരണം, മൂല്യനിർണ്ണയം, ആശയവിനിമയം എന്നീ പ്രക്രിയകൾ കാര്യക്ഷമമാക്കുന്നതിന്, വിവരങ്ങളുടെ കേന്ദ്രീകൃത ശേഖരമായി വർത്തിക്കുന്ന ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം KASE വികസിപ്പിച്ചിരിക്കുന്നു. ഈ പ്ലാറ്റ്ഫോം ജില്ലാ നൈപുണ്യ സമിതികളെയും ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങളെയും പരസ്പരം ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും സുതാര്യത, ഉത്തരവാദിത്തം, വിവരങ്ങളിലേക്കുള്ള ദ്രുത പ്രവേശനം എന്നിവ ഉറപ്പാക്കുകയും ചെയ്യുന്നു.

**പാഠ്യപദ്ധതിയിലും പരിശീലക നിലവാരത്തിലും ഗുണ നിലവാരം ഉറപ്പാക്കൽ**

കേരളത്തിലെ തൊഴിലാളികൾ ദേശീയ അന്തർദ്ദേശീയ നിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ പരിശീലന പരിപാടികളിലെ ഗുണനിലവാരം ഉറപ്പാക്കേണ്ടത് പരമപ്രധാനമാണ്. പാഠ്യപദ്ധതി രൂപകല്പനയിൽ തുടങ്ങി പരിശീലകരുടെ യോഗ്യതകൾ വരെ നീളുന്ന, ഗുണനിലവാരം നിലനിർത്തുന്നതിന് കെയ്സ് (KASE) ഒരു ചിട്ടയായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്.

ഗുണനിലവാര നിയന്ത്രണ നടപടികൾ ഏകോപിപ്പിക്കുന്നതിന്, കെയ്സ് (KASE) ഒരു സ്റ്റേറ്റ് ക്വാളിറ്റി സെൽ രൂപീകരിക്കുന്ന പ്രക്രിയയിലാണ്. ഈ സെൽ കേരളത്തിലെ എല്ലാ നൈപുണ്യ വികസന പരിപാടികളിലുമുള്ള ഗുണനിലവാരം നിരീക്ഷിക്കുന്നതിനുള്ള ഒരു കേന്ദ്ര ബോഡിയായി പ്രവർത്തിക്കും, അതുവഴി നൈപുണ്യ പരിശീലനത്തിലെ മികവിനുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധത ശക്തിപ്പെടുത്തും.

നൈപുണ്യ വികസന മിഷൻ നൈപുണ്യ സെക്രട്ടേറിയറ്റ്, നൈപുണ്യ പരിശീലന ഏജൻസി എന്നിങ്ങനെ മൂന്ന് തലങ്ങളിലുള്ള 2023-24 വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

**ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ**

മുമ്പ് കൗശൽ കേന്ദ്രങ്ങൾ എന്നറിയപ്പെട്ടിരുന്ന ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ (ഡിഎസ്ഡിസി) ഗ്രാമീണ മേഖലയിലെ യുവാക്കളെ പ്രത്യേകം കേന്ദ്രീകരിച്ചുള്ള ഗ്രാമീണ നൈപുണ്യ കേന്ദ്രങ്ങളാണ്. ജില്ലാ നൈപുണ്യ വികസന കേന്ദ്രം (ഡിഎസ്ഡിസി) ഗ്രാമീണ പശ്ചാത്തലത്തിൽ നിന്നുള്ളവരുൾപ്പെടെ ജനസംഖ്യയിലെ വിവിധ വിഭാഗങ്ങൾക്ക് നൈപുണ്യ വികസന അവസരങ്ങൾ വളർത്തിയെടുക്കാൻ ലക്ഷ്യമിടുന്നു. കെയ്സ് ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങളെ ജില്ലാ നൈപുണ്യ സമിതികളുടെ ഒരു വിഭാഗമായി വിഭാവനം ചെയ്യുന്നു. നൈപുണ്യ വിതരണ കേന്ദ്രമെന്ന നിലയിൽ അതിന്റെ പ്രവർത്തനത്തിന് പുറമെ നൈപുണ്യ/തൊഴിലധിഷ്ഠിത പരിശീലനത്തെക്കുറിച്ചുള്ള എല്ലാ വിവരങ്ങളുടെയും ഏകജാലകമായി DSDC പ്രവർത്തിക്കും. എല്ലാ പങ്കാളികൾക്കും ഗുണഭോക്തൃ ഗ്രൂപ്പുകൾക്കും സമഗ്രമായ വിവരങ്ങൾ നൽകാൻ ഡിഎസ്ഡിസി കൾ വിഭാവനം ചെയ്യുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, കോഴിക്കോട്, കാസർകോട്, പത്തനംതിട്ട തുടങ്ങി വിവിധ ജില്ലകളിലായി ആറ് ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

2023-24 വർഷത്തെ പ്രധാന നേട്ടങ്ങളിൽ തിരുവനന്തപുരത്ത് ഡിഎസ്ഡിസിയുടെ ഉദ്ഘാടനം, അദാനി സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, യുഎൻഎക്സ്ടി പ്രോഗ്രാം നടത്തുന്നതിന് ഉന്നതി ഫൗണ്ടേഷൻ, കോഴ്സുകൾ വിതരണം ചെയ്യുന്നതിന് EY യുമായി (Earnest and Young) സഹകരിച്ച് എഡ്യൂനെറ്റ് ഫൗണ്ടേഷൻ തുടങ്ങിയ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ചു. അതുപോലെ, ലാഷർ, ഡിപ്ലോമ ഇൻ വെയർഹൗസ് മാനേജ്മെന്റ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സുകൾ, ഡിജിറ്റൽ ലിറ്ററസി കോഴ്സ് തുടങ്ങിയ വിവിധ പരിശീലന കോഴ്സുകളും നടത്തി.

**ഉപജീവന പ്രോത്സാഹനത്തിനുള്ള നൈപുണ്യ സമ്പാദനവും വിജ്ഞാന അവബോധവും (SANKALP)**

നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയത്തിന്റെ (എംഎസ്ഡിഇ) സംരംഭമായ സങ്കൽപ്, മൊത്തം ഫണ്ട് വിഹിതത്തിന്റെ 60 ശതമാനം കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതം 40 ശതമാനവുമായി ലോകബാങ്ക് സഹായിക്കുന്നു. 2018 ജനുവരി 19-നാണ് ഈ സ്കീം ആരംഭിച്ചത്. 2024 മാർച്ചിൽ അവസാനിക്കുമെന്ന് ആദ്യം നിശ്ചയിച്ചിരുന്നെങ്കിലും 2025 മാർച്ച് 31 വരെ നീട്ടിയിരിക്കുകയാണ്.

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെഎഎസ്ഇ), സംസ്ഥാന നൈപുണ്യ വികസന മിഷൻ സംസ്ഥാനത്ത് സങ്കൽപ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏക നോഡൽ ഏജൻസിയാണ്.

ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിന്റെ (എൻഎസ്ക്യുഎഫ്) സാർവത്രികവൽക്കരണം, സർട്ടിഫിക്കേഷന്റെ സ്റ്റാൻഡേർഡൈസേഷൻ, മൂല്യനിർണ്ണയങ്ങൾ, ഒത്തുചേരൽ, നൈപുണ്യ വികസന പരിപാടികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക, സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുമ്പോൾ അവയെ വിപണി സൗഹൃദമാക്കുക തുടങ്ങിയ നിലവിലുള്ള വെല്ലുവിളികളെ, പ്രത്യേകിച്ചും ഹ്രസ്വകാല പരിശീലനങ്ങളിൽ അഭിമുഖീകരിക്കുകയാണ്, സങ്കൽപ് പദ്ധതി ലക്ഷ്യമിടുന്നത്.

**ജില്ലാ നൈപുണ്യ സമിതി:** സങ്കൽപ് പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ജില്ലാ നൈപുണ്യ സമിതികൾ രൂപീകരിച്ചു. ജില്ലയിലെ വിവിധ നൈപുണ്യ വികസന സംരംഭങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ജില്ലാ നൈപുണ്യ സമിതികൾ ഒരു ഗ്രൂപ്പായി പ്രവർത്തിക്കുന്നു.

**ജില്ലാ നൈപുണ്യ വികസന പദ്ധതി:** ജില്ലാ നൈപുണ്യ സമിതികളുമായി ചേർന്ന് തയ്യാറാക്കിയ ജില്ലാ നൈപുണ്യ വികസന പദ്ധതി പ്രകാരം സംസ്ഥാനത്ത് പരിശീലന പദ്ധതികൾ പുരോഗമിക്കുന്നു. ജില്ലകൾ സമർപ്പിച്ച ജില്ലാ നൈപുണ്യ വികസന പദ്ധതികൾ കെയ്സ് വികസിപ്പിച്ച പ്രോജക്റ്റ് ഇവാലുവേഷൻ മാട്രിക്സ് ഉപയോഗിച്ചാണ് വിലയിരുത്തിയത്. ആദ്യഘട്ടത്തിൽ 1792 ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിനും രണ്ടാം ഘട്ടത്തിൽ 1295 ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിനുമുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ ജില്ലകളിൽ നിക്ഷിപ്തമാക്കി.

**പരമ്പരാഗത മേഖലയുടെ പുനരുജ്ജീവനം**: ബാലരാമപുരം കൈത്തറിയുടെ പുനരുജ്ജീവനത്തിനുള്ള പരിശീലനം തിരുവനന്തപുരത്ത് പൂർത്തിയാക്കി, രജിസ്റ്റർ ചെയ്ത സൊസൈറ്റിയിൽ ദിവസ വേതനത്തിന് നിയമിക്കപ്പെട്ട 60 സ്ത്രീകളെയും സ്ഥിരം തൊഴിലാളികളാക്കി. പാലക്കാട് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിലാണ് പെരിയേ മൺപാത്ര നിർമാണ തൊഴിലാളികൾക്കുള്ള പരിശീലനം. കണ്ണൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹാൻഡ്ലൂം ടെക്നോളജി മുഖേന കണ്ണൂർ ഹോം ഫർണിഷിംഗ് (കണ്ണൂർ) നെയ്ത്തുകാർക്കുള്ള പരിശീലനവും പൂർത്തിയായി. തഴവ സ്ക്രൂ പൈൻ മാറ്റ്സ്, ഏലം കൃഷി, ടെറാക്കോട്ട ഉൽപന്ന സംസ്കരണം, തടി ഇതര വന ഉൽപന്നങ്ങളുടെ മൂല്യവർധന, മറയൂർ ശർക്കര എന്നിവയുടെ പുനരുജ്ജീവനത്തിനുള്ള പദ്ധതികളും തയ്യാറായി വരുന്നു.

**ഉൾപ്പെടുത്തൽ (Inclusive) ഘടകത്തിന് കീഴിലുള്ള ഹ്രസ്വകാല പരിശീലനം**: സമർപ്പിക്കപ്പെട്ട ജില്ലാ നൈപുണ്യ വികസന പദ്ധതികളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളിൽ നിന്നുള്ള ആളുകൾക്ക് നൈപുണ്യ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. സ്കീമിന്റെ ഉൾപ്പെടുത്തൽ ഘടകത്തിന് കീഴിൽ, ഇതുവരെ 675 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി, 451 ഉദ്യോഗാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് ലഭിച്ചു, കൂടാതെ 43 സ്ഥാനാർത്ഥികൾക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ശേഷിക്കുന്നവർക്കായി നൈപുണ്യ പരിശീലന സംരംഭങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**തൊഴിൽ മേളകളും അപ്രന്റീസ്ഷിപ്പ് പ്രൊമോഷൻ പ്രവർത്തനങ്ങളും:** കേരള സ്റ്റേറ്റ് ജോബ് പോർട്ടൽ വഴി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തൊഴിൽ മേളകൾ നടത്തി. പൊതുജനങ്ങൾക്കും ഹ്രസ്വകാല നൈപുണ്യ പരിശീലന പരിപാടികൾ പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്കും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനാണ് തൊഴിൽ മേളകൾ ലക്ഷ്യമിടുന്നത്. 3233 ഉദ്യോഗാർത്ഥികൾക്ക് ജോബ് ഫെയറിലൂടെ നിയമനം ലഭിച്ചു. തൊഴിൽ മേളകളോടൊപ്പം സംസ്ഥാനത്തുടനീളം അപ്രന്റീസ്ഷിപ്പ് ബോധവൽക്കരണ പരിപാടികളും നടത്തി.

**സ്കിൽ സമ്മിറ്റ്/ട്രെയിനിംഗ് സർവീസ് പ്രൊവൈഡേഴ്സ് സമ്മിറ്റ്** (ടിഎസ്പി സമ്മിറ്റ്): സംസ്ഥാനത്തെ നൈപുണ്യ സംയോജന പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി എസ്എസ്ഡിഎം തിരുവനന്തപുരത്ത് 200-ലധികം പേർ പങ്കെടുത്ത വ്യവസായ പ്രവർത്തകർക്കും പരിശീലന പങ്കാളികൾക്കുമായി ആദ്യ നൈപുണ്യ ഉച്ചകോടി (Skill Summitt) നടത്തി. കേരള സർക്കാരിന്റെ ബഹുമാനപ്പെട്ട തൊഴിൽ നൈപുണ്യ മന്ത്രിയാണ് ഉച്ചകോടി ഉദ്ഘാടനം ചെയ്തത്. ഇതിനെത്തുടർന്ന്, 179 പരിശീലന സേവന ദാതാക്കൾ പങ്കെടുത്ത രണ്ടാമത്തെ ഉച്ചകോടി എറണാകുളം ജില്ലയിൽ നടന്നു. ബാക്കിയുള്ള 12 ജില്ലകളിലും ഉച്ചകോടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം (iSTEP)

**ഇന്റർനാഷണൽ ഔട്ട്റീച്ച് സംരംഭം – iSTEP** (ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം), വിവിധ മേഖലകളിൽ സെന്റർ ഓഫ് എക്സലൻസ് (CoE) സ്ഥാപിക്കുന്നതിന് ആവശ്യമായ വേഗമേറിയതും ലളിതവും കാര്യക്ഷമവുമായ പ്രോസസ്സിംഗിനായി വിഭാവനം ചെയ്ത ഒരു സംവിധാനമാണ്. iSTEP-ന് കീഴിലുള്ള മോഡ്യൂളുകൾ ഇനിപ്പറയുന്നവയാണ്:

- മികവിന്റെ കേന്ദ്രങ്ങൾ (CoE)
- നൈപുണ്യ പരിശീലന കോഴ്സുകളുടെ അക്രഡിറ്റേഷൻ

KASE-ന് കീഴിൽ പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ താഴെ വിശദമായി പ്രതിപാദിക്കുന്നു:

## നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)

നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE), നഴ്സിംഗിലെ സെന്റർ ഓഫ് എക്സലൻസ്, നഴ്സുമാരുടെ തൊഴിൽ വൈദഗ്ധ്യം വർധിപ്പിക്കുന്നതിന് ലോകോത്തര പരിശീലന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണ്. തിരുവനന്തപുരത്തെ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ ഈ സെന്റർ ഓഫ് എക്സലൻസ് ഇൻ നഴ്സിംഗ് സ്ഥാപിക്കാൻ ട്രിവാൻഡ്രം സ്പെഷ്യാലിറ്റി ഹോസ്പിറ്റൽസ് (എൻഎംസി ഹെൽത്ത് കെയർ ഗ്രൂപ്പ്, യുഎഇ) കെയ്സുമായി (KASE) സഹകരിച്ചു. സെന്റർ 2015 ജൂലൈ 2 മുതൽ പ്രവർത്തനക്ഷമമാണ്, കൂടാതെ അഡ്വാൻസ്ഡ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം, ഫ്രഷേഴ്സ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം, OET/IELTS, നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം തുടങ്ങി വൈവിധ്യമാർന്ന കോഴ്സുകൾ സ്ഥാപനം നടത്തി വരുന്നു.

## എൻലൈറ്റൻ സ്കിൽ പ്രോഗ്രാം ഫോർ ഓയിൽ ആൻഡ് റിഗ് (ഇ.എസ്.പി.ഒ.ഐ.ആർ)

വ്യവസായത്തിന് ആവശ്യമായ വൈദഗ്ധ്യമുള്ള യുവജനങ്ങളെ സജ്ജരാക്കുന്നതിനായി കെയ്സ് (KASE) ഖത്തറിലെ ഇറാം എഞ്ചിനീയറിംഗ് ഡബ്ല്യു.എൽ.എൽ മായി സഹകരിച്ച്, കൊച്ചി അങ്കമാലിയിലെ ഇൻകെൽ ടവറിൽ ഓയിൽ ആൻഡ് റിഗിൽ മികവിന്റെ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. പ്രോഗ്രാം മെക്കാനിക്കൽ, ഇൻസ്ട്രുമെന്റേഷൻ, ഇലക്ട്രിക്കൽ അനുബന്ധ ട്രേഡുകളിലെ കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നു. ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, ഇൻസ്ട്രുമെന്റ് ടെക്നീഷ്യൻ, പൈപ്പ് ഫാബ്രിക്കേറ്റർ, സർട്ടിഫൈഡ് വെൽഡർമാർ, ഇൻസ്ട്രുമെന്റ് ഫിറ്റർ, സർട്ടിഫൈഡ് സ്കാർഫോൾഡർമാർ, സൂപ്പർവൈസർമാർ തുടങ്ങിയവയാണ് ഈ കോഴ്സുകൾ. അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന സുസജ്ജമായ ലാബുകൾ, വർക്ക്ഷോപ്പുകൾ എന്നിവയിലൂടെ പ്രായോഗിക വൈദഗ്ധ്യവും പരിശീലനവും നൽകുന്നതിൽ ഇ.എസ്.പി.ഒ.ഐ.ആർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിലും ഇൻസ്റ്റിറ്റ്യൂട്ട് സജീവമായി ഇടപെടുന്നു.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ (IIIC)

ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ ഡൊമെയ്നിലെ മികവിന്റെ കേന്ദ്രമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (ഐഐഐസി). താഴെത്തട്ടിലുള്ള തൊഴിലാളികൾ മുതൽ സൂപ്പർവൈസറി വരെയുള്ള ഇൻഫ്രാസ്ട്രക്ചർ, കൺസ്ട്രക്ഷൻ മേഖലയിലെ എല്ലാ കേഡറുകളിലെയും ഉദ്യോഗസ്ഥർക്ക് തൊഴിൽ വൈദഗ്ധ്യം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഇത്. അവരെ ദേശീയ അന്തർദ്ദേശീയ വിപണികളിൽ എളുപ്പത്തിൽ തൊഴിൽ യോഗ്യരാക്കുന്നതിനും ഐഐഐസിയുടെ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ മാനേജീരിയൽ തലത്തിൽ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു മധ്യവർത്തിയായി ഇത് പ്രവർത്തിക്കുന്നു.

## ഒ.ഡി.ഇ.പി.സി.യുടെ പങ്കാളിത്തത്തോടെ അങ്കമാലിയിൽ ബഹുഭാഷാ പഠന സ്ഥാപനം

IELTS/OET കോഴ്സുകൾ നടത്തുന്നതിനായി KASE, ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിന്റെ (ODEPC) പങ്കാളിത്തത്തോടെ അങ്കമാലിയിലെ INKEL ടവേഴ്സിൽ മൾട്ടി-ലാംഗ്വേജ് ലേണിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന കോഴ്സുകൾ, യോഗ്യതയുള്ള നഴ്സുമാർക്ക് മികച്ച വൈദഗ്ധ്യം നൽകാനും അവരെ അന്താരാഷ്ട്ര തൊഴിൽ വിപണിയിൽ പ്രാപ്തരാക്കുന്നതിനും, കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ നഴ്സുമാരെ തൊഴിലുടമകളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു മധ്യവർത്തിയായി പ്രവർത്തിക്കാനും ലക്ഷ്യമിടുന്നു. ഹെൽത്ത് കെയർ പ്രൊഫഷണലുകൾക്കായി ഒരു OET ടെസ്റ്റ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

## ലൈഫ് സയൻസിലെ മികവിന്റെ കേന്ദ്രം

നൂറുൽ ഇസ്ലാം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസും (നിംസ്) & റിസർച്ച് ഫൗണ്ടേഷനുമായി സഹകരിച്ച് കെഎഎസ്ഇ ലൈഫ് സയൻസ് മേഖലയിൽ ഒരു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിച്ചു. മോളിക്യുലാർ ഡയഗ്നോസ്റ്റിക് ടെക്നിക്കുകളിൽ ഹ്രസ്വകാല തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികൾ കേന്ദ്രം നടത്തുന്നു. ബയോടെക്നോളജി-മോളിക്യുലാർ ഡയഗ്നോസ്റ്റിക്സ്, ഹെൽത്ത്കെയർ എന്നിവയുടെ ആപ്ലിക്കേഷൻ മേഖലകളിൽ രാജ്യത്തിനകത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും കേരളത്തിലെ ബയോടെക്നോളജിയുടെ സംരംഭകത്വവും വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിനും അത്യാധുനിക സാങ്കേതികവിദ്യയും വൈദഗ്ധ്യവും വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുകയുമാണ് കേന്ദ്രം ലക്ഷ്യമിടുന്നത്.

## OET പരീക്ഷാ കേന്ദ്രം

കെയ്സ്, ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡുമായി (ഒഡിഇപിസി) സഹകരിച്ച്, ആരോഗ്യ പരിപാലന വിദഗ്ധർക്കായി അങ്കമാലിയിലെ ഇൻകെൽ ടവേഴ്സിൽ ഒക്യുപേഷണൽ ഇംഗ്ലീഷ് ടെസ്റ്റ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഇംഗ്ലീഷ് സംസാരിക്കുന്ന മേഖലകളിൽ രജിസ്റ്റർ ചെയ്യാനും പ്രാക്ടീസ് ചെയ്യാനും ആഗ്രഹിക്കുന്ന ഹെൽത്ത് കെയർ പ്രൊഫഷണലുകളുടെ ഭാഷാ ആശയവിനിമയ കഴിവുകൾ കേന്ദ്രം വിലയിരുത്തുന്നു.

നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ പ്രശസ്തരായ നൈപുണ്യ പരിശീലന സ്ഥാപനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിന് കെയ്സുമായി സഹകരിക്കാൻ കഴിയും, അതുവഴി അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ആകർഷിക്കുന്നതിൽ അവരുടെ കഴിവും സ്വീകാര്യതയും വർദ്ധിപ്പിക്കും. സെന്റർ ഓഫ് എക്സലൻസ് വഴി പരിശീലനം നേടിയവരും വിശദവിവരങ്ങളും നൽകിയിട്ടുണ്ട്.

**പട്ടിക 7.3.7** കെയ്സ് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പ്ലേസ്മെന്റ് വിശദാംശങ്ങൾ കാണിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ 7749 ഉദ്യോഗാർത്ഥികളെ iSTEP സംരംഭത്തിലൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്.

### മറ്റ് വകുപ്പുകളുമായി സഹകരിച്ച് നൈപുണ്യ വികസന പരിപാടികൾ

പട്ടികജാതി വികസന വകുപ്പ്, വനിതാ ശിശു വികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് പട്ടികജാതി യുവാക്കൾക്കും സ്ത്രീകൾക്കും നൈപുണ്യ പരിശീലന പരിപാടി നടത്തുന്നതിന് കെയ്സ് ധാരണാപത്രം ഒപ്പുവച്ചു. ഈ പദ്ധതിയിൽ ആകെ 154 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും 20 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും ചെയ്തു. ശേഷിക്കുന്ന വിദ്യാർത്ഥികളുടെ പരിശീലനവും നിയമനവും പുരോഗമിക്കുകയാണ്.

### സ്ത്രീ ശാക്തീകരണ പരിപാടി

സ്ത്രീശാക്തീകരണ സ്കീമിന് കീഴിൽ, മികച്ച വരുമാന അവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും അവരുടെ സുസ്ഥിരമായ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനുമായി വിവിധ വിഭാഗങ്ങളിൽ പെട്ട സ്ത്രീകൾക്കായി കെയ്സ് (KASE) നൈപുണ്യ പരിശീലന പരിപാടി വിജയകരമായി നടത്തി. കെഎഎസ്ഇ സെന്റർ ഓഫ് എക്സലൻസ് വഴിയും മറ്റ് വിവിധ നൈപുണ്യ സ്ഥാപനങ്ങൾ വഴിയും പരിപാടികൾ നടപ്പാക്കി. 2021 മുതൽ 2023 വരെ പ്രസ്തുത പരിശീലന പരിപാടിയിൽ കെയ്സ് (KASE) 666 വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയും അതിൽ 72 വിദ്യാർത്ഥികൾക്ക് വിജയകരമായി പ്ലെയ്സ്മെന്റ് നൽകുകയും ചെയ്തു.

14-ആം പഞ്ച വത്സര പദ്ധതി അപ്രോച്ച് പേപ്പർ പ്രകാരം, ആധുനിക തൊഴിലുകളിൽ വൈദഗ്ധ്യം നിർണായകമാണ്, കൂടാതെ ഇന്ത്യയുടെ വിദഗ്ധ തൊഴിൽ കേന്ദ്രമാകാനുള്ള സാധ്യതയും കേരളത്തിനുണ്ട്. ഇന്ത്യയിലെയും ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലെയും തൊഴിലുടമകളുടെ പ്രാഥമിക തെരഞ്ഞെടുപ്പിൽ ഉൾപ്പെടുന്നവരാണ് സംസ്ഥാനത്തെ വിദഗ്ധരായ പ്രൊഫഷണൽ തൊഴിലാളികൾ.

സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിൽ നൈപുണ്യ പരിശീലനവും അതിന്റെ വികസനവും നിർണ്ണായക പങ്ക് വഹിക്കുന്നുണ്ടെന്ന് കേരള സർക്കാർ തിരിച്ചറിയുന്നു. വിദ്യാസമ്പന്നരും വൈദഗ്ധ്യമുള്ളവരുമായ തൊഴിലാളികളുടെ ആപേക്ഷിക സമൃദ്ധി, സംരംഭകത്വത്തിന്റെ ചരിത്രം, വിശാലമായ ലോകവുമായുള്ള സമ്പർക്കം എന്നിവയാണ് കേരളത്തിന്റെ ശക്തി. ആഗോള ഉൽപാദനം കൂടുതൽ യാന്ത്രികവും വിജ്ഞാന തീവ്രവുമാകുമ്പോൾ, സ്കൂൾ, ഉന്നത വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ കരുത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുതിയ വെല്ലുവിളികളെ നേരിടാൻ മികച്ച രീതിയിൽ സജ്ജീകരിച്ചിരിക്കുന്നു.

**പട്ടിക 7.3.7** കെയ്സ്-ന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പ്ലേസ്മെന്റ് വിശദാംശങ്ങൾ കാണിക്കുന്നു

| **iSTEP–ന് കീഴിൽ പ്ലേസ്മെന്റ് വിശദാംശങ്ങൾ** | **വർഷം** | | | | |
|---|---|---|---|---|---|
| **സി.ഇ.ഒസ് / പദ്ധതികൾ** | **2020–21** | **2021–22** | **2022–23** | **2023–24** | **2024–25** |
| നൈസ് (NICE) | 107 | 86 | 8 | 11 | 33 |
| എസ്പ്വോയർ (ESPOIR) | 122 | 168 | 93 | 192 | 17 |
| ഐ ഐ ഐ സി (IIIC) | 28 | 132 | 142 | 62 | 58 |
| ഒ.ഡി.ഇ.പി.സി.യുടെ പങ്കാളിത്തത്തോടെ അങ്കമാലിയിൽ ബഹുഭാഷാ പഠന സ്ഥാപനം | 8 | 8 | 5 | 21 | 9 |
| റിന്യൂവബിൾ എനർജിയിലെ മികവിന്റെ കേന്ദ്രം | 0 | 0 | 0 | 0 | 0 |
| ലൈഫ് സയൻസിലെ മികവിന്റെ കേന്ദ്രം | 0 | 0 | 0 | 0 | 0 |
| OET പരീക്ഷാ കേന്ദ്രം | 0 | 0 | 0 | 0 | 0 |
| **നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ** | | | | | |
| എസ്.എം.ആർഐ (SMRI) | 5 | 0 | 7 | 2 | 0 |
| ബ്ലിറ്റ്സ് അക്കാദമി | 103 | 0 | 0 | 0 | 0 |
| **മറ്റ് വകുപ്പുകളുടെ പദ്ധതികൾ** | | | | | |
| SCDD പദ്ധതി | 0 | 0 | 0 | 20 | 0 |
| സ്ത്രീ ശാക്തീകരണ പരിപാടി | 0 | 50 | 22 | 0 | 0 |
| മറ്റുള്ളവ (സംസ്ഥാന ജോബ് പോർട്ടൽ ഉൾപ്പെടെ, PMKVY) | 1028 | 4858 | 323 | 21 | 0 |
| **ആകെ** | **1401** | **5302** | **600** | **329** | **117** |

***ഉറവിടം:*** കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (കെഎഎസ്ഇ), കേരളം

അദ്ധ്യായം

# 08

# സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ

# സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ

## 8.1 ലിംഗ പദവിയും വികസനവും

സ്ത്രീ ശാക്തീകരണം മാനുഷികവും സുസ്ഥിരവുമായ വികസനത്തിനും യുഎൻ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ നേട്ടത്തിനുമുള്ള നിബന്ധനയായി കണക്കാക്കപ്പെടുന്നു. ലിംഗപദവിസമത്വം കൈവരിക്കുകയും എല്ലാ സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കുകയും ചെയ്യുക എന്നത് ഐക്യരാഷ്ട്രസഭയുടെ (യുഎൻ) സുസ്ഥിര വികസന ലക്ഷ്യം 5 (SDG 5) ന്റെ ലക്ഷ്യങ്ങളിലൊന്നാണ്. സ്ത്രീകൾക്കെതിരായ വിവേചനം അവസാനിപ്പിക്കുന്നത് അടിസ്ഥാന മനുഷ്യാവകാശമായി മാത്രമല്ല, സുസ്ഥിരമായ ഭാവിക്ക് ആവശ്യമായ വ്യവസ്ഥയായും യുഎൻ അംഗീകരിക്കുന്നു. ലിംഗപദവിസമത്വത്തിലേക്കും സ്ത്രീശാക്തീകരണത്തിലേക്കും കാര്യമായ പുരോഗതി കഴിഞ്ഞ നാല് പതിറ്റാണ്ടിനിടെ ഉണ്ടായി എന്നത് വളരെ വ്യക്തമാണ്. എന്നിരുന്നാലും, ഒരു ആഗോള സമൂഹം എന്ന നിലയിൽ, ലിംഗപദവി-സമത്വ ലോകത്തിൽ നിന്ന് നമ്മൾ ഇപ്പോഴും അകലെയാണ്.

യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം വികസിപ്പിച്ച് സാധാരണയായി ഉപയോഗിക്കുന്ന രണ്ട് പ്രധാന ലിംഗപദവി സംബന്ധിയായ സൂചികകളാണ് ലിംഗപദവി വികസന സൂചികയും (GDI) ലിംഗപദവി ശാക്തീകരണ അളവും (GEM). അടിസ്ഥാന ശേഷികളും ജീവിത നിലവാരവുമാണ് ജിഡിഐ സൂചിപ്പിക്കുന്നത്. ഇതിനായി മാനവ വികസന സൂചികയുടെ (എച്ച്ഡിഐ) അതേ സൂചകങ്ങൾ ഉപയോഗിക്കുന്നു. പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള അസമത്വത്തിനും ജനങ്ങളുടെ ശരാശരി നേട്ടത്തിനും ഊന്നൽ നൽകുന്നു. 2022 ൽ എച്ച് ഡി ഐ മൂല്യം 0.644 ആയിരുന്നു. ഇത് 193 രാജ്യങ്ങളിൽ ഇന്ത്യയെ 134 -ാം സ്ഥാനത്താക്കുന്നു. വിവിധ രാജ്യങ്ങൾക്കിടയിൽ താരതമ്യങ്ങൾ നടത്തുന്നതിൽ ലിംഗപദവി വികസന സൂചികയുടെ (ജിഡിഐ) വിശ്വാസ്യതയും ഉപയോഗവും സംബന്ധിച്ച് നിരവധി ചർച്ചകൾ ഉയർന്നുവന്നിട്ടുണ്ടെങ്കിലും, ലിംഗപദവി അവബോധവും ലിംഗപദവിയിലൂന്നിയ വികസനവും പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്കുള്ള വഴികാട്ടിയാണിത്. മാനവ വികസന സൂചികയിലെ ലിംഗസമത്വത്തിൽ നിന്നുള്ള വ്യതിയാനത്തെ അടിസ്ഥാനമാക്കി രാജ്യങ്ങളെ അഞ്ച് ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു, ലിംഗ നീതി വികസന സൂചികയുടെ ഗ്രൂപ്പിൽ അഞ്ചാമതാണ് ഇന്ത്യയുടെ സ്ഥാനം. സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള എച്ച്.ഡി.ഐ നേട്ടങ്ങളിൽ തുല്യത ഇന്ത്യയിൽ വളരെ കുറവാണെന്നുള്ളത് സൂചിപ്പിക്കുന്നു. (മാനവ വികസന റിപ്പോർട്ട് 2023/2024).

ലിംഗസമത്വത്തിന്റെ കാര്യത്തിൽ വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ ഗ്ലോബൽ ജെൻഡർ ഗ്യാപ് റിപ്പോർട്ട് 2024ൽ ഇന്ത്യ 146 രാജ്യങ്ങളിൽ 129-ാം സ്ഥാനത്താണ്. കൂടാതെ, ആരോഗ്യം, ശാക്തീകരണം, തൊഴിൽ, വിപണി തുടങ്ങിയ മേഖലകളിലെ ലിംഗപദവിപരമായ അസമത്വങ്ങളുടെ ഒരു സംക്ഷിപ്തവും ലിംഗപദവി അസമത്വ സൂചിക (ജിഐഐ) നല്കുന്നുണ്ട്. കുറഞ്ഞ ജിഐഐ മൂല്യം സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള കുറഞ്ഞ അസമത്വത്തെ സൂചിപ്പിക്കുന്നു, തിരിച്ചും.

**വനിതാ വികസനവുമായി ബന്ധപ്പെട്ട നിരവധി സൂചകങ്ങളുടെ കാര്യത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളം വേറിട്ടുനിൽക്കുന്നു.**

തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സീറ്റുകൾ സംവരണം ചെയ്യാനുള്ള നിയമനിർമ്മാണം വഴി 2010 ൽ ചരിത്രപരമായ ഒരു ചുവടുവെപ്പായിരുന്നു കേരളം നടത്തിയത്. 2021-ൽ ആകെയുള്ള 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 602 ലും സ്ത്രീകൾ നേതൃത്വം നൽകുന്നു (പഞ്ചായത്ത് വകുപ്പ്, കേരള സർക്കാർ 2021). ഇന്ത്യയിലെ ഏറ്റവും വലിയ സ്ത്രീ

**പട്ടിക 8.1.1** ഇന്ത്യയിലും കേരളത്തിലും വിവിധ തലങ്ങളിലെ സാക്ഷരതയുടെ ശതമാനം (വയസ്സ് 15-49)

| നഗരം/ഗ്രാമം | കേരളം | | | ഇന്ത്യ | | |
|---|---|---|---|---|---|---|
| | നഗരം | ഗ്രാമം | ആകെ | നഗരം | ഗ്രാമം | ആകെ |
| ആൺ സാക്ഷരത | 99.2 | 97.4 | 98.2 | 89.6 | 81.5 | 84.4 |
| പെൺ സാക്ഷരത | 99.1 | 97.5 | 98.3 | 83.0 | 65.9 | 71.5 |
| ഇന്റർനെറ്റ് എപ്പോഴെങ്കിലും ഉപയോഗിച്ചിട്ടുള്ള പുരുഷൻ | 78.3 | 74.2 | 76.1 | 72.5 | 48.7 | 57.1 |
| ഇന്റർനെറ്റ് എപ്പോഴെങ്കിലും ഉപയോഗിച്ചിട്ടുള്ള സ്ത്രീ | 64.9 | 57.5 | 61.1 | 51.8 | 24.6 | 33.3 |

***അവലംബം:*** ദേശീയ കുടുംബാരോഗ്യ സർവ്വേ (എൻ.എഫ്.എച്ച്.എസ്) 5, 2019-20

ശാക്തീകരണ പദ്ധതികളിലൊന്നായ കുടുംബശ്രീ മിഷൻ കേരളത്തിന്റെ വനിതാ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. പ്രാദേശിക ഭരണകൂടങ്ങളിലെ ഗണ്യമായ സ്ത്രീ പ്രാതിനിധ്യം, പരിശീലനം, സംരംഭകത്വ പിന്തുണ, വിദ്യാഭ്യാസം എന്നിവയിലൂടെ ലക്ഷക്കണക്കിന് സ്ത്രീകളെ ശാക്തീകരിക്കുന്നത് കുടുംബശ്രീയുടെ നിരന്തരമായ ഇടപെടലിന്റെയും പ്രാദേശിക തലത്തിൽ സ്ത്രീകളുടെ രാഷ്ട്രീയവൽക്കരണം വർദ്ധിച്ചതിന്റേയും കൂടി പ്രതിഫലനം ആയി കാണേണ്ടതുണ്ട്. കേരള സംസ്ഥാനത്തിന്റെ സാമൂഹിക ചെലവ് ഇപ്പോഴും ലിംഗ പദവിസമത്വ വികസന മേഖലകളിൽ ശ്രദ്ധേയമാണ്. ലിംഗപദവി സമത്വ സമൂഹത്തിലേക്കുള്ള പാതയൊരുക്കുന്നതിൽ കേരള സർക്കാരും അതിന്റെ വിവിധ ഏജൻസികളും നേതൃത്വപരമായ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

2011-ലെ സെൻസസ് പ്രകാരം, കേരളത്തിലെ സ്ത്രീ പുരുഷ അനുപാതം 1,084 എന്നത് ദേശീയ കണക്കായ 940-മായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതാണ്. കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 52 ശതമാനം സ്ത്രീകളാണ്. 0-14 വയസ്സ് പ്രായമുള്ള കുട്ടികൾ കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 23.4 ശതമാനത്തെ പ്രതിനിധീകരിക്കുന്നു, അവരിൽ 48.9 ശതമാനം പെൺകുട്ടികളാണ്. ദേശീയ ശരാശരിയായ 11 ശതമാനത്തിൽ നിന്ന് വ്യത്യസ്തമായി, കേരളത്തിലെ മൊത്തം കുടുംബങ്ങളിൽ 22 ശതമാനവും സ്ത്രീകൾ നയിക്കുന്നതാണ്. അടുത്തിടെ, പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളിൽ സ്ത്രീകളുടെ തൊഴിലവസരങ്ങളിൽ പ്രശംസനീയമായ വർധനയുണ്ടായി. 2024ൽ 239 വനിതാ പോലീസുകാരെയാണ് നിയമിച്ചത്. 2024ൽ എക്സൈസ് വകുപ്പിൽ 593 സ്ത്രീകളെ പട്രോളിംഗിനായി ഉൾപ്പെടുത്തി. വനംവകുപ്പിലെ 3126 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ 756 വനിതാ ബീറ്റ് ഓഫീസർമാരാണ്. മഹാമാരിക്കു ശേഷം ആരോഗ്യ പ്രവർത്തകരുടെ പുതിയ നിയമനം ഗണ്യമായി നടന്നതിൽ, വലിയൊരു വിഭാഗം സ്ത്രീകളാണ്.

### വിദ്യാഭ്യാസവും ലിംഗപദവിസമത്വവും

സംസ്ഥാനത്തിന്റെ സാമൂഹിക-സാംസ്കാരിക വികസനത്തിന് അതിന്റെ ഉയർന്ന സ്ത്രീ സാക്ഷരതയും വിദ്യാഭ്യാസവും കാരണമായി കണക്കാക്കാം. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന സ്ത്രീ സാക്ഷരതാ നിരക്ക് ഉള്ളത് കേരളത്തിലാണ്, 92 ശതമാനം. ഇതിലെ ലിംഗപദവി വ്യത്യാസം വളരെ ചെറുതുമാണ് (സെൻസസ്, 2011). കേരളത്തിൽ ഈ ആറു പതിറ്റാണ്ടിനിടെ ലിംഗപദവി വ്യത്യാസം കുറഞ്ഞിട്ടുണ്ടെന്നും കാണുന്നു (കൂടുതൽ വിവരങ്ങൾക്ക് ഈ അവലോകനത്തിന്റെ 6-ാം അധ്യായം കാണുക). NFHS-5, 2019-20 സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, കേരളത്തിലെ സ്ത്രീകളുടെ (പ്രായം 15-49) സാക്ഷരതാ നിരക്ക് 97.4 ശതമാനമായി വർദ്ധിച്ചു. എന്നാൽ കമ്പ്യൂട്ടർ സാക്ഷരത, അടിസ്ഥാന ഇന്റർനെറ്റ് പരിജ്ഞാനം തുടങ്ങിയ സാക്ഷരതയുടെ മറ്റ് തലങ്ങളിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലാണ്. ഇത് ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ പ്രകടമാണ്. സാക്ഷരതയുടെ വിവിധ തലങ്ങളിലെ ലിംഗപദവിഭേദവും ഗ്രാമ-നഗര വ്യത്യാസങ്ങളും **പട്ടിക 8.1.1** ൽ നൽകിയിരിക്കുന്നു.

പൊതു വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, സ്കൂൾ പ്രവേശനം പ്രാഥമിക തലത്തിൽ സാർവത്രികമാണ്, കൂടാതെ സ്ത്രീ-പുരുഷ തുല്യത കൈവരിക്കുകയും ചെയ്തു. സ്കൂളുകളിലെ മൊത്തം വിദ്യാർത്ഥികളുടെ 50 ശതമാനം പെൺകുട്ടികളാണ്. ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനത്തിന്റെ കാര്യത്തിൽ 50.8 ശതമാനത്തോടെ ആൺകുട്ടികളേക്കാൾ പെൺകുട്ടികൾ കൂടുതൽ ആണ്. തൃതീയ തലത്തിലും പെൺകുട്ടികളുടെ പ്രവേശനം ആൺകുട്ടികളേക്കാൾ കൂടുതലാണ്, എന്നാൽ ടെക്നിക്കൽ സ്കൂളുകളിലെ പെൺകുട്ടികളുടെ എണ്ണം 6.4 ശതമാനം മാത്രമാണ്. വിശദാംശങ്ങൾ **പട്ടിക 8.1.2** ൽ നൽകിയിരിക്കുന്നു.

**പട്ടിക 8.1.2** വിവിധ തലങ്ങളിലുള്ള പെൺകുട്ടികളുടെ പ്രവേശനം, കേരളം 2024-25

| മേഖല | ആകെ | പെൺകുട്ടികൾ | ശതമാനം |
|---|---|---|---|
| എൽ.പി | 12,50,184 | 6,15,578 | 49.2 |
| യു.പി | 11,30,853 | 5,56,917 | 49.2 |
| എച്ച്.എസ് | 12,62,605 | 6,17,199 | 48.9 |
| *എച്ച്.എസ്.എസ് | 3,84,557 | 1,95,358 | 50.8 |
| വി.എച്ച്.എസ്.എസ് | 27,587 | 10,575 | 38.3 |
| ടെക്നിക്കൽ ഹൈസ്കൂൾ | 7,832 | 503 | 6.4 |

* 2023–24 ഡാറ്റ പ്രകാരം

***അവലംബം:*** **ഡി.ജി.ഇ, ഡി.വി.എച്ച്.എസ്.ഇ, ഡി.ടി.ഇ, ഡി.എച്ച്.എസ്.ഇ**

കേരളത്തിലെ വിവിധ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ, ബിരുദാനന്തര കോഴ്സുകളിലെ പെൺകുട്ടികളുടെ വാർഷിക പ്രവേശനത്തിന്റെ ശതമാനം 2023-24ൽ 65.3 ആണ്. എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും പെൺകുട്ടികളുടെ വാർഷിക പ്രവേശനം പരിഗണിക്കുമ്പോൾ സ്ഥിതി വ്യത്യസ്തമാണ്. മൊത്തം വിദ്യാർത്ഥികളിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ 49.0 ശതമാനവും പോളിടെക്നിക്കുകളിൽ 24.4 ശതമാനവും മാത്രമാണ് പെൺകുട്ടികൾ. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കാർഷിക കോഴ്സുകളിൽ പെൺകുട്ടികളുടെ വാർഷിക പ്രവേശനം 77.4 ശതമാനമാണ്. 2023-24ൽ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാലയിൽ ചേർന്ന വിദ്യാർത്ഥികളിൽ 60 ശതമാനത്തിലധികം പെൺകുട്ടികളാണ്. അതുപോലെ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിലെ (കുഫോസ്) 70 ശതമാനത്തിലധികം വിദ്യാർത്ഥികളും പെൺകുട്ടികളാണ്. (**പട്ടിക 8.1.3**)

**പട്ടിക 8.1.3** ഉന്നത വിദ്യാഭ്യാസ മേഖലയിലെ പെൺകുട്ടികളുടെ വാർഷിക പ്രവേശനം (സർക്കാരും എയ്ഡഡും) 2023-24

| മേഖല | പെൺകുട്ടികൾ | ആൺകുട്ടികൾ | ആകെ | ശതമാനം |
|---|---|---|---|---|
| ബിരുദ, ബിരുദാനന്തരം (ആർട്സ് & സയൻസ്) | 2,30,929 | 1,22,588 | 3,53,517 | 65.3 |
| പോളിടെക്നിക്* | 3,042 | 9,419 | 12,461 | 24.4 |
| ബി.ടെക് & എം.ടെക്* | 3,841 | 3,994 | 7,835 | 49.0 |
| ബിരുദ, ബിരുദാനന്തരം (KAU) | 675 | 197 | 872 | 77.4 |
| ബിരുദ, ബിരുദാനന്തരം (KUFOS) | 342 | 127 | 469 | 72.9 |
| ബിരുദ, ബിരുദാനന്തരം (KVASU) | 340 | 159 | 499 | 68.0 |
| ആരോഗ്യവും അനുബന്ധ ശാസ്ത്രവും* | 21,832 | 5,356 | 27,188 | 80.3 |

*വാർഷിക പ്രവേശന വിശദാംശങ്ങൾ
അവലംബം: ഡി.ടി.ഇ, ഡി.സി.ഇ, കെ.എ.യു, കെ.യു.എഫ്.ഒ.എസ്, കെ.വി.എ.എസ്.യു, കെ.യു.എച്ച്.എസ്

മെഡിക്കൽ സയൻസുമായി ബന്ധപ്പെട്ട കോഴ്സുകളിലെ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്. കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസത്തിൽ 80 ശതമാനത്തിലധികം പെൺകുട്ടികളാണെന്നാണ് മെഡിക്കൽ വിദ്യാഭ്യാസത്തിലെ സ്ത്രീകളുടെ വാർഷിക പ്രവേശനം കാണിക്കുന്നത്. (**പട്ടിക 8.1.4**)

**പട്ടിക 8.1.4** 2024 ആഗസ്റ്റ് പ്രകാരം 2023-24 ലെ മെഡിക്കൽ വിദ്യാഭ്യാസത്തിൽ പെൺകുട്ടികളുടെ വാർഷിക പ്രവേശനത്തിന്റെ അനുപാതം

| വിഭാഗം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | പെൺകുട്ടികളുടെ ശതമാനം |
|---|---|---|---|---|
| ആധുനിക വൈദ്യശാസ്ത്രം | 2,048 | 3,908 | 5,956 | 66 |
| ദന്ത ചികിത്സ | 347 | 1,810 | 2,157 | 84 |
| ഹോമിയോ | 44 | 346 | 390 | 89 |
| ആയുർവേദം | 148 | 915 | 1,063 | 86 |
| യുനാനി | 16 | 39 | 55 | 71 |
| സിദ്ധ | 4 | 19 | 23 | 83 |

***അവലംബം:*** കേരള ആരോഗ്യ സർവ്വകലാശാല (കെ.യു.എച്ച്.എസ്)

### കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യ നിലവാരം

മാതൃമരണനിരക്ക്, ആയുർദൈർഘ്യം, ലിംഗാനുപാതം തുടങ്ങിയ സ്ത്രീകളുടെ ചില ആരോഗ്യ സൂചകങ്ങളിൽ കേരളം ഉയർന്ന പദവി നേടിയിട്ടുണ്ട്. കേരളത്തിലെ സ്ത്രീകളുടെ ആയുർദൈർഘ്യം(ജനനത്തെ ആധാരമാക്കിയുള്ള) 77.9 വയസ്സ്, എന്നത് ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന നിരക്കാണ്. ഇന്ത്യയിലെ മൊത്തത്തിലുള്ള സ്ത്രീകളുടെ ആയുർദൈർഘ്യ നിരക്ക് 70.7 വയസ്സ് എന്നതിനേക്കാൾ വളരെ ഉയർന്നതാണിത്. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലുള്ള സ്ത്രീകളേക്കാൾ കേരളത്തിലെ സ്ത്രീകളുടെ മെച്ചപ്പെട്ട ആരോഗ്യനില സംസ്ഥാനത്തിന്റെ ആകെയുള്ള സാമൂഹിക വികസനത്തിന്റെ പ്രതിഫലനമാണ്. മിക്ക ആരോഗ്യ സൂചകങ്ങളും സംസ്ഥാനത്തെ സ്ത്രീകൾക്ക് വളരെ അനുകൂലമാണ്. രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറത്തുവിട്ട കണക്കുകൾ പ്രകാരം, എല്ലാ ജനസംഖ്യാ സൂചകങ്ങളും കേരളത്തിലെ സ്ത്രീകൾക്ക് അനുകൂലമാണ് (**പട്ടിക 8.1.5**).

സംസ്ഥാനത്ത് മാതൃ പരിചരണത്തിനുള്ള വിപുലമായ പൊതുസംവിധാനം കൊണ്ടുവന്നതിന്റെ ഫലമാണ് കേരളത്തിലെ കുറഞ്ഞ മാതൃമരണ നിരക്കും ഉയർന്ന സ്ത്രീ ആയുർദൈർഘ്യവും. എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2018 അനുസരിച്ച്, കേരളത്തിലെ 15-49 വയസ്സിനിടയിലുള്ള നിരക്ഷരരായ സ്ത്രീകളുടെ മൊത്തം പ്രത്യുല്പാദനക്ഷമത നിരക്ക് 1.8 ഉം മൊത്തം സാക്ഷരരായ സ്ത്രീകളുടേത് 1.7 ഉം ആണ്. ദേശീയ തലത്തിൽ ഇത് യഥാക്രമം 3 ഉം 2.1 ഉം ആണ്. ആരോഗ്യ പരിപാലന

**പട്ടിക 8.1.5** ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീകളുടെ ആരോഗ്യസ്ഥിതി

| ക്രമ നം. | സൂചകങ്ങൾ | | കേരളം | ഇന്ത്യ |
|---|---|---|---|---|
| | | ആകെ | 6.0 | 30.0 |
| 1 | ശിശുമരണ നിരക്ക്# | പുരുഷന്മാർ | 6.0 | 30.0 |
| | | സ്ത്രീകൾ | 7.0 | 31.0 |
| | | 18 വയസിന് താഴെ ഉള്ളവർ | 17.0 | 16.8 |
| 2 | ശരാശരി വിവാഹ പ്രായം സ്ത്രീകൾ * | 18-20 | 19.1 | 19.2 |
| | | 21 വയസിന് മുകളിൽ ഉള്ളവർ | 24.6 | 24.0 |
| | | എല്ലാ പ്രായക്കാരിലും | 23.2 | 22.3 |
| 3 | മാതൃ മരണ നിരക്ക്** | | 43.0 | 113.0 |
| | | ആകെ | 75.3 | 69.4 |
| 4 | ജനനത്തെ അടിസ്ഥാനമാക്കിയുള്ള ആയുർദൈർഘ്യം *** | പുരുഷൻമാർ | 72.5 | 68.2 |
| | | സ്ത്രീകൾ | 77.9 | 70.7 |

***അവലംബം:*** # എസ്.ആർഎസ് ബുള്ളറ്റിൻ ഒക്ടോബർ 2021
*എസ്.ആർഎസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2018/
**എം.എം.ആർ നെ ക്കറിച്ചുള്ള പ്രത്യേക ബുള്ളറ്റിൻ 2016-18
***എസ്.ആർഎസ് ലൈഫ് ടേബിൾ 2014-18

സ്ഥാപനങ്ങളിലേക്കുള്ള സാർവത്രിക പ്രവേശനം മാതൃ പരിചരണവും ആശുപത്രിയിലെ പ്രസവവും എല്ലാവർക്കും ഉറപ്പാക്കാൻ സഹായിക്കുന്നു. കേരളത്തിലെ മാതൃ പരിചരണ സൂചകങ്ങളുടെ കൂടുതൽ വിവരങ്ങൾക്ക് **പട്ടിക 8.1.6** കാണുക. കേരള സർക്കാർ രൂപീകരിച്ചതു മുതൽ ദശാബ്ദങ്ങളായുള്ള പരിശ്രമത്തിന്റെ ഫലമാണ് പൊതുജനാരോഗ്യ സംരക്ഷണം നൽകുന്നതിലുള്ള ഈ നേട്ടങ്ങൾ.

ഉയർന്ന സാക്ഷരത, വിദ്യാഭ്യാസ നിലവാരം, അനുകൂലമായ ആരോഗ്യ സൂചകങ്ങൾ എന്നിവ കേരളത്തിലെ ജീവിതശൈലി ആരോഗ്യ സൂചകങ്ങളിൽ പ്രതിഫലിക്കുന്നില്ല. എൻഎഫ്എച്ച്എസ് 2019-20-ന്റെ റിപ്പോർട്ടുകൾ പ്രകാരം ശരീര ഭാര സൂചിക, പൊണ്ണത്തടി, അനീമിയ എന്നിവയുടെ കാര്യത്തിൽ സ്ത്രീകളുടെ സ്ഥാനം മെച്ചമല്ല. കേരളത്തിലും ഇന്ത്യയിലും, ശരീര ഭാര സൂചിക, നിശ്ചിത അളവിലും കുറവായ സ്ത്രീകളുടെ ശതമാനം പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതാണ്, എന്നിരുന്നാലും കേരളത്തിലെ സ്ത്രീകൾ അഖിലേന്ത്യാ ശരാശരിയെ അപേക്ഷിച്ച് മികച്ചവരാണ്. എന്നാൽ പൊണ്ണത്തടിയുടെ കാര്യത്തിൽ, കേരളത്തിലെ സ്ത്രീകളുടെ ശതമാനം ഇന്ത്യയിലേതിനേക്കാൾ കൂടുതലാണ്, കൂടാതെ

**പട്ടിക 8.1.6** മാതൃ പരിചരണത്തിന്റെ സൂചകങ്ങൾ

| സൂചകങ്ങൾ | ഇന്ത്യ | | | കേരളം | | |
|---|---|---|---|---|---|---|
| | എൻ.എഫ്.എച്ച്.എസ്-3 (2005–06) | എൻ.എഫ്.എച്ച്.എസ്-4 (2015–16) | എൻ.എഫ്.എച്ച്.എസ്-5 (2019–20) | എൻ.എഫ്.എച്ച്.എസ്-3 (2005–06) | എൻ.എഫ്.എച്ച്.എസ്-4 (2015–16) | എൻ.എഫ്.എച്ച്.എസ്-5 (2019–20) |
| കൗമാര പ്രായക്കാരിലെ ഗർഭധാരണം | 16.0 | 7.9 | 6.8 | 5.8 | 3.0 | 2.4 |
| അമ്മമാരുടെ പ്രസവ പൂർവ പരിശോധനകൾ | 43.9 | 58.6 | 70.0 | 91.9 | 95.1 | 93.6 |
| ആശുപത്രികളിലെ ജനനങ്ങൾ (ശതമാനം) | 38.7 | 78.9 | 88.6 | 99.3 | 99.8 | 99.8 |
| മാതൃ ശിശു സംരക്ഷണം (എം.സി.പി കാർഡ് ഉടമ) (ശതമാനം) | NA | 89.3 | 95.9 | NA | 84.2 | 91.3 |
| ആകെ പ്രത്യുല്പാദന നിരക്ക് (ഓരോ സ്ത്രീകൾക്കുമുള്ള കുട്ടികൾ) | 2.7 | 2.2 | 2.0 | 1.9 | 1.6 | 1.8 |
| സമ്പൂർണ്ണ പ്രസവ പൂർവ പരിചരണം (ശതമാനം) | 11.6 | 21.0 | NA | 66.7 | 61.2 | NA |
| അമ്മമാരുടെ പ്രസവാനന്തര പരിചരണം ലഭിച്ചത് (ശതമാനം) | 34.6 | 62.4 | 78.0 | 84.6 | 88.7 | 93.3 |
| സിസേറിയനിലൂടെയുള്ള പ്രസവം (ശതമാനം) | 8.5 | 17.2 | 21.5 | 30.1 | 35.8 | 38.9 |
| കൗമാര പ്രായക്കാരിലെ വിളർച്ച (ശതമാനം) | 55.3 | 53.1 | 57.0 | 32.8 | 34.3 | 36.3 |
| ഗർഭാവസ്ഥയിൽ അനുഭവിച്ച അക്രമം (ശതമാനം) | NA | 3.9 | 3.1 | NA | 1.2 | 0.5 |

***അവലംബം:*** ദേശീയ കുടുംബ ആരോഗ്യ സർവ്വേ

സംസ്ഥാനത്തെ പുരുഷന്മാരുടെതിനേക്കാൾ കൂടുതലാണ്. വിളർച്ചയുടെ കാര്യത്തിൽ, 2015-16 മുതൽ 2019-20 വരെ അതിന്റെ ശതമാനം വർദ്ധിച്ചതായി കാണുന്നു, എന്നിരുന്നാലും കേരളത്തിന്റെ സ്ഥിതി അഖിലേന്ത്യാ ശരാശരിയേക്കാൾ മികച്ചതാണ് (**അനുബന്ധം 8.1.1**). കൗമാരക്കാരുടെ ഗർഭധാരണവും കേരളത്തിൽ വളരെ കുറവാണ്. കേരളത്തിൽ വയോജനങ്ങളുടെ അനുപാതം കൂടുതലായതിനാൽ രക്ത സമ്മർദ്ദം, പ്രമേഹം, ഹൃദയ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ സാംക്രമികേതര രോഗങ്ങളും വർധിച്ചുവരികയാണ്. കായികാദ്ധ്വാനങ്ങളുടെ അഭാവം സ്ത്രീകൾക്കിടയിൽ അമിതവണ്ണം, സാംക്രമികേതര രോഗങ്ങൾ വർദ്ധിക്കൽ പോലുള്ള നിരവധി ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. എൻ. എഫ്.എച്ച്.എസ്-5 കണക്കുകൾ പ്രകാരം കേരളത്തിലെ 24.8 ശതമാനം സ്ത്രീകൾക്ക് പ്രമേഹവും 30.9 ശതമാനം പേർക്ക് രക്ത സമ്മർദ്ദവുമുണ്ട്.

സ്ത്രീകളുടേയും കുട്ടികളുടേയും പോഷകാഹാര നില മെച്ചപ്പെടുത്തുന്നതിനായി അനുബന്ധ പോഷകാഹാര പരിപാടി, പോഷൻ അഭിയാൻ, ആദ്യ 1,000 ദിന പരിപാടി തുടങ്ങിയ വിവിധ പദ്ധതികൾ വനിതാ ശിശു വികസന വകുപ്പ് (ഡബ്ല്യൂസിഡി) നടപ്പിലാക്കിയിട്ടും, എൻഎഫ്എച്ച്എസ്-4 നെ അപേക്ഷിച്ച് കേരളത്തിൽ സ്ത്രീകളിലും കുട്ടികളിലും വിളർച്ച വർധിച്ചതായി എൻഎഫ്എച്ച്എസ്-5 റിപ്പോർട്ട് പ്രകാരം കാണുന്നു. ഇതിനുപുറമെ, 2022-23 കാലയളവിൽ, എല്ലാ അംഗൻവാടി കേന്ദ്രങ്ങളിലും ആഴ്ചയിൽ രണ്ടു ദിവസം മുട്ടയും രണ്ടു ദിവസം പാലും നൽകുന്ന ഒരു പുതിയ പദ്ധതി സംസ്ഥാന സർക്കാർ തുടക്കമിട്ടു. പോഷകാഹാരക്കുറവിന്റെ പ്രശ്നം പരിഹരിക്കുന്നതിന്, സാമൂഹ്യ തലത്തിൽ ആരോഗ്യ-പോഷകാഹാര പരിപാടികളുടെ കൂടുതൽ സംയോജനവും പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കലും ആവശ്യമാണ്. സ്ത്രീകൾക്കിടയിലെ വിളർച്ച പരിഹരിക്കുന്നതിനുള്ള 'വിവ' (വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക്) പ്രോഗ്രാം 2021 ജനുവരി 12-ന് ആരംഭിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെയും ഡബ്ല്യൂസിഡിയുടെയും സഹകരണത്തോടെ ആരോഗ്യവകുപ്പാണ് ഈ പരിപാടി നടപ്പിലാക്കുന്നത്.

കുടുംബാസൂത്രണത്തെ സംബന്ധിച്ചിടത്തോളം ഗർഭനിരോധനത്തെക്കുറിച്ചുള്ള അറിവ് കേരളത്തിൽ ഏറെക്കുറെ സാർവത്രികമാണ്. വിവാഹ-വിവാഹേതര ബന്ധങ്ങളിൽ ഗർഭനിരോധന മാർഗ്ഗങ്ങളുടെ ഉപയോഗം ഗൗരവമുള്ള കാര്യമാണ്. എൻഎഫ്എച്ച്എസ്-5 വിവരങ്ങൾ പ്രകാരം ഗർഭനിരോധന മാർഗ്ഗങ്ങളിൽ പുരുഷ പങ്കാളിത്തം തുച്ഛമാണ്. കേരളത്തിൽ സ്ത്രീകളുടെ വന്ധ്യംകരണ നിരക്ക് 46.6 ശതമാനവും പുരുഷൻമാരുടേത് 0.1 ശതമാനവും ആണെന്ന് വിവരങ്ങൾ സൂചിപ്പിക്കുന്നു. ദേശീയ തലത്തിൽ ഇത് സ്ത്രീകളിൽ 37.9 ശതമാനവും പുരുഷന്മാരിൽ 0.3 ശതമാനവുമാണ്.

### സമ്പദ് വ്യവസ്ഥയിലെ പങ്കാളിത്തം


ആരോഗ്യം, വിദ്യാഭ്യാസം, മറ്റ് പല വികസന സൂചകങ്ങൾ എന്നിവയുടെ കാര്യത്തിൽ, കേരളത്തിലെ സ്ത്രീകൾ അവരുടെ പുരുഷ പങ്കാളികളേക്കാൾ മികച്ചവരാണ്; എന്നാലും സാമ്പത്തിക മേഖലയിൽ അവരുടെ പങ്കാളിത്തം ഇനിയും മെച്ചപ്പെടാനുണ്ട്. എൻഎസ്എസ്ഒയുടെ മുൻ റൗണ്ടുകളിൽ, തൊഴിൽ സേനാ പങ്കാളിത്ത നിരക്കിലും (എൽ എഫ് പി ആർ) തൊഴിൽ പങ്കാളിത്ത നിരക്കിലും (ഡബ്ല്യുപിആർ) പുരുഷന്മാരും സ്ത്രീകളും തമ്മിൽ വലിയ വിടവുകൾ ഉണ്ടായിരുന്നു. സമകാലിക കേരള സമൂഹത്തിലെ ലിംഗ പദവീ വിപരീതാഭിപ്രായങ്ങൾ സ്ത്രീകളുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്കിലും ആനുപാതികമല്ലാത്ത ഉയർന്ന തൊഴിലില്ലായ്മ നിരക്കിലും പ്രതിഫലിക്കുന്നുണ്ട്. ഒരു സാക്ഷര സംസ്ഥാനത്തിന്റെ നേട്ടങ്ങളെ പ്രതിഫലിപ്പിക്കുന്ന രീതിയിൽ നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് എല്ലായ്പ്പോഴും കേരളത്തിൽ വളരെ കൂടുതലാണ്. ഈയിടെ നടന്ന ആനുകാലിക ലേബർ ഫോഴ്സ് സർവേകൾ (പിഎൽഎഫ്എസ്) കാണിക്കുന്നത് ഇക്കാര്യത്തിൽ പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള അന്തരം ഒരു പരിധിവരെ കുറഞ്ഞിട്ടുണ്ടെന്നാണ്. അതുപോലെ, 2021-22ൽ അവർ ഇന്ത്യയിലെ സ്ത്രീകളുടെ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ട സ്ഥാനത്തെത്തിയിട്ടുണ്ട്. (**അനുബന്ധം 8.1.2**). 2018-19 ലെ പിഎൽഎഫ്എസ് അനുസരിച്ച്, ദേശീയ തലത്തിലുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ പുരുഷന്മാരുടെയും സ്ത്രീകളുടെയും എൽ എഫ് പി ആർ, ഡബ്ല്യൂപിആർ എന്നിവ ചെറുതായി വർദ്ധിച്ചു. എന്നാൽ 2020-21ൽ ഇത് വീണ്ടും കുറഞ്ഞത് സാമ്പത്തിക മേഖലയിൽ കോവിഡ്-19 മഹാമാരിയുടെ പ്രഭാവം കാരണമാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് (ഡബ്ല്യൂ.പി.ആർ) എല്ലാ പ്രായതിലുള്ളവരുടെ ശരാശരി 2018-19ൽ 20.4 ശതമാനത്തിൽ നിന്ന് 2023-24-ലെ 29.5 ശതമാനമായി വർദ്ധിച്ചു. ഉല്പാദന ക്ഷമതയുള്ള 15-59 വയസ് വിഭാഗത്തിൽ, കേരളത്തിലെ സ്ത്രീകളുടെ ഡബ്ല്യൂപിആർ 39.6 ആണ്, അതേ സമയം ഇതിന്റെ അഖിലേന്ത്യാ ശരാശരി 43.7 ആണ്. ഇത് **ചിത്രം 8.1.1** ൽ കാണിച്ചിരിക്കുന്നു.

ഡബ്ല്യുപിആറിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെയും കേരളത്തിലെയും പുരുഷന്മാരുടെയും സ്ത്രീകളുടെയും തൊഴിൽ പങ്കാളിത്ത നിരക്ക് **ചിത്രം 8.1.2** ൽ കാണിച്ചിരിക്കുന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കും ഇടയിലുള്ള വേതന നിരക്ക് ഉയർന്ന പ്രവണത കാണിക്കുന്നുണ്ടെങ്കിലും, പ്രത്യേകിച്ചും ഗ്രാമ പ്രദേശങ്ങളിൽ സ്വയം തൊഴിലിലും കാഷ്വൽ ജോലിയിലുമാണ് ഈ വർദ്ധനവുള്ളത്. എൽ.എഫ്. പി.ആർ, ഡബ്ല്യുപിആർ എന്നിവയെക്കുറിച്ച് വിശദമായി ഈ അവലോകനത്തിന്റെ ഏഴാം അധ്യായത്തിലെ തൊഴിലും തൊഴിലാളി ക്ഷേമവും എന്ന വിഭാഗത്തിൽ നൽകിയിരിക്കുന്നു.

### വേതന നിരക്കിലെ അസമത്വം


വേതനത്തിന്റെയും പ്രതിഫലത്തിന്റെയും കാര്യത്തിൽ, സംസ്ഥാനത്തും ദേശീയ തലത്തിലും ലിംഗപദവിപരമായ അസമത്വം സാരമായി നിലനിൽക്കുന്നു. ഈ അവലോകനത്തിന്റെ ഏഴാം അധ്യായത്തിലെ തൊഴിലും തൊഴിലാളി ക്ഷേമവും എന്ന വിഭാഗത്തിൽ, ശമ്പളമുള്ള ജോലി, സ്വയം തൊഴിൽ, കൂലിപ്പണി എന്നിവയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും ഇടയിലുള്ള വേതന നിരക്കുകളിലെ അസമത്വം നിലനിൽക്കുന്നതിനെക്കുറിച്ച്

**ചിത്രം 8.1.1** കേരളത്തിലെയും ഇന്ത്യയിലെയും തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം (എല്ലാ പ്രായക്കാർക്കും)




***അവലംബം:*** പീരിയോഡിക് ലേബർ ഫോർസ് സർവ്വേ 2023-24

**ചിത്രം 8.1.2** ഡബ്ല്യുപിആറിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെയും കേരളത്തിലെയും പുരുഷന്മാരുടെയും സ്ത്രീകളുടെയും തൊഴിൽ പങ്കാളിത്ത നിരക്ക്




***അവലംബം:*** പീരിയോഡിക് ലേബർ ഫോർസ് സർവ്വേ 2023-24

വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വേതന നിരക്കിലെ ലിംഗപദവിപരമായ അസമത്വം അനൗപചാരികമോ അസംഘടിതമോ ആയ മേഖലയിൽ മാത്രമല്ല, **അനുബന്ധം 8.1.3** ൽ കാണിച്ചിരിക്കുന്നതുപോലെ സ്ഥിരം വേതനം/ ശമ്പളമുള്ള ജോലികളിലും വ്യാപകമാണ്. വരുമാനത്തിലെ ലിംഗപദവിപരമായ വ്യത്യാസം ശമ്പളമുള്ള ജോലികളേക്കാളും സ്വയം തൊഴിലിനേ ക്കാളും കൂലിപ്പണിയിലാണ് കൂടുതൽ. കേരളത്തിലെ സ്ത്രീകൾക്കും പുരുഷന്മാർക്കും കൂലിപ്പണിയിൽ ദേശീയ തലത്തിലുള്ളവരേക്കാൾ ഉയർന്ന വേതനം ലഭിക്കുന്നുണ്ടെങ്കിലും, വേതന നിരക്കിലെ ലിംഗപദവിപരമായ വ്യത്യാസം കേരളത്തിലും നിലനിൽക്കുന്നു (**പട്ടിക 8.1.7**).

തൊഴിൽ സേനയുടെ അവിഭാജ്യ ഘടകമായി മാറുകയും വീട്ടുജോലികളുടെയും പരിപാലനത്തിന്റെയും ഉത്തരവാദിത്തങ്ങളുടെ മുഴുവൻ ഭാരവും സ്ത്രീകൾ മാത്രമായി വഹിക്കാതെ മികച്ച തൊഴിൽ നേടുകയും ചെയ്യുമ്പോഴാണ് സ്ത്രീകൾ സാമ്പത്തിക ശാക്തീകരണം കൈവരിക്കുന്നത്. വീടുകളിൽ സ്ത്രീകൾ ചെയ്യുന്ന ഗാർഹികവും പരിചരണവുമായ ജോലിയുടെ മൂല്യം തിരിച്ചറിയുക എന്നത് വികസനത്തിനും ലിംഗ പദവി സമത്വം കൈവരിക്കുന്നതിനും ഉൽപാദനത്തിൽ സ്ത്രീകളുടെ പങ്കാളിത്തത്തെ പുനർനിർവചിക്കുന്നതിനുമുള്ള ഒരു സുപ്രധാന ചുവടുവെപ്പാണ്. 14-ാം പഞ്ചവത്സര പദ്ധതി സ്ത്രീകളുടെ മേൽ ഗാർഹിക വേലയുടെ ഭാരം കുറയ്ക്കുന്നതിനുള്ള നടപടികളെ പിന്തുണയ്ക്കുന്നുണ്ട്.

**വിവിധ മേഖലകളിലെ സ്ത്രീ തൊഴിലാളികളുടെ വിന്യാസം**


പിഎൽഎഫ്എസ് 2023-24 അനുസരിച്ച്, ഉൽപ്പാദനമേഖലയിലെ സ്ത്രീകളുടെ അനുപാതം, അഖിലേന്ത്യാതലവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ഉയർന്നതാണ് (**ചിത്രം 8.1.3**). വലിയൊരു വിഭാഗം സ്ത്രീകൾ കുറഞ്ഞ ഉൽപ്പാദനക്ഷമതയുള്ളതും, അത്യദ്ധ്വാനം ആവശ്യമുള്ളതും ആയ പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, ഖാദി, കയർ, കശുവണ്ടി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നതിനാലാകാം ഇത്. കേരളത്തിലെ വിവിധ ക്ഷേമനിധി ബോർഡുകളിലെ സ്ത്രീകളുടെ അംഗത്വത്തിൽ നിന്ന്, കുറഞ്ഞ വരുമാനമുള്ള വ്യവസായങ്ങളിലെ സ്ത്രീകളുടെ കേന്ദ്രീകരണം വ്യക്തമാകുന്നു.

**പട്ടിക 8.1.7** പൊതു ജോലികളല്ലാതെ കൂലിപ്പണിയിൽ നിന്നുള്ള ശരാശരി ദിവസ വേതനം/ശമ്പളം/വരുമാനം എന്നിവയിലെ ലിംഗപദവി വ്യത്യാസം

| കാലയളവ് | കേരളം/ഇന്ത്യ | ഗ്രാമം | | നഗരം | |
|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| ജൂലൈ- സെപ്റ്റംബർ -2019 | കേരളം | 667.7 | 372.0 | 744.5 | 385.7 |
| | ഇന്ത്യ | 297.3 | 185.0 | 375 | 243.4 |
| ഒക്ടോബർ- ഡിസംബർ 2019 | കേരളം | 721.4 | 395.6 | 736.5 | 369.4 |
| | ഇന്ത്യ | 305.4 | 193.1 | 384.3 | 244.1 |
| ജൂലൈ- സെപ്റ്റംബർ -20211 | കേരളം | 758.4 | 439.8 | 812.6 | 490.2 |
| | ഇന്ത്യ | 381.0 | 260.7 | 450.4 | 317.4 |
| ഒക്ടോബർ- ഡിസംബർ 2021 | കേരളം | 824.5 | 452.0 | 821.0 | 412.1 |
| | ഇന്ത്യ | 387.0 | 260.8 | 466.1 | 322.1 |
| ജനുവരി- മാർച്ച് -2023 | കേരളം | 834.5 | 431.5 | 881.0 | 440.8 |
| | ഇന്ത്യ | 413.2 | 280.2 | 506.7 | 343.0 |
| ഏപ്രിൽ-ജൂൺ 2023 | കേരളം | 845.6 | 418.9 | 903.3 | 493.5 |
| | ഇന്ത്യ | 416.1 | 286.7 | 515.3 | 332.8 |
| ജൂലൈ- സെപ്റ്റംബർ -2023 | കേരളം | 858.0 | 363.0 | 906.0 | 553.0 |
| | ഇന്ത്യ | 423.0 | 289.0 | 520.0 | 345.0 |
| ഒക്ടോബർ- ഡിസംബർ 2023 | കേരളം | 855.0 | 434.0 | 914.0 | 508.0 |
| | ഇന്ത്യ | 435.0 | 287.0 | 530.0 | 348.0 |
| ജനുവരി- മാർച്ച് -2024 | കേരളം | 889.0 | 440.0 | 914.0 | 540.0 |
| | ഇന്ത്യ | 437.0 | 286.0 | 529.0 | 358.0 |
| ഏപ്രിൽ-ജൂൺ 2024 | കേരളം | 884.0 | 454.0 | 932.0 | 505.0 |
| | ഇന്ത്യ | 444.0 | 299.0 | 537.0 | 364.0 |

***അവലംബം:*** പി.എൽ.എഫ്.എസ് 2023-24, സി.ഡബ്ല്യു.എസ്

**ചിത്രം 8.1.3** 2023-24 ലെ ഉൽപ്പാദനമേഖലയിലെ സ്ത്രീകളുടെ അനുപാതം




***അവലംബം:*** പി.എൽ.എഫ്.എസ് 2023-24

**തൊഴിൽ നില**

**പട്ടിക 8.1.8** ൽ കാണിച്ചിരിക്കുന്നതു പോലെ സ്ത്രീ തൊഴിലിന്റെ സ്ഥിതി വ്യക്തമാക്കുന്നത് കേരളത്തിലെ തൊഴിൽ ചെയ്യുന്ന സ്ത്രീകളിൽ പകുതിയോളം പേരും സ്ഥിര വരുമാനമുള്ള ജോലിയിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്നാണ്. ഇത് ഇന്ത്യയിലെ മറ്റ സംസ്ഥാനങ്ങളിലുള്ളതിന്റെ ഏതാണ്ട് ഇരട്ടിയോളം വരും. അതു പോലെ, ഇത് കേരളത്തിലെ എല്ലാ സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകളേക്കാളും കൂടുതലാണ്. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ ഭൂരിഭാഗം സ്ത്രീ തൊഴിലാളികളും ഗാർഹിക സംരംഭങ്ങളിലെ സഹായികളാണെങ്കിലും കേരളത്തിൽ ഇത് 10.1 ശതമാനം മാത്രമാണ്. സംസ്ഥാനത്തിന് അതിന്റെ സ്ത്രീ തൊഴിലാളികൾക്ക് നൽകാൻ കഴിയുന്ന മികച്ച തൊഴിൽ നിലവാരത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. 2022-23 ലും 2023-24 ലും അഖിലേന്ത്യാ തലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ സ്ഥിരമായി ശമ്പളം വാങ്ങുന്ന വനിതാ ജീവനക്കാരുടെ പങ്ക് താരതമ്യേന വലുതാണ്. അഖിലേന്ത്യാ തലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ ചെറിയ തോതിലുള്ള ദിവസ കൂലിക്കാരായ സ്ത്രീകളുണ്ട്.

**സംഘടിത മേഖലയിലെ സ്ത്രീകൾ**

2024-ൽ കേരളത്തിലെ സംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ അനുപാതം (43.9 ശതമാനം) പുരുഷന്മാരുമായി (56.1 ശതമാനം) താരതമ്യപ്പെടുത്തുമ്പോൾ കുറവാണ്. എന്നാൽ സംഘടിത മേഖലയിലെ മൊത്തം സ്ത്രീ തൊഴിലാളികളുടെ എണ്ണം കഴിഞ്ഞ പത്ത് വർഷത്തിനിടെ വർദ്ധിച്ചു (**അനുബന്ധം 8.1.4**). എന്നാൽ സംഘടിത മേഖലയിലെ മൊത്തം സ്ത്രീ തൊഴിലാളികളിൽ (5,50,888) ഭൂരിഭാഗവും സ്വകാര്യമേഖലയിൽ (64.7 ശതമാനം) ഏർപ്പെട്ടിരിക്കുന്നതായാണ് കാണാൻ കഴിയുന്നത്. (**പട്ടിക 8.1.9**)

സംഘടിത മേഖലയിലെ തൊഴിൽ സ്ഥിതിവിവരക്കണക്കുകളുടെ മേഖല തിരിച്ചുള്ള ശതമാനം വിഹിതം പരിശോധിച്ചാൽ, പൊതുമേഖലയിലെ പുരുഷന്മാരും അവരോടോപ്പമുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീകൾ പിന്നാക്കാവസ്ഥയിലാണെന്ന് വെളിപ്പെടുത്തുന്നു. പൊതുമേഖലയിലെ സ്ത്രീകളുടെ തൊഴിൽ വിഹിതം 2024-ൽ 1.9 ലക്ഷവും 34.8 ശതമാനവുമാണ്. 3.5 ലക്ഷം സ്ത്രീകൾ (51.1 ശതമാനം) ജോലി ചെയ്യുന്ന സ്വകാര്യമേഖലയുടെ കാര്യത്തിൽ സ്ഥിതി മെച്ചമാണ്.

പൊതുമേഖലയിലും സ്വകാര്യമേഖലയിലും കഴിഞ്ഞ 6 വർഷമായി സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ വർധിച്ചുവരികയാണ്. (**ചിത്രം 8.1.4**). 2023-ലും 2024-ലും പൊതുമേഖലയിലെ തൊഴിലവസരങ്ങളേക്കാൾ കൂടുതലാണ് സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങളിലെ വർദ്ധനവ്.

**പട്ടിക 8.1.10**-ൽ കാണിച്ചിരിക്കുന്നതുപോലെ വിവിധ തരത്തിലുള്ള സർക്കാർ സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പൊതുമേഖലാ തൊഴിൽ വിതരണം പരിശോധിച്ചാൽ 2022-23 ലും 2023-24 ലും സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ സ്ത്രീകളുടെ അനുപാതം ആണ് കൂടുതൽ എന്ന് കാണും.

വിവിധ തലങ്ങളിലെ സർക്കാർ സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.1.5** ൽ കൊടുത്തിരിക്കുന്നു. പൊതുമേഖലയിലെ

**പട്ടിക 8.1.8** കേരളത്തിലും ഇന്ത്യയിലുമുള്ള സ്ത്രീ തൊഴിലാളികൾ ശതമാനത്തിൽ (സിഡബ്ല്യൂഎസ്)

| **തൊഴിൽ വിഭാഗം** | | 2022–23 | | 2023–24 | |
|---|---|---|---|---|---|
| | | **ഇന്ത്യ** | **കേരളം** | **ഇന്ത്യ** | **കേരളം** |
| എല്ലാ സ്വയം തൊഴിലുകളും | സ്വന്തം നിലയിലെ തൊഴിലാളി, തൊഴിൽ ദാതാവ്<br>കുടുംബ സംരംഭങ്ങളിലെ സഹായി | 64.3 | 35.9 | 66.6 | 33.9 |
| സ്ഥിരം വേതനമുള്ളവർ | | 18.6 | 47.4 | 18.5 | 49.7 |
| ദിവസ കൂലിക്കാർ | | 17.1 | 16.7 | 14.9 | 16.4 |

***അവലംബം:*** പി.എൽ.എഫ്.എസ്

**പട്ടിക 8.1.9** സംഘടിത മേഖലയിലെ തൊഴിൽ എണ്ണത്തിലും ശതമാനത്തിലും

| വർഷം | പൊതു മേഖല | | സ്വകാര്യ മേഖല | | ആകെ | |
|---|---|---|---|---|---|---|
| | സ്ത്രീകൾ | ആകെ | സ്ത്രീകൾ | ആകെ | സ്ത്രീകൾ | ആകെ |
| 2019 | 1,93,807 | 5,60,619 | 3,42,877 | 6,86,881 | 5,36,684 | 12,47,500 |
| ശതമാനം | 34.6 | 100 | 49.9 | 100 | 43.0 | 100 |
| 2020 | 1,93,224 | 5,54,919 | 3,68,153 | 6,99,447 | 5,61,377 | 12,54,366 |
| ശതമാനം | 34.8 | 100 | 52.6 | 100 | 44.7 | 100 |
| 2021 | 1,94,080 | 5,56,634 | 3,49,978 | 6,91,134 | 5,44,058 | 12,47,768 |
| ശതമാനം | 34.9 | 100 | 50.6 | 100 | 43.6 | 100 |
| 2022 | 1,94,191 | 5,56,933 | 3,51,822 | 6,93,146 | 5,46,013 | 12,50,079 |
| ശതമാനം | 34.9 | 100 | 50.7 | 100 | 43.7 | 100 |
| 2023 | 1,94,323 | 5,57,495 | 3,54,098 | 6,95,293 | 5,48,421 | 12,52,788 |
| ശതമാനം | 34.9 | 100 | 50.9 | 100 | 43.8 | 100 |
| 2024 | 1,94,473 | 5,58,079 | 3,56,415 | 6,97,480 | 5,50,888 | 12,55,559 |
| ശതമാനം | 34.8 | 100 | 51.1 | 100 | 43.9 | 100 |


***അവലംബം:*** തൊഴിൽ ഡയറക്ടറേറ്റ്

**പട്ടിക 8.1.10** സർക്കാരിന്റെ വിവിധ തലങ്ങളിലെ വനിതാ ജീവനക്കാരുടെ വിന്യാസം

| വർഷം | 2023–24 | | | 2022–23 | | |
|---|---|---|---|---|---|---|
| ഗവൺമെന്റിന്റെ തരം | ആകെ | വനിതകൾ | ശതമാനം | ആകെ | വനിതകൾ | ശതമാനം |
| കേന്ദ്ര സർക്കാർ | 60,360 | 14,782 | 24.5 | 60,215 | 14,751 | 24.5 |
| സംസ്ഥാന സർക്കാർ | 2,60,353 | 1,05,802 | 40.6 | 2,59,560 | 1,05,711 | 40.7 |
| കേന്ദ്ര അർദ്ധ സർക്കാർ | 80,893 | 25,424 | 31.4 | 80,812 | 25,407 | 31.4 |
| സംസ്ഥാന അർദ്ധ സർക്കാർ | 1,31,173 | 39,191 | 29.9 | 1,31,614 | 39,182 | 29.8 |
| എൽ.എസ്.ജി.ഐ | 25,300 | 9,274 | 36.7 | 25,294 | 9,272 | 36.7 |
| **ആകെ** | **5,58,079** | **1,94,473** | **34.8** | **5,57,495** | **1,94,323** | **34.9** |

***അവലംബം:*** തൊഴിൽ ഡയറക്ടറേറ്റ്

**ചിത്രം 8.1.4** സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ




***അവലംബം:*** തൊഴിൽ ഡയറക്ടറേറ്റ്

**ബോക്സ് 8.1.1** സ്ത്രീകളുടെ സ്റ്റെം മേഖലയിലെ ഇടപെടലുകൾ

സ്റ്റെം (സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്, ഗണിതം) മേഖലകളിൽ സ്ത്രീകളുടെ ചരിത്രപരവും സംവിധാനപരവുമായ പ്രാതിനിധ്യകുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ആഗോള തലത്തിൽ തന്നെ ഈ മേഖലയ്ക്ക് നിർണ്ണായക ഊന്നൽ നൽകുന്നു. സ്റ്റെം മേഖലയിൽ ജനകീയ വൈവിധ്യം പ്രോത്സാഹിപ്പിക്കുന്നത് സമത്വത്തിനു പുറമേ നൂതനത്വവും പുരോഗതിയും വളർത്തുന്നതിന് അത്യന്താപേക്ഷിതമാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും സ്റ്റെം മേഖലയിൽ തുല്യമായ പ്രവേശനവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നത് 2030-ലെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമാണ്. ബിരുദധാരികളുടെ നിരക്ക് പുരുഷന്മാരേക്കാൾ സ്ത്രീകൾക്കിടയിൽ കൂടുതലാണെങ്കിലും, സ്ത്രീകൾ എഞ്ചിനീയറിംഗ്, വിവരസാങ്കേതിക വിദ്യ (ഐസിടി) ഭൗതികശാസ്ത്രം തുടങ്ങിയ സ്റ്റെം മേഖലകളിൽ പഠനങ്ങൾ ഏറ്റെടുക്കാൻ സാധ്യതകുറവാണെന്നാണ് ലോക ബാങ്ക് 2020 ൽ തയ്യാറാക്കിയ റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

സംസ്ഥാനത്തെ സ്ത്രീകേന്ദ്രീകൃത പ്രവർത്തനങ്ങൾ കഴിഞ്ഞ കാലത്തേക്കാൾ കൂടുതൽ സ്ത്രീകളെ സ്റ്റെം മേഖലകളിൽ കരിയറായി തിരഞ്ഞെടുക്കാൻ പ്രേരിപ്പിച്ചിട്ടുണ്ട്. ഉന്നത വദ്യാഭ്യാസത്തിൽ മൊത്തം വിദ്യാർത്ഥികളിൽ ഏകദേശം 40 ശതമാനത്തിലധികം ശാസ്ത്രവും സാങ്കേതിക വിദ്യയും പഠിക്കുന്ന സ്ത്രീകളാണെന്ന വസ്തുതയിൽ നിന്ന് ഇത് വ്യക്തമാണ്. ശാസ്ത്ര വിഭാഗങ്ങളിൽ മൊത്തം വിദ്യാർത്ഥികളിൽ 66 ശതമാനവും പെൺകുട്ടികളാണ് എന്നത് അതിലും ആകർഷകമായ കാര്യമാണ്. ശാസ്ത്രത്തിൽ പെൺകുട്ടികളുടെ അനുപാതം യുജി, പിജി കോഴ്സുകൾക്ക് യഥാക്രമം 62 ശതമാനവും 67 ശതമാനവും ആണെന്ന വസ്തുത പരിഗണിക്കുമ്പോൾ ഈ പ്രവണത വളരെ ശ്രദ്ധേയമാണ്.

ഈ രംഗത്ത് സർക്കാർ നടപ്പിലാക്കിയ രണ്ടു നടപടികൾ ചുവടെ കൊടുത്തിരിക്കുന്നു.

**WESAT (വിമെൻ എഞ്ചിനിയർഡ് സാറ്റലൈറ്റ്)**

പൂജപ്പുരയിലെ എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൻ സ്പേസ് ക്ലബ് ആരംഭിച്ച WESAT (വുമൺ എഞ്ചിനിയർഡ് സാറ്റലൈറ്റ്) ഒരു നൂതന ദൗത്യമാണ്. രാജ്യത്ത് മുഴുവൻ വനിതകളുടെ നേതൃത്വത്തിൽ നയിക്കുന്ന ആദ്യ ഉപഗ്രഹ പദ്ധതിയാണിത്. ബഹിരാകാശത്തും ഭൂമിയുടെ ഉപരിതലത്തിലും യുവി രശ്മികളെ അളക്കുകയും കേരളത്തിലെ ഉഷ്ണ താപനിലയിലും കാലാവസ്ഥാ വ്യതിയാന ഫലങ്ങളിലും അവയുടെ സ്വാധീനം പഠിക്കുകയുമാണ് WESAT ന്റെ ഉദ്ദേശ്യം. 2018 ലെ പ്രളയത്തെ തുടർന്ന് കേരള സർക്കാർ അഭിസംബോധന ചെയ്ത ഒരു പ്രധാന മേഖലയാണിത്.

**എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ സ്ത്രീകൾക്കായുള്ള ശാക്തീകരണത്തിനുള്ള പദ്ധതി (SHE)**

സാങ്കേതിക മേഖലകളിൽ സാധ്യതകൾ തിരിച്ചറിയാനും നേട്ടങ്ങൾക്ക് പിന്തുണ നൽകാനും വിദ്യാർത്ഥിനികളെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഈ സംരംഭത്തിന് കീഴിൽ, സംസ്ഥാനത്തെ വനിതാ എഞ്ചിനീയറിംഗ് വിദ്യാർത്ഥിനികൾക്കായി മത്സര പരീക്ഷകൾ മുതൽ മാനസികവും ശാരീരികവുമായ ആരോഗ്യം വരെയുള്ള വിവിധ വിഷയങ്ങൾ ഉൾപ്പെടുന്ന 13 ഓൺലൈൻ സെഷനുകൾ ഉൾക്കൊള്ളുന്ന ലോക്ക്ഡൗൺ ടോക്ക് സീരീസ് ഉൾപ്പെടുന്നു. പാൻഡെമിക് ജോലി സംസ്കാരം സാങ്കേതിക മേഖലയിലെ സ്ത്രീകൾക്ക് ദോഷകരമാണോ എന്നതിനെക്കുറിച്ച് ഒരു ഇന്റർ-കോളീജിയറ്റ് ചർച്ചാ മത്സരവും സംഘടിപ്പിച്ചു.

***അവലംബം:*** എൽ.ബി.എസ്., ഡി.ടി.ഇ

ജീവനക്കാരിൽ വനിതകളുടെ എണ്ണവും അനുപാതവും ഏറ്റവും കൂടുതൽ കൊല്ലം ജില്ലയിലാണ്. തുടർന്ന് വയനാട് ജില്ലയിലും. എന്നാൽ സംസ്ഥാന സർക്കാരിൽ ഏറ്റവും കൂടുതൽ വനിതാ ജീവനക്കാരുള്ളത് തിരുവനന്തപുരത്തും രണ്ടാമതായി തൃശ്ശൂരുമാണ്. കേന്ദ്രസർക്കാർ ജീവനക്കാരുടെ കണക്കെടുത്താൽ വനിതാ പ്രാതിനിധ്യം കൂടുതൽ തിരുവനന്തപുരവും രണ്ടാമതായി എറണാകുളവുമാണ്.

**നൈപുണ്യവും സംരംഭകത്വ വികസനവും**

മതിയായ വിദ്യാഭ്യാസ പശ്ചാത്തലമോ വൈദഗ്ദ്ധ്യമോ ഇല്ലാത്ത സമർത്ഥരായ വനിതാ സംരംഭകരെ സഹായിക്കുന്നതിനായി കേരള സംസ്ഥാന വ്യവസായ വകുപ്പ്, കുടുംബശ്രീ, വനിതാ വികസന കോർപ്പറേഷൻ തുടങ്ങി നിരവധി സർക്കാർ വകുപ്പുകൾ സംരംഭകത്വ വികസന പരിപാടികൾ (ഇഡിപി) ഉൾപ്പെടെ വിവിധ പരിപാടികൾ നടത്തുന്നു. കേന്ദ്ര-സംസ്ഥാന തലങ്ങളിൽ സർക്കാരിന്റെ മറ്റ് നിരവധി പദ്ധതികളും ഉണ്ട്, അവ നിർദ്ധനരായ സ്ത്രീകളെ സാമ്പത്തികമായി സ്വതന്ത്രരാക്കുന്നതിനായി പരിശീലനവും വരുമാനവും നേടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സഹായവും നൽകുന്നു. ചില ബാങ്കുകളും നബാർഡ് പോലുള്ള ധനകാര്യ സ്ഥാപനങ്ങളും വനിതാ സംരംഭകർക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ട്. വനിതാ സംരംഭകർക്കുള്ള പ്രത്യേക പദ്ധതികൾക്ക് പുറമേ, ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ-കൗശല്യ യോജന (ഡിഡിയു-ജികെവൈ), നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ (എൻആർഎൽഎം), കുടുംബശ്രീയുടെ എംഎസ്എംഇ പദ്ധതികളും, വ്യവസായ വകുപ്പിന്റെ സംരംഭ സഹായ പദ്ധതി തുടങ്ങിയ ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള വിവിധ സർക്കാർ പദ്ധതികളും വനിതാ സംരംഭകർക്ക് ചില പ്രത്യേക പ്രോത്സാഹനങ്ങളും ഇളവുകളും നൽകുന്നു. ഈ പദ്ധതിയിൽ സ്ത്രീ ഗുണഭോക്താക്കളുടെ പങ്കാളിത്തം സുഗമമാക്കുന്നതിന് സ്ത്രീകൾക്ക് സർക്കാർ നിരവധി ഇളവുകൾ വരുത്തിയിട്ടുണ്ട്. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്), കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെഎഎസ്ഇ), കേരള സ്റ്റാർട്ട് അപ്പ് മിഷൻ, ലേബർ ഡിപ്പാർട്ട്മെന്റുകൾ എന്നിവയിൽ സ്കിൽഡ് വനിതാ തൊഴിൽ സേനയെ സൃഷ്ടിക്കുന്നതിനും സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വിവിധ നൈപുണ്യ പരിപാടികൾ ഉണ്ട്.

**ഐ ടി മേഖലയിലെ സ്ത്രീകൾ**

ഐടി മേഖലയിൽ (ടെക്നോ പാർക്ക്, സൈബർ പാർക്ക്, ഇൻഫോ പാർക്ക്) 2022-23, 2023-24 വർഷങ്ങളിൽ തൊഴിലവസരങ്ങൾ വർധിച്ചു. ടെക്നോ പാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിൽ വനിതാ ജീവനക്കാരുടെ അനുപാതം ഈ കാലഘട്ടത്തിൽ സ്ഥിരമായിരുന്നു. (**പട്ടിക 8.1.11**). കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി-വുമൺ ഇൻകുബേഷൻ, സ്റ്റാർട്ടപ്പുകളും എന്റർപ്രണർഷിപ്പ് സ്കീം(WISE) സംരംഭകത്വത്തിലൂടെ സ്ത്രീകളെ ശാക്തീകരിക്കാൻ ലക്ഷ്യമിടുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള സ്റ്റാർട്ടപ്പ് മിഷൻ വഴി 60,000 പേർക്ക് തൊഴിൽ ലഭിച്ചതിൽ 22,400 പേരും സ്ത്രീകളാണ്.

**കുടുംബശ്രീ വഴിയുള്ള സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തം**

സംസ്ഥാന ദാരിദ്ര്യ നിർമാർജന ദൗത്യമായി 1998-ൽ സ്ഥാപിതമായ സ്ത്രീ അയൽക്കൂട്ടങ്ങളുടെ (എൻ.എച്ച്.ജി) സാമൂഹ്യ സംഘടനയായ കുടുംബശ്രീ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. സ്ത്രീ ശാക്തീകരണമാണ് കുടുംബശ്രീയുടെ പ്രഖ്യാപിത ലക്ഷ്യം. തുടക്കത്തിൽ മിതവ്യയ, വായ്പാ പ്രവർത്തനങ്ങളിൽ തുടങ്ങി, ആരോഗ്യം, പോഷകാഹാരം, കൃഷി, സാമൂഹിക വികസനം തുടങ്ങിയ മറ്റ് നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പുറമെ, വരുമാനം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളിലൂടെയും മൈക്രോ-ക്രെഡിറ്റിലൂടെയും സ്ത്രീകളെ ശാക്തീകരിക്കുന്നതിൽ അയൽക്കൂട്ടങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചു. ദരിദ്രരായ സ്ത്രീകളുടെ സാമ്പത്തിക ഉൾപ്പെടുത്തലിൽ കുടുംബശ്രീ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട് കൂടാതെ അതിന്റെ ത്രിഫ്റ്റ്, വായ്പാ പദ്ധതികളിലൂടെയും സ്ത്രീകളുടെ സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തിയിട്ടുണ്ട്. അർഹരായ അംഗങ്ങൾക്ക് അയൽക്കൂട്ടങ്ങളുടെ ചെറിയ സ്ഥിരമായ സമ്പാദ്യത്തിൽ നിന്ന് (തുക) ആഭ്യന്തര വായ്പ നൽകുന്നു. അയൽക്കൂട്ടങ്ങൾക്ക് സ്വയംഭരണാധികാരവും സാമ്പത്തിക പ്രവർത്തനങ്ങളിൽ വിവേചനാധികാരവുമുണ്ടെങ്കിലും ഓരോ അയൽക്കൂട്ടവും കുടുംബശ്രീ നിയമം അനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ്. പ്രവർത്തനങ്ങൾ പ്രാദേശിക വികസന സൊസൈറ്റി (എഡിഎസ്), സാമൂഹ്യ വികസന സൊസൈറ്റി (സിഡിഎസ്) എന്നിവയിൽ റിപ്പോർട്ട് ചെയ്യണം. 2023-24-ൽ അയൽക്കൂട്ടങ്ങൾ സമാഹരിച്ച മൊത്തം മിച്ച തുക ₹707.5 കോടിയിലധികം ആയിരുന്നു, ഈ തുകയിൽ നിന്ന് ലഭിക്കുന്ന ആഭ്യന്തര വായ്പ മിച്ച തുകയുടെ മൂന്നിരട്ടിയിലധികം വരും (**പട്ടിക 8.1.12**).

2018ൽ കേരളത്തിലെ സേവനമേഖലയിൽ നിലവിലുള്ള അവസരങ്ങൾ മനസ്സിലാക്കി കുടുംബശ്രീ "ഹർഷം" എന്ന പരിപാടി ആരംഭിച്ചു. സ്ത്രീകൾക്ക് 15 ദിവസത്തെ തീവ്രപരിശീലനം നൽകുകയും വയോജന പരിചരണ മേഖലയിൽ സേവനം നൽകാൻ അവരെ സജ്ജരാക്കുകയും ചെയ്യുക എന്നതാണ് ഹർഷം പരിപാടിയുടെ ലക്ഷ്യം. സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആശുപത്രികളിലെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ആശുപത്രി മാനേജ്മെന്റിന്റെയും സഹായത്തോടെയാണ് പരിചരിക്കുന്നവർക്ക് പരിശീലനം നൽകിയത്. വയോജനങ്ങൾക്ക് സംരംഭക മാതൃകയിൽ മുഴുവൻ സമയ പ്രൊഫഷണൽ പരിചരണം നൽകാനും പകൽ സമയ സംരക്ഷണം നൽകാനും ആശുപത്രികളിൽ കൂട്ടിരിപ്പുകാരായി സേവനം നൽകാനും വൃദ്ധ സദനങ്ങളിലെ വയോജനങ്ങൾക്ക് കെയർടേക്കറായി സേവനം വ്യാപിപ്പിക്കാനും ഹർഷം ടീം തയ്യാറാണ്. പരിശീലനം ലഭിച്ച 636 പേരിൽ 198 പേർക്ക് ഇതിനകം തന്നെ വിവിധ സ്ഥാപനങ്ങൾ/സുരക്ഷാ ഭവനം/ വീടുകളിൽ പ്രതിമാസ ശമ്പള അടിസ്ഥാനത്തിൽ സേവനത്തിനുള്ള അവസരം ലഭിച്ചു.

**പട്ടിക 8.1.11** കേരളത്തിലെ വിവര സാങ്കേതിക (ഐറ്റി) മേഖലയിലെ തൊഴിൽ സൃഷ്ടിക്കൽ

| ഐറ്റി പാർക്കുകൾ | 2022–23 | | | 2023–24 | | |
|---|---|---|---|---|---|---|
| | **ആകെ** | **സ്ത്രീകൾ** | **ശതമാനം** | **ആകെ** | **സ്ത്രീകൾ** | **ശതമാനം** |
| ടെക്നോ പാർക്ക് | 72,000 | 32,400 | 45.0 | 75,000 | 33,750 | 45.0 |
| ഇൻഫോ പാർക്ക് | 67,000 | 26,800 | 40.0 | 70,000 | 28,000 | 40.0 |
| സൈബർ പാർക്ക് | 2,078 | 832 | 40.0 | 2,200 | 900 | 40.0 |

***അവലംബം:*** ടെക്നോ പാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക്

**പട്ടിക 8.1.12** അയൽക്കൂട്ടങ്ങളിലൂടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ

| **വർഷം** | **2019–20** | **2020–21** | **2021–22** | **2022–23** | **2023–24** |
|---|---|---|---|---|---|
| അയൽക്കൂട്ടങ്ങളുടെ എണ്ണം | 2,87,723 | 2,94,436 | 3,06,551 | 3,17,226 | 3,17,526 |
| അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | 45.1 | 45.8 | 45.9 | 48.0 | 48.1 |
| വരിസംഖ്യ (കോടിയിൽ) | 443.7 | 406.7 | 514.0 | 532.0 | 707.5 |
| ബാങ്കുമായി ബന്ധിപ്പിച്ചിട്ടുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം | 73,522 | 2,50,018 | 52,837 | 93,080 | 63,579 |
| വിതരണ തുക മൊത്തത്തിൽ (കോടിയിൽ) | 2,670 | 4,070.3 | 3,436.0 | 6,550.8 | 4,634.0 |
| ആഭ്യന്തര വായ്പ (കോടിയിൽ) | 1,778.4 | 1,323.1 | 2510.0 | 2,660.0 | 2,438.7 |

***അവലംബം:*** കുടുംബശ്രീ

കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെഎൽജി) സംരംഭങ്ങളുമാണ് കുടുംബശ്രീയുടെ കീഴിലുള്ള പ്രധാന വരുമാനമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ. ഈ സ്ത്രീകളെ കൂട്ടുത്തരവാദിത്ത സംഘം എന്ന് വിളിക്കുന്ന ചെറുകിട കർഷക ഗ്രൂപ്പുകളായി സംയോജിപ്പിച്ചിരിക്കുന്നു, കൂടാതെ ജില്ലാ മിഷനുകൾ വഴിയുള്ള പരിശീലനം, സാമ്പത്തിക സഹായം, ഒത്തുചേരാനുള്ള അവസരങ്ങൾ തുടങ്ങിയവയിലൂടെയും വരുമാന വർദ്ധനയ്ക്കായി ഉപജീവന സംരംഭങ്ങളുടെ വിപുലമായ രംഗം തുറന്നു കൊടുക്കുന്നതിലൂടെയും സ്ത്രീകളെ കുടുംബശ്രീ പിന്തുണയ്ക്കുന്നു. കൂട്ടുകൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഭൂരിഭാഗം സ്ത്രീകൾക്കും ക്ലിപ്പണിക്കാരോ തൊഴിലാളികളോ കുടുംബ ഫാമുകളിൽ സഹായികളോ കാർഷികമേഖലയിലെ താൽക്കാലിക തൊഴിലാളികളോ ആയി കൃഷിയിൽ മുൻ പരിചയമുണ്ടായിരുന്നു. ഇപ്പോൾ ഈ പദ്ധതി അവരെ തൊഴിലാളി എന്ന നിലയിൽ നിന്ന് സ്ത്രീ കർഷകരാക്കി മാറ്റി. സുസ്ഥിരമായ സാമ്പത്തിക വളർച്ചയ്ക്കും ജീവിത നിലവാരത്തിനും, മുകളിൽ പറഞ്ഞവയ്ക്ക് പുറമെ പിന്തുണയായി യാതൊരു ഈടും കൂടാതെ പൂജ്യം ശതമാനം പലിശയ്ക്ക് ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ലിങ്കേജ് വായ്പകളും, കൂടാതെ മാസ്റ്റർ ഫാർമേഴ്സ് എന്ന് വിളിക്കപ്പെടുന്ന കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരുടെ വർഷം മുഴുവനുമുള്ള തുടർച്ചയായ സേവനവും ഉൾപ്പെടുന്നതാണ്. **പട്ടിക 8.1.13** ൽ കാണിച്ചിരിക്കുന്നതുപോലെ, 4 ലക്ഷത്തിലധികം സ്ത്രീ കർഷകർ കൃഷിയിൽ സജീവമായി ഏർപ്പെടുകയും, അവർ 2023-24 കാലയളവിൽ 16,000 ഹെക്ടറിലധികം സ്ഥലത്ത് കൃഷി ചെയ്യുകയും ചെയ്യുന്നു.

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി. എൻ.ആർ.ഇ.ജി.എ)

കേരളത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എയിലെ തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീകളാണ്. 2022-23 നെ അപേക്ഷിച്ച് 2023-24-ൽ തൊഴിൽ ദിനങ്ങളിൽ വർദ്ധനയുണ്ടായിട്ടുണ്ട്, കൂടാതെ എം.ജി.എൻ.ആർ.ഇ.ജിഎ വഴി സൃഷ്ടിക്കപ്പെട്ട സ്ത്രീകളുടെ വ്യക്തിഗത ദിനങ്ങളുടെ ശതമാനം 89.3 ശതമാനമാണ് (**പട്ടിക 8.1.14**).

ഗ്രൂപ്പ് വൈസ് ടാസ്ക് നാപി പേയ്മെന്റ് സിസ്റ്റം (ജിടിഎൻപിഎസ്) വഴിയുള്ള മേറ്റുകളുടെ വിന്യാസത്തിൽ 100 ശതമാനം മേറ്റുകളെയും തെരഞ്ഞെടുത്തത് സ്ത്രീകളിൽ നിന്നാണ്. സംസ്ഥാനത്ത് വിന്യസിച്ചിരിക്കുന്ന എല്ലാ മേറ്റുകൾക്കും വാർഷിക പരിശീലനം നൽകുന്നു. 2023-24 ൽ 56,579 മേറ്റുകൾ പരിശീലനം നേടി.

### സ്ത്രീ ശാക്തീകരണവും തീരുമാനങ്ങൾ എടുക്കുന്നതിലെ പങ്കാളിത്തവും

ഗാർഹിക കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിലും സംസ്ഥാനത്തിന്റെ നയപരമായ തീരുമാനങ്ങളിലും സ്ത്രീകൾ സജീവമായ പങ്ക് വഹിക്കേണ്ടതുണ്ട്. ഇത് വികസന പ്രക്രിയയിലും നീതിയുക്തമായ ലിംഗപദവിയുള്ള ഒരു സമൂഹം വികസിപ്പിക്കുന്നതിലും അവരുടെ ആവശ്യങ്ങളുടെയും താൽപ്പര്യങ്ങളുടെയും ഒരു സംയോജനം ഉറപ്പാക്കും. കേരളത്തിൽ, 30-39 വയസ്സിനിടയിലുള്ള 72.7 ശതമാനം സ്ത്രീകളും 20-24 വയസ്സിനിടയിലുള്ള 56.5 ശതമാനം സ്ത്രീകളും ആരോഗ്യ സംരക്ഷണം, പ്രധാന വീട്ടുസാധനങ്ങൾ വാങ്ങൽ, അവരുടെ കുടുംബത്തിനേയോ ബന്ധുക്കളെയോ സന്ദർശിക്കൽ തുടങ്ങിയ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ പങ്കെടുക്കുന്നു. 73.1 ശതമാനം ജോലിയുള്ള സ്ത്രീകളും അവരുടെ ദൈനംദിന തീരുമാനങ്ങൾ എടുക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നു, അതേസമയം തൊഴിലില്ലാത്ത സ്ത്രീകളിൽ ഇത് 67.8 ശതമാനമാണ്. വിദ്യാഭ്യാസം വർദ്ധിക്കുന്നതിനനുസരിച്ച് തീരുമാനമെടുക്കാനുള്ള ശേഷിയും വർദ്ധിക്കുന്നു. 5 വർഷത്തിൽ താഴെ വിദ്യാഭ്യാസമുള്ള സ്ത്രീകളിൽ 65 ശതമാനം പേർ മാത്രമേ തീരുമാനമെടുക്കുന്നതിൽ പങ്കെടുക്കുന്നുള്ളൂ, എന്നാൽ 12 വർഷം അല്ലെങ്കിൽ അതിലധികം വിദ്യാഭ്യാസമുള്ള 70 ശതമാനം സ്ത്രീകളും തീരുമാനമെടുക്കുന്നതിൽ പങ്കാളികളാണ്.

15-49 വയസ് പ്രായമുള്ള സ്ത്രീകളുടെ പേരിൽ ബാങ്ക് അക്കൗണ്ടുള്ളവരുടെ ശതമാനം 76.5 ആണ്. 40-49 പ്രായമുള്ളവരിൽ 61.4 ശതമാനവും 30-39 പ്രായത്തിലുള്ള 62.6 ശതമാനവും ചെറുകിട വായ്പാ പരിപാടിയെക്കുറിച്ച് ബോധമുള്ളവരാണ്. എന്നാൽ 15-19 വയസ്സിനിടയിൽ ചെറുകിട വായ്പാ പരിപാടിയെക്കുറിച്ച് അറിയാവുന്ന സ്ത്രീകൾ 35.9 ശതമാനം മാത്രമാണ്. 15.4 ശതമാനം തൊഴിൽ ചെയ്യുന്ന സ്ത്രീകളും 7.8 ശതമാനം തൊഴിലില്ലാത്ത സ്ത്രീകളും ചെറുകിട വായ്പാ പരിപാടികളിൽ നിന്ന് വായ്പ എടുത്തിട്ടുണ്ട്. 15-49 വയസ് പ്രായമുള്ള സ്ത്രീകളിൽ 24.5

**പട്ടിക 8.1.13** കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെ.എൽ.ജി) സൂക്ഷ്മ സംരംഭങ്ങളും

| വർഷം | കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങൾ | |
|---|---|---|
| | 2022–23 | 2023–24 |
| ജെ എൽ ജി അംഗങ്ങളുടെ എണ്ണം | 74783 | 87323 |
| ജെ എൽ ജി അംഗങ്ങളുടെ എണ്ണം | 373915 | 403809 |
| കൃഷിയിടത്തിന്റെ വിസ്തീർണ്ണം (ഹെക്ടറിൽ) | 38956.8 | 16417.1 |
| തരിശു നിലത്തിന്റെ വിസ്തീർണ്ണം (ഏക്കറിൽ) | 4468.7 | 47 |
| | **കുടുംബശ്രീയുടെ കീഴിലുള്ള വനിതാ സംരംഭങ്ങൾ** | |
| സംരംഭങ്ങളുടെ എണ്ണം | 106981* | 141407* |
| സംരംഭത്തിലെ സ്ത്രീകളുടെ എണ്ണം | 283512 | 322576 |

* സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ്.വി.ഇ.പി) ഉൾപ്പെടെ

***അവലംബം:*** കുടുംബശ്രീ

**പട്ടിക 8.1.14** കേരളത്തിൽ നൽകിയിട്ടുള്ള എം.ജി. എൻ. ആർ. ഇ. ജി. എ തൊഴിൽ നില, 2018-19 മുതൽ 2023-24 വരെ

| വർഷം | സജീവ തൊഴിൽ കാർഡുകളുടെ എണ്ണം (ലക്ഷത്തിൽ) | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | സൃഷ്ടിക്കപ്പെട്ട വനിതാ തൊഴിൽ ദിനങ്ങൾ (ശതമാനത്തിൽ) | സൃഷ്ടിക്കപ്പെട്ട വ്യക്തി തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | ഓരോ വ്യക്തിക്ക് ഓരോ ദിനത്തിലും ലഭിച്ച ശരാശരി വേതന നിരക്ക് (രൂപയിൽ) | കുടുംബങ്ങൾക്ക് തൊഴിൽ നൽകിയ ശരാശരി ദിനങ്ങൾ | 100 ദിനം പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 2018-19 | 20.2 | 14.8 | 90.4 | 975.2 | 274.2 | 66.0 | 4,41,479 |
| 2019-20 | 20.0 | 14.4 | 89.8 | 802.3 | 274.3 | 55.7 | 2,51,141 |
| 2020-21 | 20.4 | 16.2 | 90.5 | 1023 | 294.6 | 63.2 | 4,70,410 |
| 2021-22 | 21.6 | 16.4 | 89.6 | 1059.7 | 294.9 | 64.4 | 5,12,823 |
| 2022-23 | 21.8 | 15.5 | 89.8 | 965.8 | 310.5 | 62.3 | 4,49,638 |
| 2023-24 | 21.6 | 15.2 | 89.3 | 994.6 | 331.8 | 67.7 | 5,69,108 |

***അവലംബം:*** എം ജി എൻ ആർ ഇ ജി എ ഡാറ്റാ ബേസ്

ശതമാനം പേർക്ക് സ്വന്തം പേരിലോ അവരുടെ പങ്കാളികളുടെകൂടെയോ ഒരു വീട് സ്വന്തമായി ഉണ്ട്. എന്നാൽ ഒറ്റയ്ക്കോ കൂട്ടായോ ഭൂമി സ്വന്തമായുള്ള സ്ത്രീകൾ 11.5 ശതമാനം മാത്രമാണ്. 15-49 വയസ്സിനിടയിലുള്ള സ്ത്രീകളിൽ 86.5 ശതമാനം പേർക്കും മൊബൈൽ ഫോണുണ്ട്.

എൻഎഫ്എച്ച്എസ് 2019-20 ൽ ശേഖരിച്ച മൂന്ന് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബത്തിന്റെ തീരുമാനങ്ങൾ എടുക്കുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം ഇവിടെ പരിഗണിക്കുന്നു. സാധാരണയായി ഗാർഹിക തീരുമാനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകളുടെ ശതമാനവും അവർ തന്നെ കൈകാര്യം ചെയ്യുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉള്ള സ്ത്രീകളുടെ ശതമാനവും അവർ സ്വയം ഉപയോഗിക്കുന്ന മൊബൈൽ ഫോൺ കൈവശമുള്ള സ്ത്രീകളുടെ ശതമാനവുമാണ് അവ. **പട്ടിക 8.1.15** ൽ കാണിച്ചിരിക്കുന്നതുപോലെ, തീരുമാനമെടുക്കൽ പ്രക്രിയയിൽ കേരളത്തിലെ സ്ത്രീകൾ അഖിലേന്ത്യാ തലത്തിലുള്ള സ്ത്രീകളേക്കാൾ കൂടുതൽ സജീവമായി പങ്കെടുക്കുന്നു.

ലോക് സഭാ തെരഞ്ഞെടുപ്പിലെ വനിതാ വോട്ടർമാരുടെ പങ്കാളിത്തം 1962ലെ മൂന്നാം ലോക് സഭാ തെരഞ്ഞെടുപ്പിലെ 46.6 ശതമാനത്തിൽ നിന്ന് 16-ാം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ 66 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. അഖിലേന്ത്യാ ശരാശരിയെ അപേക്ഷിച്ച് കേരളത്തിലെ വനിതാ വോട്ടർമാരുടെ പങ്കാളിത്തം വളരെ കൂടുതലാണ്. എന്നാൽ പാർലമെന്റിലും നിയമസഭയിലും വനിതാ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ കേരളം പിന്നിലാണ്. 16-ാം ലോക്സഭയിൽ, പാർലമെന്റിലെ മൊത്തം അംഗങ്ങളുടെ 12 ശതമാനം സ്ത്രീകളാണെങ്കിൽ, കേരളത്തിൽ നിന്ന് ഒരു വനിതാ എംപിക്ക് (5 ശതമാനം) മാത്രമേ പാർലമെന്റിൽ എത്താൻ കഴിഞ്ഞുള്ളൂ. അതുപോലെ സംസ്ഥാന അസംബ്ലിയിലും സ്ത്രീ പ്രാതിനിധ്യം കുറവാണ്.

**പട്ടിക 8.1.15** തീരുമാനമെടുക്കുന്നതിലെ വനിതാ പങ്കാളിത്തം-ഇന്ത്യയിലും കേരളത്തിലും

| സൂചികകൾ | ഇന്ത്യ | | | | കേരളം | | | |
|---|---|---|---|---|---|---|---|---|
| | എൻ.എഫ്.എച്ച്.എസ്-5 (2019–20) | | | എൻ എഫ് എച്ച് എസ്-4 (2015–16) | എൻ എഫ് എച്ച് എസ്-5 (2019–20) | | | എൻഎഫ്എച്ച്എസ്-4 (2015–16) |
| | നഗരം | ഗ്രാമം | ആകെ | ആകെ | നഗരം | ഗ്രാമം | ആകെ | ആകെ |
| ഇപ്പോൾ വിവാഹം കഴിഞ്ഞ, സാധാരണ ഗാർഹിക തീരുമാനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകൾ (ശതമാനത്തിൽ) | 91.0 | 87.7 | 88.7 | 84.0 | 93.6 | 94.6 | 94.0 | 92.1 |
| സ്വയം ഉപയോഗിക്കുന്ന ബാങ്ക്/സേവിംഗ്സ് അക്കൗണ്ടുള്ള സ്ത്രീകൾ (ശതമാനത്തിൽ) | 80.9 | 77.4 | 78.6 | 53.0 | 78.9 | 78.2 | 78.5 | 70.6 |
| സ്വന്തമായി മൊബൈൽ ഫോണുള്ള സ്ത്രീകൾ (ശതമാനത്തിൽ) | 69.4 | 46.6 | 54.0 | 45.9 | 86.2 | 86.9 | 86.6 | 81.2 |

***അവലംബം:*** എൻ.എഫ്.എച്ച്.എസ്

എന്നാൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതലാണ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾ എടുക്കുന്ന സ്ഥാനങ്ങളിൽ പകുതിയും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. 2020ലെ തെരഞ്ഞെടുപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മൊത്തം വ്യക്തികളിൽ 54 ശതമാനവും സ്ത്രീകളാണെന്നത് ശ്രദ്ധേയമാണ്. സാമൂഹികവും രാഷ്ട്രീയവും മതപരവുമായ പ്രാധാന്യമുള്ള സ്ഥാപനങ്ങളുടെ താഴേത്തട്ടിൽ മതിയായ പ്രാതിനിധ്യം ഉണ്ടെങ്കിലും, ഉന്നത സ്ഥാനങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം തുച്ഛമാണ്. കേരളത്തിന്റെ 64 വർഷത്തെ രാഷ്ട്രീയ ചരിത്രത്തിൽ ഇതുവരെ തെരഞ്ഞെടുക്കപ്പെട്ട വനിതാ എംഎൽഎമാർ, കേരള നിയമസഭയുടെ 10 ശതമാനത്തിൽ കവിഞ്ഞിട്ടില്ലെന്നത് ആശങ്കാജനകമാണ്.

**സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ**

കഴിഞ്ഞ രണ്ട് വർഷമായി സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ നേരിയ രീതിയിൽ കുറഞ്ഞുവെങ്കിലും സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ കേരളത്തിൽ വലിയ ഭീഷണിയായി തന്നെ തുടരുകയാണ്. ബലാത്സംഗം, പീഡനം, തട്ടിക്കൊണ്ടുപോകൽ, പൂവാല ശല്യം, സ്ത്രീധന മരണം, ഭർത്താവ്/ബന്ധുക്കൾ എന്നിവരിൽ നിന്നുള്ള ക്രൂരത, മറ്റ് കുറ്റകൃത്യങ്ങൾ എന്നിങ്ങനെ താഴെപ്പറയുന്ന വിഭാഗങ്ങളിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ ഡാറ്റ കേരളത്തിലെ ക്രൈം റെക്കോർഡ് ബ്യൂറോ നൽകുന്നു. സ്ത്രീകൾക്കെതിരായ കുറ്റകൃത്യ വിഭാഗങ്ങളിലുള്ള ഭൂരിഭാഗം കേസുകളും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത് മറ്റ് കുറ്റകൃത്യങ്ങളുടെ വിഭാഗത്തിലാണ് (33 ശതമാനം), ഭർത്താവ്/ബന്ധുക്കളുടെ ക്രൂരത (24.1 ശതമാനം). 2016-2024 കാലയളവിൽ കേരളത്തിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ **അനുബന്ധം 8.1.6** ൽ കാണിച്ചിരിക്കുന്നു. 2018-19 ലെ നാഷണൽ ഫാമിലി ഹെൽത്ത് സർവേ (NFHS-5) കണക്കുകൾ പ്രകാരം, കേരളത്തിലെ 9 ശതമാനം സ്ത്രീകൾ ശാരീരിക പീഡനങ്ങളും ഒരു ശതമാനം ലൈംഗികാതിക്രമവും അനുഭവിച്ചിട്ടുണ്ട്.

**ലിംഗ പദവി അധിഷ്ഠിത അതിക്രമങ്ങൾ പരിഹരിക്കാൻ സംസ്ഥാന സർക്കാർ ആരംഭിച്ച പരിപാടികൾ:**

ലിംഗ പദവി അധിഷ്ഠിത അതിക്രമങ്ങൾ തടയുക, നേരിടുക, അതിനെ അതിജീവിച്ചവരെ പുനരധിവസിപ്പിക്കുക എന്നിവ വനിതാ വികസനത്തിൽ വളരെ പ്രധാനമാണ്. നോഡൽ ഏജൻസിയായ വനിതാ ശിശുവികസന വകുപ്പും പോലീസും ജുഡീഷ്യറിയും ഉൾപ്പടെ നിർണ്ണായകമായ നിരവധി വകുപ്പുകൾ വഴിയാണിത്. സ്ഥിര സംവേദനം, പൊതുബോധവൽക്കരണം, സമൂഹാധിഷ്ഠിത കുറ്റകൃത്യങ്ങളുടേയും ദുർബലതയുടേയും മാപ്പിംഗ്, കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള കൗൺസിലിംഗ്, സ്വയം പ്രതിരോധ പരിശീലനം, പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ, ഷെൽട്ടർ ഹോമുകൾ, ഷോർട്ട് സ്റ്റേ ഹോമുകൾ, വൺ സ്റ്റോപ്പ് അടിയന്തിര കേന്ദ്രം, അക്രമത്തിനിരയായവർക്കുള്ള വൈദ്യ ശുശ്രൂഷ തുടങ്ങി ധാരാളം നടപടികൾ ഈ പരിപാടിയുടെ ഭാഗമാണ്.

**വനിതാ ശിശുവികസന വകുപ്പിന്റെ രൂപീകരണം**

സർക്കാരിന്റെ ഒരു സുപ്രധാന നേട്ടം സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണവും സാമൂഹ്യ പിന്തുണയും എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി, 2017 ജൂണിൽ വനിതാ ശിശുവികസന വകുപ്പ് (ഡബ്ല്യുസിഡി) സ്ഥാപിച്ചതാണ്. സംസ്ഥാന വനിതാ കമ്മീഷൻ, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, ജെൻഡർ പാർക്ക്, നിർഭയ പദ്ധതി, സ്ത്രീകളുടെയും കുട്ടികളുടെയും അഭയ കേന്ദ്രങ്ങൾ, ഐ.സി.ഡി.എസ്, അങ്കണവാടികൾ എന്നിവ ഉൾപ്പെടുന്ന ഒരു സമഗ്ര ഘടനയാണ് ഇത്. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും പുനരധിവാസത്തിനുമായുള്ള 44 ക്ഷേമ സ്ഥാപനങ്ങളുടെ (16 സ്ത്രീകൾക്കും 28 കുട്ടികൾക്കും) നടത്തിപ്പുമായി ബന്ധപ്പെട്ടതാണ് അതിന്റെ പ്രവർത്തനത്തിന്റെ വലിയൊരു ഭാഗം. ദുർബലരായ ജനങ്ങൾക്ക് സ്ഥാപനങ്ങളിലൂടെ പരിചരണം നൽകുന്നതിൽ എൻജിഒകളും സന്നദ്ധ സംഘടനകളും ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രവും ശാരീരികവും മാനസികവും ബോധപരവും വൈകാരികവുമായ വികാസങ്ങളും ലിംഗ പദവി ബോധം പുലർത്തുന്ന കുടുംബം, സമൂഹം, എന്നിവ ഉറപ്പുവരുത്തുന്നതിനാണ് വനിതാ ശിശുവികസന വകുപ്പ് പ്രവർത്തിക്കുന്നത്.

**നിർഭയ നയം:** സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങൾ ചെറുക്കുന്നതിനും ചൂഷണത്തിനായി കടത്തി കൊണ്ടു പോകുന്നതിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുമായി കേരള സർക്കാർ നിർഭയ നയം രൂപീകരിച്ചു. നിർഭയ സെൽ ഇപ്പോൾ വനിതാ ശിശു വികസന ഡയറക്ടറേറ്റിന്റെ കീഴിലാണ്. നിർഭയ പദ്ധതിയിൽ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെടുന്ന സ്ത്രീകൾക്കുള്ള അഭയകേന്ദ്രങ്ങൾ ഉൾപ്പെടുന്നു, അവിടെ അവർക്ക് ഉപജീവനം നേടാനും തൊഴിൽ നേടാനുമായി ജീവിത നൈപുണ്യ വിദ്യാഭ്യാസം നൽകി വരുന്നു. നിർഭയ സെൽ സംസ്ഥാനത്തുടനീളം ഇരുപത്തിമൂന്ന് ശിശു സംരക്ഷണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ പതിനാല് എൻടി ഹോമുകൾ, മൂന്ന് എസ്ഒഎസ് ഹോമുകൾ, ഒരു മോഡൽ ഹോം, ഒരു മാനസികാരോഗ്യ കേന്ദ്രം, ഒരു തേജോമയ ആഫ്റ്റർ കെയർ ഹോം, ഒരു ഇന്റഗ്രേറ്റഡ് കെയർ സെന്റർ, രണ്ട് ആഫ്റ്റർ കെയർ ഹോമുകൾ (18 വയസ്സിന് മുകളിലുള്ള സിഎസ്എ അതിജീവിച്ചവരുടെ പുനരധിവാസത്തിനായി) എന്നിവ ഉൾപ്പെടുന്നു.

**വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ:** പൊതു-സ്വകാര്യ സ്ഥലങ്ങളിലും കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തും അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് വനിതാ ശിശുവികസന വകുപ്പിന്റെ ഈ കേന്ദ്രങ്ങൾ പിന്തുണ നൽകുന്നു. ഗതാഗതം, വൈദ്യസഹായം, പോലീസുമായി ഇടപെടുന്നതിനുള്ള സൗകര്യം, നിയമസഹായം, മാനസിക സാമൂഹ്യ കൗൺസിലിംഗ്, ആവശ്യമെങ്കിൽ താൽകാലിക അഭയം എന്നിവ ഉൾപ്പെടെയുള്ള സംയോജിത

സേവനങ്ങളുടെ ഒരു ശ്രേണി ഈ കേന്ദ്രങ്ങൾ നൽകും. എല്ലാ ജില്ലകളിലും വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ ഉള്ള ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനങ്ങളിലൊന്നായി 2019-20 – ൽ കേരളം മാറി. 2023-24 ൽ 4,131 ഗുണഭോക്താക്കൾക്ക് വൺ സ്റ്റോപ്പ് സെന്ററുകളിലൂടെ സഹായം ലഭിച്ചു.

**ആശ്വാസനിധി:** ലൈംഗിക കുറ്റകൃത്യങ്ങളുടെയും ഹീനമായ ലിംഗ പദവി അധിഷ്ഠിത അക്രമങ്ങളുടെയും ഇരകൾക്ക് സാമ്പത്തിക സഹായം നൽകേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി, സംസ്ഥാന സർക്കാർ ഇത്തരം ഇരകൾക്ക് ഇടക്കാലാശ്വാസം നൽകുന്നതിന് 300 ലക്ഷം രൂപയുടെ ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുമെന്ന് 2018-19-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചു. ലൈംഗിക കുറ്റകൃത്യങ്ങൾ, ഗാർഹിക പീഡനം, ആസിഡ് ആക്രമണങ്ങൾ, ഹീനമായ ലിംഗാധിഷ്ഠിത അക്രമം എന്നിവയുടെ ഇരകൾക്ക് വനിതാ ശിശു വികസന വകുപ്പ് ഈ ഫണ്ട് നല്കി വരുന്നു. 2023-24 ൽ 271 ഗുണഭോക്താക്കൾക്കായി 2 കോടിയാണ് ചെലവഴിച്ചത്.

**ധീര:** ആത്മവിശ്വാസവും ധൈര്യവും വളർത്തുന്നതിനും ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും അക്രമങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും സ്വയം പ്രതിരോധം സാധ്യമാക്കുന്നതിനുമായി വനിതാ ശിശു വികസന വകുപ്പ് പോലീസ് വകുപ്പിന്റെ സഹായത്തോടെ നിർഭയ സെൽ മുഖേന പെൺകുട്ടികൾക്കായി "ധീര" എന്ന പദ്ധതി നടപ്പിലാക്കുന്നു. ഓരോ ജില്ലയിലും 3 പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് ഓരോ പഞ്ചായത്തിൽ നിന്നും 30 കുട്ടികൾക്ക് വീതം കരാട്ടെ, തായ്ക്വോണ്ടോ, കളരിപ്പയറ്റ് തുടങ്ങിയവയിൽ മുഖ്യ പരിശീലകർ പരിശീലനം നൽകി വരുന്നുണ്ട്. 2023-24 ൽ 1260 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു.

**സ്ത്രീധന നിരോധനം:** 2019-2020 കാലഘട്ടത്തിൽ സ്ത്രീധനം ഇല്ലാതാക്കുന്നതിനുള്ള ഒരു ജനകീയ പ്രചാരണം വകുപ്പ് ആരംഭിച്ചു. അവബോധ സൃഷ്ടിയിലൂടേയും ശാക്തീകരണത്തിലൂടേയും സ്ത്രീധനം പൂർണമായി ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ അഞ്ചുവർഷത്തെ ഒരു കർമപദ്ധതി തയാറാക്കിയിട്ടുണ്ട്. സ്ത്രീകളുടെ വിദ്യാഭ്യാസം, സാമ്പത്തിക സ്വാതന്ത്ര്യം, പുരുഷന്മാരുടെ ചിന്താഗതി എന്നിവയുടെ പ്രാധാന്യം എടുത്തുകാണിക്കുന്നതിലൂടെ സ്ത്രീകളെ അപമാനിക്കുന്ന ഈ പഴയ ആചാരത്തോട് സമഗ്രമായ ഒരു സമീപനം ഉറപ്പാക്കാൻ കഴിയേണ്ടതാണ്. പ്രധാനമായും യുവജനങ്ങൾ ഇന്റർനെറ്റ് വഴി ഉപയോഗിക്കുന്ന മീമുകൾ പോലുള്ള നൂതനമായ മാർഗ്ഗങ്ങളിലൂടെ പ്രചാരണത്തിന്റെ പ്രാരംഭ ഘട്ടം വിജയിച്ചു. അടുത്ത 3 വർഷത്തേക്ക് പ്രചാരണം തുടരും. കേരള സ്ത്രീധന നിരോധന നിയമങ്ങളുടെ ഭേദഗതി (ജൂലൈ 13, 2021) പ്രകാരം, സ്ത്രീധനത്തിന്റെ മോശമായ സ്വാധീനത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും സ്ത്രീധനത്തിനെതിരായി ജില്ലകളിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാനുമായി ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാരെ (ഡിഡിപിഒകൾ) നിയമിച്ചു.

**സ്ത്രീധന പരാതി പോർട്ടൽ:** സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി വകുപ്പ് സ്ത്രീധന പരാതി പോർട്ടൽ ആരംഭിച്ചു. ഈ പോർട്ടൽ വഴി വ്യക്തികൾക്കോ പൊതുജനങ്ങൾക്കോ സംഘടനകൾക്കോ സ്ത്രീധനം വാങ്ങുന്നതോ നൽകുന്നതോ ശ്രദ്ധയിൽപ്പെട്ടാൽ പരാതിയായി സമർപ്പിക്കാം.

**വൺ ഡേ ഹോം:** ഒറ്റയ്ക്ക് യാത്ര ചെയ്ത് വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാനത്ത് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസ സൗകര്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗത്തുള്ള കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കെട്ടിടത്തിന്റെ എട്ടാം നിലയിൽ തിരുവനന്തപുരം കോർപ്പറേഷന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും സംയുക്ത സംരംഭമായി ഒരു വൺഡേ ഹോം ആരംഭിച്ചു. മിതമായ നിരക്കിൽ സുരക്ഷിതമായ താമസവും ഭക്ഷണവും നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2020 മാർച്ച് 7 മുതൽ വൺ ഡേ ഹോം പ്രവർത്തനം ആരംഭിച്ചു. 2023-24ൽ വൺ ഡേ ഹോം പ്രോജക്ടിനായി 10,46,025 രൂപ ചെലവഴിച്ചു.

**തേജോമയ ആഫ്റ്റർ കെയർ ഹോം :** എറണാകുളത്ത് എടയ്ക്കാട്ടുവയലിൽ തേജോമയ ആഫ്റ്റർ കെയർ ഹോം സ്ഥാപിച്ചു. ഇത് പോക്സോ അതിജീവിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ഹോമുകളിലെ പഠനം പൂർത്തിയാക്കി വിവിധ തൊഴിലുകളിൽ താൽപര്യമുള്ളവർക്കായി ഉദ്ദേശിച്ചുള്ളതാണ്. എച്ച്.എൽ.എഫ്.പി.പി.റ്റി (ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ്) യുടെ സഹായത്തോടെ ഒരു കരിയർ അസസ്മെന്റ് പരിപാടി നടത്തുകയും കാറ്ററിംഗ്, ടൈലറിംഗ്, ബ്യൂട്ടീഷ്യൻ, ഡ്രൈവിംഗ് തുടങ്ങിയ വിവിധ തൊഴിലുകൾക്കായി 42 അന്തേവാസികളെ തെരഞ്ഞെടുക്കുകയും ചെയ്തു. 26 അന്തേവാസികൾക്കായി മനഃശാസ്ത്രപരമായ ഇടപെടൽ പരിപാടി/ക്ഷേമ പരിപാടി നടത്തി. 2023-24 ൽ തൊഴിൽ പരിശീലനത്തിന് ശേഷം 16 കുട്ടികളെ വിവിധ സ്ഥാപനങ്ങളിൽ നിയമിച്ചു.

**മാനസികാരോഗ്യത്തിനുള്ള ഭവനം:** വനിതാ ശിശുവകുപ്പിന്റെ സ്ത്രീകളുടെയും കുട്ടികളുടെയും ഹോമുകളിൽ താമസിക്കുന്ന മാനസിക പ്രശ്നങ്ങളുള്ള അന്തേവാസികളെ ഉദ്ദേശിച്ചുള്ളതാണ്. തൃശ്ശൂരിൽ മാനസികാരോഗ്യ ഭവനം ആരംഭിക്കുന്നതിന് 39.9 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയും ഇത് തുടങ്ങുന്നതിനായി ഗാന്ധിഭവൻ അന്താരാഷ്ട്ര ട്രസ്റ്റിനെ ഏൽപ്പിക്കുകയും ചെയ്തു. 2019-20 കാലയളവിലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്.

**കാതോർത്ത്:** സ്ത്രീകൾക്കായി വനിതാ ശിശുവികസന വകുപ്പിന്റെ ഈ ഓൺലൈൻ കൺസൾട്ടേഷൻ പരിപാടി 2021 ഫെബ്രുവരിയിൽ ആരംഭിച്ചു, കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവയിലൂടെ അവരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇത് ലക്ഷ്യമിടുന്നു. kathorthu.wcd.kerala.gov.in എന്ന വെബ്സൈറ്റ് വഴി പരാതികൾ സമർപ്പിക്കാം.

**എസ്.ഒ.എസ് മോഡൽ ഹോം:** 12 വയസ്സിന് താഴെയുള്ള പോക്സോയെ അതിജീവിച്ച പെൺകുട്ടികൾക്കായി തിരുവനന്തപുരം ജില്ലയിലാണ് ഈ മാതൃകാ ഷെൽട്ടർ ഹോം ആരംഭിച്ചത്.

**പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22) കാലയളവിൽ ഡബ്ല്യുസിഡിയുടെ സംരംഭങ്ങൾ**

കേരളത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ എണ്ണത്തിലും ആയുസ്സിലും കൂടുതലാണ്. സ്ത്രീകൾക്ക് കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ലഭിക്കുന്ന പിന്തുണയുടെയും സാമ്പത്തിക സുരക്ഷയുടെയും മൊത്തത്തിലുള്ള തലത്തെ അവരുടെ വൈവാഹിക നില സ്വാധീനിച്ചേക്കാം. കേരളത്തിലെ മൊത്തം പുരുഷ ജനസംഖ്യയുടെ 3.5 ശതമാനം മാത്രമാണ് ഭാര്യ മരിച്ച പുരുഷൻമാരെന്നും ജനസംഖ്യയുടെ 11.6 ശതമാനം വിധവകൾ ആണെന്നും സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. ഈ ലിംഗപദവി വ്യത്യാസം അവളുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകളെ പ്രതികൂലമായി ബാധിക്കുന്നു. ഈ സാഹചര്യത്തിലാണ് വിധവാ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ "മംഗല്യ" എന്ന പദ്ധതി വിഭാവനം ചെയ്യുന്നത്. വിധവകൾ/ വിവാഹമോചിതർ എന്നിവർക്ക് പുനർവിവാഹത്തിന് സാമ്പത്തിക സഹായം നൽകുന്നതാണ് പദ്ധതി. നിരാലംബരും ഭവനരഹിതരുമായ വിധവകൾക്ക് സുരക്ഷിതവും മെച്ചപ്പെട്ടതുമായ ജീവിത സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ, അഭയകിരണം പദ്ധതിയിൽ നിർധനരായ വിധവകൾക്ക് സംരക്ഷണവും പാർപ്പിടവും നൽകുന്ന അടുത്ത ബന്ധുക്കൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം നൽകുന്നു. വിധവകളുടെ കുടുംബങ്ങളിൽ ഭൂരിഭാഗവും പരിതാപകരമായ അവസ്ഥയിലാണ് കഴിയുന്നത്. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട് ഈ കുടുംബങ്ങൾക്ക് സഹായഹസ്തം നീട്ടാൻ സഹായഹസ്തം പദ്ധതി നിർദ്ദേശിക്കുന്നു. 3,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്ന പദ്ധതിയാണ് "പടവുകൾ".

**സ്നേഹിത:** കുടുംബശ്രീ ജെൻഡർ ഹെൽപ്പ് ഡെസ്ക് ആയ സ്നേഹിത ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സേവനങ്ങൾ നൽകുന്നു. മറ്റ് വകുപ്പുകളുമായും എൻജിഒകളുമായും ഒത്തുചേർന്നു കൊണ്ട് അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി ഷോർട്ട് സ്റ്റേ ഹോമുകൾ, വ്യക്തികൾ, കൗമാരക്കാർ, വിവാഹം കഴിക്കേണ്ടവർ എന്നിവർക്കായുള്ള കൗൺസിലിംഗ്, ബോധവൽക്കരണ കൂട്ടായ്മകൾ, നിയമ-വൈദ്യ സഹായങ്ങൾ, പുനരധിവാസം എന്നിവ ഈ സേവനങ്ങളിൽ ഉൾപ്പെടുന്നു.

**വിവ പ്രോഗ്രാം:** കേരളത്തിലെ സ്ത്രീകൾക്കിടയിലെ വിളർച്ചയുടെ പ്രശ്നം പഠിക്കുന്നതിനും വിളർച്ച ഇല്ലാതാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുന്നതിനുമായി സ്ത്രീകൾക്കിടയിലെ വിളർച്ച പരിഹരിക്കുന്നതിനുള്ള വിവ പ്രോഗ്രാം 2021 ജനുവരി 12 ന് ആരംഭിച്ചു. വിളർച്ച സംബന്ധിച്ച ബോധവൽക്കരണം പൊതുസഞ്ചയത്തിൽ പ്രചരിപ്പിക്കുന്നതിനായി സമൂഹമാധ്യമങ്ങളിലൂടെ സന്ദേശം പ്രചരിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെയും വനിതാശിശു വികസന വകുപ്പിന്റെയും സഹകരണത്തോടെ ആരോഗ്യ വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്.

**ഭൂമിക:** ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ (എൻ.ആർ.എച്ച്.എം) പിന്തുണയോടെ ലിംഗാധിഷ്ഠിത അതിക്രമങ്ങൾ/സാമൂഹിക ദുരുപയോഗങ്ങൾ എന്നിവയ്ക്ക് ഇരയായവർക്കായി വൈദ്യശാസ്ത്ര, മനഃശാസ്ത്ര പരിചരണം നൽകുന്ന പരിപാടികൾ സർക്കാർ നടപ്പിലാക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്ന കേന്ദ്രമായ "ഭൂമിക" ഇരകൾക്ക് സാമൂഹികവും മാനസികവുമായ പിന്തുണ നൽകുന്നു.

**മിത്ര-181 ഹെൽപ്പ് ലൈൻ:** കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ആരംഭിച്ച ഈ ഹെൽപ്പ് ലൈൻ സഹായം ആവശ്യമുള്ള സ്ത്രീകൾക്കായി 24x7 ലഭ്യമാകുന്ന ഒരു അടിയന്തിര പ്രതികരണ സേവനമായി വിജയകരമായി പ്രവർത്തിച്ചു വരുന്നു.

**അപരാജിത ഈസ് ഓൺലൈൻ:** സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള പീഡനങ്ങളുടെ പരാതി പരിഹാരത്തിനുള്ള ദ്രുത പ്രതികരണ സംവിധാനമായ ഇത് പോലീസ് വകുപ്പാണ് പ്രവർത്തിപ്പിക്കുന്നത്.

**കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ (കെഎസ്ഡബ്ല്യൂഡിസി)**

സംസ്ഥാനത്തിലെ സ്ത്രീകളെ സാമൂഹിക വികസനത്തിലും പുരോഗതിയിലും സജീവ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ അവരുടെ സർവോൻമുഖമായ വികസനമാണ് കെഎസ്ഡബ്ല്യുഡിസി ലക്ഷ്യമിടുന്നത്. കോർപ്പറേഷൻ വനിതാ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിലും പരിശീലനങ്ങളിലും ലിംഗപദവി ബോധവൽക്കരണ പരിപാടികളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കോർപ്പറേഷൻ സംസ്ഥാനത്തുടനീളമുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ പെൺകുട്ടികൾക്കായി 2016 മുതൽ "ഷീ പാഡ്" പദ്ധതി നടപ്പിലാക്കിവരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGIs) സംസ്ഥാനത്തുടനീളമുള്ള 2,531 സ്കൂളുകളിൽ പദ്ധതി വിജയകരമായി നടപ്പിലാക്കുകയും ഏകദേശം 6 ലക്ഷം വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തു. "ഷീ പാഡ്" പദ്ധതി നടപ്പിലാക്കിയ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി കേരള വനിതാ വികസന കോർപ്പറേഷൻ ആർത്തവ ശുചിത്വ ബോധവൽക്കരണ പരിപാടി നടത്തുന്നു. ഈ പരിപാടിക്ക് കീഴിൽ, 1,475 സ്കൂളുകളിൽ കോർപ്പറേഷൻ വിജയകരമായി ഈ പദ്ധതി നടപ്പിലാക്കി, ഇത് 5 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് പ്രയോജനം ചെയ്തു. 2023-24 കാലയളവിൽ 414 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുകയും 36,110 വിദ്യാർത്ഥികൾക്ക്

പ്രയോജനം ലഭിക്കുകയും ചെയ്തു. 18 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്ക് സൗജന്യമായി ആർത്തവ കപ്പുകൾ വിതരണം ചെയ്യുന്നതിനായി 2021-22 വർഷത്തിൽ കോർപ്പറേഷൻ എം കപ്പ് പരിപാടി ആരംഭിച്ചു. ഗുണഭോക്താക്കൾക്കായി മെൻസ്ട്രൽ കപ്പുകളുടെ ഉപയോഗം സംബന്ധിച്ച് ബോധവൽക്കരണ സെഷനുകൾ സംഘടിപ്പിക്കുന്നത് ഈ പരിപാടിയിൽ ഉൾപ്പെടുന്നു. കോർപ്പറേഷനിലൂടെ സംസ്ഥാനത്തുടനീളം 5,016 ആർത്തവ കപ്പുകൾ വിതരണം ചെയ്തു.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനു കീഴിൽ നിലവിൽ വിവിധ ജില്ലകളിലായി പതിനൊന്ന് 'വനിതമിത്ര കേന്ദ്ര'- വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ, വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിനായി പാലക്കാട്, പത്തനംതിട്ട ജില്ലകളിലായി രണ്ട് പുതിയ ഹോസ്റ്റലുകൾ സ്ഥാപിച്ചു. നിലവിൽ ഒമ്പത് ജില്ലകളിലായി 1100 പേരാണ് താമസിക്കുന്നത്.

സ്ത്രീ യാത്രക്കാർക്ക് സുരക്ഷിതവും വിശ്വസനീയവും പ്രാപ്യമാകുന്നതുമായ ഹ്രസ്വകാല സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനാണ് സേഫ് സ്റ്റേ പദ്ധതി. "സേഫ് സ്റ്റേ" എന്ന പേരിൽ ഒരു സമഗ്രമായ ആപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ട്, കൂടാതെ പ്രോഗ്രാമിനായി കോർപ്പറേഷൻ 30 വനിതാ ഹോസ്റ്റലുകളെ പങ്കാളികളാക്കിയിട്ടുണ്ട്.

**ബോധ്യം – പോലീസ് ഉദ്യോഗസ്ഥർക്കുള്ള ജെൻഡർ സെൻസിറ്റൈസേഷൻ പ്രോഗ്രാം :** പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗ പദവി ബോധവൽക്കരണം ഓൺലൈൻ പരിശീലന പരിപാടി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 2019 സെപ്റ്റംബർ 4ന് ആരംഭിച്ചു. തിരുവനന്തപുരം, കേരള പോലീസ് ട്രെയിനിംഗ് കോളേജിലും (പിടിസി) തൃശ്ശൂർ കേരള പോലീസ് അക്കാദമി (കെഎപിഎ) യിലുമാണ് പരിശീലനം നൽകിയത്. സ്ത്രീകൾക്കുള്ള അടിയന്തിര പ്രതികരണ സേവനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനൊപ്പം സംസ്ഥാനത്ത് ലിംഗപദവിസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യം. കേരളത്തിലുടനീളമുള്ള പോലീസ് ബറ്റാലിയനുകളിൽ നിന്നുള്ള 893 പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലനം 2023-24 ൽ കോർപ്പറേഷൻ പൂർത്തിയാക്കി.

**വിമൻസ് കോളേജുകളിൽ വനിതാ സെല്ലുകൾ:** ലിംഗ പദവി ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കോളേജുകളിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതാ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുത്ത വനിതാ കോളേജുകളിൽ ലിംഗ പദവി ബോധവൽക്കരണ പരിശീലനങ്ങൾ, തുറന്ന ചർച്ചകൾ, സാംസ്കാരിക പരിപാടികൾ, കൈയ്യെഴുത്ത് പ്രസിദ്ധീകരണം, ഐടി/സോഫ്റ്റ് സ്കിൽ പരിശീലനം, ക്രിയാത്മക ശില്പശാലകൾ, സാമൂഹ്യ ഇടപെടൽ പരിപാടികൾ എന്നിങ്ങനെയുള്ള വിവിധ പരിപാടികൾക്ക് തുടക്കമിട്ടു. സമൂഹത്തിൽ ഉൾപ്പെട്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് യുവജനങ്ങളെ ബോധവാന്മാരാക്കുകയും ദൈനംദിന കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ആവശ്യമായ കഴിവുകളോടെ അവരെ സജ്ജമാക്കുകയും ചെയ്യുക എന്നതാണ് വനിതാ സെല്ലിന്റെ പ്രധാന ലക്ഷ്യം. 2023-24 ൽ 100 കോളേജുകളിൽ നിന്നും 20,000 വിദ്യാർഥികൾ വനിതാ സെൽ പ്രവർത്തനങ്ങളുടെ ഭാഗമായി. ലിംഗസമത്വം എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്ത് ലിംഗസൗഹൃദ ക്യാമ്പസുകൾ സൃഷ്ടിക്കുന്നതിനുമായി മിശ്ര കോളേജുകളിൽ വനിതാ സെല്ലുകൾ ആരംഭിച്ചു.

**സ്ത്രീകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ:** സ്ത്രീകളുടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനായി അവരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്. ഡബ്ല്യൂ.ഡി.സി, റീച്ച് (ആർഇഎസിഎച്ച്) ആരംഭിച്ചു. 2023-24 കാലയളവിൽ 2,819 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. നഴ്സുമാർക്കുള്ള അഡ്വാൻസ്ഡ് സ്കിൽ എൻഹാൻസ്മെന്റ് പരിപാടിയിലൂടെ (എഎസ്ഇപിഎൻ) 285 പ്രൊഫഷണലുകൾക്ക് പരിശീലനം നൽകി.

**ജെൻഡർ പാർക്ക്:** വിവിധ പദ്ധതികൾ, സാംസ്കാരിക, അക്കാദമിക് പരിപാടികൾ എന്നിവയുടെ സംയോജന കേന്ദ്രമായി കോഴിക്കോട് സ്ഥിതി ചെയ്യുന്ന പ്രധാന ക്യാമ്പസിലൂടെ സംസ്ഥാനത്ത് ലിംഗപദവിസമത്വത്തിനും ശാക്തീകരണത്തിനും തുടക്കമിടാനുള്ള വനിതാ-ശിശു വികസന വകുപ്പിന്റെ സംരംഭമാണിത്. ഇതിൽ ഒരു ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ (ഐസിസി), ആംഫി തിയേറ്റർ, ലൈബ്രറി, ഹെറിറ്റേജ് മ്യൂസിയം എന്നിവ ഉൾപ്പെടുന്നു. ലിംഗ പദവി പഠനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ അടുക്കി വയ്ക്കുന്നതിനാണ് ലൈബ്രറി പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്നത്. രാജ്യത്തെ ഇത്തരത്തിലുള്ള ആദ്യത്തെ ലിംഗ പദവിയിൽ അധിഷ്ഠിത സംരംഭമെന്ന നിലയിൽ, ഗവേഷണവും പഠനവും മെച്ചപ്പെടുത്താനും ലിംഗ അവബോധം പ്രോത്സാഹിപ്പിക്കാനും സമൂഹത്തിലെ വ്യത്യസ്ത ലിംഗ വിഭാഗങ്ങളുടെ ശാക്തീകരണം പ്രോത്സാഹിപ്പിക്കാനും ലൈബ്രറി ലക്ഷ്യമിടുന്നു. യുഎൻ വനിതകളുമായി സഹകരിച്ച് ഒരു ജെൻഡർ ഡാറ്റാ ഹബ് സ്ഥാപിച്ചു. ഹെറിറ്റേജ് മ്യൂസിയം, ലൈബ്രറി എന്നിവയ്ക്കൊപ്പം ജെൻഡർ പാർക്കിനെ ലിംഗപരമായ പ്രവർത്തനങ്ങളുടെ സൗത്ത് ഏഷ്യൻ ഹബ്ബാക്കി മാറ്റും. ദക്ഷിണേഷ്യൻ മേഖലയിലെ ലിംഗസമത്വത്തെ അഭിസംബോധന ചെയ്യുന്നതിനായി തുല്യ പങ്കാളികളായി ഒത്തുചേരുന്നതിന് 2020 ഡിസംബറിൽ ജെൻഡർ പാർക്കും യുഎൻ വനിതകളും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. യുഎൻ വുമണുമായി സഹകരിച്ചുള്ള ജെൻഡർ പാർക്ക് നഗര ആസൂത്രണ പ്രക്രിയയിലെ വിടവുകൾ പരിശോധിക്കാൻ ലക്ഷ്യമിടുന്നു. ഭൂവിനിയോഗ ആസൂത്രണം ഉൾപ്പെടെയുള്ള നഗര ഇടങ്ങളുടെ ആസൂത്രണവും വികസനവും എങ്ങനെയെന്ന് പരിശോധിക്കുക എന്നതാണ് ഈ പദ്ധതിയുടെ പിന്നിലെ വിശാലമായ ആശയം; പ്രാദേശിക/നഗര/മേഖലാ ആസൂത്രണം; പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് സ്ത്രീകളുടെയും ട്രാൻസ്ജെൻഡർ വ്യക്തികളുടെ പൊതു ഇടങ്ങളിലേക്കുള്ള പ്രവേശനത്തെ ബാധിക്കുന്നു.

സ്ത്രീകളുടെയും ട്രാൻസ്ജെൻഡർ വ്യക്തികളുടെയും വൈവിധ്യവും സർഗ്ഗാത്മകതയും ആഘോഷിക്കുന്ന ഒരു ഉത്സവം പോലെയാണ് ആർപ്പോ. ഈ നൂതനമായ പ്ലാറ്റ്ഫോം കലയിലൂടെയും സംസ്കാരത്തിലൂടെയും അവരുടെ തനതായ കഴിവുകളും കാഴ്ചപ്പാടുകളും പ്രദർശിപ്പിച്ചുകൊണ്ട് അവരുടെ ചിന്തകളും ആശയങ്ങളും പ്രകടിപ്പിക്കാൻ അവരെ പ്രാപ്തരാക്കുന്നു.

**ലിംഗപദവി സ്വയം പഠന പരിപാടി (ജിഎസ്എൽപി)** : ലിംഗപദവിപരമായ പ്രശ്നങ്ങൾ സ്വയം മനസിലാക്കാനും പഠിക്കാനും സ്ത്രീകളെ പ്രാപ്തരാക്കുന്നതിനായി 2007ൽ കുടുംബശ്രീ ജി.എസ്.എൽ.പി ആരംഭിച്ചു. "അയൽക്കൂട്ടങ്ങളിലെ സ്ത്രീകൾ ലിംഗപദവി ഭേദങ്ങളെയും അവരുടെ ജീവിതാനുഭവത്തിലെ സന്ദർഭങ്ങൾ വച്ച് മനസിലാക്കുന്ന ഒരു പങ്കാളിത്ത വിദ്യാഭ്യാസ പദ്ധതിയാണിത്." സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ചും അവരുടെ കാഴ്ചപ്പാടുകൾ എങ്ങനെ പ്രകടിപ്പിക്കണമെന്നതിനെക്കുറിച്ചും ഒരു കൂട്ടായ ബോധം വളർത്തിയെടുക്കാൻ ഈ പഠന പ്രക്രിയ സ്ത്രീകളെ സഹായിക്കുന്നു. ഈ പരിപാടിയിൽ അയൽക്കൂട്ടങ്ങളുടെ തലം വരെയുള്ള റിസോഴ്സ്പേഴ്സൺമാരായി ആകെ ഏകദേശം 86,307 സ്ത്രീകളെ പരിശീലിപ്പിച്ചു, റിസോഴ്സ് പേഴ്സൺമാരും 3,47,006 സപ്പോർട്ട് ടീം അംഗങ്ങളും ഉൾപ്പെടെ ആകെ 4,33,313 സ്ത്രീകൾ പരിശീലനത്തിന് വിധേയരായി. സംസ്ഥാനത്തിലെ 35 ലക്ഷം സ്ത്രീകൾ ഈ പദ്ധതിയിൽ ഉൾപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. പഠന പ്രക്രിയയ്ക്കായി തിരഞ്ഞെടുത്ത അഞ്ചു വിഷയങ്ങൾ ഇവയാണ്: (1) സ്ത്രീകളും തൊഴിലും, (2) സ്ത്രീകളും ആരോഗ്യവും, (3) സ്ത്രീകളും ചലനാത്മകതയും, (4) ലിംഗനീതിയും സമത്വവും, (5) സ്ത്രീധനത്തിനും ലിംഗാധിഷ്ഠിത അക്രമത്തിനും എതിരായ പ്രമേയം. സ്ത്രീധനത്തിനും ലിംഗാധിഷ്ഠിത അക്രമത്തിനുമെതിരെയുള്ള പ്രതിപാദ്യം 2021-ൽ "സ്ത്രീപക്ഷനവകേരളം പ്രോഗ്രാം" എന്ന പേരിൽ ആരംഭിച്ചു. കുടുംബശ്രീ ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺമാർ, മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, വിദ്യാർഥികൾ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്കായി വിവിധ തലങ്ങളിൽ ലിംഗ പദവി ബോധവത്കരണ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. ഈ അടുത്ത കാലത്തായി തൃശ്ശൂർ കിലയിൽ തൃശ്ശൂർ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ലിംഗ പദവി വികസന പ്രവർത്തനങ്ങളെക്കുറിച്ചും കോവിഡിന് ശേഷമുള്ള സാഹചര്യങ്ങളെക്കുറിച്ചും "റിവൈറ്റലൈസ്" എന്ന ഒരു അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു. നിലവിൽ ജെൻഡർ വിഷയവുമായി ബന്ധപ്പെട്ട വ്യക്തികളെ എൻഎച്ച്ജി, എഡിഎസ്, സിഡിഎസ് തലങ്ങളിൽ നിന്ന് തെരഞ്ഞെടുത്തു, ലഭ്യമായ മൊഡ്യൂളുകൾ ഉപയോഗിച്ച് പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി തീയേറ്റർ ആക്റ്റിവിറ്റി, എഐ ആക്റ്റിവിറ്റി എന്നിവ അടിസ്ഥാനമാക്കിയാണ് പരിശീലനം ആസൂത്രണം ചെയ്തിരിക്കുന്നത്.

**കേരള വനിതാ കമ്മീഷൻ :** ലിംഗപദവി ബോധവൽക്കരണ പരിപാടി- കേരള വനിതാ കമ്മീഷന്റെ ഒരു പ്രധാന പ്രവർത്തനം ജാഗ്രത സമിതി (താഴ്ന്ന തലത്തിലുള്ള ഒരു കാവൽ സ്ഥാപനം) അംഗങ്ങളുടെ പരിശീലനമാണ്, ഇതിന് സാമൂഹ്യ പങ്കാളിത്തത്തോടെ കുറ്റകൃത്യങ്ങൾ തടയുന്നതിൽ വളരെ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും. കമ്മീഷൻ സെമിനാറുകൾ/നിയമ ശിൽപ ശാലകൾ, പഞ്ചായത്ത് ജാഗ്രതാ സമിതികൾക്കായി സ്ത്രീകളുമായി ബന്ധപ്പെട്ടതും മറ്റുള്ളതുമായ വിവിധ നിയമ നടപടികളെക്കുറിച്ചും അദാലത്തുകളെക്കുറിച്ചും പരിശീലന പരിപാടികൾ എന്നിവ നടത്തുന്നു. നമ്മുടെ സംസ്ഥാനത്തെ യുവാക്കളെ കൗമാരകാലത്ത് അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അവരെ ബോധവത്കരിക്കുന്നതിനായി കമ്മീഷൻ ഒരു വർഷം നീണ്ടുനിൽക്കുന്ന ബോധവൽക്കരണ പരിപാടി "കൗമാരം കരുത്താക്കൂ" നടത്തുകയുണ്ടായി. 2011-24 മുതൽ (മാർച്ച് 31, 2024 വരെ) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, സ്വത്ത് സംബന്ധമായ പ്രശ്നങ്ങൾ, ഗാർഹിക പീഡനം, കുടുംബ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങി സ്ത്രീകൾക്കെതിരായ വിവിധ കേസുകളുമായി ബന്ധപ്പെട്ട് മൊത്തം 78,237 പരാതികൾ വനിതാ കമ്മീഷന് ലഭിച്ചു. ഏറ്റവും കൂടുതൽ പരാതികളുമായി തിരുവനന്തപുരം ഒന്നാമതും (28,103 പരാതികൾ) 7,400 പരാതികളുമായി കൊല്ലം ജില്ല തൊട്ടുപിന്നാലെയുമാണ്. ആകെയുള്ള പരാതികളിൽ 14,175 കുടുംബ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടും 8,070 ഗാർഹിക പീഡന കേസുകളും 6,574 സ്വത്ത് സംബന്ധമായ കേസുകളുമാണ്. 2024 മാർച്ച് വരെ ലഭിച്ച പരാതികളുടെ വിഭാഗം തിരിച്ചുള്ളതും ജില്ല തിരിച്ചുള്ളതുമായ വിശദാംശങ്ങൾ **അനുബന്ധം 8.1.7** ൽ കൊടുത്തിരിക്കുന്നു.

**ശരണ്യപദ്ധതി:** തൊഴിലില്ലാത്ത വിധവകൾ, ഉപേക്ഷിക്കപ്പെട്ട / വിവാഹമോചിതരായ / അവിവാഹിതരായ സ്ത്രീകൾ / അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ സ്ത്രീകൾ, കിടപ്പിലായവരുടെ ഭാര്യമാർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകി സഹായിക്കുന്നതിനുള്ള ഒരു സ്വയം തൊഴിൽ പദ്ധതിയാണ് ശരണ്യ. തൊഴിൽ വകുപ്പാണ് ഇത് നടപ്പാക്കുന്നത്. 2023-24 കാലയളവിൽ 1,609 സ്ത്രീകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായവരുടെ പുനരധിവാസവും ക്ഷേമവും ലക്ഷ്യമിട്ടാണ് കൈവല്യ പദ്ധതി. എംപ്ലോയ്മെന്റ് വകുപ്പാണ് ഇത് നടപ്പിലാക്കുന്നത്. 2023 ൽ 69 സ്ത്രീകൾക്കും 2024 ൽ (ജൂലൈ 2024 വരെ) 5 സ്ത്രീകൾക്കും യഥാക്രമം ഈ പദ്ധതിയിലൂടെ ധനസഹായം ലഭിച്ചു.

ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ (ICFOSS) ജെൻഡർ, ടെക്നോളജി ഹാക്കത്തോൺ, ബാക്ക് ടു വർക്ക്, വിന്റർ സ്കൂൾ, സമ്മർ സ്കൂൾ, വെർച്വൽ പരിശീലനം, ക്യാമ്പയ്നുകൾ, ഫെലോഷിപ്പുകൾ എന്നിവയിലൂടെ ജെൻഡർ ടെക്നോളജി സംരംഭത്തിനു പിന്തുണ നൽകുന്നു.

**കേരളത്തിലെ ട്രാൻസ്ജെൻഡർ സമൂഹം**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് (ടിജികൾ) തുല്യതയ്ക്കും തുല്യ സംരക്ഷണത്തിനുമുള്ള അവകാശം ദൃഢമായി സ്ഥാപിച്ച 2014 ലെ സുപ്രീം കോടതിയുടെ സുപ്രധാന വിധിക്ക് ശേഷം സംസ്ഥാന സർക്കാർ 2015 ലെ അവകാശാടിസ്ഥാനത്തിലുള്ള ട്രാൻസ്ജെൻഡർ നയം പുറത്തിറക്കി. ട്രാൻസ്ജെൻഡർ വ്യക്തികളുടെ

(അവകാശ സംരക്ഷണം) നിയമം, 2019, ഇന്ത്യയിലെ ട്രാൻസ്ജെൻഡറുകളുടെ അവസ്ഥയെക്കുറിച്ച്, പ്രത്യേകിച്ച് സ്വയം തിരിച്ചറിയാനുള്ള അവകാശവുമായി ബന്ധപ്പെട്ട് നിരവധി ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്. കേരളത്തിൽ പൊതു ഇടങ്ങളിൽ ട്രാൻസ്ജെൻഡറുകളുടെ ദൃശ്യപരതയും കഴിഞ്ഞ കുറച്ച് വർഷങ്ങളായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ മറ്റ് ലൈംഗിക സ്വത്വങ്ങളുള്ള ആളുകളുടെ പ്രശ്നങ്ങൾ ഇപ്പോഴും ആ രീതിയിൽ എടുത്തുകാണിക്കുന്നില്ല. ക്ഷേമവും അന്തസ്സും നിറഞ്ഞ ജീവിതത്തിന് ആവശ്യമായ അടിസ്ഥാന കഴിവുകൾ പോലും സ്വായത്തമാക്കാൻ ഇവർക്ക് കഴിയുന്നില്ലെന്ന് സാമൂഹ്യനീതി വകുപ്പ് നടത്തിയ സർവേയിൽ കണ്ടെത്തി. അതിനാൽ, ട്രാൻസ്ജെൻഡർ വ്യക്തികളെ ഉൾപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ കേവലം സാമ്പത്തിക നടപടികളിൽ മാത്രമായി പരിമിതപ്പെടുത്താനാവില്ല.

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ പ്രാഥമികമായി സാമൂഹ്യനീതി വകുപ്പിലൂടെയും കൂടാതെ മറ്റു വകുപ്പുകളിലൂടെയും, നടപ്പിലാക്കുന്നു. അതുപോലെ, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ എൽജിബിടികളുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ/ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ലിംഗമാറ്റ ശസ്ത്രക്രിയകൾക്കുള്ള നടപടികൾ ഡിഎച്ച്എസ് ആരംഭിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള കൗൺസിലിങ്ങിനും മരുന്നിനുമായി ഹോമിയോപ്പതി ഡയറക്ടറേറ്റ് 'നിസർഗ' എന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (കെഎസ്എൽഎംഎ) അനുവദിച്ച പ്രത്യേക സാക്ഷരതാ പരിപാടിയിൽ, സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സൗജന്യവും തുടർ വിദ്യാഭ്യാസവും നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സമന്വയ പരിപാടിയുടെ ഭാഗമായി, അവർ കെഎസ്എൽഎംഎ യുടെ 4, 7, 10, 12 തുല്യതാ പ്രോഗ്രാമുകളിൽ ചേർന്നിട്ടുണ്ട്. 2022-23-ൽ 96 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഈ പരിപാടിയുടെ പ്രയോജനം ലഭിച്ചു. തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി, ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയിൽ നിന്നുള്ള 918 പേർക്കിടയിൽ കെഎസ്എൽഎംഎ ഒരു സർവേ നടത്തി, അതിൽ 20.3 ശതമാനം പേർ തൊഴിലില്ലാത്തവരാണെന്നും 16.7 ശതമാനം പേർ സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്നവരാണെന്നും 1.6 ശതമാനം പേർക്ക് സർക്കാർ ജോലിയുണ്ടെന്നും 5.9 ശതമാനം പേർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണെന്നും കണ്ടെത്തി. 30 ശതമാനത്തിലധികം പേർ ഏതെങ്കിലും തരത്തിലുള്ള സ്വയം തൊഴിലിൽ ഏർപ്പെട്ടിരുന്നു. ജോലി ചെയ്യുന്ന ഭൂരിഭാഗം ആളുകളും തങ്ങളുടെ വ്യതിരിക്തമായ ലൈംഗിക സ്വത്വം ഏതെങ്കിലും ഔദ്യോഗിക രേഖകളിൽ സമൂഹത്തിന് മുന്നിൽ വെളിപ്പെടുത്തിയിരുന്നില്ല. 100 ട്രാൻസ്ജെൻഡർ വ്യക്തികളിൽ ആറ് പേർ ഭിക്ഷാടനത്തിലും എട്ട് പേർ ലൈംഗിക തൊഴിലിലും ഏർപ്പെട്ടിരിക്കുന്നതായും സർവേ കണ്ടെത്തി. നാല് ശതമാനത്തിലധികം ആളുകൾക്ക് അവരുടെ ഐഡന്റിറ്റി തെളിയിക്കാനുള്ള രേഖകളൊന്നും ഉണ്ടായിരുന്നില്ല. സർവേയിൽ പങ്കെടുത്ത ട്രാൻസ്ജെൻഡർ വ്യക്തികളിൽ 1.2 ശതമാനം പേർക്ക് മാത്രമേ എഴുതാനും വായിക്കാനും അറിയാതെയുള്ളൂ. ട്രാൻസ്ജെൻഡർ വ്യക്തികൾക്കിടയിൽ ഉയർന്ന ക്ലാസിലെത്തുമ്പോൾ കൂട്ടതലും സാമൂഹിക അവഹേളനം കാരണം സ്കൂൾ ഉപേക്ഷിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. 10.6 ശതമാനം പേർ IV നും VII നും ക്ലാസ്സുകൾക്കിടയിൽ സ്കൂൾ വിട്ടു പോയപ്പോൾ 40 ശതമാനം പേർ VII -നും X -നും ഇടയിൽ പഠനം ഉപേക്ഷിച്ചു. സർവേയിൽ പങ്കെടുത്ത ട്രാൻസ്ജെൻഡർ വ്യക്തികളിൽ 26.5 ശതമാനം പേർ പ്ലസ് ടു പാസായിരുന്നു. 13.6 ശതമാനം പേർ ബിരുദധാരികളും 2.1 ശതമാനം ബിരുദാനന്തര ബിരുദധാരികളും. സർവേയിൽ പങ്കെടുത്തവരിൽ 67.1 ശതമാനം പേരും കെഎസ്എൽഎംഎയുടെ തുടർവിദ്യാഭ്യാസ പരിപാടികളിൽ ചേരാൻ താൽപ്പര്യമുള്ളവരായിരുന്നു.

2018-19ൽ, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ സ്വന്തം ആസൂത്രണത്തിന് സഹായിക്കുന്ന വിവിധ പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി സാമൂഹിക നീതി ഡയറക്ടറേറ്റിലെ ട്രാൻസ്ജെൻഡർ സെൽ രൂപീകരിച്ചു. അതിനുശേഷം, സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനായുള്ള എല്ലാ പദ്ധതികളും മഴവില്ല് എന്ന സമഗ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സാമൂഹ്യ തല പരിപാടി, സ്ഥാപനപരമായ ഇടപെടൽ, ഗവേഷണവും സർവേയും, അവബോധനവും ശിൽപശാലകളും, നൈപുണ്യ വികസനം എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലോത്സവം സംഘടിപ്പിക്കുകയും, വിവാഹ സഹായം നൽകുകയും, ലൈഫ് മിഷൻ ഭവന പദ്ധതിയിൽ മുൻഗണനാ വിഭാഗമായി അവരെ ഉൾപ്പെടുത്തുകയും ചെയ്തു. ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഹെൽപ്പ് ലൈൻ സ്ഥാപിച്ചു. വിദ്യാഭ്യാസം (സ്കൂൾ കൊഴിഞ്ഞുപോക്ക് കൂടുതലാണ്), തൊഴിലധിഷ്ഠിത പരിശീലനം, സ്വയം തൊഴിൽ, മത്സര പരീക്ഷകളിൽ പങ്കെടുക്കൽ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു. വൈദ്യോപദേശത്തെ അടിസ്ഥാനമാക്കി ആശുപത്രികളിലെ ലിംഗമാറ്റ ശസ്ത്രക്രിയ (എസ്ആർഎസ്) യുടെ തുക 2019-ൽ 2 ലക്ഷം രൂപയായും 2020-ഓടെ 5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തിരിച്ചറിയൽ കാർഡുകൾക്കും സർട്ടിഫിക്കറ്റുകൾക്കും ഓൺലൈനായി അപേക്ഷിക്കാനും സ്വീകരിക്കാനും അനുവദിക്കുന്ന ഒരു പ്ലാറ്റ്ഫോമാണ് നാഷണൽ പോർട്ടൽ ഫോർ ട്രാൻസ്ജെൻഡർ പേഴ്സൺസ് (NPTP). കേരളത്തിൽ 2024 മെയ് വരെ 1,208 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ട്രാൻസ്ജെൻഡർ ഐഡി കാർഡുകൾ വിതരണം ചെയ്തു.

ഹോസ്റ്റൽ സൗകര്യം, ബ്യൂട്ടീഷ്യൻ കോഴ്സ്, തുടർ വിദ്യാഭ്യാസ പദ്ധതി, തയ്യൽ മെഷീൻ വിതരണം, സംരംഭകത്വ വികസന പരിപാടികൾ, ടിജി ഷോർട്ട് സ്റ്റേ/ ഷെൽട്ടർ ഹോമുകൾ, എസ്ആർഎസ് ശസ്ത്രക്രിയക്ക് ശേഷമുള്ള തുടർ ചികിത്സ, എച്ച്ഐവി സീറോ നിരീക്ഷണ കേന്ദ്രം (കെഎസ്എസ്ഡബ്ല്യുബി), ഡ്രൈവിംഗ് പരിശീലനം, ടിജി സൗഹൃദ ടോയ്ലറ്റ്, സ്വയം തൊഴിൽ സഹായം, വർണം (ടിജി ഉത്സവം), വിവിധ ഉദ്യോഗസ്ഥർ, തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എന്നിവർക്കിടയിലും

സ്കൂൾ/കോളേജുകളിലും ബോധവൽക്കരണം എന്നിവ സാമൂഹ്യനീതി വകുപ്പ്, ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി നടപ്പിലാക്കുന്ന മറ്റ് പദ്ധതികളാണ്.

ട്രാൻസ്ജെൻഡർ വ്യക്തികളെ സ്വയം തൊഴിലിലൂടെ സ്വയം പര്യാപ്തരാക്കാൻ സഹായിക്കുന്നതിനായി കേരള വനിതാ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പാ പദ്ധതി 2020-21 ൽ ആരംഭിച്ചു. സാമൂഹ്യനീതി ഡയറക്ടറേറ്റിന്റെ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പ്രാരംഭ ഘട്ട വായ്പ വിതരണത്തിനായി 30 ലക്ഷം അനുവദിക്കുകയും 22 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും ചെയ്തു.

## ലിംഗപദവി ബജറ്റ്

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വനിത ഘടക പദ്ധതി (ഡബ്യൂസിപി) നിർബന്ധമായി ഉൾപ്പെടുത്തികൊണ്ട് ഒൻപതാം പദ്ധതിയുടെ സമയത്ത് പ്രാദേശിക സർക്കാർ തലത്തിൽ ഒരു ലിംഗപദവി പ്രതികരണ ബജറ്റ് കേരളത്തിൽ അവതരിപ്പിച്ചു. സംസ്ഥാനത്ത് നിന്ന് 35-40 ശതമാനം വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് (എൽ. എസ്.ജി.ഐകൾ) വിഭജിച്ചതോടെ, ഓരോ പഞ്ചായത്തിനും അവരുടെ വികസന പദ്ധതി രേഖയിൽ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് ഒരു അധ്യായം തയ്യാറാക്കാൻ നിർദ്ദേശം നൽകുകയും ലിംഗപദവി ബജറ്റിന്റെ ആദ്യരൂപം 1996ൽ സംസ്ഥാനത്ത് ഉണ്ടാകുകയും ചെയ്തു. 9-ാം പദ്ധതി സമയത്ത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകളുടേയോ, സ്ത്രീകൾക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതികൾക്കു വേണ്ടിയോ നീക്കി വച്ചിരുന്നു. അവ വനിതാ ഘടക പദ്ധതി (ഡബ്ല്യു. സി.പി) എന്നറിയപ്പെട്ടു.

ലിംഗപദവി ബജറ്റിംഗ് പ്രക്രിയ സ്ഥാപനവൽക്കരിക്കുന്നതിന് 2005-06 ലെ കേന്ദ്ര ബജറ്റിലാണ് ലിംഗപദവി ബജറ്റ് അവതരിപ്പിച്ചത്. കേരളത്തിലെ സംസ്ഥാന ബജറ്റിൽ ലിംഗപദവി പ്രതികരണ ബജറ്റ് ആക്കുന്നതിന് കാര്യമായ ശ്രമങ്ങൾ നടന്നിട്ടുണ്ട്. 11-ാം പദ്ധതിയിലാണ് ലിംഗപദവി ബജറ്റിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയത്. വകുപ്പുകളിലുടനീളം പെൺകുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി വിഭാവനം ചെയ്ത വിഭവങ്ങൾ ഉൾപ്പെടുത്തി പ്രത്യേക രേഖയായി 2017-18 ലാണ് സംസ്ഥാനത്ത് ആദ്യമായി ലിംഗപദവി ബജറ്റ് അവതരിപ്പിച്ചത്.

2023-24 ൽ, സ്ത്രീകളുടെ നിർദ്ദിഷ്ട പദ്ധതികൾക്കായി (പാർട്ട് എ) 1479.5 കോടി രൂപയും (6.7 ശതമാനം) പാർട്ട് ബിയിലെ കോമ്പോസിറ്റ് പദ്ധതികൾക്കായി 3190.7 കോടി രൂപയും (14.4 ശതമാനം) സ്ത്രീകൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. മൊത്തം തുകയുടെ 21.1 ശതമാനമായ 4670.2 കോടി രൂപ സ്ത്രീകൾക്കായി നീക്കിവച്ചിട്ടുണ്ട്. ഈ തുകയിൽ 5.0 കോടി രൂപ ട്രാൻസ്ജെൻഡർ വ്യക്തികളുടെ പദ്ധതിയായ മഴവില്ലിനായി വകയിരുത്തിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 4,661.5 കോടി രൂപയാണ് സംസ്ഥാനത്തെ ജെൻഡർ ബജറ്റിങ്ങിന്റെ ആകെ അടങ്കൽ. 2022-23 ലെ 20.90 ശതമാനത്തിൽ നിന്ന് (4665.2 കോടി രൂപ) സ്ത്രീകൾക്കുള്ള വിഹിതം മൊത്തം പദ്ധതി വിഹിതത്തിന്റെ 21 ശതമാനത്തിലെത്തി. 90-100 ശതമാനം സ്ത്രീകളുടെ പ്രത്യേക പദ്ധതികൾക്കുള്ള വിഭവ വിഹിതം 10.5 ശതമാനമാണെങ്കിൽ, 2022-23 ൽ 7.3 ശതമാനമായിരുന്നു. എന്നാൽ 90 ശതമാനത്തിൽ താഴെയുള്ള വിഭവ വിഹിതമുള്ള പദ്ധതികൾക്ക് 10.8 ശതമാനമാണ്.

## മുന്നോട്ട്

ആസൂത്രണത്തിലും വികസനത്തിലും ലിംഗപദവിക്ക് ഒരു കേന്ദ്ര സ്ഥാനം നൽകുന്നത് പ്രധാനമാണ്, കാരണം സ്ത്രീകൾക്കെതിരായ വിവേചനം ഒരു സ്ത്രീയുടെ മാത്രം പ്രശ്നമല്ല, മറിച്ച് സമൂഹത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്ക് നിർണ്ണായകമാണ്. സ്ത്രീകൾക്ക് തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള സർക്കാരിന്റെ ശ്രമഫലമായി സ്ത്രീകളുടെ തൊഴിലവസരത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. പുതിയ നൈപുണ്യ പരിപാടികൾക്ക് ഊന്നൽ നൽകിക്കൊണ്ട് ഈ സംരംഭം നിലനിർത്തുകയും ഗുണനിലവാരമുള്ള തൊഴിൽ നൽകുകയും ചെയ്യേണ്ടത് അടിയന്തിരമായ ആവശ്യമാണ്. സ്ത്രീ ശാക്തീകരണത്തിന്റെ ചില മാനങ്ങളിൽ കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. എന്നിരുന്നാലും, വേതന അസമത്വം, താഴ്ന്ന വരുമാനമുള്ള ജോലികളിലെ സ്ത്രീകളുടെ കേന്ദ്രീകരണം, ലിംഗാധിഷ്ഠിത അക്രമം തുടങ്ങിയ ആശങ്കാജനകമായ വിഷയങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. അതുപോലെ തന്നെ ഉയർന്ന തലങ്ങളിൽ (നിയമസഭ, പാർലമെന്റ്) തീരുമാനമെടുക്കുന്ന സമിതികളിൽ സ്ത്രീകളുടെ പങ്കാളിത്തം ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

# 8.2 സാമൂഹ്യ-സാമ്പത്തിക ദുർബലതകളെ അഭിമുഖീകരിക്കൽ

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ**

കേരളത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ ജനസംഖ്യയുടെ യഥാക്രമം 9.1 ശതമാനവും 1.5 ശതമാനവുമാണ്. ജില്ല തിരിച്ചുള്ള പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യയുടെ വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 8.2.1**–ലും, **8.2.2**-ലും നൽകിയിരിക്കുന്നു. കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യയുടെ സാക്ഷരത, ലിംഗാനുപാതം എന്നിവയുടെ ദേശീയതല കണക്കുകളുമായുള്ള താരതമ്യം **അനുബന്ധം 8.2.3** ൽ നൽകിയിരിക്കുന്നു. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസ് 1958 ലെ റൂൾ 14(എ) പ്രകാരം, സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 10 ശതമാനം പ്രാതിനിധ്യം പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കായി (പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനവും) സംവരണം ചെയ്തിട്ടുണ്ട്. പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ-എ) വകുപ്പിന്റെ വാർഷിക അവലോകന കണക്കനുസരിച്ച്, ജനുവരി 1, 2024-ന് 90 സംസ്ഥാന സർക്കാർ വകുപ്പുകളിൽ 33 എണ്ണത്തിൽ നിന്നുള്ള കണക്കുകൾ പ്രകാരം ആകെ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം 12.04 ശതമാനവും ഇതിൽ പട്ടികജാതി പ്രാതിനിധ്യം 9.71 ശതമാനവും പട്ടികവർഗ്ഗ പ്രാതിനിധ്യം 2.33 ശതമാനവുമാണ്. ഇതേ കണക്കുകൾ സൂചിപ്പിക്കുന്നത് പോലെ ജനുവരി 1, 2023-ന് 89 വകുപ്പുകളിൽ 78 എണ്ണത്തിന്റെ കണക്കുകൾ പ്രകാരം പട്ടികജാതിക്കാർക്ക് 9.51 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2.99 ശതമാനവുമാണ് സംസ്ഥാന സർക്കാരിലെ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം. സർക്കാർ സർവീസുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ബാക്ക് ലോഗ് ഒഴിവുകൾ നികത്തുന്നതിൽ കേരള സർക്കാർ പ്രതിബദ്ധത പുലർത്തുന്നു. പട്ടികജാതി വിഭാഗങ്ങളുടെ ബാക്ക് ലോഗ് ഒഴിവുകൾ 2018-ൽ 1,120 ആയിരുന്നതിൽ നിന്നും 2024-ൽ 372 ആയും പട്ടികവർഗ്ഗ വിഭാഗങ്ങളുടേത് ഇതേ കാലയളവിൽ 1,148-ൽ നിന്ന് 431 ആയി കുറയ്ക്കുന്നതിനും കഴിഞ്ഞു. 2018-നും 2024-നും ഇടയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ 2,936 ബാക്ക് ലോഗ് ഒഴിവുകൾ സർക്കാർ സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രക്രിയയിലൂടെ നികത്തി. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർക്കാർ സർവീസിലുള്ള പ്രാതിനിധ്യത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 8.2.4**–ൽ നൽകിയിരിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വികസന പരിപാടികൾ**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ജനങ്ങളുടെ വികസനവും ക്ഷേമവും ഉറപ്പാക്കുന്നതിൽ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും വികസനത്തിനായി, ആകെ വാർഷിക പദ്ധതി അടങ്കലിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യാനുപാതത്തേക്കാൾ കൂടിയ വിഹിതം പട്ടികജാതി ഉപപദ്ധതിയ്ക്കായും (എസ്.സി.എസ്.പി) പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കായും (ടി.എസ്.പി) നീക്കിവയ്ക്കുന്നത് സംസ്ഥാന സർക്കാരിന്റെ നയമാണ്. നിലവിൽ സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81 ശതമാനം പട്ടികജാതിക്കാരുടെ ക്ഷേമത്തിനും 2.83 ശതമാനം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായും വകയിരുത്തിയിട്ടുണ്ട്. വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കും പ്രാദേശിക സർക്കാരുകൾക്കും പദ്ധതി വിഹിതം വകയിരുത്തുന്നുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത

പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരും ഫണ്ട് അനുവദിക്കുന്നുണ്ട്. ആകെ സംസ്ഥാന പദ്ധതി അടങ്കലിൽ നിന്നും പട്ടികജാതി ഉപപദ്ധതിയ്ക്കായി (എസ്.സി.എസ്.പി) വകയിരുത്തുന്ന ഫണ്ടിന്റെ ഏകദേശം 45 ശതമാനവും പട്ടികവർഗ്ഗ ഉപപദ്ധതിയിൽ (ടി.എസ്.പി) വകയിരുത്തുന്ന ഫണ്ടിന്റെ 23 ശതമാനവും വികേന്ദ്രീകൃത ആസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ബാക്കി തുക പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി നീക്കി വയ്ക്കുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ ആകെ പദ്ധതി അടങ്കലായ 30,370 കോടി രൂപയിൽ നിന്നും പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി യഥാക്രമം 2,979.40 കോടി രൂപയും 859.50 കോടി രൂപയുമാണ് 2024-25-ൽ നീക്കിവെച്ചിരുന്നത്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി 2017-18 മുതൽ 2024-25 വരെ പ്രതിവർഷം വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ **പട്ടിക 8.2.1**-ൽ നൽകിയിരിക്കുന്നു.

### പട്ടികജാതി വിഭാഗക്കാരുടെ വികസനം

2011-ലെ സെൻസസ് പ്രകാരം, കേരളത്തിലെ പട്ടികജാതി ജനസംഖ്യ 30.39 ലക്ഷം ആണ്. ഇവർ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 9.10 ശതമാനത്തോളം വരുന്നു. സംസ്ഥാനത്ത് 26,342 പട്ടികജാതി നഗറുകളും[1] പട്ടികജാതി വിഭാഗത്തിൽ 53 സമുദായങ്ങളുമാണുള്ളത്. ഇതിൽ വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്കിലിയർ തുടങ്ങിയ സമുദായങ്ങളെ പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങളായി കണക്കാക്കുന്നു. സംസ്ഥാനത്തെ മൊത്തം പട്ടികജാതി ജനസംഖ്യയുടെ 3.65 ശതമാനമാത്തോളം വരും ഈ ദുർബല വിഭാഗങ്ങളിലെ ജനങ്ങൾ.

2023-24-ലെ ബജറ്റിൽ പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ 2,979.40 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 1,638.10 കോടി രൂപ പട്ടികജാതി വികസന വകുപ്പിനും 1,341.30 കോടി

**പട്ടിക 8.2.1** 2017-18 മുതൽ 2024-25 വരെ പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും വകയിരുത്തിയ വിഹിതം (തുക കോടിയിൽ)

| | | എസ്.സി.എസ്.പി വിഹിതം | | | | ടി.എസ്.പി വിഹിതം | | | |
|---|---|---|---|---|---|---|---|---|---|
| വർഷം | ആകെ സംസ്ഥാന പദ്ധതി അടങ്കൽ | പട്ടികജാതി വികസന വകുപ്പിന് അനുവദിച്ച വിഹിതം | പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വിഹിതം | ആകെ | പട്ടികജാതി ഉപപദ്ധതിയിലേയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനം | പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിച്ച വിഹിതം | പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വിഹിതം | ആകെ | പട്ടിക വർഗ്ഗ ഉപ പദ്ധതിയിലേയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനം |
| 2017-18 | 26,500 | 1,427.60 | 1,172.05 | 2,599.65 | 9.81 | 575.08 | 176.00 | 751.08 | 2.83 |
| 2018-19 | 29,150 | 1,570.36 | 1,289.26 | 2,859.62 | 9.81 | 632.59 | 193.60 | 826.19 | 2.83 |
| 2019-20 | 30,610 | 1,649.00 | 1,353.84 | 3,002.84 | 9.81 | 663.27 | 202.99 | 866.26 | 2.83 |
| 2020-21 | 27,610 | 1,487.39 | 1,221.15 | 2,708.54 | 9.81 | 598.26 | 183.10 | 781.36 | 2.83 |
| 2021-22 | 27,610 | 1,487.39 | 1,221.15 | 2,708.54 | 9.81 | 598.26 | 183.10 | 781.36 | 2.83 |
| 2022-23 | 30,370 | 1,638.10 | 1,341.30 | 2,979.40 | 9.81 | 657.95 | 201.55 | 859.50 | 2.83 |
| 2023-24 | 30,370 | 1,638.10 | 1,341.30 | 2,979.40 | 9.81 | 657.95 | 201.55 | 859.50 | 2.83 |
| 2024-25 | 30,370 | 1,638.10 | 1,341.30 | 2,979.40 | 9.81 | 657.95 | 201.55 | 859.50 | 2.83 |
| **Total** | **2,32,590** | **12,536.04** | **10,281.35** | **22,817.39** | **9.81** | **5,041.31** | **1,543.44** | **6,584.75** | **2.83** |

***അവലംബം:*** ബഡ്ജറ്റ് രേഖകൾ, കേരള സർക്കാർ.

*[1] 18/06/2024 തീയതിയിലെ ജി.ഒ (എം.എസ്) നം:16/2024/എസ്.സി.എസ്.ടി.ഡി വഴി, പട്ടികജാതി-പട്ടികവർഗ സമുദായങ്ങളിലെ ജനങ്ങളുടെ താമസ പ്രദേശങ്ങളെ സൂചിപ്പിക്കാൻ 'കോളനി', 'സെറ്റിൽമെന്റ്', 'ഊര്' എന്നിവയ്ക്ക് പകരം 'നഗർ', 'ഉന്നതി', 'പ്രകൃതി' തുടങ്ങിയ പദങ്ങൾ ഉപയോഗിക്കാൻ കേരള സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.*

രൂപ തദ്ദേശ സ്വയംഭരണ സർക്കാരുകൾക്കുമാണ് വകയിരുത്തിയിട്ടുള്ളത്. അനുവദിച്ച ബജറ്റ് വിഹിതത്തിൽ നിന്നും പട്ടികജാതി വികസന വകുപ്പ് 1,262.96 കോടി രൂപയും (77.10 ശതമാനം) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 930.02 കോടി രൂപയും (69.34 ശതമാനം) ചെലവഴിക്കുകയുണ്ടായി. പട്ടികജാതി ക്ഷേമത്തിനായി 2024-25 ബജറ്റിൽ വകയിരുത്തിയ 2,979.40 കോടി രൂപയിൽ നിന്നും പട്ടികജാതി വികസന വകുപ്പിന് 1,638.10 കോടി രൂപയും തദ്ദേശ സ്വയംഭരണ സർക്കാരുകൾക്ക് 1,341.30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആകെ പദ്ധതി അടങ്കലിൽ നിന്നും 2017-18 മുതൽ 2024-25 വരെ വകയിരുത്തിയ പട്ടികജാതി ഉപപദ്ധതി വിഹിതവും അവയുടെ ചെലവും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 8.2.5**-ൽ നൽകിയിരിക്കുന്നു. അതുപോലെ പട്ടികജാതി വികസന വകുപ്പ്, 2023-24, 2024-25 (ഒക്ടോബർ 23, 2024 വരെ) വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളുടെ വിഹിതം, ചെലവ്, ഭൗതീക നേട്ടങ്ങൾ എന്നിവ യഥാക്രമം **അനുബന്ധം 8.2.6, 8.2.7** എന്നിവയിൽ നൽകിയിരിക്കുന്നു. പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി പട്ടികജാതി വികസന വകുപ്പ് വിവിധതരം പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നു. അവയിൽ പ്രധാനപ്പെട്ട ചില പദ്ധതികളും പരിപാടികളും ചുവടെ സംഗ്രഹിച്ചിരിക്കുന്നു.

### പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായുള്ള പ്രധാന വികസന പരിപാടികൾ

#### ഭൂമിയും പാർപ്പിടവും

ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി, സംസ്ഥാന സർക്കാർ 'ഭൂരഹിത കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ ഭൂമി' എന്ന പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകി വരുന്നു. ഈ പദ്ധതിയിലൂടെ 2023-24-ൽ 3,340 ഭൂരഹിത കുടുംബങ്ങളെ സഹായിച്ചു. ഭൂമി വാങ്ങൽ പദ്ധതിയ്ക്കായി 2023-24-ൽ അനുവദിച്ച 180.00 കോടി രൂപയിൽ 127.60 കോടി രൂപ (70.99 ശതമാനം) ചെലവഴിച്ചു. ഈ പദ്ധതി പ്രകാരം 2017-18 മുതൽ 2023-24 വരെ പ്രയോജനം ലഭിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം **ചിത്രം 8.2.1** ൽ നൽകിയിരിക്കുന്നു.


ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം, 2022-23 മുതൽ 2024-25 വരെ (ആഗസ്റ്റ് 31, 2024 വരെ) പട്ടികജാതിക്കാർക്ക് ഭൂമി നൽകിയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.8**-ൽ നൽകിയിരിക്കുന്നു.

ഭവന നിർമ്മാണ പദ്ധതിയിൽ, 2007-08 മുതൽ 2016-17 വരെ പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്തതിൽ പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണവും പുതിയ വീടുകളുടെ നിർമ്മാണവും ലൈഫ് മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. 2017-18 മുതൽ ലൈഫ് മിഷൻ വഴി മൂന്ന് ഘട്ടങ്ങളിലായാണ് പുതിയ ഭവന നിർമ്മാണം നടപ്പിലാക്കുന്നത്. പട്ടികജാതി ഗുണഭോക്താക്കളുടേതായി 1,10,930 വീടുകളുടെ നിർമ്മാണം മൂന്ന് ഘട്ടങ്ങളിലും അധിക ഗുണഭോക്തൃ ലിസ്റ്റുകളിലും ലൈഫ് 2020-ലും, അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയിലുമായി (ഇ.പി.ഇ.പി.) ഇതുവരെ (ആഗസ്റ്റ് 31, 2024 വരെ) പൂർത്തിയാക്കാൻ കഴിഞ്ഞു.

ലൈഫ് മിഷന്റെ ആദ്യ ഘട്ടത്തിൽ (അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം) ഉൾപ്പെട്ട 19,566 അപൂർണ്ണമായ വീടുകളിൽ 19,153 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.

രണ്ടാം ഘട്ടത്തിൽ (ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകുന്ന ഘട്ടം) അർഹരായി കണ്ടെത്തിയ 93,785 ഗുണഭോക്താക്കളിൽ 59,283 കുടുംബങ്ങൾ വീടുനിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെടുകയും 52,086 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ, 7,197 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. മൂന്നാം ഘട്ടത്തിൽ (ഭൂരഹിതരും ഭവനരഹിതരുമായവർക്ക് വീട് നൽകുന്ന ഘട്ടം) ലൈഫ് മിഷൻ കണ്ടെത്തിയ ഗുണഭോക്താക്കളിൽ 7,835 കുടുംബങ്ങൾ നിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെടുകയും, ഇതിൽ 6,087 കുടുംബങ്ങൾ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 1,748 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

**ചിത്രം 8.2.1:** 2017-18 മുതൽ 2023-24 വരെ ഭൂമി ലഭ്യമാക്കിയ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം




***അവലംബം:*** പട്ടികജാതി വികസന വകുപ്പ്

'ഭൂമിയുള്ള ഭവനരഹിതർക്ക് വീട്' നൽകുന്ന അധിക ഗുണഭോക്തൃ പട്ടികയിലെ, യോഗ്യരായ 32,854 ഗുണഭോക്താക്കളിൽ 21,812 പേർ കരാറിൽ ഏർപ്പെടുകയും അവരിൽ 18,488 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. കൂടാതെ 3,324 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. അതുപോലെ, 'ഭൂരഹിതരും ഭവനരഹിതരുമായവർക്ക് വീട്' നൽകുന്ന അധിക ഗുണഭോക്തൃപട്ടികയിൽ, അർഹരായ 17,656 ഗുണഭോക്താക്കളിൽ 2,734 പേർ കരാറിൽ ഏർപ്പെടുകയും, 1,251 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. നിലവിൽ 1,483 വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

ഭൂമിയുള്ള ഭവനരഹിതർക്കായുള്ള ലൈഫ് 2020-ന്റെ കാര്യത്തിൽ യോഗ്യരായ 69,309 ഗുണഭോക്താക്കളിൽ 30,804 പേർ കരാറിൽ ഏർപ്പെടുകയും അവരിൽ 13,728 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 17,076 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. അതുപോലെ ഭൂരഹിതരും ഭവനരഹിതരുമായവർക്കുള്ള ലൈഫ് 2020-ൽ അർഹരായ ഗുണഭോക്താക്കളിലെ 1,186 പേർ കരാറിൽ ഏർപ്പെട്ടിട്ടുള്ളതിൽ 137 പേർ നിർമ്മാണം പൂർത്തീകരിക്കുകയും 1,049 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. ഓഗസ്റ്റ് 31, 2024 വരെയുമുള്ള പട്ടികജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിലെ ഘട്ടം തിരിച്ചുള്ള പുരോഗതിയുടെ വിശദാംശങ്ങൾ

**പട്ടിക 8.2.2** ലൈഫ് മിഷന് കീഴിൽ പട്ടികജാതി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം

| ഭവന നിർമ്മാണ ഘട്ടങ്ങൾ | ഭവന നിർമ്മാണത്തിന്റെ വിവരങ്ങൾ | ആഗസ്റ്റ് 31, 2024 വരെയുള്ള നിർമ്മാണം | |
|---|---|---|---|
| | | ഗുണഭോക്താക്കളുടേയും വീടുകളുടേയും എണ്ണം | % |
| ഘട്ടം I (അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം) | അർഹരായ ഗുണഭോക്താക്കൾ | 19,566 | 100 |
| | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | 19,153 | 97.89 |
| | നിർമ്മാണം പുരോഗമിക്കുന്നവ | 0 | |
| ഘട്ടം II (ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണം) | അർഹരായ ഗുണഭോക്താക്കൾ | 93,785 | 100 |
| | കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ | 59,283 | 63.21 |
| | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | 52,086 | 55.53 |
| | നിർമ്മാണം പുരോഗമിക്കുന്നവ | 7,197 | 7.67 |
| ഘട്ടം III (ഭൂരഹിതരും ഭവനരഹിതരുമായവരുടെ ഭവനനിർമ്മാണം) | അർഹരായ ഗുണഭോക്താക്കൾ | 22,570 | 100 |
| | കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ | 7,835 | 34.71 |
| | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | 6,087 | 26.96 |
| | നിർമ്മാണം പുരോഗമിക്കുന്നവ | 1,748 | 7.7 |
| അഡീഷണൽ ലിസ്റ്റ് (ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണം) | അർഹരായ ഗുണഭോക്താക്കൾ | 32,854 | 100 |
| | കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ | 21,812 | 66.39 |
| | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | 18,488 | 56.27 |
| | നിർമ്മാണം പുരോഗമിക്കുന്നവ | 3,324 | 10.11 |
| അഡീഷണൽ ലിസ്റ്റ് (ഭൂരഹിതരും ഭവനരഹിതരുമായവരുടെ ഭവനനിർമ്മാണം) | അർഹരായ ഗുണഭോക്താക്കൾ | 17,656 | 100 |
| | കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ | 2,734 | 15.48 |
| | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | 1,251 | 7.08 |
| | നിർമ്മാണം പുരോഗമിക്കുന്നവ | 1,483 | 8.39 |
| ലൈഫ് 2020+ഈ.പി.ഈ.പി. (ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണം) | അർഹരായ ഗുണഭോക്താക്കൾ | 69,309 | 100 |
| | കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ | 30,804 | 44.44 |
| | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | 13,728 | 19.8 |
| | നിർമ്മാണം പുരോഗമിക്കുന്നവ | 17,076 | 24.63 |
| ലൈഫ് 2020+ഈ.പി.ഈ.പി. (ഭൂരഹിതരും ഭവനരഹിതരുമായവരുടെ ഭവനനിർമ്മാണം) | അർഹരായ ഗുണഭോക്താക്കൾ | 47,629 | 100 |
| | കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ | 1,186 | 2.49 |
| | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | 137 | 0.28 |
| | നിർമ്മാണം പുരോഗമിക്കുന്നവ | 1,049 | 2.2 |
| എല്ലാ ഘട്ടങ്ങളും ചേർത്ത് | അർഹരായ ഗുണഭോക്താക്കൾ | 3,03,369 | 100 |
| | കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ | 1,43,220 | 47.2 |
| | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | 1,10,930 | 36.56 |
| | നിർമ്മാണം പുരോഗമിക്കുന്നവ | 31,877 | 10.50 |

***അവലംബം:*** ലൈഫ് മിഷൻ, കേരള സർക്കാർ

**പട്ടിക 8.2.2**-ൽ നൽകിയിരിക്കുന്നു. ലൈഫ് മിഷന്റെ കീഴിലുള്ള ഭവന നിർമ്മാണത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.9**-ൽ കൊടുത്തിരിക്കുന്നു.

2010-ന് ശേഷം സാങ്കേതികമായി പണിതീർത്തതും എന്നാൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ അറ്റകുറ്റപ്പണികൾ, പൂർത്തീകരണം, നവീകരണം എന്നിവയ്ക്കായി 'സേഫ് സെക്യൂർ അക്കോമോഡേഷൻ ആന്റ് ഫെസിലിറ്റി എൻഹാൻസ്മെന്റ്) എന്ന പേരിൽ ഒരു പുതിയ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി വഴി വീടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

### വിദ്യാഭ്യാസം

പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി പട്ടികജാതി വികസന വകുപ്പ് 87 നഴ്സറി സ്കൂളുകൾ, 11 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, 44 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, 86 പ്രീ-മെട്രിക് ഹോസ്റ്റലുകൾ, 19 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ, 7 സബ്സിഡൈസ്ഡ് ഹോസ്റ്റലുകൾ, നാല് പ്രീ-എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാം ട്രെയിനിംഗ് സൊസൈറ്റി (ഐ.സി.എസ്.ഇ.റ്റി.എസ്), വടക്കാഞ്ചേരിയിലുള്ള കമ്മ്യൂണിറ്റി കോളേജ്, കോഴിക്കോടുള്ള സെന്റർ ഫോർ റിസർച്ച് ആൻഡ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (സി.ആർ.ഇ.എസ്.റ്റി.), പാലക്കാട് ജില്ലയിലെ മെഡിക്കൽ കോളേജ് എന്നിവ നടത്തുന്നുണ്ട്. പ്രതിവർഷം ഏകദേശം 70 പട്ടികജാതി വിദ്യാർത്ഥികൾക്ക് എംബിബിഎസ് കോഴ്സ് പഠിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്ന പാലക്കാട് മെഡിക്കൽ കോളേജ്, പട്ടികജാതി വികസന വകുപ്പിന്റെ ഒരു മുൻനിര സംരംഭമാണ്. എൻ.സി.വി.ടി.-യുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള 44 ഐ.ടി.ഐ.-കളിൽ, 11 ട്രേഡുകളിൽ പരിശീലനം നൽകുകയും പ്രതിവർഷം ഏകദേശം 1600 ട്രെയിനികൾക്ക് പ്രവേശനം നൽകുകയും ചെയ്യുന്നു. 2020-21-ൽ കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ രണ്ട് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പുതുതായി ആരംഭിക്കുകയുണ്ടായി. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രാഥമിക/സെക്കന്ററി വിദ്യാഭ്യാസ സഹായം, ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, പോക്കറ്റ് മണി, അൺ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ-ഇമ്പേഴ്സ്മെന്റ്, പ്രത്യേക പ്രോത്സാഹനം, മെഡിക്കൽ-എഞ്ചിനീയറിംഗ് കോച്ചിംഗ് സഹായം, പ്രീ മെട്രിക്-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, വിദേശ പഠന സ്കോളർഷിപ്പ് എന്നിങ്ങനെ വിവിധ തരത്തിലുള്ള വിദ്യാഭ്യാസ സഹായങ്ങളും സർക്കാർ നൽകുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് 2023-24-ൽ നൽകിയ പ്രധാന വിദ്യാഭ്യാസ സഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **ബോക്സ് 8.2.1**-ൽ നൽകിയിരിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗത്തിൽപ്പെട്ട എല്ലാ പ്രീ-മെട്രിക്, പോസ്റ്റ്

**ബോക്സ് 8.2.1** പട്ടികജാതി വിദ്യാർത്ഥികൾക്ക് 2022-23-ൽ നൽകിയ പ്രധാന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ (പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം)

| പ്രധാന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ | പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| • പ്രീ മെട്രിക് സ്കോളർഷിപ്പ് | 4,09,821 |
| • പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 1,37,389 |
| • പ്രാഥമിക വിദ്യാഭ്യാസ സഹായം | 2,62,577 |
| • പോസ്റ്റ്-മെട്രിക് വിദ്യാർത്ഥികൾക്ക് അധിക സംസ്ഥാന സഹായം | 1,37,389 |
| • വിദേശത്ത് പഠനത്തിനുള്ള സഹായം | 364 |
| • മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കുന്നതിനുള്ള സഹായം | 402 |
| • ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള സഹായം | 578 |
| • സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള സഹായം | 134 |
| • അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് | 6,439 |
| • പ്രത്യേക പ്രോത്സാഹനം (എസ്എസ്എൽസി മുതൽ പിജി വരെയുള്ള ക്ലാസ്സുകളിലും മറ്റ് പ്രൊഫഷണൽ കോഴ്സുകളിലും വാർഷിക പരീക്ഷകളിൽ മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്) | 12,196 |
| • എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയവരുടെ പ്രാരംഭ ചെലവുകൾ | 449 |
| • വിഷൻ-മെഡിക്കൽ ആൻഡ് എഞ്ചിനീയറിംഗ് കോച്ചിംഗ് | 228 |

***അവലംബം:*** പട്ടികജാതി വികസന വകുപ്പ്, 2024

**ബോക്സ് 8.2.2** പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള 'ഉന്നതി-ഓവർസീസ് സ്കോളർഷിപ്പ്'

പ്രശസ്തമായ വിദേശ സർവകലാശാലകളിൽ ബിരുദാനന്തര ബിരുദതല (അല്ലെങ്കിൽ അതിനു മുകളിലുള്ള) കോഴ്സുകളിൽ പഠനം തുടരാൻ ആഗ്രഹിക്കുന്ന കഴിവും യോഗ്യതയുമുള്ളവരായ പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ അഭിലാഷങ്ങൾ നിറവേറ്റുന്ന മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പാണ് പട്ടികജാതി വികസന വകുപ്പിന്റെ 'ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്' പദ്ധതിൽ നൽകുന്നത്. അറിവിന്റെ വിശാലമായ മേഖലയിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നതിനും ശോഭനമായ കരിയർ സാധ്യതകൾ ഉറപ്പുവരുത്തുന്നതിനുമൊപ്പം അവരുടെ ആഗോള എക്സ്പോഷർ വിപുലീകരിക്കാനും അതുവഴി സാമൂഹിക ചലനാത്മകത ഉറപ്പാക്കുന്നതിലും സ്കോളർഷിപ്പ് സഹായിക്കുന്നു. പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ (01/08/2023 തീയതിയിലെ ജി.ഒ(പി)നം.5/2023/ എസ്.സി.എസ്.ടി.ഡി.ഡി) അനുസരിച്ച്, സ്കീമിന് കീഴിൽ ഉൾപ്പെടുന്ന കോഴ്സുകളിൽ ബിരുദാനന്തര ബിരുദം, ബിരുദാനന്തര ബിരുദത്തിന് തത്തുല്യമായി പരിഗണിക്കപ്പെടുന്ന ബിരുദാനന്തര ബിരുദ ഡിപ്ലോമ, എംഫിൽ, എംഫിലിന് തത്തുല്യമായ പ്രോഗ്രാമുകൾ, പിഎച്ച്ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാമുകൾ എന്നിവ ഉൾപ്പെടുന്നു. വിദ്യാർത്ഥികളുടെ ചുവടെ കൊടുത്തിട്ടുള്ള മൂന്ന് വാർഷിക കുടുംബ വരുമാന സ്ലാബുകളുടെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് തുക നിർണ്ണയിക്കുന്നത്.

- കുടുംബ വാർഷിക വരുമാനം 12 ലക്ഷം രൂപ വരെയുള്ള വിദ്യാർത്ഥികൾക്ക് 25 ലക്ഷം രൂപ മുഴുവൻ സ്കോളർഷിപ്പായി നൽകും. പ്രതിവർഷം ആകെ 175 സ്കോളർഷിപ്പുകളാണ് നൽകുക.
- 12 ലക്ഷം മുതൽ 20 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് ആകെ 20 ലക്ഷം രൂപ സ്കോളർഷിപ്പായി ലഭിക്കാൻ അർഹതയുണ്ട് (ട്യൂഷൻ ഫീസായി 15 ലക്ഷം രൂപയും താമസത്തിനും ജീവിതച്ചെലവിനും വിസ ചാർജ്, വിമാന നിരക്ക് മുതലായവയ്ക്ക് 5 ലക്ഷം രൂപയും ഉൾപ്പെടെ). പ്രതിവർഷം ആകെ 25 സ്കോളർഷിപ്പുകൾ നൽകും.
- കുടുംബ വാർഷിക വരുമാനം 20 ലക്ഷം രൂപയിൽ കൂടുതലുള്ള വിദ്യാർത്ഥികൾക്ക് 15 ലക്ഷം രൂപ വരെ ട്യൂഷൻ ഫീസ് സഹായമായി ലഭിക്കും. പ്രതിവർഷം 25 സ്കോളർഷിപ്പുകൾ ഈ വിഭാഗത്തിൽ നൽകും.

ഏതെങ്കിലും നിർദ്ദിഷ്ട വർഷത്തിൽ, മുകളിൽ കൊടുത്തിട്ടുള്ള ഏതെങ്കിലും വിഭാഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള എണ്ണം യോഗ്യരായ വിദ്യാർത്ഥികൾ ഇല്ലെങ്കിൽ, ആ വർഷത്തിൽ പ്രസ്തുത വിഭാഗത്തിലെ ഒഴിവുള്ള സ്കോളർഷിപ്പുകൾ ചുവടെയുള്ള അടുത്ത വിഭാഗത്തിലേക്ക് ചേർക്കുന്നതായിരിക്കും. മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് പുറമേ, 20 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക കുടുംബ വരുമാനമുള്ള 25 വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പലിശരഹിത വിദ്യാഭ്യാസ വായ്പ നൽകും. പ്രസ്തുത വായ്പയുടെ പലിശ ഘടകം സർക്കാർ വഹിക്കും. 2023-24-ൽ മാത്രം, 364 പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശസ്തമായ വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനത്തിനായി സർക്കാർ പിന്തുണ നൽകി. 2024-25-ൽ ഇതുവരെ 64 വിദ്യാർത്ഥികൾക്ക് (ആഗസ്റ്റ് 31, 2024 വരെ) പ്രസ്തുത സഹായം ലഭിച്ചു.

***അവലംബം:*** പട്ടികജാതി വികസന വകുപ്പ്, 2024

മെട്രിക് വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി 'ഇ-ഗ്രാന്റ്സ് സിസ്റ്റം' എന്ന ഓൺലൈൻ കേന്ദ്രീകൃത സംവിധാനം നിലവിലുണ്ട്. പ്രീ മെട്രിക്, പോസ്റ്റ് മെട്രിക്, പ്രൊഫഷണൽ കോഴ്സുകൾക്കായി, പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ ധനസഹായ നിരക്ക് 2019-20-ൽ വർദ്ധിപ്പിച്ചിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് 2023-24-ൽ നൽകിയ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി തുടങ്ങിയവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.10**-ൽ നൽകിയിരിക്കുന്നു. അതുപോലെ, 2019-20 മുതൽ 2024-25 (ആഗസ്റ്റ് 31, 2024 പ്രകാരം) വരെ അനുവദിച്ച വിവിധ തരത്തിലുള്ള സ്കോളർഷിപ്പുകളും സഹായങ്ങളും ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം **അനുബന്ധം 8.2.11**-ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ വിവിധ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഏകദേശം 6 ലക്ഷം പട്ടികജാതി വിദ്യാർത്ഥികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 വർഷത്തിൽ ആരംഭിച്ച ഒന്നാണ് 'പഠനമുറികളുടെ നിർമ്മാണം' എന്ന പദ്ധതി. മാതാപിതാക്കളുടെ സാമ്പത്തിക സ്ഥിതി, കുട്ടികൾക്ക് പഠനത്തിന് അനുയോജ്യമായ അന്തരീക്ഷം വീട്ടിൽ ഒരുക്കുന്നതിന് തടസ്സമാകുമെന്നതിനാൽ അത്തരം സൗകര്യങ്ങൾ കുട്ടികൾക്കായി ഒരുക്കി നൽകേണ്ടത് അത്യാവശ്യമാണ്. അതിനാൽ, സർക്കാർ, എയ്ഡഡ്, സ്പെഷ്യൽ, ടെക്നിക്കൽ സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും അഞ്ച് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന, വാർഷിക കുടുംബ വരുമാനം/രക്ഷിതാവിന്റെ വരുമാനം ഒരു ലക്ഷം രൂപ കവിയാത്ത, പട്ടികജാതി വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിന് 120 ചതുരശ്ര അടി വിസ്തീർണമുള്ള അധിക മുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. കൂടാതെ, പുസ്തക ഷെൽഫ്, കസേര, മേശ, ഫാനും ലൈറ്റും, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ തുടങ്ങിയ അധിക സൗകര്യങ്ങൾ ഒരുക്കാനും പദ്ധതി ലക്ഷ്യമിടുന്നു. പട്ടികജാതി കുടുംബങ്ങളിൽ നിന്നുള്ള ഹൈസ്കൂൾ, ഹയർസെക്കൻഡറി ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി 3,782 പഠനമുറികളുടെ നിർമാണം 2023-24-ൽ പൂർത്തീകരിച്ചു. ഇതിൽ 292 പഠനമുറികൾ പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങളിലെ കുട്ടികൾക്കായി നിർമ്മിച്ചിട്ടുള്ളതാണ്. അതുപോലെ, 2024-25-ൽ, പുതിയതും മുൻവർഷങ്ങളിലെ സ്പിൽഓവർ പ്രോജക്റ്റുകളുമുൾപ്പെടെ ആകെ 980 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചതിൽ 7 എണ്ണം പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായുള്ളവയാണ് (ആഗസ്റ്റ് 31, 2024 വരെ).

## ആരോഗ്യം

ആരോഗ്യ പരിരക്ഷാ പദ്ധതിയ്ക്ക് കീഴിൽ, 'ടി-ഗ്രാന്റ്സ്' സൈറ്റിലൂടെ അർഹരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നു. പട്ടികജാതി കുടുംബത്തിലെ ഏക വരുമാനദായകന്റെ മരണത്തിന് ആശ്വാസമായി 2 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നതും പദ്ധതിയുടെ ഭാഗമാണ്. ഈ പദ്ധതിക്ക് കീഴിൽ 2023-24-ൽ സംസ്ഥാനത്ത് 7,672 പേർക്ക് വിവിധ രോഗങ്ങൾക്കുള്ള ചികിത്സാ സഹായം നൽകുകയുണ്ടായി. ആഗസ്റ്റ് 31, 2024-ലെ കണക്കനുസരിച്ച് 2024-25-ൽ ഇതുവരെ 4,643 വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം ചികിത്സാ സഹായം നല്കിയിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകന്റെ മരണത്തിനുള്ള ആശ്വാസ ധനസഹായത്തിന്റെ കാര്യത്തിൽ, 2023-24-ൽ 785 കുടുംബങ്ങൾക്കും 2024-25-ൽ 277 കുടുംബങ്ങൾക്കും (ആഗസ്റ്റ് 31, 2024 വരെ) സഹായം ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ, പട്ടികജാതി നഗറുകളിൽ 29 ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിച്ചു വരുന്നു. ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ 2023-24-ൽ 34.74 കോടി രൂപയും 2024-25-ൽ (ആഗസ്റ്റ് 31, 2024 വരെ) 17.39 കോടി രൂപയും ചെലവഴിച്ചു. കഴിഞ്ഞ അഞ്ച് വർഷക്കാലം ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള വിഹിതം, ചെലവ് എന്നിവയുടെ വിശദാംശങ്ങളും അനുവദിച്ചിട്ടുള്ള ചികിത്സാ സഹായം സംബന്ധിച്ച വിവരങ്ങളും **അനുബന്ധം 8.2.12** ൽ നൽകിയിരിക്കുന്നു.

## നൈപുണ്യ പരിശീലനവും തൊഴിലും

ദുർബല വിഭാഗങ്ങൾക്ക് ഉപജീവന സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ പട്ടികജാതി വിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2023-24-ൽ 36.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് വായ്പയുടെ മുന്നിലൊന്ന് സബ്സിഡിയായി വ്യക്തികൾക്കും/സ്വയം സഹായ ഗ്രൂപ്പുകൾക്കും ധനസഹായം നൽകിവരുന്നു. 2023-24-ൽ, 151 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിലിനായി സബ്സിഡി നൽകിയിട്ടുണ്ട്. സ്വയംതൊഴിൽ പദ്ധതി പ്രകാരം, 2023-24, 2024-25 (ആഗസ്റ്റ് 31, 2024 വരെ) വർഷങ്ങളിൽ ആനുകൂല്യങ്ങൾ നേടിയവരുടെ എണ്ണം **അനുബന്ധം 8.2.13** ൽ നൽകിയിരിക്കുന്നു. വാർഷിക കുടുംബ വരുമാന പരിധി 2.50 ലക്ഷം രൂപയിൽ താഴെയുള്ള, തൊഴിലില്ലാത്ത പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് ജോലി നേടുന്നതിനായി ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. വിദേശത്ത് തൊഴിൽ തേടുന്നതിന് 2023-24-ൽ 749 പേർക്കും 2024-25-ൽ (ആഗസ്റ്റ് 31, 2024 വരെ) 532 പേർക്കും ധനസഹായം നൽകുകയുണ്ടായി. വിദേശ തൊഴിൽ സഹായത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 8.2.14**-ൽ നൽകിയിരിക്കുന്നു. പട്ടികജാതി വിഭാഗത്തിലെ യുവതീ-യുവാക്കൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സഹായിക്കുന്നതിനായി, കെൽട്രോൺ, കെ.എ.എസ്.ഇ (K.A.S.E.), അസാപ് (A.S.A.P.), സി.ഐ.പി.ഇ.റ്റി. (CIPET), കുറ്റക്കാരൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ മുഖേന ഇൻഫർമേഷൻ ടെക്നോളജി, ഓട്ടോമൊബൈൽ, ഇലക്ട്രിക്കൽ, ടെക്സ്റ്റൈൽ ഡിസൈനിംഗ്, ഹെൽത്ത് കെയർ, പ്രിന്റിംഗ് ടെക്നോളജി തുടങ്ങിയ മേഖലകളിൽ നൈപുണ്യ വികസന പരിശീലനങ്ങൾ നടത്തി. വിവിധ നൈപുണ്യ വികസന പരിപാടികൾക്ക് കീഴിലായി, 2023-24-ൽ 806 പേർക്ക് പരിശീലനം ലഭിക്കുകയും, അവരിൽ 103 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു.

പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്ക് കൊമേഴ്സ്യൽ പൈലറ്റ് പരിശീലനത്തിൽ സ്കോളർഷിപ്പ് അവസരങ്ങൾ വിപുലീകരിക്കുന്നതിനും അതിലൂടെ അവർക്ക് ആ മേഖലയിൽ ജോലി ഉറപ്പാക്കുന്നതിനുമായാണ് 'വിംഗ്സ്' എന്ന പദ്ധതി നടപ്പിലാക്കിയത്. മൂന്ന് പട്ടികജാതി വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. പ്രസ്തുത പദ്ധതിയിൻ കീഴിൽ, നിലവിൽ അഞ്ച് പട്ടികജാതി വിദ്യാർത്ഥികൾ രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിൽ പഠിക്കുന്നു. പട്ടികജാതി യുവതി-യുവാക്കൾക്ക് ഇന്ത്യയിലുടനീളമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സിവിൽ സർവീസ് പരീക്ഷ കോച്ചിംഗ് നേടുന്നതിനായി സ്കോളർഷിപ്പ് നൽകുക എന്ന ലക്ഷ്യത്തോടെയാണ് 'ലക്ഷ്യ' എന്ന പദ്ധതി ആരംഭിച്ചത്. നിലവിൽ, 60 പേർക്ക് സ്കോളർഷിപ്പുകൾ നൽകിവരുന്ന പദ്ധതിയിൽ, കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, ബുക്ക് അലവൻസ്, ടെസ്റ്റ് സീരീസിനുള്ള സഹായം തുടങ്ങിയവ സ്കോളർഷിപ്പിൽ ഉൾപ്പെടുന്നു.

പട്ടികജാതി യുവതീ-യുവാക്കൾക്ക് ഇന്റേൺഷിപ്പുകൾ/ അപ്രന്റീസ്ഷിപ്പുകൾ/ പ്ലെയ്സ്മെന്റ് പരിശീലനം എന്നിവ നൽകുന്നതിനും, അതുവഴി അവർക്ക് മതിയായ പ്രൊഫഷണൽ പരിചയം നേടുന്നതിന് സഹായിക്കുന്നതിനുമായി 'ട്രേസ്' (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) എന്ന പേരിൽ ഒരു പരിപാടി ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള യോഗ്യതയുള്ള യുവതീ-യുവാക്കൾക്ക് സർക്കാർ സംവിധാനത്തിലും സർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്ന പ്രക്രിയയിലും നൽകുന്ന 2 വർഷത്തെ അപ്രന്റീസ്ഷിപ്പ്/ തൊഴിൽ പരിശീലനത്തിലൂടെ നൈപുണ്യ വികസനവും തൊഴിൽ പരിചയം നേടാനുള്ള അവസരവും 'ട്രേസ്' പദ്ധതി വാഗ്ദാനം ചെയ്യുന്നു. 2024-25-ൽ (ഓഗസ്റ്റ് 31, 2024 വരെ) 23 അപ്രന്റീസ് നഴ്സുമാരെയും 32 പാരാമെഡിക്കൽ അപ്രന്റീസുകളെയും നിയമിച്ചു. അതുപോലെ 225 അപ്രന്റീസ് ക്ലർക്കുകൾ, 1,216 എസ്.സി. പ്രൊമോട്ടർമാർ, 60 കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാർ, ജസ്റ്റിസ്, വെൽഫെയർ ആൻഡ് ലീഗൽ അസിസ്റ്റൻസ് (JWALA) പദ്ധതിയിലെ നിയമബിരുദധാരികളായ 69 പേർ എന്നിവർക്കൊപ്പം 300 ബി.ടെക്, എം.ടെക് ബിരുദധാരികളും സിവിൽ എൻജിനീയറിങ് ഡിപ്ലോമയുള്ളവരും അക്രഡിറ്റഡ് എൻജിനീയർമാരായും ഓവർസിയർമാരായും ജോലി ചെയ്തു വരുന്നു. സർക്കാർ സംവിധാനത്തിലും പദ്ധതി നിർവ്വഹണത്തിലും പരിചയം നേടാൻ ഈ അപ്രന്റീസ്ഷിപ്പ് പരിപാടികൾ അവരെ സഹായിക്കും.

## ഉന്നതി–കേരള എംപവർമെന്റ് സൊസൈറ്റി

'ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി'-യുടെ ആരംഭമാണ് തൊഴിൽ മേഖലയിലെ ഒരു പ്രധാന മുന്നേറ്റം. സമൃദ്ധമായ ഉപജീവന മാർഗ്ഗങ്ങൾ ഒരുക്കിക്കൊണ്ട് ദുർബലരായ പട്ടികജാതി-പട്ടികവർഗ്ഗ

വിഭാഗങ്ങളെ ശാക്തീകരിക്കുന്ന, അഭിവൃദ്ധിപ്പെടുന്നതും ഉൾക്കൊള്ളുന്നതുമായ ഒരു ആവാസവ്യവസ്ഥ അവർക്കായി വിഭാവനം ചെയ്യുന്നതിനോടൊപ്പം, വിദ്യാസമ്പന്നരായ പട്ടികജാതി, പട്ടികവർഗ്ഗ യുവതീ-യുവാക്കളെ സംരംഭകരും തൊഴിലുടമകളും ആക്കി മാറ്റാൻ 'കേരള എംപവർമെന്റ് സൊസൈറ്റി' ലക്ഷ്യമിടുന്നു. മാറുന്ന ആധുനിക ലോകത്ത് സാമൂഹിക-സാമ്പത്തിക വികസനം എന്ന വിശാലമായ ലക്ഷ്യത്തോടെ അവർക്ക് ആവശ്യമായ വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, തൊഴിൽ/സംരംഭകത്വ അവസരങ്ങൾ എന്നിവ നൽകിക്കൊണ്ടാണ് ഈ ലക്ഷ്യം കൈവരിക്കേണ്ടത്. എംപവർമെന്റ് സൊസൈറ്റി, പട്ടികജാതി-പട്ടികവർഗ്ഗ യുവജന ഗ്രൂപ്പുകൾ/സഹകരണ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരെ അവരുടെ സംരംഭകത്വ ശ്രമങ്ങളിലും ഉപജീവന അവസരങ്ങൾ മെച്ചപ്പെടുത്തുന്നതിലും സഹായിക്കുന്നതിനോടൊപ്പം സർക്കാരിന്റെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ അവരുടെ നേരിട്ടുള്ള പങ്കാളിത്തം കൊണ്ടുവരുന്നതിലും ശ്രദ്ധ നൽകുന്നതാണ്. പട്ടികജാതി വികസന വകുപ്പിന്റെ തൊഴിൽ, സംരംഭകത്വം, ഉപജീവന പരിപാടികൾ എന്നിവ പുനഃക്രമീകരിക്കുന്നതിനും പട്ടികജാതി വിഭാഗങ്ങളുടെ രണ്ടാം തലമുറ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ/പരിപാടികൾ ആവിഷ്കരിക്കുന്നതിലും എംപവർമെന്റ് സൊസൈറ്റിയ്ക്ക് മികച്ച പങ്ക് വഹിക്കാനാകും.

### പട്ടികജാതി നഗറുകളിലെ അടിസ്ഥാന സൗകര്യ വികസനം

പട്ടികജാതി നഗറുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി, ഇരുപത്തിഅഞ്ചിൽ അധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി നഗറുകളിൽ 'അംബേദ്കർ ഗ്രാമ വികസന പദ്ധതി' നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം, കുടിവെള്ളം, കക്കൂസ്, ശുചിത്വം, മാലിന്യ സംസ്കരണം, റോഡ് കണക്റ്റിവിറ്റി, വൈദ്യുതീകരണം, സംരക്ഷണ ഭിത്തി നിർമ്മാണം, ജലസേചനം, കളിസ്ഥലം, കമ്മ്യൂണിറ്റി ഹാൾ, വീട് നവീകരണം, വരുമാനദായക പ്രവർത്തനങ്ങൾക്ക് ധനസഹായം, നഗറുകൾക്കുള്ളിൽ/നഗറുകളോട് ചേർന്നുള്ള ശ്മശാനങ്ങളുടെ നവീകരണം എന്നിവക്കെല്ലാമായി ഓരോ നഗറിനും, ഒരു കോടി രൂപ വീതം നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം 2023-24-ൽ 62 നഗറുകളിൽ വികസന പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.15**-ൽ നൽകിയിരിക്കുന്നു.

### മറ്റ് സാമൂഹിക വികസന പരിപാടികൾ

### വിവാഹ ധനസഹായം

വിവാഹ ധനസഹായം എന്ന പദ്ധതി വഴി പട്ടികജാതി കുടുംബങ്ങൾക്ക് പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകി വരുന്നുണ്ട്. ഈ പദ്ധതി മുഖേന 2023-24-ൽ 5,053 പട്ടികജാതി കുടുംബങ്ങൾക്ക് സഹായം നൽകുകയും, 54.82 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2024-25-ൽ 20.61 കോടി രൂപ (ആഗസ്റ്റ് 31, 2024 വരെ) ചെലവഴിച്ച് 1,721 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. വിവാഹ ധനസഹായ നിരക്ക് 2016-17-ൽ 50,000 രൂപയിൽ നിന്ന് 75,000 രൂപയായി ഉയർത്തുകയുണ്ടായി. 2021-22-ലെ ബജറ്റ് പ്രസംഗ പ്രഖ്യാപനത്തെ തുടർന്ന് ഇത് 1,25,000 രൂപയായി ഉയർത്തി. പ്രസ്തുത പദ്ധതി മുഖേന പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം **ചിത്രം 8.2.2**-ൽ നൽകിയിരിക്കുന്നു. വിവാഹ ധനസഹായ പദ്ധതിയുടെ പദ്ധതിവിഹിതം, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 8.2.16**-ൽ നൽകിയിരിക്കുന്നു.

### ദുർബല വിഭാഗങ്ങൾക്കായി പ്രത്യേക പാക്കേജ്


പട്ടികജാതിവിഭാഗക്കാർക്കിടയിലെ ദുർബല സമുദായങ്ങളായ വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്കിലിയർ എന്നിവർക്ക് കൃഷി ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നതിനായി 2019-20-ൽ ഒരു പ്രത്യേക പാക്കേജ് ആരംഭിക്കുകയുണ്ടായി. ഈ പാക്കേജിന് കീഴിൽ, കുറഞ്ഞത് 25 സെന്റ് ഭൂമി വാങ്ങുന്നതിന് പരമാവധി 10.00 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നു. ദുർബല വിഭാഗങ്ങൾക്കുള്ള വികസന പ്രവർത്തനങ്ങൾക്കായി 2023-24-ൽ 50 കോടി വകയിരുത്തിയതിൽ 32.38 കോടി രൂപ ചെലവഴിച്ചു. 2023-24-ൽ 7 ഗുണഭോക്താക്കൾക്ക് കൃഷിഭൂമി വാങ്ങുന്നതിനും 193 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിനും സഹായം നൽകുകയുണ്ടായി. ഇതുകൂടാതെ പുതിയവയും മുൻവർഷങ്ങളിലെ സ്പിൽഓവർ പ്രോജക്റ്റുകളുമുൾപ്പെടെ 292 പഠനമുറികൾ, 497 വീടുകൾ, 208 ശൗചാലയങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും സഹായം നൽകുകയുണ്ടായി. കൂടാതെ, 2023-2024-ൽ 210 സ്പിൽഓവർ പ്രോജക്റ്റുകൾ ഉൾപ്പെടെ 330 കുടുംബങ്ങൾക്ക് വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി സഹായം ലഭിച്ചു.

പട്ടികജാതി വിഭാഗങ്ങളിലെ ദുർബല സമുദായങ്ങളിൽ നിന്നുള്ള കുടുംബങ്ങളുടെ സമഗ്രമായ വികസനത്തിനായി 'ഹോം' എന്ന പേരിൽ ഒരു മൈക്രോ പ്ലാനിംഗ് പരിപാടിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഈ ദുർബല സമുദായങ്ങളിലെ കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ വികസനം ലക്ഷ്യമാക്കിയാണ് 'ഹോം' എന്ന പരിപാടി രൂപീകരിച്ചിട്ടുള്ളത്. ഈ സമുദായങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് ശാശ്വത പരിഹാരമായി സാമൂഹ്യക്ഷേമ പരിപാടികളും സുസ്ഥിര വരുമാനം വർധിപ്പിക്കുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. കുടുംബാധിഷ്ഠിത മൈക്രോ പ്ലാനിങ്ങിലൂടെ ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾ വിലയിരുത്തുകയും ഈ കുടുംബങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ സമീപനം. 4 ഘട്ടങ്ങളിലായാണ് ഇത് നടപ്പിലാക്കുന്നത്, അതായത് (1) അതിദാരിദ്ര്യ സർവ്വേ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അതിദുർബല കുടുംബങ്ങളുടെ ഭവന സന്ദർശന-വിവര ശേഖരണം, (2) ക്ലേശ ഘടകങ്ങളെ അടിസ്ഥാനമാക്കി ഗുണഭോക്തൃ പട്ടിക തയ്യാറാക്കൽ, (3) സൂക്ഷ്മതല പദ്ധതി രൂപീകരണം (4) പദ്ധതി നിർവഹണവും അവലോകനവും.

### നിയമപരമായ സേവനങ്ങൾ

പട്ടികജാതി വിഭാഗക്കാരുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ സംസ്ഥാന സർക്കാർ തികഞ്ഞ പ്രതിബദ്ധത പുലർത്തുന്നു. 1955-

**ചിത്രം 8.2.2** വിവാഹ ധനസഹായ പദ്ധതിയുടെ ചെലവും പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണവും, (രൂപ ലക്ഷത്തിൽ)




***അവലംബം:*** പട്ടികജാതി വികസനവകുപ്പ്, 2024

**ബോക്സ് 8.2.3** ദുർബല വിഭാഗങ്ങളുടെ വികസനത്തിനായി നൽകുന്ന ആനുകൂല്യങ്ങൾ

വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്കിലിയർ എന്നീ സമുദായങ്ങൾ പട്ടികജാതിക്കാർക്കിടയിലെ ദുർബല സമുദായങ്ങളായി കണക്കാക്കപ്പെടുന്നു. ഈ സമുദായങ്ങളിലെ ജനങ്ങൾ, സംസ്ഥാനത്തെ ആകെ പട്ടികജാതി ജനസംഖ്യയുടെ 3.65 ശതമാനത്തോളം വരുന്നു. ഈ ദുർബല സമുദായങ്ങളുടെ വികസനത്തിനും ക്ഷേമത്തിനും കേരള സർക്കാർ അങ്ങേയറ്റം മുൻഗണന നൽകുന്നു. പട്ടികജാതി ഉപപദ്ധതിയിൽ (എസ്.സി.എസ്.പി) ഈ സമുദായങ്ങൾക്കായി ഒരു പ്രത്യേക പദ്ധതിയ്ക്ക് രൂപം നല്കിയിട്ടുള്ളതും പ്രസ്തുത പദ്ധതിക്കായി ഗണ്യമായ ഫണ്ട് വകയിരുത്തുന്നതും ഈ പ്രതിബദ്ധതയ്ക്ക് അടിവരയിടുന്നു. ദുർബല വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക നില മെച്ചപ്പെടുത്താൻ ഈ പദ്ധതിയിലൂടെ സർക്കാർ അവരെ സഹായിക്കുന്നു. 'പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങൾക്കുള്ള വികസന പരിപാടികൾ' എന്ന പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ (19/10/2024 തീയതിയിലെ ജി.ഒ(എം.എസ്.)നം.33/2024/എസ്.സി.എസ്.ടി.ഡി) അനുസരിച്ച്, കുറഞ്ഞത് 25 സെന്റ് കൃഷിഭൂമി വാങ്ങുന്നതിന് 10 ലക്ഷം രൂപ, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ വീട് നിർമ്മാണത്തിന് യഥാക്രമം 5 ലക്ഷം രൂപ, 6 ലക്ഷം രൂപ, 7.5 ലക്ഷം രൂപ, ഭവന നിർമ്മാണത്തിന് 6 ലക്ഷം രൂപ, ഭവന നവീകരണത്തിന് 2.5 ലക്ഷം രൂപ, പഠനമുറി നിർമ്മാണത്തിന് 3 ലക്ഷം രൂപ, ശൗചാലയ നിർമ്മാണത്തിന് 40,000 രൂപ, വ്യക്തിഗത അടിസ്ഥാനത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3 ലക്ഷം രൂപ, സംഘാടിസ്ഥാനത്തിലുള്ള സ്വയംതൊഴിൽ സംരംഭങ്ങൾക്ക് 5 ലക്ഷം രൂപ എന്നിങ്ങനെ കേരള സർക്കാർ സഹായങ്ങൾ നൽകുന്നു. വ്യക്തിഗത സഹായങ്ങൾക്ക് പുറമെ, ഡോ.അംബേദ്കർ ഗ്രാമവികസന പദ്ധതിക്ക് സമാനമായി വിവിധ നഗറുകളിലെ പൊതുവായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന 'നഗർ തലങ്ങളിലെ ദുർബലരുടെ പുനരധിവാസം' നടപ്പിലാക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു.

***അവലംബം:*** പട്ടികജാതി വികസന വകുപ്പ്.

**ബോക്സ് 8.2.4 ഹോം സർവ്വേ**

കേരളത്തിലെ പട്ടികജാതി ജനതയുടെ സമഗ്രവും കൃത്യവുമായ വിവരശേഖരണം നടത്താനായി ആവിഷ്കരിച്ചിട്ടുള്ളതാണ് പട്ടികജാതി വികസന വകുപ്പിന്റെ മുൻനിര പരിപാടിയായ ഹോം സർവ്വേ. പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനും ക്ഷേമത്തിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യേണ്ടത് കൃത്യമായ കണക്കുകളെ അടിസ്ഥാനപ്പെടുത്തി ആകണമെന്നതിനാൽ, അവരുടെ ജനസംഖ്യാപരവും, സാമൂഹിക-സാമ്പത്തിക-സാംസ്കാരിക അവസ്ഥകളെക്കുറിച്ച് വിശ്വസനീയവും കൃത്യവുമായ വിവരങ്ങൾ ശേഖരിക്കുക എന്നതാണ് സർവ്വേയുടെ പ്രധാന ലക്ഷ്യം. ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ സാധ്യമാക്കുന്ന പ്രസ്തുത സർവ്വേ, ജനങ്ങളുടെ യഥാർത്ഥ ആവശ്യം മനസിലാക്കുന്നതിനും അവരുടെ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനൊപ്പം വളരെ വേഗത്തിലും സമയബന്ധിതമായും അവ അപ്ഡേറ്റ് ചെയ്യുന്നതിനും അവസരമൊരുക്കുന്നു. ഹോം സർവ്വേയുടെ വിവരശേഖരണ പ്രക്രിയ മാർച്ച് 5, 2024-ന് ബഹു: പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ മന്ത്രി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയുണ്ടായി. സെപ്റ്റംബർ 9, 2024 വരെ 4,30,457 പട്ടികജാതി കുടുംബങ്ങളുടെ വിവര ശേഖരണം പൂർത്തിയാക്കിയ സർവ്വേ ഇപ്പോൾ അതിന്റെ അവസാന ഘട്ടത്തിലാണ്.

***അവലംബം:*** പട്ടികജാതി വികസന വകുപ്പ്, 2024

ലെ പൗരാവകാശ സംരക്ഷണ നിയമം, 1989-ലെ പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം എന്നിവ കർശനമായി നടപ്പിലാക്കുന്നതിലും അതിനായി ആവശ്യമായ വിഭവങ്ങൾ വകയിരുത്തുന്നതിലും സർക്കാർ അതീവ ശ്രദ്ധ ചെലുത്തുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കും അതിക്രമങ്ങൾക്ക് ഇരയായവർക്ക് ആശ്വാസവും പുനരധിവാസവും നൽകുന്നതിനും പ്രത്യേക കോടതികൾ, പ്രത്യേക പോലീസ് സ്റ്റേഷനുകൾ, പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ എന്നിവ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 2023-24-ൽ 3.90 കോടി രൂപ ചെലവഴിക്കുകയുമുണ്ടായി. 2023-24-ൽ 736 ദമ്പതികൾക്ക് മിശ്ര വിവാഹ ധനസഹായം നൽകുകയുണ്ടായി. ഇതുകൂടാതെ അതിക്രമങ്ങൾക്ക് ഇരയായ 296 പേർക്ക് നഷ്ടപരിഹാരമായി ധനസഹായം നൽകിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ മിശ്രവിവാഹ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ **അനുബന്ധം 8.2.17** ൽ കൊടുത്തിരിക്കുന്നു. പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി പരാതികൾ കേൾക്കുക, അവയ്ക്ക് പരിഹാരങ്ങൾ കാണുക, നഷ്ടപരിഹാര സഹായം കൃത്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ഇരകൾക്ക് ആവശ്യമായ നിയമ സഹായം നൽകുക, അതിക്രമങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുക എന്നിവയെല്ലാം ലക്ഷ്യമാക്കി ഓരോ ജില്ലയിലും ഒരു ലീഗൽ കൗൺസിലർ, ഒരു നിയമോപദേഷ്ടാവ്, സംസ്ഥാന തലത്തിൽ മൂന്ന് കോൾ സെന്റർ അസിസ്റ്റന്റുമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്.

### പട്ടികജാതി ഉപപദ്ധതിക്കായുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായകമായ വിടവ് നികത്തൽ)

പട്ടികജാതി ഉപപദ്ധതിയുടെ (എസ്.സി.എസ്.പി.) കീഴിലെ വിവിധ പദ്ധതികളിലെ നിർണായക വിടവുകൾ നികത്തുന്നതിനായി പട്ടികജാതി വികസന വകുപ്പ് ബഡ്ജറ്റിൽ കോർപ്പസ് ഫണ്ടായി പ്രതിവർഷം തുക നീക്കിവയ്ക്കുന്നു. പട്ടികജാതി ഉപപദ്ധതിയുടെ കീഴിലുള്ള വിവിധ പദ്ധതികളിൽ ഉണ്ടാവുന്ന നിർണ്ണായക വിടവുകൾ നികത്തുന്നതിനായി, സാമൂഹ്യ-സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകി പ്രോജക്ട് അടിസ്ഥാനത്തിൽ ഫണ്ട് നൽകാനാണ് കോർപ്പസ് ഫണ്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. കോർപ്പസ് ഫണ്ട് പദ്ധതിയ്ക്കായി നീക്കിവച്ചിരിക്കുന്ന ആകെ തുകയുടെ മൂന്നിലൊന്ന്, ജില്ലകൾക്ക് പദ്ധതി നടത്തിപ്പിനായി നൽകുന്നു. 25 ലക്ഷം രൂപ വരെയുള്ള പ്രോജക്റ്റുകൾക്ക്, ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള ജില്ലാതല കമ്മറ്റിയ്ക്ക് ഭരണാനുമതി നൽകാവുന്നതും 25 ലക്ഷത്തിന് മുകളിലുള്ള പ്രോജക്റ്റുകൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കാവുന്നതുമാണ്. ഈ പദ്ധതിയിലൂടെ 2023-24-ൽ 20.2 കോടി രൂപ ചെലവഴിച്ച് 57 പ്രോജക്റ്റുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, സാംസ്കാരിക കേന്ദ്രങ്ങൾ, പട്ടികജാതിക്കാരുടെ വീടുകൾക്ക് സംരക്ഷണ മതിൽ നിർമ്മാണം എന്നിവയാണ് ഈ ഫണ്ട് വിനിയോഗിച്ച് ഏറ്റെടുക്കാറുള്ള ചില പ്രധാന പ്രവർത്തികൾ. 2019-20 മുതൽ 2024-25 വരെ (ആഗസ്റ്റ് 31, 2024 വരെ) പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ച വിഹിതവും ചെലവും **അനുബന്ധം 8.2.18** ൽ നൽകിയിരിക്കുന്നു.

### കേരളത്തിലെ പട്ടികജാതി ഉപപദ്ധതിയ്ക്കുള്ള കേന്ദ്രസഹായം

പട്ടികജാതിക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായുള്ള പരിപാടികൾ ഏറ്റെടുക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ. റ്റു എസ്.സി.എസ്.പി.) ലഭിച്ചിരുന്നു. കേന്ദ്ര, സംസ്ഥാന, തദ്ദേശഭരണ സർക്കാരുകൾ ഏറ്റെടുക്കുന്ന പദ്ധതികളിലെ നിർണ്ണായക വിടവുകൾ നികത്തുന്നതിന് ഇത് സഹായകരമായിരുന്നു. പട്ടികജാതി ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം (എസ്.സി.എ. റ്റു എസ്.സി.എസ്.പി.), മറ്റ് രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ആദർശ് ഗ്രാം യോജന (പി.എം.എ.ജി.വൈ.), ബാബു ജഗജീവൻറാം ഛത്രവാസ് യോജന (ബി.ജെ.ആർ.സി.വൈ.) എന്നിവ ലയിപ്പിച്ച് പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന (പി.എം.എ.ജെ.എ.വൈ.) എന്ന പേരിൽ പുതിയ കേന്ദ്രപദ്ധതി 2022-23-ൽ രൂപീകരിച്ചു. (എ) നൈപുണ്യ വികസനത്തിലൂടേയും വരുമാനദായക പദ്ധതികളിലൂടേയും, മറ്റ് സംരംഭങ്ങളിലൂടേയും അധിക തൊഴിലവസരങ്ങൾ

സൃഷ്ടിച്ച് പട്ടികജാതി വിഭാഗങ്ങളുടെ ദാരിദ്ര്യം കുറയ്ക്കുക, (ബി) പട്ടികജാതി ഭൂരിപക്ഷമുള്ള ഗ്രാമങ്ങളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ സേവനങ്ങളും ഉറപ്പാക്കിക്കൊണ്ട് സാമൂഹിക-സാമ്പത്തിക വികസന സൂചകങ്ങൾ മെച്ചപ്പെടുത്തുക (സി) ആസ്പിരേഷണൽ ജില്ലകളിലും പട്ടികജാതി ഭൂരിപക്ഷമുള്ള ബ്ലോക്കുകളിലും ഇന്ത്യയിലെ മറ്റിടങ്ങളിലുമുള്ള നിലവാരമുള്ള സ്ഥാപനങ്ങളിൽ മതിയായ റസിഡൻഷ്യൽ സൗകര്യങ്ങളും, ആവശ്യമുള്ളിടത്ത് റസിഡൻഷ്യൽ സ്കൂളുകളും നൽകിക്കൊണ്ട്, പട്ടികജാതി വിഭാഗങ്ങളുടെ സാക്ഷരത വർധിപ്പിക്കുകയും, സ്കൂളുകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അവരുടെ എൻറോൾമെന്റ് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ. 1955-ലെ പൗരാവകാശ സംരക്ഷണ നിയമം, 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം എന്നിവ നടപ്പാക്കുന്നതിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തെ പിന്തുണയ്ക്കുന്നു. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ഓഹരി മൂലധന സഹായത്തിന്റെ ഒരു വിഹിതവും കേന്ദ്രം നൽകി വരുന്നു. എന്നിരുന്നാലും, സമീപ വർഷങ്ങളിൽ, 'പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്', 'ഒമ്പതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്', ശുചീകരണം ഉൾപ്പെടുന്ന ആരോഗ്യത്തിന് ഹാനീകരമാകാൻ സാധ്യതയുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് തുടങ്ങിയ പ്രധാന പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേൺ, 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി എന്നതിൽ നിന്ന് 40 ശതമാനം തുക സംസ്ഥാനം വഹിക്കേണ്ടിവരുന്ന 60 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി എന്ന രീതിയിൽ മാറ്റിക്കൊണ്ട് പട്ടികജാതി വിഭാഗങ്ങളുടെ വിവിധ സ്കോളർഷിപ്പ് പദ്ധതികൾക്കുള്ള പിന്തുണ കേന്ദ്ര സർക്കാർ കുറയ്ക്കുകയാണ്.

### പട്ടിക വർഗ്ഗങ്ങൾ

സംസ്ഥാനത്തെ പട്ടികവർഗ്ഗ ജന വിഭാഗങ്ങളുടെ സമഗ്ര വികസനം ലക്ഷ്യം വയ്ക്കുന്ന സാമൂഹിക സാമ്പത്തിക നയമാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. വിദ്യാഭ്യാസത്തിന്റെ പ്രാപ്യത, ആരോഗ്യ സംരക്ഷണം, തൊഴിൽ, സുസ്ഥിരമായ ഉപജീവന മാർഗ്ഗം എന്നിവയിലൂടെ അസമത്വം കുറയ്ക്കുകയെന്നതാണ് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി ലക്ഷ്യം വയ്ക്കുന്നത്. പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) പോലുള്ള ലക്ഷ്യാധിഷ്ഠിത ഇടപെടലുകളിലൂടേയും പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങൾക്കുള്ള (PVTGs) പ്രത്യേക പരിഗണനയിലൂടേയും സർക്കാർ പട്ടികവർഗ്ഗ വിഭാഗങ്ങളെ ശാക്തീകരിക്കുകയും അവരുടെ സവിശേഷ സാമൂഹിക-സാമ്പത്തിക വെല്ലുവിളികൾക്ക് പരിഹാരം കാണുകയും, സാമ്പത്തിക വികസന പ്രക്രിയയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നു. പരമ്പരാഗത സമ്പ്രദായങ്ങളെ ആധുനിക ജീവിതലക്ഷ്യങ്ങളുമായി സമന്വയിപ്പിച്ച് സാമൂഹ്യ നീതിയും സാമ്പത്തിക സമത്വവും ഉറപ്പാക്കുന്നതിനുള്ള ഈ നയങ്ങളിലൂടെ വ്യക്തമാക്കുന്നത് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സുസ്ഥിരവും കൂടുതൽ ഉൾച്ചേർക്കലിലൂടേയുമുള്ള വികസനത്തിന് സർക്കാർ എത്ര പ്രതിജ്ഞാബദ്ധമാണ് എന്നുള്ളതാണ്.

കേരളത്തിൽ 37 പട്ടികവർഗ സമുദായങ്ങളുണ്ട്. ഇത് സംസ്ഥാന ജനസംഖ്യയുടെ 1.45 ശതമാനത്തോളം വരും (2011 സെൻസസ്). പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ ഏറ്റവും പുതിയ സർവ്വേ പ്രകാരം, 6,578 ഉന്നതികളിലായി 1,47,868 കുടുംബങ്ങളിൽ 4,88,386 പട്ടികവർഗ്ഗ വിഭാഗക്കാർ അധിവസിക്കുന്നു. ഇവരിൽ ഭൂരിഭാഗവും വയനാട് (34 ശതമാനം) കാസർഗോഡ് (17 ശതമാനം) ജില്ലകളിലായാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ 37 പട്ടികവർഗ്ഗ സമുദായങ്ങളിൽ, കാടർ, കുറുമ്പർ, കാട്ടുനായ്ക്കൻ, കൊറഗ, ചോലനായ്ക്കൻ എന്നീ അഞ്ച് സമുദായങ്ങൾ പ്രത്യേക ദുർബല പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരാണ്. സംസ്ഥാനത്തെ പ്രത്യേക ദുർബല പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിശദ വിവരങ്ങൾ **അനുബന്ധം 8.2.19**-ൽ കൊടുത്തിരിക്കുന്നു.

സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനസംഖ്യയുടെ അനുപാതത്തേക്കാൾ (1.45 ശതമാനം) കൂടിയ അനുപാതത്തിലാണ് സംസ്ഥാനം പട്ടികവർഗ്ഗ ഉപപദ്ധതിക്ക് ഫണ്ട് അനുവദിച്ചു വരുന്നത്. 2017 മുതൽ സംസ്ഥാന പദ്ധതിയുടെ 2.83 ശതമാനം പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതമായി വകയിരുത്തി വരുന്നു.

സംസ്ഥാന പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പരിപാടികളിലെ പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം, ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ധനസഹായം എന്നിവയാണ് പട്ടികവർഗ്ഗ വികസനത്തിന്റെ പ്രധാന വിഭവ സ്രോതസ്സുകൾ. 2023-24 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസനത്തിനായി 859.50 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുള്ള വിഹിതം 657.95 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 201.55 കോടി രൂപയും ആയിരുന്നു. അനുവദിച്ച തുകയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 387.97 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 140.10 കോടി രൂപയും ചെലവഴിച്ചു. 2024-25 ൽ പട്ടികവർഗ്ഗ വികസനത്തിനായി 859.50 കോടി രൂപയാണ് സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ 657.95 കോടി രൂപ (76.55 ശതമാനം) പട്ടികവർഗ്ഗ വികസന വകുപ്പിനും, 201.55 കോടി രൂപ (23.45 ശതമാനം) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റായും വകയിരുത്തിയിട്ടുണ്ട്.

*[1] സ.ഉ(കൈ)നം.16/2024/പ.ജ.പ.വ.വി.വ തീയതി 18/06/2024, പ്രകാരം പട്ടികജാതി-പട്ടികവർഗ വിഭാഗ ജനങ്ങളുടെ അധിവാസ മേഖലകളെ പരാമർശിക്കുന്നതിന് കോളനി, സെറ്റിൽമെന്റ്, ഊര് എന്നീ പദങ്ങൾക്ക് പകരം 'നഗർ', 'ഉന്നതി', 'പ്രകൃതി' തുടങ്ങിയ പദങ്ങൾ ഉപയോഗിക്കേണ്ടതാണെന്ന് കേരള സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.*

സംസ്ഥാന പദ്ധതിയുടേയും കേന്ദ്ര വിഹിതത്തിന്റേയും 2017-18 മുതൽ 2024-25 വരെയുള്ള അടങ്കലും ചെലവും **അനുബന്ധം 8.2.20**-ൽ കൊടുത്തിരിക്കുന്നു. 2023-24, 2024-25 വർഷങ്ങളിൽ വകുപ്പ് പട്ടികവർഗ്ഗക്കാർക്കായി നടപ്പാക്കിയ പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങളുടെ വിശദാംശങ്ങൾ (2024 ആഗസ്റ്റ് 31 വരെ) **അനുബന്ധം 8.2.21**-ലും, **അനുബന്ധം 8.2.22**-ലും നൽകിയിരിക്കുന്നു.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനായി ഏറ്റെടുത്ത പ്രധാന വികസന പരിപാടികൾ ചുവടെ ചേർക്കുന്നു.

**ഭൂമി**

ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി നൽകുന്നതും, പുനരധിവാസ മേഖലകളുടെ സമഗ്ര വികസനവും ലക്ഷ്യംവെച്ച് 2001-ൽ പട്ടികവർഗ്ഗ പുനരധിവാസ വികസന മിഷൻ (ട്രൈബൽ റീസെറ്റിൽമെൻറ് & ഡെവലപ്പ്മെന്റ് മിഷൻ (ടി.ആർ.ഡി.എം)) രൂപീകരിക്കുകയുണ്ടായി. ഭൂബാങ്ക് പദ്ധതിയിലൂടെയുള്ള ഭൂമി വിതരണം, നിക്ഷിപ്ത വനഭൂമി അനുവദിക്കൽ, വനാവകാശ നിയമം നടപ്പാക്കൽ എന്നിവയാണ് ടി.ആർ.ഡി.എം -ന്റെ പ്രധാന പ്രവർത്തനങ്ങൾ. ടി.ആർ.ഡി.എം -ന്റെ ഏറ്റവും പുതിയ കണക്ക് പ്രകാരം സംസ്ഥാനത്ത് 6,021 ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാരുണ്ട്. ഭൂരഹിത കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.23**-ൽ നൽകിയിരിക്കുന്നു.

2023-24-ൽ പദ്ധതിക്ക് കീഴിലെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 6.45 ഏക്കർ ഭൂമി, തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ 43 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.
- വനാവകാശ നിയമപ്രകാരം 1,315 പട്ടികവർഗ്ഗക്കാർക്ക് 1975.78 ഏക്കർ ഭൂമി വിതരണം ചെയ്തു. ഇതിലൂടെ തിരുവനന്തപുരം ജില്ലയിലെ 1049 ഗുണഭോക്താക്കൾക്ക് 929.92 ഏക്കർ ഭൂമിയും, പത്തനംതിട്ട ജില്ലയിലെ 20 ഗുണഭോക്താക്കൾക്ക് 20 ഏക്കർ ഭൂമിയും, ഇടുക്കി ജില്ലയിലെ 30 ഗുണഭോക്താക്കൾക്ക് 157.35 ഏക്കർ ഭൂമിയും, പാലക്കാട് ജില്ലയിലെ 105 ഗുണഭോക്താക്കൾക്ക് 787.48 ഏക്കർ ഭൂമിയും, വയനാട് ജില്ലയിലെ 111 ഗുണഭോക്താക്കൾക്ക് 81.03 ഏക്കർ ഭൂമിയും ലഭിച്ചു.
- നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 191.6 ഏക്കർ ഭൂമി മലപ്പുറം, കാസർഗോഡ് ജില്ലകളിലെ 601 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.
- തൃശ്ശൂർ, പാലക്കാട്, കാസർകോട് ജില്ലകളിലായി 27 ഗുണഭോക്താക്കൾക്കായി 20.98 ഏക്കർ റവന്യൂ ഭൂമി കൂടി വിതരണം ചെയ്യുകയുണ്ടായി.

ഭൂമി വിതരണവുമായി ബന്ധപ്പെട്ട് 2023-24 ൽ ടി.ആർ.ഡി.എം -ന്റെ വിവിധ പദ്ധതികളിലൂടെ 1986 പട്ടികവർഗ്ഗക്കാർക്ക് 2194.81 ഏക്കർ ഭൂമി വിതരണം ചെയ്തു. 2024 ആഗസ്റ്റ് 31 വരെയുള്ള കണക്കുപ്രകാരം ടി.ആർ.ഡി.എം ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ 19 പട്ടികവർഗ്ഗക്കാർക്ക് 5.81 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങളുടെ ഫലമായി തിരുവനന്തപുരം ഭൂരഹിത പട്ടികവർഗ്ഗക്കാരില്ലാത്ത സംസ്ഥാനത്തെ ആദ്യ ജില്ലയായി.

പട്ടികവർഗ്ഗക്കാർക്കായി 2018-19 മുതൽ 2024-25 ആഗസ്റ്റ് വരെ ഭൂമി വിതരണം ചെയ്തതിന്റെ വിവരങ്ങൾ **അനുബന്ധം 8.2.24**-ൽ നൽകിയിരിക്കുന്നു. വിവിധ ഭൂമി വിതരണ പദ്ധതികൾക്ക് കീഴിൽ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകിയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.25**-ൽ നൽകിയിരിക്കുന്നു. ടി.ആർ.ഡി.എം-ന് വകയിരുത്തി നയ വിഹിതത്തിന്റേയും ചെലവിന്റേയും വർഷം തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.26**-ൽ നൽകിയിരിക്കുന്നു.

പുനരധിവാസ മേഖലകളിലെ മറ്റ് പ്രധാന പ്രവർത്തനങ്ങൾ

2023-24 കാലയളവിൽ, ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം കൊല്ലം, ഇടുക്കി, എറണാകുളം, പാലക്കാട്, വയനാട് ജില്ലകളിൽ ഭൂമി വാങ്ങുന്നതിന് 13.76 കോടി രൂപ ചെലവഴിച്ചു. ടി.ആർ.ഡി.എം, പുനരധിവാസ പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്കായി 9.21 കോടി രൂപ അനുവദിച്ചു. ഈ പദ്ധതിയുടെ ഭാഗമായി 94 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 1025 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. വിവിധ ജില്ലകളിലെ ഭൂമി സർവേയ്ക്ക് 31.69 ലക്ഷം രൂപയും വയനാട്, കോട്ടയം ജില്ലകളിലെ റോഡ് നിർമ്മാണത്തിന് 1.42 കോടി രൂപയും അനുവദിച്ചു. കൂടാതെ, വയനാട്, പാലക്കാട് ജില്ലകളിലെ വൈദ്യുതീകരണത്തിന് 1.51 കോടി രൂപയും വയനാട്, കണ്ണൂർ, പാലക്കാട് ജില്ലകളിലെ കുടിവെള്ള വിതരണ പദ്ധതികൾക്ക് 23.8 ലക്ഷം രൂപയും അനുവദിച്ചു. കണ്ണൂർ ജില്ലയിൽ ആന പ്രതിരോധമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന് 45.64 ലക്ഷം രൂപ കൂടി അനുവദിച്ചു.

2024-25 കാലയളവിൽ (2024 ഓഗസ്റ്റ് 31 വരെ), ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം ഭൂമി വാങ്ങുന്നതിന് 60.00 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ, ടി.ആർ.ഡി.എം, പുനരധിവാസ പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിക്ക് 4.15 കോടി രൂപയും, വിവിധ ജില്ലകളിലെ ഭൂമി സർവേയ്ക്ക് 38.67 ലക്ഷം രൂപയും, വയനാട് ജില്ലയിലെ കുടിവെള്ള പദ്ധതിക്ക് 5.70 ലക്ഷം രൂപയും, കണ്ണൂർ ജില്ലയിലെ ആറളം പുനരധിവാസ പ്രദേശത്തെ പുഷ്പ കൃഷിക്കായി 3.21 ലക്ഷം രൂപയും അനുവദിച്ചു.

**ഭവനം**

പട്ടികവർഗ്ഗക്കാർക്കിടയിൽ ഭവനരാഹിത്യം ഇല്ലാതാക്കുന്നത് ലക്ഷ്യമിട്ട് കേരള സർക്കാർ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണത്തിന് മുന്തിയ പരിഗണന നൽകിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കണക്കനുസരിച്ച്, സംസ്ഥാനത്ത് 6021 ഭൂരഹിത-ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്. ഭൂമിയുള്ള ഏകദേശം 11,002 പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിൽ ഭവനരഹിതരാണ്.

2016-17 മുതൽ പട്ടികവർഗ വികസന വകുപ്പ് വിവിധ ഭവന പദ്ധതികൾ പ്രകാരം (ഹഡ്കോ ഭവന പദ്ധതി, പൊതു ഭവന പദ്ധതി, വൻബന്ധു കല്യാൺ യോജന ഭവന പദ്ധതി) അനുവദിച്ച 6998 വീടുകളിൽ 2024 ഓഗസ്റ്റ് 31 വരെയുള്ള കണക്കുപ്രകാരം 3,861 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാനായിട്ടുണ്ട്.

2017-18 മുതൽ ഈ മേഖലയിലെ ഭവന പദ്ധതി നടപ്പിലാക്കുന്നതിൽ ലൈഫ് മിഷൻ പ്രധാന പങ്കുവഹിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട്, പ്രധാനമന്ത്രി ആവാസ് യോജന എന്നിവയിൽ നിന്നുമുള്ള വിഹിതവും ഈ വിഭാഗക്കാരുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നുണ്ട്. അപൂർണ്ണമായ ഭവനങ്ങളുടെ പൂർത്തീകരണം ലക്ഷ്യമിട്ട ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ 18,182 വീടുകളിൽ 17,400 എണ്ണം പൂർത്തീകരിച്ചു. ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകുക എന്ന ലക്ഷ്യത്തോടെയുള്ള രണ്ടാം ഘട്ടത്തിൽ, 51,046 വീടുകളിൽ 24,130 എണ്ണവും (അധിക ലിസ്റ്റ് ഉൾപ്പെടെ), ഭൂരഹിത-ഭവനരഹിതർക്ക് ഭവനനിർമ്മാണം ലക്ഷ്യമാക്കിയുള്ള മൂന്നാം ഘട്ടത്തിൽ, 16,613 വീടുകളിൽ 833 എണ്ണവും (അധിക ലിസ്റ്റ് ഉൾപ്പെടെ) പൂർത്തീകരിക്കുവാനായിട്ടുണ്ട്.

സേഫ് (സെക്യൂർ അക്കോമഡേഷൻ ആൻഡ് ഫെസിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം) പദ്ധതിപ്രകാരം പട്ടികവർഗ്ഗ മേഖലകളിലെ ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ നവീകരികരണവും പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണവും വകുപ്പ് ലക്ഷ്യമിടുന്നു. സർക്കാർ മാർഗ്ഗരേഖ പ്രകാരം, 2006 ഏപ്രിൽ 1 ന് ശേഷം പൂർത്തീകരിച്ചതും എന്നാൽ 2018 ഏപ്രിൽ 1 ന് ശേഷം വീടുകൾ നവീകരിക്കുന്നതിനോ, പൂർത്തീകരിക്കുന്നതിനോ സർക്കാർ ധനസഹായം ലഭിച്ചിട്ടില്ലാത്തതും, 2.5 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതുമായവരെയാണ് സേഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്. എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ ഒരു വീടിന് 2.5 ലക്ഷം നിരക്കിൽ തുക അനുവദിച്ചുവരുന്നു. പ്രളയബാധിത കുടുംബങ്ങൾ, 'അതിദാരിദ്ര്യ സർവ്വേ-2021-22' പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ, മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനായി ഇ-സർവേയിൽ കണ്ടെത്തിയ കുടുംബങ്ങൾ എന്നിവർക്ക് പദ്ധതിയിൽ പ്രത്യേക പരിഗണന നൽകുന്നുണ്ട്.

2022–23 വർഷത്തിൽ, സേഫ് പദ്ധതി പ്രകാരം 1,500 ഭവനങ്ങൾ നവീകരിക്കുവാൻ/ പൂർത്തീകരിക്കുവാനാണ് വകുപ്പ് ലക്ഷ്യം വെച്ചിരുന്നത്. ഇതുപ്രകാരം 1406 ഗുണഭോക്താക്കൾ എഗ്രിമെൻറ് വെച്ചതിൽ 628 ഭവനങ്ങളുടെ നവീകരണം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2023-24 വർഷത്തിൽ 3072 ഭവനങ്ങൾ നവീകരിക്കാൻ/പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരുന്നു. ആയതു പ്രകാരം 3043 ഗുണഭോക്താക്കൾ എഗ്രിമെൻറ് വെയ്ക്കുകയും, ഇതിൽ 113 ഭവനങ്ങളുടെ നവീകരണം പൂർത്തിയാക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ, 3,826 വീടുകൾ നവീകരിക്കുവാൻ/ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുപ്രകാരം ഗുണഭോക്താക്കളുമായി എഗ്രിമെൻറ് വെയ്ക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

ലൈഫ് മിഷനു കീഴിലുള്ള ഭവന നിർമാണത്തിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.27**-ലും, ലൈഫ് മിഷനു കീഴിൽ വിവിധ ഘട്ടങ്ങളിലായുള്ള ഭവന നിർമ്മാണത്തിന്റെ വിവരങ്ങൾ **അനുബന്ധം 8.2.28**-ലും നൽകിയിരിക്കുന്നു. ലൈഫ് മിഷൻ ആരംഭിക്കുന്നതിന് മുമ്പ് വകുപ്പ് ഏറ്റെടുത്തതും, നിലവിൽ നടപ്പിലാക്കിവരുന്നതുമായ ഭവന പദ്ധതി, സേഫ് പദ്ധതി തുടങ്ങിയ ഭവനപദ്ധതികളുടെ 2018-19 മുതൽ 2024-25 വരെയുള്ള വർഷം തിരിച്ചുള്ള വിഹിതവും ചെലവും (2024 ഓഗസ്റ്റ് 31 വരെ) ഗുണഭോക്താക്കളുടെ എണ്ണവും **അനുബന്ധം 8.2.29**-ൽ നൽകിയിരിക്കുന്നു.

### ഉന്നതികളിലെ വൈദ്യുതീകരണം

ഉന്നതികളിലെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ആകെയുള്ള 6,578 പട്ടികവർഗ്ഗ ഉന്നതികളിൽ 6,523 ഉന്നതികളും വൈദ്യുതീകരിക്കാനായിട്ടുണ്ട്. നിലവിൽ പത്ത് ജില്ലകളിലെ എല്ലാ പട്ടികവർഗ്ഗ ഉന്നതികളും പൂർണ്ണമായി വൈദ്യുതീകരിക്കുവാനായിട്ടുണ്ട്. വൈദ്യുതീകരിച്ച ഉന്നതികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.30**-ൽ നൽകിയിരിക്കുന്നു.

### വിദ്യാഭ്യാസ പരിപാടികൾ

വിദ്യാഭ്യാസ മേഖലയിലെ കേരള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരത്തിൽ, പ്രത്യേകിച്ച് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധേയമായ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. റസിഡൻഷ്യൽ സ്കൂളുകളും, ഹോസ്റ്റലുകളും, വിപുലമായ സ്കോളർഷിപ്പ് പദ്ധതികളും, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ, പ്രത്യേകിച്ച് വിദൂര പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാകുന്നതിന് സഹായകരമായിട്ടുണ്ട്. ഈ സംരംഭങ്ങൾ പട്ടികവർഗ്ഗ കുടുംബങ്ങളുടെ സാമ്പത്തിക ഭാരം ലഘൂകരിക്കാനും, സമഗ്രമായ വികസനത്തിനും ശാക്തീകരണത്തിനും സഹായകരമാകുന്നുണ്ട്.

2023-24 ലെ വിദ്യാഭ്യാസ മേഖലയിലെ പ്രധാന നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ്' പദ്ധതിയുടെ ഭാഗമായി 2023-24 ൽ 788 പ്രതിഭാധനരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും 2024-25 ൽ (2024 ആഗസ്റ്റ് വരെ) 192 വിദ്യാർത്ഥികൾക്കും സഹായം നൽകി.
- 2023-24 കാലയളവിൽ, 5,279 വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പും, 26,478 വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പും ലഭ്യമാക്കി.
- 2023-24 കാലയളവിൽ 1,915 സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കി.
- 2023-24 ൽ, 482 അനാഥകുട്ടികൾക്കും, 2024-25 കാലയളവിൽ (2024 ആഗസ്റ്റ് വരെ), 433 അനാഥകുട്ടികൾക്കും പ്രത്യേക സഹായം നൽകുകയുണ്ടായി.

**ബോക്സ് 8.2.5** തിരുവനന്തപുരം ജില്ലയിലെ സാമൂഹ്യ പഠനമുറികൾ: ഒരു സ്റ്റാറ്റസ് സ്റ്റഡി റിപ്പോർട്ട്

പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസ് ജില്ലയിലെ സാമൂഹ്യ പഠനമുറികളുടെ അടിസ്ഥാന -ഭൗതിക സൗകര്യങ്ങൾ മനസിലാക്കുന്നതിനും, പഠനമുറികളിൽ പഠന - പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ എത്രത്തോളമെന്ന് വിലയിരുത്തുന്നതിനും, പുതിയ സാമൂഹ്യ പഠനമുറികളുടെ സാധ്യത കണ്ടെത്തുന്നതിനും വേണ്ടി ജില്ലയിലെ 31 സാമൂഹ്യ പഠനമുറികളുടേയും സമഗ്രമായ ഒരു അവസ്ഥ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. സാമൂഹ്യ പഠനമുറികളിലെ അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാർത്ഥി ഹാജർ, വിദ്യാർത്ഥികളെ നിലനിർത്തുന്നതിലെ വെല്ലുവിളികൾ, രക്ഷാകർതൃസമിതികൾ, ഫെസിലിറ്റേറ്റർമാർക്കുള്ള പരിശീലനം, മതിയായ നിരീക്ഷണ സംവിധാനത്തിന്റെ അഭാവം എന്നിവയാണ് റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ. പഠനത്തിന്റെ ഭാഗമായുള്ള കണ്ടെത്തലുകളുടേയും, ശുപാർശകളുടേയും അടിസ്ഥാനത്തിൽ നിലവിലുള്ള വിടവുകളെ പരിഹരിക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഒരു കർമ്മ പദ്ധതി പ്രാദേശിക സർക്കാരുകളുടേയും മറ്റു സ്ഥാപനങ്ങളുടേയും സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.

***അവലംബം:*** തിരുവനന്തപുരം ജില്ലയിലെ സാമൂഹ്യ പഠനമുറികൾ : സ്റ്റാറ്റസ് സ്റ്റഡി റിപ്പോർട്ട്, 2024

**ബോക്സ് 8.2.6** പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്രമായ കർമ്മ പദ്ധതി

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂൾ വിദ്യാഭ്യാസത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് - പട്ടികവർഗ്ഗ വികസന വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഒരു സമഗ്ര കർമ്മ പദ്ധതിക്ക് (ആക്ഷൻ പ്ലാൻ) രൂപം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാർവത്രിക എൻറോൾമെന്റും (Universal Enrolment) സ്കൂൾ റീറ്റൻഷനും ഉറപ്പാക്കുക, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം (Pass Percentage) വർദ്ധിപ്പിക്കുക, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഗ്രേഡുകളും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുക എന്നിവ കൈവരിക്കുകയാണ് കർമ്മ പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്.

2024-25ൽ വയനാട് ജില്ലയിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുവാനും, ഇതിന്റെ ഫലം വിലയിരുത്തിയ ശേഷം സംസ്ഥാനമൊട്ടാകെ പദ്ധതി വ്യാപിപ്പിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുപ്രകാരം, ഈ വർഷം വയനാട് ജില്ലയിലെ 22 വിദ്യാലയങ്ങൾ തിരെഞ്ഞെടുത്ത് ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലവിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റേയും, പൊതു വിദ്യാഭ്യാസ വകുപ്പിന്റേയും നേതൃത്വത്തിൽ തയ്യാറാക്കിയ ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

ആക്ഷൻ പ്ലാൻ ഫലപ്രദമായി നടപ്പാക്കുന്നത് ഉറപ്പാക്കുവാൻ, സംസ്ഥാനതല ഏകോപന സമിതി, ജില്ലാതല ഏകോപന സമിതി, പ്രാദേശികതല ഏകോപന സമിതി, പ്രാദേശികതല നിർവഹണ സമിതി എന്നിങ്ങനെ നാല് കമ്മിറ്റികൾ രൂപീകരിക്കുകയും അവയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിശ്ചയിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

***അവലംബം:*** പട്ടികവർഗ്ഗ വികസന വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, 2024

- 2023-24 ൽ 669 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തു.
- സിവിൽ സർവീസ് കോച്ചിംഗ് : സിവിൽ സർവീസിൽ താൽപര്യമുള്ള പട്ടികവർഗ്ഗക്കാർക്ക് ഇന്ത്യയിലെ ഏത് അംഗീകൃത കേന്ദ്രത്തിലും കോച്ചിംഗിനായി പട്ടികവർഗ്ഗ വികസന വകുപ്പ് സ്കോളർഷിപ്പ് നൽകിവരുന്നു. 30 വയസ്സിന് താഴെയുള്ള, കുടുംബവരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ള, 50 ശതമാനം മാർക്കോടെ ബിരുദം നേടിയിട്ടുള്ളവർക്കാണ് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുള്ളത്. ഒരു വിദ്യാർത്ഥിക്ക് 3.00 ലക്ഷം രൂപ വരെ വകുപ്പ് നൽകുന്നു. 2023-24 കാലയളവിൽ 32 വിദ്യാർത്ഥികൾക്ക് ഈ പ്രോഗ്രാമിന്റെ പ്രയോജനം ലഭിച്ചു.
- പട്ടികവർഗ്ഗ ഉൾ ഗ്രാമങ്ങളിൽ കമ്മ്യൂണിറ്റി സ്റ്റഡി സെന്ററുകൾ (സാമൂഹ്യ പഠനമുറി): പട്ടികവർഗ്ഗ കുട്ടികളുടെ പഠന മികവിന് ട്യൂഷനും ഇ-ലേണിംഗ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനും സ്കൂൾ റിറ്റൻഷൻ മെച്ചപ്പെടുത്തുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും 343 സാമൂഹ്യ പഠനമുറികൾ വിവിധ ഉന്നതികളിൽ സ്ഥാപിച്ചിട്ടുണ്ട്.
- ഉന്നതി ഓവർസീസ് എജ്യുക്കേഷൻ സ്കോളർഷിപ്പ് : മെറിറ്റ് അടിസ്ഥാനമാക്കി വിദേശത്ത് ഉപരിപഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പാണിത്. ഈ പദ്ധതിയിലൂടെ ഒഡെപെക്കുമായി (ODEPC) സഹകരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തികവും ലോജിസ്റ്റിക്കൽ പിന്തുണയും നൽകിവരുന്നു. ഇതുപ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് ബിരുദാനന്തര ബിരുദ പഠനത്തിന് 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകിവരുന്നു. 2023-24 ൽ, രണ്ട് വിദ്യാർത്ഥികൾക്ക് വകുപ്പ് സ്കോളർഷിപ്പ് അനുവദിച്ചതിൽ ഒരാളും, 2024-25 ൽ, 14 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതിൽ, 8 പേരും നിലവിൽ വിദേശത്ത് പഠിക്കുന്നു.
- 'ഭാരത് ദർശൻ പഠനയാത്ര' പരിപാടി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് പി.വി.ട്ടി.ജി വിദ്യാർഥികൾ ഉൾപ്പെടെ 296 പട്ടികവർഗ്ഗ വിദ്യാർഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു.
- പട്ടികവർഗ്ഗ യുവാക്കൾക്കുള്ള സ്വയം തൊഴിൽ സഹായവും

നൈപുണ്യ വികസന പരിശീലനവും പദ്ധതി പ്രകാരം എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, വെറ്റിനറി സയൻസ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം തേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശന-അധിഷ്ഠിത കോച്ചിംഗ് സഹായം നൽകുന്നുണ്ട്. 2023-24 വർഷത്തിൽ, പരിശീലനം ലഭിച്ച 76 വിദ്യാർത്ഥികളിൽ 66 പേർ വിവിധ വിഷയങ്ങളിൽ പ്രവേശനം നേടുകയുണ്ടായി, അതിൽ 23 പേർ എം.ബി.ബി.എസ് പ്രവേശനം നേടിയത് ശ്രദ്ധേയമായ ഒരു നേട്ടമാണ്.

- പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കൽ, ഐ.ടി.ഐ-കളെ സമഗ്ര തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളാക്കി നവീകരിക്കൽ, സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിലുള്ള എല്ലാ ലൈബ്രറികളിലും പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് സൗജന്യ അംഗത്വം നൽകൽ എന്നിവയാണ് വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി വകുപ്പ് കൈക്കൊണ്ടിട്ടുള്ള മറ്റ് പ്രധാന പ്രവർത്തനങ്ങൾ.
- ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി, 2023-24 കാലയളവിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി ഇല്ലാത്ത 164 ഊരുകളിലെ 20 ഊരുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കി.

2018-19 മുതൽ 2024-25 വരെ (2024 ആഗസ്റ്റ് 31 വരെ) വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയ സ്കോളർഷിപ്പുകളുടേയും വിദ്യാഭ്യാസ സഹായങ്ങളുടേയും വിവരങ്ങൾ **അനുബന്ധം 8.2.31**-ൽ നൽകിയിരിക്കുന്നു. 2023-24, 2024-25 വർഷങ്ങളിൽ (2024 ആഗസ്റ്റ് 31 വരെ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിയ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പൻഡ്, പോക്കറ്റ് മണി എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.32**-ൽ നൽകിയിരിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ **അനുബന്ധം 8.2.33**-ൽ നൽകിയിരിക്കുന്നു.

2023-24 ൽ വിദ്യാഭ്യാസ മേഖലക്കായി 160.77 കോടി രൂപ (വകുപ്പിനുള്ള ആകെ വിഹിതത്തിന്റെ 24.43 ശതമാനം) വകയിരുത്തിയിരുന്നു. വിദ്യാഭ്യാസമേഖലയിൽ അനുവദിച്ച വിഹിതം, ചെലവ് എന്നിവയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.34**-ൽ നൽകിയിരിക്കുന്നു.

### ആരോഗ്യ പരിപാടികൾ

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യം ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ പരിരക്ഷാ പദ്ധതി, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ധനസഹായം, ഗർഭിണികളുടേയും കൗമാരക്കാരുടേയും പോഷകാഹാര പ്രശ്നം പരിഹരിക്കുന്നതിന് ജനനി-ജന്മരക്ഷ, പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള ധനസഹായം, വിദൂര പ്രദേശങ്ങളിൽ ആരോഗ്യ സംരക്ഷണം നൽകുന്നതിന് മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെ നടത്തിപ്പ് എന്നിവ ഇത്തരത്തിലുള്ള ചില പ്രധാന പരിപാടികളാണ്. അനാഥ പട്ടികവർഗ്ഗ കുട്ടികൾക്ക് സഹായകരമായി 'കൈത്താങ്ങ്' പദ്ധതിയും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി വീൽചെയറുകൾ, ശ്രവണസഹായികൾ പോലുള്ള ഉപകരണങ്ങൾ എന്നിവ നൽകുന്നതിന് 'കാറ്റാടി' (കേരള ആക്സിലറേറ്റഡ് ട്രൈബൽ എബിലിറ്റി ഡെവലപ്മെന്റ് & ഇൻക്ലൂഷൻ ഇനീഷ്യേറ്റീവ്) പദ്ധതിയും നടപ്പാക്കി വരുന്നു.

അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കിടയിലെ ശിശുമരണനിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന 'ഊരിന്റെ താരാട്ട്' വകുപ്പിന്റെ മറ്റൊരു പ്രധാന പരിപാടിയാണ്. ഈ പരിപാടിയിൽ കൗമാരക്കാരുടെ ഗ്രൂപ്പുകൾ രൂപീകരിച്ച്, മുലയൂട്ടുന്ന തിനെക്കുറിച്ചും ഗർഭധാരണത്തെക്കുറിച്ചും അവരെ ബോധവത്കരിക്കുകയും, ഗർഭിണികൾക്ക് നിയോനേറ്റൽ കിറ്റുകൾ നൽകുകയും, ശിശു സംരക്ഷണത്തിൽ പരിശീലനം നൽകുകയും ചെയ്യുന്നു. പട്ടികവർഗ്ഗക്കാർക്കിടയിൽ നവജാതശിശു സംരക്ഷണത്തെ കുറിച്ചുള്ള അറിവ് മെച്ചപ്പെടുത്തുകയും നവജാതശിശു മരണനിരക്ക് കുറക്കുകയും ആണ് ഊരിന്റെ താരാട്ടിലൂടെ ലക്ഷ്യം വെക്കുന്നത്. 2023-24ൽ ആരോഗ്യമേഖലയിൽ ലഭ്യമാക്കിയ സഹായങ്ങൾ **ബോക്സ് 8.2.7**-ൽ നൽകുന്നു.

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ വികസനത്തിനായി 2023-24-ൽ 49.50 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നതിൽ 36.48 കോടി രൂപ വിവിധ ആരോഗ്യ പരിരക്ഷാ പദ്ധതികൾക്കായി ചെലവഴിച്ചു. 2024-25-ൽ (2024 ആഗസ്റ്റ് 31 വരെ) ആരോഗ്യ പരിരക്ഷാ പദ്ധതിക്കായി 20.27 കോടി

**ബോക്സ് 8.2.7** 2023-24ൽ ആരോഗ്യമേഖലയിൽ ലഭ്യമാക്കിയ സഹായങ്ങൾ

- സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ പരിരക്ഷാ പദ്ധതി പ്രകാരം 1,25,866 പേർക്ക് ചികിത്സാ സഹായം നൽകി.
- ആരോഗ്യ പരിരക്ഷാ പദ്ധതിയുടെ ദുരിതാശ്വാസ ഘടകത്തിന് കീഴിൽ, ഏകവരുമാനദായകന്റെ മരണത്താൽ കഷ്ടതയനുഭവിക്കുന്ന 71 കുടുംബങ്ങളെ സഹായിക്കാൻ 1.34 കോടി രൂപ ചെലവഴിച്ചു.
- 905 സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2500 രൂപ ധനസഹായം നൽകി.
- ജനനി ജന്മരക്ഷ പദ്ധതിക്ക് കീഴിൽ 10,015 ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 2,000 രൂപ നിരക്കിൽ ധനസഹായം നൽകി.
- 'പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യന്മാർക്കുള്ള ധനസഹായം' എന്ന പദ്ധതി പ്രകാരം 241 പരമ്പരാഗത വൈദ്യന്മാർക്ക് 10,000 രൂപ നിരക്കിൽ വാർഷിക ഗ്രാന്റ് നൽകി.
- ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ഉപയോഗപ്പെടുത്തുകയും 2,619 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയുമുണ്ടായി.

***അവലംബം:*** പട്ടികവർഗ്ഗ വികസന വകുപ്പ്

**ബോക്സ് 8.2.8** സഹ്യകിരൺ & മറയൂർ മധുരം

**സഹ്യകിരൺ**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) ആരംഭിച്ച സഹ്യകിരൺ സംരംഭം കേരളത്തിലെ പരമ്പരാഗത പട്ടികവർഗ്ഗ തൊഴിലുകളെ പുനരുജ്ജീവിപ്പിക്കാൻ ലക്ഷ്യമിടുന്നു. എട്ട് ജില്ലകളിലായി നടപ്പിലാക്കിവരുന്ന ഈ സംരംഭം, മറയൂർ ശർക്കര ഉൽപ്പാദനം, മുള, ചൂരൽ കരകൗശല വസ്തുക്കൾ, പായ, പരവതാനി നെയ്ത്ത്, കാട്ടുതേൻ സംസ്കരണം, ഔഷധ സസ്യങ്ങളുടേയും, തടി ഇതര വന ഉൽപ്പന്നങ്ങളുടേയും (NTFP) ശേഖരണം തുടങ്ങിയ തൊഴിലുകളെ പിന്തുണയ്ക്കുന്നു. ഈ ഉൽപ്പന്നങ്ങളുടെ ശാസ്ത്രീയ ശേഖരണത്തിനും സംസ്കരണത്തിനുമുള്ള പരിശീലനവും ഉപകരണങ്ങളും സി.എം.ഡി നൽകുന്നു. 700 പട്ടികവർഗ്ഗക്കാർക്ക് നേരിട്ടും 2,100 പേർക്ക് പരോക്ഷമായും പ്രയോജനം ചെയ്യുന്ന സഹ്യകിരൺ പദ്ധതി പട്ടികവർഗ്ഗ സമൂഹങ്ങളിൽ നൈപുണ്യ വികസനവും സുസ്ഥിരമായ ഉപജീവനവും പ്രോത്സാഹിപ്പിക്കാൻ സഹായകരമാകുന്നു.

**മറയൂർ മധുരം**

പരമ്പരാഗത മറയൂർ ശർക്കര പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി, ജി.ഐ ടാഗ് ലഭിച്ച ഉൽപ്പന്നമായ മറയൂർ ശർക്കരയുടെ ഉൽപ്പാദന പ്ലാന്റ് മറയൂരിലെ ദുണ്ടികൊമ്പിൽ സ്ഥാപിച്ചു. 150 ഗുണഭോക്താക്കളെ സംഘടിപ്പിച്ച് ഒരു സ്വയം സഹായ സംഘമായി (എസ്.എച്ച്.ജി) ആരംഭിച്ച ഈ പദ്ധതി പിന്നീട് മറയൂർ കാന്തല്ലൂർ ട്രൈബൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ രൂപീകരണത്തിലേക്ക് നയിച്ചു. 2024 ഓഗസ്റ്റ് 30 മുതൽ 'മറയൂർ മധുരം' എന്ന ബ്രാൻഡിന് കീഴിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

ഈ പദ്ധതി പരമ്പരാഗതമായ ശർക്കര ഉൽപാദന രീതിയെ സംരക്ഷിക്കുകയും, ശർക്കര ഉൽപാദനത്തിൽ ആധുനിക സാങ്കേതിക രീതികൾ ഉൾപ്പെടുത്തുകയും, പട്ടികവർഗ്ഗക്കാർക്ക് സ്ഥിരമായ ഉപജീവനമാർഗം ഉറപ്പാക്കുകയും, സമൂഹങ്ങൾക്കിടയിൽ സാമ്പത്തിക ഭദ്രത പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഓഹരി ഉടമകൾ എന്ന നിലയിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം, പട്ടികവർഗ്ഗ സമൂഹത്തിൽ ഉടമസ്ഥാവകാശം, അഭിമാനം, സ്വാശ്രയബോധം എന്നിവ ശക്തിപ്പെടുത്തുന്നു.

***അവലംബം:*** സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, 2024

രൂപ ചെലവഴിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിൽ വകയിരുത്തിയ വിഹിതം, ചെലവ്, ഭൗതിക നേട്ടങ്ങൾ എന്നിവയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.35**-ൽ നൽകിയിരിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രധാന ആരോഗ്യ സ്ഥാപനങ്ങളുടെ വിവരങ്ങൾ **അനുബന്ധം 8.2.36**-ൽ നൽകിയിരിക്കുന്നു.

**നൈപുണ്യ വികസനം, തൊഴിൽ, ഉപജീവന പരിപാടി**

പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളുടെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പ് നിരവധി കരിയർ ഗൈഡൻസ് ക്യാമ്പുകളും നൈപുണ്യ പരിശീലന പരിപാടികളും നടത്തിവരുന്നു. വകുപ്പിന്റെ ഇത്തരത്തിലുള്ള ശ്രമങ്ങൾ പരിശീലനം നേടിയ പട്ടികവർഗ്ഗ യുവാക്കൾക്ക് സർക്കാർ മേഖലയിലും വിദേശ-ബഹുരാഷ്ട്ര കമ്പനികൾ ഉൾപ്പെടെ സ്വകാര്യ മേഖലയിലും വിജയകരമായി ജോലിനേടുന്നതിന് സഹായകരമായിട്ടുണ്ട്.

നൈപുണ്യ വികസനം, തൊഴിൽ, ഉപജീവന പരിപാടികൾ എന്നിവയിലെ ഇടപെടലുകളും 2023-24 ലെ പ്രധാന നേട്ടങ്ങളും ചുവടെ നൽകിയിരിക്കുന്നു.

- ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് (TRACE): തൊഴിൽ പരിശീലനം, നൈപുണ്യ വികസനം, വിവിധ സർക്കാർ വകുപ്പുകളിലെ രണ്ട് വർഷം വരെയുള്ള പ്രവൃത്തി പരിചയം എന്നിവയിലൂടെ പട്ടികവർഗ്ഗക്കാർക്ക് തങ്ങളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനുള്ള അവസരം ട്രേസ് പരിപാടിയിലൂടെ വകുപ്പ് ഒരുക്കിനല്കുന്നു. വിവിധ സർക്കാർ വകുപ്പുകളിൽ നിരവധി വ്യക്തികളെ വിജയകരമായി നിയമിക്കുന്നതിന് ഇത് സഹായകരമായിട്ടുണ്ട്. ഈ പരിപാടിയിലൂടെ 177 പട്ടികവർഗ്ഗ സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികൾ/ ഡിപ്ലോമ ഹോൾഡർമാരെ അംഗീകൃത എഞ്ചിനീയർമാരായും 140 പേരെ ഓഫീസ് മാനേജ്മെന്റ് ട്രെയിനിമാരായും വിവിധ ഓഫീസുകളിൽ നിയമിക്കുവാനായി. ഫീൽഡ് തലത്തിൽ 1182 പട്ടികവർഗ്ഗക്കാർ, പട്ടികവർഗ്ഗ പ്രൊമോട്ടർമാരായും, 54 പേർ സാമൂഹിക പ്രവർത്തകരായും പ്രവർത്തിച്ചുവരുന്നു. 343 പട്ടികവർഗ്ഗക്കാർ സാമൂഹ്യ പഠന മുറികളിൽ ഫെസിലിറ്റേറ്റർമാരായും, 326 പേർ മെന്റർ ടീച്ചർമാരായും, 66 നഴ്സിംഗ് ബിരുദധാരികൾ ട്രൈബൽ പാരാമെഡിക്കുകളായും പ്രവർത്തിച്ചു വരുന്നു. പ്രവൃത്തി പരിചയം ലഭ്യമാക്കുന്നതിലുപരി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനും അവരുടെ സാമ്പത്തിക ശാക്തീകരണത്തിനും സാമൂഹിക ഉൾച്ചേർക്കലിനും ഈ പദ്ധതി സഹായകരമാകുന്നുണ്ട്.
- 'വിംഗ്സ്' പദ്ധതിയുടെ ഭാഗമായി പൈലറ്റ് പരിശീലനത്തിനുള്ള സ്കോളർഷിപ്പുകൾ നൽകിവരുകയും, ഇതുപ്രകാരം സംസ്ഥാനത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് രാജ്യത്തുടനീളമുള്ള അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും അനുബന്ധ മേഖലകളിലും ജോലി ലഭ്യമാക്കുവാനും കഴിയുന്നു. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ആദ്യമായി ഒരാൾക്ക് ക്യാബിൻ ക്രൂ പരിശീലനം നൽകുവാനും കഴിഞ്ഞു. 2023-24ൽ വ്യോമയാന മേഖലയിൽ പഠനം പൂർത്തിയാക്കിയ 65 വിദ്യാർത്ഥികൾക്കും ഈ മേഖലയിൽ തൊഴിൽ നേടുവാനായിട്ടുണ്ട്. നിലവിൽ വ്യോമയാന മേഖലയിൽ 70 വിദ്യാർഥികളെ കൂടി പരിശീലിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- ജ്വാല (ജസ്റ്റിസ്, വെൽഫെയർ, ലീഗൽ അസിസ്റ്റൻസ്) പദ്ധതി പട്ടികവർഗ്ഗ നിയമ ബിരുദധാരികൾക്ക് പ്രായോഗിക നിയമ പരിശീലനം നൽകുന്നതിനായുള്ള

ഒരു നിർണായകമായ സംരംഭമാണ്. ഇത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ നിയമ വൈദഗ്ധ്യം പരിപോഷിപ്പിക്കുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു. ഈ പദ്ധതിക്ക് കീഴിൽ പ്രശസ്ത നിയമ സ്ഥാപനങ്ങളിൽ മൂന്ന് വർഷത്തെ ഇന്റേൺഷിപ്പ് നൽകുന്നതിനായി 25 പട്ടികവർഗ്ഗ നിയമ ബിരുദധാരികളെ തിരഞ്ഞെടുത്തിട്ടുണ്ട്. പ്രതിമാസം 18,000 രൂപ നിരക്കിലാണ് ഇവർക്ക് ഓണറേറിയം നൽകുന്നത്.

2023-24 വർഷം നൈപുണ്യ വികസനത്തിന്റെ ഭാഗമായി ഏഴ് നൈപുണ്യ പരിശീലന പരിപാടികളിലായി 374 പട്ടികവർഗ യുവാക്കൾ പങ്കെടുക്കുകയും, ഇവരിൽ പരിശീലന പരിപാടികൾ പൂർത്തിയാക്കിയ 330 യുവതീ-യുവാക്കൾ വിവിധ സ്ഥാപനങ്ങളിൽ, വിവിധ തസ്തികകളിൽ തൊഴിൽ നേടുകയുമുണ്ടായി. നടപ്പാക്കിയ നൈപുണ്യ പരിശീലനങ്ങളുടേയും ലഭിച്ച തൊഴിൽ അവസരങ്ങളുടേയും വിശദാംശങ്ങൾ **അനുബന്ധം 8.2.37** ൽ നൽകിയിരിക്കുന്നു.

### ഭക്ഷ്യ സുരക്ഷയും പോഷകാഹാര വികസന പരിപാടികളും

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ പോഷകാഹാരക്കുറവും ദാരിദ്ര്യവും പരിഹരിക്കുന്നതിനായി സർക്കാർ വിവിധ ഭക്ഷ്യസുരക്ഷാ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. മൺസൂൺ സമയങ്ങളിലെ ഭക്ഷ്യധാന്യ വിതരണം, ദുർബല വിഭാഗങ്ങൾക്കുള്ള കമ്മ്യൂണിറ്റി കിച്ചണുകൾ, വിവിധ കാർഷിക പദ്ധതികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ അട്ടപ്പാടിയിലെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 'മില്ലറ്റ് ഗ്രാമം' പദ്ധതി, പോഷകാഹാര പര്യാപ്തത പദ്ധതി (നമ്മത്ത് വെള്ളാമെ) തുടങ്ങിയ പ്രത്യേക സംരംഭങ്ങളും നടത്തിവരുന്നു. 60 വയസ്സിന് മുകളിലുള്ള എല്ലാ പട്ടികവർഗ്ഗക്കാരുടേയും പോഷകാഹാര നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്, അവശ്യവസ്തുക്കൾ അടങ്ങിയ ഭക്ഷണ കിറ്റുകൾ നൽകിവരുന്നു. ഇടുക്കിയിലും വയനാട്ടിലും നടപ്പാക്കിവരുന്ന നൂതന സംരംഭമായ 'ഹരിത രശ്മി' പദ്ധതി പട്ടികവർഗ്ഗ മേഖലകളിൽ ഭക്ഷ്യസുരക്ഷയും പോഷകാഹാരലഭ്യതയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു.

### ഹരിതരശ്മി

പട്ടികവർഗ്ഗ വികസന വകുപ്പ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റുമായി (സി.എം.ഡി) ചേർന്ന് ആരംഭിച്ച ഹരിതരശ്മി പദ്ധതി, ഇടുക്കിയിലും വയനാട്ടിലുമുള്ള പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥതയിലുള്ള ഉപയോഗിക്കപ്പെടാത്ത ഭൂമിയിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. 376 പട്ടികവർഗ്ഗ ഉന്നതികളിലെ 163 കർഷക ഗ്രൂപ്പുകളിലായുള്ള 4,113 പേർക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിയിലൂടെ ബോധവൽക്കരണം, പരിശീലനം, വിത്ത് വിതരണവും വിപണി ബന്ധവും ഉൾപ്പെടെയുള്ള തുടർച്ചയായ പിന്തുണയും നൽകിവരുന്നു. വൈവിധ്യമാർന്ന കൃഷി വിളകൾ, ജൈവ വിപണികൾ, വിളവെടുപ്പ് ഉത്സവങ്ങൾ, പ്രാദേശിക കമ്പോളം എന്നിവയാണ് ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. ഓണത്തിനും വിഷുവിനുമുള്ള ജൈവ ചന്തകൾ, പൊൻ വെള്ളരി, ചെണ്ടുമല്ലി തുടങ്ങിയ പ്രത്യേക വിളകളുടെ കൃഷി തുടങ്ങിയ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ സമൂഹങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇടനിലക്കാരെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും സഹായകരമായിട്ടുണ്ട്. പദ്ധതിയുടെ വികേന്ദ്രീകൃതവും ആവശ്യാധിഷ്ഠിതവുമായ സമീപനം ഗുണഭോക്താക്കളുടെ ജീവനോപാധിയും സാമ്പത്തിക സ്വാതന്ത്ര്യവും മെച്ചപ്പെടുത്തുന്നതിൽ സഹായകമായിട്ടുണ്ട്.

### മില്ലറ്റ് വില്ലേജ് പരിപാടി

അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സമൂഹങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി 2017-ലാണ് മില്ലറ്റ് വില്ലേജ് പരിപാടി ആരംഭിച്ചത്. ഇതിലൂടെ അവരുടെ മുഖ്യ പരമ്പരാഗത ഭക്ഷണമായ ചെറുധാന്യങ്ങളുടെ കൃഷിയും ഉപഭോഗവും പ്രോത്സാഹിപ്പിക്കുവാനായി. കൃഷി വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി 7.41 കോടി രൂപ ചെലവിട്ടാണ് ഈ പദ്ധതി ആരംഭിച്ചത്.

ചരിത്രപരമായി അട്ടപ്പാടിയിലെ എല്ലാ പട്ടികവർഗ്ഗ വിഭാഗങ്ങളും കൃഷി ചെയ്ത് ഭക്ഷണത്തിൽ ഉൾപ്പെടുത്തിയിരുന്ന ഒന്നായിരുന്നു ചെറുധാന്യങ്ങൾ. പദ്ധതി ആരംഭിക്കുന്നതിന് മുൻപ് അവയുടെ കൃഷി ഏതാനും ചില കുറുമ്പ ഊരുകളിൽ മാത്രമായി ചുരുങ്ങിയിരുന്നു. പദ്ധതി ആരംഭിച്ച ശേഷം ഇരുള, മുഡുകർ, കുറുമ്പ വിഭാഗങ്ങളിലായി 96 പട്ടികവർഗ്ഗ ഉന്നതികളിൽ ചെറുധാന്യ കൃഷി തിരികെ കൊണ്ടുവരുന്നതിനും, ഇവരുടെ ദൈനംദിന ആഹാരത്തിൽ ഒരു നേരമെങ്കിലും ഇവ ഉൾപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

2019 - 2020 വർഷത്തിൽ മില്ലറ്റ് വില്ലേജ് പരിപാടി പൂർത്തിയായപ്പോൾ, റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഇത് ഏറ്റെടുക്കുകയും 7.99 കോടി രൂപ ചെലവിൽ 'അട്ടപ്പാടി ഗോത്രവർഗ സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി' ആരംഭിക്കുകയും ചെയ്തു. നിലവിൽ ഓരോ സീസണിലും ഏകദേശം 1000 ഹെക്ടർ സ്ഥലത്ത് ചെറു ധാന്യ കൃഷി ചെയ്യുന്നുണ്ട്. 2023-24 വർഷത്തിൽ രണ്ട് സീസണുകളിലായി 2003 ഹെക്ടർ സ്ഥലത്ത് ചെറുധാന്യങ്ങൾ കൃഷി ചെയ്തു. ഇത് പ്രതിവർഷം 3000 ഹെക്ടറിലേക്ക് വ്യാപിപ്പിക്കാനാണ് നിലവിൽ ലക്ഷ്യമിടുന്നത്.

ജൈവ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പ്രവർത്തനത്തനങ്ങളുടെ ഫലമായി 40 ഉന്നതികളിലെ 926 കർഷകരുടെ 742 ഹെക്ടർ സ്ഥലത്തിന് നിലവിൽ ജൈവ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 33 ഉന്നതികളിലെ 369 കർഷകരുടെ 153 ഹെക്ടർ ഭൂമിയുടെ സർട്ടിഫിക്കേഷൻ നടപടികൾ പുരോഗമിക്കുകയാണ്. ഇന്ത്യയിൽ ആദ്യമായാണ് ഒരു പട്ടികവർഗ്ഗ സമൂഹം വലിയ രീതിയിൽ ചെറു ധാന്യ കൃഷിക്ക് ജൈവ സർട്ടിഫിക്കേഷൻ നേടുന്നത്. ചെറുധാന്യങ്ങൾക്കൊപ്പം പ്രാദേശികമായി കൃഷി ചെയ്യുന്ന മറ്റ് വിളകൾക്കും പദ്ധതിയിൽ പരിഗണന നൽകുന്നുണ്ട്. തൽഫലമായി 'അട്ടപ്പാടി അവര', 'ആറ്റുകൊമ്പ് അവര' എന്നിവക്ക് അടുത്തിടെ ഭൗമസൂചികാ പദവി (ജിഐ) ലഭ്യമായിട്ടുണ്ട്.

കർഷകർ ഉല്പ്പാദിപ്പിക്കുന്ന ചെറുധാന്യങ്ങൾ സംസ്കരിച്ച് വിപണനം ചെയ്യുന്നതിനായി അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസോസിയേഷൻ ഫോർ മില്ലറ്റ്സ് (എടിഎഫ്എആർഎം) രൂപീകരിക്കുകയുണ്ടായി. ഇതുപ്രകാരം പുതൂർ പഞ്ചായത്തിലെ ചിറക്കടവിൽ പ്രതിദിനം 500 കിലോ സംസ്കരണ ശേഷിയുള്ള ഒരു മിൽ പ്രവർത്തിച്ചുവരുന്നു. ഇവിടെ നിന്നുള്ള ഗുണമേന്മയുള്ള ഉല്പന്നങ്ങൾക്ക് വിപണിയിൽ മികച്ച പ്രതികരണമാണ് ലഭിക്കുന്നത്.

അന്താരാഷ്ട്ര ചെറുധാന്യ വർഷത്തോടനുബന്ധിച്ച്, സീഡ് ബാങ്ക് പരിശീലനങ്ങൾ. സാങ്കേതിക അറിവുകൾ പങ്കുവയ്ക്കൽ, ചെറുധാന്യ ഉൽപാദനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയുടെ സംസ്ഥാനതല സംരംഭങ്ങൾക്ക് 'അട്ടപ്പാടി മില്ലറ്റ് വില്ലേജ് പ്രോഗ്രാം' നേതൃത്വം നൽകിവരുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ കൃഷിരീതിയിലൂടെ ആരോഗ്യ, കാർഷിക, സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിന് ഈ പദ്ധതി സഹായിക്കുന്നു.

### നമ്ത്ത് വെള്ളാമെ – ന്യൂട്രിഷ്യൻ സഫിഷ്യൻസി ഇൻ ഫുഡ് ത്രൂ അഗ്രോളജി ഇൻ അട്ടപ്പാടി

അട്ടപ്പാടിയിലെ 41 ഉന്നതികളിലായുള്ള 1,887.3 ഏക്കറിൽ കൃഷി ചെയ്യുന്ന 1,315 കർഷകർക്കാണ് 'നമ്ത്ത് വെള്ളാമെ' പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയത്. ഈ പരിപാടി പ്രകാരം തരിശായി കിടന്നിരുന്ന ഭൂമിയിൽ സുസ്ഥിര കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചതിലൂടെ ഭക്ഷ്യസുരക്ഷ വർധിപ്പിക്കുക മാത്രമല്ല സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കുവാനും സാധിച്ചു. ചെറുധാന്യ അധിഷ്ഠിത ഭക്ഷണരീതികളിലേക്കുള്ള മാറ്റം പോഷകഗുണങ്ങൾ മെച്ചപ്പെടുത്തുകയും ബാഹ്യ ഭക്ഷണ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്തു. കൂടാതെ, പരമ്പരാഗത കാർഷിക രീതികളുടെ പുനരുജ്ജീവനം സമൂഹത്തിന്റെ പ്രതിരോധശേഷി ശക്തിപ്പെടുത്തുകയും സാംസ്കാരിക പൈതൃകം സംരക്ഷിക്കുകയും ചെയ്തു. ഭക്ഷ്യസുരക്ഷയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും പുറമേ ഗ്രാമീണ സാമ്പത്തിക വികസനത്തിനും പദ്ധതി സഹായകരമാകുന്നുണ്ട്. ചെറുധാന്യാധിഷ്ഠിത ഉൽപന്നങ്ങളുടെ ഉത്പാദനവും വിപണനവും പ്രാദേശിക സമൂഹത്തിന് അധിക വരുമാനം നൽകുകയും, അവരെ സാമ്പത്തികമായി ശാക്തീകരിക്കുകയും ചെയ്യുന്നു.

2024-ൽ നടത്തിയ പ്രവർത്തനങ്ങൾ

- പദ്ധതി വിപുലീകരണത്തിന്റെ ഭാഗമായി 12 നഗറുകളിൽ നിന്നായി 450 പുതിയ കർഷകരെ നമ്ത്ത് വെള്ളാമെ' പദ്ധതിയിൽ കൊണ്ടുവരുന്നതിനും 475.5 ഏക്കറിൽ അധികമായി കൃഷിയിറക്കുന്നതിനും കഴിഞ്ഞു.
- 892 കർഷകരുടെ ശ്രമഫലമായി ഏകദേശം 900 ഏക്കർ നിലം കൃഷിക്ക് അനുയോജ്യമാക്കി വിത്ത് പാകുവാനായി.
- നെല്ല്, എള്ള്, നിലക്കടല, വിവിധ പച്ചക്കറികൾ തുടങ്ങി 17 വ്യത്യസ്ത വിളകൾ കൃഷി ചെയ്തതിലൂടെ 5473.5 കിലോഗ്രാം വിളവ് ലഭിച്ചു.

### കേരള ട്രൈബൽ പ്ലസ്

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിലവസരങ്ങൾ നൽകുന്നതിനായി സംസ്ഥാന സർക്കാർ കേരള ട്രൈബൽ പ്ലസ് പദ്ധതി ആരംഭിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നൽകുന്ന 100 തൊഴിൽ ദിനങ്ങൾക്ക് പുറമേ 100 അധിക തൊഴിൽ ദിനങ്ങൾ ഈ പദ്ധതി വാഗ്ദാനം ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് 2017-18 മുതൽ പദ്ധതി നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 200 ദിവസത്തെ തൊഴിൽ നൽകുന്നതിലൂടെ കേരളം ഇക്കാര്യത്തിൽ മുൻനിര സംസ്ഥാനമായി വേറിട്ടുനിൽക്കുന്നു. റോഡ് നിർമ്മാണം, ഉപജീവന ആസ്തി സൃഷ്ടിക്കൽ, ഭൂമി വികസനം എന്നിവ ഉൾപ്പെടെ പട്ടികവർഗ്ഗ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി പ്രയോജനപ്പെടുത്തിവരുന്നു.

കൂടാതെ,പദ്ധതിയുടെ ഫലപ്രാപ്തി വർധിപ്പിക്കുന്നതിനായി വയനാട്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്, കണ്ണൂർ ജില്ലയിലെ ആറളം ഫാം എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ തൊഴിലാളികൾക്ക് മുൻകൂർ വേതനം നൽകുന്നതിനുള്ള സംവിധാനവും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഈ നൂതനമായ സമീപനം സമയബന്ധിതമായ വേതനം ഉറപ്പാക്കുകയും പദ്ധതിയിലെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

തൊഴിൽ ദിനങ്ങളിൽ ഗണ്യമായ വർദ്ധനവ് വാഗ്ദാനം ചെയ്തും, പാർശ്വവൽക്കരിക്കപ്പെട്ട പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടും ഗ്രാമീണ വികസനത്തിലും സാമൂഹിക ക്ഷേമത്തിലും കേരളം ദേശീയതലത്തിൽ ഒരു മാതൃക സൃഷ്ടിച്ചു. സമഗ്രമായ വളർച്ചയിലും ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും സംസ്ഥാനത്തിന്റെ പ്രതിബദ്ധത ഈ സംരംഭം തെളിയിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ 35 കോടി രൂപ പദ്ധതിക്കായി അനുവദിച്ചിരുന്നു. 38,070 പട്ടികവർഗ കുടുംബങ്ങളുടെ പങ്കാളിത്തത്തോടെ 15,51,466 വ്യക്തിഗത തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഈ നടപ്പ് സാമ്പത്തിക വർഷം പദ്ധതിക്ക് കീഴിൽ 39.23 കോടി രൂപ ചെലവഴിക്കുവാൻ സാധിച്ചു.

കേരള ട്രൈബൽ പ്ലസ് പദ്ധതിക്ക് കീഴിൽ 2018-19 മുതൽ 2023-24 വരെ (2024 ഓഗസ്റ്റ് വരെ) കൈവരിച്ച പുരോഗതി **അനുബന്ധം 8.2.38**-ലും 2023-24 വർഷത്തെ ട്രൈബൽ പ്ലസ് പദ്ധതിയുടെ ജില്ല തിരിച്ചുള്ള പുരോഗതി വിശദാംശങ്ങൾ **അനുബന്ധം 8.2.39**-ലും നൽകിയിരിക്കുന്നു.

### പട്ടികവർഗ്ഗക്കാരും കുടുംബശ്രീയും

പട്ടികവർഗ്ഗ മേഖലയിലെ ശ്രദ്ധേയമായ ഇടപെടലുകളിലൂടെ 96.8 ശതമാനം പട്ടികവർഗ്ഗ കുടുംബങ്ങളേയും അയൽ ക്കൂട്ടങ്ങളിൽ അംഗങ്ങളാക്കുവാൻ കുടുംബശ്രീക്ക് സാധിച്ചു. പട്ടികവർഗ്ഗ മേഖലകളിലെ കുടുംബശ്രീയുടെ എല്ലാ പ്രവർത്തനങ്ങളും താഴെ തട്ടിൽ എത്തിക്കുന്നത്

കുടുംബശ്രീയുടെ തന്നെ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സണായ ആനിമേറ്റർമാർ വഴിയാണ്. പട്ടികവർഗ്ഗ സമൂഹങ്ങൾക്കുള്ളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ശക്തമായ അടിത്തറ ഒരുക്കുക എന്നതാണ് കുടുംബശ്രീയുടെ പട്ടികവർഗ്ഗ മേഖലയിലെ പദ്ധതികളുടെ പ്രാഥമിക ലക്ഷ്യം. ഇത്തരം പദ്ധതികളിൽ പ്രധാനപ്പെട്ട ഒന്നാണ് ബ്രിഡ്ജ് കോഴ്സ് സംരംഭം. ഇതിലൂടെ, പഠനത്തിൽ സഹായം ആവശ്യമുള്ളവർക്ക് അല്ലെങ്കിൽ സ്കൂളിൽ ചേരുന്നതിൽ വിമുഖത കാണിക്കുന്നവർക്ക് വിദ്യാഭ്യാസ സഹായം നൽകിവരുന്നു.

2023-24 & 2024-25 വർഷങ്ങളിലെ നേട്ടങ്ങൾ

- സ്വയംപര്യാപ്ത അയൽക്കൂട്ടങ്ങളായി 613 അയൽക്കൂട്ടങ്ങളെ കണ്ടെത്തുകയും അവയിലെ 89 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുകയും ചെയ്തു. ഇവയെല്ലാം പഞ്ചസൂത്രയ്ക്ക് (പതിവ് മീറ്റിംഗുകൾ, പതിവ് സമ്പാദ്യം, ആഭ്യന്തര വായ്പ, പതിവ് തിരിച്ചടവ്, ബുക്ക് സൂക്ഷിക്കൽ എന്നിങ്ങനെ അഞ്ച് തത്വങ്ങൾ) അടിസ്ഥാനമായാണ് പ്രവർത്തിച്ചുവരുന്നത്.
- 588 ആട് വളർത്തൽ യൂണിറ്റുകളും 362 വീട്ടുമുറ്റത്തെ കോഴിവളർത്തൽ യൂണിറ്റുകളും രൂപീകരിച്ചു. ഇതിന് പുറമേ, കാർഷിക പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനായി 160 പുതിയ പട്ടികവർഗ്ഗ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകകളും രൂപീകരിച്ചു.
- പട്ടികവർഗ്ഗ മേഖലയിൽ 67 ഗ്രൂപ്പ് സംരംഭങ്ങളും 113 വ്യക്തിഗത മൈക്രോ എന്റർപ്രൈസ് യൂണിറ്റുകളും ആരംഭിച്ചു. കുടുംബശ്രീ ബസാറുകൾ പട്ടികവർഗ്ഗ ഉൽപ്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നു.
- ഒരു ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിന് 4000 രൂപ എന്ന നിരക്കിൽ കോർപ്പസ് ഫണ്ട് വിതരണത്തിലൂടെ 293 പട്ടികവർഗ്ഗ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പിന്തുണ നൽകി.
- ട്രൈബൽ സ്കൂളിൽ പോകുന്ന വിദ്യാർത്ഥികൾക്കുള്ള ബ്രിഡ്ജ് കോഴ്സ് 242 കേന്ദ്രങ്ങളിൽ, 4,027 വിദ്യാർത്ഥികൾക്ക് റെഗുലർ ട്യൂഷൻ പ്രോഗ്രാം പ്രയോജനം ലഭ്യമാക്കികൊണ്ട് നടപ്പിലാക്കി വരുന്നു.
- 204 അയൽക്കൂട്ടങ്ങൾക്ക് അവരുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കായി കോർപ്പസ് ഫണ്ട് നൽകി.
- നിലവിലുള്ള യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സുമായി ബന്ധപ്പെട്ട പിന്തുണ ഉറപ്പാക്കിക്കൊണ്ട് 57 പട്ടികവർഗ്ഗ യൂത്ത് ക്ലബ്ബുകൾ ആരംഭിച്ചു.
- 14 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പട്ടികവർഗ്ഗ ഉന്നതികളിലായി നിലവിൽ 6767 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആകെ 1,17,932 അംഗത്വമുള്ള ഈ അയൽക്കൂട്ടങ്ങളിൽ പട്ടികവർഗ്ഗ വനിതകൾ മാത്രമാണ് പ്രവർത്തിക്കുന്നത്.
- 14 ജില്ലകളിലെ 6,767 അയൽക്കൂട്ടങ്ങളിൽ, 1750 അയൽക്കൂട്ടങ്ങൾ നിലവിൽ ബാങ്ക് ലിങ്ക്ഡ് ആണ്, ഇത് ഉന്നതികളിലെ മൊത്തം അയൽക്കൂട്ടങ്ങളുടെ 26.75 ശതമാനം വരും. ഈ ഗ്രൂപ്പുകൾക്ക് ആകെ 51.90 കോടി രൂപ വായ്പ നൽകാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്.
- ഉപജീവന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ 14 ജില്ലകളിലുടനീളം 2,348 ഉൽപാദക യൂണിറ്റുകൾ സ്ഥാപിക്കുകയും 1.45 കോടി രൂപയുടെ ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. 1000 യൂണിറ്റുകളുള്ള ഇടുക്കിയിലാണ് ഏറ്റവും കൂടുതൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. ഏറ്റവും കുറവ് യൂണിറ്റുകൾ, ആലപ്പുഴയിലാണ്, 18 എണ്ണം.

പട്ടികവർഗ്ഗ മേഖലകളിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങളെ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.40**-ലും പട്ടികവർഗ്ഗ മേഖലയിലെ ബാങ്കുകളുമായി ബന്ധിപ്പിച്ചിട്ടുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.41**-ലും നൽകിയിരിക്കുന്നു. ഉപജീവന പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്ന കുടുംബശ്രീ യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.42**-ൽ നൽകിയിരിക്കുന്നു.

### സാമൂഹിക വികസന പരിപാടികൾ

വിവാഹത്തിനുള്ള ധനസഹായം, മറ്റു ധനസഹായം, അടിയ, പണിയ, മറ്റ് പ്രത്യേക പരിഗണന അർഹിക്കുന്ന ഗോത്ര വിഭാഗങ്ങൾ എന്നിവരുടെ വികസനത്തിനുള്ള പ്രത്യേക പാക്കേജുകൾ തുടങ്ങിയ സാമൂഹിക സുരക്ഷാ പരിപാടികൾ പട്ടികവർഗ്ഗ സമുദായങ്ങൾ നേരിടുന്ന തനതായ വെല്ലുവിളികളെ തരണം ചെയ്യാൻ ലക്ഷ്യമിടുന്നവയാണ്. അടിസ്ഥാന സൗകര്യങ്ങൾ, ഉപജീവനമാർഗങ്ങൾ തുടങ്ങി പട്ടികവർഗ്ഗ മേഖലകളിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, കുടുംബ-ഉന്നതി അടിസ്ഥാനമാക്കിയുള്ള മൈക്രോ പദ്ധതികൾ അംബേദ്കർ ഗ്രാമവികസന പദ്ധതി എന്നിവ ഇത്തരത്തിലുള്ള ചില പ്രധാന സംരംഭങ്ങളാണ്.

സാമൂഹിക വികസന പദ്ധതികൾക്ക് കീഴിലുള്ള പ്രധാന ഭൗതിക നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- പട്ടികവർഗ്ഗ വിഭാഗത്തിലെ 275 പെൺകുട്ടികൾക്ക് 1.50 ലക്ഷം രൂപ നിരക്കിൽ വിവാഹ ധനസഹായം നൽകി.
- അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതിക്ക് കീഴിൽ, 2017-18 ൽ തിരഞ്ഞെടുത്ത 94 ഉന്നതികളിൽ 74 എണ്ണത്തിലും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 2020-21 ൽ പദ്ധതി നടപ്പിലാക്കുവാൻ തിരഞ്ഞെടുത്ത 63 ഉന്നതികളിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2022-23ൽ തിരഞ്ഞെടുത്ത 76 ഉന്നതികളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- വനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർ, അടിയ, പണിയ മറ്റ് പ്രാക്തന ഗോത്രവർഗ്ഗക്കാർ എന്നിവർക്കായുള്ള പ്രത്യേക പദ്ധതി പ്രകാരം 550 ഗുണഭോക്താക്കൾക്ക് സഹായം നൽകി.
- മൈക്രോപ്ലാൻ-പട്ടികവർഗ്ഗ ഉന്നതികളുടെ വികസനവും പരിപാലനവും ലക്ഷ്യമാക്കിയാണ് മൈക്രോ പ്ലാൻ തയ്യാറാക്കുന്നത്. കേരളത്തിലെ 6578 പട്ടികവർഗ്ഗ ഉന്നതികളുടെ ആവശ്യങ്ങൾ അടിസ്ഥാനമാക്കിയാണ് ഓരോ ഉന്നതിക്കും മൈക്രോപ്ലാൻ തയ്യാറാക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 2023-24ൽ 54 നഗറുകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.
- ഇടമലക്കുടി പ്രത്യേക പാക്കേജ് : ഇടമലക്കുടി

പ്രത്യേക പാക്കേജിന്റെ ഭാഗമായി 7.2 കിലോമീറ്റർ പെട്ടിമുടി-ഇടലിപ്പാറക്കുടി റോഡിന്റെ നിർമ്മാണത്തിന് 13.70 കോടി രൂപ അനുവദിച്ചു. ഇത് പ്രകാരം 3 കിലോമീറ്റർ റോഡിന്റെ നിർമാണം പൂർത്തിയാക്കിയിട്ടുണ്ട് നിലവിൽ ഇടമലക്കുടിയിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കുടിവെള്ളം, വൈദ്യുതി, ഇന്റർനെറ്റ് കണക്റ്റിവിറ്റി, അധിക റോഡുകൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

### പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രധാന ഫാമുകൾ

#### ആറളം ഫാം

കണ്ണൂർ ജില്ലയിൽ 1970-ൽ 7,000 ഏക്കറിൽ സെൻട്രൽ സ്റ്റേറ്റ് ഫാം ആയി സ്ഥാപിതമായ ആറളം ഫാം, പട്ടികവർഗ്ഗ ക്ഷേമത്തിനും കൃഷിക്കും ദീർഘകാലമായി പിന്തുണ നൽകിവരുന്നു. ഭൂരഹിതരായ 3500 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആറളം ഫാമിന്റെ പകുതി ഭൂമി അനുവദിച്ചു നൽകുകയും, ബാക്കി ഭൂമി കാർഷിക പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യുന്നു. നിലവിൽ വിവിധ കാർഷിക സംരംഭങ്ങളിലൂടെ 3000 പട്ടികവർഗ്ഗ കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതിയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിവരുന്നത്.

ഫാമിലെ ആദ്യഘട്ട നവീകരണ പ്രവർത്തനങ്ങൾക്ക് 3.00 കോടി രൂപയും രണ്ടാം ഘട്ടത്തിന് 1.50 കോടി രൂപയും അനുവദിക്കുകയുണ്ടായി. ഇതുപ്രകാരം ആറളം ഫാമിലെ നഴ്സറി നവീകരിക്കുകയും, ഇവിടെനിന്നും കൃഷി വകുപ്പിന്റെ നിർദ്ദേശ പ്രകാരം കണ്ണൂരിലും സമീപ ജില്ലകളിലും നടീൽ വസ്തുക്കൾ വിതരണം ചെയ്യുവാനും സാധിച്ചു. ഇതിലൂടെ ഏകദേശം 2.00 കോടി രൂപ വാർഷിക വരുമാനം കണ്ടെത്തുവാൻ സാധിക്കുന്നുണ്ട്.

2022–23 ൽ ആറളം ഫാമിലെ കാർഷിക പ്രവർത്തനങ്ങൾക്കായി 269.02 ലക്ഷം രൂപയുള്ള ഭരണാനുമതി ലഭിച്ചിരുന്നു. ഇത് പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി ഇതുവരെ 134.51 ലക്ഷം രൂപ അനുവദിച്ച് നൽകുവാനായിട്ടുണ്ട്.

- ഫാമിലെ 25 ഏക്കറിൽ *പ്രതിഭ* ഇനം മഞ്ഞൾ കൃഷി നടത്തുകയും വിളവെടുപ്പ് വിജയകരമായി വിപണനം ചെയ്യുകയുമുണ്ടായി.
- 50,000 രൂപ മുതൽ മുടക്കിൽ കൂൺ കൃഷി ആരംഭിക്കുകയും, ആദ്യഘട്ട വിളവെടുപ്പ് വിപണനം ചെയ്തതിലൂടെ 57,512 രൂപ സമാഹരിക്കുവാനും സാധിച്ചു.
- സുഗന്ധവ്യഞ്ജനങ്ങളുടെയും എണ്ണക്കുരുക്കളുടെയും കൃഷി ആരംഭിക്കാൻ 3.91 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.
- ഇഞ്ചി പുല്ല് കൃഷിക്കായി 37.27 ലക്ഷം രൂപ അനുവദിച്ചു.
- 175.45 ലക്ഷം രൂപ മുതൽ മുടക്കിൽ 3,300 കിലോ തേൻ ഉൽപ്പാദിപ്പിക്കാനാകുന്ന ശാസ്ത്രീയ തേനീച്ച വളർത്തൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന തേൻ TRIFED വഴി വിപണനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.
- 45 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് നിർമ്മിക്കുന്ന ഹൈടെക് നഴ്സറിയുടെ 90 ശതമാനം നിർമാണം പൂർത്തിയാക്കുവാനായിട്ടുണ്ട്.
- 2.98 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ഒരു പാക്കേജിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഇത് പ്രയോജനപ്പെടുത്തി ഫാമിലെ ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- 2023-24 ൽ ഹൈബ്രിഡ് തൈ ഉൽപ്പാദന പരിപാടിക്ക് 103.5 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും, ഇത് പ്രകാരം ആദ്യഘട്ടത്തിൽ ലഭ്യമായ തുക, അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിന് ഫാമിലെ 50 ഏക്കറിൽ തെങ്ങിനായി ഒരു മാതൃവൃക്ഷത്തോട്ടമൊരുക്കുന്നതിനായി വിനിയോഗിച്ചു.
- 2023-2024 കാലയളവിൽ, വിവിധ കാർഷിക പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനായി 310 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി.

#### അട്ടപ്പാടി കോ–ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി

2020-ൽ കേരള കാർഷിക സർവകലാശാല പട്ടികവർഗ വികസന വകുപ്പിന് കീഴിലെ അട്ടപ്പാടി ഫാമിനായി 10 വർഷത്തെ നവീകരണ പദ്ധതി വികസിപ്പിക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗക്കാരുടെ വരുമാന വർദ്ധന ലക്ഷ്യമിട്ട് അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിക്ക് (ACFS) തൈകൾ നടൽ, വിളകളുടെ പരിപാലനം, വേലി നിർമ്മാണം, ഗോഡൗൺ നിർമ്മാണം എന്നിവയ്ക്കായി ഫണ്ട് അനുവദിച്ചുനൽകുകയുംചെയ്തു. ഫാമുകളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ സഹകരണത്തോടെ ഫാമിൽ യന്ത്രവൽക്കരണവും നടന്നുവരുന്നു. കാർഷിക സർവ്വകലാശാലയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ, എ.സി.എഫ്.എസ് ൽ കാർഷിക പദ്ധതികൾക്കായി പത്ത് വർഷത്തിനുള്ളിൽ 21.3 കോടി രൂപ വകയിരുത്തുകയും, ഇതിൽ 7.26 കോടി ഇതുവരെ അനുവദിക്കുകയും ചെയ്തു.

ചിണ്ടക്കി, കരുവാര, പൊട്ടുപ്പാടി, വരടിമല തുടങ്ങി നിരവധി ഫാമുകൾ നിയന്ത്രിക്കുന്നത് അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയാണ്. അറബിക്ക, റോബസ്റ്റ തുടങ്ങിയ കാപ്പി ഇനങ്ങൾ, കുരുമുളക്, ഏലം എന്നീ പ്രധാന വിളകളോടൊപ്പം ജാതിക്ക, ഗ്രാമ്പൂ, തേങ്ങ, അടയ്ക്ക, മഞ്ഞൾ, ഇഞ്ചി എന്നീ ഇടവിളകളും കൃഷി ചെയ്യുന്നു. സൊസൈറ്റി തങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽക്കാൻ ഓഫ്‌ലൈൻ, ഓൺലൈൻ (ഇ-ലേലം) രീതികൾ അവലംബിക്കുന്നുണ്ട്. ഓർഗാനിക് സർട്ടിഫിക്കേഷനുകൾ (എൻ.പി.ഒ.പി, എൻ.ഒ.പി) ലഭിച്ചതിനാൽ ഫാമിലെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് വിലയേക്കാൾ ഉയർന്ന വില ലഭിക്കുന്നുണ്ട്. ഈ ഉൽപ്പന്നങ്ങൾ സൊസൈറ്റിയുടെ റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ, ട്രൈഫെഡ് ഔട്ട്‌ലെറ്റുകൾ, ആമസോൺ പ്ലാറ്റ്ഫോം, കൂടാതെ ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ (LITE), ട്രൈഫെഡ് മേളകൾ, സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മേളകൾ എന്നിവയിലൂടെയാണ് വിപണനം ചെയ്യുന്നത്.

#### പ്രിയദർശിനി ടീ എസ്റ്റേറ്റും പ്രിയദർശിനി ടീ ഫാക്ടറിയും

വയനാട് ജില്ലയിൽ അടിമത്തത്തിൽ കഴിഞ്ഞിരുന്ന പട്ടികവർഗ്ഗക്കാരെ സഹായിക്കുന്നതിനായി 1984-ൽ രൂപീകരിച്ച ഒരു സഹകരണ സംഘമാണ് പ്രിയദർശിനി

ടീ എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മാനന്തവാടി ട്രൈബൽ പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്. പ്രസ്തുത സൊസൈറ്റി കഴിഞ്ഞ 38 വർഷമായി ഈ എസ്റ്റേറ്റ് നടത്തിവരുന്നു. സൊസൈറ്റിക്കുകീഴിലെ 402.10 ഏക്കർ, തേയില കൃഷിക്കും, 593.13 ഏക്കർ കാപ്പി-ഫലസസ്യങ്ങൾ എന്നിവയുടെ വികസനത്തിനുമായി വിനിയോഗിക്കുന്നു. ഫാമിലെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി, പ്രിയദർശിനി അഗ്രോ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. എസ്റ്റേറ്റ് തൊഴിലാളികൾക്ക് തൊഴിൽ, ഉപജീവന അവസരങ്ങൾ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ആദ്യ പദ്ധതിയിൽ തേയില,കാപ്പി ചെടികളുടെ വ്യാപനം, ഫലവൃക്ഷങ്ങളുടെ കൃഷി എന്നിവ ഉൾപ്പെടുന്നു. രണ്ടാമത്തെ പദ്ധതി കുരുമുളക് നടലും പച്ചക്കറി കൃഷിയും കേന്ദ്രീകരിച്ചാണ് നടപ്പിലാക്കുന്നത്.

2022-2023 കാലയളവിൽ ഫാമിലെ വിവിധ കാർഷിക പ്രവർത്തനങ്ങൾക്കായി 36.22 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കൂടാതെ, 2023-2024-ൽ കാർഷിക പ്രവർത്തനങ്ങൾക്കായി 11.22 ലക്ഷം രൂപ പ്രാരംഭ ഗഡുവായി അനുവദിച്ചിരുന്നു., ഇതിനു പുറമേ, 2024-2025-ൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 317.90 ലക്ഷം രൂപക്കുള്ള ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

**നിയമ പരിരക്ഷ പരിപാടികൾ : പൗരാവകാശ സംരക്ഷണവും അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമവും**

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുന്നതിനും അവരുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനും, ഭരണഘടനാപരവും നിയമപരവുമായ സംരക്ഷണം നൽകുന്നതിനുമായി, പൗരാവകാശ സംരക്ഷണ നിയമവും പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989 ഉം നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമത്തിലെ വ്യവസ്ഥകൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നു. 2023-24 ൽ അതിക്രമങ്ങൾക്ക് ഇരയായ 106 പേർക്കും, 2024-25 ൽ അതിക്രമങ്ങൾക്ക് ഇരയായ 30 പേർക്കും ആശ്വാസ ധനസഹായം നൽകുകയുണ്ടായി. 2023-24 ൽ 38 ദമ്പതികൾക്കും, 2024-25 ൽ (2024 ആഗസ്റ്റ് വരെ), 5 ദമ്പതികൾക്കും മിശ്ര വിവാഹ ധനസഹായം നൽകുകയുണ്ടായി. 2018-19 മുതൽ 2024-25 വരെ വിവാഹ ധനസഹായവും മിശ്ര വിവാഹ ധനസഹായവും ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.43**-ൽ നൽകിയിരിക്കുന്നു.

**പട്ടികവർഗ്ഗ ഉപപദ്ധതിക്കായുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായക വിടവുനികത്തൽ പദ്ധതി)**

പട്ടികവർഗ്ഗ ഉപപദ്ധതി പരിപാടികളിൽ കണ്ടെത്തുന്ന നിർണായക വിടവുകൾ നികത്തുന്നതിനായി വാർഷിക ബജറ്റിന്റെ ഒരു വിഹിതം പട്ടികവർഗ്ഗ വികസന വകുപ്പ് നീക്കിവയ്ക്കാറുണ്ട്. 2023-24ൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഈ പദ്ധതിക്ക് കീഴിലെ വിവിധ പ്രവർത്തനങ്ങൾക്കായി 45.00 കോടി രൂപ വകയിരുത്തുകയും ആയതിൽ 34.06 കോടി രൂപ ചെലവഴിക്കുകയുമുണ്ടായി. 2018-19 മുതൽ 2024-25 വരെ (2024 ആഗസ്റ്റ് 31 വരെ) ഈ പദ്ധതി പ്രകാരം അനുവദിച്ച വിഹിതവും ചെലവും **അനുബന്ധം 8.2.44**-ൽ നൽകിയിരിക്കുന്നു.

**ബോക്സ് 8.2.9** 2023-24 കാലയളവിൽ കിർത്താഡ്സ് നടത്തിയ പ്രധാന പഠനങ്ങളും മറ്റ് പ്രവർത്തനങ്ങളും.

**പഠനങ്ങൾ:**

- കേരളത്തിൽ **പെസ ആക്റ്റ് 1996** നടപ്പിലാക്കുന്നതിനുള്ള സാധ്യത
- കേരളത്തിലെ പട്ടികവർഗ്ഗ സമൂഹങ്ങൾക്കിടയിൽ '1989-ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമ'ത്തിന്റെ സ്വാധീനം
- ജനാധിപത്യ വികേന്ദ്രീകരണം: കേരളത്തിലെ പട്ടികവർഗ്ഗ സ്ത്രീകളുടെ പ്രാതിനിധ്യം, ഇടപെടൽ, ശാക്തീകരണം
- കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ ഉപജീവന നിലവാരത്തിൽ വനസംരക്ഷണ സമിതിയുടെ സ്വാധീനം
- കേരളത്തിലെ മലപ്പുറം ജില്ലയിലെ ചോലനായ്ക്കരുടെ ഭാഷ, വാമൊഴി സാഹിത്യം, പരമ്പരാഗത വിജ്ഞാന സമ്പ്രദായം.
- കേരളത്തിലെ ഇടുക്കി, വയനാട്, തിരുവനന്തപുരം ജില്ലകളിലെ പട്ടികവർഗ്ഗ സമുദായങ്ങളുടെ പരമ്പരാഗത കാർഷിക രീതികൾ

**മറ്റ് പ്രവർത്തനങ്ങൾ:**

- അട്ടപ്പാടിയിലെ കുറുമ്പർ സമുദായത്തിന്റെ വാമൊഴി സാഹിത്യം, ഭാഷ, കലാരൂപങ്ങൾ (ഈ പദ്ധതിയിലൂടെ കുറുംബ ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പഠന സാമഗ്രി തയ്യാറാക്കിയിട്ടുണ്ട്)
- പ്രസിദ്ധീകരണങ്ങൾ
  1. മലവേട്ടുവൻ സമുദായത്തിന്റെ വാമൊഴി സാഹിത്യം
  2. പാലക്കാട് ജില്ലയിലെ എരവാളൻ പട്ടികവർഗ്ഗ സമൂഹത്തിന്റെ ഭാഷ, ഭാഷാഭേദം-വിശകലനം
- കേരളത്തിലെ കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ വംശീയ സമൂഹങ്ങളുടെ പുരാവസ്തുക്കളുടെ ശേഖരണവും അവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തലും. (ഗോത്രവർഗ്ഗ സംസ്കാരവും അറിവും അവരുടെ ഭൗതികാവശിഷ്ടങ്ങളിലൂടെ പൊതുജനങ്ങൾക്ക് പകർന്നുനൽകാൻ ഇത് സഹായിക്കുന്നു. ശേഖരിച്ച പുരാവസ്തുക്കൾ കിർത്താഡ്സ് എത്നോളജിക്കൽ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.)

***അവലംബം:*** ഡയറക്ടറേറ്റ് ഓഫ് കിർത്താഡ്സ്

**ബോക്സ് നമ്പർ 8.2.10** യുവജനോത്സവത്തിലെ ഗോത്രകലകൾ

കേരളത്തിലെ പട്ടികവർഗ്ഗ സമൂഹങ്ങളുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു സുപ്രധാന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാർ വാർഷിക സ്കൂൾ കലോത്സവത്തിൽ അഞ്ച് പട്ടികവർഗ്ഗ കലാരൂപങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള പട്ടികവർഗ്ഗ സമൂഹങ്ങളിൽ നിന്നുള്ള അഭ്യർത്ഥനകളുടേയും, കിർത്താഡ്സ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗക്കാരുടെ അഞ്ച് നൃത്തരൂപങ്ങൾ സ്കൂൾ കലോത്സവത്തിൽ ഉൾപ്പെടുത്തിയത്. മാവിലരുടേയും മല വേട്ടുവരുടേയും മംഗലംകളി, പണിയരുടെ കമ്പളകളി വട്ടക്കളി (പണിയനൃത്തം), ഇരുളരുടെ നൃത്തം (ഇരുള നൃത്തം അഥവാ ആട്ടം പാട്ടം ) പളിയരുടെ പളിയ നൃത്തം. മലപ്പുലയരുടെ ആട്ടം എന്നിവ ഇതിൽ ഉൾപ്പെടുന്നു. പട്ടികവർഗ്ഗ സമൂഹങ്ങളുടെ സമ്പന്നമായ പൈതൃകം പ്രദർശിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിൽ തദ്ദേശീയ സാംസ്കാരിക ആചാരങ്ങളെക്കുറിച്ചുള്ള അവബോധവും മതിപ്പും വളർത്തിയെടുക്കാനും ഈ ഉൾപ്പെടുത്തൽ ലക്ഷ്യമിടുന്നു.

- **മംഗലംകളി :** കാസർഗോഡിലേയും കണ്ണൂരിലേയും മാവില, മലവേട്ടുവർ ഗോത്രങ്ങളുടെ ആചാരപരമായ നൃത്തമാണ് മംഗലംകളി. വിവാഹം പോലുള്ള അവസരങ്ങളിലാണ് ഇത് അവതരിപ്പിക്കുന്നത്. ദ്രാവിഡ സാംസ്കാരിക സ്വാധീനം ഉൾക്കൊണ്ട് തുടി ഡ്രമ്മുകളുടേയും നാടൻ പാട്ടുകളുടേയും താളത്തിനൊത്ത് നൃത്തം ചെയ്തുകൊണ്ട് സ്ത്രീകളും പുരുഷന്മാരും ഇതിൽ പങ്കെടുക്കുന്നു.
- **പണിയ നൃത്തം :** സമൂഹ കൂട്ടായ്മകളിലും ഉത്സവങ്ങളിലും വടക്കൻ കേരളത്തിലെ പണിയ ഗോത്രക്കാർ അവതരിപ്പിക്കുന്ന പണിയ നൃത്തം, ചടുലമായ നൃത്തച്ചുവടുകളും ഊർജ്ജസ്വലമായ സംഗീതവും ഉൾച്ചേർന്ന കലാരൂപമാണ്.
- **മലപ്പുലയാട്ടം :** ഇടുക്കി ജില്ലയിലെ മലപ്പുലയൻ ഗോത്രക്കാരാണ് ചിക്ക് ആട്ടം എന്നും വിളിക്കപ്പെടുന്ന മലപ്പുലയാട്ടം അവതരിപ്പിക്കുന്നത്. തനതായ സാംസ്കാരിക ആവിഷ്കാരങ്ങൾ ഇതിൽ കൂട്ടിച്ചേർക്കുന്നുണ്ട്.
- **ഇരുള നൃത്തം :** പാലക്കാട്, അട്ടപ്പാടിയിലെ ഇരുള സമൂഹം നടത്തുന്ന ഇരുള നൃത്തം ഒരു ആഘോഷവും, പവിത്രമായ ഒന്നായി കണക്കാക്കുന്നതുമാണ്. മല്ലീശ്വര ദേവതയ്ക്കും, ചില ശവസംസ്കാര ചടങ്ങുകൾക്കും സമർപ്പിച്ചിരിക്കുന്ന ചടങ്ങുകളെ ഈ നൃത്തത്തിൽ അടയാളപ്പെടുത്തുന്നുണ്ട്.
- **പാലിയ നൃത്തം :** ഇടുക്കിയിലെ കുമളി പ്രദേശത്ത് വേരൂന്നിയതും മുത്താരമ്മൻ ദേവനുമായി ബന്ധപ്പെട്ടതും, ചലനാത്മക താളത്തിൽ കേന്ദ്രീകൃതമായതുമായ പാലിയ നൃത്തം, ഇവരുടെ പ്രാദേശിക ഉത്സവങ്ങളിലും അവതരിപ്പിക്കുന്നു.

കേരളത്തിന്റെ വൈവിധ്യമാർന്ന ഗോത്ര പാരമ്പര്യം വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള സർക്കാരിന്റെ ശ്രമങ്ങളെ ഈ ഉൾപ്പെടുത്തൽ പ്രതിഫലിപ്പിക്കുന്നു.

***അവലംബം:*** ഡയറക്ടറേറ്റ് ഓഫ് കിർത്താഡ്സ്

### കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിങ്ങ് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഫോർ എസ്.സി/എസ്.റ്റി (കിർത്താഡ്സ്)

1972 ൽ സ്ഥാപിതമായ ഒരു സർക്കാർ ഗവേഷണ സ്ഥാപനമാണ് കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ട്രൈബ്സ് (കിർത്താഡ്സ്). പട്ടികജാതി-പട്ടികവർഗക്കാർക്കായുള്ള ഗവേഷണം, പരിശീലനം, വികസനപ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാമുഖ്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് കിർത്താഡ്സ് നടത്തിവരുന്നത്. കൂടാതെ നരവംശ ശാസ്ത്രപരവും സാമൂഹിക-സാംസ്കാരികപരവുമായ പഠനങ്ങൾ നടത്തുകയും വികസനപരിപാടികൾ വിലയിരുത്തുകയും പട്ടികജാതി,പട്ടികവർഗ്ഗ സമൂഹങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. കേരളത്തിലെ പട്ടികവർഗ്ഗ സമൂഹങ്ങളുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം പ്രദർശിപ്പിക്കുന്ന ഒരു എത്നോളജിക്കൽ മ്യൂസിയവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, പട്ടികവർഗ്ഗ സ്വാതന്ത്ര്യ സമര സേനാനികളുടെ സംഭാവനകൾ തിരിച്ചറിയുന്നതിനും, ആദരിക്കുന്നതിനും, അവരുടെ തദ്ദേശീയമായ അറിവും സംസ്കാരവും സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ട് വയനാട്ടിൽ ഒരു 'ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മ്യൂസിയം' സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി നിലവിൽ കിർത്താഡ്സ് നടപ്പിലാക്കിവരുന്നു.

കിർത്താഡ്സിന്റെ വിവിധ പദ്ധതികളും അവയുടെ വിഹിതവും ചെലവും **അനുബന്ധം 8.2.45**-ൽ നൽകിയിരിക്കുന്നു. 2017-18 മുതൽ 2024-25 വരെ (2024 ഓഗസ്റ്റ് 31 വരെ) കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരെ അടിസ്ഥാനമാക്കി കിർത്താഡ്സ് നടത്തിയ ആന്ത്രോപോളജിക്കൽ ഇൻവെസ്റ്റിഗേഷനുകളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.46**-ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള സംരംഭകരുടെ ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റുന്നതിനായി നിരവധി വരുമാനദായക പദ്ധതികളും ഒപ്പം മറ്റ് ക്ഷേമ പരിപാടികളും രൂപകൽപ്പന ചെയ്ത്

നടപ്പിലാക്കുന്നു. കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളെ (i) സ്വന്തം വായ്പാ പദ്ധതികൾ (ii) ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനുമായി (എൻ.എസ്.എഫ്.ഡി.സി.) സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ, (iii) ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എസ്.ടി.എഫ്.ഡി.സി) നടപ്പിലാക്കുന്ന പദ്ധതികൾ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വരുമാനം സൃഷ്ടിക്കുന്നതിനും സ്വയം തൊഴിൽ ചെയ്യുന്നതിനുമായുള്ള പദ്ധതികളിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള പദ്ധതികൾ, വിവിധോദ്ദേശ്യ യൂണിറ്റ് വായ്പ, ഗതാഗത പദ്ധതി, സ്റ്റാർട്ട് അപ്പ് സംരംഭകർക്കായുള്ള വായ്പ, മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനുള്ള വായ്പ, വിദേശ തൊഴിൽ വായ്പ, മൈക്രോ ക്രെഡിറ്റ് ഫിനാൻസ് സിസ്റ്റം, ലഘു വ്യവസായ പദ്ധതി, പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പ, വനിതാ സ്വയം സഹായ സംഘങ്ങൾക്കുള്ള സ്ത്രീ ശാക്തീകരണ പരിപാടി, മഹിളാസമൃദ്ധി യോജന, പ്രൊഫഷണൽ സേവന പദ്ധതികൾ, കർഷക തൊഴിലാളികൾക്കായുള്ള ഭൂമി വാങ്ങൽ പദ്ധതി, പെട്രോളിയം ഡീലർമാർക്കുള്ള പ്രവർത്തന മൂലധന വായ്പ തുടങ്ങിയവ ഉൾപ്പെടുന്നു. വിദ്യാഭ്യാസ വായ്പ, വിദേശ വിദ്യാഭ്യാസ വായ്പ, വിവാഹ സഹായം, ഭവന വായ്പ, ഭവന നവീകരണ വായ്പ തുടങ്ങിയ സാമൂഹ്യക്ഷേമ പദ്ധതികളും കോർപ്പറേഷൻ നടപ്പിലാക്കുന്നു. 2023-24-ൽ കോർപ്പറേഷൻ പട്ടികജാതിക്കാരെ സഹായിക്കുന്നതിനുള്ള പദ്ധതികളിലൂടെ 101.73 കോടി രൂപ ചെലവഴിക്കുകയും 5,092 പേർക്ക് അതിന്റെ പ്രയോജനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതികളിലൂടെ ആകെ 15.92കോടി രൂപ ചെലവഴിക്കുകയും 701 ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2024-25-ൽ 1,886 പട്ടികജാതി ഗുണഭോക്താക്കൾക്കും 239 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും (ആഗസ്റ്റ് 31, 2024 വരെ) കോർപ്പറേഷൻ സഹായം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ 2023-24 ലെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

**വരുമാനദായക/സ്വയം തൊഴിൽ പദ്ധതികൾ**

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വ്യക്തിഗത പദ്ധതിയിലൂടെ തൊഴിലില്ലാത്ത യുവതീ-യുവാക്കൾക്ക് പദ്ധതിച്ചെലവിന്റെ പരമാവധി 3 ലക്ഷം രൂപ വരെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നൽകുന്നു. ഈ പദ്ധതിയിലൂടെ 2023-24-ൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്ന് യഥാക്രമം 357 പേർക്കും 56 പേർക്കും സഹായം ലഭിച്ചിട്ടുണ്ട്. മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ പദ്ധതിയിൽ, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകരുടെ പ്രായോഗികവും കുറഞ്ഞ സമയം ആവശ്യമുള്ളതുമായ ചെറുതും ഇടത്തരവുമായ പ്രോജക്റ്റുകൾക്ക് ധനസഹായം നൽകുന്നു. 2023-24-ൽ 47 പട്ടികജാതി സംരംഭകർക്കും 8 പട്ടികവർഗ്ഗ സംരംഭകർക്കും ഈ പദ്ധതി പ്രകാരം സഹായം ലഭ്യമാക്കി. സ്റ്റാർട്ടപ്പ് സംരംഭകർക്ക് വായ്പ നൽകുന്ന പദ്ധതിയിൽ യുവ പട്ടികജാതി സംരംഭകരുടെയും നൂതന ആശയങ്ങൾ ഉള്ളവരുടേയും ചെറുകിട, ഇടത്തരം സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ 50 ലക്ഷം രൂപയിൽ അധികരിക്കാത്ത പദ്ധതികൾക്ക് ഏഴ് ശതമാനം പലിശ നിരക്കിൽ വായ്പ നൽകുന്നു. ഇതിൽ പുതുതായി പ്രൊഫഷണൽ കോഴ്സുകൾ വിജയിച്ച വിദ്യാർത്ഥികൾക്കാണ് മുൻഗണന നൽകുന്നത്. അതുപോലെ, കൃഷി, വ്യാപാരം ഉൾപ്പെടെയുള്ള മേഖലകളിൽ ചെറുകിട പദ്ധതികൾ ആരംഭിക്കുന്നതിന് പാവപ്പെട്ട പട്ടികവർഗ്ഗ യുവാക്കളെ സഹായിക്കാൻ 'ആദിവാസി സംരംഭകർക്ക് വായ്പ' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് 117 സംരംഭകരെ സഹായിക്കുകയുണ്ടായി. അതുപോലെ, ലഘു വ്യവസായ യോജന വഴി 2023-24-ൽ 1,358 പട്ടികജാതി സംരംഭകർക്ക് സഹായം ലഭിച്ചു. 'മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനുള്ള ലോൺ' പദ്ധതി വഴി, നോർക്ക റൂട്ട്സ് കണ്ടെത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർക്ക് ലാഭകരമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ആവശ്യകത അടിസ്ഥാനമാക്കിയുള്ള വായ്പയായി പരമാവധി 20 ലക്ഷം രൂപ നൽകുന്നു. പദ്ധതിയുടെ 15 ശതമാനം മൂലധന സബ്സിഡിയായി നോർക്ക അനുവദിക്കുകയും ചെയ്യുന്നു.

ഗ്രാമീണ സ്ത്രീകളുടെ ശാക്തീകരണത്തിനായി കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കുന്ന വനിതാ ശാക്തീകരണ പരിപാടിയിൻ കീഴിൽ പട്ടികജാതി/പട്ടികവർഗ്ഗ വനിതാ സംരംഭകരുടെ ഗ്രൂപ്പുകൾക്കാണ് വായ്പ നൽകുന്നത്. 2023-24-ൽ 483 പട്ടികജാതി ഗുണഭോക്താക്കൾക്കും, 30 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും ഈ പദ്ധതി പ്രകാരം സഹായം ലഭിച്ചു. ഇതുകൂടാതെ, പട്ടികജാതി വനിതാ സംരംഭകർക്ക് സോഫ്റ്റ് ലോൺ സഹായം ലഭ്യമാക്കുന്ന മഹിളാ സമൃദ്ധി യോജനയും പട്ടികവർഗ്ഗ വനിതകൾക്കായി ആദിവാസി മഹിളാ സശക്തികരൺ യോജനയും (എൻ.എസ്.ടി.എഫ്.ഡി.സി) കോർപ്പറേഷൻ നടപ്പിലാക്കുന്നു. 2023-24-ൽ മഹിളാ സമൃദ്ധി യോജനയിലൂടെ 95 പട്ടികജാതിക്കാർക്കും, മഹിളാ സശക്തികരൺ യോജനയിലൂടെ 48 പട്ടികവർഗ്ഗക്കാർക്കും അവരുടെ സ്വയം തൊഴിൽ സംരംഭത്തിന് സഹായം ലഭിക്കുകയുണ്ടായി.

**സാമൂഹ്യക്ഷേമ പദ്ധതികൾ**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക ക്ഷേമത്തിനായുള്ള നിരവധി കാര്യങ്ങൾക്കായി കോർപ്പറേഷൻ വായ്പകളും സഹായങ്ങളും വാഗ്ദാനം ചെയ്യുന്നു. പ്രൊഫഷണൽ കോഴ്സുകൾക്കുള്ള വിദ്യാഭ്യാസ വായ്പ, 10 ലക്ഷം രൂപ വരെയുള്ള വിദേശ വിദ്യാഭ്യാസ വായ്പ, 2.50 ലക്ഷം രൂപ വരെ വിവാഹ സഹായം, ഭവന വായ്പ, ഭവന പുനരുദ്ധാരണ വായ്പ തുടങ്ങിയവ അത്തരം ചില പദ്ധതികളാണ്.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ 2023-24, 2024-25 വർഷങ്ങളിലെ ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങളുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ (ആഗസ്റ്റ് 31, 2024 വരെ) **അനുബന്ധം 8.2.47**-ൽ നൽകിയിരിക്കുന്നു.

### മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

രാജ്യം സ്വാതന്ത്ര്യം നേടുന്നതിന് മുമ്പുതന്നെ, സമൂഹത്തിലെ സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള യോജിച്ച ശ്രമങ്ങൾ നടന്നിരുന്നു. സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ ഇല്ലാതാക്കുന്നതിനുള്ള നിരവധി ശ്രമങ്ങൾ സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ ആവിഷ്കരിക്കുകയുണ്ടായി. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 15(4), 16(4) എന്നിവ വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ പിന്നാക്ക വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധയും സംവരണവും ഉറപ്പാക്കുന്നുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ 340-ാം അനുച്ഛേദവും മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശകളും അനുസരിച്ച്, സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി 2011 നവംബറിൽ സംസ്ഥാന സർക്കാർ പിന്നാക്ക വിഭാഗ വികസന വകുപ്പ് രൂപീകരിക്കുകയുണ്ടായി.

തൊഴിലിലും വിദ്യാഭ്യാസത്തിലും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം ഉറപ്പാക്കുന്ന രാജ്യത്തെ സംസ്ഥാനങ്ങളിൽ മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അതുകൊണ്ടുതന്നെ ക്രിയാത്മകമായ ഈ സമീപനം കേരളത്തിലെ പിന്നാക്ക വിഭാഗത്തിന് ശ്രദ്ധേയമായ വലിയ സാമൂഹിക പുരോഗതി നേടിക്കൊടുത്തിട്ടുണ്ട്. മാത്രമല്ല, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹിക പുരോഗതി വളരെ മെച്ചപ്പെട്ടതുമാണ്. കേരളത്തിൽ, 90 സമുദായങ്ങൾ പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിലും 93 സമുദായങ്ങൾ സാമൂഹികമായും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ (എസ്ഇബിസി) പട്ടികയിലും ഉൾപ്പെടുന്നു. കേരളത്തിലെ പിന്നാക്ക വിഭാഗങ്ങളിൽ പ്രമുഖർ ഈഴവ, മുസ്ലീം എന്നീ വിഭാഗങ്ങളാണ്. വിശ്വകർമ, ലത്തീൻ കത്തോലിക്കർ, ക്രിസ്ത്യാനികളായി പരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതിക്കാർ, ഹിന്ദു നാടാർ, എസ്ഐയുസി നാടാർ, ധീവര എന്നിവരും സംസ്ഥാനത്തെ ജനസംഖ്യ കൂടുതലുള്ള മറ്റ് പിന്നാക്ക സമുദായങ്ങളിൽ ഉൾപ്പെടുന്നു. പിന്നാക്ക വിഭാഗങ്ങളിൽ ഭൂരിഭാഗവും വിവിധ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്.

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങൾക്ക്, പ്രത്യേകിച്ച് അവരിൽ ഏറ്റവും ദുർബലരായവർക്ക് എല്ലാവരെയും ഉൾക്കൊള്ളുന്നതും സുസ്ഥിരവുമായ സാമൂഹിക വികസനം പ്രദാനം ചെയ്യുക എന്നതാണ് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ലക്ഷ്യം. പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, തൊഴിലവസര പദ്ധതികൾ, നൈപുണ്യ പരിശീലനം, പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സഹായം തുടങ്ങിയ വിവിധ പദ്ധതികൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമൂഹങ്ങളെ, പ്രത്യേകിച്ച് ഏറ്റവും ദുർബലരായ വിഭാഗങ്ങളെ കേന്ദ്രീകൃതമായ ഇടപെടലുകളിലൂടെയും പരിപാടികളിലൂടെയും ഉയർത്തിക്കൊണ്ടുവരുന്നതിന് വകുപ്പ് നിരവധി പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

### വിദ്യാഭ്യാസ സഹായങ്ങൾ

വിദേശ സർവകലാശാലകളിൽ പഠിക്കുന്നതിനുള്ള സ്കോളർഷിപ്പുകൾ ഉൾപ്പെടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഒ.ബി.സി വിദ്യാർത്ഥികൾക്കും ഒ.ഇ.സി വിദ്യാർത്ഥികൾക്കും പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകളും നൽകുന്നു. നിലവിൽ, മറ്റ് അർഹരായ സമുദായങ്ങളിലെ (ഒഇസി) വിദ്യാർത്ഥികൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന എല്ലാ വിദ്യാഭ്യാസ സഹായങ്ങളും വരുമാന പരിധിയില്ലാതെ നൽകുന്നുണ്ട്. ഒ.ബി.സി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക്, 2023-24 സാമ്പത്തിക വർഷത്തിൽ നൽകിയ പ്രധാന വിദ്യാഭ്യാസ സഹായങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട 20,777 വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പും 3,61,758 വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പും നൽകിയിട്ടുണ്ട്.
- ഒ.ബി.സി വിഭാഗത്തിൽപ്പെട്ട 20,036 വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പും 36,098 വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പും നൽകിയിട്ടുണ്ട്.
- വിദേശ സർവകലാശാലകളിൽ ഉപരിപഠനത്തിനായി 48 വിദ്യാർത്ഥികൾക്ക് ഓവർസീസ് സ്കോളർഷിപ്പ് ലഭ്യമാക്കി. ഒരു വിദ്യാർത്ഥിക്ക് പരമാവധി 10.00 ലക്ഷം രൂപ വരെ സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്.

ഒ.ബി.സി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് സമയ ബന്ധിതമായി വിദ്യാഭ്യാസ സഹായ വിതരണം ചെയ്യുന്നത് ഉറപ്പാക്കാൻ വകുപ്പ് കാര്യക്ഷമമായ ശ്രമങ്ങൾ നടത്തി വരുന്നു. 2023-24ൽ പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് സഹായം നൽകുന്നതിനായി വകുപ്പിന് 394.45 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ വഴി ലഭിച്ചിട്ടുണ്ട്. ദേശീയ സ്ഥാപനങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലെ കേന്ദ്ര സർവകലാശാലകളിലും പഠിക്കുന്ന ഒബിസി വിദ്യാർത്ഥികൾക്കും, കൂടാതെ, ലോകമെമ്പാടുമുള്ള മികച്ച സർവ്വകലാശാലകളിൽ പഠിക്കുന്ന ഒബിസി വിദ്യാർത്ഥികൾക്ക് വിദേശ സ്കോളർഷിപ്പുകളും വകുപ്പ് വഴി നൽകുന്നു.

സർക്കാർ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ മെഡിക്കൽ, മെഡിക്കൽ അനുബന്ധ മേഖലകളിൽ പഠിക്കുന്ന മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരുമോ നഷ്ടപ്പെട്ട മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥിനികൾക്ക് 'മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരെയുമോ നഷ്ടപ്പെട്ട മറ്റു പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥിനികൾക്കുള്ള പ്രത്യേക സ്കോളർഷിപ്പ്' എന്ന പദ്ധതിയിലൂടെ വകുപ്പ് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

### തൊഴിൽദായക പദ്ധതികൾ

പിന്നാക്ക വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനായി 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം', 'പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ഓട്ടോമൊബൈൽ മേഖലയിലെ തൊഴിലുകൾ ലഭ്യമാക്കൽ' എന്നീ പരിപാടികൾ നടപ്പിലാക്കുകയുണ്ടായി. മെഡിക്കൽ/ എൻജിനീയറിങ് പ്രവേശന പരീക്ഷ, സിവിൽ സർവീസ് പരീക്ഷ, യുജിസി/നെറ്റ്/ജെആർഎഫ്/ഗേറ്റ്/മാറ്റ്, മറ്റ് മത്സര പരീക്ഷകൾ

**ബോക്സ് 8.2.11**-കെടാവിളക്ക്- ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള മറ്റ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ്

2023-24 മുതൽ, പിന്നാക്ക വിഭാഗങ്ങളിലെ ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള സഹായം കേന്ദ്ര സർക്കാർ പിൻവലിച്ചിട്ടുണ്ട്. നിലവിൽ, ഒമ്പത്, പത്ത് ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമാണ് കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് നൽകുന്നത്. ഈ സാഹചര്യത്തിൽ , പിന്നാക്ക വിഭാഗങ്ങളിലെ ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നത് തുടരുന്നതിനായി സംസ്ഥാന സർക്കാർ 'ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള മറ്റ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ്' എന്ന പുതിയ പദ്ധതി ആവിഷ്കരിക്കുകയും അതിനായി 2500.00 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. 2023-24 സാമ്പത്തിക വർഷത്തിൽ 1,15,211 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്.

**ബോക്സ് 8.2.12**- മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിധവകൾക്ക് സ്വയം തൊഴിൽ പദ്ധതി

പിന്നാക്ക വിഭാഗങ്ങളിലെ വിധവകളെ പിന്തുണക്കുന്നതിനായി 2024-25 വാർഷിക ബജറ്റിലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. വിധവകളുടെ ഉപജീവനം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിലൂടെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി നൽകുന്ന വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1.00 ലക്ഷം രൂപ വരെയോ സബ്സിഡി നൽകാനാണ് ലക്ഷ്യമിടുന്നത്. ലാഭകരമായി നടത്താവുന്ന ഏത് തരത്തിലുള്ള സംരംഭങ്ങൾക്കും അതിന്റെ സാധ്യതകളെ അടിസ്ഥാനമാക്കി വായ്പ നൽകുന്നതാണ്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണനക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലേക്ക് അർഹരായ അപേക്ഷകരെ വകുപ്പ് ശുപാർശ ചെയ്യുകയും കോർപ്പറേഷനുകളിൽ നിന്ന് വായ്പ നൽകുകയും ചെയ്യുന്നു.

എന്നിവയക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് പ്രശസ്ത സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പരിപാടിയിലൂടെ സാമ്പത്തിക സഹായം നൽകുകയുണ്ടായി. ഈ പദ്ധതി പ്രകാരം 2023-24 വർഷത്തിൽ, 1112 ഗുണഭോക്താക്കൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. 'പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ ഓട്ടോമൊബൈൽ വ്യവസായത്തിലെ തൊഴിലുകൾ ലഭ്യമാക്കൽ' എന്ന പദ്ധതിയിലൂടെ ഓട്ടോമൊബൈൽ, ലൊജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, പോളിമർ ടെക്നോളജി തുടങ്ങിയ മേഖലകളിൽ തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നു. ഈ പദ്ധതിയിലൂടെ 2023-24 വർഷത്തിൽ 397 വ്യക്തികൾക്ക് പ്രയോജനം ലഭിക്കുകയുണ്ടായി.

പിന്നാക്ക വിഭാഗങ്ങളിലെ പല സമുദായങ്ങളും മൺപാത്ര നിർമ്മാണം, മത്സ്യബന്ധനം, നെയ്ത്ത്, അലക്ക്, ക്ഷുരകം തുടങ്ങിയ പ്രത്യേക പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. മറ്റ് പിന്നാക്ക വിഭാഗക്കാർക്കിടയിലെ പരമ്പരാഗത തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനായി മൺപ്പാത്ര തൊഴിലാളികൾ, ബാർബർഷോപ്പ് തൊഴിലാളികൾ, കരകൗശല വിദഗ്ധർ എന്നിവർക്ക് ധനസഹായം നൽകിവരുന്നു. ഈ പദ്ധതികൾ പ്രകാരം 2023-24 ൽ 104 മൺപ്പാത്ര നിർമാണ തൊഴിലാളികൾക്കും 193 പരമ്പരാഗത ക്ഷുരകർക്കും സഹായം നൽകിയിട്ടുണ്ട്. പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങൾക്ക്, പ്രത്യേകിച്ച് കരകൗശല വിദഗ്ധർക്ക് അവരുടെ ഉത്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി നൂതനമായ ടൂൾകിറ്റുകൾ വാങ്ങുന്നതിനു വകുപ്പ് സാമ്പത്തിക സഹായം നൽകുന്നുണ്ട്. 'നൈപുണ്യപരിശീലനവും പരമ്പരാഗത കരകൗശല വിദഗ്ധർക്കുള്ള ടൂൾകിറ്റ് ഗ്രാന്റും' എന്ന പദ്ധതിക്ക് കീഴിൽ 1965 പേർക്ക് നൈപുണ്യ വികസന പരിശീലനവും ടൂൾകിറ്റുകൾ വാങ്ങുന്നതിനുള്ള ധന സഹായവും നൽകുകയുണ്ടായി.

പിന്നാക്ക വിഭാഗങ്ങളിൽപെട്ട കുംഭാരൻ, കുശവൻ, കുലാലൻ, ഓടൻ, വേളാൻ തുടങ്ങിയ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത മൺപാത്ര നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങൾ അധിവസിക്കുന്ന കേരളത്തിലെ ജനസാന്ദ്രതയേറിയ കുംഭാര കോളനികളുടെ ഉന്നമനം ലക്ഷ്യമിട്ടുള്ള ഒരു സമഗ്ര പദ്ധതിയാണ് 'കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം'. നിലവിൽ, ഈ സമുദായങ്ങൾ ധാരാളം സാമൂഹിക-സാമ്പത്തിക വെല്ലുവിളികൾ അഭിമുഖീകരിക്കുന്നുണ്ട്. അവരുടെ തൊഴിലിന് ആവശ്യമായിട്ടുള്ള വർക്ക് ഷെഡുകൾ, ചിമ്മിനികൾ, ആധുനിക ഉപകരണങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പോലും നിലവിൽ പലർക്കും ലഭ്യമല്ല.

ഈ വെല്ലുവിളികൾക്ക് പരിഹാരം കാണുന്നതിനായി, ശുദ്ധമായ കുടിവെള്ളം, വൈദ്യുതി, റോഡുകൾ, നടപ്പാതകൾ, കമ്മ്യൂണിറ്റി ഹാളുകൾ, ലൈബ്രറികൾ എന്നിവയുൾപ്പെടെയുള്ള അവശ്യ സേവനങ്ങൾ കുംഭാര

കോളനികളിൽ ലഭ്യമാക്കുന്നതിനായിട്ടാണ് ഈ പരിപാടി ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ, ഈ പദ്ധതിയിൽ, മൺപാത്ര വ്യവസായത്തെ നവീകരിക്കുന്നതിനായി വർക്ക് ഷെഡുകൾ, ചിമ്മിനികൾ, അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി വാഹന സൗകര്യങ്ങൾ ലഭ്യമാക്കൽ എന്നിവയും ഉൾപെടുത്തിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 50.00 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആദ്യഘട്ടമെന്ന നിലയിൽ തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനിയിൽ പദ്ധതി നടപ്പിലാക്കുകയും കോളനിയിൽ അടിസ്ഥാന സൗകര്യങ്ങളും പഗ് മില്ലും (മണ്ണ് കുഴയ്ക്കുന്ന യന്ത്രം) ഒരുക്കുന്നതിന് 1.00 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. ഇത് കോളനിയിൽ താമസിക്കുന്ന 85 പാവപ്പെട്ട കുടുംബങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുകയും ചെയ്തു.

ഓട്ടോ ടാക്സി മേഖലയിൽ ജോലി ചെയ്യുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് ന്യൂ ജനറേഷൻ ഇലക്ട്രിക്, സിഎൻജി വാഹനങ്ങളിലേക്ക് മാറുന്നതിന് വകുപ്പ് സാമ്പത്തിക സഹായം നൽകുന്നുണ്ട്. പദ്ധതി പ്രകാരം, വാഹന വായ്പകൾക്ക് വായ്പ തുകയുടെ 20 ശതമാനം, പരമാവധി 1.00 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു.

സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിൽപ്പെട്ട വലിയ ഒരു വിഭാഗം ആളുകൾ വിവിധ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടുന്നവരാണ്. ഇവർ വിപണിയിൽ കടുത്ത മത്സരം നേരിടുകയും ചെയ്യുന്നു. ഇത് പരിഹരിക്കുന്നതിനായി, അവർ നേരിടുന്ന വിപണന പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനുള്ള ഒരു പദ്ധതി 2023-24 ൽ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

പിന്നാക്ക വിഭാഗങ്ങളിലെ തൊഴിൽ രഹിതരായ എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് സാങ്കേതിക വിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്നതിനുള്ള പുതിയ പദ്ധതിയായ 'എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങൾ' എന്ന പദ്ധതി 2024-25 ൽ ആരംഭിച്ചു. പിന്നാക്ക വിഭാഗങ്ങളിലെ വഴിയോര കച്ചവടക്കാരെ പിന്തുണക്കുന്നതിനായി 'മൊബൈൽ സ്ട്രീറ്റ് വെൻഡിംഗ് കാർട്ടുകളുടെ വിതരണം' എന്ന പുതിയ പദ്ധതിയും 2024-25ൽ ആരംഭിച്ചു. തെരുവ് കച്ചവടക്കാർക്ക് തടസ്സരഹിതമായ വാണിജ്യ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനായി ഈ പദ്ധതി വഴി അലുമിനിയം ഫോർ വീലർ പുഷ് കാർട്ടുകൾ വിതരണം ചെയ്യുന്നു.

ഇന്ത്യൻ ജുഡീഷ്യറിയിൽ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി, സനദ് (പരിശീലനത്തിനുള്ള ലൈസൻസ്) ലഭിച്ചിട്ടുള്ള അഭിഭാഷകർക്ക് സാമ്പത്തിക സഹായമായി മൂന്ന് വർഷത്തേക്ക് ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയും വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആകെ 731.19 കോടി രൂപ ചെലവഴിച്ചുകൊണ്ട് 23,49,815 ഗുണഭോക്താക്കൾക്ക് വകുപ്പ് വഴി സഹായം നൽകിയിട്ടുണ്ട്.

2023-24 ൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന് സംസ്ഥാന സർക്കാർ 127.14 കോടി രൂപ അനുവദിച്ചു. എന്നാൽ, വകുപ്പ് 538.56 കോടി രൂപ ചെലവഴിക്കുകയുണ്ടായി. 2023-24 ൽ ഒഇസി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിനായി വകുപ്പിന് അഡീഷണൽ ഓതറൈസേഷൻ ലഭിച്ചതാണ് ചെലവ് കൂടുവാൻ കാരണമായത്. 2024-25ൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന് സംസ്ഥാന സർക്കാർ 248.82 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2023-24, 2024-25 (2024 ആഗസ്റ്റ് 31 വരെ ) വർഷങ്ങളിൽ വകുപ്പ് നടപ്പിലാക്കിയ പരിപാടികളുടെ പദ്ധതി തിരിച്ചുള്ള വിഹിതം, ചെലവ്, ഭൗതികനേട്ടം എന്നിവ **അനുബന്ധം 8.2.48** ലും **അനുബന്ധം 8.2.49** ലും നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി) ലിമിറ്റഡ്

1956 ലെ കമ്പനീസ് ആക്ട് പ്രകാരം 1995 ഫെബ്രുവരി 28 ന് രജിസ്റ്റർ ചെയ്ത, തിരുവനന്തപുരത്ത് രജിസ്റ്റേഡ് ഓഫീസുള്ള, കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (KSBCDC) ലിമിറ്റഡ്. ദേശീയ ധനകാര്യ ഏജൻസികളായ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി), നാഷണൽ സഫായി കരംചാരീസ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് (എൻ.എസ്.കെ.എഫ്.ഡി) എന്നിവയുടെ സംസ്ഥാനതലത്തിലെ ഏകോപന ഏജൻസിയായി പ്രവർത്തിക്കുന്നത് കെ.എസ്.ബി.സി.ഡി.സി ആണ്. പിന്നാക്ക സമുദായങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം നൽകുക വഴി പിന്നാക്ക വിഭാഗങ്ങളിലെ ദാരിദ്ര്യവും പിന്നോക്കാവസ്ഥയും ഇല്ലാതാക്കുകയെന്നതാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പിന്നാക്ക വിഭാഗക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ കോർപ്പറേഷൻ ധനസഹായം നൽകിവരുന്നുണ്ട്. വിവാഹ ധനസഹായ പദ്ധതി, സ്വയംതൊഴിൽ, വിദ്യാഭ്യാസ വായ്പകൾ, മൈക്രോഫിനാൻസ്, വീട് നിർമാണം/ അറ്റകുറ്റപ്പണി, വ്യക്തിഗത വായ്പ എന്നീ ക്ഷേമപദ്ധതികൾ കോർപ്പറേഷൻ തനത് ഫണ്ടും സംസ്ഥാന സർക്കാർ സഹായവും വിനിയോഗിച്ച് നടപ്പിലാക്കി വരുന്നു. കമ്പനിയുടെ ഓതറൈസ്ഡ് ഷയർ ക്യാപിറ്റൽ 200 കോടി രൂപയും പെയ്ഡ് അപ്പ് ഷയർ ക്യാപിറ്റൽ 151.13 കോടി രൂപയുമാണ്. 20.09.2023-ലെ സർക്കാർ ഉത്തരവ് (Ms)18/2023/P&EA-ൽ പരാമർശിച്ചിരിക്കുന്ന ആകെ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ, കോർപ്പറേഷനെ ഒരു 'ഡയമണ്ട്' വിഭാഗ കമ്പനിയായി തരംതിരിച്ചിട്ടുണ്ട്.

ദേശീയ ധനകാര്യ ഏജൻസികൾ വഴി നടപ്പാക്കുന്ന പദ്ധതികളും കോർപ്പറേഷന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളും ജനകീയമാക്കുന്നതിനായി വർഷങ്ങളായി കെഎസ്ബിസിഡിസിയുടെ ജില്ലാ ഓഫീസുകളും സബ് ഓഫീസുകളും മുഖേന ബോധവൽക്കരണവും പ്രീ-ഡിസ്ബേഴ്സ്മെന്റ് കൗൺസിലിംഗ് ക്യാമ്പുകളും

നടത്തിവരുന്നു. ഈ ക്യാമ്പുകളിലൂടെ ഗുണഭോക്താക്കൾക്ക് അക്കൗണ്ടിങ്ങിനെ സംബന്ധിച്ചും കൃത്യമായ വായ്പ തിരിച്ചടവിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു.

കോർപ്പറേഷൻ സ്വന്തമായി പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നതിലൂടെയും സംസ്ഥാന സർക്കാരും ദേശീയ ധനകാര്യ ഏജൻസികളും സംഘടിപ്പിക്കുന്ന പ്രദർശന വ്യാപാര മേളകളിലൂടെയും അതിന്റെ ഗുണഭോക്താക്കൾക്ക് വിപണന അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു. കോർപ്പറേഷൻ ഒരു 'ലോണേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട്' (എൽഡിആർഎഫ്) നടപ്പിലാക്കിയതിലൂടെ ഗുണഭോക്താവിന്റെ മരണം, സ്ഥിരമായ വൈകല്യം, അപകടം, അല്ലെങ്കിൽ വിട്ടുമാറാത്ത അസുഖം തുടങ്ങിയ ഘട്ടങ്ങളിൽ ഗുണഭോക്താവിനെയോ അവന്റെ കുടുംബത്തെയോ സഹായിക്കുന്നതിന് സാധിക്കുന്നു. പിന്നാക്ക വിഭാഗങ്ങളിലെ സ്ത്രീകൾക്ക് വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കോർപ്പറേഷൻ 'നവ സ്വർണിമ' പദ്ധതി നടപ്പിലാക്കുകയും അതുവഴി 20 സ്ത്രീകൾക്ക് 29.84 ലക്ഷം രൂപ വിതരണം ചെയ്യുകയുമുണ്ടായി.

കോർപ്പറേഷനിൽ നിന്ന് വായ്പയെടുക്കുന്നവരുടെ കൃത്യമായ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനായി കോർപ്പറേഷൻ 'ഗ്രീൻ കാർഡ് ബെനിഫിറ്റ്' എന്ന പേരിൽ ഒരു നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ സംരംഭത്തിന് കീഴിൽ, നിശ്ചിത തീയതിക്കോ അതിന് മുമ്പോ എല്ലാ തവണകളും കൃത്യമായി അടയ്ക്കുന്ന വായ്പക്കാർക്ക് തിരിച്ചടച്ച മൊത്തം പലിശയുടെ 5% തുക തിരികെ നൽകുന്നതാണ്. ഗ്രീൻ കാർഡ് ബെനിഫിറ്റ്, ലോണേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട് (എൽഡിആർഎഫ്), തുടങ്ങിയവയ കോർപ്പറേഷന്റെ ചില മികച്ച പദ്ധതികളാണ്. വിവിധ വകുപ്പുകളുമായും ഏജൻസികളുമായും സഹകരിച്ച് കൊണ്ട് കോർപ്പറേഷൻ സബ്സിഡി ലിങ്ക്ഡ് ലോൺ സ്കീം നടപ്പിലാക്കുന്നുണ്ട്. നോർക്കയുടെ പിന്തുണയോടെയുള്ള റീ-ടേൺ ലോൺ സ്കീം, സ്റ്റാർട്ടപ്പ് ലോൺ സ്കീം, ഗ്രീൻ വീൽ സെൽഫ് എംപ്ലോയ്മെന്റ് ലോൺ സ്കീം, പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹായത്തോടെ പുനർജനി സ്വയം തൊഴിൽ വായ്പാ പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു.

നാളിതുവരെ കോർപ്പറേഷൻ കേരളത്തിലെ പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട 8 ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് 6938.86 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. 2023-24 ൽ 802.30 കോടി രൂപയുടെ വായ്പ കോർപ്പറേഷൻ വിതരണം ചെയ്യുകയും അതുവഴി 71,747 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2024 ആഗസ്റ്റ് 31, വരെയുള്ള കണക്ക് അനുസരിച്ച് 222.79 കോടി രൂപ കോർപ്പറേഷൻ വിതരണം ചെയ്യുകയും അതുവഴി 12,091 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2023-24, 2024-25 (ആഗസ്റ്റ് 31, 2024 വരെ) വർഷങ്ങളിൽ കോർപ്പറേഷന്റെ ഇനം തിരിച്ചുള്ള ചെലവുകളും ഭൗതിക നേട്ടങ്ങളും **അനുബന്ധം 8.2.50** ൽ നൽകിയിരിക്കുന്നു. 2023-24, 2024-25 (ആഗസ്റ്റ് 31, 2024 വരെ) വർഷങ്ങളിലെ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ സാമ്പത്തിക നേട്ടങ്ങളും ഭൗതിക നേട്ടങ്ങളും **അനുബന്ധം 8.2.51** ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്

ഇന്ത്യൻ കമ്പനീസ് ആക്ട് 1956 അനുസരിച്ച്, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് 1980-ലാണ് രൂപീകരിച്ചത്. പട്ടികജാതി വിഭാഗങ്ങളിൽ നിന്നും മറ്റ് ശുപാർശിത വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യൻ വിഭാഗത്തിലേക്ക് പരിവർത്തിതപ്പെട്ടവരുടെ സാമൂഹ്യവും വിദ്യാഭ്യാസപരവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനവും അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതുമാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. കേരള സർക്കാർ വാർഷികാടിസ്ഥാനത്തിൽ അനുവദിക്കുന്ന ഓഹരി മൂലധന സഹായവും ഗ്രാന്റുകളുമാണ് കോർപ്പറേഷന്റെ പ്രധാന ധനസ്രോതസ്സ്. സ്വയം തൊഴിൽ വായ്പകൾ, പാർപ്പിട നിർമ്മാണത്തിനും നവീകരണത്തിനുമുള്ള വായ്പകൾ, വിവാഹ വായ്പ, കൃഷിയും അനുബന്ധമേഖലകളിലുമുള്ള സഹായം, ചെറുകിട കച്ചവട വായ്പകൾ, വിദ്യാഭ്യാസ വായ്പ തുടങ്ങിയവയാണ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന വായ്പ പദ്ധതികൾ. ഈ വായ്പാ പദ്ധതികൾക്ക് പുറമേ, ഇൻസെന്റീവ് ഗ്രാന്റ്, സ്പോട്ട് ദി ടാലന്റ്, കരിയർ ഗൈഡൻസ് പ്രോഗ്രാം, മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവീസ്, പിഎസ്.സി തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ് അസിസ്റ്റൻസ് തുടങ്ങിവയും ഈ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് കോർപ്പറേഷൻ നൽകുന്നുണ്ട്. ഈ വിഭാഗങ്ങളിലെ ദരിദ്രരായ വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനായി കോർപ്പറേഷൻ കുറഞ്ഞ പലിശ നിരക്കിൽ ഒരു വിദേശ വിദ്യാഭ്യാസ വായ്പ പദ്ധതി ആരംഭിച്ചു. കോർപ്പറേഷന്റെ നോൺ പെർഫോമിംഗ് അസറ്റ് (എൻപിഎ) നില കുറയ്ക്കുന്നതിനും വായ്പ തിരിച്ചടവ് വേഗത്തിലാക്കുന്നതിനുമായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചതിലൂടെ നേരത്തെയുണ്ടായിരുന്ന കോർപ്പറേഷന്റെ നഷ്ടം ഏറെക്കുറെ നികത്തുവാൻ സാധിച്ചു.

2023-24 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ 12.62 കോടി രൂപ ലോൺ റിക്കവറിയായി ശേഖരിക്കുകയുണ്ടായി. 2023-24ൽ കോർപ്പറേഷന് വിവിധ വായ്പാ പദ്ധതികൾക്കായി 6.00 കോടി രൂപയാണ് അനുവദിച്ചത്. എന്നാൽ കോർപ്പറേഷൻ 17.52 കോടി രൂപ ചെലവഴിക്കുകയുണ്ടായി. കോർപ്പറേഷന് ലഭിച്ച വായ്പ തിരിച്ചടവിൽ നിന്നും വായ്പകൾ നൽകിയത് കാരണമാണ് 2023-24ൽ അധിക ബിസിനസ്സ് ഉണ്ടായത്. 2019-20 മുതൽ 2024-25 വരെ (2024 ആഗസ്റ്റ് 31 വരെ) സംസ്ഥാന സർക്കാർ സഹായത്തോടെയുള്ള വായ്പ പദ്ധതികൾ, അവ വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ എന്നിവ **അനുബന്ധം 8.2.52** ൽ നൽകുന്നു. കോർപ്പറേഷന്റെ ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.53** ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്

സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര മേഖലയുടെ ആധുനികവത്കരണം സാധ്യമാക്കുകയും അതുവഴി

ഈ മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 2016-ൽ കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ, വിപണന ക്ഷേമ വികസന കോർപ്പറേഷൻ (കെ.എസ്.പി.എം.എം.ഡബ്ല്യു.ഡി.സി) രൂപീകരിച്ചത്. എന്നാൽ കോർപ്പറേഷന്റെ ശരിയായ പ്രവർത്തനം 2020-21 ൽ മാത്രമാണ് ആരംഭിച്ചത്. മൺപാത്ര നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള വായ്പ, വിപണനത്തിനുള്ള വായ്പ, വിവാഹ സഹായ വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയം സഹായക സംഘങ്ങൾക്കുള്ള വായ്പ എന്നിവ കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പരിപാടികളിൽ ഉൾപ്പെടുന്നു. വിവിധ പ്രദർശന വിപണന മേളകളിൽ കോർപ്പറേഷന് സ്റ്റാളുകളും മൊബൈൽ മാർക്കറ്റിംഗ് യൂണിറ്റുകളും ഉണ്ടായിരുന്നു. നിലവിൽ, കോർപ്പറേഷൻ പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ മൺപാത്ര നിർമ്മാണ യൂണിറ്റുകളിൽ നിന്ന് മൺപാത്ര ഉൽപന്നങ്ങൾ സംഭരിച്ച് കാർഷിക സർവകലാശാല, അഗ്രോ ബസാർ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്ക് വിതരണം ചെയ്തുവരുന്നു. 2023-24 ൽ വിവിധ പ്രവർത്തനങ്ങൾക്കായി കോർപ്പറേഷൻ 10.50 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

**ന്യൂനപക്ഷ ക്ഷേമം**

പൗരൻമാരുടെ സമത്വത്തിനും മതം, ഭാഷ, സംസ്കാരം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ ന്യൂനപക്ഷ സമുദായങ്ങളുടെ അവകാശ സംരക്ഷണത്തിനും ഇന്ത്യൻ ഭരണഘടന ഊന്നൽ നൽകിയിട്ടുണ്ട്. ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ചുള്ള 1992 ലെ യുഎൻ പ്രഖ്യാപനത്തിലെ ആർട്ടിക്കിൾ (1) അടിവരയിടുന്നു, "സംസ്ഥാനങ്ങൾ അതത് പ്രദേശങ്ങളിലെ ന്യൂനപക്ഷങ്ങളുടെ അസ്തിത്വവും ദേശീയ അല്ലെങ്കിൽ വംശീയ, സാംസ്കാരിക, മത, ഭാഷാ സ്വത്വവും സംരക്ഷിക്കുകയും അവരുടെ ഉന്നമനത്തിനായുള്ള പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടതാണ്." 2011-ലെ സെൻസസ് പ്രകാരം, ഇന്ത്യയിലെ ജനസംഖ്യയുടെ 79.8 ശതമാനം ഹിന്ദുമതവും, 14.2 ശതമാനം ഇസ്ലാം മതവും, 2.3 ശതമാനം ക്രിസ്തു മതവും, 1.7 ശതമാനം സിഖ് മതവും, 0.7 ശതമാനം ബുദ്ധമതവും, 0.4 ശതമാനം ജൈന മതവും, 0.006 ശതമാനം പാഴ്സി മതവും പിന്തുടരുന്നവരാണ്. രാഷ്ട്രത്തിന്റെ വികസനത്തിന്റെ നേട്ടങ്ങൾ എല്ലാ മത വിഭാഗങ്ങളിലെ ജനങ്ങൾക്കും സാമൂഹിക വിഭാഗങ്ങൾക്കും തുല്യമായി ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

സംസ്ഥാന ജനസംഖ്യയുടെ 45 ശതമാനത്തോളം (26.56 ശതമാനം മുസ്ലീങ്ങൾ, 18.38 ശതമാനം ക്രിസ്ത്യാനികൾ, 0.014 ശതമാനം ബുദ്ധർ, 0.013 ശതമാനം ജൈനർ, 0.011 ശതമാനം സിഖുകളും പാഴ്സികളും) ന്യൂനപക്ഷങ്ങളാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 29, 30 എന്നിവയിൽ വിഭാവനം ചെയ്യുന്ന ന്യൂനപക്ഷ അവകാശങ്ങൾക്ക് അവർ അർഹരാണ്. ഈ ന്യൂനപക്ഷ വിഭാഗങ്ങളിൽ മുസ്ലീങ്ങൾ, ലത്തീൻ കാത്തോലിക്കർ, പരിവർത്തിത ക്രിസ്ത്യാനികൾ, നവ ബുദ്ധിസ്റ്റുകൾ എന്നിവരെ കേരളത്തിലെ പിന്നാക്ക സമുദായങ്ങളായി കണക്കാക്കുന്നു. മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, ബുദ്ധമതക്കാർ, സിഖുകാർ, ജൈന മതക്കാർ, പാഴ്സികൾ എന്നിങ്ങനെ വിജ്ഞാപനം ചെയ്യപ്പെട്ട ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി 2008-ൽ സർക്കാരിന്റെ കീഴിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്.

ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, തൊഴിൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ന്യൂനപക്ഷ ക്ഷേമവകുപ്പ് പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സഹായം, ന്യൂനപക്ഷ സമുദായങ്ങളിലെ വിധവകൾ/ വിവാഹമോചിതർ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കുള്ള ഭവന പദ്ധതി, പി.എം.ജെ.വി.കെ (പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം), വിവാഹപൂർവ്വ കൗൺസിലിംഗ്, ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി യൂണിവേഴ്സിറ്റികളിൽ ന്യൂനപക്ഷ ഗവേഷണ വിംഗ്, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിധവകൾക്ക് സ്വയം തൊഴിൽ പദ്ധതി എന്നിവയാണ് ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ. വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഭൗതിക നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു

- പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പിഎംജെവികെ) പദ്ധതി വഴി 216.55 കോടി രൂപയുടെ 97 പദ്ധതികൾക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. മൊത്തം 425 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2023-24ൽ പദ്ധതിക്കായി മൊത്തം 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
- സംസ്ഥാനത്തുടനീളമുള്ള വിവിധ ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളിലൂടെ വകുപ്പ് ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പിഎസ്‌സി/ യുപിഎസ്‌സി/സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ/റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്/ബാങ്കിംഗ് മേഖലയിലെ മത്സര പരീക്ഷകൾക്കായി സൗജന്യ പരിശീലനം നൽകുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ 37,470 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും അവരിൽ 2,837 വിദ്യാർത്ഥികൾക്ക് സംസ്ഥാന-കേന്ദ്ര സർക്കാരുകളിൽ സ്ഥിരം ജോലി ലഭിക്കുകയും ചെയ്തു. 2022-23 ൽ 11,294 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും അവരിൽ 581 വിദ്യാർത്ഥികൾക്ക് സംസ്ഥാന-കേന്ദ്ര സർക്കാരുകളിൽ സ്ഥിരം ജോലി ലഭിക്കുകയും ചെയ്തു.
- ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾ/ വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കുള്ള ഇമ്പിച്ചി ബാവ പാർപ്പിട/നവീകരണ പദ്ധതിക്ക് 500 ലക്ഷം രൂപ അനുവദിച്ചു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 561 പൂർത്തീകരിക്കപ്പെടാത്ത വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 506 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

**2023–24 ൽ നൽകിയിട്ടുള്ള പ്രധാന വിദ്യാഭ്യാസ സഹായങ്ങൾ**

- സിഎ/സിഎംഎ/സിഎസ്, യുജിസി, സിഎസ്ഐആർ, നെറ്റ്, എൻടിഎസ്ഇ, ജിഎസ്ടിയിൽ പിജി ഡിപ്ലോമ തുടങ്ങിയ കോഴ്സുകൾക്കുള്ള പരിശീലനത്തിനായി 1866 ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി.

- സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് 4,315 വിദ്യാർത്ഥികൾക്കും സിവിൽ സർവീസ് കോച്ചിംഗ് ഫീസ് റീഇംബേഴ്സ്മെന്റ് 63 ന്യൂനപക്ഷ വിദ്യാർത്ഥികൾക്കും നൽകി.
- 30 ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശ സർവകലാശാലകളിൽ പഠിക്കുന്നതിനുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശയിനത്തിലുള്ള തുക തിരികെ നൽകി.
- ന്യൂനപക്ഷ വിദ്യാർത്ഥികൾക്കിടയിൽ നൈപുണ്യ പരിശീലനം പ്രോത്സാഹിപ്പിക്കുന്നതിനായി അംഗീകൃത ഐടിസികളിൽ സാങ്കേതിക കോഴ്സുകളോ ട്രേഡുകളോ പഠിക്കുന്ന 3,779 വിദ്യാർത്ഥികൾക്ക് ഫീസ് തിരിച്ചടവ് നൽകി.
- സർക്കാർ/സർക്കാർ-എയ്ഡഡ് പോളിടെക്നിക് കോളേജുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്ന 1,164 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി.
- നഴ്സിംഗ് ഡിപ്ലോമ/പാരാ മെഡിക്കൽ കോഴ്സുകൾ പഠിക്കുന്ന 445 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി.
- ന്യൂനപക്ഷ വിഭാഗങ്ങളിലെ 9,500 യുവതീയുവാക്കൾക്കു വിവാഹത്തിനു മുമ്പുള്ള കൗൺസിലിംഗ് നൽകിയിട്ടുണ്ട്.

പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശ പ്രകാരം 2010-ൽ കേരള സർക്കാർ ന്യൂനപക്ഷ വിഭാഗങ്ങളിലെ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ വിവിധ ജില്ലകളിലായി ആരംഭിച്ചു. നിലവിൽ, ന്യൂനപക്ഷ ക്ഷേമ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള 24 പരിശീലന കേന്ദ്രങ്ങളും 32 സബ് സെന്ററുകളും കേരളത്തിലെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സൗജന്യ മത്സര പരീക്ഷാ പരിശീലനവും അനുബന്ധ പരിപാടികളും ഉറപ്പാക്കുക എന്നതാണ് ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളുടെ ലക്ഷ്യം. ന്യൂനപക്ഷ സമുദായങ്ങളെ ശാക്തീകരിച്ചു കൊണ്ട് അവരുടെ നൈപുണ്യവും തൊഴിൽക്ഷമതയും മെച്ചപ്പെടുത്തുന്നതിനാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. ഈ കേന്ദ്രങ്ങൾ മുഖേന മുസ്ലീം, ക്രിസ്ത്യൻ, മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവയിലെ യുവജനങ്ങൾക്ക് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ, കേരള പബ്ലിക് സർവീസ് കമ്മീഷൻ, ബാങ്കിംഗ് സർവീസ് റിക്രൂട്ട്മെന്റ് ബോർഡുകൾ, മറ്റ് ഏജൻസികൾ എന്നിവ നടത്തുന്ന മത്സര പരീക്ഷകൾക്കുള്ള സൗജന്യ പരിശീലന ക്ലാസുകൾ നൽകുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ നൈപുണ്യ വികസന പദ്ധതിക്കായി ആകെ 4.2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ, ASAP (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) മുഖേന മറൈൻ സ്ട്രക്ചറൽ ഫിറ്റിംഗ്, ഇവി പവർ ട്രെയിൻ കോഴ്സുകൾ, ഗെയിം ഡെവലപ്മെന്റ്, ഡ്രോൺ പൈലറ്റിംഗ്, ബയോമെഡിക്കൽ ഉപകരണങ്ങളിൽ ഹാൻഡ്-ഓൺ പരിശീലനം, ഇംഗ്ലീഷിൽ അടിസ്ഥാന പ്രാവീണ്യം എന്നിവയിൽ ന്യൂനപക്ഷ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പരിശീലനം നൽകുന്നു.

**പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം–പിഎംജെവികെ**

വികസന വിടവുകൾ നിലനിൽക്കുന്നതായി കണ്ടെത്തിയ പ്രദേശങ്ങളിലെ സാമൂഹിക സാമ്പത്തിക വികസനത്തിനായി ആ പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ പദ്ധതികൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. നിലവിലുണ്ടായിരുന്ന ബഹുമേഖലാ വികസന പരിപാടികൾ എന്ന പദ്ധതിയെ ന്യൂനപക്ഷ കാര്യ മന്ത്രാലയം 2018-19 ൽ പുനഃസംഘടിപ്പിച്ച് കേന്ദ്ര, സംസ്ഥാന വിഹിതങ്ങളുടെ അനുപാതം 60:40 എന്ന തോതിൽ മാറ്റി പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ) എന്ന് പുനർ നാമകരണം ചെയ്യുകയുണ്ടായി. പുതുക്കിയ പിഎംജെവികെ പദ്ധതി പ്രകാരം ന്യൂനപക്ഷ ജനസംഖ്യ 25 ശതമാനം കൂടുതലുള്ളതായി കണ്ടെത്തിയ പ്രദേശങ്ങളിൽ (15 കി.മീ ചുറ്റളവിൽ) ഇപ്പോൾ പദ്ധതി നടപ്പിലാക്കാവുന്നതാണ്. വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യ വികസനം എന്നീ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളാണ് പിഎംജെവികെയുടെ കീഴിൽ ഏറ്റെടുക്കുന്ന പദ്ധതികളിൽ പ്രധാനമായും ഉൾപ്പെടുന്നത്, കൂടാതെ ന്യൂനപക്ഷ സമുദായങ്ങളുടെയും നിയുക്ത പ്രദേശത്ത് താമസിക്കുന്ന മറ്റ് സമുദായങ്ങളുടെയും സാമൂഹിക-സാമ്പത്തിക, ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതികളും ഇതിൽ ഉൾപ്പെടുന്നുണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, സ്കൂളുകളിൽ അധിക ക്ലാസ് മുറികളുടെയും ടോയ്ലറ്റ് ബ്ലോക്കുകളുടെയും നിർമ്മാണം എന്നിവയൊക്കെ പദ്ധതിയുടെ ഭൗതിക നേട്ടങ്ങളിൽ ഉൾപ്പെടുന്നു. ഈ പദ്ധതിക്ക് കീഴിൽ പൂർത്തീകരിച്ച പ്രവർത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.54** ൽ നൽകിയിരിക്കുന്നു. 2009 മുതൽ 2022 വരെയുള്ള പദ്ധതി സംബന്ധിച്ച വിവരങ്ങൾ ചുവടെയുള്ള **പട്ടിക 8.2.3** ൽ നൽകിയിരിക്കുന്നു.

സംസ്ഥാന സർക്കാർ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി 2023-24 ൽ മൊത്തം 76.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2024-25 ൽ 97.63 കോടി രൂപ സർക്കാർ വകയിരുത്തുകയുണ്ടായി. വകുപ്പ് 2023-24, 2024-25 (ആഗസ്റ്റ് 31, 2024 വരെ) നടപ്പിലാക്കിയ പദ്ധതികളുടെ വിഹിതം, ചെലവ്, ഭൗതിക സാമ്പത്തിക നേട്ടങ്ങൾ എന്നിവ **അനുബന്ധം 8.2.55** ലും **അനുബന്ധം 8.2.56** ലും നൽകിയിരിക്കുന്നു.

**കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്**

മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധമതക്കാർ, ജൈനർ, സിഖ്, പാഴ്സി തുടങ്ങിയ ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 2013 മാർച്ച് 22 ന് സ്ഥാപിതമായ ഒരു സർക്കാർ കമ്പനിയാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (എൻഎംഡിഎഫ്സി) ഫണ്ട് ഉപയോഗിച്ചുള്ള വായ്പാ പദ്ധതികളും കേരള സർക്കാർ നൽകുന്ന ഓഹരി മൂലധനം ഉപയോഗിച്ച് സ്വന്തം പദ്ധതികളും നടപ്പിലാക്കി വരുന്നു. സ്വയംതൊഴിൽ വായ്പ, ബിസിനസ്സ് വികസന വായ്പ,

**പട്ടിക 8.2.3** പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം-പിഎംജെവികെ പദ്ധതിയുടെ റിലീസും ചെലവും സംബന്ധിച്ച വിവരങ്ങൾ (2009-2022) (തുക ലക്ഷത്തിൽ )

| വർഷം | മൊത്തം പ്രൊജക്റ്റുകളുടെ എണ്ണം | അപ്രൂവ്ഡ് കോസ്റ്റ് | റിലീസ് ചെയ്ത തുക | ചെലവ് | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം |
|---|---|---|---|---|---|
| 2009-10 | 10 | 180 | 180 | 138.67 | 10 |
| 2010-11 | 43 | 1,804.98 | 1,878.28 | 1,878.28 | 43 |
| 2012-13 | 1 | 1,000 | 1,218.72 | 1,218.72 | 1 |
| 2013-14 | 52 | 2,679.98 | 2,680 | 2,592.25 | 50 |
| 2014-15 | 15 | 805.31 | 773.12 | 635.72 | 15 |
| 2015-16 | 27 | 1,766.07 | 2,039.18 | 2,036.38 | 27 |
| 2017-18 | 27 | 1,822.1 | 1,291.12 | 1,414.40 | 23 |
| 2018-19 | 12 | 2,985.42 | 1,757.46 | 1,045.70 | 3 |
| 2019-20 | 22 | 3,853.64 | 1,647.05 | 445.83 | 8 |
| 2021-22 | 19 | 12,993.5 | 6,441.77 | 1,188.86 | 4 |
| **ആകെ** | **228** | **29,891** | **19,906.7** | **12,594.81** | **184** |

***അവലംബം:*** ന്യൂനപക്ഷ ക്ഷേമ വകുപ്പ്

വിദ്യാഭ്യാസ വായ്പ, വിസയ്ക്കുള്ള വായ്പ, പ്രവാസി വായ്പ, ജീവനക്കാർക്കുള്ള വിവിധോദ്ദേശ വായ്പ, മദ്രസ്സ/പൊതുവിഭാഗ അദ്ധ്യാപകർക്കുള്ള ഭവനവായ്പ മുതലായവയാണ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ. കോർപ്പറേഷൻ നടപ്പിലാക്കുന്ന 'സുമിത്രം' വിവിധോദ്ദേശ വായ്പ പദ്ധതിയിൽ വിവാഹ വായ്പ, ചികിത്സാ വായ്പ, ഗുരുതര രോഗവുമായി ബന്ധപ്പെട്ട വായ്പ എന്നിവ ഉൾപ്പെടുന്നു. നാളിതുവരെ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 6,341 ഗുണഭോക്താക്കൾക്ക് 242.58 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ വായ്പ വിതരണത്തിന്റെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുത്ത **പട്ടിക 8.2.4** ൽ നൽകിയിരിക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭ വർഷങ്ങളിൽ, കെഎസ്എംഡിഎഫ്സി 1,168 ഗുണഭോക്താക്കൾക്ക് 86.98 കോടി രൂപയുടെ വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്. 2023-24 ൽ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട 281 ഗുണഭോക്താക്കൾക്ക് കോർപ്പറേഷൻ 28.96 കോടി രൂപ വായ്പയായി വിതരണം ചെയ്തു. 2024-25 ൽ (ആഗസ്റ്റ് 31, 2024 വരെ), 19 പേർക്ക് ഇതിനോടകം 6.09 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനു ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ നൽകുന്ന ഗ്യാരന്റി പരിരക്ഷ 50 കോടി രൂപയിൽ നിന്നും 100 കോടി രൂപയായി വർദ്ധിപ്പിച്ചു. കോർപ്പറേഷന്റെ സാമ്പത്തിക, ഭൗതിക നേട്ടങ്ങൾ **അനുബന്ധം 8.2.57** ൽ നൽകിയിരിക്കുന്നു.

### മുന്നാക്ക സമുദായങ്ങളുടെ ക്ഷേമം

കേരളത്തിലെ മുന്നാക്ക സമുദായങ്ങളിൽ 17 ക്രിസ്ത്യൻ സമുദായങ്ങൾ ഉൾപ്പെടെ 164 സമുദായങ്ങൾ ഉൾപ്പെടുന്നു. ഇവർ ഏതെങ്കിലും തരത്തിലുള്ള ജാതി അടിസ്ഥാനമാക്കിയുള്ള സംവരണത്തിന്റെ പരിധിക്ക് പുറത്താണ്. 2012 നവംബർ 8-ന് സംസ്ഥാന സർക്കാർ സമുന്നതി എന്ന് ബ്രാൻഡ് ചെയ്ത കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചു. കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരവും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തികൊണ്ട് അവരുടെ സമഗ്ര വികസനവും ക്ഷേമവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കോർപ്പറേഷൻ സ്ഥാപിതമായത്.

കേരള സർക്കാരിൽ നിന്ന് ഗ്രാന്റ്-ഇൻ എയ്ഡായി ലഭിക്കുന്ന തുക ഉപയോഗിച്ച് കോർപ്പറേഷൻ വിദ്യാസമുന്നതി മെറിറ്റ് സ്കോളർഷിപ്പുകൾ, വിദ്യാസമുന്നതി കോച്ചിംഗ് അസിസ്റ്റൻസ്, സംരംഭ സമുന്നതി ടേം ലോൺ സഹായം, നൈപുണ്യ സമുന്നതി-നൈപുണ്യ സംരംഭകത്വ വികസനം, മംഗല്യസമുന്നതി, ജീർണിച്ച അഗ്രഹാരങ്ങളുടെയും വീടുകളുടെയും നവീകരണം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. സാധാരണക്കാർക്ക് ന്യായമായ നിരക്കിൽ ഗുണമേന്മയുള്ള ഭക്ഷണം തയ്യാറാക്കി നൽകുക എന്ന ഉദ്ദേശത്തോടെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകളുടെ കൂട്ടുത്തരവാദിത്വ സംഘങ്ങളിലൂടെ കെ.എസ്.ഡബ്ല്യു. സി.എഫ്.സി 'സമുന്നതി തുശനില മിനി കഫേ' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചു. ഈ പരിപാടിക്ക് കീഴിൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ 52 തുശനില മിനി കഫേകൾ ആരംഭിച്ചിട്ടുണ്ട്. സ്വയംതൊഴിലും സംരംഭക പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ തൊഴിലില്ലാത്ത അംഗങ്ങളുടെ സ്വയംതൊഴിൽ/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് കൊടുക്കുന്ന വായ്പകൾക്ക് കോർപ്പറേഷൻ 3 ശതമാനം പലിശ സബ്സിഡി നൽകുന്നു. 2023-24 ലെ കോർപ്പറേഷന്റെ വിവിധ ഘടകങ്ങളുടെ ഭൗതിക നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

**പട്ടിക 8.2.4** - കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന്റെ വായ്പാ വിതരണത്തിന്റെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ

| വർഷം | തുക (കോടിയിൽ ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2014-15 | 21.45 | 919 |
| 2015-16 | 23.79 | 870 |
| 2016-17 | 13.21 | 581 |
| 2017-18 | 21.07 | 766 |
| 2018-19 | 27.77 | 766 |
| 2019-20 | 17.78 | 454 |
| 2020-21 | 9.84 | 201 |
| 2021-22 | 25.51 | 628 |
| 2022-23 | 53.17 | 875 |
| 2023-24 | 28.96 | 281 |
| **ആകെ** | **242.5** | **6,341** |

***അവലംബം:*** കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്

- പ്രീ-മെട്രിക് പഠനത്തിനും പോസ്റ്റ്-മെട്രിക് പഠനത്തിനുമായി 6,938 വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പുകൾ നൽകി.
- മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ, ബാങ്ക് ടെസ്റ്റുകൾ, സിവിൽ സർവീസ് പരീക്ഷകൾ എന്നിവയ്ക്ക് പരിശീലനം നേടുന്നതിനു 460 വിദ്യാർത്ഥികൾക്ക് പരിശീലന സഹായം നൽകിയിട്ടുണ്ട്.
- 1,892 സംഘങ്ങൾക്കു വായ്പ എടുത്തതിനുള്ള പലിശ സബ്സിഡി നൽകി.
- 'നൈപുണ്യ സംരംഭകത്വ വികസന പരിപാടിക്ക് കീഴിൽ 165 കൂട്ടുത്തരവാദിത്വ സംഘങ്ങൾ, 30 വ്യക്തികൾ, 28 തുശനില മിനി കഫേകൾ എന്നിവർക്ക് സഹായം നൽകിയിട്ടുണ്ട്.
- 40 പെൺകുട്ടികളുടെ വിവാഹത്തിനായി ധന സഹായം നൽകി.
- 'ശിഥിലമായിക്കൊണ്ടിരിക്കുന്ന അഗ്രഹാരങ്ങളുടെ പുനരുദ്ധാരണം' എന്ന പദ്ധതിയിലൂടെ 160 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

2024-25 ൽ, കോർപ്പറേഷൻ 'ക്ഷീര സമുന്നതി വനിതകൾക്ക് സംരംഭകത്വ പരിപാടിക്കുള്ള മൂലധന സബ്സിഡി (ക്ഷീരോൽപാദനം)', സമുന്നതി ഇ -യാത്ര-വനിതകൾക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിനുള്ള മൂലധന സബ്സിഡി തുടങ്ങിയ രണ്ട് പുതിയ പദ്ധതികൾ ആരംഭിച്ചു.

2023-24 ൽ വിവിധ പരിപാടികൾക്കായി 38.05 കോടി രൂപ കോർപ്പറേഷന് അനുവദിച്ചതിൽ 14.51 കോടി രൂപ ചെലവഴിക്കുകയുണ്ടായി (38 ശതമാനം). 2024-25 ൽ കോർപ്പറേഷന് 35.00 കോടി രൂപ അനുവദിച്ചു. 2023-24, 2024-25 വർഷങ്ങളിൽ (2024 ആഗസ്റ്റ് 31 വരെ) കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികളുടെ ഭൗതിക, സാമ്പത്തിക നേട്ടങ്ങൾ **അനുബന്ധം 8.2.58** ൽ നൽകിയിരിക്കുന്നു.

# 8.3 സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ

സാമൂഹ്യ സുരക്ഷയും പൗരന്മാരുടെ ക്ഷേമവും കേരള സർക്കാരിന്റെ വികസന അജണ്ടയുടെ പ്രധാന സവിശേഷതകളാണ്. സർക്കാർ അവരുടെ പൗരന്മാർക്ക്, പ്രത്യേകിച്ച് ദുർബലർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സാമ്പത്തികവും സാമൂഹികവുമായ പിന്തുണ നൽകുന്നതിന് സമഗ്രമായ പരിപാടികൾ നടപ്പിലാക്കുന്നു. ആരോഗ്യം, പോഷകാഹാരം, സാന്ത്വന പരിചരണം, വിദ്യാഭ്യാസം, പരിശീലനം, തൊഴിൽ, ഉപജീവന മാർഗ്ഗങ്ങൾ തുടങ്ങിയ മേഖലകളിലുടനീളമുള്ള സംസ്ഥാനത്തിന്റെ തന്ത്രപരമായ ഇടപെടലുകളിലൂടെ പൗരന്മാരെ ശാക്തീകരിക്കുകയും മൊത്തത്തിലുള്ള ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സംഭാവന നൽകുകയും ചെയ്തു. സാമൂഹിക സുരക്ഷാ പെൻഷനുകൾ വയോജനങ്ങൾക്കും, ഭിന്നശേഷിക്കാർക്കും, വിധവകൾക്കും, സമൂഹത്തിലെ മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും നിർണായകമായ ഒരു സുരക്ഷിതമാർഗ്ഗമായി വർത്തിക്കുന്നു.

സാമൂഹിക സുരക്ഷയും, ക്ഷേമ പദ്ധതികളും നടപ്പിലാക്കുന്നതിൽ സാമൂഹ്യനീതി വകുപ്പ് (എസ്ജെഡി), വനിതാ ശിശു വികസന വകുപ്പ് (ഡബ്ല്യുസിഡി), ഈ വകുപ്പുകൾക്ക് കീഴിലുള്ള മറ്റ് ഏജൻസികൾ മുൻപന്തിയിലാണ്. ഈ ഏജൻസികളുടെ പ്രവർത്തനങ്ങളുടെ വിശദമായ അവലോകനം അനുബന്ധം 8.3.1 ൽ കാണാം. കേരളത്തിന്റെ സാമൂഹ്യ സുരക്ഷാ പരിപാടികളെ പ്രധാനമായും സ്ഥാപനപരമായ പരിചരണം, സാമൂഹിക സഹായ പരിപാടികൾ എന്നിങ്ങനെ രണ്ടായി തരംതിരിക്കാം. ഈ പദ്ധതികൾ, ദാരിദ്ര്യം, വൈകല്യം, മറ്റ് സാമൂഹിക സാമ്പത്തിക വെല്ലുവിളികൾ എന്നിവ ലഘൂകരിക്കാൻ ലക്ഷ്യമിട്ട്, അർഹരായ വ്യക്തികൾക്കും കുടുംബങ്ങൾക്കും സാമ്പത്തിക സഹായം, സബ്സിഡികൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നു.

**സ്ഥാപനപരമായ പരിചരണം**

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് സ്ഥാപനപരമായ പരിചരണം നൽകുന്നതിൽ സർക്കാർ സ്ഥാപനങ്ങളും, സർക്കാരിതര സംഘടനകളും (എൻജിഒകൾ) നിർണായക പങ്ക് വഹിക്കുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിൽ 17 വൃദ്ധസദനങ്ങളും, ഭിന്നശേഷിക്കാർക്കായി 5 ഭവനങ്ങളും, ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കായി 8 ഭവനങ്ങളും മറ്റ് 3 ഭവനങ്ങളും ഉണ്ട്. വനിതാ ശിശു വികസന വകുപ്പിൽ 47 ചിൽഡ്രൻസ് ഹോമുകളും 14 വനിതാ ഹോമുകളും 4 സ്പെഷ്യലൈസ്ഡ് ഹോമുകളും പ്രവർത്തിക്കുന്നു. സാമൂഹ്യനീതി വകുപ്പിനും വനിതാ ശിശു വികസന വകുപ്പിനും കീഴിലുള്ള സ്ഥാപനങ്ങളുടെ എണ്ണം **പട്ടിക 8.3.1**-ൽ നൽകിയിരിക്കുന്നു. സർക്കാർ സ്ഥാപനങ്ങളുടെ വിഭാഗത്തെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ **അനുബന്ധം 8.3.2** ൽ നൽകിയിരിക്കുന്നു.

2023-2024 കാലയളവിൽ സാമൂഹ്യ നീതി വകുപ്പിനും വനിതാ ശിശുക്ഷേമ വകുപ്പിനും കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം 8.3.3**-ൽ നൽകിയിരിക്കുന്നു. 2023-24-ൽ ഈ സ്ഥാപനങ്ങളുടെ ആകെ അംഗീകൃത അംഗബലം 3,648 ഉം ആകെ അന്തേവാസികൾ 2,338 ഉം ആയിരുന്നു. ഡേ കെയർ സെന്റർ, വൃദ്ധസദനങ്ങൾ, ആഫ്റ്റർ കെയർ ഹോമുകൾ, പ്രതീക്ഷാ ഭവൻ, പ്രത്യാശ ഭവൻ, എൻടി ഹോം, എസ്ഒഎസ് മോഡൽ ഹോമുകൾ എന്നിവിടങ്ങളിലെ താമസക്കാരുടെ എണ്ണം അന്തേവാസികളുടെ അംഗീകൃത എണ്ണത്തേക്കാൾ കൂടുതലാണ്. ചില സ്ഥാപനങ്ങളിൽ ആകെ താമസക്കാരുടെ എണ്ണം അംഗീകൃത അംഗബലത്തേക്കാൾ കുറവാണ്. മരണം, ബന്ധുക്കൾക്കൊപ്പം മടങ്ങൽ, പുതിയ പ്രവേശനം തുടങ്ങിയ കാരണങ്ങളാലാണ് അന്തേവാസികളുടെ എണ്ണത്തിൽ മാറ്റമുണ്ടായത്.

**പട്ടിക 8.3.1** സർക്കാർ ക്ഷേമ സ്ഥാപനങ്ങൾ

| വകുപ്പ് | സ്ഥാപനങ്ങൾ | എണ്ണം |
|---|---|---|
| സാമൂഹ്യനീതി വകുപ്പ് | വൃദ്ധസദനങ്ങൾ * | 17 |
| | ഭിന്നശേഷിക്കാർക്കായി ഉള്ള ഭവനങ്ങൾ | 5 |
| | ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കായുള്ള ഭവനങ്ങൾ | 8 |
| | മറ്റ് ഭവനങ്ങൾ | 3 |
| വനിതാ ശിശു വികസന വകുപ്പ് | ചിൽഡ്രൻസ് ഹോം | 47 |
| | വനിതാ ഹോം | 14 |
| | സ്പെഷ്യലൈസ്ഡ് ഹോമുകൾ | 4 |

***അവലംബം:*** സാമൂഹിക നീതി വകുപ്പും വനിതാ ശിശു വികസന വകുപ്പും
*കിടപ്പിലായ വയോധികർക്കുള്ള വീടും വൃദ്ധസദനങ്ങളിൽ ഉൾപ്പെടുന്നു.

ഈ വകുപ്പുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളും കെയർ ഹോമുകൾ നടത്തുന്നുണ്ട്. 2023-2024 കാലയളവിൽ സാമൂഹ്യനീതി വകുപ്പിനു കീഴിലും വനിതാശിശു വികസന വകുപ്പിനു കീഴിലും രജിസ്റ്റർ ചെയ്ത എല്ലാ ക്ഷേമസ്ഥാപനങ്ങളിലെയും അന്തേവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം 8.3.4** ൽ നൽകിയിരിക്കുന്നു. 2023-24 കാലയളവിൽ ഈ സ്ഥാപനങ്ങൾക്ക് കീഴിലുള്ള എല്ലാ ക്ഷേമസ്ഥാപനങ്ങളിലെയും ആകെ അന്തേവാസികൾ 61,785 ആണ്. വൃദ്ധസദനങ്ങളിലാണ് ഏറ്റവും കൂടുതൽ അന്തേവാസികളുള്ളത് - 32,032 അന്തേവാസികൾ. രണ്ടാമത് കൂടുതൽ വരുന്നത് ഭിന്നശേഷിക്കാരുടെ സ്ഥാപനത്തിലാണ് - 14,131 അന്തേവാസികൾ. ബൗദ്ധിക വൈകല്യമുള്ള വ്യക്തികൾക്കുള്ള സ്ഥാപനങ്ങളുടെ അംഗീകൃത അംഗസംഖ്യ 2,597 ആണ്. എന്നാൽ നിലവിലെ അന്തേവാസികളുടെ എണ്ണം 2,779 ആയി ഉയർന്നിട്ടുണ്ട്.

**പട്ടിക 8.3.2** ൽ വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെയും വകുപ്പുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമ സ്ഥാപനങ്ങളിലെയും അന്തേവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം നൽകിയിരിക്കുന്നു. ഏറ്റവും കൂടുതൽ അന്തേവാസികൾ രജിസ്റ്റർ ചെയ്തിരിക്കുന്നത് എറണാകുളത്താണ് (10,476), ഏറ്റവും കുറവ് കാസർഗോഡ് (1,282) ആണ്. സംസ്ഥാനത്തുടനീളം, സാമൂഹിക നീതി വകുപ്പിന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും കീഴിലുള്ള സ്ഥാപനങ്ങളിൽ 2,338 അന്തേവാസികളും അവയിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ 61,785 അന്തേവാസികളും ഉണ്ട്.

### സാമൂഹ്യ സഹായ പരിപാടികൾ
### സാമൂഹ്യസുരക്ഷാ പെൻഷൻ

കർഷകത്തൊഴിലാളികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർ, വിധവകൾ എന്നിവർക്കുള്ള പെൻഷൻ പദ്ധതികളാണ് സംസ്ഥാന സർക്കാരിന്റെ പ്രധാന പെൻഷൻ പദ്ധതികൾ. ഒരു ഗുണഭോക്താവിനുള്ള ക്ഷേമ പെൻഷൻ 2016 ൽ 600 രൂപയായിരുന്നത് 2021 ൽ 1,600 രൂപയായി വർദ്ധിപ്പിച്ചു. 2015-16 ൽ 34 ലക്ഷമായിരുന്ന സാമൂഹിക സുരക്ഷാ പെൻഷൻകാരുടെ എണ്ണം, 2023 നവംബറിൽ 46.8 ലക്ഷമായി ഉയർന്നു, 2024 ഒക്ടോബറിൽ ഇത് 50.4 ലക്ഷമായി. ഇതുകൂടാതെ വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകളും അർഹതപ്പെട്ടവർക്ക് നൽകി വരുന്നു. 2015 ഏപ്രിൽ മാസം മുതൽ തുക ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡിബിടി) ആയി വിതരണം ചെയ്തു വരുന്നു. 53.1 ശതമാനം ഗുണഭോക്താക്കൾക്കും ബാങ്ക് ട്രാൻസ്ഫർ ആയി പെൻഷൻ ലഭിക്കുന്നു. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് പ്രാഥമിക സഹകരണ സംഘങ്ങളുടെ ഒരു വലിയ ശൃംഖലയിലൂടെ വിജയകരമായി നടപ്പിലാക്കിയ 'വീടുകളിൽ നേരിട്ട് നൽകുന്ന' രീതിയിലൂടെയാണ് പെൻഷൻ നൽകിയത്. ഗുണഭോക്താക്കൾ അവരുടെ ആരോഗ്യരീതിയും സൗകര്യവും അനുസരിച്ച് പെൻഷൻ വാങ്ങൽ രീതി തെരഞ്ഞെടുക്കുന്നു.

2024 ഒക്ടോബർ മാസം വരെയുള്ള കണക്കനുസരിച്ച് ആകെ 50.4 ലക്ഷം പെൻഷൻകാരിൽ 31.6 ലക്ഷം പേരും (63 ശതമാനം) സ്ത്രീകളാണ്. 57 ശതമാനം ഗുണഭോക്താക്കളും വാർദ്ധക്യ പെൻഷനും 26.9 ശതമാനം വിധവ പെൻഷനും, 8 ശതമാനം ഭിന്നശേഷി പെൻഷൻകാരും 6.4 ശതമാനം കർഷകത്തൊഴിലാളി പെൻഷൻകാരുമാണ്. അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 83,892 ഗുണഭോക്താക്കൾക്ക് നൽകുന്നു. ജില്ല തിരിച്ച് നോക്കിയാൽ ഏറ്റവും കൂടുതൽ ഗുണഭോക്താക്കളുള്ളത് മലപ്പുറത്തും ഏറ്റവും കുറവ് വയനാട്ടുമാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.3.5** ൽ നൽകിയിരിക്കുന്നു.

ഭിന്നശേഷിക്കാർക്കായുള്ള പരിചരണ പ്രവർത്തനങ്ങൾ ലോകാരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ, വൈകല്യം ഒരു വ്യക്തിയുടെ ശരീരഘടനയിലെ വൈകല്യമോ, ശാരീരികമോ മാനസികമോ ആയ പ്രവർത്തന വൈകല്യമോ, പ്രവർത്തനങ്ങളിലേർപ്പെടുന്നതിനുള്ള പരിമിതിയോ അല്ലെങ്കിൽ ദിനംപ്രതിയുള്ള സാധാരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള തടസ്സമോ ആണ്. ദൃശ്യമായതോ അദൃശ്യമായതോ, ജന്മനായുള്ളതോ അല്ലെങ്കിൽ പിന്നീട് സംഭവിക്കുന്നതോ ആയ വൈകല്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു. 1995 ലെ ഭിന്നശേഷി നിയമത്തിന് കീഴിലുള്ള ഏഴ് തരം വൈകല്യങ്ങൾക്കുപരി വിവിധങ്ങളായ 22 തരം വൈകല്യങ്ങളെ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ

**പട്ടിക 8.3.2** വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെയും വകുപ്പുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമ സ്ഥാപനങ്ങളിലെയും അന്തേവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം

| ക്രമ നം | ജില്ല | സാമൂഹിക നീതി വകുപ്പിന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും കീഴിലുള്ള എല്ലാ ക്ഷേമസ്ഥാപനങ്ങളിലെയും അന്തേവാസികളുടെ എണ്ണം | സാമൂഹിക നീതി വകുപ്പിന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ക്ഷേമസ്ഥാപനങ്ങളിലെയും അന്തേവാസികളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 372 | 4777 |
| 2 | കൊല്ലം | 221 | 4309 |
| 3 | പത്തനംതിട്ട | 77 | 3741 |
| 4 | ആലപ്പുഴ | 103 | 3047 |
| 5 | കോട്ടയം | 81 | 8790 |
| 6 | ഇടുക്കി | 62 | 3460 |
| 7 | എറണാകുളം | 219 | 10476 |
| 8 | തൃശ്ശൂർ | 246 | 9413 |
| 9 | പാലക്കാട് | 111 | 3603 |
| 10 | മലപ്പുറം | 209 | 1442 |
| 11 | കോഴിക്കോട് | 318 | 2166 |
| 12 | വയനാട് | 54 | 1327 |
| 13 | കണ്ണൂർ | 167 | 3952 |
| 14 | കാസർഗോഡ് | 98 | 1282 |
| **ആകെ അന്തേവാസികളുടെ എണ്ണം** | | **2338** | **61785** |

***അവലംബം:*** സാമൂഹിക നീതി വകുപ്പും വനിതാ ശിശു വികസന വകുപ്പും

(ആർപിഡബ്ല്യൂഡി) നിയമം, 2016 വ്യവസ്ഥ ചെയ്യുന്നു. കേരളത്തിൽ, സാമൂഹ്യനീതി വകുപ്പ്, 2015-ൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ഒരു ഭിന്നശേഷി സെൻസസ് നടത്തിയിരുന്നു. അതനുസരിച്ച് ലഭിച്ച വൈകല്യങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 8.3.6**-ൽ നൽകിയിരിക്കുന്നു. ഭിന്നശേഷി സെൻസസ് പ്രകാരം ഭിന്നശേഷിക്കാരുടെ എണ്ണം 7,93,937 ആണ്. ഇത് സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ (3.3 കോടി) 2.4 % ആണ്. അതായത്, കേരളത്തിലെ 8.7% വീട്ടുകളിലും ഭിന്നശേഷിയുള്ളവരുണ്ടെന്ന് സെൻസസിൽ കണ്ടെത്തുകയുണ്ടായി. വൈകല്യങ്ങളുടെ 22 വിഭാഗങ്ങളിൽ, ഏറ്റവും കൂടുതൽപേർ ലോക്കോമോട്ടർ വൈകല്യമുള്ളവരാണ്, 2,61,087 പേർ അതായത് 32.9% ശതമാനം. ഈ വൈകല്യത്തിന്റെ വ്യാപനം 10000 പേർക്ക് 78 എന്ന ക്രമത്തിലാണ്. ഒന്നിലധികം വൈകല്യങ്ങൾ ഉള്ള വിഭാഗം രണ്ടാം സ്ഥാനത്താണ്, അതായത് 17.3 ശതമാനമാണ് (1,37,441) ഈ വിഭാഗം വൈകല്യത്തിന്റെ വ്യാപനം 10,000 പേർക്ക് 41 എന്ന ക്രമത്തിലാണ്. വൈകല്യത്തിന്റെ 22 വിഭാഗങ്ങളിൽ ഏറ്റവും കുറവ് കാണപ്പെടുന്നത് മൾട്ടിപ്പിൾ സ്ക്ലിറോസിസ് ആണ്. സംസ്ഥാനത്ത് ആകെ 515 പേർക്ക് മാത്രമാണ് ഈ വൈകല്യം ഉള്ളത്.

2016-ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമ പ്രാബല്യത്തിലൂടെ, ഭിന്നശേഷിക്കാരുടെ (PwD) അവകാശങ്ങളെക്കുറിച്ചുള്ള ഐക്യരാഷ്ട്ര കൺവെൻഷന്റെ ഓപ്ഷണൽ പ്രോട്ടോക്കോൾ പ്രാബല്യത്തിൽ വന്നു. ഭിന്നശേഷിക്കാരുടെ ആവശ്യങ്ങളോടുള്ള അവകാശാധിഷ്ഠിത സമീപനം ഇത് ഉയർത്തിപ്പിടിക്കുന്നു. RPwD ആക്ട് 2016-ന്റെ നിയമനിർമ്മാണത്തെത്തുടർന്ന്, സംസ്ഥാന ഗവൺമെന്റ് ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അവർക്ക് മറ്റുള്ളവരുമായുള്ള അന്തരം നികത്തുന്നതിനുമുള്ള പുതിയ പദ്ധതികൾ ആരംഭിച്ചു. തടസ്സരഹിത കേരളം പദ്ധതി, വ്യക്തിഗത പരിചരണ പദ്ധതി, ഭിന്നശേഷിക്കാർക്കുവേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ (അനുയാത്ര) എന്നിവ ഇതിനായി ഏറ്റെടുത്ത പദ്ധതികളിൽപ്പെടുന്നു. ഭിന്നശേഷികൾക്കാർക്ക് ഗുണമേന്മയുള്ള പരിചരണവും പിന്തുണയും നൽകുന്ന സർക്കാർ ഇതര സംഘടനകളുടെ പരിശ്രമങ്ങളെ സർക്കാർ പിന്തുണയ്ക്കുന്നു. സംസ്ഥാന സർക്കാർ സർവീസുകളിൽ ഭിന്നശേഷിക്കാർക്ക് ഒഴിവുകളുടെ 4 ശതമാനം സംവരണം ചെയ്യുന്നതും അത്തരം സംവരണത്തിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്താൻ കഴിഞ്ഞതും ഈ മേഖലയിലെ മറ്റൊരു നാഴികക്കല്ലായിരുന്നു. 2030 ലെ സുസ്ഥിര വികസന അജണ്ട, യുഎൻ ആഗോള പ്രതിബദ്ധതാ പ്രോട്ടോക്കോളുകൾക്ക് അനുസൃതമായി ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ, കാഴ്ചപ്പാടുകൾ, ക്ഷേമം എന്നിവയുടെ ആവശ്യകത തിരിച്ചറിയുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

### അംഗപരിമിതർക്കുള്ള മേഖലയിൽ സംസ്ഥാന സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളും ഏജൻസികളും

സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മേൽനോട്ടം വഹിക്കുന്ന നോഡൽ ഏജൻസിയാണ് സാമൂഹിക നീതി ഡയറക്ടറേറ്റ്.

പ്രത്യേക സാമൂഹിക സുരക്ഷാ പരിപാടികൾ നടപ്പിലാക്കുന്ന ഒരു സമർപ്പിത ഏജൻസിയാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ (KSSM). ഭിന്നശേഷിക്കാർക്കായി ക്ഷേമ പദ്ധതികൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ (KSHPWC) മുഖേനയും നടപ്പിലാക്കിവരുന്നു. ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ നിരീക്ഷിക്കുന്നതിലും വാദിക്കുന്നതിലും പിന്തുണയ്ക്കുന്നതിലും ഒരു അർദ്ധ ജുഡീഷ്യൽ ബോഡിയായ സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (SCPwD) നിർണ്ണായക പങ്ക് വഹിക്കുന്നു. ഉൾപ്പെടുത്തലും ശാക്തീകരണവും പ്രോത്സാഹിപ്പിക്കുന്നതിന് ബോധവൽക്കരണ ക്യാമ്പെയ്നുകളും നിയമസഹായവും ഗവേഷണവും നടത്തുന്നു.

### നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്)

പ്രാരംഭ ഇടപെടൽ, ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസം, അവർക്കു വേണ്ട പുനരധിവാസ സേവനങ്ങൾ, കഴിവുകൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ എന്നിവ ഉൾപ്പെടെ വൈകല്യത്തിന്റെയും പുനരധിവാസത്തിന്റെയും മേഖലയിൽ പ്രവർത്തിക്കുന്ന, ദേശീയ പ്രശസ്തി നേടിയ ഒരു സ്ഥാപനമാണ് നിഷ്. ഭിന്നശേഷിക്കാർക്ക് ഉപരിപഠനത്തിനുള്ള മികച്ച അന്തരീക്ഷവും ഈ സ്ഥാപനം പ്രദാനം ചെയ്യുന്നു. BSc കമ്പ്യൂട്ടർ സയൻസ് (ശ്രവണ വൈകല്യം - HI), ബാച്ചിലേഴ്സ് ഇൻ ഫൈൻ ആർട്സ് (HI), ബി.കോം (HI), എം.എസ്.സി ഓഡിയോളജി, എം.എസ്.സി സ്പീച്ച് ലാംഗ്വേജ് പാത്തോളജി എന്നിങ്ങനെ ബധിരർക്കും കേൾവിക്കുറവുള്ളവർക്കും മാത്രമായി വിവിധ ബിരുദ കോഴ്സുകൾ നിഷ് നടത്തുന്നു. മേൽപ്പറഞ്ഞ കോഴ്സുകൾ കൂടാതെ, ഹയർ എജ്യൂക്കേഷൻ ഫൗണ്ടേഷൻ പ്രോഗ്രാം (HEFP) RCI ഡിപ്ലോമ കോഴ്സുകളും നടത്തുന്നു. DISLI, DECSE, DTISL എന്നിവയും ഇന്ത്യൻ ആംഗ്യഭാഷയിലും വ്യാഖ്യാനത്തിലുമുള്ള ഡിപ്ലോമയും നിഷിൽ നടത്തപ്പെടുന്നു. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസുമായി (KUHS) അഫിലിയേറ്റ് ചെയ്തു കൊണ്ട് ബാച്ചിലർ ഓഫ് ഒക്യുപേഷണൽ തെറാപ്പി (BOT) പ്രോഗ്രാം 2020-ൽ സ്ഥാപനം ആരംഭിക്കുകയുണ്ടായി. 2023-24-ൽ നിഷ് വിവിധ പരിപാടികൾ സംഘടിപ്പിച്ചു, അതിൽ 10,656 വിദ്യാർത്ഥികൾ ഏർലി ഇന്റർവെൻഷൻ പരിപാടികളിൽ പങ്കെടുത്തു, 17,011 പേർ ഓഡിയോളജിയിലും 5,378 പേർ സ്പീച്ച്-ലാംഗ്വേജ് പാത്തോളജി വിഭാഗത്തിലും പങ്കെടുത്തു, 7,732 പേർ മെഡിക്കൽ, സൈക്കോളജി, അനുബന്ധ സേവനങ്ങൾ എന്നിവയിൽ പങ്കെടുത്തു. 2023-24ൽ വിവിധ അക്കാദമിക് പ്രോഗ്രാമുകളിലൂടെ 847 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചു.

### കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ. കാഴ്ച വൈകല്യം, ശ്രവണ-സംസാര വൈകല്യം, ചലന വൈകല്യം, മാനസിക വൈകല്യം തുടങ്ങിയവ നേരിടുന്നവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും വേണ്ടി വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുകയും പ്രോത്സാഹിപ്പിക്കുകയും, നടപ്പിലാക്കുകയും ചെയ്യുക, പ്രസ്തുത വിഭാഗക്കാർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായവും നൽകുക എന്നിവയാണ് സ്ഥാപനത്തിന്റെ ലക്ഷ്യം.

2023-24-ൽ കോർപ്പറേഷൻ മുഖേന നൽകിയ സേവനങ്ങൾ ഇവയെല്ലാമാണ്

- 733 പേർക്ക് വിവിധ ഭിന്നശേഷി സൗഹൃദ ഉപകരണങ്ങളുടെ വിതരണം
- 20 ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിലിനുള്ള വായ്പ വിതരണം
- "ഹസ്തദാനം" പദ്ധതിയിലൂടെ 72 കുട്ടികൾക്ക് സ്ഥിരനിക്ഷേപമായി 20,000 രൂപയുടെ ധനസഹായം
- സ്വയം തൊഴിൽ ലോൺ ലഭ്യമാക്കുന്നതിന് ജാമ്യം ഒന്നും തന്നെ നൽകാനില്ലാത്ത ഭിന്നശേഷിക്കാരായ 132 പേർക്ക് 25,000 രൂപ നിരക്കിൽ ധനസഹായം.
- ലോട്ടറി ടിക്കറ്റ് വിൽപ്പന ആരംഭിക്കുന്നതിന് 202 പേർക്ക് 5,000 രൂപ നിരക്കിലുള്ള സാമ്പത്തിക സഹായം
- ഭിന്നശേഷിക്കാരായ 33 പേർക്ക് മോട്ടോറൈസ്ഡ് സ്കൂട്ടർ സബ്സിഡിയായി 15,000 രൂപ നൽകി.
- ഭിന്നശേഷിക്കാരായ 731 എസ്എസ്എൽസി, ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്ക് 5000 രൂപ നിരക്കിൽ ക്യാഷ് അവാർഡ് നൽകി

ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സംസ്ഥാന കമ്മീഷണറേറ്റ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി ആക്ടിന്റെ സെക്ഷൻ 63 പ്രകാരം, ഒരു സിവിൽ കോടതിയുടെ അധികാരം വിനിയോഗിക്കാൻ കഴിയുന്ന ഒരു അർദ്ധ ജൂഡീഷ്യൽ ബോഡിയാണ് സംസ്ഥാനതലത്തിൽ ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന കമ്മീഷണറേറ്റ്. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി രൂപകൽപ്പന ചെയ്ത വിവിധ പരിപാടികളുടെയും, പദ്ധതികളുടെയും മേൽനോട്ടം, ബോധവൽക്കരണ ക്യാമ്പുകളും അദാലത്തുകളും സംഘടിപ്പിക്കുക, ഭിന്നശേഷിക്കാർക്ക് സൗജന്യ നിയമസഹായം നൽകുക, അവരുടെ പുനരധിവാസത്തിനായി ഗവേഷണവും വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുക തുടങ്ങിയവയാണ് കമ്മീഷണറേറ്റിന്റെ പ്രവർത്തനങ്ങൾ.

### നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ)

ഭിന്നശേഷിക്കാരുടെ പരിചരണത്തിന്റെയും, പുനരധിവാസത്തിന്റെയും മികവിന്റെ കേന്ദ്രമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (നിപ്മർ). പ്രാരംഭ ഇടപെടൽ, തെറാപ്പി, അക്കാദമിക് പരിപാടികൾ തുടങ്ങിയ പതിവ് പ്രവർത്തനങ്ങൾക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുമായി ചേർന്ന് നിരവധി പ്രോജക്ടുകളും സ്ഥാപനം നടപ്പിലാക്കുന്നു. ബാച്ചിലർ ഓഫ് ഒക്യുപേഷണൽ തെറാപ്പി (ബോട്ട്) കോഴ്സ്, ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കെയർഗിവിംഗ് എന്നിവയാണ് എൻഐപിഎംആർ നടത്തുന്ന അക്കാദമിക് പ്രോഗ്രാമുകൾ. മെഡിക്കൽ, ചികിത്സാ സേവനങ്ങൾ നൽകുന്നതിനായി ഈ സ്ഥാപനത്തിന് വിവിധ ചികിത്സാ വകുപ്പുകളും യൂണിറ്റുകളും

ഉണ്ട്. ഡെവലപ്മെന്റൽ ആൻഡ് ബിഹേവിയറൽ പീഡിയാട്രിക്സ് വകുപ്പിന് കീഴിൽ രക്ഷാകർത്താക്കൾക്കായുള്ള പ്രത്യേക പരിശീലനവും ശാക്തീകരണ പരിപാടിയിലൂടെ (സ്റ്റെപ്സ്) പ്രാരംഭ ഇടപെടലുകൾക്കും ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷാകർത്താക്കളെ ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. "റിഹാബ് ഓൺ വീൽസ്" എന്ന മൊബൈൽ ഔട്ട്റീച്ച് പദ്ധതിയിലൂടെ, പ്രത്യേകം രൂപകൽപ്പന ചെയ്ത ലോ ഫ്ലോർ ബസുകൾ ഉപയോഗിച്ച് ഫീൽഡ് തലത്തിൽ ആവശ്യമായ ഇടപെടലുകൾ, വിലയിരുത്തൽ, ആരോഗ്യ സംരക്ഷണം, സഹായകരമായ പരിഹാരങ്ങൾ എന്നിവ നിപ്മർ നടത്തി വരുന്നു. ഭിന്നശേഷിക്കാർക്ക് ഗതാഗത സൗകര്യത്തിനായി "വീൽ ട്രാൻസ്" എന്ന പദ്ധതിയും സ്ഥാപനം നടത്തിവരുന്നു. നിപ്മറിന് കീഴിലുള്ള സെന്റർ ഫോർ മൊബിലിറ്റി ആൻഡ് അസിസ്റ്റീവ് ടെക്നോളജിയിലൂടെ (സി-മാറ്റ്), ഭിന്നശേഷിക്കാരുടെ ചലനത്തിന് സഹായകമാകുന്ന ഉപകരണങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. സുഷുമ്ന നാഡിക്ക് പരിക്കേറ്റവരെ പുനരധിവസിപ്പിക്കുന്ന യൂണിറ്റാണ് മറ്റൊരു പ്രധാന സംരംഭം. സുഷുമ്ന നാഡിക്ക് പരിക്കേറ്റവരെ പുനരധിവസിപ്പിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ഇത് വളരെ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. 2023-24-ൽ നിപ്മർ ആകെ 86,457 കൺസൾട്ടൻസി സേവനങ്ങൾ നൽകി. ഈ സേവനങ്ങളുടെ പകുതിയിലധികം വരുന്ന, ഓഡിയോളജി, സ്പീച്ച് ലാംഗ്വേജ് പാത്തോളജി (ASLP), ഫിസിയോതെറാപ്പി (PT), ഒക്യുപേഷണൽ തെറാപ്പി (OT) എന്നീ മേഖലകളിൽ യഥാക്രമം 16,400, 16,021, 14,610 സേവനങ്ങൾ നൽകി.

### സാമൂഹ്യനീതി ഡയറക്ടറേറ്റ്

പാർശ്വവത്കരിക്കപ്പെട്ടവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു. ഗുണഭോക്താക്കൾക്കുള്ള പ്രധാന പരിപാടികൾ പട്ടിക 8.3.3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, ജീവനോപാധി എന്നിവയ്ക്ക് ധനസഹായം നൽകിക്കൊണ്ട് സാമൂഹികനീതി വകുപ്പ് ഭിന്നശേഷിക്കാരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നു.

### കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (കെ.എസ്.എസ്.എം)

കേരള സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ തുടങ്ങിയ ദുർബല വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന ഒരു സംരംഭമാണ്. സാമൂഹിക സുരക്ഷ വർദ്ധിപ്പിക്കുകയും ജീവിത നിലവാരം മെച്ചപ്പെടുത്തുകയും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് സമഗ്രമായ പിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. യൂണിവേഴ്സൽ ഡിസെബിലിറ്റി ഐഡന്റിറ്റി (യുഡിഐഡി) കാർഡ് നൽകുന്നതിനുള്ള നോഡൽ ഏജൻസിയാണ് കെഎസ്എസ്എം. ഭിന്നശേഷിക്കാർക്ക് ഭിന്നശേഷിസർട്ടിഫിക്കറ്റും യുഡിഐഡി കാർഡും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് സംസ്ഥാനത്തുടനീളം ഭിന്നശേഷി സർട്ടിഫിക്കേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 2023-24 ൽ കെഎസ്എസ്എം 77,254 യുഡിഐഡി കാർഡുകൾ നൽകി.

100 ശതമാനം കാഴ്ച വൈകല്യമുള്ളവർ, കാൻസർ, സെറിബ്രൽ പാൾസി, ഓട്ടിസം, മാനസികരോഗം, ബൗദ്ധിക വൈകല്യങ്ങൾ എന്നിവയാൽ ബുദ്ധിമുട്ടുന്ന മുഴുവൻ സമയ പരിചരണം ആവശ്യമുള്ള രോഗികൾ, കിടപ്പിലായ വയോജനങ്ങൾ എന്നിവരെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതിയിലൂടെ കെ.എസ്സ്.എസ്സ്.എം. പ്രതിമാസം 600 രൂപ സഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം 19,229 ഗുണഭോക്താക്കൾക്ക് 1500 ലക്ഷം രൂപ ധനസഹായം നൽകി. കാസർകോട് ദുരിതബാധിതരെ സഹായിക്കാൻ സ്നേഹസാന്ത്വനം, പ്രത്യേക ആശ്വാസകിരണം, എൻഡോസൾഫാൻ ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം തുടങ്ങിയ പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മാതാപിതാക്കൾ രണ്ടുപേരോ ഒരാളോ നഷ്ടപ്പെട്ട സാമ്പത്തിക പരാധീനതകൾ ഉള്ള കുട്ടികൾക്ക് ഏറ്റവും മികച്ച രീതിയിൽ വളരുന്നതിന് സ്നേഹപൂർവം പദ്ധതി സാമ്പത്തിക സഹായം നൽകുന്നു. ബന്ധുക്കൾ, സുഹൃത്തുക്കൾ, കമ്മ്യൂണിറ്റി അംഗങ്ങൾ എന്നിവരുടെ കുടുംബത്തിൽ വസിക്കുന്ന അനാഥരെ ഈ പദ്ധതി പിന്തുണയ്ക്കുന്നു. സ്നേഹപൂർവം പദ്ധതി പ്രകാരം 2023-24 -ൽ 57,187 ഗുണഭോക്താക്കൾക്ക് 1700 ലക്ഷം രൂപയുടെ ധനസഹായം നൽകി.

വൈകല്യങ്ങൾ തടയുന്നതിനും പ്രാരംഭ ഇടപെടലുകൾ നടത്തുന്നതിനും, അവയെ കൈകാര്യം ചെയ്യുന്നതിനുമായി ഒരു സംഘടിത ശൃംഖലാ സമ്പ്രദായവും സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിനുള്ള തന്ത്രപരമായ ചട്ടക്കൂട്, ഇടപെടലുകൾ, ഏകീകൃത പദ്ധതി എന്നിവ ഉൾക്കൊള്ളുന്ന ഒരു കുടക്കീഴിൽ വരുന്ന പദ്ധതിയാണ് അനുയാത്ര. 5 മെഡിക്കൽ കോളേജുകളിൽ സ്ഥാപിതമായ റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്ററുകളും (REICs) വൈകല്യങ്ങളുടെ പ്രാരംഭ നിർണ്ണയം ഉറപ്പാക്കുന്നതിനും ഉചിതമായ സേവനങ്ങൾ നൽകുന്നതിനുമായി സ്ഥാപിച്ചിട്ടുള്ള ജില്ലാ ഏർലി ഇന്റർവെൻഷൻ സെന്ററുകളും (DEIC) അനുയാത്രയിൽ ഉൾപ്പെടുന്നു.

ശ്രവണവൈകല്യം കൈകാര്യം ചെയ്യുന്നതിനുള്ള ഒരു ജീവിതചക്ര സമീപനമാണ് *കാതോരം പദ്ധതി.*

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള വൈകല്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 8.3.4** ൽ നൽകിയിരിക്കുന്നു.

ഇൻക്ലൂസീവ് എഡ്യൂക്കേഷനുമായി ബന്ധപെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിന് പേരുകേട്ടതാണ്. സ്കൂളുകളിൽ വിവിധ തെറാപ്പികൾ നടത്തുന്നതിനായി

റിസോഴ്സ് ടീച്ചറും ജീവനക്കാരും കൂടാതെ റിസോഴ്സ് സെന്ററും പ്രവർത്തിക്കുന്നുണ്ട്. ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾക്ക് കീഴിൽ ഓരോ ഉപജില്ലയിലും ഒരു റിസോഴ്സ് സെന്റർ പ്രവർത്തിക്കുന്നു. പ്രത്യേക ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള മാതൃകാ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിന് ചില ജനറൽ സ്കൂളുകളെ ശക്തിപ്പെടുത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള മോഡൽ ഇൻക്ലൂസീവ് സ്കൂൾ പ്രോഗ്രാമും വകുപ്പ് നടപ്പിലാക്കുന്നു. മാനസിക ഭിന്നശേഷിയുള്ള കുട്ടികൾക്ക് പരിചരണം നൽകുന്ന സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യസഹായത്തിനുമുള്ള സൗകര്യങ്ങൾ തുടങ്ങിയവയ്ക്കായി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു. സ്പെഷ്യൽ സ്കൂളുകളിലെ അധ്യാപകരുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുന്നതിനും വകുപ്പ് സഹായം നൽകുന്നുണ്ട്. ഓട്ടിസം ബാധിച്ച കുട്ടികളുടെ പെരുമാറ്റത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ടും അവരുടെ സാമൂഹിക പങ്കാളിത്തം പ്രോത്സാഹിപ്പിച്ചുകൊണ്ടും ആശയ വിനിമയ നിലവാരം ഉയർത്തിക്കൊണ്ടും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി ഓട്ടിസം പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.

**മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സി. എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്**

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് ബൗദ്ധിക വൈകല്യമുള്ളവർക്ക് പ്രത്യേക വിദ്യാഭ്യാസം, പരിശീലനം, പുനരധിവാസ സേവനങ്ങൾ എന്നിവ നൽകുന്നു. ബൗദ്ധിക വൈകല്യമുള്ള കുട്ടികൾക്കായി പ്രത്യേക സ്കൂളുകൾ, ക്ലിനിക്കൽ സേവനങ്ങൾ, ഫിസിയോതെറാപ്പി സെന്റർ,

**പട്ടിക 8.3.3** സാമൂഹ്യനീതി വകുപ്പിന്റെ 2023-24 ലെ പ്രധാന പരിപാടികൾ

| പദ്ധതി | വിഭാഗം/മാനദണ്ഡം | ആകെ തുക |
|---|---|---|
| പരിണയം | ഭിന്നശേഷിയുള്ള പെൺകുട്ടികൾക്കും ഭിന്നശേഷിക്കാരുടെ പെൺമക്കൾക്കും വിവാഹധന സഹായം | 82,50,000 |
| സ്കോളർഷിപ്പ് | കുടുംബ വാർഷിക വരുമാനം 36,000 രൂപയിൽ താഴെയുള്ള ഭിന്നശേഷിക്കാരായ (40% ഭിന്നശേഷിയുള്ള) വിദ്യാർത്ഥികൾ. | 14,895 |
| മാതൃജ്യോതി | ഭിന്നശേഷിക്കാരായ അമ്മമാർക്ക് അവരുടെ കുഞ്ഞിനെ പരിപാലിക്കാൻ | 16,54,368 |
| വിദ്യാകിരണം | 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ഭിന്നശേഷിക്കാരുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം | 2,34,04,158 |
| വിദ്യാ ജ്യോതി | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം സഹായം | 13,09,078 |
| സ്വാശ്രയ | ഭിന്നശേഷിയുള്ള കുട്ടികളുള്ള സിംഗിൾ മദറിന് സ്വയം തൊഴിലിനായി | 10,15,000 |
| വിജയാമൃതം | ബിരുദം/തത്തുല്യ കോഴ്സുകൾ, പിജി/ പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ ഉയർന്ന മാർക്ക് നേടിയ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ | 3,63,661 |
| നിരാമയ ഇൻഷുറൻസ് സ്കീം | ഓട്ടിസം, സെറിബ്രൽ പാൾസി, മാനസ്സിക വൈകല്യം, ഒന്നിലധികം ഭിന്നശേഷിയുള്ളവർക്കുള്ള ഇൻഷുറൻസ് പദ്ധതി | 35,16,000 |
| ഇംപ്രെസ്റ്റ് മണി | പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെട്ട അനാഥരുടെ പുനരധിവാസം | 45,090 |
| പരിരക്ഷ | അടിയന്തര ചികിൽസകൾക്കും പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോഴും ഭിന്നശേഷിക്കാർക്കുള്ള സാമ്പത്തിക സഹായം | 12,59,853 |
| പ്രത്യാശ | പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികളെ സ്വന്തം സംസ്ഥാനങ്ങളിലേക്ക് തിരിച്ചയക്കൽ. എംഎച്ച്സികളിലും മറ്റ് പുനരധിവാസ കേന്ദ്രങ്ങളിലും ഇതര സംസ്ഥാന അന്തേവാസികളുടെ പുനരധിവാസം | 10,46,396 |
| സഹചാരി | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പഠനത്തിലും മറ്റ് പാഠ്യേതര പ്രവർത്തനങ്ങളിലും സഹായം | 43,211 |
| സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് | സൈക്കോ സോഷ്യൽ പദ്ധതിക്ക് കീഴിൽ സർക്കാർ അംഗീകാരത്തോടെ ആളുകളെ പുനരധിവസിപ്പിക്കുന്ന സ്ഥാപനങ്ങൾക്കുള്ള സഹായം | 4,33,62,488 |
| അതിജീവനം | പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷിക്കാരുടെ, പുനരധിവാസം ഉറപ്പാക്കുന്നതിനായി സർക്കാർ ഇതര സംഘടനകളുമായുള്ള സഹകരണം | 1,37,20,922 |
| ബാരിയർ ഫ്രീ കേരള | ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ, പൊതു സ്ഥലങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ഐടി അനുബന്ധ സൗകര്യങ്ങൾ തുടങ്ങിയവ ഭിന്നശേഷി സൗഹൃദമാക്കുക | 6,14,35,000 |

***ഉറവിടം:*** സാമൂഹ്യ നീതി വകുപ്പ്

**പട്ടിക 8.3.4:** കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ്റെ കീഴിലുള്ള ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന ഇടപെടലിലെ വിവിധ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളുടെ എണ്ണം

| ക്രമ നമ്പർ | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ്റെ കീഴിലുള്ള ഭിന്നശേഷിക്കാർക്കായുള്ള സംരംഭത്തിന്റെ വിവിധ പ്രവർത്തനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | ഗവൺമെൻ്റ് മെറ്റേണിറ്റി ഹോസ്പിറ്റലുകളിൽ നവജാത ശിശുക്കൾക്കുള്ള ഹിയറിംഗ് സ്ക്രീനിംഗ് | 88,730 |
| 2 | ശ്രവണ വൈകല്യമുണ്ടെന്ന് സംശയിക്കുന്ന കുട്ടികൾക്കായി BERA ടെസ്റ്റുകൾ | 1,199 |
| 3 | ശ്രവണ വാചിക ചികിത്സ കേന്ദ്രങ്ങളിൽ പരിചരണം കൊടുക്കുന്നു | 1,298 |
| 4 | പ്രത്യേക അങ്കണവാടികൾ വഴി കുട്ടികളെ പിന്തുണയ്ക്കുന്നു | 1,198 |
| 5 | പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളെ ജനറൽ സ്കൂളുകളിൽ ചേർത്തു | 402 |
| 6 | റീജിയണൽ ഏർലി ഇൻ്റെർവെൻഷൻ സെൻ്ററുകളിലൂടെ കുട്ടികളെ പിന്തുണയ്ക്കുന്നു | 35,133 |
| 7 | ഓട്ടിസം ഉണ്ടെന്ന് സംശയിക്കുന്ന കുട്ടികൾക്ക് ഓട്ടിസം സെൻ്റർറുകൾ വഴി പിന്തുണ നൽകുന്നു | 16,991 |
| 8 | മൊബൈൽ ഇൻ്റെർവെൻഷൻ യൂണിറ്റുകൾ വഴി കുട്ടികളെ പിന്തുണയ്ക്കുന്നു | 134,151 |
| 9 | ഭിന്നശേഷിക്കാരെ കോൾ സെൻ്ററുകൾ വഴി പിന്തുണയ്ക്കുന്നു | 19,325 |
| 10 | ഹോർട്ടികൾച്ചറൽ തെറാപ്പി പ്രോഗ്രാമിലൂടെ ബൗദ്ധിക വൈകല്യമുള്ള വ്യക്തികളെ പിന്തുണയ്ക്കുന്നു | 441 |
| 11 | അങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസ് ഉള്ളവർക്ക് മരുന്നുകൾ നൽകി | 51 |
| 12 | മൾട്ടിപ്പിൾ സ്ക്ലിറോസിസ് ഉള്ളവർക്ക് മരുന്നുകൾ നൽകി | 77 |
| | **ആകെ** | **298,996** |

***ഉറവിടം:*** കേരള സാമൂഹ്യ സുരക്ഷാ മിഷൻ

ഏർലി ഇൻ്റെർവെൻഷൻ സെൻ്റർ, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രം, പ്രത്യേക വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഡിപ്ലോമ കോഴ്സുകൾ എന്നിങ്ങനെ ബൗദ്ധിക വൈകല്യ മേഖലയിൽ വിവിധ സേവനങ്ങൾ സ്ഥാപനം നല്കുന്നു. ഓഗ്മെൻ്റേഷൻ ആൻഡ് ഡോക്യുമെൻ്റേഷൻ സ്കീമിന് കീഴിൽ, ഇൻസ്റ്റിറ്റ്യൂട്ട് ഒരു അക്കാദമിക് സെൻ്റർ വികസിപ്പിച്ചെടുക്കുകയും ലൈബ്രറിയിൽ ഓഡിയോ-വിഷ്വൽ സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുകയും ചെയ്തു, 150 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചു.

### തൊഴിൽ വകുപ്പ്

എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി ഒരു പുനരധിവാസ പാക്കേജ് (കൈവല്യ) തൊഴിൽ വകുപ്പ് നൽകുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി 50,000 രൂപ വായ്പ നൽകുകയും, തൊഴിൽ അവസരങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സോഫ്റ്റ് സ്കിൽ പരിശീലനം തുടങ്ങിയവയും നൽകുന്നു. 2023-24ൽ 1.1 കോടി രൂപ വിതരണം ചെയ്യുതിലൂടെ കൈവല്യ പദ്ധതിയിലൂടെ 221 പേർക്ക് പ്രയോജനം ലഭിച്ചു.

### വയോജന പരിചരണം

ഉയർന്ന സാമൂഹിക വികസന നിലവാരമുള്ള കേരളം, ജനസംഖ്യാപരമായ ഒരു ഗണ്യമായ പരിവർത്തനത്തിന് വിധേയമായിട്ടുണ്ട്, ഇത് ജനസംഖ്യയെ വേഗത്തിൽ വാർദ്ധക്യത്തിലേക്ക് നയിക്കുന്നു. പ്രത്യുൽപാദന നിരക്കിലെ കുറവ്, മരണനിരക്ക് കുറയൽ, ആയുർദൈർഘ്യം വർദ്ധിക്കൽ എന്നിവയാൽ സവിശേഷതയുള്ള ഈ ജനസംഖ്യാപരമായ മാറ്റം, പൊതുജനാരോഗ്യത്തിലും സാമൂഹിക ക്ഷേമത്തിലും സംസ്ഥാനത്തിൻ്റെ നേട്ടങ്ങളുടെ ഒരു തെളിവാണ്. എന്നിരുന്നാലും, വയോജന ജനസംഖ്യ, സാമൂഹിക പിന്തുണയുടെ കുറവ്, ആരോഗ്യ പ്രശ്നങ്ങൾ, വയോജനങ്ങളെ ചൂഷണം ചെയ്യൽ, പ്രാപ്യതക്കുള്ള തടസ്സങ്ങൾ, ഡിജിറ്റൽ വിടവ്, പരിമിതമായ തൊഴിലവസരങ്ങൾ, അപര്യാപ്തമായ സാമൂഹിക സുരക്ഷ, ഏകാന്തത എന്നിവയുൾപ്പെടെ നിരവധി വെല്ലുവിളികൾ ഉയർത്തുന്നു. ഈ വെല്ലുവിളികളെ നേരിടാൻ, കേരളം അതിൻ്റെ വയോജനങ്ങളുടെ ക്ഷേമവും സാമൂഹിക സംരക്ഷണവും ഉറപ്പാക്കുന്നതിന് മുൻകൈയെടുക്കുന്ന നയങ്ങളും നടപടികളും രൂപപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.

2007 ലെ മെയിൻ്റനൻസ് ആൻ്റ് വെൽഫയർ ഓഫ് പേരൻ്റ് ആൻ്റ് സീനിയർ സിറ്റിസൺസ് ആക്ട് കാര്യക്ഷമമായി നടത്തുന്നതിനും വയോജനങ്ങളുടെ അവകാശം സംരക്ഷിക്കുന്നതിനും സംസ്ഥാന സർക്കാർ വളരെയധികം ശ്രദ്ധിക്കുന്നു. മെയിൻ്റനൻസ് ട്രിബ്യൂണലുകളെ ശക്തിപ്പെടുത്തുന്നതും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സർക്കാർ ഇതര സംഘടനകൾ എന്നിവയുമായി സഹകരിച്ച് വാതിൽപ്പടി സേവനം, സായംപ്രഭ ഹോമുകൾ- ഡേകെയർ സൗകര്യങ്ങൾ എന്നിവയുൾപ്പെടെയുള്ള സാമൂഹിക സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. 2023-24 കാലയളവിൽ 71 ഡേ കെയർ സെൻ്ററുകൾക്കായി 48,03,716/- രൂപ ചെലവഴിച്ചു.

എന്നിരുന്നാലും വാർദ്ധക്യത്തോടുള്ള സമൂഹത്തിൻ്റെയും മുതിർന്നവരുടെയും കാഴ്ചപ്പാടിൽ 'സജീവമായ വാർദ്ധക്യം' എന്ന നിലയിൽ ഒരു മാറ്റത്തിനായി സംസ്ഥാന സർക്കാർ നിലകൊള്ളുന്നു. 2002-ലെ ലോകാരോഗ്യ

സംഘടനയുടെ നയം അനുസരിച്ച്, ആളുകളുടെ പ്രായം കൂടുന്നതനുസരിച്ച് ജീവിതത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ആരോഗ്യം, പങ്കാളിത്തം, സുരക്ഷ എന്നിവയ്ക്കുള്ള അവസരങ്ങൾ ശരിയായ രീതിയിൽ വിനിയോഗിക്കുന്ന ഒരു പ്രക്രിയയായി 'സജീവമായ വാർദ്ധക്യത്തെ' നിർവചിച്ചിട്ടുണ്ട്. വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായുള്ള നോഡൽ വകുപ്പെന്ന നിലയിൽ സാമൂഹ്യനീതി വകുപ്പ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, പ്രാദേശിക കമ്മ്യൂണിറ്റികൾ എന്നിവയുൾപ്പെടെ വയോജനങ്ങളുടെ പരിചരണത്തിൽ സജീവമായി ഏർപ്പെട്ടിരിക്കുന്ന മറ്റ് നിരവധി വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കേണ്ടത് അനിവാര്യമാണ്.

താഴ്ന്ന വരുമാനക്കാരായ 28.8 ലക്ഷം മുതിർന്ന പൗരന്മാർക്ക് കേരള സർക്കാർ വാർദ്ധക്യ പെൻഷൻ നൽകുകയും അവരുടെ പരിചരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആരോഗ്യ പരിരക്ഷയും പാലിയേറ്റീവ്, ഹോം കെയർ സൗകര്യങ്ങളും നല്കുകയും ചെയ്യുന്നു. പ്രാദേശിക സർക്കാരുമായി സഹകരിച്ച് സാമൂഹികാടിസ്ഥാനത്തിലുള്ള പിന്തുണാ പരിപാടികളും ശക്തിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും വയോമിത്രം പദ്ധതി പോലുള്ള നിരവധി പരിപാടികൾ സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനും ചേർന്ന് നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂടെ വയോജനങ്ങൾക്ക് തുടർച്ചയായുള്ള വൈദ്യപരിശോധന ലഭിക്കുന്നു. 2023-24 കാലയളവിൽ 2,90,030 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രയോജനപ്പെട്ടു.

*വയോരക്ഷ പദ്ധതി*, ബുദ്ധിമുട്ടുകൾ, അക്രമം, ചൂഷണം എന്നിവ നേരിടുന്ന മുതിർന്ന വ്യക്തികൾക്ക് സംരക്ഷണം ഉറപ്പാക്കുന്നതിലൂടെയും സുസ്ഥിരവും സന്തുഷ്ടവുമായ ജീവിത സാഹചര്യങ്ങൾ നൽകുന്നതിലൂടെയും അവരെ പിന്തുണയ്ക്കുന്നു. അടിയന്തര പ്രഥമശുശ്രൂഷ, ശസ്ത്രക്രിയകൾ, ആംബുലൻസ് സേവനങ്ങൾ, പുനരധിവാസം, സഹായം, അവശ്യ ഉപകരണങ്ങൾ തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതി നൽകുന്നു. മൊത്തം 124 ഗുണഭോക്താക്കൾക്കായി 6,72,574 രൂപയുടെ സഹായം നൽകി. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും സർക്കാരിതര സംഘടനകളുടെയും മുതിർന്ന പൗരന്മാർക്കുള്ള സഹായ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഒരു അവാർഡും ഏർപ്പെടുത്തിയിട്ടുണ്ട്.

വയോജന സംരക്ഷണ ഹോമുകളുടെ പ്രത്യേകിച്ചും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന ഹോമുകളുടെ രജിസ്ട്രേഷൻ, പ്രവർത്തനം, നിരീക്ഷണം എന്നിവയ്ക്കായി വകുപ്പ് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം (എസ്ഒപി) തയ്യാറാക്കിവരുന്നു. സമൂഹത്തിലെ മുതിർന്നവരെ വിവിധ പരിപാടികളിലൂടെ സമൂഹവുമായി ഇടപഴകാനും അവരുടെ വ്യക്തിത്വവും ആത്മാഭിമാനവും നിലനിർത്താനും അവരുടെ അറിവും അനുഭവസമ്പത്തും സമൂഹത്തിന്റെ അത്യന്താപേക്ഷിതമായ വികസനത്തിനായി പ്രയോജനപ്പെടുത്തുന്നതിനുമുള്ള പരിപാടികൾ തയ്യാറാക്കിവരുന്നു. വയോജന പരിപാലന പരിപാടികൾ സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ മാനവവികസനം-ജനസംഖ്യ ഘടനയിലെ മാറ്റങ്ങൾ എന്ന അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ ക്ഷേമം**

2015-ൽ ട്രാൻസ്ജെൻഡർ നയം അവതരിപ്പിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമായി മാറിയ കേരളം ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശങ്ങൾ അംഗീകരിക്കുന്നതിൽ മുൻനിരയിലാണ്. മഴവില്ല് എന്ന പദ്ധതിക്ക് കീഴിൽ സംസ്ഥാന സർക്കാർ ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ മുഖ്യധാരയ്ക്കായി വിവിധ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിൽ തൊഴിൽ പരിശീലനം, ലിംഗമാറ്റ ശസ്ത്രക്രിയ, ശസ്ത്രക്രിയാനന്തര പരിചരണം, വിവാഹ സഹായം, സ്കോളർഷിപ്പുകൾ, പെൻഷനുകൾ, ഇൻഷ്വറൻസ് എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം എന്നിവ ഉൾപ്പെടുന്നു. കൂടാതെ, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർക്കാർ ഐഡി കാർഡുകൾ നൽകുകയും ഒരു സമർപ്പിത ടിജി സെല്ലും ക്രൈസിസ് മാനേജ്മെന്റ് സെന്റർ സ്ഥാപിക്കുകയും 24/7 ഹെൽപ്പ്ലൈൻ ആരംഭിക്കുകയും ചെയ്തു. ഒരു സമഗ്ര സമൂഹം കെട്ടിപ്പടുക്കാൻ, വികസനവും പുനരധിവാസ പരിപാടികളും നടത്തുന്നതിന് എൻ.ജി.ഒകളെയും സി.ബി.ഒകളെയും സർക്കാർ പിന്തുണച്ചു. കൂടാതെ, ട്രാൻസ്ജെൻഡർ വ്യക്തികളെ മനസ്സിലാക്കുന്നതും അംഗീകരിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതിന് പൊതുജനങ്ങൾക്ക്, കുടുംബാംഗങ്ങൾക്ക്, അധ്യാപകർക്ക്, ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് എന്നിവർക്ക് ബോധവൽക്കരണ പരിപാടികളും ശിൽപശാലകളും സംഘടിപ്പിച്ചു. സാമ്പത്തിക ശാക്തീകരണത്തെ പിന്തുണയ്ക്കുന്നതിനായി, സർക്കാർ സ്വയംതൊഴിൽ വായ്പകൾക്ക് സൗകര്യമൊരുക്കുകയും ഷെൽട്ടർ ഹോമുകളും ഷോർട്ട് സ്റ്റേ ഹോമുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ സമഗ്രമായ സംരംഭങ്ങൾ നടപ്പിലാക്കുന്നതിലൂടെ, ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി കൂടുതൽ ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഒരു സമൂഹം സൃഷ്ടിക്കാനുമാണ് കേരളം ലക്ഷ്യമിടുന്നത്.

2023-24 വർഷം ട്രാൻസ്ജെൻഡറുകൾക്കായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ താഴെ പറയുന്നു.

- സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1,000 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് 2,000 രൂപയും സ്കോളർഷിപ്പായി വിദ്യാഭ്യാസ സഹായം നൽകുന്നു. ഇതിനായി സംസ്ഥാനത്തുടനീളമുള്ള 22 ഗുണഭോക്താക്കൾക്ക് 4,36,000 രൂപ ചെലവഴിച്ചു.
- സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. ഇത് പ്രകാരം യോഗ്യരായ വിദ്യാർത്ഥികൾക്ക് പ്രതിമാസം 4,000 രൂപ ലഭിക്കും. പദ്ധതി പ്രകാരം 23 ഗുണഭോക്താക്കൾക്കായി മൊത്തം 8,20,000 രൂപ ചെലവഴിച്ചു.
- ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ നിയമപരമായി വിവാഹിതരായ ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് 30,000 രൂപ നിരക്കിൽ വിവാഹ സഹായം നൽകുന്നു. 2023-

24 ൽ ഇത്തരത്തിലുള്ള 8 ഗുണഭോക്താക്കൾക്കായി 2,40,000 രൂപ ധനസഹായം നൽകി.

- ബിരുദം, ഡിപ്ലോമ, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സഫലം പദ്ധതി പ്രകാരം പ്രതിവർഷം 1 ലക്ഷം രൂപ ധനസഹായം നൽകുന്നു. 2023-24 ൽ 4 ഗുണഭോക്താക്കൾക്കായി മൊത്തം 3,13,000 രൂപ ചെലവഴിച്ചു.
- അതിക്രമങ്ങളും അക്രമങ്ങളും പോലുള്ള പ്രതിസന്ധികൾ അഭിമുഖീകരിക്കുമ്പോൾ അടിയന്തര പിന്തുണ ആവശ്യമുള്ള നിർധനരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കരുതൽ പദ്ധതി സഹായം നൽകുന്നു. 14 ഗുണഭോക്താക്കൾക്കായി 3,43,134 രൂപ ചെലവഴിക്കുകയും ചെയ്തു.
- ട്രാൻസ്ജെൻഡർ ഇരകൾക്കുള്ള മറ്റൊരു പ്രധാന സംരംഭം ലിംഗമാറ്റ ശസ്ത്രക്രിയയും തുടർ പരിചരണ സഹായവുമാണ്. ട്രാൻസ് സ്ത്രീകൾക്ക് 2.5 ലക്ഷം രൂപയും ട്രാൻസ് പുരുഷന്മാർക്ക് 5 ലക്ഷം രൂപയും ഈ ശസ്ത്രക്രിയയ്ക്കായി വകുപ്പ് നൽകുന്നു. പരിചരണ സഹായത്തിനായി പ്രതിമാസം 3,000 രൂപ എന്ന നിശ്ചിത തുക 12 മാസം വരെ നൽകും. 2023-24ൽ 61 ഗുണഭോക്താക്കൾക്കായി എസ്ആർഎസിനായി 7.9 ലക്ഷം രൂപയും 168 ഗുണഭോക്താക്കൾക്കായി എസ്ആർഎസ് ശസ്ത്രക്രിയയ്ക്കായി 117 ലക്ഷം രൂപയും പദ്ധതിയിലൂടെ ചെലവഴിച്ചു.
- മത്സര പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് യത്നം പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നു.

### സ്ത്രീ ശാക്തീകരണവും സാമൂഹ്യക്ഷേമവും

സാമൂഹിക, രാഷ്ട്രീയ, പൊതു കാര്യങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള നിരവധി ഇടപെടലുകൾ വർഷങ്ങളായി കേരളത്തിൽ നടന്നിട്ടുണ്ട്. എല്ലാ തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ഉറപ്പാക്കുന്നതിനും, സംസ്ഥാനത്തെ പൊതു ഇടങ്ങളിൽ അവർക്ക് തുല്യമായ പ്രവേശനം സുഗമമാക്കുന്നതിനും, നിരവധി നയ നടപടികളിലൂടെ സംസ്ഥാന സർക്കാർ ഗണ്യമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അടിസ്ഥാന കഴിവുകളായ വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും, 1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ എന്ന അനുകൂല ലിംഗാനുപാതത്തിലും (2011 ലെ സെൻസസ്), മറ്റ് നിരവധി സൂചികകളിലും ലിംഗഭേദം വളരെ കുറവാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

അഞ്ച് വർഷത്തെ കർമ്മ പദ്ധതിക്ക് രൂപം നൽകിക്കൊണ്ട് വനിതാ ശിശു വികസന വകുപ്പ് 2019-20 ൽ സ്ത്രീധന വിരുദ്ധ ക്യാമ്പയിൻ ആരംഭിച്ചു, 2004 ലെ കേരള സ്ത്രീധന നിരോധന നിയമം ഭേദഗതി ചെയ്തു, ഉദ്യോഗസ്ഥരെ നിയമിച്ചു, ജില്ലാ ഉപദേശക ബോർഡ് രൂപീകരിച്ചു, സ്ത്രീധന പരാതി പോർട്ടൽ ആരംഭിച്ചു, ഗാർഹിക പീഡനവും സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവ നൽകി.

ലൈംഗിക കുറ്റകൃത്യങ്ങൾ, ഗാർഹിക പീഡനം, ആസിഡ് ആക്രമണങ്ങൾ, ലിംഗാധിഷ്ഠിത അക്രമങ്ങൾ എന്നിവയ്ക്ക് ഇരയായവർക്ക് ഇടക്കാലാശ്വാസം നൽകുന്നതിന്, മറ്റ് വ്യവസ്ഥാപിത സഹായങ്ങൾക്കുപരിയായി 300 ലക്ഷം രൂപയുടെ ആശ്വാസനിധി കോർപ്പസ് ഫണ്ടായി സർക്കാർ രൂപീകരിച്ചു. ഇതുകൂടാതെ, സ്വകാര്യ ഇടങ്ങളിലും പൊതു ഇടങ്ങളിലും കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തുമെല്ലാം അക്രമത്തിനിരയായവർക്കായി സർക്കാർ എല്ലാ ജില്ലകളിലും വൺ സ്റ്റോപ്പ് സെന്ററുകൾ ആരംഭിച്ചു. വൈദ്യസഹായം, എഫ്ഐആർ/എൻസിആർ/ഡിഐആർ എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സഹായം, മാനസിക-സാമൂഹിക പിന്തുണയും കൗൺസിലിംഗും, നിയമസഹായം, അഭയം, റഫറൽ സേവനങ്ങൾ എന്നിവ ഉൾപ്പെടെ 24 മണിക്കൂർ പ്രത്യേക സേവനങ്ങൾ വൺ സ്റ്റോപ്പ് സെന്ററുകൾ നൽകുന്നു.

സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതൽ കാലം ജീവിക്കുന്നു എന്നത് ഒരു ആഗോള പ്രതിഭാസമാണ്. 2021-25 ലെ ജനസംഖ്യാ പ്രവചനമനുസരിച്ച് കേരളത്തിൽ പുരുഷന്മാരുടെ ആയുർദൈർഘ്യം 73.49 വയസ്സും സ്ത്രീകളുടേത് 79.15 വയസ്സുമാണ് (ദേശീയ ജനസംഖ്യ കമ്മീഷൻ, MoHFW 2020) ആയുർദൈർഘ്യത്തിലെ വർദ്ധനവും അനുകൂലമായ ലിംഗാനുപാതവും കേരളത്തിലെ വിധവാ ജനസംഖ്യയിലെ വർദ്ധനവിന് പ്രധാന കാരണമാണ്. ഈ സാഹചര്യത്തിലാണ് കേരള സർക്കാർ വിധവകൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. സഹായഹസ്തം പദ്ധതിയിലൂടെ സ്വയം തൊഴിൽ ചെയ്യാൻ 30,000 രൂപ ഒറ്റത്തവണ ധനസഹായം, പടവുകൾ പദ്ധതിയിലൂടെ അവരുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ ചേരുന്നതിന് വിദ്യാഭ്യാസ സഹായം, നിരാലംബരായവരുടെ അടുത്ത ബന്ധുക്കൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം നല്കുന്ന അഭയകിരണം പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ വിധവ/വിവാഹമോചിതർക്ക് പുനർവിവാഹത്തിന് സാമ്പത്തിക പ്രോത്സാഹനം നൽകുന്നതിനായി മംഗല്യ എന്ന പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.

ദുർബലരായ സ്ത്രീകൾക്ക് പിന്തുണ നൽകുന്നതിനായി തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതിയാണ് ശരണ്യ. ഇത് തൊഴിൽരഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ടവർ, വിവാഹമോചിതർ, അല്ലെങ്കിൽ അവിവാഹിതരായ സ്ത്രീകൾ, ഭിന്നശേഷിക്കാരായ സ്ത്രീകൾ, കിടപ്പിലായവരുടെ ഭാര്യമാർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകുന്നു. 2023-24 ൽ 2,917 സ്ത്രീകൾക്ക് ശരണ്യയിലൂടെ പ്രയോജനം ലഭിച്ചു. കൂടാതെ, 2023-ൽ 69 സ്ത്രീകളും 2024-ൽ 5 സ്ത്രീകളും (ജൂലൈ 2024 വരെ) ഭിന്നശേഷിക്കാരായ തൊഴിലന്വേഷകർക്കുള്ള പുനരധിവാസ-ക്ഷേമ പദ്ധതിയായ കൈവല്യയിലൂടെ സാമ്പത്തിക സഹായം ലഭിച്ചു.

"പൊൻവാക്ക്", തേജോമയ ആഫ്റ്റർ കെയർ ഹോം തുടങ്ങിയ ജനപ്രിയ സംരംഭങ്ങൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. സാമൂഹിക പങ്കാളിത്തത്തിലൂടെ കേരള സമൂഹത്തിൽ നിന്ന് ശൈശവ വിവാഹം ഇല്ലാതാക്കുക എന്നതാണ് ആദ്യത്തെ

സംരംഭത്തിന്റെ ലക്ഷ്യം. സ്ത്രീകളുടെയും കുട്ടികളുടെയും ഹോമുകളിലെ അന്തേവാസികളെ പഠനം പൂർത്തിയാക്കിയ ശേഷം സമൂഹത്തിലേക്ക് തിരികെ കൊണ്ടുവരുന്ന പ്രക്രിയ സുഗമമാക്കുന്നതിനുള്ള വകുപ്പിന്റെ മറ്റൊരു പുരോഗമന ആശയമാണ് തേജോമയ ആഫ്റ്റർ കെയർ ഹോം.

**കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**

വനിതാ വികസന കോർപ്പറേഷൻ (ഡബ്ല്യുഡിസി) സാമ്പത്തിക പിന്തുണയും പരിശീലനവും ബോധവൽക്കരണ പരിപാടികളും നൽകി സ്ത്രീകളെ ശാക്തീകരിക്കുന്നു. വായ്പകൾ, നൈപുണ്യ വികസനം, സംരംഭകത്വ പരിപാടികൾ എന്നിവയിലൂടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനുള്ള തടസ്സങ്ങൾ മറികടക്കാൻ കോർപ്പറേഷൻ സ്ത്രീകളെ സഹായിക്കുന്നു. 2023-24 ൽ ഡബ്ല്യുഡിസി 36,000-ലധികം വനിതകൾക്ക് വായ്പ നൽകി. ആയിരക്കണക്കിന് സ്ത്രീകൾക്ക് പരിശീലനം നൽകി. സ്ത്രീ ശാക്തീകരണം പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ സംരംഭങ്ങൾ നടപ്പിലാക്കി. കൂടുതൽ വിവരങ്ങൾക്ക് ലിംഗ പദവിയും വികസനവും എന്ന ഭാഗം കാണുക.

**കേരള വനിതാ കമ്മീഷൻ**

1990 ലെ കേരള വനിതാ കമ്മീഷൻ നിയമപ്രകാരം സ്ഥാപിതമായ കേരള വനിതാ കമ്മീഷൻ സ്ത്രീകൾക്ക് നേരെയുള്ള അന്യായമായ പ്രവർത്തനങ്ങൾക്ക് പരിഹാരം കാണുക, അവകാശങ്ങൾ സംരക്ഷിക്കുക, ലിംഗസമത്വം പ്രോത്സാഹിപ്പിക്കുക, ബോധവൽക്കരണ പരിപാടികൾ, നിയമ ശിൽപശാലകൾ, പബ്ലിക് ഹിയറിംഗുകൾ, 'ഫേസ് ടു ഫേസ്' പോലുള്ള പദ്ധതികൾ വഴി സ്ത്രീകളുമായി ഇടപഴകുക എന്നിവയിലൂടെ സ്ത്രീകളുടെ നിലവാരം ഉയർത്തുന്നതിനായി പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ലിംഗ പദവിയും വികസനവും എന്ന ഭാഗം കാണുക.

**ജെൻഡർ പാർക്ക്**

ലിംഗപദവി സമത്വത്തിനായുള്ള ഒരു കേന്ദ്രമായി ജെൻഡർ പാർക്ക് പ്രവർത്തിക്കുന്നു. ഗവേഷണം, സംവാദം, നയ ഇടപെടലുകൾ, ബോധവൽക്കരണം എന്നിവ പ്രോത്സാഹിപ്പിക്കുകയും ജെൻഡർ ലൈബ്രറി, ഹെറിറ്റേജ് മ്യൂസിയം, അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ തുടങ്ങിയ സൗകര്യങ്ങളിലൂടെ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് ലിംഗ പദവിയും വികസനവും എന്ന ഭാഗം കാണുക.

**കുട്ടികളുടെ ക്ഷേമം**

ശിശുക്ഷേമം എന്നത് കുട്ടികളുടെ, പ്രത്യേകിച്ച് ദാരിദ്ര്യം അനുഭവിക്കുന്നതോ, മാതാപിതാക്കളുടെ സാധാരണ പരിചരണവും മേൽനോട്ടവും ലഭിക്കാത്തതോ ആയ കുട്ടികളുടെ ശാരീരികവും സാമൂഹികവും മാനസികവുമായ ക്ഷേമവുമായി ബന്ധപ്പെട്ടതാണ്. കുട്ടികൾ സുരക്ഷിതരാണെന്നും കുടുംബങ്ങൾക്ക് അവരുടെ കുട്ടികളെ പരിപാലിക്കാൻ ആവശ്യമായ പിന്തുണ ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്ന തുടർ സേവനങ്ങളാണ് ശിശുക്ഷേമത്തിനായി രൂപകൽപ്പന ചെയ്തിട്ടുള്ളത്. ജാതി, ദേശീയത, മതം തുടങ്ങിയ എല്ലാ പരിഗണനകൾക്കും അതീതമായി കുട്ടികൾക്ക് നല്കാവുന്നതിൽ ഏറ്റവും മികച്ചവ നല്കാൻ മനുഷ്യർ കടപ്പെട്ടിരിക്കുന്നുവെന്ന തത്വം പ്രഖ്യാപിക്കേണ്ടതും സ്വീകരിക്കേണ്ടതും നൽകേണ്ടതുമാണെന്ന് 1989-ലെ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ കൺവെൻഷൻ അംഗീകരിച്ചിട്ടുണ്ട്.

കുട്ടികളോടുള്ള അവഗണനയും ചൂഷണവും തടയുക, സംഭവിക്കാൻ സാധ്യതയുള്ള ചൂഷണവും അവഗണനയും സംബന്ധിച്ച് റിപ്പോർട്ടുകൾ സ്വീകരിക്കുകയും അന്വേഷിക്കുകയും ചെയ്യുക, അവരെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും സഹായം ആവശ്യമുള്ള കുടുംബങ്ങൾക്ക് സേവനങ്ങൾ നൽകുക, കുട്ടികളുടെ ആവശ്യങ്ങൾ, കഴിവുകൾ, ലഭ്യമായ സൗകര്യങ്ങൾ എന്നിവ വിലയിരുത്തുക, കുടുംബങ്ങൾ, ബന്ധുക്കൾ അല്ലെങ്കിൽ വളർത്തു കുടുംബങ്ങൾ എന്നിവിടങ്ങളിൽ കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുക എന്നിവയ്ക്ക് ശിശുക്ഷേമപരിപാടികൾ പിന്തുണ നൽകുന്നു. ആരോഗ്യം, വിദ്യാഭ്യാസം എന്നിവ ലഭിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക, അവരുടെ വ്യക്തിത്വം വികസിപ്പിക്കുക, സന്തോഷകരമായ അന്തരീക്ഷത്തിൽ വളർത്തുക, അവരുടെ അവകാശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഉറപ്പാക്കൽ എന്നിവ പ്രസ്തുത പരിപാടികളിൽ ഉൾപ്പെടുന്നു.

NFHS-5 റിപ്പോർട്ട് അനുസരിച്ച് കേരളത്തിലെ ശിശുമരണ നിരക്ക് (IMR) 4.4 ആണ്. NFHS-4-ൽ 5.6 ആയിരുന്നു. അഞ്ചുവയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് (U5MR) NFHS-4ലെ 7.1 ൽ നിന്ന് NFHS-5ൽ 5.2 ആയി കുറഞ്ഞിട്ടുണ്ട്. എങ്കിലും, വിളർച്ചാ നിരക്ക് കുട്ടികളുടെ ആരോഗ്യനിലവാരം കുറയുന്നതായി വെളിപ്പെടുത്തുന്നു. 6-59 മാസം പ്രായമുള്ള കുട്ടികളിൽ വിളർച്ചാ നിരക്ക് 35.7 (NFHS-4) ശതമാനത്തിൽ നിന്ന് 39.4 ശതമാനമായി വർദ്ധിച്ചതായി NFHS-5 ഡാറ്റ കാണിക്കുന്നു. NFHS-5 പ്രകാരം കുട്ടികളുടെ പോഷകാഹാര നിലയെക്കുറിച്ചുള്ള കണക്കുകളും വളരെ ആശ്വാസജനകമാണ്. NFHS-4 എന്ന 16.1-നെ അപേക്ഷിച്ച്, 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ ഭാരക്കുറവ് 19.7 ശതമാനമായി ഉയർന്നതായി കണക്കുകൾ വെളിപ്പെടുത്തുന്നു. അതുപോലെ, വളർച്ച മുരടിച്ച 5 വയസ്സിന് താഴെയുള്ള കുട്ടികൾ 19.7 ശതമാന (NFHS-4) ത്തിൽ നിന്ന് 23.4 ശതമാനം (NFHS-5) ആയി വർദ്ധിച്ചിട്ടുണ്ട്.

18 വയസ്സുവരെയുള്ള കുട്ടികളുടെ സമഗ്രമായ വികസനത്തിൽ അവരുടെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ വികസനം ഉൾക്കൊള്ളുന്നു. കേരളത്തിൽ എല്ലാ സർക്കാർ സ്ഥാപനങ്ങളിലൂടെയും സൗജന്യ വിദ്യാഭ്യാസവും ചികിത്സാസേവനവും നൽകി വരുന്നു. ശൈശവ വിവാഹം കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കുകയും അവരുടെ ആരോഗ്യത്തെയും ക്ഷേമത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. അവഗണന, അക്രമം, ദുരുപയോഗം, ചൂഷണം എന്നിവയിൽ നിന്ന് മുക്തരാക്കി എല്ലാ കുട്ടികൾക്കും സുരക്ഷിതവും കരുതലുള്ളതുമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണ്. കേരള

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, ബാലാവകാശ സംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങൾ പുനരവലോകനം ചെയ്യുകയും ബാലാവകാശ ലംഘന കേസുകൾ അന്വേഷിക്കുകയും ആ അവകാശങ്ങൾ ലഭ്യമാകുന്നതിന് തടസമായിട്ടുള്ള ഘടകങ്ങൾ പരിശോധിക്കുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുന്നത് തുടർന്നു വരുന്നു.

കേരളത്തിൽ സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയും 14 പ്രത്യേക അഡോപ്ഷൻ ഏജൻസികളും പ്രവർത്തിക്കുന്നു. 2023-24 സാമ്പത്തിക വർഷത്തോടെ ആകെ 1397 ആഭ്യന്തര ദത്തെടുക്കലുകളും 145 അന്തർദ്ദേശീയ ദത്തെടുക്കലുകളും നടന്നു. 2023-24 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ 114 കുട്ടികളെ ദത്തെടുത്തു (99 ആഭ്യന്തരവും 15 അന്തർദ്ദേശീയവുമായ ദത്തെടുപ്പുകൾ). ദത്തെടുക്കപ്പെട്ട കുട്ടികളുടെ എണ്ണം **അനുബന്ധം 8.3.7** ൽ നൽകിയിരിക്കുന്നു.

കുട്ടികൾ നേരിടുന്ന പെരുമാറ്റപരവും വൈകാരികവും പഠനപരവും മാനസികവുമായ വെല്ലുവിളികൾ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ശാസ്ത്രീയമായി തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനുമാണ് സ്കൂളുകളിൽ നടപ്പിലാക്കുന്ന 'കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്തം' എന്ന പരിപാടി ലക്ഷ്യമിടുന്നത്. സംസ്ഥാനത്തുടനീളമുള്ള സ്കൂളുകളിൽ നിലവിൽ ഈ പദ്ധതി പ്രവർത്തിക്കുന്നുണ്ട്. സംരക്ഷണം ആവശ്യമുള്ള കുട്ടികൾക്കും പോക്സോയെ അതിജീവിച്ചവർക്കും മാനസിക സാമൂഹിക സമീപനത്തിലൂടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസത്തിലും പുനർ സമന്വയത്തിലും 'കാവൽ പ്ലസ്' പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നുള്ള കുട്ടികളുടെ സംരക്ഷണ നിയമം, 2012:** ലൈംഗികാതിക്രമം, അശ്ലീലം എന്നിവയിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനും ഈ കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി ഒരു ശിശു സൗഹൃദ സംവിധാനം നൽകുന്നതിനുമാണ് പോക്സോ നിയമം നടപ്പിലാക്കിയത്.

**നിർഭയ നയം:** സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങളെ ചെറുക്കുന്നതിനും, ചൂഷണത്തിനായി കുട്ടികളെ കടത്തിക്കൊണ്ടുപോകുന്നതിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുമായി കേരള സർക്കാർ നിർഭയ നയം രൂപീകരിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങൾ തടയൽ, ലൈംഗികാതിക്രമത്തിന് ഇരയായവരുടെ സംരക്ഷണം, ലൈംഗികാതിക്രമം നടത്തുന്നവരെ വിചാരണ ചെയ്യൽ, ലൈംഗികാതിക്രമത്തെ അതിജീവിച്ചവരുടെ പുനരധിവാസം, ലൈംഗികാതിക്രമത്തെ അതിജീവിച്ചവരുടെ സാമൂഹിക സംയോജനം എന്നിവയാണ് നയം ലക്ഷ്യമിടുന്നത്. നിർഭയ പരിപാടി ഏകോപിപ്പിക്കുന്നതിനായി വനിതാശിശു വികസന ഡയറക്ടറേറ്റിന് കീഴിൽ ജോയിന്റ് ഡയറക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക നിർഭയ സെൽ രൂപീകരിച്ചിട്ടുണ്ട്.

ഒരു വ്യക്തിയുടെ വികാസത്തിന്റെ ഏറ്റവും പ്രാധാന്യമേറിയതാണ് ബാല്യകാലം. ഒരു സ്ത്രീയുടെ ഗർഭധാരണത്തിന്റെയും (270 ദിവസം) കുട്ടികളുടെ രണ്ടാം ജന്മദിനത്തിന്റെയും ഇടയിലുള്ള (730 ദിവസം) ആദ്യ 1,000 ദിവസങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് സർക്കാർ 1,000 ദിന പരിപാടി ആരംഭിച്ചു. ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കുമായി പതിവായി മെഡിക്കൽ ക്യാമ്പുകൾ, ചികിത്സ, ശരിയായ പോഷകാഹാര വിതരണം, ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ എന്നിവ പരിപാടിയിൽ ഉൾപ്പെടുന്നു. പരീക്ഷണാടിസ്ഥാനത്തിൽ അട്ടപ്പാടിയിൽ ആരംഭിച്ച പദ്ധതി 2022-23 കാലയളവിൽ തീരദേശ, മലയോര മേഖലയിലെ 42 ഐസിഡിഎസ് പദ്ധതികളിലേക്ക് വ്യാപിപ്പിച്ചു.

ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവീസസ് (ഐസിഡിഎസ്) ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകുന്ന ഒരു പ്രധാന സർക്കാർ പരിപാടിയാണ്. സംസ്ഥാനത്ത് 33,115 അംഗൻവാടികൾ (മാർച്ച് 2024 വരെ) പ്രവർത്തിക്കുന്നുണ്ട്. ഐസിഡിഎസ് ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കവറേജ് **അനുബന്ധം 8.3.8** ൽ നൽകിയിരിക്കുന്നു.

5.1 ലക്ഷം ഗുണഭോക്താക്കൾ 0-3 വയസ് പ്രായമുള്ള കുട്ടികളും 34 ലക്ഷം ഗുണഭോക്താക്കൾ 3-6 വയസ് പ്രായമുള്ള കുട്ടികളുമാണ്. വനിതാശിശുവികസന വകുപ്പ്, വേൾഡ് ഫുഡ് പ്രോഗ്രാമുമായി (WFP) സഹകരിച്ച്, അങ്കണവാടികളിലെ 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് പാകം ചെയ്ത ഭക്ഷണമായി വിളമ്പുന്ന ഫോർട്ടിഫിക്കേഷൻ ഓഫ് റൈസ് എന്ന പരിപാടി ആരംഭിച്ചു. ഈ പദ്ധതി പ്രകാരം അരിയിൽ 8 മൈക്രോ ന്യൂട്രിയന്റുകൾ (ഇരുമ്പ്, ഫോളിക് ആസിഡ്, സിങ്ക്, വിറ്റ്. എ, വിറ്റ്.ബി 12, നിയാസിൻ, വിറ്റ്.ബി6, തയാമിൻ) ഉപയോഗിക്കുന്നു. അസംസ്കൃത അരി 100:1 എന്ന അനുപാതത്തിൽ ഫോർട്ടിഫൈഡ് നെല്ലിന്റെ വിത്തുമായ കേർണലുമായി കലർത്തുന്നു. ഇതിനുപുറമെ, 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് ടേക്ക് ഹോം റേഷനായി നൽകുന്ന അമൃതം ന്യൂട്രിമിക്സിന്റെ മൈക്രോ ന്യൂട്രിയന്റ് ഫോർട്ടിഫിക്കേഷൻ വയനാട് ജില്ലയിൽ ആരംഭിക്കുകയും പിന്നീട് മറ്റെല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. ഇത് കൂടാതെ, 2022-23 കാലയളവിൽ എല്ലാ അങ്കണവാടികളിലും ആഴ്ചയിൽ രണ്ട് ദിവസം മുട്ടയും രണ്ട് ദിവസം പാലും നൽകുന്ന പദ്ധതി സംസ്ഥാന സർക്കാർ ആരംഭിച്ചു.

പോഷകാഹാര വിദഗ്ധരുടെ സഹായത്തോടെ പോഷകാഹാര കൗൺസിലിംഗ്, മാർഗ്ഗനിർദ്ദേശം, റഫറലുകൾ, മറ്റ് സാമൂഹിക പിന്തുണ എന്നിവയിലൂടെ സ്ത്രീകളുടെയും കുട്ടികളുടെയും കൗമാരക്കാരുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ന്യൂട്രീഷൻ ക്ലിനിക്കുകൾ ആരംഭിച്ചു. ഒരു വ്യക്തിയുടെ മൊത്തത്തിലുള്ള ആരോഗ്യകരമായ ഭക്ഷണരീതി പരിശോധിക്കുകയും പോഷകാഹാരക്കുറവിന്റെ അപകടസാധ്യത പ്രാരംഭ ഘട്ടത്തിൽ തിരിച്ചറിയുകയും വ്യക്തിക്ക് പോഷകാഹാരക്കുറവ് നേരിടുന്നതിന് മുമ്പ് ഇടപെടുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

152 ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലും പോഷകാഹാര ക്ലിനിക്കുകൾ സ്ഥാപിച്ചു.

ക്ലാസ് മുറികൾ, ഡൈനിംഗ് ഹാൾ, അടുക്കള, സ്റ്റോർ റൂം, ക്രിയേറ്റീവ് സോൺ, ഇൻഡോർ, ഔട്ട്ഡോർ പ്ലേ ഏരിയകൾ എന്നിവയ്ക്ക് മതിയായ സ്ഥല സൗകര്യമുള്ള അങ്കണവാടി കെട്ടിടങ്ങളെ സ്മാർട്ട് അങ്കണവാടികളാക്കി വകുപ്പ് പരിഷ്ക്കരിച്ചുവരികയാണ്. ആദ്യത്തേത് തിരുവനന്തപുരം ജില്ലയിൽ നിർമ്മിക്കുകയും ഇപ്പോൾ 189 സ്മാർട്ട് അങ്കണവാടികൾ പ്രവർത്തിക്കുകയും ചെയ്യുന്നു. കൂടാതെ വകുപ്പിന്റെ തീം അടിസ്ഥാനമാക്കിയുള്ള പ്രീസ്കൂൾ പ്രവർത്തന പോസ്റ്ററുകൾ വികസിപ്പിക്കുകയും കുട്ടികൾക്ക് അവ വിതരണം ചെയ്യുകയും ചെയ്തു.

**ആരോഗ്യ സംരക്ഷണത്തിലൂടെ കുട്ടികളുടെ സാമൂഹിക സുരക്ഷ**

ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കായുള്ള സോഷ്യൽ സപ്പോർട്ട് സ്കീം (മിഠായി) സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ചിട്ടുള്ള മിഠായി ക്ലിനിക്കുകൾ വഴി ടൈപ്പ്-1 പ്രമേഹമുള്ള കുട്ടികൾ/കൗമാരക്കാർ എന്നിവർക്ക് സമഗ്രമായ പരിചരണം നൽകുന്നു. കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിന് പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സ്നേഹസാന്ത്വനം പദ്ധതിയിൽ, കിടപ്പിലായ എൻഡോസൾഫാൻ ഇരകൾക്ക് മാസം 2,200 രൂപയും, ഭിന്നശേഷി പെൻഷൻ ലഭിക്കുന്നവർക്ക് 1,700 രൂപയും സാമ്പത്തിക സഹായം ലഭിക്കും. 2023-24 സാമ്പത്തിക വർഷത്തിൽ 5,304 പേർ ഈ പദ്ധതിയിൽ നിന്ന് ഗുണം ലഭിച്ചു. കൂടാതെ, പ്രത്യേക ആശ്വാസസകിരണം പദ്ധതിയിൽ, പൂർണ്ണമായും കിടപ്പിലായതോ ബൗദ്ധിക വെല്ലുവിളി നേരിടുന്നതോ ആയ എൻഡോസൾഫാൻ ഇരകളുടെ പരിചാരകർക്ക് മാസം 700 രൂപ വീതം നൽകുന്നു. ഇതിൽ 776 ഗുണഭോക്താക്കൾ ഉണ്ട്. 1 മുതൽ 12 വരെ ക്ലാസുകളിലെ എൻഡോസൾഫാൻ ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം യഥാക്രമം 2000 രൂപ, 3000 രൂപ, 4000 രൂപ എന്നിങ്ങനെയാണ്. ഈ പദ്ധതിയിൽ 2023-24 ൽ 440 കുട്ടികൾക്ക് ഗുണം ലഭിച്ചു.

**ഭാവി വീക്ഷണം**

കേരളത്തിൽ സാമൂഹിക സുരക്ഷാ നടപടികൾ ഫലപ്രദമായി നടപ്പിലാക്കുന്നത് ഉറപ്പാക്കുന്നതിന്, ഏറ്റവും ദുർബലരായവരുടെ ആവശ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന അവകാശാധിഷ്ഠിത സമീപനത്തിന് മുൻഗണന നൽകേണ്ടത് നിർണ്ണായകമാണ്. സ്ഥാപനപരമായ സംവിധാനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സമഗ്രവും ശാസ്ത്രീയവുമായ ഒരു സമീപനം ഇതിന് ആവശ്യമാണ്. സാമൂഹിക സുരക്ഷാ പരിരക്ഷ വ്യാപിപ്പിക്കുന്നതിലൂടെയും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും പിന്നോക്കം നിൽക്കുന്നവരുടെയും പ്രത്യേക ആവശ്യങ്ങൾ പരിഹരിക്കുന്നതിലൂടെയും, സമഗ്ര വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെയും, സ്ഥാപന ശേഷി ശക്തിപ്പെടുത്തുന്നതിലൂടെയും, വകുപ്പുകൾ തമ്മിലുള്ള സഹകരണം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും, കേരളത്തിന് അതിന്റെ സാമൂഹിക സുരക്ഷാ സംവിധാനത്തിന്റെ കാര്യക്ഷമതയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കാൻ കഴിയും. ഈ തന്ത്രങ്ങൾ സ്വീകരിക്കുന്നതിലൂടെ, കേരളത്തിന് അതിന്റെ സാമൂഹിക സുരക്ഷാ സംവിധാനം ശക്തിപ്പെടുത്താനും കൂടുതൽ നീതിയുക്തവും ഉൾക്കൊള്ളുന്നതുമായ ഒരു സമൂഹം സൃഷ്ടിക്കാനും കഴിയും.

അദ്ധ്യായം

09

# കല, സംസ്കാരം, കായികരംഗം

# കല, സംസ്കാരം, കായികരംഗം

## 9.1 കലയും സംസ്കാരവും

കേരളത്തിന് അതിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം, ചരിത്രപരമായ വ്യാപാര ബന്ധങ്ങൾ, ചരിത്രത്തിന്റെയും പരിസ്ഥിതിയുടെയും മറ്റ് വൈവിധ്യമാർന്ന വശങ്ങൾ എന്നിവയാൽ രൂപപ്പെട്ട വൈവിധ്യമാർന്ന കലാരൂപങ്ങളുടെയും സാംസ്കാരിക സമ്പ്രദായങ്ങളുടെയും സമ്പന്നമായ ചരിത്രമുണ്ട്. വൈവിധ്യമാർന്ന സ്വാധീനങ്ങളുടെ സമന്വയമാണ് കേരളത്തെ വ്യത്യസ്തമാക്കുന്നത്. കേരളത്തിന്റെ സാംസ്കാരിക ഭൂതകാലം അതിന്റെ ബഹുമുഖതയും സ്വീകാര്യതയും അന്വേഷണാത്മകതയും പ്രകടമാക്കുന്നു. സജീവവും ചലനാത്മകവുമായ ഒരു സാംസ്കാരിക അന്തരീക്ഷം വളർത്തിയെടുത്തുകൊണ്ട് കേരളത്തിന്റെ ദീർഘകാല സാംസ്കാരിക സവിശേഷതകൾ മതേതരവും മാനവികവുമായ ആശയങ്ങളുടെയും പുരോഗമനവാദത്തിന്റെയും സമകാലിക അന്തരീക്ഷ വുമായി ലയിച്ചു ചേർന്നിരിക്കുന്നു.

ഈ സമ്പന്നമായ കലയും സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി കേരള സർക്കാർ വിവിധ പദ്ധതികൾ വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത കലാരൂപങ്ങളെ പരിപോഷിപ്പിക്കുക, കലാകാരന്മാരെ പിന്തുണയ്ക്കുക, സാംസ്കാരിക വിനിമയത്തിനുള്ള വേദികൾ സൃഷ്ടിക്കുക, വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ, ആർട്ട് ഗാലറികൾ, മ്യൂസിയങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകുക, ഉത്സവങ്ങളും സാംസ്കാരിക പരിപാടികളും നടത്തുക, സ്ത്രീകളെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെയും ഉൾപ്പെടുത്തൽ എന്നിവയിൽ ഗവൺമെന്റിന്റെ ഇടപെടലുകൾ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. പുരോഗമനവാദം, നവീകരണം, കലകളുടെ ഉൾക്കൊള്ളൽ എന്നിവ വളർത്തിയെടുക്കുന്നതിനൊപ്പം സാംസ്കാരിക പൈതൃകം സംരക്ഷിക്കാനുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് ഈ സംരംഭങ്ങൾ പ്രതിഫലിപ്പിക്കുന്നത്. കലാ-സാംസ്കാരിക മേഖലകളിലെ സ്ഥാപനങ്ങളും അവയുടെ പ്രവർത്തനങ്ങളും താഴെ വിവരിക്കുന്നു.

**സാംസ്കാരിക ഡയറക്ടറേറ്റ്**

സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ കലാ, സാഹിത്യ, സാംസ്കാരിക സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിച്ചു.

ഡയറക്ടറേറ്റ് പ്രാഥമികമായി കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി, സംഗീത നാടക അക്കാദമി, സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി, ഫോക്‌ലോർ അക്കാദമി, മഹാകവി മോയിൻ കുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, ചലച്ചിത്ര അക്കാദമി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, തുഞ്ചൻ സ്മാരക ട്രസ്റ്റ്, കഥകളി ഇൻസ്റ്റിറ്റ്യൂട്ട് - മാർഗി, വാസ്തു വിദ്യാ ഗുരുകുലം, ഭാരത് ഭവൻ, കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, ശ്രീനാരായണ ഇൻററർനാഷണൽ സ്റ്റഡി സെൻറർ, കുട്ടികൾക്കായുള്ള ജവഹർ ബാലഭവൻ, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങൾ, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ്, മലയാളം മിഷൻ തുടങ്ങിയ ഭാഷാ പ്രോത്സാഹന സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, അക്കാദമികൾ എന്നിവയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു

വാർഷിക പദ്ധതിയിൽ സഹായം ലഭിക്കാത്ത എല്ലാ സാംസ്കാരിക സ്ഥാപനങ്ങൾക്കുമുള്ള ഗ്രാന്റുകളുടെ വിതരണവും ഡയറക്ടറേറ്റ് ഏകോപിപ്പിക്കുന്നു. ഡയറക്ടറേറ്റിന്റെ മറ്റ് പ്രധാന ചുമതലകളിൽ, കലാ-സാഹിത്യ-സാംസ്കാരിക പ്രതിഭകളുടെ സ്മാരകങ്ങളിലെ സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സഹായ വിതരണം, പ്രമുഖ

കലാകാരന്മാരുടെയും എഴുത്തുകാരുടെയും ആശ്രിതർക്ക് പ്രതിമാസ പെൻഷൻ വിതരണം, കേരളത്തിലെ സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ പ്രവർത്തനങ്ങളുടെ ഏകോപനം എന്നിവ ഉൾപ്പെടുന്നു.

സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ ഡയറക്ടറേറ്റ് നടപ്പാക്കിവരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കലാകാരന്മാരെ സഹായിക്കാനുള്ള ഉത്തരവാദിത്തവും സാംസ്കാരിക ഡയറക്ടറേറ്റിനുണ്ട്. ഇതനുസരിച്ച്, കലാകാരന്മാർക്കും, മരണമടഞ്ഞ കലാകാരന്മാരുടെ ആശ്രിതർക്കും, പ്രശസ്തരായ എഴുത്തുകാർക്കും പ്രതിമാസ പെൻഷൻ നൽകുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ സാംസ്കാരിക സ്ഥാപനങ്ങൾക്കും അവരുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സാംസ്കാരിക ഡയറക്ടറേറ്റ് വാർഷിക ഗ്രാന്റുകൾ വിതരണം ചെയ്യുന്നു

**പ്രധാന നേട്ടങ്ങൾ**

ഡയറക്ടറേറ്റിന്റെ പ്രധാന നേട്ടങ്ങൾ താഴെ കൊടുക്കുന്നു:

**ഡയമണ്ട് ജൂബിലി ഫെലോഷിപ്പ്**

യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും ക്ലാസിക്കൽ, നാടൻ അനുഷ്ഠാന കലാരൂപങ്ങൾ പരിശീലിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വജ്രജൂബിലി ഫെല്ലോഷിപ്പ് നടപ്പിലാക്കുന്നു. കേരളത്തിന്റെ തനതായ കലാ-സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും അവരവരുടെ മേഖലയിൽ മികച്ച സ്ഥാനം ഉറപ്പാക്കുന്നത് വരെയുള്ള ചുരുങ്ങിയ കാലത്തേക്കുള്ള പദ്ധതിയാണ് ഇത്.

വിദഗ്ദ്ധരുടെ സഹായത്തോടെ തയ്യാറാക്കിയ 45-ലധികം കലാ വിഷയങ്ങളിൽ മികച്ച സിലബസുകളെ അടിസ്ഥാനമാക്കിയുള്ളതിനാൽ ഈ പരിശീലനം നിലവാരമുള്ളതും ഏകീകൃതവുമാണ്. രണ്ടര മണിക്കൂർ വീതമുള്ള നാല് ക്ലാസുകളെങ്കിലും ഒരു കലാകാരൻ കൈകാര്യം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നിലവിൽ 813 വജ്രജൂബിലി കലാകാരന്മാരെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നിയമിക്കുകയും പതിനായിരത്തോളം വിദ്യാർത്ഥികൾക്ക് കലാ പരിശീലനം നൽകുകയും ചെയ്തു വരുന്നു. കഴിഞ്ഞ വർഷം പ്രാദേശിക കലാപരിപാടികൾക്കും ജില്ലാതല മത്സരങ്ങൾക്കും ഈ കലാകാരന്മാർക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകിയിരുന്നു. സംസ്ഥാനത്തുടനീളമുള്ള കലാകാരന്മാരെ ഫലപ്രദമായി സഹായിക്കുന്നതിനുള്ള ഒരു നൂതന പരിപാടി എന്ന നിലയിൽ ഈ കൂട്ടായ്മയുടെ സ്ഥാപനം പരക്കെ പ്രശംസിക്കപ്പെട്ടു. ഡയമണ്ട് ജൂബിലി ഫെലോഷിപ്പിന്റെ വിശദാംശങ്ങൾ **അനുബന്ധം 9.1.1** ൽ നൽകിയിരിക്കുന്നു.

**സമം**

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾക്കെതിരെ എല്ലാ മേഖലകളിലും ലിംഗസമത്വം എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് വിഭാവനം ചെയ്ത പദ്ധതിയാണ് സമം. സാംസ്കാരിക വിദ്യാഭ്യാസ പരിപാടികളിലൂടെ പൊതുജനങ്ങളുടെ സാംസ്കാരിക ഉന്നമനം പ്രോത്സാഹിപ്പിക്കാനും ഇത് ലക്ഷ്യമിടുന്നു. ഈ പ്രോഗ്രാം അന്ധവിശ്വാസങ്ങളുടെയും മയക്കുമരുന്ന് ആസക്തിയുടെയും പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുകയും അതിന്റെ അപകടങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു.

**റൂറൽ ആർട്ട് ഹബ്/ഗ്രാമീണ കലാകേന്ദ്രം**: നാടൻ കലകളുടെയും കരകൗശല വിദഗ്ധരുടെയും സമ്പന്നമായ സാംസ്കാരിക പൈതൃകം കേരളത്തിനുണ്ടെങ്കിലും പരമ്പരാഗത കരകൗശല തൊഴിലാളികളുടെ ജീവിതം സാമ്പത്തികമായി സുരക്ഷിതമല്ല, ഇത് അത്തരം പരമ്പരാഗത

**ബോക്സ് 9.1.1** സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള അനാവർത്തന ഗ്രാന്റുകൾ

സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള നോൺ ആവർത്തന ഗ്രാന്റുകൾ എന്ന പദ്ധതിയുടെ ഭാഗമായി, കഴിഞ്ഞ സാമ്പത്തിക വർഷം താഴെ പറയുന്ന 18 സ്ഥാപനങ്ങൾക്കും സാംസ്കാരിക പ്രവർത്തനങ്ങൾക്കുമായി 50,00,000/- അനുവദിച്ചു.

1. എം.ജി സോമൻ ഫൗണ്ടേഷൻ, പത്തനംതിട്ട
2. ഭരണിക്കാവ് ഫെസ്റ്റ്, ആലപ്പുഴ
3. നിരീക്ഷ സ്ത്രീ നാടക വേദി, തിരുവനന്തപുരം
4. പല്ലന കുമാരനാശാൻ സ്മാരകം, ആലപ്പുഴ
5. ഒ.വി വിജയൻ സ്മാരക സമിതി, തസ്രാക്ക്, പാലക്കാട്
6. അമ്പലപ്പുഴ ഫെസ്റ്റ്
7. സാധുജന പരിപാലന സംഘം, (വില്ലു വണ്ടി സമര വാർഷികം)
8. ചീമേനി ഫെസ്റ്റ്
9. കലാഞ്ജലി ഫൗണ്ടേഷൻ
10. നീലകണ്ഠ ശിവൻ സംഗീത സഭ ട്രസ്റ്റ്, തിരുവനന്തപുരം
11. സാമ്രാജ് വേൾഡ് ഓഫ് മാജിക്, മാവേലിക്കര
12. ചെങ്ങന്നൂർ പെരുമ സർഗോൽസവം
13. കല്ലട ജലോൽസവം, കല്ലട
14. ചെങ്ങന്നൂർ സ്മാരക സമിതി, ചെങ്ങന്നൂർ
15. കലാഭാരതി ഗുരു ചെങ്ങന്നൂർ കഥകളി അക്കാദമി, പകൽക്കുറി, തിരുവനന്തപുരം
16. മഴവില്ല് വനിതാ ഫിലിം സൊസൈറ്റി
17. പൂക്കാട് കലാലയം, കോഴിക്കോട്
18. സാംബശിവൻ ഫൗണ്ടേഷൻ, കൊല്ലം

ഉറവിടം: ഡയറക്ടറേറ്റ് ഓഫ് കൾച്ചർ, 2024

കലാരൂപങ്ങൾ ഉപേക്ഷിക്കുന്നതിലേക്ക് നയിച്ചേക്കാം. ഈ കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്, ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നു. നാടോടി കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കും അവരുടെ കഴിവുകൾ മെച്ചപ്പെടുത്താനും അവരുടെ ഉൽപ്പന്നങ്ങൾ ആഗോള വിപണിയിൽ എത്തിക്കാനും അത് വഴി അവരുടെ ഉപജീവനമാർഗം ശക്തിപ്പെടുത്താനും ഈ പദ്ധതി സഹായിക്കുന്നു. കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും നേരിട്ടുള്ള വിപണി ബന്ധത്തിനും മുൻഗണന നൽകും. റൂറൽ ആർട്ട് ഹബ്ബിന്റെ വിശദാംശങ്ങൾ **അനുബന്ധം 9.1.2** ൽ നൽകിയിരിക്കുന്നു.

### സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള അനാവർത്തന ഗ്രാന്റുകൾ

സാംസ്കാരിക സംഘടനകൾക്കും അസോസിയേഷനു കൾക്കും അവരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തു ന്നതിനും ക്രിയാത്മകമായ സംരംഭങ്ങൾ ഏറ്റെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ സാമ്പത്തിക സഹായം നൽകുന്നു. മാനദണ്ഡമനുസരിച്ച്, ഒരു സ്ഥാപനത്തിന് അഞ്ച് വർഷത്തിനുള്ളിൽ മൂന്ന് തവണ സാമ്പത്തിക സഹായം നൽകും. 2023-24 കാലയളവിൽ ഗ്രാന്റുകൾ ലഭിച്ച സ്ഥാപനങ്ങളുടെ ലിസ്റ്റ് **ബോക്സ് 9.1.1**-ൽ നൽകിയിരിക്കുന്നു.

### സാംസ്കാരിക ഡയറക്ടറേറ്റിന് കീഴിലുള്ള പ്രധാന സ്ഥാപനങ്ങൾ

വകുപ്പിന് കീഴിൽ വാർഷിക പദ്ധതി ഫണ്ട് വിനിയോഗിക്കുന്ന 23 സാംസ്കാരിക സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സാംസ്കാരിക വകുപ്പ് മുഖേന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന വിവിധ അക്കാദമികൾ, സ്മാരകങ്ങൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. സാംസ്കാരിക കാര്യ വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങൾ അനുബന്ധം 9.1.3 ൽ കൊടുത്തിരിക്കുന്നു.

ഈ സ്ഥാപനങ്ങൾക്ക് പുറമേ, പുരാവസ്തു വകുപ്പ്, മ്യൂസിയം, മൃഗശാല, പുരാ രേഖ വകുപ്പ് എന്നിവയും സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു.

### കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (KSFDC)

മലയാള സിനിമയുടെ നിർമ്മാണവും, പ്രോൽസാഹനവും സുഗമമാക്കുന്നതിനും, ഗുണനിലവാരവും മികവും അംഗീകരിക്കുന്നതിനും അഭിനന്ദിക്കുന്നതിനുമുള്ള ഒരു സംസ്കാരം വികസിപ്പിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ 1975 ജൂലൈ 23 നാണ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (KSFDC) സ്ഥാപിതമായത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 17 ആഗോള നിലവാരമുള്ള തിയേറ്ററുകൾ കെ.എസ്.എഫ്.ഡി.സിക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. മലയാള സിനിമാ നിർമ്മാണ വ്യവസായത്തെ മദ്രാസിൽ നിന്ന് നമ്മുടെ സംസ്ഥാനത്തേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ കെ.എസ്.എഫ്.ഡി.സി സ്ഥാപിച്ചതാണ് തിരുവനന്തപുരത്തെ തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ. ആഭ്യന്തര ചലച്ചിത്ര വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി, ചിത്രാഞ്ജലിക്ക് കീഴിൽ നിർമ്മിക്കുന്ന ഫീച്ചർ ഫിലിമുകൾക്കും കുട്ടികളുടെ സിനിമകൾക്കും സബ്സിഡി നൽകുന്ന ഒരു പദ്ധതിയേതര പരിപാടി കെ.എസ്.എഫ്.ഡി.സി നടത്തുന്നുണ്ട്. കേരള സർക്കാർ നൽകുന്ന സബ്സിഡി ഉപയോഗിച്ച് പ്രതിവർഷം 40-45 സിനിമകൾ ഇവിടെ നിർമ്മിക്കപ്പെടുന്നുണ്ട്. തിരുവനന്തപുരത്ത് വഴുതക്കാട് കലാഭവൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന കെ.എസ്.എഫ്.ഡി.സിയുടെ തിയേറ്ററുകളാണ് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ (ഐ.എഫ്.എഫ്.കെ) പ്രധാന വേദികൾ.

### OTT പ്ലാറ്റ്ഫോം, ഇ–ടിക്കറ്റിംഗ്

കലാപരവും സാംസ്കാരികവുമായ മൂല്യങ്ങളുള്ള ഗുണനിലവാരമുള്ള സിനിമകളെ പ്രോത്സാഹിപ്പിക്കുന്ന 'സി സ്പേസ്' എന്ന പേരിൽ സർക്കാർ ഉടമസ്ഥതയിലുള്ള OTT പ്ലാറ്റ്ഫോം കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. മലയാളത്തിലെ സൃഷ്ടികൾ ആഗോളതലത്തിൽ പ്രചരിപ്പിക്കാൻ സഹായിച്ചുകൊണ്ട് മലയാള സിനിമയെയും സംസ്കാരത്തെയും പ്രോത്സാഹിപ്പിക്കാനാണ് 'സി സ്പേസ്' ഉദ്ദേശിക്കുന്നത്. ഇത് ഇന്ത്യയിലെ ആദ്യത്തെ സർക്കാർ ഉടമസ്ഥതയിലുള്ള OTT പ്ലാറ്റ്ഫോമാണ് ഇത് എന്നത് ഏറെ ശ്രദ്ധേയമാണ്.

ചൂഷണ പ്രവണതകളും നികുതിവെട്ടിപ്പും കുറയ്ക്കുന്നതിനായി തിയറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സംവിധാനവും നടപ്പാക്കിവരികയാണ്. ഇതിനായി 2024-25ൽ 2.99 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

### പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടപ്പെട്ടവരു ടെയും, വനിതാ സംവിധായകരുടെയും സിനിമകൾ:

ചലച്ചിത്ര സംവിധാനത്തിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർധിപ്പിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം മുതൽ 'സ്ത്രീകൾ സംവിധാനം ചെയ്യുന്ന സിനിമയ്ക്കുള്ള സഹായം' എന്ന പേരിൽ കേരള സർക്കാർ ഒരു പദ്ധതി ആരംഭിച്ചു. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനാണ് ഈ ചിത്രങ്ങളുടെ നിർമ്മാണ ചുമതല. പദ്ധതിയുടെ ഭാഗമായി, താര രാമാനുജൻ സംവിധാനം ചെയ്ത 'നിഷിദ്ധോ' എന്ന ചിത്രം 2022 നവംബർ 11-ന് കേരളത്തിലുടനീളം റിലീസ് ചെയ്തു. 'നിഷിദ്ധോ' കേരളത്തിലെ 26-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മികച്ച നവാഗത സംവിധായകയ്ക്കുള്ള അവാർഡ് നേടുകയും കേരള സ്റ്റേറ്റ് ഫിലിം അവാർഡിൽ മികച്ച രണ്ടാമത്തെ ചലച്ചിത്രമായി തെരഞ്ഞെടുക്കുകയും ചെയ്തു. വിവിധ ദേശീയ അന്തർദ്ദേശീയ ചലച്ചിത്രമേളകളിൽ 'നിഷിദ്ധോ' പ്രദർശിപ്പിക്കുന്നുണ്ട്. മിനി ഐ. ജി സംവിധാനം ചെയ്ത 'ഡിവോഴ്സ്' 2023 ഫെബ്രുവരി 24-ന് കേരളത്തിലുടനീളം റിലീസ് ചെയ്തു. 2020-21 സാമ്പത്തിക വർഷത്തിൽ രണ്ട് ചിത്രങ്ങൾ: ശ്രുതി ശരണ്യം സംവിധാനം ചെയ്ത 'ബി 32 മുതൽ 44', ഇന്ദു ലക്ഷ്മി സംവിധാനം ചെയ്ത 'നിള' എന്നീ സിനിമകൾക്ക് ധനസഹായം നൽകി. അവ യഥാക്രമം 2023 ഏപ്രിൽ 6-നും 2023 ഓഗസ്റ്റ് 4-നും പുറത്തിറങ്ങി.

ശ്രുതി ശരണ്യം സംവിധാനം ചെയ്ത 'B32 to 44' എന്ന സിനിമ പ്രത്യേക വിഭാഗത്തിൽ മികച്ച വനിതാ/ട്രാൻസ്ജെൻഡർ ചിത്രത്തിനുള്ള 2022-ലെ കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയിട്ടുണ്ട്. 2021-22ൽ ശിവരഞ്ജിനി, ഫർസാന എന്നീ രണ്ട് ഡയറക്ടർമാരെ

ഈ പദ്ധതിക്ക് കീഴിൽ തിരഞ്ഞെടുത്തു. ശിവരഞ്ജിനിയുടെ 'വിക്ടോറിയ'യുടെ നിർമ്മാണം പൂർത്തിയായി, ചിത്രാഞ്ജലി സ്റ്റുഡിയോയിൽ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ പുരോഗമിക്കുന്നു. ഫർസാനയുടെ 'മുമ്ത' എന്ന ചിത്രം പ്രീ പ്രൊഡക്ഷനിലാണ്. ആതിര ടി.എൻ. (കഫേ അൺലിമിറ്റഡ്), ശ്രീമതി മിനി പൂങ്ങാട്ട് (കൂത്ത്) എന്നിവരാണ് 2022-23 സാമ്പത്തിക വർഷത്തേക്ക് തിരഞ്ഞെടുത്ത വനിതാ ഡയറക്ടർമാർ.

2020-21 മുതൽ എസ്‌സി/എസ്ടി വിഭാഗത്തിൽപ്പെട്ട ഡയറക്ടർമാരെ പിന്തുണയ്ക്കുന്നതിനുള്ള സംരംഭവും സർക്കാർ ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ, വി എസ് സനോജ് സംവിധാനം ചെയ്ത 'അരിക്' പൂർത്തിയായി, അരുൺ ജെ മോഹൻ സംവിധാനം ചെയ്ത 'ചുരുൾ' 2024 ഓഗസ്റ്റ് 30-ന് കേരളത്തിലുടനീളം റിലീസ് ചെയ്തു. 2021-22 വർഷത്തിൽ മനോജ് കുമാറിന്റെ 'പ്രളയശേഷം ഒരു ജലകന്യക', സന്തോഷ് വടക്കുംപാടന്റെ 'കാട്' എന്നിവ ഈ പദ്ധതിക്ക് കീഴിൽ തിരഞ്ഞെടുക്കപ്പെട്ടു. 'പ്രളയശേഷം ഒരു ജലകന്യക', 'കാട്' എന്നീ സിനിമകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്, ചിത്രാഞ്ജലി സ്റ്റുഡിയോയിൽ പോസ്റ്റ് പ്രൊഡക്ഷൻ പുരോഗമിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ എസ്‌സി/എസ്ടി വിഭാഗത്തിൽ തെരഞ്ഞെടുത്ത ഡയറക്ടർമാർ അജിത് വി (ആറ്റമാലി), സുമേഷ് സി എസ് (ബ്രേക്ക് സുകുമാരൻ) എന്നിവരാണ്.

**കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**

കേരള സർക്കാരിന്റെ സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ, സ്ഥാപനമാണ് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി. സംസ്ഥാനത്ത് സിനിമയെ പ്രോത്സാഹിപ്പിക്കുന്നതിനായി 1998 ഓഗസ്റ്റിലാണ് ഇത് സ്ഥാപിതമായത്. വ്യക്തികൾ എന്ന നിലയിലും സമൂഹമെന്ന നിലയിലും ആളുകളുടെ വളർച്ചയെ സിനിമകൾ പിന്തുണയ്ക്കണം എന്ന മുദ്രാവാക്യമാണ് ഇത് ഉയർത്തുന്നത്. ചലച്ചിത്ര അക്കാദമിയുടെ 2023-24 കാലത്തും നാളിതുവരെയുള്ള പ്രവർത്തനങ്ങൾ താഴെ പറയുന്നു:

**കുട്ടികളുടെ ചലച്ചിത്ര ആസ്വാദന ക്യാമ്പ്**

കുട്ടികളിൽ മികച്ച സിനിമകളെ പ്രോത്സാഹിപ്പിക്കുന്ന ശീലം വളർത്തിയെടുക്കുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2024 മെയ് 16 മുതൽ 19 വരെ കൊല്ലം ശ്രീനാരായണഗുരു കൾച്ചറൽ കോംപ്ലക്സിൽ സാംസ്കാരിക വകുപ്പും, കൾച്ചറൽ ആൻഡ് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുമായും സഹകരിച്ച് നാലു ദിവസത്തെ ക്യാമ്പ് സംഘടിപ്പിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത 67 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. പങ്കെടുത്തവരും പൊതുജനങ്ങളും ഈ പരിപാടിയെ വളരെയധികം അഭിനന്ദിച്ചു. ജി.വി.എച്ച്.എസ് ഇരിയണ്ണി, കാസറഗോഡിലെ പ്രീതിക ബാലകൃഷ്ണന് ക്യാമ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച വിദ്യാർഥികൾക്ക് നൽകുന്ന 2000 രൂപ കാഷ് അവാർഡ് ലഭിച്ചു.

ഒരു ബഹുജന മാധ്യമമെന്ന നിലയിൽ സിനിമയുടെ വികാസത്തിന്റെയും പരിണാമത്തിന്റെയും ചരിത്രം മാധ്യമ വിദ്യാർത്ഥികളെ തുറന്നുകാട്ടുന്നതിനായി 2024 മെയ് 27 മുതൽ 29 വരെ തിരുവനന്തപുരം പ്രസ് ക്ലബ്ബിന്റെ സഹകരണത്തോടെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ത്രിദിന ക്ലാസിക് സിനിമാ പഠന ക്യാമ്പ് സംഘടിപ്പിച്ചു. ഈ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജേർണലിസത്തിലെ 26 വിദ്യാർഥികൾ 'ടൈംലെസ് ടെയിൽസ്: എ ജേർണി ത്രൂ ദി എവല്യൂഷണറി ഹിസ്റ്ററി ഓഫ് സിനിമ' എന്ന ക്ലാസിക് സിനിമയെക്കുറിച്ചുള്ള പഠനത്തിൽ പങ്കെടുത്തു.

**കാൻ ഫെസ്റ്റിവലിലെ താരങ്ങളെ ആദരിക്കൽ**

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, കാൻ ഫിലിം ഫെസ്റ്റിവലിൽ ഗ്രാൻഡ് പ്രിക്സ് നേടിയ 'ഓൾ വി ഇമാജിൻ ആസ് ലൈറ്റ്' എന്ന ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ച കനി കുസൃതി, ദിവ്യപ്രഭ, അസീസ് നെടുമങ്ങാട്, ഹൃദു ഹാറൂൺ എന്നിവരെ ആദരിച്ചു.

**കേരളത്തിന്റെ 16–ാമത് അന്താരാഷ്ട്ര ഡോക്യുമെന്ററി, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ**

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2024 ജൂലൈ 26 മുതൽ 31 വരെ തിരുവനന്തപുരത്ത് സംഘടിപ്പിച്ച 16-ാമത് ഐ.ഡി.എസ്.എഫ്.എഫ്.കെ യിൽ 54 രാജ്യങ്ങളിൽ നിന്നുള്ള 325 ചിത്രങ്ങൾ വിജയകരമായി പ്രദർശിപ്പിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനങ്ങൾ അഭിമുഖീകരിക്കുന്ന അതിജീവന പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും നേർക്കാഴ്ചകളായിരുന്നു സിനിമയുടെ പ്രമേയം. തിരുവനന്തപുരത്ത് കൈരളി, ശ്രീ, നിള തിയറ്ററുകളിലായിരുന്നു പരിപാടി സംഘടിപ്പിച്ചത്.

**ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള**

ലോകമെമ്പാടും അറിയപ്പെടുന്ന ഒരു ശ്രദ്ധേയമായ പരിപാടിയാണ് കേരളത്തിന്റെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം. ഇത് സിനിമയുടെ കലയെയും അതിന്റെ സമ്പന്നമായ സംസ്കാരത്തെയും ഉയർത്തിപ്പിടിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ പ്രമുഖ ചലച്ചിത്ര മേളകളിലൊന്നായ ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (IFFK)ക്ക് കേരള സർക്കാരിന്റെ സാംസ്കാരിക കാര്യ വകുപ്പിന് വേണ്ടി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയാണ് ആതിഥേയത്വം വഹിക്കുന്നത്. വർഷങ്ങളായി, അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഏഷ്യയിലെ ഏറ്റവും മികച്ച രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നതും ഒരുപക്ഷേ ലോകത്തെ ഏറ്റവും കൂടുതൽ ആളുകളെ കേന്ദ്രീകരിച്ചുള്ളതുമായ ചലച്ചിത്രമേളയായി അറിയപ്പെടുന്നു. ലോകമെമ്പാടുമുള്ള മികച്ച സിനിമകൾ, പ്രശസ്ത സംവിധായകർ, സാങ്കേതിക വിദഗ്ധർ, പ്രേക്ഷകർ എന്നിവരെ മേള ആകർഷിക്കുന്നത് കൂടാതെ ഇത് ഇന്ത്യയിലെ പ്രമുഖ സാംസ്കാരിക പരിപാടികളിലൊന്നായി അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. 28-ാമത് ഐഎഫ്എഫ്കെയിൽ, 81 രാജ്യങ്ങളിൽ നിന്നുള്ള 175 സിനിമകൾ പ്രദർശിപ്പിച്ചു, അതിൽ ഏഷ്യ, ആഫ്രിക്ക, അല്ലെങ്കിൽ ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള 14 സിനിമകൾ മത്സര വിഭാഗത്തിൽ പ്രദർശിപ്പിച്ചു.

സംവിധായകൻ റ്യൂസുകെ ഹമാഗുച്ചി, നിർമ്മാതാവ് സതോഷി തകാത എന്നിവർക്ക് വേണ്ടി 'ഈവിൾ ഡസ് നോട്ട് എക്സിസ്റ്റ്'- ന്റെ ഫോട്ടോഗ്രാഫി ഡയറക്ടർ

യോഷിയോ കിറ്റഗാവ മികച്ച ചിത്രത്തിനുള്ള സുവർണ ചകോരം കെഎസ്എഫ്ഡിസി ചെയർമാനും ചലച്ചിത്ര സംവിധായകനുമായ ഷാജി എൻ കരുണിൽ നിന്ന് ഏറ്റുവാങ്ങി.

'സൺഡേ'യുടെ സംവിധായകൻ ഷോക്കിർ ഖോലിക്കോവിന് മികച്ച സംവിധായകനുള്ള രജത ചകോരം ലഭിച്ചപ്പോൾ മികച്ച നവാഗത സംവിധായകനുള്ള രജത ചകോരം ദ സെന്റൻസ്/തടവ് ന്റെ സംവിധായകൻ ഫാസിൽ റസാഖിന് ലഭിച്ചു.

**മാർഗി**

ക്ഷേത്രകലകളായ കഥകളി, കൂടിയാട്ടം, ചാക്യാർകൂത്ത്, നങ്ങ്യാർകൂത്ത്, പാഠകം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി മാർഗി അതിന്റെ പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. തിരുവനന്തപുരത്ത് രണ്ടിടത്താണ് മാർഗിയുടെ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. കൂടിയാട്ടം, നങ്ങ്യാർകൂത്ത് എന്നിവ വലിയശ്ശാലയിലുള്ള മാർഗി കേന്ദ്രത്തിലാണ് അവതരിപ്പിക്കുന്നത്. കിഴക്കേക്കോട്ടയ്ക്ക് സമീപമുള്ള മറ്റൊരു കേന്ദ്രം കഥകളിക്ക് മാത്രമായി നിലകൊള്ളുന്നു. രണ്ട് കേന്ദ്രങ്ങളിലും വിദ്യാർത്ഥികൾക്ക് അവർ തിരഞ്ഞെടുത്ത കലാരൂപങ്ങളിൽ പരിശീലനം നൽകിവരുന്നു. ചെണ്ട, മദ്ദളം, ഇടക്ക, തിമില തുടങ്ങിയ വാദ്യോപകരണങ്ങളിലും മാർഗി പരിശീലനം നൽകുന്നുണ്ട്.

**കേരള സാഹിത്യ അക്കാദമി**

1956 ഓഗസ്റ്റ് 15-ന് തിരു-കൊച്ചി സർക്കാരാണ് കേരള സാഹിത്യ അക്കാദമി സ്ഥാപിച്ചത്. 1958-ൽ അക്കാദമിയുടെ ആസ്ഥാനം തൃശ്ശൂരിലേക്ക് മാറ്റുകയുണ്ടായി. മലയാള ഭാഷയുടെയും, സാഹിത്യത്തിന്റെയും വികാസവും വളർച്ചയും സുഗമമാക്കുക എന്നതാണ് കേരള സാഹിത്യ അക്കാദമിയുടെ പ്രധാന ലക്ഷ്യം. 2023-24 സാമ്പത്തിക വർഷത്തിലെ പ്രധാന പ്രവർത്തനങ്ങൾ പുസ്തക പ്രസിദ്ധീകരണം, മലയാള സാഹിത്യ സർവേ, വിവിധ മലയാള സാഹിത്യകാരന്മാർക്കുള്ള സ്മാരകങ്ങൾ, വിവിധ മലയാള എഴുത്തുകാരുടെ കൃതികളുടെ ഡിജിറ്റൈസേഷൻ, അനുസ്മരണ പരിപാടികൾ എന്നിവയായിരുന്നു.

**അന്താരാഷ്ട്ര സാഹിത്യോത്സവം 2023–24**

കേരള സർക്കാരും കേരള സാംസ്കാരിക വകുപ്പും കേരള സാഹിത്യ അക്കാദമിയും ചേർന്ന് ആദ്യമായി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സാഹിത്യോത്സവം (ILFK 2023-24) 2024 ജനുവരി 28 മുതൽ ഫെബ്രുവരി 3, വരെ തൃശ്ശൂരിൽ വെച്ച് നടന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈൻ ആയി പരിപാടി ഉദ്ഘാടനം ചെയ്തു. ഇന്ത്യക്കകത്തും പുറത്തുമുള്ള പ്രതിഭാധനരായ എഴുത്തുകാരെയും കലാകാരന്മാരെയും ഒരുമിച്ച് കൊണ്ടുവന്ന് സൗന്ദര്യാത്മകവും സമകാലികവുമായ വിഷയങ്ങൾ വിന്യസിപ്പിച്ച് നടത്തുന്ന രീതിയിലാണ് സാഹിത്യോത്സവം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പ്രമുഖ എഴുത്തുകാരുടെ സംവാദം ആറ് ദിവസങ്ങളിലായി നടന്നു. അന്തർദ്ദേശീയ-ദേശീയ തലങ്ങളിലുള്ള നിരവധി പ്രമുഖ എഴുത്തുകാരും ചിന്തകരും ചേർന്ന് സാഹിത്യ സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചു, കലാപ്രേമികൾക്കായി നൃത്തം, നാടകം, സംഗീതം എന്നിവ ഉൾപ്പെടുന്നതായിരുന്നു സാഹിത്യോൽസവം.

**കേരള ലളിതകലാ അക്കാദമി**

ദൃശ്യകലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 1962-ൽ സ്ഥാപിതമായ കേരള ലളിതകലാ അക്കാദമി, കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സാംസ്കാരിക സംഘടനയാണ്. തിരുവനന്തപുരം, കിളിമാനൂർ, കായംകുളം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാലടി, മലമ്പുഴ, മലപ്പുറം, കോഴിക്കോട്, തലശ്ശേരി, പയ്യന്നൂർ, മാനന്തവാടി, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ കേരള ലളിതകലാ അക്കാദമിക്ക് ആർട്ട് ഗാലറികളുണ്ട്. ഈ കാലയളവിൽ ലളിതകലാ അക്കാദമി ഏറ്റെടുക്കുകയും ആരംഭിക്കുകയും ചെയ്തിട്ടുള്ള നിരവധി പരിപാടികൾ ചുരുക്കത്തിൽ താഴെ വിവരിച്ചിരിക്കുന്നു:

പ്രശസ്ത കലാകാരനായ ടി.വി സന്തോഷിന്റെ ഒരു റിട്രോസ്പെക്റ്റീവ് എക്സിബിഷൻ 'ഹിസ്റ്ററി ലാബും വിസറൽ ഇൻകാന്റേഷനുകളുടെ എലിജിയും.'

കേരള ലളിതകലാ അക്കാദമിയുടെയും, ഗിൽഡ് ഗാലറി മുംബൈയുടെയും സഹകരണത്തോടെ, കേരളത്തിൽ നിന്നുള്ള മുംബൈ താമസമാക്കിയ പ്രശസ്ത കലാകാരനായ ശ്രീ ടി വി സന്തോഷിന്റെ വിവിധ മാധ്യമങ്ങളിലെ സൃഷ്ടികളുടെ പ്രദർശനം അക്കാദമിയുടെ ദർബാർ ഹാൾ കലാകേന്ദ്രത്തിൽ 2024 മെയ് 1 മുതൽ 20 വരെ സംഘടിപ്പിച്ചു.

**ഏകദിന കലാക്യാമ്പ്**

എം.മുകുന്ദൻ ഫെസ്റ്റിവല്ലിനോടനുബന്ധിച്ച് കേരള ലളിത കലാ അക്കാദമി 'ദേശാഭിമാനി'യുടെ സഹകരണത്തോടെ 2024 മെയ് 5 ന് കണ്ണൂർ പള്ളിക്കുന്ന് കൃഷ്ണമേനോൻ വിമൻസ് കോളേജിൽ ഏകദിന കലാക്യാമ്പ് സംഘടിപ്പിച്ചു. 2023 ലെ ദേശാഭിമാനി അവാർഡ് 07 മെയ് 2023 ന് എഴുത്തുകാരൻ എം. മുകുന്ദന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സമ്മാനിച്ചു.

**ദേശീയ സിമ്പോസിയം – 'കേരളത്തിലെ കലാവിദ്യാഭ്യാസത്തെ പുനരവലോകനം ചെയ്യൽ'**

കേരള ലളിതകലാ അക്കാദമി 2024 ഓഗസ്റ്റ് 9, 10, 11 തീയതികളിൽ തൃശ്ശൂരിലെ കിലയിൽ വച്ച് ഫൈൻ ആർട്സ് കോളേജിലെ അധ്യാപകർക്കായി 'കേരളത്തിലെ കലാവിദ്യാഭ്യാസത്തെ പുനരവലോകനം ചെയ്യൽ' എന്ന വിഷയത്തിൽ സിമ്പോസിയം സംഘടിപ്പിച്ചു.

**അബുദാബി ആർട്ട് എക്സിബിഷൻ – 'മറ്റൊരു തീരത്ത് നിന്നുള്ള കുറിപ്പുകൾ'**

അബുദാബി ആസ്ഥാനമായുള്ള കലാ സാംസ്കാരിക സംഘടനയായ റിസ്ക് ആർട്ട് ഇനിഷ്യേറ്റീവുമായി സഹകരിച്ച് കേരള ലളിത കലാ അക്കാദമി 2024 ജൂലൈ 26 ന് കൊച്ചിയിലെ അക്കാദമി ദർബാർ ഹാൾ ആർട്ട് സെൻററിൽ അബുദാബി കലാകാരന്മാരുടെ അന്താരാഷ്ട്ര കലാപ്രദർശനം നടത്തി. 'നോട്ട്സ് ഫ്രം അദർ ഷോർ എന്ന് നാമകരണം ചെയ്ത എക്സിബിഷനിൽ ഹാഷെൽ അൽ ലംകിയുടെ സോളോ എക്സിബിഷനും

അൽമഹ, ജറല്ല, ലത്തീഫ സയീദ്, സമോ ഷലാബി ഉൾപ്പെടെയുള്ള കലാകാരന്മാരുടെ ഗ്രൂപ്പ് എക്സിബിഷനും ഉണ്ടായിരുന്നു.

**അക്കാദമി എജ്യുക്കേഷണൽ ഔട്ട്റീച്ച് പരിപാടികൾ**
അക്കാദമിയുടെ എജ്യുക്കേഷണൽ ഔട്ട്റീച്ച് പരിപാടികൾ വഴി വിദ്യാർത്ഥി സമൂഹത്തിനും പൊതുജനങ്ങൾക്കും കലാപരമായ മൂല്യങ്ങളും അനന്തമായ സാധ്യതകളും കൊണ്ടുവരാനും സമയബന്ധിതമായ വിദ്യാഭ്യാസ ശ്രമങ്ങൾക്കായി ജനങ്ങൾക്കിടയിൽ മികച്ച പ്രതിബദ്ധതയും സ്വത്വബോധവും സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലെ വിവിധ ജില്ലകളിൽ കലാ പരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ചു.

**ആർട്ട് എക്സിബിഷൻ**
സുധീർ സി, കെ.ജയാനന്ദൻ, നിർമല നീമ എന്നിവരുടെ, 'ക്ലോസ്ഡ് ബോഡി' ഗ്രൂപ്പ് ആർട്ട് എക്സിബിഷൻ (ന്യൂ മീഡിയ) 2024 ഓഗസ്റ്റ് 22 മുതൽ എറണാകുളത്തെ അക്കാദമി ദർബാർ ഹാൾ കലാകേന്ദ്രത്തിൽ വെച്ച് സംഘടിപ്പിച്ചു.

**കേരള ഫോക് ലോർ അക്കാദമി**
സാംസ്കാരിക വകുപ്പിന് കീഴിലുള്ള ഒരു സ്വതന്ത്ര കേന്ദ്രമായ കേരള ഫോക് ലോർ അക്കാദമി 1995 ജൂൺ 28 ന് സ്ഥാപിതമായി. കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുകയും എടുത്ത് കാണിക്കുകയും ചെയ്യുകയാണ് അക്കാദമിയുടെ പ്രധാന ലക്ഷ്യം. കേരളത്തിലെ കണ്ണൂരിലാണ് കേരള ഫോക്ലോർ അക്കാദമി സ്ഥിതി ചെയ്യുന്നത്.

കോട്ടയം വെള്ളാവൂരിലെ (തിരുവിതാംകൂർ ഫോക്ക് വില്ലേജ്) അക്കാദമിയുടെ ഉപകേന്ദ്രത്തിൽ പുതുതായി നിർമിച്ച രംഗവേദി ഉദ്ഘാടനത്തിന് തയ്യാറായിട്ടുണ്ട്.

വിവിധ നാടൻ കലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച 157 കലാകാരന്മാർക്കുള്ള അവാർഡുകൾ 2024 ജൂലൈ 4 ന് തിരുവനന്തപുരത്ത് നിശാഗന്ധി ഓഡിറ്റോറിയത്തിൽ വെച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിതരണം ചെയ്തു. തുടർന്ന് പതിനഞ്ചോളം നാടൻ കലാപരിപാടികൾ അരങ്ങേറി.

**വാസ്തു വിദ്യാ ഗുരുകുലം**
സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആറന്മുളയിലെ വാസ്തു വിദ്യാ ഗുരുകുലം താഴെപ്പറയുന്ന പ്രകാരം വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു.

1. ആർക്കിടെക്ചറൽ കൺസൾട്ടൻസി
2. ഗ്രീൻ ബിൽഡിംഗ് ടെക്നോളജി കൺസൾട്ടൻസി
3. മ്യൂറൽ കോമ്പോസിഷൻ വിഭാഗം
4. അക്കാദമിക് സെൻറർ
5. സുസ്ഥിര നിർമാണത്തെക്കുറിച്ചുള്ള ഗവേഷണ യൂണിറ്റ്
6. പൈതൃക കെട്ടിടങ്ങളുടെ ഡിജിറ്റൽ ഡോക്യുമെന്റേഷൻ,
7. റൂറൽ ആർട്ട് ഹബ് പ്രോജക്റ്റ്

കേരളത്തിന്റെ ബൃഹത്തായ ശില്പകല, കരകൗശല പാരമ്പര്യങ്ങൾ, ചുമർചിത്രകലാ പൈതൃകം, ദാരുശില ശിൽപങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഒപ്പം കലാപരവും പ്രകൃതി സൗഹൃദവുമായ നിർമ്മാണരീതികൾ പ്രചരിപ്പിക്കാനും വാസ്തു വിദ്യാ ഗുരുകുലം മൂന്ന് പതിറ്റാണ്ടുകളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു
പുരാവസ്തു വകുപ്പിന് കീഴിലുള്ള 15 സംരക്ഷിത സ്മാരകങ്ങളുടെ 2D ഗ്രാഫിക്കൽ ഡോക്യുമെന്റേഷൻ പ്രോജക്റ്റ് 2023-24 കാലയളവിൽ പൂർത്തിയായി. ട്രൈബൽ സ്കൂൾ വിദ്യാർഥികൾക്ക് മ്യൂറൽ പെയിന്റിങ് പരിശീലനം നൽകി. ഏറ്റുമാനൂർ ക്ഷേത്രത്തിലെ തനത് പുരാതന ചുമർചിത്രങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു.

തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ശ്രീചിത്രാ എൻക്ലേവിൽ പ്രശസ്ത ചിത്രകാരൻ പരേതനായ മമ്മിയൂർ ആശാനും ശിഷ്യരും വരച്ച ശ്രീചിത്തിര തിരുനാൾ മഹാരാജാവിന്റെ എഴുന്നള്ളത്ത് ചിത്രീകരിക്കുന്ന ചുമർചിത്രത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തിയായി.

**കേരള കലാമണ്ഡലം**
കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമുള്ള രാജ്യത്തെ പ്രമുഖ പൊതുസ്ഥാപനമാണ് കേരള കലാമണ്ഡലം. തുടക്കം മുതൽ, ലോകമെമ്പാടുമുള്ള കലാകാരന്മാർ, കലാ-പണ്ഡിതർ, നാടക-കലാകാരന്മാർ/സംവിധായകർ, ചരിത്രകാരന്മാർ, നൃത്തസംവിധായകർ, കലാപ്രേമികൾ എന്നിവരെ ആകർഷിക്കുന്ന കലാ പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രമാണ് കലാമണ്ഡലം.

കേരള കലാമണ്ഡലത്തെ കലാ സാംസ്കാരിക മേഖലയിലെ ഡീംഡ് യൂണിവേഴ്സിറ്റിയായി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം പ്രഖ്യാപിച്ചു. 2006 മാർച്ച് 14-ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഉപദേശപ്രകാരം ഇന്ത്യ ഗവണ്മെന്റും കേരള സർക്കാരും അതിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ആൻഡ് റൂൾസ് 2007 മെയ് 15-ന് അംഗീകരിച്ചു.

**മണക്കുളം മുകുന്ദരാജ സ്മാരക അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം**
കലാമണ്ഡലം സ്ഥാപക സെക്രട്ടറിയായിരുന്ന മണകുളം മുകുന്ദരാജിന്റെ സ്മരണയ്ക്കായി നിർമിച്ച അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. 2024 ഫെബ്രുവരി 25 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കെട്ടിടം ഉദ്ഘാടനം ചെയ്തു.

**വള്ളത്തോൾ സ്മാരക പാർക്കിന്റെ നിർമാണം**
കലാമണ്ഡലം സ്ഥാപകൻ മഹാകവി വള്ളത്തോൾ നാരായണ മേനോന്റെ സമാധിസ്ഥലം കൂടിയായ കലാമണ്ഡലം നിള കാമ്പസ് മോടിപിടിപ്പിച്ച് വിനോദസഞ്ചാരത്തിന് അനുയോജ്യമായ രീതിയിൽ പൂന്തോട്ടമാക്കാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹു.സാംസ്കാരിക വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു.

2024 ഒക്ടോബർ 1-ന് ബഹുമാനപ്പെട്ട സാംസ്കാരിക മന്ത്രി കേരള കലാമണ്ഡലത്തിൽ നിലവിലുള്ള ആർട്ട് ഗാലറി കെട്ടിടത്തിൽ അന്താരാഷ്ട്ര നിലവാരത്തിൽ

നവീകരിച്ച സന്ദർശകമുറി ഉദ്ഘാടനം ചെയ്തു. വിദേശ വിനോദസഞ്ചാരികൾക്ക് കലാമണ്ഡലത്തെക്കുറിച്ച് പഠിക്കാൻ കഴിയുന്ന വീഡിയോ ഡോക്യുമെന്ററികൾ കാണാനുള്ള ഹോം തിയേറ്ററും ആധുനിക സൗകര്യങ്ങളോടുകൂടിയ കഫറ്റീരിയയും ബുക്ക്സ്റ്റാളും കലാമണ്ഡലത്തിൽ നിർമിച്ചിട്ടുണ്ട്.

**പൈതൃക പഠന കേന്ദ്രം**

2000-ൽ സാംസ്കാരിക വകുപ്പാണ് സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് സ്ഥാപിച്ചത്. കൾച്ചറൽ റിസോഴ്സ് മാനേജ്മെന്റിന്റെ വിവിധ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും ഗവേഷണ പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നതിനും ആർക്കിയോളജി, ആർക്കൈവൽ സ്റ്റഡീസ്, മ്യൂസിയോളജിയും-സംരക്ഷണവും എന്നിവയിൽ ഒരു വർഷത്തെ പി.ജി ഡിപ്ലോമ കോഴ്സുകൾ നൽകുന്നതിനുമായി ഒരു നൂതന ഗവേഷണ കേന്ദ്രം എറണാകുളത്തെ തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയം പരിസരത്ത് കേരള സർക്കാർ സ്ഥാപിച്ചു. 1955-ലെ ട്രാവൻകൂർ-കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ഒരു സൊസൈറ്റിയായി ഈ സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുണ്ട്. റോയൽ ഗാർഡൻ, കുട്ടികളുടെ പാർക്ക്, 100-ലധികം മാനുകളുള്ള ഒരു മാൻ പാർക്ക് എന്നിവയുൾപ്പെടെ 52 ഏക്കർ ഹിൽ പാലസ് ആർക്കിയോളജിക്കൽ മ്യൂസിയം കാമ്പസ് പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു.

**വൈലോപ്പിള്ളി സംസ്കൃതി ഭവൻ**

തിരുവനന്തപുരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വൈലോപ്പിള്ളി സംസ്കൃതി ഭവൻ, കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഒരു സാംസ്കാരിക സ്ഥാപനമായി പ്രവർത്തിക്കുന്ന ഒരു മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സാണ് (എംപിസിസി).

വൈലോപ്പിള്ളി സംസ്കൃതി ഭവന്റെയും സി-ഡിറ്റിന്റെയും സഹകരണത്തോടെ വികസിപ്പിച്ച സ്വാതിതിരുനാൾ മഹാരാജാവിനെക്കുറിച്ച് നവീകരിച്ച വെബ്സൈറ്റ് 'swathithirunal.in' സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്തു.

ലൈബ്രറി സയൻസ്, കളർ ടെയിനിംഗ് മുതലായവയിൽ വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾ ഏർപ്പെടുത്തിയും, വിവിധ ഏജൻസികൾ, വ്യക്തികൾ, സർക്കാർ സ്ഥാപനങ്ങൾ, സാംസ്കാരിക പരിപാടികൾ, വിവിധ ചടങ്ങുകൾ, ചിത്രീകരണങ്ങൾ എന്നിവയ്ക്കായി വേദികൾ വാടകയ്ക്ക് നൽകി സ്ഥാപനം അതിന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്.

2024 ഏപ്രിൽ 20 ന് വൈലോപ്പിള്ളി സംസ്കൃതി ഭവനും ലാ ഗാലറി 360 യും സംയുക്തമായി ഭൂമിപുത്രി എന്ന നൃത്ത നാടകം സംഘടിപ്പിച്ചു. ലതാകുര്യൻ രാജീവ് സംവിധാനം ചെയ്ത ഭൂമിപുത്രിയുടെ കളരിപ്പയറ്റും അരയന്ന നൃത്തവും സമന്വയിപ്പിച്ചുള്ള നൃത്താവിഷ്കാരം ഏറെ ശ്രദ്ധ നേടിയിരുന്നു.

**ഗുരു ഗോപിനാഥ് നടനഗ്രാമം**

ഗുരു ഗോപിനാഥ് നടനഗ്രാമം എന്ന സ്ഥാപനത്തിൽ കേരള നടനത്തെക്കുറിച്ച് സെമിനാറുകളും ശിൽപശാലകളും നടത്തി; പുസ്തകങ്ങളുടെ പ്രസിദ്ധീകരണത്തിന്റെ തുടക്കവും നൃത്ത മ്യൂസിയത്തിന്റെ അറ്റകുറ്റപ്പണികളും 270 ഡിഗ്രി 'മോഹനം' ഡിജിറ്റൽ തിയേറ്റർ ഡാൻസ് ഗാലറിയുടെ സജ്ജീകരണവും പുരോഗമിക്കുകയാണ്.

**മലയാളം മിഷൻ**

പ്രവാസി മലയാളികൾക്ക് മലയാളം പഠിക്കാൻ അവസരം നൽകുന്നതിനായി 2005-ൽ കേരള സർക്കാർ ആരംഭിച്ച പദ്ധതിയാണ് മലയാളം മിഷൻ. മലയാളം മിഷന് 30 രാജ്യങ്ങളിലായി മുപ്പതിനായിരത്തിലധികം വിദ്യാർത്ഥികളുണ്ട്, അതത് സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പഠന കേന്ദ്രങ്ങളെ അടിസ്ഥാനമാക്കിയാണ് അതിന്റെ പ്രവർത്തനങ്ങൾ. 'ഭൂമി മലയാളം ന്യൂസ് പേപ്പർ, പൂക്കളം വെബ് മാസിക, റേഡിയോ മലയാളം, സുവനീർ ഷോപ്പ് എന്നിവ മലയാളം മിഷന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സഹകരണത്തോടെ ഇന്ത്യയിലും വിദേശത്തുമായി വിവിധ സ്ഥലങ്ങളിൽ മലയാള ഭാഷാ പഠന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും അവയുടെ മേൽനോട്ടം വഹിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്നതാണ് മലയാളം മിഷന്റെ പ്രധാന ലക്ഷ്യം.

**മ്യൂസിയം മൃഗശാല ഡയറക്ടറേറ്റ്**

സാംസ്കാരിക കാര്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ് മ്യൂസിയം, മൃഗശാല എന്നിവയുടെ വകുപ്പ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം മ്യൂസിയവും മൃഗശാലയും, ആർട്ട് ഗാലറി, തൃശ്ശൂർ മൃഗശാല, കോഴിക്കോട്ടെ കൃഷ്ണമേനോൻ മ്യൂസിയം എന്നിവയാണ് വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങൾ. മ്യൂസിയങ്ങളും മൃഗശാലകളും വകുപ്പ് വന്യജീവികളെക്കുറിച്ചുള്ള വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും അവസരങ്ങൾ നൽകുന്നു. പ്രകൃതിദത്തവും കലാ പരവും, ചരിത്രപരവുമായ വസ്തുക്കളുടെ ഗണ്യമായ ശേഖരം വികസിപ്പിക്കുന്നതിലും സംരക്ഷിക്കുന്നതിലും പ്രദർശിപ്പിക്കുന്നതിലും വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചു. തിരുവനന്തപുരം സുവോളജിക്കൽ ഗാർഡനെ കുറിച്ചുള്ള വിവരങ്ങൾ പങ്കുവയ്ക്കാൻ സ്ഥാപനത്തിന് 'ട്രിവാൻഡ്രം സൂ' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉണ്ട്.

മ്യൂസിയം വകുപ്പിന് കീഴിലുള്ള കേരളത്തിലെ പ്രധാനപ്പെട്ട മ്യൂസിയങ്ങളുടെ പട്ടിക **അനുബന്ധം 9.1.4** ൽ കൊടുത്തിരിക്കുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മ്യൂസിയവും മൃഗശാലയും വകുപ്പിന് കീഴിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്.

തിരുവനന്തപുരത്തെ രാജാ രവിവർമ ആർട്ട് ഗാലറിയുടെയും വയനാട് കുങ്കിച്ചിറ ഹെറിറ്റേജ് മ്യൂസിയത്തിന്റെയും വെബ്സൈറ്റ് 14.08.2024-ന് പൂർത്തിയായി.

കണ്ണൂർ ജില്ലയിലെ ധർമടം നിയോജക മണ്ഡലത്തിലെ പെരളശ്ശേരിയിൽ സ്ഥാപിക്കുന്ന എകെജി സ്മൃതി

മ്യൂസിയത്തിന്റെ ആദ്യഘട്ട സിവിൽ വർക്കുകളുടെ തൊണ്ണൂറ്റി ഒമ്പത് ശതമാനവും പൂർത്തിയായി.

കോഴിക്കോട് കൃഷ്ണമേനോൻ ആർട്ട് ഗാലറി മ്യൂസിയത്തിന്റെ പുനരുദ്ധാരണം പൂർത്തിയായി.

**കേരള സംസ്ഥാന പുരാവസ്തു വകുപ്പ്**

തിരുവിതാംകൂർ പുരാവസ്തു വകുപ്പും പഴയ കൊച്ചിയിലെ പുരാവസ്തു ഗവേഷണ കേന്ദ്രവും സംയോജിപ്പിച്ച് 1962-ലാണ് കേരള സംസ്ഥാന പുരാവസ്തു വകുപ്പ് രൂപീകരിച്ചത്. വിവിധ ഭാഗങ്ങളിൽ നിന്ന് കണ്ടെത്തിയ ശിലാശാസനങ്ങളുടെ വാല്യങ്ങൾ പ്രസിദ്ധീകരിക്കുക, ചെമ്പ് തകിടുകളിലെ രചനകൾ പകർത്തുക, ഖനനങ്ങളും പര്യവേക്ഷണങ്ങളും നടത്തുക, ബിസി 200 മുതൽ വിവിധ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന പുരാതന ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഈ വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട മ്യൂസിയങ്ങൾ **ബോക്സ് 9.1.2** ൽ പട്ടികപ്പെടുത്തിയിട്ടുണ്ട്.

പൊതുജനങ്ങൾക്കായി തുറന്നിരിക്കുന്ന പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളുടെയും സ്മാരകങ്ങളുടെയും വിശദാംശങ്ങൾ **അനുബന്ധം 9.1.5** നൽകിയിരിക്കുന്നു. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെയും കേരള പുരാവസ്തു വകുപ്പിന്റെയും കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ പട്ടിക യഥാക്രമം **അനുബന്ധം 9.1.6**, **അനുബന്ധം 9.1.7** എന്നിവയിൽ നൽകിയിരിക്കുന്നു.

2023-24 ലെ പ്രധാന ഉത്ഖനനങ്ങളും സംരക്ഷണവും വയനാട് ജില്ലയിലെ എടക്കലിന് സമീപം മണ്ണ് നീക്കം ചെയ്യുമ്പോൾ കണ്ടെത്തിയ മഹാശിലാ അവശിഷ്ടങ്ങളുടെ ശാസ്ത്രീയ സംരക്ഷണമാണ്. അത് പൂർത്തിയായിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ മുടിക്കോട് പന്തല്ലൂരിലുള്ള ബ്രിട്ടീഷ് പോലീസ് ഔട്ട്പോസ്റ്റ് (ട്രാൻസിറ്റ് ജയിൽ) കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ ശാസ്ത്രീയ പരിശോധനയിലൂടെ കണ്ടെടുത്തു.

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ കോട്ടയം ജില്ലയിലെ പുണ്ഡരീകപുരം ക്ഷേത്രത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തിയായി.

15 സംരക്ഷിത സ്മാരകങ്ങളുടെ 2ഡി ഡോക്യുമെന്റേഷന്റെ പ്രാഥമിക ഘട്ടം പൂർത്തിയായി.

**കേരള സംസ്ഥാന പുരാ രേഖ വകുപ്പ്**

സംസ്ഥാന ആർക്കൈവ്സ് വകുപ്പ് 1962-ൽ രൂപീകൃതമായി. സംസ്ഥാന സർക്കാരിന്റെയും അതിന്റെ വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സ്ഥിരമായ മൂല്യത്തിന്റെ നിലവിലുള്ള പുരാരേഖ മൂല്യമുള്ള എല്ലാ ഭൂതകാല രേഖകളുടെയും സംരക്ഷണ ചുമതല ആർക്കൈവ്സ് വകുപ്പിനാണ്. സർക്കാർ രേഖകൾ, താളിയോല കൈയെഴുത്തുപ്രതികൾ തുടങ്ങിയ ചരിത്രപരമായ മൂല്യമുള്ള രേഖകളുടെ സൂക്ഷിപ്പുകാരായും വകുപ്പ് പ്രവർത്തിക്കുന്നു. വകുപ്പ് അത്തരം രേഖകൾ കണ്ടെടുത്ത് ശാസ്ത്രീയമായി സംരക്ഷിക്കുകയും, അങ്ങനെ അവ റഫറൻസ് ആവശ്യങ്ങൾക്കായി സംരക്ഷിക്കുകയും ചെയ്യുന്നു.

കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസിൽ ഒരു ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് വകുപ്പും കേരള സർവകലാശാലയും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു, ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ നൂതന സംരംഭമാണ് ഡിജിറ്റൽ ആർക്കൈവ്സ്. ലോകത്തിന്റെ ഏത് കോണിൽ നിന്നുമുള്ള ഗവേഷകരെ ഗവേഷണം നടത്താനും ഓൺലൈനായി ഡിജിറ്റൽ പകർപ്പുകൾ നേടാനും സഹായിക്കുകയാണ് ഇത് ലക്ഷ്യമിടുന്നത്.

**ബോക്സ് 9.1.2** പുരാവസ്തു വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട മ്യൂസിയങ്ങൾ

തമിഴ്നാട്ടിലെ തക്കലയിലുള്ള പദ്മനാഭപുരം കൊട്ടാരം ഉൾപ്പെടെ കേരളത്തിലെ നിരവധി മ്യൂസിയങ്ങൾ പുരാവസ്തു വകുപ്പിന്റെ കീഴിലാണ്. അവയിൽ പ്രധാനപ്പെട്ട മ്യൂസിയങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- പഴശ്ശി ടോംബ് മ്യൂസിയം, മാനന്തവാടി, വയനാട്
- കുഞ്ഞാലി മരക്കാർ സ്മാരക മ്യൂസിയം, കോട്ടക്കൽ, വടകര
- പഴശ്ശി രാജ മ്യൂസിയം, ഈസ്റ്റ് ഹിൽ, കോഴിക്കോട്
- ഗാന്ധി സ്മൃതി മ്യൂസിയം, പയ്യന്നൂർ, കണ്ണൂർ
- റീജിയണൽ ഹിസ്റ്ററി മ്യൂസിയം, കണ്ടോന്തർ, കണ്ണൂർ.
- പാലക്കാട് ജില്ലാ ഹെറിറ്റേജ് മ്യൂസിയം, കൽപ്പാത്തി, പാലക്കാട്
- തൃശൂർ ജില്ലാ പൈതൃക മ്യൂസിയം, തൃശൂർ
- ആർക്കിയോളജിക്കൽ മ്യൂസിയം, ശക്തൻ തമ്പുരാൻ കൊട്ടാരം, തൃശൂർ.
- എറണാകുളം ജില്ലാ ഹെറിറ്റേജ് മ്യൂസിയം, ബാസ്റ്റ്യൻ ബംഗ്ലാവ്, ഫോർട്ട് കൊച്ചി.
- ഹിൽ പാലസ് ആർക്കിയോളജിക്കൽ മ്യൂസിയം, തൃപ്പൂണിത്തുറ, എറണാകുളം
- ഇടുക്കി ജില്ലാ ഹെറിറ്റേജ് മ്യൂസിയം, പൈനാവ്, ഇടുക്കി.
- പുരാവസ്തു മ്യൂസിയം, കൃഷ്ണപുരം കൊട്ടാരം, കായംകുളം
- കൊട്ടാരക്കര തമ്പുരാൻ മെമ്മോറിയൽ ക്ലാസിക്കൽ ആർട്ട്സ് മ്യൂസിയം, കൊട്ടാരക്കര, കൊല്ലം
- വേലുത്തമ്പി ദളവ മെമ്മോറിയൽ മ്യൂസിയം, മണ്ണടി, പത്തനംതിട്ട
- കോയിക്കൽ പാലസ് മ്യൂസിയം, നെടുമങ്ങാട്, തിരുവനന്തപുരം
- പദ്മനാഭപുരം പാലസ് മ്യൂസിയം, തക്കല, കന്യാകുമാരി, തമിഴ്നാട്

അവലംബം: പുരാവസ്തു വകുപ്പ്, കേരള സർക്കാർ

ഇതിനായി, പ്രധാന റെക്കോർഡ് ഹോൾഡിംഗുകൾ ഡിജിറ്റൽ ഫോർമാറ്റിലേക്ക് സ്കാൻ ചെയ്യണം, സോഫ്റ്റ് വെയറിന്റെ സഹായത്തോടെ ഉപഭോക്താവിന് അവ എളുപ്പത്തിൽ ആക്സസ് ചെയ്യാൻ കഴിയും. ഇത് ആവശ്യമുള്ള വ്യക്തികൾക്ക് അവരുടെ ഗവേഷണ പ്രക്രിയയെ മെച്ചപ്പെടുത്താൻ ഉപകാരപ്രദമാണ്. ഇത് നേരിട്ടുള്ള സമ്പർക്കത്തിലൂടെ ഉണ്ടാകുന്ന യഥാർത്ഥ രേഖകളുടെ കേടുപാടുകൾ കുറയ്ക്കും.

ഡിജിറ്റലൈസേഷനിലെ നിക്ഷേപം കേരളത്തിന്റെ സാംസ്കാരിക പൈതൃകം ആഗോളതലത്തിൽ കൂടുതൽ പ്രാപ്യമാക്കുന്നതിനും പ്രാദേശിക കലാരൂപങ്ങൾക്ക് വിശാലമായ പ്രേക്ഷകരെ കണ്ടെത്താൻ അനുവദിക്കുന്നതിനും പ്രധാനമാണ്. സാംസ്കാരിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക, അന്താരാഷ്ട്ര കൈമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുക, വ്യത്യസ്ത പഠനശാഖാ ഗവേഷണങ്ങളും പ്രോജക്ടുകളും പ്രോത്സാഹിപ്പിക്കുക എന്നിവയും കേരളത്തെ ആഗോള സാംസ്കാരിക കേന്ദ്രമായി ഉയർത്താൻ സഹായിക്കും. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളേയും പ്രതിധ്വനിപ്പിക്കുന്ന വൈവിധ്യവും പ്രാതിനിധ്യവുമുള്ള സാംസ്കാരിക ആവാസവ്യവസ്ഥ ഉറപ്പാക്കിക്കൊണ്ട് സാംസ്കാരിക സംവാദത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ശബ്ദങ്ങൾ ഉൾപ്പെടുത്തുന്നത് ഇതുപോലെ തന്നെ പ്രധാനമാണ്. ആഗോള പ്രവണതകളുമായി ഇടപഴകുമ്പോൾ തന്നെ അതിന്റെ സ്വത്വം നിലനിർത്തിക്കൊണ്ട് കേരളത്തിന്റെ സാംസ്കാരിക മേഖലയ്ക്ക് അഭിവൃദ്ധി പ്രാപിക്കാനും വികസിക്കാനും കഴിയും.

## 9.2 കായികവും യുവജനകാര്യവും

കായിക രംഗത്തിന്റെ പ്രാധാന്യവും അതിനു വ്യക്തികളുടെയും സമൂഹത്തിന്റെയും ആകെ വികസനത്തിലും ഉള്ള നിർണ്ണായക പങ്ക് കേരള സർക്കാർ അംഗീകരിക്കുന്നു. യുവാക്കളുടെ ശാക്തീകരണത്തിൽ കായികത്തിന്റെ പ്രാധാന്യത്തിന് സംസ്ഥാന സർക്കാർ പ്രാമുഖ്യം നൽകുന്നു. കായികത്തിന്മേലുള്ള ഈ ഊന്നൽ സംസ്ഥാനത്തിന്റെ ചരിത്രപരമായ പാരമ്പര്യങ്ങളുടെ തുടർച്ച മാത്രമല്ല, മറിച്ച് അതുകൊണ്ടു സംസ്ഥാനത്തിനുണ്ടാകുന്ന അനവധി ഗുണങ്ങളുടെയും അംഗീകാരം കൂടിയാണ്.

1970-മുതൽ കായിക അടിസ്ഥാനസൗകര്യങ്ങളിൽ സ്റ്റേഡിയങ്ങളും കായിക വിദ്യാലയങ്ങളും സ്ഥാപിക്കുന്നതടക്കം വലിയ വളർച്ചയ്ക്കാണ് കേരളം സാക്ഷ്യം വഹിച്ചത്. 20-ആം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നിരവധി കായിക അക്കാദമികളും ക്ലബുകളും സംഘടിപ്പിച്ച് ദേശീയതല മത്സരങ്ങളിൽ പങ്കാളിത്തം സാധ്യമാക്കുകയും അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ചെയ്തു. ധനസഹായം, അടിസ്ഥാന സൗകര്യ വികസനം, യുവപ്രതിഭകളെ കണ്ടെത്തി വളർത്താനുള്ള നടപടികൾ എന്നിവയിലൂടെ കേരള സർക്കാർ കായികവും യുവജനക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

ഫുട്ബോൾ കേരളത്തിലെ ഏറ്റവും ജനപ്രിയമായ കായിക ഇനങ്ങളിൽ ഒന്നാണ്. കേരളത്തിൽ ഫുട്ബോളിന്റെ വളർച്ച ഗ്രാസ്റൂട്ട് തലം മുതൽ സീനിയർ തലം വരെ നേരിട്ട് നിരീക്ഷിക്കുന്നതിനായി 1948-ൽ കേരള ഫുട്ബോൾ അസോസിയേഷൻ രൂപീകൃതമായി. 1985 മുതൽ 1995 വരെയുള്ള കാലയളവിൽ സന്തോഷ് ട്രോഫിയിൽ കേരളം കൈവരിച്ച വിജയങ്ങൾ ഫുട്ബോളിനെ കേരളത്തിൽ വളരെ ജനപ്രിയമാക്കി. ഇതിന്റെ ഫലമായി, ഫിഫ 'മൈതാനം – ഫുട്ബോളിന്റെ കഥ' എന്ന സിനിമ കേരളത്തിൽ പുറത്തിറക്കി. ഇക്കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിലെ, കേരള ബ്ലാസ്റ്റേഴ്സ്, ഗോകുലം, കേരള എഫ്സി എന്നിവ പോലുള്ള ക്ലബ്ബുകൾ രാജ്യത്തെ പ്രമുഖ ഫുട്ബോൾ ടൂർണമെന്റുകളിൽ വിജയം നേടിയിട്ടുണ്ട്. ക്രിക്കറ്റിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളും പ്രാഗൽഭ്യവും വികസിപ്പിച്ചുവരുന്നത് കൂടാതെ, കായിക വിദ്യാഭ്യാസം, സ്കോളർഷിപ്പുകൾ എന്നിവക്കായി കേരളം കൂടുതൽ ശ്രദ്ധ നൽകുകയും ചെയ്യുന്നുണ്ട്. ബാഡ്മിന്റണും അത്‌ലറ്റിക്സും ഉൾപ്പെടെ വിവിധ കായിക ഇനങ്ങളിൽ കേരളം കായികതാരങ്ങളെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. യുവാക്കൾക്കിടയിൽ കായികക്ഷമതയെയും ആരോഗ്യത്തെയും കുറിച്ചുള്ള അവബോധം വളർത്തുന്നതോടൊപ്പം മത്സരങ്ങളിലൂടെയും ആഘോഷങ്ങളിലൂടെയും പരമ്പരാഗത കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കേരളം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**കേരള സർക്കാരിനു കീഴിലുള്ള കായിക സ്ഥാപനങ്ങൾ**

കായിക പ്രതിഭകളെ വളർത്തുന്നതിനും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സർക്കാർ വിവിധ കായിക സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. കേരളത്തിലെ സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സിന് കീഴിലുള്ള ചില പ്രധാന കായിക സ്ഥാപനങ്ങൾ ഇനിപ്പറയുന്നവയാണ്.

1. കായിക യുവജനകാര്യ ഡയറക്ടറേറ്റ്
2. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ
3. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്
4. കേരള സംസ്ഥാന യുവജന കമ്മീഷൻ

**1. കായിക യുവജനകാര്യ ഡയറക്ടറേറ്റ്**

ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് (ഡി.എസ്.വൈ.എ) 1986 -ൽ സ്ഥാപിതമായി. കേരളത്തിലെ കായിക വിനോദങ്ങളുടെ വികസനത്തിനും ഉന്നമനത്തിനും വേണ്ടി ഒരു പ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനമാണിത്. അനുയോജ്യമായതും മികച്ചതുമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്തുകൊണ്ടും കായിക രംഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം നൽകികൊണ്ടും,

അന്താരാഷ്ട്ര നിലവാരത്തിലേക്ക് കായിക താരങ്ങളെ പരിശീലിപ്പിച്ച് സംസ്ഥാനത്തെ കായിക വിനോദങ്ങളുടെ ഉന്നമനവും വികസനവും ലക്ഷ്യമാക്കിയുമാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇതിനുപുറമെ, കേരളത്തിൽ നിന്നുള്ള കായിക രംഗത്തുള്ള വ്യക്തികളുടെ മത്സര പ്രകടനങ്ങൾ വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ ഏറ്റവും പുതിയ സാങ്കേതിക വിദ്യകളും കായിക രംഗത്തുള്ള നൂതന ആശയങ്ങളും കൊണ്ടു വരുന്നതിനുള്ള പദ്ധതികൾ കായിക യുവജനകാര്യ ഡയറക്ടറേറ്റ് നടപ്പിലാക്കി വരുന്നു

### ഖേലോ ഇന്ത്യ യൂത്ത് ഗെയിമുകളിലെ പങ്കാളിത്തം

മുൻപ് ഖേലോ ഇന്ത്യ സ്കൂൾ ഗെയിംസ് (കെഐഎസ്ജി) എന്നറിയപ്പെട്ടിരുന്ന ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് (കെഐവൈജി) വർഷം തോറും ജനുവരി അല്ലെങ്കിൽ ഫെബ്രുവരിയിൽ, 17 വയസ്സിന് താഴെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കും 21 വയസ്സിന് താഴെയുള്ള കോളേജ് വിദ്യാർത്ഥികൾക്കും രണ്ട് പ്രായ വിഭാഗങ്ങളിലായി ഇന്ത്യയിൽ ദേശീയ തലത്തിൽ നടത്തി വരുന്നു. എല്ലാ വർഷവും മികച്ച 1,000 കുട്ടികൾക്ക് അന്താരാഷ്ട്ര കായിക മത്സരങ്ങൾക്കായി വാർഷിക സ്കോളർഷിപ്പായി 5 ലക്ഷം രൂപ വീതം നൽകും. അഞ്ചാമത്തെ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2024 ജനുവരി 19 മുതൽ 30 വരെ തമിഴ്നാട്ടിലെ ചെന്നൈ, മധുരൈ, ത്രിച്ചി, കോയമ്പത്തൂർ എന്നീ നഗരങ്ങളിലായി നടന്നു. 23 ഇനങ്ങളിലായി കേരളം 35 മെഡലുകൾ (11 സ്വർണം, 9 വെള്ളി, 15 വെങ്കലം) നേടി ഒൻപതാം സ്ഥാനത്തെത്തി.

### കായിക വികസന നിധി

കായിക വികസന നിധി (SDF) 2011-12 സാമ്പത്തിക വർഷത്തിന്റെ ബജറ്റിൽ ഒരു പുതിയ പദ്ധതി ആയി ആരംഭിച്ചു. സ്പോർട്സ് ഡെവലപ്മെൻറ് ഫണ്ട് വഴി പ്രതിഭാശാലികളായ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുക, പിന്തുണ നൽകുക, കൂടാതെ കായിക താരങ്ങളുടെ ആകെ പ്രകടനം മെച്ചപ്പെടുത്തുക എന്നീ പ്രവർത്തനങ്ങൾക്കായി പദ്ധതി മോഡിൽ കായിക വികസന പരിപാടികൾ രൂപീകരിക്കുന്നതോടൊപ്പം ദേശീയവും അന്താരാഷ്ട്ര തലങ്ങളിലുമായും പ്രശസ്തമായ നേട്ടങ്ങൾ നേടിയ കായിക താരങ്ങളെ സർക്കാർ പ്രോത്സാഹനങ്ങൾക്കുള്ള അവാർഡുകൾ നൽകി ആദരിക്കുകയും ചെയ്യുന്നു.

### ഇൻറർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള 2024

കായിക യുവജനകാര്യ വകുപ്പ് 2024 ജനുവരി 23 മുതൽ 26 വരെ തിരുവനന്തപുരത്ത് 'ഇൻറർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള 2024' (ISSK 2024) സംഘടിപ്പിച്ചു. കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിൽ കായികരംഗത്തെ അഭിവാജ്യമായ ഒരു ഘടകമായി കൂട്ടിച്ചേർക്കുന്നതിലേക്കുള്ള ചവിട്ടുപടിയായിരുന്നു ഈ ഉച്ചകോടി. സെമിനാറുകൾ, എക്സിബിഷനുകൾ, നിക്ഷേപകർ, സ്റ്റാർട്ടപ്പ് മീറ്റുകൾ എന്നിവ ഉൾപ്പെടുന്നതായിരുന്നു പരിപാടി. ISSK 2024-ന്റെ ഒരു സുപ്രധാന നേട്ടം 5025 കോടി രൂപയുടെ നിക്ഷേപ ഓഫറുകൾ സൃഷ്ടിച്ചതാണ്. അടിസ്ഥാന സൗകര്യ വികസനം, സ്പോർട്സ് അക്കാദമികൾ, സാങ്കേതികവിദ്യാധിഷ്ഠിത സംരംഭങ്ങൾ എന്നിവയുൾപ്പെടെ നിരവധി പദ്ധതികൾ ഈ ഓഫറുകൾ ഉൾക്കൊള്ളുന്നു. നിക്ഷേപങ്ങളുടെ കുത്തൊഴുക്ക് കേരളത്തിന്റെ കായിക സമ്പദ്‌വ്യവസ്ഥയുടെ സാധ്യതകളിലുള്ള ആത്മവിശ്വാസത്തെ സൂചിപ്പിക്കുന്നു.

### പ്രത്യേക പദ്ധതികൾ

#### ജൂഡോക്ക

അന്താരാഷ്ട്ര തലത്തിലുള്ള ജൂഡോ കളിക്കാരെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 10 കേന്ദ്രങ്ങളിൽ (തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, ആലപ്പുഴ, മലപ്പുറം, കണ്ണൂർ) പദ്ധതി നടപ്പാക്കുന്നു. 8 മുതൽ 11 വയസ്സുവരെയുള്ള കുട്ടികൾക്കായി നടത്തുന്ന പരിശീലന പരിപാടിയിൽ ഒരു സ്കൂളിൽ 40 കുട്ടികൾ വീതം പരിശീലിപ്പിക്കപ്പെടുന്നു.

#### പഞ്ച്

കേരളത്തിലെ വിദ്യാർത്ഥികൾക്ക് ബോക്സിംഗ് എന്ന കായിക ഇനത്തെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ മെഡലുകൾ നേടുന്നതിനും താഴെത്തട്ടിൽ പ്രതിഭ വികസന ഘടന ശക്തിപ്പെടുത്തുന്നതിനുമായി PUNCH എന്ന പേരിൽ താഴെത്തട്ടിൽ ഒരു പരിശീലന പരിപാടി കേരളത്തിലെ 5 കേന്ദ്രങ്ങളിൽ നടത്തുന്നു. കേരളത്തിലുടനീളം ബോക്സിംഗിന്റെ അറിവും മൂല്യങ്ങളും പ്രചരിപ്പിക്കാൻ സഹായിക്കുന്ന ഒരു സുപ്രധാന പദ്ധതി എന്ന നിലയിലും ഈ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കൊല്ലം, എറണാകുളം, കണ്ണൂർ, കോഴിക്കോട്, കോട്ടയം ജില്ലകളിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ സ്കൂൾ വിദ്യാർഥികളിൽ നിന്ന് ഓപ്പൺ സെലക്ഷനിലൂടെ 25 കുട്ടികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി.

#### ഹൂപ്സ്

സ്കൂൾ വിദ്യാർത്ഥികളെ ലോകോത്തര കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ അവർക്ക് ബാസ്ക്കറ്റ് ബോൾ പരിശീലനം വാഗ്ദാനം ചെയ്യുന്ന ഒരു പരിപാടിയാണ് ഹൂപ്സ്. ഓപ്പൺ സെലക്ഷൻ പ്രക്രിയയിലൂടെ തിരഞ്ഞെടുത്ത 4 മുതൽ 8 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളെയാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. നിലവിൽ സംസ്ഥാനത്തെ 10 കേന്ദ്രങ്ങളിലാണ് പരിപാടി നടക്കുന്നത്. അടുത്ത ഘട്ടം കെഎസ്എസ്സിയുമായി സഹകരിച്ച് നടപ്പാക്കും.

#### സ്പ്രിന്റ്

ചെറുപ്പം മുതലേ ലോകോത്തര കായികതാരങ്ങളെ കണ്ടെത്തി കേരളത്തിന്റെ അന്താരാഷ്ട്ര കായിക പ്രശസ്തി പുനരുജ്ജീവിപ്പിക്കുക എന്നതാണ് സ്പ്രിന്റ് പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ കാസർകോട്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിലെ കേന്ദ്രങ്ങളിൽ പദ്ധതി സജീവമാണ്. ഓപ്പൺ സ്കൂൾ സെലക്ഷനിലൂടെ 298 കുട്ടികളെ തിരഞ്ഞെടുത്തു, അവർ ഈ ആറ് കേന്ദ്രങ്ങളിൽ വിദഗ്ധ പരിശീലകരെ ഉൾപ്പെടുത്തി ആദ്യഘട്ട പരിശീലനത്തിന് വിധേയരാകും.

#### ഹെൽത്തി കിഡ്സ്

കേരളത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവുകൾ വർധിപ്പിക്കുന്നതിനായി കായിക

യുവജനകാര്യ വകുപ്പ് വിദ്യാഭ്യാസ വകുപ്പിന്റെയും എസ്‌സിഇആർടിയുടെയും സഹകരണത്തോടെ 'ഹെൽത്തി കിഡ്സ്' എന്ന സുപ്രധാന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ തെരഞ്ഞെടുത്ത 30 സ്ഥാപനങ്ങളിൽ പരിശീലനവും ഉപകരണങ്ങൾ സ്ഥാപിക്കലും ഏറെക്കുറെ പൂർത്തിയായി.

**ഗോൾ**

സ്കൂൾ വിദ്യാർഥികൾക്കായുള്ള തനത് ഫുട്ബോൾ പരിശീലന സംരംഭമായ ഗോൾ പ്രോജക്ട് സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലുടനീളം ആരംഭിക്കും, ഇത് തുടക്കത്തിൽ 4,200 കുട്ടികളെ പരിശീലിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഈ പ്രോജക്റ്റിന് കീഴിൽ മൊത്തം 500,000 കുട്ടികൾക്ക് പരിശീലനം നൽകും, മികച്ച പ്രകടനം നടത്തുന്നവർക്ക് ദേശീയ അന്തർദ്ദേശീയ കളിക്കാരായി വളരുന്നതിന് വിപുലമായ പരിശീലനം ലഭിക്കും.

**ഗ്രാമീണ കളിസ്ഥലം**

**ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം**

"ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം" എന്നത് ഓരോ ഗ്രാമത്തിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിച്ചുകൊണ്ട് അമേച്വർ കായികവിനോദങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഒരു വലിയ പദ്ധതിയാണ്. "എല്ലാവർക്കും ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം" എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഈ പദ്ധതി പ്രകാരം 124 കളിസ്ഥലങ്ങൾ നിർമിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്.

**സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ**

ഓരോ പൗരന്റെയും സമഗ്ര വികസനത്തിൽ കായിക വിനോദങ്ങളും, ശാരീരികക്ഷമതയും ഒരു പ്രധാന പങ്ക് വഹിക്കുന്നു. ടീം സ്പിരിറ്റിനെ വളർത്തികൊണ്ട്, തന്ത്രപരവും വിശകലനപരവുമായി ചിന്തിക്കാനും, നേതൃത്വപരമായ കഴിവുകൾ വർദ്ധിപ്പിക്കാനും, ലക്ഷ്യങ്ങളിൽ ഊന്നി നിൽക്കാനും, റിസ്ക് എടുക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കുന്നതിനും സാധിക്കുന്നു. അന്താരാഷ്ട്ര നിലവാരമുള്ള എയർ കണ്ടീഷൻ ചെയ്ത സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ഇതിനകം സംസ്ഥാനത്ത് ഒമ്പത് സ്ഥലങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും അത്തരമൊരു കേന്ദ്രമെങ്കിലും സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ പ്രദേശത്തെ ജനങ്ങൾക്കിടയിൽ ഒരു കായിക സംസ്കാരം വളർത്തിയെടുക്കുമെന്നും ആരോഗ്യകരമായ ജീവിതത്തെ പ്രോത്സാഹിപ്പിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഭാവിയിലെ അത്‌ലറ്റുകൾക്ക് ഒരു അടിത്തറ കെട്ടിപ്പടുക്കുന്നതിനും, കായികരംഗത്ത് മത്സരപരവും വിനോദപരവുമായ പങ്കാളിത്തത്തിന് അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമൊപ്പം ഈ സംരംഭം ജനസംഖ്യയുടെ മൊത്തത്തിലുള്ള ഫിറ്റ്നസ് ലെവലുകൾ മെച്ചപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**സ്റ്റേഡിയങ്ങൾ**

കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിനും അവർക്ക് മെച്ചപ്പെട്ട പ്രകടനം കാഴ്ചവക്കുന്നതിനും, കുട്ടികളുടെയും യുവാക്കളുടെയും ആത്മവിശ്വാസം വളർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സ്റ്റേഡിയങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. 36 സ്റ്റേഡിയങ്ങൾ സംസ്ഥാനത്തുണ്ട്. കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങളുടെ ഉപയോഗവും ഇരിപ്പിടങ്ങളുടെ എണ്ണവും സംബന്ധിച്ച, വിവരങ്ങൾ **പട്ടിക. 9.2.1** ലും പൂർണ്ണമായ വിവരങ്ങൾ **അനുബന്ധം 9.2.1**–ലും നൽകിയിരിക്കുന്നു.

**സ്പോർട്സ് കേരള ഫൗണ്ടേഷൻ**

സംസ്ഥാനത്തെ സ്റ്റേഡിയത്തിന്റെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം, പ്രവർത്തനങ്ങൾ, പതിവ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി, 2021-22 ൽ കേരള സർക്കാർ

**പട്ടിക 9.2.1**.ഉപയോഗവും ഇരിപ്പിടവും അനുസരിച്ച് കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങൾ

| ക്രമ നം. | സ്റ്റേഡിയത്തിന്റെ പേര് | ഉപയോഗം | ഇരിപ്പിടങ്ങളുടെ എണ്ണം (ഏകദേശ എണ്ണം) |
|---|---|---|---|
| 1 | കാര്യവട്ടം സ്റ്റേഡിയം | ഗ്രീൻ ഫീൽഡ് സ്റ്റേഡിയം- ക്രിക്കറ്റ് | 50,000 |
| 2 | മലപ്പുറം ജില്ലാ സ്പോർട്സ് കോംപ്ലക്സ് സ്റ്റേഡിയം | ഫുട്ബാൾ/ | 10,000 |
| 3 | ഹോക്കി സ്റ്റേഡിയം, കൊല്ലം | ഔട്ട് ഡോർ -ഫുട്ബാൾ | 5,000 |
| 4 | ഇൻഡോർസ്റ്റേഡിയം, കണ്ണൂർ | ഔട്ട്ഡോർ സ്റ്റേഡിയം (ഹോക്കി) | 5,000 |
| 5 | ഇൻഡോർസ്റ്റേഡിയം, കോഴിക്കോട് | ഇൻഡോർ സ്റ്റേഡിയം | 3,500 |
| 6 | നീന്തൽകുളം, പിരപ്പൻകോട്, തിരുവനന്തപുരം | ( മൾട്ടി സ്പോർട്സ് ) | 3,000 |
| 7 | ജി എച്ച് എസ് എസ് കുന്നംകുളം ഗ്രൗണ്ട്, തൃശ്ശൂർ | ഔട്ട്ഡോർ സ്റ്റേഡിയം( പോപ് അപ് സ്പ്രിംഗ്ളർ സിസ്റ്റത്തോട് കൂടിയ ഫുട്ബാൾ ടർഫ്) | 3000 |
| 8 | ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം | ഇൻഡോർ സ്റ്റേഡിയം ( മൾട്ടി സ്പോർട്സ് ) | 2,000 |
| 9 | ഇൻഡോർ സ്റ്റേഡിയം , തൃശൂർ | ഇൻഡോർ സ്റ്റേഡിയം (ബോക്സിംഗ്/ മൾട്ടി സ്പോർട്സ്) | 2,000 |
| 10 | തൃശൂർ അക്വാട്ടിക് കോംപ്ലക്സ് | നീന്തൽ | 1,800 |

ഉറവിടം - കായിക യുവജനകാര്യ ഡയറക്ടറേറ്റ്.

സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പൊതുമേഖലാ സംരംഭം (പിഎസ്‌ഇ) രൂപീകരിച്ചു. ആസ്തി നിർമ്മാണം, മാനേജ്മെന്റ് കമ്പനി എന്ന ഇരട്ട ലക്ഷ്യങ്ങളോടെ ഒരു സ്പെഷ്യൽ purpose vehicle ആയി ഇത് പ്രവർത്തിക്കുന്നു. സ്വയം സുസ്ഥിരമായ വരുമാനം ഉണ്ടാക്കുന്ന കായിക ആസ്തികൾ വികസിപ്പിക്കുന്നതിലും കേരളത്തിലെ കായിക വികസനത്തിനായി താഴെ തട്ടിലുള്ള വിവിധ പ്രോഗ്രാമുകളും പദ്ധതികളും നടത്തുന്നതിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കേരള സംസ്ഥാനത്തിലെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമുള്ള നോഡൽ ഏജൻസിയായും ഇത് പ്രവർത്തിക്കുന്നു.

**II. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ**

കേരള സ്പോർട്സ് ആക്ട് 2000 (2001 ലെ ആക്ട് 2) പ്രകാരം രൂപീകരിച്ച ഒരു നിയമപരമായ സ്ഥാപനമാണ് കേരള സംസ്ഥാന കായിക സമിതി. ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം 1954 ൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്ഥാപിക്കുകയും കേരള സ്പോർട്സ് കൗൺസിൽ എന്ന പേരിൽ കേരളത്തിൽ സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിന് 1974 ൽ പുനസംഘടിപ്പിക്കുകയും ചെയ്തു. കേരള സ്പോർട്സ് കൗൺസിൽ പിരിച്ചുവിടുകയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിലവിൽ വരികയും കേരള സ്പോർട്സ് ആക്ട് 2000, കേരള സ്പോർട്സ് റൂൾസ് 2008 എന്നിവ പ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നു.

**സ്പോർട്സ് അക്കാദമികൾ**

വിവിധ കായിക ഇനങ്ങളിൽ മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നതതല പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 31 ജില്ലാ സ്പോർട്സ് അക്കാദമികൾ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്നു. കൂടാതെ, കൗൺസിലിന്റെ സഹായത്തോടെ യഥാക്രമം 51 സ്പോർട്സ് അക്കാദമികളും 23 സ്പോർട്സ് അക്കാദമികളും കോളേജ്, സ്കൂൾ തലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഭാവി വാഗ്ദാനമായ കായിക താരങ്ങളെ സെലക്ഷൻ ട്രയലുകൾക്ക് ശേഷം മെറിറ്റിൽ തിരഞ്ഞെടുക്കുന്നു. അക്കാദമികളിലെ കായികതാരങ്ങൾക്ക് ബോർഡിംഗ്, ലോഡ്ജിംഗ് ചാർജ്ജുകളാണ് നൽകുന്നത്. കൂടാതെ, അവരുടെ ചികിത്സാ ചെലവുകളും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ ചെലവുകളും ദൈനംദിന ചെലവുകളും കൗൺസിൽ വഹിക്കുന്നു. കൗൺസിലിന്റെ നേതൃത്വത്തിൽ വിദഗ്ധരാണ് ഇവർക്ക് പരിശീലനം നൽകുന്നത്. അക്കാദമികളിൽ പരിശീലനത്തിനായി കായിക ഉപകരണങ്ങളും സ്പോർട്സ് കിറ്റുകളും കൗൺസിൽ നൽകുന്നുണ്ട്.

**റൂറൽ കോച്ചിംഗ് സെന്ററുകളും ഡേ ബോർഡിംഗ് സെന്ററുകളും**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങളിലെ പരിശീലകർക്ക് പ്രതിഫലവും ഓരോ വിദ്യാർത്ഥിക്കും ഒരു ദിവസം 25 രൂപ വീതം പ്രതിമാസ ഗ്രാന്റും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പദ്ധതി പ്രകാരം നൽകുന്നു. 14 ജില്ലകളിലായി വിവിധ കായിക ഇനങ്ങളിലായി 61 ബോർഡിംഗ് സെന്ററുകളുണ്ട്. പരിശീലകർക്ക് ആവശ്യമായ കായിക ഉപകരണങ്ങളും ലഘുഭക്ഷണവും കൗൺസിൽ നൽകുന്നു. ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേനയാണ് ഡേ ബോർഡിംഗ് സ്കീമിനുള്ള ധനസഹായം നൽകുന്നത്.

**മികവിന്റെ കേന്ദ്രങ്ങൾ (എലൈറ്റ് ട്രെയിനിംഗ് സെന്റർ– അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്ക്കറ്റ് ബോൾ)**

കായിക പ്രതിഭകളായ യുവതാരങ്ങളിൽ കായിക വൈദഗ്ധ്യം പരിപോഷിപ്പിക്കുന്നതിനും ഏഷ്യൻ, കോമൺവെൽത്ത്, ഒളിംപിക് ഗെയിംസുകളിൽ മെഡലുകൾ നേടുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമായി അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ തുടങ്ങിയ വിവിധ മേഖലകളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എലൈറ്റ് സ്കീം നടപ്പാക്കിയിട്ടുണ്ട്. മികച്ച കായിക താരങ്ങളെ സെലക്ഷൻ ട്രയലുകൾക്ക് ശേഷം മെറിറ്റിൽ തെരഞ്ഞെടുക്കുകയും അവർക്ക് വിദഗ്ധ പരിശീലകരുടെ കീഴിൽ പരിശീലനം, വൈദ്യചികിത്സ, പഠന സൗകര്യങ്ങൾ, മറ്റു അനുബന്ധ സൗകര്യങ്ങൾ എന്നിവ നൽകുകയും ചെയ്യുന്നു. നിലവിൽ എലൈറ്റ് സ്കീമിന് കീഴിൽ 4 മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു

**വിവിധ അവാർഡുകൾ**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ തരം അവാർഡുകൾ **പട്ടിക 9.2.2**-ൽ നൽകിയിരിക്കുന്നു
.

ഡോ. എപിജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി

നമ്മുടെ സംസ്ഥാനത്തെ പ്രമുഖ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്നതാണ് ഡോ.എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി. ഈ സ്കീമിന് കീഴിൽ, 14 നും 20 നും ഇടയിൽ പ്രായമുള്ള 11 കായികതാരങ്ങൾക്ക് പ്രതിവർഷം 10,000/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു. അതാത് വർഷത്തെ പ്രകടനത്തിന്റെ അടിസ്ഥാനത്തിലാണ് അർഹരായ കായികതാരങ്ങൾക്ക് സ്കോളർഷിപ്പ് നൽകുന്നത്. ഓരോ വർഷവും പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ 24 വയസ്സ് പൂർത്തിയാകുന്നതു് വരെ അല്ലെങ്കിൽ പരമാവധി അഞ്ച് വർഷം വരെ സ്കോളർഷിപ്പ് നൽകും.

**വനിതാ ഫുട്ബോൾ അക്കാദമി**

രാജ്യത്തെ ഏറ്റവും മികച്ച ഫുട്ബോൾ പാരമ്പര്യമാണ് കേരളത്തിനുള്ളത്. എന്നാൽ സംസ്ഥാനത്ത് വനിതാ ഫുട്ബോൾ വികസനത്തിന് പരിമിതമായ പദ്ധതികൾ മാത്രമാണുള്ളത്. താമസത്തിനും പരിശീലനത്തിനും അനുയോജ്യമായ സ്ഥലത്ത് ദേശീയ നിലവാരത്തിലുള്ള തനത് അക്കാദമിയാണ് ലക്ഷ്യം. എട്ടാം ക്ലാസ് മുതൽ 12-)ം ക്ലാസ് വരെ അഞ്ച് വർഷമാണ് പരിശീലന കാലയളവ്. ഇത് രണ്ട് ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. 3 വർഷത്തിനു ശേഷം (8 ,9,10) ഉയർന്ന നിലവാരം മാത്രം കാണിക്കുന്നവരെ അടുത്ത 2 വർഷത്തേക്ക് (+1,+2 ക്ലാസ്) പ്രമോട്ടുചെയ്യും. 25 പെൺകുട്ടികളെ അക്കാദമിയിലേക്ക് തിരഞ്ഞെടുക്കും. 2021 നവംബർ 19-ന് എറണാകുളത്തെ പനമ്പിള്ളി നഗറിൽ അക്കാദമി സ്ഥാപിതമായി. എറണാകുളം പനമ്പിള്ളി നഗർ സ്റ്റേഡിയത്തിൽ പരിശീലനം നടത്തുന്ന 15 കുട്ടികൾ കഴിഞ്ഞ സുബ്രതോ കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ചു.

**പട്ടിക 9.2.2** കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ കായിക അവാർഡുകൾ

| ക്രമ നം. | അവാർഡുകൾ | വിവരണം |
|---|---|---|
| | ജി വി രാജ അവാർഡ് | കേരളത്തിലെ ഏറ്റവും മികച്ച പുരുഷ-വനിതാ കായികതാരങ്ങൾക്കുള്ള ലെഫ്. കേണൽ ഗോദവർമ രാജയുടെ പേരിൽ കൗൺസിൽ ഏർപ്പെടുത്തിയ പരമോന്നത കായിക ബഹുമതിയാണ് ജി.വി.രാജ അവാർഡ്. മൂന്നുലക്ഷം രൂപയും ഫലകവും പ്രശംസാപത്രവുമാണ് അവാർഡ് ജേതാവിന് നൽകുന്നത് |
| 2 | ഒളിമ്പ്യൻ സുരേഷ് ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് | ഒളിമ്പ്യൻ സുരേഷ് ബാബുവിന്റെ സ്മരണാർത്ഥം ദേശീയ അന്തർദ്ദേശീയ കായികരംഗത്ത് സമഗ്ര സംഭാവനകൾ നൽകിയ വ്യക്തികൾക്കായി ഏർപ്പെടുത്തിയ പുരസ്കാരമാണിത്. ഒരു ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവുമാണ് അവാർഡ് ജേതാവിന് നൽകുന്നത്. |
| 3 | മികച്ച കായിക പരിശീലകൻ | കേരളത്തിലെ മികച്ച കായിക പരിശീലകന് ഒരു ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവും നൽകും. |
| 4 | മറ്റ് കായിക അവാർഡുകൾ | മികച്ച കായിക അധ്യാപകൻ (സ്കൂൾ തലം)<br>മികച്ച കായിക അധ്യാപകൻ (കോളേജ് തലം)<br>മികച്ച കായിക മികവു നേടിയ കോളേജ്<br>മികച്ച കായിക മികവു നേടിയ സ്കൂൾ<br>മികച്ച സ്പോർട്സ് അക്കാദമി - സ്കൂൾ തലം (ആൺകുട്ടികളും പെൺകുട്ടികളും)<br>മികച്ച സ്പോർട്സ് അക്കാദമി - കോളേജ് തലം (പുരുഷൻമാരും സ്ത്രീകളും)<br>50,000 രൂപ ക്യാഷ് പ്രൈസും ഫലകവും പ്രശംസാപത്രവും അവാർഡ് ജേതാവിന് നൽകുന്നു. |
| 5 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മീഡിയ അവാർഡ് | മികച്ച സ്പോർട്സ് ഫോട്ടോഗ്രാഫർ<br>മികച്ച വിഷ്വൽ മീഡിയ ഫീച്ചർ<br>മികച്ച കായിക പുസ്തകം<br>മികച്ച സ്പോർട്സ് ജേർണലിസ്റ്റ്<br>50,000 രൂപ ക്യാഷ് പ്രൈസും ഫലകവും പ്രശംസാപത്രവും അവാർഡ് ജേതാവിന് നൽകുന്നു. |

ഉറവിടം:- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

**കേരള സംസ്ഥാന സ്കൂൾ സ്പോർട്സും ഗെയിമുകളും**

പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ വർഷവും സ്കൂൾ കുട്ടികൾക്കായി സ്പോർട്സ്, ഗെയിംസ് ഇവന്റുകൾ നടത്തുന്നു. എല്ലാ ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂളുകളിലും ഗെയിംസ്, അത്ലറ്റിക്സ് എന്നിവയിൽ സ്കൂൾ തല മത്സരങ്ങൾ നടത്തപ്പെടുന്നു. സീനിയർ (19 വയസ്സിന് താഴെ), ജൂനിയർ (17 വയസ്സിന് താഴെ), സബ് ജൂനിയർ (14 വയസ്സിന് താഴെ), കുട്ടികൾ (12 വയസ്സിന് താഴെ), എൽപി കുട്ടികൾ (10 വയസ്സിന് താഴെ), എൽപി മിനി (8 വയസ്സിന് താഴെ) എന്നിങ്ങനെ ആറ് പ്രായ വിഭാഗങ്ങളിലായാണ് അക്വാട്ടിക്സ്, അത്ലറ്റിക്സ്, മറ്റ് 17 കാറ്റഗറി ഗെയിമുകൾ എന്നിവയ്ക്കായി ഇന്റർ സ്കൂൾ മത്സരങ്ങൾ നടക്കുന്നത്. സ്കൂളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കിന് അർഹതയുണ്ട്. ഉപജില്ലാ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കായിക മത്സരങ്ങളും നടക്കുന്നു. 2024-25 വർഷത്തെ അക്വാട്ടിക്സ്, അത്ലറ്റിക്സ്, പ്രകടന വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം.9.2.2**, **അനുബന്ധം.9.2.3**, എന്നിവയിൽ നൽകിയിരിക്കുന്നു.

**III. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്**

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 1985-ൽ രൂപീകരിച്ചു. യുവജനക്ഷേമ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് ബോർഡിന്റെ പ്രധാന ലക്ഷ്യം. തൊഴിൽ രഹിതരായ യുവാക്കൾക്ക് പരിശീലന പരിപാടികളും സ്വയം തൊഴിൽ സംരംഭങ്ങളും ആരംഭിക്കുന്നതിന് യൂത്ത് ക്ലബുകൾക്കും സംഘടനകൾക്കും ബോർഡ് ധനസഹായം നൽകി വരുന്നു.

2024-25 ൽ ബോർഡ് ഏറ്റെടുത്ത പ്രധാന സംരംഭങ്ങൾ ഇനിപ്പറയുന്നവയാണ്.

- **ഓൺലൈൻ ഡെലിവറി സംവിധാനം**: ഓൺലൈൻ ഡെലിവറി സിസ്റ്റം പദ്ധതി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ചിരിക്കുന്നത് ചെറുപട്ടണങ്ങളിലെ ചില്ലറ വ്യാപാരികൾക്ക് ഓൺലൈൻ വിപണിയിലേക്ക് പ്രവേശനം നൽകുന്നതിനാണ്. ഈ പദ്ധതിയിലൂടെ, പ്രത്യേകിച്ച് ഓൺലൈൻ ഡെലിവറി സംവിധാനത്തിലൂടെ, യുവാക്കൾക്ക് തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവുമായാണ് ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നത്.
- **യൂത്ത് ഫോറം**: ഹൈസ്കൂൾ തലം, ജില്ലാ തലം, സംസ്ഥാന തലം എന്നിങ്ങനെ വിവിധ തലങ്ങളിൽ സയൻസ് ക്വിസ്, സാഹിത്യ ക്യാമ്പുകൾ, കലാ മത്സരങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ യൂത്ത് ഫോറം ഏറ്റെടുക്കുന്നു. മൊത്തം 2,10,000 രൂപ സമ്മാനമായി സംസ്ഥാനതല സയൻസ് ക്വിസ് 'BRAIN BATTLE-24' നടത്തി. സംസ്ഥാനത്തെ 14 ജില്ലാ യുവജനകേന്ദ്രങ്ങളിലും ഫോറം നാടൻപാട്ട് മത്സരവും നടത്തി. ഇതിഹാസ നാടോടി ഗായകൻ 'കലാഭവൻ മണി'യുടെ സ്മരണാർത്ഥം എല്ലാ വർഷവും ജില്ലാ-സംസ്ഥാനതല മത്സരം 'മണിനാദം'

നടത്തിവരുന്നു. കൂടാതെ, യുവാക്കളുടെ സാഹിത്യ കഴിവുകൾ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫോറം സാഹിത്യ ക്യാമ്പുകൾ നടത്തുന്നു. 2024-25ൽ 'ഉയിര്', 'വഗദ്യേ' എന്നീ രണ്ട് സാഹിത്യ ക്യാമ്പുകൾ നടത്തി.

- **ടീം കേരള യൂത്ത് ഫോഴ്സ്** : യുവജനങ്ങളുടെ താഴേത്തട്ടിൽ സജീവമായ ഇടപെടൽ പ്രോത്സാഹിപ്പിക്കുന്നതിലൂടെ അവരുടെ ഇടയിൽ സന്നദ്ധപ്രവർത്തനത്തിന്റെ സംസ്കാരം വളർത്തി യെടുക്കുക എന്ന ലക്ഷ്യത്തോടെ ടീം കേരള-കേരള യുവജന സേന കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ടീം കേരള എന്ന പേരിൽ അറിയപ്പെടുന്ന കേരള യുവജന സേന ആരംഭിച്ചു. ദുരന്തനിവാരണത്തിനും പകർച്ചവ്യാധി പ്രതികരണത്തിനും യുവജന സന്നദ്ധപ്രവർത്തകരെ അണിനിരത്തുക മാത്രമല്ല, യുവാക്കൾക്കിടയിലെ ലഹരിവസ്തുക്കളുടെ ദുരുപയോഗം ചെറുക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങളിൽ അവരെ പങ്കാളികളാക്കുക കൂടിയാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ വികസന അജണ്ട മുന്നോട്ട് കൊണ്ടുപോകുന്നതിൽ നിർണായക പങ്ക് വഹിക്കാൻ യുവാക്കളെ ശാക്തീകരിക്കാനാണ് പരിപാടി. കോവിഡ്-19 മഹാമാരിയുടെ കാലത്ത് ടീം കേരളയുടെ പ്രശംസനീയമായ ശ്രമങ്ങൾക്ക് പുറമേ, തടാകങ്ങൾ, നദികൾ മുതലായവ പുനരുജ്ജീവിപ്പിക്കാനുള്ള ശുചീകരണ കാമ്പെയ്ൻ, ബീച്ച് ക്ലീനിംഗ്, ആശുപത്രി പരിസരം വൃത്തിയാക്കൽ, ഡീ അഡിക്ഷൻ കാമ്പെയ്നുകൾ തുടങ്ങി നിരവധി പ്രവർത്തനങ്ങളും ടീം ഏറ്റെടുക്കുന്നു.
- **വിവിധ ക്ലബ്ബുകൾ**: കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, ബോർഡുമായി ബന്ധപ്പെട്ട വിവിധ ക്ലബ്ബുകൾ മുഖേനയും ബോർഡ് നേരിട്ട് കൈകാര്യം ചെയ്യുന്നതിലൂടെയും വിവിധ ബോധവൽക്കരണ പരിപാടികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സംസ്ഥാനത്തെ യുവജനങ്ങളെ ശാക്തീകരിക്കാൻ വിഭാവനം ചെയ്യുന്നു. ബോധവൽക്കരണ പരിപാടികൾ, മത്സര പരീക്ഷകൾക്കുള്ള പരിശീലനം, പരിസ്ഥിതി പ്രവർത്തനങ്ങൾ, സ്പോർട്സ് കിറ്റ് വിതരണം എന്നിവയാണ് പരിപാടികൾ. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത വിവിധ ക്ലബ്ബുകളുടെ വിശദാംശങ്ങൾ **പട്ടിക 9.2.3** ൽ നൽകിയിരിക്കുന്നു
- **കേരളോത്സവം:** കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഒരു പ്രധാന പരിപാടിയാണ് കേരളോത്സവം. നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും യുവാക്കൾക്ക് അവരുടെ കലാപരമായ കഴിവുകൾ

**പട്ടിക 9.2.3** വിവിധ തരം ക്ലബ്ബുകളും അവയുടെ പ്രവർത്തനങ്ങളും

| ക്രമ നം. | ക്ലബ്ബുകളുടെ പേര് | ക്ലബ്ബുകളുടെ/ ഗുണഭോക്താക്കളുടെ എണ്ണം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | കാർഷിക ക്ലബ്ബുകൾ (കതിർ) | 140 / 7,000 | കൃഷിയിൽ താൽപ്പര്യമുള്ള യുവാക്കളെ പ്രചോദിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക, അതുവഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും യുവജന സംഘങ്ങൾക്ക് അവസരങ്ങൾ നൽകാനും സഹായിക്കുന്നു. | പരിശീലന പരിപാടികൾ, കാർഷിക ഉൽപ്പന്നങ്ങളുടെ പ്രദർശനം, കർഷക സംഗമം, കാർഷിക മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. |
| 2 | വനിതാ ക്ലബ്ബുകൾ (അവളിടം) | 1,040 / 52,000 | സ്ത്രീ ശാക്തീകരണത്തിന്റെയും യുവതികളെ മുഖ്യധാരായിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി, സ്വയം പര്യാപ്തത നേടാനും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാനും സഹായിക്കുന്നു. | സ്ത്രീധനം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തുടങ്ങിയവയ്ക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ചുള്ള പരിപാടികൾ, സ്ത്രീകൾക്ക് സ്വയം തൊഴിൽ പരിശീലനം, ആരോഗ്യ മുൻനിര സേവനങ്ങൾ. |
| 3 | ഭിന്നശേഷികാർക്കുള്ള ക്ലബ്ബുകൾ (യെസ്) | 14 /1,400 | ബുദ്ധിപരമായി വൈകല്യമുള്ളവരുടെ സാമൂഹിക ഒറ്റപ്പെടൽ കുറയ്ക്കുകയും അവരിലെ വിവിധ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. | യാത്രകൾ സംഘടിപ്പിക്കുക, പ്രമുഖരുമായി ആശയവിനിമയം നടത്തുക, വിവിധ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുക |
| 4 | ട്രാൻസ്ജെൻഡർ ക്ലബ്ബുകൾ (മാരിവില്ല്) | 14 /1,400 | സമൂഹത്തിലെ ട്രാൻസ്ജെൻഡറുകളെ മുഖ്യധാരയിലേക്ക് എത്തിക്കുകയും, അവരെ സ്വയംപര്യാപ്തരാക്കുകയും അവരിലെ വിവിധ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | ട്രാൻസ്ജെൻഡറുകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സെമിനാറുകൾ, കലാപരിപാടികൾ, വിവിധ ക്യാമ്പുകൾ തുടങ്ങിയവ നടത്തുന്നു. |
| 5 | യൂത്ത് ക്ലബ്ബുകൾ (യുവ) | 290 / 50,000 | സമൂഹത്തിന് ഉപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ യുവാക്കളെ പ്രോത്സാഹിപ്പിക്കുകയും സാമൂഹിക പ്രവർത്തന രംഗത്ത് അവരെ സജീവമായി ഉൾപ്പെടുത്തുകയും ചെയ്യുക. | യുവജനങ്ങൾക്ക് പ്രയോജനകരമായ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. |

ഉറവിടം: കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

പ്രകടിപ്പിക്കാൻ ഒരു വേദിയൊരുക്കാനാണ് പരിപാടി ഉദ്ദേശിക്കുന്നത്. പഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ല, സംസ്ഥാന തലങ്ങളിലായാണ് മത്സരങ്ങൾ നടത്തുന്നത്. സംസ്ഥാനതല പരിപാടിയിൽ 14 ജില്ലകളിൽ നിന്നായി 58 ഇനങ്ങളിലായി 2000-ലധികം പേർ കലാ ഇനങ്ങളിലും 118 കായിക ഇനങ്ങളിൽ 3000-ത്തിലധികം പേർ പങ്കെടുത്തു.

- **മറ്റ് യുവജന വികസന പരിപാടികൾ**
കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ, സർക്കാർ, അർദ്ധ സർക്കാർ ഏജൻസികൾ എന്നിവയുമായി സഹകരിച്ച് മത്സര പരീക്ഷകൾക്കുള്ള പരിശീലനം, സമകാലിക വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകൾ, ചലച്ചിത്രമേളകൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. 2024-25-ൽ സിനിമയെക്കുറിച്ചുള്ള സംസ്ഥാനതല ശിൽപശാലയും നടത്തി. 14 ജില്ലകളിൽ നിന്നുള്ള 35 പേർ പങ്കെടുത്തു.
- **യുവശക്തി**:- പ്രതിമാസ ഓണറേറിയം അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജില്ലാ കോ-ഓർഡിനേറ്റർമാരാണ് യുവശക്തി പരിപാടി ഏകോപിപ്പിക്കുന്നത്. യൂത്ത് ക്ലബ്ബുകൾ സംഘടിപ്പിക്കുക, സാമൂഹിക വികസന പ്രവർത്തനങ്ങൾ നടത്തുക, സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുക, സാമൂഹിക വളർച്ചയ്ക്കുവേണ്ടിയുള്ള മറ്റ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, കേരളോത്സവത്തിൽ യുവജന പങ്കാളിത്തം വർധിപ്പിക്കുക, ഗ്രാമസഭകളിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുക, ലേബർ ബാങ്ക് ഉൾപ്പെടെയുള്ള തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ താഴെ തലത്തിലേക്ക് കൊണ്ടുവരിക എന്നിവയാണ് യൂത്ത് കോർഡിനേറ്റർമാരുടെ പ്രധാന ചുമതലകൾ.

### IV. കേരള സംസ്ഥാന യുവജനകമ്മീഷൻ

കേരളത്തിലെ യുവജനങ്ങളെ ശാക്തീകരിക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി 2013-ൽ രൂപീകരിച്ച ഒരു അർദ്ധ ജുഡീഷ്യൽ ബോഡിയാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. കേരള സർക്കാരിന്റെ കീഴിൽ ഒരു ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായി ഇത് പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ യുവാക്കളെ നയിക്കുകയും സഹായം നൽകുകയും വികസിപ്പിക്കുകയും യുവജനകാര്യങ്ങളുടെ സംരക്ഷകനായി പ്രവർത്തിക്കുകയും തൊഴിൽ മാന്യത നിലനിർത്തുന്നതിനും മെച്ചപ്പെട്ട വിദ്യാഭ്യാസവും തൊഴിലും ഉറപ്പാക്കുന്നതിനും യുവാക്കളെ ബോധവൽക്കരിക്കുകയുമാണ് കമ്മീഷന്റെ ലക്ഷ്യം.

2024-25 ലെ കേരള സംസ്ഥാന യുവജന കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്.

- **ബോധവൽക്കരണ പരിപാടികളും സർവേകളും:** കമ്മീഷൻ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിവിധ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. യുവാക്കളുടെ മാനസികാരോഗ്യവും ശാരീരിക ക്ഷമതയും ഉറപ്പുവരുത്തുന്നതിനും യുവാക്കളെ ലഹരിയിൽ നിന്ന് സംരക്ഷിക്കുന്നതിനും യുവാക്കളെ ബാധിക്കുന്ന പ്രശ്നങ്ങൾക്കെതിരെ കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ ആവിഷ്കരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന യുവജന കമ്മീഷൻ വിവിധ പദ്ധതികൾ നടപ്പാക്കുന്നു. 18-40 വയസ്സിനിടയിലുള്ള യുവാക്കളുടെ 800-ലധികം ആത്മഹത്യകളെക്കുറിച്ച് പഠനം നടത്തിയ വിദഗ്ധ സംഘത്തിന്റെ സഹായത്തോടെ യുവാക്കളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കമ്മീഷൻ ഒരു റിപ്പോർട്ടും തയ്യാറാക്കി.
- **അദാലത്തുകൾ:** സംസ്ഥാനത്തെ യുവജനങ്ങളുടെ താൽപര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിൽ കമ്മീഷൻ നിർണായക പങ്ക് വഹിക്കുന്നു. കമ്മീഷനു ലഭിച്ച നിവേദനങ്ങളും നിർദേശങ്ങളും പരിഗണിക്കുന്നതിനായി ജില്ലാതലത്തിൽ അദാലത്തുകൾ/ ഹിയറിങ്/ സന്ദർശനങ്ങൾ നടത്തി. 2024-25ൽ കമ്മീഷന് 252 പരാതികൾ ലഭിച്ചതിൽ 60 എണ്ണം പരിഹരിച്ച് തീർപ്പാക്കി.
- **ദേശീയ സെമിനാറുകൾ**: യുവജനങ്ങളുടെ അവകാശം, ലിംഗസമത്വം തുടങ്ങിയ വിഷയങ്ങളിൽ യുവാക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയും അതുവഴി യുവാക്കളെ ശാക്തീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ യുവജന കമ്മീഷൻ 'യുവ ശാക്തീകരണം, മാനസിക ദൃഢത, സന്തോഷം: വെല്ലുവിളികളും സാധ്യതകളും' എന്ന ദേശീയ സെമിനാർ നടത്തി.
- **യൂത്ത് ഐക്കൺ പ്രോഗ്രാം**: സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ നിർണ്ണായക സ്വാധീനം ചെലുത്തുകയും കല, സാംസ്കാരികം, സാഹിത്യം, കായികം, കൃഷി, സാമൂഹികസേവനം, വ്യവസായം/ സാങ്കേതികവിദ്യ. എന്നീ മേഖലകളിൽ മികച്ച നേട്ടം കൈവരിക്കുകയും ചെയ്ത യുവതീ യുവാക്കൾക്ക് കമ്മീഷൻ 'യൂത്ത് ഐക്കൺ അവാർഡ്' നൽകുന്നു.
- **പാർശ്വവൽക്കരിക്കപ്പെട്ട യുവാക്കളെ ശാക്തീകരിക്കുക**: ആരോഗ്യം, പ്രതിരോധം എന്നിവയെ കുറിച്ചുള്ള അവബോധം നൽകുന്നതിനായി കമ്മീഷൻ സാമൂഹ്യനീതി വകുപ്പിന്റെയും ആദിവാസി ക്ഷേമ വകുപ്പിന്റെയും സഹകരണത്തോടെ യുവതികൾക്കായി ആരോഗ്യ ക്യാമ്പുകളും ആയോധനകല പരിശീലനവും നടത്തി.
- **ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾ:** ഹരിത യുവജന പരിപാടി, മാലിന്യ നിർമാർജ്ജനം, വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവയാണ് കമ്മീഷൻ നടത്തുന്ന ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾ. യുവജനങ്ങളുടെ കൂട്ടായ പരിശ്രമത്തിലൂടെ സാമൂഹികവും ജനസംഖ്യാപരവും പാരിസ്ഥിതികവുമായ അവബോധം വളർത്തിയെടുക്കാനും ആരോഗ്യകരമായ ജീവിതം ഉറപ്പാക്കാനും ഹരിത യുവജന പരിപാടി ലക്ഷ്യമിടുന്നു. പരിസ്ഥിതി മലിനീകരണത്തിനെതിരെ യുവാക്കളെ സംഘടിപ്പിക്കുന്നതിനും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം ഉറപ്പാക്കുന്നതിനുമായി 'ശുചിത്വ മിഷന്റെ' ഭാഗമായി ഈ പദ്ധതിയിലൂടെ നദികളും തോടുകളും നീരുറവകളും ശുചീകരിക്കുന്നു.

യുവാക്കളുടെ ആശയങ്ങൾ പ്രവർത്തനക്ഷമമാക്കി അവരെ ശാക്തീകരിക്കുന്നതിൽ കേരള സംസ്ഥാന

യുവജനക്ഷേമ ബോർഡിനും കേരള സംസ്ഥാന യുവജന കമ്മീഷനും പ്രധാന പങ്കുണ്ട്. ഈ വകുപ്പുകൾ ശരിയായ കൗൺസിലിംഗിലൂടെയും മാർഗനിർദേശങ്ങളിലൂടെയും യുവജനങ്ങൾ സാമ്പത്തികമായി ഉൽപ്പാദനക്ഷമതയുള്ളവരും സാമൂഹിക പ്രതിബദ്ധതയുള്ളവരുമാണെന്ന് ഉറപ്പാക്കുന്നു. വികസിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ വിപണിയുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പുതിയ വൈദഗ്ധ്യം നേടുന്നതിനും പരമ്പരാഗത വൈദഗ്ധ്യങ്ങൾ പുനരാരംഭിക്കുന്നതിനും സോഫ്റ്റ് സ്കിൽ വികസിപ്പിക്കുന്നതിനും അവ സഹായിക്കുന്നു. നൈപുണ്യ വികസനത്തോടൊപ്പം, യുവാക്കൾക്കിടയിൽ ശാരീരികവും മാനസികവുമായ ക്ഷേമം ഉറപ്പാക്കുന്നതിലും വിവിധ പരിപാടികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സർവതോന്മുഖമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിൽ ഇരു സംഘടനകളും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

കായിക, യുവജനക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിൽ കേരള സംസ്ഥാനം പ്രശംസനീയമായ പുരോഗതി കൈവരിച്ചു. അടിസ്ഥാന സൗകര്യങ്ങളിലുള്ള നിക്ഷേപം, ഗ്രാസ്റൂട്ട് വികസന പരിപാടികൾ, പ്രാദേശിക പ്രതിഭകളെ പരിപോഷിപ്പിക്കൽ എന്നിവയിലൂടെ കായിക പ്രേമികൾക്കും കായികതാരങ്ങൾക്കും ഒരു കേന്ദ്രമായി ഉയർന്നുവരുന്നതിന് സഹായകമായി. ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളിലുള്ള നിക്ഷേപം വഴിയും പ്രധാന സ്പോർട്സ് പരിപാടികൾക്ക് ആതിഥേയത്വം വഹിച്ചുകൊണ്ടും സമീപ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ സ്പോർട്സ് ടൂറിസം കാര്യമായ വളർച്ചയും ഉയർന്നു വരുന്ന വളർച്ചാപഥത്തിനും സാക്ഷ്യം വഹിച്ചിട്ടുണ്ട്.

സുസ്ഥിര വികസനത്തിനും അതോടൊപ്പം പൗരന്മാരുടെ ആരോഗ്യത്തിനും ക്ഷേമത്തിനുമുള്ള ഒരു പ്രധാന ചാലകമായി സ്പോർട്സിനെ അംഗീകരിച്ചുകൊണ്ട്, സ്പോർട്സിനെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനം ഗണ്യമായ മുന്നേറ്റം നടത്തി. ഒളിമ്പിക്സിന്റെ മാതൃകയിലുള്ള ഇത്തരത്തിലുള്ള ആദ്യ സ്കൂൾ കായിക ഇനവും ഏഷ്യയിലെ ഏറ്റവും വലിയ സ്കൂൾ കായിക ഇനവുമായ കേരള സ്കൂൾ സ്പോർട്സ് പോലുള്ള നൂതന ആശയങ്ങൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സ്പോർട്സിനോടുള്ള ഔൽസുക്യവും ജനങ്ങളുടെ ആരോഗ്യ ജീവിത ശൈലിയും ഗവൺമെന്റിന്റെ കാഴ്ചപ്പാടും ഒത്തുചേർന്ന് കായിക രംഗത്ത് ഇനിയും ഉയരത്തിലെത്താൻ സംസ്ഥാനം സജ്ജമാണ്.

അദ്ധ്യായം

# 10

# പ്രവാസി മലയാളികൾ

# പ്രവാസി മലയാളികൾ

കേരളത്തിന്റെ സാമൂഹിക ജീവിതത്തിന്റെ ഭാഗമാണ് കുടിയേറ്റക്കാർ. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ, സമൂഹം, സംസ്കാരം എന്നിവയുടെ വിവിധ മേഖലകളിൽ അവർ സജീവമായി ഇടപെടുന്നുണ്ട്. പുതിയ സാങ്കേതികവിദ്യകൾ പ്രവാസികളും സംസ്ഥാനവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലെ നിർണായക ഘടകമാണ് മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ ഒരു പ്രധാന ഭാഗമാണ് പണമയയ്ക്കൽ[1]. പണമയക്കലിലൂടെയുള്ള വരുമാനം വിപണിയെ ആഴത്തിൽ ചലിപ്പിക്കുകയും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഭൗതികവും സാംസ്കാരികവുമായ ശ്രേണിക്ക് ഡിമാൻഡ് സൃഷ്ടിക്കുകയും ചെയ്തു.

പ്രവാസലോകത്തിന് പുതിയൊരു ആത്മവിശ്വാസം നൽകുന്ന ഒന്നാണ് ഇപ്പോഴത്തെ കേരള സർക്കാർ. ഗവൺമെന്റുമായി സഹകരിക്കാനും പ്രവർത്തിക്കാനുമുള്ള സന്നദ്ധത പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ പല പരിപാടികളിലും പ്രകടമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത്, ലോക കേരള സഭ എന്ന തനത് ഫോറം രൂപീകരിച്ചത്, പ്രവാസികൾക്ക് സംവാദങ്ങളിൽ പങ്കെടുക്കാൻ അവസരം നൽകി. കൂടാതെ സംസ്ഥാനത്തെ സാമൂഹിക പ്രക്രിയകളും കുടിയേറ്റക്കാരുടെയും കുടിയേറ്റത്തിന്റെയും പ്രശ്നങ്ങളും ചർച്ച ചെയ്തു. 14-ാം പഞ്ചവത്സര പദ്ധതി ഈ സ്ഥാപനത്തെ പിന്തുണയ്ക്കുന്നത് തുടരുന്നു.

2020-ലെയും 2024-ലെയും ലോക മൈഗ്രേഷൻ റിപ്പോർട്ടുകൾ താരതമ്യം ചെയ്യുമ്പോൾ കുടിയേറ്റവുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളിലും വലിയ മാറ്റങ്ങൾ സംഭവിച്ചതായി കാണിക്കുന്നു. രണ്ട് ദശാബ്ദത്തിനിടയിലെ കുടിയേറ്റത്തിലെ മൊത്തം വർദ്ധനവ് 87 ശതമാനമാണ്. അതുപോലെ രാജ്യാന്തര തലത്തിൽ അയക്കുന്ന പണത്തിലും വൻ വർധനവുണ്ടായതായി കാണാം. 2000 ത്തിനെ അപേക്ഷിച്ച് ഇതിൽ 2024ൽ 549 ശതമാനം വർധനവുണ്ടായി (**പട്ടിക 10.1.1**).

### അന്താരാഷ്ട്ര പണമയയ്ക്കൽ (international Remittance)

കുടിയേറ്റക്കാർ അവരുടെ മാതൃരാജ്യങ്ങളിലെ കുടുംബങ്ങളിലേക്കോ കമ്മ്യൂണിറ്റികളിലേക്കോ നേരിട്ട് നടത്തുന്ന സാമ്പത്തികമോ സാധനങ്ങളോ

**പട്ടിക 10.1.1** 2000, 2024 വർഷങ്ങളിലെ വേൾഡ് മൈഗ്രേഷൻ റിപ്പോർട്ടുകളിൽ നിന്നുള്ള പ്രധാന വസ്തുതകളും കണക്കുകളും

| | **2000 റിപ്പോർട്ട്** | **2024 റിപ്പോർട്ട്** |
|---|---|---|
| അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ എണ്ണം | 150 ദശലക്ഷം | 281 ദശലക്ഷം |
| കുടിയേറ്റക്കാരായ ലോക ജനസംഖ്യയുടെ അനുപാതം | 2.8% | 3.6% |
| സ്ത്രീ അന്തർദേശീയ കുടിയേറ്റക്കാരുടെ അനുപാതം | 47.5% | 48.0% |
| കുട്ടികളായ അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ അനുപാതം | 16.0% | 10.1% |
| അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ അനുപാതം ഏറ്റവും ഉയർന്ന രാജ്യം | യു.എ.ഇ | യു.എ.ഇ |
| ഗ്ലോബൽ ഇന്റർനാഷണൽ റെമിറ്റൻസ് (USD) | 128 ദശലക്ഷം | 831 ദശലക്ഷം |
| അഭയാർത്ഥികളുടെ എണ്ണം | 14 ദശലക്ഷം | 35.4 ദശലക്ഷം |

ഉറവിടം: വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2020, 2024

[1] വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് ,2024

സേവനങ്ങളോ ആയ കൈമാറ്റങ്ങളാണ് പണമയയ്ക്കൽ . 2024-ലെ വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് പ്രകാരം, കോവിഡ് മൂലമുണ്ടായ 2020-ലെ ഇടിവിൽ നിന്ന് അന്തർദേശീയ പണമയയ്ക്കൽ വളരെയധികം വർദ്ധിച്ചതായി കാണാം. 2022-ൽ ആഗോളതലത്തിൽ 831 ബില്യൺ ഡോളർ അന്താരാഷ്ട്ര പണമയച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ട്, 2021-ലെ 791 ബില്യൺ ഡോളറിൽ നിന്നും, 2020-ലെ 717 ബില്യൺ ഡോളറിൽ നിന്നുമുള്ള വലിയ വർദ്ധനവ് ആണിത്. ഇന്ത്യ, മെക്സിക്കോ, ചൈന, ഫിലിപ്പീൻസ്, ഫ്രാൻസ് എന്നീ രാജ്യങ്ങളാണ് 2022 ലെ (അവരോഹണ ക്രമത്തിൽ) പണമയയ്ക്കൽ സ്വീകർത്താക്കളുടെ ആദ്യ അഞ്ച് രാജ്യങ്ങൾ.

**ഇന്ത്യയിലേക്കും കേരളത്തിലേക്കും ഉള്ള പണമയയ്ക്കൽ**

നേരിട്ടുള്ള വിദേശ നിക്ഷേപത്തിന് ശേഷം താഴ്ന്ന-ഇടത്തരം വരുമാനമുള്ള രാജ്യങ്ങൾക്ക് വിദേശ വരുമാനത്തിനുള്ള രണ്ടാമത്തെ പ്രധാന ഉറവിടമാണ് പണമയയ്ക്കൽ. ഗാർഹിക വരുമാനത്തിൽ അതിന്റെ സ്വാധീനവും ആളുകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക ആസ്തി നിർമ്മാണത്തിനുള്ള സംഭാവനയും സാമ്പത്തിക ചരിത്രത്തിൽ നല്ല രീതിയിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

എല്ലാ എഡി ബാങ്കുകളുടെയും (അംഗീകൃത ഡീലർ) ഫണ്ടുകളുടെ അന്തർദേശീയ കൈമാറ്റത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രധാന മണി ട്രാൻസ്ഫർ ഓപ്പറേറ്റർമാരുടെയും (എംടിഒ) ഒരു സെൻസസ് അടിസ്ഥാനമാക്കി 2020-21 വർഷത്തേക്കുള്ള പണമയയ്ക്കലിനെക്കുറിച്ചുള്ള സർവേയുടെ അഞ്ചാം റൗണ്ട് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നടത്തി. ജിസിസി മേഖലയിൽ നിന്നും ഇന്ത്യയിലേക്കുള്ള അന്താരാഷ്ട്ര പണലഭ്യതയുടെ പങ്ക് 2016-17 ലെ (മുൻപ് സർവേ നടത്തിയ കാലയളവ്) 50 ശതമാനത്തിൽ നിന്ന് 2020-21 ൽ ൽ ഏകദേശം 30 ശതമാനമായി കുറഞ്ഞതായി കണക്കാക്കുന്നു.

ജിസിസി മേഖലയിൽ ശക്തമായ ആധിപത്യം പുലർത്തിയിരുന്ന പരമ്പരാഗത പണമയയ്ക്കൽ സ്വീകരിക്കുന്ന സംസ്ഥാനങ്ങളായ കേരളം, തമിഴ്നാട്, കർണാടക എന്നിവയുടെ വിഹിതം 2020-21ൽ ഏതാണ്ട് പകുതിയായി കുറഞ്ഞു, അതായത് 2016-17 മുതലുള്ള മൊത്തം പണമയക്കലിന്റെ 25 ശതമാനം മാത്രമേ ഉള്ളൂ, അതേസമയം ഇപ്പോൾ കേരളത്തെ മറികടന്ന് ഏറ്റവും കൂടുതൽ ഫണ്ട് സ്വീകരിക്കുന്ന സംസ്ഥാനമായി മഹാരാഷ്ട്ര ഉയർന്നു. 2020-21 വർഷത്തെ ഇൻവാർഡ് റെമിറ്റൻസിന്റെ സംസ്ഥാനം തിരിച്ചുള്ള വിഹിതം ഇനിപ്പറയുന്ന പട്ടികയിൽ നൽകിയിരിക്കുന്നു.

ആതിഥേയ രാജ്യത്തിന്റെ ചലനാത്മകതയ്ക്ക് പുറമെ, വേതന വ്യത്യാസങ്ങളിലെ കുറവ്, ജിസിസി മേഖലയിലേക്കുള്ള വൈറ്റ് കോളർ കുടിയേറ്റ തൊഴിലാളികളുടെ വർദ്ധനവ്, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഏഷ്യൻ രാജ്യങ്ങളിൽ നിന്നും കുറഞ്ഞ വേതനമുള്ള വൈദഗ്ദ്ധ്യം കുറഞ്ഞ തൊഴിലാളികളുടെ വരവ്, ഈ സംസ്ഥാനങ്ങളിലെ തൊഴിൽ രീതികളിലെ മാറ്റങ്ങൾ എന്നിവ ഈ ഘടനാപരമായ മാറ്റത്തിന് കാരണമാവാം.

**പട്ടിക 10.1.3** 2020-21 ലെ ഇൻവാർഡ് റെമിറ്റൻസിൽ സംസ്ഥാനം തിരിച്ചുള്ള വിഹിതം

| നം. | സംസ്ഥാനം | മൊത്തം പണമയക്കലിലെ പങ്ക് (ശതമാനം) |
|---|---|---|
| 1 | മഹാരാഷ്ട്ര | 35.2 |
| 2 | കേരളം | 10.2 |
| 3 | തമിഴ്നാട് | 9.7 |
| 4 | ഡൽഹി | 9.3 |
| 5 | കർണാടക | 5.2 |
| 6 | ആന്ധ്രാപ്രദേശ് | 4.4 |
| 7 | ഉത്തർ പ്രദേശ് | 3.7 |
| 8 | ഗുജറാത്ത് | 3.2 |
| 9 | പഞ്ചാബ് | 3 |
| 10 | ജാർഖ | 1.9 |

ഉറവിടം: RBI റെമിറ്റൻസ് സർവേ, 2021

**പട്ടിക 10.1.2** അന്താരാഷ്ട്ര പണമയയ്ക്കൽ സ്വീകരിക്കുന്ന മികച്ച 10 രാജ്യങ്ങൾ (2005-2020) (നിലവിലെ USD ബില്യൺ)

| 2010 | | 2015 | | 2020 | | 2022 | |
|---|---|---|---|---|---|---|---|
| ഇന്ത്യ | 53.48 | ഇന്ത്യ | 68.91 | ഇന്ത്യ | 83.15 | ഇന്ത്യ | 111.22 |
| ചൈന | 52.46 | ചൈന | 63.94 | ചൈന | 59.51 | മെക്സിക്കോ | 61.10 |
| മെക്സിക്കോ | 22.08 | ഫിലിപ്പിൻസ് | 29.80 | മെക്സിക്കോ | 42.88 | ചൈന | 51.00 |
| ഫിലിപ്പിൻസ് | 21.56 | മെക്സിക്കോ | 26.23 | ഫിലിപ്പിൻസ് | 34.91 | ഫിലിപ്പിൻസ് | 38.05 |
| ഫ്രാൻസ് | 19.90 | ഫ്രാൻസ് | 24.07 | ഈജിപ്റ്റ് | 29.60 | ഫ്രാൻസ് | 30.04 |
| നൈജീരിയ | 19.74 | നൈജീരിയ | 20.63 | പാക്കിസ്ഥാൻ | 26.11 | പാക്കിസ്ഥാൻ | 29.87 |
| ജർമ്മനി | 12.79 | പാക്കിസ്ഥാൻ | 19.31 | ഫ്രാൻസ് | 24.48 | ഈജിപ്റ്റ് | 28.33 |
| ഈജിപ്റ്റ് | 12.45 | ഈജിപ്റ്റ് | 18.33 | ബംഗ്ലാദേശ് | 21.75 | ബംഗ്ലാദേശ് | 21.50 |
| ബെൽജിയം | 10.99 | ജർമ്മനി | 15.58 | ജർമ്മനി | 17.90 | നൈജീരിയ | 20.13 |
| ബംഗ്ലാദേശ് | 10.85 | ബംഗ്ലാദേശ് | 15.30 | നൈജീരിയ | 17.21 | ജർമ്മനി | 19.29 |

ഉറവിടം: വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2024

**കുടിയേറ്റത്തിൻറെ സ്ഥിതി – ഇന്ത്യയിലും, കേരളത്തിലും**
കുടിയേറ്റക്കാരെ നിർവ്വചിക്കുന്നത് കണക്കെടുപ്പിന്റെ വേളയിൽ താമസിക്കുന്ന സ്ഥലങ്ങളിൽ നിന്ന് മാറി മറ്റ് സ്ഥലങ്ങളിൽ താമസിക്കുന്നവർ എന്നാണ്. ആ വ്യക്തി 6 മാസമോ അതിൽ കൂടുതലോ തുടർച്ചയായി താമസിച്ച അല്ലെങ്കിൽ 6 മാസമോ അതിൽ കൂടുതലോ താമസിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലമാണ് (ഗ്രാമം/നഗരം) സാധാരണ താമസസ്ഥലം (Migration in India 2020-21, Periodic Labour Force Survey).

വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2024 അനുസരിച്ച്, ഇന്ത്യയിലെ ഏകദേശം 18 ദശലക്ഷം ആളുകൾ വിദേശത്ത് താമസിക്കുന്നു, ലോകത്തിലെ ഏറ്റവും വലിയ കുടിയേറ്റ ജനസംഖ്യ ഇന്ത്യയിലാണ്, ഇത് ആഗോളതലത്തിൽ ഇന്ത്യയെ ഏറ്റവും ഉയർന്ന കുടിയേറ്റ പ്രഭവ കേന്ദ്ര രാജ്യമാക്കി മാറ്റുന്നു. ഏകദേശം 11 ദശലക്ഷമുള്ള കുടിയേറ്റക്കാർ ഉള്ള മെക്സിക്കോ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ രാജ്യമാണ്.

ലോക സമ്പദ്‌വ്യവസ്ഥയിൽ പ്രവാസികളുടെ സ്വാധീനം വിലമതിക്കാനാവാത്തതാണ്. 1970 മുതലുള്ള പ്രവാസികളുടെ എണ്ണം പരിശോധിച്ചാൽ ഇത് നമുക്ക് മനസ്സിലാക്കാവുന്നതാണ്. കഴിഞ്ഞ അഞ്ച് പതിറ്റാണ്ടിനിടെ അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്.

2018 ലെ കേരള മൈഗ്രേഷൻ സർവേയുടെ അവസാന റൗണ്ടിന് ശേഷം, കേരളത്തിൽ അഭൂതപൂർവമായ വെള്ളപ്പൊക്കം ഉണ്ടാകുകയും ഗുരുതരമായ നാശം വിതക്കുകയുണ്ടായി. 2020-ലും 2021-ലും COVID-19 പാൻഡെമിക് കാരണം ആഗോള ലോക്ക്ഡൗൺ ഉണ്ടായി. ഇത് വലിയ തോതിലുള്ള റിട്ടേൺ മൈഗ്രേഷൻ, തൊഴിൽ നഷ്ടം, നിർബന്ധിത സ്വദേശത്തേക്ക് അയക്കൽ, കാലാവധി കഴിഞ്ഞ വിസകൾ ഉള്ളവരെ നാടുകടത്തൽ, സാമ്പത്തിക തടസ്സങ്ങൾ, വേതന ശോഷണം എന്നിവയിലേക്ക് നയിച്ചു.

കേരള മൈഗ്രേഷൻ സർവേ 2023 അനുസരിച്ച്, കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ എണ്ണം 2.2 ദശലക്ഷമായി കണക്കാക്കപ്പെടുന്നു, ഇത് 2018 ലെ കേരള മൈഗ്രേഷൻ സർവേയിൽ രേഖപ്പെടുത്തിയ 2.1 ദശലക്ഷവുമായി പൊരുത്തപ്പെടുന്ന കണക്കാണ്.

കേരള മൈഗ്രേഷൻ സർവ്വേയുടെ മുൻ റൗണ്ടുകളിൽ കഴിഞ്ഞ ദശകത്തിൽ നിരീക്ഷിക്കപ്പെട്ട മൊത്തത്തിലുള്ള കുറവ് കണക്കിലെടുക്കുമ്പോൾ, കഴിഞ്ഞ അഞ്ച് വർഷമായി അന്താരാഷ്ട്ര കുടിയേറ്റത്തിലെ ഈ സ്ഥിരത നിലനിൽക്കുന്നു. 2023-ൽ 32,388 കുടിയേറ്റക്കാരുടെ നേരിയ വർധനയുണ്ടായെങ്കിലും, കേരളത്തിലെ 14 ജില്ലകളിൽ 9 എണ്ണത്തിലും 2018-നെ അപേക്ഷിച്ച് പ്രവാസികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി, ഇത് അന്താരാഷ്ട്ര കുടിയേറ്റത്തിൻറെ ലക്ഷ്യപ്രാപ്തിയെ (saturation) സൂചിപ്പിക്കുന്നു.

സ്ത്രീ കുടിയേറ്റക്കാരുടെ അനുപാതം 2018-ൽ 15.8 ശതമാനത്തിൽ നിന്ന് 2023-ൽ 19.1 ശതമാനമായി വർദ്ധിച്ചു. സ്ത്രീ കുടിയേറ്റം ജിസിസി രാജ്യങ്ങളിൽ നിന്ന് യൂറോപ്പിലേക്കും മറ്റ് പാശ്ചാത്യ രാജ്യങ്ങളിലേക്കും ഡെസ്റ്റിനേഷൻ രാജ്യങ്ങളിലേക്കും 40.5 ശതമാനത്തിലേക്കും മാറിക്കൊണ്ടിരിക്കുകയാണ്. എന്നിരുന്നാലും, പുരുഷന്മാരിൽ ഇത് 14.6 ശതമാനമാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, കുടിയേറ്റക്കാരായ സ്ത്രീകളിൽ 71.5 ശതമാനവും ബിരുദതല വിദ്യാഭ്യാസം പൂർത്തിയാക്കിയതായി കണ്ടെത്തിയിട്ടുണ്ട്, എന്നാൽ പുരുഷ കുടിയേറ്റക്കാരിൽ ഇത് 34.7 ശതമാനം മാത്രമാണ്. കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിൽ പുരുഷ കുടിയേറ്റക്കാർ ആധിപത്യം പുലർത്തുന്നു, എന്നാൽ കുടിയേറ്റക്കാരായ പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള അന്തരം ഏറ്റവും കുറവ് ഉള്ളത് കോട്ടയത്തും ഏറ്റവും കൂടുതൽ ഉള്ളത് മലപ്പുറം ജില്ലയിലും ആണ്.


കുടിയേറ്റത്തിലെ ഏറ്റവും പ്രധാനപ്പെട്ട കണക്ക് വിദ്യാർത്ഥികളുടെ കുടിയേറ്റമാണ്. വിദ്യാർത്ഥികളുടെ എമിഗ്രേഷനിലെ ഗണ്യമായ വർദ്ധനവ് 2023-ൽ എമിഗ്രേഷൻ നില നിലനിർത്തുന്നതിന് ഗണ്യമായ സംഭാവന നൽകി. 2018-ൽ വിദ്യാർത്ഥി കുടിയേറ്റക്കാരുടെ എണ്ണം 129,763 ആയിരുന്നത്, 2023-ൽ ഏകദേശം 250,000 ആയി അതായത് ഇരട്ടിയായി വർദ്ധിച്ചു.

കേരളത്തിൽ നിന്നുള്ള മൊത്തം കുടിയേറ്റക്കാരിൽ 11.3 ശതമാനം വിദ്യാർത്ഥികളാണെന്ന് കേരള മൈഗ്രേഷൻ സർവ്വേ 2023 (കെ.എം.എസ് 2023) വെളിപ്പെടുത്തി, ഇത് സൂചിപ്പിക്കുന്നത് വർദ്ധിച്ചുവരുന്ന ചെറുപ്പക്കാർ വിദേശത്ത് വിദ്യാഭ്യാസ അവസരങ്ങൾക്കായി കുടിയേറ്റം തിരഞ്ഞെടുക്കുന്നു എന്നതാണ്.

2013ൽ പ്രവചിച്ചതുപോലെ, കേരള മൈഗ്രേഷൻ സർവേ (കെഎംഎസ്) കേരളത്തിൽ നിന്നുള്ള എമിഗ്രേഷൻ കുറയുന്നതായി കാണിക്കുന്നു. 2013ൽ 24 ലക്ഷമായിരുന്ന പ്രവാസികളുടെ എണ്ണം 2018ൽ 21 ലക്ഷമായി കുറഞ്ഞു. കേരള മൈഗ്രേഷൻ സർവ്വേ 2023 പ്രകാരം 2018 നെ അപേക്ഷിച്ച് 2023 ൽ എമിഗ്രേഷനിൽ നേരിയ വർധന (1.5 ശതമാനം) ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും, 2013 നെ അപേക്ഷിച്ച് ഇത് വളരെ കുറവാണ്. കേരളത്തിലെ റിട്ടേൺ എമിഗ്രന്റ്സിന്റെ (REM) വർദ്ധനവിന്റെ പ്രവണതയാണ് സൂചിപ്പിക്കുന്നത്, ഇത് 1998-ൽ 739,245 ആയിരുന്നത് 2023-ൽ 17,90,758 ആയി ഉയർന്നു. കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കാസർകോട് ഒഴികെയുള്ള എല്ലാ ജില്ലകളിലും 2023-ൽ മടങ്ങിയെത്തിയ കുടിയേറ്റക്കാരുടെ എണ്ണം 2018-നെ അപേക്ഷിച്ച് വർദ്ധിച്ചു. റിട്ടേൺ എമിഗ്രന്റ്സിന്റെ വിശദാംശങ്ങൾ **അനുബന്ധം 10.1.3** ൽ കാണിച്ചിരിക്കുന്നു.

**കേരളത്തിൽ നിന്നുള്ള പ്രവാസികൾ**
1998ൽ കേരളത്തിൽ നിന്ന് 14 ലക്ഷം കുടിയേറ്റക്കാരാണ് ഉണ്ടായിരുന്നത്. 2003 ആയപ്പോഴേക്കും കുടിയേറ്റക്കാരുടെ എണ്ണം 18 ലക്ഷമായി വർദ്ധിച്ചു, ഇത് 1998 നെ അപേക്ഷിച്ച് 28 ശതമാനത്തിലധികം വർദ്ധനവാണ്. 1998 മുതൽ 2023 വരെ കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിൻറെ തുടർച്ചയായ വർദ്ധനവ് **ചിത്രം 10.1.1** ൽ കാണിച്ചിരിക്കുന്നു. 2013 മുതൽ 2018 വരെയുള്ള കാലയളവിലാണ് കുറവ് കാണുന്നത്.എന്നാൽ 2018ന് ശേഷം വളരെ താഴ്ന്ന നിലയിലാണെങ്കിലും വീണ്ടും വർദ്ധനവ് കാണുന്നത് നല്ല സൂചനയാണ്.

**ചിത്രം 10.1.1** കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാർ, 1998-2023




ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2023, നോർക്ക റൂട്സ്

2018-നെ അപേക്ഷിച്ച് 2023-ൽ കേരളത്തിൽ നിന്നുള്ള കുടിയേറ്റം (1.53%) നേരിയ തോതിൽ വർധിച്ചതായി കാണാം. കേരളത്തിലെ 14 ജില്ലകളിലും ഈ വർധന രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വർധനയുടെ തോതിൽ വ്യത്യാസമുണ്ട്. മലപ്പുറം ജില്ലയിൽ കുടിയേറ്റത്തിൽ 17 ശതമാനം വർധനവുണ്ടായിട്ടുണ്ടെങ്കിലും ഇടുക്കി, വയനാട് ജില്ലകളിൽ നിന്നുള്ള കുടിയേറ്റം യഥാക്രമം 1.17, 1.50 എന്നിങ്ങനെ വളരെ കുറവാണ്. വർദ്ധനവ് നേരിയ തോതിലാണെങ്കിലും, കോവിഡിന് ശേഷമുള്ള കുടിയേറ്റത്തിൽ ഇതൊരു നല്ല പ്രവണതയായി കണക്കാക്കാം. 1998 മുതൽ 2023 വരെയുള്ള ജില്ല തിരിച്ചുള്ള കുടിയേറ്റത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 10.1.1**, **അനുബന്ധം 10.1.2** എന്നിവയിൽ കാണിച്ചിരിക്കുന്നു.

### അന്താരാഷ്ട്ര വിദ്യാർത്ഥി കുടിയേറ്റം

കേരള മൈഗ്രേഷൻ സർവ്വേ 2023 പ്രകാരം, ഇന്ത്യയിൽ നിന്നുള്ള അന്തർദ്ദേശീയ വിദ്യാർത്ഥി കുടിയേറ്റത്തിൽ വർദ്ധിച്ചുവരുന്ന പ്രവണതയാണ് കാണിക്കുന്നത്, കൂടാതെ വിദേശത്ത് വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികളുടെ കാര്യത്തിൽ കേരളം മുൻനിര സംസ്ഥാനങ്ങളിലൊന്നായി മാറുകയും ചെയ്തിട്ടുണ്ട്, ഇത് ഉയർന്ന വരുമാനത്തിനും മികച്ച തൊഴിൽ അവസരങ്ങൾക്കും വേണ്ടിയുള്ള കേരളത്തിലെ വിദ്യാർത്ഥികളുടെ ആഗ്രഹത്തെ പ്രതിഫലിപ്പിക്കുന്നു. കെ.എം.എസ് 2023 അനുസരിച്ച്, കേരളത്തിൽ നിന്ന് ഏകദേശം 2.5 ലക്ഷം വിദ്യാർത്ഥി കുടിയേറ്റക്കാരാണ് ഉള്ളത്, എറണാകുളത്താണ് ഏറ്റവും കൂടുതൽ എമിഗ്രേഷൻ വിദ്യാർത്ഥികളുള്ളത് - 43,990, ഇത് യഥാക്രമം 35,873, 35,382 എന്നിങ്ങനെയാണ് (തൃശ്ശൂരും കോട്ടയത്തും). കേരളത്തിൽ നിന്നുള്ള ഏറ്റവും കുറവ് വിദ്യാർത്ഥി കുടിയേറ്റക്കാർ വയനാട്ടിലാണ് - 3750. **പട്ടിക 10.1.4** കേരളത്തിൽ നിന്നുള്ള അന്താരാഷ്ട്ര വിദ്യാർത്ഥി കുടിയേറ്റ നില കാണിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ വിദ്യാർഥികൾ തെരഞ്ഞെടുത്ത യുണൈറ്റഡ് കിംഗ്ഡം (UK) ഒന്നാം സ്ഥാനത്തെത്തി, കാനഡയും മറ്റ് യൂറോപ്യൻ യൂണിയൻ രാജ്യങ്ങളും തൊട്ടുപിന്നാലെയാണ്.

**പട്ടിക 10.1.4** അന്താരാഷ്ട്ര വിദ്യാർത്ഥി കുടിയേറ്റ നില

| ജില്ല | വിദ്യാർത്ഥി കുടിയേറ്റക്കാർ | ശതമാനം |
|---|---|---|
| തിരുവനന്തപുരം | 4887 | 2.0 |
| കൊല്ലം | 21607 | 8.9 |
| പത്തനംതിട്ട | 10466 | 4.3 |
| ആലപ്പുഴ | 14217 | 5.8 |
| കോട്ടയം | 35382 | 14.5 |
| ഇടുക്കി | 6946 | 2.9 |
| എറണാകുളം | 43990 | 18.1 |
| തൃശ്ശൂർ | 35873 | 14.7 |
| പാലക്കാട് | 13692 | 5.6 |
| മലപ്പുറം | 15310 | 6.3 |
| കോഴിക്കോട് | 15980 | 6.6 |
| വയനാട് | 3750 | 1.5 |
| കണ്ണൂർ | 23512 | 9.7 |
| കാസറഗോഡ് | 4391 | 1.8 |
| **ആകെ** | **250002** | **100.0** |

ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2023, നോർക്ക റൂട്സ്

വിദ്യാർത്ഥി കുടിയേറ്റത്തിലെ ഗണ്യമായ വർദ്ധനവ് 2023-ൽ കുടിയേറ്റക്കാരുടെ എണ്ണം നിലനിർത്തുന്നതിന് സഹായകമായി. 2018-ൽ 129,763 വിദ്യാർത്ഥി കുടിയേറ്റക്കാരിൽ നിന്ന് 2023-ൽ ഇത് ഏകദേശം ഇരട്ടിയായി (250,000 ത്തോളം). വിദ്യാർത്ഥികളുടെ എമിഗ്രേഷനിലെ ഈ ശ്രദ്ധേയമായ വർദ്ധനവ് കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ ജനസംഖ്യാശാസ്ത്രത്തിൽ കാര്യമായ മാറ്റത്തിന് ഊന്നൽ നൽകുന്നു.

### റിട്ടേൺ എമിഗ്രേഷൻ (പ്രവാസികളുടെ തിരിച്ചു വരവ്)

1998-ൽ നിന്നും 2023-ആയപ്പോൾ തിരിച്ചെത്തിയ പ്രവാസികളുടെ (REM) എണ്ണം വർഷം തോറും ക്രമാനുഗതമായ വർദ്ധനവ് കാണിച്ചു. ഇത് 2003-ൽ 20.9 ശതമാനവും 2008-ൽ 29.4 ശതമാനവും വർദ്ധിച്ചു, തുടർന്ന് 2013-ലും 2018-ലും തിരിച്ചു വന്ന പ്രവാസികളുടെ എണ്ണത്തിന്റെ ശതമാനത്തിൽ വർധനവുണ്ടായി. എന്നിരുന്നാലും, റിട്ടേൺ എമിഗ്രേഷന്റെ ഏറ്റവും വലിയ വർദ്ധനവ് 2018-നും 2023-നും ഇടയിലാണ് അതായത് 495,962 വ്യക്തികൾ. ആളുകൾക്ക് ജോലി നഷ്ടപ്പെട്ട് കേരളത്തിലേക്ക് മടങ്ങാൻ നിർബന്ധിതരായ കോവിഡ് 19 പാൻഡെമിക് മൂലമാകാം ഇത്.

### ജില്ല തിരിച്ചുള്ള റിട്ടേൺ എമിഗ്രേഷൻ

2018 മുതൽ 2023 വരെ, തിരിച്ചെത്തിയ പ്രവാസികളുടെ (REM) എണ്ണത്തിൽ വർഷാവർഷം സ്ഥിരമായ വർദ്ധനവ് കാണിക്കുന്നുണ്ട്. ഇത് 2003-ൽ 20.9 ശതമാനവും 2008-ൽ 29.4 ശതമാനവും വർദ്ധിച്ചു.

**പട്ടിക 10.1.5** റിട്ടേൺ എമിഗ്രേഷൻ ട്രെൻഡുകൾ, 1998-2023

| വർഷം | കണക്ക് | വർദ്ധനവ് | വർദ്ധനവിന്റെ ശതമാനം |
|---|---|---|---|
| 1998 | 739245 | -- | -- |
| 2003 | 893942 | 154697 | 20.9 |
| 2008 | 1157127 | 263185 | 29.4 |
| 2013 | 1252471 | 95344 | 8.2 |
| 2018 | 1294796 | 42325 | 3.4 |
| 2023 | 1790758 | 495962 | 38.3 |

ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2023, നോർക്ക റൂട്ട്സ്

2013, 2018 കാലയളവിൽ തിരിച്ചു വന്ന പ്രവാസികളുടെ എണ്ണത്തിന്റെ ശതമാനത്തിൽ വലിയ വർദ്ധനവ് രേഖപ്പെടുത്തിയിരിക്കുന്നു.

ഗുരുതരമായ ആരോഗ്യ പ്രതിസന്ധി, കർശനമായ കുടിയേറ്റ നയങ്ങൾ, തൊഴിൽ അവസരങ്ങളുടെ കുറവ് എന്നിവ മൂലം ഉണ്ടായ സാമ്പത്തിക തകർച്ചകൾ കാരണം ഈ കഴിഞ്ഞ വർഷങ്ങളിൽ പ്രവാസികളുടെ തിരിച്ചു വരവ് വർദ്ധിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. തൊഴിൽ നഷ്ടം, നിർബന്ധിത രാജി, മഹാമാരിയുമായി ബന്ധപ്പെട്ട മറ്റ് പ്രതിസന്ധികൾ എന്നിവ കാരണം വലിയൊരു വിഭാഗം പ്രവാസികൾ തങ്ങളുടെ ജന്മദേശത്തേക്ക് തിരിച്ചു പോകാൻ നിർബന്ധിതരായി.

എന്നിരുന്നാലും, 2018 നും 2023 നും ഇടയിൽ തിരിച്ചു വന്ന പ്രവാസികളുടെ എണ്ണത്തിൽ ഏറ്റവും വലിയ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്, അതായത് 495,962 ആളുകളുടെ വർദ്ധനവ്, ഈ 38.3 ശതമാനം വർദ്ധനവ് കേരള മൈഗ്രേഷൻ സർവേയുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന വർദ്ധനയാണ്.

**അനുബന്ധം 10.1.3** 2018 മുതൽ 2023 വരെ കേരളത്തിലെ വിവിധ ജില്ലകളിലെ തിരിച്ചു വന്ന പ്രവാസികളുടെ എണ്ണത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നു. തിരിച്ചു വന്ന പ്രവാസികളുടെ എണ്ണം 1998-ലെ 739,245-ൽ നിന്ന് 2023-ൽ 1,790,758 ആയി വർദ്ധിക്കുകയാണുണ്ടായത്. തിരുവനന്തപുരം, എറണാകുളം, മലപ്പുറം തുടങ്ങിയ ജില്ലകളിൽ തിരിച്ചു വരുന്ന പ്രവാസികളുടെ എണ്ണത്തിൽ വർഷങ്ങളായി സ്ഥിരമായ വളർച്ചയാണ് കാണിക്കുന്നത്.

### സർക്കാരിന്റെ ഇടപെടലുകൾ

കേരളത്തിൽ, പ്രവാസികൾക്കായി സർക്കാർ വിവിധ ഏജൻസികൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു, പ്രധാനമായും നോർക്ക റൂട്ട്സ്, പ്രവാസി വെൽഫെയർ ബോർഡ് തുടങ്ങിയ ഏജൻസികളിലൂടെയാണ് ഇവ ഏകോപിപ്പിക്കുന്നത്. ഈ ഏജൻസികളുടെ പ്രധാന പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു.

### നോർക്ക റൂട്ട്സ്

മുൻപ് നോൺ റെസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി എന്നറിയപ്പെട്ടിരുന്ന നോർക്ക റൂട്സ്, 2002 മുതൽ നോർക്ക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു ഫീൽഡ് ഏജൻസിയാണ്. പ്രവാസി ക്ഷേമം ഉറപ്പാക്കുകയും അവരെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങൾക്കും ഒരൊറ്റ കിയോസ്കായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ഏജൻസിയുടെ പ്രധാന ലക്ഷ്യം.

### നോർക്ക റൂട്ട്സിന്റെ പ്രധാന പദ്ധതികൾ

#### സാന്ത്വന പദ്ധതി

ഇത് പൂർണ്ണമായും ഒറ്റത്തവണ സഹായ പദ്ധതിയാണ്. സാന്ത്വന പദ്ധതിക്ക് അപേക്ഷിക്കുന്ന പ്രവാസി രണ്ട് വർഷത്തിൽ കുറയാതെ വിദേശത്ത് ജോലി ചെയ്തിരിക്കണം. അപേക്ഷകന്റെ/ ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 1.5 ലക്ഷം രൂപയിൽ കവിയരുത്. ചികിത്സാ സഹായങ്ങൾ (50,000 രൂപ വരെ), മരണാനന്തര ധന സഹായം (1,00,000/- രൂപ വരെ) വിവാഹ ധന സഹായം (15,000 രൂപ വരെ), വൈകല്യത്തെ ചെറുക്കുന്നതിനുള്ള ശാരീരിക സഹായഉപകരണങ്ങൾ വാങ്ങൽ (10,000 രൂപ വരെ) എന്നിവയ്ക്ക് ഈ പദ്ധതി പ്രയോജനപ്പെടുന്നു.

സാന്ത്വന പദ്ധതി പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ 4124 ഗുണഭോക്താക്കൾക്ക് 26.1 കോടി രൂപ അനുവദിച്ചു.

#### മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസം (എൻ.ഡി.പി.ആർ.ഇ.എം)

മടങ്ങിയെത്തിയ കുടിയേറ്റക്കാരുടെ പുനരധിവാസത്തിന് പിന്തുണ നല്കുന്നതിന്റെ ഭാഗമായി, സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മടങ്ങിവരുന്ന പ്രവാസികൾക്ക് സുസ്ഥിരമായ ഉപജീവനമാർഗം പ്രദാനം ചെയ്യുന്നതിനായി 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ.ഡി.പി.ആർ.ഇ.എം)' എന്നൊരു പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി, അഗ്രി-ബിസിനസ്, ട്രേഡിംഗ്, സർവീസ്, മാനുഫാക്ചറിംഗ് എന്നീ മേഖലകളിൽ സ്വന്തമായി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന മടങ്ങി വന്ന പ്രവാസികളിൽ നിന്നുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സ്കീമിന് കീഴിൽ, ഓരോ അപേക്ഷകനും 30 ലക്ഷം വരെ മൂലധന ചെലവുള്ള പദ്ധതികൾക്ക് 15 ശതമാനം മൂലധന സബ്സിഡി അനുവദിക്കും. യൂണിറ്റ് പ്രവർത്തിക്കുന്ന ആദ്യത്തെ 4 വർഷത്തേക്ക് 3 ശതമാനം പലിശ സബ്സിഡി നൽകാനുള്ള വ്യവസ്ഥയുണ്ട്.

മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസം പദ്ധതിക്ക് 2023-24 സാമ്പത്തിക വർഷത്തിൽ 1200 ഗുണഭോക്താക്കളുണ്ട്, കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതിയിലൂടെ 18 കോടി രൂപ ചെലവഴിച്ചു. ഈ പദ്ധതിയിലൂടെ 6600-ലധികം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**പ്രവാസികളുടെ പുനരധിവാസം, പുനർ സംയോജനം, ഏകോപനം**

പ്രവാസികളെ പുനരധിവസിപ്പിക്കാനും പുനഃസംയോജിപ്പിക്കാനും പുതിയതും വിജയകരവുമായ ഒരു ജീവിതത്തിലേക്ക് ഏകോപിപ്പിക്കാനുമാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. മറ്റ് രാജ്യങ്ങളിലേക്ക് കുടിയേറാൻ ആഗ്രഹിക്കുന്നവർക്ക് പുതിയ ജോലികളോ അവസരങ്ങളോ നൽകുക എന്നതാണ് സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന്. അതിലൂടെ അവർക്ക് സ്ഥിരമായ വരുമാനം നേടാനാകും. പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ള പുനരധിവാസ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

കോവിഡ്-19 മൂലം ജോലി നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങിയവർക്കും സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധരായവർക്കും വേണ്ടി 2021-2022 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് പ്രവാസി ഭദ്രത. പേൾ, മൈക്രോ, മെഗാ എന്നിങ്ങനെ മൂന്ന് ഉപപദ്ധതികളിലൂടെയാണ് ധനസഹായം നൽകുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതിക്ക് കീഴിലുള്ള മൊത്തം ഗുണഭോക്താക്കളുടെ എണ്ണം 13906 ആയിരുന്നു, പ്രസ്തുത സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 32.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**പ്രവാസി ലീഗൽ എയ്ഡ് സെൽ**

പാസ്പോർട്ട്, വിസ, തൊഴിൽ, സാമൂഹിക കാര്യങ്ങൾ, നിയമപരമായ കേസുകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരിടുന്ന ദുരിതബാധിതരായ പ്രവാസികൾക്ക്, പ്രത്യേകിച്ച് ഗൾഫ് സഹകരണ കൗൺസിൽ (ജി.സി.സി) രാജ്യങ്ങളിൽ മനഃപൂർവ്വമല്ലാതെ തടവിലാക്കപ്പെട്ടവർക്ക് നിയമസഹായവും ഉപദേശവും നൽകാനാണ് പ്രവാസി ലീഗൽ എയ്ഡ് സെൽ (PLAC) സ്ഥാപിച്ചത്. സെൽ നിയമ ബോധവൽക്കരണ പരിപാടികൾ നടത്തുന്നു, ഭാഷാ വിവർത്തന സഹായം വാഗ്ദാനം ചെയ്യുന്നു, ദുരിതബാധിതരായ പ്രവാസികളെ സഹായിക്കുന്നതിന് മലയാളി സാംസ്കാരിക സംഘടനകളുമായി സഹകരിക്കുന്നു. നിലവിൽ സൗദി അറേബ്യ, യുഎഇ, കുവൈറ്റ് എന്നിവിടങ്ങളിൽ PLAC സ്കീമിന് കീഴിൽ ഏഴ് ലീഗൽ കൺസൾട്ടന്റ്മാരെ നിയമിച്ചിട്ടുണ്ട്. ഈ സ്കീമിന് കീഴിൽ ആകെ 216 അപേക്ഷകൾ ലഭിച്ചു, 31.08.2024 വരെ 104 കേസുകൾ വിജയകരമായി തീർപ്പാക്കിയിട്ടുണ്ട്.

**നോർക്ക റിക്രൂട്ട്മെന്റ്**

2015 മുതൽ, GCC രാജ്യങ്ങൾ, യുണൈറ്റഡ് കിംഗ്ഡം, ജർമ്മനി, കാനഡ എന്നിവയുൾപ്പെടെ വിവിധ രാജ്യങ്ങളിൽ കൺസൾട്ടന്റ്മാർ, നഴ്സുമാർ, പരിചരണ ദാതാക്കൾ, സാങ്കേതിക വിദഗ്ധർ, വീട്ടുജോലിക്കാർ എന്നിവരുൾപ്പെടെ 3,500-ലധികം ഹെൽത്ത് കെയർ പ്രൊഫഷണലുകളെ നോർക്ക വിജയകരമായി റിക്രൂട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ ഏത് പ്രവിശ്യയിൽ നിന്നും ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യാനുള്ള അധികാരം നോർക്ക റൂട്ട്സിനുണ്ട്.

നിലവിൽ സൗദി അറേബ്യ, യുഎഇ, കുവൈറ്റ്, യുണൈറ്റഡ് കിംഗ്ഡം (യുകെ), ജർമ്മനി, കാനഡ തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേക്ക് നോർക്ക റൂട്ട്സ് വഴി വിവിധ തൊഴിൽ റിക്രൂട്ട്മെന്റുകൾ വിജയകരമായി നടക്കുന്നുണ്ട്. യുകെ, ജർമ്മനി, കാനഡ റിക്രൂട്ട്മെന്റുകൾ ഉദ്യോഗാർത്ഥികൾക്ക് പൂർണ്ണമായും സൗജന്യമാണ്.

**കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് (കെഎൻആർകെഡബ്ല്യുബി)**

പ്രവാസി കേരളീയരുടെ (എൻ.ആർ.കെ) ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ നിയമം അനുസരിച്ച് രൂപീകരിച്ച കേരള സർക്കാരിന്റെ നിയമപരമായ ബോർഡാണ് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം ചെയ്ത 2009 ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്ത പദ്ധതികളാണ് ബോർഡ് നടപ്പിലാക്കുന്നത്. ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആക്റ്റിന്റെയും സ്കീമിന്റെയും വ്യവസ്ഥകൾ അനുസരിച്ച് ഒരു ക്ഷേമനിധി രൂപീകരിക്കുന്നു.

ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് പെൻഷൻ, കുടുംബ പെൻഷൻ, അസാധുവായ പെൻഷൻ, മരണാനന്തര സഹായം, ചികിത്സാ സഹായം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം, പ്രസവ സഹായം എന്നിങ്ങനെ വിവിധ സഹായങ്ങൾ ബോർഡ് നൽകുന്നു.

നോർക്ക വെൽഫെയർ ബോർഡ് നൽകുന്ന പെൻഷൻ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്നു.

**പട്ടിക 10.1.6** കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് (കെ.എൻ.ആർ.കെ.ഡബ്ല്യൂ.ബി) - 2021-22, 2022-23, 2023-24, 2024-25 വർഷങ്ങളിൽ അനുവദിച്ച പെൻഷന്റെ വിശദാംശങ്ങൾ (2023 ഒക്ടോബർ വരെ)

| വർഷം | രജിസ്റ്റർ ചെയ്തവരുടെ ആകെ എണ്ണം | പെൻഷൻകാരുടെ എണ്ണം | തുക (കോടി) |
|---|---|---|---|
| 2021-22 | 64210 | 23117 | 52.60 |
| 2022-23 | 90550 | 35112 | 124.39 |
| 2023-24 | 71771 | 49765 | 191.74 |
| 2024-25 (14.10.2024) | 18974 | 61404 | 133.19 |

ഉറവിടം: കെ.എൻ.ആർ.കെ.ഡബ്ല്യൂ.ബി, കേരള സർക്കാർ

2021-22 മുതൽ 2024-25 വരെ (2024 ഒക്ടോബർ വരെ) രജിസ്റ്റർ ചെയ്യുന്നവരുടെയും പെൻഷൻകാരുടെയും ആകെ എണ്ണം **പട്ടിക 10.1.6** ൽ കാണിച്ചിരിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 23117 അംഗങ്ങൾക്കായി 52 കോടി രൂപയും 2023-24 വർഷത്തിൽ 49765 അംഗങ്ങൾക്കായി 191 കോടി രൂപയും പെൻഷൻ ഇനത്തിൽ നോർക്ക വെൽഫെയർ ബോർഡ് വഴി ചെലവഴിച്ചതായി പട്ടികയിൽ നിന്ന് വ്യക്തമാണ്. 2024-25 ഒക്ടോബർ വരെ 61404 അംഗങ്ങൾക്കുള്ള പെൻഷൻ ഇനത്തിൽ 133 കോടിയിലധികം രൂപ ചെലവഴിച്ചു.

ലോകത്തെവിടെ നിന്നും പ്രവാസി ക്ഷേമനിധിയിൽ എൻറോൾ ചെയ്യാനും കുടിശ്ശിക അടയ്ക്കാനും സുതാര്യവും സുരക്ഷിതവുമായ ഓൺലൈൻ സൗകര്യമുണ്ട്.

**പ്രവാസി ഡിവിഡന്റ് സ്കീം**

കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് കിഫ്ബിയുമായി സഹകരിച്ച് പ്രവാസി ലാഭവിഹിത പദ്ധതി നടപ്പിലാക്കുന്നു. ഇത് ജന്മനാടിന്റെ വികസനത്തിനായി പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള ദീർഘകാല നിക്ഷേപ പദ്ധതിയാണ്.

പ്രവാസി ഡിവിഡന്റ് സ്കീം പ്രവാസികൾക്കും അവരുടെ പങ്കാളികൾക്കും ആജീവനാന്ത സാമ്പത്തിക സാമൂഹിക സുരക്ഷ വാഗ്ദാനം ചെയ്യുന്നു. ഈ വരുമാന ഗ്യാരന്റി പദ്ധതിക്ക് പ്രവാസി കമ്മ്യൂണിറ്റികളിൽ നിന്ന് മികച്ച സ്വീകാര്യതയാണ് ലഭിക്കുന്നത്. ഈ സ്കീമിന് കീഴിൽ ഇതുവരെ 330 കോടിയിലധികം രൂപ സമാഹരിച്ച് കിഫ്ബിയിലേക്ക് മാറ്റിയിട്ടുണ്ട്.

കേരളത്തിന്റെ വികസനത്തിന് പ്രവാസികൾ നൽകുന്ന സംഭാവനകൾ സാമ്പത്തികമായി മാത്രം അളക്കാനാവില്ല. പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി കേരള സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ മേഖലയുടെ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ, ഇതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് ഉണ്ട്. കേരളത്തിൽ ഒരു വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയുടെ രൂപീകരണമാണ് മടങ്ങിവരുന്ന പ്രവാസികൾ പ്രതീക്ഷിക്കുന്നത്. അതുപോലെ, ഈ സർക്കാർ കേരളത്തിലെ മൂലധന വളർച്ച ത്വരിതപ്പെടുത്തുന്നതിന് പ്രവാസികൾക്ക് വിവിധ നിക്ഷേപ അവസരങ്ങൾ ഉറപ്പാക്കുന്നുമുണ്ട്.

അദ്ധ്യായം

11

# പശ്ചാത്തല സൗകര്യം

# പശ്ചാത്തല സൗകര്യം

## 11.1 ഗതാഗതം

ഏറ്റവും മികച്ചതും ഫലപ്രദവുമായ ഗതാഗത മാർഗ്ഗങ്ങളിലൊന്നാണ് റോഡ് ഗതാഗതം. 6.4 ദശലക്ഷം കിലോമീറ്റർ വ്യാപിച്ചുകിടക്കുന്ന ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ റോഡ് ശൃംഖലയാണ് ഭാരതത്തിനുള്ളത്. ജനവാസ മേഖലകളിലേക്ക് കടന്നു ചെല്ലാനുള്ള ശേഷിയും ആദ്യ-അവസാന കണക്ടിവിറ്റി കണക്കിലെടുക്കുമ്പോൾ ചരക്കു നീക്കത്തിനും യാത്രയ്ക്കും സൗകര്യപ്രദമായതും കൂടുതൽ ജനപ്രിയവുമായ ഒരു ഗതാഗത മാർഗ്ഗമാണ് റോഡ് ഗതാഗതം. ആയതുകൊണ്ട് തന്നെ രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിനും സാമൂഹിക ഏകീകരണത്തിനും ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ്. റെയിൽവേ, ജല,വ്യോമ ഗതാഗത മാർഗ്ഗങ്ങൾക്ക് എന്നിവ തമ്മിൽ ബന്ധിപ്പിക്കുന്ന ഗതാഗത മാർഗ്ഗമായും റോഡുഗതാഗതം പ്രവർത്തിക്കുന്നു.

### ഇന്ത്യയിലെ റോഡ് ശൃംഖല

കഴിഞ്ഞ കുറെ വർഷങ്ങളായി നഗരങ്ങളെയും, ഗ്രാമങ്ങളെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഭാരതത്തിന്റെ റോഡ് ശൃംഖല വളർന്നുകൊണ്ടിരിക്കുകയാണ്. ദേശീയ പാതകൾ, എക്സ്പ്രസ് വേകൾ, സംസ്ഥാന പാതകൾ, ജില്ലാ റോഡുകൾ, ഗ്രാമീണ, നഗര റോഡുകൾ, മറ്റ് ജില്ലാ റോഡുകൾ തുടങ്ങിയ ഉൾപ്പെടുന്ന വിപുലമായ റോഡ് ശൃംഖലയാണ് ഇന്ത്യയുടേത്. ഇന്ത്യയിലെ റോഡ് ശൃംഖലയുടെ വിശദാംശങ്ങൾ **പട്ടിക 11.1.1–**ൽ നൽകിയിരിക്കുന്നു.

**പട്ടിക 11 .1 .1** ഇന്ത്യയിലെ റോഡ് ശൃംഖല

| ക്രമ. നം. | റോഡിന്റെ തരം | റോഡ് ദൈർഘ്യം(കിലോമീറ്ററിൽ) |
|---|---|---|
| 1 | ദേശീയ പാത /എക്സ്പ്രസ്സ് ഹൈവേ | 1,46,145 |
| 2 | സംസ്ഥാന പാതകൾ | 1,79,535 |
| 3 | മറ്റു റോഡുകൾ | 60,19,723 |
| **ആകെ** | | **63,45,403** |

അവലംബം : വാർഷിക റിപ്പോർട്ട്-2023-24, ഹൈവേ-റോഡ് ഗതാഗത മന്ത്രാലയം,ഭാരത സർക്കാർ(മോർത്ത്).

രാജ്യത്തിന്റെ നാഡീവ്യൂഹമായി പ്രവർത്തിക്കുന്ന പാതകളാണ് ദേശീയ പാതകൾ. ഇന്ത്യയിലെ ദേശീയ പാതയുടെ ആകെ നീളം 1,46,145 കിലോമീറ്ററാണ്. ഇവയുടെ വികസനവും പരിപാലനവും പ്രാഥമികമായി ഭാരത സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ദേശീയ പാത (എൻ എച്ച്) ശൃംഖല 2014-ൽ 91,287 കി.മീ ആയിരുന്നത് 2024-ൽ 1,46,145 കി.മീ (60 ശതമാനം) ആയി വർദ്ധിച്ചിട്ടുണ്ട്. ദേശീയപാത ശൃംഖലയിലെ ഓപ്പറേഷണൽ ഹൈ-സ്പീഡ് ഇടനാഴികളുടെ ദൈർഘ്യം 2014-ൽ 93 കി.മീ ആയിരുന്നത് 2024-ൽ ആയപ്പോഴേക്കും ഏകദേശം 2,138 കി.മീ ആയി വർദ്ധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളിലെ ഗതാഗതം സുഗമമാക്കുക എന്നതാണ് സംസ്ഥാന പാതകളിലെ (എസ്.എച്ച്) വികസനം കൊണ്ട് ലക്ഷ്യമിടുന്നത്. പ്രധാന ജില്ല റോഡുകൾ സംസ്ഥാനത്തെ പ്രധാന റോഡുകളെയും ഗ്രാമീണ പാതകളെയും ബന്ധിപ്പിക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നു.

### കേരളത്തിലെ റോഡ് സംവിധാനം

കേരളത്തിലെ റോഡുകളുടെ ആകെ ദൈർഘ്യം 1,91,292.39 കിലോമീറ്ററാണ്. ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന ക്ലാസിഫൈഡ്,നോൺ-ക്ലാസിഫൈഡ് റോഡുകൾ ഇതിൽ ഉൾപ്പെടുന്നു. ദേശീയപാതകൾ, സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ (എംഡിആർ റോഡുകൾ) എന്നിവയിലൂടെയാണ് മൊത്തം റോഡ് ഗതാഗതത്തിന്റെ 80 ശതമാനവും കൈകാര്യം ചെയ്യുന്നത്. സംസ്ഥാനത്തെ ഗതാഗത വാർത്താവിനിമയ മേഖലയുടെ 2013 മുതലുള്ള പ്രധാന വികസന സൂചകങ്ങൾ **അനുബന്ധം 11.1.1.** ൽ നൽകിയിരിക്കുന്നു.

ആകെ 1,781 കിലോമീറ്റർ ദൈർഘ്യമുള്ള 11 ദേശീയ പാതകൾ (എൻ.എച്ച്) കേരളത്തിലൂടെ കടന്നു പോകുന്നുണ്ട്. ഇതിൽ, 548 ( 31 ശതമാനം)കിലോമീറ്റർ ദൈർഘ്യം വരുന്ന ദേശീയ പാതയുടെ പരിപാലനം സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ദേശീയ പാത വിഭാഗത്തിൽ നിക്ഷിപ്തമാണ്. ശേഷിക്കുന്ന

1,233കിലോമീറ്റർ, കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിന്(എം ഒ ആർ ടി എച്ച്) കീഴിലുള്ള നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്(എൻഎച്ച്എഐ)പരിപാലിക്കുന്നത്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ദേശീയ പാത വിഭാഗം പരിപാലിക്കുന്ന റോഡുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.1.2**-ലും സംസ്ഥാനത്തെ ദേശീയപാതകളുടെ ദൈർഘ്യം സംബന്ധിച്ചുള്ള വിവരങ്ങൾ **അനുബന്ധം 11.1.3**-ലും നൽകിയിരിക്കുന്നു.


സംസ്ഥാനത്തെ പ്രധാന റോഡുകളുടെ വികസനവും പരിപാലനവും സംസ്ഥാന പൊതുമരാമത്ത് വകുപ്പാണ് നിർവ്വഹിച്ച് വരുന്നത്. 2023-24 വർഷത്തെ കണക്കനുസരിച്ച് പൊതുമരാമത്ത് വകുപ്പ് (റോഡുകൾ) വിഭാഗം പരിപാലിക്കുന്ന റോഡുകളുടെ ആകെ ദൈർഘ്യം 29,573 കിലോമീറ്ററാണ്, ഇതിൽ 4,128 കി.മീ (13.95 ശതമാനം) സംസ്ഥാനപാതകളും 25,445 കി.മീ (86.04 ശതമാനം) പ്രധാന ജില്ല റോഡുകളുമാണ് (എം.ഡി.ആർ). സംസ്ഥാന പാതകളുടെ ആകെ നീളത്തിൽ 898 കിലോമീറ്റർ നാലുവരിപ്പാതകളും 3,193 കിലോമീറ്റർ രണ്ടുവരിപ്പാതകളും ബാക്കി 35 കിലോമീറ്റർ ഒറ്റവരിപ്പാതകളുമാണ്. 25,445 കിലോമീറ്റർ വരുന്ന പ്രധാന ജില്ലാ റോഡുകളിൽ 52 കിലോമീറ്റർ നാലുവരിപ്പാതയും 10,593 കിലോമീറ്റർ രണ്ടുവരിപ്പാതയും ബാക്കി 14,748 കിലോമീറ്റർ ഒറ്റവരിപ്പാതയുമാണ്. സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ 79.7 ശതമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ്, 15.5 ശതമാനം റോഡ് പൊതുമരാമത്ത് വകുപ്പിന്റെ റോഡു വിഭാഗവും 0.3 ശതമാനം ദേശീയ പാത വിഭാഗവുമാണ് പരിപാലിക്കുന്നത്. ശേഷിക്കുന്ന 3.9 ശതമാനം വരുന്ന മറ്റ് റോഡുകൾ റെയിൽവേ, കെഎസ്ഇബി, ജലസേചനം,വനം, ദേവസ്വം വകുപ്പുകൾ നിർമ്മിച്ച് പരിപാലിക്കുന്നവയാണ്.

പൊതുമരാമത്ത് വകുപ്പിന്റെ റോഡ് വിഭാഗം റോഡുകളുടെ നിർമ്മാണത്തിന് പുറമെ, റോഡുകളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തൽ,നിലവിലുള്ള റോഡുകളുടെ പരിപാലനം, അറ്റകുറ്റപ്പണികൾ, റൈഡിംഗ് ഗുണനിലവാരം, റോഡ് സുരക്ഷ എന്നിവ മെച്ചപ്പെടുത്തുന്നതിനായി റിലേയിംഗ്, നവീകരണം എന്നിവയിലൂടെ റോഡിന്റെ ജ്യാമിതീയത,ജംഗ്ഷൻ മെച്ചപ്പെടുത്തൽ എന്നിവയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി റണ്ണിങ് കോൺട്രാക്റ്റ് നടത്തുന്നതിനുള്ള ക്രമീകരണങ്ങളും സംസ്ഥാനം ചെയ്തിട്ടുണ്ട്. 2023-24 ൽ ബിറ്റുമെൻ മെക്കാഡം (ബിഎം), ബിറ്റുമെൻ കോൺക്രീറ്റ് (ബിസി) എന്നിവ ഉപയോഗിച്ച് റോഡ് വിഭാഗം ആകെ 1,163 കിലോമീറ്റർ നീളമുള്ള റോഡുകളുടെ വികസനവും മെച്ചപ്പെടുത്തലും നടപ്പാക്കിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ്(റോഡുകൾ) പരിപാലിക്കുന്ന റോഡുകളുടെ എണ്ണത്തിൽ/ദൈർഘ്യത്തിൽ കോട്ടയം ജില്ലയാണ് മുന്നിൽ. ഈ ജില്ലയിലെ റോഡുകളുടെ ആകെ ദൈർഘ്യം 3,040.15 കിലോമീറ്ററാണ്, ഇത് വകുപ്പ് സംരക്ഷിക്കുന്ന ആകെ റോഡുകളുടെ 10.3 ശതമാനമാണ്. വയനാട് ജില്ലയാണ് റോഡുകളുടെ എണ്ണത്തിലും ദൈർഘ്യത്തിലും പിറകിൽ 914 കിലോമീറ്റർ (3.1 ശതമാനം). പൊതുമരാമത്തു വകുപ്പ് (റോഡുകൾ) പരിപാലിക്കുന്ന റോഡുകളുടെ ജില്ല തിരിച്ചുള്ള വിഭാഗത്തിന്റെയും ഉപരിതലം തിരിച്ചുള്ള നീളത്തിന്റെയും വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 11.1.4**, **അനുബന്ധം 11.1.5** എന്നിവയിൽ നൽകിയിരിക്കുന്നു. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരക്ഷിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ **ചിത്രം.11.1.1** ൽ നൽകിയിരിക്കുന്നു.

2023-24 വർഷത്തിൽ വിവിധ തദ്ദേശ സ്ഥാപനങ്ങൾ പരിപാലിച്ച റോഡുകളുടെ ആകെ നീളം 1,52,422 കിലോമീറ്ററാണ്. ഇതിൽ 1,28,048 കിലോമീറ്റർ (84ശതമാനം) ജില്ലാ-ഗ്രാമപഞ്ചായത്തുകളും 16,560 കിലോമീറ്റർ (10.9 ശതമാനം) മുനിസിപ്പാലിറ്റികളും പരിപാലിക്കുന്നു. 7,813 കിലോമീറ്റർ (5.1 ശതമാനം) കോർപ്പറേഷനുകളാണ് പരിപാലിക്കുന്നത്. വിവിധ

**ചിത്രം.11.1.1** വിവിധ വകുപ്പുകൾ പരിപാലിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ, ശതമാനത്തിൽ




ഉറവിടം : വിവിധ വകുപ്പുകൾ

**പട്ടിക 11.1.2** വിവിധ തദ്ദേശ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകൾ, ദൈർഘ്യം(കി.മി (

| Sl.No | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | ടാറിട്ട റോഡ് (ബ്ലാക്ക് ടോപ്പ്) | കോൺക്രീറ്റ് / സിമന്റ് റോഡ് | മൺ റോഡ് | ആകെ |
|---|---|---|---|---|---|
| 1 | കോർപ്പറേഷനുകൾ | 5,082 | 2,172 | 559 | 7,813 |
| 2 | മുനിസിപ്പാലിറ്റി | 10,142 | 3,815 | 2,602. | 16,560 |
| 3 | ജില്ലാ പഞ്ചായത്ത് | 129 | 6 | 5 | 140 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്തുകൾക്ക് റോഡ് ആസ്തിയില്ല | | | |
| 5 | ഗ്രാമപഞ്ചായത്ത് | 65,372 | 28,927 | 33,609 | 1,27,908 |
| **ആകെ** | | **80,726** | **34,920** | **36,775** | **1,52,422#** |

ഉറവിടം: തദ്ദേശ സ്വയംഭരണ വകുപ്പ്

# കുറിപ്പ്: അസറ്റ് രജിസ്റ്ററിലെ മാനുവൽ എൻട്രികളെ അടിസ്ഥാനമാക്കി മുൻ വർഷങ്ങളിൽ സമർപ്പിച്ച മൊത്തം റോഡ് ദൈർഘ്യം, റോഡ് സർഫേസിംഗിലെ മാറ്റങ്ങൾ കാരണം കൃത്യമല്ല. പ്രശ്നം പരിഹരിക്കുന്നതിനും കൃത്യമായ വിവരങ്ങൾ നൽകുന്നതിനുമായി കെഎസ്ആർഇസി ജിഐഎസ് മാപ്പിംഗ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തു.

തദ്ദേശ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകൾ കേരള റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് (KRSEC) തയ്യാറാക്കിയ GIS അടിസ്ഥാനമാക്കിയുള്ള റോഡ് അസറ്റ് മാപ്പിംഗ് റോഡുകളുടെ ദൈർഘ്യം **പട്ടിക 11.1.2** ൽ നല്കിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് (പാലം) വിഭാഗം ആകെ 2,837 പാലങ്ങൾ പരിപാലിക്കുന്നുണ്ട്. അതിൽ 546 പാലങ്ങൾ സംസ്ഥാന പാതകളിലും, 2141 പാലങ്ങൾ പ്രധാന ജില്ലാ റോഡുകളിലും മറ്റ് ജില്ലാ റോഡുകളിലും, 150 പാലങ്ങൾ ഗ്രാമീണ റോഡുകൾ റെയിൽവേ മേൽപ്പാലങ്ങൾ (ആർഒബി) എന്നിവിടങ്ങളിലുമാണ്. ബൗ സ്ട്രിംഗ് ആർച്ച് ബ്രിഡ്ജുകൾ, എക്സ്ട്രാഡോസ്ഡ് ബ്രിഡ്ജുകൾ, ഇന്റഗ്രൽ, അർദ്ധ അവിഭാജ്യ പാലങ്ങൾ എന്നിങ്ങനെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഭംഗിയുള്ള പാലങ്ങൾ നിർമ്മിക്കുന്നതിൽ പൊതുമരാമത്ത് വകുപ്പ് (പാലം) വിഭാഗം പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 2023-24 ൽ 256.68 കോടി രൂപ ചെലവിൽ 42 പാലങ്ങളുടെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് (പാലം) വിഭാഗം പൂർത്തിയാക്കിയിട്ടുണ്ട്. ജലഗതാഗതം സുഗമമാക്കുന്നതിന് 110 മീറ്റർ സ്പാനും 12 മീറ്റർ ഉയരവും ഉള്ള ബൗ സ്ട്രിംഗ് ആർച്ചും 981 മീറ്റർ നീളവും ഉള്ള വലിയഴീക്കൽ പാലം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തതാണ് വിഭാഗത്തിന്റെ സമീപകാലത്തെ ശ്രദ്ധാർഹമായ നേട്ടം.

ആദിവാസി കോളനികൾ, ദ്വീപുകൾ തുടങ്ങിയ അപ്രാപ്യമായ ജനവാസമേഖലകളെ പാലം മുഖേന ബന്ധിപ്പിക്കാനും തകർന്ന പാലങ്ങൾ പുനർനിർമ്മിക്കുവാനും വകുപ്പ് വിഭാവനം ചെയ്യുന്നു. കാലഹരണപ്പെട്ട പഴയ പാലങ്ങൾ വിശ്രമകേന്ദ്രങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളുമാക്കി മാറ്റുക, രാജ്യാന്തര നിലവാരത്തിൽ കേരളത്തിലുടനീളമുള്ള പാലങ്ങളിൽ അലങ്കാര ദീപങ്ങൾ സജ്ജീകരിക്കുക, എന്നീ പദ്ധതികളാണ് നൂതന പ്രൊജക്ടുകളിൽ ഉൾപ്പെടുന്നത്. 2024 ഓഗസ്റ്റ് 31 വരെ പൊതുമരാമത്ത് വകുപ്പ് (പാലം) വിഭാഗം നിർമ്മിച്ച പാലങ്ങളുടെയും കലുങ്കുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 11.1.6**-ൽ നൽകിയിരിക്കുന്നു.

**റോഡ് മെച്ചപ്പെടുത്തലുകൾ**

ദേശീയ പാത അതോറിറ്റിക്കുവേണ്ടി (എൻ.എച്ച്.എ.ഐ) ദേശീയ-സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ (എം.ഡി.ആർ.എസ്.) എന്നിവയ്ക്കായുള്ള നയരൂപീകരണം, ആസൂത്രണം, ഡിസൈൻ, നിർമ്മാണം, അറ്റകുറ്റപ്പണികൾ തുടങ്ങിയവ നടത്തുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്തം സംസ്ഥാന പൊതുമരാമത്ത് വകുപ്പിനാണ്. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി,പി.), കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.), റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ.), റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (ആർ.ഐ.സി.കെ) എന്നിവയും സംസ്ഥാനത്തെ റോഡ് പദ്ധതികൾ നടപ്പിലാക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നു. കേന്ദ്ര ധനസഹായമാണ് ദേശീയപാത അറ്റകുറ്റപണികൾക്കുള്ള പ്രധാന സാമ്പത്തിക സ്രോതസ്സ്.

**നഗര പാതകളുടെ മെച്ചപ്പെടുത്തൽ**: 2001-ലെ കേരള റോഡ് ഫണ്ട് ആക്റ്റ് (കെആർഎഫ് ആക്റ്റ്) പ്രകാരം സംസ്ഥാന സർക്കാരിന് കീഴിൽ 2002 ൽ സ്ഥാപിതമായ ഒരു സ്ഥാപനമാണ് കേരള റോഡ് ഫണ്ട് ബോർഡ് (കെആർഎഫ്ബി). സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഈ ഏജൻസി നിർണ്ണായക പങ്ക് വഹിക്കുന്നു. ഇത് പ്രധാനമായും ബജറ്റ് ഇതര ഫണ്ടുകളുടെ മേൽനോട്ടം വഹിക്കുകയും നിയന്ത്രിക്കുകയും റോഡുകളും മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ഈ ഫണ്ടുകൾ വിനിയോഗിക്കുകയും ചെയ്യുന്നു.

**തീരദേശ ഹൈവേയും മലയോര ഹൈവേയും**: സംസ്ഥാനത്തെ തീരപ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള തീരദേശ ഹൈവേ, കേരള സർക്കാർ വിഭാവനം ചെയ്യുന്ന ഒരു അഭിമാന പദ്ധതിയാണ്. ദേശീയ പാത 66 ന് ബദലായി പ്രവർത്തിക്കുന്ന ഈ തീരദേശ ഹൈവേയ്ക്ക്, ഏത് അടിയന്തര സാഹചര്യത്തിലും ഒരു ഒഴിപ്പിക്കൽ റൂട്ടായി പ്രവർത്തിക്കുവാനും സാധിക്കുന്നു. തീരദേശ ഹൈവേ, മറ്റ് ചെറുകിട തുറമുഖങ്ങൾ, ഹാർബറുകൾ എന്നിവ കൂടാതെ വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം എന്നിവയെയും ബന്ധിപ്പിക്കുന്നു. കേരള റോഡ് ഫണ്ട് ബോർഡ് (കെആർഎഫ്ബി) ആണ് പദ്ധതിയുടെ നടത്തിപ്പിനുള്ള പ്രത്യേക ഉദ്ദേശ്യ സ്ഥാപനം.

ആലപ്പുഴ ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളെയും ബന്ധിപ്പിച്ചുകൊണ്ട് കാസർഗോഡിലെ നന്ദാരപടവിൽ നിന്ന് തിരുവനന്തപുരം ജില്ലയിലെ പാറശാല വരെ വ്യാപിച്ചുകിടക്കുന്ന കേരളത്തിലെ ഏറ്റവും നീളം കൂടിയ സംസ്ഥാന പാതയായ സംസ്ഥാന ഹൈവേ 59 (എസ് എച്ച് 59) നെ 'ഹിൽ ഹൈവേ' അഥവാ 'മലയോര ഹൈവേ' ആയി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ സുഗന്ധവ്യഞ്ജനങ്ങളുടെയും മറ്റ് ഹൈറേഞ്ച് ഉൽപ്പന്നങ്ങളുടെയും വ്യാപാരത്തിലും കൃഷിയിലും ഏർപ്പെട്ടിരിക്കുന്ന ഒട്ടുമിക്ക നഗരങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനാൽ നിർദ്ദിഷ്ട ഹിൽ ഹൈവേയെ "കേരള സ്പൈസസ് റൂട്ട്" എന്നും വിളിക്കുന്നു. ഹൈറേഞ്ചുകളിലെ വ്യാപാരം വർദ്ധിപ്പിക്കുക, സുഗന്ധവ്യഞ്ജനങ്ങൾ, കാർഷിക ഉൽപന്നങ്ങൾ എന്നിവയുടെ സുഗമമായ സഞ്ചാരം ഉറപ്പാക്കുക അതുപോലെ തന്നെ കേരളത്തിലെ പ്രധാന മധ്യ പാതയിലെ ഗതാഗത തീവ്രത കുറയ്ക്കുകയും ചെയ്യുക എന്നിവയാണ് ഇത്തരമൊരു ഹൈവേ രൂപീകരിക്കുന്നതിന്റെ ലക്ഷ്യം. കെ.ആർ. എഫ്ബിയെയാണ് ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായി (എസ്.പി.വി) നിയോഗിച്ചിട്ടുള്ളത്. മലയോര ഹൈവേയുടെ 4 റീച്ചുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും മറ്റ് റീച്ചുകളിലെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നവയുമാണ്.

**റോഡ് മേഖലയിലെ ഗവേഷണവും വികസനവും**


റോഡ് സംവിധാനം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട പൊതുവായ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും, പ്രത്യേകിച്ച്, മിതവ്യയത്തിലൂടെ അടിസ്ഥാന സൗകര്യങ്ങളുടെ സാങ്കേതിക നിലവാരം ഉയർത്തുന്നതിനുമുള്ള നൂതന മാതൃകകളും സാങ്കേതിക വിദ്യകളും വികസിപ്പിക്കുന്നതിലും ഗവേഷണ വികസന പ്രവർത്തനങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നു. ഡിസൈൻ, റിസർച്ച്, ഇൻവെസ്റ്റിഗേഷൻസ് ആൻഡ് ക്വാളിറ്റി കൺട്രോൾ ബോർഡ് (DRIQ ബോർഡ്), കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KHRI), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്ക്) എന്നിവയാണ് നിലവിൽ റോഡ് ഗതാഗത മേഖലയിൽ ഗവേഷണത്തിലും വികസനത്തിലും ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ.

**റോഡ് ഗതാഗതം**

2024 മാർച്ച് 31 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 174ലക്ഷം നിയമാനുസൃത രജിസ്ട്രേഷനുള്ള മോട്ടോർ വാഹനങ്ങളുണ്ട്. മുൻവർഷം ഇത് 166 ലക്ഷം ആയിരുന്നു. മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ, മുൻ വർഷത്തെ അപേക്ഷിച്ച് 4.50 ശതമാനം വാർഷിക വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നു. 2024 മാർച്ച് 31വരെ കണക്കുകൾ പ്രകാരം, 113 ലക്ഷം ഇരുചക്രവാഹനങ്ങളും (മോട്ടോർ സൈക്കിളുകൾ/സ്കൂട്ടറുകൾ/മോപ്പഡുകൾ) 8 ലക്ഷം ഓട്ടോ റിക്ഷകളും 38.94 ലക്ഷം കാറുകളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2024 മാർച്ച് വരെ സംസ്ഥാനത്ത് 1.39 ലക്ഷം ബസ്സുകളും (വിദ്യാഭ്യാസ സ്ഥാപന ബസുകൾ ഉൾപ്പെടെ) 1.31 സ്വകാര്യ സർവീസ് വാഹനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2023-24ൽ പുതുതായി രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം 7.44 ലക്ഷമാണ്. ഇതിൽ 4,82,892 ഇരുചക്ര വാഹനങ്ങളും 32,740 മുച്ചക്ര വാഹനങ്ങളും, 5,339 ബസുകളും (ഓമ്നി/ വിദ്യാഭ്യാസ സ്ഥാപന ബസുകൾ എന്നിവയുൾപ്പെടെ) 734 ആംബുലൻസുകളും ഉൾപ്പെടുന്നു. വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം11.1.7**, **അനുബന്ധം 11.1.8** എന്നിവയിൽ നൽകിയിരിക്കുന്നു. 2013 മുതൽ കഴിഞ്ഞ പന്ത്രണ്ട് വർഷങ്ങളിൽ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ സംസ്ഥാനത്തുണ്ടായ വർദ്ധനവ് **ചിത്രം 11.1.2** ൽ കാണിച്ചിരിക്കുന്നു.


സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ആകെ വാഹനങ്ങളിൽ (174 ലക്ഷം) ഏറ്റവും കൂടുതൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ ഉള്ളത് 22.80 ലക്ഷം (13.1 ശതമാനം) വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള എറണാകുളം ജില്ലയിലാണ്. 20.78 ലക്ഷം (11.94 ശതമാനം) വാഹനങ്ങളുള്ള തിരുവനന്തപുരം ജില്ലയാണ് രണ്ടാം സ്ഥാനത്ത്. ഏറ്റവും കുറവ് വാഹനങ്ങൾ(3.2 ലക്ഷം)

**ചിത്രം 11.1.2** 2013 മുതൽ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്




ഉറവിടം: മോട്ടോർ വാഹന വകുപ്പ്

**ചിത്രം 11.1.3** 2023-24 ൽ രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങളുടെ തരം തിരിച്ചുള്ള എണ്ണം, ശതമാനത്തിൽ




ഉറവിടം:മോട്ടോർ വാഹന വകുപ്പ്

ഉള്ളത് വയനാട് ജില്ലയിലാണ് (1.8 ശതമാനം). കേരളത്തിലെ മോട്ടോർ വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള വളർച്ച **അനുബന്ധം 11.1.9** ൽ നല്കിയിരിക്കുന്നു. 2012-13 മുതൽ 2023-24 വരെയുള്ള കാലയളവിൽ കേരളത്തിലെ മോട്ടോർ വാഹന രജിസ്ട്രേഷനുകളുടെ ഇനം തിരിച്ചുള്ള വളർച്ച **അനുബന്ധം 11.1.10**-ൽ നല്കിയിരിക്കുന്നു. മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുള്ള വളർച്ചയും റോഡുകളുടെ ശേഷി വർദ്ധനവും തമ്മിലുള്ള പൊരുത്തക്കേട് കേരളത്തിലുടനീളമുള്ള ഗതാഗതക്കുരുക്കിനും റോഡപകടങ്ങൾ വർദ്ധിക്കുന്നതിനും കാരണമാകുന്നു. 2023-24ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങളുടെ തരം തിരിച്ചുള്ള എണ്ണം, ശതമാനം **ചിത്രം 11.1.3** ൽ കൊടുത്തിരിക്കുന്നു.

## ഇ–മൊബിലിറ്റി

ഹരിത നയങ്ങൾ പിന്തുടരുന്നതോടൊപ്പം പരിസ്ഥിതി സൗഹൃദ പരിപാടികളും സംസ്ഥാനം സജീവമായി സംഘടിപ്പിക്കുന്നുണ്ട്. ഇലക്ട്രിക് വാഹനങ്ങൾ അതിന്റെ ഓൺബോർഡ്പവർസ്രോതസ്സിൽനിന്ന്മലിനവാതകമോ മറ്റ് മലിനീകരണ വസ്തുക്കളോ പുറപ്പെടുവിക്കാത്തതിനാൽ പരിസ്ഥിതിക്ക് വളരെ അനുയോജ്യമാണ്. കേരളത്തിൽ ഇലക്ട്രിക് വാഹനങ്ങളോടുള്ള (ഇവി കൾ) താല്പര്യം വർദ്ധിച്ചുവരികയാണ്. 2024 ജനുവരി മുതൽ ഓഗസ്റ്റ് വരെ കേരളത്തിൽ രജിസ്റ്റർ ചെയ്ത ആകെ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം 5,02,083 ആണ്. ഇതിൽ 3,28,608 ഇലക്ട്രിക് മോട്ടോർ സൈക്കിളുകൾ /സ്കൂട്ടറുകൾ, 1,29,344 ഇലക്ട്രിക് മോട്ടോർ കാറുകൾ, 18,947 മുച്ചക്ര വാഹനങ്ങൾ എന്നിവ ഉൾപ്പെടുന്നു. 2023- ലെയും 2024 ( ആഗസ്റ്റ് 31 വരെ) ഉള്ള കേരളത്തിലെ ഇ-വാഹനങ്ങളുടെ രജിസ്ട്രേഷൻ വിശദാംശങ്ങൾ **അനുബന്ധം 11.1.11**-ൽ നൽകിയിരിക്കുന്നു.

സംസ്ഥാന സർക്കാർ ഓഫീസുകളിൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വലിയ രീതിയിൽ പ്രോത്സാഹിപ്പിക്കുന്നുണ്ട്. വൈദ്യുതി മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിൽ (ഇ.ഇ.എസ്.എൽ) നിന്ന് നോൺ-കൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി ഏജൻസി(അനെർട്ട്) മുഖേന മോട്ടോർ വാഹന വകുപ്പും (എംവിഡി) മറ്റ് വകുപ്പുകളും ഡ്രൈ-ലീസിന് 'പ്ലഗ്-ഇൻ ഇലക്ട്രിക് വാഹനങ്ങൾ' ലഭ്യമാക്കി ഉപയോഗിക്കുന്നു.

## റോഡ് സുരക്ഷ

ചുരുക്കത്തിൽ നല്ല രീതിയിൽ പരസ്പര ബന്ധിതമാണെങ്കിലും നഗര വ്യാപനവും വഴിയിലുടനീളമുള്ള അടുക്കും ചിട്ടയുമില്ലാത്ത വികസന രീതികളും, റോഡുകളുടെ ശേഷിക്ക് അപ്പുറമുള്ള വർദ്ധിച്ചു വരുന്ന റോഡ് ഗതാഗതവും കേരളത്തിലെ പ്രധാന റോഡ് ശൃംഖല രൂക്ഷമായ പ്രതിസന്ധികൾ നേരിടുന്നതിന് കാരണമാകുന്നു. റോഡ് ഗതാഗതത്തിലെ സുസ്ഥിരമായ വർദ്ധനവ് നിലവിലുള്ള റോഡു ശൃംഖലയുടെ ശേഷിക്ക് അപ്പുറമാണ്. പരിമിതമായ പ്രവേശന മാർഗ്ഗങ്ങൾ,ഭൂമി ഏറ്റെടുക്കൽ മുതലായ പ്രശ്നങ്ങളാണ് നിലവിലുള്ള റോഡുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്.


സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ ഓഫ് കേരളയുടെ (എസ്.സി.ആർ.ബി) കണക്കനുസരിച്ച്, 2023 ൽ കേരളത്തിൽ 48,091 റോഡപകടങ്ങളിലായി, 4,080 മരണങ്ങളും, 54,320 പരിക്കുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2024-ൽ ജനുവരി മുതൽ ഓഗസ്റ്റ് വരെ കണക്കുകൾ പ്രകാരം,തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ മരണങ്ങൾ (462) റിപ്പോർട്ട് ചെയ്യതെങ്കിൽ റോഡപകടങ്ങളിൽ നിന്നുള്ള മരണങ്ങളുടെ എണ്ണം കുറവ് രേഖപ്പെടുത്തിയത് വയനാട് (84) ജില്ലയിലാണ്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ രേഖകൾ പ്രകാരം, 2024 ജനുവരി മുതൽ ഓഗസ്റ്റ് വരെ 32,361 വാഹനാപകടങ്ങളിലായി 2,501 മരണങ്ങളാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യത്.

അലക്ഷ്യമായ ഡ്രൈവിംഗ്, റോഡിന്റെ ശോചനീയ വസ്ഥ, ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ,

പ്രതികൂലമായ കാലാവസ്ഥ എന്നിവ കരണമാണ് റോഡ് അപകടങ്ങൾ പ്രധാനമായും സംഭവിക്കുന്നത്. റോഡ് സുരക്ഷ ഒരു സങ്കീർണ്ണമായ പ്രശ്നമായതിനാൽ, ലക്ഷ്യം കൈവരിക്കുന്നതിന് വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിൽ നിന്നും സ്ഥിരവും സുദീർഘവും ഏകോപിതാവുമായ ശ്രമങ്ങൾ ആവശ്യമാണ്. നിയമങ്ങളും അച്ചടക്കവും പാലിക്കാൻ മോട്ടോർ വാഹന വകുപ്പും പോലീസും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും റോഡപകടങ്ങൾ( പ്രത്യേകിച്ച് ഇരുചക്ര വാഹനങ്ങളിൽ നിന്നുള്ള റോഡ് അപകടങ്ങൾ) വർദ്ധിച്ചുവരുന്ന പ്രവണത ആശങ്കാജനകമാണ്. 2023 ജനുവരി മുതൽ ഡിസംബർ വരെയുള്ള കേരളത്തിലെ ജില്ല തിരിച്ചുള്ള മോട്ടോർ വാഹന അപകടങ്ങളും റോഡപകടങ്ങളിൽ ഉൾപ്പെട്ട മോട്ടോർ വാഹനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങളും യഥാക്രമം **അനുബന്ധം 11.1.12**, **അനുബന്ധം 11.1.13** എന്നിവയിൽ യഥാക്രമം നൽകിയിരിക്കുന്നു.


സംസ്ഥാനത്ത് 2024 ജനുവരി മുതൽ ഓഗസ്റ്റ് വരെ നടന്ന റോഡപകടങ്ങളിൽ ഭൂരിഭാഗവും (38.6 ശതമാനം) ഇരുചക്രവാഹനങ്ങൾ ഉൾപ്പെട്ടവയാണ്. ഇരുചക്രവാഹനങ്ങളാൽ ഉണ്ടാകുന്ന റോഡ് അപകടങ്ങളുടെ എണ്ണം 2023ൽ 19,403 ആയിരുന്നു, എന്നാൽ 2024 ജനുവരി മുതൽ ഓഗസ്റ്റ് വരെ ഇത് 12,480 ആണ്. കേരളത്തിൽ 2024 ജനുവരി മുതൽ ഓഗസ്റ്റ് വരെ നടന്ന വാഹന അപകടങ്ങളിൽ ഉൾപ്പെട്ട വാഹങ്ങളുടെ ഇനം തിരിച്ചുള്ള ശതമാന കണക്കുകൾ **ചിത്രം 11.1.4** ൽ കാണിച്ചിരിക്കുന്നു.

**ചിത്രം. 11.1.4** 2024 ജനുവരി മുതൽ ഓഗസ്റ്റ് വരെ കേരളത്തിൽ ഉണ്ടായിട്ടുള്ള റോഡ് അപകടങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ, ശതമാനത്തിൽ




ഉറവിടം: സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ

**ചിത്രം. 11.1.5** 2012 മുതൽ 2024 ആഗസ്റ്റ് വരെ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മോട്ടോർ വാഹന അപകടങ്ങൾ, പരിക്കുകൾ, മരണങ്ങൾ എന്നിവയുടെ പ്രവണത




വിശദാംശങ്ങൾ, ഓഗസ്റ്റ് 2024
അവലംബം: സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ

2023 ജനുവരി മുതൽ ഓഗസ്റ്റ് വരെ സംസ്ഥാനത്ത് ആകെ 3,499 ബസ് അപകടങ്ങളാണ് രജിസ്റ്റർ ചെയ്തത്. ഇതിൽ 668 അപകടങ്ങൾ കെ.എസ്.ആർ. ടി.സി ബസ്സുകൾ കാരണമാണ് സംഭവിച്ചിട്ടുള്ളത്. ഇതേ കാലയളവിൽ മറ്റ് ബസ്സുകൾ മൂലം 2,811 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. 2012 മുതൽ 2024 ഓഗസ്റ്റ് വരെ സംസ്ഥാനത്ത് നടന്ന മോട്ടോർ വാഹന അപകടങ്ങളുടെ പ്രവണത വെളിപ്പെടുത്തുന്നത്, കോവിഡ് മഹാമാരി പടർത്ത് പിടിച്ച 2020- 2021 ഒഴികെ 2012 മുതൽ 2023 വരെ പരിക്കേറ്റവരുടെയും അപകടങ്ങളുടെയും എണ്ണം വർദ്ധിച്ചിട്ടില്ലെങ്കിലും എടുത്തു പറയത്തക്ക വർദ്ധനവ് ഉണ്ടായിട്ടില്ല. 2012 മുതൽ 2024 ആഗസ്റ്റ് വരെയുള്ളകാലയളവിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മോട്ടോർ വാഹന അപകടങ്ങൾ, പരിക്കുകൾ, മരണങ്ങൾ എന്നിവയുടെ പ്രവണത **ചിത്രം 11.1.5**-ൽ നല്കിയിരിക്കുന്നു.

ഗതാഗത തീവ്രത, ദൂരം അല്ലെങ്കിൽ ജനസംഖ്യ തുടങ്ങിയ എക്സ്പോഷർ ഘടകങ്ങളാൽ ഒരു പ്രത്യേക മേഖല/പ്രദേശം, റോഡ് സെഗ്മെന്റുകൾ അല്ലെങ്കിൽ കവലകൾ എന്നിവിടങ്ങളിലെ അപകടങ്ങളുടെ ആവൃത്തിയും തീവ്രതയും വിലയിരുത്തുന്നതിനും ട്രാഫിക് സുരക്ഷാ വിശകലനത്തിലും ആസൂത്രണത്തിലും സാധാരണയായി ക്രാഷ് നിരക്കുകൾ ഉപയോഗിച്ച് വരുന്നു. NATPAC യുടെ റിപ്പോർട്ടിൽ നൽകിയിരിക്കുന്ന വാഹന ജനസംഖ്യയെ അടിസ്ഥാനമാക്കിയുള്ള ക്രാഷ് നിരക്ക് സാധാരണമാണ്. രജിസ്റ്റർ ചെയ്യപ്പെടുന്ന വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്, പ്രവർത്തനരഹിതമായ വാഹനങ്ങൾ, അസാധുവായ രജിസ്ട്രേഷനുള്ള വാഹനങ്ങൾ എന്നിവയുടെ കണക്കുകൾ പരിശോധിച്ചാൽ (2021-23) വർഷങ്ങളായി അപകട നിരക്ക് കുറഞ്ഞുവരികയാണെന്ന് കാണാൻ കഴിയും. NATPAC നൽകിയ ഡാറ്റ പ്രകാരം, കേരളത്തിലെ ക്രാഷ് നിരക്ക് (സാധുവായ രജിസ്ട്രേഷനുള്ള 10,000 വാഹനങ്ങളിൽ) 2021 ൽ 156.58 ൽ നിന്ന് 2023 ൽ 29.41 ആയി കുറഞ്ഞിട്ടുണ്ട്. 2023 ജൂൺ മുതൽ 2024 ഒക്ടോബർ വരെ, മോട്ടോർ വാഹന വകുപ്പ് അമിത വേഗതയ്ക്കും ചുവപ്പ് ലൈറ്റ് ലംഘനത്തിനും ഉൾപ്പെടെ 18,91,947 മോട്ടോർ വാഹന നിയമ ലംഘനക്കേസുകൾ രജിസ്റ്റർ ചെയ്യുകയും വാഹന/റോഡ് നിയമങ്ങൾ ലംഘിച്ചതിന് ഈ കാലയളവിൽ 114.5 കോടിരൂപ പിഴയായി ഈടാക്കുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ ഗതാഗത നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്(2,19,480 കേസുകൾ). എറണാകുളം (1,85,331), കോഴിക്കോട് (1,82,403) ജില്ലകളാണ് കൂടുതൽ കേസുകൾ ര ജിസ്റ്റർ ചെയ്തിട്ടുള്ള മറ്റ് ജില്ലകൾ. 2023 ജൂൺ മുതൽ 2024 ഒക്ടോബർ വരെയുള്ള കാലയളവിൽ ഏറ്റവും കുറവ് നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്തത് ഇടുക്കി (78,946) ജില്ലയിലാണ് (സേഫ് കേരള പ്രൊജക്റ്റിന്റെ ഇ- ചെലാൻ കണക്കുകൾ പ്രകാരം).

പോലീസ് വകുപ്പിലും ക്രൈം റെക്കോർഡ്സ് ബ്യൂറോയിലെയും, ലഭ്യമായ രേഖകൾ പ്രകാരം മിക്ക അപകടങ്ങൾക്കും കാരണം ഡ്രൈവർമാരുടെ അനാസ്ഥയാണ്. റോഡ് സുരക്ഷാ ഉറപ്പാക്കുന്നതിന് അപകട സാധ്യതകൾ വിലയിരുത്തി ക്രാഷ് നിരക്കും തീവ്രതയും കുറയ്ക്കുന്നതിനുള്ള പരിഹാരനടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണ്. റോഡ് അപകടങ്ങൾ തടയുന്നതിനുള്ള ഏറ്റവും ഫലപ്രദമായ പ്രതിരോധമാർഗ്ഗം ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തി വിശകലനം ചെയ്ത് പരിഹാരനടപടികൾ സ്വീകരിക്കുക എന്നതാണ്. ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയൽ, വിശകലനം, പരിപാലനം എന്നിവ റോഡ് അപകടങ്ങൾ തടയുന്നതിനുള്ള ഏറ്റവും ഫലപ്രദമായ സമീപനങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു കേരള സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2018 മുതൽ 2020 വരെയുള്ള വർഷങ്ങളിലെ അപകട വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റിന് (കെ എസ് സി എസ് ടി ഇ) കീഴിഉള്ള നാറ്റ്പാക് കേരളത്തിൽ ഉടനീളം 4592 അപകട ബ്ലാക്ക് സ്പോട്ടുകളും അപകട സാധ്യതാ സ്ഥലങ്ങളും കണ്ടെത്തിയിരുന്നു. കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് (കെആർഎസ്എ) ക്കു സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഏറ്റവും കൂടുതൽ ബ്ലാക്ക് സ്പോട്ടുകൾ ഉള്ളത് എറണാകുളം ജില്ലയിലാണ് (703), തുടർന്ന് തിരുവനന്തപുരം ജില്ലയിൽ-694, തൃശ്ശൂർ ജില്ലയിൽ-548 എന്നിങ്ങനെയാണ്.കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ( കെ ആർഎസ് എ. ) യുടെ മാതൃകയിൽ നാറ്റ്പാക് കേരളത്തിലെ ദേശീയ പാതകളിലും സംസ്ഥാന പാതകളിലുമായി അപകട സാധ്യതയുള്ള 323 റോഡ് ഇടനാഴികൾ കണ്ടെത്തിയിരുന്നു. അതിൽ 149 ഇടനാഴികൾ ദേശീയ പാതകളിലും 174 ഇടനാഴികൾ സംസ്ഥാന പാതകളിലുമാണ്.

### കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി)

സംസ്ഥാനത്തിന്റെ പൊതുഗതാഗത മേഖലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഗതാഗത സേവനങ്ങളും (കെ.എസ്.ആർ.റ്റി.സി, കെ.യു. ആർ. റ്റി.സി, കെ.എസ്. ആർ.റ്റി. സി –സ്വിഫ്റ്റ് ലിമിറ്റഡ്) സ്വകാര്യ സ്റ്റേജ് ക്യാരേജുകളും ഉൾപ്പെടുന്നു. സംസ്ഥാനത്തിന്റെ പൊതുഗതാഗത സംവിധാനത്തിൽ സ്വകാര്യ സ്റ്റേജ് ക്യാരേജുകളുടെ ഉയർന്ന പങ്ക്, കേരളത്തെ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തരാക്കുന്നു. വർഷങ്ങളായി, കേരളത്തിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് യൂണിറ്റുകളുടെ (എസ്.ടി.യു) എണ്ണത്തിൽ ക്രമാനുഗതമായ കുറവുണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി. സി.യുടെ മാനേജ്മെന്റിന് കീഴിലാണ് കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.യു.ആർ. ടി.സി.) പ്രവർത്തിക്കുന്നത്. കെ.യു.ആർ.ടി.സി.യുടെ ബസുകളുടെ സർവീസ്, ഓപ്പറേഷൻ, അറ്റകുറ്റപ്പണികൾ എന്നിവ കെ.എസ്.ആർ.ടി.സി.യാണ് നടത്തുന്നത്.

സംസ്ഥാനത്ത് റോഡ് ഗതാഗത സേവനങ്ങൾ പ്രദാനം ചെയ്യുന്ന ഏറ്റവും വലിയ ഏക പൊതുമേഖലാ സ്ഥാപനമാണ് കെഎസ്ആർടിസി. കോർപ്പറേഷൻ. അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും സമ്പൂർണ കംപ്യൂട്ടർവൽക്കരണവുമാണ് കെ.എസ്.ആർ.ടി.സി സംസ്ഥാന വിഹിതം ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ . സംസ്ഥാനത്ത്, 2024 മാർച്ച് 31 വരെ 5,509 ബസുകൾ (1.05 കോടി രൂപയുടെ സർക്കാർ സഹായം ഉപയോഗിച്ച് വാങ്ങിയ നവകേരള ബസ് ഉൾപ്പെടെ) ഉണ്ടായിരുന്നു. , അതിൽ 414 എണ്ണം സ്വിഫ്റ്റ് ലിമിറ്റഡിന് കീഴിൽ വാങ്ങിയതാണ്.

പരിസ്ഥിതി സൗഹൃദ സംരം ഭത്തിന്റെ ഭാഗമായി, 2023-24 വർഷത്തിൽ 113 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനായി തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ്, കെഎസ്ആർടിസി-സ്വിഫ്റ്റ് ലിമിറ്റഡിന് 103.74 കോടി രൂപ അനുവദിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി /സ്വിഫ്റ്റ് ഉടമസ്ഥതയിലുള്ള ബസുകളുടെ എണ്ണം **അനുബന്ധം 11.1.14**-ലും കെ.എസ്.ആർ.ടി.സി യുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ കാലപ്പഴക്കം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.1.15**–ലും കെ.എസ്.ആർ.ടി.സി യുടെ പ്രധാന ഇൻറ്റേണൽ സൂചകങ്ങൾ **അനുബന്ധം 11.1.16**–ലും നൽകിയിട്ടുണ്ട്.

കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 60.2 ശതമാനത്തിലധികം ബസുകളും പത്തോ അതിലധികമോ വർഷത്തെ പഴക്കമുള്ളവയാണ് (5,095 ബസുകളിൽ 3,066 എണ്ണം) എന്നതാണ് കെ.എസ്.ആർ.ടി.സിയുടെ പ്രകടന സൂചകങ്ങൾ കാണിക്കുന്നത്. 2023-24ൽ ശരാശരി 3,731 ബസ്സുകളാണ് കെഎസ്ആർടിസി പ്രവർത്തിപ്പിച്ചത്. ഇവയുടെ ശരാശരി കാലപഴക്കം 11 വർഷമാണ്. 2023-24ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി യിൽ 23,599 ജീവനക്കാരാണ് ഉള്ളത്. ഒരു ബസിലെ ഡ്രൈവർ-കണ്ടക്ടർ അനുപാതം യഥാക്രമം 1.64 ഉം 1.66 ഉം ആണ്. മിനിസ്റ്റീരിയൽ മെക്കാനിക്കൽ-ജീവനക്കാർ തമ്മിലുള്ള അനുപാതം യഥാക്രമം 0.26ഉം 0.82 ഉം ആണ്. ഒരു ബസിലെ ശരാശരി പ്രതി മാസ ഒക്കുപെൻസി നിരക്ക് 78.14 ശതമാനവും ആണ്. കെ.എസ്.ആർ.ടി.സിയുടെയുടെയും കെ.യു.ആർ.ടി.സി-യുടെയും പ്രവർത്തന കാര്യക്ഷമത **അനുബന്ധം 11.1.17**-ലും , **അനുബന്ധം 11.1.18** ലും ജില്ല തിരിച്ചുള്ള പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്ന പ്രധാന സൂചകങ്ങൾ **അനുബന്ധം 11.1.19** ലും നൽകിയിരിക്കുന്നു. കെ.എസ്.ആർ.ടി.സി മൊത്ത വരുമാനം 2022-23ൽ 2,092.49 കോടി രൂപയിൽ നിന്ന് 2023-24ൽ 2, 347.94 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2024 ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ കോർപ്പറേഷന് 987.87 കോടി രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. 2023-24 ലെ മൊത്ത റവന്യൂ ചെലവ് 2021-22 ലെ 2,407.02 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 2,650.35 കോടി രൂപയും 2022-23 ലെ 314.53 കോടി രൂപയെ അപേക്ഷിച്ച് 2023-24 കാലയളവിൽ പ്രവർത്തന നഷ്ടം 302.41 കോടി രൂപയുമാണ്.

കെ.എസ്.ആർ.ടി.സി.യുടെ ചില ശ്രദ്ധേയമായ പദ്ധതികൾ/നേട്ടങ്ങൾ/പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- **ഗ്രാമവണ്ടി:** ഗ്രാമീണ മേഖലയിലെ കണക്റ്റിവിറ്റി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 2022 ജൂലൈയിൽ കെ.എസ്.ആർ.ടി.സി ആവിഷ്കരിച്ച പദ്ധതിയാണ് ഗ്രാമവണ്ടി. 2024 മാർച്ച് വരെ 11 ജില്ലകളിലായി 20 ഗ്രാമവണ്ടി സർവീസുകളാണ് കെ.എസ്.ആർ.ടി.സി നടത്തുന്നത്.
- **സമുദ്ര:** ഫിഷറീസ് വകുപ്പുമായി സഹകരിച്ച് തീരദേശത്ത് നിന്ന് നഗരത്തിലേക്ക് മത്സ്യക്കച്ചവടക്കാരായ സ്ത്രീകളെ എത്തിക്കാൻ കെ.എസ്.ആർ.ടി.സി 'സമുദ്ര' എന്ന പേരിൽ പ്രത്യേക ബസ്സ് സർവീസ് ആരംഭിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം കെഎസ്ആർടിസി തലസ്ഥാന നഗരിയിൽ മൂന്ന് ബസ്സുകൾ സർവീസ് നടത്തുന്നുണ്ട്. മീൻകൊട്ടകൾ വയ്ക്കുന്നതിനുള്ള റാക്കുകളും മറ്റ് സൗകര്യങ്ങളും ഉള്ള ഈ ബസ്സുകളിൽ മത്സ്യവിൽപ്പനക്കാരായ സ്ത്രീകൾക്ക് യാത്ര സൗജന്യമാണ്.
- **കെ.എസ്.ആർ.ടി.സി ഡ്രൈവിംഗ് സ്കൂൾ**: 2024 ജൂൺ 26 ന് തിരുവനന്തപുരത്തെ സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ "ഡ്രൈവിംഗ് സ്കൂൾ" എന്ന പേരിൽ പ്രശംസനീയമായ ഒരു സംരംഭം കെ.എസ്.ആർ.ടി.സി ആരംഭിച്ചു. ന്യായമായ ചെലവിൽ മികച്ച ഡ്രൈവിംഗ് പരിശീലനം എന്ന സന്ദേശവുമായി ആരംഭിച്ച സംസ്ഥാനത്തെ ആദ്യത്തെ സർക്കാർ ഉടമസ്ഥതയിലുള്ള ഡ്രൈവിംഗ് സ്കൂളാണിത്. ഇതുവരെ 205 പേർക്ക് ഈ കേന്ദ്രത്തിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്. ഈ പരിശീലന കേന്ദ്രം 17.17 ലക്ഷം രൂപ വരുമാനം നേടി.
- **യാത്രക്കാർക്കുള്ള എയർ കണ്ടീഷൻ ചെയ്ത കാത്തിരിപ്പ് കേന്ദ്രങ്ങൾ**: കെഎസ്ആർടിസി ബസ് സ്റ്റേഷനുകളിൽ ഉപഭോക്തൃ സൗഹൃദ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി യാത്രക്കാർക്കും ഒരുമിച്ച് കുടുംബസമേതം വരുന്നവർക്കുമായി എയർ കണ്ടീഷൻ ചെയ്ത വിശ്രമ കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട്, അങ്കമാലി ബസ് സ്റ്റേഷനുകളിൽ ഈ സേവനം ആരംഭിച്ചിട്ടുണ്ട്.
- സ്ഥാപനത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് ലോജിസ്റ്റിക്സ്, ഓൺലൈൻ കൺസഷൻ സംവിധാനം, മൂന്നാറിലെ കെഎസ്ആർടിസി ബസ്സിൽ സ്റ്റേ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്നിവയുമായി ചേർന്ന് റീട്ടെയിൽ ഇന്ധനം നിറയ്ക്കുന്ന സ്റ്റേഷനുകൾ 'യാത്രാ ഫ്യൂവൽ' എന്ന പേരിൽ കെഎസ്ആർടിസി അവതരിപ്പിച്ചു. എന്റെ കെ.എസ്.ആർ.ടി സി നിയോ' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഷെഡ്യൂളുകളുടെയും സേവനങ്ങളുടെയും വിവരങ്ങൾ തത്സമയം ഓൺലൈനിൽ ലഭ്യമാണ്.
- കൊറിയർ/പാഴ്സൽ സംവിധാനം, ഫോൺപേ അധിഷ്ഠിത ടിക്കറ്റിംഗ് എന്നിവ പൊതുജനങ്ങൾക്കും യാത്രക്കാർക്കും വേണ്ടിയുള്ള കെഎസ്ആർടിസിയുടെ മറ്റ് നവീന സംരംഭങ്ങളാണ്.
- 2024 മാർച്ച് 15 ന് ,സെക്രട്ടറി,റോഡ് ഗതാഗത ഹൈവേ മന്ത്രാലയം KSRTC ക്ക് നാഷണൽ പബ്ലിക് ട്രാൻസ്പോർട്ട് എക്സലൻസ് അവാർഡ് നൽകി ആദരിക്കുകയുണ്ടായി.
- 2024 സെപ്റ്റംബർ 26 ന്, ന്യൂഡൽഹിയിൽ വച്ച് നടന്ന 'ഗവേണൻസ് നൗ 9-ാമത് PSU ഐടി ഫോറം' എന്ന പരിപാടിയിൽ, 'പുരോഗമന പൊതുമേഖലയ്ക്കായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നാളെയെ നവീകരിക്കുന്നു' എന്ന വിഷയത്തിൽ KSRTC യ്ക്ക് അംഗീകാരം ലഭിച്ചു .
- **സൂപ്പർ–ഫാസ്റ്റ് പ്രീമിയം എസി ബസുകൾ**; എല്ലാവിധ വൈ-ഫൈ, സുഖപ്രദമായ പുഷ് ബാക്ക് സീറ്റ്, റീഡിംഗ് ലാമ്പുകൾ, ബോട്ടിൽ ഹോൾഡറുകൾ, മാഗസിൻ പൗച്ചുകൾ, മ്യൂസിക് സിസ്റ്റം, ടിവി, സിസിടിവി ക്യാമറകൾ, സുരക്ഷയ്ക്കായി ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ, എഐ ക്യാമറകൾ അസിസ്റ്റഡ് ഡ്രൈവർ മോണിറ്ററിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവയുൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളോടെ കുറഞ്ഞ ചെലവിൽ 40 സീറ്റുള്ള എസി പ്രീമിയം സൂപ്പർഫാസ്റ്റ് ഡീസൽ ബസ്സുകൾ KSRTC അവതരിപ്പിച്ചു.

### വെല്ലുവിളികൾ

ഓരോ ഗ്രാമത്തെയും ബന്ധിപ്പിക്കുന്ന എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡുകൾ നിർമ്മിക്കുക എന്നതാണ് റോഡ് മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി. ഓരോ റോഡിന്റെയും ഉയർന്ന നിലവാരം ഉറപ്പാക്കുക എന്നത് അതിന്റെ ഈടിനും ദീർഘായുസ്സിനും നിർണായകമാണ്. കർശനമായ ഗുണനിലവാര നിയന്ത്രണ നടപടികൾ സ്വീകരിക്കുന്നതിലൂടെയും, പതിവായി പരിശോധനകൾ നടത്തുന്നതിലൂടെയും, പ്രതിരോധ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകുന്നതിലൂടെയും, റോഡുകളുടെ ആയുസ്സ് വർദ്ധിപ്പിക്കാനും, അറ്റകുറ്റപ്പണി ചെലവുകൾ കുറയ്ക്കാനും, ഉപയോക്താക്കളുടെ സുരക്ഷ മെച്ചപ്പെടുത്താനും കഴിയും. അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന നിരവധി തടസ്സങ്ങൾ കേരളത്തിലെ റോഡ് നിർമ്മാണ മേഖല നേരിടുന്നു.

ഈ വെല്ലുവിളികളെ മറികടക്കാൻ, ഭൂമി ഏറ്റെടുക്കൽ ബുദ്ധിമുട്ടുകൾ പരിഹരിക്കുക, ക്രിയാത്മകമായ സാമ്പത്തിക ധനസഹായ ബദലുകൾ അന്വേഷിക്കുക, സാങ്കേതികത്വം സ്വീകരിക്കുക, സുസ്ഥിരതയ്ക്ക് ഊന്നൽ നൽകുക, പദ്ധതി മാനേജ്മെന്റ് രീതികൾ പരിഷ്കരിക്കുക, ഗുണനിലവാര നിയന്ത്രണവും പരിപാലന രീതികളും ശക്തിപ്പെടുത്തുക എന്നിവ അത്യാവശ്യമാണ്. ഇവ നടപ്പിലാക്കുന്നതുവഴി കാര്യക്ഷമവും, പ്രതിരോധശേഷിയുള്ളതും, സുസ്ഥിരവുമായ റോഡ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് സുഗമമാകുകയും , അതുവഴി സാമ്പത്തിക വളർച്ചയും സംസ്ഥാനത്തുടനീളം കണക്റ്റിവിറ്റി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

### മുന്നോട്ടുള്ള വഴി

സംസ്ഥാനത്ത് റോഡ് പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നതിന് കർമ്മപദ്ധതി തയ്യാറാക്കേണ്ടതാണ്. പ്രൊഫഷണൽ ഡിസൈൻ, മതിയായ ഡ്രെയിനേജ് സൗകര്യങ്ങൾ എന്നിവയോടുകൂടി സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും വീതികൂട്ടുന്നതിന് പ്രധാന ഊന്നൽ നൽകണം. ദേശീയ പാത നാലുവരിപ്പാതയാക്കൽ, ഹൈവേകൾ, തീരദേശ ഹൈവേകൾ, ബൈപാസുകൾ തുടങ്ങിയ പുതിയ റോഡ് വികസന സംരംഭങ്ങൾ 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പൂർത്തിയാക്കേണ്ടതുണ്ട്.

ജ്യാമിതീയ മെച്ചപ്പെടുത്തൽ, ജംഗ്ഷൻ മെച്ചപ്പെടുത്തൽ, കാൽനട സൗകര്യങ്ങൾ, യൂട്ടിലിറ്റി ഡക്ടുകൾ, സാങ്കേതിക തിരുത്തലുകൾ എന്നിവ ഉൾപ്പെടുത്തി റോഡുകൾ പുനർനിർമ്മിക്കൽ, അറ്റകുറ്റപ്പണി കരാറുകളിൽ ഏർപ്പെടൽ എന്നിവയിലൂടെ സംസ്ഥാനപാതകളുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും സംസ്ഥാനത്തെ നഗര റോഡുകളുടെയും ഭാവി വികസനം ഏറ്റെടുക്കേണ്ടത് ആവശ്യമാണ്. സർവീസ് നിലവാരം മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ട മറ്റൊരു പ്രശ്നമാണ് റോഡ് സൈഡ് പാർക്കിംഗ്.

### റെയിൽ ഗതാഗതം

റണ്ണിംഗ് ട്രാക്ക് ഉൾപ്പെടെ ആകെ 2,106 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽവേ ശൃംഖലയുള്ള കേരളത്തിന് ഇന്ത്യയുടെ റെയിൽ ഭൂപടത്തിൽ സുപ്രധാന സ്ഥാനമാണുള്ളത്. ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളുടെ കീഴിലാണ് സംസ്ഥാനത്തെ റെയിൽവേ സംവിധാനം പ്രവർത്തിക്കുന്നത്. 1,075 കിലോമീറ്റർ ആകെ റൂട്ട് ദൈർഘ്യമുള്ള പാലക്കാട് ഡിവിഷനു കീഴിൽ, 99 മെയിൽ/എക്സ്പ്രസ്സുകളും, 60 പാസഞ്ചർ ട്രെയിനുകളും 64 ചരക്ക് ട്രെയിനുകളും സർവീസ് നടത്തിവരുന്നു. ആകെ 1,031.7 കിലോമീറ്റർ റൂട്ട് ദൈർഘ്യമുള്ള തിരുവനന്തപുരം ഡിവിഷന് കീഴിൽ 170 മെയിൽ/ എക്സ്പ്രസ്/പാസഞ്ചർ തീവണ്ടികളും 8 ചരക്ക് തീവണ്ടികളും പ്രതിദിനം സർവീസ് നടത്തുന്നുണ്ട്. സംസ്ഥാനത്തുകൂടി കടന്നുപോകുന്ന എല്ലാ റെയിൽവേ ലൈനുകളും ബ്രോഡ് ഗേജാക്കി മാറ്റിയിട്ടുള്ളതാണ്.രണ്ടു ഡിവിഷനുകളുടെ കീഴിലുമായി സംസ്ഥാനത്ത് ആകെ 200 റെയിൽവേ സ്റ്റേഷനുകളുണ്ട്(പാലക്കാട് ഡിവിഷനിൽ 95, തിരുവനന്തപുരം ഡിവിഷനിൽ 105). സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. കൊടുങ്ങല്ലൂർ, നെടുമങ്ങാട്,മലപ്പുറം,മഞ്ചേരി എന്നിവിടങ്ങളിലെ പുതിയ ചില പാതകളുടെ സാധ്യതാപഠനവും റെയിൽവേ മേഖലയിൽ നടക്കുന്നുണ്ട്.

### കേരള റെയിൽ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ)

കേരള സർക്കാരിന് 51 ശതമാനവും ഭാരത സർക്കാരിന് 49 ശതമാനവും ഇക്വിറ്റി വിഹിതമുള്ള ഒരു സംയുക്ത സംരംഭമാണ് കേരള റെയിൽ വികസന കോർപ്പറേഷൻ ലിമിറ്റഡ്(കെ.ആർ.ഡി.സി.എൽ). ചെലവ് പങ്കിടൽ രീതിയിൽ കേരളത്തിലെ പ്രധാന റെയിൽവേ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സ്ഥാപനം രൂപീകരിച്ചത്. കമ്പനിക്ക് 100 കോടി രൂപയുടെ പ്രാരംഭ മൂലധനം ഉണ്ട്, അത് ഏറ്റെടുക്കേണ്ട പ്രോജക്റ്റുകളുടെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കാൻ കഴിയും. താഴെ പറയുന്ന പദ്ധതികൾ കെ.ആർ.ഡി.സി.എൽ വഴി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

### അർദ്ധ അതിവേഗ റെയിൽ പദ്ധതി(സിൽവർലൈൻ)

എ) കാസറഗോഡിനെയും തിരുവനന്തപുരത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന 529.45 കിലോമീറ്റർ ദൈർഘ്യം വരുന്ന അർദ്ധ അതിവേഗ റെയിൽ ഇടനാഴി (സിൽവർ ലൈൻ) മണിക്കൂറിൽ 200 കിലോമീറ്റർ വേഗതയിൽ ട്രെയിൻ ഓടിക്കാൻ പ്രാപ്തമാക്കുന്ന റെയിൽ പദ്ധതിയാണ്. സിൽവർ ലൈൻ റോഡ് വാഹനങ്ങളെയും, ട്രക്കുകളെയും നിരത്തിൽ നിന്നും കുറയ്ക്കുകയും കാർബൺ ഡൈ ഓക്സൈഡിന്റെ ബഹിർഗമനം കുറയ്ക്കുകയും ചെയ്യും.

ബി) തലശ്ശേരി മുതൽ മൈസൂർ വരെയുള്ള ബ്രോഡ്-ഗേജ് ലൈൻ (240 കി.മീ),

സി) 27 റോഡ് ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണവും കമ്മീഷൻ ചെയ്യലും

ഡി) അങ്കമാലി-എരുമേലി-ശബരി റെയിൽ പദ്ധതി- ഏജൻസി ഇതിനകം ലിഡാർ സർവ്വെ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്

ഇ) നിലമ്പൂർ-നഞ്ചൻകോട് റെയിൽ പദ്ധതി-ഡിപിആർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

**കൊച്ചി മെട്രോ റെയിൽ പദ്ധതി**

കൊച്ചി നഗരത്തിന്റെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള സർക്കാർ വിഭാവനം ചെയ്ത സുപ്രധാന പദ്ധതിയാണ് കൊച്ചി മെട്രോ റെയിൽ പദ്ധതി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഓഹരി പങ്കാളിത്തവും സംയുക്ത ഉടമസ്ഥതയുമുള്ള ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്(കെ.എം.ആർ.എൽ) ആണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. 6218.14 കോടി രൂപ ചെലവിൽ(പുതിക്കയത്) ആലുവ മുതൽ പേട്ട വരെ 25.2 കിലോമീറ്റർ നീളത്തിൽ 22 സ്റ്റേഷനുകളോടുകൂടിയ പൂർണ്ണമായും ഉയർത്തിയ മെട്രോ വയഡക്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്(ബ്ലൂ ലൈൻ) 2012 ജൂലൈയിൽ കേന്ദ്ര സർക്കാർ അനുമതി നൽകുകയും 2017 ജൂൺ 19-ന് കമ്മീഷൻ ചെയ്യുകയും ചെയ്തു.

ഘട്ടം I (പേട്ട മുതൽ തൃപ്പൂണിത്തുറ ടെർമിനൽ വരെ) വിപുലീകരണം രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നു, ഘട്ടം IA പേട്ട മുതൽ എസ്എൻ ജംഗ്ഷൻ (1.80 കിലോമീറ്റർ), ഘട്ടം IB എസ്എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ ടെർമിനൽ വരെ (1.2 കിലോമീറ്റർ) യാണ്. ഘട്ടം IA, 7,10.93 കോടി രൂപയുടെ ചെലവിൽ 2022 സെപ്റ്റംബറിൽ കമ്മീഷൻ ചെയ്തു. ഘട്ടം IB യുടെ മൊത്തം പദ്ധതിച്ചെലവ 448.33 കോടി രൂപ യാണ്. ജെ.എൻ.എൽ സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള(11.2 കി.മി) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 1,957.05 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ ശിലാസ്ഥാപനം 2022 സെപ്റ്റംബറിൽ നടക്കുകയുണ്ടായി.

കേരള സർക്കാരിൽ നിന്നുമുള്ള സർക്കാർ ഉത്തരവ് പ്രകാരം, സംയോജിത ഘട്ടങ്ങളുടെ പുതുക്കിയ ഫണ്ടിംഗ് പാറ്റേണിന്റെയും ഘട്ടം I (ചെലവ് വർദ്ധനവ് ഉൾപ്പെടെ), ഘട്ടം IA, ഘട്ടം IB(പുതുക്കിയത്) എന്നിവയുടെ ഘടകങ്ങൾ

**പട്ടിക 11.1.3** സംയോജിത ഘട്ടങ്ങളുടെ പുതുക്കിയ ഫണ്ടിംഗ് പാറ്റേണും ഘട്ടം I (ചെലവ് വർദ്ധനവ് ഉൾപ്പെടെ), ഘട്ടം IA, ഘട്ടം IB (പുതുക്കിയത്) എന്നിവയുടെ ഘടക അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ

| ക്രമ നം. | ഇനങ്ങൾ | പദ്ധതി ചെലവ്(രൂപ കോടിയിൽ) | | |
|---|---|---|---|---|
| | | ഘട്ടം I (രണ്ടാമത്തെ ചെലവ് വർദ്ധനവിന് അംഗീകാരം ലഭിച്ചത് ഉൾപ്പെടെ | ഘട്ടം IA | ഘട്ടം IB(പുതുക്കിയത്) |
| 1 | ഓഹരിവിഹിതം( കേന്ദ്രസർക്കാർ) | 753.73 | | |
| 2 | ഓഹരി വിഹിതം (സംസ്ഥാന സർക്കാർ) | 753.73 | | |
| 3 | സബ് ഓർഡിനേറ്റ് ഡബ്റ്റ് ഫോർ സി റ്റി (കേന്ദ്രസർക്കാർ വിഹിതം)(50 ശതമാനം) | 248.50 | | |
| 4 | സബ് ഓർഡിനേറ്റ് ഡബ്റ്റ് -സി റ്റി (സംസ്ഥാന വിഹിതം- 50 ശതമാനം) | 248.50 | | |
| 5 | ഗ്രാൻഡ് ഇനം ( സബ് ഓർഡിനേറ്റ് ഡബ്റ്റ്) ( കേന്ദ്രസർക്കാർ) ജിഒഐ | | 53.98 | 27.21 |
| 6 | പാസ് ത്രൂ അസിസ്റ്റൻസ് (പിടിഎ) | 1327.11 | | |
| 7 | കാനറ ബാങ്ക് ടേം ലോൺ വിഹിതം | 1349.00 | | |
| 8 | ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിഹിതം (സബ് ഓർഡിനേറ്റ് ഡബ്റ്റ്)റീ ഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെൻറ് വിഹിതം എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നുമുള്ള വായ്പ | 672.00 | | |
| 9 | ഘട്ടം I ന്റെയും ഘട്ടം II ന്റെയും( ചെലവ് വർദ്ധനവ് ഉൾപ്പെടെ) ഹഡ്കോ വായ്പയും, ഘട്ടം I A യുടെയും ഘട്ടം I B യുടെയും പ്രൊജക്റ്റ് പാർട്ടിന്റെ (589.82 കോടി രൂപ) ഹഡ്കോ വായ്പയും | 390.00 | 39.27 | 43.23 |
| 10 | ഘട്ടം I എ യ്ക്കുയുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സബ് ഓർഡിനേറ്റ് ഡബ്റ്റ് -കേരള ഗവൺമെൻറ് | | 58.11 | |
| 11 | ബജറ്ററി വിഹിതവും കേരള ഗവൺമെന്റിന്റെ ഗ്യാരണ്ടിയും ഉപയോഗിച്ച് എൽഎയ്ക്കുള്ള ടേം ലോൺ | | | 92.63 |
| 12 | നികുതികൾക്കായി കേരള ഗവൺമെന്റിന്റെ എസ്ഡി | 237.33 | 73.79 | 40.37 |
| 13 | കേരള ഗവൺമെന്റിന്റെ പ്രോപ്പർട്ടി ഡെവലപ്മെന്റിന്റെ എസ്ഡി | 98.00 | | |
| 14 | കേരള ഗവൺമെന്റിന്റെ എസ്ഡി, ഫേസ് I ന്റെ ഭാഗം, IInd കോട്ട് എസ്കലേഷൻ | 140.24 | | |
| 15 | ടേം ലോൺ കാനറ ബാങ്ക് ആന്റ് യൂണിയൻ ബാങ്കിൽ നിന്നുമുള്ള കൺസൊർഷ്യം | | 485.78 | 244.89 |
| | **ആകെ** | **6218.14** | **710.93** | **448.33** |

ഉറവിടം: ജി.ഒ.(എം എസ്) നം.14/2021/ട്രാൻസ് ഫ്രം ട്രാൻസ്പോർട്ട് (സി) ഡിപ്പാർട്ട്മെൻറ്

തിരിച്ചുള്ള വിശദാംശങ്ങളുടെയും **പട്ടിക 11.1.3** ൽ കാണിച്ചിരിക്കുന്നു.

മെട്രോയുടെ തുടക്കം മുതൽ റൈഡർഷിപ്പിൽ സുസ്ഥിരമായ വളർച്ചയുണ്ടായി, ഇത് യാത്രക്കാർക്കും ജനങ്ങൾക്കും ഇടയിൽ അതിന്റെ വർദ്ധിച്ചുവരുന്ന ജനപ്രീതിയെ സൂചിപ്പിക്കുന്നു. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ 2017-2024 (ആഗസ്റ്റ് വരെ) കാലയളവിലെ വരുമാനവും ചെലവും **ചിത്രം.11.1.6** ൽ നല്കിയിരിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ 132.21 കോടി രൂപയായിരുന്ന കൊച്ചി മെട്രോയുടെ മൊത്ത വരുമാനം 2023-24 സാമ്പത്തിക വർഷത്തിൽ 168.23 കോടി രൂപയായി ഉയർന്നു. 2024 ഓഗസ്റ്റ് വരെ കൊച്ചി മെട്രോ റെയിൽ കോർപ്പറേഷന് വരുമാന ഇനത്തിൽ 74.31 കോടി രൂപ ലഭിച്ചു. കൊച്ചി മെട്രോയുടെ മൊത്ത റവന്യൂ ചെലവ് 2022-23 ൽ 127 കോടി രൂപ ആയിരുന്നത് 2023-24 ൽ 145.28 കോടി രൂപയായി വർദ്ധിച്ചു. 2022-23ൽ 249 ലക്ഷമായിരുന്ന യാത്രക്കാരുടെ എണ്ണം 2023-24 ൽ 323 ലക്ഷമായി ഉയർന്നു. കൊച്ചി മെട്രോയുടെ പ്രവർത്തനക്ഷമത കാണിക്കുന്ന പ്രധാന സൂചകങ്ങൾ **അനുബന്ധം 11.1.20**-ൽ നൽകിയിരിക്കുന്നു.


### കൊച്ചി വാട്ടർ മെട്രോ പദ്ധതി

കൊച്ചി വാട്ടർ മെട്രോയുടെ പ്രവർത്തനത്തിനും സാങ്കേതിക പരിപാലനത്തിനുമായി കൊച്ചി മെട്രോ റെയിൽ കോർപറേഷൻ ലിമിറ്റഡ്(കെ.എം.ആർ.എൽ) ഉം സംസ്ഥാന സർക്കാരും യഥാക്രമം 74 ശതമാനം 26 ശതമാനം വിഹിതം പങ്കാളിത്തത്തോടുകൂടി രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യ സ്ഥാപനമാണ്(എസ്.പി.വി)യാണ് കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ് (കെ.ഡബ്ല്യു.എം.എൽ). ഭൂമി ഏറ്റെടുക്കൽ ഉൾപ്പടെ പദ്ധതിയുടെ ആകെ ചെലവ് 1,136.83 കോടി രൂപയാണ്, അതിൽ 908.76 കോടി രൂപ ജർമ്മൻ ബാങ്കായ കെ.എഫ്ഡബ്ലിലെ, 228.07 കോടി സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്.

സങ്കീർണ്ണമായ ജലപാത ശൃംഖലയിലൂടെ നഗരത്തിന്റെ വിവിധ ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന നൂതനവും സുസ്ഥിരവുമായ ഒരു ഗതാഗത മാർഗ്ഗമാണ് കൊച്ചി വാട്ടർ മെട്രോ. പത്ത് (10) ദ്വീപ് സമൂഹങ്ങളിലായി മുപ്പത്തിആറ് (36) ജെട്ടികളെ ബന്ധിപ്പിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട പതിനഞ്ച് (15) റൂട്ടുകളാണ് വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുന്നത്. കൂടാതെ 2 ബോട്ട് യാർഡുകളും വാട്ടർ മെട്രോയുടെ ഭാഗമാണ്. ഈ 15 റൂട്ടുകളുടെ മൊത്തം നീളം 76.2 ലൈൻ കിലോ മീറ്ററാണ്. 34,000 ത്തിലധികം ദ്വീപുവാസികൾക്ക് വാട്ടർ മെട്രോയുടെ പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി നഗരത്തിലെ മലിനീകരണവും ഗതാഗതക്കുരുക്കും കുറയ്ക്കുമെന്നും, കൊച്ചിയിലെ ജലാശയങ്ങളുടെ സമീപം സ്ഥിതി ചെയ്യുന്ന നഗരങ്ങളിലെ കുടുംബങ്ങൾക്ക് പ്രധാനപ്പെട്ട വ്യാപാര മേഖലകളിലേക്കുള്ള പ്രവേശനം എളുപ്പമാക്കുമെന്നും പ്രതീക്ഷിക്കുന്നു. "ഗ്ലോബൽ മാരിടൈം ഇന്ത്യ സമ്മിറ്റ് 2023" ൽ 2023 ലെ അർബൻ മൊബിലിറ്റി കോൺഫറൻസ് അവാർഡും, 2023 ലെ അർബൻ ഇൻഫ്രാസ്ട്രക്ചർ അവാർഡും വാട്ടർ മെട്രോ നേടിയിട്ടുണ്ട്.

2024 ഓഗസ്റ്റ് വരെ, കൊച്ചി വാട്ടർമെട്രോ 21,117 ഷെഡ്യൂളുകളിലായി മൊത്തം 24.6(പ്രതിദിനം) കിലോമീറ്റർ ദൈർഘ്യം സർവീസ് നടത്തിയിട്ടുണ്ട്. ഇത് പ്രകാരം 283.42 കോടി രൂപ മൊത്ത വരുമാനം വാട്ടർ മെട്രോ നേടുകയുണ്ടായി. ഈ കാലയളവിൽ 15 ബോട്ടുകളിലായി 8,03,390 യാത്രക്കാരാണ് വാട്ടർമെട്രോയിൽ

**ചിത്രം. 11.1.6** കൊച്ചി മെട്രോ പദ്ധതിയുടെ വരുമാനവും ചെലവും, 2017 മുതൽ 2024 വരെ,(കോടി രൂപയിൽ)




ഉറവിടം: കൊച്ചി മെട്രോ റെയിൽ കോർപറേഷൻ ലിമിറ്റഡ്(കെ.എം.ആർ.എൽ)

യാത്ര ചെയ്തത്. വാട്ടർ മെട്രോയുടെ പ്രവർത്തനം സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ **അനുബന്ധം 11.1.21** ൽ നൽകിയിരിക്കുന്നു.

### വ്യോമ ഗതാഗതം

ലോകത്തിലെ ദ്രുതഗതിയിൽ വളരുന്ന മേഖലകളിൽ ഒന്നാണ് ഇന്ത്യയുടെ വ്യോമയാന മേഖല. ഈ വ്യവസായം ഒരു മത്സരാധിഷ്ഠിത മേഖലയായി മാറിയിരിക്കുന്നു. ആഗോളതലത്തിൽ മൂന്നാമത്തെ വലിയ ആഭ്യന്തര മാർക്കറ്റ് ആയി ഇന്ത്യൻ വ്യോമഗതാഗതം മാറിയിരിക്കുന്നു., അതിന്റെ സാധ്യതകളെല്ലാം പ്രയോജനപ്പെടുത്തി സർക്കാരിന്റെ തന്ത്രപരമായ സംരംഭങ്ങൾ വഴി ഈ വ്യവസായത്തെ ശാക്തീകരിച്ചു കൊണ്ട് വളർച്ചയെ ത്വരിതപ്പെടുത്തി.


2019-ൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം സ്ഥാപിതമായതോടെ, സംസ്ഥാനത്തിന് നാല് പ്രവർത്തനക്ഷമമായ അന്താരാഷ്ട്ര വിമാനത്താവളങ്ങളുണ്ട്. കൂടാതെ, കേരളത്തിലെ വ്യോമയാന വ്യവസായം സമീപകാലത്ത് അതിവേഗം വളരുന്ന ഒന്നായി മാറിയിരിക്കുന്നു. ഈ നാല് വിമാനത്താവളങ്ങളിൽ, കൊച്ചി, കണ്ണൂർ വിമാനത്താവളങ്ങൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ(പി.പി.പി) വികസിപ്പിക്കുന്നതും, തിരുവനന്തപുരത്തെ സ്വകാര്യ, പൊതു, പങ്കാളിത്ത മാതൃകയിൽ വികസിപ്പിക്കുന്നതിനായി അദാനി ഗ്രൂപ്പിന് കൈമാറുകയും , കോഴിക്കോട് വിമാനത്താവളം എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ (എഎഐ) ഉടമസ്ഥതയിലുമാണ്.

### കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം (സിയാൽ)

കാനഡയിലെ മോണ്ട്രിയലിൽ പ്രവർത്തിക്കുന്ന എയർപോർട്ട് കൗൺസിൽ ഇന്റർനാഷണൽ (എസി.ഐ.എ) 2016-ൽ എയർപോർട്ട് സർവീസ് ക്വാളിറ്റി (എ.എസ്.ക്യു) സർവേയുടെ അടിസ്ഥാനത്തിൽ, 50 മുതൽ 150 ലക്ഷം വരെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുന്ന മൂന്നാമത്തെ മികച്ച വിമാനത്താവളമായി ഇന്ത്യയിലെ ആദ്യത്തെ ഗ്രീൻഫീൽഡ് വിമാനത്താവളമായ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം അഥവാ സിയാൽ തെരഞ്ഞെടുക്കപ്പെട്ടു. വിമാനത്താവളത്തിന്റെ പുതുക്കിയ അഭ്യന്തര ടെർമിനലിന് ആറ് ലക്ഷം ചതുരശ്ര അടി വിസ്തീർണവും കൂടാതെ 3,400 മീറ്റർ നീളവും 45 മീറ്റർ വീതിയുള്ള കോഡ് ഇ റൺവേയുമുണ്ട്. തിരക്കുള്ള സമയങ്ങളിൽ 2,000 യാത്രക്കാരെ ചെക്ക് ഇൻ ചെയ്യാനുള്ള 56 ചെക്ക് ഇൻ കൗണ്ടറുകളും, 11 ഗേറ്റുകൾ, ഏഴ് എയ്റോ ബ്രിഡ്ജുകൾ എന്നിവ ഉൾപ്പെടുന്ന അത്യാധുനിക സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. 2023-24ൽ 10.5 ദശലക്ഷം യാത്രക്കാരെ ലക്ഷ്യസ്ഥാനത്തിലെത്തിച്ച സിയാൽ, രാജ്യാന്തര മേഖലയിൽ രാജ്യത്തെ മൂന്നാമത്തെ വലിയ വിമാനത്താവളമായി മാറി. 2023-24 സാമ്പത്തിക വർഷത്തിൽ സിയാൽ 1,014.00കോടി രൂപയുടെ റെക്കോർഡ് വരുമാനം നേടുകയുണ്ടായി. അതുവരെയുള്ള വർഷങ്ങളിലെ വാർഷിക വരുമാനത്തെക്കാൾ ഇത് കൂടുതലാണ്. എയർപോർട്ട് ഇക്കണോമിക് റെഗുലേറ്ററി അതോറിറ്റിയുടെ (എഇആർഎ) അംഗീകൃത താരിഫ് കാർഡ് പ്രകാരം എയറോ ഇതര വരുമാനത്തിന്റെ (യുഡിഎഫ്) ശേഖരണവും എയറോനോട്ടിക്കൽ താരിഫുകളിലെ വർദ്ധനവുമാണ് വരുമാനത്തിൽ ഇപ്രകാരമുള്ള ഗണ്യമായ വർദ്ധനവിന് കാരണമായത്. 2019 മുതൽ 2024 വരെ കൊച്ചി അന്തർദ്ദേശീയ വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരെ(ആഭ്യന്തരവും അന്താരാഷ്ട്രവുമായ) എണ്ണം സംബന്ധിക്കുന്ന വിശദാംശങ്ങൾ **ചിത്രം.11.1.7** ൽ നല്കിയിരിക്കുന്നു.

2022-23ൽ വിമാനത്താവളത്തിലൂടെ 25,724

**ചിത്രം.11.1.7** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരുടെ(ആഭ്യന്തരവും അന്താരഷ്ട്രവുമായ) എണ്ണം സംബന്ധിക്കുന്ന വിശദാംശങ്ങൾ, 2019 മുതൽ 2024വരെ




ഉറവിടം: എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ

അന്താരാഷ്ട വിമാന സർവീസുകളും, 32,554 ആഭ്യന്തര വിമാന സർവ്വീസുകളുമായിരുന്നു നടത്തിയിരുന്നത്. എന്നാൽക്ഷ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2023-24 സാമ്പത്തിക വർഷത്തിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി 29,502 അന്താരാഷ്ട സർവ്വീസുകളും 37,967 ആഭ്യന്തര സർവ്വീസുകളും നടത്തിയിട്ടുണ്ട്. 2023-24 ൽ വിമാനത്താവളത്തിലൂടെ 49,20,194 അന്താരാഷ്ട്ര യാത്രക്കാരെയും 54,45,461 ആഭ്യന്തര യാത്രക്കാരെയും (2022-23 ൽ വിമാനത്താവളത്തിലൂടെ 41,74,768 അന്താരാഷ്ട്ര യാത്രക്കാരെയും 46,37,763ആഭ്യന്തര യാത്രക്കാരെയും) (18.8 ശതമാനം വളർച്ച) ലക്ഷ്യസ്ഥാനങ്ങളിലെത്തിച്ചു. 2022-23ൽ മൊത്തം 88.12 ലക്ഷം യാത്രക്കാർ എയർപോർട്ടിന്റെ സേവനം വിനിയോഗിച്ചതിലൂടെ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് അന്താരാഷ്ട്ര ട്രാഫിക്കിന്റെ കാര്യത്തിൽ രാജ്യത്തെ മൂന്നാമത്തെ വിമാനത്താവളമായി മാറുകയുണ്ടായി. 2022-23ൽ ചരക്ക് നീക്കത്തിൽ 5 ശതമാനം വർദ്ധനവുണ്ടായി, മുൻവർഷത്തെ 56,773 മെട്രിക് ടണ്ണിൽ നിന്ന് 2023-24ൽ 59,973 മെട്രിക് ടൺ കാർഗോ കൈകാര്യം ചെയ്തു. 2023-24 സാമ്പത്തിക വർഷത്തിൽ എയർപോർട്ട് ഓപ്പറേഷനിൽ നിന്ന് സിയാൽ 29,339.59 ലക്ഷം രൂപ വരുമാനം നേടിയിട്ടുണ്ട്, മുൻ സാമ്പത്തിക വർഷം ഇത് 26,623.06 ലക്ഷം രൂപയായിരുന്നു. അതായത്, 2022-23 സാമ്പത്തിക വർഷത്തേക്കാൾ 2023-24ൽ 10.2 ശതമാനം വർദ്ധനവാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം എയർപോർട്ട് ഓപ്പറേഷനിൽ നിന്നും നേടിയത്.

**കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം(കിയാൽ)**


കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണത്തിനും പ്രവർത്തനത്തിനുമായി കേരള സർക്കാർ സ്ഥാപിച്ച ഒരു കമ്പനിയാണ് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് അഥവാ കിയാൽ. രണ്ട് ഘട്ടങ്ങളിലായാണ് കിയാൽ വിമാനത്താവള പദ്ധതി വികസിപ്പിക്കുന്നത്. ആദ്യ ഘട്ടം 2016-17 മുതൽ 2025-26 വരെയും രണ്ടാം ഘട്ടം 2026-27 മുതൽ 2045-46 വരെയും ആണ്. ആദ്യഘട്ടം 2018 ഡിസംബറിൽ ഉദ്ഘാടനം ചെയ്തു. മധ്യ കിഴക്കൻ മേഖലയിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികൾക്ക് (എൻ ആർ കെ) ഏറെ പ്രയോജനപ്രദമായ ഈ വിമാനത്താവളം വിനോദസഞ്ചാരവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതോടൊപ്പം നിരവധി തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നുണ്ട്.

3,050 മീറ്റർ (10,006.56 അടി) നീളമുള്ള റൺവേ, 96,000 ചതുരശ്ര മീറ്റർ ടെർമിനൽ കെട്ടിടം, 22,000 ചതുരശ്ര മീറ്റർ കാർ/ബസ് പാർക്കിംഗ്, 900 കെ എൽ ശേഷിയുള്ള വ്യോമയാന ഇന്ധന ഫാം, 12000 മെട്രിക് ടൺ വാർഷിക ശേഷിയുള്ള ഇടക്കാല കാർഗോ ടെർമിനൽ കെട്ടിടം, 1,200 ചതുരശ്ര മീറ്റർ എടിസി/ടെക്നിക്കൽ കെട്ടിടം, ഏപ്രോൺ ഏരിയയ്ക്ക് സമീപത്തായുള്ള 7,750 ച.മീ വിസ്തൃതിയിലുള്ള ഗ്രൗണ്ട് സർവീസ് എക്യുപ്മെന്റ് പാർക്കിംഗ് ഏരിയ എന്നിവയാണ് വിമാനത്താവളത്തിലെ സൗകര്യങ്ങൾ.

കിയാൽ 2023-24 ൽ 5,969 ആഭ്യന്തര വിമാന സർവീസുകൾ നടത്തി, 2022-23 ൽ ഇത് 5,791 ആയിരുന്നു. ആഭ്യന്തര വിമാന യാത്രയിൽ നിന്ന് വ്യത്യസ്തമായി, വിമാനത്താവളം 2022-23 ൽ 6,233 അന്താരാഷ്ട്ര വിമാനങ്ങളുടെ എണ്ണത്തിൽ നിന്ന് 2023-24 ൽ 5,002 ആയി കുറഞ്ഞു, ഇത് അന്താരാഷ്ട്ര ഫ്ലൈറ്റ് ഓപ്പറേഷനിൽ 19 ശതമാനം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

2023-24 ൽ, വിമാനത്താവളത്തിലെ യാത്രക്കാരുടെ എണ്ണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഏകദേശം 6.7 ശതമാനം കുറവുണ്ടായിട്ടുണ്ട്. 2023-24ൽ കൈകാര്യം ചെയ്ത മൊത്തം യാത്രക്കാരുടെ എണ്ണം 11,77,891 ആണ്, ഇതിൽ ആഭ്യന്തര യാത്രക്കാരുടെ എണ്ണം 4,13,354 ഉം അന്താരാഷ്ട്ര യാത്രക്കാരുടെ എണ്ണം 7,64,537 ഉം ആണ്. 2019 മുതൽ 2024 വരെ

**ചിത്രം 11.1.8**. 2019 മുതൽ 2024 വരെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരുടെ (ആഭ്യന്തരവും അന്താരഷ്ട്രവുമായ)എണ്ണം,.




ഉറവിടം: എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരുടെ (ആഭ്യന്തരവും അന്താരാഷ്ട്രവുമായ) എണ്ണം സംബന്ധിക്കുന്ന വിശദാംശങ്ങൾ **ചിത്രം.11.1.8** ൽ നല്കിയിരിക്കുന്നു.

2023-24ൽ, വിമാനത്താവളം 3,265 മെട്രിക് ടൺ (കയറ്റുമതി), 41 മെട്രിക് ടൺ (ഇറക്കുമതി) ചരക്ക് കൈകാര്യം ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ കിയാലിന്റെ വരുമാനം 99.24കോടി രൂപയും മുൻവർഷം ഇത് 112.66 കോടി രൂപയുമാണ്.

### തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

2021 ഒക്ടോബർ മുതൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം (റ്റി ആർ വി) കൈകാര്യം ചെയ്യുന്നതും വികസിപ്പിക്കുന്നതും അദാനി ഗ്രൂപ്പാണ്. നിലവിൽ 1,300 കോടി രൂപയുടെ "പ്രൊജക്റ്റ് അനന്ത" എന്ന വിപുലീകരണ പദ്ധതി പുരോഗമിക്കുകയാണ്, 2027 ഓടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. വിമാനത്താവളത്തിന്റെ നിലവിലെ വിസ്തീർണ്ണം 45,000 ചതുരശ്ര മീറ്ററാണ്, എന്നാൽ വിപുലീകരണത്തിനുശേഷം ഇത് 1,65,000 ചതുരശ്ര മീറ്ററായി മാറും. അതിനു ശേഷം, വിമാനത്താവളത്തിന് പ്രതിവർഷം ഏകദേശം 12 ദശലക്ഷം യാത്രക്കാരെ കൈകാര്യം ചെയ്യുന്നതിനു കഴിയും, ഇപ്പോൾ അത് 3.2 ദശലക്ഷമാണ്.


2023-24 ൽ 13,216 രാജ്യാന്തര വിമാനങ്ങളും 16,925 ആഭ്യന്തര വിമാനങ്ങളും തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് സർവ്വീസ് നടത്തിയിട്ടുണ്ട്. ഇവിടെ നിന്നും 20,50,218 അന്തർദേശീയ യാത്രക്കാരും 23,55,100 ആഭ്യന്തര യാത്രക്കാരും യാത്ര ചെയ്തു . 2023-24ൽ 18,392 മെട്രിക് ടൺ കാർഗോയാണ് വിമാനത്താവളം കൈകാര്യം ചെയ്തു 2019 മുതൽ 2024 വരെ തിരുവനന്തപുരം അന്തർദ്ദേശീയ വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരെ(ആഭ്യന്തരവും അന്താരഷ്ട്രവുമായ) എണ്ണം സംബന്ധിക്കുന്ന വിശദാംശങ്ങൾ **ചിത്രം.11.1.8** ൽ നല്കിയിരിക്കുന്നു.

### ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതി

ശബരിമല തീർഥാടകരുടെ സൗകര്യാർത്ഥം കോട്ടയം ജില്ലയിലെ എരുമേലിയിൽ നിർമിക്കാൻ ഉദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് പദ്ധതിയാണ് ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിൻറെ നിർമ്മാണം. ശബരിമല തീർഥാടകർക്ക് വ്യോമ യാത്ര സൗകര്യം ലഭ്യമാകുമെന്നത് കൂടാതെ സംസ്ഥാനത്തെ വിനോദ സഞ്ചാര വികസനത്തിനും പത്തനംതിട്ട,കോട്ടയം,ഇടുക്കി ജില്ലകളിലെ പ്രാദേശിക സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവേകാനും പദ്ധതിക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാഞ്ഞിരപ്പള്ളി താലൂക്കിലെ മണിമല പഞ്ചായത്തിലെ ചെറുവള്ളി എസ്റ്റേറ്റിൽ 2,263 ഏക്കർ (9.16 ചതുരശ്ര കിലോമീറ്റർ) ശബരിമല ക്ഷേത്ര വഴിമധ്യേ ഉള്ള സ്ഥലത്താണ് നിർദ്ദിഷ്ട പദ്ധതി വരുന്നത്. പദ്ധതിയുടെ മാസ്റ്റർ പ്ലാൻ അനുസരിച്ച്, വിമാനത്താവളത്തിന് 08/26 അലൈൻമെന്റിൽ 3,500 മീറ്ററിൽ കുറയാത്ത റൺവേ നീളമുണ്ടാകും. ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട് പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിശാസ്ത്രപരമായ വസ്തുതകൾക്കു ബിസാഗ്-എൻ പരിപാലിക്കുന്ന പിഎം ഗതി ശക്തി നാഷണൽ മാസ്റ്റർ പ്ലാൻ പോർട്ടലുമായി സംയോജിപ്പിച്ച് സിവിൽ ഏവിയേഷൻ മന്ത്രാലയം (MoCA) 'സൈറ്റ് ക്ലിയറൻസ് 2023 ഏപ്രിലിൽ അനുവദിക്കുകയുണ്ടായി. ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി സ്റ്റഡി (TEFS), പരിസ്ഥിതി ആഘാത വിലയിരുത്തൽ (EIA), ഭൂമി ഏറ്റെടുക്കൽ എന്നിവ നടത്തുന്നതിന് സാങ്കേതിക മികവുള്ള ഒരു ഏജൻസിയെ കണ്ടെത്തുന്നതിനുള്ള ചുമതല കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ എസ് ഐഡി സി) ഏൽപ്പിച്ചിട്ടുണ്ട്. ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി അന്തിമ റിപ്പോർട്ട് 2022 ജൂണിൽ സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന് സമർപ്പിക്കുകയും EIA പഠനം നടത്തുകയും ഭൂമി ഏറ്റെടുക്കലിന് റവന്യൂ വകുപ്പ് അനുമതി നൽകുകയും ചെയ്തു.

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം കമ്മീഷൻ ചെയ്യുന്നതോടെ സംസ്ഥാനത്തെ അഞ്ചാമത്തെ

**ചിത്രം 11.1.9** 2019 മുതൽ 2024 വരെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരുടെ(ആഭ്യന്തരവും അന്താരഷ്ട്രവുമായ)എണ്ണം,.




ഉറവിടം: എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ

അന്താരാഷ്ട്ര വിമാനത്താവളമായി ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം മാറും.

### എയർ സ്ട്രിപ്പുകളും ഹെലിപോർട്ടുകളും

സംസ്ഥാനത്തെ ജില്ലകൾക്കിടയിൽ തടസ്സമില്ലാത്ത വിമാനയാത്ര ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തെരഞ്ഞെടുത്ത ജില്ലകളിൽ എയർ സ്ട്രിപ്പുകളും മറ്റുള്ളവയിൽ ഹെലിപോർട്ടുകളും ഹെലിപാഡുകളുമുള്ള വിപുലമായ എയർ കണക്റ്റിവിറ്റി പദ്ധതിയാണ് എയർ സ്ട്രിപ്പുകകളുടെയും ഹെലിപോർട്ടുകകളുടെയും നിർമ്മാണത്തിലൂടെ സംസ്ഥാനം ലക്ഷ്യമിടുന്നത്. 8 മുതൽ 10 വരെ സീറ്റുകളുള്ള ചെറിയ ഒറ്റ എഞ്ചിൻ വിമാനങ്ങൾ പ്രവർത്തിപ്പിച്ച് സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് എയർലൈൻ സർവീസ് നടത്തുന്നതിനാണ് എയർസ്ട്രിപ്പ് പദ്ധതിയിട്ടിരിക്കുന്നത്. പ്രാരംഭഘട്ടത്തിൽ കാസറഗോഡ് ബേക്കലിലും വയനാട്ടിലെ കൽപ്പറ്റയിലും ഇടുക്കിയിലും എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നന്നതിനു ഉദ്ദേശിക്കുന്നു. അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോർട്ടുകളായി പ്രവർത്തിപ്പിക്കുന്നതിന് പ്രാദേശിക കണക്റ്റിവിറ്റി പദ്ധതിയായ 'ഉഡാൻ'(UDAN) പ്രകാരം നിർദ്ദിഷ്ട എയർ സ്ട്രിപ്പുകൾ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## ജലഗതാഗതം

ഒരു രാജ്യത്തിന്റെ മൊത്തത്തിലുള്ള വികസനത്തെ എപ്പോഴും അതിന്റെ ഗതാഗത സംവിധാനം ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. അതിൽ ജലം അത്യന്താപേക്ഷിതമായ ഗതാഗത മാർഗ്ഗമാണ്. ലഭാകരമയതും ഇന്ധനക്ഷമതയുള്ളതും സുരക്ഷിതത്വമുള്ളതുമായ ഗതാഗത മാർഗ്ഗമെന്ന നിലയിൽ ഉൾനാടൻ ജലപാതകളുടെ ഫലപ്രാപ്തി ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. നദികൾ, കനാലുകൾ, കായലുകൾ, അരുവികൾ, വേലിയേറ്റതടാകങ്ങൾ എന്നിവയുടെ രൂപത്തിൽ ഉൾനാടൻ ജലപാതകളുടെ വ്യാപകമായ ശൃംഖല ഇന്ത്യയിലുണ്ട്. ഇവ ചെലവ് കുറഞ്ഞതും മറ്റ് ഗതാഗതമാർഗ്ഗങ്ങളോട് കിടപിടിക്കാവുന്നതരത്തിലുള്ള ഒരു ബദൽ ഗതാഗത മാർഗ്ഗം മാത്രമല്ല, യാത്രക്കാർക്കും ചരക്ക് ഗതാഗതത്തിനും സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമാണ്. ഒരു പ്രദേശത്തിന്റെ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക വശങ്ങളെ ഉൾനാടൻ ജലഗതാഗതം ഗണ്യമായി സ്വാധീനിക്കുന്നു. കേരളത്തിൽ റോഡ്, റെയിൽ ഗതാഗതം എന്നിവയുടെ കുറവ് നികത്താൻ സാധിക്കുന്ന ഒരു ഗതാഗതമാർഗ്ഗമാണ് ജലഗതാഗതം. വലിയ വാഹക ശേഷിയും ദൂരത്തേക്ക് വൻതോതിൽ സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള അനുയോജ്യതയും ജലഗതാഗതത്തെ കൂടുതൽ ആകർഷകമാക്കുന്നു.

### തുറമുഖ മേഖല

ആഗോളതല വ്യാപാരത്തിന്റെയും ഉൽപ്പാദന വിതരണ ശൃംഖലയുടെയും നട്ടെല്ലാണ് സമുദ്ര ഗതാഗതം. തുറമുഖങ്ങൾ, ഷിപ്പിംഗ്, കപ്പൽ നിർമ്മാണം, കപ്പൽ അറ്റകുറ്റപ്പണികൾ, ഉൾനാടൻ ജലഗതാഗത സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ഇന്ത്യയിലെ സമുദ്രഗതാഗതമേഖല. തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന്റെ കണക്കനുസരിച്ച്, ഇന്ത്യയ്ക്ക് സർക്കാർ ഉടമസ്ഥതയിലുള്ള 12 വൻകിട തുറമുഖങ്ങളും ഏകദേശം 217 നോൺ-മേജർ തുറമുഖങ്ങളും ഉണ്ട്. മന്ത്രാലയത്തിന്റെ വാർഷിക റിപ്പോർട്ട് 2023-24 പ്രകാരം, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ഗതാഗത മേഖലയിൽ ഇന്ത്യൻ ഷിപ്പിംഗ് വ്യവസായം വർഷങ്ങളായി നിർണായക പങ്ക് വഹിച്ചു വരുന്നു. ഇന്ത്യയുടെ വ്യാപാരത്തിന്റെ അളവിൽ 95 ശതമാനവും മൂല്യത്തിന്റെ 68 ശതമാനവും മാരിടൈം ട്രാൻസ്പോർട്ട് വഴിയാണ് നടക്കുന്നത്. അതിനാൽ, ഷിപ്പിംഗ്, സമുദ്ര വിഭവങ്ങൾ, കപ്പലിന്റെ രൂപകൽപ്പനയും നിർമ്മാണവും, തുറമുഖങ്ങളും ഹാർബറുകളും, മാനവ വിഭവശേഷി വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ധനകാര്യം, അനുബന്ധപ്രവർത്തനങ്ങൾ, പുതിയ സാങ്കേതികവിദ്യകൾ എന്നിവ മാറ്റങ്ങൾക്കനുസൃതമായി വികസിപ്പിക്കേണ്ടതുണ്ട്. സീറോ കാർബൺ എമിഷൻ ലക്ഷ്യം വെച്ചിട്ടുള്ള, 'ഹരിത് സാഗർ' എന്ന ഗ്രീൻ പോർട്ട് മാർഗ്ഗനിർദ്ദേശങ്ങൾ 2023 മെയ് 10-ന് സമാരംഭിച്ചു. ഇന്ത്യൻ തുറമുഖ മേഖലയ്ക്ക് പ്രതിവർഷം 2690 ദശലക്ഷം മെട്രിക് ടൺ (എംടിപിഎ) ചരക്ക് കൈകാര്യം ചെയ്യാനുള്ള ശേഷിയുണ്ട് (1630 എംടിപിഎ വൻകിട തുറമുഖങ്ങളും + 1060 എംടിപിഎ നോൺ-മേജർ തുറമുഖങ്ങളും). 2023-24 ൽ, ഇന്ത്യയിലെ വൻകിട ചെറുകിട തുറമുഖങ്ങൾ ഏകദേശം 1540 ദശലക്ഷം മെട്രിക് ടൺ ചരക്ക് കൈകാര്യം ചെയ്തു (ഉറവിടം: വാർഷിക റിപ്പോർട്ട് 2023-24, തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്).

### സാഗർമാല പ്രോഗ്രാം

രാജ്യത്തിന്റെ 7,517 കിലോമീറ്റർ നീളമുള്ള തീരപ്രദേശം, 14,500 കിലോമീറ്റർ സഞ്ചാരയോഗ്യമായ ജലപാതകൾ, പ്രധാന അന്തർദേശീയ സമുദ്ര വ്യാപാര പാതകളിലെ തന്ത്രപ്രധാനമായ സ്ഥാനം എന്നിവ പ്രയോജനപ്പെടുത്തുന്നതിനുള്ള ഭാരത സർക്കാരിന്റെ തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന്റെ ഒരു പ്രധാന സംരംഭമാണ് സാഗർമാല പ്രോഗ്രാം. ആഭ്യന്തര, അന്തർദേശീയ വ്യാപാരത്തിനായുള്ള ലോജിസ്റ്റിക് ചെലവുകൾ കുറയ്ക്കുന്നതിലൂടെ, വിന്യസന വ്യവസായത്തിന്റെ പ്രകടനവും കാര്യക്ഷമതയും മെച്ചപ്പെടുത്താൻ കഴിയുമെന്ന് ഈ പ്രോഗ്രാമിലൂടെ മന്ത്രാലയം പ്രതീക്ഷിക്കുന്നു. പുതിയ തുറമുഖങ്ങളുടെ നവീകരണത്തിലൂടെയും വികസനത്തിലൂടെയും രാജ്യത്ത് തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള വികസനം പ്രോത്സാഹിപ്പിക്കൽ, കണക്റ്റിവിറ്റി വിപുലീകരിക്കൽ, തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കൽ, തീരദേശ സമൂഹ വികസനം, ഇന്ത്യയിലെ തീരദേശ ഷിപ്പിംഗ്, ഉൾനാടൻ ജലപാതകൾ എന്നിവയുടെ പ്രോത്സാഹനം എന്നിവ പ്രോഗ്രാം ലക്ഷ്യമിടുന്നു.

നിലവിൽ സാഗർമാല പ്രോഗ്രാമിന് കീഴിൽ 5.79 ലക്ഷം കോടി രൂപയുടെ നിക്ഷേപത്തോടുകൂടി മൊത്തം 839 പദ്ധതികളാണുള്ളത്. ഇതിൽ 1.40 ലക്ഷം കോടി രൂപയുടെ 262 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 1.65 ലക്ഷം കോടി രൂപയുടെ 217 പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള 2.74 ലക്ഷം കോടി രൂപയുടെ 360 പദ്ധതികൾ വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയം, സംസ്ഥാന ഗവൺമെന്റുകൾ,

**പട്ടിക 11.1.4** സാഗർമാല പ്രോഗ്രാമിന് കീഴിലുള്ള പദ്ധതികളുടെ സംഗ്രഹം

| ക്രമനം | പ്രോജക്റ്റ് തീം | പൂർത്തീകരിച്ചത് | | നടപ്പിലാക്കി കൊണ്ടിരിക്കുന്നത് | | വികസനത്തിന്റെ കീഴിൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|
| | | പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് (കോടി രൂപ) | പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് (കോടി രൂപ) | പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് (കോടി രൂപ) | പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് (കോടി രൂപ) |
| 1 | തുറമുഖ ആധുനികവത്ക്കരണം | 98 | 32,066 | 62 | 76561 | 74 | 1,82,652 | 234 | 2,91,279 |
| 2 | കണക്റ്റിവിറ്റി വർദ്ധിപ്പിക്കൽ | 91 | 57,997 | 57 | 68,010 | 131 | 80,366 | 279 | 2,06,373 |
| 3 | തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണം | 9 | 45,865 | 3 | 9,247 | 2 | 625 | 14 | 55,737 |
| 4 | തീരദേശ സമൂഹ വികസനം | 21 | 1,559 | 32 | 6,166 | 28 | 3,847 | 81 | 11,572 |
| 5 | തീരദേശ ഷിപ്പിംഗും ഉൾനാടൻ ജലപാതകളും | 43 | 2,956 | 63 | 4,665 | 125 | 6,980 | 231 | 14,601 |
| | **ആകെ** | **262** | **1,40,443** | **217** | **1,64,649** | **360** | **2,74,470** | **839** | **5,79,562** |

ഉറവിടം: വാർഷിക റിപ്പോർട്ട് 2023-24, തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

പ്രധാന തുറമുഖങ്ങൾ, മറ്റ് ഏജൻസികൾ എന്നിവരാണ് പ്രധാനമായും ഈ പദ്ധതികൾ സ്വകാര്യപങ്കാളിത്തത്തോടെ അല്ലെങ്കിൽ പിപിപി മാതൃകയിൽ നടപ്പിലാക്കുന്നത്. സാഗർമാല പ്രോഗ്രാമിന് കീഴിൽ ഏറ്റെടുക്കുന്ന പദ്ധതികളുടെ ഒരു സംഗ്രഹം **പട്ടിക 11.1.4** ൽ നൽകിയിരിക്കുന്നു.

ഈ പരിപാടിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും തുറമുഖ വികസന പ്രവർത്തനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിനുമായി ഇന്ത്യാ ഗവൺമെന്റ് സാഗർമാല ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ് (എസ് ഡി സി എൽ) രൂപീകരിച്ചു. പദ്ധതി ആവശ്യകതകൾ അനുസരിച്ച്, എസ് ഡി സി എൽ ഇന്ത്യാ ഗവൺമെന്റും മൾട്ടി-ലാറ്ററൽ, ബൈ-ലാറ്ററൽ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന ധനസഹായം പ്രയോജനപ്പെടുത്തി കടം അല്ലെങ്കിൽ ഓഹരി (ദീർഘകാല മൂലധനമായി) ഫണ്ട് സ്വരൂപിക്കും. സാഗർമാല പ്രോഗ്രാമിന്റെ അംഗീകൃത ഘടന അനുസരിച്ച്, അനുബന്ധ മന്ത്രാലയങ്ങൾ, സംസ്ഥാന സർക്കാരുകൾ/സംസ്ഥാന മാരിടൈം ബോർഡുകൾ (എസ്എംബികൾ), എസ്.പി.വികൾ എന്നിവയിലൂടെയാണ് പദ്ധതികൾ നടപ്പിലാക്കേണ്ടത്. എസ്ഡിസിഎൽ ഒരു ധനസഹായ ജാലകമായി പ്രവർത്തിക്കുകയും മറ്റേതെങ്കിലും മാർഗ്ഗം/മാതൃക വഴി ഫണ്ടിംഗ് ലഭ്യമല്ലാത്ത ശേഷിക്കുന്ന പദ്ധതികൾ മാത്രം നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

## ഇന്ത്യയിലെ തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം

### ഇന്ത്യയിലെ പ്രധാന വൻകിട തുറമുഖങ്ങൾ


വിദേശവാണിജ്യത്തിന് അനുകൂലമായ സാഹചര്യം സമുദ്ര മേഖലയിലൂടെ സാധ്യമാകുന്നു. അത് ആദായാകരമായതിനാലും ആഗോളതലത്തിൽ മെച്ചപ്പെട്ട കണക്റ്റിവിറ്റി സാധ്യമായതിനാലും ലോക സമ്പദ്‌വ്യവസ്ഥയ്ക്ക് വളരെ പ്രധാനമാണ്. ആഗോള സമ്പദ്‌വ്യവസ്ഥയിലെ വികസനങ്ങൾ, പ്രത്യേകിച്ച് ആഗോള ഉൽപ്പാദനത്തിന്റെയും വ്യാപാരത്തിന്റെയും വിപുലീകരണം എന്നിവ സമുദ്ര ഗതാഗത പ്രവർത്തനത്തെ ഉത്തേജിപ്പിക്കുന്ന ഘടകങ്ങളാണ്. അതിനാൽ, തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന കടൽ വഴിയുള്ള ചരക്ക് ഗതാഗതത്തിന്റെ അളവ് പ്രധാനമായും രൂപപ്പെടുന്നത് ആഗോളവും ആഭ്യന്തരവുമായ പ്രവർത്തനങ്ങളിലെ തലങ്ങളും മാറ്റങ്ങളും അനുസരിച്ചാണ്. 12 വൻകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്ത മൊത്തം ചരക്ക് 2023-24 ൽ 4.4 ശതമാനം വർദ്ധിച്ചു, എന്നാൽ വളർച്ചാ നിരക്ക് 2022-23 ലെ 8.8 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണ്.

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വളർച്ചാ നിരക്ക് **ചിത്രം 11.1.10**-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2014-15 മുതൽ 2023-24 വരെയുള്ള കാലയളവിൽ വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്ത മൊത്തം ചരക്കുകളുടെ കണക്കിൽ ഗണ്യമായ വളർച്ച 2022-23 വർഷത്തിലും (8.8 ശതമാനം), ഏറ്റവും കുറവ് 2020-21 വർഷത്തിലും (-4.6 ശതമാനം) രേഖപ്പെടുത്തി.

2023-24ൽ വൻകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത ചരക്കുഗതാഗതത്തിൽ മോർമുഗാവോ തുറമുഖം ഏറ്റവും ഉയർന്ന വളർച്ച രേഖപ്പെടുത്തി (16.4 ശതമാനം). ന്യൂ മാംഗളൂർ തുറമുഖ അതോറിറ്റി (എൻഎംപിഎ) (10.4 ശതമാനം), വിശാഖപട്ടണം തുറമുഖം (വിപിഎ) (10.0 ശതമാനം), വി ഒ ചിദംബരം തുറമുഖം, തൂത്തുക്കുടി (8.8 ശതമാനം), പാരദീപ് തുറമുഖം (7.4 ശതമാനം), മുംബൈ തുറമുഖം (5.7 ശതമാനം), ചെന്നൈ തുറമുഖം (5.4 ശതമാനം), കാമരാജർ തുറമുഖം (4.1 ശതമാനം), കൊച്ചിൻ തുറമുഖം (3.0 ശതമാനം), ജവഹർലാൽ നെഹ്റു തുറമുഖ അതോറിറ്റി (ജെഎൻപിഎ) (2.3 ശതമാനം), ശ്യാമ പ്രസാദ് മുഖർജി തുറമുഖം (1.9 ശതമാനം), ഹൽദിയ ശ്യാമ പ്രസാദ് മുഖർജി തുറമുഖം,

**ചിത്രം 11.1.10** 2014-15 മുതൽ 2023-24 വരെയുള്ള കാലയളവിൽ വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വളർച്ചാ പ്രവണത





ഉറവിടം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

കൊൽക്കത്ത (1.6 ശതമാനം) എന്നിങ്ങനെ വളർച്ച രേഖപ്പെടുത്തുകയുണ്ടായി. വൻകിട തുറമുഖങ്ങളിൽ ദീൻദയാൽ തുറമുഖം (ഡിപിഎ) 2023-24ൽ നെഗറ്റീവ് വളർച്ചാ നിരക്ക് (-4.2 ശതമാനം) രേഖപ്പെടുത്തി.


2023-24ൽ, വൻകിട തുറമുഖങ്ങളിൽ, പാരദീപ് തുറമുഖം 145.38 ദശലക്ഷം മെട്രിക് ടൺ ചരക്ക് കൈകാര്യം ചെയ്തു, തുടർന്ന് ദീൻദയാൽ തുറമുഖം (131.82 എംഎംറ്റി), ജവഹർലാൽ നെഹ്റു പോർട്ട് അതോറിറ്റി (ജെഎൻപിഎ) (85.80 എംഎംറ്റി), വിശാഖപട്ടണം തുറമുഖം (വിപിഎ) (81.09 എംഎംറ്റി), മുംബൈ തുറമുഖം. 67.26 എംഎംറ്റി), ചെന്നൈ തുറമുഖം (51.59 എംഎംറ്റി), ശ്യാമ പ്രസാദ് മുഖർജി തുറമുഖം, ഹാൽദിയ (49.54 എംഎംറ്റി), ന്യൂ മംഗളൂരു തുറമുഖ അതോറിറ്റി (എൻഎംപിഎ) (45.70 എംഎംറ്റി), കാമരാജർ തുറമുഖം (45.28 എംഎംറ്റി), വി ഒ ചിദംബരം തുറമുഖം (41.40 എംഎംറ്റി), കൊച്ചിൻ തുറമുഖം (36.32 എംഎംറ്റി), മോർമുഗാവോ തുറമുഖം (20.17 എംഎംറ്റി)), ശ്യാമ പ്രസാദ് മുഖർജി പോർട്ട്, കൊൽക്കത്ത (16.63 എംഎംറ്റി) എന്നിങ്ങനെയാണ്. പ്രധാന തുറമുഖങ്ങൾ കൈകാര്യം ചെയ്ത മൊത്തം ചരക്ക് ഗതാഗതത്തിന്റെ പങ്ക് **ചിത്രം 11.1.11** ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 11.1.11** 2023-24 കാലയളവിൽ വൻകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതങ്ങളുടെ തുറമുഖം തിരിച്ചുള്ള ശതമാന വിഹിതം




ഉറവിടം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

**ചിത്രം 11.1.12** 2022-23 ലും 2023-24 ലും കൈകാര്യം ചെയ്ത വിദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം (ടണ്ണിൽ)





ഉറവിടം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

2023-24ൽ, 12 വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം 5.1 ശതമാനം വർദ്ധിച്ച് 630.76 ദശലക്ഷം മെട്രിക് ടൺ (എംഎംടി) ആയി. വൻകിട തുറമുഖങ്ങളിൽ, 2023-24ൽ ദീൻദയാൽ തുറമുഖമാണ് (ഡിപിഎ) ഏറ്റവും അധികം വിദേശ ചരക്ക് കൈകാര്യം ചെയ്തത്, 18.7 ശതമാനം വിഹിതത്തോടെ 117.93 ദശലക്ഷം മെട്രിക് ടൺ. തുടർന്ന് പാരദീപ് തുറമുഖം (13.7 ശതമാനം), ജവഹർലാൽ നെഹ്റു തുറമുഖ അതോറിറ്റി (ജെഎൻപിഎ) (12.8 ശതമാനം), വിശാഖപട്ടണം തുറമുഖം (വിപിഎ) (10.0 ശതമാനം), ചെന്നൈ തുറമുഖം (7.3 ശതമാനം), ശ്യാമ പ്രസാദ് മുഖർജി തുറമുഖം, ഹാൽദിയ (7.3 ശതമാനം), മുംബൈ തുറമുഖം (6.9 ശതമാനം), ന്യൂ മംഗളൂരു തുറമുഖ അതോറിറ്റി (എൻഎംപിഎ) (5.4 ശതമാനം), വി ഒ ചിദംബരം തുറമുഖം, തൂത്തുക്കുടി (4.5 ശതമാനം), കാമരാജർ തുറമുഖം (4.4 ശതമാനം), കൊച്ചിൻ തുറമുഖം (3.8 ശതമാനം), മോർമുഗാവോ തുറമുഖം (2.6 ശതമാനം), ശ്യാമ പ്രസാദ് മുഖർജി പോർട്ട് കൊൽക്കത്ത (2.6 ശതമാനം) എന്നിങ്ങനെ ആണ്. വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്ത വിദേശ ചരക്കുകളുടെ വിഹിതം **ചിത്രം 11.1.12** ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 11.1.13** 22022-23 ലും 2023-24 ലും കൈകാര്യം ചെയ്ത തീരദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം (ടണ്ണിൽ)

തീരദേശ ചരക്ക് (ടണ്ണിൽ)




എച്ച്ഡിസി-ഹാൽദിയ ഡോക്ക് കോംപ്ലക്സ്, കെഎസ്ഡി- കൊൽക്കത്ത ഡോക്ക് സിസ്റ്റം, എൻഎംപിഎ-ന്യൂ മംഗളൂരു
ഉറവിടം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

2023-24ൽ, 12 വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം 2.0 ശതമാനം വർദ്ധിച്ച് 187.22 ദശലക്ഷം മെട്രിക് ടൺ (എംഎംടി) ആയി. വൻകിട തുറമുഖങ്ങളിൽ, പാരദീപ് തുറമുഖം 31.6 ശതമാനം വിഹിതത്തോടെ 59.23 ദശലക്ഷം മെട്രിക് ടൺ തീരദേശ ചരക്ക് കൈകാര്യം ചെയ്തു, തുടർന്ന് മുംബൈ തുറമുഖം (12.7 ശതമാനം), വിശാഖപട്ടണം തുറമുഖം (9.7 ശതമാനം), കാമരാജർ തുറമുഖം (9.3 ശതമാനം), ദീൻദയാൽ തുറമുഖം (ഡിപിഎ) (7.4 ശതമാനം), വി.ഒ. ചിദംബരം തുറമുഖം (6.8 ശതമാനം), കൊച്ചിൻ തുറമുഖം (6.8 ശതമാനം), ന്യൂ മംഗ്ലൂരു തുറമുഖ അതോറിറ്റി (എൻഎംപിഎ) (6.1 ശതമാനം), ചെന്നൈ തുറമുഖം (2.9 ശതമാനം), ജവഹർലാൽ നെഹ്റു തുറമുഖ അതോറിറ്റി (ജെഎൻപിഎ) (2.6 ശതമാനം), മോർമുഗാവോ തുറമുഖം (1.9 ശതമാനം) ശ്യാമ പ്രസാദ് മുഖർജി തുറമുഖം, ഹാൽദിയ (1.9 ശതമാനം), ശ്യാമ പ്രസാദ് മുഖർജി പോർട്ട് കൊൽക്കത്ത (0.2 ശതമാനം) എന്നിങ്ങനെയാണ്. 2023-24ൽ വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്ത തീരദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം **ചിത്രം 11.1.13** ൽ കാണിച്ചിരിക്കുന്നു.

2022-23, 2023-24 വർഷങ്ങളിലെ വൻകിട തുറമുഖങ്ങളിലെ ചരക്കു ഗതാഗതം തുറമുഖം തിരിച്ച് **അനുബന്ധം 11.1.22** ൽ നൽകിയിരിക്കുന്നു.

### ഇന്ത്യയിലെ നോൺ– മേജർ തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം


കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നോൺ- മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വളർച്ചാ നിരക്ക് **ചിത്രം 11.1.14**-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2014-15 മുതൽ 2023-24 വരെയുള്ള കാലയളവിൽ, നോൺ- മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത മൊത്തം ചരക്കുകളുടെ കണക്കിൽ, ഏറ്റവും ഉയർന്ന വളർച്ച 2014-15 വർഷത്തിലും (12.9 ശതമാനം), ഏറ്റവും കുറവ് 2020-21 വർഷത്തിലും (-6.1 ശതമാനം) രേഖപ്പെടുത്തി.

2023-24ൽ നോൺ-മേജർ തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം 2022-23ൽ കൈകാര്യം ചെയ്ത 648.54 ദശലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 11.2 ശതമാനം വർദ്ധിച്ച് 721.05 ദശലക്ഷം മെട്രിക് ടണ്ണായി. സംസ്ഥാന മാരിടൈം ബോർഡുകൾ (എസ്എംബി), തുറമുഖ ഡയറക്ടറേറ്റുകൾ (ഡിഒപി) എന്നിവ 2023-24 (ഏപ്രിൽ- മാർച്ച്) കാലയളവിൽ കൈകാര്യം ചെയ്ത ചരക്കു ഗതാഗത കണക്കുകൾ പ്രകാരം ഗുജറാത്ത് മാരിടൈം ബോർഡാണ് ഏറ്റവും അധികം ചരക്ക് ഗതാഗതം കൈകാര്യം ചെയ്തത്, 62.3 ശതമാനം വിഹിതത്തോടെ 449.25 ദശലക്ഷം മെട്രിക് ടൺ. തുടർന്ന് ആന്ധ്രാപ്രദേശ് മാരിടൈം ബോർഡ് (117.46 എംഎംടി), മഹാരാഷ്ട്ര മാരിടൈം ബോർഡ് ( 74.71 എംഎംടി), ഡയറക്ടറേറ്റ് ഓഫ് പോർട്ട്സ്, ഒഡീഷ (54.19 എംഎംടി), ഡയറക്ടറേറ്റ് ഓഫ് പോർട്ട്സ്, പുതുച്ചേരി (12.31 എംഎംടി), തമിഴ്നാട് മാരിടൈം ബോർഡ് (10.11 എംഎംടി), മറ്റുള്ളവ (3.01 എംഎംടി) എന്നിങ്ങനെയാണ്. ഇതിൽ മറ്റുള്ളവയിൽ ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, കർണാടക, ഗോവ, കേരള മാരിടൈം ബോർഡ് എന്നീ നോൺ-മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്കുകൾ ഉൾപ്പെടുന്നു. നോൺ-മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന മൊത്തം ചരക്കു ഗതാഗതത്തിന്റെ പങ്ക് **ചിത്രം 11.1.15**-ൽ കാണിച്ചിരിക്കുന്നു.


2023-24 ഏപ്രിൽ-മാർച്ച് കാലയളവിൽ നോൺ-മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം 2022-23ലെ ഏപ്രിൽ-മാർച്ച് കാലയളവിലെ 529.60 ദശലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 10.3 ശതമാനം വർദ്ധിച്ച് 584.09 ദശലക്ഷം മെട്രിക് ടണ്ണായി. നോൺ-മേജർ തുറമുഖങ്ങളിൽ, 2023-24 ഏപ്രിൽ-മാർച്ച് വരെയുള്ള കാലയളവിൽ ഏറ്റവും അധികം വിദേശ ചരക്ക് ഗതാഗതം കൈകാര്യം ചെയ്തത് ഗുജറാത്ത് മാരിടൈം ബോർഡ്

**ചിത്രം 11.1.14** 2014-15 മുതൽ 2023-24 വരെയുള്ള കാലയളവിൽ നോൺ- മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വളർച്ചാ പ്രവണത




ഉറവിടം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

**ചിത്രം 11.1.15** 2023-24 നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതങ്ങളുടെ തുറമുഖം തിരിച്ചുള്ള ശതമാന വിഹിതം





ഉറവിടം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

ആണ്, 68.8 ശതമാനം വിഹിതവുമായി 401.58 ദശലക്ഷം മെട്രിക് ടൺ. തുടർന്ന് ആന്ധ്രാപ്രദേശ് മാരിടൈം ബോർഡ് (14.0 ശതമാനം), ഒഡീഷയിലെ തുറമുഖ ഡയറക്ടറേറ്റ് (8.4 ശതമാനം), മഹാരാഷ്ട്ര മാരിടൈം ബോർഡ് (4.9 ശതമാനം), തുറമുഖ ഡയറക്ടറേറ്റ്, പുതുച്ചേരി (2.1 ശതമാനം), മറ്റുള്ളവ (1.8 ശതമാനം) എന്നിങ്ങനെയാണ്. ഇതിൽ മറ്റുള്ളവയിൽ തമിഴ്നാട് മാരിടൈം ബോർഡ്, ആൻഡമാൻ നിക്കോബാർ ദ്വീപ്, കർണാടക എന്നീ നോൺ-മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്ക് ഉൾപ്പെടുന്നു. നോൺ-മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതത്തിന്റെ പങ്ക് **ചിത്രം 11.1.16** ൽ കാണിച്ചിരിക്കുന്നു.


2023-24ൽ നോൺ-മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം 2022-23ലെ 118.94 ദശലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 15.2 ശതമാനം വർദ്ധിച്ച് 136.96 ദശലക്ഷം മെട്രിക് ടണ്ണായി. 2023-24 ഏപ്രിൽ-മാർച്ച് കാലയളവിൽ നോൺ- മേജർ തുറമുഖങ്ങളിൽ ഏറ്റവും അധികം തീരദേശ ചരക്ക് ഗതാഗതം കൈകാര്യം ചെയ്തത് ഗുജറാത്ത് മാരിടൈം ബോർഡ് ആണ്, 34.8 ശതമാനം വിഹിതത്തോടെ 47.67 ദശലക്ഷം മെട്രിക് ടൺ. തുടർന്ന് മഹാരാഷ്ട്ര മാരിടൈം ബോർഡ് (33.6 ശതമാനം), ആന്ധ്രാപ്രദേശ് മാരിടൈം ബോർഡ് (26.0 ശതമാനം), തുറമുഖങ്ങളുടെ ഡയറക്ടറേറ്റ്, ഒഡീഷ (3.8 ശതമാനം), മറ്റുള്ളവ (1.9 ശതമാനം) എന്നിങ്ങനെയാണ്. ഇതിൽ മറ്റുള്ളവയിൽ ആൻഡമാൻ നിക്കോബാർ

**ചിത്രം 11.1.16** 2022-23 ലും 2023-24 ലും നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം (ടണ്ണിൽ)




ഉറവിടം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്
*ഗോവ, കേരളം എന്നിവിടങ്ങളിലെ നോൺ-മേജർ തുറമുഖങ്ങളിൽ ഈ കാലയളവിൽ വിദേശ ചരക്ക് ഗതാഗതം രേഖപ്പെടുത്തിയിട്ടില്ല.

**ചിത്രം 11.1. 17** 2022-23 ലും 2023-24 ലും നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം (ടണ്ണിൽ)




ഉറവിടം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം
* പുതുച്ചേരിയിലെ ചെറുകിട തുറമുഖങ്ങൾ ഈ കാലയളവിൽ തീരദേശ ചരക്ക് ഗതാഗതം കൈകാര്യം ചെയ്തില്ല

ദ്വീപുകൾ, തമിഴ്നാട് മാരിടൈം ബോർഡ് (ടി എൻ എം ബി), ഗോവ, കേരളം, കർണാടക എന്നീ നോൺ-മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്ക് ഉൾപ്പെടുന്നു. നോൺ-മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതത്തിന്റെ പങ്ക് **ചിത്രം 11.1.17** ൽ കാണിച്ചിരിക്കുന്നു.

2022-23, 2023-24 വർഷങ്ങളിലെ നോൺ മേജർ തുറമുഖങ്ങളിലെ ചരക്കു ഗതാഗതം തുറമുഖം തിരിച്ച് **അനുബന്ധം 11.1.23** നൽകിയിരിക്കുന്നു.

### കേരളത്തിലെ തുറമുഖങ്ങൾ

കേരളത്തിന്റെ തീരദേശത്തിനു ഏകദേശം 590 കിലോമീറ്റർ നീളമുണ്ട്. ഇവിടെ കൊച്ചിയിൽ ഒരു വൻകിട തുറമുഖവും 17 നോൺ-മേജർ തുറമുഖങ്ങളുമുണ്ട്. വിഴിഞ്ഞത്ത് ട്രാൻസ്ഷിപ്പ്മെന്റ് പോർട്ട് പിപിപി മോഡിലൂടെ വികസിപ്പിച്ച് വരുന്നുണ്ട്. കേരളത്തിലെ 17 നോൺ-മേജർ തുറമുഖങ്ങളിൽ വിഴിഞ്ഞം, ബേപ്പൂർ-കോഴിക്കോട്, അഴീക്കൽ, കൊല്ലം തുറമുഖങ്ങൾ എന്നിങ്ങനെ നാലെണ്ണം മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. കോട്ടയത്ത് നാട്ടകത്ത് ഒരു ഉൾനാടൻ തുറമുഖവുമുണ്ട്. മലബാർ പ്രദേശത്ത് (അഴീക്കൽ ആസ്ഥാനമായുള്ള) ഒരു തുറമുഖം പിപിപി മോഡിലൂടെ വികസിപ്പിക്കുന്നതിനായി രൂപീകരിച്ച കമ്പനിയാണ് മലബാർ പോർട്ട് & സെസ്.

### കേരള മാരിടൈം ബോർഡ് (കെ എം ബി )

2017 സെപ്റ്റംബറിൽ കേരള മാരിടൈം ബോർഡ് ആക്ടിന് അംഗീകാരം ലഭിച്ചതിന് ശേഷമാണ് കേരള മാരിടൈം ബോർഡ് നിലവിൽ വന്നത്. ഈ നിയമം അനുസരിച്ച്, കേരളത്തിലെ നോൺ മേജർ തുറമുഖങ്ങൾക്കായിട്ടാണ് കെഎംബി രൂപീകരിച്ചത്, കൂടാതെ ഈ നോൺ മേജർ തുറമുഖങ്ങളുടെ ഭരണം, നിയന്ത്രണം, മാനേജ്മെന്റ് എന്നിവ കെ എം ബി യിൽ നിക്ഷിപ്തമാണ്. ഡയറക്ടറേറ്റ് ഓഫ് പോർട്ട്, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള മാരിടൈം സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ സംയോജിപ്പിച്ചാണ് സർക്കാർ കെഎംബി രൂപീകരിച്ചത്. ഒരു ചെയർമാൻ, ഒരു വൈസ് ചെയർമാൻ, 6 എക്സ് ഒഫീഷ്യോ അംഗങ്ങൾ നാല് നോമിനേറ്റഡ് അംഗങ്ങൾ എന്നിവരടങ്ങുന്നതാണ് ബോർഡ്. തുറമുഖവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും തുറമുഖങ്ങളുടെ നവീകരണവും ഷിപ്പിംഗ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തലും കേരള മാരിടൈം ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങളാണ്.

കേരള മാരിടൈം ബോർഡിന്റെ പ്രധാന നേട്ടങ്ങൾ

- സംസ്ഥാനത്തെ എല്ലാ യന്ത്രവൽകൃത ഉൾനാടൻ കപ്പലുകളുടെയും രജിസ്ട്രേഷനും സർവേയുമായി "ഇ-പോർട്ട്" ആരംഭിച്ചു.
- ശുദ്ധീകരിച്ച ഡ്രെഡ്ജ് ചെയ്ത വസ്തുക്കളുടെ വിൽപ്പന ഓൺലൈൻ മോഡ് വഴി ക്രമീകരിച്ചു.
- പിപിപി രീതിയിൽ തുറമുഖ ആസ്തികളുടെയും തുറമുഖ ഭൂമികളുടെയും വികസനം.
- നാല് നോൺ-മേജർ തുറമുഖങ്ങളും ഇന്റർനാഷണൽ ഷിപ്പിംഗ് ആൻഡ് പോർട്ട് സെക്യൂരിറ്റി കോഡ് (എൽഎസ് പിഎസ്) അനുസൃതമാക്കി.
- ബേപ്പൂർ, വിഴിഞ്ഞം, കൊല്ലം തുറമുഖങ്ങൾ കസ്റ്റം നോട്ടിഫൈഡ് ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റിന് (ഐസിപി) അനുസൃതമാക്കി.
- കൊടുങ്ങല്ലൂരിലെയും നീണ്ടകരയിലെയും കേരള മാരിടൈം സ്ഥാപനങ്ങളിൽ ഇൻലാൻഡ് വെസ്സലുമായി ബന്ധപ്പെട്ട കോഴ്സുകളിൽ പരിശീലനം ആരംഭിച്ചു.

**പട്ടിക11.1.5** കെഐവി നടപ്പിലാക്കുന്നതിനായി നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ

| ക്രമ നം | ഇനങ്ങൾ | 2019–20 | 2020–21 | 2021–22 | 2022–23 | 2023–24 |
|---|---|---|---|---|---|---|
| 1 | പരിശോധിച്ച വെസ്സലുകളുടെ എണ്ണം | 770 | 580 | 651 | 1120 | 1145 |
| 2 | മികച്ചതായി കണ്ടെത്തിയ വെസ്സലുകളുടെ എണ്ണം | 527 | 435 | 485 | 830 | 904 |
| 3 | പോരായ്മകൾ കണ്ടെത്തിയ വെസ്സലുകളുടെ എണ്ണം | 243 | 145 | 166 | 290 | 241 |
| 4 | നൽകിയ ഡിറ്റൻഷൻ ഉത്തരവുകളുടെ എണ്ണം | 73 | 16 | 17 | 45 | 19 |

ഉറവിടം: കേരള മാരിടൈം ബോർഡ്

**പട്ടിക 11.1.6** കേരളത്തിൽ രജിസ്റ്റർ ചെയ്ത വെസ്സലുകളുടെ എണ്ണം( കെ.ഐ.വി നിയമപ്രകാരം)

| ക്രമ നം | ഇനങ്ങൾ | 2019–20 | 2020–21 | 2021–22 | 2022–23 | 2023–24 |
|---|---|---|---|---|---|---|
| 1 | കാറ്റഗറി എ | 23 | 6 | 1 | 5 | 0 |
| 2 | കാറ്റഗറി ബി | 169 | 158 | 192 | 224 | 36 |
| 3 | പുതിയതായി നിർമ്മിച്ച വെസ്സലുകൾ | 43 | 37 | 56 | 80 | 52 |
| 4 | രജിസ്ട്രേഷൻ പേര് മാറ്റിയവ | 52 | 73 | 109 | 122 | 149 |
| | **ആകെ** | **287** | **274** | **358** | **431** | **237** |

ഉറവിടം: കേരള മാരിടൈം ബോർഡ്

### കേരള ഇൻലാൻഡ് വെസ്സൽ (കെഐവി) നിയമങ്ങൾ, 2010

2010 സെപ്റ്റംബർ 15-ന് കെ ഐ വി നിയമങ്ങൾ നിലവിൽ വന്നു. തുറമുഖ വകുപ്പ് ഡയറക്ടറായിരുന്നു നിർവഹണ അധികാരി, എന്നാൽ ഇപ്പോൾ നിയമങ്ങൾ നടപ്പിലാക്കൽ കെഎംബിയിൽ നിക്ഷിപ്തമാണ്. കെഐവി ചട്ടങ്ങൾ പ്രകാരം വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നിവയുൾപ്പെടെ 6 പോർട്ട് ഓഫ് രജിസ്ട്രികളുണ്ട്. കെ ഐ വി നിയമങ്ങൾ അനുസരിച്ച്, കപ്പലുകളുടെ രജിസ്ട്രേഷൻ കാലയളവ് 5 വർഷമായി തീരുമാനിക്കുകയും വാർഷിക സർവ്വെ സർട്ടിഫിക്കറ്റ് 1 വർഷത്തേക്ക് സാധുതയുള്ളതുമാണ്. ഈ രണ്ട് സർട്ടിഫിക്കറ്റുകളും കപ്പലിന്റെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. കൂടാതെ, 3 വർഷത്തിലൊരിക്കൽ ഡ്രൈ ഡോക്കിൽ കപ്പലുകൾ സർവ്വെ ചെയ്യണം. കെഐവി ചട്ടങ്ങൾ അനുസരിച്ച്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് 3 വർഷത്തേക്ക് പ്രവർത്തനക്ഷമത സർട്ടിഫിക്കറ്റും ഒരു വർഷത്തേക്ക് തേർഡ് പാർട്ടി ഇൻഷുറൻസും നൽകിയാൽ മാത്രമേ ഹൗസ് ബോട്ടുകൾക്ക് സർവ്വെ സർട്ടിഫിക്കറ്റ് നൽകാവൂ എന്നൊരു നിബന്ധനയും നിലവിലുണ്ട്.

### രജിസ്റ്റർ ചെയ്ത വെസ്സലുകൾ

പാസഞ്ചർ വെസ്സൽ, സ്പീഡ് ബോട്ട്, ഹൗസ് ബോട്ട്, ചരക്ക് കപ്പൽ, ഫ്ലോട്ടിംഗ് റിസോർട്ട്, മോട്ടോർ ബോട്ട്, കട്ടർ സെക്ഷൻ ഡ്രെഡ്ജർ, ജങ്കാർ, ഷിക്കാരകൾ, ടഗ്, റെസ്ക്യൂ ബോട്ട്, ക്രൂയിസ് ബോട്ട് എന്നിവയാണ് രജിസ്റ്റർ ചെയ്ത വെസ്സലുകൾ. 2023-24ൽ 1145 വെസ്സലുകൾ പരിശോധിച്ചതിൽ 904 വെസ്സലുകൾ തികച്ചും മെച്ചമായതും 241 എണ്ണം തകരാറിലായവയാണെന്നും കണ്ടെത്തുകയുണ്ടായി. തുറമുഖ വകുപ്പ് കെഐവി നിയമങ്ങൾ നടപ്പാക്കുന്നതിനാൽ, പരിശോധനകൾ നടത്തുകയും വെസ്സലുകളുടെ രജിസ്ട്രേഷൻ നടപടികൾ സുഗമമാക്കുകയും ചെയ്യുന്നു. വിശദാംശങ്ങൾ **പട്ടിക 11.1.5, 11.1.6** എന്നിവയിൽ നൽകിയിരിക്കുന്നു.

### കേരളത്തിലെ നോൺ–മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം

കഴിഞ്ഞ അഞ്ച് വർഷമായി കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വിശദാംശങ്ങൾ **പട്ടിക 11.1.7** ൽ കൊടുത്തിരിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ വിശകലനം ചെയ്യുമ്പോൾ കേരളത്തിലെ പ്രധാന നോൺ-മേജർ

**പട്ടിക 11.1.7** കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങളിൽ 2019-20 മുതൽ 2023-24 വരെ കൈകാര്യം ചെയ്ത ചരക്കു ഗതാഗതം (അളവ് ടണ്ണിൽ)

| വർഷം | ഇറക്കുമതി | | | കയറ്റുമതി | | | ആകെ |
|---|---|---|---|---|---|---|---|
| | തീരദേശ | വിദേശ | ആകെ | തീരദേശ | വിദേശ | ആകെ | |
| 2019-20 | 37,338 | 908 | 38,246 | 1,15,968 | 0 | 1,15,968 | 1,54,214 |
| 2020-21 | 8,074 | 119 | 8,193 | 41,118 | 69 | 41,187 | 49,380 |
| 2021-22 | 57,253 | 0 | 57,253 | 2,64,989 | 549 | 2,65,538 | 3,22,791 |
| 2022-23 | 7,648 | 0 | 7,648 | 2,33,216 | 0 | 2,33,216 | 2,40,864 |
| 2023-24 | 7,443 | 0 | 7,443 | 77,307 | 0 | 77,307 | 84,750 |
| **ആകെ** | **1,17,756** | **1,027** | **1,18,783** | **7,32,598** | **618** | **7,33,216** | **8,51,999** |

ഉറവിടം: കേരള മാരിടൈം ബോർഡ്

**പട്ടിക 11.1.8** കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങളിൽ 2019-20 മുതൽ 2023-24 വരെ ശേഖരിച്ച വരുമാനം (തരം തിരിച്ച്) (കോടി രൂപയിൽ)

| വർഷം | തുറമുഖ ഡ്യൂസ് | | കയറ്റുമതി ഇറക്കുമതി ഡ്യൂസ് | | വ്യാപാരി ഓവർടൈം ചാർജ്ജുകൾ | | ഡ്രഡ്ജിംഗിലൂടെയുള്ള വസ്തുക്കൾ | | മറ്റുള്ളവ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| | തുക | ശതമാനത്തിൽ | തുക | ശതമാനത്തിൽ | തുക | ശതമാനത്തിൽ | തുക | ശതമാനത്തിൽ | തുക | ശതമാനത്തിൽ | |
| 2019-20 | 0.04 | 0.07 | 0.05 | 0.09 | 0.46 | 0.79 | 52.73 | 90.9 | 4.73 | 8.15 | 58.02 |
| 2020-21 | 0.04 | 0.10 | 0.37 | 0.90 | 10.15 | 24.66 | 25.78 | 62.6 | 4.81 | 11.69 | 41.16 |
| 2021-22 | 0.12 | 0.23 | 0.55 | 1.05 | 0.74 | 1.42 | 39.51 | 75.7 | 11.28 | 21.62 | 52.17 |
| 2022-23 | 0.06 | 0.13 | 0.17 | 0.37 | 0.33 | 0.72 | 35.58 | 77.33 | 9.87 | 21.45 | 46.01 |
| 2023-24 | 0.002 | 0.08 | 0.013 | 0.40 | 0.007 | 0.23 | 25.62 | 76.47 | 7.65 | 77.17 | 33.50 |

ഉറവിടം: കേരള മാരിടൈം ബോർഡ്

തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്കുകളുടെ അളവിൽ വലിയ ഏറ്റക്കുറച്ചിലുകൾ കാണപ്പെടുന്നു. ഈ അഞ്ച് വർഷങ്ങളിലും, കയറ്റുമതി ചരക്ക് (തീരദേശവും വിദേശവും) ഇറക്കുമതി ചരക്കുകളേക്കാൾ (തീരദേശവും വിദേശവും) കൂടുതലാണ്. കേരളത്തിൽ നിന്നുള്ള മൊത്തം ചരക്കു കയറ്റുമതി 2022-23ൽ 2,33,216 ടണ്ണും, 2023-24ൽ 77,307 ടണ്ണുമായിരുന്നു. ചരക്കിന്റെയും യാത്രക്കാരുടെയും നീക്കം കൈകാര്യം ചെയ്യാൻ സുസജ്ജമായതും പ്രവർത്തനക്ഷമമായതുമായ നോൺ-മേജർ തുറമുഖമായ ബേപ്പൂരിന്റെ പ്രധാന പ്രവർത്തനം ലക്ഷദ്വീപിലേക്കുള്ള ചരക്ക് നീക്കമാണ്. എന്നാൽ പല കാരണങ്ങളാൽ ചരക്കുനീക്കം കേരളത്തിൽ നിന്ന് മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറുന്നതിനുള്ള പ്രവണതയുണ്ട്.

17 നോൺ-മേജർ തുറമുഖങ്ങളിൽ, 4 തുറമുഖങ്ങളിൽ (ബേപ്പൂർ, കൊല്ലം, അഴീക്കൽ, വിഴിഞ്ഞം) മാത്രമാണ് വ്യാപാരം നടക്കുന്നത്. 2023-24 ൽ ബേപ്പൂർ തുറമുഖത്തിന് (കോഴിക്കോട്) പെട്രോളിയം ഉൽപ്പന്നങ്ങളുടെ (പിഒഎൽ) വിദേശ ചരക്ക് ഗതാഗതം ഉണ്ടായിരുന്നു, എന്നാൽ കൊല്ലം, അഴീക്കൽ, വിഴിഞ്ഞം തുറമുഖങ്ങളിൽ വ്യാപാര പ്രവർത്തനങ്ങൾ ഉണ്ടായിരുന്നില്ല. ചരക്കുകളുടെ ലഭ്യതക്കുറവ് കാരണം നോൺ-മേജർ തുറമുഖങ്ങളിൽ തീരദേശ ചരക്ക് നീക്കം കുറവാണ്. പോർട്ടിനകത്തേക്കുള്ള ചരക്ക് ലഭ്യമാണെങ്കിലും പുറത്തേക്കുള്ള ചരക്ക് ലഭ്യമല്ലാത്തത് മുൻവർഷങ്ങളെ അപേക്ഷിച്ച് ചരക്ക് നീക്കം കുറയാൻ കാരണമായി. വിശദാംശങ്ങൾ **അനുബന്ധം 11.1.24** ൽ നൽകിയിരിക്കുന്നു.

**കേരളത്തിലെ തുറമുഖങ്ങളിൽ നിന്നുള്ള വരുമാനം**

2019-20 മുതൽ 2023-24 വരെ കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങളിൽ നിന്ന് ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 11.1.8** ൽ നൽകിയിരിക്കുന്നു. കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങൾ 2023-2024ൽ വിവിധ തുറമുഖ സംബന്ധമായ പ്രവർത്തനങ്ങളിൽ നിന്ന് 33.50 കോടി രൂപ സമാഹരിച്ചു. തുറമുഖങ്ങളുടെ പ്രധാന പ്രവർത്തനമായി ചരക്ക് ഗതാഗതത്തെ കണക്കാക്കപ്പെടുന്നുണ്ടെങ്കിലും, ഈ വർഷങ്ങളിൽ മൊത്തം വരുമാനത്തിൽ കയറ്റുമതി ഇറക്കുമതി തീരുവയുടെ പങ്ക് വളരെ കുറവാണെന്ന് വിവരങ്ങൾ കാണിക്കുന്നു. തുറമുഖ വരുമാനത്തിന്റെ പ്രധാന പങ്ക് (25.62 കോടി രൂപ) ഡ്രഡ്ജിംഗിലൂടെയുള്ള വസ്തുക്കളിൽ നിന്നാണ് ലഭിച്ചത്. ഇത് മൊത്തം വരുമാനത്തിന്റെ 76 ശതമാനമാണ്. കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങൾ വഴി ലഭിക്കുന്ന വരുമാനം കാറ്റഗറി തിരിച്ച് **അനുബന്ധം 11.1.25**-ൽ നൽകിയിരിക്കുന്നു.

**തുറമുഖ പദ്ധതികളും പ്രവർത്തനങ്ങളും (കേരളത്തിലെ നോൺ–മേജർ തുറമുഖങ്ങൾ)**

2023-24ൽ 527 വെസ്സലുകളാണ് (ഇതിൽ ബ്രേക്ക് ബൾക്ക് ഷിപ്പ്, മിനി കണ്ടെയ്നർ വെസ്സൽ, പാസഞ്ചർ വെസ്സൽ, മിനി ബൾക്ക് വെസ്സൽ, ഉരുക്കൾ, റിസർച്ച് വെസ്സലുകൾ, ബാർജ്ജുകൾ, യാച്ചുകൾ എന്നിവ ഉൾപ്പെടുന്നു) സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ തുറമുഖങ്ങളിൽ എത്തി ചേർന്നത്. ഇതിൽ 258 സ്റ്റീമറുകളും

**പട്ടിക 11.1.9** കൊച്ചി തുറമുഖത്ത് കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം(വർഷം തിരിച്ച്) (ആയിരം ടണ്ണിൽ)

| | സാമ്പത്തിക വർഷം (2022–23) | | സാമ്പത്തിക വർഷം (2023–24) | |
|---|---|---|---|---|
| | കൈകാര്യം ചെയ്ത ചരക്ക് | മൊത്തം വൻകിട തുറമുഖങ്ങളിലേക്കുള്ള വിഹിതം(ശതമാനത്തിൽ) | കൈകാര്യം ചെയ്ത ചരക്ക് | മൊത്തം വൻകിട തുറമുഖങ്ങളിലേക്കുള്ള വിഹിതം(ശതമാനത്തിൽ) |
| ഓവർസീസ് | 23,149 | 3.9 | 23,686 | 3.76 |
| കോസ്റ്റൽ | 12,106 | 6.6 | 12,628 | 6.75 |
| **ആകെ** | **35,255** | **4.50** | **36,315** | **4.44** |

ഉറവിടം: പോർട്ട് ഡാറ്റ മാനേജ്മെന്റ് പോർട്ടൽ (പി.ഡി.എം.പി), തുറമുഖ, ഷിപ്പിംഗ് & ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ് പോർട്ടൽ
-താൽക്കാലിക കണക്ക്

269 വെസ്സലുകളും ഉൾപ്പെടുന്നു. ഈ കാലയളവിൽ കേരളത്തിലെ പ്രവർത്തനക്ഷമമായതുമായ നാല് തുറമുഖങ്ങളിൽ എത്തിച്ചേർന്ന വെസ്സലുകളുടെ എണ്ണത്തിന്റെ (348 എണ്ണം) അടിസ്ഥാനത്തിൽ ബേപ്പൂരാണ് (കോഴിക്കോട്) ഏറ്റവും തിരക്കേറിയ തുറമുഖം. തുടർന്ന് വിഴിഞ്ഞത്ത് 165 എണ്ണവും, കൊല്ലത്ത് 12 എണ്ണവും അഴീക്കൽ, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ ഒന്ന് വീതവും വെസ്സലുകൾ എത്തിച്ചേർന്നു. മറ്റ് തുറമുഖങ്ങളെ അപേക്ഷിച്ച് വിഴിഞ്ഞം തുറമുഖത്ത് എത്തിയ സ്റ്റീമറുകളുടെ എണ്ണം കൂടുതലാണ് (165 എണ്ണം). വിശദാംശങ്ങൾ **അനുബന്ധം 11.1.26** ൽ കാണിച്ചിരിക്കുന്നു. ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.27**-ൽ നൽകിയിരിക്കുന്നു.

### കൊച്ചി തുറമുഖം

കേരളത്തിലെ ഏക വൻകിട തുറമുഖമാണ് കൊച്ചി തുറമുഖം. ഇത് 827 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്നു. ഇതിന് 7.5 കിലോമീറ്റർ ജലമുഖമുണ്ട്. റെയിൽവേ സൗകര്യത്തിനു പുറമെ (കൊങ്കൺ, ദക്ഷിണ റെയിൽവേ), എൻ എച്ച് 544, എൻ എച്ച് 66, എൻ എച്ച് 185 എന്നിവയിലൂടെ തുറമുഖം ഉൾപ്രദേശങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. കൊല്ലത്തെയും കോട്ടപ്പുറത്തെയും ബന്ധിപ്പിക്കുന്ന ഒരു ഉൾനാടൻ ജലപാത ഇൻലാൻഡ് വാട്ടർവേസ് അതോറിറ്റി ഓഫ് ഇന്ത്യ ഇതുവശത്തും വികസിപ്പിച്ച് വരികയാണ്. യൂറോപ്പ്, ഫാർ ഈസ്റ്റ് രാജ്യങ്ങൾ, ഓസ്ട്രേലിയ എന്നിവയെ ബന്ധിപ്പിക്കുന്ന അന്തർദേശീയ കടൽ പാതയുമായുള്ള സാമീപ്യം കാരണം, കൊച്ചിക്ക് ധാരാളം കണ്ടെയ്നർ ലൈനുകൾ ആകർഷിക്കാൻ കഴിയും. ഇതുവഴി വലിയതോതിലുള്ള വാണിജ്യസാധ്യതകൾ പ്രദാനം ചെയ്യാൻ സാധിക്കും.

വല്ലാർപാടം ടെർമിനൽ എന്നറിയപ്പെടുന്ന കൊച്ചി ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലാണ് (ഐസിടിടി) സെസിൽ (സ്പെഷ്യൽ ഇക്കണോമിക് സോൺ) പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലാണ്. കൊച്ചിയിലുള്ള കൊച്ചി തുറമുഖത്തിന്റെ ഭാഗമാണിത്. ടെർമിനലിന്റെ ആദ്യഭാഗം 2011 ഫെബ്രുവരി 11-ന് കമ്മീഷൻ ചെയ്തു. ടെർമിനലിന് പ്രതിവർഷം ഒരു ദശലക്ഷം ടിഇയു (ട്വന്റി ഫൂട്ട് ഈക്വലന്റ് യൂണിറ്റ്) വരെയുള്ള ചരക്ക് കൈകാര്യം ചെയ്യാൻ കഴിയും. ദുബായ് പോർട്ട് വേൾഡ് (ഡിപിഡബ്ല്യു) ആണ് ഇത് പ്രവർത്തിപ്പിക്കുന്നത്. കൊച്ചിയിലെ വല്ലാർപാടം ദ്വീപിലാണ് ടെർമിനൽ സ്ഥിതി ചെയ്യുന്നത്. 2023-24ൽ, 7.54 ലക്ഷം ടിഇയു കണ്ടെയ്നറുകൾ ഐസിടിടിയിൽ കൈകാര്യം ചെയ്തു, ഇത് 2022-23 നെ അപേക്ഷിച്ച് 8.5 ശതമാനം വർദ്ധിച്ചു.

കൊച്ചിൻ തുറമുഖത്തിന് 79.90 എം എം ടി പി എ ശേഷിയുള്ള 1 സിംഗിൾ പോയിന്റ് മൂറിംഗ് എസ് പി എം ഉൾപ്പെടെ 22 ബെർത്തുകളുണ്ട്. 2023-24 ഏപ്രിൽ മുതൽ മാർച്ച് വരെ, ഇന്ത്യയിലെ 12 പ്രധാന തുറമുഖങ്ങൾ കൈകാര്യം ചെയ്ത മൊത്തം ചരക്കിന്റെ 4.4 ശതമാനം കൊച്ചി തുറമുഖമാണ് കൈകാര്യം ചെയ്തത്. വിശദാംശങ്ങൾ **പട്ടിക 11.1.9** ൽ നൽകിയിരിക്കുന്നു.

### വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വിസിൽ)

വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, പ്രതിവർഷം 1 മില്യൺ ടിഇയു ശേഷിയുള്ള ഇന്ത്യയിലെ ആദ്യത്തെ ഡീപ് വാട്ടർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ആണ്. ഇത് 2024 ഡിസംബർ 3-ന് കമ്മീഷൻ ചെയ്തു. ടി തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി കേരള സർക്കാർ വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് (വിസിൽ) എന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനം രൂപീകരിച്ചു. പദ്ധതിയിലും കൺസഷൻ കരാറിലും കേരള സർക്കാരിന്റെ എല്ലാ ചുമതലകളും നിർവഹിക്കാനുള്ള ഉത്തരവാദിത്തം വിസിലിനാണ്. ഒരു അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി വികസിപ്പിക്കുന്നതിന് വിഴിഞ്ഞം തുറമുഖത്തിന് ഭൂമിശാസ്ത്രപരമായി നിരവധി ഗുണങ്ങളുണ്ട്. തീരത്ത് നിന്ന് ഒരു നോട്ടിക്കൽ മൈലിനുള്ളിൽ 20 മീറ്ററിന്റെ സ്വാഭാവിക ആഴം ലഭ്യമായതുകൊണ്ടും തീരത്ത് കടൽ ഒഴുക്ക് കുറവായതിനാലും ഡ്രെഡ്ജിംഗ് അറ്റകുറ്റപണികൾ ആവശ്യമില്ലായെന്നുള്ളത് വിസിലിന്റെ ഒരു പ്രധാന നേട്ടമാണ്. കൂടാതെ ദേശീയ/പ്രാദേശിക റോഡ്, റെയിൽ ശൃംഖലയിലേക്കുള്ള ലിങ്കുകൾ, അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടിന്റെ സാമീപ്യം, ഒരു ഗ്രീൻഫീൽഡ് പ്രോജക്റ്റായി രൂപകല്പന ചെയ്യാനും വികസിപ്പിക്കാനുമുള്ള സാധ്യത എന്നിവയും ശ്രദ്ധേയമായ നേട്ടങ്ങളാണ്.

സമ്മതപത്ര പ്രകാരമുള്ള കാലയളവിൽ തുറമുഖ വികസനപ്രവർത്തനങ്ങൾ പിപിപി മാതൃകയിലാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. കണ്ടെയ്നർ യാർഡ്, ടെർമിനൽ കെട്ടിടങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനും കാർഗോ കൈകാര്യം ചെയ്യുന്ന തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രവർത്തിപ്പിക്കു ന്നതിനും ടെർമിനൽ ഓപ്പറേറ്ററുകൾ ആവശ്യമാണ്. വിസിലിന്റെ വികസനത്തിനായുള്ള ധനസഹായം സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ വിഹിതം സംസ്ഥാന സർക്കാരിൽ നിന്നാണ് വരുന്നത്. നിർമ്മാണ പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള പുരോഗതിയുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.28** ൽ നൽകിയിരിക്കുന്നു.

തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഒരു തുറമുഖം എന്നതിനപ്പുറം ഇന്ത്യയുടെ സമുദ്ര മേഖലയുടെ മികച്ച നേട്ടങ്ങളുടെ പ്രതീകമാണ്. അറബിക്കടലിനോട് ചേർന്നുള്ള സവിശേഷമായ സ്ഥാനം കൊണ്ട്, ഈ ആഴക്കടൽ വാട്ടർ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ഹബ് രാജ്യത്തിന്റെ സമുദ്ര ഭൂപ്രകൃതിയിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് ഒരുങ്ങുകയാണ്. വർഷങ്ങളായി രാജ്യത്തിന് ഒരു നിർണ്ണായക വെല്ലുവിളിയായിരുന്ന മദർ വെസ്സലുകളെ ഇന്ത്യയിൽ എത്തിക്കുക എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് ഈ അഭിലാഷ പദ്ധതി വിഭാവനം ചെയ്തത്. കൂടാതെ ഇത് ചരക്കുകളുടെ കാര്യക്ഷമമായ ട്രാൻസ്ഷിപ്പ്മെന്റും വർദ്ധിപ്പിക്കും.

ആദ്യത്തെ അന്താരാഷ്ട്ര ചരക്ക് കപ്പൽ 'ഷെൻഹുവ 15', 2023 ഒക്ടോബർ 15 ന് ഇന്ത്യയുടെ ആദ്യത്തെ മദർ പോർട്ട് ആയ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് എത്തി. ഒന്നാം ഘട്ടത്തിലെ 800 മീറ്റർ നീളമുള്ള ബെർത്തിന്റെ ആദ്യ 400 മീറ്റർ 2024 ജൂലൈയിൽ പൂർത്തിയാക്കിയ ശേഷം, 2024 ജൂലൈ 11-ന് തുറമുഖത്ത് ആദ്യ കണ്ടെയ്നർ വെസ്സൽ (സാൻ ഫെർണാണ്ടോ)

**ബോക്സ് 11.1.1** വിഴിഞ്ഞം തുറമുഖം - കേരളത്തിലെ തുറമുഖ അടിസ്ഥാന സൗകര്യങ്ങളിലെ സുപ്രധാന നാഴികക്കല്ല്

രാജ്യത്തെ ഏറ്റവും വലിയ തുറമുഖമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം 2024 ഡിസംബർ 3 ന് (വാണിജ്യ പ്രവർത്തന തീയതി) ഔദ്യോഗികമായി സർവീസുകൾ ആരംഭിച്ചു. 2024 ജൂലൈ 12 മുതൽ തുറമുഖം ട്രയൽ റൺ ആരംഭിച്ചിരുന്നു. ട്രയൽ റണ്ണിൽ വളരെ വലിയ മദർ വെസ്സലുകൾ ഉൾപ്പെടെ 72 ചരക്ക് കപ്പലുകൾ നങ്കൂരമിട്ടു. തുറമുഖം കൈകാര്യം ചെയ്തു 147,818 ടിഇയു (ട്വന്റി ഫൂട്ട് ഈക്വലന്റ് യൂണിറ്റ്) കണ്ടെയ്നറുകളിൽ നിന്നും ആകെ വരുമാനമായി 94.31 കോടി രൂപയും ജിഎസ്ടി തുകയായി 16.65 കോടി രൂപയും ലഭിക്കുകയുണ്ടായി.

2024 നവംബർ 28-ന് സംസ്ഥാന സർക്കാർ കൺസെഷനറുമായി പദ്ധതിയുടെ കൺസെഷൻ കാലാവധി അഞ്ച് വർഷം കൂടി നീട്ടികൊണ്ട് ഒരു സപ്ലിമെന്ററി കൺസെഷൻ കരാറിൽ ഏർപ്പെട്ടു. എന്നിരുന്നാലും, കൺസെഷനറുമായുള്ള വരുമാനം പങ്കിടൽ ഷെഡ്യൂൾ ഇപ്പോഴും യഥാർത്ഥ ഉടമ്പടി പ്രകാരം മാറ്റമില്ലാതെ തുടരുകയും ഇത്  വരുമാനം പങ്കിടൽ നേരത്തെ ആരംഭിക്കുന്നത് ഉറപ്പാക്കുകയും ചെയ്യുന്നു. തുറമുഖത്തിന്റെ ചരക്കു വാഹക ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ബാക്കിയുള്ള ഘട്ടങ്ങൾ 2028-ഓടെ പൂർത്തിയാക്കണമെന്ന് അനുബന്ധ കരാർ അനുശാസിക്കുന്നു, ഇത് യഥാർത്ഥ കരാറിൽ നിശ്ചയിച്ചിരുന്ന 2045 എന്ന സമയപരിധിയേക്കാൾ നേരത്തെയാണ്. ഈ വികസനത്തിലൂടെ കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിൽ തുറമുഖത്തിന്റെ ശേഷി നിലവിലെ 10 ലക്ഷം ടിഇയുവിൽ നിന്ന് 30 ലക്ഷം ടിഇയു ആയി വർദ്ധിക്കും.

7868.66 കോടി രൂപയുടെ ഒന്നാം ഘട്ട നിക്ഷേപത്തിൽ 5414.66 കോടി രൂപ (68.8 ശതമാനം) കേരള സർക്കാരിന്റെ വിഹിതമാണ്. പുനരധിവാസ നടപടികളും റെയിൽവേ പോലുള്ള അനുബന്ധ അടിസ്ഥാന സൗകര്യ പദ്ധതികൾ നിർമ്മിക്കുന്നതിലെ കാലതാമസവുമാണ് ചെലവ് വർദ്ധിക്കുന്നതിനുള്ള കാരണം. ഇതും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. കേന്ദ്ര സർക്കാരിൽ നിന്ന് വി ജി എഫ് ആയി ലഭിക്കുന്നത്  817.8 കോടി രൂപ (9.4 ശതമാനം) ആണ്. എന്നിരുന്നാലും, ഈ തുക ലഭിക്കുന്നതിന്, 2034 ന് ശേഷം കൺസഷൻ ഫീസിൽ നിന്നുള്ള വരുമാനത്തിന്റെ 20 ശതമാനം പങ്കിട്ട് പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ സംസ്ഥാനം നടത്തിയ പ്രധാന നിക്ഷേപം കണക്കിലെടുത്തും അതിൽ നിന്നുള്ള വരുമാനം രാജ്യത്തിന് മൊത്തത്തിൽ ലഭിക്കുമെന്നതിനാലും ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിലെ കൺസെഷനറുടെ (അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്) നിക്ഷേപ വിഹിതം ഏകദേശം 2,454 കോടി രൂപ (31.2 ശതമാനം) ആണ്.

ലോകത്തിലെ ഏറ്റവും വലിയ ഷിപ്പിംഗ് കമ്പനിയായ മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി (എംഎസ്‌സി) വിഴിഞ്ഞം തുറമുഖത്തെ അവരുടെ 2 ഷിപ്പിംഗ് സേവനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് -(എ) യൂറോപ്പിനെയും ഏഷ്യയെയും ബന്ധിപ്പിക്കുന്ന ജേഡ് സർവീസും, (ബി) ഏഷ്യയെയും മെഡിറ്ററേനിയനെയും ബന്ധിപ്പിക്കുന്ന ഡ്രാഗൺ സർവീസും. ഈ പുതിയ റൂട്ടുകൾ വിഴിഞ്ഞത്ത് അടുക്കുന്ന കപ്പലുകളുടെ എണ്ണം വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

10.76 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിലും പുരോഗതിയുണ്ട്. 5.5 ഹെക്ടർ ഭൂമി ഏറ്റെടുത്ത് കൊങ്കൺ റെയിൽ വികസന കോർപ്പറേഷന് കൈമാറും. റെയിൽപാതയുടെ 70 ശതമാനവും നിലവിലുള്ള ബാലരാമപുരം-വിഴിഞ്ഞം പാതയോരത്തായതിനാൽ സ്ഥലമെടുപ്പിനും പുനരധിവാസത്തിനും ആവശ്യമായ ചെലവ് കുറയ്ക്കാൻ സാധിക്കും. റെയിൽവേ ലൈനിന്റെ ഒരു പ്രധാന സവിശേഷത 9.5 കിലോമീറ്റർ ദൈർഘ്യമുള്ള തുരങ്കമാണ്, ഇത് രാജ്യത്തെ മൂന്നാമത്തെ ഏറ്റവും ദൈർഘ്യമേറിയ റെയിൽവേ തുരങ്കമായിരിക്കും. നിർമ്മാണം 42 മാസത്തിനുള്ളിൽ പൂർത്തിയാകുമെന്നും നിർമ്മാണച്ചെലവ് ഏകദേശം 1,400 കോടി രൂപ ആയിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ചരക്ക് നീക്കത്തിൽ ഒരു ട്രാൻസിറ്റ് പോയിൻറ് ആയി പ്രവർത്തിക്കുന്ന വിഴിഞ്ഞം പ്രാധാനമായും ഒരു ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബാണ്. പ്രാരംഭ സാധ്യതാ പഠനമനുസരിച്ച്, മാതൃ കപ്പലുകളിൽ നിന്നുള്ള 80-85 ശതമാനം ചരക്കും ഇന്ത്യയിലെ മറ്റ് കപ്പലുകളിൽ വഴി മറ്റ് തുറമുഖങ്ങളിലേക്ക് മാറ്റുമെന്ന് പ്രതീക്ഷിക്കുന്നു. എന്നിരുന്നാലും, ഈ അന്താരാഷ്ട്ര തുറമുഖവും അതിന്റെ തന്ത്രപരമായ സ്ഥാനവും നൽകുന്ന അവസരങ്ങൾ മുതലെടുക്കാൻ കേരളം തുറമുഖാധിഷ്ഠിത വികസന രീതി അവലംബിക്കുന്നു. വിഴിഞ്ഞം വളർന്നുവരുന്ന ഒരു വാണിജ്യ ഇടനാഴിയുടെ കേന്ദ്രബിന്ദുവായി മാറാൻ ഒരുങ്ങുകയാണ്. വിഴിഞ്ഞം തുറമുഖം അതിന്റെ പൂർണ ശേഷിയിൽ പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ സംസ്ഥാനത്ത് അനന്തമായ വികസന സാധ്യതകൾ തുറക്കപ്പെടും. ഈ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി വൻതോതിലുള്ള നിക്ഷേപങ്ങൾ  ആകർഷിക്കുന്നതിനും, പ്രദേശത്തിന്റെ വികസനത്തിനുമായി വ്യവസായ ഇടനാഴിയും, ക്ലസ്റ്റർ മാതൃകകളും  കേരള സർക്കാർ പ്രോൽസാഹിപ്പിക്കുന്നു.

നിർദിഷ്ട വിഴിഞ്ഞം–നാവായിക്കുളം ഔട്ടർ റിങ് റോഡിന്റെയും തിരുവനന്തപുരത്തെ വികസന ഇടനാഴിയുടെയും വികസനം എല്ലാ അനുബന്ധ ഏജൻസികളുടെയും എല്ലാ പ്രദേശവാസികളുടെയും സംരംഭകരുടെയും സജീവ സഹകരണവും പങ്കാളിത്തവും ഉപയോഗിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ പൂർണ്ണ വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഒരു പ്രത്യേക വികസന മേഖല (എസ് ഡി സി ) രൂപീകരിക്കാൻ സർക്കാർ പദ്ധതിയിടുന്നു. ടൗൺഷിപ്പുകൾ, റെസിഡൻഷ്യൽ ഏരിയകൾ, വാണിജ്യ കേന്ദ്രങ്ങൾ, വെയർഹൗസുകൾ, വിനോദ മേഖലകൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു സമഗ്ര കേന്ദ്രമാക്കി വിഴിഞ്ഞത്തെ മാറ്റുക എന്നതാണ് ദീർഘവീക്ഷണത്തിൽ ഉൾപ്പെടുന്നത്.

വിഴിഞ്ഞം-കൊല്ലം-പുനലൂർ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ത്രികോണ രീതിയിലുള്ള ഒരു വ്യാവസായിക, സാമ്പത്തിക മാതൃക സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇത് കിഫ്ബി വഴി നടപ്പിലാക്കും. രാജ്യത്തെ ഏറ്റവും വലിയ തുറമുഖമായ വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ സംസ്ഥാനത്തിന്റെ പ്രയോജനത്തിനായി ഉപയോഗിക്കാനാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്.

2024-25 ൽ മൂലധന നിക്ഷേപത്തിനായുള്ള സംസ്ഥാനങ്ങളുടെ പ്രത്യേക സഹായ പദ്ധതി( എസ് എ എസ് സി ഐ) പ്രകാരം വായ്പയായി ലഭിച്ച 795 കോടി രൂപയും ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ചെലവഴിക്കും. വികസന പദ്ധതികളിലെ മൂലധന നിക്ഷേപത്തിനായി നൽകുന്ന ഈ പലിശ രഹിത വായ്പയ്ക്ക് 50 വർഷത്തെ തിരിച്ചടവ് കാലാവധിയുണ്ട്.

ഉറവിടം: വിസിൽ

ഡോക്ക് ചെയ്തുകൊണ്ട് തുറമുഖത്തിന്റെ പരീക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ട്രയൽ പ്രവർത്തനങ്ങളുടെ ആരംഭം മുതൽ 7 മദർ വെസ്സലുകളിലും 4 ഫീഡർ വെസ്സലുകളിലും നിന്നായി 20,000 കണ്ടെയ്നറുകൾ തുറമുഖം കൈകാര്യം ചെയ്തിട്ടുണ്ട്. 24,116 ടിഇയു ശേഷിയുള്ള അൾട്രാ ലാർജ് കണ്ടെയ്നർ വെസ്സൽ (യുഎൽസിവി) വിഭാഗത്തിലുള്ള എംഎസ്സി ക്ലോഡ് ഗിറാർഡെറ്റ് എന്ന പേരിലുള്ള ഒരു കണ്ടെയ്നർ വെസ്സൽ 2024 സെപ്റ്റംബർ 13-ന് തുറമുഖത്ത് എത്തിച്ചേർന്നു. ദക്ഷിണേഷ്യൻ തുറമുഖങ്ങളിൽ നങ്കൂരമിട്ടതിൽ ഏറ്റവും വലിയ കണ്ടെയ്നർ വെസ്സലാണിത്.

തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം അതിന്റെ വിഷൻ ഡോക്യുമെന്റായ മാരിടൈം ഇന്ത്യ വിഷൻ (എംഐവി) 2030 ൽ തെരഞ്ഞെടുത്തതും മുൻഗണന നൽകിയിട്ടുള്ളതുമായ കേരള സർക്കാരിന്റെ ഏക പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. നിലവിൽ ഇന്ത്യൻ ചരക്കുകളുടെ 25 ശതമാനം മാത്രമാണ് ഇന്ത്യൻ തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്നത് അതിനാൽ, ദക്ഷിണേന്ത്യയിലെ ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബുകൾ ശക്തിപ്പെടുത്തുന്നതിന്റെ പ്രാധാന്യം വിഷൻ ഡോക്യുമെന്റ് എടുത്തു പറയുന്നുണ്ട്. ഇന്ത്യൻ ചരക്കിന്റെ 75 ശതമാനം ശ്രീലങ്ക, ദുബായ്, സിംഗപ്പൂർ തുടങ്ങിയ തുറമുഖങ്ങളിലൂടെയാണ് ഇന്ത്യയിലേയ്ക്ക് എത്തിച്ചേരുന്നത്. പത്ത് വർഷത്തിനുള്ളിൽ 75 ശതമാനം ട്രാൻസ്ഷിപ്പ്മെന്റ് കാർഗോയാണ് ഇന്ത്യൻ തുറമുഖങ്ങളിലൂടെ എംഐവി 2030 ലക്ഷ്യമിടുന്നത്. വിഴിഞ്ഞത്തിന്റെ നിർമ്മാണത്തോടെ വലിയ മദർ ഷിപ്പുകൾക്ക് നേരിട്ട് ഇന്ത്യൻ തീരത്ത് എത്താൻ കഴിയും.

### മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് (അഴീക്കൽ തുറമുഖം)

അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് (എം ഐ പി എസ് ലിമിറ്റഡ്) എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഒരു അന്തർദേശീയ, തീരദേശ ഷിപ്പിംഗ് തുറമുഖമായിട്ടാണ് അഴീക്കൽ തുറമുഖം വിഭാവനം ചെയ്തിരിക്കുന്നത്. ഇത് മലബാർ പ്രദേശത്തെ സാധ്യതയുള്ള മേഖലകളിലേക്ക് തുറമുഖത്തേക്കുള്ള ചരക്കുകളും സംരംഭക വിഭവങ്ങളും എത്തിക്കാൻ കഴിയുന്നതും പ്രത്യേക സാമ്പത്തിക മേഖലകൾ/വ്യാവസായിക പാർക്കുകൾ എന്നിവയുമായി ഇന്റർ മോഡൽ കണക്റ്റിവിറ്റിയുള്ളതുമായിരിക്കും.

അഴീക്കലിൽ ആഭ്യന്തര, അന്തർദേശീയ ചരക്കുകൾക്കായി ഒരു പുതിയ തുറമുഖം വികസിപ്പിക്കുന്നത് 3 ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്. പനാമാക്സ് വലുപ്പമുള്ള കപ്പലുകൾ വരെ (4000 മുതൽ 4500 കണ്ടെയ്നറുകൾ വരെ) കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിലാണിത്. ഒന്നാം ഘട്ടത്തിൽ 500 മീറ്റർ ബെർത്തും, രണ്ടാം ഘട്ടത്തിൽ 300 മീറ്റർ ബെർത്തും, മൂന്നാം ഘട്ടത്തിൽ 300 മീറ്റർ ബെർത്തും ആസൂത്രണം ചെയ്തിട്ടുണ്ട്. തുറമുഖ തടത്തിൽ 14.1 മീറ്റർ ആഴത്തിൽ ഡ്രെഡ്ജ് ചെയ്ത് തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായാൽ, 5000 റ്റി ഇ യു പനാമാക്സ് കപ്പലുകൾ വരെ കൈകാര്യം ചെയ്യാനും, തുറമുഖത്തിന് കണ്ടെയ്നറുകൾ, ലിക്വിഡ് ബൾക്ക്, പെട്രോളിയം ഉൽപ്പന്നങ്ങൾ, ഡ്രൈ ബൾക്ക്, ബ്രേക്ക്-ബൾക്ക് ചരക്ക് മുതലായവ കൈകാര്യം ചെയ്യാൻ കഴിയും.

ടെക്നിക്കൽ കൺസൾട്ടന്റ് എം/എസ്. ഹോവേ നടത്തിയ ഏറ്റവും പുതിയ സാമ്പത്തിക വിലയിരുത്തൽ പ്രകാരം കണക്കാക്കിയ പദ്ധതിയുടെ ആകെച്ചെലവ് (ഭൂമി ഏറ്റെടുക്കൽ ചെലവ് ഉൾപ്പെടെ) 5,047 കോടി രൂപയാണ്: 3 ഘട്ടങ്ങളിലായി (യഥാക്രമം. 3,742 കോടി രൂപ +375 കോടി രൂപ +930 കോടി രൂപ) എന്നിങ്ങനെയാണ്. ടെക്നിക്കൽ കൺസൾട്ടന്റ് പദ്ധതിയുടെ കരട് ഡിപിആർ അംഗീകാരത്തിനായി 2023 സെപ്റ്റംബറിൽ കേരള സർക്കാരിന് സമർപ്പിച്ചു. ജി.ഒ (എം എസ്) നമ്പർ 17/2024/എഫ്&പി തീയതി: 22.08.2024 പ്രകാരം, സി എം ഡി സമർപ്പിച്ച സാമ്പത്തിക മാതൃകയ്ക്കൊപ്പം ഡിപിആറിന് സർക്കാർ ഉപാധികളോടുകൂടി അംഗീകാരം നൽകി. കരട് പരിസ്ഥിതി ആഘാത വിലയിരുത്തൽ (ഇഐഎ) റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്.

### ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (എച്ച്ഇഡി)

ഫിഷറീസ്, തുറമുഖ വകുപ്പുകളുടെ വികസന പദ്ധതികൾക്കായുള്ള പരിവേഷണം, ആസൂത്രണം, രൂപകൽപന, വിലയിരുത്തൽ, നിർവ്വഹണം, പ്രവർത്തനം, ഫിഷിംഗ് ഹാർബറുകളുടെയും ഫിഷ് ലാൻഡിംഗ് സെന്ററുകളുടെയും പരിപാലനം, അനുബന്ധ മറൈൻ എഞ്ചിനീയറിംഗ്, സാങ്കേതിക പ്രവർത്തനങ്ങൾ എന്നിവ എച്ച്ഇഡി നിർവഹിക്കുന്നു. ടൂറിസം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവന വകുപ്പായും എച്ച്ഇഡി പ്രവർത്തിക്കുന്നു. തുറമുഖ മേഖലയിലെ എല്ലാ തരത്തിലുള്ള പ്രത്യേക നിർമ്മാണ പ്രവർത്തനങ്ങൾക്കും കേരള മാരിടൈം ബോർഡ് എച്ച്ഇഡിയെ ചുമതലപ്പെടുത്താറുണ്ട്.

### 2023–24 ലെ എച്ച്ഇഡി യുടെ പ്രധാന നേട്ടങ്ങൾ

- മൊത്തം 117.48 കോടി രൂപയുടെ ഏഴ് ഫ്ലോട്ടിംഗ് ജെട്ടി പ്രോജക്ടുകൾ കേന്ദ്രസർക്കാർ പദ്ധതിയായ സാഗർമാലയ്ക്ക് കീഴിൽ അനുവദിച്ചു.
- എച്ച്ഇഡിയിലെ എഞ്ചിനീയർമാർക്ക് തീരദേശ എഞ്ചിനീയറിംഗ് വിഷയങ്ങളിൽ പ്രത്യേക പരിശീലന പരിപാടിയും ഇലക്ട്രിക്, മെക്കാനിക്കൽ ജീവനക്കാർക്ക് വൈദഗ്ധ്യ വികസനപരിപാടിയും നടത്തുകയുണ്ടായി.
- വിവിധ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം - (1) കൊല്ലം തുറമുഖത്ത് ഗേറ്റും ഗേറ്റ് ഹൗസ് കെട്ടിടവും, (2) ആശ്രമം പോർട്ട് കോമ്പൗണ്ടിൽ കെഐവി രജിസ്ട്രേഷനുള്ള ഓഫീസ് കെട്ടിടവും അതിഥി മുറിയും പള്ളിത്തോട്ടിലുള്ള കസ്റ്റംസ് ഓഫീസ് കെട്ടിടത്തിന്റെ ഒന്നാം നിലയുടെ വിപുലീകരണവും (3) ബേപ്പൂർ തുറമുഖത്ത് ബിസി റോഡ് കോമ്പൗണ്ടിലെ ക്യാന്റീൻ കം ഡോർമിറ്ററി കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സും (4) മഞ്ചേശ്വരത്തുള്ള ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷന് ഓഫീസ് കെട്ടിടം എന്നിവ പൂർത്തികരിച്ചു.

### ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ്(എച്ച് എസ് ഡബ്ല്യു)

കേരളത്തിലെ എല്ലാ ജലാശയങ്ങളുടെയും ഉൾനാടൻ നാവിഗേഷൻ വികസനത്തിനായുള്ള ഹൈഡ്രോഗ്രാഫിക് സർവ്വെ വിവരങ്ങളുടെ അന്വേഷണവും ശേഖരണവും ലക്ഷ്യമാക്കി 1967-ൽ

**പട്ടിക 11.1.10** ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം നടത്തിയ സർവ്വേയുടെ വിശദാംശങ്ങൾ

| ക്രമ നം | വകുപ്പ് | സർവ്വേകളുടെ എണ്ണം |
|---|---|---|
| 1 | സി എസ് എൽ (കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡ്) | 19 |
| 2 | എച്ച് ഇ ഡി (ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്) | 37 |
| 3 | കെ എം ബി (കേരള മാരിടൈം ബോർഡ്) | 2 |
| 4 | ജലസേചന വകുപ്പ് | 2 |
| 5 | കെ എം ആർ എൽ (കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്) | 20 |
| 6 | സി പി ടി (കൊച്ചിൻ പോർട്ട് ട്രസ്റ്റ്) | 2 |
| 7 | ഹരിതകേരളം | 1 |
| 8 | എൻ എച്ച് എ ഐ (നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ | 4 |
| | **ആകെ** | **87** |

ഉറവിടം: ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്

ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ് (എച്ച്എസ്ഡബ്ല്യു) സ്ഥാപിതമായി. തുറമുഖ മേഖലയിലെ സംസ്ഥാന ഏജൻസിയായ എച്ച്എസ്ഡബ്ല്യു, പരിവേഷണങ്ങൾ നടത്തുകയും ഡിജിറ്റലിലും പ്രിന്റഡ് ഫോർമാറ്റിലും ഹൈഡ്രോഗ്രാഫിക് ചാർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്നു. അത്തരം ഹൈഡ്രോഗ്രാഫിക് ചാർട്ടുകൾ മൊത്തത്തിലുള്ള വാട്ടർ മാസ്സിന്റെ ആഴം, വെള്ളത്തിനടിയിലെ ഭൂപ്രകൃതി, രൂപരേഖകൾ, തീരത്തിന്റെയും കരയുടെയും സവിശേഷതകൾ, ജലത്തിന്റെ അടിഭാഗത്തിന്റെ സ്വഭാവം എന്നിവയെക്കുറിച്ചുള്ള നേരിട്ടുള്ള വിവരങ്ങൾ നൽകുന്നു. എല്ലാ ഹൈഡ്രോഗ്രാഫിക് വിവരങ്ങൾ ശേഖരിക്കുകയും നാവിഗേഷൻ ചാർട്ടുകൾ അപ്ഡേറ്റ് ചെയ്യുന്നതിനായി നാഷണൽ ഹൈഡ്രോഗ്രാഫിക് ഓഫീസിലേക്ക് കൈമാറുകയും ചെയ്യുന്നു. ഏഴ് സർവ്വെ വെസ്സലുകളുടെ ഒരു വ്യൂഹം വിംഗിന് കീഴിൽ സജ്ജീകരിച്ചിരിക്കുന്നു. അക്കാദമിക് കോഴ്സുകൾ നടത്തി ഓഫീസർമാരെ സജ്ജരാക്കുന്നതിനായി, ഹൈഡ്രോഗ്രാഫിക് സർവ്വെ വിഭാഗത്തിന് കീഴിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോഗ്രഫി ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ (കിഹാസ്) സ്ഥാപിച്ചിട്ടുണ്ട്.

2023-24 മുതൽ 2024 ഓഗസ്റ്റ് 31 വരെയുള്ള കാലയളവിൽ ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ് മൊത്തം 87 സർവേകൾ നടത്തി. സർവേയുടെ വിശദാംശങ്ങൾ **പട്ടിക 11.1.10** ചുവടെ നൽകിയിരിക്കുന്നു.

എച്ച് എസ് ഡബ്ല്യു യുടെ പ്രധാന സംരംഭങ്ങൾ

1. ഇലക്ട്രോണിക് നാവിഗേഷൻ ചാർട്ടുകൾ, തത്സമയ സർവ്വെ വിവരങ്ങൾ, ഇ-ചാർട്ടിംഗ് എന്നിവയ്ക്കായി വേഗത്തിൽ വിവരകൈമാറ്റം ഉറപ്പാക്കുന്നതിനായി ഇ-ഗവേണൻസ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.
2. സബ് ഓഫീസുകളും ഹെഡ് ഓഫീസുകളും തമ്മിലുള്ള തടസ്സമില്ലാത്ത പരസ്പര ബന്ധത്തിനും, വിവരങ്ങൾ പങ്കിടുന്നതിനുമായി ഹെഡ്, സബ് ഓഫീസുകളിൽ ഐ സി സി സി (ഇന്റഗ്രേറ്റഡ് കമാൻഡ് & കൺട്രോൾ സെന്ററുകൾ) സ്ഥാപിച്ചു.
3. ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള എച്ച്എസ്ഡബ്ല്യുവുമായി സഹകരിച്ച് 'ഹൈഡ്രോഗ്രാഫിക് ഡാറ്റ മാനേജ്മെന്റ് സിസ്റ്റം' (എച്ച് എസ് എം എസ് വൈ എസ് ) ഓപ്പൺ സോഴ്സ് വെബ് ജിഐഎസ് അടിസ്ഥാനമാക്കിയുള്ള ഒരു പോർട്ടൽ വികസിപ്പിച്ചെടുത്തു. വിവിധ കാലഘട്ടങ്ങളിലെ ബാത്തിമെട്രിക് തലത്തിലുള്ള ലേയേർഡ് 2ഡി/3ഡി വിവരങ്ങളുടെ ദൃശ്യവൽക്കരിക്കുന്നതിനും കമ്പ്യൂട്ടറൈസേഷൻ പഠനങ്ങൾക്കും വേണ്ടിയാണിത്.
4. ഉപഭോക്താക്കൾക്ക് സർവേയുമായി ബന്ധപ്പെട്ട സേവനങ്ങൾ/അഭ്യർത്ഥനകൾ ഓൺലൈനിൽ സുഗമമായി ലഭ്യമാക്കുന്നതിനുള്ള ഒരു വെബ് അധിഷ്ഠിത പ്ലാറ്റ്ഫോം സംവിധാനമായ 'ജലനേത്ര-ഹൈഡ്രോഗ്രാഫിക് സർവ്വെ മാനേജ്മെന്റ് സിസ്റ്റം' വികസിപ്പിച്ചെടുത്തു.
5. എച്ച് എസ് ഡബ്ല്യുനുള്ളിൽ ആശയവിനിമയത്തിനും ഉൾപ്രവർത്തന പ്രക്രിയകൾ കൈകാര്യം ചെയ്യുന്നതിനും മറൈൻ സർവേയർമാർക്ക് ഉപയോഗപ്രദമായ ഒരു ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷനായ 'തീരം ആപ്പ്' വികസിപ്പിച്ചെടുത്തു. എല്ലാ പ്രാഥമിക / സാധ്യതാപഠന സർവേകളും ഇതുവഴി നിയന്ത്രിക്കാനാകും.
6. ഹൈഡ്രോഗ്രാഫിക് ഡാറ്റ മാനേജ്മെന്റ് പ്രക്രിയയെ ഡിജിറ്റൽ മോഡലിലേക്ക് മാറ്റുക എന്ന ലക്ഷ്യത്തോടെ ഡിജിറ്റൽ യൂണിവേഴ്സിറ്റി ഒരു ഓപ്പൺ സോഴ്സ് വെബ് അധിഷ്ഠിത ജിഐഎസ് പ്ലാറ്റ്ഫോമായ 'ഹൈഡ്രോഗ്രാഫിക് ഡാറ്റ മാനേജ്മെന്റ് സിസ്റ്റം' (എച്ച് വൈ എം എസ് വൈ എസ്) വികസിപ്പിച്ചെടുത്തു.

**വെല്ലുവിളികളും അവസരങ്ങളും**

തുറമുഖ വികസനം സാമ്പത്തിക വളർച്ചയുടെ മറ്റ് മേഖലകളുമായി സംയോജിപ്പിക്കുന്നത് ഭാവിയിലെ സാമ്പത്തിക വികസനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കും. തുറമുഖങ്ങൾ വികസിപ്പിക്കുക, നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, തുറമുഖങ്ങൾ യന്ത്രവൽക്കരിക്കുക, കണക്റ്റിവിറ്റിയും വിന്യസതയും മെച്ചപ്പെടുത്തി തുറമുഖ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ സർക്കാർ നിരവധി സംരംഭങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഈ സംരംഭങ്ങൾ ഉണ്ടായിരുന്നിട്ടും, ദേശീയമായോ അന്തർദേശീയമായോ മറ്റ് തുറമുഖങ്ങളുമായി കേരളത്തിന്റെ തുറമുഖ മേഖലയെ താരതമ്യപ്പെടുത്താനാവില്ല. തുറമുഖ മേഖലയിലെ അപര്യാപ്തമായ റോഡ് ശൃംഖല, ചരക്ക് കൈകാര്യം ചെയ്യാനുള്ള ഉപകരണങ്ങളുടെയും

യന്ത്രങ്ങളുടെയും അപര്യാപ്തത, റെയിൽ, റോഡ്, ഹൈവേകൾ, തീരദേശ ഷിപ്പിംഗ്, ഉൾനാടൻ ജലപാതകൾ എന്നീ മാർഗ്ഗങ്ങളിലൂടെയുള്ള പരിമിതമായ കണക്റ്റിവിറ്റി കാരണമുള്ള കാര്യക്ഷമത ഇല്ലായ്മ തുടങ്ങിയവയാണ് ഈ മേഖല നേരിടുന്ന പ്രധാനവെല്ലുവിളികൾ. ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. വിവിധ നിയമങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്ന നിയന്ത്രിതരീതികൾ സങ്കീർണ്ണമായതാൽ മെച്ചപ്പെട്ട സംയോജനവും മികച്ച ഏകോപനവും സാധ്യമാക്കുന്നതിന് നടപടിക്രമങ്ങൾ ലളിതമാക്കേണ്ടതുണ്ട്. തുറമുഖാധി ഷ്ഠിത വികസനത്തിലൂടെ സംസ്ഥാനത്തിന്റെ തീരപ്രദേശ ത്തിന്റെ പ്രയോജനം പൂർണമായും നേടേണ്ടതാണ്. തീരദേശ ഷിപ്പിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും റോഡുകളിലെ തിരക്ക് കുറയ്ക്കുന്നതിനും, നിലവിലുള്ള ഇൻസന്റീവ് പദ്ധതികൾ വിപുലപെടുത്തുന്നതിനും നയങ്ങൾ രൂപീകരിക്കാവുന്നതാണ്. സംസ്ഥാന ത്തിന്റെ തീരദേശ ഗതാഗത സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് തുറമുഖാധിഷ്ഠിത വ്യവസാ യങ്ങളും കാർഷിക യന്ത്രങ്ങളുടെ ഉൽപ്പാദന കേന്ദ്രങ്ങളും വികസിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ മാരിടൈം ക്ലസ്റ്ററിന്റെ വികസനം ആവശ്യമാണ്.

## ഉൾനാടൻ ജലഗതാഗതം

നദികൾ, കനാലുകൾ, കായലുകൾ, അരുവികൾ എന്നിവയുടെ രൂപത്തിലുള്ള ഉൾനാടൻ ജലഗതാഗതം (ഐ ഡബ്ല്യു റ്റി) ഗതാഗത ശൃംഖലയുടെ മൊത്തത്തിലുള്ള പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ചരക്ക് ഗതാഗതത്തിനും യാത്രക്കാർക്കും നീക്കത്തിനും അനുയോജ്യമായ പരിസ്ഥിതി സൗഹൃദ ഗതാഗത മാർഗമാണിത്. റോഡുകളെയും റെയിൽവേയെയും അപേക്ഷിച്ച് ഉൾനാടൻ ജലഗതാഗത പാതകൾക്ക് അതിന്റേതായ സ്വാഭാവിക ഗുണങ്ങളുണ്ട്, അതിനാൽ, ഉൾനാടൻ ജലഗതാഗത മേഖല വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ഊന്നൽ നൽകേണ്ടതാണ്. സംയോജിത മാസ്റ്റർപ്ലാൻ സംസ്ഥാനത്തെ ജലപാതകളുടെ സമഗ്രവികസനത്തിനുള്ള ഒരു പ്രേരകമായിരിക്കും. വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ജലപാതകൾ വഴിയുള്ള ചരക്ക് ഗതാഗതം രാജ്യത്ത് വളരെ കുറവാണ്. ഇന്ത്യയുടെ ഉൾനാടൻ കണക്റ്റിവിറ്റി പ്രധാനമായും ആഭ്യന്തര ജലപാതകളുമായിട്ടുള്ള റോഡ്, റെയിൽ കണക്റ്റിവിറ്റിയെ അടിസ്ഥാനമാക്കിയുള്ളതാണ്. തിരക്കുള്ള റെയിൽപ്പാതകൾക്കും റോഡുകൾക്കും പകരമായി ചരക്കുകൾ നീക്കം ചെയ്യുന്നതിനുള്ള ശേഷി ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗതത്തിനുണ്ട്. ചരക്ക് നീക്കത്തിന് പുറമേ, വാഹനങ്ങൾ കൊണ്ടുപോകുന്നതിന് റോൾ-ഓൺ-റോൾ-ഓഫ് (റോ-റോ) രീതിയിലുള്ള കടത്തുവള്ളം, വിനോദസഞ്ചാരം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങളിലും ഉൾനാടൻ ജലഗതാഗത മേഖല സൗകര്യം നൽകി വരുന്നു.

ഷിപ്പിംഗും നാവിഗേഷനും പ്രോത്സാഹിപ്പിക്കുന്നതിനായി രാജ്യത്തെ 111 ഉൾനാടൻ ജലപാതകൾ 2016-ലെ ദേശീയ ജലപാത നിയമ പ്രകാരം, 'ദേശീയ ജലപാതകൾ' (എൻ ഡബ്ല്യു) ആയി പ്രഖ്യാപിക്കുകയുണ്ടായി. ദേശീയ ജലപാത നിയമം, 2016 പ്രകാരം ദേശീയ ജലപാതകളായി പ്രഖ്യാപിച്ചിട്ടുള്ള ജലപാതകളുടെ വികസനം, പരിപാലനം, നിയന്ത്രണം എന്നിവയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ഷിപ്പിംഗ് തുറമുഖ, ജലപാത മന്ത്രാലയത്തിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ് (ഐ ഡബ്ല്യു എ ഐ) നടപ്പിലാക്കുന്നത്.

### ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗതത്തിലൂടെയുള്ള ചരക്ക് ഗതാഗതം

ദേശീയ ജലപാതകളിലെ ചരക്ക് നീക്കം 2022-23 ലെ 126.15 മില്ല്യൻ മെട്രിക് ടൺ (എംഎംടി) ആയിരുന്നതിൽ നിന്നും 2023-24 വർഷത്തിൽ ഇതേ കാലയളവിൽ 5.45 ശതമാനം വളർച്ചയോടുകൂടി 133.03 മില്ല്യൻ മെട്രിക് ടൺ (എംഎംടി) ആയി വർദ്ധിച്ചു. മാരിടൈം ഇന്ത്യ വിഷൻ (എംഐവി) 2030 രേഖ പ്രകാരം, ദേശീയ ജലപാതകളിലെ ചരക്ക് നീക്കം 2030 ഓടെ 200 എംഎംടിയായി വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു.

### കേരളത്തിലെ ദേശീയ ജലപാതകൾ

ഇരുപതാം നൂറ്റാണ്ടിന്റെ പകുതി വരെ യാത്രക്കാരുടെയും വാണിജ്യ ഗതാഗതത്തിന്റെയും പ്രധാന മാർഗ്ഗം

**പട്ടിക 11.1.11** കേരളത്തിലെ ദേശീയ ജലപാതകൾ

| ക്രമ നം | റൂട്ട് | നീളം (കിലോമീറ്ററിൽ) | ദേശീയ ജലപാത നമ്പർ |
|---|---|---|---|
| 1 | ഡബ്ല്യുസിസിയുടെ കൊല്ലം - കോട്ടപ്പുറം ഭാഗം | 168 | NW-3 |
| | ഉദ്യോഗമണ്ഡൽ കനാൽ | 37 | |
| | ചമ്പക്കര കനാൽ | 14 | |
| | ഡബ്ല്യുസിസിയുടെ കോട്ടപ്പുറം-കോഴിക്കോട് ഭാഗം | 160 | |
| 2 | ആലപ്പുഴ -ചങ്ങനാശ്ശേരി | 28 | NW-8 |
| 3 | ആലപ്പുഴ- കോട്ടയം- അതിരമ്പുഴ | 38 | NW-9 |
| 4 | കോട്ടയം-വൈക്കം | 28 | NW-59 |
| 5 | പൂവാർ- എരയുമാന്തുറൈ-എവിഎം കനാൽ (തമിഴ് നാട്ടിലെ പ്രധാന ഭാഗം) | | NW-58 |
| | **ആകെ നീളം (എവിഎം കനാൽ ഒഴികെ)** | **473 KM** | |

ഉറവിടം: ഇൻലാൻഡ് വാട്ടർ വേയ്സ് അതോറിറ്റി, കൊച്ചി.

ഉൾനാടൻ ജലഗതാഗതം ആയിരുന്നു. വേഗമേറിയ ഗതാഗതമാർഗ്ഗങ്ങൾ കൂടുതൽ പ്രചാരത്തിലായതോടെ, ഒരുകാലത്ത് സംസ്ഥാനത്ത് പ്രബലമായിരുന്ന ഉൾനാടൻ ജലഗതാഗതം പിന്നോട്ട് മാറ്റപ്പെട്ടു. ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ അധീനതയിലുള്ള ദേശീയ ജലപാതകളും കേരള സംസ്ഥാനത്തിന്റെ തീരദേശ ഷിപ്പിംഗ്, ഉൾനാടൻ നാവിഗേഷൻ/ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പരിപാലിക്കുന്ന മറ്റ് ഫീഡർ, ലിങ്ക് കനാലുകൾ എന്നിവ ഉൾപ്പെടുന്ന സംസ്ഥാനത്തെ ഉൾനാടൻ ജലപാത ശൃംഖലയുടെ ആകെ നീളം 1687 കി.മീ ആണ്.

ജലപാത വികസിപ്പിക്കുന്നതിനുള്ള കേന്ദ്രസർക്കാർ പദ്ധതിയുടെ ഭാഗമായി, 1993-ൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗവും ഉദ്യോഗമണ്ഡലം, ചമ്പക്കര കനാലുകളും ദേശീയ ജലപാത 3 ആയി പ്രഖ്യാപിക്കുകയുണ്ടായി. ഇപ്പോൾ 2016 ലെ ജലപാത നിയമ പ്രകാരം ദേശീയജല പാത-3 കോഴിക്കോട് വരെ നീട്ടിയിട്ടുണ്ട്. 2016 ലെ ജലപാത നിയമം നിലവിൽ വന്നതിനു ശേഷം 2.20 മീറ്റർ ഡ്രാഫ്റ്റ്, 6.0 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ്, 32-40 മീറ്റർ വീതി എന്നിങ്ങനെ ക്ലാസ് 3 സ്പെസിഫിക്കേഷനുള്ള മൂന്ന് കനാലുകൾ കൂടി ദേശീയ ജലപാതകളിലേക്ക് ചേർത്തിട്ടുണ്ട്. കേരളത്തിലെ ദേശീയ ജലപാതകൾ **പട്ടിക 11.1.11** ൽ ചേർത്തിയിട്ടുണ്ട്.

വെസ്റ്റ് കോസ്റ്റ് കനാൽ (ഡബ്ല്യുസിസി) യുടെ ആകെ നീളം 616 കിലോമീറ്ററാണ്. ഡബ്ല്യുസിസിയെയും വാണിജ്യ കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ പ്രധാന സ്ഥലങ്ങളെയും ബന്ധിപ്പിക്കുന്ന 1,100 കിലോമീറ്റർ ഫീഡർ/ലിങ്ക് കനാലുകൾ ഉണ്ട്. ഡബ്ല്യുസിസിയെ (1) കോവളം-കൊല്ലം (74.18 കി.മീ), (2) കൊല്ലം-കോട്ടപ്പുറം (കൊടുങ്ങല്ലൂർ) (168 കി.മീ), (3) കോട്ടപ്പുറം-കോഴിക്കോട് (160 കി.മീ), (4) കോഴിക്കോട്- നീലേശ്വരം (187.82 കി.മീ), (5) നീലേശ്വരം-ബേക്കൽ (26 കി.മീ) എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളായി തിരിക്കാം. ആകെയുള്ള 616 കിലോമീറ്ററിൽ മാഹിക്കും വളപട്ടണത്തിനും ഇടയിൽ 26 കിലോമീറ്റർ നീളമുള്ള മൂന്ന് അൺ കട്ട് പോർഷൻ ഉണ്ട്. നീലേശ്വരം മുതൽ കാസർഗോഡ് വരെ 41 കിലോമീറ്റർ നീട്ടുന്നതും പരിഗണനയിലാണ്.

ഓവർ ഡൈമൻഷണൽ കാർഗോയുടെ (ഒഡിസി) ഗതാഗതത്തിന് ഇൻലാൻഡ് വാട്ടർവേ ട്രാൻസ്പോർട്ട് (ഐഡബ്ല്യുടി) രീതിയാണ് റോഡ് ഗതാഗതത്തെക്കാൾ പല കാരണങ്ങളാലും മെച്ചം. റൂട്ട്, സമയ നിയന്ത്രണങ്ങൾ, ഒന്നിലധികം അനുമതികളുടെ ആവശ്യകത എന്നിവ പോലുള്ളവയുടെ വെല്ലുവിളികൾ റോഡ് ഗതാഗതം അഭിമുഖീകരിക്കേണ്ടി വരുന്നു. വാഗണുകൾ സ്റ്റാൻഡേർഡ് വലുപ്പം ആയതിനാൽ ഒ ഡി സി കൾ കൊണ്ടുപോകാൻ റെയിൽവേയ്ക്ക് കഴിയുന്നില്ല. ഉൾനാടൻ ജലഗതാഗത രീതി താരതമ്യേന സൗകര്യപ്രദമായ രീതിയിൽ ഒഡിസി ചരക്ക് നീക്കാൻ സാധിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ദേശീയ ജലപാത 3-ലെ ചരക്ക് നീക്കത്തിന്റെ വിശകലനം **പട്ടിക 11.1.12**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.1.12** കഴിഞ്ഞ 5 വർഷത്തിനിടെ ദേശീയ ജലപാത-3 ലെ ചരക്ക് നീക്കം - മെട്രിക് മില്യൺ ടണ്ണിൽ (എം എം ടി)

| സാമ്പത്തിക വർഷം | ചരക്കു നീക്കം (എം എം ടി യിൽ) |
|---|---|
| 2019-20 | 0.55 |
| 2020-21 | 0.73 |
| 2021-22 | 1.7 |
| 2022-23 | 3.23 |
| 2023-24 | 3.29 |

ഉറവിടം: ഇൻലാൻഡ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ, കൊച്ചി

### സംസ്ഥാന ജലപാതകൾ

സംസ്ഥാനത്തെ ഭൂരിഭാഗം കനാലുകളും ആഴം കുറഞ്ഞതും വീതി കുറഞ്ഞതും മണൽമൂടിക്കിടക്കുകയും ചെയ്യുന്നു. കൂടാതെ തീരത്തെ മണ്ണൊലിപ്പും, അടിസ്ഥാന സൗകര്യങ്ങളായ ജെട്ടികളുടെയും ടെർമിനലുകളുടെയും അഭാവം ഗതാഗത സംവിധാനങ്ങളുടെ അഭാവവും തുടങ്ങി നിരവധി പരിമിതികൾ അനുഭവിക്കുന്നു. ആയതിനാൽ വികസനം ആവശ്യമാണ്. കോഴിക്കോട്-വടകര പാത ഭാഗികമായി സഞ്ചാരയോഗ്യമാണ്. കൊല്ലത്തിനും കോട്ടപ്പുറത്തിനുമിടയിലുള്ള ദേശീയ ജലപാത-3 ഉം ചമ്പക്കര, ഉദ്യോഗമണ്ഡല് എന്നീ ഫീഡർ കനാലുകളും ക്ലാസ്-3 നിലവാരത്തിൽ വികസിപ്പിച്ചെടുത്ത് ബാർജ് സർവീസുകൾ നടത്തുന്നുണ്ട്. ഡബ്ല്യുസിസിയുടെ വിവിധ റീച്ചുകളുടെ നിലവിലെ പുരോഗതിപട്ടിക **അനുബന്ധം 11.1.29**ൽ നൽകിയിരിക്കുന്നു.

### തീരദേശ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് (സി എസ് ഐ എൻ ഡി)

കേരളത്തിലെ ജലപാതകളുടെ വികസനവും ഉൾനാടൻ നാവിഗേഷന്റെ പ്രോത്സാഹനവുമാണ് കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിൻറെ സുപ്രധാന ലക്ഷ്യങ്ങൾ. സംസ്ഥാന ജലപാതകൾ സഞ്ചാരയോഗ്യമാക്കുന്നതിനുള്ള വിവിധ പ്രവൃത്തികൾ വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു. അവലോകന കാലയളവിൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ പട്ടിക ചുവടെ ചേർക്കുന്നു -

- കോവളം മുതൽ പള്ളിത്തുറ വരെ അതിർത്തി കല്ലിടൽ പ്രവൃത്തികൾ
- കൊല്ലത്ത് കല്ലുപാലത്ത് ബ്രിഡ്ജ്
- ആലപ്പുഴ ജില്ലയിൽ 9 ബോട്ട് ജെട്ടികളുടെയും ജങ്കാർ കടവുകളുടെയും നിർമ്മാണം
- തിരുവനന്തപുരം ജില്ലയിലെ കരിക്കകത്ത് സ്റ്റീൽ ലിഫ്റ്റിംഗ് പാലം
- കോഴിക്കോട് ജില്ലയിൽ 11 സ്റ്റീൽ നടപാലങ്ങൾ
- മണിയൻകുളംതോട് സംരക്ഷണത്തിനായി കുറ്റോർ പാലം മുതൽ ആറ്റംപുറം പാലം വരെ ചങ്ങല വേലി
- തിരുവനന്തപുരം ജില്ലയിലെ വർക്കല തുരങ്കം, കൊല്ലം തോടിന്റെ രണ്ടാം ഭാഗം എന്നിവയുടെ ശുചീകരണ പ്രവർത്തനങ്ങൾ.

നടന്നുകൊണ്ടിരിക്കുന്ന ചില പദ്ധതികൾ - (1) മലപ്പുറം ജില്ലയിലെ വെളിയങ്കോട് (ഘട്ടം II) ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം, (2) വെട്ടൂർ പഞ്ചായത്തിലെ ടിഎസ് കനാൽ വികസനം, (3)തിരുവനന്തപുരം ജില്ലയിലെ

സെന്റ് ആൻഡ്രൂസ് പാലം നിർമ്മാണം, (4 ) പാർവതി പുത്തനാറിന് കുറുകെയുള്ള ഉരുക്ക് പാലത്തിന്റെ നിർമ്മാണം, (5) തൃശ്ശൂർ ജില്ലയിലെ ചേറ്റുവ പാലത്തിന്റെ താഴോട്ടുള്ള സ്ലൂയിസ് നിർമ്മാണം (6) അഞ്ചുതെങ്ങ് കായലിനു സമീപം കടകം, തെക്കേഅറയത്തുരുത്ത്, വടക്കേഅറയത്തുരുത്ത് എന്നിവിടങ്ങളിൽ പാലം നിർമാണത്തിന് ഏറ്റെടുക്കൽ, (7) ആലപ്പുഴ ജില്ലയിലെ തൃക്കുന്ന്പ്പുഴ ലോക്ക് കം ബ്രിഡ്ജ് നിർമാണം, (8) ആറ്റുംപുറം പാലം മുതൽ മണിയംകുളം വരെയുള്ള പാലത്തിന്റെ സംരക്ഷണത്തിന് ചെയിൻ ലിങ്ക് വേലി, (9) വർക്കലയിലെ ഡബ്ല്യൂസിസിയുടെ വികസനം, (10) കോഴിക്കോട് ജില്ലയിലെ വടകര-മാഹി കനാലിൽ മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം എന്നിവയാണ്. മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമാണം അവസാനഘട്ടത്തിലാണ്.

**കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ എസ് ഐ എൻ സി)**

കേരളത്തിലെ ഉൾനാടൻ ജലഗതാഗത മേഖലയിൽ മുൻപന്തിയിലുള്ള ഒരു സ്ഥാപനമാണ് ആണ് കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്(കെഎസ്ഐഎൻസി). ഇത് കേരള സർക്കാരിന്റെ കീഴിൽ വരുന്ന സ്ഥാപനമാണ്. ചെറിയ ജലയാനങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി കെഎസ്ഐഎൻസിയ്ക്ക് രണ്ട് യാർഡുകൾ ഉണ്ട്. ഉപഭോക്തൃ ആവശ്യങ്ങൾക്ക് അനുസൃതമായി ജലയാനങ്ങൾ നിർമ്മിക്കുന്നതിലും പരിപാലിക്കുന്നതിലും പ്രവർത്തിപ്പിക്കുന്നതിലും കെഎസ്ഐഎൻസി ഉയർന്ന നിലവാരം പുലർത്തുന്നു. കെ എസ് ഐ എൻ സിയുടെ സ്വന്തം ക്രൂയിസ് വെസ്സലുകളായ പ്രീമിയർ സാഗരറാണി (Iഉം II ഉം) ആഡംബര കപ്പലായ നെഫെർറ്റിറ്റിയും ഇതിൽ പ്രധാനമാണ്.

കെഎസ്ഐഎൻസി 2005-ൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിച്ചു. വിനോദസഞ്ചാരികളെ 'സാഗരറാണി'യിൽ കടലിലേക്ക് കൊണ്ടുപോകുന്നു. ഇതിനായി നിലവിൽ രണ്ട് ജലയാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ യന്ത്രവൽകൃത ചരക്ക് നീക്കത്തിന്റെ മുൻപന്തിയിലാണ് കെഎസ്ഐഎൻസി. കെഎസ്ഐഎൻസിയ്ക്ക് ഇപ്പോൾ രണ്ട് കാർഗോ ബാർജുകൾ, ആറ് പെട്രോളിയം ബാർജുകൾ, രണ്ട് ആസിഡ് ബാർജുകൾ, രണ്ട് ആർഒ-ആർഒ എന്നിവയുണ്ട്. 2023-24 കാലയളവിൽ കെഎസ്ഐഎൻസി 57.31 ലക്ഷം രൂപ അറ്റാദായവും 25.44 കോടി രൂപ വിറ്റുവരവും നേടി. കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ **അനുബന്ധം 11.1.30**-ൽ നൽകിയിരിക്കുന്നു.

### 2023–24 ലെ കെഎസ്ഐഎൻസി യുടെ പ്രധാന നേട്ടങ്ങൾ

- കേരളത്തിലെ ആദ്യത്തെ സോളാർ (ഹൈബ്രിഡ്) ടൂറിസ്റ്റ് ബോട്ട് (100 പാക്സ് കപ്പാസിറ്റി) പ്രവർത്തനക്ഷമമായി
- 1400 മെട്രിക് ടൺ വാഹകശേഷിയുള്ള പി ഒ എൽ ബാർജിന്റെ നിർമ്മാണം പൂർത്തിയായി
- 300 മെട്രിക് ടൺ ആസിഡ് കാരിയർ ബാർജ് ആയ ലക്ഷ്മിയുടെ നിർമ്മാണം പൂർത്തിയായി, എഫ് എ സി ടി ലിമിറ്റഡിനായി ആസിഡ് ചരക്ക് നീക്കം ആരംഭിച്ചു.

**സംസ്ഥാന ജലഗതാഗത വകുപ്പ്**

ആലപ്പുഴ, കോട്ടയം, കൊല്ലം, എറണാകുളം, കണ്ണൂർ, കാസർകോട് ജില്ലകളിലെ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന പൊതുജനങ്ങളുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുക എന്ന പ്രധാന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ രൂപീകരിച്ച ഒരു അവശ്യ സേവനവകുപ്പാണ് സംസ്ഥാന ജലഗതാഗത വകുപ്പ്. 2023-24 വർഷത്തിൽ മരം/ഉരുക്ക്/സോളാർ അധിഷ്ഠിത ഫൈബർ ഗ്ലാസ് പാസഞ്ചർ ബോട്ടുകൾ ഉപയോഗിച്ചുകൊണ്ട് ആകെ 507399 കിലോമീറ്റർ ദൈർഘ്യം വരുന്ന 124 റൂട്ടുകളിലായി ഏകദേശം 107.71 ലക്ഷം യാത്രക്കാരുടെ ഗതാഗത ആവശ്യങ്ങൾ വകുപ്പിന് നിറവേറ്റാനായിട്ടുണ്ട്. പ്രവർത്തക്ഷമമായ 63 ബോട്ടുകൾ ഉപയോഗിച്ചുകൊണ്ട് പ്രതി വർഷം ഏകദേശം 2,36,064 ട്രിപ്പുകൾ സംസ്ഥാന ജലഗതാഗത വകുപ്പ് നടത്തിവരുന്നു. വകുപ്പിന്റെ 14 സ്റ്റേഷൻ ഓഫീസുകളോട് ചേർന്നുള്ള 14 ടെർമിനൽ ജെട്ടികളിലൂടെയാണ് വകുപ്പ് പ്രവർത്തിക്കുന്നത്. വകുപ്പിന്റെ പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ **അനുബന്ധം 11.1.31**-ൽ നൽകിയിരിക്കുന്നു.

പ്രവർത്തന വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ യാത്രക്കാരുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുന്നതിലുപരിയായി വകുപ്പ് അതിന്റെ പ്രവർത്തനം വിനോദ സഞ്ചാര മേഖലയിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. കുട്ടനാടൻ ജലപാതകളുടെയും ഇതര ഉൾനാടൻ പ്രദേശങ്ങളുടെയും വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 90 പേർക്ക് യാത്ര ചെയ്യാവുന്ന 'സീ കുട്ടനാട്' എന്ന ആധുനിക ടൂറിസ്റ്റ് കം പാസഞ്ചർ വെസ്സൽ 2022 സെപ്റ്റംബറിൽ വകുപ്പ് ഉദ്ഘാടനം ചെയ്തു. ഉൾനാടൻ ജലഗതാഗതത്തിൽ വിനോദസഞ്ചാരത്തിന്റെ അനന്തസാധ്യതകൾ ഉൾകൊണ്ടുകൊണ്ട് സംസ്ഥാന ജലഗതാഗത വകുപ്പ് 'സീ കുട്ടനാട്' കൂടാതെ 'വേഗ-2', 'സീ അഷ്ടമുടി' എന്നീ ടൂറിസ്റ്റ് കം പാസഞ്ചർ യാനങ്ങൾ കൂടി നിലവിൽ പ്രവർത്തിപ്പിക്കുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ, വിനോദ സഞ്ചാര ബോട്ടുകളുടെ ഓപ്പറേഷനിലൂടെ 258.01 ലക്ഷം രൂപയുടെ റവന്യൂ വരുമാനം വകുപ്പിനുണ്ടായിട്ടുണ്ട്, ഇത് 2022-23ലെ വരുമാനമായ 173.77 ലക്ഷം രൂപയേക്കാൾ 48.5 ശതമാനം അധിക വർദ്ധനവാണ് സൂചിപ്പിക്കുന്നത്. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിന്റെ സൗന്ദര്യം ആസ്വദിക്കാനെത്തുന്ന വിനോദ സഞ്ചാരികൾക്കായി 2023-24 ൽ ജലഗതാഗത വകുപ്പ് പുറത്തിറക്കിയ പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ടായ 'സീ അഷ്ടമുടി' എന്ന ബോട്ടിന്റെ സർവീസിലൂടെ വകുപ്പിന് ശരാശരി 80 ലക്ഷം രൂപയുടെ വരുമാനം ലഭിക്കുന്നുണ്ട്. 2023-24ൽ, 'സീ കുട്ടനാട്', 'വേഗ' എന്നീ സർവീസുകളിൽ നിന്നുള്ള വരുമാനം 180 ലക്ഷമാണ്, ഇത് മുൻവർഷത്തെ അപേക്ഷിച്ച് വരുമാനത്തിൽ 8 ശതമാനം വർദ്ധനവ് സൂചിപ്പിക്കുന്നുണ്ട്.

റോഡ് ഗതാഗത മേഖലയിൽ നിന്നും വിഭിന്നമായി, ജലഗതാഗത രംഗത്ത് ടാക്സി സർവീസുകൾ പൊതുവേ വിരളമാണ്. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് മെച്ചപ്പെട്ട ഗതാഗത സൗകര്യം ലഭ്യമാക്കുന്നതിനായി വകുപ്പ് ഉൾനാടൻ മേഖലകളിൽ വാട്ടർ ടാക്സി സേവനം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴയിലെ തേജസ് 1 ഉം പയ്യന്നൂർ മേഖലയിലെ

തേജസ് 2 ഉം ഉൾപ്പടെ നിലവിൽ വകുപ്പ് മൂന്ന് വാട്ടർ ടാക്സി സർവീസുകൾ നടത്തുന്നുണ്ട്.

റെയിൽ, റോഡ് ഗതാഗതങ്ങളെ അപേക്ഷിച്ച് ജലഗതാഗതം കാര്യക്ഷമമായ ഒരു ഗതാഗതമാർഗ്ഗമാണ്. സൗരോർജ്ജ/വൈദ്യുത വെസ്സലുകളുടെ ഉപയോഗം കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിൽ ഗണ്യമായ രീതിയിൽ സ്വാധീനം ചെലുത്തുന്നതിനാൽ പഴയ ബോട്ടുകളെ സൗരോർജ്ജമോ വൈദ്യുതിയോ സിഎൻജി വെസ്സലുകളോ ആക്കി മാറ്റുന്നതിനുള്ള ശ്രമങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

**വെല്ലുവിളികളും അവസരങ്ങളും**

കഴിഞ്ഞ വർഷങ്ങളിൽ ശക്തമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചിട്ടും, ഉൾനാടൻ ജലഗതാഗതത്തിന്റെ സാധ്യതകൾ ഉപയോഗശൂന്യമായി തുടരുന്നു. പരിമിതമായ അടിസ്ഥാന സൗകര്യ ലഭ്യത, ഉൾനാടൻ കപ്പലുകളുടെ ദൗർലഭ്യം, തിരിച്ചുവരുന്ന ചരക്കുകളുടെ ലഭ്യതക്കുറവ് എന്നിവയാണ് ഈ മേഖലയുടെ വികസനത്തിലെ പ്രധാന തടസ്സങ്ങൾ. അധികാരപരിധികളുടെ ഓവർലാപ്പ് കാരണം കൂടുതൽ ഭരണപ്രശ്നങ്ങളും മേഖലയുടെ പുരോഗതിയെ മന്ദഗതിയിലാക്കുന്നു. 2025-ഓടെ ദേശീയ മാനദണ്ഡങ്ങൾക്കനുസൃതമായി കോവളം-കാസർഗോഡ് ജലപാത പ്രവർത്തിപ്പിക്കുകയും, വികസന പദ്ധതികൾക്കും ചരക്കുനീക്കത്തിനും ഊന്നൽ നൽകുവാനും പ്രവർത്തിക്കാനും സംസ്ഥാനത്തെ ജലപാതകൾക്കായി സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. ഇതിനായി വികസന പദ്ധതികളിലും, ആളുകളുടെയും ചരക്കുകളുടെയും നീക്കത്തിനും ശ്രദ്ധ കേന്ദ്രീകരിക്കണം, ആധുനിക കപ്പലുകൾ വാങ്ങുന്നതിനും, തുറമുഖങ്ങൾക്കും ഉൾപ്രദേശങ്ങൾക്കും ഇടയിൽ ടെർമിനൽ സൗകര്യങ്ങളും കണക്റ്റിവിറ്റിയും സ്ഥാപിക്കണം, നദീതീര വ്യാവസായിക ഇടനാഴികളും ടൂറിസവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കണം, ഉൾനാടൻ ജലപാതകളിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന, ജലപാതകളിലെ ദ്രാവക, ഖര മാലിന്യ മലിനീകരണം കുറയ്ക്കുന്നതിനും ജലപാത അധിഷ്ഠിത വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുകയും വേണം.

ഇന്റഗ്രേറ്റഡ് മൾട്ടിമോഡൽ ട്രാൻസ്പോർട്ട് പോളിസിക്ക് അനുസൃതമായി ഐഡബ്ല്യുടി ഉപമേഖലയുടെ സുസ്ഥിര വികസനം ഉറപ്പാക്കുന്ന ഒരു ഇടക്കാല, ദീർഘകാല പദ്ധതി സർക്കാർ തയ്യാറാക്കണം. ഗതാഗത മേഖലയുടെ വികസനത്തിനുള്ള മോഡൽ ഓപ്ഷനുകൾ സാമൂഹികവും പാരിസ്ഥിതികവുമായ നേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം.

സുസ്ഥിര സഞ്ചാരയോഗ്യതയും ഗതാഗത പ്രാധാന്യവും അനുസരിച്ച് ഉൾനാടൻ ജലപാത ശൃംഖല പുനഃക്രമീകരിക്കേണ്ടതാണ്. പ്രധാന ജലപാതകളിൽ തിരുവനന്തപുരത്തെയും ബേക്കലിനെയും മറ്റ് ദേശീയ ജലപാതകളെയും ബന്ധിപ്പിക്കുന്ന ഫെയർവേകളും ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ഇത് കോട്ടയത്തെ ഉൾനാടൻ തുറമുഖം ഉൾപ്പെടെ എല്ലാ തുറമുഖങ്ങളെയും ബന്ധിപ്പിക്കുന്നതും പ്രാദേശിക പട്ടണങ്ങളെ ബന്ധിപ്പിക്കുന്നതുമായിരിക്കണം. ജലപാത മാനേജ്മെന്റ് പ്ലാനിന് അനുസൃതമായി നെറ്റ്‌വർക്ക് വികസനവും ഡ്രെഡ്ജിംഗ് രീതികളും തയ്യാറാക്കേണ്ടതാണ്. പുതിയ ഡ്രെഡ്ജിംഗ് തന്ത്രം സിഎസ്ഐഎൻഡിയുടെയും കേരള വാട്ടർവേയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെയും (കെഡബ്ല്യുഐഎൽ) പദ്ധതികളെ ഏകോപിപ്പിക്കുകയും സംയോജിപ്പിക്കുകയും വേണം.

ജലപാത മാനേജ്മെന്റ്, ഓപ്പറേഷൻസ്, ഉൾനാടൻ ജലഗതാഗത അടിസ്ഥാനസൗകര്യ വികസനം, ജലപാതകളുടെ ഡ്രെഡ്ജിംഗ്, മെയിന്റനൻസ്, ചരക്ക് കൈകാര്യം ചെയ്യുന്നതിൽ യന്ത്രവൽക്കരണം, ഉൾനാടൻ കണ്ടെയ്നർ ടെർമിനലുകളുടെ വികസനം, ജലപാതകളിലെ കണ്ടെയ്നർ ട്രാഫിക് എന്നിവയിൽ കൂടുതൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. അതിനായി, ഉൾനാടൻ കപ്പൽ സുരക്ഷ, കപ്പൽ നിർമ്മാണം, കപ്പലിന്റെ രൂപകൽപന, കപ്പൽ നിർമ്മാണത്തിന്റെ മേൽനോട്ടം, സർവ്വേ സർട്ടിഫിക്കറ്റുകൾ നൽകൽ, ഓരോ കപ്പലിനും ആവശ്യമായ തൊഴിലാളികളെ നിശ്ചയിക്കൽ തുടങ്ങിയവയുടെ നിലവിലുള്ള നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തി പുതിയ മാർഗനിർദേശങ്ങളും നടപടിക്രമങ്ങളും തയ്യാറാക്കേണ്ടതാണ്. ഓരോ വിഭാഗത്തിനും വേണ്ടിയുള്ള സേവന പരിശീലന മൊഡ്യൂളുകളും വിജയകരമായി പൂർത്തിയാക്കിയതിന് ശേഷം പരിശീലന സ്ഥാപനങ്ങൾ വിവിധ വിഭാഗങ്ങളിലെ ക്രൂവിന് കോംപിറ്റൻസി സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

# 11.2 ഊർജ്ജം

ദ്രുതഗതിയിലുള്ള ജനസംഖ്യാ വർധനവ്, വ്യാവസായിക വികസനം, സാമ്പത്തിക വളർച്ച, ലോകത്താകമാനമുള്ള വൈദ്യുതീകരണം എന്നിവ കാരണം ആഗോളതലത്തിൽ ഊർജ്ജത്തിന്റെ ആവശ്യകത കഴിഞ്ഞ 150 വർഷത്തിനിടയിൽ അദ്ഭുതപൂർവമായി വർദ്ധിക്കുകയുണ്ടായി. ആഗോളതലത്തിൽ വൈദ്യുതിയുടെ ആവശ്യകത 2023 ൽ 2.5 ശതമാനം ആയിരുന്നത് 2024 ൽ ഏകദേശം 4 ശതമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു (ഇന്റർനാഷണൽ എനർജി ഏജൻസിയുടെ Electricity Mid-Year Update,2024).

### ഇന്ത്യയിലെ ഊർജ്ജ മേഖല

2026 വരെ പ്രധാന സമ്പദ്‌വ്യവസ്ഥകളിൽ വൈദ്യുതി ആവശ്യകതയുടെ ഏറ്റവും വേഗതയേറിയ വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്നത് ഇന്ത്യയാണ് (ഇന്റർനാഷണൽ എനർജി ഏജൻസിയുടെ Electricity Mid-Year Update,2024). 2024 മാർച്ച് 31 ആയപ്പോഴേക്കും നാഷണൽ ഗ്രിഡിന് 4,41,970 മെഗാവാട്ട് സ്ഥാപിത ശേഷിയുണ്ട്. ഇന്ത്യയിൽ, താപോർജ്ജത്തിൽ നിന്നുള്ള വൈദ്യുതിയാണ് പ്രധാന ഊർജ്ജ സ്രോതസ്സ്.

**പട്ടിക 11.2.1** ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട്) 31.03.2024ൽ

| ക്രമ നമ്പർ | ഇന്ധനം | സ്ഥാപിത ശേഷി (മെഗാവാട്ട്) | |
|---|---|---|---|
| | | 31.03.2024 ൽ | ശതമാനം |
| 1 | താപവൈദ്യുതി | 2,43,217 | 55 |
| 2 | ജലവൈദ്യുതി | 46,928 | 10.6 |
| 3 | ആണവോർജ്ജം | 8,180 | 1.8 |
| 4 | പുനരുപയോഗ ഊർജ്ജം | 1,43,645 | 32.5 |
| ആകെ | | 4,41,970 | |

അവലംബം: വാർഷിക റിപ്പോർട്ട് 2023-24, ഊർജ്ജ മന്ത്രാലയം , ഭാരതസർക്കാർ

രാജ്യത്തെ മൊത്തം സ്ഥാപിത ശേഷിയുടെ ഏകദേശം 55 ശതമാനമാണിത്. വിവിധ സ്രോതസ്സുകളിലൂടെയുള്ള വൈദ്യുതി ഉൽപ്പാദനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 11.2.1** ൽ നൽകിയിരിക്കുന്നു. അടുത്തകാലത്ത്, പുനരുപയോഗ സ്രോതസ്സുകൾ രണ്ടാമത്തെ വലിയ വൈദ്യുതി സ്രോതസ്സായി ഉയർന്നുവന്നിട്ടുണ്ട്. ജല വൈദ്യുതി ഉൽപാദനത്തിനു മൂന്നാം സ്ഥാനമാണ്.

ഊർജ്ജോൽപ്പാദനത്തിന്റെ മേഖല തിരിച്ചുള്ള കണക്കുകൾ **പട്ടിക 11.2.2**ൽ നൽകിയിരിക്കുന്ന പ്രകാരം ഇന്ത്യയിൽ 2024 മാർച്ച് 31 ആയപ്പോഴേക്കും സംസ്ഥാന മേഖലയിൽ നിന്നുള്ള മൊത്തം ഊർജ്ജ

**പട്ടിക 11.2.2** ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട് ) 31.03.2024 ൽ, മേഖല തിരിച്ച്

| ക്രമ നമ്പർ | മേഖല | സ്ഥാപിതശേഷി (മെഗാവാട്ട്) | |
|---|---|---|---|
| | | 31.03.2024 ൽ | ശതമാനം |
| 1 | കേന്ദ്ര മേഖല | 1,04,453 | 23.6 |
| 2 | സംസ്ഥാന മേഖല | 1,07,670 | 24.4 |
| 3 | സ്വകാര്യ മേഖല | 2,29,847 | 52 |
| ആകെ | | 4,41,970 | |

അവലംബം: കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ), ഊർജ്ജ മന്ത്രാലയം ,ഭാരതസർക്കാർ

ഉല്പാദനം 1,07,670 മെഗാവാട്ട് (24.4 ശതമാനം), കേന്ദ്ര മേഖലയിൽ നിന്ന് 1,04,453 മെഗാവാട്ട് (23.6 ശതമാനം) , സ്വകാര്യ മേഖലയിൽ നിന്ന് 2,29,847 മെഗാവാട്ട് (52 ശതമാനം) എന്നിങ്ങനെയാണ്.

### കേരളത്തിലെ ഊർജ്ജ മേഖല

കേരളത്തിൽ വൈദ്യുതി ഉപഭോഗം പ്രധാനമായും ഗാർഹിക, വാണിജ്യ മേഖലകളിലാണ്. 2023-ൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി പ്രസിദ്ധീകരിച്ച എനർജി ഡാറ്റ മാനേജ്മെന്റ് റിപ്പോർട്ട് പ്രകാരം, ഇന്ത്യയിൽ കാർഷിക മേഖലയിലെ വൈദ്യുതി ഉപഭോഗം ഏകദേശം 18 ശതമാനമാണ്. പല സംസ്ഥാനങ്ങളിലും ഇത് മൊത്തം

**ബോക്സ് 11.2.1 "അംഗൻ ജ്യോതി"**

സംസ്ഥാനത്തെ അങ്കണവാടികളെ സമ്പൂർണ്ണ ഊർജ്ജക്ഷമതയുള്ളതാക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ "അംഗൻജ്യോതി" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. "കാർബൺ ന്യൂട്രൽ അങ്കണവാടികൾ" എന്ന ആത്യന്തിക ലക്ഷ്യത്തോടെ ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് പദ്ധതിയുടെ (ഐസിഡിഎസ്) കീഴിൽ അങ്കണവാടികളിൽ ഊർജ്ജ ക്ഷമതയുള്ള വൈദ്യുത പാചക സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് പരിസ്ഥിതി സൗഹൃദ അടുക്കളകൾ സ്ഥാപിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ പ്രധാന ഉദ്ദേശ്യം.

കഴക്കൂട്ടം, ചിറ്റൂർ നിയമസഭാ മണ്ഡലങ്ങളിലെ യഥാക്രമം 196 ഉം , 226ഉം അങ്കണവാടികളിൽ പദ്ധതി പൂർത്തീകരിച്ചു. നവകേരളം കർമ്മപദ്ധതിയുടെ നെറ്റ് സീറോ സംരംഭത്തിന്റെ ഭാഗമായി 91 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽപ്പെടുന്ന 2395 അങ്കണവാടികളിൽ "അംഗൻജ്യോതി" പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാക്കി.

അവലംബം : എനർജി മാനേജ്മെന്റ് സെന്റർ

വൈദ്യുതി ഉപഭോഗത്തിന്റെ 30 ശതമാനത്തിന് മുകളിലാണ്; എന്നാൽ കേരളത്തിൽ കാർഷിക ഉപഭോഗം 1.7 ശതമാനം മാത്രമാണ്.

സംസ്ഥാനത്തെ പ്രാഥമിക ഊർജ്ജ സ്രോതസ്സ് ജലവൈദ്യുതിയാണ്. സമീപ വർഷങ്ങളിൽ, ഊർജ്ജ മേഖലയിൽ സൗരോർജ്ജവും കാറ്റും പോലെയുള്ള വേരിയബിൾ ആൻഡ് റിന്യൂവബിൾ എനർജി (വിആർഇ) സ്രോതസ്സുകളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

മികച്ച നിലവാരത്തിലുള്ള ഊർജ്ജ പ്രസരണ , വിതരണ ശൃംഖല സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നതിന് സംസ്ഥാനം ശ്രദ്ധേയമായ ചുവടുവെയ്പുകൾ നടത്തിയിട്ടുണ്ട്. ഭാവിയിലെ ആവശ്യങ്ങൾക്കായി കൂടുതൽ മെച്ചപ്പെട്ട വൈദ്യുതി വിതരണ സംവിധാനം ഉറപ്പാക്കിക്കൊണ്ട് 2023-24 ൽ വൈദ്യുത ശൃംഖലയിൽ കൂടുതൽ അടിസ്ഥാന സൗകര്യ ഘടകങ്ങൾ ചേർക്കപ്പെട്ടത് വർദ്ധിച്ച വൈദ്യുതി ആവശ്യകതകൾ കൈകാര്യം ചെയ്യുന്നതിനും നിലനിർത്തുന്നതിനുമുള്ള സംസ്ഥാനത്തിന്റെ മികവ് ശക്തിപ്പെടുത്തുന്നതിലെ ഒരു പ്രധാന നാഴികക്കല്ലായി മാറി. കേരളത്തിലെ വൈദ്യുതി സംവിധാനത്തിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ വളർച്ച **അനുബന്ധം 11.2.1**-ൽ നൽകിയിരിക്കുന്നു.

### ഊർജ്ജ ലഭ്യത

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ), ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസേഴ്സ് (ഐപിപി), ക്യാപ്റ്റീവ് പവർ പ്ലാന്റുകൾ (സിപിപി), പ്രൊസ്യൂമർ എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്റ്റേഷനുകൾ ഉൾപ്പെടുന്ന ആന്തരിക സ്രോതസ്സുകൾ, കേന്ദ്ര സ്റ്റേഷനുകൾ, സ്വകാര്യ ഉല്പാദകർ, പവർ എക്സ്ചേഞ്ചുകൾ എന്നിവിടങ്ങളിൽ നിന്നാണ് സംസ്ഥാനത്ത് വൈദ്യുതി ലഭ്യമാകുന്നത്. വിശദാംശങ്ങൾ **പട്ടിക 11.2.3** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 11.2.3** 2023-24 കാലയളവിൽ സംഭരിച്ച ഊർജ്ജത്തിന്റെ അളവും സ്രോതസ്സും

| ക്രമ നം | വിശദാംശങ്ങൾ | | വൈദ്യുതി (മില്യൺ യൂണിറ്റ്) |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി.എൽന്റെ മൊത്തം ഊർജ്ജ ഉത്പാദനം | എ | 5,716.43 |
| 2 | കേരള പെരിഫറിയിൽ വൈദ്യുതി വാങ്ങൽ<br>• സി ജി എസ് മുഖേന<br>• ദീർഘകാല / ഇടക്കാല / ഹ്രസ്വകാല കരാറുകളിലൂടെ<br>• പവർ എക്സ്ചേഞ്ച് വഴി<br>• സ്വാപ്പ്<br>• ഡി എസ് എം | ബി | 24,922.95 |
| 3 | സംസ്ഥാനത്തിനുള്ളിലെ ഐപിപി / സിപിപിയിൽ നിന്നുള്ള മൊത്തം വൈദ്യുതി വാങ്ങൽ | സി | 1,273.35 |
| 4 | കേരള പെരിഫറിയിൽ മൊത്തം വൈദ്യുതി വാങ്ങൽ | ഡി= ബി+സി | 26,196.3 |
| 5 | ഓപ്പൺ ആക്സസ് വഴി സംസ്ഥാനത്തിന് പുറത്ത് വിൽപ്പന നടത്തുന്നതിനു സ്വകാര്യ ഐപിപി വഴിയുള്ള വൈദ്യുതി | ഇ | 78.36 |
| 6 | കേരള ചുറ്റളവിൽ ഓപ്പൺ ആക്സസ് വഴി ലഭിച്ച ഊർജ്ജം | എഫ് | 266.09 |
| 7 | ആക്സിലറി കൺസംഷൻ | ജി | 90.08 |
| 8 | EXPORT- കെ എസ് ബി എൽ -ന്റെ ഊർജ്ജ വിൽപ്പന, KSEBL-ന്റെ SWAP റിട്ടേൺ, KSEB ചുറ്റളവിൽ ഓപ്പൺ ആക്സസ് വഴി സംസ്ഥാനത്തിന് പുറത്ത് വിൽക്കുന്നതിലേക്കായി സ്വകാര്യ IPP-കൾ പ്രദാനം ചെയ്യുന്ന ഊർജ്ജം | എച്ച് | 759.96 |
| 9 | സംസ്ഥാനത്തിന്റെ ഉപഭോഗം നിറവേറ്റുന്നതിനായി ഓപ്പൺ ആക്സസ് വഴിയുള്ള ഊർജ്ജം ഉൾപ്പെടെ കേരളത്തിലേക്കുള്ള മൊത്തം ഇൻപുട്ട് | I=A+D+E+F-G-H | 31,407.14 |

അവലംബം: കെ.എസ്.ഇ.ബി.എൽ

### വൈദ്യുതി ആവശ്യകത

20th ഇലക്ട്രിക് പവർ സർവേ ഇന്ത്യ പ്രകാരം 2023-24 മുതൽ 2029-30 വരെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ വർധനവ് CAGR നിരക്കിൽ 5.1 ശതമാനം ആയി കണക്കാക്കപ്പെടുന്നു. (ഉറവിടം: സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി, ഊർജ്ജ മന്ത്രാലയം, ഭാരത സർക്കാർ )

സംസ്ഥാനത്തെ എക്കാലത്തെയും ഉയർന്ന വൈദ്യുതി ആവശ്യകതയും ഉപഭോഗവും 2023-24 ൽ രേഖപ്പെടുത്തുകയുണ്ടായി. 2022-23 ൽ സംസ്ഥാനത്ത് ഏറ്റവും കൂടിയ വൈദ്യുതി ആവശ്യകത 4,517 മെഗാവാട്ട് ആയിരുന്നത് 17.3 ശതമാനം വർധനവ് രേഖപ്പെടുത്തിക്കൊണ്ട് 2023-24 ൽ (മാർച്ച് 26, 2023 ) 5,301 മെഗാവാട്ട് ആയിരുന്നു. 2023-24 ൽ പ്രഭാത സമയത്തെ ഏറ്റവും കൂടിയ ആവശ്യകത 4,019 മെഗാവാട്ടും, പകൽ സമയത്തെ ആവശ്യകത 4,638 മെഗാവാട്ടും ആയിരുന്നു.

### ഊർജ്ജ ഉപഭോഗത്തിന്റെ രീതി

സംസ്ഥാനത്തെ വൈദ്യുതോർജ്ജ ഉപഭോഗം(ക്യാപ്റ്റീവ് ജനറേഷന് ആനുപതികമായ ഉപഭോഗം ഒഴികെയും ഓപ്പൺ ആക്സസ് ഉപഭോഗം ഉൾപ്പെടെയും ) 2022-23 ൽ 25,383.77 മില്യൺ യൂണിറ്റ് ആയിരുന്നത് 2023-24 ൽ 28,360.25 മില്യൺ യൂണിറ്റ് ആയി. 11.7 ശതമാനം ശതമാനം വർദ്ധനവാണിത് രേഖപ്പെടുത്തിയിട്ടുള്ളത്. വർഷം മുഴുവനും വൈദ്യുതി ഉപഭോഗത്തിൽ ഉണ്ടായ അസാധാരണമായ ഈ വർദ്ധനവ് സംസ്ഥാനം നേരിട്ട കടുത്ത വേനൽ മൂലമാണ്. 2019-20 മുതൽ 2023-24 കാലയളവിലെ കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം, **ചിത്രം 11.2.1** ൽ നൽകിയിരിക്കുന്നു.

2024 മാർച്ച് 31 ലെ കണക്കനുസരിച്ച് 1,04,94,734 ഗാർഹിക ഉപഭോക്താക്കളും (75.7 ശതമാനം) 26,14,838 വാണിജ്യ ഉപഭോക്താക്കളും (18.9 ശതമാനം) ഉൾപ്പെടെ മൊത്തം ഉപഭോക്താക്കളുടെ എണ്ണം 1,38,64,176 ആയിരുന്നു. കെ എസ് ഇ ബിയുടെ ഉപഭോക്താക്കൾ, സംസ്ഥാനത്തിന് പുറത്തുള്ള വിതരണം, മറ്റ് ലൈസൻസികൾക്കുള്ള വിതരണം എന്നിവ ഉൾപ്പെടെ കെഎസ്ഇബി 27,674.73 മില്യൺ യൂണിറ്റ് വൈദ്യുതി വിറ്റഴിച്ചു. മൊത്തം ഉപഭോഗത്തിന്റെ 49.6 ശതമാനം ഗാർഹിക മേഖലയിൽ നിന്നും 16.9 ശതമാനം വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുമാണ്. മൊത്തം ഉപഭോക്താക്കളുടെ എണ്ണത്തിന്റെ 1.1 ശതമാനം വരുന്ന വ്യാവസായിക വിഭാഗത്തിൽ നിന്നുമാണ് 26.6 ശതമാനം ഉപഭോഗം രേഖപ്പെടുത്തിയിരിക്കുന്നത്.

2023-24ൽ വിവിധ വിഭാഗങ്ങളിലായുള്ള വൈദ്യുതി വിതരണത്തിലൂടെ 19,818.41 കോടി രൂപ വരുമാനമായി ലഭിച്ചു. ഗാർഹിക, വ്യവസായ, വാണിജ്യ മേഖലകളിൽ നിന്നുള്ള വരുമാനം യഥാക്രമം 37.9 ശതമാനം, 31.6 ശതമാനം, 24.4 ശതമാനം എന്നിങ്ങനെയാണ്. 2023-24 ലെ വിവിധ വിഭാഗങ്ങളിലായുള്ളള്ള വൈദ്യുതി ഉപഭോഗത്തിന്റെയും വരുമാനത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 11.2.2**-ൽ നൽകിയിട്ടുണ്ട്.


### മൊത്തം സാങ്കേതിക വാണിജ്യ (AT&C) നഷ്ടങ്ങൾ

സമീപ വർഷങ്ങളിൽ പ്രസരണ വിതരണ (T& D) നഷ്ടം കുറയ്ക്കുന്നതിൽ കേരളം പ്രശംസനീയമായ വിജയം കൈവരിച്ചു. കാര്യക്ഷമമായ ഊർജ്ജ സംരക്ഷണ സംവിധാനത്തെയും അടിസ്ഥാന സൗകര്യ പരിപാലനത്തെയുമാണ് ഇത് സൂചിപ്പിക്കുന്നത്. T&D നഷ്ടം 2019-20-ലെ 12.1 ശതമാനത്തിൽ നിന്ന് 2022-23-ൽ 9.2 ശതമാനമായി കുറഞ്ഞിരുന്നു. എന്നാൽ വൈദ്യുതി ആവശ്യകതയിലെ ഗണ്യമായ വർദ്ധനവ് കാരണം, 2023-24-ൽ ഇത് 9.7 ശതമാനമായി വർദ്ധിച്ചു. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സാങ്കേതിക വാണിജ്യ നഷ്ടം കുറഞ്ഞതിന്റെ ഗുണഫലം **അനുബന്ധം 11.2.3**-ൽ നൽകിയിരിക്കുന്നു, കൂടാതെ 2019-20 മുതൽ 2023-24 വരെയുള്ള പ്രസരണ വിതരണ നഷ്ടം **ചിത്രം 11.2.2**ൽ കൊടുത്തിരിക്കുന്നു.

### ഉല്പാദനം


സംസ്ഥാനത്തെ വൈദ്യുതോൽപ്പാദനമേഖലയിൽ ജലവൈദ്യുതി, തെർമൽ, കാറ്റ്, സൗരോർജ്ജ പ്ലാന്റുകൾ

**ചിത്രം 11.2.1** 2019-20 മുതൽ 2023-24 വരെ കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം




അവലംബം: വാർഷിക റിപ്പോർട്ട് 2023-24, ഊർജ്ജ മന്ത്രാലയം , ഭാരതസർക്കാർ

**ചിത്രം 11.2.2** പ്രസരണ വിതരണ (റ്റി & ഡി )നഷ്ടം (2019-20 മുതൽ 2023-24 വരെ ), ശതമാനത്തിൽ





അവലംബം: കെ.എസ്.ഇ.ബി.എൽ

എന്നിവ ഉൾപ്പെടുന്നു. 2024 മാർച്ച് 31 ആയപ്പോൾ കേരളത്തിലെ മൊത്തം ഊർജ്ജ സ്ഥാപിത ശേഷി 3,818.82 മെഗാവാട്ട് ആണ്. ഇതിൽ ഏറ്റവും അധികം ഉൽപ്പാദനം ,അതായത് 2,183.57മെഗാവാട്ട് (57.2 ശതമാനം), ജല വൈദ്യുത പദ്ധതികളിൽ നിന്നുമാണ്. എന്നാൽ സൗരോർജ്ജം, താപവൈദ്യുത പദ്ധതികൾ, കാറ്റ് എന്നിവയിലൂടെയുള്ള ഉത്പാദനം യഥാക്രമം 1,027.4 മെഗാവാട്ട് (26.9 ശതമാനം) , 536.54 മെഗാവാട്ട് 14.0 ശതമാനം), 71.3 മെഗാവാട്ട് (1.9 ശതമാനം) എന്നിങ്ങനെയാണ്. കഴിഞ്ഞ 5 വർഷങ്ങളിലെ ഊർജ്ജ സ്രോതസ്സിന്റെയും അതിന്റെ സ്ഥാപിത ശേഷിയുടെയും വിശദാംശങ്ങൾ **അനുബന്ധം 11.2.4**ലും മേഖല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.2.5** ലും കൊടുത്തിരിക്കുന്നു. ജലം, തെർമൽ, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി **ചിത്രം 11.2.3** ൽ കൊടുത്തിരിക്കുന്നു.

2023-24ലെ മൊത്തം സ്ഥാപിത ശേഷിയായ 3,818.8 മെഗാവാട്ടിൽ സംസ്ഥാന മേഖലയുടെ സംഭാവന 2307.6 മെഗാവാട്ട് (60.4 ശതമാനം), കേന്ദ്ര മേഖല 359.6 മെഗാവാട്ട് (9.4 ശതമാനം), സ്വകാര്യ മേഖല 1151.6 മെഗാവാട്ട് (30.1 ശതമാനം) എന്നിങ്ങനെയാണ്. സ്ഥാപിത ശേഷി സംബന്ധിക്കുന്ന മേഖല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 11.2.4** ലും കഴിഞ്ഞ അഞ്ച് കഴിഞ്ഞ 5 വർഷത്തെ മിച്ചം വൈദ്യുതിയുടെ വിശദാശങ്ങൾ **അനുബന്ധം 11.2.6** ലും കൊടുത്തിരിക്കുന്നു.


2024 മാർച്ച് 31 ആയപ്പോൾ കെഎസ്ഇബിൽ ന്റെ മൊത്തം ആഭ്യന്തര ഉത്പാദന ശേഷി 2,307.6 മെഗാവാട്ട് ആണ്. 41 ജലവൈദ്യുത പദ്ധതികൾ (2096.4 മെഗാവാട്ട്), 2 താപ വൈദ്യുത നിലയങ്ങൾ (160 മെഗാവാട്ട്), സൗരോർജ്ജ പ്ലാന്റുകൾ (49.2 മെഗാവാട്ട് ), 2.0 മെഗാവാട്ടിന്റെ ഒരു കാറ്റാടി പാടം എന്നിവ ഇതിൽ ഉൾപ്പെടുന്നു. വൈദ്യുതി ഉൽപാദനവുമായി ബന്ധപ്പെട്ട

**ചിത്രം 11.2.3** 2023-24 ൽ കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി (ശതമാനത്തിൽ)




അവലംബം: കെ.എസ്.ഇ.ബി.എൽ

**ചിത്രം 11.2.4** കേരളത്തിലെ മൊത്തം സ്ഥാപിത ശേഷി 2023-24 ( മെഗാ വാട്ട്), മേഖല തിരിച്ചുള്ള സംഭാവന (ശതമാനത്തിൽ)




അവലംബം: കെ.എസ്.ഇ.ബി.എൽ

ഉയർന്ന ഉൽപാദനച്ചെലവ് കാരണം, കെഎസ്ഇബി ദൈനംദിന വൈദ്യുതി ആവശ്യങ്ങൾക്കായി താപവൈദ്യുത നിലയങ്ങളെ ആശ്രയിക്കുന്നില്ല. വിശദാംശങ്ങൾ **പട്ടിക 11.2.4** ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.2.4** കെ എസ് ബി എല്ലിന്റെ ആഭ്യന്തര ഉൽപാദന ശേഷി

| ക്രമ നമ്പർ | ഇനം | 31.3.2024 ൽ ഉത്പാദന ശേഷി (മെഗാ വാട്ട്) | 2023–24 ൽ ആകെ ഉല്പാദനം (മില്യൺ യൂണിറ്റ്) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ജല വൈദ്യുതി | 2,096.4 | 5,663.6 |
| 2 | താപവൈദ്യുതി | 160 | 0 |
| 3 | കാറ്റ് | 49.2 | 51.6 |
| 4 | സൗരോർജ്ജം | 2.0 | 1.2 |
| **ആകെ** | | **2,307.6** | **5,716.4** |

അവലംബം: കെ.എസ്.ഇ.ബി.എൽ

നിർമ്മാണത്തിലിരിക്കുന്നതും 203.5 മെഗാ വാട്ട് സ്ഥാപിത ശേഷിയോടു കൂടിയതുമായ കെ എസ് ഇ ബി എൽ ന്റെ ഉടമസ്ഥതയിലുള്ള 9 ജല വൈദ്യുതി പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 11.2.7**ലും കെഎസ്ഇബിയുടെ ഉടമസ്ഥതയിൽ നിലവിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ലിസ്റ്റ് **അനുബന്ധം 11.2.8** ലും നൽകിയിരിക്കുന്നു.

**പ്രസരണം**

2024 മാർച്ച് 31 ആയപ്പോൾ കേരളത്തിൽ 14,724.2 സർക്യൂട്ട് കിലോമീറ്റർ ലൈനുകളും 26,365.7 MVA ട്രാൻസ്ഫോർമേഷൻ കപ്പാസിറ്റിയോടുകൂടിയതുമായ 431 ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകളാണുള്ളത്, അവയിൽ 6 സ്റ്റേഷനുകൾ (1,813.9 സർക്യൂട്ട് കിലോമീറ്റർ)പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ (പിജിസിഐഎൽ ) ഉടമസ്ഥതയിലുള്ളവയാണ്.

2023-24-ൽ, 400 kV(ഒരെണ്ണം), 110 kV (ആറ് എണ്ണം) സബ്സ്റ്റേഷനുകൾ ഉൾപ്പെടുന്ന ഏഴ് EHT (എക്സ്ട്രാ ഹൈ ടെൻഷൻ) സബ്സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു, ഇതിലൂടെ 890.7 MVA കപാസിറ്റിയുള്ള 297.1 സർക്യൂട്ട് കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനുകൾ കൂട്ടിച്ചേർത്തു. കേരളത്തിലെ ആദ്യത്തെ 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ കോട്ടയത്ത് കമ്മീഷൻ ചെയ്തത് പ്രസരണ മേഖലയിലെ മറ്റൊരു പ്രധാന നേട്ടമാണ്. കൂടാതെ, കൊച്ചിയിലും പാലക്കാടുമായി ഡൗൺ സ്ട്രീം വർക്കുകളോടുകൂടി രണ്ട് 500 MVA ഇൻറർകണക്ടിംഗ് ട്രാൻസ്ഫോർമറുകൾ കമ്മീഷൻ ചെയ്തതും സംസ്ഥാനത്തിന്റെ ഇംപോർട്ട് കപാസിറ്റി 1,000 മെഗാവാട്ട് വർധിപ്പിച്ച് മൊത്തം 4,620 മെഗാവാട്ടായി ഉയർത്തുകയുണ്ടായി.

**ട്രാൻസ് ഗ്രിഡ് 2.0**

ഭാവിയിലെ ആവശ്യം നിറവേറ്റുന്നതിനായി വൈദ്യുതി പ്രസരണ ശേഷി വർധിപ്പിക്കുന്നതിനും പ്രസരണം നടത്തുന്ന വൈദ്യുതിയുടെ വിശ്വാസ്യതയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ട്രാൻസ് ഗ്രിഡ് 2.0. പദ്ധതിയുടെ (2017-23) ആദ്യ ഘട്ടത്തിൽ ലക്ഷ്യമിട്ട 12 സബ്സ്റ്റേഷനുകളും ഏകദേശം 1,746 സർക്യൂട്ട് കിലോമീറ്റർ ലൈനുകൾ പൂർത്തിയാക്കിക്കൊണ്ട് കമ്മീഷൻ ചെയ്തു,

2023-24ൽ പൂർത്തികരിച്ച മൊത്തം 7 സബ്സ്റ്റേഷനുകളിൽ ഒരെണ്ണം ട്രാൻസ് ഗ്രിഡ് 2.0. പദ്ധതിയുടെ ഭാഗമായി ഉള്ളതാണ്.

കേരളത്തിന്റെ പ്രസരണ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിക്കുന്ന 2023 മാർച്ച് 31 വരെയുള്ള വിശദാംശങ്ങൾ **അനുബന്ധം 11.2.9** ലും **2023–24** ൽ പൂർത്തിയാക്കിയ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 11.2.10** ലും നൽകിയിരിക്കുന്നു.

**വിതരണം**
2024 മാർച്ച് 31 ആയപ്പോൾ വിതരണ ശൃംഖലയിൽ 70,072 സർക്യൂട്ട് കിലോമീറ്റർ 11 kV, 22 kV ലൈനുകളും 3,10,191 സർക്യൂട്ട് കിലോമീറ്റർ LT ലൈനുകളും 11,905 MVA സ്റ്റെപ് ഡൗൺ കപ്പാസിറ്റിയുള്ള 89,620 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും ഉണ്ട്.

2023-24ൽ വിതരണ മേഖലയിൽ 1297 കിലോമീറ്റർ HTലൈനുകളും 4078 കിലോമീറ്റർ LTലൈനുകളും നിർമ്മിക്കുകയും 2355 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ പുതിയ സർവീസ് കണക്ഷനുകളുടെ എണ്ണം 3,38,864 ആയിരുന്നു. 2023-24ൽ വിതരണ വിഭാഗത്തിൽ ലക്ഷ്യമിട്ടിരുന്ന അടിസ്ഥാന സൗകര്യങ്ങളും നേട്ടങ്ങളും **അനുബന്ധം 11.2.11** ൽ കൊടുത്തിരിക്കുന്നു.

**വൈദ്യുത അപകടങ്ങൾ**
2023-24ൽ സംസ്ഥാനത്ത് ആകെ 362 മനുഷ്യ/മൃഗ ബാധിത വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സംഭവിച്ച മൊത്തം അപകടങ്ങളിൽ ഏകദേശം 56 ശതമാനത്തോളം മനുഷ്യർക്ക് സംഭവിച്ച മാരക അപകടങ്ങളുമായി ബന്ധപ്പെട്ടവയാണ്. വിശദാംശങ്ങൾ **പട്ടിക 11.2.5** ൽ കൊടുത്തിരിക്കുന്നു.

2023-24 വർഷത്തിൽ ഏറ്റവും കൂടുതൽ വൈദ്യുതാഘാതമേറ്റ പാലക്കാട് ജില്ലയിൽ 54 വൈദ്യുത അപകടങ്ങൾ രേഖപ്പെടുത്തി. വൈദ്യുത അപകടങ്ങൾ (49) കൂടുതലുള്ള രണ്ടാമത്തെ ജില്ല തൃശ്ശൂർ ആണ്. ഏറ്റവും കുറവ് അപകട ബാധിത ജില്ല കാസർഗോഡ് (8) ആണ്. സംസ്ഥാനത്തെ കഴിഞ്ഞ 5 വർഷത്തെ വൈദ്യുത അപകടങ്ങളുടെ താരതമ്യം **അനുബന്ധം 11.2.12**-ലും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.2.13**-ലും നൽകിയിരിക്കുന്നു.

**ഊർജ്ജമേഖലയിലെ ഏജൻസികൾ**
കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ), ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്), എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് എന്നീ നാല് ഏജൻസികൾ മുഖേനയാണ് സംസ്ഥാനത്തെ ഊർജ്ജ വികസന പ്രവർത്തനങ്ങൾ മുഖ്യമായും നടപ്പിലാക്കി വരുന്നത്.

**കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ)**
ഇന്ത്യൻ കമ്പനീസ് ആക്ട് 1956 (കേന്ദ്ര നിയമം 1956 ന്റെ ആക്ട് 1) പ്രകാരം സംയോജിക്കപ്പെട്ട പവർ യൂട്ടിലിറ്റി കമ്പനിയാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ). 2003 ലെ ഇലക്ട്രിസിറ്റി ആക്ട്, വകുപ്പ് 131 പ്രകാരം കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ളതാണ് ബോർഡ് എങ്കിലും വകുപ്പ് 131, 133 എന്നിവയുടെ ഉപവകുപ്പ് 2 പ്രകാരം മുൻപുണ്ടായിരുന്ന കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷിപ്തമായിരുന്ന പ്രവർത്തനങ്ങളും, അവകാശങ്ങളും, ബാധ്യതകളും, ഉത്തരവുകളും നിക്ഷിപ്തമാണ്. ഗാർഹിക, കാർഷിക, വ്യാവസായിക ആവശ്യങ്ങൾക്ക് താങ്ങാവുന്ന വിലയിൽ വൈദ്യുതി നൽകുന്നതിനുള്ള ചുമതലയുള്ള ബോർഡ് സംസ്ഥാനത്തെ വൈദ്യുതിയുടെ ഉത്പാദനം, പ്രസരണം,വിതരണം എന്നിവ നടത്തുകയും ചെയ്യുന്നു.

കെ എസ് ഇ ബി യുടെ 2023-24 ലെ പ്രധാനപ്പെട്ട നേട്ടങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

- 2023-24-ൽ കമ്മീഷൻ ചെയ്ത പദ്ധതികൾ – (i) പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി (6 മെഗവാട്ട്) (ii) കേരളത്തിലെ ആദ്യത്തെ 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ ,കോട്ടയം (iii) കൊച്ചിയിലെയും പാലക്കാട്ടെയും പവർ ഗ്രിഡ് കോർപ്പറേഷന്റെ 400 kv സബ്സ്റ്റേഷനുകളിൽ രണ്ട് 500 MVA ഇന്റർകണക്ടിംഗ് ട്രാൻസ്ഫോർമറുകൾ
- പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി ഗ്രിഡിലേക്ക് സമന്വയിപ്പിച്ചതിലൂടെ 6 മെഗാവാട്ട് ശേഷി വർധനവ് ഉണ്ടായി.
- സംസ്ഥാനത്ത് 244.34 മെഗാവാട്ട് സൗരോർജ്ജ ശേഷി വർധനവുണ്ടായി. ഇതിൽ 49.24

**പട്ടിക 11.2.5** 2023-24 ൽ വൈദ്യുത അപകടങ്ങൾ സംഭവിച്ച മനുഷ്യർ/മൃഗങ്ങളുടെ എണ്ണം

| ക്രമ നം | കാരണങ്ങൾ | മനുഷ്യർ | | മൃഗങ്ങൾ | | ആകെ |
|---|---|---|---|---|---|---|
| | | **മാരകം** | **മാരകമല്ലാത്തവ** | **മാരകം** | **മാരകമല്ലാത്തവ** | |
| 1 | കണ്ടക്ടറുകളുടെ സ്നാപ്പിംഗ് | 8 | 9 | 10 | 0 | 27 |
| 2 | ഇലക്ട്രിക് വയർ/ഉപകരണങ്ങളുമായി സമ്പർക്കം | 96 | 39 | 13 | 0 | 148 |
| 3 | സുരക്ഷാ മാർഗ്ഗങ്ങൾ ലംഘിക്കൽ/മേൽ നോട്ടത്തിന്റെ അഭാവം | 13 | 31 | 0 | 0 | 44 |
| 4 | തകരാർ സംഭവിച്ച വീട്ടുപകരണങ്ങൾ | 29 | 7 | 7 | 0 | 43 |
| 5 | പര്യാപ്തമായ അറ്റകുറ്റപ്പണികളുടെ അഭാവം | 0 | 1 | 7 | 0 | 8 |
| 6 | അംഗീകൃതമല്ലാത്ത പ്രവർത്തനങ്ങൾ | 29 | 4 | 3 | 0 | 36 |
| 7 | മറ്റുള്ളവ(താൽക്കാലിക എക്സ്റ്റൻഷനുകൾ, പി&റ്റി ക്രോസിംഗ്, ദുരുപയോഗം ) | 30 | 18 | 8 | 0 | 56 |
| **ആകെ** | | **205** | **109** | **48** | **0** | **362** |

" *.കണക്കുകൾ സൂചിപ്പിക്കുന്നത് അപകടത്തിൽപ്പെട്ടമനുഷ്യരുടെ/മൃഗങ്ങളുടെ എണ്ണമാണ്, അപകടങ്ങളുടെ എണ്ണമല്ല
അവലംബം: ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

മെഗാവാട്ട് പ്ലാപ്ലാന്റുകൾ കെഎസ്ഇബിയുടെ ഉടമസ്ഥതയിലുള്ളവയാണ്.

- വിതരണ മേഖലയിൽ, 1297 കിലോമീറ്റർ HT ലൈനുകളും 4078 കിലോമീറ്റർ LTലൈനുകളും നിർമ്മിച്ചു.
- ദാരിദ്ര്യ രേഖക്ക് താഴെയുള്ള 18,637 കുടുംബങ്ങളുടെയും 15 ആദിവാസി കോളനികളുടെയും വൈദ്യുതീകരണം പൂർത്തിയാക്കി.
- പ്രത്യേക ദുർബല വിഭാഗത്തിലുൾപ്പെടുന്ന (PVTG) ട്രൈബൽ ഗ്രാമങ്ങൾ, ആവാസസ്ഥലങ്ങൾ, വീടുകൾ എന്നിവിടങ്ങളിലെ വൈദ്യുതി വിതരണത്തിലെ വിടവുകൾ പരിഹരിക്കാനുള്ള പദ്ധതിയായ പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാന്റെ (PM JANMAN) കീഴിൽ 238 വീടുകളിൽ വൈദ്യുതീകരണം പൂർത്തിയാക്കി.
- "നിലാവ്" പദ്ധതിയുടെ കീഴിൽ ആകെ 4193 തെരുവ് വിളക്കുകൾ സ്ഥാപിച്ചു.
- 2023-24 കാലയളവിൽ എട്ട് സൈറ്റുകളിലായി 5,300 അഗ്രികൾച്ചറൽ പമ്പുകൾക്ക് പ്രയോജനപ്രദമാകും വിധം 1.3 മെഗാവാട്ട് ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളുടെ ഇൻസ്റ്റാളേഷൻ PM KUSUM പദ്ധതിക്ക് കീഴിൽ പൂർത്തിയായി.
- 2023-24ൽ ദ്യുതി 2 പദ്ധതിയുടെ 754.00 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായി.
- സൗര പ്രോജക്ടിന് കീഴിൽ യഥാക്രമം ഒന്നാം ഘട്ടത്തിന്റെ ഭാഗമായി 1.26 മെഗാവാട്ട് ശേഷിയുള്ള 151 ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റുകളും (നോൺ സബ്സിഡി പദ്ധതി) രണ്ടാം ഘട്ടത്തിൽ (സബ്സിഡി പദ്ധതി) 53.6 മെഗാവാട്ട് ശേഷിയുള്ള 13841 പ്ലാന്റുകളും കമ്മീഷൻ ചെയ്തു.
- ആന്റിപവർ തെഫ്റ്റ് സ്ക്വാഡ് (APTS) 32062 പരിശോധനകൾ നടത്തി.
- ഉപഭോക്താക്കൾക്ക് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും, സേവനങ്ങൾക്കായും ഫോൺ കോളിലൂടെയും വാട്ട്സ്ആപ്പ് വഴിയും ബില്ലിംഗ് വിവരങ്ങൾ നേടുന്നതിനുമായി ക്ലൗഡ് ടെലിഫോണി സേവനങ്ങൾ നടപ്പിലാക്കി.
- ഉപഭോക്താക്കൾക്ക് അവരുടെ ഭവനങ്ങളിൽ നിന്ന് തന്നെ വൈദ്യുതി ചാർജുകൾ അടയ്ക്കുന്നതിന് സൗകര്യമൊരുക്കുന്ന POS (പോയിന്റ് ഓഫ് സെയിൽ) ഫീച്ചറുള്ള സ്പോട്ട് ബില്ലിംഗ് മെഷീനുകൾ പ്രാബല്യത്തിൽ വന്നു.
- വൈദ്യുതി വിച്ഛേദിക്കുന്ന തീയതിക്ക് ഒരു ദിവസം മുമ്പ് ഉപഭോക്താക്കൾക്ക് അലർട്ടുകൾ നൽകുന്നതിനായി ഓട്ടോമേറ്റഡ് വോയ്സ് കോൾ ബാക്ക് സൗകര്യം "VOICE BLAST" നടപ്പിലാക്കി.
- ഇവി ചാർജിംഗ് സ്റ്റേഷനുകൾ കൈകാര്യം ചെയ്യുന്നതിലേക്കായി "KEMapp" (കേരള ഇ-മൊബിലിറ്റി ആപ്ലിക്കേഷൻ) ആരംഭിച്ചു
- ഊർജ സംരക്ഷണ മേഖലയിലെ മികച്ച പ്രവർത്തനത്തിനുള്ള കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ അവാർഡ് 2023, ഇ മൊബിലിറ്റി മേഖലയിൽ "KEMapp" വികസിപ്പിച്ചതിന് 2024-ലെ ISGF ഇന്നൊവേഷൻ അവാർഡ് എന്നിവ കെഎസ്ഇബി ക്ക് ലഭിച്ചു.

**അനർട്ട്**

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയം ഭരണ സ്ഥാപനമാണ് ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി(അനർട്ട്). സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ, ഗ്രാമീണ സാങ്കേതിക വിദ്യകൾ എന്നിവ നടപ്പാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള നോഡൽ ഏജൻസിയായ അനെർട്ട്, പുനരുപയോഗ ഊർജവും ഇ-മൊബിലിറ്റിയും ഉൾപ്പെടെ സർക്കാർ സ്ഥാപനങ്ങളിൽ കാർബൺ ന്യൂട്രൽ ഗവേണൻസ് എന്ന ആശയം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. കേന്ദ്രസർക്കാർ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജിയുടെ (എം. എൻ.ആർ.ഇ) കേരളത്തിലെ നോഡൽ ഏജൻസി കൂടിയാണ് ഈ സ്ഥാപനം. അനർട്ടിന്റെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്:

**I. റൂഫ് സോളാർ പദ്ധതികൾ**

- സോളാർ സിറ്റി പദ്ധതി: - സ്മാർട്ട് സിറ്റിയുടെ ധനസഹായത്തോടെ സോളാർ സിറ്റി പദ്ധതിക്ക് കീഴിൽ, തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ 514 പൊതു കെട്ടിടങ്ങളിൽ ളിൽ മൊത്തം 17.1 മെഗാവാട്ട് ശേഷിയോടുകൂടിയ പ്ലാന്റുകൾ സ്ഥാപിച്ചു. ഈ സംരംഭത്തിലൂടെ ഏകദേശം 68,800 പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.
- വൈദ്യുതീകരിക്കാത്ത ട്രൈബൽ ഹാംലെറ്റുകളുടെ സൗരോർജ്ജം ഉപയോഗിച്ചു കൊണ്ടുള്ള വൈദ്യുതീകരണം:- പാലക്കാട് ജില്ലയിലെ 3 ഹാംലെറ്റുകളിൽ പദ്ധതി നടപ്പിലാക്കി. 60 വീടുകൾ വൈദ്യുതീകരിക്കുന്നതിനായി ഓരോ വീടുകളിലും 1 kW ശേഷിയുള്ള സോളാർ പാനലുകളും 500 വാട്ട് ശേഷിയുള്ള കാറ്റാടി ടർബൈനുകളും ഉൾക്കൊള്ളുന്ന ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഈ പ്രദേശത്ത് 20 സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തു.
- റെസ്കോ പ്രോജക്റ്റ്: - റെസ്കോ പദ്ധതി പ്രകാരം കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള നാല് സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ (600 കിലോവാട്ട് ശേഷി) സ്ഥാപിച്ചു.
- ഗ്രീൻ ഇൻകം പ്രോജക്ട്:- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഗ്രിഡുമായി ബന്ധിപ്പിച്ച സോളാർ പവർ പ്ലാന്റുകൾ സബ്സിഡിയോടെ നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ഗ്രീൻ ഇൻകം പദ്ധതിക്ക് കീഴിൽ 632 ലൈഫ് മിഷൻ വീടുകൾ സൗരോർജ്ജം ഉപയോഗിച്ചു വൈദ്യുതീകരിച്ചു. ഇവയിൽ 379 ഗുണഭോക്താക്കൾ വനിതകളുടെ ഉടമസ്ഥതയിലുള്ള വീടുകളാണ്.
- പാലക്കാട് ജില്ലയിലെ വേലംതാവളത്തും പെരുമാട്ടി പഞ്ചായത്ത് മാർക്കറ്റിലെ കമ്പളത്തറ അഗ്രോ പ്രോസസിങ് യൂണിറ്റിലും 10 മെട്രിക് ടൺ ശേഷിയുള്ള സോളാർ കോൾഡ് സ്റ്റോറേജ് സിസ്റ്റം സ്ഥാപിച്ചു.
- അങ്കണവാടികൾ സൗരോർജ്ജവല്ക്കരിക്കൽ :- പാലക്കാട് ജില്ലയിലെ ചിറ്റൂർ നിയോജകമണ്ഡലത്തിലെ 151 അങ്കണവാടികളിൽ 2 കിലോവാട്ട് വീതം ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു.
- റിന്യൂവബിൾ എനർജി പ്രോജക്ടുകൾ ഡെപ്പോസിറ്റ് വർക്ക് ആയി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ സർക്കാർ സ്ഥാപനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മൊത്തം 1.5 മെഗാവാട്ട് SPV പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതികളിൽ 1.3

മെഗാവാട്ട് ഓൺഗ്രിഡ് സിസ്റ്റം, 38.5 kW ഓഫ്ഗ്രിഡ് സിസ്റ്റം, 130.5 kW ഹൈബ്രിഡ് സിസ്റ്റം എന്നിവ ഉൾപ്പെടുന്നു, കൂടാതെ മൊത്തം 270 സോളാർ തെരുവ് വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്.

**II. ഇ–മൊബിലിറ്റി പ്രോജക്ട്കൾ**

- ഇ-കാർ പ്രോജക്ടിന്റെ ലീസ് കോണ്ട്രാക്റ്റ് പ്രകാരം 22 വകുപ്പുകളിലും 50 ഓഫീസുകളിലുമായി ആകെ 194 വാഹനങ്ങൾ സർക്കാർ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.
- സംസ്ഥാനത്തുടനീളം 19 പബ്ലിക് ഇവി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു.
- ഭാരത സർക്കാർ ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസ് ലിമിറ്റഡിന്റെ (ഇഇഎസ്എൽ) പിന്തുണയോടെ സർക്കാർ സ്ഥാപനങ്ങളിൽ 2 പബ്ലിക് ഇവി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു.
- സംസ്ഥാനത്തുടനീളം ദേശീയ പാതകൾക്ക് സമീപമുള്ള സർക്കാർ സ്ഥാപനങ്ങളിലും മെട്രോ സ്റ്റേഷനുകളിലും 4 സോളാർ പവർ ഇവി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു.

**III. പിഎം കുസും പ്രോജക്റ്റ്:** പ്രധാനമന്ത്രി കിസാൻ ഊർജ സുരക്ഷാ ഏവം ഉത്താൻ മഹാഭിയാൻ (പിഎം കുസും) പ്രോജക്റ്റിന് കീഴിൽ 1 ലക്ഷം കാർഷിക പമ്പുകൾ സോളറൈസ് ചെയ്യാൻ അനർട്ട് ലക്ഷ്യമിടുന്നു, ഇത് ഏകദേശം 570 MU അധിക ഊർജ്ജം ഉത്പാദിപ്പിക്കുന്നു. 2023-24-ൽ, ഈ പദ്ധതിക്ക് കീഴിൽ 5 ജില്ലകളിലായി 2,481 kW ഉത്പാദിപ്പിക്കുന്ന ആകെ 676 പമ്പുകൾ സ്ഥാപിച്ചു.

**എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി)**

സംസ്ഥാനത്ത് ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി നിയോഗിച്ചിട്ടുള്ള ഏജൻസിയാണ് എനർജി മാനേജ്മെന്റ് സെന്റർ (ഇ എം സി). ചെറുകിട/ഇടത്തര/ സൂക്ഷ്മ ജല വൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതും ഇഎംസി ആണ്. സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വൈദ്യുതി വകുപ്പിന് കീഴിൽ രൂപീകരിച്ച സ്മാൾ ഹൈഡ്രോ പ്രൊമോഷൻ (എസ്.എച്ച്.പി.)സെൽ ഇ.എം.സിയുമായി ചേർന്ന് പ്രവർത്തിക്കുന്നു. 2023-24 ലെ ഇ എം സി യുടെ പ്രധാന നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

- കമ്മീഷൻ ചെയ്ത പദ്ധതികൾ : ഇടുക്കി ജില്ലയിലെ മുക്കുടം ചെറുകിട ജലവൈദ്യുത പദ്ധതിയും (4 മെഗാവാട്ട്) കണ്ണൂർ ജില്ലയിലെ ഏഴാംകടവ് (350 കിലോവാട്ട്) ചെറുകിട ജലവൈദ്യുത പദ്ധതിയും
- ഇ എം സി യുടെ പ്രവർത്തനഫലമായി ഊർജ്ജ കാര്യക്ഷമത സൂചികയിൽ ദേശീയ തലത്തിൽ സംസ്ഥാനത്തിന് രണ്ടാം സ്ഥാനം നേടാൻ സാധിച്ചു.
- ഇഎംസിയുടെ വിവിധ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് 623 MU വൈദ്യുതി ലാഭിക്കുന്നതിന് കാരണമായി.
- വിവിധ ആശുപത്രികൾ, സർക്കാർ കെട്ടിടങ്ങൾ, പിഡബ്ല്യുഡി റെസ്റ്റ് ഹൗസുകൾ, എംഎസ്എംഇ യൂണിറ്റുകൾ എന്നിവിടങ്ങളിലായി മൊത്തം 611 എനർജി ഓഡിറ്റുകൾ നടത്തി.
- ഗ്രാമീണ മേഖലയിലെ വനിതകളുടെ ഉന്നമനത്തിനായി ഇലക്ട്രിക് സൈക്കിളുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയായ "ഇലക്ട്രിക് സൈക്കിളിലൂടെ (STREE) ഗ്രാമീണ സംരംഭകർക്ക് സുസ്ഥിര ഗതാഗതം" എന്ന പേരിൽ ഒരു പൈലറ്റ് പദ്ധതി ആരംഭിച്ചു
- കെട്ടിടങ്ങളിലെ ചൂട് ലഘൂകരിക്കാനുള്ള ഒരു ഉപാധിയായി കൂൾ റൂഫിംഗ് സാങ്കേതികവിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയായ കൂൾ റൂഫ് പ്രോജക്റ്റ് ആരംഭിച്ചു.
- ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഓഫ് കേരള 2024 ന്റെ ഭാഗമായി കേരള സ്റ്റേറ്റ് സ്റ്റുഡൻസ് എനർജി കോൺഗ്രസ് -2024 സംഘടിപ്പിച്ചു.
- വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ ശീലങ്ങൾ വളർത്തിയെടുക്കുന്നതിനായി വിദ്യാലയങ്ങളിൽ എനർജി ക്ലബ്ബുകൾ ആരംഭിച്ചു, മൊത്തം 6,639 സ്കൂളുകൾ PMS (പ്രോഗ്രാം മാനേജ്മെന്റ് സിസ്റ്റം) പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- കേരളത്തിലുടനീളമുള്ള സാങ്കേതിക സ്ഥാപനങ്ങളിലെ യുവതലമുറയുടെ ആശയങ്ങൾ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തുടനീളമുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ "സെന്റർ ഫോർ എനർജി സ്റ്റഡീസ് (CES)" ആരംഭിച്ചു. 11 ജില്ലകളിലെ 32 എഞ്ചിനീയറിംഗ് കോളേജുകളും 2 പോളിടെക്നിക് കോളേജുകളും ഉൾപ്പെടെയുള്ള 34 സ്ഥാപനങ്ങൾ നിലവിൽ പദ്ധതിയിൽ ഉൾപ്പെടുന്നു.
- ഇഎംസി യുടെ എനർജി മീറ്റർ കാലിബ്രേഷൻ ലാബ് മൊത്തം 4,451 വ്യത്യസ്ത തരം ഊർജ്ജ മീറ്ററുകൾ കാലിബ്രേറ്റ് ചെയ്തു
- 1623 ബോധവൽക്കരണ / പരിശീലന പരിപാടികൾ സംഘടിപ്പിച്ചു, അതിൽ 24 പരിപാടികൾ വനിതകൾക്കായി സംഘടിപ്പിച്ചവയാണ്.

**ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്**

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന്റെ കീഴിലാണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയും (എംടിഎസ്ൽ) പ്രവർത്തിക്കുന്നത്. സുരക്ഷാ പരിശോധനകൾ നടത്തുന്നതും ഹൈടെൻഷൻ/എക്സ്ട്രാ ഹൈടെൻഷൻ, മീഡിയം വോൾട്ടേജ് ഇൻസ്റ്റലേഷൻ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ആണ്. വിവിധ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ പരിശോധന, കാലിബറേഷൻ എന്നിവ നടത്തുക എന്നതാണ് മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എംടിഎസ്ൽ) യുടെ ലക്ഷ്യം. സംസ്ഥാനത്ത് സംഭവിക്കുന്ന എല്ലാ ഇലക്ട്രിക്കൽ അപകടങ്ങളും ഈ വകുപ്പ് പരിശോധിക്കുകയും ചെയ്യുന്നു.

**2023–24 ലെ നേട്ടങ്ങൾ**

- വകുപ്പിന്റെ ബോധവൽക്കരണ പരിപാടികളിലൂടെ ഇൻസ്റ്റാളേഷനുകളിൽ നിന്നുള്ള വൈദ്യുത അപകടങ്ങളുടെ എണ്ണം കുറഞ്ഞു.
- മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ് ലബോറട്ടറിയിൽ നിന്നും റീജിയണൽ ലാബുകളിൽ നിന്നും 5.7 കോടി രൂപ പരിശോധനാ ഫീസായി ലഭിച്ചിട്ടുണ്ട്.
- എട്ട് റീജിയണൽ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികൾക്ക്

ഊർജ്ജ പാരാമീറ്ററുകളിൽ ഇലക്ട്രോ ടെക്നിക്കൽ കാലിബ്രേഷൻ വേണ്ടി NABL അക്രഡിറ്റേഷൻ ലഭിച്ചു.
- 2023-24ൽ വകുപ്പിൽ നിന്ന് 98.6 കോടി രൂപ വരുമാനമായി ലഭിച്ചു.

### ഈ മേഖലയുടെ 2023–24 ലെ സാമ്പത്തിക നേട്ടം

ഊർജ്ജ വകുപ്പിന് കീഴിലുള്ള എല്ലാ ഏജൻസികളുടെയും 2023-24, 2024-25 വർഷങ്ങളിലെ (2024 ഒക്ടോബർ 15 വരെ) പദ്ധതി വിഹിതവും ചെലവും **പട്ടിക 11.2.6** ൽ കാണിച്ചിരിക്കുന്നു. 2023-24ൽ ബജറ്റ് വിഹിതമായ 1,158.1 കോടി രൂപയിൽ 1,033.1കോടി രൂപ (89.2 ശതമാനം) ചെലവായി.

### ഉപഭോക്തൃ പരാതി പരിഹാര ഫോറങ്ങൾ (CGRF)

സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ ചട്ടങ്ങൾക്കനുസരിച്ച് കെഎസ്ഇബി മൂന്ന് CGRF രൂപീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കൾ ഫോറത്തിന് മുമ്പാകെ അവതരിപ്പിക്കുന്ന പരാതികളുമായി ബന്ധപ്പെട്ട് ഉത്തരവുകൾ പുറപ്പെടുവിക്കാൻ ഫോറത്തിന് സ്വതന്ത്രമായ അധികാരമുണ്ട്. 2023-24 കാലയളവിൽ ഈ ഫോറങ്ങൾ തീർപ്പാക്കിയത് 335 ഹർജികളാണ്.

### കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC)

സംസ്ഥാനത്തിന്റെ വൈദ്യുതി മേഖലയിൽ സുതാര്യവും വസ്തുനിഷ്ഠവുമായ ഒരു നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിന് ഉത്തരവാദിത്തമുള്ള ഒരു അർദ്ധ ജുഡീഷ്യൽ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ. സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം, വിതരണം, പ്രസരണം, ചില്ലറ വിൽപ്പന എന്നിവയ്ക്കുള്ള താരിഫ് നിർണ്ണയിക്കുക എന്നതാണ് കമ്മിഷന്റെ പ്രധാന ചുമതല. സംസ്ഥാനത്തെ വിതരണ ലൈസൻസികളുടെ പവർ പർച്ചേസ്, കരാറുകളുടെ അംഗീകാരം, ലൈസൻസികൾ/ജനറേറ്റിംഗ് കമ്പനികൾ എന്നിവ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കൽ, താരിഫുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, 2003 ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരമുള്ള നഷ്ടപരിഹാരം നിർണ്ണയിക്കൽ തുടങ്ങിയ മറ്റ് പ്രവർത്തനങ്ങളും കമ്മീഷനിൽ നിക്ഷിപ്തമാണ്.

### ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ

ഉപഭോക്തൃ പരാതി പരിഹാര ഫോറം അവരുടെ പരാതികൾ പരിഹരിക്കാത്തതിനാൽ ബുദ്ധിമുട്ടുന്ന ഉപഭോക്താക്കളുടെ പരാതികൾ തീർപ്പാക്കാൻ 2003 ലെ ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 42-ലെ ഉപവകുപ്പ് (6) പ്രകാരം കമ്മീഷൻ നിയമിച്ചിട്ടുള്ള അധികാരിയാണ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ.

### ഊർജ്ജ മേഖലയിലെ വെല്ലുവിളികൾ

- ഊർജ്ജത്തിന്റെ വർദ്ധിച്ച ആവശ്യകത: - ഊർജ്ജ ആവശ്യകതയുടെ 30 ശതമാനം നിറവേറ്റുന്നതിനു മാത്രം പര്യാപ്തമാണ് സംസ്ഥാനത്തിനകത്തുള്ള ഊർജ്ജ സ്ഥാപിത ശേഷി. ആയതിനാൽ ഊർജ്ജ ആവശ്യകത കൂടുതലുള്ള സമയങ്ങളിൽ 500-1000 മെഗാവാട്ടിന്റെ കുറവുണ്ട്. ഈ വെല്ലുവിളി അഭിമുഖീകരിക്കേണ്ടതുണ്ട്.
- സൗരോർജ്ജം ഉൾപ്പെടെ പുനരുപയോഗിക്കാവുന്ന സ്രോതസ്സുകളിൽ നിന്ന് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യത കേരളത്തിനുണ്ട്. എങ്കിലും ഉൽപ്പാദിപ്പിക്കുന്ന പുനരുപയോഗ ഊർജ്ജം പവർ ഗ്രിഡുമായി (സുസ്ഥിരതയെ ബാധിക്കാതെ) സംയോജിപ്പിക്കുന്നതും അതിന്റെ സംഭരണവും സമീപഭാവിയിൽ ശ്രദ്ധ ചെലുത്തേണ്ട വിഷയങ്ങളാണ്.
- ചാർജിംഗ് സ്റ്റേഷനുകളുടെ അഭാവം ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നത് തടസപ്പെടുത്തുന്ന ഒരു ഘടകമാണ്.

### മുന്നോട്ട്

വൈദ്യുതി ആവശ്യകത ഏറ്റവും അധികമായ സമയത്തും തീവ്ര കാലാവസ്ഥയിലും വൈദ്യുതി വിതരണത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് ആവശ്യമാണ്. വൈദ്യുതിയുടെ വിതരണവും ആവശ്യകതയും സന്തുലിതമാക്കുന്നതിന് സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദന ശേഷി വർധിപ്പിക്കുക, പുനരുപയോഗ ഊർജ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുക, വൈദ്യുതി വാങ്ങുന്നതിനായുള്ള നടപടികൾ എന്നിവ ആവശ്യമാണ്. സംസ്ഥാനത്തിനകത്ത് ലഭ്യമായ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുന്നതിനും അവ പ്രയോജനപ്പെടുത്തുന്നതിനുമായി ഗവേഷണ വികസന അധിഷ്ഠിത സമീപനത്തിലേക്ക് സംസ്ഥാനം നീങ്ങേണ്ടതുണ്ട്. 2050-ഓടെ സംസ്ഥാനം കാർബൺ ന്യൂട്രൽ ആക്കുന്നതിനും 2040-ഓടെ പുനരുപയോഗ ഊർജ്ജത്തിലേക്ക് മാറ്റുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നതിനാൽ ഇത് വളരെ പ്രാധാന്യമർഹിക്കുന്നു.

**പട്ടിക 11.2.6** പദ്ധതി വിഹിതവും ചെലവുകളും - വാർഷിക പദ്ധതി 2023-24, 2024-25 (രൂപ കോടിയിൽ )

| ക്രമ നമ്പർ | വകുപ്പ്/ ഏജൻസി | വാർഷിക പദ്ധതി 2023–24 | | | വാർഷിക പദ്ധതി 2024–25 | | |
|---|---|---|---|---|---|---|---|
| | | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ്* | ശതമാനം |
| 1 | കെ.എസ്.ഇ.ബി.എൽ | 1,094.6 | 1,013.5 | 92.6 | 1,088.8 | 1.2 | 0.1 |
| 2 | അനെർട്ട് | 49.0 | 15.5 | 31.5 | 50.2 | 8.2 | 16.3 |
| 3 | ഇ.എം.സി | 9.1 | 1.8 | 19.9 | 6.6 | 0 | 0 |
| 4 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 5.4 | 2.3 | 41.9 | 5.2 | 0.7 | 13.0 |
| | **ആകെ** | **1,158.1** | **1,033.1** | **89.2** | **1,150.8** | **10.1** | **0.9** |

*ഒക്ടോബർ 15, 2024 വരെ
അവലംബം: പ്ലാൻ സ്പേസ്

## 11.3 വാർത്താവിനിമയം

**ടെലികമ്മ്യൂണിക്കേഷൻസ്**

ടെലികമ്മ്യൂണിക്കേഷൻ ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക വികസനത്തെ പിന്തുണയ്ക്കുകയും ഗ്രാമ-നഗര ഡിജിറ്റൽ വിഭജനം ചുരുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുകയും ചെയ്തിട്ടുണ്ട്. 2030-ലെ സുസ്ഥിര വികസനത്തിനായുള്ള ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന അജണ്ടയുമായി (SDGs) ഇതിന് നിരവധി ബന്ധങ്ങളുണ്ട്. ഉപഭോക്താകളുടെ അനുദിനം വർദ്ധിച്ചുവരുന്ന ആവശ്യങ്ങളുടെയും, അതിനുതകുന്ന പുതിയ നയങ്ങളുടെയും പിൻബലത്തിൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ടെലികോം മേഖല അഭൂതപൂർവമായ വളർച്ച കാഴ്ചവച്ചു. 2024 മാർച്ച് വരെ 1.20 ബില്യൺ വരിക്കാർ ഉള്ള (വയർലെസ് + വയർ ലൈൻ വരിക്കാർ) ഇന്ത്യയിലെ ടെലികോം വ്യവസായം ലോകത്തിലെ രണ്ടാമത്തെ വലിയ ടെലികോം വ്യവസായമാണ്. (അവലംബം : ഇന്ത്യൻ ടെലികോം സേവന പ്രകടന സൂചകങ്ങൾ, മാർച്ച് 2024, ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ(ട്രായ്))

ടെലിസാന്ദ്രത ടെലികോം വ്യാപനത്തിന്റെ ഒരു പ്രധാന സൂചകമാണ് (100 പേരിൽ ആകെയുള്ള ടെലിഫോൺ ഉപഭോക്താക്കളുടെ എണ്ണം) 2024 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം ഇന്ത്യയുടെ ആകെ ടെലി സാന്ദ്രത 85.7 ശതമാനമാണ്, ഇതിൽ ഗ്രാമീണ മേഖലയിലെ ടെലിസാന്ദ്രത 59.2 ശതമാനവും നഗര മേഖലയിലെ ടെലിസാന്ദ്രത 133.7 ശതമാനവുമാണ്. (അവലംബം : ഇന്ത്യൻ ടെലികോം സേവന പ്രകടന സൂചകങ്ങൾ, മാർച്ച് 2024, ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ(ട്രായ്))

2024 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം, ആകെ 4.37 കോടി ടെലിഫോൺ കണക്ഷനുകളാണ് കേരളത്തിലുള്ളത്. ഇത് രാജ്യത്തെ മൊത്തം ടെലിഫോൺ കണക്ഷനുകളുടെ 3.64 ശതമാനമാണ്. 2023 മാർച്ചിൽ 13.81 ലക്ഷമായിരുന്ന സംസ്ഥാനത്തെ വയർ ലൈൻ കണക്ഷനുകളുടെ എണ്ണം 2024 മാർച്ച് ആയപ്പോഴേക്കും 11.5 ശതമാനം വാർഷിക വളർച്ച രേഖപ്പെടുത്തിക്കൊണ്ട് 15.4 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ, ഇതേ കാലയളവിൽ മൊബൈൽ (വയർലെസ്) കണക്ഷനുകളുടെ എണ്ണം 4.24 കോടിയിൽ നിന്ന് 4 കോടിയായി കുറയുകയാണുണ്ടായത്. 2024 മാർച്ചിൽ സംസ്ഥാനത്തിന്റെ ടെലി സാന്ദ്രത 121.7 ശതമാനമാണ്, ഇതിൽ ഗ്രാമീണ ടെലി സാന്ദ്രത 239.6 ശതമാനവും നഗര ടെലി സാന്ദ്രത 87.6 ശതമാനവുമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഗ്രാമീണ ടെലിസാന്ദ്രതയുള്ള സംസ്ഥാനമാണ് കേരളം. ഗ്രാമീണ ടെലിസാന്ദ്രതയുടെ കാര്യത്തിൽ രണ്ടാം സ്ഥാനത്തുള്ള ഇന്ത്യൻ സംസ്ഥാനം ഗോവയാണ്(234.3 ശതമാനം) (അവലംബം : ഇന്ത്യൻ ടെലികോം സേവന പ്രകടന സൂചകങ്ങൾ, മാർച്ച് 2023 & 2024, ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ(ട്രായ്))

സംസ്ഥാനത്ത് ഇന്റർനെറ്റ്, ബ്രോഡ്ബാൻഡ് എന്നിവയുടെ വളർച്ചയ്ക്ക് സർക്കാർ അതീവ പ്രാധാന്യം നൽകിയിട്ടുണ്ട്. ഇത് ഇന്റർനെറ്റ് ട്രാഫിക്കിൽ ത്വരിതഗതിയിലുള്ള വളർച്ചയ്ക്കും കാരണമായിട്ടുണ്ട്. കേരളത്തിലെ ഇന്റർനെറ്റ് കണക്ഷനുകൾ 2023 മാർച്ചിൽ 89.00 ദശലക്ഷത്തിൽ നിന്ന് 5.3 ശതമാനം വാർഷിക വളർച്ച രേഖപ്പെടുത്തിക്കൊണ്ട് 2024 മാർച്ചിൽ 93.73 ദശലക്ഷമായി ഉയർന്നു. സംസ്ഥാനത്തെ ടെലി സാന്ദ്രതയിൽ പ്രകടമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ 100 പേരിൽ ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം പരിശോധിച്ചാൽ 2023 മാർച്ചിൽ 171.2 ആയിരുന്നത് 2024 മാർച്ചിൽ 197.7 ആയി ഉയർന്നു. അതുപോലെ നഗരപ്രദേശങ്ങളിലെ വരിക്കാരുടെ എണ്ണവും ഇതേ കാലയളവിൽ 62.1 ൽ നിന്ന് 63.7 ആയി ഉയർന്നിട്ടുണ്ട്. (അവലംബം : ഇന്ത്യൻ ടെലികോം സേവന പ്രകടന സൂചകങ്ങൾ, മാർച്ച് 2023 & 2024, ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ(ട്രായ്))

**ടെലിഫോൺ വരിക്കാരുടെ വിവരങ്ങൾ**

വരിക്കാരുടെ എണ്ണത്തിൽ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ടെലികോം മേഖലയാണ് ഇന്ത്യൻ ടെലികോം വ്യവസായം. പ്രാപ്യമായ താരിഫുകൾ, വിപുലമായ സേവന ലഭ്യത, 3G,4G,5G പോലുള്ള പുതിയ സൗകര്യങ്ങളുടെയും സേവനങ്ങളുടെയും വ്യാപനം, വരിക്കാരുടെ സേവന ഉപഭോഗ രീതികളിൽ വന്ന


മാറ്റം, കാര്യക്ഷമമായ നിയന്ത്രണ സംവിധാനങ്ങൾ തുടങ്ങിയ നിരവധി ഘടകങ്ങളുടെ ഫലമായി കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഈ മേഖല ഗണ്യമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു വരുന്നു.

ഇന്ത്യയിൽ, 2024 മാർച്ച് അവസാനത്തോടെ നഗര മേഖലയിലെ ടെലിഫോൺ വരിക്കാരുടെ എണ്ണം 665.38 ദശലക്ഷമായി വർദ്ധിച്ചു, മുൻ വർഷം ഇത് 653.71 ദശലക്ഷമായിരുന്നു. ഗ്രാമീണ ടെലിഫോൺ വരിക്കാരുടെ എണ്ണത്തിന്റെ കാര്യത്തിലും വർദ്ധനവുണ്ട്. അതായത്, 2023 മാർച്ചിൽ 518.63 ദശലക്ഷം ഗ്രാമീണ വരിക്കരുണ്ടായിരുന്നത് 2024 മാർച്ച് അവസാനത്തോടെ 533.90 ദശലക്ഷമായി വർദ്ധിച്ചു. ഇപ്രകാരം, നഗര, ഗ്രാമീണ ടെലിഫോൺ വരിക്കാരുടെ എണ്ണത്തിലെ വാർഷിക വളർച്ചാനിരക്ക് യഥാക്രമം 1.8 ശതമാനവും 2.9 ശതമാനവുമാണ്. 2023 മാർച്ചിൽ 84.5 ആയിരുന്ന ഇന്ത്യയുടെ ആകെ ടെലി സാന്ദ്രത 2024 മാർച്ചോടുകൂടി 85.7 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. നഗര ടെലി സാന്ദ്രതയും ഇതേ കാലയളവിൽ 2023 മാർച്ചിലെ 133.8 ശതമാനത്തിൽ നിന്ന് 2024 മാർച്ചിൽ 133.7 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഗ്രാമീണ ടെലി സാന്ദ്രത 2023 മാർച്ചിൽ 57.7 ശതമാനത്തിൽ നിന്ന് 2024 മാർച്ചിൽ 59.2 ശതമാനമായി വർദ്ധിച്ചു.

2024 മാർച്ച് വരെ കേരളത്തിലെ മൊത്തം വയർലെസ് വരിക്കാരുടെ എണ്ണം 4,22,57,239ആണ്, അതിൽ 1,36,45,704 എണ്ണം ഉപഭോക്താക്കളുള്ള വോഡഫോൺ ഐഡിയ(VI)യാണ് ഏറ്റവും വലിയ വയർലെസ് കണക്ഷൻ ദാതാവ്. 1,09,83,541 വരിക്കാരുള്ള റിലയൻസ്ജിയോ ആണ് രണ്ടാം സ്ഥാനത്ത്. ബി.എസ്.എൻ.എൽ-ന് 90,49,332 വരിക്കാരും ഭാരതി എയർടെല്ലിന് (ടാറ്റ ടെലി സേവനങ്ങൾ ഉൾപ്പെടെ) 85,78,649 വരിക്കാരുമാണുള്ളത്. റിലയൻസ് കമ്മ്യൂണിക്കേഷന് ആകെ 13 വരിക്കാർ മാത്രമാണുള്ളത്. വിവിധ വയർലെസ് സേവന ദാതാക്കളുടെ വിപണി വിഹിതം **ചിത്രം 11.3.1**. ൽ നൽകിയിരിക്കുന്നു.


സംസ്ഥാനത്തെ ആകെ വയർലൈൻ വരിക്കാരുടെ എണ്ണം 2024 മാർച്ച് വരെയുള്ള കണക്കുകൾ അനുസരിച്ച് 15, 39,233 ആണ്. 10,86,029 കണക്ഷനുകളുള്ള ബി.എസ്.എൻ.എൽ ആണ് ഏറ്റവും വലിയ വയർലൈൻ സേവന ദാതാവ്. 3,19,207 വരിക്കാരുള്ള റിലയൻസ് ജിയോ ആണ്

**ചിത്രം 11.3.1.** വയർലെസ് സേവന ദാതാക്കളുടെ(മുൻ നിരയിലുള്ള നാല് ) വിപണി വിഹിതം




അവലംബം: ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ട്രായ്) പ്രസിദ്ധീകരണം,2024

**ചിത്രം 11.3.2.** വയർലൈൻ സേവന ദാതാക്കളുടെ വിപണി വിഹിതം




അവലംബം: ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ട്രായ്) പ്രസിദ്ധീകരണം,2024

രണ്ടാം സ്ഥാനത്ത് . 3,045 കണക്ഷനുകൾ മാത്രമുള്ള റിലയൻസ് കമ്മ്യൂണിക്കേഷൻസ് ആണ് ഏറ്റവും കുറഞ്ഞ വരിക്കാരുള്ള വയർലൈൻ ടെലികോം സേവന ദാതാവ്. വിവിധ വയർലൈൻ സേവന ദാതാക്കളുടെ വിപണി വിഹിതം **ചിത്രം 11.3.2** ൽ നൽകിയിരിക്കുന്നു.

### ഇന്റർനെറ്റ് അടിസ്ഥാനസൗകര്യങ്ങൾ

ആധുനിക യുഗത്തിൽ, വ്യാവസായിക വളർച്ചയ്ക്ക് ഗതാഗതം , ഊർജ്ജം എന്നീ മേഖലകളെ പോലെ തന്നെ പ്രധാനമാണ് ഇന്റർനെറ്റ് കണക്റ്റിവിറ്റിയും. നാലാം വ്യാവസായിക വിപ്ലവത്തിന്റെ ഈ കാലഘട്ടത്തിൽ, സംസ്ഥാനം ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി പരിവർത്തനത്തിന് ശ്രമിക്കുന്ന തിനാൽ, ഡാറ്റ കൈമാറ്റം അതിവേഗം നടക്കുന്നു വെന്ന് ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. ഇത് കണക്കിലെടുത്താണ്, ഇന്റർനെറ്റ് പൗരന്മാരുടെ അടിസ്ഥാന അവകാശമായി കേരളം പ്രഖ്യാപിച്ചത്. ഇപ്രകാരം ഇന്റർനെറ്റ് പൗരന്മാരുടെ അടിസ്ഥാന അവകാശമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമായി കേരളം മാറി. കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN), കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (K-FON) തുടങ്ങിയവ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഇന്റർനെറ്റ് ലഭ്യത എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള ഗവൺമെന്റിന്റെ ശ്രദ്ധേയമായ സംരംഭങ്ങളാണ്.

കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN), സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, സ്റ്റേറ്റ് ഡാറ്റാ സെന്റർ, സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ്‌വേ, പബ്ലിക് വൈഫൈ പ്രോജക്റ്റ് എന്നിവ സംസ്ഥാനത്തെ പ്രധാന ഇ-ഗവേണൻസ് അടിസ്ഥാന സൗകര്യങ്ങളിൽ ഉൾപ്പെടുന്നവയാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധിപ്പിച്ച് സംസ്ഥാനത്തെ 14 ജില്ലകളിലും, 63 മിനി സർവീസ് സ്റ്റേഷനുകൾ/റവന്യൂ ടവറുകളിലേക്കും, 152 ബ്ലോക്ക് പഞ്ചായത്തുകളിലുമായി വ്യാപിച്ച് കിടക്കുന്ന സംസ്ഥാന ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിന്റെ (എസ്ഐഐ) നട്ടെല്ലാണ് കെസ്വാൻ. വിവിധ സർക്കാർ വകുപ്പുകളുടെ 4,000 ഓഫീസുകളെ തമ്മിൽ പാട്ടത്തിനെടുത്ത വയർലെസ് ലൈനുകൾ, ലോക്കൽ ഏരിയ നെറ്റ്‌വർക്ക് എന്നിവയിലൂടെ ഈ ശൃംഖല ബന്ധിപ്പിക്കുന്നു. രണ്ട് സംസ്ഥാന ഡാറ്റാ സെന്ററുകളുമായി(SDC1, SDC2) പരിധികളില്ലാതെ സംയോജിപ്പിച്ചിരിക്കുന്നതിനാൽ ഗവൺമെന്റുകൾ തമ്മിലും(G2G), ഗവണ്മെന്റ് ജനങ്ങൾക്ക്(G2C) നൽകുന്ന സേവനങ്ങളും സുരക്ഷിതമായ ഇൻട്രാനെറ്റിലൂടെ സർക്കാർ സ്ഥാപനങ്ങൾക്ക് നൽകാൻ നെറ്റ്‌വർക്ക് സാധ്യമാകുന്നു എന്നതാണ് കെസ്വാന്റ്റെ സുപ്രധാന നേട്ടം.

### കെ–ഫോൺ – ജനങ്ങളുടെ ഇന്റർനെറ്റ്

ഡിജിറ്റൽ വിടവ് ഇല്ലാതാക്കാൻ ലക്ഷ്യമിട്ടുള്ള സംസ്ഥാന സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ). സംസ്ഥാനത്ത് നിലവിലുള്ള ടെലികോം സംവിധാനത്തിന് പൂരകമായതും ട്രായി(TRAI)യുടെ നിർദേശ പ്രകാരമുള്ള വിവേചനരഹിത തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതുമായ ഒരു അടിസ്ഥാന സൗകര്യപദ്ധതിയാണിത്. ശക്തമായ കോർ, മിഡിൽ-മൈൽ ഇൻഫ്രാസ്ട്രക്ചർ സൃഷ്ടിക്കുന്നതിലൂടെ ഒരു ഇൻഫർമേഷൻ സൂപ്പർ-ഹൈവേ ആയി കെ-ഫോൺ പ്രവർത്തിക്കുന്നു. വിപണി ശക്തികളെ നയിക്കാനും പൗരന്മാർക്ക് മികച്ച കണക്റ്റിവിറ്റി സേവനങ്ങൾ നൽകുന്നതിൽ മത്സരം വർദ്ധിപ്പിക്കാനും ഈ മാതൃകയ്ക്ക് കഴിയും. കൂടാതെ എല്ലാ G2G, G2C, B2C ഇടപാടുകൾക്കും ശക്തമായ അടിത്തറയായി പ്രവർത്തിക്കുകയും ചെയ്യുന്നു. 1061.73 കോടി രൂപ പദ്ധതി ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് 2017-18 ൽ കിഫ്ബി അംഗീകാരം നൽകി. 2023-24 ബജറ്റിൽ കെ ഫോൺ പദ്ധതിയുടെ കീഴിൽ വരുന്ന പ്രവർത്തികൾക്ക് 102.00 കോടി രൂപ അനുവദിച്ചു. ഒന്നാം ഘട്ടത്തിൽ 30,000 സർക്കാർ സ്ഥാപനങ്ങൾക്ക് 30,000 കിലോമീറ്റർ ഫൈബർ ദൈർഘ്യത്തിൽ 375 പോയിന്റ് ഓഫ് പ്രെസൻസ് (POP) ഉള്ള ഇന്റർനെറ്റ് കണക്ഷൻ നൽകാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തികരണ ഘട്ടത്തിലാണ്, 2024 ഓഗസ്റ്റ് 31 വരെ 51,617 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 2024 നവംബർ 30 വരെ 5,989 ബിപിഎൽ കുടുംബങ്ങൾക്ക് കെ-ഫോൺ വഴി സൗജന്യ ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബിസിനസ്സ് പ്ലാനിന്റെ ഭാഗമായി 10,000 കിലോമീറ്റർ ഡാർക്ക് ഫൈബര് കണക്റ്റിവിറ്റി നല്കാൻ കെ- ഫോൺ ലക്ഷ്യമിടുകയും, ഇതിന്റെ ഭാഗമായി 2024 നവംബര് 31 നു 6,996.41 കിലോമേറ്റർ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭാരത സർക്കാരിന്റെ ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിൽ നിന്നും സേവന മികവിനായി ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (IP-1) രജിസ്ട്രേഷനും ഇൻറർനെറ്റ് സേവന ദാതാവിന്റെ (ISP-B) ലൈസൻസും കെ-ഫോണിന് ഇതിനോടകം ലഭിച്ചിട്ടുണ്ട്.

### ഇന്റർനെറ്റ് വരിക്കാരുടെ വിവരങ്ങൾ

2024 മാർച്ച് അവസാനം വരെ ഇന്ത്യയിലെ മൊത്തം ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം 954.40 ദശലക്ഷമാണ്. ഇതിൽ ഭൂരിഭാഗവും വയർലെസ്സ് കണക്ഷൻ ഉപഭോക്താക്കളാണ്. ആകെ ഇന്റർനെറ്റ് വരിക്കാരിൽ 914.13 ദശലക്ഷം പേർ വയർലെസ്സ് ഇന്റർനെറ്റ് ഉപഭോക്താക്കളാണ്, ഇത് ആകെ വരിക്കാരുടെ 95.8 ശതമാനമാണ്. കേവലം 40.27 ദശലക്ഷം പേർ വരുന്ന വയർലൈൻ ഇന്റർനെറ്റ് ഉപഭോക്താക്കൾ ആകെ ഇന്റർനെറ്റ് വരിക്കാരുടെ 4.2 ശതമാനം മാത്രമാണ്. (ഉറവിടം: ഇന്ത്യൻ ടെലികോം സേവന പ്രകടന സൂചകങ്ങൾ, മാർച്ച് 2024, ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ(ട്രായ്))

കേരളത്തിൽ 22,632 ടെലിഫോൺ ടവറുകളും, 1, 14,326 ബേസ് ട്രാൻസിവർ സ്റ്റേഷനുകളും (BTS) ഉണ്ട്. 48,132 ബേസ് ട്രാൻസിവർ സ്റ്റേഷനുകളുള്ള റിലയൻസ് ജിയോ ആണ് ഏറ്റവും വലിയ സേവന ദാതാവ്. വോഡഫോൺ ഐഡിയയ്ക്ക് 32,585 ബേസ് ട്രാൻസിവർ സ്റ്റേഷനുകളും. ബി.എസ്.എൻ.എല്ലി-ന് 12,179 ബേസ് ട്രാൻസിവർ സ്റ്റേഷനുകളും ഉണ്ട് . കേരള ടെലികോം സർക്കിളിൽ, കേരളം കൂടാതെ കേന്ദ്ര ഭരണ പ്രദേശങ്ങളായ ലക്ഷദ്വീപും പുതുച്ചേരിയുടെ ചില ഭാഗങ്ങളും (മാഹിയും) ഉൾപ്പെടുന്നു. സർക്കിളിന് 11 പ്രധാന സെക്കൻഡറി സ്വിച്ചിംഗ് ഏരിയകളും (എസ്എസ്എ) ലക്ഷദ്വീപിൽ ഒരു മൈനർ സ്വിച്ചിംഗ് ഏരിയയും ഉണ്ട്. സർക്കിളിന് കീഴിൽ 11,30,029 ഡയറക്ട് എക്സ്ചെയ്ഞ്ച് ലൈൻ ശേഷിയുള്ള 810 ടെലിഫോൺ എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു. കൂടാതെ 97,49,296 (89,02,545 മൊബൈൽ,

8,46,751 ലാൻഡ്‌ലൈൻ കണക്ഷനുകൾ) സജീവ കണക്ഷനുകളുമുണ്ട്.. ബി.എസ്.എൻ.എൽ കേരള ടെലിഫോൺ നെറ്റ്‌വർക്കിന്റെ 2024, ആഗസ്റ്റ് വരെയുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.3.1**.-ൽ നൽകിയിരിക്കുന്നു.

**തപാൽ ശൃംഖല**

കേരളം, കേന്ദ്രഭരണ പ്രദേശങ്ങളായ ലക്ഷദ്വീപ്, പുതുച്ചേരിയുടെ ഭാഗമായ മാഹി എന്നിവ ഉൾപ്പെടുന്നതാണ് കേരള തപാൽ സർക്കിൾ. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഒരു പോസ്റ്റ് ഓഫീസെങ്കിലും പ്രവർത്തിക്കുന്നുണ്ട്. 2024 ആഗസ്റ്റ് വരെയുള്ള കണക്കുകൾ പ്രകാരം, കേരള തപാൽ സർക്കിളിൽ 5,062 തപാൽ ഓഫീസുകളും, 1508 ഡിപ്പാർട്ട്മെന്റൽ പോസ്റ്റ് ഓഫീസുകളും ബാക്കി 3,554 എക്സ്ട്രാ ഡിപ്പാർട്ട്മെന്റൽ പോസ്റ്റ് (ബ്രാഞ്ച് പോസ്റ്റ് ഓഫീസുകൾ) ഓഫീസുകളുമാണുള്ളത്. കേരളത്തിലെ ഓരോ തപാൽ ഓഫീസുകളും ഏകദേശം 7.7 ചതുരശ്രകിലോമീറ്ററിൽ 6,613 ത്തോളം വരുന്ന ജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുമ്പോൾ ദേശീയ ശരാശരി 21.21 ചതുരശ്ര കിലോമീറ്ററിന് 7,175 ജനസംഖ്യ എന്നതോതിലാണ്. ആകെ തപാൽ ആഫീസുകളിൽ 82.2 ശതമാനം പോസ്റ്റ് ഓഫീസുകളും ഗ്രാമ പ്രദേശങ്ങളിലാണ്. 2024, ആഗസ്റ്റ് മാസം വരെയുള്ള കണക്കനുസരിച്ച് കേരള തപാൽ സർക്കിളിൽ പ്രവർത്തിക്കുന്ന തപാൽ ഓഫീസുകളുടെ ജില്ല/കേന്ദ്രഭരണ പ്രദേശം തിരിച്ചുള്ള വിവരങ്ങൾ **പട്ടിക 11.3.1**-ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ തപാൽ ശൃംഖലയുടെ വ്യാപ്തി കണക്കിലെടുത്ത്, പുതിയതായി വികസിച്ച നഗര-ഗ്രാമ പ്രദേശങ്ങളിൽ പുതിയ പോസ്റ്റോഫീസുകൾ ആരംഭിക്കുകയോ നിലവിലുള്ള എക്സ്ട്രാ ഡിപ്പാർട്ട്മെന്റൽ പോസ്റ്റോഫീസുകളെ (ഇ.ഡി.ബി.ഒ.) മുഴുവൻ സമയ പോസ്റ്റോഫീസുകളാക്കി ഉയർത്തിയോ തപാൽ സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിന് നിരന്തര ശ്രമങ്ങൾ നടന്ന് വരുന്നു. കേരളത്തിലെ തപാൽ ഓഫീസുകളുടെ എണ്ണം, നഗര-ഗ്രാമ തപാൽ ഓഫീസുകളുടെ എണ്ണം, സർക്കിളിനു കീഴിലെ ഡിവിഷൻ/കാറ്റഗറി തരം തിരിച്ചുള്ള തപാൽ ഓഫീസുകളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 11.3.2**, **11.3.3**, **11.3.4**, **11.3.5**. എന്നിവയിൽ കാണിച്ചിരിക്കുന്നു.

**പട്ടിക 11.3.1** കേരള തപാൽ സർക്കിളിൽ പ്രവർത്തിക്കുന്ന തപാൽ ഓഫീസുകളുടെ ജില്ല/കേന്ദ്രഭരണ പ്രദേശം തിരിച്ചുള്ള എണ്ണം, 2024, ആഗസ്റ്റ് മാസം വരെയുള്ള കണക്കനുസരിച്ച്

| ക്രമ. നമ്പർ | ജില്ല/ കേന്ദ്ര ഭരണ പ്രദേശം | പോസ്റ്റ് ഓഫീസികളുടെ എണ്ണം |
|---|---|---|
| 1 | കാസർകോട് | 231 |
| 2 | കണ്ണൂർ | 382 |
| 3 | വയനാട് | 163 |
| 4 | കോഴിക്കോട് | 406 |
| 5 | മലപ്പുറം | 438 |
| 6 | പാലക്കാട് | 455 |
| 7 | തൃശ്ശൂർ | 484 |
| 8 | എറണാകുളം | 391 |
| 9 | ഇടുക്കി | 296 |
| 10 | കോട്ടയം | 406 |
| 11 | ആലപ്പുഴ | 300 |
| 12 | പത്തനംതിട്ട | 314 |
| 13 | കൊല്ലം | 368 |
| 14 | തിരുവനന്തപുരം | 414 |
| 15 | കേന്ദ്രഭരണ പ്രദേശം-ലക്ഷദ്വീപ് | 10 |
| 16 | കേന്ദ്രഭരണ പ്രദേശം പുതുച്ചേരി (മാഹി മാത്രം) | 4 |
| **ആകെ** | | **5,062** |

അവലംബം: ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ,തിരുവനന്തപുരം

**പട്ടിക 11.3.2** കേരള തപാൽ സർക്കിളിന്റെ ഇ-അധിഷ്ഠിതവും മൂല്യവർദ്ധിതവുമായ സേവനങ്ങൾ.

| ക്രമ നമ്പർ. | സേവനം | പ്രവർത്തനം |
|---|---|---|
| 1 | ഇ-പോസ്റ്റ് | ഭൗതിക പ്രക്ഷേപണം ഒഴിവാക്കിക്കൊണ്ട് ലക്ഷ്യസ്ഥാനത്തേക്ക് ആശയവിനിമയം വേഗത്തിൽ സാധ്യമാക്കുന്നതോടൊപ്പം പോസ്റ്റ്മാൻ വഴി ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുകയും ചെയ്യുന്നു. 2024 അഗസ്റ്റ് 31 വരെ 1334 പോസ്റ്റ് ഓഫീസുകളിൽ ഈ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| 2 | മെനി ടു വൺ | ഒന്നിലധികം പ്രേഷിതരിൽ നിന്നും ഇ-പോസ്റ്റ് സന്ദേശം ഒരു സ്വീകർത്താവിന്റെ ഇമെയിൽ ഇൻബോക്സിലേയ്ക്ക് അയയ്ക്കാൻ സഹായിക്കുന്നു. |
| 3 | വൺ ടു മെനി | ഒരേ ഇ-പോസ്റ്റ് സന്ദേശം ഒരാളിൽനിന്നും അനേകം സ്വീകർ ത്താക്കൾക്ക് അയയ്ക്കാൻ ഇത് സഹായിക്കുന്നു. |

| | | |
|---|---|---|
| 4 | ഇലക്ട്രോണിക് മണി ഓർഡർ | 2008- ലാണ് ഇ-മണി ഓർഡർ സംവിധാനം രാജ്യത്ത് നിലവിൽ വന്നത്. നിലവിൽ കേരള സർക്കിളിലെ എല്ലാ ഹെഡ് ഒഫ്ഫീസുകളിലും, ഡിപ്പാർട്ട്മെൻറ് സബ് ഒഫ്ഫികകളിലും ഈ സേവനം ലഭ്യമാണ്. |
| 5 | ഇ-പേയ്മെന്റ് | എല്ലാ കമ്പ്യൂട്ടറൈസ്ഡ് പോസ്റ്റോഫീസുകളിൽ നിന്നും വിവിധ സേവന ദാതാക്കളുടെ പേരിൽ യൂട്ടിലിറ്റി ബില്ലുകൾ ഉൾപ്പെടെയുള്ള ബില്ലുകൾ ശേഖരിക്കാനും സമയപരിധി നിശ്ചയിച്ച് ക്ലയന്റ് ഓർഗനൈസേഷന് പണം നൽകുന്നതിനുമുള്ള സേവനമാണിത്. നിലവിൽ കേരളത്തിലെ പോസ്റ്റ് ഓഫീസിസുകളിൽ(ഹെഡ് പോസ്റ്റ് ഓഫീസുകളിലും സബ് പോസ്റ്റ് ഓഫീസുകളിലും)ഈ സൗകര്യം ലഭ്യമാണ്. |
| 6 | അന്താരാഷ്ട്ര സ്പീഡ് പോസ്റ്റ് അഥവാ ഇ.എം.എസ് | ഇന്ത്യയിൽ നിന്ന് 99 രാജ്യങ്ങളിലേക്ക് ഈ സൗകര്യം ലഭ്യമാണ് |
| 7 | ഡയറക്ട് പോസ്റ്റ് | ടാർഗെറ്റഡ് മാർക്കറ്റിംഗിലൂടെ സ്ഥാപനങ്ങൾക്ക് അവരുടെ നിലവിലുള്ള അല്ലെങ്കിൽ വരാനിരിക്കുന്ന ഉപഭോക്താക്കളുമായി ബന്ധപ്പെടാൻ അനുവദിക്കുന്ന സേവനമാണ് ഡയറക്ട് പോസ്റ്റ്. ഏതെങ്കിലും ലഘുലേഖയോ ബ്രോഷറോ ഹാൻഡ് ബില്ലുകളോ അവർക്ക് ഡയറക്ട് പോസ്റ്റിന് കീഴിൽ വിലാസമില്ലാത്ത മെയിലായി അയയ്ക്കാം, കൂടാതെ ഉപഭോക്താവുമായി കൂടിയാലോചിച്ച് പോസ്റ്റോഫീസുകൾ തിരഞ്ഞെടുക്കുന്ന സ്ഥലങ്ങളുടെ അടിസ്ഥാനത്തിൽ അവ ടാർഗെറ്റ് ഉപഭോക്താക്കൾ താമസിക്കുന്ന പ്രദേശങ്ങളിൽ വിതരണം ചെയ്യുകയും ചെയ്യാം. |
| 8 | പാർസൽ, ലോജിസ്റ്റിക് സേവനങ്ങൾ | ഇന്ത്യാ പോസ്റ്റിലെ പാഴ്സൽ ബിസിനസ്സ് സ്പീഡ് പോസ്റ്റ് പാഴ്സൽ, രജിസ്റ്റർ ചെയ്ത പാഴ്സൽ എന്നീ പാഴ്സൽ സേവനങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. സാമ്പത്തികമായും വിശ്വസനീയമായ വിതരണ പരിഹാരത്തിനായി ബിസിനസ്സ് ഉപഭോക്താക്കളുടെ ആവശ്യത്തിന് അനുയോജ്യമായ നിലവാരവുമുള്ള സേവനമാണ് ബിസിനസ് പാർസൽ. ബിസിനസ് പാർസൽ രാജ്യത്തുടനീളം ലഭ്യമാണ്. സർക്കിളിലുടനീളം 35 പാഴ്സൽ പാക്കേജിംഗ് യൂണിറ്റുകളും 6 ലോജിസ്റ്റിക് പോസ്റ്റ് സെന്ററുകളും പ്രവർത്തിക്കുന്നു |

അവലംബം: ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ, തിരുവനന്തപുരം.

**പട്ടിക 11.3.3** കേരള തപാൽ സർക്കിളിലെ വിവിധ തപാൽ സേവനങ്ങളിൽ നിന്നുള്ള വരുമാനം

| ക്രമ നം | ഇനം | റവന്യൂ വരുമാനം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പാഴ്സൽ സർവീസ് | 2,125.89 |
| 2 | ഇൻറർനാഷണൽ സ്പീഡ് പോസ്റ്റ് | 1,951.68 |
| 3 | മീഡിയ പോസ്റ്റ് | 12.35 |
| 4 | ഡയറക്ട് പോസ്റ്റ് | 16.82 |
| 5 | ഇ പോസ്റ്റ് | 14.81 |
| 6 | ഇ പേമെൻറ് | 4.90 |
| 7 | ലോജിസ്റ്റിക്സ് | 8.64 |
| 8 | ബിസിനസ്സ് പോസ്റ്റ് | 82.57 |
| 9 | റീടെയിൽ പോസ്റ്റ് | 27.07 |
| 10 | കേബിൾ റ്റി വി | 17.36 |
| 11 | നാഷണൽ പെൻഷൻ സിസ്റ്റം(എൻ പി എസ്) | 0.11 |
| 12 | പ്രസിദ്ധീകരണങ്ങളുടെ വിൽപ്പന | 0.67 |
| 13 | ബിൽ മെയിൽ സേവനം | 1.86 |
| 14 | പൊതു സേവന കേന്ദ്രങ്ങൾ (CSC) സേവനങ്ങൾ | 3.06 |
| **ആകെ** | | **4,267.79** |

അവലംബം: ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ, തിരുവനന്തപുരം.

സംസ്ഥാന തപാൽ ശൃംഖല, 5 ദേശീയ ഹബ്ബുകൾക്ക് കീഴിലുള്ള 14 സ്പീഡ് പോസ്റ്റ് പ്രോസസ്സിംഗ് സെന്ററുകളും, സാങ്കേതിക വിദ്യയുടെ സഹായത്തോടെ തപാൽ സേവനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് തപാൽ സ്വീകരിക്കുന്നത് മുതൽ വിതരണം ചെയ്യുന്നത് വരെയുള്ള ട്രാക്ക് ആൻഡ് ട്രെയിസ് സൗകര്യത്തോടെ നവീകരിച്ചു. രജിസ്റ്റർ ചെയ്ത മെയിലുകളുടെ വിഭാഗത്തിലും ട്രാക്ക് ആൻഡ് ട്രെയ്സ് സൗകര്യം ഇപ്പോൾ ഉപഭോക്താക്കൾക്ക് ലഭ്യമാണ്. ദേശീയ നയത്തിന്റെ ഭാഗമായി, ഈ മേഖലയിൽ മികച്ച സേവന നിലവാരം ഉറപ്പാക്കുന്നതിന് സാധാരണ മെയിലുകൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള നെറ്റ്‌വർക്ക് സർക്കിൾ നവീകരിച്ചു. കേരള തപാൽ സർക്കിളിന്റെ പുതിയ ഇ-അധിഷ്ഠിതവും മൂല്യവർദ്ധിതവുമായ സേവനങ്ങൾ **പട്ടിക 11.3.2**-ൽ നൽകിയിരിക്കുന്നു.

2024 ഓഗസ്റ്റ് 31-ന് വിവിധ തപാൽ സേവനങ്ങളിൽ നിന്ന് ലഭിച്ച വരുമാനം **പട്ടിക 11.3.3**-ൽ നൽകിയിരിക്കുന്നു.

വിവിധ തപാൽ സേവനങ്ങൾ വഴി ലഭിക്കുന്ന ആകെ വരുമാനം 4,267.79 ലക്ഷം രൂപയാണ്. ഇതിൽ, 2125.89 ലക്ഷം രൂപ (49.8 ശതമാനം) വരുമാനം പാഴ്സൽ സേവനങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ളത്, കൂടാതെ ഇന്റർനാഷണൽ സ്പീഡ് പോസ്റ്റിൽ നിന്നും 1951.68 ലക്ഷം രൂപ യും ലഭിച്ചിട്ടുണ്ട്.

### ഫിലാറ്റലി

ഫിലാറ്റലി ഒരു ഹോബിയായി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള പോസ്റ്റൽ സർക്കിൾ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. കേരള പോസ്റ്റൽ സർക്കിളിൽ 45 "മൈ സ്റ്റാമ്പ് സെന്ററുകൾ" ഉണ്ട്. 2023-24 സാമ്പത്തിക വർഷത്തിലെ ഫിലാറ്റലി വരുമാനം 1.57 കോടി രൂപയും 2024 ഓഗസ്റ്റ് 31 വരെയുള്ള വരുമാനം 39.53 ലക്ഷം രൂപയുമാണ്.

2024 ജനുവരി 10 മുതൽ 14 വരെ പാലക്കാട് ജില്ലയിൽ ജില്ലാതല 'ഫിലാറ്റലിക് എക്സിബിഷൻ പാം പെക്സ് 2024' നടത്തുകയും 2024 നവംബർ 6 മുതൽ 7 വരെ എറണാകുളം ജില്ലയിൽ 'പെരിയാർപെക്സ് 2024 ജില്ലാതല ഫിലാറ്റലിക് എക്സിബിഷൻ നടത്തുകയും ചെയ്തു.

## ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് (ഐ.പി.പി.ബി)

1934 ലെ ആർ.ബി.ഐ നിയമത്തിന്റെ ഷെഡ്യൂൾ 2-ൽ ചേർത്ത ഇന്ത്യയിലെ ആദ്യത്തെ പേയ്മെന്റ് ബാങ്കാണ് ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് (IPPB). ആധാർ അധിഷ്ഠിത പേയ്മെന്റ് സിസ്റ്റം (എ.ഇപി.എസ്) സേവനങ്ങൾ ആരംഭിച്ചതോടെ, ഏത് ബാങ്കിന്റെയും ഉപഭോക്താക്കൾക്ക് ബാങ്കിംഗ് സേവനങ്ങൾ തടസ്സം കൂടാതെ ലഭ്യമാക്കുന്ന രാജ്യത്തെ ഏറ്റവും വലിയ ഏക പ്ലാറ്റ്ഫോമായി ഐ.പി.പി.ബി മാറി. 2024 ഏപ്രിൽ 1 മുതൽ 2024 ഓഗസ്റ്റ് 31 വരെ 81,609 പേർ ഐപിപിബി അക്കൗണ്ടുകൾ ആരംഭിച്ചതിൽ 51,018 പേർ പുരുഷൻമാരും 30,591 പേർ സ്ത്രീ കളുമാണ്.

## ലൈഫ് ഇൻഷുറൻസ്

ഇന്ത്യാ പോസ്റ്റ് പൗരന്മാർക്ക് തപാൽ ലൈഫ് ഇൻഷുറൻസ്, ഗ്രാമീണ തപാൽ ലൈഫ് ഇൻഷുറൻസ് എന്നീ പദ്ധതികളിലൂടെ ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. തപാൽ ലൈഫ് ഇൻഷുറൻസ് എന്നത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, പ്രതിരോധ ഉദ്യോഗസ്ഥർ, തദ്ദേശ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, ഷെഡ്യൂൾഡ്/ കൊമേഴ്സ്യൽ ബാങ്കുകൾ മുതലായവയിലെ ജീവനക്കാർക്ക് നൽകുന്ന ഇൻഷുറൻസ് പദ്ധതിയാണ്. ഇപ്പോൾ, ഇത് എല്ലാ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അധ്യാപക/അനധ്യാപക ജീവനക്കാർ, പ്രൊഫഷണലുകൾ തുടങ്ങിയവരിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ഗ്രാമീണ ലൈഫ് ഇൻഷുറൻസ് മുഖേന ജീവിതം ഇൻഷ്വർ ചെയ്യുന്നതിലൂടെ, ഗ്രാമീണ മേഖലയിലെ സ്ത്രീകളെ ശാക്തീകരിക്കുന്നതിന് കേരള പോസ്റ്റൽ സർക്കിൾ പ്രത്യേക പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പോളിസി ഉടമകളിൽ പുരുഷൻമാരെക്കാളും വനിതകളാണ് കൂടുതൽ (2023-24-ലും 2024 ഓഗസ്റ്റ് 31-നും ഇടയിൽ കേരള സർക്കിളിനു കീഴിലുള്ള ആകെ തപാൽ പോളിസി ഉടമകളിൽ 1, 38,451 പോളിസി ഉടമകൾ സ്ത്രീകളും 1, 19,325 പേർ പുരുഷന്മാരുമാണ്).

# 11.4 കുടിവെള്ളം

സുരക്ഷിതവും വിശ്വസനീയവുമായ ജലത്തിന്റെ ലഭ്യതയും ജലവുമായി ബന്ധപ്പെട്ട ദുരന്തങ്ങളുടെ അപകടസാധ്യതയും ആഘാതവും കുറയ്ക്കുന്നതും സാമൂഹിക ക്ഷേമത്തിനും സാമ്പത്തിക സ്ഥിരതയ്ക്കും സുസ്ഥിരമായ വികസനത്തിനും നിർണായകമാണ്. ജലക്ഷാമവും വരൾച്ചയും നേരിടുന്ന പ്രദേശങ്ങളുടെ എണ്ണം മുമ്പത്തേക്കാൾ കൂടുതൽ ആയതിനാൽ ജലം സംരക്ഷിക്കുകയും കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുകയും ചെയ്യുന്നത് ഒരു അടിയന്തിര നയ ലക്ഷ്യമാണ്.

ഐക്യരാഷ്ട്രസഭയുടെ ലോക ജല വികസന റിപ്പോർട്ട് 2024: സമൃദ്ധിക്കും സമാധാനത്തിനുമായി ജലം എന്നത് നമ്മുടെ ജീവിതത്തിനും ഉപജീവനമാർഗത്തിനും ജലത്തിന്റെ വിശാലമായ പ്രാധാന്യത്തെ എടുത്തുകാണിക്കുന്നു. ജനങ്ങളെ ഒന്നിപ്പിക്കാനും സമാധാനം, സുസ്ഥിര വികസനം, കാലാവസ്ഥാ വ്യത്യാനം ,പ്രാദേശിക സംയോജനം എന്നിവയ്ക്കുള്ള ഒരു ഉപകരണമായി വർത്തിക്കാനുമുള്ള ജലത്തിന്റെ കഴിവ് റിപ്പോർട്ടിൽ തുറന്നു കാണിക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷ, മനുഷ്യന്റെ ആരോഗ്യം, നഗര-ഗ്രാമീണ വാസസ്ഥലങ്ങൾ, ഊർജ്ജ ഉൽപ്പാദനം, വ്യാവസായിക വികസനം, തൊഴിൽ, സാമ്പത്തിക വളർച്ച, പരിസ്ഥിതി വ്യവസ്ഥകൾ എന്നിവയെല്ലാം ജലത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതങ്ങൾ ബാധിക്കുകയും ചെയ്യുന്നു.

വർദ്ധിച്ചുവരുന്ന ജല പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഫലപ്രദമായി ജല പരിപാലനം സാധ്യമാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോമിംഗ് ഇന്ത്യ (എൻ.ഐ.ടി.ഐ)-നീതി ആയോഗ് സംയോജിത ജല മാനേജ്മെന്റ് സൂചിക (സി.ഡബ്ല്യൂ.എം.ഐ) വികസിപ്പിച്ചെടുത്തു. നീതി ആയോഗ് സംയോജിത ജല മാനേജ്മെന്റ് സൂചികയിലെ - 2019-ന്റെ ഒരു റിപ്പോർട്ട് പറയുന്നത്, 2030-ഓടെ ഇന്ത്യയുടെ നഗര ജനസംഖ്യ 600 ദശലക്ഷത്തിലെത്തുമെന്നും അവരുടെ ജല ആവശ്യങ്ങൾ നിറവേറ്റുന്നത് വലിയ വെല്ലുവിളിയായിരിക്കുമെന്നുമാണ്. റിപ്പോർട്ട് അനുസരിച്ച്, ലോക ജനസംഖ്യയുടെ 17 ശതമാനം ഇന്ത്യയിലാണെങ്കിലും ലോകത്തിലെ ശുദ്ധജല സ്രോതസ്സുകളുടെ 4 ശതമാനം മാത്രമാണ് രാജ്യത്തുള്ളത്.

സ്ഥാപിതമായ സാമൂഹിക മാനദണ്ഡങ്ങളും മെച്ചപ്പെട്ട പൊതു ശുചിത്വത്തിനും ശുചീകരണത്തിനും വേണ്ടിയുള്ള ആവശ്യവും കാരണം ദേശീയ ശരാശരിയേക്കാൾ ഉയർന്ന ജല ആവശ്യകതയാണ് കേരളത്തിലുള്ളത്. 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യയുടെ 62 ശതമാനവും കിണറുകളെയാണ് പ്രധാന കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്നത്. ജനസംഖ്യയുടെ 29 ശതമാനം പേർക്ക് പൈപ്പ് ജലവിതരണം ലഭ്യമാണ്. അതേസമയം 78 ശതമാനം കുടുംബങ്ങൾക്ക് ചുറ്റുവട്ടത്തിൽ തന്നെ ജലസ്രോതസ്സുകളുള്ളപ്പോൾ 14 ശതമാനം കുടുംബങ്ങൾ വീടിനു സമീപത്തുള്ള ജലസ്രോതസ്സുകളാണ് ഉപയോഗിക്കുന്നത്. 2011-ലെ സെൻസസ് അടിസ്ഥാനമാക്കിയുള്ള സംസ്ഥാന സാനിറ്റേഷൻ കവറേജ് കാണിക്കുന്നത് 67 ശതമാനം കുടുംബങ്ങൾക്ക് ടോയ്‌ലറ്റുകളുണ്ടെന്നും 95 ശതമാനത്തിന് ചുറ്റുവട്ടത്തിൽ തന്നെ ടോയ്‌ലറ്റ് സൗകര്യമുണ്ടെന്നുമാണ്. ആഗസ്റ്റ് 31, 2024 പ്രകാരം പൊതു ടാപ്പുകൾ ഉൾപ്പെടെ കേരള ജനസംഖ്യയുടെ 68.33 ശതമാനം പേർക്ക് കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ജലവിതരണം ലഭിക്കുന്നു.

സുസ്ഥിര വികസനത്തിന് ജലം നിർണായകമായതിനാലും പ്രാദേശികവും ആഗോളവുമായ നിരവധി വെല്ലുവിളികളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാലും കേരളത്തിൽ കുടിവെള്ള മേഖലയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്. വെള്ളത്തിന്റെ ദൗർലഭ്യം കൂടാതെ, ലോകത്തിന്റെ പല ഭാഗങ്ങളിലും സുരക്ഷിതവും മതിയായതും വിശ്വസനീയവുമായ ജലവിതരണം നൽകുന്നതിൽ മറ്റ് നിരവധി വെല്ലുവിളികളുണ്ട്. ആരോഗ്യകരമായ ആവാസവ്യവസ്ഥ നിലനിർത്തുന്നതിനും സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനും ജലസംരക്ഷണം അത്യന്താപേക്ഷിതമാണ്. പുനരുപയോഗത്തിനു മുൻഗണന നൽകുമ്പോൾ തന്നെ ജലത്തിന്റെ

ഉപയോഗം കുറയ്ക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കുടിവെള്ളവും മലിനജല നിവാരണവും എന്നിവയെക്കുറിച്ച് 14-ാം പഞ്ചവത്സര പദ്ധതി രൂപീകരിച്ച കർമ്മ സമിതി സംസ്ഥാനത്തെ ജല-ശുചീകരണ മേഖലയുടെ വികസനത്തിനും സംയോജിത ജല മാനേജ്മെന്റ് സൂചിക (സി.ഡബ്ല്യു.എം.ഐ) റാങ്കിംഗുമായി ബന്ധപ്പെട്ട് അതിന്റെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനും വ്യക്തമായ ഒരു റോഡ്മാപ്പ് രൂപപ്പെടുത്താൻ ലക്ഷ്യമിടുന്നു. 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ സമയബന്ധിതമായ നേട്ടങ്ങൾക്കായി കുടിവെള്ള വിതരണം, മലിനജല നിവാരണം, ജലസംരക്ഷണം, വരുമാനം മെച്ചപ്പെടുത്തൽ തുടങ്ങിയവയ്ക്ക് കീഴിൽ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയും (കെ.ഡബ്ല്യു.എ) കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസിയുമാണ് (കെ.ആർ.ഡബ്ല്യു.എസ്.എ) കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിലെ പ്രധാന നിർവ്വഹണ ഏജൻസികൾ. പ്രാദേശിക സർക്കാരുകളും ഒരു പ്രധാന പങ്ക് വഹിക്കുന്നു.

### കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യു.എ)

കേരള വാട്ടർ സപ്ലൈ ആന്റ് വേസ്റ്റ് വാട്ടർ ഓർഡിനൻസ്, 1984-ന് കീഴിൽ കേരളത്തിലെ ജലവിതരണത്തിന്റെ വികസനത്തിനും മലിനജല ശേഖരണത്തിനും നീക്കം ചെയ്യലിനുമായി പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വകുപ്പിനെ പരിവർത്തനം ചെയ്തുകൊണ്ട് കെ.ഡബ്ല്യു.എ 1984 ൽ സ്ഥാപിതമായി. ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, പ്രോജക്ടുകൾ, പ്രോജക്ട് ആസൂത്രണം, വികസനം, ഗുണ നിലവാര നിയന്ത്രണം, കൺസൾട്ടൻസി, സിവറേജ് വെർട്ടിക്കൽസ് എന്നിവയാണ് ഇതിന്റെ പ്രധാന പ്രവർത്തന യൂണിറ്റുകൾ.

കേരള വാട്ടർ അതോറിറ്റിക്ക് വിപുലീകരിച്ച ജലഗുണനിലവാര പരിശോധനയ്ക്കായി-കൊച്ചിയിൽ ഒരു സംസ്ഥാന റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും, 14 ജില്ലാ ലാബുകളും 71 സബ് ഡിവിഷണൽ ലാബുകളും ഉണ്ട്. കെ.ഡബ്ല്യു.എ -യുടെ കീഴിലുള്ള 84 ലാബുകൾക്ക് ഐ.എസ്.ഒ/ ഐ.ഇ.സി/17025:2017 മാനദണ്ഡങ്ങൾക്കനുസൃതമായി എൻ.എ.ബി.എൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ലബോറട്ടറീസ്) അംഗീകാരം നേടിയിട്ടുണ്ട്.

### മലിന ജലനിവാരണം

മലിനജല ശേഖരണവും പുറന്തള്ളലും വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്. ഇത് തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. ലൈനുകൾ ആവശ്യാനുസരണം വർദ്ധിപ്പിക്കുക, മലിനജലം കവിഞ്ഞൊഴുകുന്നത് ഒഴിവാക്കാൻ കേടായ മാൻഹോളുകൾ നന്നാക്കുക, മലിനജല നിർമ്മാർജന സംവിധാനത്തിന് മറ്റ് ഉറവിടങ്ങളില്ലാത്ത പ്രദേശങ്ങളിൽ ചെറിയ വിപുലീകരണങ്ങളിലൂടെ മലിനജല നിർമ്മാർജന സൗകര്യം നൽകുക എന്നിവയാണ് നിലവിൽ ഏറ്റെടുക്കുന്ന പ്രധാന പ്രവർത്തനങ്ങൾ. പാരിസ്ഥിതിക നാശത്തിന്റെ ഭീഷണി മറികടക്കാൻ, നിലവിലുള്ള മലിനജല നിർമ്മാർജന സംവിധാനം ശക്തിപ്പെടുത്തുന്നതിന് മതിയായ ശ്രദ്ധ അത്യാവശ്യമാണ്. മലിനജല മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. എന്നിരുന്നാലും ധനവിഹിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മലിനജല മാനേജ്മെന്റ് പ്ലാന്റുകൾ, പമ്പ് ഹൗസുകൾ എന്നവയ്ക്കെതിരായ ജനങ്ങളുടെ പ്രതിഷേധം, ഭൂമി ലഭിക്കുന്നതിലും റോഡ് മുറിക്കുന്നതിന് അനുവാദം ലഭിക്കുന്നതിനുമുള്ള കാലതാമസം എന്നിവ മലിനജല മാനേജ്മെന്റ് പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുമ്പ് പരിശോധിക്കേണ്ടതുണ്ട്. ചെറിയ വികേന്ദ്രീകൃത സംസ്കരണ പ്ലാന്റുകൾ ലഭ്യമാക്കുന്നതിനായി 2 മുതൽ 3 വാർഡുകൾക്ക് പര്യാപ്തമായ പുതിയ ചെറുകിട പദ്ധതികൾ ഏറ്റെടുക്കാൻ കെ.ഡബ്ല്യു.എ വിഭാവനം ചെയ്യുന്നു. ദേശീയ ഹരിത ട്രൈബ്യൂണൽ (എൻ.ജി.ടി) നിർദ്ദേശ പ്രകാരം ശുദ്ധീകരിച്ച മലിനജലത്തിന്റെ പുനരുപയോഗം ഉൾക്കൊള്ളുന്ന ഏറ്റവും പുതിയ സാങ്കേതിക വിദ്യകളാണ് ഈ പദ്ധതികളിൽ ഉപയോഗിക്കേണ്ടത്. നിലവിലുള്ള പ്ലാന്റിന്റെയും മലിനജല ശൃംഖലയുടെയും അറ്റകുറ്റപ്പണികളും നവീകരണവും ആവശ്യമാണ്. ചെറുകിട പദ്ധതികൾക്കായി, ഭൂമി ലഭ്യമാക്കുകയും, അഴുക്കുചാലുകൾ/സെപ്റ്റേജ് ജോലികൾ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് തദ്ദേശ സ്ഥാപനങ്ങൾ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും വേണം.

2023 ഏപ്രിൽ മുതൽ 2024 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ, പഴയ മലിനജല ലൈനുകൾ മാറ്റി സ്ഥാപിക്കൽ, മലിനജല ശൃംഖല നീട്ടൽ, പഴയ മാൻഹോളുകളുടെ പുനരുദ്ധാരണം, പുതിയ മാൻഹോളുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്ന 21 പ്രവൃത്തികൾ പൂർത്തിയായി. 2023-24ൽ 2211.96 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.


### ജലവിതരണ കവറേജ്

കെ.ഡബ്ല്യു.എ 2024 സെപ്റ്റംബർ 13 വരെ 3332 MLD ഉൽപ്പാദിപ്പിക്കുന്ന 923 ജലവിതരണ പദ്ധതികൾ പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. 44.66 ലക്ഷം കണക്ഷനുകളിലൂടെയും 1.08 ലക്ഷം പൊതു ടാപ്പുകളിലൂടെയും കെ.ഡബ്ല്യു.എ കേരളത്തിലെ ഏകദേശം 2.54 കോടി ജനങ്ങൾക്ക് ജലവിതരണം ലഭ്യമാക്കുന്നു. പൈപ്പ് വെള്ളത്തിന്റെ ശരാശരി പ്രതിശീർഷ ലഭ്യത പ്രതിദിനം 94.76 ലിറ്ററാണ് (എല്ലാ ജില്ലകളിലേയും ആവാസ വ്യവസ്ഥകളിൽ പ്രതിശീർഷ ലഭ്യത വ്യത്യസ്തമാണ്). കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റുകളുടെയും പദ്ധതികളുടെയും (ജെ.ജെ.എം, നബാർഡ്, സംസ്ഥാന പദ്ധതി, എൻ.ആർ.ഡി.ഡബ്ല്യു.പി, കിഫ്ബി, അമൃത്, ആർകെഐ മുതലായവ) സഹായത്തോടെ നടപ്പിലാക്കിയ വിവിധ ജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തുകൊണ്ട് ഗ്രാമീണ നഗര ജലവിതരണ മേഖലകളിൽ ഇത് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. 19,700 കോടിയിലധികം രൂപയുടെ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിവരികയാണ്. ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ അടുത്ത 3 വർഷത്തിനുള്ളിൽ 1,400 എം.എൽ.ഡി (പ്രതിദിനം ദശലക്ഷം ലിറ്റർ) വെള്ളം അധികമായി വിതരണത്തിന് ലഭ്യമാകും. 2023-24ൽ അമൃത് 1.0ന് കീഴിൽ 13 പുതിയ പ്രവൃത്തികൾക്ക് 63.42 കോടി രൂപ അനുവദിക്കുകയും 564.08 കോടി രൂപയുടെ 26 പദ്ധതികൾ അമൃത് 2.0ന് കീഴിൽ ആരംഭിക്കുകയും

ചെയ്തു. സംസ്ഥാന പദ്ധതിക്ക് കീഴിലുള്ള 3 പദ്ധതികളും നബാർഡിന് കീഴിൽ 2 പദ്ധതികളും ആർ.കെ.ഐയുടെ കീഴിലുള്ള 1 പദ്ധതിയും കിഫ്ബിയുടെ കീഴിലുള്ള 2 ജലവിതരണ പദ്ധതികളും 1 റീപ്ലേസ്മെന്റ് ജോലിയും 2023-24 കാലയളവിൽ പൂർത്തിയായിട്ടുണ്ട്. ആഗസ്റ്റ് 31, 2024 പ്രകാരം പൊതു ടാപ്പുകൾ ഉൾപ്പെടെ കേരള ജനസംഖ്യയുടെ 68.33 ശതമാനം (64.54 ശതമാനം ഗ്രാമത്തിലും 81.13 ശതമാനം നഗരത്തിലും) പേർക്ക് കെ.ഡബ്ല്യു.എ യുടെ നിലവിലുള്ള പദ്ധതികളിൽ നിന്ന് പൈപ്പ് ജലവിതരണം ലഭിക്കുന്നു.


2024 ആഗസ്റ്റ് 31 ലെ കണക്കനുസരിച്ച് ജലവിതരണ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള, ജനസംഖ്യ ശതമാനത്തിന്റെ ജില്ല തിരിച്ചുള്ള **ചിത്രം 11.4.1**-ൽ കാണിച്ചിരിക്കുന്നു. കേരളത്തിലെ 14 ജില്ലകളിൽ 91.81 ശതമാനത്തോടെ എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ കവറേജുള്ളത്. 88.13 ശതമാനത്തോടെ ആലപ്പുഴ ജില്ല പിന്നിൽത്തന്നെയുണ്ട്. കാസർഗോഡ് ജില്ലയിലാണ് കവറേജ് ഏറ്റവും കുറവ് (39.54 ശതമാനം). വിശദാംശങ്ങൾ **അനുബന്ധം 11.4.1**-ൽ നൽകിയിട്ടുണ്ട്. 2024 ആഗസ്റ്റ് 31 വരെയുള്ള വിശദാംശങ്ങൾ പ്രകാരം ജില്ലാതലത്തിലും ഇനം തിരിച്ചുമുള്ള വിശകലനം കാണിക്കുന്നത് എറണാകുളത്താണ് ഏറ്റവും കൂടുതൽ ജലവിതരണ പദ്ധതികളെന്നും (96), വയനാട് ഏറ്റവും കുറവ് ജലവിതരണ പദ്ധതികളെന്നും (23) ആണ്. ഏറ്റവും കൂടുതൽ നഗര ജലവിതരണ പദ്ധതികൾ കോഴിക്കോടും (15) പത്തനംതിട്ട, പാലക്കാട്, വയനാട് എന്നിവിടങ്ങളിൽ ഏറ്റവും കുറവും (2) ആണ് **അനുബന്ധം 11.4.2**.

**ചിത്രം 11.4.1** ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന കുടുംബങ്ങളുടെ (2024 ആഗസ്റ്റ് 31 വരെ) ജില്ലതിരിച്ചുള്ള അനുപാതം




ഉറവിടം : കേരള വാട്ടർ അതോറിറ്റി

**ചിത്രം 11.4.2** 2024 ആഗസ്റ്റ് 31 ലെ ജില്ല തിരിച്ചുള്ള ആളോഹരി ജലലഭ്യത




ഉറവിടം : കേരള വാട്ടർ അതോറിറ്റി

ഗാർഹിക സേവന കണക്ഷനുകൾ (എച്ച്.എസ്.സി), പൊതു പൈപ്പുകൾ എന്നിവയിലൂടെ കെ.ഡബ്ല്യു.എ കുടിവെള്ളം വിതരണം ചെയ്യുന്നു. ഗാർഹിക, ഗാർഹികേതര (പ്രത്യേക കണക്ഷനുകൾ ഉൾപ്പെടെ), വ്യാവസായിക കണക്ഷനുകളുടെ ആകെ എണ്ണം യഥാക്രമം 42,72,284, 1,92,555, 2,150 എന്നിവയാണ്. 2024 ആഗസ്റ്റ് 31 വരെ ആകെ ഉള്ള 1,08,688 പൊതു പൈപ്പ് കണക്ഷനുകളിൽ 73,524 എണ്ണം പഞ്ചായത്തിലും 23,352 എണ്ണം മുൻസിപ്പാലിറ്റികളിലും 11,812 എണ്ണം കോർപ്പറേഷനുകളിലുമാണ്. (**അനുബന്ധം 11.4.3**). 2024 മാർച്ച് 31 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റിയ കെ.ഡബ്ല്യു.എ യുടെ ഗ്രാമീണ ജലവിതരണ പദ്ധതികളുടെ എണ്ണം 700-ഉം 14 ജില്ലകളിലേയും ആകെ ജനസംഖ്യാ കവറേജ് 11,04,360 ഉം ആണ്. പ്രാദേശിക സർക്കാരുകളിലേക്ക് കൈമാറിയ ജലവിതരണ പദ്ധതികളുടെ ജില്ലാതല വിശദാംശങ്ങൾ **അനുബന്ധം 11.4.4**-ൽ കൊടുത്തിരിക്കുന്നു. **ചിത്രം 11.4.2**-ൽ കാണിച്ചിരിക്കുന്ന 2024 ആഗസ്റ്റ് 31 ലെ ജല ലഭ്യതാ ഡാറ്റ പ്രകാരം പത്തനംതിട്ട ജില്ലയിലാണ് ഏറ്റവും കൂടുതൽ ലഭ്യത (143.84 എൽ.പി.സി.ഡി)), പാലക്കാടാണ് ഏറ്റവും കുറഞ്ഞ ലഭ്യത (59.81 എൽ.പി.സി.ഡി) (**അനുബന്ധം 11.4.5**).

**വരുമാനം**

കെ.ഡബ്ല്യു.എ യുടെ പ്രധാന വരുമാനം ജലവില്പനയിൽ നിന്നാണ്. കൂടാതെ 100 ശതമാനവും മീറ്റർ റീഡ് ചെയ്യുന്ന ജല കണക്ഷനുകളുള്ള, രാജ്യത്തെ ഏക സംസ്ഥാനം കേരളമാണ്. ബ്ലോക്ക് താരിഫ് ഘടനയോടു കൂടിയ (ഉപഭോഗം കൂടുന്നതിനനുസരിച്ച് നിരക്ക് വർദ്ധിക്കുന്നു) ജലതാരിഫ് സംസ്ഥാനത്തുടനീളം ഒരുപോലെയാണ്. 2022-23ൽ 806.21 കോടി രൂപയായിരുന്നു വരുമാനം ലഭിച്ചത്. എന്നാൽ പ്രതീക്ഷിച്ച വരുമാനം പിഴയുൾപ്പെടെ 1035.41 കോടി രൂപയായിരുന്നു. 2023-24ൽ 1165.7 കോടി രൂപയാണ് വരുമാനമായി ലഭിച്ചത്. എന്നാൽ പ്രതീക്ഷിച്ച വരുമാനം പിഴയുൾപ്പെടെ 1694.34 കോടി രൂപയാണ്. ഗാർഹിക കണക്ഷനുകൾക്ക് 5000 ലിറ്റർ വരെ 14.41/KLരൂപയും, ഗാർഹികേതര കണക്ഷനുകൾക്ക് 10,000 ലിറ്റർ വരെ 26.54/KLരൂപയും വ്യാവസായിക കണക്ഷനുകൾക്ക് 54.10/KL ഉം ബൾക്ക് വിതരണത്തിന് 16.62/KL രൂപയുമാണ് ഗാർഹിക കണക്ഷനുകൾക്കുള്ള കുറഞ്ഞ നിരക്ക്.

45.75 ലക്ഷം ഉപഭോക്താക്കളിൽ (പൊതു പൈപ്പുകൾ ഉൾപ്പെടെ), 42.72 ലക്ഷം കണക്ഷനുകൾ ഗാർഹിക വിഭാഗത്തിലും (93.37%) 1.94 ലക്ഷം ഉപഭോക്താക്കൾ ഗാർഹികേതര/വ്യാവസായിക/പ്രത്യേക വിഭാഗങ്ങളിലും ഉൾപ്പെടുന്നു. കൂടാതെ 1.08 ലക്ഷം പൊതു പൈപ്പുകളിലൂടെ കേരള വാട്ടർ അതോറിറ്റി വെള്ളം നൽകുകയും ചെയ്യുന്നു. സംസ്ഥാനത്തെ 6.03 ലക്ഷം ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 15,000 ലിറ്റർ കുടിവെള്ളം കെ.ഡബ്ല്യു.എ സൗജന്യമായി വിതരണം ചെയ്യുന്നു. 2023-24 ൽ ഇത് 57.30 കോടി രൂപ ചെലവ് വരുന്നതാണ്. ഗാർഹിക ഗാർഹികേതര വ്യാവസായിക പദ്ധതികളുടെ ജല നിരക്കുകളിൽ നിന്നുള്ള വരുമാനം 2023-24, 2024-25 വർഷങ്ങളിൽ (2024 ഓഗസ്റ്റ് 31 വരെ) യഥാക്രമം 1,03,127 ലക്ഷം രൂപയും 42,434 ലക്ഷം രൂപയും പൊതു പൈപ്പുകളിൽ നിന്ന് ലഭിച്ചത് 13,447 ലക്ഷം രൂപയും 4,313 ലക്ഷം രൂപയുമാണ്. (**അനുബന്ധം 11.4.6**).

**സംസ്ഥാന പദ്ധതികൾ**

**(1) ഗ്രാമീണ മേഖലയിലെ ജലവിതരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്:**

ഗ്രാമീണ മേഖലയിലെ ജലവിതരണ വെല്ലുവിളികൾ നേരിടാൻ നിരവധി പരിപാടികളും പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. ഇതിൽ രണ്ട് പ്രധാന പദ്ധതികൾ ഉൾപ്പെടുന്നു: നബാർഡിന്റെ സഹായത്തോടെയുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ-(ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടും) ഗ്രാമീണ ജല വിതരണ പദ്ധതികളും. നബാർഡിന്റെ വായ്പാ സഹായത്തോടെ കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ കെ.ഡബ്ല്യു.എ നടപ്പിലാക്കുന്നു. ആകെ അനുവദിച്ച 14 പ്രോജക്ടുകളിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ മാങ്ങാട്ടിടം പഞ്ചായത്തിലെ മാങ്ങാട്ടിടം സോൺ III ലേക്കുള്ള ജലവിതരണ പദ്ധതി പത്തനംതിട്ട ജില്ലയിലെ നെടുംപുറം, നിരണം, കടപ്ര, പെരിങ്ങര പഞ്ചായത്തുകളിലേക്കുമുള്ള ജലവിതരണ പദ്ധതി എന്നീ 2 പ്രോജക്ടുകൾ ആണ് 2023-24 കാലയളവിൽ പൂർത്തിയാക്കിയത്.

2020 ഏപ്രിൽ 1 ലെ കണക്കുകൾ പ്രകാരം ഏകദേശം 34 ശതമാനം ഗ്രാമീണ കുടുംബങ്ങൾക്ക് മാത്രമാണ് പൈപ്പ് ജലവിതരണമുള്ളത്. രണ്ട് വർഷത്തിനുള്ളിൽ എല്ലാ വീട്ടുകളിലും പൈപ്പ് ജലവിതരണം ലക്ഷ്യമിട്ടുള്ള ജൽ ജീവൻ മിഷൻ ആരംഭിച്ചതോടെ ഈ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. പുതിയ ഗ്രാമീണ പദ്ധതികൾ, തുടർന്നു വരുന്ന ഗ്രാമീണ പദ്ധതികളുടെ പൂർത്തീകരണം, നിലവിലുള്ള സ്കീമുകളുടെ നവീകരണം എന്നിവ ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു. 2023 ഏപ്രിൽ മുതൽ 2024 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ അഞ്ച് പദ്ധതികൾ പൂർത്തീകരിക്കുകയും 2023-24ൽ 1438.22 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

**(2) സേവന ഗുണനിലവാരവും ജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിലെ പ്രവർത്തനക്ഷമത സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്:**

വിശ്വാസ്യയോഗ്യമായ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും ജലം പാഴാക്കുന്നത് കുറയ്ക്കാനും ജലസ്രോതസ്സ് പരമാവധി ഉപയോഗപ്രദമാക്കാനും നിലവിലുള്ള ജല വിതരണ പദ്ധതികളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചുവരികയാണ്.

കെ.ഡബ്ല്യു.എ യുടെ ഉടമസ്ഥതയിൽ നിലവിലുള്ള സിവിൽ ഘടനകളുടെ നവീകരണം, നൂതന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും, മാനവ വിഭവ ശേഷി, ഗവേഷണവും, വികസനവും ഗുണനിലവാര നിയന്ത്രണവും പ്രത്യേക സ്ഥാപനങ്ങൾ/സ്ഥലങ്ങളിലേക്കുള്ള ജലവിതരണ പദ്ധതി, ഉൽപ്പാദനവും വിതരണവും മെച്ചപ്പെടുത്തുക എന്നിവയാണ് പ്രധാന പദ്ധതികൾ. സമയബന്ധിതമായ അറ്റകുറ്റപ്പണികൾ, സംരക്ഷണം, നവീകരണം എന്നിവയുടെ അഭാവം മൂലം കേടുപാടുകൾ സംഭവിച്ച നിർമ്മിതികളെ നവീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2023 ഏപ്രിൽ മുതൽ 2024 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ വിവിധ ജില്ലകളിലായി സ്ഥിതി ചെയ്യുന്ന ഓഫീസ് കെട്ടിടങ്ങൾ, ഗസ്റ്റ് ഹൗസുകൾ, ടാങ്കുകൾ, പമ്പ് ഹൗസുകൾ

എന്നിവയുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടുന്ന 34 പ്രവൃത്തികൾ പൂർത്തീകരിച്ചു.

നെറ്റ്‌വർക്ക് കവറേജ് മെച്ചപ്പെടുത്താനും ജലവിതരണ സംവിധാനത്തിലെ വരുമാന രഹിതജലം (എൻ.ആർ.ഡബ്ല്യൂ) കുറയ്ക്കാനും, ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ചെലവുകൾ കുറയ്ക്കാനും പരമാവധി വരുമാനം ഉണ്ടാക്കുന്നതുമായ കാര്യക്ഷമമായ ജലവിതരണ സംവിധാനം സൃഷ്ടിക്കുന്നതിനും നൂതന സാങ്കേതികവിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും വഴി ലക്ഷ്യമിടുന്നു. കെ.ഡബ്ല്യൂ.എ കെട്ടിടത്തിന്റെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ, പമ്പ് ഹൗസുകളുടെ ഓട്ടോമേഷൻ, നിരീക്ഷണ ക്യാമറയും ഫ്ലോ മീറ്ററുകളും സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്ന 9 ജോലികൾ 2023 ഏപ്രിൽ മുതൽ 2024 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ പൂർത്തീകരിക്കുകയുണ്ടായി. തടസ്സമില്ലാത്ത ജലവിതരണം, ചോർച്ച, പൊട്ടൽ എന്നിവമൂലമുള്ള ജലനഷ്ടം കുറയ്ക്കൽ, ഊർജ്ജ സംരക്ഷണം എന്നിവ ഉറപ്പാക്കാനാണ് ഉൽപ്പാദനവും വിതരണവും മെച്ചപ്പെടുത്തുക വഴി ഉദ്ദേശിക്കുന്നത്. 2023-24, 2024-25 (ഓഗസ്റ്റ് 31, 2024 വരെ) 86 ജോലികൾ പൂർത്തിയാക്കി. പഴയ ജലശുദ്ധീകരണ പ്ലാന്റുകളുടെ നവീകരണം, നിലവിലുള്ള ഡബ്ല്യൂ.എസ്.എസ് പൈപ്പുകളുടെ മാറ്റി സ്ഥാപിക്കലും പൈപ്പുകൾ നീട്ടുകയും കാലഹരണപ്പെട്ട പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുകയും ചെയ്യുക എന്നിവ അവയിൽ ഉൾപ്പെടുന്നു. പദ്ധതികളുടെ നിർവ്വഹണം മെച്ചപ്പെടുകയും അത്തരം പ്രവൃത്തികൾ ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്തു. 2023-24 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 2713.85 ലക്ഷം രൂപയാണ്.

മാനവ വിഭവ ശേഷി, ഗവേഷണവും വികസനവും ഗുണനിലവാര നിയന്ത്രണം എന്നിവ മൊത്തത്തിലുള്ള മെച്ചപ്പെട്ട പ്രവർത്തനത്തിനും പുരോഗതിക്കും കാരണമാകുന്ന അവിഭാജ്യ പ്രവർത്തനങ്ങളാണ്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പുതിയ ഹൈ-ടെക് സംവിധാനങ്ങൾ പരിപാലിക്കുന്നതിനും വേണ്ടി ആധുനിക മാനേജ്മെന്റ് രീതികളും വിദ്യകളും പരിശീലിപ്പിച്ചുകൊണ്ട് എഞ്ചിനീയർമാരേയും മറ്റ് സ്റ്റാഫിനേയും സജ്ജരാക്കേണ്ടതുണ്ട്. 2023-24ൽ 2794 ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക ഉണ്ടായി. 2023-24ൽ നടത്തിയ പ്ലംബിംഗ് ലൈസൻസ് പരീക്ഷയിൽ 36 പേർ വിജയിച്ചു.

മെഡിക്കൽ കോളേജുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ഗ്രാമീണ സ്കൂളുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ നിയുക്ത സ്ഥാപനങ്ങളിലേക്കും സ്ഥലങ്ങളിലേക്കും തുടർച്ചയായി ജലവിതരണം ഉറപ്പാക്കുന്നതിനാണ് നിർദ്ദിഷ്ട സ്ഥാപനങ്ങൾ/സ്ഥലങ്ങളിലേക്കുള്ള ജലവിതരണ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. സിവിൽ സ്റ്റേഷൻ പരിസരം, ജയിലുകൾ, കറക്ഷൻ ഹോമുകൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾക്ക് കുടിവെള്ളം നൽകുന്നതും ഇതിൽ ഉൾപ്പെടുന്നു. 2023-24 ൽ വെങ്ങാനൂർ പഞ്ചായത്തിലെ വാട്ടർ വർക്സ് വിഭാഗമായ വണ്ടിത്തടം മഹാത്മാ അയ്യങ്കാളി ലൈഫ് ഭവന സമുച്ചയത്തിലേക്ക് വാട്ടർ കണക്ഷൻ നൽകുന്ന ജോലി പൂർത്തിയായി.

**(3) നഗര ജലവിതരണ പദ്ധതികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്:**

നഗരങ്ങളിലും ഗ്രാമങ്ങളിലും പ്രധാന സേവനദാതാവാണ് കേരള വാട്ടർ അതോറിറ്റി. നഗര ജലവിതരണ പദ്ധതി, എ.ഡി.ബി സഹായത്തോടെ കേരള നഗര ജലവിതരണ മെച്ചപ്പെടുത്തൽ പദ്ധതി – (കെ.യു.ഡബ്ല്യൂ.എസ്.ഐ.പി) എന്നിവയുടെ പുനരധിവാസവും മെച്ചപ്പെടുത്തലും പ്രധാന പദ്ധതികളിൽ ഉൾപ്പെടുന്നു. നഗര പ്രദേശങ്ങളിൽ 100 ശതമാനം കവറേജ് നേടുക, പരിധിയിലുൾപ്പെടാത്ത നഗര തദ്ദേശ സ്ഥാപനങ്ങളിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുക, ഉൽപാദന ഘടകങ്ങൾ പൂർത്തീകരിച്ച പദ്ധതികളിൽ വിതരണ സംവിധാനങ്ങൾ സ്ഥാപിക്കുക എന്നിവയാണ് നഗര ജലവിതരണ പദ്ധതിയുടെ പുനരധിവാസം, മെച്ചപ്പെടുത്തൽ, പ്രവർത്തനങ്ങൾ വഴി ലക്ഷ്യമിടുന്നത്. 2023-24ൽ ഏഴ് പ്രവൃത്തികളും 2024-25ൽ (2024 ഓഗസ്റ്റ് 31 വരെ) 7 പ്രവൃത്തികളും പൂർത്തീകരിക്കുകയുണ്ടായി. 2023-24 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 2663.02 ലക്ഷം രൂപയാണ്.

എൻ.ആർ.ഡബ്ല്യൂ (വരുമാന രഹിതജലം) ഗണ്യമായി കുറയ്ക്കുകയും കാര്യക്ഷമതയുടെ മൊത്തത്തിലുള്ള മെച്ചപ്പെടുത്തലും വഴി പഴയ ഉൽപ്പാദന ഘടകങ്ങളെയും ശൃംഖലയെയും പുനരധിവസിപ്പിച്ച് കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളിലെ ജലവിതരണം മെച്ചപ്പെടുത്തുകയും മേൽപ്പറഞ്ഞ മേഖലകളിൽ 24*7 വിതരണം നേടുകയുമാണ് എ.ഡി.ബി സഹായത്തോടെയുള്ള കെ.യു.ഡബ്ല്യൂ.എസ്.ഐ.പി ലക്ഷ്യമിടുന്നത്.

**(4) ജലസംരക്ഷണത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്:**

പരമ്പരാഗത അറിവുകളും ജലസംരക്ഷണ സാങ്കേതിക വിദ്യകളും ഉറവിട സംരക്ഷണത്തിനും മെച്ചപ്പെടുത്തലിനും പുതിയ സ്രോതസ്സുകൾ സൃഷ്ടിക്കുന്നതിനും സഹായകരമാകും. വേനൽക്കാലത്തും വരൾച്ചാ കാലാവസ്ഥയിലും മതിയായ വെള്ളം ഉറവിടത്തിൽ ലഭ്യമാണെന്ന് ഉറപ്പാക്കുകയും ജല സ്രോതസ്സുകളിലെ സംഭരണശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഉറവിടം മെച്ചപ്പെടുത്തൽ, ജലസംരക്ഷണം എന്നിവയിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ ലക്ഷ്യം. 2023-24 കാലയളവിൽ ഉറവിടം ശക്തിപ്പെടുത്തുന്നതിനും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കി. ഈ പ്രവർത്തനത്തിലൂടെ വേനൽക്കാലത്തെ ജല സമ്മർദ്ദം വലിയൊരളവിൽ ലഘൂകരിക്കാനാകും. 2023-24 കാലയളവിൽ 5 ജോലികൾ പൂർത്തീകരിക്കുകയും ഇതിനായി 174 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളും മുൻകൂട്ടി പ്രതീക്ഷിക്കാത്ത അടിയന്തിര ഇടപെടലുകളും 'കുടിവെള്ളം-വരൾച്ച ലഘൂകരണം' എന്ന പദ്ധതിയിൽ ഏറ്റെടുക്കുന്നു. പ്രകൃതിക്ഷോഭങ്ങൾക്ക് പുറമേ വലിയ വ്യാസമുള്ള പൈപ്പ് പൊട്ടുമ്പോൾ വസ്തുവകകൾക്കും ജലവിതരണ സംവിധാനങ്ങൾക്കും നാശ നഷ്ടങ്ങൾ സംഭവിക്കുന്ന ദുരന്ത സാഹചര്യങ്ങളിലും പ്രകൃതിദുരന്ത സമയത്ത് അടിയന്തിര ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള ജലവിതരണം എന്നിവയും ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കുന്നുണ്ട്. വരൾച്ചാ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ വിപുലീകരണം, വരൾച്ചാക്കാലത്ത് അധിക പമ്പിംഗ്, ശേഷി വർദ്ധിപ്പിക്കൽ എന്നിവയും

ഉൾപ്പെടുത്തിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് തുകയായ 1000.00 ലക്ഷം രൂപയിൽ 35 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 648.89 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

**(5) ജലത്തിന്റെ ഗുണനിലവാരം പരിഹരിക്കുന്നതിനും പ്രവർത്തനങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി:** പതിവായി ജലത്തിന്റെ ഗുണനിലവാര നിരീക്ഷണം നടത്തുക, ഫലപ്രദമായ ശുദ്ധീകരണ പ്രക്രിയകൾ നടപ്പിലാക്കുക, അടിസ്ഥാന സൗകര്യങ്ങളുടെ സമഗ്രത നിലനിർത്തുക, സുരക്ഷിതമായ വെള്ളം കൈകാര്യം ചെയ്യുന്ന രീതികളെക്കുറിച്ച് ജീവനക്കാരെ ബോധവൽക്കരിക്കുക, ഉറവിട നിയന്ത്രണ നടപടികളിലൂടെ മലിനീകരണ സാധ്യതയുള്ള ഉറവിടങ്ങൾ സജീവമായി കൈകാര്യം ചെയ്യുക എന്നിവ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനും പ്രവർത്തന സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള പ്രധാന തന്ത്രങ്ങളിൽ ഉൾപ്പെടുന്നു. കെ.ഡബ്ല്യു.എ യുടെ ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന് കീഴിലുള്ള അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും ഊർജ്ജ കാര്യക്ഷമതാ മെച്ചപ്പെടുത്തൽ, ഇലക്ട്രോ മെക്കാനിക്കൽ ഇനങ്ങളുടെ ഒപ്റ്റിമൈസേഷൻ, സുരക്ഷാ ഓഡിറ്റ്, ഡബ്ല്യു.ടി.പി കളുടെയും പമ്പ് ഹൗസുകളുടെയും പ്രവർത്തനത്തിൽ സുരക്ഷാ ഉറപ്പാക്കൽ എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

വിവിധ ജലവിതരണ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരവും നിരീക്ഷണവും കെ.ഡബ്ല്യു.എ യുടെ ക്വാളിറ്റി കൺട്രോൾ വിംഗാണ് നടത്തുന്നത്. നദീ സ്രോതസ്സുകൾ, കിണറുകൾ, സ്വകാര്യ സാമ്പിളുകൾ തുടങ്ങിയവയിലെ വെള്ളത്തിന്റെ ഗുണ നിലവാരവും ക്വാളിറ്റി കൺട്രോൾ വിംഗിന്റെ കീഴിലുള്ള ലാബുകളിൽ പരിശോധിക്കുന്നുണ്ട്. 14 ജില്ലകൾക്കും ജില്ലാതല ലബോറട്ടറികളുണ്ട് കൂടാതെ NABL അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. 2023-24ൽ ഒമ്പത് പ്രവൃത്തികൾ പൂർത്തിയാക്കി.

പമ്പ് ഹൗസുകളും ജലശുദ്ധീകരണ പ്ലാന്റുകളും ജനങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം ഉറപ്പാക്കുന്നതിനുള്ള സുപ്രധാന അടിസ്ഥാന സൗകര്യങ്ങളാണ്. സമൂഹത്തിന് ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം നൽകുന്നതിൽ അവർ നിർണായക പങ്ക് വഹിക്കുന്നു. പ്രവർത്തനത്തിലെ അപാകതകൾ, ഘടനാപരമായ അസ്ഥിരത, കെമിക്കൽ എക്സ്പോഷർ, ജോലിയിലെ സുരക്ഷ എന്നിവയെല്ലാം അപകടസാധ്യതകളാണ്. പ്ലാന്റുകൾക്കുള്ള ഐഎസ്ഒ സർട്ടിഫിക്കേഷന് ശരിയായ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടുന്ന ആധുനിക രീതികൾ ആവശ്യമാണ്. സുരക്ഷ ഉറപ്പാക്കുന്നതിനായി ഡബ്ല്യു.ടി.പികളിലും കെ.ഡബ്ല്യു.എ യുടെ പമ്പ് ഹൗസുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. 2023-24, 2024-25 വർഷങ്ങളിൽ (2024 ഓഗസ്റ്റ് 31 വരെ) എട്ട് പ്രവൃത്തികൾ പൂർത്തിയായി.

**ബോക്സ് 11.4.1 കേരള വാട്ടർ അതോറിറ്റിയുടെ (കെ.ഡബ്ല്യൂ.എ) യുടെ പ്രധാന ഡിജിറ്റൽ സംരംഭങ്ങൾ**

- **എൽ.എസ്.ജി.ഡി വർക്ക് ട്രാക്കിംഗ് സിസ്റ്റം**: വർക്ക് ഓർഡറുകളുടെ ലൈഫ് സൈക്കിൾ ട്രാക്കുചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് (എൽ.എസ്.ജി.ഡി) വർക്ക് ട്രാക്കിംഗ് സിസ്റ്റം ഓരോ ടാസ്കിനും തത്സമയ സ്റ്റാറ്റസ് അപ്ഡേറ്റ് നൽകുകയും ഭരണപരമായ അവലോകനത്തിനും തീരുമാനങ്ങൾ എടുക്കുന്നതിനുമായി റിപ്പോർട്ടുകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. പൂർത്തിയാക്കിയ ജോലികളുടെ ചരിത്രരേഖകളും ഇത് പരിപാലിക്കുന്നു.
- **പാം–ഹെൽഡ് മെഷീനുകൾ**: പാം-ഹെൽഡ് മെഷീനുകളിൽ ലോഡുചെയ്യാനുള്ള ബില്ലിംഗ് ആപ്ലിക്കേഷൻ കെ-ഡിസ്ക് വികസിപ്പിച്ചുകൊണ്ടിരിക്കുന്നു, അത് പൂർത്തീകരണ ഘട്ടത്തിലാണ്.
- **ഇ–ടാപ്പ്:** വാട്ടർ കണക്ഷൻ അപേക്ഷകർക്ക് നോൺ-ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഒരു ഓപ്ഷൻ ഇ-ടാപ്പിൽ ചേർത്തിരിക്കുന്നു.
- **ബി.പി.എൽ അപേക്ഷ**: യോഗ്യരായ ഉപഭോക്താക്കളിൽ നിന്ന് ബിപിഎൽ അപേക്ഷകൾ ക്ഷണിക്കുന്നതിനായി പുതിയ ഓൺലൈൻ ആപ്ലിക്കേഷൻ ആരംഭിച്ചു. ഈ വർഷം 10 ലക്ഷം ഉപഭോക്താക്കളാണ് ഈ പുതിയ ആപ്ലിക്കേഷൻ വഴി അപേക്ഷിച്ചത്.
- **ഇ അബാക്കസ്** : റവന്യൂ മോണിറ്ററിംഗ് സെല്ലിന്റെയും (ആർഎംസി) ഫീൽഡ് ഓഫീസർമാരുടെയും അഭ്യർത്ഥന പ്രകാരം സീവേജ് റിപ്പോർട്ടുകൾ, റവന്യൂ റിക്കവറി റിപ്പോർട്ടുകൾ, ബി.പി.എൽ റിപ്പോർട്ടുകൾ എന്നിവയിൽ നിരവധി മാറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ സർക്കാർ വകുപ്പുകൾക്കും കേന്ദ്രീകൃത ബില്ലിംഗ് നടപ്പിലാക്കി.
- **ഇ–പേയ്മെന്റ് സംവിധാനം**: നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി (എൻപിസിഐ) നേരിട്ട് സംയോജിപ്പിച്ചിരിക്കുന്ന ഭാരത് ബിൽ പേയ്മെന്റ് സിസ്റ്റം (ബിബിപിഎസ്) നടപ്പിലാക്കി. ഇത് ഉപഭോക്താക്കൾക്ക് യുപിഐ വഴി തത്സമയം വാട്ടർ ചാർജ് അടയ്ക്കാൻ സഹായിക്കുന്നു.
- **ജി ഐ എസുമായി ബന്ധപ്പെട്ടത്**:
  - i. **കെ.ഡബ്ല്യൂ.എ അസറ്റ് മാപ്പിംഗും മോണിറ്ററിംഗും**: വിപുലമായ ജലവിതരണ ശൃംഖല മാപ്പ് ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനുമായി കെ.ഡബ്ല്യൂ.എ ജി.ഐ.എസ് നടപ്പിലാക്കുന്നു. പൈപ്പ് ലൈനുകളുടെയും മറ്റ് ആസ്തികളുടെയും മാപ്പിംഗ് ഇതിൽ ഉൾപ്പെടുന്നു, ഇത് ജലവിതരണ ഡാറ്റയുടെ കൃത്യത വർദ്ധിപ്പിക്കുന്നു. മൊത്തത്തിലുള്ള അസറ്റ് മാനേജ്മെന്റ് ട്രാക്കുചെയ്യുന്നതിനും പ്രവർത്തനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും ഈ സിസ്റ്റം സഹായിക്കുന്നു. ഏകദേശം 2000 കിലോമീറ്റർ പൈപ്പ് ലൈൻ വിവരങ്ങൾ ശേഖരിച്ചു.
  - ii. **പ്രധാനമന്ത്രി ഗതി ശക്തി– ദേശീയ മാസ്റ്റർ പ്ലാൻ**: നോഡൽ ഓഫീസായി പിഎം ഗതി ശക്തിയിൽ ജിഐഎസ് ഡാറ്റ അപ്‌ലോഡ് ചെയ്യുന്നത് നിലവിൽ ജിഐഎസ് സെൽ കൈകാര്യം ചെയ്യുന്നു.
- **അക്വാലൂം**: നിലവിലുള്ള ഉപഭോക്തൃ പരാതി പരിഹാര സംവിധാനം - പരാതികൾ രജിസ്റ്റർ ചെയ്യാൻ ഉപയോഗിക്കുന്ന അക്വാലൂം, രജിസ്റ്റർ ചെയ്യുന്നതിൽ നിന്ന് സ്റ്റാറ്റസ് ചെക്ക് സൗകര്യം വരെയുള്ള സമ്പൂർണ്ണ വർക്ക്ഫ്ലോ ഉൾപ്പെടുത്തുന്നതിനായി നവീകരിച്ചു. ഈ സംവിധാനം ഉപയോഗിക്കുന്നതിലൂടെ, പരാതികളിൽ വേഗത്തിലുള്ള നടപടിയും പരിഹാരവും കൈവരിക്കാനാകും. അക്വാലൂമിൽ ഇതുവരെ രണ്ട് ലക്ഷത്തിലധികം പരാതികൾ ലഭിച്ചു. ഇതിൽ 95 ശതമാനം പരാതികളും പരിഹരിക്കപ്പെട്ടു.

ഉറവിടം: കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യൂ.എ)

### എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി), ഇ–ഗവേണൻസ്, ജി.ഐ.എസ്, ഇൻഫർമേഷൻ മാനേജ്മെന്റ്

കേരള വാട്ടർ അതോറിറ്റിയിൽ സുസജ്ജമായ വെബ് അധിഷ്ഠിത മാനേജ്മെന്റ് സംവിധാനം വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഐ.ടി റോഡ്മാപ്പിലെ പ്രധാന നാഴികക്കല്ലുകളിലേക്ക് 2023-24 ൽ കെ.ഡബ്ല്യു.എ ചുവടുവച്ചു. ശ്രദ്ധേയമായ നേട്ടങ്ങൾ **ബോക്സ് നമ്പർ 11.4.1**-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### കിഫ്ബി പദ്ധതികൾ

കിഫ്ബിയുടെ കീഴിൽ കെ.ഡബ്ല്യു.എ യുടെ 77 കുടിവെള്ള പദ്ധതികൾക്ക് കേരള സർക്കാർ അനുമതി നൽകിയിരുന്നു. 77 പദ്ധതികൾക്ക് 5,398.4 കോടി രൂപയുടെ ധനസഹായം നൽകാൻ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 4968.14 കോടി രൂപയുടെ 66 ജലവിതരണ പദ്ധതികളും 11 സർക്കിളുകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, കൊച്ചി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) 430.23 കോടി രൂപയുടെ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കലും ഉൾപ്പെടുന്നു. ഇതിൽ 779.29 കോടി രൂപയുടെ 23 ജലവിതരണ പദ്ധതികളും 151.67 കോടി രൂപയുടെ 48 പുനഃസ്ഥാപന പ്രവൃത്തികളും ഇതിനോടകം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്.

### അടൽ മിഷൻ ഫോർ റിജ്യുവിനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (എ.എം.ആർ.യു.റ്റി–അമൃത്)

#### അമൃത് 1.0

അമൃത് 1.0ന് കീഴിൽ ജലവിതരണ മേഖലയിൽ 1376.62 കോടി രൂപയുടെയും (204 പ്രവൃത്തികൾ) മലിനജല നിവാരണ മേഖലയിൽ 246.18 കോടി രൂപയുടെയും (131 പ്രവൃത്തികൾ) അനുവദിച്ചിട്ടുണ്ട്, ഇതിൽ 978.62 കോടി രൂപയുടെ 167 ജലവിതരണ പദ്ധതികളും 103 മലിനജല നിവാരണ പദ്ധതികളും പൂർത്തീകരിച്ചു. ബാക്കിയുള്ള ജോലികൾ പുരോഗമിക്കുകയാണ്.

അരുവിക്കരയിൽ 75 എം.എൽ.ടി ഡബ്ല്യു.ഡി.പി, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 5 എം.എൽ.ടി മലിനജല ശുദ്ധീകരണ പ്ലാന്റ്, പീച്ചിയിൽ 20 എം.എൽ.ടി ഡബ്ല്യു.ഡി.പി, പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ 45 എം.എൽ.ടി ഡബ്ല്യു.ഡി.പി, കൊച്ചിയിലെ എളംകുളത്ത് 5 എം.എൽ.ടി എസ്.ഡി.പി, തുടങ്ങിയവയാണ് അമൃത് 1.0ന് കീഴിൽ പൂർത്തിയാക്കിയ പ്രധാന പ്രവൃത്തികൾ. കൊല്ലം ജില്ലയിലെ വസൂരിച്ചിറയിൽ 100 എംഎൽഡി ഡബ്ല്യു.ടി.പിയും കൊല്ലം ജില്ലയിലെ കരീപ്പുഴയിൽ 12 എം.എൽ.ഡി സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തികളും അന്തിമഘട്ടത്തിലാണ്. എല്ലാ ജോലികളും 2024 ഡിസംബറിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

#### അമൃത് 2.0

ഗാർഹിക വാട്ടർ ടാപ്പ് കണക്ഷനോടൊപ്പം സാർവത്രിക പൈപ്പ് ജലവിതരണം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് (GoI) അമൃത് 2.0 ആരംഭിക്കുകയുണ്ടായി. എല്ലാ 4800 നിയമാനുസൃത പട്ടണങ്ങളിലും ജലവിതരണത്തിന്റെ സാർവത്രിക കവറേജും 500 അമൃത് നഗരങ്ങളിൽ 100 ശതമാനം മലിനജല/സെപ്റ്റേജ് മാനേജ്മെന്റും നൽകുക എന്നതാണ് അമൃത് 2.0 ലക്ഷ്യമിടുന്നത്. ഏകദേശം 3500 കോടി രൂപ വിഹിതത്തിൽ ഉൾപ്പെടുത്തി കേരളത്തിൽ 93 യുഎൽബികൾക്ക് ജലവിതരണത്തിന്റെ സാർവത്രിക കവറേജും 9 അമൃത് നഗരങ്ങളിൽ മലിനജലം/സെപ്റ്റേജ് മാനേജ്മെന്റും നടപ്പാക്കേണ്ടതുണ്ട്. ഇതിൽ 2449.56 കോടി രൂപ ജലവിതരണത്തിനും 902.16 കോടി രൂപ മലിനജല/സെപ്റ്റേജ് മാനേജ്മെന്റിനും ബാക്കി തുക ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനും ഹരിത ഇടങ്ങളും പാർക്ക് പദ്ധതികളും വികസിപ്പിക്കുന്നതിനും നീക്കിവച്ചിരിക്കുന്നു. വിവിധ യുഎൽബികൾക്ക് കീഴിലുള്ള 187 ജലവിതരണ പദ്ധതികൾക്കായി 1798.11 കോടി രൂപയ്ക്ക് ഒന്നും രണ്ടും ഗഡുവായി ഭരണാനുമതി (എഎസ്) ലഭിച്ചു. കൂടാതെ മലിനജല നിർമ്മാർജന മേഖലയ്ക്ക് കീഴിൽ, മലിനജല നിർമ്മാർജന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്, തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നാല് കോർപ്പറേഷനുകളിലായി 26 പ്രവൃത്തികൾക്ക് 492.87 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷമാണ് പദ്ധതിയുടെ കാലയളവ്. (കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും എന്ന അധ്യായം കാണുക)

### റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (ആർ.കെ.ഐ)

റീബിൽഡ് കേരള ഇനിഷ്യേറ്റീവിനു (ആർ.കെ.ഐ) കീഴിൽ 303.75 കോടി രൂപയുടെ പതിനേഴ് ജലവിതരണ പദ്ധതികൾക്ക് അനുമതി നൽകി. പുതിയ ജലസംഭരണികളുടെ നിർമ്മാണം, വിതരണ സംവിധാനം, പുതിയ ജല കണക്ഷനുകളും ജലവിതരണ മേഖലയിൽ നിലവിലുള്ള വിതരണ സംവിധാനത്തിന്റെ പുനരുദ്ധാരണവും പുതിയ ഇൻടേക്ക് വെൽ, ജലവിതരണ മേഖലയ്ക്ക് കീഴിലുള്ള ജലശുദ്ധീകരണ പ്ലാന്റ്, എന്നിവ ഇതിൽ ഉൾപ്പെടുന്നു. തിരുവനന്തപുരം കോർപ്പറേഷനുവേണ്ടി നിലവിലുള്ള സംവിധാനത്തിന്റെ പുനരുദ്ധാരണത്തിനും മലിനജല/സെപ്റ്റേജ് മാനേജ്മെന്റ് സംവിധാനം ലഭ്യമാക്കുന്നതിനുമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കൽ, ഊർജ്ജം ഒപ്റ്റിമൈസേഷൻ, കാര്യക്ഷമമല്ലാത്ത പമ്പിംഗ് സംവിധാനം മാറ്റിസ്ഥാപിക്കൽ, തിരഞ്ഞെടുത്ത 28 നഗര തദ്ദേശ സ്ഥാപനങ്ങളിലെ (യു.എൽ.ബി) ടോപ്പോഗ്രാഫിക്കൽ സർവ്വേ, പുതിയ 7 യു.എൽ.ബികൾക്ക് ഡി.ഇ.ആർ തയ്യാറാക്കൽ, റൂറൽ പമ്പ് ഹൗസുകളുടെ ഓട്ടോമേഷൻ, കൊച്ചി ഏലംകുളം -എസ്.ടി.പിയിലെ നെറ്റ്വർക്കിംഗ് തുടങ്ങിയവയും ആർ.കെ.ഐ വർക്കുകൾക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കോട്ടയം ജില്ലയിലെ ടിവി പുരം പഞ്ചായത്തിലേക്കും എരുമേലി പഞ്ചായത്തിലേക്കുമുള്ള ജലവിതരണ പദ്ധതി (ഡബ്ല്യു.എസ്.എസ്), കൊച്ചിയിലെ ചേരാനല്ലൂർ പഞ്ചായത്തിലേക്കുള്ള ജലവിതരണ പദ്ധതി, ചക്കംകണ്ടത്ത് സെപ്റ്റേജ് ട്രീറ്റ്മെന്റിനായി ഡൈല്യൂഷൻ ടാങ്ക് നിർമ്മാണം, എനർജി ഒപ്റ്റിമൈസേഷൻ, കാര്യക്ഷമമല്ലാത്ത പമ്പിംഗ് സംവിധാനം, എന്നിവയെക്കുറിച്ചുള്ള പഠനം, ഡി ഇ ആർ തയ്യാറാക്കൽ എന്നിവ പൂർത്തിയാക്കി. മറ്റെല്ലാ ജോലികളും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

**ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക) യുടെ സഹായത്തോടെയുള്ള കേരള ജലവിതരണ പദ്ധതി**

തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നിവിടങ്ങളിൽ അഞ്ച് ജലവിതരണ പദ്ധതികൾ നടപ്പാക്കാനാണ് ജെ.ഐ.സി.എ (ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി) യുടെ സഹായത്തോടെയുള്ള ജലവിതരണ പദ്ധതി വിഭാവനം ചെയ്യുന്നത്.

അഞ്ച് പദ്ധതികളും കമ്മീഷൻ ചെയ്യുകയും ഗുണഭോക്താക്കൾക്ക് ജലവിതരണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. തിരുവനന്തപുരം, ചേർത്തല, പട്ടുവം എന്നിവിടങ്ങളിൽ വിഭാവനം ചെയ്ത വിതരണ ശൃംഖലകൾ പൂർണമായും സജ്ജമായി. തിരുവനന്തപുരത്ത് രണ്ട് ഡബ്ല്യുഡിപികളുടെ പുന:സ്ഥാപിക്കൽ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. കോഴിക്കോട് മീനാട് പദ്ധതികൾക്കായി, വിതരണ സംവിധാനത്തിന്റെ ഒരു ഭാഗം ഒഴികെയുള്ള എല്ലാ ഘടകങ്ങളും പൂർത്തീകരിക്കുകയും പദ്ധതികൾ ഭാഗീകമായി കമ്മീഷൻ ചെയ്യുകയും ചെയ്തു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ 5 ജില്ലകളിലായി ഏകദേശം 41 ലക്ഷം ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

**ജൽജീവൻ മിഷൻ (ജെ.ജെ.എം)**

രണ്ട് വർഷത്തിനുള്ളിൽ ഗ്രാമീണ ഇന്ത്യയിലെ എല്ലാ കുടുംബങ്ങൾക്കും പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകളിലൂടെ സുരക്ഷിതവും സുലഭവുമായി കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണ് ജൽജീവൻ മിഷൻ (ജെ.ജെ.എം). എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും ദീർഘകാലാടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ട ഗുണനിലവാരത്തോടുകൂടിയതും മതിയായ അളവിലുള്ള കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം. കേന്ദ്രവും സംസ്ഥാനവും തമ്മിൽ 50:50 ചെലവ് പങ്കിടൽ അടിസ്ഥാനത്തിലാണ് കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. 50 ശതമാനം സംസ്ഥാന വിഹിതത്തിൽ 15 ശതമാനം പഞ്ചായത്ത് വഹിക്കുകയും 10 ശതമാനം ഗുണഭോക്തൃ വിഹിതമായി ഉറപ്പാക്കുകയും വേണം. ജൽ ജീവൻ മിഷന്റെ (ജെ.ജെ.എം) തുടക്കം മുതലുള്ള സാമ്പത്തിക പുരോഗതി **പട്ടിക 11.4.1** ൽ കാണിച്ചിരിക്കുന്നു.

2019-20 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാന മാച്ചിംഗ് ഷെയർ ഉൾപ്പെടെ ജെ.ജെ.എമ്മിന് കീഴിൽ ഉപയോഗിച്ച മൊത്തം ഫണ്ട് 10727.87 കോടി രൂപയാണ്. 2023-24ൽ, സംസ്ഥാന മാച്ചിംഗ് ഷെയർ ഉൾപ്പെടെ ജെ.ജെ.എമ്മിന് കീഴിൽ ഉപയോഗിച്ച മൊത്തം ഫണ്ട് 2,913.94 കോടി രൂപയാണ്. 2023-24ൽ ജെ.ജെ.എമ്മിന് കീഴിൽ കേരളം 3,52,208 ഗ്രാമീണ ഗാർഹിക കണക്ഷനുകൾ നൽകുകയുണ്ടായി. ജെ.ജെ.എമ്മിന് കീഴിൽ 20,38,569 എഫ്.എച്ച്.ടി.സി -കൾ നാളിതുവരെ (സെപ്റ്റംബർ 30, 2024) നൽകിയിട്ടുണ്ട്.

**ജലനിധി**

ലോകബാങ്ക് സഹായത്തോടെ ജലനിധി പദ്ധതി നടപ്പാക്കുന്നതിനുള്ള ഒരു പ്രത്യേകോദ്ദേശ്യമായാണ് കേരള സംസ്ഥാന ഗ്രാമീണ ജലവിതരണ, ശുചിത്വ ഏജൻസി (കെ.ആർ.ഡബ്ല്യു.എസ്.എ) രൂപീകരിച്ചത്. 2000-2008 കാലയളവിൽ ജലനിധി ഘട്ടം -1, 2012-2019 കാലയളവിൽ ഘട്ടം 2 എന്നിങ്ങനെ ജലനിധിയുടെ രണ്ട് ഘട്ടങ്ങൾ കെ.ആർ.ഡബ്ല്യു.എസ്.എ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. ജലനിധിയുടെ കീഴിൽ സമൂഹാധിഷ്ഠിത ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്തുകൾക്ക് നിർണ്ണായക പങ്കുണ്ട്. പങ്കാളിത്ത, സാമൂഹിക നിയന്ത്രിത ജലവിതരണവും ശുചിത്വ സൗകര്യങ്ങളും അവരുടെ തന്നെ ഉടമസ്ഥതയിലുള്ളതും പരിപാലിക്കപ്പെടുന്നതുമായ രീതിയിൽ നടപ്പിലാക്കുന്നതിനായി കെ.ആർ.ഡബ്ല്യു.എസ്.എ എൻജിഓകളുടെ വിപുലമായ ഒരു ശൃംഖലയും സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ ഗ്രാമീണ കുടുംബങ്ങളിലെ പ്രധാനമായും പട്ടികജാതി, പട്ടികവർഗ്ഗ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിഭാഗങ്ങൾക്ക് പ്രയോജനപ്പെടുന്ന

**പട്ടിക 11.4.1** 2024 നവംബർ 11 വരെയുള്ള ജൽ ജീവൻ മിഷന്റെ (ജെ.ജെ.എം) സാമ്പത്തിക പുരോഗതി (രൂപ കോടിയിൽ)

| വർഷം | ജെ ജെ എം വിഹിതം * | ഓപ്പണിംഗ് ബാലൻസ് | കേന്ദ്ര സർക്കാരിന്റെ റിലീസ് (കേന്ദ്ര വിഹിതം) | സംസ്ഥാന സർക്കാരിന്റെ റിലീസ് (സംസ്ഥാന വിഹിതം) | ലഭ്യമായ ആകെ ഫണ്ടുകൾ | ചെലവ് (കേന്ദ്ര വിഹിതം) | ചെലവ് (സംസ്ഥാന വിഹിതം) | മൊത്തം ചെലവ് (കേന്ദ്ര, സംസ്ഥാന വിഹിതം) |
|---|---|---|---|---|---|---|---|---|
| 2019-20 | 497.52 | --- | 101.29 | 101.29 | 202.58 | 62.26 | 57.23 | 119.49 |
| 2020-21 | 808.84 | 77.69 | 303.18 | 303.18 | 684.05 | 304.29 | 311.25 | 615.54 |
| 2021-22 | 3609.18 | 61.08 | 1353.44 | 1353.44 | 2767.96 | 957.44 | 1059.57 | 2017.01 |
| 2022-23 | 4413.08 | 750.95 | 2206.56 | 1616.28 | 4573.78 | 1740.74 | 1740.79 | 3481.53 |
| 2023-24 | 2653.40 | 1090.17 | 671.18 | 1207.15 | 2968.50 | 1465.41 | 1448.53 | 2913.94 |
| 2024-25 | 3853.23 | 54.56 | 974.68 | 571.16 | 1600.40 | 790.18 | 790.18 | 1580.36 |
| **ആകെ** | **15835.25** | | **5610.33** | **5152.5** | | **5320.32** | **5407.55** | **10727.87** |

ഉറവിടം : കേരള വാട്ടർ അതോറിറ്റി

*കേന്ദ്ര സർക്കാരിന്റെ വിഹിതത്തെ അടിസ്ഥാനമാക്കിയുള്ള വിഹിതം മാത്രം. എന്നാൽ പൂർണമായി റിലീസ് ചെയ്തിട്ടില്ല

വിധത്തിൽ ഏകീകൃതവും ഉപയോഗപ്രദമായതും വികേന്ദ്രീകൃതവുമായ ഒരു വിതരണ സംവിധാനം ഈ പദ്ധതി മാതൃകയിൽ ജലനിധി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസി കൂടിയാണ് കെ.ആർ.ഡബ്ല്യൂ.എസ്എ. കൂടാതെ, സംസ്ഥാനത്ത് മഴവെള്ള സംഭരണ പദ്ധതിയും (ആർ.ഡബ്ല്യൂ.എച്ച്) ഭൂഗർഭ ജല റീചാർജ് (ജി.ഡബ്ല്യൂ.ആർ) പ്രോത്സാഹിപ്പിക്കുന്നതിനായി 2004-ൽ 'മഴകേന്ദ്രം' രൂപീകരിച്ചു. സംസ്ഥാനത്തെ ജനങ്ങൾ, പ്രത്യേകിച്ച് മലയോര, തീരദേശ, വിദൂര പ്രദേശങ്ങളിലെ കുടിവെള്ള ലഭ്യതകുറവുള്ളവർ ഈ പരിപാടിക്ക് നല്ല സ്വീകാര്യതയാണ് നൽകുന്നത്. പല ഗ്രാമപഞ്ചായത്തുകളും, പ്രത്യേകിച്ച് മലയോര മേഖലകളിലും തീരപ്രദേശങ്ങളിലുമുള്ളവ, തങ്ങളുടെ കുടിവെള്ള വെല്ലുവിളികൾ നേരിടുന്നതിനുള്ള സാങ്കേതിക പരിഹാരമായി മഴവെള്ള സംഭരണം സജീവമായി സ്വീകരിക്കുന്നു. 10,000 ലിറ്റർ ശേഷിയുള്ള 11,616 മഴവെള്ള സംഭരണ ഘടനകളും 2,936 കിണർ റീചാർജ് ഘടനകളും 2024 ഓഗസ്റ്റ് 31 വരെ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമായ "ജൽ ജീവൻ മിഷന്റെ" ഒരു നിർവ്വഹണ ഏജൻസി കൂടിയാണ് നിലവിൽ കെ.ആർ.ഡബ്ല്യൂ.എസ്.എ. കേരളത്തിൽ നടപ്പാക്കിയ ജലനിധി മാതൃകയോട് ഏറെ സാമ്യമുള്ളതാണ് ജലജീവൻ മിഷനിൽ പിന്തുടരുന്ന ആശയവും നടപ്പാക്കൽ നടപടിക്രമങ്ങളും.

**പട്ടിക 11.4.2** 2024 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജല വിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ

| ക്രമ നം | ജില്ല | ഗാർഹിക കണക്ഷനുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 4,572 |
| 2 | കൊല്ലം | 22,663 |
| 3 | പത്തനംതിട്ട | 5,977 |
| 4 | ആലപ്പുഴ | 0 |
| 5 | കോട്ടയം | 55,879 |
| 6 | ഇടുക്കി | 41,503 |
| 7 | എറണാകുളം | 2,173 |
| 8 | തൃശ്ശൂർ | 66,589 |
| 9 | പാലക്കാട് | 50,771 |
| 10 | മലപ്പുറം | 95,583 |
| 11 | കോഴിക്കോട് | 51,110 |
| 12 | വയനാട് | 40,875 |
| 13 | കണ്ണൂർ | 24,416 |
| 14 | കാസർഗോഡ് | 22,968 |
| **ആകെ** | | **4,85,079** |

ഉറവിടം: കെ.ആർ.ഡബ്ല്യൂ.എസ്.എ

2024 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജലവിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ **പട്ടിക 11.4.2**-ൽ നൽകിയിട്ടുണ്ട്.

**പദ്ധതി നേട്ടങ്ങൾ**

പദ്ധതി തയ്യാറാക്കൽ, രൂപകൽപന, ഗുണനിലവാരം, നിർവഹണ ക്രമീകരണങ്ങൾ, നിരീക്ഷണവും വിലയിരുത്തലും, പരിസ്ഥിതി, സാമൂഹിക സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കൽ, വിശ്വസ്ത മാനേജ്മെന്റ്, സംഭരണം എന്നീ മേഖലകളിൽ ജലനിധി ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. 227 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി 4.52 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഘട്ടം-1 ഉം 2 ഉം പദ്ധതികളിലായി 5884 പദ്ധതികൾ കെ.ആർ.ഡബ്ല്യൂ.എസ്.എ നടപ്പാക്കിയിട്ടുണ്ട് - 1.04 ലക്ഷം വ്യക്തിഗത ശൗചാലയങ്ങൾ, 24,194 കക്കൂസ് കൺവർഷൻ, 96,703 പരിസ്ഥിതി മാനേജ്മെന്റ് പ്ലാൻ യൂണിറ്റുകൾ (സോക്ക് പിറ്റ്, കമ്പോസ്റ്റ് പിറ്റ്, വെർമിൻ കമ്പോസ്റ്റ് മുതലായവ) 1,916 ബയോ ഗ്യാസ് യൂണിറ്റുകൾ ഇതിൽ ഉൾപ്പെടും. ഒന്നാം ഘട്ടത്തിലെ പദ്ധതികൾ 20 വർഷത്തിലേറെയായി പ്രവർത്തനക്ഷമമാണ്. പ്ലാൻ സ്കീമിന് കീഴിലും ജലനിധി 1, 2 ഘട്ടങ്ങളിലും ഒരുമിച്ച് 40,000 മഴവെള്ള സംഭരണ ഘടനകൾ നിർമ്മിച്ചുകൊണ്ട് കെ.ആർ.ഡബ്ല്യൂ.എസ്.എ സംസ്ഥാനത്ത് മഴവെള്ള സംഭരണ പരിപാടി ജനകീയമാക്കി.

ജലനിധിയുടെ ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന ജില്ലതിരിച്ചുള്ള ഗ്രാമീണ ജനസംഖ്യ കണക്കിലെടുക്കുമ്പോൾ തൃശ്ശൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ കവറേജ് ഉള്ളത് (26.32 ശതമാനം). കോഴിക്കോട് ഏറ്റവും കൂടുതൽ പദ്ധതികൾ (1,052) ഉള്ളപ്പോൾ ആലപ്പുഴയ്ക്ക് പദ്ധതികളൊന്നുമില്ല. 2024 ആഗസ്റ്റ് 31 പ്രകാരം 5,903 പദ്ധതികളുടെ പരിധിയിൽ ആകെ 23,51,625 ഗ്രാമീണർ ഉൾപ്പെടുന്നു. ആഗസ്റ്റ് 31, 2024 വരെയുള്ള മൊത്തം 4,85,079 ജലവിതരണ ഗാർഹിക കണക്ഷനുകളിൽ മലപ്പുറം ജില്ലയാണ് ഏറ്റവും കൂടുതൽ കണക്ഷനുകളുള്ളത് (95,583 കണക്ഷനുകൾ). 66,589 കണക്ഷനുകളുള്ള തൃശ്ശൂരാണ് തൊട്ടു പിന്നാലെ. ജലനിധി പ്രോജക്ട് മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, പദ്ധതികൾ കമ്മീഷൻ ചെയ്തതിനുശേഷം, മുഴുവൻ പ്രവർത്തനങ്ങളും പരിപാലനവും (ഓ&എം) ഗുണഭോക്തൃ സമൂഹങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്. അതിനാൽ, അതത് പദ്ധതി മാനേജ്മെന്റ് കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരം ഒരോ പദ്ധതിക്കും ജലനിരക്കുകൾ വ്യത്യസ്തപ്പെടുന്നു. മിക്ക പദ്ധതികളിലും ഓരോ കുടുംബങ്ങൾക്കും 10,000 ലിറ്ററിന് പ്രതിമാസം ഈടാക്കുന്നത് ശരാശരി 100 രൂപയാണ്. എല്ലാ ജില്ലകളിലേയും ജലനിധിയുടെ ജലവിതരണ പദ്ധതികളുടെ പ്രതിശീർഷ പ്രതിദിന (എൽ പി സി ഡി) ജല ലഭ്യത 70 എൽ പി സി ഡി യാണ്.

നടപ്പാക്കിയ പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി, ഭാഗികമായോ പൂർണ്ണമായോ മുടങ്ങിക്കിടക്കുന്ന സാമൂഹിക ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് വേണ്ടി കേരള സർക്കാർ അനുവദിച്ച പദ്ധതിയാണ് സുസ്ഥിര പിന്തുണ പദ്ധതി. ഈ പദ്ധതിയ്ക്കായി 2018 മുതൽ ബഡ്ജറ്റ് വിഹിതം നീക്കിവെയ്ക്കാറുമുണ്ട്. ഈ പ്രോജക്റ്റിന് കീഴിൽ 2024 ഓഗസ്റ്റ് 31-ന് കെ.ആർ.ഡബ്ല്യൂ.എസ്.എയ്ക്ക് 1,303 പദ്ധതികൾ പുനഃസ്ഥാപിക്കാനാകും. 353 പദ്ധതികളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ഭാവിയിലെ ജലസുരക്ഷ ഉറപ്പാക്കുന്നതിന് പരമ്പരാഗത ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് ഗാർഹിക കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള

സ്രോതസ്സുകളാക്കി മാറ്റുന്നത് വളരെ പ്രധാനമാണ്. കിണറുകൾ ഭൂഗർഭ ജലം റീചാർജ് ചെയ്യുന്നതിനുള്ള മികച്ച മാർഗ്ഗമാണ്. ശരിയായി സംരക്ഷിച്ച് റീചാർജ് ചെയ്താൽ, കിണറുകൾ വിശ്വസനീയമായ കുടിവെള്ള സ്രോതസ്സുകളായി വർത്തിക്കുകയും അതേ സമയം കുറഞ്ഞു വരുന്ന ഭൂഗർഭ ജല വിതാനം നികത്തുകയും ചെയ്യും. 2024 ഓഗസ്റ്റ് 31-ലെ കണക്കനുസരിച്ച് ആകെ 398 ഗാർഹിക കിണറുകൾ മഴവെള്ള റീചാർജ് സംവിധാനത്തിലൂടെ സംരക്ഷിക്കുകയും സുസ്ഥിര കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുകയും ചെയ്തു.

കമ്മ്യൂണിറ്റി നിയന്ത്രിത ചെറിയ ജലവതരണ പദ്ധതികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് ജലത്തിന്റെ ഗുണനിലവാരം സ്ഥിരമായി പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനത്തിന്റെ അഭാവം. ഒരു പൊതു ജലവിതരണം, ശേഷിയിൽ ചെറുതാണെങ്കിലും, ജലത്തിന്റെ ഗുണനിലവാര പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പതിവ് നിരീക്ഷണവും സമയബന്ധിതമായ ലഘൂകരണവും ആവശ്യമാണ്. മലിനജല ശേഖരണത്തിന്റെയും സംസ്കരണത്തിന്റെയും അഭാവം സംസ്ഥാനത്തെ പൊതു ജനാരോഗ്യത്തിന് വലിയ ഭീഷണിയായി ഉയർന്നു വരുന്നു. വീട്ടുവളപ്പിൽ നിന്ന് ശേഖരിക്കുന്ന ചാരനിറത്തിലുള്ള വെള്ളം പൂന്തോട്ട പരിപാലനത്തിനും മറ്റ് ഗാർഹികമല്ലാത്ത ആവശ്യങ്ങൾക്കും ശുദ്ധീകരിച്ച് വീണ്ടും ഉപയോഗിക്കാം. പ്രവർത്തികൾ നടപ്പാക്കുന്ന മേഖലയിൽ ചാരനിറത്തിലുള്ള വെള്ളത്തിന്റെ പുനരുപയോഗം ജലക്ഷാമവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ പരിഹരിക്കുകയും സാമ്പത്തിക സ്രോതസ്സുകൾ ലാഭിക്കുകയും ജല സമ്പദ്‌വ്യവസ്ഥയെ പിന്തുണയ്ക്കാൻ സഹായിക്കുകയും ചെയ്യും. 2024 ഓഗസ്റ്റ് 31 വരെ, ആസൂത്രണം ചെയ്ത 90 ജല ഗുണനിലവാര ലഘൂകരണ

**ബോക്സ്. 11.4.2** ഗ്രേ വാട്ടർ മാനേജ് മെന്റിൽ ജലനിധിയുടെ ഇടപെടലുകൾ

1. **ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിലെ ഗ്രേ വാട്ടർ മാനേജ്മെന്റ്**

ട്രൈബൽ ഹോസ്റ്റലുകൾ, റസിഡൻഷ്യൽ സ്കൂളുകൾ, കോളനികൾ എന്നിവിടങ്ങളിൽ ഗ്രേ വാട്ടർ ട്രീറ്റ്മെന്റും മാനേജ്മെന്റ് സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് (ജിപി) സാങ്കേതിക പിന്തുണ നൽകുന്നതിനുള്ള ഒരു പരിപാടി ജലനിധി ആരംഭിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് സ്വീകാര്യമായ ചെലവ് കുറഞ്ഞതും സങ്കീർണ്ണമല്ലാത്തതുമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഭൗതികവും ജൈവപരവുമായ രീതികൾ ഉപയോഗിച്ച് ഗ്രേ വാട്ടർ ട്രീറ്റ് ചെയ്യുക എന്നതാണ് ലക്ഷ്യം.

ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച്, ഇടപെടലിനായി നിർദ്ദിഷ്ട പ്രദേശങ്ങൾ അല്ലെങ്കിൽ "ഹോട്ട്സ്പോട്ടുകൾ" ജലനിധി തെരഞ്ഞെടുത്തു. 2022-2023ൽ കാന്തല്ലൂർ, മറയൂർ ഗ്രാമപഞ്ചായത്തുകളെ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കാൻ കെ.ആർ.ഡബ്ല്യൂ.എസ്.എ യുടെ ഇടുക്കി റീജിയണൽ യൂണിറ്റ് തെരഞ്ഞെടുത്തു. മറയൂർ ഗ്രാമപഞ്ചായത്ത്, പ്രത്യേകിച്ച് ബാബു നഗർ കോളനി, ശ്രദ്ധാകേന്ദ്രമായി. തുടക്കത്തിൽ എല്ലാ വീടുകളിലും ഒരു മലിനജല സംസ്കരണ പ്ലാന്റോടുകൂടിയ സമഗ്രമായ ഗ്രേ വാട്ടർ മാനേജ്മെന്റ് സിസ്റ്റം ആസൂത്രണം ചെയ്തു, ഉയർന്ന ചെലവ് കുറയ്ക്കുന്നതിനായി "മാജിക് പിറ്റ്" സാങ്കേതികവിദ്യ ഉപയോഗിച്ച് സ്വച്ഛ് ഭാരത് ഗ്രാമീണ് പ്രോഗ്രാമിന് കീഴിലുള്ള വ്യക്തിഗത ഗാർഹിക തല സമീപനത്തിലേക്ക് മാറാൻ പ്രേരിപ്പിച്ചു.

കോളനിയിൽ തുടക്കത്തിൽ ചില വെല്ലുവിളികളും ഡ്രെയിനേജ് പ്രശ്നങ്ങളും ഉണ്ടായിരുന്നെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനമായ മറയൂർ ഗ്രാമപഞ്ചായത്ത് ഈ നിർദ്ദേശം ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. അറുപതോളം വീടുകൾക്കുള്ള മാജിക് പിറ്റുകളുടെ നിർമ്മാണം 2023 നവംബറിൽ ആരംഭിച്ച്, ഒരുമാസത്തിനുള്ളിൽ പൂർത്തിയാവുകയും ചെയ്തു. വിപുലമായ ബോധവൽക്കരണ പരിപാടികളും പരിശീലനവും നടത്തി, ഇത് വീട്ടുകാരിൽ നിന്ന് നല്ല പ്രതികരണത്തിന് കാരണമായി. താമസക്കാർ ഇപ്പോൾ സാങ്കേതിക വശങ്ങളിലും നിർമ്മാണ നിലവാരത്തിലും സംതൃപ്തരാണ്, അവരുടെ ഗ്രേ വാട്ടർ പ്രശ്നങ്ങൾ ഫലപ്രദമായി പരിഹരിക്കപ്പെടുന്നു. മറയൂർ ഗ്രാമപഞ്ചായത്ത് ദുർബല പ്രദേശങ്ങളിൽ കൂടുതൽ സംവിധാനങ്ങളുടെ ആവശ്യകത പ്രകടിപ്പിക്കുകയും പരിപാടിയുടെ വ്യാപ്തി വർദ്ധിപ്പിക്കാനായി ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

2. **വയനാട് ജില്ലയിലെ ട്രൈബൽ ഹോസ്റ്റലുകളിലെ ഗ്രേ വാട്ടർ മാനേജ്മെന്റ്**

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന രാജീവ്ഗാന്ധി മെമ്മോറിയൽ റസിഡൻഷ്യൽ ഹയർസെക്കൻഡറി സ്കൂളിനോട് ചേർന്നുള്ള ഹോസ്റ്റലിൽ ഗ്രേ വാട്ടർ ട്രീറ്റ്മെന്റ് ആൻഡ് മാനേജ്മെന്റ് സിസ്റ്റം സ്ഥാപിച്ചത് ഈ ഉദ്യമത്തിലേക്കുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ്. ഒരു കാന്റീൻ സൗകര്യമുള്ള ഹോസ്റ്റൽ, കുളിമുറിയിൽ നിന്നും അടുക്കളയിൽ നിന്നും കാന്റീനിൽ നിന്നും ഉത്പാദിപ്പിക്കുന്ന മലിനജലവുമായി ബന്ധപ്പെട്ട വെല്ലുവിളികളെ അഭിമുഖീകരിക്കുന്നു. ഈ മലിനജലം മുമ്പ് സമീപത്തെ കനാലിലേക്ക് ഒഴുക്കിവിട്ടിരുന്നു, ഇത് നിവാസികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുകയും ജലജന്യ രോഗങ്ങൾക്ക് കാരണമാവുകയും ചെയ്തു. കൂടാതെ, ഇത് സമീപത്തെ ജലാശയങ്ങളിൽ മലിനീകരണത്തിന് കാരണമായി, പരിഹരിക്കപ്പെടാത്ത മലിനജല പ്രശ്നങ്ങൾക്കെതിരെ പ്രദേശവാസികളെ ആശങ്കകളും പ്രതിഷേധങ്ങളും ഉന്നയിക്കാൻ പ്രേരിപ്പിച്ചു.

ഈ നിർണായക സാഹചര്യം മറികടക്കാനായി വികേന്ദ്രീകൃത മലിനജല സംസ്കരണ സംവിധാനം (DEWATS) നടപ്പിലാക്കാൻ കെ.ആർ.ഡബ്ല്യൂ.എസ്.എ നിർദ്ദേശിച്ചു. ഹോസ്റ്റലും കാന്റീനും ചേർന്ന് പ്രതിദിനം 20,000 ലിറ്റർ മലിനജലം ഉത്പാദിപ്പിക്കുന്നു. റസിഡൻഷ്യൽ ഹോസ്റ്റലിൽ നിന്നും കാന്റീനിൽ നിന്നുമുള്ള മലിനജലം ഒരു സെറ്റിൽസർ ടാങ്കിൽ ശേഖരിക്കുന്നതാണ് ഈ സംവിധാനം. തുടർന്ന്, ഇത് ആനറോബിക് ബാഫിൽഡ് റിയാക്ടറിലേക്കും (എ.ബി.ആർ) പിന്നീട് ആനറോബിക് ഫിൽട്ടറിലേക്കും (എ.എഫ്) എത്തിക്കുന്നു. ശുദ്ധീകരിച്ച വെള്ളം ഒരു അറയിൽ ശേഖരിക്കുന്നതിന് മുമ്പ് ഒരു ഹോറസാന്റൽ പ്ലാന്റ് ഗ്രാവൽ ഫിൽട്ടറിലൂടെ (എച്ച്പിജിഎഫ്) കടന്നുപോകുന്നു. സമീപത്ത് കൃഷി ചെയ്യുന്ന ചെടികൾക്കും പച്ചക്കറികൾക്കും ജലസേചനം നടത്തുന്നതിന് ഓട്ടോമാറ്റിക് പമ്പിംഗ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. 19 മീറ്റർ നീളവും 3 മീറ്റർ വീതിയുമുള്ള DEWATS യൂണിറ്റിന് പ്രതിദിനം 15 m3 ശേഷിയുണ്ട്.

ഈ സമഗ്രമായ സമീപനം ഉടനടിയുള്ള പാരിസ്ഥിതിക ആശങ്കകളെ പരിഹരിക്കുക മാത്രമല്ല, മലിനജല ശുദ്ധീകരണ സംവിധാനത്തിന്റെ തുടർച്ചയായ അറ്റകുറ്റപ്പണികളിൽ അവരെ ഉൾപ്പെടുത്തി പ്രാദേശിക സമൂഹത്തെ ശാക്തീകരിക്കുകയും ചെയ്യുന്നു.

ഉറവിടം: കെ.ആർ.ഡബ്ല്യൂ.എസ്.എ/ ജലനിധി

യൂണിറ്റുകളിൽ 65 എണ്ണവും ഏറ്റെടുത്ത 9 എണ്ണത്തിൽ 2 ഗ്രേ വാട്ടർ മാനേജ്മെന്റ് സിസ്റ്റങ്ങളും കമ്മീഷൻ ചെയ്തിട്ടുണ്ട്. 2022-2023ൽ കെ.ആർ.ഡബ്ല്യു.എസ്.എ രണ്ട് ട്രൈബൽ ഹോസ്റ്റലുകളിൽ ഇൻസ്റ്റിറ്റ്യൂഷണൽ ഗ്രേ വാട്ടർ മാനേജ്മെന്റ് നടപ്പിലാക്കി. ഇതിൽ വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്-ട്രൈബൽ ഹോസ്റ്റലുകളിലെ ഗ്രേ വാട്ടർ മാനേജ്മെന്റ് പൂർത്തിയാക്കി. എടവക ഗ്രാമപഞ്ചായത്തിലെ ഒരെണ്ണം അന്തിമഘട്ടത്തിലാണ്. കൂടാതെ ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിലെ ഒരു കമ്മ്യൂണിറ്റി ഗ്രേ വാട്ടർ മാനേജ്മെന്റ് കൂടി പൂർത്തിയായി. ഗ്രേ വാട്ടർ മാനേജ് മെന്റിൽ ജലനിധിയുടെ ഇടപെടലുകൾ **ബോക്സ്. 11.4.2** ൽ കാണിച്ചിരിക്കുന്നു.

കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികളിൽ സോളാർ അധിഷ്ഠിത പമ്പിംഗ് സംവിധാനം നടപ്പിലാക്കി കെ.ആർ.ഡബ്ല്യു.എസ്.എ ഒരു നാഴികക്കല്ല് കൈവരിച്ചു. വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി വിഭാഗങ്ങൾ താമസിക്കുന്ന ആലത്തൂർ, രാമ്പിള്ളി മേഖലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഈ നൂതന സംവിധാനം വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

നമ്മുടെ സംസ്ഥാനത്ത് ജലസംരക്ഷണവും ജലഗുണനിലവാരം മെച്ചപ്പെടുത്തലും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഏക മാർഗ്ഗം ജല സാക്ഷരതാ പ്രോത്സാഹന പരിപാടികളാണ്. സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജലസംരക്ഷണത്തിന് ഉയർന്ന മുൻഗണന നൽകുന്നു. ജല സാക്ഷരതാ യജ്ഞം ആരംഭിക്കേണ്ടത് സ്കൂളിൽ നിന്നാണ്. ജലസംരക്ഷണത്തിന് ഊന്നൽ നൽകി കാമ്പെയ്നുകൾ, സർവേകൾ, ക്യാമ്പുകൾ, ഫീൽഡ് ട്രിപ്പുകൾ, റാലികൾ തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ജലശ്രീ ക്ലബ്ബുകൾ സംഘടിപ്പിക്കുന്നു. വീടുകളിലും പരിസര പ്രദേശങ്ങളിലും പ്രായോഗിക ജലത്തിന്റെ ഗുണനിലവാര പരിശോധനയിൽ ക്ലബ് ഏർപ്പെടുകയും, സുരക്ഷിതമായ കുടിവെള്ളത്തിന്റെയും ശുചിത്വത്തിന്റെയും പ്രാധാന്യം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ജീവിത നൈപുണ്യ വികസനം, രക്ഷിതാക്കൾ, സമൂഹങ്ങൾ, സർക്കാരുകൾ, സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് ജലസംരക്ഷണ സാങ്കേതിക വിദ്യകളിലൂടെ ഭൂഗർഭജലനിരപ്പ് മെച്ചപ്പെടുത്തുന്നതിനും മികച്ച രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ശുചിത്വവും പരിസര ശുചീകരണവും മെച്ചപ്പെടുത്തുന്നതിനും ജലശ്രീ ക്ലബ് ഊന്നൽ നൽകുന്നു. നിലവിൽ കെ.ആർ.ഡബ്ല്യു.എസ്.എ ജൽ ജീവൻ മിഷന്റെയും ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസികളുടെയും (ഐ.എസ്.എ) സഹായത്തോടെ സ്കൂളുകളിൽ 686 ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ചു.

വിവിധ മേഖലകളിൽ കെ.ഡബ്ല്യു.എ ശുചീകരണ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെടുന്നുണ്ടെങ്കിലും കെ.ആർ.ഡബ്ല്യു.എസ്.എയും ശുചീകരണ പ്രവർത്തനങ്ങളിലും കാര്യമായ സംഭാവനകൾ നൽകുന്നുണ്ട്. ശുചീകരണ പ്രവർത്തനങ്ങളുടെ ഒന്നും രണ്ടും ഘട്ടങ്ങളിലെ ജില്ല തിരിച്ചുള്ള നേട്ടങ്ങൾ കാണിക്കുന്നത് മലപ്പുറം ജില്ലയിൽ 26,385 മീറ്റർ ഡ്രെയിനേജ് കവറേജ് ഉണ്ടെന്നും ഇത് 14 ജില്ലകളിൽ വച്ച് ഏറ്റവും ഉയർന്നതാണെന്നും ആണ്. ആഗസ്റ്റ് 31, 2024 ലെ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ (557) കോട്ടയത്താണ് (**അനുബന്ധം 11.4.7**). ഓഗസ്റ്റ് 31, 2024 ലെ കണക്കനുസരിച്ച് ഭൂഗർഭജല റീചാർജ് (ജി ഡബ്ല്യൂ ആർ) ഘടനകളുടെ ആകെ എണ്ണം 2,912 ആണ്. ആഗസ്റ്റ് 31, 2024 വരെയുള്ള ഭൂഗർഭ ജലറീച്ചാർജ്ജ് (ജി ഡബ്ല്യൂ ആർ) ഘടനകളുടെ ഭൂരിഭാഗവും (988) കോട്ടയത്താണ്. അതുപോലെ കെ.ആർ.ഡബ്ല്യൂ. എസ്.എ സംസ്ഥാനത്ത് സ്ഥാപിച്ച മൊത്തം മഴവെള്ള സംഭരണ (ആർ.ഡബ്ല്യു.എച്ച്) ടാങ്കുകളുടെ എണ്ണം ആഗസ്റ്റ് 31, 2024 വരെ 35,006 ആണ്. ഇത് ഏറ്റവും കൂടുതൽ എണ്ണം (10,647) ഇടുക്കിയിലും ഏറ്റവും കുറവ് (251) വയനാട്ടുമാണ് (**അനുബന്ധം 11.4.8**). കെ.ആർ. ഡബ്ല്യൂ.എസ്.എ യുടെ കണക്കനുസരിച്ച് ആഗസ്റ്റ് 31, 2024 പ്രകാരം 5,903 പദ്ധതികളിൽ, 5,144 ചെറുകിട ജലവിതരണ പദ്ധതികളും 39 വൻകിട/ബൾക്ക് ജലവിതരണ പദ്ധതികളും 4 മൾട്ടി ഗ്രാമപഞ്ചായത്ത് പദ്ധതികളും പ്രവർത്തനക്ഷമമാണ് കൂടാതെ ഇവയുടെ ഭാഗമായി 4,85,079 കുടുംബങ്ങൾക്ക് ഈ പദ്ധതികളിൽ നിന്ന് പ്രയോജനം ലഭിക്കുകയും ചെയ്യുന്നു. (**അനുബന്ധം 11.4.9**)

### മുന്നോട്ട്

വർദ്ധിച്ചുവരുന്ന നഗരവൽക്കരണവും മാറുന്ന കാലാവസ്ഥാ പ്രവണതകളും ജലസ്രോതസ്സുകളിൽ വലിയ സമ്മർദ്ദം ചെലുത്തുന്നു. ജലസംരക്ഷണം, കാര്യക്ഷമത മെച്ചപ്പെടുത്തൽ, മലിനജല സംസ്കരണം, ജലത്തിന്റെ പുനരുപയോഗം, എന്നിവ ജലസുരക്ഷ ഉറപ്പാക്കുന്നതിൽ പരമപ്രധാനമാണ്. ജനസംഖ്യ വർധിച്ചു കൊണ്ടിരിക്കുകയും, നഗര കേന്ദ്രങ്ങളിൽ ജനസംഖ്യയുടെ കുടിയേറ്റം തുടരുകയും ചെയ്യുന്നതുകൊണ്ട് വർദ്ധിച്ചുവരുന്ന ജലത്തിന്റെ ആവശ്യം ശുദ്ധജല സ്രോതസ്സുകളിൻമേൽ അധിക സമ്മർദ്ദം സൃഷ്ടിക്കും. നഗര കേന്ദ്രങ്ങളുടെ ഒട്ടും ആസൂത്രിതമല്ലാത്തതും അനിയന്ത്രിതവുമായ വിപുലീകരണം തടയേണ്ടതുണ്ട്. ജലവിതരണ സംവിധാനങ്ങളിലെയും വീടുകളിലെയും വ്യാപാരസ്ഥാപനങ്ങളിലെയും ജലചോർച്ച പരമാവധി കുറയ്ക്കേണ്ടതുണ്ട്. എല്ലാ ജല ഉപഭോക്താക്കൾക്കും ഇടയിൽ ജലസംരക്ഷണം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

# 11.5 ഭവനനിർമാണം

സംസ്ഥാനത്തിന്റെ സാമ്പത്തിക, സാമൂഹിക, നാഗരിക പുരോഗതിക്ക് മികച്ച പാർപ്പിടസൗകര്യങ്ങൾ അനുപേക്ഷണീയമാണ്. ഇതൊരു അടിസ്ഥാന ആവശ്യവും മൗലികമായ മനുഷ്യാവകാശവും ആണ്. താങ്ങാനാവുന്നതും അനുയോജ്യവുമായ ഭവനസൗകര്യങ്ങളുടെ ലഭ്യതമൂലം മെച്ചപ്പെട്ട ആരോഗ്യം, മെച്ചപ്പെട്ട വിദ്യാഭ്യാസ അവസരങ്ങൾ, സാമ്പത്തിക പുരോഗതി തുടങ്ങി സുപ്രധാന നേട്ടങ്ങൾ കൈവരുന്നു. ഭവന സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് ദാരിദ്ര്യനിർമാർജനത്തിലെ നിർണായക ചുവടുവെപ്പായി കണക്കാക്കപ്പെടുന്നു. അതോടൊപ്പം അസമത്വം കുറയ്ക്കുക, സാമ്പത്തികവും പാരിസ്ഥിതികവുമായ വെല്ലുവിളികളോട് പ്രതിരോധം വളർത്തുക ഉൾപ്പെടെയുള്ള വിശാലമായ സാമൂഹിക സ്വാധീനമുണ്ടാക്കാനും ഇതിനു കഴിയും.സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് വീട് നൽകുന്നതിൽ കേരളം ഗണ്യമായ മുന്നേറ്റം നടത്തിയിട്ടുണ്ട്. നിരവധി കേന്ദ്രപദ്ധതികൾ ആരംഭിക്കുന്നതിനു മുൻപുതന്നെ പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾക്ക് താങ്ങാനാവുന്ന പാർപ്പിടം വാഗ്ദാനം ചെയ്യുന്നതിനുള്ള വിജയകരമായ ഇടപെടലുകൾ കേരളം നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ ഭവനരഹിതർക്ക് ഭവനസാധ്യതകൾ വർധിപ്പിക്കുന്നതിനും ഗുണനിലവാരത്തിലുള്ള ഭവന നിർമ്മാണം ഉറപ്പാക്കുന്നതിനും കേരള സർക്കാർ കഴിഞ്ഞ അഞ്ചു വർഷങ്ങളായി പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്. പാവപ്പെട്ടവർക്ക് മെച്ചപ്പെട്ട പാർപ്പിടം നൽകുക എന്ന ലക്ഷ്യത്തോടെ ലൈഫ് മിഷൻ എന്ന പേരിൽ സമഗ്ര ഭവന പദ്ധതിക്ക് തുടക്കം കുറിച്ചു.

**ഉപജീവനം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം (ലൈഫ്) മിഷൻ**

പാർപ്പിട പ്രതിസന്ധി ലഘൂകരിക്കുക എന്ന ധീരമായ ദൗത്യം ഏറ്റെടുത്തുകൊണ്ട് 2016 മുതൽ ആരംഭിച്ച ഒരു സമഗ്ര പാർപ്പിട പദ്ധതി എന്ന രീതിയിൽ ലൈഫ് പദ്ധതി വേറിട്ട് നിൽക്കുന്നു. കേവലം പാർപ്പിടആവശ്യങ്ങൾ പരിഹരിക്കുന്നതിനപ്പുറം വിവിധ ക്ഷേമ, സാമൂഹികസുരക്ഷാ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിനുള്ള അവസരങ്ങളും ലൈഫ് പദ്ധതി അതിന്റെ ഗുണഭോക്താക്കൾക്ക് നൽകുന്നു. ഭൂരഹിതർക്കും ഭവനരഹിതർക്കും ഉള്ള ഈ സമഗ്ര പുനരധിവാസ പദ്ധതി വിവിധ സർക്കാർ പദ്ധതികളെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഗുണഭോക്താക്കൾക്ക് സാമൂഹികവും സാമ്പത്തികവുമായ സ്ഥിരതയും നൈപുണ്യ വികസനവും ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഭവനപദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിൽ നിർണായക പ്രാധാന്യമുള്ള പ്രാദേശികസർക്കാരുകളുടെ പങ്കാളിത്തമാണ് പദ്ധതിയുടെ പ്രത്യേകത. സംസ്ഥാനത്തെ ഓരോ പ്രാദേശികസർക്കാരും പദ്ധതിയുടെ 20 ശതമാനമെങ്കിലും ഭവനനിർമ്മാണ മേഖലയ്ക്ക് നിർബന്ധിതമായി നീക്കിവെക്കുന്നു.

ലൈഫിന്റെ പ്രാഥമിക ലക്ഷ്യങ്ങളിൽ രണ്ട് സുപ്രധാന ഘടകങ്ങൾ ഉൾക്കൊള്ളുന്നു: (എ) സംസ്ഥാനത്തിനുള്ളിൽ ഭൂമിയോ പാർപ്പിടമോ ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും മാന്യവും സുരക്ഷിതവുമായ വീടുകൾ നിർമ്മിക്കൽ. (ബി)കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ) ഫണ്ടുകൾ, പരോപകാര പ്രവർത്തന പിന്തുണ, മറ്റ് സാധ്യതകൾ ഉൾപ്പെടെ വിവിധ സ്രോതസുകളിൽ നിന്നുള്ള വിഭവങ്ങൾ ശേഖരിക്കുന്നതിലൂടെയാണ് ഈ ലക്ഷ്യം നേടിയെടുക്കുക.

ലൈഫ് പദ്ധതി പ്രകാരം കരാർ ഒപ്പിട്ടവർക്ക് ഭവനനിർമാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ നാല് ഗഡുക്കളായി 4.00 ലക്ഷം രൂപ സാമ്പത്തിക സഹായമായി അനുവദിക്കുന്നു. വിദൂര പട്ടികവർഗ ഊരുകളിൽ ജീവിക്കുന്ന പട്ടികവർഗ ഗുണഭോക്താക്കൾക്ക് അഞ്ച് ഗഡുക്കളായി 6.00 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

മൂന്ന് ഘട്ടങ്ങളായിട്ടാണ് ലൈഫ് മിഷൻ പദ്ധതി പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ ഭാഗികമായി നിർമ്മിച്ചതും പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ വീടുകളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടത്. ഈ വിഭാഗത്തിൽ, 54,116 വീടുകളിൽ 52,680 വീടുകളുടെയും (97.3 ശതമാനം) നിർമാണം പൂർത്തിയാക്കിയെന്ന ശ്രദ്ധേയമായ നേട്ടം ലൈഫ്

മിഷൻ കൈവരിച്ചു . പൂർത്തീകരിച്ച മൊത്തം വീടുകളിൽ 42,850 വീടുകൾ ഗ്രാമപ്രദേശങ്ങളിലും 9,830 വീടുകൾ നഗരപ്രദേശങ്ങളിലും ആണ് പൂർത്തീകരിച്ചിരിക്കുന്നത്. ആദ്യഘട്ടത്തിൽ 19,153 പട്ടികജാതി ഗുണഭോക്താക്കളും, 17,400 പട്ടികവർഗ ഗുണഭോക്താക്കളും വീടുപണി പൂർത്തിയാക്കി.

രണ്ടാംഘട്ടത്തിൽ, സ്വന്തമായി ഭൂമിയുള്ള കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായമാണ് നൽകുന്നത്. ഈ ഘട്ടത്തിൽ 1,04,047 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും 97,886 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു (94.07 ശതമാനം). മറ്റ് ഭവന പദ്ധതികൾ ലൈഫ് മിഷനുമായി സംയോജിപ്പിച്ചതിനാൽ, രണ്ടാം ഘട്ടത്തിലെ ലൈഫ് മിഷന്റെ നേട്ടത്തിൽ പ്രധാനമന്ത്രി ആവാസ് യോജന (നഗരം), പ്രധാനമന്ത്രിആവാസ് യോജന (ഗ്രാമം), പട്ടികജാതി വകുപ്പ്, പട്ടികവർഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, ന്യൂനപക്ഷ വകുപ്പ് എന്നിവയിലൂടെ പൂർത്തിയാക്കിയ വീടുകളും ഉൾപ്പെടുന്നു. പട്ടികജാതി, പട്ടികവർഗ, ഫിഷറീസ്, ന്യൂനപക്ഷ വകുപ്പുകൾ യഥാക്രമം 21,386, 10,692, 6,009, 2,363 വീടുകളാണ് ലക്ഷ്യമിട്ടത്, ഈ ലക്ഷ്യങ്ങൾ പൂർണമായും കൈവരിക്കാനായി. കൂടാതെ, പട്ടികജാതി/പട്ടികവർഗ, ഫിഷറീസ് വകുപ്പുകൾ ഭൂമിയുള്ള ഭവനരഹിതരുടെ അധിക പട്ടികകൾ നൽകിയതിൽ നിന്നും 27,373 വീടുകൾ പൂർത്തിയാക്കി. പിഎംഎവൈ (ഗ്രാമം) പദ്ധതിക്കു കീഴിൽ 35,136 വീടുകൾ ലക്ഷ്യം വച്ചതിൽ, 33,933 എണ്ണം പൂർത്തീകരിച്ചു. പിഎംഎവൈ (നഗരം) പദ്ധതിയിൽ 2024 ഓഗസ്റ്റ് 31ലെ കണക്കു പ്രകാരം 83,261 വീടുകൾ പൂർത്തിയായി.

കേരളത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ വ്യക്തികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സുപ്രധാന ചുവടുവെപ്പായിരുന്നു ലൈഫ് മിഷന്റെ മൂന്നാംഘട്ടം. ഏകദേശം 3.4 ലക്ഷം ഭൂരഹിത ഭവനരഹിതരെ കണ്ടെത്തുകയുണ്ടായി. സമഗ്ര പരിശോധനയ്ക്ക് ശേഷം 1,57,775 ഗുണഭോക്താക്കൾ അർഹരാണെന്ന് കണ്ടെത്തി. ഭൂമി നൽകിയവരിൽ 25,720 ഗുണഭോക്താക്കൾ വീടുനിർമ്മാണം പൂർത്തിയാക്കി. പട്ടികജാതി, പട്ടികവർഗ, മത്സ്യബന്ധന വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ ഭൂരഹിത ഭവനരഹിത പട്ടികയിൽ നിന്ന് 1,538 വീടുകൾ പൂർത്തിയായി.

അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ മുൻപു നടത്തിയ ഉദ്യമങ്ങളിൽ പെടാതെ പോയ എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള അർഹരായവരെ കണ്ടെത്തി പട്ടികപ്പെടുത്തുന്നതിനു 2020ൽ പുതിയ അപേക്ഷ ക്ഷണിച്ചു, ഇങ്ങനെ ഉൾപ്പെടുത്തിയ ലൈഫ് 2020 പട്ടികയിൽ നിന്നും, ഭൂമിയുള്ള ഭവനരഹിതർക്ക് 41,774 വീടുകളും ഭൂരഹിതരായ ഭവനരഹിതർക്ക് 401 വീടുകളും പൂർത്തിയാക്കി നൽകി. അതിദാരിദ്ര്യ നിർമാർജന പദ്ധതിയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളെയും ഈ ഘട്ടത്തിൽ പരിഗണിച്ചു. അതിദാരിദ്ര്യ നിർമാർജന പദ്ധതിയിൽ (ഇപിഇപി) 64,006 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 7,484 ഗുണഭോക്താക്കളെ ഭൂരഹിത ഭവനരഹിതരായും 8,629 ഗുണഭോക്താക്കളെ ഭവനരഹിതരായും കണ്ടെത്തി. അതിദാരിദ്ര്യ ഭവനരഹിത വിഭാഗത്തിൽ 2,071 വീടുകളും അതിദാരിദ്ര്യ ഭൂരഹിത ഭവനരഹിത വിഭാഗത്തിൽ 104 വീടുകളും പൂർത്തിയായി.

ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കളെ ഭവന സമുച്ചയങ്ങളിൽ പുനരധിവസിപ്പിക്കുന്നതിനും മിഷൻ ലക്ഷ്യമിടുന്നു.ഭൂരഹിതരുടെ പുനരധിവാസത്തിനായി ലൈഫ് ടവറിനു കീഴിൽ ഇതുവരെ 926 യൂണിറ്റുകൾ അനുവദിച്ചു. ഇതിൽ 380 എണ്ണം ഗ്രാമപ്രദേശങ്ങളിലും 546 എണ്ണം നഗരപ്രദേശങ്ങളിലുമാണ്. 857 യൂണിറ്റുകൾ (354 എണ്ണം ഗ്രാമപ്രദേശങ്ങളിലും 503 എണ്ണം നഗരപ്രദേശങ്ങളിലും) ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

ലൈഫ് മിഷനു കീഴിൽ സംസ്ഥാനത്ത് 2024 ഓഗസ്റ്റ് 31 വരെ 4,08,117 വീടുകൾ പൂർത്തീകരിച്ചു. നിർമ്മിച്ച മൊത്തം വീടുകളിൽ 1,10,930 എണ്ണം പട്ടികജാതി ഗുണഭോക്താക്കൾക്കും, 42,363 എണ്ണം പട്ടിക വർഗ ഗുണഭോക്താക്കൾക്കുമുള്ളതാണ്. 31 ആഗസ്റ്റ് 2024 വരെ പൂർത്തീകരിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 11.5.1**ൽ ചേർത്തിരിക്കുന്നു.

ഉയർന്ന ജനസാന്ദ്രത, ഭൂമിയുടെ അപര്യാപ്തത എന്നിവ കാരണം മൂന്നാമത്തെ ഘട്ടത്തിലുള്ള ഗുണഭോക്താക്കളുടെ ഭവന ആവശ്യങ്ങൾ നിറവേറ്റുന്നതിന് അനുയോജ്യമായ ഭൂമിയും സ്ഥലവും കണ്ടെത്തുകയെന്നത് വളരെ ബുദ്ധിമുട്ടാണ്. ഈ പശ്ചാത്തലത്തിലാണ് ഒരു പരോപകാര പ്രവർത്തനമെന്ന രീതിയിൽ സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനായി 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചത്. പരോപകാര പ്രവർത്തനമെന്ന നിലയിൽ ഭൂരഹിതർക്ക് വീടുകൾ നിർമിക്കുന്നതിന് ഭൂമി നൽകാൻ ഈ പരിപാടി ഒരു പ്രോത്സാഹനമായി. 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ 3,208.7 സെന്റ് ഭൂമി കൊടുക്കാൻ തയാറാവുകയും, 1,809.8 സെന്റ് ഭൂമി രജിസ്റ്റർ ചെയ്യുകയും ചെയ്തു. രജിസ്റ്റർ ചെയ്ത ഭൂമിയിൽ 1,480.1 സെന്റ് ഗ്രാമപ്രദേശങ്ങളിലും 329.7 സെന്റ് നഗരപ്രദേശങ്ങളിലുമാണ്. ചില സ്പോൺസർഷിപ്പ് പ്രോഗ്രാമുകൾ **ബോക്സ് 11.5.1 ൽ ചേർത്തിരിക്കുന്നു.**

സംസ്ഥാനത്തെ വിവിധ തൊഴിലുറപ്പ് പദ്ധതികളുമായി ലൈഫ് മിഷന്റെ സംയോജനം ഉറപ്പാക്കിയിട്ടുണ്ട്. ലൈഫ് മിഷനു കീഴിൽ വീടുകൾ നിർമിക്കുമ്പോൾ, മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ (എം.ജി.എൻ.ആർ.ഇ.ജി.എസ്) ഗ്രാമപ്രദേശങ്ങളിലും അയ്യങ്കാളി നഗരതൊഴിലുറപ്പ്പദ്ധതിയിലൂടെ (എ.യു.ഇ.ജി.എസ്) നഗരപ്രദേശങ്ങളിലും 90 വീതം തൊഴിൽ ദിനങ്ങൾ ഭവന നിർമ്മാണത്തിന് വിനിയോഗിക്കാവുന്നതാണ്. കുറഞ്ഞ ചെലവിൽ വീടുകളുടെ നിർമാണം പൂർത്തിയാക്കുന്നതിന് ലൈഫ് മിഷനെ സഹായിക്കാൻ വനിതാ നിർമാണ യൂണിറ്റുകൾ ആരംഭിച്ചുകൊണ്ട് ഒരു സുപ്രധാന ചുവടുവെപ്പ് കുടുംബശ്രീ നടത്തിയിട്ടുണ്ട്.

ഭവന നിർമ്മാണ സാമഗ്രികളുടെ ഉയർന്നവില ലൈഫ് ഗുണഭോക്താക്കൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ്. ലൈഫ് മിഷൻ ഈ വിഷയം വിവിധ വെണ്ടർമാരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉല്പന്നത്തിന്റെ പരമാവധി വിൽപന വിലയേക്കാളും 20 മുതൽ 60 ശതമാനം വരെ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിതരണം

**പട്ടിക 11.5.1** ലൈഫ് മിഷൻ പൂർത്തീകരിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ (2024 ഓഗസ്റ്റ് 31 വരെ)

| ജില്ല | ഘട്ടം 1 | ഘട്ടം II | ഘട്ടം III | പി.എം.എ.വൈ (അർബൻ) | പി.എം.എ.വൈ ( ഗ്രാമീൺ) # | എസ്.സി വകുപ്പ് | എസ്.ടി. വകുപ്പ് | ഫിഷറീസ് വകുപ്പ് | ന്യൂനപക്ഷ വകുപ്പ് | അഡീഷണൽ ലിസ്റ്റ് എസ്. സി/ എസ്. ടി. /ഫിഷറീസ് (ഭൂമിയുള്ള ഭവനരഹിതർ) | അഡീഷണൽ ലിസ്റ്റ് എസ്. സി/ എസ്. ടി. /ഫിഷറീസ് (ഭൂരഹിത ഭവനരഹിതർ) | ലൈഫ് 2020 (ഭൂമിയുള്ള ഭവനരഹിതർ) | ലൈഫ് 2020 (ഭൂരഹിത ഭവനരഹിതർ) | ഫ്ലാറ്റിൽ പുനരധിവസിപ്പിച്ചവർ | ഇ.പി.ഇ.പി ഭവനരഹിതർ | ഇ.പി.ഇ.പി (ഭൂരഹിത ഭവനരഹിതർ) | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 6,050 | 15,616 | 1,675 | 11,335 | 5,241 | 2,399 | 351 | 2,007 | 152 | 1,536 | 81 | 3,344 | 164 | 24 | 165 | 8 | 50,148 |
| കൊല്ലം | 3,618 | 8,546 | 4,634 | 6,739 | 2,959 | 1,986 | 152 | 824 | 107 | 2,331 | 12 | 3,426 | 0 | 37 | 139 | 0 | 35,510 |
| പത്തനംതിട്ട | 1,176 | 2,047 | 929 | 1,746 | 1,393 | 1,195 | 42 | 25 | 75 | 1,162 | 76 | 1,599 | 4 | 0 | 55 | 7 | 11,531 |
| ആലപ്പുഴ | 2,728 | 9,487 | 1,389 | 5,068 | 1,813 | 1,324 | 89 | 822 | 193 | 2,022 | 36 | 3,955 | 60 | 0 | 105 | 0 | 29,091 |
| കോട്ടയം | 1,102 | 4,301 | 2,021 | 2,540 | 946 | 959 | 61 | 104 | 81 | 720 | 139 | 2,476 | 1 | 40 | 35 | 3 | 15,529 |
| ഇടുക്കി | 3,138 | 10,232 | 1,429 | 1,853 | 1,808 | 855 | 940 | 71 | 97 | 1,711 | 108 | 753 | 16 | 246 | 124 | 8 | 23,389 |
| എറണാകുളം | 1,059 | 5,769 | 2,595 | 11,386 | 1,334 | 1,965 | 107 | 420 | 79 | 2,211 | 160 | 3,764 | 35 | 101 | 146 | 31 | 31,162 |
| തൃശ്ശൂർ | 2,997 | 5,193 | 2,493 | 8,191 | 2,725 | 2,264 | 50 | 180 | 118 | 1,152 | 193 | 3,326 | 39 | 34 | 144 | 11 | 29,110 |
| പാലക്കാട് | 7,628 | 14,650 | 2,910 | 6,415 | 4,780 | 2,812 | 526 | 53 | 127 | 2,416 | 110 | 2,732 | 0 | 0 | 128 | 12 | 45,299 |
| മലപ്പുറം | 2,735 | 6,719 | 2,557 | 10,858 | 3,870 | 2,158 | 3,497 | 509 | 678 | 5,191 | 319 | 8,938 | 21 | 400 | 297 | 3 | 48,750 |
| കോഴിക്കോട് | 6,484 | 5,144 | 644 | 6,881 | 2,313 | 1,340 | 330 | 398 | 124 | 1,836 | 149 | 2,907 | 0 | 0 | 291 | 0 | 28,841 |
| വയനാട് | 8,440 | 4,056 | 793 | 3,105 | 2,178 | 948 | 2,533 | 0 | 218 | 2,009 | 0 | 610 | 1 | 0 | 159 | 6 | 25,056 |
| കണ്ണൂർ | 2,645 | 2,540 | 698 | 5,202 | 1,098 | 558 | 917 | 372 | 176 | 1,345 | 89 | 3,061 | 56 | 44 | 253 | 13 | 19,067 |
| കാസർകോട് | 2,880 | 3,586 | 953 | 1,942 | 1,475 | 623 | 1,097 | 224 | 138 | 1,731 | 66 | 883 | 4 | 0 | 30 | 2 | 15,634 |
| **ആകെ** | **52,680** | **97,886** | **25,720** | **83,261** | **33,933** | **21,386** | **10,692** | **6,009** | **2,363** | **27,373** | **1,538** | **41,774** | **401** | **926** | **2,071** | **104** | **408,117** |

അവലംബം: ലൈഫ് മിഷൻ, # പിഎംഎവൈ (ഗ്രാമീൺ) കണക്കുകൾ പിഎംഎവൈ ഡാഷ്ബോർഡിൽ നിന്ന് എടുത്തതാണ്.

**ബോക്സ് 11.5.1** സ്പോൺസർഷിപ്പ് പ്രോജക്ടുകൾ- ലൈഫ് മിഷനിലെ മികച്ച മാതൃകകൾ

**ചിറ്റിലപ്പിള്ളി ഭവന പദ്ധതി:**
ഒരു കുടുംബത്തിന് 2.50 ലക്ഷം രൂപ നിരക്കിൽ 1,000 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള പിന്തുണയ്ക്കായി 25 കോടി ധനസഹായം നൽകുന്നതിനു കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടു. ഈ സംരംഭത്തിലൂടെ 1,000 ഗുണഭോക്താക്കൾ വിജയകരമായി ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തു. ഇ.പി.ഇ.പി ഗുണഭോക്താക്കളിൽ ഭൂരഹിതരായ 1,000 കുടുംബങ്ങൾക്ക് കൂടി ഭൂമി വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി കരാർ ഒപ്പിടാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു.

**ലയൺസ് ലൈഫ് വില്ലേജ്**
ജീവകാരുണ്യപ്രവർത്തകർക്കും സന്നദ്ധ സംഘടനകൾക്കും ഇടയിൽ ലൈഫ് മിഷൻ പദ്ധതികളുടെ വ്യാപനം വിപുലമാക്കാൻ സംസ്ഥാന സർക്കാർ ഒരു സവിശേഷ സംരംഭം ആരംഭിച്ചിട്ടുണ്ട്. ഈ സംരംഭത്തെ സ്വാഗതം ചെയ്തു ലൈഫ് ഗുണഭോക്താക്കൾക്ക് 100 വീടുകൾ നിർമ്മിക്കാൻ സന്നദ്ധ സംഘടനയായ ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318-എ ലൈഫ് ഗുണഭോക്താക്കൾക്കായി 100 വീടുകൾ നിർമ്മിക്കാൻ സഹായം വാഗ്ദാനം ചെയ്തിരിക്കുന്നു. ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നുള്ള ഭവനരഹിതരായ 100 വ്യക്തികൾക്ക് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 318-എ സ്പോൺസർഷിപ്പിന് കീഴിൽ ഭവന സഹായം ലഭിക്കുന്നതിനു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. . തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തും കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തും കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തും പരവൂർ മുനിസിപ്പാലിറ്റിയും നൽകിയ സ്ഥലത്താണ് വീടുകൾ നിർമിക്കുന്നത്. നിർമാണച്ചെലവ് ലയൺസ് ഇന്റർനാഷണൽ പൂർണമായും വഹിക്കും.

അവലംബം ലൈഫ് മിഷൻ

ചെയ്യുന്നതിനുള്ള നടപടികളായിട്ടുണ്ട്. തത്ഫലമായി ഇലക്ട്രിക്കൽ ഫിറ്റിങ്ങ്സ്, വയറിങ്ങ് സാധനങ്ങൾ, പെയിന്റ്, സെറാമിക് മെറ്റീരിയൽ, ടാപ്പ് ഫിറ്റിംഗ്സ്, വാട്ടർ ടാങ്കുകൾ, സിമന്റ് എന്നിവ കുറഞ്ഞ നിരക്കിൽ ലൈഫ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു. കൂടാതെ, അനർട്ടുമായി സഹകരിച്ച്, 'ഹരിത ഊർജ്ജ വരുമാന പദ്ധതിയുടെ' ഭാഗമായി ലൈഫ് ഭവനങ്ങളിൽ പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നു.

വിവിധ സ്ഥലങ്ങളിലെ ഭൂവിനിയോഗത്തിനുള്ള നിയമപരമായ നിയന്ത്രണങ്ങൾ പദ്ധതി നടപ്പാക്കുന്നതിന് കാര്യമായ തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഉദാഹരണത്തിനു സ്വന്തമായി ഭൂമിയുള്ള ധാരാളം ഗുണഭോക്താക്കളുടെ ഭൂമി സി.ആർ.ഇസഡ്/ തണ്ണീർത്തട മേഖലയ്ക്ക് കീഴിൽ വരുന്നതിനാൽ ആ ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള നിർമാണം നടത്തുന്നതിന് നിയന്ത്രണമുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി മിഷൻ ചില നിയമ ഭേദഗതികൾ വരുത്തുന്നുണ്ട്.

മറ്റൊരു വെല്ലുവിളി കേന്ദ്ര ധനസഹായമാണ്. കേരളത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനങ്ങളുടെ ഭവന ആവശ്യങ്ങൾ നിറവേറ്റുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ ഭവന പദ്ധതികളിൽ നിന്നുള്ള പിന്തുണ കൂടുതൽ ശക്തമാക്കേണ്ടതുണ്ട്. പി എം എ വൈ -ഗ്രാമീൺ പ്രകാരമുള്ള ഒരു വീടിന്റെ യൂണിറ്റ് സഹായം ഗ്രാമ വികസന മന്ത്രാലയം നിശ്ചയിച്ചിട്ടുള്ളത് 1.20 ലക്ഷം രൂപ ആണ്. ഇത് 60:40 എന്ന അനുപാതത്തിൽ യഥാക്രമം 72,000 രൂപയും, 48,000 രൂപയുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പങ്കിടുന്നു. കേരളത്തിൽ, ലൈഫ് മിഷനുമായി സംയോജിപ്പിച്ചതിന്റെ ഭാഗമായി, വീടിന്റെ യൂണിറ്റ് സഹായം 4.00 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ബാക്കി തുകയായ 2.8 ലക്ഷം രൂപ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ വകയിരുത്തുന്നു.

പി.എം.എ.വൈ (നഗരം) പദ്ധതിയിലെ ബെനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ (ബിഎൽസി) ഘടകത്തിന് കീഴിലെ വീട്ടു നിർമാണത്തിനു 1.5 ലക്ഷം രൂപ കേന്ദ്ര സർക്കാർ വിഹിതമായി നൽകുകയും 2.5 ലക്ഷം രൂപ സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്നു നൽകുകയുമാണ് ചെയ്യുന്നത്. അഫോർഡബിൾ ഭവന പദ്ധതിക്ക് (എഎച്ച്പി) കീഴിൽ, ഒരു പാർപ്പിട യൂണിറ്റിന്റെ ശരാശരി ചെലവ് 10.50 ലക്ഷം രൂപയാണ്. അതിൽ 1.5 ലക്ഷം രൂപ മാത്രമാണ് കേന്ദ്ര സഹായമായി ലഭിക്കുന്നത്.

സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ ദരിദ്രർക്ക് സ്ഥായിയായ ജീവനോപാധികൾ ഉൾപ്പെടെ സുരക്ഷിതമായ പാർപ്പിട സൗകര്യങ്ങൾ ഒരുക്കുന്നതിൽ ലൈഫ് മിഷൻ വലിയ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി, വിവിധ പരിപാടികളിലൂടെയും സ്ഥാപനതലത്തിലുള്ള സംയോജനത്തിലൂടെയും പാവപ്പെട്ടവർക്ക് വീട് നൽകുന്നതിൽ വേറിട്ടതും അനുകരണീയവുമായ മാതൃകകളാണ് മിഷൻ സ്വീകരിച്ചിട്ടുള്ളത്. എല്ലാ ഭവനരഹിതർക്കും വീട് നൽകുക എന്ന ലക്ഷ്യം നേടിയെടുക്കാനുള്ള നൂതന സമീപനമെന്ന നിലയിൽ ലൈഫ് പദ്ധതി ദേശീയ തലത്തിലും ആഗോളതലത്തിലും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. സുസ്ഥിര വികസനലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനത്തിന് വലിയ കുതിച്ചു ചാട്ടം തന്നെ നടത്താൻ ലൈഫ് മിഷൻ വഴി സാധിക്കുമെന്നും കരുതുന്നു.

### മറ്റ് ഭവന നിർമ്മാണ പദ്ധതികൾ

ഭവനരഹിതർക്കും ഭൂരഹിതർക്കും പാർപ്പിടം ലൈഫ് മിഷനിലൂടെ പരിഹരിക്കപ്പെടുമ്പോൾ, താഴ്ന്ന വരുമാനക്കാർ, ജീവനക്കാർ, സ്ത്രീകൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിവർക്കുള്ള ഭവനനിർമ്മാണം വിവിധ വകുപ്പുകളും ഏജൻസികളും വഴിയാണ് പരിഹരിക്കപ്പെടുന്നത്.

ഈ മേഖലയിലെ പ്രത്യേക ഏജൻസികൾ വഴി ഭവന നിർമ്മാണ വകുപ്പ് സംസ്ഥാനത്ത് നിരവധി ഭവന പദ്ധതികൾ നടപ്പിലാക്കുന്നു. ഏജൻസികൾ ചുവടെ പറയുന്നു:

i) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്,

ii) ഹൗസിംഗ് (സാങ്കേതിക സെൽ) വകുപ്പ് (ഹൗസിംഗ് കമ്മീഷണറേറ്റ്),
iii) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

### I. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

കേരള സർക്കാരിന്റെ കീഴിലുള്ള ഭവന നിർമ്മാണ മേഖലയിലെ പ്രധാന നിർവ്വഹണ ഏജൻസികളിലൊന്നായ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെഎസ്എച്ച്ബി) പൊതു ഭവന പദ്ധതികളിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് പാർപ്പിട സൗകര്യങ്ങൾ നൽകുന്നുണ്ട്. ഗൃഹശ്രീ ഭവന പദ്ധതി, വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും (ഇ.ഡബ്ല്യു. എസ്)/താഴ്ന്ന വരുമാനക്കാർക്കുമുള്ള (എൽ.ഐ.ജി) ഭവന പദ്ധതി, മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള ആശ്വാസ് വാടക ഭവന പദ്ധതി എന്നിവയാണ് 2023-24 ൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ പദ്ധതികൾ.

ഗൃഹശ്രീ ഭവന പദ്ധതി വഴി 2023-24 ൽ 151 വീടുകൾ ഉൾപ്പെടെ 2018-19 മുതൽ ആകെ 1444 വീടുകൾ നിർമ്മിച്ചു. 2024 മാർച്ച് 31 വരെ 13 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ കെ.എസ്.എച്ച്.ബി നിർമ്മിച്ചു. വയനാട് ജില്ലയിലെ മാനന്തവാടി (3 നിലകൾ, 169 കിടക്കകൾ), കാസർകോട് ജില്ലയിലെ മധൂർ (3 നിലകൾ, 109 കിടക്കകൾ) എന്നിവിടങ്ങളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ പൂർത്തിയായി. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിലും ഇടുക്കി ജില്ലയിലെ വാഴത്തോപ്പിലും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർവഹണ ഘട്ടത്തിലാണ്. മെഡിക്കൽ കോളേജുകളിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും മിതമായ നിരക്കിൽ താമസ സൗകര്യം ഒരുക്കുന്ന ആശ്വാസ് വാടക ഭവന പദ്ധതി പ്രകാരം ആലപ്പുഴ, കണ്ണൂർ മെഡിക്കൽ കോളേജുകൾക്ക് സമീപം വാടക വീടുകളുടെ നിർമ്മാണം ആരംഭിച്ചു. തൃശ്ശൂരിൽ ഒരു കെട്ടിടം (രണ്ട് നില, 75 കിടക്കകൾ) പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി കണ്ണൂരിലെ പട്ടുവത്ത് 36 അപ്പാർട്ടുമെന്റുകളും വയനാട് ജില്ലയിലെ തൃക്കൈപ്പറ്റയിൽ 11 സ്വതന്ത്ര വീടുകളുടെയും നിർമാണം കെഎസ്എച്ച്ബി പൂർത്തിയാക്കി. കോഴിക്കോട് മുക്കത്ത് 36 അപ്പാർട്ടുമെന്റുകളുടെ നിർമാണം പുരോഗമിക്കുന്നു.

ലൈഫ് മിഷനിലുൾപ്പെടുത്തി വീടുകൾ ലഭിക്കാൻ അർഹതയില്ലാത്തതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ വിഭാഗങ്ങളുടെ ഭവന ആവശ്യങ്ങൾ പരിഹരിക്കാൻ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആത്മാർത്ഥമായി ശ്രമിക്കുന്നു. 2024 ജനുവരി 9-ന് സംസ്ഥാനതലത്തിൽ ഉദ്ഘാടനം ചെയ്ത തന്റെയിടം അത്തരത്തിലുള്ള ഒരു നൂതന പദ്ധതിയാണ്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ.എസ്.എച്ച്.ബി) മുഖേന കേരള സർക്കാർ നടപ്പാക്കുന്ന ഒരു നൂതന പദ്ധതിയാണ് 'തന്റെയിടം' (എന്റെ സ്വന്തം ഇടം). സർക്കാരോ സർക്കാരിതര സംഘടനകളോ നടത്തുന്ന ക്ഷേമ ഭവനങ്ങളിൽ താമസിച്ചിരുന്ന, എന്നാൽ പതിനെട്ട് വയസ്സ് തികയുമ്പോൾ പുറത്തു പോകേണ്ടി വരുന്ന ഭവനരഹിതരായ യുവജനങ്ങൾക്ക് വീട് നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. വനിതാ ശിശു ക്ഷേമ വകുപ്പുമായി സഹകരിച്ച് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭവന പദ്ധതികളിലൊന്നും പട്ടികപ്പെടുത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് ഭവനം നൽകുന്നതിനായുള്ള പദ്ധതിയാണിത്. ഗുണഭോക്താക്കളെ കണ്ടെത്തുമ്പോൾ, സ്ത്രീകൾക്ക്, പ്രത്യേകിച്ച് പോക്സോയെ അതിജീവിച്ചവർക്ക് മുൻഗണന നൽകുന്നു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത. 2022-23 മുതൽ, ഈ പദ്ധതി ഒരു സവിശേഷമായ നടപ്പാക്കൽ രീതി പിന്തുടരുന്നു. വനിതാ ശിശുവികസന വകുപ്പ് കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗം (ഇ.ഡബ്ല്യു.എസ്)/ താഴ്ന്ന വരുമാനക്കാർക്കുള്ള (എൽ.ഐ.ജി) പദ്ധതി പ്രകാരം ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ച വീടുകൾ/ ഫ്ലാറ്റുകൾ നൽകുന്നു. 2023-24 ലെയും 2024-25 ലെയും ബജറ്റിൽ 'തന്റെയിടം' പദ്ധതിക്കായി ഓരോ വർഷവും 200.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെ ഭവന ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി, വാടക ഭവന പദ്ധതികൾ (ആർഎച്ച്എസ്) നിർമ്മാണത്തിലാണ്. സർക്കാർ ജീവനക്കാർക്ക് മിതമായ നിരക്കിൽ വാടകയ്ക്ക് നൽകാവുന്ന 12 യൂണിറ്റ് ഫ്ലാറ്റുകളുടെ നിർമാണം കെഎസ്എച്ച്ബി കോഴിക്കോട് പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു.

### II. ഭവന (സാങ്കേതിക സെൽ) വകുപ്പ് (ഹൗസിംഗ് കമ്മീഷണറേറ്റ്)

ഭവന (സാങ്കേതിക സെൽ) വകുപ്പ് കേരള സംസ്ഥാനത്തിന്റെ ഭവന നിർമ്മാണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമുള്ള സംസ്ഥാനതല സാങ്കേതിക സെല്ലും നോഡൽ വകുപ്പുമായി പ്രവർത്തിക്കുന്നു. ഭവന നിർമ്മാണ മേഖലയിലെ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും ഏകോപനത്തിനും ഭവന നിർമ്മാണ പരിപാടികളിൽ സാങ്കേതിക മികവ് കൈവരിക്കുന്നതിനുമായാണ് 1980 ൽ ഈ വകുപ്പ് രൂപീകരിച്ചത്.

വിവരങ്ങൾ ലഭ്യമാക്കുകയും, സാങ്കേതിക മാർഗ്ഗനിർദ്ദേശം നൽകുകയും, നയങ്ങളുടെയും പ്രോഗ്രാമുകളുടെയും അവലോകനം, ലക്ഷ്യങ്ങൾ നിശ്ചയിക്കൽ, ഭവനനിർമ്മാണ മേഖലയിൽ തീരുമാനമെടുക്കൽ സുഗമമാക്കാനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഏജൻസികൾക്കും ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതികമായും മറ്റുമുള്ള പിന്തുണയും, ഭവന നിർമ്മാണ മേഖലയിലെ ഉയർന്നുവരുന്ന ആവശ്യങ്ങളും സാങ്കേതികവിദ്യകളും എന്നിവ ഈ വകുപ്പ് മുഖേന ലഭ്യമാക്കുന്നു. ഭവന നിർമ്മാണ മേഖലയിൽ സ്പേഷ്യൽ അധിഷ്ഠിത വിവര സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളാണ് വകുപ്പ് നടത്തിയത്. 'ഇ-ഗൃഹ' മൊബൈൽ ആപ്ലിക്കേഷന്റെ വികസനവും ഹോസ്റ്റിംഗും എന്ന പദ്ധതിക്ക് കീഴിൽ 2023-24 ൽ ആദ്യഘട്ടത്തിൽ വെബ്/മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തു. സംസ്ഥാനത്ത് നിലവിൽ നടപ്പാക്കുന്ന വിവിധ ഭവന പദ്ധതികളുമായി ബന്ധപ്പെട്ട വിവരങ്ങളും യോഗ്യതാ മാനദണ്ഡങ്ങളും വിവിധ

പൊതുമേഖലാ-സ്വകാര്യ ബാങ്കുകളും നൽകുന്ന ഭവന വായ്പകളുടെ വിശദാംശങ്ങളും ഈ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൻറെ വിവിധ പദ്ധതികളുടെ ഓൺലൈൻ നിരീക്ഷണത്തിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടം 2024-25ൽ വികസിപ്പിക്കും. ടെൻഡർ ക്ഷണിക്കുന്നത് മുതൽ പദ്ധതി പൂർത്തീകരണം വരെ നീളുന്ന പദ്ധതികളുടെ നടത്തിപ്പിനായി കൺസൾട്ടന്റുമാർ, കോൺട്രാക്ടർമാർ, ഏജൻസികൾ എന്നിവർ തമ്മിൽ ഈ ആപ്ലിക്കേഷൻ വഴി ഇൻറർഫേസ് നിർമ്മിക്കാൻ തീരുമാനിച്ചു. ജിയോഫെൻസിംഗ് സാങ്കേതികവിദ്യ, സമയം, ഹാജർ ട്രാക്കിംഗ്, ഉപകരണങ്ങൾ, അസറ്റ് മാനേജ്മെന്റ് എന്നിവയും ഉൾപ്പെടുത്തും.

**III. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം**

1989-ൽ സ്ഥാപിതമായ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്) കേരള സർക്കാരിന്റെ ഭവന വകുപ്പിന് കീഴിലുള്ള ഒരു അംഗീകൃത ഏജൻസിയാണ്. ഭവന നിർമ്മാണ മേഖലയിലെ വിവിധ പ്രവർത്തനങ്ങളിൽ ഇത് ഏർപ്പെട്ടിരിക്കുന്നു

- നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കൽ,
- തൊഴിൽ രഹിതരായ യുവാക്കൾക്കും പൊതുജനങ്ങൾക്കും സാങ്കേതിക വിദഗ്ധർക്കും നിർമ്മാണ സാങ്കേതികവിദ്യകളിലും അനുബന്ധ ട്രേഡുകളിലും നൈപുണ്യ വികസനത്തിന് പരിശീലനം നൽകുക,
- ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ നിർമ്മാണ സാമഗ്രികളുടെ ഉത്പാദനം,
- കലവറ വഴി സബ്സിഡി നിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിൽപ്പന,
- ഭവന നിർമ്മാണ മേഖലയിൽ മാനവ വിഭവശേഷി വികസന പരിപാടികൾ ഏറ്റെടുക്കുക, ഭവന നിർമ്മാണത്തിലും അനുബന്ധ മേഖലകളിലും ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തുക,
- കൂടാതെ അതിന്റെ ടെസ്റ്റിംഗ് ലാബുകൾ മുഖേന നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി നിർമ്മാണ സാമഗ്രികൾ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നു.

സർക്കാർ, സ്വകാര്യ ഉപഭോക്താക്കൾക്കായി നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്ന ഒരു സർക്കാർ ഏജൻസിയാണ് കെസ്നിക്.

നിർമ്മാണ മേഖലയിലെ കഴിവുകൾ വികസിപ്പിക്കുന്നതിനായി 21 തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ 2023-24-ൽ കെസ്നിക് സംഘടിപ്പിച്ചു, ഇതിലൂടെ 270 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു. ഈ പരിശീലന പരിപാടികൾ പ്രധാനമായും തൊഴിൽരഹിതരായ യുവാക്കളെ കേന്ദ്രീകരിച്ചായിരുന്നു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി, പരിശീലനം ലഭിച്ചവരിൽ ഭൂരിഭാഗവും സ്ത്രീകളായിരുന്നു.

കെസ്നിക് കലവറകൾ ബി.പി.എൽ ഗുണഭോക്താക്കൾക്കും ലൈഫ് മിഷൻ ഗുണഭോക്താക്കൾക്കും സർക്കാർ പദ്ധതികൾക്ക് കീഴിലുള്ള വീടുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 15 ശതമാനം സബ്സിഡി നിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ വിൽക്കുന്നു. പൊതുജനങ്ങൾക്ക് ഉയർന്ന നിലവാരമുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനായി കെസ്നിക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ആവശ്യാനുസരണവും ട്രെൻഡുമനുസരിച്ചുള്ള വിവിധ തരത്തിലുള്ള ഉൽപ്പന്നങ്ങൾ ഈ ഉൽപ്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഏജൻസികളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കെസ്നിക്കിനു കീഴിൽ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

നിർമ്മാണ മേഖലയിൽ പ്രൊഫഷണൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനായി 40 വിദ്യാർത്ഥികൾക്കായി തിരുവനന്തപുരത്തും കോഴിക്കോട്ടും 'ഫിനിഷിംഗ് സ്കൂൾ ഫോർ സ്കിൽ ഇംപ്രൂവ്മെന്റ് ഫോർ സിവിൽ, ആർക്കിടെക്ചർ എഞ്ചിനീയറിംഗ് ബിരുദധാരികൾ' എന്ന പരിപാടിയുടെ കീഴിൽ 4 മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സും കെസ്നിക് നടത്തിവരുന്നു.

ചെലവ് കുറഞ്ഞതും ഗുണമേന്മയുള്ളതുമായ വീടുകളുടെ നിർമ്മാണത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി കെസ്നിക്കിന്റെ റീജിയണൽ ഓഫീസുകളിൽ ഹൗസിംഗ് ഗൈഡൻസ് സെൽ സ്ഥാപിച്ചിട്ടുണ്ട്.

**ബോക്സ് 11.5.2** 3ഡി പ്രിന്റിംഗ് സാങ്കേതികവിദ്യ

നിർമ്മാണ മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ കണ്ടെത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി, കേന്ദ്ര നഗരകാര്യ മന്ത്രാലയവുമായി സഹകരിച്ച് ചെന്നൈ ഐ.ഐ.ടി രൂപീകരിച്ച ഇൻകുബേഷൻ കമ്പനിയായ TVASTA പൂർണ്ണമായും തദ്ദേശീയമായി വികസിപ്പിച്ച 3D പ്രിന്റിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് കെസ്നിക് കാമ്പസിൽ സംസ്ഥാനത്തെ ആദ്യത്തെ 3D പ്രിന്റിംഗ് ബിൽഡിംഗ്-"AMAZE-28"ന്റെ നിർമ്മാണം പൂർത്തിയാക്കി. ഈ പുതിയ സാങ്കേതിക വിദ്യയെക്കുറിച്ച് അവബോധം നൽകുന്നതിനായി കെസ്നിക് കാമ്പസിൽ നിരവധി സാങ്കേതിക ശിൽപശാലകൾ നടത്തുകയുണ്ടായി.

3D പ്രിന്റിംഗ് നിർമ്മാണത്തിൽ, പരമ്പരാഗത പ്രിന്ററുകൾ പോലെ മഷി ഉപയോഗിക്കുന്നതിന് പകരം, നിർമ്മാണ സാമഗ്രികൾ ഒന്നിന് മേൽ ഒന്നായി പാളികളായി പ്രിന്റ് ചെയ്യുന്നു. ഇത് കൊണ്ടാണ് അഡിറ്റീവ് മാനുഫാക്ചറിംഗ് അല്ലെങ്കിൽ അഡിറ്റീവ് കൺസ്ട്രക്ഷൻ എന്ന പേരിൽ 3D പ്രിന്റിംഗ് അറിയപ്പെടുന്നത്. ഇത് ഓൺസൈറ്റിലും ഓഫ്സൈറ്റിലും നടത്താം. ഒരു ഡിജിറ്റൽ രൂപകൽപ്പനയെ അടിസ്ഥാനമാക്കിയുള്ള കോൺക്രീറ്റിന്റെ ലെയർ-ബൈ-ലെയർ ഡിപ്പോസിഷൻ ഇതിൽ ഉൾപ്പെടുന്നു, സങ്കീർണ്ണമായ ആകൃതികളും ഘടനകളും വളരെ കൃത്യതയോടെ നിർമ്മിക്കുന്നത് സാധ്യമാക്കുന്നു. നിർമ്മാണ സമയവും പാഴ്ച്ചെലവും തൊഴിലാളികളുടെ കൂലിയും കുറയ്ക്കുന്നതിലൂടെ നിർമ്മാണ വ്യവസായത്തിൽ വിപ്ലവം സൃഷ്ടിക്കാൻ ഈ രീതിക്ക് കഴിയും.

അവലംബം: കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

ഒരു അക്കാദമിക് സംരംഭമെന്ന നിലയിൽ, കേരള സർക്കാർ കെസ്നിക്കിൽ ലോറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) സ്ഥാപിച്ചു. അക്കാദമിക് കോഴ്സുകൾ, ഗവേഷണ പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ (CEEF) നിർമ്മാണ സാങ്കേതിക വിദ്യകളും മറ്റ് ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട വിഷയങ്ങളും ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഹ്രസ്വകാല പരിശീലന പരിപാടികൾ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നു.

കോളേജ് ഓഫ് ആർക്കിടെക്ച്ചർ തിരുവനന്തപുരം (CAT) നഗരത്തിലെ ഏറ്റവും വലിയ ആർക്കിടെക്ച്ചർ ഡിസൈൻ സ്കൂളുകളിൽ ഒന്നാണ്. വിശദമായ വാസ്തുവിദ്യാ രൂപകല്പനകൾ വികസിപ്പിക്കുന്നതിനും കെട്ടിട നിർമ്മാണങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി സംയുക്ത സംരംഭമായി 2018-ൽ CAT- LaBISHaS ഡിസൈൻ ലാബ് (സി.എൽ.ഡി.എൽ) സ്ഥാപിതമായി. 3D പ്രിന്റിംഗ് സാങ്കേതിക വിദ്യയെ കുറിച്ചുള്ള വിശദാംശങ്ങൾ **ബോക്സ് 11.5.2** നൽകിയിരിക്കുന്നു.

### IV. കേരള സംസ്ഥാന കോ–ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ

കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് അതിന്റെ കീഴിലുള്ള സംസ്ഥാനത്തെ പ്രാഥമിക സഹകരണ ഹൗസിംഗ് സൊസൈറ്റികളിലെ അംഗങ്ങൾക്ക് ലളിതമായ തിരിച്ചടവ് വ്യവസ്ഥയിൽ സാധ്യമായ ഏറ്റവും കുറഞ്ഞ ചെലവിൽ വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള അപ്പക്സ് ബോഡിയാണ്. (i) അംഗ സംഘങ്ങളിൽ നിന്നും കേരള സർക്കാരിൽ നിന്നുമുള്ള ഓഹരി മൂലധന സംഭാവനയും (ii) എൽ.ഐ.സി, നാഷണൽ ഹൗസിംഗ് ബാങ്ക്, മറ്റ് വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നുള്ള വായ്പയുമാണ് ഫെഡറേഷന്റെ പ്രധാന ഫണ്ടുകളുടെ ഉറവിടങ്ങൾ.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിനും (ഇ.ഡബ്ല്യു.എസ്), ഇടത്തരം വരുമാന വിഭാഗത്തിനും (എം.ഐ.ജി) കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ വീടിന്റെ അറ്റകുറ്റപ്പണികൾക്കുമായി ഭവനവായ്പ നൽകി വരുന്നു. 2019-20 മുതൽ 2024-25 വരെ (2024 ഓഗസ്റ്റ് 31 വരെ) കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ 6105 ഗുണഭോക്താക്കൾക്ക് ഭവന വായ്പ അനുവദിക്കുകയും 32095.54 ലക്ഷം രൂപ വായ്പയായി നൽകുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 11.5.1**-ൽ നൽകിയിരിക്കുന്നു.

### V. ഹൗസിംഗ് ഫിനാൻസ്

ഭവനനിർമ്മാണത്തിനായി ദീർഘകാലാടിസ്ഥാനത്തിൽ ചെലവു വഹിക്കാൻ സഹായകമായ ഒരു പ്രധാന മാർഗ്ഗമാണ് വീട് നിർമ്മാണത്തിനുള്ള ധനസഹായം. ബാങ്കുകളിൽ നിന്നുള്ള വായ്പകൾ, സബ്സിഡികൾ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നുള്ള ഗ്രാന്റുകൾ, സംസ്ഥാന പദ്ധതികൾ, പ്രാദേശിക സർക്കാർ വിഹിതം, വായ്പകൾ എന്നിവ ഭവനനിർമ്മാണത്തിനുള്ള ധനസഹായത്തിൽ ഉൾപ്പെടുന്നു.

ആർ.ബി.ഐ നിയമങ്ങൾക്ക് കീഴിൽ വരുന്ന എല്ലാ പ്രധാന ഷെഡ്യൂൾഡ് ബാങ്കുകളും വിവിധ ബാങ്ക് സ്കീമുകളിലൂടെ ഭവനവായ്പ നൽകി വരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗം, താഴ്ന്ന വരുമാനക്കാർ, ഇടത്തരം വരുമാനക്കാർ, ഉയർന്ന വരുമാനക്കാർ എന്നിവർക്ക് സർക്കാരിന്റെ വിവിധ ഭവന പദ്ധതികളിലൂടെ ബാങ്കുകൾ വായ്പ നൽകി വരുന്നു. ദേശസാൽകൃത ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകൾ, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് ലിമിറ്റഡ് (കെ.എസ്.സി.ആർ.ഡി), ചെറുകിട ധനകാര്യ ബാങ്കുകളായ ഹൗസ്ഫെഡ്, ഹഡ്കോ, എച്ച്.ഡി.എഫ്.സി എന്നിവയാണ് സംസ്ഥാനത്തെ സർക്കാർ ഏജൻസികൾക്കൊപ്പം വീട് നിർമ്മാണത്തിന് വായ്പ നൽകുന്ന ധനകാര്യ സ്ഥാപനങ്ങൾ. കേന്ദ്ര ഗവണ്മെന്റ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ പ്രഖ്യാപനങ്ങൾക്കനുസരിച്ച് ഭവന വായ്പകളുടെ പലിശ നിരക്കുകൾ മാറുന്നു.

#### മുന്നോട്ടുള്ള വഴികൾ

ഭവന നിർമ്മാണത്തോടുള്ള സർക്കാരിന്റെ സമീപനം അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ദുർബല വിഭാഗങ്ങൾക്ക് പര്യാപ്തമായ വീട് നൽകുകയും സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും താഴ്ന്ന വരുമാനക്കാർക്കും താങ്ങാനാവുന്ന ഭവനങ്ങൾ സ്വന്തമാക്കാനും സൗകര്യമൊരുക്കുക എന്നതായിരിക്കണം പൊതുവായ ഊന്നൽ. ജനങ്ങളുടെ ക്ഷേമവും ഉയർന്ന സാമൂഹിക സാമ്പത്തിക ചലനാത്മകത ഉറപ്പാക്കുന്നതിൽ ഭവനനിർമ്മാണത്തിന്റെ പ്രധാന പങ്ക് കണക്കിലെടുത്ത്, ദരിദ്രർക്കുള്ള ഭവനനിർമ്മാണത്തിന് അടിസ്ഥാനപരമായ സേവനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, തൊഴിലവസരങ്ങൾ, വരുമാനം, ഉപജീവനം മെച്ചപ്പെടുത്തൽ എന്നിവ അനുബന്ധമായി നൽകേണ്ടതുണ്ട്

പാരിസ്ഥിതിക തകർച്ചയുടെയും അത്യന്തമായ കാലാവസ്ഥാ സംഭവങ്ങളുടെയും വെളിച്ചത്തിൽ, ഭവന നിർമ്മാണം, മെറ്റീരിയൽ ഉപയോഗം, നിർമ്മാണ സാങ്കേതികവിദ്യകൾ, നിർമ്മാണ പ്രക്രിയ എന്നിവയ്ക്കായി ഭൂമി തിരഞ്ഞെടുക്കുന്നതിൽ സുസ്ഥിരത സംബന്ധിച്ച ആശങ്കകൾ ഉൾപ്പെടുത്തേണ്ടതാണ് പാരിസ്ഥിതിക ആശങ്കകൾ പരിഹരിക്കുന്ന രീതിയിലുള്ള ബദൽ നിർമ്മാണ സാമഗ്രികളും സാങ്കേതിക വിദ്യകളും കണ്ടെത്തേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചുവരികയാണ്.

# 11.6 നവകേരള നിർമ്മാണം

### റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ പുനരുജ്ജീവിപ്പിക്കാൻ കേരള സർക്കാർ ആർകെഐ പ്രോഗ്രാമുകൾ (ആർകെഐപി) നടപ്പാക്കിയിട്ടുണ്ട്. 1924ന് ശേഷം കേരളം ഏറ്റവും രൂക്ഷമായ വെള്ളപ്പൊക്കത്തെ അഭിമുഖീകരിച്ചത് 2018ലും 2019ലുമാണ്. വെള്ളപ്പൊക്കവും തുടർന്നുള്ള ഉരുൾപൊട്ടലും കേരളത്തിലെ ജനസംഖ്യയുടെ ആറിലൊന്ന് ആളുകളെ നേരിട്ട് ബാധിച്ചു. ഈ പശ്ചാത്തലത്തിലാണ്, "വീണ്ടെടുക്കലിനും പുനർനിർമ്മാണത്തിനുമായി" ഉയർന്ന നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്വീകരിച്ച് പൗരന്മാരുടെ ജീവിതത്തിലും ഉപജീവനമാർഗത്തിലും പ്രകടമായ മാറ്റം കൊണ്ടുവരികയും പുനഃക്രമീകരിച്ച ആസ്തികൾക്ക് വെള്ളപ്പൊക്കത്തെ നന്നായി നേരിടാൻ കഴിയുന്ന തരത്തിൽ പാരിസ്ഥിതികവും സാങ്കേതികവുമായ സംരക്ഷണങ്ങൾ ഭാവിയിൽ നിർമ്മിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് ആർ.കെ .ഐ ആരംഭിച്ചത്.

### ആർകെഡിപിയുടെ ലക്ഷ്യങ്ങൾ

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം ചുവടെപ്പറയുന്ന ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നു:

- ഭാവിയിലെ ഏത് ദുരന്തങ്ങളെയും പ്രതിരോധിക്കാൻ അടിസ്ഥാന സൗകര്യങ്ങൾ, ആസ്തികൾ, ഉപജീവനമാർഗങ്ങൾ എന്നിവയുടെ ഉയർന്ന നിലവാരം ഉറപ്പാക്കുന്ന വിധത്തിൽ കേരളത്തെ പുനർനിർമ്മിക്കുക
- സ്വാഭാവികമായ ആപത്തുകൾക്കെതിരെ വ്യക്തിപരവും സാമൂഹികവും സ്ഥാപനപരവുമായ പ്രതിരോധശേഷി കെട്ടിപ്പടുക്കുക, അതേസമയം തന്നെ മികച്ച രീതിയിൽ പുനർനിർമിക്കുന്ന തുല്യവും ഉൾക്കൊള്ളുന്നതും പങ്കാളിത്തത്തോടെയുള്ളതുമായ പുനർനിർമ്മാണം പ്രോത്സാഹിപ്പിക്കുക

സംസ്ഥാനത്തൊട്ടാകെ ദുരന്തങ്ങളുടെ പ്രത്യാഘാതങ്ങൾ കുറക്കുക, ദുരന്തനിവാരണ നിർവ്വഹണം ശക്തിപ്പെടുത്തുക എന്നിവയിൽ ആർകെഡിപി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സംയോജിതമായ ജലവിഭവത്തിൻറെ നിർവ്വഹണം, ജലവിതരണം, ശുചിത്വം, നഗരത്തെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ഉപജീവനമാർഗം, ഭൂമി, ആരോഗ്യം എന്നിവയാണ് നവകേരള നിർമ്മാണ പരിപാടിയുടെ മേഖല തോറും ഉള്ള പ്രധാന മുൻഗണനകൾ. ഇതിനു പുറമേ, ദുരന്തനിവാരണ നിർവ്വഹണവും പ്രതിരോധശേഷിയും, പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, സ്ഥാപനപരമായ കാര്യക്ഷമത ശക്തിപെടുത്തലും, സുതാര്യവും ജനകീയവുമായ ഡാറ്റയുടെ ലഭ്യത എന്നീ നാല് പ്രധാന മുൻഗണനകളും ആർ.കെഡി.പി ലക്ഷമിട്ടുന്നുണ്ട്.

### റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ (ആർ.കെ.ഡി.പി) ധനസഹായം

2019 മുതൽ 2027 വരെയുള്ള വികസന കാലയളവിലേക്ക് മൊത്തം 36,500 കോടി രൂപ റീ ബിൽഡ് കേരള ഡവലപ്മെന്റ് പ്രോഗ്രാമിനു (ആർ കെ ഡി പി) ആവശ്യമാണെന്ന് കണക്കാക്കുന്നു. ആർകെഐക്ക് കീഴിലുള്ള പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നടത്തിപ്പിനായി 2019-20 ലും 2020-21 ലും 1000 കോടി രൂപാ വീതവും, 2021–22 ൽ 1830 കോടി രൂപയും, 2022-23ൽ 1600 കോടി രൂപയും, 2023-24 ൽ 904.83 കോടി രൂപയും, 2024-25 ൽ 1000 കോടി രൂപയും പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. പ്രവൃത്തികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളുടെ /അല്ലെങ്കിൽ അവ നടപ്പിലാക്കുന്ന ഏജൻസികളുടെ ആവശ്യകതയെ അടിസ്ഥാനമാക്കിയാണ് ഫണ്ടുകൾ റിലീസ് ചെയ്യുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റ് വിഹിതമായ 100000 ലക്ഷം രൂപയിൽ നിന്ന് 52067.97 ലക്ഷം (52.07%) ചെലവ് വന്നു. RKI യുടെ കീഴിലുള്ള പ്രോജക്ട്കളുടെ അടങ്കലിന്റേയും ചെലവിന്റേയും വിശദാംശങ്ങൾ **പട്ടിക 11.6.1**-ൽ നൽകിയിരിക്കുന്നു. 31.07.2024 വരെ, ഇതിനായി മൊത്തം 4,91,996.09 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. RKI യുടെ കീഴിൽ വിവിധ പ്രവർത്തനങ്ങൾ 2019-20 മുതൽ 31.07.2024 വരെയുള്ള കാലയളവിലെ അടങ്കലിന്റെയും ചെലവിന്റേയും പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.6.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.6.1.** ആർ കെ ഐ യുടെ കീഴിലുള്ള പ്രോജക്ടുകളുടെ അടങ്കലും ചെലവും

| ക്രമ നമ്പർ. | സ്കീമിന്റെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | 31-07-2024 ലെ ചെലവ് (ലക്ഷത്തിൽ) | ചെലവ് (ശതമാനത്തിൽ) |
|---|---|---|---|---|
| 1 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ (ആർ കെ ഐ) | 12875.54 | 4517.14 | 35.1 |
| 2 | ഉപജീവന സഹായം (ആർ കെ ഐ) | 21,45.92 | 21.45 | 1.0 |
| 3 | PWD റോഡുകളും പാലങ്ങളും (ആർ കെ ഐ) | 35,502.15 | 11,508.40 | 32.4 |
| 4 | പൊതു കെട്ടിടങ്ങൾ-വലിയ അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും (ആർ കെ ഐ) | 11,583.69 | 10,742.48 | 92.7 |
| 5 | ജലവിതരണം (ആർ കെ ഐ) | 6437.77 | 1803.05 | 28.0 |
| 6 | ദുരന്ത തയ്യാറെടുപ്പ് | 13,220.51 | 6924.64 | 52.4 |
| 7 | ശുചിത്വം (ആർ കെ ഐ) | 1287.55 | 456.13 | 35.4 |
| 8 | KFW AM ഗ്രാന്റുകൾ | 946.87 | 94.68 | 10.0 |
| 9 | റോഡുകളും പാലങ്ങളും (ആർ കെ ഐ) | 16,000 | 16000 | 100.0 |
| **ആകെ** | | **1,00,000** | **52,067.97** | **52.1** |

സ്രോതസ് - ആർ കെ ഐ, 2024

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന് ധനസഹായം നൽകുന്നതിനായുള്ള കേരള ഗവൺമെന്റിന്റെ ചില സംരംഭങ്ങൾ താഴെ ചേർത്തിരിക്കുന്നു.

- സംസ്ഥാന ബജറ്റിൽ വിവിധ പദ്ധതികളും പദ്ധതിയേതര വിഹിതങ്ങളും ഉൾപ്പെടുന്നു. ലോകബാങ്ക്, എ ഐ ഐ ബി , എ ഡി ബി തുടങ്ങിയ ബഹുമുഖ ഏജൻസികളിൽ നിന്നും കൂടാതെ കെ എഫ് ഡബ്ല്യൂ , എ എഫ് ഡി , ജെ ഐ സി എ തുടങ്ങിയ മറ്റ് ഉഭയകക്ഷി ഏജൻസികളിൽ നിന്നുമുള്ള സഹായം എന്നിവ ഇതിൽ ഉൾപ്പെടുന്നു.
- കേന്ദ്രാവിഷ്കൃത പദ്ധതികളും വിവിധ വിഹിതങ്ങളും.
- കേന്ദ്ര ഗവൺമെന്റ് സ്കീമുകൾക്ക് കീഴിലുള്ള ഫ്ലെക്സി-ഫണ്ടിന്റെ വിന്യാസം
- ക്രൗഡ് ഫണ്ടിംഗ്
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (സി എം ഡി ആർ എഫ്) വഴിയുള്ള ഫണ്ട് സമാഹരണം
- നബാർഡ് ഫണ്ടിംങ്ങ് (നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് (എൻ ഐ ഡി എ) മുഖേനെയുള്ള നബാർഡ് ഫണ്ടിംങ്ങ്
- ഹഡ്കോയും മറ്റ് വായ്പാ മാർഗങ്ങളും
- മസാല ബോണ്ടുകൾ, ഡയസ്പോറ ബോണ്ടുകൾ, മറ്റ് വിവിധ സ്വകാര്യ മേഖലയിലെ സാമ്പത്തിക സ്രോതസ്സുകൾ എന്നിവയുൾപ്പെടെ സ്ഥാപനപരവും റീട്ടെയിൽ ഫിനാൻസിംഗിന്റെ സ്വകാര്യവും പാരമ്പര്യേതരവുമായ ഉറവിടങ്ങൾ.

**ലോകബാങ്കുമായുള്ള പങ്കാളിത്തം**

കേന്ദ്ര സർക്കാരിന്റെ പിന്തുണയോടെ സംസ്ഥാന സർക്കാർ ലോകബാങ്കുമായി 250 മില്യൺ അമേരിക്കൻ ഡോളറിന്റെ വായ്പാ കരാറിൽ ഒപ്പുവച്ചു. ഈ പ്രോഗ്രാം ലോകബാങ്കിന്റെ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാന പങ്കാളിത്തത്തെ പ്രതിനിധീകരിക്കുന്നു. ദരിദ്രരുടെയും ദുർബല വിഭാഗങ്ങളുടെയും ഉപജീവനമാർഗങ്ങളും ആസ്തികളും സംരക്ഷിക്കുന്നതിനായി സംസ്ഥാനത്തിന്റെ സ്ഥാപനപരവും സാമ്പത്തികവുമായ ശേഷി ശക്തിപ്പെടുത്തുന്നതിലാണ് ഈ പ്രോഗ്രാം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഹരിതവും പ്രതിരോധശേഷിയുമുള്ള കേരളം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള റീബിൽഡ് കേരള ഡവലപ്മെന്റ് പ്രോഗ്രാമിന് കേന്ദ്രസർക്കാർ നൽകുന്ന പിന്തുണയുടെ ഭാഗമാണ് ഈ പുതിയ പരിപാടി.

താഴെപ്പറയുന്ന കാര്യങ്ങളിൽ സംസ്ഥാനത്തെ പിന്തുണയ്ക്കുക എന്നതാണ് റീ ബിൽഡ് കേരള പ്രോഗ്രാം ലക്ഷ്യമിടുന്നത്:

- നദീതട ആസൂത്രണവും ജലവിതരണവും ശുചിത്വ സേവനങ്ങളും ഉൾപ്പെടെയുള്ള ജല അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങളും മാനേജ്മെന്റും മെച്ചപ്പെടുത്തുക
- റിസ്ക് ഇൻഷുറൻസ് ഉപയോഗിച്ച് പ്രതിരോധശേഷിയുള്ളതും സുസ്ഥിരവുമായ കൃഷി പ്രോത്സാഹിപ്പിക്കുക
- പ്രധാന റോഡ് ശൃംഖലകളുടെ പ്രതിരോധശേഷി മെച്ചപ്പെടുത്തുക
- ഉയർന്ന അപകടസാധ്യതയുള്ള പ്രദേശങ്ങളിലെ ഭൂരേഖകൾ ഏകീകരിക്കുകയും പരിപാലിക്കുകായും ചെയ്യുക
- റിസ്ക് അടിസ്ഥാനമാക്കിയുള്ള നഗര ആസൂത്രണം പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക മുനിസിപ്പാലിറ്റികളുടെ ചെലവ് ആസൂത്രണം ശക്തിപ്പെടുത്തുക.
- കേരളത്തിന്റെ സാമ്പത്തിക, പൊതു സാമ്പത്തിക മാനേജ്മെന്റ് ശേഷി ശക്തിപ്പെടുത്തുക.
- ഡാം ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് ആൻഡ് റീഹാബിലിറ്റേഷൻ (ഡിആർഐപി), നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്റ്റ് ഫേസ്-2, നാഷണൽ ഹൈഡ്രോളജി പ്രോജക്ട്, കേരള ലോക്കൽ ഗവൺമെന്റ് ആന്റ് സർവീസ് ഡെലിവറി പ്രോജക്ട് എന്നിങ്ങനെയുള്ള വിവിധ ഇടപെടലുകളിലൂടെ ലോകബാങ്ക് കേരളത്തെ തുടർച്ചയായി പിന്തുണയ്ക്കുന്നു. ദുരന്തം, കാലാവസ്ഥാ വ്യതിയാനം എന്നിവയുമായി ബന്ധപ്പെട്ട അപകടസാധ്യതകളെ നേരിടാനുള്ള നയങ്ങളും സ്ഥാപനങ്ങളും സംവിധാനങ്ങളും തിരിച്ചറിയുന്നതിനും ലോക ബാങ്ക് സംസ്ഥാനത്തെ പിന്തുണച്ചു.

**ആർകെഐയുടെ കീഴിലുള്ള സ്കീമുകളുടെ പുരോഗതി**

RKI-യുടെ കീഴിൽ 2019-20 മുതൽ 2024-25 വരെ 110 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്, ഇതിനായി 8,681.83 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 11.6.3 ൽ നൽകിയിരിക്കുന്നു. ആർകെഐയുടെ കീഴിൽ 26 പ്രോജക്ടുകൾ പൂർത്തീകരിച്ചു, 12 പ്രോജക്ടുകൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. പൂർത്തിയാക്കിയ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ അനുബന്ധം 11.6.2 ൽ നൽകിയിരിക്കുന്നു.

**പ്രധാന നയങ്ങൾ**

പ്രധാന വകുപ്പുകളുടെ നയരൂപീകരണത്തിനും നയക്രമീകരണത്തിനും ആർ കെ ഐ സൗകര്യമൊരുക്കിയിട്ടുണ്ട്, സർക്കാർ താഴെപ്പറയുന്ന നയങ്ങൾ രൂപീകരിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്:

- സംസ്ഥാനത്തിന്റെ പുനർനിർമ്മാണ തന്ത്രം ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ചുമതല സംസ്ഥാന സർക്കാർ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനെ (ആർ കെ ഐ ) ഏൽപ്പിക്കുകയും ആർ കെ ഐ-യുടെ പ്രവർത്തന തന്ത്രത്തിനും സ്ഥാപന ചട്ടക്കൂടുകൾക്കുമായി സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.
- സാമ്പത്തിക സുസ്ഥിരത ശക്തിപ്പെടുത്തുന്നതിന്, (എ) കേരള സ്റ്റാമ്പ് ആക്ട് പ്രകാരം ഭൂമിയുടെ മൂല്യനിർണ്ണയം നൂറ് ശതമാനം വർദ്ധിപ്പിച്ച് (100%) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു; (ബി) കെട്ടിടങ്ങളുടെ മൂല്യനിർണയം വർധിപ്പിക്കുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു; കൂടാതെ (സി) ഒരു ഡയസ്പോറ ബോണ്ട് മുഖേനയുള്ള വീണ്ടെടുക്കൽ ശ്രമങ്ങൾക്കായി സ്വകാര്യ റീട്ടെയിൽ ഫിനാൻസ് സമാഹരിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കാൻ കിഫ്ബിയെ നിയോഗിക്കുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
- 13-ാം പഞ്ചവത്സര പദ്ധതിയിൽ (2017-2022) സംസ്ഥാനത്തിന്റെ നാലാം വർഷ പരിപാടി (2020-21) അനുസരിച്ച് - അഗ്രോ ഇക്കോളജിക്കൽ സോണുകളും അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളും അടിസ്ഥാനമാക്കി കൃഷി വകുപ്പിന്റെ പദ്ധതികൾ വികസിപ്പിക്കുന്നതിനും ആസൂത്രണം ചെയ്യുന്നതിനും ബജറ്റ് വികസിപ്പിച്ചെടുക്കുന്നതിനും കൃഷി വകുപ്പിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
  - കേരള സർക്കാർ (എ) കോർ റോഡ് നെറ്റ് വർക്ക് കൈകാര്യം ചെയ്യുന്നതിനും, ഡിസൈനും പ്രകടന നിലവാരവും, ദുരന്തവുമായി ബന്ധപ്പെട്ട എമർജൻസി റെസ്പോൺസ് മൊഡ്യൂളും ഉൾക്കൊള്ളുന്ന പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള മാനേജുമെന്റ് കരാർ മോഡൽ സ്വീകരിച്ചിട്ടുണ്ട്; കൂടാതെ (ബി) ചില അനിവാര്യമല്ലാത്ത റോഡ് മേഖലാ ഏജൻസികളുടെ പ്രവർത്തനം നിർത്തലാക്കുന്ന ഉത്തരവുകളും ആസ്തികളും പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിലൂടെയും ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന റോഡ് മേഖലയിൽ സ്ഥാപനപരമായ സ്ട്രീംലൈനിംഗിന് തുടക്കമിട്ടു.
- ചെലവ് കുറഞ്ഞ സെപ്റ്റേജ്, വേസ്റ്റ് മാനേജ്മെന്റ് മോഡലുകൾ ഉൾപ്പെടുത്തി, സംസ്ഥാന ശുചിത്വ, മാലിന്യ സംസ്കരണ തന്ത്രം കേരള സർക്കാർ സ്വീകരിച്ചു. (എ) പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുന്നതിന് ഒറ്റത്തവണ മാത്രം ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം, സംഭരണം, ഗതാഗതം, ഉപയോഗം എന്നിവ നിരോധിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്; കൂടാതെ (ബി) ഖരമാലിന്യങ്ങളുടെ സുസ്ഥിരമായ മാനേജ്മെന്റിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി ഒരു സംയോജിത ഖരമാലിന്യ മാനേജ്മെന്റ് തന്ത്രം അംഗീകരിച്ചു. (സി) കേരള സംസ്ഥാനത്തിനായുള്ള ഒരു ഡ്രാഫ്റ്റ് ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ് നയം തയ്യാറാക്കുകയും സ്റ്റേക്ഹോൾഡേഴ്സിൻറെ കൂടിയാലോചനയ്ക്ക് ശേഷം സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.
- (i)ഭേദഗതി വരുത്തിയ ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് (ടി സി പി) നിയമത്തിന്റെ കരട് മന്ത്രിസഭയുടെ അംഗീകാരത്തോടെയും (ii) മുൻഗണനയുള്ള മൾട്ടി ഇയർ മുനിസിപ്പൽ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിനുള്ള വാർഷിക ആസൂത്രണ മാർഗ്ഗനിർദ്ദേശങ്ങൾ പുനഃപരിശോധിക്കുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിലൂടെയും കേരള സർക്കാർ സുസ്ഥിര അപകടസാധ്യതയുള്ള നഗരാസൂത്രണവും ബഹുവർഷ മുനിസിപ്പൽ ഇൻഫ്രാസ്ട്രക്ചർ ആസൂത്രണവും സാധ്യമാക്കി.
- ആർ കെ ഐ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി എം യു) ആയ റീ ബിൽഡ് കേരള പ്രോഗ്രാമിന്റെ (പി ഫോർ ആർ) ഭാഗമായി താഴെ പറയുന്ന സംരംഭങ്ങൾ കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

- **ഡെബ്റ്റ് മാനേജ്മെന്റ് പ്ലാൻ സ്വീകരിക്കൽ**: - പ്രകൃതി ദുരന്തങ്ങളും രോഗബാധയും മൂലമുള്ള ആകസ്മികമായ ബാധ്യതകൾ കൈകാര്യം ചെയ്യുന്നതിനുള്ള കേരള സർക്കാറിന്റെ കഴിവ് ശക്തിപ്പെടുത്തുന്നതിന്, ധനകാര്യ വകുപ്പ് ഒരു ഡെറ്റ് മാനേജ്മെന്റ് പ്ലാൻ രൂപീകരിക്കുന്നതിനും സംസ്ഥാനത്തിന്റെ കടം- ജി എസ് ഡി പി അനുപാതത്തെയിൽ കുറയ്ക്കുന്നതിന് ഒരു ഡെറ്റ് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.
- **ഏകീകൃത ഡാറ്റാബേസ്**: - ഗവൺമെന്റിന്റെയും കമ്മ്യൂണിറ്റികളുടെയും സാമ്പത്തിക ദൃഢത ശക്തിപ്പെടുത്തുന്ന ഒരു സമഗ്രമായ ഡിസാസ്റ്റർ റിസ്ക് ഫിനാൻസിംഗ് (ഡി ആർ എഫ്) ചട്ടക്കൂട് വികസിപ്പിക്കുന്നതിന്റെ ഭാഗമായി, ദുർബലരായ കുടുംബങ്ങളുടെ ഒരു ഏകീകൃത ഡാറ്റാബേസും ദുരന്താനന്തര സുരക്ഷയെ പ്രവർത്തനക്ഷമമാക്കുന്ന പേയ്മെന്റ് പ്ലാറ്റ്ഫോമും കേരള സർക്കാർ വികസിപ്പിക്കുന്നു. ഇതിലൂടെ അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൃത്യസമയത്ത് പണമടയ്ക്കുന്നതിനു സാധ്യമാകും.
- **ഫോർവേഡ് വർക്ക്സ് പ്രോഗ്രാം**: - സർവേ നടത്തിയ റോഡിന്റെ അവസ്ഥയും വിലയിരുത്തലും പോലുള്ള ഡാറ്റ ഉപയോഗിച്ച് പമ്പാ തടത്തിൽ ഏകദേശം 6000 കിലോമീറ്റർ റോഡിന്റെ (കോർ റോഡ് നെറ്റ്വർക്ക്) അറ്റകുറ്റപ്പണികൾക്കായി റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിലേക്ക് (ആർ എം എം എസ്) ഉൾപ്പെടുത്തിഫോർവേഡ് വർക്ക്സ് പ്രോഗ്രാം (എഫ് ഡബ്ള്യു പി) നടപ്പിലാക്കാൻ കേരള സർക്കാർ ലക്ഷ്യമിടുന്നു. അതനുസരിച്ച്, ഫോർവേഡ് വർക്ക്സ്

പ്രോഗ്രാം (എഫ്ഡബ്ല്യുപി) പ്രകാരം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ബജറ്റ് വകയിരുത്താൻ കേരള സർക്കാർ പദ്ധതിയിടുന്നു.

- **വൺ ഹെൽത്ത് അപ്രോച്ച്:** ജന്തുജന്യ രോഗങ്ങളുടെ ആഘാതങ്ങൾ കുറയ്ക്കുന്നതിന് രോഗനിർണയം, ട്രാക്ക് ചെയ്യൽ, രോഗ ബാധയോട് പ്രതികരിക്കുന്നതിനുള്ള ഒരു സംയോജിത ആരോഗ്യ സമീപനം എന്നിവ സംസ്ഥാനവ്യാപകമായി നടപ്പിലാക്കുന്നു.
- **ഡിസാസ്റ്റർ റിസ്ക് ഫിനാൻസിംഗും ഇൻഷുറൻസും**: കേരള സർക്കാരിന്റെയും, കേരളത്തിലെ ദുർബല കുടുംബങ്ങളുടെയും ഡിസാസ്റ്റർ റിസ്ക് ഫിനാൻസിംഗ്, ഇൻഷുറൻസ് കപ്പാസിറ്റി എന്നിവ മെച്ചപ്പെടുത്തുന്നതിന്, സംസ്ഥാന ദുരന്ത പ്രതികരണ നിധി (എസ് ഡി ആർ എഫ്)/ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (സി എം ഡി ആർ എഫ്) എന്നിവയിലേക്ക് മാർക്കറ്റ് അധിഷ്ഠിത വിഭവങ്ങൾ ഒരു ദുരന്ത റിസ്ക് ഫിനാൻസിങ് ഉപകരണമായി സമാഹരിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ, പമ്പാ നദീതട ജില്ലകളിൽ നിന്നുള്ള ഏകദേശം 33,922 കർഷകരും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- **അപകടസാധ്യത മുന്നറിയിപ്പിനുള്ള നഗര മാസ്റ്റർ പ്ലാനുകൾ**: - ഡിപ്പാർട്ട്മെന്റ് ഓഫ് കൺട്രി ആൻഡ് ടൗൺ പ്ലാനിംഗ് (എൽ എസ് ജി ഡി - സി ടി പി), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്നിവ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുമായി (കെ എസ് ഡി എം എ) സഹകരിച്ച് സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങൾക്കും (യു എൽ ബി) കാലാവസ്ഥാ മാതൃകകൾ രൂപീകരിച്ച് നൽകുകയും അതിനെപ്പറ്റിയുള്ള വിവരങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങൾക്കും ഫലപ്രദമായ റിസ്ക് ഇൻഫോർമഡ് മാസ്റ്റർ പ്ലാനുകളും (ആർ ഐ എം പി എസ്) ഡിസാസ്റ്റർ ക്ലൈമറ്റ് ആക്ഷൻ ട്രാക്കർ (ഡി സി എ ടി) ടൂളും വികസിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. അപ്രകാരം മാസ്റ്റർ പ്ലാനുകൾ വികസിപ്പിക്കുന്ന നഗര തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പെർഫോമൻസ് ഗ്രാന്റുകളുടെ രൂപത്തിൽ ഇൻസെന്റീവ്സ് നൽകുമെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ നഗര തദ്ദേശ സ്ഥാപനങ്ങൾക്കായി പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കിയിട്ടുണ്ട്, പരിശീലനങ്ങൾ ഉടൻ നടത്തുമെന്ന് പ്രതീക്ഷിക്കുന്നു.
- **പ്രളയ പ്രവചനവും സംയോജിത റിസർവോയർ പ്രവർത്തന സംവിധാനങ്ങളും**: - കെ എസ് ഡി എം എ മുഖേന പൊതുജനങ്ങൾക്ക് പ്രളയ മുന്നറിയിപ്പ് നൽകുന്നതിനും, പമ്പാ തടത്തിനായി ജലവിഭവ വകുപ്പ് ഒരു വെള്ളപ്പൊക്ക പ്രവചനവും സംയോജിത റിസർവോയർ പ്രവർത്തന സംവിധാനവും വികസിപ്പിച്ചെടുത്തിട്ടുണ്ട്.

# 11.7 കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി)

സംസ്ഥാന സർക്കാരിൻറെ മൂലധനച്ചെലവുകൾക്കായി ഫണ്ട് സ്വരൂപിക്കുന്നതിനുള്ള ഏജൻസിയായി 1999-ൽ കേരള സർക്കാർ രൂപീകരിച്ച ഒരു ധനകാര്യ സ്ഥാപനമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി). സംസ്ഥാനത്തുടനീളമുള്ള നിർണ്ണായക അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കുവേണ്ടിയുള്ള ധനസമാഹരണം, മേഖലയിലെ നിക്ഷേപം സുഗമമാക്കുക തുടങ്ങിയ പ്രാഥമിക ലക്ഷ്യത്തോടുകൂടി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (കിഫ്ബി) ആക്ട് പ്രകാരം രൂപികരിക്കപ്പെട്ട ബോർഡ് കേരളത്തിലെ അടിസ്ഥാന സൗകര്യ വികസന ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ്. ഘടനയും പദ്ധതികളുടെ ഗുണനിലവാരവും സമയക്രമവും നവീകരിക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് നിയമം 2016-ൽ ഭേദഗതിചെയ്തു. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ധനലഭ്യതയുടെ കുറവ് പരിഹരിക്കപ്പെടുകയും പൊതു-സ്വകാര്യ വിഭവങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്തുകൊണ്ട് അടിസ്ഥാന സൗകര്യ വികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച ഒരു സ്ഥാപനമായി കിഫ്ബി മാറി.

സെക്യൂരിറ്റീസ് & എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി), റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർ.ബി.ഐ) എന്നിവ അംഗീകരിച്ച സാമ്പത്തിക നിർദ്ദേശങ്ങൾക്കനുസരിച്ച്, വികസനത്തിന്റെ അവിഭാജ്യമായ ഘടകമായ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് കിഫ്ബി സഹായിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിൽ ഭരണവകുപ്പുകളെ സഹായിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായി(എസ.പി.വി) കേന്ദ്ര/സംസ്ഥാന/പൊതുമേഖലാ ഏജൻസികളുമായി കിഫ്ബി കൈകോർക്കുന്നു.

**പദ്ധതികളുടെ വൈവിധ്യം**

ഗതാഗതം, ശുദ്ധജല വിതരണവും മാലിന്യനിർമ്മാർജ്ജനവും, ഊർജ്ജം , ആരോഗ്യവും കുടുംബക്ഷേമവും, സാമൂഹിക-വാണിജ്യ അടിസ്ഥാന സൗകര്യങ്ങൾ, വിവര സാങ്കേതിക വിദ്യ, ടെലികമ്മ്യൂണിക്കേഷൻ തുടങ്ങിയ മേഖലകളിലെ പദ്ധതികളിൽ നിക്ഷേപം നടത്തുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് രൂപീകരിച്ചത്. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്, പെട്രോകെമിക്കൽ/ഫാർമ പാർക്ക് - കൊച്ചി (ഭൂമി ഏറ്റെടുക്കൽ), വെസ്റ്റ് കോസ്റ്റ് കനാൽ, തീരദേശ,മലയോര ഹൈവേകൾ, വയനാട് ഇരട്ട തുരങ്കപാത, ട്രാൻസ്ഗ്രിഡ് 2.0, ലൈഫ് സയൻസ് പാർക്ക്, തിരുവനന്തപുരം (ഘട്ടം II- ഭൂമി ഏറ്റെടുക്കൽ),ഹൈ ടെക് സ്കൂൾ പ്രോഗ്രാം, കൊച്ചി ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) തുടങ്ങിയവ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന ചില വൻകിട പദ്ധതികളാണ്.

അടിസ്ഥാന സൗകര്യ വികസനത്തിനായി നിക്ഷേപം നടത്തുന്നതിലൂടെ, സംസ്ഥാനത്തെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുകയാണ് കിഫ്ബി ലക്ഷ്യമിടുന്നത്. വികസിത അടിസ്ഥാന സൗകര്യങ്ങൾക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും കഴിയും. പുനരുപയോഗ ഊർജ്ജം, ജല ഉപഭോഗം, നഗര വികസനം തുടങ്ങിയ പരിസ്ഥിതി സംരക്ഷണത്തിൽ അധിഷ്ഠിതമായതും, കൂടാതെ സാമൂഹിക ഉൾക്കാഴ്ചയിൽ ഊന്നൽ നൽകുന്നതുമായ സുസ്ഥിര വികസനത്തിലാണ് കിഫ്ബി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ഭൂമി ഏറ്റെടുക്കൽ പദ്ധതികളും കിഫ്ബി മുഖേന നടപ്പിലാക്കിവരുന്നു. 2024 ഓഗസ്റ്റ് വരെ, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, റോഡുകൾ, ഗതാഗതം, ജലസേചനം, ശുദ്ധജലവിതരണം, വൈദ്യുതി,

**പട്ടിക 11.7.1.** 2024 മാർച്ച് 31 വരെ കിഫ്ബി അംഗീകരിച്ച ക്രോഡീകരിച്ചുള്ള പദ്ധതികൾ/വിഹിതം വിശദാംശങ്ങൾ (രൂപ കോടിയിൽ)

| ക്രമ. നം. | പദ്ധതി ഇനം | 2022–23 | | 2023–24 | | ആകെ (2016–24) | |
|---|---|---|---|---|---|---|---|
| | | എണ്ണം | വിഹിതം | എണ്ണം | വിഹിതം | എണ്ണം | വിഹിതം |
| 1 | അടിസ്ഥാന സൗകര്യ പദ്ധതികൾ | 94 | 8392.75 | 50 | 2541.66 | 1103 | 66,143.49 |
| 2 | ലാൻഡ് അക്വിസിഷൻ പൂളിന് കീഴിലുള്ള പദ്ധതികൾ | 0.00 | 0.00 | 0 | 0.00 | 7 | 20,000.00 |
| **ആകെ** | | **94** | **8392.75** | **50** | **2541.66** | **1110** | **86,143.49** |

അവലംബം: കിഫ്ബി

തുറമുഖങ്ങൾ, ഉൾനാടൻ ഗതാഗതം, ഡ്രെയിനേജ്, ഖരമാലിന്യ സംസ്കരണം തുടങ്ങി 86,170.24 കോടി രൂപയുടെ 1,103 അടിസ്ഥാന സൗകര്യ പദ്ധതികൾക്കും ലാൻഡ് അക്വസിഷൻ പൂളിന് കീഴിൽ 7 വൻകിട ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്കും കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ പിഡബ്ല്യുഡി (എൻഎച്ച്എഐ), ഇൻഡസ്ട്രിയൽ പാർക്കുകൾ (3 പ്രോജക്ടുകൾ), ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിൽ നിന്നും ലാൻഡ് അക്വസിഷൻ, കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി ഗിഫ്റ്റ് സിറ്റിയ്ക്കുമുള്ള ഭൂമി ഏറ്റെടുക്കൽ എന്നിവ ഉൾപ്പെടുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ മാത്രം 2,541.66 കോടി രൂപയുടെ 50 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയത്. അംഗീകരിച്ച ക്രോഡീകരിച്ചുള്ള പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 11.7.1**-ലും പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.7.1**.-ലും (2024 മാർച്ച് 31 വരെ) നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലായി കിഫ്ബി മുഖേനയുള്ള പദ്ധതികൾ പുരോഗതിയുടെ വിവിധ ഘട്ടങ്ങളിലാണ്. പൊതുമരാമത്ത് വകുപ്പിനു കീഴിൽ 32,379.33 കോടി രൂപയുടെ 500 പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. 2024 ഓഗസ്റ്റ് 31-ന് ഈ വകുപ്പിനു കീഴിൽ അംഗീകരിച്ച പദ്ധതികളുടെ തുക 32,404.64 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. മലയോര ഹൈവേ, തീരദേശ ഹൈവേ പദ്ധതികൾ, ആനക്കാംപൊയിൽ - കള്ളടി-മേപ്പാടി (എ.എം) ഇരട്ട തുരങ്ക പാത തുടങ്ങിയ പ്രധാന പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. 2,134.5 കോടി രൂപ അടങ്കൽ ഉള്ള ആനക്കാംപൊയിൽ - കള്ളടി-മേപ്പാടി (എ.എം) ഇരട്ട തുരങ്ക പാത കോഴിക്കോട്, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന 8.735(ഇരുവശങ്ങളിലും അപ്രോച്ച് റോഡുകൾ ഉൾപ്പെടെ) കിലോമീറ്റർ ദൈർഘ്യമുള്ള നാലുവരി തുരങ്ക പാതയാണ്. പദ്ധതി പൂർത്തിയാവുന്നതോടെ താമരശ്ശേരി ചുരം റോഡിന് ബദലായി വിശ്വസനീയവും സുരക്ഷിതവും എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡ് കണക്റ്റിവിറ്റി പ്രദാനം ചെയ്യുന്ന മാർഗ്ഗമായി ഇത് മാറും.

വ്യവസായ വകുപ്പ് പുറത്തിറക്കിയ വ്യവസായ നയം സംസ്ഥാനത്തിന്റെ വ്യാവസായിക കാലാവസ്ഥയിൽ അർത്ഥവത്തായ മാറ്റം കൊണ്ടുവരുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുന്നു. കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴിയുടെ (കെ.ബി.ഐ.സി) ഭാഗമായി, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) പാലക്കാടും, കണ്ണൂരും 12,710.00 കോടി രൂപ ചെലവിൽ വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ ആരംഭിച്ചു. എറണാകുളം ജില്ലയിലെ അങ്കമാലിയിൽ കൊച്ചി - ബാംഗ്ലൂർ വ്യാവസായിക ഇടനാഴിയുടെ (കെബിഐസി) ഭാഗമായി 'ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ട്രേഡ് (ഗിഫ്റ്റ്) സിറ്റി' (ഭൂമി ഏറ്റെടുക്കൽ) യ്ക്ക് 840.00 കോടി രൂപയ്ക്ക് അംഗീകാരം നല്കിയിട്ടുണ്ട്.

കിഫ്ബി ഫണ്ടിന്റെ പ്രധാന പങ്ക് റോഡുകൾക്കും, റോഡ് ഗതാഗത മേഖലയ്ക്കുമായി നീക്കിവച്ചിട്ടുണ്ട്, 2024 മാർച്ച് വരെ ഇത് ₹39,749.32 കോടി രൂപയാണ്. ആനക്കാംപൊയിൽ കള്ളടി മേപ്പാടി തുരങ്കപാത പദ്ധതി ഉൾപ്പെടെയുള്ള വിവിധ റോഡ് പദ്ധതികൾക്കായി 23,947.65 കോടി രൂപയ്ക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, ആലപ്പുഴ മൊബിലിറ്റി ഹബ് ഒന്നാം ഘട്ടം, ആലപ്പുഴ കെഎസ്ആർടിസി ബസ് ടെർമിനൽ കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിനും ബോർഡ് തുക അനുവദിച്ചിട്ടുണ്ട്. റോഡ്, റോഡ് ഗതാഗത മേഖലയിൻ കീഴിലെ അംഗീകൃത പ്രൊജക്ടുകളുടെ വിശദാംശങ്ങൾ **പട്ടിക 11.7.2**.-ൽ നല്കിയിരിക്കുന്നു.


**പട്ടിക 11.7.2.** 2024 മാർച്ച് 31 വരെ റോഡ്, റോഡ് ഗതാഗത മേഖലയിൽ കിഫ്ബി അംഗീകാരം നല്കിയ പ്രൊജക്ടുകൾ

| ക്രമ നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1 | തീരദേശ ഹൈവേ | 2,849.61 |
| 2 | മലയോര ഹൈവേ | 3,447.57 |
| 3 | ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി(എ.എം) തുരങ്കപാത | 2,134.50 |
| 4 | മറ്റ് റോഡ്/പാലം പദ്ധതികൾ | 23,947.65 |
| 5 | റോഡ് ഗതാഗത പദ്ധതികൾ | 600.98 |
| 6 | ദേശീയപാത വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ | 6,769.01 |
| **ആകെ** | | **39,749.32** |

അവലംബം: കിഫ്ബി

ഭൂമി ഏറ്റെടുക്കലിനു വേണ്ടി വരുന്ന ഭീമമായ തുക സംസ്ഥാനത്തെ ദേശീയപാത വികസനത്തിന് വലിയ തടസ്സമായിരുന്നു, ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ ഒരു ഭാഗം കിഫ്ബി മുഖേന സംസ്ഥാന സർക്കാർ വഹിക്കുന്നതോടെ ഇതിന് ഏറെക്കുറെ പരിഹാരമായി. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ആകെ വകയിരുത്തിയ 6,769.01 കോടി രൂപയിൽ, 2024 മാർച്ച് 31 വരെ 5,580.74 കോടി രൂപ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് (NHAI) കൈമാറിയിട്ടുണ്ട്. മലയോര ഹൈവെ

**ചിത്രം 11.7.1** മേഖല തിരിച്ചുള്ള അംഗീകൃത പ്രോജക്ടുകൾക്കുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ




അവലംബം: കിഫ്ബി

പദ്ധതിക്കായി 3,447.57 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കാസറഗോഡ് ജില്ലകളിലെ മലയോര ഹൈവേയുടെ ചില ഭാഗങ്ങൾ കേരള റോഡ് ഫണ്ട് ബോർഡ് ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട് .

റോഡ്, റോഡ് ഗതാഗത മേഖല കഴിഞ്ഞാൽ കിഫ്ബി ധനസഹായത്തിന്റെ ലഭ്യതയുടെ കാര്യത്തിൽ ജലവിഭവ(6,875.35 കോടി രൂപ), ആയുഷ് പദ്ധതി ഉൾപ്പെടെ ആരോഗ്യ-കുടുംബ ക്ഷേമ(6364.71 കോടി രൂപ)മേഖലകളാണ് മുന്നിട്ടു നിൽക്കുന്നത്. 338.95 കോടി രൂപ ചെലവിൽ ആലപ്പുഴ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ കിഫ്ബി ഏറ്റെടുത്തിട്ടുള്ള ഗ്രോയിൻ ഫീൽഡ് നിർമ്മാണ പദ്ധതി ജലവിഭവ മേഖലയിൽ സുപ്രധാന പദ്ധതികളിലൊന്നാണ്. കൂടാതെ, റെഗുലേറ്റർ കം ബ്രിഡ്ജ്, ട്രാൻസ്മിഷൻ മെയിൻ മാറ്റിസ്ഥാപിക്കൽ, കുടിവെള്ള പദ്ധതികൾ എന്നിവയും കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നവയാണ്. കൊച്ചി നഗര പുനരുജ്ജീവനത്തിന്-സംയോജിത ജലഗതാഗത പദ്ധതിക്കായി 566.51 കോടി രൂപ ബോർഡ് അനുവദിച്ചിട്ടുണ്ട്. മേഖല തിരിച്ചുള്ള അംഗീകൃത പ്രോജക്ടുകൾക്കുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ **ചിത്രം 11.7.1** ൽ കാണിച്ചിരിക്കുന്നു.

വൈദ്യുതി വിതരണ സംവിധാനത്തിന്റെ വിശ്വാസ്യതയും സുരക്ഷയും വർദ്ധിപ്പിക്കാനും, പരിസ്ഥിതിക്കും പൊതുജനങ്ങൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതും പ്രസരണനഷ്ടം കുറഞ്ഞതും കാര്യക്ഷമവുമായ ഒരു ഊർജ്ജ വിതരണ സംവിധാനമെന്ന ഹരിത കാഴ്ചപ്പാടോടെയാണ് കെ.എസ്.ഇ.ബി.എൽ 'ട്രാൻസ്ഗ്രിഡ് 2.0' പദ്ധതിക്ക് തുടക്കമിട്ടത്. പദ്ധതിക്ക് 5,200 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിൽ വരുന്നതോടുകൂടി പീക്ക് ലോഡ് സിസ്റ്റം നഷ്ടം ഏകദേശം 107.8 മെഗാവാട്ട് കുറയ്ക്കുവാനും അതുവഴി 522 ദശലക്ഷം യൂണിറ്റ് (MU) വാർഷിക ഊർജ്ജ ലാഭം ഉണ്ടാക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ ഭാഗമായി കോതമംഗലം, കലൂർ, ചാലക്കുടി, തലശ്ശേരി എന്നിവിടങ്ങളിലെ സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി.

ആയുഷ് പദ്ധതി ഉൾപ്പെടെ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന് കീഴിലെ പദ്ധതികൾക്കായി 6,364.71 കോടി രൂപ കിഫ്ബി അനുവദിച്ചു. ബോർഡ് അംഗീകരിച്ച മൊത്തം പദ്ധതികളുടെ 9.6 ശതമാനമാണിത്. താലൂക്ക് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ , കൊച്ചിൻ കാൻസർ സെന്റർ, മട്ടന്നൂരിലെ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ തുടങ്ങിയ സ്പെഷ്യാലിറ്റി ആശുപത്രികൾ ഉൾപ്പെടെ സംസ്ഥാനത്തെ 55 ആശുപത്രികളുടെ വികസനത്തിനുള്ള പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുഷ് (ഘട്ടം 1) സ്ഥാപിക്കുന്നതിന് 69.06 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമെ, 140 നിയമസഭാ മണ്ഡലങ്ങളിലായി 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിനും 236.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി, കിഫ്ബി 4,978.54 കോടി രൂപയുടെ അംഗീകാരം നല്കിയിട്ടുണ്ട്, ഇതിൽ 3,136.03 കോടി രൂപ പൊതുവിദ്യാഭ്യാസ മേഖലയിൻ കീഴിലുള്ള പദ്ധതികൾക്കും 1,842.51 കോടി രൂപ ഉന്നത വിദ്യാഭ്യാസ മേഖലയുടെ കീഴിലുള്ള പദ്ധതികൾക്കുമാണ് അംഗീകാരം നല്കിയിരിക്കുന്നത്. പൊതുവിദ്യാഭ്യാസ മേഖലയിൽ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ(പിപിഇ) കീഴിൽ ഓരോ നിയോജകമണ്ഡലത്തിലെയും ഒരു സ്കൂളിന്റെ നവീകണത്തിനായി ആകെ 710.53 കോടി

രൂപ അനുവദിച്ചിട്ടുണ്ട്. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 1639.9 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഹൈടെക് ക്ലാസ് റൂം പൂർത്തിയാക്കുന്നതിന് 493.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ, 55 ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ നവീകരണത്തിനുള്ള പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 5 കോളേജുകൾ പൈതൃക കോളേജുകളുടെ വികസന പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കേണ്ടതാണ്. വികസനത്തിനായി ഏറ്റെടുത്ത 5 സർവ്വകലാശാലകളിൽ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലശാല(കുസാറ്റ്)യ്ക്കാണ് കൂടുതൽ വിഹിതം ലഭിക്കുന്നത്. അക്കാദമിക ഗവേഷണ മേഖലയിലെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് കുസാറ്റിന് 241.72 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

2017-18-ൽ 1061.73 കോടി രൂപയ്ക്കു അംഗീകാരം നല്കിയ കിഫ്ബി പദ്ധതിയാണ് കേരളാ ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്(കെ-ഫോൺ) പദ്ധതി. ഗ്രാമീണ മേഖലയിൽ മികച്ച നെറ്റ്‌വർക്ക് കണക്റ്റിവിറ്റി പ്രദാനം ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി കാര്യക്ഷമമായ സേവനം ഉറപ്പുനൽകുന്നതിനും, സേവനത്തിന്റെ ഗുണനിലവാരം (QoS), വിശ്വാസ്യത, അധിക ലഭ്യത, സുരക്ഷ എന്നിവ ഉറപ്പാക്കുകയും ഭാവിയിൽ ഉണ്ടായേക്കാവുന്ന ബാൻഡ്‌വിഡ്ത്ത് ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ സംസ്ഥാന വ്യാപക കോർ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക്, കെ-ഫോൺ മുഖേന സജ്ജീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. 33,000 സർക്കാർ സ്ഥാപനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് നൽകുകയും മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും ഇന്റർനെറ്റ് സേവനം പ്രദാനം ചെയ്യുന്നുണ്ട്. 351.13 കോടി രൂപ ചെലവിൽ കളമശ്ശേരി, കഴക്കൂട്ടം എന്നിവടങ്ങളിലെ ഐടി പാർക്കുകളുടെ വികസനത്തിന് കിഫ്ബി അംഗീകാരം നല്കിയിട്ടുണ്ട്.

14 ജില്ലകളിലെ മൾട്ടിപർപ്പസ് സ്റ്റേഡിയങ്ങൾ, പഞ്ചായത്ത് സ്റ്റേഡിയങ്ങൾ, ജിവി രാജ മികവിന്റെ കേന്ദ്ര-ത്തിലെ സ്പോർട്സ് ഫെസിലിറ്റി സെൻററിൻറെ നിർമ്മാണം എന്നിവയുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി സ്പോർട്സ് മേഖലയിൽ 874.24 കോടി രൂപയുടെ 40 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നല്കിയിട്ടുണ്ട്. 2024 മാർച്ച് 31 വരെ , 117.51 കോടി രൂപ ചെലവിൽ ആക്കുളം തടാകത്തിന്റെയും നീർത്തടത്തിന്റെയും പുനരുജ്ജീവന പ്രവർത്തനം, ആലപ്പുഴ പൈതൃക പദ്ധതി (94.36 കോടി രൂപ), 20 ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതി (ആലപ്പുഴ, കണ്ണൂർ), തലശ്ശേരി പൈതൃക പദ്ധതി (78.16 കോടി രൂപ) ഉൾപ്പടെ 583.97 കോടി രൂപയുടെ വിനോദസഞ്ചാര പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 9 തിയേറ്റർ കോംപ്ലക്സുകൾ, 7 സാംസ്കാരിക സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണം, ചിത്രാഞ്ജലി സ്റ്റുഡിയോയെ ഒരു ഫിലിം സിറ്റിയായി വികസിപ്പിക്കുക തുടങ്ങിയ പദ്ധതികൾ ഉൾപ്പെടെ സാംസ്കാരികമേഖലയുടെ പദ്ധതികൾക്കു 489.11കോടി രൂപയുടെ അംഗീകാരം കിഫ്ബി നല്കിയിട്ടുണ്ട്.

**പദ്ധതി നിർവ്വഹണ പുരോഗതി**

2024 മാർച്ച് 31 വരെ 16,472.93 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി പൂർത്തിയാക്കി. 1,103 കിഫ്ബി അംഗീകൃത പദ്ധതികളിൽ 672 പദ്ധതികൾ ടെൻഡർ ചെയ്യുകയും 625 പദ്ധതി പ്രവൃത്തികൾ അവാർഡ് ചെയ്യുകയും/ആരംഭിക്കുകയുംചെയ്തു. 2024 ഓഗസ്റ്റ് 31 ആയപ്പോൾ ടെൻഡർ ചെയ്ത പദ്ധതികളുടെ എണ്ണം 677 ആയി വർദ്ധിക്കുകയും അവാർഡ് ചെയ്യുകയും/ആരംഭിക്കുകയും ചെയ്ത പദ്ധതികളുടെ എണ്ണം 626 ആയി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ, അടിസ്ഥാന സൗകര്യ പദ്ധതികൾക്കും ഭൂമി ഏറ്റെടുക്കലിനും വേണ്ടി കിഫ്ബി 4,724.69 കോടി രൂപയാണ് അനുവദിച്ചത്, കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇത് 4,673.28 കോടി രൂപയായിരുന്നു. 2024 മാർച്ച് 31 വരെ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി ആകെ 28,356.49 കോടി രൂപ കിഫ്ബി വിതരണം ചെയ്തിട്ടുണ്ട്. ധന വിനിയോഗ വിശദാംശങ്ങൾ **പട്ടിക 11.7.3**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.7.3** അടിസ്ഥാന സൗകര്യവികസനത്തിനും ലാൻഡ് അക്യുസിഷൻ പൂളിനും കീഴിലുമായി കിഫ്ബി അംഗീകരിച്ച പദ്ധതികൾക്ക് വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ (2016-17 മുതൽ 2023 -24 വരെ)


(രൂപ കോടിയിൽ)

| ക്രമ.നം. | പദ്ധതികൾ | പദ്ധതികളുടെ എണ്ണം | അംഗീകരിച്ച തുക* | വിതരണം ചെയ്ത തുക** |
|---|---|---|---|---|
| 1 | അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ | 1,103 | 66,170.24 | 18,743.01 |
| 2 | ലാൻഡ് അക്വിസിഷൻ പൂളിന് കീഴിലുള്ള പദ്ധതികൾ | 7 | 20,000.00 | 9,613.48 |
| **ആകെ** | | **1,110** | **86,170.24** | **28,356.49** |

* വിശദാംശങ്ങൾ 31.08.2024 വരെയുള്ള കണക്കുകൾ പ്രകാരം
**വിശദാംശങ്ങൾ 31.03.2024 വരെയുള്ള കണക്കുകൾ പ്രകാരം
അവലംബം: കിഫ്ബി

ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്ക് മാത്രമായി 2024 മാർച്ച് വരെ കിഫ്ബി 9,613.48 കോടി രൂപ അനുവദിച്ചിട്ടുണ്ട്, ഇത് മൊത്തം വിതരണത്തിന്റെ 33.9 ശതമാനമാണ്. ഇതിൽ ദേശീയ പാതയ്ക്ക് 5,580.74 കോടി രൂപയും 5 സ്ഥലങ്ങളിലെ ട്രാൻസ്ഗ്രിഡ് 2.0-നുള്ള 855.12 കോടിക്ക് പുറമേ, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിൽ നിന്ന് സ്ഥലം ഏറ്റെടുത്ത് പെട്രോ കെമിക്കൽ പാർക്ക്, ഇൻഡസ്ട്രിയൽ പാർക്ക് എന്നിവയുടെ വികസനത്തിനും തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്കിനുമായി 1,479.23 കോടി രൂപയും കിഫ്ബി നല്കിയിട്ടുണ്ട്. 2024 മാർച്ച് വരെയുള്ള കിഫ്ബിയുടെ സാമ്പത്തിക പ്രകടനം **ചിത്രം 11.1.2** ൽ കൊടുത്തിരിക്കുന്നു.

**ചിത്രം 11.7.2** 2024 മാർച്ച് വരെയുള്ള കിഫ്ബിയുടെ സാമ്പത്തിക പ്രകടനം, രൂപ കോടിയിൽ




അവലംബം: കിഫ്ബി

അടിസ്ഥാന സൗകര്യവികസനത്തിൽ നിക്ഷേപിക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കു പ്രധാന പങ്ക് വഹിക്കുന്നു. ഈ കാഴ്ചപ്പാടിൽ സംസ്ഥാനത്തിന്റെ ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ KIIFB-യുടെ അടിസ്ഥാന സൗകര്യ സംരംഭങ്ങൾ നിർണ്ണായകമാണ്. അടിസ്ഥാന സൗകര്യവികസനത്തിനായുള്ള ഈ മുന്നേറ്റം സംസ്ഥാനത്തെ ഉയർന്ന വളർച്ചാ പാതയിലേക്ക് ഉയർത്തുമെന്ന് ഉറപ്പാണ്.

# 11.8 പ്രത്യേക വികസന പാക്കേജുകൾ

## കാസറഗോഡ് വികസന പാക്കേജ്

കാസറഗോഡ് ജില്ലയിലെ വിവിധ മേഖലകളിലെ പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പെടെ വികസിപ്പിക്കുന്നത് വഴി ജില്ലയുടെ സമഗ്രമായ പുരോഗതിയാണ് കാസറഗോഡ് പാക്കേജിൽ ലക്ഷ്യമിടുന്നത്. കാസറഗോഡ് ജില്ലയ്ക്കായി ഒരു സംയോജിത വികസന പദ്ധതി തയ്യാറാക്കാൻ സർക്കാർ ഡോ. പ്രഭാകരൻ കമ്മീഷനെ നിയോഗിച്ചിരുന്നു. ജില്ലയിലെ പിന്നോക്ക മേഖലകളേയും പ്രദേശങ്ങളേയും കണ്ടെത്തി കാസറഗോഡിന്റെ സമഗ്ര വികസനത്തിനായി ഒരു പാക്കേജ് കമ്മീഷൻ നിർദേശിച്ചു. വിവിധ മേഖലകൾ ഉൾക്കൊള്ളുന്ന 11,123 കോടി രൂപയുടെ പ്രവൃത്തികളാണ് പാക്കേജിൽ വിഭാവനം ചെയ്യുന്നത്. ഇതിൽ 2,525 കോടി രൂപയാണ് കേരള സർക്കാരിന്റെ പദ്ധതി വിഹിതം, 756 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതവും, 543 കോടി രൂപ മറ്റ് ഏജൻസി വഴിയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഹിതമായി 7264 കോടി രൂപയും മറ്റ് സ്രോതസ്സുകളിൽ നിന്ന് 35 കോടി രൂപയുമാണ് ആകെ പദ്ധതി അടങ്കൽ.

കാസറഗോഡ് വികസന പാക്കേജിൽ പരാമർശിച്ച പദ്ധതികൾ 2013-14 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചതാണ്. 2013-14 മുതൽ 2024-25 വരെ പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന ബജറ്റിൽ 92,695 ലക്ഷം രൂപ വകയിരുത്തുകയും 675 പ്രോജക്ടുകൾക്കായി, 90,288 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഇതിൽ 504 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും 171 പ്രോജക്ടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ എല്ലാ മേഖലകളുടെയും സമഗ്ര വികസനമാണ് കാസറഗോഡ് വികസന പാക്കേജ് വിഭാവനം ചെയ്യുന്നത്. 2023-24 കാലയളവിൽ, കൃഷി, മൃഗസംരക്ഷണം, ഹാർബർ എഞ്ചിനീയറിംഗ്, ആരോഗ്യം, വ്യവസായം, സ്കൂൾ വിദ്യാഭ്യാസം, സാമൂഹ്യ നീതി, കായികം, വിനോദസഞ്ചാരം തുടങ്ങിയ മേഖകളിൽ 141 പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിരുന്നു.

2022-23 മുതൽ 2024 ആഗസ്റ്റ് 31 വരെ കാലയളവിൽ, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് വലിയ ഊന്നൽ നൽകി. അതിൽ ആരോഗ്യമേഖലയിൽ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവയുടെ നവീകരണത്തിന് ലക്ഷ്യമിട്ടു. ഇതിൽ, പുതിയ കെട്ടിട സൗകര്യങ്ങൾ, ഉപകരണങ്ങൾ, മലിനീകരണ സംസ്കരണ പ്ലാന്റുകൾ, സുരക്ഷയ്ക്കായി ചുറ്റമതിൽ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. തൽഫലമായി, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ, പൊതുജനങ്ങൾക്ക് ഇപ്പോൾ മെച്ചപ്പെട്ട സൗകര്യങ്ങളും, ആരോഗ്യ സേവനങ്ങളും ലഭിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ, സർക്കാർ സ്കൂളുകൾക്ക് ആവശ്യത്തിന് ക്ലാസ്സ് മുറികൾ, ലബോറട്ടറികൾ, ശുചിമുറികൾ, ഭക്ഷണശാലകൾ, അസംബ്ലി ഹാൾ, ചുറ്റമതിൽ തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുന്നു. ഈ ഉദ്യമങ്ങൾ അനുകൂലമായ ഒരു പഠനാന്തരീക്ഷം ഉറപ്പാക്കുന്നു.

ജലസേചന, ജലസംരക്ഷണ മേഖലകളിൽ, റെഗുലേറ്ററുകൾ, റബ്ബർ ചെക്ക് ഡാമുകൾ, വിസിബികൾ, ചെക്ക് ഡാമുകൾ, റിംഗ് ചെക്ക് ഡാമുകൾ, നദികളുടെ പുനരുജ്ജീവനം തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുന്നു. ഇതിലൂടെ, ഭൂഗർഭജല നിരപ്പ് ഉയർത്തൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ജലസംരക്ഷണം, ജില്ലയിൽ കൂടുതൽ പ്രദേശങ്ങൾ കൃഷിയോഗ്യമാക്കുക എന്നിവ ലക്ഷ്യമിട്ടു. സാമൂഹ്യ നീതി മേഖലയിൽ, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും വനിതാ-ശിശു വികസന വകുപ്പിന്റേയും സാമ്പത്തിക സഹായത്തോടെ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം ലക്ഷ്യമിട്ട്, 38 സ്മാർട്ട് അങ്കൻവാടികളുടെ നിർമ്മാണം ആരംഭിച്ചു.

കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുന്ന 5.00 കോടി രൂപയിൽ താഴെയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് ജില്ലാകളക്ടർ ചെയർമാനായി 16 അംഗ ജില്ലാതല കമ്മിറ്റിയ്ക്ക്

**പട്ടിക 11.8.1** കാസറഗോഡ് വികസന പാക്കേജ് – സാമ്പത്തിക പുരോഗതി (30.09.2024 വരെ)

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ) | ഭരണാനുമതി തുക (രൂപ ലക്ഷത്തിൽ) | ചെലവ് (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 2013-14 | 2,500 | 2,790.67 | 2,390.81 |
| 2014-15 | 7,500 | 9,332.94 | 6,210.80 |
| 2015-16 | 8,500 | 9,751.49 | 5,711.93 |
| 2016-17 | 8,798 | 14,299.84 | 8,243.30 |
| 2017-18 | 9,000 | 7,629.72 | 3,307.33 |
| 2018-19 | 9,500 | 7,882.22 | 275.27 |
| 2019-20 | 9,065 | 9,048.73 | 2,102.91 |
| 2020-21 | 7,500 | 7,500.00 | 4,932.17 |
| 2021-22 | 7,832 | 7,892.57 | 6,480.64 |
| 2022-23 | 7,500 | 7,477.77 | 5,305.78 |
| 2023-24 | 7,500 | 6,315.74 | 7,172.12 |
| 2024-25 | 7,500 | 366.33 | 1,918.32 |
| **ആകെ** | **92,695** | **90,288.01** | **54,051.39** |

ഉറവിടം: കാസറഗോഡ് ജില്ലാ ഭരണകൂടം

**പട്ടിക 11.8.2** കാസറഗോഡ് വികസന പാക്കേജ് – ഭൗതിക പുരോഗതി പുരോഗതി (30.09.2024 വരെ)

| സാമ്പത്തിക വർഷം | പദ്ധതികൾ അനുവദിച്ചത് | പദ്ധതികൾ പൂർത്തിയാക്കിയത് | നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ |
|---|---|---|---|
| 2013-14 | 28 | 28 | 0 |
| 2014-15 | 24 | 23 | 1 |
| 2015-16 | 76 | 75 | 1 |
| 2016-17 | 81 | 80 | 1 |
| 2017-18 | 62 | 58 | 4 |
| 2018-19 | 78 | 74 | 4 |
| 2019-20 | 54 | 49 | 5 |
| 2020-21 | 69 | 58 | 11 |
| 2021-22 | 62 | 41 | 21 |
| 2022-23 | 60 | 14 | 46 |
| 2023-24 | 61 | 3 | 58 |
| 2024-25 | 20 | 1 | 19 |
| **ആകെ** | **675** | **504** | **171** |

ഉറവിടം: കാസറഗോഡ് ജില്ലാ ഭരണകൂടം

സർക്കാർ രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ, ചീഫ് സെക്രട്ടറിയുടേയും സംസ്ഥാന ആസൂത്രണ ബോർഡിന്റേയും അദ്ധ്യക്ഷതയിലുള്ള എംപവേർഡ് കമ്മിറ്റി (എസ് എൽ ഇ സി) കാസറഗോഡ് വികസന പാക്കേജിന്റെ നിർവ്വഹണ പുരോഗതി തുടർച്ചയായി അവലോകനം ചെയ്യുന്നുണ്ട്. കാസറഗോഡ് വികസന പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി **പട്ടിക 11.8.1, 11.8.2** എന്നിവയിൽ ചേർത്തിരിക്കുന്നു.

## ശബരിമല മാസ്റ്റർ പ്ലാൻ

2007 വർഷത്തിൽ അംഗീകരിച്ച ശബരിമല മാസ്റ്റർ പ്ലാൻ, പെരിയാർ വനമേഖലയുടെ ഭാഗമായ ശബരിമല ക്ഷേത്ര സമുച്ചയത്തിന്റേയും പരിസര പ്രദേശങ്ങളുടേയും വികസനം ലക്ഷ്യമിടുന്നു. കൂടാതെ, പ്രസ്തുത മാസ്റ്റർ പ്ലാൻ തീർത്ഥാടകർക്ക് സുഖകരമായ അനുഭവം പ്രദാനം ചെയ്യുന്നതോടൊപ്പം പരിസ്ഥിതി സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുന്നു. തീർത്ഥാടകരുടെ സൗകര്യം, ശുചിത്വം, സുരക്ഷ എന്നിവയാണ് പദ്ധതിയുടെ മൂന്ന് പ്രധാന പരിഗണനകൾ. തീർത്ഥാടകർക്ക് സുസ്ഥിരമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് ജനങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾക്കുകൂടി സുരക്ഷയും സംരക്ഷണവും ഒരുക്കുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പമ്പ, സന്നിധാനം, നിലയ്ക്കൽ എന്നിവയാണ് പ്രധാനമായും വികസിപ്പിക്കേണ്ട പ്രദേശങ്ങൾ.

മാസ്റ്റർപ്ലാനിന്റെ വിവിധ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഒരു

ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി ദർശൻ കോംപ്ലക്സ്, പ്രസാദം തയ്യാറാക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള ഗോഡൗൺ, മലിനജല സംസ്കരണ പ്ലാന്റ്, 5000 തീർത്ഥാടകർക്കുള്ള ഭക്ഷണശാല, ജലസംഭരണി ടാങ്കുകൾ തുടങ്ങിയ സുപ്രധാന പദ്ധതികൾ പൂർത്തിയാക്കി. പോലീസ് സേനയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ബയോഗ്യാസ് പ്ലാന്റ് എന്നീ പ്രവൃത്തികളുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നു. നടപ്പാതകൾ, ഭരണനിർവ്വഹണ കെട്ടിടങ്ങൾ, റെസ്ക്യൂ ബ്രിഡ്ജ്, പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്ക് സാമഗ്രികൾ എത്തിക്കുന്നതിനുള്ള റോപ്പ് വേ സ്ഥാപിക്കൽ, ജലവിതരണ സംവിധാനം മെച്ചപ്പെടുത്തൽ എന്നിവയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന മറ്റ് പദ്ധതികൾ. വിവിധ പശ്ചാത്തല സൗകര്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2023-24 ൽ 3000.00 ലക്ഷം രൂപ അനുവദിച്ചു.

## ഇടുക്കി വികസന പാക്കേജ്

ഇടുക്കി ജില്ല നേരിടുന്ന വികസന വെല്ലുവിളികൾ നേരിടുക എന്ന ലക്ഷ്യത്തോടെ, ഇടുക്കി വികസന പാക്കേജ് കേരള സർക്കാർ ആരംഭിച്ചു. ഈ സംരംഭം, സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ സുസ്ഥിരതയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സന്തുലിതവും സമഗ്രവുമായ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിന് ശ്രമിക്കുന്നു.

സമ്പന്നമായ പ്രകൃതിവിഭവങ്ങൾക്കൊപ്പം ജില്ലയുടെ സവിശേഷവും ഭൂമിശാസ്ത്രപരവും ഉഷ്ണമേഖലാ സാഹചര്യങ്ങളും പ്രയോജനപ്പെടുത്തുന്നതിനാണ് പാക്കേജ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.
വികസനം ലക്ഷ്യമിടുന്ന പ്രധാന മേഖലകൾ ഇവയാണ്:

- കൃഷി, ക്ഷീര വികസനം.
- ടൂറിസം.
- പിന്നോക്ക വിഭാഗങ്ങളുടെ ശാക്തീകരണം.
- വൈദ്യുതി.
- ജലസേചനം.
- സോയിൽ ആൻഡ് വാട്ടർ മാനേജ്മെന്റ്

ഇടുക്കിയുടെ ജനസംഖ്യാപരവും ഭൂമിശാസ്ത്രപരവും ആയ വൈവിധ്യം തിരിച്ചറിഞ്ഞ്, സാമൂഹിക അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണത്തിനാണ് പാക്കേജ് മുൻഗണന നൽകുന്നത്. ദുർബലവിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസം, ആരോഗ്യം, വിവിധ സാമൂഹിക സംരംഭങ്ങൾ എന്നിവ ലഭ്യമാക്കുവാൻ പാക്കേജ് ലക്ഷ്യമിടുന്നു.
ഈ സമഗ്ര വികസന തന്ത്രം ഇടുക്കിയിൽ സുസ്ഥിര പുരോഗതി കൈവരിക്കുന്നതിനും എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനകരമാണെന്ന് ഉറപ്പാക്കുന്നതിനുമുള്ള സുപ്രധാന ചുവടുവയ്പ്പിനെ പ്രതിനിധീകരിക്കുന്നു.

ഇടുക്കി വികസന പാക്കേജിന് കീഴിലുള്ള പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് കേരള സർക്കാർ വിശദമായ മാർഗരേഖ പുറത്തിറക്കിയിരുന്നു. പ്രസ്തുത പദ്ധതിയ്ക്ക്, 2022-23 മുതൽ വർഷംതോറും 75.00 കോടി രൂപ വകയിരുത്തുന്നു. ഇടുക്കി വികസന പാക്കേജിൽ 5.00 കോടി രൂപയിൽ താഴെയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല കമ്മിറ്റി (ഡിഎൽസി) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ, ചീഫ് സെക്രട്ടറിയുടെയുടെ അദ്ധ്യക്ഷതയിലുള്ള സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയും (എസ് എൽ ഇ സി) സംസ്ഥാന ആസൂത്രണ ബോർഡും പാക്കേജിന് കീഴിലുള്ള നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി പതിവായി അവലോകനം ചെയ്യുന്നു. 5.00 കോടി രൂപയിലധികം അടങ്കൽ തുകയുള്ള പദ്ധതിയുടെ അംഗീകാരവും എസ്എൽഇസിയുടെ ചുമതലയാണ്. ഇടുക്കി വികസന പാക്കേജിന് കീഴിലുള്ള പ്രവൃത്തികൾക്ക്, സാമ്പത്തിക പരിധിയില്ലാതെ സാങ്കേതികാനുമതി നൽകാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാതല സാങ്കേതിക സമിതിക്ക് അധികാരമുണ്ട്.

പാക്കേജ് ആരംഭിച്ചതു മുതൽ നാളിതുവരെ 36.3 കോടി രൂപയുടെ പത്ത് പദ്ധതികൾ പാക്കേജിന് കീഴിൽ അനുവദിച്ചിട്ടുണ്ട്. പ്രാരംഭ വർഷങ്ങളിൽ, വിദ്യാഭ്യാസം, ജലസംരക്ഷണം, വിനോദസഞ്ചാരം എന്നീ മേഖലകൾക്ക് മുൻഗണന നൽകി, സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനും മേഖലയിലെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും സുപ്രധാന പങ്കുവഹിക്കുകയുണ്ടായി. ആയുർവേദ മെഡിക്കൽ ആശുപത്രി സ്ഥാപിക്കുക, ആദിവാസി മേഖലകളിൽ മാതൃകാ അംഗൻവാടികൾ നിർമ്മിക്കുക, ജീവനക്കാരുടെ ക്വാർട്ടേഴ്സ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ക്ഷീരവികസനത്തിന്റെ പുരോഗതി എന്നിവ ഉൾപ്പെട്ടതായിരുന്നു പ്രധാന സംരംഭങ്ങൾ. ഈ കാലയളവിലുടനീളം, കാർഷിക ഭൂമി സംരക്ഷിക്കുന്നതിനും ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള അവശ്യ മണ്ണ് സംരക്ഷണ പദ്ധതികൾ പൂർത്തിയാക്കുന്നതിൽ പ്രധാനമായ ശ്രദ്ധ ചെലുത്തിയിരുന്നു. കൂടാതെ, വിദ്യാഭ്യാസത്തിന്റേയും ടൂറിസത്തിന്റേയും വികസനത്തിൽ കാര്യമായ പുരോഗതി കൈവരിച്ചു. പാക്കേജ് പ്രകാരം അനുവദിച്ച എല്ലാ പദ്ധതികളും പുരോഗമിക്കുകയാണ്.

## വയനാട് വികസന പാക്കേജ്

വയനാട് ജില്ലയുടെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിനായുള്ള ഒരു പ്രത്യേക വികസന പാക്കേജാണ് വയനാട് പാക്കേജ്. വികസന പരിപാടി പ്രധാനമായും കൃഷി, ടൂറിസം, അടിസ്ഥാന സൗകര്യ വികസനം, റോഡ് ശൃംഖലകൾ, ആരോഗ്യ സൗകര്യങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു, അതുവഴി സാമൂഹികവും സാമ്പത്തികവുമായ വികസനം ഉറപ്പാക്കുന്നു. മുൻ-പിൻ ബന്ധങ്ങൾ ഉറപ്പാക്കുക, നിർണായക വിടവ് നികത്തുക, കർഷക സമൂഹത്തിന് മെച്ചപ്പെട്ട വിലയും വിപണിയും ഉറപ്പാക്കുക, വരുമാനവും ഉപജീവനവും, ഗുണനിലവാരമുള്ള സേവന വിതരണം, പരിസ്ഥിതി പുനഃസ്ഥാപിക്കൽ, ഗവേഷണവും വികസനവും എന്നിവയുടെ സംയോജനമാണ് പദ്ധതി സമീപനം. പദ്ധതിയ്ക്കായി 2022-23 മുതൽ വർഷം തോറും 75.00 കോടി രൂപ നീക്കിവയ്ക്കുന്നു. ജില്ലാ കളക്ടർ കോർഡിനേറ്ററും ജില്ലാ വികസന കമ്മീഷണർ സ്പെഷ്യൽ ഓഫീസറുമായ കമ്മിറ്റി, പദ്ധതി നടത്തിപ്പ് ഉറപ്പാക്കുന്നു.

വയനാട് വികസന പാക്കേജിന് കീഴിലുള്ള 5.00 കോടി രൂപയിൽ താഴെയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു ജില്ലാതല കമ്മിറ്റി (ഡി എൽ സി) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതധികാര സമിതിയും (എസ് എൽ

ഇ സി) സംസ്ഥാന ആസൂത്രണ ബോർഡും പാക്കേജിന് കീഴിലുള്ള നിർവ്വഹണ പദ്ധതികളുടെ പുരോഗതി പതിവായി അവലോകനം ചെയ്യുന്നു. കൂടാതെ 5.00 കോടി രൂപയിൽ കൂടുതൽ സാമ്പത്തിക ചെലവുള്ള പദ്ധതിയുടെ അംഗീകാരവും എസ് എൽ ഇ സി -യുടെ ചുമതലയാണ്. സാമ്പത്തിക പരിധിയില്ലാതെ, വയനാട് പാക്കേജിന് കീഴിലുള്ള പ്രവർത്തനങ്ങൾക്ക് സാങ്കേതിക അനുമതി നൽകാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാതല സാങ്കേതിക സമിതിക്ക് അധികാരമുണ്ട്.

പാക്കേജ് ആരംഭിച്ചതിനുശേഷം നാളിതുവരെ 68.58 കോടി രൂപയുടെ 17 പ്രവൃത്തികൾ വയനാട് വികസന പാക്കേജിന് കീഴിൽ അനുവദിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ, വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കാലാവസ്ഥാ പ്രവചനം മുൻകൂട്ടി അറിയിക്കുന്നതിനുമുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മത്സര പരീക്ഷകൾക്കും ഉന്നത പഠനത്തിനുമായി ഒരു ഓൺലൈൻ പരീക്ഷാ കേന്ദ്രം സ്ഥാപിക്കുന്നതിനുമുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. മനുഷ്യ-മൃഗ സംഘർഷം കുറയ്ക്കുന്നതിനായി ഈ പാക്കേജിന് കീഴിൽ രണ്ട് പദ്ധതികൾ നടപ്പിലാക്കിവരികയാണ്. ആദിവാസി മേഖലയിൽ, ആദിവാസി കുട്ടികളുടെ ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലാണ് പദ്ധതികൾ കേന്ദ്രീകരിച്ചിരിക്കുന്നത്. ആരോഗ്യ മേഖലയിൽ, ജില്ലയിലെ കാൻസർ പരിചരണ ചികിത്സ നവീകരിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ടൂറിസം പ്രോത്സാഹനത്തിനും ക്ഷീര വികസനത്തിനും അർഹമായ പ്രാധാന്യം നൽകിയിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ ആരംഭിച്ച എല്ലാ പ്രവർത്തനങ്ങളും വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്, ആയത് ജില്ലാ, സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. വയനാട് ജില്ലയിലെ നിലവിലെ മണ്ണിടിച്ചിൽ പോലുള്ള സാഹചര്യങ്ങളുടെ വെളിച്ചത്തിൽ, ഈ പാക്കേജ് പ്രദേശത്തിന്റെ തനതായ ആവശ്യങ്ങൾ പ്രത്യേകമായി പരിഗണിക്കും.

അദ്ധ്യായം

# 12

# പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും

# പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും

## തദ്ദേശഭരണസ്ഥാപനങ്ങളും വികേന്ദ്രീകൃതാസൂത്രണവും

ആഗോള വൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ ദരിദ്രരേയും സ്ത്രീകളെയും പ്രകൃതിയെയും തൊഴിലിനേയും ചേർത്തുപിടിക്കുന്ന ഒരു മൂർത്തമായ വികസന പ്രക്രിയ ഉറപ്പുവരുത്തുന്നതിൽ വികേന്ദ്രീകൃതാസൂത്രണത്തിന് നിസ്തുലമായ പങ്കാണ് വഹിക്കുവാനുള്ളത്. കമ്പോള ഏകീകരണവും നവീന സാങ്കേതിക വിദ്യകളുടെ പ്രയോഗവും രാജ്യാതിർത്തികൾ തന്നെ അപ്രസക്തമാക്കുന്ന ഈ കാലഘട്ടത്തിൽ ചർച്ചകളും ചില ക്രമീകരണങ്ങളും വികേന്ദ്രീകൃതാസൂത്രണ സംവിധാനങ്ങൾ രൂപപ്പെടുകയും കരുത്താർജ്ജിക്കുകയും ചെയ്യേണ്ടത് വളരെയേറെ നിർണ്ണായകമാണ്. (യു.എൻ.ഡി.പി- ഇന്ത്യയിലെ വികേന്ദ്രീകൃതാസൂത്രണം സാധ്യതകളും വെല്ലുവിളികളും)

കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധി, സാമ്പത്തിക സമ്മർദ്ദം, കേന്ദ്രസർക്കാരിന്റെ പ്രതികൂല നയ നീക്കങ്ങൾ എന്നിങ്ങനെ കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിൽ കേരളത്തിന് ഒന്നിലധികം വെല്ലുവിളികൾ നേരിടേണ്ടിവന്നു. ഇത് ഉക്രെയ്നിലെ യുദ്ധം പോലുള്ള ആഗോള സംഭവങ്ങൾക്കൊപ്പം സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ദോഷകരമായി ബാധിച്ചു. വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന മിക്കവാറും എല്ലാ മേഖലകളെയും സാരമായി ബാധിച്ചു. ഉൽപ്പാദന മേഖലയിൽ അത്യാധുനിക ശാസ്ത്ര-സാങ്കേതികവിദ്യകൾ പ്രയോഗിച്ചുകൊണ്ടും യുവാക്കൾക്ക് ആധുനിക തൊഴിൽ വൈദഗ്ധ്യം നൽകി കൊണ്ടും, ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തിയും ആധുനിക വത്ക്കരണവും സംരംഭകത്വവും പ്രോത്സാഹിപ്പിച്ചും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉയർന്ന വളർച്ചാ പാതയിലേക്ക് നയിക്കുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നത്. ഒരു വിജ്ഞാന സമൂഹമായും വിജ്ഞാന സമ്പദ് വ്യവസ്ഥയായും വളരുന്നതിന് സംസ്ഥാനത്തെ സഹായിക്കുന്നതിനുള്ള തന്ത്രമായിട്ടാണ് ഇതിനെ വിഭാവനം ചെയ്തിരിക്കുന്നത്. ഒരു നവകേരളം സൃഷ്ടിക്കാൻ ആവശ്യമായ പരിവർത്തനത്തിന് താഴെ തട്ടിലുള്ള സംവിധാനങ്ങളെ, പ്രത്യേകിച്ച് പ്രാദേശിക സർക്കാരുകളെ ഊർജ്ജസ്വലരാക്കേണ്ടത് വളരെ പ്രധാനമാണ്. സാധാരണക്കാരനെ സർക്കാരുമായി പ്രാഥമികമായി ബന്ധിപ്പിക്കുന്നവ എന്ന നിലയിൽ പ്രാദേശിക സർക്കാരുകൾക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക പുനരുജ്ജീവനത്തിൽ നിർണായകമായ പങ്ക് വഹിക്കാനുണ്ട്.

വ്യവസായ സേവന മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പുറമേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശാസ്ത്രീയമായ പ്രകൃതിവിഭവ മാനേജ്മെന്റും സാമൂഹ്യ ഉൾച്ചേർക്കലും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ദാരിദ്ര്യ നിർമ്മാർജനം, സേവന പ്രദാനത്തിന്റെ ഗുണനിലവാരം വർധിപ്പിക്കൽ, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ വിഭാഗങ്ങളുടെയും സാമൂഹിക സുരക്ഷ ഉറപ്പാക്കൽ എന്നിവയാണ് മറ്റ് പ്രധാന ഇടപെടലുകൾ.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ സഫലമാക്കുന്നതിനായി വിവിധ വികസന ഏജൻസികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ശ്രമങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായും ഹരിതകേരളം ലൈഫ്, ആർദ്രം, പൊതു വിദ്യഭ്യാസ സംരക്ഷണ യജ്ഞം എന്നീ നാല് മിഷനുകളെ കേരള സർക്കാർ ഏകീകരിച്ച് നവകേരള കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്

പതിനാലാം പഞ്ചവത്സര പദ്ധതി മുന്നോട്ട് വയ്ക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ലക്ഷ്യങ്ങളും മുൻഗണനാ മേഖലകളും, പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ സർക്കാർ ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രകടനം, വെല്ലുവിളികൾ, മുന്നോട്ടുള്ള വഴികൾ എന്നിവയാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

**പതിനാലാം പഞ്ചവത്സര പദ്ധതിയിലെ മുൻഗണനകൾ:**
നേരത്തെ സൂചിപ്പിച്ചതുപോലെ, പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യം ശാസ്ത്രം, സാങ്കേതികവിദ്യ, ആധുനിക വൈദഗ്ധ്യം, നൂതനത്വം എന്നിവയിൽ ഊന്നിക്കൊണ്ടുള്ള ഉൽപാദന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതും സാമൂഹിക നിക്ഷേപം, സാമൂഹിക ക്ഷേമം, ലിംഗനീതി എന്നിവ മെച്ചപ്പെടുത്തുന്നതുമാണ്. ഇത് എല്ലാവരേയും ഉൾക്കൊള്ളുന്നതും സുസ്ഥിരവുമായ വളർച്ച ഉറപ്പാക്കുകയും ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം നൽകുകയും ചെയ്യും. മെച്ചപ്പെട്ട സാമ്പത്തിക വളർച്ച കൈവരിക്കുക എന്ന ഉദ്ദേശത്തോടെ പ്രാദേശിക സർക്കാരുകൾ സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും വിവിധ വിതരണ മൂല്യ ശൃംഖല മാനേജ്മെന്റ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമായി വിവിധ മേഖലകളിൽ, പ്രത്യേകിച്ച് സഹകരണ മേഖലയിൽ നിന്നുള്ള വിഭവങ്ങൾ വിനിയോഗിച്ച് കമ്മ്യൂണിറ്റി തലത്തിലുള്ള ഫെസിലിറ്റേഷൻ, ഇൻകുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കും.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിലവസരങ്ങൾ വൻതോതിലുള്ള നൈപുണ്യ, പ്ലേസ്മെന്റ് പ്രോഗ്രാമുകളിലൂടെ പ്രയോജനപ്പെടുത്തുന്നതിനുമുള്ള നൂതന പരിപാടികൾ ആവിഷ്കരിക്കും. പതിനാലാം പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങൾ പൗര സേവന വിതരണം ശക്തിപ്പെടുത്തുകയും വൈവിധ്യവൽക്കരിക്കുകയും ചെയ്യും. പ്രായാധിക്യം, അസുഖം, വൈകല്യം, മറ്റ് പരിമിതപ്പെടുത്തുന്ന ഘടകങ്ങൾ എന്നിവ കാരണം ചലനശേഷി കുറയുകയോ ചെയ്യുന്ന ആളുകളുടെ വീട്ടുവാതിൽക്കൽ സുപ്രധാന സേവനങ്ങൾ നൽകും.

കാലാവസ്ഥാ വ്യതിയാനം മൂലം സംസ്ഥാനത്ത് നാശം വിതച്ച പ്രകൃതി ദുരന്തങ്ങൾ കാര്യക്ഷമമായി ലഘൂകരിക്കാനുള്ള സംവിധാനങ്ങൾ വികസിപ്പിക്കുന്നതിന് ശാസ്ത്രീയമായി പഠനങ്ങൾ നടത്തും. കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ പ്രാദേശിക സർക്കാരുകൾ ദീർഘകാല, ഹ്രസ്വകാല പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കും.

യുഎൻ പ്രഖ്യാപിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളോടും ഫലങ്ങളോടും യോജിക്കുന്ന പദ്ധതികൾ വികസിപ്പിക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ ശ്രദ്ധ കേന്ദ്രീകരിക്കും. ഈ പ്രക്രിയയിൽ, തദ്ദേശഭരണസ്ഥാപനങ്ങൾ സുസ്ഥിര വികസന ലക്ഷ്യങ്ങളെ പ്രാദേശിക പ്രവർത്തന പരിപാടികളിലേക്ക് വിവർത്തനം ചെയ്യുകയും സൂക്ഷ്മതലത്തിൽ ഈ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന്റെ പുരോഗതി നിരീക്ഷിക്കുകയും പ്രോത്സാഹനം നൽകുകയും ചെയ്യും.

പതിനാലാം പദ്ധതിയിൽ വളരുന്ന നഗരവൽക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ കൃത്യമായി പരിഹരിക്കും. ഇക്കാര്യത്തിൽ, പ്രാദേശിക സർക്കാരുകൾ കാര്യക്ഷമമായ ഖരമാലിന്യ സംസ്കരണ സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിനും പുനരുപയോഗത്തിനും മതിയായ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും പ്രോത്സാഹിപ്പിക്കും. അതിലും പ്രധാനമായി, സമൂഹങ്ങളുടെ സഹകരണം അഭ്യർത്ഥിച്ചും അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും ദ്രവമാലിന്യ സംസ്കരണത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

പതിനാലാം പദ്ധതി കാലയളവിൽ സംസ്ഥാനത്തെ അതിദാരിദ്ര്യം തുടച്ചുനീക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതി ദാരിദ്ര്യ നിർമ്മാർജനം സർക്കാരിന്റെ ഉറപ്പായിരുന്നു, അതിനായി അതിതീവ്ര ദാരിദ്ര്യ ഉപപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ, സാമൂഹ്യനീതി, ലിംഗസമത്വം, ആരോഗ്യ-വിദ്യാഭ്യാസ സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കൽ എന്നിവയാണ് പതിനാലാം പദ്ധതിയിൽ തദ്ദേശസ്ഥാപനങ്ങളുടെ മറ്റ് പ്രധാന ശ്രദ്ധാകേന്ദ്രങ്ങൾ.

**പതിനാലാം പദ്ധതിയിലെ പ്രധാനഉദ്യമങ്ങൾ**
14-ാം പഞ്ചവത്സര പദ്ധതിയിലെ മുൻഗണനകൾക്ക് അനുസൃതമായി, പ്രധാന മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളെ സജ്ജരാക്കുന്നതിന് സർക്കാർ ചുവടെ നൽകിയിട്ടുള്ള പരിപാടികൾ ആരംഭിച്ചു. പ്രാദേശിക തലത്തിൽ ഈ പ്രക്രിയ സുഗമമാക്കുന്നതിന് വിഭവങ്ങൾ സംയോജിപ്പിച്ച് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

**1. പ്രാദേശിക സാമ്പത്തിക വികസനം–** പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഇതുവരെ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത് തൊഴിൽ ദായക സംരംഭങ്ങൾക്ക് സബ്സിഡി സഹായം നൽകൽ, പരിശീലനം നൽകൽ, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ, സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ തുടങ്ങിയവയിലാണ്. എന്നിരുന്നാലും, സംസ്ഥാനതലത്തിൽ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു ആവാസവ്യവസ്ഥ കെട്ടിപ്പടുക്കാനുള്ള ശ്രമങ്ങൾ അടിസ്ഥാനപരമായി താഴെ തട്ടിൽ നിന്നും ആവശ്യമായി വന്ന സാഹചര്യത്തിൽ, സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതികളും തദ്ദേശഭരണസ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതനുസരിച്ച്, സംരംഭകർക്ക് സാമ്പത്തിക സഹായവും വിദഗ്ധ ഉപദേശങ്ങൾ നൽകാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ കഴിയും. വായ്പകൾക്കുള്ള പലിശ സബ്സിഡി, ടെക്നോളജി കൈമാറ്റം ഫണ്ട്,

ടെക്നോളജി അപ്ഗ്രേഡേഷൻ ഫണ്ട്, ഇന്നൊവേഷൻ ഫണ്ട്, ഇൻകുബേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, സീഡ് സപ്പോർട്ട് സ്കീം തുടങ്ങിയ സഹായത്തിനുള്ള വ്യവസ്ഥകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സംരംഭങ്ങളുടെ വികസനത്തിന് സഹായകമായിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കുന്ന സംരംഭങ്ങളെ ബന്ധിപ്പിച്ച് നേരിട്ടുള്ള പ്രവേശനത്തിന് തദ്ദേശഭരണസ്ഥാപനങ്ങൾ പിന്തുണ നൽകും. പ്രാദേശിക തലത്തിൽ സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ, സാങ്കേതിക സമിതികൾ, ഹെൽപ്പ് ഡെസ്കുകൾ തുടങ്ങിയ പുതിയ സ്ഥാപന സംവിധാനങ്ങൾ നൂതന സംരംഭകരും ചേർന്ന് സംരംഭങ്ങൾ സ്ഥാപിക്കുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സഹായകമായിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ ഇപ്പോൾ ഏകജാലക ക്ലിയറൻസ് സംവിധാനമായും സംരംഭകത്വ വികസനത്തിനുള്ള ഫെസിലിറ്റേഷൻ കേന്ദ്രമായും മാറുമെന്ന് പ്രതീക്ഷിക്കുന്നു. സംരംഭകത്വ വികസനം, വൈദഗ്ധ്യം, സ്വയം തൊഴിൽ, തൊഴിൽ സൃഷ്ടിക്കൽ എന്നിവയുടെ എല്ലാ പ്രവർത്തന ഘടകങ്ങളും പ്രാദേശിക തലത്തിൽ സംയോജിപ്പിക്കും. ഈ പുതിയ സംവിധാനങ്ങളോടെ, വികസനത്തിന്റെ പുതിയ മേഖലകളിലേക്ക് പ്രവേശിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറെടുക്കുമ്പോൾ ഇത് കേരളത്തിലെ പ്രാദേശിക ഭരണത്തിലെ ഒരു വഴിത്തിരിവാകും.

സംസ്ഥാനത്ത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 2022-23 വർഷം സംരംഭകത്വ വർഷമായി പ്രഖ്യാപിച്ചിരുന്നു. ഈ ക്യാമ്പയിൻ വലിയ ശ്രദ്ധ ആകർഷിക്കുകയും 245 ദിവസങ്ങൾക്കുള്ളിൽ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയും ചെയ്തു. സംസ്ഥാനത്ത് 2023 മാർച്ച് 31 വരെ 119839 പുതിയ എംഎസ്എംഇകൾ സ്ഥാപിതമായി, 3,00,049 പേർക്ക് തൊഴിൽ ലഭിച്ചു. 2023-24ൽ ഒരു ലക്ഷം സംരംഭങ്ങൾ കൂടി (103596 സംരംഭങ്ങൾ) സ്ഥാപിക്കാനും 218179 പേർക് തൊഴിൽ നൽകാനും സാധിച്ചു.ഇതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി പ്രൊഫഷണൽ യോഗ്യതയുള്ള 1,153 ഇന്റേണുകളെ നിയമിച്ചു. ഓരോ ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലുമുള്ള എല്ലാ 20 വാർഡുകൾക്കും ഒരു ഇന്റേൺ എന്ന നിലയിലാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്. ലഭ്യമായ വിവിധ സംരംഭകത്വ പിന്തുണാ സേവനങ്ങളെക്കുറിച്ച് സംരംഭകർക്ക് ഓറിയന്റേഷൻ നൽകാൻ അവരെ പ്രാപ്തരാക്കുന്നതിന് ഇന്റേണുകൾക്ക് പരിശീലനം നൽകുന്നു. അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ / താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലെ വ്യവസായ ഓഫീസർമാരാൽ ഏകോപിപ്പിക്കപ്പെടുന്ന പ്രസ്തുത ഇന്റേണുകൾ വിവിധ ഏജൻസികളുടെയും വകുപ്പുകളുടെയും സഹായത്തോടെ ലൈസൻസുകൾ, സബ്സിഡികൾ, വായ്പകൾ എന്നിവയ്ക്ക് അപേക്ഷിക്കുന്നതിനും വായ്പകൾ ലഭ്യമാകുന്ന പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനും സാങ്കേതികവിദ്യകൾ വാങ്ങുന്നതിനും സംരംഭകരെ സഹായിക്കും. അവർ സേവനം നൽകുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുതിയ സംരംഭങ്ങൾ തിരിച്ചറിയുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമായി ഇന്റേണുകൾക്ക് പ്രത്യേക ടാർഗറ്റ് നൽകിയിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതുജനങ്ങൾക്കും സംരംഭകർക്കും പരിഹാരങ്ങൾ നൽകുന്നതിന് 1034 ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. മാർക്കറ്റിംഗ്, ഫിനാൻസ്, ജി.എസ്.ടി. കയറ്റുമതി/ ഇറക്കുമതി, ബാങ്കിംഗ്, ലൈസൻസുകൾ, അനുമതികൾ, ബിസിനസ്സിന്റെ നിയമപരവും സാങ്കേതികവുമായ വശങ്ങൾ മുതലായവയിൽ സംരംഭകർക്ക് ഉപദേശങ്ങൾ നൽകുന്നതിന് എംപാനൽ ചെയ്ത 168 വിഷയ വിദഗ്ധരുടെ സഹായത്തോടെ വ്യവസായ വകുപ്പ് എംഎസ്എംഇ ക്ലിനിക്കുകൾ രൂപീകരിച്ചു. കൂടാതെ, 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെ എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റി. ഇതിനായി പ്രൊഫഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾക്കായി സ്വീകരിച്ച അതേ തന്ത്രത്തിന് അനുസൃതമായി വ്യവസായ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (OLOP) എന്ന പദ്ധതി ഏറ്റെടുത്തു. പദ്ധതിയുടെ ഭാഗമായി, ഓരോ ജില്ലയിലെയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നടത്തുന്ന സാധ്യതാ പഠനത്തിലൂടെ ഓരോ തദ്ദേശഭരണസ്ഥാപനതലത്തിലും വിഭവങ്ങളുടെ ലഭ്യതയെ അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങളുടെ വിശദമായ പട്ടിക തയ്യാറാക്കിയിട്ടുണ്ട്.കേരളത്തിന് സമ്പന്നമായ പ്രകൃതിവിഭവങ്ങളുള്ളതിനാൽ, ഒ.എൽ.ഒ.പി പദ്ധതി പ്രകാരം കണ്ടെത്തിയ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിനും അവയ്ക്ക് ന്യായവില ഉറപ്പാക്കുന്നതിനും സഹായിക്കും. ഈ ഉൽപന്നങ്ങളുടെ മൂല്യവർദ്ധനയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കും സംരംഭകർക്കും ഗണ്യമായ ഉയർന്ന വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.സംരംഭകത്വത്തെ പിന്തുണയ്ക്കുന്നതിനായുള്ള തദ്ദേശഭരണസ്ഥാപനങ്ങളിലെ പുതിയ സംവിധാനങ്ങൾ മുഖേന ഈ സംരംഭങ്ങളെല്ലാം പൂർത്തീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും.

### 2.മാലിന്യ സംസ്കരണത്തിനായുള്ള മാലിന്യ മുക്തം ക്യാമ്പയിൻ:

2017-ൽ നവകേരളം കർമ്മപദ്ധതിയുടെ കീഴിലുള്ള വികസന ദൗത്യങ്ങളിലൊന്നായി ഹരിതകേരളം മിഷൻ ആരംഭിച്ചു. സുസ്ഥിരവും ശാസ്ത്രീയവുമായ മാലിന്യ സംസ്കരണമായിരുന്നു ദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. 2022-ൽ, നവകേരളം വൃത്തിയുള്ള കേരളം സംസ്ഥാന കർമ്മ പദ്ധതി ആവിഷ്കരിച്ചത് 2025-ഓടെ സംസ്ഥാനത്തെ മാലിന്യ വിമുക്തമാക്കുക എന്ന ധീരമായ ലക്ഷ്യത്തോടെയാണ്. ഈ ലക്ഷ്യം നേടുന്നതിന് വാർഷിക മഴക്കാല ശുചീകരണ യജ്ഞവും അന്നു നിലവിലുള്ള സമാനമായ സംരംഭങ്ങളും സംയോജിപ്പിച്ചു. ബ്രഹ്മപുരം സംഭവവും തുടർന്നുള്ള ഹൈക്കോടതി ഇടപെടലും സർക്കാരിന്റെ മാലിന്യ സംസ്കരണ ശ്രമങ്ങൾക്ക് കാര്യമായ ആക്കം കൂട്ടി.

2024 മാർച്ചോടെ ലക്ഷ്യം നേടുന്നതിനാണ് മാലിന്യ മുക്തം നവകേരളം ക്യാമ്പെയ്ൻ ആരംഭിച്ചത്. എല്ലാ മാലിന്യങ്ങളും 100 ശതമാനം ഉറവിടത്തിൽ തന്നെ

വേർതിരിക്കുക, വീട്ടുതോറുമുള്ള അജൈവ മാലിന്യങ്ങളുടെ ശേഖരണം, എല്ലാ ജൈവമാലിന്യങ്ങളുടെയും ശാസ്ത്രീയ സംസ്കരണം, എല്ലാ പൊതു ഇടങ്ങളിലെയും വൃത്തിയും ശുചിത്വവും, മാലിന്യക്കൂമ്പാരങ്ങൾ നീക്കം ചെയ്യൽ, എല്ലാ ജലാശയങ്ങളും വൃത്തിയാക്കി അവയുടെ പാരിസ്ഥിതിക ഒഴുക്ക് പുനഃസ്ഥാപിക്കൽ എന്നിവ ഉറപ്പാക്കുന്നതിലാണ് ക്യാമ്പയിനിന്റെ ഒന്നാം ഘട്ടം ശ്രദ്ധ കേന്ദ്രീകരിച്ചത്.

ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഫലമായി വർദ്ധിച്ചുവരുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള അവശ്യ അടിസ്ഥാന സൗകര്യങ്ങളും സംവിധാനങ്ങളും ഉറപ്പാക്കുകയും മെച്ചപ്പെടുത്തലുകൾ സ്ഥാപനവൽക്കരിക്കുകയും ചെയ്യുക എന്നതാണ് 2023 നവംബറിൽ അവസാനിച്ച ക്യാമ്പയിനിന്റെ രണ്ടാം ഘട്ടം പ്രാഥമികമായി ലക്ഷ്യമിട്ടത്. 2024 ഓടെ അവസാനിച്ച് മൂന്നാം ഘട്ടം ഇതുവരെ കൈവരിച്ച പുരോഗതി നിലനിർത്തുന്നതിന് ഊന്നൽ നൽകും, അതോടൊപ്പം ഗാർഹിക അപകടകരമായ മാലിന്യങ്ങൾ, സാനിറ്ററി മാലിന്യങ്ങൾ, സി&ഡി മാലിന്യങ്ങൾ മുതലായവ സംസ്കരിക്കുന്നതിന് ശക്തമായ ഒരു സംവിധാനം സ്ഥാപിക്കുകയും ചെയ്യും. ഡംപ്സൈറ്റ് ബയോ റിമെഡിയേഷൻ, പ്രോസസ്സിംഗ് മുതലായവയിൽ നിന്ന് ഉണ്ടാകുന്ന അവശിഷ്ട വസ്തുക്കൾ എന്നിവയുടെ ശാസ്ത്രീയ നിർമ്മാർജ്ജനം തുടങ്ങിയ പ്രവർത്തനങ്ങളിലും ശ്രമങ്ങൾ നടത്തും

മാലിന്യ ശേഖരണവും വേർതിരിക്കൽ പ്രക്രിയയും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്തുടനീളം 19,112 മിനി-മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (മിനി-എംസിഎഫ്), 1233 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (എംസിഎഫ്), 197 റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (ആർആർഎഫ്) സ്ഥാപിച്ചു. മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കികൊണ്ടിരിക്കുകയാണ്. മാലിന്യ സംസ്കരണ പദ്ധതികൾക്കുള്ള സാങ്കേതികാനുമതി വേഗത്തിലാക്കാൻ സംസ്ഥാന-ജില്ലാതല സാങ്കേതിക സമിതികൾ രൂപീകരിച്ചു. കുടുംബശ്രീയുടെ ചെറുകിട സംരംഭമായ ഹരിത കർമ്മ സേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ പ്ലാസ്റ്റിക് മാലിന്യം വാതിൽപ്പടിയിൽ നിന്ന് ശേഖരിക്കുന്നതിന് നേതൃത്വം നൽകുന്നു. ഹരിത കർമ്മ സേന ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി എഫുകളിൽ തരംതിരിക്കുകയും ആർ ആർ എഫ്-കളിൽ വേർതിരിക്കുകയും ചെയ്യുന്നു. ഈ സൗകര്യങ്ങളിൽ തരംതിരിച്ച് വേർതിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുകയോ സിമന്റ് ചൂളകളിലേക്കോ വേസ്റ്റ് ടു എനർജി പ്ലാന്റുകളിലേയ്ക്ക് അയക്കുകയോ റോഡ് പണികളിൽ ഉപയോഗിക്കുകയോ ചെയ്യുന്നു. പ്രാദേശിക റോഡ് പ്രവൃത്തികളിൽ പൊടിച്ച പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. യൂസർ ഫീസ് അടക്കുന്നത് നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതോടെ, തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി വീടുകളിലും വാണിജ്യ സ്ഥാപനങ്ങളിലും ഹരിതകർമസേന എത്തുന്നതിന്റെ തോത് കൂടിയിട്ടുണ്ട്. 422 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 90 ശതമാനത്തിലധികം കവറേജ് നേടിയപ്പോൾ 298 തദ്ദേശഭരണ സ്ഥാപനങ്ങളിൽ കവറേജ് 75 ശതമാനം മുതൽ 90 ശതമാനമായിട്ടുണ്ട്. ക്യാമ്പയിന്റെ തുടക്കം മുതൽ തന്നെ എംസിഎഫുകളിലേക്കും ആർആർഎഫുകളിലേക്കും എത്തുന്ന മാലിന്യത്തിൽ ഗണ്യമായ വർധനവുണ്ടായിട്ടുണ്ട് തുടർന്ന് സമയബന്ധിതമായി എംസിഎഫ്/ആർആർഎഫുകളിൽ നിന്ന് മാലിന്യം ശേഖരിക്കാൻ ക്ലീൻ കേരള കമ്പനിയെയും 41 സ്വകാര്യ ഏജൻസികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 100 ശതമാനം ഉറവിടത്തിൽ തന്നെ ജൈവ മാലിന്യത്തിന്റെ ശാസ്ത്രീയ സംസ്കരണം കൈവരിക്കുന്നതിന്, വ്യക്തിഗതവും കമ്മ്യൂണിറ്റി തലത്തിലുള്ളതുമായ കമ്പോസ്റ്റിംഗ് പരിഹാരങ്ങൾ സജ്ജീകരിക്കുന്നതിന് കാമ്പയിൻ സഹായിച്ചു. വ്യക്തിഗത തലത്തിൽ, സംസ്ഥാനത്തുടനീളമുള്ള 70 ശതമാനത്തിലധികം കുടുംബങ്ങളും ജൈവമാലിന്യ സംസ്കരണത്തിനായി ഏതെങ്കിലുമൊരു കമ്പോസ്റ്റിംഗ് രീതിയാണ് ഉപയോഗിക്കുന്നത്. കമ്മ്യൂണിറ്റി തലത്തിൽ 634 ബയോഗ്യാസ് പ്ലാന്റുകൾ, 488 വെർമി കമ്പോസ്റ്റ് പ്ലാന്റുകൾ, 144 വിന്റോ കമ്പോസ്റ്റ് പ്ലാന്റുകൾ, 3,949 തുമ്പൂർമുഴി ബിന്നുകൾ ഉൾപ്പെടെ 1,412 തുമ്പൂർമുഴി പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചു. പൊതു-സ്വകാര്യ-പങ്കാളിത്ത മാതൃകയിൽ സംസ്ഥാനത്തൊട്ടാകെ 43 കോഴിമാലിന്യം റെൻഡറിംഗ് പ്ലാന്റുകൾ പ്രവർത്തനക്ഷമമായി. കോഴിമാലിന്യം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതുമൂലം ജലമലിനീകരണവും വർദ്ധിച്ചു വരുന്ന തെരുവുനായകളുടെ ശല്യം ഉൾപ്പടെ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സഹായിച്ചു.

വൃത്തിയുള്ളതും ശുചിത്വമുള്ളതുമായ പൊതു ഇടങ്ങൾ ഉറപ്പാക്കുന്നതിന്, മാലിന്യത്തിന്റെ അപകടകരമായ പോയിന്റുകൾ (Garbage vulnerable points ജിവിപികൾ) കണ്ടെത്തി, ജിയോ ടാഗ് ചെയ്ത് വൃത്തിയാക്കി കൂടുതൽ മാലിന്യം തള്ളുന്നത് തടയാൻ നിരന്തരം നിരീക്ഷിക്കുകയും ചെയ്യുന്നു. സംസ്ഥാനത്ത് മൊത്തം 2,928 മാലിന്യക്കൂമ്പാരങ്ങളും ജലാശയങ്ങളിൽ 485 മാലിന്യക്കൂമ്പാരങ്ങളും 2,736 പാതയോര മാലിന്യക്കൂമ്പാരങ്ങളും കണ്ടെത്തി. ജിവിപികൾ നീക്കം ചെയ്യുന്നതിൽ 96 ശതമാനം പുരോഗതി ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൊതു ഇടങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം തള്ളുന്നത് റിപ്പോർട്ട് ചെയ്യുന്നതിന് പ്രതിഫലം ഏർപ്പെടുത്തിയത് ഈ വിഷയത്തിൽ പൗരന്മാരുടെ ഇടപെടൽ സജീവമായി പ്രോത്സാഹിപ്പിക്കുന്നു. മാലിന്യ സംസ്കരണ നിയമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

സുതാര്യതയ്ക്കും ഉത്തരവാദിത്തത്തിനും ഊന്നൽ നൽകിക്കൊണ്ട് അവരുടെ ക്യാമ്പയ്നുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ ആനുകാലിക സോഷ്യൽ ഓഡിറ്റുകൾ നടത്താൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രചാരണ വേളയിൽ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനും കുറവുകൾ വിശകലനം ചെയ്യുന്നതിനുമുള്ള വേദിയാണ് ഹരിത സഭകൾ. ശിശുദിനത്തിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം പരിപോഷിപ്പിക്കുന്നതിനായി

കുട്ടികളുടെ ഹരിത സഭകൾ നടത്തി. നിലവിലുള്ള സൗകര്യങ്ങൾ വിലയിരുത്താനും തദ്ദേശഭരണ സ്ഥാപനങ്ങൾ ഉദ്യോഗസ്ഥരോടും ജനപ്രതിനിധികളോടും ചോദ്യങ്ങൾ ഉന്നയിക്കാനും കുട്ടികളെ പ്രോത്സാഹിപ്പിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാലിന്യസംസ്കരണ പദ്ധതികളെ പിന്തുണയ്ക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും യുവ പ്രൊഫഷണലുകളുടെ സേവനം ശുചിത്വ മിഷൻ വിന്യസിച്ചിട്ടുണ്ട്. വിദ്യാർത്ഥി പങ്കാളിത്തം കൊണ്ടുവരാൻ നാഷണൽ സർവീസ് സ്കീം (എൻഎസ്എസ്) സജീവമാണ്. 3,000 ജിവിപികളെ വൃത്തിയായും നന്നായി പരിപാലിക്കുന്നതിനുമുള്ള പ്രതിബദ്ധതയോടെ 'സ്നേഹാരാമങ്ങൾ' എന്ന പേരിലുള്ള മനോഹരമായ ഹരിത ഇടങ്ങളാക്കി മാറ്റുകയാണ്.

2016 ലെ കൺസ്ട്രക്ഷൻ & ഡെമോളിഷൻ വേസ്റ്റ് റൂൾസിന് അനുസൃതമായി സി ആൻഡ് ഡി മാലിന്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി സർക്കാർ ഒരു നയം അവതരിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശഭരണ സ്ഥാപനങ്ങൾ സി ആൻഡ് ഡി മാലിന്യ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ തുടങ്ങി. കേരള ഖരമാലിന്യ സംസ്കരണ പദ്ധതി (കെഎസ്ഡബ്ല്യുഎംപി) സംസ്ഥാനത്തുടനീളം സി ആൻഡ് ഡി സ്റ്റോറേജ് സൗകര്യങ്ങൾ സ്ഥാപിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി.

എല്ലാ ഗ്രാമപഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളും അവരുടെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ബൈലോ രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശവാസികൾക്കായുള്ള മാതൃകാ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ബൈലോ പുറത്തിറക്കിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് വഴി ജലാശയങ്ങളും കനാലുകളും മലിനമാകുന്നത് തടയുക, സർക്കാർ ഓഫീസുകളും മറ്റ് പൊതുസ്ഥാപനങ്ങളും പ്ലാസ്റ്റിക് രഹിതമായി പരിപാലിക്കുക തുടങ്ങിയവയാണ് ഈ ബൈലോയിലൂടെ ലക്ഷ്യമിടുന്നത്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ വേണ്ടിയാണ് 2023 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസും 2023 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസും പാസ്സാക്കിയത്. മാലിന്യ സംസ്കരണ നിയമങ്ങളുടെ ലംഘനത്തിന് കാര്യമായ പിഴ ചുമത്തുന്നതാണ് പ്രസ്തുത ഓർഡിനൻസുകൾ. ഇതു പ്രകാരം 100-ഓ അതിലധികമോ ആളുകൾ പങ്കെടുക്കുന്ന പരിപാടികളിൽ സംഘാടകർക്കാണ് ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിക്കാനും ശരിയായ സംസ്കരണത്തിനും നിയുക്ത ഏജൻസിക്ക് കൈമാറുന്നതിനുമുള്ള ചുമതല . കൂടാതെ, കേന്ദ്രീകൃത മാലിന്യ സംസ്കരണ കേന്ദ്രങ്ങൾക്ക് സമീപം താമസിക്കുന്നവർക്ക് നികുതി ഇളവുകളും ക്ഷേമ പരിപാടികളും ഇതിൽ ഉൾപ്പെടുന്നു.

മാലിന്യ സംസ്കരണത്തിൽ സ്വകാര്യമേഖലയുമായുള്ള സഹകരണം സുഗമമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും സ്ക്രാപ്പ് കളക്ടർമാരേയും ഡീലർമാരേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സ്ക്രാപ്പ് നയം, സ്വകാര്യ-പൊതു പങ്കാളിത്തത്തെക്കുറിച്ചുള്ള നയമുൾപ്പെടെ സുപ്രധാന നയ ഇടപെടലുകൾ സർക്കാർ സജീവമായി രൂപപ്പെടുത്തുന്നുണ്ട്. മാലിന്യ സംസ്കരണ മേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ ബിസിനസ് അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് ഗ്രീൻ എന്റർപ്രൈസസ് സംരംഭം ലക്ഷ്യമിടുന്നത്. ഈ മേഖലയിലെ സാധ്യതയുള്ള സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനും നയിക്കുന്നതിനുമായി വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ ഉൾപ്പെടുന്ന ഒരു സഹകരണ ചട്ടക്കൂട് സ്ഥാപിക്കപ്പെടുന്നു. മുടിമാലിന്യവും ഇ-മാലിന്യവും കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗരേഖയുണ്ടാക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (ഇപിആർ) പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങളും പുരോഗമിക്കുകയാണ്. കൂടാതെ, മെറ്റീരിയൽ ശേഖരണവും തരംതിരിക്കലും കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് ഒരു പ്രോട്ടോക്കോൾ വികസിപ്പിക്കുന്നതിന് സർക്കാർ പ്രവർത്തിച്ചുവരികയാണ്. സ്ഥാപനങ്ങളിലെ ഭക്ഷണ മാലിന്യങ്ങളുടെ അവസാന നിക്ഷേപയിടങ്ങളായി പന്നിഫാമുകൾ മാറിയതിനാൽ ഇതുമായി ബന്ധപ്പെട്ട ലൈസൻസ് ചട്ടങ്ങൾ പുനഃപരിശോധിച്ചു വരികയാണ്.

സംസ്ഥാനത്തിന് ഏറ്റവും കൂടുതൽ വരുമാനം നൽകുന്ന മേഖലകളിൽ ഒന്ന് ടൂറിസം മേഖലയായതിനാൽ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സൗന്ദര്യവും വൃത്തിയും സംരക്ഷിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും നിലവിലുള്ള മാലിന്യ സംസ്കരണ സൗകര്യങ്ങൾ വിലയിരുത്തി സമഗ്രമായ മാപ്പിംഗ് നടത്തിയിട്ടുണ്ട്. സമീപഭാവിയിൽ ഈ കേന്ദ്രങ്ങളെ മാലിന്യരഹിത സോണുകളാക്കി മാറ്റുന്നതിന് ഇവിടുത്തെ സൗകര്യങ്ങളിൽ കണ്ടെത്തിയ വിടവുകൾ പരിഹരിക്കും. മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം' എന്ന മുദ്രാവാക്യം നേരിട്ട് വ്യക്തിപരവും പൊതുജനവുമായ സമ്പർക്കം, മാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവയിലൂടെ വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുയോഗങ്ങൾക്ക് മുന്നോടിയായി മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക, പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കുക തുടങ്ങിയവയ്ക്ക് പ്രതിജ്ഞാബദ്ധത പ്രകടിപ്പിച്ചുകൊണ്ട് പ്രതിജ്ഞയെടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

**3 അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി:**

അതി ദാരിദ്ര്യം തുടച്ചുനീക്കാനുള്ള സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള ഉറച്ച തീരുമാനത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള ദൗത്യം ജനകീയ പങ്കാളിത്തത്തോടെ പൂർത്തിയാക്കി. സംസ്ഥാനത്ത് അതി ദരിദ്രരായി കണ്ടെത്തിയ 64,006 കുടുംബങ്ങളിൽ ഏകദേശം 50 ശതമാനം കുടുംബങ്ങൾ വിവിധ വികസന വകുപ്പുകളുടെയും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും യോജിച്ച പരിശ്രമത്തിലൂടെ അതി ദാരിദ്ര്യത്തിൽ നിന്ന് കരകയറിയിട്ടുണ്ട്. ദാരിദ്ര്യത്തിന്റെ അവസ്ഥയും ഓരോ കുടുംബത്തിൽ നിന്നും ശേഖരിച്ച മറ്റ് പ്രധാന വിവരങ്ങളും അടിസ്ഥാനമാക്കിയാണ് ഭക്ഷണം, പാർപ്പിടം, ഉപജീവനമാർഗ്ഗം, അവകാശങ്ങൾ, വൈദ്യസഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രത്യേക മൈക്രോ പ്ലാൻ നടപ്പാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വികസന വകുപ്പുകൾ വളരെ ആർജ്ജവത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഇതിന്റെ വിശദാംശങ്ങൾ ദാരിദ്ര്യത്തിന്റെ സൂചകങ്ങൾ എന്ന വിഭാഗം 1.3.1 ൽ നൽകിയിരിക്കുന്നു.

**4. നഗരവൽക്കരണം**

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന നഗരവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ, പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഇതുമായി ബന്ധപ്പെട്ട വികസന പ്രശ്നങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. 2036-ഓടെ കേരളത്തിലെ നഗര പ്രദേശങ്ങളുടെ ജനസംഖ്യ 96 ശതമാനം കവിയുമെന്നാണ് ദേശീയ ജനസംഖ്യാ കമ്മീഷൻ കണക്കാക്കുന്നത്. ഈ സാഹചര്യത്തിൽ, നഗരപ്രദേശങ്ങളുടെ സമഗ്ര വികസനത്തിന് ദിശാബോധം നൽകുന്നതിന് നഗര നയം രൂപീകരിക്കാൻ സർക്കാർ അർബൻ കമ്മീഷനെ രൂപീകരിച്ചിട്ടുണ്ട്.

ഓരോ നഗരത്തിന്റെയും ഭൂമിശാസ്ത്രപരവും ചരിത്രപരവും സാമൂഹികവുമായ പ്രത്യേകതകൾ ആസൂത്രണ പ്രക്രിയയിൽ പരിഗണിക്കണം. നഗര തദ്ദേശഭരണസ്ഥാപനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട പ്രധാന മേഖലകളെ കുറിച്ച് വാർഷിക പദ്ധതിക്കായുള്ള മാർഗ്ഗരേഖയിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. പാർക്കിംഗ് ഗ്രൗണ്ട്, റോഡ് സുരക്ഷ, നഗര കേന്ദ്രങ്ങളുടെയും ജംഗ്ഷനുകളുടെയും നവീകരണം, സൗന്ദര്യവൽക്കരണം, എക്സിബിഷനുകൾക്കും മേളകൾക്കുമുള്ള മൈതാനങ്ങൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ, എന്നിവ സ്ഥാപിക്കൽ, ചേരി വികസനം, കുളങ്ങളുടെയും മറ്റ് ജലാശയങ്ങളുടെയും പുനരുജ്ജീവനം, പൊതു ശൗചാലയങ്ങൾ, തെരുവ് കച്ചവടക്കാർക്കുള്ള സ്ഥലം എന്നിവ ഇതിൽ ഉൾപ്പെടുന്നു. നഗരപ്രദേശങ്ങളിലെ പൗരന്മാർക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പുവരുത്തുന്നതിനായി തദ്ദേശഭരണസ്ഥാപനങ്ങൾ ഇത്തരം നിരവധി പ്രവർത്തനങ്ങൾ സജീവമായി ഏറ്റെടുക്കുന്നുണ്ട്.

ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്കും, മില്യൺ പ്ലസ് സിറ്റീസ് അല്ലാത്ത നഗര പ്രാദേശിക സർക്കാരുകൾക്കുമുള്ള ഗ്രാന്റിന്റെ 60 ശതമാനം രണ്ട് തരം സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനായാണ് വിനിയോഗിക്കേണ്ടതെന്നാണ് പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്: (എ) ശുചിത്വം, ഒ.ഡി.എഫ് നിലനിർത്തൽ (ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്ക്), ഖരമാലിന്യ പരിപാലനം, എം.ഒ.എച്ച്.യു.എ ഇതുമായി ബന്ധപ്പെട്ട് വികസിപ്പിച്ചെടുത്ത സ്റ്റാർ റേറ്റിംഗുകൾ നേടിയെടുക്കുക (നോൺ മില്യൺ പ്ലസ് നഗരങ്ങൾ/ കാറ്റഗറി-2 നഗരങ്ങൾ/ പട്ടണങ്ങൾ). (ബി) കുടിവെള്ളം, മഴവെള്ള സംഭരണം, ജല പുനരുപയോഗം എന്നിവ (ഗ്രാമീണ, നഗര പ്രാദേശിക സർക്കാരുകൾക്ക്). കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നത് ദശലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങൾക്ക് (മില്യൺ പ്ലസ് സിറ്റികൾ) 100 ശതമാനം ഗ്രാന്റുകളും മില്യൺ പ്ലസ് സിറ്റി ചലഞ്ച് ഫണ്ട് (എം.സി.എഫ്) വഴി പെർഫോമൻസ്-ലിങ്ക്ഡ് ആയിട്ടായിരിക്കും എന്നാണ്. പ്രാദേശിക സർക്കാരുകൾ ഇവയെ വികസനത്തിനായുള്ള വിവിധ മിഷനുകളുമായി സംയോജിപ്പിച്ച് ഈ വകയിരുത്തലുകൾ പ്രയോജനപ്പെടുത്തണം.

**5. ദുരന്ത നിവാരണ പദ്ധതികൾ**

കഴിഞ്ഞ കുറച്ച് വർഷങ്ങളായി, തുടർച്ചയായുള്ള പ്രകൃതി ദുരന്തങ്ങളായ വെള്ളപ്പൊക്കം, തീരദേശ ശോഷണം, വരൾച്ച, ഉരുൾപൊട്ടൽ തുടങ്ങിയവ സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. തൽഫലമായി ജനങ്ങളുടെ ഉപജീവന സുരക്ഷയും സാമ്പത്തിക വികസനത്തിനും വലിയ വെല്ലുവിളി നേരിടേണ്ടി വരുന്നു. ഇത്തരം ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനും ദുരന്തനിവാരണ മുന്നൊരുക്കങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി, രാജ്യത്ത് തന്നെ ആദ്യമായി, സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും 2019-20 ൽ പ്രാദേശിക ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കിയിരുന്നു. പ്രാദേശിക സർക്കാരുകളുടെ ഈ ദുരന്തനിവാരണ പദ്ധതിയിൽ ഇനി പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു. (എ) പ്രാദേശിക സർക്കാരുകളുടെ അടിസ്ഥാന വിവരങ്ങൾ, (ബി) അപകടങ്ങളുടെയും ദുർബല മേഖലയുടെയും വിവരങ്ങൾ, (സി) പ്രാദേശിക സർക്കാരുകളുടെ ശേഷിയും വിഭവങ്ങളും (ഡി) പ്രതികരണ പദ്ധതികൾ (ഇ) തയ്യാറെടുപ്പ്, ലഘൂകരണം, കമ്മ്യൂണിറ്റി റെസിലിയൻസ് പ്ലാൻ.അതാത് പ്രാദേശിക സർക്കാരുകളുടെ പ്രദേശത്ത് പ്രകൃതി ദുരന്തങ്ങൾക്കുള്ള സാധ്യത സംബന്ധിച്ചും അത് നേരിടാനുള്ള നിലവിലുള്ള ശേഷിയും കണക്കിലെടുത്ത് പ്രാദേശിക സർക്കാരുകൾ അവരുടെ വാർഷിക പദ്ധതികളിൽ ദുരന്തനിവാരണത്തിനും ലഘൂകരണത്തിനുമുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തണം. പ്രകൃതി ദുരന്തങ്ങളുടെ തീവ്രത, ആവൃത്തി, അനിശ്ചിതത്വം എന്നിവ കണക്കിലെടുക്കുമ്പോൾ രാജ്യമെമ്പാടും അനുകരിക്കേണ്ട ഒരു മാതൃക തന്നെയാണ് സംസ്ഥാനത്തിന്റെ ദുരന്തനിവാരണ പദ്ധതി. സർക്കാർ സ്വീകരിച്ച നവീനവും ഉചിതവുമായ നടപടി കൂടിയാണിത്. ഇത് പ്രതിരോധശേഷി കെട്ടിപ്പടുക്കുന്നതിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനുമപ്പുറം അത് നേടിയെടുക്കാനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച് സമൂഹത്തിന് അവബോധം നല്കുകയും ചെയ്യുന്നു. കാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കേരളം ഒരു പരിധിവരെ പൊതു അവബോധം സൃഷ്ടിച്ചിട്ടുമുണ്ട്

**6. വിനോദ സഞ്ചാരം:** പകർച്ചവ്യാധിയുടെ പ്രത്യാഘാതങ്ങളിൽ നിന്ന് സമ്പദ്വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ പതിനാലാം പഞ്ചവത്സര പദ്ധതി വിനോദസഞ്ചാര മേഖലയ്ക്ക് ശക്തമായ ഊന്നൽ നൽകി. ഇത് കണക്കിലെടുത്ത്, ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം, സസ്റ്റൈനബിൾ ടാൻജിബിൾ റെസ്പോൺസിബിൾ എക്സ്പീരിയൻഷ്യൽ എത്തിക് ടൂറിസം ഹബ്ബുകൾ (സ്ട്രീറ്റ്)

എന്നീ വിവിധ പ്രോഗ്രാമുകൾ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നു. തങ്ങളുടെ അതിർത്തിക്കുള്ളിൽ ഒരു ടൂറിസം ഡെസ്റ്റിനേഷൻ കണ്ടെത്താനും വികസിപ്പിക്കാനും ഭരണകൂടങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ, ടൂറിസം സാധ്യതയുള്ളതും എന്നാൽ ശ്രദ്ധിക്കപ്പെടാതെപോയതോ അവഗണിക്കപ്പെട്ടതോ ആയ സ്ഥലങ്ങൾ പര്യവേക്ഷണം ചെയ്യാൻ ഡെസ്റ്റിനേഷൻ ചലഞ്ച് ശ്രമിക്കുന്നു. അത്തരം സ്ഥലങ്ങൾ പരിപാലിക്കുന്നതിലൂടെ വരുമാനമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാനും, അതു വഴി മെച്ചപ്പെട്ട പ്രാദേശിക സാമ്പത്തിക വികസനം നേടുന്നതിനും ഇടയാക്കും. പ്രദേശത്തിന്റെ സംസ്കാരത്തിനും ഭൂമിശാസ്ത്രത്തിനും അനുയോജ്യമായ ടൂറിസം സംരംഭങ്ങൾ കൊണ്ടുവരാനാണ് സ്ട്രീറ്റ് പദ്ധതി ഉദ്ദേശിക്കുന്നത്. ഹരിതാഭമാർന്ന തെരുവുകൾ, സാംസ്കാരിക തെരുവുകൾ, ഭക്ഷണ തെരുവുകൾ, അഗ്രി-ടൂറിസം തെരുവുകൾ, ജല തെരുവുകൾ, കലാ തെരുവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു

ഇതിന്റെ പ്രധാന ഘടകങ്ങളിലൊന്ന് കേരളത്തിലെ ഗ്രാമീണ സ്ഥലങ്ങളെ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുകയും, വിനോദസഞ്ചാരികളുടെ വരവ് മൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതം കുറയ്ക്കുകയും, സ്ഥലവാസികൾക്ക് വരുമാനം ഉറപ്പാക്കുകയും ചെയ്യുക എന്നതാണ്. ഇതിനായി, ടൂറിസം വകുപ്പ് 60 ശതമാനവും (പരമാവധി 50 ലക്ഷം രൂപ) ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ഫണ്ടിൽ നിന്നോ സ്പോൺസർഷിപ്പ് മുഖേനയോ കണ്ടെത്തേണ്ടതാണ്. ഓരോ തദ്ദേശഭരണസ്ഥാപനത്തിന്റെ കീഴിലും കുറഞ്ഞത് ഒരു ലക്ഷ്യസ്ഥാനമെങ്കിലും തിരിച്ചറിയുന്നതിന് പുറമെ, ടൂറിസം പ്രവർത്തനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളുമായി ബന്ധിപ്പിക്കുകയും അതുവഴി കോവിഡിന് ശേഷം ജനപ്രീതി നേടിയ ആഭ്യന്തര ടൂറിസത്തിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്നു.

ഇന്ത്യാ ഗവൺമെന്റിന്റെ മികച്ച ഗ്രാമീണ ടൂറിസം പദ്ധതിയ്ക്കുള്ള ഗോൾഡ് അവാർഡ് 2023ൽ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന് ലഭിച്ചു. 2024-ൽ കേരളത്തിന്റെ ഉത്തരവാദിത്ത ടൂറിസം (ആർടി) സംരംഭങ്ങൾ സംസ്ഥാനത്തെ വീണ്ടും ദേശീയ ശ്രദ്ധയിലേക്ക് എത്തിച്ചു. ലോക ടൂറിസം ദിനത്തിൽ മികച്ച ആർടി വില്ലേജിനും മികച്ച അഗ്രി-ടൂറിസം വില്ലേജിനുമുള്ള രണ്ട് അഭിമാനകരമായ അവാർഡുകൾ യഥാക്രമം കടലുണ്ടി, കുമരകം ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ചു.

**7. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള പ്രാദേശിക കർമ്മ പദ്ധതികൾ:–** പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലെ 217 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലാവസ്ഥാ വ്യതിയാനത്തിനായുള്ള പ്രാദേശിക കർമ്മ പദ്ധതികൾ (എൽഎപിസിസി) തയ്യാറാക്കി. പമ്പാ തടത്തിനടുത്തുള്ള ഈ ജില്ലകൾ 2018, 2019, 2021 വർഷങ്ങളിലെ വെള്ളപ്പൊക്കത്തിൽ വലിയ കെടുതികൾ നേരിടേണ്ടിവന്നിട്ടുണ്ട്. കേരളത്തെ പുനർനിർമ്മിക്കുന്നതിനുള്ള പ്രധാന സംരംഭമായ റീബിൽഡ് കേരള ഡവലപ്മെന്റ് പ്രോഗ്രാമിന്റെ (ആർ.കെ.ഡി.പി) ഭാഗമാണ് ഈ സംരംഭം. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രാദേശികമായ ആഘാതങ്ങൾ പരിഹരിക്കുന്നതിനായി തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കിയ ഒരു കർമ്മ പദ്ധതിയാണ് എൽ.എ.പി.സി.സി. എൽ.എ.പി.സി.സി യിലൂടെ തദ്ദേശഭരണസ്ഥാപനങ്ങളിലെ കാർബൺ ഫൂട്ട്പ്രിന്റ് കുറയ്ക്കുന്നതിനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള വഴികൾ രൂപപ്പെടുത്തുന്നു.

**ഡി –ക്യാറ്റ് പദ്ധതി:–** റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായി കേരള സർക്കാർ 2021-2026 കാലയളവിലേക്ക് ലോകബാങ്കുമായി ഒരു കരാറിൽ ഒപ്പുവച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, വിവിധ അന്താരാഷ്ട്ര ഏജൻസികളെ ഏകോപിപ്പിച്ച്, ലോകബാങ്ക് പിന്തുണയ്ക്കുന്ന പ്രോഗ്രാം ഫോർ റിസൾട്ട് (പി ഫോർ ആർ) ഫണ്ടിംഗ് പ്രോഗ്രാം കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ ലക്ഷ്യം വെച്ചിരിക്കുന്നു. കിലയ്ക്കാണ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്) ഡിസ്ബേർസ്മെന്റ് ലിങ്ക്ഡ് ഇൻഡിക്കേറ്ററുകൾ (ഡി.എൽ.ഐ 4,5) ഉണ്ടാക്കാനുള്ള ചുമതല. തദ്ദേശ ഭരണ സ്ഥാപനങ്ങൾ കാലാവസ്ഥയെ സംബന്ധിച്ചതും അപകടസാധ്യത സംബന്ധിച്ചതുമായ വിവരങ്ങൾ, അവരുടെ ആസൂത്രണ പ്രക്രിയയിലും വാർഷിക പദ്ധതികളിലും സമന്വയിപ്പിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇതിനെത്തുടർന്ന്, പി ഫോർ ആർ പ്രോഗ്രാമിന് നേതൃത്വം നൽകുന്നതിനായി കില ഒരു ഡി -ക്യാറ്റ് കോർ ടീമിനെ രൂപീകരിക്കുകയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിൽ ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തദ്ദേശഭരണസ്ഥാപന തലത്തിൽ പ്രവർത്തിക്കാൻ പ്രോജക്ട് ജീവനക്കാരെ വിന്യസിക്കുകയും ചെയ്തു. ഡി എൽ ഐ 5-ന്റെ ലക്ഷ്യം കൈവരിക്കുന്നതിനും പുരോഗതി നിരീക്ഷിക്കുന്നതിനുമുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ ശേഷി വികസിപ്പിക്കുന്നതിനുമായി കില ഡി -ക്യാറ്റ് ടൂൾ (ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ആൻഡ് ക്ലൈമറ്റ് ആക്ഷൻ ട്രാക്കർ ടൂൾ) വികസിപ്പിച്ചെടുത്തു. പദ്ധതി മേഖലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായി പ്രാരംഭ ഘട്ട പരിശീലനം നടത്തി. കൂടാതെ, ദുരന്തസാധ്യത കുറയ്ക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളെ പിന്തുണയ്ക്കുന്നതിനായി വിഷയ മേഖലാടിസ്ഥാനത്തിലും പ്രാദേശികവുമായ പരിശീലനവും സഹായവും കില നൽകും.

**8. തൊഴിൽ സഭ :–** യുവാക്കൾക്ക് തൊഴിലവസരങ്ങളും സംരംഭകത്വത്തിനുള്ള അവസരങ്ങളും ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് തൊഴിൽ സഭ ആരംഭിച്ചത്. തൊഴിലന്വേഷകരെ വാർഡ് അടിസ്ഥാനത്തിൽ കണ്ടെത്തുന്നതിനും ഗ്രാമസഭാ മാതൃകയിൽ സംഘടിപ്പിക്കുന്നതിനും തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ തൊഴിൽ ആസൂത്രണം സാധ്യമാക്കുന്നതിനുമുള്ള മൈക്രോ ലെവൽ പ്ലാറ്റ്ഫോമുകളാണ് തോഴിൽ സഭകൾ. തൊഴിൽ, സംരംഭകത്വ പദ്ധതികളും വകുപ്പുകളുടെയും സർക്കാർ ഏജൻസികളുടെയും പരിപാടികൾ തൊഴിലന്വേഷകരിലേക്കും പുതുതലമുറ സംരംഭകരിലേക്കും നേരിട്ട് എത്തിക്കുന്നതിനുള്ള വേദിയാണ് ഇത്. കെ-ഡിസ്കിന്റെ കീഴിലുള്ള നോളജ്

ഇക്കണോമി മിഷന്റെ ഭാഗമായി പരിശീലനം നൽകി കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് കേരളത്തിനകത്തും പുറത്തും ജോലി കണ്ടെത്താൻ വഴികാട്ടുകയാണ് തൊഴിൽ സഭയുടെ ലക്ഷ്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംരംഭകത്വ പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിനായി കുടുംബശ്രീയുടെ ഷീ-സ്റ്റാർട്ട്സ് എന്ന പുതിയ സംരംഭകത്വ സംവിധാനവും തൊഴിൽ സഭകളിൽ അവതരിപ്പിക്കും.

**9. ആരോഗ്യ മേഖല**:-പ്രാഥമിക തലത്തിൽ ആരോഗ്യ സംരക്ഷണത്തിൽ പ്രാദേശിക സർക്കാരുകളുടെ ഇടപെടലുകളിൽ ആർദ്രം മിഷന്റെ വരവോടെ കാര്യമായ പുരോഗതിക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. പിഎച്ച്സികളുടെയും ഉപകേന്ദ്രങ്ങളുടെയും കെട്ടിടങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിപാലിക്കുന്നതിനും, മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനും ഡോക്ടർമാരെയും നഴ്സുമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും കരാറിൽ നിയമിക്കുന്നതിനും ആശാ (അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ്) വർക്കർമാരുടെ ഓണറേറിയം നൽകുന്നതിനും പ്രാദേശിക സർക്കാരുകൾ കാര്യമായ സംഭാവനകൾ നടത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിനും പാലിയേറ്റീവ് സംഘടനകൾ, സന്നദ്ധ ഭക്ഷണ പരിപാടികൾ, കുടുംബശ്രീ ഹെൽത്ത് വോളന്റിയർമാർ തുടങ്ങിയ സാമൂഹിക സംഘടനകൾക്കും ഇടയിലുള്ള ബന്ധിപ്പിക്കലും അവർ പ്രദാനം ചെയ്യുന്നു. വയോജന പരിചരണം, ഭിന്നശേഷിയുള്ളവരെ പിന്തുണയ്ക്കൽ, വൈകല്യമുള്ള കുട്ടികൾക്കായി പ്രത്യേക സ്കൂളുകൾക്ക് ധനസഹായം എന്നിവയിൽ അവർക്ക് ഒരു പ്രധാന പങ്കുണ്ട്. വെക്റ്റർ, ജലജന്യ പകർച്ചവ്യാധികൾ എന്നിവ തടയുന്നതിനുള്ള ചുമതല അവർക്കാണ്. ആരോഗ്യത്തിലും അനുബന്ധ മേഖലകളിലും പ്രാദേശിക ഭരണകൂടത്തിന്റെ ഉയർന്ന തലത്തിലുള്ള ഇടപെടൽ കണക്കിലെടുക്കുമ്പോൾ, COVID-19 നെതിരായ പോരാട്ടത്തിൽ അവർ ഒരു പ്രധാന പങ്ക് വഹിച്ചത് സ്വാഭാവികമാണ്. പ്രാഥമിക പരിചരണം നൽകുന്ന എല്ലാ സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിലേക്കും ബ്ലോക്ക് പഞ്ചായത്തിലേക്കും കൈമാറ്റപ്പെട്ടതിനാൽ, തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ അധികാരപരിധിയിലുള്ള പ്രാഥമിക ശുശ്രൂഷാ സേവനങ്ങൾ നിയന്ത്രിക്കുന്നതിലും ഏകോപിപ്പിക്കുന്നതിലും നിർണായക നേതൃത്വപരമായ പങ്ക് വഹിക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ നേരിട്ട് ആരോഗ്യ പ്രശ്നങ്ങളും ആരോഗ്യത്തിന്റെ മറ്റ് സാമൂഹിക നിർണ്ണായക ഘടകങ്ങളായ പരിസ്ഥിതി ശുചിത്വം, കുടിവെള്ളം, പോഷകങ്ങളുടെ വിതരണം, പാർപ്പിടം മുതലായവയെ അഭിസംബോധന ചെയ്യുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഏജൻസികളെയും ദൗത്യങ്ങളെയും NGO കളെയും ഏകോപിപ്പിക്കുന്നു. ജനസംഖ്യയുടെ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് (HSR) FHC ടീമിന്റെ സാങ്കേതിക പിന്തുണയോടെ തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്നു. ആരോഗ്യവും അനുബന്ധ പ്രോജക്ടുകളും തയ്യാറാക്കുന്നതിന് മുമ്പ് എച്ച്എസ്ആർ വിശകലനം ചെയ്യുകയും ആരോഗ്യ പ്രശ്നങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ തുടങ്ങിയ നിലവിലുള്ള പൊതുജനാരോഗ്യ സൗകര്യങ്ങൾ നവീകരിക്കുന്നതിനു പുറമെ പൊതുജനാരോഗ്യ, വെൽനസ് സെന്ററുകൾ ആരംഭിച്ച് ആരോഗ്യ പരിരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനും താഴെത്തട്ടിൽ എത്തിക്കുന്നതിനും സർക്കാർ തീവ്രശ്രമം നടത്തി. കൂടാതെ, ജീവിതശൈലീ രോഗങ്ങൾ തടയൽ, സ്ക്രീനിംഗ് ക്ലിനിക്കുകൾ സ്ഥാപിക്കൽ, വയോജന പരിചരണം, സാന്ത്വന പരിചരണം മുതലായവയ്ക്ക് പ്രാധാന്യം നൽകി. സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ ആരംഭിച്ചു.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) 2030-ഓടെ എല്ലാത്തരം പോഷകാഹാരക്കുറവും ഇല്ലാതാക്കാൻ ലക്ഷ്യമിടുന്നു. എന്നിരുന്നാലും, സാമ്പത്തിക വളർച്ചയിലും ദാരിദ്ര്യം കുറയ്ക്കുന്നതിലും കാര്യമായ പുരോഗതി ഉണ്ടായിട്ടും മെച്ചപ്പെട്ട പോഷകാഹാര ഫലങ്ങൾ ഒരിക്കൽ കൈവരിച്ചിടത്ത് പോലും വ്യാപകമായി പോഷകാഹാരക്കുറവ് കാണപ്പെടുന്നുണ്ട്. പോഷകാഹാരക്കുറവ് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ മികച്ച പ്രകടനം കാഴ്ചവെക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഏറ്റവും പുതിയ നാഷണൽ ഫാമിലി ഹെൽത്ത് സർവേ (NFHS-5) കണക്കുകൾ പ്രകാരം, കേരളത്തിൽ അഞ്ച് വയസ്സിൽ താഴെയുള്ള 23.4 ശതമാനം കുട്ടികളിൽ ഉയരക്കുറവും, 15.8 ശതമാനം വെയ്സ്റ്റിംഗും, 19.7 ശതമാനം കുട്ടികളിൽ തൂക്കകുറവും കാണപ്പെടുന്നുണ്ട്. ദേശീയ ശരാശരി 35.5 ശതമാനം, 19.3 ശതമാനം, 32.1 ശതമാനമാണ്. സംസ്ഥാനം പോഷകാഹാര ത്തിന്റെ കാര്യത്തിൽ കഴിഞ്ഞ 15 വർഷത്തിൽ മികച്ച പ്രകടനം കാഴ്ച വച്ചു.

തദ്ദേശഭരണസ്ഥാപനങ്ങൾ കേരളത്തിലെ പോഷകാഹാരം മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ ഏകോപനം നടത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. കേരളത്തിൽ, പദ്ധതി നടത്തിപ്പിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ സജീവമായ ഇടപെടൽ സാധ്യമാക്കുന്ന വിശദമായ മാർഗരേഖ നിലവിലുണ്ട്. സപ്ലിമെന്ററി പോഷകാഹാര പരിപാടി ശക്തിപ്പെടുത്തുക, കടുത്ത പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് ചികിത്സാ ഭക്ഷണക്രമം നൽകുക, അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനം, രക്ഷാകർതൃ, വിവാഹപൂർവ കൗൺസിലിംഗ്, സ്മാർട്ട് അംഗൻവാടികളുടെ വികസനം, ഗതാഗതം, ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേക അങ്കണവാടി കേന്ദ്രങ്ങളുടെ വികസനം, തുടങ്ങിയ മാർഗ്ഗനിർദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നു. പച്ചക്കറികളുടെ ലഭ്യത ഉറപ്പാക്കാൻ 'ന്യൂട്രിഗാർഡൻ' ആരംഭിക്കുന്നു. ബേബി ജിം, യോഗ പരിശീലന കോഴ്സുകൾ, അനീമിയ സ്ക്രീനിംഗ് ക്യാമ്പുകൾ തുടങ്ങിയവയും നടത്തുന്നുണ്ട്.

**10.വയോജന സംരക്ഷണം:** കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഒരു സവിശേഷത, പ്രാദേശിക സർക്കാരുകൾ പൊതുവിഭാഗം ഫണ്ട്, എസ്.സി.പി ടി.എസ്.പി എന്നിവയുടെ ആകെ വിഹിതത്തിന്റെ 5 ശതമാനം തുക നിർബന്ധമായും വയോജന, സാന്ത്വന പരിചരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി

നീക്കിവയ്ക്കണം എന്നതാണ്. പാലിയേറ്റീവ് കെയർ പദ്ധതികൾ പ്രായമായവരെ മാത്രം ഉദ്ദേശിച്ചുള്ളതല്ലെങ്കിലും ഗുണഭോക്താക്കളിൽ ഭൂരിഭാഗവും പ്രായമായവരാണ്. മുതിർന്ന പൗരന്മാർക്കുള്ള മെഡിക്കൽ ക്യാമ്പ്, പകൽവീട് നിർമ്മാണവും പരിപാലനവും, ഭക്ഷണ കിറ്റുകളുടേയും മരുന്നുകളുടേയും വിതരണം, പി.എച്ച്.സിയിൽ മുതിർന്ന പൗരന്മാർക്ക് കാത്തിരിപ്പ് മുറിയുടെ നിർമ്മാണം, മുതിർന്ന പൗരന്മാർക്ക് ആയുർവേദ മരുന്നും സ്പെഷ്യാലിറ്റി ക്ലിനിക്കും, വീൽചെയർ, കട്ടിലുകൾ തുടങ്ങിയവ നൽകുന്ന പദ്ധതികൾ, നവീകരണം. വൃദ്ധസദനം, ഡിമെൻഷ്യ കെയർ സെന്റർ, ഡിമെൻഷ്യ സ്ക്രീനിംഗ് ക്യാമ്പ്, ജില്ലാ ആശുപത്രികളിൽ മുതിർന്ന പൗരന്മാർക്കായി വാർഡ് നിർമ്മാണം എന്നിവ ഈ മേഖലയിലെ ചില പദ്ധതികളാണ്. കൂടാതെ, പകൽവീട്, സായംപ്രഭ ഹോമുകൾ, മറ്റ് വൃദ്ധസദനങ്ങൾ, രണ്ടാം ഇന്നിംഗ്സ് ഹോം തുടങ്ങിയവ വയോജനങ്ങളെ പാർപ്പിക്കുന്നതിനും അവരുടെ വൈകാരികവും സാമൂഹികവുമായ ഉന്നമനത്തിനായുള്ള പ്രത്യേക പരിപാടികളുടെ ചില ഉദാഹരണങ്ങളാണ്.

### 11. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ

2008-ൽ സംസ്ഥാനം പാലിയേറ്റീവ് കെയർ നയം പ്രഖ്യാപിക്കുകയും അത് പിന്നീട് 2019-ൽ പരിഷ്കരിക്കുകയും ചെയ്തു. പ്രാദേശിക ആരോഗ്യ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവരെ ഉൾപ്പെടുത്തി എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലും സാന്ത്വന പരിചരണം നടപ്പിലാക്കാൻ തീരുമാനിച്ചു.

കാൻസർ, ഹൃദയം-ശ്വാസകോശം-വൃക്ക രോഗങ്ങൾ, പക്ഷാഘാതം തുടങ്ങിയ മാരകവും ദീർഘകാലവുമായ രോഗങ്ങളാൽ ബുദ്ധിമുട്ടുന്നവർക്കും മറ്റുള്ളവരിൽ നിന്ന് സഹായം ആവശ്യമുള്ളവർക്കും (പ്രായമായവരും വികലാംഗരും ഉൾപ്പെടെ) അവരെ പരിചരിക്കുന്ന അവരുടെ കുടുംബാംഗങ്ങൾക്കും പിന്തുണ നൽകാനാണ് പാലിയേറ്റീവ് കെയർ ഉദ്ദേശിക്കുന്നത്. പാലിയേറ്റീവ് കെയർ രോഗികളുടെ വേദന കുറയ്ക്കുന്നതിനും രോഗിക്കും കുടുംബത്തിനും വൈകാരിക പിന്തുണ നൽകുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും സാന്ത്വന പരിചരണത്തിനായി ഒരു പ്രാഥമിക പരിചരണ യൂണിറ്റ് ഉണ്ടായിരിക്കണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ ജനസംഖ്യ കൂടുതലാണെങ്കിൽ കൂടുതൽ യൂണിറ്റുകൾ വിഭാവനം ചെയ്യപ്പെടുമെങ്കിലും, ഉയർന്ന ചെലവുകൾ കാരണം ഇത് മിക്കപ്പോഴും പ്രാവർത്തികമാക്കാറില്ല. പ്രാദേശിക തലത്തിൽ സാന്ത്വന പരിചരണം ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ, ആരോഗ്യ പ്രവർത്തകർ, പാലിയേറ്റീവ് കെയർ നഴ്സ്, ആശാ വർക്കർ, ഗൃഹാധിഷ്ഠിത പരിചരണം നൽകുന്ന സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ, എൻഎസ്എസ്/ പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻസിസി/ എസ്.പി.സി/റെഡ് ക്രോസ് അംഗങ്ങൾ എന്നിവരടങ്ങുന്ന ഒരു സംഘം രൂപീകരിക്കണമെന്നാണ് നയം വിഭാവനം ചെയ്യുന്നത്. എന്നിരുന്നാലും, നിലവിൽ പാലിയേറ്റീവ് നഴ്സും ആശാ വർക്കർമാരും ചിലപ്പോൾ വാർഡ് മെമ്പർമാർമാരുമാണ് സാധാരണ ഭവന സന്ദർശനം നടത്തുന്നത്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ ആയുർവേദം, ഹോമിയോ, സിദ്ധ ഡോക്ടർമാരുടെ പങ്കാളിത്തവും നയം വിഭാവനം ചെയ്യുന്നു.

### 12. സ്ത്രീകളും കുട്ടികളും

സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്ത്രീകൾക്കായി പ്രത്യേകമായി വികസനം ആരംഭിക്കുന്നതിനും ലിംഗസമത്വം ഉയർത്തുന്നതിനുമുള്ള സ്ത്രീ ഘടക പദ്ധതി പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ ജെൻഡർ റിസോഴ്സ് സെന്ററുകളുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് തലത്തിലും ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലത്തിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജെൻഡർ ഡെസ്ക്, ജാഗ്രതാ സമിതി തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. കുട്ടികളുടെ സമഗ്രമായ വികസനം ഉറപ്പാക്കുന്നതിന്, വിവിധ സംരംഭങ്ങളും ഏറ്റെടുത്തിട്ടുണ്ട്.

കുട്ടികളിലെ ഏതെങ്കിലും തരത്തിലുള്ള വൈകല്യങ്ങൾ പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തുന്നതിന് ജില്ലാ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, വികലാംഗർക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുണ്ട്

### 2023–24– തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പിലുള്ള പ്രകടനം

പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി), പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് അനുവദിച്ചിരിക്കുന്നത്. ഫോർമുലയിലധിഷ്ഠിതമായ വകയിരുത്തൽ വഴി സംസ്ഥാനത്തിന്റെ എല്ലാ കോണുകളിലും ഫണ്ടുകൾ എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും പിന്നാക്ക പ്രദേശങ്ങൾക്ക് കൂടുതൽ ഫണ്ടുകൾ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും, പ്രാദേശിക വികസനം ഉറപ്പാക്കുകയും, ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. 2023-24 ലെ ബജറ്റ് എസ്റ്റിമേറ്റിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്ലാൻ ഗ്രാന്റായി (വികസന ഫണ്ട്) 8258 കോടി രൂപ അനുവദിച്ചു. ഇതിൽ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും കെഎസ്ഡബ്ല്യൂഎംപിയുടെ കീഴിലുള്ള ഗ്രാന്റായ 210.00 കോടിയും ഉൾപ്പെടുന്നു. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഏകദേശം 27.19 ശതമാനം തദ്ദേശ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടായി അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിക്കുന്ന പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി മുൻഗണനകൾ തീരുമാനിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും പൂർണ്ണ സ്വയംഭരണാധികാരമുള്ള പ്രാദേശിക തല വികസനത്തിനായുള്ള പദ്ധതി വിഹിതമാണിത്. വികസന ഫണ്ടിൽ പൊതുവിഭാഗത്തിനു കീഴിൽ 4009.2 കോടി (സാധാരണ വിഹിതം), പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന് കീഴിൽ 2495.9 കോടി രൂപയും പട്ടികജാതി ഉപപദ്ധതിക്ക് (എസ്.സി.എസ്.പി) കീഴിൽ 1341.30 കോടി രൂപയും ട്രൈബൽ സബ് പ്ലാനിന് (ടി. എസ്.പി) കീഴിൽ 201.55 കോടി രൂപയും നീക്കിവച്ചിരുന്നു.

2023-24-ൽ, ആരോഗ്യ ഗ്രാന്റ് ഒഴികെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് വിഹിതം 7460.6 കോടി രൂപയായിരുന്നു. ബജറ്റ് തുകയുടെ 71.7 ശതമാനമായ 5346.5 കോടി രൂപയാണ് തദ്ദേശഭരണസ്ഥാപനങ്ങൾ ചെലവഴിച്ചത്. ഗ്രാമപഞ്ചായത്തുകൾ 78.3 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകൾ 72.4 ശതമാനവും ജില്ലാ പഞ്ചായത്തുകൾ 59.1 ശതമാനവുമാണ് ചെലവഴിച്ചത്. നഗരഭരണസ്ഥാപനങ്ങളിൽ മുനിസിപ്പാലിറ്റികൾ 69.5 ശതമാനം ചെലവഴിച്ചപ്പോൾ കോർപ്പറേഷനുകളിൽ ഇത് 57.7 ശതമാനമാണ്. വിവിധ തലത്തിലുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ ചെലവുകളുടെ വിശദാംശങ്ങൾ **ചിത്രം 12.1.1**-ൽ നൽകിയിരിക്കുന്നു **ചിത്രം 12.1.1** വികസന ഫണ്ട്-2023-24 ലെ തദ്ദേശഭരണസ്ഥാപനാടിസ്ഥാത്തിലുള്ള ചെലവ് ശതമാനം


### വികസന ഫണ്ട്– വിഭാഗം തിരിച്ചുള്ള ചെലവ്

ആകെയുള്ള 5346.5 കോടി ചെലവ് വിശകലനം ചെയ്യുമ്പോൾ 4276.2 കോടി പൊതു വിഭാഗത്തിലും 930.2 കോടി എസ്.സി.എസ്.പിയിലും 140.1 കോടി രൂപ ടി.എസ്.പിക്കു കീഴിലുമായിരുന്നു. മൂന്നുതരം ഫണ്ടുകളും വിനിയോഗിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ 80ശതമാനത്തോളം ചെലവഴിച്ച് മികച്ച പ്രകടനം കാഴ്ചവച്ചു. ബ്ലോക്ക് പഞ്ചായത്തുകൾ 60 മുതൽ 80 ശതമാനം വരെ ചെലവഴിച്ചപ്പോൾ ജില്ലാ പഞ്ചായത്തുകൾ ചെലവഴിച്ചത് ഓരോന്നിലും ഏകദേശം 60 ശതമാനമാണ്. മുനിസിപ്പാലിറ്റികൾ പൊതുവിഭാഗം ഫണ്ടിന്റെ 70 ശതമാനവും, എസ്.സി.പി. ടി.എസ്.പി ഫണ്ട് വിനിയോഗത്തിൽ 50ശതമാനത്തിന് മുകളിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. കോർപ്പറേഷനുകൾ, ജനറൽ, എസ്.സി.പി, ഫണ്ടുകളിൽ 60 ശതമാനവും ടി.എസ്.പി ഫണ്ടിന്റെ കാര്യത്തിൽ 11ശതമാനവുമാണ് ചെലവഴിച്ചത്. വിശദാംശങ്ങൾ **ചിത്രം 12.1.2, അനുബന്ധം 12.1.1** എന്നിവയിൽ നൽകിയിരിക്കുന്നു.

### മേഖല വിശകലനം


വാർഷിക പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉത്പാദനം, സേവനം, പശ്ചാത്തലം എന്നീ മൂന്ന് നിർദ്ദിഷ്ട മേഖലകളെ അടിസ്ഥാനമാക്കിയാണ് ഫണ്ട് വകയിരുത്തേണ്ടത്. അതനുസരിച്ച്, ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും പൊതു വിഭാഗം സാധാരണ വിഹിതത്തിന്റെ 30 ശതമാനമെങ്കിലും ഉൽപ്പാദന മേഖലയ്ക്ക് വകയിരുത്തണം. നഗര ഭരണ സ്ഥാപനങ്ങൾ ഉൽപ്പാദന മേഖലയ്ക്ക് 10 ശതമാനം മാത്രം നീക്കിവെച്ചാൽ മതി. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ആകെ വികസന ഫണ്ടിന്റെ 10 ശതമാനമെങ്കിലും (പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റും ഭവന നിർമ്മാണത്തിനായുള്ള 20 ശതമാനം തുകയും ഒഴികെ) വനിതാ ഘടക പദ്ധതിക്കായി നീക്കിവയ്ക്കണം. കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ എന്നിവരുടെ

**ചിത്രം 12.1.1** വികസന ഫണ്ട്-2023-24 ലെ തദ്ദേശഭരണസ്ഥാപനാടിസ്ഥാത്തിലുള്ള ചെലവ് ശതമാനം




***അവലംബം:*** ഐ.കെ.എം 2024


**ചിത്രം 12.1.2** 2023-24 വാർഷിക പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഭാഗം തിരിച്ചുള്ള ചെലവ് ശതമാനം




***അവലംബം:*** ഐ.കെ.എം 2024

ക്ഷേമത്തിനും വികസനത്തിനും 5 ശതമാനവും, കൂടാതെ കുറഞ്ഞത് 5 ശതമാനം വയോജന ക്ഷേമത്തിനും പാലിയേറ്റീവ് പരിചരണത്തിനുമായി നീക്കിവെയ്ക്കണം. ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം സാധാരണ വിഹിതത്തിന്റെ 30 ശതമാനത്തിൽ കൂടുതൽ പശ്ചാത്തല മേഖലയ്ക്ക് അനുവദിക്കരുത്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് യഥാക്രമം 25 ശതമാനവും 45 ശതമാനവുമാണ് പശ്ചാത്തല മേഖലയിലെ വിഹിത പരിധി. നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇത് 50 ശതമാനമാണ്. മേഖല തിരിച്ചുള്ള പ്രകടനം **ചിത്രം 12.1.3** ൽ നൽകിയിരിക്കുന്നു. ആകെ ചെലവായ 5346.5 കോടി രൂപയിൽ 696.2 കോടി രൂപ ഉൽപ്പാദന മേഖലയിലും (13ശതമാനം) 4644.61 കോടി രൂപ സേവന മേഖലയിലും (75.4 ശതമാനം) 621.4 കോടി രൂപ അടിസ്ഥാന സൗകര്യ മേഖലയിലുമാണ് (11.6 ശതമാനം) വകയിരുത്തിയത്. വിശദാംശങ്ങൾ **അനുബന്ധം 12.1.2.**നൽകിയിരിക്കുന്നു.

**ചിത്രം 12.1.3** പ്രാദേശിക സർക്കാരുകൾ കൈവരിച്ച 2023-24 മൊത്തം ചെലവിൽ വിവിധ മേഖലകളുടെ വിഹിതം (ശതമാനത്തിൽ)





***അവലംബം:*** ഐ.കെ.എം 2024

**ഉൽപ്പാദന മേഖല**

ഉൽപ്പാദന മേഖലയിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഉപവിഭാഗം തിരിച്ചുള്ള ചെലവ് **ചിത്രം 12.1.4** കാണിക്കുന്നു.

ആകെ ഉൽപ്പാദന മേഖലയിലെ ചെലവിൽ, ഏറ്റവും കൂടുതൽ കാർഷിക മേഖലയ്ക്കും (39.4ശതമാനം), തുടർന്ന് മൃഗസംരക്ഷണം (18.2 ശതമാനം), ക്ഷീര

**ചിത്രം 12.1.4** 2023-24- ൽ പ്രാദേശിക സർക്കാരുകളുടെ ഉൽപ്പാദന മേഖലയിലെ ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് (ശതമാനത്തിൽ)




***അവലംബം:*** ഐ.കെ.എം 2024

വികസനമേഖലയ്ക്കുമാണ് (17.6 ശതമാനം). വ്യവസായം, ചെറുകിട വ്യവസായം, മത്സ്യബന്ധനം തുടങ്ങിയ മറ്റ് ഉൽപ്പാദന മേഖലകൾക്ക് ചെലവ് 6 ശതമാനത്തിൽ താഴെയാണ്. ഈ മേഖലകൾക്കായി നീക്കിവച്ചിരിക്കുന്ന വിഭവങ്ങൾ വിനിയോഗിക്കാൻ കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 12.1.3** ൽ നൽകിയിരിക്കുന്നു. **ചിത്രം 12.1.4** 2022-23-ൽ ൽ പ്രാദേശിക സർക്കാരുകളുടെ ഉൽപ്പാദന മേഖലയിലെ ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് (ശതമാനത്തിൽ)


### സേവന മേഖല

തദ്ദേശഭരണ സ്ഥാപനങ്ങളുടെ സേവന മേഖലയിലെ ഉപവിഭാഗം തിരിച്ചുള്ള ചെലവ് **ചിത്രം 12.1.5** ൽ നൽകിയിരിക്കുന്നു. ഭവനം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ശുചിത്വം, മാലിന്യ സംസ്കരണം, ആരോഗ്യം തുടങ്ങിയവയാണ് സേവന മേഖലകളിൽ ഉൾപ്പെടുന്നത്. സേവന മേഖലയിലെ മൊത്തം ചെലവിന്റെ 42.6 ശതമാനം ചെലവായത് ഭവന നിർമ്മാണത്തിനും വീട് വൈദ്യുതീകരണത്തിനുമാണ്. 3.83 ശതമാനം പൊതുശുചിത്വത്തിനും 7.3 ശതമാനം മാലിന്യ സംസ്കരണത്തിനും (ദ്രവമാലിന്യ സംസ്കരണത്തിന് 3.03 ശതമാനം, ഖരമാലിന്യ സംസ്കരണത്തിന് 4.62), 8.1 ശതമാനം വിദ്യാഭ്യാസത്തിനും 7.4 ശതമാനം കുടിവെള്ള മേഖലയിലും ചെലവഴിച്ചു. പ്രാദേശിക സർക്കാരുകൾ ഭവന നിർമ്മാണത്തിന് നിർബന്ധമായും വിഹിതം മാറ്റി വയ്ക്കുന്നത് ഭവന നിർമ്മാണമേഖലയിൽ കൂടുതൽ ചെലവ് വരുന്നതിന് കാരണമാകുന്നതായി കാണാം. പൊതുവിഭാഗം സാധാരണ വിഹിതത്തിന്റേയും എസ്.സി.എസ്.പി, ടി.എസ്.പി ക്ക് കീഴിലുള്ള മൊത്തം ഫണ്ടിന്റേയും 20 ശതമാനം പ്രാദേശിക സർക്കാരുകൾ നിർബന്ധമായും ഭവന മേഖലയിൽ വകയിരുത്തണം. ഇതിനുപുറമെ, പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) പ്രകാരം നിർമ്മിച്ച വീടുകളുടെ യൂണിറ്റ് ചെലവ് വഹിക്കുന്നതിനുള്ള ചെലവുകളും ഇതിലുൾപ്പെടുന്നു. പോഷകാഹാരം, ഭവന നിർമ്മാണം, ഭവന വൈദ്യുതീകരണം എന്നിവയ്ക്കാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കൂടുതൽ പ്രാധാന്യം നൽകുന്നത് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിലെ ചെലവുകൾ യൂണിയൻ ഫിനാൻസ് കമ്മീഷൻ നിർബന്ധിത ചെലവുകളാക്കിയതാണ് ഈ ഉപ മേഖലകളിൽ ചെലവുകൾ വർദ്ധിച്ചതിന് കാരണമായത്.

### പശ്ചാത്തല മേഖല


പശ്ചാത്തല മേഖലയിൽ ഗതാഗതം, പൊതു കെട്ടിടങ്ങൾ, തെരുവ് വിളക്കുകൾ മുതലായവ ഉൾപ്പെടുന്നു. 2023-24 ൽ, പശ്ചാത്തല മേഖലയിലെ ആകെ ചെലവിന്റെ പ്രധാന ഭാഗം (67 ശതമാനം) റോഡുകളും പാലങ്ങളും ഉൾപ്പെടുന്ന ഗതാഗത മേഖലയ്ക്കായി ഉപയോഗിച്ചതായി കാണാം. പൊതു കെട്ടിടങ്ങൾക്ക് 15.9 ശതമാനവും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും വൈദ്യുതീകരണത്തിനുമായി 13.3 ശതമാനവുമാണ് ചെലവഴിച്ചത്. 2023-24 ലെ പശ്ചാത്തല മേഖലയിലെ ഉപമേഖലാ തിരിച്ചുള്ള ചെലവുകളുടെ വിശദാംശങ്ങൾ **ചിത്രം 12.1.6**, **അനുബന്ധം 12.1.5** എന്നിവയിൽ നൽകിയിരിക്കുന്നു.

**ചിത്രം 12.1.5** 2023-24 ൽ പ്രാദേശിക സർക്കാരുകളുടെ സേവന ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് (ശതമാനത്തിൽ)




***അവലംബം:*** ഐ.കെ.എം 2024

**ചിത്രം 12.1.6** 2023-24 പ്രാദേശിക സർക്കാരുകളുടെ പശ്ചാത്തല മേഖലയിലെ ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് (ശതമാനത്തിൽ)




***അവലംബം:*** ഐ.കെ.എം 2024

## പ്രത്യേക മേഖലാ പദ്ധതികളുടെ പ്രകടനം

വനിതാ ഘടക പദ്ധതിയും (ഡബ്ല്യുസിപി), ദുർബല വിഭാഗങ്ങൾക്കായുള്ള പദ്ധതികളും (വൃദ്ധർ, കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ) കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ശ്രദ്ധേയമായ സവിശേഷതകളാണ്. പൊതു വിഭാഗം സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി ഫണ്ട് എന്നിവയുടെ ആകെ തുകയുടെ 10 ശതമാനം വനിതാ ഘടക പദ്ധതിയ്ക്കാണ്. 5 ശതമാനം കുട്ടികൾ, വികലാംഗർ, ട്രാൻസ്ജെൻഡർ എന്നിവർക്കും, 5 ശതമാനം വയോജനങ്ങൾക്കും സാന്ത്വന പരിചരണ പദ്ധതിയ്ക്കുമാണ് . 2023-24ൽ 209.3 കോടി രൂപയായിരുന്നു വനിതാ ഘടക പദ്ധതിയുടെ ചെലവ്. കുട്ടികൾക്കായുള്ള പ്രത്യേക പരിപാടിക്കും വികലാംഗർക്കുമായി യഥാക്രമം 202.20 കോടിയും 97.78 കോടിയും ചെലവഴിച്ചു. വയോജനങ്ങൾക്കുള്ള പദ്ധതികൾക്കായി 120.43 കോടി രൂപയും, സാന്ത്വന പരിചരണത്തിനായി 88.36 കോടി രൂപയും ചെലവഴിച്ചു. ട്രാൻസ്ജെൻഡറുകൾക്കായുള്ള പദ്ധതികൾക്ക് 0.27 കോടി രൂപയാണ് ചെലവഴിച്ചത്. 2023-24ൽ ലെ പ്രത്യേക മേഖലാ പദ്ധതികൾക്കായുള്ള ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക 12.1.2**, **അനുബന്ധം 12.1.1** എന്നിവയിൽ നൽകിയിരിക്കുന്നു.

**12.1.1** 2023-24 ലെ പ്രത്യേക മേഖലാ പദ്ധതികൾക്കായുള്ള ചെലവുകളുടെ വിശദാംശങ്ങൾ (തുക ലക്ഷത്തിൽ)

| ക്രമ നം | പ്രത്യേക മേഖലകൾ | ചെലവ് |
|---|---|---|
| 1 | വനിതാ ഘടക പദ്ധതി | 20,928.9 |
| 2 | കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി | 14,105.1 |
| 3 | വയോജനങ്ങൾക്കുള്ള പ്രത്യേക പദ്ധതി | 9,458.8 |
| 4 | ഭിന്നശേഷിയുള്ളവർക്കുള്ള പ്രത്യേക പദ്ധതി | 5,755.0 |
| 6 | സാന്ത്വന പരിചരണം | 8,083.6 |
| 7 | ഭിന്നലിംഗക്കാർക്കുള്ള പ്രത്യേക പദ്ധതി | 25.1 |

***അവലംബം:*** ഐ.കെ.എം 202

## തദ്ദേശാഭരണ സ്ഥാപനങ്ങൾക്കുള്ള പതിനഞ്ചാമത് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്: സാധ്യതകളും പരിമിതികളും

പതിനഞ്ചാമത് കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശകൾ പരിശോധിച്ചാൽ, നഗരപ്രദേശങ്ങളുടെ കാര്യത്തിൽ മുൻ കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശകളിൽ നിന്ന് ഗണ്യമായ വ്യതിയാനം വരുത്തിയതായി കാണാം. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടെ ഗ്രാമീണ തലത്തിലെ എല്ലാ പഞ്ചായത്തുകൾക്കും ഗ്രാന്റുകൾ നൽകാൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്; 14-ാം ധനകാര്യ കമ്മീഷൻ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് ഗ്രാന്റുകൾ അനുവദിച്ചിരുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആദ്യമായി നഗരഭരണ സ്ഥാപനങ്ങളെ രണ്ട് വിഭാഗങ്ങളാക്കി പ്രത്യേകമായി ഗ്രാന്റുകൾ ശുപാർശ ചെയ്യുകയുണ്ടായി എന്നതാണ് മുൻ രീതിയിൽ നിന്നും വരുത്തിയ മറ്റൊരു മാറ്റം : അതായത് (എ) ദശലക്ഷത്തിലധികം ജനസംഖ്യയുള്ള നഗര സഞ്ചയങ്ങൾ/ നഗരങ്ങൾ, (ബി) ഒരു ദശലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള മറ്റെല്ലാ നഗരങ്ങളും പട്ടണങ്ങളും. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് വിനിയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ, കേന്ദ്ര ധനകാര്യ കമ്മീഷൻ നൽകുന്ന നിർദ്ദേശപ്രകാരം ഓരോ പ്രാദേശിക സർക്കാരുകളും കേന്ദ്ര ധനകാര്യ കമ്മീഷൻ ഉപപദ്ധതി തയ്യാറാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നിരുന്നാലും പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ വ്യവസ്ഥകൾ പരിശോധിച്ചാൽ തുക വിനിയോഗിക്കുന്നതിലെ സ്വാതന്ത്ര്യം ഗണ്യമായി കുറച്ചിരിക്കുന്നു എന്ന് കാണാവുന്നതാണ്. പതിനാലാം ധനകാര്യ കമ്മീഷൻ ആകട്ടെ വിഹിതം "ബേസിക് ഗ്രാന്റ്" ആയി പ്രാദേശിക സർക്കാരുകൾക്ക് നൽകുകയും ഗ്രാമീണ, നഗര പ്രാദേശിക സർക്കാരുകൾക്ക് കമ്മ്യൂണിറ്റി ആസ്തികളുടേയും റോഡുകളുടേയും അറ്റകുറ്റപ്പണികൾ ഉൾപ്പെടെ അടിസ്ഥാന പൗര സേവനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കാൻ സ്വാതന്ത്ര്യവും നല്കിയിരുന്നു. എന്നാൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ, ദശലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങൾക്ക് മുഴുവൻ ഗ്രാന്റും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (ടൈഡ് ഗ്രാന്റുകൾ) ആക്കുകയുണ്ടായി. മറ്റ് നഗരങ്ങളുടേയും ഗ്രാമീണ പ്രാദേശിക സർക്കാരുകളുടേയും കാര്യത്തിൽ, ഗ്രാന്റുകളുടെ 60 ശതമാനം പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് ആക്കി. ഈ ടൈഡ് ഗ്രാന്റുകൾ 50 ശതമാനം വീതം, ജലം, ശുചിത്വം എന്നീ രണ്ട് നിർണ്ണായക സേവനങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

## ആരോഗ്യ മേഘല ഗ്രാന്റ്

പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ അന്തിമ റിപ്പോർട്ടിൽ 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ രാജ്യത്തിലുടനീളം പ്രാദേശിക സർക്കാരുകൾക്ക് 4,27,911.00 കോടി രൂപ മൊത്തം ഗ്രാന്റ് തുകയായി ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ പ്രാഥമിക ആരോഗ്യ പരിപാലന തലം ശക്തിപ്പെടുത്തുന്നതിനും ആരോഗ്യ പരിപാലന സംവിധാനത്തിലെ നിർണായക വിടവുകൾ നികത്തുന്നതിനുമായി 70,051.00 കോടി രൂപയാണ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്. ഗ്രാമ, നഗര പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളും സംവിധാനങ്ങളും ശക്തിപ്പെടുത്തുന്നതിനായി ചില ഇടപെടലുകൾ ധനകാര്യ കമ്മീഷൻ നടത്തിയിട്ടുണ്ട്. ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂളിൽ, ആശുപത്രി, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ & ഡിസ്പെൻസറികൾ, കുടുംബക്ഷേമം എന്നിവ ഉൾപ്പെടെയുള്ള ആരോഗ്യവും ശുചിത്വവും പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളുടെ കീഴിലാണ് പട്ടികപ്പെടുത്തിയിട്ടുള്ളത്. അതുപോലെ, ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിൽ, മുനിസിപ്പാലിറ്റികൾക്കായി പൊതുജനാരോഗ്യം, ശുചിത്വ സംരക്ഷണം, ഖരമാലിന്യ സംസ്കരണം എന്നിവയും പട്ടികപ്പെടുത്തിയിട്ടുണ്ട്. സാർവത്രിക ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പ്രാഥമിക ആരോഗ്യ പരിപാലന സേവനത്തിന്റെ വിതരണത്തിൽ, ഗ്രാമീണ, നഗര പ്രാദേശിക സർക്കാരുകൾക്ക് ഒരു സുപ്രധാന പങ്ക് വഹിക്കാനാകും.

**പട്ടിക 12.1.2** 15- ധനകാര്യ കമ്മീഷൻ ആരോഗ്യ മേഖലയിലെ കേരളത്തിനുള്ള ഗ്രാന്റുകളുടെ വിശദാംശങ്ങൾ (രൂപ കോടിയിൽ)

| പ്രവർത്തനങ്ങൾ | 2021–22 | 2022–23 | 2023–24 | 2024–25 | 2025–26 | Total |
|---|---|---|---|---|---|---|
| ആകെ ആരോഗ്യ ഗ്രാന്റ് | 559 | 559 | 587 | 616 | 647 | 2,968 |
| **ഗ്രാമീണ ഘടകങ്ങൾ** | | | | | | |
| കെട്ടിടമില്ലാത്ത ഉപ ആരോഗ്യ കേന്ദ്രങ്ങൾ, പിഎച്ച്സികൾ, സിഎച്ച്സികൾ എന്നിവയ്ക്കുള്ള സഹായം | 0.5 | 0.5 | 0.5 | 0.5 | 0.6 | 2.6 |
| പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കൽ | 30.6 | 30.6 | 32.1 | 33.7 | 35.4 | 162.4 |
| പ്രാഥമിക ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിലേക്കുള്ള ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചറിനുള്ള പിന്തുണ | 89.2 | 89.2 | 93.7 | 98.28 | 103.2 | 473.6 |
| ഗ്രാമീണ ഉപ ആരോഗ്യ കേന്ദ്രങ്ങളെയും പിഎച്ച്സികളെയും ഹെൽത്ത് & വെൽനെസ്സ് സെന്ററുകളാക്കി മാറ്റുക | 105.4 | 105.3 | 110.7 | 116.2 | 122.0 | 559.8 |
| **നഗര ഘടകങ്ങൾ** | | | | | | |
| പ്രാഥമിക ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിലേക്കുള്ള ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചറിനുള്ള പിന്തുണ | 11.0 | 11.0 | 11.6 | 12.2 | 12.8 | 58.7 |
| അർബൻ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ (HWCS) | 322.2 | 322.2 | 338.3 | 355.2 | 373.0 | 1711.0 |

***അവലംബം:*** മിനിസ്ട്രി ഓഫ് എക്സ്പെൻഡീച്ചർ ഗവൺമെന്റ് ഓഫ് ഇന്ത്യ

താഴേത്തട്ടിലുള്ള ആരോഗ്യ സേവന സംവിധാനങ്ങൾ ബലപ്പെടുത്തുന്നതിന് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനകം കാര്യക്ഷമത തെളിയിച്ചിട്ടുണ്ട്. മെച്ചപ്പെട്ട പൊതുജനാരോഗ്യ സേവനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിൽ കേരളം ഗണ്യമായ പുരോഗതി കൈവരിച്ചു. വിഭവങ്ങൾ, ആരോഗ്യ അടിസ്ഥാനസൗകര്യങ്ങൾ, ശേഷി വികസനം എന്നിവ ശക്തിപ്പെടുത്തുന്നതിലൂടെ ആരോഗ്യ സേവനത്തിൽ അവരെ കൂടുതൽ പ്രാപ്തരാക്കും

### നൂതന പദ്ധതികൾക്കുള്ള പ്രത്യേക സംവിധാനം

പ്രസക്തവും നൂതനവുമായ പദ്ധതികൾ രൂപകല്പന ചെയ്യുന്നതിനായി 'നൂതന പരിപാടികൾ പ്രത്യേക സംവിധാനം' ആരംഭിച്ചതാണ് പതിമൂന്നാം പദ്ധതിയുടെ പ്രധാന സവിശേഷതകളിലൊന്ന്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പ്രാദേശിക വികസന പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും വിഭവ ശേഷിയെ അടിസ്ഥാനമാക്കി അനുയോജ്യമായ പരിഹാരങ്ങൾ രൂപപ്പെടുത്തുകയുമാണ്. പ്രാദേശികകമായി ഉയർന്നുവരുന്ന ചില പ്രോജക്ടുകൾ നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പിലാക്കാൻ പറ്റിയെന്നുവരില്ല. അത്തരം പ്രോജക്ടുകളുടെ പരിശോധനയ്ക്കും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ജില്ലാ കളക്ടർ അധ്യക്ഷനായി ജില്ലാതല വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. വിവിധ തലങ്ങളിലെ പ്രാദേശിക സർക്കാരുകളുടെ നൂതന പ്രോജക്ടുകൾ പരിശോധിച്ച് തീരുമാനമെടുക്കേണ്ടത് ഈ സമിതിയാണ്.പ്രസ്തുത സമിതി വിദഗ്ധരുടെയും മറ്റ് ഏജൻസികളുടെയും അഭിപ്രായങ്ങൾ സ്വീകരിച്ച് അതിനു ശേഷം സാങ്കേതികമായും നടത്തിപ്പുപരമായും നിഗമനത്തിൽ എത്തിച്ചേരും.

### ഉപസംഹാരം

പങ്കാളിത്താധിഷ്ഠിതവും വികേന്ദ്രീകൃതവുമായ കേരളത്തിന്റെ വികസന മാതൃക ദേശീയതലത്തിലും ആഗോളതലത്തിലും ഏറെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്. ഉയർന്നുവരുന്ന ജനങ്ങളുടെ ആവശ്യങ്ങൾക്കും സമൂഹത്തിന്റെ വികസന പ്രശ്നങ്ങൾക്കും അനുസൃതമായി പ്രാദേശിക ഭരണസംവിധാനങ്ങളും പ്രക്രിയകളും ശക്തിപ്പെടുത്തുന്നതിൽ പതിനാലാമത് പഞ്ചവത്സര പദ്ധതി വളരെ ശ്രദ്ധനൽകിയിട്ടുണ്ട്. മുൻപ് സൂചിപ്പിച്ചതുപോലെ, സാമ്പത്തിക വളർച്ച വർധിപ്പിക്കുക, സേവന വിതരണം മെച്ചപ്പെടുത്തുക, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ മെച്ചപ്പെട്ട സാമൂഹിക സുരക്ഷ എന്നിവയാണ് പ്രധാനമായി ലക്ഷ്യമിടുന്നത്.

എല്ലാ പ്രാദേശിക സർക്കാരുകളുടെയും സഹകരണത്തോടെ ദീർഘവീക്ഷണത്തോടെയുള്ള ജില്ലാ പദ്ധതികൾ ആവിഷ്കരിക്കുക, കൃത്യമായ ഇടവേളകളിലുള്ള സോഷ്യൽ ഓഡിറ്റ്, ജില്ലാ റിസോഴ്സ് സെന്ററുകളുടെ രൂപീകരണം, ഗ്രാമസഭ/വാർഡ് സഭകൾ സജീവ പ്രാദേശിക ആസൂത്രണത്തിൽ കൂടുതൽ ജനകീയ പങ്കാളിത്തം എന്നിവയെല്ലാമാണ് ഈ മേഖലയിലെ പ്രധാന നേട്ടങ്ങൾ. ഇത് പ്രാദേശിക ആസൂത്രണവും വികസനവും കൂടുതൽ മെച്ചപ്പെടുത്താൻ സംസ്ഥാനത്തെ പ്രാപ്തമാക്കും. കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയം, വികേന്ദ്രീകൃതാസൂത്രണത്തിൽ കേരളത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളിലും വാർഷിക ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) തയ്യാറാക്കുന്നതിനായി പീപ്പിൾസ് പദ്ധതി ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടുകഴിഞ്ഞിരിക്കുന്നു. എന്നിരുന്നാലും കേന്ദ്ര സർക്കാർ ഈ വിഭവം പങ്കുവെക്കുന്നതിനും മറ്റുള്ള അടിസ്ഥാന കാര്യങ്ങൾ അഭിസംബോധനം ചെയ്യുന്നില്ല.

പതിനാലാം പദ്ധതി നടപ്പിലാക്കുന്നതോടെ പ്രാദേശിക സാമ്പത്തിക വളർച്ചയിലും പ്രാദേശിക സർക്കാർ തലത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും വലിയ മുന്നേറ്റമുണ്ടാകും. നൈപുണ്യ വികസന മേഖലയിലും വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു. അതിദാരിദ്ര്യ നിർമാർജ്ജനം, കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനുള്ള ഇടപെടലുകൾ, ദുരന്തനിവാരണം, ഫലപ്രദമായ മാലിന്യ സംസ്കരണ രീതികൾ, നഗരവൽക്കരണത്തിന് പ്രത്യേക ഊന്നൽ തുടങ്ങിയ ഇടപെടലുകൾ സംസ്ഥാനത്തെ വികസനത്തിന്റെ അടുത്ത തലത്തിലേക്ക് ഉയർത്തും എന്ന് പ്രതീക്ഷിക്കുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന കേന്ദ്ര–സംസ്ഥാന പദ്ധതികളുടെ അവലോകനം

പ്രാദേശിക സർക്കാരുകളെ ശാക്തീകരിക്കുന്നതിലും വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയെ സ്ഥാപനവൽക്കരിക്കുന്നതിലും കേരളം വലിയ മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്. വർധിച്ച സാമ്പത്തിക വളർച്ച, വിഭവങ്ങളുടെ തുല്യമായ വിതരണം, കാര്യക്ഷമമായ സാമൂഹിക സുരക്ഷാ ശൃംഖലകൾ, ശക്തമായ സേവന വിതരണ സംവിധാനങ്ങൾ എന്നിവയിലൂടെ വിവിധ വികസന മേഖലകളിലെ നേട്ടങ്ങൾ നിലനിർത്താനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി, സംസ്ഥാനം ഉൽപ്പാദനശേഷി പുനരുജ്ജീവിപ്പിക്കുകയും വിവിധ വികസന മേഖലകളിൽ നിക്ഷേപം ആകർഷിക്കുകയും ചെയ്യുക മാത്രമല്ല, വിവിധ സ്ഥാപനങ്ങളുടെ മികച്ച മാനേജ്മെന്റിനുള്ള സംവിധാനങ്ങൾ കെട്ടിപ്പെടുക്കുകയും ചെയ്യുന്നു. അക്കാദമിക്, ഗവേഷണ, വികസന സ്ഥാപനങ്ങൾക്ക് നവീനാശയങ്ങൾ വളർത്താൻ അധികാരം നൽകുന്ന ഒരു വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥ സ്ഥാപിക്കാനാണ് ഈ ശ്രമങ്ങൾ ലക്ഷ്യമിടുന്നത്. ഇതിനായി കേന്ദ്ര ഗവൺമെന്റുകളുടെ വികസന പദ്ധതികൾ ഉൾപ്പെടെ കഴിയുന്നത്ര വിഭവങ്ങൾ ഫലപ്രദമായി സമാഹരിക്കേണ്ടതുണ്ട്.

കേരളത്തിൽ കേന്ദ്ര, സംസ്ഥാന, സർക്കാരുകൾ പണം മുടക്കുന്ന മിക്ക പദ്ധതികളും നടപ്പിലാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ (എൽഎസ്ജി) നിർണായക പങ്ക് വഹിക്കുന്നു. കേരളത്തിൽ പിന്തുടരുന്ന വികേന്ദ്രീകൃത ആസൂത്രണത്തിന്റെ മാതൃക അത്തരം സംയോജനത്തിന് വലിയ സാധ്യത നൽകുന്നു. വിവിധ മേഖലകളിലെ വികസന ഇടപെടലുകളുടെ ഫലപ്രാപ്തി വർധിപ്പിക്കുന്നതിന് സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ പ്രധാന പദ്ധതികളും പരിപാടികളും പ്രാദേശിക പദ്ധതികളുമായി സമന്വയിപ്പിക്കുന്നതിനു തദ്ദേശഭരണ സ്ഥാപനങ്ങൾ ലക്ഷ്യമിടുന്നു. സാധ്യമാകുന്നിടത്തെല്ലാം, സാമ്പത്തികവും മാനവ വിഭവശേഷിയും പ്രയോജനപ്പെടുത്തുന്നതിനും സംയോജിത പ്രവർത്തനം സൃഷ്ടിക്കുന്നതിനും സമാന വ്യവസ്ഥകളുള്ള സ്കീമുകളെയും പ്രോജക്റ്റുകളെയും സംയോജിപ്പിക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗരേഖ വ്യക്തമാക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഈ പങ്കാളിത്തം അവയെ പദ്ധതികൾ നടപ്പാക്കുന്ന പ്രക്രിയയിലും സജീവമായ പൊതു പങ്കാളിത്തം ഉറപ്പാക്കുന്നതിലും അവിഭാജ്യ ഘടകമാക്കുന്നു.

നഗര അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുക, ഗ്രാമീണ മേഖലയിൽ കണക്റ്റിവിറ്റി വർധിപ്പിക്കുക, ശുചിത്വ, മാലിന്യ സംസ്കരണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക, ഗ്രാമങ്ങളിലും നഗരങ്ങളിലും ഭവനനിർമാണം, തൊഴിലവസരങ്ങളും ഉപജീവനമാർഗങ്ങളും സൃഷ്ടിക്കൽ തുടങ്ങിയവയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികൾ. സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും യഥാക്രമം സംസ്ഥാനത്തിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾ കണക്കിലെടുത്ത് എല്ലാ വർഷവും പദ്ധതികൾ ആവിഷ്കരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിർബന്ധിതമായും സംസ്ഥാനത്തിന്റെ വിഹിതം വകയിരുത്തേണ്ടതായിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. സംസ്ഥാന വിഹിതം മുൻകൂറായി വകയിരുത്തിയിട്ടുണ്ടെന്ന മുൻവ്യവസ്ഥയിൽ മാത്രമാണ് കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം നിശ്ചയിച്ചിട്ടുള്ള ട്രാൻഷേകളിൽ (ഭാഗങ്ങളിൽ) അനുവദിക്കുന്നത്. കേന്ദ്രവിഹിതം അനുവദിക്കുന്നതിലെ കർശനമായ വ്യവസ്ഥകൾ ഇത്തരം പരിപാടികൾ നടപ്പിലാക്കുമ്പോൾ ഗുരുതരമായ പ്രായോഗിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു, പ്രത്യേകിച്ചും സംസ്ഥാനങ്ങൾക്ക് വിഭവ പരിമിതികളുള്ളപ്പോൾ. ചില സന്ദർഭങ്ങളിൽ, തദ്ദേശഭരണ സ്ഥാപനങ്ങളും സംസ്ഥാന വിഹിതത്തിൽ ഒരു പങ്കു സംഭാവന ചെയ്യുന്നു. എന്നിരുന്നാലും, വിവിധ മേഖലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കു അനുബന്ധമായി കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉപയോഗിക്കാൻ സംസ്ഥാന സർക്കാർ താൽപ്പര്യപ്പെടുന്നു. വിവിധ വികസന മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും വിശദാംശങ്ങൾ ചുവടെ ചർച്ചചെയ്യുന്നു.

### അടിസ്ഥാന സൗകര്യ വികസനം

സംസ്ഥാനം സ്വീകരിച്ച വികേന്ദ്രീകൃതാസൂത്രണ സമീപനം ഗ്രാമ നഗര അടിസ്ഥാന സൗകര്യങ്ങൾ, പൗര സേവനങ്ങൾ, സാമൂഹിക സുരക്ഷ, സേവന മേഖല എന്നിവയിൽ പൊതുനിക്ഷേപം വർധിപ്പിച്ചു. പാർപ്പിടം, റോഡ് കണക്റ്റിവിറ്റി, കുടിവെള്ള ലഭ്യത, ശുചിത്വം, ഡ്രെയിനേജ് സംവിധാനങ്ങൾ തുടങ്ങിയ പ്രധാന മേഖലകളിൽ പ്രാദേശിക സർക്കാരുകൾ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇവയെല്ലാം ജീവിതനിലവാരം ഉയർത്തുന്നതിലും മാന്യമായ ജീവിത ഗുണനിലവാരം പുലർത്തുന്നതിനും നിർണായകമാണ്. വികസിത രാജ്യങ്ങളുമായി കിടപിടിക്കാവുന്ന നിരവധി നേട്ടങ്ങൾ മാനവ വികസന സൂചകങ്ങളിൽ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞതും ഇതു മൂലമാണ്.

### പാർപ്പിടം

പുരോഗമന നയങ്ങൾ, സർക്കാർ ഇടപെടലുകൾ, എല്ലാവരെയും ഉൾക്കൊള്ളുന്ന സമഗ്രമായ വളർച്ചയ്ക്ക് ശക്തമായ സമീപനം എന്നിവ പതിറ്റാണ്ടുകളായി സ്വീകരിച്ചതിനാൽ, കേരളം ഭവന നിർമ്മാണത്തിൽ ഗണ്യമായ മുന്നേറ്റം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഭവനപദ്ധതികൾ വാസയോഗ്യമായ പാർപ്പിടത്തിനും ഗുണനിലവാരമുള്ള ജീവിത ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിനും

ഊന്നൽ നൽകുകയും വിവിധ സാമൂഹിക വിഭാഗങ്ങൾക്കിടയിലുള്ള തുല്യത പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കേരളത്തിൽ, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്ക്, വീട് എന്നത് അവശ്യമായ ഭൗതിക ആസ്തിയായും സാമ്പത്തിക സ്ഥിരത, ആരോഗ്യം, ക്ഷേമം എന്നിവ വർധിപ്പിക്കുന്നതിനുള്ള അടിത്തറയായും കണക്കാക്കപ്പെടുന്നു. ദരിദ്ര്യജനവിഭാഗങ്ങൾക്ക് പാർപ്പിടം നൽകുന്നതിൽ കേരളം കൈവരിച്ച വിജയം സമഗ്രമായ വളർച്ചയ്ക്കുള്ള സംസ്ഥാനത്തിന്റെ അചഞ്ചലമായ പ്രതിബദ്ധതയെയാണ് കാണിക്കുന്നത്.

സംസ്ഥാനത്തെ ഭവനരഹിതർക്ക് വീട് നൽകുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണ് ലൈഫ് മിഷൻ മുഖേന കേരള സർക്കാർ നടപ്പിലാക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ വിവിധ ഭവനപദ്ധതികളിലെ സാമ്പത്തിക സ്രോതസ്സുകൾ സംയോജിപ്പിക്കാനും ഏകീകരിക്കാനും ഈ സംരംഭം ലക്ഷ്യമിടുന്നു. കേരളത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ ഭവന ആവശ്യങ്ങൾ നിറവേറ്റുന്നതിന് കേന്ദ്രസർക്കാരിന്റെ ഭവന പദ്ധതികളിൽ നിന്നുള്ള പിന്തുണ തീർത്തും അപര്യാപ്തമായതിനാലാണ് ഈ നടപടി ആവശ്യമായി വന്നത്. കൂടാതെ, ഭവനരഹിതരായ വ്യക്തികൾക്ക് അവരുടെ ഉപജീവനമാർഗം നിലനിർത്തുന്നതിനും ദാരിദ്ര്യത്തിലേക്ക് അവരെ നയിക്കുന്ന ഘടകങ്ങളെ മറികടക്കുന്നതിനും പാർപ്പിടവും പിന്തുണയും ആവശ്യമാണെന്ന് ഈ സംരംഭം അംഗീകരിക്കുന്നു. ഈ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ്, കേരളത്തിലെ ഭവനരഹിതർക്കു 'ഉപജീവനമാർഗം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം' എന്നിവ ഉറപ്പാക്കാൻ ലൈഫ് എന്ന സമഗ്രമായ ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയത്.

**പ്രധാനമന്ത്രി ആവാസ് യോജന– (പിഎംഎവൈ) ഗ്രാമീൺ**

ഗ്രാമവികസന മന്ത്രാലയം 2016 ഏപ്രിൽ 1 മുതൽ നടപ്പാക്കിവരുന്ന പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതിയിലൂടെ, അർഹതയുള്ള ഗ്രാമീണ കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ പക്കാ വീടുകൾ നിർമ്മിക്കാൻ സാമ്പത്തിക സഹായം നൽകുന്നു. അർഹതയുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് വിവിധ സാമൂഹിക വിഭാഗങ്ങളിലെ ഭവന സൗകര്യങ്ങളുടെ അഭാവം കണക്കിലെടുക്കുന്നതാണ്. സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് (എസ്ഇസിസി)-2011 അടിസ്ഥാനമാക്കിയുള്ള ഭവനനിർമ്മാണ മാനദണ്ഡങ്ങളും, ഒഴിവാക്കൽ മാനദണ്ഡങ്ങളും പരിഗണിച്ച്, പ്രാഥമിക അർഹതാ പട്ടിക തയ്യാറാക്കുന്നു. അതത് ഗ്രാമസഭകൾ ഗുണഭോക്തൃ പട്ടിക കൃത്യമായ പരിശോധനയ്ക്കും അംഗീകരത്തിനും വിധേയമാക്കുകയും, അപ്പീൽ പ്രക്രിയ പൂർത്തിയാക്കുകയും ചെയ്യുന്നു. ഈ ക്രിയാത്മക നടപടികൾ പൂർത്തിയാക്കിയ ശേഷമാണ് പിഎംഎവൈ-ജിയുടെ ഭാഗമായി ഗുണഭോക്താക്കളെ അന്തിമമായി കണ്ടെത്തുന്നത്.

പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതി പ്രകാരം ശുചിത്വമുള്ള പാചക സ്ഥലം ഉൾപ്പെടെ കുറഞ്ഞത് 25 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കാനുള്ള നിർദേശമാണ് നൽകിയിരിക്കുന്നത്. അനുവദിച്ച തീയതി മുതൽ 12 മാസത്തിനുള്ളിൽ വീടിന്റെ നിർമ്മാണം പൂർത്തിയാക്കണം. ഗ്രാമ വികസന മന്ത്രാലയം നിശ്ചയിച്ച, പി എം എ വൈ -ഗ്രാമീൺ പ്രകാരമുള്ള ഒരു വീടിന്റെ യൂണിറ്റ് സഹായം 1.20 ലക്ഷം രൂപ ആണ്. ഇത് 60:40 എന്ന അനുപാതത്തിൽ യഥാക്രമം 72,000 രൂപയും, 48,000 രൂപയുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പങ്കിടുന്നു.


കേരളത്തിൽ, ഈ പദ്ധതി ലൈഫ് മിഷനുമായി സംയോജിപ്പിച്ചതിന്റെ ഭാഗമായി, വീടിന്റെ യൂണിറ്റ് സഹായം 4.00 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. അതിനാവശ്യമായ ബാക്കി തുകയായ 2.8 ലക്ഷം രൂപ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ വകയിരുത്തുന്നു. ആവാസ്സോഫ്റ്റ് എം ഐ എസിൽ രജിസ്റ്റർ ചെയ്ത, ആധാറുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ടുകൾ/പോസ്റ്റ് ഓഫീസ് അക്കൗണ്ടുകളിലേക്ക് നേരിട്ട് മൂന്ന് ഗഡുക്കളായി ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിനു ചെലവാകുന്ന തുക വിതരണം ചെയ്യുന്നു.

ഗ്രാമീണ മേസൺ പരിശീലനത്തിന്റെ (ആർഎംടി) ഭാഗമായി, പിഎംഎവൈ-ജി പദ്ധതിയിൽ ഗ്രാമീണ മേഖലയിലെ പരിശീലനം ലഭിച്ച മേസൺമാരുടെ കുറവ് പരിഹരിക്കുന്നു. ഹ്രസ്വകാല പരിശീലനം (എസ്. ടി. ടി) മുഖേനയും പ്രയർ ലേണിംഗ് (ആർപിഎൽ) മുഖേനയും പരിശീലനം നൽകുന്നു. എസ്.ടി. ടി യിൽ 45 ദിവസത്തെ പരിശീലനവും ആർപിഎൽ രീതിയിൽ അനൗപചാരിക മേഖലയിലെ തൊഴിലാളികൾക്കായുള്ള 10 ദിവസത്തെ പരിശീലനവുമാണ് നൽകുന്നത്.

2011-ലെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് (എസ്ഇസിസി) പ്രകാരം 2023 സെപ്റ്റംബർ 30 വരെ 22,046 വീടുകൾ നിർമ്മിക്കുക എന്ന ലക്ഷ്യം പൂർണ്ണമായും കൈവരിച്ചു. 2011-ലെ എസ്ഇസിസി പട്ടികയിൽ ഉൾപ്പെടാത്ത അവാസ് പ്ലസ് ഗുണഭോക്താക്കൾക്ക് 13,090 വീടുകൾ എന്ന അധിക ലക്ഷ്യവും അനുവദിച്ചു. മൊത്തത്തിൽ, പിഎംഎവൈ-ജി പദ്ധതിയിൽ അനുവദിച്ച 35,136 വീടുകളിൽ 33,933 വീടുകൾ പൂർത്തിയായി. **ചിത്രം 12.1.7** പിഎംഎവൈ (ജി) പദ്ധതിയുടെ സാമൂഹ്യ വിഭാഗം തിരിച്ചുള്ള ഭൗതിക പുരോഗതി ചിത്രീകരിച്ചിരിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ, പിഎംഎവൈ-ഗ്രാമീൺ പദ്ധതിക്കായി 42.5 കോടി രൂപ അനുവദിച്ചു, അതിൽ കേന്ദ്ര വിഹിതം 25.5 കോടി രൂപയും സംസ്ഥാന വിഹിതം 17 കോടി രൂപയുമാണ്. 2024-25 സാമ്പത്തിക വർഷത്തിൽ, 5.2 കോടി രൂപ അനുവദിച്ചു, അതിൽ കേന്ദ്ര വിഹിതം 3.12 കോടി രൂപയും സംസ്ഥാന വിഹിതം 2.08 കോടി രൂപയുമാണ്. പദ്ധതിയുടെ 2023-24, 2024-25 (2024 ഓഗസ്റ്റ് 31 വരെ) സാമ്പത്തിക വർഷങ്ങളിലെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി യഥാക്രമം **അനുബന്ധം 12.1.7, 12.1.8** എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ചിത്രം: 12.1.7** പി.എം.എ.വൈ(ജി) പദ്ധതിയുടെ ഭൗതിക പുരോഗതി (2024 ഓഗസ്റ്റ് 31 വരെ)




***അവലംബം:*** പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-തദ്ദേശ സ്വയം ഭരണ വകുപ്പ്

**പട്ടിക 12.1.3** 2024 ആഗസ്റ്റ് 31 വരെ അനുമതി ലഭിച്ചതും പൂർത്തീകരിച്ചതുമായ ഭവനങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ

| ക്രമ. നം. | ജില്ല | അനുമതി ലഭിച്ചത് | | | | | പൂർത്തീകരിച്ചത് | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ആകെ അനുമതി ലഭിച്ചത് | എസ്.ടി. | എസ്.സി. | പിന്നാക്ക വിഭാഗം | മറ്റുള്ളവർ | ആകെ പൂർത്തീകരിച്ചത് | എസ്.ടി. | എസ്.സി. | പിന്നാക്ക വിഭാഗം | മറ്റുള്ളവർ |
| 1 | തിരുവനന്തപുരം | 5390 | 129 | 2090 | 1306 | 1865 | 5241 | 122 | 1999 | 1297 | 1823 |
| 2 | കൊല്ലം | 3072 | 27 | 1433 | 596 | 1016 | 2959 | 26 | 1340 | 593 | 1000 |
| 3 | പത്തനംതിട്ട | 1444 | 28 | 743 | 230 | 443 | 1393 | 25 | 702 | 229 | 437 |
| 4 | ആലപ്പുഴ | 1924 | 9 | 769 | 317 | 829 | 1813 | 8 | 688 | 318 | 799 |
| 5 | കോട്ടയം | 1005 | 35 | 296 | 243 | 431 | 946 | 31 | 257 | 237 | 421 |
| 6 | ഇടുക്കി | 1926 | 446 | 601 | 349 | 530 | 1808 | 438 | 533 | 341 | 496 |
| 7 | എറണാകുളം | 1365 | 67 | 497 | 329 | 472 | 1334 | 66 | 473 | 329 | 466 |
| 8 | തൃശ്ശൂർ | 2791 | 17 | 1208 | 544 | 1022 | 2725 | 12 | 1164 | 539 | 1010 |
| 9 | പാലക്കാട് | 4919 | 182 | 1904 | 945 | 1888 | 4780 | 168 | 1822 | 940 | 1850 |
| 10 | കോഴിക്കോട് | 2423 | 36 | 681 | 449 | 1257 | 2313 | 34 | 619 | 437 | 1223 |
| 11 | മലപ്പുറം | 3925 | 84 | 1192 | 1551 | 1098 | 3870 | 82 | 1160 | 1538 | 1090 |
| 12 | വയനാട് | 2305 | 1182 | 235 | 374 | 514 | 2178 | 1105 | 209 | 370 | 494 |
| 13 | കണ്ണൂർ | 1121 | 150 | 142 | 156 | 673 | 1098 | 131 | 141 | 154 | 672 |
| 14 | കാസർഗോഡ് | 1526 | 542 | 168 | 150 | 666 | 1475 | 516 | 155 | 156 | 648 |
| | **ആകെ** | **35136** | **2934** | **11959** | **7539** | **12704** | **33933** | **2764** | **11262** | **7478** | **12429** |

***അവലംബം:*** പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-തദ്ദേശ സ്വയം ഭരണ വകുപ്പ്

പിഎംഎവൈ (ജി) പദ്ധതിയുടെ ജില്ലാതല ഭൗതിക പുരോഗതി **പട്ടിക 12.1.3** ൽ നൽകിയിരിക്കുന്നു.

ഗ്രാമ വികസന മന്ത്രാലയം പിഎംഎവൈ-ജി പദ്ധതി 2024-25 മുതൽ 2028-29 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേക്ക് നീട്ടുകയും, ഓരോ വീടിനും നിലവിലെ 1.2 ലക്ഷം യൂണിറ്റ് സഹായം തുടർന്നും നിലനിർത്തുകയും ചെയ്യുന്നു. ഗുണഭോക്താക്കളെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് (എസ്ഇസിസി) ന്റെയും 2021 മുതൽ ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ അവാസ്+ പട്ടികകളുടെയും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കും.

### പ്രധാനമന്ത്രി ജനജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പിഎംഎവൈ –ജൻമൻ)

പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളുടെ (പിവിടിജികൾ) ക്ഷേമത്തിലെ നിർണായകമായ വിടവ് പരിഹരിക്കുന്നതിനായുള്ള ഒരു പദ്ധതിയാണ് പിഎംഎവൈ -ജൻമൻ. പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാർ അധിവസിക്കുന്ന ജില്ലകൾ കണ്ടെത്തി ഗ്രാമീണ വികസന മന്ത്രാലയം (MoRD) സർവേ നടത്തി. ഇതിന്റെ ഭാഗമായി ആവാസ്+ ആപ്പ് വഴി 2,147 വീടുകളിൽ സർവേ നടത്തുകയും അർഹരായ 1,215 കുടുംബങ്ങൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. പിഎംഎവൈ-ജൻമൻ ഫണ്ടിന്റെ ആദ്യ ഗഡുവായ 3.5 കോടി രൂപ ലഭിച്ചു. ഇതിൽ കേന്ദ്ര വിഹിതം 2.1 കോടി രൂപയും സംസ്ഥാന വിഹിതം 1.4 കോടി രൂപയുമാണ്. ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ യൂണിറ്റ് സഹായവും, എംജിഎൻആർഇജിഎസ് പ്രകാരം കണക്കാക്കിയ അസംഘടിത തൊഴിലാളി വേതനത്തിന് 27,000 രൂപയും, സ്വച്ഛ് ഭാരത് മിഷൻ പ്രകാരം കണക്കാക്കിയ ശൗചാലയ നിർമ്മാണത്തിന് 12,000 രൂപയും ലഭിക്കും.

ലൈഫ് മിഷൻ പ്രകാരം, കേരള സർക്കാർ വിദൂര പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് ചെലവ് 6 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

ഇതിനായുള്ള സാമ്പത്തിക സഹായം വിവിധ സ്രോതസ്സുകളിൽ നിന്നും കണ്ടെത്തേണ്ടതാണ്. അതായത്, ഗ്രാമപഞ്ചായത്തുകൾ 75,000 രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 1,20,000 രൂപയും ജില്ലാ പഞ്ചായത്തുകൾ 1,05,000 രൂപയും എസ്.ടി. വകുപ്പ് 1,00,000 വകയിരുത്തണം.

### പ്രധാനമന്ത്രി ആവാസ് യോജന (അർബൻ)

പ്രധാനമന്ത്രി ആവാസ് യോജന (അർബൻ), ജൂൺ 2015 മുതൽ രാജ്യത്ത് നടപ്പിലാക്കിവരുന്നു. നഗരപ്രദേശങ്ങളിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും എല്ലാ കാലാവസ്ഥയിലും ജീവിക്കുവാൻ അനുയോജ്യമായ വീടുകൾ 2022-ഓടെ നൽകുകയെന്ന ലക്ഷ്യത്തിൽ ആരംഭിച്ച ഒരു ഭവന പദ്ധതിയാണിത്. ഈ പദ്ധതിയുടെ കാലാവധി 2025 ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ട്. പി.എം.എ.വൈ (അർബൻ) പദ്ധതിക്ക് നാല്ല ഘടകങ്ങളാണുള്ളത്.

1. ഭൂമി ഒരു വിഭവമായി കണ്ട് സ്വകാര്യ ഡെവലപ്പർമാരുടെ പങ്കാളിത്തത്തോടെ ചേരി നിവാസികളുടെ ചേരി പുനരധിവാസം.
2. ക്രെഡിറ്റ്-ലിങ്ക്ഡ് സബ്സിഡി വഴി ദുർബല വിഭാഗങ്ങൾക്ക് താങ്ങാനാവുന്ന ഭവനങ്ങൾ പ്രോത്സാഹിപ്പിക്കുക.
3. പൊതു-സ്വകാര്യ മേഖലകളുമായി സഹകരിച്ച് ഭവനനിർമാണം.
4. വ്യക്തിഗത ഭവന നിർമാണത്തിനുള്ള സബ്സിഡി.

ഈ പദ്ധതിയിൽ വീടുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം അപര്യാപ്തമായതിനാൽ, കേരള സർക്കാർ ഈ പദ്ധതി ലൈഫ് മിഷനുമായി സംയോജിപ്പിച്ചു. കുടുംബശ്രീയാണ് ഈ പരിപാടി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന തല നോഡൽ ഏജൻസി. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡമനുസരിച്ച്, ബെനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ (ബിഎൽസി) ഘടകത്തിന് കീഴിലുള്ള ഒരു യൂണിറ്റിന്റെ ചെലവ് 2.5 ലക്ഷം രൂപയാണ്. ഇതിൽ, 1.5 ലക്ഷം രൂപ കേന്ദ്രസർക്കാരിന്റെ വിഹിതമാണ്. ഫണ്ട് മൂന്ന് ഗഡുക്കളായാണ് (40 ശതമാനം, 40 ശതമാനം, 20 ശതമാനം) അനുവദിക്കുന്നത്. ബാക്കി തുക സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളുമാണ് വഹിക്കുന്നത്. വീടുകൾക്ക് മൂന്ന് വർഷത്തേക്ക് 4 ലക്ഷം രൂപയുടെ ഭവന ഇൻഷുറൻസ് പരിരക്ഷ നൽകുന്നുണ്ട്, ഇതിന്റെ പ്രീമിയം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഭവന ഇൻഷുറൻസ് പരിരക്ഷയിൽ 63,449 പി.എം.എ.വൈ (നഗരം) വീടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

അഫോർഡബിൾ ഭവന പദ്ധതി (എഎച്ച്പി) പ്രകാരം, ഒരു പാർപ്പിട യൂണിറ്റിന്റെ ശരാശരി ചെലവ് 10.50 ലക്ഷം രൂപയാണ്. ഈ ഘടകത്തിന്റെ കേന്ദ്ര വിഹിതം 1.5 ലക്ഷം രൂപയും സംസ്ഥാന വിഹിതം 6.50 ലക്ഷം രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം 2.50 ലക്ഷം രൂപയുമാണ്. ഈ പദ്ധതിയുടെ ഘടകങ്ങളിലെല്ലാം ഗുണഭോക്താക്കൾക്കുള്ള സഹായത്തിന്റെ പ്രധാന പങ്കം സംസ്ഥാനമാണ് വഹിക്കുന്നതെന്നത് ശ്രദ്ധേയമാണ്.

2023-24 സാമ്പത്തിക വർഷത്തിൽ, പി.എം.എ.വൈ (നഗരം) പദ്ധതിക്ക് 416 കോടി രൂപയാണ് വകയിരുത്തിയത്, അതിൽ 312 കോടി രൂപ കേന്ദ്രവിഹിതവും 104 കോടി രൂപ സംസ്ഥാന വിഹിതവുമായിരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ, ആകെ വിഹിതം 532 കോടി രൂപയായി ഉയർത്തി, ഇതിൽ കേന്ദ്രവിഹിതം 399 കോടി രൂപയും സംസ്ഥാന വിഹിതം 133 കോടി രൂപയും ആയിരുന്നു. 2022-23 സാമ്പത്തിക വർഷം മുതൽ 2024 ഓഗസ്റ്റ് 31 വരെ, കേന്ദ്ര വിഹിതമായി 463.3 കോടി രൂപയും പദ്ധതിക്ക് കീഴിലുള്ള എല്ലാ ഘടകങ്ങൾക്കും സംസ്ഥാന വിഹിതമായി 118.89 കോടി രൂപയും റിലീസുചെയ്തിട്ടുണ്ട്. 2019-20 മുതൽ 2024-25 (ഓഗസ്റ്റ് 31, 20204) വരെ പി.എം.എ.വൈ (നഗരം) പദ്ധതിയുടെ സാമ്പത്തിക പുരോഗതി **അനുബന്ധം 12.1.9** ൽ നൽകിയിരിക്കുന്നു.

ഗുണഭോക്താവിന്റെ നേതൃത്വത്തിൽ ഭവന നിർമാണമെന്ന പ്രധാന ഘടകത്തിൽ, കേന്ദ്ര സർക്കാരിന്റെ ഹൗസിങ്ങ് ആൻഡ് അർബൻ അഫയേഴ്സ് മന്ത്രാലയം, മൊത്തം 1,32,327 വീടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ, 3,136 പാർപ്പിട യൂണിറ്റുകളുടെ നിർമാണം മൂന്ന് വികസന അതോറിറ്റികളുടെ അധികാരപരിധിയിൽ ഉൾപ്പെടുന്നു: വിശാലകൊച്ചി വികസന അതോറിറ്റി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി, തിരുവനന്തപുരം വികസന അതോറിറ്റി. അനുവദിച്ച ആകെ ഭവന യൂണിറ്റുകളിൽ 2024 നവംബർ 8 വരെ 86,299 വീടുകളുടെ നിർമ്മാണം പൂർത്തിയായി. 2024 നവംബർ 8 വരെ പൂർത്തിയായ വീടുകളിൽ 8,370 വീടുകൾ പട്ടികജാതി (എസ്‌സി) ഗുണഭോക്താക്കൾക്കും 260 വീടുകൾ പട്ടികവർഗ (എസ്ടി) ഗുണഭോക്താക്കൾക്കുമുള്ളതാണ്.

അഫോർഡബൾ ഭവന പദ്ധതി (എ.എച്ച്പി) എന്ന ഘടകത്തിന് കീഴിൽ, 970 പാർപ്പിട യൂണിറ്റുകൾ ഉൾപ്പെടുന്ന ഭവന സമുച്ചയങ്ങളുടെ നിർമാണത്തിനു 14.5 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. ലൈഫ് മിഷന്റെ ചട്ടക്കൂടിനുള്ളിലാണ് ഈ പരിപാടി പ്രവർത്തിക്കുന്നത്. കൂടാതെ എല്ലാ അവശ്യ സൗകര്യങ്ങളോടും കൂടിയ ഭവന സമുച്ചയങ്ങൾ വികസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നുള്ള വർധിച്ച സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കും. ഈ വിഭാഗത്തിൽ, 936 വീടുകളുടെ നിർമാണം ആരംഭിച്ചു, അവയിൽ 530 ഭവനയൂണിറ്റുകൾ പൂർത്തീകരിച്ചു.

'ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം' (സിഎൽ എസ്എസ്) എന്ന ഘടകത്തിനു കീഴിൽ, അർഹരായ നഗര ദരിദ്രർക്ക് ഭൂമി ഏറ്റെടുക്കുന്നതിനോ വീട് വയ്ക്കുന്നതിനോ ഉള്ള വായ്പക്ക് പലിശ സബ്സിഡി നൽകുന്നു. 2024 ആഗസ്റ്റ് 31 വരെ 32,651 ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുകയും എല്ലാ വീടുകളും പൂർത്തീകരിക്കുകയും ചെയ്തു. നഗരത്തിലെ ദരിദ്രരായവരുടെ ഭവന ആവശ്യങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ടുള്ള ഈ ഘടകം മാർച്ച് 31, 2021 മുതൽ കേന്ദ്രസർക്കാർ നിർത്തലാക്കി.

പിഎംഎവൈ (നഗരം) പദ്ധതിയുടെ ഗുണഭോക്തൃ നേതൃത്വത്തിലുള്ള നിർമ്മാണ ഘടകത്തിന്റെ 2024 നവംബർ 8 വരെയുള്ള നഗര തദ്ദേശ ഭരണ സ്ഥാപനം തിരിച്ചുള്ള പുരോഗതി **അനുബന്ധം 12.1.10**-ലും ഗുണഭോക്തൃനേതൃത്വത്തിലുള്ള നിർമ്മാണഘടകത്തിന്റെ അനുമതി ലഭിച്ചതും പൂർത്തിയാക്കിയതുമായ ഭവനങ്ങളുടെ വർഷം തിരിച്ചുള്ള പുരോഗതി (2024 നവംബർ 8 വരെ) **അനുബന്ധം 12.1.11**-ലും നൽകിയിരിക്കുന്നു. 2024 ഓഗസ്റ്റ് 31 വരെയുള്ള അഫോഡബിൾ ഭവന ഘടകത്തിന്റെ ഭൗതിക പുരോഗതി **അനുബന്ധം 12.1.12**-ൽ നൽകിയിരിക്കുന്നു.

ഭവനപദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഉപജീവനമാർഗം ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികളുമായി ഈ പദ്ധതിയെ സംയോജിപ്പിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം), അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (എ.യു.ഇ.ജി.എസ്) എന്നിവയുമായി സംയോജിപ്പിച്ച് ഭവനപദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ഉപജീവന പിന്തുണ നൽകുന്നു. നൈപുണ്യ നവീകരണത്തിലൂടെയും സ്വയം തൊഴിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതിലൂടെയും നഗര ഭവനരഹിതരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ വ്യവസ്ഥകൾ ഉപയോഗിക്കാം. സംസ്ഥാന സർക്കാരിന്റെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി (എ.യു.ഇ.ജി.എസ്) സംയോജിപ്പിച്ച്, പിഎംഎവൈ (നഗരം) ഗുണഭോക്താക്കൾക്ക് 90 തൊഴിൽ ദിനങ്ങൾ നൽകിയതിലൂടെ ഒരു ഗുണഭോക്താവിന് 29,970 രൂപ അധികമായി നൽകാൻ കഴിഞ്ഞു. പി.എം.എ.വൈ (നഗരം) ഗുണഭോക്തൃ കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനുള്ള ലേബർ കാർഡുകൾ നൽകുകയും 2024 ആഗസ്റ്റ് 31 വരെ 40,73,461 തൊഴിൽ ദിനങ്ങൾ നൽകുകയും ചെയ്തു. അതിലൂടെ 82.85 കോടിരൂപയുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്.

2024 ലെ കേന്ദ്രബജറ്റിൽ, നഗരങ്ങളിലെ ദരിദ്രർക്കും ഇടത്തരക്കാർക്കും താങ്ങാനാവുന്ന വിലയിൽ ഒരു കോടി വീടുകൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രധാനമന്ത്രി ആവാസ് യോജന-അർബൻ (പി.എം.എ.വൈ) 2.0 ആരംഭിച്ചു. 2024 സെപ്റ്റംബർ 1 മുതൽ അഞ്ച് വർഷത്തേക്ക്, താങ്ങാനാവുന്ന വിലയിൽ ഒരു വീട് നിർമ്മിക്കുക (അഫോർഡബിൾ ഹൗസ്), വാങ്ങുക അല്ലെങ്കിൽ വാടകയ്ക്ക് എടുക്കുക എന്നിവ ലക്ഷ്യമിട്ടാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്. ഭൂമിയുള്ള കുടുംബങ്ങൾക്ക് ഗുണഭോക്തൃ നേതൃത്വത്തിലുള്ള നിർമ്മാണം, പൊതു-സ്വകാര്യ സഹകരണത്തോടെയുള്ള അഫോർഡബൾ ഭവനം, നഗര കുടിയേറ്റക്കാർക്ക് താങ്ങാനാവുന്ന വാടക വീടുകൾ, 25 ലക്ഷം രൂപ വരെയുള്ള ഭവന വായ്പകൾക്ക് 4 ശതമാനം സബ്സിഡി നൽകുന്ന പലിശ സബ്സിഡി പദ്ധതി എന്നിങ്ങനെ നാല് പ്രാഥമിക ഘടകങ്ങൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. പി.എം.എ.വൈ-നഗരം 2.0 പ്രകാരം, ബി.എൽ.സി ഘടകത്തിന്റെ കേന്ദ്രസഹായം ഒരു വീടിനു 1.50 ലക്ഷം രൂപ ആയിരിക്കും, കുറഞ്ഞത് 1.00 ലക്ഷം രൂപയാണ് സംസ്ഥാനവിഹിതം, സംസ്ഥാനങ്ങളുടെയും യൂണിയൻ ടെറിറ്ററികളുടെയും വിഹിതം നിർബന്ധമാണ്. പദ്ധതിയുടെ ഫണ്ടിംഗ് അനുപാതം 75:25 ൽ നിന്ന് 60:40 ആയി പരിഷ്കരിച്ചിട്ടുണ്ട്.

**ശുചിത്വവും മാലിന്യ നിർമാർജ്ജനവും**

നഗരവൽക്കരണത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയോടെ, ശുചിത്വവും മാലിന്യ സംസ്കരണവും കേരളത്തിന് നിർണ്ണായക വെല്ലുവിളികളായി ഉയർന്നുവന്നിട്ടുണ്ട്. മാലിന്യം സംസ്കരിച്ച് പുനരുപയോഗം ചെയ്യാനോ ഡിസ്പോസ് ചെയ്യാനോ ഉള്ള ഫലപ്രദമായ സംവിധാനങ്ങളുടെ അഭാവം പരിസ്ഥിതിയെ മലിനമാക്കുകയും പലതരം രോഗങ്ങൾക്കുള്ള സാധ്യത വർധിപ്പിക്കുകയും ചെയ്യും. സംസ്ഥാനത്തിന്റെ വികസന സാധ്യതകളിൽ മാലിന്യസംസ്കരണത്തിന്റെ സ്വാധീനം തിരിച്ചറിഞ്ഞുകൊണ്ട്, സംസ്ഥാനത്തെ മാലിന്യ സംസ്കരണ പ്രശ്നങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കാൻ കേരള സർക്കാർ ഉറച്ച തീരുമാനമെടുത്തിട്ടുണ്ട്. ഇത്

പരിഹരിക്കുന്നതിന് സംസ്ഥാനത്തും പ്രദേശിക തലങ്ങളിലും നിരവധി തന്ത്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാനമൊട്ടാകെയുള്ള പ്രചാരണങ്ങൾക്കും പരിപാടികൾക്കും പുറമെ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലും മാലിന്യസംസ്കരണം ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാനാവിഷ്കത പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. ഖര, ദ്രവ മാലിന്യ സംസ്കരണ നയങ്ങളും പദ്ധതികളും രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും സംസ്ഥാന സർക്കാരിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സാങ്കേതിക പിന്തുണ നൽകുന്നതിലും നിർവഹണ തന്ത്രങ്ങൾ വികസിപ്പിക്കുന്നതിലും ശുചിത്വ മിഷൻ നിർണായക പങ്ക് വഹിക്കുന്നു.

കേരളത്തിൽ പ്രതിദിനം 10,504 ടൺ ഖരമാലിന്യം ഉത്പാദിപ്പിക്കുന്നുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു, അതിൽ 7,930 ടൺ ജൈവമാലിന്യവും 2,568 ടൺ അജൈവമാലിന്യവുമാണ്. അതായത് ഏകദേശം 75 ശതമാനം ജൈവ മാലിന്യവും 24 ശതമാനം അജൈവ മാലിന്യവും. ജൈവമാലിന്യങ്ങൾ, വിവിധ കമ്പോസ്റ്റിംഗ് ഉപകരണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിലും ഗാർഹിക, സ്ഥാപന, സാമൂഹിക തലങ്ങളിൽ - ചെറുതും ഇടത്തരവും വലുതുമായ - ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനും കേരളം ഒരു വികേന്ദ്രീകൃത സമീപനം സ്വീകരിച്ചിട്ടുണ്ട്. നിലവിൽ, സംസ്ഥാനത്തെ ജൈവമാലിന്യത്തിന്റെ 69 ശതമാനവും ഈ രീതികളിലൂടെയാണ് സംസ്കരിക്കുന്നത്.

"എന്റെ മാലിന്യം, എന്റെ ഉത്തരവാദിത്തം" എന്ന തത്വത്തിന് കീഴിൽ ഉറവിട തല സംസ്കരണത്തിന് മുൻഗണന നൽകുന്നതാണ് ജൈവമാലിന്യ സംസ്കരണത്തിനുള്ള സംസ്ഥാന നയം. കേരളത്തിൽ, ജൈവമാലിന്യത്തിലേറെയും വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തല കേന്ദ്രങ്ങളിലുമാണ് സംസ്കരിക്കുന്നത്. ഈ സമീപനം കമ്പോസ്റ്റിംഗ് ഉപകരണങ്ങളും ബയോഗ്യാസ് പ്ലാന്റുകളും ഉപയോഗിച്ച് ജൈവമാലിന്യങ്ങൾ അതിന്റെ ഉറവിടത്തിൽത്തന്നെ കൈകാര്യം ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നു, അങ്ങനെ കേന്ദ്രീകൃത മാലിന്യ സംവിധാനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നു. ഗാർഹിക തലത്തിൽ മാലിന്യസംസ്കരണ ശേഷി അപര്യാപ്തമാണെങ്കിൽ, സാമൂഹ്യ അധിഷ്ഠിത സൗകര്യങ്ങൾ മിച്ചമുള്ള മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നു. ഇതു ഗതാഗത ആവശ്യങ്ങളെയും ലാൻഡ്ഫിൽ മാലിന്യങ്ങളെയും കുറയ്ക്കുകയും, കമ്പോസ്റ്റ്, ബയോഗ്യാസ് തുടങ്ങിയ പുനരുപയോഗിക്കാവുന്ന വിഭവങ്ങളുടെ ഉൽപാദനത്തെ പിന്തുണയ്ക്കുകയും ചെയ്തു കൊണ്ട് ഒരു സുസ്ഥിര സംവിധാനം വളർത്തുന്നതിനു സഹായിക്കുന്നു. 2023-24 കാലയളവിൽ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഖരമാലിന്യ സംസ്കരണ സൗകര്യങ്ങളുടെ എണ്ണം **പട്ടിക 12.1.4** സൂചിപ്പിക്കുന്നു.

**പട്ടിക 12.1.4** 2023-24 കാലയളവിൽ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തനക്ഷമമായ ഖരമാലിന്യ സംസ്കരണ സൗകര്യങ്ങൾ (യൂണിറ്റുകളുടെ എണ്ണം)

| സൗകര്യങ്ങൾ | കമ്പോസ്റ്റിങ്ങ് | വെർമി കമ്പോസ്റ്റിങ്ങ് | ബയോഗ്യാസ് |
|---|---|---|---|
| കേന്ദ്രീകൃത പ്ലാന്റുകൾ | 29 | ലഭ്യമല്ല | ലഭ്യമല്ല |
| കമ്മ്യൂണിറ്റിതല പ്ലാന്റുകൾ | 594 | 10 | 95 |
| സ്ഥാപനതല പ്ലാന്റുകൾ | 7181 | ലഭ്യമല്ല | 713 |
| ഗാർഹികതല പ്ലാന്റുകൾ | 6,48,783 | ലഭ്യമല്ല | 34,326 |

***അവലംബം:*** വാർഷിക റിപ്പോർട്ട് 2023-24, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ഹരിത കർമ്മസേന യൂണിറ്റുകളും മറ്റ് മാലിന്യ ശേഖരണ ഏജൻസികളും വീടുകളിൽനിന്നും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നു. 1034 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 37,000-ത്തിലധികം ഹരിത കർമ്മസേന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വീടുകളിൽ നിന്നും മറ്റ് ഉറവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന ജൈവമാലിന്യങ്ങൾ താൽക്കാലികമായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലും (എംസിഎഫ്) സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന മിനി എംസിഎഫുകളിലും സൂക്ഷിക്കുന്നു. പുനരുപയോഗിക്കാവുന്ന മാലിന്യങ്ങൾ പുനരുപയോഗ യൂണിറ്റുകളിലേക്ക് അയയ്ക്കുന്നു, അതേസമയം പുനരുപയോഗിക്കാനാവാത്ത മാലിന്യങ്ങൾ ഊർജ്ജ വീണ്ടെടുക്കലിനായി സിമന്റ് പ്ലാന്റുകൾ പോലുള്ള സംസ്കരണ സൗകര്യങ്ങളിലേക്ക് അയയ്ക്കുന്നു. 2023 ജനുവരി മുതൽ ഡിസംബർ വരെ സിമന്റ് പ്ലാന്റുകളിലേക്ക് മാറ്റിയ പുനരുപയോഗിക്കാനാവാത്ത മാലിന്യത്തിന്റെ അളവ് **പട്ടിക 12.1.5** ൽ നൽകിയിരിക്കുന്നു. ഉത്പാദിപ്പിക്കപ്പെടുന്ന മൊത്തം മാലിന്യത്തിൽ നിന്ന് ജൈവമാലിന്യവും അജൈവമാലിന്യവും വേർതിരിച്ച ശേഷം, ശേഷിക്കുന്ന ഭാഗമായ നിഷ്ക്രിയ മാലിന്യം താഴ്ന്ന പ്രദേശങ്ങൾ നികത്താൻ ഉപയോഗിക്കുന്നു, ഇങ്ങനെ പരിസ്ഥിതി സൗഹൃദമായ ഒരു സംസ്കരണ രീതി വാഗ്ദാനം ചെയ്യുന്നു.

**പട്ടിക 12.1.5** 2023 ജനുവരി മുതൽ ഡിസംബർ വരെ സിമന്റ് പ്ലാന്റുകളിലേക്ക് മാറ്റിയ പുനരുപയോഗിക്കാനാവാത്ത മാലിന്യത്തിന്റെ അളവ്

| | | |
|---|---|---|
| **പുനരുപയോഗിക്കാനാവാത്ത മാലിന്യത്തിന്റെ അളവ്** | സർക്കാർമേഖല | 29,826 ടൺ |
| | സ്വകാര്യ മേഖല | 18,205 ടൺ |
| | **ആകെ** | **48,031 ടൺ** |

***അവലംബം:*** നാഷണൽ ഹരിത ട്രൈബ്യൂണലിൽ സമർപ്പിച്ച റിപ്പോർട്ട്

ഹരിതകേരളം, ശുചിത്വമിഷൻ എന്നിവയുടെ പിന്തുണയോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന മാലിന്യമുക്ത നവകേരളം ക്യാമ്പയിനിലൂടെ രാജ്യത്തെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമായി കേരളത്തെ മാറ്റാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്.

സുസ്ഥിരമാലിന്യ സംസ്കരണവും പുനരുപയോഗവും, പരിസ്ഥിതി സൗഹൃദ ബദലുകൾ, അനുചിതമായ മാലിന്യ നിർമാർജനത്തിനെതിരെ നിയമ നടപടികൾ നടപ്പിലാക്കുക, സമൂഹത്തിന്റെ എല്ലാ തലങ്ങളിലും മികച്ച സമ്പ്രദായങ്ങൾ വളർത്തുക എന്നിവയെല്ലാമാണ് ക്യാമ്പയിൻ പ്രോത്സാഹിപ്പിക്കുന്നത്. ഹരിത കർമ്മസേനയുടെ വീടുതോറുമുള്ള അജൈവമാലിന്യ ശേഖരണത്തിനായി ഉൾപ്പെടുത്തിയ മൊത്തം വീടുകളുടെ എണ്ണം 2024 സെപ്റ്റംബറോടെ 66,81,613 ആയി ഉയർന്നതോടെ മാലിന്യ മുക്തം ക്യാമ്പയിനിന്റെ വേഗത ഗണ്യമായി വർധിച്ചിരിക്കുന്നു. ഇതിൽ ഗ്രാമപഞ്ചായത്തുകളിലെ 54,13,414 വീടുകളും, മുനിസിപ്പാലിറ്റികളിലെ 8,27,720 വീടുകളും, മുനിസിപ്പൽ കോർപ്പറേഷനുകളിലെ 4,40,479 വീടുകളും ഉൾപ്പെടുന്നു. അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിനു കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംസ്ഥാനം അടിസ്ഥാന സൗകര്യങ്ങളിൽ ഗണ്യമായ നിക്ഷേപം നടത്തിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഓരോ വാർഡിലും ചുരുങ്ങിയതു ഒരു എംസിഎഫും ഓരോ മുനിസിപ്പാലിറ്റിയിലും ബ്ലോക്കിലും ഒരു ആർആർഎഫും ഉണ്ടായിരിക്കണമെന്നു വിഭാവനം ചെയ്തിട്ടുണ്ട്. 2024 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച്, സംസ്ഥാനത്തുടനീളം 1,233 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും 19,112 മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി യൂണിറ്റുകളും 197 റിസോഴ്സ് റിക്കവറി ഫെസിലിറ്റി യൂണിറ്റുകളുമുണ്ട്. ഹരിത കർമ്മസേന, എംസിഎഫുകൾ, മിനി എംസിഎഫുകൾ, ആർആർഎഫുകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള 2024 ഓഗസ്റ്റ് 31 ലെ കണക്കുകൾ യഥാക്രമം **അനുബന്ധം 12.1.13, 12.1.14** എന്നിവയിൽ നൽകിയിരിക്കുന്നു. ശുചിത്വ മിഷന്റെ കണക്കുകൾ പ്രകാരം, കേരളത്തിലുടനീളമുള്ള 1,063 എംസിഎഫുകളിൽ ടോയ്‌ലറ്റ്, വാഷ്റൂം സൗകര്യങ്ങൾ ലഭ്യമാണ്. എംസിഎഫുകളിലെ സൗകര്യങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 12.1.15** ൽ നൽകിയിരിക്കുന്നു.

പുനരുപയോഗിക്കാനാവാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ എംസിഎഫ്/ആർആർഎഫുകളിൽ ചെറുകഷ്ണങ്ങളാക്കി ടാറുമായി കലർത്തുന്നു. 2016 -2023 കാലയളവിൽ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് (സികെസിഎൽ) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻഎച്ച്എഐ), പിഡബ്ല്യുഡി, എൽഎസ്ജികൾ തുടങ്ങിയ വിവിധ ഏജൻസികൾക്ക് 3466.2 ടൺ പൊടിച്ച പ്ലാസ്റ്റിക് വിതരണം ചെയ്തു. സികെസിഎല്ലിന്റെ കണക്കനുസരിച്ച്, ഈ കാലയളവിൽ ചെറുകഷ്ണങ്ങളാക്കിയ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ച പോളിമറൈസ്ഡ് റോഡിന്റെ ആകെ നീളം 6042.4 കിലോമീറ്ററാണ്. 2023-24 കാലയളവിൽ മാത്രം, സികെസിഎൽ 200.6 മെട്രിക് ടൺ പൊടിച്ച പ്ലാസ്റ്റിക് വിതരണം ചെയ്തു, 2024-25 ൽ (സെപ്റ്റംബർ 31, 2024 വരെ) 151.6 മെട്രിക് ടൺ വിതരണം ചെയ്തു. വിശദാംശങ്ങൾ **പട്ടിക 12.1.6** ൽ കാണിച്ചിരിക്കുന്നു.

ഇ-മാലിന്യം വലിയ അളവിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യമാണെങ്കിലും സംസ്ഥാനത്ത് ഇതിന്റെ ഉൽപ്പാദനം സംബന്ധിച്ച് കൃത്യമായ കണക്കുകളില്ല. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ വാർഷിക റിപ്പോർട്ടുകൾ പ്രകാരം 2019-20 മുതൽ 2023-24 വരെ സംസ്ഥാനത്ത് ശേഖരിച്ച ഇ-മാലിന്യത്തിന്റെ അളവ് **പട്ടിക 12.1.7** ൽ കാണിച്ചിരിക്കുന്നു.

**ശുചിത്വകേരളം (ഗ്രാമവും നഗരവും)**

സംസ്ഥാന സർക്കാർ ധനസഹായത്തോടെ ശുചിത്വ മിഷൻ നടത്തുന്ന ശുചിത്വ കേരളം (ഗ്രാമീണ, നഗര) പദ്ധതികൾക്കാണ് പ്രാഥമികമായും നഗര, ഗ്രാമപ്രദേശങ്ങളിലെ മാലിന്യ സംസ്കരണത്തിനുള്ള ചുമതല. ഇതിലൂടെ സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള മാലിന്യ സംസ്കരണ സംരംഭങ്ങൾക്കും മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കും ഭാഗികമായി ധനസഹായം നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്, നാഷണൽ ഹെൽത്ത് മിഷൻ, ഹരിതകേരളം മിഷൻ എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്.

ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും ശാസ്ത്രീയമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള അവബോധം വളർത്തുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിനു ശുചിത്വ കേരളം (ഗ്രാമീണ, നഗര) പദ്ധതികളിലൂടെ കഴിയുന്നു. കൂടാതെ വീടുകളുടെയും സ്ഥാപനങ്ങളുടെയും മാലിന്യ സംസ്കരണ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഗാർഹിക, സ്ഥാപന, കമ്യൂണിറ്റി തലങ്ങളിൽ ചെറുകിട, ഇടത്തരം, വൻകിട ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാനും ഈ പദ്ധതി വഴി കഴിയും.

ശുചിത്വ കേരളം (നഗരം) പദ്ധതി പ്രകാരം, 2023-24 കാലയളവിൽ ദ്രവ മാലിന്യ സംസ്കരണം; ഇൻഫർമേഷൻ, എജ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ (ഐ.ഇ.സി) പ്രവർത്തനങ്ങൾ; 'ടേക്ക് എ ബ്രേക്ക്' ടോയ്‌ലറ്റുകൾ; മഴക്കാലപൂർവ ശുചീകരണം, പൊതു ടോയ്‌ലറ്റുകൾ; സെപ്റ്റിക് ടാങ്കുകൾ; സാനിറ്ററി നാപ്കിൻ ഡിസ്ട്രോയറുകൾ; ഉറവിടതല മാലിന്യ സംസ്കരണം എന്നിവയുൾപ്പെടെ വിവിധ ഘടകങ്ങളിലായി ആകെ 612 ലക്ഷം രൂപ ചെലവഴിച്ചു. മൊത്തം ചെലവിന്റെ 58 ശതമാനത്തിലധികം ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾക്കാണ് അനുവദിച്ചത്. ശുചിത്വ കേരളം (ഗ്രാമീണ) പദ്ധതിക്ക്, ഇതേ കാലയളവിൽ 110.4 ലക്ഷം രൂപ ചെലവഴിച്ചു. ഐ.ഇ.സി പ്രവർത്തനങ്ങൾക്കാണ് ഏറിയകൂറും ചെലവാക്കിയിട്ടുള്ളത്. ദ്രവ മാലിന്യ സംസ്കരണം, മഴക്കാലപൂർവ ശുചീകരണം, സ്കൂൾ ടോയ്‌ലറ്റുകൾ, പൊതു മാലിന്യ സംസ്കരണം, 'ടേക്ക് എ ബ്രേക്ക്' സൗകര്യങ്ങൾ, ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കൽ എന്നിവയാണ് മറ്റ് പ്രധാന ഘടകങ്ങൾ. 2023-24-ൽ, ശുചിത്വ കേരളം (ഗ്രാമം) പദ്ധതിയിൽനിന്നും തിരുവനന്തപുരത്തെ കരിംകുളം, ഇടുക്കിയിലെ അടിമാലി, കണ്ണൂർ ജില്ലയിലെ പായം എന്നീ മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ ഒരു ബയോ-ഡൈജസ്റ്ററും രണ്ട് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും (എസ്ടിപി) അടങ്ങുന്ന മൂന്ന് ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ ആരംഭിച്ചു.

**പട്ടിക 12.1.6** 2016-2023 കാലയളവിൽ റോഡ് നിർമ്മാണത്തിനുപയോഗിച്ച പ്ലാസ്റ്റിക് മാലിന്യത്തിന്റെ വിശദാംശങ്ങൾ

| Year | നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ/മറ്റുള്ളവർ | പൊതു മരാമത്തു വകുപ്പ് | തദ്ദേശഭരണ സ്ഥാപനങ്ങൾ | ആകെ | നിർമ്മിച്ച റോഡിന്റെ ആകെ നീളം |
|---|---|---|---|---|---|
| | (മെട്രിക്ക് ടൺ) | (മെട്രിക്ക് ടൺ) | (മെട്രിക്ക് ടൺ) | (മെട്രിക്ക് ടൺ) | (കിലോമീറ്റർ) |
| 2016-2017 | 0.0 | 5.1 | 18.7 | 23.8 | 51.9 |
| 2017-2018 | 0.0 | 52.4 | 122.4 | 174.8 | 358.3 |
| 2018-2019 | 0.0 | 136.1 | 143.9 | 279.9 | 495.7 |
| 2019-2020 | 5.0 | 303.9 | 305.9 | 614.9 | 1073.7 |
| 2020-2021 | 6.1 | 379.8 | 529.8 | 915.7 | 1710.4 |
| 2021-2022 | 2.5 | 370.7 | 361.6 | 734.8 | 1277.1 |
| 2022-2023 | 0.2 | 273.7 | 96.2 | 370.1 | 514.3 |
| 2023-2024 | 0.0 | 107.9 | 92.6 | 200.6 | 339.5 |
| 2024-2025 (സെപ്റ്റംബർ 30, 2024) | | 105.2 | 46.4 | 151.6 | 221.2 |
| **ആകെ** | **13.9** | **1734.8** | **1717.5** | **3466.2** | **6042.4** |

***അവലംബം:*** ക്ലീൻ കേരള കമ്പിനി ലിമിറ്റഡ്

**പട്ടിക 12.1.7** സംസ്ഥാനത്ത് 2019-20 മുതൽ 2023-24 വരെ ശേഖരിച്ച ഇ-മാലിന്യത്തിന്റെ അളവ്

| വർഷം | ഇനം തിരിച്ച ഇ–മാലിന്യം ശേഖരിച്ചത് | | | ശേഖരിച്ച ഇ–മാലിന്യം ആകെ (ടൺ) |
|---|---|---|---|---|
| | ഇൻഫർമേഷൻ ടെക്നോളജി, ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ (ടൺ) | ഉപഭോക്തൃ ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഇനങ്ങൾ (ടൺ) | മറ്റ് ഇനങ്ങൾ (ടൺ) | |
| 2019-20 | 108.4 | 82.2 | 1098.6 | 1289.2 |
| 2020-21 | 27.7 | 88.3 | 1378.1 | 1494.0 |
| 2021-22 | 55.6 | 18.0 | 1175.9 | 1249.6 |
| 2022-23 | 1465.3 | | - | 1465.3 |
| 2023-24 | 6023.54 | | - | 5251.385 |

***അവലംബം:*** വാർഷിക റിപ്പോർട്ട്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

കൂടാതെ, 14 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന റിംഗ് കമ്പോസ്റ്റ് സിസ്റ്റങ്ങൾ, ബയോ-ഡൈജസ്റ്ററുകൾ, ബയോ-ബിന്നുകൾ തുടങ്ങിയ 2,459 ജൈവമാലിന്യ സംസ്കരണ പദ്ധതികൾക്കായി 33.3 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ, സ്കൂൾ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനായി 14 ഗ്രാമപഞ്ചായത്തുകൾക്ക് 40.4 ലക്ഷം രൂപ അനുവദിച്ചു.

### സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ)

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാംഘട്ടം ഗ്രാമീണ ഇന്ത്യയിലെ ശുചിത്വവും വൃത്തിയും മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ നേട്ടങ്ങളെ അടിസ്ഥാനമാക്കിയാണ് 2020-21-ൽ രണ്ടാംഘട്ടം ആരംഭിച്ചത്. വെളിയിട വിസർജന മുക്തമായ (ഒഡിഎഫ്) നില നിലനിർത്തുന്നതിനും ഖര, ദ്രവ മാലിന്യ സംസ്കരണം മെച്ചപ്പെടുത്തുന്നതിലും പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എസ്ബിഎം ഗ്രാമീൺ ഡാഷ്ബോർഡ് പ്രകാരം 2024 നവംബർ 11 വരെ സംസ്ഥാനം സ്വച്ഛ് ഭാരത് മിഷന്റെ (ഗ്രാമീൺ) ഭാഗമായി, ആകെ 2,50,739 വ്യക്തിഗത ഗാർഹിക കക്കൂസുകൾ (ഐഎച്ച്എച്ച്എൽ) നിർമ്മിച്ചു.

സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ എസ്.ബി.എം (ജി) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ (ബി.പി.എൽ), അർഹരായ എ.പി.എൽ കുടുംബങ്ങൾ എന്നിവർക്ക് ഒരു വ്യക്തിഗത ടോയിലറ്റ് (ഐ.എച്ച്.എച്ച്.എൽ) നിർമിക്കുന്നതിനും ശുചീകരണത്തിനും ടോയിലറ്റ് വൃത്തിയാക്കുന്നതിനുമുള്ള ജലലഭ്യതയും ജലസംഭരണ സംവിധാനവും ഉൾപ്പെടെയുള്ളവ നിർമിക്കുന്നതിന് 70 ശതമാനം തുക എസ്.ബി.എം ഗ്രാമീൺ വഴിയും 30 ശതമാനം തുക കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റും ചേർത്ത 12,000 രൂപ വരെയാണ് പ്രോത്സാഹന ധനസഹായമായി നൽകുന്നത്. ഇതിൽ കേന്ദ്ര വിഹിതമായി 7,200 രൂപയും (60 ശതമാനം) സംസ്ഥാന വിഹിതമായി 4,800 രൂപയും (40 ശതമാനം) സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ പദ്ധതിയിലൂടെ പ്രോത്സാഹന ധനസഹായമായി ശുചിത്വ മിഷൻ നൽകുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംഭാവനയായ 3,400 രൂപ കൂടി ചേരുമ്പോൾ ഒരു യൂണിറ്റിന് മൊത്തം 15,400 രൂപ ലഭിക്കും.

ശുചിത്വ നിലവാരം ഉയർത്തുന്നതിന് ഓരോ ഗ്രാമത്തിലും കുറഞ്ഞത് ഒരു കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ്

ഉണ്ടായിരിക്കണമെന്ന് എസ്.ബി.എം (ഗ്രാമീൺ) പ്രകാരം വിഭാവനം ചെയ്തിട്ടുണ്ട്. കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സിന്റെ യൂണിറ്റ് ചെലവ് 3 ലക്ഷം രൂപയാണ്. എസ്ബിഎം ഗ്രാമീൺ ഡാഷ്ബോർഡിൽ നിന്നുള്ള കണക്കുകൾ പ്രകാരം, 2024 നവംബർ 11 വരെ സംസ്ഥാനത്താകെ 1,550 കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകൾ നിർമ്മിച്ചു.

കേന്ദ്രസർക്കാരിന്റെ കുടിവെള്ള, ശുചിത്വ വകുപ്പ് നിശ്ചയിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഒ. ഡി. എഫ് പ്ലസ് പദവി ലഭിക്കാനാണ് ഗ്രാമപഞ്ചായത്തുകൾ ഇപ്പോൾ ശ്രമിക്കുന്നത്. ഒ. ഡി. എഫ് പ്ലസിനായുള്ള വ്യവസ്ഥകളിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു: എല്ലാവർക്കും ശൗചാലയങ്ങൾ ലഭ്യമാകണം, ശൗചാലയങ്ങളുടെ ശരിയായ ഉപയോഗം, ഖര ദ്രവ മാലിന്യങ്ങളുടെ ശാസ്ത്രീയമായ പരിപാലനം, പൊതു ശുചിത്വ സൗകര്യങ്ങൾ മുതലായവ. ദ്രവമാലിന്യം കാര്യക്ഷമമായി സംസ്കരിച്ചാൽ മാത്രമേ ഗ്രാമപഞ്ചായത്തുകൾക്ക് ഒഡിഎഫ് പ്ലസ് പദവി കൈവരിക്കാൻ കഴിയൂ. 2024 നവംബർ 11-ലെ കണക്കനുസരിച്ച്, 1,433 എസ്.ബി.എം വില്ലേജുകളും 1,381 വില്ലേജുകളും ഒഡിഎഫ് പ്ലസ് നിലയിലാണ്, 1,368 എണ്ണം മോഡൽ വിഭാഗത്തിലും. സംസ്ഥാനത്തെ ഒ.ഡി. എഫ് പ്ളസ് സ്റ്റാറ്റസിന്റെ വിശദാംശങ്ങൾ **പട്ടിക 12.1.8** ൽ നൽകിയിരിക്കുന്നു.

**പട്ടിക 12.1.8** സംസ്ഥാനത്തെ ഒ.ഡി.എഫ് പ്ലസ് നേട്ടത്തിന്റെ അവസ്ഥ

| വിഭാഗം | എണ്ണം |
|---|---|
| ആകെ ഗ്രാമങ്ങൾ | 1,433 |
| ആകെ ഒഡിഎഫ് പ്ലസ് വില്ലേജുകൾ | 1381 |
| മാതൃകാ വിഭാഗം ഗ്രാമങ്ങൾ | 1,368 |
| റയിസിങ്ങ് വിഭാഗം ഗ്രാമങ്ങൾ | 6 |
| ആസ്പയറിങ്ങ് വിഭാഗ ഗ്രാമങ്ങൾ | 7 |
| ദ്രവമാലിന്യ സംസ്കരണത്തിന് സംവിധാനമുള്ള ഗ്രാമങ്ങൾ | 1,375 |
| ഖരമാലിന്യ സംസ്കരണത്തിന് സംവിധാനമുള്ള ഗ്രാമങ്ങൾ | 1,381 |

***അവലംബം:*** എസ്.ബി.എം ഡാഷ്ബോർഡ് 2024 നവംബർ 11 വരെ

### ഗോബർധൻ (ഗാൽവനൈസിങ്ങ് ഓർഗാനിക് ബയോ-അഗ്രോ റിസോഴ്സ് ധൻ) പദ്ധതി

ഏപ്രിൽ 2018 ആരംഭിച്ച എസ്.ബി.എം (ജി) പദ്ധതിയുടെ പ്രധാനഘടകമായ ഗോബർധനിലൂടെ ജന്തുമാലിന്യം ഉൾപ്പെടെയുള്ള ജൈവമാലിന്യം, അടുക്കളയിൽ ബാക്കി വന്ന അവശിഷ്ടങ്ങൾ, കമ്പോള മാലിന്യം തുടങ്ങിയവ ബയോഗ്യാസാക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നു. 2023-24ൽ 15 ഗോബർദൻ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ പൂർത്തിയാക്കി, 39 എണ്ണം കൂടി സംസ്ഥാനത്ത് നിർമിക്കും.

### സ്വച്ഛ്ഭാരത് മിഷൻ (അർബൻ)

വൃത്തി, മാലിന്യസംസ്കരണം എന്നിവ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സ്വച്ഛ്ഭാരത് മിഷൻ (നഗരം) പദ്ധതി ആരംഭിച്ചത്. വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ, പൊതു ടോയ്ലറ്റുകൾ, ഖരമാലിന്യ സംസ്കരണം, കാര്യശേഷി വർധിപ്പിക്കൽ, വിവരവിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ എന്നിങ്ങനെ അഞ്ച് ഘടകങ്ങൾ ഇതിൽ ഉൾപ്പെടുന്നു. എസ്.ബി.എം ന്റെ വിവിധ ഘടകങ്ങളിൽ 2023-24, 2024-25 ( 2024 ആഗസ്റ്റ് 31) വരെയുള്ള വിഹിതവും ചെലവും **അനുബന്ധം 12.1.16** ൽ കൊടുത്തിട്ടുണ്ട്.

ഉറവിടതല മാലിന്യം വേർതിരിക്കൽ 100 ശതമാനം ഉറപ്പാക്കുക, വീടുകൾ തോറുമുള്ള മാലിന്യ ശേഖരണം, ശാസ്ത്രീയമായ മാലിന്യ സംസ്കരണം, പൈതൃക മാലിന്യ നിർമാർജനം, ഉപയോഗിച്ച വെള്ളത്തിന്റെ സംസ്കരണവും പരിപാലനവും എന്ന ലക്ഷ്യത്തോടെയാണ് സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0, 2021 ഒക്ടോബർ 01ന് ആരംഭിച്ചത്. നഗര ഖരമാലിന്യ സംസ്കരണം, നഗര ശുചിത്വം, യൂസിഡ് വാട്ടർ മാനേജ്മെന്റ്, വിവരവിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നിവയാണ് രണ്ടാംഘട്ടത്തിലെ ഘടകങ്ങൾ.

എസ്ബിഎം (നഗരം) പദ്ധതിയുടെ ഒന്നാം ഘട്ടം പ്രകാരം, 2023-24 കാലയളവിൽ, 227 ഗാർഹിക കക്കൂസുകൾ, 1,40,884 ഗാർഹിക തലത്തിലുള്ള കമ്പോസ്റ്റിംഗ് ഉപകരണങ്ങൾ/ബയോഗ്യാസ് പ്ലാന്റുകൾ, 41 ടേക്ക് എ ബ്രേക്ക് / ഇൻസ്റ്റിറ്റ്യൂഷണൽ ടോയ്ലറ്റുകൾ, 563 കമ്മ്യൂണിറ്റി ലെവൽ കമ്പോസ്റ്റിംഗ് ഉപകരണങ്ങൾ, 402 എം.സി.എഫുകൾ, ബോട്ടിൽ ബൂത്തുകൾ, 5 എം.ആർ. എഫ്/ ആർആർ.എഫുകൾ എന്നിവ പൂർത്തിയായി. ക്ലീൻ ടോയ്ലറ്റ് ക്യാമ്പയിനിന്റെ ഭാഗമായി 689 കക്കൂസുകളും 504 മൂത്രപ്പുരകളും നവീകരിച്ചു.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുക്കേണ്ട ഘടകങ്ങൾക്കായി ഒരു കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ എസ്.ബി.എം 2.0 പദ്ധതിയിൽ 14.6 കോടി രൂപ ചെലവഴിച്ചു. ഇതിൽ 8.3 കോടി രൂപ ഖരമാലിന്യത്തിനും സാനിറ്റേഷൻ പ്രോജക്ടുകൾക്കും ആയിരുന്നു. 3.5 കോടി രൂപ വിവരവിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾക്കും 2.9 കോടി രൂപ കാര്യശേഷി വർദ്ധിപ്പിക്കലിനുമായാണ് വിനിയോഗിച്ചത്. 2023-24 കാലയളവിലും 2024-25 ലും (2024 ഓഗസ്റ്റ് 31 വരെ) എസ്.ബി.എം 2.0 പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ **അനുബന്ധം 12.1.17**-ൽ നൽകിയിരിക്കുന്നു.

### ടേക്ക് എ ബ്രേക്ക് സംരംഭം

റിഫ്രെഷ്മെന്റ് സൗകര്യങ്ങളും ടോയിലറ്റ് കോംപ്ലക്സുകളും നിർമിച്ചുകൊണ്ട് സംസ്ഥാനത്തെ ഗുണനിലവാരമുള്ള പൊതു ടോയിലറ്റുകളുടെ അഭാവം പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ സുപ്രധാന കാൽവെയ്പ്പാണ് ടേക്ക് എ ബ്രേക്ക്. ദേശീയ, സംസ്ഥാന ഹൈവേകൾ, ട്രാൻസ്പോർട്ട് സ്റ്റേഷനുകൾ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കുന്നത്. സുരക്ഷിതവും, വൃത്തിയും ടേക്ക് എ ബ്രേക്ക് ടോയിലറ്റുകൾക്ക് വളരെ പ്രാധാന്യമുള്ളതാണ്. നാപ്കിൻ വെൻഡിങ്ങ് മെഷീനുകൾ, നാപ്കിൻ നശീകരണ സംവിധാനങ്ങൾ, വേസ്റ്റ് ബിന്നുകൾ, വൃത്തിയാക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ, കോഫി ഷോപ്പുകൾ, വിശ്രമസ്ഥലങ്ങൾ എന്നിവയും ഇതിന്റെഭാഗമാണ്. ഗ്രാമപഞ്ചായത്തുകളിലും

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമായി 1,842 ടേക്ക്എ ബ്രേക്ക് സൗകര്യങ്ങളാണ് ലക്ഷ്യമിടുന്നത്. ഇതിൽ 1741 യൂണിറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു, 1167 യൂണിറ്റുകൾ പൂർത്തിയായി. വിനോദ സഞ്ചാരികൾക്കുള്ള പബ്ലിക് സാനിറ്റേഷൻ സൗകര്യങ്ങളുടെ തീർപ്പാക്കാത്ത ആവശ്യവും പദ്ധതിയിലൂടെ പരിഹരിക്കാൻ സംസ്ഥാനം ലക്ഷ്യമിടുന്നു. ഈ പ്രോജക്ടുകളിലൂടെ വിനോദസഞ്ചാരികൾക്ക് പൊതു സൗകര്യങ്ങൾ സൃഷ്ടിക്കുകയെന്ന ദീർഘകാല ആവശ്യവും പരിഹരിക്കാൻ സാധിക്കുമെന്ന് കരുതുന്നു. സംസ്ഥാനത്തെ ടൂറിസം മേഖലയിൽ വലിയൊരു കുതിച്ചുചാട്ടം തന്നെ ഇതു വഴി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

### കേരള ഖരമാലിന്യ സംസ്കരണ പദ്ധതി (കെ.എസ്.ഡബ്ല്യു.എം.പി.)

ലോകബാങ്കും (ഐബിആർഡി), ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും കേരള സർക്കാരും സംയുക്തമായി ധനസഹായം നൽകുന്ന കേരള ഖരമാലിന്യ സംസ്കരണ പദ്ധതി (കെഎസ്ഡബ്ല്യുഎംപി) 2022 ജനുവരിയോടെയാണ് പ്രവർത്തനം ആരംഭിച്ചത്. പദ്ധതി ഇപ്പോൾ പ്രാരംഭ ഘട്ടത്തിലാണ്. 300 മില്യൺ യുഎസ് ഡോളറാണ് (ഏകദേശം 2,400 കോടി രൂപ) പദ്ധതി ചെലവ്. സംയോജിത സേവന വിതരണ മൂല്യ ശൃംഖലാ സമീപനം സ്വീകരിച്ച്, ഉചിതമായ സാങ്കേതിക സഹായത്തിലൂടെയും നൈപുണ്യ വർധന ഇടപെടലുകളിലൂടെയും നഗര പ്രാദേശിക സർക്കാരുകളിലും റീജിയൺ തലങ്ങളിലും ഖരമാലിന്യ പരിപാലന (എസ്.ഡബ്ല്യു.എം) മൂല്യ ശൃംഖല പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. ഇതുവരെ 150 പരിശീലന പരിപാടികളും ഓറിയന്റേഷൻ പ്രോഗ്രാമുകളും കിലയുടെ പിന്തുണയോടെ എസ്.പി.എം.യു നടത്തി, അതിൽ 7,300 ഹരിത കർമ്മ സേന അംഗങ്ങൾ ഉൾപ്പെടെ 11,000 പേർ പങ്കെടുത്തു. സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമായി നഗരത്തിലുടനീളം സമഗ്രമായ ഖരമാലിന്യമാനേജ്മെന്റ് പദ്ധതികൾ തയ്യാറാക്കിവരികയാണ്.

### നഗര അടിസ്ഥാന സൗകര്യങ്ങൾ

സംസ്ഥാനം അതിവേഗം നഗരവൽക്കരണത്തിന് വിധേയമാകുമ്പോൾ, നഗര സാമ്പത്തിക വികസനം പ്രാഥമികമായി നഗര അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനെ ആശ്രയിച്ചിരിക്കും. പുതിയ പങ്കാളിത്ത മാതൃകകളിൽ പ്രവേശിക്കാൻ കഴിയുന്ന വൈവിധ്യമാർന്ന സ്രോതസ്സുകളും പങ്കാളികളെയും ഉപയോഗപ്പെടുത്തുന്നതിലൂടെ മാത്രമേ മെച്ചപ്പെട്ട നഗര അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കാൻ കഴിയൂ. ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, വിവിധ പൊതു, സ്വകാര്യ, സാമൂഹിക പങ്കാളികൾ എന്നിവ ഉൾപ്പെടാം.

നഗരപ്രദേശങ്ങളെ കൂടുതൽ താമസയോഗ്യവും ആകർഷകവുമാക്കാൻ കഴിയുന്ന വിപുലമായ സംരംഭങ്ങൾ നഗര അടിസ്ഥാന സൗകര്യങ്ങളിൽ ഉൾക്കൊള്ളുന്നു. ഇവയിലൂടെ മെച്ചപ്പെട്ട ഉപജീവനമാർഗങ്ങളും പൗരസേവനങ്ങളും നൽകി നഗരവാസികളുടെ വർധിച്ചുവരുന്ന ആവശ്യകതകൾ പരിഹരിക്കണം. ജലവിതരണ സംവിധാനങ്ങൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, നഗര ശുചിത്വ ആസൂത്രണം, പൊതു സൗകര്യങ്ങളുടെ സ്ഥാപിക്കലും മെച്ചപ്പെടുത്തലും; മലിനജല മഴവെള്ള ഡ്രെയിനേജ് സംവിധാനങ്ങൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക; ആധുനിക യന്ത്രവൽകൃത പാർക്കിങ്ങ് പരിഹാരങ്ങൾക്കൊപ്പം ഫലപ്രദമായ പാർക്കിങ്ങ് നയങ്ങൾ സ്വീകരിക്കുക; നഗര സൗന്ദര്യവത്കരണം; പരിസ്ഥിതി സൗഹൃദ നഗര ഇടങ്ങൾ സൃഷ്ടിക്കുക, മോട്ടറൈസ്ഡ് അല്ലാത്ത നഗരഗതാഗതം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നഗര അടിസ്ഥാനസൗകര്യ വികസന പരിപാടികളിൽ ഉൾപ്പെടുന്നത്.

ഇത് കണക്കിലെടുത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടുകൾ, സംസ്ഥാന പദ്ധതികൾ, കേന്ദ്ര സർക്കാർ പരിപാടികൾ എന്നിവ വിനിയോഗിച്ച് സംസ്ഥാന സർക്കാർ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നിരവധി പരിപാടികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. തിരശ്ചീനമായും ലംബമായും പരസ്പര പൂരക പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിന് ഈ സംരംഭങ്ങൾ തന്ത്രപരമായി യോജിപ്പിച്ചിരിക്കുന്നു. സംസ്ഥാനത്ത് നടക്കുന്ന പ്രധാന അടിസ്ഥാന സൗകര്യ വികസന പരിപാടികൾ താഴെ പറയുന്ന ഭാഗം ചർച്ച ചെയ്യുന്നു.

### അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ 1.0 (അമൃത് 1.0)

അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ 1.0 (അമൃത് 1.0) എന്ന പദ്ധതി കുടിവെള്ള വിതരണം, അഴുക്കുചാൽ നിർമാണം, ഖരമാലിന്യ നിർമാർജ്ജനം, മഴവെള്ള ഓവുചാലുകളുടെ നിർമ്മാണം, നഗരഗതാഗതം, ഹരിതപ്രദേശങ്ങൾ, പാർക്കുകൾ, കാര്യശേഷിവികസനം തുടങ്ങി നഗര മേഖല അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനും നഗര പ്രദേശത്തെ ഭൗതികവും സ്ഥാപനപരവുമായ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുമാണ് ലക്ഷ്യം വയ്ക്കുന്നത്. കേന്ദ്രവും സംസ്ഥാനവും നഗര തദ്ദേശഭരണ സ്ഥാപനവും 50:30:20 എന്ന അനുപാതത്തിൽ ഫണ്ട് വകയിരുത്തുന്നു.

സംസ്ഥാനത്തെ ആറ് മുനിസിപ്പൽ കോർപ്പറേഷനുകളെയും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ എന്നീ മൂന്ന് മുനിസിപ്പാലിറ്റികളെയും അമൃത് 1.0 പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. 2015-16 ൽ ആരംഭിച്ച് 2019-20 വരെയുള്ള അഞ്ച് വർഷമായിരുന്നു പദ്ധതി കാലാവധിയെങ്കിലും 2024 ഡിസംബർ വരെ കാലാവധി നീട്ടിയിട്ടുണ്ട്. അമൃത് 1.0 ഘട്ടത്തിൽ 2,357.7 കോടി രൂപ ചെലവ് വരുന്ന 1,111 പദ്ധതികൾക്ക് അംഗീകാരം നൽകുകയും 971 പദ്ധതികൾ(87.4%) പൂർത്തീകരിക്കുകയും ചെയ്തു. 1,922.7 കോടി രൂപ ചെലവഴിച്ചു. ഈ മിഷന്റെ കീഴിൽ നിലവിൽ 140 പദ്ധതികൾ പുരോഗമിച്ചു വരുന്നു.

**ബോക്സ് 12.1.1** അമൃത് 1.0- നഗര ഗതാഗത മേഖലയ്ക്ക് കീഴിലുള്ള മികച്ച മാതൃക

ശക്തൻ നഗറിലെ സ്കൈവാക്ക് - തൃശ്ശൂർ കോർപ്പറേഷൻ

തൃശ്ശൂർ ശക്തൻ നഗറിലെ സ്കൈവാക്ക് കാൽനടയാത്രക്കാർക്കുള്ള സവിശേഷമായ നഗര ട്രാഫിക് ക്രോസ്ഓവറാണ്, ഇത് ഹഡ്കോയുടെ മികച്ച മാതൃകയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 279 മീറ്റർ ചുറ്റളവിൽ വൃത്താകൃതിയിൽ രൂപകല്പന ചെയ്ത ഈ ഘടന കേരളത്തിലെ ഏറ്റവും നീളമേറിയ സ്കൈവാക്കാണ്. അമൃത് 1.0-ന്റെ അർബൻ ട്രാൻസ്പോർട്ട് ഘടകത്തിനു കീഴിൽ നിർമ്മിച്ച ഈ നിർമ്മിതി 2023 ഓഗസ്റ്റിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. സ്റ്റീൽ സ്കൈവാക്ക് പ്രതിദിനം ഏകദേശം 50,000 കാൽനടയാത്രക്കാർക്ക് ഉപയോഗിക്കാം. ശക്തൻ നഗറിലെ വാഹന ഗതാഗതം അനായാസമായി ഒഴിവാക്കാൻ ഇതു സഹായിക്കും. ശക്തൻ ബസ് സ്റ്റാൻഡ്, പച്ചക്കറി മാർക്കറ്റ്, ഫിഷ് മാർക്കറ്റ്, മുനിസിപ്പൽ എക്സിബിഷൻ ഗ്രൗണ്ട് തുടങ്ങിയ പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതാണ് സ്കൈവാക്ക്. മേൽക്കൂരയുള്ളതും എയർകണ്ടീഷൻ ചെയ്തതുമാണ് ഈ നിർമ്മിതി, അതിനാൽ തന്നെ ഇത് എല്ലാ സീസണുകൾക്കും അനുയോജ്യമാകുന്നു. കണക്റ്റിങ്ങ് പോയിന്റുകളിലായി നാല് ലിഫ്റ്റുകൾ ഉള്ളതുകൊണ്ടു എളുപ്പത്തിലുള്ള പ്രവേശനക്ഷമതയും ഉറപ്പാക്കുന്നു. ഈ ഘടനയെ 'നെറ്റ് സീറോ എനർജി' സൗകര്യമായി കണക്കാക്കുന്നു, കാരണം ഇതിലെ സൗരോർജ്ജ സംവിധാനം 160 കിലോവാട്ട് ഉത്പാദിപ്പിക്കുകയും ഇതിൽ ആവശ്യമായ വൈദ്യുതി ആവശ്യകതകൾ നിറവേറ്റുകയും ചെയ്യുന്നു.

***അവലംബം:*** എസ്.എം.എം.യു

ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുക, ജലസംഭരണികളും, ജല സംഭരണ പ്ലാന്റുകളും നിർമിക്കുക, പുതിയ പൈപ്പ് ലൈൻ കൊണ്ടു വരുക, പഴയ പൈപ്പുകൾ മാറ്റുക എന്നിവയാണ് ഈ പ്രോജക്ടിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ. എല്ലാ കുടുംബങ്ങൾക്കും പൈപ്പ് കണക്ഷൻ നൽകി കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് കുടിവെള്ള വിതരണ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ മേഖലയിൽ 1461.9 കോടി രൂപയുടെ 217 പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതുവരെ, 172 പദ്ധതികൾ പൂർത്തീകരിച്ചു, 2024 ആഗസ്റ്റ് 31 വരെ 1211.2 കോടി രൂപ ചെലവഴിച്ചു. ജലവിതരണ പദ്ധതികൾക്ക് കീഴിൽ ആറ് (265 എംഎൽഡി) ജലസംസ്കരണ പദ്ധതികൾ ലക്ഷ്യമിടുകയും ഇതുവരെ അഞ്ച് ശുദ്ധീകരണ പ്ലാന്റുകൾ (165 എംഎൽഡി) പൂർത്തിയാക്കുകയും ചെയ്തു. 2,084 കിലോമീറ്റർ ജലവിതരണ ശൃംഖല നിർമിക്കുകയെന്നതായിരുന്നു ലക്ഷ്യം. ഇതുവരെ 1,806 കിലോമീറ്റർ ജലവിതരണ ശൃംഖല നിർമിച്ചു. പുതിയ 83,582 വാട്ടർ ടാപ്പ് കണക്ഷനുകൾ നൽകുകയായിരുന്നു ലക്ഷ്യം. 2024 ഓഗസ്റ്റ് 31 വരെ 50,647 ടാപ്പ് കണക്ഷനുകൾ നൽകിയിട്ടുണ്ട്.

അമൃത് നഗരങ്ങളിൽ ശാസ്ത്രീയമായി ദ്രവമാലിന്യം കൈകാര്യം ചെയ്യുന്നതിനും എല്ലാ കുടുംബങ്ങൾക്കും സീവറേജ് കണക്ഷനിലൂടെ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുമാണ് സീവറേജ് മാനേജ്മെന്റ് പ്രോജക്ടുകളിലൂടെ ലക്ഷ്യമിടുന്നത്. സീവറേജ് മാനേജ്മെന്റ് പ്രോജക്ടുകളിലേക്കായി 352.3 കോടി രൂപയുടെ 152 പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭ്യമാവുകയും 114 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ മേഖലയിൽ 2024 ആഗസ്റ്റ് 31, വരെ 252.8 കോടി രൂപ (71.7 ശതമാനം) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഓടകളും മഴവെള്ള ഓവുചാലുകളും നിർമ്മിക്കുകയും നന്നാക്കുകയും ചെയ്യുന്നതിലൂടെ നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനാണ് മഴവെള്ള ഡ്രെയിനേജ് മേഖലയിലെ പ്രോജക്ടുകളിലൂടെ ലക്ഷ്യമിടുന്നത്. ഇതിൽ 336.8 കോടി രൂപയുടെ 536 പ്രോജക്ടുകളാണ് അനുവദിച്ചിരിക്കുന്നത്. അതിൽ 503 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും 290.5 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 344കിലോമീറ്റർ ഡ്രെയിനേജ് ശൃംഖല നിർമിക്കുകയെന്നതായിരുന്നു ലക്ഷ്യം. അതിൽ 328 കിലോമീറ്റർ 2024 ഓഗസ്റ്റ് 31 വരെ കൈവരിച്ചു.

നഗര പ്രദേശങ്ങളിൽ മോട്ടോർ രഹിത ഗതാഗത സൗകര്യം സൃഷ്ടിക്കുന്നതിനുള്ള പരിപാടികളാണ് നഗര ഗതാഗതമേഖലയിലെ പ്രോജക്ടുകളിലൂടെ ലക്ഷ്യമിടുന്നത്. സ്കൈവാക്കുകൾ, നടപ്പാതകൾ, ഫുട് ഓവർ ബ്രിഡ്ജുകൾ, മൾട്ടി ലെവൽ പാർക്കിംഗ് സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം ഇതിൽ ഉൾപ്പെടുന്നു. 128 പ്രോജക്ടുകൾക്കായി 189.6 കോടി രൂപ അനുവദിച്ചിട്ടുണ്ട്, അതിൽ 109 പദ്ധതികൾ പൂർത്തീകരിച്ചു. 2024 ഓഗസ്റ്റ് 31 വരെ 129.7 കോടി രൂപ ചെലവഴിച്ചു. മൂന്ന് മൾട്ടി ലെവൽ കാർ പാർക്ക് ഘടനകൾ, 77.4 കിലോമീറ്റർ ഫുട്പാത്ത്, 6.49 കിലോമീറ്റർ സൈക്കിൾ ട്രാക്ക് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇരുപത്തിയേഴ് കാൽനട മേൽപ്പാലങ്ങളും ഒരു സ്കൈവേയും ഇക്കാലയളവിൽ നഗരഗതാഗത രംഗത്തെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. ഹരിത ഇടങ്ങളും പാർക്കുകളും എന്ന മേഖലയിൽ ബാല സൗഹൃദ ഘടകങ്ങൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് ഹരിത ഇടങ്ങളും പാർക്കുകളും വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 46.3 കോടി രൂപയുടെ 78 പ്രോജക്ടുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അതിൽ 73 പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. ഈ മേഖലയിൽ 38.5 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അമൃത് 1.0 പ്രോജക്ടിന്റെ 2024 ആഗസ്റ്റ് 31 വരെയുള്ള സാമ്പത്തിക പുരോഗതി **അനുബന്ധം 12.1.18** ൽ നൽകിയിരിക്കുന്നു. ഒമ്പത് നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലെ അമൃത് 1.0 പ്രോജക്ടിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.19** ലും മേഖലാ പുരോഗതി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.20** ലും കൊടുത്തിരിക്കുന്നു.

പൗരസേവന വിതരണത്തിന്റെ കാര്യക്ഷമതയും ഫലപ്രാപ്തിയും വർധിപ്പിക്കുക, വിതരണ ചെലവ് കുറയ്ക്കുക, സാമ്പത്തിക സുസ്ഥിരത മെച്ചപ്പെടുത്തുക, വിഭവ സമാഹരണം വർദ്ധിപ്പിക്കുക, സുതാര്യത വളർത്തുക എന്നിവ ലക്ഷ്യമിട്ടുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് കേന്ദ്ര വിഹിതമായി ഒരു ഇൻസെന്റീവ് ഫണ്ട് അനുവദിച്ചിരിക്കുന്നു. അംഗീകാരങ്ങൾക്കായി ഏകജാലക സംവിധാനം സ്ഥാപിക്കുക, ഒരു സമർപ്പിത മുനിസിപ്പൽ കേഡർ സൃഷ്ടിക്കുക, നികുതികൾക്കും ഉപയോക്തൃ ചാർജുകൾക്കുമായി കുറഞ്ഞത് 90 ശതമാനം ബില്ലിംഗും ശേഖരണ കാര്യക്ഷമതയും കൈവരിക്കുക, പ്രതിവർഷം കുട്ടികളുടെ ഒരു പാർക്കെങ്കിലും വികസിപ്പിക്കുക, പാർക്കുകൾക്കും കളിസ്ഥലങ്ങൾക്കുമായി മെയിന്റനൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തൽ, ക്രെഡിറ്റ് റേറ്റിംഗ്, മറ്റ് സംരംഭങ്ങൾക്കൊപ്പം മാതൃകാ നിർമ്മാണ ഉപനിയമങ്ങൾ നടപ്പിലാക്കുക എന്നിവ ഈ പരിഷ്കാരങ്ങളിൽ ഉൾപ്പെടുന്നു. കഴിഞ്ഞ 4 വർഷമായി കേരളത്തിന് തുടർച്ചയായി പരിഷ്കരണ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്. 59.8 കോടി രൂപ പരിഷ്കരണ ഇൻസെന്റീവ് ആയി ലഭിച്ചു. ശരാശരി 82.5 ശതമാനം സ്കോറുള്ള കേരളം, നഗരപരിഷ്കരണ നടപ്പാക്കലിൽ (MoHUA റാങ്കിംഗിൽ) ഏഴാം സ്ഥാനത്താണ്.

**അമൃത് 2.0**

ജലക്ഷാമം കുറയ്ക്കാനും അതുവഴി ശുദ്ധജലത്തിന്റെ ഉപയോഗം സുസ്ഥിരമായി വർദ്ധിപ്പിക്കാനും നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജലവിതരണം വർധിപ്പിക്കാനും ലക്ഷ്യമിട്ട് 2021 ഒക്ടോബർ 1-ന് അമൃത് 1.0 വിപുലീകരിച്ച് അമൃത് 2.0 ആരംഭിക്കുകയുണ്ടായി. സംസ്ഥാനത്തെ 93 നഗര തദ്ദേശഭരണസ്ഥാപനങ്ങളിലും പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടാതെ, അമൃത് 1.0 നഗരങ്ങളിൽ (ആറ് കോർപ്പറേഷനുകളും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളും) മലിനജല/സെപ്റ്റേജ് മാനേജ്മെന്റ് പൂർത്തിയാക്കാനും മിഷൻ ലക്ഷ്യമിടുന്നു. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷമാണ് അമൃത്-2.0-ന്റെ പദ്ധതി കാലയളവ്. അമൃത് 2.0-ന് കീഴിലുള്ള പ്രോജക്ടുകളിൽ ഗാർഹിക കുടിവെള്ള ടാപ്പ് കണക്ഷൻ, അമൃത് നഗരങ്ങളിലെ മലിനജലം/സെപ്റ്റേജ് മാനേജ്മെന്റ്, ജലാശയങ്ങളുടെ പുനരുജ്ജീവനം, ഹരിത ഇടങ്ങൾ നിർമിക്കൽ എന്നിവ ഉൾപ്പെടുന്നു.

അമൃത് 2.0-ന് കീഴിൽ ധനസഹായം ജനസംഖ്യാടിസ്ഥാനത്തിലാണ് ലഭിക്കുന്നത്. ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങളിൽ പദ്ധതിച്ചെലവിന്റെ 50 ശതമാനം കേന്ദ്ര സഹായമായും ഒരു ലക്ഷം മുതൽ പത്തു ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങളിൽ പദ്ധതി തുകയുടെ 33.3 ശതമാനവും 10 ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങളിൽ പദ്ധതി ചെലവിന്റെ 25 ശതമാനവും കേന്ദ്ര സഹായമായി ലഭിക്കും.

സംസ്ഥാനത്തെ 93 നഗര തദ്ദേശഭരണ സ്ഥാപനങ്ങളും ജലാശയങ്ങളുടെ വിശദാംശങ്ങൾ, ജലസംസ്കരണം, വിതരണ സംവിധാനങ്ങൾ എന്നിവ വിശദീകരിക്കുന്ന സിറ്റി വാട്ടർ ബാലൻസ് പ്ലാൻ (സി.ഡബ്ല്യൂ ബി.പി) സമർപ്പിച്ചിട്ടുണ്ട്. തുടർന്ന്, മിഷനിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ ഉൾക്കൊള്ളുന്ന സിറ്റി വാട്ടർ ആക്ഷൻ പ്ലാൻ (സി.ഡബ്ല്യൂ എ.പി) സമർപ്പിച്ചു. കൺസോളിഡേറ്റഡ് സ്റ്റേറ്റ് വാട്ടർ ആക്ഷൻ പ്ലാൻ എസ്.ഡബ്ല്യൂ.എ.പി-I, II, III ൽ അംഗീകാരം ലഭിച്ച പദ്ധതികളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ 751 പദ്ധതികൾക്കായി 3,651.3 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്.

ജലവിതരണ ഘടകത്തിന് കീഴിൽ, 1,748.2 കോടി രൂപയുടെ 187 പദ്ധതികൾ അനുവദിച്ചതിൽ, 2024 ഓഗസ്റ്റ് 31 വരെ എട്ട് പദ്ധതികൾ പൂർത്തിയായി. സീവറേജ്, സെപ്റ്റേജ് മാനേജ്മെന്റ് ഘടകത്തിൽ, 449.3 കോടി രൂപയുടെ 14 പദ്ധതികൾക്ക് അനുമതി ലഭിച്ചു, ഒരു പദ്ധതി പൂർത്തീകരിച്ചു. ജലാശയ പുനരുജ്ജീവനത്തിൽ, 75.8 കോടി രൂപയുടെ 251 പദ്ധതികൾക്ക് അനുമതി ലഭിച്ചു, അതിൽ 6.2 കോടി ചെലവഴിച്ച് എട്ട് പദ്ധതികൾ പൂർത്തിയായി. ഹരിത ഇടങ്ങളുടെയും പാർക്കുകളുടെയും വിഭാഗത്തിലുള്ള പദ്ധതികൾ എസ്.ഡബ്ല്യൂ.എ.പി III പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അമൃത് 2.0 ന്റെ ഓരോ ഘടകത്തിനും കീഴിലുള്ള ഭൗതിക പുരോഗതിയുടെ വിശദമായ വിവരണം **പട്ടിക 12.1.9** ൽ നൽകിയിരിക്കുന്നു. സുസ്ഥിര നഗര ജലമാനേജ്മെന്റും ആവാസവ്യവസ്ഥ പുനരുജ്ജീവനവും എന്ന മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധത ഈ പുരോഗതി അടിവരയിടുന്നു.

അമൃത് 2.0 പദ്ധതിയുടെ ടെക്നോളജി സബ് മിഷന്റെ കീഴിൽ, പിന്തുണ നൽകുന്നതിനായി കേരളത്തിൽ നിന്ന് ഏഴ് സ്റ്റാർട്ടപ്പുകളെ കേന്ദ്ര ഭവന, നഗരകാര്യ മന്ത്രാലയം തിരഞ്ഞെടുത്തിട്ടുണ്ട്. ദേശീയ അർബൻ ഡിജിറ്റൽ മിഷന്റെ മാർഗ്ഗനിർദ്ദേശത്തിൽ നടപ്പിലാക്കുന്ന സംസ്ഥാന അർബൻ ഡിജിറ്റൽ മിഷൻ പദ്ധതിയിൽ അമൃത് 2.0 പദ്ധതിയെ സംയോജിപ്പിച്ചിരിക്കുന്നു. രാജ്യത്തുടനീളമുള്ള മൂന്ന് സ്ഥലങ്ങളിൽ ഈ പരിപാടി നിലവിൽ നടക്കുന്നുണ്ട്. 100 ശതമാനം കേന്ദ്ര സഹായത്തോടെ ഇത് നടപ്പിലാക്കുന്നതിനു 22.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തേക്കുള്ള പ്രാരംഭ വിതരണമായി, സംസ്ഥാനത്തിന് 7.5 കോടി രൂപ ലഭിച്ചു. അമൃത് 2.0 ന്റെ മേഖല തിരിച്ചുള്ള പുരോഗതി **അനുബന്ധം 12.1.21** ൽ നൽകിയിരിക്കുന്നു.

**സ്മാർട്ട് സിറ്റി മിഷൻ**

പൗരൻമാർക്ക് അടിസ്ഥാനസൗകര്യങ്ങൾ, മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ, വൃത്തിയുള്ളതും സുസ്ഥിരവുമായ പരിസ്ഥിതിയും, സ്മാർട്ട് സൊല്യൂഷനുകളും ഉറപ്പാക്കിക്കൊണ്ട് നഗരങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി ഭവന നഗരകാര്യ മന്ത്രാലയം 2015-ൽ ആരംഭിച്ച അടിസ്ഥാന സൗകര്യ വികസന പരിപാടിയാണ് സ്മാർട്ട് സിറ്റി മിഷൻ. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊച്ചി നഗരത്തെയും മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം നഗരത്തെയും തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ കാലാവധി 2025 മാർച്ച് 31 വരെവരെ നീട്ടിയിട്ടുണ്ട്.

**സ്മാർട്ട് സിറ്റി, കൊച്ചി**

കൊച്ചിയിലെ സ്മാർട്ട് സിറ്റി പദ്ധതി, കൊച്ചി കോർപ്പറേഷൻ പ്രദേശത്തിന്റെ ആസൂത്രിതവും സംയോജിതവുമായ

**പട്ടിക 12.1.9** അമൃത് 2.0 പദ്ധതിയുടെ ഭൗതിക പുരോഗതി

| ക്രമ നം | മേഖല | യൂണിറ്റ് | ടാർഗറ്റ് | പൂർത്തീകരിച്ചത് |
|---|---|---|---|---|
| 1 | **ജലവിതരണം** | | | |
| | ടാപ്പ് കണക്ഷനുകൾ (പുതിയത്) | എണ്ണം | 3,86,916 | 56,647 |
| | ടാപ്പ് കണക്ഷനുകൾ (മാറ്റിസ്ഥാപിക്കൽ) | എണ്ണം | 10,83,925 | 18,281 |
| 2 | **സീവറേജും സെപ്റ്റേജും** | | | |
| | സീവറേജ് ശൃംഖല | കി.മി | 90.6 | 1.3 |
| | സീവറേജ് കണക്ഷൻ (മാറ്റിസ്ഥാപിക്കൽ) | എണ്ണം | 14,508 | 12 |
| 3 | **ജലാശയ പുനരുജ്ജീവനം** | | | |
| | ജലാശയ പുനരുജ്ജീവനം | എണ്ണം | 251 | 8 |

***അവലംബം:*** സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ്

വികസനമാണ് ലക്ഷ്യമിടുന്നത്. ഇതിനായി 90 പദ്ധതികൾക്ക് അനുമതി നൽകി, അതിൽ 58 എണ്ണം പൂർത്തിയായി, 32 എണ്ണം നിലവിൽ പുരോഗമിക്കുന്നു.

ഇന്റഗ്രേറ്റഡ് കമാന്റ് കൺട്രോൾ ആന്റ് കമ്യൂണിക്കേഷൻ സെന്റർ, എറണാകുളത്ത് സ്മാർട്ട് റോഡുകൾ, ആശുപത്രി റോഡിൽ ആധുനിക രീതിയിലുള്ള നടപ്പാതകൾ, സർക്കാർ കെട്ടിടത്തിലെ ഗ്രിഡ് കണക്ടഡ് റൂഫ് ടോപ്പ് സംവിധാനം, ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സംവിധാനം, സർക്കാർ കെട്ടിടത്തിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ, ജനറൽ ഹോസ്പിറ്റലിൽ ഇ-ഹെൽത്ത് സംവിധാനം, വീടുകളിലെയും തെരുവുകളിലേയും ബിന്നുകൾ, ഡച്ച് പാലസിന്റെ പ്രവേശന കവാടത്തിന്റെ നവീകരണം, ഫോർട്ട് കൊച്ചിയിലെ ഓപ്പൺ എയർ തിയേറ്റർ, വാസ്കോ സ്ക്വയറിലെ ബീച്ച് കം ഫ്രണ്ട് നവീകരണം, ഹെൽത്ത് എ.ടി.എം., പോലീസ് കിയോസ്കുകൾ, ഡർബാർഹാൾ മുതൽ മംഗളവനം വരെ ബന്ധിപ്പിക്കുന്ന പൊതു ഇടനാഴി എന്നിവയാണ് പൂർത്തിയാക്കിയ പ്രോജക്ടുകളിൽ പ്രധാനമായും ഉൾപ്പെടുന്നത്.

നഗര പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നഗര ഭരണാധികാരികൾക്കായി ഡാറ്റാധിഷ്ഠിത തീരുമാനങ്ങൾ എടുക്കുന്നതിനും കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് (സി.എസ്. എം.എൽ) അത്യാധുനിക സിറ്റി കമാൻഡ് സെന്റർ (ഇന്റഗ്രേറ്റഡ് കമാൻഡ് കൺട്രോൾ ആൻഡ് കമ്യൂണിക്കേഷൻ സെന്റർ-ഐ.സി4) സ്ഥാപിച്ചു. ഇത് 2020 ഡിസംബർ മുതൽ പ്രവർത്തനക്ഷമമാണ്. നഗരഭരണത്തിനുള്ളിലെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഭാവിയിലെ വെല്ലുവിളികൾ മുൻനിർത്തി തന്ത്രപരമായ ആസൂത്രണത്തിനായി വിപുലമായ വിശകലന ശേഷികൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള വളരെ ഫലപ്രദമായ മാർഗമായി ഇത് പ്രവർത്തിക്കുന്നു. തത്സമയ സാഹചര്യ നിരീക്ഷണം, തുടർച്ചയായ 24*7 പ്രവർത്തനം, അടിയന്തര സാഹചര്യങ്ങളോടുള്ള വേഗത്തിലുള്ള പ്രതികരണങ്ങൾ, പ്രധാന പ്രകടന സൂചകങ്ങളുടെ (കെപിഐ) നിരീക്ഷണം, അപാകതകളും കാര്യക്ഷമതയില്ലായ്മയും തിരിച്ചറിയൽ, സുതാര്യതയും ഉത്തരവാദിത്വവും പ്രോത്സാഹിപ്പിക്കൽ, നഗര പ്രവർത്തനങ്ങളുടെ നിരീക്ഷണം, നൂതന ആശയങ്ങൾകൊണ്ടു വരുന്നതിനു വേദിയാകുക, നഗര ഫീൽഡ് ആസ്തികളുടെ കൂടുതൽ നവീകരണവും നിയന്ത്രണവും, നിരീക്ഷണത്തിനും പൗരന്റെയും ഗവൺമെന്റിന്റെയും ഇടപെടൽ വർധിപ്പിക്കുന്നതിനുള്ള അടിത്തറ തുടങ്ങിയവയാണ് ഐ.സി 4 ന്റെ പ്രധാന ഗുണഫലങ്ങൾ. രോഗികളെ ഒരു സ്ഥലത്ത് നിന്നും മറ്റൊരിടത്തേക്ക് മാറ്റുന്നതിനും, ഓക്സിജൻ സിലിണ്ടറിന്റെ നിരീക്ഷണം, ടെലിമെഡിസിൻ തുടങ്ങി ജില്ലാ കോവിഡ് സെല്ലായി ഐസി 4 വ്യാപകമായി ഉപയോഗിക്കപ്പെട്ടു. തുരുത്തി ടവറിലെ ബഹുനില ഭവന പദ്ധതി, മുല്ലശ്ശേരി കനാൽ നവീകരണം, കലൂർ മാർക്കറ്റ് നവീകരണം, സ്മാർട്ട് വാട്ടർ മീറ്റർ സ്ഥാപിക്കൽ, വിവിധ പാർക്കുകളുടെ നവീകരണം എന്നിവയാണ് മറ്റ് ഏജൻസികൾക്ക് കൈമാറിയ പ്രോജക്ടുകൾ.

### സ്മാർട്ട് സിറ്റി, തിരുവനന്തപുരം

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന് (എസ്സിടിഎൽ) 1,242.9 കോടി രൂപയുടെ 79 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. മൊത്തം പദ്ധതി ചെലവിൽ, 488 കോടി രൂപ വീതമാണ് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമാകുന്നത്, ബാക്കി തുക നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെയും മറ്റ് സംയോജന പദ്ധതികളിലൂടെയുമാണ്. ഇവയിൽ, 938 കോടി രൂപയുടെ 69 പദ്ധതികൾ എസ്.സി.ടി.എൽ കണ്ടെത്തിയിട്ടുണ്ട്. 2024 ജൂലൈ 30 വരെ, 538.2 കോടി രൂപയുടെ ഈ പദ്ധതികളിൽ 55 എണ്ണം പൂർത്തിയായി, 399.8 കോടി രൂപയുടെ 14 പദ്ധതികൾ പുരോഗമിക്കുന്നു.

കെ.എസ്.ആർ.ടി.സി.ക്കായി ബസുകൾ വാങ്ങൽ, ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും, തമ്പാനൂരിലും പാളയത്തും മൾട്ടി ലെവൽ കാർ പാർക്കിംഗ്, പുരപ്പുറ സോളാർ-അനെർട്ട് പ്രോജക്റ്റിന്റെ ഒന്നാം ഘട്ടം മുതൽ ആറ് വരെ, സ്മാർട്ട് റോഡുകളുടെ നിർമ്മാണം, മലിനജല ലൈനുകളുടെ മാറ്റവും മാൻഹോളിന്റെ പുനർനിർമ്മാണവും, പുത്തരിക്കണ്ടം മൈതാനത്ത് ഓപ്പൺ എയർ തിയേറ്ററിന്റെയും പാർക്കിന്റെയും നിർമ്മാണം, അഞ്ച് സ്ഥലങ്ങളിൽ ഗ്രിഡ്-കണക്റ്റഡ് റൂഫ് മൗണ്ടഡ് സോളാർ ഫോട്ടോവോൾട്ടെയ്ക് (പിവി) പവർ പ്ലാന്റുകൾ, ട്രാഫിക് സിഗ്നലിന്റെ വികസനം, 25 സ്ഥലങ്ങളിൽ കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കൽ, ആർ.കെ.വി. റോഡിൽ വെൻഡിംഗ് സോൺ നിർമ്മാണം, ശ്രീ ചിത്ര പാർക്ക് ഉൾപ്പെടെയുള്ള അർബൻ സ്ട്രീറ്റ് ഹാട്ട് - ചരിത്ര വീഥി, കുട്ടികളുടെ പാർക്കിന്റെ പുനർവികസനം,

കെ.ഡബ്ല്യു.എ.യുമായി ബന്ധിപ്പിച്ചിരിക്കുന്ന ഹരിത പ്രവർത്തനം, സാംസ്കാരിക തെരുവുകൾ - മാനവീയം വീഥി, രാജാജിയിലെ പൊതുജനാരോഗ്യ കേന്ദ്രത്തിന്റെ നവീകരണം, പൊന്നറ ശ്രീധർ പാർക്കിന്റെ പുനർവികസനവും ലാൻഡ്സ്കേപ്പിംഗും, പുത്തൻചന്ത ശ്രീകണ്ഠേശ്വരത്തെ ക്ഷേത്ര ടാങ്കുകളുടെ മെച്ചപ്പെടുത്തൽ, തിരുവനന്തപുരം കോർപ്പറേഷനിൽ ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെയും അനുബന്ധ പ്രവർത്തനങ്ങളുടെയും നിർമ്മാണം, പാളയത്തും ചാലയിലും പൈതൃക മാലിന്യങ്ങളുടെ ബയോമൈനിംഗ് എന്നിവയാണ് പൂർത്തീകരിച്ച പ്രധാന പദ്ധതികൾ. ആറ് സ്ഥലങ്ങളിൽ സ്മാർട്ട് ബസ് ഷെൽട്ടറുകൾ, മൂന്ന് സ്ഥലങ്ങളിൽ പൊതു ശൗചാലയങ്ങളുടെ പുനർനിർമ്മാണം, കൊതുക് സാന്ദ്രത അളക്കുന്നതിനുള്ള സംവിധാനം, ആറ് സ്ഥലങ്ങളിൽ പൊതു ശൗചാലയങ്ങളുടെ നവീകരണം, 15 ഇ-ഓട്ടോകൾ വാങ്ങൽ, അവസാന മൈൽ കണക്റ്റിവിറ്റി, സംവേദനാത്മക വിവര കിയോസ്ക്കുകളുടെ നിർമ്മാണം ഉപകരണങ്ങൾ വാങ്ങൽ, അങ്കണവാടിയുടെ നവീകരണം - ഒന്നാം ഘട്ടം, ഓപ്പൺ എയർ ജിം സ്ഥാപിക്കൽ, മൂന്ന് സ്ഥലങ്ങളിൽ കുട്ടികളുടെ കളി ഉപകരണങ്ങൾ സ്ഥാപിക്കൽ, അഞ്ച് സ്ഥലങ്ങളിൽ പ്രതിമകൾ സ്ഥാപിക്കൽ, സ്മാർട്ട് ഇവി ചാർജറുകൾ വാങ്ങൽ എന്നിവ പൂർത്തിയാക്കിയ പ്രോജക്ടുകളിൽപ്പെടുന്നവയാണ്.

### ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കൽ

ഗ്രാമങ്ങൾ തമ്മിൽ റോഡ് മാർഗ്ഗമുള്ള ബന്ധിപ്പിക്കൽ ഗ്രാമീണ വികസനത്തിന്റെ ഒരു പ്രധാന ഘടകമാണ്, കാരണം ഇത് സാമ്പത്തികവും സാമൂഹികവുമായ സേവനങ്ങളിലേക്കു ആക്കം കൂട്ടുകയും അതുവഴി കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുന്നതിനും ഉൽപാദനപരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകമാകുന്നു. ഗ്രാമീണ റോഡുകൾ, സാധന സാമഗ്രികളുടെ വിതരണം സുഗമമാക്കുകയും, വിപണന കേന്ദ്രങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുകയും, വിപണനം വർധിപ്പിച്ച് വരുമാനം വർധിപ്പിക്കുന്നതിന് കർഷകരെ സഹായിക്കുകയും ചെയ്യുന്നു. സംയോജിത റോഡ് ശൃംഖല, കാർഷിക യന്ത്രവൽക്കരണം, തൊഴിൽ ശക്തിയുടെ മികച്ച സമാഹരണം, വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കൽ എന്നിവയ്ക്കും സഹായകമാകുന്നു. കേരളത്തിലെ റോഡ് കണക്റ്റിവിറ്റി ഉറപ്പാക്കുന്ന പ്രധാന പരിപാടികൾ ചുവടെ പറയുന്നവയാണ്.

### പ്രധാനമന്ത്രി ഗ്രാമീണ സടക് യോജന (പിഎംജിഎസ്‌വൈ)

ഗ്രാമീണ വികസന മന്ത്രാലയത്തിന് കീഴിൽ 2000 ഡിസംബർ 25-ന് ആരംഭിച്ച പ്രധാനമന്ത്രി ഗ്രാം സഡക് യോജന, സാമൂഹിക-സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രാമീണ കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രധാന പരിപാടിയാണ്. കേരളത്തിൽ, റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള എൽഎസ്ജികളുടെ ശ്രമങ്ങളെ പിഎംജിഎസ്‌വൈ സഹായിക്കുന്നു. ഇത് ഗ്രാമീണ പ്രദേശങ്ങളിൽ അർഹതയുള്ള വാസസ്ഥലങ്ങളെ ബന്ധിപ്പിക്കാനായി എല്ലാ കാലാവസ്ഥയിലും സഞ്ചരിക്കാവുന്ന റോഡുകൾ (ആവശ്യമായ കൽവർട്ടുകൾ, ക്രോസ്-ഡ്രെയിനേജ് ഘടനകൾ എന്നിവയോടെ) നിർമ്മിക്കാൻ സഹായിക്കുന്നു. സമതല പ്രദേശങ്ങളിൽ 500-ലധികം ജനസംഖ്യയുള്ള വാസസ്ഥലങ്ങളിലാണ് പദ്ധതി ലക്ഷ്യമിടുന്നത്, എന്നാൽ കുന്നിൻപ്രദേശങ്ങളിലും മരുഭൂമിയിലും പട്ടിക വർഗ പ്രദേശങ്ങളിലും ജനസംഖ്യാ പരിധി 250 ആയി കുറയ്ക്കുന്നു. തുടക്കത്തിൽ, പിഎംജിഎസ്‌വൈ പദ്ധതിക്ക് പൂർണ്ണമായും കേന്ദ്ര സർക്കാർ ധനസഹായം നൽകിയിരുന്നു, എന്നാൽ 2015 നവംബർ മുതൽ, പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം കേന്ദ്രവും (60 ശതമാനം) സംസ്ഥാനവും (40 ശതമാനം) സംയുക്തമായി ധനസഹായം നൽകുന്നു.

കേരളത്തിൽ പിഎംജിഎസ്‌വൈ നടപ്പിലാക്കുന്നതിനുള്ള നോഡൽ അതോറിറ്റി തദ്ദേശ സ്വയംഭരണ വകുപ്പാണ്. കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി (കെഎസ്ആർആർഡിഎ) സംസ്ഥാന തലത്തിലുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.

പിഎംജിഎസ്‌വൈ പ്രകാരം കേന്ദ്ര വിഹിതം പ്രവർത്തിയുടെ എസ്റ്റിമേറ്റ് ചെലവ് വഹിക്കാൻ മാത്രമേ ഉപയോഗിക്കാവൂ. അധിക ടെൻഡർ, യൂട്ടിലിറ്റികൾ മാറ്റൽ, പൂർത്തിയാക്കിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുള്ള ഫണ്ട് കണ്ടെത്തുന്നതിനുള്ള വ്യവസ്ഥകൾ പദ്ധതിയിലില്ല. ഇത്തരം പ്രവർത്തികളുടെ നടത്തിപ്പിന് ആവശ്യമായ ഈ അധികച്ചെലവുകൾ നിറവേറ്റുന്നതിനായി, സംസ്ഥാന സർക്കാർ പിഎംജിഎസ്‌വൈ യ്ക്ക് സംസ്ഥാന പിന്തുണാ പദ്ധതി വഴി 40 ശതമാനത്തിന്റെ നിശ്ചിത വിഹിതത്തിന് പുറമേ ആവശ്യമായ ഫണ്ട് നീക്കിവയ്ക്കുന്നു. മൂന്ന് ഘട്ടങ്ങളിലായാണ് പിഎംജിഎസ്‌വൈ നടപ്പാക്കുന്നത്.

**പിഎംജിഎസ്‌വൈ I:** 2003- ഓടെ ആയിരത്തിലധികം ജനസംഖ്യയുള്ള ഗ്രാമീണ മേഖലയിലെ വാസസ്ഥലങ്ങളെ എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ ഉറപ്പുള്ള റോഡുകൾ വഴി ബന്ധിപ്പിക്കുകയാണ് പി.എം.ജി.എസ്. വൈ 1 ന്റെ ലക്ഷ്യം. കൂടാതെ 2007 ഓടെ 500 ലധികം ജനസംഖ്യയുള്ള വാസസ്ഥലങ്ങളെയും സമാനമായ രീതിയിൽ ബന്ധിപ്പിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. പിഎംജിഎസ്‌വൈഐ I ന് കീഴിൽ 3308.4 കിലോമീറ്റർ റോഡ് അനുവദിക്കുകയും 3239.9 കിലോമീറ്റർ റോഡ് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

**പിഎംജിഎസ്‌വൈ–II** ന്റെ ലക്ഷ്യം, ഗ്രാമീണ മാർക്കറ്റ് സെന്ററുകളുടെയും ഹബ്ബുകളുടെയും വളർച്ച സുഗമമാക്കുന്നതിനായി അവയുടെ സാമ്പത്തിക സാധ്യതയും പങ്കും അടിസ്ഥാനമാക്കി തിരഞ്ഞെടുത്ത ഗ്രാമീണ റോഡുകൾ നവീകരിക്കുകയാണ്. 2011 ലെ സെൻസസ് ഡാറ്റ കണക്കിലെടുത്ത് റോഡുകൾ തിരഞ്ഞെടുക്കുന്നതിനുള്ള അടിസ്ഥാനം ഡിസ്ട്രിക്റ്റ് റൂറൽ റോഡ്സ് പ്ലാൻ (DRRP) ആണ്. ജില്ലാ ഗ്രാമീണ റോഡുകളുടെ പദ്ധതി (ഡിആർആർപി) ഗ്രാമീണ റോഡുകൾക്കായുള്ള മാസ്റ്റർ പ്ലാൻ എന്ന് അറിയപ്പെടുന്നു. ഇത് ജില്ലയിലെ എല്ലാ റോഡുകളെയും ഉൾക്കൊള്ളുന്നു. പിഎംജിഎസ്‌വൈ-II ന്റെ ഭാഗമായി 582.9 കിലോമീറ്റർ റോഡ് പ്രവൃത്തികൾ അനുവദിച്ചതിൽ 561.7 കിലോമീറ്റർ റോഡ് പ്രവൃത്തികൾ

**പട്ടിക 12.1.10** പിഎംജിഎസ്‌വൈഐ യുടെ ഭൗതിക പുരോഗതി

| Year | പിഎംജിഎസ്‌വൈ–I | | പിഎംജിഎസ്‌വൈ–II | | പിഎംജിഎസ്‌വൈ–III | |
|---|---|---|---|---|---|---|
| | എണ്ണം | റോഡിന്റെ നീളം കിലോമീറ്ററിൽ | എണ്ണം | റോഡിന്റെ നീളം കിലോമീറ്ററിൽ | എണ്ണം | റോഡിന്റെ നീളം കിലോമീറ്ററിൽ |
| 2023-24 | 3 | 7.2 | 4 | 9.1 | 32 | 244.5 |
| 2024-25 (31.08.2024) | | | | | 11 | 55.6 |
| **ആകെ** | **3** | **7.2** | **4** | **9.1** | **43** | **300.1** |

***അവലംബം:*** പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -തദ്ദേശ സ്വയം ഭരണ വകുപ്പ്

പൂർത്തിയായി. അനുമതി ലഭിച്ച 30 മീറ്റർ, 20 മീറ്റർ, 60.7 മീറ്റർ ദൈർഘ്യമുള്ള മൂന്ന് പാലങ്ങളും പൂർത്തീകരിച്ചു.

**പിഎംജിഎസ്‌വൈ III :** ഗ്രാമീണ കാർഷിക മാർക്കറ്റുകൾ, ഹയർ സെക്കൻഡറി സ്കൂളുകൾ, ആശുപത്രികൾ എന്നിവയുമായി ആവാസ കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന നിലവിലുള്ള പ്രധാന ഗ്രാമീണ റോഡുകളുടെ നവീകരണം ആണ് പിഎംജിഎസ്‌വൈ- III ലൂടെ വിഭാവനം ചെയ്യുന്നത്. പിഎംജിഎസ്‌വൈഐ- III പ്രകാരം ഇതുവരെ 1,421.1 കിലോമീറ്റർ റോഡ് അനുവദിക്കുകയും 238.1 കിലോമീറ്റർ പൂർത്തിയാക്കുകയും ചെയ്തു. 2023-24 ലെയും, 2024-25 അഗസ്റ്റ് 31 വരെയുമുള്ള പിഎംജിഎസ്‌വൈഐ യുടെ ഭൗതിക പുരോഗതി **പട്ടിക 12.1.10** ൽ നൽകിയിരിക്കുന്നു.

പിഎംജിഎസ്‌വൈ പദ്ധതിയ്ക്ക് കീഴിലുള്ള 2023-24, 2024-25 (2024 ഓഗസ്റ്റ് 31 വരെ) വർഷങ്ങളിൽ നിർമ്മിച്ച റോഡുകളുടെ ജില്ലാതല വിശദാംശങ്ങൾ **അനുബന്ധം 12.1.22**-ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും ജനസാന്ദ്രതയും കണക്കിലെടുക്കുമ്പോൾ ഇന്ത്യ ഗവണ്മെന്റ് അനുശാസിക്കുന്ന നിർമ്മാണ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് ബുദ്ധിമുട്ട് നേരിടാറുണ്ട്. സർഫേസ് ഡ്രസ്സിംഗ് സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിനു വേണ്ട യന്ത്രസാമഗ്രികളുടെ ലഭ്യതക്കുറവ്, ജൽ ജീവൻ മിഷൻ (ജെ.ജെ.എം) ജോലികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം തുടങ്ങിയവ നടന്നുകൊണ്ടിരിക്കുന്ന പിഎംജിഎസ്‌വൈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നു. കിലോമീറ്ററിനുള്ള യൂണിറ്റ് ചെലവ് പരിമിതപ്പെടുത്തുന്നതിനായി, വിശദമായ പ്രൊജക്റ്റ് റിപ്പോർട്ടിൽ സംരക്ഷണഭിത്തികൾക്കും അഴുക്കുചാലുകൾക്കുമുള്ള വ്യവസ്ഥകൾ പരിമിതപ്പെടുത്തേണ്ടി വരുന്നു. ഫുൾ ഡെപ്ത് റിക്ലമേഷൻ (എഫ്ഡിആർ), സബ്ഗ്രേഡ് മെച്ചപ്പെടുത്തലിനുള്ള കയർ സാങ്കേതികവിദ്യ, കോൾഡ് മിക്സ് സാങ്കേതികവിദ്യ, റോഡ് നിർമാണത്തിലെ പ്ലാസ്റ്റിക് മാലിന്യത്തിന്റെ ഉപയോഗം തുടങ്ങിയ പുതിയ സാങ്കേതികവിദ്യകൾ പിഎംജിഎസ്‌വൈ- III പ്രകാരം അനുവദിച്ച പുതിയ റോഡിൽ (594.7 കിലോമീറ്റർ, 554.4 കോടി രൂപ) പ്രയോഗിക്കാൻ പദ്ധതിയിടുന്നു. പിഎംജിഎസ്‌വൈ റോഡ് പത്ത് വർഷത്തെ കാലയളവിനായി രൂപകൽപ്പന ചെയ്തിരിക്കുന്നത്. നിർമ്മാണത്തിന് ശേഷമുള്ള അഞ്ച് വർഷത്തെ അറ്റകുറ്റപ്പണികൾക്കുള്ള ഫണ്ട് (നിർമ്മാണ ചെലവിന്റെ ഏകദേശം 9 ശതമാനം തുക) സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. അഞ്ചുവർഷത്തിനു ശേഷമുള്ള അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്താണ് നിർവഹിക്കുന്നത്.

### നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ്

ഈ മേഖലയിലെ പദ്ധതികളെ പരിശോധിക്കുമ്പോൾ പ്രകൃതി വിഭവ പരിപാലനത്തിനു കൂടുതൽ ഊന്നൽ നൽകേണ്ടതിന്റെ പ്രാധാന്യം വർധിക്കുന്നു. മുൻകാലങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന സംയോജിത നീർത്തട മാനേജ്മെന്റ് പ്രോഗ്രാം (ഐഡബ്ല്യൂഎംപി), 2015-16-ൽ പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി എം കെ എസ് വൈ) യുമായി ഇന്ത്യാ ഗവൺമെന്റ് ലയിപ്പിക്കുകയും പി എം കെ എസ് വൈ യുടെ നീർത്തട വികസന ഘടകമായി (വാട്ടർ ഡെവലപ്മെന്റ് കംപോണെന്റ്) നടപ്പിലാക്കുകയും ചെയ്തു വരുന്നു.

### പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജനയുടെ നീർത്തട വികസന ഘടകം

2009-10 ൽ ആരംഭിച്ച പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പിഎംകെഎസ്‌വൈ) യിൽ മണ്ണൊലിപ്പ് തടയൽ, പ്രകൃതിദത്ത സസ്യജാലങ്ങളുടെ പുനരുജ്ജീവനം, മഴവെള്ള സംഭരണം, ഭൂഗർഭജലം റീചാർജ് ചെയ്യൽ, വനവൽക്കരണം, തരിശുഭൂമിയെ കൃഷിയോഗ്യമാക്കൽ എന്നിവയാണ് വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ. ചെക്ക്ഡാമുകൾ, പെർകോളേഷൻ ടാങ്കുകൾ, ഫാം കുളങ്ങൾ, ഡ്രെയിനേജ് ലൈൻ ട്രീറ്റ്മെന്റ് പ്രവർത്തനങ്ങൾ എന്നിവയുടെ നിർമ്മാണം പദ്ധതിക്ക് കീഴിൽ ഉൾപ്പെടുന്നു ഗ്രാമവികസന വകുപ്പ് ആണ് പി.എം.കെ.എസ്.വൈ നീർത്തട വികസന പദ്ധതിയുടെ നോഡൽ വകുപ്പ്. സംസ്ഥാന തലത്തിൽ സംസ്ഥാന തല നോഡൽ ഏജൻസി (എസ് എൽ എൻ എ), ജില്ലാ തലത്തിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിൽ രൂപീകരിച്ച വാട്ടർഷെഡ് സെൽ കം ഡാറ്റാ സെന്റർ (ഡബ്ലിയു സി ഡി സി) വഴിയും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി (പി ഐ എ) മുഖേനയും ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിലോ നീർത്തട തലത്തിലോ ഇതിനായി പ്രത്യേകം രൂപീകരിച്ച തണ്ണീർത്തട സമിതികൾ മുഖേനയും നിർവഹണംനടത്തുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള പദ്ധതിയുടെ തുക വിനിയോഗം 60:40 എന്ന അനുപാതത്തിലാണ്.

പ്രസ്തുത ഇടപെടലുകൾക്ക് മിശ്രിത വിളകൾ കൃഷി ചെയ്യാനും വിവിധ കാർഷിക അധിഷ്ഠിത പ്രവർത്തനങ്ങൾ ആരംഭിക്കാനും സാധ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു, ഇത് നീർത്തട പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങൾ നൽകാൻ സഹായിക്കും

2021-22-ൽ പി.എം.കെ.എസ്.വൈ 2.0 ഒരു ന്യൂജനറേഷൻ നീർത്തട വികസന പരിപാടിയായി പുനരാരംഭിച്ചു. 73.3 ലക്ഷം രൂപ പദ്ധതിച്ചെലവിൽ 26,163 ഹെക്ടർ വിസ്തൃതിയുള്ള 37 സൂക്ഷ്മ നീർത്തടങ്ങൾ അനുവദിച്ചു. സ്കീമിന്റെ പ്രവർത്തന ഘടകങ്ങൾ മൂന്ന് പ്രധാന വിഭാഗങ്ങൾക്ക് കീഴിലാണ്: എ) പ്രകൃതിവിഭവ മാനേജ്മെന്റ്, ബി) ഉൽപ്പാദന സംവിധാനം മെച്ചപ്പെടുത്തൽ, സി) ഉപജീവന പിന്തുണയും സൂക്ഷ്മ സംരംഭങ്ങളും. 2023-24 സാമ്പത്തിക വർഷത്തിൽ, ഈ പദ്ധതിക്ക് 25 കോടി രൂപ ചെലവ് പ്രതീക്ഷിച്ചിരുന്നു, അതിൽ കേന്ദ്രം 15 കോടി രൂപയും സംസ്ഥാനം 10 കോടി രൂപയും അനുവദിച്ചു. ഇതിൽ, കേന്ദ്രം 5.9 കോടി രൂപയും സംസ്ഥാനം 3.9 കോടി രൂപയും ലഭ്യമാക്കി. ആകെ ലഭ്യമായ 23.9 കോടി രൂപയിൽ 23.6 കോടി രൂപ (98.5 ശതമാനം) വിനിയോഗിക്കുകയും ചെയ്തു. 2023-24 ൽ 616 ജലസംഭരണികൾ നിർമ്മിക്കുകയും 317 ജലസംഭണികൾ നവീകരിക്കുകയും ചെയ്തു. 256.51 ഹെക്ടർ പ്രദേശം ജലസേചനത്തിനു കീഴിൽ കൊണ്ടുവരികയും 6,200 കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും ചെയ്തു. 17,660 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും 477.1 ഹെക്ടർ തോട്ടത്തിൽ കൃഷിയിറക്കുകയും ചെയ്തു.
നടപ്പ് സാമ്പത്തിക വർഷം 2024 അഗസ്റ്റ് 31 വരെ 18 ജലസംഭരണികൾ നിർമ്മിക്കുകയും 284 പഴയ ജലസംഭരണികൾ നവീകരിക്കുകയും ചെയ്തു. 5,283 കർഷകർക്ക് ജലസേചന സൗകര്യം നൽകുകയും 18,277 വ്യക്തിഗത തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു, കൂടാതെ, ഹോർട്ടികൾച്ചർ ഉൾപ്പെടെ 87.7 ഹെക്ടർ തോട്ടത്തിന് കീഴിൽ കൊണ്ടുവന്നു. ഇടുക്കി, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തിരുവനന്തപുരം, വയനാട് ജില്ലകളിലാണ് പ്രധാനമായും പരിപാടി നടപ്പാക്കുന്നത്.

**തൊഴിൽ സൃഷ്ടിക്കലും ഉപജീവന സഹായവും**

ഡിമാന്റടിസ്ഥാനത്തിലുള്ള തൊഴിലുറപ്പ് പദ്ധതി രാജ്യത്ത് നടപ്പിലാക്കുന്നത് ഗ്രാമീണ ജനതയുടെ ഉപജീവന സുരക്ഷയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതിയുടെയും മറ്റ് ഉപജീവന സഹായ പദ്ധതികളുടെയും നടത്തിപ്പിന്റെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്)**

2005ലെ എം.ജി.എൻ.ആർ.ഇ.ജി.എ നിയമത്തിന് കീഴിൽ ആരംഭിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജിഎൻആർഇജിഎസ്) ഗ്രാമീണ കുടുംബങ്ങളിലെ മുതിർന്ന അംഗങ്ങൾക്ക് പ്രതിവർഷം 100 ദിവസത്തെ തൊഴിൽ നൽകാൻ ലക്ഷ്യമിടുന്നു, ഇത് ഉപജീവന സുരക്ഷ വർധിപ്പിക്കുന്നു. ഈ പദ്ധതി തൊഴിൽ മേഖലയിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നു. ഇത് സ്ത്രീ ശാക്തീകരണത്തിന് സംഭാവന നൽകുകയും ഗ്രാമീണ തൊഴിലിലെ ലിംഗ വിവേചനത്തെ അഭിസംബോധന ചെയ്യുന്നു.

നിർദ്ദേശങ്ങൾ അനുസരിച്ച്, എംജിഎൻആർഇജിഎസ് പദ്ധതിയിലെ ജോലികളുടെ പട്ടിക താഴെ പറയുന്ന വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

വിഭാഗം എ: പ്രകൃതി വിഭവ മാനേജ്മെന്റ് സംബന്ധിച്ച പൊതുമരാമത്ത് ജോലികൾ.

വിഭാഗം ബി: ദുർബല വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (പട്ടികജാതി, പട്ടികവർഗ്ഗം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ, സ്ത്രീ നയിക്കുന്ന കുടുംബങ്ങൾ, ശാരീരിക വൈകല്യമുള്ള കുടുംബങ്ങൾ, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ തുടങ്ങിയവ).
വിഭാഗം സി: എൻആർഎൽഎം-ന് അനുസൃതമായ സ്വയം സഹായ സംഘങ്ങൾക്കുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുന്നു.


വിഭാഗം ഡി: ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ.

ദേശീയ തലത്തിൽ, 2023-24 സാമ്പത്തിക വർഷത്തിൽ 312.2 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. സൃഷ്ടിക്കപ്പെട്ട മൊത്തം തൊഴിൽ ദിനങ്ങളിൽ, സ്ത്രീകൾക്ക് 58.9 ശതമാനവും എസ്‌സി വിഭാഗത്തിന് 19.2 ശതമാനവും എസ്. റ്റി വിഭാഗത്തിന് 17.6 ശതമാനവും ലഭിച്ചു. ഒരു കുടുംബത്തിന് ശരാശരി 52.1 ദിവസം എന്ന നിലയിൽ ആകെ 6 കോടി കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചു. മൊത്തം 45 ലക്ഷം കുടുംബങ്ങൾ 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കി. ചെലവിന്റെ 27.7 ശതമാനം ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ചപ്പോൾ, 49.2 ശതമാനം പ്രകൃതി വിഭവ മാനേജ്മെന്റ് സംബന്ധമായ പ്രവർത്തനങ്ങളിലേക്കാണ് ചെലവഴിച്ചത്.

പ്രകൃതിവിഭവ പരിപാലനം, കൃഷി, മറ്റു അനുബന്ധ മേഖലകളിൽ ഏറ്റവും കൂടുതൽ തൊഴിൽ ശതമാനമുള്ള സംസ്ഥാനമാണ് കേരളം.

ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനും ഗ്രാമീണ ദരിദ്രർക്ക് ഉപജീവന സുരക്ഷ ഉറപ്പാക്കാനുമുള്ള ഫലപ്രദമായ പദ്ധതിയായാണ് കേരളം എക്കാലവും എംജിഎൻആർഇജി യെ കണക്കാക്കുന്നത്. 2023-24 ൽ, സംസ്ഥാനം 9.9 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു, അതിൽ 17.9 ശതമാനം പട്ടികജാതിക്കാർക്കും 7.5 ശതമാനം പട്ടികവർഗക്കാർക്കുമായിരുന്നു. കേരളത്തിൽ ഗുണഭോക്താക്കളിൽ ഭൂരിപക്ഷവും സ്ത്രീകളാണ്, മൊത്തം തൊഴിൽ ദിനങ്ങളിൽ 89.3 ശതമാനം സ്ത്രീകൾക്ക് ലഭിച്ചു (ദേശീയ ശരാശരി 58.9 ശതമാനം), ഇത് രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കാണ്. (**പട്ടിക: 12.1.11**) ഒരു കുടുംബത്തിന് ശരാശരി 67.7 ലക്ഷം തൊഴിൽ ദിനങ്ങൾ നൽകി, ഇത് ഇന്ത്യയിൽ രണ്ടാമത്തെ ഉയർന്ന നിരക്കാണ്. കേരളത്തിൽ ഏകദേശം 5.7 ലക്ഷം കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ലഭിച്ചു. ആന്ധ്രാപ്രദേശിന് പിന്നിൽ രണ്ടാം സ്ഥാനത്താണ് കേരള സംസ്ഥാനം.

**ചിത്രം 12.1.8** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകടനം-ദക്ഷിണേന്ത്യയിലെ സംസ്ഥാനങ്ങളുടെ താരതമ്യം (2023-24)




***അവലംബം:*** എം എൻ ആർ ജി എസ് വെബ് സൈറ്റ്

**പട്ടിക 12.1.11** എംജിഎൻആർഇജിഎസ് - 2023-24 ലെ ദേശീയ തലവുമായി താരതമ്യപ്പെടുത്തിയുള്ള കേരളത്തിന്റെ സ്ഥിതി

| **സൂചകങ്ങൾ** | **ദേശീയ ശരാശരി** | **കേരളത്തിന്റെ സ്ഥിതി** | **സംസ്ഥാനങ്ങൾക്കിടയിൽ കേരളത്തിന്റെ സ്ഥാനം** |
|---|---|---|---|
| ശരാശരി വ്യക്തി ദിനങ്ങൾ | 52.1 | 67.7 | 2 |
| ശരാശരി വ്യക്തി ദിനങ്ങൾ (എസ്‌സി) | 50.7 | 68.2 | 2 |
| ശരാശരി വ്യക്തി ദിനങ്ങൾ (എസ് ടി) | 55 | 96.5 | 1 |
| സ്ത്രീകൾക്ക് ലഭിച്ച തൊഴിൽ ദിനങ്ങൾ | 58.9 | 89.3 | 1 |
| 100 ദിവസത്തെ വേതനം ലഭിച്ച കുടുംബങ്ങളുടെ ശതമാനം | 7.5 | 38.7 | 2 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച എസ്‌സി കുടുംബങ്ങളുടെ ശതമാനം | 6.9 | 36.5 | 1 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച എസ് ടി കുടുംബങ്ങളുടെ ശതമാനം | 9.5 | 49.5 | 2 |

***അവലംബം:*** പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

**പട്ടിക 12.1.12** തൊഴിൽ സൃഷ്ടിക്കലിന്റെയും പ്രകടനത്തിന്റെയും അവലോകനം

| **സൂചകങ്ങൾ** | **2024–25 (അഗസ്റ്റ് 31)** | **2023–24** | **2022–23** | **2021–22** | **2020–21** |
|---|---|---|---|---|---|
| ലേബർ ബജറ്റ് പ്രകാരമുള്ള അംഗീകൃത വ്യക്തി ദിനങ്ങൾ (ലക്ഷത്തിൽ) | 330 | 1050 | 950 | 1000 | 1000 |
| മൊത്തം ലേബർ ബഡ്ജറ്റിനു മുകളിലുണ്ടായ നേട്ടം ശതമാനത്തിൽt | 82.3 | 94.7 | 101.7 | 106 | 102.3 |
| സ്ത്രീകൾക്കു വേണ്ടി ഉൽപാദിപ്പിക്കപ്പെട്ട വ്യക്തിദിനങ്ങളുടെ ശതമാനം | 88.4 | 89.3 | 89.8 | 89.4 | 90.5 |
| പട്ടികജാതി കുടുംബങ്ങൾക്ക് വേണ്ടി ഉൽപ്പാദിപ്പിക്കപ്പെട്ട വ്യക്തിദിനങ്ങളുടെ ശതമാനം | 17.7 | 17.9 | 18.2 | 18.3 | 18.4 |
| പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വേണ്ടി ഉൽപ്പാദിപ്പിക്കപ്പെട്ട വ്യക്തിദിനങ്ങളുടെ ശതമാനം | 8.0 | 7.5 | 7 | 6.3 | 6.5 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി വ്യക്തി ദിനങ്ങൾ | 25 | 67.7 | 62.3 | 64.3 | 63.2 |
| 100 തൊഴിൽ ദിനങ്ങൾ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 1079 | 5,69,108 | 4,49,638 | 5,12,823 | 4,70,410 |

***അവലംബം:*** എം എൻ ആർ ജി എസ് വെബ് സൈറ്റ്

2023-24ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിലെ പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ താരതമ്യം (**ചിത്രം 12.1.8**) ൽ കാണിച്ചിരിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ, 3,973.8 കോടി രൂപ ചെലവഴിച്ചു, അതിൽ 3,324.4 കോടി രൂപ (83.7 ശതമാനം) അവിദഗ്ധ തൊഴിലാളി വേതനമായും 506.4 കോടി രൂപ (12.7 ശതമാനം) മെറ്റീരിയൽ ഘടകങ്ങൾ , അർദ്ധ നൈപുണ്യമുള്ള വിദഗ്ധ വേതനമായും ചെലവഴിച്ചു. 2023-24, 2024-25 (2024 ഓഗസ്റ്റ് 31 വരെ) എന്നീ വർഷങ്ങളിലെ എംജിഎൻജിഎസിന്റെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി യഥാക്രമം **അനുബന്ധം 12.1.23, 12.1.24, 12.1.25, 12.1.26** എന്നിവയിൽ നൽകിയിരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിൽ എംജിഎൻജിഎസിന്റെ തൊഴിൽ സൃഷ്ടിയും പ്രകടനവും **പട്ടിക 12.1.12** ൽ ചിത്രീകരിക്കുന്നു.

പട്ടികവർഗ കുടുംബങ്ങളുടെ പങ്കാളിത്തത്തിൽ ക്രമാനുഗതമായ വർധനയുണ്ടായി, അവരുടെ വ്യക്തിദിന വിഹിതം 2019-20-ൽ 6.7 ശതമാനത്തിൽ നിന്ന് 2023-24-ൽ 7.5 ശതമാനമായി ഉയർന്നു. ഇത് പട്ടികവർഗ്ഗ സമൂഹങ്ങളുടെ മികച്ച സമീപനവും ഉൾപ്പെടുത്തലും പ്രതിഫലിപ്പിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ, 4,039.7 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചതിൽ 3,682 കോടി രൂപ വിതരണം ചെയ്തു. 2023-24 വർഷത്തെ ചെലവ് 3,973.8 കോടി രൂപയായിരുന്നു. ലഭ്യമായ ആകെ ഫണ്ടിൽ 99.6. ശതമാനം ഉപയോഗിച്ചു (**പട്ടിക 12.1.13**)

### സംയോജനം

ഗ്രാമീണ പ്രദേശങ്ങളിലെ, ഉൽപ്പാദന മേഖലയിൽ ആസ്തികൾ സൃഷ്ടിക്കുന്നതിൽ എംജി.എൻ. ആർ.ഇ.ജിഎസ് സംസ്ഥാനത്തിന് വളരെയധികം സഹായകമാണ്. കൃഷി, സാമൂഹിക നീതി, ക്ഷീരവികസനം, വനം വന്യജീവി, പട്ടികജാതി പട്ടികവർഗ്ഗ വികസനം വിവിധ മിഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി ഒന്നിലധികം വകുപ്പുകൾ സംയോജനത്തിൽ ഉൾപ്പെടുന്നു. ഈ പരിപാടികൾ വിഭവങ്ങൾ, പ്രാദേശിക വിജ്ഞാനം, പുതിയ തന്ത്രങ്ങൾ എന്നിവ സംയോജിപ്പിച്ച് ഒരു പൊതുവായ ലക്ഷ്യത്തിനായി സംസ്ഥാന വികസന പദ്ധതികൾക്ക് ശക്തവും ശാശ്വതവുമായ ഫലങ്ങൾ സൃഷ്ടിക്കുന്നു.

ശുചിത്വ മിഷനുമായി സഹകരിച്ച്, 5,800 കമ്പോസ്റ്റ് കുഴികളും 31,773 സോക്ക് പിറ്റുകളും എംജിഎൻആർഇജിഎസ് ഫണ്ടു ഉപയോഗിച്ച് നിർമ്മിച്ചു.

### സുഭിക്ഷ കേരളം

കൃഷിയിലും അനുബന്ധ മേഖലകളിലും ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി ആരംഭിച്ചു. ഈ പദ്ധതി എംജിഎൻആർഇജിഎസുമായി സംയോജിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഗ്രാമീണ പ്രദേശങ്ങളിൽ ഉപജീവന ആസ്തികൾ സൃഷ്ടിക്കപ്പെട്ടു, ഇത് ഗ്രാമീണ ജനതയ്ക്ക് ദിവസേനയുള്ള ചെലവുകൾ നിറവേറ്റാനുള്ള ഒരു സ്ഥിരമായ വരുമാനം ഉണ്ടാക്കാൻ സഹായിക്കുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ, 6,026 കാലിതൊഴുത്തുകൾ, 4,263 ആട്ടിൻകൂടുകൾ, 5,455 കോഴി കൂടുകൾ, 1,859 കൃഷി കുളങ്ങൾ, 170 എസ്എച്ച്ജി വർക്ക് ഷെഡുകൾ എന്നിവ നിർമ്മിച്ചു. ഈ പദ്ധതിയിലൂടെ 388 ഹെക്ടർ ഭൂമിയിൽ തീറ്റപ്പുല്ല് കൃഷി ആരംഭിച്ചു.

### അംഗൻവാടി നിർമ്മാണം:

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം, വനിതാ ശിശു വികസന വകുപ്പുമായി സഹകരിച്ച് 720 അംഗൻവാടികൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു. ഇതിൽ 473 എണ്ണം പൂർത്തിയായി.

### ഉന്നതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് പൂർണ്ണമായും ധനസഹായം ലഭിക്കുന്ന ഉന്നതി പദ്ധതി പ്രകാരം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ

**പട്ടിക 12.1.13** 2023-24, 2024 അഗസ്റ്റ് 31 വരെയുമുള്ള എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ സാമ്പത്തിക പുരോഗതി (തുക കോടിയിൽ)

| സാമ്പത്തിക വർഷം | അടങ്കൽ | | | പ്രാരംഭബാക്കി | നൽകിയ തുക | | | ആകെ ലഭ്യമായ തുക | ചെലവ് | ചെലവു ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | കേന്ദ്രം | സംസ്ഥാനം | ആകെ | | കേന്ദ്രം | സംസ്ഥാനം | ആകെ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9=5+8 | 10 | 11=(10/9* 100) |
| 2023-24 | 4039.7 | 230.1 | 4269.8 | 183.6 | 3682.0 | 124.2 | 3806.3 | 3989.8 | 3973.8 | 99.6 |
| 2024-25 (31.08.24) | 4427.3 | 230.1 | 4657.4 | 172.9 | 1390.3 | 20.4 | 1410.7 | 1583.6 | 1239.8 | 78.3 |

***അവലംബം:*** പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ പാർട്ട്ടൈം ജോലിയിൽ നിന്ന് ഫുൾടൈം ജോലിലേക്ക് മാറുന്നതിന് അവരുടെ നൈപുണ്യ അടിത്തറ നവീകരിക്കാൻ ഉദ്ദേശിക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 100 ദിവസത്തെ ജോലി പൂർത്തിയാക്കിയ ഒരു വീട്ടിലെ മുതിർന്ന അംഗത്തിന് (18-45 വയസ്സ്) പരിശീലനം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ, 2,144 പേർക്ക് ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡിഡിയു-ജികെവൈ), റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ആർഎസ്ഇടിഐ), കൃഷി വിജ്ഞാൻ കേന്ദ്ര (കെവികെ) തുടങ്ങിയ പദ്ധതികൾ വഴി പരിശീലനം നൽകി.

**കേരള ട്രൈബൽ പ്ലസ്**

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലെ വിടവുകൾ നികത്താൻ പുതിയതും പൂരകവുമായ ഘടകങ്ങളും പുതിയ സ്കീമുകളും ഉൾപ്പെടുത്താൻ കേരള സർക്കാർ ശ്രദ്ധാലുവാണ്. 2017-18ൽ കേരള സർക്കാർ ആരംഭിച്ച പദ്ധതിയാണ് കേരള ട്രൈബൽ പ്ലസ്. പട്ടികവർഗ കുടുംബങ്ങളിൽപ്പെട്ടവർക്ക് 100 ദിവസം അധിക തൊഴിൽദിനങ്ങൾ നൽകുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പട്ടികവർഗ തൊഴിലാളികൾക്ക് അധിക തൊഴിൽ നൽകുന്നതിനായി ട്രൈബൽ പ്ലസ് സ്കീം അവതരിപ്പിച്ചുകൊണ്ട് പട്ടികജാതി-പട്ടികവർഗ മേഖലകളിലെ ഇടപെടലുകൾ ഗണ്യമായി ശക്തിപ്പെടുത്തിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉറപ്പുനൽകുന്ന 100 ദിവസങ്ങൾക്ക് പുറമേ, എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും കൂടി 100 തൊഴിൽദിനങ്ങൾ (അവിദഗ്ധ തൊഴിൽ) നൽകുന്നതിനായി 2017-18ൽ കേരള സർക്കാർ 'കേരള ട്രൈബൽ പ്ലസ്' പദ്ധതി ആരംഭിച്ചു. കേരളത്തിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് ആണ് ഇതിനവശ്യമായ തുക വിനിയോഗിക്കുന്നത്. 2023-24ൽ 15,51,466 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുക്കൊണ്ട് 34,958 പട്ടികവർഗ ഭവനങ്ങൾക്ക് തൊഴിൽ നൽകി. 2023-24-ൽ 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം 38,070 ആണ്. വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ 8.2 (സാമൂഹിക സാമ്പത്തിക പരാധീനതകളെ അഭിസംബോധന ചെയ്യുന്നു) ൽ വിശദീകരിച്ചിരിക്കുന്നു.

**അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി (എയുഇജിഎസ്)**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ (എം.ജി.എൻ.ആർ.ഇ.ജി.എസ്) തത്വങ്ങൾ പിന്തുടർന്ന്, നഗരങ്ങളിലെ ദരിദ്രർക്ക് തൊഴിൽ നൽകുന്നതിനുള്ള പരിപാടിയായാണ് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാനം ആരംഭിച്ചത്. അവിദഗ്ധ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള നഗരപ്രദേശത്തെ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർക്ക് ഒരു വർഷത്തിൽ കുറഞ്ഞത് 100 ദിവസത്തെയെങ്കിലും തൊഴിൽ നൽകിക്കൊണ്ട് ജീവിത സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഒരു സംസ്ഥാന പദ്ധതിയാണിത്. 2009-10 ലാണ് സംസ്ഥാന സർക്കാർ എം.ജിഎൻ.ആർ.ഇ.ജി.എസിന്റെ മാതൃകയിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചത്. നഗരതദ്ദേശ സ്ഥാപനങ്ങളിൽ സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് ഫണ്ട് വിനിയോഗിക്കുന്നത്.

2010-11 ൽ ആദ്യ വർഷത്തേക്കുള്ള അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുള്ള ബജറ്റ് വിഹിതം 20 കോടി രൂപ ആയിരുന്നു, എന്നാൽ അതിൽ 17 ശതമാനം മാത്രമേ വിനിയോഗിച്ചുള്ളൂ. തുടർന്നുള്ള അഞ്ച് വർഷങ്ങളിൽ, പദ്ധതിക്കുള്ള ബജറ്റ് വിഹിതത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായെങ്കിലും മൊത്തം ചെലവിൽ വർദ്ധനവുണ്ടായി. എന്നിരുന്നാലും, ഫണ്ട് വിനിയോഗം 50 ശതമാനത്തിൽ താഴെയായിരുന്നു. 2016-17 ലെ സർക്കാർ മാറിയതോടെ, ബജറ്റ് വിഹിതത്തിലും വിനിയോഗത്തിലും തൊഴിൽ സൃഷ്ടിക്കലിലും സ്ഥിരമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിൽ ശ്രദ്ധേയമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

അയ്യൻങ്കാളി തൊഴിലുറപ്പ് പദ്ധതിക്കായി 2022-23 വർഷം 125.00 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 89 കോടി രൂപ ചെലവഴിക്കുകയും വിവിധ കോർപ്പറേഷനുകളിലും നഗരസഭകളിലുമായി 41,11,897.5 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 85,310 കുടുംബങ്ങൾക്കും 79,766 സ്ത്രീകൾക്കും തൊഴിൽ ലഭിക്കുകയും 12,024 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആകെ തൊഴിൽ നൽകിയ സ്ത്രീകളിൽ 15,531 തൊഴിലാളികൾ പട്ടികജാതിക്കാരും 1,714 പേർ പട്ടികവർഗക്കാരുമാണ്. ഈ വർഷം 3,187 പട്ടികജാതി കുടുംബങ്ങളും 158 പട്ടികവർഗ കുടുംബങ്ങളും 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കി. ഈ പദ്ധതിയിലെ ഏറ്റവും കൂടുതൽ ഗുണഭോക്താക്കൾ, 25,680 പേർ 51നും-60നും ഇടയിൽ പ്രായമുള്ളവരാണ്.

2023-24 ൽ, പദ്ധതിക്കായി 150 കോടി രൂപ വകയിരുത്തി, ഇതിൽ 103.5 കോടി ചെലവഴിച്ചു. ഈ പദ്ധതിയുടെ കീഴിൽ വിവിധ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമായി 26,89,283 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു, 2022-23 നെ അപേക്ഷിച്ച് ഇത് കുറവാണ്. ഈ കാലയളവിൽ, 68,864 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചു, ഇതിൽ 54,384 പൊതുവിഭാഗ കുടുംബങ്ങളും 13,650 പട്ടികജാതി കുടുംബങ്ങളും 830 പട്ടികവർഗ കുടുംബങ്ങളും ഉൾപ്പെടുന്നു. 63,847 സ്ത്രീകൾക്ക് തൊഴിൽ നൽകിയതിൽ 12,911 തൊഴിലാളികൾ പട്ടികജാതിക്കാരിൽ നിന്നുള്ളവരും 825 പേർ പട്ടികവർഗക്കാരുമാണ്. 2023-24 ൽ, 1,607 പട്ടികജാതി കുടുംബങ്ങളും 26 പട്ടികവർഗ കുടുംബങ്ങളും 4,624 പൊതുവിഭാഗ കുടുംബങ്ങളും 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കി.

2024-25 ൽ ബജറ്റ് വിഹിതം 165 കോടി രൂപയായി വർദ്ധിപ്പിച്ചു, 2024 ഓഗസ്റ്റ് വരെയുള്ള പദ്ധതിയുടെ ചെലവ് 35.5 കോടി രൂപയായിരുന്നു. 2024 ഓഗസ്റ്റ് 31 വരെ വിവിധ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമായി 4,34,082 തൊഴിൽ ദിനങ്ങൾ ഈ പരിപാടി സൃഷ്ടിച്ചു.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ, ജലസംരക്ഷണം, വനവൽക്കരണം, പി.എം.എ.വൈ പദ്ധതിയുടെ കീഴിലുള്ള

**പട്ടിക 12.1.14** 2023-24 അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി കാലയളവിൽ ഏറ്റെടുത്ത പദ്ധതികൾ

| ക്രമ നം | പ്രോജക്ടുകൾ | എണ്ണം | തൊഴിൽ ദിനങ്ങൾ |
|---|---|---|---|
| 1 | കുളങ്ങളുടെ നവീകരണം | 1,632 | 3,49,586 |
| 2 | ടാങ്കുകളുടെ നവീകരണം | 103 | 14,527 |
| 3 | കിണറുകൾ | 176 | 16,369 |
| 4 | കനാലുകൾ | 112 | 25,918 |
| 5 | വൃക്ഷത്തൈ നടീലും വനവൽക്കരണവും | 119 | 14,952 |
| 6 | മാലിന്യ ശേഖരണം/ മാനേജ്മെന്റ്/ വെള്ളപ്പൊക്ക ശുചീകരണം | 2,362 | 4,75,266.5 |
| 7 | മൃഗസംരക്ഷണം/ ക്ഷീരകൃഷി | 1,501 | 2,77,391 |
| 8 | ഭൂവികസനം/ ജൈവകൃഷി | 993 | 3,72,050 |
| 9 | കേന്ദ്ര, സംസ്ഥാന ഭവന നിർമ്മാണം | 5,240 | 5,74,730 |
| 10 | കിണർ റീചാർജ് | 105 | 298 |
| 11 | മഴവെള്ള സംഭരണ കുഴികൾ | 9,685 | 17,869 |
| 12 | കമ്പോസ്റ്റ് കുഴികൾ | 8,344 | 11,867.5 |

***അവലംബം:*** എൽ.എസ്.ജി.ഡി

ഭവന നിർമാണം എന്നിവയാണ് എ.യു.ഇ.ജി.എസ് ന്-കീഴിൽ എടുത്തിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ. 2019-20 സാമ്പത്തിക വർഷം മുതൽ ക്ഷീരകർഷകരെയും അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. പിഎംഎവൈ ഗുണഭോക്താക്കൾക്കുള്ള ഭവന നിർമാണ സാമഗ്രികൾ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം നൽകുന്നു. 2023-24 വർഷത്തിൽ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ ഏറ്റെടുത്ത പ്രധാന പദ്ധതികളും ഓരോ പദ്ധതിക്കും കീഴിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളും **പട്ടിക 12.1.14**-ൽ നൽകിയിരിക്കുന്നു.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 2023-24, 2024-25 (2024 ആഗസ്റ്റ് 31വരെ) വർഷങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനം തിരിച്ചുള്ള ഫണ്ട് വിതരണം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.27**-ൽ നൽകിയിരിക്കുന്നു. പദ്ധതിയുടെ ജില്ല തിരിച്ചുള്ള ഭൗതിക നേട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 12.1.28**-ൽ നൽകിയിരിക്കുന്നു.

### ദരിദ്രർക്കായുള്ള ഉപജീവനമാർഗ വികസനം

കൂലി ഉറപ്പാക്കുന്ന പദ്ധതികളായ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതികൾക്ക് സർക്കാർ ഊന്നൽ നൽകിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെ ഉപജീവനം പ്രദാനം ചെയ്യുന്ന പ്രധാനപ്പെട്ട പദ്ധതികളാണ് ഗ്രാമീണ മേഖലകളിൽ ഡേ- എൻ.ആർ.എൽ.എം ഉം നഗര മേഖലകളിൽ ഡി.എ.വൈ-എൻ.യു.എൽ.എം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് ധനസഹായം പങ്കിടുന്നത്.

### ദീൻദയാൽ അന്ത്യോദയ യോജന – ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡി.എ.വൈ –എൻആർഎൽഎം)

ദീൻദയാൽ അന്ത്യോദയ യോജന–ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡി.എ.വൈ -എൻആർഎൽഎം) ഗ്രാമീണ ദരിദ്രർക്കിടയിൽ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്ന ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡിഡിയു-ജികെവൈ), സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ്‌വിഇപി), മഹിളാ കിസാൻ ശാശക്തികരൻ പരിയോജന (എംകെഎസ്പി) എന്നിവയാണ് ഡി.എ.വൈ -എൻആർഎൽഎമ്മിന്റെ ഉപഘടകങ്ങൾ. 2016 മുതൽ 2025 വരെ നടപ്പിലാക്കുന്ന ഡി.എ.വൈ -എൻആർഎൽഎമ്മിന്റെ കീഴിൽ നൈപുണ്യ വികസനവും തൊഴിലും നൽകുന്നതിനുള്ള പദ്ധതിയാണ് ഡിഡിയു-ജികെവൈ. ഈ പദ്ധതി വഴി ഗ്രാമീണ യുവാക്കളെ അവരുടെ നൈപുണ്യത്തിലും തൊഴിൽക്ഷമതയിലും വേണ്ടത്ര നിക്ഷേപം നടത്തി, സംഘടിത മേഖലയിലേക്ക് അവരെ ഉൾചേർത്ത് സാങ്കേതികമായി പരിശീലനം നേടിയ മനുഷ്യശക്തിയുടെ ഏറ്റവും വലിയ സംഘമായി മാറ്റുന്നതിനുള്ള ഒരു സംരംഭമാണ്. മുൻകാലങ്ങളിൽ ഈ പദ്ധതി ആജീവികാ നൈപുണ്യ എന്നറിയപ്പെട്ടിരുന്നു. സംസ്ഥാന സർക്കാർ പദ്ധതി നടപ്പിലാക്കുന്നതിന് നോഡൽ ഏജൻസിയായി കുടുംബശ്രീയെ നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 76,509 വിദ്യാർത്ഥികൾ പരിശീലനം പൂർത്തിയാക്കിയതിൽ 54,128 പേർക്ക് തൊഴിൽ ലഭിച്ചു.

2023-24 സാമ്പത്തിക വർഷം മുതൽ, ഡി.എ.വൈ -എൻ.ആർ.എൽ.എം. അതിന്റെ കാർഷികേതര ഉപജീവന പദ്ധതികൾ എസ്.വി.ഇ.പിയുടെ കീഴിൽ സമന്വയിപ്പിച്ചു. ഈ ഏകീകൃത ചട്ടക്കൂട് ഇപ്പോൾ മൈക്രോ എന്റർപ്രൈസ് ഡെവലപ്മെന്റ് (എംഇഡി) പ്രോഗ്രാം, സ്റ്റാർട്ട്-അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ്‌വിഇപി), വൺ സ്റ്റോപ്പ് ഫെസിലിറ്റി (ഒഎസ്എഫ്), ക്ലസ്റ്ററുകൾ, ഇൻകുബേറ്ററുകൾ, ആജീവിക ഗ്രാമീണ എക്സ്പ്രസ് യോജന (എജിവൈ) തുടങ്ങിയ വിവിധ പദ്ധതികളെ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നു. സ്റ്റാർട്ട്-അപ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാം (എസ്.വി.ഇ.പി) ന്റെ ഭാഗമായി 2024 സെപ്റ്റംബർ 30 വരെ, ബ്ലോക്ക് തലത്തിൽ 427 സജീവ എം.ഇ.സി.കളുടെ സഹായത്തോടെ 34,082 സംരംഭങ്ങൾക്ക് പിന്തുണ നൽകി. ഇതുമായി ബന്ധപ്പെട്ട്, 25,838 സംരംഭങ്ങൾക്ക് കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് (സി.ഇ.എഫ്) ആയി 105.2 കോടി രൂപ വിതരണം ചെയ്തു.

കാർഷിക മേഖലയിൽ സ്ത്രീ പുരുഷ പങ്കാളിത്തത്തിലുള്ള വിടവ് കുറയ്ക്കുന്നതിനും, കാർഷിക വൃത്തികളിൽ നിന്നുള്ള പിൻവാങ്ങൽ പ്രവണത ഇല്ലാതാക്കുന്നതിനും. സുസ്ഥിര കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുന്നതിൽ മഹിളാ കിസാൻ സശക്തികരൻ പരിയോജന (എം കെ എസ് പി) ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കേരളത്തിൽ കുടുംബശ്രീ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ (ജെഎൽജി) ശൃംഖലയിലൂടെയാണ് എംകെഎസ്.പി നടപ്പാക്കുന്നത്. 2024 സെപ്റ്റംബർ 1 വരെ, 88,827 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിലൂടെ (ജെഎൽജി) , 4,26,116 സ്ത്രീ കർഷകർ 1,504,137 ഏക്കറിൽ കൃഷി ചെയ്യുന്നു.

**ദീൻദയാൽ അന്ത്യോദയ യോജന – (ഡി.എ.വൈ –എൻ. യു.എൽ.എം)**

നഗരദരിദ്രർക്കിടയിലെ ദാരിദ്ര്യം ലഘൂകരിക്കാനായി ലക്ഷ്യമിടുന്ന പദ്ധതിയാണ് ഡേ-എൻ.യു.എൽ. എം. സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. എൻ. യു.എൽ.എം പദ്ധതി യുടെ നടത്തിപ്പിൽ മികച്ച പ്രകടനം നടത്തുകയുണ്ടായി.

ഡേ-എൻ.യു.എൽ.എം-ന്റെ സോഷ്യൽ മൊബിലൈസേഷൻ ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻ ഡെവലപ്മെന്റ് (എസ്.എം ആന്റ് ഐ.ഡി) ഘടകത്തിന് കീഴിൽ, അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. ഈ ഘടകത്തിലൂടെ, 2024 ഓഗസ്റ്റ് 31 വരെ, 26,929 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു, കൂടാതെ 35,543 അയൽക്കൂട്ടങ്ങൾക്ക് ഓരോന്നിനും 10,000 രൂപ വീതമുള്ള ഒരു റിവോൾവിംഗ് ഫണ്ട് നൽകി. കൂടാതെ, 3,360 ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾക്ക് (എ.ഡി.എസ്) 50,000 രൂപ നിരക്കിൽ ഒരു റിവോൾവിംഗ് ഫണ്ട് നൽകി പിന്തുണ നൽകിയിട്ടുണ്ട്, കൂടാതെ നഗര ദരിദ്രർക്ക് വിപണന പിന്തുണ നൽകുന്നതിനായി 14 സിറ്റി ലൈവ്ലിഹുഡ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കി. 2023-24 ൽ, 1,196 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു, കൂടാതെ 2,344 അയൽക്കൂട്ടങ്ങൾക്ക് ഓരോ യൂണിറ്റിനും 10,000 രൂപ വീതമുള്ള റിവോൾവിംഗ് ഫണ്ട് നൽകി പിന്തുണ നൽകി. 2024 ഓഗസ്റ്റ് 31 വരെ, 393 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു, 152 അയൽക്കൂട്ടങ്ങൾക്ക് ഓരോന്നിനും 10,000 രൂപ റിവോൾവിംഗ് ഫണ്ട് നൽകി പിന്തുണച്ചു.

നൈപുണ്യവികസനവും ജോലി ഉറപ്പാക്കലും' (ഇ.എസ്ടി. ആൻഡ്. പി) എന്ന ഘടകത്തിന് കീഴിൽ, 26,853 ഉദ്യോഗാർത്ഥികൾ നൈപുണ്യ പരിശീലനത്തിൽ ചേർന്നിട്ടുണ്ട്, അതിൽ 22,367 പേർക്ക് സർട്ടിഫിക്കറ്റ് ലഭിച്ചു, 15,706 ഉദ്യോഗാർത്ഥികൾക്ക് 2024 ഓഗസ്റ്റ് 31 വരെ പ്ലേസ്മെന്റ് ലഭിച്ചു. പദ്ധതിയുടെ സ്വയം തൊഴിൽ പരിപാടി (SEP) പ്രകാരം, 2023-24 ൽ 1,156 വ്യക്തിഗത മൈക്രോ-എന്റർപ്രൈസുകളും 354 ഗ്രൂപ്പ് എന്റർപ്രൈസുകളും സ്ഥാപിതമായി, 2024 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച് 270 വ്യക്തിഗത മൈക്രോ-എന്റർപ്രൈസുകളും 202 ഗ്രൂപ്പ് എന്റർപ്രൈസുകളും സ്ഥാപിതമായി.

ഡി.എ.വൈ -എൻ.യു.എൽ.എം പദ്ധതിയുടെ 2018-19 മുതൽ 2024-25 (2024 ആഗസ്റ്റ് 31)വരെയുള്ള സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങൾ യഥാക്രമം **അനുബന്ധം 12.1.29, 12.1.30** എന്നിവയിൽ നൽകിയിരിക്കുന്നു. ജില്ല തിരിച്ചുള്ള മൈക്രോ എന്റർപ്രൈസസിന്റെ പട്ടികയും എൻ.എച്ച്. ജികളുടെ ബാങ്ക് ലിങ്കേജ് ലോണുകളുടെ വിശദാംശങ്ങളും യഥാക്രമം **അനുബന്ധം 12.1.31, 12.1.32** എന്നിവയിൽ നൽകിയിരിക്കുന്നു.

**കുടുംബശ്രീ**

1998-ൽ കേരള സർക്കാർ ആരംഭിച്ച സംസ്ഥാന ദാരിദ്ര്യ നിർമാർജന ദൗത്യമായ കുടുംബശ്രീ, ദാരിദ്ര്യ നിർമാർജനത്തിനും സ്ത്രീ ശാക്തീകരണത്തിനുമായി ലോകത്താകമാനം പ്രശംസിക്കപ്പെടുന്ന ഒരു പദ്ധതിയാണ്. ഈ നൂതനവും സ്ത്രീ കേന്ദ്രീകൃതവും പങ്കാളിത്തപരവുമായ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയിൽ ഇപ്പോൾ 46 ലക്ഷത്തിലധികം സ്ത്രീകൾ ഉൾപ്പെടുന്നു, ഇവർ 3.2 ലക്ഷം എൻ.എച്ച്.ജികളായി സംഘടിതരാണ്, സംസ്ഥാനത്തുടനീളമുള്ള സമ്പൂർണ്ണ ദാരിദ്ര്യം ഇല്ലാതാക്കുന്നതിൽ കുടുംബശ്രീ സുപ്രധാന പങ്ക് വഹിക്കുന്നു. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ കമ്മ്യൂണിറ്റി അധിഷ്ഠിത സംഘടനകൾ (സി.ബി.ഒ) കുടുംബശ്രീ മിഷൻ രൂപീകരിച്ചു. കുടുംബശ്രീ ഗണ്യമായി വികസിക്കുകയും അതിന്റെ വ്യാപ്തി വർദ്ധിപ്പിക്കുകയും നിരവധി മേഖലകളിലേക്ക് പ്രവർത്തനങ്ങൾ വൈവിധ്യവത്ക്കരിക്കുകയും ചെയ്തു. പ്രാഥമിക തലത്തിൽ അയൽക്കൂട്ടങ്ങൾ (എൻ എച്ച്.ജി), വാർഡ് തലത്തിൽ പ്രാദേശിക വികസന സൊസൈറ്റികൾ (എ ഡി എസ്), പ്രാദേശിക സർക്കാർ തലത്തിൽ സാമൂഹിക വികസന സൊസൈറ്റികൾ (സിഡിഎസ്) എന്നിങ്ങനെ ഒരു ത്രിതല ഘടന ഇതിൽ ഉണ്ട്. ലോകത്തിലെ ഏറ്റവും വലിയ സ്ത്രീ ശൃംഖലകളിൽ ഒന്നാണിത്.

ദീൻ ദയാൽ അന്ത്യോദയയുടെ കീഴിലുള്ള ദേശീയ ഗ്രാമീണ ഉപജീവന മിഷൻ , ദേശീയ നഗരഉപജീവന മിഷൻ, പ്രധാനമന്ത്രി ആവാസ് യോജന (അർബൻ) തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി കൂടിയാണ് കുടുംബശ്രീ. ഇതുകൂടാതെ സംസ്ഥാനത്തെ വിവിധ വികസന പ്രവർത്തനങ്ങളുമായി കുടുംബശ്രീ മിഷൻ കൈകോർക്കുന്നു. സംസ്ഥാന ബജറ്റിൽ വകയിരുത്തിയ ഘടകങ്ങളുമായി ബന്ധപ്പെട്ട് കുടുംബശ്രീയുടെ പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്.

**സാമൂഹിക വികസനം**

കുടുംബശ്രീയുടെ സാമൂഹിക വികസന സംരംഭങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ട വ്യക്തികളും കുട്ടികളും പ്രത്യേക ആവശ്യക്കാരും ഉൾപ്പെടെയുള്ളവരുടെ സമഗ്രമായ വികസനത്തിലാണ് പ്രാഥമികമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാര്യശേഷി വികസനവും ഉപജീവന പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ള വിവിധ പരിപാടികൾ കുടുംബശ്രീ നടപ്പാക്കിയിട്ടുണ്ട്.

**അഗതിരഹിത കേരളം**

ദരിദ്രരിൽ ഏറ്റവും ദരിദ്രരായവരുടെ പുനരധിവാസത്തിനായുള്ള 'ആശ്രയ' പദ്ധതിയെ വിപുലീകരിച്ച് 'അഗതിരഹിത കേരളം' (ഡിസ്റ്റിറ്റ്യൂട്ട് ഫ്രീ കേരള-ഡി എഫ് കെ) എന്ന് പുനർനാമകരണം ചെയ്തു. അഗതിരഹിത കേരളം' പ്രോജക്ട് വിഭാവനം ചെയ്യുന്നത് കേരളത്തിലെ എല്ലാ പാവപ്പെട്ടവരുടെയും സമ്പൂർണ പുനരധിവാസമാണ്. ഇവർക്കാവശ്യമുള്ള പദ്ധതികൾ ചലഞ്ച് ഫണ്ടായി മാറ്റുന്നു. പ്രോജക്ട് കോസ്റ്റിന്റെ 40 ശതമാനം തുക, പരമാവധി 40ലക്ഷം തുക ജനറൽ പ്രോജക്ടുകൾക്കും പരമാവധി 50 ലക്ഷം രൂപ പട്ടിക വർഗ പ്രോജക്ടുകൾക്കും കുടുംബശ്രീ ചലഞ്ച് ഫണ്ടായി നൽകും. ഗുണഭോക്താക്കളുടെ അടിസ്ഥാന പരിചരണ സേവനങ്ങളായ ഭക്ഷണം, മരുന്ന്, വിദ്യാഭ്യാസം എന്നിവ നിറവേറ്റുന്നതിനായി ഇതുവരെ 1033 അംഗീകൃത പൊതു പദ്ധതികൾക്കും, 170 ആദിവാസി പദ്ധതികൾക്കും കുടുംബശ്രീ ചലഞ്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് 1,57,381 പേർക്ക് ഭക്ഷണം, മരുന്ന്, വിദ്യാഭ്യാസം എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾക്ക് പ്രയോജനം ചെയ്തു.

**വൈകല്യമുള്ള കുട്ടികൾക്കുള്ള ബഡ്സ് സ്ഥാപനങ്ങൾ:**

പ്രാദേശിക സർക്കാരുകൾക്കു കീഴിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള ബഡ്സ് സ്ഥാപനങ്ങൾ കുടുംബശ്രീ മിഷന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. മാനസിക വൈകല്യമുള്ളവരുടെ വിദ്യാഭ്യാസവും പുനരധിവാസവും സാർവത്രികമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സംസ്ഥാന സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തുടനീളം 377 ബഡ്സ് സ്ഥാപനങ്ങൾ (167 ബഡ്സ് സ്കൂളുകളും 210 ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും) പ്രവർത്തിക്കുന്നു.

ബാലസഭ എന്നത് സ്വയം വിലയിരുത്തൽ, പങ്കാളിത്തം, അന്വേഷണം എന്നിവയിലൂടെ അറിവ് നിലനിർത്താൻ ശ്രമിക്കുന്ന ഒരു നൂതന ശാക്തീകരണ പ്രക്രിയയാണ്. ഈ വേദിയിലൂടെ, കുട്ടികൾ തീരുമാനമെടുക്കുന്നതിലും അവരുടെ വികസിച്ചുകൊണ്ടിരിക്കുന്ന കഴിവുകളെ പരിപോഷിപ്പിക്കുന്നതിലും പങ്കാളിത്തത്തിന്റെ പ്രസക്തി ദൃഢമാക്കുന്നതിലും ഏർപ്പെടുന്നു. നിലവിൽ 2,13,943 ആൺകുട്ടികളും 2,46,254 പെൺകുട്ടികളും ഉൾപ്പെടെ 4,60,197 കുട്ടികളുള്ള 31,612 ബാലസഭകളുണ്ട്. 2023-24ൽ ശുചിത്വോത്സവം ക്യാമ്പയിൻ 1,070 സി.ഡി.എസുകളിൽ നടത്തി. കൂടാതെ, 1,034 പ്രത്യേക ബാല പഞ്ചായത്തുകൾ, 14 ജില്ലാതല ബാല പാർലമെന്റുകൾ, സംസ്ഥാന ബാല പാർലമെന്റ് എന്നിവയും നടത്തി. 2024-25ൽ ശുചിത്വ ഉച്ചകോടി പദ്ധതിയുടെ ഭാഗമായി ശുചിത്വോത്സവം 2.0 പ്രചാരണം 7,238 വാർഡുകളിലേക്ക് വ്യാപിപ്പിച്ചു. കൂടാതെ ശുചിത്വ ഉച്ചകോടിയുടെ ഭാഗമായി 100 ശുചിത്വ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നു.

**ലിംഗ സമത്വ പ്രവർത്തനങ്ങൾ:**

കുടുംബശ്രീയുടെ ലിംഗ സമത്വ പ്രവർത്തനങ്ങൾക്ക് ജെൻഡർ റിസോഴ്സ് സെന്ററുകൾ, വിജിലന്റ് ഗ്രൂപ്പുകൾ, കമ്മ്യൂണിറ്റി കൗൺസിലിംഗ്, ജെൻഡർ പോയിന്റ് പേഴ്സൺസ് എന്നിവ ഉൾപ്പെടുന്നു. ജെൻഡർ സെൽഫ് ലേണിംഗ് പ്രോഗ്രാം (ജിഎസ്എൽപി) എൻഎച്ച്ജികളിലെ സ്ത്രീകളെ പങ്കാളിത്ത വിദ്യാഭ്യാസത്തിലൂടെ ലിംഗ സമത്വ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും പരിഹരിക്കാനും പ്രാപ്തമാക്കുന്നു. ഈ പരിപാടിയുടെ ഭാഗമായി, അയൽക്കൂട്ട പരിധിയിൽ 86,307 സ്ത്രീകൾ കാസ്കേഡിംഗ് ട്രെയിനിംഗ് പരിപാടിയിലേക്കു റിസോഴ്സ് പേഴ്സൺമാരായി പരിശീലനം നേടിയിരുന്നു. കൂടാതെ, 3,47,006 സപ്പോർട്ട് ടീം അംഗങ്ങളടക്കം ആകെ 4,33,313 സ്ത്രീകൾക്ക് ഈ പരിശീലന പരിപാടി പ്രയോജനപ്പെട്ടു. തൊഴിൽ, ആരോഗ്യം, സഞ്ചാര സ്വാതന്ത്ര്യം, ലിംഗനീതി, സ്ത്രീധന അതിക്രമങ്ങളും ലിംഗപരമായുമുള്ള അതിക്രമങ്ങളും അഭിസംബോധന ചെയ്യുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം. സ്ത്രീപക്ഷ നവകേരളം പദ്ധതി സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അതിക്രമങ്ങൾ എന്നീ വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. കൂടാതെ, കേരളത്തിലെ ഓരോ ജില്ലയിലും ട്രാൻസ്ജെൻഡർ ഫോറങ്ങൾ സ്ഥാപിച്ച് ട്രാൻസ്ജെൻഡർ ലൈംഗികന്യൂനപക്ഷ സമൂഹങ്ങളെ പിന്തുണയ്ക്കുന്ന പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നു.

2023-24 വർഷത്തിൽ 332 ജില്ലാ പരിശീലകരെയും 28 മാസ്റ്റർ പരിശീലകരെയും പരിശീലിപ്പിച്ച ധീരം സ്വയംരക്ഷാ പരിശീലന പരിപാടി 2024-ൽ സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ ജെൻഡർ റിസോഴ്സ് സെൻററുകളിലൂടെ (GRCs) 404 കമ്മ്യൂണിറ്റി കൗൺസിലർമാരുടെ സഹായത്തോടെ ലിംഗ സംബന്ധമായ പ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനും ശ്രമിക്കുന്നു.

*സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്കുകൾ:* കുടുംബശ്രീയുടെ ജെൻഡർ-കേന്ദ്രീകൃതമായ ഇടപെടലുകളുടെ ഭാഗമായി, ദുർബലരായ സ്ത്രീകൾക്ക് നിർണായക പിന്തുണയും സംരക്ഷണവും നൽകുന്നതിനായി സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്കുകൾ അട്ടപ്പാടി ഉൾപ്പെടെ എല്ലാ ജില്ലകളിലും 24/7 പ്രവർത്തിക്കുന്നു. അവരുടെ പ്രാഥമിക ദൗത്യം, പ്രശ്നത്തിലകപ്പെട്ട സ്ത്രീകളെയും കുട്ടികളെയും സഹായിക്കുക, അവർക്കുവേണ്ടി പ്രയത്നിക്കുകയും, ഗാർഹിക പീഡനം തടയുകയും പ്രതികരിക്കുകയും ചെയ്യുക എന്നതാണ്. ഈ വർഷം, സ്നേഹിത 764 വ്യക്തികൾക്ക് താത്കാലിക അഭയം നൽകുകയും സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്ന 2,996 കേസുകൾ കൈകാര്യം ചെയ്യുകയും ചെയ്തു. വിദൂരവും പ്രദേശങ്ങളിലും ദുർബല മേഖലകളിലും സ്ത്രീകൾക്ക് പിന്തുണ നൽകുന്നതിനുള്ള കുടുംബശ്രീയുടെ പ്രധാന ഔട്ട്റീച്ച് ഇനിഷ്യേറ്റീവുകളാണ് സ്നേഹിത സബ്സെന്ററുകളും മിനി സ്നേഹിത സെന്ററുകളും. വിവിധ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഉപകേന്ദ്രങ്ങൾ, ജെൻഡർ റിസോഴ്സ് സെന്ററുകളുടെ (GRCs)യും കമ്മ്യൂണിറ്റി കൗൺസിലർമാരുടെയും പിന്തുണയോടെ പ്രവർത്തിക്കുന്നു. ഏഴ് ജില്ലകളിലായി 10 കേന്ദ്രങ്ങളിലൂടെ കൗൺസിലിംഗ്, നിയമ സഹായം, മറ്റ് അത്യാവശ്യ സേവനങ്ങൾ എന്നിവ ഉടനടി നൽകുന്നു. ആദിവാസി, തീരദേശ,

**ബോക്സ് 12.1.2** കുടുംബശ്രീയുടെ ശ്രദ്ധേയമായ ഇടപെടലുകൾ

**പോക്കറ്റ്മാർട്ട്:** ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തി വിവിധ സ്കീമുകളിലൂടെ ലഭ്യമാകുന്നകുടുംബശ്രീയുടെ കാർഷിക ഉൽപന്നങ്ങൾ, കാർഷികേതര ഉൽപ്പന്നങ്ങൾ, സേവനങ്ങൾ എന്നിവയുടെ വിപണി പ്രവേശനം എളുപ്പമാക്കുന്ന ആപ്ലിക്കേഷനാണ് പോക്കറ്റ് മാർട്ട്. കുടുംബശ്രീ പിന്തുണയ്ക്കുന്ന സംരംഭകർക്ക് ഡിജിറ്റൽ വിപണികളിലേക്ക് പ്രവേശനം അനുവദിച്ച്, അവരുടെ സാമ്പത്തിക അവസരങ്ങൾ വിപുലീകരിച്ച്, ഓൺലൈൻ ഇടത്തിൽ അവരുടെ വ്യാപ്തി വർധിപ്പിച്ച് അവരെ ശാക്തീകരിക്കുന്നതിനാണ് ഈ സംരംഭം രൂപകൽപ്പന ചെയ്തിരിക്കുന്നത്.സമീപത്തെ കുടുംബശ്രീ സംരംഭങ്ങൾ, പ്രീമിയം ഹോട്ടലുകൾ, ജനകീയ ഹോട്ടലുകൾ, കേരള ചിക്കൻ ഔട്ട്ലെറ്റുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ കണ്ടെത്താനും ആക്സസ് ചെയ്യാനും പോക്കറ്റ്മാർട്ട് ആപ്ലിക്കേഷൻ ഉപഭോക്താക്കളെ പ്രാപ്തമാക്കുന്നു. ഈ ആപ്പിലൂടെ കുടുംബശ്രീയുടെ ഭക്ഷണ വിതരണ സേവനമായ ലഞ്ച് ബെൽ ലഭ്യമാണ്. ആദ്യഘട്ടത്തിൽ, ഓഫ്‌ലൈൻ ഓർഡറിംഗിനെ പോക്കറ്റ് മാർട്ട് പിന്തുണയ്ക്കുന്നു. ഉപഭോക്താക്കൾക്ക് ഓർഡർ നൽകാൻ സംരംഭകരെ വിളിക്കുകയോ സന്ദേശം അയയ്ക്കുകയോ വേണം. ഭാവിയിൽ ഓൺലൈൻ ഓർഡറിംഗ്, ഡെലിവറി സവിശേഷതകൾ ചേർക്കപ്പെടുന്നത് പോക്കറ്റ് മാർട്ടിനെ ഒരു പൂർണ്ണ മത്സരാധിഷ്ഠിത ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമാക്കും.

**ലഞ്ച് ബെൽ :** തിരുവനന്തപുരത്ത് പൈലറ്റ് പദ്ധതിയായി ആരംഭിച്ച കുടുംബശ്രീയുടെ ഓൺലൈൻ ടിഫിൻ ഡെലിവറി സേവനമാണ് ലഞ്ച് ബെൽ. പ്രത്യേകിച്ച് സെക്രട്ടേറിയറ്റ്, ആയുർവേദ കോളേജ്, വികാസ് ഭവൻ തുടങ്ങിയ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഭക്ഷണം പാചകം ചെയ്യാൻ സമയമില്ലാത്തതിനാൽ ഈ സേവനം സഹായകമാണ്. പോക്കറ്റ് മാർട്ട് ആപ്പ് വഴി ഉപഭോക്താക്കൾക്ക് ഭക്ഷണം എളുപ്പത്തിൽ ഓർഡർ ചെയ്യാം, റിയൽ-ടൈം അപ്ഡേറ്റുകൾക്കായി ഡെലിവറി ട്രാക്കിംഗ് ലഭ്യമാണ്. കുടുംബശ്രീ നടത്തുന്ന ക്ലൗഡ് കിച്ചനിൽ ഭക്ഷണം തയ്യാറാക്കി പരിസ്ഥിതി സൗഹാർദ്ദപരമായ സ്റ്റീൽ പാത്രങ്ങളിൽ വിതരണം ചെയ്യുകയും ചെയ്യുന്നു, അവ പിന്നീട് ഗ്രീൻ പ്രോട്ടോക്കോൾ മാനദണ്ഡങ്ങൾക്ക് അനുസൃതമായി തിരികെ ശേഖരിക്കുന്നു.

**പ്രീമിയം കഫേ:** ഉന്നത നിലവാരമുള്ള റെസ്റ്റോറന്റ് എന്ന നിലയിൽ ബ്രാൻഡ് ചെയ്ത കുടുംബശ്രീയുടെ പ്രീമിയം കഫേകൾ അതുല്യമായ വിഭവങ്ങൾ, മികച്ച സേവനം, സുഖപ്രദമായ അന്തരീക്ഷം എന്നിവ നൽകുന്നു, പ്രതിദിനം ശരാശരി 50,000 രൂപ വിറ്റുവരവ് നേടുന്നു. പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, വയനാട് എന്നിവിടങ്ങളിൽ 238 സംരംഭകർക്ക് തൊഴിൽ നൽകുകയും പരോക്ഷമായ അധിക അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന നാല് കഫേകൾ ആരംഭിച്ചു . ഓരോ കഫേയും ശരാശരി പ്രതിമാസ വരുമാനം 1.2 ലക്ഷം രൂപയാണ്, ഇത് പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്ക് ഗണ്യമായ സംഭാവന നൽകുന്നു.

**കെ–ഫോർ–കെയർ:** കെയർ സമ്പദ്‌വ്യവസ്ഥയെ പ്രയോജനപ്പെടുത്തിക്കൊണ്ട്, വീട്ടിൽ തന്നെ വൈദ്യസഹായവും പിന്തുണ സേവനങ്ങളും നൽകുന്നതിന് ആരംഭിച്ച പദ്ധതിയാണ് കെ-ഫോർ-കെയർ. ഹോം നഴ്സിംഗ് ആണ് അവരുടെ പ്രധാന സേവനം, കുട്ടികളെ നോക്കൽ, ആരോഗ്യ പരിശോധനകൾ, ഷോപ്പിംഗ് സഹായം, ബില്ലിംഗ് സഹായം തുടങ്ങിയ സേവനങ്ങളും നൽകുന്നു. വിട്ടുമാറാത്ത രോഗാവസ്ഥകൾക്കുള്ള ആരോഗ്യ ആരോഗ്യ നിരീക്ഷണവും വിനോദപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ 427 എക്സിക്യൂട്ടീവുകൾക്ക് പരിശീലനം നൽകുകയും അതിൽ 182 പേർ ഈ മേഖലയിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

***അവലംബം:*** കുടുംബശ്രീ മിഷൻ, കേരള സർക്കാർ

തോട്ടം മേഖലകൾ തുടങ്ങിയ കൂടുതൽ ദുർബലതയുള്ള പ്രദേശങ്ങളിൽ സ്ഥാപിതമായ മിനി സ്നേഹിത കേന്ദ്രങ്ങളിൽ ഈ പിന്തുണ കൂടുതൽ വിപുലപ്പെടുത്തുന്നു. ചില മിനി സ്നേഹിത സെന്ററുകൾ മൂന്ന് ദിവസം വരെ താത്കാലിക അഭയം നൽകുന്നു, ഇത് പ്രാദേശിക ജെൻഡർ പ്രശ്നങ്ങളെ ഫലപ്രദമായി അഭിസംബോധന ചെയ്യുകയും ആവശ്യമുള്ള സ്ത്രീകളെ സഹായിക്കുകയും ചെയ്യുന്നു.

### കാർഷിക പ്രവർത്തനങ്ങൾ:

കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കുടുംബശ്രീ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. 4-5 അംഗങ്ങളടങ്ങിയ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുകയും ജില്ലാമിഷനുകൾ വഴിയുള്ള പരിശീലനം, സാമ്പത്തിക സഹായം, സംയോജന അവസരങ്ങൾ തുടങ്ങിയവയിലൂടെ പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ട്. വരുമാനം വർധിപ്പിക്കുന്നതിനായി ഉപജീവന സംരംഭങ്ങളുടെ വിശാലമായ മേഖലയിലേക്ക് അവർക്ക് സമ്പർക്കം നൽകുന്നു. സ്ത്രീ കർഷകരുടെ കാർഷിക ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള മികച്ച മാർഗങ്ങളിലൊന്നായി നാട്ടുചന്തയെ തിരിച്ചറിഞ്ഞു. 2023-ൽ കാർഷിക ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിനായി 24,841 നാട്ടുചന്തകൾ നടത്തിയിതിലൂടെ 10.3 കോടി രൂപ മൂല്യമുള്ള 4717.32 ടൺ പച്ചക്കറികൾ വിറ്റഴിക്കപ്പെട്ടു. ഈ ഉദ്യമത്തിലൂടെ പ്രാദേശിക കർഷകർക്ക് മികച്ച നേട്ടം കൈവരിക്കാനായി. 5,11,883 മഹിളാ കർഷകർക്ക് ജൈവ കൃഷി രീതികളിൽ പരിശീലനം നൽകി സുസ്ഥിര കൃഷി നൈപുണ്യങ്ങൾ വർദ്ധിപ്പിച്ചു. അന്താരാഷ്ട്ര മില്ലറ്റ് വർഷത്തിന്റെ ഭാഗമായി ചെറുധാന്യങ്ങളെക്കുറിച്ചുള്ള അവബോധം നൽകുന്നതിനായി അട്ടപ്പാടിയിൽ ദേശീയ മില്ലറ്റ് കോൺക്ലേവ് സംഘടിപ്പിച്ചു. കൂടാതെ, എൻബിഎം പദ്ധതിയുടെ കീഴിൽ ബാംബൂ മിഷനുമായി സഹകരിച്ച് ഏഴ് ബാംബൂ യൂണിറ്റുകൾ സ്ഥാപിച്ചു. കുടുംബശ്രീ അംഗങ്ങൾ ഉപജീവന സംരംഭങ്ങൾ ഏറ്റെടുത്തു.ഇതിൽ കോഴിവളർത്തൽ, ആട് വളർത്തൽ, പശുവളർത്തൽ എന്നിവയാണ് പ്രധാനമായും ഉൾപ്പെട്ടിരിക്കുന്നത്. ഇത്തരം സംരംഭക അംഗങ്ങൾക്ക് ബാക്ക് എൻഡ്

സബ്സിഡി സ്കീമുകളിലൂടെയും, കുറഞ്ഞ പലിശ വായ്പാ പദ്ധതികളിലൂടെയും പിന്തുണ നൽകുന്നുണ്ട്.

കുടുംബശ്രീ ജെ.എൽ.ജികളുടെ സഹായത്തോടെ 1.7 ലക്ഷം വനിതകൾക്ക് മൃഗസംരക്ഷണ രംഗത്തും 4.3 ലക്ഷം സ്ത്രീകൾക്ക് കാർഷിക രംഗത്തും ശാക്തീകരണം നൽകിയിട്ടുണ്ട്. 4 ലക്ഷത്തിലധികം വനിതകൾ കൃഷി സംബന്ധമായ ഉപജീവനമേഖലകളിൽ ഏർപ്പെട്ട്, തൊഴിൽ അവസരങ്ങളും കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും നൽകുന്നു. കാർഷികേതര മേഖലയിലായി, 1.4 ലക്ഷം മൈക്രോ എന്റർപ്രൈസുകൾ സ്ഥാപിച്ച്, 3.3 ലക്ഷം സംരംഭകരെ ഉൾപ്പെടുത്തി, ഏകദേശം 15.7 ലക്ഷം വ്യക്തികളുടെ സാമ്പത്തിക സാഹചര്യം മെച്ചപ്പെടുത്താൻ കുടുംബശ്രീ ഇടപെടൽ നടത്തി. കുടുംബശ്രീ ജെ.എൽ. ജികളുടെ സഹായത്തോടെ 1.7 ലക്ഷം വനിതകൾക്ക് മൃഗസംരക്ഷണ രംഗത്തും 4.3 ലക്ഷം സ്ത്രീകൾക്ക് കാർഷിക രംഗത്തും ശാക്തീകരണം നൽകിയിട്ടുണ്ട്. 4 ലക്ഷത്തിലധികം വനിതകൾ കൃഷി സംബന്ധമായ ഉപജീവനമേഖലകളിൽ ഏർപ്പെട്ട്, തൊഴിൽ അവസരങ്ങളും കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും നൽകുന്നു. കാർഷികേതര മേഖലയിലായി, 1.4 ലക്ഷം മൈക്രോ എന്റർപ്രൈസുകൾ സ്ഥാപിച്ച്, 3.3 ലക്ഷം സംരംഭകരെ ഉൾപ്പെടുത്തി, ഏകദേശം 15.7 ലക്ഷം വ്യക്തികളുടെ സാമ്പത്തിക സാഹചര്യം മെച്ചപ്പെടുത്താൻ കുടുംബശ്രീ ഇടപെടൽ നടത്തി.

**പരിശീലനം:** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിത കർമ്മ സേനയിലെ അംഗങ്ങൾക്ക്, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കുടുംബശ്രീ പരിശീലനം നൽകുന്നുണ്ട്. നിലവിൽ 37,765 ഹരിത കർമ്മ സേന അംഗങ്ങൾ 1,034 തദ്ദേശഭരണ സ്ഥാപനങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്.

**വിപണന പ്രവർത്തനങ്ങൾ**

കുടുംബശ്രീ നാല് തരം വിപണന പ്രവർത്തനങ്ങൾ നടത്തുന്നു, വ്യാപാര മേളകൾ, പ്രതിമാസ വിപണികൾ, ഉത്സവ മേളകൾ, സരസ് മേളകൾ. 2023-24 കാലയളവിൽ, കുടുംബശ്രീ 1,665 പ്രതിമാസ വിപണികളും 69 ഭക്ഷ്യ ഉത്സവങ്ങളും 2,190 ഫെസ്റ്റിവൽ ഫെയറുകളും സംഘടിപ്പിച്ചു. നാനോ മാർക്കറ്റുകൾ, കുടുംബശ്രീ ബസാർ, വിപണന കിയോസ്ക്കുകൾ, വിപണന ഔട്ട്ലെറ്റുകൾ, പിങ്ക് കഫേകൾ എന്നിവയാണ് മിഷൻ ആരംഭിച്ച മറ്റ് സ്ഥിരം വിപണന പ്രവർത്തനങ്ങൾ. ആമസോൺ, ഫ്ലിപ്കാർട്ട്, ഓപ്പൺ നെറ്റ്വർക്ക് ഡിജിറ്റൽ കൊമേഴ്സ് പ്ലാറ്റ്ഫോം തുടങ്ങിയ ജനപ്രിയ ഓൺലൈൻ വിൽപ്പന പ്ലാറ്റ്ഫോമിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ ചേർക്കപ്പെട്ടു.

**മൈക്രോഫിനാൻസ് പ്രവർത്തനങ്ങൾ:**

ബാങ്ക് ലിങ്കേജ് സ്കീം, റിവോൾവിംഗ് ഫണ്ട്, ദാരിദ്ര്യലഘൂകരണ പദ്ധതികൾ എന്നിവ മിഷൻ വർഷങ്ങളായി നടപ്പിലാക്കി വരുന്നു. 6 മാസം പൂർത്തിയാകുന്ന അയൽക്കൂട്ട ഗ്രൂപ്പുകൾക്ക് യാതൊരു ഈടുമില്ലാതെ ലിങ്കേജ് ലോണുകൾ നൽകും. ഒരു അയൽക്കൂട്ട ഗ്രൂപ്പിന് 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കാൻ അർഹതയുണ്ട്. ഈ പരിപാടിയുടെ ഭാഗമായി 2023-24 സാമ്പത്തിക വർഷത്തിൽ 63,579 അയൽക്കൂട്ട ഗ്രൂപ്പുകൾ ബാങ്ക് വായ്പകൾ നേടിയിട്ടുണ്ട്, മൊത്തം ലിങ്കേജ് തുക 463.4 കോടി രൂപയാണ്. അയൽക്കൂട്ട ഗ്രൂപ്പുകൾ എടുക്കുന്ന 3 ലക്ഷം രൂപ വരെയുള്ള എല്ലാ ലിങ്കേജ് വായ്പകൾക്കും 4 ശതമാനം പലിശ സബ്സിഡിയും മിഷൻ നൽകി. ഗ്രാമീണ മേഖലയിൽ അയൽക്കൂട്ടങ്ങൾക്ക് ഫിനാൻസ് പ്രയോജനപ്പെടുത്തുന്നതിനുള്ള ഉത്തേജക മൂലധനമായും പരമാവധി 15,000 രൂപ നൽകുന്നു. വീട്ടുകാരോ സമൂഹമോ അഭിമുഖീകരിക്കുന്ന ഭക്ഷ്യ അരക്ഷിതാവസ്ഥ, ആരോഗ്യ അപകടങ്ങൾ, പെട്ടെന്നുള്ള അസുഖം/ആശുപത്രി പ്രവേശം, പ്രകൃതി ദുരന്തം എന്നിവ പരിഹരിക്കുന്നതിനായി ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിക്ക് പരമാവധി 1,00,000 രൂപ ദുരിത ലഘൂകരണ ഫണ്ടായി (വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട് ) നൽകുന്നു.

**മൈക്രോ എന്റർപ്രൈസസ് പ്രവർത്തനങ്ങൾ**

കൗൺസിലിംഗ്, പരിശീലനം, നൈപുണ്യ വികസനം, സാമ്പത്തിക സഹായം, സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള വിപണന പിന്തുണ എന്നിങ്ങനെ മൊത്തത്തിലുള്ള പിന്തുണ നൽകിക്കൊണ്ട് കുടുംബശ്രീ അംഗങ്ങളുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നു. 2023-24ൽ കുടുംബശ്രീയുടെ കൈത്താങ്ങോടെ 39,064 സംരംഭകരുമായി 34,526 പുതിയ സംരംഭങ്ങൾ രൂപീകരിച്ചു. 2024-25ൽ 14,040 സംരംഭകരുമായി 11,771 പുതിയ സൂക്ഷ്മ സംരംഭങ്ങൾ കുടുംബശ്രീ രൂപീകരിച്ചു. കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിന്, കേരളത്തിലുടനീളമുള്ള ഓരോ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സിഡിഎസ്) യിലും പരിശീലനം ലഭിച്ച ഒരാളെ വീതം 730 മൈക്രോ എന്റർപ്രൈസ് ഉപദേഷ്ടാക്കളെ (എം.ഇ.സി.) വിന്യസിച്ചിട്ടുണ്ട്. കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളുടെ സുസ്ഥിരതയെ സഹായിക്കുന്നതിനായി മൈക്രോ എന്റർപ്രൈസ് ഇൻഷുറൻസ് പദ്ധതി ആരംഭിച്ചു. ഇതുവഴി നിർമ്മാണ, വ്യാപാര, സേവന മേഖലകളിൽ 6,264 സംരംഭങ്ങൾക്കും 23,569 സംരംഭകർക്കും ഇൻഷുറൻസ് പരിരക്ഷ നൽകി. സംരംഭകർക്ക് സുസ്ഥിര വരുമാനം നൽകുന്നതിന് പിന്തുണ നൽകുന്ന കേന്ദ്രങ്ങളായി 17 ബ്ലോക്ക് തലത്തിലുള്ള മൈക്രോ എന്റർപ്രൈസ് റിസോഴ്സ് സെന്ററുകൾ (എം.ഇ.ആർ.സി.) ഇപ്പോൾ പ്രവർത്തനക്ഷമമാണ്.

**പ്രത്യാശ:** മാനസികവെല്ലുവിളി നേരിടുന്ന കുട്ടികളുടെ അമ്മമാർ, ഭിന്നശേഷിക്കാർ, പ്രായമായവർ, വിധവകൾ, ഗുരുതരമായി രോഗബാധിതരായ / കിടപ്പുരോഗികളായ രോഗികളുടെ ആശ്രിതർ എന്നിവരുൾപ്പെടെയുള്ള ദുർബല വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കിടയിൽ സൂക്ഷ്മസംരംഭങ്ങൾ രൂപീകരിക്കുക എന്നതാണ് പ്രത്യാശ പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2023-24 കാലയളവിൽ ഈ പദ്ധതിയിലൂടെ 444 സൂക്ഷ്മസംരംഭങ്ങൾ ആരംഭിച്ചു.

തീരദേശത്തെ കുടുംബശ്രീ സ്ത്രീകളെയും അവരുടെ കുടുംബങ്ങളെയും സ്വയം പര്യാപ്തരാക്കുന്നതിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 182 ചെറുകിട സംരംഭങ്ങൾ ആരംഭിച്ചു.

**അമൃതം ന്യൂട്രിമിക്സ്:** 6 മാസം മുതൽ 3 വയസ്സു വരെ പ്രായമുള്ള കുട്ടികൾക്ക് വീട്ടിലേക്ക് കൊണ്ടുപോകുന്ന റേഷനായി (THR) സംപുഷ്ടീകരിച്ച അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യാൻ ലക്ഷ്യമിട്ട് സാമൂഹിക നീതി വകുപ്പും കുടുംബശ്രീയും ഐക്യരാഷ്ട്രസഭയുടെ വേൾഡ് ഫുഡ് പ്രോഗ്രാമും സംയുക്തമായി വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന ഒരു സഹകരണ പദ്ധതിയാണ് ന്യൂട്രിമിക്സ് സംപുഷ്ടീകരണം. കേരളത്തിലെ ഐസിഡിഎസ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ സംപുഷ്ടീകരണ പദ്ധതി നടപ്പിലാക്കുന്നതിനായി, 1,680 സംരംഭകർക്ക് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പരിശീലനം നൽകി. ഐക്യരാഷ്ട്ര ഭക്ഷ്യ പരിപാടിയുമായി സഹകരിച്ച് 242 ന്യൂട്രിമിക്സ് യൂണിറ്റുകളിൽ 100 കിലോഗ്രാം ശേഷിയുള്ള ബ്ലെൻഡറുകൾ സജ്ജീകരിച്ചു.

**തീരദേശ സൂക്ഷ്മ സംരംഭങ്ങൾ:** തീരദേശത്തെ കുടുംബശ്രീ വനിതകൾക്കും അവരുടെ കുടുംബങ്ങൾക്കും സാമ്പത്തിക അവസരങ്ങൾ സൃഷ്ടിക്കുകയും സാമ്പത്തിക സ്വയംപര്യാപ്തത പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് തീരദേശ സൂക്ഷ്മ സംരംഭം പദ്ധതിയുടെ ലക്ഷ്യം. 2023-24ൽ സാമ്പത്തിക വർഷത്തിൽ 1,207 സംരംഭകർ ഉൾപ്പെട്ട 789 സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കപ്പെട്ടു.

**ഷീ–സ്റ്റാർട്ട്സ് :** കുടുംബശ്രീയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സ്ത്രീകൾക്കായി പ്രത്യേക സ്റ്റാർട്ടപ്പുകൾ ആരംഭിച്ചു. ഷീ-സ്റ്റാർട്ട്സ് എന്ന സ്റ്റാർട്ടപ്പ് യുവതികളെ സംരംഭകത്വ മേഖലയിലേക്ക് കൊണ്ടുവരാൻ സഹായിക്കുന്നു. 2023-24 സാമ്പത്തിക വർഷം സെപ്റ്റംബർ 30, 2024 വരെ, 858 മൈക്രോ എന്റർപ്രൈസുകൾ സ്ഥാപിക്കപ്പെട്ടു. ഇതിൽ 1,283 സംരംഭകരെ പങ്കെടുപ്പിച്ചിരുന്നു.

**മറ്റ് സംഘടനകളുമായുള്ള സംയോജനം:** കുടുംബശ്രീ വിവിധ സർക്കാർ വകുപ്പുകളായ പട്ടികജാതി ക്ഷേമ വകുപ്പ് , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷൻ, കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്, മോട്ടോർ വാഹന വകുപ്പ്, സാമൂഹിക നീതി വകുപ്പ്, ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ, വാട്ടർ അതോറിറ്റി, സപ്ലൈകോ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തുടങ്ങിയവയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. ഇത് അംഗങ്ങൾക്ക് ലഭിക്കുന്ന ഗുണങ്ങൾ പരമാവധി വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു

**കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ:** സാമൂഹികവും സാംസ്കാരികവുമായ ഇടപഴകലിനും, ഉപജീവന ഉന്നമനത്തിനുമായി യുവതികൾക്ക് പുതിയ ഇടങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2021-ൽ കുടുംബശ്രീയുടെ ഒരു ന്യൂ ജനറേഷൻ സംവിധാനമായ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിച്ചു. സംസ്ഥാനത്ത് 20,000 ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുകയും കൂടുതൽ യുവതികളെ കുടുംബശ്രീയിൽ ഉൾപ്പെടുത്തുകയും, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും സാമൂഹിക, സാമ്പത്തിക, സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ അവർക്ക് അവബോധം നൽകുകയും ചെയ്യുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ഓരോ സിഡിഎസും അവരുടെ പ്രവർത്തനമേഖലയിലെ എല്ലാ വാർഡുകളിലും വനിതാ സഹായ ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. 18 നും 40 നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് ഗ്രൂപ്പുകളിൽ അംഗത്വത്തിന് അർഹതയുണ്ട്. ഒരു കുടുംബത്തിൽ നിന്ന് ഒന്നിലധികം അംഗങ്ങൾക്ക് (18 നും 40 നും ഇടയിൽ) ഗ്രൂപ്പിൽ അംഗത്വം എടുക്കാം. ഒരു ഗ്രൂപ്പിൽ ഉൾപ്പെടുത്താവുന്ന പരമാവധി അംഗങ്ങളുടെ എണ്ണം 50 ആണ്. ഒരു വാർഡിൽ 50-ൽ കൂടുതൽ സ്ത്രീകൾ മുന്നോട്ടുവന്നാൽ കൂടുതൽ ഗ്രൂപ്പുകൾ രൂപീകരിക്കാനാകും. ജില്ലാ മിഷനുകളിൽ അതത് കമ്മ്യൂണിറ്റി വികസന സൊസൈറ്റികളുടെ ശുപാർശയോടെ ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. 2024 നവംബർ 1 വരെ, 3,00,532 അംഗങ്ങളുള്ള 19,472 സഹായ ഗ്രൂപ്പുകൾ രൂപീകരിച്ചു.

**തീരദേശ സമൂഹങ്ങൾക്കായുള്ള തീരശ്രീ പരിപാടി:** തീരദേശ സമൂഹങ്ങളുടെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കുടുംബശ്രീ തുടക്കമിട്ട പദ്ധതിയാണ് തീരശ്രീ. ഇതിനായി 82 തീരദേശ കമ്യൂണിറ്റി സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തി. ഈ പ്രത്യേക പദ്ധതിയിൽ 13,151 എൻ.എച്ച്.ജി.കളും 1,83,431 എൻ.എച്ച്.ജി. അംഗങ്ങളെയും ഈ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. . ഈ പദ്ധതിയുടെ ഭാഗമായി പ്രതിഭ തീരം, കായിക തീരം എന്നീ രണ്ട് ഉപപദ്ധതികൾ ആരംഭിച്ചു. പ്രതിഭ തീരം: വൈകുന്നേരങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷനും ജീവിത വൈദഗ്ധ്യ വിദ്യാഭ്യാസവും നൽകുക എന്നതാണ് പ്രതിഭ തീരത്തിന്റെ ലക്ഷ്യം. ഈ പദ്ധതിയുടെ ഭാഗമായി 62 കേന്ദ്രങ്ങൾ ആരംഭിക്കുകയുണ്ടായി.കായിക തീരം: തീരദേശ യുവാക്കൾക്ക് കായിക- മത്സരങ്ങളിൽ പങ്കാളികളാകുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വിവിധ പരിപാടികൾ കായിക തീരം ആവിഷ്കരിച്ചു.

**ട്രൈബൽ മേഖലയിലെ പ്രവർത്തനങ്ങൾ**

ആദിവാസി സമൂഹങ്ങൾക്കിടയിലുള്ള പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി കുടുംബശ്രീ 96.8 ശതമാനം പട്ടികവർഗ കുടുംബങ്ങളെ അതിന്റെ അയൽക്കൂട്ട ശേഖരത്തിൽ ഉൾപ്പെടുത്തി. ഗോത്രവർഗ്ഗക്കാർക്കിടയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സുസ്ഥിരമായ ഒരു വേദി ഒരുക്കുക എന്നതാണ് കുടുംബശ്രീ ഏറ്റെടുത്തിട്ടുള്ള ഈ ഇടപെടലുകളുടെ പ്രധാന ലക്ഷ്യം. വിദ്യാഭ്യാസ മേഖലയിലെ മറ്റൊരു പ്രധാന ഇടപെടലാണ് ബ്രിഡ്ജ് കോഴ്സ്. പാഠ്യ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ഹാജർ നില മെച്ചപ്പെടുത്തുകയുമാണിതിന്റെ ലക്ഷ്യം. 2023-24 കാലയളവിൽ, 520 സ്വാശ്രയ അയൽക്കൂട്ട ഗ്രൂപ്പുകളെ കണ്ടെത്തി, 26 അയൽക്കൂട്ട ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകി. ഈ അയൽക്കൂട്ട ഗ്രൂപ്പുകൾ 397 ആട് വളർത്തൽ യൂണിറ്റുകളും, 307 വീട്ടുമുറ്റത്തെ കോഴിവളർത്തൽ യൂണിറ്റുകളും ആരംഭിച്ചു. കാർഷിക പ്രവർത്തനങ്ങൾക്കായി 85 പുതിയ ട്രൈബൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചു. അതുപോലെ, 42 സൂക്ഷ്മ സംരഭ സംഘങ്ങളും 95 വ്യക്തിഗത സൂക്ഷ്മ സംരഭ യൂണിറ്റുകളും പട്ടികവർഗ കുടുംബങ്ങൾക്കായി

പുതുതായി ആരംഭിക്കുകയും, പട്ടികവർഗ ഉൽപ്പന്നങ്ങൾ കുടുംബശ്രീ ബസാർ വഴി വിപണനം ചെയ്യുകയും ചെയ്തു. കൂടാതെ, ഒരു അയൽക്കൂട്ടത്തിനു 4,000 രൂപയുടെ വീതം ഫണ്ട് വിതരണം ചെയ്തു കൊണ്ട് 221 ആദിവാസി അയൽക്കൂട്ടങ്ങൾക്ക് പിന്തുണ നൽകിയിട്ടുണ്ട്. 2023-24 വർഷത്തിൽ 188 അയൽക്കൂട്ട ഗ്രൂപ്പുകൾക്കു അവരുടെ സ്റ്റാർട്ടപ്പ് പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയും 43 ട്രൈബൽ യൂത്ത് ക്ലബ്ബുകൾ ആരംഭിക്കുകയും ചെയ്തു.

**കേരള ചിക്കൻ**

കേരളത്തിലെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ഉണർത്തുന്നതിനും സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക പദവി ഉയർത്തുന്നതിനുമായി സർക്കാർ ആരംഭിച്ച ഒരു പുതുമയുള്ള പദ്ധതിയാണ് കുടുംബശ്രീ-കേരള ചിക്കൻ. പൗൾട്രി ഫാമുകളും റീട്ടെയിൽ ഔട്ട്‌ലെറ്റുകളും നടത്തുന്നതിലൂടെ സ്ത്രീകളെ ശാക്തീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ 11 ജില്ലകളിലായി ഈ പദ്ധതി സജീവമാണ്. ഇതുവരെ, കെബിഎഫ്പിസിഎൽ കേരള ചിക്കൻ ഔട്ട്ലറ്റുകൾ വഴി 31,391 മെട്രിക് ടൺ കോഴിയിറച്ചി വിതരണം ചെയ്തിട്ടുണ്ട്, ഇത് നിലവിലുള്ള വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് 431 കേരള ചിക്കൻ ഫാമുകളിൽ കോഴി ഉൽപ്പാദനം ഏകീകരിച്ച് 139 കേരള ചിക്കൻ ഔട്ട്‌ലെറ്റുകൾ വഴി ഇറച്ചി വിൽക്കുന്നു. 2024 സാമ്പത്തിക വർഷത്തിൽ, കെ.ബി. എഫ്.പി.സി.എൽ. 24 പുതിയ ഫാമുകളും അഞ്ച് പുതിയ ഔട്ട്‌ലെറ്റുകളും ആരംഭിച്ചിട്ടുണ്ട്. ഓരോ ആവർത്തന ചക്രത്തിനും (ഏകദേശം 45 ദിവസം കൂടുമ്പോൾ) കോഴി കർഷകർ ശരാശരി 50,000 രൂപ സമ്പാദിക്കുമ്പോൾ ഔട്ട്‌ലെറ്റുകളിലൂടെ കോഴികളെ വിൽക്കുന്നവർ പ്രതിമാസം 89,000 രൂപ വരുമാനം നേടുന്നു. കോഴി കർഷകർക്ക് ഇന്റെഗ്രേഷൻ ഫീസായി 28.5 കോടി രൂപയും ഔട്ട്‌ലെറ്റ് ഗുണഭോക്താക്കൾക്ക് 43.9 കോടി രൂപയും പദ്ധതി വഴി വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ, 700 സ്ത്രീകൾക്ക് നേരിട്ടുള്ള തൊഴിൽ അവസരങ്ങളും സംരംഭകത്വ സാധ്യതകളും ഈ പദ്ധതിയിലൂടെ ലഭ്യമായിട്ടുണ്ട്.

**ബാക്ക് ടു സ്കൂൾ ക്യാമ്പയിൻ (തിരികെ സ്കൂളിലേക്ക് ക്യാമ്പയിൻ)**

കുടുംബശ്രീയുടെ ത്രിതല ഘടന കൂടുതൽ ശക്തിപ്പെടുത്തുന്നതിനും, മാറുന്ന കാലത്തിനനുസരിച്ച് പുതിയ സംരംഭങ്ങൾ ഏറ്റെടുക്കാൻ അയൽക്കൂട്ട ഗ്രൂപ്പുകളിലെ സ്ത്രീകളെ സജ്ജരാക്കുന്നതിനുമായി കുടുംബശ്രീ സംഘടിപ്പിച്ചതാണ് ബാക്ക് ടു സ്കൂൾ ക്യാമ്പയിൻ. വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സർക്കാർ സ്കൂളുകൾ പ്രയോജനപ്പെടുത്തിയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഈ കാമ്പയിനിൽ 38.6 ലക്ഷം അംഗങ്ങൾ സജീവമായി പങ്കെടുത്തു.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ് – സംരംഭകത്വ വികസന പരിപാടി (ആർ.കെ.ഐ– ഇഡിപി)**

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി കുടുംബശ്രീ നിർദ്ദേശിച്ച "റീബിൽഡ് കേരള ഇനിഷ്യേറ്റീവ് - എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം" എന്ന എസ്.വി.ഇ.പി മാതൃകാ പദ്ധതിക്ക് കേരള സർക്കാരിന്റെ അംഗീകാരം ലഭിച്ചു. ദരിദ്രരുടെ കാർഷികവും കാർഷികേതരവുമായ ഉപജീവന മാർഗങ്ങൾ വികസിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഈ പദ്ധതി രൂപീകരിക്കപ്പെട്ടു. എട്ട് ജില്ലകളിലെ 14 ബ്ലോക്കുകളെ കേന്ദ്രീകരിച്ച് 16,800 സംരംഭങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതി നടപ്പാക്കി. യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി 200-ലധികം മൈക്രോ എന്റർപ്രൈസ് ഉപദേഷ്ടാക്കളെ സമഗ്രമായ രീതിയിൽ പരിശീലനം നൽകി. ഇവർ സംരംഭകർക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങളും പിന്തുണയും നൽകാൻ സജ്ജരായിട്ടുണ്ട്. 2024 മാർച്ച് 31-ന് പദ്ധതി പൂർത്തിയായപ്പോൾ പ്രതീക്ഷിച്ച ലക്ഷ്യം മറികടന്ന് 18,269 പുതിയ സംരംഭങ്ങൾ സ്ഥാപിക്കാൻ പദ്ധതിക്ക് സാധിച്ചു.

# ശബ്ദാവലി

## അടിസ്ഥാന വില

ഒരു ഉൽപാദകന് അയാളുടെ ഉൽപാദനത്തിന്റെയോ വിൽപ്പനയുടെയോ ഫലമായി തന്റെ ഉല്പന്നത്തിന്റെ ഒരു യൂണിറ്റിന് (സാധനത്തിന്റെയോ സേവനത്തിന്റെയോ) വാങ്ങുന്ന ആളിൽ നിന്നും ലഭ്യമാക്കുന്ന തുകയിൽ നിന്നും അടക്കേണ്ട നികുതികൾ കിഴിച്ചും , ലഭിക്കേണ്ട സബ്സിഡികൾ സംയോജിപ്പിച്ചും ഉളളതാണ് അടിസ്ഥാന വില. ഉൽപാദകൻ പ്രത്യേകമായി വരുത്തുന്ന ഗതാഗത ചെലവുകൾ ഇതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു

## കാഷ്വൽ ലേബർ

മറ്റുള്ളവരുടെ കൃഷി അല്ലെങ്കിൽ കൃഷി ഇതര സംരംഭങ്ങളിൽ (ഗാർഹിക, ഗാർഹിക-ഇതര)ഏർപ്പെട്ടിരിക്കുന്ന ഒരാൾക്ക് അതിലൂടെ ദിവസ അടിസ്ഥാനത്തിൽ അല്ലെങ്കിൽ നിശ്ചിത ഇട വേളകളിലോ തൊഴിൽ കരാറിന്റെ നിബന്ധനകൾക്കനുസൃതമായി വേതനം ലഭിച്ചു എങ്കിൽ, ഇത് ഒരു കാഷ്വൽ ലേബർ ആയി കണക്കാക്കപ്പെടുന്നു.

## നിലവിലെ ദൈനംദിന പ്രവർത്തന നില

(സി.ഡി.എസ്):റഫറൻസ് ആഴ്ചയിലെ ഓരോ ദിവസവും ഓരോ വ്യക്തിയുടെയും മുൻഗണനയും പ്രധാന പ്രവർത്തന സമയവും മാനദണ്ഡമാക്കി കണക്കാക്കുന്ന പ്രവർത്തന നിലയുടെ അടിസ്ഥാനത്തിലാണ് ഒരു വ്യക്തിയുടെ നിലവിലെ ദൈനംദിന പ്രവർത്തന നില (സി.ഡി.എസ്) നിർണ്ണയിക്കുന്നത്.

## ഉപഭോക്തൃവില സൂചിക (സിപിഐ)

ഒരു നിശ്ചിത കാലയളവിനുള്ളിൽ നിശ്ചിത ഇനങ്ങളിൽപ്പെട്ട ചരക്കുകളുടെയും സേവനങ്ങളുടെയും ചില്ലറ വില്പന വിലയിൽ ഉണ്ടാകുന്ന വ്യതിയാനമാണ് ഉപഭോക്തൃവില സൂചിക സൂചിപ്പിക്കുന്നത്. ഒരു പ്രത്യേക സ്ഥലത്തെ, പ്രത്യേകം നിർദ്ദേശിക്കപ്പെട്ട ജനങ്ങളുടെ സംഘങ്ങളിൽ നിന്നും ഒരു ശരാശരി കുടുംബം ഒരു നിശ്ചിത കാലയളവിൽ ഉപയോഗിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും വില വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കുന്നത്.

## നിലവിലെ പ്രതിവാര നില (സി.ഡബ്ല്യൂ.എസ്)

സർവേ തീയതിക്ക് മുമ്പുള്ള ഏഴു ദിവസത്തെ കാലയളവിനെ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്ന പ്രവർത്തന നിലയെയാണ് ഒരു വ്യക്തിയുടെ നിലവിലെ പ്രതിവാര പ്രവർത്തന നില (സി.ഡബ്ല്യൂ.എസ്) എന്ന് കണക്കാക്കപ്പെടുന്നത്. ഒരു നിശ്ചിത മുൻഗണനാക്രമവും പ്രധാന സമയവും മാനദണ്ഡമാക്കി കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത് തീരുമാനിക്കുന്നത്. മുൻഗണനാ മാനദണ്ഡമനുസരിച്ച്, ജോലി ചെയ്യുന്ന നിലയ്ക്ക്, ജോലി ചെയ്യുന്നില്ല, പക്ഷെ ജോലി അന്വേഷിക്കുന്നു അല്ലെങ്കിൽ ജോലി ലഭ്യമാണ് എന്ന നിലയേക്കാൾ മുൻഗണന ലഭിക്കുന്നു, ഇത് ജോലി ചെയ്യുന്നില്ല അല്ലെങ്കിൽ ജോലി ലഭ്യമല്ല എന്ന നിലയെക്കാൾ മുൻഗണന നൽകുന്നു.

## ജനസാന്ദ്രത

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന അവസ്ഥ മനസ്സിലാക്കുന്ന സൂചകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ജനസാന്ദ്രത. ഒരു ചതുരശ്ര കിലോമീറ്ററിൽ അധിവസിക്കുന്ന ജനങ്ങളുടെ എണ്ണത്തെയാണ് ജനസാന്ദ്രത എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. വാർഡ്, ടൗൺ, ജില്ല, സംസ്ഥാനം എന്നിവയാണ് ഇതിന്റെ ഭൂമിശാസ്ത്രപരമായ യൂണിറ്റ്.

## മൊത്തം ദേശീയ വരുമാനം (ജിഎൻ.ഐ)

മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു നിർമ്മാണത്തിനും ഇറക്കുമതിക്കുമുള്ള നികുതികളും തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരവും മറ്റു രാജ്യങ്ങൾക്കു നൽകേണ്ട ആസ്തി വരുമാനവും കുറവ് ചെയ്തതിനു ശേഷം മറ്റു രാജ്യങ്ങളിൽ നിന്ന് ലഭിക്കേണ്ട വരുമാനം കൂട്ടിച്ചേർത്താൽ ലഭിക്കുന്ന സംഖ്യയാണ് മൊത്തം ദേശീയ വരുമാനം. മറ്റൊരു രീതിയിൽ പറഞ്ഞാൽ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു പ്രവാസി യൂണിറ്റുകൾക്ക് നൽകേണ്ട പ്രാഥമിക വരുമാനം കിഴിവ് ചെയ്ത് പ്രവാസി യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന പ്രാഥമിക വരുമാനം കൂട്ടിച്ചേർക്കുമ്പോൾ ലഭിക്കുന്നതാണ് മൊത്തം ദേശീയ വരുമാനം. ഇത് കണക്കാക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗം എല്ലാ മേഖലയിലെയും മൊത്തം പ്രാഥമിക വരുമാനത്തിന്റെ ആകെ മൂല്യം കണക്കാക്കി നിശ്ചയിക്കുക എന്നതാണ്. (മൊത്തം ദേശീയ വരുമാനം മുമ്പ് ദേശീയ കണക്കുകളിൽ ഉപയോഗിച്ചിരുന്ന മൊത്തം ദേശീയ ഉൽപ്പന്നത്തിന് (ജിഎൻപി) സമാനമാണെന്ന് ശ്രദ്ധിക്കുക)

## മൊത്തം സംയോജിത മൂല്യം (ജി.വി.എ.)

സമ്പദ് വ്യവസ്ഥയിലെ ഒരു പ്രദേശത്തോ, വ്യവസായത്തിലോ ഒരു മേഖലയിലോ ഉല്പാദിപ്പിച്ച സാധനങ്ങളുടെയും സേവനങ്ങളുടെയും മൂല്യമാണ് സാമ്പത്തിക ശാസ്ത്രത്തിലെ മൊത്തം സംയോജിത മൂല്യം (ജി.വി.എ). ദേശീയ കണക്കിൽ ഉല്പന്നത്തിൽ നിന്ന് ഇന്റർമീഡിയറ്റ് ഉപഭോഗം കുറച്ചാണ് ജി.വി.എ കണക്കാക്കുന്നത്, ഇത് ദേശിയ കണക്കിലെ പ്രൊഡക്ഷൻ കണക്കുകളുടെ ബാലൻസിങ് ഇനമാണ്.

## അടിസ്ഥാന വിലയിലെ -മൊത്തം സംയോജിത മൂല്യം

അടിസ്ഥാന വിലയിൽ ഉല്പന്നത്തിന്റെ മൂല്യത്തിൽ നിന്ന് വാങ്ങുന്ന ആളിന്റെ വിലയിൽ ഇടക്കുള്ള ഉപഭോഗത്തിന്റെ മൂല്യം കുറച്ചതിനെ അടിസ്ഥാന വിലയിൽ മൊത്തം സംയോജിത മൂല്യം എന്ന് നിർവചിച്ചിരിക്കുന്നു. ഉല്പന്നത്തിന്റെ മൂല്യം കണക്കാക്കുന്ന വിലയാണ് ഇവിടെ ജി വി എ എന്ന് അറിയപ്പെടുന്നത്. ഉൽപാദകന്റെ കാഴ്ചപ്പാടിൽ നിന്ന് നോക്കിയാൽ ഇൻപുട്ടുകൾ വാങ്ങുന്നവരുടെ വിലയും ഉൽപ്പന്നത്തിന്റെ അടിസ്ഥാന വിലയുമാണ് യഥാർത്ഥത്തിൽ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്ത വിലയെ പ്രതിനിധാനം ചെയ്യുന്നത്. അവയുടെ ഉപയോഗം മൊത്തം സംയോജിത മൂല്യം കണക്കാക്കുന്നതിലേയ്ക്ക് നയിക്കുകയും ആയത് പ്രത്യേകിച്ച് ഉൽപാദകന് സഹായകമാക്കുകയും ചെയ്യുന്നു.

## ശിശു മരണ നിരക്ക്
ഓരോ ആയിരം ശിശു ജനനത്തിലും ഉണ്ടാകുന്ന ശിശു മരണ (ഒരു ശിശുവിന്റെ ഒരു വയസു തികയുന്നതിനു മുൻപുള്ള മരണം) കണക്കിനെയാണ് ശിശു മരണ നിരക്ക് എന്ന് പറയുന്നത്.

## വാർധക്യ ആശ്രയ നിരക്ക്
60–നും അതിനുമുകളിലും പ്രായമുള്ളവരും 15 മുതൽ 59 പ്രായമുള്ളവരും തമ്മിലുള്ള അനുപാതമാണ് ആശ്രയ നിരക്ക്.

## സമത്വ സൂചിക
സമ്പത് വ്യവസ്ഥയിലെ വിലയുടെ അസ്ഥിരതകളുടെ പരിണത ഫലമായി കർഷകർക്ക് ഉണ്ടായ നേട്ടങ്ങളുടെയും നഷ്ടങ്ങളുടെയും ആനുപാതികമായ കണക്കാണ് സമത്വ സൂചിക.

## ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ആക്ട്, 2012
ഈ ആക്ട് കുട്ടികൾക്ക് നേരെ ഉണ്ടാവുന്ന അധിക്ഷേപങ്ങളെക്കുറിച്ച് പ്രതിപാദിക്കുകയും ലൈംഗിക കയ്യേറ്റം, ലൈംഗിക പീഡനം എന്നിവയിൽ നിന്ന് കുട്ടികളെ സംരക്ഷിക്കാനുള്ള രക്ഷാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

## തൊഴിൽ ശക്തി
ഒന്നുകിൽ ജോലി ചെയ്യുന്ന (അല്ലെങ്കിൽ തൊഴിൽ ഉള്ള) അല്ലെങ്കിൽ തൊഴിൽ അന്വേഷിക്കുന്ന അല്ലെങ്കിൽ ജോലിയ്ക്കായി ലഭ്യമായ വ്യക്തികൾ (അല്ലെങ്കിൽ തൊഴിലില്ലാത്തവർ) തൊഴിൽ ശക്തിയായി കണക്കാക്കപ്പെടുന്നു.

## തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ.)
രാജ്യത്തെ ഒരു സമപ്രായത്തിൽപ്പെട്ട ജനസംഖ്യയും തൊഴിൽ ശക്തിയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക്.

## സാക്ഷരതാ നിരക്ക്
ആറു വയസിനും അതിന് മുകളിലും പ്രായമുള്ള ജനങ്ങളിൽ നിത്യജീവിതത്തിൽ ഉപയോഗിക്കേണ്ടി വരുന്ന ഭാഷയിൽ എഴുതാനും വായിക്കാനും, ചെറിയ ലളിതമായ സ്റ്റേറ്റ്മെന്റുകൾ മനസിലാക്കാനും കഴിയുന്നവരുടെ ശതമാനമാണ് സാക്ഷരതാ നിരക്ക്.

## ചില്ലറ വില്പന വില
ചില്ലറ വില്പന വിലയെന്നത് ഉപഭോക്താക്കൾ ഒരു സാധനം ചെറിയ അളവിൽ വാങ്ങുമ്പോൾ നൽകേണ്ടി വരുന്ന വിലയാണ്.

## മൊത്തവ്യാപാര വില സൂചിക (ഡബ്ല്യൂപിഐ)
ഇടപാടിന്റെ ആദ്യഘട്ട തലത്തിൽ ബൾക്ക് (മൊത്ത) വിൽപ്പനയ്ക്കുള്ള ചരക്കുകളുടെ വിലയുടെ ശരാശരി മാറ്റങ്ങളെ അളക്കുന്നു.

## തൊഴിലാളി ജനസംഖ്യ നിരക്ക് (വർക്ക് പോപുലേഷൻ റേഷ്യോ, (ഡബ്ല്യൂപിആര്))
മൊത്ത ജനസംഖ്യയുടെ തൊഴിലിലേർപ്പെട്ട വ്യക്തികളുടെ ശതമാനമായി ഡബ്ല്യൂപിആർ നിർവചിക്കപ്പെടുന്നു

# ചുരുക്കെഴുത്തുകൾ

**എഎവൈ:**
അന്ത്യോദയ അന്ന യോജന

**എഡിബി:**
ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്

**എ.എച്ച്.ഐ.ഡി.എഫ്:**
അനിമൽ ഹസ്ബൻഡറി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്

**എ.ഐ:**
ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ

**എ.ഐ.ഐ.ബി:**
ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക്

**എ.കെ.സി:**
അഗ്രിക്കൾച്ചറൽ നോളഡ്ജ് സെന്റേഴ്സ്

**അമുൽ:**
ആനന്ദ് മിൽക്ക് യൂണിയൻ ലിമിറ്റഡ്

**അനെർട്ട്:**
ഏജൻസി ഫോർ
നോൺ–കണവെൻഷനൽ എനർജി ആന്റ് റൂറൽ ടെക്നോളജി

**എഎൻപി :**
അന്നപൂർണ്ണ സ്കീം

**ആപ്കോസ്:**
ആനന്ദ് പാറ്റേൺ കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ്

**എ.പി.ഇ.ഡി.എ:**
അഗ്രിക്കൾച്ചറൽ ആന്റ് പ്രോസ്സഡ് ഫുഡ് പ്രോഡക്ട്സ്
എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി

**എപിഎൽ:**
എബൗ പോവർട്ടി ലൈൻ

**എആർഡി :**
ഓതറൈസ്ഡ് റീട്ടെയ്ൽ ഡിസ്ട്രിബ്യൂട്ടേഴ്സ്

**ആംസ്:**
അനിമൽ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം

**എ.എസ്.സി:**
അഗ്രോ സർവ്വീസ് സെന്റേഴ്സ്

**എ.എസ്.സി.എ.ഡി:**
അസിസ്റ്റന്റ്സ് ടു സ്റ്റേറ്റ്സ് ഫോർ കൺട്രോൾ ഓഫ് അനിമൽ ഡിസീസസ്

**ആസിയാൻ:**
അസോസിയേഷൻ ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യൻ നേഷൻസ്

**ബി.എം.സി:**
ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ

**ബി.എം.ഡബ്ല്യു:**
ബയോമെഡിക്കൽ വേസ്റ്റ്

**ബി.ഒ.ഡി:**
ബയോകെമിക്കൽ ഓക്സിജൻ ഡിമാന്റ്

**ബി.ഒ.ക്യു.സി.എൽ:**
ബയോ ഫെർട്ടിലൈസർ ആന്റ് ഓർഗാനിക് മന്യുവർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി

**ബി.പി.എൽ:**
ബിലോ പോവെർട്ടി ലൈൻ (ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ)

**സി.എ.എ.ക്യു.എം.എസ്:**
കണ്ടിന്യുവസ് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ്
സ്റ്റേഷനുകൾ

**സി.എ.ജി.ആർ:**
കോമ്പൗണ്ട് ആന്വൽ ഗ്രോത്ത് റേറ്റ്

**സി.എ.എം.പി.എ:**
കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആൻഡ്
പ്ലാനിംഗ് അതോറിറ്റി

**സി.എ.പി.ഇ:**
കോ–ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ

**കാപെക്സ് :**
കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പക്സ്
കോ–ഓപ്പറേറ്റീവ്
സൊസൈറ്റി

**സി.ബി.ഡി:**
ജൈവ വൈവിധ്യത്തെക്കുറിച്ചുള്ള കൺവെൻഷൻ

**സി.ബി.ഡബ്ല്യു.റ്റി.ഡി.എഫ്:**
കോമൺ ബയോമെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് ആൻഡ് ഡിസ്പോസൽ ഫെസിലിറ്റി

**സി–ഡാക്:**
സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കംപ്യൂട്ടിംഗ്

**സി.എച്ച്.സി:**
കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

**സി.എച്ച്.സി:**
കസ്റ്റം ഹയറിംഗ് സെന്റേഴ്സ്

**സി.എച്ച്.ഐ.എസ്:**
കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് സ്കീം

**കോട്പാ:**
സിഗരറ്റും മറ്റ് പുകയില ഉല്പന്നങ്ങളുടെയും നിയന്ത്രണം സംബന്ധിച്ച നിയമം

**സി.പി.സി:**
സെന്റർലൈസ്ഡ് പ്രോസസിംഗ് സെന്റർ

**സി.പി.സി:**
കോക്കോനട്ട് പ്രൊഡ്യൂസർ കമ്പനീസ്

**സി.പി.എഫ്:**
കോക്കോനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻസ്

**സി.പി.ഐ:**
കൺസ്യൂമർ പ്രൈസ് ഇൻഡക്സ്

**സി.പി.എസ്:**
കോക്കോനട്ട് പ്രൊഡ്യൂസർ സൊസൈറ്റീസ്

**സി.എസ്.ഒ:**
സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്

**സി.ഡബ്ല്യു.ആർ.ഡി.എം:**
സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ്

**സി.ഇസഡ്.എം.പി:**
തീരദേശപരിപാലന പദ്ധതി

**ഡി.സി.എസ്:**
ഡയറി കോ–ഓപ്പറേറ്റീവ് സൊസൈറ്റി

**ഡി.ഇ.എസ്:**
ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്

**ഡി.ഒ.ഇ.സി.സി:**
ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആൻഡ് ക്ലൈമറ്റ് ചെയ്ഞ്ച്

**ഡി.പി.എൽ:**
വികസന നയ വായ്പ

**ഡി.ആർ.എഫ്.ഐ:**
ഡിസാസ്റ്റർ റിസ്ക് ഫൈനാൻസിംഗ് ആൻഡ് ഇൻഷ്വറൻസ്

**ഇ.ഡി.സി:**
പരിസ്ഥിതി വികസന സമിതികൾ

**ഇ.ഇ.എ:**
യൂറോപ്യൻ എൻവയോൺമെന്റ് ഏജൻസി

**ഇ.ഇ.ഇസഡ്:**
എക്സ്ക്ലൂസീവ് ഇക്കോണമിക് സോൺ

**ഇ.പി.ഐ:**
പരിസ്ഥിതി പ്രകടന സൂചിക

**ഇ.റ്റി.എസ്:**
ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ

**ഇ–പോസ്:**
ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ

**ഇ ആർ എസ് എസ്:**
എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം

**എഫ്.എ.ഒ:**
ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗനൈസേഷൻ

**എഫ് സി ഐ:**
ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

**എഫ് ഡി എ:**
വന വികസന ഏജൻസി

**എഫ്.എഫ്.ഇ.ഡബ്ല്യു.എസ്:**
ഫ്ലെഡ് ഫോർകാസ്റ്റിംഗ് ആന്റ് ഏർളി വാണിംഗ് സിസ്റ്റം

**എഫ്.പി.എം.എസ്:**
ഫോറസ്റ്റ് ഫയർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് സ്കീം

**എഫ്.പി.ഒ:**
ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ

**എഫ്.എസ്.ഐ:**
ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ

**എഫ്.എസ്.എസ്:**
ഫാർമേഴ്സ് സർവ്വീസ് സൊസൈറ്റീസ്

**എഫ്.ടി.എ:**
ഫ്രീ ട്രേഡ് എഗ്രിമെന്റ്

**ജി.ഡി.ഐ:**
ജെൻഡർ ഡെവലപ്മെന്റ് ഇൻഡക്സ്

**ജി.ഡി.പി:**
മൊത്തം ആഭ്യന്തര ഉൽപ്പാദനം

**ജി.എച്ച്.ജി:**
ഹരിത ഗൃഹ വാതകങ്ങൾ

**ജി.ഐ.എം:**
ഗ്രീൻ ഇന്ത്യ മിഷൻ

**ജി.ഐ.എസ്:**
ജ്യോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം

**ജി.എൽ.സി:**
ഗ്രൗണ്ട് ലെവൽ ക്രെഡിറ്റ്

**ജി.എൻ.ഐ:**
മൊത്തം ദേശീയ വരുമാനം

**ജി.പി.എസ്:**
ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം

**ജി.എസ്.ഡി.പി:**
മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പന്നം

**ജി.എസ്.വി.എ:**
ഗ്രോസ് സ്റ്റേറ്റ് വാല്യൂ ആഡഡ്

**ജിവിഎ :**
ഗ്രോസ് വാല്യൂ ആഡഡ്

**ജി ഒ ഐ :**
ഗവൺമെന്റ് ഓഫ് ഇന്ത്യ

**എച്ച്.എ.സി.സി.പി:**
ഹസാഡ് അനാലിസിസ് ആന്റ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ്

**എച്ച് ഡി സി കെ :**
ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള

**ഹഡ്കോ:**
ഹൗസിംഗ് ആന്റ് അർബൻ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

**എച്ച്.ഡബ്ല്യു.എ:**
മനുഷ്യ വന്യജീവി സംഘർഷം

**ഐ.ഐ.ഐ.റ്റി.എംകെ:**
ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള

**ഐ.പി.സി.സി:**
ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയിഞ്ച്

**ഐ.പി.ബി.ഇ.എസ്:**
ഇന്റർ ഗവൺമെന്റൽ സയൻസ് – പോളിസി പ്ലാറ്റ്ഫോം ഓൺ ബയോഡൈവേഴ്സിറ്റി ആന്റ് ഇക്കോസിസ്റ്റം സർവ്വീസസ്

**ഐ.ഡബ്ല്യു.ആർ.എം:**
ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ്

**ജെ.ഐ.സി.എ:**
ജപ്പാൻ ഇന്റർനാഷണൽ കോർപ്പറേഷൻ ഏജൻസി

**ജെ.ജെ:**
ജുവനൈൽ ജസ്റ്റിസ്

**ജെ.ജെ.എസ്:**
ജന ജാഗ്രതാ സമിതി

**ജെ.എൻ.റ്റി.ബി.ജി.ആർ.ഐ:**
ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കെ.എ.ഐ.സി.ഒ:**
കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്

**കെ.എ.എൽ.എൻ.ഇ.റ്റി:**
കേരള അക്കാഡമിക് ലൈബ്രറി നെറ്റ് വർക്ക്

**കെ.എ.എം.സി.ഒ:**
കേരള ആഗ്രോ മെഷീനറി കോർപ്പറേഷൻ

**കെ.എ.ആർ.എസ്.എ.പി:**
കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ

**കെ.എ.എസ്.പി:**
കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

**കാവിൽ:**
കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്

**കെ.സി.സി:**
കിസാൻ ക്രെഡിറ്റ് കാർഡ്

**കെ. സി .ഇ. എം .എസ്:**
കേരള ക്യാപ്റ്റീവ് എലിഫെന്റ് മാനേജ്മെന്റ് സിസ്റ്റം

**കെ.സി.എം.എം.എഫ്:**
കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ

**കെ.സി.ഇസഡ്.എം.എ:**
കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

**കെ.ഇ.എസ്.ആർ.യു:**
കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്

**കെ.എഫ്.എൽ:**
കേരള ഫീഡ്സ് ലിമിറ്റഡ്

**കെ.എഫ്. ആർ.ഐ:**
കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കെ.എഫ്.ഡബ്ല്യു.എഫ്.ബി:**
കേരള ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡ്

**കെ.ഐ.ഐ.എഫ്.ബി:**
കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്

**കിൻഫ്ര:**
കേരള ഇൻഡസ്ട്രീയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെഐറ്റിറ്റിഎസ്:**
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്

**കൈറ്റ്:**
കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ

**കെ.കെ.എസ്:**
കാർഷിക കർമ്മ സേന

**കെ.എൽ.ഡി.ബി:**
കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

**കെ.എം.എം.എൽ:**
കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്

**കെ-ഫോൺ:**
കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക്

**കെ.ആർ.ഡി.സി.എൽ:**
കേരള റെയിൽ വികസന കോർപ്പറേഷൻ

**കെ.ആർ.എഫ്.ബി:**
കേരള റോഡ് ഫണ്ട് ബോർഡ്

**കെ.എസ്.എ.എം.എം:**
കേരളാ സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷൻ

**കെ എസ് ബി ബി:**
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**കെ.എസ്.സി.എ.ഡി.സി:**
കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെ.എസ്.ഇ.ബി.എൽ:**
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

**കെ.എസ്.ഇ.ആർ.സി:**
കേരള സംസ്ഥാന വൈദ്യുതി നിയന്ത്രണ കമ്മീഷൻ

**കെ.എസ്.ഐ.ഡി.സി:**
കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

**കെ.എസ്.ഐ.ഇ:**
കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്

**കെ.എസ്.ഐ.എൻ.സി:**
കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്

**കെ.എസ്.ഐ.ടി.ഐ.എൽ:**
കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്

**കെ.എസ്.ഐ.ടി.എം:**
കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ

**കെ.എസ്.എൽ.എംഎ:**
കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

**കെ.എസ്.ഒ.എം:**
കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

**കെ. എസ് .പി .സി. ബി:**
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

**കെ.എസ്.പി.ഡി.സി:**
കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെ.എസ്.എൽ.എം.എ:**
കേരള സാക്ഷരത മിഷൻ അതോറിറ്റി

**കെ.സ്വിഫ്റ്റ് :**
വേഗതയേറിയതും സുതാര്യവുമായ ഓൺ ലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനം

**കെ.യു.എഫ്.ഒ.എസ്:**
കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്

**കെ.വി.എ.എസ്.യു:**
കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി

**എൽ.ബി.എച്ച്.എസ്:**
ലോക്കൽ ബയോ ഡൈവേഴ്സിറ്റി ഹെറിട്ടേജ് സൈറ്റ്സ്

**എൽ.എഫ് .പി.ആർ:**
ലേബർ ഫോഴ്സ് പങ്കാളിത്ത നിരക്ക്

**എൽ.ജിഎസ്:**
ലോക്കൽ ഗവൺമെന്റുകൾ

**ലൈഫ്:**
ലൈവ് ലിഹുഡ് ഇൻക്ലൂഷൻ ആൻഡ് ഫൈനാൻഷ്യൽ എംപവർമെന്റ്

**എൽപിജി:**
ദ്രവീകൃത പെട്രോളിയം ഗ്യാസ്

**എൽ.എസ്.ജി.ഡി:**
ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്

**എൽ.റ്റി.ആർ.സി.എഫ്:**
ലോംങ് ടേം റൂറൽ ക്രെഡിറ്റ് ഫണ്ട്

**എം.ബി.ജി.ഐ.പി.എസ്:**
മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാൻ സയൻസസ്

**എം.ഡി.ഡി.റ്റി:**
മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം

**എം.എഫ്.പി:**
ചെറുകിട വന ഉൽപ്പന്നങ്ങൾ

**എം.ജി.എൻ.ആർ.ഇ.ജി.എസ്:**
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

**എം.പി.സി:**
മോണിറ്ററി പോളിസി കമ്മിറ്റി

**എം.പി.ഐ:**
മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ

**എം .എം.ആർ:**
മാതൃമരണ നിരക്ക്

**എം.എസ്.എം.ഇ:**
മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസ്

**എം.റ്റി:**
മെട്രിക് ടൺ

**നബാർഡ്:**
ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക്

**എൻ.എ.ബി.എൽ:**
നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്

**എൻ.എ.എഫ്.ഇ.ഡി:**
നാഷണൽ അഗ്രിക്കൾച്ചറൽ കോ–ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്

**എൻ.എ.എം.പി:**
നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എൻ.എ.പി സി.സി:**
കാലാവസ്ഥാ വ്യതിയാനത്തിനായുള്ള ദേശീയ കർമ്മ പദ്ധതി

**എൻ.എ.എസ്:**
നാഷണൽ അക്കൗണ്ട് സ്റ്റാറ്റിസ്റ്റിക്സ്

**നാറ്റ്പാക്:**
നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ

**എൻ.സി.ഡി.സി:**
നാഷണൽ കോ–ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ

**എൻ.ഡി.ഡി.ബി:**
നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ്

**എൻ.ഡി.പി:**
അറ്റ ആഭ്യന്തരോൽപ്പന്നം

**എൻ.ഡി.പി.ആർ.ഇ. എം:**
പ്രവാസി പുനരധിവാസ പദ്ധതി

**എൻഡി.പി.എസ്:**
നർക്കോട്ടിക്ക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസ്

**എൻഇറ്റിഎഫ്.ഐഎസ്എച്ച്:**
നെറ്റ്‌വർക്ക് ഫോർ ഫിഷ് ക്വാളിറ്റി മാനേജ്മെന്റ് ആന്റ് സസ്റ്റൈനബിൾ ഫിഷിംഗ്

**എൻഎഫ്എച്ച്എസ്:**
ദേശീയ കുടുംബ ആരോഗ്യ സർവേ

**എൻഎഫ്എസ്എ:**
ദേശീയ ഭക്ഷ്യസുരക്ഷാ നിയമം

**എൻഎച്ച്എഐ:**
നാഷണൽ ഹൈവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ

**എൻഎച്ച്എം:**
ദേശീയ ആരോഗ്യ ദൗത്യം

**എൻഎൻഐ:**
അറ്റ ദേശീയ വരുമാനം

**നോർക്ക:**
പ്രവാസി കേരളകാര്യങ്ങൾ

**എൻ.പി.സി.എ:**
അക്വാട്ടിക് ഇക്കോസിസ്റ്റംസ് സംരക്ഷണത്തിനുള്ള ദേശീയ പദ്ധതി

**എൻപിഎസ്:**
മുൻഗണനേതര സബ്സിഡി

**എൻ.ആർ.സി.ബി:**
നാഷണൽ റിസർച്ച് സെന്റർ ഫോർ ബനാന

**എൻ.എസ്.ഒ:**
നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്

**എൻ.എസ്.എസ്:**
നാഷണൽ സാമ്പിൾ സർവേ

**എൻഎസ്എസ്ഒ:**
നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ

**എൻ.റ്റി.എഫ്.പി:**
തടി ഇതര വന ഉൽപ്പന്നം

**എൻ.യു.എ.എൽ.എസ്:**
നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്

**എൻ.യു.എൽ.എം:**
ദേശീയ നഗര ഉപജീവന ദൗത്യം

**എൻ.ഡബ്ല്യു.എം.പി:**
നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**ഒ.എഫ്.പി:**
ഓപ്പറേഷൻ ഫ്ലഡ് പ്രോഗ്രാം

**പി.എ.സി.എസ്:**
പ്രൈമറി അഗ്രികൾച്ചർ ക്രഡിറ്റ് സൊസൈറ്റീസ്

**പി.ബി.ആർ:**
പീപ്പിൾസ് ജൈവവൈവിധ്യ രജിസ്റ്റർ

**പി.ഡി.എസ്:**
പൊതു വിതരണ സമ്പ്രദായം

**പി.എഫ്.എം.എസ്:**
പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം

**പി.എഫ്.ആർ:**
പ്രോഗ്രാം ഫോർ റിസൾട്ട്

**പി.എച്ച്.എച്ച്:**
മുൻഗണനാ കുടുംബം

**പി.എൽ.എഫ്.എസ്:**
ആനുകാലിക ലേബർ ഫോഴ്സ് സർവേ

**പി.എം.എഫ്.ബി.വൈ:**
പ്രാധാനമന്ത്രി ഫസൽ ബീമ യോജന

**പി.പി.സി:**
പ്രൈമറി പ്രോസസ്സിംഗ് സെന്റേഴ്സ്

**പ്രൗഡ്:**
പ്രോഗ്രാം ഫോർ റിമൂവൽ ഓഫ് അൺയൂസ്ഡ് ഡ്രഗ്സ്

**പി.ആർ.ടി:**
പ്രൈമറി റെസ്പോൺസ് ടീംസ്

**പി.എസ്.എ:**
പ്രയോറിട്ടി സെക്യൂർ അഡ്വാൻസ്

**പി.എസ്.യു:**
പബ്ലിക് സെക്യൂർ അണ്ടർടേക്കിംഗ്

**ആർ.ബി.സി.എം.എ:**
റിവർ ബേസിൻ കൺസ്ട്രക്ഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി

**ആർ.ബി.ഡി.സി.കെ:**
റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള

**ആർ.സി.സി:**
പ്രാദേശിക കാൻസർ സെന്റർ

**ആർ.സി.ഇ.പി:**
റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്പ്

**ആർ.സി.എസ്:**
രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

**ആർ.കെ.ഡി.പി:**
കേരള പുനർനിർമ്മാണ വികസന പരിപാടി

**ആർ.കെ.ഐ:**
റീബിൽഡ് കേരള ഇനിഷിയേറ്റീവ്

**ആർ.ആർ.ടി:**
റാപിഡ് റെസ്പോൺസ് ടീംസ്

**ആർ.ടി:**
ഉത്തരവാദിത്ത ടൂറിസം

**റുസ:**
രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ

**ആർ.ഡബ്ല്യൂ.ബി.സി.ഐ.എസ്:**
റീസ്ട്രക്ച്ചേർഡ് വെതർ ബെയ്സ്ഡ് ക്രോപ്പ് ഇൻഷ്വറൻസ് സ്കീം

**എസ്.എ.സി.സി.**
സ്റ്റുഡന്റ് അഫയേഴ്സ് ആന്റ് കൗൺസിലിംഗ് സെന്റർ

**എസ്.എ.എഫ്:**
സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവിമൺ

**എസ്.എ.എം.പി:**
സംസ്ഥാന ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എസ്.എ.പി.സി.സി:**
കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന പ്രവർത്തന പദ്ധതി

**എസ്.ഡി.ജി:**
സസ്റ്റെയിനബിൾ ഡവലപ്മെന്റ് ഗോൾ

**എസ്.എഫ്.എ.സി :**
സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർട്ടിയം

**എസ്എഫ്സി:**
സംസ്ഥാന ധനകാര്യ കമ്മീഷൻ

**ഷി:**
സ്കീം ഫോർ ഹെർ എംപവർമെന്റ് ഇൻ എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ

**എസ്.എച്ച്.ജി സ്:**
സെൽഫ് ഹെൽപ് ഗ്രൂപ്പ്

**എസ്.എച്ച്.എം:**
സ്റ്റേറ്റ് ഹോർട്ടീക്കൾച്ചർ മിഷൻ

**എസ് ഐ-എം ഇ റ്റി:**
സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി

**എസ്.ജെ.ഡി:**
സാമൂഹിക നീതി വകുപ്പ്

**എസ് എൽ ബി സി:**
സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി

**എസ്.എൽ.ബി.പി:**
സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം

**എസ്എൽഇസി:**
സംസ്ഥാനതല എംപവേർഡ് കമ്മിറ്റി

**എസ്.എം.പി:**
സ്കിംഡ് മിൽക്ക് പൗഡർ

**എസ് ഒ എൻ റ്റി ആർ:**
സംസ്ഥാനത്തിന്റെ തനത് നികുതി ഇതര വരുമാനം

**എസ് ഒ റ്റി ആർ:**
സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

**എസ്പിബി:**
സംസ്ഥാന ആസൂത്രണ ബോർഡ്

**എസ്.ആർ.ഐ.ബി.എസ്:**
ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ്സ്

**സപ്ലൈകോ:**
കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്

**എസ്.ഡബ്ല്യൂ.എം.പി:**
സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എസ്ഡബ്ല്യൂടിഡി:**
സംസ്ഥാന ജലഗതാഗത വകുപ്പ്

**ടിഡിഎസ്:**
ടാർജറ്റ്ഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം

**ടി എസ് ജി:**
സാങ്കേതിക പിന്തുണ ഗ്രൂപ്പുകൾ

**ടി.ടി.ഡി.ഐ:**
ട്രാവൽ ആന്റ് ടൂറിസം ഡവലപ്പ്മെന്റ് ഇൻഡക്സ്

**യുഎൻ ഡിഇഎസ്എ:**
യുണൈറ്റഡ് നേഷൻസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് ആന്റ്സോഷ്യൽ അഫയേഴ്സ്

**യു.എൻ.ഇ.പി:**
യുണൈറ്റഡ് നേഷൻസ് എൻവയോൺമെന്റ് പ്രോഗ്രാം

**യു.പി.എ.എസ്.ഐ:**
യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസ്സിയേഷൻ ഓഫ് സതേൺ ഇന്ത്യ

**വി.എ.റ്റി:**
മൂല്യവർധിത നികുതി

**വി.ഡി.വി.കെ :**
വൻ ധൻ വികാസ് കേന്ദ്ര

**വി.എഫ്.പി.സി.കെ:**
വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള

**വി.എസ്.എസ്:**
വനസംരക്ഷണ സമിതികൾ

**ഡബ്ല്യു.എച്ച് ഒ:**
ലോകാരോഗ്യ സംഘടന

**ഡബ്ല്യു.എം.ഒ:**

വേൾഡ് മിറ്റിയറോളജിക്കൽ ഓർഗനൈസേഷൻസ്

**ഡബ്ല്യു.പി.ഐ:**
മൊത്ത വില സൂചിക

**ഡബ്ല്യു.പി.ആർ:**
തൊഴിലാളി ജനസംഖ്യാ അനുപാതം

**ഡബ്ല്യു.ഡബ്ല്യു.എഫ്:**
വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്

**ഇസഡ്.എസ്.ഐ:**
സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ

കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2024

കേരള സംസ്ഥാന ആസൂത്രണ ബോർഡ്

രൂപകല്പന : സിഡിറ്റ്, www.cdit.org
സർക്കാർ മുദ്രാലയം

